تاريخ الإسلام

താരീഖുൽ ഇസ്‌ലാം

AMINA BOOK STALL
TRICHUR

സമ്പൂർണ്ണ ഇസ്‌ലാം ചരിത്രം

സമ്പൂർണ്ണ ഇസ്‌ലാം ചരിത്രം

സമ്പൂർണ്ണ ഇസ്‌ലാംചരിത്രം

താരീഖുൽ ഇസ്‌ലാം

By

ഇസ്‌ലാമിക ചരിത്രനിർമ്മാണസമിതി

അംഗങ്ങൾ:-

കെ. ആബുസാഹിബ്, തലശ്ശേരി
ഹാജി കെ. ബി. അബൂബക്കർ
അബ്ദുൽറശീദ് മൌലവി എം. എഫ്. ബി; അഫ്ളലുൽ ഉലമ.
കെ. അബ്ദുറഹിമാൻ എം. എ.

ഈ ഗ്രന്ഥത്തെ സംബന്ധിച്ച അഭിപ്രായങ്ങളും, നിർദ്ദേശോപദേശങ്ങളും താഴെ വിലാസത്തിൽ അയക്കുക:

കെ. ബി. അബൂബക്കർ,
'വിജയദീപം', തൃശ്ശൂർ-680001.

Malayalam
THAREEKHUL ISLAM
Sampoorna Islam Charithram
Written By:
ISLAMIKA CHARITHRA NIRMANA SAMITHI
First Printed 1970
Published By: AMINA BOOK STALL, TRICHUR.

സമ്പൂർണ്ണ ഇസ്‌ലാം ചരിത്രം

താരീഖുൽ ഇസ്‌ലാം

ഇസ്‌ലാമിക ചരിത്രനിർമ്മാണസമിതി

അച്ചടി: ആമിനാ പ്രിന്റേഴ്‌സ്, തൃശ്ശൂർ-680 001.

രചന തയ്യാറാക്കിയ വർഷം 1969

പ്രസാധകർ: ആമിനാ ബുക്ക് സ്റ്റാൾ, തൃശ്ശൂർ-680 001.

Malayalam
SAMPOORNA ISLAM CHARITHRAM
THAREEKHUL ISLAM
Islamika Charithra Nirmana Samithi
First Edition Copies 2000
Date of Publication 10th February 1970
Second Edition Copies 8000
January 1980
All Rights Reserved to Publishers
Price Rs. 100-00
Publication Promoted by K. B. Aboobacker
Printed at:
Amina Printers, Trichur-680001.
Published by
AMINA BOOK STALL, TRICHUR-680001.

تاريخ الاسلام

സമ്പൂർണ്ണ ഇസ്‌ലാം ചരിത്രം

By

ഇസ്‌ലാമിക ചരിത്രനിർമ്മാണസമിതി

അംഗങ്ങൾ:-

കെ. ആബൂസാഹിബ്, തലശ്ശേരി
ഹാജി കെ. ബി. അബൂബക്കർ
അബ്ദുൽറശീദ് മൌലവി എം. എഫ്. ബി; അഫ്ളലുൽ ഉലമ.
കെ. അബ്ദുറഹിമാൻ എം. എ.

വില ക. 100-00

പ്രസിദ്ധീകരണം:

ആമിനാ ബുക്ക് സ്റ്റാൾ, തൃശൂർ-680001.

ഒന്നാംപതിപ്പ് കോപ്പി 2000
ഹിജ്റ 1389 ദുൽഖഅദ് 3-ാംന-
1970 ഫിബ്രുവരി 10-ാംന-
രണ്ടാംപതിപ്പ് കോപ്പി 8000
ഹിജ്റ 1400 സഫർ
1980 ജനുവരി
എല്ലാ അവകാശങ്ങളും ആമിനാ ബുക്ക് സ്റ്റാളിനും

ഈ ഗ്രന്ഥരചനക്ക് ആധാരമാക്കിയ സുപ്രധാന അറബി കിതാബുകൾ

1 സാദുൽമആദ്
2 സീറ: ഇബ്നുഹിശാം
3 സീറ: നബവിയ്യ
4 മവാഹിബുല്ലദുന്നിയ:
5 മവാഹിബിന്റെ വ്യാഖ്യാനം
6 ഖുലാസത്തുസ്സിയർ
7 ശവാഹിദുന്നുബുവ്വത്ത്
8 സുർഖാനി
9 ബഹ്ജത്തുൽമഹാഫിൽ
10 റൗളത്തുൽഅഹ്ബാബി അ:രിയാളുന്നറത്ത്
11 ഇസ്തീആബ്
12 യങ്മരി
13 സഹ്രി
14 ദീംയാതി
15 മുസീലുൽഖഫാ:
16 മുഗ്ലതായ്
17 തക്മീലത്ത്
18 മിനഹുൽബാരി
19 സീറത്തുൽഹലബിയ്യ:
20 ഇക്തീആഉൽകലാഇ
21 താരീഖുൽ ഖമീസ്
22 അൽഹറ റ വള്റ റി

സാങ്കേതികസൂചിക

(സ, സഅ) സല്ലല്ലാഹു അലൈഹിവസല്ലം —അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും ശാന്തിയും പ്രവാചകരുടെമേലുണ്ടാകട്ടെ.

(അ) അലൈഹിസ്സലാം —അവരുടെമേൽ ശാന്തിയുണ്ടാകട്ടെ.

(റ) റളിയല്ലാഹു അൻഹു —അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിയ്ക്കുന്നു.

(ക. വ.) കറമല്ലാഹു വജ്ഹഹു —അല്ലാഹു അവരുടെ മുഖത്തെ ബഹുമാനിച്ചിരിയ്ക്കുന്നു.

(റ) സ്ത്രീകളുടെ പേരിനുശേഷംവരുമ്പോൾ റളിയല്ലാഹു അൻഹാ

ആ മു ഖ ം

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവിന്റെ അനുഗ്രഹവും ശാന്തിയും വിശുദ്ധപ്രവാചകരിലും കുടുംബത്തിലും വർഷിയ്ക്കട്ടെ.

ഇസ്‌ലാംചരിത്രം സമ്പൂർണ്ണമായും മലയാളത്തിൽ അവതരിപ്പിയ്ക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം. പൂർണ്ണമായ ഒരു ചരിത്രം നാളിതുവരെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഞങ്ങൾ നാലുപേർ തുടർച്ചയായി നാലുവർഷത്തോളം അദ്ധ്വാനംചെയ്തതിന്റെ ഫലമാണ് സമ്പൂർണ്ണ ഇസ്‌ലാംചരിത്രം.

വായനക്കാരുടെ ഇടയിൽ മുന്നിട്ടുനില്ക്കുന്ന ഒരു വീക്ഷണവിശേഷമാണ് ആധുനികമാണോ എന്ന പരിഗണന. വളരെ വിനീതമായി അറിയിക്കട്ടെ ഈ ഗ്രന്ഥം ആധുനികവീക്ഷണത്തിലുള്ളതല്ല; മറിച്ച് പൌരാണികവും പ്രാമാണികവുമായ ഗ്രന്ഥങ്ങളെ ആശ്രയിച്ചെഴുതിയതാണ്.

ആധുനികമെന്നാൽ യുക്തിസഹജമെന്നാണ് പൊതുധാരണ. പക്ഷെ, ഇസ്ലാമിന്റെ വിഷയങ്ങളും എല്ലാം പൂർണ്ണമായും യുക്തിക്ക് യോജിപ്പിയ്ക്കുക സാദ്ധ്യമല്ലതന്നെ. ഇസ്‌ലാമിന്റെ തത്വസംഹിതയായ വിശുദ്ധ ഖുർആൻ ആരംഭം —ഫാതിഹ കഴിഞ്ഞശേഷം— തന്നെ കാണുക.

"അലിഫ്‌ലാംമീം. ഇതാണ് ഗ്രന്ഥം. ഇതിൽ യാതൊരു സംശയവുമില്ല. സൂക്ഷിയ്ക്കുന്നവർക്ക് —ഈ ഗ്രന്ഥം— വഴികാണിയ്ക്കുന്നതാണ്. —സൂക്ഷിയ്ക്കുന്നവർ— മറഞ്ഞകാര്യങ്ങളിൽ വിശ്വസിയ്ക്കുന്നവരാണ്...."

വിശുദ്ധ ഖുർആൻ തന്നെ ഖബ്റിലെ ചോദ്യോത്തരം, ഖിയാമം, മഹ്ശർ, പുനർജീവിതം, വിചാരണ, ശിക്ഷയും രക്ഷയും ആദി

യായ മറഞ്ഞകാര്യങ്ങളിൽ വിശ്വസിയ്ക്കുന്നവരാണ് സത്യവിശ്വാസികൾ എന്നും, അവർക്കാണ് വിശുദ്ധ ഖുർആനിൽ യാതൊരു സംശയവും ഇല്ലാത്തതെന്നും വ്യക്തമാക്കുമ്പോൾ യുക്തിചിന്തകൊണ്ടു മാത്രം മതത്തെ വീക്ഷിയ്ക്കുന്നവർക്ക് ഇസ്ലാമിൽ സ്ഥാനമില്ലെന്ന് വ്യക്തമായല്ലൊ.

ചരിത്രവീക്ഷണത്തിലും, യുക്തിചിന്തകന്മാർക്ക് പലതിലും പലേടത്തും സംശയങ്ങളുടെ തിരമാലകളിൽ മുങ്ങിപ്പൊന്തി കരപറ്റാൻ കഴിയാതെ വരാനിടയുണ്ടെന്നുകരുതിയാണ് യുക്തിവിചാരത്തെപ്പറ്റിയുള്ള ഇസ്ലാമികവീക്ഷണം മേലുദ്ധരിയ്ക്കേണ്ടിവന്നതു്.

ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം നിങ്ങളുടെമുമ്പാകെ സമർപ്പിച്ചുകൊണ്ട് ആമുഖം അവസാനിപ്പിയ്ക്കുന്നു.

തൃശ്ശൂർ,
2-2-1970.

ഇസ്ലാമിക ചരിത്രനിർമ്മാണസമിതിയ്ക്കുവേണ്ടി,
ഹാജി: കെ. ബി. അബൂബക്കർ.

പ്രസാധകക്കുറിപ്പ്

അൽഹംദുലില്ലാ (അല്ലാഹുവിനു് സ്തോത്രം!)

പ്രിയമുള്ള വായനക്കാരെ,

ആയിരത്തിൽപരം പ്രസിദ്ധീകരണങ്ങളുടെ വിവിധപതിപ്പുകളായി കോടിയിലേറെ പ്രതികൾ നിങ്ങളുടെ മുമ്പിൽ കാഴ്ചവെയ്ക്കാൻ കഴിഞ്ഞിട്ടുള്ള ആമിനാ സമ്പൂർണ്ണ ഇസ്‌ലാംചരിത്രം നിങ്ങളുടെ കരങ്ങളിൽ എല്പിയ്ക്കുമ്പോൾ, ഫത്ഹുൽമുഈൻ പരിഭാഷ നിങ്ങളെ ഏല്പിച്ചപ്പോൾ അനുഭവിച്ചവിധം ആനന്ദമനുഭവിയ്ക്കുകയാണു്.

ഫത്ഹുൽമുഈൻ പരിഭാഷ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പുതന്നെ സമ്പൂർണ്ണ ഇസ്‌ലാംചരിത്രത്തിന്റെ ജോലികൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. പക്ഷെ, ഇരുമ്പുംവലിപ്പുമുള്ള ഒരു ഇസ്‌ലാംമതഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ സാമ്പത്തികവിഷമതകളോടൊപ്പംതന്നെ അച്ചടി, പ്രൂഫ് ആദിയായ വിഷമങ്ങളും മുഴച്ചുനിന്നിരുന്നു.

സമ്പൂർണ്ണ ഇസ്‌ലാംചരിത്രം രണ്ടുപതിപ്പിനും മുൻകൂർവില്പന നടത്തുകയുണ്ടായി. മുൻകൂർവില്പനയിൽ സഹകരിച്ച എല്ലാവർക്കും ഞങ്ങളുടെ നന്ദിരേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥനിർമ്മാണത്തിൽ, വിലയേറിയ സ്വന്തജോലികൾ അവഗണിച്ചുകൊണ്ടു് സഹകരിച്ച ജനാബ് ഒ. ആബുസാഹിബു", ജ: അബ്ദുൽറശീദ്മൌലവി (എം. എഫ്. ബി. അഫ്ളലുൽ ഉലമ), കെ. അബ്ദുൽറഹിമാൻ എം. ഏ. എന്നിവരോടും, 'ചരിത്രവീക്ഷണം' എഴുതിസഹായിച്ച കേരളസാഹിത്യ അക്കാദമി ഉപാദ്ധ്യക്ഷൻ ജനാബ് പി. ഏ സെയ്തുമുഹമ്മദ്സാഹിബിനോടും ഞങ്ങൾ കൃതജ്ഞതയുള്ളവരാണു്.

മാന്യവായനക്കാരിൽനിന്നും എല്ലാവിധസഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ടു്—

തൃശ്ശൂർ,
31_12_1979.

ആമിനാ ബുക്ക് സ്റ്റാൾ.

സമർപ്പണം

സ്നേഹനിധിയും ത്യാഗശാലിയും ഭക്തനുമായിരുന്ന ഞങ്ങളുടെ വന്ദ്യപിതാവ് കോമലാത്ത് അഹമ്മദ് എന്നവർ മകൻ ബുഖാരിമുസ്ലിയാർ ഹിജ്റ 1389 ദുൽഖഅദ് 17-ാംനു- (1970 ജനുവരി 25-ാംനു-) ഞായറാഴ്ച അന്തരിച്ചു.

വാൽസല്യപൂർവ്വം ഞങ്ങളെ വളർത്തിയ ഞങ്ങളുടെ പ്രിയപ്പെട്ട മാതാവ് രായംമരക്കാർ വീട്ടിൽ ബുഖാരി എന്നവർ മകഠം ആമിനാ ഹിജ്റ 1388 റബീ ഉൽആവ്വൽ 10-ാംനു- (1968 ജൂൺ 7-ാംനു-) വെള്ളിയാഴ്ച മരിച്ചു.

ഞങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കളുടെ പാവനസ്മരണക്കായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

—പ്രസാധകർ

ചരിത്രവീക്ഷണം

ചരിത്രം എങ്ങിനെ ആരംഭിക്കണം? എങ്ങിനെ അവതരിപ്പിക്കണം? ചരിത്രകാരന്മാരുടെയിടയിൽനിന്നു് ഭിന്നവീക്ഷണങ്ങളോടെ പ്രസ്തുത ചോദ്യങ്ങൾക്കുത്തരം പുറത്തുവന്നു. ചരിത്രനിർമ്മാണത്തിന്റെ ഉപജ്ഞാതാവായ ഹെറോടോട്ടസ് മുതൽ ചരിത്രത്തെ അത്യാധുനികവീക്ഷണങ്ങൾക്കു് വിധേയനാക്കിയ വിൽഡ്യൂറാണ്ടുവരെ പരതി നോക്കിയാലും ഏകാഭിപ്രായം ചരിത്രനിർമ്മാണകായ്യത്തിലുണ്ടായിട്ടുണ്ടോ എന്നു് സംശയമാണു്. വീക്ഷണത്തിന്റെ സൗന്ദര്യമനുസരിച്ചു് ചരിത്രം ആകർഷകമാകുന്നു. ഭിന്നരുചി പകർന്നു് കൊടുക്കുന്ന ചരിത്രസംഭവങ്ങളുടെ ആത്മാവു് സത്യസന്ധതയുടെ ഉൽകൃഷ്ടസങ്കേതവുമായി നിലകൊള്ളണമെന്ന സിദ്ധാന്തം മുറുകെ പിടിക്കുന്നവർ വിരളവുമാണു്. എല്ലാ വിവരങ്ങളും വിജ്ഞാനനിക്ഷേപത്തിൽനിന്നു് പൂർണ്ണമായും ലഭിച്ചശേഷമെ ചരിത്രമെഴുതാവൂ എന്ന നിഗമനത്തെ ചരിത്രവ്യാഖ്യാതാവായ ലിറ്റൺ സ്ട്രാച്ചി അവഗണിച്ചിരിക്കയാണു്. പൂർണ്ണമായ വിവരം ലഭിക്കുന്നതുവരെ കാത്തിരിക്കാനുള്ള സാവകാശം ജിജ്ഞാസുക്കളിൽ അടിച്ചേല്പിക്കുന്നതിനോടുള്ള വൈമനസ്യത്തിൽനിന്നാണു് "താരിഖുൽ ഇസ്ലാം" പോലെ ഏറെക്കുറെ ചരിത്രഗ്രന്ഥങ്ങളും പുറത്തു് വന്നിട്ടുള്ളതു്.

ചരിത്രം സുന്ദരമായ നുണയാണെന്നു വ്യാഖ്യാനിക്കുന്നവരും യഥാർത്ഥ സംഭവവിവരങ്ങളുടെ ആവിഷ്കാരമാണെന്നു് സമർത്ഥിക്കുന്നവരും ചരിത്രവിമർശകരിലുണ്ടു്. പക്ഷെ ഒരു വലിയ സത്യം എപ്പോഴും അവശേഷിക്കുന്നു. 'എല്ലാം അവസാനിക്കുമ്പോൾ ഒന്നുമാത്രം അവശേഷിക്കുന്നു. അതു് ചരിത്രമാണു്.' ഈ മഹത്വാക്യം ചരിത്രത്തിന്റെ നിത്യനൂതനഭാവം പ്രഖ്യാപിക്കുന്നു. രാഷ്ട്രങ്ങൾ, സമുദായങ്ങൾ, പ്രസ്ഥാനങ്ങൾ, ശാസ്ത്രങ്ങൾ തുടങ്ങിയവയുടെ പരിണാമം അവയെ സംഘടിപ്പിക്കുകയും ആവിഷ്കരിക്കുകയും ചെയ്ത വ്യക്തികൾ, അവയെയും അവരെയും സംബന്ധിച്ചുണ്ടായ സംഭവങ്ങൾ മുതലായവ വിവരിക്കുന്നതാണു് യഥാർത്ഥത്തിൽ ചരിത്രം. കുറെകൂടി വിശദീകരിച്ചുപറയുമ്പോൾ, ഭൂതകാലസംഭവങ്ങളെ ആധുനികയുഗത്തിന്റെ സ്വഭാവത്തിനനുസരിച്ചു് സമുദായത്തിന്റെ ജ്ഞാനപ്രവൃദ്ധതയെ ലാക്കാക്കി പരിശോധിക്കുകയാണു് ചരിത്രം ചെയ്യുന്നതു്. ആവിഷ്കരണഭംഗി ആകർഷകമാകുമ്പോൾ ഹഠാദാകർഷിക്കുന്നു. കാർലൈനിന്റെ ഫ്രഞ്ചു് ചരിത്രം അതിനൊരുദാഹരണമാണു്. പ്രസിദ്ധനായ ജർമ്മൻ ചരിത്രകാരൻ റാങ്കെയുടെ അഭിപ്രായം ശ്രദ്ധാർഹമാണു്. ദൃഷ്ടികോൺ നഷ്ടപ്പെടുത്തിയാൽ ഒരു മൃഗത്തെക്കൊണ്ടുള്ള പ്രയോജനം നഷ്ടപ്പെടുന്നു. അതുപോലെ സത്യദീക്ഷയില്ലാതെ ഏതെങ്കിലും പ്രവണതയെ അനുയായനം ചെയ്തുകൊണ്ടു് ചരി

ത്രഗവേഷണം നടത്തി ലഭിക്കുന്നതു് പ്രയോജനരഹിതമായ വെറും കഥ മാത്രമാണു്.' ഈ പ്രമാണം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നവക്കു് ഇതിഹാസങ്ങളും സങ്കല്പങ്ങളും ചരിത്രത്തെ പരിവേഷം അണിയിച്ചു നില്ക്കുന്നതു് കാണുമ്പോൾ വിഷമം തോന്നാം. പക്ഷെ നിർഭാഗ്യവശാൽ ചരിത്രത്തിൽ ഇതിഹാസതുല്യമായ പശ്ചാത്തലം നെയ്തൊരുക്കിയവരാണു് പഴയ തലമുറക്കാരിൽ പലരും. ആധുനികചരിത്രപണ്ഡിതന്മാർ പലരും ഏകകണ്ഠമായി പ്രശംസിക്കാത്ത അത്തരം പ്രവണതകളിൽനിന്നാണു് 'താരീഖുൽ ഇസ്‌ലാം' രൂപം കൊണ്ടിട്ടുള്ളതു്. 'സമ്പൂർണ്ണഇസ്‌ലാംചരിത്രം' എന്നതുകൊണ്ടു് രാഷ്ട്രഘടനയുടെയും സാമൂഹികനവോത്ഥാനത്തിന്റെയും ചരിത്രം കൂടി ഉൾപ്പെടുന്നതാണു് ഈ ഗ്രന്ഥമെന്നു് ധരിക്കരുതു്. മതതത്ത്വശാസ്ത്രത്തിലെ ഒരു യഥാസ്ഥികവീക്ഷണം താരീഖുൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നു. പക്ഷെ ഈ വീക്ഷണം ഉൾക്കൊള്ളുന്ന ബഹുലക്ഷം ജനതയുണ്ടെന്ന കാര്യം വിസ്മരിക്കാവുന്നതല്ല. സൃഷ്ടിപ്പിൽ ആരംഭിച്ചു് ഖലീഫാഭരണത്തിന്റെ അന്ത്യം വരെ തുടരുന്ന ഈ ഗ്രന്ഥത്തിൽ ഇസ്‌ലാമികപ്രപഞ്ചത്തിന്റെ വർണ്ണപകിട്ടേറിയ ചിത്രം തന്നെ ഒരു വലിയ ക്യാൻവസിൽ വരച്ചിട്ടുണ്ടു്. വീക്ഷണങ്ങളിൽ ഭിന്നാഭിപ്രായം ഉണ്ടെങ്കിൽ തന്നെ ഇത്രയും വിസ്തൃതമായ ചരിത്രവിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാഗ്രന്ഥം മലയാളഭാഷയിൽ ഇസ്‌ലാമിനെ സംബന്ധിച്ചു് ഇത്രതന്നെയാണെന്നു് പറയാം.

സൃഷ്ടിയുടെ പാരമ്പര്യശാസ്ത്രം കഥാത്മകമായി വിവരിക്കുകയും ആദം മുതൽ ആരംഭിക്കുന്ന നബി പരമ്പരയെ പരിചയപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം ഓരോ സംഭവങ്ങൾക്കും അവലംബമായി പ്രമാണങ്ങൾ ഉദ്ധരിക്കപ്പെടുകയും ചെയ്യുന്ന രീതിയാണു് സ്വീകരിച്ചിട്ടുള്ളതു്. ഇസ്‌ലാമികചരിത്രഗവേഷണം വളർത്തുന്നതിൽ പ്രാമുഖ്യം വഹിച്ച ഇബ്നുഖൽദൂണിനെപ്പോലെയുള്ള വിഖ്യാതരുടെ അവതരണരീതിയിൽനിന്നു് വ്യത്യസ്തമായ രചനാമാതൃകയാണു് സമ്പൂർണ്ണഇസ്‌ലാംചരിത്രം സ്വീകരിച്ചിരിക്കുന്നതു്. സിദ്ധികളുടേയും അത്ഭുതങ്ങളുടേയും വർണ്ണോജ്ജ്വലമായ അവതരണമാതൃക ആകർഷകമാണു്. നബിവംശചരിത്രത്തെ സംബന്ധിക്കുന്ന നിവേദനങ്ങളുടെ പിൻബലം വേണ്ടത്ര ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്.താഴ്മയും, ഔന്നത്യവും, ലജ്ജ, ധീരശൂരത, മഹിമയും പ്രശസ്തിയും, വിശ്വസ്തതയും സത്യസന്ധതയും, ഭൌതികവിരക്തി തുടങ്ങിയ സ്വഭാവചിത്രീകരണവും, ക്രൈസ്തവപണ്ഡിതന്മാരുടെ അഭിപ്രായം, യുദ്ധം, മക്കാവിജയം, നബിയുടെ കത്തുകൾ, ഖലീഫാസ്ഥാനം തുടങ്ങിയ എല്ലാ ഭാഗങ്ങളും ഏറെക്കുറെ സമഗ്രമായിതന്നെ വിവരിച്ചിട്ടുണ്ടു്. ഈ വിവരണങ്ങളിലൂടെ പരന്നു് പന്തലിച്ചു് നില്ക്കുന്ന ഒരു മതസാംസ്കാരികപ്രതിഭാസത്തിന്റെ ചരിത്രംകൂടിയാണു് താരീഖുൽ ഇസ്‌ലാം.

ഉല്പത്തിചരിത്രത്തെപ്പറ്റി വേദഗ്രന്ഥങ്ങളും അതിന്റെ വ്യാഖ്യാതാക്കളും, ഗ്രീക്ക് പുരാണങ്ങളിലെ ദേവന്മാരുടെ അത്ഭുതാവതാരങ്ങളെക്കുറിച്ചും പ്രാചീനചരിത്രപണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ള ഇതിഹാസചിത്രീകരണം ഈ ഗ്രന്ഥത്തിലും ഏറെക്കുറെ കാണാം. മൂവ്വായിരം വർഷം ജീവിച്ചകഥാപാത്രവും മൂന്നു് മുഴം ഉയരം കാണിക്കുന്ന രൂപസങ്കല്പവും ഇദ്‌രീസ്, ഹൂദ്, നൂഹ് എന്നീ നബിമാരുടെ ജീവിതകാലദൈർഘ്യവും മറ്റും ഗ്രന്ഥ

ത്തിന്റെ പ്രഥമഭാഗത്തിൽ സരസമായി പറഞ്ഞുപോകുന്നു. സമ്പൂർണ്ണഇസ്‌ലാം ചരിത്രത്തിന്റെ അഞ്ഞൂറിലധികം പേജുകളിൽ പ്രവാചകപ്രവരനായ മുഹമ്മദ് നബിയുടെ ജനനം മുതൽ അന്ത്യംവരെയുള്ള സംഭവബഹുലമായ ജീവിതത്തെ, ഓരോ കാലഘട്ടത്തെ, ദാർശനികരുടെ പ്രസ്താവനകളുടെ സഹായത്തോടെ അയത്നലളിതമായി ചിത്രീകരിക്കുകയാണ് നബിയുടെ ജീവിതത്തെ സത്യാന്വേഷകരുടെ നിലയിൽ വിലയിരുത്തിയിട്ടുള്ളവരിൽനിന്നും വ്യത്യസ്തമായ ആരാധനാഭാവത്തോടെ അവതരിപ്പിക്കുമ്പോൾ സംഭവിക്കാവുന്ന അത്ഭുതങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ കാണാം. അവതരണമാഗ്രത്തിലവലംബിച്ച രീതിയുടെ സ്വഭാവംകൊണ്ട് അതങ്ങിനെയാകാനെ തരമുള്ളൂ. ഭക്തസമൂഹത്തിന്റെ മുമ്പിൽ നബി നല്കുന്ന ജീവിതദർശനം അവാച്യമായ ഒരത്ഭുതമായി ചിത്രീകരിക്കുമ്പോൾ അവിടെ ശാസ്ത്രീയനിഗമനങ്ങൾക്ക് വലിയ സ്ഥാനമുണ്ടാവുകയില്ല. ഒരു ജീവിതവ്യവസ്ഥയായി പ്രഖ്യാപിച്ചിട്ടുള്ള ഇസ്‌ലാമിൽ മായാവിദ്യകൾക്ക് സ്ഥാനം കാണുകയില്ല. മറ്റു മതപ്രവാചകരുടെ ജനനവും വളർച്ചയും വിവരിക്കുന്ന അത്ഭുതസംഭവങ്ങളുടെ മുഖം പിടിച്ച് നബിയെ അവതരിപ്പിക്കുന്നതിൽ വിമർശകർ അപാകത കാണും. ഭക്തസഞ്ചയത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്ന ഒരു ജീവചരിത്രമെന്ന നിലയിൽ യേശുവിന്റെ ജനനോത്തിഹാസംപോലെ കായ്കുങ്കൾക്ക് അലങ്കാരത്തിന്റെ പൊടിപ്പും അത്ഭുതങ്ങളുടെ വണ്ണമുള്ള ചിറകുകളും അനുഭവപ്പെടുന്നുവെങ്കിൽ ഇത്തരം ചരിത്രരചനാരീതിയും നൂറാണ്ടുകൾക്ക് മുമ്പ നിലവിലിരുന്നുവെന്ന യാഥാർത്ഥ്യം വിസ്മരിക്കാതിരുന്നാൽ മതി.

വീക്ഷണഗതിക്ക് ആധുനിക ചരിത്ര ശാസ്ത്രത്തിന്റെ നിഗമനത്തിൽ വ്യത്യാസം കാണുമെങ്കിലും ഈ കൃതിക്കും ഇസ്‌ലാമിക സാഹിത്യത്തിൽ അർഹിക്കുന്ന സ്ഥാനമുണ്ട്. ഒരു ബൃഹദ് ഗ്രന്ഥത്തിന്റെ സ്വതന്ത്ര പരിഭാഷയെന്ന നിലയിൽ മൂലത്തിൽ നിന്ന് മാറാം വരുത്താതെതന്നെ പരിഭാഷകർ തങ്ങളുടെ കർത്തവ്യം നിർവ്വഹിച്ചിരിക്കയാണ്. "താരീഖുൽ ഇസ്‌ലാം" അറബി ജനതയുടെ അദ്ധ്യാത്മകതയുടെ ശ്രേഷ്ഠതയിലുള്ള വിശ്വാസങ്ങളെ കൂടുതൽ ദൃഢതരമാക്കാൻ എഴുതിയതാണ്. സ്പെയിനിന്റെ നവോത്ഥാനവും ശാസ്ത്രത്തിലും വിശിഷ്യാ ചരിത്രരചനയിലും അറബി പണ്ഡിതർ വരുത്തിയ മാറങ്ങളും അതേപടി സ്വീകരിക്കുകയോ വീക്ഷണവും നിലവിലിരുന്നുവെന്നാണ് ഈ ഗ്രന്ഥം വ്യക്തമാക്കുന്നത്. അറബി ചരിത്രഗ്രന്ഥങ്ങളുടെ പഠനശേഷം പ്രസിദ്ധ ചരിത്രപണ്ഡിതനായ ഡോ: വിൻഡ് ചൂണ്ടിക്കാട്ടിയ ഒരഭിപ്രായം ഇവിടെ ഉദ്ധരിക്കാം. 'യഥാർത്ഥ മാനവവംശ ചരിത്രസ്മരണകളാണ് ജനകീയ ഐതിഹ്യ കഥകൾ ഉൾക്കൊള്ളുന്ന ശാസ്ത്രീയ ചരിത്ര വിഭാഗം. പുരാതന ദേശീയതയും അതിന്റെ ഉപസിദ്ധാന്തങ്ങളും ഓരോ ദേശത്തിന്റെ സംസ്കാരം എല്ലാത്തിലും ഉയർന്നതാണെന്ന ധാരണയും ചരിത്ര പഠനത്തെ പ്രാകൃതാവസ്ഥയിൽ നിർത്തിയപ്പോഴാണ് അറേബ്യൻ നാഗരികത പ്രത്യയം നിറമുള്ള ഇതിഹാസവുമായി രംഗത്തു വന്നത്. അറബികൾ കാണിക്കുന്ന പൂർവ്വവേദ ചരിത്രഭാഗങ്ങളെപ്പറ്റിയുള്ള ഗവേഷണം വളരെ ആധുനികഗവേഷണത്തിനും പിടിച്ചു നിൽക്കാൻ കഴിയുകയുള്ളൂ ഭൂലോകസംഭവങ്ങളെക്കുറിച്ച് നമുക്കുള്ള പരിജ്ഞാനത്തിൽ പരിവർത്തനമുണ്ടാക്കാൻ അറബി ചരിത്രം സഹായകമാണ് അവരുടെ യഥാസ്ഥിക വീക്ഷണത്തിനും പരിഷ്കൃത വീക്ഷണത്തിനും സംസ്കാരത്തിന്റെ കഥ

യാണ് പറയാനുള്ളത്.' 'ഡോ: വിൻഡിന്റെ വിശകലനം അറബി ഗ്രന്ഥങ്ങളുടെ രചനാരീതിയുടെ സാംസ്കാരിക ലക്ഷ്യം വ്യക്തമാക്കുന്നു. യാഥാസ്ഥിതികവീക്ഷണമായാലും അതിനു വിചാരസൌന്ദര്യമുണ്ടെന്ന നിലയിൽ ഈ ഗ്രന്ഥം പിൻതള്ളപ്പെടേണ്ടതില്ല. രാഷ്ട്രങ്ങളുടെ സംഘർഷാത്മകമായ ചരിത്രമെടുത്തു് പരിശോധിച്ചാൽ ഇസ്ലാമികലോകത്തിന്റെ ചരിത്രം വിസ്തൃതമാണെന്നു കാണാം. അത്തരം വിസ്തൃത ചരിത്രരചനയുടെ ശാസ്ത്രീയമായ നേട്ടമല്ല ഈ ഗ്രന്ഥംകൊണ്ടുദ്ദേശിച്ചിട്ടുള്ളതു് പ്രവാചകന്റെ ജീവിതസമരങ്ങളെയും അതിനു പശ്ചാത്തലമായി നിലകൊണ്ട സാഹചര്യങ്ങളേയും ഈ ഗ്രന്ഥത്തിൽ പരപ്പിലും ആഴത്തിലും പ്രതിപാദിച്ചിട്ടുണ്ടു് സാധാരണ ജനങ്ങൾക്കു് ഇതിഹാസത്തിലും സങ്കല്പ കഥകളിലുമുള്ള മമത പ്രസിദ്ധമാണു് ശാസ്ത്രീയമായ ഒരു കാഴ്ചപ്പാടിൽ ചരിത്രം രചിച്ചാൽ അത്തരം ജനവിഭാഗത്തെ തൃപ്തിപ്പെടുത്താൻ സാധിക്കുകയില്ലെന്ന വിശ്വാസത്തിലാണു് സമ്പൂർണ്ണ ഇസ്ലാം ചരിത്രം അതേപടി മലയാളഭാഷയിൽ പരിഭാഷപ്പെടുത്താമെന്നു കരുതിയതെന്നു് തോന്നുന്നു. പരിഭാഷകരായ ജനാബു: ഒ. ആബു, അബ്ദുൽറഷീദ് മൌലവി, കെ. അബ്ദുൽറഹിമാൻ എം. എ; കെ. ബി. അബൂബക്കർസാഹിബു് എന്നിവർ നമ്മുടെ സാഹിത്യരംഗത്തെ അപരിചിതരല്ല. അവരുടെ കൂട്ടായ സംരംഭം വിജയമാണു്. കനപ്പെട്ട ശാസ്ത്രീയമായ ഇസ്ലാമിക ചരിത്രം പ്രസിദ്ധീകരിക്കാൻ ഈ പ്രസിദ്ധീകരണം പ്രചോദനം നൽകുമെന്നാശിക്കാം. ആമിനാ ബുക്ക് സ്റ്റാൾ മതസാഹിത്യപ്രചരണരംഗത്തു് നിസ്തുലമായ സേവനം അനസ്യൂതം തുടരുകയാണെന്നു് അനുമോദിക്കുന്നു.

സസ്നേഹം

ഗിരിനഗർ, എറണാകുളം
28-1-1970.

പി. എ. സെയ്തുമുഹമ്മദ്
(വൈസ്പ്രസിഡണ്ടു്, കേരളസാഹിത്യ അക്കാദമി & സിക്രട്ടറി
കേരള ഹിസ്റ്ററി അസോസിയേഷൻ)

ഉള്ളടക്കം

ആമുഖം
പ്രസാധകകുറിപ്പ്
ചരിത്രവീക്ഷണം

പേജ്

സൃഷ്ടിപ്പ് 1
നബി (സ.അ.) തിരുമേനിയുടെ ദേഹസൃഷ്ടിപ്പ് 2
ഹവ്വായുടെ സൃഷ്ടിപ്പ് 3
ഇബ്‌ലീസ് 4
ഇബ്‌ലീസിന്റെ വഞ്ചന 5
ആദം നബി (അ) യും ഹവ്വായുമായുള്ള കൂടിക്കാഴ്ച 6
ആദം നബി (അ) യുടെ നിറം 6
കഅ്ബ 7
ഉംജുബ്‌നുഉൽഖ് 7
ആദം സന്തതികളുടെ രൂപം 8
ഹാബീൽ-ഖാബീൽ 8
അനാഖ് 8
ആദം നബി (അ) യുടെ വഫാത്ത് 9
ശീത്ത് നബി (അ) 9
അന്ത്യശ്വാസം പൈന്നാനം 9
മഹ്‌ലഈൽ 10
ഇദ്‌രീസ് നബി (അ) വംശം 10
ഇദ്‌രീസ് നബി (അ) 10
നൂഹ് നബി (അ) 12
ഹൂദ് നബി (അ) 13
ശദ്ദാദിന്റെ സ്വർഗ്ഗം 13
സ്വാലിഹ് നബി (അ) 13
ഇബ്രാഹിം നബി (അ) 14
ദുൽഖർനൈനി 18
ഇസ്രാഫീൽ യൂനുസി 18
ഹജ്ജ് 19

	പേജ്
നൂഹ്	19
ലൂത്ത് നബി	19
ഇസ്മാഈൽ നബി (അ)	21
ഇസ്ഹാഖ് നബി (അ)	22
യഅ്ഖൂബ് നബി (അ)	23
യൂസുഫ് നബി (അ)	23
അയ്യൂബ് നബി (അ)	23
ശുഐബ് നബി (അ)	24
മൂസാ നബിയും ഹാറൂൻ നബിയും	24
ഫിർഔൻ	25
ഖാറൂൻ	25
നബിമാരും സുൽത്താന്മാരും	27
ദാവൂദ് നബി (അ)	27
സുലൈമാൻ നബി	28
സുലൈമാൻ നബിക്കു ശേഷം	28
ഈസാ നബി (അ)	29
ഈസാ നബിക്കു ശേഷം	29
ആ ഇരുപത്തിഅഞ്ച് നബിമാർ	30
മുഹമ്മദ് നബി (സ) തിരുമേനിയുടെ ബാപ്പമാർ	30
പുരാതന ബിംബം	35
നാഥനില്ലാത്ത നാട്	35
നബി (സ) യുടെ പിതൃശൃംഖല	35
നബി (സ)യുടെ തിരുനാമങ്ങൾ	36
നബി (സ) യുടെ മാതൃശൃംഖല	36
നബി (സ) യുടെ മാതാവിന്റെ പിതൃശൃംഖല	36
നബി (സ) യുടെ ബാപ്പമാരുടെ ഉമ്മമാർ	37
നബി (സ) തിരുമേനിയുടെ മൂത്താപ്പമാർ	37
നബി (സ) യുടെ പിതൃസഹോദരിമാർ	37
തിരുമേനിയുടെ മൂത്താപ്പമാരുടെ ആൺമക്കൾ	37
തിരുമേനിയുടെ പിതൃസഹോദര പുത്രിമാർ	38
തിരുമേനിയുടെ പിതൃസഹോദരി പുത്രന്മാർ	38
തിരുമേനിയുടെ പിതൃസഹോദരി പുത്രിമാർ	38
തിരുമേനിയുടെ മാതാപിതാക്കളുടെ വിവാഹം	38
ആമിനാബീയുടെ ഗർഭം	39
ബാപ്പയുടെ മരണം	40
അസാധാരണത്വങ്ങൾ	40
ഇർഹാസാത്ത്	40

	പേജ്
അസ്ഹാബുൽഫീൽ	41
നബി (സ) യുടെ ജനനം	42
നബി (സ) തിരുമേനി ജനിച്ച ഭവനം	44
തിരുമേനി (സ) യുടെ നാമം	45
തിരുമേനി (സ) യുടെ മുലകുടി	47
അബ്ദുൽമുത്തലിബിന്റെ ആഹ്ലാദം	48
ഹലീമാബീയുടെ സംരക്ഷണത്തിൽ	48
തിരുമേനി (സ) യുടെ ഒന്നാംവയസ്സ്	50
തിരുമേനി (സ) സ്വമാതാവിന്റെ കൂടെ	52
തിരുമേനി (സ) യുടെ വയർ കീറിയതിനെപ്പറ്റി	52
ശാമഉന്നബുവ്വതു്	53
ഹള്ളൈ്ളതാൻ	53
ഹൃദയത്തിന്നു മുദ്രവെച്ചു	53
ഹലീമാബീ അമ്പരന്നു	53
ആമിനാബീയുടെ വഫാത്തു്	54
തിരുമേനി (സ) യുടെ സിയാറത്തു്	55
മാർഗ്ഗദർശിയില്ലാത്ത കാലം	56
തിരുമേനി (സ) യുടെ മാതാപിതാക്കൾ	57
അബ്ദുൽമുത്തലിബിന്റെ രക്ഷണം	57
സൻആയിലെ രാജാവു്	58
ജ്യോത്സ്യനായ വൈദ്യൻ	58
അബ്ദുൽമുത്തലിബിന്റെ മരണം	58
അബൂത്വാലിബിന്റെ സംരക്ഷണം	59
മഴക്കുവേണ്ടി	59
വിശക്കുന്നു, ദാഹിക്കുന്നു	59
വേറൊരത്ഭുതം	60
അബൂത്വാലിബിനെപ്പറ്റി	61
അബൂത്വാലിബിനോടൊപ്പം ശാമിലേക്കു്	61
റർഹുൽഫുജ്ജാർ	63
റാലഹുൽഫുള്ൽ	65
പർവീദിന്റെ വാഴ്ച	65
കഅബയുടെ പുനർനിർമ്മാണം	66
വ്യാപാരാർത്ഥം ശാമിലേക്കു്	66
ഖദീജാബീ (റ)	67
തിരുമേനി (സ) യുടെ വിവാഹം	68
ഉമ്മഹാത്തുൽ മുഅ്മിനീൻ	69
മാരിയത്തുൽഖിബ്തിയ്യ (റ)	70

	പേജ്
പത്തൊമ്പതു് മഹതികൾ	71
തിരുമേനി (സ) യുടെ സന്താനങ്ങൾ	71
സൈനബാ ബീ (റ)	72
റഖിയാബീ (റ)	73
ഉമ്മുകുൽസും (റ)	73
ഖദീജതിന്റെ കയ്യേറ്റം	74
ഫാത്തിമാബീ (റ)	74
തിരുമേനി (സ) യുടെ ആകാരവിശേഷങ്ങൾ	75
തിരുമേനി (സ) യുടെ പ്രത്യേകതകൾ	77
തിരുമേനി (സ) യുടെ ഉമ്മത്തികൾ	79
തിരുമേനി (സ) യുടെ മുഅ്ജിസത്തുകൾ	80
ഖുർആൻ എന്ന മുഅ്ജിസത്തു്	82
ചന്ദ്രൻ പിളർന്നു	83
സൂര്യനെ പിൻതിരിച്ചു	84
വൃക്ഷങ്ങൾ കാണിച്ച മുഅ്ജിസത്തു്	85
തിരുമേനി (സ) ക്കു് കല്ലും മരങ്ങളും സലാം പൊല്ലിയ മുഅ്ജിസത്തു്	86
കട്ടിലപ്പടിയും മതിലും ആമീൻ പൊല്ലിയ മുഅ്ജിസത്തു്	87
തിരുമേനി (സ) യുടെ കാലടിപ്പാടുകളുടെ മുഅ്ജിസത്തു്	87
ചരൽ കല്ലു് തസ്ബീഹു് ചെയ്ത മുഅ്ജിസത്തു്	86
ക്ഷണം തസ്ബീഹു് ചെയ്ത മുഅ്ജിസത്തു്	88
ഈത്തപ്പനയുടെ തണ്ടു് വാവിട്ട കരഞ്ഞ മുഅ്ജിസത്തു്	89
ഒട്ടകം വണങ്ങിയ മുഅ്ജിസത്തു്	89
ആടു് സുജൂദു് ചെയ്ത മുഅ്ജിസത്തു്	90
ചെന്നായ സംസാരിച്ച മുഅ്ജിസത്തു്	90
കഴുത സംസാരിച്ച മുഅ്ജിസത്തു്	91
ഉടുമ്പു് സംസാരിച്ച മുഅ്ജിസത്തു്	91
മാൻ സംസാരിച്ച മുഅ്ജിസത്തു്	93
തിരുമേനി (സ) യുടെ വിരലുകളിൽ നിന്നു് ഉറവു പൊട്ടിയ മുഅ്ജിസത്തു്	93
വെള്ളം വർദ്ധിച്ച മുഅ്ജിസത്തു്	94
ഭക്ഷണം വർദ്ധിച്ച മുഅ്ജിസത്തു്	94
മരിച്ചവരെ ജീവിപ്പിച്ച മുഅ്ജിസത്തു്	96

കട്ടി സംസാരിക്കുകയും അന്ധത മാറുകയും ചെയ്ത മുഅ്ജിസത്ത് 97
മറ്റു പല മുഅ്ജിസത്തുകളും 98
തിരുമേനിയുടെ പ്രാർത്ഥന മൂലം ഫലം സിദ്ധിച്ച മുഅ്ജിസത്ത് 100
നിഗൂഢവാർത്തകൾ വെളിപ്പെടുത്തിയ മുഅ്ജിസത്ത് 102
തിരുമേനി (സ) യുടെ മുഖലാവണ്യം 103
തിരുമേനി (സ) യുടെ നയനപ്രഭാവം 104
ശ്രവണപ്രഭാവം 105
നെറ്റിത്തടവും ചെന്നികളും 105
വചനപ്രഭാവം 105
മന്ദഹാസം 106
വിലപനം 106
ബാഹുക്കൾ 106
തിരുഹൃദയം 107
സംയോഗം-ഭോഗ്യാഗമനം 107
പാദങ്ങളും നിൽപ്പും നടത്തവും 108
മുടിയും തൊലിയും 108
സുഗന്ധം 109
ബുദ്ധിപ്രഭാവം 111
സഹനശക്തി 112
ഒതുക്കവും മാപ്പും 112
താഴ്മയും ഔന്നത്യവും 115
ലജ്ജ 118
അല്ലാഹുവോടുള്ള ഭയം 118
ധീരശൂരത 118
മഹിമയും പ്രശസ്തിയും 120
വിശ്വസ്തതയും സത്യസന്ധതയും 121
ഭൗതികവിരക്തി 123
തിരുമേനിയെ അനുസരിക്കലും അനുഗമിക്കലും സ്നേഹിക്കലും നിർബ്ബന്ധം 125
തിരുമേനിയോടുള്ള പ്രേമത്തിന്റെ ലക്ഷണം 127
അഹ്ലുബൈത്തോടുള്ള സ്നേഹം 128

പേജ്

സഹാബിമാരെ സ്നേഹിക്കൽ	129
ജൂതന്മാരായ ദാർശനികന്മാരുടെ പ്രസ്താവനകൾ	130
ക്രൈസ്തവപണ്ഡിതന്മാരുടെ പ്രസ്താവനകൾ	132
ജോത്സ്യന്മാരുടെ പ്രസ്താവനകൾ	136
ജിൻവർഗ്ഗത്തിലെ ജോത്സ്യന്മാരുടെ പ്രസ്താവന	139
ബിംബങ്ങൾ സംസാരിച്ചു	140
കല്ലിലും മരത്തിലും തിരുമേനിയുടെ നാമം	141
നബുവ്വത്തിനു ആറ് മാസം മുമ്പുതൽ	142
നബുവ്വത്തു്	143
വഹ്യിന്റെ പതനങ്ങൾ	147
ഖദീജ (റ) വിശ്വസിച്ചു	147
അബൂബകർ സിദ്ദീഖ് വിശ്വസിച്ചു	148
ഇസ്ലാംമതം വിശ്വസിച്ചവരിൽ മുമ്പന്മാർ	150
അലി (ക.വ) ഇസ്ലാം വിശ്വസിച്ചു	151
സൈദ്ബ്നുഹാരിസതു് (റ) വിശ്വസിച്ചു	153
അബൂബകർ സിദ്ദീഖിന്റെ ഉത്സാഹത്താൽ വിശ്വസിച്ചവർ	154
സ്വർഗ്ഗത്തിന്റെ അഹ്ലുകാർ	156
ആദ്യകാല വിശ്വാസികൾ	157
ദീനിന്റെ പ്രബോധനം	157
ശത്രുക്കളുടെ ദ്രോഹങ്ങൾ	162
അബൂബകർ സിദ്ദീഖ് (റ) വിനു് നേരിട്ട ഉപദ്രവം	166
അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) വിനു് നേരിട്ട ഉപദ്രവം	167
ഹംസ: (റ) വിശ്വസിച്ചു	168
ശത്രുപക്ഷത്തിന്റെ ഉപദ്രവം രണ്ടാം ഘട്ടത്തിൽ	169
ദുർബ്ബലരെ മർദ്ദിച്ചു	176
ഹിജ്റയുടെ ഒന്നാംമുന്നൊടി	177
ഹിജ്റയുടെ രണ്ടാമത്തെ മുന്നൊടി	180
ഉമർ (റ) വിശ്വസിച്ചു	182
തിരുമേനിയും കൂട്ടുകാരും പ്രതിരോധിക്കപ്പെട്ടു	185
അബൂതാലിബിന്റെ മരണം	188
ഖദീജ (റ) യുടെ വഫാതു്	190

പേജ്

സന്താപത്തിന്റെ വർഷം	190
സൌദ: (റ) യുമായുള്ള വിവാഹം	190
ആയിഷ (റ) യുമായുള്ള വിവാഹം	191
താഇഫിലേക്കുള്ള ഹിജ്റ	192
ത്വഫൈൽ (റ) വിശ്വസിച്ചു	195
മിഅ്റാജ്	196
മദീനക്കാർ വിശ്വസിച്ചു	202
അഖബായിലെ ഒന്നാമത്തെ ഉടമ്പടി	203
അഖബായിലെ രണ്ടാമത്തെ ഉടമ്പടി	204
സഹാബികളുടെ ഹിജ്റ	208
അബൂജഹൽമദീനത്തു്	209
ഖുറൈശികളുടെ മഹായോഗം	209
തിരുമേനി (സ) യുടെ ഹിജ്റ	210
സൌർമലയിൽനിന്നു മുമ്പോട്ടു്	215
ഹിജ്റാബ്ദം	219
ശതകങ്ങൾ	220
മദീനത്തുന്നബി	221
ഖുബായിലെ പള്ളി	221
യള്രിബ് എന്നു വിളിക്കരുതു്	222
നഗരാന്തരത്തിലേക്കു്	222
മദീനയിലെ പള്ളി	223
ഭ്രാതൃബന്ധം	225
ബാങ്കും ഖാമത്തും	226
തിരുമേനി (സ) യുടെ കാലത്തു് ബാങ്കു്	227
ജൂതന്മാരുടെ പക	229
ഉപജാപം (മാരണം)	228
അബ്ദുല്ലാഹിബ്നുസലാം	229
മുനാഫിഖുകൾ	229
മദീനയിലെ എതിർപ്പുകൾ	231
യുദ്ധത്തിനുള്ള അനുജ്ഞ	231
കാഫിറുകൾ മൂന്നുതരം	232
യുദ്ധം രണ്ടുവിധം	232
തിരുമേനി (സ) പങ്കെടുത്ത യുദ്ധങ്ങൾ	232
ഹംസ (റ) വിന്റെ നായകത്വത്തിൽ	233

പേജ്

ഉബൈദത്ത് (റ) വിന്റെ നായകത്വത്തിൽ 234
ആയിഷ (റ) യുമായി വീട്കൂടി 234
സഅദ്ബ്നഅബീവഖാസ് (റ) വിന്റെ നേതൃത്വത്തിൽ 235
വട്ടാൻയുദ്ധം 235
ബവാത്ത് യുദ്ധം 236
ഉശൈറായുദ്ധം 236
ബദറുൽഉസ്ലാ അഥവാ സഫ്വാൻ യുദ്ധം 236
അബ്ദുല്ലാഹിബ്നുജഹശ് (റ) വിന്റെ നേതൃത്വത്തിൽ 237
ഖിബ്ലയുടേ മാറ്റം 239
റമളാൻമാസത്തിലെ നോമ്പ് 240
ഫിതർസകാത്ത് 241
രണ്ട് പെരുന്നാൾ നിസ്കാരങ്ങളും ഖുത്തുബയും 241
ബദറുൽകുബ്റാ എന്ന മഹായുദ്ധം 241
അദ്ധ്യായം ഒന്ന് 242
അദ്ധ്യായം രണ്ട് 242
അദ്ധ്യായം മൂന്ന് 243
അദ്ധ്യായം നാല് 245
അദ്ധ്യായം അഞ്ച് 248
അദ്ധ്യായം ആറ് 249
അദ്ധ്യായം ഏഴ് 262
അദ്ധ്യായം എട്ട് 263
അദ്ധ്യായം ഒമ്പത് 269
അദ്ധ്യായം പത്ത് 273
അദ്ധ്യായം പതിനൊന്ന് 282
അദ്ധ്യായം പന്ത്രണ്ട് 286
അദ്ധ്യായം പതിമൂന്ന് 291
അദ്ധ്യായം പതിനാല് 294
അദ്ധ്യായം പതിനഞ്ച് 301
അദ്ധ്യായം പതിനാറ് 303
ബദ്റിൽ ശഹീദായവർ 305
ബനൂസുലൈം യുദ്ധം 307
ഫാതിമാ (റ) യുടെ കല്ല്യാണം 308
ബനൂഖൈനുഖാ യുദ്ധം 309
സാലിമുബ്നു ഉമൈർ (റ) വിന്റെ യുദ്ധം 311

സവീഖ് യുദ്ധം	311
ഖർഖറയുൽ കദിർ എന്ന യുദ്ധം	312
മുഹമ്മദ്ബ്നുമസ്ലമതു് (റ) വിന്റെ യുദ്ധം	313
ഗത്ഫാൻ യുദ്ധം	315
ബഹ്റാൻ യുദ്ധം	316
സൈദ്ബ്നുഹാരിസതു് (റ) വിന്റെ യുദ്ധയാത്ര	317
ഉഹ്ദ് യുദ്ധം	318
അദ്ധ്യായം ഒന്നു്	318
അദ്ധ്യായം രണ്ടു്	321
അദ്ധ്യായം മൂന്നു്	325
അദ്ധ്യായം നാലു്	326
അദ്ധ്യായം അഞ്ചു്	328
അദ്ധ്യായം ആറു്	329
അദ്ധ്യായം ഏഴു്	332
അദ്ധ്യായം എട്ടു്	339
അദ്ധ്യായം ഒമ്പതു്	345
അദ്ധ്യായം പത്തു്	346
അദ്ധ്യായം പതിനൊന്നു്	347
ഹംറാഉൽ അസദ് യുദ്ധം	347
അബൂസൽമതു് (റ) വിന്റെ യുദ്ധയാത്ര	350
അബ്ദുല്ലാഹിബ്നു ഉനൈസ് (റ) വിന്റെ യുദ്ധയാത്ര	351
ആസിംഇബ്നുസാബിതുൽ അൻസാരി (റ) വിന്റെ യുദ്ധയാത്ര	352
ബീർമഊനത്തിലേക്കുള്ള യുദ്ധയാത്ര	355
അംറിബ്നു ഉമയ്യതു് (റ) വിന്റെ യുദ്ധയാത്ര	357
ബനുന്നളൈർ യുദ്ധം	358
ദാതുർറുഖാഅ് യുദ്ധയാത്ര	362
ബദ്റിലെ അവസാനത്തെ യുദ്ധയാത്ര	363
ദൗമത്തുൽജന്തൽ യുദ്ധം	364
മുറൈസീഅ് യുദ്ധം	365
അപവാദത്തിന്റെ കഥ	367
ഖന്തഖ് യുദ്ധം	372
ബനീഖുറൈള: യുദ്ധം	391
ഒരുമുഅ്ജിസത്തു്	401

പേജ്

മുഹമ്മദ്ബ്നുമസ്ലമത്തുൽ അൻസാരീ (റ) വിന്റെ യുദ്ധയാത്ര 402
ബനീലഹ്യാൻ യുദ്ധം 404
ഗാബത്തു് യുദ്ധം 405
ഗംറ യുദ്ധം 407
മുഹമ്മദ്ബ്നുമസ്ലമത്തുൽ അൻസാരീ (റ) വിന്റെ യുദ്ധയാത്ര 407
സൈദ്ബ്നുഹാരിസത്തു് (റ) വിന്റെ യുദ്ധയാത്ര 408
സൈദ്ബ്നുഹാരിസത്തു് (റ) വിന്റെ രണ്ടാമത്തെ യുദ്ധയാത്ര 408
സൈദ്ബ്നുഹാരിസത്തു് (റ) വിന്റെ മൂന്നാമത്തെ യുദ്ധയാത്ര 409
സൈദ്ബ്നുഹാരിസത്തു് (റ) വിന്റെ നാലാമത്തെ യുദ്ധയാത്ര 409
സൈദ്ബ്നുഹാരിസത്തു് (റ) വിന്റെ അഞ്ചാമത്തെ യുദ്ധയാത്ര 410
അബ്ദുറഹ്മാനുബ്നുഔഫ് (റ) വിന്റെ യുദ്ധയാത്ര 410
അലി (ക. വ.) യുടെ യുദ്ധയാത്ര 411
സൈദ്ബ്നുഹാരിസത്തു് (റ) വിന്റെ ആറാമത്തെ യുദ്ധയാത്ര 411
അബ്ദുല്ലാഹിബ്നുഅതീഖ് (റ) വിന്റെ യുദ്ധയാത്ര 412
ഏഴുദിവസത്തെ മഴ 413
അബ്ദുല്ലാഹിബ്ന റവാഹത്തു് (റ) വിന്റെ യുദ്ധയാത്ര 413
കർസുബ്ന ജാബിറുൽഫിഹ്രീ (റ) വിന്റെ യുദ്ധയാത്ര 414
ഹുദൈബിയാ ഉടമ്പടി 414
ഖൈബർ യുദ്ധത്തിലേയ്ക്കു് 419
ഖൈബർ യുദ്ധം 427
സൈനബയുടെ സല്ക്കാരം 431
ജഅ്ഫർ (റ) വിന്റെ പുനരാഗമനം 432
അബൂഹുറൈറ റ: (റ) വിന്റെ ആഗമനം 433
ഹജ്ജാജിബ്ന അലാതിസ്സൽമീ (റ) 434
വാദിൽഖുറായുദ്ധം 436
ഫദ്ക് കീഴടങ്ങി 436
തൈമാഅ് കീഴടങ്ങി 437
ചിത്രമോതിരമുദ്ര 437

ഉമ്മുഹബൈബ (റ) യുമായുള്ള വിവാഹം 437
ഉമറബ്ൻൽഖത്താബ് (റ) വിൻെറ യുദ്ധയാത്ര 438
അബൂബകർ സിദ്ദീഖ് (റ) വിൻെറ യുദ്ധയാത്ര 438
ബശീറബ്ൻസഅ്ദുൽഅൻസാരി (റ) യുടെ
യുദ്ധയാത്ര 439
ഗാലിബ്ബ്ൻ അബ്ദുല്ലാഹില്ലൈസീ (റ)
വിൻെറ യുദ്ധയാത്ര 439
ബശീറബ്ൻസഅ്ദുൽ അൻസാരി (റ)
വിൻെറ രണ്ടാമത്തെ യുദ്ധയാത്ര 440
ഉംറതുൽ ഖളാഅ് 440
അഹ്സമുബ്ൻ അബിൽ ഔജാഉസ്സുൽമീ
(റ) വിൻെറ യുദ്ധയാത്ര 444
ഗാലിബിബ്ൻ അബ്ദില്ലാഹില്ലൈസീ
(റ) വിൻെറ യുദ്ധയാത്ര 444
പ്രാമാണികരായ മൂന്നുപേർ ഇസ്ലാംമതം
വിശ്വസിച്ചു 445
ഗാലിബിബ്ൻ അബ്ദില്ലാഹില്ലൈസീ
(റ) വിൻെറ രണ്ടാം യുദ്ധയാത്ര 448
ഖുജാഇബ്ൻവഹബുൽ അസദി
(റ) വിൻെറ യുദ്ധയാത്ര 449
കഅബ്ബ്ൻൽ ഉമൈറൽഗിഫാരി
(റ) വിൻെറ യുദ്ധയാത്ര 449
മുഅ്തത്യുദ്ധം 450
അംറ്ബ്ൻൽ ആസീ (റ) വിൻെറ യുദ്ധയാത്ര 454
അബൂഉബൈദതു് ആമിറബ്ൻ അബ്ദില്ലാ
(റ) വിൻെറ യുദ്ധയാത്ര 454
അബൂഖതാദതു് (റ) വിൻെറ യുദ്ധയാത്ര 456
അബൂഖതാദതു് (റ) വിൻെറ രണ്ടാമത്തെ
യുദ്ധയാത്ര 456
മക്കാവിജയം 457
ഉസ്സ എന്ന ബിംബത്തിൻെറ നേരെ
ഖാലിദുബ്നുവലീദ് (റ) വിൻെറ യുദ്ധയാത്ര 482
സുവാഅ് എന്ന ബിംബത്തിൻെറ നേരെ
അംറബ്ൻൽ ആസീ (റ) വിൻെറ യുദ്ധയാത്ര 482
മനാത് എന്ന ബിംബത്തിൻെറ നേരെയുള്ള
യുദ്ധയാത്ര 483
ബനൂജുദീമ: ഗോത്രക്കാരെ ഇസ്ലാമിലേക്കു
ക്ഷണിപ്പാൻ 483
ഹുനൈനി യുദ്ധം 483

	പേജ്
അബീആമിറിൽ അശ്അരീ (റ) വിന്റെ യുദ്ധയാത്ര	489
ത്വഫൈലുബ്നു അംറുദ്ദൂസി (റ) വിന്റെ യാത്ര	489
താഇഫ് യുദ്ധം	489
ഹുനൈനിയിൽനിന്നു പിടിച്ചെടുത്ത ഗനീമത് വിതരണം	493
ഖൈസുഫ്നു സഅ്ദിന്റെ യാത്ര	496
തിരുമേനി (സ) ക്കു പുത്രൻ ജനിച്ചു	496
ഉയൈനത് (റ) വിന്റെ യാത്ര	497
വലീദുബ്നുഅഖബത് (റ) വിന്റെ യാത്ര	499
അബ്ദുല്ലാഹിബ്നുഔജസ; (റ) വിന്റെ യാത്ര	499
പ്പുത്ബത്തുബ്നുആമിർ (റ) വിന്റെ യാത്ര	500
ളഹ്ഹാക് (റ) വിന്റെ യാത്ര	500
അലഖമത് (റ) വിന്റെ യാത്ര	500
അലീ (ക.വ) യുടെ യാത്ര	500
ഉക്കാശത് (റ) വിന്റെ യാത്ര	501
പത്നിമാരുമായുള്ള തിരുമേനി (സ) യുടെ പിണക്കം	501
തബൂക് യുദ്ധം	503
അബൂസുഫ്യാൻ (റ) വും മുഗീറത് (റ) വും താഇഫിലേക്ക്	512
ശുഭവാർത്തകളുടെ വർഷം	513
അബൂബകർ സിദ്ദീഖ് (റ) വിന്റെ ഹജ്ജ് യാത്ര	513
ഫാതിമിന്റെ പുത്രൻ	514
ഖാലിദുബ്നു വലീദ് (റ) വിന്റെ യാത്ര	515
ഇബ്റാഹിമിന്റെ മരണം	515
ജിബ്രീൽ (അ) പുരുഷവേഷത്തിൽ	516
അലീ (ക.വ.) യുടെ യാത്ര	516
മതാദ്ധ്യാപകരെ നിയോഗിച്ചു	517
ഒമ്പതും പത്തും വർഷങ്ങളിൽ	517
ഹജ്ജത്തുൽവിദാഅ്	523
ഉസാമതിബ്നുസൈദ് (റ) വിന്റെ യുദ്ധയാത്ര	528
ആകെ യുദ്ധങ്ങൾ	528
തിരുമേനി (സ) യുടെ ഉത്തമനായകർ	529
തിരുമേനി (സ) യുടെ അംഗരക്ഷകന്മാർ	529
തിരുമേനി (സ) യുടെ കവികളും ഗായകരും	529
തിരുമേനി (സ) യുടെ ആയുധങ്ങൾ	530
തിരുമേനി (സ) യുടെ മൃഗങ്ങൾ	530
തിരുമേനി (സ) യുടെ സചിവോത്തമന്മാർ	530
തിരുമേനി (സ) നിയമിച്ച നേതാക്കൾ	531
വിധികർത്താക്കൾ	531
ബാങ്കു വിളിച്ചവർ	531
വധശിക്ഷ നടത്തിയവർ	531

	പേജ്
തിരുമേനി (സ) യുടെ അടിമകൾ	531
തിരുമേനി (സ) യുടെ അടിമസ്ത്രീകൾ	532
തിരുമേനി (സ) യുടെ ഉടുപ്പുകൾ	532
തിരുമേനി (സ) യുടെ എഴുത്തുകാർ	533
തിരുമേനി (സ) യുടെ പരിചാരകന്മാർ	533
തിരുമേനി (സ) യുടെ പരിചാരികമാർ	533
തിരുമേനി (സ) യുടെ മുദ്ര	534
റോമാചക്രവർത്തിക്കയച്ച കത്ത്	535
പേർസ്യയിലെ കിസ്റാ രാജാവിന്നയച്ച കത്ത്	537
നജാശീരാജാവിന്നയച്ച കത്ത്	538
ഖിബ്തീരാജാവിന്നയച്ച കത്ത്	539
മൻദിർ രാജാവിന്നയച്ച കത്ത്	541
ഉമ്മാനിലെ രാജാക്കന്മാർക്കയച്ച കത്ത്	541
യമാമയിലെ ഹൌദത്തിന്നയച്ച കത്ത്	541
ഹാരിസിന്നയച്ച കത്ത്	542
തിരുമേനി (സ) യുടെ വഫാത്	542
ഖബറടക്കം ചെയ്യുന്നതിനുമുമ്പുള്ള രംഗം	551
സാന്ത്വനസന്ദർശനം	554
ഉദകക്രിയകൾ	555
തിരുമേനി (സ) യുടെ ഖബർ സന്ദർശനം	557
പരിശുദ്ധാത്മാക്കളായ ഖലീഫമാർ	559
വിശ്വാസലംഘകരുമായുണ്ടായ ആദ്യയുദ്ധം	562
വിശ്വാസലംഘകർക്കെതിരെ പ്രഥമയുദ്ധം	562
വലീദ് (റ) വിന്റെ യുദ്ധം	564
സജാഹ് എന്ന പെൺനബി	567
മുസൈലിമത്തിന്റെ നേരെ	568
ഖാലിദ് (റ) പുറപ്പെടുന്നു	568
ഖാലിദ് (റ) ഇറാഖിലേക്ക്	568
ഹരമസുമായുള്ള യുദ്ധം	570
ഖാലിദ് (റ) പേർഷ്യയിലേക്ക്	571
സമുദ്രം വഴി മാറുന്നു	572
അമ്മാനും മുഹ്റത്തും യമനും	578
മുസ്ലിംസേന ശാമിലേക്ക്	578
ശാമിലെ പ്രഥമയുദ്ധം	575
യർമൂക് യുദ്ധം	577
പുതിയ ഖലീഫ-പുതിയ കല്പന	578
യുദ്ധം മുറുകുന്നു	578
അബൂബകർസിദ്ദീഖ് (റ)	580
ഉമർഫാറൂഖ് (റ)	583
ഖലീഫയാക്കപ്പെട്ടു	584
യുദ്ധചരിത്രം	587
ഇറാഖ് വിജയം	590
ബുവൈബ് യുദ്ധം	596

	പേജ്
ഖാദിസിയാ	602
വസ്തം	606
യുദ്ധവും ഖാദിസിയായുടെ പതനവും	609
ഒരസാധാരണ ധീരൻ	611
ഒരു മാതാവും നാലു മക്കളും	612
വിജയവാത്തകരു ദാഹിക്കുന്ന ഖലീഫ	616
ബാബൽ യുദ്ധം	617
ക്ലസായുദ്ധം	618
ബഹ്റാശേർ യുദ്ധം	618
അത്ഭുതകരമായ മരാഇൻവിജയം	619
മുതലുകളം കണ്ടെടുക്കുന്നു	620
യുദ്ധമുതലുകളം പങ്കിട്ടു	621
ജലൂലാ വിജയം	621
ഹൽവാനും കീഴടങ്ങി	623
സിറിയാ വിജയം	623
മെസപ്പൊട്ടേമിയ കീഴടക്കി	624
ഫഹൽ കീഴടക്കി	625
ഹിംസ്വിജയം	629
ഹിമാത് കീഴടങ്ങി	630
ശീസർ കീഴടങ്ങി	630
മീറത്തുനുഅ്മാൻ കീഴടങ്ങി	630
ലാദ്ഖിയാ വിജയം	631
ജൈത്രയാത്ര നിറുത്തി	631
യർമൂക്വിജയം	631
ഖൻസറാൻ കീഴടങ്ങി	642
അലപ്പോ കീഴടങ്ങി	642
അന്തിയോശ് കീഴടങ്ങി	643
ചെറുനഗരങ്ങളം കീഴടങ്ങി	643
ബഗ്റാസും മർഅശ്ശും കീഴടങ്ങി	643
ജറുസലേമിന്റെ പതനം	643
ഖണ്ഡരം അമസിയാ യുദ്ധം	645
ജസീറ കീഴടങ്ങി	645
ഖലീദ് (റ) വിന്റെ സ്ഥാനഭ്രഷ്ട്	646
അംവാസിലെ മഹാമാരി	647
ഖൈസാരിയാ വിജയം	649
ജസീറാ കീഴടങ്ങി	649
ഖൊസിസ്ഥാൻ വിജയം	650
ഇറാഖ് അജം കീഴടങ്ങി	653
പേർസ്യൻ സാമ്രാജ്യം കീഴടങ്ങി	656
ഇസ്തഖർ യുദ്ധം	656
ഇസ്ഫഹാൻ യുദ്ധം	656
ഹംദാൻ യുദ്ധം	657
ദൈലാംയുദ്ധം	657

	പേജ്
റൈ യുദ്ധം	657
ഖൂമസ് കീഴടങ്ങി	657
അദർ ബൈജാൻ യുദ്ധം	658
തബരിസ്ഥാൻ വഴങ്ങി	658
അർമീനിയ	658
ഫാർസ് യുദ്ധം	659
കിർമാൻ യുദ്ധം	660
സീസ്ഥാൻ യുദ്ധം	661
മക്രാൻ യുദ്ധം	661
സൈന്യങ്ങളെ തിരിച്ചുവിളിച്ചു	661
ഖുറാസാൻ യുദ്ധം	661
മർവറൂദ് യുദ്ധം	662
ഈജിപ്ത് വിജയം	662
അലക്സാണ്ട്റിയ വിജയം	663
ഖലീഫയുടെ അന്ത്യം	664
മൂന്നാം ഖലീഫയെപ്പറ്റി ഹ: ഉമർ (റ)	666
മൂന്നാം ഖലീഫ	668
ഇസ്ലാമിലേക്ക്	669
വിവാഹം	670
അബ്സീനിയായിലേക്ക്	670
മദീനയിലേക്ക്	670
ആഭ്യന്തര ഐക്യം	670
യുദ്ധങ്ങൾ	671
ബദർ യുദ്ധവും രണ്ടാം വിവാഹവും	671
ഉഹ്ദ് യുദ്ധം	672
ദാത്തുർറിക്കാഅ്-ഖന്തഖ് യുദ്ധങ്ങൾ	672
പ്രതിജ്ഞ	672
തബൂക്ക് യുദ്ധത്തിൽ ഹ: ഉസ്മാൻ(റ) വഹിച്ച പങ്ക്	673
ഹജ്ജത്തുൽ വിദാഅ്	673
യുദ്ധവിജയങ്ങൾ	674
ത്രിപ്പോളി യുദ്ധം	675
ആഫ്രിക്കാ യുദ്ധം	676
സ്പെയിനിലേക്ക്	676
ഗവർണ്ണർക്ക് സമ്മാനം	676
കബ്രസുവിജയം	676
വാക്ക പാലിക്കാഞ്ഞാൽ	677
തിബിരിസ്ഥാൻ വിജയം	678
രക്തപങ്കിലമായ നാവികസമരം	679
മറവു വിജയങ്ങൾ	679
ആഭ്യന്തര ലഹളകളും ഖലീഫയുടെ രക്തസാക്ഷിത്വവും	679
വിപ്ലവത്തെ അടിച്ചമർത്താനും പുതിയ പരിഷ്കാരങ്ങൾക്കും വേണ്ടിയുള്ള ശ്രമങ്ങൾ	691

	പേജ്
ജനങ്ങളുടെ അഭിപ്രായത്തിനു് വഴങ്ങുന്നു	692
വിപ്ലവസംരംഭം	693
അധികാരത്തിൽനിന്നും ഒഴിയണമെന്നു്	694
വിപ്ലവസംഘം ഖലീഫയുടെ വസതി വളയുന്നു	694
വിപ്ലവകാരികളുടെ മന:പരിവർത്തനത്തിനുവേണ്ടി ഖലീഫയുടെ ശ്രമം	695
സഹാബികളുടെ നിർദ്ദേശങ്ങൾ	696
മരണത്തെ പ്രതീക്ഷിച്ചു്	697
ഖലീഫ വധിക്കപ്പെടുന്നു	697
അനുശോചനം	698
ഹ: ഉസ്മാൻ (റ) വിന്റെ വിജയങ്ങൾ–ഒരു പൊതു വീക്ഷണം	699
സാമ്രാജ്യവികസനം	700
പ്രജായത്ത ഭരണം	700
ആലോചന സഭ	701
ഭരണസാമ്രാജ്യത്തിനുവേണ്ടി സാമ്രാജ്യവിഭജനം	701
അധികാരവികേന്ദ്രീകരണം	701
കുറവും ശിക്ഷയും	702
ഭണ്ഡാരം	702
ഓഫീസുകളും അതിഥിമന്ദിരങ്ങളും	703
മഹ്സൂർ അണക്കെട്ടു	703
മസ്ജിദ്നബവിയെ വികസിപ്പിച്ചു	703
സൈനിക ഏർപ്പാടുകൾ	703
മതപരമായ പ്രവർത്തനങ്ങൾ	704
ഖുർആൻ ഗ്രന്ഥമാക്കി സൂക്ഷിക്കുന്നു	705
യോഗ്യതകൾ	706
പ്രസംഗം	706
പരിശുദ്ധ ഖുർആൻ	707
ഹദീസുകൾ	707
ഇജ്തിഹാദ്	707
അനന്തരാവകാശത്തെക്കുറിച്ചുള്ള അറിവു്	709
വിശേഷ ഗുണങ്ങൾ	710
അല്ലാഹുവിനോടുള്ള ഭയം	710
റസൂലിനോടുള്ള അതിരറ്റ സ്നേഹം	710
റസൂൽ (സ) വിന്റെ ചര്യകളോടുള്ള അനുകരണം	710
ലജ്ജ	711
വസ്ത്രവും ഭക്ഷണവും	711
വിനയം	712
ആത്മാർത്ഥത	712
നിസ്വാർത്ഥസേവനം	712
ബന്ധുക്കളോടും സ്നേഹിതരോടുമുള്ള പെരുമാറ്റം	713

	പേജ്
ക്ഷമയും സഹനശക്തിയും	713
മതകർമ്മങ്ങൾ	714
കുടുംബസ്ഥിതി	714
ജീവിതമാർഗ്ഗങ്ങൾ	714
സ്വത്ത്	714
കൃഷി	714
ഭക്ഷണം	714
വൃത്തി	715
വസ്ത്രധാരണം	715
ആകൃതി	715
ഭാര്യമാരും കുട്ടികളും	715
ഹസ്രത്ത് അലി (ക. വ.) വംശവും ഗോത്രവും	716
ഇസ്‌ലാമിലേക്ക്	717
മക്കാജീവിതം	718
മതപ്രചരണത്തിന്റെ ആരംഭം	718
ഹിജ്‌റ	719
ത്യാഗത്തിന്റെ മാതൃക	719
മസ്‌ജിദ് നിർമ്മാണം	720
യുദ്ധങ്ങൾ	720
ഹ: അലി (ക) യുടെ വിവാഹം	721
സ്ത്രീധനം	721
വിരുന്ന്	721
ഉഹ്ദ് യുദ്ധം	722
ബനൂനസീർ	722
ഖന്തഖ് യുദ്ധം	722
ബനൂഖുറൈള	722
ബനൂസഅദ്	723
ഹുദൈബിയാ സന്ധി	723
ഖൈബർ വിജയം	724
മക്കാവിജയം	725
ഒരു തെറ്റിന്റെ പരിഹാരം	726
ഹുനൈൻ യുദ്ധം	726
നബി (സ) തബൂക്കിലേക്ക്	727
ഭൗത്യവാഹകൻ	727
ജനങ്ങൾ ഇസ്‌ലാമിലേക്ക്	727
നബി (സ) യുടെ അവസാന ഹജ്ജ്	728
ഹ: അലി (ക) ക്ക് മുൻഗാമികളുമായുള്ള ബന്ധം	728
ഖിലാഫത്ത്	730
ഹ: ആയിഷ (റ) യുടെ പ്രതികാരസന്നാഹം	732
ഇറാഖ് യാത്ര	733
പുത്രനെ കൂഫയിലേക്കയക്കുന്നു	733
ജമൽ യുദ്ധം	734

	പേജ്
സമാധാനത്തിന്റെ ശബ്ദം	736
സിഫ്ഫീൻ യുദ്ധം	738
വെള്ളത്തിനു വേണ്ടിയുള്ള സമരം	738
തകർന്ന പ്രതീക്ഷ	739
യുദ്ധവും സന്ധിയും	739
എതിർപ്പ്	742
വഞ്ചന	742
ഖാരിജികൾ	743
നഹ്റവാൻ യുദ്ധം	744
മിസ്റിനു വേണ്ടിയുള്ള വടംവലി	745
ഖാരിജികൾ വീണ്ടും	746
ബൈത്തുൽമാലിനെ കൊള്ളചെയ്യുന്നു	746
സമാധാന നടപടി	746
ഇന്ത്യയെ ആക്രമിക്കാൻ	747
ഹിജാസും അറബിരാജ്യങ്ങളും	747
ഹ: അലി (ക) ധാരുണമായി വധിക്കപ്പെടുന്നു	747
ചരമം	749
പന്ത്രണ്ടു ഇമാമുകൾ	750
ഇമാമുകളെ പരിചയപ്പെടുക	750
ഹസ്സത്തു് അലീ (ക. വ) യുടെ നേട്ടങ്ങൾ	753
ഖിലാഫത്തു്	758
ഹ: അലി (ക. വ) യുടെ ഭരണം	757
സൈന്യങ്ങൾ	759
മതപരമായ കടമകളും ശിക്ഷകളും	759
ഹ: അലി (ക. വ) യുടെ പദവി	761
വിശുദ്ധ ഖുർആനെപ്പറ്റി	761
ഹദീസ് നിവേദനം	768
ഹ: അലി (ക. വ) യിൽ നിന്നും ഹദീസ് പഠിച്ചിട്ടുള്ള ഏതാനും സഹാബികളിൽ ചിലർ	768
ഫിഖ്ഹ്, ഇജ്തിഹാദ്	764
ഇജ്തിഹാദ്	765
ഏറ്റവും പ്രാപ്തനായ വിധികർത്താവു്	766
നിരർത്ഥകങ്ങൾ	766
ആത്മപരിജ്ഞാനം	767
പ്രസംഗ വൈദഗ്ധ്യം	768
കവിതയിലൂടെ	769
അസ്ഥിവാരമിടൽ	769
വ്യക്തിപരമായ വിശേഷതകൾ	769
വിശ്വസ്തത	770
ത്യാഗങ്ങൾ നിറഞ്ഞ ജീവിതം	770
ഹ: അലി (ക. വ) യുടെ ആരാധനകൾ	772

	പേജ്
സമ്പന്നമായ ഹൃദയം	773
അനന്യസാധാരണമായ ധീരത	774
ഹൃദയാവർജകവും അനുകരണയോഗ്യവുമായ പെരുമാറ്റം	775
സശ്രദ്ധരണീയങ്ങളായ അഭിപ്രായങ്ങൾ	777
പ്രവാചക പ്രഭവും പ്രിയപുത്രിയും	780
ഗാഹിക ജീവിതം	781
ഭക്ഷണരീതിയും വസ്ത്രധാരണവും	782
കുടുംബം	782
ഇമാംഹസൻ (റ) വിന്റെ ഖിലാഫത്ത്	783
ഉമയ്യാ ഭരണാധിപന്മാർ വിവരണം	785
അമീർ മുആവിയ	787
മുസ്‌ലിം സമുദായത്തിലെ രാഷ്ട്രീയ കക്ഷികൾ	789
ഖാരിജികളുടെ അക്രമങ്ങൾ	789
സിയാദ്	830
മുഗീറത്തുബ്നുശഅ്ബയുടെ ഭരണം	835
ഉബൈദുല്ലാഹിബ്നുസിയാദ്	836
മുആവിയ പിടിച്ചടക്കിയ രാജ്യങ്ങൾ	837
യസീദിനു ഭരണരംഗത്തു പിൻതുടച്ചു ലഭിക്കുന്നു	839
അമീർ മുആവിയയുടെ കുത്തുകൾ	841
ഖിലാഫത്തിലെ രാജകീയ ചിഹ്നങ്ങൾ	844
അമീർ മുആവിയയുടെ പരിഷ്കാരങ്ങൾ	845
മുആവിയായുടെ മരണം	846
യസീദ് ഒന്നാമൻ	848
യസീദിന്റെ ഖിലാഫത്ത്	848
ബൈഅത്തിനു വേണ്ടി	848
രക്തപങ്കിലമായ കർബലാ യുദ്ധം	849
ഇബ്നുസിയാദിന്റെ വിളംബരം	850
ഒരു ജനതയുടെ കടുത്ത വഞ്ചന	851
ഇമാംഹുസൈൻ (റ) യുടെ കൂഫായാത്ര	851
ഇമാംഹുസൈൻ (റ) വളയപ്പെടുന്നു	853
കിരാതമായ ഹർറത്ത് യുദ്ധം	856
മക്കാ നഗരത്തെ ഉപരോധിക്കുന്നു	858
യസീദ് പിടിച്ചടക്കിയ പ്രദേശങ്ങൾ	859
യസീദിന്റെ മരണവിയോഗം	860
മുആവിയ രണ്ടാമൻ	860
മർവാനുബ്നുഹക്കം	861
അബ്ദുൽ മലിക്കുബ്നുമർവാൻ	862
പാപപരിഹാരകാംക്ഷികൾ	863
ചരിത്രം ആവർത്തിക്കപ്പെടുന്നു	864
	865

	പേജ്
ഹസ്രത്ത് അസ്മാ (റ)	866
ഹസ്രത്ത് അബ്ദുല്ലാഹിബ്നുസുബൈർ (റ)	868
അബ്ദുൽമലിക്ക് ഹജ്ജാജ്	869
ഇബ്നുഅശ്അരിന്റെ വിപ്ലവം	872
ഖാരിജികൾ ഒരു വിലയിരുത്തൽ	874
നാഫിഇന്റെ പ്രബോധനം	875
ഖാരിജികളുടെ നാശം	881
അബ്ദുൽമലിക്കിന്റെ വിജയങ്ങൾ	881
കഅ്ബാനിർമ്മാണം	882
അബ്ദുൽ മലിക്കിന്റെ മരണം	883
അബ്ദുൽ മലിക്ക്ബ്നുവലീദ്	884
ആഭ്യന്തരപരിഷ്കരണങ്ങൾ	884
മദീന മനോഹരമാക്കുന്നു	885
ശൈഖ്സയ്യിദ്	855
നാല് പ്രസിദ്ധ സേനാനായകന്മാർ	886
മുഹമ്മദുബ്നുഖാസിം	887
ഖുതൈബത്തുബ്നുമുസ്ലിം	887
ബുഖാറാ കീഴടക്കുന്നു	890
മൂസബ്നുനുസൈർ	891
മസ്ലമത്തുബ്നു അബ്ദിൽമലിക്ക്	892
വലീദിന്റെ മരണം	892
സുലൈമാനുബ്നുഅബ്ദിൽ മലിക്ക്	892
ഹസ്രത്ത് ഉമറുബ്നുഅബ്ദിൽ അസീസ്	894
പ്രജാധിപത്യം വീണ്ടും	895
ഒരു വാദപ്രതിവാദം	898
ഉമറിന്റെ വേർപാട്	901
രണ്ടാം യസീദ്	903
ഇബ്നുമുഹല്ലബിന്റെ വിപ്ലവം	903
രണ്ടാം യസീദിന്റെ വിജയങ്ങൾ	904
വേർപാട്	904
ഹിശാമുബ്നുഅബ്ദിൽ മലിക്കിന്റെ ഭരണം	904
ഹസ്രത്തു ഇമാംസൈദ്ബ്നുഅലി	909
രണ്ടാം വലീദ്	912
യസീദ് നാലാമൻ	913
മർവാൻ രണ്ടാമൻ	915
തകർച്ചയിലേക്ക്	917

	പേജ്
ഉമയ്യാ ഭരണവും ഇസ്ലാമിക പരിഷ്കാരങ്ങളും	924
പ്രസിദ്ധ സേനാനായകർ	926
ഔദ്യോഗിക രംഗം	928
ഭരണമേഖലകൾ	929
മറവാനുൽ ഹിമാറിന്റെ ഭരണം	934
അസ്സഫ്ഫാഹ അബ്ദുല്ലാഹിൽ അബ്ബാസിന്റെ ഖിലാഫത്ത്	935
അബൂജഅ്ഫറൽമൻസൂർഅബ്ദുല്ലായുടെ ഖിലാഫത്ത്	935
ഒരു റക്കഅത്തിൽ ഖുർആൻ തീർത്തവർ	935
അൽമഹ്ദീ മുഹമ്മദ് ഖിലാഫത്ത്	935
മൂസൽഹാദിനാലാംഅബ്ബാസിയാ ഖലീഫ	935
ഹാറൂനുൽറശീദ് ഖിലാഫത്ത്	936
അൽഅമീൻമുഹമ്മദുബ്നു റശീദ് ഖിലാഫത്ത്	936
അൽമഅ്മൂനുഅബ്ദുല്ലാഹിബുനുറശീദ് ഖിലാഫത്ത്	936
ഇമാംശാഫിഈ (റ)	936
അൽമുഅ്തസിംമുഹമ്മദ് ഖിലാഫത്ത്	937
ഹാറൂനുബ്നുൽമുഅ്തസിം ഖിലാഫത്ത്	937
ജഅ്ഫറുബ്നുമുഅ്തസിം ഖിലാഫത്ത്	938
അൽമുൻതസീർമുഹമ്മദുബ്നുൽമുതവക്കൽ ഖിലാഫത്ത്	938
അഹ്മദ്ബ്നുൽമുഅ്തസിം ഖിലാഫത്ത്	938
മുഹമ്മദ്ബ്നുമുതവക്കൽ ഖിലാഫത്ത്	938
മുഹമ്മദ്ബ്നുൽവാസിക്ക് ഖിലാഫത്ത്	939
അഹമ്മദുബ്നുമുതവക്കിൽ ഖിലാഫത്ത്	939
അൽമുഅ്തളിദുബില്ലാഹിഇബ്നുൽ മുവഫിഖ് ഖിലാഫത്ത്	939
അൽമുഖ്തഫീബില്ലാഹിഅലിയ്യിബ്നുൽ മുഅ്തളിദ് ഖിലാഫത്ത്	939
അൽമുഖ്തദിറുബില്ലാഹിഅബുൽഫളൽ ജഅ്ഫർ ഖിലാഫത്ത്	940
അബ്ദുല്ലാഹിബ്നുൽമുഅ്തസ് ഖിലാഫത്ത്	940
അൽമുഖ്തദിറുബില്ലാഹി രണ്ടാം ഖലീഫ	940

—•—

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم

സൃഷ്ടിപ്പ്

അനാദ്യനും അരൂപനുമായ അല്ലാഹു തആലാ അവൻ വേണ്ടുകവെച്ചതനുസരിച്ച്, അവന്റെ തിരുദൂതന്മാരിൽ അന്തിമനായി, ഇഹലോകത്തു് ആഗതനായ മുഹമ്മദ് നബി (സ) തിരുമേനിയുടെ സാരസ്വരൂപപ്രകാശത്തെ, അവന്റെ നിത്യപ്രോജ്ജ്വല നിസ്തുല പ്രകാശത്താൽ ആദ്യമായി സൃഷ്ടിച്ചു. അനാദ്യന്തനും സർവ്വസ്ഥിതനും, സദാ ജാഗരൂകനും, സർവ്വാധിപനും, സർവ്വശക്തനും, സ്രഷ്ടാവും, രക്ഷകനും, ശിക്ഷകനും, നിയന്താവും, സർവ്വജ്ഞനും, വർണ്ണനാതീതഗുണഗണങ്ങളുടെ ഉടമയുമായ അല്ലാഹു, അവന്റെ മഹത്തായ ഗുണങ്ങളാൽ പടക്കപ്പെട്ട മുഹമ്മദ് (സ) തിരുമേനിയുടെ പ്രകാശത്തെ അത്യന്തം സ്നേഹിക്കുകയും, ആലമുൽ 'ഖുദ്സ്' എന്ന പവിത്ര സ്ഥാനത്തെ- അല്ലാഹുവിന്റെ തിരുസന്നിധിയിൽ— താമസിപ്പിക്കുകയും, സ്തുതികളാൽ ബഹുമാനിക്കുകയും ചെയ്തു. നമ്മുടെ കൊല്ലത്തിനു തുല്യമായ പതിനായിരം വർഷക്കാലം ആ നിലയിൽ താമസിപ്പിച്ചശേഷം, തിരുനബിയുടെ ഒളിവിനെ മുത്തുച്ചിപ്പിപോലുള്ള ഒരു ചെപ്പിൽ അനേകകാലം നിവസിപ്പിച്ചു. അതിനുശേഷം അല്ലാഹു, അവന്റെ മഹത്തായ തേജസ്സുകൊണ്ടു് എഴുപതിനായിരം മറകളെ-യവനികകളെ-പടക്കുകയും, ഓരോ മറയിലും എഴുപതിനായിരം വർഷങ്ങൾ വീതം തിരുനബിയുടെ ഒളിവിനെ ഇരുത്തി ആദരിപ്പിക്കുകയുമുണ്ടായി.

അങ്ങിനെ, എഴുപതിനായിരം വർഷങ്ങൾ വീതം ഓരോ മറയിലും താമസിച്ചുകൊണ്ടു് എഴുപതിനായിരം മറകളേയും അതിജീവിച്ചപ്പോൾ, തിരുനബിയുടെ ഒളിവു് ഒരു വീർപ്പുവിട്ടു. ആ വീർപ്പു നാലു് ഛരിന്നങ്ങളാവുകയും, ആ ഛരിന്നങ്ങളാൽ അർശ്, കുർശ്, ലൗഹ്, ഖലം എന്നിവ പടക്കപ്പെടുകയും ചെയ്തു.

തദനന്തരം സാമീപ്യംഎന്ന സങ്കേതത്തിൽ പന്തീരായിരം വർഷക്കാലം ഒളിവു് താമസിച്ചു. അതിനെ തുടർന്നു് അല്ലാഹുവിന്റെ 'ജലാൽ' എന്ന വീക്ഷണം ആ ഒളിവിൽ പതിയുകയും,

പൂർണ്ണ മാതൃകയുമായി ഭൂലോകത്തേക്ക് നിയോഗിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചതുമൂലം, തിരുമേനിയുടെ ഒളിവിനെ സശരീരി ആക്കുവാൻ അല്ലാഹു തീരുമാനിച്ചു. ജിബ്‌രീൽ (അ) എന്ന മലക്ക് അല്ലാഹുവിന്റെ ആജ്ഞപ്രകാരം, മദീനയിൽ (പിന്നീട്) നബി (സ. അ) തിരുമേനിയെ ഖബറടക്കംചെയ്ത സ്ഥലത്തുനിന്നും ഒരുപിടി വെളുത്ത മണ്ണ് വാരിയെടുക്കുകയും, സ്വർഗ്ഗത്തിലെ പരിശുദ്ധമായ അരുവികളിൽ കഴുകി ആ മണ്ണ് പവിത്രീകരിക്കുകയും, ആ വാത്ത സ്വർലോകങ്ങളെയും ഗ്രഹിപ്പിച്ച ശേഷം അല്ലാഹു നിർദ്ദേശിച്ച സ്ഥാനത്തു് ആ മണ്ണ് സൂക്ഷിച്ചുവെക്കുകയും ചെയ്തു.

വീണ്ടും ആയിരമായിരം വർഷങ്ങൾ കഴിഞ്ഞപ്പോൾ ആദംനബി (അ) യെ പടക്കുവാൻ അല്ലാഹു വേണ്ടകൽപിച്ചു. ഭൂമിയുടെ ഏഴു തട്ടുകളിൽനിന്നും മണ്ണെടുത്തുകൊണ്ടു ആദംനബി (അ) യുടെ ശരീരത്തെ അല്ലാഹു പടക്കുകയും, ആ ശരീരത്തിനു് ജീവൻ ഇടുകയും നബി (സ. അ) തിരുമേനിയുടെ ഒളിവിനെ ആദംനബി (അ) യിൽ സ്ഥാപിക്കുകയും ചെയ്തു. ആ ഒളിവു് ആദംനബി (അ) യുടെ നെറ്റിത്തടത്തിൽ പ്രോജ്ജ്വലിച്ചു. അക്കാരണത്താൽ ആദംനബി (അ) സർവ്വാദരണീയനായിത്തീർന്നു.

തിരുമേനിയുടെ ഒളിവിനെ അല്ലാഹു ആദംനബി (അ) ക്ക് കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷത്തിനും അതിരുണ്ടായിരുന്നില്ല. കാഴ്ചയ്ക്കുമാത്രമേ വീക്ഷിച്ചാൽ ഈ ഒളിവു് താങ്കൾക്കും മറ്റെല്ലാവർക്കും പിതാവും, രൂപാന്തരമായി വീക്ഷിച്ചാൽ ഈ ഒളിവു് താങ്കളുടെ പുത്രനുമാണെന്നു് അല്ലാഹു ആദംനബി (അ) യെ അറിയിച്ചു.

ആദംനബി (അ) ക്കു് വേണ്ടി അല്ലാഹു ഒരു ഇണയെ സൃഷ്ടിച്ചു;—ഹവ്വാബി. അവർ രണ്ടുപേരേയും അല്ലാഹു സ്നേഹപൂർവ്വം സ്വർഗ്ഗത്തിൽ താമസിപ്പിച്ചു. കുറേക്കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ വേണ്ടുകയനുസരിച്ചു് അവരുടെ വാസം ഭൂലോകത്തിലേക്കു് മാറ്റപ്പെട്ടു.

ഹവ്വായുടെ സൃഷ്ടിപ്പു്

സ്വർഗ്ഗത്തിലെ വിശിഷ്ടമായ മലർവാടികളിൽ ഏകാകിയായി ജീവിച്ച ആദംനബി (അ) യുടെ ഉള്ളിൽ ഒരു കൂട്ടുജീവിതത്തിന്റെ ആശയം ഉടലെടുത്തു. സർവ്വജ്ഞനായ അല്ലാഹു ആ ആശയത്തെ സഫലീകരിച്ചു. ആദംനബി (അ) യുടെ ഇടതുപാർശ്വത്തിൽനിന്നും ഹവ്വ സൃഷ്ടിക്കപ്പെട്ടു. ആദംനബി (അ) ഒരു മയക്കത്തിൽ സ്ഥിതിചെയ്ത ഘട്ടത്തിലാണു് ഹവ്വ സൃഷ്ടിക്കപ്പെട്ടതെന്നു് ചില തഫ്സീറുകളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. തഫ്സീറ് അസീസിയിൽ പ്രസ്താവിച്ചിട്ടുള്ള ഭാഗം താഴെ ഉദ്ധരിക്കുന്നു: 'ആദം (അ) ഏകാകിയായി സഞ്ചരിച്ചിരുന്നപ്പോൾ, മൃഗങ്ങൾ ഇണയായി സഞ്ചരിക്കുന്നതു കാണുകയും തനിക്കു് ഒരു ഇണയെ ലഭിച്ചെങ്കിൽ, എന്നു് ആശിക്കുകയും ചെയ്തു. ആദംനബി (അ) യുടെ ആഗ്രഹം അനുസരിച്ചു അല്ലാഹു മലക്കുകളെ നിയോഗിക്കുകയും, ആദംനബി (അ) യുടെ ഇടതുപാർശ്വത്തിൽനിന്നും തേജോമയിയായ ഒരു സ്ത്രീയെ ജനിപ്പിക്കുകയും ഉണ്ടായി. ആദം (അ) ഒരു ഇണയെ വേണമെന്നു് ആഗ്രഹിച്ച രണ്ടാംദിവസം—'വെള്ളിയാഴ്ച'—ആണു് ഹവ്വാ സൃഷ്ടിക്കപ്പെട്ടതു്".

ഹവ്വാ സൃഷ്ടിക്കപ്പെട്ടതിനുശേഷം ആദം (അ) ഉണർന്നു. സുന്ദരിയായ ഒരു സ്ത്രീ അടുത്തു് ഇരിക്കുന്നതുകണ്ടു് അദ്ദേഹം അത്ഭുതപ്പെട്ടു. അവളുടെ വർത്തമാനവിവരങ്ങൾ അവളോടുതന്നെ അദ്ദേഹം അന്വേഷിച്ചു. "താങ്കളുടെ അടുത്തു് ഇരിക്കുന്നതു് എന്റെ അടിമയായ ഒരു സ്ത്രീ ആകുന്നു; ആ സ്ത്രീയുടെ പേർ ഹവ്വാ എന്നാകു

പൂർണ്ണ മാതൃകയുമായി ഭൂലോകത്തേക്ക് നിയോഗിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചതുമൂലം, തിരുമേനിയുടെ ഒളിവിനെ സശരീരി ആക്കുവാൻ അല്ലാഹു തീരുമാനിച്ചു. ജിബ്‌രീൽ (അ) എന്ന മലക്ക് അല്ലാഹുവിന്റെ ആജ്ഞപ്രകാരം, മദീനയിൽ (പിന്നീട്) നബി (സ. അ) തിരുമേനിയെ ഖബറടക്കംചെയ്ത സ്ഥലത്തുനിന്നും ഒരുപിടി വെളുത്ത മണ്ണ് വാരിയെടുക്കുകയും, സ്വർഗ്ഗത്തിലെ പരിശുദ്ധമായ അരുവികളിൽ കഴുകി ആ മണ്ണ് പവിത്രീകരിക്കുകയും, ആ വാത്ത സ്വർലോകങ്ങളെയും ഗ്രഹിപ്പിച്ച ശേഷം അല്ലാഹു നിർദ്ദേശിച്ച സ്ഥാനത്ത് ആ മണ്ണ് സൂക്ഷിച്ചുവെക്കുകയും ചെയ്തു.

വീണ്ടും ആയിരമായിരം വർഷങ്ങൾ കഴിഞ്ഞപ്പോൾ ആദംനബി (അ) യെ പടക്കുവാൻ അല്ലാഹു വേണ്ടുകയുച്ചു. ഭൂമിയുടെ ഏഴു തട്ടുകളിൽനിന്നും മണ്ണെടുത്തു് ചേർത്തുകൊണ്ടു ആദംനബി (അ) യുടെ ശരീരത്തെ അല്ലാഹു പടക്കുകയും, ആ ശരീരത്തിനും ജീവും ഇടുകയും നബി (സ. അ) തിരുമേനിയുടെ ഒളിവിനെ ആദംനബി (അ) യിൽ സ്ഥാപിക്കുകയും ചെയ്തു. ആ ഒളിവു് ആദംനബി (അ) യുടെ നെറ്റിത്തടത്തിൽ പ്രോജ്ജ്വലിച്ചു. അക്കാരണത്താൽ ആദംനബി (അ) സുവ്യാദരണീയനായിത്തീർന്നു.

തിരുമേനിയുടെ ഒളിവിനെ അല്ലാഹു ആദംനബി (അ) ക്ക് കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷത്തിനും അതിരുണ്ടായിരുന്നില്ല. കായ്യാന്തരേണ വീക്ഷിച്ചാൽ ഈ ഒളിവു് താങ്കൾക്കും മറ്റെല്ലാവർക്കും പിതാവും, രൂപാന്തരണ വീക്ഷിച്ചാൽ ഈ ഒളിവു് താങ്കളുടെ പുത്രനാണെന്നു് അല്ലാഹു ആദംനബി (അ) യെ അറിയിച്ചു.

ആദംനബി (അ) ക്ക് വേണ്ടി അല്ലാഹു ഒരു ഇണയെ സൃഷ്ടിച്ചു;—ഹവ്വാബി. അവർ രണ്ടുപേരേയും അല്ലാഹു സ്വോറപൂവ്വം സ്വർഗ്ഗത്തിൽ താമസിപ്പിച്ചു. കുറേക്കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ വേണ്ടുകയനുസരിച്ചു് അവരുടെ വാസം ഭൂലോകത്തിലേക്ക് മാറ്റപ്പെട്ടു.

ഹവ്വായുടെ സൃഷ്ടിപ്പ്

സ്വർഗ്ഗത്തിലെ വിശിഷ്ടമായ മലർവാടികളിൽ ഏകാകിയായി ജീവിച്ച ആദംനബി (അ) യുടെ ഉള്ളിൽ ഒരു കൂട്ടുജീവിതത്തിന്റെ ആശയം ഉടലെടുത്തു. സർവ്വജ്ഞനായ അല്ലാഹു ആ ആശയത്തെ സഫലീകരിച്ചു. ആദംനബി (അ) യുടെ ഇടതുപാർശ്വത്തിൽനിന്നും ഹവ്വ സൃഷ്ടിക്കപ്പെട്ടു. ആദംനബി (അ) ഒരു മയക്കത്തിൽ സ്ഥിതിചെയ്ത ഘട്ടത്തിലാണു് ഹവ്വ സൃഷ്ടിക്കപ്പെട്ടതെന്നു് ചില തഫ്‌സീറുകളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. തഫ്‌സീർ അസീസിയിൽ പ്രസ്താവിച്ചിട്ടുള്ള ഭാഗം താഴെ ഉദ്ധരിക്കുന്നു: 'ആദം (അ) ഏകാകിയായി സഞ്ചരിച്ചിരുന്നപ്പോൾ, മൃഗങ്ങൾ ഇണയായി സഞ്ചരിക്കുന്നതു കാണുകയും തനിക്കു് ഒരു ഇണയെ ലഭിച്ചെങ്കിൽ, എന്നു് ആശിക്കുകയും ചെയ്തു. ആദംനബി (അ) യുടെ ആഗ്രഹം അനുസരിച്ചു അല്ലാഹു മലക്കുകളെ നിയോഗിക്കുകയും, ആദംനബി (അ) യുടെ ഇടതുപാർശ്വത്തിൽനിന്നും തേജോമയിയായ ഒരു സ്ത്രീയെ ജനിപ്പിക്കുകയും ഉണ്ടായി. ആദം (അ) ഒരു ഇണയെ വേണമെന്നു് ആഗ്രഹിച്ച രണ്ടാംദിവസം—'വെള്ളിയാഴ്ച'—ആണു് ഹവ്വാ സൃഷ്ടിക്കപ്പെട്ടതു്".

ഹവ്വാ സൃഷ്ടിക്കപ്പെട്ടതിനുശേഷം ആദം (അ) ഉണർന്നു. സുന്ദരിയായ ഒരു സ്ത്രീ അടുത്തു് ഇരിക്കുന്നതു് കണ്ടു് അദ്ദേഹം അത്ഭുതപ്പെട്ടു. അവളുടെ സ്ഥിതിവിവരങ്ങൾ അവളോടുതന്നെ അദ്ദേഹം ആരാഞ്ഞു. "താങ്കളുടെ അടുത്തു് ഇരിക്കുന്നതു് എന്റെ അടിമയായ ഒരു സ്ത്രീ ആകുന്നു; ആ സ്ത്രീയുടെ പേർ ഹവ്വാ എന്നാകു

ന്നു; അവൾ താങ്കൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട താകുന്നു'' എന്നു് അല്ലാഹു ആദം (അ) യെ തെയ്യപ്പെടുത്തി. ഹവ്വായെ കെട്ടിപ്പുണരുവാൻ ആദം നബി (അ)യുടെ കൈകൾ ഉഴറി. പക്ഷെ അല്ലാഹു വിലക്കി. 'മഹർ കൊടുക്കാതെ അവളെ തൊട്ടുപോകരുതു്'' എന്നു് അല്ലാഹു ആജ്ഞാപിച്ചു. എന്താണു് മഹറായി കൊടുക്കേണ്ടതു് എന്നു് ആദം (അ) അന്വേഷിച്ചപ്പോൾ, മുഹമ്മദ്‌നബി (സ) യുടെ മേൽ പത്തുസലാത്തു് ചൊല്ലുക എന്നു് അല്ലാഹു ആജ്ഞാപിച്ചു. അതനുസരിച്ചു ആദം (അ) പത്തുസലാത്തു് ചൊല്ലുകയും മലക്കുകളെ സാക്ഷിയാക്കിക്കൊണ്ടു് ഹവ്വായെ വേൾക്കുകയും ചെയ്തു.

ഇബ്‌ലീസ്

ഇബ്‌ലീസ് അല്ലാഹുവിന്റെ ആരാധകരിൽ അഗ്രിമനായിരുന്നു. ഒമ്പതു് ലക്ഷത്തി അമ്പത്തേഴായിരംകൊല്ലം അല്ലാഹുവിന്റെ ആരാധനയിൽ നിമഗ്നനായി അർശിന്റെ താഴെ ഇരുപ്പുറപ്പിച്ച ഇബ്‌ലീസ്, മറ്റു മലക്കുകളുടെ ഗുരുനാഥനും നേതാവുംകൂടിയായിരുന്നു. ജിന്നുകൾ ഭൂലോകത്തുവെച്ചു് കുഴപ്പങ്ങളുണ്ടാക്കിയപ്പോൾ, ഭൂമിയുടെ ആധിപത്യം അവരിൽനിന്നു് പിടിച്ചെടുത്തു് ഇബ്‌ലീസിന്റെ കൈകളിലാണു് ഏല്പിക്കപ്പെട്ടിരുന്നതു്.

അല്ലാഹു വേണ്ടുകവെച്ചതനുസരിച്ചു്, ആദം നബി (അ) യുടെ ജ്ഞാനവൈശിഷ്ട്യത്തെയുക്തിയുക്തം സ്ഥാപിക്കുകയും മലക്കുകളുടെയും ഗുരുവായി അദ്ദേഹത്തെ വാഴ്ത്തുകയും ചെയ്തു. അനന്തരം മലക്കുകളുടെ ഗുരുവായ ആദമിനു് സുജൂദ് ചെയ്യുവാൻ അല്ലാഹു മലക്കുകളോടു് ആജ്ഞാപിച്ചു. ഈ സംഭവത്തെക്കുറിച്ചു് വിശുദ്ധഖുർആൻ ഈ പ്രകാരം പ്രസ്താവിക്കുന്നു: 'ആദമിനു് സുജൂദ് ചെയ്യുക എന്നു് നാം കല്പിച്ചപ്പോൾ ഇബ്‌ലീസൊഴികെ എല്ലാവരും സുജൂദ് ചെയ്തു അഹങ്കാരം നിമിത്തം ഇബ്‌ലീസു് അതിൽ പങ്കെടുത്തില്ല. ആകയാൽ ഇബ്‌ലീസ് അവിശ്വാസികളിൽപെട്ടവനായിതീർന്നു.'

ഞാൻ അഗ്നിയാൽ സൃഷ്ടിക്കപ്പെട്ടു, കാലാകാലമായി ഞാൻ നിന്നെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. എന്റെ കൺമുമ്പിൽവെച്ചു് മണ്ണുകൊണ്ടു് പടച്ച ഈ സൃഷ്ടിക്കു് ഞാൻ ഒരിക്കലും സുജൂദ് ചെയ്യുകയില്ല.' എന്നു പറഞ്ഞുകൊണ്ടു് അല്ലാഹുവിന്റെ കല്പനയെ ഇബ്‌ലീസ് ധിക്കരിച്ചു.

'നിശ്ചയമായും നീ എന്നിൽനിന്നുമകന്നവനാകുന്നു. ഖിയാമംവരെ നീ ശപിക്കപ്പെട്ടവനായി സ്ഥിതിചെയ്യും.' എന്നു് അല്ലാഹു അരുളുകയുണ്ടായി.

എന്തൊന്നുകൊണ്ടു് നീ എന്നെ വഴിതെറ്റിച്ചുവോ അതുപയോഗിച്ചുകൊണ്ടുതന്നെ, നേരായ മാർഗ്ഗത്തിൽ നീ നടത്തുന്നവരെ ഞാൻ വഴിപിഴപ്പിക്കും; അവരെ അവരുടെ മുമ്പിലൂടെയും പിമ്പിലൂടെയും ഞാൻ പിടികൂടും. എന്റെ കൂട്ടുകെട്ടിൽപെട്ടാൽ അവരിൽ ഭൂരിപക്ഷത്തെ, നിന്നിൽ കൃതജ്ഞരായി നീ കാണും. ഞാൻ വഴിതെറ്റിപ്പിക്കപ്പെട്ടിരിക്കുകയാണു്. അവരെ ഞാൻ നേർമാർഗ്ഗത്തിൽ ഗ്രഹിപ്പിക്കുകയും. മരണാനന്തര ജീവിതം ഇല്ലെന്നും പരലോകം ഉണ്ടെന്നുപറയുന്നതു കളവാണെന്നും പറഞ്ഞുകൊണ്ടു് നിന്റെ മാർഗ്ഗത്തിൽ നിന്നു് ഞാൻ അവരെ പിന്തിരിപ്പിക്കും. ലൗകികജീവിതത്തിന്റെ സൗന്ദര്യത്തിൽ ഞാൻ അവരെ കണിച്ചു നിറുത്തും. എന്നാലാകുന്ന എല്ലാ ദുഃസൂത്രങ്ങളും ഉപയോഗിച്ചു് നിന്റെ ആരാധകരുടെ എണ്ണം പരമാവധി

ഞാൻ ശിഥിലീകരിക്കും, എന്നിപ്രകാരം ഇബ്‌ലീസ് അല്ലാഹുവോട് ധിക്കാരപൂർവ്വം മറുപടി പറഞ്ഞു.

'നിന്ദ്യനും ശപിക്കപ്പെട്ടവനുമായി, നീ കടന്നുപോകുക. നിന്റെ അനുയായികളെ ക്കൊണ്ട് ഞാൻ നരകത്തെ നിറക്കും' എന്നു അല്ലാഹു പ്രതിവചിച്ചു.

ഹസൻബസരി (റ) ഖത്താദത്തു (റ) എന്നിവർ ഇബ്‌ലീസ് ജിന്നു വർഗ്ഗത്തിൽപെട്ടവനാകുന്നു എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇബ്‌നു മസ്ഊദ് (റ), ഇബ്‌നു അബ്ബാസ് (റ) എന്നിവരുടെ പക്ഷവും ഇബ്‌ലീസ് മലക്കുകളിൽപെട്ടവനാകുന്നു എന്നതെ വിശ്രുതഖുർആന്റെ വ്യാഖ്യാതാക്കളിൽ ഭൂരിപക്ഷം ഈ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളതു്. ആദം (അ) മനുഷ്യരുടെ പിതാവായതുപോലെ ഇബ്‌ലീസ് ജിന്നുകളുടെ പൂർവ്വപിതാവാണെന്നു് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശപിക്കപ്പെട്ടവനായിത്തീരുന്നതിനു മുമ്പ് ഇബ്‌ലീസിനു് ആബീദ്, റാക്കിഅ്, സാജീദ്, ഖാശിഅ്, ഖാനിത്തു്, മുജ്തഹീദ്, സാഹിദ് എന്നിങ്ങനെ ശ്രേഷ്ഠങ്ങളായ പല പേരുകളും ഉണ്ടായിരുന്നു. ശപ്തനായതിനുശേഷം ഇബ്‌ലീസിനു് നല്കപ്പെട്ട ഹീനനാമങ്ങളും വിശ്രുത ഖുർആനിൽ എഴുപത്തു് സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. സുറിയാനി ഭാഷയിൽ 'അസാസീൽ' എന്നും അറബി ഭാഷയിൽ 'ഹാരിസ്' എന്നും ഇബ്‌ലീസിനു് പേർ നല്കപ്പെട്ടിരിക്കുന്നു.

ഇബ്‌ലീസിന്റെ വഞ്ചന

സ്വർഗ്ഗത്തിൽ പാർപ്പിക്കപ്പെട്ടപ്പോൾ ആദം (അ) മിനും ഹവ്വാക്കും അല്ലാഹു വിധിവിലക്കുകളും അടങ്ങിയ ചില നിർദ്ദേശങ്ങളും നല്കിയിരുന്നു സ്വർഗ്ഗത്തിലുള്ള ഒരു വൃക്ഷത്തെ സമീപിക്കരുതെന്നു് അല്ലാഹു ആ ദമ്പതികളെ വിലക്കുകയുണ്ടായി. അല്ലാഹുവിന്റെ വിലക്കിനെ ലംഘിക്കുവാൻ ആ ദമ്പതികളെ പ്രേരിപ്പിക്കണമെന്നു് ഇബ്‌ലീസ് തീരുമാനിച്ചു. ഒരു ഒട്ടകത്തേക്കാളും വലിപ്പമുള്ള പാമ്പിന്റെ സഹായത്തോടുകൂടി ഇബ്‌ലീസ് സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ആദ (അ) മിനേയും ഹവ്വയെയും വശീകരിപ്പാനുള്ള പശ്ചാത്തലങ്ങളും തന്ത്രപരമായിത്തന്നെ ഇബ്‌ലീസ് സൃഷ്ടിച്ചു. വിലക്കപ്പെട്ട വൃക്ഷത്തിന്റെ കായ ഭക്ഷിച്ചാൽ അനശ്വരമായ ആയുസ്സും അന്തസ്സും സിദ്ധിക്കുമെന്നു് അവരെ വിശ്വസിപ്പിക്കുന്നതിൽ ഇബ്‌ലീസ് വിജയിച്ചു.

വിലക്കപ്പെട്ട കനി ഭക്ഷിക്കുവാൻ അവർ തീരുമാനിച്ചു. ആദം (അ) യും ഹവ്വയും അഞ്ഞൂറു് സംവത്സരക്കാലം സ്വർഗ്ഗത്തിൽ കഴിച്ചുകൂട്ടിയതിനുശേഷമാണു് ഈ സംഭവം നടന്നതു്. കനി തിന്നുവാൻ തീരുമാനിച്ചെങ്കിലും ആദം (അ) ആ വിഷയത്തിൽ മൻകൈ എടുക്കുകയൊ കനി പറിക്കുവാൻ തയ്യാറാവുകയൊ ഉണ്ടായില്ല; ഹവ്വാ, വിലക്കപ്പെട്ട മരത്തെ സമീപിക്കുകയും അതിലെ പഴങ്ങളും പറിച്ചെടുത്തു് തിന്നുകയും നിർബന്ധപൂർവ്വം ആദംനബി (അ) യെ തീറ്റുകയും ചെയ്തു. ആ പഴം ഭക്ഷിച്ച ഉടനെ, അറ്റുതമെന്നു പറയട്ടെ, ആ ദമ്പതികളും പൂർണ്ണ നഗ്നരായിത്തീർന്നു. അത്തിവൃക്ഷത്തിന്റെ ഇലകൾകൊണ്ട് ആ ദമ്പതികളും നഗ്നത മറച്ചു. അപ്പോഴെയ്ക്കും സ്വർഗ്ഗത്തിൽനിന്നു് പുറത്തുപോയിക്കൊള്ളുവാൻ അല്ലാഹുവിന്റെ ആജ്ഞയും അവർക്കു് ലഭിച്ചുകഴിഞ്ഞു.

സ്വർഗ്ഗത്തിൽ താമസിക്കുന്ന കാലത്തു് മാനുഷിക വികാരങ്ങളിൽ പലതും ആ ദമ്പതികളിൽ ഉണ്ടായിരുന്നില്ല. ഭോഗാസക്തിയൊ,

മലമൂത്ര വിസർജ്ജനമൊ അവരിൽ കാണപ്പെട്ടിരുന്നില്ല. അവരുടെ ഗുഹ്യസ്ഥാനങ്ങളെ അവർതന്നെയും കണ്ടിരുന്നില്ല. പക്ഷെ, അല്ലാഹുവിന്റെ ആജ്ഞയെ ലംഘിച്ചപ്പോൾ നഗ്നരായിത്തീർന്ന ആ ദമ്പതികൾ മലക്കുകളുടെ മുമ്പിൽ ലജ്ജാവിവശരാകേണ്ടിവന്നു. അത്തി വൃക്ഷത്തിന്റെ ഇലകൾ തുന്നിച്ചേർത്തു അവർ നഗ്നത മറക്കേണ്ടതായി വന്നു.

ഹവ്വായുടെ കൈപിടിച്ചുകൊണ്ട് ആദം (അ) സ്വർഗ്ഗത്തിൽനിന്നു പുറത്തു ഇറങ്ങാൻ ഭാവിച്ചു. ഹവ്വായുടെ കൈപിടിക്കാതെ മാറി നടക്കുവാൻ ജിബ്‌രീൽ (അ) ആദംനബി (അ) യോട് ആവശ്യപ്പെട്ടു. ആദം (അ) ഹവ്വായുടെ കൈവിട്ടു. അങ്ങിനെ ആ ദമ്പതികൾ വേർതിരിഞ്ഞു. അല്ലാഹു ആജ്ഞാപിച്ചതനുസരിച്ച് ആദ (അ) മിനെ സരന്ദീപിലും (സിലോൺ) ഹവ്വായെ ജിദ്ദയിലും, പാമ്പിനെ ഇസ്പഹാനിലും നാടുകടത്തി. അതോടൊപ്പം പുറന്തള്ളപ്പെട്ട ഇബ്‌ലീസിനെ എവിടെയാണ് താമസിപ്പിച്ചതെന്നു വ്യക്തമായി പറയപ്പെട്ടിട്ടില്ല.

ഭൂമിയിൽ ആദം നബി (അ)യും ഹവ്വായും താമസിച്ച സ്ഥലങ്ങൾക്കിടയിലുള്ള അകലം എഴുനൂറ് കാതം ആയിരുന്നു. സ്വർഗ്ഗവാസം നഷ്ടപ്പെട്ടതു മുതൽ ഇരുനൂറ് സംവത്സരക്കാലം ആദം (അ) ദു:ഖിതനായി കഴിഞ്ഞുകൂടി. ഒരു നൂറാണ്ട്കാലം ഹവ്വായുമായി അകന്നു കഴിച്ചുകൂട്ടി ജീവിച്ചു. നൂറ് സംവത്സരക്കാലം ലജ്ജാഭാരവശ്യംമൂലം അദ്ദേഹം തല ഉയർത്തിയില്ല. നാല്പതു ദിവസം അദ്ദേഹം അന്നപാനം കഴിച്ചിട്ടില്ല.

ആദം നബി (അ) യും ഹവ്വയുമായുള്ള കൂടിക്കാഴ്ച

അല്ലാഹുവിന്റെ വേണ്ടുകയാൽ, ബൈത്തുൽമഅ്മൂർ എന്ന പള്ളി സ്ഥാപിതമാവുക യും സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവരപ്പെട്ട ഒരു കല്ല് നിശ്ചിതസ്ഥാനത്തു സ്ഥാപിക്കപ്പെടുകയും ചെയ്തു. അനന്തരം അല്ലാഹു നിർദ്ദേശിച്ചതനുസരിച്ച്, ഹജ്ജിനു പോകുവാൻ ജിബ്‌രീൽ (അ) ആദം (അ) യോട് ആജ്ഞാപിച്ചു. മലക്കുകളുടെ സഹായത്തോടുകൂടി ആദം (അ) കഅ്ബയിൽ ചെന്നു ഹജ്ജു നിർവഹിച്ചു. ഇന്ത്യയിൽനിന്നു നാല്പതൊ നാല്പത്തഞ്ചൊ തവണ ആദം (അ) കാൽനടയായി ഹജ്ജിനു പോയിട്ടുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു. ഹജ്ജു നിർവഹിച്ചശേഷം ജിബ്‌രീൽ ഉപദേശിച്ചതനുസരിച്ച് ആദം (അ) അറഫാ എന്ന സ്ഥലത്തേക്കു യാത്രയായി. ആ ഘട്ടത്തിൽ ഹവ്വാ തന്റെ ഭർത്താവിനെ അന്വേഷിച്ചുകൊണ്ടു നടന്നുതിരിയുകയായിരുന്നു. നൂറ് സംവത്സരക്കാലം ദുഃഖിതയായ ഹവ്വാ ആദം (അ) മിനെ അന്വേഷിച്ചുകൊണ്ടു പലേടത്തും ചുറ്റിത്തിരിഞ്ഞു. അവസാനം ആദം (അ) അറഫാത്തിലേക്കു പോകുമ്പോൾ വഴിമദ്ധ്യത്തിൽവെച്ച് യാദൃശ്ചികമായി അവർ കണ്ടുമുട്ടി. ആ സ്ഥലത്തിനു 'മേളിച്ചസ്ഥലം' എന്നർത്ഥമുള്ള മുസ്ദലിഫ' എന്നു പേർ നല്കപ്പെട്ടു.

ആദംനബി (അ) യുടെ നിറം

അല്ലാഹുവിന്റെ ആജ്ഞ ലംഘിച്ചതോടുകൂടി ആദമിന്റെ ദേഹവും മനസ്സും വിവശമായിത്തുടങ്ങി. അദ്ദേഹം സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു നിഷ്കാസനം ചെയ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ സ്വർഗ്ഗസുന്ദരമായ ശരീരം കറുത്തുപോയി. ആദം (അ) അല്ലാഹുവോടു ക്ഷമായാചനം ചെയ്തു. ഓരോ മാസത്തിലും പതിമൂന്ന്, പതിനാല്, പതിനഞ്ച് തീയതികളിൽ നോമ്പുനോൽക്കുവാൻ അല്ലാഹു അദ്ദേഹത്തോടു കല്പിച്ചു. ആ കല്പന അനുസരിച്ചു പ്രവർത്തിച്ചപ്പോൾ ആദം (അ) യുടെ നിറം പൂർവ്വ

സ്ഥിതിയെ പ്രാപിച്ചു. മൂസാനബിവരെയുള്ള നബിമാരിൽ ഈ വ്രതം നിബ്ബന്ധമാക്കപ്പെട്ടു. ഇപ്പോൾ 'അയ്യാമൽ ബീള്വ' എന്നു പറഞ്ഞുവരുന്ന ഈ നോമ്പു് മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം സുന്നത്താകുന്നു.

കഅ്ബ

അല്ലാഹു ഈ ലോകം പടക്കുമ്പോൾതന്നെ കഅ്ബയുടെ സ്ഥാനം നിർണ്ണയിക്കുകയും അതിരിടുകയും ചെയ്തു. മലക്കുകൾ കഅ്ബ പണിയുകയും ആയിരം വർഷം തവാഫ് ചെയ്യുകയും ഉണ്ടായി. ആദം നബി (അ) യുടെ കാലത്തു് കഅ്ബ പണിയിക്കപ്പെട്ടിരുന്നു. ഈ കഅ്ബയുടെ നേരെയായി സപ്തമാനങ്ങളിൽ ഓരോന്നിലും ഓരോ കഅ്ബ ഉണ്ടു്. അർശിനു താഴെയുള്ള ബൈത്തുൽമഅ്മൂറാണു് ഒന്നാം കഅ്ബ. ഓരോ ദിവസവും എഴുപതിനായിരം മലക്കുകളടങ്ങിയ മലക്കുകളുടെ ഓരോ പുതുസമൂഹം ബൈത്തുൽമഅ്മൂറിനെ തവാഫ് ചെയ്യുന്നു. ലോകാവസാനംവരെ ഈ പ്രക്രിയ മുടങ്ങാതെ നടന്നുകൊണ്ടിരിക്കും. സർവ്വലോകങ്ങളുടെയും ആത്മാവായ മുഹമ്മദ്നബി (സ. അ) അന്ത്യവിശ്രമംകൊള്ളുന്ന സ്ഥലത്തും മലക്കുകൾ ഇപ്രകാരം തവാഫ് ചെയ്യുന്നുണ്ടു്. കഅ്ബയുടെ മഹാത്മ്യത്തെക്കുറിച്ചു് നമ്മെ ബോധവാന്മാരാക്കുന്ന ആയത്തുകളും ഹദീസുകളും പ്രസിദ്ധങ്ങളത്രെ. ആദം നബി (അ) യും സന്തതികളും, ഇബാദത്തു ചെയ്തുപോന്ന സ്വർഗ്ഗീയ കഅ്ബ നൂഹ് നബി (അ) യുടെ കാലത്തു് ഉണ്ടായ പ്രളയത്തിൽ ഉതിർന്നു പോവുകയും എട്ടപ്പിന്റെ അത്തിമാഞ്ഞുപോവുകയും ചെയ്തു. പിന്നീടു് ഇബ്രാഹിം നബി (അ) യുടെ കാലംതൊട്ടു് നടന്ന കഅ്ബയുടെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചു് ഈ ഗ്രന്ഥത്തിൽ യഥാസ്ഥാനങ്ങളിൽ പ്രതിപാദിക്കും. ആദം ദമ്പതികളെ സ്വർഗ്ഗത്തിൽനിന്നു് ബഹിഷ്കരിക്കുകയും ഈ ലോകത്തു് താമസിപ്പിക്കുകയും ചെയ്തതോടുകൂടി ആദം (അ) യും ഹവ്വാ (റ) യും ഐഹികജീവിതം ആരംഭിച്ചു. സ്വർഗ്ഗത്തിൽനിന്നു് അല്ലാഹു നല്കിയ ആട്ടിനെ അറുത്തു് അതിന്റെ രോമംകൊണ്ടു് വസ്ത്രമുണ്ടാക്കി. ഹവ്വാബീ രോമംകൊണ്ടു് നൂലുണ്ടാക്കി ആദം (അ) അതുനെയ്തു തുണിയുണ്ടാക്കി. അങ്ങിനെ ആദം (അ) മിനു് ഒരുടുപ്പും ഹവ്വാ (റ) ക്കു് ഒരു പുതപ്പും സിദ്ധിച്ചു. ഒരു വെള്ളിയാഴ്ച ദിവസം അവർ വസ്ത്രമണിഞ്ഞു ഹവ്വാബീ ഗർഭം ധരിച്ചു. ഇരുപതു ഗർഭത്തിൽ നാല്പതു മക്കളെ അവർ പ്രസവിച്ചു. അവരിൽ ഇരുപതു പേർ ആൺമക്കളും, ഇരുപതു പേർ പെൺമക്കളുമാണു്. ഗർഭത്തിന്റെ എണ്ണത്തെ സംബന്ധിച്ചും മക്കളുടെ എണ്ണത്തെ സംബന്ധിച്ചും ഭിന്നാഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ടു്. ആദം നബി (അ) യുടെ മകൻ ശീത്തു് (അ) നബിതന്നെ വഹിപ്പാനുള്ള ആളായിരുന്നതുകൊണ്ടു് അദ്ദേഹത്തെ ഒറ്റക്കാണു് പ്രസവിച്ചതെന്നും ഇരട്ടപ്രസവങ്ങളും ഇരുപതു് നടന്നിട്ടുണ്ടെന്നും അങ്ങിനെ നാല്പതിലേറെ മക്കളും ആദം നബി (അ) ക്കു് ഉണ്ടായിട്ടുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു. ആദം നബി (അ) അതിസുന്ദരനും മഹാദയാലുവും സദ്ഗുണസമ്പന്നനും ആയിരുന്നു. അദ്ദേഹത്തിന്റെ ഉയരം (അന്നത്തെ) അറുപതു മുഴമായിരുന്നു. അദ്ദേഹത്തിന്റെ മക്കളും ഏറെക്കുറെ ഇതുയും വലിപ്പമുള്ളവരായിരുന്നു.

ഊജ്ബ്നുൽഖ്

ആദം സന്തതികളിൽ ഉയരംകൂടിയ ഭീമാകായകൻ ഇദ്ദേഹമായിരുന്നു. മുവ്വായിരത്തി മുന്നൂറുമുപ്പത്തിമൂന്നു് മുഴമായിരുന്നു ഇദ്ദേഹത്തിന്റെ ഉയരം. ഉയരത്തിനൊത്ത പുഷ്ടിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ ശരീരം. ഉയര

ത്തിനും ശരീരത്തിനുമൊത്തവിധം ദീർഘായുഷ്മാനും കൂടിയായിരുന്നു അദ്ദേഹം. മുവ്വായിരം സംവത്സരകാലം ജീവിച്ചു. ജലപ്രളയകാലത്തു് നൂഹ്നബിയുടെ കപ്പലിൽ കയറാത്തവരിൽ അവശേഷിച്ച ഏകവ്യക്തിയാണു് ഭീമകായകനായ ഈ ഊജ്. ലോകത്തിലുള്ള സകല വസ്തുക്കളും വെള്ളത്തിനടിയിൽപ്പെട്ടു് നശിച്ചപ്പോൾ ഈഊജ് ആ വെള്ളത്തിലൂടെ മുട്ടുകാൽ നനയാതെ നടന്നുവെന്നും മത്സ്യങ്ങളെ പിടിച്ചു് സൂര്യോഷ്ണത്തിൽ വാട്ടിത്തിന്നലും മേഘത്തിൽനിന്നു് വെള്ളം കുടിക്കലും അദ്ദേഹത്തിന്റെ പതിവായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ടു്. ഈ ഭീമാകാരൻ ബുദ്ധിപരമായി മൃഗതുല്യനായിരുന്നു. ന്യായാന്യായമോ മാനാപമാനമൊ അയാൾക്കു് അറിഞ്ഞുകൂടായിരുന്നു. ഉപദ്രവിയായ ഈ മനുഷ്യൻ മറവുള്ളവരെ സംബന്ധിച്ചേടത്തോളം ഒരു ഭീതികേന്ദ്രമായിരുന്നു. മൂസാനബി (അ) യുടെ കാലത്തു് ഈ മനുഷ്യൻ ജനങ്ങളെ ദ്രോഹിച്ചു. ആകയാൽ മൂസാനബി (അ) അദ്ദേഹത്തിന്റെ വടികൊണ്ടു് ഈ ദ്രോഹിയെ അടിക്കുകയും അതോടുകൂടി അദ്ദേഹം രോഗബാധിതനായിത്തീരുകയും ആ രോഗത്താൽ മരിക്കുകയും ചെയ്തുവെന്നാണു് പണ്ഡിതന്മാർ രേഖപ്പെടുത്തീട്ടുള്ളതു്.

ആദംസന്തതികളുടെ രൂപം

ആദം സന്തതികളുടെ രൂപങ്ങളെ അണുമാത്രയിൽ അല്ലാഹു ആദം നബി (അ) ക്കു് കാണിച്ചു കൊടുത്തു. അവയിൽ ചില രൂപങ്ങളെ ആദംനബി (അ) പ്രത്യേകം നോക്കിക്കാണുകയും ചിലതിനെപ്പറ്റി അന്വേഷിച്ചറിയുകയും ചെയ്തു. ഒരു പ്രത്യേകരൂപത്തിന്മേൽ ആദംനബി (അ) യുടെ ദൃഷ്ടിപതിയുകയും അതു് ആരുടെ രൂപമാണെന്നു് അന്വേഷിക്കുകയും ചെയ്തു. അതു് ദാവൂദ് നബിയുടെ രൂപമാണെന്നും അദ്ദേഹത്തിനു് നിശ്ചയിച്ച ആയുസ്സു് അറുപതാണെന്നും അറിഞ്ഞപ്പോൾ, ആ ദം (അ) അദ്ദേഹത്തിനു് ആയുസ്സുകൂട്ടിക്കൊടുക്കുവാൻ അല്ലാഹുവിനോടു് അപേക്ഷിച്ചു. തനിക്കു് നല്കപ്പെട്ട ആയിരം വയസ്സിൽനിന്നു് നാല്പതു് വയസ്സു് ദാവൂദ് നബിക്കു് നല്കിക്കൊള്ളുവാൻ അല്ലാഹു ആദം നബി (അ)ക്കു് അനുമതി നല്കി.

ഹാബീൽ-ഖാബീൽ

ആദംനബി (അ)യും ഹവ്വാബീ (റ)യും ഈ ലോകത്തു് താമസമാക്കി നൂറു് സംവത്സരം കഴിഞ്ഞപ്പോൾ ഹവ്വാബീ ഗർഭം ധരിച്ചു. ആ ഉദരത്തിൽ ഖാബീൽ, ഇക്ക്ലീമ എന്നീ രണ്ടുകുട്ടികളെ (ഒരാണിനെയും ഒരു പെണ്ണിനെയും)പ്രസവിച്ചു. രണ്ടാമത്തെ ഗർഭത്തിൽ ഹാബീൽ എന്ന ആൺകുട്ടിയെയും ലുഖൂദ എന്ന പെൺകുട്ടിയെയും പ്രസവിച്ചു. ഇക്ക്ലീമ എന്ന പെൺകുട്ടി അതിസുന്ദരിയും ലുഖൂദ ഒരു സാമാന്യസുന്ദരിയുമായിരുന്നു. അല്ലാഹുവിന്റെ കല്പനപ്രകാരം സുന്ദരിയായ ഇക്ക്ലീമയെ ഹാബീലിനും ലുഖൂദയെ ഖാബീലിനും വിവാഹംകഴിച്ചുകൊടുത്തു. ഖാബീലിനു് ഇക്ലീമയെ ഭാര്യയാക്കികിട്ടാത്തതിൽ പരിതാപവും ക്ഷോഭവുമുണ്ടായി. അയാൾ ഹാബീലിന്റെ ശത്രുവായി മാറുകയും ഇക്ക്ലീമയുടെ സൗന്ദര്യത്തെ ഹാബീൽ അനുഭവിക്കുന്നതു് കണ്ടു് പൊറുക്കുവാൻ കഴിയായ്കയാൽ ഹാബീലിനെ കൊലപ്പെടുത്തുകയും ചെയ്തു.

അനാഖു്

ആദ(അ)മിനും ഹവ്വാ (റ)ക്കും ഇടംപ്രഥമമായി ലഭിച്ചതു് ഒരു പെൺകുട്ടിയായിരുന്നുവെന്നും അനാഖു് എന്ന പേരുള്ള ആ പെൺകുട്ടി മരിച്ചതിനുശേഷം ഹവ്വാബീ ഹാബീൽ, ഖാബീൽ എന്നിവരെ അനുക്രമം പ്രസവിച്ചു

വെന്നും തർക്കിത്തു് എന്നപേരുള്ള ഒരു സ്ത്രീയെ മനുഷ്യരൂപത്തിൽ ഈ ലോകത്തിറക്കി ഹാബീലിനു് വിവാഹംചെയ്തുകൊടുത്തുവെന്നും, അമ്മാലത്തു് എന്ന ഒരു ജിൻ സ്ത്രീയെ അല്ലാഹു മനുഷ്യരൂപത്തിൽ അവതരിപ്പിച്ചു ഖാബീലിനു വിവാഹം ചെയ്തുകൊടുത്തുവെന്നും തന്മൂലമുണ്ടായ കലഹത്തിൽ ആ സഹോദരന്മാർ മരണമണടഞ്ഞുവെന്നും പറയപ്പെട്ടിട്ടുണ്ടു്. രണ്ടാമത്തെ കഥയാണു് കൂടുതൽ പ്രധ്യമായി തോന്നുന്നതു് എന്നു് ജഅ്ഫർ സാദിഖ് (റ) പ്രസ്താവിച്ചതായി അബൂ ഈസാ അഹമ്മദുബിനു് മുഹമ്മദു് (റ) രേഖപ്പെടുത്തിയിരിക്കുന്നു.

ആദംനബി (അ) യുടെ വഫാത്തു്

വഫാത്തിന്റെ പതിനൊന്നു്ദിവസംമുമ്പു് മനുഷ്യലോകത്തിന്റെ ആദിപിതാവായ ആദംനബി (അ) രോഗബാധിതനായി. രോഗശയ്യയെ പ്രാപിച്ചപ്പോൾ തന്റെ പുത്രനായ ശീത്തു്നബിയെ അടുത്തു് വിളിക്കുകയും വസിയത്തു് പറയുകയും വസിയത്തു് എഴുതുകയും ചെയ്തു. ഒരു വെള്ളിയാഴ്ച ദിവസം പരിശുദ്ധ മക്കായിൽവെച്ചു് ആദംനബി (അ) വഫാത്തായി. ശീത്തു്നബി തുടങ്ങിയ മക്കളും മലക്കുകളും ചേന്നു് മയ്യത്തു് പരിപാലനം നിർവ്വഹിച്ചു. കഫൻ ചെയ്യുവാനായി അല്ലാഹു ഒരു പെട്ടിയിൽ ഇറക്കിയ സ്വർഗ്ഗത്തുകിലിൽ മയ്യത്തു് കഫൻ ചെയ്തു. ജിബ്‌രീലൊ (അ) ശീത്തു് നബിയൊ (അ) ജനാസ നിസ്കരിച്ചു. അതിനുശേഷം സ്വർഗ്ഗത്തുകിലിൽ ഇറങ്ങിയ പെട്ടിയിൽ മയ്യത്തു് വെക്കുകയും ഖബറടക്കുകയും ചെയ്തു. ആദംനബി (അ) യെ ഖബറടക്കിയതു് മക്കത്താണെന്നും ജബൽ ഖുബൈസിലാണെന്നും രണ്ടഭിപ്രായങ്ങളുണ്ടു്. പ്രളയഘട്ടത്തിൽ നൂഹ്നബി (അ) ഈപെട്ടി അദ്ദേഹത്തിന്റെ കപ്പലിൽ കയറ്റുകയും ബൈത്തുൽ മുഖദ്ദിസിൽ മറമാടുകയും ചെയ്തുവെന്നു് വേറൊരഭിപ്രായവും പറഞ്ഞു കാണുന്നുണ്ടു്. ആദംനബി (അ) ഇഹലോകവാസം വെടിയുമ്പോൾ അദ്ദേഹത്തിനു് നാല്പതിനായിരത്തിൽപരം പുത്രപൗത്രാദികൾ ഉണ്ടായിരുന്നു.

ശീത്തു്നബി (അ)

രൂപത്തിലും ശീലത്തിലും പിതാവായ ആദംനബി (അ) മിനു് തുല്യമായിരുന്ന ശീത്തു്നബി (അ). ഇദ്ദേഹത്തിനു് 'ഹിബത്തുള്ള' എന്ന സ്ഥാനപ്പേരുണ്ടു്. ഹാബീലിന്റെ പകരക്കാരൻ എന്നാണു് അതിന്റെ അർത്ഥം. ഇദ്ദേഹത്തെ പ്രസവിക്കുമ്പോൾ ആദംനബി (അ)ക്കു് നൂറിരുപതു് വയസ്സു് പ്രായമായിരുന്നു. ആദംനബി മരിക്കുമ്പോൾ, മുഹമ്മദു് നബി (സ)യുടെ ഒളിവിനെ അല്ലാഹു ശീത്തു്നബിയിലേക്കു് മാറ്റി. അൻപതു് ഏടുകൾ അല്ലാഹു ശീത്തുനബിക്കു് നല്കി. അവ്വാബീയോളം സുന്ദരിയും ഗുണവതിയുമായിരുന്ന മഖ വാഇലത്തുൽവർദാണു് എന്ന യുവതിയെ ആദംനബി (അ) അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ ശീത്തു്നബിക്കു് വിവാഹം കഴിച്ചുകൊടുത്തു. ആ നികാഹിനു് ജിബ്‌രീൽ (അ) പൈത്തു്ബ ഓതുകയും മനുഷ്യരും മലക്കുകളും സാക്ഷിനിൽക്കുകയും ചെയ്തു. ശീത്തു്നബി (അ)ക്കു് അവനൂറിരിഞ്ചു് വയസ്സു് പ്രായമായപ്പോൾ, മഖ്വായിലത്തു് ഗർഭംധരിക്കുകയും അനൗശ് എന്ന പുത്രനെ പ്രസവിക്കുകയും ചെയ്തു. തൊള്ളായിരത്തി പന്ത്രണ്ടാമത്തെ വയസ്സിൽ ശീത്തു്നബി വഫാത്തായി. ആദംനബി (അ)ന്റെ സന്താനങ്ങളിൽ മറ്റെല്ലാവരുടെയും പരമ്പര വറ്റിപ്പോകുമെങ്കിലും ശീത്തു്നബിയുടെ സന്താനപരമ്പര ലോകാവസാനംവരെ അവസാനിക്കുകയില്ല.

അനൗശും ഖൈനാനും

ശീത്തു്നബി വഫാത്താകുമ്പോൾ വസിയത്തു് ചെയ്തതനുസരിച്ചു് അദ്ദേഹത്തിന്റെ

സ്ഥാനം അദ്ദേഹത്തിന്റെ മകനായ അനൂശ് എന്നവർക്ക് ലഭിച്ചു. അനൂശിനും തൊണ്ണൂറാമത്തെ വയസ്സിൽ ഒരു മകൻ ജനിച്ചു. അദ്ദേഹമാണ് ഖൈനാൻ. തൊള്ളായിരത്തി അമ്പതാമത്തെ വയസ്സിൽ അനൂശ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ വസിയത്തനുസരിച്ച് ഖൈനാൻ സ്ഥാനപതിയായി. തൊള്ളായിരത്തി പതുതൊമത്തെ വയസ്സിൽ ഖൈനാൻ ഇഹലോകവാസം വെടിഞ്ഞു.

മഹ്ലാഈൽ

ഖൈനാൻ എന്നവരുടെ പുത്രനാണ് പ്രസിദ്ധനായ മഹ്ലാഈൽ. ഇദ്ദേഹത്തിന്റെ കാലം എത്തുമ്പോഴേയ്ക്കും ജനസംഖ്യ ഗണ്യമായി വർദ്ധിച്ചു. ആദംനബി (അ)യുടെ ഉപജീവനവൃത്തി കൃഷിയായിരുന്നുവെങ്കിലും ചരിത്രം കാണുന്ന ആദ്യത്തെ കർഷകനും നഗരനിർമ്മാതാവും മഹ്ലാഈൽ ആകുന്നു. ലോകത്തിൽ നിർമ്മാണപ്രവർത്തനത്തിനും വിത്തിട്ട ആളെന്നും ഇദ്ദേഹത്തെ പ്രശംസിച്ചാൽ തെറ്റാവുകയില്ല. ജനസാധീനമുള്ള, ശക്തനായ മഹ്ലാഈൽ തരിശുനിലങ്ങൾ കൃഷിഭൂമികളായും നഗരങ്ങളായും പരിഷ്കരിച്ചു. എടുപ്പുകൾ, പള്ളികൾ, വീടുകൾ എന്നിവ പണിയിക്കുകയും കോട്ടകെട്ടുകയും ചെയ്തു. ഈ ലോകത്തിൽ ആദ്യമായി ജനങ്ങൾക്ക് താമസിപ്പാനും ഉപയോഗിപ്പാനുമുള്ള അത്തരം എടുപ്പുകൾ നിർമ്മിച്ചത് മഹ്ലാഈൽ ആണെന്നും പണ്ഡിതന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ആദംനബി (അ)യും അദ്ദേഹത്തിന്റെ സന്തതികളിൽ മഹ്ലാഈൽവരെ ഉള്ളവരും മലയുടെ ഗുഹകളിലും മരത്തിന്റെ മുരട്ടിലും അതുപോലുള്ള സ്ഥലങ്ങളിലുമാണ് താമസിച്ചുപോന്നിരുന്നത്. ജനക്ഷേമപരമായ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടും തന്റെ കടമ നിർവ്വഹിച്ചുകൊണ്ടും ജീവിച്ച മഹ്ലാഈൽ തൊള്ളായിരത്തി അറുപത്തഞ്ചാമത്തെ വയസ്സിൽ മരിച്ചു.

ഇദ്രീസ്നബി (അ)വരെ

മഹ്ലാഈൽ എന്നവർക്ക് യർദ് എന്ന ഒരു പുത്രൻ ഉണ്ടായിരുന്നു. പക്ഷെ, ആദംനബി (അ)യുടെ സന്താനങ്ങളിൽപ്പെട്ട ഖയൂമർസ്സ് എന്ന ആൾ രാജ്യഭാരം ഏറ്റെടുത്തു. നാല്പതുവർഷം മാത്രമെ അദ്ദേഹം ജീവിച്ചുള്ളൂ. അദ്ദേഹം മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പുത്രനായ ഹുശജിനു ഭരണഭാരം ഏല്പിച്ചുകൊടുത്തു. അദ്ദേഹം ന്യായത്തിലും നീതിയിലും അഗ്രിമനായ ഒരു മനുഷ്യനായിരുന്നു തൊള്ളായിരത്തിൽപരം സംവത്സരക്കാലം അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ മകളുടെ മകനായ തംഹൂറത്തു് രാജ്യഭാരം നിർവ്വഹിച്ചു. നൂറിൽപ്പരം സംവത്സരക്കാലം അദ്ദേഹം രാജ്യം ഭരിച്ചു. മുൻപറഞ്ഞ മഹ്ലാഈൽ എന്നവരുടെ പുത്രനായ യർദ്, അഗ്സൂസ് എന്ന സ്ത്രീയെ വിവാഹം കഴിക്കുകയും അഖ്നൂഹ് എന്ന ഒരു പുത്രൻ ജനിക്കുകയും ചെയ്തു. ജ്ഞാനിയായ ആ പുത്രൻ ഇദ്രീസ് എന്ന അപരനാമത്തിൽ പ്രഖ്യാതനായി.

ഇദ്രീസ്നബി (അ)

ആദംനബിയുടെ മകനായ, ശീത്തുനബിയുടെ മകനായ, ഖൈനാന്റെ മകനായ, മഹ്ലാഈലിന്റെ മകനായ, യർദിന്റെ പുത്രനാണു് ഇദ്രീസ് എന്ന പേരിൽ പ്രഖ്യാതനായ അഖ്നൂശ് (അ). സിദ്ദീഖെന്നും നബിയെന്നുമുള്ള സ്ഥാനപ്പേരുകളാൽ ഇദ്രീസ്നബി (അ)നെ അല്ലാഹു തആലാ വിശുദ്ധഖുർആനിൽ ആദരിച്ചിരിക്കുന്നു. ആദംനബി (അ)നും ശീത്തുനബി (അ)നും അല്ലാഹു ഇറക്കി

കൊടുത്ത ഏടുകളെ അദ്ദേഹം ഗ്രഹിച്ചു. മുപ്പത്തു കിതാബുകളും അല്ലാഹു ഇദ്‌രീസ്‌നബി (അ)ന്നു ഇറക്കിക്കൊടുത്തു. രാപ്പകൽ ഇടതടവില്ലാതെ അല്ലാഹുവിന്നായുള്ള ഇബാദത്തിൽ നിമഗ്നനായും നിത്യവ്രതക്കാരനായും കഴിഞ്ഞുകൂടിയ ഇദ്‌രീസ്‌നബി (അ) ആണു് തയ്യൽ വേലയുടെ ഉപജ്ഞാതാവു്. അദ്ദേഹത്തിന്റെ ജീവിതം അനന്യസാധാരണവും മലക്കുകളെക്കൂടി വിസ്മയിപ്പിക്കുമാറു് മഹത്തരവുമായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ജീവിച്ച എല്ലാവരുടെയും സൽക്കർമ്മങ്ങളെയും ഒരുമിച്ചുകൂട്ടിയാൽ അവ ഇദ്‌രീസ്‌നബി (അ)യുടെ സൽക്കർമ്മത്തോളം ആവുകയില്ലായിരുന്നുവെന്നു് വഹബിബ്‌നുമുനബ്ബിഹ് (റ) പറയുന്നു. ഇബ്‌ലീസ് അദ്ദേഹത്തെച്ചതിക്കുവാൻ കിണഞ്ഞുപരിശ്രമിക്കുകതന്നെ ചെയ്തു പക്ഷെ ഫലിച്ചില്ല. ഒരു ദിവസം ഇദ്‌രീസ്‌നബി (അ) തുന്നിക്കൊണ്ടിരിക്കെ അല്ലാഹുവിന്റെ ഖുദ്‌റത്തിനെക്കുറിച്ചു് ഇബ്‌ലീസ് ഒരു ചോദ്യമുന്നയിച്ചു. ഇദ്‌രീസ് (അ) ഒരു മറുചോദ്യംകൊണ്ടു് അതിന്നു് മറുപടി നല്കുകയും സൂചികൊണ്ടു് ഇബ്‌ലീസിന്റെ കണ്ണിൽ കുത്തുകയും ചെയ്തു. ആ കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുകയും ഇദ്‌രീസ്‌നബിയെ വഞ്ചിക്കാനുള്ള ഇബ്‌ലീസിന്റെ ആഗ്രഹം അതോടെ നശിക്കുകയുമുണ്ടായി.

ഇദ്‌രീസ്‌നബിയുടെ ഭക്തിയും വണക്കവും മലക്കുകളെ അത്ഭുതപ്പെടുത്തി. ഇദ്‌രീസ്‌നബി (അ) യെ നേരിട്ടു കാണുവാൻ മലക്കുകൾ മൊത്തു് അസ്‌റാലിനു് ആഗ്രഹം ഉദിച്ചു. തന്റെ ആഗ്രഹം മലക്കു് അല്ലാഹുവിനെ അറിയിച്ചു. അല്ലാഹു ഇദ്‌രീസ്‌നബിയെ പോയികണ്ടുകൊള്ളുവാൻ അനുമതിനല്കി. അസ്‌റാഈൽ എന്ന മലക്കു് ഇദ്‌രീസ്‌നബി വസിക്കുന്ന സ്ഥാനത്തു് എത്തി. പക്ഷെ, നേരിൽകണ്ട സംസാരിക്കുവാൻ അവസരമുണ്ടായില്ല. രാവും പകലും കഴിവില്ല. അഹോരാത്രം ഇബാദത്തുതന്നെ. നോമ്പു മുറിക്കുന്നസമയം അല്പം ഭക്ഷണം കഴിക്കും. അതാണു് കഴിവു്സമയം. ആ തക്കംനോക്കി അസ്‌റാഈൽ (അ) മനുഷ്യരൂപത്തിൽ ഇദ്‌രീസ്‌നബിയെ സമീപിച്ചു. അപ്പോഴും നബി മലക്കിനെ ഭക്ഷണത്തിനു സൽക്കരിച്ചു. ഭക്ഷണം കഴിഞ്ഞ ഉടനെ ഇദ്‌രീസ്‌നബി (അ)ഇബാദത്തിൽ വ്യാപൃതനായി. രണ്ടു ദിവസം ഇങ്ങനെ കഴിഞ്ഞു. മൂന്നാംദിവസം ഇദ്‌രീസ് നബി (അ)നിങ്ങളെ ആരാണെന്നു് മനുഷ്യരൂപം പൂണ്ട ആ മലക്കോടു് ആരാഞ്ഞു. താൻ മലക്കുൽ മൗത്താണെന്നും അല്ലാഹുവിന്റെ അനുവാദത്തോടുകൂടി താങ്കളെ കാണുവാൻ വന്നതാണെന്നും അസ്‌റാഈൽ (അ) പറഞ്ഞപ്പോൾ, ഇദ്‌രീസ്‌നബി (അ) ആ മലക്കിനെ സ്നേഹാദരപൂർവ്വം സ്വീകരിച്ചു. അവർതമ്മിൽ പരിചയപ്പെട്ടപ്പോൾ ഇദ്‌രീസ്‌നബി അസ്‌റാഈലിന്റെ മുമ്പിൽ ഒരാവശ്യം ഉന്നയിച്ചു. തന്റെ റൂഹിനെപ്പിടിച്ചു കാണിച്ചുതരണമെന്നായിരുന്നു ഇദ്‌രീസ്‌നബി ഉന്നയിച്ച ആവശ്യം. അസ്‌റാഈൽ അതു് ചെയ്തു. അസ്‌റാഈൽ റൂഹ് പിടിച്ച ഉടനെ അല്ലാഹു ഇദ്‌രീസ് (അ)ന്റെ റൂഹ് ഇട്ടു. അതു് കഴിഞ്ഞപ്പോൾ ആകാശത്തിൽകയറി വാനത്തിലെ ദൃശ്യങ്ങൾ കാണിച്ചുതരണമെന്നു് ഇദ്‌രീസ്‌നബി (അ) അസ്‌റാഈൽ (അ)യോടു് ആവശ്യപ്പെട്ടു. അസ്‌റാഈൽ (അ) ആഗ്രഹവും സാധിപ്പിച്ചു. പിന്നത്തെ ആഗ്രഹം നരകം കാണണമെന്നുള്ളതായിരുന്നു. അസ്‌റാഈൽ(അ) ആ ആഗ്രഹവും നിറവേറ്റിക്കൊടുത്തു. ഇദ്‌രീസ്‌നബിയുടെ അവസാനത്തെ ആവശ്യം സ്വർഗ്ഗത്തിൽ കടന്നു സ്വർഗ്ഗം നടന്നുകാണുവാൻ അവസരമുണ്ടാക്കിത്തരണമെന്നതായിരു

ന്നു. അസ്‌റാഈൽ (അ) ഇദ്‌രീസ്‌നബിയെ സ്വർഗ്ഗത്തിൽ കടത്തി. കുറേ നടന്നുകണ്ട പ്പോൾ ഇനി നമുക്ക് മടങ്ങാം എന്നു് അസ് റാഈൽ പറയുകയും ഇദ്‌രീസ്‌നബി അതി ന് സമ്മതിക്കാതിരിക്കുകയും ചെയ്തു. തന്മൂലം അസ്‌റാഈൽ (അ)യും ഇദ്‌രീസ്‌നബിയും ത മ്മിൽ വാഗ്വാദം നടന്നു. അവരുടെ തർക്കത്തിൽ മദ്ധ്യസ്ഥം വഹിക്കാൻ വേറൊരു മലക്ക് ഇട പെട്ടു. രണ്ടാളുടെയും വാദം കേട്ടശേഷം ആ മലക്ക് ഇദ്‌രീസ് (അ)നു് അനുകൂലമായി വിധി പറഞ്ഞു. ഈ നിലയിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ട ഒരാളോടു് സ്വർഗ്ഗംവിട്ടു് പുറ ത്തുപോകാൻ ശാസിക്കാവതല്ല എന്നതായിരു ന്നു വിധി. ആ വിധികേട്ടപ്പോൾ മലക്കുൽ മൗത്തു് അവിടം വിടുകയും ഇദ്‌രീസ്‌നബി അവിടെ തങ്ങുകയും ചെയ്തു. അന്നു് ഇദ്‌രീ സ്‌നബി (അ)ക്ക് മുന്നൂററിഅഞ്ചു് വയസ്സു് പ്രായമായിരുന്നു.

നൂഹ്‌നബി (അ)

ഇദ്‌രീസ്‌നബി (അ) മിന്നു് ഹദാന ത്തു് എന്ന ഭാര്യയിൽ മുത്തൂശ്ശൽഖ് എന്ന ഒരു പുത്രൻ ജനിച്ചു. തൊള്ളായിരത്തി അറു പത്തേഴാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിനു് ലാമിക്ക് എ ന്നും ശാബി എന്നും പേരുള്ള രണ്ടുമക്കൾ ഉ ണ്ടായിരുന്നു. അവരിൽ ലാമിക്ക് എന്ന ആൾ അനൂശ് എന്നവരുടെ മകളായ ശംഖാ ഹ് എന്നവരെ വിവാഹം കഴിച്ചു. അവരു ടെ പുത്രനാണ് നൂഹ്‌നബി (അ)

നാനൂററിഎൺപതാമത്തെ വയസ്സിൽ നൂഹ്‌നബി(അ)മിന്നു് അല്ലാഹു തആല രിസാ ലത്തും നബിത്വവും നല്കി. ഖാബീലിന്റെ മ ക്കളും ശീത്തു്‌നബിയുടെ മക്കളും തമ്മിൽ വി വാഹബന്ധം വേണ്ട എന്നു് ആദംനബി (അ) ചെയ്ത നിശ്ചയം ദുർബ്ബലമായിത്തീർന്നതി നാൽ ദുർമാർഗ്ഗികളുടെ എണ്ണം വർദ്ധിക്കുകയും അ സാന്മാർഗ്ഗികത്വവും അധർമ്മികത്വവും ലോക ത്തു് പടർന്നുപിടിക്കുകയും ചെയ്ത ഘട്ടത്തിലാ ണ് നൂഹ്‌നബി (അ) നു് റിസാലത്തും നബി ത്വവും നല്കപ്പെട്ടതു്. ജനങ്ങളെ നേർമാർഗ്ഗ ത്തിലേക്ക് നയിക്കുവാൻ അദ്ദേഹം അത്യദ്ധ്വാ നം ചെയ്തു. വളരെ ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ചു. പക്ഷേ അധികമാളുകളും അദ്ദേഹ ത്തിന്റെ ഉപദേശങ്ങളും സ്വീകരിച്ചില്ല. യ ശ്ക്കർ എന്നാണ് അദ്ദേഹത്തിന്റെ സാ ക്ഷാൽ നാമം. ജനങ്ങളെ നേർമാർഗ്ഗത്തിലേ ക്കു് കൊണ്ടുവരുവാൻ ഉത്സാഹസ്മരണം ആഹ്വാനം നല്കിപ്പോന്നതുകൊണ്ടു് നൂഹ് എന്ന അപര നാമത്തിൽ അദ്ദേഹം പ്രഖ്യാതനായി.

താൻ എത്ര ക്ലേശിച്ചിട്ടും ജനങ്ങളെ നേർ മാർഗ്ഗത്തിലേക്കു് വരുവാൻ കൂട്ടാക്കാതിരുന്ന പ്പോൾ, ആ അധാർമ്മികരെ നശിപ്പിച്ചുകളയു വാൻ അദ്ദേഹം അല്ലാഹുവോടു് പ്രാർത്ഥിച്ചു. ഒരു പ്രളയം ആ ജനസമൂഹത്തിലേക്ക് ഇര മ്പിക്കയറി അല്ലാഹുവിന്റെ കല്പനയാൽ ഉണ്ടായ ഒരു കപ്പലിൽ നൂഹ്‌നബിയും അല്പം സത്യവിശ്വാസികളും മനുഷ്യരല്ലാത്ത വസ്തുക്ക ളും അഭയം പ്രാപിച്ചു. ആ കപ്പലും അതിൽഉ ള്ളവരും രക്ഷപ്പെട്ടു. അക്രമികളായ ജനസമൂ ഹത്തെ ആ ജലപ്രളയം പാടെ നശിപ്പിച്ചു.

നൂഹ്‌നബി (അ) "ഏഴാണ്ടു" ആയിരം സംവത്സരകാലം ജീവിച്ചു. തന്മൂലം നബി മാരിൽ അധികംപ്രായമുള്ള ആൾ എന്നർത്ഥ ത്തിൽ 'ശൈഖുൽ അമ്പിയാ' എന്നു് അദ്ദേ ഹം വിളിക്കപ്പെടുന്നു. മരിക്കുന്നതുവരെ അ ദ്ദേഹത്തിന്റെ യുവത്വത്തിനു് യാതൊരു വാ നിയും സംഭവിച്ചിരുന്നില്ല. മരിക്കുമ്പോൾ ഒരു പല്ലുപോലും കൊഴിഞ്ഞിരുന്നില്ലെന്നാണ് അ

ദ്ദേഹത്തിന്റെ ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുള്ളതു്.

ഹൂദ്‌നബി (അ)

നൂഹ്‌നബി (അ) യുടെ മരണാനന്തരം അദ്ദേഹത്തിന്റെ പുത്രനായ സാം, ദീൻ നടത്തി. സാമിന്റെ മകനായ ഇറം രാജ്യഭാരം നിർവ്വഹിച്ചു. ഇറമിന്റെ വാഴ്ചകാലത്തു് അസാന്മാർഗ്ഗികതപം വീണ്ടും തലയെടുത്തു. രാജാവ്തന്നെയും കനത്ത അധാർമ്മികനും. അസാന്മാർഗ്ഗികളുടെ നേതാവുമായിരുന്നു. അതിനെത്തുടർന്നു് ആദ്, സമൂദ്, ശദ്ദാദ് തുടങ്ങിയവർ അസാന്മാർഗ്ഗികതപത്തിന്റെ അണപൊട്ടിച്ചു അധാർമ്മികരിൽ കപ്രസിദ്ധനായ ആദിനെയും അയാളുടെ ജനങ്ങളെയും സത്യമാർഗ്ഗത്തിലേക്കു് ക്ഷണിപ്പാൻ ഹൂദ്‌നബി നിയോഗിക്കപ്പെട്ടു. ഹൂദ്‌നബിയുടെ ഉപദേശങ്ങളെ ആദ്യംകൂട്ടാക്കാതെയും പൊറുപ്പിക്കാതെയും അവരുടെ അധാർമ്മികതക്കു് അതിരില്ലാതായി. തന്നിമിത്തം ഹൂദ്‌നബിയുടെ പ്രാർത്ഥനയുടെ ഫലമായി, റീഹുൽഹഖീം എന്ന കാറ്റടിക്കുകയും സകലതും നശിച്ചുപോവുകയും ചെയ്തു.

ശദ്ദാദിന്റെസ്വർഗ്ഗം

ആദിന്റെ പുത്രനായ ശദ്ദാദ്, സ്വർഗ്ഗത്തെക്കുറിച്ചു് ഹൂദ്‌നബിയുമായി ഒരു വാദം നടത്തി. സ്വർഗ്ഗത്തെസംബന്ധിച്ച വിവരങ്ങൾ ഹൂദ്‌നബിയിൽനിന്നു് ഗ്രഹിച്ചശേഷം പലർക്കുവെകാശപ്പെട്ട ഈ സ്വർഗ്ഗം തനിക്കാവശ്യമില്ലെന്നും തനിക്കുവേണ്ടി ഒരു സ്വർഗ്ഗം താൻ സ്വന്തമായി ഉണ്ടാക്കിച്ചുകൊള്ളുമെന്നും ശദ്ദാദ് വീരവാദം മുഴക്കി. സ്വർഗ്ഗം പണിയുവാനായി, യമനിലെ ജബൽഅദ്‌ന എന്നസുഖവാസസങ്കേതം തിരഞ്ഞെടുത്തു. ആയിരം തച്ചുപണിക്കാരെ നിർമ്മാണപ്രവർത്തനത്തിനായി നിയോഗിച്ചു. ഓരോരുത്തരുടെ കീഴിലും ആയിരം വീതം തൊഴിലാളികളെ നിയോഗിച്ചു. നാല്പതുകാതം സമചതുരത്തിൽ തറകീറി. കരിങ്കൽകൊണ്ടു് തറകെട്ടി. മർമർ എന്ന കല്ലുകൊണ്ടു് മതിൽകെട്ടി ഉയർത്തി. അഞ്ഞൂറു് മുഴം ഉയർന്നപ്പോൾ വെള്ളിപ്പലകകൊണ്ടു് പൊതിഞ്ഞു്, തങ്കംപൂശി, കണ്ണഞ്ചും വിധത്തിൽ മിനുക്കുവേലകൾ ചെയ്തു. മുത്തുകൊണ്ടും പച്ച മരതകംകൊണ്ടും ആയിരം മാളികകൾ പണിതു. നാല് അരുവികൾ കീറിയുണ്ടാക്കി. അരുവികളുടെ ഇരു കരകളിലും തോപ്പുകളും തോട്ടങ്ങളുമുണ്ടാക്കി. ആ തോട്ടങ്ങളിൽ പല വർണ്ണത്തിലുള്ള കിളികളെ വളർത്തി. ഓരോ മാളികക്കു് ചുറ്റും ആയിരം മിനാരം, മിമ്പർ, ഖുബ്ബ എന്നിവ പണിയുകയും സ്വർഗ്ഗസ്ഥിതിക്കൊത്തവിധത്തിൽ സംവിധാനം ചെയ്യുകയും ചെയ്തു. മുന്നൂറു് കൊല്ലംകൊണ്ടു് ആ സ്വർഗ്ഗത്തിന്റെ നിർമ്മാണം പൂർത്തിയായി. സന്തുഷ്ടനായ ശദ്ദാദും തന്റെ കൂട്ടുകാരും ആഘോഷത്തോടുകൂടി തന്റെ സ്വന്തമായ സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനത്തിനു പുറപ്പെട്ടു. പക്ഷെ കഴിഞ്ഞില്ല. ഒരു മലക്കിന്റെ ശബ്ദം ശദ്ദാദിനെയും കൂട്ടുകാരെയും സ്വർഗ്ഗകവാടത്തിന്റെ പുറത്തുവെച്ചുതന്നെ ഒടുക്കിക്കളഞ്ഞു.

ഹൂദ്‌നബിയും അദ്ദേഹത്തിന്റെ അനുയായികളും മക്കത്തു താമസിച്ചു. നൂറമ്പതാമത്തെ വയസ്സിൽ ഹൂദ്‌നബി (അ) വഫാത്തായി.

സാലിഹ് നബി (അ)

ആദും അദ്ദേഹത്തിന്റെ ജനങ്ങളും നശിച്ചതിനുശേഷം സമൂദും കൂട്ടരും രാജ്യഭാരം ആരംഭിച്ചു. അവരും അധാർമ്മികരായിരുന്നു. തന്മൂലം സമൂദിനെയും കൂട്ടരെയും സന്മാർഗ്ഗത്തിലേക്കു് വിളിക്കുവാൻ സാലിഹ്‌നബിയെ അല്ലാഹു നിയോഗിച്ചു. അദ്ദേഹം ആ ജനങ്ങളുമായി പലവിധത്തിൽ ഇടപെട്ടു. പാറക്ക

ല്ലിൽനിന്നും അത്ഭുതകരമായ ഒരൊട്ടകത്തെ അദ്ദേഹം പ്രത്യക്ഷപ്പെടുത്തി. ആ ഒട്ടകം കലിമ മൊഴിഞ്ഞതു കേട്ടപ്പോൾ ജനങ്ങൾ അത്ഭുതപ്പെടുകയും തങ്ങൾ വിശ്വസിച്ചുകൊള്ളാമെന്നും ഉറപ്പുനല്കുകയും ചെയ്തു. കുറച്ചുദിവസം ആ അക്രമികൾ അല്പമൊന്നും ഒതുങ്ങി. പക്ഷെ, പെട്ടെന്നു അവർ അക്രമത്തിന്റെ മാർഗ്ഗത്തിലേക്കു തിരിയുകയും ആ അത്ഭുതഒട്ടകത്തെ കൊന്നുകളയുകയും ചെയ്തു. തന്നിമിത്തം ഒരു ഇടിയുടെ ശബ്ദത്താൽ ആ ജനത നശിച്ചു. സാലിഹ്നബി (അ) ശാമിൽനിന്നും മക്കയിലേക്കു പോയി താമസിച്ചു. അമ്പതുത്തട്ടാമത്തെ വയസ്സിൽ മക്കത്തുവെച്ചു അദ്ദേഹം വഫാത്തായി.

ഇബ്രാഹിംനബി (അ)

നൂഹ്നബി (അ) ന്റെ സന്താനപരമ്പരയിലാണു ഇബ്രാഹിം (അ) ഭൂജാതരായതു്. നൂഹ്നബിയുടെ മകനായ, ശാമിന്റെ മകനായ, അർഫക്കശദിന്റെ മകനായ, ഖൈനാന്റെ മകനായ, ശാലിഖിന്റെ മകനായ, ആബിറിന്റെ മകനായ, സാലിഖിന്റെ മകനായ, അർഹബിന്റെ മകനായ, സാഖൂഖിന്റെ മകനായ, നാഹൂറിന്റെ മകനായ, താറഖിന്റെ മകനാണു ഇബ്രാഹിംനബി (അ). നമ്രൂദിന്റെ ദേവാലയത്തിന്റെ സൂക്ഷിപ്പുകാരനായ താറഖു്, ആസർ എന്ന മറുപേരിലാണു അറിയപ്പെട്ടിരുന്നതു്. ഇബ്രാഹിംനബി (അ) ന്റെ മാതാവിന്റെ പേർ നൂറാൻ എന്നായിരുന്നു.

നമ്രൂദു് എന്ന രാജാവു് രാജ്യഭരണം നിർവ്വഹിച്ചുവന്നകാലത്താണു് ഇബ്രാഹിംനബി (അ) ഭൂജാതനായതു്. നമ്രൂദു്, രാജാവാണെന്നതിനുപുറമെ ഇലാഹാണെന്നും അവകാശപ്പെട്ടു. ജനങ്ങളെ നിർബ്ബന്ധിച്ചുകൊണ്ടു് തന്നെ ആരാധിപ്പിച്ചു. അങ്ങിനെ രാജാവും ദൈവവുമായി നമ്രൂദു് രാജ്യഭരണം നടത്തിക്കൊണ്ടിരിക്കെ ഒരു നിശ്ചിത കാലയളവിൽ തന്റെ രാജ്യത്തു് ജനിക്കുന്ന ഒരു ആൺകുട്ടി തന്റെ അധികാരപ്രമത്തതക്കു് അറുതിവരുത്തുമെന്നു് ഒരു സ്വപ്നത്തിലൂടെ നമ്രൂദു് മനസ്സിലാക്കി. തന്മൂലം ആ നിശ്ചിതകാലയളവിൽ ജനിക്കുന്ന എല്ലാ ആൺകുട്ടികളെയും കൊന്നുകളയുവാൻ നമ്രൂദു് ആജ്ഞാപിച്ചു. അതിനിടക്കു് ആസറിന്റെ ഭാര്യയായ നൂനാൻ ഗർഭിണിയായി. പക്ഷെ സാധാരണ ഗർഭിണികൾക്കുണ്ടാകുന്നതുപോലെ ഗർഭലക്ഷണങ്ങളൊന്നും അവരിൽ പ്രകടമായില്ല. തന്മൂലം അവർ ഗർഭിണിയാണെന്നുള്ളവിവരം മനസ്സിലാക്കുവാൻ മറ്റാർക്കും അവസരം ലഭിച്ചില്ല പ്രസവവേദന തുടങ്ങിയപ്പോൾ ഇറാഖിലെ ബാബീൽ എന്ന സ്ഥലത്തിന്റെ പാർശ്വത്തിൽ സ്ഥിതിചെയ്യുന്ന മകാറത്തു് എന്ന മലയുടെ മാളിയിലേക്കു് അവർ ഒളിച്ചുപോയി. ആ ഗുഹയിൽവെച്ചു ഒരാൺകുഞ്ഞിനെ അവർ പ്രസവിച്ചു. ജിബ്രീൽ (അ) വന്നു് കുട്ടിയുടെ പൊക്കിൾ മുറിക്കുകയും ശുദ്ധിയാക്കുകയും പെവിട്ടിൽ ബാങ്കുകൊടുക്കുകയും ഒരു സ്വർഗ്ഗത്തുകിൽകൊണ്ടു് കുട്ടിയെ പുതക്കുകയും ചെയ്തു. വന്യമൃഗങ്ങൾ കുട്ടിയെ ഉപദ്രവിക്കാതിരിക്കുവാൻവേണ്ടി ഗുഹാമുഖം അടച്ചുകൊണ്ടു് നൂനാൻ വീട്ടിലേക്കു മടങ്ങി. ആരുമറിയാതെ ഇടക്കിടെ ആ ഗുഹയിൽചെന്നു് ആ മാതാവു് പുത്രനു മുലകൊടുത്തുവന്നു. ഒരു ദിവസം അവർ ഗുഹയിലേക്കുചെല്ലുമ്പോൾ പുത്രൻ വിരൽ ഊമ്പിക്കുടിക്കുന്നതായിക്കണ്ടു. മാതാവു് സൂക്ഷിച്ചുനോക്കിയപ്പോൾ വെള്ളം, പാലു്, തേൻ, വെണ്ണ ഇവ നാലുവിരലുകളിൽനിന്നും ഊറിവരുന്നതായിക്കണ്ടു. അവർ അത്ഭുതപ്പെട്ടു. പ്രസവിച്ചു് പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ മകൻ ബാപ്പയുടെ അടുക്കലേക്കു വന്നു. താൻ

പ്രസവിച്ച പുത്രൻ മരിച്ചുപോയെന്നാണ് നമ്രൂദിന്റെ മിത്രമായ തന്റെ അമ്മാവോട് നാനാൻ പറഞ്ഞിരുന്നത്. മുങ്ങിപ്പറഞ്ഞാൽ അല്ലാഹുവിന്റെ രക്ഷമൂലം ഇബ്രാഹിംനബി (അ) ശത്രുക്കളുടെ നോട്ടത്തിൽനിന്നും രക്ഷപ്പെട്ടു. അദ്ദേഹത്തിനും ഏഴുവയസ്സുകഴിഞ്ഞപ്പോൾ നബി (സ)യുടെ കുടുംബം അദ്ദേഹത്തിൽ പ്രകടമായി. ആ വാർത്ത നാട്ടിൽ പരസ്യമായി. നമ്രൂദ് ഇതറിഞ്ഞപ്പോൾ രോഷാകുലനായിത്തീർന്നു. ആ കുട്ടിയെ ഉപദ്രവിപ്പാനും കൊലപ്പെടുത്താനുമുള്ള തന്ത്രങ്ങൾ അന്വേഷിച്ചുറപ്പിച്ചു. ജനങ്ങളെ സന്മാർഗ്ഗത്തിലേക്ക് ആഹ്വാനം ചെയ്യുന്നജോലിയിൽ ഇബ്രാഹിംനബി ചെറുപ്പത്തിൽതന്നെ വ്യാപൃതനായി. ഒരു ദിവസം അദ്ദേഹം ദേവാലയത്തിൽ കടന്നുചെല്ലുകയും അവിടെയുണ്ടായിരുന്ന ഏഴുപത്തിരണ്ടു ബിംബങ്ങളിൽ എഴുപത്തൊന്നു ബിംബങ്ങളെ മഴുകൊണ്ട് വെട്ടിക്കീറുകയും എഴുപത്തിരണ്ടാമത്തെ വലിയബിംബത്തിന്റെ കഴുത്തിൽ മഴുതൂക്കിയിടുകയും ചെയ്തു. ആ വിവരം അറിഞ്ഞപ്പോൾ നമ്രൂദ് ഇബ്രാഹിംനബിയെ പിടിക്കുകയും അദ്ദേഹം ചെയ്തകാര്യത്തിനും ശിക്ഷയായി അദ്ദേഹത്തെ തീകുണ്ഡത്തിൽ ഇട്ടു കരിക്കുവാൻ വിധിക്കുകയും ചെയ്തു. ഇരുപതുമുഴം സമചതുരത്തിൽ ഒരു കുഴിയുണ്ടാക്കി, മുപ്പതുമുഴം ഉയരത്തിൽ വിറകുനിറച്ചു ഏഴുദിവസം തീകത്തിച്ചു. ആ അഗ്നികുണ്ഡത്തിന്റെ പരിസരത്തു ജീവജാലങ്ങൾക്കൊക്കെ മേൽഭാഗത്തു പറവകൾക്കൊക്കെ സഞ്ചരിപ്പാൻ കഴിയാത്തവിധം തീ ആളിക്കത്തിയപ്പോൾ, പിശാചിന്റെ അമ്പിൽതൊട്ടുകൊണ്ടു ഇബ്രാഹിംനബി (അ) അഗ്നികുണ്ഡത്തിലേക്ക് എറിയപ്പെട്ടു. 'തീയെ ഇബ്രാഹിമിനെ സംബന്ധിച്ചിടത്തോളം നീ സുഖകരമായ കുളിർമ്മയായി മാറുക' എന്നു അല്ലാഹു ആ അഗ്നിയോട് ആജ്ഞാപിച്ചു. ഇബ്രാഹിംനബിയെ സംബന്ധിച്ചിടത്തോളം എന്നു പ്രത്യേകം ആജ്ഞാപിച്ചിരുന്നില്ലെങ്കിൽ അല്ലാഹുവിന്റെ ആ ആജ്ഞാപനം ഈ ലോകത്തു തീ പൊലിച്ചുകളയുമായിരുന്നു എന്നാണു പണ്ഡിതശിരോമണികൾ പ്രസ്താവിച്ചിട്ടുള്ളതു. ഇബ്രാഹിംനബിയെ ഏതൊരു അഗ്നികുണ്ഡത്തിൽ എറിഞ്ഞുവോ, ആ അഗ്നികുണ്ഡം അല്ലാഹുവിന്റെ ആജ്ഞയാൽ തണുത്തുപോയെന്നുമാത്രമല്ല ഒരു പൂങ്കാവിനെപ്പോലെ സുഖവാസയോഗ്യമായിത്തീരുകയും ചെയ്തു. ജിബ്രീൽ (അ) ഒരു സ്വർഗ്ഗത്തുകിൽകൊണ്ടു ഇബ്രാഹിംനബിയെ ചമയിച്ചു. നാല്പതുദിവസം ആ പൂങ്കാവിൽ തന്നെ അദ്ദേഹം താമസിച്ചു. ഇബ്രാഹിംനബിക്കു അന്നു പതിനാറുവയസ്സു പ്രായമായിരുന്നു. നമ്രൂദിനു റഗ്ളത്തു എന്നുപേരുള്ള ഒരു മകളുണ്ടായിരുന്നു. ഇബ്രാഹിംനബി (അ) അഗ്നികുണ്ഡമാകുന്ന പൂങ്കാവനത്തിൽ താമസിക്കുമ്പോൾ റഗ്ളത്തു അദ്ദേഹത്തെ ചെന്നുകാണുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തു. ഈ റഗ്ളത്തിനെ ഇബ്രാഹിംനബിയുടെ പുത്രനായ മദിയൻ പിന്നീടു വിവാഹം കഴിച്ചു. അവരുടെ സന്താനപരമ്പരയിൽ ഇരുപതു നബിമാരുണ്ടായി.

ഇബ്രാഹിംനബി (അ) വീണ്ടും ജനതാമദ്ധ്യത്തിലേയ്ക്കു ആഗതരായി. ഈ വിവരം അറിഞ്ഞപ്പോൾ നമ്രൂദ് ക്ഷുഭിതനാകുകയും അദ്ദേഹത്തെ നശിപ്പിക്കുന്നതിനായി പല ഗൂഢതന്ത്രങ്ങൾ പ്രയോഗിക്കുകയും ചെയ്തു. പക്ഷെ ഒന്നുംതന്നെ ഫലിച്ചില്ല.

എഴുപതാണ്ടു നൂറുവയസ്സു പ്രായമായപ്പോൾ സാറാബീബിയെ ഇബ്രാഹിംനബി വിവാഹം കഴിച്ചു. ലാവണ്യവതിയായ സാറാ

ബീക്ക് അന്ന് തൊണ്ണൂറ്വയസ്സ് പ്രായമായിരുന്നു. ഇറാഖിൽനിന്ന് സാറാബീയും ഇബ്രാഹിംനബിയും ഇറാനിലേക്ക് റിജ്റ ചെയ്തു. പിന്നീട് അവിടെനിന്നും അവർ മിസ്റിൽ മാറിത്താമസിച്ചു.

സാറാബീയുടെ സൗന്ദര്യത്തെക്കുറിച്ച് കേട്ടറിഞ്ഞ മിസ്റിലെ രാജാവിന്നു സാറാബീയിൽ മോഹം ഉദിക്കുകയും അക്കാരണത്താൽ അദ്ദേഹം രോഗിയായിത്തീരുകയും ചെയ്തു. ചികിത്സകൊണ്ടു രോഗത്തിന്നു ശമനം ലഭിച്ചില്ല അവസാനം രാജാവു സാറാബീയോടു മാപ്പ് അപേക്ഷിക്കുകയും അതിനെത്തുടർന്ന് അദ്ദേഹത്തിന്റെ രോഗം സുഖപ്പെടുകയും ചെയ്തു.

സാറാബിയിൽ ഉണ്ടായ ഭക്തിബഹുമാനാദരവാൽ മിസ്റിലെ രാജാവു ഹാജറ എന്നപേരുള്ള ഒരു സ്ത്രീയെ അവർക്ക് സമ്മാനിച്ചു. സാറാബീ അന്നോളം പ്രസവിച്ചിരുന്നില്ല. തന്നിമിത്തം സന്താനലാഭത്തിന്നു മോഹിച്ച ഇബ്രാഹിംനബി (അ ഹാജറാബീയെ തനിക്കു നല്കണമെന്നു സാറാബീയോടു ആവശ്യപ്പെടുകയും അതനുസരിച്ച് ഹാജറാബീയെ ഇബ്രാഹിംനബി (അ)ക്ക് നല്കുകയും ചെയ്തു. അനന്തരം അവർ മൂവരും മിസ്റിൽനിന്നും ശാമിലേക്ക് മാറിത്താമസിച്ചു. അവിടെവെച്ച് സാറാബീയും ഹാജറാബീയും ഒരേ കാലത്തു ഗർഭംധരിക്കുകയും ഒരേസമയത്തു പ്രസവിക്കുകയും ചെയ്തു. ഹാജറാബീ ഇസ്മാഈൽനബി (അ)നെയും സാറാബീ ഇസ്ഹാഖ്നബി (അ)നെയും പ്രസവിച്ചു. ഇബ്രാഹിംനബിയിൽനിന്നും കളിവു ഇസ്മായിൽനബിയിലേക്കു പകർന്നു. അദ്ദേഹത്തിന്റെ നെറിത്തടം പ്രോജ്ജ്വലിച്ചു. ഇക്കാരണത്താൽ സാറാബീക്ക് ഹാജറാബീയോടു ആന്തരീയമായ അസൂയതോന്നിത്തുടങ്ങി.

ഒരു ദിവസം ഇബ്രാഹിംനബി (അ)മക്കളെ അടുത്തുവിളിച്ചു ഒരു ഓട്ടപ്പന്തയത്തിന്നു ഏർപ്പാടുചെയ്തു. ഓട്ടത്തിൽ ഇസ്മാഈൽനബി ജയിച്ചു. തന്നിമിത്തം വിജയിയായ ഇസ്മാഈൽനബിയെ ഇബ്രാഹിംനബി മടിയിൽ ഇരുത്തി അഭിനന്ദിച്ചു. അതുകണ്ടപ്പോൾ സാറാബീയുടെ അസൂയ ഒന്നു പത്തിയുയർത്തി. 'താങ്കൾ വെള്ളാട്ടിയെ എന്നേക്കാൾ വലുതാക്കുകയാണൊ' എന്നു സാറാബീ ഇബ്രാഹിംനബിയോടു ചോദിച്ചു. മാത്രമല്ല, ഹാജറാബീയെ സ്ഥലംമാറ്റം ചെയ്യണമെന്നു ആവശ്യപ്പെടുകയുമുണ്ടായി. സാറാബീയുടെ ആവശ്യങ്ങൾ തിരസ്കരിക്കപ്പെടുകയില്ലാഎന്നു സാറാബീയും ഇബ്രാഹിംനബിയുംതമ്മിൽ ഒരു കരാറുണ്ടായിരുന്നു. ആ കരാറിന്റെ വെളിച്ചത്തിൽ സാറാബീ ഈ ആവശ്യം ഉന്നയിച്ചപ്പോൾ ഇബ്രാഹിം(അ) കുഴങ്ങിപ്പോയി. പക്ഷെ ഹാജറാബീയെയും പുത്രനെയും മക്കത്തുകൊണ്ടുപോയിവിടുവാൻ അല്ലാഹു ഇബ്രാഹിംനബിക്ക് അനുജ്ഞനല്കി. അതനുസരിച്ച് ഇബ്രാഹിംനബി ഹാജറാബീയെയും ഇസ്മാഈൽനബിയെയും മക്കത്തേക്ക് കൂട്ടികൊണ്ടുപോയി. വിജനവും, നിശ്ശൂന്യവും ആയ മക്കയിൽ, തന്നെയും പുത്രനെയും വിട്ടേച്ചുകൊണ്ടു ഇബ്രാഹിംനബി തിരിച്ചുപോകുമ്പോൾ ഹാജറാബീ ചോദിച്ചു:— 'താങ്കൾ ഇങ്ങിനെ ചെയ്യുന്നതു താങ്കളുടെ സ്വാദിപ്രായം അനുസരിച്ചൊ, അതോ അല്ലാഹുവിന്റെ കല്പന അനുസരിച്ചൊ?' അല്ലാഹുവിന്റെ കല്പന അനുസരിച്ചാണു താൻ അങ്ങിനെ ചെയ്യുന്നതെന്നു ഇബ്രാഹിംനബി (അ) പറഞ്ഞപ്പോൾ ഹാജറാബീ സന്തുഷ്ടയായി തിരിച്ചുപോയിക്കൊള്ളുവാൻ ഇബ്രാഹിംനബിക്ക് അനുവാദംനല്കി. ഹാജറാബീയുടെ ക്ഷേമത്തിന്നായി പ്രാർത്ഥിച്ചുകൊണ്ടു, 'റബ്ബർ ഇസ്മാഈൽ' എന്ന സ്ഥലത്തുനിന്നു ഇബ്രാ

ഹിംനബി (അ) സാറാബീയുടെ അടുത്തേക്ക് തിരിച്ചുപോയി.

മക്കയിൽ അന്ന് മനുഷ്യരോ മൃഗങ്ങളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ആ നിശ്ശൂന്യമായ ഏകാന്തതയിൽ ഇബ്രാഹീം നബി ഹാജറാബീക്ക് വിശപ്പും ദാഹവുംകൊണ്ട് വലഞ്ഞു. പുത്രൻ തളർന്നവിവശനായി. കാമനപുത്രന്റെ വാടിയ മുഖംകണ്ട് വ്യസനിച്ച ഹാജറാബീ അല്ലാഹുവോട് ഉതക്കത്തിന്നു തേടി. അപ്പോൾ ജിബ്രീൽ അവിടെ ആഗതരാവുകയും കാൽവിരൽ ഭൂമിയിൽ ഊന്നുകയും ചെയ്തു. ഊന്നിയസ്ഥാനത്തുനിന്നും ഉറവുപൊട്ടി. ഹാജറാബീ വെള്ളംകുടിച്ച് ദാഹശമനം വരുത്തി. ക്ഷീണം തീർന്നു പക്ഷേ വെള്ളം നിലച്ചില്ല. ജലപ്രവാഹത്തിന്റെ ശക്തിമൂലം പരിസരങ്ങൾ മുങ്ങിപ്പോകുമെന്നു വന്നപ്പോൾ ഹാജറാബീ ഭയപ്പെട്ടുകൊണ്ട് "സംസം" എന്നു പറയുകണ്ടായി. ഹീബ്രു ഭാഷയിൽ സംസം എന്ന വാക്കിന്നു "നില്ക്കണം" എന്നാണർത്ഥം. ഹാജറാബീ സംസം എന്നു പറഞ്ഞപ്പോൾ ജലപ്രവാഹം നിലച്ചു. ആ സ്ഥലത്തുനിന്നു കഴിച്ചുകിണറാണു ഇന്നും നിലനില്ക്കുന്ന സംസം.

അമാലിക്കന്റെ ഒരു ഖബീലക്കാരുടെ കാണാതായ ഒട്ടകത്തെ തേടിക്കൊണ്ട് രണ്ടാളുകൾ അവിടെയെത്തി. വെള്ളം കണ്ടപ്പോൾ ഹാജറായുടെ അനുവാദത്തോടുകൂടി അവർ വെള്ളം കുടിച്ചു. അവർ തിരിച്ചു തങ്ങളുടെ കൂട്ടുകാരോടൊപ്പം മടങ്ങിച്ചേരുകയും മക്കയിൽവെച്ചു തങ്ങൾ വെള്ളംകുടിച്ച വിവരം അവരെ അറിയിക്കുകയും ചെയ്തു. അവരിൽ ചിലർ മക്കയിലേക്കുപോയി, അവിടെ സ്ഥിരതാമസമാക്കി. ചിലർ കൃഷിചെയ്തുതുടങ്ങി. അങ്ങിനെ, മക്ക സാവകാശം ഒരു നഗരമായി വളർന്നു.

ഹാജറാബീയെയും മകനെയും ജനവാസമില്ലാത്ത മക്കയിൽ വിട്ടുപോന്നിട്ട് കൊല്ലങ്ങൾ കുറേ കഴിഞ്ഞു. ആ ഉമ്മയേയും മകനേയും ഒരു നോക്കു കാണുവാൻ ഇബ്രാഹീംനബി (അ) ആഗ്രഹിച്ചു. സാറാബീയോട് അദ്ദേഹം അനുവാദം ആവശ്യപ്പെട്ടു. കുതിരപ്പുറത്തുനിന്നു ഇറങ്ങാതെ തിരിച്ചുവരണമെന്ന നിബന്ധനയോടുകൂടി സാറാബീ അനുമതി നൽകി. ഇബ്രാഹീം നബി (അ) കുതിരപ്പുറത്തുകയറി മക്കയിലേക്കു പുറപ്പെട്ടു. വർഷങ്ങൾക്കുമുമ്പു ഹാജറാബീ മരിച്ചുപോയ വിവരമാണു മക്കത്തുവെച്ചു ഇബ്രാഹീംനബി (അ) അറിഞ്ഞതു്. നേരെ ഇസ്മാഈൽനബിയുടെ വീട്ടിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യ മാത്രമെ വീട്ടിൽ ഉണ്ടായിരുന്നുള്ളു. ഇബ്രാഹീംനബി (അ) കുതിരപ്പുറത്തിരുന്നുകൊണ്ട് ഇസ്മാഈൽനബിയെ അന്വേഷിച്ചു. അദ്ദേഹം വേട്ടക്കുപോയിരിക്കുകയാണെന്നുമാത്രം ആ സ്ത്രീ ഉത്തരം പറഞ്ഞു. "വീട്ടിൽ കുടിപ്പാനൊ തിന്നാനൊ വല്ലതും ഉണ്ടോ" എന്നദ്ദേഹം അന്വേഷിച്ചു. "ഒന്നുമില്ല" എന്നു അലക്ഷ്യഭാവത്തിൽ ആ സ്ത്രീ ഉത്തരംപറഞ്ഞു. "ഭർത്താവു വന്നാൽ വീട്ടിന്റെ കട്ടില മാറാൻ പറയണം" എന്നേൽപ്പിച്ചുകൊണ്ട് ഇബ്രാഹീംനബി തിരിച്ചുപോയി. ഇസ്മാഈൽനബി തിരിച്ചുവന്നപ്പോൾ വിവരങ്ങളറിയുകയും ആ ഭാര്യയെ ഉപേക്ഷിച്ചു വേറൊരു സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തു കുറച്ചുനാൾ കഴിഞ്ഞപ്പോൾ മക്കത്തുപോയി മകനെ കാണുവാനുള്ള സന്നദ്ധത്തിന്നു ഇബ്രാഹീം നബി (അ) സാറാബീയോട് ആവശ്യപ്പെട്ടു. മുൻനിബന്ധനയനുസരിച്ചു സാറാബീ അനുവാദം നല്കി. ഇബ്രാഹീംനബി (അ) രണ്ടാംതവണ ഇസ്മാഈൽനബിയുടെ വീട്ടിൽ എത്തിയപ്പോഴും അദ്ദേഹം അവിടെയുണ്ടായിരുന്നില്ല.

ഇസ്മാഈൽനബിയെ അന്വേഷിച്ചപ്പോൾ അദ്ദേഹം വേട്ടയ്ക്കുപോയിരിക്കുകയാണെന്നും ഉടനെ വരുമെന്നും വിനയപൂർവ്വം അദ്ദേഹത്തിന്റെ ഭാര്യ അറിയിക്കുകയും കുതിരപ്പുറത്തുനിന്ന് ഇറങ്ങിയിരിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. കുതിരപ്പുറത്തുനിന്ന് ഇറങ്ങിക്കൂടെന്ന് ഇബ്രാഹിംനബി (അ) പറഞ്ഞപ്പോൾ, ആ സ്ത്രീ അത്യന്തം വ്യസനിക്കുകയും, തിന്നുവാനും കുടിക്കുവാനുമുള്ള സാധനങ്ങൾ അങ്ങോട്ടു കൊണ്ടുപോയി സല്ക്കരിക്കുകയും ഇബ്രാഹിംനബി അതു് തിന്നുകയും കുടിക്കുകയും ചെയ്തു. അദ്ദേഹം തിരിച്ചുപോകുവാൻ ഒരുങ്ങിയപ്പോൾ ഇസ്മാഈൽനബി ഇപ്പോൾ എത്തുമെന്നും അല്പമുംകൂടി കാക്കേണമെന്നും ആ സ്ത്രീ താണുകേണപേക്ഷിച്ചു. അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി ആ സ്ത്രീ അദ്ദേഹത്തിന്റെ തലമുടി ചീകിക്കൊടുത്തു. എന്നിട്ടും ഇസ്മാഈൽനബി എത്തിക്കണ്ടില്ല. ഇസ്മാഈൽനബി വന്നാൽ വീട്ടിന്റെ കട്ടിലു് നേരെയായി എന്നു്പറവാൻ ഏല്പിച്ചുകൊണ്ടു് അദ്ദേഹം തിരിച്ചുപോയി. ഇസ്മാഈൽനബി വന്നപ്പോൾ ഈ വിവരങ്ങളെല്ലാം അറിയുകയും അദ്ദേഹം അത്യന്തം സന്തോഷിക്കുകയും ചെയ്തു. ഇസ്മാഈൽനബിക്കു് ആ ഭാര്യയിൽ പന്ത്രണ്ടുമക്കൾ ജനിച്ചു. അവരാണു് അറബിവംശത്തിന്റെ അടിസ്ഥാനം.

അങ്ങിനെയിരിക്കെ സാറാബീ ശാമിൽവെച്ചു് വഫാത്തായി. തദനന്തരം മക്കത്തുചെന്നു് കഅ്ബ പണിയുവാൻ ഇബ്രാഹിംനബിക്കു് അല്ലാഹുവിന്റെ ആജ്ഞലഭിച്ചു. ആതന്നുസരിച്ചു് ഇബ്രാഹിംനബി (അ) മക്കത്തെത്തുകയും ഇസ്മാഈൽനബിയുമായി കണ്ടുമുട്ടുകയും അവർ ഒരുമിച്ചു് താമസിക്കുകയും ചെയ്തു. രണ്ടുപേരുംചേർന്നു് കഅ്ബ പണിയുവാൻ തുടങ്ങി. മലക്കുകളും അവരെ സഹായിച്ചു. ആ ദിനമാണു് ഹജറുൽഅസ്‌വദ് എന്ന കല്ലു് ജിബ്‌രീൽ (അ) കൊണ്ടുവന്നു് കഅ്ബയുടെ കിഴക്കുതെക്കു മൂലയിൽ സ്ഥാപിച്ചതോടുകൂടി കഅ്ബയുടെ പണിപൂർത്തിയായി.

ദുൽഖർനൈനി

ഇബ്രാഹീംനബി (അ)യുടെ കാലത്തു് ദുൽഖർനൈനി എന്ന ഒരു ജ്ഞാനി ലോകചക്രവർത്തിപദം വഹിച്ചു. അദ്ദേഹം നബിയാണെന്നു് ചിലർ പറഞ്ഞിട്ടുണ്ടെങ്കിലും നബിയല്ലെന്നാണു് ഭൂരിപക്ഷാഭിപ്രായം. ഇദ്ദേഹം ബഹുവിധ അമാനുഷിക പ്രഭാവത്തോടുകൂടിയ മഹാനായിരുന്നു. ഇദ്ദേഹത്തിന്റെ സാക്ഷാൽ പേർ സികന്ദർ എന്നായിരുന്നുവെങ്കിലും പാശ്ചാത്യപൌരസ്ത്യനാടുകളുടെ അധിപനായിരുന്നതുകൊണ്ടു് ദുൽഖർനൈനി എന്ന പേരിൽ പരക്കെ അറിയപ്പെട്ടു. അദ്ദേഹം പല രാജ്യങ്ങളും പണിതിട്ടുണ്ടു്. അവയിൽ പന്ത്രണ്ടു് രാജ്യങ്ങളും അദ്ദേഹം പണിയിച്ചതാണെന്നുള്ളതിനു് സൂചനയായി 'ഇസ്കന്ദരിയ' എന്ന പേരിൽ അറിയപ്പെടുന്നു. ഉസ്താദീനിയ മുതലായ നാടുകളിൽ കോട്ടകളും അദ്ദേഹം പണിതിട്ടുണ്ടു്.' 'ഇസ്കന്തർറൂമി' എന്ന പേരിലാണു് ഇദ്ദേഹം പൊതുവെ അറിയപ്പെടുന്നതു്. അദ്ദേഹം മക്കത്തുവന്നു് ഇബ്രാഹീംനബിയുമായി അഭിമുഖസംഭാഷണം നടത്തിയിട്ടുണ്ടു്. 'അൽകഹ്ഫ്' എന്ന സൂറത്തിൽ ഇദ്ദേഹത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ടു്.

ഇസ്കന്തർയൂനാനി

വൈരാടസ് രാജാവിന്റെ പുത്രനാണു് ഈ ഇസ്കന്തർയൂനാനി. ഇയാളും അമ്മസ്

ലിം രാജാവായിരുന്നു. റോമും പാരീസും അയാളുടെ കൈവശമായിരുന്നതുകൊണ്ട് അയാളും ദുൽഖർനൈനി എന്നർത്ഥത്തിലാണ് വിളിക്കപ്പെട്ടിരുന്നത്.

ഹജ്ജ്

ഇബ്രാഹിംനബി (അ)നും ഹജ്ജ് നിർവ്വഹിക്കേണ്ടുന്ന ക്രമങ്ങളെ അല്ലാഹു അറിയിച്ചു. ആ ക്രമമനുസരിച്ച് അദ്ദേഹവും പുത്രനായ ഇസ്മായിൽനബിയും ഹജ്ജ് ചെയ്തു. ഇബ്രാഹിംനബി ജനങ്ങളെ ഹജ്ജ് കർമ്മത്തിന്നായി ആഹ്വാനംചെയ്തു. ഈ കഅ്ബത്തെ കരുതിവരുന്ന, ഖിയാമത്തോളമുള്ള, എന്റെ സന്തതികളെയും എന്നെയും നേർവഴിക്കാക്കേണമേ എന്നും അല്ലാഹുവോട് പ്രാർത്ഥിച്ചുകൊണ്ട് ഇബ്രാഹിംനബി (അ) കഅ്ബാ എന്ന ഭവനത്തെ പുത്രനായ ഇസ്മായിൽനബിയിൽ ഏല്പിച്ചു. അനന്തരം ഇബ്രാഹിംനബി ശാമിലേക്ക് മടങ്ങി.

ഒരുനൂറ്റിതൊണ്ണൂറഞ്ചാംവയസ്സിൽ ഇബ്രാഹിംനബി (അ) വഫാത്തായി. ശാമിൽതന്നെ അദ്ദേഹം ഖബ്റടക്കം ചെയ്യപ്പെട്ടു. ഇബ്രാഹിംനബി (അ)യുടെ ജീവിതകാലത്തുതന്നെ ഇസ്ഹാഖ്നബിയെ ശാമിലും, അവരുടെ മകൻ യഅ്ഖൂബ്നബിയെ കൻആനിലും, ഇസ്മായിൽനബിയെ മക്കത്തും യമനിലും, ലൂത്തുനബിയെ സദൂമിലും അല്ലാഹു നബികളാക്കി വാഴിച്ചു

നമ്രൂദ്

ലോകചക്രവർത്തിയും, താൻ ദൈവമാണെന്നും സ്വയം അവകാശപ്പെട്ട വ്യക്തിയുമായ നമ്രൂദ് ഇബ്രാഹിംനബി (അ) പ്രബോധനംചെയ്ത 'ഏകഇലാഹ്' ഉള്ളതോ ഇല്ലാത്തതോ എന്നു പരീക്ഷിക്കുവാൻ തീരുമാനിച്ചു. നമ്രൂദ് ബാബിൽ എന്ന സ്ഥലത്തു ഉയരത്തിൽ ഒരു മതിൽ കെട്ടിച്ചു. അവിടന്നും അങ്ങോട്ട് ഉയരുവാൻ ഒരു യന്ത്രവും നിർമ്മിച്ചു. ആ യന്ത്രസഹായത്തോടെ അവൻ ആകാശത്തോളം ഉയർന്നു. അഹങ്കാരപൂർവ്വം അമ്പുകൾ ഭൂമിയിൽ തിരിച്ചുവന്നു. 'നമ്രൂദിന്റെ അധിക്കാരത്തെ ഒരു നിസ്സാര സാധനത്തെക്കൊണ്ട് നീ തകർക്കേണമെ' എന്നു ഇബ്രാഹിംനബി അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അല്ലാഹുവിന്റെ കല്പനയാൽ ഒരു മലക്ക് ഈച്ചരൂപത്തിൽവന്ന് നമ്രൂദിനോട് ആവശ്യപ്പെടുകയും ചെയ്തു. 'ഞാനല്ലാതെ മറ്റാരു റബ്ബുണ്ടോ' എന്നു ചോദിച്ചുകൊണ്ട് നമ്രൂദ് ആ ആഹ്വാനം നിരസിച്ചു. ഈ ആഹ്വാനവും തിരസ്കരണവും മൂന്നുതവണ ആവർത്തിച്ചു. നമ്രൂദ് വഴിപ്പെടാതിരുന്നപ്പോൾ ആപത്തുകൾ അവനെ പിടികൂടി. ആദ്യം ഒരു കൊടുങ്കാറ്റടിച്ചു. മതിലുകൾ പൊട്ടിവീണു ഭൂമികുലുങ്ങി, ധാരാളം ആളുകളും ഭവനങ്ങളും നശിച്ചു. നമ്രൂദിന്റെ ജനങ്ങളെ ഒരു കൊതുകിൻകൂട്ടം ആക്രമിച്ചു. കൊതുകുകൾ അവരുടെ ചോരകുടിച്ചു. നമ്രൂദിന്റെ മൂക്കിലൂടെ ഒരു കൊതു അയാളുടെ തലച്ചോറിൽ കയറിക്കൂടി. നാനൂറ്കൊല്ലം ക്ലേശമെന്തെന്നു അറിയാതെ ജീവിച്ച നമ്രൂദ് ഈ കൊതുകിന്റെ ഉപദ്രവത്താൽ നാനൂറ്കൊല്ലം കാലമായി ക്ലേശിച്ചു ആ ക്ലേശത്താൽ പീഡിതനായനിലയിൽതന്നെ നമ്രൂദ് അന്ത്യശ്വാസം വലിക്കുകയും ചെയ്തു.

ലൂത്തുനബി

ഇബ്രാഹിംനബി (അ)യുടെ സഹോദരപുത്രനാണ് ലൂത്തുനബി (അ). "സ്നേഹബന്ധം" എന്നും 'ലൂത്തു' എന്ന പദത്തിനും അർത്ഥമുണ്ട്. ഇബ്രാഹിംനബിയോടും ലൂത്തുനബിക്കുണ്ടായിരുന്ന സ്നേഹബന്ധം ശ്രദ്ധേയമായിരുന്നതുകൊണ്ട് ലൂത്തു എന്നപേരിൽ അദ്ദേഹം പ്രഖ്യാതനായി. പെരുപ്പകാലത്തു

ന്നെ ലൂത്ത്വ് (അ) ഇബ്രാഹീംനബിയിൽ വിശ്വസിച്ചിരുന്നു. ഇബ്രാഹീംനബിയും സാറാബീയും മിസ്‌റിലേക്ക് ഹിജ്‌റ പോയപ്പോഴും പിന്നീട് ശാമിലേക്ക് തിരിച്ചുപോയപ്പോഴും ലൂത്ത്വ്നബി (അ) അവരോടൊപ്പം ഉണ്ടായിരുന്നു. ശാമിലേക്ക് തിരിച്ചുവരുമ്പോൾ ഇബ്രാഹീംനബി (അ) പലസ്തീനിൽ തങ്ങുകയും ലൂത്ത്വ്നബിയെ അടുത്തുള്ള താമസിപ്പിക്കുകയും അല്ലാഹു അദ്ദേഹത്തെ സദൂമിലും അയൽനാട്ടുകളിലും നബിയാക്കുകയും ചെയ്തു. അധർമ്മികളും ദുർവൃത്തരുമായിരുന്നു അന്നാട്ടിലെ അമുസ്‌ലിംകൾ. ആ നാട്ടിലെ പുരുഷന്മാർ സ്ത്രീകളുമായി ലൈഗികബന്ധം പുലർത്തിയില്ല. ലൈംഗികവികാരശമനത്തിനു കുമാരന്മാരെ അവർ ഉപയോഗപ്പെടുത്തി. അതിനാൽ ആ നാട്ടിലെ സ്ത്രീകൾ പരസ്പരം സംഭോഗം നടപ്പിലാക്കുകയും ചെയ്തു.

പുരുഷന്മാരുടെ പ്രവൃത്തിയും സ്ത്രീകളുടെ പ്രവൃത്തിയും രണ്ടും വിലക്കപ്പെട്ടതുതന്നെ. അല്ലാഹു ഈ നീചന്മാരെ തരംതാഴ്ത്തി കാണിച്ചിട്ടുണ്ട്. ഈ അസാന്മാർഗ്ഗികതയിൽനിന്നു ജനങ്ങളെ പിന്തിരിക്കുവാനും അല്ലാഹുവിൽ വിശ്വസിപ്പിക്കുവാനും ലൂത്ത്വ് നബി (അ) അത്യന്തം ശ്രമിച്ചു. പക്ഷെ ഫലിച്ചില്ല. മാത്രമല്ല, അവർ അദ്ദേഹത്തെ എതിർക്കുകയും ചെയ്തു. ഇഹലോകത്തുവെച്ചു ചെയ്യുന്ന അധർമ്മങ്ങൾക്കു പരലോകത്തു ശിക്ഷയുണ്ടെന്നു പറഞ്ഞപ്പോൾ ആ ജനത അദ്ദേഹത്തെ പുച്ഛിച്ചു. നിങ്ങൾ ഇങ്ങനെ തെമ്മാടിത്തം കാണിച്ചാൽ ഈ ലോകത്തു നാശം ഉറങ്ങും എന്നു പറഞ്ഞപ്പോൾ അവർ അദ്ദേഹത്തെ പരിഹസിച്ചു. 'താങ്കൾ സത്യം പറയുന്നവരാണെങ്കിൽ, താങ്കളുടെ അല്ലാഹുവിൽനിന്നു നാശംകൊണ്ടുവരുക' എന്നും അവർ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ഈ വെല്ലുവിളി സഹിക്കാതായിവന്നപ്പോൾ ലൂത്ത്വ്നബി (അ) ആ ജനങ്ങൾക്കു ശിക്ഷനല്കുവാനായി അല്ലാഹുവോടു അപേക്ഷിച്ചു. ആ രാജ്യം കീഴ്മേൽ മറിപ്പാൻ അല്ലാഹു ജിബ്‌രീലിനോടു ആജ്ഞനല്കി.

ചില ആവശ്യങ്ങളെ മുൻനിറുത്തി മീകാഈൽ എന്ന മലക്കിനെയും ഇസ്‌റാഫീൽ എന്ന മലക്കിനെയും അല്ലാഹു ഇഹലോകത്തേക്കു നിയോഗിച്ചു. അല്ലാഹുവിന്റെ ഉപദേശപ്രകാരം യാത്രാമദ്ധ്യേ അവർ ഇബ്രാഹീംനബിയുടെ വീട്ടിൽ വിരുന്നുകാരായി എത്തിച്ചേർന്നു. ഇബ്രാഹീംനബി അവരെ യഥോചിതം സൽക്കരിച്ചു ബഹുമാനിച്ചു. യാത്രയുടെ ഉദ്ദേശ്യങ്ങൾ അറിഞ്ഞപ്പോൾ ലൂത്ത്വ്നബിയുടെ കാര്യത്തിൽ ഇബ്രാഹീംനബി (അ) വ്യസനിച്ചു. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഭാര്യ ഒഴിച്ചുള്ള കുടുംബങ്ങളെയും നാശത്തിൽനിന്നു ഒഴിവാക്കുമെന്നു ജിബ്‌രീൽ (അ) പറഞ്ഞപ്പോൾ ഇബ്രാഹീം നബിക്കു ആശ്വാസമായി. മലക്കുകൾ അവിടെനിന്നു പുറപ്പെട്ടു ഉച്ചയോടുകൂടി സദൂമിൽ എത്തിച്ചേർന്നു. ലൂത്ത്വ് നബിയുടെ രണ്ടു പുത്രിമാരായ റൈസായും, ബൈസായും കിണറ്റിൽനിന്നു വെള്ളം കോരുന്നതു അവർ കണ്ടു. ആ പെൺകുട്ടികൾ സൗന്ദര്യധാമങ്ങളായിരുന്നു. യാത്രക്കാർക്കു വിശ്രമിപ്പാൻ പറ്റിയ വീടു അടുത്തെങ്ങാനും ഉണ്ടോ എന്നു അവർ ആ യുവതികളോടു അന്വേഷിച്ചു. 'ഉണ്ടു'' ഞങ്ങൾ വരുന്നതുവരെ ഇവിടെ നില്ക്കുക' എന്നു പറഞ്ഞുകൊണ്ടു അവർ ബാപ്പയുടെ അടുത്തുചെന്നു വിവരങ്ങൾ ഉണർത്തി. ലൂത്ത്വ്നബി (അ) അവരെ എതിരേറ്റു വീട്ടിന്നകത്തു വിശ്രമിപ്പാൻ സൗകര്യം നല്കി. ആ മലക്കുകൾ കുമാരന്മാരുടെ കോലത്തിലാണു അവിടെ എത്തിയിരുന്നതു. ലൂത്ത്വ്നബിയുടെ സ്വന്തം കൂട്ടുകാരിയായ ഒരു സ്ത്രീ, രണ്ടു കോമളന്മാരായ കുമാരന്മാർ ലൂത്ത്വ്

നബിയുടെ വീട്ടിന്നകത്തു് വിശ്രമിക്കുന്നുണ്ടെന്ന വിവരം വളരെ രഹസ്യമായി ജനങ്ങളെ അറിയിച്ചു. വിവരം അറിഞ്ഞപ്പോൾ അവർ ലൂത്തു്നബിയുടെ വീട്ടിലേക്കു് ഓടിച്ചെല്ലുകയും വിരുന്നുകാരായ ആ കുമാരന്മാരെ അവർക്കു് വിട്ടുകൊടുക്കേണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. ലൂത്തു്നബി അവരെ വിട്ടുകൊടുക്കാതിരുന്നപ്പോൾ, ജനങ്ങൾ കൈയേറ്റത്തിന്നു് ഒരുങ്ങി. ലൂത്തു്നബി അതിഥികളെ ഒരു മുറിയിൽ ഭദ്രമായി അടച്ചു. ബഹളം ഉണ്ടാകാതിരിപ്പാൻ ജനങ്ങളോടു് അപേക്ഷിച്ചു. ആവശ്യമാണെങ്കിൽ തന്റെ പുത്രിമാരെ അവർക്കു് കെട്ടിച്ചുകൊടുപ്പാൻ അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. സ്ത്രീമോഹികളല്ലാത്ത തങ്ങളെ ലൂത്തു് നബി പരിഹസിക്കയാണെന്നു് അവർ വ്യാഖ്യാനിച്ചു: വീടു് പൊളിക്കും എന്നു് അവർ വീരവാദം മുഴക്കി. ലൂത്തു്നബിയും വിട്ടില്ല. ആകപ്പാടെ സംഗതി ഒരു സംഘർഷാവസ്ഥയിൽ എത്തിച്ചേർന്നു. അപ്പോൾ മലക്കുകൾ ലൂത്തു്നബിയോടു പറഞ്ഞു:- 'ലൂത്തു്നബിയെ, ഞങ്ങളെച്ചൊല്ലി താങ്കൾ വിഷമിക്കേണ്ട. ഈ അധർമ്മികളെ നശിപ്പിക്കുവാനായി അല്ലാഹു നിയോഗിച്ച മലക്കുകളാണു് ഞങ്ങൾ. താങ്കൾ ഞങ്ങളെ അവർക്കു് വിട്ടുകൊടുക്കുക; ഈ വാക്കുകൾ കേട്ടപ്പോൾ ലൂത്തു്നബിക്കു് ആശ്വാസമായി. ജിബ്‌രീൽ (അ) വേഷംമാറി പുറത്തുവന്നു. പരിപൂർണ്ണചന്ദ്രനെ വെല്ലുന്ന മുഖവും ബാലചന്ദ്രനുല്യമായ നെറ്റിത്തടവും, മാണിക്കമെല്ലാത്ത ശിരസ്സും, വെട്ടിത്തിളങ്ങുന്ന ദേഹവും, മിന്നൊളിതൂകുന്ന പല്ലുകളും, പല വർണ്ണങ്ങളിലുള്ള രത്നഖചിതമായ രണ്ടു ചിറകുകളും ആണു് അപ്പോൾ അദ്ദേഹം സ്വീകരിച്ച രൂപം. ഈ രൂപം കണ്ടപ്പോൾ അധർമ്മികളായ ആ ജനങ്ങൾ ആകപ്പാടെ അമ്പരന്നുപോയി. ജിബ്‌രീൽ (അ) അവരുടെ മുഖത്തെ തന്റെ ചിറകുകൊണ്ടു് സ്പർശിച്ചു. അപ്പോൾ അവരുടെ കണ്ണുകൾ പൊട്ടി, അവർ അന്ധന്മാരായിത്തീർന്നു. അവർക്കു് വഴിമനസ്സിലാവാതായി. അവർ തപ്പിത്തിരിഞ്ഞു് സ്ഥലം വിട്ടു. അവർ അവിടം വിട്ടുപോകുമ്പോൾ എപ്പോഴാണു് ഈ ജനതയുടെ നാശം എന്നു് ജിബ്‌രീൽ (അ) യോടു ലൂത്തുനബി ചോദിച്ചു. പ്രഭാതത്തിൽ അതു് സംഭവിക്കുമെന്നു് ജിബ്‌രീൽ പറഞ്ഞു.

അർദ്ധരാത്രിയായപ്പോൾ ലൂത്തു്നബി (അ) യെയും കുടുംബങ്ങളെയും ആ നാട്ടിൽനിന്നു് ജിബ്‌രീൽ (അ) പറഞ്ഞയച്ചു. 'തിരിഞ്ഞുനോക്കാതെ പോയിക്കൊള്ളണം' എന്ന ആജ്ഞയോടുകൂടിയാണു് ജിബ്‌രീൽ അവരെ യാത്ര അയച്ചതു്. പക്ഷെ, നടന്നുകൊണ്ടിരിക്കെ മുൻപറഞ്ഞ ദുഷ്ടസ്ത്രീ സദ്ദമിലേക്കു് തിരിഞ്ഞുനോക്കി. ഉടനെ ഒരു കല്ലേറുകൊണ്ടു് അവൾ മരണപ്പെട്ടു. ഒരു ഭയങ്കരമായ ഇടിയും അതിനെത്തുടർന്നു ഒരു കല്ലിന്റെ മഴയുമുണ്ടായി. അക്രമികൾ കല്ലേറുകൊണ്ടു മരണപ്പെട്ടു. സദ്ദം അതിന്റെ അയൽരാജ്യങ്ങളായ ആമൂറ, ദൌമത്തു്, സാഉറ എന്നിങ്ങനെ നാലു് രാജ്യങ്ങളെ ജിബ്‌രീൽ (അ) അട്ടിമറിച്ചു. ഈ നാലു് നാടുകളിൽ ആകെ നാലു് ലക്ഷം ആളുകൾ താമസിച്ചിരുന്നു. ആ രാജ്യങ്ങളോടു് തൊട്ടുകിടന്ന സഫ്രത്തു് എന്ന ചെറുരാജ്യം ഈ നാശങ്ങളിൽനിന്നു രക്ഷപ്പെട്ടു. കാരണം ആ നാട്ടുകാർ വിശ്വാസികളായിരുന്നു.

ഇസ്മാഈൽനബി (അ)

ഇസ്മാഈൽനബിയെ സംബന്ധിച്ചു് പറയുവാനുള്ള കാര്യങ്ങൾ ഇതിന്നുമുമ്പു് ചുരുക്കിപ്പറഞ്ഞിട്ടുണ്ടു്. പിതാവായ ഇബ്രാഹീംനബി (അ) യുടെ നിർദ്ദേശപ്രകാരം അദ്ദേഹം രണ്ടാമതു് വിവാഹം കഴിച്ചതു് ഉമറിന്റെ മകനായ, മദ്വാഹിന്റെ മകളായ, ഒസ്സൂദത്തിനെയായിരുന്നു. ജുർഹുമി ഗോത്രക്കാരിയായിരുന്ന ആ

സ്ത്രീ. സെയ്യിദാ എന്ന ഭാര്യയിൽ ഇസ്മായിൽ (അ)ന്ന് പന്ത്രണ്ട് പുത്രന്മാർ ജനിച്ചു. ആ പുത്രന്മാർ മുഖേന ആ ഗോത്രം വികസിച്ചു. ഇസ്മായീൽ (അ) മക്കയിലും യമനിലും മതപ്രബോധനം നടത്തുകയും നൂറ്റിമുപ്പത്തേഴാം വയസ്സിൽ മക്കയിൽ വഫാത്താവുകയും ചെയ്തു. സ്വന്തം മാതാവിന്റെ ഖബറിനു സമീപത്തായി അദ്ദേഹം ഖബറടക്കം ചെയ്യപ്പെട്ടു.

ഇസ്ഹാഖ് നബി (അ)

ഇസ്ഹാഖ് നബി (അ) യെ സംബന്ധിച്ച ചില വിവരങ്ങൾ ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. ഇസ്ഹാഖ് നബി, യഅ്ഖൂബിലിന്റെ മകളായ റഷ്ഖാനെ വിവാഹം കഴിക്കുകയുണ്ടായി. ആ സ്ത്രീ ഐസ്, യഅ്ഖൂബ് എന്നീ രണ്ടുമക്കളെ ഇരട്ട പ്രസവിച്ചു. ആ സംഭവം നടക്കുമ്പോൾ ഇസ്ഹാഖ് നബിക്ക് അറുപതു വയസ്സു പ്രായമായിരുന്നു. ഐസ് എന്ന വാക്കിനു അക്രമി എന്ന അർത്ഥമുണ്ട്. റഫ്ഖാന്റെ പ്രസവസമയം അടുത്തപ്പോൾ ഞാൻ മുമ്പെ ജനിക്കുമെന്നു ശാഠ്യംപിടിച്ചതുകൊണ്ട് ഐസ് ആദ്യം ജനിച്ചു. ആകയാൽ അക്രമി എന്നർത്ഥമുള്ള ആ നാമം ആ കുട്ടിക്കു ലഭിച്ചു. അതിനെത്തുടർന്ന് യഅ്ഖൂബ് നബിയും ജനിച്ചു. തുടർന്നുജനിച്ചവൻ എന്നു ഈ വാക്കിനർത്ഥമുണ്ട്. യഅ്ഖൂബ് നബിക്ക് ഇസ്രാഈൽ എന്നു മറ്റൊരു പേരുണ്ട്. അങ്ങിനെ ഒരു പേരുണ്ടാവാനുള്ള കാരണം പിന്നീട് പ്രസ്താവിക്കും. ഉമ്മ, യഅ്ഖൂബ് നബിയെയും ബാപ്പ, ഐസിനെയും കൂടുതൽ സ്നേഹിച്ചു.

ഇസ്ഹാഖ് നബി ശാമിൽ മതപ്രബോധനം നടത്തിക്കൊണ്ട് ഏറെക്കാലം അവിടെ കഴിഞ്ഞുകൂടി. പ്രായാധിക്യത്താൽ അദ്ദേഹത്തിനു കണ്ണിന്റെ കാഴ്ചകുറഞ്ഞു. ഒരു ദിവസം ഇസ്ഹാഖ് നബി തന്റെ പ്രിയ പുത്രനായ ഐസിനെ വിളിച്ച് കാട്ടിൽപോയി മൃഗത്തെ വേട്ടയാടികൊണ്ടുവന്നു മാംസം തീറ്റുവാൻ ആവശ്യപ്പെട്ടു. ഉടനെ പോയി മാംസം കൊണ്ടുവന്നു തീറ്റിയാൽ എന്റെ ബാപ്പ എനിക്കു നല്കിയ ഉപദേശം ഞാൻ നിനക്കു നല്കി നിന്നെ അനുഗ്രഹിക്കുമെന്നുപറഞ്ഞു. നായാട്ടുവിദഗ്ദ്ധനായിരുന്ന ഐസ് ഉടനെ കാട്ടിലേക്കു പുറപ്പെട്ടു. ആ തക്കംനോക്കി ഉമ്മ, തന്റെ പ്രിയപുത്രനായ യഅ്ഖൂബ് നബിയെ അടുത്തുവിളിച്ചു ഇപ്രകാരം ഉപദേശിച്ചു:- 'മകനെ ഐസ് വരുന്നതിനുമുമ്പു നീ ഒരു കാര്യം ചെയ്യുക: ഒരാട്ടിനെ അറുത്തു പാകപ്പെടുത്തി ബാപ്പക്കു തിന്നുവാൻ കൊടുക്കുക. അദ്ദേഹം ആരാണെന്നു ചോദിച്ചാൽ ഐസാണെന്നു മറുപടി പറയുക' ഉമ്മയുടെ ഉപദേശമനുസരിച്ച് യഅ്ഖൂബ് നബി പ്രവർത്തിച്ചു. ഇസ്ഹാഖ് നബി യഅ്ഖൂബ് നബിയെ സ്നേഹപൂർവ്വം ചുംബിച്ചു. അദ്ദേഹം പറഞ്ഞു: 'മണംകൊണ്ട് ഇതു യഅ്ഖൂബാണെന്നു തോന്നുന്നു.' അപ്പോൾ, കാഴ്ചകുറഞ്ഞ അദ്ദേഹത്തോട് അദ്ദേഹത്തിന്റെ ഭാര്യയായ റഫ്ഖാൻ പറഞ്ഞു:- 'അല്ല, ഇതു ഐസ്തന്നെയാണ്.' ഇസ്ഹാഖ് നബി ആട്ടിന്റെ മാംസം ഭക്ഷിക്കുകയും മകനെ തലോടിക്കൊണ്ട് 'നിന്റെ മക്കളിൽ നബിമാരും രാജാക്കന്മാരും വർദ്ധിക്കട്ടെ' എന്നു അനുഗ്രഹിക്കുകയും ചെയ്തു. ആ അനുഗ്രഹവും വാങ്ങിയ യഅ്ഖൂബ് നബി സ്ഥലം വിട്ടുകഴിഞ്ഞപ്പോൾ, മാംസവുമായി ഐസ് ഹാജരായി. അപ്പോഴാണ് ഇസ്ഹാഖ് നബിക്ക് കള്ളി മനസ്സിലായതു. അദ്ദേഹം പറഞ്ഞു:- 'മകനെ ആ അനുഗ്രഹവും വാങ്ങി യഅ്ഖൂബ് പോയിക്കഴിഞ്ഞു. എങ്കിലും, എന്റെ മകൻ നിരാശനാകാതെ അടുത്തുവരട്ടെ. ഞാൻ മറ്റൊരനുഗ്രഹം നല്കാം. 'നിന്റെ മക്കളിൽ എണ്ണത്തിൽ ഏറിയവരും ആദ

രണീയരുമായിത്തീരട്ടെ.' ഈ അനുഗ്രഹവും വാങ്ങി ഐസ് സ്ഥലംവിടുകയും യഅ്ഖൂബ് നബിയുമായി മത്സരത്തിനു് ഒരുമ്പെടുകയും ചെയ്തു. നൂറെഴുപതാമത്തെ വയസ്സിൽ ഇസ്ഹാഖ്നബി ശാമിൽവെച്ചു് വഫാത്തായി. പിതാവിന്റെ ഖബറിന്റെ സമീപത്തായ് അദ്ദേഹം ഖബ്റടക്കം ചെയ്യപ്പെട്ടു.

യഅ്ഖൂബ്നബി (അ)

ഐസിന്റെ മത്സരംനിമിത്തം യഅ്ഖൂബ്നബി നാടുവിടേണ്ടതായിവന്നു. തന്റെ സഹോദരനായ ലയാനുബിനുനാഹിറിന്റെ അടുക്കലേക്കു് പോയിക്കൊള്ളുവാൻ ഉമ്മ മകനെ ഉപദേശിച്ചു. അതനുസരിച്ചു്, അദ്ദേഹം നാഹിറിന്റെ അടുക്കലേക്കു് പുറപ്പെട്ടു.. പകൽ സമയത്തു് വല്ലേടത്തും ഒളിച്ചിരുന്നുകൊണ്ടും രാത്രി സഞ്ചരിച്ചുകൊണ്ടും അദ്ദേഹം അമ്മാമന്റെ വീട്ടിൽ എത്തിച്ചേർന്നു. ആകയാൽ 'രാത്രി സഞ്ചരിച്ചവൻ' എന്നർത്ഥമുള്ള ഇസ്രാഈൽ എന്ന പേരിൽ അല്ലാഹു അദ്ദേഹത്തെ സംബോധനംചെയ്തു. അദ്ദേഹത്തിന്റെ മക്കളാണു് ബനൂഇസ്രാഈൽ എന്നറിയപ്പെടുന്ന ജനത. മുഹമ്മദ്നബി(സ. അ) തിരുമേനി ഒഴികെ യഅ്ഖൂബ്നബിക്കു് ശേഷമുണ്ടായ എല്ലാ നബിമാരും ഇസ്രാഈൽ സന്തതികളും തന്നെ. ഇസ്രാഈൽ സന്തതികളായ അറബി ഗോത്രക്കാർതന്നെയാണു് ബനൂഇസ്രാഈൽ സമുദായം. യഅ്ഖൂബ്നബി (അ) തന്റെ അമ്മാമന്റെ രണ്ടു പെൺമക്കളെ വിവാഹം ചെയ്തു. അവരുടെ പേർ ലയ എന്നും റാഹീൽ എന്നും ആയിരുന്നു. സുൽഫാ എന്നും ബൽഹത്തു് എന്നും പേരുള്ള രണ്ടു് അടിമസ്ത്രീകളെ അവർ യഅ്ഖൂബ്നബിക്കു് സമ്മാനിച്ചു.

റൂബിയിൽ, യഹൂദ, ശംഹൂൻ, ലാവി എന്നീ നാലു പുത്രന്മാരെ ലയ പ്രസവിച്ചു. യൂസുഫ്; ബുനിയാമീൻ എന്നീ രണ്ടു പുത്രന്മാരെ റാഹീൽ പ്രസവിച്ചു. ദാൻ, ബഹ്ത്താല, റൈയാലൂൻ എന്നീ മൂന്നു് പുത്രന്മാരെ സുൽഫായും; ജാദ്, യസ്ജർ, ആസർ എന്ന ദംബ എന്നീ മൂന്നു പുത്രന്മാരെ ബൽഹത്തും പ്രസവിച്ചു.

അങ്ങിനെ യഅ്ഖൂബ്നബി (അ) പന്ത്രണ്ടു് മക്കളുടെ പിതാവായിത്തീരുകയും അദ്ദേഹത്തിന്റെ സന്താനങ്ങളും ഒരു വലിയ വംശപരമ്പരയ്ക്കു് വിത്തിടുകയും ചെയ്തു.

യൂസുഫ്നബി (അ)

'ഏറ്റവും ഹൃദയാവർജകമായ ഒരു വാർത്ത നാം താങ്കളെ അറിയിക്കാം' എന്നു് അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആ അഭികാമ്യമായ വാർത്ത ഈ യൂസുഫ്നബി (അ)നെ സംബന്ധിച്ചായിരുന്നു. ഇദ്ദേഹം മിസ്റിലെ രാജാവായി വാഴ്ചനടത്തി. ഇദ്ദേഹത്തിനു് അത്ഭുതകരവും സുദീർഘവുമായ ഒരു ചരിത്രമുണ്ടു്. ആ ചരിത്രം ഏറെക്കുറെ എല്ലാവർക്കും അറിയാവുന്നതുകൊണ്ടു് ഇവിടെ വിവരിക്കുന്നില്ല. നൂറിരുപതാം വയസ്സിൽ യൂസുഫ്നബി (അ) വഫാത്തായി. അദ്ദേഹത്തിന്റെ ജനാസ ഒരു പെട്ടിയിൽ അടക്കം ചെയ്തു മിസ്റിലെ നൈൽആറ്റിൽ മറയടക്കി. കുറേക്കാലം കഴിഞ്ഞപ്പോൾ മൂസാനബി (അ) അതു കണ്ടെടുത്തു്, കൻആൻ എന്ന സ്ഥലത്തു് മറമാടുകയുണ്ടായി.

അയ്യൂബ്നബി (അ)

അയ്യൂബ്നബി (അ) നബുവ്വത്തുകൊണ്ടും ഐശ്വര്യംകൊണ്ടും സന്താനവർധനവുകൊണ്ടും അനുഗ്രഹീതരായിരുന്നു തന്റെ ജീവിതത്തിൽ ഏഴു വർഷക്കാലം അദ്ദേഹം പരീക്ഷണവിധേയനായിക്കഴിഞ്ഞുകൂടി. നിരന്തരം സംഭവിച്ചുകൊണ്ടിരുന്ന ആപത്തുകൾക്കു് അദ്ദേഹത്തിന്റെ വിശ്വാസത്തെ വ്യതി

ചലിപ്പിക്കുവാൻ കഴിഞ്ഞില്ല. ആ പരീക്ഷണഘട്ടം കഴിഞ്ഞപ്പോൾ പൂർവ്വോപരി സുഖങ്ങളാൽ അദ്ദേഹം അനുഗ്രഹിക്കപ്പെട്ടു. ആപത്തുകാലത്തു് അദ്ദേഹത്തിന്റെ ഭാര്യയായ റഹ്മത്തു് എന്നവർ സഹിച്ചതു തുല്യം ലോകത്തു് മറൊരു സ്ത്രീ സഹിച്ചിരിപ്പാനിടയില്ല. ഭർത്താവോടുള്ള കടപ്പാടു് പരിപൂർണ്ണമായും ഒരു സ്ത്രീ നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ അതു് റഹ്മത്തുബീവി ആയിരിക്കണം എന്നു് പണ്ഡിതന്മാർ പറയുന്നു. അവരുടെ ത്യാഗപൂർണ്ണമായ ജീവിതത്തെ വിവരിക്കുവാനോ സംക്ഷിപ്തമായെങ്കിലും അവതരിപ്പിക്കുവാനോ ഈ ദുർബ്ബലമായ പേനക്കു് സാധ്യമല്ല. തൊണ്ണൂറഞ്ചാമത്തെ വയസ്സിൽ അയ്യൂബ്നബി (അ) വഫാത്തായി.

ശുഐബ്നബി(അ)

'അസ്ഹാബുൽ ഐക്കത്തി' എന്നറിയപ്പെട്ടിരുന്ന മദ്യൻ എന്ന നാട്ടുകാരിലേക്കാണു് ശുഐബ്നബി (അ) യെ അല്ലാഹു നിയോഗിച്ചതു്. ശുഐബ്നബി (അ) ആ ജനങ്ങളെ നേർമാർഗ്ഗത്തിലേക്കു് ക്ഷണിച്ചു. പക്ഷെ, ആ ജനങ്ങൾ ദുർമാർഗ്ഗത്തിൽനിന്നു് പിന്തിരിഞ്ഞില്ല. ആകയാൽ ആ ജനതയെ നശിപ്പിക്കുവാൻ അയ്യൂബ്നബി പ്രാർത്ഥിച്ചു. ഒരു ഭൂമികുലുക്കം ആ ജനതയെ നശിപ്പിച്ചു.

മൂസാനബിയും ഹാറൂൻനബിയും

ഫിർഔനിന്റെ ജനതയിൽ മതപ്രബോധനത്തിനായി നിയോഗിക്കപ്പെട്ടവരാണു് മൂസാനബിയും അദ്ദേഹത്തിന്റെ സഹോദരനായ ഹാറൂൻനബിയും. യഅ്ഖൂബ്നബിയുടെ മകനായ, ലായയുടെ മകനായ, യിഹ്റിന്റെ മകനായ, ഇമ്റാന്റെ മകനാണു് മൂസാനബി (അ). അബ്രാനിഭാഷയിൽ തൗറാത്തു് എന്ന ഗ്രന്ഥം അല്ലാഹു മൂസാനബിക്കു് നല്കുകയുണ്ടായി. യൂസുഫ്നബി (അ) ക്കു് ശേഷം ഏതാണ്ടു് നാനൂറു് കൊല്ലം കഴിഞ്ഞപ്പോഴാണു് മൂസാനബി ഭൂജാതരായതു്. അല്ലാഹുവുമായി സംഭാഷണം നടത്താവുള്ളതുകൊണ്ടു് അദ്ദേഹത്തിനു് 'കലീം, എന്ന പേർ സിദ്ധിച്ചു. യൂസുഫ്നബിയുടെ വഫാത്തുകാലത്തു് അദ്ദേഹം ബനീഇസ്രാഈൽകാരോടു് ഇപ്രകാരം പറയുകയുണ്ടായി:- 'തിബ്ത്തി വർഗ്ഗത്തിൽനിന്നു് ഉപദ്രവകാരിയായ ഒരു മനുഷ്യൻ ജനിക്കും. എന്റെ സഹോദരന്റെ പുത്രന്മാരിൽപെട്ട ഇംറാൻ എന്നവരുടെ മകൻ മൂസാനബിയായി വന്നാൽ, ആ ഉപദ്രവകാരിയുടെ ഉപദ്രവങ്ങളിൽനിന്നു് നിങ്ങൾക്കു് രക്ഷ ലഭിക്കും.' യൂസുഫ്നബി പ്രവചിച്ച ഉപദ്രവകാരിയായിരുന്ന ഫിർഔൻ.

അല്ലാഹു തആല മൂസാനബിക്കു് മുഅ്ജിസത്തു് എന്ന അത്ഭുത സിദ്ധി നല്കി, അനുഗ്രഹിച്ചു. ജിബ്രീൽ അദ്ദേഹത്തിനു് ഒരു വടി കൊടുത്തു. ഇരുട്ടിൽ വിദ്യുദ്ദീപംപോലെ അതു് പ്രോജ്ജ്വലിക്കും; ഭൂമിയിൽ നാട്ടിയാൽ ഉറവു് പൊട്ടും; ആഴമേറിയ കിണറ്റിൽ താഴ്ത്തിയാൽ വെള്ളത്തിൽ താഴ്ന്നു് വെള്ളം കോരി എടുക്കും; ഭക്ഷണം ആവശ്യപ്പെട്ടുകൊണ്ടു് ഭൂമിയിൽ അടിച്ചാൽ ഉദ്ദേശിച്ച ഭക്ഷണം ഭൂമിയിൽനിന്നു് ബഹിർഗമിക്കും; എന്തെങ്കിലും ഒരു പഴത്തെ ആഗ്രഹിച്ചുകൊണ്ടു് ആ വടി ഭൂമിയിൽ കുത്തിയാൽ ഉദ്ദിഷ്ടപഴത്തിന്റെ മരം ഒരു നിമിഷത്തിനകം പൊടിച്ചു്, തഴച്ചു്, വളർന്നു, അതിന്മേൽ പഴം ഉണ്ടാകും. പഴം പറിച്ചെടുത്തുകഴിഞ്ഞാൽ മരം വടിയായി മാറും, സുഗന്ധദ്രവ്യങ്ങളും ആണു് ആവശ്യമെങ്കിൽ അവ ആ വടിയിൽനിന്നു് കിനിയും. നടന്നുപോകുമ്പോൾ മലയോടു് അടുത്താൽ മലപൊട്ടിപ്പിളരും നേർവഴിയായിത്തീരും; കടലിൽ

അടിച്ചാൽ വെള്ളം രണ്ടുഭാഗത്തായി മാറുകയും നടുക്ക് വഴി ഉണ്ടാകുകയും ചെയ്യും. വടിയുടെ അറ്റം വായിൽവെച്ചാൽ ഹൃദ്യമായ പാനീയം ലഭിക്കും; വാഹനമാക്കേണമെങ്കിൽ ആ വടി വാഹനമാകും; എതിരാളികളോട് എതിർത്തു തിരിച്ചവരും. പല ജീവികളുടെ രൂപങ്ങളിൽ കോലം മറിയും; വന്യമൃഗങ്ങളെയും പാമ്പു മുതലായവയേയും സ്വയം കൊല്ലും; യാത്രയിൽ എല്ലാ ഭാണ്ഡങ്ങളും ചുമക്കും; എന്തെങ്കിലും അനർത്ഥം പ്രവർത്തിപ്പാൻ ഉദ്ദേശിച്ചാൽ ആ വടി മൃഗത്തെപ്പോലെ നാലു കാലാൽ നടക്കുന്ന പാമ്പായി രൂപാന്തരപ്പെടും; അതിന്റെ വായിൽനിന്നു തീപ്പൊരിയും പുകയും വിഷവും പുറപ്പെടും; ആ കാറ്റ് ഏല്ക്കുന്ന എല്ലാ സാധനങ്ങളും കരിഞ്ഞുപോകും: പല പാമ്പുകളുടെ രൂപത്തിൽ ആ വടി രൂപം മാറും.; മലകളെയും മരങ്ങളെയും തകർക്കുകയും വീഴ്ത്തുകയും ചെയ്യും.

മൂസാനബി (അ) യെ സംബന്ധിച്ച വാർത്തകൾ വിശുദ്ധഗ്രന്ഥത്തിൽ പറയപ്പെട്ടിട്ടുണ്ട്. ആ വചനങ്ങൾക്ക് വ്യാഖ്യാനമെഴുതുവാൻ പ്രയാസമാണ്. മൂസാനബി (അ)ന് നൂറിരുപത് വയസ്സ് പ്രായമായപ്പോൾ അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ വഫാത്തിന് കാലത്തുണ്ടായ പല അത്ഭുതസംഭവങ്ങളെക്കുറിച്ച് പണ്ഡിതന്മാർ രേഖപ്പെടുത്തീട്ടുണ്ട്.

ഫിർഔൻ

ഫിർഔൻ അധാർമ്മികനായ രാജാവായിരുന്നു അതുപോലെ അധാർമ്മികനായ ഒരു രാജാവ് ബനൂ ഇസ്രായീൽ വംശത്തിൽ ജനിച്ചിട്ടില്ല. നാനൂറ് കൊല്ലം ഫിർഔൻ രാജവാഴ്ച നടത്തി. അയാളുടെ ഭരണത്തിന്റെ അന്ത്യഘട്ടത്തിലാണ് മൂസാനബി നിയോഗിക്കപ്പെട്ടത്.

ഒരു കുട്ടി ജനിക്കുമെന്നും ആ കുട്ടിയാൽ ഫിർഔന്റെ വാഴ്ച അവസാനിക്കുമെന്നും കൊട്ടാരജ്യോസ്യന്മാർ ഫിർഔനെ ധരിപ്പിച്ചു. തന്നിമിത്തം തന്റെ അധികാരസീമയിൽ ജനിക്കുന്ന എല്ലാ ആൺകുട്ടികളെയും കൊന്നുകളയുവാൻ ഫിർഔൻ ഉത്തരവിട്ടു. എഴുപതിനായിരം കുഞ്ഞുങ്ങൾ പേറുപായയിൽ കൊല്ലപ്പെട്ടു. അതിനിടയിൽ മൂസാനബിയുടെ മാതാവായ ആമിന എന്നവർ ആദ്യം ഹാറൂൻനബിയെയും പിന്നീട് മൂസാനബിയെയും പ്രസവിച്ചു. അല്ലാഹുതആല അവന്റെ മഹത്തായ ശക്തിയാൽ ആ കുട്ടികളെ ഫിർഔന്റെ വീട്ടിൽവെച്ചുതന്നെ വളർത്തി. അതിലിടക്ക് ഫിർഔൻ താനാണ് ദൈവം എന്നു വാദിച്ചു അംബരചുംബിയായ ഒരു ക്രൂരൻ കോട്ടകെട്ടുവാൻ ഫിർഔൻ തന്റെ മന്ത്രിയായ ഹാമാനു ആജ്ഞനല്കി. അമ്പതിനായിരത്തിൽപ്പരം തൊഴിലാളികൾ ഏഴുകൊല്ലംകൊണ്ട് ആ ക്രൂരൻ കോട്ട പണിതീർത്തു. കോട്ടയുടെ പണി തീർന്നുടനെ ജിബ്‌രീൽ (അ) തന്റെ ചിറകുകൊണ്ട് ആ കോട്ടയെ ഒന്നു തട്ടി. അപ്പോൾ ആ ക്രൂരൻകോട്ട മൂന്നായി മുറിയുകയും ഒരു ഭാഗം സമുദ്രത്തിലും, മറെറാന്നു ഇന്ത്യയിലും, മൂന്നാമത്തേതു പാശ്ചാത്യദേശത്തും പൊന്നുവീഴുകയും ചെയ്തു. ആ കോട്ടകെട്ടുവാൻ ജോലിചെയ്തവരും അതിനു പിന്തുണനല്കിയവരുമായ ഒരു ലക്ഷത്തിൽപരം ആളുകൾ ഒരൊറ രാത്രികൊണ്ട് നാശമടഞ്ഞു. അവസാനം ഫിർഔനെയും സചിവന്മാരെയും അല്ലാഹു സമുദ്രത്തിൽ മുക്കിനശിപ്പിച്ചു.

ഖാറൂൻ

മൂസാനബി (അ)യുടെ പിതൃസഹോദരപുത്രനാണ് ഖാറൂൻ. ഖാറൂന്റെ പിതാവ് യ

ശ്ഹറാണ തൗറാത്തു് വേദത്തെക്കുറിച്ചു് എല്ലാം അറിയാവുന്ന ഒരു മഹാപണ്ഡിതനും അതേസമയത്തു് വഞ്ചകനും അവിശ്വാസിയും ആയിരുന്ന ഖാറൂൻ ധനികർക്കും ധനികനായിരുന്ന ഖാറൂന്റെ ഖജാനകൾക്കു് നാല്പതു് ഒട്ടകങ്ങൾ ചുമക്കേണ്ടുന്നത്ര താക്കോലുകൾ ഉണ്ടായിരുന്നു. ആദ്യകാലത്തു് ഭക്തനായിരുന്ന ഖാറൂൻ നാല്പതു് വർഷക്കാലം ഒരു മലയിൽ ഇബാദത്തു് ചെയ്തുകൊണ്ടു് താമസിച്ച അക്കാലത്തു് അയാൾ സാമ്പത്തികമായി ദരിദ്രനായിരുന്നു. മലയിൽ ഇബാദത്തു് ചെയ്തു് ജീവിക്കുന്നതിനിടയിൽ ഇബ്‌ലീസ് അയാളെ വഴിതെറ്റിച്ചു. അതോടെ അയാൾ ധനികനായിത്തീരുകയും ഐഹികജീവിതത്തിൽ മുഴുകുകയും ചെയ്തു. അയാളുടെ അഹങ്കാരത്തിനു് തുല്യതയില്ലാതായി. ദുർവ്യയം ചെയ്യുന്നതിൽ അതീവതല്പരനായിരുന്ന ഖാറൂൻ നല്ലകാര്യങ്ങൾക്കു് ഒന്നും ചെലവഴിച്ചില്ല. സുന്ദരികളായ അനവധി സ്ത്രീകൾ സ്വർണ്ണാഭരണഭൂഷിതകളായി കുതിരപ്പുറത്തുകയറി വലയംചെയ്തനിലയിലാണു് ഖാറൂൻ സാധാരണ സഞ്ചരിച്ചിരുന്നതു്. അതിനുപുറമെ ആയിരം കുതിരപ്പടയാളികൾ അയാളെ അകമ്പടി സേവിക്കുകയും പതിവായിരുന്നു.

ഖാറൂനെ സത്യമാർഗ്ഗത്തിലേക്കു് കൊണ്ടുവരുവാൻ മൂസാനബി (അ) അങ്ങേയറ്റം പരിശ്രമിച്ചു പക്ഷെ, ഖാറൂനിൽനിന്നുണ്ടായ പ്രതികരണം ഉപദ്രവിക്കലും പരിഹസിക്കലുമായിരുന്നു. സ്വർണ്ണംകൊണ്ടു് ഒരു മാളിക പണിയിച്ചു് ഖാറൂനും മന്ത്രിയും അതിൽകയറിയിരുന്നു്, മൂസാനബിയെയും അനുയായികളെയും പരിഹസിക്കുന്നതു് പതിവാക്കിത്തീർത്തു.

ദാനധർമ്മങ്ങളിൽ ഖാറൂൻ തികഞ്ഞ വൈമുഖ്യം കാണിച്ചു. ആയിരത്തിനു് ഒന്നു് കണ്ടെങ്കിലും ധർമ്മംചെയ്യുവാൻ മൂസാനബി അയാളെ ഉപദേശിച്ചു. ഖാറൂൻ ഈ ഉപദേശത്തിനു് ദുർവ്യാഖ്യാനം നല്കി. തന്റെ ധനം നശിപ്പിക്കുവാൻ മൂസാനബി യത്നിക്കുകയാണെന്നും അതിനു് പ്രതികാരമായി നബിയെ അപമാനിക്കേണമെന്നും ഖാറൂനും കൂട്ടുകാരും തീർച്ചപ്പെടുത്തി.

ആദ്യം സുന്ദരിയായ ഒരു സ്ത്രീയെ അവർ സ്വാധീനത്തിൽ വെച്ചു. കനത്ത ഒരു തുക പ്രതിഫലമായി നല്കികൊണ്ടു്, കളവുപറയുവാൻ അവളെ അവർ ഒരുക്കിനിർത്തി. അനന്തരം, ബനൂഇസ്രാഈലിന്റെ ഒരു സഭ വിളിച്ചുകൂട്ടി. ആ സഭയിൽ വന്നു് മതോപദേശങ്ങൾ നല്കുവാൻ ഖാറൂൻ മൂസാനബിയെ ക്ഷണിച്ചു. മൂസാനബി (അ) ആ സഭയിൽ ഹാജരാവുകയും ജ്ഞാനപ്രഭാഷണം നടത്തുകയും അതിനെത്തുടർന്നു് ശിക്ഷാവിധികളും വിവരിക്കുകയും ചെയ്തു. കൊലചെയ്താലും കട്ടാലും വ്യഭിചരിച്ചാലും ഉള്ള ശിക്ഷകൾ ഇന്നിന്നതാണെന്നു് മൂസാനബി വിവരിച്ചപ്പോൾ, ഈ കുറ്റങ്ങൾ ചെയ്യുന്നതു് നിങ്ങളാണെങ്കിൽ ഈ ശിക്ഷകൾ നിങ്ങൾക്കു് ബാധകമാണോ എന്നു് ഖാറൂൻ ചോദിച്ചു. അതെ എന്നു് മൂസാനബി ഉത്തരം പറഞ്ഞപ്പോൾ 'നിങ്ങൾ ഇന്ന സ്ത്രീയുമായി രഹസ്യവേഴ്ച നടത്തിയെന്നു് ജനങ്ങൾ പറയുന്നുണ്ടല്ലൊ' എന്നു് ഖാറൂൻ പറഞ്ഞു. അതു് കേട്ടപ്പോൾ മൂസാനബി നാണിച്ചു വിവശനായിപ്പോയി. ആ സ്ത്രീയെ ഹാജരാക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. സഭയിൽ അവൾ ഹാജരാക്കപ്പെട്ടപ്പോൾ അവളെ അഭിമുഖീകരിച്ചുകൊണ്ടു് മൂസാനബി പറഞ്ഞു:— 'എന്നെ നബിയാക്കി അയച്ച റബ്ബിന്റെ പേരിലാണു് ഞാൻ നിന്നോടു് ചോദിക്കുന്നതു്; നീ സത്യമെ പറയാവൂ'. മൂസാ

നബിയുടെ നിഷ്ങ്കമായ വചനങ്ങൾ കേട്ടപ്പോൾ ആ സ്ത്രീ പറഞ്ഞു:- ഞാൻ നേർ പറയുന്നു. ഖാറൂൻ എനിക്ക് ആയിരംപൊന്ന് പ്രതിഫലം തന്നതനുസരിച്ചാണ് താങ്കൾക്കെതിരായി ഈ കളവുപറയുവാൻ ഞാൻ ഇവിടെ വന്നിട്ടുള്ളത്.' ഇത് കേട്ടപ്പോൾ ദുഷ്ടനായ ഖാറൂൻ തലകുറുവിഴുകയും ജനങ്ങൾ അയാളെ പഴിക്കുകയും ചെയ്തു. മൂസാനബിയാവട്ടെ, അല്ലാവോട് ഇപ്രകാരം പ്രാർത്ഥിച്ചു:- 'റബ്ബേ, ഞാൻ നിന്റെ നബിയാണെങ്കിൽ ഇവനെ അവസാനിപ്പിക്കാനുള്ള അധികാരം നീ എനിക്ക് നൽകേണമെ' അല്ലാഹു അരുളി:- 'മൂസാനബിയെ, ആ വിഷയത്തിൽ ഭൂമിയെ നാം നിങ്ങൾക്ക് വഴിപ്പെടുത്തിത്തന്നിരിക്കുന്നു. താങ്കളുടെ ഇഷ്ടംപോലെ ചെയ്യാം.' ഉടനെ മൂസാനബി ആ ജനങ്ങളോട് പറഞ്ഞു:- 'ഹേ, ജനങ്ങളെ, എന്റെ അനുയായികൾ ഒരു വശത്തും ഖാറൂനിന്റെ അനുയായികൾ മറുവശത്തും മാറിനില്ലുക.' രണ്ടുപേർ ഖാറൂന്റെ ഭാഗത്തേക്ക് മാറിനിന്നു. അപ്പോൾ മൂസാനബി ഭൂമിയോട് കല്പിച്ചു:- 'ഖാറൂനെയും കൂട്ടുകാരെയും വിഴുങ്ങുക'. ഭൂമി അല്പാല്പമായി അവരെ വിഴുങ്ങി.

നബിമാരും സുൽത്താന്മാരും

മൂസാനബിയുടെ ശേഷം ശാമിലും, റോമിലും, മിസ്‌റിലും, ഇറാഖിലും, നബിമാരും സുൽത്താന്മാരും ഇടകലർന്ന് ഭരണം നടത്തി. അപ്രാസിയാൻ എന്ന ആൾ പേർഷ്യയിൽ രാജാവായി. അയാളിൽനിന്നും തഹ്മാസബ് എന്ന ആൾ ഭരണം കൈക്കലാക്കി. അയാളുടെ സഹോദരനായ കശ്ത്താസിബിന്റെ മകനായ ഖർസാസിഫിനു അയാൾ ഭരണം ഒഴിഞ്ഞുകൊടുക്കേണ്ടിവന്നു. യൂസുഫ്നബിയുടെ സഹോദരനായ ബുൻയാമിന്റെ മകളുടെ മക്കളിൽപെട്ട ആളാണ് ഈ ഖർസാസിഫ്. തുക്കിരാജാവായ തസ്മഹ് പല രാജ്യങ്ങളും കീഴടക്കി. മനുജഹലിന്റെ മകനായ കൈക്കബാദ്, പേർഷ്യ മുതലായ രാജ്യങ്ങൾ ഭരിച്ചു. ഈ കാലഘട്ടങ്ങളിൽ യഹ്യാനബി (അ) സക്കരിയ്യാനബി (അ) യൂശഅ്നബി (അ) ഹസ്കീൽനബി (അ) ഇല്യാസ്നബി (അ) അൽയസഅ്നബി (അ) ശംബീൽനബി (അ) എന്നീ നബിമാർ സത്യമതപ്രബോധനം നടത്തുകയുണ്ടായി. കൈക്കബാദിനു ശേഷം അദ്ദേഹത്തിന്റെ മകനായ കൈക്കാനൂസ് രാജ്യഭാരം ഏറ്റെടുത്തു. അയാളുടെ കാലത്താണ് ദാവൂദ്നബി (അ) നിയുക്തരായത്.

ദാവൂദ്നബി (അ)

യഅ്ഖൂബ്നബിയുടെ പുത്രനായ യഹൂദ എന്നവരുടെ മക്കളിൽപെട്ട അയിശ് എന്നവരുടെ മകനാണ് ദാവൂദ്നബി (അ). അയിശ് എന്നവരുടെ പതിമൂന്ന് മക്കളിൽ ഏറ്റവും ഇളയപുത്രനാണ് ഇദ്ദേഹം.

ജാലൂത്തും താലൂത്തും തമ്മിൽ ഒരു യുദ്ധമുണ്ടായി. ജാലൂത്തിനെ കൊല്ലുന്നവർക്ക് താലൂത്തിന്റെ മകളെ കെട്ടിച്ചുകൊടുക്കുകയും സിംഹാസനം ഒഴിഞ്ഞുകൊടുക്കുകയും ചെയ്യുമെന്ന് താലൂത്ത് പ്രഖ്യാപിച്ചു. ദാവൂദ്നബി (അ) ജാലൂത്തിനെ കൊല്ലുകയും നിശ്ചയപ്രകാരം സിംഹാസനം കരസ്ഥമാക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം നബിയാക്കപ്പെട്ടു. സബൂർ എന്ന ഗ്രന്ഥം അല്ലാഹു അദ്ദേഹത്തിനു ഇറക്കിക്കൊടുത്തു. നബിത്വവും രാജത്വവും നിർവിഘ്നം അദ്ദേഹം ഏറെനടന്നു അദ്ദേഹത്തിന്റെ സ്വരമാധുരി അത്യന്തം ആകർഷകമായിരുന്നു. അദ്ദേഹം സബൂർ ഓതിത്തുടങ്ങിയാൽ മനുഷ്യർ മാത്രമല്ല, പക്ഷിമൃഗാദികളുംകൂടി അതു കേട്ട് ലയിച്ചുപോകുക പതിവായിരുന്നു. മാത്രമല്ല, ഒഴുകുന്ന വെള്ളവും, ചലിക്കുന്നകാറ്റുംകൂടി നിലച്ചുപോകാറുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ രാജത്വത്തെ പ്രശംസിച്ചുകൊണ്ട് അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ട്. ആദംനബി (അ) സംഭവനചെയ്ത നാല്പതുവയസ്സടക്കം നൂറുസംവത്സരക്കാലം ദാവൂദ് നബി (അ) ജീവിച്ചു.

സുലൈമാൻനബി

ദാവൂദ്നബി (അ) യുടെ പത്തൊമ്പതു മക്കളിൽ ഒരാളാണു് സുലൈമാൻനബി (അ). ജ്ഞാനം, ബുദ്ധിവൈഭവം, രാജത്വം എന്നിവ പൈതൃകമായി ഇദ്ദേഹത്തിനു ലഭിച്ചു. അതോടൊപ്പം നബിത്വവും സിദ്ധിച്ചു. ഭൂലോകം അടക്കിവാണ നാലു് ചക്രവർത്തിമാരിൽ ഒരാൾ സുലൈമാൻനബിയായിരുന്നു. ഇദ്ദേഹം അതിവിനീതനും മഹാദയാലുവും അഗാധപണ്ഡിതനും ആയിരുന്നു. ചെറുപ്പകാലത്തുതന്നെ ഇദ്ദേഹത്തിന്റെ ജ്ഞാനവൈഭവം സുപ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. പിതാവായ ദാവൂദ്നബി (അ) പോലും ഇദ്ദേഹത്തോടു് കായ്യാനേഷണം നടത്തിപ്പോന്നു. എല്ലാ ജീവികളുടെയും ഭാഷ അറിയാമെന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത.

ഇദ്ദേഹം മുന്നൂറ് സ്ത്രീകളെ വിവാഹം കഴിക്കുകയും എഴുനൂറ് സ്ത്രീകളെ വെപ്പാട്ടികളാക്കി വെക്കുകയും ചെയ്തു. പൊൻതൂലും പട്ടും ഇടകലർത്തി ജിന്നുകൾ അദ്ദേഹത്തിന്നായി ഒരു പടം നെയ്തുണ്ടാക്കി. ഒരുനൂറ് കാതം സമചതുരമാണ് അതിന്റെ വലിപ്പം. ആ പടത്തിന്റെ നടുവിൽ രത്നഖചിതമായ ഒരു സിംഹാസനവും അതിന്നു ചുറ്റും സ്വർണ്ണക്കസേരകളും അതിന്നു ചുറ്റും വെള്ളിക്കസേരകളും നിരത്തുകയും, സിംഹാസനത്തിൽ സുലൈമാൻനബിയും; സ്വർണ്ണക്കസേരകളിൽ അമ്പിയാക്കളും വെള്ളിക്കസേരകളിൽ ഉലമാക്കളും; അവർക്ക് ചുറ്റും ജിന്നു്, ഇൻസു്, ശൈത്താൻ എന്നിവരും ഇരുന്നു യാത്രചെയ്യുക പതിവായിരുന്നു. പക്ഷികൾ ചിറകുവിരുത്തി ആ യാത്രക്കു് മേലാപ്പിട്ടുകൊടുത്തു. രാവിലെയും വൈകുന്നേരവും അദ്ദേഹം ഓരോ മാസത്തെ വഴിദൂരം നടക്കുക പതിവായിരുന്നുവെന്നു് പറയപ്പെട്ടിട്ടുണ്ടു്.

ദാവൂദ്നബി (അ) ബൈത്തുൽ മുഖദ്ദിസ് പണിയുവാൻ തറകെട്ടി. ഒരാളുടെ ഉയരത്തിൽ നിർമ്മാണം പുരോഗമിച്ചപ്പോൾ അല്ലാഹുവിന്റെ ആജ്ഞയാൽ നിന്നു. സുലൈമാൻനബി (അ) ബൈത്തുൽ മുഖദ്ദിസിന്റെ നിർമ്മാണം പൂർത്തിയാക്കി. പല നാടുകളും അദ്ദേഹം കീഴടക്കി. ബൽഖീസ് രാജ്ഞിയുമായി അദ്ദേഹം നടത്തിയ വിവാഹത്തിന്റെ പിന്നിൽ സുദീർഘമായ പല അത്ഭുത കഥകളുണ്ടു്. പതിമൂന്നു് വയസ്സിൽ രാജത്വം ലഭിച്ച ഇദ്ദേഹം അമ്പത്തിമൂന്നാമത്തെ വയസ്സിൽ വഫാത്തായി.

സുലൈമാൻനബിക്കുശേഷം

സുലൈമാൻനബിയുടെശേഷം കയ്കസറെ രാജാവായി. അദ്ദേഹത്തെത്തുടർന്നു് രാജാവായ ആസവു് പലേ രാജ്യങ്ങളും പിടിച്ചടക്കിയശേഷം രാജ്യഭാരം ഉപേക്ഷിച്ചു് ഇബാദത്തിന്നായി പുറപ്പെട്ടു. ആകയാൽ നർസർ എന്ന ആളാം രാജ്യഭാരം ഏറ്റെടുത്തു. അക്രമിയായ ആ മനുഷ്യൻ നാട്ടിനെക്കെട്ടിച്ചോറാക്കുകയും ബൈത്തുൽമുഖദ്ദിസിന്നു് കേടുപാടുകളും വരുത്തുകയും ചെയ്തു. ആ കാലഘട്ടത്തിൽ ഇർമിയാനബി, അസീസ്നബി, ദാനിയേൽനബി, യൂനസ്നബി എന്നിവർ മതപ്രബോധനം നടത്തി. നസറിന്റെശേഷം ബനീഇസ്രാഈലിൽപ്പെട്ട ബഹ്മൻ എന്ന രാജാവു് രാജ്യം ഭരിക്കുകയും ബൈത്തുൽമുഖദ്ദിസിന്റെ കേടുപാടുകളും തീർക്കുകയും ജനങ്ങളിൽ രക്ഷാബോധവും സമാധാനവും വളർത്തുകയും അവരെ നേർമാർഗ്ഗത്തിൽ നടത്തുകയും ചെയ്തു.

ബഹ്മൻ എന്ന രാജാവിൻെറശേഷം അദ്ദേഹത്തിൻെറ പുത്രനായ ഇസ്ഫിന്ത്യ രാജ്യഭാരം ഏറെറടുത്തു. അദ്ദേഹത്തിൻെറ കാലത്താണ് സഫ്രാത്തുൽ ആബിദിൻെറ ശിഷ്യനായ അഫ്ലാത്തൂൽഹകീം ജീവിച്ചിരുന്നത്.

അദ്ദേഹത്തെത്തുടന്ന് ദാറാ എന്ന രാജാവ് രാജ്യം ഭരിച്ചു. അദ്ദേഹത്തിൻെറ കാലത്താണ് മഹാ പണ്ഡിതനായ അരസ്നാതാലിസ് ജീവിച്ചിരുന്നത്.

അദ്ദേഹത്തിനുശേഷം ഇസ്കന്ദർയൂനാനിയുടെ വംശക്കാരായ മർഹൂസാദി മ്യാന്തസ്, അവദായമാത്തസ്, ഫൈലാക്കത്തർ, അഖീറാളസ്, യഹ്സന്ദർ എന്നിവരും മറെറ ചില രാജാക്കന്മാരും രാജ്യം ഭരിച്ചു.

യൂനാനിരാജാക്കന്മാരെ 'ഖൈതലൂസ്' എന്നും, പേർഷ്യൻ രാജാക്കന്മാരെ 'കിസ്റ' എന്നും, റോമാരാജാക്കന്മാരെ 'കൈസർ' എന്നും വിളിച്ചുവരുന്നു.

മർക്കൂസിൻെറ മകനായ ജാന്തൂസിൻെറ വാഴ്ചയ്ക്കുശേഷം അഗസ്റ്റസിൻെറ വാഴ്ചകാലത്താണ് ഈസാനബി (അ) ഭൂലോകജാതനായത്.

ഈസാനബി (അ)

ഈസാനബി (അ) യുടെ മാതാവ് മറിയംബീക്ക് പതിമൂന്നോ പതിനഞ്ചോ വയസ്സ് പ്രായമായകാലത്ത് ഒരത്ഭുതസംഭവമുണ്ടായി. ചാരിത്രശുദ്ധയും അവിവാഹിതയും കന്യകയുമായ മറിയംബീയെ ജിബ്രീൽ (അ) സമീപിക്കുകയും ഒരുൽകൃഷ്ടപുത്രനെ നീ പ്രസവിക്കും എന്ന് പറയുകയും ചെയ്തു. എന്നെ ഒരു പുരുഷനും ഇന്നോളം സ്പർശിച്ചിട്ടില്ല. പിന്നെ ഞാനെങ്ങനെ ഗർഭം ധരിക്കും' എന്ന് മറിയംബീ മറുപടി പറഞ്ഞപ്പോൾ, 'അല്ലാഹുവിനു എളുപ്പമുള്ള കാര്യമാണത്", എന്ന് ജിബ്രീൽ (അ) പറയുകയുണ്ടായി. അത്ഭുതമെന്ന് പറയട്ടെ, അതിനിടയിൽ മറിയംബീ ഗർഭം ധരിച്ചു. പെട്ടെന്ന് ഒരു നൊടിയിടയിൽ ഗർഭം സംഭവിച്ചു എന്നും, മൂന്ന് ദിവസങ്ങൾക്കിടയിലാണ് ഗർഭം സംഭവിച്ചതെന്നും, ആറ് മാസങ്ങൾക്കിടയിലാണ് അത് സംഭവിച്ചതെന്നും പല തരത്തിൽ പറയപ്പെട്ടിട്ടുണ്ട്. മറിയംബീ ഒരു ഓമനപുത്രനെ പ്രസവിച്ചു. പ്രസവസമയത്ത് ഭൂലോകത്ത് പല അത്ഭുതങ്ങളും സംഭവിച്ചു. ആ പുത്രനാണ് ഈസാ (അ)

ചെറുപ്പകാലത്തുതന്നെ അസാധാരണ ബുദ്ധിമാനായിട്ടാണ് അദ്ദേഹം വളർന്നത്. ബാലനായിരിക്കുമ്പോൾതന്നെ അദ്ദേഹം പല അമാനുഷിക സിദ്ധികളും പ്രകടിപ്പിക്കുകയുണ്ടായി. കുഷ്ഠരോഗികളെ സുഖപ്പെടുത്തി; കുരുടന്മാർക്ക് കാഴ്ചനല്കി; വെള്ളത്തിനുമീതെ നടന്നു; ആവുക എന്നു പറഞ്ഞുകൊണ്ട് മണ്ണിനെ സ്വർണ്ണമാക്കി; മരിച്ചവരെ ജീവിപ്പിച്ചു; ആകാശത്തിൽ നിന്നും അദ്ദേഹത്തിനും അനുയായികൾക്കുമായി ഭക്ഷ്യസാധനങ്ങളും ഇറങ്ങിവന്നു.

മുപ്പതാമത്തെ വയസ്സിൽ അദ്ദേഹത്തിനു നബിത്വം സിദ്ധിച്ചു. മൂന്നുകൊല്ലം അദ്ദേഹം മതപ്രബോധനം നടത്തി. ഇഞ്ചീൽ എന്ന വേദം അല്ലാഹു അദ്ദേഹത്തിനു നല്കി. കുറെപ്പേർ അദ്ദേഹത്തെ വിശ്വസിച്ചു. മറെറുള്ളവർ അദ്ദേഹത്തെ ഉപദ്രവിച്ചു. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അല്ലാഹുവിൻെറ വേണ്ടുകയാൽ ഈസാനബി (അ) ആകാശത്തിലേയ്ക്കുയർത്തപ്പെട്ടു.

ഈസാനബിക്കുശേഷം

ആദംനബിക്കുശേഷം അയ്യായിരം വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് ഈസാനബി (അ

ഇഹലോകത്തു് ജാതരായതു്. ഈസാനബിക്കു് ശേഷം, മുഹമ്മദു് നബി (സ.) ജനിക്കുന്നതിനിടയിൽ നബിമാർ ജനിച്ചിട്ടില്ലെന്നാണു്, ആധികാരിക വക്താക്കളുടെ അഭിപ്രായം. എന്നാൽ ആദംനബിക്കും ഈസാനബിക്കും ഇടയിൽ അയ്യായിരം വർഷങ്ങൾക്കകം ഉണ്ടായിട്ടുള്ള നബിമാരുടെ എണ്ണം ഒരു ലക്ഷത്തിൽ അധികമാണു്. അവരുടെ ചരിത്രങ്ങൾ വിവരിപ്പാൻ ഈ സ്ഥലസൗകര്യം മതിയാകയില്ല. അവരിൽ ഇരുപത്തഞ്ചു് നബിമാരുടെ പേരുകൾ അറിഞ്ഞിരിക്കേണ്ടതു് മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം കടമയാകുന്നു. ആകയാൽ, അവരുടെ ലഘുവിവരണം നല്കുന്നുണ്ടു് വന്നിരിക്കുന്നു. കൂട്ടത്തിൽ ആ ഇരുപത്തഞ്ചു് നബിമാരിലും പെടാത്ത ചില നബിമാരെക്കുറിച്ചും സാന്ദർഭികമായി പ്രസ്താവിച്ചിട്ടുണ്ടു്

ആ ഇരുപത്തിഅഞ്ചു് നബിമാർ

ആദം (അ), ഇദ്‌രീസു് (അ), നൂഹു് (അ), ഇബ്രാഹീം (അ), ഇസ്‌ഹാഖു് (അ), യഅ്ക്കൂബു് (അ), ദാവൂദ (അ), സുലൈമാൻ (അ), അയ്യൂബു് (അ), യൂസുഫു് (അ), മൂസ (അ), ഹാറൂൻ (അ), സകരിയ്യ (അ), യഹ്‌യാ (അ), ഈസ (അ), ഇല്യാസു് (അ), ഇസ്മാഈൽ (അ), അൽയസഅു് (അ), യൂനുസു് (അ), ലൂത്തു് (അ), ഹൂദു് (അ), ശുഐബു് (അ), സാലിഹു് (അ), ദുൽഖിഫ്‌ലി (അ), മുഹമ്മദു് (സ. അ)

മുഹമ്മദു്നബി (സ) തിരുമേനിയുടെ ബാപ്പമാർ

1. അബ്‌നാൻ:— നബി (സ. അ) തിരുമേനിയുടെ ഇരുപത്തൊന്നാമത്തെ പിതാവും ഇസ്മാഈൽനബിയുടെ സന്താനങ്ങളിൽപെട്ട ആളുമാണു് ഇദ്ദേഹം. മൂസാനബിയുടെ കാലത്താണു് ഇദ്ദേഹം ജീവിച്ചതെന്നു് പറയപ്പെട്ടിട്ടുണ്ടു്. നബി (സ) തിരുമേനിയുടെ ഒളിവു് അനുഷ്ഠാനങ്ങൾ വേണ്ടുകവെച്ച വ്യക്തികളിൽ അനുക്രമം ഇറങ്ങിക്കൊണ്ടിരുന്നു. അഞ്ഞൂറ്റാണ്ടിൽപ്പെട്ട ഒരാളാണു് അബ്‌നാൻ. ഇബ്രാഹിംനബിയിൽനിന്നു് ഇസ്മാഈൽനബിയിലേക്കും ഇസ്മാഈൽനബിയിൽനിന്നു് അബ്‌നാനിലേക്കും നബിതിരുമേനിയുടെ ഒളിവു് പകരുകയുണ്ടായി.

2. മുഅദ്ദു്:— അബ്‌നാൻ എന്നവർ ഉമൈനത്തു് എന്ന സ്ത്രീയെ വിവാഹം കഴിച്ചു. ആ ദമ്പതിമാർക്കുണ്ടായ രണ്ടു പുത്രന്മാരിൽ ഒരാളാണു് മുഅദ്ദു് നബിതിരുമേനിയുടെ ഒളിവു് മുഅദ്ദിലേക്കു് പകർന്നു.

3. നിസാർ:— മുഅദ്ദിൽനിന്നു് അദ്ദേഹത്തിന്റെ മകനായ നിസാറിലേക്കു് തിരുമേനിയുടെ ഒളിവിറങ്ങി.

4. മുളർ:— നിസാർ എന്നവർക്കു് ഉഅൈദ എന്ന ഭാര്യയിൽ ഉണ്ടായ മകനാണു് മുളർ. ബാപ്പയിൽനിന്നു് തിരുമേനിയുടെ ഒളിവു് അദ്ദേഹത്തിലേക്കു് പകർന്നു.

5. ഇല്യാസു്:— മുളർ എന്നവർക്കു് ഖുസൈമത്തു് എന്ന ഭാര്യയിൽ ജനിച്ച മകനാണു് ഇല്യാസു്. അദ്ദേഹത്തിന്റെ സാക്ഷാൽ നാമം ഹൈബു് എന്നാകുന്നു. മുളർ എന്നവർക്കു് പ്രായാധിക്യം സംഭവിച്ച കാലത്തു് ജനിച്ച പുത്രനായതുകൊണ്ടു് ആ അർത്ഥം ഉൾക്കൊണ്ടുന്ന ഇല്യാസു് എന്ന പേരിൽ അദ്ദേഹം പ്രസിദ്ധനായി. അറബികളുടെ നേതാവായിരുന്നു ഇദ്ദേഹം. ജനങ്ങൾ ആചരിച്ചുപോന്ന പല ദുരാചാരങ്ങളും അദ്ദേഹം അവസാനിപ്പിച്ചു. കഅ്ബയുടെ രക്ഷാധികാരം അദ്ദേഹം ഏറ്റെടുക്കുകയും ഹജ്ജു് മുതലായ കർമ്മങ്ങൾ വിധിപ്രകാരം നടത്തിപ്പോരുകയുമുണ്ടായി.

6. മുദ്‌രികത്തു്:— ഇല്യാസു് എന്നവർ മഖ്ദൂഖത്തു് എന്നവരെ വിവാഹം കഴിക്കുക

യും അവക്ക് ഒരു പുത്രൻ ജനിക്കുകയും ചെയ്തു. ആ പുത്രനു് ആമിർ എന്നു് അവർ പേരിട്ടു. ആ കുട്ടി തന്റെ പൂർവ്വപിതാക്കന്മാരുടെ ഗുണങ്ങളോടുകൂടിയ ഉത്തമപുത്രനായതുകൊണ്ടു് ആ അർത്ഥം സൂചിപ്പിക്കുന്ന മുദ്‌രികത്തു് എന്ന പേരിൽ പ്രശസ്തനായി.

7. ഖുസൈമത്തു്:— മുദ്‌രിഅത്തു് എന്നവക്കു് സൽമാബീബിയിൽ ജനിച്ച രണ്ടു പുത്രന്മാരിൽ ഒരാളാണു് ഖുസൈമത്തു്. നബി (സ. അ) തിരുമേനിയുടെ ഒളിവു് അദ്ദേഹത്തിൽ ദീപ്തമായി.

8. കിനാനത്തു്:— ഖുസൈമത്തു് എന്നവക്കു് ബർറത്തു് എന്നവരിൽ ജനിച്ച പുത്രനാണു് കിനാനത്തു്. ഇദ്ദേഹം മഹാപണ്ഡിതനും അറബികളുടെ ഗുരുനാഥനും നേതാവുമായിരുന്നു. നബി (സ) തിരുമേനിയുടെ ആഗമനത്തെ സംബന്ധിച്ചു് ഇദ്ദേഹം മുൻകൂട്ടി അറബികൾക്കു് അറിവു് നല്കിയിരുന്നു.

9. നളർ:— കിനാനത്തു് എന്നവർ റഹ്‌യാനത്തു് എന്നവരെ വിവാഹം കഴിച്ചു. അവരുടെ പുത്രനാണു് നളർ. അദ്ദേഹത്തിന്റെ സാക്ഷാൽനാമം ഖൈസു് എന്നാകുന്നു. മുഖശ്രീയുള്ള മനുഷ്യനായതുകൊണ്ടു ആ അർത്ഥം വരുന്ന നളർ എന്നപേരിൽ അദ്ദേഹം പ്രഖ്യാതനായി.

10. മാലിക്കു്:— ഖൈസു് ഗോത്രത്തിലെ ഹിന്തു എന്ന സ്ത്രീയെ നളർ വിവാഹം കഴിക്കുകയും അവരിൽ മാലിക്കു് എന്ന പുത്രൻ ജനിക്കുകയും ചെയ്തു.

11. ഫിഹ്‌ർ:— മാലിക്കെന്നവർ ജുർഹമി ഗോത്രത്തിൽനിന്നു് മഹാരിസിന്റെ മകളായ ജന്തലത്തു് എന്ന സ്ത്രീയെ വിവാഹം കഴിച്ചു. അതിലുണ്ടായ പുത്രനാണു് ഫിഹ്‌ർ. അറബികൾ ഇദ്ദേഹത്തെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തു. ആവശ്യക്കാരുടെ ആവശ്യങ്ങളെ മനസ്സിലാക്കിക്കൊണ്ടു്, ദാനധർമ്മങ്ങൾ ചെയ്യുന്ന വ്യക്തി എന്നർത്ഥമുള്ള "ഖുറൈശി" എന്ന ഒരു മറുപേരുകൂടി ഇദ്ദേഹത്തിനുണ്ടു്. ഇദ്ദേഹവുമായിയുള്ള ബന്ധത്തിലാണു് നബി (സ) ഖുറൈശി ആയിത്തീർന്നതു്

12. ഗാലിബു്:— ഹുതൈലിഗോത്രത്തിൽനിന്നു് സെയ്ദിന്റെ മകളായ സൽമ എന്ന സ്ത്രീയെ ഫിഹ്‌ർ എന്നവർ വിവാഹംകഴിച്ചു. അവരുടെ പുത്രനാണു് ഗാലിബു്

13. ലുഅയ്യു്:— ഗാലിബു് എന്നവർ കിനാനി ഗോത്രത്തിൽനിന്നു് മുത്‌ലജ്ജിന്റെ മകളായ വഹ്‌ശിയത്തിനെ വിവാഹം കഴിച്ചു. അവരുടെ പുത്രനാണു് ലുഅയ്യു്.

14. കഅ്ബു്:— ഫഹ്‌മിയാ ഗോത്രത്തിലെ മുഹാരിബിന്റെ മകളായ സൽമാ എന്ന സ്ത്രീയെ ലുഅയ്യു് വിവാഹംകഴിച്ചു അവരുടെ പുത്രനാണു് കഅ്ബു്. ഇദ്ദേഹം അറബികളുടെ നേതാവും ഹറമിന്റെ അധിപനുമായിരുന്നു. ഉമർഫാറൂഖിന്റെ പിതൃപരമ്പരയിലെ എട്ടാമത്തെ ശൃംഖലയാണു് ഇദ്ദേഹം. ഒരു ദിവസം കഅ്ബു് എന്നവർ തന്റെ ജനങ്ങളെ ഒരു സ്ഥലത്തു് വിളിച്ചുകൂട്ടുകയും എന്റെ സന്താനപരമ്പരയിൽപെട്ട ഒരാൾ ഈ മക്കത്തു് നബിയായി ഇറങ്ങുമെന്നു് മുന്നറിയിപ്പു നല്കുകയും ചെയ്തു.

15. മുർറത്തു്:— കഅ്ബു് എന്നവർ ബനൂഹാരിയാഗോത്രത്തിൽനിന്നുതന്നെ ഖൈബാന്റെ മകളായ വയിസിയത്തിനെ വിവാഹം കഴിച്ചു. അവരുടെ പുത്രനാണു് മുർറത്തു്. അബൂബക്കർ സിദ്ദീഖ് (റ)വിന്റെ പിതൃശൃംഖലയിലെ ആറാമത്തെ കണ്ണിയാണു് ഇദ്ദേഹം. മാലിക്കുബ്നുഅനസ് (റ) ഇദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ ഉൾപ്പെടുന്നു.

16. കിലാബു്:— മുർറത്തു് എന്നവർ

കിനാനിഗോത്രത്തിൽനിന്നും നൂഹ്മ എന്ന സ്ത്രീയെ വിവാഹം കഴിച്ചു. അവരുടെ പുത്രനാണ് കിലാബു്. ഇദ്ദേഹത്തിന്റെ സാക്ഷാൽ നാമം ഹക്കീം എന്നാകുന്നു. ഇദ്ദേഹം ശൂരനായ ഒരു നായാട്ടുകാരനായതുകൊണ്ട് ആ അർത്ഥംവരുന്ന കിലാബു് എന്ന പേരിൽ പ്രസിദ്ധനായി.

17. ഖസയ്യ്:- കിലാബു് എന്നവർ ഇസ്ലിയാഗോത്രത്തിൽനിന്നു് സഅ്ദിന്റെ മകളായ ഫാതിമയെ വിവാഹം കഴിച്ചു. അവരുടെ പുത്രനാണ് ഖുസയ്യ്: ഇദ്ദേഹത്തിന്റെ കാലത്തു് ജുർഹുമിഗോത്രക്കാരനായ ഉമറുബിനിൽല അയ്യും കൂട്ടുകാരും നടത്തിപ്പോന്ന അക്രമപ്രവർത്തനങ്ങളെ ഇദ്ദേഹം ഇല്ലാതാക്കി. ഉമറിനോടും കൂട്ടുകാരോടും എതിരിട്ടു ജയിച്ച ഖുസയ്യ് ഹറമിനെ ശുദ്ധീകരിക്കുകയും കഅ്ബയുടെ പരിശുദ്ധിയെ സംരക്ഷിക്കുകയും ചെയ്തു. കഅ്ബയുടെ ഹിജാബത്തെന്ന താക്കോൽ സൂക്ഷിപ്പു്, സിഹായത്തെന്ന ജലവിതരണം, നിഫാക്കത്തെന്ന സദ്യ, ഖിയാക്കത്തെന്ന യുദ്ധ സജ്ജീകരണം, ദാറുന്നദ് എന്ന യോഗസ്ഥലം, ലിവാഉൽഹർബ് എന്ന യുദ്ധക്കൊടി, എന്നിവയെല്ലാം ഇദ്ദേഹമാണു് സ്ഥാപിച്ചതു്. അറബികളെ സംബന്ധിച്ചിടത്തോളം രാജതുല്യനായിരുന്നു ഇദ്ദേഹം. പല ഭാഗത്തായി ചിന്നിച്ചിതറിത്താമസിച്ച ഖുറൈശികളെ സംഘടിപ്പിച്ചു് കഅ്ബത്തിന്റെ നാലു് ഭാഗത്തായി താമസിപ്പിച്ചതു് ഇദ്ദേഹമാകുന്നു. കഅ്ബയുടെ നാലുഭാഗത്തും ഖുറൈശികൾക്കായി അദ്ദേഹം വീടുപണിയിക്കുകയും കഅ്ബാഭിമുഖമായി ആ വീടുകൾക്കു് വാതിലുകൾ ഘടിപ്പിക്കുകയും, ഓരോ കൂട്ടർക്കു് ഓരോ വാതിൽ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ആ വീടുകൾ ആ നിലയിൽതന്നെ നബിതിരുമേനിയുടെ ജീവിതകാലത്തും, ഒന്നാം ഖലീഫയായ അബൂബകർ സിദ്ദീഖ് (റ) വിന്റെ ഭരണകാലത്തും നിലനിന്നു. രണ്ടാം ഖലീഫയായ ഉമർഫാറൂഖിന്റെ ഭരണകാലത്തു് ഈ വീടുകൾ അദ്ദേഹം വിലക്കു് വാങ്ങുകയും, അവ പൊളിച്ചു് കഅ്ബത്തിന്റെ നാലുഭാഗത്തും നാലു്കെട്ടു് പള്ളി പണിയിക്കുകയും ചെയ്തു. മൂന്നാം ഖലീഫയായ ഉസ്മാനുബ്നുഅഫാന്റെ കാലത്തു് വേറെ ചില വീടുകൾകൂടി അദ്ദേഹം വിലക്കുവാങ്ങുകയും പള്ളിയുടെ വിസ്താരം കൂട്ടുകയും ചെയ്തു. ഇബ്നുസുബൈർ (റ) ഈ പള്ളി വീണ്ടും വിശാലമാക്കി. അബ്ദുൽമലിക്കിബ്നുമർവാൻ (റ) പള്ളിയുടെ മതിലുകൾ ഉയർത്തുകയും തേക്കുമരംകൊണ്ടു് മച്ചിടുകയും ചെയ്തു. അബ്ദുൽമലിക്കി (റ)ന്റെ മകനായ വലീദു് (റ) പള്ളിക്കു് മാർബിൾതൂണുകൾ നാട്ടുകയും തേപ്പു്പണി നടത്തുകയും ചെയ്തു. റാഷീദു് (റ)ടെ ബാപ്പയായ മഹദി (റ) പള്ളിയുടെ തേപ്പു് പൂർത്തിയാക്കി.

18. അബ്ദുമനാഫ്:- ഖുസയ്യ് എന്നവർ ഹലീലിന്റെ മകളായ ഹുയയ്യിനെ വിവാഹം കഴിച്ചു. അവരുടെ മൂന്നു് മക്കളിൽ ഒരാളാണു് അബ്ദുമനാഫ്, മുഹൈറത്തു് എന്നാണു് ഇദ്ദേഹത്തിന്റെ സാക്ഷാൽ നാമം. ഉസ്മാനുബ്നു അഫാ (റ) ന്റെ പിതൃശ്രീ ഖലയിലെ അഞ്ചാമത്തെയും ഇമാംശാഫിഈ (റ) വിന്റെ പിതൃശ്രീ ഖലയിലെ പത്താമത്തെയും കണ്ണിയാണു് ഇദ്ദേഹം. അതിസുന്ദരനായിരുന്നതുകൊണ്ടു് ഖമറുൽബത്തഹ എന്നും ഇദ്ദേഹം വിളിക്കപ്പെടാറുണ്ടായിരുന്നു.

19. ഹാശിം:- അബ്ദുമനാഫ് എന്നവർ സുലൈമിഗോത്രത്തിൽനിന്നു് മുർറത്തിന്റെ മകളായ ആത്തിക്കയെ വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ അദ്ദേഹത്തിനു് ഹാശിം എന്നവർ അടക്കം നാലു പുത്രന്മാർ ഉണ്ടായി. രണ്ടാമതും അദ്ദേഹം ഒരു വിവാഹം

കൂടി കഴിച്ചു. അതിൽ ഏഴു പെൺമക്കളും ഉണ്ടായിരുന്നു. ഹാശിം എന്നവരുടെ സാക്ഷാൽ നാമം അംറു എന്നാകുന്നു. ബഹുമാനസൂചകമായി അംറുൽഅഅ്‌ലാ എന്നു ഇദ്ദേഹം വിളിക്കപ്പെട്ടിരുന്നു. ഇദ്ദേഹം മഹാ ധനികനും ധർമ്മിഷ്ഠനും ദയാലുവുമായിരുന്നതു കൊണ്ടു ഹാശിം എന്ന പേരിൽ പ്രഖ്യാതനായി. അദ്ദേഹം പ്രസിദ്ധനായ അതിഥിപ്രിയനായിരുന്നു. ഇബ്രാഹിംനബിക്കുശേഷം ചരിത്രം കണ്ട സല്ക്കാരപ്രിയൻ ഈ ഹാശിമത്രെ. അബ്ദുൽമനാഫിന്റെശേഷം കഅ്ബയെ സംബന്ധിച്ച സ്ഥാനങ്ങളും ഇദ്ദേഹം ഏറെനടത്തി. ഇദ്ദേഹത്തിന്റെ കാലത്തു ഒരിക്കൽ മക്കാനഗരം കടുത്ത ക്ഷാമത്തിന്നിരയായി. അന്നു ഇദ്ദേഹം ശാമിൽപോയി ഭക്ഷണസാധനങ്ങളും കൊണ്ടുവന്നു തന്റെ നാട്ടുകാരെ ക്ഷാമത്തിൽനിന്നു രക്ഷപ്പെടുത്തി.

സിഖായത്തു എന്ന ജലദാനവും റിഫാദത്തു എന്ന സൽക്കാരവും ലോകചരിത്രത്തിലെ ശ്രദ്ധേയമായ രണ്ടു വസ്തുതകളാകുന്നു. തോലുകൊണ്ടു വലിയ തൊട്ടിപോലെ കെട്ടിയുണ്ടാക്കി ഹജ്ജിന്നു വരുന്നവരുടെ ആവശ്യാർത്ഥം അതിൽ വെള്ളം നിറച്ചുവെച്ച സമ്പ്രദായത്തിനാണു സിഖായത്തു എന്ന പേർ. അപ്രകാരംതന്നെ, ഖുറൈശികൾ പരസ്പരം സംഭാവന പിരിച്ചു ആ സംഖ്യകൊണ്ടു ഹജ്ജിന്നു വന്നവർക്കു സൗജന്യഭക്ഷണം നല്കിപ്പോന്ന പതിവിന്നാണു റിഫാദത്തു എന്ന പേർ. ഈ റിഫാദത്തു അധികം പണച്ചെലവുള്ള ഒരു ഏർപ്പാടായിരുന്നു. ഹാശിം എന്നവരുടെശേഷം അബ്ദുൽമുത്തലിബും അബൂതാലിബും ഈ സ്ഥാനം ഏറെറടുത്തു നടത്തി. അബൂതാലിബ് തന്റെ സഹോദരനായ അബ്ബാസിന്നു ഈ സ്ഥാനം ഒഴിഞ്ഞുകൊടുക്കേണ്ടതായി വന്നു. ഒരു കൊല്ലം സിഖായത്തു സംബന്ധിച്ച ചെലവിന്നു അബൂതാലിബിന്റെ കയ്യിൽ പണമില്ലാതായി. തന്നിമിത്തം, അദ്ദേഹം സഹോദരനായ അബ്ബാസോടു പതിനായിരം വെള്ളിക്കാശു കടം വാങ്ങി. അടുത്ത കൊല്ലവും അബൂതാലിബിന്റെ കയ്യിൽ പണം ഉണ്ടായില്ല. അദ്ദേഹം അബ്ബാസോടു പതിനാലായിരം വെള്ളിക്കാശു കടം ചോദിച്ചു. രണ്ടുതുകയും അടുത്തവർഷം തിരിച്ചുതന്നില്ലെങ്കിൽ സിഖായത്തിന്റെ അധികാരം തനിക്കു വിട്ടുതരേണമെന്ന നിബന്ധനയിന്മേൽ അബ്ബാസു രണ്ടാമതും പണം നല്കി. അടുത്തകൊല്ലവും പണം തിരിച്ചുകൊടുക്കുവാൻ അബൂതാലിബിന്നു കഴിഞ്ഞില്ല തന്നിമിത്തം ആ സ്ഥാനം അബ്ബാസിന്നു അദ്ദേഹം ഒഴിഞ്ഞുകൊടുക്കേണ്ടതായി വന്നു.

റജബിന്റെ പത്താംവർഷം, ഹജ്ജത്തുൽവിദാഅ് എന്ന അവസാനത്തെ റജബ്കർമ്മം നിർവ്വഹിച്ച സന്ദർഭത്തിൽ നബി (സ) തിരുമേനിയാണു റിഫാദത്തു നടത്തിയതു്. അതിന്നുശേഷം നാലു ഖലീഫമാർ അവരുടെ കാലങ്ങളിൽ ഇതു നടത്തുകയുണ്ടായി.

20. അബ്ദുൽ മുത്തലിബു:- ഹാശിം എന്നവരുടെ പ്രശസ്തി നാട്ടിലങ്ങോളമിങ്ങോളം ഒളം തള്ളി. മറുനാടുകളിലെ രാജാക്കന്മാരിൽനിന്നു അദ്ദേഹത്തിന്നു വിവാഹാന്വേഷണങ്ങളും വന്നുതുടങ്ങി. പക്ഷെ, അതൊന്നും സ്വീകരിക്കാതെ താൻ കണ്ട ഒരു സ്വപ്നത്തിന്നു പ്രാധാന്യം നല്കിക്കൊണ്ടു, നജ്ജാരിഗോത്രക്കാരനായ അമ്രിന്റെ മകളും 'സൽമാ'യെ അദ്ദേഹം വിവാഹം കഴിച്ചു. അവരുടെ പുത്രനാണു അബ്ദുൽമുത്തലിബു. ഇദ്ദേഹത്തിന്റെ സാക്ഷാൽ നാമം ശൈബത്തുൽ റംദു എന്നാകുന്നു. ഹാശിം എന്നവരുടെ മരണ

സമയത്തു് ഈ പുത്രന്റെ രക്ഷാകർതൃത്വം, തന്റെ സഹോദരനായ മുത്തലിബിനെ ഭാരമേല്പിച്ചു. മുത്തലിബിന്റെ സംരക്ഷണത്തിലായിക്കഴിഞ്ഞപ്പോൾ ഇദ്ദേഹത്തിനു് അബ്ദുൽ മുത്തലിബു് എന്ന പേർ സിദ്ധിച്ചു. ഇദ്ദേഹം മഹാബുദ്ധിമാനും ജ്ഞാനിയും കാരുണ്യശീലനുമായിരുന്നു. സൗന്ദര്യവും സൗഭാഗ്യവും അനുഗ്രഹിച്ച ഇദ്ദേഹം, കഅ്ബയുടെ സൂക്ഷ്മാധികാരിയായി പ്രവർത്തിച്ചു. നൂറിനാല്പതു വയസ്സുവരെ ജീവിച്ച അബ്ദുൽമുത്തലിബു് അറബികളിൽ പല പരിഷ്കാരങ്ങളും ഉണ്ടാക്കിത്തീർത്തിരുന്നു.

കുറേ മുമ്പു്, ജുർഹുമിഗോത്രക്കാർ ഹറമിൽകടന്നു് പല അക്രമങ്ങളും പ്രവർത്തിച്ചു. അനന്തരം, തങ്ങളിൽ അല്ലാഹുവിന്റെ ശാപം ഇറങ്ങും എന്ന ഭയത്താൽ തങ്ങളുടെ ആയുധങ്ങളും സ്വത്തുക്കളുമെല്ലാം സംസം കിണറ്റിൽ എറിഞ്ഞുകൊണ്ടു് അവർ ഹറമിൽനിന്നു് ഓടി രക്ഷപ്പെട്ടു. ആ നിക്ഷേപങ്ങളാൽ സംസം കിണർ മൂടിപ്പോയി അബ്ദുൽമുത്തലിബിന്റെ കാലമാകുമ്പോഴേയ്ക്കും ആ കിണർ സ്ഥിതിചെയ്ത സ്ഥലം മനസ്സിലാക്കാൻ കഴിയാത്തവിധം അതിന്റെ അടയാളംപോലും നശിച്ചുപോയി. ആ കിണർ വീണ്ടും സ്ഥാപിക്കുവാൻ അബ്ദുൽമുത്തലിബു് പരിപാടിയിട്ടു. ഒരു കക്ഷി ആ പരിപാടിയെ എതിർത്തു. എതിർപ്പിനെ അദ്ദേഹം പരാജയപ്പെടുത്തി. സ്വപ്നത്തിൽ ലഭിച്ച നിർദ്ദേശമനുസരിച്ചു്, മൂടിപ്പോയ സംസമിന്റെ സ്ഥാനം അദ്ദേഹം കണ്ടുപിടിക്കുകയും കിണർ തുറന്നു് സ്ഥാപിക്കുകയും ചെയ്തു. കിണർ തുറക്കുമ്പോൾ ജുർഹുമിഗോത്രക്കാർ ഇട്ടേച്ചുപോയ ദ്രവ്യങ്ങളും ആയുധങ്ങളും എല്ലാം അദ്ദേഹത്തിനു ലഭിച്ചു.

സംസമിന്റെ പണിപൂർത്തിയായശേഷം അബ്ദുൽമുത്തലിബു് ഒരു പ്രതിജ്ഞ ചെയ്തു തനിക്കു് പത്തു സന്താനങ്ങളുണ്ടായാൽ ഒന്നിനെ കഅ്ബക്കു് ബലി നല്കുമെന്നതായിരുന്നു ആ പ്രതിജ്ഞ. അദ്ദേഹം മഖ്സൂമിഗോത്രക്കാരനായ അമ്രിന്റെ മകൾ ഫാത്തിമയെ വിവാഹം കഴിച്ചു. ആ വിവാഹത്തിൽ നബി (സ) യുടെ പിതാവായ അബ്ദുള്ളാ എന്നവർ ജനിച്ചു. അബ്ദുൽമുത്തലിബു് വേറെ നാലു് വിവാഹംകൂടി കഴിക്കുകയും അതുകൊണ്ടു് പത്തുണ്ടു് പുത്രന്മാരും ആറു് പുത്രിമാരും ജനിക്കുകയും ചെയ്തു. സംസമിന്റെ പണി വിഷമം കൂടാതെ പൂർത്തിയായാൽ ഒരു പുത്രനെ കഅ്ബക്കു് ബലി നല്കുമെന്നു് അബ്ദുൽമുത്തലിബു് പ്രതിജ്ഞ ചെയ്ത കാലത്തു് അദ്ദേഹത്തിനു് ഹാരിസ് എന്ന പുത്രൻ മാത്രമെ ഉണ്ടായിരുന്നുള്ളു. അതിനുശേഷം പുത്രന്മാരുടെ എണ്ണം പത്തുണ്ടായിക്കഴിഞ്ഞിട്ടും ഒരു പുത്രനെ കഅ്ബക്കു് ബലി നല്കാൻ അബ്ദുൽമുത്തലിബു് ഒരുങ്ങുകയുണ്ടായില്ല. ഇതിനെ ചോദ്യംചെയ്തുകൊണ്ടു് അദ്ദേഹത്തിനു് ഒരു സ്വപ്നമുണ്ടായി. അങ്ങിനെ ഒരു പുത്രനെ കഅ്ബക്കു് ബലി നല്കുവാൻ അദ്ദേഹം ഒരുങ്ങുകയും ബലിക്കു് ഉപയോഗപ്പെടുത്തേണ്ടുന്ന പുത്രനെ നറുക്കിട്ടു് കണ്ടുപിടിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. നറുക്കിട്ടപ്പോൾ തന്റെ ഏറ്റവും ഇളയ മകനായ അബ്ദുള്ളായുടെ പേരാണു് കിട്ടിയതു്. നബി (സ) യുടെ പിതാവായിത്തീരുവാൻ അല്ലാഹു നിശ്ചയിച്ചുറച്ച ആ ബാലൻ സുന്ദര ലക്ഷണയുക്തനായ ഒരു ഓമനബാലനായിരുന്നു. അബ്ദുൽമുത്തലിബു് പുത്രനെ അറുക്കുവാൻ ഒരുങ്ങി. പക്ഷെ, മക്കക്കാർ സമ്മതിച്ചില്ല. നരബലിക്കു് പകരം മൃഗബലി ചെയ്താൽ മതിയാകുമെന്നു് അവർ ശഠിച്ചു. ഒരാൾക്കു് പകരം പത്തു് ഒട്ടകങ്ങളെയാണു് നല്കേണ്ടിയിരുന്നതു്. അബ്ദുൽമുത്തലിബു് ഒരു ഉപക്ഷേപത്തോടുകൂടി നാട്ടുകാരുടെ ശാസനയെ സ്വീകരിച്ചു. കുട്ടിയുടെയും ഒട്ടകത്തി

ന്റെ പേർ എഴുതി നറുക്കിടുകയും ഒട്ടകത്തിന്റെ നറുക്ക് വരുവോളം നറുക്കിടുകയും എത്ര തവണ നറുക്കിടുന്നുവൊ അത്ര എണ്ണം ഒട്ടകങ്ങളെ ബലിനൽകുകയും വേണമെന്നതായിരുന്ന അബ്ദുൽമുത്തലിബിന്റെ ഉപക്ഷേപം. അങ്ങനെ നൂറ് ഒട്ടകങ്ങളെ അറുത്ത്കൊണ്ട്, പുത്രന്റെ ജീവനെ അദ്ദേഹം രക്ഷപ്പെടുത്തി.

പുരാതനബിംബം

ആദംനബി (അ) ക്ക് സദ്ഗുണസമ്പന്നരായ അഞ്ചു പുത്രന്മാർ ഉണ്ടായി. ഉദ്ദ്, സുവാഗ്, യഉസ്, യഊഖ്, നസ്ർ ഇതായിരുന്ന അവരുടെ പേർ. അവർ അഞ്ചുപേരും മരിച്ചപ്പോൾ, അവരുടെ മക്കൾ വ്യസനിച്ച നിലവിളിച്ചു. അപ്പോൾ അവരുടെ വ്യസനത്തെ ശമിപ്പിക്കുവാനായി ഇബ്‌ലീസ് ലോഹംകൊണ്ട് അവരുടെ അഞ്ചു പ്രതിമകളുണ്ടാക്കി മക്കൾക്ക് കാഴ്ചവെച്ചു. ആ മക്കളുടെ ശേഷം അവരുടെ മക്കളെക്കൊണ്ട് ഇബ്‌ലീസ് ആ ബിംബങ്ങൾക്ക് ആരാധന ചെയ്യിച്ചു. അങ്ങിനെ ബിംബാരാധന രൂപമെടുത്തു.

നൂഹ്നബിയുടെ കാലത്തു് സംഭവിച്ച പ്രളയത്തിൽ ബിംബങ്ങൾ നശിച്ചുപോയെങ്കിലും, നമ്രൂദ് മുതലായ ആളുകൾ വീണ്ടും അതിനെ പുനഃസ്ഥാപിച്ചു. ജുർഹമിഗോത്രക്കാർ മക്കയിൽ അക്രമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്ന കാലത്തു്, അസാഫ് എന്ന ഒരു യുവാവു് നായിലത്തു് എന്ന ഒരു യുവതിയെ കഅ്ബത്തിന്നകത്തേക്കു് പിടിച്ചുവലിക്കുകയും, അവിടെവെച്ച വ്യഭിചരിക്കുകയും ചെയ്തു. തൽക്ഷണം അവർ രണ്ടുപേരും കല്ലായി മാറിപ്പോയി. ജനങ്ങൾ ആ ബിംബങ്ങളെ എടുത്തു് സഫാ, മർവാ എന്നീ മലകളിന്മേൽ സ്ഥാപിക്കുകയും കഅ്ബയുടെ ദിവ്യത്വത്തെ പ്രകീർത്തിക്കുകയുമുണ്ടായി. അംറുബിന ലുയ്യി എന്ന തെമ്മാടി ആ ബിംബങ്ങളെ അവിടെ നിന്നെടുത്തു് സംസമിന്റെ സമീപത്തു് കൊണ്ടുപോയി സ്ഥാപിച്ചു മാത്രമല്ല, ആ ബിംബങ്ങളിന്മേൽ ചില കർമ്മങ്ങൾ ചെയ്യിക്കുകയും ചെയ്തു ശാമിൽ ബിംബാരാധന നടമാടിയ കാലമായിരുന്ന അതു് . അതുകൊണ്ട് അംറ് ശാമിൽപോയി ബിംബാരാധനയുടെ സമ്പ്രദായങ്ങളെല്ലാം പഠിക്കുകയും ഹുബ്ൽ എന്ന ഒരു ബിംബത്തെ അവിടെനിന്നു് ഇരന്നുവാങ്ങികൊണ്ടുവന്ന കഅ്ബത്തിൽ സ്ഥാപിക്കുകയും ക്രമേണ കഅ്ബാ ബിംബങ്ങളെക്കൊണ്ട് നിറയുകയും ചെയ്തു ബഹുദൈവാരാധനക്കു് അങ്ങിനെ അറേബ്യായിൽ ഒന്നാംസ്ഥാനം ലഭിച്ചു.

നാഥനില്ലാത്ത നാടു്

ആർക്കും ആരെയും ബഹുമാനമില്ലെന്നുള്ള ഒരു നിലപാടിലേക്കു് ലോകം നീങ്ങി. ആരും ആരെയും അനുസരിച്ചില്ല. നേർവഴി ശൂന്യമായി. അക്രമണവും അരാജകത്വവും നടമാടി. അധാർമ്മികരായ രാജാക്കന്മാരുടെ വാഴ്ച നേർമാർഗ്ഗം കൊട്ടിയടച്ചു. അഹങ്കാരവും ധിക്കാരവും ലോകത്തിന്റെ നീതിയായി മാറി. അജ്ഞാനത്തിന്റെ ക്രൂരിരുട്ടു് ജനഹൃദയങ്ങളെ ത്രസിച്ചു എങ്ങും എവിടെയും അധാർമ്മികതതന്നെ. സിരകളിൽ മദ്യത്തിന്റെ ലഹരിയും ഹൃദയത്തിൽ മൃഗീയവികാരത്തിന്റെ വിഷജ്വാലയും, കണ്ണിൽ നിർദാക്ഷിണ്യത്വവും കയ്യിൽ മാരകായുധവുമായി ജനങ്ങൾ തിമർത്തു.

അങ്ങിനെ, എല്ലാനിലയിലും അധഃപതിച്ചുകഴിഞ്ഞ ഒരു ലോകത്തെ നേർവഴിയിലേക്കു് നയിപ്പാനായി മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ഭൂജാതനായി.

നബി (സ)യുടെ പിതൃശൃംഖല

മുഹമ്മദിബിനിഅബ്ദുള്ളായിബുനു അ

ബ്ദുൽമുത്തലിബ് ന്നഹാശിമിബ്ന, അബ്ദുമനാഫിബ്നി ഖുസയ്യിബ്നി, കിലാഫിബ്നി, മുറാത്തിബ്നി, കഅ്ബിബ്നി, നിലുഅയ്യിബ്നി, ഗാലിബിബ്നി ഫിഹിർഇബ്നീ മാലിക്കിബ്നി നള്റിബ്നി കിനാനത്ത്ബ്നി ഖുസൈമത്തിബ്നി മുദ്രിക്കത്തിബ്നി ഇല്യാസിബ്നി മുളർഇബ്നി നിസാറിബ്നി മുഅദ്ദിബ്നി അദ്നാൻ. ഈ ഇരുപത്തൊന്ന് പേരടങ്ങുന്ന ക്രമഗതമായ പിതൃശൃംഖലയെസ്സംബന്ധിച്ചിടത്തോളം പണ്ഡിതന്മാർ ഏകാഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു നബി (സ) തിരുമേനിയുടെ ഇരുപത്തൊന്ന് ബാപ്പമാരുടെ പേരുകൾ ക്രമം തെറ്റാതെ അറിയേണ്ടതു് നമ്മുടെ കടമയാകുന്നു. അദ്നാൻ എന്നവർതുടങ്ങി ആദംനബിവരെയുള്ള എന്റെ ബാപ്പമാരുടെ പേരുകൾ തെറ്റുകൂടാതെ ക്രമമായിപ്പറയുവാൻ ആർക്കും കഴിയുകയില്ലെന്നു് നബി (സ) അരുളിയതായി ഇബ്നു മസ്ഉദ് (റ) പ്രസ്താവിച്ചിരിക്കുന്നു.

നബി (സ) യുടെ തിരുനാമങ്ങൾ

മുഹമ്മദ്, അഹ്മദ്, താഹ, യാസീൻ, മുസമ്മിൽ, മുദസ്സിർ, അബ്ദുള്ള എന്നീ ഏഴു പേരുകളാൽ ഖുർആനിൽ നബി (സ) സംബോധന ചെയ്യപ്പെട്ടിരിക്കുന്നു. നബി (സ) തിരുമേനിയുടെ ശ്രേഷ്ഠഗുണങ്ങളോടു് ബന്ധപ്പെട്ട തൊണ്ണൂറെണ്പതു് പേരുകൾ ഖുർആനിൽവേറെയുമുണ്ടു് എന്നു് ചിലർ അഭിപ്രായപ്പെടുന്നു. തിരുമേനിക്കു് ആയിരത്തോളം തിരുനാമങ്ങൾ ഉണ്ടെന്നാണു് ഖുർആനിന്റെ വ്യാഖ്യാതാക്കളിൽ ചിലർ പ്രസ്താവിച്ചിട്ടുള്ളതു്. ഹാശിം ഖുറൈശി എന്നീ ഗോത്രപ്പേരുകൾ ചേർത്തു് നബി (സ) സംബോധനം ചെയ്യപ്പെടാറുണ്ടു് ആദംനബിയുടെ പുത്രന്മാരിൽപ്പെട്ട ഇസ്മാഈൽനബിയുടെ സന്തതികളായ അറബികളെ അല്ലാഹു തആല ഉന്നതരാക്കി. അറബികളിൽ മുളർഗോത്രക്കാരെയും അവരിൽനിന്നു് കിനാനിഗോത്രക്കാരെയും അവരിൽനിന്നു് ഖുറൈശികളെയും അവരിൽനിന്നു് ഹാശിംകളെയും, ഹാശിംകളിൽനിന്നു് എന്നെയും അല്ലാഹു ഉന്നതരാക്കി' എന്നു് നബി (സ) അരുളിയതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു് അബുൽഖാസീം, അബു ഇബ്രാഹിം എന്നീ രണ്ടു് വിളിപേരുകളും (കുൻയതു്) നബി (സ) തിരുമേനിക്കുണ്ടു്. നബി (സ) തിരുമേനിക്കു് ഇബ്രാഹിം എന്ന പുത്രൻ ജനിച്ചപ്പോൾ 'അസ്സലാമുഅലൈകയാഅബാഇബ്രാഹിം' എന്നു് ജിബ്രീൽ (അ) നബി (സ) തിരുമേനിക്കു് സലാം ചൊല്ലുകയുണ്ടായി.

നബി (സ) യുടെ മാതൃശൃംഖല

നബി (സ) തിരുമേനിയുടെ മാതാവു് ആമിനാബീ; അവരുടെ മാതാവു് തിരുമേനിയുടെ പിതൃശൃംഖലയിൽപ്പെട്ട ഖുസയ്യി എന്നവരുടെ മകനായ അബ്ദുദ്ദാറിന്റെ മകനായ അബ്ദുൽഉസ്സായുടെ മകളായ ബർറത്തു്, അവരുടെ ഉമ്മ ഖുസയ്യു് എന്നവരുടെ മകനായ അബ്ദുൽഉസ്സായുടെ മകനായ അസദിന്റെ മകളായ ഉമ്മുഉബൈബു് അവരുടെ ഉമ്മ നബി (സ) തിരുമേനിയുടെ പിതൃശൃംഖലയിലെ എട്ടാമത്തെ കണ്ണിയായ കഅ്ബിന്റെ മക്കളിൽപെട്ട ഔഫിന്റെ മകളായ ബർറത്തു്. (ഇവർ നാലുപേരും ഖുറൈശികളത്രെ). ഇവരുടെ ഉമ്മ ഹാരിസിന്റെ മകളായ ഖിലാഫത്തു് എന്നവർ ഉദ്ദലിഗോത്രക്കാരിയും, അവരുടെ മാതാവു് യർബുവിന്റെ മകളായ ഹിന്ദു് എന്നവർ സയീഫിഗോത്രക്കാരിയുമാകുന്നു.

നബി(സ)യുടെ മാതാവിന്റെ പിതൃശൃംഖല

നബി (സ) തിരുമേനിയുടെ മാതാവായ ആമിനാബീയുടെ ബാപ്പ വഹബ്, അദ്ദേഹത്തിന്റെ ബാപ്പ അബ്ദുമനാഫ് (ഇതു് തിരുമേനിയുടെ പിതൃശൃംഖലയിൽപ്പെട്ട അബ്ദുമനാ

ല്ല); അദ്ദേഹത്തിന്റെ ബാപ്പ സഫർ; അദ്ദേഹത്തിന്റെ ബാപ്പ തിരുമേനിയുടെ പിതൃശൃംഖലയിലെ ആറാമത്തെ കണ്ണിയായ കിലാബ്.

നബി (സ)യുടെ ബാപ്പമാരുടെ ഉമ്മമാർ.

തിരുമേനിയുടെ ബാപ്പയായ അബ്ദുള്ള എന്നവരുടെ മാതാവ് ഉമ്മുഖ്സൂമിന്റെ മകനായ അമ്രിന്റെ മകനായ ആയിദിന്റെ മകനായ അമ്രിന്റെ മകളായ ഫാതിമ. ഇവർ മഖ്സൂമി ഗോത്രക്കാരിയായ അറബി സ്ത്രീയാകുന്നു. തിരുമേനിയുടെ ബാപ്പയുടെ ബാപ്പയായ അബ്ദുൽമുത്തലിബ് എന്നവരുടെ ഉമ്മ, ലുബൈദിന്റെ മകനായ സയ്യിദിന്റെ മകനായ അമ്രിന്റെ മകളായ സൽമ. ഇവർ നജ്ജാരി ഗോത്രക്കാരിയായ അറബി സ്ത്രീയത്രെ. അബ്ദുൽ മുത്തലിബിന്റെ ബാപ്പയായ ഹാശിം എന്നവരുടെ മാതാവ്, ഫാലിക്കിന്റെ മകനായ കിലാലിന്റെ മകനായ മുർറത്തിന്റെ മകളായ ആതിക. ഇവർ സുലൈമീ ഗോത്രക്കാരിയായഅറബി സ്ത്രീയാകുന്നു. ഹാശിം എന്നവരുടെ ബാപ്പയായ അബ്ദുമനാഫ് എന്നവരുടെ മാതാവ് ഉക്ഴ്വാന്റെ മകനായ മുലൈക്കിന്റെ മകനായ ഖാലിക്കിന്റെ മകളായ ആതിക. ഇവരും സുലൈമീ ഗോത്രക്കാരി തന്നെ.

നബി (സ) തിരുമേനിയുടെ മൂത്താപ്പമാർ

അബ്ദുൽമുത്തലിബിനു പതിമൂന്നു പുത്രന്മാരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും ഇളയ പുത്രനാണ് നബി (സ) തിരുമേനിയുടെ ബാപ്പയായ അബ്ദുള്ള. ഹംസത്, അബ്ബാസ്, അബൂതാലിബ്, സുബൈർ, ളിറാർ, ഹാരിസ്, അബൂലഹബ്, ഖസമ്, മുഖ്വം, ഹജൽ, അബ്ദുൽകഅ്ബ, ഗൈദാഖ് എന്നിവരാണ് മറ്റു പുത്രന്മാർ. ഇവരുടെ കൂട്ടത്തിൽനിന്നു ഹംസാ (റ)വും അബ്ബാസ് (റ)വും മാത്രമെ ഇസ്‌ലാംമതം വിശ്വസിച്ചിട്ടുള്ളൂ. നബി (സ) തിരുമേനിയുടെ ബാപ്പയായ അബ്ദുള്ള എന്നവരും, അബൂതാലിബ്, സുബൈർ, അബ്ദുൽകഅബ എന്നീ പുത്രന്മാരും, ഖൈളാഅ്, ഉമൈമ, ബർറത്തു, ആതിക എന്നീ പുത്രിമാരും മേൽപറഞ്ഞ ഫാതിമ എന്നവരിൽ ജനിച്ചവരാകുന്നു. മേൽപറഞ്ഞ മക്കൾക്ക് പുറമെ അബ്ദുൽമുത്തലിബിനു ഒമ്പതു പുത്രന്മാരും രണ്ടു പുത്രിമാരും കൂടിയുണ്ടായിരുന്നു. അവർ നാലുമാതാക്കളിൽ ജനിച്ചവരാകുന്നു. ഹംസ (റ), അബ്ബാസ് (റ) അബൂതാലിബ്, അബുലഹബ്, എന്നീ നാലു പേരൊഴികെ മറെറല്ലാവരും തിരുമേനിക്കു നബിത്വം സിദ്ധിക്കുന്നതിനുമുമ്പുതന്നെ മരിച്ചു. തിരുമേനിയുടെ പിതാവും തിരുമേനി ജനിക്കുന്നതിനു മുമ്പുതന്നെ പരലോക പ്രാപ്തനായി.

നബി (സ)യുടെ പിതൃസഹോദരിമാർ

സഫിയാ, ആതിക, ഉമൈമ, ഉമ്മുഹകീം എന്ന ബൈളാഅ്, ബർറത്തു, അർവ എന്നിങ്ങനെ ആറു പുത്രിമാരാണ് അബ്ദുൽമുത്തലിബിനു ഉണ്ടായിരുന്നതു. ഇവരിൽ സഫിയ എന്നവർ ഇസ്‌ലാംമതം വിശ്വസിച്ചു. ഉമൈമിയും ബർറത്തും വിശ്വസിച്ചില്ല. മറെറ മൂന്നുപേരെക്കുറിച്ചു് ഖണ്ഡിതമായി ഒന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ല.

തിരുമേനിയുടെ മൂത്താപ്പമാരുടെ ആൺമക്കൾ

നബി (സ) തിരുമേനിയുടെ പിതൃസഹോദരന്മാർക്ക് ആകെ ഇരുപത്തഞ്ചു പുത്രന്മാർ ഉണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ അബൂതാലിബിന്റെ പുത്രനായ ത്വാലിബും അബുലഹബിന്റെ പുത്രനായ ഉതൈബത്തും മാത്രമെ ഇസ്‌ലാംമതം വിശ്വസിക്കാതിരുന്നിട്ടുള്ളൂ. ശേഷിച്ച ഇരുപത്തിമൂന്നുപേരും ഇസ്‌ലാംമതം വിശ്വസിച്ചു.

അബൂതാലിബിനും താലിബ്, ഉഖൈൽ, ജഅ്ഫർ, അലി എന്നീ നാല പുത്രന്മാരും;

അബ്ബാസ് എന്നവർക്ക് ഫള്ൽ, അബ്ദുള്ള, ഉബൈദുള്ള, ഖസ്മ്, അബ്ദുർറഹ്മാൻ, മഅ്ബദ്, കസൈർ, ഥാരിസ്, തമാം, സഈദ് എന്നീ പത്തു പുത്രന്മാരും;

ഹാരിസ് എന്നവക്ക് അബൂസുഫ്യാൻ, നൌഫൽ, റബീഅത്ത്, മുഗീറത്തു, അബ്ദുശ്ശംസ് എന്നീ അഞ്ചു പുത്രിമാരും;

സുബൈർ എന്നവർക്ക് അബ്ദുള്ളാ എന്ന ഒരു പുത്രനും;

അബൂലഹബിനും ഉത്ബത്തു, മുഅത്തബ് എന്നീ മൂന്നു പുത്രന്മാരും;

ഹംസ എന്നവക്ക് ഇറാമത്ത്, യഅ്ലാ എന്നീ രണ്ടുപുത്രന്മാരുമാണു ഉണ്ടായിരുന്നതു.

തിരുമേനിയുടെ പിതൃസഹോദര പുത്രിമാർ

അബൂതാലിബിനും ഉമ്മഹാനി, ജുമാനത്തു എന്നീ രണ്ടു പുത്രിമാരും;

അബ്ബാസ് എന്നവർക്കു ഉമ്മുഹബൈബ, സഫിയ്യാ, ഉമൈന എന്നീ മൂന്നു പുത്രിമാരും;

ഹാരിസു് എന്നവർക്കു അർവാ എന്ന ഒരു പുത്രിയും;

സുബൈറിനും ളിയാഅത്തു, ഉമ്മുഹകീം എന്നീ രണ്ടു പുത്രിമാരും;

അബൂലഹബിനും ദുർറത്തു എന്ന ഒരു പുത്രിയും;

ഹംസ (റ)നും ഉമാമത്തു എന്ന ഒരു പുത്രിയുമാണുണ്ടായിരുന്നതു.

ഇവരിൽ ജുമാനത്തു, അർവാ, ളിയാഅത്തു, ഉമ്മുഹകീം എന്നിവർ ഇസ്‌ലാംമതം വിശ്വസിച്ചോ ഇല്ലയൊ എന്നു വ്യക്തമായി പറഞ്ഞുകാണുന്നില്ല. മറ്റുള്ളവരെല്ലാം ഇസ്‌ലാംമതം വിശ്വസിച്ചു.

തിരുമേനിയുടെ പിതൃസഹോദരീ പുത്രന്മാർ

ഉമ്മുഹകീമിനു് ആമിർ എന്ന ഒരു പുത്രനും;

ആതികക്കു് അബ്ദുള്ള, സുഹൈർ എന്നീ രണ്ടു പുത്രന്മാരും;

ബർറത്തിനും അബൂസൽമ എന്ന ഒരു പുത്രനും;

ഉമൈമത്തിനും അബ്ദുള്ള, അബൂഅഹമ്മദ്, ഉബൈദുള്ള എന്നീ മൂന്നു പുത്രന്മാരും;

അർവാക്കു തലീബ് എന്ന ഒരു പുത്രനും;

സഫിയ്യാക്കു സുബൈർ, സാഇബ്, അബ്ദുള്ള എന്നീ മൂന്നു പുത്രന്മാരുമാണു ഉണ്ടായിരുന്നതു. ഇവരിൽ ഉമൈമത്തിന്റെ മകനായ അബ്ദുള്ള ഒഴികെ മറ്റു പത്തുപേരും ഇസ്‌ലാംമതം വിശ്വസിച്ചു.

തിരുമേനിയുടെ പിതൃസഹോദരീ പുത്രിമാർ

ഉമൈമത്തു എന്നവർക്കു സൈനബ, ഉമ്മുഹബൈബ, ഹമീനത്, എന്നീ മൂന്നു പുത്രിമാരാണു ഉണ്ടായിരുന്നതു. അവർ മൂന്നു പേരും ഇസ്‌ലാംമതം വിശ്വസിച്ചു. മറ്റുള്ളവക്കു പെൺമക്കൾ ഉണ്ടായിരുന്നതായി അറിയുന്നില്ല.

തിരുമേനിയുടെ മാതാപിതാക്കളുടെ വിവാഹം

നിബ (സ) തിരുമേനിയുടെ പിതാവായ അബ്ദുള്ള എന്നവർ അതുല്യനായ സുന്ദരനും സൽസ്വഭാവിയുമായിരുന്നു. അദ്ദേഹത്തെ ഭർത്താവായി ലഭിക്കുവാൻ തരുണീമണികൾ ആഗ്രഹിച്ചു. രാജകന്യകമാർ വിവാഹാഭ്യർത്ഥനകളുമായി അദ്ദേഹത്തെ അലട്ടി. അബ്ദുല്ലായുടെ അസാധാരണ ലാവണ്യവും സ്വഭാവശുദ്ധിയും അറബികളെ സംബന്ധിച്ചിടത്തോളം ഒരു

പ്രശ്നമായി. അവർ ജോത്സ്യന്മാരെ സമീപിച്ച് സംഗതികൾ മനസ്സിലാക്കി. ഒരു മഹാപുരുഷന്റെ പിതാവാകുവാനുള്ള ഭാഗ്യം അബ്ദുള്ളയിൽ കുടിയിരിക്കുന്നുവെന്ന് ജോത്സ്യന്മാർ പ്രസ്താവിച്ചപ്പോൾ അബ്ദുള്ളയെ കൊന്നുകളയുവാൻ യഹൂദികൾ പരിപാടിയിട്ടു. കപടതന്ത്രശാലികളായ യഹൂദികളുടെ തന്ത്രങ്ങൾ വിജയിച്ചില്ല. ഒരു ദിവസം നായാട്ടിനു പോയ അബ്ദുല്ലയെ ചതിച്ചുകൊല്ലുവാൻ യഹൂദികൾ ഒരു ശ്രമം നടത്തി. ആ ശ്രമത്തെ ധീരനായ അബ്ദുള്ള എതിർത്തു തോല്പിച്ചു.

ഈ സംഭവങ്ങൾ അടുത്തസ്ഥലത്തു നിന്നു നടത്തിക്കൊണ്ടിരുന്ന വഹബ് എന്നവർ കണ്ടു. അദ്ദേഹം തിരിച്ചു വീട്ടിൽവന്നപ്പോൾ തന്റെ ഭാര്യയായ ബർറത്തോട് സംഗതികൾ വിസ്തരിച്ചു പറഞ്ഞു. ബർറത്തു് ആ സംഭവം തന്റെ ബാപ്പയായ അബുൽഉസ്സാഖിനെ കേൾപ്പിച്ചു. ചുരുക്കത്തിൽ വഹബിന്റെയും ബർറത്തിന്റെയും മകളായ ആമിനയെ അബ്ദുല്ലക്ക് വിവാഹം ചെയ്തുകൊടുക്കേണമെന്നുള്ള ഒരാഗ്രഹം അവരിൽ ഉടലെടുത്തു. ആമിനാബീ അതിരറ്റ സുന്ദരിയായിരുന്നു. അവർക്ക് പതിനാലു് വയസ്സു് പ്രായമായിരുന്നു അന്നു്.

അബ്ദുൽമുത്തലിബുമായി അബ്ദുൽഉസ്സാഖ് വിവാഹാലോചന നടത്തി. അബ്ദുള്ളക്കു് അന്നു് പതിനെട്ടു് വയസ്സു് പ്രായമായിരുന്നു. മാതാപിതാക്കളുടെ ഏകപുത്രിയായിരുന്നു ആമിന. ആ വിവാഹം നടന്നു. അവർക്കു് നബി (സ) അല്ലാതെ മറ്റു സന്താനങ്ങളൊന്നുണ്ടായിട്ടില്ല. തന്നിമിത്തം നബി (സ) തങ്ങൾക്കു് സഹോദരസഹോദരികളോ, ഇളയുമ്മ, മൂത്തുമ്മ മുതലായവരോ ഉമ്മവഴിക്കുള്ള കാരണവന്മാരോ ഉണ്ടായിരുന്നില്ല. അബ്ദുല്ലാ എന്നവർ ഇതല്ലാത്ത മറ്റൊരു വിവാഹം കഴിക്കുകയോ ആമിന എന്നവർ അബ്ദുല്ല അല്ലാത്ത മറ്റു ഭർത്താക്കന്മാരെ സ്വീകരിക്കുകയോ ഉണ്ടായിട്ടില്ല.

അബ്ദുള്ള എന്നവർ ആമിനാബീയെ വിവാഹം കഴിച്ച വിവരം പുറത്തുവന്നപ്പോൾ ബനീ മഖ്സൂൻ, ബനീ അബ്ദുമനാഫ് തുടങ്ങിയ ഗോത്രക്കാരികളായ ഇരുനൂറിൽപരം സ്ത്രീകൾ നിരാശമൂലം തങ്ങൾ മരണംവരെ വിവാഹം കഴിക്കുകയില്ലെന്നു് പ്രതിജ്ഞ ചെയ്തു. വിവാഹപ്രായമെത്തിയ ഖുറൈശി യുവതികൾ നിരാശയുടെ തീക്കണ്ടിൽ എരിപൊരിക്കൊണ്ടു.

ആമിനാബീയുടെ ഗർഭം

അല്ലാഹുവിന്റെ വേണ്ടുകയനുസരിച്ച്, ഒരു വെള്ളിയാഴ്ച രാവിൽ ആമിനാബീ ഗർഭം ധരിച്ചു. നബി (സ) തിരുമേനിയുടെ ഒളിവിനെ തന്നിൽ ആരോപണം ചെയ്തതോടുകൂടി ആമിനാബീയുടെ മുഖം ആ ഒളിവിന്റെ സൗരഭ്യം കൊണ്ടു് ജ്വലിച്ചു. നബിതിരുമേനിയെ ആമിനാബീ ഗർഭം ധരിച്ചതോടുകൂടി ഭൂലോകത്തു് മാത്രമല്ല, സർവ്വലോകങ്ങളിലും അത്ഭുതങ്ങൾ നടമാടി. ഇബ്‌ലീസിനെ നാല്പതുദിവസം അഗ്നികുണ്ഡത്തിൽ ആഴ്ത്തിയിട്ടു. മഴയില്ലാതെ വരണ്ടുകിടന്നിരുന്ന ഭൂമിയിൽ മഴപെയ്യുകയും വൃക്ഷലതാദികൾ തഴച്ചുവളരുകയും ചെയ്തു. ലോകത്തിൽ സൗഭാഗ്യം വർദ്ധിച്ചു. അന്നത്തെ രാത്രി ഗർഭംധരിച്ച എല്ലാ സ്ത്രീകളും പുത്രന്മാരെ പ്രസവിക്കണമെന്നു് അല്ലാഹു കല്പിച്ചു. മൃഗങ്ങൾ സംസാരിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള മൃഗങ്ങൾ സന്തോഷാധിക്യത്തിൽ പരസ്പരം സ്ഥലം മാറി. ഗർഭംധരിച്ച ഒന്നാമത്തെ മാസത്തിൽ ആമിനാബി(അ)

യും, രണ്ടാംമാസത്തിൽ ഇദ്‌രീസ്‌നബി (അ) യും മൂന്നാംമാസത്തിൽ നൂഹ്‌നബി (അ) യും, നാലാംമാസത്തിൽ ഇബ്രാഹീംനബി (അ) യും, അഞ്ചാംമാസത്തിൽ ഇസ്മാഈൽനബി (അ) യും, ആറാംമാസത്തിൽ മൂസ്സാനബി (അ)യും, ഏഴാംമാസത്തിൽ ദാവൂദ്‌നബി (അ)യും, എട്ടാംമാസത്തിൽ സുലൈമാൻനബി (അ)യും, ഒമ്പതാംമാസത്തിൽ ഈസാനബി (അ)യും, നബി (സ) തങ്ങളുടെ മഹത്വങ്ങളെ ആമിനാബീബിക്ക് സ്വപ്നത്തിൽ വിവരിച്ചുകൊടുക്കുകയുണ്ടായി. ജിബ്‌രീൽ (അ) ഉം ഇടക്കിടെ ഇപ്രകാരം ചെയ്യുവന്നു.

ബാപ്പയുടെ മരണം

ആമിനാബീബി ഗർഭിണിയായശേഷം അബ്ദുല്ലാ എന്നവർ കച്ചവടത്തിന്നായി ശാമിലേക്ക് യാത്രചെയ്തു. തിരിച്ചുവരുമ്പോൾ അദ്ദേഹം രോഗഗ്രസ്തനാവുകയും മദീനയിൽ താമസിക്കുകയും അവിടെവെച്ച് ചരമഗതി അടയുകയുമുണ്ടായി. ആമിനാബീബിക്ക് രണ്ടു മാസം ഗർഭം ആയപ്പോഴാണ് ഈ സംഭവം നടന്നത് എന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. രണ്ടു മാസം ബാക്കിയുള്ളപ്പോഴാണ് ഇതു നടന്നതു എന്നും മറ്റുവിധത്തിലും ഈ സംഭവത്തെപ്പറ്റി പറയപ്പെട്ടിട്ടുണ്ട്

അസാധാരണത്വങ്ങൾ

നബി (സ) ഭ്രൂജാതരായശേഷം നുബുവ്വത്തു ലഭിക്കുന്നതുവരെ പല അസാധാരണത്വങ്ങളും തിരുമേനിയിൽ പ്രകടമായിട്ടുണ്ട്. അവയ്ക്ക് നബിത്വത്തിന്റെ അടയാളം എന്നതുമുള്ള 'ഇർഹാസ്' എന്ന പേർ. നിയമാതീതമായ കാര്യങ്ങൾ എന്നതുമുള്ള 'ഖവാരിഖുൽ ആദാത്തു' എന്നും ഇതിന്നു പേരുണ്ട്. നബിത്വത്തിന്നു ശേഷം തിരുമേനിയിൽ പ്രകടമായ അസാധാരണ മഹിമാവുകൾക്ക് 'മുഅ്ജിസത്തു' എന്ന പേർ.

ഇർഹാസാത്തു്

ഗർഭാരംഭംമുതൽ ഉണ്ടായ കാര്യങ്ങളെല്ലാം ഇർഹാസാത്തു് എന്ന അസാധാരണത്വത്തിൽ ഉൾപ്പെടുന്നു. ആമീനാബീ പറയുന്നു:- "ഗർഭം ധരിച്ച വസ്തുത ഞാൻ അറിഞ്ഞില്ല. ഗർഭക്ലേശങ്ങളും ഒന്നും ഞാൻ അനുഭവിച്ചില്ല. സാധാരണ ഗർഭിണികൾക്കുണ്ടാവാറുള്ള വല്ലായ്മകളും ഒന്നും എനിക്ക് അനുഭവപ്പെട്ടില്ല. ഞാൻ മയക്കത്തിലായിരിക്കുമ്പോൾ ഒരു മലക്ക് എന്നെ സമീപിക്കുകയും, എല്ലാ സൃഷ്ടികളുടെയും നേതാവിനെയാണു് നീ ഗർഭം ചുമന്നിരിക്കുന്നതു് എന്നു് എന്നോടു് പറയുകയും ചെയ്തു. ഉറക്കിലും ഉണർച്ചയിലും ഞാൻ അത്ഭുതകരമായ പലതും കാണുകയും കേൾക്കുകയുമുണ്ടായി. പ്രസവം അടുത്തപ്പോൾ ഒരു മലക്ക് എന്നെ സമീപിക്കുകയും ചില ഉപദേശങ്ങളും നല്കുകയുമുണ്ടായി. അത്ഭുതകരമായ ഒരു പക്ഷി എന്നെ സമീപിക്കുകയും അതിന്റെ ചിറകുകൊണ്ടു് അതു് എന്റെ ഹൃദയഭാഗം തടവുകയും ഞാൻ പ്രസവിക്കുന്ന കുഞ്ഞിനു് മുഹമ്മദു് എന്നു് പേരിടുവാൻ പറയുകയും ചെയ്തു. ഒരു പാനപാത്രത്തിൽ പാനീയം ഇറങ്ങിവന്നു. പാലിനെക്കാളും വെണ്മയും തേനിനേക്കാളും മധുരിമയും ഉള്ള ഒരു പാനീയം. ഒരു പ്രകാശധോരണി വീട്ടിൽ തിങ്ങിനിറഞ്ഞു. സുന്ദരികളായ കുറെ സ്ത്രീകൾ വീട്ടിന്നകത്തു് കടന്നുവന്നു. അവർ സ്വർഗ്ഗസ്ത്രീകളായിരുന്നു. അവർ വന്നതോടുകൂടി എനിക്ക് പ്രസവവേദന ആരംഭിച്ചു. ആകാശത്തിന്നും ഭൂമിക്കുമിടയിൽ ഒരു വെള്ളപ്പട്ടു് നിവർക്കപ്പെട്ടു. ഒന്നു് പടിഞ്ഞാറും ഒന്നു് കിഴക്കും ഒന്നു് കഅ്ബത്തിന്നു് മീതെ

യും നാട്ടപ്പെട്ടതായി മൂന്ന് കൊടികളെ ഞാൻ കണ്ടു. ലോകത്തെ സമസ്താത്ഭുതങ്ങളും എന്റെ ദൃഷ്ടിക്ക് വിഷയീഭവിച്ചു. ആകാശത്തിൽനിന്നും മലക്കുകൾ കൂട്ടംകൂട്ടമായി ഇറങ്ങിവന്നു. അവരും സ്വർഗ്ഗസ്ത്രീകളും എന്നെ ചുറ്റിനിന്നു. ഒരു സ്ത്രീ എന്നെ താങ്ങുകയും തടവുകയും ചെയ്തു. കണ്ണഞ്ചിക്കുന്ന ഒരു പ്രകാശം എന്നിൽനിന്ന് ബഹിർഗമിച്ചു. മുഹമ്മദ് നബി (സ) യെ ഞാൻ പ്രസവിച്ചു."

അസ്‌ഹാബുൽഫീൽ

അബ്രഹത്തിബ്‌നു സബാഹിൽ അശ്‌റഫ് എന്ന ആൾ യമനിൽ രാജാവായിരുന്ന കാലത്ത് അക്രമപരമായ ഒരു സംഭവം നടന്നു. കഅ്ബ നശിപ്പിക്കുവാനുള്ള സംരംഭമായിരുന്നു ആ സംഭവം. സൻആ എന്ന സ്ഥലത്ത് ആ രാജാവ് അതിമനോഹരമായ ഒരു ക്ഷേത്രം ദേവാലയം പണിയിച്ചു. ഹജ്ജ് മുതലായ കർമ്മങ്ങൾ അവിടെവെച്ച് നിർവ്വഹിപ്പാനും കഅ്ബ പൊളിച്ചുകളയുവാനും തീരുമാനിച്ചു. അയാൾക്ക് ചരിത്രപ്രസിദ്ധമായ ഒരു വെള്ള ആനയും ധാരാളം ആനകളും ഉണ്ടായിരുന്നു. ആ വെള്ള ആനയെയും ആയിരത്തോളം ആനകളെയും ആയുധധാരികളായ ഒരു സേനാവിഭാഗത്തെയും കൂട്ടിക്കൊണ്ട് കഅ്ബ പൊളിക്കുവാനായി അയാൾ മക്കയിലേക്ക് പുറപ്പെട്ടു. ഈ വിവരം അറിഞ്ഞപ്പോൾ, മക്കക്കാർ പരിഭ്രമിച്ചു കഅ്ബ പൊളിക്കാതിരിപ്പാനായി ഖിഹാമത്തിലെ ആകെ മുതലിന്റെ മൂന്നിലൊന്ന് കൊടുക്കാമെന്ന് അബ്ദുൽമുത്തലിബ് അശ്‌റഫ് രാജാവിനെ അറിയിച്ചു. പക്ഷെ, അഹങ്കാരിയായ അശ്‌റഫ്‌രാജാവ് അതു അംഗീകരിച്ചില്ല. മക്കക്കാർ അശ്‌റഫ് രാജാവിന്റെ ആ ആയുധശക്തിയുടെ മുമ്പിൽ വിറങ്ങലിച്ചുനില്ക്കുവെ, കഅ്ബ, പൊളിക്കുവാൻ അശ്‌റഫ് രാജാവ് തന്റെ സമർത്ഥനായ വെള്ള ആനക്ക് ആജ്ഞ നല്കി. ആന കഅ്ബ പൊളിക്കുവാൻ എന്ന ഭാവേന ശക്തിപൂർവ്വം കഅ്ബയെ ആഞ്ഞടുത്തു. പക്ഷെ, കഅ്ബയെ സ്പർശിക്കാതെ നിർവീര്യമായി അതു പിന്നോട്ട് മടങ്ങി. അതു കണ്ടപ്പോൾ, അശ്‌റഫ് രാജാവും അയാളുടെ സേനാഗണവും അമ്പരന്നു. അവർ കഅ്ബ പൊളിക്കുക എന്ന ശ്രമത്തിൽനിന്ന് താല്ക്കാലികമായി പിൻവാങ്ങി. അശ്‌റഫ് രാജാവിന്റെ പട്ടാളക്കാർ അബ്ദുൽമുത്തലിബിന്റെ ഇരുനൂറ് ഒട്ടകങ്ങളെ ബലാൽകാരേണ പിടിച്ചെടുത്തു. അബ്ദുൽമുത്തലിബ് ഒന്നുകിൽ യുദ്ധത്തിന് തയ്യാറാവണം, അല്ലെങ്കിൽ നാട്ടുവിട്ടു പോയ്ക്കോളേണം, എന്നതായിരുന്നു രാജാവിന്റെ ഉദ്ദേശം. പക്ഷെ, അബ്ദുൽമുത്തലിബ് അതു രണ്ടിനും ഒരുങ്ങിയില്ല. അദ്ദേഹം രാജാവിനെ നേരിട്ട് ചെന്ന് കാണുവാൻ തീരുമാനിച്ചു. അനന്തരജനന സംഭാഷണത്തിന്നായി രാജാവിനെ സമീപിച്ച അബ്ദുൽമുത്തലിബിനെ രാജാവിന്റെ വെള്ളയാന വണങ്ങുകയും, താങ്കളുടെ മുഖത്ത് പ്രോജ്ജ്വലിക്കുന്ന ഈ ഒളിവു് ആരുടേതാണെന്നു, അദ്ദേഹത്തിന്നു അല്ലാഹുവിന്റെ സലാം ഉണ്ടാകട്ടെ' എന്നു് വ്യക്തമായി പറയുകയും ചെയ്തു. ഇതു് കാണുകയും കേൾക്കുകയും ചെയ്തപ്പോൾ, രാജാവ് അത്ഭുതപ്പെട്ടു. അദ്ദേഹം സിംഹാസനത്തിൽനിന്ന് ഇറങ്ങിവന്നു, അബ്ദുൽമുത്തലിബിനെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും തന്നോടൊപ്പം ഇരുത്തുകയും ചെയ്തു. അറബിഭാഷ അറിഞ്ഞുകൂടാത്ത രാജാവും അബ്ദുൽമുത്തലിബും തമ്മിൽ ഒരു മദ്ധ്യവർത്തിയുടെ സഹായത്തോടുകൂടി സംഭാഷണം ആരംഭിച്ചു. അബ്ദുൽമുത്തലിബിന്റെ ആഗമനത്തി

ന്റെ ഉദ്ദേശ്യം എന്തെന്നു് രാജാവു് അന്വേഷിച്ചു. എന്റെ ഒട്ടകങ്ങളെ വിട്ടുതരേണമെന്നു് അപേക്ഷിക്കുകയാണു് എന്റെ വരവിന്റെ ഉദ്ദേശ്യമെന്നു് അബ്ദുൽമുത്തലിബു് പറഞ്ഞു. ഇതു് കേട്ടപ്പോൾ രാജാവു് പൊട്ടിച്ചിരിച്ചു. കഅ്ബയെ ആക്രമിക്കുവാനുള്ള എന്റെ പുറപ്പാടിൽ യാതൊരു ആക്ഷേപവും ഉന്നയിക്കാതെ, തന്റെ ഒട്ടകങ്ങളെ വിട്ടുവാങ്ങുവാൻവേണ്ടിമാത്രം എന്നെ സമീപിച്ച ഈ മനുഷ്യനെപ്പറ്റിയാണൊ ബുദ്ധിമാനെന്നും തന്ത്രശാലിയെന്നും മറ്റും നിങ്ങൾ പ്രശംസിച്ചതു് എന്നു് രാജാവു് ചോദിച്ചു. അപ്പോൾ അബ്ദുൽമുത്തലിബു് ഇപ്രകാരം മറുപടി പറഞ്ഞു:- 'രാജാവെ, ഞാൻ ഒട്ടകത്തിന്റെ ഉടമസ്ഥനാണു്. കഅ്ബത്തിന്റെ ഉടമസ്ഥൻ ഞാനല്ല. കഅ്ബത്തിന്റെ ഉടമ സർവ്വശക്തനായ രക്ഷിതാവാകുന്നു. ഇതു് കേട്ടപ്പോൾ അബ്ദുൽമുത്തലിബിന്റെ വാചാലതയെ രാജാവു് പുകഴ്ത്തി. അദ്ദേഹത്തിന്റെ ഒട്ടകങ്ങളെ വിട്ടുകൊടുപ്പാൻ രാജാവു് കല്പിച്ചു. അതോടൊപ്പം കഅ്ബ പൊളിക്കുവാൻ പട്ടാളത്തിനു് ആജ്ഞ നല്കുകയും ചെയ്തു.

അശ്റഹ് രാജാവിന്റെ പട്ടാളം കഅ്ബക്കുനേരെ നീങ്ങി. അബ്ദുൽമുത്തലിബു് കഅ്ബയെ രക്ഷിപ്പാനായി അല്ലാഹുവോടു പ്രാർത്ഥിച്ചു. വെള്ള ആനയെ കഅ്ബത്തിനു നേരെ നീക്കുവാൻ പട്ടാളക്കാർ നടത്തിയ ശ്രമങ്ങൾ ഫലപ്പെട്ടില്ല. അപ്പോഴെയ്ക്കും നാട്ടപക്ഷികളൊ കാട്ടപക്ഷികളൊ അല്ലാത്ത ഒരു കൂട്ടം അത്ഭുതപക്ഷികൾ കൊക്കിലും കാലിലും ചെറു കല്ലുകളുമായി അവിടെ പറന്നെത്തി. ആ കല്ലുകൾ എറിഞ്ഞുകൊണ്ടു് ആ പക്ഷികൾ അശ്റഹ് രാജാവിന്റെ സൈന്യത്തെ കൊന്നൊടുക്കി. 'അബാബീൽ തറമീഹിം' എന്ന സൂറത്തുൽ അസ്ഹാബിൽഫീലിൽ ഈ ചരിത്രസംഭവം വിവരിക്കപ്പെട്ടിരിക്കുന്നു.

ആനയുടെ ഉടമസ്ഥൻ എന്നർത്ഥമുള്ള വാക്കുപയോഗിക്കാതെ, ആനയുടെ ചങ്ങാതിമാർ എന്നർത്ഥമുള്ള അസ്ഹാബുൽഫീൽ എന്ന പദം ഉപയോഗിപ്പാൻ കാരണമെന്തു്? ഈ ചോദ്യത്തിനു് മുഹമ്മദ്ഫഖ്മർറാസീ (റ) ഇപ്രകാരം മറുപടി പറയുന്നു:- 'അസ്ഹാബു് എന്ന പദം മനുഷ്യനും മനുഷ്യനും തമ്മിലുള്ള സൌഹൃദത്തെ സൂചിപ്പിക്കുന്ന പദമാണു്. ആനയോടു് ആ പദംകൊണ്ടു് മനുഷ്യരെ ബന്ധിപ്പിച്ചതിന്റെ താല്പര്യം ആ മനുഷ്യർ മൃഗതുല്യരാണെന്നു് കാണിക്കുവാൻവേണ്ടിയാണു്. സാധാരണ, യോഗ്യന്മാരായ ജനങ്ങളുമായി മറ്റുള്ളവർ ബന്ധം പുലർത്തിയാൽ ആ യോഗ്യന്റെ പേരുമായി ബന്ധിപ്പിച്ചുകൊണ്ടാണു് അവരുടെ ചങ്ങാതത്തെ എടുത്തുപറയുക. ഉദാഹരണം:- അസ്ഹാബിർറസൂൽ=റസൂലിന്റെ സഹാബികൾ. ഇവിടെ സഹാബികളെ റസൂലിന്റെ നാമവുമായി ബന്ധിപ്പിച്ചിരിക്കുന്നു. സഹാബികൾ റസൂലോളം ഉന്നതരല്ല എന്നു് ഈ പ്രയോഗം വിശദമാക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ അസ്ഹാബുൽഫീൽ എന്ന പദത്തിലെ ആനയുടെ ചങ്ങാതിമാർ ആനയെക്കാൾ തരം താഴ്ന്നവരാണെന്നു് ഇതു് വ്യക്തമാക്കുന്നു.' കഅ്ബ പൊളിക്കുവാൻ ആനയെ അവർ പ്രേരിപ്പിച്ചു. പക്ഷെ, ആന അതു ചെയ്തില്ല എന്നുള്ളതു് അവർ ആനയേക്കാൾ തരംതാഴ്ന്നവരാണെന്നുള്ളതിനെ ബലപ്പെടുത്തുന്നു.

നബി (സ) യുടെ ജനനം

മുഹമ്മദ്നബി (സ) തങ്ങൾ മക്ക നഗരിയിൽ ജനിച്ചു. റബ്ബീഉൽ അവ്വൽ മാസം

12–ാം തിയ്യതി തിങ്കളാഴ്ച പ്രഭാതത്തിലാണ് തിരുമേനിയെ ആമിനാബീ പ്രസവിച്ചത്. പ്രസവസമയത്ത് സഹസ്ത്രീകളും നഗരസ്ത്രീകളും പ്രസവസ്ഥലത്ത് സന്നിഹിതരായിരുന്നു. പ്രസവത്തിൽ ഉണ്ടാവാറുള്ള അശുദ്ധികളൊന്നും ആമിനാബീക്കുണ്ടായിരുന്നില്ല. ആമിനാബീ പറയുന്നു:— 'പ്രസവിച്ച ഉടനെ ഞാൻ കുഞ്ഞിനെ നോക്കി. അപ്പോഴം കുഞ്ഞ് സുജൂദ് ചെയ്തതായി കണ്ടു. പിന്നെ തലയുയർത്തി ആകാശം കൊള്ളെ നോക്കുകയും രണ്ടു കൈകളിലെ മുസബ്ബഅ വിരലുകളെ ഉയർത്തിപ്പിടിക്കുകയും ചെയ്തു. കുഞ്ഞിന്റെ പൊക്കിൾ മുറിക്കപ്പെട്ടതായും ചേലാകർമ്മം ചെയ്യപ്പെട്ടതായും ദേഹത്തിൽ എണ്ണ പുരട്ടപ്പെട്ടതായും കണ്ണിൽ സുറുമ എഴുതപ്പെട്ടതായും ആകപ്പാടെ കുഞ്ഞ് ഒളിയപ്പെട്ടതായും സുഗന്ധം വമിക്കുന്നതായും ഞാൻ കണ്ടു.' 'ജിബ്‌രീൽ (അ) കുഞ്ഞിന്റെ പൊക്കിൾക്കൊടി മുറിക്കുകയും ചെവിയിൽ ബാങ്ക് കൊടുക്കുകയും ഒരു വെള്ളവസ്ത്രംകൊണ്ട് കുഞ്ഞിനെ പുതപ്പിക്കുകയും ചെയ്തു. ജിബ്‌രീൽ (അ) സ്വർഗ്ഗീയമായ തൊട്ടിലിൽ കുഞ്ഞിനെ കിടത്തി താരാട്ടിത്താലോലിച്ചു' 'നബിതിരുമേനിയെ പ്രസവിച്ച സമയത്ത് ആമിനാബീയുടെ നാഭീതടത്തിൽനിന്ന് ഒരു ദ്യുതി പ്രസരിക്കുകയും, ലോകമാകെ അതിന്റെ പ്രകാശത്തിൽ പ്രോജ്ജ്വലിക്കുകയും ശാം നഗരത്തിലെ അംഷാടികളും കെട്ടിടങ്ങളും, റോമാ രാജ്യത്തിലെ കൈസർ രാജധാനിയും ആ വെളിച്ചത്തിൽ ആമിനാബീ കാണുകയും ചെയ്തു.' 'പെട്ടെന്ന് ഒരു ആഹ്വാനം കേട്ടു: കുഞ്ഞിനെ എടുത്തു ഭൂലോകമാകമാനം ചുറ്റി പ്രകീർത്തനം ചെയ്യുകയും വിളംബരപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു ആഹ്വാനം പെട്ടെന്ന് കുഞ്ഞ് അദൃശ്യനായി. ഒരു നൊടിയിടയിൽ തിരിച്ചെത്തുകയും ചെയ്തു. അപ്പോഴം കുഞ്ഞ് ഒരു പച്ച പട്ടിൽ പൊതിയപ്പെട്ടതായി ഞാൻ കണ്ടു. ശരീരംപൂർണ്ണചന്ദ്രനെപ്പോലെ വിളങ്ങുന്നു. അപ്പോഴേക്കും മൂന്ന് പേർ ആഗതരായി. ഒരാൾ തന്റെ കൈയിലുള്ള കിണ്ടിയിലെ വെള്ളംകൊണ്ട് ഏഴ്പ്രാവശ്യം കുഞ്ഞിനെ കുളിപ്പിച്ചു. മറ്റൊരാൾ തന്റെ കയ്യിലുള്ള മുദ്രകൊണ്ട് രണ്ടു ചുമലു കൾക്കിടയിൽ മുദ്രവെച്ചു. ഒരു പക്ഷി വന്നു കുഞ്ഞിനെ എടുത്ത് പറക്കുകയും ഉടനെ തിരിച്ചെത്തുകയും ചെയ്തു.' 'പ്രസവിച്ച ഉടനെ നബി (സ) തിരുമേനി തല ഉയർത്തി 'ലാഇലാഹ ഇല്ലല്ലാഹു ഇന്നീ റസൂലുല്ലാഹി' എന്നു വ്യക്തമായി മൊഴിഞ്ഞുവെന്നും 'ശവാഹിദുനബുവ്വത്തു' എന്ന കിതാബിൽ പ്രസ്താവിച്ചിരിക്കുന്നു. പ്രസവിച്ച ഉടനെ 'ജലാലു റബ്ബിയർറഹീമു' എന്നു തിരുമേനി ഉച്ചരിച്ചതായും,' അല്ലാഹു അകുബർ കബീറാ, വൽഹം ദുലില്ലാഹി കസീറ, സുബ്ഹാ നല്ലാഹിബുകുറിത്തൻ വഅസീലാ' എന്നു മൊഴിഞ്ഞതായും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

മുൻവേദങ്ങളിൽ വിവരിക്കപ്പെട്ട അടയാളങ്ങളോടുകൂടിയ ഒരു നക്ഷത്രം തിരുമേനിയെ പ്രസവിച്ച രാത്രിയിൽ ഉദിക്കുകയുണ്ടായി. തിരുമേനിയുടെ ജനനത്തിന്റെ തെളിവായി ആ നക്ഷത്രത്തിന്റെ ഉദയത്തെ യഹൂദി പണ്ഡിതന്മാരും മറവും വ്യാഖ്യാനിച്ചു. തിരുമേനിയെ പ്രസവിച്ച ഘട്ടത്തിൽ ലോകത്തിലെ ബിംബങ്ങളും മറിഞ്ഞുവീണു.

അബ്ദുൽമുത്തലിബ് പറയുന്നു:— 'തിരുമേനിയെ പ്രസവിച്ച രാത്രി ഞാൻ കഅ്ബയിൽ ഉണ്ടായിരുന്നു. കഅ്ബയിൽ ബിംബ

ങ്ങൾ അവയുടെ സ്ഥാനത്തുനിന്നും ഇളകുന്നതും തലകുത്തി വീഴുന്നതും ഞാൻ കണ്ടു. മുസ്ലിംകൾ മുഖ്താർ ജനിച്ചിരിക്കുന്നു; അവിശ്വാസികളുടെ അക്രമങ്ങളെ അദ്ദേഹം നശിപ്പിക്കും എന്നർത്ഥം വരുന്ന വചനങ്ങൾ കഅ്ബയുടെ ചുമരിൽനിന്നും പുറപ്പെടുന്നതു് ഞാൻ കേട്ടു.'

ഖുറൈശികളിൽ ചിലർ അന്നു് രാത്രി കഅ്ബയിൽ ചെന്നപ്പോൾ, ചില പ്രധാന ബിംബങ്ങൾ മുഖംകുത്തി വീണുകിടക്കുന്നതായി അവർ കണ്ടു. അവർ അവയെ എടുത്തു് നേരെ വെച്ചു. പക്ഷെ വീണ്ടും അവ നിലത്തു വീണു. മൂന്നുതവണ ഇങ്ങിനെ സംഭവിച്ചപ്പോൾ ഖുറൈശികൾ അത്യന്തം വ്യസനിക്കുകയും ബിംബങ്ങളെ നേരെ നിറുത്തുവാനുള്ള ശ്രമത്തിൽനിന്നു് പിന്മാറുകയും ചെയ്തു.

അതിനുപുറമെ, നബി (സ) തിരുമേനിയെ പ്രസവിച്ച സമയത്തു് കഅ്ബ എന്ന ആരാധനാലയം കിടുകിട വിറച്ചു. മൂന്നു ദിവസം രാപ്പകൽ കഅ്ബ വിറക്കുകയുണ്ടായി. അനുശർവാൻ എന്ന പേർഷ്യൻ രാജാവു് അതിവിദഗ്ധമായി പണി ചെയ്യിപ്പിച്ച മനോഹരമായ ക്രൂരൻ കോട്ട തകർന്നുവീണു. ആയിരം വർഷം നിരന്തരം കത്തിക്കൊണ്ടിരുന്ന മജൂസികളുടെ അഗ്നികുണ്ഡം കെട്ടടങ്ങി. ഈലിയാവിലെ സാവത്തു് എന്ന സ്ഥലത്തുള്ള ജലാശയം വറ്റിവരണ്ടു. സമാപത്തു് എന്ന മല ഇടിഞ്ഞു. തിബിരിയത്തെന്ന നദിയിൽ വെള്ളം ഒഴുകിയില്ല.

നബി (സ) തിരുമേനി ജനിച്ച ഭവനം

നബി (സ) തിരുമേനിയുടെ ജനനതിയ്യതിയെക്കുറിച്ചു് പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും, 'റബീഉൽ അവ്വൽ 12, തിങ്കളാഴ്ച പ്രഭാതസമയം' എന്നതിന്നാണു് പരിശുദ്ധ പണ്ഡിതന്മാരിൽ ഭൂരിപക്ഷം പ്രാബല്യം നല്കിയിട്ടുള്ളതു്. നബി തിരുമേനി ജനിച്ചതു് മക്കാനഗരിയിലാണെന്നുള്ളതിന്നു് പക്ഷാന്തരമില്ല. പക്ഷെ, തിരുമേനി ജനിച്ച ഭവനത്തെക്കുറിച്ചു് ഭിന്നാഭിപ്രായങ്ങളുണ്ടു്. മുഹമ്മദിബിനുയൂസുഫിന്റെ വീടു് എന്ന പേരിലറിയപ്പെടുന്ന വീട്ടിലാണു് നബിതിരുമേനി ജനിച്ചതെന്നു് ഫാകിഹീമാം (റ) പറയുന്നു. ഹജ്ജാജിബ്നി യൂസുഫിന്റെ സഹോദരനാണു് ഇദ്ദേഹം. ഈ വീടു് അബൂതാലിബിന്റെ മകനായ ഉഖൈലിന്റെയും അദ്ദേഹത്തിന്റെ മക്കളുടെയും കൈവശമായിരുന്നു. കുറേക്കാലം കഴിഞ്ഞപ്പോൾ ആ വീടു് അവർ മുഹമ്മദിബ്നു യൂസുഫിന്നു് വിറ്റു എന്നാണു് ഒരു പക്ഷം. ഉഖൈൽ എന്നവരുടെ കൈവശം ഉണ്ടായിരുന്നതു് ഇപ്പറഞ്ഞ വീടല്ലെന്നും, ആ വീട്ടിനെ തങ്ങളുടെ ഭവനം എന്നാണു് വിളിച്ചിരുന്നതെന്നും, അതു് ഖദീജാബീബിയുടെ മുതലായിരുന്നുവെന്നും മൌലിദ്ഫാതിമ എന്ന പേരിലാണു് അതു് അറിയപ്പെട്ടതെന്നും, മനുവിയ (റ) അതു് വിലക്കു് വാങ്ങി പള്ളിയാക്കി എന്നുമാണു് രണ്ടാമത്തെ പക്ഷം. ഫാതിമാബീയെ ആ ഭവനത്തിൽ വെച്ചു പ്രസവിച്ചതുകൊണ്ടാണു് ആ വീട്ടിനും മൌലിദ്ഫാതിമ എന്നപേർ ലഭിച്ചതു്. നബി (സ) ഹിജ്റപോകുന്നതുവരെ ആ വീട്ടിലാണു് താമസിച്ചിരുന്നതു്.

നബി (സ) തിരുമേനിയെ പ്രസവിച്ച വീടു് സഫാ മലയുടെ അടുത്തായിരുന്നുവെന്നും ഹാറൂൻറശീദിന്റെ ഭാര്യയായ സബീദത്തു് എന്നവർ ഹജ്ജിനു് വന്നപ്പോൾ ആ വീ

ട്ട് വിലക്കുവാങ്ങി പള്ളിയാക്കിയെന്നും, മറ്റൊരു യത്തു് (റ) പ്രസ്താവിക്കുന്നു. ഹാറൂൻറശീദിന്റെ മാതാവായ ഖൈസുറാനാണു് ആ വീടു് വിലക്കു് വാങ്ങി പള്ളിയാക്കിയതെന്നും, സുബൈദത്തു് അതിനെ മോടിവരുത്തുക മാത്രമെ ചെയ്തിട്ടുള്ളുവെന്നും അഭിപ്രായമുണ്ടു്. ഖൈസുറാൻ എന്ന മഹതി പള്ളിയാക്കിയതു് സഫായുടെ അടുത്തുതന്നെ സ്ഥിതിചെയ്യുന്ന 'ദാറുൽ അർഖം' എന്ന ഒരു ഭവനത്തെയാണെന്നു് മറ്റൊരഭിപ്രായമുണ്ടു്.

നബി (സ) തിരുമേനിയെ ബനൂഹാശിമിന്റെ വീട്ടിലാണു് പ്രസവിച്ചതെന്നു് പറയപ്പെട്ടിട്ടുണ്ടു്. "ഇൻസാനുൽ ഉയൂൻ" എന്ന ഗ്രന്ഥത്തിൽ അലിയ്യിബ്നു ബുർഹാനുദ്ദീനുൽ ഹലവി (റ) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:_സഫായുടെ അടുത്തുള്ള വീടു് എന്നതിന്റെ വിവക്ഷ ബനൂഹാശിമിന്റെ വീടു് എന്നതന്നെയാണു്. ആ വീടിനെ അബ്ദുൽ മുത്തലിബിന്റെ വീടു് എന്നും പറയാറുണ്ടു്. കാരണം ഹാശിമിന്റെ മകനാണു് അബ്ദുൽ മുത്തലിബു്.

ഖുറൈശി വംശത്തിൽപ്പെട്ട ബനൂജംഹു് എന്ന ശാഖക്കാരുടെ റദ്മു് എന്ന എടപ്പിൽവെച്ചാണു് നബി (സ) തിരുമേനിയെ പ്രസവിച്ചതെന്നു് വേറൊരഭിപ്രായമുണ്ടു്. കുറെ കൊല്ലങ്ങൾക്കുമുമ്പു് റദ്മിൽനിന്നു് നോക്കിയാൽ കഅ്ബ കാണാമായിരുന്നു. ഇടക്കാലത്തു് കഅ്ബത്തിന്നും റദ്മിന്നുമിടയിൽ ധാരാളം എടപ്പുകൾ തലപൊക്കിയതു നിമിത്തം ഇപ്പോൾ റദ്മിൽനിന്നു് നോക്കിയാൽ കഅ്ബാ കാണുകയില്ല.

തിരുമേനി (സ) യുടെ നാമം.

ആമിനാബീബി ഗർഭിണിയായപ്പോൾ അവർക്കു് സ്വപ്നത്തിലൂടെ ഒരു അറിയിപ്പു് ലഭിച്ചു. പ്രസവിക്കുന്ന കുഞ്ഞിന്നു് മുഹമ്മദു് എന്നും അഹ്മദു് എന്നും പേർ വെക്കണം എന്നായിരുന്നു ആ സ്വപ്നം. അതിനുമുമ്പു് ലോകത്തിൽ ഒരാളും ആ പേരിൽ അറിയപ്പെട്ടിരുന്നില്ല. ആ പേരിന്നു് അസാധാരണത്വവും അത്ഭുതസിദ്ധികളുമുണ്ടു്. നാലുമാസം ഗർഭമായ സ്ത്രീകളുടെ പൊക്കിളിൽ തടവി, പ്രസവിക്കുന്ന കുട്ടിക്കു് മുഹമ്മദു് എന്ന പേർ വെക്കും എന്നു് ദൃഢനിശ്ചയം ചെയ്താൽ, ആ സ്ത്രീ ആൺകുഞ്ഞിനെ പ്രസവിക്കും എന്നതാണു് ആ തിരുനാമത്തിന്റെ അത്ഭുതസിദ്ധി അനുഭവംകൊണ്ടു് ബലപ്പെട്ടുകഴിഞ്ഞ ഒരു വസ്തുതയാണിതു്. തിരുമേനിയുടെ തിരുനാമം കേൾക്കുമ്പോൾ പണ്ഡിതന്മാരിൽ പലരും ആദരസൂചകമായി എഴുന്നേറ്റു നില്ക്കുക പതിവായിരുന്നു. ശൈഖുൽ ഇസ്‌ലാം ഫഖീഹുദ്ദീനുൽ സുബ്കി (റ) അക്കൂട്ടത്തിൽപ്പെട്ട ഒരു മഹാനായിരുന്നു. തിരുമേനിയുടെ ജന്മദിനം ആഘോഷിക്കുന്നതു്, സുന്നത്തിന്നുതുല്യമായ ബിദ്അത്ത് മഹ്മൂദത്താണെന്നു പണ്ഡിതന്മാർ സമ്മതിച്ചിട്ടുണ്ടു്. ഇമാം ശാഫിഈ (റ) ഈ അഭിപ്രായത്തെ ശരിവെച്ചിരിക്കുന്നു. ബിദ്അത്ത് ഹസനത്തായ എല്ലാ കർമ്മങ്ങളും സുന്നത്തായ കർമ്മങ്ങൾക്കു് തുല്യമാണെന്നു് ഇജ്മാഅ്കൊണ്ടു് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടു്. ഇബ്നു ഹജറുൽ ഹൈതമി (റ) ഈ വസ്തുത എടുത്തുപറഞ്ഞിട്ടുണ്ടു്. ബിദ്അത്തെന്നു പറഞ്ഞാൽ നിർബന്ധം എന്നാണു് സാരം. ശാഫിഈ അംഗീകരിച്ചിട്ടുള്ള ബിദ്അത്തുകൾക്കു് ബിദ്അത്തു് ഹസനാത്തെന്നും, ശാഫിഈ അം

ഗീകരിച്ചിട്ടില്ലാത്ത ബിദ്അത്തുകൾക്ക് ബിദ്അത്തുൽ ളലാലത്തെന്നും പേർ. നബി തിരുമേനിയുടെ ജന്മദിനാഘോഷം ബിദ്അത്തുൽ ഹസാനത്തിൽപ്പെട്ടതാണെന്നു പ്രാമാണിക പണ്ഡിതസമൂഹം ഏകകണ്ഠമായി സമ്മതിച്ചിട്ടുണ്ട്. തിരുമേനിയുടെ ജന്മദിവസം ജനങ്ങൾ ഒരുമിച്ചുകൂടി ആ ദിനത്തെ അലങ്കരിക്കുന്നതും സന്തോഷിക്കുന്നതും സാധുക്കൾക്ക് ദാനധർമ്മങ്ങൾ ചെയ്യുന്നതും തിരുമേനിയുടെ സ്നേഹം സമ്പാദിപ്പാനുള്ള ഒരു ഉപാധിയാണെന്നു ഇമാം നവവി (റ) യുടെ ഗുരുനാഥനായ ശൈഖുൽ ഇമാം അബൂശാമാ (റ) അവർകൾ പ്രസ്താവിച്ചിരിക്കുന്നു. നാം നമ്മുടെ കാലത്തു ആഘോഷിച്ചുവരുന്ന മൌലിദ് സമ്പ്രദായം ഹിജ്റ ഒടുവിലത്തെ ശതകത്തിന്റെ അവസാനിച്ചശേഷമാണ് നടപ്പിൽ വന്നതു്. ഹിജ്റ മൂന്നാം ശതകത്തിൽതന്നെ മറ്റൊരു രൂപത്തിൽ തിരുമേനിയുടെ ജന്മദിനം ആഘോഷിച്ചുപോന്നിരുന്നു. ഹിജ്റ ആറാം ശതകത്തിൽ ബഗ്ദാദിന്നടുത്തുള്ള ഇറബൽ എന്ന നാടു ഭരിച്ചിരുന്ന മലികുൽമുളഫ്ഫർ എന്ന ആളാണു് ഇന്നത്തെ മൌലിദ് സമ്പ്രദായത്തിന്റെ ആസൂത്രകൻ. ഒരു നബിദിന ദിവസത്തിൽ ആ രാജാവു് നാട്ടിന്റെ നാനാഭാഗത്തുള്ള ആലിമുകളെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. അവർ അന്നു് കൂട്ടംകൂട്ടമായി കൊട്ടാരത്തിൽവന്നു. കാമോദ്ദീപകമായും എഴുതികൊണ്ടുവന്ന ഗദ്യങ്ങളും പദ്യങ്ങളും അവർ രാജസദസ്സിൽ ചൊല്ലിക്കേൾപ്പിച്ചു. നബിതിരുമേനിയുടെ ഗുണങ്ങളെ കീർത്തിച്ചുകൊണ്ടുള്ളവയായിരുന്നു ആ കൃതികൾ. സന്തുഷ്ടനായ രാജാവു് ആ പണ്ഡിതന്മാർക്ക് ഹൃദ്യമായ സദ്യയും സമ്മാനവും നല്കി.

അടുത്തകൊല്ലം രാജാവു് ആരെയും ക്ഷണിച്ചില്ല. പക്ഷെ, പണ്ഡിതന്മാരിൽ പലരും ആ ദിവസം കൊട്ടാരത്തിൽ എത്തിച്ചേർന്നു. രാജാവു് അവരെ സ്വീകരിക്കുകയും വിരുന്നും സമ്മാനങ്ങളും നല്കുകയും ചെയ്തു.

അടുത്ത കൊല്ലങ്ങളിലായി കൊട്ടാരത്തിൽമാത്രം ഒതുങ്ങിനിന്നിരുന്ന ആ സമ്പ്രദായം, പ്രഭുക്കളുടെ വീടുകളിലേക്ക് വ്യാപിച്ചു. ക്രമേണ ഇന്നത്തെ നിലയിൽ അതു് ഒരു മുസ്‌ലിം ബഹുജനസമ്പ്രദായമായി നിലയുറപ്പിച്ചു. ഇന്നു് ലോകത്തിന്റെ നാനാഭാഗത്തുള്ള മുസ്‌ലിംകളും തിരുമേനിയുടെ ജന്മനാളിൽ, അർഹമായവിധത്തിൽ മൌലിദ് ആഘോഷിച്ചുവരുന്നു.

നബി (സ) തിരുമേനിയുടെ ജന്മനാളിൽ തിരുമേനിയുടെ കീർത്തനങ്ങൾ അടങ്ങിയ മൌലിദ് ആഘോഷം, ആപത്തുകളെ ഇല്ലാതാക്കുകയും ഐശ്വര്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നു് ഇമാംസഖാവീ (റ), ഇമാംഇബ്നുൽ ജൌസീ (റ) എന്നിവർ പ്രസ്താവിച്ചിരിക്കുന്നു. മൌലിദ് ആഘോഷിക്കൽ സഹീഹായ ഒരു അമലാണെന്നുള്ളതിനും തക്കതായ തെളിവു് ഇബ്നുഹജർ (റ) ഒരു ഹദീസിൽനിന്നു് കണ്ടെടുത്തിരിക്കുന്നു. മൌലിദ് ആഘോഷം ബിദ്അത്ത് ആണെന്നും ബിദ്അത്തുകൾ എല്ലാംതന്നെ അധാർമ്മികതയാണെന്നും മാലികീമദ്ഹബുകാരനായ ഫാക്കിഹാനി (റ) അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷെ, ആ അഭിപ്രായം ഉത്ഭവിച്ചേടത്തുതന്നെ ഖണ്ഡിക്കപ്പെടുകയും ചെയ്തു. സഹീഹായ ഒരു ഹദീസിന്റെ സാരാർത്ഥങ്ങളെ വിശദീകരിച്ചുകൊണ്ടു് ഇമാംസുയൂത്തി (റ) അവർകളും ഫാകിഹാനി അവർകളുടെ അഭിപ്രായത്തെ വ്യക്തമായും ശക്തിമത്തായും ഖണ്ഡിച്ചിരിക്കുന്നു.

ശംസുദ്ദീൻമുഹമ്മദിബ്നു നാസിർ (റ) രചിച്ച ഒരു പദ്യത്തിന്റെ സാരം ചുവടെ ഉദ്ധരിക്കാം:- 'തബ്ബത്‌യദാ' എന്ന സൂറ:ന ബി തിരുമേനിയെ അപകീർത്തിപ്പെടുത്തുകയും ദ്രോഹിക്കുകയും ചെയ്തതുമുതൽ നരകാർഹനായിത്തീർന്ന ഒരു കാഫിറിനു് തിരുമേനിയോടു് അല്പനേരത്തേക്കുണ്ടായ സ്നേഹത്തെ അടിസ്ഥാ

നമാക്കി ഒരു ദിവസം ആശ്വാസം ലഭിച്ച എന്ന വസ്തുതയെ എടുത്തുകാട്ടുന്നു. നിരന്തരം തിരുമേനിയെ ഉപദ്രവിച്ച ഒരു കാഫിറിനു് അയാൾ അല്പനേരം തിരുമേനിയെ സ്നേഹിച്ച എന്ന കാരണത്താൽ ഇത്രയും പ്രതിഫലം ലഭിച്ച എന്നിരിക്കെ, എപ്പോഴും തിരുമേനിയെ പ്രേമിക്കുക എന്ന വിഷയത്തിനു് മുസ്‌ലിംകൾ പ്രാധാന്യം കല്പിക്കുന്നതിന്റെ താല്പര്യത്തെക്കുറിച്ച സംശയിപ്പാൻ എന്തിരിക്കുന്നു.'

മൂസാനബിയുടെ കാലത്തു് അക്രമിയായി ജീവിച്ച ബനീഇസ്രാഈൽകാരനായ ഒരു വ്യക്തി മരിച്ച. അയാളുടെ ശവം മാലിന്യം നിറഞ്ഞ ഒരു സ്ഥലത്തു് നിക്ഷേപിച്ച. ശവത്തെക്കളിപ്പിച്ച മറചെയ്യുവാൻ ആളുകൾ ആവശ്യപ്പെട്ടപ്പോൾ, അസാന്മാഗ്ഗിയായി ജീവിച്ച അവൻ കുപ്പയിൽ അങ്ങനെ കിടക്കട്ടെ എന്നു് മൂസാനബി പ്രതിവചിച്ച. താങ്കൾ പറഞ്ഞതു ശരിയാണെങ്കിലും ആ വ്യക്തി ജീവിച്ചിരുന്ന കാലത്തു് തൗറാത്തു് എന്ന വേദഗ്രന്ഥത്തിലൂടെ പലപ്പോഴും കണ്ണോടിക്കാറുണ്ടായിരുന്നുവെന്നും അതിൽ മുഹമ്മദുനബിയുടെ തിരുനാമം കാണുമ്പോൾ ആ നാമത്തെ ആദരിക്കാറുണ്ടായിരുന്നു വെന്നും ആ കാരണത്താൽ അയാളുടെപാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നുവെന്നും അയാളെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കിയിരിക്കുന്നുവെന്നും അല്ലാഹു മൂസാനബിയെ അറിയിച്ച.'

ഇന്നു് നമ്മുടെ നാട്ടിൽ 'മൻഖൂസു്' 'സുബ്ഹാന' തുടങ്ങിയ മൌലിദുകളെല്ലാം ഓതിവരുന്നു. ഈ മൌലിദുകളുടെ മുന്നോടി, ഹിജ്റ ആറാം നൂറാണ്ടിൽ അർബലിലെ രാജാവായ മലികുൽമുളഫ്ഫറിന്നുവേണ്ടി ഇബ്നുദഹിയ്യത്തു് രചിച്ച 'അത്തൻവീറുഫീമൌലിദിൽ ബശീറിൻനദീരി' എന്ന മൌലിദ് ആകുന്നു. രാജാവു് ആ മൌലിദിന്റെ കർത്താവിന്നു് ആയിരം സ്വർണ്ണം സമ്മാനം നല്കിയെന്നാണു് ചരിത്രകാരന്മാർ പ്രസ്താവിച്ചുകാണുന്നതു്.

തിരുമേനി (സ) യുടെ മുലകുടി

ഒമ്പതു് ധാത്രിമാർ നബി (സ) തിരുമേനിക്കു് മുല കൊടുത്തിട്ടുണ്ടെന്നു് ആധികാരികമായി ചരിത്രകാരന്മാർ രേഖപ്പെടുത്തീട്ടുണ്ടു്. പ്രസവിച്ച നാൾതൊട്ടു് മാതാവായ ആമിനാബീ തിരുമേനിക്കു് മുലകൊടുത്തു. മാതാവു് തിരുമേനിക്കു് മൂന്നു് ദിവസം മുല കൊടുത്തുവെന്നും, ഏഴു് ദിവസം മുല കൊടുത്തുവെന്നും, ഒമ്പതുദിവസം മുല കൊടുത്തുവെന്നും, പലർ പല വിധത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

പിന്നീടു് തിരുമേനിക്കു് മുല കൊടുത്തതു് സുവൈബത്തുൽ അസ്‌ലമിയ്യ എന്നവരായിരുന്നു. ഈ മഹതി തിരുമേനിക്കു് നബിതപം കിട്ടുന്നതുവരെ ജീവിച്ചിരിക്കുകയും ഇസ്‌ലാംമതം സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും, നബിതപം കിട്ടുന്നതുവരെ അവർ ജീവിച്ചിരുന്നിട്ടില്ലെന്നും പണ്ഡിതന്മാർ രണ്ടുവിധത്തിൽ അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ടു്. സുവൈബത്തു് അവരുടെ മകനായ മസ്രൂഹിന്നു് മുല കൊടുത്ത അതേ കാലത്താണു് തിരുമേനിക്കും മുല കൊടുത്തതു്. ഈ മസ്രൂഹ് ഇസ്‌ലാംമതം വിശ്വസിച്ചതിന്നു് ചരിത്രത്തിൽ തെളിവുകളില്ല. സുവൈബത്തു്, നബിതിരുമേനിയുടെ മൂത്താപ്പയായ ഹർശിന്റെ മകൻ അബൂസുഫിയാനും മുല കൊടുത്തിട്ടുണ്ടു്. ബനൂസുലൈംഗോത്രത്തിൽപ്പെട്ട ഖിലാലിന്റെ മകൾ ആതികയും മുർറത്തിന്റെ മകൾ ആതികയും ഔഖസിന്റെ മകൾ ആതികയും നബി (സ) തിരുമേനിക്കു് മുല കൊടുത്തിട്ടുണ്ടു്. അവർ മൂന്നുപേരും വിവാഹം കഴിക്കാത്ത കന്യകമാരും കുസൃതിക്കുട്ടികളുമായിരുന്നു. തമാശയായി അവർ അവരുടെ മുല കുഞ്ഞിന്റെ വായിൽ വെച്ചുകൊടുത്തപ്പോൾ അത്ഭുതകരമാംവിധം അവരുടെ മുലയിൽനിന്നും കുഞ്ഞിന്റെ വായിലേക്കു് പാൽ ചൊരിഞ്ഞു.

മുതിറിന്റെ മകളായ ഖൗലത്തു് എന്ന വരും, ഉമ്മു ഐമൻ എന്നു വിളിച്ചുവന്ന അ സീസത്തു് എന്നവരും തിരുമേനിക്കു് മുല പ്പാൽ കൊടുത്തിട്ടുണ്ടു്.

ഹലീമാബീവി തിരുമേനിക്കു് മുല കൊ ടുത്തുപോരുന്ന കാലത്തു് ബനൂസഅദ്ഗോത്ര ക്കാരിയായ ഒരു സ്ത്രീകൂടി തിരുമേനിക്കു് മുല കൊടുത്തിരുന്നുവെന്നു് ചരിത്രകാരന്മാർ പറ യുന്നു. ആ സ്ത്രീയുടെ പേർ എന്താണെന്നു് അറിയുവാൻ കഴിഞ്ഞിട്ടില്ലെന്നാണു് 'സീറാ ഹലബി' എന്ന ഗ്രന്ഥത്തിൽ അതിന്റെ കർത്താവു് പ്രസ്താവിച്ചിട്ടുള്ളതു്.

അബ്ദുൽമുത്തലിബിന്റെ ആഹ്ലാദം

തന്റെ പ്രിയ പുത്രനായ അബ്ദുള്ള തി കഞ്ഞ യൗവ്വനത്തിന്റെ ആരംഭത്തിൽ ഇരുപ ത്തിനാലാമത്തെ വയസ്സിൽ പരലോകപ്രാപ്ത നായപ്പോൾ മനസ്താപത്തിൽ ആണ്ടുപോയ അബ്ദുൽമുത്തലിബു്, അബ്ദുള്ളായുടെ ഭാര്യ ഒരു പുത്രനെ പ്രസവിച്ചിട്ടുണ്ടെന്നു് കേട്ട പ്പോൾ അത്യന്തം ആഹ്ലാദഭരിതനായി. അ ദ്ദേഹം ഉടനെ ആമിനായുടെ വീട്ടിൽവന്നു് കുഞ്ഞിനെ എടുത്തു് കഅ്ബയിലേക്കു് പോ വുകയും കുഞ്ഞിന്റെ ഭാവിനന്മക്കായി പ്രാ ർത്ഥന നടത്തുകയും ചെയ്തു. ഏഴാമത്തെ ദിവ സം അദ്ദേഹം ഖുറൈശികൾക്കു് തന്റെ പൌ ത്രന്റെ പേരിൽ വിഭവസമൃദ്ധമായ ഒരു സദ്യ നല്കി. സദ്യ കഴിഞ്ഞപ്പോൾ കുഞ്ഞിന്നു് എന്താണു് പേരിട്ടതു് എന്നു് അവർ ആരാ ഞ്ഞു. 'മുഹമ്മദു്' എന്നു് അബ്ദുൽമുത്തലി ബു് മറുപടി പറഞ്ഞപ്പോൾ 'താങ്കളുടെ കുടും ത്തിലെ സുപ്രസിദ്ധരായ വ്യക്തികളുടെ പേരു കളും മാറ്റിവെച്ചുകൊണ്ടു് പുതിയൊരു പേരി ടുവാൻ എന്താണു് കാരണം' എന്നു് അവർ അത്ഭുതത്തോടുകൂടി ചോദിക്കുകയുണ്ടായി. അ ബ്ദുൽമുത്തലിബു് മറുപടി പറഞ്ഞു:- 'എ ന്റെ പൌത്രൻ ലോകത്തു് മുഴുവനും പ്രശംസി ക്കപ്പെട്ടവനായി പരിലസിക്കണം എന്നു് ഞാൻ അഭിലഷിക്കുന്നു.'*.

ഹലീമാബീയുടെ സംരക്ഷണത്തിൽ

നബി (സ) തിരുമേനിക്കു് നാലുമാസം പ്രായമായപ്പോൾ മുല കൊടുത്തു പോറ്റുവാൻ ഹലീമാബീയുടെവശം ഏല്പിക്കുകയുണ്ടായി. ഒമ്പതാമത്തെ ദിവസംതുടങ്ങി കുട്ടികളെ മുല കൊടുത്തുപോറ്റുവാൻ ധാത്രിമാരുടെ കയ്യിൽ ഏല്പിക്കുക എന്നതു് അക്കാലത്തു് അറേബ്യ യിലെ പ്രശസ്ത ഗോത്രങ്ങൾക്കിടയിൽ നടപ്പു ള്ള ഒരു സമ്പ്രദായമായിരുന്നു. തിരുമേനി യെ ഹലീമബീയുടെവശം ഏല്പിക്കുന്നതിനു മുമ്പു് പല ധാത്രിമാർ തിരുമേനിക്കു് മുല കൊ ടുത്തതിന്റെ അടിസ്ഥാനം ആ സമ്പ്രദായമാ കുന്നു. മുലകൊടുത്തു പോറ്റുന്നതിന്നായി കു ഞ്ഞുങ്ങളെ എറ്റുവാങ്ങുവാൻ ഒരുങ്ങിനടന്ന സ്ത്രീകളും അക്കാലത്തുണ്ടായിരുന്നു. പ്രതിഫല ത്തെ മോഹിച്ചു് അതൊരു തൊഴിലായി സ്വീ കരിച്ചവരും അറേബ്യയിൽ ഉണ്ടായിരുന്നു. തിരുമേനിക്കു് നാലുമാസം പ്രായമായപ്പോൾ മുലകൊടുത്തുപോറ്റുവാൻ കുഞ്ഞുങ്ങളെ അന്വേ ഷിച്ചുകൊണ്ടു മക്കയിൽ എത്തിച്ചേർന്ന ധാത്രി മാരിൽ ഒരാളായിരുന്നു അബൂദുഐബിന്റെ മകൾ ഹലീമാബീ. അവരോടൊപ്പം അവരു ടെ ഭർത്താവായ അബ്ദുൽഉസ്സായും പുത്രന്മാരാ യ ഹർസു, അബ്ദുള്ള എന്നിവരും ഉണ്ടായി രുന്നു. അബ്ദുള്ള അന്നു മുലക്കുഞ്ഞായിരുന്നു. ഹലീമബീക്കു് കബ്ശത്തു് എന്ന ഒരു മ കളും ഉണ്ടായിരുന്നു. അതുകൊണ്ടു് ഉമ്മു ക ബ്ശത്തു് എന്ന പേരിലും അവർ വിളിക്ക പ്പെട്ടിരുന്നു. സഅദ്ഗോത്രക്കാരിയായിരുന്ന ഹ ലീമാബീ. ഹലീമാബീയും അവരുടെ ഭർത്താ

* 'സാളൽ മഅ്ദു'

വായ അബ്ദുൽഉസ്സായും അവരുടെ പുത്രന്നായ അബ്ദുള്ളയും അവരുടെ പുത്രിമാരായ ശൈമാ, അനീസ എന്നിവരും പിൻകാലത്ത് ഇസ്‌ലാം മതം വിശ്വസിച്ചു.

ഹലീമാബീ പറയുന്നു:— 'അബ്ദുൽമുത്തലിബ് എന്നോട് ചോദിച്ചു നീ ആരാണ്.'

'ഞാൻ പറഞ്ഞു:— സഅ്ദ് ഗോത്രക്കാരി'

അബ്ദുൽമുത്തലിബ് ചോദിച്ചു. 'നിന്റെ പേർ എന്ത്?'

'ഞാൻ പറഞ്ഞു 'ഹലീമ"

'അതുകേട്ടപ്പോൾ അദ്ദേഹം ചിരിച്ചു. രസം, നല്ല ചുറുചുറുക്കും വിനയവും' എന്നു പറഞ്ഞു.

'എന്റെ കയ്യിൽ ബാപ്പയില്ലാത്ത ഒരു കുഞ്ഞുണ്ട്; അതിനു മുലകൊടുത്തു പോറ്റുവാൻ കഴിയുമോ?'

'ബാപ്പയില്ലാത്ത കുഞ്ഞുങ്ങളെ വളർത്തുവാൻ ഏറെറടുക്കുന്നതു് അക്കാലത്തു് ധാത്രിമാർ ഇഷ്ടപ്പെട്ടിരുന്നില്ല അതുകൊണ്ട് ആ കുഞ്ഞിനെ ഏറെറടുക്കുവാൻ ഞങ്ങൾ മടിച്ചു. ആലോചിച്ചു പറയാം എന്നു പറഞ്ഞുകൊണ്ട് തല്ക്കാലം അവിടെനിന്നു് വിടവാങ്ങി.

'ഞാൻ എന്റെ ഭർത്താവും കുട്ടികളും താമസിച്ച തമ്പിലേക്കു ചെന്നു. അബ്ദുൽമുത്തലിബുമായി സംസാരിച്ച വിവരങ്ങൾ ഭർത്താവിനെ അറിയിച്ചു കുഞ്ഞിനെ ഏറെറടുത്തുകൊള്ളുവാൻ അദ്ദേഹം എനിക്കു സമ്മതം നല്കി.

'ഞാൻ അബ്ദുൽ മുത്തലിബിനെ വീണ്ടും സമീപിച്ചു. അദ്ദേഹം എന്നെയും കൂട്ടി ആമിനാബീയുടെ വീട്ടിലേക്കു പോയി. ഞാൻ ആമിനാബീയുടെ മുറിയിൽ കടന്നു.

'ഒരു പച്ചപ്പട്ടു വിരിപ്പിൽ ഒരു ഓമനക്കുഞ്ഞു കിടക്കുന്നു. ധവളിമയേറിയ ഒരു തുകിൽകൊണ്ട് കുഞ്ഞിന്റെ ശരീരം പുതപ്പിച്ചിരിക്കുന്നു. മുഖം തിളങ്ങുന്നു. ആ കൊച്ചുമേനിയിൽനിന്നു സുഗന്ധം ബഹിർഗമിക്കുന്നു. മലർന്നുകിടന്നു മയങ്ങുന്ന ആ കുഞ്ഞിനെ കണ്ടപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ആഹ്ലാദമുണ്ടായി. മയക്കത്തിൽനിന്നു അതിനെ ഉണർത്തുവാൻ ഞാൻ പേടിച്ചു. വളരെ സാവകാശത്തിൽ കുഞ്ഞിന്റെ മാറിടത്തിൽ ഞാൻ കൈവെച്ചപ്പോൾ, കുഞ്ഞു് കണ്ണു തുറന്നു എന്നെ നോക്കുകയും പുഞ്ചിരി തൂകുകയും ചെയ്തു. ആ കൊച്ചു നയനങ്ങളിൽ നിന്നു് ദീപ്തി പ്രസരിച്ചു ഞാൻ കുഞ്ഞിനെ വാരിയെടുത്തു അതിന്റെ കണ്ണുകളിൽ ചുംബിക്കുകയും തമ്പിലേക്കു കൊണ്ടുപോകുകയും ചെയ്തു.

'തമ്പിലെത്തിയപ്പോൾ കുഞ്ഞിനെ ഞാൻ എന്റെ മടിയിൽ വെച്ചു, വലത്തെ മുല വായിൽ വെച്ചുകൊടുത്തു. പിന്നെ ഞാൻ ഇടത്തെ മുല വായിൽ വെച്ചുകൊടുത്തു. പക്ഷെ, കുടിച്ചില്ല. അതിനുശേഷം വലത്തെ മുലമാത്രം കുടിക്കുകയെന്നതു് ആ കുഞ്ഞു് ഒരു പതിവാക്കിത്തീർത്തു.

'അതു് ഒരു ക്ഷാമകാലമായിരുന്നു. മനുഷ്യർക്കും മൃഗങ്ങൾക്കും ആഹാരം വേണ്ടത്ര ലഭിക്കാത്തതുകൊണ്ട് മുലപ്പാൽ വേണ്ടത്ര ഉണ്ടായിരുന്നില്ല. പക്ഷെ, അത്ഭുതമെന്നു പറയട്ടെ, ഈ കുഞ്ഞിനു് മുല കൊടുത്ത ഉടനെ എന്റെ മുലകളിൽ വേണ്ടത്ര പാൽ ഉണ്ടായി.

'ഞങ്ങൾ, ഒട്ടകത്തിന്റെ അകിട്ടിലും പാൽ നിറഞ്ഞതായി കണ്ടു. ഞങ്ങൾ അതു കറന്നെടുത്തു് മതിയാകുവോളം കുടിച്ചു.

'എന്റെ ഭർത്താവു് പറഞ്ഞു:— 'ഹലീമാ, നമ്മുടെ പോറ്റുമകൻ ഭാഗ്യവാനായൊരു കുഞ്ഞുതന്നെ'

'അന്നു് ഞങ്ങൾ സന്തോഷത്തിൽ ആറാടി. അന്നുരാത്രി അവിടെ കഴിച്ചുകൂട്ടി. പി

റോദിവസം അതിരാവിലെ കൂട്ടുകാരോടൊപ്പം ഞങ്ങളുടെ ഗ്രാമത്തിലേക്കു ഞങ്ങൾ യാത്രതിരിച്ചു. എല്ലാവരും ഒട്ടകപ്പുറത്തു കയറി യാത്രയാരംഭിച്ചു. എന്റെ ഒട്ടകം മറവുള്ളവരുടെ ഒട്ടകങ്ങളെ പിൻതള്ളിക്കൊണ്ടു് മുന്നേറി. അപ്പോൾ അവർ പോലിച്ചു:— 'ഇങ്ങോട്ടുവരുമ്പോൾ ക്ഷീണിച്ച നിന്റെ ഒട്ടകം വളരെ ക്ലേശിച്ചാണല്ലൊ നടന്നിരുന്നതു്. വഴിയിൽ പലതവണ ഇറങ്ങിയും കയറിയുംകൊണ്ടാണല്ലൊ നീ മക്കയിൽ എത്തിച്ചേർന്നതു്. ഇപ്പോൾ നിന്റെ ഒട്ടകം ഊർജ്ജസ്വലതയുള്ള ഞങ്ങളുടെ ഒട്ടകങ്ങളെ പിൻതള്ളിക്കൊണ്ടു് മുന്നേറുവാൻ കാരണമെന്തു്?'

ഇതു കേട്ടപ്പോൾ 'എന്റെ മുതുകിൽ ആരാണിരിക്കുന്നതെന്നു് നിങ്ങൾക്കറിയാമൊ? റാഅ ഖൈറൻ നബിയ്യീന വസയ്യിദൽ മുർസലീന വഖൈറൽ അവ്വലീന വൽആഖിരീന വഹബീബുറബ്ബിൽ ആലമീൻ' എന്നു് എന്റെ ഒട്ടകം വ്യക്തമായി മൊഴിഞ്ഞു. ഞങ്ങളുടെ കൂട്ടത്തിലുള്ളവർ അതുകേട്ടു അത്ഭുതവും ആദരവും പ്രകടിപ്പിച്ചു.

'അങ്ങിനെ ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ എത്തി. എന്റെ കുടുംബത്തിനും സൗഭാഗ്യം സിദ്ധിച്ചു.'

തിരുമേനി (സ) യുടെ ഒന്നാംവയസ്സു്

സീറത്തുന്നബവിയ്യാ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:— 'രണ്ടാമത്തെ മാസത്തിൽ നബി (സ) മുട്ടുകുത്തിനീന്തി. മൂന്നാംമാസത്തിനും നാലാംമാസത്തിനും മീടയിൽ മതിൽപിടിച്ചുകൊണ്ടു് പിച്ച നടന്നു. അഞ്ചാമത്തെ മാസത്തിൽ സ്വന്തമായി നടന്നുതുടങ്ങി. എട്ടാമത്തെ മാസത്തിൽ സംസാരിപ്പാൻ ആരംഭിച്ചു. ഒമ്പതാമത്തെ മാസത്തിൽ വ്യക്തമായി സംസാരിച്ചുതുടങ്ങി. പത്താമത്തെമാസത്തിൽ മറവു കുട്ടികളോടൊപ്പം അമ്പും വില്ലുമെടുത്തു് എയ്തുതുടങ്ങി.

'തിരുമേനി ആ നാട്ടിൽ എത്തിയതോടുകൂടി ആ നാട്ടിലെ ക്ഷാമം അവസാനിക്കുകയും ക്ഷേമം വർദ്ധിക്കുകയും ചെയ്തു. തിരുമേനിയുടെ സ്പർശനത്താൽ പല രോഗികളും സുഖം പ്രാപിച്ചു.''

ഹലീമാബീ പറയുന്നു:— 'അല്ലാഹു അക്ബർ കബീറാ, വൽഹംദുലില്ലാഹി കസീറാ, വസുബ്ഹാനല്ലാഹി ബുക്റതൻ വഅസീലാ' എന്നിപ്രകാരമാണു് ആ കുഞ്ഞു് ആദ്യമായി മൊഴിഞ്ഞതായി ഞാൻ കേട്ടതു്. (ലാഇലാഹ ഇല്ലല്ലാ എന്നാണു് ആദ്യം മൊഴിഞ്ഞതെന്നു് മറെറാരു പ്രസ്താവനയുമുണ്ടു്)

'ഓരോദിവസവും സൂര്യനെപ്പോലെ ഉജ്വലമായ ഒരു പ്രകാശം കുഞ്ഞിനെ പൊതിയും. അപ്പോൾ കുഞ്ഞിന്റെ ശരീരം കാണുകയില്ല. ഉടനെ ആ പ്രകാശം അപ്രത്യക്ഷമാവുകയും ചെയ്യും. ചിലപ്പോൾ കുഞ്ഞിനെ കിടത്തിയ തൊട്ടിലിന്നു മീതെ നക്ഷത്രങ്ങൾ ഇറങ്ങിവന്നു് ചുറ്റിക്കറങ്ങും. കുഞ്ഞു് അതുനോക്കി പുഞ്ചിരിതൂകും.

'ഒരു ദിവസം കുഞ്ഞിനെ എന്റെ മടിയിൽ വെച്ചുകൊണ്ടു് ഞാൻ ഒരു സ്ഥലത്തു് ഇരിക്കുകയായിരുന്നു. അപ്പോൾ ഞാൻ പോറുന്ന ആട്ടിൻകൂട്ടത്തിൽനിന്നു് ഒരു ആടു് ഓടിവന്നു് കുഞ്ഞിന്റെ മുമ്പിൽ മുട്ടുകുത്തി, കുഞ്ഞിന്റെ ശിരസ്സിൽ ചുംബിച്ചുകൊണ്ടു് തിരിച്ചുപോയി.

'കളിക്കൂട്ടികൾ കളിക്കുന്ന രംഗത്തിലേക്കു പോയാൽ കുറച്ചുനേരം അവരുടെ കളികൾ നോക്കിനിന്നു് തിരിച്ചുപോരും. എന്റെ മക്കൾ അക്കൂട്ടത്തിൽ ഉണ്ടെങ്കിൽ അവരെയും കൂട്ടിക്കൊണ്ടുപോരും.''

'ഈ കുഞ്ഞു് എന്റെ വീട്ടിൽ കടന്ന നിമിഷം തുടങ്ങി ബനീസഅ്ദ് ഗോത്രക്കാരുടെ എല്ലാ ഭവനങ്ങളും കസ്തൂരിയുടെ സുഗന്ധം ഉള്ളവയായി മാറി.

"തിരുമേനിക്ക് രണ്ടാം വയസ്സ് പ്രായമായപ്പോൾ ഒരത്യുഷ്ണകാലത്ത് സൈമ എന്ന എന്റെ പുത്രി, കുഞ്ഞിനേയും കൂട്ടി പുറത്തേക്കുപോയി. ഞാൻ തേടിച്ചെന്നു അവരെ കണ്ടുപിടിക്കുകയും ഈ തീവെയിലിൽ നീയെന്തിനു കുഞ്ഞിനെ പുറത്തുകൊണ്ടുവന്നുവെന്നു മകളോട് ചോദിക്കുകയും ചെയ്തു. അപ്പോൾ എന്റെ മകൾ പറഞ്ഞു:- "ഉമ്മാ, എന്റെ കുഞ്ഞാങ്ങളക്ക് വെയിലേറ്റിട്ടില്ല. ആങ്ങളയുടെ തലക്കുമീതെ ഒരത്ഭുതകൂടയുണ്ടായിരുന്നു. ആങ്ങള നടക്കുമ്പോൾ ആ അത്ഭുതക്കൂട നടന്നു. ആങ്ങള നിന്നേടത്ത് ആ അത്ഭുതക്കൂടയും നിന്നു."

"രണ്ടാം വയസ്സിൽത്തന്നെ മറെറാരത്ഭുത സംഭവമുണ്ടായി. എന്റെ കുട്ടിയും തിരുമേനിയുംകൂടി വീട്ടിൽനിന്നു പുറത്തുപോയി. അല്പനേരം കഴിഞ്ഞപ്പോൾ എന്റെ കുട്ടി പരിഭ്രമിച്ച് വീട്ടിലേക്ക് ഓടിവന്നുകൊണ്ട് എന്നോടിപ്രകാരം പറഞ്ഞു:- 'ഉമ്മാ, രണ്ടുപേർ ഓടിവന്ന് കുഞ്ഞിനെ പിടിച്ചു' അതിന്റെ വയർ അതാ കീറുന്നു." അതുകേട്ട് പരിഭ്രാന്തയായ ഞാൻ സംഭവസ്ഥലത്തേക്ക് ഓടി. പിന്നാലെ എന്റെ ഭർത്താവും ഓടിയെത്തി. ചെന്നുനോക്കുമ്പോൾ കുഞ്ഞ് സ്വസ്ഥനായി അവിടെ നില്ക്കുന്നു. ഒരു പ്രകാശം തിരുമേനിയിൽ പ്രസരിക്കുന്നു. ഞാൻ കുഞ്ഞിനെ വാരിയെടുത്ത് ഉമ്മവെച്ചുകൊണ്ട് ചോദിച്ചു:- "എന്തുപറ്റി മോനെ." കുഞ്ഞു പറഞ്ഞു:-

"രണ്ടാളുകൾ വന്ന് എന്നെ പിടിച്ചു നിലത്തുകിടത്തി, എന്റെ വയറുകീറി ഒരു സാധനം പുറത്തെടുത്തു. എന്നിട്ട് മുറി കൂട്ടിക്കളഞ്ഞു. എനിക്ക് യാതൊരു വേദനയും ഉണ്ടായിട്ടില്ല.'

"അതിനുശേഷം ഞങ്ങൾ കുഞ്ഞിനെ പുറത്താനും അയക്കാതെ നിശ്ചർഷയോടുകൂടി സൂക്ഷിച്ചുവന്നു. ഒരു ദിവസം എന്റെ മക്കൾ ആട്ടിനെ മേക്കുവാൻ പോകുമ്പോൾ അവരോടുകൂടി പോകുവാൻ കുഞ്ഞ് എന്നോട് സമ്മതം ആവശ്യപ്പെട്ടു. കുഞ്ഞിനു് അനിഷ്ടം ഉണ്ടാവാതിരിപ്പാൻവേണ്ടി, ഞാൻ അനുവാദം നല്കി. കുഞ്ഞിനെ ഒരു നിലയിലും വിട്ടുപിരിയരുതെന്നു് എന്റെ മക്കൾക്കു് ഞാൻ നിർദ്ദേശം നല്കി. കുട്ടികൾ മേച്ചിൽ സ്ഥലത്തെത്തി. അവർ അവിടെ നില്ക്കുമ്പോൾ ജിബ്രീൽ, മീക്കാഈൽ എന്നീ മലക്കുകൾ ഇറങ്ങിവന്നു് തിരുമേനിയെ എടുത്തു്, ഒരു മലയുടെ മുകളിലേക്കു് കൊണ്ടുപോയി. അവർ കുഞ്ഞിന്റെ നെഞ്ചുകീറി, അവരുടെ കയ്യിലുള്ള വെള്ളംകൊണ്ടു് കഴുകി, ഒളിവുനിറച്ചു്, മുറിവു് കൂട്ടിക്കളഞ്ഞു. എന്റെ മകനായ അവനുള്ള വീട്ടിലേക്കോടിവന്ന ഈ വിവരം എന്നെ അറിയിച്ചു. ഞങ്ങൾ സംഭവസ്ഥലത്തേക്കു് കുതിച്ചു. മറു സ്ത്രീകളും ഞങ്ങളെ പിൻതുടർന്നു. ഞങ്ങൾ ചെന്നുനോക്കുമ്പോൾ കുഞ്ഞു് അവിടെ നില്ക്കുന്നു. മുഖം സൂര്യനെപ്പോലെ തിളങ്ങുന്നു. സുഗന്ധം വീശുന്നു. ഞാൻ വിവരം അന്വേഷിച്ചപ്പോൾ മേൽപ്രകാരം സംഭവിച്ചതായി കുഞ്ഞു് എന്നോടു് പറയുകയുണ്ടായി. (നെഞ്ചു് കീറിയ അടയാളം തിരുമേനിയുടെ ശരീരത്തിൽ അനസ് (റ) വും മറ്റും കണ്ടതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്.)

"ഈ അത്ഭുതസംഭവങ്ങൾ ജനങ്ങളിൽ ഊഹാപോഹങ്ങൾ സൃഷ്ടിച്ചു. കുഞ്ഞിനു് ജിന്നിന്റെയോ പിശാചിന്റെയോ ബാധയുണ്ടെന്നു് ചിലർ അഭിപ്രായപ്പെട്ടു. ഈ കുഞ്ഞു് വളർന്നാൽ നിലവിലിരുള്ള വ്യവസ്ഥകളെ അട്ടിമറിക്കുമെന്നു് ജോത്സ്യന്മാർ വിധിയെഴുതി. തന്മൂലം ശ്രദ്ധമായി കൊന്നുകളയുവാൻ ചിലർ പരിപാടിയിട്ടുണ്ടെന്നു് ഒരു കിംവദന്തിയും പൊന്തിവന്നു. ആകയാൽ, ഇനി

കുഞ്ഞിനെ ഇവിടെ വെച്ചിരിക്കുന്നതു് പന്തിയല്ലെന്നും നിശ്ചിതസമയം എത്തുവാൻ കാക്കാതെ, കുഞ്ഞിനെ തിരിച്ചേല്പിക്കുകയാണു് നല്ലതെന്നും ചിലർ നിർദ്ദേശിച്ചു.'

ഈ പരിതസ്ഥിതിയിൽ കുഞ്ഞിനെയും കൊണ്ടു് ഹലീമാബീ മക്കയിലേക്കു പോന്നു. തിരുമേനിക്കു് രണ്ടുവയസ്സു് മാത്രമേ പ്രായമായിരുന്നുള്ളൂ. ആമിനാബീ കുഞ്ഞിനെ ഏറെ വാങ്ങിയില്ല. കാരണം മക്കയിലെ കാലാവസ്ഥ തികച്ചും പ്രതികൂലമായിരുന്നു. രണ്ടുകൊല്ലംകൂടി കുഞ്ഞിനെ പോറ്റേണമെന്നു് ആമിനാബീ ഹലീമാബീയോടാവശ്യപ്പെട്ടു. കുഞ്ഞിനെ അവരുടെ കയ്യിൽതന്നെ തിരിച്ചേല്പിച്ചു. *

തിരുമേനി (സ) സ്വമാതാവിന്റെ കൂടെ

കുഞ്ഞിനു നാലുവയസ്സു് പ്രായമായപ്പോൾ ഹലീമാബീ കുഞ്ഞിനെ മക്കത്തേക്കു കൊണ്ടുപോയി, സ്വമാതാവായ ആമിനാബീയുടെ വശം ഏല്പിച്ചു. ഇതിലിടക്കു് ഒന്നുരണ്ടു തവണ ഹലീമാബീ കുഞ്ഞിനെ മക്കത്തേക്കു് കൊണ്ടുപോയിരുന്നതായി പറയപ്പെട്ടിട്ടുണ്ടു് ആകെ വരവും പോക്കുമായി ഹലീമാബീ തിരുമേനിയോടൊപ്പം ആറു യാത്രകൾ ചെയ്തിട്ടുണ്ടെന്നു പ്രസ്താവിച്ചുകാണുന്നു. ഈ ആറു യാത്രകളിലും അനേകം അത്ഭുതങ്ങൾ ഹാലിമാബീക്കു് അനുഭവപ്പെട്ടതായി പറയപ്പെട്ടിട്ടുണ്ടു്. അവയിൽ ചില സംഭവങ്ങൾ ചുരുക്കത്തിൽ ഉദ്ധരിക്കുന്നു

ഹലീമാബീ കുഞ്ഞിനെയും കൊണ്ടു് പോകവെ, തായിഫിന്നടുത്തുള്ള ഉകാളു് എന്ന സ്ഥലത്തുവെച്ചു് ഒരു ജോത്സ്യൻ കുഞ്ഞിനെകണ്ടു. ഈ കുഞ്ഞിനെവളർത്തുവാൻ അനുവദിച്ചാൽ നിലവിലിരിക്കുന്ന വ്യവസ്ഥകൾ താറുമാറാകുമെന്നു് ആ ജോത്സ്യൻ- ജനങ്ങളെ അറിയിച്ചു. ജനങ്ങൾ കുഞ്ഞിനെ കൊല്ലുവാൻ ഒരുങ്ങി. അപ്പോഴെയ്ക്കും കുഞ്ഞു് അദൃശ്യമായി.'

* സാദുൽമആദു്

'അറഫാക്കടുത്തുള്ള ദുൽമജാസു് എന്ന സ്ഥലത്തുവെച്ചു ഒരു നക്ഷത്രഗണിതക്കാരൻ കുഞ്ഞിനെ കണ്ടു. ഈ കുഞ്ഞിനെ കൊല്ലാതെവെച്ചാൽ അറബികളുടെ വിശ്വാസാചാരങ്ങളെ ഈ കുഞ്ഞു് നശിപ്പിക്കും എന്നു് അവൻ പ്രഖ്യാപിച്ചു. അധികം താമസിച്ചില്ല; ആ ജോത്സ്യൻ ഭ്രാന്തനായിത്തീരുകയും മരിച്ചു വീഴുകയും ചെയ്തു.

തിരുമേനി (സ) യുടെ വയർ കീറിയതിനെപ്പറ്റി

രണ്ടാംവയസ്സിൽ തിരുമേനി (സ) യുടെ വയർ കീറപ്പെട്ടതിനെ സംബന്ധിച്ചു് പല അഭിപ്രായങ്ങളും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. ഒരു ഹദീസിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു:— 'കുട്ടിക്കാലത്തു് ഞാൻ ബനൂഇസ്രാഈൽ ഗോത്രക്കാരുടെ കൂടെയായിരിക്കുമ്പോൾ, ഒരു ദിവസം രണ്ടാളുകൾ എന്നെ സമീപിച്ചു. അവരിൽ ഒരാളുടെ കയ്യിൽ ഹിമജലം നിറച്ച ഒരു സ്വർണ്ണപ്പാത്രം ഉണ്ടു്. അവർ എന്നെപ്പിടിച്ചു, എന്റെ വയർ കീറി, എന്റെ ഹൃദയം പുറത്തെടുത്തു്, ആ ഹൃദയവും കീറി, അതിൽ നിന്നു് കറുത്ത ഒരു ചോരക്കട്ടയെടുത്തു് പുറത്തുകളഞ്ഞു (ഹൃദയം പുറത്തെടുത്തു് കഴുകി അതിൽ അറിവും വിശ്വാസവും നിറച്ചു് എന്നിപ്രകാരവും; മൂന്നാളുകൾ വന്നു് എന്റെ വയർ കീറി എന്റെ കുടലുകൾ എടുത്തു കഴുകി പിന്നെ ഹൃദയം എടുത്തുകീറി കറുത്ത ഒരു മാംസപിണ്ഡം എടുത്തുനീക്കി എന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്.) ഇതെല്ലാം ഞാൻ നോക്കിക്കണ്ടു. ഒരു വിധത്തിലുള്ള വേദനയും എനിക്കനുഭവപ്പെട്ടില്ല. ഹൃദയത്തിൽ ഒളിവു് നിറച്ചു് അവർ മുറിക്കൂട്ടി. അവരുടെ കയ്യിൽ പ്രോജ്ജ്വലമായ ഒരു മുദ്ര ഞാൻ കണ്ടു. അവർ എന്റെ ഹൃദയത്തിനു മുദ്രവെച്ചു. ഹൃദയത്തിനു മുദ്ര വെച്ചപ്പോൾ ഒരു ആനന്ദം സർവ്വാംഗം വ്യാപരിച്ചു.' (ജിബ്രീൽ വലത്തെകൈകൊണ്ടു മുദ്രവെച്ചുവെന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്)

ഈ വിഷയത്തെ അടിസ്ഥാനമാക്കി ക്കൊണ്ട്, ഇമാം മുഹമ്മദിൽ ബൂസരി (റ) ഒരു കവിത രചിച്ചിട്ടുണ്ട്. ആ പദ്യം 'ഹംസിയ്യ' എന്ന കിതാബിൽ കാണാവുന്നതാണ്.

ശാമത്തുന്നബുവ്വത്

തിരുമേനിയുടെ ഇടഭാഗത്തു് ഹൃദയത്തിന്റെ എതിർവശത്തായി പുറത്തു് ശാമത്തു് എന്ന ഒരു രേഖയുണ്ട്. ആ രേഖയിൽ 'ഇസ്മുൽഅള്വം' അടങ്ങിയിരിക്കുന്നു. നബിതത്തിന്റെ അടയാളമാണതു്. ആ രേഖക്കു് 'ശാമത്തുന്നബുവ്വത്തെ'ന്നും 'ഖാത്തമുന്നബുവ്വത്തെ'ന്നും പേരുണ്ട്. ആ രേഖ ജനനാൽ ഉള്ളതാണ്. എല്ലാ നബിമാർക്കും ആ രേഖ ഉണ്ടായിരുന്നു. പക്ഷെ മറ്റെല്ലാനബിമാരുടെയും വലംകയ്യിലാണ് ആ രേഖ പതിഞ്ഞിരുന്നതു്. ഹൃദയഭാഗത്തു് ആ രേഖ പതിഞ്ഞിരുന്നതു് തിരുമേനിയെ സംബന്ധിച്ച ഒരു പ്രത്യേകതയത്രെ.

"ഹള്റത്തുശ്ശൈതാൻ"

ഹള്റത്തുശൈത്താൻ എന്നു പറയപ്പെടുന്ന ഒരു ചോരക്കട്ട എല്ലാമനുഷ്യരുടെ ഹൃദയത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആ തിന്മയെ തിരുമേനിയുടെ ഹൃദയത്തിൽനിന്നു് നീക്കിക്കളയുന്നതിനുവേണ്ടിയാണു് തിരുമേനിയുടെ ഹൃദയം കീറപ്പെട്ടതു്. തിരുമേനിയുടെ ഹൃദയത്തിൽ ഇലാഹിയായ രഹസ്യജ്ഞാനങ്ങൾ നിറക്കുകയും, മലക്കുകൾ ആ ഹൃദയത്തിനു് മുദ്രവെക്കുകയും ചെയ്തു.' തിരുമേനിയുടെ ഹൃദയം അഞ്ചു് പ്രാവശ്യം കീറപ്പെട്ടതായി പ്രസ്താവിച്ചിട്ടുണ്ട്.

ഹള്റത്തുശ്ശൈത്താൻ എന്ന ഇബ്‌ലീസിന്റെ കേന്ദ്രമായ രക്തക്കട്ട നബി (സ) തിരുമേനിയുടെ ഹൃദയത്തിൽ അല്ലാഹു പടച്ചതിന്റെ രഹസ്യം എന്തെന്നു് ഇമാംസുബ്കി (റ) വോടു് ഒരാൾ ചോദിച്ചു. സൃഷ്ടിപ്പിന്റെ പരിപൂർണ്ണതയ്ക്കുവേണ്ടി അല്ലാഹു തിരുമേനിയുടെ ഹൃദയത്തിൽ അതു പടക്കുകയും തിരുമേനിയുടെ ബഹുമാന്യതയുടെ പരിപൂർത്തിക്കുവേണ്ടി തിരുമേനിയുടെ ഹൃദയത്തിൽനിന്നു് നീക്കുകയും ചെയ്തുവെന്നു്. അദ്ദേഹം മറുപടിനല്കി. അപ്പോൾ 'എങ്കിൽ, എന്തുകൊണ്ടു് തിരുമേനിക്കു് 'ഖുൽഫ' എന്ന തോൽ പടച്ചില്ല' എന്നു് അയാൾ ചോദിച്ചു. 'തിരുമേനിയുടെ ഗുഹ്യസ്ഥാനം മറ്റൊരാൾ കാണാതിരിപ്പാനും മറ്റും, എന്നു് ഇമാംസുബ്കി (റ) മറുപടി പറഞ്ഞു.

ഹൃദയത്തിനു മുദ്രവെച്ചു

തിരുമേനിയുടെ ശരീരം അഞ്ചുപ്രാവശ്യം കീറുകയും ഹൃദയത്തിനു് അഞ്ചുപ്രാവശ്യം മുദ്രവെക്കുകയും ചെയ്തതായി പറയപ്പെട്ടിട്ടുണ്ട്. പ്രസവകാലത്തു്; മുലകുടിക്കുന്ന കാലത്തു്; വഹ്യുകാലത്തു്; മിഅ്റാജ്കാലത്തു്, പത്താംവയസ്സിൽ; ഇങ്ങിനെ അഞ്ചുതവണ. മുലകുടിക്കുന്നകാലത്തു് രണ്ടുപ്രാവശ്യം കീറപ്പെട്ടിട്ടുണ്ടെന്നും, പ്രസവകാലത്തു് കീറപ്പെട്ടിട്ടില്ലെന്നും, മുലകുടിക്കുന്നകാലത്തു് ഒരു മുദ്രണം മാത്രമെ ഉണ്ടായിട്ടുള്ളുവെന്നും പറയപ്പെട്ടിരിക്കുന്നു. അങ്ങിനെ നോക്കുമ്പോഴും അഞ്ചുതവണ കീറപ്പെട്ടുവെന്നും അഞ്ചുതവണ മുദ്രവെക്കപ്പെട്ടുവെന്നും വ്യക്തമായി.

ഹൃദയം കീറിയെന്നും മുദ്രവെച്ചുവെന്നും പറയുമ്പോൾ മാനുഷികാവസ്ഥയുടെ വെളിച്ചത്തിൽ ആ സംഭവത്തെ നോക്കിക്കാണരുതു്. അല്ലാഹുവിന്റെ മഹത്തായ അത്ഭുതരഹസ്യങ്ങൾ നിർവ്വഹിച്ച കാര്യങ്ങളാണവ. നബി (സ) തിരുമേനിയുടെ ബഹുമാന്യതയെ പല ഘട്ടങ്ങളിൽ പുലർത്തേണ്ടതിനുവേണ്ടിയാണു് പലതവണ ആ അത്ഭുത സംഭവങ്ങൾ നടത്തപ്പെട്ടതു്.

ഹലീമാബീ അമ്പരന്നു

സ്വമാതാവിന്റെ കയ്യിൽ തിരിച്ചേല്പി

ക്കുവാൻ ഹലീമാബീ തിരുമേനിയേയുംകൊണ്ട് മക്കത്തേക്ക് തിരിച്ചുപോകുമ്പോൾ, വഴിയിൽവെച്ചുണ്ടായ അത്ഭുത വസ്തുതകളെ അവർ ഇപ്രകാരം അവതരിപ്പിക്കുന്നു:- ബനൂസഅദ് ഗോത്രത്തിൽനിന്ന് സൗഭാഗ്യപ്പൊലിമ ഇതാ മക്കത്തേക്ക് നീങ്ങുകയായി, എന്നിപ്രകാരം നാലുഭാഗത്തുനിന്നും അശരീരി അലച്ചുവന്നു. ഇടത്തും വലത്തുമുള്ള എല്ലാ വസ്തുക്കളും തിരുമേനിയെ ബഹുമാനിച്ചു. ബാബുൽ അങ്കം എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ കുറേ ആട്ടുകൊറ്റൻ നില്ക്കുന്നതായി കണ്ടു. ഞാൻ വാഹനത്തിൽനിന്ന് കുഞ്ഞിനെ ഇറക്കി തണലിൽ ഇരുത്തി, മൂത്രവിസർജ്ജനത്തിന്നായി സൗകര്യംനോക്കിക്കൊണ്ടു നില്ക്കുമ്പോൾ, ശബ്ദത്തോടുകൂടി ഒരു വെളുത്ത മേഘം എന്നെ പൊതിഞ്ഞു. ഞാൻ ഭയപ്പെട്ട നിലവിളിച്ചു. കുഞ്ഞിനെ നോക്കിയപ്പോൾ അവിടെയെങ്ങും കണ്ടില്ല. ഭ്രാന്തു പിടിപ്പെട്ടവളെപ്പോലെ മുറവിളികൂട്ടിക്കൊണ്ട് ഞാൻ നാലുപാടും ഓടി. ഒരാൾ എന്നോട് സംഗതികൾ അന്വേഷിച്ചു. ഹുബ്ൽ എന്ന ബിംബത്തെ സമീപിച്ചു പ്രാർത്ഥിച്ചാൽ നിവൃത്തിവരും എന്നു അയാൾ ഉപദേശിച്ചു. ഞാൻ അങ്ങിനെ ചെയ്തു. ഒരു ഫലവും ഉണ്ടായില്ല. വ്യസനാകുലയായ ഞാൻ മക്കത്തുചെന്നു അബ്ദുൽമുത്തലിബിനെ വിവരം അറിയിച്ചു. വ്യസനാക്രാന്തരായ ഖുറൈശികൾ നാലുപാടും തേടിനടന്നു. കുഞ്ഞിനെ എങ്ങും കണ്ടില്ല. എല്ലാവരും നിരാശരായി. അവസാനം അവർ കഅ്ബയിൽചെന്നു പ്രാർത്ഥിച്ചു. അപ്പോൾ ഇന്ന മലച്ചെരുവിൽ കാണ്മാനെന്നു ഒരശരീരി ഉണ്ടായി. ഉടനെ ഖുറൈശികൾ കുതിരപ്പുറത്തു കയറി ആ മലച്ചെരുവിലേക്ക് കുതിച്ചു. കുഞ്ഞിനെ അവിടെ കണ്ടെത്തി. സന്തോഷാധിക്യത്താൽ അബ്ദുൽമുത്തലിബ് നൂറ് ഒട്ടകങ്ങളെ അറുത്തു ഭക്ഷണവും, ധാരാളം സ്വർണ്ണവും ദാനം ചെയ്തു. എന്നിക്ക് അദ്ദേഹം കണക്കിലേറെ സമ്മാനം നല്കി.'

(ഹലീമാബീ മദീനായിൽവെച്ച് വഫാത്തായി. ബഖീഅ് എന്ന സ്ഥലത്തു് അവരുടെ ഖബ്ർ സ്ഥിതിചെയ്യുന്നു. ആ കബ്ർ ഇക്കാലത്തും സിയാറത്തു ചെയ്തുവരുന്നുണ്ട്.)

ആമീനാബീയുടെ വഫാത്തു്

തിരുമേനിയുടെ മാതാവായ ആമീനാബീ വഫാത്തായതു് തിരുമേനിക്ക് നാലു വയസ്സുള്ളപ്പോഴാണെന്നും; അഞ്ചു വയസ്സുള്ളപ്പോഴാണെന്നും; ഏഴു വയസ്സുള്ളപ്പോഴാണെന്നും; എട്ടു വയസ്സുള്ളപ്പോഴാണെന്നും; ഒമ്പതു വയസ്സുള്ളപ്പോഴാണെന്നും; പന്ത്രണ്ടു വയസ്സുള്ളപ്പോഴാണെന്നും; പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്. നാലു വയസ്സു് പ്രായമുള്ളപ്പോൾ എന്നതിനെ 'മവാഹിബ്' എന്ന ചരിത്രഗ്രന്ഥവും, ആറു വയസ്സുള്ളപ്പോൾ എന്നതിനെ 'ഹലബിയ്യ' എന്ന ചരിത്രഗ്രന്ഥവും പ്രബലമാക്കിയിരിക്കുന്നു. മക്കത്തിന്റെയും മദീനയുടെയും ഇടയിലുള്ളതും മദീനയോടു കൂടുതൽ അടുത്തു കിടക്കുന്നതുമായ അബവാ എന്ന സ്ഥലത്തുവെച്ചാണു് ആമീനാബീ വഫാത്തായതു്. അവരെ ഖബറടക്കം ചെയ്തിട്ടുള്ളതും അവിടെ തന്നെയാണു്. അബ്ദുൽമുത്തലിബിന്റെ ബന്ധുക്കളെ കാണ്മാനായി മകനെയുംകൂട്ടി മദീനയിൽപോയി തിരിച്ചുവരുമ്പോഴാണു് വഴിക്കുവെച്ചു് ഈ അത്യാഹിതം സംഭവിച്ചതു്. അവരുടെകൂടെ ഉമ്മു ഐമൻ എന്ന അടിമ ഉണ്ടായിരുന്നുവെന്നും, ആമീനാബീ മരിച്ചതിന്നുശേഷം അഞ്ചാംദിവസം ഉമ്മു ഐമൻ തിരുമേനിയെയുംകൊണ്ടു് മക്കത്തുവന്നു് അബ്ദുൽമുത്തലിബിന്റെവശം ഏല്പിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ട്. ഉമ്മു ഐമൻ അവരുടെകൂടെ ഉണ്ടായിരുന്നില്ലെന്നും ആമിനാബീയുടെ മരണവാർത്ത അറിഞ്ഞപ്പോൾ, ഉമ്മുഐമൻ മക്കത്തുനിന്നു് അബവായിലേക്കു് പോയി, തിരുമേനിയെ കൂട്ടിക്കൊണ്ടുവരികയാണു് ചെയ്തതെന്നും വേറൊരഭിപ്രായവും രേഖപ്പെടുത്തപ്പെട്ടിട്ടു

ണ്ട്. 'എന്റെ പൊറമ്മയുടെ മരണശേഷം ഉമ്മുഐമനാണ് എന്റെ ഉമ്മ' എന്ന് തിരുമേനി (സ) അരുളിയതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

തിരുമേനി (സ) യുടെ സ്വിയാറത്ത്

തിരുമേനിയുടെ മാതാവായ ആമീനാബീയുടെ ഖബ്ർ സ്ഥിതിചെയ്യുന്നത് അബവായിലാണെന്നും, മക്കത്താണെന്നും, തിരുമേനി അരുളിയതായി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഹദീസുകളെ സംബന്ധിച്ചേടത്തോളം ചില വസ്തുതകൾ ഇവിടെ പ്രസ്താവിക്കുന്നത് സംഗതവും സന്ദർഭോചിതവുമാണെന്ന് വിശ്വസിക്കുന്നു. 'മുസ്നദ്' എന്നും 'മൗളൂഅ്' എന്നും 'മൗഖൂഫ്' എന്നും മറ്റും പല വിഭാഗങ്ങളായി ഹദീസുകളെ ഹദീസിന്റെ പണ്ഡിതന്മാർ വക തിരിച്ചിട്ടുണ്ട് പ്രാമാണികരായ ആളുകളാൽ നിവേദനം ചെയ്യപ്പെട്ടതും തികച്ചും ബലപ്പെട്ടതെന്ന് പണ്ഡിതലോകം അംഗീകരിച്ചതും ആയ ഹദീസുകൾക്ക് മുസ്നദായ ഹദീസുകൾ എന്നും, മർഫൂആയ ഹദീസുകൾ എന്നും പേർ. ആ ഹദീസുകളുടെ നിവേദകശൃംഖല തിരുമേനി (സ) യിൽ ബന്ധിതമാകുന്നു. നിവേദകരിൽ ഓരോരുത്തരും നിവേദകർക്ക് നിശ്ചയിക്കപ്പെട്ട യോഗ്യതകൾ തികഞ്ഞവരുമാകുന്നു. നിവേദനങ്ങൾ സത്യസന്ധമെന്ന ആധികാരികമായ തെളിവുകളോടുകൂടി വ്യക്തവുമായിരിക്കും.

അടിസ്ഥാനപരമായ തെളിവുകളില്ലാതെ നിവേദനം ചെയ്യപ്പെട്ട ഹദീസുകൾക്ക് മൗളൂഅ് എന്നും മൗഖൂഫ് എന്നും പേർ.

അടിസ്ഥാനപരമായ തെളിവുകൾ ഉണ്ടെന്നിരിക്കുകിലും നിവേദകർക്ക് വേണ്ടുന്ന യോഗ്യതകൾ തികഞ്ഞിട്ടില്ലാത്തവർകൂടി ഉൾപ്പെട്ട നിവേദകശൃംഖല നിവേദനം ചെയ്ത ഹദീസുകൾക്ക് ളഈഫ് എന്ന പേർ.

നിവേദകർ യോഗ്യതകൾ തികഞ്ഞവരായിരുന്നിട്ടും അവരുടെ ശൃംഖല തിരുമേനിയോളം എത്താത്ത നിലയിൽ നിവേദനം ചെയ്യപ്പെട്ട ഹദീസുകൾക്ക് മഖ്ത്വൂഅ് എന്ന പേർ.

മുൻപ്രസ്താവിച്ച ഹദീസ് സ്വീകാര്യമായ നിലയിൽ അംഗീകരിക്കപ്പെടുകയാണെങ്കിൽ, ആമീനാബീയെ ആദ്യം അബവായിൽ മറവുചെയ്തുവെന്നും, പിന്നീട് അവിടെനിന്ന് മക്കത്തേക്ക് മാറ്റപ്പെട്ടുവെന്നും കരുതേണ്ടിയിരിക്കുന്നു. ആമീനാബീ വഫാത്തായത് മക്കത്തുവെച്ചാണെന്ന്, ആരുംതന്നെ പറഞ്ഞിട്ടില്ല. മക്കത്ത് അബ്വത്തുൽജൂഹ്ൻ എന്ന സ്ഥലത്താണ് ആമിനാബീയുടെ ഖബർ സ്ഥിതിചെയ്യുന്നത്. ദർറാബിഗത്ത് എന്ന പറയപ്പെടുന്നത് തിരുമേനിയുടെ മാതാവിനെ മറയടക്കിയ വീടിനെക്കുറിച്ചാണെന്ന് പറയപ്പെട്ടിട്ടുണ്ട്. ആ വീട് മക്കത്താണെന്നും പറയപ്പെട്ടിരിക്കുന്നു. അങ്ങിനെ ഒരു വീട് മക്കത്തുള്ളതായി ഞങ്ങൾക്കറിഞ്ഞുകൂടെന്നും ചിലർ പ്രസ്താവിച്ചിട്ടുണ്ട്.

ഹജ്ജത്തുൽ വിദാഇന്റെ സന്ദർഭത്തിൽ, നബി (സ) മക്കത്തെത്തിയപ്പോൾ തിരുമേനിയുടെ മാതാവിന്റെ ഖബ്റിന്നരികെ അധികനേരം ഇരുന്നുപ്രാർത്ഥിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്തുവെന്നും അതുകണ്ടിരുന്ന ഞങ്ങളും കരഞ്ഞുപോയെന്നും ഇബ്നുമാസ്ഊദ് (റ) പ്രസ്താവിച്ചിരിക്കുന്നു. സഹാബിമാർ അന്വേഷിച്ചപ്പോൾ 'എന്റെ മാതാവിന്റെ ഖബ്റിന്നടുത്താണ് ഞാൻ ഇരുന്നത്' എന്നും സിയാറത്തിന്ന് സമ്മതം ലഭിച്ചെങ്കിലും ഇസ്തിഗ്ഫാറിന്ന് സമ്മതം ലഭിച്ചില്ലെന്നും തിരുമേനി അരുളിയതായി അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

ആഇശ(റ) പറയുന്നു: 'ഹജ്ജത്തുൽ വിദാഇന്റെ ഘട്ടത്തിൽ നബി (സ) മക്കയിലെ ജൂഹ്നിലെത്തിയപ്പോൾ, അവിടെ ഇറങ്ങി വു

സനത്തോടുകൂടി കരയുന്നതു ഞാൻ കണ്ടു. അതു കണ്ടപ്പോൾ ഞാനുംകരഞ്ഞുപോയി. അപ്പോൾ അടുത്തിനില്ക്കുവാൻ തിരുമേനി എന്നോടു ആജ്ഞാപിച്ചു. വളരെനേരം ആ സ്ഥലത്തു് തങ്ങിയശേഷം, നബി (സ) പുഞ്ചിരിതൂകിക്കൊണ്ടു തിരിച്ചുവന്ന തിരുമേനി അവിടെ ഇരിപ്പാനും കരയാനുമുള്ള കാരണം ഞാൻ അന്വേഷിച്ചു. എന്റെ ഉമ്മയുടെ ഖബറിന്റെ അടുത്താണു് ഞാൻ ഇരുന്നതെന്നും, ഉമ്മയെ ഹയാത്താക്കിത്തരുവാൻ അല്ലാഹുവോടു് ഞാൻ പ്രാർത്ഥിച്ചുവെന്നും ഉമ്മയെ ഹയാത്താക്കുകയും ഈമാൻ കൊണ്ടശേഷം മൗത്താക്കുകയും ചെയ്തുവെന്നും' തിരുമേനി എന്നോടു പറഞ്ഞു. (ഉമ്മയേയും ബാപ്പയേയും അല്ലാഹു ഹയാത്താക്കി വിശ്വസിപ്പിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ടു) അംഗീകരിക്കപ്പെട്ട ആധികാരികമായ ഒരു ഹദീസാണിതു്

അസ്മാഅ്ബീ (റ)യെത്തൊട്ടു് സഹ്‌രി (റ) മുഖേന അബ്ദുനഈം (റ) 'ദലായിലുന്നുബുവ്വത്തു്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. അസ്മാഅ്ബീ പ്രസ്താവിച്ചു:- 'ആമിനാബീ മരിക്കുമ്പോൾ ഞാൻ അടുത്തുണ്ടായിരുന്നു. കുട്ടിയായിരുന്ന തിരുമേനി അവരുടെ തലയുടെ ഭാഗത്തു് ഇരിക്കുകയായിരുന്നു. മാതാവു് മകനെനോക്കി അർത്ഥഗർഭമായ ചില ഖൈത്തുകൾ ചൊല്ലി. പിന്നെ ഇപ്രകാരം പറഞ്ഞു: ജനിച്ചതിനൊക്കെ മരണമുണ്ടു; പുതിയതിനൊക്കെ പഴക്കമുണ്ടു് ഞാൻ മരിക്കുന്നു. എന്നാൽ എന്റെ പേർ എക്കാലത്തും ജീവിക്കും. പവിത്രനായ ഒരു പുത്രനെ ഞാൻ പ്രസവിച്ചിരിക്കുന്നു.'

സുയൂതി ഇമാമിനെത്തൊട്ടു് സുർഖാനി ഇമാം പ്രസ്താവിക്കുന്നു:

'ആമിനാബീയുടെ അന്ത്യവചനങ്ങളിൽ നിന്നു് അവർ ഇസ്‌ലാമിനെ വിശ്വസിച്ചിരുന്നതായി പരിഗണിക്കാവുന്നതാണു് കാരണം, തന്റെ പുത്രൻ നബിയാകുമെന്നും ദീനുൽ ഇസ്‌ലാം സ്ഥാപിതമാകുമെന്നും, ബിംബാരാധനക്കു് അറുതിവരുമെന്നും മറ്റും അവർ അവരുടെ അന്ത്യവചനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു് നബുവ്വത്തിന്നുമുമ്പു് ഇതറിയുമല്ലാതെ സാദ്ധ്യമല്ലല്ലൊ.'

അബ്ദുൽമുത്തലിബിന്നു വേണ്ടിയും അദ്ദേഹത്തിന്റെ മരണാനന്തരം നബി (സ) ഇപ്രകാരം പ്രാർത്ഥിച്ചിട്ടുണ്ടെന്നു് പറയപ്പെടുന്നു. അബൂതാലിബു്, നബുവ്വത്തിന്നു് ശേഷമാണു് മരണപ്പെട്ടതു്. അദ്ദേഹം ഇസ്‌ലാമിൽ വിശ്വസിക്കാതെ മരിച്ചു. അദ്ദേഹത്തിന്നുവേണ്ടി നബി (സ) പ്രാർത്ഥിച്ചപ്പോഴാണു് 'മുശ്‌രിക്കുകൾക്കു് വേണ്ടി നബിമാരൊ മുഅ്മിൻകളൊ പൊറുക്കലിനെത്തേടുവാൻ പാടില്ല' എന്നർത്ഥമുള്ള 'മാകാനലിന്നബ്യിയ്യി വല്ലദീന ആമനൂ.... ഉലീ'ക്വർബാ" എന്ന ആയത്തു് ഇറങ്ങിയതെന്നു് പറയപ്പെട്ടിട്ടുണ്ടു് ഈ വിഷയം പിന്നീടു് വിശദീകരിക്കും.

മാർഗ്ഗദർശിയില്ലാത്ത കാലം

ജനങ്ങളെ സത്യമാർഗ്ഗത്തിലേക്കു്, നയിപ്പാൻ നബിയോ മുർസലോ ഇല്ലാതെ ജനങ്ങളാകമാനം ദുർമാർഗ്ഗത്തിൽ നീങ്ങിനിന്നകാലം എന്നാണു് ഫത്‌റത്തു് എന്ന അറബു് വാക്കിന്റെ സാരം. ഈസാനബി (അ)യുടെയും മുഹമ്മദ്നബി (സ)യുടെയും ഇടയിൽ മറ്റൊരു നബിയൊ, റസൂലോ ഉണ്ടായിട്ടില്ലെന്നു് അബൂഹുറൈറ (റ) പ്രസ്താവിച്ചതായി, 'മിശ്കാത്തുൽഅൻവാർ' എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ടിരിക്കുന്നു. ഈസാനബി (അ) ആകാശത്തിലേക്കു് ഉയർത്തപ്പെട്ടതിന്നുശേഷം, നബി (സ)യുടെ ആഗമനത്തിന്നു മുമ്പായി നാലു് നബിമാർ ആഗതരായിട്ടുണ്ടെന്നും അവരിൽ മൂന്നുപേർ ബനീ ഇസ്രാഈൽകാരും ഒരാൾ അറബിയുമായിരുന്നുവെന്നും, ആ അറബിയുടെ പേർ ഖാലിദിബ്നുസിനാനുൽ അബ്ബാസി

എന്നായിരുന്നുവെന്നും 'കശ്ശാഫ്' 'ഇൻവാറ ത്തൻസീൽ' എന്നീ കിതാബുകളിൽ എഴുതി ക്കാണുന്നു. ഈ അഭിപ്രായത്തോട് പണ്ഡിത ന്മാർ ഏകകണ്ഠമായി യോജിച്ചിട്ടില്ല. ഖാലിദ് എന്ന ഒരു മഹാൻ, ജനങ്ങളെ ഈസാനബിയുടെ മാർഗ്ഗത്തിലേക്ക് നയിപ്പാൻ ശ്രമിച്ചിരുന്നു എന്നതിനെ എല്ലാവരും ശരിവെക്കുന്നു. പക്ഷെ അദ്ദേഹം നബിയായിരുന്നുവെന്ന് സംശയമെന്യേ അവർ പ്രസ്താവിക്കുന്നില്ല.

ഫൻളലത്തിബ്നുസഫ്വാൻ എന്ന ആളെ, അസ്ഹാബുറസ്സി എന്ന ജനതയിൽ നബിയായി നിയോഗിച്ചുവെന്നും, അദ്ദേഹം ഇസ്മാഈൽ നബിയുടെ സന്താനപരമ്പരയിൽപ്പെട്ട ആളാണെന്നും അദ്ദേഹത്തെ അസ്ഹാബുറസ്സ് കൊലപ്പെടുത്തിയെന്നും, അക്കാരണത്താൽ അല്ലാഹു ആ ജനതയെ നശിപ്പിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ട്. ഇതിൽ അദ്ദേഹത്തിനെ നബിയായി നിയോഗിച്ച എന്നതൊഴിച്ചുള്ള വസ്തുതകളോട് പണ്ഡിതന്മാർ ഏകകണ്ഠമായി യോജിച്ചിട്ടുണ്ട്.

ഈസാനബിക്കും മുഹമ്മദ് നബിക്കുമിടയിൽ നബിയൊ, മുർസലൊ ഉണ്ടായിട്ടില്ല എന്നതാണ് സ്വീകാര്യമായ പക്ഷം. ഈസാനബിക്ക് മുമ്പ് ഫത്റത്ത് കാലങ്ങളുണ്ടായിട്ടുണ്ട്. പക്ഷെ, നബി (സ) തിരുമേനി ലോകാവസാനം വരെയുള്ള ജനതയുടെ മാർഗ്ഗദർശിയും നബിയും ആയതുകൊണ്ടും ദീനുൽ ഇസ്‌ലാം ലോകാവസാനംവരെ നിലനിൽക്കും എന്നതുകൊണ്ടും തിരുമേനിക്കു ശേഷം ഈ ലോകത്ത് ഫത്റത്തുകാലം സംഭവിക്കുന്നതല്ല.

തിരുമേനി (സ) യുടെ മാതാപിതാക്കൾ

ഇരുപതു വയസ്സു തികയുന്നതിനുമുമ്പ് ഇഹലോകവാസം വെടിഞ്ഞവരാണ് തിരുമേനിയുടെ മാതാപിതാക്കൾ. വിവാഹകാലത്ത് തിരുമേനിയുടെ പിതാവായ അബ്ദുള്ള എന്ന വർക്ക് പതിനെട്ടു വയസ്സും മാതാവായ ആമിനാബീവിക്ക് പതിനാറുവയസ്സും മാത്രമെ പ്രായമുണ്ടായിരുന്നുള്ളുവെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. വിവാഹത്തിന്റെ അടുത്ത വർഷം അബ്ദുള്ള എന്നവരും ആറാമത്തെ വർഷം ആമിനാബീയും ഇഹലോകവാസം വെടിഞ്ഞു. അങ്ങിനെ നബി (സ) തിരുമേനി ഒരനാഥബാലനായി വളർന്നു.

അബ്ദുൽ മുത്തലിബിന്റെ രക്ഷണം.

മാതാവായ ആമീനാബി ഇഹലോകവാസം വെടിഞ്ഞശേഷം തിരുമേനി മുൻപറഞ്ഞ ഉമ്മുഐമൻ എന്നവരുടെ കൂടെ കുറച്ചുനാൾ താമസിച്ചു. അതിനുശേഷം തിരുമേനിയുടെ രക്ഷാകർത്തൃത്വം അബ്ദുൽമുത്തലിബ് ഏറ്റെടുത്തു. സ്വന്തം മക്കളേക്കാൾ കൂടുതലായി അബ്ദുൽമുത്തലിബ് തിരുമേനിയെ സ്നേഹിച്ചു. തിരുമേനി അദ്ദേഹത്തേയും അത്യന്തം സ്നേഹിച്ചു.

അബ്ദുൽമുത്തലിബ് മക്കക്കാരുടെ നേതാവായിരുന്നു. അവരുടെ കാര്യാലോചനാ സഭയുടെ അദ്ധ്യക്ഷനുമായിരുന്ന അദ്ദേഹം. പാവതാനിവിരിച്ച സഭാമന്ദിരത്തിന്റെ നടുവിൽ ഒരു സിംഹാസനത്തിന്മേൽ അബ്ദുത്തലിബും ചുറ്റും മക്കക്കാരായ പ്രബലന്മാരും ഇരുന്നു രാജ്യകാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ, അവക്കിടയിൽ ഒരു ഈച്ച പാറിച്ചെല്ലുന്നതുപോലും അവർ സഹിച്ചിരുന്നില്ല. പക്ഷെ, യോഗം നടന്നുകൊണ്ടിരിക്കെ, ബാലനായ തിരുമേനി യോഗസ്ഥലത്തു് ഓടിക്കയറുകയും, അബ്ദുത്തലിബിന്റെ മടിയിൽ ചാടിക്കയറി അദ്ദേഹത്തിന്റെ താടിയും തലയും പിടിച്ചുകുലുക്കുകയും ചെയ്യുക പതിവായിരുന്നു. അദ്ദേഹം അതിനെ നിഷേധിച്ചില്ലെന്നു മാത്രമല്ല, സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്തുവന്നു. ഒരിക്കൽ കുട്ടിയുടെ ഈ കളിയിൽ മറ്റുള്ളവർക്ക് നീര

സം തോന്നിയതായി അബ്ദുൽമുത്തലിബ് മനസ്സിലാക്കി. ‘‘എന്റെ പൌത്രന്റെ മഹത്വം മനസ്സിലാക്കുവാൻ നിങ്ങൾക്ക് സാധിച്ചിരുന്നെങ്കിൽ, കുട്ടി എന്റെ തലയിൽകയറി കുട്ടിക്കരണം മറിയുന്നതുപോലും നിങ്ങൾ ഇഷ്ടപ്പെടുമായിരുന്നു’’ എന്നദ്ദേഹം പ്രസ്താവിച്ചു. തിരുമേനിക്ക് ഏഴുവയസ്സ് പ്രായമായിരുന്നപ്പോൾ മഴയില്ലായ്മമൂലം മക്കത്ത് ഭയങ്കരമായ വരൾച്ച അനുഭവപ്പെട്ടു. ജനങ്ങൾ ക്ഷാമത്താൽ അത്യധികം ഞെരുങ്ങി. മക്കക്കാർ ആപത്തിന്റെ അഗ്നിപരീക്ഷണത്തിൽ കുടുങ്ങി നിന്നപ്പോൾ ‘‘ഖുറൈശികളെ! നിങ്ങളിൽനിന്നു് ഒരു നബി വരുന്നുണ്ടു്; ആ നബിയുടെ പേരിൽ നിങ്ങൾ മഴക്കുവേണ്ടി പ്രാർത്ഥിച്ചുകൊള്ളുക’’ എന്നു് ഒരു അശരീരി ഉണ്ടായി. ഈ അശരീരി കേട്ടപ്പോൾ അബ്ദുൽമുത്തലിബ് തിരുമേനിയേയും കൂട്ടി കഅ്ബത്തിലേക്കു് പോയി. മഴക്കു പ്രാർത്ഥിപ്പാനായി തിരുമേനിയുടെ കൊച്ചുകരങ്ങൾ അദ്ദേഹം ഉയർത്തിച്ചു. അപ്പോഴേക്കും അത്ഭുതകരമാം വിധം മഴപെയ്തു. ആ മഴമൂലം മക്കയിലെ കൃഷിഭൂമികൾ പുനർജ്ജീവിച്ചു.

സൻആയിലെ രാജാവു്

തിരുമേനിക്കു് ഏതാണ്ടു് രണ്ടുവയസ്സു് പ്രായമായപ്പോൾ സൻആ എന്ന സ്ഥലത്തെ രാജാവായ സെയ്ഫിബിന്നു ദീബസൻ എന്ന രാജാവിനെ സന്ദർശിക്കുവാൻ അബ്ദുൽമുത്തലിബും ഖുറൈശി തലവന്മാരും സൻആയിലേക്കു പുറപ്പെട്ടു. രാജാവു് അവരെ സ്നേഹാദരപൂർവ്വം സ്വീകരിച്ചു. ആ സംഘത്തോടു് കുശലപ്രശ്നം നടത്തുകയും അവരെ സൽക്കരിക്കുകയും ചെയ്തു. അതിനുശേഷം അബ്ദുൽമുത്തലിബിനെ സ്വകാര്യമായി അദ്ദേഹം ഒരു രഹസ്യമുറിയിലേക്കു കൂട്ടികൊണ്ടു പോവുകയും, തിരുമേനിയുടെ ജനനം ജീവിതം എന്നീ വിഷയങ്ങളെക്കുറിച്ചു ദീർഘ സംഭാഷണം നടത്തുകയും ചെയ്തു. തിരുമേനിയുടെ ജനനസമയത്തു് ലോകത്തിലെ പല ഭാഗങ്ങളിലും സംഭവിച്ച അത്ഭുതങ്ങളെ രാജാവു് പ്രത്യേകം അനുസ്മരിച്ചു. ഭാവിയിൽ തിരുമേനി മതപ്രചാരം നടത്തുമെന്നും ശത്രുക്കൾ അദ്ദേഹത്തെ മർദ്ദിക്കുമെന്നും രാജാവു് പ്രസ്താവിച്ചു. തിരുമേനി മതപ്രചരണം നടത്തുകയും ശത്രുക്കളുടെ എതിർപ്പിനു് പാത്രീഭൂതനാവുകയും ചെയ്യുന്ന ആ കാലത്തു് ഞാൻ ജീവിച്ചിരിക്കുന്നപക്ഷം നിശ്ചയമായും ഞാൻ തിരുമേനിയെ സഹായിക്കും എന്നു് സാഭിമാനം രാജാവു് പ്രഖ്യാപിച്ചു.

അബ്ദുൽമുത്തലിബിനും കൂട്ടുകാർക്കും പല സമ്മാനങ്ങൾ നല്കിക്കൊണ്ടു് രാജാവു് അവരെ യാത്ര അയച്ചു.

ജോത്സ്യനായ വൈദ്യൻ

തിരുമേനി അബ്ദുൽമുത്തലിബിന്റെ സംരക്ഷണത്തിലായിരിക്കുമ്പോൾ, ഒരിക്കൽ ആ ബാലനു് നേത്രരോഗം ബാധിച്ചു. മക്കയിലും മദീനയിലും പരിസരപ്രദേശങ്ങളിലും പ്രസിദ്ധിയാർജ്ജിച്ച ഒരു ജോത്സ്യനായ വൈദ്യൻ അന്നു ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. അബ്ദുൽമുത്തലിബു്, തിരുമേനിയെ ആ ജോത്സ്യന്റെ അടുത്തേക്കു് കൂട്ടികൊണ്ടുപോയി. ജോത്സ്യൻ ഗ്രന്ഥം തുറന്നു് ഗണിച്ചുനോക്കി. എന്നിട്ടു് അബ്ദുൽമുത്തലിബോടു് പറഞ്ഞു:— ‘മാന്യരെ, ഈ കുട്ടി അന്ത്യപ്രവാചകനാണു്. ഇദ്ദേഹത്തിനുശേഷം നബി! ഉണ്ടാകുകയില്ല. സാധാരണക്കാരെ ചികിത്സിക്കുന്ന മരുന്നുകൊണ്ടു് ഈ കുട്ടിയെ ചികിത്സിച്ചാൽ ശരിയാകുകയില്ല. ഇദ്ദേഹത്തിന്റെ തുപ്പുനീർതൊട്ടു് കണ്ണിൽ പുരട്ടിയാൽ ഈ രോഗം സുഖപ്പെടും. മാത്രമല്ല ഇപ്രകാരം ചെയ്താൽ മാറാവ്യാധികളും സുഖപ്പെടും.’

അബ്ദുൽമുത്തലിബിന്റെ മരണം

നൂറിനാല്പതാം വയസ്സിൽ, മക്കക്കാരെയാകമാനം കണ്ണീരിൽ ആറാടിച്ചുകൊണ്ടു് അബ്ദുൽമുത്തലിബു് ഇഹലോകവാസം വെടി

ഞ്ഞു. അന്നു് തിരുമേനിക്കു് എട്ടു വയസ്സു് പ്രായമായിരുന്നു. അദ്ദേഹത്തിന്റെ മൃതശരീരത്തെ കിടത്തിയ കട്ടിലിനെ ചുറ്റിപ്പറ്റി കൊണ്ടു് ദുഃഖിതനായ ആ അനാഥബാലൻ കണ്ണീരൊഴുക്കി. അബ്ദുൽമുത്തലിബിന്റെ ആ റുമക്കാം അന്നു് പാടിയ വിലാപഗാനങ്ങാം, ഇബ്നുഹിശാം രചിച്ച സീറാഗ്രന്ഥത്തിൽ ഉൾപ്പെടുത്തീട്ടുണ്ടു്. ജൂഹ്ൻ എന്ന സ്ഥലത്തു് അബ്ദുൽമുത്തലിബു് മറമാടപ്പെട്ടു. അദ്ദേഹത്തിന്റെ ബാപ്പയായ ഖുസയ്യു് എന്നവരുടെ അടുത്താണു് അദ്ദേഹത്തിന്റെ ഖബർ സ്ഥിതി ചെയ്യുന്നതു്. 'അബ്ദുൽമുത്തലിബിനെ രാജോചിതമായി മറമാടി' എന്നു് തിരുമേനി പ്രസ്താവിച്ചിട്ടുണ്ടു്.തിരുമേനിക്കു് നബുവ്വത്തു് ലഭിച്ചശേഷം അബ്ദുൽമുത്തലിബിനുവേണ്ടി തിരുമേനി പ്രാർത്ഥിച്ചതായി പറയപ്പെട്ടിരിക്കുന്നു.

അബൂതാലിബിന്റെ സംരക്ഷണം

അബ്ദുൽമുത്തലിബു് ചരമശയ്യയിൽ ആസന്നമരണനായി കിടക്കുമ്പോാം, തിരുമേനിയെ സംരക്ഷിപ്പാനുള്ള ഉത്തരവാദിത്തം അബൂതാലിബിനെ ഭരമേല്പിച്ചു. പിതാവായ അബ്ദുൽമുത്തലിബിനെപ്പോലെതന്നെ, മഹാനായ അബൂതാലിബും മദ്യപാനവുമായി ബന്ധപ്പെടാത്ത ആളായിരുന്നു അബൂതാലിബിന്റെ യഥാർത്ഥമായ പേർ അബ്ദുമനാഫ് എന്നായിരുന്നു. പിതാവു് തന്നിലേല്പിച്ച ഉത്തരവാദിത്തം അദ്ദേഹം അഹ്മായ നിലയിൽ നിർവ്വഹിച്ചു. ഉറ്റവരായ മറ്റാരെക്കാളും തിരുമേനിയെ അദ്ദേഹം സ്നേഹിച്ചു. തിരുമേനിയെ ഉണ്ണിലും ഉറക്കിലും, ഒരിക്കലും അദ്ദേഹം വിട്ടുപിരിയുകയുണ്ടായില്ല. തന്നോടൊപ്പം തന്റെ ശയ്യയിൽ തിരുമേനിയെ അദ്ദേഹം കിടത്തി ഉറക്കിവന്നു. തിരുമേനിയെ വല്ലവരും ഭയപ്പെടുത്തുകയൊ ഉപദ്രവിക്കുകയൊ ചെയ്യുകിൽ അവരെ കൊന്നുകളയുവാൻപോലും അബൂതാലിബു് മടിക്കുമായിരുന്നില്ല. കുറച്ചുനാാം, അബൂതാലിബിന്റെ സഹോദരനായ സുബൈർ സ്വന്തമായൊ അല്ലെങ്കിൽ അബൂതാലിബോട്ടു് സഹകരിച്ചുകൊണ്ടൊ തിരുമേനിയുടെ സംരക്ഷണം നിർവഹിച്ചിട്ടുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു.

മഴക്കുവേണ്ടി

മഴയില്ലായ്കയാൽ മക്കക്കാർ അത്യന്തം ക്ലേശിച്ചു. കൃഷിനിലങ്ങാം നിർജ്ജീവമായി. ജനങ്ങാം പട്ടിണിക്കിരയായി. അന്നു തിരുമേനിക്കു് ഒമ്പതുവയസ്സു പ്രായമായിരുന്നു. ഖുറൈശിതലവന്മാർ ഒരിടത്തു് സമ്മേളിക്കുകയും ഈ ബുദ്ധിമുട്ടിനു് പരിഹാരം കാണുവാനുള്ള മാർഗ്ഗം ആരായുകയും ചെയ്തു. ബാലനായ തിരുമേനിയെക്കൊണ്ടു് പ്രാർത്ഥിപ്പിച്ചാൽ മഴ പെയ്യുവാൻ ഇടയുണ്ടെന്നു് അവർ തീരുമാനിച്ചു. അവർ അബൂതാലിബിനെ സമീപിച്ചു് ഈ സംഗതി അദ്ദേഹത്തോടു് ഉണർത്തി. അബൂതാലിബ് മഴയ്ക്കുവേണ്ടി പ്രാർത്ഥിപ്പാൻ തിരുമേനിയോടു് ഉപദേശിച്ചു. അതനുസരിച്ചു തിരുമേനി കഅ്ബത്തിന്നടുത്തേക്കു് പോവുകയും ആകാശഭാഗത്തേക്കു് വിരൽ ചൂണ്ടുകയും ചെയ്തു. വിരൽ താഴ്ത്തുന്നതിനുമുമ്പു് അന്തരീക്ഷത്തിന്റെ മുഖഭാവം പാടെ മാറി. ആകാശത്തിൽ മഴയുടെ ലക്ഷണങ്ങാം പ്രത്യക്ഷമായി. ഇടിമുഴങ്ങി. മിന്നൽപിണർ. കനത്ത മഴ വർഷിച്ചുതുടങ്ങി. ജനങ്ങാം ആശ്വസിപ്പെട്ടു. ഭൂമി തണുത്തു. അബൂത്താലിബു് അത്യന്തം സന്തോഷിച്ചു. തിരുമേനിയെ പ്രശംസിച്ചുകൊണ്ടു് ചില അഭിനന്ദന ഗാനങ്ങാം അദ്ദേഹം പാടി.

വിശക്കുന്നു,ദാഹിക്കുന്നു.

ഉമ്മുഐമൻ (റ) പറയുന്നു:_ 'തിരുമേനി (സ) അദ്ദേഹത്തിന്റെ കുട്ടിക്കാലത്തൊ, മുതിർന്ന കാലത്തൊ എന്നിക്കു ദാഹിക്കുന്നുവെന്നൊ,

വിശക്കുന്നുവെന്നോ വല്ലപ്പോഴും പറഞ്ഞതായി ഞാൻ അറിഞ്ഞിട്ടില്ല. വളരെക്കുറഞ്ഞ ഭക്ഷണം മാത്രമെ അവിടുന്ന് കഴിക്കാവുള്ളൂ. രാവിലെ സംസം വെള്ളം കുടിക്കും; പ്രാതൽ കൊണ്ടുചെന്നാൽ' എന്റെ വയർ നിറഞ്ഞിരിക്കുന്നു' എന്നു പറയും.'

അബൂതാലിബ് സാമ്പത്തികമായി കുറേ അധ:പതിച്ച സ്ഥിതിവിശേഷത്തിലേക്ക് നീങ്ങിപ്പോയിരുന്നു. അദ്ദേഹത്തിന് ധാരാളം മക്കൾ ഉണ്ടായിരുന്നതുകൊണ്ട് കുടുംബഭാരവും കൂടുതലായിരുന്നു. വേണ്ടത്ര ഭക്ഷിപ്പാനുള്ള ആഹാരം ആ കുടുംബത്തിൽ പലപ്പോഴും ഉണ്ടാകാറില്ല. പക്ഷെ, തിരുമേനി അബൂതാലിബിന്റെ സംരക്ഷണത്തിൽ ആവുകയും അദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ചുതുടങ്ങുകയും ചെയ്തതോടുകൂടി ആ കുടുംബത്തിന്റെ ഭക്ഷണദാരിദ്ര്യത്തിന് അറുതിവന്നു. ഭക്ഷണം കുറച്ചെ ഉള്ളുവെങ്കിൽ 'ബിസ്മില്ലാ' എന്നു പറഞ്ഞുകൊണ്ട് തിരുമേനി ഭക്ഷ്യപാത്രത്തിൽ കൈവെക്കും. അപ്പോൾ ആ ഭക്ഷണം ഭക്ഷിച്ചവക്കെല്ലാം വിശപ്പാറി സംതൃപ്തി ഉളവാകും. പാനീയത്തെ സംബന്ധിച്ച സ്ഥിതിയും ഇതുതന്നെ.

അബൂതാലിബ് പറയുന്നു:- 'ഞാനും എന്റെ സഹോദരപുത്രനും ഒരു ദിവസം അറഫായിൽനിന്ന് കുറേ അകലത്തുള്ള ദുൽമജാദിൽ എത്തിച്ചേർന്നു. ഞാൻ ദാഹംകൊണ്ട് വിവശനായിത്തീർന്നു. അടുത്തെങ്ങും വെള്ളം കിട്ടുവാനുള്ള യാതൊരു സാദ്ധ്യതയും കണ്ടെത്തിയില്ല. സഹിപ്പാനാവാത്ത ദാഹം എന്നെ പിടികൂടിയ വിവരം ഞാൻ എന്റെ സഹോദരപുത്രനെ അറിയിച്ചു. അദ്ദേഹം ഒട്ടകപ്പുറത്തുനിന്ന് താഴെ ഇറങ്ങി, തന്റെ കാലിന്റെ തള്ളവിരൽ അടുത്തുള്ള ഒരു പാറക്കെട്ടിൽ ഊന്നുകയുണ്ടായി. ഉടനെ ആ പാറക്കെട്ടിൽനിന്ന് വെള്ളം ബഹിർഗമിച്ചു. ഞാൻ ആ വെള്ളം കുടിച്ചു ദാഹശമനംവരുത്തി. അത്ര നല്ല വെള്ളം എന്റെ ജീവിതത്തിൽ ഒരിക്കലും ഞാൻ കുടിച്ചിട്ടില്ല. ഞാൻ കുടിച്ചു മതിയാക്കിയപ്പോൾ 'മതിയൊ' എന്ന് തിരുമേനി പോദിച്ചു. 'മതി' എന്ന് ഞാൻ മറുപടി നല്കി. ഉടനെ ആ ഉറവ് അടഞ്ഞുപോവുകയും ചെയ്തു.

വേറൊരത്ഭുതം

അബൂതാലിബിന്റെ സഹോദരനായ സുബൈർ (റ) പറയുന്നു:- 'തിരുമേനിയുടെ പത്താമത്തെ വയസ്സിൽ ഞാൻ യമനിലേക്ക് യാത്ര പുറപ്പെട്ടപ്പോൾ അദ്ദേഹവും എന്നോടൊപ്പം വരികയുണ്ടായി. ഞങ്ങൾ ഒരു മലച്ചെരുവിലെത്തിയപ്പോൾ ഒരിടത്തു് ജനങ്ങൾ പരിഭ്രാന്തരായി തിങ്ങിക്കൂടിയിരിക്കുന്നു. ഒരു ക്രൂരൻ ഒട്ടകം ആ വഴിയാത്രക്കാരെ അക്രമിച്ച് വഴിമുടക്കിയിരിക്കുന്ന കാഴ്ചയാണ് ഞങ്ങൾ കണ്ടതു്. ബാലനായ തിരുമേനി ആ ഒട്ടകത്തെ സമീപിച്ചപ്പോൾ ആ ക്രൂരൻ ഒട്ടകം വിനയപൂർവ്വം നിലം പറ്റുകയുണ്ടായി. തിരുമേനി ആ ഒട്ടകത്തിന്റെ പുറത്തുകയറി. ആ നിലയിൽ ഞങ്ങൾ യാത്ര തുടർന്നു. ആ മലച്ചെരു കടന്നപ്പോൾ തിരുമേനി ആ ഒട്ടകപുറത്തുനിന്ന് ഇറങ്ങി, ഒട്ടകത്തെ സ്വതന്ത്രമായി വിട്ടുകയുണ്ടായി. യമനിൽ എത്തിയതിനുശേഷം ഞങ്ങൾ മക്കയിലേക്ക് മടങ്ങുവാൻ തീരുമാനിച്ചു. മടക്കയാത്രയിൽ ഒരു മലയിടുക്കിൽ എത്തിയപ്പോൾ ഒരു വെള്ളപ്പൊക്കം ആ മലയിടുക്കിലൂടെയുള്ള മാർഗ്ഗത്തിനു് വിലങ്ങുടിച്ചതായി ഞങ്ങൾ കണ്ടു. ഒരു വിധത്തിലും തരണം ചെയ്യുവാൻ നിവൃത്തിയില്ലാത്തവിധം ആ മലയിടുക്കിനെ വെള്ളപ്പൊക്കം കീഴടക്കിയിരിക്കുകയായിരുന്നു. ഞങ്ങൾ പരിഭ്രാന്തരായി. നാട്ടിലേക്ക് തിരിച്ചുചെല്ലുവാൻ മറ്റു മാർഗ്ഗമുണ്ടായിരുന്നില്ല. ഈ ഘട്ട

ത്തിൽ തിരുമേനി ഒട്ടകപ്പുറത്തുനിന്നും താഴെയിറങ്ങി. മലയിടുക്കിലേക്ക് നടക്കുകയും അദ്ദേഹത്തിന്റെ പിന്നാലെ നടന്നുകൊള്ളുവാൻ പറയുകയും ചെയ്തു. തിരുമേനി മുമ്പോട്ട നടന്നുതുടങ്ങിയപ്പോൾ മലയിടുക്കിനെ കീഴടക്കിയ വെള്ളം പാടെ അപ്രത്യക്ഷമായി. ഞങ്ങൾ മലയിടുക്ക് കടന്നുകഴിഞ്ഞപ്പോൾ വീണ്ടും വെള്ളപ്പൊക്കം ആ മലയിടുക്കിനെ കീഴടക്കി.

അബൂതാലിബിനെപ്പറ്റി

നബുവ്വത്തിന്നുശേഷം തിരുമേനിയുടെ നേരെ ഖുറൈശികൾ അഴിച്ചുവിട്ട ക്രൂരൻ എതിർപ്പുകളെ തികച്ചും പരാജയപ്പെടുത്തിയ ഒരു ശക്തി ദുർഗ്രമായിരുന്നു അബൂതാലിബ്. ആസന്നമരണനാവുന്നതുവരെ അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. ഇസ്‌ലാംമതം വിശ്വസിക്കാത്തവരിൽ തിരുമേനിക്കനുകൂലമായിനിന്ന പ്രവർത്തിച്ച മഹാനായ വ്യക്തിയായിരുന്നു അബൂതാലിബ്. ഗോത്രമാഹാത്മ്യത്തിന്റെയും, പൂർവ്വാചാര അനുകൂലകക്ഷികളുടെമേൽ തനിക്കുള്ള ആധിപത്യത്തിന്റെയും ആഭിമുഖ്യത്തിൽ, അന്തസ്സിന്റെ പ്രശ്നമായിട്ടാണ് ഇസ്‌ലാംമതസ്വീകരണത്തെ അദ്ദേഹം പരിഗണിച്ചിരുന്നത്. അഭിമാനഭീരുത്വമാണ്, പരോക്ഷമായ ഇസ്‌ലാംമതസ്വീകരണത്തിൽനിന്ന് അദ്ദേഹത്തെ തടഞ്ഞുനിറുത്തിയതെന്ന് ചരിത്രകാരന്മാരിൽ ചിലർ ഊഹിക്കുന്നു. തിരുമേനിയോടും അദ്ദേഹം പ്രചരിപ്പിച്ച മതത്തോടും അബൂതാലിബിന് ഒരിക്കലും എതിർപ്പുണ്ടായിരുന്നില്ല. അബൂതാലിബ് മരണശയ്യയിൽ ആയിരുന്നപ്പോൾ അന്ത്യനിമിഷത്തിൽ അദ്ദേഹം വിശ്വാസപ്രമാണം ചൊല്ലുന്നതു് ഞാൻ കേട്ടു എന്ന് അബ്ബാസ് (റ)-(അന്ന് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല), തിരുമേനിയോട് പറയുകയുണ്ടായി. 'എങ്കിൽ, ഞാനതു് കേൾക്കുമായിരുന്നു' എന്ന് തിരുമേനി അതിനു മറുപടിപറഞ്ഞു. തിരുമേനിയെ പ്രശംസിച്ചുകൊണ്ട് അബൂതാലിബ് പല അഭിനന്ദന ഗാനങ്ങളും പാടീട്ടുണ്ട്. അബൂതാലിബ് ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടെന്നും ആ ഗാനങ്ങളുടെയും, അബ്ബാസ് (റ)ന്റെ പ്രസ്തുത വചനത്തിന്റെയും വെളിച്ചത്തിൽ ചിലർ പ്രസ്താവിച്ചിട്ടുണ്ട്. അടിസ്ഥാനപൂർണ്ണമായ ഒരു പ്രസ്താവനയായി കരുതിക്കൂടാ. അപ്രകാരംതന്നെ, അബൂതാലിബ് കാഫറായ നിലയിലാണ് മരണപ്പെട്ടതെന്നും, തന്മൂലം, മരിച്ച ഒരു കാഫറിനെപ്പറ്റി കേൾക്കുമ്പോൾ ഉണ്ടാകുന്ന പ്രതികരണമാണ് അബൂതാലിബിനെപ്പറ്റി കേൾക്കുമ്പോൾ നമ്മിൽ ഉണ്ടാകേണ്ടതെന്നും വേറെ ചിലർ പ്രസ്താവിച്ചിട്ടുണ്ട്. ഈ പ്രസ്താവന അസംബന്ധവും അധികപ്രസംഗവുമത്രെ. അബൂതാലിബിന്റെ പേർ കേൾക്കുമ്പോൾ അനുഗ്രഹാത്മകമോ, ശാപാത്മകമോ, ആയ ഒരു പ്രതികരണത്തിന്നും നാം വിധേയരാവേണ്ടതില്ല. തിരുമേനി (സ) യുടെ സഹായിയും തിരുമേനിയോട് ഏറ്റവും സ്നേഹമുള്ള വ്യക്തിയുമായിക്കൊണ്ടാണ് അബൂതാലിബ് ഇഹലോകവാസം വെടിഞ്ഞതു്. നിശ്ചയമായും പരലോകത്തിൽ അദ്ദേഹത്തിനു് പ്രത്യേകമായ ആനുകൂല്യങ്ങളും ലഭിക്കുമെന്നുള്ള കാര്യത്തിൽ സന്ദേഹത്തിന്നു് അവകാശമില്ല. മാത്രമല്ല, അബൂതാലിബിനും തിരുമേനിയുടെ ശഫാഅത്തു് സിദ്ധിക്കും എന്നും ഒരു ഹദീസ് വ്യക്തമാക്കീട്ടുമുണ്ട്.

അബൂതാലിബോടൊപ്പം ശാമിലേക്ക്

തിരുമേനി അബൂതാലിബോടൊപ്പം ശാമിലേക്ക് യാത്രചെയ്യുകയായിരുന്നു. തിരുമേനിക്ക് അന്ന് ഒമ്പതു്വയസ്സു് പ്രായമായിരുന്നെന്നും പന്ത്രണ്ടു്വയസ്സു് പ്രായമായിരുന്നെന്നും രണ്ടഭിപ്രായങ്ങളും പറയപ്പെട്ടിട്ടുണ്ട്. വഴിയിൽ ആദ്യം ആ യാത്രാസംഘം വിശ്രമത്തി

ന്നു താവളമടിച്ച സ്ഥലത്തുവെച്ച്, ഒരു യുവതി തിരുമേനിയെ കണ്ടുമുട്ടുകയും തിരുമേനിയിൽ ആടങ്ങിക്കിടക്കുന്ന അസാധാരണതകളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. രണ്ടാമത്തെ വിശ്രമസ്ഥലത്തുവെച്ച് തിരുമേനിയെ കണ്ടുമുട്ടിയ ഒരു ക്രിസ്ത്യാനി തിരുമേനിയുടെ ഭാവിജീവിതത്തിലെ പ്രധാനസംഭവങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ആ സംഘം, യാത്രാമദ്ധ്യേ ബുസ്രാ എന്ന രാജ്യത്തെത്തി. ആ നാട്ടിൽ ഒരു ക്രൈസ്തവദേവാലയമുണ്ടായിരുന്നു. ഇഞ്ചീൽ എന്ന വേദഗ്രന്ഥത്തിലും ഇഞ്ചീലിനു മുമ്പുണ്ടായ വേദഗ്രന്ഥങ്ങളിലും അപാരപാണ്ഡിത്യം നേടിയ ബഹീറാ എന്ന ഒരു പുരോഹിതനായിരുന്നു അക്കാലത്തെ മഠാധിപതി. അദ്ദേഹം ദേവാലയത്തിന്റെ മുകൾത്തട്ടിൽ ഇരിയ്ക്കുകയായിരുന്നു. അകലെ നിന്നുവരുന്ന വ്യാപാരിസംഘം അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിച്ചു. പച്ചവണ്ണത്തിലുള്ള ഒരു മേഘക്കൂടയുടെ തണലിൽ കണ്ണഞ്ചിക്കുന്ന ജ്യോതിസ്സോടുകൂടിയ ഒരു ബാലൻ ആ സംഘത്തിൽ ഉള്ളതായി അദ്ദേഹം കണ്ടു. ആ സംഘം ഒരു മരത്തണലിൽ വിശ്രമിപ്പാനായി താവളമടിച്ചു. ബഹീറാ ആ സംഘത്തിലേക്ക് ചെല്ലുകയും സംഘത്തെ സ്വാഗതം ചെയ്യുകയും ചെയ്തു കൊമ്പുകൾ ഉണങ്ങി ഇലകൾ കൊഴിഞ്ഞു ശുഷ്കിച്ചുനിന്ന ഒരു മരത്തിന്റെ ചുവട്ടിലാണ് സംഘം വിശ്രമിക്കുന്നതെന്നു ബഹീറാക്ക് അറിയാമായിരുന്നു കുറച്ചുകാലമായി ആ മരം ശുഷ്കിച്ചുനില്ക്കുകയായിരുന്നു. മരച്ചുവട്ടിലെത്തിയപ്പോൾ ആ വൃക്ഷം യുവത്വമാർന്നതായും അതിന്റെ ശാഖകളിൽ നിറയെ ഇലകൾ നിറഞ്ഞതായും ബഹീറാ കണ്ടു. മാത്രമല്ല ആ ബാലന്റെ തലക്കുമീതെ ഒരു മേഘക്കൂട തണലിട്ടു നില്ക്കുന്നതായും അദ്ദേഹം കാണുകയുണ്ടായി. ആ അസാധാരണ ദൃശ്യങ്ങൾ അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. ആ പുരോഹിതൻ ആ കച്ചവടസംഘത്തെ ഭക്ഷണത്തിനു ക്ഷണിച്ചു. അപ്പോൾ സംഘത്തിലുള്ള ഒരാൾ ചോദിച്ചു:— 'ഞങ്ങൾ പലതവണ ഈ വഴി കടന്നുപോയിട്ടുണ്ടല്ലൊ; പലപ്പോഴും ഈ സ്ഥലത്തു വിശ്രമിച്ചിട്ടുമുണ്ട്. അന്നൊന്നും സൽക്കരിക്കാതെ ഇന്നു സൽക്കരിപ്പാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?' പുരോഹിതൻ പറഞ്ഞു:— 'എനിക്കു നിങ്ങളെ മനസ്സിലാക്കുവാൻ കഴിഞ്ഞതു ഇന്നുമാത്രമാണു അതുകൊണ്ടു ഇന്നു നിങ്ങൾ എന്റെ ആതിഥ്യം സ്വീകരിക്കണം.'

ഖുറൈശികൾ ബഹീറായുടെ ക്ഷണം സ്വീകരിച്ചു. ബഹീറാ അയച്ച പ്രതിനിധിയോടൊപ്പം തിരുമേനി ഒഴികെ സംഘത്തിലുള്ള എല്ലാ ആളുകളും അദ്ദേഹത്തിന്റെ അരമനയിലേക്കു പോയി. അതിഥികളുടെ കൂട്ടത്തിൽ ആ പ്രോജ്ജ്വല ബാലനെ കാണാതിരുന്നപ്പോൾ ബഹീറാ അവരോടു ചോദിച്ചു:—'നിങ്ങളിൽനിന്നു വല്ലവരും വരാതിരുന്നിട്ടുണ്ടോ' 'ഒരു കുട്ടി കൂടാരത്തിൽ ഇരിപ്പുണ്ടു' എന്നു അവർ മറുപടി പറഞ്ഞു. 'ഞാൻ നിങ്ങളുടെ കൂട്ടത്തിലുള്ള കുട്ടികളടക്കം എല്ലാവരെയും ആണു ക്ഷണിച്ചിട്ടുള്ളതു അതുകൊണ്ടു ആ കുട്ടിയെക്കൂടി ഈ സൽക്കാരത്തിൽ സംബന്ധിപ്പിക്കേണം' എന്നു ബഹീറാ വീണ്ടും അപേക്ഷിച്ചു അദ്ദേഹത്തിന്റെ സ്നേഹപൂർണ്ണമായ അപേക്ഷയെ മാനിച്ചുകൊണ്ടു അബ്ദുൽമുത്തലിബിന്റെ ജ്യേഷ്ഠനായ ഹാരിസു കൂടാരത്തിലേക്കു പോയി, തിരുമേനിയെ അരമനയിലേക്കു കൂട്ടിക്കൊണ്ടുചെന്നു.

ഭക്ഷണം കഴിഞ്ഞപ്പോൾ ബഹീറാ തിരുമേനിയുമായി കുശലപ്രശ്നം നടത്തി തിരുമേനിയുടെ ഭാഷണം ആ പുരോഹിതനെ സംതൃപ്തനാക്കി. ബഹീറാ സ്നേഹപൂർവ്വം തിരുമേനിയുടെ കുപ്പായം ഉയർത്തുകയും, പിൻഭാഗത്തു

രണ്ടു കൈപ്പലകകളുടെയിടയിൽ 'മുഹമ്മദുർറസൂലുല്ലാ' എന്ന മുദ്ര പതിഞ്ഞതായി കണ്ടു. അവിടെ ചുംബിക്കുകയും ചെയ്തു മാത്രമല്ല, രണ്ടു ചുമലുകളുടെ പിൻഭാഗത്തു് സൂചിമുനപോലുള്ള രണ്ടു കണ്ണുകൾ പ്രകാശിക്കുന്നതായും ആ പുരോഹിതൻ കാണുകയുണ്ടായി. വരാനിരിക്കുന്ന അന്ത്യപ്രവാചകനെപ്പറ്റി വേദങ്ങളിൽ പറയപ്പെട്ടിട്ടുള്ള എല്ലാ ലക്ഷണങ്ങളും ഈ ബാലനിൽ ഒത്തിണങ്ങിയിട്ടുണ്ടെന്നു് അദ്ദേഹം ആത്മഗതം ചെയ്തു. 'ഈ കുട്ടി നിങ്ങളുടെ ആരാണു്'' എന്നു് അബൂതാലിബോടദ്ദേഹം അന്വേഷിച്ചു. 'ഇതു് എന്റെ പുത്രനാണു്'' എന്നു് അബൂതാലിബു് പ്രതിവചിച്ചു. 'ഇതു് നിങ്ങളുടെ മകനാകാൻ ഇടയില്ല. ഈ കുട്ടിയെ ഗർഭത്തിലായിരിക്കുമ്പോൾ ഇതിന്റെ പിതാവു് മരിച്ചുപോയിട്ടുണ്ടാവണം. കുഞ്ഞായിരിക്കുമ്പോൾ മാതാവും മരിച്ചുപോയിട്ടുണ്ടാവണം' എന്നു് ബഹീറാ പ്രസ്താവിച്ചു. 'ശരി, താങ്കൾ പറഞ്ഞതു ശരിയാണു്. ഈ കുട്ടി എന്റെ സഹോദരന്റെ പുത്രനാണു്.' എന്നിപ്രകാരം അബൂതാലിബ് സംഗതികൾ വിശദീകരിച്ചു. അതെല്ലാം കേട്ടശേഷം ബഹീറാ പറഞ്ഞു:— 'എന്റെ പിതാവും ഗുരുനാഥന്മാരും വേദഗ്രന്ഥങ്ങളും, വരാനിരിക്കുന്ന ഒരു പ്രവാചകനെപ്പറ്റി എന്നെ പഠിപ്പിച്ചിട്ടുണ്ടു്. അവർ പറഞ്ഞുതന്ന എല്ലാ ലക്ഷണങ്ങളും ഈ ബാലനിൽ ഒത്തിണങ്ങിയിരിക്കുന്നു. നിങ്ങൾ ഈ ബാലനെ ഉടനെ നാട്ടിലേക്കു തിരിച്ചയക്കണം. ജൂതന്മാരിൽ വല്ലവരും ഈ ബാലനെ തിരിച്ചറിഞ്ഞുപോയെങ്കിൽ അവർ അനർത്ഥങ്ങൾ ഉണ്ടാക്കിത്തീർക്കും.' ബഹീറായുടെ അഭിപ്രായങ്ങൾ കേട്ടപ്പോൾ അബൂതാലിബ് ചോദിച്ചു:— 'താങ്കൾ എന്തടിസ്ഥാനത്തിലാണു് ഇങ്ങിനെ പറയുന്നതു്. താങ്കളുടെ അഭിപ്രായങ്ങൾ ശരിയാണെന്നുള്ളതിനു് വല്ല തെളിവും തരുവാൻ സാധിക്കുമോ' ബഹീറാ പറഞ്ഞു:— 'ഈ ബാലനു് കല്ലു്, മരം മുതലായവ സുജൂദു് ചെയ്യും. ഇദ്ദേഹത്തിന്റെ പുറത്തു്, കൈപ്പലകകൾക്കിടയിൽ 'ഖാത്തമുന്നുബുവ്വത്തിന്റെ മുദ്ര പതിഞ്ഞു കിടക്കുന്നുണ്ടു്. ഇദ്ദേഹത്തിനു് മേഘം തണലിട്ടിരിക്കും.'

ബഹീറായുടെ ഉപദേശമനുസരിച്ചു് തിരുമേനിയെ അവിടെ വെച്ചുതന്നെ അബൂതാലിബ് മക്കയിലേക്കു് തിരിച്ചയച്ചുവെന്നും പറയപ്പെട്ടിട്ടുണ്ടു്. യാത്രാസംഘത്തോടൊപ്പം തിരുമേനിയും ശാമിലേക്കു് പോയെന്നും ആ സംഘത്തോടൊപ്പം മക്കയിലേക്കു് മടങ്ങിയെന്നുമാണു് ചരിത്രകാരന്മാർ ആധികാരികമായി പ്രസ്താവിച്ചിട്ടുള്ളതു്. ബഹീറാ ആ ദിവസംതന്നെ തിരുമേനിയിൽ വിശ്വസിച്ചിട്ടുണ്ടെന്നും "മവാഹിബ്"' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു

ഹർബുൽ ഫുജ്ജാർ

അധാർമ്മികരുടെ യുദ്ധം എന്നോ, അധാർമ്മികയുദ്ധം എന്നോ ആണു് ഈ പദത്തിന്റെ അർത്ഥം. ഉമ്മാഗ്ഗികൾ തമ്മിൽ ഉണ്ടായ യുദ്ധമായതുകൊണ്ടാണു് ഈ പേർ വന്നതെന്നും, ബന്ധുക്കൾ തമ്മിൽ നടന്ന യുദ്ധമായതുകൊണ്ടാണു് ഈ പേർ വന്നതെന്നും, യുദ്ധം വിലക്കപ്പെട്ട മാസങ്ങളിൽ നടത്തപ്പെട്ട യുദ്ധമായതുകൊണ്ടാണു് ഈ പേർ വന്നതെന്നും, ഹറമിൽവെച്ചു് യുദ്ധമായതുകൊണ്ടാണു് ഈ പേർ വന്നതെന്നും ഈ യുദ്ധത്തിനു് ഹർബുൽഫുജ്ജാർ എന്നു പേരുണ്ടാവാനുള്ള കാരണത്തെപ്പറ്റി നാലു് അഭിപ്രായങ്ങൾ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. ഇത്തരം നാലു യുദ്ധങ്ങൾ നടന്നതായി പറയപ്പെട്ടിരിക്കുന്നു. തിരുമേനിക്കു് ഏതാണ്ടു് പത്തുവയസ്സു് പ്രായമുള്ളപ്പോഴാണു് മൂന്നു ലഹളകൾ നടന്നതു്.

ത്വയിഫ്, നഖ്‌ലത്, എന്നീ രണ്ടു നാടുകൾക്കിടയിൽ ഉകാള് എന്ന ഒരു മൈതാനമുണ്ട്. അറബികളുടെ ഉത്സവസ്ഥലമാണത്. ദുൽഖഅ്ദ് മാസം ഒന്നുമുതൽ ഇരുപതുദിവസം ആ സ്ഥലത്തുവെച്ച് അറബികൾ ഗംഭീരമായ ദേശീയോത്സവം നടത്തും. തിരക്കുപിടിച്ച കച്ചവടവും ബഹുവിധമായ വിനോദപരിപാടികളും നടത്തപ്പെടും അറേബ്യായിലെ പ്രസിദ്ധഗോത്രക്കാരിൽ ആരുംതന്നെ ആ ഉത്സവത്തിൽ സംബന്ധിക്കാതിരിക്കുകയില്ല. മദ്യപാനം, ചൂതാട്ടം വ്യഭിചാരം, ഔദത്യം, പകപോക്കൽ എന്നിവയുടെ കൂത്തരങ്ങായിരിക്കും ആ ഉത്സവരംഗം.

ഉത്സവസ്ഥലത്തുവെച്ച് ഒരു ചെറുപ്പക്കാരൻ, അറബികളുടെ കൂട്ടത്തിൽ വീരശൂരപരാക്രമിയായ ഏകവ്യക്തി താനാണെന്ന് പ്രഖ്യാപിച്ചു. തന്നോട് എതിർപ്പാൻ തയ്യാറുള്ളവരെ ആ യുവാവ് വെല്ലുവിളിച്ചു. ഗഫ്ഫാരി ഗോത്രക്കാരനായ ബദ്‌റുബ്നു മഅ്ശർ ആയിരുന്നു ആ യുവാവ്. ഇതുകേട്ടപ്പോൾ വേറൊരുയുവാവ് അദ്ദേഹത്തിന്റെ നേരെ ചാടിക്കയറി. ബദ്ർ തന്റെ വാൾകൊണ്ട് എതിരാളിയെ വെട്ടി. എതിരാളിയുടെ കാലിന്ന് ഒരു മുറിവു പറ്റി. ആ സംഭവം ഒരു ഗോത്രകലാപത്തിൽ അവസാനിച്ചു. അതാണ് ഒന്നാമത്തെ ഹർബുൽഫുജ്ജാർ

അതേ ഉത്സവസ്ഥലത്തുവെച്ചുതന്നെയാണ് രണ്ടാമത്തെ ഹർബുൽഫുജ്ജാറും നടന്നത്. ബനൂആമിർ ഗോത്രക്കാരിയായ ഒരു സ്ത്രീ കരിടത്തിരിക്കുകയായിരുന്നു. കിനാന ഗോത്രക്കാരനായ ഒരു യുവാവ് അവളെ സമീപിക്കുകയും മുഖംമൂടി നീക്കാൻ മുഖം കാണിപ്പാൻ ആവശ്യപ്പെടുകയും ചെയ്തു. അവളതിന്നു കൂട്ടാക്കിയില്ല. യുവാവ് പിറകിൽനിന്ന് അവളുടെ ഉടുമുണ്ട് പിടിച്ചുവലിച്ചു. അവൾ ഇരുന്നേടത്തുനിന്നു എഴുന്നേറ്റപ്പോൾ അവളുടെ തുടയുടെ ഭാഗം പുറത്തുകണ്ടു. അതുകണ്ട് അടുത്തുനിന്നവർ കൂക്കിവിളിച്ചു. ലജ്ജാവിവശയായ ആ യുവതി തന്റെ ഗോത്രക്കാരെ വിവരമറിയിച്ചു. ആമിർ ഗോത്രക്കാർ വാളുമായി ആ യുവാവിനെ സമീപിച്ചു. ആ വിവരം അറിഞ്ഞ കിനാനഗോത്രക്കാരും വാളെടുത്തു. അവർ തമ്മിൽ ഘോരഘോരമായ ഒരു ലഹള നടന്നു.

ആമിർ ഗോത്രക്കാരനായ ഒരാൾ കിനാനഗോത്രക്കാരനായ ഒരാളോട് കുറെ സംഖ്യ കടംവാങ്ങി.പല അവധികളും കഴിഞ്ഞിട്ടും സംഖ്യ തിരിച്ചുകൊടുത്തില്ല. ഒരു ദിവസം അവർ തമ്മിൽ ഒരുരസൽ നടന്നു. ആ ഉരസൽഗോത്രങ്ങൾതമ്മിലുള്ള ലഹളയായി മാറി. അതാണു മൂന്നാമത്തെ ഹർബുൽഫുജ്ജാർ.

നാലാമത്തെ ഹർബുൽഫുജ്ജാർ നടന്നതു തിരുമേനിക്ക് ഏതാണ്ട് പതിനാലു വയസ്സു പ്രായമുള്ളപ്പോളായിരുന്നു. കിനാനഗോത്രക്കാരനായ ബർറാള് എന്ന ഒരു വ്യക്തി ഹവാസിൻഗോത്രക്കാരനായ ഉർവർത്തുർറഹ്മാൽ എന്ന ഒരു വ്യക്തിയെ അന്യായമായി കൊലപ്പെടുത്തി. ഈ കൊലക്കും ശിഥിലമായ ഒരു കാരണമുണ്ട്. നുഅ്മാൻഇബ്നുമുന്തിർ എന്ന ഒരു കച്ചവടക്കാരൻ കുറേ വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും മറ്റും ഒട്ടകപ്പുറത്തു കയറ്റി, ഉകാളിലേക്ക് കച്ചവടത്തിനു പോകയായിരുന്നു. കാവൽക്കാരനായി അദ്ദേഹത്തോടൊപ്പം പോകുന്നതിന്നു മുൻപറഞ്ഞ രണ്ടു വ്യക്തികളും സന്നദ്ധരായി. കൂലി പറയുന്ന കാര്യത്തിൽ അവർ തമ്മിൽ മത്സരിച്ചു. ഉർവർത്തു 'കൂലി

കങ്ങളെക്കുറിച്ചും, ധാരാളം അറിഞ്ഞിരുന്ന ഖദീജാബീ, തിരുമേനിയുടെ ഹിതാഹിതങ്ങൾക്കു് വഴങ്ങി പ്രവർത്തിക്കേണമെന്നു് മൈസറത്തിനു് പ്രത്യേക നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

ശാമിന്നടുത്തെത്തിയപ്പോൾ, ബുസ്രാ എന്ന ഒരു തെരുവിൽ, ഒരു മരച്ചുവട്ടിൽ വിശ്രമിപ്പാനായി തിരുമേനിയിരുന്നു. കാലപ്പഴക്കത്താൽ ശുഷ്കിച്ചുപോയിരുന്ന ആ വൃക്ഷം പെട്ടെന്നു് പോഷിക്കുകയും അതിൽ ചില്ലകളും ഇലകളും പൂക്കുലകളും ഉണ്ടാവുകയും ചെയ്തു. ഈ അത്ഭുതദൃശ്യം കണ്ട നസ്തൂറാ എന്ന ജൂതൻ തിരുമേനിയെ സമീപിക്കുകയും തിരുമേനിയുടെ ശിരസ്സിലും കാലിലും ചുംബിക്കുകയുമുണ്ടായി. കുപ്പായം നീക്കി ചുമൽ കാണിപ്പാൻ അദ്ദേഹം തിരുമേനിയോടാവശ്യപ്പെട്ടു. ഖതം മുന്നബുവ്വത്തിന്റെ മുദ്ര കൈപ്പലകകൾക്കിടയിൽ പതിഞ്ഞുകിടക്കുന്നതായി അദ്ദേഹം കണ്ടു. ഈസാനബി (അ) പ്രവചിച്ചു, വരാനിരിക്കുന്ന അന്ത്യപ്രവാചകൻ ഇദ്ദേഹംതന്നെയാണു് എന്നു് അദ്ദേഹം ഉച്ചൈസ്വരം പ്രഖ്യാപിച്ചു

തിരുമേനി അവിടെനിന്നു ചന്തസ്ഥലത്തേക്കു് പോവുകയും വ്യാപാരം നടത്തുകയും ചെയ്തു ആ കച്ചവടത്തിൽ പ്രതീക്ഷിച്ചതിൽ കവിഞ്ഞ ലാഭം ലഭിച്ചു അനന്തരം, തിരുമേനി മക്കയിലേക്കു് മടങ്ങി. ഖദീജാബീ വ്യാപാരസംഘത്തിന്റെ തിരിച്ചുവരവും പ്രതീക്ഷിച്ചു് അവരുടെ മാളികയിൽ ഇരിക്കുകയായിരുന്നു. ഒട്ടകപ്പുറത്തു് ഇരുന്നുകൊണ്ടു് മുമ്പോട്ടു വരുന്ന തിരുമേനിയെ രണ്ടു വിചിത്രരൂപങ്ങൾ ചിറകുവിരുത്തി അകമ്പടി സേവിക്കുന്നതായി അവർ കണ്ടു. ഖദീജാബീ മറ്റു സ്ത്രീകളെ വിളിച്ചു ഈ അത്ഭുതകാഴ്ച അവർക്കും കാട്ടിക്കൊടുത്തു.

തിരുമേനി ഖദീജാബീയുടെ ഭവനത്തിൽ എത്തി, കച്ചവടത്തിന്റെ കണക്കുകളെല്ലാം വ്യക്തമായി അവക്കു് ബോദ്ധ്യപ്പെടുത്തിക്കൊടുത്തു. ലാഭത്തിന്റെ വിഹിതം വകയിൽ മൂന്നോ നാലോ ഒന്നാംതരം ഒട്ടകങ്ങളെ ഖദീജാബീ തിരുമേനിക്കു കൊടുക്കുകയുണ്ടായി.

യാത്രാവിവരങ്ങൾ ഖദീജാബീ മൈസറത്തോടു ചോദിച്ചു മനസ്സിലാക്കി. ശാമിൽ വെച്ചുനടന്ന അത്ഭുതസംഭവങ്ങൾ വിവരിച്ചു കേട്ടപ്പോൾ അവർ ആനന്ദഭരിതയായി.

യമനിലേക്കു് പട്ടുകച്ചവടത്തിന്നായി ഖദീജാബീ തിരുമേനിയെ നിയോഗിച്ചിരുന്നുവെന്നു് ചില ചരിത്രകാരന്മാർ പറഞ്ഞുകാണുന്നുണ്ടു്.

ഖദീജാബീ (റ)

തിരുമേനിയുടെ പിതൃശൃംഖലയിലെ അഞ്ചാമത്തെ കണ്ണിയായ ഖുസയ്യു് എന്നവരുടെ മകൻ, അബ്ദുൽ ഉസ്സ എന്നവരുടെ മകൻ, ഖുവൈദിലിന്റെ മകളാണു് ഖദീജാബീ. തിരുമേനിയുടെ പിതൃശൃംഖലയിലെ ഒരു കണ്ണിയായ ലുഅയ്യു് എന്നവരുടെ മകൻ, മഹൂസിന്റെ മകൻ, ഹജറിന്റെ മകൻ, റവാഹത്തിന്റെ മകൻ, ഹിറമിന്റെ മകൻ, ജുംദബിന്റെ മകൻ, അസമ്മിന്റെ മകൻ, സാഹിദത്തിന്റെ മകൾ ഫാതിമയാണു് ഖദീജാബീയുടെ മാതാവു്. തമീമി ഗോത്രക്കാരനായ സുറാറത്തിന്റെ മകൻ, ഹിന്തു് എന്ന ആളാണു് ഖദീജാബീയെ ആദ്യമായി വിവാഹം കഴിച്ചതു്. അദ്ദേഹത്തിന്നു് അബൂഹാലത്തു് എന്ന ഒരു മറുപേരുണ്ടു്. ആ വിവാഹത്തിൽ അവക്കു് ഹിന്തു് എന്ന ഒരു പുത്രൻ ജനിച്ചു. ഹിന്തിന്റെ മകനായ ഈ ഹിന്തു്, പിൽക്കാലത്തു് പ്രസിദ്ധനായ ഒരു സഹാബിയായിത്തീർന്നു. ഈ ഹി

ന്തു് നാലാം ഖലീഫയായ അലി (ക. വ) യുടെ ഭരണകാലത്തു നടന്ന വഖഅതുൽ ജമൽ എന്ന യുദ്ധത്തിൽ വീരസ്വർഗം പ്രാപിച്ചു. ആ വേളയിൽതന്നെ ഹാലത്തു് എന്ന മറെറാരു പുത്രനും ജനിച്ചു.

ആദ്യഭർത്താവായ ഹിന്തു് മരിച്ചതിനു ശേഷം, മഖ്സൂമി ഗോത്രക്കാരനായ ആബിദിന്റെ മകൻ അതീഖ് എന്ന ആളെ ഖദീജാബീയെ വിവാഹം കഴിച്ചു. ആ വിവാഹത്തിൽ ഹിന്തു് എന്ന ഒരു പുത്രി ജനിച്ചു. ഈ ഹിന്തു് പിൽക്കാലത്തു് ഇസ്‌ലാംമതം വിശ്വസിക്കുകയും സുപ്രസിദ്ധ സഹാബിയത്തിൽ ഒരാളായിത്തീരുകയും ചെയ്തു.

തിരുമേനിയുടെ വിവാഹം

തിരുമേനിയെ ശാമിലേക്കു് വ്യാപാരത്തിനു് നിയോഗിച്ച കാലത്തു് ഖദീജാബീ വിധവയായിരുന്നു. സ്വഭാവശുദ്ധിയിലും തറവാടിത്തത്തിലും വിശ്രുതിയാർജ്ജിച്ചതുകൊണ്ടു് താഹിറ എന്ന അപരനാമത്തിൽ വിളിക്കപ്പെട്ട ഒരു മഹിളയാണു് ഖദീജാബീ. അറബികൾ പ്രത്യേക പരിഗണന നല്കിയിരുന്ന ഗോത്രമാഹാത്മ്യത്തിന്റെ വെളിച്ചത്തിലും അവരുടെ പദവി ഉന്നതം തന്നെയായിരുന്നു. ഖുറൈശി വംശത്തിലെ അസദിയ്യാ ഗോത്രക്കാരിയായിരുന്ന ആ മഹതി. രണ്ടാംഭർത്താവു് മരിച്ചതിനുശേഷം വിവിധരംഗങ്ങളിൽ പ്രശസ്തിയാർജ്ജിച്ച പല ആളുകളും അവരെ വിവാഹംകഴിക്കുവാൻ സന്നദ്ധരായി. പക്ഷെ, ആ വിവാഹാഭ്യർത്ഥനകളൊന്നും അവർ സ്വീകരിച്ചില്ല.

തിരുമേനിയുമായി വ്യാപാരബന്ധം ഉണ്ടായതിനുശേഷം വിവാഹ വിഷയത്തിൽ ഖദീജാബീ സ്വയം ഒരു തീരുമാനമെടുത്തു. ആത്മപ്രേമായ ഒരു തീരുമാനമായിരുന്നു അതു്. മുനിയത്തിന്റെ മകളായ നഫീസ പറയുന്നു:— 'ഒരു ദിവസം ഖദീജാബീ എന്നോടു് അവരുടെ പരമരഹസ്യം പറയുകയുണ്ടായി. താൻ വിവാഹം കഴിപ്പാൻ തീരുമാനിച്ചിരിക്കുന്നവെന്നതായിരുന്നു ആ പരമരഹസ്യം. പക്ഷെ, താൻ ഉദ്ദേശിക്കുന്ന പുരുഷന്റെ ഇംഗിതമറിയുവാൻ അവക്കു് കഴിഞ്ഞിരുന്നില്ല. മൂന്നാമതൊരാൾ അറിയാത്തനിലയിൽ അദ്ദേഹത്തിന്റെ ഇംഗിതം മനസ്സിലാക്കുവാനുള്ള ചുമതല ഖദീജാബീ എന്നിൽ ഭരമേല്പിച്ചു. ഞാൻ തിരുമേനിയെ സമീപിച്ചു് അതിരഹസ്യമായി ഈ വസ്തുത അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു് അനുകൂലഭാവം പ്രകടിപ്പിച്ചു. ഞാൻ തിരിച്ചുവന്നു് വിവരം ഖദീജാബീയെ അറിയിച്ചു.'

അതിനെത്തുടർന്നു് പതിവുപോലെ വിവാഹാലോചന നടത്തപ്പെട്ടു. ഇരുഭാഗക്കാരും സമ്മതനിലയിൽ മക്കയിലെ പ്രമാണിമാരുടെ സാന്നിദ്ധ്യത്തിൽ തിരുമേനിയും ഖദീജാബീയും തമ്മിലുള്ള വിവാഹം നടന്നു. അബൂതാലിബു് നിക്കാഹിന്റെ ഖുത്തുബ ഓതി. (പ്രസംഗം നടത്തി) വറഖത്തിബ്നുനൌഫൽ മറുഖുത്തുബ നിർവ്വഹിച്ചു. അമ്രുബ്നുഅസദു് വലിക്കാരനായിക്കൊണ്ടു് സീഗ (വിവാഹവാക്യങ്ങൾ) ചൊല്ലി. തിരുമേനി അതു് ഖബൂൽ ചെയ്തു. (സ്വീകരിച്ചു) വലിക്കാരനായ (വിവാഹംചെയ്തുകൊടുക്കേണ്ട ആൾ) അംറു്, ഖദീജാബീയുടെ എളാപ്പയായിരുന്നു. ഖദീജാബീയുടെ ആങ്ങളയായ അമ്രാണു് നിക്കാഹു് ചെയ്തുകൊടുത്തതെന്നു് വേറൊരഭിപ്രായവുമുണ്ടു്. മഹറിനെ സംബന്ധിച്ചേടത്തോളം നാലു് അഭിന്നാഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇരുപതൊട്ടകം; പന്ത്രണ്ടു് ഊഖിയാത്തുക്കം പൊന്നു്; നാനൂറു് പൊന്നു്; നാനൂറു് വെള്ളി; എന്നിവയാണു് നാലു് അഭിപ്രായങ്ങൾ. വിവാഹകാലത്തു് തിരുമേനിക്കു് ഇരുപത്തഞ്ചും ഖദീജാബീക്കു് നാല്പതും വയസ്സു് പ്രായമായിരുന്നു. ഖദീജാബീക്കു് പ്രായം ഇരുപത്തെട്ടാണെന്നും മുപ്പതാണെന്നും മുപ്പത്തഞ്ചാണെന്നും പ്രസ്താവി

ച്ചിട്ടില്ലെങ്കിലും തെളിവുസഹിതം ആ പ്രസ്താവനകളെ സ്ഥിരീകരിച്ചിട്ടില്ല. ഇരുപത്തിനാലുകൊല്ലം, അഞ്ചുമാസം, എട്ടുദിവസം ആ മഹത്തായ ദാമ്പത്യജീവിതം നിലനിന്നു. ഇബ്രാഹിം എന്ന ഒരു പുത്രനൊഴികെ തിരുമേനിയുടെ എല്ലാ മക്കളും ഖദീജാബീയിൽ ജനിച്ചവരാകുന്നു. നബുവ്വത്തിന്റെ പത്താമത്തുവർഷം ഖദീജാബീ വഫാത്തായി. ഈ വിഷയം വിശദീകരിക്കും.

'ഉമ്മഹാത്തുൽ മുഅ്മിനീൻ'

തിരുമേനി (സ) യുടെ ഭാര്യമാരെ 'ഉമ്മഹാത്തുൽമുഅ്മിനീൻ' എന്നു വിളിക്കുന്നു. സത്യവിശ്വാസികളുടെ മാതാക്കളെന്നാണ് ഈ വാക്കിന്നർത്ഥം. തിരുമേനിക്ക് ആകെ പതിനൊന്ന് ഭാര്യമാരുണ്ടായിരുന്നു. അവരിൽ ആറു പേർ ഖുറൈശി ഗോത്രക്കാരികളായിരുന്നു. മറ്റുള്ളവരിൽ നാലുപേർ മറ്റ് അറബിഗോത്രങ്ങളിൽപെട്ടവരും, ഒരാൾ ഇസ്രായീൽ ഗോത്രക്കാരിയുമായിരുന്നു.

ഖദീജാബീയാണ് തിരുമേനിയുടെ പ്രഥമ ഭാര്യ. അവർ ഖുറൈശി വംശത്തിൽപ്പെട്ട അസദിയ്യാ ഗോത്രക്കാരിയാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അവരുടെ ജീവിതകാലത്തു തിരുമേനി വേറെ വിവാഹം കഴിച്ചിട്ടില്ല.

അബൂബകർ സിദ്ദീഖ് (റ) വിന്റെ മകൾ ആഇശാബീ (റ) യാണ് തിരുമേനിയുടെ രണ്ടാമത്തെ ഭാര്യ. നബുവ്വത്തിന്റെ നാലാം കൊല്ലത്തിലാണ് ആഇശാബീ ജനിച്ചതു. ആമിറിന്റെ മകൾ റുമാനാണ് അവരുടെ മാതാവ്. ഖുറൈശി ഗോത്രക്കാരിയാണ് ആഇശാബീ (റ). വിവാഹകാലത്തു അവൾക്ക് ആറു വയസ്സു പ്രായമായിരുന്നു. ഒമ്പതാമതു വയസ്സിൽ മദീനയിൽ വെച്ച് വീടുകൂടി. നാനൂറുവെള്ളിയായിരുന്നു അവൾക്കു നല്കപ്പെട്ട മഹർ.

സൌദാബീ (റ) യാണ് തിരുമേനിയുടെ മൂന്നാമത്തെ ഭാര്യ. ശമ്മത്തിന്റെ മകളായ സൌദാബീയും ഖുറൈശിതന്നെ. ഖൈസിന്റെ മകളായ ശുമ്മൂസാണ് അവരുടെ മാതാവ്. അവൾക്കു നല്കപ്പെട്ട മഹ്റും നാനൂറു വെള്ളിതന്നെ.

ഉമർഫാറൂഖ് (റ) വിന്റെ മകളായ ഹഫ്സാബീ (റ) യാണ് തിരുമേനിയുടെ നാലാമത്തെ ഭാര്യ. അവരും ഖുറൈശിതന്നെ. മള്ഊന്റെ മകളായ സൈനബയാണ് അവരുടെ മാതാവ്. അവൾക്കു നല്കപ്പെട്ട മഹ്റും നാനൂറു വെള്ളിതന്നെ.

തിരുമേനിയുടെ അഞ്ചാമത്തെ ഭാര്യയായ സൈനബാബീ ഹിലാലിയാ എന്ന അറബിഗോത്രക്കാരിയായിരുന്നു. ഖുസൈമത്തു് എന്നാണ് അവരുടെ പിതാവിന്റെ പേർ.

ഉമ്മുസൽമ എന്ന അപരനാമമുള്ള ഹിന്ദ് (റ) യാണ് തിരുമേനിയുടെ ആറാമത്തെ ഭാര്യ. അവരുടെ പിതാവു് ഉമൈയത്തു് എന്ന സുഹൈലും, മാതാവു് ആമിറിന്റെ മകളായ ആതികയുമായിരുന്നു. അവരും ഖുറൈശിതന്നെ. ബദർയുദ്ധത്തിനുശേഷം രണ്ടാംവർഷത്തിലെ ശവ്വാൽമാസത്തിലാണ് തിരുമേനി അവരെ വിവാഹം കഴിച്ചതു്.

ജഹ്ശിന്റെ മകളായ സൈനബാബീ (റ) യാണ് തിരുമേനിയുടെ ഏഴാമത്തെ ഭാര്യ. തിരുമേനിയുടെ അമ്മായിയായ ആതികാബീയുടെ പുത്രിയാണ് അവർ. ഹിജ്റ അഞ്ചാം വർഷത്തിൽ തിരുമേനി അവരെ വിവാഹം ചെയ്തു. അവരും ഖുറൈശിതന്നെ.

ഹാരിസിന്റെ മകളായ ജുവൈരിയ്യാബീ (റ) യാണ് തിരുമേനിയുടെ എട്ടാമത്തെ ഭാര്യ. ഖുസാഈ എന്ന അറബിഗോത്രക്കാരിയായിരുന്നു അവർ* ഇവർക്കു നല്കപ്പെട്ട മഹ്റും നാനൂറു വെള്ളിതന്നെ.

---

* സാബിത്ബ്നു ഖൈസിന്റെ അടിമയായിരുന്നു. തിരുമേനി (സ) അവരെ വിലക്കു വാങ്ങി സ്വതന്ത്രയാക്കി.

ഉമ്മു ഹബൈബ എന്ന അപരനാമമുള്ള റംലാബീ (റ) യാണ് തിരുമേനിയുടെ ഒമ്പതാമത്തെ ഭാര്യ. ഹർബിന്റെ പുത്രനായ സഖീറാണ് അവരുടെ പിതാവ്. അബൂസുഫിയാൻ എന്ന പേരിലാണ് അവർ വിളിക്കപ്പെട്ടിരുന്നത്. അബുൽആസിന്റെ പുത്രിയായ സഫിയ്യയാണ് അവരുടെ മാതാവ്. ഇവർ അറബിഗോത്രക്കാരിയായിരുന്നു.

ഹയ്യിന്റെ പുത്രിയായ സഫിയാബീയാണ് തിരുമേനിയുടെ പത്താമത്തെ ഭാര്യ. ബനൂഇസ്രാഈലിൽപ്പെട്ട നബിയുടെ സന്താനപരമ്പരയിൽപ്പെട്ടവരാകുന്നു. അവരുടെ മാതാവിന്റെ പേര് ബർറത്ത് എന്നായിരുന്നു. ഹിജ്റ ഏഴാംവഷ്ത്തിൽ നടന്ന ഖൈബർ യുദ്ധത്തിൽ അവർ തടവുകാരിയായി പിടിക്കപ്പെട്ടു. പിന്നീട് അവർ ആവശ്യപ്പെട്ടതനുസരിച്ച് തിരുമേനി അവരെ വിവാഹം കഴിച്ചു.

ഹാരിസിന്റെ മകളായ മൈമൂനാബീ (റ) യാണ് തിരുമേനിയുടെ പതിനൊന്നാമത്തെ ഭാര്യ. അവർ ഹിലാലി എന്ന അറബി ഗോത്രക്കാരിയായിരുന്നു. ഔഫിന്റെ മകളായ ഹിന്ദാണ് അവരുടെ മാതാവ്.

ഇവരിൽ, ഖദീജാബീ (റ) യും ഖുസൈമത്തിന്റെ മകളായ സൈനബാബീയും (റ) യും തിരുമേനിയുടെ ജീവിതകാലത്തുതന്നെ പരലോകപ്രാപ്തയായി. തിരുമേനി ഇഹലോകവാസം വെടിയുന്ന കാലത്ത് ഒമ്പത് ഭാര്യമാർ ജീവിച്ചിരിപ്പുണ്ടായിരുന്നു.

ശംഊന്റെ പുത്രിയായ മാരിയത്തുൽഖിബ്തിയ എന്ന സാധ്വിയായ ഭാര്യയും തിരുമേനിയുടെ അന്ത്യകാലത്ത് ജീവിച്ചിരിപ്പുണ്ടായിരുന്നു. അവരിൽ തിരുമേനിക്ക് ഇബ്രാഹിം എന്ന ഒരു പുത്രൻ ജനിച്ചുവെങ്കിലും ആ പുത്രൻ ശൈശവത്തിൽതന്നെ മരിച്ചുപോയി. തിരുമേനിയുടെ ഭാര്യമാരിൽ, ഇവരിലും ഖദീജാബീയിലുമല്ലാതെ തിരുമേനിക്ക് മക്കൾ ജനിച്ചിട്ടില്ല.

തിരുമേനി (സ) വിവാഹംകഴിച്ച പന്ത്രണ്ട് ഭാര്യമാരിൽ കന്യക ആഇശാബീ (റ) മാത്രമായിരുന്നു. തിരുമേനിയുടെ ചര്യകളും തിരുവചനങ്ങളുംകൂടുതൽ ഗ്രഹിക്കുകയും ഹദീസസ്ഥമാക്കുകയും ചെയ്തത് അവരായിരുന്നു. രണ്ടായിരത്തിൽപരം ഹദീസുകൾ അവരിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. മറ്റു ഭാര്യമാരെല്ലാംതന്നെ മുൻവിവാഹം നടക്കപ്പെട്ടവരായിരുന്നു. തിരുമേനിയുടെ ഭാര്യമാരെ സംബന്ധിച്ച വിശദവിവരങ്ങൾ അന്യത്ര വിവരിക്കുന്നതാണ്.

മാരിയത്തുൽഖിബ്തിയ്യ(റ)

തിരുമേനിക്ക് നാല് സരിയ്യാഭാര്യമാർ (സ്വതന്ത്രകളല്ലാത്ത ഭാര്യമാർ) ഉണ്ടായിരുന്നുവെന്ന് പറയപ്പെട്ടിരിക്കുന്നു. മാരിയത്തുൽഖിബ്തിയ്യാ (റ) റൈഹാന (റ) സുലൈഖാ (റ), തിരുമേനിയുടെ ഭാര്യമാരിൽ പേർ പറയപ്പെട്ട ജഹ്ശിന്റെ മകൾ സൈനബ (റ) എന്നിപ്രകാരമാണ് അവരുടെ പേർ പറയപ്പെട്ടിട്ടുള്ളത്. സികന്ദർമുഖൗഖിസ് എന്ന രാജാവ് തിരുമേനിക്ക് സമ്മാനമായി അയച്ചുകൊടുത്ത സ്ത്രീയാണ് മാരിയത്തുൽഖിബ്തിയ്യ. അവരോടൊപ്പം സീറീൻ എന്ന മറെറാരു സ്ത്രീയെയും തിരുമേനിക്ക് ആ രാജാവ് സമ്മാനിച്ചിരുന്നു. ആ സ്ത്രീയെ സാബിത്തിന്റെ മകനായ ഹസ്സാനു (റ) തിരുമേനി (സ) സമ്മാനിച്ചു. മാരിയത്തുൽഖിബ്തിയ്യ (റ) ഇബ്രാഹിം എന്ന ഓമനപുത്രനെ പ്രസവിച്ചു. തിരുമേനിയുടെ ആ പുത്രൻ ഏറെനാൾ ജീവിച്ചില്ല. ഉമർഫാറൂഖിന്റെ ഭരണകാലത്ത്,

ഹിജ്‌റ പതിനാറാംവഷ്ത്തിൽ മരിയത്തുൽ ഖിബ്‌തിയ്യ (റ) ഇഹലോകവാസം വെടിഞ്ഞു. ഉമർഫാറൂഖ് (റ) അവരുടെ ജനാസ നമസ്കരിച്ചു. ബഖീഅ് എന്ന പുണ്യസ്ഥലത്തു് അവർ അന്ത്യവിശ്രമം കൊള്ളുന്നു.

പത്തൊമ്പതു് മഹതികൾ

തിരുമേനിയുമായി വിവാഹബന്ധം മാത്രം ഉണ്ടാവുകയൊ, വിവാഹബന്ധത്തിന്റെ സാഹചര്യം ഉണ്ടാവുകയൊചെയ്ത പത്തൊമ്പതു് മഹതികളുടെ പേരുകൾ എടുത്തുപറയപ്പെട്ടിട്ടുണ്ടു്. വിവാഹാലോചന മാത്രം നടക്കുകയൊ വിവാഹകർമ്മം നടന്നിട്ടും വീട്ടുകൂടാതിരിക്കുകയോ, മഹർകൂടാതെ വഴങ്ങുകയൊ ചെയ്തിട്ടുള്ളവരാണു് ഈ പത്തൊമ്പതു പേർ. ഇവരിൽ ആരെങ്കിലും തിരുമേനിയുടെ ശയനീയ ശായിനികളായിരുന്നിട്ടുണ്ടെന്നു് ഖണ്ഡിതമായി പറയപ്പെട്ടിട്ടില്ല.

ഖന്തിയാഗോത്രക്കാരിയായ അസ്‌മാഅ്, ഖുറൈത്തിയാ ഗോത്രക്കാരിയായ റൈഹാന, ഖുറൈശിഗോത്രക്കാരിയായ ഉമ്മുശരീഖി, ഫർസിയഗോത്രക്കാരിയായ ഖൌല, ലൈസിയഗോത്രക്കാരിയായ മുലൈകത്തു്, കിലാബിയാഗോത്രക്കാരിയായ ഫാത്തിമ, കൽബിയാഗോത്രക്കാരിയായ ആമിറാ, കിലാബിയഗോത്രക്കാരിയായ റാളിയ, സൽമിയ ഗോത്രക്കാരിയായ സനാഅ്, കന്തിയാഗോത്രക്കാരിയായ ജൂവൈന, കുലൈബിയഗോത്രക്കാരിയായ ശറാഫു്, ഔസിയഗോത്രക്കാരിയായ ലൈല, ആമിരിയാഗോത്രക്കാരിയായ സഹിയ്യ, ഖുസൈരിയഗോത്രക്കാരിയായ ളിയാ അതു്, കന്തിയാഗോത്രക്കാരിയായ ഖത്തിളത്തു്, ഖുറൈശിഗോത്രക്കാരിയായ സൌദ, ഖുറൈശിഗോത്രക്കാരിയായ ഉമാമ, സൽമിയാഗോത്രക്കാരിയായ അസ്‌മാഅ്, ഗഫ്‌ഷാരിഗോത്രക്കാരിയും അജ്ഞാതനാമാവുമായ ഒരു മഹതി— ഇതാണു് ആ പത്തൊമ്പതു് പേരുടെ പട്ടിക.

ഇവരിൽ റൈഹാന, സഫിയ്യ എന്നിവർ തിരുമേനിയുടെ ശയനീയശായിനികളായ ഭാര്യമാരിൽപെട്ടവരാകുന്നു. മറ്റുള്ളവരുടെ ചരിത്രങ്ങളും അവർക്കു് തിരുമേനിയുമായുള്ള വിവാഹബന്ധത്തിന്റെ സ്വഭാവങ്ങളും വ്യക്തമായി പറയപ്പെട്ടിട്ടില്ല.

തിരുമേനി (സ) യുടെ സന്താനങ്ങൾ

തിരുമേനിക്കു് ഖാസിം, ഇബ്രാഹീം എന്നീ രണ്ടു പുത്രന്മാരും, സൈനബ, റുഖിയ്യാ ഉമ്മുകുൽസും, ഫാത്തിമ, എന്നീ നാലു പുത്രിമാരും ഉണ്ടായിരുന്നുവെന്നു് ചരിത്രപണ്ഡിതന്മാർ ഏകോപിച്ചു പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത ആറു മക്കളെ സംബന്ധിച്ചിടത്തോളം അവരിൽ ആക്ഷേപമൊന്നും എതിരഭിപ്രായമില്ല. ഇവർക്കു് പുറമെ താഹിർ, തയ്യിബു് എന്നീ രണ്ടു പുത്രന്മാർകൂടി തിരുമേനിക്കുണ്ടായിരുന്നുവെന്നു് ഇബ്‌നുഇസ്‌ഹാഖു് (റ) പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങിനെ നാലു പുത്രന്മാരും നാലു പുത്രിമാരുംകൂടി ആകെ എട്ടു് മക്കൾ തിരുമേനിക്കുണ്ടായിരുന്നുവെന്നാണു് അദ്ദേഹത്തിന്റെ പക്ഷം. ഖാസിം, ഇബ്രാഹീം, അബ്ദുല്ല, എന്നിങ്ങനെ മൂന്നു പുത്രന്മാർ തിരുമേനിക്കുണ്ടായിരുന്നുവെന്നും അബ്ദുല്ല എന്ന കുട്ടിയെ തയ്യിബു് എന്നും, താഹിർ എന്നും, വിളിച്ചിരുന്നുവെന്നും, തിരുമേനിയുടെ മക്കളുടെ എണ്ണം ഏഴാണെന്നും സുബൈർഇബ്‌നുബക്കാർ (റ) അഭിപ്രായപ്പെടുന്നു. ഖാസിം, ഇബ്രാഹിം, അബ്ദുല്ല, തയ്യിബു്, താഹിർ, ഇങ്ങിനെ അഞ്ചു പുത്രന്മാർ തിരുമേനിക്കുണ്ടായിരുന്നുവെന്നും നാലു പെൺമക്കളുടെക്കം ഒമ്പതു മക്കളാണു് തങ്ങൾക്കുണ്ടായിരുന്നതെന്നുമാണു് ദാവൂദ് ബത്നി (റ) വിന്റെയും മറ്റു ചിലരുടെയും അഭിപ്രായം. താഹിർ, മുതഹ്ഹിർ എന്നീ

പേരുകളിൽ ഇരട്ടപെറ രണ്ടാൺകുട്ടികളും തിരുമേനിക്കുണ്ടായിരുന്നുവെന്നും, അങ്ങിനെ ഏഴ പുത്രന്മാരും നാല പുത്രിമാരുംകൂടി പതിനൊന്ന് മക്കളാണ് തിരുമേനിക്കുണ്ടായിരുന്നതെന്നുകൂടി 'സഫ്‌വത്തു' എന്ന ഗ്രന്ഥത്തിൽ അതിന്റെ കർത്താവ് പ്രസ്താവിച്ചിരിക്കുന്നു. ഇവർക്കു പുറമെ അബ്ദുമനാഫ് എന്നു പേരുള്ള ഒരു കുട്ടികൂടി തിരുമേനിക്കുണ്ടായിരുന്നുവെന്നും ആകെ പന്ത്രണ്ട് മക്കളാണ് തിരുമേനിക്കുണ്ടായിരുന്നതെന്നും അഭിപ്രായപ്പെട്ടവരുമുണ്ട്. പുത്രന്മാരുടെ എണ്ണത്തെ സംബന്ധിച്ചേടത്തോളം മാത്രമെ സംശയാസ്പദമായ നിലയിൽ ഭിന്നാഭിപ്രായങ്ങളും പ്രസ്താവിക്കപ്പെട്ടിട്ടുള്ളൂ. പുത്രിമാരുടെ എണ്ണം നാലാണെന്നുള്ള വിഷയത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാകുന്നു. ഇവരിൽ ഇബ്രാഹീം എന്ന പുത്രൻ ഒഴിച്ച് മാറ്റുള്ളവരെല്ലാം തിരുമേനിയുടെ പ്രഥമഭാര്യയായ ഖദീജാബീവിയിൽ ജനിച്ചവരാകുന്നു. തിരുമേനിയുടെ നബുവ്വത്തിന്നുമുമ്പാണ് ഖദീജാബീവിയുടെ എല്ലാ പ്രസവങ്ങളും നടന്നതു്. പുത്രന്മാർ ശൈശവത്തിൽതന്നെ മരിച്ചുപോയി. പുത്രിമാർ നാലുപേരും ഇസ്‌ലാംമതത്തിന്റെ അനുയായികളായിരുന്നു. മദീനത്തേക്ക് ഹിജ്‌റപോയവരിൽ അവരും ഉൾപ്പെട്ടും. പുത്രിമാരിൽ മൂത്തതു് സൈനബാബീ (റ) യും; ഇളയതു് ഫാത്തിമാബീ (റ) യുമായിരുന്നു. ഹിജ്‌റ എട്ടാംവഷ്ത്തിൽ ഇബ്രാഹീം എന്ന പുത്രനെ മാരിയത്തുൽഖിബ്തിയ്യ പ്രസവിച്ചു. ഹിജ്‌റ പത്താംവഷ്ത്തിൽ ആ കുട്ടി ഇഹലോകവാസം വെടിഞ്ഞു. തിരുമേനിയുടെ സന്താനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളും അന്യത്ര വിവരിച്ചിട്ടുണ്ട്.

സൈനബ ബീ (റ)

സൈനബ ബീ ജനിക്കുമ്പോൾ തിരുമേനിക്ക് മുപ്പതു് വയസ്സു് പ്രായമായിരുന്നു. തിരുമേനിക്കു് നബിത്വം ലഭിക്കുന്നതിന്നു് മുമ്പുതന്നെ സൈനബാ ബീ (റ) വിവാഹിതയായി. അബുൽആസി എന്ന ഒരു ഖുറൈശി പ്രഭുവാണ് അവരെ വിവാഹം ചെയ്തതു്. ഈ അബുൽആസി തിരുമേനി (സ) യുടെ പിതൃശൃംഖലയിലെ ഒരു കണ്ണിയായ അബ്ദുമനാഫ് എന്നവരുടെ നാലാമത്തെ ആളായ റബീഇന്റെ മകനായിരുന്നു. ഖദീജാബീവിയുടെ ഉദ്ദേശ്യം അന്വേഷിച്ചാണ് ആ വിവാഹം നടത്തപ്പെട്ടിരുന്നതു്. തിരുമേനിക്കു് നബുവ്വത്ത് ലഭിച്ചപ്പോൾ ഖദീജാബീവിയും മക്കളും തിരുമേനിയുടെ നബുവ്വത്തിൽ വിശ്വസിച്ചു. തിരുമേനി മക്കക്കാരെ ഇസ്‌ലാമിലേക്കു് ആഹ്വാനം ചെയ്തുതുടങ്ങിയപ്പോൾ തിരുമേനിയുടെ വിരോധികളായി മാറിയ മക്കക്കാർ അബുൽഹാസിയെ തങ്ങളുടെ പക്ഷത്തുകിട്ടുവാൻ തീവ്രയത്നം നടത്തി. പക്ഷെ, അപ്പോൾ ആ പരിശ്രമം വിജയിച്ചില്ല. തിരുമേനി മദീനയിലേക്കു് ഹിജ്‌റ പോയശേഷം സൈനബാബീയെ മദീനയിലേക്കു് വിളിപ്പിച്ചു. അതിന്റെ കാരണവും അതോടനുബന്ധിച്ച വസ്തുതകളും മറ്റൊരിടത്തു് പ്രസ്താവിക്കും. ബദർയുദ്ധം നടന്നപ്പോൾ അബുൽആസി ശത്രുപക്ഷത്താണ്ടായിരുന്നതു്. അദ്ദേഹം യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടു. പിന്നീടു് നഷ്ടപരിഹാരം വാങ്ങി അദ്ദേഹത്തെ വിട്ടയച്ചു. അതിനുശേഷം അദ്ദേഹം ഇസ്‌ലാംമതം വിശ്വസിക്കുകയും സൈനബാബീയുമായുള്ള വിവാഹം പുതുക്കുകയും ചെയ്തു. അവർ അലി എന്നൊരു പുത്രനേയും ഉമാമത്തു് എന്ന ഒരു പുത്രിയേയും പ്രസവിച്ചു. പ്രായപൂർത്തിയെത്തുന്നതിന്നുമുമ്പു് ആ പുത്രൻ നിര്യാതനായി. ഈ കുട്ടി മക്കാവിജയത്തിന്റെ അവസരത്തിൽ തിരുമേനിയോടൊപ്പം ഒട്ടകപ്പുറത്തു കയറീട്ടുണ്ട്. പെൺകുട്ടിയെ തിരുമേനി ലാളിച്ചു വളർത്തി. ഫാത്തിമാബീയുടെ വസിയത്തുപ്രകാരം അലി (ക. വ.) ഈ പെൺകുട്ടിയെ വിവാഹം കഴിക്കു

കയുണ്ടായി. അലി (ക. വ.) നിയ്യാതനായതിനുശേഷം മുആവിയ അവരെ വിവാഹം കഴിക്കുവാൻ സന്നദ്ധനായി. ഒരുലക്ഷം പൊന്ന് മഹ്‌ർ കൊടുക്കാമെന്ന് അദ്ദേഹം വ്യക്തമാക്കി. പക്ഷെ, ഉമാമത്തു് ആ വിവാഹാഭ്യർത്ഥന സ്വീകരിച്ചില്ല. അബ്ദുൽമുത്തലിബിന്റെ മകനായ ഹാരീസിന്റെ മകനായ നൌഫലിന്റെ മകനായ മുഗീറത്തിനെ അവർ വരനായി സ്വീകരിച്ചു. ആ വിവാഹത്തിൽ യഹ്‌യാ എന്ന ഒരു പുത്രനെ അവർ പ്രസവിച്ചു. മുഗീറത്തു് ജീവിച്ചിരിക്കെ ഉമാമത്തു് (റ) നിയ്യാതയായി. അവരുടെ മാതാവായ സൈനബാബീ (റ) ഹിജ്‌റ എട്ടാംവർഷത്തിൽ ഇഹലോകവാസം വെടിഞ്ഞു.

റഖിയാബീ (റ)

റഖിയാബീ ജനിക്കുമ്പോൾ തിരുമേനിക്കു് മുപ്പത്തിമൂന്നു് വയസ്സു് പ്രായമായിരുന്നു. ഇവരെ അബൂലഹബിന്റെ പുത്രനായ ഉത്ബത്തു് വിവാഹം കഴിച്ചു. ഇവരുടെ അനുജത്തിയായ ഉമ്മുകുൽസുമിനെ ഉത്ബത്തിന്റെ സഹോദരനായ ഉതൈബത്തും വിവാഹം ചെയ്തുകയുണ്ടായി. അവർ രണ്ടുപേരുടേയും നിക്കാഹ് നടക്കുകയല്ലാതെ വീട്ടുകൂടൽ നടന്നിരുന്നില്ല. "തബ്ബത് യദാ" എന്ന സൂറ: ഇറങ്ങിയപ്പോൾ രോഷാകുലനായിത്തീർന്ന അബൂലഹബ് തന്റെ പുത്രന്മാരെക്കൊണ്ടു് അവരുടെ വിവാഹബന്ധം വേർപെടുത്തിച്ചു. പിന്നീടു് മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ (റ) വിനു റഖിയാബിയെ വിവാഹം ചെയ്തുകൊടുത്തു. ഉസ്മാൻ (റ) വിനോടൊപ്പം അബ്സീനിയായിലേക്കും മദീനയിലേക്കും അവർ ഹിജ്‌റ ചെയ്തിട്ടുണ്ടു്. അവർ എതിരറ്റ ലാവണ്യവതിയായിരുന്നു. ഹബ്ശാ (അബ്സീനിയാ) യിലായിരിക്കുമ്പോൾ അബ്ദുള്ളാ എന്ന ഒരു പുത്രനെ അവർ പ്രസവിച്ചു. ആ പുത്രൻ ആറാം വയസ്സിൽ നിയ്യാതനായി. ബദർയുദ്ധം നടന്ന അവസരത്തിൽ റഖിയാബീ (റ) രോഗത്തിൽ കിടക്കുകയായിരുന്നു. തന്മൂലം ഉസ്മാൻ (റ) വിനു് ബദർയുദ്ധത്തിൽ സംബന്ധിക്കുവാൻ സാധിച്ചിരുന്നിരുന്നില്ല. ബദർയുദ്ധത്തിലെ വിജയികളായ തിരുമേനിയും കൂട്ടുകാരും മദീനയിൽ എത്തുന്നതിനുമുമ്പു്, തങ്ങൾക്കുണ്ടായ വിജയവാർത്ത ഉസ്മാൻ (റ) വിനെ അറിയിപ്പാൻ മദീനയിലേക്കു ചെന്ന സൈദിബ്നു ഹാരീസ് (റ) റഖിയാബീയുടെ ഖബ്റകൽ വെച്ചാണു് ഉസ്മാൻ (റ) വിനെ കണ്ടുമുട്ടിയതു്. ബദ്‌ർയുദ്ധത്തെപ്പറ്റി പ്രസ്താവിക്കുന്ന ഘട്ടത്തിൽ ഈ വസ്തുത വിശദീകരിക്കും.

ഉമ്മുകുൽസും (റ)

റഖിയാബീ (റ) യുടെ വിയോഗാനന്തരം ഉസ്മാൻ (റ) തന്നെ ഇവരെ വിവാഹം കഴിച്ചു. ഇരുവരും ലാവണ്യത്തിൽ മറാരുടേയും പിന്നിലായിരുന്നില്ല. തിരുമേനിയുടെ ലാവണ്യവതികളായ രണ്ടു പുത്രിമാരെ വിവാഹം കഴിച്ചതുകൊണ്ടു് ഉസ്മാൻ (റ) വിനു് (ദുന്നൂറൈൻ) എന്ന അപരനാമം സിദ്ധിച്ചു. ഇവർ ഹിജ്‌റ ഒമ്പതാം വർഷത്തിൽ നിയ്യാതയായി. അമീനിന്റെ മകളായ അസ്മാബീയും അബ്ദുൽമുത്തലിബിന്റെ മകളായ സഫിയാബീയും അവരുടെ ജനാസ കുളിപ്പിച്ചു. ഉമ്മുഅതിയ്യ എന്ന മഹതി അവരെ സഹായിച്ചു. താളികൊണ്ടും തണ്ണീർകൊണ്ടും കഴുകുവാനും കഴുകുന്ന വെള്ളത്തിൽ കർപ്പൂരം കലത്തുവാനും തിരുമേനി നിർദ്ദേശിച്ചു. കഫം ചെയ്യാനുള്ള വസ്ത്രം തിരുമേനി തൃക്കൈകൊണ്ടു് എടുത്തുകൊടുത്തു. ജനാസനമസ്കാരം തിരുമേനി നിർവ്വഹിച്ചു. ജനാസ ഖബറിൽ വെക്കുവാൻ അലീ (ക. വ), ഫള്ലിബ്നു ഉസാമത്തു് (റ) എന്നിവർ ഖബറിൽ ഇറങ്ങിനിന്നു. ജനാസ മറചെയ്യുമ്പോൾ

തിരുമേനി (സ) യുടെ കണ്ണിൽനിന്നു് കണ്ണീർകണം അടർന്നുവീഴുന്നതായി പലരും കണ്ടു.

ഉതൈബത്തിന്റെ കയ്യേറ്റം

ഖുറൈശി ഗോത്രത്തിലെ പൌരാണികരുടെ കൂട്ടത്തിൽ അബൂകബ്ശത്തു് എന്ന ഒരു മാന്യൻ ഉണ്ടായിരുന്നു. അദ്ദേഹം ബിംബാരാധന നടത്തിയിരുന്നില്ല. ബിംബാരാധനയുടെ അർത്ഥശൂന്യതയിൽ അദ്ദേഹം വിശ്വസിക്കുകയും ചെയ്തിരുന്നു. തിരുമേനി (സ) ബിംബാരാധനക്കു് എതിരായി പ്രചാരണം നടത്തിത്തുടങ്ങിയപ്പോൾ "അബൂകബ്ശിന്റെ മകൻ" എന്നു് മക്കക്കാർ തിരുമേനിയെ പരിഹസിക്കുക പതിവായിരുന്നു.

തിരുമേനിയുടെ പുത്രിയായ ഉമ്മുകുൽസും (റ) യെ അബൂലഹബിന്റെ മകനായ ഉതൈബത്തു് വിവാഹം കഴിച്ചുവെന്നും വീട്ടുകൂടുന്നതിനുമുമ്പു് ആ വിവാഹബന്ധം വിച്ഛേദിച്ചുവെന്നും പ്രാഞ്ഞുവല്ലൊ. ആ വസ്തുത ഉതൈബത്തിനെ അരിശംകൊള്ളിച്ചു. ഉതൈബത്തു് സ്വതവേ ഒരു ധിക്കാര സ്വഭാവിയായിരുന്നു. ഒരു ദിവസം ഉതൈബത്തു് വ്യാപാരാർത്ഥം ശാമിലേക്കു് യാത്രചെയ്യുവാൻ ഒരുങ്ങിനില്ക്കുകയായിരുന്നു. അപ്പോൾ ആ ധിക്കാരി തിരുമേനിയെ അക്രമിക്കുവാൻ സ്വയം പരിപാടിയിടുകയും തിരുമേനിയെ സമീപിക്കുകയും ചെയ്തു. തിരുമേനിയോടു് മര്യാദവിട്ടു് സംസാരിച്ചതിനു പുറമെ, ധിക്കാരിയായ ആ ബുദ്ധിശൂന്യൻ തിരുമേനി ധരിച്ച കുപ്പായം കീറിക്കളയുകയും ചെയ്തു 'മൃഗമാണു് നിന്നോടു് എതിർക്കുക' എന്നു് മാത്രം തിരുമേനി അവനോടു് പറയുകയുണ്ടായി. വിജയഭാവം നടിച്ചുകൊണ്ടു് ഉതൈബത്തു് ശാമിലേക്കു് യാത്രതിരിച്ചു. രാത്രി ആ സംഘം ഒരിടത്തു് തമ്പടിച്ചു വിശ്രമിക്കുകയായിരുന്നു. അപ്പോൾ തിരുമേനി പറഞ്ഞ വാക്കു് ഉതൈബത്തിന്റെ സ്മരണയിൽ പൊന്തിവന്നു. കള്ളന്മാരെ സൂക്ഷിക്കുവാൻ എന്ന വ്യാജേന സംഘത്തിലുള്ള ആളുകളെ ചുറ്റും ഇരുത്തിക്കൊണ്ടു് ഉതൈബത്തു് അവരുടെ മദ്ധ്യത്തിൽ ഇരുന്നു. 'മക്കയിലുള്ള അബൂകബ്ശത്തിന്റെ മകൻ ഇങ്ങകലെയുള്ള ഉതൈബത്തിനെ കൊല്ലുമൊ' എന്നു് പരിഹാസസ്വരത്തിൽ ആ ധിക്കാരി കൂട്ടുകാരോടു ചോദിച്ചു. അപ്പോഴെയ്ക്കും എവിടെനിന്നോ ഓടിവന്ന ഒരു പുലി ഉതൈബത്തിനെ ചാടിപ്പിടിക്കുകയും കഥ കഴിക്കുകയും ചെയ്തു.

ഫാത്തിമാബീ (റ)

തിരുമേനി (സ) യുടെ ഇഷ്ടപുത്രിയായിരുന്ന ഫാത്തിമാ (റ) ജനിക്കുമ്പോൾ തിരുമേനിക്കു് മുപ്പത്തിഅഞ്ചുവയസ്സു് പ്രായമായിരുന്നെന്നാണു് പണ്ഡിതഭൂരിപക്ഷാഭിപ്രായം. അലി (ക.വ) ആണു് അവരെ വിവാഹം കഴിച്ചതു്. വാത്സല്യാതിരേകത്തോടുകൂടി തിരുമേനി പലപ്പോഴും അവരെ ചുംബിക്കുക പതിവായിരുന്നു. സ്വർഗ്ഗത്തിലെ മധുവിന്റെ സുഗന്ധവും ഹൃദ്യതയും ആസ്വദിപ്പാൻ വേണ്ടിയാണു് ഫാതിമയെ ഞാൻ ചുംബിക്കുന്നതെന്നു് ആഇശാബീയുടെ ചോദ്യത്തിനുത്തരമായി തിരുമേനി ഒരിക്കൽ പറയുകയുണ്ടായി. ഹസൻ (റ), ഹുസൈൻ (റ), മുഹ്സിൻ (റ) എന്നീ മൂന്നു പുത്രന്മാരെയും സൈനബ (റ), ഉമ്മുകുൽസും (റ) റുഖിയ്യ (റ) എന്നീ മൂന്നു് പുത്രിമാരെയും ഫാതിമാ (റ) പ്രസവിച്ചു. മുഹ്സിനും, റുഖിയ്യയും ചെറുപ്പത്തിൽതന്നെ മരിച്ചുപോയി മറവുള്ളവരെ സംബന്ധിച്ചു് യഥാവസരം പ്രസ്താവിക്കും.

ഹസൻ, ഹുസൈൻ ഇവരുടെ സന്താനപരമ്പര അക്ഷയമായി വർദ്ധിച്ചുവന്നു. തിരുമേനിയുടെ പുത്രന്മാർ ശൈശവത്തിൽതന്നെ മരിച്ചുപോയിരുന്നതുകൊണ്ടു്, പിൻതുടച്ചുക്കാരായി പുത്രപരമ്പര ഉണ്ടായിട്ടില്ല. ഫാതിമാ (റ) യിലൂടെയാണു് തിരുമേനിയുടെ പാരമ്പര്യം നിലനിന്നതു്. ഹസൻ, ഹുസൈൻ (റ) എന്നിവരിലൂടെ ഇന്നും ആ പാരമ്പര്യം നില

നില്ക്കുന്നു. പെൺമക്കളുടെ മക്കൾ വഴിക്കായി പാരമ്പര്യം സ്ഥാപിക്കുക എന്നതു് തിരുമേനിയെ സംബന്ധിച്ച, ചരിത്രപരമായ ഒരു പ്രത്യേകതയാണു്. തിരുമേനി (സ) ഇഹലോകവാസം വെടിഞ്ഞതിനു ശേഷം ആറാംമാസത്തിൽ—ഹിജ്‌റ പതിനൊന്നാംവർഷം, റമളാൻ മൂന്നു്, പൊവ്വാഴ്ച രാത്രി, മഗ്‌രിബിന്റെയും ഇശാഇന്റെയും ഇടയിൽ ഫാതിമാബീവി (റ) ഇഹലോകവാസം വെടിഞ്ഞു. ഫാതിമാബീയുടെ ചരമത്തിയ്യതിയെ സംബന്ധിച്ചു് ഭിന്നാഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ടു്. ഇഹലോകവാസം വെടിയുമ്പോൾ അവർക്കു് ഇരുപത്തെട്ടു് വയസ്സു് പ്രായമായിരുന്നു. ഫാതിമാബീയുടെ ജനാസ, ഭർത്താവായ അലി (ക. വ) കുളിപ്പിച്ചു. തിരുമേനിയുടെ ഇഷ്ടപുത്രിയുടെ ജനാസ നമസ്കാരം അബൂബകർസിദ്ദീഖു് (റ) നിർവ്വഹിച്ചു. രാത്രിതന്നെ ജനാസ ഖബറടക്കം ചെയ്യപ്പെട്ടു. ബുഖാരി, അബ്ബാസു് എന്നവരുടെ ഖബറിന്നടുത്താണു് അവരുടെ ഖബർ സ്ഥിതിചെയ്യുന്നതെന്നു് ചരിത്രപണ്ഡിതന്മാരിൽ പലരും ഊഹിക്കുന്നു.

തിരുമേനി (സ) യുടെ ആകാരവിശേഷങ്ങൾ

മറ്റു് അമ്പിയാക്കന്മാരെയും മുർസലുകളെയും അപേക്ഷിച്ചു തികച്ചും അനുനമായ ശരീരത്തോടും വടിവൊത്ത മുഖത്തോടുംകൂടിയാണു് അല്ലാഹു തിരുമേനിയെ സൃഷ്ടിച്ചതു്. അത്യാകർഷകമായ ഒരു ശബ്ദവും അല്ലാഹു അദ്ദേഹത്തിനു നല്കുകയുണ്ടായി. തിരുമേനിയുടെ ശരീരം അല്പമെങ്കിലും ഹ്രസ്വമോ ദീർഘമോ ആയിരുന്നില്ല. എത്ര ദീർഘകായന്മാരുടെയിടയിൽ നിന്നിരുന്നാലും തിരുമേനി എല്ലാവരെക്കാളും ഉയരമുള്ള വ്യക്തിയായി കാണപ്പെടാറുണ്ടായിരുന്നു. തിരുമേനിയുടെ അമാനുഷികതകളിൽ ഒന്നായിരുന്നു അതു്. തിരുമേനിയുടെ മുഖം ചന്ദ്രനേക്കാൾ പ്രകാശമേറിയതും സൂര്യനേക്കാൾ ഉജ്ജ്വലവുമായിരുന്നു. തന്നിമിത്തം സൂര്യപ്രകാശത്തിലോ ചന്ദ്രപ്രകാശത്തിലോ തിരുമേനിയുടെ നിഴൽ നിലത്തു പതിയാറുണ്ടായിരുന്നില്ല. അതായതു്, തിരുമേനിക്കു് നിഴൽ ഉണ്ടായിരുന്നില്ല. മുഖപ്രകൃതി വെളുപ്പായിരുന്ന തിരുമേനിയുടെ ശരീരത്തിന്റെ വർണ്ണം. തിരുമേനിയുടെ തലമുടി അറബികളുടെ തലമുടിപോലെ കട്ടപ്പും കുടിയതോ അനറബികളുടെ തലമുടിപോലെ മൃദുലമോ അല്ലാതെ മദ്ധ്യനിലയിലായിരുന്നു. ആ തലമുടി, ജടകെട്ടുകയോ, പാറുകയോ ചെയ്യാറുണ്ടായിരുന്നില്ല. തിരുമേനി നാലുതവണ തലമുടി വടിപ്പിച്ചുകളഞ്ഞതായി പറയപ്പെട്ടിരിക്കുന്നു. മുടി വളർത്തുകയെന്നതാണു് തിരുമേനിയുടെ പതിവു്. മുടി വെട്ടിച്ചുകഴിഞ്ഞാൽ പിടലിക്കു് സമാന്തരമായതും ചിലപ്പോൾ അതിൽ അല്പം താണും; മുടിവെട്ടിക്കാത്തപ്പോൾ ഏതാണ്ടു് ചുമലോടടുത്തും തലമുടി നീണ്ടുകിടക്കുക പതിവായിരുന്നു. പലപ്പോഴും തലമുടി രണ്ടുഭാഗത്തായി ചീകിയിടുകയാണു് പതിവു്. ചിലപ്പോൾ മുൻഭാഗത്തുള്ള മുടി ഇടവും വലവുമായും, പിൻഭാഗത്തുള്ള മുടി രണ്ടുചെവിയുടെ പിൻഭാഗമായും നാലായി ചീകിയിടാറുമുണ്ടായിരുന്നു. ചിലപ്പോൾ ചെവി മൂടത്തക്കവിധത്തിലും ഇടാറുണ്ടു്. അസാധാരണമായ കറുപ്പുനിറമായിരുന്ന തിരുമേനിയുടെ തലമുടിക്കു്. തിരുമേനി ചീർപ്പുകൊണ്ടു് തലമുടി വാർന്നുവിടുകയും ചെയ്യാറുണ്ടായിരുന്നു. അന്ത്യഘട്ടത്തിൽ തിരുമേനിയുടെ തലയിലും താടിയിലും കുടി നരച്ച രോമങ്ങൾ ഇരുപതിലേറെ ഉണ്ടായിരുന്നില്ല. തിരുമേനിയുടെ നരച്ച രോമങ്ങളുടെ എണ്ണം പതിനേഴാണു് എന്നു് ഇബ്‌നുസ്സഅ്ദു് (റ) വും ഇരുപതിലധികം വരുമെന്നു് ഇബ്‌നുഉമർ (റ) വും പ്രസ്താവിച്ചിരിക്കുന്നു. നരച്ച രോമങ്ങളുടെ എണ്ണം പതിനാലുണെന്നു് ഇബ്‌നുഉമർ (റ) പ്രസ്താവിച്ചതായി വേറൊരഭിപ്രായവും കാണുന്നുണ്ടു്. 'ഞാൻ

തിരുമേനിയുടെ തലയിലും താടിയിലും കൂടി ഉള്ള വെളുത്ത രോമങ്ങൾ എണ്ണിയപ്പോൾ പതിനൊന്നിലധികം കണ്ടിട്ടില്ല' എന്നാണ് തിരുമേനിയുടെ ചിരകാലഭൃത്യനായിരുന്ന അനസ് (റ) പ്രസ്താവിച്ചിട്ടുള്ളത്. ചീകിമിനുക്കിയാൽ സ്പഷ്ടമായി കാണാത്തരത്തിൽ നരച്ച മുടികൾ ഒളുങ്ങിക്കിടക്കുന്നതുകൊണ്ട്, സാധാരണക്കാരുടെ ദൃഷ്ടിയിൽ അവ പെടാറുണ്ടായിരുന്നില്ല. നരച്ചമുടികൾക്ക് തിരുമേനി വർണ്ണം നൽകാറുണ്ടായിരുന്നുവെന്ന അഭിപ്രായത്തെ പണ്ഡിതന്മാരിൽ ചിലർ അംഗീകരിക്കുകയും മറ്റു ചിലർ അംഗീകരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. വെളുത്ത മുടികളെ വർണ്ണഭേദം വരുത്തണമെന്നും തിരുമനി ഉപദേശിച്ചിട്ടുണ്ട്. അങ്ങിനെ നോക്കുമ്പോൾ വെളുത്ത മുടികളുടെ നിറം മാറുന്നതു് സുന്നത്താണെന്നു വരുന്നു. അങ്ങിനെ ചെയ്യുന്നതു് ആരോഗ്യപരമായും ഉത്തമമാണെന്നു് പണ്ഡിതന്മാരിൽ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

തിരുമേനിയുടെ മുഖം അസാധാരണ സൗഷ്ഠവത്തോടുകൂടിയതായിരുന്നു. കവിൾത്തടങ്ങൾ തുടിച്ചോ കുഴിഞ്ഞോ ആയിരുന്നില്ല. ആ മുഖത്തിന്റെ സൗഷ്ഠവം അവർണ്ണനീയമാണെന്നു് ഹകീം (റ) വിനെ ഉദ്ധരിച്ചുകൊണ്ടു് ദഹബി (റ) പ്രസ്താവിച്ചിരിക്കുന്നു. തിരുമേനിയുടെ നെറ്റിത്തടം വിശാലവും പ്രോജ്ജ്വലവുമായിരുന്നു. കൺപുരികങ്ങൾ രണ്ടുംതമ്മിൽ ചേരാതെ വിള്ളി നിന്നതായിരുന്നു. എങ്കിലും ഒറ്റനോട്ടത്തിൽ അവ സംയുക്തമാണെന്നു് തോന്നിപ്പോകുമായിരുന്ന സൂക്ഷ്മവീക്ഷണം കൊണ്ടു് മാത്രമെ ആ വിള്ളൽ മനസ്സിലാക്കുവാൻ കഴിയുമായിരുന്നുള്ളൂ. രണ്ടു പുരികങ്ങൾക്കിടയിലുള്ള അത്യല്പമായ ഒഴിവിൽ നേരിയ ഒരു ഞരമ്പുണ്ടായിരുന്നു. തിരുമേനിക്കു് ദ്വേഷ്യം ഉണ്ടാകുമ്പോൾ വല്ല കാര്യവും സംഭവിച്ചാൽ ആ ഞരമ്പു് അല്പം വീർക്കുകയും അല്പം പൊങ്ങുകയും ചെയ്യുമായിരുന്നു. മനോഹരമായ, മദ്ധ്യം ഉയർന്നും അറാറം കൂർത്തും, ഇമ്പമാറ, ദീർഘനാസികയായിരുന്നു തിരുമേനിയുടേതു്. നടുമൂക്കിനു് അല്പം ഉയർച്ച ഉണ്ടായിരുന്നെങ്കിലും, മൂക്കിന്റെ ആകാരഭംഗിയാൽ മേൽഭാഗം സമനിരപ്പായി തോന്നിപ്പോകുമായിരുന്നു. നടുമൂക്കു് അല്പം ഉയർന്നിരിക്കുക എന്നതാണു്, പുരുഷന്മാരുടെ മൂക്കിന്റെ ചന്തം. അങ്ങിനെ അല്പാതിരിക്കുന്നതു് സ്ത്രീകളുടെ മൂക്കിനു് ചന്തം കൂട്ടും. തിരുമേനിയുടെ കണ്ണുകൾ അഴകുറ്റവയായിരുന്നു. കൃഷ്ണമിഴി കറുത്തും ചുറ്റും വെളുത്തും ഉള്ള ആ കണ്ണുകൾ പ്രോജ്ജ്വലങ്ങളായിരുന്നു. കണ്ണിന്റെ ശുദ്ധമായ വെള്ളയിൽ അല്പം ചുകപ്പുവർണ്ണത്തിലുള്ള രേഖകൾ കാണുമായിരുന്നു. ഈ രക്തരേഖ നബുവ്വത്തിന്റെ ചിഹ്നമാകുന്നു. കണ്ണിലെ ഈ രക്തരേഖ നോക്കി, വരാനിരിക്കുന്ന നബി ഇദ്ദേഹമാണു് എന്നു് പലരും പറഞ്ഞിരുന്നു. കൺപോളകളിലെ രോമങ്ങൾ ശുദ്ധ കറുപ്പുനിറത്തിലുള്ളവയായിരുന്നു. ആ രോമങ്ങളുടെ കറുപ്പുമൂലം തിരുമേനി കണ്ണിൽ സുറുമയിട്ടിട്ടുണ്ടെന്നു് തോന്നിപ്പോകുമായിരുന്നു. തിരുമേനിയുടെ വായ വിസ്താരമുള്ളതും, ചുണ്ടുകൾ പവിഴത്തുല്യവുമായിരുന്നു. നാവു് അഴകും വടിവും ഉള്ളതായിരുന്നു. മുൻപല്ലുകൾ മുത്തുപോലെ ധവളങ്ങളും, പ്രകാശഭരിതങ്ങളുമായിരുന്നു. ദന്തനിര ആവശ്യത്തിനൊത്ത, ക്രമഗതമായ വിടവുകളോടുകൂടിയവയായിരുന്നു. തിരുമേനി സംസാരിക്കുമ്പോൾ ആ പല്ലുകളിൽനിന്നു് മിന്നൊളി വീശുന്നതായും, പുഞ്ചിരിക്കുമ്പോൾ ചന്ദ്രിക പരക്കുന്നതായും തോന്നുമായിരുന്നു. തിരുമേനി ഉച്ഛ്വസിക്കുന്ന വായുവിനു് കസ്തൂരിയുടെ സുഗന്ധമുണ്ടായിരുന്നു. ചുണ്ടിന്റെ ചുകപ്പു് വ്യക്തമായി കാണത്തക്കവിധം മീശ വെട്ടിക്കുക പതിവായിരുന്നു. തിങ്ങിയ വട്ടത്താടി, ചീവ്വിക്കൊണ്ടു വാർന്നമിനുക്കുകയും തല

മുടി കത്രികകൊണ്ട് വെട്ടിച്ച് ക്രമപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നു. തിരുമേനിയുടെ ചീർപ്പിനും 'ആജാൽ' എന്നു പേർ. ഈ പദത്തിനും ആനക്കൊമ്പ് എന്നർത്ഥമുണ്ട്. പക്ഷെ, ആ ചീർപ്പ് കടലാമത്തോടുകൊണ്ടോ കടലിലുള്ള കക്കത്തോടുകൊണ്ടോ ഉണ്ടാക്കിയതായിരുന്നു. തിരുമേനിയുടെ കഴുത്ത് ഒത്ത നീളവും പുഷ്ടിയും അഴകും ഉള്ളതായിരുന്നു. തിരുമേനിയുടെ അവയവങ്ങളെ വർണ്ണിക്കുമ്പോൾ ആനക്കൊമ്പിനെ ഉപമാനമാക്കിയതിന്റെ കാരണം 'സീറാഹലബിയ്യ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. തിരുമേനിയുടെ മാറിടം വിടർന്നതും, രോമലുകളം വിരിഞ്ഞതും, നെഞ്ചും വയറും സമാന്തരവും ആയിരുന്നു. തിരുമേനിയുടെ മുഴങ്കൈ നീണ്ടതും, മുൻകൈ വീതിയുള്ളതും, വിരലുകൾ ഒഴുക്കവും ദീർഘമുള്ളതും, തണ്ടംകാൽ വടിവുള്ളതും, ചെരിപ്പടിക്കാൽ അതിമാംസളമല്ലാത്തതും ആയിരുന്നു. അവയവങ്ങൾക്ക് ക്ലിപ്തമായ ഘടനയും പുഷ്ടിയും മാംസളിമയും ഉണ്ടായിരുന്നു. നെഞ്ചുമുതൽ പൊക്കിൾവരെ, പള്ളയുടെ നടുവരെ, രോമനിരയും, മുഴങ്കൈക്ക് അധികരിച്ച രോമവും, നെഞ്ചിന്റെ മേൽഭാഗത്തും ചുമലിലും രോമനിരകളും ഉണ്ടായിരുന്നു. തിരുമേനിയുടെ കാലുകൾ വടിവൊത്തതും, ഉള്ളംകാലിന്റെ നടുഭാഗം ഭൂമിയിൽ തട്ടാത്തവിധം അല്പം ഉയർന്നതുമായിരുന്നു. കാലിന്റെ പെരുവിരൽ മറ്റു വിരലുകളേക്കാൾ നീളം കൂടിയതായിരുന്നു. കയ്യിന്റെ നടുവിരൽ അല്പം ഉയർന്നിരുന്നു. തിരുമേനിയുടെ ആന്തരീയ യോഗ്യതയ്ക്ക് ഉചിതമായ യോഗ്യതയോടുകൂടിയതായിരുന്നു തിരുമേനിയുടെ ശരീരം. നബുവ്വത്തിനെ വഹിപ്പാനുള്ള എല്ലാ യോഗ്യതകളും ആ ആകാരത്തിൽ പൂർണ്ണമായിരുന്നു. ദുഷ്ടന്മാരിൽ ആനന്ദവും, അക്രമികളിൽ ഇമ്പവും ജനിപ്പിക്കുവാനുള്ള കഴിവുകൾ ആ ആകാരത്തിൽ അടങ്ങിയിരുന്നു. തിരുമേനിയുടെ ആകാരസൌഷ്ഠവങ്ങളെ വർണ്ണിപ്പാൻ ആർക്കും കഴിയുകയില്ല. വർണ്ണിച്ചാൽ വർണ്ണനകൾ വസ്തുനിഷ്ഠമാവുകയില്ല. കാരണം, തിരുമേനിയുടെ പ്രകാശത്താലാണ് സൂര്യചന്ദ്രന്മാർ സൃഷ്ടിക്കപ്പെട്ടത്. എന്നിരിക്കേ തിരുമേനിയുടെ തിരുമുഖത്തെ ചന്ദ്രനോടൊ സൂര്യനോടെ ഉപമിച്ചാൽ ആ ഉപമാനം പൂർണ്ണമോ വസ്തുനിഷ്ഠമോ ആകുകയില്ല. ബഹുമാനപ്പെട്ട ബൂസരിഇമാം (റ) പറയുന്നു:-'മുമ്പുണ്ടായ നബിമാരും മുർസലീങ്ങളും അവരുടെ അനുയായികളോടും, നബി (സ) ന്റെ അനുയായികളും അവരുടെ പിൻമുറക്കാരും അവരുടെ സമുദായത്തോടും, തിരുമേനിയുടെ ആകാരസൌഷ്ഠവത്തെപ്പറ്റി വർണ്ണിച്ച് പറഞ്ഞിട്ടുണ്ട്. ആ വർണ്ണനകൾ വെള്ളത്തിൽ നിഴലിച്ച നക്ഷത്രത്തിനും തുല്യമാണ്. വെള്ളത്തിൽ നക്ഷത്രത്തിന്റെ രൂപം കാണും. പക്ഷെ, നക്ഷത്രത്തെ സംബന്ധിച്ച വിവരങ്ങൾ അറിവാനൊ അറിയിപ്പാനൊ വെള്ളത്തിനും കഴിയുകയില്ല.'

തിരുമേനി (സ) യുടെ പ്രത്യേകതകൾ

മറ്റു നബിമാർക്കില്ലാത്ത പല പ്രത്യേകതകളാൽ അനുഗൃഹീതനും അലംകൃതനുമായിരുന്നു അവിടുന്ന്. മറ്റു സൃഷ്ടികൾക്കുമുമ്പായി തിരുമേനി (സ) സൃഷ്ടിക്കപ്പെട്ടു. മറ്റു നബിമാർക്ക് നബിത്വം നല്കുന്നതിനുമുമ്പായി തിരുമേനിയുടെ നബിത്വം സ്ഥിരീകരിച്ചു. തിരുമേനി സർവ്വലോകങ്ങളുടേയും പ്രവാചകനായി നിയോഗിക്കപ്പെട്ടു. അന്ത്യപ്രവാചകനായി ഭൂലോകത്തു അയക്കപ്പെട്ടു. തിരുമേനി രൂപം കൊണ്ട് ആദംനബിയുടെ മകനും, സാരംകൊണ്ട് അദ്ദേഹത്തിന്റെ ബാപ്പയുമാകുന്നു. അപ്രകാരംതന്നെ സകല ജീവികളുടേയും പിതൃത്വം തിരുമേനിയിൽ അർപ്പിക്കപ്പെട്ടു. ആയിരത്തിൽപരം അപരനാമങ്ങളിൽ തിരുമേനി പ്രകീർത്തിക്കപ്പെട്ടു. ബഹുമാന നാമംകൊണ്ട് വിശ്രുത

ഖുർആനിലൂടെ തിരുമേനിയെ അല്ലാഹു ആ ഹ്വാനം ചെയ്തു. പുറത്തു് ഹൃദയത്തിന്റെ മറവശത്തായി ഖാത്തമുന്നബുവത്തിന്റെ മുദ്ര കത്തപ്പെട്ടു. ഇസ്‌മുൽ അഅ്‌ളം കൊണ്ടു് അതിനെ ചിത്രണം ചെയ്യപ്പെട്ടു ആകാശഭൂമികളിലും സപ്തം യുടങ്ങിയ അദൃശ്യലോകങ്ങളിലും തിരുമേനിയുടെ നാമം പ്രകീർത്തിക്കപ്പെട്ട മലക്കുകളുടെ ചിറകുകളിലും നെറ്റിത്തടങ്ങളിലും "മുഹമ്മദ്‌ർ റസൂലുള്ളാ" എന്നു് അദൃശ്യകരത്താൽ എഴുതപ്പെട്ടു. നിസ്കാരങ്ങളിൽ തിരുമേനിയുടെ പേർ പറയുക എന്നതു് ഫർളാക്കപ്പെട്ടു. അതു് ഈമാനിനെ സംബന്ധിച്ചിടത്തോളം അനിർവ്വാര്യമായ ഉപാധിയാക്കപ്പെടുകയും ചെയ്തു. ലാ ഇലാഹ ഇല്ലല്ല: എന്ന തൌഹീദോടു് "മുഹമ്മദ്‌ർറസൂലുള്ളാ:" എന്ന വചനം അഭേദ്യമായി സംയോജിപ്പിക്കപ്പെട്ട തിരുമേനിയുടെ നാമത്തെ അഭംഗുരമായി, അനവരതമായി പ്രകീർത്തിക്കുവാൻ മലക്കുകൾ അനുശാസിക്കപ്പെട്ടു. എല്ലാ നബിമാരും തിരുമേനിയെ പ്രശംസിച്ചു. സശരീരിയായി തിരുമേനി മിഅ്‌റാജ് എന്ന ആകാശയാത്ര നടത്തി. തിരുമേനി ഭൌതികമായ കണ്ണുകളാൽ സൂക്ഷ്മസത്യങ്ങളെ കണ്ടെത്തി. യുദ്ധത്തിൽ മലക്കുകൾ തിരുമേനിയെ സഹായിച്ചു. മുമ്പുണ്ടായ എല്ലാ വേദസാരങ്ങളെയും ഉൾക്കൊള്ളുന്ന ഫുർഖാനൽ അളീം എന്ന വേദം തിരുമേനിക്കു ലഭിച്ചു. ചന്ദ്രൻ പിളരുക കല്ലു്, മരം, ഉടമ്പു്, മാൻ, ഒട്ടകം എന്നിവ തിരുമേനിയുമായി സംസാരിച്ചു. വിരലുകളിൽനിന്നു് വെള്ളത്തിന്റെ ഉറവുണ്ടായി. കയ്യിൽ വാരിയ മണ്ണു് പൊന്നായി മാറി മറ ആവശ്യമുള്ളപ്പോൾ വിദൂരസ്ഥലങ്ങളായ കല്ലും, മരവും തിരുമേനിക്കു് മറയായി നിന്ന മൈതാനപ്രദേശങ്ങളിൽ ചരക്കല്ലുകൾ തിരുമേനിക്കുവേണ്ടി സ്വയം മറയുണ്ടാക്കി. തിരുമേനി വിസർജ്ജിച്ച മലമൂത്രങ്ങളെ അപ്പപ്പോൾ ഭൂമി വിഴുങ്ങി. ഒരിക്കൽ തിരുമേനി നഖം മുറിച്ചപ്പോൾ ആഇശാബീ(റ) ആ നഖ കഷ്ണങ്ങൾ ഒരു തുണിയിൽ കെട്ടിവെച്ചു പിന്നീടു് അഴിച്ചുനോക്കിയപ്പോൾ അവ മുത്തുമണികളായി മാറിക്കണ്ടു. തിരുമേനി ഉറങ്ങുമ്പോഴും ശ്രവണശക്തി ഉറങ്ങിയിരുന്നില്ല. ഉറക്കത്താൽ തിരുമേനിയുടെ വഴി മുറിഞ്ഞിരുന്നില്ല. അകലെനിന്നുള്ള ശബ്ദങ്ങൾപോലെ തിരുമേനി കേൾക്കുമായിരുന്നു. തിരുമേനി നടക്കുമ്പോൾ ഭൂമി ചുരുണ്ടുകൂടുമായിരുന്നു. മാറാവ്യാധികളും മറ്റു രോഗങ്ങളും തിരുമേനി ഉദ്ദേശിച്ചാൽ സുഖപ്പെടുമായിരുന്നു. തിരുമേനി വിളിച്ചാൽ മരിച്ചവർ ജീവിക്കുകയും സംസാരിക്കുകയും ചെയ്യുമായിരുന്നു. ബാങ്കുകളിൽ തിരുമേനിയുടെ നാമം സ്ഥിരമായി പ്രഖ്യാപിക്കപ്പെടുന്നു. ഓരോ രാവിലും പകലിലും തിരുമേനിയുടെ ഖബ്‌ർസ്ഥാനത്തു് ഓരോ എഴുപതിനായിരം മലക്കുകൾവീതം അനവരതം തവാഫ് ചെയ്യുന്നു. പുനരുത്ഥാനത്തിന്റെ കാലത്തു് തിരുമേനിയുടെ ഖബ്‌ർ വിള്ളിക്കീറുകയും ബുറാക്കിന്മേൽ കയറി തിരുമേനി മഹശറയിലേക്കു് യാത്രചെയ്യുകയും ചെയ്യും. മറ്റു നബിമാരടക്കം എല്ലാ സജ്ജനങ്ങൾക്കും ശഫാഅത്തു് ചെയ്യും. പാപികൾക്കു് ശഫാഅത്തുൽ കുബ്‌റ എന്ന പ്രത്യേകാനുകൂല്യങ്ങൾ നല്കപ്പെടും. ജിബ്‌രീൽ എന്ന മലക്കിനെ തനതായ ആകാരത്തിൽ രണ്ടുതവണ തിരുമേനി കാണുകയുണ്ടായി. സൂര്യപ്രകാശത്തിലൊ ചന്ദ്രപ്രകാശത്തിലൊ തിരുമേനിക്കു് നിഴൽ ഉണ്ടായിരുന്നില്ല. തിരുമേനിയുടെ തലമുടി തീയ്യിലിട്ടാൽ കരിയുകയൊ, തിരുമേനി സവാരിക്കുള്ള മൃഗപ്പുറത്തു് കയറിയാൽ ആ മൃഗം മലമൂത്ര വിസർജ്ജനം നടത്തുകയൊ ചെയ്യുമായിരുന്നില്ല. കല്ലും മരവും തിരുമേനിക്കു് സലാം ചൊല്ലുമായിരുന്നു. തിരുമേനിയുടെ നബുവ്വത്തിനെ സംബന്ധിച്ചു് ഒരു വൃക്ഷം വ്യക്തമായി സംസാരിച്ചു. എല്ലാ ജീവിജാലങ്ങൾക്കും കല്ലു്, മരം മുതലായവയ്ക്കും റസൂലായി

ശുദ്ധ ഖുർആനിനു മുമ്പു ഇറക്കപ്പെട്ട വേദങ്ങളിലെല്ലാംതന്നെ മനുഷ്യർ കൈകടത്തുകയുണ്ടായി. ഖുർആൻ അത്തരം കൈകടത്തലുകൾക്കോ തിരുത്തലുകൾക്കോ വിധേയമാകാത്ത നിലയിൽ കാത്തുരക്ഷിക്കപ്പെട്ടിരിക്കുന്നു വെന്നതു ഖുർആനിന്റെ മുഅ്ജിസത്താകുന്നു. ഖുർആനിനു സമമായ സാഹിത്യരചന നടത്തുവാൻ ഇസ്‌ലാമിന്റെ മധ്യഭാഗത്തുനിന്നു സാഹിത്യകുശലന്മാരായ പലരും ശ്രമിക്കുകയുണ്ടായി. "ഒസ്സാരിയാത്തി സർആൻ, ഒൽഹാസിറാതി ഹസ്തൻ, ഒദ്ദാരിയാതി ഖമ്അൻ, ഒത്താഹിനാതി തഹനൻ" എന്നിങ്ങനെ മുസൈലിമതുൽ കദ്ദാബ് എന്ന പ്രതിയോഗി ഒരു സമാന്തര രചന നടത്തിനോക്കി. "അലംതറകൈഫ ഫഅലറബ്ബുക്ക ബിൽഹുബ്‌ല, ഖറജമിൻ വതിനിആന സമത്തുൽയ സ്ആ മിൻബൈനിശറാസിഹ ഒഅഅ്ശാ" എന്നിപ്രകാരം എഴുതിക്കൊണ്ടു സ്മാന്തരരൂപനക്കു വേറൊരു പ്രതിയോഗി ഒരു ശ്രമം നടത്തിനോക്കി. "അൽഫീലു മൽഫീലു, ഒകാഅദ്റാക്കമൽഫീലു, ലഹുദനബുൻവസീൽ, വമശ്ശഫവതവീൽ" എന്നിപ്രകാരം എഴുതിക്കൊണ്ടു മറെറാരു പ്രതിയോഗിയും ഈ വിഷയത്തിൽ ശ്രമിച്ചു. അങ്ങിനെ അറബി സാഹിത്യരംഗത്തിലെ അറിയപ്പെട്ട വ്യക്തികളിൽ പലരും ഖുർആനിലെ വാചകംപോലുള്ള ഒരു വാചകം രചിക്കുവാൻ തീവ്രയത്നം നടത്തി. പക്ഷെ, എല്ലാവരും പറെറ പരാജയപ്പെട്ടു. ജിന്നുകളും മനുഷ്യരും ഒത്തൊരുമിച്ചു പരിശ്രമിച്ചാലും ഖുർആനിൽ ഉള്ളതുപോലുള്ള ഒരു വാചകം രചിക്കുവാൻ സാദ്ധ്യമാവുകയില്ല എന്നു അല്ലാഹുതന്നെ വെളിപ്പെടുത്തി. ഖുർആനിന്റെ മുഅ്ജിസത്ത്മാത്രം പല പണ്ഡിതന്മാരേയും ഇസ്‌ലാമിലേക്കു ആകഷ്ടിച്ചു. തിരുമേനി "ഇന്നല്ലാഹ യഅ്മുറബിൽ അദ്‌ലി വൽ ഇഹ്സാനി" എന്ന ആയത്തു ഓതുന്നതു കേട്ടപ്പോൾ ഖുറൈശികളുടെ മഹാ നേതാവും മഹാകവിയുമായിരുന്ന വലീദിബിനുൽ മുഗീറ എന്ന ആൾ ഒരിക്കൽകൂടി അതോതുവാൻ തിരുമേനിയോടു ആവശ്യപ്പെട്ടു. തിരുമേനി ഒരിക്കൽകൂടി ഓതി. "ഇതു മനുഷ്യവചനമല്ല" എന്നു അത്ഭുതത്തോടുകൂടി അദ്ദേഹം സമ്മതിച്ചു. ഖുർആൻ എത്രതവണ ആവർത്തിച്ചോതിയാലും എത്രതവണ ആവർത്തിച്ചു ആ ഓത്തു കേട്ടാലും മടുപ്പോ മതിയോ വരാത്തതും ഖുർആനിന്റെ മുഅ്ജിസത്തുതന്നെ. ഖുർആൻ ഓതുംതോറും ഓതിക്കൊണ്ടിരിക്കുവാനുള്ള താല്പര്യവും ആ ഓത്തു കേൾക്കുന്തോറും അതു കേട്ടുകൊണ്ടിരിക്കുവാനുള്ള താല്പര്യവും അനവരതം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണവും അതിന്റെ മുഅ്ജിസത്താണു. ഖുർആൻ പതിവായി ഓതുന്നവരുടെ ഉദ്ദേശ്യങ്ങൾ ഫലവത്താവുകയും ആധികം ഇല്ലാതാവുകയും ദോഷങ്ങൾ ദൂരീകൃതമാകുകയും പദവി ഉന്നതമാകുകയും ചെയ്യുന്നുവെന്നതു ഖുർആനിന്റെ സവിശേഷതയാകുന്നു. ഏതൊരാൾ അതു മനപ്പാഠമാക്കുവാൻ ആഗ്രഹിക്കുന്നുവോ, അക്കാര്യത്തിൽ അല്ലാഹു അവരെ തുണക്കുന്നു. തൊറാദ് എന്ന വേദം മനപ്പാഠമുള്ളവർ ബനൂ ഇസ്രാഈലിയരുടെ കൂട്ടത്തിൽ മൂസാനബി, ഹാറൂൻ നബി, യൂശഅ്നബി, അസീസ് നബി എന്നീ നാലുപേരല്ലാതെ മറാരും ഉണ്ടായിരുന്നില്ല. തിരുമേനിയുടെ അനുയായികളിൽ ഖുർആൻ മനപ്പാഠമുള്ളവർ അസംഖ്യമത്രെ. ഖുർആൻ ഓതുന്നതിൽ വ്യാവൃതമാകുക എന്നതു ഉത്തമമായ ഒരു പുണ്യകർമ്മമാകുന്നു. അതു ഹൃദയത്തിനു വെളിച്ചവും കണ്ണിനു കാഴ്ചയും നെഞ്ചിനു വിശാലതയും ദേഹത്തിനു ശക്തിയും നൽകുന്നു.

ചന്ദ്രൻ പിളരുന്നു

ലോകത്തിന്റെ ചരിത്രത്തിൽ, ലോകത്തിലുണ്ടായിട്ടുള്ള നബിമാരുടെ ചരിത്രത്തിൽ

ലോകത്തു് സംഭവിച്ചിട്ടുള്ള അത്ഭുതങ്ങളുടെ ചരിത്രത്തിൽ തികച്ചും ഒറ്റപ്പെട്ട ഒരത്ഭുതമാണു്, തിരുമേനിക്കു്വേണ്ടി ചന്ദ്രൻ പിളന്നു മുസ്‌ജിസത്തു് ഭൂലോകനിവാസികൾക്കുവേണ്ടി ആകാശത്തു് നടന്ന അത്ഭുതമാണിതു്. നുബുവ്വത്തിന്റെ ഒമ്പതാംവർഷത്തിൽ, അതു് സംഭവിച്ചു. വലീദിബ്‌നുൽ മുഗീറത്തു്, അബൂജഹലിബ്‌നുഹിശാം, ആസിബ്‌നുവാഇൽ, അൽ അസ്‌വദിബിനു മുത്തലിബു്, നള്റിബിനുഹർസ്, തുടങ്ങിയ എതിർപക്ഷനേതാക്കൾ തിരുമേനിയെ സമീപിക്കുകയും, ചന്ദ്രനെ രണ്ടായി പിളന്നു കാട്ടിത്തന്നാൽ താങ്കളെ ഞങ്ങൾ വിശ്വസിക്കാമെന്നു് പറയുകയുമുണ്ടായി. അതു് തിരുമേനിയുടെ വശ്യതിയിൽപ്പെട്ടകാര്യമല്ലെന്നും, അല്ലാഹുവിന്റെ വശ്യതിയിൽപ്പെട്ട കാര്യമാണെന്നും തിരുമേനി അവർക്കു് മറുപടിനല്കി. പക്ഷെ, പ്രതിയോഗികൾ വിട്ടില്ല. അവർ തിരുമേനിയെ പരിഹസിക്കുകയും അത്ഭുതം കാണിപ്പാൻ നിർബന്ധിക്കുകയും ചെയ്തു. അവസാനം, അല്ലാഹുവിന്റെ വശ്യതിയാൽ ആ അത്ഭുതം സംഭവിച്ചു. ചന്ദ്രൻ രണ്ടായി പിളരുകയും ഒരു പകുതി ആകാശത്തിൽതന്നെ നില്ക്കുവെ മറ്റൊപ്പകുതി മലമേൽ ഇറങ്ങിയതായി കണ്ടുവെന്നും; ഒരു പകുതി അബൂഖുബൈസ് എന്ന പർവ്വതത്തിന്മേലും മറ്റെ പകുതി ഖഈഖയാൻ എന്ന പർവ്വതത്തിന്മേലും താഴുകയും അവിടെനിന്നു് മേല്പോട്ടു് ഉയരുകയും ചെയ്തുവെന്നും; എല്ലാം രണ്ടുനിമിഷംകൊണ്ടു് കഴിഞ്ഞുവെന്നും പറയപ്പെട്ടിരിക്കുന്നു. പതിനാലാംരാവിൽ പൂർണ്ണചന്ദ്രൻ രണ്ടായിപ്പിളരുകയും സഫാ, മർവാ എന്നീ രണ്ടു മലമുകളിൽ ഓരോ പകുതിയും ഇറങ്ങിവരുകയും അസറിന്നും മഗ്‌രിബിന്നും ഇടക്കൽ എത്ര സമയമുണ്ടോ അത്രത്തോളം സമയം അവ ആ മലമുകളിൽ നില്ക്കുകയും ചെയ്തുവെന്നു് ഇബ്‌നുഅബ്ബാസ് (റ) വിനെത്തൊട്ടു് ഉലായിൽ എന്ന ഗ്രന്ഥത്തിൽ അബൂനഈം (റ) പ്രസ്താവിച്ചിരിക്കുന്നു. ശത്രുപക്ഷം ഇതു കണ്ടു അത്ഭുതപ്പെട്ടു. ഇതു് കൺകെട്ടു് വിദ്യയാണെന്നു് അവർ പറഞ്ഞു. മക്കക്കാരായ ഞങ്ങൾക്കല്ലാതെ ഈ ജാലവിദ്യ മറുദേശക്കാക്കൊ മറുരാജ്യക്കാക്കോ ബാധകമായിരിക്കുകയില്ലെന്നു് അവർ അഹംകരിച്ചു. തങ്ങളുടെ വാദം സ്ഥിരീകരിപ്പാനായി അവർ നാനാരാജ്യങ്ങളിൽ അന്വേഷണം നടത്തി. ഈ അത്ഭുതം തങ്ങളും കണ്ടതായി എല്ലാ ദേശക്കാരും എല്ലാനാട്ടുകാരും ഐക്യകണ്ഠേന പ്രസ്താവിച്ചു. ചന്ദ്രൻ പിളന്നതിനുശേഷം രണ്ടാമതും സംയോജിക്കുന്നതിനിടക്കു് നടന്ന കാര്യങ്ങളെപ്പറ്റി പലതരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. പക്ഷെ, ചന്ദ്രന്റെ ഒരു പകുതി പർവ്വതത്തിന്മേലും മറു പകുതി പർവ്വതത്തിന്നപ്പുറവും വീണു എന്നതാണു് സ്വീകാര്യയോഗ്യമായ പക്ഷം. ഇബ്‌നുമസ്ഊദു് (റ) വിനെത്തൊട്ടു് നിവേദനം ചെയ്യപ്പെട്ട ഹദീസിൽ ഇങ്ങിനെയാണു് പ്രസ്താവിച്ചിട്ടുള്ളതു്. ആ ഹദീസു് ബുഖാരി (റ) വും, മുസ്‌ലിം (റ) വും അംഗീകരിച്ചിട്ടുണ്ടു്.

സൂര്യനെ പിൻതിരിച്ചു

ഖൈബർ യുദ്ധം കഴിഞ്ഞതിനുശേഷം സഹ്‌ബാഅു് എന്ന സ്ഥലത്തു് തിരുമേനി വിശ്രമിക്കുകയായിരുന്നു. തിരുമേനി (സ) അസർ നിസ്കരിച്ച ശേഷം അലി (ക. വ) അവർകളുടെ മടിയിൽ തലവെച്ചു കിടന്നുകൊണ്ടാണു് വിശ്രമിച്ചതു്. അലി (ക. വ) അസർ നിസ്കരിച്ചിരുന്നില്ല. ആ വിശ്രമത്തിൽ തിരുമേനിക്കു് വഹ്‌യു് ഉണ്ടായി. വഹ്‌യു് അവസാനിക്കുമ്പോഴേക്കും സൂര്യൻ അസ്തമിച്ചുകഴിഞ്ഞു. അസർ നിസ്കരിച്ചുവൊ എന്നു് തിരുമേനി അലി (ക. വ) യോടു് ചോദിച്ചു അദ്ദേഹം ഇല്ലെന്നു് മറുപടിപറഞ്ഞപ്പോൾ, തിരുമേനി സൂര്യനെ തിരിച്ചുവിളിക്കുകയും സൂര്യൻ തിരി

ച്ചുവരികയും അലി (ക. വ) യ്ക്ക് അസർ നിസ്കരിപ്പാൻ അവസരം ലഭിക്കുകയും ചെയ്ത തിരുമേനി (സ) മിഅ്റാജിന്റെ രാത്രിയിൽ ബൈത്തുൽ മുഖദ്ദിസിൽ പോയി എന്ന വിവരം ഖുറൈശികളെ അറിയിച്ചപ്പോൾ അവർ അതിന്നു തെളിവ് ആവശ്യപ്പെട്ടു. "നിങ്ങളുടെ വ്യാപാരസംഘത്തെ ഞാൻ കണ്ടു; അവർ ഈ ബുധനാഴ്ച ഇവിടെ എത്തും" എന്നു തിരുമേനി അവരോട് പറഞ്ഞു. ഖുറൈശികൾ ബുധനാഴ്ച തങ്ങളുടെ സംഘത്തിന്റെ വരവിനെ നോക്കിനിന്നു. സൂര്യൻ അസ്തമിക്കാറായി സംഘത്തിന്റെ വരവു കണ്ടില്ല. ഖുറൈശികൾ തിരുമേനിയെ പരിഹസിച്ചു. അസ്തമിച്ചുതുടങ്ങിയ സൂര്യനോട് താഴോട്ട് നീങ്ങാതെ അവിടെത്തന്നെ നില്ക്കുവാൻ തിരുമേനി ആവശ്യപ്പെട്ടു. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അങ്ങ് അകലെനിന്നു വ്യാപാരസംഘം വരുന്നതായി ഖുറൈശികൾ കണ്ടു. തിരുമേനിയുടെ പ്രാർത്ഥനയനുസരിച്ച അല്ലാഹു അവന്റെ വരുതിയാൽ സൂര്യനെയും തിരുമേനിക്ക് അധീനമാക്കിക്കൊടുത്തു

വൃക്ഷങ്ങൾകാണിച്ച മുഅ്ജിസത്തു്

ഉമർഫാറൂഖ് (റ) പറയുന്നു:- 'ഞാൻ തിരുമേനിയൊടൊപ്പം ഒരു യാത്ര ചെയ്തുകൊണ്ടിരിക്കെ, വഴിയിൽവെച്ച് ഒരു കാട്ടറബി ഞങ്ങളെ കണ്ടുമുട്ടി. തിരുമേനി ആ അറബിയെ ഇസ്‌ലാമിലേക്ക് ആഹ്വാനം ചെയ്തു. താങ്കൾ നബിയാണെന്നുള്ളതിന്നു തെളിവെന്താണെന്നു ആ വ്യക്തി തിരുമേനിയോട് ചോദിച്ചു. ഒരു മലയുടെ ചെരിവിൽവെച്ചാണു സംഭവം നടന്നതു്. അല്പം അകലത്തായി ഒരു ലന്തിമരം നില്ക്കുന്നുണ്ടായിരുന്നു. ആ മരത്തെച്ചൂണ്ടിക്കൊണ്ട് ആ മരം എന്റെ നബിത്വത്തിന്നു സാക്ഷി പറയുമെന്നു തിരുമേനി പറഞ്ഞു. ഉടനെ ആ മരം നിന്നേടത്തുനിന്നു വേരോടുകൂടി ചലിക്കുകയും തിരുമേനിയുടെ മുമ്പിൽവന്നു തിരുമേനിയുടെ നബിത്വത്തിന്നു ഞാൻ സാക്ഷിയാണെന്നു പറയുകയും ചെയ്തു. അതു കഴിഞ്ഞപ്പോൾ തിരുമേനിയോട് സമ്മതം ചോദിച്ചുകൊണ്ട് ആ വൃക്ഷം പൂർവ്വസ്ഥാനത്തേക്ക് തിരിച്ചുപോയി. ഒരു വൃക്ഷത്തിന്റെ പകുതി തിരുമേനിയെ സമീപിക്കുകയും ശഹാദത്തു് ചൊല്ലിയശേഷം തിരിച്ചുചെന്നു പൂർവ്വസ്ഥിതിയെ പ്രാപിക്കുകയും ചെയ്ത അത്ഭുത വസ്തുത അനുഭവസ്ഥർ പ്രസ്താവിക്കും.

ഒരുദിവസം ഒരു മലഞ്ചെരുവിൽ തിരുമേനി വിഷണ്ണനായി ഇരിക്കുകയായിരുന്നു. ജനങ്ങൾ സത്യമാർഗ്ഗത്തിലേക്ക് വരുവാൻ മടികാണിച്ചുവെന്നതായിരുന്നു തിരുമേനിയുടെ വിഷാദത്തിന്റെ കാരണം. ആ അവസരത്തിൽ ജിബ്‌രീൽ അവിടെ എത്തുകയും അകലെയുള്ള ഒരു വൃക്ഷത്തെ അടുത്തേക്ക് വിളിക്കുവാൻ തിരുമേനിയോട് ആവശ്യപ്പെടുകയും ചെയ്തു. തിരുമേനി വിളിച്ചപ്പോൾ ആ വൃക്ഷം തിരുമേനിയുടെ അടുത്തുവന്നു. അപ്പോൾ ജിബ്‌രീൽ പറഞ്ഞു:- 'ഈ വൃക്ഷത്തെ താങ്കൾക്ക് വിധേയമാക്കിത്തന്ന അല്ലാഹുവിനു ജനങ്ങളെ താങ്കൾക്ക് വിധേയമാക്കിത്തരുക എന്നതു് പ്രയാസമുള്ള ഒരു കാര്യമല്ല. ജനങ്ങൾ സത്യമാർഗ്ഗത്തിലേക്ക് വരുവാൻ കാണിക്കുന്ന ഈ വിളംബത്തിലും അല്ലാഹുവിന്റെ യുക്തിയുണ്ട്.'

ഒരു ദിവസം ഒരു കാട്ടറബി തിരുമേനിയെ സന്ദർശിക്കുകയും തിരുമേനിയുടെ നബിത്വത്തെ വിശ്വസിക്കുന്നതിനു തെളിവു് ആവശ്യപ്പെടുകയും ചെയ്തു. ഒരു ഈത്തപ്പനയെ ചൂണ്ടിക്കാണിച്ചുകൊണ്ട് തിരുമേനി ചോദിച്ചു:- 'ഈ പനയുടെ മടൽ സാക്ഷിനിന്നാൽ മതിയാകുമോ?' ആഗതൻ അതു സമ്മതിച്ചു. തിരുമേനി ഒരു മടലിനെ വിളിച്ചു, ആ മടൽ ഓടിവന്നു തിരുമേനിയുടെ മുമ്പിൽ വീണു വണങ്ങി. തിരിച്ചുപോകുവാൻ തിരുമേനി

കല്പിച്ചപ്പോൾ അയ്യു പൂർവ്വസ്ഥാനത്തേക്ക് തിരിച്ചുപോയി.

ജാബിറിബ്നു അബ്ദില്ല (റ) പറയുന്നു:- 'തിരുമേനിയോടൊപ്പം ഞങ്ങൾ ഒരു യുദ്ധത്തിനു പോവുകയായിരുന്നു. ഞങ്ങളുടെ സേന ഒരു മലച്ചെരുവിലെത്തി. തിരുമേനി മലവിസർജ്ജനത്തിനു പുറപ്പെട്ടു. ഒരു പാത്രത്തിൽ വെള്ളവുമായി ഞാൻ തിരുമേനിയെ പിൻതുടർന്നു. വഴിയിലുള്ള ഒരു മരത്തിന്റെ ശിഖരത്തിൽ പിടിച്ചുകൊണ്ട് തിരുമേനി അതിനെ വിളിച്ചപ്പോൾ, മൂക്കുകയർപിടിച്ച ഒട്ടകത്തെപ്പോലെ ആ വൃക്ഷം തിരുമേനിയോടൊപ്പം നടന്നു. തിരുമേനി വേറൊരു വൃക്ഷത്തെ വിളിച്ചപ്പോൾ, ആ വൃക്ഷവും അടുത്തുവരികയും അവ രണ്ടും അടുത്തടുത്തായി ഒരുമിച്ച് നില്ക്കുകയും ചെയ്തു. അവയുടെ മറവിൽ ഇരുന്നുകൊണ്ട് തിരുമേനി മലവിസർജ്ജനം നടത്തി.'

ഉസാമത്തിബ്നുസൈദ് (റ) പറയുന്നു:- 'ഒരു യുദ്ധയാത്രയിൽ വഴിയിൽവെച്ചു മലവിസർജ്ജനത്തിനു് പറ്റിയ സ്ഥലം അടുത്തെങ്ങാനും ഉണ്ടോ എന്നു് തിരുമേനി എന്നോടു് അന്വേഷിച്ചു. അതിനുപറ്റിയ സ്ഥലം അടുത്തെങ്ങും കാണുന്നില്ലല്ലൊ എന്നു് ഞാൻ മറുപടിപറഞ്ഞു. കല്ലും മരവും കാണുന്ന സ്ഥലമുണ്ടോ എന്നു് തിരുമേനി എന്നോടു് വീണ്ടും അന്വേഷിച്ചു. അങ്ങിങ്ങായി ഒറ്റപ്പെട്ട മരങ്ങളും അവിടവിടെ കല്ലുകളും കാണാനുണ്ടു് എന്നു് ഞാൻ മറുപടി പറഞ്ഞു. എന്നാൽ മരങ്ങളും കല്ലുകളും അടുത്തുവന്നു് ഒരു മറയുണ്ടാക്കുവാൻ അല്ലാഹുവിന്റെ റസൂൽ പറയുന്നുവെന്നു് താങ്കളും അവയോടു പറയുക എന്നു് തിരുമേനി നിർദ്ദേശിച്ചു. ഞാൻ ആ നിർദ്ദേശം മരങ്ങളെയും കൽക്കഷണങ്ങളെയും അറിയിച്ചു. അല്ലാഹുവാണെ സത്യം, തൽക്ഷണം ആ മരങ്ങളെല്ലാം അടുത്തു നില്ക്കുകയും കൽക്കഷണങ്ങളും ഒന്നിനുമീതെ ഒന്നായി കയറി നില്ക്കുകയും ചെയ്തുകൊണ്ടു് തിരുമേനിക്കുവേണ്ടി ഒരു മറയുണ്ടാക്കി. ആവശ്യം കഴിഞ്ഞപ്പോൾ അവ പൂർവ്വസ്ഥാനത്തേക്കു് തിരിച്ചുപോയി.

തിരുമേനി (സ) ക്കു് കല്ലും മരങ്ങളും സലാംചൊല്ലിയ മുഅ്ജിസത്തു്

'എനിക്കു് നബിത്വം സിദ്ധിക്കുന്നതിനുമുമ്പു് എന്നോടു് സലാം ചൊല്ലിയ ഒരു കല്ലിനെ എനിക്കറിയാം.' എന്നു് തിരുമേനി അരുളിയിരിക്കുന്നു. ഹജറുൽ അസ്‌വദ് എന്ന കല്ലു് തിരുമേനിക്കു് സലാം ചൊല്ലിയിരുന്നുവെന്നും, സുഖാഖുൽ ഹജർ എന്നും, സുഖാഖുൽ മർഹഖ് എന്നും വിളിക്കപ്പെട്ട, മക്കയിൽ ഉണ്ടായിരുന്ന ഒരു കല്ലു് തിരുമേനി കടന്നുപോകുന്ന എല്ലാ സന്ദർഭത്തിലും തിരുമേനിക്കു് സലാം ചൊല്ലിപ്പോന്നിരുന്നുവെന്നും 'മവാഹിബു്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അബൂബകർസിദ്ദീഖ് (റ) ന്റെ വീട്ടിനു അഭിമുഖമായി സ്ഥിതിചെയ്തിരുന്ന മതിലിലുള്ള ഒരു കല്ലു് തിരുമേനിയോടു് സംസാരിച്ചിരുന്നതായി സീറത്തുന്നബവിയ്യ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. "ഞാൻ ഒരു ദിവസം തിരുമേനിയോടൊപ്പം മക്കയിലൂടെ നടക്കുമ്പോൾ തിരുമേനിയെ അഭിമുഖീകരിച്ച എല്ലാ വൃക്ഷങ്ങളും കല്ലുകളും തിരുമേനിക്കു് സലാം ചൊല്ലിയതായി ഞാൻ കേട്ടിരിക്കുന്നു" *"ജിബ്രീൽ എനിക്കു് രിസാലത്തു് നല്കിയ സന്ദർഭത്തിൽ ഞാൻ വഴിയിൽ അഭിമുഖീകരിച്ച കല്ലുകളും മരങ്ങളും എനിക്കു് സലാം ചൊല്ലുകയുണ്ടായി" എന്നു് തിരുമേനി അരുളിയതായി ആഇശാ (റ) പ്രസ്താവിച്ചിരിക്കുന്നു. തിരുമേനിക്കു് നബിത്വം സിദ്ധിച്ച ആദ്യഘട്ടത്തിൽ, തിരുമേനി സഞ്ചരിക്കുമ്പോൾ തിരുമേനിയെ അഭിമുഖീകരിച്ച ഏതെങ്കിലും

* എന്നു അലി (ക. വ.) പ്രസ്താവിച്ചിരിക്കുന്നു.

ഒരു വൃക്ഷമോ കല്ലോ തിരുമേനിയെ വഴങ്ങാതിരുന്നിട്ടില്ലെന്നും ജാബിർ (റ) എന്ന സഹാബി പ്രസ്താവിച്ചതായി ബൈഹഖി (റ) പ്രസ്താവിച്ചിരിക്കുന്നു.

കട്ടിലപ്പടിയും മതിലും ആമീൻചൊല്ലിയ മുഅ്ജിസത്തും

തിരുമേനി (സ) തിരുമേനിയുടെ മൂത്താപ്പയായ അബ്ബാസ് (റ) എന്നവരുടെ വീട്ടിൽ ഒരു ദിവസം കടന്നുചെന്നു. അദ്ദേഹത്തെയും മക്കളെയും— ഇവരെപ്പറ്റി മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്— ഒരിടത്തു് ഒരുമിച്ചിരുത്തുകയും ഒരു പുതപ്പുകൊണ്ടു് അവരെ മൂടുകയും ചെയ്തശേഷം തിരുമേനി ഇപ്രകാരം പ്രാർത്ഥിച്ചു:— 'റബ്ബേ! ഇവർ എന്റെ വീട്ടുകാരാണു; ഞാൻ ഇവരെ പുതപ്പുകൊണ്ടു് മറച്ചതുപോലെ നരകത്തെത്തൊട്ടു് ഇവരെ നീ മറക്കേണമേ' ഇതു് കേട്ടപ്പോൾ ആ വീട്ടിന്റെ ഉമ്മറപ്പടികളും മതിലുകളും മൂന്നു തവണ ആമീൻ ചൊല്ലുകയുണ്ടായി.

തിരുമേനി (സ) യുടെ കാലടിപ്പാടുകളുടെ മുഅ്ജിസത്തും

തിരുമേനിയുടെ തൃക്കാലടിപ്പാടുകൾ പതിയുമ്പോൾ കല്ലുകൾ മുട്ടലങ്ങളായിപ്പോകാറുണ്ടായിരുന്നുവെന്നും ആ വസ്തുത സുപ്രസിദ്ധ ചരിത്രവസ്തുതയാണെന്നും ശിഹാബുൽ ഖഫാജി (റ) എന്ന മഹാൻ 'ശിഫാ' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചിരിക്കുന്നു അദ്ദേഹം തുടരുന്നു:— 'തിരുമേനിയുടെ തൃപ്പാദം പതിഞ്ഞ കല്ലു് ബൈത്തുൽ മുഖദ്ദിസിലും മാറും ഇപ്പോഴും ഹാറി കൂടാതെ ചുരിക്കുന്നുണ്ടു് അക്കല്ലുള്ളത്തിൽപ്പെട്ട ഒരു കല്ലു് ഈജിപ്തിലേക്കു് കൊണ്ടുപോയി ആദരവോടെ സൂക്ഷിച്ചു് വെച്ചിരുന്നു. കൈത്തബായി എന്ന രാജാവു് ആ കല്ലു് അറുപതിനായിരം പൊന്നു് വിലകൊടുത്തു് വാങ്ങുകയും അതു് തന്റെ ഖബറിന്മേൽ സ്ഥാപിക്കുവാൻ വസിയ്ത്തു് ചെയ്യുകയും ചെയ്തു ആ കല്ലു് അദ്ദേഹത്തിന്റെ ഖബറിന്മേൽ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ടു്.'

'മവാഹിബുൽലദുന്നിയ്യ' എന്ന ഗ്രന്ഥത്തിൽ ഇമാം ഖുസ്തലാനി (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:— 'തിരുമേനി പാറക്കല്ലിലൂടെ നടക്കുമ്പോൾ അദ്ദേഹത്തിന്റെ കാലുകൾ (മണലിലെന്നപോലെ) പതിഞ്ഞുപോകുക പതിവായിരുന്നു. എന്നാൽ, മണൽപ്രദേശത്തുകൂടെ നടക്കുമ്പോൾ പലപ്പോഴും അങ്ങിനെ സംഭവിക്കാറുണ്ടായിരുന്നുമില്ല. തിരുമേനി സഞ്ചരിച്ചിരുന്ന ബഗ്ലത്തു് എന്ന സവാരിക്കുതിരയുടെ കുളമ്പു് മദീനയിലെ മസ്ജിദുൽ ബഗ്ലത്തു് എന്ന പള്ളിയുടെ ഒരു കല്ലിൽ പതിഞ്ഞ അടയാളം ഇപ്പോഴും അവശേഷിക്കുന്നുണ്ടു്.'

സുർഖാനി (റ) മവാഹിബു് എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു:— 'തിരുമേനിയുടെ കാലടിയും വിരലുകളും ബൈത്തുൽ മുഖദ്ദിസു് പള്ളിയുടെ സഖറത്തു് എന്ന പാറക്കല്ലിൽ പതിഞ്ഞുകിടപ്പുണ്ടു്.

ഇബ്രാഹീംനബിയുടെ കാലടി മഖാം ഇബ്രാഹിമിൽ പതിഞ്ഞിട്ടുണ്ടെങ്കിലും, തിരുമേനിയെ സംബന്ധിച്ചേടത്തോളം പലപ്പോഴും സംഭവിച്ചിട്ടുള്ള പ്രത്യേകതയാണിതെന്നും 'ഖസാസു്' എന്ന ഗ്രന്ഥത്തിൽ ഇമാം ഖുസ്തലാനി (റ) പ്രസ്താവിച്ചിരിക്കുന്നു.

ചരൽകല്ലു് തസ്ബീഹ്ചെയ്ത മുഅ്ജിസത്തും

സഹാബിമാരിൽ ഒരാളായ അബൂദർറ് (റ) പറയുന്നു:— 'ഞാൻ ഒരു ദിവസം തിരുമേനിയുടെ അടുത്തുപോയപ്പോൾ തിരുമേനി സഖാക്കുമുറിയിലാണുണ്ടായിരുന്നതു്. മറ്റാരും അവിടെ ഉണ്ടായിരുന്നില്ല. തിരുമേനി വഹ്യിന്റെ അന്തരീക്ഷത്തിലായിരിക്കുമെന്നു് ഞാൻ ഊഹിച്ചു; കുറേനേരം അവിടെത്തന്നെ നിന്നു.

ഒരു വൃക്ഷമോ കല്ലോ തിരുമേനിയെ വഴങ്ങാതിരുന്നിട്ടില്ലെന്ന് ജാബിർ (റ) എന്ന സഹാബി പ്രസ്താവിച്ചതായി ബൈഹഖി (റ) പ്രസ്താവിച്ചിരിക്കുന്നു.

കട്ടിലപ്പടിയും മതിലും ആമീൻചൊല്ലിയ മുഅ്ജിസത്ത്

തിരുമേനി (സ) തിരുമേനിയുടെ മൂത്താപ്പയായ അബ്ബാസ് (റ) എന്നവരുടെ വീട്ടിൽ ഒരു ദിവസം കടന്നുചെന്നു. അദ്ദേഹത്തെയും മക്കളെയും— ഇവരെപ്പറ്റി മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്— ഒരിടത്ത് ഒരുമിച്ചിരുത്തുകയും ഒരു പുതപ്പുകൊണ്ട് അവരെ മൂടുകയും ചെയ്തശേഷം തിരുമേനി ഇപ്രകാരം പ്രാർത്ഥിച്ചു:— 'റബ്ബേ! ഇവർ എന്റെ വീട്ടുകാരാണ; ഞാൻ ഇവരെ പുതപ്പുകൊണ്ട് മറച്ചതുപോലെ നരകത്തെത്തൊട്ട് ഇവരെ നീ മറക്കേണമേ' ഇതു കേട്ടപ്പോൾ ആ വീട്ടിന്റെ ഉമ്മറപ്പടികളും മതിലുകളും മൂന്ന് തവണ ആമീൻ ചൊല്ലുകയുണ്ടായി.

തിരുമേനി (സ) യുടെ കാലടിപ്പാടുകളുടെ മുഅ്ജിസത്ത്

തിരുമേനിയുടെ തൃക്കാലടിപ്പാടുകൾ പതിയുമ്പോൾ കല്ലുകൾ മുട്ടലങ്ങളായിപ്പോകാറുണ്ടായിരുന്നുവെന്നും ആ വസ്തുത സുപ്രസിദ്ധ ചരിത്രവസ്തുതയാണെന്നും ശിഹാബുൽ ഖഫാജി (റ) എന്ന മഹാൻ 'ശിഫാ' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചിരിക്കുന്നു അദ്ദേഹം തുടരുന്നു:— 'തിരുമേനിയുടെ തൃപ്പാദം പതിഞ്ഞ കല്ല് ബൈത്തുൽ മുഖദ്ദിസിലും മാറും ഇപ്പോഴും ഹാറി കൂടാതെ ഖുരിക്കുന്നുണ്ട് അക്കൂട്ടത്തിൽപ്പെട്ട ഒരു കല്ല് ഈജിപ്തിലേക്ക് കൊണ്ടുപോയി ആദരവോടെ സൂക്ഷിച്ചു വെച്ചിരുന്നു. കൈത്തബായി എന്ന രാജാവ് ആ കല്ല് അറുപതിനായിരം പൊന്ന് വിലകൊടുത്തു വാങ്ങുകയും അതു തന്റെ ഖബറിന്മേൽ സ്ഥാപിക്കുവാൻ വസിയത്തു ചെയ്യുകയും ചെയ്തു ആ കല്ല് അദ്ദേഹത്തിന്റെ ഖബറിന്മേൽ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ട്.'

'മവാഹിബുൽലദുന്നിയ്യ' എന്ന ഗ്രന്ഥത്തിൽ ഇമാം ഖുസ്തലാനി (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:— 'തിരുമേനി പാറക്കല്ലിലൂടെ നടക്കുമ്പോൾ അദ്ദേഹത്തിന്റെ കാലുകൾ (മണലിലെന്നപോലെ) പതിഞ്ഞുപോകുക പതിവായിരുന്നു. എന്നാൽ, മണൽപ്രദേശത്തുകൂടെ നടക്കുമ്പോൾ പലപ്പോഴും അങ്ങിനെ സംഭവിക്കാറുണ്ടായിരുന്നുമില്ല. തിരുമേനി സഞ്ചരിച്ചിരുന്ന ബഗ്ലത്തു് എന്ന സവാരിക്കുതിരയുടെ കുളമ്പ് മദീനയിലെ മസ്ജിദുൽ ബഗ്ലത്തു് എന്ന പള്ളിയുടെ ഒരു കല്ലിൽ പതിഞ്ഞ അടയാളം ഇപ്പോഴും അവശേഷിക്കുന്നുണ്ട്.'

സുർഖാനി (റ) മവാഹിബ് എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു:— 'തിരുമേനിയുടെ കാലടിയും വിരലുകളും ബൈത്തുൽ മുഖദ്ദിസ് പള്ളിയുടെ സഖാത്തു് എന്ന പാറക്കല്ലിൽ പതിഞ്ഞുകിടപ്പുണ്ട്. ഇബ്രാഹീംനബിയുടെ കാലടി മഖാം ഇബ്രാഹിമിൽ പതിഞ്ഞിട്ടുണ്ടെങ്കിലും, തിരുമേനിയെ സംബന്ധിച്ചേടത്തോളം പലപ്പോഴും സംഭവിച്ചിട്ടുള്ള പ്രത്യേകതയാണിതെന്നും 'ഖസാസു' എന്ന ഗ്രന്ഥത്തിൽ ഇമാം ഖുസ്തലാനി (റ) പ്രസ്താവിച്ചിരിക്കുന്നു.

ചരൽകല്ല് തസ്ബീഹ്ചെയ്ത മുഅ്ജിസത്ത്

സഹാബിമാരിൽ ഒരാളായ അബൂദർറ് (റ) പറയുന്നു:— 'ഞാൻ ഒരു ദിവസം തിരുമേനിയുടെ അടുത്തുപോയപ്പോൾ തിരുമേനി സകായ്മുറിയിലാണുണ്ടായിരുന്നതു്. മറ്റാരും അവിടെ ഉണ്ടായിരുന്നില്ല. തിരുമേനി വഹ്യിന്റെ അന്തരീക്ഷത്തിലായിരിക്കുമെന്നു് ഞാൻ ഊഹിച്ചു; കുറേനേരം അവിടെതന്നെ നിന്നു.

കുറേനേരംകഴിഞ്ഞപ്പോൾ ഞാൻ സലാം ചൊല്ലി. തിരുമേനി സലാം മടക്കി എന്നോട് ഇരിക്കുവാൻ ആജ്ഞാപിച്ചു. ഞാൻ ഇരുന്നു. തിരുമേനി വീണ്ടും നിശബ്ദനായി. കുറേനേരം കഴിഞ്ഞപ്പോൾ അബൂബകർ സിദ്ദീഖ് (റ) അവിടെ എത്തി തിരുമേനിക്ക് സലാം ചൊല്ലി. തിരുമേനി സലാം മടക്കുകയും ഇരിക്കുവാൻ ആംഗ്യം കാണിക്കുകയും ചെയ്തു. അദ്ദേഹവും അവിടെ ഇരുന്നു. അതിനുശേഷം ഉമർ ഫാറൂഖ് (റ) അവിടെ വന്നു. മുൻപറഞ്ഞ നിലയിൽ അദ്ദേഹവും അവിടെ ഇരുന്നു. പിന്നേ ഉസ്മാൻ (റ) വന്നു. മുൻപറഞ്ഞനിലയിൽ അദ്ദേഹവും ഇരുന്നു. ഞങ്ങളെല്ലാവരും അവിടെ ഇരിക്കവെ തിരുമേനി എഴോ എട്ടോ ചെറിയകല്ലുകൾ കയ്യിൽ എടുത്തു പിടിച്ചു. അപ്പോൾ തേനീച്ച മൂളുന്ന ശബ്ദത്തിൽ ആ കല്ലുകൾ തസ്ബീഹ് ചൊല്ലി. പിന്നെ തിരുമേനി ആ കല്ലുകൾ നിലത്തുവെച്ചു. അപ്പോൾ അവ നിശ്ശബ്ദങ്ങളായി. അനന്തരം തിരുമേനി ആ കല്ലുകളെടുത്തു അബൂബകർ സിദ്ദീഖിന്റെ കയ്യിൽ കൊടുത്തു. അപ്പോൾ അവ തസ്ബീഹ് ചൊല്ലി. തിരുമേനി അതു തിരിച്ചുവാങ്ങി നിലത്തുവെച്ചപ്പോൾ അവ നിശ്ശബ്ദമായി. പിന്നീട് തിരുമേനി ഉമർ (റ) വിന്റെ കയ്യിലും, ഉസ്മാൻ (റ) വിന്റെ കയ്യിലും, അനന്തരം ഞങ്ങളിൽ ഓരോരുത്തരുടെ കയ്യിലും തന്നു. ഓരോരുത്തരുടെ കയ്യിൽനിന്നും ആ കല്ലുകൾ തസ്ബീഹ് ചൊല്ലുകയും നിലത്തുവെക്കുമ്പോൾ നിശ്ശബ്ദത പാലിക്കുകയും ചെയ്തു.

കല്ലുകൾ തിരുമേനിയുടെ കയ്യിൽനിന്നു തസ്ബീഹ് ചൊല്ലി; പക്ഷെ, ഞങ്ങളുടെ കയ്യിൽനിന്നു തസ്ബീഹ് ചൊല്ലിയില്ല എന്നു അനസ് (റ) പ്രസ്താവിച്ചിട്ടുണ്ട്. ആ പ്രസ്താവന മുൻപറഞ്ഞ സന്ദർഭവുമായി ബന്ധപ്പെടാത്തതാണു. കല്ലുകൾ തസ്ബീഹ് ചൊല്ലുക എന്ന മുഅ്ജിസത്തു് ഒന്നിലേറെ തവണ സംഭവിച്ചിട്ടുണ്ട്. അവയിൽ ഏതോ ഒരവസരത്തിൽ തനിക്കുണ്ടായ അനുഭവമാണു് അനസ് (റ) വിന്റെ പ്രസ്താവനയിൽ അടങ്ങിയിട്ടുള്ളതു്.

ഭക്ഷണം തസ്ബീഹ് ചെയ്ത മുഅ്ജിസത്തു്

ഞങ്ങൾ തിരുമേനിയോടൊപ്പം ഭക്ഷണം കഴിക്കുമ്പോൾ ഭക്ഷണം തസ്ബീഹ് ചെയ്തതായി ഞങ്ങൾ കേട്ടുവെന്നു് സഹാബിവര്യനായ ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി ഹദീസ് പണ്ഡിതന്മാരിൽ പ്രമുഖരായ ബുഖാരി (റ) വും തുർമുദി (റ) വും പ്രസ്താവിച്ചിരിക്കുന്നു തിരുമേനിക്കു് രോഗം ബാധിച്ച അവസരത്തിൽ ജിബ്രീൽ ഒരു പാത്രത്തിൽ കൊണ്ടുവന്ന റുമാൻപഴവും മുന്തിരിപ്പഴവും തിരുമേനി ഭക്ഷിക്കുമ്പോൾ, അവ തസ്ബീഹ് ചൊല്ലിയതു് ഞാൻ കേട്ടുവെന്നു് തന്റെ ബാപ്പയായ മുഹമ്മദ് (റ) പറഞ്ഞതായി ജഅ്ഫർ (റ) പ്രസ്താവിച്ചിട്ടുണ്ടെന്നു് 'ശിഫാ' എന്ന ഗ്രന്ഥത്തിൽ ഖാളീഇയാളു് (റ) രേഖപ്പെടുത്തിയിരിക്കുന്നു. 'തിരുമേനിക്കു് ഞാൻ ഒരു പാത്രത്തിൽ സുറൈദു് എന്ന പലഹാരം കൊണ്ടുകൊടുത്തു. ഇതു് തസ്ബീഹ് ചൊല്ലും എന്നു് തിരുമേനി പറഞ്ഞപ്പോൾ ആ പലഹാരം തസ്ബീഹ് ചൊല്ലി, എന്നിപ്രകാരം അനസ് (റ) വിൽ നിന്നു് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ ബുഖാരി (റ) രേഖപ്പെടുത്തിയിരിക്കുന്നു. ആ പലഹാരം പാത്രത്തിൽനിന്നു തസ്ബീഹ് ചൊല്ലി എന്നാണു് അനസ് (റ) ന്റെ പ്രസ്താവനയിൽനിന്നു സിദ്ധിക്കുന്നതെങ്കിലും അതു് തിരുമേനിയുടെ വായിൽവെച്ചു് തസ്ബീഹ് ചൊല്ലി എന്നാണു് ബുഖാരി (റ) ന്റെ വാചകത്തിൽനിന്നു സിദ്ധിക്കുന്നതു്.

രണ്ടുവിധത്തിലും സംഭവിച്ചിട്ടുണ്ടാവാം വേറൊരവസരത്തിൽ പാത്രത്തിൽ വിളമ്പി തിരുമേനിയുടെ മുമ്പിൽവെച്ച ഭക്ഷണവും പാത്രവും തസ്‌ബീഹ് ചൊല്ലിയതായി അബൂഉർദ്ദാഅ് (റ), സൽമാനുൽഫാരിസി (റ) എന്നിവരെ തൊട്ട് ബൈഹഖീ (റ) പ്രസ്താവിച്ചിരിക്കുന്നു

ഈത്തപ്പനയുടെ തണ്ട് വാവിട്ട് കരഞ്ഞ മുഅ്ജിസത്ത്

മദീനയിലെ പള്ളിയിൽ മിമ്പർ സ്ഥാപിക്കുന്നതിനുമുമ്പ് ഈത്തപ്പന മരംകൊണ്ട് പള്ളിക്കു മച്ചടിക്കുകയും അതിന്റെ തണ്ടുകൾ നാട്ടുകയും ചെയ്തിരുന്നു. അങ്ങിനെ നാട്ടിയ ഒരു തണ്ടിൽ ചാരിക്കൊണ്ടാണ് തിരുമേനി ഖുത്ത്ബ ഓതിയിരുന്നത്. പിന്നീട് മൂന്ന് തട്ടുള്ള മിമ്പർ സ്ഥാപിക്കപ്പെട്ടു. അതിൽ ഒരു തട്ട് അകിൽമരംകൊണ്ട് പണിതതായിരുന്നു. തിരുമേനി ആ തട്ടിന്മേൽകയറി ഖുത്ത്ബ ഓതിത്തുടങ്ങിയപ്പോൾ, മുമ്പ് തിരുമേനി ചാരിയിരുന്ന ഈത്തപ്പനയുടെ നാട്ട, പള്ളിയിലുള്ള എല്ലാവരും കേൾക്കത്തക്കവിധം വാവിട്ട കരഞ്ഞു. അപ്പോൾ തിരുമേനി ഇറങ്ങിവന്ന് അതിനെ ആശ്വസിപ്പിച്ചു. തിരുമേനി ഇറങ്ങിവന്ന് അതിനെ കെട്ടിപ്പുണർന്നുവെന്നാണ് ജാബിർ (റ) നെ തൊട്ട് ബുഖാരി (റ) പ്രസ്താവിച്ചിട്ടുള്ളത്. കാള അലറുംപോലെ അലറി എന്നും, പത്തുമാസം തികഞ്ഞ് പ്രസവവേദന തുടങ്ങിയ ഒട്ടകം കരയുന്നതുപോലെ ആ തണ്ട് കരഞ്ഞുവെന്നും ആ കരച്ചലിനെ പലവിധത്തിൽ ഉപമിക്കപ്പെട്ടിട്ടുണ്ട്. കുട്ടിയെക്കാണാത്ത ഒട്ടകം കരയുന്നതുപോലെ അതു കരഞ്ഞുവെന്നും പറയപ്പെട്ടിരിക്കുന്നു. സ്വയം പിളർന്നുപോകത്തക്കവിധം ആ നാട്ട കരഞ്ഞുവെന്നാണ് ഉബയ്യിബിനു കഅ്ബ (റ) പ്രസ്താവിച്ചിട്ടുള്ളത്. അതു കരഞ്ഞതുകേട്ടപ്പോൾ അവിടെ കൂടിയിരുന്ന എല്ലാവരും പൊട്ടിക്കരഞ്ഞുവെന്ന് സഹ്‌ലിബിനുസഅ്ദ് (റ) പ്രസ്താവിച്ചിരിക്കുന്നു. 'നീ നിന്റെ തോട്ടത്തിലേക്ക് മടങ്ങുവാനോ അഥവാ സ്വർഗ്ഗത്തിലേക്ക് മടങ്ങുവാനോ എന്താണ് ഇഷ്ടപ്പെടുന്നത്. നിന്റെ തോട്ടത്തിലേക്ക് മടങ്ങുകയാണെങ്കിൽ ഇഹലോകവാസികളും നിന്റെ പഴം തിന്ന് സംതൃപ്തരാകും. സ്വർഗ്ഗത്തിലേക്ക് മടങ്ങുകയാണെങ്കിൽ അല്ലാഹു സ്നേഹിച്ചവർ നിന്റെ പഴം തിന്ന് സംതൃപ്തരാകും' എന്ന് തിരുമേനി അതിനോട് പറഞ്ഞു. സ്വർഗ്ഗത്തിലേക്ക് പോകുവാൻ ഇഷ്ടപ്പെടുന്നതായി ആ പനക്കാൽ തിരുമേനിയോട് പറഞ്ഞു. പലരും അതു കേട്ടു. അങ്ങിനെ സംഭവിക്കുകയും ചെയ്തു. ഈ വസ്തുത പറയുമ്പോഴൊക്കെയും ഹസൻബസരി (റ) കരയുക പതിവായിരുന്നുവെന്ന് 'ശിഫാ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ആ പനക്കാലിന്ന് അല്ലാഹു ജീവനും അറിവും നല്കിയെന്നും തന്നിമിത്തം ജീവനുള്ളവരോട് പെരുമാറുന്നതുപോലെ തിരുമേനി അതിനോട് പെരുമാറിയെന്നും 'മവാഹിബു' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ഒട്ടകം വണങ്ങിയ മുഅ്ജിസത്ത്

തിരുമേനി (സ) മദീനയിലായിരുന്നപ്പോൾ, മദീനക്കാരിൽപ്പെട്ട ഒരു കക്ഷിയുടെ തോട്ടപ്പണിക്കുപയോഗിച്ചുപോന്ന ഒരു ഒട്ടകം ശ്രുണ്ടിപിടിച്ചു ആളുകളെ ഉപദ്രവിക്കുകയും ഭീതിപ്പെടുത്തുകയുംചെയ്തു. അതിനെ ഒതുക്കുവാൻ ഒരുവിധത്തിലും അവർക്ക് സാധിച്ചില്ല. തന്നിമിത്തം, അവർ തിരുമേനിയെ സമീപിച്ച് ആവലാതി ബോധിപ്പിച്ചു. തിരുമേനിയും സഹാബിമാരും തോട്ടത്തിലേക്ക് പുറപ്പെട്ടു. സഹാബിമാർ മാറിനിന്നു. തിരുമേനി ഏകനായി ഒട്ടകത്തെ സമീപിച്ചു. ഭീതരായ ജനങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് ആ ഒട്ടകം തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തി, തിരുമേനിക്ക് സുജൂദ് ചെയ്തു. തിരുമേനി അതിന്റെ നെറുകയിലെ രോമംപിടിച്ച് പൊക്കിയതോ

ടെ ആ ഒട്ടകം ശാന്തമായിത്തീർന്നു. ഇതു് കണ്ട പ്പോൾ സഹാബിമാർ ചോദിച്ചു:- 'തിരുമേനീ, വിശേഷബുദ്ധിയില്ലാത്ത മൃഗം താങ്കൾക്കു് സുജൂദു് ചെയ്യുന്നു. ഈ സുജൂദിനും് കൂടുതൽ യോഗ്യർ ഞങ്ങളല്ലയൊ'. തിരുമേനി പ്രതിവചിച്ചു:- മനുഷ്യൻ മനുഷ്യനും് സുജൂദു് ചെയ്യുവാനു പാടില്ല. പാടുണ്ടായിരുന്നെങ്കിൽ ഭാര്യമാർ ഭർത്താക്കന്മാർക്കു് സുജൂദു് ചെയ്യേണമെന്നു് ഞാൻ കല്പിക്കുമായിരുന്നു.'

യഅ്ലബിനു മുർറതസ്സഖ്ഫി (റ) പറയുന്നു:- 'ഞങ്ങൾ തിരുമേനിയോടൊപ്പം യാത്ര ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഒരു ഒട്ടകം തിരുമേനിയെനോക്കി ദയനീയമായി വിലപിച്ചു. തിരുമേനി ആ ഒട്ടകത്തിന്റെ ഉടമസ്ഥനെ വരുത്തി 'ഈ ഒട്ടകത്തെ എനിക്കു് വില്ക്കുമോ' എന്നന്വേഷിച്ചു. 'ഈ ഒട്ടകത്തെ ഞാൻ താങ്കൾക്കു് സമ്മാനിക്കുമായിരുന്നു. പക്ഷെ, ഞങ്ങളുടെ കുടുംബത്തിനും് ഈ ഒരു ഒട്ടകം മാത്രമെയുള്ളൂ' എന്നു് അയാൾ മറുപടി പറഞ്ഞു. 'നിങ്ങൾ ഇതിനെക്കൊണ്ടു് കൂടുതൽ ജോലി ചെയ്യിക്കുകയും ഇതിനു് വേണ്ടത്ര ഭക്ഷണം കൊടുക്കുകയും ചെയ്യാതിരിക്കുന്നു'വെന്നു് ഇതു് ആവലാതിപ്പെടുന്നു. മേലിൽ മിതമായി ജോലി ചെയ്യിക്കുകയും വേണ്ടത്ര തീറ്റ കൊടുക്കുകയും ചെയ്യേണമെന്നു് തിരുമേനി അയാളെ ഉപദേശിച്ചു. മറ്റൊരിക്കൽ ഒരു ഒട്ടകം തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തിക്കരഞ്ഞു. തിരുമേനി ആ ഒട്ടകത്തിന്റെ ഉടമസ്ഥനെ വരുത്തി ഇപ്രകാരം പറഞ്ഞു:- 'നിങ്ങൾ ഈ ഒട്ടകത്തെക്കൊണ്ടു് ധാരാളം മുതൽ എടുത്തുകഴിഞ്ഞു. ഇനി കുറുകിൽ ഇതിനെ എനിക്കു് വില്ക്കണം അല്ലെങ്കിൽ സ്വതന്ത്രമായി വിട്ടേക്കണം. തിരുമേനിയുടെ ഇഷ്ടംപോലെ' എന്നു് അയാൾ മറുപടി പറഞ്ഞു. ഒട്ടകങ്ങളെ സംബന്ധിച്ച മുഅ്ജിസത്തുകൾ ഇനിയും നിരവധിയുണ്ടു്. അവ യഥാവസരം പ്രസ്താവിക്കപ്പെടും.

ആടു് സുജൂദു്ചെയ്ത മുഅ്ജിസത്തു്

അനസിബിനുമാലിക്കു് (റ) പറയുന്നു:- 'അബൂബകർ (റ), ഉമർ (റ) എന്നിവരോടൊപ്പം തിരുമേനി മദീനയിലെ ഒരു തോട്ടത്തിൽ കടന്നപ്പോൾ ഒരു ആടു് ഓടിവന്നു് തിരുമേനിയുടെ മുമ്പിൽ സുജൂദു് ചെയ്തു. ഹലീമാബീ തിരുമേനിക്കു് മുലകൊടുത്തകാലത്തു് ഒരു ആടു് ഓടിവന്നു് തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തി തിരുമേനിയുടെ ശിരസ്സു് ചുംബിച്ച വാർത്ത ഇതിനുമുമ്പു് പ്രസ്താവിച്ചിട്ടുണ്ടു്

ചെന്നായ സംസാരിച്ച മുഅ്ജിസത്തു്

അബൂസഈദിൽ ഖുദ്രി (റ) പറയുന്നു:- "മദീനക്കടുത്തു് ഒരു മലപ്രദേശത്തു് ഒരാൾ ആട്ടിനെ മേയ്ച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ചെന്നായ ഓടിവന്നു ഒരാട്ടിനെ പിടിച്ചു. അതുകണ്ട ആട്ടിടയൻ ചെന്നായയുടെ പിടിയിൽ നിന്നു് ആട്ടിനെ പിടിച്ചുപറിച്ചു. ഉടനെപ്പോൾ "എനിക്കു് അല്ലാഹു കല്പിച്ചുതന്ന ആഹാരം നീയെന്തിനു പിടിച്ചുപറിച്ചു" എന്നു് ചെന്നായ അവനോടു് ചോദിച്ചു. "ഇതെന്തൊരത്ഭുതം; ഇതാ സംസാരിക്കുന്നു ഒരു ചെന്നായ" എന്നു് അവൻ നിലവിളിച്ചു. അപ്പോൾ ചെന്നായ പറഞ്ഞു:- "ഇതു് അത്ഭുതമല്ല; ഇതിനേക്കാൾ വലിയ അത്ഭുതം വേറെയുണ്ടു്. മദീനയിൽ മുഹമ്മദു് എന്ന ഒരു നബി പ്രവചനങ്ങൾ നടത്തുന്നു. അതാണു് ഏറ്റവും വലിയ അത്ഭുതം. ഞാൻ പറയുന്നതു് നിനക്കു് വിശ്വസിക്കുവാൻ കഴിയുന്നില്ലെങ്കിൽ നീ മദീനയിൽ പോയി തിരുമേനിയെ നേരിട്ടുകാണുക. നീ തിരിച്ചുവരുന്നതുവരെ നിന്റെ ആട്ടുകളെ ഞാൻ കാത്തുസൂക്ഷിക്കാം". ആ ഇടയൻ ഇതുകേട്ടു് അത്ഭുതപ്പെടുകയും മദീനയിൽചെന്നു് തിരുമേനിയെകണ്ടു് വിവരങ്ങൾ ഉണർത്തുകയും ചെയ്തു. "നിങ്ങൾ തിരിച്ചുപോയിക്കൊള്ളുക; നിങ്ങളുടെ ആട്ടിൻകൂട്ടത്തിൽ

ഒന്നിനുപോലും ഹാനിതട്ടാതെ എല്ലാംസുരക്ഷിതമായിരിക്കും". എന്നു് തിരുമേനി അയാളെ ഉപദേശിച്ചു. ആട്ടിടയൻ തിരിച്ചുവന്നപ്പോൾ തന്റെ ആടുകളെല്ലാം സുരക്ഷിതമായി നില്ക്കുന്നതുകണ്ടു് സന്തോഷിക്കുകയും ഒരാട്ടിനെ അറുത്തു് ആ ചെന്നായയെ സൽക്കരിക്കുകയും ചെയ്തു."

അബൂസുഫ്‌യാനുബ്നുഹർബു് (റ), സഫ്‌വാനുബ്നു ഉമയ്യത്തു് (റ) എന്നിവർ ഇസ്‌ലാംമതം വിശ്വസിക്കുന്നതിനുമുമ്പു് ഒരുമിച്ചു് ഒരു യാത്ര നടത്തുകയായിരുന്നു. മക്കയുടെ അതിർത്തിയിൽ എത്തിയപ്പോൾ ഒരു മാൻ വിരണ്ടോടുന്നതായും ഒരു ചെന്നായ അതിനെ പിൻതുടരുന്നതായും അവർ കണ്ടു. മാൻ ഹറമിന്റെ അതിർത്തിയിൽപ്രവേശിച്ചു. അപ്പോൾ ചെന്നായ പിൻതിരിഞ്ഞുകളഞ്ഞു. ഇതു് കണ്ടു് അവർ അത്ഭുതപ്പെട്ടു. അപ്പോൾ ചെന്നായ അവരോടുപറഞ്ഞു:—ഇതു് അത്ഭുതമല്ല. മുഹമ്മദു് നബി (സ) മദീനയിൽനിന്നു് നിങ്ങളെ സ്വർഗ്ഗത്തിലേക്കു് വിളിക്കുമ്പോൾ നിങ്ങൾ നരകത്തിലേക്കു് പോയിക്കൊണ്ടിരിക്കുന്നതാണു് അത്ഭുതം" ഇതുകേട്ടപ്പോൾ അവർ രണ്ടുപേരും അത്ഭുതസ്തിമിതരായിപ്പോയി.

കഴുത സംസാരിച്ച മുഅ്ജിസത്തു്

ഇബ്നുമൻഇൗർ(റ) വിനെ തൊട്ടു് ഇബ്നു അസാക് (റ) പ്രസ്താവിക്കുന്നു:— "ഖൈബർയുദ്ധം മുസ്‌ലിംകൾ ജയിച്ചപ്പോൾ, കറുത്ത ഒരു കഴുത തിരുമേനിയെ സമീപിച്ചുകൊണ്ടു് ഇപ്രകാരം സംസാരിച്ചു:— "യാ, റസൂലല്ലാ:, ഞാൻ തിരുമേനിയുടെ സന്നിധിയിൽ ഒരപേക്ഷയുമായി വന്നിരിക്കുകയാണു്. എന്റെ ഗോത്രത്തിൽ അറുപതുപേരുണ്ടായിരുന്നു. ഇപ്പോൾ ഞാൻ മാത്രമെ ബാക്കിയുള്ളൂ. എന്റെ മുൻഗാമികളിൽ ആരെയുംതന്നെ നബിമാരല്ലാത്തർ വാഹനമാക്കീട്ടില്ല. താങ്കളാണു് അവസാനത്തെ നബി. എന്റെ വംശത്തിലെ അവസാനത്തെ അംഗം ഞാനും. തിരുമേനി എന്നെ വാഹനമായി സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു ഇതുവരെ ഒരു യഹൂദിയുടെ കൈവശമാണു് ഞാൻ ഉണ്ടായിരുന്നതു്. പക്ഷെ, എന്റെ പുറത്തുകയറുവാൻ അയാളെ ഒരിക്കലും ഞാൻ അനുവദിച്ചില്ല. ആകയാൽ അയാൾ എന്നെ കഠിനമായി മർദ്ദിക്കുകയും പട്ടിണിക്കിടുകയും ചെയ്തു." അതുകേട്ടപ്പോൾ തിരുമേനി ആ കഴുതയുടെ പേർ അന്വേഷിച്ചു. എസിദിബ്നു ശിഹാബു് എന്നു് അതു് ഉത്തരം പറഞ്ഞു. അപ്പോൾ "നീ മാൻകുട്ടിയാണോ" എന്നു് പറഞ്ഞുകൊണ്ടു് തിരുമേനി അതിന്റെ അപേക്ഷയെ സ്വീകരിച്ചു. ആളുകളെ വിളിച്ചുകൊണ്ടുവരുവാൻ തിരുമേനി ആ മൃഗത്തെ ഉപയോഗിക്കാറുണ്ടായിരുന്നു. നിർദ്ദിഷ്ട വ്യക്തിയുടെ വീട്ടിന്റെ വാതിൽക്കൽ തലകൊണ്ടു് മുട്ടിവിളിക്കുകയും തിരുമേനി വിളിക്കുന്നു എന്നതർത്ഥത്തിൽ ആംഗ്യംകാണിച്ചു് ആളുകളെ കൂട്ടിക്കൊണ്ടുവരികയും ചെയ്യുന്നതു് അതിന്റെ പതിവായിരുന്നു. തിരുമേനി വഫാത്തായപ്പോൾ വ്യസനഭാരത്താൽ ആ മൃഗം അബുൽഹൈത്തം (റ) വിന്റെ കിണറ്റിൽ ചാടി ആത്മഹത്യചെയ്തു.

ഉടമ്പു് സംസാരിച്ച മുഅ്ജിസത്തു്

ഉടമ്പു് വെള്ളം കുടിക്കുകയില്ല. തന്നിമിത്തം നാല്പതുദിവസം കൂടിയാൽ ഒരിക്കൽ മാത്രമെ അതു് അല്പം മൂത്രിക്കുകയുള്ളൂ. ഉടമ്പുകൾ പ്രായേണ എഴുനൂറിൽപരം കൊല്ലങ്ങൾ ജീവിക്കും. ഉടമ്പിനു് ഒറ്റതിരിഞ്ഞ പല്ലുകളില്ല. ഒന്നോടൊന്നു ബന്ധപ്പെട്ട പല്ലുകളാണു് ഉള്ളതെന്നു് പറയപ്പെടുന്നു.

ഉമർ (റ) വിന്റെ പുത്രനായ അബ്ദുള്ളാ (റ) പറയുന്നു:— 'തിരുമേനി സഹാബിമാരോടൊപ്പം ഒരു സ്ഥലത്തു് ഇരിക്കുകയായിരുന്നു. അപ്പോൾ ബനൂസുലൈം ഗോത്രക്കാരനായ ഒരു കാട്ടറബി അവിടെ എത്തിച്ചേർന്നു. അവൻ വേട്ടയാടിപ്പിടിച്ച ഒരു ഉടമ്പു് അവന്റെ

കയ്യിലുണ്ടായിരുന്നു. കാട്ടറബികൾ ഉടമ്പടി ചുട്ടതിന്നാവണ്ടായിരുന്നു. ജനങ്ങൾ വട്ടമിട്ടിരുന്ന് തിരുമേനിയുടെ ഉപദേശം ശ്രവിക്കുകയായിരുന്നു. ഈ ഉപദേശി ആരാണെന്ന് ആ കാട്ടറബി അന്വേഷിച്ച ആളുകൾ തിരുമേനിയെ അവന്ന് പരിചയപ്പെടുത്തി. അപ്പോൾ അവൻ പ്രക്ഷുബ്ധനാവുകയും 'എന്റെ ജനങ്ങൾ എന്നെ പഴി പറയുമായിരുന്നില്ലെങ്കിൽ, നാവ് കൊണ്ട് തിരിവും മറിവും പറയുന്ന ഈ മനുഷ്യനെ ഞാൻ കൊന്നുകളയുമായിരുന്നു' എന്ന് അവൻ അലറുകയും ചെയ്ത സഭയിൽനിന്ന് ഉമർഫാറൂഖ് ചാടിഎഴുന്നേല്ക്കുകയും ആ ഇരുകാലിമൃഗത്തെ കൊല്ലുവാനുള്ള അനുമതിക്കായി തിരുമേനിയോടപേക്ഷിക്കുകയുമുണ്ടായി. 'ക്ഷമാശീലനാണ് ധീരന്മാരിൽ ഉത്തമൻ' എന്ന് പറഞ്ഞുകൊണ്ട് തിരുമേനി അദ്ദേഹത്തെ സാന്ത്വനപ്പെടുത്തി. 'ഈ ഉടമ്പു വിശ്വസിക്കുമെങ്കിൽ താങ്കൾ പറയുന്നതു ഞാൻ വിശ്വസിക്കും' എന്ന് പറഞ്ഞുകൊണ്ട് ആ കാട്ടറബി ഉടമ്പടിയെ തിരുമേനിയുടെ മുമ്പിലിട്ടു. തിരുമേനി ആ ഉടമ്പടിയെ ആഹ്വാനം ചെയ്തു. അപ്പോൾ 'അന്ത്യനാളിൽ ശഫാഅത്തിനെ പൂർത്തിയാക്കുന്ന. നബിയേ, താങ്കളുടെ ആഹ്വാനത്തിന്ന് ഞാൻ ആദരപൂർവ്വം ഉത്തരം നല്കുന്നു' എന്ന് ഉടമ്പു പ്രതിവചിച്ചു. 'നീ ആരെയാണ് ആരാധിക്കുന്നതു' എന്ന് തിരുമേനി അതിനോട് ചോദിച്ചു. 'സർവ്വലോകാധിപനായ അല്ലാഹുവിനെ ഞാൻ ആരാധിക്കുന്നു' എന്നർത്ഥമുള്ള വാചകത്തിൽ ഉടമ്പു മറുപടി നല്കി. 'ഞാൻ ആരാണു?' എന്ന് തിരുമേനി വീണ്ടും അതിനോട് ചോദിച്ചു. 'സർവ്വലോകങ്ങളുടെയും ഉടമയായ അല്ലാഹുവിന്റെ റസൂലും അവസാനത്തെ നബിയുമാണ് താങ്കൾ' എന്ന് ഉടമ്പു മറുപടി പറഞ്ഞു. ആ രംഗത്തിൽവെച്ചുതന്നെ ആ കാട്ടറബി പശ്ചാത്തപിക്കുകയും തിരുമേനിയിൽ വിശ്വസിക്കുകയും ചെയ്തു. വിശ്വസിച്ചശേഷം അനാഗരികനായ ആ വ്യക്തി തിരുമേനിയോട് പറഞ്ഞു:- 'ഇങ്ങോട്ടുവരുമ്പോൾ താങ്കളുടെ ഏറ്റവും വലിയ ശത്രുവായിരുന്നു ഞാൻ; ഇപ്പോൾ എന്റെ മക്കളേക്കാൾ പ്രിയനാണ് താങ്കൾ എനിക്ക്. എന്റെ ഉള്ളും പുറവും, എന്റെ മുടിയും തൊലിയും, ഞാനാകപ്പാടെ താങ്കളിൽ വിശ്വസിച്ചു.' നിസ്കാരം കൂടാതെ വിശ്വാസം പൂർത്തിയാവുകയില്ലെന്നും ഖുർആൻകൂടാതെ നിസ്കാരവും പൂർത്തിയാവുകയില്ലെന്നും തിരുമേനി അദ്ദേഹത്തെ ധരിപ്പിക്കുകയും നിസ്കാരത്തിന്നാവശ്യമായ സൂറത്തുകൾ അദ്ദേഹത്തിന്ന് പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. അയാളുടെ സാമ്പത്തികസ്ഥിതിയെപ്പറ്റി അന്വേഷിച്ചപ്പോൾ മഹാ ദരിദ്രനാണെന്ന് തിരുമേനിക്ക് മനസ്സിലായി. ദാരിദ്ര്യത്തിൽ നിന്ന് മോചനം നേടത്തക്കവിധം അദ്ദേഹത്തിന്ന് സമ്മാനങ്ങൾ നല്കുവാൻ തിരുമേനി അനുചരന്മാരോട് ഉപദേശിച്ചു. പത്തുമാസം ഗർഭം തികഞ്ഞ ഒട്ടകം വിലപ്പിടിപ്പുള്ള സാധനമാകുന്നു. അബ്ദുർറഹ്മാനുബ്നുഔഫ് (റ) അങ്ങിനെയുള്ള ഒട്ടകത്തെ അദ്ദേഹത്തിന്ന് സമ്മാനിച്ചു. അങ്ങിനെ സന്തോഷപൂർവ്വം അദ്ദേഹം നാട്ടിലേക്ക് മടങ്ങി. കവചധാരികളായ ആയിരം ഗോത്രയോദ്ധാക്കൾ തിരുമേനിയെ അന്വേഷിച്ച് പുറപ്പെട്ടിരിക്കുകയായിരുന്നു. ആ സംഘം വഴിയിൽവെച്ച് പുതുവിശ്വാസിയായ ഈ മനുഷ്യനെ കണ്ടുമുട്ടി. നടന്ന വസ്തുതകളെല്ലാം അദ്ദേഹം അവരെ ധരിപ്പിച്ചു. അതുകേട്ട അവരിൽ മാനസാന്തരം സംഭവിക്കുകയും ആ സംഘം തിരുമേനിയെ സമീപിച്ച് സംഘത്തോടെ ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. ആയിരംപേർ സംഘമായി ഇസ്‌ലാംമതം വിശ്വസിച്ച സംഭവം തിരുമേനിയുടെ ജീവിതകാലത്തു് വേറെ ഉണ്ടായിട്ടില്ല. ഇബ്നുഉയ്യൈ (റ) ബൈഹഖി (റ), ദാറഖുത്നി (റ), അബൂനഈം (റ), ഇബ്നുഅസാകിർ (റ) എന്നീ പ്രബലരായ ഹദീസ്

പണ്ഡിതന്മാർ ഈ വസ്തുത നിവേദനം ചെയ്തിട്ടുണ്ട്.

മാൻ സംസാരിച്ച മുഅ്ജിസത്ത്

ഉമ്മുസൽമ ബീ (റ) പറയുന്നു:- "ഞാനും തിരുമേനിയും സഹറാഹ് എന്ന മൈതാനത്തിൽ എത്തിയപ്പോൾ, "യാ റസൂലല്ലാ:" എന്നു് ആരോ വിളിക്കുന്നതായി മൂന്നാവർത്തി ഞാൻ കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ ഒരു മാനിനെ ഒരു തുണോടു് കെട്ടിയിരിക്കുന്നതായും ഒരു കാട്ടറബി അടുത്തുകിടന്നുറങ്ങുന്നതായും കണ്ടു. തിരുമേനി അടുത്തുചെന്നപ്പോൾ ആ മാൻ പറഞ്ഞു:- ഈ മനുഷ്യൻ എന്നെ പിടിച്ചുകെട്ടിയിരിക്കുകയാണു്. ആ കാണുന്ന മലയിൽ എന്റെ രണ്ടു ശിശുക്കൾ വിശന്നു കിടക്കുന്നുണ്ടു് താങ്കൾ ദയവുചെയ്തു് എന്നെ അഴിച്ചുവിടുക. ഞാൻ അവക്കു മുലകൊടുത്തു് ഉടനെ തിരിച്ചുവരാം." തിരുമേനി അതിനെ അഴിച്ചുവിട്ടു. പറഞ്ഞപ്രകാരം കുഞ്ഞുങ്ങൾക്കു് മുലകൊടുത്തു ഉടനെ മാൻ തിരിച്ചുവന്നു. തിരുമേനി അതിനെ പൂർവ്വസ്ഥിതിയിൽ ബന്ധിച്ചു കുറെ നേരം കഴിഞ്ഞു് ആ കാട്ടറബി ഉണർന്നപ്പോൾ ആ മാനിനെ വിട്ടയക്കുവാൻ തിരുമേനി അപേക്ഷിച്ചു. അയാൾ മാനിനെ വിട്ടയക്കുകയും ചെയ്തു.

തിരുമേനി (സ) യുടെ വിരലുകളിൽനിന്നു് ഉറവുപൊട്ടിയ മുഅ്ജിസത്ത്

ഈ മുഅ്ജിസത്തു് പലപ്പോൾ പലേടത്തുവെച്ചു് സംഭവിച്ചിട്ടുണ്ടു്. അനസു് (റ) എന്ന സഹാബിയെ തൊട്ടു് ബുഖാരി (റ), മുസ്‌ലിം (റ) എന്നിവർ രേഖപ്പെടുത്തിയ ഒരു ഹദീസു് ചുവടെ ഉദ്ധരിക്കുന്നു:- ഞങ്ങൾ സൌറാഅ് എന്ന സ്ഥലത്തായിരുന്നു. അസർനിസ്കാരത്തിന്റെ സമയമായി. വുളു ഉണ്ടാക്കുവാൻ ഞങ്ങൾക്കു് വെള്ളം കിട്ടിയില്ല. ഞങ്ങൾ എഴുപതോ എൺപതോ പേരുണ്ടായിരുന്നു. തിരുമേനി ഒരു പാത്രത്തിൽ വിരലുന്നി ആ വിരലിൽനിന്നു് വെള്ളം പ്രവഹിക്കുന്നതായി ഞാൻ കണ്ടു. ആ വെള്ളംകൊണ്ടു് വുളു ഉണ്ടാക്കുവാൻ തിരുമേനി ആജ്ഞാപിച്ചു. ഞങ്ങളെല്ലാവരും വുളു ഉണ്ടാക്കി അസർ നിസ്കരിച്ചു.' 'മറെറാരുതവണ, ഞങ്ങളുടെ സംഘത്തിൽ മുന്നൂറാളുകൾ ഉണ്ടായിരുന്നപ്പോഴും ഇങ്ങനെ സംഭവിച്ചിട്ടുണ്ടെന്നു് അനസു് (റ) തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അനസു് (റ) തന്നെ വീണ്ടും പറയുകയാണു്: 'ഹുദൈബിയാ യുദ്ധത്തിൽ ഞാനും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. വെള്ളം തീർന്നുപോയെന്നും മൃഗങ്ങളും ഞങ്ങളും ദാഹിച്ചുവലയുന്നുവെന്നും സഹാബിമാർ തിരുമേനിയെ അറിയിച്ചു. 'നിങ്ങളുടെ പാത്രങ്ങളിൽ ഒട്ടും വെള്ളമില്ലേ' എന്നു് തിരുമേനി ചോദിച്ചപ്പോൾ 'ഒരു പാത്രത്തിൽ അല്പം വെള്ളമുണ്ടെന്നു് അവർ മറുപടി പറഞ്ഞു. ആ പാത്രവും വേറൊരു വലിയ പാത്രവും കൊണ്ടുവരുവാൻ തിരുമേനി കല്പിച്ചു. വെള്ളമുള്ള പാത്രത്തിന്റെ വായിൽ വിരലുകൾ വെച്ചുകൊണ്ടു് പാത്രത്തിലെ വെള്ളം വലിയ പാത്രത്തിലേക്കു് തിരുമേനി ഒഴിച്ചുതുടങ്ങിയപ്പോൾ തിരുമേനിയുടെ വിരലുകളിൽനിന്നു് ആ പാത്രത്തിലേക്കു് വെള്ളം പ്രവഹിക്കുന്നതായി ഞാൻ കണ്ടു. ആ പാത്രത്തിൽനിന്നും മുക്കിയെടുത്ത , ആവശ്യമുള്ളത്ര വെള്ളം സഹാബിമാർ സംഭരിച്ചു. ഹുദൈബിയാ യുദ്ധം നടന്നുകൊണ്ടിരിക്കേ, സഹാബികൾ ജലക്ഷാമത്താൽ ദാഹിച്ചു വിവശരായി. തിരുമേനി (സ) വുളുവിന്റെ വെള്ളം വെക്കുന്ന പാത്രത്തിൽ കൈവെച്ചു് ചൊരിച്ചുകൊടുത്തപ്പോൾ, അവരുടെ ദാഹം തീരത്തക്കവണ്ണം വെള്ളം കിട്ടി.' അന്നു് അഞ്ഞൂറുപേർക്കു് കുടിക്കുവാനും സംഭരിച്ചുവെക്കുവാനുമുള്ള വെള്ളം ലഭിച്ചുവെന്നാണു് പറയപ്പെട്ടിട്ടുള്ളതു്.

ജാബിർ (റ) പറയുന്നു:- 'ബവാത്തു' യുദ്ധത്തിന്റെ ഘട്ടത്തിൽ ഞങ്ങളുടെ കയ്യിലുണ്ടായിരുന്ന വെള്ളം തീർന്നുപോയി. വുളൂവിന്റെ വെള്ളം അവശേഷിക്കുന്നുണ്ടോ എന്നു് അന്വേഷിക്കുവാൻ തിരുമേനി എന്നോടു് കല്പിച്ചു. അന്വേഷണത്തിൽ ഇല്ലെന്നു് മനസ്സിലായി. ഇന്ന പാത്രത്തിൽ അല്പം വെള്ളമുണ്ടെന്നും ആ പാത്രം എടുത്തുകൊണ്ടു വരേണമെന്നും തിരുമേനി കല്പിച്ചു വെള്ളം സംഭരിച്ചുവെക്കുന്ന വലിയ തോൽപാത്രം കൊണ്ടുവരുവാനും ആവശ്യപ്പെട്ടു. വെള്ളമുള്ള പാത്രത്തിന്റെ മുഖത്തു് തിരുമേനി വിരലുകൾവെച്ചു് ആ പാത്രം തിരുമേനി കമഴ്ത്തിയപ്പോൾ തിരുമേനിയുടെ വിരലുകളിൽനിന്നു് വെള്ളം പ്രവഹിക്കുകയും ആ വലിയ തോൽപാത്രം നിറയുകയും ജനങ്ങൾക്കു് വേണ്ടത്ര വെള്ളം ലഭിക്കുകയും ചെയ്തു.

വെള്ളം വർദ്ധിച്ച മുഅ്ജിസത്തു്

മആദിബിനുജബൽ (റ) പറയുന്നു:- 'തബൂഖ് യുദ്ധത്തിന്റെ ഘട്ടത്തിൽ ജലക്ഷാമം സംഭവിച്ചു. ഒരു തോട്ടിൽ അല്പം വെള്ളമുണ്ടായിരുന്നു. തിരുമേനി അതിൽനിന്നു് വെള്ളം കോരിയെടുക്കുകയും വുളൂ ഉണ്ടാക്കിയശേഷം ബാക്കിയുള്ള വെള്ളം അതിൽതന്നെ ഒഴിക്കുകയും ചെയ്തു. അത്ഭുതമെന്നു പറയട്ടെ, പെട്ടെന്നു് ആ തോട്ടത്തിൽ വെള്ളം പൊന്തുകയും തോടു് നിറയുകയും ചെയ്തു താങ്കൾ ജീവിച്ചിരിക്കുന്ന കാലത്തോളം ഈ തോട്ടിൽ ഈ വെള്ളം ഈ നിലയിൽ കാണും' എന്നു് തിരുമേനി എന്നോടു് പറയുകയുണ്ടായി. ഹുദൈബിയാ യുദ്ധവേളയിൽതന്നെ, ഒരു വരണ്ടകിണറ്റിൽ തിരുമേനിയുടെ ഒരു അമ്പു് കുത്തിയിറക്കിയപ്പോൾ അതിൽനിന്നു് ഉറവുണ്ടായി. വുളൂ ചെയ്യുമ്പോൾ വായിൽകൊണ്ട വെള്ളം തിരുമേനി ഹുദൈബിയായിലെ ഒരു പൊട്ടക്കിണറ്റിൽ തുപ്പിയപ്പോൾ ആ കിണറ്റിൽ വെള്ളം പൊന്തി. തബൂഖ് യുദ്ധത്തിന്റെ ഘട്ടത്തിൽ 'ദാഹിക്കുന്നു'വെന്നു് അബൂബകർ (റ) പറഞ്ഞപ്പോൾ, തിരുമേനി, കൈ ഉയർത്തി പ്രാർത്ഥിക്കുകയും, തന്നിമിത്തം അദ്ദേഹത്തിന്നുമാത്രം ഒരു മേഘത്തിൽനിന്നു് വെള്ളം ലഭിക്കുകയും ചെയ്തു.

ഭക്ഷണം വർദ്ധിച്ച മുഅ്ജിസത്തു്

ജാബിറിബ്നുഅബ്ദില്ലാ (റ) പറഞ്ഞ ഒരു സംഭവമാണു് ചുവടെ വിവരിക്കുന്നതു്:- 'ഖന്ദഖ് യുദ്ധത്തിന്നായി ഞങ്ങൾ കിടങ്ങു് കുഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. തിരുമേനി ഞങ്ങളോടൊപ്പം ജോലിചെയ്യുന്നുണ്ടായിരുന്നു. വിശപ്പുമൂലം തിരുമേനി ഉടുതുണികൊണ്ടു് വയർ മുറുക്കിക്കെട്ടിയതായി കണ്ടപ്പോൾ എന്റെ ഹൃദയം പിടഞ്ഞുപോയി. ഞാൻ തിരുമേനിയോടു് സമ്മതം ചോദിച്ചു് എന്റെ താമസസ്ഥലത്തു് ചെന്നു് ഭാര്യയോടു് വിവരം പറഞ്ഞു. വീട്ടിൽ അല്പം ഗോതമ്പും ഒരാടും ഉണ്ടായിരുന്നു. ഞാൻ ആട്ടിനെ അറുത്തു. എന്റെ ഭാര്യ അപ്പോഴേക്കും ഗോതമ്പും പൊടിച്ചു. ധൃതിയായി ഭക്ഷണം പാകംചെയ്യാൻ തുടങ്ങി ഭക്ഷണം വേണ്ടത്ര ഇല്ലാത്തതുകൊണ്ടു് തിരുമേനിയെമാത്രം സ്വകാര്യമായി ക്ഷണിച്ചാൽ മതിയെന്നു് ഭാര്യ എന്നെ ഉപദേശിച്ചു. ഞാൻ തിരുമേനിയെ സമീപിച്ചു് അല്പം ഭക്ഷണം തയ്യാറാക്കീട്ടുണ്ടെന്നും ഞങ്ങളുടെ ക്ഷണം സ്വീകരിക്കണമെന്നും ബോധിപ്പിച്ചു. 'എത്രയുണ്ടു്'' എന്നു് തിരുമേനി അന്വേഷിച്ച ഒരു സാഅ് ഗോതമ്പും ഒരാട്ടിൻകുട്ടിയും' എന്നു് ഞാൻ ഉത്തരം പറഞ്ഞു. 'ഹോ, ധാരാളം; ഇറച്ചി അടുപ്പത്തുതന്നെയിരിക്കട്ടെ; പൊടിയും അങ്ങിനെതന്നെയിരിക്കട്ടെ. റൊട്ടിചുടുന്നതു് പിന്നെയാവാം' എന്നു് തിരുമേനി ഉപദേശിച്ചു അപ്രകാരം ചെയ്യുവാൻ ഞാൻ വീട്ടിലേക്കു പോയി. തിരുമേനി, ഖന്ദഖിലുണ്ടായിരുന്ന മുഹാജിറുകളും അൻസാറുകളുമായ എല്ലാ സഹാബിമാരെയും ഭക്ഷണത്തിന്നു ക്ഷണിച്ചുകൂട്ടിക്കൊണ്ടു് ജാബിർ (റ) വിന്റെ വീട്ടിലേക്കു് പുറപ്പെട്ടു. ഈ വരവു് കണ്ടപ്പോൾ ജാബിർ

(റ) വിന്റെ ഭാര്യയായ സുലൈഖ (റ) ലജ്ജിക്കുകയും അപമാനഭാരത്താൽ വ്യസനിക്കുകയും ചെയ്തു. തിരുമേനി വീട്ടിനകത്ത് കടന്ന് അവിടെയുണ്ടായിരുന്ന പൊടിയിലും അടുപ്പിലുണ്ടായിരുന്ന ഇറച്ചിയിലും ഊതി. അനന്തരം ആ ഭക്ഷണത്തിന്റെ വർദ്ധനവിന്നായി പ്രാർത്ഥിച്ചു. റൊട്ടി ചുട്ടുതുടങ്ങിക്കൊള്ളുവാനും ഇറച്ചിഅടുപ്പത്തുനിന്ന് ഇറക്കിവെക്കാതെ വിളമ്പിത്തുടങ്ങുവാനും തിരുമേനി നിർദ്ദേശിച്ചു. പത്തുവീതം ആളുകളെ ഇരുത്തിക്കൊണ്ട് സദ്യ വിളമ്പിത്തുടങ്ങി. ആകെ ആയിരത്തിൽപ്പരം ആളുകളുണ്ടായിരുന്നു. ചുട്ടെടുത്ത റൊട്ടികൾ അപ്പപ്പോൾ തിരുമേനി അവർക്ക് മുറിച്ചു കൊടുത്തു. എല്ലാവർക്കും ഹൃദ്യമായനിലയിൽ ഭക്ഷിച്ചു തൃപ്തിയടഞ്ഞുവാൻ ആ ഭക്ഷണം പര്യാപ്തമായി. മാത്രമല്ല, വീട്ടുകാർക്കും അയൽവാസികൾക്കും ഭക്ഷിപ്പാനുള്ള ഭക്ഷണവും കൂടി മിച്ചമാവുകയും ചെയ്തു. ഇറച്ചി വിളമ്പിയതും റൊട്ടി മുറിച്ചതും തിരുമേനിതന്നെയാണെന്നും പറയപ്പെട്ടിരിക്കുന്നു.

അബൂതൽഹത്ത് (റ), അനസ് (റ) വിന്റെ വശം തിരുമേനിക്ക് മാത്രം ഭക്ഷിപ്പാനുള്ള അല്പഭക്ഷണം കൊടുത്തയച്ചു. തിരുമേനിയും മുന്നൂറോളം സഹാബിമാരും അത് ഭക്ഷിച്ചതിന്നുശേഷം പാത്രത്തിൽ ഭക്ഷണം അവശേഷിച്ചു. അനസ് (റ) പറയുന്നു:- 'ആ പാത്രം തിരുമേനിയുടെ മുമ്പിൽ വെക്കുമ്പോഴൊ മുന്നൂറോളം സഹാബിമാരും തിരുമേനിയും ഭക്ഷിച്ചു കഴിഞ്ഞതിന്നുശേഷം ആ പാത്രം തിരിച്ച് എടുക്കുമ്പോഴൊ, എപ്പോഴാണ് കൂടുതൽ ഭക്ഷണം ആ പാത്രത്തിൽ ഉണ്ടായിരുന്നതെന്ന് പറയുവാൻ പ്രയാസം'

അബൂഹുറൈറ (റ) പറയുന്നു:- 'ഒരു ദിവസം തിരുമേനി, വീട്ടും കൂടിയുമില്ലാത്ത ആളുകളെയെല്ലാം കൂട്ടിക്കൊണ്ടുവരുവാൻ എന്നോട് കല്പിച്ചു. നൂറിൽപ്പരം അഗതികളെ ഞാൻ കൂട്ടിക്കൊണ്ടുവന്നു. തിരുമേനി ഒരു പാത്രത്തിൽ ഭക്ഷണം അവർക്കുകൊടുത്തു. അവരെല്ലാവരും വേണ്ടുവോളം ഭക്ഷിച്ചു. എന്നിട്ടും ആ പാത്രത്തിലെ ഭക്ഷണം കുറഞ്ഞതായി കണ്ടില്ല'

മലപ്രദേശത്തുകാരനായ ഒരു ഗ്രാമീണൻ തിരുമേനിയെ സമീപിക്കുകയും തനിക്കും കുടുംബത്തിനും ഭക്ഷണത്തിന്ന് നിവൃത്തിയില്ലെന്ന് ബോധിപ്പിക്കുകയും ചെയ്തു. തിരുമേനി കുറച്ചു ഗോതമ്പും അയാൾക്കുകൊടുത്തു. അയാളും കുടുംബവും ഒരു കൊല്ലം ഭക്ഷണത്തിന്നായി ഉപയോഗിച്ചിട്ടും ആ ഗോതമ്പും തീർന്നില്ല. അത്ഭുതത്താൽ അയാൾ ഒരു ദിവസം അതു് അളന്നുനോക്കി. തിരുമേനി കൊടുത്ത അളവിൽ ഒട്ടും കുറഞ്ഞിട്ടില്ലെന്നു കണ്ടു. പക്ഷെ, അതോടെ ആ അത്ഭുതാവസ്ഥ നിന്നുപോവുകയും ഗോതമ്പും തീർന്നുപോകുകയും ചെയ്തു.

തിരുമേനിയും അബൂബകർ (റ) വും ഹിജ്‌റയിൽ, മദീനാനഗരിയിൽ പ്രവേശിച്ചപ്പോൾ അബൂഅയ്യൂബുൽഅൻസാരി (റ) രണ്ടുപേർക്കുമാത്രം ഭക്ഷണം തയ്യാറാക്കി തിരുമേനിയെയും സിദ്ദീഖിനെയും ക്ഷണിച്ചു. അപ്പോൾ മുപ്പതു് പ്രമുഖവ്യക്തികളെക്കൂടി ക്ഷണിക്കുവാൻ തിരുമേനി ആവശ്യപ്പെട്ടു. അവർ ഭക്ഷിച്ചുകഴിഞ്ഞതിന്നുശേഷം, അറുപതുപേരെക്കൂടി ക്ഷണിപ്പാനും, അവർ ഭക്ഷിച്ചതിന്നുശേഷം എഴുപതുപേരെക്കൂടി ക്ഷണിപ്പാനും, തിരുമേനി ആവശ്യപ്പെട്ടു. അവരെല്ലാവരും തൃപ്തിയാംവിധം ഭക്ഷണം കഴിച്ചതിന്നുശേഷം ഇരുപതുപേർക്കുകൂടി അതിൽനിന്ന് വിളമ്പുകയുണ്ടായി.

അബൂഹുറൈറ (റ) പറയുന്നു:— 'ഒരു യുദ്ധത്തിൽ യോദ്ധാക്കൾ ക്ഷീണാവസ്ഥയിലായി. ഭക്ഷിക്കാനുള്ളതു് വല്ലതും കയ്യിലുണ്ടോ എന്ന് തിരുമേനി എന്നോടു് അന്വേഷിച്ചു. എന്റെ പാത്രത്തിൽ കുറച്ചു് കാരക്കയുണ്ടെന്നു് ഞാൻ ബോധിപ്പിച്ചു. അതെടുത്തുകൊണ്ടുവരുവാൻ

പ്പോൾ, ഇതിൽ വിഷമുണ്ടെന്നു് ആട്ട പറയുന്നു; ഇതു തിന്നരുതു് എന്നു തിരുമേനി അനുയായികൾക്കു് നിർദ്ദേശം നല്കി. ഖൈബർയുദ്ധത്തെപ്പററി പ്രതിപാദിക്കുമ്പോൾ ഈ സംഭവം വിശദീകരിക്കും.

ജാബിറിബ്നു അബ്ദുല്ലാ (റ) ഒരു ആട്ടിനെ അറുത്തു് പാകംചെയ്തു തിരുമേനിയെ സല്ക്കരിച്ചു. തിരുമേനിയും സഹാബിമാരും അതു ഭക്ഷിച്ചശേഷം എല്ലുകളെല്ലാം ഒരുമിച്ചുകൂട്ടി അതിന്മേൽ കൈവെച്ചു് എന്തോ ഉച്ചരിച്ചു. അപ്പോൾ ആ എല്ലുകൾ അറുക്കപ്പെട്ട ആടായി രൂപാന്തരപ്പെടുകയും പിടഞ്ഞു് എഴുന്നേല്ക്കുകയും ചെയ്തു.

കൂട്ടി സംസാരിക്കുകയും അന്ധത മാറുകയും ചെയ്ത മുഅ്ജിസത്തു്

ഹജ്ജത്തുൽവിദാഅ് എന്ന അവസാനത്തെ ഹജ്ജു് കഴിഞ്ഞതിനുശേഷം, തിരുമേനി മക്ക വിട്ടുന്നതിനുമുമ്പു്, യമാമ എന്ന നാട്ടിൽനിന്നു് വന്ന ഒരാൾ തിരുമേനിയെ സന്ദർശിച്ചു. അയാളുടെ കയ്യിൽ ശീലയിൽ പൊതിഞ്ഞ ഒരു കൈകുഞ്ഞുണ്ടായിരുന്നു. 'കുഞ്ഞേ, ഞാൻ ആരാണു്'' എന്നു് തിരുമേനി ചോദിച്ചപ്പോൾ: 'താങ്കൾ അല്ലാഹുവിന്റെ റസൂലാകുന്നു' എന്നു് ആ കുഞ്ഞു് ഉത്തരം പറഞ്ഞു.

ഒരിക്കൽ ഒരു ഉമ്മ, തിരുമേനിയെ സന്ദർശിച്ചു. ഞാൻ ആരാണെന്നു് തിരുമേനി ചോദിച്ചപ്പോൾ: 'താങ്കൾ അല്ലാഹുവിന്റെ റസൂലാ'ണെന്നു് ആ ഉമ്മ വ്യക്തമായി മറുപടി നല്കി. ഉമ്മയായ ആ മനുഷ്യൻ അതിനു മുമ്പോ പിമ്പോ സംസാരിച്ചിട്ടില്ല.

ഒരു സ്ത്രീ, ഭ്രാന്തനായ തന്റെ പുത്രനെയുംകൂട്ടി തിരുമേനിയുടെ സന്നിധിയിൽ ചെന്നു. തിരുമേനി ആ ഭ്രാന്തൻകുട്ടിയുടെ നെഞ്ചിൽ തൂക്കെക്കൊണ്ടു് തടവി. അവൻ ജീവനുള്ള ഒരു സാധനത്തെ ശർദ്ദിച്ചു. അതോടുകൂടി അവന്റെ ഭ്രാന്തു് സുഖപ്പെട്ടു.

ഉഹദ്‌യുദ്ധത്തിൽ ഖതാദത്തിബ്നുനുഅ്മാൻ (റ) വിന്റെ ഒരു കണ്ണു് നിലത്തുവീണുപോയി. അദ്ദേഹം ആ കണ്ണു് പെറുക്കിയെടുത്തു് തിരുമേനിയെ സമീപിച്ചു. 'നിങ്ങൾ ഒരു കണ്ണുകൊണ്ടു് തൃപ്തിപ്പെടുമെങ്കിൽ സ്വർഗ്ഗത്തിൽ പ്രത്യേകമായ പ്രതിഫലം കിട്ടും. മാറിച്ചു് രണ്ടു കണ്ണും വേണമെന്നുണ്ടെങ്കിൽ ഈ കണ്ണു് അതിന്റെ സ്ഥാനത്തു് വെച്ചുതരാം' എന്നു് തിരുമേനി അരുളി. 'സ്വീകാര്യം എന്നെ ഒറ്റക്കണ്ണൻ എന്നു് വിളിച്ചു പരിഹസിക്കും എനിക്കു് സ്വർഗ്ഗത്തിലെ പുണ്യം വേണം; ഈ കണ്ണു് അതിന്റെ സ്ഥാനത്തു് ഉണ്ടാവുകയും വേണം' എന്നു് അദ്ദേഹം ബോധിപ്പിച്ചു. തിരുമേനി ആ കണ്ണു് അതിന്റെ സ്ഥാനത്തു് വെച്ചുകൊടുത്തു. അതിനു് പൂർവ്വോപരി കാഴ്ചകിട്ടുകയും ചെയ്തു.

ഉസ്മാനിബ്നു ഹുനൈബ് (റ) പറയുന്നു:- 'ഒരു കുരുടൻ തിരുമേനിയുടെ സന്നിധിയിൽ വന്നു തന്റെ കണ്ണിനു കാഴ്ചനല്കുവാൻ അല്ലാഹുവോടു് പ്രാർത്ഥിക്കണമെന്നു് തിരുമേനിയോടപേക്ഷിച്ചു. അപ്പോൾ, വുളൂ ഉണ്ടാക്കി രണ്ടു ക'അത്തു' നിസ്കരിച്ചുവരുവാൻ ആ കുരുടനോടു് തിരുമേനി ആവശ്യപ്പെട്ടു. ആ കുരുടൻ തിരിച്ചുവന്നപ്പോൾ, തിരുമേനി ഒരു ദുആ അയാൾക്കു് പറഞ്ഞുകൊടുത്തു. ആ വചനങ്ങളാൽ അയാൾ ദുആ ചെയ്തു. അധികനേരം കഴിയുന്നതിനുമുമ്പു് അയാളുടെ കണ്ണിനു് കാഴ്ച ലഭിച്ചു. ഈ വസ്തുതയെ നിസാ (റ), തുർമുദി (റ), ഹാകിം (റ), ബൈഹഖി (റ) എന്നിവർ അംഗീകരിക്കുകയും ബുർഹാനുൽഹലബി (റ) പലേടത്തും ഉദ്ധരിക്കുകയും, അശ്ശിഹാബുൽഖഫാജി (റ) നിസ്സന്ദേഹമായ സത്യമാണിതെന്നു് പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

ഖൈബർയുദ്ധം നടന്നുകൊണ്ടിരിക്കേ, തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു. അല്ലാഹു

വിനെയും റസൂലിനെയും സ്നേഹിക്കുകയും അല്ലാഹുവും റസൂലും സ്നേഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തി നാളെ എത്തിച്ചേരും. അദ്ദേഹത്തിന്റെ കയ്യിൽ ഞാൻ കൊടി കൊടുക്കും. അദ്ദേഹം ഈ യുദ്ധം ജയിക്കും.' അലി (ക. വ) ആ അവസരത്തിൽ നേത്രരോഗം പിടിപ്പെട്ട് കിടക്കുകയായിരുന്നു. പിറേറ ദിവസം യാദൃശ്ചികമായി അദ്ദേഹം പടക്കളത്തിൽ എത്തിച്ചേർന്നു. തിരുമേനി തുപ്പുനീർതൊട്ട് അദ്ദേഹത്തിന്റെ കണ്ണിൽ തടവി. അദ്ദേഹത്തിന്റെ നേത്രരോഗം സുഖപ്പെട്ടു. തിരുമേനിയുടെ മൊഴി സാത്ഥമാവുകയും ചെയ്തു.

ബദ്‌ർയുദ്ധത്തിൽ മആദിബിനു അഫ്റാഅ് (റ) വിന്റെ കൈമുറിഞ്ഞുപോയി. തിരുമേനി മുറിഞ്ഞുവീണ കഷ്ണമെടുത്തു മുറിയിൽ ചേർത്തുവെച്ചു തടവിയപ്പോൾ കൈ പൂർവ്വസ്ഥിതിയിൽ ആയിത്തീർന്നു. ബദ്‌ർയുദ്ധത്തിൽ തന്നെ ഖുവൈലിബിനു അസാഫ്(റ)വിന്റെ പിടലിക്ക് ഒരു വെട്ടുകൊള്ളുകയും, പിടലി പകുതിയിലേറെ മുറിഞ്ഞു ചാഞ്ഞുപോവുകയും ചെയ്തു. തിരുമേനി അതു പൂർവ്വസ്ഥിതിയിൽ വെച്ചു ഊതിയപ്പോൾ ഒന്നും സംഭവിക്കാത്തപോലെ ആ കഴുത്തു പൂർവ്വസ്ഥിതിയാർജ്ജിച്ചു.

മുഹമ്മദിബ്നുഹാത്തിബു (റ) കുട്ടിക്കാലത്തു വീഴുകയും മുൻകൈ എല്ലു ഒടിഞ്ഞുപോവുകയും ചെയ്തു. തിരുമേനി ആ കൈപിടിച്ചു ഒന്നു തടവിയപ്പോൾ കൈ നേരെയായി. ശർറഹ്ബിൽ (റ) വിന്നു കൈക്കു സ്വാധീനം കുറഞ്ഞുപോയി. വാളോ, കുന്തമോ മറേറാ കയ്യിൽ എടുത്തുപിടിക്കുവാൻ അദ്ദേഹത്തിന്നു കഴിയാതെവന്നു. തിരുമേനിവന്നു തടവിയപ്പോൾ ആ അസ്വാധീനത ഇല്ലാതായി.

അശേഷം ലജ്ജയില്ലാത്ത, ഒരു നാണംകെട്ട സ്ത്രീ മക്കയിൽ ഉണ്ടായിരുന്നു. ഒരിക്കൽ തിരുമേനി ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ അവൾചെന്നു ഭക്ഷണത്തിന്നാവശ്യപ്പെട്ടു. തിരുമേനി ആഹരിച്ചുകൊണ്ടിരുന്ന ഭക്ഷണത്തിൽനിന്നു ഒരുപിടിവാരി അവളുടെ നേരെ നീട്ടി. അതു തനിക്കു വേണ്ടെന്നും തിരുമേനിയുടെ വായിലുള്ള ഭക്ഷണമാണു തനിക്കു വേണ്ടതെന്നും അവൾ നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടു. വായിലുള്ള ഭക്ഷണത്തിൽനിന്നു കുറച്ചെടുത്തു തിരുമേനി അവൾക്കു കൊടുത്തു. അവൾ അതു തിന്നു. അതോടുകൂടി ലജ്ജാഭാരത്താൽ അവൾ ചൂളുങ്ങിപ്പോയി. അവളെപ്പോലെ ലജ്ജാവതിയായ ഒരു സ്ത്രീ മക്കയിൽ അക്കാലത്തു വിരളമായി.

മറെറ പല മുഅ്ജിസത്തുകൾ

ജാബിറിബിനുസിയാദിൽഅസ്ജഇ(റ) പറയുന്നു:– "തിരുമേനിയോടൊപ്പം ഒരു യുദ്ധയാത്ര നടത്തിക്കൊണ്ടിരിക്കെ ഞാൻ യോദ്ധാക്കളുടെ ഏറെറവും പിന്നിലായി. ബലഹീനയായ ഒരു പെൺകുതിരയുടെ പുറത്താണു ഞാൻ യാത്രചെയ്തുകൊണ്ടിരുന്നതു. ഞാൻ ഇത്രയും പിന്നിലായിപ്പോയതിന്റെ കാരണം തിരുമേനി അന്വേഷിച്ചപ്പോൾ, എന്റെ കുതിര ബലഹീനയാണെന്നുള്ള വസ്തുത ഞാൻ തിരുമേനിയെ ധരിപ്പിച്ചു. അപ്പോൾ തിരുമേനി കയ്യിലുണ്ടായിരുന്ന ഒരു ദണ്ഡുകൊണ്ടു കുതിരയെ ഒന്നു അടിക്കുകയും 'ഈ കുതിരയെ അല്ലാഹു തആലാക്കു ബലപ്പെടുത്തിത്തരട്ടെ' എന്നു മൊഴിയുകയും ചെയ്തു. അതോടുകൂടി നിയന്ത്രിക്കാൻ പ്രയാസമായ വിധത്തിൽ എന്റെ കുതിര ഓടുകയും സംഘത്തിന്റെ മുന്നണിയിൽ എത്തിച്ചേരുകയും ചെയ്തു. ഈ കുതിര പ്രസവിച്ച അനേകം കുതിരകളെ ഞാൻ വിപുലം നടത്തുകയുണ്ടായി. അതിന്റെ സന്താനപരമ്പരയിൽപെട്ട പന്തീരായിരത്തോളം കുതിരകളെ അദ്ദേഹംവിറാതായി പറയപ്പെട്ടിട്ടുണ്ടു.

അബ്ദുല്ലാഹിബിനു അബീതൽഹയു (റ) വിന്നു നടക്കുവാൻ കഴിയാത്ത ഒരു കുതിരയു

ണ്ടായിരുന്നു. ഒരുദിവസം തിരുമേനി ആ കുതിരപ്പുറത്തുകയറി. അന്നുമുതൽ മറ്റു കുതിരകളെ അതിശയിക്കത്തക്ക വിധത്തിൽ ആ കുതിര ഓടിത്തുടങ്ങി.

ഖാലിദിബ്‌നുൽ വലീദ് (റ) വിന്നു് തിരുമേനിയുടെ ഒരു ശിരോരോമം കിട്ടി. അദ്ദേഹം അതു് തന്റെ തൊപ്പിയിൽ സൂക്ഷിച്ചു. ആ തൊപ്പി ധരിച്ചുകൊണ്ടു് അദ്ദേഹം നടത്തിയ എല്ലാ യുദ്ധങ്ങളും അദ്ദേഹം ജയിക്കുകയും ചെയ്തു. അബൂബക്കർ സിദ്ദീഖ് (റ) വിന്റെ പുത്രിയായ അസ്മാബീ (റ) പറയുന്നു:_'തിരുമേനി ധരിച്ച ഒരു കുപ്പായം കഴുകിയ വെള്ളം ഞങ്ങൾ സൂക്ഷിച്ചുവെച്ചു ആ വെള്ളത്താൽ പല രോഗങ്ങളും സുഖപ്പെട്ടു.''

അനസ് ഇബ്നുമാലിക്കു് (റ) വിന്റെ കിണറ്റിൽ തിരുമേനി ഒരിക്കൽ തുപ്പുകയുണ്ടായി. അതോടുകൂടി മറ്റു കിണറുകളിലെ വെള്ളത്തെ അതിശയിക്കുന്ന തരത്തിലുള്ള വെള്ളം കിണറ്റിൽ വർദ്ധിക്കുകയുണ്ടായി.

ഒരു യാത്രയിൽ തിരുമേനി ഒരു സ്ഥലത്തിറങ്ങുകയും അവിടത്തെ വെള്ളത്തിന്റെ സ്ഥിതിയെപ്പറ്റി അന്വേഷിക്കുകയും ചെയ്തു. ഇവിടങ്ങളിൽ ഉപ്പുവെള്ളമാണു് കിട്ടുന്നതെന്നു് ആ ദേശക്കാർ ബോധിപ്പിച്ചു. ''അല്ലാ, ഇവിടങ്ങളിൽ നല്ലവെള്ളമാണുള്ളതു്'' എന്നു് തിരുമേനി പ്രതിവചിച്ചു. അതോടുകൂടി ആ ദേശത്തു് നല്ലവെള്ളം ലഭിച്ചുതുടങ്ങി.

ഒരു പാത്രം സംസം വെള്ളത്തിൽ തിരുമേനി ഒരിക്കൽ തുപ്പുകയുണ്ടായി. അതോടുകൂടി ആ വെള്ളത്തിനു് അസാധാരണമായ സുഗന്ധമുണ്ടായി.

ഹസൻ, ഹുസൈൻ എന്നീ പേരക്കുട്ടികൾ കരയുമ്പോൾ തിരുമേനിയുടെ നാവു് അവരുടെ വായിൽ വെച്ചുകൊടുക്കുകയും അവർ അതു് കുടിച്ചു് ശാന്തരാവുകയും ചെയ്യുക പതിവായിരുന്നു

പത്തരപ്പണത്തൂക്കത്തിൽ അല്പം കൂടിയതൂക്കത്തിനു് ഒരു 'മിസ്ഖാൽ' എന്നു പേർ. എട്ടു് മിസ്ഖാൽ തൂക്കത്തിനു് ഔഖിയ തൂക്കം എന്നാണു് പറയുക. ഒരിക്കൽ തിരുമേനി സൽമാനുൽഫാരിസി (റ) വിനു് ഒരു കോഴിമുട്ടയോളം വരുന്ന സ്വർണ്ണക്കട്ടി കൊടുത്തു. അതിനു് നാല്പതു് ഔഖിയയോളം ഘനമുണ്ടായിരുന്നു. സൽമാനുൽഫാരിസീ (റ) വന്പിച്ച കടത്തിൽ അകപ്പെട്ടിരിക്കുകയായിരുന്നു. ഈ സ്വർണ്ണക്കട്ടികൊണ്ടു് തന്റെ കടം വീട്ടുവാൻ എങ്ങനെ കഴിയുമെന്നു് അദ്ദേഹം സംശയിച്ചു. താങ്കളുടെ കടം വീട്ടുവാൻ ഇതു് മതിയാകുമെന്നു് തിരുമേനി അദ്ദേഹത്തോടരുളി. സൽമാനുൽഫാരിസി (റ) പറയുന്നു:_ 'അതിൽനിന്നു് എന്റെ കടക്കാക്കു് കൊടുത്തുതുടങ്ങി. നാല്പതു് ഔഖിയ കൊടുത്തു കഴിഞ്ഞപ്പോൾ, ശേഷിപ്പുള്ള ഔഖിയ തൂക്കിനോക്കി. അപ്പോഴും അതു് നാല്പതു് ഔഖിയത്തൂക്കമുള്ളതായി ഞാൻ കണ്ടു'

ഉകാശത്തിബിനുമുഹ്സിൻ (റ) ബദർ യുദ്ധത്തിൽ പോരാടിക്കൊണ്ടിരിക്കേ, അദ്ദേഹത്തിന്റെ വാൾ മുറിഞ്ഞുപോയി. അപ്പോൾ തിരുമേനിയുടെ കയ്യിലുണ്ടായിരുന്ന വടിക്കഷ്ണം തിരുമേനി അദ്ദേഹത്തിനു കൊടുത്തു. ആ വടിക്കഷണം മൂർച്ചയും തിളക്കവും ദീർഘവുമുള്ള ഒരുവാളായി മാറി. ആ വാളിനു് ''ഔൻ'' എന്നായിരുന്നു പേർ. അദ്ദേഹം ആ വാൾ പല പടകളിലും ഉപയോഗപ്പെടുത്തുകയുണ്ടായി. അർഹ്ലൂർ റിദ്ദത്തിന്റെ യുദ്ധത്തിൽ ശഹീദാവുന്നതുവരെ ആ വാൾ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു.

ഉഹ്ദു് യുദ്ധത്തിൽ അബ്ദുല്ലാഹിബ്നുജഹ്ശ് (റ) വിന്റെ വാൾ കൈവിട്ടുപോയ

പ്പോൾ തിരുമേനി അദ്ദേഹത്തിനു നല്കിയ ഈ ത്തപ്പനയുടെ മടൽ വാളായി മാറി.

തിരുമേനി മദീനക്കു് ഹിജ്റ പോകുമ്പോൾ വഴിയിൽ ഉമ്മുമഅ്ബദ് എന്ന സ്ത്രീയുടെ വീട്ടിൽ ചെല്ലുകയും ഭക്ഷണം ഉണ്ടോ എന്നന്വേഷിക്കുകയും ചെയ്തു. കറവുവറ്റിയ ക്ഷയായ ഒരാട്ടു് മാത്രമേ ഇവിടെയുള്ളുവെന്നു് ആ സ്ത്രീ മറുപടി പറഞ്ഞു. തിരുമേനി ആ ആട്ടിന്റെ അകിടു് തടവിയപ്പോൾ, അകിട്ടിൽ പാൽ നിറയുകയും വേണ്ടത്ര കറന്നെടുക്കുവാൻ സാധിക്കുകയും ചെയ്തു.

ഇപ്രകാരംതന്നെ അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) മിഖ്ദാദിബ്നുൽഅസ്വദ് (റ) എന്നിവരുടെ ആടുകൾക്കും സംഭവിച്ചിട്ടുണ്ടു്

ഒരിക്കൽ ഉമറിബ്നുസഅ്ദ് (റ) വിന്റെ തല തിരുമേനി തടവുകയുണ്ടായി. എൺപതാമത്തെ വയസ്സിൽ അദ്ദേഹം മരിക്കുന്നതു വരെ അദ്ദേഹത്തിന്റെ തലക്കു് നര ബാധിച്ചില്ല.

മഅ്ലൂക്കൽഫിറാസീ (റ) വിന്റെ തലയിൽ തിരുമേനി കൈവെക്കുകയും തിരുമേനി കൈവെച്ചസ്ഥലത്തു് നര ബാധിക്കാതിരിക്കുകയും ചെയ്തു

ഉത്വ്ബിബ്നുഫർഖദ് (റ) വിന്റെ ദേഹം എപ്പോഴും സുഗന്ധം പൂരിതമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയായ ഉമ്മുഹാശിം (റ) പറയുന്നു:— 'അദ്ദേഹത്തിനു് ഞാനടക്കം മൂന്നു് ഭാര്യമാരുണ്ടായിരുന്നു. ഞങ്ങളോരോരുത്തരും അദ്ദേഹത്തെ ആകർഷിപ്പാനായി മത്സരബുദ്ധ്യാ സുഗന്ധദ്രവ്യങ്ങളും പൂശാറുണ്ടായിരുന്നു. എന്നാലും ആ സുഗന്ധദ്രവ്യങ്ങൾക്കു് അദ്ദേഹത്തിന്റെ ശരീരത്തിലെ തനതായ സുഗന്ധത്തെ അതിജീവിക്കുവാൻ കഴിഞ്ഞിരുന്നില്ല ഒരു ദിവസം ഇതിന്റെ രഹസ്യമെന്തെന്നു് ഞാൻ അദ്ദേഹത്തോടു് അന്വേഷിച്ചു. കുട്ടിക്കാലത്തു് അദ്ദേഹത്തിനു് വസൂരി പിടിപെട്ടെന്നും തിരുമേനി അദ്ദേഹത്തിന്റെ വയറ്റത്തും പുറത്തും തുപ്പുനീർതൊട്ടു് തടവിയെന്നും അതോടെ രോഗം മാറുകയും സുഗന്ധം ശരീരത്തിൽ തങ്ങുകയും ചെയ്തുവെന്നും അദ്ദേഹം ഉത്തരം പറഞ്ഞു.

തിരുമേനി ഒരിക്കൽ ഖതാദത്തിബ്നുന്നുമൽഹാൻ (റ) വിന്റെ മുഖം തടവുകയുണ്ടായി. അതോടുകൂടി അദ്ദേഹത്തിന്റെ മുഖത്തിനു് അസാധാരണമായ പ്രകാശം ലഭിച്ചു. അദ്ദേഹത്തിന്റെ മുഖത്തു് നോക്കുന്നവരുടെ മുഖം കണ്ണാടിയിലെന്നപോലെ ആ മുഖത്തു് പ്രതിബിംബിക്കുമായിരുന്നു.

തിരുമേനി (സ) കളിക്കുമ്പോൾ ഒരുതവണ സൈനബാ (റ) യുടെ മുഖത്തു് വെള്ളം തളിച്ചു. അവർ വൃദ്ധയായ കാലത്തും അവരുടെ മുഖത്തുനിന്നു് യൌവനത്തിന്റെ പ്രഭാവം കഴിഞ്ഞുപോയില്ല. മോഹാലസ്യം പിടിപെട്ടവരെയും ഭ്രാന്തു് പിടിപെട്ടവരെയും വെള്ളം തളിച്ചുകൊണ്ടു് തിരുമേനി സുഖപ്പെടുത്തീട്ടുണ്ടു്.

അബൂഹുറൈറാ (റ) പറയുന്നു:— 'എനിക്കു് ഓർമ്മക്കുറവു് ധാരാളമായിരുന്നു ഈ വിവരം ഞാൻ തിരുമേനിയെ ഉണർത്തുകയുണ്ടായി. തിരുമേനി അതിനു് പരിഹാരം ചെയ്തു. അതിനുശേഷം എനിക്കു് ഓർമ്മക്കുറവുണ്ടായില്ലെന്നുമാത്രമല്ല അസാധാരണമായ ഓർമ്മശക്തി ലഭിക്കുകയുമുണ്ടായി. ഹദീസുകൾ എന്നോളം മനപ്പാഠമുള്ള മറ്റൊരാൾ അബ്ദുല്ലാഹിബ്നു ഉമർ (റ) മാത്രമേ ഉണ്ടായിരുന്നുള്ളൂ'

തിരുമേനിയുടെ പ്രാർത്ഥനമൂലം ഫലം സിദ്ധിച്ച മറ്റു് ജിസ്തുകൾ

അനസിബ്നുമാലിക്ക് (റ) പറയുന്നു:— 'എന്റെ ഗുണത്തിനായി പ്രാർത്ഥിക്കുവാൻ എന്റെ മാതാവു് ഒരുതവണ തിരുമേനിയോടു് അപേക്ഷിച്ചു. എനിക്കു സമ്പത്തും സന്താനങ്ങളും വർദ്ധിക്കുവാൻ തിരുമേനി പ്രാർത്ഥിച്ചു.

ആ പ്രാർത്ഥനയുടെ ഫലമായി എനിക്ക് ധാരാളം സമ്പത്ത് സിദ്ധിച്ചു. എനിക്ക് നൂറിലധികം സന്താനങ്ങളുണ്ടായി. ആകെ പുത്രപൗത്രാദികളുടെ എണ്ണം ഇരുനൂറിൽ അധികമായി'. അദ്ദേഹം ദീർഘകാലം ജീവിക്കുകയും ചെയ്തു.

ഹിജ്‌റയുടെ ആദ്യവർഷങ്ങളിൽ അതിദരിദ്രനായിരുന്നു അബ്ദുൽറഹ്മാനിബ്നുഔഫ് (റ). അദ്ദേഹത്തിന്റെ ജീവിതം ക്ലേശഭരിതമായിരുന്നു. തിരുമേനി (സ) മുഹാജിറുകളെയും അൻസാറുകളെയും സഹോദരപാശത്താൽ ബന്ധിച്ച അവസരത്തിൽ ഇദ്ദേഹത്തെ സഅ്ദിബ്നുറബീഅ് (റ) വുമായിട്ടാണ് ബന്ധിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ കഷ്ടപ്പാടുകൾ കണ്ട സഅ്ദ് (റ) തന്റെ സമ്പത്തിൽ പകുതി അദ്ദേഹത്തിനും നല്കുവാനും തന്റെ രണ്ടു ഭാര്യമാരിൽ ഒരാളെ തലാഖ്ചൊല്ലി അദ്ദേഹത്തിനു കെട്ടിച്ചുകൊടുക്കുവാനും സന്നദ്ധനായി. പക്ഷെ, അദ്ദേഹം അതു സ്വീകരിച്ചില്ല. അങ്ങനെയിരിക്കെ, അദ്ദേഹത്തിന്റെ അഭിവൃദ്ധിക്കായി തിരുമേനി പ്രാർത്ഥിച്ചു. അതോടുകൂടി അദ്ദേഹത്തിനും ധാരാളം സമ്പത്ത് ലഭിച്ചു. ഹിജ്‌റവർഷം മുപ്പത്തിരണ്ടാമതോ മുപ്പത്തിമൂന്നാമതൊ വർഷത്തിലാണ് അദ്ദേഹം ചരമഗതി അടഞ്ഞതു്. അന്നു് അദ്ദേഹത്തിനുണ്ടായിരുന്ന നാലു് ഭാര്യമാരും ജീവിച്ചിരിപ്പുണ്ടായിരുന്നു അദ്ദേഹത്തിന്റെ ആകെ സമ്പത്തിന്റെ ആകെത്തുകയുടെ എട്ടിലൊന്നു് ആ ഭാര്യമാരുടെ കാഹരിക്കായി നാലായി ഭാഗിച്ചപ്പോൾ, അവരിൽ ഓരോരുത്തർക്കും എമ്പതിനായിരം പൊന്നു് ലഭിച്ചുവെന്നു് പറയപ്പെട്ടിരിക്കുന്നു. നൂറായിരം വീതം പൊന്നു് ലഭിച്ചുവെന്നു് മറ്റൊരഭിപ്രായവുമുണ്ടു്. അദ്ദേഹത്തിന്റെ നിധി; കുതിരകൾ എന്നിവ ബൈത്തുൽമാലിലേക്കു് നല്കുവാൻ അദ്ദേഹം വസിയ്ത്തു് ചെയ്തിരുന്നു. നാനൂറായിരം പൊന്നു് വിലകൊടുത്തു് അദ്ദേഹം വാങ്ങിയ ഒരു തോട്ടം ഉമ്മഹാതുൽമുഅ്മിനീനും അദ്ദേഹം വസിയ്ത്തു ചെയ്തു. ഓരോരുത്തർക്കും നൂറുപൊന്നുവീതം അന്നു ജീവിച്ചിരിപ്പുള്ള സഹാബിമാരിൽ നൂറുപേർക്കു് അദ്ദേഹം വസിയ്ത്തുചെയ്തു. മൂന്നാം ഖലീഫയായ ഉസ്മാൻ (റ) വും ആ നൂറു പേരിൽപ്പെട്ടിരുന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലത്തു് ചെയ്ത ധർമ്മത്തിനും കയ്യുംകണക്കുമുണ്ടായിരുന്നില്ല. ഒരു ദിവസം മുപ്പതു് അടിമകളെ അദ്ദേഹം മോചിപ്പിക്കുകയും, പരക്കെ കയറിയ എഴുനൂറു് ഒട്ടകങ്ങളെ അദ്ദേഹം പരക്കോടുകൂടി ധർമ്മം ചെയ്യുകയും ചെയ്തു. ഒരു ദിവസം തിരുമേനി ഒരു ധർമ്മവിഷയത്തിലേക്കു് അദ്ദേഹത്തിന്റെ ശ്രദ്ധ ക്ഷണിച്ചപ്പോൾ, സഅ്ദ് അദ്ദേഹത്തിന്റെ കൈമുതലായിരുന്ന എണ്ണായിരം വെള്ളിയിൽ നേർപകുതി അദ്ദേഹം ദാനംചെയ്തു. 'താങ്കൾ കൊടുത്തതിലും കൈവശം വെച്ചതിലും അല്ലാഹു അഭിവൃദ്ധിയുണ്ടാക്കട്ടെ' എന്നു് തിരുമേനി പ്രാർത്ഥിച്ചു. അനന്തരം ആ കൈമുതൽ വർദ്ധിച്ചു. അദ്ദേഹം നാല്പതിനായിരം വെള്ളി, നാല്പതിനായിരം പൊന്നു്, അഞ്ഞൂറു് കുതിര, അഞ്ഞൂറു് ഒട്ടകം എന്നിങ്ങനെ മുതലിന്റെ വർദ്ധനവിനൊത്തു് ദാനത്തിന്റെ തോതും വർദ്ധിപ്പിച്ചു.

തിരുമേനിയുടെ പ്രാർത്ഥനയുടെ ഫലമായി അബീസുഫിയാന്റെ പുത്രനായ മുആവിയാ (റ) വിനു് രാജ്യഭാരം ലഭിച്ച അബൂബക്കർ (റ) ഉമർ (റ) ഉസ്മാൻ (റ) എന്നിവരുടെ ഖിലാഫത്തുകാലത്തു് അവരുടെ അമീറായിരുന്ന ഇദ്ദേഹം. ശാമിൽ ഇദ്ദേഹം ഇരുപതുകൊല്ലം അമീറായിരുന്നിട്ടുണ്ടു്. അലി (ക. വ) അവർകളുടെ ഖിലാഫത്തിനുശേഷം ഹസൻ (റ) ഖിലാഫത്തിൽനിന്നു് മാറിനിന്നപ്പോഴാണ് ഇദ്ദേഹത്തിനു് ഖിലാഫത്തു് ലഭിച്ചതു്. അലി (ക. വ) വും ഇദ്ദേഹവും തമ്മിൽ ഒരു യുദ്ധമുണ്ടായി. നൂറിരുപതു് ദിവസം നീണ്ടുനിന്ന ആ യുദ്ധത്തിൽ പ്രസിദ്ധരായ പല സ

ഹാബിമാരടക്കം ഇരുഭാഗത്തുനിന്നും തൊണ്ണൂറായിരംപേർ ശഹീദായി. മുസ്‌ലിംകൾ തമ്മിൽ നടന്ന ഈ യുദ്ധത്തിൽ സംഭവിച്ച നഷ്ടം ഒരു അത്യാഹിതംതന്നെയാണെങ്കിലും, ഇരു ഭാഗക്കാരും ദീനിന്റെ ഗുണത്തിനുവേണ്ടി നടത്തിയ താകൊണ്ട് ആ യുദ്ധത്തിൽ ശഹീദായ എല്ലാവരും പ്രതിഫലത്തിനു് അർഹർതന്നെ. ഈ യുദ്ധത്തെപ്പറ്റി വിശകലനം നടത്തുകയൊ, അഭിപ്രായപ്രകടനം നടത്തുകയൊ ചെയ്യാതിരിക്കേണ്ടതു് ആവശ്യമാകുന്നു. ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്തു് ഈ യുദ്ധത്തെപ്പറ്റി പ്രതിപാദിക്കും. തിരുമേനിയുടെ സഹാബിമാരിൽ ആരെപ്പറ്റിയെങ്കിലും വല്ലവരും പഴി പറയുകയാണെങ്കിൽ അതു് അവരുടെ ഗുണത്തിന്നാവുകയില്ലെന്നു് ഹദീസുകൾ വ്യക്തമാക്കീട്ടുണ്ടു്. തിരുമേനി പറയുന്നു:- 'എന്റെ സഹാബിമാരിൽ പഴി ചാരുന്നവർ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ. എന്റെ ശേഷം നിങ്ങൾ അവരെ പഴിക്കു് വിധേയരാക്കാതിരിക്കുവീൻ. അവരിൽ വല്ലവരെയും വല്ലവരും പഴി പറഞ്ഞെങ്കിൽ ഇങ്ങനെ പറഞ്ഞവരുടെമേൽ അല്ലാഹുവിന്റെ മലക്കുകളുടെയും മനുഷ്യരുടെയും, ശാപം ഉണ്ടാകട്ടെ. അവരുടെ ഫർളായ അമലുകളെയൊ സുന്നത്തായ അമലുകളെയൊ അല്ലാഹു സ്വീകരിക്കുകയില്ല.' സഹാബിമാരെ പ്രശംസിച്ചുകൊണ്ടു് വിശുദ്ധ ഖുർആനിൽ പല ആയത്തുകളുണ്ടു്.

ഒരിക്കൽ സഅ്‌ദു് (റ) തിരുമേനിയോടു് ഇപ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി:- 'യാറസൂലല്ലാ; എന്റെ പ്രാർത്ഥനയ്ക്കു് ഉത്തരം നല്കുവാൻ തിരുമേനി അല്ലാഹുവോടു് പ്രാർത്ഥിച്ചാലും.' 'സഅ്‌ദേ, ഭക്ഷണം നന്നാക്കിയാൽ അല്ലാതെ പ്രാർത്ഥനക്കു് ഉത്തരം ലഭിക്കുകയില്ല' എന്നു് തിരുമേനി പ്രതിവചിച്ചു. 'എന്റെ ഭക്ഷണം നന്നാക്കുവാൻ തിരുമേനി പ്രാർത്ഥിക്കേണമേ' എന്നു് സഅ്‌ദു് (റ) വീണ്ടും അപേക്ഷിച്ചു. തിരുമേനി അങ്ങനെ പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ ഇംഗിതം ഫലവത്താക്കുകയും ചെയ്തു.

നിഗൂഢവാർത്തകൾ വെളിപ്പെടുത്തിയ മുഅ്‌ജിസത്തു്

ഹുദൈഫത്തുൽയമാൻ (റ) പറയുന്നു:- 'ലോകാവസാനംവരെ സംഭവിക്കുന്ന കാര്യങ്ങൾ തിരുമേനി നടത്തിയ ഖുത്തുബകളിലൂടെ ഞങ്ങൾക്കു് വെളിപ്പെടുത്തി തന്നിരിക്കുന്നു. ലോകാവസാനംവരെ ലോകത്തു ജനിക്കാനിരിക്കുന്ന മുന്നൂറിൽപരം അനർത്ഥകാരികളുടെ പേരുകളും അവർ ജനിക്കുന്ന കാലങ്ങളും അവരുടെ ഗോത്രങ്ങളും അസന്നിഗ്ധമായി തിരുമേനി ഞങ്ങൾക്കു് പറഞ്ഞുതന്നിരിക്കുന്നു.'

അബൂബർറു് (റ) പറയുന്നു:- 'ഒരു പക്ഷി അതിന്റെ ചിറകു് അനക്കിയെങ്കിൽ അതു് സംബന്ധമായ വിവരങ്ങൾ തിരുമേനി ഞങ്ങൾക്കു് പറഞ്ഞുതന്നിട്ടുണ്ടു്. എന്നിരിക്കേ, സാരമായ വിഷയങ്ങളെക്കുറിച്ചു് തിരുമേനി ഞങ്ങൾക്കു് പറഞ്ഞുതന്നു എന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലൊ.

ഇന്നതു് ഇന്നപ്പോൾ സംഭവിക്കും എന്നു് തിരുമേനി കാലേക്കൂട്ടി പ്രതിവചിക്കും. അതു സംഭവിച്ചാൽ ഇന്നപ്പോൾ ഞാൻ പറഞ്ഞിരുന്നല്ലോ എന്നു് തിരുമേനി ഞങ്ങളെ അനുസ്മരിപ്പിക്കും.

തമീമുദ്ദാരി (റ) ഇസ്‌ലാംമതം വിശ്വസിച്ചപ്പോൾ, ബൈതുൽമുഖദ്ദിസു് മുസ്‌ലിംകൾ കയ്യടക്കുമെന്നും കയ്യടക്കിക്കഴിഞ്ഞാൽ അവിടെ ഒരു നിലം താങ്കൾക്കു് തരുമെന്നും തിരുമേനി അദ്ദേഹത്തോടു പറയുകയുണ്ടായി. ഹിജ്‌റ പതിനാറാംവർഷത്തിൽ ഉമർ (റ) ബൈതുൽമുഖദ്ദിസു് കീഴടക്കുകയും അദ്ദേഹത്തിനു്

ഒരു നിലം അവിടെ കൊടുക്കുകയും ചെയ്തു.

ശാം, യമൻ, ഇറാഖ് ഈ രാജ്യങ്ങളും മുസ്‌ലിംകളും കീഴടക്കുമെന്നും ഖൈബർ അലി (ക. വ) ന്റെ കയ്യാൽ കീഴടക്കപ്പെടുമെന്നും തിരുമേനി മുൻകൂട്ടിപ്പറയുകയും അവ സംഭവിക്കുകയും ചെയ്തു. കിസ്രായുടെയും ഖൈസറിന്റെയും ഖജനാവുകൾ കൊള്ളചെയ്യപ്പെടുമെന്ന് തിരുമേനി പ്രതിവചിച്ചു. ഉമർ (റ) വിന്റെ കാലത്തും അതിനുശേഷമായും അതു സംഭവിച്ചു

തിരുമേനിയുടെ അനുയായികൾക്ക് ഉണ്ടാവാൻ ഇരിക്കുന്ന ജയങ്ങളെയും പരാജയങ്ങളെയുംകുറിച്ച് തിരുമേനി പ്രവചിക്കുകയുണ്ടായി. 'എന്റെ ഉമ്മത്തികളിൽ എന്നെ ജനതയെഴുപത്തിമൂന്ന് കക്ഷികളായിപ്പിരിയും; അവരിൽ ഒരു കക്ഷി മാത്രം എന്റെയും എന്റെ സഹാബികളുടെയും നടപ്പുകളെ പിൻതുടരും; അവർ വിജയികളായിരിക്കും' എന്നു തിരുമേനി അരുളിയിരിക്കുന്നു. അതു സംഭവിച്ചുകഴിഞ്ഞു. 'എന്റെ ഉമ്മത്തികളായ ആ ജനസമുദായം ദാരിദ്ര്യത്തിൽനിന്ന് സമ്പന്നതയിലേക്ക് നീങ്ങുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ ദുർവിനിയോഗം ചെയ്യുകയും ചെയ്യും. മനോഹരമായ മണിമാളികകളും അവർ നിർമ്മിക്കും; മൃദുത്വവും ഭംഗിയുമുള്ള ഉടുപ്പുകളും അവർ ധരിക്കും; അത്യുത്തമകരമായ മെത്തകളിൽ അവർ കിടക്കും. അവർ രാവിലെയും വൈകുന്നേരവും വസ്ത്രങ്ങൾ മാറിമാറിക്കൊണ്ടിരിക്കും. കരുണ ഇത്തെ കില്ലയാൽ എന്നപോലെ, വീട്ടിന്റെ ചുവരുകളെ അലങ്കാരംകൊണ്ട് അവർ മറക്കും.' എന്നിപ്രകാരം തിരുമേനി അരുളിയതായി ജാബിർ (റ) വിനെ തൊട്ട് ബുഖാരി (റ) രേഖപ്പെടുത്തിയിരിക്കുന്നു.

ഇബ്നുഉമർ (റ) പറയുന്നു:- 'തിരുമേനിയുടെ ഉമ്മത്തികൾ അവരുടെ ആചാരനടപടികളിൽ അലങ്കാരഭ്രമം പുലർത്തുകയും പേർഷ്യ, റോം തുടങ്ങിയ നാടുകളിലെ സ്ത്രീകൾ അവരെ പരിചരിക്കുകയും ചെയ്യുന്ന കാലം വരും. അന്ന് അല്ലാഹു അവരിൽ മത്സരവും യുദ്ധവും ഉണ്ടാക്കിത്തീർക്കും.' എന്നു തിരുമേനി അരുളുകയുണ്ടായി. തിരുമേനി അരുളി:- 'എന്റെ അനുയായികളിൽ ഉസ്മാനിബിനു അഫ്ഫാൻ (റ) ന്റെ കൊലയോടുകൂടി സ്ഫർദ്ധ ആരംഭിക്കുകയും ദജ്ജാലിന്റെ വരവോടുകൂടി അതു അന്ത്യപ്രകടനം നടത്തുകയും ചെയ്യും.'

തിരുമേനി (സ) യുടെ മുഖലാവണ്യം

തിരുമേനിയുടെ രൂപലാവണ്യത്തിനു സമമായ വസ്തുക്കൾ ലോകത്തു ഉണ്ടായിട്ടില്ല. ഉജ്ജ്വലതയിൽ സൂര്യനോ, പ്രകാശത്തിൽ ചന്ദ്രനോ തിരുമേനിയുടെ മുഖത്തിനു തുല്യങ്ങളല്ല. ആകാരത്തിൽ അതു പൂർണ്ണചന്ദ്രനെ വെല്ലുകയുണ്ടായി. എല്ലാ പ്രകാശങ്ങൾക്കും മനോഹാരിതകൾക്കും ആധാരം തിരുമേനിയുടെ പ്രകാശവും മനോഹാരിതയും ആകകൊണ്ട്, തിരുമേനിയുടെ മുഖലാവണ്യത്തെ മറെറാന്നിനോടു ഉപമിച്ചുകൊണ്ടു വർണ്ണിക്കുവാൻ പ്രയാസമാണ് ഒരു കവി പാടുകയുണ്ടായി. 'പകലുകൾ തിരുമേനിയുടെ അഴകാകുന്ന സൂര്യനാൽ പ്രകാശിക്കുന്നു. ഇരുളാർന്ന രാത്രികൾ തിരുമേനിയുടെ മുഖമാകുന്ന ചന്ദ്രനാൽ പ്രോജ്ജ്വലിതമാകുന്നു.' തിരുമേനിയുടെ മുഖം വട്ടമൊത്തതോ ദീർഘവൃത്തത്തിലുള്ളതോ അല്ലാത്ത, ആ രണ്ടു ആകൃതിക്കും ഇടയിലുള്ള ആകൃതിയോടുകൂടിയതായിരുന്നു. ജാബിറിബ്നു സമുറ (റ) പറയുന്നു:- 'ചന്ദ്രികാച്ഛവിതമായ ഒരു രാത്രിയിൽ ഞാൻ ചന്ദ്രനെയും തിരുമേനിയുടെ മുഖത്തെയും മാറി മാറി നോക്കുകയും, ചന്ദ്രൻ തിരുമേനിയുടെ മുഖപ്രതിഛയുടെ

മുമ്പിൽ മങ്ങിയതായി ഞാൻ കാണുകയുമുണ്ടായി.' ആഇശാ (റ) പറയുന്നു:_ 'തിരുമേനിക്ക് സന്തോഷമുണ്ടാകുന്ന അവസരങ്ങളിൽ നെറ്റിത്തടത്തിലെ രേഖകൾ പ്രോജ്ജ്വലിക്കാറുണ്ടായിരുന്നു. സഹാബിമാരിൽ അവസാനമായി ഇഹലോകവാസം വെടിഞ്ഞ മഹാനാണ് ആമിറിബ്നുവാസിലത്തുബ്നുൽഅസ്ഖഅ (റ). ഹിജ്റ നൂറാംവർഷത്തിലാണ് അദ്ദേഹം ചരമഗതിയടഞ്ഞത്. 'തിരുമേനിയുടെ സഹാബികളിൽ ഞാനല്ലാതെ മറ്റൊരാളും ഇന്ന് ഭൂമുഖത്ത് ജീവിച്ചിരിക്കുന്നില്ല' എന്നാണ് അന്തിമവേളയിൽ അദ്ദേഹം പറയുകയുണ്ടായി. തിരുമേനിയുടെ രൂപലാവണ്യം വർണ്ണിച്ചുകൊടുപ്പാൻ അദ്ദേഹത്തിന്റെ മിത്രങ്ങൾ അദ്ദേഹത്തോടാവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു:_ 'തിരുമേനി (സ) വെളുത്തനിറത്തിൽ സുമുഖനായിരുന്നു. ആ ലാവണ്യത്തെ ഉപമിക്കത്തക്ക മറ്റൊന്നും ഞാൻ കണ്ടിട്ടില്ല.' ഹസൻ (റ) അദ്ദേഹത്തിന്റെ മാതൃസഹോദരനായ ഹിന്ദിബ്നു ഹാലത്ത് (റ) വോട് തിരുമേനിയുടെ രൂപം വർണ്ണിക്കുവാൻ ആവശ്യപ്പെട്ടു. തിരുമേനിയെ വർണ്ണിക്കുന്നതിൽ വിശ്രുതനായിരുന്നു അദ്ദേഹം. അദ്ദേഹം പറഞ്ഞു:_ 'പ്രഭവത്തിൽ ഉന്നതനായിരുന്ന തിരുമേനി (സ) ഹൃദയരഹസ്യങ്ങൾ അറിയുന്നതിലും ഗ്രഹ്യമായവ കാണുന്നതിലും പ്രഗൽഭനായിരുന്നു. പൂർണ്ണചന്ദ്രൻ ചന്ദ്രികാവീശുന്ന രാത്രികളിൽ ചന്ദ്രികയെ വെല്ലുംപൊന്തു തിരുമേനിയുടെ മുഖം പ്രകാശിച്ചിരുന്നു.' ഇബ്നുൽഅസീർ (റ) പറയുന്നു:_ 'തിരുമേനിക്ക് സന്തോഷമുണ്ടാകുമ്പോൾ മുഖം കണ്ണാടിപോലെ പ്രകാശിച്ചു. ആ മുഖത്തിന്നഭിമുഖമായിരിക്കുന്ന വസ്തുക്കൾ കണ്ണാടിയിലെന്നപോലെ ആ മുഖത്ത് പ്രതിബിംബിച്ചു' തിരുമേനിയുടെ മുഖലാവണ്യത്തെ വർണ്ണിച്ചുകൊണ്ട് അനേകായിരം മഹാകവികൾ അനേകായിരം കാവ്യങ്ങൾ എഴുതീട്ടുണ്ടെങ്കിലും, ആ ലാവണ്യത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് കടന്നുചെല്ലുവാൻ തങ്ങളുടെ ഭാവനകൾക്കോ, ഭാവനകളെ അവതരിപ്പിക്കുവാൻ തങ്ങളുടെ രചനാ ശക്തിക്കോ കഴിഞ്ഞിട്ടില്ലെന്ന് അവരെല്ലാവരും പ്രസ്താവിച്ചു.

തിരുമേനി (സ) യുടെ നയനപ്രഭാവം

'തങ്കളുടെ കാഴ്ച തെറ്റീട്ടില്ല, പിഴച്ചിട്ടുമില്ല.' എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഒരു സൃഷ്ടിക്കും കണ്ടു ഗ്രഹിപ്പാൻ കഴിയാത്തവിധത്തിലുള്ള നിരവധി ദൃശ്യങ്ങൾ മിഅ്റാജിന്റെ രാത്രിയിൽ തിരുമേനി കാണുകയും ആ കാഴ്ചകളെല്ലാം തിരുമേനി നല്ലവണ്ണം നോക്കിമനസ്സിലാക്കുകയും ചെയ്തു. പകലിന്റെ പ്രകാശത്തിലും രാത്രിയുടെ കൂരിരുട്ടിലും തിരുമേനിയുടെ കാഴ്ചക്ക് വ്യത്യാസമുണ്ടായിരുന്നില്ല. അടുത്തും അകലെയും ഉള്ള സാധനങ്ങളെ ഒരേ നിലയിൽ കാണുവാൻ തിരുമേനിയുടെ നയനപ്രഭാവത്തിന് സാധിച്ചിരുന്നു.

'ഞാൻ നിങ്ങളെ എന്റെ പിൻഭാഗത്തും കാണുന്നു' എന്നർത്ഥമുള്ള ഹദീസ്, തിരുമേനിക്ക്, മുമ്പിലുള്ള വസ്തുക്കളെ എന്നപോലെ പിൻഭാഗത്തുള്ള വസ്തുക്കളെയും കാണുവാൻ കഴിയുമെന്നു വ്യക്തമാക്കുന്നു. ഈ ലോകത്തുവെച്ചുതന്നെ അല്ലാഹുവിനെ കാണുവാൻ ഒരവസരം നല്കിക്കൊണ്ട് തിരുമേനിയുടെ കാഴ്ചയെ അല്ലാഹു പ്രത്യേകം ഉന്നതമാക്കിയിരിക്കുന്നു സൂര്യൻ എന്ന നക്ഷത്രഗണത്തിൽ പെടുന്നുണ്ട് നക്ഷത്രങ്ങളായിരിക്കുന്നു. അവയിൽ ഒരുപതിനായിരം നക്ഷത്രങ്ങളെ കാണുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല. തിരുമേനി ആ പതിനായിരം നക്ഷത്രങ്ങളെയും വകതിരിച്ച് എണ്ണുകയുണ്ടായി. മലക്കുകളെയും ജിന്നുകളെയും പിശാചുക്കളെയും തിരുമേനി കാണാറുണ്ടായിരുന്നു. തനതായ രൂപത്തിൽ ജിബ്രീൽ എന്ന മലക്കി

നെ തിരുമേനിയല്ലാതെ മറെറാരു നബിയും കണ്ടിട്ടില്ല. തിരുമേനി ജിബ്‌രീലിനെ തനിരൂപത്തിൽ രണ്ടുതവണ കാണുകയുണ്ടായി. മക്കത്തിരുന്നുകൊണ്ട്, ഖുറൈശികൾക്ക് ബൈതുൽമുഖദ്ദിസിന്റെ രൂപം തിരുമേനി വർണ്ണിച്ചുകൊടുത്തപ്പോൾ തിരുമേനി ബൈതുൽ മുഖദ്ദിസ് കണ്ണുകൊണ്ട് കാണുകയുണ്ടായി. മദീനയിൽ പള്ളിപണിയുന്ന സന്ദർഭത്തിൽ മദീനയിൽ ഇരുന്നുകൊണ്ട്, തിരുമേനി കഅ്ബയെക്കണ്ടു. തിരുമേനി ഒളിച്ചുനോക്കുകയൊ കഴുത്ത് മാത്രംതിരിച്ച് പിന്നോട്ട് നോക്കുകയൊ ചെയ്തിരുന്നില്ല. തിരിഞ്ഞുനോക്കേണ്ടിവരുമ്പോൾ ശരീരം ആകെ തിരിഞ്ഞുകൊണ്ടാണ് തിരുമേനി നോക്കിയിരുന്നത്. ഖന്ദഖിൽനിന്നും മറ്റും അനേക നാട്ടകാര്യം തിരുമേനി കാണുകയുണ്ടായി. ഖന്ദഖ് യുദ്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന സന്ദർഭത്തിൽ ഈ സംഗതി വിവരിക്കും.

ശ്രവണപ്രഭാവം

'നിങ്ങൾ കാണാത്തതിനെ ഞാൻ കാണുകയും നിങ്ങൾ കേൾക്കാത്തതിനെ ഞാൻ കേൾക്കുകയും ചെയ്യുന്നു' എന്നു തിരുമേനി അരുളിയിരിക്കുന്നു. ആകാശത്തിൽനിന്നു മലക്കുകൾ സംസാരിക്കുന്ന ശബ്ദം തിരുമേനി കേട്ടിട്ടുണ്ടെന്നു ഹദീസുകൾ വ്യക്തമാക്കിയിരിക്കുന്നു. എന്നിരിക്കേ, ലോകത്തിലെ ശബ്ദങ്ങൾ തിരുമേനി കേട്ട എന്നുള്ളതിൽ സംശയിപ്പാനില്ലല്ലൊ. ഒരു സാധനത്തെ കാണേണമെന്നു തിരുമേനി ഉദ്ദേശിച്ചാൽ അതു എത്ര അടുത്തുള്ളതായാലും അകലത്തുള്ളതായാലും ശരി, തിരുമേനിക്ക് കാണുവാൻ കഴിവുണ്ട്. തിരുമേനിയുടെ ശ്രവണപ്രഭാവത്തെ സംബന്ധിച്ച നിലയും ഇതുതന്നെ.

നെറ്റിത്തടവും ചെന്നികളും

തിരുമേനിയുടെ നെറ്റിത്തടവും ചെന്നികളും വിശാലവും പ്രോജ്ജ്വലവുമായിരുന്നു. മുമ്പുണ്ടായവരിലും ഇനി ഉണ്ടാവാൻ ഇരിക്കുന്നവരിലും തിരുമേനിയോളം അഴകുറ്റ ഒരാളും ഉണ്ടായിട്ടില്ലെന്നും ഉണ്ടാവുകയില്ലെന്നും ഹസ്സാൻ (റ) ഒരു പദ്യത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. ആഇശാബീ (റ) യുടെ ഒരു പദ്യശകലത്തിന്റെ സാരം ഇവിടെ ഉദ്ധരിക്കുന്നു: 'മിസ്‌റിലെ കച്ചവടക്കാർ യൂസുഫ് നബിയുടെ സൌന്ദര്യത്തിനു വില നിർണ്ണയിക്കുവാൻ മത്സരത്തിൽ ഏർപ്പെട്ട കാലത്തു, തിരുമേനിയുടെ കവിളിന്റെ പ്രകാശം അവർ കണ്ടിരുന്നുവെങ്കിൽ യൂസുഫ് നബിയുടെ സൌന്ദര്യത്തിനു വില കയറുവാൻ അവർ ഒരുങ്ങുമായിരുന്നില്ല. യൂസുഫ് നബിയുടെ സൌന്ദര്യത്താൽ ആകൃഷ്ടരായ സുലൈഖാബീയുടെ തോഴിമാരുടെ കൈവിരലുകൾക്ക് മുറിയേറ്റകാലത്തു', അവർ തിരുമേനിയുടെ നെറ്റിത്തടം കണ്ടിരുന്നെങ്കിൽ അവരുടെ ഹൃദയങ്ങൾക്ക് ക്ഷതമേല്ക്കുമായിരുന്നു.'

വചനപ്രഭാവം

രസനാ സ്വാധീനവും വാചകവ്യക്തതയും അർത്ഥഗാഭീര്യവും സ്വരമാധുരിയും തിരുമേനിയുടെ മാത്രമായ പ്രത്യേകതകളായിരുന്നു. അർത്ഥപുഷ്ടിയുള്ള വാക്കുകൾ സുന്ദരമായ വാചകത്തിൽ ഘടിപ്പിച്ച് ഫലിതരസം പൂശി മധുരമായ സ്വരത്തിൽ ഉച്ചരിക്കുവാൻ തിരുമേനിക്ക സാധിച്ചതുപോലെ ഭൂമുഖത്തു മറെറാരാൾക്കും സാധിച്ചിട്ടില്ല. ഹദീസ് എന്ന തിരുവചനങ്ങളിലുള്ള പദങ്ങളുടെ അർത്ഥങ്ങൾ പൂർണ്ണമായി ഗ്രഹിക്കുവാനോ ആ വചനങ്ങളുടെ ഗൂഢാർത്ഥങ്ങളും ഭാവാർത്ഥങ്ങളും പൂർണ്ണമായി മനസ്സിലാക്കുവാനോ മനുഷ്യന്റെ ബുദ്ധിശക്തി പര്യാപ്തമല്ല അല്ലാഹുവിന്റെ വചനത്താൽ ധന്യമായ കായ്കളല്ലാതെ തിരുമേനി സംസാരിച്ചിട്ടില്ല. അനുവാചകനു വ്യക്തമായി മനസ്സിലാക്കത്തക്ക നിലയിലല്ലാതെ തിരുമേനി സംസാരിച്ചിട്ടില്ല.

തിരുമേനിയുടെ ഭാഷ വ്യാകരണനിയമത്താലും അലങ്കാരഭംഗിയാലും സമ്പൂർണ്ണമത്രെ. അന്യ ഭാഷയിൽ വല്ലവരും തിരുമേനിയോട് സംസാരിച്ചാൽ അതേഭാഷയിൽ സാഹിത്യമാധുരിയോടുകൂടി തിരുമേനി മറുപടി പറയും. ശ്രോതാക്കൾ വ്യക്തമായി മനസ്സിലാക്കുന്നതിനു വേണ്ടി, ഗഹനമായ വിഷയങ്ങളെപ്പറ്റി സംസാരിക്കുമ്പോൾ മുഖ്യപ്രധാനമായ വാചകങ്ങൾ രണ്ടും മൂന്നും തവണ തിരുമേനി ആവർത്തിക്കാറുണ്ടായിരുന്നു. തിരുമേനി സാധാരണ ശബ്ദത്തിൽ സംസാരിച്ചാൽ, മറ്റുള്ളവർ അതുച്ചത്തിൽ സംസാരിച്ചാൽ എന്നപോലെ അകലെയുള്ളവർക്കും കേൾപ്പാൻ സാധിച്ചിരുന്നു. അബൂതാലിബിന്റെ മകളായ ഉമ്മുഹാനി (റ) പറയുന്നു:- 'രാത്രി കാലങ്ങളിൽ തിരുമേനി കഅ്ബത്തിൽനിന്നു് ഓതുന്നതു് ഞങ്ങൾ ഞങ്ങളുടെ വീട്ടിനകത്തു് കിടന്നുകൊണ്ടു് കേൾക്കുക പതിവായിരുന്നു'.

മന്ദഹാസം

'തിരുമേനി പുഞ്ചിരിച്ചതല്ലാതെ വായ്തുറന്നു് ചിരിച്ചതായി ഒരിക്കലും ഞാൻ കണ്ടിട്ടില്ല' എന്നു് ആഇശാ (റ) പറയുന്നു. തിരുമേനിയുടെ അണപ്പല്ലു് വെളിവാകത്തക്കവിധം തിരുമേനി വാപിളർന്നു ചിരിച്ചതു ഞാൻ കണ്ടു' എന്നു് അബൂഹുറൈറ (റ) പറയുന്നു. അധികപക്ഷവും തിരുമേനി മന്ദഹസിക്കുകയാണു് ചെയ്തിരുന്നതു്'' എന്നു് ഇബ്നുഅബീഹാലത്തു് (റ) പറയുന്നു. 'സഹാബിമാരുടെ വാക്കുകളിൽനിന്നു് സിദ്ധിക്കുന്നതു് തിരുമേനി അധികപക്ഷവും പുഞ്ചിരിക്കുകയാണു് ചെയ്തിട്ടുള്ളതു് എന്നും സൂക്ഷ്മലഭ്യം വേളകളിൽ വായതുറന്നു് ചിരിച്ചിട്ടുണ്ടെന്നും, എന്നാൽ ഒരിക്കലും പൊട്ടിച്ചിരിച്ചിട്ടില്ലെന്നും' ആണെന്നു് ഇബ്നുഹജർ (റ) പറയുന്നു. നമ്മെ സംബന്ധിച്ചേടത്തോളം എപ്പോഴും പുഞ്ചിരി തൂകുവുന്നതാണു്. എപ്പോഴും വായ്തുറന്നു് ചിരിക്കുന്നപക്ഷം ഹൃദയത്തിന്റെ പ്രകാശം നീങ്ങിപ്പോകുമെന്നു് തിരുമേനി അരുളീട്ടുണ്ടു്. ആകയാൽ ധാരാളമായി വായ്തുറന്നു് ചിരിക്കുക എന്നതു് മക്കറഹ് ആകുന്നു. ഒരിക്കലും പൊട്ടിച്ചിരിക്കാൻ പാടില്ലെന്നു് പറയേണ്ടതില്ലല്ലൊ.

വിലപനം

തിരുമേനി (സ) അല്ലാഹുവിനെ ഭയന്നും ഉമ്മത്തിമാരുടെ ഭാവിയെ ഭയന്നും, മരിച്ചവരിൽ കൂപ്പുക്കായി ഇരന്നും, ഖുർആൻ ഓതുമ്പോൾ അതിന്റെ ഗ്രഥാർത്ഥങ്ങളിലേക്കു് ഇറങ്ങിച്ചെന്നും, ചിലപ്പോൾ നിസ്കാരത്തിൽ നിഷ്ഠനായിരിക്കുമ്പോഴും കരയാറുണ്ടായിരുന്നു. പക്ഷെ ഹൃദയംനൊന്തു് അശ്രുധാരയൊഴിക്കുകയല്ലാതെ ശബ്ദമുണ്ടാക്കിക്കൊണ്ടു് തിരുമേനി ഒരിക്കലും കരഞ്ഞിട്ടില്ല. തിരുമേനി കോട്ടുവാ വിടുകയൊ ഏമ്പലിടുകയൊ ചെയ്തിട്ടില്ല. തിരുമേനി തുമ്മാറുണ്ടായിരുന്നു. അതു് തിരുമേനിക്കു് ആശ്വാസപ്രദവുമായിരുന്നു.

ബാഹ്യകായം

തിരുമേനിയുടെ ബാഹ്യകായം പുഷ്ടിയും ഉറപ്പും ഉള്ളവയായിരുന്നു. രണ്ടു ഉള്ളംകൈകളും വിസ്തൃതങ്ങളും വിരലുകൾ ദീർഘങ്ങളുമായിരുന്നു. കൈകൾ ഹിമകണത്തോളം കുളുമ്മയും കസ്തൂരിയേക്കാൾ സുഗന്ധപൂർണ്ണവുമായിരുന്നു. 'ദുഹൈമുൻ' എന്നു് അലി (ക. വ), ഇബ്നുഅബീഹാലത്തു് (റ) എന്നിവർ തിരുമേനിയെ വിശേഷിപ്പിച്ചിരിക്കുന്നു. മൂറ്റുള്ള മണിബന്ധത്തോടും എല്ലുകളോടുംകൂടിയ കൈകൾ എന്നർത്ഥത്തിലാണു് അവർ ഈ വിശേഷണം നല്കീട്ടുള്ളതു്. തിരുമേനിയുടെ മുൻകൈ പല മുഅ്ജിസത്തുകൾക്കും നിദാനമായിരുന്നിട്ടുണ്ടു്. 'ഞാൻ തിരുമേനിയുടെ കൈപിടിച്ചു് അഭിവാദ്യം ചെയ്തു; അന്നു് എന്റെ കൈക്കുണ്ടായ സുഗന്ധം ഇന്നും അവശേ

ഷിക്കുന്നു' എന്നു് വാഇളിബിനുഹജർ (റ) പറയുന്നു. 'ഞാൻ തിരുമേനിയുടെ കൈപിടിച്ചുമ്പംബിച്ചു; അപ്പോൾ ആ കൈക്കു് ഹിമകണത്തേക്കാൾ ശീതളിമയും അസാധാരണമായ സുഗന്ധവും ഉള്ളതായി എനിക്കു് അനുഭവപ്പെട്ടു' എന്നു് യസീദിബിനുൽ അസ്‌വദ്‌ (റ) പറയുന്നു. തിരുമേനിയുടെ കൈകൾക്കുള്ള മാർദ്ദവത്തോടു് കിടപിടിക്കുന്ന ഒരു പട്ടുവസ്തുവും ഞാൻ കണ്ടിട്ടില്ല. ആ കൈകളുടെ സുഗന്ധത്തെ അതിജീവിക്കുന്ന ഒരു സുഗന്ധദ്രവ്യവും ഞാൻ കണ്ടിട്ടില്ല' എന്നു് അനസിബ്നുമാലിക്കു് (റ) പ്രസ്താവിക്കുന്നു. 'ഞാൻ രോഗത്തിലായിരിക്കുമ്പോൾ എന്നെ കാണുവാനായി തിരുമേനി എന്റെ വീട്ടിൽ വന്നു. എന്റെ നെറ്റിയും മുഖവും നെഞ്ചും വയറും തുക്കയ്യാൽ തടവി. അതോടുകൂടി എന്റെ രോഗം സുഖപ്പെടുകയും എന്റെ ഹൃദയത്തിനു് ആശ്വാസം ലഭിക്കുകയും ചെയ്തു'. എന്നു് സഅ്ദിബ്നുഅബീവഖ്ഖാസ്‌ (റ) പ്രസ്താവിച്ചിരിക്കുന്നു.

തിരുഹൃദയം

തിരുമേനിയുടെ ഹൃദയത്തിന്റെ നിലപാടുകളെക്കുറിച്ചു് ഊഹിപ്പാൻപോലും മനുഷ്യൻ ശക്തനല്ല. മറാക്കും വെളിപ്പെടുത്തിക്കൊടുക്കാത്ത രഹസ്യങ്ങളെ സൂക്ഷിപ്പാനുള്ള ഭവനമായി അല്ലാഹു സൃഷ്ടിച്ചതാണു്, തിരുമേനിയുടെ ഹൃദയം. മാത്രമല്ല തിരുമേനിയുടെ മഹത്വത്തെ ഉന്നതമാക്കുന്നതിനായി ആ ഹൃദയംതുറന്നു് മനുഷ്യാംശങ്ങളെ നീക്കി ശുദ്ധീകരിച്ചു് ഇലാഹിയ്യായ ഹിക്മത്തും എന്ന ഒളിവും നാലുതവണ തിരുമേനിയുടെ ഹൃദയത്തിൽ നിറക്കപ്പെടുകയും ചെയ്തിട്ടുണ്ടു്. അഞ്ചുതവണ ആ ശുദ്ധീകരണം നടന്നിട്ടുണ്ടെന്നും പറയപ്പെട്ടിട്ടുണ്ടു്. ഹലീമാബീയുടെ രക്ഷയിലായിരുന്നകാലത്തു് രണ്ടുതവണ അതു സംഭവിച്ചു. പത്താമത്തെ വയസ്സിൽ മൂന്നാമത്തെ തവണയും അതു സംഭവിച്ചു. നാലാമതു് നുബുവ്വത്തിന്റെ സന്ദർഭത്തിലു്, അഞ്ചാമതു് മിഅ്റാജിന്റെ സന്ദർഭത്തിലും, അതു സംഭവിച്ചുവെന്നാണു് പറയപ്പെട്ടിട്ടുള്ളതു്. 'നാം താങ്കളുടെ ഹൃദയത്തെ വിശാലമാക്കിത്തന്നില്ലയൊ' എന്നു് അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നു. വിശാലമാക്കുക എന്ന പദം ദൂരവ്യാപകമായ അർത്ഥങ്ങളെ ഉൾക്കൊണ്ടിട്ടുണ്ടു്. 'റബ്ബേ, എന്റെ ഹൃദയത്തെ നീ വിശാലമാക്കിത്തരേണമേ' എന്നു് പ്രാർത്ഥിച്ച ഹൃദയമാണു് മൂസാനബി (അ) നു ഉണ്ടായിരുന്നതു്. എന്നാൽ 'നാം താങ്കൾക്കു് വിശാലമാക്കിത്തന്നു' എന്നു അല്ലാഹു പ്രഖ്യാപിച്ച ഹൃദയമാണു് തിരുമേനിയുടേതു്. അതിനു തുല്യമായ ഒരു ഹൃദയം മനുഷ്യരിൽ അയക്കപ്പെട്ട നബിമാരിലൊ മറേറതെങ്കിലും സൃഷ്ടിയിലൊ ഉണ്ടായിട്ടില്ല.

സംയോഗം_ഭാര്യാഗമനം

ഊഴമനുസരിച്ചു് തിരുമേനി ഓരോ ഭാര്യയോടൊപ്പം താമസിക്കുകയും ഭാര്യാഗമനം നടത്തുകയും പതിവായിരുന്നു.

ഇബ്നുൽ അറബി (റ) പറയുന്നു:_ 'തിരുമേനിക്കു് ഇതുയധികം യൗവ്വനം ഉണ്ടായിട്ടും വളരെ ലഘുവായ ഭക്ഷണം മാത്രമെ_അല്പാഹാരം മാത്രമെ തിരുമേനി കഴിച്ചിരുന്നുള്ളു.' അനസു് (റ) വിനെ തൊട്ടു് ഇബ്നുസ്സുന്നു (റ) പറയുന്നു:_ 'തിരുമേനി ഒരു രാത്രിയിൽ ഒമ്പതു് ഭാര്യമാരെ പ്രാപിച്ചിരുന്നു.'

തിരുമേനിക്കു് പല ഭാര്യമാരുണ്ടായിരുന്നു. അവരെ വിവാഹമോചനം ചെയ്യുവാനൊ മറൊരാൾക്കു് വിവാഹം കഴിപ്പാനൊ പാടില്ലായിരുന്നു, തന്മൂലം അവരെയെല്ലാം ഭർത്താവെന്ന നിലക്കു് തൃപ്തിപ്പെടുത്തേണ്ട ചുമതല തിരുമേനിക്കുണ്ടായി. സമൃദ്ധമായ യൗവ്വനശക്തി തിരുമേനിക്കു് നല്കപ്പെട്ടതി

ന്റെ രഹസ്യം അതാകുന്നു. ഇബ്‌നുഅബ്ബാസ് (റ) പറയുന്നു:_ 'തിരുമേനിക്ക് ഒരിക്കലും സപ്ലസ്ഘലനം ഉണ്ടായിട്ടില്ല.' ഈ വിഷയത്തിൽ മറ്റു നബിമാരുടെ നിലയും ഇതുതന്നെ.

പാദങ്ങളും നിൽപ്പും നടത്തവും

തിരുമേനിയുടെ പാദങ്ങൾ കെട്ടുറപ്പും ഭംഗിയും ഉള്ളവയായിരുന്നു. ചെരിപ്പടിക്കാലിനും വിരലുകൾക്കും ഉള്ള അകലവും നീളവും ഏറ്റക്കുറച്ചലില്ലാതെ ഒത്ത നിലയിലുള്ളതായിരുന്നു. പുറംകാലും മടമ്പും അതിമാംസളമല്ലായിരുന്നു. കാലിന്റെ പെരുവിരൽ മറ്റു വിരലുകളെ അപേക്ഷിച്ച് നീളം കൂടിയവയായിരുന്നു. തിരുമേനിയുടെ ശരീരം ആകമാനം തന്നെ നീണ്ടതെന്നോ കുറിയതെന്നോ പറയാവതല്ലാത്ത വിധത്തിൽ ഒത്ത വണ്ണത്തോടുകൂടിയതായിരുന്നു. പക്ഷെ, ആളുകളുടെ ഇടയിലായിരിക്കുമ്പോൾ തിരുമേനിയുടെ തല മറ്റുള്ളവരെക്കാൾ ഉയർന്നുകാണുക എന്നതു് തിരുമേനിയുടെ ഒരു മുഅ്ജിസത്താണെന്നു് മുമ്പു് പ്രസ്താവിച്ചിട്ടുണ്ടു്. തിരുമേനി മറ്റുള്ളവർക്കിടയിൽ ഇരിക്കുമ്പോഴുള്ള നിലയും ഇതുതന്നെ.

അബൂഹുറൈറ (റ) പറയുന്നു:_ 'തിരുമേനിക്കു് തുല്യമായി സൗന്ദര്യമുള്ള ഒരു വസ്തുവിനെയും ഞാൻ കണ്ടിട്ടില്ല. തിരുമേനിയുടെ നടത്തംപോലെ ശീഘ്രതരമായ നടത്തവും ഞാൻ കണ്ടിട്ടില്ല. തിരുമേനി നടക്കുമ്പോൾ ഭൂമി ചുരുണ്ടുകൂടും. തിരുമേനിയോടൊപ്പം നടക്കുവാൻ ഞങ്ങൾ പരമാവധി യത്നിക്കും. അതു് ഗൌനിക്കാതെ തിരുമേനി അവിടുത്തെ സാധാരണ ഗതിയിൽ നടക്കും. തിരുമേനിയുടെ സാധാരണ നടത്തം മറ്റുള്ളവരുടെ അതിവേഗത്തിലുള്ള നടത്തത്തേക്കാൾ വേഗം കൂടിയതായിരുന്നു.' അലി (ക. വ) പറയുന്നു_ 'ഉയർന്ന സ്ഥലത്തുനിന്നു് താഴോട്ടിറങ്ങുംപോലെ, അല്പം മുമ്പോട്ടു ചാഞ്ഞു് വേഗത്തിലുള്ള തായിരുന്ന തിരുമേനിയുടെ നടത്തം. ശരീരം മുമ്പോട്ടോ പിമ്പോട്ടോ ആഞ്ഞുകൊണ്ടോ ഉലച്ചുകൊണ്ടോ, ആഞ്ഞുവലിഞ്ഞു് തിരുമേനി നടക്കാറില്ല. വേഗത്തിൽ, എടുത്തുചാട്ടത്തോടുകൂടിയ നടത്തവും തിരുമേനി നടക്കാറില്ല. നടത്തത്തിനു് ചന്തംകൂട്ടുവാനുള്ള യാതൊന്നും തിരുമേനി നടത്തത്തിൽ സ്വീകരിക്കാറില്ല. തിരുമേനിയുടെ നടത്തത്തിൽ ധൃതിയോ വിളംബമൊ ഉണ്ടാവാറില്ല. സഹാബിമാരെ മുമ്പിൽ നടത്തിക്കൊണ്ടു് അവരുടെ പിന്നിലായും തിരുമേനി നടക്കാറുണ്ടു്. സൂര്യപ്രകാശത്തിലൊ ചന്ദ്രപ്രകാശത്തിലൊ തിരുമേനിക്കു് നിഴൽ ഉണ്ടായിരുന്നില്ല. തിരുമേനിയുടെ ദേഹം പ്രകാശമാകുന്ന പ്രകാശത്തിനു് നിഴൽ ഉണ്ടാവുകയില്ല.

മുടിയും തൊലിയും

അനസ് (റ) പറയുന്നു:_ 'തിരുമേനിയുടെ തലമുടി അറബികളുടെ, തലമുടിപോലെ ജട പിടിച്ചതൊ, അനറബികളുടെ തലമുടിപോലെ തളർവീണതൊ ആയിരുന്നില്ല. അവക്കിടയിലുള്ള ഭംഗിയേറിയ ഒരുതരമായിരുന്നു തിരുമേനിയുടെ തലമുടി.' തിരുമേനിയുടെ ദേഹത്തെ മനോഹരമാക്കിയതുപോലെ, തിരുമേനിയുടെ തലമുടിയും അല്ലാഹു മനോഹരമാക്കി. തിരുമേനി തലമുടി വളർത്തുകയും മുടിയിൽ എണ്ണപൂശി ചീർപ്പുകൊണ്ടു വാരുകയും മുടിവെട്ടിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവസാനകാലത്തു് ആകെ ഇരുപതിൽ താഴെ ശിരോരോമങ്ങൾ നരച്ചിരുന്നതായും അവ കറുപ്പിക്കപ്പെട്ടതായും പറയപ്പെട്ടിട്ടുണ്ടു്. ഈ വിഷയം മുമ്പു് പ്രസ്താവിച്ചിട്ടുണ്ടു്. തിരുമേനിയുടെ ദേഹപ്രകൃതി വിവരിച്ച സഹാബിമാരുടെ കൂട്ടത്തിൽ അബൂബകർ (റ), അബൂഹുറൈറ (റ), ഉമർ (റ), അലി (ക. വ), അബൂജുഹീഫ (റ), ഇബ്‌നുഉമർ (റ), ഇബ്‌നുഅബ്ബാസ് (റ), ഇബ്‌നുഹാലത്തു് (റ), ഹിന്ദുബ്‌നു

ന അലി (റ), തുഫൈലിബ്നിവാസില (റ), ഇബ്നുമസ്ഊദ് (റ), ബറാഇബ്നുഹാശിം (റ), അനസിബ്നുമാലിക് (റ), ആഇശാ (റ) എന്നിവരും ഉൾപ്പെടുന്നു. അലിയ്യിബ്നു അബൂതാലിബ് (ക. വ) പറഞ്ഞിട്ടുള്ളതു്, വെള്ളകലർന്ന ചുകപ്പ് നിറമായിരുന്ന തിരുമേനിയുടെ ദേഹത്തിന്റേതു എന്നാണു്. തിരുമേനിയുടെ ദേഹം വടിവിലും തെളിവിലും വെള്ളികൊണ്ടു് വാർത്തതുപോലെയായിരുന്നു എന്നു് അബൂഹുറൈറ (റ) പ്രസ്താവിച്ചിരിക്കുന്നു. മറവുള്ളവരും ഈ നിലയിൽതന്നെയാണു് പ്രസ്താവിച്ചിട്ടുള്ളതു് തിരുമേനിയുടെ നിറം വെളുപ്പുകലർന്ന ചുവപ്പാണെന്നുള്ളതിൽ പക്ഷാന്തരം ഉണ്ടായിട്ടില്ല.

സുഗന്ധം

തിരുമേനിയുടെ ദേഹം സ്വതവെ സുഗന്ധപൂർണ്ണമായിരുന്നു. ആ ദേഹത്തിനു് ജനനാൽതന്നെ ഉള്ളതായിരുന്ന ആ ഗുണം. മിഅ്റാജിന്റെ രാത്രിയിൽ ആ ഗുണത്തിനു് അഭിവൃദ്ധി സംഭവിച്ചു. 'ഞാൻ പ്രസവിച്ച ഉടനെ കുഞ്ഞിനെ നോക്കിയപ്പോൾ പൂർണ്ണചന്ദ്രനെക്കാൾ പ്രഭാപൂരിതമായും കസ്തൂരിയുടെ സുഗന്ധത്തെക്കാൾ അധികരിച്ച സുഗന്ധം പരത്തിയതായും ഞാൻ കണ്ടു' എന്നു് തിരുമേനിയുടെ മാതാവായ ആമിനാ (റ) പറഞ്ഞിരിക്കുന്നു. കസ്തൂരി മുതലായ ലൗകികസുഗന്ധദ്രവ്യങ്ങളൊന്നുംതന്നെ തിരുമേനിയുടെ സഹജമായ സുഗന്ധത്തിനു് തുല്യമായിരുന്നില്ല' എന്നു് അനസിബ്നുമാലിക് (റ) പ്രസ്താവിച്ചിരിക്കുന്നു. തിർമദി (റ) ഇപ്രകാരംതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. മാൻ, മെരു മുതലായ ചില മൃഗങ്ങളിൽ കസ്തൂരി, പൂഴ മുതലായ സുഗന്ധദ്രവ്യങ്ങൾ അല്ലാഹു നിക്ഷേപിച്ചുവെന്നിരിക്കെ സൃഷ്ടികളിൽ അത്യുത്തമനായ തിരുമേനിയുടെ ദേഹത്തിൽ സ്വാഭാവികമായിട്ടുള്ള സുഗന്ധം അല്ലാഹു നിക്ഷേപിച്ചുവെന്നുള്ളതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലൊ.

തിരുമേനി മദീനയിലായിരുന്നപ്പോൾ, ഒരു സഹാബി തിരുമേനിയെ സമീപിച്ചു് ഇപ്രകാരം അപേക്ഷിച്ചു: 'ഇന്നു് എന്റെ മകളുടെ വിവാഹമാണു്. ഞങ്ങളുടെ വീട്ടിൽ സുഗന്ധദ്രവ്യങ്ങളൊന്നുമില്ല. തിരുമേനി ഈ വിഷയത്തിൽ സഹായിക്കേണം.' തിരുമേനി തന്റെ മുഴംകയ്യിലെ വിയർപ്പു് തുടച്ചു് അദ്ദേഹത്തിനു് നല്കി. ആ വീട്ടുകാരും അയൽവാസികളായ മദീനക്കാർ എല്ലാവരും അതുപയോഗിച്ചു് സുഗന്ധം അനുഭവിച്ചു. തിരുമേനി നടന്ന വഴിയിൽ കുറെ നേരത്തോളം സുഗന്ധം തങ്ങിനില്ക്കുക പതിവായിരുന്നു. ഈ അവസ്ഥയെ ആധാരമാക്കിക്കൊണ്ടാണു് തിരുമേനി ഉള്ള സ്ഥലം പലപ്പോഴും ആളകലം മനസ്സിലാക്കിയിരുന്നതു്. ശുദ്ധമായ ഹൃദയം സജീവവും സുഗന്ധപൂർണ്ണവുമാണു് അതിന്റെ ആത്മാവും അങ്ങിനെതന്നെ. അശുദ്ധമായ ഹൃദയം നിർജ്ജീവവും ദുർഗന്ധപൂർണ്ണവുമത്രെ. അതിന്റെ ആത്മാവിന്റെ നിലയും അതുതന്നെ. ഇതു് അംഗീകരിക്കപ്പെട്ട ഒരു പ്രമാണമാണു്. സുഗന്ധവും ദുർഗന്ധവും ഹൃദയത്തിന്റെ നിലപാടനുസരിച്ചു് ദേഹത്തിനും ബാധകമായിത്തീരുന്നു. ഹൃദയം ഉൾക്കൊള്ളുന്ന അതേ ഗന്ധം വിയർപ്പിലൂടെ ബഹിർഗമിക്കുന്നു എന്നിരിക്കെ തിരുമേനിയുടെ വിയർപ്പും ദേഹവും സുഗന്ധപൂരിതമായതിന്റെ രഹസ്യം ചിന്തിക്കേണ്ടതില്ലല്ലൊ. ആഇശാ (റ) പറയുന്നു:- 'ഒരിക്കൽ ഞാൻ റാട്ടിൽ നൂലുചുറ്റിക്കൊണ്ടിരിക്കുകയായിരുന്നു. തിരുമേനി അവിടുത്തെ ചെരിപ്പു് നന്നാക്കിക്കൊണ്ടിരിക്കുകയുമായിരുന്നു. അപ്പോൾ തിരുമേനിയുടെ നെറ്റി വിയർത്തു. ആ വിയർപ്പുള്ളികൾ ജ്വലിക്കുന്നതായി ഞാൻ കണ്ടു. ഞാൻ അത്ഭുതത്തോടുകൂടി നെറ്റിത്ത

ടത്തിൽതന്നെ തുറിച്ചുനോക്കി. എന്താണ് നോക്കുന്നതെന്ന് തിരുമേനി ചോദിച്ചു. തിരുമേനിയുടെ നെറ്റിത്തടത്തിലെ വിയർപ്പുതുള്ളികൾ ജ്വലിക്കുന്നുവെന്നും ഞാൻ പറഞ്ഞപ്പോൾ തിരുമേനി പുഞ്ചിരിച്ചു. തിരുമേനിയുടെ വിയർപ്പുതുള്ളികൾ മുത്തിലേറെ വെണ്മയേറിയതും കസ്തൂരിയേക്കാൾ സുഗന്ധമേറിയതുമായിരുന്നു.'

അനസിബ്‌നു മാലിക് (റ) പറയുന്നു:- "എന്റെ മാതാവായ ഉമ്മുസുലൈമും തിരുമേനിയും തമ്മിൽ മുലകുടി ബന്ധമുണ്ട്. ഒരു ദിവസം തിരുമേനി ഞങ്ങളുടെ വീട്ടിൽ താമസിച്ചു. ഉറക്കത്തിൽ തിരുമേനിയുടെ ദേഹത്തിൽനിന്ന് വിയർപ്പൊലിച്ചപ്പോൾ അത് തുടച്ചെടുത്ത് ഒരു പാത്രത്തിലാക്കി. തിരുമേനി ഉണർന്ന്, അങ്ങിനെ ചെയ്തതിന്റെ കാരണമന്വേഷിച്ചപ്പോൾ ഞങ്ങൾക്ക് സുഗന്ധം അനുഭവിപ്പാനും അഭിവൃദ്ധി ലഭിപ്പാനും വേണ്ടിയാണ് അങ്ങിനെ ചെയ്തതെന്ന് മാതാവ് ഉത്തരം പറഞ്ഞു."

ആഇശാ (റ) പറയുന്നു:- "തിരുമേനിയുടെ മുൻകൈ മൃദുലമേറിയ പട്ടിനേക്കാൾ മൃദുലവും സുഗന്ധവ്യാപാരിയുടെ കയ്യേക്കാൾ സുഗന്ധപൂരിതവുമാണ്. വല്ലവരും തിരുമേനിക്ക് ഹസ്തദാനം ചെയ്താൽ അവരുടെ കയ്യിലേക്കും ആ സുഗന്ധം പകരാറുണ്ടായിരുന്നു. തിരുമേനി കുട്ടികളുടെ തല തടവാറുണ്ടായിരുന്നു. തിരുമേനി കൈവെച്ച സ്ഥാനത്ത് സുഗന്ധം തങ്ങിനില്ക്കുക പതിവായിരുന്നു."

"ശിഫ", "മവാഹിബ്" എന്നീ ഗ്രന്ഥങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:- "തിരുമേനി മലമൂത്ര വിസർജ്ജനം ചെയ്താൽ മലവും മൂത്രവും ഭൂമി വിഴുങ്ങിക്കളയുമായിരുന്നു. പക്ഷെ, ആ സ്ഥലത്തുനിന്നും സുഗന്ധം ബഹിർഗ്ഗമിക്കുകയും ചെയ്യുമായിരുന്നു."

ഉമ്മുഐമൻ (റ) പറയുന്നു:- "ഒരുരാത്രി തിരുമേനി ഒരു പാത്രത്തിൽ മൂത്രിച്ചു. ഈ വിവരം അറിയാതെ, അർദ്ധരാത്രിയിൽ ഞാൻ ദാഹംകൊണ്ടു വലഞ്ഞപ്പോൾ ആ പാത്രത്തിലുള്ളത് വെള്ളമാണെന്നുകരുതി അതെടുത്തു ഞാൻ കുടിച്ചു. ആ വെള്ളത്തിന്നും സവിശേഷമായ ഒരു ഹൃദ്യതയുണ്ടെന്നും ഞാൻ മനസ്സിലാക്കി. പ്രഭാതമായപ്പോൾ ആ പാത്രമെടുത്തും അതിലുള്ളതും പുറത്തൊഴിക്കുവാൻ തിരുമേനി എന്നോടാവശ്യപ്പെട്ടു. അതു ഞാൻ കുടിച്ചുവെന്നും മറുപടി പറഞ്ഞപ്പോൾ, തിരുമേനി മുൻപല്ലും പ്രത്യക്ഷമാകത്തക്കനിലയിൽ ചിരിക്കുകയും മേലാൽ നിങ്ങൾക്കും ഉദരരോഗം പിടിപെടുകയില്ലെന്നും പറയുകയും ചെയ്തു."

തിരുമേനിയുടെ ഭാര്യയായ ഉമ്മുഹബീബാ (റ) യുടെ ഭൃത്യയായിരുന്ന ബർക്കത്ത് എന്ന സ്ത്രീ ഒരിക്കൽ കരുതിക്കൂട്ടി ഇപ്രകാരം പ്രവർത്തിക്കുകയുണ്ടായി. ഈ വിവരം തിരുമേനി അറിഞ്ഞപ്പോൾ നിങ്ങൾക്കും ആരോഗ്യം ലഭിച്ചുവെന്നും പ്രസ്താവിച്ചു. മരിക്കുന്നതുവരെ അവർക്കും യാതൊരു രോഗവും ഉണ്ടായിരുന്നില്ല. ഈ ഹദീസും ബലപ്പെട്ടതാണെന്നും അംഗീകരിച്ചിരിക്കുകയാൽ, തിരുമേനിയുടെ മൂത്രം തഹാറത്തും എന്ന ശ്രുതിയോടുകൂടിയതാണെന്നും തീർച്ചപ്പെട്ടുവെന്നും അതിനെ അടിസ്ഥാനമാക്കികൊണ്ടു തിരുമേനിയുടെ ദേഹത്തിൽനിന്നും പുറപ്പെടുന്ന മലം, രക്തം മുതലായവയും തഹാറത്തും എന്ന ശ്രുതിയോടുകൂടിയവയായിരുന്നെന്നും അനുമാനിക്കാമെന്നും ഖാളീഇയാളും (റ), ഇമാം നവവി (റ) എന്നിവർ പ്രസ്താവിച്ചിരിക്കുന്നു.

ആഇശാ (റ) ഒരിക്കൽ തിരുമേനിയോടു ചോദിച്ചു:- "യാ റസൂലല്ലാഃ, താങ്കൾ മറക്കിരിക്കുന്നുണ്ടു. പക്ഷെ, ഒരു സാധനവും താങ്കൾ വിസർജ്ജിച്ചതായി ഞങ്ങൾ കാണുന്നില്ലല്ലോ.

തിരുമേനി പ്രതിവചിച്ചു:— നബിമാർ വിസർജ്ജിക്കുന്ന വസ്തുക്കളെ ഭൂമി വിഴുങ്ങിക്കളയുമെന്നു് നിങ്ങൾ അറിഞ്ഞിട്ടില്ലെ.''

അബ്ദുല്ലാഹ് ബ്നുസ്സുബൈർ (റ) പറയുന്നു:— 'ഒരിക്കൽ തിരുമേനി കൊമ്പുവെപ്പിച്ചു. ആ ചോര ആരും കാണാത്ത സ്ഥലത്തു കൊണ്ടുപോയി കുടിക്കുവാൻ തിരുമേനി എന്നോടു് ആജ്ഞാപിച്ചു. ഞാൻ അതു് രഹസ്യമായി ഒരു സ്ഥലത്തു് കൊണ്ടുപോയി കുടിച്ചു തിരിച്ചുവന്നപ്പോൾ ചോര എന്തുചെയ്തെന്നു് തിരുമേനി എന്നോടന്വേഷിച്ചു. അതു ഞാൻ കുടിച്ചെന്നു് ഞാൻ സമ്മതിച്ചു. അപ്പോൾ തിരുമേനി 'ചിലരാൽ നിങ്ങൾക്കും നിങ്ങളാൽ ചിലർക്കും അനർത്ഥം,' എന്നർത്ഥമുള്ള ഒരു വചനം മൊഴിഞ്ഞു.' ഇദ്ദേഹം ശൂരവീരപരാക്രമിയും പണ്ഡിതോത്തമനും ഖലീഫയുമായിരുന്നു. മക്കയിൽ അമ്പതു് വർഷക്കാലം അദ്ദേഹം ഭരണം നടത്തി. ഹിജ്റ എഴുപത്തിമൂന്നാംവർഷം പ്രതിയോഗികളുമായി നടത്തിയ ഒരു യുദ്ധത്തിൽ അദ്ദേഹം മൃതിയടഞ്ഞു. അന്നു് അദ്ദേഹത്തിനു് എഴുപത്തിരണ്ടുവയസ്സു് പ്രായമായിരുന്നു. ഈ യുദ്ധവാർത്ത ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്തു് വിവരിക്കപ്പെടും. 'നിങ്ങൾ ആ ചോര കുടിച്ചതെന്തിനു്?' എന്നു് തിരുമേനി അദ്ദേഹത്തോടന്വേഷിച്ചപ്പോൾ 'തിരുമേനിയുടെ രക്തത്തോടു് നരകാഗ്നി അടുക്കുകയില്ലെന്നു് ഞാൻ അറിഞ്ഞിട്ടുണ്ടു്'' എന്നദ്ദേഹം മറുപടി നല്കി. അപ്പോൾ തിരുമേനി അദ്ദേഹത്തിന്റെ തല തടവുകയും 'നരകാഗ്നി നിങ്ങളെ തൊടുകയില്ല' എന്നു് അരുളുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാവി ജീവിതത്തിൽ ഉണ്ടാകാവുന്ന സംഭവങ്ങൾ തിരുമേനി മുൻകൂട്ടി പറഞ്ഞിട്ടുണ്ടു്. 'തിരുമേനിയുടെ രക്തത്തിനു് തേനിന്റെ രുചിയും കസ്തൂരിയുടെ സുഗന്ധവും ഉള്ളതായി ഞാൻ അനുഭവിച്ചു' എന്നു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

ആഇശാ (റ) പറയുന്നു:— 'ഞാൻ തിരുമേനിയുടെ ഗുഹ്യസ്ഥാനമോ, തിരുമേനി എന്റെ ഗുഹ്യസ്ഥാനമോ കണ്ടിട്ടില്ല. തിരുമേനിയുടെ ഗുഹ്യസ്ഥാനത്തെ കാണുന്നവരുടെ കാഴ്ച നശിച്ചുപോകുമെന്നു് ഹദീസിൽ അരുളപ്പെട്ടിട്ടുണ്ടു്. ഇക്കാരണത്താലാണു് തിരുമേനിയുടെ ജനാസ ഞാനല്ലാത്ത മറ്റാരും കുളിപ്പിക്കരുതെന്നു് തിരുമേനി വസിയ്യത്തു് ചെയ്തതെന്നു് അലിയ്യിബ്നുഅബൂതാലിബു് (ക. വ) പറഞ്ഞിരിക്കുന്നു.

ബുദ്ധിപ്രഭാവം

തിരുമേനി സൃഷ്ടിജാലങ്ങളുടെ കൂട്ടത്തിൽ ബുദ്ധിപ്രഭാവത്താൽ അത്യുന്നതരായിരുന്നു. ഈ വസ്തുത വിശുദ്ധ ഖുർആനിൽ പലേടത്തും അല്ലാഹുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. തിരുമേനിയുടെ ഹൃദയത്തിൽ അല്ലാഹു അവതരിപ്പിച്ചതായ രഹസ്യജ്ഞാനങ്ങൾ നിറച്ചു. തിരുമേനി സൃഷ്ടികളുടെ ബാഹ്യവശവും ആന്തരീയവശവും അറിഞ്ഞുപ്രവർത്തിക്കുന്നവരായിരുന്നു. വഹബിബ്നു മുനബ്ബിഹ് (റ) പ്രസ്താവിക്കുന്നു:— 'ഞാൻ അല്ലാഹു ഇറക്കിയ കിതാബുകളിൽ എഴുപത്തൊന്നു കിതാബുകൾ ഓതുകയുണ്ടായി. തിരുമേനി സൃഷ്ടിജാലത്തിൽ ആകമാനം ബുദ്ധിപരമായി അത്യുന്നതനാണെന്നും എല്ലാ വിഷയത്തിലും കണിശമായ അഭിപ്രായം പറവാൻ യോഗ്യനാണെന്നും ആ ഗ്രന്ഥങ്ങളിലെല്ലാം ഞാൻ കണ്ടിരിക്കുന്നു. ലോകത്തിൽ ആകെ ജനങ്ങൾക്കു് സിദ്ധിച്ചിട്ടുള്ള ബുദ്ധിശക്തി തിരുമേനിയുടെ ബുദ്ധിപ്രഭാവത്തിന്റെ ഒരംശത്തിനുപോലും തുല്യമാവുകയില്ല. തിരുമേനിയുടെ ബുദ്ധിപ്രഭാവത്തെ ലോകത്താകെ പരന്നുകിടക്കുന്ന മണ്ണിനോടു് ഉപമിച്ചാൽ, ശേഷമുള്ള എല്ലാവരുടെയും ബുദ്ധിയുംകൂടി

അതിലെ ഒരു വൻതരിയോട് ഉപമിക്കുവാൻ പോലും പറയുകയില്ലല്ലോ. അപ്രകാരംതന്നെ തിരുമേനിയുടെ ഔന്നത്യം ഒരു പാരാവാരമാണെങ്കിൽ മറ്റുള്ളവരുടെ ആകെ ഔന്നത്യം അതിലെ ഒരു തുള്ളി മാത്രമത്രെ. തിരുമേനിയുടെ സ്വഭാവഗുണങ്ങളെ വർണ്ണിക്കുവാൻ ആരാലും സാദ്ധ്യമല്ല. അവയുടെ ഏകദേശാംശങ്ങൾ മാത്രമെ പണ്ഡിതന്മാർക്ക് വിവരിക്കുവാൻ സാധിച്ചിട്ടുള്ളൂ. അതിൽനിന്നും പെറുക്കിയെടുത്ത അംശങ്ങളാണ് ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടുള്ളത്.

സഹനശക്തി

തിരുമേനി (സ) യുടെ സഹനശക്തി അസാധാരണവും അവർണ്ണനീയവുംതന്നെ. ഇരുപത്തിമൂന്ന് സംവത്സരക്കാലം അനവരതം ശത്രുക്കൾ നടത്തിവന്ന കഠിനമായ ദ്രോഹങ്ങൾ അക്ഷോഭ്യനായി, പ്രതികാരബുദ്ധികൂടാതെ തിരുമേനി സഹിച്ചുവെന്നത് തിരുമേനിയുടെ സഹനശക്തിയുടെ അഗാധതയെ തെളിയിപ്പാൻ ചരിത്രംനൽകുന്ന ഏറ്റവും വലിയ ഒരു തെളിവാകുന്നു. ഉഹദ്‌യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ശത്രുവിന്റെ അമ്പേറ് തിരുമേനിയുടെ മുഖത്തുനിന്ന് രക്തം പ്രവഹിച്ചു. ശത്രുക്കളുടെ നാശത്തിന്നായി പ്രാർത്ഥിക്കുവാൻ ആ അവസരത്തിൽ ആവശ്യപ്പെട്ട സഹാബികളോട് "ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത് ജനങ്ങളെ ശപിക്കുവാൻ വേണ്ടിയല്ല, നേരെമറിച്ച് അനുഗ്രഹിക്കുവാൻ വേണ്ടിയാണ്" എന്ന് തിരുമേനി മറുപടി പറയുകയും ശത്രുക്കൾക്ക് സൽബുദ്ധി നല്കുവാൻ അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്തു. തിരുമേനിയുടെ സഹനശക്തിയെ പ്രകടമാക്കുന്ന ചില വസ്തുതകൾ പിന്നീട് വിവരിക്കപ്പെടും. മാനുഷികമായ കാര്യങ്ങൾക്ക് മാത്രമേ അവിടുത്തെ സഹനശക്തി ബാധകമായിരുന്നുള്ളൂ. അല്ലാഹുവിന്റെ കാര്യത്തിൽ ഇതു ബാധകമായിരുന്നില്ല. ഖന്ദക്ക് യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ നിസ്കാരത്തിന്റെ സമയം തെറ്റിച്ചുകളഞ്ഞ ശത്രുക്കളുടെ പ്രവർത്തനത്തെ തിരുമേനി സഹിച്ചില്ല. "അവരുടെ ഖബറുകളെ നീ അഗ്നിയാൽ നിറക്കേണമേ" എന്ന് തിരുമേനി അല്ലാഹുവോട് പ്രാർത്ഥിച്ചു.

ഒതുക്കവും മാപ്പും

ഇസ്‌ലാംമതം സ്വീകരിക്കുന്നതിന്നു മുമ്പ് ജൂതമതത്തിൽ അഗാധമായ പാണ്ഡിത്യം നേടിയ ആളായിരുന്ന സൈദിബ്നുസഅ്നത്ത് (റ). അദ്ദേഹം പറയുന്നു:— 'വരാനിരിക്കുന്ന പ്രവാചകന്റെ ലക്ഷണങ്ങൾ തൗറാത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ആ ലക്ഷണങ്ങൾ തിരുമേനിയിൽ ഒത്തിരിക്കുന്നതായി ഞാൻ കണ്ടു. തിരുമേനിയുടെ ഒതുക്കത്തെ പരീക്ഷിച്ചതിന്നുശേഷം ഇസ്‌ലാംമതം വിശ്വസിക്കുന്ന കാര്യം തീരുമാനിക്കാമെന്ന് കരുതിക്കൊണ്ട് കുറേ പൊന്ന് (എൺപതു മിസ്ഖാൽ എന്ന് പറയപ്പെട്ടിട്ടുണ്ട്) കാരക്കയുടെ വിലയായി ഞാൻ തിരുമേനിയെ ഏല്പിച്ചു. കാരക്ക ഇന്നദിവസം തരേണമെന്നും അവധി നിശ്ചയിക്കുകയുമുണ്ടായി. അവധിക്ക് രണ്ടു മൂന്നുദിവസം മുമ്പ് ഞാൻ തിരുമേനിയുടെ മാറിൽ കയറിപ്പിടിക്കുകയും കടം വീട്ടുവാൻ ആവശ്യപ്പെടുകയും അബ്ദുൽമുത്തലിബിന്റെ സന്താനങ്ങളിൽപെട്ട നിങ്ങൾ കടംവാങ്ങിയാൽ തിരിച്ചുകൊടുക്കാത്തവനാണെന്നും അക്ഷേപിക്കുകയും ചെയ്തു. എന്റെ അധിക്ഷേപങ്ങൾ അധികരിച്ചപ്പോൾ ഉമർ (റ) വാളുരിക്കൊണ്ട് എന്റെ നേരെ ചാടുകയും തിരുമേനിയെ ഞാൻ ഭയപ്പെടുന്നില്ലെങ്കിൽ, തിരുമേനിയെ ആക്ഷേപിച്ച നിന്റെ തല ഈ വാൾകൊണ്ട് വെട്ടിക്കളഞ്ഞേനെ എന്നും പറയുകയുമുണ്ടായി. തിരുമേനി പുഞ്ചിരിതൂകിക്കൊണ്ട്, ഉമർ (റ) യോട് ക്ഷമിക്കുവാൻ ഉപദേശിച്ചശേഷം, ഇപ്രകാരം പറഞ്ഞു:— കടം വീട്ടുവിൽ

മയ്യാദപാലിക്കുവാൻ എന്നോടും, തിരിച്ചുവാങ്ങലിൽ മയ്യാദപാലിക്കുവാൻ അദ്ദേഹത്തോടും ആവശ്യപ്പെടുക എന്നതാണ് നിങ്ങളുടെ കർത്തവ്യം. അവധിപ്രകാരം മൂന്നുദിവസം ബാക്കിയുണ്ടെങ്കിലും അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ തിരിച്ചുകൊടുക്കുന്നതാണ് എന്നെ സംബന്ധിച്ചേടത്തോളം ഉത്തമം. അതുകൊണ്ട് നിങ്ങൾ ഇദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി ഇദ്ദേഹത്തിന് കൊടുക്കേണ്ടുന്ന കാരക്ക മുഴുവനായും അവരുടെ സ്വാഅ് കാരക്ക അദ്ദേഹത്തെ ഭയപ്പെടുത്തിയ കുറത്തിന് പിഴയായും അദ്ദേഹത്തിന് കൊടുക്കുക' എന്ന് കല്പിച്ചു. ഉമർ (റ) അങ്ങിനെ ചെയ്തപ്പോൾ ഞാൻ പറഞ്ഞു: ഉമറേ, നബുവ്വത്തിന്റെ എല്ലാ ലക്ഷണങ്ങളും തിരുമേനിയിൽ ഒത്തിരിക്കുന്നതായി ഞാൻ മനസ്സിലാക്കി. തിരുമേനിയുടെ ഒരുക്കവും ജ്ഞാനശക്തിയും പരീക്ഷിക്കുന്നതിനു വേണ്ടിമാത്രമാണ് ഞാനിപ്രകാരം പ്രവർത്തിച്ചത്.' അതോടുകൂടി അദ്ദേഹം ഇസ്‌ലാംമതം വിശ്വസിക്കുകയും ആ കാരക്കയും അദ്ദേഹത്തിന്റെ സമ്പത്തിൽ പകുതിയും സാധുക്കൾക്ക് ദാനം ചെയ്യുകയും ചെയ്തു. ഒരു വൃദ്ധനൊഴിച്ച് അദ്ദേഹത്തിന്റെ വീട്ടുകാരായ എല്ലാവരും ഇസ്‌ലാംമതം വിശ്വസിക്കുകയുണ്ടായി.

അബൂഹുറൈറ (റ) പറയുന്നു:- 'ഒരു ദിവസം ഞങ്ങൾ തിരുമേനിയോടൊപ്പം നടക്കുമ്പോൾ ഗ്രാമീണനായ ഒരറബി പിൻവശത്തുകൂടിവന്ന് തിരുമേനിയുടെ മുമലിലിട്ട പുടവ തിരുമേനിയുടെ കഴുത്തിൽ ചുറ്റിപ്പിടിക്കുകയും കഴുത്തും പിടലിയും മുകന്നുപോകത്തക്കവിധം ഞെരിച്ചുവലിക്കുകയും ചെയ്തുകൊണ്ട് ഇപ്രകാരം ഗർജ്ജിച്ചു 'നിങ്ങളുടെവശം അല്ലാഹുവിന്റെ മുതലുണ്ട് അതിൽനിന്ന് രണ്ടു ഒട്ടകത്തിനു മുക്കത്തെക്ക മുതൽ എനിക്ക് വിട്ടുതരണം. നിങ്ങളുടെയൊ നിങ്ങളുടെ ബാപ്പയുടെയൊ മുതലിൽനിന്നു തരേണ്ടതില്ല' അപ്പോൾ തിരുമേനി പറഞ്ഞു: 'ഇല്ല, ഞാൻ തരുന്നതു് എന്റെയൊ എന്റെ ബാപ്പയുടെയൊ മുതലിൽനിന്നല്ല ഞാൻ അല്ലാഹുവിന്റെ ദാസനും അവന്റെ മുതൽ അവൻ കല്പിച്ചവർക്ക് കൊടുക്കുന്നവനുമാകുന്നു. പക്ഷെ, താങ്കൾക്ക് തരേണമെങ്കിൽ എന്നെ ഉപദ്രവിച്ചതിനു പകരം വീട്ടുവാൻ അനുവദിക്കണം.' ഇതുകേട്ടപ്പോൾ ആ അറബി പറഞ്ഞു: ഇല്ല, ഞാൻ അനുവദിക്കുകയില്ല. കാരണം താങ്കൾ തിന്മക്ക് പകരമായി തിന്മ ചെയ്യാത്ത ആളാകുന്നു.' ആ മനുഷ്യന്റെ അന്തർഗതം മനസ്സിലാക്കിയ തിരുമേനി പുഞ്ചിരിതൂകി. ഒരു ഒട്ടകത്തിനു വഹിക്കാവുന്ന കാരക്കയും ഒരു ഒട്ടകത്തിനു ചുമക്കാവുന്ന ഗോതമ്പവും അദ്ദേഹത്തിനു കൊടുക്കുവാൻ തിരുമേനി കല്പിച്ചു.

ഇബ്നുഅബ്ബാസ് (റ) പറയുന്നു:- 'അന്നു് മുനാഫിഖുകളുടെ എണ്ണം മുന്നൂറെഴുപതായിരുന്നു അവരിൽ മുന്നൂറു് പുരുഷന്മാരും എഴുപതു് സ്ത്രീകളുമായിരുന്നു. തിരുമേനിയുടെ സന്നിധിയിലായിരിക്കുമ്പോൾ അവർ തിരുമേനിക്കു അനുകൂലമായി മുഖസ്തുതി പറയും; അല്ലാത്തപ്പോൾ തിരുമേനിക്കു പ്രതികൂലമായി പറയുകയും ചെയ്യും. തിരുമേനി അവരുടെ പാപം പൊറുക്കുവാനായി അല്ലാഹുവോടു് പ്രാർത്ഥിക്കുക പതിവായിരുന്നു. 'താങ്കൾ അവർക്കുവേണ്ടി എഴുപതുതവണ തേടിയാലും പൊറുക്കുകയില്ല' എന്നു് അല്ലാഹു തിരുമേനിയെ അറിയിച്ചു. അപ്പോൾ തിരുമേനി അവർക്കുവേണ്ടി, എഴുപതിലേറെതവണ പ്രാർത്ഥിച്ചുതുടങ്ങി 'താങ്കൾ അവർക്കു വേണ്ടി പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും അല്ലാഹു അവർക്കു് പൊറുത്തുകൊടുക്കുകയില്ല' എന്നു് 'മുനാഫിഖീന' എന്ന സൂറത്തിലൂടെ അല്ലാഹു പ്രസ്താവിച്ചു. അതിനുശേഷം തിരുമേനി അവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽനിന്നു് വിരമിച്ചു.

തിരുമേനിയെ അത്യധികം ഉപദ്രവിച്ച ഒരു മുനാഫിഖായിരുന്നു, അബ്ദുല്ലാഹിബിനു ഉബയ്യിബിനുസുല്ലൽ. അദ്ദേഹത്തിന്റെ പുത്ര

നായ ഹുബാവു് (റ) തന്റെ ബാപ്പയെ വധിക്കുവാൻ അനുവാദം തരേണമെന്നു് തിരുമേനിയോടു് അപേക്ഷിച്ചു. തിരുമേനി അനുമതി നല്കിയില്ലെന്നു് മാത്രമല്ല, ബാപ്പക്കു് ഋണം ചെയ്യുവാൻ അദ്ദേഹത്തോടു് ഉപദേശിക്കുകയും ചെയ്തു. ഇബ്നുഅബ്ബാസു് (റ) പറയുന്നു:— അബ്ദുല്ലാഹിബിനു ഉബയ്യു് എന്ന മുനാഫിഖു് ചരമശയ്യയിൽ കിടക്കുമ്പോൾ തിരുമേനി അയാളെ സന്ദർശിച്ചു. 'തിരുമേനിയുടെ കുപ്പായത്തിൽ എന്നെ കഫം ചെയ്യേണമെന്നും താങ്കൾ എനിക്കു് മയ്യിത്തു് നിസ്കരിക്കേണമെന്നും അയാൾ ആവശ്യപ്പെട്ടു. ആ അഭ്യർത്ഥനയും മുനാഫിഖിന്റെ ഹൃദയത്തോടുകൂടിതന്നെയായിരുന്നു. അറിയാമെന്നിരിന്നിട്ടും, അയാളെ കഫം ചെയ്യുവാൻ തിരുമേനി തന്റെ കുപ്പായം അഴിച്ചുകൊടുക്കുകയും, അയാളുടെ മയ്യിത്തു് നിസ്കരിക്കുകയും ചെയ്തു. അയാൾ ഖസ്റജു് ഗോത്രക്കാരനായിരുന്നു. തിരുമേനിയുടെ ഔചിത്യമേറിയ ഈ പ്രവർത്തി ഖസ്റജു്ഗോത്രക്കാരായ എല്ലാവരെയും ഇസ്‌ലാമിലേക്കാകർഷിക്കുകയും അവരിൽനിന്നു് ആയിരത്തിൽകൂറയാത്ത ആളുകൾ ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു.

തിരുമേനി അയാളുടെ മയ്യിത്തു് നിസ്കരിക്കുവാൻ നിന്നപ്പോൾ ഉമർ (റ) തിരുമേനിയെ വിലക്കുവാൻ ശ്രമിച്ചുവെന്നും, തിരുമേനിക്കേറവും പ്രിയപ്പെട്ട സഹാബിയുടെ ആ ശ്രമത്തെ പരാജയപ്പെടുത്തിയെന്നും പറയപ്പെട്ടിട്ടുണ്ടു്. ഒരു മുനാഫിഖിന്റെ മയ്യിത്തു് കഫം ചെയ്യുവാൻ തിരുമേനിയുടെ കുപ്പായം കൊടുത്തതിന്റെ താല്പര്യം എന്തെന്നു് ചോദിച്ചവരോടു് തിരുമേനി ഇപ്രകാരം മറുപടി പറഞ്ഞു:— 'എന്റെ കുപ്പായം അദ്ദേഹത്തിന്നു് എത്രത്തോളം പ്രയോജനപ്പെടുമെന്നു് ആരറിഞ്ഞു. എന്റെ മൂത്താപ്പയായ അബ്ബാസു് (റ) ബദ്റുയുദ്ധത്തിൽ യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഉടുപ്പുകളെല്ലാം ശത്രുക്കൾ എടുത്തുകൊണ്ടുപോയി. അപ്പോൾ ഈ മനുഷ്യൻ അദ്ദേഹത്തിന്നു് ഒരു കുപ്പായം കൊടുത്തിട്ടുണ്ടു്.'

മജ്മഅബ്നുജാബിർ (റ) പറയുന്നു:— 'ഇബ്നുഉബയ്യിലിന്റെ മയ്യിത്തു്നിസ്കാരം ദീർഘിപ്പിച്ചതുപോലെ മറെറാരാളുടെയും മയ്യിത്തു് നിസ്കാരം തിരുമേനി ദീർഘിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ജനാസയോടൊപ്പം തിരുമേനി ഖബർസ്ഥാനിലേക്കു് പോവുകയും അദ്ദേഹത്തെ ഖബറടക്കം ചെയ്യുന്നതുവരെ തിരുമേനി അവിടെ നില്ക്കുകയും ചെയ്തു.' അല്ലാഹു കല്പിച്ചതും അവൻ ഇഷ്ടപ്പെടുന്നതുമായ കാര്യമല്ലാതെ, ഒന്നുംതന്നെ തിരുമേനി പ്രവർത്തിച്ചിട്ടില്ല. അതുകൊണ്ടു്, തിരുമേനിയുടെ പ്രവൃത്തി അല്ലാഹു തൃപ്തിപ്പെട്ടതാണെന്നു് സിദ്ധിക്കുന്നു. പക്ഷെ, അതിന്നുശേഷം 'മുനാഫിഖുകളിൽപെട്ട ഒരാൾ മരിച്ചാൽ അവരുടെ മയ്യിത്തു് നിസ്കാരം താങ്കൾ നിർവഹിക്കുകയൊ അവരുടെ ഖബ്റുകൾ പോകുകയൊ ചെയ്യരുതു്" എന്നു് അല്ലാഹു തിരുമേനിയോടു് ആജ്ഞാപിക്കുകയുണ്ടായി. ഈ ആയത്തു് ഉമർ (റ) വിന്റെ അഭിപ്രായത്തോടു് യോജിച്ചതായതുകൊണ്ടു് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്നു് ഇതു് മാറ്റുകൂട്ടീട്ടുണ്ടു്. ഈ നിലയിൽ വേറെയും ചില ആയത്തുകൾ ഇറങ്ങിയവിവരം പിന്നീടു് പ്രസ്താവിക്കും. ഈ ആയത്തു് ഇറങ്ങിയതിന്നുശേഷം തിരുമേനി മുനാഫിഖുകളുടെ മയ്യിത്തിന്നു് നിസ്കരിക്കുകയൊ, അവരുടെ ഖബ്റുകൾ സന്ദർശിക്കുകയൊ ചെയ്തിട്ടില്ല. മുൻപറഞ്ഞ നിസ്കാരത്തെ തടയുവാൻ ഉമർ (റ) ശ്രമിച്ചിട്ടുണ്ടെങ്കിലും ആ നിസ്കാരത്തിൽ അദ്ദേഹം തിരുമേനിയെ തുടർന്നു നിസ്കരിച്ചിട്ടുണ്ടു്. തിരുമേനിക്കുവേണ്ടി സ്വന്തം ആത്മാവിനെ ബലികഴിപ്പാൻ തയ്യാറായവർ തിരുമേനിക്കുവേണ്ടി സ്വാഭിപ്രായം ബലികഴിപ്പാൻ ഒരുങ്ങിയതിൽ അത്ഭുതപ്പെടാനില്ലല്ലൊ.

ഉബൈദിബ്നുൽ അഅ്‌സം എന്ന ജൂതൻ തിരുമേനിക്ക് മാരണം (ആഭിചാരം)ചെയ്തു. ആ വിവരം അല്ലാഹു തിരുമേനിയെ തെയ്യപ്പെടുത്തി. ഒരു കിണറ്റിൽനിന്നും മാരണംചെയ്ത സാധനം കണ്ടെടുത്തു. തിരുമേനി സഹാബികളോട് പറഞ്ഞു:- 'ഞാൻ അവനും മാപ്പ് നൽകിയിരിക്കുന്നു. അല്ലാഹു എന്നെ സുഖപ്പെടുത്തി. അവനെ ഉപദ്രവിക്കുന്നതു് എനിക്കിഷ്ടമല്ല'.

ഇപ്രകാരം തന്നെ ആട്ടിറച്ചിയിൽ വിഷം കലർത്തി തിരുമേനിയെ സൽക്കരിച്ച ജൂതസ്ത്രീക്കും തിരുമേനി മാപ്പുനൽകി. പക്ഷെ, തന്നെ സംബന്ധിച്ചു് മാത്രമെ അക്കാര്യത്തിൽ മാപ്പു് നൽകപ്പെട്ടിരുന്നുള്ളു. ആ വിഷത്താൽ ബിശ്രുബ്നുൽബറാഅ് (റ) എന്ന സഹാബി മരിച്ചുപോയിട്ടുണ്ടു്. ആ കൊലയുടെ ശിക്ഷയായി അവളെ കൊല്ലുവാൻ തിരുമേനി കല്പിച്ചു. ഖൈബർ യുദ്ധത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഈ വസ്തുത വിവരിക്കും. തിരുമേനിയുടെ ആജന്മശത്രുക്കളായിരുന്ന മക്കക്കാർക്കു് കൂട്ടത്തോടെ മാപ്പുനൽകിയ വസ്തുത മക്കാവിജയം എന്ന തലക്കെട്ടിൽ വിവരിക്കപ്പെടും.

താഴ്മയും ഔന്നത്യവും

തിരുമേനിയുടെ മാനസിക വിജ്ഞാനപ്രഭാവത്താൽ, പ്രശംസനീയമായ താഴ്മയോടുകൂടിയ മഹാനായിരുന്നു. അല്ലാഹുവോടുള്ള അടുപ്പത്തിൽനിന്നാണു് മാനസിക വിജ്ഞാനപ്രഭാവം ലഭിക്കുന്നതു്. അല്ലാഹു നമ്മുടെ ഉടമയായതുകൊണ്ടു് നാം എല്ലാവരും അവന്റെ അടിമകളാണെന്നുള്ള ജ്ഞാനം- അന്തർദർശനം തിരുമേനിയിൽ സ്ഥായിയായിരുന്നു. തിരുമേനി അല്ലാഹുവിന്റെ മുമ്പിൽ എപ്പോഴും വിനയാന്വിതനായിരുന്നു. മാനസികമായ ആ വിനയബോധമാകട്ടെ തിരുമേനിയുടെ ജീവിതത്തിലൂടനീളം പ്രകടമായിരുന്നു. ആ വിനയം അല്ലാഹുവോടു് ബന്ധപ്പെട്ടതും മനുഷ്യരെ സംബന്ധിച്ചേടത്തോളം പ്രത്യക്ഷവുമായിരുന്നു. തിരുമേനി . അരുളുകയുണ്ടായി:— 'ഈ സാനബിയെ സംബന്ധിച്ചു് അദ്ദേഹത്തിന്റെ അനുയായികളായ സാറാക്കൾ അതിരുകടന്നു് പ്രശംസിച്ചുപറഞ്ഞതുപോലെ, എന്നെപ്പറ്റി നിങ്ങൾ അതിർകടന്നു് പ്രശംസിച്ചു പറയരുതു്. ഞാൻ അല്ലാഹുവിന്റെ അടിമയാകുന്നു. ആകയാൽ അല്ലാഹുവിന്റെ അടിമയും റസൂലുമെന്നു് എന്നെപ്പറ്റി നിങ്ങൾക്കു് പറയാം. ഞാൻ അടിമയായ നബിയാണു് അധിപനായ നബിയല്ല'. സൃഷ്ടികളുടെ ഉത്തമഗുണം ആ അടിമത്വമാകകൊണ്ടു്—അല്ലാഹുവിന്റെ ആജ്ഞക്കു് വഴങ്ങി പ്രവർത്തിക്കുക എന്ന അടിമത്വമാകകൊണ്ടു്-തിരുമേനിയെ 'അടിമ' എന്നു് അല്ലാഹു ഖുർആനിൽ ആഹ്വാനം ചെയ്തിരിക്കുന്നു. 'അല്ലാഹുവിന്റെ അടിമയായ നബി' തിരുമേനി ആയതുകൊണ്ടു് സൃഷ്ടിജാലത്തിൽ മികവുറ്റ എല്ലാ സ്വഭാവങ്ങളും അല്ലാഹു തിരുമേനിക്കു് കല്പിച്ചുകൊടുത്തു. തിരുമേനി സഹാബിമാരോടും ബന്ധുമിത്രാദികളോടും ഭൃത്യന്മാരോടും എല്ലാവരോടും തന്നെ വിനയപൂർവ്വം പെരുമാറുകയും അവരെല്ലാം തിരുമേനിയെ ആദരിക്കുകയും ചെയ്തു. ഔദ്ധത്യവും ഗർവ്വും തിരുമേനിയുടെ സ്വഭാവത്തിൽ അണുമാത്രം ഉണ്ടായിരുന്നില്ല. അനസിബ്നുമാലികു (റ) പറയുന്നു:- 'ഞാൻ പത്തുകൊല്ലം തിരുമേനിയുടെ കീഴിൽ ജോലി ചെയ്തിട്ടുണ്ടു്. അതിലിടക്കു് അപ്രിയകരമായ ഒരൊറ്റ വാക്കുപോലും തിരുമേനി എന്നോടു പറഞ്ഞിട്ടില്ല' അദ്ദേഹം തുടരുന്നു:- 'തിരുമേനി എന്നെ ഒരിക്കലും തല്ലീട്ടില്ല; ദേഷ്യപ്പെട്ടിട്ടില്ല; അസഭ്യം പറഞ്ഞിട്ടില്ല; എന്നെനേരെ മുഖം ചുളിച്ചിട്ടില്ല; ജാഗ്രതയിൽ ചെയ്യേണ്ടുന്ന കാര്യത്തിൽ ഞാൻ അജാഗ്രത കാണിച്ചാൽ തന്മൂലം തിരുമേനി പരിഭവിച്ചിട്ടില്ല; അക്കാര്യത്തിൽ മറ്റുവല്ലവരും എന്നെ ഗ്രണ

ദോഷിച്ചാൽ തിരുമേനി അവരെ വിലക്കിയിരുന്നു; ചെയ്യാവുന്നതുപോലെ ചെയ്യട്ടെ എന്നു് അവരോടു് പറയാറുണ്ടായിരുന്നു; ഒരു കായ്യം ചെയ്താൽ എന്തിനതു ചെയ്തു എന്നോ, ചെയ്യാതിരുന്നാൽ എന്തുകൊണ്ടു് ചെയ്തില്ലെന്നോ തിരുമേനി ഒരിക്കലും എന്നോടു് ചോദിച്ചില്ല; അല്ലാഹു കല്പിച്ചതും വേണ്ടകവെച്ചതും ഒരാൾ ചെയ്യും, അല്ലാഹു വിധിച്ചതും വേണ്ടകവെച്ചതും സംഭവിക്കും എന്നിപ്രകാരം തിരുമേനി പറയാറുണ്ടായിരുന്നു.' തിരുമേനി അടിമകളെയൊ വെള്ളാട്ടിമാരെയൊ അടിക്കുകയൊ ദേഷ്യപ്പെടുകയൊ ചെയ്യാറില്ല. ആഇശാ (റ) പറയുന്നു:— 'തിരുമേനി ഒരു പെണ്ണിനെയും അടിമയെയും തല്ലീട്ടില്ല. അല്ലാഹുവിന്റെ കായ്യത്തിനു വേണ്ടിയല്ലാതെ ഒരു ജീവിയെയും തിരുമേനി ഉപദ്രവിച്ചിട്ടില്ല' യുഹൈൽ (റ) വിന്റെ കുതിരയെ തിരുമേനി ഒരിക്കൽ തല്ലുകയും, ജാബിർ (റ) ന്റെ ഒട്ടകത്തെ തിരുമേനി ഒരിക്കൽ കുത്തുകയും ചെയ്തിട്ടുണ്ടു്. അതു് തിരുമേനിയുടെ മുഅ്ജിസത്തിനു് സംബന്ധമായ സംഭവങ്ങളായതുകൊണ്ടു് പ്രസ്തുത സംഭവങ്ങളും ആഇശാ (റ) യുടെ പ്രസ്തുത പ്രസ്താവനക്കു് ബാധകമല്ല. തിരുമേനി സഹാബിമാരുടെ ഇടയിൽ ഇരിക്കുമ്പോൾ കാൽ നീട്ടിയിരുന്നില്ല. തിരുമേനിയെ ആർ വിളിച്ചാലും ലബ്ബൈക്ക എന്ന വിനയപൂർവ്വം വിളികേൾക്കുമായിരുന്നു. തിരുമേനി ആരോടുംതന്നെ പരുഷമായി സംസാരിച്ചിട്ടില്ല. തിരുമേനി വീട്ടുജോലികളും ചെയ്യാറുണ്ടായിരുന്നു. വസ്ത്രം തുന്നുകയും ആട്ടിനെക്കറക്കുകയും ഒട്ടകത്തിനു് തീറ്റ കൊടുക്കുകയും പാദുകം നന്നാക്കുകപോലും ചെയ്യാറുണ്ടായിരുന്നു. ഭൃത്യന്മാർ ഉണ്ടായിരുന്നാലും പലപ്പോഴും അവർ ചെയ്യേണ്ടുന്ന ജോലികളും തിരുമേനിതന്നെ ചെയ്യാറുണ്ടായിരുന്നു. ഭൃത്യന്മാരോടൊപ്പം തിരുമേനി ഭക്ഷണം കഴിക്കുകയും സ്വന്തം സാധനങ്ങൾ തിരുമേനിതന്നെ ചുമക്കുകയും പതിവായിരുന്നു. ചിലപ്പോൾ കഴുതപ്പുറത്തു് കയറ്റികൊണ്ടുപോവുകയും ചെയ്യാറുണ്ടായിരുന്നു. തിരുമേനി സവാരിചെയ്യുന്ന മൃഗത്തിന്റെ പുറത്തു് തിരുമേനിയോടൊപ്പം ചെറുപ്പക്കാരെയും വൃദ്ധന്മാരെയും സ്വന്തം ഭാര്യമാരെയും തിരുമേനി കയറ്റാറുണ്ടായിരുന്നു. ചിലപ്പോൾ ജീനിയോ വിരിപ്പോ ഇല്ലാതെ തിരുമേനി മൃഗത്തിന്മേൽ കയറി സവാരി ചെയ്യാറുണ്ടായിരുന്നു. ഖൈബർ യുദ്ധവേളയിൽ വെള്ളികൊണ്ടു് മുക്കുകയറിട്ട ഒരു കഴുതയുടെ പുറത്തു് തിരുമേനി കയറുകയുണ്ടായി. ഈ വക കായ്യങ്ങളും യോഗ്യന്മാരെ സംബന്ധിച്ചേടത്തോളം അയോഗ്യമല്ലെന്നു് മറ്റുള്ളവരെ ബോധനം ചെയ്യുന്നതിനു വേണ്ടിയാണു് തിരുമേനി ഇങ്ങിനെയെല്ലാം പ്രവർത്തിച്ചതു്. ഒരു യാത്രാവേളയിൽ ഒരാട്ടിനെ അറുത്തു് ഭക്ഷണം തയ്യാറാക്കുവാൻ തിരുമേനി സഹാബിമാരോടു് ആവശ്യപ്പെട്ടു് 'ആട്ടിനെ അറുക്കുവാൻ ഒരാളും അതിന്റെ തോലുരിക്കുവാൻ വേറൊരാളും അതിനെ പാകംചെയ്യുവാൻ മറ്റൊരാളും ഏറ്റു. അപ്പോൾ 'വിറകു് ഞാൻ പെറുക്കിക്കൊണ്ടുവരും' എന്നു് തിരുമേനിയും പറഞ്ഞു. അപ്പോൾ അവർ അത്ഭുതത്തോടെ ചോദിച്ചു:— 'തിരുമേനിയൊ' തിരുമേനി പ്രതിവചിച്ചു: 'അതെ, ആ പ്രവർത്തിയിൽ നിങ്ങളോടൊപ്പം ഭാഗഭാക്കാകാതിരിക്കുന്നതു് എനിക്കിഷ്ടമല്ല. കാരണം, ഒരാൾ അയാളുടെ കൂട്ടുകാരിൽനിന്നു് മാറിനില്ക്കുന്നതു് അല്ലാഹു ഇഷ്ടപ്പെടുകയില്ല.'

സഹാബിമാരെ കണ്ടുമുട്ടിയാൽ ഹസ്തദാനത്തോടെ സലാം ചൊല്ലിക്കൊണ്ടും, അന്യരെ കണ്ടുമുട്ടിയാൽ സലാം ചൊല്ലിക്കൊണ്ടുമല്ലാതെ തിരുമേനി സംഭാഷണം ആരംഭിക്കാറില്ല. തിരുമേനിയുടെ അടുത്തുവരുന്നവരെ ആദരപൂർവ്വം തിരുമേനി സ്വീകരിക്കും. ചിലരെ വിരിപ്പിൽ ഇരുത്തും. ആർ എപ്പോൾ എന്തുപറഞ്ഞാലും തിരുമേനി അപ്പോൾതന്നെ അതിനു മറുപടി പറയും. ആർക്കും എപ്പോഴും തിരു

മേനിയെ സമീപിക്കാമായിരുന്നു. തിരുമേനിയുടെ സന്നിധിയിൽ എത്തുന്നവരെ നിന്നു സംസാരിപ്പാൻ അനുവദിക്കാതെ ഒരിടത്തിരുത്തുക പതിവായിരുന്നു തിരുമേനി നിസ്കരിക്കുമ്പോൾ വല്ലവരും ചെന്നാൽ നിസ്കാരം ദീർഘിപ്പിക്കുന്നതിനു വേഗം നിസ്കരിച്ചുതീർക്കുകയും വന്ന ആളോട് സംസാരിച്ച് അദ്ദേഹത്തിന്റെ ആവശ്യം നിറവേറ്റിയശേഷം വീണ്ടും നിസ്കാരത്തിലേക്ക് മടങ്ങുകയുമായിരുന്നു തിരുമേനിയുടെ പതിവു്. തിരുമേനി സുജൂദിലായിരിക്കുമ്പോൾ, കുട്ടിയായ ഹസൻ (റ) തിരുമേനിയുടെ പുറത്തുകയറുക പതിവായിരുന്നു. ഒരിക്കൽ ആ കുട്ടി പുറത്തുനിന്നിറങ്ങിയില്ല. തന്മൂലം കുട്ടി ഇറങ്ങുന്നതുവരെ തിരുമേനി സുജൂദിൽതന്നെ നിലകൊണ്ടു. ഒരിക്കൽ ജാബിറിബ്നുഅബ്ദുല്ലാ (റ) തിരുമേനിയുടെ ഭവനത്തിൽ ചെന്നപ്പോൾ, ഹസൻ, ഹുസൈൻ എന്നീ പേരുകുട്ടികൾ തിരുമേനിയുടെ പുമലിൽ കയറിക്കളിക്കുന്നതായി അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു:— 'നല്ല വാഹനം' അതുകേട്ടപ്പോൾ തിരുമേനി പറഞ്ഞു: 'സവാരിക്കാരും നല്ല സവാരിക്കാർ തന്നെ'.

രോഗികളായ യോഗ്യന്മാരേയും സാധാരണക്കാരേയും ഏജമാനന്മാരേയും അടിമകളേയും സ്ഥാനഭേദംകൂടാതെ സന്ദർശിക്കുന്നതു് തിരുമേനിയുടെ പതിവായിരുന്നു. ഒരിക്കൽ തിരുമേനിയുടെ ഭൃത്യനായ ഒരു ജൂതനും് രോഗം പിടിപെട്ടു. തിരുമേനി അയാളെ സന്ദർശിച്ചു. തിരുമേനിയുടെ ഉദാരമനസ്കതയാൽ ആകൃഷ്ടനായ ആ ജൂതൻ ഇസ്‌ലാംമതം വിശ്വസിച്ചു. തിരുമേനിയോട് വല്ലവരും വല്ല സംഗതിയും പറവാൻ ഒരുങ്ങിയാൽ, സശ്രദ്ധം തിരുമേനി അതു് കേൾക്കും. അവർ പറഞ്ഞുതീരുന്നതിനുമുമ്പു് തിരുമേനി നടന്നകലുകയാരില്ല. പുണ്യത്തിന്നായി വല്ലവരും തിരുമേനിയുടെ കൈ പിടിച്ചാൽ, കൈ വലിച്ചുകളയാതെ അവർക്കു് വിട്ടുകൊടുക്കും. അവർ വിട്ടതിനുശേഷമല്ലാതെ തിരുമേനി കൈ പിൻവലിച്ചിരുന്നില്ല. ഭാര്യമാർ ആത്മവിശ്വാസികളായിരിക്കുമ്പോഴും അവരോടൊപ്പം ഒരു വിരിപ്പിലാണു് തിരുമേനി ഉറങ്ങിയതു് രാത്രിയിലെ നിസ്കാരത്തിന്റെ സമയമാകുമ്പോൾ തിരുമേനി എഴുന്നേറ്റു നിസ്കരിക്കും. ഭാര്യമാരോടൊപ്പം ഒരേ വിരിപ്പിൽ ഉറങ്ങുക എന്നതു് പ്രത്യേകമായ സുന്നത്തും അതിനെ ഉപേക്ഷിക്കുന്നതു് മക്രൂഹും ആകുന്നു.

ആഇശാബീ (റ) യോടു് തിരുമേനിക്കു് പ്രത്യേകമായ ഒരു മമതയുണ്ടായിരുന്നു. ആദ്യകാലത്തു് അവരോടൊപ്പം കളിപ്പാനായി അൻസാരികളായ സഹാബിമാരുടെ പെൺമക്കളെ തിരുമേനി അവരുടെ അടുത്തേക്കു് അയച്ചുകൊടുക്കാറുണ്ടായിരുന്നു ആഇശാ (റ) കുടിച്ച പാത്രത്തിൽ അവർ ചുണ്ടുവെച്ച അതേസ്ഥാനത്തു ചുണ്ടുവെച്ചുകൊണ്ടു് ആ പാത്രത്തിൽനിന്നും തിരുമേനിയും കുടിക്കാറുണ്ടായിരുന്നു. നോമ്പുകാലത്തും തിരുമേനി ആഇശാ (റ) യുടെ മടിയിൽ തലവെച്ചു കിടക്കുകയും അവരെ ചുംബിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈ വാർത്ത ബുഖാരി (റ) വും മുസ്‌ലിം (റ) വും നിവേദനം ചെയ്തിട്ടുണ്ടു്. നോമ്പുള്ളപ്പോൾ തിരുമേനി ഭാര്യമാരെ ചുംബിക്കാറുണ്ടെന്നും ഹദീസിന്റെ പണ്ഡിതന്മാരെന്നും വിശ്രുതിപെറ്റ ആറു സഹാബികളും ഏകോപിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. ആഇശാ (റ) പറയുന്നു:— "ഞാൻ തിരുമേനിയോടൊപ്പം യാത്രചെയ്യുകയായിരുന്നു. യാത്രാസംഘത്തിൽ മറ്റു സഹാബിമാരും ഉണ്ടായിരുന്നു. കൂടെയുള്ളവരോടു് മുമ്പേനടക്കുവാൻ തിരുമേനി ആജ്ഞാപിച്ചു. അവർ മുമ്പേ നടന്നപ്പോൾ "നമുക്കു് ഒരു ഓട്ടപ്പന്തയം നടത്താം ആർ ജയിക്കുമെന്നും നോക്കാം" എന്നും തിരുമേനി എന്നോടു് പറഞ്ഞു. അങ്ങിനെ ഞങ്ങൾ മത്സരിച്ചോടി. ആ ഓട്ടത്തിൽ ഞാൻ

ജയിച്ചു. തിരുമേനി ഒന്നും പറഞ്ഞില്ല. കാലം കുറച്ചുകഴിഞ്ഞു. ഞാൻ അല്പം ഒന്ന് തടിച്ചുകൊഴുത്തു. മുൻപറഞ്ഞതുപോലുള്ള ഒരു യാത്രാവേളയിൽ മുൻപറഞ്ഞതുപോലുള്ള ഒരു ഓട്ടപ്പന്തയം ഞങ്ങൾ നടത്തി. ആ പന്തയത്തിൽ തിരുമേനി ജയിച്ചു. "ഇതു് അന്നത്തേതിനു് പകരമായി" എന്നു് പുഞ്ചിരിതൂകികൊണ്ടു് തിരുമേനി പറഞ്ഞു. വിനയത്തിലും ഔദാര്യത്തിലും തിരുമേനിയെ അതിജീവിക്കുന്ന ഒരു ജീവിയും ലോകത്തുണ്ടായിട്ടില്ല.

ലജ്ജ

ലജ്ജ ഈമാന്റെ ഘടകമാണു്. മറ്റുള്ളവരിൽ അരുചിജനിപ്പിക്കത്തക്ക കാര്യങ്ങളിൽ നിന്നു് പിന്മാറുന്ന ഒരു സ്വഭാവത്തിന്നാണു് ലജ്ജ എന്നു പറയുന്നതു് തിരുമേനി ആ വിഷയത്തിൽ മറക്കുള്ളിൽ ഒളിച്ചുനില്ക്കുന്ന ഒരു കന്യകയെപ്പോലും അതിശയിച്ചിരുന്നു. വീട്ടിന്റെ പിൻവശത്തുള്ള മറപ്പുരക്കകത്തുനിന്നാണു് തിരുമേനി കുളിച്ചിരുന്നതു് തിരുമേനിയുടെ പൊക്കിളിന്നും കാൽമുട്ടിന്നുമിടയിലുള്ള ശരീരഭാഗം തിരുമേനിയുടെ വീട്ടുകാരിൽ ഒരാൾപോലും കണ്ടിട്ടില്ല. ഈ വിഷയത്തെക്കുറിച്ചു് ആഇശാ (റ) നല്കിയ ഒരു പ്രസ്താവന ഇതിന്നുമുമ്പു് ഒരിടത്തു് പ്രസ്താവിച്ചിട്ടുണ്ടു്. ഹൃദയത്തിന്റെ ജീവശക്തിക്കനുസരിച്ചാണു് ഒരാളിൽ ലജ്ജ പ്രകടമാകുന്നതു് തിരുമേനിയുടെ ഹൃദയംപോലെ, ജീവശക്തിയിൽ പരിപൂർണ്ണമായ ഒരു ഹൃദയം വേറെ ഉണ്ടായിട്ടില്ല. ലജ്ജാശീലത്തിലും തിരുമേനിയെ അതിശയിക്കുന്ന വേറൊരാൾ ഉണ്ടായിട്ടില്ലെന്നു് ഇതിൽനിന്നു് സിദ്ധിക്കുന്നു. സഭ്യമല്ലെന്നു് തോന്നുന്ന ചെറിയ കാര്യങ്ങളിൽനിന്നുപോലും സൃഷ്ടാവിനെയും സൃഷ്ടികളെയും സ്വന്തം വ്യക്തിത്വത്തെയും പരിഗണിച്ചുകൊണ്ടു് ലജ്ജിതനായി തിരുമേനി പിൻവാങ്ങിക്കളയുമായിരുന്നു. അതായതു് അസഭ്യമായ ഒരു കാര്യത്തെക്കുറിച്ചു് ചിന്തിക്കുമ്പോൾതന്നെ താനും അതു ചെയ്യുന്നുണ്ടെന്നുള്ള ഭാവേന ലജ്ജാഭാരത്താൽ തിരുമേനി ചൂളിപ്പോയിരുന്നു. ഇതത്രെ ലജ്ജയുടെ പൂർണ്ണഭാവം. തിരുമേനി മറ്റൊരാളുടെ മുഖത്തു് ദൃഷ്ടിതറപ്പിച്ചുകൊണ്ടു് നോക്കാറുണ്ടായിരുന്നില്ല. ആ സ്വഭാവവൈശിഷ്ട്യത്തിന്റെ അടിസ്ഥാനവും ലജ്ജതന്നെ.

അല്ലാഹുവോടുള്ള ഭയം

അല്ലാഹുവിനുള്ള ആരാധനയിൽ എന്നപോലെതന്നെ അല്ലാഹുവോടുള്ള ഭയത്തിലും തിരുമേനി നിസ്തുലനായിരുന്നു. ഭയത്തിന്നു് നാലു പതനങ്ങൾ കല്പിക്കപ്പെട്ടിട്ടുണ്ടു്. അവയിൽ ഉത്തമമായ പതനത്തിലാണു് തിരുമേനി വർത്തിച്ചിരുന്നതു്. നിസ്കരിക്കുമ്പോൾ തിരുമേനി നിശ്ശബ്ദവിലാപത്താൽ കണ്ണീരൊഴുക്കുക പതിവായിരുന്നു. തിരുമേനി നിസ്കാരത്തിലായിരിക്കുമ്പോൾ, അടുപ്പത്തുവെച്ച പാത്രത്തിൽനിന്നു് ഉണ്ടാകുന്ന പതയുടെ ശബ്ദംപോലെ തിരുമേനിയുടെ ഹൃദയത്തിൽനിന്നു പതയുടെ ശബ്ദം കേൾക്കാമായിരുന്നു. 'ഞാൻ അറിയുന്നതുപോലെ അല്ലാഹുവിനെ നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ നിങ്ങളുടെ ചിരി കരച്ചിലായി മാറുകയും, ആ കരച്ചിൽ ഒടുങ്ങാത്ത കരച്ചിലായിത്തീരുകയും ചെയ്യുമായിരുന്നു' എന്നു് തിരുമേനി പറയാറുണ്ടായിരുന്നു.

ധീരശൂരത

തിരുമേനി (സ) അസാധാരണ ധീരശൂരനായിരുന്നു. ഈ ഗുണത്തിന്നു് അറബിഭാഷയിൽ ശുജാഅത്തു് എന്നു പേർ. ഒരു ദിവസം മദീനയിലെ ഒരു മലയിൽനിന്നു് ഭയാനകമായ ഒരു ശബ്ദം പുറപ്പെട്ടു. സംഗതി അറിയുന്നതിനായി മലയിൽ കയറിച്ചെല്ലുവാൻ ഒരാളും ധൈര്യപ്പെട്ടില്ല. മലയിൽ കയറി സംഭവം അറിയുന്നതിന്നു് ഒരു സംഘം ധീരന്മാരെ ഒരുമിച്ചു് കൂട്ടുവാൻ അവർ തീരുമാനിച്ചു. അങ്ങിനെ ഒരു സംഘം ധീരന്മാർ മലയിലേക്കു് പുറ

പ്പെട്ട. അപ്പോഠം തിരുമേനി ഒരു കുതിരപ്പുറത്തിരുന്നുകൊണ്ട് മലയിൽനിന്നിറങ്ങിവരുന്നതു് അവർ കണ്ട. അവർ തിരുമേനിയോട്ട വിവരം അന്വേഷിച്ചു. 'ഞാൻ അങ്ങോട്ട പോയി നോക്കി, ഭയപ്പെടത്തക്ക യാതൊന്നുമില്ല' എന്നു തിരുമേനി അവരോട്ട മറുപടി പറഞ്ഞു

മക്കയിൽ സുപ്രസിദ്ധനായ ഒരു ഗുസ്തിക്കാരനുണ്ടായിരുന്നു. കായികശക്തിയിലും ഗുസ്തിമുറയിലും അജയ്യനായിരുന്ന ആ മല്ലവീരന്റെ പേർ റുക്കാനത്തു് എന്നായിരുന്നു. അദ്ദേഹത്തോട്ട കിടപിടിക്കുന്ന വേറൊരു ഗുസ്തിക്കാരൻ അക്കാലത്തുണ്ടായിരുന്നില്ല. ഒരു ദിവസം ഒരു മലഞ്ചെരുവിൽവെച്ചു് തിരുമേനി റുക്കാനത്തിനെ കണ്ടുമുട്ടി. "റുക്കാനത്തെ താങ്കഠം അല്ലാഹുവിനെ ഭയപ്പെട്ടുകയും എന്നെ വിശ്വസിക്കുകയും ചെയ്യുക" എന്നു് തിരുമേനി അദ്ദേഹത്തോട്ടു് ഉപദേശിച്ചു. താങ്കഠം പറയുന്ന മാർഗ്ഗം സന്മാർഗ്ഗമാണെന്നുള്ളതിനു് തെളിവെന്തു് എന്നു് റുക്കാനത്തു് തിരുമേനിയോട്ടു് ചോദിച്ചു. "ഞാൻ താങ്കളുമായി ഗുസ്തിപിടിക്കാം. ജയിക്കുന്നതു് ഞാനാണെങ്കിൽ അതു് തെളിവായി അംഗീകരിക്കാമോ" എന്നു് തിരുമേനി റുക്കാനത്തോട്ടു് ഒരു മറുചോദ്യം ചോദിച്ചു. റുക്കാനത്ത് അതിനു സമ്മതിച്ചു. അങ്ങിനെ പിടുത്തം തുടങ്ങി. തിരുമേനി റുക്കാനത്തിനെ നിഷ്പ്രയാസം മലത്തിയിട്ട. ഒന്നും രണ്ടും തവണ റുക്കാനത്തു് പരാജയം സമ്മതിച്ചില്ല. മൂന്നാമതു് തിരുമേനി അയാളെ മലത്തിയിട്ടപ്പോഠം ആ മല്ലവീരൻ പരാജയം സമ്മതിച്ചു. പക്ഷെ, അപമാനഭാരത്താൽ തല്ക്കാലം ഇസ്‌ലാംമതം വിശ്വസിക്കാതെ അയാഠം സ്ഥലംവിട്ടുകളഞ്ഞു. പിന്നീട്ട്–മക്കാവിജയത്തിന്റെ അവസരത്തിലാണെന്നും ഈ സംഭവത്തിന്റെ അടുത്ത അവസരത്തിലാണെന്നും പറയപ്പെട്ടിട്ടുണ്ട്–അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. അൽഹാഫിളിബിനു ഹജർ (റ) പറയുന്നു:–"അബ്ദുൽ മുത്തലിബിന്റെ പുത്രനായിരുന്ന പ്രസ്തുത മല്ലവീരൻ. അദ്ദേഹത്തിനു യസീദ്ട്ട് എന്ന പേരുള്ള ഒരു പുത്രനുണ്ടായിരുന്നു. അദ്ദേഹവും അജയ്യനായ ഒരു ഗുസ്തിക്കാരനായിരുന്നു. ഒരാഠംക്കും അദ്ദേഹത്തെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല. തന്റെ പിതാവിനെ തിരുമേനി പരാജയപ്പെടുത്തിയവാർത്ത അദ്ദേഹം അറിഞ്ഞപ്പോഠം നഷ്ടപ്പെട്ട അഭിമാനം വീണ്ടെടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് തിരുമേനിയെ അദ്ദേഹം വെല്ലുവിളിച്ചു വെല്ലുവിളി സ്വീകരിക്കാമെന്നു് പറയുകയും ഞാനാണു് ജയിക്കുന്നതെങ്കിൽ എന്തു തരുമെന്നു് തിരുമേനി ചോദിക്കുകയും ചെയ്തു. തനിക്കു് മുന്നൂറു് ആട്ടുകഠം ഉണ്ടെന്നും അതിൽ നിന്നു് നൂറാട്ടുകളെ തരുമെന്നും അദ്ദേഹം മറുപടി പറഞ്ഞു. ആ ഗുസ്തിയിൽ മല്ലവീരനായ യസീദിനെ മൂന്നുതവണ തിരുമേനി മലർത്തിയടിച്ചു. നിബന്ധനയനുസരിച്ചു് നൂറു് ആട്ടുകളെ തിരുമേനിക്കു് നല്കിയശേഷം അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. സന്തുഷ്ടനായ തിരുമേനി ആട്ടുകളെ അദ്ദേഹത്തിനു തിരിച്ചുകൊടുത്തു. അങ്ങിനെ മല്ലയോദ്ധാക്കളിൽ അഗ്രിമന്മാരായ ആ പിതാവും പുത്രനും സഹാബികളായിത്തീർന്നു.

അബ്ദുൽഉസ്സൽ ജംഹി എന്ന ആഠം അസാധാരണ ശക്തനും ഗുസ്തികലാവിദഗ്ധനുമായിരുന്നു. അയാളുടെ ശരീരത്തിന്റെ കരുത്തും അഭ്യാസത്തിന്റെ മിടുക്കും സുപ്രസിദ്ധമായിരുന്നു. ഗുസ്തിയിൽ തന്നെ തോല്പിക്കുന്നപക്ഷം താൻ ഇസ്‌ലാംമതം വിശ്വസിക്കുമെന്നു് പറഞ്ഞുകൊണ്ട് അയാഠം തിരുമേനിയെ വെല്ലുവിളിച്ചു. തിരുമേനി ശക്തനായ ആ അഭ്യാസിയെ ഞൊടിയിടയിൽ പരാജയപ്പെടുത്തി. പക്ഷെ, അയാഠം ഇസ്‌ലാം മതം വിശ്വസിച്ചില്ല.

അബൂജഹലുമായി തിരുമേനി ഗ്രസ്തിപിടിച്ചതായി ചിലർ പറയുന്നുണ്ടെങ്കിലും അതിന്നു് രേഖാപരമായ തെളിവുകളൊ കാണുന്നില്ല. ഒരു സദസ്സിൽവെച്ചു് സന്ദർഭവശാൽ തിരുമേനി അയാളെ തള്ളിയപ്പോൾ അയാൾ നിലത്തുവീണു് കാലുകൾ പൊട്ടിയതായി ചരിത്രത്തിൽ കാണുന്നുണ്ടു്.

ഉഹദു്, ഹുനൈൻ എന്നീ യുദ്ധങ്ങളിൽ തിരുമേനി ശത്രുക്കളെ ഓടിച്ചു. ശത്രുക്കൾ അതിക്രമിച്ചു കടക്കുമ്പോൾ തിരുമേനി സധീരം നേരിട്ടു് അവരെ പിന്തിരിക്കുക പതിവായിരുന്നു. തിരുമേനി ഞങ്ങളെ സംബന്ധിച്ചേടത്തോളം യുദ്ധരംഗത്തു് പ്രതിരോധ ദുർഗ്ഗമായിരുന്നുവെന്നു് സഹാബിമാർ പ്രസ്താവിച്ചിട്ടുണ്ടു്. യുദ്ധക്ഷതിരയില്ലാത്ത കുതിരപ്പുറത്തുകയറി തിരുമേനി യുദ്ധം ചെയ്തിട്ടുണ്ടു് ചിലപ്പോൾ ജീനിയില്ലാത്ത കുതിരപ്പുറത്തിരുന്നുകൊണ്ടും തിരുമേനി യുദ്ധം ചെയ്തിട്ടുണ്ടു് യുദ്ധം മൂർധന്യാവസ്ഥയെ പ്രാപിക്കുമ്പോൾ തിരുമേനിക്കുണ്ടാവുന്ന ധീരത മറെറാരു സൃഷ്ടിക്കും ഉണ്ടാവാറില്ലെന്നു് അലി (ക. വ) പ്രസ്താവിക്കുന്നു. ചിലപ്പോൾ സഹാബിമാരിൽ ചിലർ എതിരാളികളിൽ ആയിരംപേരോടു് യുദ്ധംചെയ്തു് ജയിച്ചെന്നുവരും; പക്ഷെ, തിരുമേനിയുടെ ധീരതയും വൈഭവവും അമാനുഷികമായതുകൊണ്ടു് മനുഷ്യരുടെയും മലക്കുകളുടെയും ധീരത തിരുമേനിയുടെ മുമ്പിൽ പൂളിപ്പോകുമായിരുന്നു. തിരുമേനി യുദ്ധരംഗങ്ങളിൽ അതുല്യനായ ധീരനായിരുന്നു.

മഹിമയും പ്രശസ്തിയും

തിരുമേനിയുടെ തൃക്കയ്യുടെ മഹിമാതിരേകവും പ്രശസ്തിയും സമുദ്രത്തോടൊ മേഘത്തോടൊ ഉപമിച്ചാൽ ആ ഉപമനം ശരിയാവുകയില്ല. തിരുമേനിയോടു് ആർ എന്തു ചോദിച്ചാലും ആവശ്യപ്പെട്ടതു് അപ്പോൾതന്നെ കൊടുക്കുവാൻ തിരുമേനിക്കു് പ്രയാസമുണ്ടായിരുന്നില്ല. ശഫ്ഫാനിബിനുഉമയ്യത്തു്- വേറാരാളെന്നും പറയപ്പെട്ടിട്ടുണ്ടു്-ഒരിക്കൽ തിരുമേനിയോടു് വല്ലതും തരേണമെന്നാവശ്യപ്പെട്ടപ്പോൾ, ഒരു മലയിടുക്കു നിറയെ ആടുകളെയും ഒട്ടകങ്ങളെയും തിരുമേനി നല്കുകയുണ്ടായി. അതിനെത്തുടർന്നു് അദ്ദേഹവും കൂട്ടുകാരും ഇസ്‌ലാംമതം വിശ്വസിച്ചു. ഇങ്ങിനെ പലർക്കും നല്കപ്പെട്ടിട്ടുണ്ടു്. വിജ്ഞാനപരമായൊ, സാമ്പത്തികമായൊ, ശാരീകമായൊ ഉള്ള കഴിവുകേടുകളെ പരിഹരിക്കുന്നതിൽ തിരുമേനി അതിയോഗ്യനും പ്രസിദ്ധനുമായിരുന്നു. ഒരിക്കൽ ബഹറൈനി എന്ന നാട്ടിൽനിന്നു ഒരു ലക്ഷത്തോളം വെള്ളി സമ്മാനമായി തിരുമേനിക്കയച്ചുകിട്ടുകയുണ്ടായി. തിരുമേനി പള്ളിയുടെ മുറത്തു്വെച്ചു് ആ ഭാരിച്ച തുക അല്പസമയംകൊണ്ടു് ദാനംചെയ്തുതീർത്തു

ഒരു ദിവസം ഒരാൾ തിരുമേനിയെ സമീപിച്ചു് വല്ലതും തരേണമെന്നു് ആവശ്യപ്പെട്ടു. തല്ക്കാലം കൈവശം ഒന്നുമില്ലെന്നും, ആവശ്യമുള്ളതു് വല്ലവരോടും കടംവാങ്ങിയാൽ ആ കടം ഞാൻ വീട്ടിക്കൊള്ളാമെന്നും തിരുമേനി ആഗതനോടു പറഞ്ഞു. കൈവശമുണ്ടെങ്കിലല്ലാതെ കടംവാങ്ങി ധർമ്മം ചെയ്യേണ്ടതുണ്ടോ, എന്നു് ഗ്രുണദോഷഭാവേന ഉമർ (റ) തിരുമേനിയോടു ചോദിച്ചു. 'ഗ്രുണം ചെയ്യുന്നതു് വിലക്കുന്നതു്' എന്നുമാത്രം തിരുമേനി മറുപടി പറഞ്ഞു.

ഒരു ദിവസം തിരുമേനി എഴുപതിനായിരത്തിലേറെ പൊന്നു് ധർമ്മംചെയ്യുകയുണ്ടായി. ഉഴമനസരിച്ചു് രാത്രി വീട്ടിൽചെന്നപ്പോൾ അവിടെ വിളക്കുണ്ടായിരുന്നില്ല. 'ഇന്നുപകൽ മുഴുവനേറെ പൊന്നു് തിരുമേനി ദാനം ചെയ്തു. വീട്ടിൽ വിളക്കിലെ എണ്ണ വാങ്ങാനുള്ള തുകപോലും ബാക്കിവെച്ചില്ല' എന്നു് ഭാര്യ പറഞ്ഞപ്പോൾ, തിരുമേനി പുഞ്ചിരിക്കുകമാത്രം ചെയ്തു.

ഒരു ദിവസം തിരുമേനി കുറേ വെള്ളി കഷ്ണം കുമ്പാരമാക്കിവെച്ച് മറ്റുള്ളവർക്ക് ധർമ്മം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ തിരുമേനിയുടെ മൂത്താപ്പയായ അബ്ബാസ് (റ) തിരുമേനിയെ സമീപിക്കുകയും 'എനിക്കും കുറേ തരേണ'മെന്നു ആവശ്യപ്പെടുകയും ചെയ്തു. കുമ്പാരത്തിൽ നിന്ന് എടുത്തുകൊള്ളുവാൻ തിരുമേനി അനുവാദം നല്കി. അദ്ദേഹം ഒരു മുണ്ട് വിരിച്ച് അതിൽ വെള്ളിവാരിയിട്ടു. ഭാണ്ഡമാക്കി; വെക്കുവാൻ ശ്രമിച്ചപ്പോൾ അതു പൊന്തിയില്ല. അപ്പോൾ ഈ ഭാണ്ഡം പൊക്കി ചുമലിലേറ്റിത്തരണമെന്നു അദ്ദേഹം തിരുമേനിയോടാവശ്യപ്പെട്ടു. 'ഏറ്റാവുന്നതു് എടുത്താൽ മതിയല്ലൊ' എന്നു തിരുമേനി പ്രതിവചിച്ചു. അപ്പോൾ ആ ഭാണ്ഡത്തിൽനിന്നും കുറേ വെള്ളി അദ്ദേഹം ഒഴിക്കുകയും ഏറ്റാവുന്നതു എടുത്തുകൊണ്ടുപോവുകയും ചെയ്തു. ഇബ്നുഖുസൈർ (റ) പറയുന്നു:— 'അബ്ബാസ് എന്നവർ ദീർഘകായകനും ശക്തനുമായിരുന്നു. അന്നു അദ്ദേഹം ചുമന്നുകൊണ്ടുപോയ ഭാണ്ഡത്തിൽ നാല്പതിനായിരത്തോളം വെള്ളി ഉണ്ടായിരുന്നു'.

തിരുമേനി ഇപ്രകാരം ദാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ സ്വഗൃഹം വീട്ടു മിക്കവാറും പട്ടിണിയിലായിരിക്കും. തിരുമേനി തനിക്കുവേണ്ടി, നാളേക്കായി ഒന്നും കരുതിവെക്കാറില്ല. പക്ഷെ, വീട്ടിലുള്ളവർക്കുവേണ്ടി ഒരു കൊല്ലത്തെ ഭക്ഷണസാധനങ്ങൾ ചിലപ്പോൾ കരുതിവെക്കാറുണ്ടായിരുന്നു അവർക്കു മനസ്സമാധാനം ഉണ്ടാകുന്നതിനും അങ്ങിനെ ചെയ്യുന്നതു പാടില്ലാത്ത കാര്യമല്ലെന്നു വരുത്തുന്നതിനും വേണ്ടിയാണു തിരുമേനി അങ്ങിനെ ചെയ്തിരുന്നതു.

ഒരു യുദ്ധത്തിൽ പിടിക്കപ്പെട്ട യുദ്ധത്തടവുകാരായ സ്ത്രീകളെയും പുരുഷന്മാരെയും തിരുമേനി പലർക്കായിഭാഗിച്ചുകൊടുക്കുന്നവിവരം അറിഞ്ഞപ്പോൾ അവരിൽ ഒരാളെ തനിക്കും നല്കണമെന്നു തിരുമേനിയുടെ പുത്രിയായ ഫാതിമാ (റ) ആവശ്യപ്പെട്ടു. അപ്പോൾ തിരുമേനി പറഞ്ഞു 'മകളേ, വീടും കുടിയുമില്ലാത്ത പാവങ്ങൾ ഭക്ഷണത്തിനുപോലും വകയില്ലാതെ അലഞ്ഞുതിരിയുന്നു. ആകയാൽ യുദ്ധമുതൽ നമുക്കുവേണ്ട'

വിശ്വസ്തതയും സത്യസന്ധതയും

തിരുമേനിയുടെ വിശ്വസ്തതയും സത്യസന്ധതയും തിരുമേനിയുടെ പരമശത്രുക്കൾപോലും പരസ്യമായി സമ്മതിച്ച ഉത്തമ ഗുണങ്ങളാകുന്നു. നുബുവ്വത്തിനു മുമ്പുതന്നെ, വിശ്വസ്തൻ എന്നർത്ഥമുള്ള "അമീൻ" എന്ന സ്ഥാനപ്പേർ മക്കക്കാർ തിരുമേനിക്കു കല്പിച്ചുകൊടുത്തു. തിരുമേനിയുടെ തീരുമാനങ്ങൾ നിഷ്പക്ഷമാണെന്നുള്ള കാര്യത്തിൽ അവർക്കു പക്ഷാന്തരമുണ്ടായിരുന്നില്ല. കഅ്ബ, ജീർണ്ണോദ്ധാരണം നടത്തിയ കാലത്തു് ഹജറുൽ അസ്വദ് സ്വസ്ഥാനത്തെടുത്തുവെക്കുന്ന കാര്യത്തിൽ മക്കയിലെ ഗോത്രത്തലവന്മാർ തമ്മിലുണ്ടായ തർക്കവും, ആ തക്കത്തിൽ തിരുമേനി ഉന്നയിച്ച അഭിപ്രായവും ഐകൃകണ്ഠേന സ്വീകരിച്ചതും അതിനൊരു തെളിവാണു്. ഇങ്ങിനെ പലവിഷയത്തിലും അവർ തിരുമേനിയുടെ മദ്ധ്യസ്ഥം സ്വീകരിച്ചിട്ടുണ്ടു്. "ആകാശത്തുള്ളവർക്കും ഭൂമിയിലുള്ളവർക്കും ഞാൻ അമീനാകുന്നു." എന്നു തിരുമേനി അരുളിയിരിക്കുന്നു. തിരുമേനിയുടെ ശത്രുക്കളിൽ അഗ്രിമനായ അബൂജഹൽ പറയുകയുണ്ടായി: "താങ്കൾ സത്യമേ പറയുകയുള്ളുവെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷെ, താങ്കൾ കൊണ്ടുവന്നിട്ടുള്ള ഈ മാർഗ്ഗം കള്ളമാർഗ്ഗമാണെന്നാണു് എന്റെ പക്ഷം." ഇതിനെ പരാമർശിച്ചുകൊണ്ടു വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടു്. ബദർയുദ്ധം നടന്നുകൊണ്ടിരുന്ന അവസരത്തിൽ അബൂസുഫ്‌യാനു ശരീഫ്

എന്ന ആം അബൂജഹലോട് ചോദിച്ചു: "മാന്യരെ, നാം സംസാരിക്കുന്നതു കേൾക്കുവാൻ ഇവിടെ മറാരും ഇല്ലല്ലോ; എനിക്കു വളരെ രഹസ്യമായി ഒരു സംഗതി താങ്കളിൽ നിന്നു മനസ്സിലാക്കേണ്ടതുണ്ട്. നബി തിരുമേനിയെപ്പററി താങ്കളുടെ ആത്മാർത്ഥമായ അഭിപ്രായമെന്താണ്? അദ്ദേഹം പറയുന്നതു നേരൊ കളവോ" അബൂജഹൽ പ്രതിവചിച്ചു: "തമ്പുരാനാണെ സത്യം, തിരുമേനി സത്യവാനും വിശ്വസ്തനും ആകുന്നു. സത്യമല്ലാത്ത യാതൊന്നും മുഹമ്മദ് പറയുകയില്ല. പക്ഷെ, ഈ വിഷയത്തിൽ ചിന്തിപ്പാനുള്ളതു മറെറാന്നാണ്. കഅ്ബയുടെ പരമാധികാരം ഖുറൈശികളിൽ ഖുസയ്യിന്റെ മക്കളിലാണ് സ്ഥിതിചെയ്യുന്നതു്. ജലവിതരണാധികാരവും, വിദേശികളെ സൽക്കരിപ്പാനുള്ള അധികാരവും, യുദ്ധക്കൊടി കൈവശംവെക്കുവാനുള്ള അധികാരവും, ജനങ്ങളെ വിളിച്ചുകൂട്ടുവാനുള്ള അധികാരവും, കായ്യാലോചനായോഗത്തിന്റെ അധികാരവും, ഇതെല്ലാം ഇപ്പോൾ അവരുടെ കയ്യിൽതന്നെയാണുള്ളതു് നബുവ്വത്തെന്ന നബിപ്പട്ടവുംകൂടി അവർക്കുതന്നെ വകവെച്ചുകൊടുത്താൽ ഖുറൈശികളിൽപെട്ട മറെറ ഗോത്രക്കാർ ഒരു വിലയുമില്ലാത്തവരായിത്തീരും. ഈ അടിസ്ഥാനത്തിന്മേലാണ് ഞാൻ അദ്ദേഹത്തിന്റെ നബിത്വത്തെ സ്വീകരിക്കാത്തതു്." അഖ്നസ് എന്ന ആം ബദർയുദ്ധത്തിൽ കൊല്ലപ്പെട്ടുപോയെന്നും; പിന്നീട് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ച സഹാബിയായിത്തീർന്നിരുന്നുവെന്നും; യുദ്ധത്തിൽ കൊല്ലപ്പെട്ടതു് അദ്ദേഹത്തിന്റെ പിതാവായ ശരീഫാണെന്നും പക്ഷാന്തരമുണ്ട് മുവടെ വിവരിക്കുന്ന വസ്തുത ശ്രദ്ധാപൂർവ്വം വായിക്കേണ്ടിയിരിക്കുന്നു. ഒരു ദിവസം തിരുമേനി കഅ്ബത്തിന്റെ താഴെ നിന്നു നിസ്കരിക്കുമ്പോൾ തിരുമേനിയെ കൊന്നുകളയുവാൻ അബൂജഹൽ ഒരു പരിപാടിയിട്ടു. തിരുമേനി സുജൂദ് ചെയ്യുമ്പോൾ കഅ്ബത്തിന്റെ മീതെനിന്നു് ഒരു വലിയ കല്ല് തിരുമനിയുടെ തലയിലിട്ടു തലചതച്ചുകൊന്നുകളയുവാനാണ് പരിപാടി. ആ ദുരുദ്ദേശത്തോടുകൂടി അബൂജഹൽ ഒരു വലിയ കല്ലു് പൊക്കിയെടുത്തു. അപ്പോൾ ജിബ്രീൽ ഒരുഗ്രപുരുഷന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു. ആ ഉഗ്രവേഷംകണ്ടു് ഭയപ്പെട്ട അബൂജഹൽ കല്ലുകൊണ്ടോടിക്കളഞ്ഞു. ഈ വാർത്തകേട്ടപ്പോൾ നളറിബ്നുൽഹർസുൽഅബ്ദരി എന്ന ആം ഇപ്രകാരം പ്രസ്താവിച്ചു:- 'ഹേ ഖുറൈശികളെ, നിങ്ങൾക്കു സംഭവിച്ചിട്ടുള്ള ഈ കണ്ണിത്തത്തിനു് പരിഹാരമില്ല. മുഹമ്മദ് ചെറുപ്പം മുതൽതന്നെ കോലത്തിലും ശീലത്തിലും ഉത്തമനാകുന്നു വിനയത്തിലും സത്യസന്ധതയിലും വിശ്വസ്തതയിലും മുഹമ്മദ് അത്യന്തനാകുന്നു. ആ ഉത്തമഗുണങ്ങളൊം ഇപ്പോൾ മുഹമ്മദിൽ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. മുഹമ്മദ് കൊണ്ടുവന്ന മാർഗ്ഗത്തെ നിങ്ങൾ സ്വീകരിക്കുന്നില്ല. മാത്രമല്ല, മുഹമ്മദ് ആഭിചാരക്കാരനാണെന്നു നിങ്ങൾ പറയുകയും ചെയ്യുന്നു. മുഹമ്മദ് ആഭിചാരക്കാരനല്ലെന്നു ഞാൻ ആണയിട്ടു പറയുന്നു ആഭിചാരത്തിന്റെ എല്ലാ മാർഗ്ഗങ്ങളും എനിക്കറിയാം. മുഹമ്മദ് ജോത്സ്യനാണെന്നു് നിങ്ങൾ ആക്ഷേപിക്കുന്നു. മുഹമ്മദ് ജോത്സ്യനല്ലെന്നു് ഞാൻ ആണയിട്ടുപറയുന്നു. കാരണം, എനിക്ക് ജോത്സ്യവിദ്യ അറിയാം. മുഹമ്മദ് കവിയാണെന്നു് നിങ്ങൾ പറയുന്നു. മുഹമ്മദ് കവിയല്ലെന്നു് ഞാൻ ആണയിട്ടു പറയുന്നു. കാരണം, കവിതയുടെ വൃത്തങ്ങളും സങ്കേതങ്ങളും എനിക്കു് നന്നായി അറിയാം. മുഹമ്മദ് ഭ്രാന്തനാണെന്നു് നിങ്ങൾ ശഠിക്കുന്നു. മുഹമ്മദ് ഭ്രാന്തനല്ലെന്നും ഞാൻ ആണയിട്ടു പറയുന്നു. കാരണം, ഭ്രാന്തിന്റെ കാരണങ്ങളും ലക്ഷണങ്ങളും എനിക്കു് നന്നായി അറിയാം,

മുഹമ്മദിനെതിരായി നിങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ ഒന്നും മുഹമ്മദിനു് ബാധകമല്ല. നിങ്ങളിൽ ഒരനുഗ്രഹം ഉറങ്ങിയിരിക്കുകയാണു് നിങ്ങൾ നിങ്ങളുടെ ജോലിനോക്കിക്കൊള്ളുക' ഇദ്ദേഹം ഇസ്‌ലാമിന്റെ പരമ ശത്രുക്കളിൽപ്പെട്ട വ്യക്തിയായിരുന്നു ബദർ യുദ്ധത്തിൽ അദ്ദേഹം യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടു. തിരുമേനി അനുമതി നല്കിയതനുസരിച്ചു് യുദ്ധാനന്തരം അലി (ക. വ) അയാളെ കൊലപ്പെടുത്തി. ഈ നളിരിനു്നു ളൈർ എന്ന ഒരു സഹോദരനുണ്ടായിരുന്നു. തിരുമേനി മക്ക കീഴടക്കിയ അവസരത്തിൽ അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. ഈനു ളൈർ (റ) വിനു് ഹുനൈൻ യുദ്ധകാലത്തു് തിരുമേനി നൂറു ഒട്ടകങ്ങളെ സമ്മാനിച്ചു.

അലിയ്യിബിനുഅബൂതാലിബു് എന്നവരെ തൊട്ടു് ബൈഹഖി (റ) നിവേദനം ചെയ്യുന്നു:— 'തിരുമേനി അരുളുകയുണ്ടായി: എന്റെ ചെറുപ്പകാലത്തു്, അറിവുകെട്ടവർ ചെയ്തുകൊണ്ടിരുന്ന അസഭ്യങ്ങൾ ഞാൻ ചെയ്യുകയോ അവയെക്കുറിച്ചു് ചിന്തിക്കുകയോ ചെയ്തിട്ടില്ല. രിസാലത്തുകൊണ്ടു് അല്ലാഹു അനുഗ്രഹിക്കുന്നതുവരെ ആ വിഷയത്തിൽ അല്ലാഹു എന്നെ രക്ഷിച്ചു. രിസാലത്തോടുകൂടി ആ രക്ഷ പൂർത്തീകരിച്ചു. ഞാൻ ചെറുപ്പകാലത്തു് ആട്ടിനെ മേയ്ക്കുവാൻ പോകുമ്പോൾ ഒരു ഭൃത്യൻ എന്റെ കൂടെ ഉണ്ടാവാറുണ്ടു് ഒരു രാത്രിയിൽ ആടുകളുടെ മേൽനോട്ടം അവനെ ഏല്പിച്ചുകൊണ്ടു ഞാൻ മക്കയിലേക്കു കടന്നു. അക്കാലത്തു് മക്കയുടെ തെരുവുകളിൽ വെച്ചു് രാത്രികാലങ്ങളിൽ കഥ പറയാറുണ്ടായിരുന്ന കഥ കേൾപ്പാൻ ഉദ്ദേശിച്ചുകൊണ്ടു് ഞാൻ നടന്നു. ഒരു വീട്ടിൽ മുട്ടും പാട്ടും നടക്കുന്നതായി ഞാൻ കണ്ടു. അതൊരു കല്ല്യാണപ്പുരയായിരുന്നു. അവിടത്തെ ആഘോഷങ്ങൾ കാണുവാനും പാട്ടു കേൾപ്പാനുമായി ഞാൻ അവിടെ ഒരിടത്തിരുന്നു. പക്ഷെ, അല്ലാഹു എന്നെ തൽക്ഷണം ഉറക്കിക്കളഞ്ഞു. ഉറക്കുണരുന്നതിനുമുമ്പു് ആ വീട്ടിലെ ആഘോഷങ്ങളെല്ലാം അവസാനിച്ചുകഴിഞ്ഞിരുന്നു. മറെറാരവസരത്തിൽകൂടി ഇങ്ങിനെ സംഭവിച്ചിട്ടുണ്ടു്. രണ്ടുതവണ ഇങ്ങിനെ സംഭവിച്ചു എന്നതൊഴിച്ചാൽ എന്റെ ആയുസ്സിൽ ഞാൻ ഒരു തിന്മയും ചെയ്തിട്ടില്ല'

തിരുമേനിയുടെ സത്സ്വഭാവത്തിന്റെയും അറിവിന്റെയും ലജ്ജയുടെയും നന്മയുടെയും ആത്മാർത്ഥതയുടെയും സങ്കേതമായിരുന്നു. തിരുമേനിയുടെ സന്നിധിയിൽ വെച്ചു് ആരുംതന്നെ ശബ്ദമുയർത്തി സംസാരിച്ചിരുന്നില്ല. തിരുമേനി സംസാരിക്കുമ്പോൾ അവർ നിശ്ശബ്ദരായി തലതാഴ്ത്തി സശ്രദ്ധം ശ്രവിക്കുമായിരുന്നു.

ഭൌതികവിരക്തി

ഇതു് അതിവിസ്തൃതമായി പ്രതിപാദിക്കേണ്ടുന്ന ഒരു വിഷയമാകുന്നു. അതിനു് ഈ ഗ്രന്ഥത്തിന്റെ പരിമിതി പര്യാപ്തമല്ല. ലൌകികമായ എല്ലാവിധ സമ്പത്തുകളും തിരുമേനിക്കു് അധീനമായിരിക്കത്തന്നെ ദരിദ്രജീവിതം തിരുമേനി തിരഞ്ഞെടുത്തു. തിരുമേനി ഇഹലോകവാസം വെടിയുന്ന ഘട്ടത്തിൽ ഒരു യഹൂദിയുടെ പക്കൽ ഒരു പടയങ്കി തിരുമേനി പണയം വെച്ചിരിക്കുകയായിരുന്നു. വീട്ടുചെലവു് നിർവ്വഹിക്കുന്നതിനു വേണ്ടിയാണു അങ്ങിനെ പണയം വെച്ചിരുന്നതു് ഉമ്മത്തികൾ പണസമ്പാദനത്തിനായി എന്തും ചെയ്യാൻ ഒരുങ്ങാതിരിക്കുന്നതിനുവേണ്ടിയാണു് ദരിദ്രജീവിതം തിരുമേനി സ്വീകരിച്ചതു് 'ഈ ലോകത്തിൽ എന്റെ ഉമ്മത്തികളുടെ ഭക്ഷണത്തെ അത്യാവശ്യത്തിനുമാത്രം നീ ആക്കേണമെ' എന്നു തിരുമേനി പ്രാർത്ഥിച്ചു. ആ ഇശാ (റ) തൊലികളയാത്ത ഗോതമ്പുകൊണ്ടു് ചുട്ട റൊട്ടിയാണു് തിരുമേനിക്കു് നല്കി

യിരുന്നത്. അത്തന്നെയും വിശപ്പാറ്റത്തക്ക വിധം തുടച്ചയായി രണ്ടുനാൾ തിരുമേനി ആഹരിച്ചിട്ടില്ല. തിരുമേനിയുടെ വഫാത്തിന്റെ ഘട്ടത്തിൽ അനന്തരാവകാശികൾക്ക് ഭാഗിച്ചെടുപ്പാനായി പൊന്നോ വെള്ളിയോ ഒന്നമുണ്ടായിരുന്നില്ല. പടക്കുതിരയും ആയുധവും ദാനമാക്കിയ ഒരു നിലവും മാത്രമെ ഉണ്ടായിരുന്നുള്ളൂ.

ആഇശാ (റ) പറയുന്നു:- 'തിരുമേനി വഫാത്താകുമ്പോൾ എന്റെ വീട്ടിൽ ഒരു പാത്രത്തിൽ കുറച്ചു തൊലിക്കോതമ്പല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. വളരെക്കാലം ആ പാത്രത്തിലെ ഗോതമ്പിൽനിന്നും ഗോതമ്പെടുത്തു ഞാൻ ആഹരിച്ചു. പക്ഷെ, പാത്രത്തിലെ ഗോതമ്പ് കുറഞ്ഞതായിക്കണ്ടില്ല. ഒരു ദിവസം ഞാൻ അതു അളന്നുനോക്കി. അതോടെ ആഗോതമ്പു തീർന്നുപോയി. അളക്കേണ്ടതില്ലായിരുന്നുവെന്നു പിന്നീട് ഞാൻ ഖേദിച്ചു.'

ആഇശാ (റ) തുടരുന്നു:- 'ഒരു ദിവസം തിരുമേനി എന്നോട് പറഞ്ഞു: മക്കത്തെ പ്രദേശങ്ങളൊക്കയും പൊന്നാവാമെന്നു എന്നോട പറയുന്നു. ഞാൻ പറഞ്ഞു: വേണ്ടാ, ഒരു നാൾ വിശപ്പു സഹിച്ചുകൊണ്ടും ഒരുനാൾ വിശപ്പാറ്റിക്കൊണ്ടും ഞാൻ അല്ലാഹുവിനെ പുകഴ്ത്ത പ്പെയ്തുകൊള്ളാം. അങ്ങിനെയായാൽ മതി'

ഒരു ദിവസം ജിബ്‌രീൽ (അ), തിരുമേനിയെ സമീപിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:- 'അല്ലാഹു പറഞ്ഞിരിക്കുന്നു: താങ്കൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഈ മലകളെയെല്ലാം സ്വർണ്ണമാക്കി കൈവശം വെക്കാം.' തിരുമേനി മറുപടി നല്കി:- 'ഈ ലോകം വീടില്ലാത്തവന്റെ വീടും മുതലില്ലാത്തവന്റെ മുതലുമാണ്. അതിനെ സംഭരിക്കുന്നവൻ ബുദ്ധിയില്ലാത്തവനാണ്.'

ഒരു ദിവസം തിരുമേനി ജിബ്‌രീൽ എന്ന മലക്കോട് പറഞ്ഞു;- 'എന്റെ വീട്ടുകാരുടെ ആഹാരത്തിന്നായി ഇന്നു അവരുടെ കയ്യിൽ ഒരുമണി ഗോതമ്പുമൊ ഒരുനുള്ളു തരിയൊ ഇല്ല'. ഉടനെ ഇസ്രാഫീൽ എന്ന മലക്ക് തിരുമേനിയുടെ സന്നിധിയിൽ ഹാജരാവുകയും ഭൂമിയുടെ ഖജാനയുടെ താക്കോൽ തിരുമേനിക്കായി അല്ലാഹു തന്നയിച്ചിരിക്കുകയാണെന്നു പറയുകയും ചെയ്തു. താങ്കൾ ആവശ്യപ്പെടുകയാണെങ്കിൽ തിഹാം എന്ന രാജ്യം മുഴുവനും സ്വർണ്ണമാക്കിത്തരുവാനും അല്ലാഹു കല്പിച്ചിട്ടുണ്ടെന്നും ആ മലക്ക് അറിയിച്ചു. 'ഞാൻ ഇതൊന്നും കരുതിക്കൊണ്ടു പറഞ്ഞതല്ല; എന്റെ ഉദ്ദേശ്യവും ഇതല്ലാ' എന്നു തിരുമേനി ആ മലക്കോട് ഉത്തരം പറഞ്ഞു.

ആഇശാ (റ) പറയുന്നു:- 'തിരുമേനിയുടെ വീട്ടുകാരായ ഞങ്ങൾ ചിലപ്പോൾ മാസം മുഴുവനും അടുപ്പിൽ തീ കത്തിക്കാറില്ല. കാരക്കയും പച്ചവെള്ളവും മാത്രമായിരിക്കും ഞങ്ങളുടെ ആഹാരം.' തിരുമേനിയുടെ ദായ്മാർ ചിലപ്പോൾ നോമ്പിനെയുടനും നിരാഹാരമായി തന്നെ നോമ്പുനോറ്റിരുന്നു. ഭക്ഷണം ഇല്ലാത്തതുകൊണ്ടുതന്നെ.

തിരുമേനി ഭക്ഷണപ്രിയനായിരുന്നില്ല. മാർവമേറിയ റൊട്ടികളൊ മുഴുവൻ കോഴി, മുഴുവൻ ആട് എന്നിവയൊ തിരുമേനി ഭക്ഷിക്കാറില്ല. ഈ വിഷയത്തിൽ ആഡംബരത്വം തിരുമേനി ഇഷ്ടപ്പെടാറില്ല. മേശമേൽ വെച്ചു കസേരയിൽ ഇരുന്നു തിന്നുന്ന പതിവു തിരുമേനിക്കുണ്ടായിരുന്നില്ല. സുഖിയന്മാർ ഉപയോഗിക്കുന്നതുപോലുള്ള പാത്രങ്ങളിൽ ഭക്ഷണം കഴിക്കുന്നതും തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. ആഡംബരത്തിലുള്ള ഭക്ഷണവും ഭക്ഷണത്തിലുള്ള ആഡംബരവും തിരുമേനിക്കിഷ്ടമായിരുന്നില്ല. വിലവസമൂല്യമായ ഭക്ഷണം

ഉണ്ടാക്കി വല്ലവരും തിരുമേനിയെ ക്ഷണിച്ചാൽ അവരുടെ സന്തോഷത്തിനുവേണ്ടി തിരുമേനി അല്പം ഭക്ഷിക്കും. മാട്ടവും ഏറിയ വിരിപ്പിൽ തിരുമേനി ഉറങ്ങാറില്ല. അതു് നിസ്കാരത്തിനും മനസ്സാന്നിദ്ധ്യത്തിനും ഭംഗം വരുത്തുമെന്നു് തിരുമേനി പറയാറുണ്ടായിരുന്നു. ഇലകൾ കൂട്ടിപ്പിരിച്ചു് കെട്ടിയ കെട്ടുകട്ടിലിൽ തിരുമേനി കിടക്കുകയും തന്മൂലം തിരുമേനിയുടെ ദേഹത്തിൽ പാടുപറ്റുകയും ചെയ്തുക പതിവായിരുന്നു. രാത്രി ഭക്ഷണമില്ലെങ്കിലും തിരുമേനി നോമ്പു് ഒഴിക്കാറുണ്ടായിരുന്നില്ല. ഒരു ദിവസം, വിശപ്പു് സഹിച്ചുകൊണ്ടു് തിരുമേനി ഇബാദത്തിൽ മുഴുകിയിരിക്കുന്നതായി കണ്ടപ്പോൾ, ആഇശാ (റ) മനംനൊന്തു് കരയുകയും തിരുമേനിയുടെ വയർ തടവുകയും ചെയ്തു. അപ്പോൾ തിരുമേനി പറഞ്ഞു:- 'ഉന്നത പദവിയെ പ്രാപിച്ച നബിമാർ ഇതിലുറെ ക്ഷമയോടുകൂടി ഇബാദത്തു് ചെയ്തുകൊണ്ടാണു് ഉന്നതിയെ പ്രാപിച്ചതു്. നിത്യാഹാരകാര്യത്തിൽ ഞാൻ സന്തുഷ്ടനായിക്കഴിഞ്ഞാൽ എന്റെ നില അവരുടേതിൽനിന്നു് താഴ്ന്നുപോകും. താങ്കൾക്കു് മുമ്പുള്ള നബിമാർ സഹിച്ചതു പോലെ താങ്കളും സഹിക്കേണമെന്നു് അല്ലാഹു എന്നോടു് കല്പിച്ചിരിക്കുന്നു. അതുകൊണ്ടു് ഞാൻ സഹിക്കുന്നു. ഭക്ഷണത്തെയല്ല അല്ലാഹുവിനെയാണു് ഞാൻ തൃപ്തിപ്പെടുന്നതു്" ഒരാൾ തന്റെ ധനത്തിൽനിന്നു് ബുദ്ധിമാന്മാർക്കു് സംഭാവന ചെയ്യുവാൻ ആഗ്രഹിക്കുന്നപക്ഷം ഐഹികസുഖം വേണ്ടെന്നുവെച്ചവർക്കാണു് അതു നൽകേണ്ടതെന്നു് പണ്ഡിതന്മാർ പറയുന്നു.

ഐഹികസുഖഭോഗങ്ങളോടുള്ള മമത മനുഷ്യനെ അധഃപ്പതിപ്പിക്കും. അതിന്റെ സ്വഭാവം വഞ്ചനാത്മകമാണു്. അതിന്റെ മായാവിലാസങ്ങളിൽ കെണിഞ്ഞവർ വഞ്ചിതരാകും. ഇഹലോകത്തു് വെച്ചു് വയറുനിറയെ ഭക്ഷിച്ചവർ പരലോകത്തു് പട്ടിണികിടക്കും. നിറഞ്ഞ വയർ ബുദ്ധിനശിപ്പിക്കുകയും ആ ബുദ്ധിയിൽ വിദ്യയുടെ പ്രവേശനത്തെ തടുത്തുകളയുകയും ചെയ്യും.

തിരുമേനിയെ അനുസരിക്കലും അനുഗമിക്കലും സ്നേഹിക്കലും നിർബന്ധം

അല്ലാഹു കല്പിക്കുന്നു:- 'സത്യവിശ്വാസികളെ, അല്ലാഹുവിനും അവന്റെ റസൂലിനും വഴിപ്പെടുക.' വീണ്ടും അല്ലാഹു പറയുന്നു:- 'റസൂലിനു് വഴിപ്പെട്ടവർ അല്ലാഹുവിനു് വഴിപ്പെട്ടവരാകുന്നു.' ഇത്തരത്തിലുള്ള വചനങ്ങൾ വിശുദ്ധ ഖുർആനിൽ വേറെയുമുണ്ടു്. ഈ ആജ്ഞാപനങ്ങൾ അത്ഥപുഷ്ടങ്ങളും പ്രമാണപ്രധാനങ്ങളുമാകുന്നു. ഏതാനും വാക്കുകളിലൊ, വാചകങ്ങളിലൊ, ഇവയുടെ സാരം വിശദീകരിക്കുവാൻ സാധിക്കുകയില്ല. റസൂലിനു് വഴിപ്പെട്ടവർ അല്ലാഹുവിനു് വഴിപ്പെട്ടവരാകുന്നു എന്ന വചനത്തിൽനിന്നു് റസൂലിനു് വഴിപ്പെടാത്തവർ അല്ലാഹുവിനു് വഴിപ്പെടാത്തവരാകുന്നു, എന്ന അത്ഥം സിദ്ധിക്കുന്നു. അപ്പോൾ അല്ലാഹുവിനെ വഴിപ്പെടാനുള്ള വ്യക്തവും പ്രത്യക്ഷവുമായ മാർഗ്ഗം റസൂലിനു് വഴിപ്പെടുക എന്ന മാർഗ്ഗം മാത്രമാകുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിന്റെ മാതൃകയാണു് തിരുമേനി. ഒരാളെ സ്നേഹിച്ചല്ലാതെ, ഒന്നിനോടുള്ള പ്രേമംകൊണ്ടല്ലാതെ അനുകരണം അഥവാ അനുഗമനം സാദ്ധ്യമാകയില്ല. തിരുമേനിയെ സ്നേഹിച്ചവർക്കുമാത്രമേ തിരുമേനിയെ തുടരുവാൻ സാധിക്കയുള്ളൂ. തിരുമേനിയെ തുടരുക എന്ന പ്രക്രിയ തിരുമേനിയോടുള്ള പ്രേമംകൊണ്ടല്ലാതെ പൂർത്തിയാവുകയില്ല. തിരുമേനിയോടുള്ള ആത്മാർത്ഥമായ പ്രേമമാണു് ആ പ്രക്രിയയുടെ അടിസ്ഥാനം. ആകയാൽ തിരുമേനിയെ സ്നേഹിക്കുക എന്നതു് ഓരോ മുസ്‌ലിമിന്റെയും കടമയാകുന്നു. അല്ലാഹു

വോട്ട് പ്രേമം ഉണ്ടായാലല്ലാതെ അവന്റെ റസൂലോട്ട് പ്രേമമുണ്ടാവുകയില്ല. അതു തക്കമെറ ഒരു പ്രമാണമാകുന്നു. അല്ലാഹുവിനെയും റസൂലിനേയും ഒരാൾ പ്രേമിക്കുന്നതു് അവരുടെ പ്രേമം നേടുന്നതിനു വേണ്ടിയാകുന്നു. അവരുടെ പ്രേമം സമ്പാദിക്കുവാൻ സാധിക്കണമെങ്കിൽ, അവരെ സംബന്ധിച്ചു് നമ്മിൽ കുടിയിരിക്കുന്ന പ്രേമം ആത്മാർത്ഥവും വിശുദ്ധവും നിരപേക്ഷവുമായിരിക്കണം. പ്രേമം ആത്മാവിനെ സംബന്ധിച്ച ഒരു കാര്യമാകുന്നു. ഭാവം കൊണ്ടോ അഭിനയം കൊണ്ടോ അതു് പ്രകടമാക്കുവാൻ സാദ്ധ്യമല്ല. ഒരാൾ മറെറാരാളെ പ്രേമിച്ചുകഴിഞ്ഞാൽ ആ പ്രേമം ഹാർദ്ദമാണെങ്കിൽ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ രണ്ടുപേർക്കും തുല്യനിലയിൽ ബാധകമായിത്തീരും. ഒരാളുടെ ഹിതത്തിൽ മറെറ ആൾ അനിഷ്ടം ഭാവിക്കുന്നതായിക്കണ്ടാൽ തന്റെ ഹിതം അയാൾക്കുതന്നെയും അഹിതമായിത്തീരും. ഇതാണു് ഹാർദ്ദമായ സ്നേഹത്തിന്റെ നില. അല്ലാഹുവോടും റസൂലോടുമുള്ള സ്നേഹത്തിനു് ചില പ്രത്യേകതകൾകൂടിയുണ്ടു്. ഇഹലോകത്തു് നമ്മുടെ സ്നേഹത്തിനു് പാത്രമായി നില്ക്കുന്നതു് നമ്മുടെ മാതാപിതാക്കളും ഭാര്യമാരും മക്കളും സമ്പത്തും പദവിയും മറവുമാണല്ലോ. അല്ലാഹുവോടും റസൂലോടും മറവുമുള്ള സ്നേഹം ഭൌതികമായ എല്ലാ വസ്തുക്കളോടും നമുക്കുള്ള സ്നേഹത്തിന്റെ മീതെയായിരിക്കണം. അഥവാ ഭൌതികമായ എല്ലാ സ്നേഹങ്ങളും അല്ലാഹുവോടും റസൂലോടുമുള്ള സ്നേഹത്തിന്റെ താഴെയായിരിക്കണം. അങ്ങിനെ അല്ലാതെ വന്നാൽ, അല്ലാഹുവോടും റസൂലോടും സ്നേഹമുണ്ടെന്നു് പറയുന്നതും നടിക്കുന്നതും അസംബന്ധവും അസത്യവുമായിത്തീരും. തിരുമേനിയെ ഒരാൾ സ്നേഹിച്ചാൽ അയാളുടെ നില അത്യുന്നതമായിത്തീരും. ഈ സ്നേഹംകൊണ്ടാണു്, ഈ സ്നേഹംകൊണ്ടുമാത്രമാണു്, വിജയികളായ ഓരോരുത്തർക്കും വിജയം വരിക്കാൻ സാധിച്ചതു്. അല്ലാഹുവോടും റസൂലോടുമുള്ള സ്നേഹം ഹൃദയങ്ങളുടെ ഭക്ഷണവും, ആത്മാക്കളുടെ രക്ഷയും, കണ്ണുകളുടെ കുളിർമയും കാഴ്ചയും, മഹാരോഗങ്ങളുടെ ഔഷധവും, ദേഹങ്ങളുടെ ദേഹിയുമാകുന്നു. ഈ പ്രേമം ഏതൊരു ശരീരത്തിൽ ഇല്ലയൊ, ആ ശരീരം ആത്മാവില്ലാത്ത ശരീരത്തിനു് തുല്യമാകുന്നു. നമ്മുടെ മുൻഗാമികളായ വിജയികൾ ഈ വാഹനത്തിൽ കയറിക്കൊണ്ടു് അനർത്ഥങ്ങളാകുന്ന വേലികളും, അനുഗ്രഹമാകുന്ന മൈതാനികളും താണ്ടി ലക്ഷ്യത്തെ പ്രാപിച്ചു. നാമാകട്ടെ, ഈ വാഹനമില്ലാതെ കഴഞ്ഞുന്നു. ഉള്ളവർതന്നെയും അതിന്റെ അപര്യാപ്തിയാൽ മുന്നോട്ടു നീങ്ങുവാൻ കഴിയാതെ തങ്ങിനില്ക്കുന്നു. സ്നേഹത്തിന്റെ ആന്തരീയവശത്തെക്കുറിച്ചു് ചിന്തിച്ചാൽ ഈ പ്രേമത്തിന്റെ കീഴിലല്ലാതെ മറെറാ പ്രേമത്തിനു സ്ഥാനമില്ലെന്നു വ്യക്തമായി മനസ്സിലാക്കുവാൻ പ്രയാസമില്ല. 'നിങ്ങൾ നിങ്ങളുടെ മാതാപിതാക്കന്മാരെക്കാളും മക്കളെക്കാളും ഉപരിയായി എന്നെ സ്നേഹിച്ചില്ലെങ്കിൽ നിങ്ങളിൽ ആരുടെയും വിശ്വാസം പൂർത്തിയാകുകയില്ല', എന്നർത്ഥമുള്ള ഒരു ഹദീസു് തിരുമേനി അരുളിച്ചെയ്തുണ്ടു്. സഹാബിമാരുടെ സ്നേഹം ഇത്തരത്തിലുള്ളതായിരുന്നു. മാത്രമല്ല, അവരിൽ പലരും അവരുടെ സകലതും, അവരുടെ ദേഹവും ദേഹിയും എല്ലാംതന്നെ, തിരുമേനിക്കുവേണ്ടി ഉഴിഞ്ഞുവെച്ചവരായിരുന്നു. തിരുമേനിയോടുള്ള പ്രേമത്തിൽ ബുദ്ധിഭ്രമം സംഭവിച്ചവരും ആ പ്രേമത്താൽ മരിച്ചുപോയവരും ഉണ്ടായിട്ടുണ്ടു്. സജ്ജനങ്ങളെ സംബന്ധിച്ചേടത്തോളം അല്ലാഹുവോടും റസൂലോടുമുള്ള പ്രേമം, അത്യുഷ്ണകാലത്തു് ദാഹിച്ചുവലഞ്ഞവനു് പച്ചവെള്ളം നല്കുന്ന അനുഭവം നല്കുന്നു. അവർ അതുയും ഹൃദ്യമായി അതിനെ കണക്കാക്കുന്നു. തിരുമേനിയുടെ അനുഗ്രഹമാകുന്ന ചുങ്കം കടക്കാതെ നമ്മുടെ ശരീരമാകുന്ന ചരക്കു് കപ്പലിനു് അല്ലാഹുവാകുന്ന തുറമുഖത്തെത്തുവാൻ

സാധിക്കുകയില്ല. ഈ യാത്രയിൽ നമ്മുടെ ദേഹമാകുന്ന കപ്പലിന്റെ ആങ്കക്കുട്ടി തിരുമേനിയോടുള്ള പ്രേമമാകുന്നു അല്ലാഹു പറയുന്നു:- 'താങ്കൾ പറയുക അല്ലാഹുവിനെ നിങ്ങൾ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെത്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും. അവൻ നിങ്ങളുടെ ദോഷത്തെ പൊറുത്തുതരികയും ചെയ്യും.' തിരുമേനിയെ തുടരുക എന്നതു് അല്ലാഹു അവന്റെ സ്നേഹത്തിനു് കാരണമാക്കിയിരിക്കുന്നുവെന്നു് ഇതിൽനിന്നു സിദ്ധിക്കുന്നു. വീണ്ടും അല്ലാഹു പറയുന്നു:- 'താങ്കൾ താങ്കളുടെ ജനതയോടു പറയണം. നിങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂലിനെയും അവരുടെ മാർഗ്ഗത്തിൽ നടക്കുന്നതിനെയും സ്നേഹിക്കുന്നതിലുപരിയായി, നിങ്ങളുടെ മാതാപിതാക്കളെയും, മക്കളെയും സഹോദരങ്ങളെയും, ഭാര്യമാരെയും, കുടുംബാദികളെയും, സമ്പത്തു്, കച്ചവടം, ഭവനം മുതലായവകളെയും സ്നേഹിച്ചെങ്കിൽ, അല്ലാഹുവിന്റെ അനിഷ്ടം നിങ്ങളിൽ ഇറങ്ങുന്നതിനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. ദുർജ്ജനങ്ങളെ അല്ലാഹു നേർവഴിയിൽ എത്തിക്കുകയില്ല.' ഒരാൾ അല്ലാഹുവിനെക്കാളും റസൂലിനെക്കാളുമേറെ മറെറാരാളെ ഭയപ്പെടുകയോ, മാനിക്കുകയോ, അവരുമായി കരാറിലേർപ്പെടുകയോ, വഴിപ്പെടുകയോ, അവന്റെ വാക്കിനു് പ്രാധാന്യം കല്പിക്കുകയോ, മറെറാ ചെയ്താൽ, അയാൾ അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കുന്നില്ല എന്നു് വന്നുകൂടും. ആ മനുഷ്യൻ, ഞാൻ അല്ലാഹുവിനെയും റസൂലിനെയും സ്വോപരി സ്നേഹിക്കുന്നുവെന്നു് പറഞ്ഞാൽ, അതു് അസത്യമായിരിക്കും; പ്രേമിക്കപ്പെടുന്നവരും പ്രേമിക്കുന്നവരും തമ്മിലുള്ള ബന്ധത്തെ പണ്ഡിതന്മാർ പല വിധത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്. കാമുകനും കമിതാവും തമ്മിലുള്ള പ്രത്യക്ഷവും പരോക്ഷവുമായ ഏകോപനമാണു് പ്രേമമെന്നു് ചിലർ പ്രസ്താവിച്ചിട്ടുണ്ടു്. കാമുകൻ കമിതാവിൽ നിർലീനനായിപ്പോവുക എന്നതാണു് പ്രേമമെന്നു് വേറെ ചിലർ പ്രസ്താവിച്ചിരിക്കുന്നു. കാമുകൻ കമിതാവിന്റെ സ്വഭാവം ആജ്ഞാപിക്കലാണു് പ്രേമമെന്നു് മറെറ ചിലർ പ്രസ്താവിച്ചിട്ടുണ്ടു്. കാമുകൻ കമിതാവിനു് ചെയ്യുന്ന ഇഷ്ടപ്രവർത്തികൾ എത്ര അധികമായാലും അല്പമായിക്കാണലും, കമിതാവിൽനിന്നു് കാമുകനു് ലഭിക്കുന്ന അല്പഗുണം അധികമായിക്കാണലുമാണു് പ്രേമമെന്നു് ചിലരും; കാമുകൻ കമിതാവിനു് ചെയ്യുന്ന അത്യല്പമായ അനിഷ്ടപ്രവർത്തിപോലും അത്യധികമായും കമിതാവു് കാമുകനു് ചെയ്യുന്ന അധികമായ അനിഷ്ടപ്രവർത്തികൾ അല്പമായും കാണലാണു് പ്രേമമെന്നു് മറെറ ചിലരും; കമിതാവിന്റെ ഇഷ്ടത്തിനൊത്തു് പ്രവർത്തിക്കലും അനിഷ്ടത്തിൽനിന്നു് പിൻമാറലുമാണു് പ്രേമമെന്നു് വേറെ ചിലരും പ്രസ്താവിച്ചിട്ടുണ്ടു്. കാമുകന്റെ ഹൃദയത്തിൽനിന്നു് കമിതാവല്ലാത്ത മറെറല്ലാം മാഞ്ഞുപോവുക എന്നതാണു് പ്രേമമെന്നും, കാമുകനു് ലഭിച്ച പ്രേമമെന്ന ലഹരി കമിതാവുമായുള്ള ദർശനംകൊണ്ടല്ലാതെ നീങ്ങാതിരിക്കുക എന്ന അവസ്ഥയാണു് പ്രേമമെന്നും പറയപ്പെട്ടിട്ടുണ്ടു് പ്രേമത്തിന്റെ കാരണഭൂതനായ തിരുമേനിയെ സ്നേഹിക്കുവാൻ കഴിയാത്തവനു്, സ്നേഹത്തിന്റെ രുചി അറിയുവാൻ സാധിക്കുകയില്ല. അവന്റെ ഹൃദയത്തിൽ പ്രേമമെന്ന ഒന്നു് ഉണ്ടാവുകയില്ല.

തിരുമേനിയോടുള്ള പ്രേമത്തിന്റെ ലക്ഷണം

തിരുമേനിയുടെ 'ഉപദേശങ്ങൾ അനുസരിച്ചു് തിരുമേനിയെ പിൻതുടരുക എന്നതാണു് തിരുമേനിയോടുള്ള പ്രേമത്തിന്റെ പ്രഥമപ്രധാനമായ ലക്ഷണം. തിരുമേനി അരുളുകയുണ്ടായി:- "എന്റെ ജീവിതത്തെ നിലനിറുത്തുന്നവൻ എന്നെ സ്നേഹിച്ചവനാകുന്നു. എന്നെ സ്നേഹിച്ചവൻ എന്നോടൊപ്പം സ്വർഗ്ഗ

ത്തിലാകുന്നു'' ദീനിനു, ദീൻകാര്യങ്ങളിൽ, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സഹകരണം നല്കുക എന്നതു് തിരുമേനിയോടുള്ള സ്നേഹത്തിന്റെ ലക്ഷണമാകുന്നു. ആപത്തുകളെ സംബന്ധിച്ചേടത്തോളം മന:ക്ലേശം ഉണ്ടാവാതിരിക്കുക എന്നതു് അതിന്റെ മറ്റൊരു ലക്ഷണമാകുന്നു. പ്രേമനിർഭരമായ ഹൃദയത്തിൽ കടന്നുചെല്ലുവാൻ മന:ക്ലേശത്തിനു സാധിക്കുകയില്ല അഥവാ കടന്നുചെന്നാൽതന്നെ അതു് പ്രേമത്തിൽ നശിച്ചുപോകും. തിരുമേനിയെപ്പറ്റി ചിന്തിക്കലും, സംസാരിക്കലും, തിരുമേനിയുടെ മേൽ സലാത്തുചൊല്ലലും, തിരുമേനിയോടുള്ള പ്രേമത്തിന്റെ ലക്ഷണമാകുന്നു തിരുമേനിയുടെ നാമം കേൾക്കുമ്പോൾ ഭയഭക്തിപൂർവ്വം അതിനെ വന്ദിക്കുക എന്നതു് തിരുമേനിയോടുള്ള പ്രേമത്തിന്റെ ലക്ഷണം തന്നെ. തിരുമേനിയുടെ നാമം കേൾക്കുമ്പോൾ സഹാബിമാരുടെ ശരീരം കിടിലം കൊള്ളുകയും കോരിത്തരിക്കുകയും ചെയ്യുക പതിവായിരുന്നു. പിൻഗാമികളിൽ ഭൂരിപക്ഷത്തിന്റെ നിലയും ഇതുതന്നെയായിരുന്നു. ഖുർആൻ, ഹദീസ് എന്നിവ ഓതുകയും കേൾക്കുകയും ചെയ്യുക എന്നിവയിൽ തല്പരരാകുക എന്നതും തിരുമേനിയോടുള്ള സ്നേഹത്തിന്റെ ലക്ഷണമാകുന്നു

അഹ്‌ലു് ബൈത്തോടുള്ള സ്നേഹം

തിരുമേനിയെ സ്നേഹിക്കുന്നവർക്കു് തിരുമേനിയുടെ സഹാബിമാരോടും അഹ്‌ലുബൈത്തോടും സന്താനങ്ങളോടും കുടുംബാദികളോടും സ്നേഹമുണ്ടായിരിക്കുമെന്നു് പറയേണ്ടതില്ല. തിരുമേനിയുടെ അഹ്‌ല്‌ബൈത്തിനെ സ്നേഹിക്കേണ്ടതു് നിർബന്ധമാണെന്നും, വുജൂബാണെന്നും ഖുർആനും ഹദീസും വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:_ താങ്കൾ പറയുക: ഞാൻ മുർസലായ നബിയായി നിങ്ങളുടെ ഇടയിൽ വന്നു. നിങ്ങൾക്കു് എത്തിച്ചുതരുവാൻ എന്നെ ഏല്പിക്കപ്പെട്ടതു് മുഴുവനും ഞാൻ നിങ്ങൾക്കു് എത്തിച്ചുതന്നു. അതിനു് യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നില്ല എന്നാൽ എന്റെ അടുത്ത ബന്ധുക്കളെ നിങ്ങൾ സ്നേഹിക്കേണമെന്നു് ഞാൻ ആഗ്രഹിക്കുന്നു'' ''താങ്കളുടെ അഹ്‌ലു ബൈത്തിന്റെ പിഴവുകളെ നീക്കി ശുദ്ധമാക്കുവാൻ അല്ലാഹു വേണ്ടുകവെച്ചിരിക്കുന്നു.'' എന്നത്തുമുള്ള ആയത്തു് അവതരിച്ചപ്പോൾ തിരുമേനി, അലി(ക), ഫാത്തിമ (റ), ഹസൻ, (റ), ഹുസൈൻ (റ) എന്നിവരെ അരികെ വിളിച്ചു് അലി, ഫാത്തിമ എന്നിവരെ തിരുമേനിയുടെ മുമ്പിലും ഹസൻ, ഹുസൈൻ എന്നിവരെ തിരുമേനിയുടെ രണ്ടുഭാഗത്തും ഇരുത്തുകയും, തിരുമേനിയുടെ ഒരു പുതപ്പെടുത്തു് അഞ്ചുപേരേയും മൂടുകയും ചെയ്തു. അനന്തരം പ്രസ്തുത ആയത്തോതുകയും ''തമ്പുരാനേ, ഇവർ എന്റെ അഹ്‌ലുബൈത്താണു് ഈ ആയത്തിലെ സാരാംശങ്ങളുമായി ബന്ധപ്പെട്ടവരാണു്'' എന്നു് പ്രാർത്ഥിക്കുകയും ചെയ്തു തിരുമേനിയുടെ അഹ്‌ലുബൈത്തിന്റെ യോഗ്യതകളും മാഹാത്മ്യങ്ങളും വർണ്ണനാതീതങ്ങളത്രെ ഫഖ്‌റുറാസീ (റ) വിന്റെ തഫ്‌സീറിലും മറ്റു ചില ഗ്രന്ഥങ്ങളിലും ഈ വിഷയം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു് ''എന്റെ അഹ്‌ലുബൈത്തിനെ സ്നേഹിക്കാത്തവർ എന്നെ സ്നേഹിച്ചവർ ആകയില്ലെന്നും, ''എന്റെ മേൽ സലാത്തുചൊല്ലുന്ന എല്ലാവരും എന്റെ കുട്ടികുടുംബാദികളുടെ മേൽ സലാത്തു ചൊല്ലണ''മെന്നും ''അങ്ങിനെ ചെയ്യാത്തവരുടെ സലാത്തു് പൂർണ്ണമാകയില്ല''ലെന്നും തിരുമേനി അരുളിയിരിക്കുന്നു. തിരുമേനി വീണ്ടും അരുളുന്നു:_ അല്ലാഹു നിങ്ങൾക്കു് ചെയ്തുതന്ന ഗുണങ്ങളെ ചൊല്ലി അല്ലാഹുവിനെ നിങ്ങൾ സ്നേഹിക്കുക, ആ സ്നേഹത്തെച്ചൊല്ലി എന്നെ നിങ്ങൾ സ്നേഹിക്കുക; എന്നോടുള്ള സ്നേഹത്തെ

ച്ചൊല്ലി എന്റെ അഹ്‌ലുബൈത്തിനെ നിങ്ങൾ സ്നേഹിക്കുക; ഒരാൾ എന്റെ അഹ്‌ലുബൈത്തിനെ സ്നേഹിച്ചാൽ അയാളെ ഞാൻ സ്നേഹിക്കുന്നവരിൽ ഉൾപ്പെടുത്തിക്കൊണ്ട് ഞാൻ സ്നേഹിക്കും. ഒരാൾ അവരോട് അനിഷ്ടം ഭാവിച്ചാൽ അയാളെ ഞാൻ അനിഷ്ടപ്പെടുന്നവരിൽ ചേർത്തുകൊണ്ട് ഞാൻ അനിഷ്ടപ്പെടും. എന്റെ അഹ്‌ലുബൈത്തോട് ഈർഷ്യതഭാവിക്കുന്നവർ ഹൃദയത്തിൽ വിശ്വാസമില്ലാത്ത മുനാഫിഖുകളാണ്. എന്റെ അഹ്‌ലുബൈത്തിനും വല്ലവരും വല്ല ഉപകാരങ്ങളും ചെയ്യുകയും അതിനും പ്രത്യുപകാരം ചെയ്യുവാൻ അവർക്ക് കഴിയാതെ വരുകയും ചെയ്യുന്ന പക്ഷം, അന്ത്യനാളിൽ ഞാൻ അതിനും പ്രത്യുപകാരം ചെയ്യും.''

സുപ്രസിദ്ധമായ ഒരു ഹദീത്തിന്റെ സാരം ചുവടെ ഉദ്ധരിക്കുന്നു:- ''അല്ലാഹുവിന്റെ റസൂലായ നബിയുടെ വീട്ടുകാരെ, നിങ്ങളെ സ്നേഹിക്കൽ നിർബന്ധമാണെന്നും അല്ലാഹു കല്പിച്ചിരിക്കുന്നു. നിങ്ങളുടെ മേൽ സലാത്തു ചൊല്ലാതെ തിരുമേനിയുടെ മേൽ ചൊല്ലുന്ന സലാത്തും പൂർത്തിയാകുകയില്ലെന്നും തിരുമേനി അരുളിയിരിക്കുന്നു. നിങ്ങളുടെ മാഹാത്മ്യത്തെ തെളിയിക്കുവാൻ ഈ വചനങ്ങളും പര്യാപ്തങ്ങളും തന്നെ''. 'എന്റെ അഹ്‌ലുബൈത്തോടു ക്രോധിക്കുന്നവരെ അല്ലാഹു നരകത്തിൽ കടത്താതിരിക്കുകയില്ല'. എന്നും തിരുമേനി അരുളിയിരിക്കുന്നു.

സഹാബിമാരെ സ്നേഹിക്കൽ

തിരുമേനിയുടെ സഹാബിമാരെ പുകഴ്ത്തിക്കൊണ്ട് പല ആയത്തുകളും അവതരിച്ചിട്ടുണ്ട് തിരുമേനി പറയുന്നു:— 'എന്റെ സഹാബ മാർ നക്ഷത്രങ്ങളെപ്പോലെയാകുന്നു. അവരിൽ ആരെയെങ്കിലും നിങ്ങൾ തുടർന്നാൽ നിങ്ങൾ നേർവഴിയിലായി.' തിരുമേനി വീണ്ടും പറയുന്നു:- 'എന്റെ സഹാബിമാർ ഉപ്പ് പോലെയാകുന്നു. ഉപ്പില്ലാത്ത ഭക്ഷണം ഫല്യമാകയില്ല. അവരെ സ്നേഹിച്ചവരെ ഞാൻ സ്നേഹിക്കും. അവരെ വെറുത്തവരെ ഞാൻ അനിഷ്ടപ്പെടും. എന്റെ സഹാബിമാരെ വല്ലവരും അസഭ്യം പറഞ്ഞാൽ അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയും ശാപം അവരിൽ വന്നെത്തും. അവരുടെ ഫർളൊ സുന്നത്തൊ ആയ കർമ്മങ്ങളെ അല്ലാഹു സ്വീകരിക്കുകയില്ല. നബിമാരെയും മുർസലുകളെയും കഴിച്ചാൽ അല്ലാഹു മഹാന്മാരാക്കിയവരാണ് അവർ. അവരിൽ നാലുപേരെ അല്ലാഹു എനിക്കുവേണ്ടി തിരഞ്ഞെടുത്തു. അബൂബക്കർ, ഉമർ, ഉസ്മാൻ, അലി എന്നിവരെ അല്ലാഹു എന്റെ സഹാബിമാരിൽ ഏറ്റവും ഉത്തമന്മാരാക്കി. അബൂബക്കർസിദ്ദീഖിനെ ഒരാൾ സ്നേഹിച്ചാൽ അയാൾ എന്റെ ദീനിനെ നിലനിർത്തി. ഉമർ ഖത്താബിനെ ഒരാൾ സ്നേഹിച്ചാൽ അയാൾ അഭിവൃദ്ധിമാർഗ്ഗത്തെ പ്രത്യക്ഷമാക്കി. ഉസ്മാനിബ്നു അഫ്ഫാനെ ഒരാൾ സ്നേഹിച്ചാൽ അയാൾ അല്ലാഹുവിന്റെ പ്രകാശത്താൽ ഉജ്ജ്വലനായി. അലിയ്യിബ്നു അബൂതാലിബിനെ ഒരാൾ സ്നേഹിച്ചാൽ അയാൾ ഭദ്രമായ രക്ഷാപാശത്തെ പിടിച്ചവനായി'.

സഹാബിമാരെ സ്നേഹിക്കാത്ത ആളുകൾ തിരുമേനിയെ സ്നേഹിച്ചവരാവുകയില്ല. അപ്പോൾ അവരെ സ്നേഹിക്കൽ തിരുമേനിയെ സ്നേഹിക്കുക എന്നതിനോടും, അവരെ വന്ദിക്കൽ തിരുമേനിയെ വന്ദിക്കുക എന്നതിനോടും അവർക്ക് ഋണം ചെയ്യൽ തിരുമേനിക്ക് ഋണം ചെയ്യുക എന്നതിനോടും ബന്ധപ്പെട്ടതാകുന്നു. സഹാബിമാരെ സ്നേഹിക്കാത്തവരുടെ ഈമാൻ പൂർത്തിയാവുകയില്ല. അപ്പോൾ ഈമാൻ പൂർത്തിയാവേണമെങ്കിൽ സഹാബിമാരെ സ്നേഹിക്കുകയും അവരെ വന്ദിക്കുകയും അവരുടെ വചനങ്ങളെയും കർമ്മങ്ങളെയും സ്വ

ജീവിതത്തിൽ പകർത്തുകയും ചെയ്താൽ മതിയാവും.

ജൂതന്മാരായ ദാർശനികന്മാരുടെ പ്രസ്താവനകൾ

സൽമത്തിബ്നുസലാമത്തെന്ന സഹാബി പറയുന്നു:- 'ഞങ്ങളുടെ അയൽപക്കത്തു് അബ്ദുൽഅശ്ഹൽ എന്ന യഹൂദിയുടെ മക്കളിൽപെട്ട ഒരു ജൂതപണ്ഡിതനുണ്ടായിരുന്നു. ബിംബാരാധകർക്കു് പരലോകത്തു് ശിക്ഷയുണ്ടാകുമെന്നും, മഹ്ശറയിൽവെച്ചു് എല്ലാവരും ചോദ്യം ചെയ്യപ്പെടുമെന്നും, നന്മതിന്മകൾ തൂക്കപ്പെടുമെന്നും, നന്മചെയ്തവർക്കു് സ്വർഗ്ഗവും തിന്മ ചെയ്തവർക്കു് നരകവും സിദ്ധിക്കുമെന്നും അയാൾ പറയുകയുണ്ടായി. 'നീ ഈ പറയുന്ന കാര്യങ്ങൾക്കു് വല്ല തെളിവും ഉണ്ടോ' എന്നു് ആളുകൾ ചോദിച്ചു. അപ്പോൾ മക്കയുടെ ഭാഗത്തേക്കു് വിരൽ ചൂണ്ടിക്കൊണ്ടു് 'ആ നാട്ടിൽ ഒരു നബി വരും' എന്നു് അദ്ദേഹം മറുപടി പറഞ്ഞു. 'ഇക്കൂട്ടത്തിൽ വല്ലവരും ആ നബി വരുന്ന കാലത്തു് ജീവിച്ചിരിക്കുമോ' എന്നു് വീണ്ടും അവർ അയാളോടു് ചോദിച്ചപ്പോൾ, എന്നെ ചൂണ്ടിക്കൊണ്ടു് 'ഈ കുട്ടി അക്കാലത്തോളം ജീവിക്കും' എന്നയാൾ പറയുകയുണ്ടായി. തിരുമേനിയുടെ കാലത്തു് ജീവിക്കുവാനും തിരുമേനിയിൽ വിശ്വസിക്കുവാനും എനിക്കു് ഭാഗ്യം ലഭിച്ചു. ആ ജൂതപണ്ഡിതനും തിരുമേനിയുടെ കാലത്തു് ജീവിച്ചെങ്കിലും അയാൾ തിരുമേനിയിൽ വിശ്വസിച്ചില്ല'

അംറിബ്നുഅബസതസ്സുൽമീ (റ) എന്ന സഹാബി പറയുന്നു:- 'ജാഹിലിയ്യാകാലത്തു് ഞാൻ ബിംബാരാധകരിൽപെട്ട ഒരാളായിരുന്നു. പക്ഷെ അതിന്റെ നിരർത്ഥകത മനസ്സിലായപ്പോൾ ഞാൻ അതിൽനിന്നു് പിന്മാറി, മദീനക്കും ശാമിനുമിടയിൽ തീമാഅ് എന്നൊരു പ്രദേശമുണ്ടു്. അവിടെ ഒരു ജൂതപണ്ഡിതനുണ്ടായിരുന്നു. ഒരു ദിവസം ഞാൻ അദ്ദേഹത്തെ സമീപിച്ചു് ഇപ്രകാരം സംസാരിച്ചു: 'ഞാൻ ബിംബാരാധകരിൽപെട്ട ഒരുവനാണു്. ഞങ്ങളുടെ കൂട്ടത്തിൽ ചിലർക്കു കലശൈവരൂപങ്ങളുണ്ടു്. അവർ കല്ലുകൊണ്ടുള്ള ആ ദൈവങ്ങളെ ആരാധിക്കുന്നു. ചിലർ കൽകഷ്ണങ്ങളെമാത്രം ആരാധിക്കുന്നു. ഭംഗിയുള്ള കൽകഷ്ണങ്ങളാണു കാണുമ്പോൾ അതിനെ ആരാധിക്കുകയും, മുമ്പു് ആരാധിച്ചിരുന്ന കൽകഷ്ണങ്ങളെ ഉപേക്ഷിച്ചു കളയുകയും ചെയ്യുന്നു. ഈ ആരാധനക്കു് അർത്ഥമില്ലെന്നു് കണ്ടതിനാൽ ഞാൻ അതിൽനിന്നു് പിന്തിരിഞ്ഞിരിക്കുന്നു. ഇനി എന്തുചെയ്യണമെന്നു് എനിക്കു് മനസ്സിലാവുന്നില്ല.' ഇതുകേട്ടപ്പോൾ ആ ജൂതപണ്ഡിതൻ പറഞ്ഞു: 'മക്കം എന്ന നാട്ടിൽ ഒരു നബി ആഗതനാകും. ആ നബിയെ അനുഗമിച്ചുകൊള്ളുക.' അന്നുമുതൽ ഞാൻ ആ നബിയുടെ ആഗമനത്തെക്കുറിച്ചു് ആലോചിച്ചു് ഇരിപ്പായി. മക്കയുടെ ഭാഗത്തുനിന്നു വരുന്ന വ്യാപാരികളോടു് ഈ വിവരം ഞാൻ അന്വേഷിച്ചുകൊണ്ടിരിപ്പായി. അവസാനം മക്കയിൽ ഒരു നബി ആഗതനായിട്ടുണ്ടെന്നുള്ള ഒരു സൂചനാവാർത്ത എനിക്കു ലഭിച്ചു. ഉടനെ എന്റെ വാഹനപ്പുറത്തുകയറി ഞാൻ മക്കയിൽ എത്തിച്ചേർന്നു. ഖുറൈശികളുടെ ആക്രമണത്തിന്റെ കാഠിന്യത്താൽ തിരുമേനി അവരിൽനിന്നു് മറഞ്ഞുകൊണ്ടു കഴിഞ്ഞുകൂടുകയായിരുന്നു. ശ്രദ്ധമായി അന്വേഷിച്ചു്, തിരുമേനിയുള്ള സ്ഥലം ഞാൻ മനസ്സിലാക്കി. തിരുമേനിയുടെ സന്നിധിയിൽ ഞാൻ എത്തിച്ചേർന്നു. താങ്കൾ ആരാണെന്നും താങ്കളുടെ സന്ദേശമെന്താ'ണെന്നും ഞാൻ അന്വേഷിച്ചു. 'ഞാൻ അല്ലാഹുവിന്റെ റസൂലാ'ണെന്നും അല്ലാഹു ഏകനാണെന്നും ബിംബാരാധന ഉപേക്ഷിക്കേണമെന്നുള്ളതാണു് എന്റെ സന്ദേശ'മെന്നും തിരുമേനി

മറുപടി പറഞ്ഞു. 'കുടുംബങ്ങളെ അടുപ്പിക്കുകയും ദുർജ്ജനങ്ങളെ അകറ്റുകയും ചെയ്യുണമെന്നുള്ളതു് എന്റെ സന്ദേശമാണെന്നു് തിരുമേനി എന്നെ ധരിപ്പിച്ചു. തിരുമേനിയുടെ ദീൻ നേരായ ദീനാണെന്നു് എനിക്കു് ബോധ്യമാവുകയും തിരുമേനിയിൽ ഞാൻ വിശ്വസിക്കുകയും ചെയ്തു. തിരുമേനിയോടൊപ്പം താമസിക്കുകയൊ സ്വദേശത്തേക്കു് തിരിച്ചുപോവുകയൊ എന്താണു് ചെയ്യേണ്ടതെന്നു് ഞാൻ തിരുമേനിയോടു അന്വേഷിച്ചു. ഈ ഘട്ടത്തിൽ ഇവിടെ താമസിക്കുന്നതു് ആശാസ്യമല്ലെന്നും സ്വദേശത്തേക്കു് തിരിച്ചുപോകുകയാണു് നല്ലതെന്നും തിരുമേനി ഉപദേശിച്ചതനുസരിച്ചു് ഞാൻ സ്വദേശത്തേക്കു് തിരിച്ചുപോയി. തിരുമേനിയോടൊപ്പം കഴിഞ്ഞുകൂടുവാനുള്ള അവസരം പ്രതീക്ഷിച്ചുകൊണ്ടു് ദിവസങ്ങളും മാസങ്ങളും വർഷങ്ങളും ഞാൻ തള്ളിനീക്കി. അവസാനം തിരുമേനി മദീനയിലേക്കു് ഹിജ്‌റ പോയപ്പോൾ ഞാനും മദീനയിൽ എത്തിച്ചേർന്നു. "എന്നെ അറിയുമോ" എന്നു് ഞാൻ തിരുമേനിയോടു ചോദിച്ചപ്പോൾ "സൽമിയല്ലെ" എന്നു് തിരുമേനി പ്രതിവചിച്ചു."

ആസിമിബ്‌നു ഉമർ (റ) പറയുന്നു:- "ഞങ്ങൾ ബഹുബാരാധകരായിരുന്നു. ഞങ്ങളുടെ ദേശക്കാരായ യഹൂദികളും ഞങ്ങളും ബദ്ധവൈരികളായിരുന്നു. ഞങ്ങൾ തമ്മിൽ വാഗ്വാദസമരം നടക്കുമ്പോൾ അവർ ഞങ്ങളോടുപറയും: 'ഇരിക്കട്ടെ, നിങ്ങൾ കാത്തിരുന്നുകൊൾക. ഒരു നബിയുടെ ആഗമനവും അടുത്തിട്ടുണ്ടു്. ആ നബി നിങ്ങളുടെ മുരടു് മുറിക്കും. ആദു്, ഇറം എന്നീ ജനസമുദായങ്ങൾ നശിച്ചതുപോലെ നിങ്ങൾ നശിക്കും'. അങ്ങിനെ തിരുമേനി ആഗതരായി. ഞങ്ങൾ തിരുമേനിയിൽ വിശ്വസിച്ചു. ആ യഹൂദികൾ വിശ്വസിച്ചില്ല. ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു് വിശുദ്ധ ഖുർആനിൽ ഒരായത്തുണ്ടു്.

ബനൂഖുറൈള എന്ന ഗോത്രത്തിലെ ഒരു തലവൻ പറഞ്ഞ വസ്തുതയാണു് ചുവടെ ഉദ്ധരിക്കുന്നതു്. "ശാമിൽ നിന്നു് ഇബ്‌നുഹൈബാൻ എന്ന ഒരു യഹൂദി ഞങ്ങളുടെ ദേശത്തു് വന്നു് ഞങ്ങളോടൊപ്പം താമസിച്ചു. അദ്ദേഹം മഹാപണ്ഡിതനും സദാചാര നിഷ്ഠനുമായിരുന്നു. മുസ്‌ലിംകൾ അല്ലാത്തവർക്കിടയിൽ അദ്ദേഹത്തെപ്പോലുള്ള ഒരു നല്ല മനുഷ്യനെ ഞാൻ കണ്ടിട്ടില്ല. മഴയില്ലാത്ത സന്ദർഭങ്ങളിൽ പലതവണ അദ്ദേഹത്തെക്കൊണ്ടു് ഞങ്ങൾ മഴക്കുവേണ്ടി പ്രാർത്ഥിപ്പിക്കുകയും മഴ കിട്ടുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹം മരണാസന്നനായപ്പോൾ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി: "ജൂതസഹോദരന്മാരെ, ഒരു നബിയുടെ ആഗമനകാലം ഇതാ ആസന്നമായിക്കഴിഞ്ഞു. അദ്ദേഹം ആഗതനായാൽ അദ്ദേഹത്തെ നിങ്ങൾ തുടരണം. അദ്ദേഹത്തെ തുടരുവാനുള്ള ഭാഗ്യം എനിക്കു് സിദ്ധിച്ചില്ല. നിങ്ങൾ ആ ഭാഗ്യം അനുഭവിക്കാതെ കൈവിട്ടുകളയരുതു്." തിരുമേനി ആഗതരായപ്പോൾ ഈ മരണമൊഴിയെ ആസ്പദമാക്കിക്കൊണ്ടു് ജൂതന്മാരിൽ പലരും ഇസ്‌ലാംമതം വിശ്വസിച്ചു.

തിരുമേനിയുടെ മൂത്താപ്പയായ അബ്ബാസ് (റ) പറയുന്നു:- 'ഞാൻ ഒരിക്കൽ യമനിലേക്കു് വ്യാപാരയാത്ര നടത്തുകയായിരുന്നു. ഞങ്ങളുടെ സംഘത്തിൽ അബൂസുഫ്‌യാനും ഉണ്ടായിരുന്നു. ഞാൻ അല്ലാഹുവിന്റെ റസൂലാണെന്നും നിങ്ങളെ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കു് ആഹ്വാനം ചെയ്യുന്നുവെന്നും അബ്‌തഹിൽനിന്നു് മുഹമ്മദു് പറഞ്ഞുതുടങ്ങിയിരിക്കുന്നു' എന്നു കാണിക്കുന്ന ഒരു കത്തു് തന്റെ മകനായ ഹൻളലത്തിൽനിന്നു് അബൂസുഫിയാനു് കിട്ടി. ഈ വിവരം യമനിൽ കാട്ടുതീപോലെ പ്രചരിച്ചു. അപ്പോൾ ഒരു

ജൂതപണ്ഡിതൻ എന്നെ സമീപിച്ചുകൊണ്ട് നിങ്ങളുടെ സഹോദരപുത്രൻ ഇഷ്ടജന പക്ഷവാദിയാണോ' എന്നും എന്നോട് ചോദിച്ചു. 'പക്ഷവാദവും അസത്യവും വഞ്ചനയും അവിടുത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല. അമീൻ എന്ന സ്ഥാനപ്പേരിൽ പ്രസിദ്ധനാണവിടുന്ന്.' എന്ന ഞാൻ മറുപടി പറഞ്ഞു. 'അവിടുത്തേക്ക് സ്വന്തം കൈയ്യക്ഷരത്തിൽ എഴുതാനറിയാമോ' 'ഇല്ല' എന്ന ഞാൻ മറുപടി പറഞ്ഞു. അതുകേട്ട ഉടനെ അദ്ദേഹം തെട്ടിപ്പിടഞ്ഞുകൊണ്ട് ഗർജ്ജിച്ചു: ഹാ, യഹൂദികൾ അറുക്കപ്പെട്ടു, യഹൂദർ കൊല്ലപ്പെട്ടു." ഞങ്ങൾ യമനിൽനിന്ന് തിരിച്ചുവന്നതിനുശേഷം ഒരു ദിവസം അബൂസുഫ്‌യാൻ എന്നോട് ചോദിച്ചു: താങ്കളുടെ സഹോദര പുത്രനെ യഹൂദർ ഭയപ്പെടുന്നുവല്ലൊ? ഞാൻ പറഞ്ഞു: 'താങ്കളും അദ്ദേഹത്തെ വിശ്വസിച്ചേക്കും'. കടൽ എന്ന സ്ഥലത്തു കതിരയെ കണ്ടാലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.' എന്ന് അബൂസുഫ്‌യാൻ മറുപടി പറഞ്ഞു. മക്കാവിജയത്തിന്റെ ഘട്ടത്തിൽ ആ സ്ഥലത്തു കുതിര പ്രത്യക്ഷപ്പെട്ടു. അപ്പോൾ ഞാൻ അബൂസുഫ്‌യാനോട് ചോദിച്ചു: ഇതല്ലെ താങ്കൾ അന്നു പറഞ്ഞിരുന്നതു 'അതെ' എന്ന് അബൂസുഫിയാൻ ആണയിട്ടുകൊണ്ടു സമ്മതിച്ചു."

ഒരിക്കൽ ഉമയ്യത്തു് എന്ന ആൾ അബൂസുഫ്‌യാനോട് ഇപ്രകാരം പറഞ്ഞു: 'നമ്മുടെ നാട്ടിൽ ഒരു നബി ആഗതനാകുമെന്നു് കിതാബുകളിൽ നിന്നു് ഞാൻ മനസ്സിലാക്കി. ആ നബിക്കു് പറയപ്പെട്ട രൂപങ്ങളെ അടിസ്ഥാനപ്പെടുത്തി ചിന്തിച്ചപ്പോൾ, ആ നബി ഞാൻതന്നെ ആയിരിക്കാമെന്നു് ഞാൻ ഊഹിച്ചു. നബിത്വം എനിക്കു് സിദ്ധിക്കുമെന്നായിരുന്നു എന്റെ ഭാവം. പിന്നീടാണു്, ആ നബി അബ്ദുമനാഫിന്റെ മക്കളിൽപെട്ട ആളായിരിക്കുമെന്നു് ഞാൻ മനസ്സിലാക്കിയതു്. സ്വഭാവഗ്രണത്തിന്റെ അടിസ്ഥാനം വെച്ചു നോക്കിയപ്പോൾ അതു് ഉത്ബത്തിബ്നു റബീഅത് തന്നെയായിരിക്കുമെന്നു് ഞാൻ തീരുമാനിച്ചു. നാല്പതുവയസ്സു് കഴിഞ്ഞിട്ടും അദ്ദേഹത്തിനു് നബിത്വം സിദ്ധിച്ചില്ല. അപ്പോൾ ആ നബി വരാനിരിക്കുന്നേയുള്ളു എന്നു് ഞാൻ ഉറപ്പിച്ചു.' അബൂസുഫ്‌യാൻ പറയുന്നു:- 'തിരുമേനി നബിയായി നിയോഗിക്കപ്പെട്ടപ്പോൾ ഞാൻ ഉമ്മയ്യത്തോട് ചോദിച്ചു: 'താങ്കൾ പറഞ്ഞ ആ നബി മുഹമ്മദാണൊ? അദ്ദേഹം പറഞ്ഞു: 'അതെ, മുഹമ്മദ് തന്നെ. താങ്കൾ മുഹമ്മദിനെ തുടർന്നുകൊള്ളുക' ഞാൻ ചോദിച്ചു: താങ്കൾ എന്തുകൊണ്ടു് തുടരുന്നില്ല' അദ്ദേഹം പറഞ്ഞു: 'അപമാനഭീതി മൂലമാണു് ഞാൻ തുടരാത്തതു്. ഞാൻ നബിയാകുമെന്നു് എന്റെ ഗോത്രക്കാരായ സ്ത്രീകളോട് ഞാൻ പറയുകയും അവരതു വിശ്വസിക്കുകയും ചെയ്തുപോയി. ഇപ്പോൾ ഞാൻ ഒരു നബിയെ തുടർന്നാൽ ആ സ്ത്രീകൾ എന്നെ പരിഹസിക്കും'.

ക്രൈസ്തവ പണ്ഡിതന്മാരുടെ പ്രസ്താവനകൾ

തൽഹതിബ്നു ഖൈരിള്ള (റ) പറയുന്നു:- 'ഞാൻ ബുസ്രാ എന്ന പട്ടണത്തിൽ പോയപ്പോൾ അവിടെയുള്ള ക്രൈസ്തവപള്ളിയിലെ പുരോഹിതനെ കാണുവാൻ ഇടയായി. 'നിങ്ങളുടെ കൂട്ടത്തിൽ ഹറമിന്റെ അഹ്‌ലുകാരായ വല്ലവരും ഉണ്ടോ' എന്നു് അദ്ദേഹം എന്നോടന്വേഷിച്ചു. 'ഞാൻ അക്കൂട്ടത്തിൽപെട്ട ആളാ'ണെന്നു് ഞാൻ മറുപടി പറഞ്ഞു. 'അഹ്മദ് വെളിവായോ' എന്നദ്ദേഹം ചോദിച്ചു. 'ഏതു് അഹമദ്?' എന്നു് ഞാൻ അങ്കോട്ടും ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:- 'അബ്ദുൽമുത്തലിബിന്റെ മകനായ അബ്ദുല്ലായുടെ മകൻ അഹമ്മദ്.' ഈ മാസ

ത്തിലാണദ്ദേഹം നബിയാകേണ്ടത്. അദ്ദേഹം അവസാനത്തെ നബിയാകുന്നു. ഹറമിൽ അദ്ദേഹം ആഗതനാകും. അങ്ങിനെ മദീനയിലും മറവും ചെന്നെത്തുകയും ചെയ്യും' ഈ വാക്കുകൾ എന്റെ ഹൃദയത്തിൽ പതിഞ്ഞു. ഞാൻ മക്കയിൽ തിരിച്ചുചെന്നപ്പോൾ ഈ വിവരം അബൂബക്കർസിദ്ദീഖിനെ അറിയിച്ചു. അബൂബക്കർ സിദ്ദീഖ് എന്നോട് പറഞ്ഞു: 'ഞാൻ ഇസ്‌ലാംമതം വിശ്വസിച്ചു. അദ്ദേഹം നൂഹ് നബിയുടെ പുത്രനായ നൂഹൽ എന്ന വൃദ്ധൻ ഞങ്ങളെ ഒരു പാശത്തിൽ ബന്ധിച്ചു.'

സഈദിബിനുൽആസി (റ) പറയുന്നു: 'അബ്ദുൽഉസ്സാ ബദ്‌ർയുദ്ധത്തിൽ മരണപ്പെട്ടതിനു ശേഷം ഞാൻ ഇയ്യാനിബ്‌നുസഈദിന്റെ സംരക്ഷണത്തിലായിരുന്നു. തിരുമേനിയെ പുലഭ്യം പറയുന്നതു് അദ്ദേഹത്തിന്റെ പതിവായിരുന്നു. ഒരിക്കൽ വ്യാപാരാർത്ഥം ശാമിലേക്കുപോയ അദ്ദേഹം ഒരു കൊല്ലം അവിടെ താമസിച്ചു തിരിച്ചുവന്നു വീട്ടിലെത്തിയപ്പോൾ തിരുമേനിയെപ്പറ്റിയാണു് അയാൾ ആദ്യമായി അന്വേഷിച്ചതു്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ദിനംപ്രതി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്നു് അബ്ദുല്ലാഹിബ്‌നുസഈദു് അദ്ദേഹത്തെ അറിയിച്ചു. അതുകേട്ടപ്പോൾ അല്പനേരത്തേക്കു് അദ്ദേഹം നിശ്ശബ്ദനായി. എന്നിട്ടു് അദ്ദേഹം പറഞ്ഞു: 'ഞാൻ ഒരു ക്രൈസ്തവ പുരോഹിതനെ കണ്ടു. നാല്പതുവർഷം കൂടുമ്പോൾ ഒരു തവണ മാത്രമേ അദ്ദേഹം പൊതുജനമദ്ധ്യത്തിൽ വരാറുള്ളൂ. എപ്പോഴും ആരാധനയിൽ കഴിഞ്ഞുകൂടുകയാണു് പതിവു്. അദ്ദേഹം പുറത്തുവരുന്ന ദിവസം ആളുകൾ അദ്ദേഹത്തെ സമീപിച്ചു് പല കാര്യങ്ങൾ അന്വേഷിച്ചറിയും. ഞാൻ അദ്ദേഹത്തെ സമീപിച്ചു. ഞങ്ങളുടെ നാട്ടിൽ ഒരാൾ നബിയാണെന്നു വാദിക്കുന്നുവെന്നും അദ്ദേഹം പറയുന്നതു് ശരിയാണൊ എന്നും ഞാൻ അദ്ദേഹത്തോടന്വേഷിച്ചു. നബിയാണെന്നു വാദിക്കുന്ന ആളുടെ പേരെന്താണെന്നും ഈ വാദം തുടങ്ങിയിട്ടു് എത്രകാലമായെന്നും അദ്ദേഹം എന്നോടു ചോദിച്ചു. അദ്ദേഹത്തിന്റെ പേർ മുഹമ്മദെന്നാണെന്നും, അദ്ദേഹം ഈ വാദം തുടങ്ങീട്ടു് ഏതാണ്ടു് ഇരുപതു് കൊല്ലമായെന്നും ഞാൻ മറുപടി പറഞ്ഞു. അദ്ദേഹത്തിന്റെ ആകൃതിയും പ്രകൃതിയും ആ പുരോഹിതൻ വിവരിച്ചു. അതെല്ലാം ശരിയാണെന്നു് ഞാൻ സമ്മതിച്ചപ്പോൾ 'അദ്ദേഹം നബിയാണെന്നു് ആ പുരോഹിതൻ പറയുകയുണ്ടായി. തിരുമേനിക്കു് അദ്ദേഹത്തിന്റെ സലാം പറയുവാൻ എന്നെ ഭരമേല്പിക്കുകയും ചെയ്തു'. ഹിജ്‌റ ആറാംവർഷത്തിലാണു് ഈ സംഭവം നടന്നതു്.

ഹകീമിബ്‌നുഹുസാം (റ) പറയുന്നു:- 'ഞാൻ ഇസ്‌ലാംമതം വിശ്വസിക്കുന്നതിനു മുമ്പു്, ഒരുതവണ വ്യാപാരാർത്ഥം ശാമിലേക്കു പോയി. തിരുമേനി അന്നു് മക്കത്താണുണ്ടായിരുന്നതു്. റോമാരാജാവു് ഞങ്ങളെ വിളിപ്പിക്കുകയും, ഞങ്ങളെ സംബന്ധിച്ചും ഞങ്ങളുടെ നാട്ടിലെ സംഭവവികാസങ്ങളെ സംബന്ധിച്ചും പലതും അന്വേഷിക്കുകയും ചെയ്തു. നിങ്ങളുടെ ഇടയിൽ ഒരു നബി ആഗതനായിട്ടുണ്ടോ' എന്നു് ആ രാജാവു് ഞങ്ങളോടന്വേഷിച്ചു. ഒരു നബി ആഗതനായിട്ടുണ്ടെന്നും ഞാനും അദ്ദേഹവുംതമ്മിൽ എന്റെ പിതൃശ്രേഷ്ഠരിലെ അഞ്ചാമത്തെ പിതാവു് വഴി ബന്ധമുണ്ടെന്നും ഞാൻ പറഞ്ഞു. അപ്പോൾ രാജാവു് ചോദിച്ചു 'ഞാൻ ചില സംഗതികൾ ചോദിച്ചാൽ നിങ്ങൾ സത്യം പറയുമൊ?' സത്യം പറയുമെന്നു് ഞാൻ സമ്മതിച്ചു. 'നിങ്ങൾ ആ നബിയെ തുടർന്നിട്ടുണ്ടോ' എന്നു് രാജാവു് ചോദിച്ചപ്പോൾ 'ഇല്ല' എന്നു് ഞാൻ ഉത്തരം പറഞ്ഞു. അപ്പോൾ രാജാവു് ഞങ്ങളെ മാളികയിലേക്കു് കൂട്ടിക്കൊണ്ടുപോവുകയും ഓരോന്നോരോന്നായി പല മുറികളും തുറന്നു

പല രൂപങ്ങളും ഞങ്ങൾക്ക് കാണിച്ചുതരികയും ചെയ്തു. അവയെല്ലാം കഴിഞ്ഞുപോയ പല നബിമാരുടെ രൂപങ്ങളാണെന്നും രാജാവും ഞങ്ങളെ ധരിപ്പിച്ചു. അവസാനം ഒരു വാതിൽ തുറന്നു. അതിൽകണ്ട രൂപം തിരുമേനിയുടെ രൂപത്തിനും സദൃശ്യമാണെന്നും ഞങ്ങൾ സമ്മതിച്ചപ്പോൾ, 'ഇതു് എത്ര കൊല്ലംമുമ്പു് നിർമ്മിച്ചതാണെന്നു് അറിയുമോ' എന്നും രാജാവു് ചോദിച്ചു. അതിനും ആയിരംകൊല്ലത്തെ പഴക്കമുണ്ടെന്നും രാജാവു് ഞങ്ങളെ അറിയിക്കുകയും, അദ്ദേഹം അല്ലാഹുവിന്റെ റസൂൽതന്നെയാണെന്നും രാജാവു് ഞങ്ങളെ ധരിപ്പിക്കുകയും, തിരുമേനിയെ തുടർന്നുകൊള്ളുവാൻ ഞങ്ങളെ ഉപദേശിക്കുകയും ചെയ്തു.

സൽമാനുൽഫാർസീ (റ) പ്രസ്താവിക്കുന്നു:- 'പേർസ്യയിലെ ഇസ്ബഹാൽ എന്ന നാട്ടിൽ ജയ്യു് എന്ന ദേശത്താണു് ഞാൻ ജനിച്ചതു്. (അഹ്റാസിലെ റാമഹറമുസ് എന്നിടത്താണു് അദ്ദേഹം ജനിച്ചതെന്നും പറയപ്പെട്ടിട്ടുണ്ടു്). എന്റെ ബാപ്പ ഇസ്ബഹാനിലെ ദഹഖാൻ എന്ന ദേശക്കാരനായിരുന്നു. ബാപ്പയ്ക്കു പ്രാണപ്രിയനായിരുന്നു ഞാൻ. ആകയാൽ, ബാപ്പ എന്നെ വീട്ടിൽ നിന്നു പുറത്താക്കാതെ, വീട്ടുനകത്തുവെച്ചു താലോലിച്ചു വളർത്തി. ഞങ്ങൾ അഗ്ന്യാരാധകരായ മജൂസികളായിരുന്നു. ഒരു നിമിഷനേരമെങ്കിലും അണഞ്ഞുപോകാത്തവിധത്തിൽ അഗ്നികുണ്ഡത്തിൽ തീ എരിച്ചുകൊണ്ടിരിക്കുന്നതിൽ തല്പരനും ഭക്തശ്രദ്ധനുമായിരുന്നു ഞാൻ. ബാപ്പക്കു ഒരു തോട്ടമുണ്ടായിരുന്നു. തോട്ടത്തിലെ ജോലിക്കാരുടെ മേൽനോട്ടം ബാപ്പതന്നെയാണു് വഹിച്ചിരുന്നതു്. അതിലിടക്കു അദ്ദേഹം ഒരു വീടുപണിയിക്കുന്ന ജോലികൂടി ആരംഭിച്ചു. രണ്ടു ജോലികളുടെ മേൽനോട്ടവും അദ്ദേഹംതന്നെ വഹിച്ചുവന്നു. ഒരു ദിവസം അദ്ദേഹത്തിനു തോട്ടത്തിൽ പോകുവാൻ അവസരം കിട്ടിയില്ല. തന്നിമിത്തം ജോലിക്കാർക്കു ചില നിർദ്ദേശങ്ങളും നൽകുവാനായി എന്നെ അങ്ങോട്ടു പറഞ്ഞയച്ചു. എങ്ങും തങ്ങാതെ ഉടനെ തിരിച്ചുവരേണമെന്നും നിർദ്ദേശിക്കുകയും ചെയ്തു. വഴിയിൽ ഞാൻ ഒരു ക്രൈസ്തവദേവാലയം കണ്ടു. അവരുടെ ഓത്തും പ്രാർത്ഥനയും എന്നെ ആകർഷിച്ചു. ഞാൻ വളരെനേരം അവിടെ തങ്ങിനിന്നു. ഈ മതത്തിന്റെ അധിപന്മാർ എവിടെയാണുള്ളതെന്നു അവരോടു ഞാൻ അന്വേഷിച്ചപ്പോൾ, അവർ ശാമിലാണുള്ളതെന്നു അവർ മറുപടി പറഞ്ഞു. ശാമിൽപോയി അവരെ കണ്ടു്, ഈ മതത്തെക്കുറിച്ചു പഠിക്കേണമെന്ന ഉൽക്കടമായ ആഗ്രഹം എന്നിൽ ഉദയം ചെയ്തു. തോട്ടത്തിൽപോകാതെ, നേരെ വീട്ടിലേക്കു മടങ്ങി. അപ്പോഴേക്കും, നേരം വൈകിയതുകൊണ്ടു് എന്നെ അന്വേഷിച്ചു നാലുപാടും ആളുകൾ പുറപ്പെട്ടുകഴിഞ്ഞിരുന്നു. നേരം വൈകുവാനുണ്ടായ കാരണമെന്തെന്നു ബാപ്പ എന്നോടന്വേഷിച്ചു. ഞാൻ സംഗതികൾ വിശദീകരിക്കുകയും ശാമിലേക്കു പോകുവാനുള്ള എന്റെ ആഗ്രഹം ബാപ്പയെ അറിയിക്കുകയും ചെയ്തു. അദ്ദേഹം എന്നെ ഗുണദോഷിച്ചു. എന്റെ ഉദ്യമത്തിൽനിന്നും ഞാൻ പിന്തിരിയുകയില്ലെന്നു അദ്ദേഹത്തിനു ബോദ്ധ്യമായപ്പോൾ അദ്ദേഹം എന്റെ കാലിൽ ചങ്ങലയിട്ടു ബന്ധിച്ചു. 'നിങ്ങളുടെ ആളുകൾ ശാമിലേക്കു പോകുമ്പോൾ എന്നെ വിവരം അറിയിക്കേണ'മെന്നു ശ്രദ്ധമായി ഞാൻ ക്രിസ്ത്യാനികളോടാവശ്യപ്പെട്ടു. അവർ എന്റെ അപേക്ഷ സ്വീകരിക്കുകയും, ചങ്ങലപൊട്ടിച്ചു, ക്രൈസ്തവ സംഘത്തോടൊപ്പം ഒരു ദിവസം ഞാൻ ശാമിലെത്തുകയും ചെയ്തു. അസ്ഫഹ് എന്ന പുരോഹിതനുമായി അവർ എന്നെ ബന്ധപ്പെടുത്തി. ക്രിസ്തുമതം വിശ്വസിച്ചു, പുരോഹിതസേവചെയ്തു അവിടെ കഴിഞ്ഞുകൂടുവാനുള്ള

എന്റെ അഭിലാഷം അദ്ദേഹം പൂർത്തീകരിച്ചു. പക്ഷെ, ആ പുരോഹിതൻ നല്ലവനല്ലെന്നു ക്രമേണ എനിക്കു മനസ്സിലായി. ധർമ്മപരിവൃകം സാധുക്കൾക്കു വീതിച്ചുകൊടുക്കാതെ സ്വന്തമായി സൂക്ഷിച്ചുവെക്കുന്ന സ്വഭാവക്കാരനായിരുന്നു ആ പുരോഹിതൻ. അങ്ങിനെ അയാൾ ധാരാളം സമ്പാദിച്ചു. അയാൾ മരിച്ചപ്പോൾ ഈ വസ്തുത ഞാൻ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും, അയാളുടെ സമ്പാദ്യം അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്തു. ഇക്കാര്യത്തിൽ അവർ അറിയുകയും അത്ഭുതപ്പെടുകയുമുണ്ടായി. അയാളുടെ സ്ഥാനത്തു യോഗ്യനായ ഒരാൾ നിയമിതനായി. അദ്ദേഹത്തിനു സേവനം ചെയ്തുകൊണ്ടു ഞാൻ ജീവിതം തുടർന്നു. അദ്ദേഹം ആസന്നമരണനായപ്പോൾ, എന്റെ ഭാവിയെക്കുറിച്ചു ഞാൻ അദ്ദേഹത്തെ ഉണർത്തിയതനുസരിച്ചു, മൂസലിലെ ഒരു പുരോഹിതന്റെ അടുക്കലേക്കു അദ്ദേഹം എന്നെ പറഞ്ഞയച്ചു. ഞാൻ അവിടെചെന്നു അദ്ദേഹത്തോടൊപ്പം താമസിച്ചു. അദ്ദേഹം ആസന്നമരണനായപ്പോൾ, നസീബൈനി എന്ന നാട്ടിലെ ഒരു പുരോഹിതന്റെ അടുക്കലേക്കു എന്നെ നിയോഗിച്ചു. അദ്ദേഹം മരിക്കാറായപ്പോൾ, റോമിലെ ഉമൂരിയ്യത്തു എന്ന സ്ഥലത്തുള്ള പുരോഹിതന്റെ അടുത്തു പോയിക്കൊള്ളുവാൻ ഉപദേശിച്ചു. അങ്ങിനെ ഞാൻ ആ നാട്ടിൽചെന്നു ആ പുരോഹിതനോടൊപ്പം താമസിച്ചു. ഈ നാലുപേരും ഉത്തമക്രിസ്ത്യാനികളണെന്നു എനിക്കു ബോദ്ധ്യമായി. ഈ പുരോഹിതൻ മരിക്കാറായപ്പോൾ എന്നെ അടുത്തുവിളിച്ചു, ഇപ്രകാരം പറഞ്ഞു:- 'ഒരു നബിയുടെ ആഗമനം ആസന്നമായിരിക്കുന്നു. ഇബ്രാഹീംനബിയുടെ ദീനുമായി ഒരു നബി അറേബ്യയിൽ ആഗതനാവും. അദ്ദേഹത്തിന്റെ പുറം ചുമലിന്റെ ഭാഗത്തു 'ഖാതമുന്നുബുവ്വത്', എന്ന മുദ്ര പതിഞ്ഞിരിക്കും. കഴിഞ്ഞെങ്കിൽ അദ്ദേഹത്തെ സമീപിക്കണം.' ഇതുമാത്രം പറഞ്ഞുകൊണ്ടു അദ്ദേഹം മരിച്ചു. [ആ പുരോഹിതൻ ഇതു പറയുമ്പോൾ മുപ്പതു പേർ അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്നുവെന്നു ഇമാം സുഹൈലീ (റ) പറയുന്നു. ഇരുപത്തിനാലുപേർ മാത്രമെ ഉണ്ടായിരുന്നുള്ളുവെന്നും പക്ഷാന്തരമുണ്ടു.] അറേബ്യയിലേക്കു പോകുന്ന ഒരു കച്ചവടസംഘത്തെ ഞാൻ കണ്ടുമുട്ടി. എന്നെക്കൂടി ഒരുമിച്ചു കൊണ്ടുപോകണമെന്നു ഞാൻ അഭ്യർത്ഥിച്ചു. എന്റെ അഭ്യർത്ഥന അവർ സ്വീകരിച്ചു. പക്ഷെ, വാദീ എന്ന സ്ഥലത്തെത്തിയപ്പോൾ ഒരു യഹൂദിക്കു എന്നെ അവർ വിറ്റുകളഞ്ഞു. കുറെനാൾ ഞാൻ അയാളുടെ അടിമയായി കഴിഞ്ഞുകൂടി. ഒരിക്കൽ മദീനയിൽനിന്നു ഒരു ബന്ധു എന്റെ യജമാനന്റെ വീട്ടിൽവന്നു. ഖുറൈളഗോത്രക്കാരനായിരുന്ന അദ്ദേഹത്തിനു എന്റെ യജമാനൻ എന്നെ വിറ്റു. അങ്ങിനെ ഞാൻ അയാളോടൊപ്പം മദീനയിലെത്തി. അന്നു തിരുമേനി മക്കയിൽ മതപ്രബോധനപ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. പക്ഷെ, ആ വിവരം അറിവാൻ എനിക്കു സാധിച്ചില്ല. തിരുമേനി മദീനയിൽ വന്ന വിവരം അറിഞ്ഞപ്പോൾ ഞാൻ ഓടിച്ചെന്നു പുറംചുമൽ പരിശോധിച്ചു. 'ഖാതമുന്നുബുവ്വത്' എന്ന മുദ്ര കണ്ടപ്പോൾ ഞാൻ തിരുമേനിയുടെ പാദങ്ങളിൽ കുമ്പിട്ടുവീണു നമസ്കരിച്ചു. അങ്ങിനെ ചെയ്യരുതെന്നു വിലക്കിക്കൊണ്ടു തിരുമേനി എന്നെ എഴുന്നേൽപ്പിച്ചു. ഞാൻ സന്തോഷാധിക്യത്താൽ പൊട്ടിപ്പൊട്ടിക്കരഞ്ഞു. തിരുമേനി ആവശ്യപ്പെട്ടതനുസരിച്ചു, ഞാൻ തിരുമേനിയുടെ മുമ്പിൽനിന്നുകൊണ്ടു കഴിഞ്ഞ സംഭവങ്ങളെല്ലാം സവിനയം ബോധിപ്പിച്ചു. [ഈ സംഭവങ്ങളും കേട്ടപ്പോൾ തിരുമേനി അത്യന്തം അത്ഭുതപ്പെട്ടുവെന്നു ഇബ്നുഅബ്ബാസ്(റ) പറയുന്നു. സൽമാനുൽഫാർസീ (റ), തിരുമേനിയുടെ അടുത്തുവന്നപ്പോൾ, അറബിയും പാർസിയും അറിയുന്ന ഒരു യഹൂദികയെ ദ്വിഭാഷി

യായി വരുത്തിയെന്നും, സൽമാനുൽഫാർസീ (റ) തിരുമേനിയെ സ്തുതിച്ചുകൊണ്ട് പാർസിയിൽ പറഞ്ഞ വാക്കുകൾ ആ യഹൂദി തലതിരിച്ച് പരിഭാഷപ്പെടുത്തിയെന്നും, അപ്പോൾ ജിബ്‌രീൽ (അ) ഇറങ്ങിവന്ന് ശരിയായ പരിഭാഷ നൽകിയെന്നും, അത് മനസ്സിലാക്കിയ യഹൂദി അപ്പോൾതന്നെ ഇസ്‌ലാംമതം വിശ്വസിച്ചുവെന്നും.'ശവാഹിദുന്നുബുവ്വത്' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സൽമാൻ (റ) വിന്ന് അപ്പോൾതന്നെ ജിബ്‌രീൽ (അ) അറബിഭാഷ പഠിപ്പിച്ചുവെന്നും, ശുദ്ധമായ അറബിഭാഷയിൽ വ്യക്തമായി ഉച്ചരിച്ചുകൊണ്ട് അദ്ദേഹം അവിടെവെച്ചുതന്നെ ഇസ്‌ലാം മതം വിശ്വസിച്ചുവെന്നും ആ ഗ്രന്ഥത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ട്"] യജമാനന്റെ അടുത്തുപോയി മോചനപത്രികയെഴുതി തിരിച്ചുവരുവാൻ തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച്, മുന്നൂറ് (അഞ്ഞൂറെന്നും പറയപ്പെട്ടിട്ടുണ്ട്) ഈത്തപ്പന നട്ടുപൊടിപ്പിച്ച് വളർത്തി കായ്പിച്ചുകൊടുക്കുകയും അതിന്നുപുറമെ നാല്പത് ഊഖിയത്തുക്കും പൊന്ന് പ്രതിഫലമായി നൽകുകയും ചെയ്യാമെന്ന നിബന്ധനയിൽ, ഞാൻ മോചനപത്രികയെഴുതി' അദ്ദേഹത്തിന്ന് മോചനപത്രികയിലുള്ളത്ര ഈത്തപ്പനത്തൈകൾ നൽകുവാൻ തിരുമേനി ആവശ്യപ്പെട്ടു. ഉടനെ അവർ ആവശ്യമായത്ര തൈകൾ നൽകി. തിരുമേനി ഉപദേശിച്ചതനുസരിച്ച്, സഹാബിമാരുടെ സഹകരണത്തോടുകൂടി കുഴികൾ ഉണ്ടാക്കപ്പെട്ടു. തിരുമേനി തൂക്കിക്കൊണ്ട് തൈകൾ നട്ടു. ഉമർഫാറൂഖ് (റ) നട്ട ഒരു തൈ ഒഴികെ മറ്റെല്ലാം തെഴുത്തു. തെഴുക്കാത്ത ആ തൈ തിരുമേനി പറിച്ചുനട്ടപ്പോൾ അതും തെഴുത്തു. ആ കൊല്ലംതന്നെ എല്ലാ തൈകളിലും പഴമുണ്ടാവുകയും ചെയ്തു. ഒരു കോഴിമുട്ടയോളം വലിപ്പമില്ലാത്തതും പ്രാവിന്റെ മുട്ടയെക്കാൾ അല്പം വണ്ണം കൂടിയതുമായ ഒരു സ്വർണ്ണക്കട്ടി കൊടുത്തുകൊണ്ട് യജമാനന്റെ കടം വീട്ടുവാൻ തിരുമേനി സൽമാൻ (റ) വിനെ ഉപദേശിച്ചു. വലിയ കടം വീട്ടുവാൻ ഈ ചെറിയ സ്വർണ്ണക്കട്ടി എങ്ങിനെ മതിയാവുമെന്ന അദ്ദേഹത്തിന്ന് മനസ്സിലായില്ല. പക്ഷെ, കടം വീട്ടിക്കഴിഞ്ഞിട്ടും സ്വർണ്ണക്കട്ടി അതേ നിലയിൽ അവശേഷിച്ചു.

"ഖന്ദക്ക് യുദ്ധത്തിൽ തിരുമേനിയുടെ സംഘത്തിൽ ഞാനും ഉണ്ടായിരുന്നുവെന്ന് സൽമാനുൽ ഫാർസീ (റ) പറയുന്നു. അതിന്ന് ശേഷമുണ്ടായ ഒരു യുദ്ധത്തിലും അദ്ദേഹം പങ്കെടുക്കാതിരുന്നിട്ടില്ല. മഹാനായ ആ സഹാബിവര്യൻ അമീറിന്റെ പദവിയിലേക്കുയർന്ന കാലത്തും, സ്വന്തം ജോലിയിൽനിന്ന് വരുമാനം കൊണ്ടല്ലാതെ ഉപജീവനം നിർവ്വഹിച്ചിട്ടില്ല. ഇരുനൂറാമ്പത്ത വയസ്സുവരെ അദ്ദേഹം ജീവിച്ചിരുന്നുവെന്നും പണ്ഡിതന്മാർ ഏകോപിച്ച് പ്രസ്താവിച്ചിട്ടുണ്ടെന്നും 'സീറ: ഹലബീ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജ്യോത്സ്യന്മാരുടെ പ്രസ്താവനകൾ

ഉമറിബ്‌നു മഅ്ദീകരിബ് (റ) പറയുന്നു:- "തിരുമേനി അല്ലാഹുവിന്റെ റസൂലാണെന്നു മുമ്പുതന്നെ എനിക്കു ബോദ്ധ്യമായിരുന്നു. ഒരിക്കൽ ഒരു കാര്യം അറിവാനായി ഞങ്ങൾ ഒരു ജ്യോത്സ്യനെ സമീപിച്ചു. ആ കാര്യം പറഞ്ഞുകഴിഞ്ഞശേഷം, ആ ജ്യോത്സ്യൻ ഇപ്രകാരം പറയുകയുണ്ടായി: "തീഷ്ണമായ ഖഡ്ഗത്തെപ്പോലെ തിളങ്ങുന്ന ഒരു വേദവുമായി സത്യപ്രവാചകൻ ഇതാ വന്നുകഴിഞ്ഞു. അദ്ദേഹം നേർമാർഗ്ഗം പ്രത്യക്ഷപ്പെടുത്തുകയും, നന്മയിലേക്ക് ജനങ്ങളെ ആഹ്വാനം ചെയ്യുകയും, മേശ, കുപ്പി മുതലായവയെ വിരോധിക്കുകയും, വ്യഭിചാരം മദ്യപാനം, മുതലായവയെയും, മാത്രമല്ലാ എല്ലാ ദുഷ്കർമ്മങ്ങളേയും നിരോധിക്കുകയും ചെയ്യും. സംസം കിണർ കുഴിപ്പിച്ച് മഹാന്റെ സന്താനപര

സ്വരയിൽപെട്ട ആളാണദ്ദേഹം. അദ്ദേഹത്തിന്റെ ശത്രുക്കൾ അപമാനിതരാവും. അദ്ദേഹത്തിന്റെ കീർത്തി ലോകാവസാനംവരെ നിലനില്ക്കും.''

ഇബ്‌നു അബ്ബാസ് (റ) പറയുന്നു:- അബ്ദുൽ ഖൈസിന്റെ വക ഒരു കൂട്ടം ആളുകൾ സംഘംചേർന്നു ഇസ്‌ലാംമതം വിശ്വസിപ്പാനായി തിരുമേനിയുടെ അടുത്തുവന്നു. 'നിങ്ങളിൽ ആരെങ്കിലും ഖസ്സിബ്‌നുസാഇദത്തിനെ അറിയാമോ'' എന്നു തിരുമേനി അവരോടു ചോദിച്ചു. 'ഞങ്ങൾക്കു' അദ്ദേഹത്തെ അറിയാ'മെന്നു അവർ മറുപടി പറഞ്ഞപ്പോൾ, 'അദ്ദേഹം ജീവിച്ചിരുപ്പുണ്ടോ'. എന്നു തിരുമേനി അന്വേഷിച്ചു 'അദ്ദേഹം മരിച്ചുപോയെ'ന്നു അവർ പറഞ്ഞപ്പോൾ, 'ഉകാളിൽവെച്ചു ഒരിക്കൽ അദ്ദേഹം ചുവന്ന ഒട്ടകപ്പുറത്തിരുന്നുകൊണ്ടു പറഞ്ഞ നമ്മവാക്യങ്ങൾ നിങ്ങളിൽ വല്ലവരും ഹൃദിസ്ഥമാക്കീട്ടുണ്ടോ? എന്നു തിരുമേനി ചോദിച്ചു. 'ഞാൻ അന്നു ഉകാളിൽ ഉണ്ടായിരുന്നുവെന്നും ആ നമ്മവാക്യങ്ങൾ ഞാൻ ഹൃദിസ്ഥമാക്കീട്ടുണ്ടെന്നും അബൂബക്കർ സിദ്ധീഖ് (റ)പറയുകയും, ആ നമ്മവാക്യങ്ങൾ അദ്ദേഹം ആവർത്തിക്കുകയും ചെയ്തു ഖസ്സിന്റെ ഗുണത്തിന്നായി തിരുമേനി പ്രാർത്ഥിച്ചു. അദ്ദേഹം ഈസാനബിയുടെയോ ഇബ്രാഹിം നബിയുടെയോ ദീനിൽ ഉറച്ചുനിന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ നമ്മവാക്യത്തിൽ തിരുമേനിയെക്കുറിച്ചുള്ള വാർത്തകളാണു് അടങ്ങിയിരുന്നതു്.

നാഷിദ് (റ) പറയുന്നു:- ''യമനിലെ ജാഹിലിയ്യാ വർഗ്ഗത്തിൽ ഒരു ജോത്സ്യൻ ഉണ്ടായിരുന്നു. ഒരു മലമുകളിലാണു് അദ്ദേഹം താമസിച്ചിരുന്നതു്. ഒരു പ്രഭാതത്തിൽ ജനങ്ങൾ ആ മലയുടെ അടിവാരത്തിൽ തടിച്ചുകൂടി. സൂര്യൻ ഉദിച്ചുതുടങ്ങിയപ്പോൾ ആ ജോത്സ്യൻ അടിവാരത്തിൽ ഇറങ്ങിവന്നു, തന്റെ കയ്യിലുണ്ടായിരുന്ന വില്ലിൽ ഊന്നിക്കൊണ്ടു് കുറെനേരം ആകാശത്തിൽ ദൃഷ്ടിയുറപ്പിച്ചു് ഇരുന്നശേഷം ഇപ്രകാരം പറയുകയുണ്ടായി:-''ഉടയവൻ മുഹമ്മദിനെ നബിയാക്കി പ്രത്യക്ഷപ്പെടുത്തി. അവിടുത്തെ ഹൃദയം ശുദ്ധമാക്കി. വളരെ കുറച്ചുകാലം മാത്രമേ അവിടുന്നു് നിങ്ങളുടെയിടയിൽ ജീവിക്കുകയുള്ളൂ.''

ഒരുകാലത്തു്, കുടിയേറിപ്പാർത്ത യഹൂദികൾ മദീനക്കാരെ പലവിധത്തിൽ ഉപദ്രവിച്ചുതുടങ്ങി. ജനങ്ങൾ തുബ്ബഅ് എന്ന രാജാവിന്റെ സന്നിധിയിൽ ആവലാതി ബോധിപ്പിച്ചു. രാജാവു് യഹൂദിക്കളെ മദീനയിൽനിന്നു പുറത്താക്കുവാൻ കല്പിച്ചു. അവർ കഴപ്പത്തിലായി. രാജാവിനെ കണ്ടു മാപ്പപേക്ഷിക്കുവാനും അദ്ദേഹത്തിന്റെ തൃപ്തി സമ്പാദിക്കുവാനും യഹൂദികൾ തീരുമാനിച്ചു. അവരുടെ ഒരു പ്രതിനിധിസംഘം രാജസന്നിധിയിൽ ഹാജരായി. അക്കൂട്ടത്തിൽ ഒരു പണ്ഡിതനുമുണ്ടായിരുന്നു. ആ പണ്ഡിതൻ പല വിധത്തിൽ രാജാവിനെ പ്രശംസിച്ചു. മുഖസ്തുതി പറയുന്നതിലും വാഗ്ദത്തലംഘനം നടത്തുന്നതിലും വഞ്ചിക്കുന്നതിലും യഹൂദികൾ എക്കാലത്തും കുപ്രസിദ്ധരായിരുന്നു. മദീനയുടെ മാഹാത്മ്യങ്ങൾ പറഞ്ഞുകൂട്ടത്തിൽ ഇബ്രാഹീംനബിയുടെ ദീനുമായി, വരാനിരിക്കുന്ന നബി ഹിജ്‌റവന്നു താമസിപ്പാനിരിക്കുന്ന നഗരമാണു് ഇതു്'' എന്നുകൂടി പ്രസ്താവിച്ചു. മാത്രമല്ല, വരാനിരിക്കുന്ന ആ നബിയുടെ (തിരുമേനിയുടെ) ഗുണങ്ങളെ ആ യഹൂദപണ്ഡിതൻ വർണ്ണിക്കുകയും, ആ വിവരങ്ങൾ കേട്ടു് രാജാവു് സന്തോഷിക്കുകയും ചെയ്തു. ശാമൂൽ എന്നായിരുന്നു ആ പണ്ഡിതന്റെ പേർ. തിരുമേനിയെപ്പറ്റി അയാൾ വർണ്ണിച്ചുകഴിഞ്ഞപ്പോൾ രാജാവു് ഇപ്രകാരം പ്രസ്താവിച്ചു:- 'സബൂർ എന്ന വേദത്തിൽ ഈ നബിയെപ്പറ്റി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. ആ നബിയുടെ അനുയായികൾ

മറ്റു നബിമാരുടെ അനുയായികളെ അപേക്ഷിച്ചു ഉത്തമന്മാരാണെന്നും ആ വേദത്തിൽ പറയപ്പെട്ടിട്ടുണ്ട്. ആ പ്രവാചകന്റെ കാലത്തു ജീവിച്ചിരിപ്പാൻ ഭാഗ്യം ലഭിച്ചെങ്കിൽ ഞാൻ ആ പ്രവാചകന്റെ കാര്യസ്ഥനായി പ്രവർത്തിക്കുകയും, പ്രവാചകന്റെ ശത്രുക്കളോടായി പടപൊരുതി, അവിടത്തെ വിഷമതകളെ അവസാനിപ്പിക്കുകയും ചെയ്യുമായിരുന്നു.' മദീനയിൽ തന്നെ, കഴപ്പുമണ്ടാക്കാതെ താമസിച്ചുകൊള്ളുവാൻ യഹൂദികൾക്കു രാജാവു് സമ്മതം നൽകി.

അബ്ദുൽറഹ്മാനിബ്നുഔഫ് (റ) പറഞ്ഞതായി ഇബ്നുഅബാകിർ (റ) പറയുന്നു: തിരുമേനിക്കു നബിത്വം കിട്ടുന്നതിനു മുമ്പ് ഒരിക്കൽ ഞാൻ യമനിലേക്കു പോയപ്പോൾ, അസ്കലാനുൽഹുമൈരീ എന്ന പണ്ഡിതനെ ചെന്നുകണ്ടു. മക്കത്തെ സ്ഥിതിഗതികൾ ചോദിച്ചറിഞ്ഞ ശേഷം 'തങ്ങളുടെ ദീനിനെതിരായി വല്ലവരും അവിടെ ആഗതരായിട്ടുണ്ടോ' എന്നന്വേഷിച്ചു. 'ഇല്ലെന്നു' ഞാൻ മറുപടി പറഞ്ഞു. കുറെകാലം കഴിഞ്ഞു വീണ്ടും ഞാൻ യമനിലേക്കു പോയപ്പോൾ അദ്ദേഹത്തെ കാണുവാൻ ചെന്നു. പ്രായാധിക്യത്താൽ, കിടന്നേടത്തുനിന്നു എഴുന്നേല്പാൻ കഴിയാത്ത വിധം അദ്ദേഹം അവശനായിക്കഴിഞ്ഞിരുന്നു. ഞാൻ ചെന്നവിവരമറിഞ്ഞപ്പോൾ, മറ്റുള്ളവരുടെ സഹായത്തോടുകൂടി അദ്ദേഹം എഴുന്നേറ്റിരുന്നു. അദ്ദേഹം എന്റെ വംശപരമ്പരയെക്കുറിച്ചന്വേഷിച്ചു. 'സഹ്റത്തിന്റെ മകനായ, അബ്ദുൽഹർസിന്റെ മകനായ, ഔഫിന്റെ മകനായ, അബ്ദുർറഹ്മാനാണു് ഞാൻ' എന്നു പറഞ്ഞപ്പോൾ, ആ വൃദ്ധപണ്ഡിതൻ ഇപ്രകാരം പറഞ്ഞു:— ഈ കൊല്ലത്തിന്റെ ആദ്യത്തെ മാസത്തിൽ അല്ലാഹു ഒരു നബിയെ നിങ്ങളിൽ നിയോഗിച്ചിരിക്കുന്നു. അവിടത്തെ അല്ലാഹു തൃപ്തിപ്പെടുകയും അവിടുത്തേക്കു അവന്റെ വചനങ്ങളെ ഇറക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. അവിടുന്നു ബിംബങ്ങളെ ഉടക്കും; ഇസ്‌ലാമിലേക്കു ജനങ്ങളെ ആഹ്വാനം ചെയ്യും; സദ്ധർമ്മങ്ങളെ ഉപദേശിക്കുകയും, ദുഷ്കർമ്മങ്ങളെ വിലക്കുകയും, ഉപദേശത്തിനൊത്തു ജീവിക്കുകയും ചെയ്യും പ്രവാചകൻ ഹാശിം സന്തതികളിൽപ്പെട്ട ആളാകുന്നു. നിങ്ങൾ ഉടനെ മക്കയിലേക്കു പോയി, ആ നബിയെ അനുസരിച്ചുകൊള്ളുക.' ഇങ്ങിനെ പറഞ്ഞശേഷം തിരുമേനിയെ പ്രശംസിച്ചുകൊണ്ടു ചില പദ്യങ്ങൾ അദ്ദേഹം ചൊല്ലുകയും ഞാൻ അതു പുടിസ്ഥമാക്കുകയും ചെയ്തു. മക്കത്തെത്തിയ ഉടനെ, ഞാൻ അബൂബക്കർസിദ്ദീഖിനെ ചെന്നുകണ്ടു സംഗതികൾ അറിയിച്ചു. അദ്ദേഹം എന്നെ തിരുമേനിയുടെ സന്നിധിയിലേക്കു കൂട്ടിക്കൊണ്ടുപോയി. കുശലപ്രശ്നങ്ങൾ നടത്തിയശേഷം, യമനിലെ വിശേഷങ്ങൾ തിരുമേനി എന്നോടന്വേഷിച്ചു. ആ പണ്ഡിതവൃദ്ധൻ ചൊല്ലിയ പദ്യങ്ങൾ ഞാൻ തിരുമേനിയെ ചൊല്ലികേൾപ്പിച്ചു.'

മദീനയിൽ മുഖൈരീഖ് എന്നു പേരുള്ള ഒരു യഹൂദപണ്ഡിതനുണ്ടായിരുന്നു. തിരുമേനിയെക്കുറിച്ചു വേദഗ്രന്ഥങ്ങളിൽനിന്നു അദ്ദേഹം ധാരാളം മനസ്സിലാക്കിയിരുന്നു. പക്ഷെ, സ്വമതത്തോടുള്ള പക്ഷപാതം നിമിത്തം അദ്ദേഹം ഇസ്‌ലാംമതം ആശ്ലേഷിച്ചില്ല. ഉഹ്ദ്‌യുദ്ധം നടക്കവെ, ഒരു ഞായറാഴ്ച അദ്ദേഹം തന്റെ കൂട്ടുകാരെ വിളിച്ചു ഇപ്രകാരം പറഞ്ഞു: 'നാം മുഹമ്മദ്നബിയെ സഹായിപ്പാൻ കടപ്പെട്ടവരാകുന്നു. ഈ യുദ്ധത്തിൽ അദ്ദേഹത്തെ സഹായിപ്പാൻ പുറപ്പെടുക.' 'ഇന്നു ഞായറാഴ്ചയാണല്ലൊ' എന്നു അവർ പറഞ്ഞപ്പോൾ, നിങ്ങൾക്കു ഇനി ഞായറാഴ്ച ഇല്ല' എന്നു പറഞ്ഞുകൊണ്ടു്, അദ്ദേഹം വാളെടുത്തു യുദ്ധത്തിനു പുറപ്പെട്ടു. 'ഈ യുദ്ധ

ത്തിൽ ഞാൻ മരിച്ചുപോവുകയാണെങ്കിൽ എന്റെ സ്വത്തിന്റെ അവകാശി തിരുമേനിയാണ്" എന്ന സഹാബിമാരോട് അദ്ദേഹം വസിയ്യത്ത് ചെയ്തു. നേരെ തിരുമേനിയെ സമീപിച്ച് ഇസ്‌ലാംമതം വിശ്വസിച്ചശേഷം പടക്കളത്തിലിറങ്ങി അടരാടി. ആ യുദ്ധത്തിൽ അദ്ദേഹം വീരസ്വർഗ്ഗം പ്രാപിച്ചു.' യഹൂദികളിൽ നിന്നും വിശ്വസിച്ചവരുടെ കൂട്ടത്തിൽ അത്യുത്തമനാണ് മുഖൈരിഖ്" എന്ന തിരുമേനി അരുളുകയുണ്ടായി.

കഅ്ബുൽഅഖ്ബാർ (റ), യഹൂദിയായിരുന്ന കാലത്തുതന്നെ അതിബുദ്ധിമാനും പണ്ഡിതനുമായിരുന്ന അബൂബകർസിദ്ദീഖിന്റെ ഖിലാഫത്തുകാലത്താണ് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചത്. ഹിജ്‌റ മുപ്പത്തിരണ്ടാംവർഷത്തിൽ, ഉസ്മാൻ (റ) വിന്റെ ഖിലാഫത്തുകാലത്ത് അദ്ദേഹം വഫാത്തായി. തൗറാനിൽ തിരുമേനിയെപ്പറ്റി എന്താണ് പറഞ്ഞിട്ടുള്ളതെന്നു, ഒരു ദിവസം ഉമർ (റ) ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നല്കി:- വാദീമുഖദ്ദിസിൽനിന്നു, ഖർള് എന്ന പുഷ്പം പുഷ്പിക്കുന്ന ഫാറാൻ എന്ന മലപ്രദേശത്തു്, സകല ജനങ്ങളുടെ നേതാവും, ആദം സന്തതികളിൽ പരിശുദ്ധനും, അവസാനത്തെ നബിയുമായി പ്രത്യക്ഷപ്പെട്ടു. തൗഹീദിനെയും സത്യസദ്ധർമ്മങ്ങളെയും പ്രചരിപ്പിച്ചു, അവസാനം തൈബായിലേക്കുമാറി, അവിടെ മാപെടും എന്നാണ് തൗറാത്തിൽ പറയപ്പെട്ടിട്ടുള്ളതെന്നു അദ്ദേഹം മറുപടി പറഞ്ഞു.

ജിൻവർഗ്ഗത്തിലെ ജോത്സ്യന്മാരുടെ പ്രസ്താവന

ജാഹിലിയ്യാ കാലത്തെ സുപ്രസിദ്ധ ജോത്സ്യന്മാരിൽ ഒരാളായിരുന്ന സവാദിബ്നുഖാരിബ് (റ). മുഹമ്മദിബ്നുകഅ്ബ് (റ) പറയുന്നു:- 'ഒരു ദിവസം ഞങ്ങൾ ഉമർ ഖത്താബിന്റെകൂടെ ഇരിക്കുകയായിരുന്നു. 'നിങ്ങൾക്കു സവാദിബ്നുഖാരിബിനെ അറിയാമൊ' എന്നു അമീറുൽമുഅ്മിനീൻ ഞങ്ങളോടു ചോദിച്ചു. അപ്പോഴേക്കും യാദൃശ്ചികമായി അദ്ദേഹം അവിടെ വന്നെത്തി. 'നിങ്ങൾക്കു ജിന്നിൽനിന്നു ലഭിച്ച വിവരം വെച്ചുകൊണ്ടു, തിരുമേനിയുടെ ആഗമനത്തെക്കുറിച്ചു മുൻകൂട്ടി പ്രസ്താവിച്ച ആൾ നിങ്ങളാണൊ' എന്നു ഖലീഫ അദ്ദേഹത്തോടു ചോദിക്കുകയും, 'അതെ' എന്നു അദ്ദേഹം പറഞ്ഞപ്പോൾ, നിങ്ങൾ ഇസ്‌ലാംമതം വിശ്വസിപ്പാനുണ്ടായ ആദ്യകാരണം ഒന്നു വിശദീകരിച്ചുതരൂ' എന്നു ഖലീഫ ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:- 'എനിക്കു ഒരു ജിന്നിന്റെ സേവ ഉണ്ടായിരുന്നു. ഒരു രാത്രി ഞാൻ ഉറങ്ങുമ്പോൾ ആ ജിന്നു എന്നെ കാൽകൊണ്ടു തട്ടി ഉണർത്തുകയും, യുഅയ്ലിബ് നുഗാലിബിന്റെ ഗോത്രത്തിൽ ഒരു റസൂലിനെ അല്ലാഹു അയച്ചിട്ടുണ്ടെന്നും, ആ റസൂൽ അല്ലാഹുവിന്റെ ദീനിലേക്കു ജനങ്ങളെ ക്ഷണിക്കുന്നുവെന്നും പറയുകയും ചെയ്തു. 'മക്കത്തേക്കു പൊയിക്കൊള്ളുക; നേർമാർഗ്ഗത്തെ തേടിക്കൊള്ളുക' എന്നു ആ ജിന്നു് എന്നെ ഉപദേശിക്കുകയും, താൻ പറയുന്നതു അസത്യമല്ലെന്നു എന്നെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. മൂന്നു രാത്രികളിൽ തുടച്ചയായി ഇതു സംഭവിച്ചു. അങ്ങിനെ ഞാൻ മക്കത്തേക്കു പുറപ്പെടുകയും തിരുമേനിയുടെ സന്നിധിയിൽ എത്തുകയും ചെയ്തു. എന്നെ കണ്ടപ്പോൾ, തിരുമേനി എന്നെ സ്വാഗതം ചെയ്തു. എന്റെ വിവരങ്ങൾ ഞാൻ ഉണർത്തിയപ്പോൾ, മുൻപില്ലാത്തവിധം തിരുമേനി പുഞ്ചിരിച്ചു; 'അഫ്ലഹ്തയാസവാദ്" (സവാദേ, താങ്കൾ വിജയിച്ചു) എന്നരുളി.

ഈ ഹദീസ് കേൾക്കുവാൻവേണ്ടിയാണ് ഈ സംഗതി താങ്കളെക്കൊണ്ടു പറയിച്ചതെന്നു ഖലീഫ അദ്ദേഹത്തെ അറിയിച്ചു.'

മദീനയിൽ ഹതീമ എന്ന ഒരു ജിൻസ്ത്രീ വക്കാരി ഉണ്ടായിരുന്നു. ഒരു ദിവസം ആ ജിന്നു് അവളുടെ വീട്ടിൽ ചെല്ലുകയും, പതിവുപോലെ അവളെ സമീപിക്കാതെ, മതിലിൽ ചാരി മാറിനിൽക്കുകയും ചെയ്തു. അങ്ങിനെ, തന്നോട് പിണക്കം കാണിച്ചതിന്റെ കാരണം അവൾ അന്വേഷിച്ചപ്പോൾ, ആ ജിന്നു് പറഞ്ഞു:- 'മക്കത്തു് ഒരു നബി നിയോഗിക്കപ്പെട്ടിരിക്കുന്നു. അവിടുന്നു് ഉമ്മാഗ്ഗത്തെ വിരോധിക്കും.'

ബിംബങ്ങൾ സംസാരിച്ചു

അബ്ബാസിബ്നുമിർദാസ് (റ) പറയുന്നു: 'എന്റെ പിതാവായ മിർദാസുസ്സുൽമീ എന്ന ആൾക്കു ഒരു ആരാധനാമൂർത്തി ഉണ്ടായിരുന്നു. ളിമാർ എന്നായിരുന്നു ആ ബിംബത്തിന്റെ പേർ. അദ്ദേഹം മരിക്കുമ്പോൾ, ളിമാർ എന്ന ബിംബത്തെ ആരാധിക്കേണമെന്നു എന്നോട് വസിയ്യത്തു ചെയ്തു. അതനുസരിച്ചു ആ ബിംബത്തെ ആരാധിച്ചുതുടങ്ങി. ഒരു ദിവസം ആ ബിംബത്തിന്റെ ഉള്ളിൽനിന്നു ഒരു ശബ്ദം പുറപ്പെടുന്നതായി ഞാൻ കേട്ടു.' ളിമാറിന്റെ ആരാധകർ പരാജയത്തിലത്രെ; മുഹമ്മദിനെ തുടർന്നവർ വിജയികളും' എന്നർത്ഥമുള്ള ഒരു പദ്യമാണു് ഞാൻ കേട്ടതു്. ഞാൻ ആ ബിംബത്തെ ഉപേക്ഷിച്ചു. ബനൂഹാരിൽ എന്ന എന്റെ ഗോത്രക്കാരോടൊപ്പം ഞാൻ തിരുമേനിയെ സമീപിച്ചു എന്നെ കണ്ടപ്പോൾ തിരുമേനി പുഞ്ചിരിതൂകിക്കൊണ്ടു എന്നോട് ചോദിച്ചു:— 'അബ്ബാസേ, ഇസ്‌ലാമിലേക്കു വരുവാൻ താങ്കളെ പ്രേരിപ്പിച്ചതെന്തു?' നടന്ന സംഭവങ്ങളെല്ലാം ഞാൻ തിരുമേനിയെ അറിയിക്കുകയും ഞങ്ങളെല്ലാവരും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു.'

മാസിബ്നുഖുവൈസിയ്യ (റ) പറയുന്നു:— 'ഞാൻ അമ്മാനിലെ സീമാൽ, ബാദിർ എന്നീ ബിംബങ്ങളുടെ പതികമ്മിയായിരുന്നു. ഒരു ദിവസം, പതിവുപോലെ, ആ ബിംബങ്ങൾക്കായി ഞാൻ മൃഗബലി നടത്തിയപ്പോൾ, എന്നെയും ബിംബങ്ങളെയും പഴിച്ചുകൊണ്ടും മുഹമ്മദ്നബിയെ സ്തുതിച്ചുകൊണ്ടും ബിംബങ്ങളുടെ ഉള്ളിൽനിന്നു പദ്യം പൊല്ലുന്ന ശബ്ദം ഞാൻകേൾക്കുകയുണ്ടായി ഉടനെ ഞാൻ ആ ബിംബങ്ങളെ നശിപ്പിച്ചു, വാഹനപ്പുറത്തേറി തിരുമേനിയുടെ സന്നിധിയിലേക്കു പുറപ്പെട്ടു. തിരുമേനിയുടെ സന്നിധിയിൽ എത്തിയപ്പോൾ സംഗതികളെല്ലാം തിരുമേനിയെ ധരിപ്പിക്കുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. തിരുമേനി എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും, ആ പ്രാർത്ഥന ഫലവത്താവുകയുമുണ്ടായി.' 'ഹലബീ' എന്ന സീറാ ഗ്രന്ഥത്തിൽ ഈ സംഗതി വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്.'

ഉമർഫാറൂഖ് (റ) പറയുന്നു:- 'ഖുറൈശികളിൽ ബിംബങ്ങൾക്കു മൃഗബലി നടത്തുന്നവരും ഉണ്ടായിരുന്നു. ഒരിക്കൽ ബലിയായി അറുത്ത ഒരു ആട്ടിന്റെ തോൽ അവർ ഉരിച്ചുകൊണ്ടിരുന്നപ്പോൾ, ഞാനും അടുത്തുണ്ടായിരുന്നു. തോലുരിച്ചുകൊണ്ടിരിക്കുമ്പോൾ അറക്കപ്പെട്ട ആട്ടിന്റെ ഉള്ളിൽനിന്നു ഇപ്രകാരം ഒരു ശബ്ദം കേട്ടു:- 'ബിംബങ്ങൾക്കു മൃഗബലി നടത്തുന്നവരെ, നിങ്ങൾക്കു ശുഭവാർത്ത; ലാഇലാഹ ഇല്ലല്ലാഹ്' ഈ വാക്യകാം വളരെ വ്യക്തമായിത്തന്നെ ഞങ്ങൾ കേട്ടു.'

ഒരു സഹാബി തിരുമേനിയോടു പറഞ്ഞു:— ഒരിക്കൽ എന്റെ ഒട്ടകത്തെ കാണാതായി. ഞാൻ അന്വേഷിച്ചുനടന്നു രാത്രിയായി. ഞാൻ ഒരിടത്തു കിടന്നു. നേരം പലതായപ്പോൾ, 'ഹേ, ഉറങ്ങുന്നവരെ, അല്ലാഹുതആലാ ഹറമിൽ ഹാശിയായ നബിയെ നിയോഗിച്ചിരിക്കുന്നു. അവിടുന്നു് നിറവടിയായ നബിയാകുന്നു' എന്നിപ്രകാരം ഒരു അശരീരി കേട്ടു. ആളെ കണ്ടില്ല നേരം പുലർന്ന

പ്പോൾ എന്റെ ഒട്ടകത്തെ കണ്ടെത്തി. ഞാൻ അതിന്റെ പുറത്തു കയറി യാത്ര തുടങ്ങി. ഒരു പുൽപ്രദേശത്തെത്തിയപ്പോൾ ഞാൻ ഒട്ടകപ്പുറത്തുനിന്നു താഴെ ഇറങ്ങി. കറുകയിലെ ഒരു മരത്തണലിൽ ഖസ്സിബ്നുസാഇദത് (റ) ഇരിക്കുന്നതായും, രണ്ടു പുലികൾ അദ്ദേഹത്തിനു വഴങ്ങിനിൽക്കുന്നതായും ഞാൻ കണ്ടു. ഞാൻ അദ്ദേഹത്തെ സമീപിച്ചു, സലാം ചൊല്ലിയശേഷം വിവരങ്ങൾ അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു:- 'ഈ കാണുന്നതു എന്റെ രണ്ടു സഹോദരന്മാരുടെ ഖബറുകളാകുന്നു. അവർ ഈ സ്ഥലത്തു താമസിച്ചു, അല്ലാഹുവിനു ഇബാദത്തു ചെയ്തുകൊണ്ടു, ഇവിടെവെച്ചു മരിച്ചു. മരണംവരെ ഇവിടെ താമസിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു.' ഇതു കേട്ടപ്പോൾ, തിരുമേനി മഹാനായ ആ മനുഷ്യനെ പ്രശംസിച്ചു.'

കല്ലിലും മരത്തിലും തിരുമേനിയുടെ നാമം

സുലൈമാൻ നബി (അ) യുടെ രാജമോതിരത്തിന്മേൽ "മുഹമ്മദ്" എന്ന ലിഖിതാക്ഷരങ്ങളുണ്ടായിരുന്നു. പുരാതനമായ ഒരു കല്ലിൽ "മുഹമ്മദൻ തഖിയ്യുൻ മുസ്‌ലിഹുൻ സയ്യിദുൻ അമീനുൻ" എന്ന അജ്ഞാതഹസ്തത്താൽ എഴുതപ്പെട്ടിട്ടുണ്ട്. കഅ്ബുൽ അഖ്ബാർ (റ) യോടു തിരുമേനി ജനിക്കുന്നതിനുമുമ്പുണ്ടായ അത്ഭുതസംഭവങ്ങളെപ്പറ്റി, ഉമർ ഫാറൂഖ് (റ) അന്വേഷിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു:- "തിരുമേനിയുടെ നാമം ഉൾപ്പെട്ട വാചകങ്ങൾ എഴുതപ്പെട്ട നാല കല്ലുകൾ ഇബ്രാഹീം നബി (അ) കണ്ടെത്തി. ഒരു അജ്ഞാതഹസ്തമാണു ആ വാചകങ്ങൾ ആ കല്ലുകളിൽ എഴുതിയിരിക്കുന്നതു. "ഞാൻ ആകാശത്തിൽ പറന്നു നടന്നപ്പോൾ 'മുഹമ്മദ്' എന്നു മുദ്രണം ചെയ്യപ്പെടാത്ത ഒരു വസ്തുവും കാണുകയുണ്ടായില്ല. സ്വർഗ്ഗത്തിലെ എല്ലാഭവനങ്ങളിലും 'മുഹമ്മദ്' എന്നു എഴുതപ്പെട്ടിരുന്നു. സ്വർഗ്ഗസ്ത്രീകളുടെ മാറിടങ്ങളിലും, ത്വൂബാ, സീദ്റത്തുൽ മുന്തഹാ എന്നീ വൃക്ഷങ്ങളിലും, കില്ലകളിലും, മലക്കുകളുടെ നെറ്റിത്തടങ്ങളിലും അങ്ങിനെ എഴുതപ്പെട്ടിട്ടുണ്ടു്," എന്നു് ആദം നബി (അ) പറഞ്ഞിരിക്കുന്നു. "അല്ലാഹു അവന്റെ തിരുനാമത്തോടൊപ്പം തിരുമേനിയുടെ നാമം അർശിൽ എഴുതിയെന്നതു തിരുമേനിയുടെ അസാധാരണയോഗ്യതക്കുദ്ദിഷ്ടാന്തംതന്നെ" എന്നു് "അൽഖസാ ഇബുൽ കുബ്റാ" എന്ന ഗ്രന്ഥത്തിൽ ജലാലുസ്സുയൂതീ (റ) പ്രസ്താവിച്ചിരിക്കുന്നു.

അജ്ഞാതനാമാവായ ഒരാൾ പറയുന്നു:- ഹിന്ദുസ്ഥാൻ രാജ്യത്തു ഞങ്ങൾ യുദ്ധത്തിനു പോയപ്പോൾ, ഒരു കാട്ടിലാണു താമസിച്ചിരുന്നതു്. അവിടെ കൊഴിഞ്ഞുവീണ ചുകന്ന ഇലകളിന്മേൽ "ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്" എന്നു വെളുത്ത അക്ഷരത്തിൽ എഴുതപ്പെട്ടതായി ഞങ്ങൾ കണ്ടു."

വേറൊരാൾ പറയുന്നു:- "ഞാൻ ഒരു തുരുത്തിൽ ഒരു വലിയ മരം കണ്ടു. അതിന്റെ ഇല സുഗന്ധമുള്ളതായിരുന്നു. പച്ചനിറത്തിലുള്ള ഇലകളിൽ "ലാഇലാഹ ഇല്ലല്ലാഹ്", "മുഹമ്മദുർറസൂലുല്ലാഹ്", "ഇന്നദ്ദീന ഇന്തല്ലാഹിൽ ഇസ്‌ലാം" എന്നിങ്ങിനെ മൂന്നുവരികളും അജ്ഞാതഹസ്തത്താൽ എഴുതപ്പെട്ടിട്ടുള്ളതായി ഞാൻ കണ്ടു.'

മറെറാരാൾ പറയുന്നു:- "ഹിന്ദുസ്ഥാനിൽ ഒരു പ്രദേശത്തു ഞാൻ കുറെ പനിനീർച്ചെടികളും, സുഗന്ധമേറിയ കുറെ പനിനീർപൂക്കളും ഞാൻ കണ്ടു. ആ പുഷ്പങ്ങളിന്മേൽ "ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ " എന്നു വെള്ളനിറത്തിൽ എഴുതപ്പെട്ടതായി ഞാൻ കണ്ടു. ഏതോ ആളുകൾ എഴുതുന്നതായിരിക്കുമെന്നു ഞാൻ ഊഹിച്ചു. ഒരാളും അങ്ങിനെ ചെയ്യുന്നതായി കണ്ടില്ല. അവസാനം ഞാൻ ഒരു പൂമൊട്ടു പറിച്ചെടുത്തു. ഇതളുകൾ നിവർത്തിനോക്കി. അപ്പോൾ ആ ഇതളുകളിൽ ആ എഴുത്തുള്ളതായി കണ്ടു."

ഒരു കപ്പൽക്കാരൻ പറഞ്ഞതായി മർസൂഖ് (റ) ഇപ്രകാരം പ്രസ്താവിക്കുന്നു:- "ഒരു യുദ്ധത്തിനിടയിൽ ഞാൻ കപ്പലിനു നങ്കൂരമിട്ട് കരക്കിറങ്ങി. ആ നാട്ടിൽ വളരുന്ന ഒരുതരം പനിനീർപുഷ്പം ഞാൻ കണ്ടു. 'ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്' എന്നതടക്കം മൂന്നു വാചകങ്ങളും ആ പുഷ്പങ്ങളിൽ മഞ്ഞനിറത്തിൽ എഴുതപ്പെട്ട കിടക്കുന്നുണ്ടായിരുന്നു"

ഒരാൾ പറയുന്നു:- "ഒരു നാട്ടിലെത്തിയപ്പോൾ ബദാം പോലെ രണ്ടു തോടുകളുള്ള പഴം കായ്ക്കുന്ന ഒരു മരം ഞാൻ കണ്ടു. അതിന്റെ പഴമെടുത്തു തോടടർത്തിയപ്പോൾ അതിനകത്തു ഒരു ചുരുണ്ട ഇലക്കണ്ടു. ഇല നിവർത്തി നോക്കിയപ്പോൾ, അതിൽ 'ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്' എന്ന എഴുത്തുകണ്ടു.

അൽഹാഫിളുസ്സൽഫീ (റ) പറയുന്നു:- 'ഹിന്ദുസ്ഥാൻ എന്ന നാട്ടിൽ ചിലേടത്തു ഒരു ചെടി വളരുന്നുണ്ട്. അതിന്റെ ഇല പച്ച നിറത്തിലുള്ളതാണ്. ആ ഇലകളിൽ കട്ടംപച്ച വണ്ണത്തിൽ 'ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്' എന്ന വാചകം പടക്കപ്പെട്ടിരിക്കുന്നു. ആ നാട്ടുകാരായ അവിശ്വാസികൾ ആ ചെടികളെ നശിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അവ മറ്റു വിധത്തിൽ തഴച്ചുവളരുന്നു. ഈ അത്ഭുതത്താൽ അവർ ഇസ്‌ലാംമതം വിശ്വസിച്ചു.

കറുത്തവണ്ണത്തിൽ 'മുഹമ്മദ്' എന്നു് എഴുതപ്പെട്ട ഒരു കറുത്ത മുന്തിരിങ്ങ ഹിജ്‌റ തൊണ്ണൂറെറാമ്പതാം വർഷത്തിൽ കണ്ടെടുക്കുകയുണ്ടായി.

ചൂണ്ടലിട്ടു പിടിച്ച ഒരു മത്സ്യത്തിന്റെ വലഭാഗത്തു് 'ലാഇലാഹ ഇല്ലല്ലാഹ്' എന്നും, ഇടഭാഗത്തു് 'മുഹമ്മദുർറസൂലുല്ലാഹ്' എന്നും എഴുതപ്പെട്ടതായിക്കണ്ടു. ആകയാൽ അതിനെ പുഴയിൽ വിട്ടുകളഞ്ഞു.

ഒരാൾ പറയുന്നു:- 'ഞങ്ങൾ കടലിലൂടെ കപ്പലിൽ സഞ്ചരിച്ചുകൊണ്ടിരിക്കെ, എന്റെ ഭൃത്യന്റെ ചൂണ്ടലിൽ ഒരു മീൻ കൊണ്ടു. വെളുത്ത നിറത്തിലുള്ള ആ മീനിനു ഒരു ചൊട്ടച്ചാൺ വലിപ്പമെ ഉണ്ടായിരുന്നുള്ളൂ. അതിന്റെ വലതുചെവിയുടെ ഭാഗത്തു, കറുപ്പുനിറത്തിൽ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നും, ഇടതുചെവിയുടെ ഭാഗത്തു 'മുഹമ്മദുർറസൂലുല്ലാഹ്' എന്നും എഴുതപ്പെട്ടിട്ടുള്ളതായി കണ്ടു ആകയാൽ ഞങ്ങൾ അതിനെ കടലിൽതന്നെ വിട്ടുകളഞ്ഞു.'

ഇബ്‌നു അബ്ബാസ് (റ) പറയുന്നു:- 'ഞങ്ങൾ ഒരു ദിവസം തിരുമേനിയോടൊപ്പം ഇരിക്കുമ്പോൾ, മുണ്ടിൽ ഒരു മുത്തുമായി ഒരു പക്ഷി അവിടെ പാറിവന്നു. മുത്തു തിരുമേനിയുടെ മുമ്പിൽ ഇട്ടുകൊണ്ടു അതു പറന്നു പോയി. തിരുമേനി ആ മുത്തെടുത്തു പൊളിച്ചപ്പോൾ അതിൽ പച്ചനിറത്തിലുള്ള ഒരു പുഴുവിനെ കണ്ടു. അതിന്മേൽ 'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്' എന്നു എഴുതപ്പെട്ടിരിക്കുന്നു.' ഈ വിവരം ഹലബീ എന്നവർ സീറാഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തീട്ടുണ്ട്.

'ഒരു കല്ലിന്മേൽ, തിരുമേനിയുടെ നാമത്തോടൊപ്പം ദീഫ്മായ ഒരു വാചകം ഹിബ്രു ഭാഷയിൽ എഴുതപ്പെട്ടതായി ഞാൻ കണ്ടു'വെന്നു ഇമാംസഹ്‌രീ (റ) പറയുന്നു.

നബുവ്വത്തിനു ആറുമാസം മുമ്പുമുതൽ

നബുവ്വത്തിനു ആറുമാസം മുമ്പുമുതൽതന്നെ തിരുമേനിക്കു സ്വപ്നത്തിലൂടെ സന്ദേശങ്ങൾ ലഭിക്കുകയും, ആ സ്വപ്നങ്ങളെല്ലാം യഥാർത്ഥമായിപുലരുകയും ചെയ്തു. ഈ അവസ്ഥ എല്ലാ നബിമാരിലും ഉണ്ടായിട്ടുണ്ട്.' സത്യ

മായ സ്വപ്നം നബുവ്വത്തിന്റെ നാല്പത്താറിൽ ഒരംശമാണെ'' എന്ന തിരുമേനി അരുളീട്ടുണ്ട്. ആ ഹദീസിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, തിരുമേനിക്ക് നബുവ്വത്തിന്നു മുമ്പ് ആറ് മാസം സത്യസ്വപ്നങ്ങൾ ഉണ്ടായെന്നു തീരുമാനിക്കാവുന്നതാണ്.

തിരുമേനി ധ്യാനനിരതനായി, ഏകനായി, വിജനപ്രദേശത്തു ഇരിക്കുമ്പോൾ, ആരൊ തിരുമേനിയെ ഇടക്കിടെ വിളിക്കുന്നതായും ചില പ്രകാശങ്ങൾ ജ്വലിക്കുന്നതായും തിരുമേനിക്ക് പലപ്പോഴും അനുഭവപ്പെട്ടു. ആ ആളില്ലാത്ത ശബ്ദവും വെളിച്ചവും മറ്റും തിരുമേനിയിൽ ആശങ്ക ഉളവാക്കാതിരുന്നില്ല. ഒരു ദിവസം തിരുമേനി ഖദീജാബീയോട് ഇപ്രകാരം പറഞ്ഞു:- ബിംബാരാധകന്മാരെയും അവരുടെ സേവകരും ഉപദേഷ്ടാക്കളുമായ ജിന്നുകളെയും ഞാൻ അത്യന്തം വെറുക്കുന്നു. പക്ഷെ, ചില അവസരങ്ങളിൽ ആളില്ലാത്ത ശബ്ദം ഞാൻ കേൾക്കുകയും ചില വെളിച്ചങ്ങൾ കാണുകയും ചെയ്യുന്നു. ഈ ദുഷ്ടജിന്നുകൾ എന്നെ കെണിച്ചുകളയുമൊ?' ഇതുകേട്ടപ്പോൾ ഖദീജാ (റ) പറഞ്ഞു:- 'ജീവനാഥാ, താങ്കൾ അങ്ങിനെ ശങ്കിക്കേണ്ട. അല്ലാഹു താങ്കൾക്ക് അതു വരുത്തുകയില്ല; താങ്കൾ കുട്ടുകുടുംബത്തെ അടുപ്പിക്കുന്നു; സത്യസന്ധനായി ജീവിക്കുന്നു. ശൈതാന്നു താങ്കളെ കെണിക്കുവാൻ ഒരുവിധത്തിലും സാധിക്കുകയില്ല.'

ശഅ്ബീ (റ) വെ തൊട്ട് മാവറദീ (റ) പറയുന്നു:— 'ഇസ്റാഫീൽ എന്ന മലക്ക് മുഖേന മൂന്ന് കൊല്ലം അല്ലാഹു തിരുമേനിക്ക് പല അറിവുകളെ—നബിത്വം വഹിക്കുന്നതിനു വശ്യമായ അറിവുകളെ— മുന്നുകൊല്ലം പഠിപ്പിച്ചു.'

ഇമാംഹലബീ(റ) പറയുന്നു:-'ഇസ്റാഫീൽ എന്ന മലക്ക് എന്തെന്തു കായ്കളാണ് തിരുമേനിയെ പഠിപ്പിച്ചതു, എന്നു അറിയുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. നബുവ്വത്തോടടുത്തപ്പോൾ വിജനസ്ഥലത്തുപോയി ഇബാദത്തുചെയ്യുന്നതിൽ തിരുമേനി അതീവതല്പരനായി. ഹിറാ മലയിലെ ഒരു ഗുഹയാണ് തിരുമേനി തിരഞ്ഞെടുത്തിരുന്നതു് രാപ്പകൽ തിരുമേനി ആ ഗുഹയിൽ കഴിച്ചുകൂട്ടി. തുടച്ചയായി മൂന്നു ദിവസവും; ഏഴുദിവസവും; ഒമ്പതുദിവസവും; ഒരു മാസവും ആ ഗുഹയിൽ തിരുമേനി കഴിച്ചുകൂട്ടീട്ടുണ്ട്. ഖദീജാ (റ) തിരുമേനിക്ക് ഭക്ഷണം അവിടെ എത്തിച്ചുകൊടുത്തു. ചിലപ്പോൾ ഖദീജാ (റ)യും തിരുമേനിയോടൊപ്പം ആ ഗുഹയിൽ താമസിച്ചിട്ടുണ്ട്. അക്കാലത്തു ഏതുവിധം ആരാധനയാണ് തിരുമേനി നടത്തിയിരുന്നതെന്നു് വ്യക്തമായും ഖണ്ഡിതമായും പറയപ്പെട്ടിട്ടില്ല. ഗുഹയിൽനിന്നു വീട്ടിലേക്ക് തിരിക്കുന്ന ഓരോ അവസരത്തിലും, വീട്ടിലെത്തുന്നതിന്നു മുമ്പ് തിരുമേനി കഅ്ബയെ ഏഴു തവണ തവാഫ് ചെയ്യുക പതിവായിരുന്നു.

നബുവ്വത്തു്

തിരുമേനിക്ക് നാല്പതുവയസ്സു് പൂർത്തിയായപ്പോൾ നബുവ്വത്തു് എന്ന നബിത്വം നൽകപ്പെട്ടു. തിരുമേനി ഉറങ്ങുകയായിരുന്ന അവസരത്തിൽ ജിബ്‌രീൽ (അ) തിരുമേനിയെ സമീപിച്ചു. അതു സംഭവിച്ചതു റമളാൻമാസം പതിനേഴാം രാവിലാണെന്നും, റബീഉൽഅവ്വൽ എട്ടാംരാവിലാണെന്നും, റജബ് ഇരുപത്തേഴാം രാവിലാണെന്നും പറയപ്പെട്ടിട്ടുണ്ട്. തിരുമേനി പറയുന്നു:- 'ഞാൻ ഉറങ്ങുകയായിരുന്നു. ജിബ്‌രീൽ (അ) എന്നെ സമീപിച്ചു. ആ മലക്കിന്റെ കയ്യിൽ ഒരു പട്ടും ആ പട്ടിൽ എഴുത്തുമുണ്ടായിരുന്നു. ആ എഴുത്തു വായിക്കുവാൻ ജിബ്‌രീൽ എന്നോടാവശ്യപ്പെട്ടു. എഴുത്തു വായിക്കുവാൻ അറിഞ്ഞുകൂടെന്നു ഞാൻ പറഞ്ഞപ്പോൾ, ആ പട്ടുകൊണ്ടു ജിബ്‌രീൽ (അ) എന്റെ വായും മൂക്കും പൊത്തിപ്പി

ടിച്ചു. ഞാൻ പരിഭ്രമിച്ചു. ശ്വാസംമുട്ടി മരിച്ചുപോകുമെന്നു എനിക്കു തോന്നി. ആ പിടുത്തം വിട്ടുകൊണ്ടു 'ഓതുക' എന്നു വീണ്ടും ജിബ്‌രീൽ (അ) ആജ്ഞാപിച്ചു. ഓതുവാൻ വശമില്ലെന്നു പറഞ്ഞാൽ വീണ്ടും വായും മൂക്കും പൊത്തിപ്പിടിക്കുമെന്നു പേടിച്ചതുകൊണ്ടു, 'എന്താണു് ഓതേണ്ടതെന്നു ഞാൻ ചോദിച്ചു അപ്പോൾ എന്റെ ഉദ്ദേശ്യം മനസ്സിലാക്കിയ ആ മലക്കു് 'ഇഖ്‌റഅ് ബിസ്മി .....മാലം യഅ്‌ലം' എന്നുവരെ എന്നെ ഓതി കേൾപ്പിച്ചു. ഞാൻ അപ്രകാരം ഓതി. ജിബ്‌രീൽ തിരോധാനം ചെയ്കയും ചെയ്തു. ഞാൻ ഉറക്കിൽനിന്നു ഉണർന്നപ്പോൾ ആ വചനങ്ങൾ എന്റെ ഹൃദയത്തിൽ പതിഞ്ഞതായി എനിക്കനുഭവപ്പെട്ടു. അതു വ്യക്തമായി മൊഴിയുവാൻ എനിക്കു സാധിക്കുകയും ചെയ്തു. ശനിയാഴ്ച രാവിലും ഞായറാഴ്ച രാവിലും ഈ സ്വപ്നം ഉണ്ടായെന്നു പറയപ്പെട്ടിട്ടുണ്ടു്. തിങ്കളാഴ്ച രാവിൽ ജിബ്‌രീൽ പ്രത്യക്ഷപ്പെടുകയും പ്രസ്തുത സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്തു. എഴുതപ്പെട്ട തുകിലുമായി ജിബ്‌രീൽ (അ) ഒരു തവണ മാത്രമെ വന്നിട്ടുള്ളുവെന്നും, അതു ഹിറായിൽ കടക്കുന്നതിനുമുമ്പാണെന്നും 'സീറത്തുശ്ശാമീ' എന്ന ഗ്രന്ഥത്തിൽ പറയുന്നു. 'സഫ്‌വത്തുസ്സആദ്വ്വ്" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരമാണു പ്രസ്താവിച്ചിട്ടുള്ളതു്:- 'തിരുമേനി ഹിറായിൽ ഉണർന്നിരിക്കുന്ന അവസരത്തിലാണു് എഴുതപ്പെട്ട തുകിലുമായി ജിബ്‌രീൽ (അ) ആഗതനായതു്. ഹിറാഗുഹയിൽ തിരുമേനി ഉണർന്നിരിക്കുമ്പോൾ ഒരു സശരീരി പ്രത്യക്ഷപ്പെടുകയും, 'മുഹമ്മദേ, ഞാൻ ജിബ്‌രീലാണു്; താങ്കളെ അല്ലാഹുവാൽ നിയുക്തരായ നബിയും,' എന്നു പറയുകയും ചെയ്തു. പിന്നീടു് എഴുതപ്പെട്ട ഒരു പട്ടു നിവർത്തുകാണിച്ചു 'ഓതുക' എന്നു തിരുമേനിയോടു പറഞ്ഞു. ഓതുവാൻ അറിഞ്ഞുകൂടെന്നു തിരുമേനി പറഞ്ഞപ്പോൾ, ആ പട്ടുകൊണ്ടു തിരുമേനിയെ മൂടുകയും കെട്ടിപ്പുണരുകയും' ചെയ്തു. തിരുമേനി പരിഭ്രമിച്ചുപോയി. മൂന്നു തവണ അതു ആവർത്തിക്കപ്പെട്ടു. പിന്നെ, ഇഖ്‌റഅ് ബിസ്മിറബ്ബിക .....മാലംയഅ്‌ലം' എന്നു പറഞ്ഞു. തിരുമേനി അപ്രകാരം ഓതി.'

വേറൊരു നിവേദനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "ഞാൻ ഹിറാ എന്ന മലയുടെ സമീപത്തായിരുന്നു. അപ്പോൾ ആകാശഭാഗത്തുനിന്നും ഒരശരീരി കേട്ടു: 'മുഹമ്മദേ, താങ്കൾ അല്ലാഹുവിന്റെ റസൂലും ഞാൻ ജിബ്‌രീലുമാകുന്നു' വെന്നായിരുന്നു ആ അശരീരി. അനന്തരം, ഹിറാഗുഹയിൽ ജിബ്‌രീൽ പ്രത്യക്ഷപ്പെടുകയും മുൻ പറഞ്ഞ സംഭവം നടക്കുകയും ചെയ്തു"

ഈ സംഭവം നടന്ന ഉടനെ തിരുമേനി ഖദീജാബീയുടെ ഭവനത്തിലേക്കു് പുറപ്പെട്ടു. ഭയവിഹ്വലനായ തിരുമേനി വിവശനായിക്കഴിഞ്ഞിരുന്നു. "എന്നെ പുതപ്പിക്കുക" എന്നു തിരുമേനി ഖദീജാബീയോടാവശ്യപ്പെട്ടു. അവർ ഒരു പുതപ്പെടുത്തു തിരുമേനിയെ പുതപ്പിച്ചു. നടന്ന സംഭവങ്ങളെല്ലാം തിരുമേനി പത്നിയോടു പറയുകയും "എന്റെ ദേഹത്തെ ഞാൻ ഭയപ്പെടുന്നു" വെന്നു മൊഴിയുകയും ചെയ്തു. "തങ്കൾ അങ്ങിനെയൊന്നും കരുതേണ്ട; തങ്കളെ അല്ലാഹു ഒരിക്കലും അപമാനിതനാക്കുകയില്ല എന്നു പറഞ്ഞുകൊണ്ടു് ഖദീജാ (റ) തിരുമേനിയെ ആശ്വസിപ്പിച്ചു.

അന്നത്തെ മഅയിലെ വേദവിത്തുക്കളിൽ അഗ്രിമനായിരുന്ന വറഖതിബ്‌നു നൌഫൽ; ഖദീജാബീയുടെ പിതൃസഹോദരപുത്രനായിരുന്നു. ഖദീജാ (റ) ഉടനെ വറഖതിന്റെ വീട്ടിൽ ചെന്നു വിവരങ്ങളെല്ലാം അദ്ദേഹത്തെ അറിയിച്ചു. ഹിറാ ഗുഹയിൽ വെച്ചു നടന്ന

* ഞാൻ ആകാശത്തേക്കു നോക്കിയപ്പോൾ നോക്കിയേടത്തെല്ലാം ജിബ്‌രീൽ ഉള്ളതായി കണ്ടു. ജിബ്‌രീൽ ആകാശത്തു കാണാതായപ്പോൾ ഞാൻ ഹിറാ ഗുഹയിലേക്കു തിരിച്ചു.

സംഭവങ്ങൾ കേട്ടപ്പോൾ ''ഖുദ്ദൂസൻ, ഖുദ്ദൂസൻ എന്നു പറഞ്ഞുകൊണ്ട്, അദ്ദേഹം ഇപ്രകാരം തുടർന്നു:- ''ഖദീജാ, നിങ്ങൾ പറഞ്ഞതു നേരാണെങ്കിൽ, ഹിറാഗുഹയിൽ വന്നതു് ''നാമൂസുൽ അക്ബ'' റാകുന്നു. ആ മലക്കാണ് മൂസാനബിക്കു വേദം എത്തിച്ചുകൊടുത്തതു്. നിശ്ചയമായും നിങ്ങളുടെ ഭർത്താവു് ഈ ജനതയുടെ നബിയാകുന്നു. നബിയോടു് ധൈര്യപൂർവ്വം ദൃഢചിത്തനായി ഇരിക്കുവാൻ പറയുക.'' വറഖത്ത് പറഞ്ഞ വാക്കുകൾ ഖദീജാ (റ) തിരുമേനിയെ അറിയിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. പിന്നീടു് കഅ്ബയുടെ പരിസരത്തുവെച്ചു തിരുമേനിയെ കണ്ടുമുട്ടിയപ്പോൾ, ഖദീജാബീയോടു പറഞ്ഞതെല്ലാം വറഖത്, തിരുമേനിയോടു നേരിട്ടുപറഞ്ഞതിനുപുറമെ ,ഈ ജനങ്ങൾ താങ്കൾ അസത്യവാദിയാണെന്നു പറയുകയും, താങ്കളെ ഹിംസിക്കുകയും, ഈ നാട്ടിൽനിന്നു ഓടിക്കുകയും ചെയ്യും. ഞാൻ ജീവിച്ചിരിപ്പുള്ളപക്ഷം, അന്നു ഞാൻ താങ്കളുടെ തുണക്കാരനായിരിക്കും' എന്നു പ്രസ്താവിക്കുകയും, തിരുമേനിയെ കെട്ടിപ്പുണർന്നുകൊണ്ടു മൂർദ്ധാവിൽ ചുംബിക്കുകയുമുണ്ടായി.

തിരുമേനിയെ കാണുവാനായി അബൂബക്കർസിദ്ദീഖ് (റ) ഖദീജാബീയുടെ വീട്ടിൽചെന്നപ്പോൾ, തിരുമേനി അവിടെ ഉണ്ടായിരുന്നില്ല. ഹിറാഗുഹയിലെ സംഭവങ്ങൾ ഖദീജ (റ) അദ്ദേഹത്തോടു പറയുകയുണ്ടായി. ഈ വിഷയത്തിൽ വ്യക്തമായ അഭിപ്രായം പറവാനും, ഇതിന്റെ സത്യാവസ്ഥ വിശദീകരിപ്പാനും സർവ്വാ യോഗ്യനായ വറഖത്തിനെ അദ്ദേഹവും സമീപിച്ചു. വറഖത്, ആ സംഭവത്തിന്റെ സത്യാവസ്ഥ അദ്ദേഹത്തിനും വ്യക്തമാക്കിക്കൊടുത്തു. മറ്റു ചരിത്രസാരഗ്രാഹിയായ വറഖത്തിനെ സമീപിക്കുകയുണ്ടായി. തന്നെ സമീപിച്ച എല്ലാവർക്കും സത്യാവസ്ഥ അദ്ദേഹം വിശദീകരിച്ചുകൊടുത്തുവെന്നും പണ്ഡിതന്മാർ രേഖപ്പെടുത്തീട്ടുണ്ട്.

വഹ്യുമായി വന്ന ഘട്ടത്തിൽ, ജിബ്രീൽ (അ) മൂന്നുതവണ തിരുമേനിയെ പിടിച്ചുകൊണ്ടു മൂടി, കെട്ടിപ്പുണർന്നുവെന്നു പറഞ്ഞുവല്ലൊ. സുഹൈലി ഇമാം (റ) പറയുന്നു:- 'ജിബ്രീൽ (അ) തിരുമേനിയെ പിടിച്ചുകൊണ്ടു മൂടി കെട്ടിപ്പുണരുകയും പിന്നീടു വിടുകയും, അങ്ങിനെ മൂന്നുതവണ ആവർത്തിക്കുകയും ചെയ്തതു മൂന്നു ആപൽഘട്ടങ്ങളിൽ തിരുമേനിയെ ബാധിക്കുമെന്നും അവയിൽനിന്നു തിരുമേനി രക്ഷപ്പെടുമെന്നും ഉള്ളതിന്റെ സൂചനയാകുന്നു. തിരുമേനിയെ ഒരു മലമുകളിൽ ശത്രുക്കൾ പ്രതിരോധിച്ചുവെന്നതും; തിരുമേനിയെ വധിക്കുവാൻ അവർ പരിപാടിയിട്ടു ശ്രമിച്ചുവെന്നതും; തിരുമേനിക്കു പ്രിയപ്പെട്ട ജന്മദേശത്തുനിന്നു പലായനം ചെയ്യുവാൻ അവർ ഇടവരുത്തിയെന്നതുമാണ് ആ മൂന്നു ആപൽഘട്ടങ്ങൾ.'

'ഞാൻ ഭയപ്പെടുന്നു' എന്നു് തിരുമേനി ഖദീജാബീയോടു് പറഞ്ഞതു്, നബുവ്വത്തിനെ ഉദ്ദേശിച്ചുകൊണ്ടായിരുന്നില്ല. ജിബ്രീലിന്റെ ആകസ്മികമായ വരവും, അതിനെ തുടർന്നുണ്ടായ അസാധാരണ സംഭവങ്ങളും മനസ്സിൽവെച്ചുകൊണ്ടാണു് തിരുമേനി അങ്ങിനെ പറഞ്ഞതു്. ആ സംഭവം, മുൻപരിചയമില്ലാത്ത ഒരു ഭാരം തിരുമേനിയിൽ ഏറ്റിവെച്ചതായി തിരുമേനിക്കനുഭവപ്പെട്ടു. നബിത്വം എന്ന ചുമതല വഹിപ്പാൻ അസാമാന്യമായ കഴിവുവേണം. അല്ലാഹു അതിനായി തിരഞ്ഞെടുക്കപ്പെട്ട, അനുഗ്രഹീത വ്യക്തികൾക്കല്ലാതെ അതു താങ്ങുവാൻ ആവുകയില്ല മാത്രമല്ല, ഞാൻ ഭയപ്പെടുന്നു എന്നു് തിരുമേനി പറഞ്ഞതു്, സംഭവത്തിന്റെ ആന്തരീയവശം അറിയുന്നതിനു മുമ്പാണു്. അല്ലാഹുവിന്റെ സന്ദേശം വഹിച്ചുകൊണ്ടു് മലക്കാണു് തന്നെ സമീപിച്ചതെന്നു് മനസ്സിലായതിനുശേഷം

തിരുമേനിയിൽ ആശങ്കയൊ ഭയമൊ ഉണ്ടാ യിട്ടില്ല.

വാഖിദീ (റ) 'അസ്‌ബാബുന്നുസൂൽ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരി ക്കുന്നു:- 'അല്ലാഹുവിന്റെ വേണ്ടുകയാൽ 'യാ,മുഹമ്മദ്', എന്ന ആഹ്വാനം തിരുമേനി കേട്ടപ്പോൾ "ലബ്ബൈക' എന്നു തിരുമേനി വിളി കേട്ടു. അപ്പോൾ 'വഅശ്‌ഹദു അല്ലാ ഇലാഹഇല്ലല്ലാഹു, വഅശ്‌ഹദു അന്നമുഹമ്മ ദുർറസൂലുല്ലാ:' എന്നു മൊഴിയുവാൻ തിരുമേ നിയോടു ആജ്ഞാപിച്ചു. അനന്തരം 'അൽ ഹംദുലില്ലാഹി.....വല'ള്ളാല്ലീൻ' എന്നു വരെ പൂർണ്ണമായി ഓതിക്കേൾപ്പിച്ചു. 'വല' ള്ളാല്ലീൻ എന്നു പറഞ്ഞതിനുശേഷം 'ആ മീൻ' എന്നു പറയുവാൻ ആജ്ഞാപിച്ചു.' ഈ പ്രസ്താവനയിൽനിന്നു സിദ്ധിക്കുന്നതു് 'സൂറ തുൽഫാത്തിഹ' ആണു് ആദ്യം ഇറങ്ങിയതെ ന്നാണു്. അങ്ങിനെ ചില പണ്ഡിതന്മാർ പറ ഞ്ഞിട്ടുമുണ്ടു്. വഹ്‌യു് ആരംഭിച്ചതു് 'ഫാതി ഹ' എന്ന സൂറതു് കൊണ്ടല്ലെന്നും, അതു് ആ ദ്യകാല സൂറതുകളിൽ ഒന്നാണെന്നു പല പണ്ഡിതന്മാരും വ്യക്തമാക്കിയിട്ടുണ്ടു് വ ഹ യ് ആ രം ഭി ച്ച തു് 'ഇഖ്‌റ അ്' കൊണ്ടുതന്നെയാണെന്നും, സൂറതുൽ ഫാതിഹ മദീനയിൽ ഇറങ്ങിയ സൂറത്താണെ ന്നു് പറയുന്നതു് ആ സൂറത്തു് മദീനയിൽ വീ ണ്ടും ഇറങ്ങി എന്നതുകൊണ്ടാണെന്നും സൂ റത്തുൽഫാത്തിഹ മക്കത്തുതന്നെയാണിറങ്ങിയ തെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. ഇതിനു തെ ളിവായി നില്ക്കുന്ന അടിസ്ഥാനപരമായ വസ്തു ത, നിസ്കാരം മക്കത്തുവെച്ചു് ഫർളാക്കപ്പെട്ട എന്നതും തിരുമേനിയും സഹാബികളും മക്ക ത്തുവെച്ചു നിസ്കരിച്ചുവെന്നതും ആകുന്നു. തി രുമേനിയും സഹാബികളും ഫാത്തിഹ കൂടാ തെ നിസ്കരിച്ചതായി അറിയപ്പെട്ടിട്ടില്ല.

തിരുമേനിക്കു് നബിത്വം സിദ്ധിച്ച അ ടുത്തകാലത്തുതന്നെ വറഖത് നിസ്തനായി. 'അദ്ദേഹത്തെ ഞാൻ സ്വപ്നത്തിൽ കണ്ടുമുട്ടും' എന്നു് തിരുമേനി അരുളിയതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ടു്. അദ്ദേഹം രിസാലത്തി ന്റെ കാലംവരെ—നബുവ്വത്തിനും രിസാല ത്തിനും ഇടക്കു് മൂന്നുവർഷത്തിന്റെ ദൈർഘ്യം ഉണ്ടു് —ജീവിച്ചിരുന്നുവെന്നും, നബുവ്വത്തി ന്റെ നാലാംകൊല്ലത്തിലാണു് അദ്ദേഹം മൃതി യടഞ്ഞതെന്നും ചിലർ പ്രസ്താവിച്ചിട്ടുണ്ടു്.

ഒരു ദിവസം ഖദീജാ (റ) തിരുമേനിയോ ടു് ഇപ്രകാരം അപേക്ഷിച്ചു:- 'ജിബ്‌രീൽ താ ങ്കളുടെ അടുത്തുവന്നാൽ എന്നെ വിവരം അറി യിക്കണം.' തിരുമേനി സമ്മതിച്ചു. ജിബ് രീൽ വന്നപ്പോൾ തിരുമേനി ഖദീജാബീയെ വിവരം അറിയിച്ചു. അപ്പോൾ 'താങ്കൾ എഴു ന്നേറ്റു് എന്റെ ഇടത്തെ തുടമേൽ ഇരുന്നു് നോക്കുക" എന്നു് ഖദീജാബീ അപേക്ഷിച്ചു. തിരുമേനി അങ്ങിനെ ചെയ്തു 'ഇപ്പോൾ കാ ണുന്നുണ്ടോ' എന്നു് ഖദീജാബീ അന്വേഷിച്ചു. 'ഉണ്ടു്" എന്നു് തിരുമേനി മറുപടി നല്കി. അ പ്പോൾ അവർ തിരുമേനിയെ തന്റെ ഇടത്തെ തുടമേലും, മടിയിലും, മാറി മാറി ഇരുത്തിക്കൊ ണ്ടു് ഈ പരീക്ഷണം ആവർത്തിച്ചു. അപ്പോ ഴെല്ലാം താൻ മലക്കിനെ കാണുന്നുണ്ടെന്നു് തി രുമേനി അവരെ അറിയിച്ചു. അവസാനം ഖദീജാ (റ) അവരുടെ മുഖമക്കനെ നീക്കി 'ഇ പ്പോൾ കാണുന്നുണ്ടൊ' എന്നു ചോദിച്ചു. 'ഇല്ല' എന്നു് തിരുമേനി പറഞ്ഞപ്പോൾ, ഖ ദീജാബീ ഇപ്രകാരം പറഞ്ഞു:- തമ്പുരാനാണെ സത്യം, ഈ വന്നതു് മലക്കുതന്നെ. താങ്കളെ സമീപിക്കുന്നതു് മലക്കുതന്നെയാണൊ എന്നു തീർച്ചപ്പെടുത്തുന്നതിനുവേണ്ടിയാണു് ഞാൻ ഈ പരീക്ഷണം നടത്തിയതു്.'

വഹ്‌യു് ആദ്യമായി സിദ്ധിച്ചതിനുശേ ഷം കുറേ കാലത്തേക്കു് വഹ്‌യു് ലഭിച്ചില്ല. തിരുമേനി പലപ്പോഴും ഹിറാഗുഹയിലേക്കു് പോവുകയും കുറേ സംഭവിക്കാതെ തിരിച്ചു പോരുകയും ചെയ്തു. മൂന്നു കൊല്ലം ആ നില യിൽ കഴിഞ്ഞുകൂടിയെന്നും, രണ്ടരകൊല്ലം ആ നിലയിൽ കഴിഞ്ഞുകൂടിയെന്നും പറയപ്പെട്ടി

ട്ടുണ്ട്. യഹ്‌യബ്‌നുബുകൈർ(റ) പറയുന്നു:– 'തിരുമേനിക്ക് രിസാലത്തു് സിദ്ധിച്ചതിനെ സംബന്ധിച്ച് ഞാൻ ജാബിറിബ്‌നുഅബ്ദില്ലാ (റ) വോടു് ചോദിച്ചു. ആദ്യത്തെ വഹ്‌യിന്നു് ശേഷം കുറേക്കാലം വഹ്‌യ് മുടങ്ങിയതിനെ തുടർന്നു് വീണ്ടും വഹ്‌യുണ്ടായ സംഭവം അദ്ദേഹം ഇപ്രകാരം വിവരിച്ചു:– 'തിരുമേനി അരുളി: 'ഞാൻ ഹിറാഇൽനിന്നു് തിരിച്ചുപോരുമ്പോൾ എന്നെ ഒരു ശബ്ദം ആഹ്വാനം ചെയ്തു. ഞാൻ ഇടത്തും വലത്തും മുമ്പിലും പിമ്പിലുമെല്ലാം തിരിഞ്ഞുനോക്കി. ആരേയും കണ്ടില്ല. ഞാൻ തല ഉയർത്തി ആകാശത്തിലേക്കു് നോക്കി. അപ്പോൾ, മുമ്പു് ഹിറാഗുഹയിൽവന്ന ആ മലക്കു് ആകാശഭൂമികൾക്കിടയിൽ ഒരു കർസിൽ ഇരിക്കുന്നതായി ഞാൻ കണ്ടു. ഞാൻ വിറച്ചുപോയി. ഉടനെ ഞാൻ വീട്ടിലെത്തി 'എന്നെ പുതക്കുവാനും പച്ചവെള്ളം ഒഴിപ്പാനും" ഖദീജാബീയോടു് ആവശ്യപ്പെട്ടു. അവർ എന്നെ പുതപ്പുകൊണ്ടു് മൂടി. അപ്പോൾ ആ മലക്കു് അവിടെ പ്രത്യക്ഷനാവുകയും, 'യാഅയ്യുഹൽ മുദ്ദസ്സിറു, ഖുഫ്അൻദിർ വറബ്ബുക ഫകബ്ബിർ' എന്ന വഹ്‌യു് നല്കുകയും ചെയ്തു. പുതപ്പുകൊണ്ടു മൂടപ്പെട്ടവരെ, എഴുന്നേൽക്കുക; ദോഷങ്ങളെ സൂക്ഷിച്ചുകൊൾക; റബ്ബിനെ സ്തുതിച്ചുകൊൾക' ഇതാണു് പ്രസ്തുത വാക്യത്തിന്റെ സാരം. അപ്പോൾ ഇഖ്‌റഅ് ബിസ്മി റബ്ബിക' എന്നു് തുടങ്ങുന്ന വചനംകൊണ്ടു് തിരുമേനിക്കു് നുബുവ്വത്തു് സിദ്ധിക്കുകയും, 'യാ അയ്യുഹൽമുദ്ദസ്സിറു ഖുംഫ അൻദിർ" എന്ന വചനംകൊണ്ടു് രിസാലത്തു സിദ്ധിക്കുകയും ചെയ്തുവെന്നു് വ്യക്തമായി.'

വഹ്‌യിന്റെ പതനങ്ങൾ

വഹ്‌യിന്നു് പല പതനങ്ങളുമുണ്ടു്. നാല്പത്താറോളം പതനങ്ങളെ പണ്ഡിതന്മാർ വകതിരിച്ചു് കാണിച്ചിട്ടുമുണ്ടു്. സത്യസ്വപ്നം; മലക്കു് പ്രത്യക്ഷനാകാതെ (മറഞ്ഞുനിന്നുകൊണ്ടു്) ഉപദേശങ്ങളെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊടുക്കൽ; മലക്കു് പുരുഷരൂപത്തിൽ പ്രത്യക്ഷമാകൽ; മലക്കു് ശബ്ദത്തോടുകൂടി ആഗതനാകൽ; ജിബ്‌രീൽ (അ) തനതായ കോലത്തിൽ പ്രത്യക്ഷനാകൽ; (തനതായ രൂപത്തിൽ ജിബ്‌രീലിനെ രണ്ടുതവണ തിരുമേനി കണ്ടിട്ടുണ്ടു്. ഒരിക്കൽ തിരുമേനി ആവശ്യപ്പെട്ടതനുസരിച്ചു്, നുബുവ്വത്തിനും രിസാലത്തിനുമിടക്കു്, ഭൂമിയിൽവെച്ചും; രണ്ടാമത്തെ തവണ മിഅ്‌റാജിന്റെ രാത്രിയിൽ സിദ്‌റതുൽമുൻതഹായിൽ വെച്ചുമാണു് കണ്ടതു്;) മലക്കിന്റെ മാദ്ധ്യമം കൂടാതെ അല്ലാഹുവിന്റെ വചനത്തെ കേൾക്കൽ; അല്ലാഹുവിനെ നഗ്നമായ കണ്ണുകൊണ്ടു കാണൽ; ഇസ്രാഫീൽ എന്ന മലക്കു് ഇറങ്ങൽ (ഇസ്രാഫീൽ എന്ന മലക്കു് ഇറങ്ങി തിരുമേനിയുടെ ഹൃദയം കീറി ശുദ്ധീകരിച്ചു് അതിൽ അല്ലാഹുവിന്റെ പ്രകാശം നിറക്കുകയുണ്ടായി) ഇവയെല്ലാം വഹ്‌യിന്റെ പൂർണ്ണ പതനങ്ങളിൽ ഉൾപ്പെടുന്നു.

ഖദീജാ (റ) വിശ്വസിച്ചു

തിരുമേനിയുടെ നുബുവ്വത്തിൽ ആദ്യമായി വിശ്വസിച്ചതു് ഖദീജാ(റ) ആണെന്നു പറയപ്പെട്ടിരിക്കുന്നു. ജിബ്‌രീൽ (അ) മനോഹരമായ കോലത്തിൽ പ്രത്യക്ഷപ്പെടുകയും തിരുമേനിയോടു് 'അല്ലാഹു താങ്കൾക്കു് സലാം അരുളിയിരിക്കുന്നു' എന്നും 'താങ്കളെ അവന്റെ റസൂലായി നിയോഗിച്ചിരിക്കുന്നു എന്നും പറയുകയുമുണ്ടായി. അപ്പോൾ, ജിബ്‌രീലിന്റെ ശരീരത്തിൽനിന്നു് സ്വർഗ്ഗീയമായ സുഗന്ധം ബഹിർഗ്ഗമിക്കുന്നുണ്ടായിരുന്നു 'ലാഇലാഹ ഇല്ലല്ലാ; മുഹമ്മദുർറസൂലുല്ലാ" എന്ന കലിമയിലേക്കു് മനുഷ്യരെയും ജിന്നുകളെയും താങ്കൾ ആഹ്വാനം ചെയ്യുക എന്നുപദേശിച്ചശേഷം, ജിബ്‌രീൽ (അ) അവരുടെ പാദം ഭൂമിയിൽ ഉരസി. അപ്പോൾ അവിടെ ഉറവുണ്ടായി. ആ വെള്ളംകൊണ്ടു് ജിബ്‌രീൽ വുളൂ ഉണ്ടാക്കു

കയും അങ്ങിനെ വുള ഉണ്ടാക്കുവാൻ തിരുമേനിയോട് പറയുകയും ചെയ്തു. പിന്നീട് നിസ്കരിപ്പാനായി കഅ്ബയെ അഭിമുഖീകരിച്ച് നിൽക്കുകയും താൻ നിസ്കരിക്കുന്നതുപോലെ നിസ്കരിപ്പാൻ തിരുമേനിയെ ഉപദേശിക്കുകയും ചെയ്തു. രണ്ടുറക്അത്തു നിസ്കരിച്ചശേഷം ജിബ്‌രീൽ ആകാശത്തിലേക്കുയർന്നുപോയി. തിരുമേനി വീട്ടിലേക്കു തിരിച്ചു. അപ്പോൾ, വഴിയിലുള്ള കല്ലും മരവുമെല്ലാം തിരുമേനിക്ക് സലാം ചൊല്ലി. ഈ വിവരം തിരുമേനി ഖദീജാബീയോടു പറഞ്ഞപ്പോൾ, ഖദീജാബീ സന്തോഷത്താൽ ബോധംകെട്ടുപോയി. തിരുമേനി വുള ഉണ്ടാക്കുന്ന ക്രമം ഖദീജാബീയെ പഠിപ്പിച്ചു. തിരുമേനിക്കു ജിബ്‌രീൽ പഠിപ്പിച്ച നിസ്കാരം തിരുമേനി അവരെ പഠിപ്പിക്കുകയും ചെയ്തു.

ജിബ്‌രീൽ (അ) തിരുമേനിക്കു നിസ്കാരം പഠിപ്പിച്ച വിവരം തിരുമേനി ഖദീജാബീയോടു പറഞ്ഞപ്പോൾ 'അശ്‌ഹദു അല്ലാ ഇലാഹ ഇല്ലല്ലാ, വഅന്നകറസൂലുല്ലാ' എന്നു അവർ പറഞ്ഞുവെന്നും, അവർ വുള ഉണ്ടാക്കിയതിനുശേഷം 'വസബ്ബിഹ് ബിഹംദിറബ്ബിക ബിൽ അശിയ്യിവൽ ഇബ്കാർ' എന്ന ആയത്തു ഇറങ്ങി എന്നും വേറൊരു രിവായത്തിൽ പ്രസ്താവിച്ചിട്ടുണ്ട് അക്കാലത്തു രാവിലെയും വൈകുന്നേരവും ഈരണ്ടു റക്അത്തു നിസ്കാരമാണു നിർവ്വഹിച്ചു പോന്നിരുന്നതു്.

'മവാഹിബ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു:— 'തിരുമേനിയുടെ നുബുവ്വത്തിൽ ആദ്യമായി വിശ്വസിച്ചതു് സിദ്ദീഖത്തുന്നിസാഅ് ഖദീജ (റ) ആകുന്നു. ആ മഹതി തിരുമേനിയെ ആദ്യന്തമില്ലാത്ത വിധം സ്നേഹിക്കുകയും, തിരുമേനിയുടെ നബിത്വത്തിൽ അത്യന്തം താല്പര്യം പ്രകടിപ്പിക്കുകയും, തിരുമേനിയുടെ ഹിതത്തിനൊത്തു പ്രവർത്തിക്കുകയും, തിരുമേനിയുടെ കാര്യസ്ഥയായി ജീവിക്കുകയും ചെയ്തു. തിരുമേനി വിഷാദിക്കുന്ന അവസരങ്ങളിൽ ആ മഹതി തിരുമേനിയെ ആശ്വസിപ്പിക്കുകയും, വിഷാദത്തെ ശമിപ്പിക്കുകയും ചെയ്തുവന്നു. അവരുടെ സഹകരണമനോഭാവത്തിന്റെ നിസ്സീമാവസ്ഥയെ കണക്കിലെടുത്തുകൊണ്ടു്, അല്ലാഹു അവർക്കു് മഹത്തായ പ്രതിഫലം നല്കി. 'അല്ലാഹുവിന്റെയും എന്റെയും സലാം ഖദീജാബീയെ അറിയിക്കണം എന്നു് ജിബ്‌രീൽ (അ) തിരുമേനിയോടു് പറയുകയുണ്ടായി. 'അല്ലാഹു അവർക്കു് സ്വർഗ്ഗത്തിൽ മുത്താലുള്ള ഒരു മാളിക പണിതിട്ടുണ്ടെന്നും അതിൽ ക്ലേശമോ ശബ്ദമോ ഇല്ലെന്നുകൂടി അവരോടു് പറയണം' എന്നും ജിബ്‌രീൽ പറയുകയുണ്ടായി. ഈ വിവരം തിരുമേനി ഖദീജാബീയെ അറിയിച്ചപ്പോൾ അവർ അഹ്മായ നിലയിൽ സലാം മടക്കി. വഹ്‌യു് ഉണ്ടായി എന്നു പറഞ്ഞ ആ നിമിഷത്തിൽ ആ മഹതി സംശയലേശമന്യേ വിശ്വസിച്ചു തിരുമേനിയോടു് അവർക്കുണ്ടായിരുന്ന സ്നേഹം അവരോടു് തിരുമേനിയും പ്രദർശിപ്പിച്ചു. തിരുമേനിയുടെ പ്രഥമഭാര്യയായ ആ മഹതി മരിക്കുന്നതുവരെ, തിരുമേനി വേറൊരു വിവാഹം നടത്തിയില്ല. തിരുമേനിക്കു് ആ മഹതിയിൽ ഖാസിം, അബ്ദുല്ല എന്നീ രണ്ടു പുത്രന്മാരും (ഇവർക്കു് തയ്യിബ്, താഹിർ എന്നീ ഓമനപ്പേരുകളുണ്ടു്) സൈനബ, റുഖിയ്യ, ഉമ്മുകുൽസും, ഫാതിമ, എന്നിങ്ങിനെ നാലു പുത്രിമാരും (ആകെ ആറുമക്കൾ) ജനിച്ചു.

അബൂബകർസിദ്ദീഖ് വിശ്വസിച്ചു

പുരുഷന്മാരിൽനിന്നു ആദ്യമായി ഇസ്‌ലാംമതം വിശ്വസിച്ചതു് അബൂബകർ സിദ്ദീഖ് (റ) ആകുന്നു മുമ്പുതന്നെ അദ്ദേഹം തിരുമേനിയുടെ ഇഷ്ടവാസിയായിരുന്നു. അലിയ്യിബ്നുഅബൂതാലിബു് (ക. വ) അവർകളെപ്പോലെ, പ്രബലരായ നിവേദകരെ ആധാരമാ

ക്കിക്കൊണ്ട്, തബ്‌റാനീ (റ) പറയുന്നു:- 'അലി (ക. വ) സത്യം ചെയ്തുകൊണ്ട് പറഞ്ഞു: സിദ്ദീഖ് എന്നത് അല്ലാഹു അദ്ദേഹത്തിനു കല്പിച്ചുനല്കിയ ബഹുമാനപ്പേരാകുന്നു. ഇസ്‌ലാംമതം ആശ്ലേഷിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ പേർ അബ്ദുൽകഅ്ബ: എന്നായിരുന്നു. തിരുമേനി ആ പേർ മാറ്റി അബ്ദുല്ലാ: എന്ന പേർ നല്കി. തിരുമേനിയുടെ പ്രശംസക്കു പാത്രീഭൂതനായതു നിമിത്തം അല്ലാഹു അദ്ദേഹത്തെ നരകത്തിന്റെ അഹ്‌ലുകാരനല്ലാതാക്കി എന്നതാണ് 'അതീഖ്' എന്ന അദ്ദേഹത്തിന്റെ സ്ഥാനപ്പേരിന്റെ നിദാനമെന്നു പറയപ്പെട്ടിട്ടുണ്ട്. അബൂബക്കർ എന്ന വാക്കിന്നു, പകലിന്റെ ആദ്യഭാഗക്കാരൻ എന്നർത്ഥമുണ്ട്. ഇസ്‌ലാമാകുന്ന പകലിന്റെ ഉദയദശയിൽ വിശ്വസിച്ച ആൾ എന്നു സാരം. അബൂബക്കർ എന്ന അപരനാമം ആരാണു അദ്ദേഹത്തിനു നൽകിയതെന്നു തീർത്തു പറഞ്ഞുകൂടാ. മുസ്‌ലിമായതിനുശേഷം ദേഹംകൊണ്ടും ധനംകൊണ്ടും അദ്ദേഹം തിരുമേനിക്കു നിർല്ലോഭമായ സഹായങ്ങൾ നല്കുകയുണ്ടായി. അദ്ദേഹം ജനസമ്മതനായ നേതാവും, സമ്പന്നനായ വ്യാപാരിയും, ഉദാരനായ ധർമ്മിഷ്ഠനും, സൽസ്വഭാവിയും, വേദചരിത്രപണ്ഡിതനും, സർവ്വജനാദരണീയനുമായിരുന്നു. തിരുമേനിക്കു ആദ്യമായി വഹ്‌യ് ലഭിച്ച അവസരത്തിൽ അദ്ദേഹം മക്കയിൽ ഉണ്ടായിരുന്നില്ല. വ്യാപാരാർത്ഥം യമനിലേക്കു പോയിരിക്കുകയായിരുന്നു. യമനിൽവെച്ച് ഒരു ജ്ഞാനവൃദ്ധനെ അദ്ദേഹം കണ്ടുമുട്ടി. ആ വൃദ്ധൻ അദ്ദേഹത്തിന്റെ മുഖലക്ഷണങ്ങൾ നോക്കി മനസ്സിലാക്കിയശേഷം, കൂപ്പായം പൊക്കി വയർ കാണിക്കുവാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. കാരണമന്വേഷിച്ചപ്പോൾ ആ വൃദ്ധൻ ഇപ്രകാരം പറഞ്ഞു:- 'താങ്കൾ മക്കാദേശക്കാരനാണല്ലൊ. ആ ദേശത്തു് ഒരു നബി ആഗതരായിട്ടുണ്ട്. അവിടത്തെ ഇഷ്ടശോഴനാകാനുള്ള എല്ലാ ലക്ഷണങ്ങളും താങ്കളുടെ മുഖത്തു് കാണുന്നുണ്ട്. ഇനി, താങ്കളുടെ പൊക്കിളിനുമീതെ ഒരു മറുക്കൂടി കാണേണ്ടതുണ്ട്. അതുകൂടി കണ്ടാൽ താങ്കൾ ആ നബിയുടെ പ്രഥമപ്രധാനനായ ഇഷ്ടശോഴനാകുമെന്നുള്ളതു് തീച്ചപ്പെട്ട' അദ്ദേഹം കൂപ്പായംപൊക്കി നോക്കിയപ്പോൾ പൊക്കിളിനുമീതെ ഒരു കറുത്ത മറുക് കാണുകയുണ്ടായി.

അദ്ദേഹം മക്കത്തു് തിരിച്ചെത്തിയപ്പോൾ, മക്കയിലെ പ്രധാനികളായ ജൂതബ്രാഹ്മണരും കൂട്ടുകാരും അദ്ദേഹത്തിന്റെ വരവു് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതായി അറിഞ്ഞു. അദ്ദേഹം അവരെകണ്ട വിശേഷങ്ങൾ അന്വേഷിച്ചു. അപ്പോൾ അവർ പറഞ്ഞു:- "അബൂതാലിബിന്റെ പൌത്രനായ ആ അനാഥൻ, താൻ നബിയാണെന്നു് വാദിച്ചുതുടങ്ങിയിരിക്കുന്നു. നമ്മുടെ ആരാധനകളെയും ദൈവങ്ങളേയും ആക്ഷേപിക്കുന്നു. അതാണു് ഏറ്റവും വലിയ വിശേഷം. ഈ പ്രവർത്തനത്തെ മുളയിൽത്തന്നെ നുള്ളിയില്ലെങ്കിൽ, ആ ശിക്കാരി വളർന്നേക്കും. താങ്കൾ വന്നശേഷം ആലോചിച്ചു് ഉചിതമായ ഒരു പോംവഴി കാണണമെന്നാണു് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളതു്." ഇതുകേട്ടപ്പോൾ ഒരഭിപ്രായവും പറയാതെ, തന്ത്രപരമായി അദ്ദേഹം അവരിൽനിന്നു് വിടവാങ്ങി. നേരെ തിരുമേനിയുടെ അടുക്കലേക്കാണു് അദ്ദേഹം തിരിച്ചതു്. അദ്ദേഹം തിരുമേനിയോടു വിവരങ്ങൾ അന്വേഷിച്ചു തിരുമേനി പറഞ്ഞു: "ഞാൻ താങ്കൾക്കും മറ്റെല്ലാ ജനതക്കും റസൂലായി നിയോഗിക്കപ്പെട്ടിരിക്കുന്നു." അതു കേട്ടമാത്രയിൽ അദ്ദേഹം ഇസ്‌ലാംമതം സ്വീകരിച്ചു. തിരുമേനി അരുളുകയുണ്ടായി:- "ഞാൻ ഇസ്‌ലാമിലേക്കു് ആഹ്വാനം ചെയ്തവരുടെ കൂട്ടത്തിൽ ഒരു നിമിഷമെങ്കിലും ആലോചിച്ചുനില്ക്കാതെ ഇസ്‌ലാംമതം സ്വീകരിച്ച ഏകവ്യക്തി അബൂബക്കർ സിദ്ദീഖ് മാത്രമാകുന്നു."

അബൂബകർ സിദ്ദീഖ് യമനിൽനിന്നു തിരിച്ചുവന്നു, തിരുമേനിക്കു നബിത്വം കിട്ടിയ വിവരം അറിഞ്ഞപ്പോൾ നേരെ ഖദീജാബീയുടെ വീട്ടിലേക്കു പോവുകയും അവരിൽനിന്നു സംഗതികൾ മനസ്സിലാക്കുകയും, അനന്തരം തിരുമേനിയെ പെണ്ണുകണ്ടു ഇസ്‌ലാം മതം വിശ്വസിക്കുകയുമാണു ചെയ്തതെന്നു പറയപ്പെട്ടിട്ടുണ്ട്. രണ്ടുനിലയിലായാലും സംഗതി ഒന്നുതന്നെ എന്നാണു സുർഖാനി ഇമാം (റ) പറഞ്ഞിട്ടുള്ളതു. ‘‘സൌർ എന്ന ഗുഹയിലും ഹൌളുൽ കൌസറിലും താങ്കൾ എന്റെ സഹചാരിതന്നെ’’ എന്നു തിരുമേനി അബൂബകർ സിദ്ദീഖിനെ ചൂണ്ടിഅരുളിയിരിക്കുന്നു. അബൂബകർ സിദ്ദീഖ് (റ) ഒരിക്കലുംതന്നെ ബിംബങ്ങളെ ആരാധിച്ചിട്ടില്ലെന്നു ‘‘സീറാഹലബീ’’ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ഇസ്‌ലാംമതം വിശ്വസിച്ചവരിൽ മുമ്പന്മാർ

അലിയ്യിബ്നി അബീതാലിബോട്ടു ഒരിക്കൽ ഇപ്രകാരം ചോദിക്കുകയുണ്ടായി:- ‘‘മുഹാജിറുകളുടേയും അൻസാറുകളുടേയും കൂട്ടത്തിൽ അബൂബകർ സിദ്ദീഖ് അത്യുത്തമനായതു് എങ്ങിനെ? അവരെക്കാൾ പദവികൊണ്ടു് ഉത്തമൻ താങ്കളാണല്ലൊ’’. അലി (ക. വ) ഇപ്രകാരം മറുപടി പറഞ്ഞു:- ‘‘നിങ്ങൾ ആലോചനാശൂന്യരാകുന്നു. നാലു കാര്യങ്ങളാൽ അദ്ദേഹം എന്നേക്കാൾ ഉന്നതനത്രെ. ഇസ്‌ലാം മതം മനുഷ്യർക്കിടയിൽ പ്രചരിക്കുന്നതിനുമുമ്പായി അതിന്റെ പ്രാരംഭദശയിൽതന്നെ, അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. തിരുമേനി ഹിജ്റ ചെയ്തപ്പോൾ അദ്ദേഹമാണു തിരുമേനിയോടൊപ്പം ഉണ്ടായിരുന്നതു്. സൌർ എന്ന ഗുഹയിൽ തിരുമേനിയോടൊപ്പം ഉണ്ടായിരുന്നതും അദ്ദേഹംതന്നെ. നിസ്കാരത്തെ അദ്ദേഹം പ്രസിദ്ധമാക്കി’’. ഈ വാക്ക് ‘‘മവാഹിബു’’ എന്ന ഗ്രന്ഥത്തിലും അതിന്റെ വ്യാഖ്യാന ഗ്രന്ഥത്തിലും പ്രസ്താവിച്ചിട്ടുണ്ട്. അലി (ക. വ) തിരുമേനിയോടൊപ്പം താമസമാക്കിയിരുന്നതുകൊണ്ടു, അദ്ദേഹത്തിന്റെ ഇസ്‌ലാംമത സ്വീകരണത്തിനു, സാഹചര്യം അനുകൂലമായിരുന്നു. തിരുമേനി സ്വതന്ത്രനാക്കിയ സൈദിബ്നു ഹാരിസത്തു് (റ); അടിമയായിരുന്ന ബിലാൽ (റ) എന്നിവർ ആദ്യകാലം മുസ്‌ലിംകളിൽ പ്രസിദ്ധരാകുന്നു. ജനങ്ങളിൽ ആദ്യകാലം ഇസ്‌ലാംമതം സ്വീകരിച്ചിരുന്നതു് ഖദീജാബീ ആണെന്നും, അലിയ്യിബ്നു അബൂതാലിബാണെന്നും, സൈദിബ്നു ഹാരിസത്താണെന്നും, ബിലാൽ ആണെന്നും പണ്ഡിതന്മാരിൽ പലർ ഭിന്നമായി പ്രസ്താവിച്ചിട്ടുണ്ട്. ആദ്യം ഇസ്‌ലാംമതം ആശ്ലേഷിച്ചതു് ആരാണെന്നു തീച്ചപ്പെടുത്തുവാൻ ഒരുങ്ങാതിരിക്കലാണു് നല്ലതെന്നു് ഇബ്നുസ്സലാഹ് (റ) പറയുന്നു. പുരുഷന്മാരിൽ ആദ്യമായി ഇസ്‌ലാം മതം വിശ്വസിച്ചതു് അബൂബകർ സിദ്ദീഖാണെന്നും സ്ത്രീകളിൽ ആദ്യം ഇസ്‌ലാംമതം വിശ്വസിച്ചതു് ഖദീജാബീ ആണെന്നും, കുട്ടികളിൽ ആദ്യം ഇസ്‌ലാംമതം വിശ്വസിച്ചതു് അലിയ്യിബ്നു അബീതാലിബാണെന്നും, സ്വതന്ത്രരാക്കപ്പെട്ടവരിൽ ആദ്യം ഇസ്‌ലാംമതം വിശ്വസിച്ചതു് സൈദിബ്നു ഹാരിസത്താണെന്നും, അടിമകളിൽ ആദ്യം ഇസ്‌ലാംമതം വിശ്വസിച്ചതു് ബിലാലാണെന്നും ഉള്ളതാണു് ഉത്തമപക്ഷം. ആദ്യമായി ഇസ്‌ലാംമതം വിശ്വസിച്ചതു് ഖദീജാബീ (റ) തന്നെയാണെന്നാണു് പണ്ഡിതഭൂരിപക്ഷം ഏകോപിച്ചു് ഖണ്ഡിതമായി പറഞ്ഞിട്ടുണ്ടെന്നു് അൽമുഹിബ്ബുത്തിബ്രി (റ) പറയുന്നു. പുരുഷന്മാരിൽ ആദ്യം വിശ്വസിച്ചതു് അബൂബകർ സിദ്ദീഖും പ്രായപൂർത്തി എത്താത്തവരിൽ ആദ്യം വിശ്വസിച്ചതു് അലിയ്യിബ്നു അബീതാലിബും തന്നെ എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു.

ഇബ്‌ന അബ്ബാസ് (റ) പറയുന്നു:- 'അബൂബകർ സിദ്ധീഖ് പതിനെട്ടാമത്തെ വയസ്സുമുതൽ തിരുമേനിയുടെ ഇഷ്ടമിത്രമായിരുന്നു. അദ്ദേഹം ശാമിൽ കച്ചവടത്തിനു പോയ കാലത്തു് അവിടത്തെ ഒരു ജോത്സ്യൻ ഒരു നബിയുടെ ആഗമനത്തെപ്പറ്റി പറഞ്ഞ അവസരത്തിൽതന്നെ, ആ നബിയിൽ ആന്തരീയമായി അദ്ദേഹം വിശ്വസിച്ചു കഴിഞ്ഞിരുന്നു. വരാനിരിക്കുന്ന ആ നബി തിരുമേനിതന്നെ ആയിരിക്കുമെന്നു് അദ്ദേഹം ഊഹിക്കുകയും ചെയ്തിരുന്നു.

തിരുമേനിയുടെ പുത്രിമാർ നബുവ്വത്തിന്റെ ആദ്യകാലത്തു് ജനിച്ചവരായതുകൊണ്ടു്, അവർ അന്നുതന്നെ വിശ്വാസികളിൽ ഉൾപെട്ടവരാണെന്നു് പറയേണ്ടതില്ലല്ലൊ. മാത്രമല്ല, ശിർക്കിന്റെ കണികയെങ്കിലും അവരെ സ്പർശിക്കുകപോലും ചെയ്തിട്ടില്ല. തിരുമേനിയുടെ പുത്രന്മാർ ശൈശവത്തിൽതന്നെ മരിച്ചിരുന്നതുകൊണ്ടു്, അവരെക്കുറിച്ചു് പറയേണ്ടുന്ന ആവശ്യമില്ല. മാത്രമല്ല, തിരുമേനിയുടെ മക്കളെക്കുറിച്ചു് ഇതിനുമുമ്പു് പ്രസ്താവിച്ചിട്ടുമുണ്ടു്.

ആഇശാ (റ) പറയുന്നു:- "അല്ലാഹു തിരുമേനിക്കു് നബിപ്പട്ടം നല്കി ബഹുമാനിച്ചപ്പോൾ, തിരുമേനിയുടെ പെൺമക്കളും ഇസ്‌ലാംമതം വിശ്വസിച്ചു.' അബൂബകർ സിദ്ദീഖ് (റ) സഹാബിമാരുടെ കൂട്ടത്തിൽ മഹാനും, ബുദ്ധിമാനുമായിരുന്നു. അദ്ദേഹത്തോടു് ആലോചിച്ചുകൊണ്ടു് കാര്യനിർവ്വഹണങ്ങളും നടത്തുവാൻ ജിബ്‌രീൽ (അ) തിരുമേനിയെ ഉപദേശിച്ചിരുന്നു. അബൂബകർ സിദ്ദീഖ് (റ) ഉമർ ഫാറൂഖ് (റ) എന്നിവരോടു് ആലോചിച്ചുകൊണ്ടു് കാര്യങ്ങൾ നിർവ്വഹിക്കേണമെന്നു് നിർദ്ദേശിക്കുന്ന ഒരു ആയത്തു് ഖുർആനിൽ ഉണ്ടു്. അബൂബകർ സിദ്ദീഖിനു് തിരുമേനിയുടെ ഒരു മന്ത്രിയുടെ പദവിയാണുണ്ടായിരുന്നതു്. നബി (സ) തിരുമേനി അരുളുകയുണ്ടായി:- അല്ലാഹു നാല് മന്ത്രിമാരെക്കൊണ്ടു് എന്നെ ധൈര്യപ്പെടുത്തി. അവരിൽ രണ്ടുപേർ ആകാശവാസികളും രണ്ടുപേർ ഭൂലോകവാസികളുമത്രെ''. ജിബ്‌രീൽ, മീകാഈൽ എന്നീ മലക്കുകളും, അബൂബകർ, ഉമർ എന്നീ സഹാബികളുമാണു് ഈ ഹദീസിലെ വിവക്ഷ.

അലി (ക വ.) ഇസ്‌ലാം വിശ്വസിച്ചു

അലി (ക. വ) ചെറുപ്പകാലംമുതൽതന്നെ തിരുമേനിയുടെ സംരക്ഷണത്തിലായിരുന്നു. അങ്ങിനെ വരുവാൻ ഒരു കാരണവുമുണ്ടായി. അക്കാലത്തു്, അറേബ്യാരാജ്യത്തെ ഭയങ്കരമായ ക്ഷാമം ആക്രമിച്ചു. അബൂതാലിബു് സമ്പത്തികശേഷികുറഞ്ഞ ആളായിരുന്നു. അതുകൊണ്ടു്, മൂത്താപ്പയായ അബ്ബാസ് എന്നവരോടു് തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:- 'നാട്ടിൽ ക്ഷാമം പടർന്നുപിടിച്ചിരിക്കുന്നു. താങ്കളുടെ സഹോദരന്റെ സാമ്പത്തികനില ആശാസ്യവുമല്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ മക്കളിൽ ഓരോരുത്തരെ നമുക്കേറ്റെടുക്കാം' അദ്ദേഹം തിരുമേനിയുടെ അഭിപ്രായം സ്വീകരിച്ചു. ഈ വിവരവുമായി അവർ രണ്ടുപേരും അബൂതാലിബിനെ സമീപിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു:- 'നിങ്ങളുടെ അഭിപ്രായം നല്ലതുതന്നെ. പക്ഷെ, ഉഖൈലിനെയും താലിബിനെയും ഞാൻ വിട്ടുതരികയില്ല. അവർ രണ്ടുപേരും എന്നോടൊപ്പം ഇവിടെത്തന്നെ വേണം.' ഇതുകേട്ടപ്പോൾ തിരുമേനി അലിയേയും, അബ്ബാസ് എന്നവർ ജഅ്ഫറിനെയും കൂട്ടിക്കൊണ്ടുപോയി.

അലി (ക. വ) യുടെ മാതാവു് ഫാതിമ എന്നവർ പറയുന്നു:- 'ഞാൻ ആ കുഞ്ഞിനെ പ്രസവിച്ചപ്പോൾ തിരുമേനി ആ കുഞ്ഞിനു് അലി എന്നു പേരിട്ടു. തിരുമേനിയുടെ നാവു് കുഞ്ഞിന്റെ വായിലേക്കു് നീട്ടിക്കൊടുത്തു. മുല കുടിക്കുംപോലെ കുഞ്ഞു് അതു് ഉമ്പിക്കുടിച്ചു. പിറേറ ദിവസം ധാത്രി മുലകൊ

ടുത്തപ്പോൾ കണ്ണു് കടിച്ചില്ല. മറവപലർ ശ്രമിച്ചിട്ടും കണ്ണു് മുല കടിച്ചില്ല. അവസാനം തിരുമേനിയെ വിളിച്ചുവരുത്തി. തിരുമേനി നാവു് നീട്ടിക്കൊടുത്തപ്പോൾ കണ്ണു് അതു് നുണഞ്ഞുകടിക്കുകയും ഉറങ്ങുകയും ചെയ്തു.

അലി (ക. വ) അബൂതാലിബിന്റെ ഏറവും ഇളയ പുത്രനാണു്. അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ ജഅഫർ (റ) നും അദ്ദേഹത്തിനും തമ്മിൽ പത്തുവയസ്സിന്റെ വ്യത്യാസമുണ്ടു്. അപ്രകാരം തന്നെ ഉഖൈൽ, താലിബു് എന്നിവർ തമ്മിലും പത്തുവയസ്സിന്റെ വ്യത്യാസമുണ്ടു്. ഇവരിൽ താലിബിനെ ജിന്നു് തട്ടിക്കൊണ്ടുപോയി. മറവ മൂന്നുപേരും ഇസ്‌ലാംമതം വിശ്വസിച്ചു. അലി (ക. വ) ഇസ്‌ലാംമതം വിശ്വസിക്കുമ്പോൾ അദ്ദേഹത്തിനു് എട്ടു വയസ്സു് മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. ഒരു ദിവസം തിരുമേനിയും ഖദീജാബീയും നിസ്കരിക്കുന്നതു് ആ ബാലൻ കണ്ടു. വിവരം അന്വേഷിച്ചപ്പോൾ തിരുമേനി ഇപ്രകാരം പറഞ്ഞു:— 'അല്ലാഹു എന്നെ നബിയായി നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ദീനാകുന്നു ഇതു്. ഈ ദീനിലേക്കു് ഞാൻ നിങ്ങളെ ക്ഷണിക്കുന്നു' ഇതുകേട്ടപ്പോൾ ആ ബാലനു് അത്ഭുതം തോന്നി. അദ്ദേഹം പറഞ്ഞു:— 'ഇങ്ങിനെ ഒരു വിവരം ഞാൻ ഇതുവരെ കേട്ടിട്ടില്ല. ഇതിനെപ്പറ്റി ഞാൻ ബാപ്പയോടു് ഒന്നു് അന്വേഷിച്ചുനോക്കട്ടെ' തിരുമേനി പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിനു് വഴിപ്പെടുന്നില്ലെങ്കിൽ ഈ വിവരം മറ്റാരോടും പറയരുതു്. രഹസ്യമായി സൂക്ഷിക്കേണം" പക്ഷെ, പിറെറ ദിവസം പുലർന്നപ്പോൾ ആ ബാലൻ തിരുമേനിയുടെ സന്നിധിയിൽവന്നു് ഇസ്‌ലാംമതം സ്വീകരിച്ചു. ഒരു ചൊവ്വാഴ്ച ദിവസമാണു് ഇതു് സംഭവിച്ചതു്. ഇബ്നുൽ അസീർ (റ) പറയുന്നു:— 'തിരുമേനിയും അലിയും നിസ്കരിക്കുന്നതു് അബൂതാലിബു് കണ്ടു. നീയും അവരോടൊപ്പംനിന്നു് നിസ്കരിച്ചുകൊള്ളുക' എന്നു് ജഅഫർ (റ) ടു് അദ്ദേഹം ഉപദേശിച്ചു. അങ്ങിനെ അദ്ദേഹം ഇസ്‌ലാംമതം സ്വീകരിച്ചു.'

അലി (ക. വ) മുആവിയ (റ) വിന്നു് അയച്ച ഒരു പത്രത്തിന്റെ സാരം ചുവടെ കുറിക്കുന്നു:— 'മുഹമ്മദ്നബി എന്റെ ഉടപ്പിറപ്പും ഭാര്യയുടെ പിതാവുമാകുന്നു. രക്തസാക്ഷികൾക്കു് നേതാവായ ഹംസത്തു് (റ) എന്റെ പിതൃസഹോദരനാകുന്നു. എല്ലാ സമയത്തും മലക്കുകളോടൊപ്പം പറന്നുകളിക്കുന്ന ജഅഫർ (റ) എന്റെ മാതൃപുത്രനാണു്. മുഹമ്മദ്നബിയുടെ മകൾ എന്റെ പ്രിയതമയാണു്. അവരുടെ മാംസം എന്റെ രക്തത്തിലും മാംസത്തിലും കലർത്തപ്പെട്ടു. മുഹമ്മദ്നബിയുടെ രണ്ടു പുത്രന്മാർ അവരിൽ എനിക്കുണ്ടായ പുത്രന്മാരാകുന്നു അപ്പോൾ എന്റെ ഓഹരിക്കൊത്ത ഓഹരിക്കാർ നിങ്ങളിൽ ഏറിടെ?"

അലി (ക. വ) വളരെ ചെറുപ്പംമുതൽതന്നെ തിരുമേനിയുടെ സംരക്ഷണത്തിലായതുകൊണ്ടും, അദ്ദേഹത്തിന്റെ താമസം തിരുമേനിയുടെ ഒപ്പമായതുകൊണ്ടും, തിരുമേനിയുടെ സ്വന്തം മക്കളെ എന്നപോലെതന്നെ അദ്ദേഹത്തെയും ശിർക്കു് തീണ്ടുകപോലും ചെയ്തിരുന്നില്ല. അബൂബകർസിദ്ദീഖ് തിരുമേനിയുടെ ബാല്യകാല സുഹൃത്തായിരുന്നതുകൊണ്ടു്, അദ്ദേഹത്തിന്റെ നിലയും അതുതന്നെ. അലി (ക. വ) നിസ്കരിക്കുന്ന വിവരം ആദ്യമായി അബൂതാലിബറിഞ്ഞപ്പോൾ അദ്ദേഹം മകനോടു് അതിനെക്കുറിച്ചു് അന്വേഷിച്ചു. അപ്പോൾ ആ പുത്രൻ പിതാവോടു് ഇപ്രകാരം മറുപടി പറഞ്ഞു:— ഉബാപ്പ ഞാൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചു. തിരുമേനിയുടെ നുബുവ്വത്തിലും ഞാൻ വിശ്വസിച്ചു. തിരുമേനി ഉപദേശിച്ചതു് ഞാൻ സത്യമാക്കി.

ഞാൻ തിരുമേനിയെ തുടർന്നു.' ഇതു കേട്ടപ്പോൾ മഹാനായ അബൂതാലിബ് പറഞ്ഞു;- 'മകനെ, നല്ല വിശ്വാസം. ഖുറൈശി സ്ത്രീകൾ എന്നെ അപമാനിക്കുമെന്നുള്ള ഭയം എനിക്കില്ലായിരുന്നെങ്കിൽ, ഞാനും ആ മാർഗ്ഗത്തെ പിൻതുടരുമായിരുന്നു. ഒരിക്കൽ അബൂതാലിബ് തിരുമേനിയോടിപ്രകാരം ചോദിച്ചു:- 'എന്റെ സഹോദരപുത്രാ, താങ്കൾ കൊണ്ടുവന്നിട്ടുള്ളതു് എന്താണു്". തിരുമേനി പറഞ്ഞു:- ഇതു് അല്ലാഹുവിന്റെയും മലക്കുകളുടെയും മുൻകടന്ന നബിമാരുടെയും മതമാണു്. അല്ലാഹു എന്നെ മുർസലായി നിയോഗിച്ചിരിക്കുന്നു. എന്റെ ആഹ്വാനം സ്വീകരിപ്പാനും, എന്നെ സഹായിപ്പാനും താങ്കൾക്കു് പ്രത്യേകമായ ഒരു ചുമതലയുണ്ടു". ചിന്താമഗ്നനായിക്കൊണ്ടു് അബൂതാലിബ് മറുപടി പറഞ്ഞു:- 'താങ്കൾ പറഞ്ഞതെല്ലാം ശരിതന്നെ. പക്ഷെ, എന്റെ പൂർവ്വപിതാക്കന്മാരുടെ മാർഗ്ഗം ഉപേക്ഷിപ്പാൻ എന്നാൽ സാദ്ധ്യമാകയില്ല.' അബൂതാലിബിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ മറൊരിടത്തു് വിവരിക്കും. അലി (ക. വ) അവർകളുടെ പൂർണ്ണചരിത്രം വിവരിപ്പാൻ ഒരു പ്രത്യേക ഗ്രന്ഥംതന്നെ ആവശ്യമാകുന്നു. പണ്ഡിതന്മാർ അദ്ദേഹത്തിന്റെ ചരിത്രം പ്രത്യേക ഗ്രന്ഥത്തിൽ വിവരിക്കയാണു് ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിനു് ഫാത്തിമാബീ (റ) യെ വിവാഹം ചെയ്തുകൊടുത്തപ്പോൾ തിരുമേനി ഇപ്രകാരം അരുളുകയുണ്ടായി:- 'എന്റെ മകളുടെ ഭർത്താവു് ഇഹലോകത്തും പരലോകത്തും സമ്പന്നനാകുന്നു. എന്റെ സഹാബിമാരുടെ കൂട്ടത്തിൽ, ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം, അദ്ദേഹത്തിന്റെ നില ഉന്നതമാകും. അദ്ദേഹം ജ്ഞാനത്തിലും ശക്തിയിലും ഉന്നതനാകുന്നു.'

സൈദിബ്നുഹാരിസയു് (റ)

വിശ്വസിച്ചു

സൈദിബ്ന ഹാരിസയു് (റ) ഒരടിമയായിരുന്നു. കൽബ്ഗോത്രക്കാരിൽനിന്നും യുദ്ധത്തടവുകാരായി പിടിക്കപ്പെട്ടവരിൽ ഉൾപ്പെട്ട ഒരു ബാലനായിരുന്നു അദ്ദേഹം. ഖദീജാബീയുടെ സഹോദരപുത്രൻ ആ അടിമയെ വിലക്കുവാങ്ങി, ഖദീജാബീക്കു് സമ്മാനിച്ചു. അദ്ദേഹത്തെ വാങ്ങിയതു് നാനൂറു് വെള്ളിക്കാണെന്നും അറുനൂറു് വെള്ളിക്കാണെന്നും രണ്ടഭിപ്രായങ്ങളും പറയപ്പെട്ടിട്ടുണ്ടു്. ഖദീജാബീയെ തിരുമേനി വിവാഹം കഴിച്ചപ്പോൾ ഈ അടിമബാലനെ അവർ തിരുമേനിക്കു് സമ്മാനിച്ചു. തിരുമേനി ആ ബാലനെ സ്വതന്ത്രനാക്കി. അദ്ദേഹത്തിന്റെ പേർ സൈദു് എന്നായിരുന്നില്ല. തിരുമേനി അദ്ദേഹത്തിനു നല്കിയ പേരാണു് 'സൈദു്.' ഒരിക്കൽ അബൂതാലിബിന്റെ ഒട്ടകങ്ങളെയുംകൊണ്ടു് ശാമിലേക്കു് പുറപ്പെട്ട സംഘത്തോടൊപ്പം ഈ ബാലനും യാത്ര പുറപ്പെട്ടു. വഴിയിൽവെച്ചു് ആ ബാലന്റെ പിതൃസഹോദരൻ കൂട്ടിയുടെ മുഖം കണ്ടു് സംശയിച്ചു. വിവരങ്ങൾ അന്വേഷിച്ചപ്പോൾ, തന്റെ സഹോദരപുത്രനാണു് ആ കൂട്ടിയെന്നു് അയാൾക്കു് ബോദ്ധ്യമായി. അയാൾ ആ വിവരം കൂട്ടിയുടെ ബാപ്പയെയും ബന്ധുക്കളെയും അറിയിച്ചു. അവരെല്ലാം ഓടിയെത്തി. ആ സംഘത്തോടൊപ്പം അവരും മക്കയിലേക്കു് പുറപ്പെട്ടു. തിരുമേനിയുടെ സന്നിധിയിൽ എത്തിയപ്പോൾ, പിതാവോടൊപ്പം പോകുവാൻ ഇഷ്ടപ്പെടുന്ന പക്ഷം പോയിക്കൊള്ളുവാൻ തിരുമേനി ആ കൊച്ചുബാലനു് അനുവാദം നല്കി. പക്ഷെ, "താങ്കളെ ഒരിക്കലും ഞാൻ വിട്ടുപിരിയുകയില്ല" എന്നു് ആ ബാലൻ തീർത്തുപറഞ്ഞു. ഇതുകേട്ടപ്പോൾ സന്തുഷ്ടനായ തിരുമേനി ആ ബാലനെ

"പുതൻ" എന്നു് വിശേഷിപ്പിച്ചു. അന്നു് അദ്ദേഹത്തിനു് എട്ടുവയസ്സു് പ്രായമായിരുന്നു. പുതൻ എന്നു വിശേഷിപ്പിച്ചതുകൊണ്ടു് ഖുറൈശികൾ അദ്ദേഹത്തെ സൈദിബ്‌നു മുഹമ്മദു് എന്നു വിളിച്ചുതുടങ്ങി. അങ്ങിനെ ചെയ്യരുതെന്നും യഥാർത്ഥ പിതാവിന്റെ പേർ ചേർത്തുകൊണ്ടു് തന്നെ വിളിക്കേണമെന്നും ഉപദേശിച്ചുകൊണ്ടു് തിരുമേനി അവരെ തിരുത്തുകയുണ്ടായി. അതിനുശേഷം അവർ അദ്ദേഹത്തെ സൈദിബ്‌നു ഹാരിസത്തു് എന്നതന്നെ വിളിച്ചുവന്നു. തിരുമേനിയുടെ നാമവുമായുള്ള ബന്ധത്തെ വേർവിടുത്തിയപ്പോൾ സൈദ് (റ) നു് കണ്ണീരുണ്ടായി. ആകയാൽ അല്ലാഹു ഖുർആനിൽ അദ്ദേഹത്തിന്റെ പേർ പറഞ്ഞുകൊണ്ടു് ആ പേരിനെ ബഹുമാനിച്ചു. അലിയ്യിബ്‌നു അബീതാലിബ് (ക. വ) ഇസ്‌ലാംമതം വിശ്വസിച്ചതിനുശേഷമാണു് സൈദിബ്‌നു ഹാരിസത്തു് (റ) ഇസ്‌ലാം മതം വിശ്വസിച്ചതു്.

അബൂബകർസിദ്ദീഖിന്റെ ഉത്സാഹത്താൽ വിശ്വസിച്ചവർ

ഉസ്‌മാൻ ഇബ്‌നുഅഫ്‌ഫാൻ (റ) പറയുന്നു:- 'മുഹമ്മദിനെ അല്ലാഹു റസൂലായി നിയോഗിച്ചിട്ടുണ്ടെന്നു്, എന്റെ ഇളയുമ്മയായ സഅ്‌ദാ എന്നാവർ പറയുന്നതു ഞാൻ കേട്ടു. ഈ വിഷയത്തെ സംബന്ധിച്ച സൂക്ഷ്മവിവരങ്ങളും മനസ്സിലാക്കുവാനായി ഞാൻ അബൂബകർസിദ്ദീഖിനെ സമീപിച്ചു. അദ്ദേഹം നൽകിയ വിശദീകരണം എന്നെ ഇസ്‌ലാമിലേക്കു ആകഷ്ടിച്ചു. അപ്പോൾ തിരുമേനി (സ) അലിയോടൊപ്പം ആ വഴി വന്നു. അബൂബകർസിദ്ദീഖ് എഴുന്നേറ്റിരുന്ന തിരുമേനിയെ ആദരിച്ചു. തിരുമേനി എന്നെ അഭിമുഖീകരിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:— 'താങ്കളടക്കമുള്ള എല്ലാസൃഷ്ടികളുടെയും റസൂലായി അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നു." അതു കേട്ട ഉടനെ 'അശ്‌ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്, വഅന്നകറസൂലുല്ലാഹ്" എന്നു ഞാൻ മൊഴിഞ്ഞു.' ഉസ്‌മാൻ ഇബ്‌നുഅഫ്‌ഫാൻ (റ) ഇസ്‌ലാംമതം വിശ്വസിച്ചതറിഞ്ഞു കോപാകുലനായിത്തീർന്ന അദ്ദേഹത്തിന്റെ പിതൃവ്യൻ, ഹകംഇബ്‌നുഅബിൽആസി അദ്ദേഹത്തെ കഠിനമായി ഉപദ്രവിക്കുകയും ബന്ധനസ്ഥനാക്കുകയും ചെയ്തു. മർദ്ദനങ്ങൾക്കൊന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കുവാൻ കഴിയുകയില്ലെന്നു് വന്നപ്പോൾ അദ്ദേഹം പിന്മാറി. വിശ്വാസനിസ്സാരത്തിൽ ഖുർആൻ മുഴുവനും ഓതിത്തീർക്കുന്നവരിൽപ്പെട്ട മഹാനായിരുന്ന ഉസ്‌മാൻ ഇബ്‌നുഅഫ്‌ഫാൻ (റ). അദ്ദേഹത്തെക്കുറിച്ചു് തിരുമേനി അരുളുകയുണ്ടായി:— 'എല്ലാ നബിമാർക്കും സ്വർഗ്ഗത്തിൽ ഓരോ ചങ്ങാതിയുണ്ടു്. സ്വർഗ്ഗത്തിൽ എന്റെ ചങ്ങാതി ഉസ്‌മാൻ ആകുന്നു.' അദ്ദേഹത്തിനു 'ദുന്നൂറൈൻ' എന്ന ഒരു കീർത്തിപ്പേരുണ്ടു് രണ്ടു പ്രകാശത്തോടുകൂടിയവൻ എന്നാണു അതിന്റെ അർത്ഥം.

സുബൈർഇബ്‌നുൽഅവ്വാം (റ). ഇദ്ദേഹവും സിദ്ദീഖിൽനിന്നു വെളിച്ചം ലഭിച്ചതിന്റെ ഫലമായി ഇസ്‌ലാംമതം വിശ്വസിച്ചു. ഇസ്‌ലാംമതം വിശ്വസിക്കുമ്പോൾ അദ്ദേഹം എട്ടോ പന്ത്രണ്ടോ വയസ്സുമാത്രം പ്രായമുള്ള ഒരു ബാലനായിരുന്നു. അദ്ദേഹത്തിന്റെ പിതൃവ്യൻ ആ ബാലനെ പുകയത്തിട്ടു ശ്വാസം മുട്ടിച്ചു. എന്നിട്ടും ദൃഢവിശ്വാസിയായ ആ ബാലൻ അണുമാത്രം പിന്മാറിയില്ല. തിരുമേനി (സ) സ്വർഗ്ഗത്തിന്റെ അഹ്‌ലുകാരായി എടുത്തുപറഞ്ഞിട്ടുള്ള പത്തുപേരിൽ ഒരാൾ ഇദ്ദേഹമാകുന്നു.

അബ്ദുൽറഹ്‌മാൻ ഇബ്‌നുഔഫ് (റ). ഇദ്ദേഹം യമനിൽ പോയപ്പോൾ, അസ്‌കലാനുൽഹുമൈരി എന്ന ജ്ഞാനിയെ സന്ദർശിച്ചു.

മക്കയിൽ ഒരു നബി ആഗതനായിട്ടുണ്ടെന്നും ആ ജ്ഞാനി ഇദ്ദേഹത്തെ അറിയിക്കുകയും, ആ നബിയുടെ ഗുണഗണങ്ങളും മാഹാത്മ്യങ്ങളും വിശദീകരിക്കുകയും ചെയ്തു. മക്കയിൽ ഒരു നബി ആഗതനായ വിവരം അതിനുമുമ്പ് അബ്ദുൽറഹ്മാൻ (റ) അറിഞ്ഞിരുന്നില്ല. മക്കയിൽ തിരിച്ചെത്തിയ ഉടനെ അദ്ദേഹം അബൂബകർസിദ്ദീഖിനെ ചെന്നുകണ്ട് വിവരങ്ങളന്വേഷിച്ചു. തിരുമേനി (സ) നബിയായി നിയോഗിക്കപ്പെട്ട വിവരം അബൂബകർ (റ) അദ്ദേഹത്തെ വ്യക്തമായി ഗ്രഹിപ്പിച്ചു. അപ്പോൾതന്നെ അദ്ദേഹം തിരുമേനിയെ സമീപിക്കുകയും ഇസ്‌ലാമിനെ ആശ്ലേഷിക്കുകയും ചെയ്തു. അബ്ദുൽറഹ്മാൻ എന്നതു തിരുമേനി (സ) അദ്ദേഹത്തിനു നല്കിയ പേരായിരുന്നു. ഇസ്‌ലാമിലേക്കു വരുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ പേർ അബ്ദുൽകഅ്ബത് എന്നായിരുന്നു. അദ്ദേഹം പറയുന്നു:— 'തിരുമേനി (സ) നൽകിയ അബ്ദുൽറഹ്മാൻ എന്ന പേർ ഞാൻ സ്വീകരിച്ചപ്പോൾ, എന്റെ ചങ്ങാതിയായിരുന്ന ഉമയ്യിബ്നുഖലഫിനു അതു വ്യക്തമായി മൊഴിയുവാൻ സാധിച്ചില്ല. ആകയാൽ, എന്റെ സമ്മതത്തോടുകൂടി അബ്ദുൽഇലാഹ് എന്നാണ് അദ്ദേഹം വിളിച്ചുപോന്നിരുന്നതു്.' ഇവരെക്കുറിച്ചു തിരുമേനി (സ) ഇപ്രകാരം അരുളിയിരിക്കുന്നു:— 'ഭൂലോകവാസികൾക്കും ആകാശവാസികൾക്കും താങ്കൾ വിശ്വാസിതന്നെ.' സ്വഹ്ബത്തിന്റെ അഹ്ലുകാരായ പത്തുപേരിൽ ഒന്നു് ഇദ്ദേഹമാകുന്നു.

സഅ്ദിബ്നുഅബീവഖ്ഖാസ് (റ). ഇദ്ദേഹവും സ്വഹ്ബത്തിന്റെ അഹ്ലുകാരായ പത്തുപേരിൽപ്പെട്ട ഒരാളാകുന്നു. അബൂബകർ സിദ്ദീഖ് മുഖേനയാണ് ഇദ്ദേഹം ഇസ്‌ലാമിനെ പരിചയപ്പെട്ടതു്. ഇസ്‌ലാമിനെ മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ അദ്ദേഹം തിരുമേനിയെ സമീപിച്ചു ഇസ്‌ലാമിനെ വിശ്വസിച്ചു. അന്നു പതിനാറു വയസ്സുപ്രായമുള്ള യുവാവായിരുന്നു അദ്ദേഹം. മാതാവോടു അത്യന്തം സ്നേഹവും മാതൃപരിചരണത്തിൽ നിഷ്കൃഷ്ടയുമുള്ള ആ യുവാവു് ഇസ്‌ലാംമതം വിശ്വസിച്ച വിവരം അറിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ മാതാവിനു കലി കയറി. അദ്ദേഹം വീട്ടിൽചെന്നപ്പോൾ മാതാവു് ചോദിച്ചു: 'മകനെ, കൂട്ടുകുടുംബവുമായി ബന്ധം പുലർത്തുവാനും മാതാപിതാക്കളെ അനുസരിക്കുവാനും പടച്ചവൻ കല്പിച്ചിട്ടില്ലേ?. ഉണ്ടെന്നു അദ്ദേഹം സമ്മതിച്ചപ്പോൾ, 'നീ ഇസ്‌ലാമിനെ ഉപേക്ഷിക്കുന്നതും, അസാഫ്, നാഇൽ എന്നീ ബിംബങ്ങളെ ആരാധിക്കുന്നതുമാണ് എനിക്കു ഇഷ്ടമെന്നും 'നീ അങ്ങിനെ ചെയ്യാത്തപക്ഷം, പടച്ചവനാണെ, ഞാൻ അന്നപാനാദികൾ തൊടുകയില്ലെന്നും ആ മാതാവു് പ്രഖ്യാപിച്ചു. പക്ഷെ, ആ വീരവാദത്തിനു അദ്ദേഹം വിലകല്പിച്ചില്ല. ഭക്ഷണം കഴിക്കുകയില്ലെന്നു ദുശ്ശാഠ്യം പിടിച്ച ആ സ്ത്രീയുടെ വായ പിളർന്നു ഭക്ഷണം വയറിലാക്കുവാൻ അവരുടെ ബന്ധുക്കൾ ശ്രമിച്ചു. ഒരു രാവും പകലും നിരാഹാരയായി ആ സ്ത്രീ കഴിഞ്ഞുകൂടി. പിറ്റെ ദിവസം മാതാവോടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു:— 'ഉമ്മാ, നിങ്ങൾക്കു് നൂറു് ശരീരങ്ങൾ ഉണ്ടാവുകയും, ആ നൂറു് ശരീരവും പട്ടിണികിടന്നു് നശിക്കുന്നതായി ഞാൻ കാണുകയും ചെയ്തെന്നുവന്നാലും, ഇസ്‌ലാംദീനിനെ ഞാൻ കൈവെടിയുകയില്ല.' 'മാതാപിതാക്കൾക്കു് നന്മചെയ്യുവാൻ നാം കല്പിച്ചിരിക്കുന്നു. പക്ഷെ, ശിർക്കു് ചെയ്യുന്നതിനായി അവർ നിങ്ങളെ പ്രേരിപ്പിച്ചാൽ അവർക്കു് നിങ്ങൾ വഴിപ്പെടേണ്ടതില്ല," എന്നർത്ഥമുള്ള ഒരു ആയത്തു് ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു് ഇറങ്ങുകയുണ്ടായി. സഅ്ദ് (റ) പറയുന്നു:— 'ഇസ്‌ലാമിന്റെ ആരംഭഘട്ടത്തിൽ, രാവിലെയും, വൈകുന്നേരവും ഈരണ്ടു റക്അത്തു് നിസ്കരിക്കുകയായിരുന്നു പതിവു്. ഞാൻ ആദ്യമായി

നിസ്സഹരിച്ചതു് വൈകുന്നേരത്തെ നിസ്കാരമായിരുന്നു. അതുകഴിഞ്ഞു് ഞാൻ വീട്ടിലേക്കു് ചെന്നപ്പോൾ, എന്നെ പിടിച്ചുകെട്ടുവാനും ബന്ധനസ്ഥനാക്കുവാനും ആവശ്യപ്പെട്ടുകൊണ്ടു് മാതാവു് നിലവിളി കൂട്ടി. നിശ്ശബ്ദനായി ഞാൻ തിരിച്ചുപോന്നു. പിന്നീടു് കുറേ ദിവസത്തേക്കു് ഞാൻ വീട്ടിൽ പോയില്ല. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ, മാതാവു് എന്നെ വിളിപ്പിക്കുകയും, ആളുകളെക്കൊണ്ടു് ചിരിപ്പിക്കാതെ മുമ്പു നടന്നുവന്നതുപോലെ അവിടെ താമസിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങിനെ വീണ്ടും ഞാൻ അവിടെ താമസമാക്കി. ഇടക്കിടെ എന്റെ സഹോദരനായ ആമിറിനെ കാട്ടിക്കൊണ്ടു് അവർ എന്നോടു് പറയും. ‹നീ ആമിറിനെ നോക്കുന്നതു; അവൻ മാതാപിതാക്കളുടെ അനുഗ്രഹം ആഗ്രഹിക്കുന്നു. അതുകൊണ്ടു് മറ്റാരെയും തൊടാതെ അവന്റെ ദീനിൽ ഉറച്ചുനില്ക്കുകയും ചെയ്യുന്നു’. കുറേ ദിവസം കഴിഞ്ഞപ്പോൾ ആമിർ ഇസ്‌ലാംമതം വിശ്വസിച്ചു. ഒരു ദിവസം ഞാൻ വീട്ടിലേക്കു് ചെന്നപ്പോൾ വീട്ടിന്നകത്തും പുറത്തും ആളുകൾ തിങ്ങിക്കൂടിയിരിക്കുന്നു. മാതാവു് ശബ്ദമുയർത്തി ബഹളംകൂട്ടുന്നു. കാരണമെന്താണെന്നു് ഞാൻ അന്വേഷിച്ചു. കൂടിനിന്ന ആളുകൾ പറഞ്ഞു:- ‹നിന്റെ മാതാവു് പറയുന്നു: ആമിർ ഇസ്‌ലാം ദീൻ ഉപേക്ഷിച്ചില്ലെങ്കിൽ ഞാൻ ഒരുപിടി അന്നം തിന്നുകയോ ഒരു ഇറക്കു് വെള്ളം കുടിക്കുകയോ ചെയ്യുകയില്ലാ’ അതു കേട്ടപ്പോൾ ഞാൻ പറഞ്ഞു: ‹ഉമ്മ തിന്നുകയും വേണ്ട കുടിക്കുകയും വേണ്ട. നരകമാകുന്ന ഭവനത്തിൽ എത്തിച്ചേരുന്നതുവരെ ഇങ്ങനെ കിടന്നുകൊള്ളട്ടെ’. ഈ വാർത്ത ബലാദുരീ (റ) ‹അൻസാബു’ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

തൽഹതിബ്നുഉബൈദുല്ലാ (റ)- അബൂബകർസിദ്ദീഖിന്റെ മുഖേന ഇസ്‌ലാംമതം വിശ്വസിച്ചവരിൽ ഒരാൾ ഇദ്ദേഹമാകുന്നു. സ്വഹാബത്തിന്റെ അഹ്‌ലുകാരായ പത്തുപേരിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. ഇദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചപ്പോൾ നൗഫലിബ്നുഅദവിയ്യ എന്ന ആൾ അദ്ദേഹത്തെയും അബൂബകർസിദ്ദീഖിനെയും ഒരു കയറിൽ ബന്ധിക്കുകയുണ്ടായി. ഈ നൗഫലിന്നു് ‘ഖുറൈശിപ്പുലി’ എന്നു് ഒരപരനാമംകൂടിയുണ്ടായിരുന്നു. അയാൾ ശക്തനും ക്രൂരനുമായിരുന്നു. ‘അവന്റെ ഉപദ്രവത്തിൽനിന്നു് നീ ഞങ്ങളെ രക്ഷിക്കേണമെ’ എന്നു് അയാളെ ഉദ്ദേശിച്ചു് തിരുമേനി പ്രാർത്ഥിച്ചിട്ടുണ്ടു്. തൽഹതിബ്നു ഉബൈദുല്ലാ എന്നു് പേരുള്ള ഒരു മുശ്‌രിക്കും അക്കാലത്തു ജീവിച്ചിരുന്നു. അയാൾ തിരുമേനിയെ പരിഹസിക്കുക പതിവായിരുന്നു. തിരുമേനിക്കുശേഷം ആഇശാബീയെ താനാണു് വിവാഹം കഴിക്കുക എന്നും അയാൾ പറയാറുണ്ടായിരുന്നു.

അബൂബകർസിദ്ദീഖു് (റ) ഉസ്മാൻഇബ്നുഅഫ്ഫാൻ (റ) അബ്ദുർറഹ്മാനിബ്നുഔഫു് (റ) എന്നിവർ പട്ടുകച്ചവടക്കാരായിരുന്നു. സുബൈർഇബ്നുൽഅവ്വാം (റ) ഒട്ടകകച്ചവടക്കാരനായിരുന്നു. സഅ്ദിബിനുഅബീവഖ്ഖാസു് (റ) അമ്പു് വില്ലു് കച്ചവടക്കാരനായിരുന്നു.

അബൂഉബൈദതു് (റ) വാണു് സ്വഹാബത്തിന്റെ അഹ്‌ലുകാരിൽപെട്ട വേറൊരാൾ. ഇദ്ദേഹവും അബൂബകർ സിദ്ദീഖു് മുഖേനയാണു് ഇസ്‌ലാംമതം വിശ്വസിച്ചതു്. സഈദിബ്നുസുബൈർ (റ) വാണു് സ്വഹാബത്തിന്റെ അഹ്‌ലുകാരിൽപെട്ട വേറൊരാൾ.

സ്വഹാബത്തിന്റെ അഹ്‌ലുകാർ

സ്വഹാബത്തിന്റെ അഹ്‌ലുകാരാണെന്നു് തിരുമേനി പേരെടുത്തുപറഞ്ഞ പത്താളുകളുടെ പേരുകൾ ചുവടെ ഉദ്ധരിക്കുന്നു: അബൂബകർ

സിദ്ദീഖ് (റ), ഉമർഖത്താബ് (റ), ഉസ്മാനി ബ്നുഅഫ്ഫാൻ (റ), അലിയ്യിബ്നുഅബീ താലിബ് (ക. വ), സുബൈറിബ്നുൽഅവാം (റ), അബ്ദുർറഹ്മാനിബ്നുഔഫ് (റ), സഅ്ദ്ബിനു അബീവഖ്ഖാസ് (റ), തൽഹതിബിനുഉബൈദില്ലാ (റ), സഈദിബ്നുസൈദ് (റ), അബൂഉബൈദാ (റ).

ആദ്യകാല വിശ്വാസികൾ

സ്ത്രീകളിൽ ആദ്യമായി വിശ്വസിച്ചതു് ഖദീജാബീ ആണെന്നു് പറഞ്ഞുവല്ലൊ. രണ്ടാമതായി വിശ്വസിച്ചതു് ഖത്താബ് എന്നവരുടെ മകളും ഉമർ (റ) വിന്റെ സഹോദരിയും സഈദ് (റ) വിന്റെ ഭാര്യയുമായ ഫാതിമ (റ) ആകുന്നു. ഉമ്മുൽഫള്ൽ എന്നു് അപരനാമമുള്ള ലുബാബത് (റ) ആണു് സ്ത്രീകളിൽ രണ്ടാമതായി വിശ്വസിച്ചതെന്നും അഭിപ്രായമുണ്ടു്. ലുബാബതു് (റ) അബ്ബാസ് (റ) ന്റെ ഭാര്യയായിരുന്നു. അതിനുശേഷം വിശ്വസിച്ചതു് അബൂബകർസിദ്ദീഖിന്റെ പുത്രിയായ അസ്മാഅ് (റ) ആകുന്നു.

ബദർയുദ്ധത്തിൽ ശഹീദായ ഉബൈദതിബ്നിൽഹർസിബ്നിൽമുത്തലിബ് (റ), അബൂസൽമ എന്നു് അപരനാമമുള്ള അബ്ദുല്ലാഹിബ്നുഅബ്ദിൽഅസദിൽമഖ്സൂമി (റ) (ഇദ്ദേഹം വിശ്വാസികളിൽ നാലാമനായി ആളാണെന്നു് പറയപ്പെടുന്നു), ഉസ്മാനിബ്നുമള്ഊൻ (റ), അവരുടെ സഹോദരനായ ഖുദാമതു് (റ) എന്നിവർ ആദ്യകാല വിശ്വാസികളാകുന്നു. അബദുല്ലാഹിബ്നിമസ്ഊദ് (റ) തിരുമേനിയുടെ ഉറ്റ മിത്രമായിരുന്നു. സത്യത്തിന്റെ അഹ്ലുകാരനാണെന്നു് ഇദ്ദേഹത്തെക്കുറിച്ചും തിരുമേനി പറഞ്ഞിട്ടുണ്ടു്. ജുന്തബ് എന്ന പേരുള്ള അബൂദർറിൽഗഫ്ഫാരി (റ) ആദ്യകാല വിശ്വാസികളിൽ ഒരാളാകുന്നു. ഇദ്ദേഹത്തെയും തിരുമേനി പ്രശംസിച്ചു പറഞ്ഞിട്ടുണ്ടു്. 'അസ്സലാമുഅലൈക' എന്ന അഭിവാദനം ആദ്യമായി തിരുമേനിക്കു് കാഴ്ചവെച്ചതു് ഇദ്ദേഹമാണു്. ഖാലിദിബ്നുസഈദിബ്നുആസി (റ) ആ അണിയിൽ ഉൾപ്പെട്ടവനാണു്. ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്നു് ആദ്യമായി എഴുതിയതു് ഇദ്ദേഹമാകുന്നു. സുഹൈബ് (റ), ഹസീൻ (റ) എന്നിവരും ആദ്യകാലക്കാരിൽ ഉൾപ്പെട്ടവർതന്നെ.

മതിന്റെ പ്രബോധനം

ഇസ്‌ലാംമത പ്രബോധനത്തിന്റെ പ്രാരംഭം ചരിത്രത്തിലെ മറേറതു പ്രസ്ഥാനത്തിന്റെ പ്രാരംഭഘട്ടത്തെയും അതിശയിക്കുന്നതരത്തിൽ സംഘർഷാത്മകമായിരുന്നു. ആദ്യമായി 'ഇഖ്റഅ്ബിസ്മി', ഫാതിഹ', എന്നിവ ഇറങ്ങിയതുമുതൽ, ജനങ്ങളിൽനിന്നു മറഞ്ഞുനിന്നുകൊണ്ടു്, തിരുമേനി നിസ്കാരം മുതലായ ഇബാദത്തുകൾ നിർവ്വഹിച്ചുവന്നു. സഹാബികളുടെ എണ്ണം അംഗുലീപരിമിതമായിരുന്നു. അവർ തിരുമേനിയെ പിൻതുടർന്നു. അനന്തരം 'യാഅയ്യുഹൽമുദ്ദസ്സിർ' എന്ന ആയത്തിറങ്ങിയപ്പോൾ, തിരുമേനി (സ) ശ്രദ്ധമായി ജനങ്ങളെ ഇസ്‌ലാംമതത്തിലേക്കു് ആഹ്വാനം ചെയ്തുതുടങ്ങി. വീട്ടിൽനിന്നു് രഹസ്യമായി നിസ്കരിക്കുക എന്ന സമ്പ്രദായം ഉപേക്ഷിച്ചു് മലച്ചെരുവിൽപോയി രഹസ്യമായി നിസ്കരിച്ചുതുടങ്ങുകയും ചെയ്തു. മൂന്നു കൊല്ലം അങ്ങിനെ കഴിഞ്ഞു. ഒരു ദിവസം സഅദിബ്നുഅബീവഖ്ഖാസ് (റ) വും ചില സഹാബിമാരുംകൂടി മക്കയിലെ ഒരു മലച്ചെരുവിൽവെച്ചു നിസ്കരിക്കുമ്പോൾ, ഒരു കൂട്ടം ബഹുസ്‌ലിംകൾ അവിടെ ചെന്നെത്തി. അവർ നിസ്കാരത്തെ പരിഹസിക്കുകയും മുസ്‌ലിംകളെ ഭീഷണപ്പായുകയും കയ്യേറാനും നടത്തുകയുമുണ്ടായി. സഅ്ദ് (റ) അവരിൽ ഒരാളെ അങ്ങോട്ടും മട്ടിച്ചു. ഒട്ടകത്തിന്റെ നാല്ലെല്ലുകൊണ്ടു് അദ്ദേഹം പ്രതിയോഗിയെ മട്ടിക്കുകയും പ്രതിയോഗിയുടെ ശരീരം പൊട്ടി

ചോര ഒലിക്കുകയും ചെയ്തു. 'ഇതാണ് ഇസ്‌ലാമിനു വേണ്ടി ഉണ്ടായ ആദ്യത്തെ ചോര ഒലിപ്പിക്കൽ ഈ സംഭവം ശത്രുപക്ഷത്തിന്റെ എതിർപ്പിനു ശക്തികൂട്ടി. പ്രതികാര വാഞ്ഛ അവരെ ഭ്രാന്തുപിടിച്ച പിശാചുക്കളാക്കി മാറ്റിക്കളഞ്ഞു. ആ പ്രതിസന്ധിഘട്ടത്തിൽ തിരുമേനിയും സഹാബികളും 'ദാറൽ അർഖം' എന്ന വീട്ടിൽ മറഞ്ഞുതാമസിച്ചു. സഫാ എന്ന കുന്നിന്നരികെ സ്ഥിതിചെയ്ത ഈ വീട് പിന്നീട് 'ഖൈസറാന്റെ വീട്' എന്ന പേരിലറിയപ്പെട്ടു. ഖലീഫാമൻസൂർ (റ) ആ വീട് വിലക്കു വാങ്ങുകയും തന്റെ പുത്രനായ മഹ്ദി എന്നാൾക്ക് കൊടുക്കുകയും ചെയ്തു. മഹ്ദി എന്ന ആൾ ആ വീട് തന്റെ ഭാര്യയായ ഖൈസറാനു കൊടുത്തു. മുസൽഹാദി, ഹാറൂൻറശീദ് എന്നീ മഹാന്മാരുടെ മാതാവാണ് ഖൈസറാൻ. രണ്ടു ഖലീഫമാരെ പ്രസവിക്കുവാൻ ഭാഗ്യമുണ്ടായ മഹതിയായി ഈ ഖൈസറാനെ അല്ലാതെ ലോകചരിത്രം കണ്ടിട്ടില്ല. പരസ്യമായ മതപ്രബോധനത്തിനു അല്ലാഹുവിന്റെ ആജ്ഞ ലഭിച്ചതുവരെ തിരുമേനിയും സഹാബിമാരും ആ വീട്ടിൽതന്നെ താമസിക്കുകയും നിസ്കാരം മുതലായ ഇബാദത്തുകൾ അവിടെവെച്ചുതന്നെ നിർവഹിക്കുകയും ചെയ്തു. അന്നു സഹാബികളുടെ ആകെ എണ്ണം മുപ്പത്തൊമ്പതായിരുന്നു.

നാലാമത്തെയോ അഞ്ചാമത്തെയോ കൊല്ലത്തിൽ, ദീനിലേക്ക് ജനങ്ങളെ ആഹ്വാനം ചെയ്യുവാൻ തിരുമേനിക്ക് ആജ്ഞ ലഭിച്ചു. 'താങ്കളോട് കല്പിക്കപ്പെട്ടതിനെ താങ്കൾ പരസ്യമാക്കിക്കൊള്ളുക. മുശ്‌രിക്കുകളെ തൊട്ട് താങ്കൾ പിന്തിരിഞ്ഞുകൊള്ളുക' എന്നും 'താങ്കളുടെ അടുത്ത കുടുംബക്കാരെ നരകത്തെത്തൊട്ട് ഭയപ്പെടുത്തുക' എന്നും അർത്ഥമുള്ള ആയത്തുകൾ തിരുമേനിക്കു ലഭിച്ചു. ആദ്യത്തെ ആയത്തു് ലഭിച്ചതിനെത്തുടർന്ന് തിരുമേനി (സ) കുന്നിൻപുറത്തിലേക്ക് ചെല്ലുകയും അവിടെ ബിംബങ്ങൾക്ക് സുജൂദ് ചെയ്തുകൊണ്ടിരുന്ന മുശ്‌രിക്കുകളോട് ഇപ്രകാരം പറയുകയും ചെയ്തു 'ജനങ്ങളെ, അല്ലാഹുവിനു് മാത്രമെ സുജൂദ് ചെയ്യാവൂ; ബിംബങ്ങൾക്ക് സുജൂദ് ചെയ്യുന്ന നിങ്ങൾ, നിങ്ങളുടെ പൂർവ്വപിതാവായ ഇബ്രാഹിംനബിയുടെ മാർഗ്ഗത്തെ ദുർബ്ബലപ്പെടുത്തുകയാണ് ചെയ്യുന്നതു്.' ഇതു കേട്ടപ്പോൾ അവർ ഇപ്രകാരം മറുപടി പറഞ്ഞു: 'അല്ലാഹുവിനോടു് അടുക്കുവാനുള്ള മാധ്യമങ്ങളാണ് ഈ ബിംബങ്ങൾ. അതുകൊണ്ടാണ് ഞങ്ങൾ ഇവക്ക് സുജൂദ് ചെയ്യുന്നതു്. ഈ ബിംബങ്ങളെ ഇടയാളർ ആക്കിയില്ലെങ്കിൽ അല്ലാഹുവിനെ പ്രാപിക്കുവാൻ ഒരാൾക്കും കഴിയുകയില്ല. ഈ ബിംബങ്ങളാണ് ജനങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതു്.' ഇതു കേട്ടപ്പോൾ തിരുമേനി (സ) അവരുടെ വാദത്തിന്റെ നിരർത്ഥകതയെ വ്യക്തമാക്കുകയും ബിംബങ്ങളുടെ തനിനിറം തുറന്നുകാട്ടുകയും ചെയ്തു. മുശ്‌രിക്കുകൾ കോപാക്രാന്തരായി, തിരുമേനിയെ അക്രമിക്കുവാൻ ഒരുമ്പെട്ടു. രണ്ടാമത്തെ ആയത്തിറങ്ങിയപ്പോൾ തിരുമേനി (സ) വ്യസനിച്ചു. തിരുമേനിയുടെ അകന്ന കുടുംബക്കാരെല്ലാം അതിലിടക്കുതന്നെ ബദ്ധശത്രുക്കളായി മാറിക്കഴിഞ്ഞിരുന്നു. അടുത്ത കുടുംബക്കാരാണ് തിരുമേനിയോടു് മമത കാണിച്ചിരുന്നതു്. അവരെ ഇസ്‌ലാമിലേക്ക് ആഹ്വാനം ചെയ്താൽ അവരും വിരോധികളായി മാറുമല്ലൊ എന്ന ചിന്തയാണ് തിരുമേനിയെ വിഷാദിപ്പിച്ചിരുന്നതു്. ബനൂഹാശിം, ബനൂമുത്തലിബ്, ബനൂഅബ്ദിശ്ശംസ്, ബനൂനൌഫൽ എന്നിവരായിരുന്ന തിരുമേനിയുടെ അടുത്ത ബന്ധുക്കൾ. തിരുമേനി ഒരു മാസക്കാലം ചിന്താഭരിതനായി വീട്ടിൽതന്നെ അടങ്ങിയിരുന്നു. അതിനുശേഷം, അബ്ദുൽമുത്തലിബിന്റെ മക്കളെ ക്ഷണിച്ചുവരുത്തി. അബൂലഹബും അവരോടൊപ്പമുണ്ടായിരുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് തിരുമേനി അവരോടു് സംസാരിക്കു

കയും ഇസ്‌ലാമിലേക്ക് അവരെ ആഹ്വാനം ചെയ്യുകയും ചെയ്തു. അപ്പോൾ ക്ഷുഭിതനായ അബൂലഹബ് ഇപ്രകാരം കയർത്തുപറഞ്ഞു:- 'ഇതിനാണൊ നീ ഞങ്ങളെ ക്ഷണിച്ചു വരുത്തിയത്? സ്വന്തം കുടുംബക്കാരെ ചീത്തയാക്കുവാനാണ് നിന്റെ ശ്രമം. നിന്നോളം നീചനായ ഒരാൾ ഇതിനുമുമ്പ് ജനിച്ചതായി ഞങ്ങൾ അറിഞ്ഞിട്ടില്ല'. കോപം അടങ്ങായ്കയാൽ തിരുമേനിയെ എറിയുവാനായി അബൂലഹബ് ഒരു കല്ലെടുത്തു കയ്യിൽ പിടിച്ചു. തിരുമേനി നിശ്ശബ്ദനായി. തിരുമേനി നിശ്ശബ്ദനായതു് തന്നെ ഭയന്നിട്ടാണെന്നു് ധരിച്ച ധിക്കാരിയായ അബൂലഹബ്, അഭിമാനം പൂണ്ടു. ഇതിനെതുടർന്ന് 'തബ്ബത്‌യദാ' എന്ന ആയത്തു് ഇറങ്ങി. അബൂലഹബും അയാളുടെ ഭാര്യയും നരകത്തിന്റെ അവകാശികളാണെന്നു് ആ ആയത്തു് സ്ഥിരീകരിച്ചു.

വേറൊരു രിവായത്തിൽ ഇപ്രകാരമാണ് പ്രസ്താവിച്ചിട്ടുള്ളതു്:- "തിരുമേനി (സ) കഅ്ബിബ്ന ലുഅയ്യിന്റെ മക്കളേയും, മുർറത്തിബ്ന കഅ്ബിന്റെ മക്കളേയും, ഹാശിമിന്റെ മക്കളെയും, അബ്ദിശ്ശംസിന്റെ മക്കളേയും, അബ്ദുമനാഫിന്റെ മക്കളേയും, സുഹ്റത്തിന്റെ മക്കളേയും, അബ്ദുൽമുത്തലിബിന്റെ മക്കളേയും ഒരിടത്തു് വിളിച്ചുകൂട്ടുകയും അവരോടിപ്രകാരം അരുളുകയും ചെയ്തു: 'നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ നരകത്തിൽ നിന്നു് മോചിപ്പിച്ചുകൊള്ളുക. അല്ലാഹുവിലും റസൂലിലും വിശ്വസിക്കാതെ, അല്ലാഹുവിൽനിന്നു് ഒരു രക്ഷയും നിങ്ങൾക്കു് കിട്ടുകയില്ല. ഞാൻ നിങ്ങളോടു് സത്യമാണു് പറയുന്നതു്. എന്റെ വാക്കുകളിൽ അസത്യത്തിന്റെ അണുപോലും കലർന്നിട്ടില്ല. നിങ്ങൾക്കും മറ്റു ജനങ്ങൾക്കും റസൂലായി ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവാണെ സത്യം, ഉറങ്ങുന്നതുപോലെ നിങ്ങൾ മരിക്കും; ഉറക്കിൽനിന്നു് ഉണരുന്നതുപോലെ നിങ്ങൾ വീണ്ടും ജീവിപ്പിക്കപ്പെടും. നിങ്ങളുടെ കർമ്മങ്ങളുടെ കണക്കെടുക്കപ്പെടും. ഗുണത്തിനു് ഗുണമായും ദോഷത്തിനു് ദോഷമായും പ്രതിഫലം നല്കപ്പെടും. ആ പ്രതിഫലങ്ങൾ സ്വർഗ്ഗവും നരകവും തന്നെ. ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമുണ്ടാകയില്ല. ഞാൻ നിങ്ങൾക്കായി കൊണ്ടുവന്നിട്ടുള്ളതുപോലെ, ഇത്ര മഹത്തരമായ ഒരു കാര്യം മറ്റാരുംതന്നെ കൊണ്ടുവരികയില്ല'. ഈ സദുപദേശം കേട്ടപ്പോൾ ആ സദസ്സു് ആകപ്പാടെ നിശ്ശബ്ദമായി. അവർ തിരുമേനിയുടെ വാക്കുകളോടു് ആനുകൂല്യം പ്രദർശിപ്പിച്ചു. അതുകണ്ടപ്പോൾ ക്ഷുഭിതനായ അബൂലഹബു് അവരോടിപ്രകാരം പറഞ്ഞു: "അബ്ദുൽമുത്തലിബിന്റെ മക്കളെ, നിങ്ങൾ ഇതു് വിശ്വസിക്കേണ്ട. സ്വീകാര്യയോഗ്യമല്ലാത്ത ഒരു വാർത്തയാണു് നാമിപ്പോൾ കേട്ടതു്. ഇവനെ നിങ്ങൾ പിടിച്ചു് ബന്ധനസ്ഥനാക്കുക. അല്ലെങ്കിൽ മേലിൽ ഇങ്ങനെ പറയാതിരിക്കുവാൻ ശാസിക്കുക. ഇവൻ ഇതു തുടർന്നാൽ മറ്റു വല്ലവരും ഇവനെപ്പിടിച്ചു് ബന്ധനസ്ഥനാക്കും. അതു് നിങ്ങൾക്ക് അപമാനമായിരിക്കും", ഇതുകേട്ടപ്പോൾ അബൂലഹബിന്റെ സഹോദരിയായ സഫിയത്തു് ഇപ്രകാരം ചോദിച്ചു:- "സഹോദരാ, നിന്റെ സഹോദരപുത്രനെ ഇങ്ങിനെ ദുഷിച്ചു പറയുന്നതു് നിന്നെ സംബന്ധിച്ചേടത്തോളം ഉചിതമായ കാര്യമാണൊ? അബ്ദുൽമുത്തലിബിന്റെ സന്താനങ്ങളിൽനിന്നു് ഒരു നബി ആഗതനാകുമെന്നു് പറയപ്പെട്ടിട്ടില്ല. ആ നബി മുഹമ്മദാണെന്നു് ഞാൻ സത്യം ചെയ്തു പറയുന്നു.". ഇതുകേട്ടപ്പോൾ പെണ്ണിന്റെ വാക്കിനു് വിലയില്ലെന്നു പറഞ്ഞുകൊണ്ടു് അബൂലഹബ് അതു തള്ളിക്കളഞ്ഞു. ഖുറൈശിവംശക്കാരും മറ്റു് അറബികളും യോജിച്ചുകൊണ്ടു് മുഹമ്മദിന്റെ പ്രസ്ഥാനത്തെ എതിർത്താൽ അതിനെ തടുക്കുവാൻ ആരെക്കൊണ്ടു് സാധിക്കും എന്നു് അബൂലഹബ് ചോദിച്ചു. 'ഞാൻ ജീവിച്ചിരിക്കുന്ന

കാലത്തോളം ആ എതിർപ്പുകളെ ഞാൻ നേരിട്ടു കൊള്ളാം' എന്നു് അബൂതാലിബ് അതിനു് മറുപടി പറഞ്ഞു. അങ്ങിനെ ആ യോഗം പിരിഞ്ഞു.

കുറെ ദിവസം കഴിഞ്ഞപ്പോൾ ജിബ്‌രീൽ (അ) ഇറങ്ങുകയും, അല്ലാഹുവിന്റെ ദീനിനെ വ്യാപകമായ നിലയിൽ പ്രബോധനം ചെയ്യുവാൻ കല്പിക്കുകയും ചെയ്തു. അതനുസരിച്ചു് തിരുമേനി സഫാ എന്ന കുന്നിന്മേൽ (അബൂഖുബൈസിൽ എന്നും പറയപ്പെട്ടിട്ടുണ്ടു്) ഖുറൈശികളെ വിളിച്ചു കൂട്ടുകയും അവരോടു് സത്യമാർഗ്ഗം ഉപദേശിക്കുകയും ചെയ്തു.

വേറൊരു രിവായത്തിൽ പറയുന്നു:= "തിരുമേനി(സ) അബൂതാലിബിന്റെ സന്താനങ്ങളിൽപെട്ട നാല്പതുപേരെ (നാല്പത്തഞ്ചുപേർ എന്നും പറയപ്പെട്ടിട്ടുണ്ടു്) അബൂതാലിബിന്റെ വീട്ടിൽ വിളിച്ചുകൂട്ടി. അക്കൂട്ടത്തിൽ രണ്ടു സ്ത്രീകളുമുണ്ടായിരുന്നു. ഒരു ആടു്, കുറെ റൊട്ടി; ഒരു സാഅ് പാൽ എന്നിവകൊണ്ടു് അവരെ സൽക്കരിപ്പാൻ ഭക്ഷണം ഒരുക്കി. ഭക്ഷണം വിളമ്പിവെച്ചപ്പോൾ അവരിൽ ഒരാൾ പറഞ്ഞു:- "ഞങ്ങളുടെ കൂട്ടത്തിൽ ഒരാൾക്കു് തിന്നുവാൻ ഒരാടുവേണം. എന്നിരിക്കെ ഇതു് എത്രപേർക്കു് മതിയാകും" തിരുമേനി "ബിസ്മില്ലാ" എന്നുപറഞ്ഞുകൊണ്ടു് ആ ഭക്ഷണത്തിൽ കൈകുത്തി. എല്ലാവരും തിന്നുവാൻ തുടങ്ങി. ഓരോരുത്തരും വേണ്ടത്ര തിന്നുകഴിഞ്ഞിട്ടും ആ ഭക്ഷണം മുമ്പുമായിക്കണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. അതിനുശേഷം തിരുമേനി അവരെ അഭിമുഖീകരിച്ചു് പ്രസംഗിക്കുവാൻ ഒരുങ്ങി. അപ്പോൾ അബൂലഹബു് പറഞ്ഞു: "ജനങ്ങളെ ഇതു് ഒരു കൺകെട്ടുവിദ്യയാകുന്നു. മുഹമ്മദിനെപ്പോലുള്ള ഒരു ജാലവിദ്യക്കാരനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഇവൻ മഹാ ജാലവിദ്യക്കാരനും ഇവൻ കാണിക്കുന്ന കായ്മകളും മഹാ ജാലവിദ്യയും തന്നെ'. ഇതുകേട്ടപ്പോൾ പ്രസംഗിക്കാനുള്ള ഒരുക്കത്തിൽനിന്നു് തിരുമേനി പിൻവാങ്ങി. ആ യോഗം അങ്ങിനെ പിരിഞ്ഞു.

പിറ്റേ ദിവസവും മേൽപ്രകാരം ഭക്ഷണം ഒരുക്കുകയും അലി (ക. വ) യെ അയച്ചു അവരെ ക്ഷണിച്ചുവരുത്തുകയുമുണ്ടായി. സദ്യ കഴിഞ്ഞതിനുശേഷം അവരെ അഭിമുഖീകരിച്ചുകൊണ്ടു് തിരുമേനി ഇപ്രകാരം പറഞ്ഞു: "അബ്ദുൽമുത്തലിബിന്റെ മക്കളെ, അല്ലാഹു എന്നെ എല്ലാ സൃഷ്ടികൾക്കും, പ്രത്യേകിച്ചു് നിങ്ങൾക്കും റസൂലായി നിയോഗിച്ചിരിക്കുന്നു പറയുവാൻ എളുപ്പത്തിൽ സാധിക്കുന്നതും, പക്ഷെ ഏറ്റവും ഘനം കൂടിയതുമായ രണ്ടു കലിമകളിലേക്കു് ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനത്തെ സ്വീകരിക്കുന്നവരും ഈ ദീനിനെ നിലനിറുത്തുന്നതിൽ സഹായിക്കുന്നവരുമായി നിങ്ങളിൽ ആരെല്ലാമുണ്ടു് എന്നു് അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു" "ഞാനുണ്ടു്" എന്നു് പറഞ്ഞുകൊണ്ടു് അലി (ക. വ) എഴുന്നേറ്റുനിന്നു. തിരുമേനി അദ്ദേഹത്തെ ഇരുത്തി. പ്രസ്തുത ചോദ്യം തിരുമേനി വീണ്ടും ആവർത്തിച്ചു. പക്ഷെ, അവരിൽനിന്നു് യാതൊരു പ്രതികരണവും ഉണ്ടായില്ല. അങ്ങിനെ ആ സഭ പിരിഞ്ഞു. ഇങ്ങനെ പല പ്രാവശ്യം പലേടത്തുവെച്ചു് നടന്നിട്ടുണ്ടു്..

തിരുമേനി ബിംബങ്ങളെയും ബിംബാരാധകരെയും എതിർത്തപ്പോൾ ക്ഷുഭിതരായ മക്കക്കാർ അബ്ദുൽമുത്തലിബിന്റെ മക്കളോടു് ഈ കായ്മത്തെക്കുറിച്ചു് ആക്ഷേപരൂപത്തിൽ സംസാരിച്ചു. അബൂതാലിബോടു് അവർ പറഞ്ഞു: 'താങ്കളുടെ സഹോദരപുത്രൻ ഞങ്ങളുടെ ആരാധനാസമ്പ്രദായത്തെയും ബിംബങ്ങളെയും ആക്ഷേപിക്കുകയും ധിക്കരിക്കുകയും ഞങ്ങളുടെ പിതാക്കന്മാർ വഴിതെറ്റിയവരാണെന്നു് പഴിക്കുകയും ചെയ്യുന്നു. താങ്കളും ഞങ്ങളുടെ

ളുടെ മാഗ്ഗക്കാരനാണല്ലൊ. അദ്ദേഹത്തിന്റെ ഈ ധിക്കാരത്തെ താങ്കൾ ഒതുക്കണം. അല്ലെങ്കിൽ അദ്ദേഹത്തെ ഞങ്ങൾക്ക് വിട്ടുതരണം; ഞങ്ങൾ ഒതുക്കിക്കൊള്ളാം'. അബൂതാലിബ് നല്ല വാക്കുകൾ പറഞ്ഞു അവരെ തിരിച്ചയച്ചു. തിരുമേനി (സ) തന്റെ പ്രബോധന പ്രവർത്തനം തുടർന്നുവന്നു. മക്കക്കാരായ പ്രതിപക്ഷത്തിന്നു് അതു സഹിപ്പാൻ വയ്യാതായി. അവർ വീണ്ടും അബൂതാലിബിനെ സമീപിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു:— 'മാന്യരെ, താങ്കൾ ഞങ്ങളുടെ കൂട്ടത്തിൽ പ്രായംകൊണ്ടും പദവികൊണ്ടും അറിവുകൊണ്ടും യോഗ്യനാകുന്നു. താങ്കളുടെ സഹോദരപുത്രൻ ഞങ്ങളെ പഴിപറയുന്നതിൽനിന്നു് പിന്തിരിയുന്നില്ല. ഞങ്ങൾക്കു് പൊറുതിമുട്ടിയിരിക്കുന്നു. താങ്കൾ മുഹമ്മദിനെ പിന്തിരിപ്പിക്കണം; അല്ലെങ്കിൽ താങ്കളും അവന്റെ പക്ഷക്കാരനാണെന്നു് ഞങ്ങൾ കരുതും; ഞങ്ങളൊ നിങ്ങളൊ നശിച്ചതീരുന്നതുവരെ യുദ്ധം നടത്തുകയും ചെയ്യും.'' ഇതു കേട്ടപ്പോൾ അബൂതാലിബ് അത്യന്തം വ്യസനിച്ചു. അദ്ദേഹം തിരുമേനിയോടു് ഇപ്രകാരം പറഞ്ഞു:— ''എന്റെ സഹോദരപുത്രാ, ജനങ്ങൾ എന്റെ അടുക്കൽവന്നു് ഇപ്രകാരമെല്ലാം പറഞ്ഞിരിക്കുന്നു. അവർ താങ്കളെ എതിർക്കുമെന്നുള്ളതു് തീച്ചപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവരുടെ എതിർപ്പിനെ തടുക്കുവാൻ എന്നാൽ സാധിക്കുമോ എന്നു് ഞാൻ സംശയിക്കുന്നു. ആകയാൽ താങ്കൾ ഈ സംരംഭത്തിൽനിന്നു പിന്മാറുകയാണു് നല്ലതു്.'' അബൂതാലിബിന്റെ ധൈര്യക്ഷയം തിരുമേനിയിൽ ധൈര്യക്ഷയം ഉണ്ടാക്കിയില്ല. തിരുമേനി പറഞ്ഞു: 'എന്റെ പിതൃവ്യാ, അവർ സൂര്യനെ എന്റെ വലത്തെ കയ്യിലും ചന്ദ്രനെ എന്റെ ഇടത്തെ കയ്യിലും വെച്ചുതരാമെന്നു പറഞ്ഞാൽപോലും ഈ സംരംഭത്തിൽനിന്നു ഞാൻ പിന്മാറുകയില്ല. പിന്മാറുവാൻ അല്ലാഹു എന്നോടു് ആജ്ഞാപിക്കുകയൊ, അല്ലെങ്കിൽ ഞാൻ നശിച്ചുപോവുകയൊ ചെയ്യുന്നതുവരെ ഈ പ്രവർത്തനത്തിൽ നിന്നു് പിന്തിരിയുവാൻ എന്നാൽ സാധ്യമല്ല''. ഇങ്ങനെ പറഞ്ഞുകൊണ്ടു് തിരുമേനി തിരിഞ്ഞുനടന്നു. തിരുമേനിയുടെ കണ്ണുകളിൽനിന്നു് കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. അതു കണ്ടപ്പോൾ അബൂതാലിബിന്റെ ഹൃദയം അലിഞ്ഞുപോയി. അദ്ദേഹം തിരുമേനിയെ അടുത്തുവിളിച്ചു, തിരുമേനി വീണ്ടും അദ്ദേഹത്തിന്റെ അടുത്തുചെന്നു. അപ്പോൾ ആദ്ധ്യചിത്തനായ അബൂതാലിബ് ഇപ്രകാരം പറഞ്ഞു:— ''മകനെ താങ്കൾ താങ്കളുടെ പ്രവർത്തനം തുടർന്നുകൊള്ളുക. അല്ലാഹുവാണെ സത്യം, ഞാൻ താങ്കളെ കൈവിടുകയില്ല''.

ആ ഘട്ടത്തിൽ അദ്ദേഹം പാടിയ ഒരു പദ്യത്തിന്റെ സാരം ചുവടെ ഉദ്ധരിക്കുന്നു: 'അല്ലാഹുവാണെ സത്യം, അവരെല്ലാം ഒറ്റക്കെട്ടായി സംഘടിച്ചെന്നു വന്നാലും, മണ്ണ് എന്റെ തലയിണ ആകുന്നതുവരെ അവർ താങ്കളെ ഞേരിടുകയില്ല. താങ്കൾ താങ്കളുടെ വാർത്ത പ്രബോധനം ചെയ്തുകൊൾക. താങ്കളിൽ വ്യസനമില്ല. താങ്കൾ പ്രസിദ്ധിയാർജ്ജിച്ചുകൊള്ളുക; കൺകുളിർമ്മ നേടിക്കൊള്ളുക. താങ്കൾ എന്നെ ആഹ്വാനം ചെയ്തു. ഞാൻ പറയുന്നു: താങ്കൾ എനിക്കും ഗുണവാൻതന്നെ. താങ്കൾ പറയുന്നതു് സത്യമായ കാര്യവും, താങ്കൾ സത്യവാനുംതന്നെ. താങ്കൾ വെളിപ്പെടുത്തിയ ദീൻ നിശ്ചയമായും സൃഷ്ടികളുടെ ദീനിനെക്കാൾ ഉത്തമംതന്നെ. ജനങ്ങളുടെ ദൂഷണത്തെയും അപമാനിക്കലിനെയും ഞാൻ ശങ്കിച്ചിരുന്നില്ലെങ്കിൽ, പ്രത്യക്ഷമായിത്തന്നെ ഞാൻ താങ്കളോടൊപ്പം നില്ക്കുമായിരുന്നു.'

അബൂതാലിബ് തിരുമേനിയെ കൈവിടുകയില്ലെന്നു് കണ്ടപ്പോൾ, ഇമാറതിബ്നുൽവലീദ് എന്ന യുവസുന്ദരനെയുംകൂട്ടി ഖുറൈശികൾ വീണ്ടും അദ്ദേഹത്തെ സമീപിച്ചു. അവർ അദ്ദേഹത്തോടു പറഞ്ഞു:— 'അബൂതാലിബേ, ഈ ഇമാറതിനെ താങ്കൾക്കു് ആറിയാമല്ലൊ.

സുന്ദരനും, ധീരനും, യുവാവുമാണ് ഇദ്ദേഹം. ഞങ്ങൾ ഒരു കായ്യം ചെയ്യാം: ഈ ഇമാറതിനെ താങ്കൾക്ക് തരാം. താങ്കൾ ഇവനെ പോററി ക്കൊള്ളുക. പകരം താങ്കളുടെ സഹോദരപുത്ര നായ മുഹമ്മദിനെ ഞങ്ങൾക്ക് തന്നേക്കുക. ഞ ങ്ങൾ അവന്റെ കഥകഴിച്ചുകൊള്ളാം.' അബൂ താലിബ് അവരോട് പറഞ്ഞു:- 'ഇതെന്തൊരു കച്ചവടമാണ്? ഇതിനേക്കാൾ നീതിയില്ലാത്ത കച്ചവടം വേറെയുണ്ടോ. നിങ്ങളുടെ കുട്ടിയെ എനിക്ക് തന്നാൽ ഞാൻ അവനെ രക്ഷിക്കേ ണമെന്നും എന്റെ കുട്ടിയെ നിങ്ങൾക്ക് കിട്ടി യാൽ നിങ്ങൾ അവനെ ശിക്ഷിക്കുമെന്നും പറ യുന്നതിൽ എന്തൊരു നീതിയാണുള്ളത്. അ ല്ലാഹുവാണെ സത്യം, ഇതു നടക്കാത്ത കായ്യമാ ണ്. ഒട്ടകത്തെ നിങ്ങൾ കാണുന്നില്ലെ. അതു് അതിന്റെ കുട്ടിയെ അല്ലാതെ മറെറാന്നിന്റെ കുട്ടിയെ അണച്ചുകൂട്ടുന്നുണ്ടോ.' അബൂതാലി ബിന്റെ മറുപടി ഖുറൈശികളെ നിരാശപ്പെ ടുത്തി. അവരിൽനിന്നും, മുത്ഇമിബ്നുഅദി യ്യ് എന്ന ആൾ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു:- 'അബൂതാലിബ, ഞങ്ങൾ ആപ ത്തൊഴിവാക്കുന്നതിനായി സമാധാനസന്ദേശ വുംകൊണ്ട് താങ്കളെ സമീപിച്ചു. താങ്കൾ അതു നിരസിച്ചു." അബൂതാലിബ് മറുപടി പറ ഞ്ഞു:- 'സമാധാനസന്ദേശം അവതരിപ്പിക്കുക യല്ല നിങ്ങൾ ചെയ്തതു്; പൊങ്ങച്ചവും ധിക്കാ രവുംകാട്ടി എന്നെ അസഹ്യപ്പെടുത്തുകയാണു ണ്ടായതു്.' ഈ ഇമാറതും മുത്ഇമും അമുസ് ലിംകളായിക്കൊണ്ടുതന്നെ മരിക്കുകയുണ്ടായി.

അബൂതാലിബിന്റെ സഹായമൊ അനു കൂലമനോഭാവംപോലുമൊ നേടുവാൻ സാധ്യ മല്ലെന്നു തീച്ചപ്പെടുകഴിഞ്ഞപ്പോൾ, ഖുറൈ ശികളുടെ രോഷം മൂർധന്യത്തെ പ്രാപിച്ചു. ച വിട്ടേറു മൂർഖന്മാരെപ്പോലെ, തിരുമേനി (സ) യുടെനേരെ പകവെച്ചുകൊണ്ടു, തിരുമേനിയെ അപകടപ്പെടുത്തുവാനുള്ള വഴികൾ അവർ ആ രാഞ്ഞുതുടങ്ങി. സംഘർഷാവസ്ഥ ആകപ്പാടെ പിരിമുറുക്കി. എന്തുചെയ്യും എപ്പോഴും സംഭ വിക്കാമെന്ന നില സംജാതമായി. ആ സന്ദി ഗ്ധഘട്ടത്തിൽ, ഹാശിം, മുത്തലിബ് എന്നിവ രുടെ സന്താനങ്ങളെ അബൂതാലിബ് വിളിച്ചു വരുത്തുകയും, എതിരാളികളുടെ അക്രമങ്ങളിൽ നിന്നു തിരുമേനിയെ രക്ഷിക്കുവാനും തിരുമേ നിയെ സഹായിപ്പാനും അവരോടാവശ്യപ്പെട്ട കയും ചെയ്തു. അബൂലഹബ് ഒഴികെ മറെറ ല്ലാവരും അബൂതാലിബിന്റെ ഹിതത്തെ അനു സരിച്ചു. അബൂലഹബ് എതിർപക്ഷത്തുചേ ർന്നു എതിർപ്പുകളെ തരണംചെയ്യുവാനുള്ള മാ ർഗനിർദ്ദേശം നൽകുവാനും തിരുമേനിയെ ധൈ ര്യപ്പെടുത്തുവാനുമായി ജിബ്രീൽ (അ) ആ അവസരത്തിലും തിരുമേനിയെ സമീപിച്ചു. ഈ ഉദ്ദേശ്യത്തോടുകൂടി ജിബ്രീൽ (അ) ആദം നബി (അ) യെ പന്ത്രണ്ടു തവണയും, ഇദ്രീ സ് നബി (അ) യെ നാലുതവണയും, നൂഹ് നബി (അ) യെ അമ്പതു തവണയും, ഇബ്രാ ഹീംനബി (അ) യെ നാല്പത്തിരണ്ടു തവണയും, മൂസാനബി (അ) യെ നാനൂറു തവണയും, ഈ സാനബി (അ) യെ പത്തുതവണയും, നബി (സ) തിരുമേനിയെ ഇരുപത്തിനാലായിരം ത വണയും സമീപിച്ചിട്ടുണ്ടെന്നു "മവാഹിബ്" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ശത്രുക്കളുടെ ദ്രോഹങ്ങൾ

അബ്ബാസ് (റ) പറയുന്നു:- 'ഒരു ദിവസം ഞാൻ കഅ്ബയിൽ ഇരിക്കുമ്പോൾ അബൂജ ഹൽ അവിടെ കടന്നുവരികയും, മുഹമ്മദ് സു ജൂദ് ചെയ്യുന്നതായി കണ്ടാൽ അവന്റെ പിട ലിക്ക ചവിട്ടേണ്ടതു അല്ലാഹുവിന്റെ പേരിൽ എനിക്കുള്ള കടമയാ'ണെന്നു പ്രസ്താവിക്കുക യും ചെയ്തു. ഞാൻ ഉടനെ തിരുമേനിയെ ചെന്നുകണ്ടു വിവരം ഉണർത്തി. അല്പം പൊ ടിപ്പോടുകൂടി തിരുമേനി കഅ്ബയിലേക്കു പുറപ്പെട്ടു. കഅ്ബയിൽ കടന്ന ഉടനെ 'ഇഖ്റഅ് ബിസ്മി' എന്ന സൂറ: മുഴുവൻ ഓതു

കയും അതിനെത്തുടർന്ന തിരുമേനി സുജൂദ് ചെയ്യുകയുണ്ടായി. 'ഇതാ, മുഹമ്മദ് സുജൂദ് ചെയ്തിരിക്കുന്നു'വെന്ന ഒരാൾ അബൂജാഹിലോട് വിളിച്ചുപറഞ്ഞു. അബൂജഹൽ തിരുമേനിയെ ചവിട്ടുവാനായി മുമ്പോട്ട് നടന്നു. പക്ഷെ, ഭീതനായിക്കൊണ്ട് മുമ്പോട്ട് വെച്ച കാൽ പിമ്പോട്ട് വലിച്ചു പിന്തിരിഞ്ഞുകളഞ്ഞു. പിന്തിരിഞ്ഞുകളവാനുള്ള കാരണമെന്താണെന്ന മറ്റുള്ളവർ ചോദിച്ചപ്പോൾ 'ഞാൻ കാണുന്നതു നിങ്ങൾ കാണുന്നില്ലെ' എന്ന അബൂജഹൽ മറിച്ചും ചോദിച്ചു. 'എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു തീക്കുണ്ഡസ്ഥിതിചെയ്യുന്നതായി ഞാൻ കാണുന്നു'വെന്ന ഭീതനായ അബൂജഹൽ പ്രസ്താവിച്ചു

അബൂജഹലിനെസ്സംബന്ധിച്ചേടത്തോളം മറെറാരിക്കൽ വേറൊരുസംഭവംകൂടി ഉണ്ടായി. തിരുമേനി (സ) സുജൂദ് ചെയ്യുമ്പോൾ തിരുമേനിയുടെ തല ചതക്കുന്നതിനു ഒരു കല്ലുമായി അബൂജഹൽ തിരുമേനിയെ സമീപിക്കുവാൻ ഓങ്ങി. പക്ഷെ, ഭയചകിതനായ നിലയിൽ പെട്ടെന്ന അയാൾ പിന്തിരിഞ്ഞോടി. ആ ഓട്ടത്തിൽ കല്ല് നിലത്തിട്ടുകളവാൻ അയാൾ ശ്രമിച്ചു. എങ്കിലും കല്ല് അയാളെ വിട്ടില്ല. അതു അയാളുടെ കയ്യിൽ ഒട്ടിപ്പിടിച്ചു. തിരിഞ്ഞോടുവാനുണ്ടായ കാരണമന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു:- 'ഞാൻ മുഹമ്മദിനെ സമീപിച്ചപ്പോൾ അത്ഭുതകരമായ ഒരു ഒട്ടകം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആ ഒട്ടകം എന്നെ കൊല്ലുവാൻ ശ്രമിച്ചു. ഇത്രമാത്രം ഭീകരനായ ഒരു ഒട്ടകത്തെ എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല.

ശത്രുപക്ഷത്തിലെ സ്ത്രീകളിൽ അഗ്രഗണ്യയായിരുന്ന അബൂലഹബിന്റെ ഭാര്യയായ ഔസാഅ് എന്നോ അർവ്വ എന്നോ പേരുള്ള ഉമ്മുജമീൽ, അഥവാ ഉമ്മുഖബീഹ്. ഹമ്മാലതുൽ ഹതബ് എന്നപേരിലാണ് പൊതുവെ ആ സ്ത്രീ അറിയപ്പെട്ടുന്നതു്. ക്രൂരതയുടെ നഗ്നപ്രതീകമായിരുന്ന ആ സ്ത്രീ. തിരുമേനി (സ) നടന്നുപോകാറുള്ള വഴികളിൽ മുള്ളുകൾ വിതറുകയെന്നതു് ആ സ്ത്രീയുടെ പതിവായിരുന്നു. മുള്ളുകൾ സമ്പാദിക്കുന്നതിനും എത്ര ക്ലേശങ്ങൾ സഹിപ്പാനും ആ സ്ത്രീക്ക് മടി ഉണ്ടായിരുന്നില്ല. ഈ ദുഷ്ടവൃത്തിയാണ് ഹമ്മാലതുൽ ഹതബ് എന്നപേർ ആ സ്ത്രീക്ക് നേടിക്കൊടുത്തതു്

അബൂലഹബും ഭാര്യയും നരകത്തിൽ വസിക്കും എന്നർത്ഥമുള്ള ആയത്തു് അവതരിച്ചപ്പോൾ, സ്വതവെ ക്രൂരയായ ഹമ്മാലതുൽഹതബ് ഒരു ക്രൂരപിശാചായി മാറി. രണ്ടു വലിയ കല്ലുകൾ പെറുക്കിയെടുത്തുകൊണ്ട്, അവൾ തിരുമേനിയെ തിരക്കിത്തുടങ്ങി. കണ്ടേടത്തുവെച്ച് എറിയുമെന്ന് അവൾ ശപഥം ചെയ്തു. പക്ഷെ, അവൾക്കും തിരുമേനിക്കുമിടയിൽ അല്ലാഹു ഒരു മറ ഇട്ടുകളഞ്ഞതുകൊണ്ട്, തിരുമേനിയെ കണ്ടുപിടിക്കുവാൽ അവൾക്കു കഴിഞ്ഞില്ല നീചൻ, ഹീനൻ, അധമൻ എന്നൊക്കെ അർത്ഥമുള്ള 'മുദമ്മം' എന്നാണ് അവൾ തിരുമേനി (സ) യെ വിളിച്ചിരുന്നതു്. ഒരു ദിവസം അവൾ അബൂബകർസിദ്ദീഖ് (റ) വിനെ സമീപിക്കുകയും, തന്നെയും തന്റെ ഭർത്താവിനെയും തരംതാഴ്ത്തിപ്പറഞ്ഞ മുദമ്മം എവിടെയെന്നു ചോദിക്കുകയും ചെയ്തു. തരംതാഴ്ത്തിപ്പറഞ്ഞതു റസൂലല്ലെന്നും അല്ലാഹുവാണെന്നും, അബൂബകർ (റ) മറുപടി നല്കി. തിരുമേനിയെ എറിയുവാൻ അവൾക്കു സന്ദർഭം ലഭിച്ചില്ല.

മക്കാവിജയം നടന്ന അവസരത്തിൽ ഇസ്‌ലാംമതം സ്വീകരിച്ച അബൂസുഫ്‌യാൻ (റ) വിന്റെ സഹോദരിയാണ് ഹമ്മാലതുൽഹതബ്. ആദ്യകാലത്തു അബൂസുഫ്‌യാനും ഇസ്‌ലാമിന്റെ എതിർപക്ഷത്തായിരുന്നു. ഒരു ദിവസം ഹമ്മാലതുൽഹതബ്, തന്റെ സഹോദരനായ അബൂസുഫ്‌യാനോട്, തിരുമേനി തന്നെ ആക്ഷേപിക്കുകയും നിന്ദിക്കുകയും

ചെയ്യുന്നുവെന്ന ആവലാതി പറയുകയും, 'ഇതിന്ന ഒരു പരിഹാരം ഉണ്ടാക്കിത്തരേണമെന്നു' അപേക്ഷിക്കുകയും ചെയ്തു. ക്രുദ്ധനായ അബൂസുഫ്‌യാൻ ഉറയിൽനിന്ന വാളുരിപ്പിടിച്ചുകൊണ്ടു, തിരുമേനി (സ) ഉണ്ടായിരുന്ന സ്ഥലത്തേക്കു കുതിച്ചു. ക്രുദ്ധസപ്പത്തെപ്പോലെ പത്തിവിരുത്തിക്കൊണ്ടു് ആഞ്ഞുകുതിച്ച അബൂസുഫ്‌യാൻ, അടികൊണ്ട പട്ടിയെപ്പോലെ വാലുംകോട്ടി തിരിച്ചുവന്നു. തിരുമേനിയുടെ രക്തംപുരണ്ട വാളുമേന്തി തിരിച്ചുവരുന്ന അബൂസുഫ്‌യാനെയാണു് ഹമ്മാലതുൽഹതബു് പ്രതീക്ഷിച്ചിരുന്നതു്. അബൂസുഫ്‌യാൻ നിർവ്വീര്യനായി തിരിച്ചുവരുന്നതു കണ്ടപ്പോൾ അവർ ചൂളിപ്പോയി. എന്താണു് സംഭവിച്ചതെന്നറിയുവാൻ അവർക്കു ധൃതിയായി." എന്നെ ഒരു ഉഗ്രസപ്പം വിഴുങ്ങുന്നപക്ഷം, അതു നിനക്കു ഇഷ്ടമാകുമൊ?" എന്ന ഒരു ചോദ്യത്തിലൂടെ അബൂസുഫ്‌യാൻ സംഗതികൾ വിശദീകരിച്ചു.

അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) പറയുന്നു:— 'ഒരു ദിവസം ഞങ്ങൾ കഅ്ബയിൽ ഇരിക്കുകയായിരുന്നു. തിരുമേനി (സ) നിസ്കരിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. അബൂജഹലും മറ്റു ചിലരും അവിടെ ഉണ്ടായിരുന്നു. അബൂജഹൽ കൂട്ടുകാരോടു പറഞ്ഞു: 'ഇന്ന സ്ഥലത്തു അറുത്ത ഒട്ടകത്തിന്റെ കുടൽമാലയും കാഷ്ഠവും കെട്ടികിടപ്പുണ്ടു്. അതു എടുത്തുകൊണ്ടുവന്നു, മുഹമ്മദു് സുജൂദ് ചെയ്യുമ്പോൾ അയാളുടെ കഴുത്തിലിടണം. നിങ്ങളിൽ ആരെങ്കിലും അതിന്നു ഒരുക്കമുണ്ടൊ?" അഖബതിബ്നു അബീമുഈത്വു് എന്ന നീചൻ അതിന്നു സന്നദ്ധനായി. അവൻ കാടിച്ചെന്നു ആ മാലിന്യങ്ങൾ എടുത്തുകൊണ്ടുവന്നു, സുജൂദിലായിരുന്ന തിരുമേനിയുടെ കഴുത്തിലിട്ടു. അബൂജഹലും കൂട്ടുകാരും സന്തോഷപാരമ്യത്താൽ ആർത്തുചിരിച്ചു. ഞാൻ ആകപ്പാടെ അമ്പരന്നു നിശ്ചേഷ്ടനായിപ്പോയി. അപ്പോഴേക്കും തിരുമേനിയുടെ പുത്രിയായ ഫാതിമ (റ) സ്ഥലത്തെത്തി. ആ കൊച്ചു ബാലിക തിരുമേനിയുടെ കഴുത്തിൽനിന്നു ആ മാലിന്യങ്ങൾ എടുത്തുമാറ്റുകയും, അബൂജഹലിന്റെ കൂട്ടുകാരെ ആക്ഷേപിക്കുകയും ചെയ്തു. നിസ്കാരത്തിൽനിന്നു വിരമിച്ച ഉടനെ തിരുമേനി ഇപ്രകാരം പ്രാർത്ഥിച്ചു: 'തമ്പുരാനെ, മുളറിന്റെ ഗോത്രക്കാരെ നീ പീഡിപ്പിക്കുക; യൂസുഫ്നബിയുടെ കാലത്തുണ്ടായതുപോലുള്ള ക്ഷാമത്തെ അവർക്കു നീ അനുഭവപ്പെടുത്തുക' അബൂജഹൽ, ഉത്ബതിബ്നുറബീഅത്, വലീദിബ്നുഉത്ബത്, ശൈബതിബ്നുറബീഅത്, അഖബതിബ്നുഅബീമുഈത്വു്, ഇമാറതിബ്നുൽവലീദ്, ഉമയ്യിത്ബ്നുഖലഫ് എന്നിവരുടെ പേരുകളും എടുത്തുപറഞ്ഞുകൊണ്ടാണു് തിരുമേനി മേൽപ്രകാരം പ്രാർത്ഥിച്ചതു്. ഇവരിൽ ഭ്രഷ്ടപക്ഷത്തിന്റെ ശവങ്ങളും കലീബ് എന്ന കഴിയിൽ വലിച്ചിട്ടുന്നതു, പിൽക്കാലത്തു ഞാൻ കണ്ടു. ഇവരിൽപ്പെട്ട ഇമാറത്തിന്നു ഭ്രാന്തു പിടിപെട്ടു. അയാളെ അബ്സീനിയായിൽ വെച്ചു തീയിൽവീണു വെന്തുമരിച്ചു. അഖബത്തിനെ ബദ്ർ യുദ്ധത്തിൽ തടവുകാരനായി പിടിക്കുകയും, അറഖുള്ളൈളബ എന്ന സ്ഥലത്തുവെച്ചു കൊല്ലുകയും ചെയ്തു. ഉമയ്യത്തു് ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. സംഗതിവശാൽ അയാളുടെ ശവം കലീബ് എന്ന ശവക്കുഴിയിൽ വലിച്ചിട്ടില്ല. ശവം വീണോടത്തുതന്നെ മണ്ണിട്ടുമൂടി.

അറുക്കപ്പെട്ട ഒട്ടകത്തിന്റെ കുടൽമാലയും കാഷ്ഠവും മറ്റും നജീസാണെന്നിരിക്കെ, അവ തിരുമേനിയുടെ കഴുത്തിൽ ഇടപ്പെട്ടതിന്നു ശേഷവും തിരുമേനി നിസ്കാരം തുടർന്നതെങ്ങിനെ എന്ന സംശയത്തിന്നു ഇവിടെ പ്രസക്തിയുണ്ടു്. കഴുത്തിൽ ഇടപ്പെട്ട വസ്തു എ

ന്താണെന്ന തിരുമേനി അപ്പോഴും അറിഞ്ഞിരുന്നില്ല എന്നതാണ് അതിനുള്ള മറുപടി.

ഉസ്മാനിബ്നുഅഫ ഫാൻ (റ) പറയുന്നു:— 'തിരുമേനി (സ) ഒരിക്കൽ കഅ്ബ തവാഫ് ചെയ്യുകയായിരുന്നു. അബൂബകർ സിദ്ദീഖ് തിരുമേനിയുടെ ഒരു കൈ പിടിച്ചിട്ടുണ്ട്. അബൂജഹൽ, ഉമയ്യത്ത്, അഖബത് എന്നിവർ കഅ്ബയിൽ ഇരിക്കുന്നുണ്ടായിരുന്നു. തിരുമേനി അവരുടെ നേരെ എത്തിയപ്പോൾ അവർ അസഭ്യം പറഞ്ഞു. തിരുമേനിയുടെ മുഖത്ത് നീരസം പ്രകടമായി. തിരുമേനിക്കും അവർക്കുമിടയിൽ ഞാൻ കടന്നുനിന്നു. തിരുമേനിയുടെ ഒരു കൈ ഞാനും പിടിച്ചു. അങ്ങിനെ അബൂബകർസിദ്ദീഖ് മുമ്പിലും, ഞാൻ പിമ്പിലും, തിരുമേനി മദ്ധ്യത്തിലുമായി ഒരുതവണ ഞങ്ങളും തവാഫ് ചെയ്തു. അബൂജഹലിന്റെയും കൂട്ടുകാരുടെയും അടുത്തെത്തിയപ്പോൾ വീണ്ടും അബൂജഹൽ അസംബന്ധം പുലമ്പി. രണ്ടാമത്തെ തവാഫിലും അബൂജഹൽ ഇതാവർത്തിച്ചു. നാലാമത്തെ തവാഫിൽ ഞങ്ങളും അയാളുടെ നേരെ എത്തിയപ്പോൾ അയാളും എഴുന്നേറ്റ് തിരുമേനിയുടെ കൂപ്പായം കയറിപ്പിടിക്കുവാൻ ശ്രമിച്ചു. ഞാൻ അയാളെ പുറകോട്ട തള്ളി; അയാളും മലന്നുവീണു. അപ്പോഴേക്കും അയാളുടെ കൂട്ടുകാരായ ഉമയ്യത്തും അഖബയും ഞങ്ങളെ നേരിട്ടു. അബൂബകർസിദ്ദീഖ് ഉമയ്യതിനെയും തിരുമേനി അഖബതിനെയും തള്ളിനീക്കി. 'അല്ലാഹുവിന്റെ ശിക്ഷ നിങ്ങളെ അഭിമുഖീകരിക്കുന്നതുവരെ നിങ്ങളും പിന്മാറുകയില്ല,' എന്ന് തിരുമേനി പറയുകയുണ്ടായി. പിന്നീട് ഞങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് തിരുമേനി ഇപ്രകാരം അരുളി: 'നിങ്ങളും പുണ്യം സമ്പാദിച്ചുകൊള്ളുക. അല്ലാഹുവിന്റെ ദീനിനെ പ്രത്യക്ഷമാക്കുകയും അവന്റെ കല്പനകളെ നടപ്പിലാക്കുകയും അവന്റെ റസൂലിനെ തുണക്കുകയും ചെയ്യും. നിങ്ങളുടെ കൈകളാൽ ഇവർ കൊല്ലപ്പെടുന്നതു് സമീപഭാവിയിൽതന്നെ നിങ്ങളും കാണും'. ബദ്ർയുദ്ധത്തിൽ ഞങ്ങളുടെ കൈകളാൽ അവർ കൊല്ലപ്പെട്ടു'

ഒരു ദിവസം കഅ്ബയിൽവെച്ച് തിരുമേനി നിസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അഖബത് എന്ന വ്യക്തി അവിടെ കടന്നുചെന്നു, തന്റെ മുണ്ടുകൊണ്ട് തിരുമേനിയുടെ കഴുത്തിൽ ചുറ്റിപ്പിടിച്ചു. ഇതുകണ്ട അബൂബകർസിദ്ദീഖ് (റ) അയാളുടെ തോളിൽ പിടിച്ചു അയാളെ ദൂരെമാറ്റി.

ഒരു ദിവസം തിരുമേനി ഒരു സദസ്സിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അഖബതും ആ സദസ്സിൽ ഉണ്ടായിരുന്നു. പെട്ടെന്ന് അയാൾ ആ സദസ്സിൽനിന്ന് ചാടി എഴുന്നേറ്റ് തിരുമേനിയെ ആക്ഷേപിച്ചുതുടങ്ങി. ആ ബഹളം ഒരു സംഘട്ടനത്തിന്റെ മുന്നോടിയായിരുന്നു. ബഹളം കേട്ട് അബൂബകർസിദ്ദീഖ് അവിടെ ഓടി എത്തി. അദ്ദേഹം അഖബതിനെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. അഖബതാകട്ടെ അദ്ദേഹത്തോടും തട്ടിക്കയറി. ആ ബഹളം അബൂബകർസിദ്ദീഖും അഖബതും തമ്മിലുള്ള ഒരു അടിപിടിയിൽ കലാശിച്ചു.

ഒരു ദിവസം അഖബത് തിരുമേനിയുടെ തലമുടിയും താടിയും പിടിച്ചുവലിച്ചു. തിരുമേനിയുടെ ചില തിരുമുടികൾ ആ വലിയുടെ കാഠിന്യത്താൽ മുറിഞ്ഞുപോയി. അബൂബകർസിദ്ദീഖ് (റ) അഖബതിനെ നേരിടുവാൻ ശ്രമിച്ചപ്പോൾ ഇപ്രകാരം പറഞ്ഞുകൊണ്ട് തിരുമേനി അദ്ദേഹത്തെ വിലക്കി: 'യാ അബൂബകർ, അയാളെ വിട്ടേക്കുക. എന്റെ ദേഹം ഒരുവന്റെ രക്ഷയിലാണ്. ആ ഒരുവനാണെ സത്യം, അവൻ എന്നെ ഈ ജനതയിലേക്ക് നിയോഗിച്ചിരിക്കുന്നു'.

ഫാതിമ (റ) പറയുന്നു: 'ഒരു ദിവസം ഞാൻ കഅ്ബയുടെ ഭാഗത്തേക്കു പോയപ്പോൾ അവിടെ കുറേ മുശ്രിക്കുകൾ ഇരിക്കു

ന്നതായി കണ്ടു മുഹമ്മദിനെ കണ്ടാൽ എല്ലാവരും ഒരുമിച്ച് ഒരേസമയത്തു് വെട്ടികൊന്നുകളയണം' എന്നു അവർ പറയുന്നതു ഞാൻ കേട്ടു. ലാത, ഉസ്സ, മനാത, അസാഫ്, നാഇലാതു് എന്നീ ബിംബങ്ങളുടെ പേരിൽ ആണയിട്ടുകൊണ്ടാണു് അവർ അങ്ങിനെ പറഞ്ഞിരുന്നതു്. ഞാൻ കരഞ്ഞുകൊണ്ടു് ബാപ്പയെ സമീപിച്ചു്, വിവരങ്ങളെല്ലാം ബാപ്പയോടു പറഞ്ഞു. 'നീ കരയാതിരിക്കു' എന്നു പറഞ്ഞുകൊണ്ടു് ബാപ്പ എന്നെ സമാധാനിപ്പിക്കുകയും, വുളൂ ഉണ്ടാക്കി നേരെ കഅ്ബയിൽ കടന്നുചെല്ലുകയും ചെയ്തു മുശ്‌രിക്കുകൾ ബാപ്പയുടെ മുഖത്തൊന്നു നോക്കി. ഉടനെ എല്ലാവരും തലതാഴ്ത്തിക്കളഞ്ഞു. ബാപ്പ ഒരുപിടി മണ്ണുവാരിയെടുത്തു അവരുടെ നേരെ എറിയുകയും 'ഈ മുഖങ്ങൾ കെട്ടുപോകട്ടെ' എന്നർത്ഥംവരുന്ന ഒരു വാക്കു് മൊഴിയുകയും ചെയ്തു, ആ മണ്ണു് ശരീരത്തിൽ പതിഞ്ഞ എല്ലാവരുതന്നെ ബദ്‌റുയുദ്ധത്തിൽ കൊല്ലപ്പെട്ടു.'

അബൂലഹബ്, ഹകം, ഉമയ്യത് അഖബത് മുതലായവർ തിരുമേനിയുടെ അയൽവാസികളായിരുന്നു. അവർ അവരുടെ വീട്ടുംതൊടിയും തൂത്തുവാരുന്ന മലിനസാധനങ്ങളും തിരുമേനിയുടെ വീട്ടിനകത്തു് ഇട്ടേക്കുക പതിവായിരുന്നു. "ഇതെന്തൊരു അയൽവാസികളാണു്," എന്നു മാത്രം പറഞ്ഞുകൊണ്ടു് തിരുമേനി അവയെല്ലാം വാരിയെടുത്തു് ദൂരെ കളയുകയും പതിവായിരുന്നു.

അബൂബകർ സിദ്ദീഖ് (റ) വിന്നു് നേരിട്ട ഉപദ്രവം.

തിരുമേനിയും സഹാബിമാരും ദാറുൽ അർഖം എന്ന വീട്ടിൽ രഹസ്യജീവിതം നയിക്കുന്ന കാലം. പുറത്തുപോയി മതപ്രബോധനം നടത്തുവാൻ തിരുമേനി അബൂബകർ സിദ്ദീഖിനെ ഉപദേശിച്ചു. വിരൽകൊണ്ടു് എണ്ണാവുന്ന മുസ്‌ലിംകൾ. ശത്രുപക്ഷമാകട്ടെ വിപുലവും ഭീകരവും. അബൂബകർ സിദ്ദീഖ് (റ) തിരുമേനിയുടെ ഉപദേശത്തെ മാനിക്കുവാൻ തന്നെ തീരുമാനിച്ചു. തിരുമേനിയുടെ ഹിതത്തിനെതിരായി വിരൽ അനക്കുവാൻ പോലും അദ്ദേഹത്തിനു് കഴിയുമായിരുന്നില്ല. ഏതാനും സഹാബിമാരോടൊപ്പം അദ്ദേഹം പുറപ്പെട്ടു. അദ്ദേഹം ജനങ്ങളെ ഇസ്‌ലാമിലേക്കു് ആഹ്വാനം ചെയ്തു. ജനങ്ങളാകെ ക്ഷോഭിക്കുകയും, അദ്ദേഹത്തെ മർദ്ദിക്കുകയുമുണ്ടായി. ആ അവസരത്തിൽ അഖബതിബ്നു റബീഅത് എന്ന ധിക്കാരി രണ്ടു ചെരിപ്പുകളും കൂട്ടിപ്പിടിച്ചു് അദ്ദേഹത്തിന്റെ മുഖത്തടിച്ചു. അദ്ദേഹത്തിന്റെ മുഖം പൊട്ടുക മാത്രമല്ല, മൂക്കും മുഖവും തിരിച്ചറിയാത്തവിധം വികൃതമായിപ്പോവുകയും ചെയ്തു. അദ്ദേഹം ബോധംകെട്ടു നിലത്തുവീണു. ബനൂതൈംഗോത്രക്കാർ ലഹള ഒതുക്കുകയും അബൂബകർ സിദ്ദീഖിനെ അദ്ദേഹത്തിന്റെ പിതാവായ അബൂഖുഹാഫയുടെ വീട്ടിലേക്കു് കൊണ്ടുപോവുകയും ചെയ്തു. വളരെ നേരം കഴിഞ്ഞിട്ടും അദ്ദേഹത്തിനു് ബോധം തിരിച്ചുവന്നില്ല. അദ്ദേഹം മരിച്ചുപോകുമെന്നുപോലും മറവുള്ളവർ സംശയിച്ചു. 'അഖബതിനെ ഞങ്ങൾ കൊല്ലു'മെന്നു് ബനൂതൈംഗോത്രക്കാർ പ്രഖ്യാപിച്ചു. സൂര്യനസ്തമിക്കാറായപ്പോൾ സിദ്ദീഖിനു് ബോധം വന്നു. ബോധം വന്ന ഉടനെ 'റസൂൽ എവിടെയാണുള്ള'തെന്നു് തന്റെ അടുത്തുനില്ക്കുന്ന മാതാവോടു് അദ്ദേഹം അന്വേഷിച്ചു. 'മകനെ, നിന്റെ ചങ്ങാതി എവിടെയാണുള്ളതെന്നു് ഞാൻ അറിയുകയില്ലല്ലൊ' എന്നു് ആ മഹതി ഉത്തരം പറഞ്ഞു. 'എങ്കിൽ ഉമ്മുജമീലിന്റെ വീട്ടിൽ പോയി, അവരോടന്വേഷിക്കു', എന്നു് അബൂബകർസിദ്ദീഖ് നിർദ്ദേശിച്ചു. ഉമർഖത്താബ് (റ) വിന്റെ സഹോദരിയാണു് ഉമ്മുജമീൽ. അവർ ആന്തരീയമായി ഇസ്‌ലാംമതം വിശ്വസിച്ചിരുന്നു. അവരുടെ വീട്ടിൽചെന്നു് അന്വേഷിച്ചപ്പോൾ 'അബൂബകർ എവിടെയാണുള്ളതെന്നോ, മുഹമ്മദു് എവിടെയാണുള്ള

തെന്നോ ഞാൻ അറിയുകയില്ലെന്ന് ആ മഹതി ഉത്തരം പറഞ്ഞു. അബൂബകർസിദ്ദീഖിനെ ശത്രുക്കൾ മർദ്ദിച്ചവശനാക്കിയ വിവരം കേട്ട ഉടനെ ആ മഹതി അവിടെ ചെന്നവരോടൊപ്പം, സിദ്ദീഖിന്റെ അടുത്തേക്ക പുറപ്പെട്ടു. സിദ്ദീഖിന്റെ സ്ഥിതി കണ്ടപ്പോൾ ഉമ്മുജമീൽ (റ) വാവിട്ടുകരഞ്ഞു. 'തിരുമേനി എവിടെ' എന്ന് സിദ്ദീഖ് അവരോട് ചോദിച്ചു 'താങ്കളുടെ മാതാവ് ഇവിടെയുണ്ട്. ഇവിടെവെച്ച് പറയുന്നതിനു വിരോധമില്ലെങ്കിൽ പറയാം' എന്ന് ഉമ്മുജമീൽ പറഞ്ഞപ്പോൾ സിദ്ദീഖ് വിരോധം പ്രകടിപ്പിക്കുകയുണ്ടായില്ല. 'അല്ലാഹുവിന്റെ റസൂൽ ദാറുൽ അർഖമിൽ സുഖമായി ഇരിക്കുന്നു' എന്ന് ഉമ്മുജമീൽ (റ) സിദ്ദീഖിനെ അറിയിച്ചു.

'തിരുമേനിയെ കാണാതെ ഞാൻ വെള്ളം കുടിക്കുകയില്ല' എന്ന് സിദ്ദീഖ് ആണയിട്ടു പറഞ്ഞു. 'എങ്കിൽ കുറച്ചുകൂടി വൈകട്ടെ' എന്ന് ഉമ്മുജമീൽ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. രാത്രി കുറേ വൈകുകയും വഴിയിൽ ജനസഞ്ചാരം ഇല്ലാതാവുകയുംചെയ്ത തക്കംനോക്കി, സിദ്ദീഖ് മാതാവിനെ താങ്ങിപ്പിടിച്ചുകൊണ്ട് ദാറുൽ അർഖമിലേക്കു പുറപ്പെട്ടു. സിദ്ദീഖിനെ കണ്ടപ്പോൾ തിരുമേനിയുടെ ഹൃദയം നോവുകയും തിരുമേനി അദ്ദേഹത്തെ മാറോടണച്ചു മുംബിക്കുകയും ചെയ്തു. സഹാബിമാർ വ്യസനാധിക്യത്താൽ കണ്ണീരൊഴുക്കി. 'എന്റെ മാതാവ് എനിക്കുപകാരം ചെയ്തവരാണ്. ഇവരെ നരകത്തിൽനിന്നൊഴിക്കുവാൻ തിരുമേനി പ്രാർത്ഥിക്കണം' എന്ന് അബൂബകർസിദ്ദീഖ് അഭ്യർത്ഥിച്ചു തിരുമേനി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. യാതൊരു വൈമുഖ്യവും കാട്ടാതെ അപ്പോൾതന്നെ അവർ ഇസ്‌ലാംമതം സ്വീകരിച്ചു.

അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) വിനു നേരിട്ട ഉപദ്രവം

ഖുർആൻ എന്താണെന്നും അന്നുവരെയും ഖുറൈശികൾ അറിഞ്ഞിരുന്നില്ല. ഖുർആൻ ഓതുന്നതും അവർ കേട്ടിരുന്നുമില്ല. ഖുർആൻ അവരെ ഓതിക്കേൾപ്പിക്കേണ്ടുന്ന സന്ദർഭം വന്നു. 'ആരാണിതിനു ഒരുങ്ങുക' എന്നു തിരുമേനി അന്വേഷിച്ചു. ഞാൻ അതിനൊരുക്കമാണെന്നു പറഞ്ഞുകൊണ്ട് അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) മുമ്പോട്ടുവന്നു. സഹാബികളിൽ ചിലർ ചില കാരണങ്ങൾ പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ സന്നദ്ധതയെ നിരുത്സാഹപ്പെടുത്തുവാൻ നോക്കിയെങ്കിലും, ധീരനായ ആ സഹാബി പിന്മാറിയില്ല. അവർ എന്നെ ഉപദ്രവിക്കുകയാണെങ്കിൽ അല്ലാഹു എന്നെ രക്ഷിച്ചുകൊള്ളും' എന്നു അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. പിറ്റേദിവസം അതിരാവിലെ സൂര്യനുദിക്കുന്ന സമയത്തു അദ്ദേഹം ഇബ്രാഹിം മഖാമിൽ ഹാജരായി. ഖുറൈശിത്തലവന്മാർ അപ്പോഴെയ്ക്കും അവിടെ സന്നിഹിതരായിക്കഴിഞ്ഞിരുന്നു. സൂര്യോദയസമയത്തു, അവിടെ സമ്മേളിക്കുക എന്നതു അവരുടെ പതിവായിരുന്നു. ഇബ്നുമസ്ഊദ് (റ) അവരുടെ മുമ്പിൽനിന്നുകൊണ്ട് ഖുർആൻ ഓതിത്തുടങ്ങി. 'അർറഹ്മാനു'അല്ലമൽഖുർആൻ.....' എന്ന സൂറത്താണു അദ്ദേഹം ഓതിത്തുടങ്ങിയതു. ഇവനു എന്തു പറ്റിപ്പോയി' എന്നു അവർ പരസ്പരം കുശുകുശുത്തു. 'മുഹമ്മദ് കൊണ്ടുവന്നതു ഇവൻ ഓതുകയാണെന്നു ചിലർ അഭിപ്രായപ്പെട്ടു. മുശ്രിക്കുകൾ അദ്ദേഹത്തെ സമീപിച്ചു അദ്ദേഹത്തിന്റെ മുഖത്തു അടിച്ചുതുടങ്ങി. പക്ഷെ, അദ്ദേഹം ഓത്തു നിറുത്തിയില്ല. ആ സൂറ: മിക്കവാറും അദ്ദേഹം ഓതിത്തീർത്തു. അദ്ദേഹത്തിന്റെ മുഖം പൊട്ടിച്ചോരയൊലിച്ചു. രക്തം

പങ്കിലമായ മുഖത്തോടുകൂടി സഹാബിമാരുടെ അടുക്കലേക്ക് അദ്ദേഹം തിരിച്ചുചെന്നപ്പോൾ അവർ കണ്ണിതപ്പെട്ടു. ഇബ്നുമസ്ഊദ് (റ) അവരോട് പറഞ്ഞു:- 'പടച്ചവനാണെ സത്യം, അല്ലാഹുവിന്റെ ശത്രുക്കൾ ഇത്രക്കേ ഉള്ളുവെന്ന് ഇന്നാണ് എനിക്ക് മനസ്സിലായത് നിങ്ങൾ സമ്മതിക്കുമെങ്കിൽ നാളെയും ഞാൻ അവിടെ പോവുകയും ഓതുകയും ചെയ്യും.

ഹംസ: (റ) വിശ്വസിച്ചു

അബൂജഹലിന്റെ അതിനിന്ദ്യമായ ദ്രോഹപ്രക്രിയയാണ് ധീരവീരപരാക്രമിയും പ്രമാണിയുമായ ഹംസ: (റ) വിന്റെ ഇസ്‌ലാംമത സ്വീകരണത്തിന്ന് രംഗമൊരുക്കിയത്. 'അബൂഇമാറത്,' 'അബൂയഅ്‌ലാ' എന്നീ സ്ഥാനപ്പേരുകളിൽ പ്രഖ്യാതനായിരുന്ന അദ്ദേഹം. 'നാട്ടുമൂപ്പൻ, മേലാളി' എന്നൊക്കെയാണ് ആ വാക്കുകളുടെ അർത്ഥം. ഇബ്നുഇസ്ഹാഖ് (റ) പറയുന്നു:- 'അസ്‌ലംദേശക്കാരനായ ഒരാൾ എന്നോട് ഇപ്രകാരം പ്രസ്താവിച്ചു:- 'ഒരു ദിവസം സഫാപർവ്വതത്തിന്റെ പരിസരത്തുവെച്ച് തിരുമേനിയെ അബൂജഹൽ കണ്ടുമുട്ടി. ആ സമയത്ത് അടുത്തെങ്ങും മറ്റാരും ഉണ്ടായിരുന്നില്ല. അബൂജഹൽ തിരുമേനിയെ ശകാരിക്കുകയും, മണ്ണും ചാണകവും മറ്റും വാരിയെടുത്ത് തിരുമേനിയുടെ തലയിലിടുകയും, തിരുമേനിയുടെ പിടലിയിൽ കാലെടുത്തുവെക്കുകയും ചെയ്തു. (ഈ ഘട്ടത്തിൽ തിരുമേനി നിസ്കരിക്കുകയോ ധ്യാനിക്കുകയോ ചെയ്യുകയായിരിക്കാം). ഇബ്നുജദ്ആൻ (റ) വിന്റെ ഒരു അടിമസ്ത്രീ (തിരുമേനിയുടെ പിതൃസഹോദരിയായ സഫിയ്യ എന്നവരുടെ അടിമയായിരുന്ന ആ സ്ത്രീ എന്നും പറയപ്പെട്ടിട്ടുണ്ട്), അതിന്നടുത്ത് താമസിക്കുന്നുണ്ടായിരുന്നു. അബൂജഹൽ നടത്തിയ വിക്രിയകൾ അവരെ അത്യന്തം വേദനിപ്പിച്ചു. അപ്പോഴാണ് ഹംസ: (റ) ആ വഴി വരുന്നതായി ആ സ്ത്രീ കണ്ടത്. അദ്ദേഹം നായാട്ടുകഴിഞ്ഞു തിരിച്ചുവരികയായിരുന്നു. ആ അടിമസ്ത്രീ അദ്ദേഹത്തെ വിളിച്ചു. അല്പംമുമ്പ് അബൂജഹൽ ചെയ്ത ദുഷ്ക്രിയകളെല്ലാം അദ്ദേഹത്തിന്ന് വിവരിച്ചുകൊടുത്തു. തന്റെ സഹോദരപുത്രനോട് ഇത്രമാത്രം ധിക്കാരം കാണിച്ചുവെന്ന കേട്ടപ്പോൾ ഹംസ: (റ) ക്ഷുഭിതനായി. അദ്ദേഹം അബൂജഹലിനെത്തേടി കഅ്ബയിലേക്ക് പുറപ്പെട്ടു. അബൂജഹലും കൂട്ടുകാരും കഅ്ബയിൽ ഇരിക്കുന്നുണ്ടായിരുന്നു. അയാളെ കണ്ട ഉടനെ ഹംസ: (റ) അയാളുടെ തലക്ക് അമ്പെയ്തു. അമ്പേറു അയാളുടെ തലക്ക് നല്ല മുറിവുപറ്റുകയും രക്തം ധാരധാരയായി ഒഴുകുകയും ചെയ്തു. രോഷാധീനനായ ഹംസ: (റ), അബൂജഹലിനോട് ഇപ്രകാരം ചോദിച്ചു:- 'മുഹമ്മദിനെ ഉപദ്രവിപ്പാൻ നീ ആരെടാ. നീ ഇത്രയും ധിക്കാരവും തെമ്മാടിത്തവും നടത്തുമോടാ. നിനക്ക് ധൈര്യമുണ്ടെങ്കിൽ നീ ഒരിക്കൽകൂടി നടത്തെടാ. ഞാൻ കാണട്ടെടാ. ഞാൻ മുഹമ്മദിന്റെ ദീനിലാണെടാ. നീ ധീരനാണെങ്കിൽ എന്നെ ഒന്നു എതിർത്തു നോക്കെടാ.' ഹംസ: (റ) വിന്റെ പരാക്രമങ്ങൾ കണ്ടപ്പോൾ അബൂജഹൽ ചൂളിപ്പോയി. പക്ഷെ, അബൂജഹലിന്റെ പക്ഷക്കാരായ മഖ്സൂംഗോത്രക്കാർ ഹംസ: (റ) വോട് എതിർക്കുവാൻ ശ്രമിച്ചു. അബൂജഹൽ അവരെ അതിന്ന് സമ്മതിച്ചില്ല. 'താങ്കൾ മതം മാറിയതായി ഞങ്ങൾ മനസ്സിലാക്കുന്നു'വെന്ന അവർ ഹംസ: (റ) വോട് പറഞ്ഞു. അദ്ദേഹം പ്രതിവചിച്ചു:- 'അതെ; ഞാൻ മുസ്‌ലിമായിരിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നു ഞാൻ വിശ്വസിക്കുന്നു. മുഹമ്മദ് പറയുന്നത് സത്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ എന്നെ എതിർക്കൂ.' ഇതു കേട്ടപ്പോൾ അബൂജഹൽ പറഞ്ഞു:- 'ആരും അദ്ദേഹത്തോട് എതിർപ്പിന്നു പോകേണ്ട. കോപം

അദ്ദേഹത്തെ അനുധാവനപ്പെടുത്തിയിരിക്കുകയാണ്. ഇതൊന്നും അദ്ദേഹം ബോധപൂർവ്വം പറയുന്നതാവില്ല. കോപം തളർന്നാൽ അദ്ദേഹം നേരെയാവും.' ഇതുയും പ്രതികാരങ്ങളും നടത്തീട്ടും ഹംസ: (റ) വിന്റെ ഹൃദയം തണുത്തില്ല. തിരുമേനിയോട് അബൂജഹൽ കാണിച്ച ധിക്കാരത്തെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തിന്റെ ഹൃദയത്തെ മഥിച്ചുകൊണ്ടിരിക്കുകതന്നെ. അന്നുരാത്രി മുഴുവൻ അസ്വസ്ഥനായിത്തന്നെ അദ്ദേഹം കഴിഞ്ഞുകൂടി. പിറ്റെ ദിവസം അദ്ദേഹം തിരുമേനിയെ സമീപിച്ചു ഇസ്‌ലാംമതം സ്വീകരിച്ചു. അദ്ദേഹം തിരുമേനിയോട് പറഞ്ഞു:- 'താങ്കൾ പറയുന്നതെല്ലാം സത്യമാണെന്നു ഞാൻ വിശ്വസിച്ചു. ഇനി ഈ മാർഗ്ഗത്തിൽനിന്നു പിന്തിരിയുന്ന പ്രശ്നമെ ഇല്ല. അല്ലാഹുവാണെ സത്യം, ഈ ലോകം മുഴുവനും പ്രതിഫലമായി കിട്ടിയാൽ പോലും ഈ മാർഗ്ഗത്തെ ഞാൻ കൈവിടുകയില്ല.' ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് 'അവമൻ കാനമൈതൻ.....'ഫിന്നാസീ' എന്ന ആയത്തു് അവതരിച്ചു. ഹംസ: (റ) വിന്റെ ഇസ്‌ലാംമതസ്വീകരണം നബി (സ) തിരുമേനിയെ അത്യുന്നതം സന്തുഷ്ടനാക്കി.

ശത്രുപക്ഷത്തിന്റെ ഉപദ്രവം രണ്ടാംഘട്ടത്തിൽ

ഹംസ: (റ) വിന്റെ ഇസ്‌ലാംമത സ്വീകരണം ശത്രുപക്ഷത്തിന്റെ ഉപദ്രവസമ്പ്രദായത്തിന്റെ ഒന്നാം ഘട്ടത്തിനു പൂർണ്ണവിരാമമിട്ടു. ഹംസ: (റ) ശത്രുക്കളെസ്സംബന്ധിച്ചേടത്തോളം ഒരു ഭീതിസംപൂർണമായിരുന്നു. മുസ്‌ലിംകളെ ഉപദ്രവിക്കുക എന്ന സമ്പ്രദായത്തിൽനിന്നു, മുസ്‌ലിംകളിൽ ദുർബ്ബലരായ ചിലരെ തക്കംനോക്കി ഉപദ്രവിക്കുക എന്ന നിലപാടിലേക്കു അവർ ഇറങ്ങിനിന്നു. ഒരു ഗോത്രത്തിൽനിന്നു ഒരു വ്യക്തി മുസ്‌ലിമായെങ്കിൽ, ആ ഗോത്രക്കാർ തന്നെ അയാളെ മർദ്ദിക്കുക എന്ന നിലപാടു അവർ അംഗീകരിച്ചു. മർദ്ദിക്കുക, തടവിലിടുക, വിശപ്പിക്കുക, ദാഹിപ്പിക്കുക തുടങ്ങിയവയായിരുന്നു മർദ്ദനവിധങ്ങൾ. ദുർബ്ബോധനം ചെയ്തും വ്യാമോഹിപ്പിച്ചും പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും മാനസാന്തരമുണ്ടാക്കുവാൻ ശ്രമിക്കുകയെന്നതും അവർ അംഗീകരിച്ച പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. കയ്യിൽ കിട്ടിയ മുസ്‌ലിം വ്യക്തികളിൽ ഈ അടവുകൾ മാറിമാറി അവർ പ്രയോഗിച്ചു. സുദുർല്ലഭം വ്യക്തികളിൽ അതു ഫലിക്കാതിരുന്നില്ല. ഹർസിബ്നുറബീഅത്, ഖൈസിബ്നുവലീദ്, അലിയ്യിബ്നുഉമയ്യത്, ആസിബ്നുമുനബ്ബിഹ് എന്നിവർ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ബിലാൽ (റ), അമ്മാർ (റ), ഖബ്ബാബ് (റ) തുടങ്ങിയ നിരവധി അടിമകളെസ്സംബന്ധിച്ചേടത്തോളം ശത്രുപക്ഷത്തിന്റെ എല്ലാ അടവുകളും പരാജയപ്പെട്ടു.

ഹംസ: (റ) ഇസ്‌ലാംമതം വിശ്വസിച്ചതിനെത്തുടർന്ന് ധാരാളം ആളുകൾ ഇസ്‌ലാമിലേക്കു വന്നു. മുസ്‌ലിംകളുടെ അംഗസംഖ്യ വർദ്ധിക്കുന്നതു കണ്ടപ്പോൾ ശത്രുപക്ഷത്തിൽ അമ്പരപ്പുളവായി. അബൂതാലിബ് മുഖേന ഒരു മദ്ധ്യസ്ഥത്തിനു ശ്രമിക്കുവാൻ അവർ തീരുമാനിക്കുകയും ഒരു നിവേദക സംഘത്തെ രൂപവൽക്കരിക്കുകയും ചെയ്തു. ഉത്ബത്, ശൈബത്, അബൂസുഫ്യാൻ, അബുൽബഹ്തരി, സംഅത്, വലീദ്, അബൂജഹൽ, അബ്ദുല്ലാഹിബ്നുഉമയ്യത്, ഉമയ്യത്, ആസീ, നബീഹ്, മുനബ്ബിഹ്, എന്നിവരും അബ്ദുത്താറിന്റെ മക്കളിൽ ഒരാളും ആ നിവേദകസംഘത്തിൽ ഉണ്ടായിരുന്നു. അവർ അബൂതാലിബിനെ സമീപിക്കുകയും, അവരെയും തിരുമേനിയെയും ഒരുമിപ്പിലെത്തിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. അബൂതാലിബ് തിരുമേനിയെ വിളിച്ചുവരുത്തി. മദ്ധ്യസ്ഥസംഭാഷണം ആരംഭിച്ചു. നിവേദകസംഘം തിരുമേനിയോട് പറഞ്ഞു:- 'താങ്കളെപ്പോലെ, സ്വന്തം ഗോത്രത്തിനു ഇത്രയേറെ അബദ്ധം വരുത്തിവെച്ച

ഒരു വ്യക്തി ഇതിനുമുമ്പ് അറബികളുടെ ഇടയിൽ ഉണ്ടായിട്ടില്ല. താങ്കൾ പൂർവ്വപിതാക്കളെ വിമർശിച്ചു; അവരുടെ മാർഗ്ഗത്തെ വിമർശിച്ചു; അവരുടെ വ്യവസ്ഥകളെ നിഷേധിച്ചു; അവരുടെ ദൈവങ്ങളെ നിരാകരിച്ചു. ഞങ്ങളെ കഠിനമായി അപമാനിച്ചു. ഇങ്ങിനെയൊക്കെ ചെയ്യുന്നതിൽ താങ്കൾക്കുള്ള ഉദ്ദേശ്യമെന്താണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ധനമാണൊ ഉദ്ദേശ്യം? എങ്കിൽ ഈ നാട്ടിലുള്ള മുഴുവൻ ധനവും ഞങ്ങൾ തരാം. രാജത്വമാണൊ ഉദ്ദേശ്യം? എങ്കിൽ, ഈ നാട്ടിന്റെ രാജത്വം താങ്കളിൽ ഞങ്ങൾ അടിച്ചേൽപ്പിക്കാം. മാനസികാസ്വാസ്ഥ്യങ്ങളാണ് താങ്കളെ ഇതിനു പ്രേരിപ്പിക്കുന്നതെങ്കിൽ, വിദഗ്ധവൈദ്യനെ വരുത്തി ഞങ്ങളുടെ ചെലവിൽ ചികിത്സ നടത്താം.' അവർക്കു പറവാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ തിരുമേനി മറുപടി പറഞ്ഞു:— 'നിങ്ങൾ പറഞ്ഞ ഉദ്ദേശ്യങ്ങളൊന്നും എനിക്കില്ല; മാനസികരോഗവും എനിക്കില്ല. അല്ലാഹു അവന്റെ റസൂലായി എന്നെ നിയോഗിച്ചിരിക്കുന്നു. അല്ലാഹു എനിക്കു അറിയിച്ചുതരുന്ന വാർത്തകൾ നിങ്ങളെ അറിയിപ്പാൻ എന്നോടു ആജ്ഞാപിച്ചിരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തെ നിങ്ങൾ സ്വീകരിച്ചാൽ ഇഹത്തിലും പരത്തിലും നിങ്ങൾക്കു രക്ഷ ലഭിക്കും. നിങ്ങൾ അതിനെ നിഷേധിച്ചാൽ, എനിക്കും നിങ്ങൾക്കുമിടയിൽ അല്ലാഹു ഒരു തീരുമാനമുണ്ടാക്കുന്നതുവരെ ഞാൻ ക്ഷമാപൂർവ്വം വർത്തിക്കും.'

തിരുമേനിയുടെ മറുപടി പ്രതിപക്ഷത്തെ അസ്വസ്ഥപ്പെടുത്തി. അവർ പറഞ്ഞു:— "ശരി നിങ്ങളുടെ മാർഗ്ഗത്തെ സ്വീകരിച്ചാൽ ഗുണം കിട്ടുമെന്നും നിഷേധിച്ചാൽ ദോഷം ഭവിക്കുമെന്നുമാണല്ലൊ നിങ്ങൾ പറയുന്നതു്. നിങ്ങൾ പറയുന്നതു നേരാണെന്നുള്ളതിനുള്ള ചില തെളിവുകൾ ഞങ്ങൾ ആവശ്യപ്പെടുന്നു. ഈ നാടു് ഒരു മലയിടുക്കാണു്. ഈ നാട്ടിലെ മണ്ണിനു വളക്കൂറില്ല; തന്നിമിത്തം ഈ നാടു് സമ്പന്നവുമല്ല. നാലുപാടും നദികളൊഴുകുന്ന, ഫലഭൂയിഷ്ഠമായ ഒരു വികസിത രാജ്യമായി ഈ നാടുമാറിക്കിട്ടുമെങ്കിൽ, അതു നിങ്ങളുടെ വാക്കു സത്യമാണെന്നുള്ളതിനു ഒരു തെളിവായി ഞങ്ങൾ സ്വീകരിക്കാം. അതോടൊപ്പം ഞങ്ങളുടെ പൂർവ്വപിതാക്കളെ ജീവിപ്പിക്കുവാനും നിങ്ങളുടെ റബ്ബോടപ്രാർത്ഥിക്കുക. അവർ ജീവിക്കുന്ന പക്ഷം, ജ്ഞാനവൃദ്ധനായ ഖുസയ്യും അക്കൂട്ടത്തിൽ ഉണ്ടായിരിക്കുമല്ലൊ. നിങ്ങൾ പറയുന്നതു സത്യമാണൊ എന്നു അദ്ദേഹത്തോടു് ഞങ്ങൾ അന്വേഷിക്കും. ഒരു മലക്കിനെ നിങ്ങൾക്കു തുണയായി അയച്ചുതരുവാനും പ്രാർത്ഥിക്കുക. നിങ്ങളെ പിന്തുടരുവാൻ ആ മലക്കു് ഞങ്ങളോടു പറയട്ടെ. ഇവക്കെല്ലാം പുറമെ, ഫലസമൃദ്ധമായ തോട്ടങ്ങളും, സ്വർണ്ണം, വെള്ളി മുതലായ ദ്രവ്യങ്ങളും ധാരാളം നൽകുവാനും നിങ്ങൾ പ്രാർത്ഥിക്കുക. എന്നാൽ ഒരു ജോലിയും ചെയ്യാതെ, ഒരിടത്തു ഞങ്ങൾക്കു സുഭിക്ഷമായി ജീവിക്കുകയും ചെയ്യാമല്ലൊ. ഇതൊന്നും സാദ്ധ്യമല്ലെങ്കിൽ, ആകാശം ഇടിഞ്ഞു ഞങ്ങളുടെ തലക്കുവീഴുവാൻ പ്രാർത്ഥിക്കുക. നിങ്ങളുടെ റബ്ബു വേണ്ടുകവെച്ചതു സംഭവിക്കുമെന്നല്ലെ നിങ്ങൾ പറയുന്നതു്. അല്ലെങ്കിൽ നിങ്ങളുടെ റബ്ബു് നേരിട്ടുവന്നു് നിങ്ങൾ അവന്റെ റസൂലാണെന്നു ഞങ്ങളോടു പറയട്ടെ. ഇതൊന്നും സാദ്ധ്യമല്ലെങ്കിൽ ഞങ്ങൾ നിങ്ങളെ വിശ്വസിക്കുകയില്ല." അവരുടെ അന്തസ്സാരശൂന്യമായ വെല്ലുവിളികളെ ശാന്തനായി കേട്ടശേഷം "നിങ്ങൾ ക്ഷമിക്കുക" എന്നരുളിക്കൊണ്ടു തിരുമേനി ആ സംഭാഷണത്തിനു പൂർണ്ണവിരാമമിട്ടു.

മറെറാരിക്കൽ മുശ്‌രിക്കുകൾ തിരുമേനി (സ) യെ അവരുടെ മാർഗ്ഗത്തിലേക്കു ആഹ്വാനം ചെയ്തു. നിങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ

ആരാധിക്കുമെങ്കിൽ നിങ്ങൾക്കു ഇഹത്തിലേക്കും പരത്തിലേക്കും വേണ്ടതെല്ലാം ഞങ്ങൾ തരാമെന്നു അവർ തിരുമേനിയോടു പറയുകയുണ്ടായി.

വേറൊരിക്കൽ ഒരു പുതുമയുള്ള നിർദ്ദേശവുമായി അവർ തിരുമേനി (സ) യെ സമീപിച്ചു. "ഞങ്ങൾ ലാത, ഉസ്സ തുടങ്ങിയ ബിംബങ്ങളെ ആരാധിക്കുന്നു. നിങ്ങൾ നിങ്ങളുടെ റബ്ബിനെ ആരാധിക്കുന്നു. ഇതാണ് നാം തമ്മിലുള്ള വ്യത്യാസം. ഈ ഭിന്നതക്കു അറുതിവരുത്തുവാൻ ഒരു നല്ല വഴി ഞങ്ങൾ കണ്ടെത്തീട്ടുണ്ട്. ഒരു കൊല്ലം ഞങ്ങൾ നിങ്ങളുടെ റബ്ബിനെ ആരാധിക്കാം. പകരം, മറുകൊല്ലം നിങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ ആരാധിക്കണം. നിങ്ങളുടെ റബ്ബിനെ ആരാധിക്കുന്നതുകൊണ്ടോ ണ് ഗ്രഹണം കിട്ടുന്നതെങ്കിൽ ഞങ്ങൾ ആ ആരാധനയിൽ തന്നെ നിങ്ങളോടൊപ്പം ഉറച്ചുനിന്നു കൊള്ളാം. മറിച്ചാണെങ്കിൽ നിങ്ങൾ ഞങ്ങളോടൊപ്പം ഞങ്ങളുടെ ദൈവാരാധനയിൽ ഉറച്ചുനിന്നാൽ മതി. ഈ കൂറു വ്യവസ്ഥ നിങ്ങൾ അംഗീകരിക്കുന്ന പക്ഷം സംഘർഷം ഒഴിവാക്കി നമുക്ക് യോജിച്ചു ജീവിക്കാം' എന്നു അവർ തിരുമേനിയെ അറിയിച്ചു. ''ഞാൻ അങ്ങിനെ കല്പിക്കപ്പെട്ടിട്ടില്ല'' എന്നു മാത്രം തിരുമേനി അതിനുത്തരം നൽകി. "സൂറത്തുൽ കാഫിറൂന" അവതരിച്ചതു ഈ ഘട്ടത്തിലാകുന്നു.

'നിങ്ങൾ ഒരു ദിവസം ഞങ്ങളുടെ ദൈവങ്ങളെ ആരാധിച്ചാൽ, പകരം ഒരു മാസം ഞങ്ങൾ നിങ്ങളുടെ റബ്ബിനെ ആരാധിക്കാം. നിങ്ങൾ ഒരു മാസം ഞങ്ങളുടെ ദൈവങ്ങളെ ആരാധിച്ചാൽ, ഒരു കൊല്ലം ഞങ്ങൾ നിങ്ങളുടെ റബ്ബിനെ ആരാധിക്കാം' എന്നിപ്രകാരം മുശ്‌രിക്കുകൾ തിരുമേനിയോടു പറഞ്ഞതായി ജഅ്ഫറുസ്സാദിഖ് (റ) വെത്തൊട്ടു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഒരു ദിവസം ഖുറൈശിനേതാക്കളായ അബൂജഹൽ, ഉത്ബത്, ശൈബത്, ഉമയ്യത്, വലീദ് മുതലായവർ തിരുമേനിയെ സമീപിച്ചു. ശാന്തമായും രമ്യമായും സംസാരിച്ചു തുടങ്ങി. ആ നിലപാടു തിരുമേനിയെ സന്തോഷിപ്പിച്ചു. 'ഞാൻ നിങ്ങൾക്കു കൊണ്ടുവന്ന മാർഗ്ഗം സന്മാർഗ്ഗമല്ലയോ' എന്നു തിരുമേനി അവരോടു ചോദിച്ചു. 'അതെ' എന്നു അവർ മറുപടി നൽകി. 'ഞാൻ പറയുന്നതിൽ വല്ല തെറ്റുമുണ്ടോ?' എന്നു തിരുമേനി വീണ്ടും ചോദിച്ചു. ഇല്ലെന്നു അവർ മറുപടി നൽകി. അതിലിടക്കു, അന്ധനായ അബ്ദുല്ലാഹിബ്നുഉമ്മിമക്തൂം അവിടെ ആഗതനായി. 'അല്ലാഹു താങ്കൾക്കു അറിയിച്ചുതന്നതു എനിക്കു പഠിപ്പിച്ചുതരിക' എന്നു അദ്ദേഹം തിരുമേനിയോടു ആവശ്യപ്പെട്ടു. ഖുറൈശിത്തലവന്മാരുമായുള്ള സംഭാഷണത്തിൽ തല്പരനായിപ്പോയ തിരുമേനി, ആ അന്ധനായ വ്യക്തിയെ അതു ഗൌനിച്ചില്ല. അദ്ദേഹം ഖദീജാ (റ) യുടെ അമ്മാമന്റെ പുത്രനായിരുന്നു. ഒരിക്കൽകൂടി അദ്ദേഹം തന്റെ ആവശ്യം ആവർത്തിച്ചു. എന്നിട്ടും തിരുമേനിയുടെ ശ്രദ്ധ അദ്ദേഹത്തിൽ പതിഞ്ഞില്ല. ആ ഘട്ടത്തിൽ 'അബസവതവല്ലാ' എന്ന സൂറത്തു അവതരിച്ചു. അന്ധനായ ആ മനുഷ്യനെ അവഗണിച്ചതിൽ തിരുമേനി അത്യന്തം ഖേദിച്ചു. അതിനുശേഷം അദ്ദേഹത്തെ കണ്ടുമുട്ടിയാൽ തിരുമേനി ഹാർദ്ദമായി സ്വാഗതം ചെയ്യുകയും ആദരിക്കുകയും ചെയ്തുപതിവായിരുന്നു.

മുശ്‌രിക്കുകൾ അത്ഭുതങ്ങൾ കാണിക്കുവാൻ തിരുമേനിയെ നിരന്തരം നിർബ്ബന്ധിച്ചു. തങ്ങൾ പറയുന്ന അത്ഭുതങ്ങൾ കാണിച്ചാൽ തങ്ങളും കൂട്ടുകാരും ഇസ്‌ലാംമതം വിശ്വസിക്കുമെന്നു അവർ വീരവാദം ചെയ്തു. അവർ ആവശ്യപ്പെടുന്ന അത്ഭുതങ്ങൾ കാണിക്കുവാൻ തിരുമേനി അല്ലാഹുവോടു പ്രാർത്ഥിച്ചു. അവരെ

അന്നനാ നസ്സൽനാ' എന്ന ആയത്തിലൂടെ അല്ലാഹു മറുപടിനൽകി. 'അവൻ ആവശ്യപ്പെട്ടതനുസരിച്ചു, അവക്കിടയിൽ നാം മലക്കുകളെ ഇറക്കി; മരിച്ചവരെ ജീവിപ്പിച്ചു; സംസാരിപ്പിച്ചു. ഇനി അവർ ആവശ്യപ്പെടുന്ന സകല കാര്യങ്ങളും നാം ചെയ്തുതന്നാലും അല്ലാഹു വേണ്ടുകവെച്ചല്ലാതെ അവർ വിശ്വസിക്കുകയില്ല' എന്ന ആ ആയത്തിൽ അല്ലാഹു വ്യക്തമാക്കി. ചന്ദ്രനെ രണ്ടാക്കിപ്പിളർന്നുകാട്ടിട്ടും അവിശ്വാസികൾ വിശ്വസിച്ചില്ല എന്നതു ഇതിനു തെളിവാകുന്നു.

മക്കാവിജയത്തിന്റെ ഘട്ടത്തിൽ ഇസ്‌ലാംമതം വിശ്വസിക്കുകയും, താഇഫ്‌യുദ്ധത്തിൽ ശഹീദാവുകയും ചെയ്ത ആളാണ് അബ്ദുല്ലാഹിബ് ഉമയ്യതൽമഖ്‌സൂമി (റ). ഇസ്‌ലാംമതം വിശ്വസിക്കുന്നതിനുമുമ്പ് തിരുമേനിയെ പെറ്റുവിച്ചവരിൽ ഒരാളായിരുന്ന അദ്ദേഹം. അബ്ദുൽമുത്തലിബിന്റെ മകളായ ആതികയുടെ പുത്രനും, തിരുമേനിയുടെ പത്നിയായ ഉമ്മുസൽമാ (റ) യുടെ സഹോദരനുമായിരുന്ന ഈ അബ്ദുല്ലാ (റ). ഇസ്‌ലാംമതം വിശ്വസിക്കുന്നതിനുമുമ്പ്, ഒരു ദിവസം അദ്ദേഹം തിരുമേനിയോട് ഇപ്രകാരം ആവശ്യപ്പെട്ടു:- 'യാ മുഹമ്മദ്, നിങ്ങളുടെ ഗോത്രക്കാർ പല വ്യവസ്ഥകളും നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു അതൊന്നും നിങ്ങൾ സ്വീകരിച്ചില്ല. പിന്നെ, അത്ഭുതങ്ങൾ കാണിപ്പാൻ അവർ ആവശ്യപ്പെട്ടു. അതും നിങ്ങൾ ചെയ്തില്ല. അതിനുശേഷം, അവരിൽ ആപത്തിറക്കുവാൻ അവർ ആവശ്യപ്പെട്ടു. അതും നിങ്ങൾ ചെയ്തില്ല. ഇനി ഇപ്പോൾ ഞാൻ ഒരു കാര്യം ആവശ്യപ്പെടാം. ആകാശത്തോളം ഉയരമുള്ള ഒരു ഏണിവെച്ചു, ഞാൻ കാൺകെ, ആ ഏണി കയറി ആകാശത്തിൽകടന്നു ഒരു ഗ്രന്ഥവുമായി ഇറങ്ങി വരേണം.. മാത്രമല്ല, നിങ്ങൾ പറയുന്നതു സത്യമാണെന്നുള്ളതിനു സാക്ഷി നിൽക്കുവാൻ നാലു മലക്കുകളെയും കൂട്ടിക്കൊണ്ടു വരേണം. അങ്ങിനെ ചെയ്താൽ ഞാൻ വിശ്വസിക്കാം.'

ഒരു ദിവസം ഖുറൈശിത്തലവന്മാർ തിരുമേനിയെ സമീപിക്കുകയും സഫാ എന്ന കുന്ന് സ്വർണ്ണമാക്കിയാൽ തങ്ങൾ വിശ്വസിക്കാമെന്നു ആണയിട്ടു ഉറപ്പിച്ചു പറയുകയും ചെയ്തു. സഫാ എന്ന കുന്ന് സ്വർണ്ണമാക്കുവാൻ തിരുമേനി (സ) അല്ലാഹുവോട് പ്രാർത്ഥിച്ചു. ആ അവസരത്തിൽ ജിബ്‌രീൽ (അ) പ്രത്യക്ഷപ്പെടുകയും ഇപ്രകാരം അറിയിക്കുകയും ചെയ്തു. "യാ മുഹമ്മദ്, അല്ലാഹു താങ്കൾക്കു സലാം പറഞ്ഞിരിക്കുന്നു. താങ്കൾ ഇഷ്ടപ്പെടുന്നപക്ഷം സഫാ എന്ന പർവ്വതത്തെ സ്വർണ്ണമാക്കി മാറാമെന്നും, അതിനു ശേഷം അവർ വിശ്വാസികൾ വിശ്വസിച്ചില്ലെങ്കിൽ ഒരു ജനതയിലും ഇറക്കാത്തവിധം അതികഠിനമായ ശിക്ഷ അവരിൽ ഇറക്കുമെന്നും തൗബായുടെ വാതിൽ അടക്കപ്പെടുമെന്നും അല്ലാഹു കല്പിച്ചിരിക്കുന്നു. സഫാ പർവ്വതം പൊന്നാകുന്നതോ, തൗബായുടെ വാതിൽ തുറന്നുകിടക്കുന്നതോ ഏതാണ് താങ്കൾ ഇഷ്ടപ്പെടുക എന്നു പറഞ്ഞാൽ അതു ചെയ്യാം' തൗബായുടെ വാതിൽ തുറന്നു കിടക്കുക എന്നതിനെ തിരുമേനി ഇഷ്ടപ്പെട്ടു. ഒരു കനകക്കുന്നിനുവേണ്ടി തൗബായുടെ വാതിൽ അടക്കപ്പെടുന്നതിനെ തിരുമേനി ഇഷ്ടപ്പെട്ടില്ല.' 'അൻ'ആം;' 'നഖ്‌ല';' 'ഇസ്‌റാഅ്,' ശുഅറാഅ്' എന്നീ സൂറത്തുകളിലെ ചില ആയത്തുകളിൽ ഈ വസ്തുത പരാമർശിക്കപ്പെട്ടിട്ടുണ്ട്.

ഒരു ദിവസം ഖുറൈശി പ്രമുഖരിൽ ചിലർ പ്രവാചകപ്രശ്നം മറ്റൊരു വഴിക്കു ചിന്താവിഷയമാക്കി. ഒരു പ്രവാചകന്റെ ആഗമനം അനിവാര്യമാണെന്നിരുന്നാൽതന്നെ, അതിനുള്ള അർഹത അനാഥബാലനായ ഈ മുഹമ്മദിനു സിദ്ധിക്കുന്നതെങ്ങിനെയെന്നു അവ

രിൽ ഒരാൾ ഒരു സംശയം ഉന്നയിച്ചു. അങ്ങിനെയാണെങ്കിൽ, മക്കക്കാരിൽ വലീദിബ്‌നുമുഗീറത്താണ്‌ അതിന്നർഹനെന്നു ഒരാൾ സമർത്ഥിച്ചു. അല്ലെങ്കിൽ, താഇഫുകാരനായ ഉർവതിബ്‌നു മസ്‌ഊദാണ്‌ അതിന്നർഹനെന്നു വേറൊരാൾ ഒരു ഭേദഗതി ഉന്നയിച്ചു. സംശയനിവാരണത്തിന്നായി മദീനക്കാരനായ ഒരു ജൂതപണ്ഡിതനെ അവർ സമീപിച്ചു ഞങ്ങളുടെ നാട്ടുകാരനായ ഒരാൾ നബിയാണെന്നു പറഞ്ഞുനടക്കുന്നു'വെന്നും 'ചില നിസ്സാരന്മാർ അയാളെ നബിയായി സ്വീകരിച്ചിരിക്കുന്നു' വെന്നും, 'അയാൾ പറയുന്നതിൽ വല്ല സത്യവുമുണ്ടോ എന്നറിവാനാണ്‌ ഞങ്ങൾ ഇവിടെ വന്നു'തെന്നും അവർ ആ ജൂതനെ അറിയിച്ചു. 'പണ്ടു ഗുഹയിൽ ഉറങ്ങിപ്പോയ ജനങ്ങളുടെ കഥ; കിഴക്കും പടിഞ്ഞാറും സഞ്ചരിച്ച ആളുകളുടെ കഥ; ആത്മാവിന്റെ സ്ഥിതി; ഈ മൂന്നു കാര്യങ്ങളെക്കുറിച്ചു നിങ്ങൾ അദ്ദേഹത്തോടു അന്വേഷിക്കുക. ആദ്യത്തെ രണ്ടു ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരം നല്കുകയും മൂന്നാമത്തെ ചോദ്യത്തിന്നു ഉത്തരം നല്കാതിരിക്കുകയും ചെയ്യുന്നപക്ഷം, നിങ്ങൾ അവരെ നബിയായി അംഗീകരിക്കുക' എന്നു ആ ജൂതൻ അവരെ ഉപദേശിച്ചു. അതനുസരിച്ചു അവർ തിരുമേനിയെ സമീപിക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. 'നാളെ ഉത്തരം നല്കാ'മെന്നു തിരുമേനി മറുപടി പറഞ്ഞു. 'ഇൻശാഅല്ലാഹ്‌'' എന്നുകൂടി തിരുമേനി പറഞ്ഞില്ല. അക്കാരണത്താൽ അടുത്ത പതിനഞ്ചു ദിവസങ്ങളിൽ വഹ്‌യ്‌ ഉണ്ടായില്ല. തന്നിമിത്തം ശത്രുക്കൾ തിരുമേനിയെ പരിഹസിക്കുകയും തിരുമേനി പരാജയപ്പെട്ടതായി പാടിനടക്കുകയും ചെയ്തു. തിരുമേനി അത്യന്തം വ്യസനിച്ചു. അവസാനം വഹ്‌യുമായി ജിബ്‌രീൽ (അ) പ്രത്യക്ഷപ്പെട്ടു. ഗുഹയിൽ ഉറങ്ങിപ്പോയവരുടെയും ദുൽഖർനൈനിയുടെയും വാർത്തകളടങ്ങിയ 'അൽകഹ്‌ഫ്‌' എന്ന സൂറ: തിരുമേനിയെ കേൾപ്പിച്ചു. 'ആത്മാവു്‌ എന്നതെന്താണെന്നും അല്ലാഹു മാത്രമെ അറിയുകയുള്ളൂ"വെന്ന വാക്ക്‌ ഉൾക്കൊള്ളുന്ന 'ഇസ്‌റാഅ്‌' എന്ന സൂറയും തിരുമേനിയെ കേൾപ്പിക്കുകയുണ്ടായി. 'അല്ലാഹു വേണ്ടുകവെച്ചെങ്കിൽ' എന്ന ഉപാധിയോടുകൂടിയല്ലാതെ' ഇന്ന കാര്യം ഞാൻ ചെയ്യാ'മെന്നു മേലിൽ പറയരുതെന്ന നിർദ്ദേശം 'വലാതഖൂലന്ന ലിശൈഇൻ..... ഇല്ലാഅൻയ്യശാഅല്ലാഹ്‌' എന്ന ആയത്തിലൂടെ തിരുമേനിക്കു നല്കപ്പെട്ടു.

വഹ്‌യ്‌ സിദ്ധിച്ചപ്പോൾ, ശത്രുക്കൾ ഉന്നയിച്ച ചോദ്യങ്ങൾക്കു തിരുമേനി ഉത്തരം നല്കി. പക്ഷെ, ശത്രുക്കൾ വായടക്കിയില്ല. ഇതെല്ലാം ഇന്ദ്രജാലമാണെന്നു പറഞ്ഞുകൊണ്ടു തിരുമേനിയെ അവർ കൂടുതൽ പരിഹസിച്ചു. ശത്രുക്കളുടെ ബുദ്ധിശൂന്യമായ പരിഹാസങ്ങളെ പരാമർശിച്ചുകൊണ്ടു 'വള്ളുഹാ' എന്ന സൂറ: ഇറങ്ങിയപ്പോൾ തിരുമേനി (സ) സന്തോഷിക്കുകയും 'അല്ലാഹുഅക്‌ബർ' എന്നു പറഞ്ഞുകൊണ്ടു അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തു.

ഖുറൈശികളുടെ ഗോത്രക്കാരനായ ഇറാശീ എന്ന ആളോടു ഒരിക്കൽ അബൂജഹൽ കുറെ ഒട്ടകങ്ങളെ വിലക്കുവാങ്ങി. പക്ഷെ, വിലകൊടുക്കാതെ ആ മനുഷ്യനെ അബൂജഹൽ ചൂഷണം ചെയ്തു. അദ്ദേഹം ഖുറൈശികളോടു ആവലാതി പറഞ്ഞു. അവരെല്ലാം അബൂജഹലിന്റെ പക്ഷക്കാരായിരുന്നു. നിസ്സഹായനായ ആ മനുഷ്യനെ കൂടുതൽ ചൂഷണം ചെയ്യുവാനും അപഹസിക്കുവാനും ഉദ്ദേശിച്ചുകൊണ്ടു് അവർ അദ്ദേഹത്തിനു ഒരു തന്ത്രം ഉപദേശിച്ചുകൊടുത്തു. "ഞങ്ങൾ പറഞ്ഞാൽ അബൂജഹൽ അനുവദിക്കയില്ല, നിങ്ങൾ മുഹമ്മദിനെ സമീപിക്കുക. മുഹമ്മദിനെക്കൊണ്ടു് പറയിച്ചാൽ നിങ്ങളുടെ പണം കിട്ടിയേക്കും'' എന്നു അവർ ഉപദേശിച്ചു. ആ സാധുമനുഷ്യൻ തിരുമേനിയെ സമീപിച്ചു സംഗതികൾ ബോധിപ്പിക്കുകയും സഹായം

അഭ്യർത്ഥിക്കുകയും ചെയ്തു. തിരുമേനി (സ) അദ്ദേഹത്തേയുംകൂട്ടി അബൂജഹലിന്റെ വീട്ടിലേക്കു പുറപ്പെട്ടു. വാതിലിന്നു മുട്ടിയപ്പോൾ അബൂജഹൽ പുറത്തുവന്നു. ‘‘ഇയാൾക്കു കൊടുപ്പാനുള്ളതു കൊടുക്കുക’’ എന്നു തിരുമേനി ആവശ്യപ്പെട്ടു. യാതൊരു എതിർപ്പും കൂടാതെ ഉടനെ അബൂജഹൽ അകത്തുപോയി പണം കൊണ്ടുവന്നു അദ്ദേഹത്തിന്നു കൊടുത്തു. ‘‘മേലിൽ ഇങ്ങനെ ആരേയും മുറിവിക്കരുത്’’ എന്നു തിരുമേനി പറഞ്ഞപ്പോൾ ‘‘ഇല്ല’’ എന്നു പറഞ്ഞുകൊണ്ട് അബൂജഹൽ സവിനയം പിന്മാറുകയും ചെയ്തു മുശ്‌രിക്കുകളുടെ പ്രതീക്ഷകൾ തകർന്നുപോയി. അവർ അബൂജഹലിനെ സമീപിച്ചു സംഗതി അന്വേഷിച്ചപ്പോൾ ‘‘മുഹമ്മദിന്റെ തലയിൽ ഒരു കുറവൻ ഒട്ടകം വന്നു പിളർന്നു നില്ക്കുന്നതായിരുന്നു. ഞാൻ ഇരുശിക്കു പണം കൊടുത്തിരുന്നില്ലെങ്കിൽ നിശ്ചയമായും ആ ഒട്ടകം എന്നെ തിന്നുകളയുമായിരുന്നു’’ വെന്നു അബൂജഹൽ ഉത്തരം പറഞ്ഞു.

തിരുമേനിയെ ദ്രോഹിച്ചവരിൽ അഗ്രഗണ്യൻ അബൂജഹലായിരുന്നു. കാണുന്നേടത്തുവെച്ചെല്ലാം മുഖം കോട്ടി (കൊഞ്ഞനംകാട്ടി) തിരുമേനിയെ പരിഹസിക്കുക എന്നതും അയാളുടെ വിദ്വേഷപരിപാടിയിലെ ഒരു ഇനമായിരുന്നു. ഒരിക്കൽ ഇങ്ങിനെ മുഖംകോട്ടി പരിഹസിച്ചപ്പോൾ, തിരുമേനി പറഞ്ഞു: ‘ഇതു നിന്റെ പ്രകൃതിയായിത്തീരട്ടെ’. അന്നുമുതൽ ബദ്‌റിയുദ്ധത്തിൽ മരിച്ചുവീഴുന്നതുവരെ, എപ്പോഴും എവിടെവെച്ചും മുഖം വികൃതമായി കോട്ടിക്കൊണ്ടിരിക്കുകയെന്നതു അബൂജഹലിന്റെ സ്വഭാവമായിരുന്നു.

വലീദിബ്‌നു മുഗീറത്, ആസിബ്‌നുവാഇൽ, ഹർസീബ്‌നുഖൈസ്, (ഇദ്ദേഹം പിൽക്കാലത്തു ഇസ്‌ലാംമതം വിശ്വസിച്ചുവെന്നു ഊഹിക്കപ്പെടുന്നുണ്ട്) അസ്‌വദിബ്‌നു അബ്ദിയഗൂസ്, അസ്‌വദിബ്‌നുൽമുത്തലിബ് എന്നീ അഞ്ചുപേർ തിരുമേനിയെ പരിഹസിക്കുന്നതിൽ കൂപ്രസിദ്ധിയാർജ്ജിച്ച ഒന്നാംകിടക്കാരിൽ അഗ്രിമന്മാരായിരുന്നു. അബൂലഹബ്, അഖബതിബ്‌നഅബീമുഈത്, ഹകമിബ്‌നുൽആസി, മാലികിബ്‌നുത്തിലാതലത് എന്നിവരും ആ പട്ടികയിൽ പെട്ടവരായിരുന്നു ഇവരുടെ പേരുകൾ എണ്ണിപ്പറയപ്പെട്ടതു, അബൂജഹലിന്റെ മരണത്തിനുശേഷമായതുകൊണ്ടു, അബൂജഹലിന്റെ പേർ ഇക്കൂട്ടത്തിൽ എണ്ണപ്പെട്ടിട്ടില്ല. ഈ പരിഹാസികളെ പരാമർശിച്ചുകൊണ്ടു കൈനാകൽ മുസ്തഹ്‌സിഇന’ എന്ന ആയത്തു അവതരിച്ചു.

മേൽപറഞ്ഞ അഖബതിബ്‌നഅബീമുഈത ഒരു ദിവസം തിരുമേനിയെ ഭക്ഷണം കഴിപ്പാൻ ക്ഷണിച്ചു. തിരുമേനി സോപാധികമായി ക്ഷണം സ്വീകരിച്ചു. ‘ഞാൻ ഭക്ഷണം കഴിക്കേണമെങ്കിൽ നിങ്ങൾ ശഹാദത്തു ചൊല്ലണം എന്നതായിരുന്നു ഉപാധി. അതനുസരിച്ചു അഖബത് ശഹാദത് ചൊല്ലുകയും തിരുമേനി ഭക്ഷണം കഴിക്കുകയും ചെയ്തു. അഖബതിന്റെ ചങ്ങാതിയായ ഉബയ്യിബ്‌നഖലഫ് ഈ വിവരം അറിഞ്ഞപ്പോൾ ക്ഷുഭിതനായിത്തീർന്നു. അയാൾ അഖബതിനെ സമീപിച്ചു. ‘താൻ ശഹാദത്തു ചൊല്ലിയതു നേരാണൊ’ എന്നു ചോദിച്ചു. ‘ഞാൻ തൽക്കാലികമായി അങ്ങിനെ ചൊല്ലിയെന്നെ ഉള്ളു. മനസ്സറിഞ്ഞു ചെയ്തതല്ല’ എന്നു അഖബത് മറുപടി പറഞ്ഞപ്പോൾ’ എങ്കിൽ, നീ ഒരു കായ്മകൂടി ചെയ്യണം. നീ ഇപ്പോൾതന്നെ പോയി മുഹമ്മദിനെ ചവിട്ടുകയും മുഖത്തു തുപ്പുകയും കണ്ണിന്നു കുത്തുകയും വേണം. അങ്ങിനെ ചെയ്തില്ലെങ്കിൽ മേലിൽ ഞാനും നീയും തമ്മിൽ ബന്ധമില്ല’ എന്നു ഉബയ്യ് നിർദ്ദേശിച്ചു. അഖ്ബത് ആ നിർദ്ദേശം സ്വീകരിക്കുകയും, തിരുമേനിയെ സമീപിച്ചു മുഖത്തേക്കു തുപ്പുകയും ചെയ്തു. പക്ഷെ, ആ തുപ്പൽ തിരുമേനിയുടെ മുഖത്തു ചെന്നെത്താതെ, ഒരു തീപ്പൊരിയായി അഖബതിന്റെ മുഖത്തു

തന്നെവന്നുവീഴുകയും, അതുവീണേടം കരുവാളിക്കുകയും, പിന്നീട് അതു വെള്ളപ്പാണ്ടായി മാറുകയും, മരിക്കുന്നതുവരെ ആ രോഗം അയാളിൽ കുടികൊള്ളുകയും ചെയ്തു. 'ഈ അക്രമി കൈകൊണ്ട് കുടിച്ചതിനുള്ള ഒരു കാലമുണ്ടാവും. ഞാൻ അല്ലാഹുവിന്റെ റസൂലിനെ അക്രമിക്കേണ്ടതില്ലായിരുന്നു എന്നു അവൻ പറയും. അല്ലാഹുവിന്റെ വാത്ത എന്നിൽ എത്തിയശേഷം അവൻ എന്നെ വഴിപിഴപ്പിച്ചു. ശൈതാൻ മനുഷ്യനെ വഴിപിഴപ്പിക്കുന്നവൻതന്നെ,' എന്നർത്ഥമുള്ള 'യഖ്‌ലയാലെയതനിത്ത'ഇയ്യ..... വകാനശ്ശൈ'താനുലിൽ ഇൻസാനി ഖദ്ദലാ' എന്ന ആയത്തു് അക്രമിയായ അഖബതിനെ പരാമർശിച്ചുകൊണ്ടു അവതരിച്ചു. നരകത്തിൽനിന്നു അഖബത് സ്വന്തം കൈകളെ കടിച്ചതിനും. ഒരുകൈ, മുട്ടോളം തിന്നശേഷം മറുകൈ കടിച്ചതിനും തുടങ്ങും. അപ്പോഴേക്കും ആദ്യത്തെകൈ വീണ്ടും മുളക്കും അങ്ങിനെ കാലാകാലം ആ ക്രിയ നടന്നുകൊണ്ടിരിക്കും.

കുപ്രസിദ്ധരായ അഞ്ചുപേരിൽപ്പെട്ട ഹകമിബ്‌നുൽആബീ ഒരു ദിവസം തിരുമേനിയുടെ പിന്നാലെ നടന്നു മുഖം കോട്ടി പരിഹസിച്ചു. 'എന്നാൽ അങ്ങിനെതന്നെ ആവട്ടെ' എന്നു തിരുമേനി അരുളിയപ്പോൾ, അയാൾ മോഹാലസ്യപ്പെട്ടു നിലത്തുവീണു. ഒരു മാസക്കാലം കിടന്നേടത്തുനിന്നു എഴുന്നേല്ലാൻ അയാൾക്കു കഴിഞ്ഞില്ല. മരിക്കുന്നതുവരെ മുഖത്തിന്റെ കോട്ടം മാറിയതുമില്ല. കുറെ കഴിഞ്ഞപ്പോൾ അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. ആ വിശ്വാസം സച്ചുമൊ സ്ഫുടമൊ ആയിരുന്നില്ല. മുസ്‌ലിമായതിനു ശേഷവും മുനാഫിഖുകളുമായി അദ്ദേഹം നിരന്തരബന്ധം പുലർത്തിവന്നു. ആകയാൽ അദ്ദേഹത്തെ താഇഫിലേക്കു മാറിത്താമസിപ്പിച്ചു. ഉസ്മാൻ (റ) വിന്റെ പിതൃസഹോദരനായിരുന്നു അദ്ദേഹം. തിരുമേനിയുടെ കാലത്തും, അബൂബകർ, ഉമർ എന്നീ ഖലീഫമാരുടെ കാലത്തും അദ്ദേഹം താഇഫിൽതന്നെ കഴിഞ്ഞുകൂടി. ഉസ്മാൻ (റ) വിന്റെ കാലത്തു, അദ്ദേഹം മദീനയിലേക്കു തിരിച്ചുവിളിക്കപ്പെട്ടു. അതിന്റെ ദുഷ്ഫലം താമസിയാതെ അനുഭവപ്പെടുകയും ചെയ്തു. ആപത്തിന്റെ അടിത്തറ ഹകമിന്റെ കൈകളാൽ പണിയപ്പെട്ടു. അദ്ദേഹത്തിന്റെ പുത്രനായ മർവാൻ ആ അടിത്തറമേൽ ആപത്തിന്റെ കോട്ട പടുത്തുയർത്തി.

കുപ്രസിദ്ധരിൽ അഗ്രിമന്മാരായി എണ്ണപ്പെട്ട, മുൻപറഞ്ഞ, അഞ്ചു ധിക്കാരികളുടെ പരിഹാസം മൂഢന്യത്തെ പ്രാപിച്ച സന്ദർഭം- ഒരു ദിവസം തിരുമേനി (സ) കഅ്ബതവാഫ് ചെയ്തുകൊണ്ടിരിക്കെ ജിബ്‌രീൽ (അ) പ്രത്യക്ഷനായി. ധിക്കാരികളുടെ ഉപദ്രവത്തിനു അറുതി വരുത്തുവാൻ അല്ലാഹു എന്നോടു കല്പിച്ചിരിക്കുന്നു"വെന്നു തിരുമേനി (സ) യെ അറിയിച്ചു. വലീദിബ്‌നുമുഗീറത് ആ വഴി നടന്നുപോകുന്നതായി കണ്ടു. 'ഇവൻ എങ്ങിനെ' എന്നു ജിബ്‌രീൽ (അ) അന്വേഷിച്ചു. 'മോശക്കാരൻ' എന്നു തിരുമേനി മറുപടി നൽകി. ജിബ്‌രീൽ അയാളുടെ മടമ്പുകാലിനെ ലക്ഷ്യമാക്കി വിരൽ ചൂണ്ടി. ഉടനെ അയാളുടെ മടമ്പുകാലിൽ ഒരു അമ്പു് തറക്കുകയും വിഷംകയറി അവിടെത്തന്നെ വീണുമരിക്കുകയും ചെയ്തു. പിന്നെ ആസിബ്‌നുവാഇലിനെ കണ്ടു. "ഇയാൾ എങ്ങിനെ' എന്നു ജിബ്‌രീൽ ചോദിച്ചപ്പോൾ 'മോശക്കാരൻ' എന്നു തിരുമേനി പറഞ്ഞു. ജിബ്‌രീൽ (അ) അയാളുടെ ചെരിപ്പടികാലിനെ ലക്ഷ്യംവെച്ചുകൊണ്ടു വിരൽചൂണ്ടി. അയാളുടെ കാലിനു മുള്ളു തറക്കുകയും ഉടനെ കാൽ വിങ്ങി നിലത്തുവീണു മരിക്കുകയും ചെയ്തു. പിന്നെ ഹർസിബ്‌നുഖൈസിനെ കണ്ടു. തിരുമേനി അയാളെപ്പറ്റിയും മേൽപ്രകാരംതന്നെ പറഞ്ഞു.

ജിബ്‌രീൽ (അ) അയാളുടെ വയറിനെ ലക്ഷ്യമാക്കി വിരൽ ചൂണ്ടി. ഉടനെ അയാൾ പള്ളവീർത്തു മലർന്നടിച്ചു നിലത്തുവീണു മരിച്ചു. അസ്‌വദിബ്‌നു അബ്‌ദിയഗ്ഗൂസിനെയാണ് പിന്നീടു കണ്ടത്. അയാളെപ്പറ്റിയും തിരുമേനി മേൽപ്രകാരംതന്നെ പറഞ്ഞു. ജിബ്‌രീൽ (അ) അയാളുടെ തലയെ ലക്ഷ്യമാക്കി വിരൽ ചൂണ്ടി. അടുത്തുള്ള ഒരു മരത്തോടു തലയടിച്ചു അയാൾ നിലത്തുവീണു മരിച്ചു. അവസാനമായി അസ്‌വദിബ്‌നുത്തലിബിനെ കണ്ടു. അയാളെപ്പറ്റിയും തിരുമേനി മേൽപ്രകാരംതന്നെ പ്രസ്താവിച്ചു. ജിബ്‌രീൽ (അ) അയാളുടെ കണ്ണുകളെ ലക്ഷ്യമാക്കി വിരൽ ചൂണ്ടി. അയാൾ അന്ധനാവുകയും, തല മതിലോടടിച്ചു നിലത്തുവീണു മരിക്കുകയും ചെയ്തു. അങ്ങിനെ ഒരു രാത്രികൊണ്ടു ദ്രോഹികളായ ആ അഞ്ചുപേരും ചത്തൊടുങ്ങി. ഈ സംഭവം ദ്രോഹബുദ്ധികളായ മറവുള്ളവർക്കു ഒരു പാഠമായിത്തീരുകയും ചെയ്തു.

ഉമ്പുലരെ മർദ്ദിച്ചു

ഖുറൈശികളായ മുശ്‌രിക്കുകൾക്കു രക്ഷിക്കുവാനും ശിക്ഷിക്കുവാനും പൂർണ്ണാധികാരമുള്ളവരുടെ കൂട്ടത്തിൽനിന്നു ഇസ്‌ലാംമതം വിശ്വസിച്ചവരെ അവർ മൃഗീയമായി മർദ്ദിച്ചു. മർദ്ദനവിധങ്ങൾ അബൂജഹൽ ആസൂത്രണം ചെയ്തു. ആധുനികലോകത്തിനു ഊഹിക്കുവാൻപോലും കഴിയാത്ത ശിക്ഷാസമ്പ്രദായങ്ങൾ അവർ അവലംബിച്ചു. അമ്മാറിബ്‌നുയാസിർ (റ), യാസിർ (റ), അബ്‌ദുല്ലാഹിബ്‌നുയാസിർ (റ), ഖബ്ബാബിബ്‌നുൽഅറത്ത (റ), ബിലാൽ (റ), ആമിറിബ്‌നുഫുഹൈത് (റ), അബൂഹുകൈഹത് (റ) എന്നീ പുരുഷന്മാരും, സുമയ്യത് (റ), ഹമാമത് (റ), ലുബൈനത് (റ), നഹ്‌ദിയത് (റ), സുനീറത് (റ) എന്നീ സ്ത്രീകളും അത്തരം ക്രൂരമർദ്ദനങ്ങൾക്കു ഇരയായവരിൽ ഉൾപ്പെടുന്നു.

അമ്മാറിബ്‌നുയാസിർ (റ) വിന്റെ വിശ്വാസദാർഢ്യം അഗ്നികൊണ്ടുതന്നെ പരീക്ഷിക്കപ്പെട്ടു. അദ്ദേഹത്തെ അഗ്നികൊണ്ടു ശിക്ഷിക്കുന്നതായി തിരുമേനി (സ) കണ്ടപ്പോൾ 'യാനാറുകുനീ ബർദ്ദൻ വസ്‌ലാമൻഅലാ' അമ്മാർ കമാ കുൻതിഅലാ ഇബ്രാഹീം' എന്നു തിരുമേനി മൊഴിയുകയും, അഗ്നിയുടെ ചൂടു ശീതളീയമായി മാറുകയും ചെയ്ത വസ്തുത ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. അബൂതാലിബിന്റെ പുത്രിയായ ഉമ്മുഹാനീ (റ) പറയുന്നു:- അമ്മാറും അദ്ദേഹത്തിന്റെ പിതാവായ യാസിറും, മാതാവായ സുമയ്യത്തും സഹോദരനായ അബ്ദുല്ലയും ഇസ്‌ലാംമതം വിശ്വസിച്ചു. ആ കുടുംബത്തെ ശത്രുക്കൾ മർദ്ദിക്കുന്ന വിധങ്ങൾ കണ്ടപ്പോൾ മനസ്സലിഞ്ഞ തിരുമേനി ഇപ്രകാരം അരുളി. 'യാസിർ കുടുംബമെ, ക്ഷമിച്ചുകൊള്ളുക. നിങ്ങൾക്കു ലഭിപ്പാനിരിക്കുന്ന പ്രതിഫലം സ്വർഗ്ഗമത്രെ.' യാസിർ (റ) ആ മർദ്ദനങ്ങളാൽ മരിച്ചു. അദ്ദേഹത്തിന്റെ ഭാര്യയായ സുമയ്യത് (റ) യെ ശിക്ഷിച്ചു നേരെയാക്കുന്നതിനായി, അബൂജഹലിന്റെ കയ്യിൽ അവരുടെ പിതൃസഹോദരൻ വിട്ടുകൊടുത്തു. അബൂജഹൽ നരകീയമായ പല യാതനകളും നൽകിനോക്കി. ആ ധീരവനിതയുടെ വിശ്വാസദാർഢ്യത്തിന്റെ മുമ്പിൽ അതൊന്നും വിലപ്പോയില്ല. അവസാനം ആ മഹാപാപി ചെയ്ത കുടുംകൈ ഇവിടെ എടുത്തുപറയുന്നതെങ്ങിനെ? പറയാതിരിക്കുന്നതെങ്ങിനെ? നീചനീചനായ അബൂജഹൽ ആ മഹിളാരത്നത്തെ മലർത്തിക്കിടത്തി അവരുടെ ഗുഹ്യസ്ഥാനത്തു ചൂട്ടുപിച്ച ഇരുമ്പുദണ്ഡു കടത്തുകയുണ്ടായി. 'ഇസ്‌ലാമോടുള്ള മമതയല്ല, മുഹമ്മദിന്റെ സൌന്ദര്യത്തിലുള്ള ഭ്രമമാണു് നിന്നെ ഇതിനു പ്രേരിപ്പിച്ചതെ'ന്നു പറഞ്ഞുകൊണ്ടാണു് അധമനായ അബൂജഹൽ ഈ ഹീനകൃത്യം നടത്തിയതു്. ആ കൊടും യാതനയിൽ ആ മഹിളാരത്നം

വീരസ്വർഗ്ഗം പ്രാപിച്ചു. ശഹീദിന്റെ പദവിയിലേക്കയർന്ന ആദ്യത്തെ മുസ്‌ലിം മഹിള ഈ സുമയ്യത്ത് (റ) യാകുന്നു. അമ്മാർ (റ) വിനെ അബൂജഹൽ ശിക്ഷിച്ച വിധവും പൈശാചികംതന്നെ. ഇരുമ്പിന്റെ അങ്കി ധരിപ്പിക്കുകയും ചുട്ടുപഴുത്ത മണലിൽ അദ്ദേഹത്തെ ഇട്ടുരുട്ടുകയും ചെയ്തു. തീച്ചൂളയിൽ നിന്നെന്നപോലെ, പൊള്ളലേറ്റതുമൂലം അദ്ദേഹത്തിന്റെ ശരീരം വികൃതമായിപ്പോയിരുന്നു. അലി (ക. വ) യുടെ ഖിലാഫത്തുകാലത്ത് അമ്മാർ (റ) വഫാത്തായി. അമ്മാർ (റ) വെ പരാമർശിച്ചുകൊണ്ടു പല ഹദീസുകളും അരുളപ്പെട്ടിട്ടുണ്ട്.

ഖബ്ബാബിബ്‌നുൽ അറത്ത (റ) ഇസ്‌ലാമിനു മുമ്പുനടന്ന ഒരു യുദ്ധത്തിൽ യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടു. പിന്നീട് ഉമ്മു അൻമ്മാർ എന്ന ഒരു സ്ത്രീ അദ്ദേഹത്തെ വിലക്കുവാങ്ങി. ആ സ്ത്രീയുടെ അടിമയായിരിക്കുന്ന കാലത്താണ് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചതു്. ഉമ്മുഅൻമ്മാർ ഒരു ക്രൂരബുദ്ധിയായിരുന്നു. ഇസ്‌ലാംമതം ഉപേക്ഷിക്കുവാൻ ആ സ്ത്രീ അദ്ദേഹത്തോടാജ്ഞാപിച്ചു. അദ്ദേഹം അതു സ്വീകരിച്ചില്ല. തന്മൂലം ആ സ്ത്രീ ഇരുമ്പുദണ്ഡ് തീയിൽ പഴുപ്പിച്ചു അദ്ദേഹത്തിന്റെ തലക്കുവെച്ചുതുടങ്ങി. ഈ വിവരം ഖബ്ബാബ് (റ) തിരുമേനിയെ അറിയിച്ചു. ‘‘ഖബ്ബാബിനെ തുണക്കേണമെ’’ എന്നു തിരുമേനി അല്ലാഹുവോടു പ്രാർത്ഥിച്ചു. അതിനുശേഷം ഉമ്മു അൻമാറിനു ഭ്രാന്തു പിടിപെട്ടു. അവർ പട്ടികളെപ്പോലെ കുരച്ചുതുടങ്ങി. ഇരുമ്പുദണ്ഡു പഴുപ്പിച്ചു തന്റെ തലക്കുചുറ്റുവെക്കുവാൻ അവർ ഖബ്ബാബ് (റ) വിനെ നിർബ്ബന്ധിച്ചുതുടങ്ങുകയും ചെയ്തു.

ബിലാൽ (റ) ഉമയ്യത്തിനിബ്‌നു ഖലഫിന്റെ അടിമയായിരുന്നു. ഉമയ്യത് അദ്ദേഹത്തെ മർദ്ദിച്ച ക്രൂരമർദ്ദനങ്ങളുടെ വാർത്തകൾ സുവിദിതമത്രെ. ദിവസങ്ങളോളം പട്ടിണിക്കിടുക; കൈകാലുകൾക്കു വിലങ്ങിട്ടു ചുട്ടുപഴുത്ത മണലിൽ തള്ളിയിടുക; ആ നിലയിൽ ഭാരമുള്ള കല്ലുകൾ അദ്ദേഹത്തിന്റെ നെഞ്ചിൽ കയറ്റി വലിക്കുക; കയറിട്ടു വലിപ്പിക്കുക എന്നിവയെല്ലാം അതിൽ ഉൾപ്പെട്ടിരുന്നു.

അടിമകളുടെ നേരെ അഴിച്ചുവിടപ്പെട്ട ഈ ക്രൂരമർദ്ദനവിധങ്ങൾ അബൂബകർസിദ്ദീഖ് (റ) വിന്റെ ഹൃദയത്തെ അസ്വസ്ഥമാക്കുകയും അദ്ദേഹത്തിന്റെ വികാരത്തെ വ്രണപ്പെടുത്തുകയും ചെയ്തു. അവരിൽ പലരെയും അദ്ദേഹം ഉടമകൾ ആവശ്യപ്പെട്ട വിലകൊടുത്തു വാങ്ങുകയും സ്വതന്ത്രരാക്കുകയുമുണ്ടായി. ബിലാൽ (റ), ആമിറിബ്‌നുഫുഹൈറത് (റ), അബൂഫാകിഹത (റ) എന്നീ പുരുഷന്മാരും; ബിലാൽ (റ) വിന്റെ മാതാവായ ഹമാമത് (റ), ലുബൈനത് (റ), നഹ്ദിയത് (റ), അവരുടെ പുത്രിയായ സനീറത് (റ) എന്നീ സ്ത്രീകളും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

ഹിജ്‌റയുടെ ഒന്നാംമുന്നോടി

മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം മുശ്‌രിക്കുകളുടെ ഉപദ്രവം അസഹ്യവും അതികഠിനവുമായിത്തീർന്നപ്പോൾ, താൽക്കാലികമായ ഒരു രക്ഷാമാർഗ്ഗം തിരുമേനി (സ) കണ്ടെത്തുകയുണ്ടായി. ‘തൽക്കാലം നിങ്ങൾ സ്വദേശം വിട്ടുകൊള്ളുക; അല്ലാഹു വീണ്ടും ഞങ്ങളെ നിങ്ങളുടെ സ്വദേശത്തെത്തിക്കും’ എന്നു തിരുമേനി (സ) സഹാബികളെ ഉപദേശിച്ചു. ‘ഞങ്ങൾ എങ്ങോട്ടാണ് പോകേണ്ടതെ’ന്നു സഹാബിമാർ അന്വേഷിച്ചു. ‘നിങ്ങൾ അബ്‌സീനിയായിലേക്കു പോയിക്കൊള്ളുക. ആ നാട്ടിലെ രാജാവു് നല്ലവനാണ്. അദ്ദേഹം നിങ്ങളെ സഹായിക്കും’ എന്നു തിരുമേനി നിർദ്ദേശം നൽകി. തിരുമേനിയുടെ നിർദ്ദേശത്തെ സ്വീകരിച്ചുകൊണ്ടു, സഹാബിമാരിൽ പലരും, ഭാര്യാസമേതരായും അല്ലാതെയും, യാത്രതിരിച്ചു. ഉസ്മാൻ (റ) വിനെ അദ്ദേഹത്തിന്റെ പത്നിയായ റുഖിയ്യ (റ) യും; അബൂസൽമത് (റ) വിനെ അദ്ദേഹത്തിന്റെ

ഭാര്യയായ ഉമ്മുസൽമ (റ)യും; അബൂഹുദൈഫ (റ) വിനെ അദ്ദേഹത്തിന്റെ ഭാര്യയായ സഹ്‌ലത് (റ) യും; ആമിറിബ്‌നു അബീറബീഅത് (റ) വിനെ അദ്ദേഹത്തിന്റെ ഭാര്യയായ ലൈലൽ അദവിയ്യ (റ) യും അനുഗമിച്ചു. റുഖിയ്യ (റ) യെ അവരുടെ ഭൃത്യയായ ഉമ്മുഐമൻ അനുഗമിക്കുകയുണ്ടായി. അബ്ദുൽറഹ്മാനിബ്‌നുഔഫ് (റ) സുബൈറിബ്‌നുൽഅവ്വാം (റ), മിസ്അബിബ്‌നുഉമൈർ (റ), ഉസ്മാനിബ്‌നുമള്ഊൻ (റ), സുഹൈലിബ്‌നുബൈളാഅ് (റ), അബൂസബ്‌റതിബ്‌നുഅബീറഹം (റ), ഹാതിബ്‌നുഉമർ (റ), ആമിർ (റ), അബ്ദില്ലാഹിബ്‌നുമസ്ഊദ് (റ) എന്നിവർ ഭാര്യമാരെക്കൂട്ടാതെ ഒറ്റക്കു പുറപ്പെട്ടു. ചിലർ കാൽനടയായും മറ്റു ചിലർ വാഹനപ്പുറത്തു കയറിയും കടൽക്കരയിലേക്കു യാത്ര തിരിച്ചു. ഈ യാത്ര, ശത്രുക്കൾ അറിയാത്തനിലയിലുള്ള ഒരു രഹസ്യ പരിപാടിയായിരുന്നു. കടൽക്കരയിലെത്തിയപ്പോൾ, അവിടെ തയ്യാറുണ്ടായിരുന്ന ഒരു കപ്പലിനു കൂലി നിശ്ചയിച്ചുകൊണ്ടു, ആ കപ്പലിൽ കയറി, ആ സംഘം അബ്സീനിയായിലേക്കു യാത്ര തിരിച്ചു.

അല്ലാഹുവിനുവേണ്ടി സഹാബിമാർ നടത്തിയ ഈ പരദേശയാത്രയാണ് ചരിത്രപ്രസിദ്ധമായ ഹിജ്റയുടെ ഒന്നാമത്തെ മുന്നോടി. ശത്രുക്കൾ താമസിയാതെ വിവരം മണത്തറിഞ്ഞു. യാത്രതിരിച്ച മുസ്‌ലിംകളെ പിടിച്ചുകൊണ്ടുവരുവാൻ അവർ കടൽക്കരയിലേക്ക് പാഞ്ഞെത്തി. പക്ഷെ, അപ്പോഴേയ്ക്കും ആ സംഘം കപ്പലിൽ കയറി യാത്രചെയ്തുകഴിഞ്ഞിരുന്നു.

അവർ അബ്സീനിയയിൽ എത്തിച്ചേർന്നു. അബ്സീനിയാ രാജാവായിരുന്ന നജാശ് അവരെ സ്നേഹപൂർവ്വം സ്വീകരിച്ചു. ഉസ്മാൻ (റ) വിൻറെയും റുഖിയ്യാബീ (റ) യുടെയും സൗന്ദര്യംകണ്ട് ആ രാജാവ് അത്ഭുതപ്പെട്ടു. 'സൗന്ദര്യത്തിൽ അഗ്രിമനായിരുന്ന യൂസുഫ്നബിയോട് തുല്യനായ ഒരു പുരുഷനെ കാണുവാൻ ആഗ്രഹിക്കുന്നപക്ഷം, ഉസ്മാനിബ്‌നു അഫ്ഫാനെ നോക്കിക്കൊള്ളുക" എന്നു ജിബ്രീൽ (അ) തന്നോട് പറഞ്ഞതായി തിരുമേനി (സ) അരുളീട്ടുണ്ട്. തിരുമേനിയുടെ പുത്രിയായ റുഖിയ്യാബീ (റ) യുടെ സൗന്ദര്യം പ്രശംസനീയമായിരുന്നു. അവരുടെ നിസ്തുലസൗന്ദര്യം കവിതാവിഷയമാക്കപ്പെട്ടിട്ടുണ്ട്. അബ്സീനിയക്കാരിൽ ചിലർ റുഖിയ്യാബീയുടെ മേൽ ദുരുദ്ദേശ്യത്തോടുകൂടി കണ്ണുവെച്ചു. അവരുടെ ആ നോട്ടവും കളിയും റുഖിയ്യാബീക്കു സഹിച്ചില്ല. ആകയാൽ, ആ ദുർമാഗ്രികളെ പിന്തിരിക്കുവാൻ ആ മഹതി അല്ലാഹുവോട് പ്രാർത്ഥിക്കുകയും, തൽഫലമായി ആ ദുർമാഗ്രികൾക്ക് ആപത്തു സംഭവിക്കുകയും ചെയ്തു.

നുബുവ്വത്തിന്റെ അഞ്ചാംവർഷത്തിലെ റജബ്മാസത്തിലാണ് സഹാബിമാരുടെ പ്രസ്തുത ഹിജ്റ നടക്കുകയുണ്ടായത്. ആ കൊല്ലം തന്നെ ശവ്വാൽമാസത്തിൽ ആ സംഘം മക്കയിലേക്കു തിരിച്ചുവന്നു. കാരണം, മക്കയിലെ ഒന്നടങ്കം മുശ്രിക്കുകളും ഇസ്‌ലാംമതം വിശ്വസിച്ചുഎന്ന ഒരു കിംവദന്തി അബ്സീനയിൽ പ്രചരിച്ചു. അതു നേരായിരിക്കുമെന്നു മുസ്‌ലിംകൾക്കു തോന്നിപ്പോയി. ആ കിംവദന്തിക്കു പിന്നിൽ ഒരു സംഭവമുണ്ട്. ഒരു ദിവസം, റമളാൻ മാസത്തിൽ, മുശ്രിക്കുകൾ കൂടിയിരുന്ന ഒരു സ്ഥലത്തുവെച്ചു നബി(സ) 'ഇഖ്റഅ് ബിസ്മി' എന്ന സൂറ: ഓതുകയും തിരുമേനിയും സഹാബിമാരും സുജൂദ് ചെയ്കയും ചെയ്തു. അപ്പോൾ മുശ്രിക്കുകൾ കൈകൊട്ടിച്ചിരിച്ചു. പിന്നീട് 'വന്നജ്മി' എന്ന സൂറ:ഓതി, തിരുമേനി സുജൂദ്ചെയ്തപ്പോൾ, സഹാബികളോടൊപ്പം മുശ്രിക്കുകളും സുജൂദ് ചെയ്കയുണ്ടായി. കാരണം, ലാത, ഉസ്സ, മനാത് എന്നീ മൂന്നു ബിംബങ്ങളുടെ പേരുകൾ ആ സൂറ:യിൽ ഓതപ്പെട്ടപ്പോൾ, 'ഈ മൂന്നു ബിംബങ്ങളും

മഹത്വമേറിയവയും നിങ്ങൾക്ക് ഗ്രഹണം ചെയ്യുവാൻ യോഗ്യതയുള്ളവയും തന്നെ' എന്നർത്ഥം വരുന്ന രണ്ടു വാചകങ്ങൾ പിശാച് അവരെ കേൾപ്പിച്ചു. മുസ്‌ലിംകൾ അതുകേട്ടതുമില്ല. ഈ സംഭവമാണ് പ്രസ്തുത കിംവദന്തിക്ക് രൂപം നല്കിയത്.

കിംവദന്തിയെ അടിസ്ഥാനമാക്കി സ്വദേശത്തേക്ക് തിരിച്ച ആ സഹാബിമാർ അറേബ്യായുടെ തീരത്തു കപ്പലിറങ്ങുകയും, മക്കയിലെത്തുന്നതിനു മുമ്പു വഴിയിയിൽവെച്ചു കണ്ടുമുട്ടിയ ഒരു കച്ചവടസംഘത്തോടു വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. കഴിഞ്ഞ സംഭവങ്ങളെല്ലാം അവർ വിവരിച്ചു പറഞ്ഞു. അപ്പോഴാണ് തങ്ങൾക്കു അമളി പറ്റിപ്പോയെന്നു സഹാബികൾ മനസ്സിലാക്കിയത്. ഈ നിലയിൽ മക്കയിൽ കടക്കാതെ അബ്സീനിയായിലേക്കുതന്നെ തിരിച്ചുപോയാലൊ എന്നു അവർ ചിന്തിച്ചു. എതായാലും, ഇവിടത്തോളം വന്ന നിലക്കു മക്കായിലേക്കുതന്നെ പോകാമെന്നു അവർ തീരുമാനിച്ചു. അങ്ങിനെ അവർ മക്കയിലേക്കു കടന്നുചെന്നു. മുസ്‌ലിംകളുടെ തിരിച്ചുവരവു് ശത്രുക്കളുടെ പൈശാചബുദ്ധിക്ക് ക്രൂരതകൂട്ടി. അവർ മുസ്‌ലിംകളുടെനേരെ അഴിമതികളും അക്രമങ്ങളും അഴിച്ചുവിട്ടു. അവക്കു വീണ്ടും മക്കയിൽ ഇരിക്കപ്പൊറുതി ഇല്ലാതായി.

സഹാബികളുടെ സംഘം അബ്സീനിയായിലേക്കു ഹിജ്റചെയ്തപ്പോൾ അബൂബകർ (റ) അവരോടൊപ്പം പോകാതെ, മക്കയിൽതന്നെ താമസിച്ചു. പക്ഷെ, ചില ദിവസങ്ങൾക്കകംതന്നെ, അദ്ദേഹത്തെ സംബന്ധിച്ചേടത്തോളവും, നാടുവിടേണ്ടുന്ന സാഹചര്യം ഉളവായി. അദ്ദേഹവും അബ്സീനിയെ ലക്ഷ്യംവെച്ചുകൊണ്ടു യാത്രതിരിച്ചു. മക്കയിൽനിന്നു യമനിലേക്കു വഴിയിൽ സ്ഥിതിചെയ്യുന്ന ബർക്കുൽഗമീദ് എന്ന സ്ഥലത്തുവെച്ചു ഖാറാഗോത്രത്തലവനായ ഇബ്നുദ്ദഗ്ന അദ്ദേഹത്തെ കണ്ടുമുട്ടി. ആ സ്ഥിതിയിൽ അബൂബകർനേരിട്ടീഖിനെ കണ്ടപ്പോൾ അദ്ദേഹം അത്യന്തം അത്ഭുതപ്പെട്ടു. മക്കയിൽവെച്ചു എകനായ അല്ലാഹുവിനെ ആരാധിക്കുവാൻ ശത്രുക്കൾ സമ്മതിക്കായ്കയാൽ, ആരാധനാ സ്വാതന്ത്ര്യത്തേടി, താൻ അബ്സീനിയായിലേക്കു പോവുകയാണെന്നു അബൂബകർ (റ) ആ ഗോത്രത്തലവനെ അറിയിച്ചു. ഖുറൈശികളുടെ കൃതഘ്നതാ മനോഭാവം ആ ഗോത്രത്തലവനെ കുണ്ഠിതപ്പെടുത്തി. യാത്ര തുടരുവാൻ അദ്ദേഹം സിദ്ദീഖിനെ അനുവദിച്ചില്ല. താങ്കളെപ്പോലുള്ള ഒരു നല്ല മനുഷ്യൻ, ദീനടയാളം, രാജ്യസ്നേഹി, വൃത്തകപ്രമാണി സ്വദേശംവിട്ടു പോവുകയെന്നതു ആ നാട്ടിന്നാകെ അപമാനമാണ്. താങ്കൾ മക്കയിൽ താമസിക്കേണ്ടിയിരിക്കുന്നു. താങ്കൾക്കു ആരാധനാസ്വാതന്ത്ര്യമാണല്ലൊ ആവശ്യം. അതു ഞാൻ നേടിത്തന്നു കൊള്ളാം. താങ്കൾ എന്റെകൂടെ മക്കയിലേക്കു തിരിച്ചുവരേണം എന്നിപ്രകാരം പറഞ്ഞുകൊണ്ടു ഇബ്നുദ്ദഗ്ന എന്ന ആ ഗോത്രത്തലവൻ അബൂബകർ സിദ്ദീഖിനെ മക്കയിലേക്കുതന്നെ കൂട്ടിക്കൊണ്ടുവന്നു. മക്കയിൽ എത്തിയപ്പോൾ, ആ ഗോത്രത്തലവൻ ഖുറൈശികളുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും, അബൂബകർസിദ്ദീഖിന്നു ആരാധനാസ്വാതന്ത്ര്യം അനുവദിപ്പാൻ ആവശ്യപ്പെടുകയും ചെയ്തു. 'എല്ലാകാലത്തും നിങ്ങളെ തുണക്കുകയും, നിങ്ങളുടെ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും പങ്കെടുക്കുകയും, നിങ്ങളുടെ ഉത്തമമിത്രമായി വർത്തിക്കുകയും ചെയ്ത അബൂബകറിനെ പൊറുതിമുട്ടിച്ചു", നാടു് കടത്തുവാനാണൊ നിങ്ങൾ ഉദ്ദേശിക്കുന്നതു്? അദ്ദേഹം നാടു് വിട്ടോടുവാനോ, സ്വദേശത്തുനിന്നു് പുറത്തുപോയി താമസിപ്പാനൊ ഒരിക്കലും അനുവദിക്കപ്പെട്ടുകൂടാ' എന്നു് ആ ഗോത്രത്തലവൻ പറഞ്ഞപ്പോൾ, സോപാധികമായി മക്കയിൽ താമസിച്ചുകൊള്ളുവാനും അദ്ദേഹത്തിന്റെ അല്ലാഹുവിനെ ആരാധിച്ചു

കൊള്ളുവാനും ഖുറൈശികൾ സമ്മതിച്ചു. അദ്ദേഹത്തിന്റെ വീട്ടിന്നകത്തുവെച്ചല്ലാതെ ആരാധന നടത്തുകയൊ, ഖുർആൻ ഓതുകയൊ ചെയ്യുവാൻ പാടില്ല എന്നതായിരുന്നു അവരുടെ നിബന്ധന. വീട്ടിന്നു പുറത്തുവെച്ചു് അദ്ദേഹം അങ്ങിനെ പ്രവർത്തിക്കുന്ന പക്ഷം, തങ്ങളുടെ സ്ത്രീകളും കുട്ടികളും വഴിപിഴച്ചുപോകുമെന്നു് അവർ ആവലാതിപ്പെട്ടു. കുറെ നാളകൾ അബൂബകർ (റ) ഈ നിലയിൽ കഴിഞ്ഞുകൂടി: പക്ഷെ, എക്കാലത്തും ഈ നില തുടരുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ വിശ്വാസം-ദീൻ-സ്വാന്തം വീട്ടിന്റെ നാലു മതിലുകൾക്കുള്ളിൽ ഒളിപ്പിച്ചുവെക്കുവാൻ ഉള്ളതല്ലായിരുന്നു. ആകയാൽ, തന്റെ വീടിന്റെ മുറ്റത്തു് അദ്ദേഹം ഒരു പള്ളി പണിയിച്ചു. ഈ പള്ളിയാണു് ഇസ്‌ലാംചരിത്രത്തിലെ ഒന്നാമത്തെ പള്ളി എന്നു് ചരിത്രകാരന്മാർ പറയുന്നു. ആ പള്ളിയിൽവെച്ചു് അദ്ദേഹം നിസ്കരിക്കുകയും ഓതുകയും ചെയ്തുതുടങ്ങി. ഇതു കണ്ടപ്പോൾ ഖുറൈശികൾ ക്ഷുഭിതരാവുകയും ഇബ്നുദ്ദഗ്നായോടു് ആവലാതിപ്പെടുകയും ചെയ്തു 'അബൂബകർ വ്യവസ്ഥ ലംഘിച്ചുതുമൂലം ഞങ്ങളുടെ സ്ത്രീകളും കുട്ടികളും വഴിപിഴച്ചുപോകുമെന്നും ഞങ്ങൾ ഭയപ്പെടുന്നു' എന്നായിരുന്നു അവരുടെ ആവലാതി. ഇബ്നുദ്ദഗ്ന ഈ വിവരം അബൂബകർ (റ) വിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:- 'താങ്കൾ എനിക്കു വാഗ്ദത്തംചെയ്ത പിന്തുണ പിൻവലിക്കുന്നതിനും വിരോധമില്ല. എനിക്കു് എന്റെ അല്ലാഹുവിന്റെ പിന്തുണയും രക്ഷയും മാത്രം മതിയാകും.'

ഹിജ്റയുടെ രണ്ടാമത്തെ മുന്നോടി

ശത്രുക്കളുടെ സ്പർദ്ധയും ഉപദ്രവവും അസഹ്യമായിത്തീർന്നപ്പോൾ മുസ്‌ലികൾ രണ്ടാമതും അബ്സീനിയയിലേക്കു് ഹിജ്റ ചെയ്തു. എൺപത്തിമൂന്നു് പുരുഷന്മാരും പതിനെട്ടു് സ്ത്രീകളുമാണു് രണ്ടാമത്തെ യാത്രാസംഘത്തിൽ ഉണ്ടായിരുന്നതു്. അലി (ക. വ) വിന്റെ ജ്യേഷ്ഠനായ ജഅ്ഫർ (റ) വും അദ്ദേഹത്തിന്റെ ഭാര്യയായ അസ്മാഅ് (റ) യും, മിഖ്ദാദിബ്നുൽഅസ്വദ് (റ) വും, അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) വും ആ സംഘത്തിൽ ഉണ്ടായിരുന്നു. നജ്ശീരാജാവു് അവർക്കു് ഹാർദ്ദമായ സ്വീകരണം നല്കി. അബ്സീനിയയിൽ മുസ്‌ലിംകൾക്കു് അഭയംലഭിച്ച വാർത്ത അറിഞ്ഞപ്പോൾ അവിടെനിന്നും അവരെ തുരത്തുവാനുള്ള തന്ത്രങ്ങൾ അബൂജഹലും കൂട്ടുകാരും ആലോചിച്ചുതുടങ്ങി. നജ്ശീരാജാവിന്നും ആ നാട്ടിലെ പ്രമാണികളായ വ്യക്തികൾക്കും വിലപ്പെട്ട സമ്മാനങ്ങൾ നല്കി, അവരെ സ്വപക്ഷത്തേക്കു് വശീകരിച്ചു്, മുസ്‌ലിംകളെ അവിടെനിന്നു് ആട്ടി ഓടിക്കുവാൻ അവർ പരിപാടിയിട്ടു. വിലപിടിച്ച സമ്മാനങ്ങളുമായി അംറുബ്നുൽആസിയേയും ഇമാറതിബ്നുൽവലീദിനെയും അവർ അബ്സീനിയയിലേക്കു് പറഞ്ഞയച്ചു. അവർ നജ്ശീരാജാവിനെ ചെന്നുകണ്ടു സമ്മാനങ്ങൾ കാഴ്ചവെച്ചതിന്നുശേഷം ഇപ്രകാരം ബോധിപ്പിച്ചു:- 'മഹാരാജാവെ, ഞങ്ങളുടെ പിതൃഗോത്രക്കാരായ കുറേ ആളുകൾ ഈ നാട്ടിൽവന്നു താമസിക്കുന്നുണ്ടു്. അവർ ഞങ്ങളെയും ഞങ്ങളുടെ ദൈവങ്ങളെയും ഉപേക്ഷിച്ചുകൊണ്ടാണു് ഇവിടെ കടന്നുവന്നിട്ടുള്ളതു്. ഞങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിച്ചെന്നു മാത്രമല്ല, നിങ്ങളുടെ മാർഗ്ഗത്തെ അവർ സ്വീകരിച്ചതുമില്ല. ഞങ്ങളുടേതും നിങ്ങളുടേതും അല്ലാത്ത ഒരു പുതിയ മാർഗ്ഗത്തെ അവർ സ്വയം സൃഷ്ടിച്ചിരിക്കുകയാണു് ഈ ആളുകളെ അവരുടെ സ്വദേശത്തേക്കുതന്നെ തിരിച്ചയക്കേണമെന്നുള്ള അപേക്ഷയുമായിട്ടാണു് ഖുറൈശിത്തലവന്മാർ ഞങ്ങളെ ഇങ്ങോട്ടു് അയച്ചിട്ടുള്ളതു്. ആകയാൽ ഗ്രണ്ബു

ദ്ധിയായ മഹാരാജാവു് ആ ജനങ്ങളെ ഖുറൈ
രിത്തലവന്മാരുടെ അടുക്കലേക്കു് തിരിച്ചയ
ക്കേണമെന്നു് ഞങ്ങൾ അപേക്ഷിക്കുന്നു.' ഇതു
കേട്ടപ്പോൾ മന്ത്രിമാർ ഖുറൈശികളുടെ അഭി
പ്രായത്തോടു യോജിച്ചു. മുസ്‌ലിംകളെ മക്ക
യിലേക്കുതന്നെ തിരിച്ചയക്കേണ്ടതാണെന്നു്
അവർ അഭിപ്രായപ്പെട്ടു. പക്ഷെ, രാജാവു്
ആ അഭിപ്രായം സ്വീകരിച്ചില്ല. അദ്ദേഹം
പറഞ്ഞു:- 'അവരെക്കൂടി വരുത്തി അവരുടെ
വിവരങ്ങൾകൂടി അറിഞ്ഞതിനുശേഷം ഈ
കാര്യത്തിൽ ഒരു തീരുമാനമെടുക്കുകയാണുത്ത
മം.' അംറുബ്‌നുൽആസി പറഞ്ഞു: 'അവരെ
രാജസന്നിധിയിലേക്കു് വരുത്തിയാൽ അ
പ്പോൾതന്നെ അവരുടെ സ്വഭാവങ്ങളും ധിക്കാ
രങ്ങളും മഹാരാജാവിനു് ബോദ്ധ്യമാകും. അ
വർ മഹാരാജാവിന്റെ മുമ്പിൽ തല കുനിക്കു
കയില്ല. മഹാരാജാവിനു് കാഴ്ച വെക്കുകയു
മില്ല.'

നജശ്‌രാജാവു് മുസ്‌ലിംകളെ ആളെ
അയച്ചുവരുത്തി. അംറുബ്‌നുൽആസി പറ
ഞ്ഞതുപോലെത്തന്നെ അവർ രാജാവിന്റെ
മുമ്പിൽ തല കുനിച്ചില്ല. 'എന്തുകൊണ്ടു് തല
കുനിച്ചില്ല' എന്നു് രാജാവു് അവരോടു് ചോ
ദിച്ചു. ജഅ്ഫർ (റ) വാണു് മുസ്‌ലിംകളെ
പ്രതിനിധീകരിച്ചുകൊണ്ടു് രാജാവുമായി സം
സാരിച്ചതു്. അദ്ദേഹം പറഞ്ഞു:- 'ഞങ്ങൾ
അല്ലാഹുവിനല്ലാതെ മറ്റാർക്കും തല കുനിക്കുക
യില്ല'. അതിനെത്തുടർന്നു് അദ്ദേഹവും രാജാ
വും തമ്മിൽ താഴെ പറയുംപ്രകാരം ഒരു ദീർഘ
സംഭാഷണം നടന്നു:-

രാ: 'എന്തുകൊണ്ടു് നിങ്ങൾ അല്ലാഹുവ
ല്ലാത്ത മറ്റാർക്കും തലകുനിക്കുന്നില്ല".

ജ: 'അല്ലാഹു ഒരു റസൂലിനെ ഞങ്ങളി
ലേക്കു നിയോഗിച്ചിരിക്കുന്നു. അവിടുന്നു് ഉപ
ദേശിച്ചതനുസരിച്ചാണു് ഞങ്ങൾ സൃഷ്ടികൾ
ക്കു് തല കുനിക്കാത്തതു്"

രാ: 'നിങ്ങളുടെ റസൂൽ പിന്നെന്താണു്
നിങ്ങളോടുപദേശിച്ചതു്"?

ജ: 'സുബ്‌ഹാനഹു മഗ്‌രിബിനും ര
ണ്ടു റക്അത് വീതം നിസ്കരിപ്പാനും ധർമ്മം
ചെയ്യുവാനും അവിടുന്നു് ഉപദേശിച്ചു.'

ഇടക്കുകയറിക്കൊണ്ടു് അംറു് പറഞ്ഞു:
ഈസാനബിയെപ്പറ്റി ഇവരുടെ വിശ്വാസം
മറിച്ചാണു്"

രാ: 'ഈസാനബിയെപ്പറ്റി നിങ്ങൾ
എന്തു വിശ്വസിക്കുന്നു?'

ജ: 'അല്ലാഹു പറഞ്ഞതു പ്രകാരം ഞ
ങ്ങൾ വിശ്വസിക്കുന്നു- റൂഹുല്ലാഹിവകലിമതു
ഹു അൽഖാഹാ ഇലാമർയമ.'

ഇതുകേട്ടപ്പോൾ രാജാവു് തന്റെ മന്ത്രി
മാരോടിപ്രകാരം പറഞ്ഞു: 'ഇവർ നാം വിശ്വ
സിക്കുന്നതുപോലെതന്നെ ഈസാനബിയിൽ
വിശ്വസിക്കുന്നു. ഈസാനബി ഇഞ്ചീലിൽ
പ്രസ്താവിച്ച, വരാനിരിക്കുന്ന പ്രവാചകൻ ഇ
വരുടെ റസൂൽതന്നെയാണെന്നും ഞാൻ വിശ്വ
സിക്കുന്നു. ഈ രാജ്യഭാരം എന്റെ കയ്യിൽ
ഇല്ലായിരുന്നുവെങ്കിൽ, പ്രവാചകർ ഉള്ളേടത്തു
ചെന്നു് ഞാൻ അവിടുത്തെ പാദുകങ്ങൾ ചു
മക്കുമായിരുന്നു. ഈ ജനങ്ങളെക്കുറിച്ചു് അനി
ഷ്ടകരമായി പറയുന്നവർ ആരായാലും ശരി,
അവർ എനിക്കു് സമ്പത്തിന്റെ ഒരു മല
കാഴ്ചവെച്ചാലും ശരി, അവരെ ഞാൻ ഇഷ്ടപ്പെ
ടുകയില്ല. അവർ എന്റെ ശത്രുക്കളാണു്. അ
വരുടെ സമ്മാനങ്ങളും കാഴ്ചകളും എനിക്കു്
സ്വീകാര്യമല്ല."

ആ സമ്മാനങ്ങളെല്ലാം തിരിച്ചുകൊടുക്ക
വാൻ രാജാവു് ഉത്തരവിട്ടു. തന്റെ നാട്ടിൽ
ഇഷ്ടാനുസാരം സ്വതന്ത്രരായി ജീവിച്ചുകൊള്ള
വാൻ മുസ്‌ലിംകൾക്കു് അദ്ദേഹം അനുമതി നാ
ല്കി. അനന്തരം രാജാവു് ജഅ്ഫർ (റ) വോ
ടു് വീണ്ടും അപേക്ഷിച്ചു: 'റസൂൽ അറിയിച്ച

തന്നെ വല്ല കല്പനകളും നിങ്ങൾ മനപ്പാഠമാക്കീട്ടുണ്ടോ?

ജ: 'ഉണ്ട്

രാ: 'എന്നാൽ പറയൂ, ഞാൻ കേൾക്കട്ടെ.'

അപ്പോൾ ജഅ്ഫർ (റ) 'കാഫ്ഹായാ അ്ഐൻസാദ്' മുതൽ ഏതാനും പദങ്ങൾ ഓതിക്കേൾപ്പിച്ചു. രാജാവ് അതുകേട്ട് അശ്രുധാര പൊഴിച്ചു. മന്ത്രിമാരുടെ കണ്ണുകളും നനഞ്ഞു. അങ്ങിനെ ഖുറൈശികളുടെ ആ ദൌത്യസംഘം നജ്സ് രാജാവിനു കൊണ്ടുപോയ സമ്മാനങ്ങളും, അതോടൊപ്പം പരാജയത്തിന്റെയും അപമാനത്തിന്റെയും ഒരു ഭാണ്ഡവും പേറിക്കൊണ്ട് മക്കയിലേക്കു തിരിച്ചുപോയി.

അവരുടെ ഈ തിരിച്ചുവരവ് ഖുറൈശികളെ വിഭ്രാന്തചിത്തരാക്കിത്തീർത്തു. അവരുടെ കൂട്ടത്തിലുള്ള ബുദ്ധിമാന്മാർ രണ്ടാമതും ഒരു ശ്രമത്തിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. ആദ്യം അയച്ച സമ്മാനങ്ങളുടെ കനവും മൂല്യവും കുറഞ്ഞതുകൊണ്ടാണ് നജശ് രാജാവ് അവ തിരിച്ചയച്ചതെന്ന് അവർ തീരുമാനിച്ചു. കൂടുതൽ മൂല്യങ്ങളുള്ള സമ്മാനങ്ങളുമായി ഒരു നിവേദകസംഘത്തെ അവർ വീണ്ടും അബ്സീനിയായിലേക്കു പറഞ്ഞയച്ചു. ആദ്യത്തെ സംഘത്തിനുണ്ടായ അനുഭവംതന്നെ രണ്ടാമത്തെ സംഘവും അനുഭവിക്കേണ്ടിവന്നു.

ഉമർ (റ) വിശ്വസിച്ചു

മുൻപറഞ്ഞ ഒന്നാം ഹിജ്റയുടെയും രണ്ടാം ഹിജ്റയുടെയും ഇടയിലാണ് ഉമർ ഫാറൂഖ് (റ) ഇസ്‌ലാംമതം വിശ്വസിച്ചതെന്നു പറയപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ ഹിജ്റ നടന്ന ഉടനെയാണ് ഉമർ (റ) ഇസ്‌ലാംമതം വിശ്വസിച്ചതെന്ന് ഇബ്നുഇസ്ഹാഖ് (റ) പ്രസ്താവിക്കുന്നു. നബുവ്വത്തിന്റെ ആറാം വർഷത്തിലാണ് അദ്ദേഹം വിശ്വസിച്ചതെന്നും അഞ്ചാംവർഷത്തിലാണ് അദ്ദേഹം വിശ്വസിച്ചതെന്നും, ഹംസ (റ) വിശ്വസിച്ചതിന്റെ മൂന്നാംദിവസമാണ് അദ്ദേഹം വിശ്വസിച്ചതെന്നും പറയപ്പെട്ടിട്ടുണ്ട്. അദ്ദേഹം വിശ്വസിച്ച സന്ദർഭത്തിൽ മുസ്‌ലിംകളുടെ അംഗസംഖ്യ മുപ്പത്തൊമ്പതായിരുന്നു. അദ്ദേഹം വിശ്വസിച്ചതോടുകൂടിയാണ് മുസ്‌ലിംകളുടെ എണ്ണം നാല്പതായിത്തീർന്നത്.

ഉമർ (റ) പറയുന്നു:— 'ഞാൻ ഇസ്‌ലാംമതം വിശ്വസിക്കുന്നതിനു മുമ്പ് തിരുമേനി (സ) യുടെ കഠിനശത്രുക്കളിൽ ഒരാളായിരുന്നു. അത്യുഷ്ണകാലത്ത്, ഒരു ദിവസം നട്ടുച്ചസമയത്ത്, വഴിയിൽവെച്ചു ഞാൻ നഫീമിബ്നുഅബ്ദില്ലാ എന്ന ആളെ കണ്ടുമുട്ടി'. പൂച്ചമാഗ്ഗിയെന്നു പറഞ്ഞു അഹങ്കരിച്ചു നടക്കുന്ന നിന്റെ വീട്ടിൽ ഇപ്പോൾ ആ പൂച്ചമാർഗ്ഗം കടന്നല്ലൊ' എന്നു പറഞ്ഞുകൊണ്ട് അയാൾ എന്നെ പുഞ്ചിരിച്ചു. എന്റെ ആത്മാഭിമാനം കീറിപ്പോയി. അയാളോട് ഞാൻ ഒരു വിശദീകരണം ആവശ്യപ്പെട്ടു.' 'നിന്റെ പെങ്ങളും പെങ്ങളുടെ ഭർത്താവും പുതിയമതം സ്വീകരിച്ചുവെന്നു അയാൾ മറുപടി പറഞ്ഞു. എന്റെ പൌരുഷത്തിനു ചൂടുപിടിച്ചു. അപമാനം എന്നെ ഉന്മത്തനാക്കി. ഞാൻ നേരെ സഹോദരിയുടെ വീട്ടിലേക്കു നടന്നു. വാതിലിൽ മുട്ടിയപ്പോൾ 'ആരാണെന്നു അവൾ ചോദിച്ചു.' ഇബ്നുൽഖത്താബ്' എന്നു ഞാൻ മറുപടി പറഞ്ഞപ്പോൾ അവൾ വാതിൽ തുറന്നു. അവളും ഭർത്താവും അകത്തിരുന്നു രഹസ്യമായി ഖുർആൻ ഓതുകയായിരുന്നു. എന്റെ കുറുകേട്ടപ്പോൾ അതു മാറ്റിവെച്ചുകൊണ്ടാണ് അവൾ വാതിൽ തുറന്നത്. കോപത്താൽ ഞാൻ അന്ധംവിട്ടുപോയിരുന്നു. അകത്തു കടന്ന ഉടനെ, 'കുടുംബദ്രോഹി, നീ ഞങ്ങളെ അ

പമാനിച്ചില്ലെ' എന്നു പറഞ്ഞുകൊണ്ട് സഹോദരിയെ ഞാൻ തല്ലി. (സഹോദരീഭർത്താവായ സഈദ് (റ) വിന്റെ താടിപിടിച്ചുവലിച്ച അദ്ദേഹത്തെ നിലത്തുതള്ളിയിടുകയും അദ്ദേഹത്തിന്റെ നെഞ്ചത്തു കയറിയിരുന്നു മർദ്ദിക്കുകയും, അതു തടയുവാൻ ചെന്ന സഹോദരിയുടെ മുഖത്തടിച്ചു ചോര ഒലിപ്പിക്കുകയും ചെയ്തുവെന്നും പറയപ്പെട്ടിട്ടുണ്ട്). തല്ലുകൊണ്ട സഹോദരിയുടെ മൂക്കത്തുനിന്നു ചോര ഒലിച്ചു. അവൾ കരഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ഞങ്ങൾ ഇസ്‌ലാംമതം സ്വീകരിച്ചിരിക്കുന്നു. നിനക്കു തോന്നിയവിധത്തിലെല്ലാം നീ ഞങ്ങളെ മർദ്ദിച്ചുകൊള്ളുക'. വീണ്ടും അവളെ മർദ്ദിക്കുവാൻ എനിക്കു തോന്നിയില്ല. ദേഷ്യത്തോടുകൂടി ഞാൻ കട്ടിലിൽ ഇരുന്നു. ചുറുപാടും നോക്കിയപ്പോൾ അവർ ഓതിക്കൊണ്ടിരുന്ന കിതാബ് ഞാൻ കണ്ടു. അതു എടുത്തു എന്റെ കയ്യിൽ തരുവാൻ ഞാൻ അവളോടാവശ്യപ്പെട്ടു. (ഉമർ (റ) അഭ്യസ്തവിദ്യനായിരുന്നു). 'അതു ഞാൻ നിന്റെ കയ്യിൽ തരികയില്ലെന്നു പെങ്ങൾ മറുപടി പറഞ്ഞു. ഞാൻ വീണ്ടും അതെടുത്തുതരുവാൻ ആവശ്യപ്പെട്ടു. അവൾ ആ ഉത്തരംതന്നെ ആവർത്തിച്ചു. അപ്പോഴേയ്ക്കും എന്റെ ക്ഷോഭം മിക്കവാറും തണുത്തുകഴിഞ്ഞതിരുന്നു. ഞാൻ പറഞ്ഞു: 'സഹോദരീ' നിന്റെ വാക്ക് എന്റെ മനസ്സിൽ തറച്ചുകഴിഞ്ഞതിരിക്കുന്നു. നീ ആ കിതാബ് എനിക്കു തരൂ. നിശ്ചയമായും ഞാൻ നിന്നെ ഉപദ്രവിക്കുകയില്ല. അതുനോക്കിയശേഷം ഞാൻ തിരിച്ചുതരും. നശിപ്പിക്കുകയില്ല. അങ്ങിനെയാണെങ്കിൽ തരാമെന്നു അവൾ സമ്മതിച്ചു. പക്ഷെ, അതു ഒരു വിശുദ്ധ ഗ്രന്ഥമായതുകൊണ്ടു ശുദ്ധിയോടുകൂടിയല്ലാതെ തൊടാവതല്ലെന്നും, 'നീ കളിച്ചുവന്നാൽ തരാ'മെന്നും അവൾ പറഞ്ഞു.[1] 'അല്ലാഹുവിന്റെ ഗ്രന്ഥം ഒരു മുശ്‌രിക്കിന്റെ കയ്യിൽ കൊടുപ്പാൻ പാടുണ്ടോ' എന്നു, അപ്പോൾ അവിടെയുണ്ടായിരുന്ന ഖബ്ബാബ് (റ) സഹോദരിയോടു ചോദിച്ചു. 'എന്റെ സഹോദരൻ അല്ലാഹുവിന്റെ ദീനിലേക്കു വരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു'വെന്നു സഹോദരി മറുപടി നല്കി. ഞാൻ കളിച്ചുവന്നപ്പോൾ ആ കിതാബ് അവൾ എനിക്കുതന്നു. 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്നു അതിൽ എഴുതിയതായി ഞാൻ കണ്ടു. ആ പുണ്യനാമങ്ങൾ എന്റെ കണ്ണുകളെയും കരളിനെയും ഹഠാദാകർഷിച്ചു. ഒരു പുതിയ ചിന്താമണ്ഡലത്തിലേക്കു ഞാൻ ഉയർന്നുപോയി. സ്വയം വിസ്മൃതനായ എന്റെ കയ്യിൽനിന്നു ഞാനറിയാതെ ആ കിതാബ് നിലത്തുവീണുപോയി. ഉടനെ, ആദരപൂർവ്വം അതുകയ്യിലെടുത്തുകൊണ്ടു വീണ്ടും ഞാൻ അതിൽ ദൃഷ്ടിപതിച്ചു. 'സുബ്ഹാനല്ലാഹി മാ ഫിസ്സമാവാതി വൽ അർളി വഹുവൽ അസീസുൽഹകീം' എന്നും, 'ആമനൂബില്ലാഹി വറസൂലിഹീ' എന്നും, ഞാൻ കണ്ടു. 'ഇൻകുൻതും മുഅ്മിനീൻ' എന്നുവരെയുള്ള ഭാഗം ഞാൻ ഓതുകയും അതിന്റെ പൊരുളുകളും ആലോചിച്ചു ഗ്രഹിക്കുകയുംചെയ്തു. ('താഹാ മാ അൻസൽനാ അലൈകുൽ ഖുർആന..... ലഹുൽമുൽക്കു വലഹുൽഹംദു' എന്നുവരെയാണ് ഓതിയതെന്നു ഒരു രിവായത്തിലും, 'ഇദ്യുസുകുവ്വിറത''.... അലിമത്' നഫ്സുമ്മാ അഹ്റളത്' വരെയാണോതിയതെന്നു മറെറാരു രിവായത്തിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്). 'ഇന്നനീ അനല്ലാഹു ലാ ഇലാഹ ഇല്ലാ അന ഫഅ്ബുദ്നീ വഅഖീമിസ്സ്വലാത ലിദിക്രീ' എന്ന ഭാഗം ഓതിയപ്പോൾ അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും; അവനെയല്ലാതെ ആരാധിക്കുവാൻ പാടില്ലെന്നും എനിക്കു വ്യക്തമായി. തിരുമേനി (സ) എവിടെയാണുള്ളതെന്നു പറഞ്ഞുതരുവാൻ ഞാൻ ആവശ്യപ്പെട്ടു. സഫാ എന്നു പർവ്വത

ന്നലക്കുകയും ചെയ്തു. ഞാൻ ചോദിച്ചു: 'മരിച്ചാലും ജീവിച്ചാലും നാം സത്യമാർഗികളല്ലേ'. 'അതെ' എന്നു തിരുമേനി മൊഴിഞ്ഞു. ഞാൻ പറഞ്ഞു: 'എങ്കിൽ, നമ്മുടെ ദീനിനെ ഒളിച്ചുവെക്കേണ്ടതെന്ന ആവശ്യമെന്തുണ്ട്? നാം സത്യമാർഗത്തിലും അവർ അസത്യമാർഗത്തിലുമാണെല്ലോ സ്ഥിതിചെയ്യുന്നതു'.' തിരുമേനി പറഞ്ഞു: 'താങ്കൾ പറഞ്ഞതു ശരിയാണു; നമ്മുടെ അംഗസംഖ്യ വളരെ തുച്ഛമാണു. അവർ നമ്മെ എതെല്ലാംവിധത്തിലാണു ഉപദ്രവിച്ചതെന്നു താങ്കളോടു പറയേണ്ടതില്ലല്ലോ?' ഞാൻ പറഞ്ഞു: തിരുമേനി, ഈ സത്യമാർഗംകൊണ്ടു താങ്കളെ നിയോഗിച്ച അല്ലാഹുവാണെ സത്യം, അസത്യമാകുന്ന അന്ധകാരം എവിടെയെല്ലാം തങ്ങിനില്ക്കുന്നുവോ, അവിടെയെല്ലാം ഈ സത്യമാർഗത്തിന്റെ പ്രകാശം ഞാൻ എത്തിക്കാതിരിക്കുകയില്ല. ഞാൻ ഇഷ്ടപ്പെട്ട ദീനായ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിലും അതിൽ ഉണ്ടാവാൻ ഇടയുള്ള ആപത്തുകളെയും ഉപദ്രവങ്ങളെയും അനുഭവിക്കുന്നതിലും കുറെ പ്രയാസവും എനിക്കു തോന്നുന്നില്ല.'

ആ രംഗത്തുവെച്ചു ഉമർ (റ) നേരെ അബൂഹുറൈറലിന്റെ വീട്ടിലേക്കാണു തിരിച്ചതു. വാതിലിനു മുട്ടിയപ്പോൾ ആരാണെന്നു ചോദിച്ചു. ആളെ തിരിച്ചറിഞ്ഞപ്പോൾ അബൂഹുറൈറൽ വാതിൽ തുറന്നു. കുശലപ്രശ്നവുമായും കൊണ്ടാണു ഞാൻ വന്നിട്ടുള്ളതെന്നു ഉമർ (റ) പറഞ്ഞപ്പോൾ, അബൂഹുറൈറലിന്റെ മുഖത്തു് ആകസ്മികമായ സന്തോഷം പ്രത്യക്ഷപ്പെട്ടു. 'ഞാൻ അല്ലാഹുവിനെക്കൊണ്ടും അവന്റെ റസൂലിനെക്കൊണ്ടും റസൂൽകൊണ്ടുവന്നിട്ടുള്ള സകലതിനെക്കൊണ്ടും വിശ്വസിച്ചു'വെന്നു ഉമർ (റ) തുടർന്നുപറഞ്ഞപ്പോൾ, അബൂഹുറൈറലിന്റെ മുഖം കൂടുതൽ പ്രകാശിച്ചുപോയി. 'എങ്കിൽ നിന്നെ ഞാൻ സന്തോഷവാനാക്കട്ടെ. നീ വിശ്വസിച്ച കാര്യങ്ങളെയും പരിശുദ്ധമാക്കട്ടെ' എന്നിപ്രകാരം

ത്തിന്റെ താഴെ, ദാറുൽഅർഖം എന്ന വീട്ടിലാണു് തിരുമേനി ഉള്ളതെന്നു് അവർ എന്നോടു പറഞ്ഞു. ഞാൻ നേരെ ദാറുൽ അർഖമിലേക്കു കുതിച്ചു. വാതിലിനു മുട്ടിയപ്പോൾ' ആകത്തുനിന്നു് 'ആരാ'ണെന്നു ചോദിച്ചു. ഇബ്നുൽഖത്താബാണെ'ന്നു് ഞാൻ മറുപടി പറഞ്ഞു. പെട്ടെന്നു് അവർ വാതിൽ തുറന്നില്ല. വാതിൽ തുറക്കുവാൻ തിരുമേനി നിർദ്ദേശിച്ചു. അതോടൊപ്പം ഹംസ (റ) ഇപ്രകാരം പറയുന്നതു ഞാൻ കേട്ടു. 'ഉമർ നല്ലതിനാണു വന്നതെങ്കിൽ നല്ലതു്. മറിച്ചാണെങ്കിൽ അവന്റെ കഥ കഴിക്കുക എന്നതു് വളരെ എളുപ്പം.' അവർ വാതിൽ തുറന്നു ഞാൻ അകത്തേക്കു കടക്കുമ്പോൾ, ഹംസ (റ) എന്റെ വിലുകയ്യും സുബൈർ (റ) എന്റെ ഇടതുകയ്യും പിടിച്ചു. ഞാൻ തിരുമേനിയുടെ സന്നിധിയിൽ എത്തി. എന്റെ കൈ വിടുവാൻ അവരോടു് ഞാൻ ആവശ്യപ്പെട്ടു. ഞാൻ തിരുമേനിയുടെ മുമ്പിൽ ഇരുന്നു. അപ്പോൾ തിരുമേനി ചോദിച്ചു: 'ഖത്താബിന്റെ മകനെ, ഈ വരവിന്റെ ഉദ്ദേശ്യം എന്താണു്?' ഞാൻ പറഞ്ഞു: യാറസൂലുള്ളാ, അല്ലാഹുവിനെക്കൊണ്ടും, റസൂലിനെക്കൊണ്ടും, റസൂലിനു് അല്ലാഹു നല്കിയിട്ടുള്ളതിനെക്കൊണ്ടും വിശ്വസിപ്പാനാണു് ഞാൻ വന്നിട്ടുള്ളതു്.' അതു കേട്ടപ്പോൾ തിരുമേനി തക്കബീർ ചൊല്ലി. സഹാബികളും ഒരുമിച്ചു് ആ തക്കബീർ ഏറ്റുചൊല്ലി. തക്ബീറിന്റെ ധ്വനി അന്തരീക്ഷത്തിൽ മുഴങ്ങിത മാവുകയും, മക്കയുടെ താഴ്വരകളിൽ വെ

കാരം അലറിക്കൊണ്ട് അയാൾ വാതിൽ കൊട്ടിയടച്ചു.

അല്പകഴിഞ്ഞ് ഉമർ (റ) വീണ്ടും തിരുമേനിയുടെ സന്നിധിയിലേക്ക് ചെന്നു കഅ്ബയിലേക്ക് പുറപ്പെടുവാൻ അദ്ദേഹം സഹാബിമാരെ പ്രേരിപ്പിച്ചു. അവർ രണ്ടായി നിരന്നു. ഒരണിയുടെ മുമ്പിൽ ഉമർ (റ) വും, മറെറ അണിയുടെ മുമ്പിൽ ഹംസ (റ) വും നിന്നു. അവർ രണ്ടുപേരും വാളരികയ്യിൽ പിടിച്ചു. മദ്ധ്യത്തിൽ തിരുമേനിയെ നിറുത്തിക്കൊണ്ട് ഒരു ഘോഷയാത്രയായി അവർ കഅ്ബയിലേക്ക് പുറപ്പെട്ടു. ശഹാദത്തിന്റെറയും തക്ബീറിന്റെറയും ധ്വനികളാൽ അന്തരീക്ഷത്തെ മുഖരിതമാക്കിക്കൊണ്ടുള്ള ആ ഘോഷയാത്ര, ഖുറൈശികളെ അത്യന്തം വേദനിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്തു. സത്യത്തിന്റെറയും അസത്യത്തിന്റെറയും ഇടയിൽ അതിരിട്ട ആദ്യം എന്നർത്ഥമുള്ള— സത്യത്തെയും അസത്യത്തെയും വിച്ഛേദിച്ച ആദ്യം എന്നർത്ഥമുള്ള— ഫാറൂഖ് എന്ന പേർ ഉമർ (റ) വിന്നു് തിരുമേനി കല്പിച്ചുകൊടുത്തു. ഉമർ (റ) ഇസ്‌ലാംമതം വിശ്വസിച്ച വിവരം അതിശീഘ്രം നാട്ടിലാകെ പ്രചരിച്ചു. അദ്ദേഹം പറയുന്നു: 'ഞാൻ മുസ്‌ലിമായതിന്നു ശേഷം എതിരാളികളിൽ പലരും എന്നെ തല്ലി. ഞാൻ അവരെയും തല്ലി. അല്ലാഹുവിന്റെ ദീനിന്നു ശക്തി ലഭിക്കുന്നതുവരെ ഈ പ്രക്രിയ നടന്നു.'

ഇബ്നുഅബ്ബാസ് (റ) പറയുന്നു:— 'ഉമർ (റ) ഇസ്‌ലാംമതം വിശ്വസിച്ചപ്പോൾ, മലക്കുകൾ ആകാശത്തിൽവെച്ച് ആ സംഭവത്തെ പ്രശംസിച്ച വിവരം ജിബ്‌രീൽ (അ) തിരുമേനിയെ അറിയിച്ചു.' ഇബ്നുമസ്ഊദ് (റ) പറയുന്നു: 'അല്ലാഹുവാണെ സത്യം, ഉമർഖത്താബ് ഇസ്‌ലാംമതം വിശ്വസിക്കുന്നതുവരെ, കഅ്ബയിൽവെച്ച് പരസ്യമായി നിസ്കരിക്കുവാൻ ഞങ്ങൾക്ക് സാധിച്ചിരുന്നില്ല.'

ഒരു ദിവസം അബൂജഹൽ ഉമർ (റ) വിനെ വഴിയിൽവെച്ച് പരിഹസിച്ചു. അദ്ദേഹം പിന്തിരിഞ്ഞില്ല. അവർതമ്മിൽ ഉന്തും തള്ളുമായി. അപ്പോൾ ഉത്ബതിബ്നുറബീഅത്, അബൂജഹലിനെ സഹായിപ്പാൻ മുമ്പോട്ടു വന്നു. ഉമർ (റ) അവനെ തല്ലി നിലത്തിട്ടു. അപ്പോഴെയ്ക്കും എതിരാളികളിൽ ചിലർ അദ്ദേഹത്തെ വളഞ്ഞു. യാദൃശ്ചികമായി അവിടെ എത്തിച്ചേർന്ന ഹംസ (റ) അദ്ദേഹത്തെ അവരിൽനിന്നു് വീണ്ടെടുത്തു.

ഉമർ (റ) ഇസ്‌ലാംമതം വിശ്വസിപ്പാനുണ്ടായ കാരണം മുൻപറഞ്ഞ ഏകസംഭവമല്ലെന്നും, പല സംഭവങ്ങളും അതിനു കാരണമായിട്ടുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു. തിരുമേനിയെ കൊലചെയ്യുന്ന, ധീരയോദ്ധാവിന്നു് മഹത്തായ പാരിതോഷികങ്ങളും നല്കപ്പെടുമെന്നു് അബൂജഹൽ പ്രഖ്യാപിച്ചപ്പോൾ തിരുമേനിയെ കൊലപ്പെടുത്തുവാനായി വാളുമേന്തി പുറപ്പെട്ട ഉമർ ഖത്താബ്, വഴിയിൽവെച്ച് സഅ്ദിബ്നുഅബീവഖ്ഖാസിനെ കണ്ടുമുട്ടി. ഉമർ (റ) അദ്ദേഹത്തെ ചീത്തപറയുകയും തല്ലുകയും ചെയ്തു. അപ്പോൾ 'വീടു് നന്നാക്കിയതിന്നുശേഷം പോരെ നാടു നന്നാക്കാൻ' എന്നു് അദ്ദേഹം ഉമർഖത്താബിനെ ഗ്രഹോപദേശിച്ചു. അതിനെ തുടർന്നാണു് അദ്ദേഹം സഹോദരിയുടെ വീട്ടിലേക്കു പോയതെന്നും ഇസ്‌ലാംമതം വിശ്വസിച്ചതെന്നും; കഅ്ബയിൽവെച്ചു ചില ബിംബങ്ങളും സംസ്കരിച്ചതിന്റെറ ഫലമായിട്ടാണു് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചതെന്നും പറയപ്പെട്ടിട്ടുണ്ടു്. ഇങ്ങിനെ അദ്ദേഹം വിശ്വസിപ്പാനുണ്ടായ കാരണങ്ങളും പലതായി പറയപ്പെട്ടിരിക്കുന്നു.

തിരുമേനിയും കൂട്ടുകാരും പ്രതിരോധിക്കപ്പെട്ടു

മുസ്‌ലിംകളുടെ അംഗസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയും അബ്സീനിയ

യിൽ മാറിത്താമസിച്ച മുസ്‌ലിംകൾ സുഖക്ഷേമങ്ങളോടുകൂടി അവിടെ ജീവിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ, പ്രതിപക്ഷത്തിന്നു് അസൂയയും കോപവും സഹിക്കാൻ കഴിഞ്ഞില്ല. തിരുമേനിയെ കൊന്നല്ലാതെ ഈ മുന്നേറ്റത്തെ തടുക്കുവാൻ സാദ്ധ്യമല്ലെന്നു് അവർ തീർച്ചപ്പെടുത്തി. തിരുമേനിയെ കൊല്ലുവാനുള്ള പരിപാടികൾ ഒരു രഹസ്യയോഗത്തിൽ വെച്ചു് അവർ അംഗീകരിച്ചു. ഈ വിവരം അറിഞ്ഞ അബൂതാലിബു്, ഹാശിമിന്റെയും മുത്തലിബിന്റെയും സന്തതികളെ വിളിച്ചുവരുത്തുകയും തിരുമേനിയെ ശത്രുക്കളിൽനിന്നു് രക്ഷിക്കുവാൻ അവരോടു് ആവശ്യപ്പെടുകയും ചെയ്തു. അബൂലഹബു് ഒഴികെ അവർ ഐക്യകണ്ഠേന അബൂതാലിബിന്റെ നിർദ്ദേശം സ്വീകരിച്ചു. അബ്ദുമനാഫിന്റെ മക്കളായ അബ്ദുശ്ശംസിന്റെയും നൗഫലിന്റെയും സന്തതികൾ അതിന്നു വഴിപ്പെട്ടില്ല. തിരുമേനിക്കു് പിന്തുണ നല്കുവാൻ ഒരുങ്ങിയ സംഘത്തിൽ മുസ്‌ലിംകളും അമുസ്‌ലിംകളും ഉണ്ടായിരുന്നു. ഈ വിവരം ശത്രുപക്ഷം അറിഞ്ഞപ്പോൾ, ഹാശിമിന്റെയും മുത്തലിബിന്റെയും സന്തതികൾക്കെതിരായി ഒരു പന്തിവിരോധപത്രിക അവർ തയ്യാറാക്കി. തിരുമേനിയെ കൊലചെയ്യുവാൻ വിട്ടുകൊടുക്കുന്നതുവരെ, പ്രസ്തുത ഗോത്രക്കാരുമായി മറ്റുള്ളവർ വിവാഹബന്ധമൊ വ്യാപാരബന്ധമൊ നടത്തുവാൻ പാടില്ല എന്നതായിരുന്നു ആ പന്തിവിരോധപത്രികയിലെ നിബന്ധന. മൻസൂറിബ്നു ഇക്രിമത്, ഗൈളിബ്നുആമിർ, നളറിബ്നുൽഹർസ്, ഹിശാമിബ്നുഉമർ എന്നീ നാലുപേരിൽ ഒരാളാണു് ആ പത്രിക എഴുതിയതെന്നു് പറയപ്പെട്ടിട്ടുണ്ടു്. ഇവരിൽ ആദ്യത്തെ രണ്ടുപേർ അപബാഹ എന്ന രോഗത്താൽ മരിച്ചു. മൂന്നാമത്തെ ആൾ ബദർയുദ്ധത്തിൽ കൊല്ലപ്പെട്ടു. നാലാമത്തെ ആൾ മക്കാവിജയത്തിന്റെ ഘട്ടത്തിൽ ഇസ്‌ലാംമതം സ്വീകരിച്ചു. മൻസൂർ എന്ന ആളാണു് ആ പത്രികയുടെ അസൽ എഴുതിയതെന്നും, മറ്റുള്ളവർ ഓരോ പകർപ്പെടുക്കുകയാണു് ചെയ്തതെന്നും, ഒരു പകർപ്പു് കഅ്ബയിൽ കെട്ടിത്തൂക്കിയെന്നും പറയപ്പെട്ടിട്ടുണ്ടു്. നബുവ്വത്തിന്റെ ഏഴാംകൊല്ലത്തിലെ മുഹർറം മാസത്തിലാണു് ഇതു സംഭവിച്ചതു്.

ഹാശിമിന്റെയും മുത്തലിബിന്റെയും സന്തതികൾ തിരുമേനിയെ ഒരു മലയിടുക്കിൽ താമസിപ്പിച്ചു. എതിരാളികൾ പ്രതിരോധനടപടികൾ കൈക്കൊള്ളുകയും ചെയ്തു. മുസ്‌ലിംകൾ കൂടെകൊണ്ടുപോയ ഭക്ഷ്യസാധനങ്ങൾ തീർന്നുപോയശേഷം പട്ടിണിക്കിരയായി. മൂന്നു സംവത്സരക്കാലം അവർ ആ മലയിടുക്കിൽ കഴിഞ്ഞുകൂടി. അതിലിടക്കു് അവരുടെ ബന്ധുക്കളിൽപെട്ട ചിലർ വളരെ ഗ്രുഢമായി അവർക്കു് ചില്ലറ ഭക്ഷ്യസാധനങ്ങൾ എത്തിച്ചുകൊടുത്തു. അക്കൂട്ടത്തിൽ മുൻപറഞ്ഞ ഹിശാമിബ്നുഉമറിന്റെ പേർ പ്രസ്താവ്യമത്രെ. അദ്ദേഹം മലയിടുക്കിലേക്കു് രഹസ്യമായി ഭക്ഷണസാധനം എത്തിച്ചുകൊടുക്കുന്ന വിവരമറിഞ്ഞപ്പോൾ, മറുപക്ഷത്തിന്റെ നേതാവായ അബൂസുഫിയാൻ അദ്ദേഹത്തെ ചോദ്യംചെയ്തു. രക്തബന്ധം അകറ്റേണമെന്നു നിബന്ധന നിങ്ങളുടെ പന്തിവിരോധ പത്രികയിൽ ഇല്ലെന്നുപറഞ്ഞുകൊണ്ടു് അദ്ദേഹം അബൂസുഫിയാനോടു് കയർത്തപ്പോൾ, അബൂസുഫിയാൻ പിൻവാങ്ങിക്കളഞ്ഞു. മലയിടുക്കിൽ ഖദീജാ (റ) യും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ഒരു ദിവസം ഹകീമിബ്നുഹ്സാം എന്ന ആൾ കുറച്ചു ഭക്ഷണസാധനങ്ങളുമായി മലയിടുക്കിലേക്കു പോകുമ്പോൾ വഴിയിൽവെച്ചു കണ്ട അബൂജഹൽ അയാളെ തടഞ്ഞു. അവർ തമ്മിൽ വാഗ്വാദമായി. ഖദീജാ (റ) യുടെ സഹോദരപുത്രനായിരുന്ന പ്രസ്തുത ഹകീമിബ്നുഹ്സാം. അവർ തർക്കിച്ചുനില്ക്കുമ്പോൾ, അബുൽബഹ്തരി എന്ന

ആം അവിടെ വന്നെത്തി. 'ഇയാം ഇയ്യ് ഇയാളുടെ ബാപ്പയുടെ സഹോദരിക്ക് കൊണ്ടു പോകുന്നതാ'ണെന്നും 'അതുകൊണ്ട് തടഞ്ഞു വെക്കാതെ വിട്ടേക്കണ'മെന്നും അബൂൽബഹ്തരി അഭിപ്രായപ്പെട്ടു. അപ്പോൾ, അബൂജഹൽ അദ്ദേഹത്തോട് തട്ടിക്കയറി. അബൂൽബഹ്തരി, അബൂജഹലിന്റെ തലക്കടിച്ച് തലകീറി ചോര ഒലിച്ചു. ഈ അബൂൽബഹ്തരി അമുസ്‌ലിമായിരുന്നു. അമുസ്‌ലിമായ നിലയിൽതന്നെ ബദർയുദ്ധത്തിൽ കൊല്ലപ്പെടുകയും ചെയ്തു.

മലയിടുക്കിൽ പ്രതിരോധിതാവസ്ഥയിൽ കഴിഞ്ഞുകൂടുന്ന കാലത്താണ് അവിടെവെച്ചാണ് ഇബ്നുഅബ്ബാസ് (റ) വിനെ പ്രസവിച്ചത്. മുസ്‌ലിംകളും, തങ്ങളുടെ സഹായികളായ അമുസ്‌ലിംകളോടൊപ്പം, ഭക്ഷണദാരിദ്ര്യവും മറ്റു ക്ലേശങ്ങളും അനുഭവിച്ചുകൊണ്ട് ആ മലയിടുക്കിൽ താമസിച്ചുകൊണ്ടിരിക്കെ, പന്തിവിരോധ പത്രികക്ക് ചിതൽ പിടിച്ചുപോയെന്നും അല്ലാഹു തിരുമേനിയെ അറിയിച്ചു. ആ വിവരം തിരുമേനി അബൂതാലിബിനെ അറിയിച്ചു. അതറിഞ്ഞപ്പോൾ അബൂതാലിബും മറ്റു ചിലരുംകൂടി മക്കയിലേക്ക് പുറപ്പെട്ടു. അബൂതാലിബ് തങ്ങൾക്ക് കീഴടങ്ങുവാൻ വന്നിരിക്കുകയാണെന്ന് ഖുറൈശികൾ സംശയിച്ചു. പന്തിവിരോധപത്രിക കൊണ്ടുവരേണമെന്ന് അബൂതാലിബ് എതിരാളികളോട് ആവശ്യപ്പെട്ടു. അവർ അതു കൊണ്ടുവന്നു. ഇതിലെ വാചകങ്ങൾ ചിതൽതിന്നു കഴിഞ്ഞിരിക്കുന്നതായി തന്റെ സഹോദരപുത്രൻ പറഞ്ഞിട്ടുണ്ടെന്നും, അതു ശരിയാണെങ്കിൽ ഈ പത്രിക ദുർബ്ബലപ്പെട്ടതായി ഗണിക്കേണമെന്നും, ശരിയല്ലെങ്കിൽ നിങ്ങൾ പറയുന്നതുപോലെ ഞങ്ങൾ ചെയ്യുമെന്നും അബൂതാലിബ് എതിർപക്ഷത്തോട് പറഞ്ഞു. അവർ അതു സമ്മതിച്ചു. തുറന്നുനോക്കിയപ്പോൾ പത്രികയിലെ വാചകങ്ങൾ ചിതൽതിന്നുപോയതായികണ്ടു. പക്ഷെ, എതിരാളികൾ വാക്കുപാലിച്ചില്ല. ഇതെല്ലാം മുഹമ്മദിന്റെ ഇന്ദ്രജാലമാണെന്ന് അവർ വാദിച്ചു. എതിരാളികൾ അവരുടെ പിടിവാശിയിൽനിന്ന് മാറുകയില്ലെന്ന് വന്നപ്പോൾ അബൂതാലിബും കൂട്ടുകാരും മലയിടുക്കിലേക്കുതന്നെ തിരിച്ചുപോയി.

ഇതിന്നുശേഷം, എതിരാളികളിൽനിന്നുതന്നെ ചിലർ പ്രസ്തുത പത്രിക ദുർബ്ബലപ്പെടുത്തുവാൻ മുൻകൈ എടുത്തു. ഹിശാമിബ്നു ഉമറാണ് ആദ്യമായി അതിനു കൊടി പുറപ്പെടുത്തത്. (അദ്ദേഹം അന്ന് ഇസ്‌ലാമതം വിശ്വസിച്ചിരുന്നില്ല) അദ്ദേഹം സുഹൈർ എന്ന ആളെ (ഇദ്ദേഹവും അന്ന് ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല) സമീപിച്ചുകൊണ്ട് ഇപ്രകാരം ചോദിച്ചു: 'സുഹൈറെ, നീ തിന്നുകുടിച്ച് ഭാര്യാമക്കളോടൊപ്പം സുഖിച്ച്, ഇവിടെ കഴിഞ്ഞുകൂടുന്നു. നിന്റെ ബന്ധുക്കൾ ആ മലയിടുക്കിൽ പട്ടിണികിടന്ന് നരകിക്കുന്നു. എന്തൊരു കഷ്ടമാണിതു?' 'ഞാൻ മാറക്ക് എന്തുചെയ്യും' എന്നദ്ദേഹം മറുപടി പറഞ്ഞപ്പോൾ, ഞാൻ കൂടെ ഉ'ണ്ടെന്നും ഹിശാം പറയുകയുണ്ടായി. അവർ രണ്ടുപേരുംകൂടി, ആദ്യം മുത്ഇമിബ്നുഉദയ്യിനെയും, പിന്നീട് അബൂൽബഹ്തരിനെയും, സംഅത്തിനെയും കൂട്ടുപിടിച്ചു പന്തിവിരോധപത്രിക ദുർബ്ബലപ്പെടുത്തുവാൻ അവർ തീരുമാനിച്ചു. പിറ്റെദിവസം രാവിലെ അവർ അഞ്ചുപേരും, ആയുധമണിഞ്ഞുകൊണ്ട്, കഅ്ബയിലേക്കു പുറപ്പെട്ടു. തവാഫ് നിർവഹിച്ചശേഷം സുഹൈർ എന്ന ആൾ ഇപ്രകാരം പ്രഖ്യാപിച്ചു. 'ഹാശിമിന്റെയും മുത്തലിബിന്റെയും സന്തതികൾ ആ മലയിടുക്കിൽ പട്ടിണികിടന്നു നരകിക്കുന്നു. നാമാകട്ടെ, തിന്നു, കുടിച്ചു, സുഖിച്ചു നടക്കുന്നു. രക്തബന്ധം ഇല്ലാതാക്കുന്ന ഈ പന്തിവിരോധപത്രിക, തെറ്റാണെന്നുസത്യം,

ഞാൻ പിച്ചിച്ചീന്തും.' ഇതു കേട്ടപ്പോൾ അബൂജാഹൽ പരിഹസിച്ച അപ്പോൾ, ഓരോരുത്തരായി കൂട്ടാളികളായ നാലുപേരും സുഹൈറിനെ അനുകൂലിച്ചു. അപ്പോൾ അബൂജഹൽ പറഞ്ഞു: 'ഇവരഞ്ചുപേരും പെരും കള്ളന്മാരാണ്. ഇവരെ വെറുതെ വിടരുത്' ഇതു കേട്ടപ്പോൾ മുത്ഇം, കഅ്ബയിൽ തൂക്കിയിട്ടിരുന്ന പന്തിവിരോധപത്രിക പറിച്ചുകീറി. ആയുധധാരികളായ അവർ അഞ്ചുപേരും നേരെ മലയിടുക്കിലേക്ക പോവുകയും അവിടെ കഷ്ടപ്പെട്ട കഴിഞ്ഞുകൂടിയ ആളുകളെ മക്കയിലേക്ക തിരിച്ചുകൊണ്ടുവരികയും ചെയ്തു. നബുവ്വത്തിന്റെ പത്താംവർഷത്തിലാണ് ഈ സംഭവം നടന്നത്. ഒമ്പതാംകൊല്ലത്തിലാണെന്നും മറ്റൊരഭിപ്രായവുമുണ്ട്. പ്രസ്തുത അഞ്ചുപേർൽ ഹിശാമും സുഹൈറും പിന്നീട് ഇസ്ലാംമതം വിശ്വസിച്ച മുത്ഇം അമുസ്ലിമായിത്തന്നെ മക്കത്തുവെച്ച മരിച്ച അബുൽബഹ്തറും സംഅത്തും ബദർയുദ്ധത്തിൽ കൊല്ലപ്പെട്ട.

അബൂതാലിബിന്റെ മരണം

തിരുമേനി (സ) യെ സംബന്ധിച്ചേടത്തോളം കനത്ത ആഘാതങ്ങളുടെ മാസമായിരുന്ന അക്കൊല്ലത്തെ റമളാൻ. മൂന്നുകൊല്ലത്തെ കഷ്ടപ്പാട നിറഞ്ഞ മലയിടുക്കിലെ പ്രതിരോധജീവിതം കഴിഞ്ഞു, മക്കയിൽ തിരിച്ചെത്തി, പതിനെട്ടാമത്തെ ദിവസം, തിരുമേനിയുടെ ഉത്തമ ഗുണകാംക്ഷിയായ അബൂതാലിബ് മരിച്ച ലൌകികമായ വീക്ഷണകോണിലൂടെ നോക്കിയാൽ, തിരുമേനി (സ) യെ സ്സംബന്ധിച്ചേടത്തോളം ഉണ്ടായ ഒരു വലിയ ആഘാതംതന്നെയായിരുന്ന അതു്. അബൂതാലിബ് ചരമശയ്യയെ പ്രാപിച്ച വിവരം അറിഞ്ഞപ്പോൾ, അബൂജഹൽ പ്രതിപക്ഷനേതാക്കളെ വിളിച്ചുവരുത്തി ഇപ്രകാരം പ്രസ്താവിച്ചു:— 'മുഹമ്മദിനെ കൊല്ലുകയെന്നതു നമ്മുടെ പ്രഖ്യാപിതലക്ഷ്യമാകുന്ന. ആ ലക്ഷ്യത്തെ കയ്യൊഴിക്കുക എന്ന പ്രശ്നം നമ്മെസ്സംബന്ധിച്ചേടത്തോളം ഉത്ഭവിക്കുന്നില്ല. പക്ഷെ, ഇപ്പോൾ ഒരു വിഷമം ഉണ്ടായിട്ടുണ്ട് അബൂതാലിബ് രോഗത്തിൽ കിടക്കുകയാണ്. മുഹമ്മദിനെ കൊല്ലുന്ന കാര്യത്തിൽ അദ്ദേഹമാണ് ഇതുവരെ തടസ്സമായി നിന്നതു്. അദ്ദേഹം മരിച്ചതിനുശേഷം നാം മുഹമ്മദിനെ കൊല്ലുന്ന പക്ഷം ജനങ്ങൾ നമ്മെ പുച്ഛിക്കുകയും പഴി പറയുകയും ചെയ്യും. അതുകൊണ്ട ഇപ്പോൾ തന്നെ അബൂതാലിബിനെ സമീപിച്ച ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാക്കണം'. അബൂജഹലിന്റെ അഭിപ്രായത്തോട മറ്റുള്ളവർ യോജിച്ച. അവർ അബൂതാലിബിനെ സമീപിച്ച സംഗതികൾ വിശദീകരിക്കുകയും ഒരു തീരുമാനമുണ്ടാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അബൂതാലിബ് തിരുമേനിയെ വിളിച്ചുവരുത്തി, ഇപ്രകാരം പറഞ്ഞു:— 'സഹോദരപുത്രാ, ഖുറൈശീപ്രമാണികളായ ഈ ആളുകൾ ഒരു മദ്ധ്യസ്ഥ തീരുമാനത്തിനുവേണ്ടി വന്നിരിക്കുകയാണ്. ഇവരെല്ലാം നമുക്ക വേണ്ടപ്പെട്ടവരാണല്ലൊ. ഇവരുമായി ഒരു മദ്ധ്യസ്ഥ തീരുമാനത്തിലെത്തുന്നതു നന്നായിരിക്കും. 'ഞാൻ പറയുന്ന കാര്യം ഇവർ സ്വീകരിക്കുമെങ്കിൽ, ഇവരുമായി യോജിപ്പിലെത്തുന്നതു എനിക്ക സന്തോഷമാ"ണെന്ന തിരുമേനി പറഞ്ഞപ്പോൾ, സന്തോഷഭരിതനായ അബൂജഹൽ 'ഒരു കാര്യം പോരെങ്കിൽ പത്തു കാര്യങ്ങൾ ആവാമല്ലൊ' എന്ന ഇടക്ക കയറിപ്പറഞ്ഞു. 'അല്ലാഹു ഏകനാണെന്നും അവനെ മാത്രമെ ആരാധിക്കാവൂ എന്നും ഉള്ളതാണ് എനിക്ക പറവാനുള്ള ഒരു കാര്യം' എന്ന തിരുമേനി പറഞ്ഞപ്പോൾ അബൂജഹൽ കൈകൊട്ടിച്ചിരിച്ച 'മുഹമ്മദേ, ഇലാഹുകളെ, ഒന്നാക്കുവാനാണൊ നിന്റെ ഭാവം. ഇതു് ഭോഷത്തമാണ്. ഇതുയധികം ജനങ്ങൾക്കു് ഒരു ഇലാഹ് മതിയാകുമെന്നു് പറയുന്നതിനേക്കാൾ വലിയ അസംബന്ധം വേറെയില്ല,' എന്നു് അബൂജഹൽ മറുപടി പറഞ്ഞു. 'സാമ്' എന്ന

സൂറത്തിൽ ഈ സംഭവം പരാമർശിക്കപ്പെട്ടിട്ടുണ്ട്. മാദ്ധ്യന്ദിനഭാഷണം അവിടെ അവസാനിച്ചു. പിന്നീട്, തിരുമേനി അബൂതാലിബിനെ അഭിമുഖീകരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:- 'എന്റെ മുത്താപ്പ, ഈ വൈകിയ വേളയിലെങ്കിലും താങ്കൾ അല്ലാഹുവിനെ വിശ്വസിക്കുക. 'ലാഇലാഹ ഇല്ലല്ല:' എന്നു പറയുക. അങ്ങിനെ ചെയ്താൽ, ഖിയാമം നാളിൽ ഞാൻ താങ്കൾക്ക് മാദ്ധ്യസ്ഥ്യം വഹിക്കും. നരകത്തിൽനിന്ന് താങ്കളെ ഞാൻ മേചിപ്പിക്കും. ഇതുകേട്ടപ്പോൾ അബൂതാലിബ് പറഞ്ഞു: 'എന്റെ സഹോദരപുത്രാ, ഇപ്പോൾ ഞാൻ അങ്ങിനെ പറഞ്ഞാൽ മരണവേദനയിൽ പറഞ്ഞതാണെന്നു ആളുകൾ പഴി പറയും. അതു് എന്റെ യശസ്സിനു് കളങ്കം വരുത്തും. 'ഇന്നക ലാതഹ്ദീ മൻ അഹ്ബൈത' എന്ന ആയത്തിൽ ഈ വസ്തുത പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഖതാദത് (റ) പറയുന്നു:- 'അബൂതാലിബ് ആസന്നമരണനായിക്കഴിഞ്ഞപ്പോൾ, ഹാശിമിന്റെ സന്തതികളെ- ബനൂ ഹാശിം ഗോത്രക്കാരെ- അടുത്തുവിളിച്ചുകൊണ്ട് റസൂലിനെ വഴിപ്പെടുവാൻ ഉപദേശിച്ചു. മുഹമ്മദിനു് വഴിപ്പെട്ടാൽ നിങ്ങൾ വിജയികളാകുമെന്നു് അദ്ദേഹം അവരോടു് പറയുകയുണ്ടായി.' ആസന്നമരണനായ അബൂതാലിബിനു ശഹാദത് ചൊല്ലിക്കൊടുക്കുവാൻ പലതവണ തിരുമേനി ശ്രമിച്ചതായും, അപ്പോഴെല്ലാം അബൂജഹൽ തടസ്സപ്പെടുത്തിയതായും പറയപ്പെട്ടിട്ടുണ്ട്. അബൂതാലിബിന്റെ പരത്രികഭാവിയെക്കുറിച്ചു 'ആശ്വാസപരം' എന്നു തിരുമേനി അരുളിട്ടുണ്ട്. ഇബ്നുഅബ്ബാസ് (റ) വിന്റെ ഒരു ചോദ്യത്തിനു തിരുമേനി (സ) നൽകിയ മറുപടിയിൽനിന്നും, തിരുമേനിയുടെ ഹദീസുകളിൽനിന്നും ഈ സംഗതി വ്യക്തമാവുന്നുണ്ട്.

അബൂതാലിബ് മരിച്ച വിവരം, അദ്ദേഹത്തിന്റെ പുത്രനായ അലി (ക. വ) തിരുമേനിയെ അറിയിച്ചപ്പോൾ, തിരുമേനി (സ) യുടെ കണ്ണുകളിൽ കണ്ണീരൊഴുകുകയുണ്ടായി. മൃതശരീരം കുളിപ്പിച്ചു കഫൻ ചെയ്തു ഖബറടക്കുവാൻ തിരുമേനി നിർദ്ദേശം നൽകി.

അന്ത്യനാളിൽ അബൂതാലിബിനു തിരുമേനിയുടെ ശഫാഅത്ത് ലഭിക്കുമെന്നു പറയപ്പെട്ടിട്ടുണ്ട്. പരലോകത്തുവെച്ചു സഹായകരുടെ സഹായം അവിശ്വാസികൾക്കു ഫലം ചെയ്യുകയില്ലെന്നുള്ളതു തീർച്ചതന്നെ. പക്ഷെ അബൂതാലിബിനു ശഫാഅത്ത് നൽകപ്പെട്ടുമെന്നു് പറഞ്ഞതു് തിരുമേനി (സ) യെ സംബന്ധിച്ച പ്രത്യേകതകളിൽപ്പെട്ട ഒരു വസ്തുതയാകുന്നു.

"മവാഖിബ്" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:- 'അബൂതാലിബ് ഇസ്‌ലാമിനെ വിശ്വസിക്കുകയും കഫ്‌രിയത്തിനെ അവിശ്വസിക്കുകയും ചെയ്ത ആളായിരുന്നു. അതെ അവസരത്തിൽ കുടുംബപരമായി ഇസ്‌ലാമിനെ അനുസരിക്കാത്ത ആളുമായിരുന്നു അദ്ദേഹം".

"മആലിമുത്തൻസീൽ" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:- "കുഫ്ർ അഥവാ അവിശ്വാസം നാലുവിധത്തിലാകുന്നു. (1) കുഫ്റുൽഇൻകാർ - അല്ലാഹുവിനെ മനസ്സുകൊണ്ടറിയാതെയും നാവുകൊണ്ടു് പറയാതെയുമിരിക്കൽ. (2) കുഫ്റുൽ ഹുജ്ജദ് -അല്ലാഹുവിനെ മനസ്സുകൊണ്ടു അറിയുകയും എന്നാൽ ആ അറിഞ്ഞകാര്യം നാവുകൊണ്ടു പറയാതിരിക്കുകയും ചെയ്യൽ. (3) കുഫ്റുന്നിഫാഖ് - അല്ലാഹുവിനെപ്പറ്റി നാവുകൊണ്ടു പറയുകയും ആ പറയുന്നതിനെ മനസ്സുകൊണ്ടു അറിയിക്കുകയും ചെയ്യൽ. (4) കുഫ്റുൽ ഇനാദ് - അല്ലാഹുവിനെ മനസ്സുകൊണ്ടറിയുകയും നാവുകൊണ്ടു പറയുകയും ചെയ്തിട്ടും അല്ലാഹുവിന്റെ കല്പനയനുസരിച്ചു പ്രവർത്തിക്കാതിരിക്കൽ. അബൂതാലിബ് ഏതിനത്തിൽപ്പെട്ട ആളാണെന്നു അല്ലാഹുമാത്രമെ അറിയുകയുള്ളൂ

ഖദീജാ (റ) യുടെ വഫാത്

ഖദീജാ (റ) യും തിരുമേനിയുംതമ്മിൽ നടന്ന വിവാഹത്തെസ്സംബന്ധിച്ച ചരിത്രം മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. ഇബ്രാഹീം ഒഴികെ, തിരുമേനിയുടെ മറ്റു സന്തതികളെല്ലാംതന്നെ ഖദീജാ (റ) യിലാണ് ജനിച്ചത്. ഇരുപത്തിനാലു കൊല്ലവും അഞ്ചു മാസവും എട്ടു ദിവസവും അവരുടെ മഹത്തായ ദാമ്പത്യം നീണ്ടുനിന്നു. അബൂതാലിബിന്റെ മരണത്തിന്നുശേഷം മൂന്നാംദിവസം ഖദീജാ (റ) ഇഹലോകവാസം വെടിഞ്ഞു. ഖദീജാ (റ) യുടെ അന്ത്യഘട്ടം തിരുമേനി (സ) യെ വ്യാകുലചിത്തനാക്കിത്തീർത്തു. അവരെ സന്തോഷിപ്പിക്കുവാനായി തിരുമേനി നമ്മവാക്യങ്ങൾ മൊഴിഞ്ഞു. 'സ്വർഗ്ഗത്തിൽവെച്ച നിങ്ങളോടൊപ്പം, ഇംറാന്റെ മകളായ മർയമി (റ) നെയും, മൂസാനബിയുടെ സഹോദരിയായ കൽസമി (റ) നെയും, ഫിർഔന്റെ ഭാര്യയെന്ന ഗണിക്കപ്പെട്ട ആസിയാ (റ) യേയും എനിക്ക ഇണയാക്കിത്തരുമെന്ന അല്ലാഹു കല്പിച്ചിരിക്കുന്നു'വെന്ന തിരുമേനി ഖദീജാ (റ) യോട പറഞ്ഞപ്പോൾ, പുഞ്ചിരിതൂകിക്കൊണ്ട 'ഐക്യവും പുത്രലാഭവുമുണ്ടാവട്ടെ' എന്ന ആ മഹതി ആശംസിച്ചു. സ്വർഗ്ഗത്തിൽനിന്ന ഇറക്കപ്പെട്ട ഒരു മുന്തിരിങ്ങ തിരുമേനി അവർക്ക നൽകുകയും, അവർ അതു തിന്ന നിസ്തുലമായ ആനന്ദം അനുഭവിക്കുകയും, ആ ആനന്ദാവസ്ഥയിൽ കണ്ണടക്കുകയും ചെയ്തു. ഖദീജാ (റ) വഫാതായ കാലത്തു മയ്യത്തുനിസ്കാരം നിർബ്ബന്ധമാക്കപ്പെട്ടിരുന്നില്ല. തിരുമേനി (സ) അവരുടെ ഖബ്റിൽ ഇറങ്ങിനിന്നുകൊണ്ട അന്ത്യകർമ്മങ്ങൾ നിർവ്വഹിച്ചു.

സന്താപത്തിന്റെ വർഷം

അബൂതാലിബിന്റെ മരണംമൂലമുണ്ടായ സന്താപത്തെ, ഖദീജാ (റ) യുടെ മരണം ശതഗുണീഭവിപ്പിച്ചു. തിരുമേനി (സ) യെസ്സംബന്ധിച്ചേടത്തോളം, ഭൌതികമായ താങ്ങും തണലും അറ്റുപോയി. തിരുമേനിയെ വിരഹദുഃഖത്തിൽ ആഴ്ത്തിയ ആ കൊല്ലത്തിന്ന 'സന്താപത്തിന്റെ വർഷം' എന്ന ചരിത്രകാരന്മാർ പേരിട്ടു. തിരുമേനിയെ സംബന്ധിച്ചേടത്തോളം അബൂതാലിബ് അജയ്യമായ ഒരു പ്രതിരോധശക്തിയും, ഖദീജാ (റ) ആശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും സന്ദേശവാഹികയുമായിരുന്നു.

സൌദ: (റ) യുമായുള്ള വിവാഹം

സൌദ: (റ), തിരുമേനി വിവാഹം കഴിച്ചകാലത്തു് ഒരു വിധവയായിരുന്നു. സക്റാൻ (റ) വാണ് അവരെ ആദ്യം വിവാഹം ചെയ്തിരുന്നത്. അബ്സീനിയയിലേക്ക് ഹിജ്റചെയ്ത മുസ്‌ലിംസംഘത്തിൽ ആ ദമ്പതികളും ഉണ്ടായിരുന്നു. പിന്നീട്, അബ്സീനിയായിൽനിന്ന തിരിച്ചുവന്ന അവർ രണ്ടുപേരും മക്കത്തു സ്ഥിരതാമസമാക്കി. തിരുമേനി (സ) തന്റെ പിടലിക്ക ചവിട്ടിയതായി താൻ സ്വപ്നം കണ്ടുവെന്നും, സൌദ: (റ) ഒരിക്കൽ ഭർത്താവോട പറയുകയുണ്ടായി. സ്വപ്നശാസ്ത്രപണ്ഡിതനായിരുന്ന സക്റാൻ (റ) 'ഞാൻ മരിക്കും; തിരുമേനി നിന്നെ വേൾക്കും' എന്ന അദ്ദേഹം ആ സ്വപ്നത്തിന്ന വ്യാഖ്യാനം നൽകി. തന്റെ മാറിടത്തിൽ പൂർണ്ണചന്ദ്രൻ അടർന്നുവീണതായി മറെറാരിക്കൽ സൌദ: (റ) സ്വപ്നം കാണുകയുണ്ടായി. ആ വിവരം അറിഞ്ഞപ്പോഴും സക്റാൻ (റ) മേൽപ്രകാരംതന്നെ പ്രസ്താവിച്ചു. അനന്തരം അദ്ദേഹം മരിക്കുകയും ചെയ്തു.

വിരഹാർത്തനായി വർത്തിക്കുന്ന തിരുമേനിയെ സമീപിച്ചുകൊണ്ട്, ഹകീമിന്റെ മകളും ഉസ്മാനിബ്നുമദ്ഊന്റെ ഭാര്യയുമായ ഖൌല: (റ) ചോദിച്ചു. 'താങ്കൾ വിവാഹം കഴിക്കുന്നില്ലയൊ?'

'ആരെ എന്ന തിരുമേനി ചോദിച്ചപ്പോൾ, 'ബാലികയെ വേണമെങ്കിൽ അങ്ങിനെയാ

വാം; സ്ത്രീയെ വേണമെങ്കിൽ അങ്ങിനെയാവാം' എന്നു ഖൌല: (റ) മറുപടിനൽകി. 'ഏതാണ് ബാലിക, ഏതാണ് സ്ത്രീ' എന്നു തിരുമേനി വീണ്ടും ചോദിച്ചു. താൻ ഉദ്ദേശിച്ച ബാലിക ആഇശബീയാണെന്നും, സ്ത്രീ സൌദ: (റ) യാണെന്നും അവർ പറഞ്ഞപ്പോൾ, തിരുമേനി അല്പം ആലോചിച്ചശേഷം, അവരുടെ സമ്മതം ആരായുവാൻ നിർദ്ദേശിച്ചു. അതനുസരിച്ചു, ഖൌല: (റ) സൌദ: ബീയെ ചെന്നുകണ്ടു വിവരം പറയുകയും അവരുടെ സമ്മതം നേടുകയും ചെയ്തു. സൌദ: (റ) യുടെ പിതാവായ സംഅത് അന്നു ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. വൃദ്ധനായ അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. ഖൌല: (റ) സംഅതിനെ ചെന്നുകണ്ടു മകളുടെ വിവാഹകാര്യത്തെക്കുറിച്ചു സംസാരിച്ചു. സൌദ: ബീയെ തിരുമേനിക്കു വിവാഹം ചെയ്തുകൊടുക്കുന്നതിൽ ആ വൃദ്ധൻ അത്യന്തം സന്തോഷിച്ചു. അങ്ങിനെ, സൌദ: (റ) ഇഷ്ടപ്പെടുകയും അവരുടെ പിതാവു അനുമതി നൽകുകയും ചെയ്തതനുസരിച്ചു, ശവ്വാൽമാസത്തിൽ നബി (സ) തിരുമേനി സൌദ: (റ) യെ വിവാഹം ചെയ്യുകയും വീട്ടുകൂടുകയും ചെയ്തു. നാനൂറു വെള്ളിയാണ് തിരുമേനി(സ) അവർക്കു മഹ്ർ കൊടുത്തിരുന്നതു". ഈ വിവാഹം നടന്ന അവസരത്തിൽ, സൌദ:(റ) യുടെ സഹോദരനായ അബ്ദുല്ലാ സ്ഥലത്തുണ്ടായിരുന്നില്ല. അദ്ദേഹം അന്നു തിരുമേനിയുടെ ശത്രുപക്ഷത്തായിരുന്നു. തന്റെ സഹോദരിയെ തിരുമേനി വിവാഹംചെയ്ത വിവരമറിഞ്ഞപ്പോൾ അദ്ദേഹം ഒരു ഭ്രാന്തനെപ്പോലെ തലയിൽ മണ്ണു വാരിയിട്ടു. പിന്നീടു, അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചതിനുശേഷം ഈ വസ്തുത പലപ്പോഴും അദ്ദേഹം എടുത്തുപറയാറുണ്ടായിരുന്നു.

ആഇശാ (റ) യുമായുള്ള വിവാഹം

വിവാഹാലോചനയുമായി ഖൌല (റ) അബൂബക്കർ സിദ്ദീഖിന്റെ വീട്ടിലേക്കും പോവുകയുണ്ടായി. തദവസരത്തിൽ അബൂബക്കർ (റ) അവിടെ ഇല്ലാതിരുന്നതുകൊണ്ടു അദ്ദോഹത്തിന്റെ ഭാര്യയും ആഇശ: (റ)യുടെ മാതാവുമായ ഉമ്മുറൌമാൻ(റ)യോടു വിവരങ്ങളും പറഞ്ഞു. മകളുടെ വിവാഹകാര്യം തീരുമാനിക്കേണ്ടതു തന്റെ ഭർത്താവാണെന്നു അവർ മറുപടി നല്കി. കുറച്ചുകഴിഞ്ഞപ്പോൾ അബൂബക്കർ (റ) അവിടെ എത്തിച്ചേർന്നു. തിരുമേനിക്കു ആഇശയെ വിവാഹം ചെയ്തുകൊടുക്കാമോ എന്നു അന്വേഷിപ്പാനാണ് താൻ വന്നതെന്നു ഖൌല (റ) അബൂബക്കർ സിദ്ദീഖിനെ അറിയിച്ചു. അത്യന്തം സന്തോഷപ്രദമായ ഒരു വാർത്തയാണ് താൻ കേട്ടതെങ്കിലും തൽക്കാലം അദ്ദേഹം ഒരു വിഷമത്തിലകപ്പെട്ടു. മുത്ഇമിന്റെ മകനായ ജുബൈറിനു ആഇശായെ കെട്ടിച്ചുകൊടുക്കാമെന്നു നേരത്തെ അദ്ദേഹം വാക്കുകൊടുത്തുകഴിഞ്ഞിരുന്നു. എന്തിന്റെ പേരിലായാലും വാക്കുമാറുവാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. ആകയാൽ അദ്ദേഹം മുത്ഇമിന്റെ വീട്ടിലേക്കു പോവുകയും ജുബൈറിന്റെ വിവാഹകാര്യത്തെപ്പറ്റി—ആഇശ:യും ജുബൈറും തമ്മിലുള്ള വിവാഹം നടത്തുവാൻ തയ്യാറുണ്ടോ എന്നതിനെപ്പറ്റി അന്വേഷിക്കുകയും ചെയ്തു. "ഞങ്ങളുടെ മകൻ ഒരു ചെറുപ്പക്കാരനാണ്. നിങ്ങളുടെ മകൾക്കു അവനെ ഭർത്താവാക്കിത്തന്നാൽ നിങ്ങൾ നിങ്ങളുടെ പുത്രീനിലേക്കു അവനെ കൊണ്ടുപോയിക്കളയുമെന്നു ഞങ്ങൾ ഭയപ്പെടുന്നു" വെന്നു മുത്ഇമിന്റെ ഭാര്യ അബൂബക്കർ (റ) വോടു തുറന്നു പറഞ്ഞു. ഭാര്യയുടെ അഭിപ്രായത്തോടുയോജിച്ചുകൊണ്ടു മുത്ഇം ആ വിവാഹാലോചന ദുർബ്ബലപ്പെടുത്തി. അബൂബക്കർ (റ) അവിടെനിന്നു തിരിച്ചുവന്നു ആഇശ: (റ) യെ തിരുമേനിക്കു വിവാഹം

ചെയ്തുകൊടുക്കുന്നതു സമ്മതമാണെന്നു ഖൌല: (റ) യെ അറിയിച്ചു. അതിനെ തുടർന്ന് "അഖ്ദു" എന്ന സമ്മതപത്രിക എഴുതിക്കൊണ്ട് തിരുമേനി (സ) യും ആഇശ: (റ) യും തമ്മിലുള്ള വിവാഹം നടന്നു. അന്നു ആഇശ: (റ)ക്കു ആറുവയസ്സു പ്രായമായിരുന്നു. മൂന്നു വർഷങ്ങൾക്കു ശേഷം മദീനയിൽവെച്ചാണ് വീട്ടിൽ കൂടിയതു്. വീട്ടിൽകൂടുമ്പോൾ ആഇശ: (റ) ക്കു ഒമ്പതു വയസ്സു് പ്രായമായിരുന്നു.

താഇഫിലേക്കുള്ള ഹിജ്റ

അബൂതാലിബിന്റെ മരണം, തിരുമേനി (സ)യെ ഉപദ്രവിപ്പാനും അക്രമിക്കുവാനും ശത്രുക്കൾക്കു വ്യക്തമായ അവസരം ഉണ്ടാക്കിക്കൊടുത്തു. അബൂതാലിബിന്റെ മരണം മൂലമുണ്ടായ നഷ്ടം തിരുമേനിക്കു തികച്ചും അനുഭവപ്പെട്ടു. അതിലിടക്കു, തിരുമേനിയെ തുണക്കുവാൻ അബൂലഹബ് സന്നദ്ധത പ്രകടിപ്പിച്ചു പക്ഷെ, അബൂജഹലും അഖബതിബ്നഅബീമുഹീത്തും അബൂലഹബിനെ കണ്ടു ഏതദ്വിഷയകമായി ഒരു സംഭാഷണം നടത്തിയപ്പോൾ, അബൂലഹബ് വീണ്ടും തിരുമേനിയുടെ ശത്രുപക്ഷത്തേക്കു തന്നെ വലിഞ്ഞുകളഞ്ഞു. പകരം ചോദിപ്പാൻ ആളില്ലെന്നു വന്നപ്പോൾ, ശത്രുക്കൾ തിരുമേനിയെ ഇഷ്ടാനുസാരം ഉപദ്രവിച്ചുതുടങ്ങി. അലി (ക വ) പറയുന്നു:- 'അബൂതാലിബ് മരിച്ചതിന്നുശേഷം, ശത്രുക്കൾ ഏകോപിച്ചുകൊണ്ടു തിരുമേനിയെ ദേഹോപദ്രവം ചെയ്തുതുടങ്ങി. അബൂബകർസിദ്ദീഖല്ലാതെ ഞങ്ങളെ സഹായിപ്പാൻ മറ്റാരും ഉണ്ടായിരുന്നില്ല. അദ്ദേഹം ശത്രുക്കളെ കായികമായിത്തന്നെ നേരിട്ടു. തല്ലിയും തടുത്തും ഞങ്ങൾ ദിവസങ്ങൾ കഴിച്ചുകൂട്ടി. അങ്ങിനെ, കായികമായ ഉപദ്രവം മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോൾ, തിരുമേനി താഇഫിലേക്കു ഹിജ്റ ചെയ്തു.' തിരുമേനിയുടെ മാതൃവംശവുമായി ബന്ധപ്പെട്ട ഒരു കുടുംബം താഇഫിലുണ്ടായിരുന്നു. താഇഫിലേക്കുള്ള ഹിജ്റയിൽ സൈദിബ്നുഹാരിസത് (റ) തിരുമേനിയെ അനുഗമിച്ചു.

താഇഫിലെത്തിയ തിരുമേനി, മാതൃബന്ധുക്കളുടെ വീട്ടിലേക്കാണ് ചെന്നതു്. ആം റബ്നുഉമൈറിന്റെ മക്കളായ അബ്ദുയാലീൽ, മസ്ഊദ്, ഹബീബ് എന്നിവരെ താഇഫിലെ അഖബ എന്ന സ്ഥലത്തുവെച്ചു കണ്ടു തിരുമേനി കാര്യങ്ങൾ സംസാരിച്ചു. ആ മൂന്നു സഹോദരന്മാർ സഖീഫ് ഗോത്രത്തലവന്മാരായിരുന്നു. അവരിൽനിന്നു അത്യന്തം പ്രതികൂലമായ പ്രതികരണമാണുണ്ടായതു്. അവർ മൂന്നുപേരും തിരുമേനിയോടു തട്ടിക്കയറി തിരുമേനി അവിടെനിന്നും പറപ്പെടുവാൻ എഴുന്നേറ്റപ്പോൾ ആ മഹാപാപികൾ അവിടത്തെ വെറുതെ വിട്ടില്ല. 'ഈ പ്രദേശത്തുനിന്നു പോവരു'തെന്നു കല്പിച്ചുകൊണ്ടു അവർ തിരുമേനിയെ ഉപദ്രവിക്കുവാൻ തെമ്മാടികളായ തെരുവു പിള്ളരെ പ്രേരിപ്പിച്ചു. ആ തെമ്മാടികൾ തിരുമേനിയെ കല്ലെറിഞ്ഞു. തിരുമേനി കാരോ ചുവടുവെക്കുംതോറും അവർ തുടരെ റിഞ്ഞു. തിരുമേനിയുടെ തുപ്പാടങ്ങൾ പൊട്ടി ചോര ഒലിക്കുകയും, കാലിലിട്ട ചെരിപ്പിൽ രക്തം തളം കെട്ടുകയും ചെയ്തു. ക്ഷീണിതനായ തിരുമേനി ഒരിടത്തു ഇരുന്നപ്പോൾ, ശത്രുക്കൾ, തിരുമേനിയുടെ തോളുകളിൽ പിടിച്ചു എഴുന്നേല്പിക്കുകയും മുമ്പോട്ടു തള്ളുകയും, വീണ്ടും എറിയുകയും ആർത്തുവിളിച്ചു പരിഹസിക്കുകയും ചെയ്തു. ജനങ്ങൾ രണ്ടുവശത്തു അണിനിരന്നു നിന്നുകൊണ്ടു കല്ലെറിഞ്ഞു. സൈദിബ്നുഹാരിസത്തിന്റെ ശരീരത്തിൽ പല മുറിവുകൾ പറ്റുകയും ശരീരമാകെ രക്തത്തിൽ മുങ്ങുകയുമുണ്ടായി. ഈ നിലയിൽ മുഗീയമായ അക്രമണത്തിന്നു വിധേയരാക്കിക്കൊണ്ടു തിരുമേനിയും സൈദ് (റ) വും ആ പ്രദേശത്തിന്റെ അതിർത്തി വിട്ടു. ഈ സംഭവത്തെ

ക്കുറിച്ച ആഇശാ (റ) യിൽ നിന്ന നിവേദനം ചെയ്യപ്പെട്ടതും ബുഖാരി (റ) വും, മുസ്‌ലിം (റ) വും അംഗീകരിച്ചതുമായ ഒരു നിവേദനത്തിൽ ഇപ്രകാരം പറയുന്നു:_ 'ഉഹ ദ് യുദ്ധത്തിന്റെ ദിവസത്തെക്കാൾ ക്ലേശഭരിതമായ വല്ല ദിവസവും ഉണ്ടായിട്ടുണ്ടോ എന്ന ആഇശാ (റ) ചോദിച്ചപ്പോൾ, തിരുമേനി (സ) അരുളി:_ 'നിങ്ങളുടെ ആളുകളിൽനിന്ന ഉണ്ടായ അക്രമങ്ങളെല്ലാം ഞാൻ അനുഭവിച്ചു. അഖബയിൽ ഞാൻ എത്തിയ ദിവസമായിരുന്ന അതികഠിനമായ അക്രമത്തിന്റെ ദിവസം. അന്ന ഞാൻ അബ്ദുയാകീലോടും അയാളുടെ സഹോദരന്മാരോടും സംസാരിച്ചു. ഞാൻ അല്ലാഹുവിന്റെ റസൂലാണെന്ന അവരെ അറിയിച്ചു. അവർ സ്വീകരിച്ചില്ല. വിഷാദത്തോടുകൂടി ഞാൻ തിരിച്ചുവരുമ്പോൾ, എന്റെ തലക്കുമീതെ ഒരു മേഘം തണലിട്ടു. ജിബ്‌രീൽ എന്നോട ഇപ്രകാരം പറഞ്ഞു: 'താങ്കളുടെ ജനങ്ങൾ ചെയ്തത അല്ലാഹു അറിഞ്ഞു. അല്ലാഹു ഇതാ, മലയുടെ മലക്കിനെ അയച്ചിരിക്കുന്നു. താങ്കൾക്ക ഇഷ്ടമുള്ളത ആ മലക്കിനെക്കൊണ്ട ചെയ്യിക്കാം.' അപ്പോൾ, മലയുടെ മലക്കകൾ എനിക്ക സലാം ചൊല്ലിക്കൊണ്ട ഇപ്രകാരം പറഞ്ഞു: 'നബിയെ, ഞാൻ മലയുടെ മലക്കാണ്. താങ്കൾ പറയുന്നത ചെയ്യുവാൻ അല്ലാഹു എന്നെ നിയോഗിച്ചിരിക്കുകയാണ്. താങ്കൾ കല്പിക്കുകയാണെങ്കിൽ, മക്കയിലെ അബൂഖുബൈസെന്ന മലയും ഖഈഖആൻ എന്ന മലയും ഞാൻ തട്ടിനിരത്തിക്കളയാം. അല്ലെങ്കിൽ ആ രണ്ട മലകളെ അടുപ്പിച്ച (ജനങ്ങളെ) ഇടുക്കിക്കളയാം; അല്ലെങ്കിൽ ആ രണ്ട മലകളെയും പൊരിച്ചെടുത്ത മാളികയിൽ അവരെ അകപ്പെടുത്തി, മലകൊണ്ട മൂടിക്കളയാം.' ആ മലക്കോട ഞാൻ പറഞ്ഞു: 'എന്റെ ഉദ്ദേശ്യം അതല്ല. അവരിൽനിന്നോ അവരുടെ സന്താനങ്ങളിൽനിന്നോ എന്നെ വിശ്വസിക്കുന്ന വരായി ആരെങ്കിലും ഉണ്ടാവാനിടവരട്ടെ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.' അപ്പോൾ ആ മലക്ക് പറഞ്ഞു: 'അല്ലാഹു നൽകിയ റഊഫുർറഹീം' എന്ന പേരിന്ന താങ്കൾ അർഹൻ തന്നെ.'

പിന്നീട, തിരുമേനി (സ) ഉമ്മുബതിനെയും ശൈബതിനെയും ചെന്നുകണ്ടു. അബ്ദുമനാഫിന്റെ മകനായ, അബ്ദുശ്ശംസിന്റെ മകനായ റബീഅത്തിന്റെ മക്കളായിരുന്ന അവർ. രക്തബന്ധത്തിന്റെ പേരിൽ അവർ തിരുമേനിയോട ദയ കാണിച്ചു. ഒരു തളികയിൽ ഒരു മുന്തിരിങ്ങക്കുല അവർ തിരുമേനിക്ക എത്തിച്ചുകൊടുത്തു. അവരുടെ ഭൃത്യനായ അദ്ദാസ് എന്ന ക്രസ്ത്യാനിയാണ് അത തിരുമേനിയുടെ മുമ്പിൽ കൊണ്ടുവെച്ചത്. 'ബിസ്മില്ലാഹ്' എന്ന പറഞ്ഞുകൊണ്ട തിരുമേനി ആ മുന്തിരിങ്ങയിൽ കൈവെച്ചു. അപ്പോൾ, 'ഈ നാട്ടുകാർ ഇങ്ങിനെ പറയാറില്ലല്ലൊ' എന്ന അദ്ദാസ് അത്ഭുതപ്പെട്ടു. അദ്ദാസിന്റെ ഊരും പേരും സ്ഥിതികളും തിരുമേനി ചോദിച്ചറിഞ്ഞു. അയാൾ നീനവാ എന്ന നാട്ടുകാരനായ ക്രസ്ത്യാനിയാണെന്നറിഞ്ഞപ്പോൾ, 'നിങ്ങൾക്ക യൂനുസിബ്നുമതാ എന്ന ആളെ അറിയാമൊ എന്ന തിരുമേനി ചോദിച്ചു. ഇത കേട്ടപ്പോൾ അദ്ദാസ് അമ്പരന്നുപോയി. അയാൾ പറഞ്ഞു: 'താങ്കൾ അദ്ദേഹത്തെ എങ്ങിനെ അറിഞ്ഞു. ഞാൻ നീനവായിൽ ഉണ്ടായിരുന്ന കാലത്ത അദ്ദേഹത്തെ അറിയുന്നവരായി പത്തുപേർ പോലും ആ നാട്ടിൽ ഉണ്ടായിരുന്നില്ല. കിതാബിന്റെ അഹ്‌ലുകാരല്ലാത്ത അജ്ഞാനികളുടെ കൂട്ടത്തിൽ നിരക്ഷരജ്ഞനായ താങ്കൾ അദ്ദേഹത്തെ എങ്ങിനെ അറിഞ്ഞുവെന്നാണൊ ഞാൻ അത്ഭുതപ്പെടുന്നത്.' 'അദ്ദേഹം എന്നെപ്പോലെ ഒരു നബിയായിരുന്ന' വെന്ന തിരുമേനി പറഞ്ഞപ്പോൾ, അദ്ദാസ് തിരുമേനിയുടെ കൈകളിൽ ചുംബിക്കുകയും

ഇസ്‌ലാംമതം സ്വീകരിക്കുകയും ചെയ്തു. അബാസ് (റ) ഇസ്‌ലാംമതം സ്വീകരിച്ച വിവരം അറിഞ്ഞപ്പോൾ ഉത്ബയും ശൈബയും അദ്ദേഹത്തെ ശകാരിച്ചു. 'അദ്ദേഹത്തോളം ഉത്തമനായ ഒരു വ്യക്തി ഭൂമുഖത്തില്ലെന്നു അബാസ് (റ) മറുപടി നൽകി.

ബദ്ർ യുദ്ധം നടന്നപ്പോൾ ഉത്ബയും ശൈബയും ശത്രുപക്ഷത്തായിരുന്നു. ആ യുദ്ധത്തിൽ അവർ രണ്ടുപേരും കൊല്ലപ്പെട്ടു. ബദ്ർ യുദ്ധത്തിൽ ശത്രുപക്ഷത്തു ചേരുവാൻ അബാസ് (റ) വിനെ അവർ നിർബ്ബന്ധിച്ചു. പക്ഷെ, അദ്ദേഹം വഴിപ്പെട്ടില്ല. അബാസ് (റ) വിന്റെ അന്ത്യത്തെക്കുറിച്ചു, അദ്ദേഹം ബദ്ർ യുദ്ധത്തിൽ ശഹീദായി എന്നും മക്കത്തു വെച്ചു വഫാത്തായി എന്നും രണ്ടഭിപ്രായങ്ങളും പറയപ്പെട്ടിട്ടുണ്ട്.

താഇഫിൽ തിരുമേനി (സ) നാല്പതുദിവസം താമസിക്കുകയും, അന്നാട്ടിലെ പ്രമുഖ വ്യക്തികളെയെല്ലാം കണ്ടു സംസാരിക്കുകയും ചെയ്തുവെങ്കിലും, അവരിലരുംതന്നെ ഇസ്‌ലാമിനെ സ്വീകരിച്ചില്ല. അങ്ങനെ മക്കയിലേക്കു തിരിച്ച തിരുമേനി, മക്കക്കും താഇഫിനുമിടയിലുള്ള നഖ്‌ലത്തു് എന്ന സ്ഥലത്തു വിശ്രമിച്ചു. രാത്രി തിരുമേനി (സ) ഖുർആൻ ഓതുന്നതുകേട്ട ഏഴു ജിന്നുകൾ തിരുമേനിയിൽ വിശ്വസിച്ചു. ശാമിനും ഇറാഖിനുമിടയിലുള്ള നസീബൈനി എന്ന നാട്ടിലാണു് ആ ജിന്നുകൾ വസിച്ചിരുന്നതു്. 'വഇദ് സ്വറഫ്നാ ഇലൈക നഫറൻ മിനൽ ജിന്നി.....'എന്ന ആയത്തിൽ ഈ വസ്തുത പരാമർശിക്കപ്പെട്ടിട്ടുണ്ടു്. കുറച്ചുദിവസം തിരുമേനി നഖ്‌ലത്തു് എന്ന സ്ഥലത്തു താമസിച്ചു. പിന്നീടു, മക്കയിലേക്കുതന്നെ പോകുവാൻ ഒരുങ്ങിയപ്പോൾ സൈദ് (റ) ചോദിച്ചു:- 'താങ്കൾ മക്കയിലേക്കു് തിരിച്ചുപോകുന്നതെങ്ങിനെ? ശത്രുക്കൾ താങ്കളെ പൊറുതിമുട്ടിച്ചു നാട്ടിൽനിന്നകറ്റിയതാണല്ലൊ. മക്കയിൽ കടന്നുപോയെങ്കിൽ താങ്കളെ കൊന്നുകളയുമെന്നു അവർ പ്രഖ്യാപിച്ചിട്ടുമുണ്ടല്ലൊ'. 'അല്ലാഹുവിന്റെ ദീനിനെ വെളിപ്പെടുത്തുവാനായി അവൻ ഒരു വഴിയുണ്ടാക്കും. അവന്റെ നബിയെ അവൻ രക്ഷിക്കും' എന്നു തിരുമേനി (സ) മറുപടി പറഞ്ഞു.

അങ്ങിനെ മക്കയിലേക്കുള്ള യാത്രയിൽ, ഹിറാ എന്ന സ്ഥലത്തെത്തിയപ്പോൾ അബ്ദുല്ലാഹിബ്നുഅറീഖത് (റ) വിനെ തിരുമേനി കണ്ടെത്തി. തിരുമേനി മക്കയിൽ കടന്നാൽ, ശത്രുക്കൾ ഉപദ്രവിക്കുകയാണെങ്കിൽ, തിരുമേനിയെ സഹായിക്കേണമെന്ന ആവശ്യവുമായി അഖ്നസിബ്നുശുറൈഖിനെ സമീപിച്ചു. താൻ ഖുറൈശികളുമായി ഒരുസഖ്യത്തിൽ ഏർപ്പെട്ടുപോയതുകൊണ്ടു നിവൃത്തിയില്ലെന്നുപറഞ്ഞു അദ്ദേഹം ഒഴിഞ്ഞുകളഞ്ഞു. പിന്നീടു്, കഅ്ബിബ്നുഅമ്രിന്റെ സഹോദരനായ ആമിറിനെ സമീപിച്ചു. ആമിറിന്റെ മക്കൾക്കു കഅ്ബിന്റെ മക്കളെ സഹായിപ്പാൻ പാടില്ലെന്നുപറഞ്ഞു അദ്ദേഹവും ഒഴിഞ്ഞുകളഞ്ഞു (ഇവർ രണ്ടുപേരും പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടു്) തിരുമേനി (സ) പിന്നീടു മുത്ഇമിബ്നുഅദിയ്യിനെ സമീപിച്ചു. അബ്ദുമനാഫിന്റെ സന്തതികളിൽപ്പെട്ട ഈ മുത്ഇംതന്നെയാണു്, ഖുറൈശികളുടെ പന്തിവിരോധപ്പത്രിക ഉപേക്ഷിപ്പെടുത്തുവാൻ മുൻകൈയെടുത്തിരുന്നതു്. തിരുമേനിയുടെ അഭ്യർത്ഥന മുത്ഇം നിരസിച്ചില്ല. ആയുധധാരിയായി അദ്ദേഹം മക്കയിലേക്കു കടക്കുകയും, 'ഞാൻ മുഹമ്മദിനെ രക്ഷിക്കുമെന്നു ഏറ്റിരിക്കുകയാണു്; നിങ്ങളാരുംതന്നെ അദ്ദേഹത്തെ തൊട്ടുപോകരുതെന്നു താക്കീതുനൽകി. അതിനുശേഷം, തിരുമേനിയെ മക്കയിൽ കടത്തുകയും, കഅ്ബ തവാഫ് ചെയ്യിക്കുകയും, വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോവുകയും, അദ്ദേഹവും

ആയുധധാരികളായ അദ്ദേഹത്തിന്റെ ആറേഴ പുരുഷന്മാരും രാത്രി മുഴുവനും വീട്ടിനു കാവൽ നിൽക്കുകയും ചെയ്തു. പിറ്റെ ദിവസം രാവിലെ തിരുമേനിയേയുംകൂട്ടി അവർ കഅ്ബയിലേക്കു പുറപ്പെട്ടു. ആയുധധാരികളായ നാലുപേർ കഅ്ബയുടെ നാലു മൂലയിൽ കാവൽ നിന്നു. മറ്റുള്ളവർ വാളുരിപ്പിടിച്ചുകൊണ്ടു തിരുമേനിക്കു ചുറ്റും നിന്നു. അങ്ങിനെ ആ ഖഡ്ഗപാണികളുടെ അകമ്പടിയോടുകൂടി തിരുമേനി തവാഫ് ചെയ്തു. ഇതെല്ലാം കണ്ടുനിന്ന അബൂസുഫ്‌യാൻ, മുത്ഇമോടു ചോദിച്ചു. 'നിങ്ങൾ ഇദ്ദേഹത്തിന്റെ അനുഭാവിയൊ, അംഗരക്ഷകനൊ?' 'അംഗരക്ഷകൻതന്നെ' എന്നു മുത്ഇം മറുപടിപറഞ്ഞു.

തുഫൈൽ (റ) വിശ്വസിച്ചു

തുഫൈലിബ്നു അംറുദ്ദൗസീ (റ) അദ്ദേഹത്തിന്റെ നാട്ടിലെ പ്രസിദ്ധ കവിയും പ്രശസ്ത മാന്യനുമായിരുന്നു. അദ്ദേഹം മക്കയിൽ ചെന്ന അവസരത്തിൽ, ഖുറൈശിത്തലവന്മാർ അദ്ദേഹത്തെ സ്വീകരിക്കുകയും, നാട്ടുവിശേഷങ്ങൾ പറഞ്ഞുകൂട്ടത്തിൽ ഇപ്രകാരം ഒരു മുന്നറിയിപ്പു നൽകുകയും ചെയ്തു.— 'ഈ നാട്ടിൽ ഒരു മഹാ വിപത്തു ഉടലെടുത്തിട്ടുണ്ട്. പിതൃപുത്രബന്ധങ്ങളെയും സഹോദരബന്ധങ്ങളെയും മറ്റെല്ലാവിധ രക്തബന്ധങ്ങളെയും സ്നേഹബന്ധങ്ങളെയും അകറ്റിക്കളയുന്ന ഒരു മഹാ വിപത്തു്. മുഹമ്മദ് എന്ന ഒരാൾ നബിയാണെന്നു പറഞ്ഞുനടക്കുന്നു. ആളുകളെ വശീകരിപ്പാനായി വായിൽ മന്ത്രമായിട്ടാണു് അയാൾ നടക്കുന്നതു്. അയാളുടെ വാക്കുകൾ കേൾപ്പാൻ വല്ലവരും ഒരുങ്ങിപ്പോയെങ്കിൽ, അവർ അയാളുടെ വലയിൽ പെട്ടുപോകുന്നു. അതുകൊണ്ടു താങ്കൾ സൂക്ഷിക്കണം. മുഹമ്മദിന്റെ ശബ്ദം കാതുകളിൽ കടക്കാതിരിപ്പാൻ ശ്രദ്ധിക്കണം. അയാൾക്കു ചെവികൊടുത്തെങ്കിൽ താങ്കൾ കെണിഞ്ഞുപോകും" അവരുടെ വാക്കുകൾ കേട്ട തുഫൈൽ (റ) ആകപ്പാടെ അമ്പരന്നുപോയി. അദ്ദേഹം തന്റെ കണ്ണടച്ചുരുങ്ങൽ പഞ്ഞികൊണ്ടു ഭദ്രമായി അടച്ചുകൊണ്ടു കഅ്ബയിലേക്കു ചെന്നു. തിരുമേനി കഅ്ബയിൽവെച്ചു നിസ്കരിക്കുകയായിരുന്നു. തിരുമേനി ഓതുന്ന മനോജ്ഞമായ ശബ്ദം തുഫൈൽ (റ) വിന്റെ അടച്ച കാതുകളിൽ പതിഞ്ഞ നിലയിൽ കടന്നുചെന്നു. അദ്ദേഹം തിരുമേനിയുമായി കുറെക്കൂടി അടുത്തു നിന്നു. അപ്പോൾ തിരുമേനി ഓതുന്നതെന്താണെന്നു വ്യക്തമായിത്തന്നെ കേൾക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. തുഫൈൽ (റ) പറയുന്നു:— 'ആ ഓത്തു് എന്നെ ഹഠാദാകർഷിച്ചു. കണ്ണരന്ധ്രങ്ങളിൽനിന്നു പഞ്ഞിയുണ്ടകം ഞാൻ എടുത്തുനീക്കി. ശത്രുക്കൾ എന്നോടുപറഞ്ഞ വസ്തുതകൾ ഞാൻ തിരുമേനി (സ) യെ ധരിപ്പിച്ചു. തിരുമേനി (സ) എനിക്കു ഖുർആൻ ഓതിക്കേൾപ്പിക്കുകയും ഇസ്‌ലാമിലേക്കു ക്ഷണിക്കുകയും ചെയ്തു. ഖുർആൻ അല്ലാഹുവിന്റെ വചനം തന്നെയാണെന്നു എനിക്കു ബോദ്ധ്യമായി. ഞാൻ ഇസ്‌ലാം മതം വിശ്വസിച്ചു. അനന്തരം, എന്റെ നാട്ടിൽചെന്നു എന്റെ ആളുകളെ ഇസ്‌ലാമിലേക്കു ക്ഷണിപ്പാനുള്ള അനുമതിക്കായി ഞാൻ തിരുമേനിയോടാവശ്യപ്പെട്ടു. ആ വിഷയത്തിൽ എന്നെ തുണപ്പാൻ അല്ലാഹുവോടു പ്രാർത്ഥിക്കേണമെന്നു അപേക്ഷിക്കുകയും ചെയ്തു. തിരുമേനി (സ) എനിക്കു അനുമതി നൽകുകയും, എനിക്കുവേണ്ടി അല്ലാഹുവോടു പ്രാർത്ഥിക്കുകയുമുണ്ടായി. ഞാൻ എന്റെ സ്വദേശത്തേക്കു മടങ്ങി. അന്ധകാരാവൃതമായ ഒരു രാത്രിയിലാണു് ഞാൻ അവിടെ എത്തിയതു്. എന്റെ രണ്ടു കണ്ണുകൾക്കിടയിൽ ഒരു പ്രകാശം പ്രത്യക്ഷപ്പെട്ടു. ആ പ്രകാശം എന്റെ കയ്യിലുണ്ടായിരുന്ന വടിയിലേക്കു സംക്രമിച്ചു.

ഒരു നിറവിളക്കുപോലെ ആ വടി പ്രകാശിച്ചു. ജനങ്ങൾ അതുകണ്ട് അത്ഭുതപ്പെട്ടു. എന്റെ പിതാവ് എന്റെ അടുത്തുവന്നപ്പോൾ, ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ എന്റെ പിതാവല്ല; ഞാൻ താങ്കളുടെ പുത്രനുമല്ല.' ഇങ്ങിനെ പറവാനുണ്ടായ കാരണമെന്താണെന്ന് ബാപ്പ അന്വേഷിച്ചപ്പോൾ, ഞാൻ ഇസ്‌ലാം മതം സ്വീകരിച്ച വാർത്ത ഞാൻ അദ്ദേഹത്തെ കേൾപ്പിച്ചു. അതുകേട്ടപ്പോൾ, ഞാൻ സ്വീകരിച്ച ദീൻ സ്വീകരിക്കുവാൻ ബാപ്പ സന്നദ്ധനാവുകയും, ഇസ്‌ലാംദീൻ സ്വീകരിക്കുകയും ചെയ്തു. അതിനെത്തുടർന്ന് എന്റെ ഭാര്യയും ഇസ്‌ലാംദീൻ സ്വീകരിച്ചു. ഔസ്‌ഗോത്രക്കാർ എന്റെ ആഹ്വാനത്തെ സ്വീകരിച്ചില്ല. ഞാൻ വീണ്ടും തിരുമേനിയെ ചെന്നുകാണുകയും, ഔസ്‌ഗോത്രക്കാരുടെ കാര്യത്തിൽ പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. 'ഔസ്‌ഗോത്രത്തെ നീ നേർവഴിയിലാക്കി എന്റെ അടുക്കൽ എത്തിക്കേണമെ' എന്നു തിരുമേനി (സ) അല്ലാഹുവോട് പ്രാർത്ഥിച്ചു. ഞാൻ വീണ്ടും സ്വദേശത്തേക്ക് തിരിച്ചുവന്നു ഔസ്‌ഗോത്രത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. തൽക്കാലം അവർ ഇസ്‌ലാമിലേക്ക് കടന്നുവരികയുണ്ടായില്ല. ചരിത്രപ്രധാനമായ ദിവസങ്ങളും മാസങ്ങളും പിന്നിട്ടു. തിരുമേനി (സ) മദീനയിലേക്ക് ഹിജ്റ ചെയ്തു. ബദ്‌ർ യുദ്ധവും, ഉഹ്ദ് യുദ്ധവും, ഖന്ദഖ് യുദ്ധവും കഴിഞ്ഞു. അതുമുതൽ കാലം ഞാൻ ഔസ്‌ഗോത്രത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്തു. അവസാനം അവർ ഇസ്‌ലാമിലേക്ക് വന്നു. ഔസ് ഗോത്രക്കാരായ എൺപതോളം വീട്ടുകാരോടൊപ്പം തിരുമേനി (സ) യെ ഞാൻ മൈബറിൽവെച്ചു നന്നായി കാണുകയുണ്ടായി. അബൂഹുറൈറ (റ) അക്കൂട്ടത്തിൽപ്പെട്ട ഒരാളാകുന്നു.'

മിഅ്‌റാജ്

മിഅ്‌റാജ് എന്ന വാക്കിന്നു ആരോഹണമെന്നും വാനയാത്രയെന്നും അർത്ഥം പറഞ്ഞുകാണുന്നുണ്ട്. ആകാശലോകത്തേക്ക് നബി (സ) തിരുമേനി ചിലതവണ ആത്മീയമായും ഒരു തവണ ശാരീരികമായും യാത്ര ചെയ്തിട്ടുണ്ട്. '(മക്കയിലെ) മസ്‌ജിദുൽ ഹറാമിൽനിന്നു (യരുശലേമിലെ) മസ്‌ജിദുൽ അഖ്‌സായിലേക്ക് ഒരു രാവിന്റെ അല്പസമയംകൊണ്ടു, തന്റെ അടിമകളിൽ ഉത്തമനായ നബിയെ നടത്തിയ ഉടയവനെ സ്തുതിച്ചുകൊള്ളുന്നു' എന്നർത്ഥമുള്ള ഖുർആൻ വാചകത്തിൽ, ശാരീരികമായ മിഅ്‌റാജിനെ സംബന്ധിച്ച വസ്തുത ഉൾക്കൊണ്ടിട്ടുണ്ടെന്നു വ്യാഖ്യാതാക്കളായ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. ഒരു രാത്രിയുടെ അല്പസമയത്തിനുള്ളിൽ മക്കയിലെ പള്ളിയിൽനിന്നു യരുശലേമിലെ പള്ളിയിലേക്ക് തിരുമേനി (സ) നടന്നുപോയ ആ യാത്രക്ക് 'ഇസ്‌റാഅ്' എന്നു പേർ. സഹാബികളിൽപെട്ട, സ്ത്രീകളും പുരുഷന്മാരുമടക്കം, മുപ്പതോളം ആളുകളിൽനിന്നു ഇസ്‌റാഇനെയും മിഅ്‌റാജിനെയും സംബന്ധിച്ച ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ആകയാൽ, ഇസ്‌റാഉം മിഅ്‌റാജും സംഭവിച്ച കാര്യങ്ങളാണെന്നുള്ളതിൽ അശേഷം സംശയത്തിന്നവകാശമില്ല.

മിഅ്‌റാജ് നടന്നകൊല്ലം, മാസം, ആഴ്ച എന്നിവയെക്കുറിച്ച വ്യത്യസ്താഭിപ്രായങ്ങൾ പറയപ്പെട്ടിട്ടുണ്ട്. നബുവ്വത്തിന്റെ പന്ത്രണ്ടാംകൊല്ലം, റജബ്‌മാസം, ഇരുപത്തേഴാം തിയ്യതി, തിങ്കളാഴ്ച രാത്രിയാണ് മിഅ്‌റാജ് നടന്നതെന്ന അഭിപ്രായമാണ് പൊതുവെ സ്ഥിരീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതു്. അൽഹാഫിളുഅബ്ദുൽഗനിയ്യി (റ) ഈ അഭിപ്രായത്തെ ദൃഢീകരിച്ചിരിക്കുന്നു.

മിഅ്‌റാജ് എന്ന വാനയാത്ര തിരുമേനിയെസ്സംബന്ധിച്ച ഒരു പ്രത്യേക സംഭവമാകുന്നു. നടന്നുകഴിഞ്ഞ ഒരു അത്യത്ഭുത സംഭവമാണത്. നമ്മുടെ യുക്തിയുടെ വീക്ഷണകോണിലൂടെ നോക്കുമ്പോൾ, ആ വസ്തുത കണ്ടെത്തുവാൻ കഴിയാതെ വരുന്നെങ്കിൽ അതു നമ്മുടെ ദൌർബ്ബല്യം മാത്രമാണ്. ആ ദൌർബ്ബല്യത്തെ ഉപാധിയാക്കിക്കൊണ്ടു ആ സംഭവത്തെ നിഷേധിക്കാവതല്ല. മാനുഷിക യുക്തിയെ പ്രകമ്പനംകൊള്ളിക്കുന്ന നിഗൂഢതകളാൽ വലയിതമാണ് മിഅ്‌റാജ്. അബ്ദുൽമുത്തലിബിന്റെ മകളായ ഉമ്മുഹാനീ (റ) പറയുന്നു:- 'തിരുമേനി അന്നു രാത്രി എന്റെ വീട്ടിലാണ് ഉറങ്ങിയിരുന്നത്. കുറെ വൈകിയപ്പോൾ, തിരുമേനിയെ വിരിപ്പിൽ കണ്ടില്ല. തിരുമേനിയെ കാണാതായപ്പോൾ ഞാൻ അത്യന്തം വ്യസനിച്ചു.

ഇബ്നുസഅ്ദ് (റ) പറയുന്നു:- 'ഉറങ്ങിക്കിടന്നേടത്തു തിരുമേനിയെ കാണാതായപ്പോൾ, അബ്ദുൽമുത്തലിബിന്റെ മക്കൾ തിരുമേനിയെ അന്വേഷിച്ചു നാലുപാടും പുറപ്പെട്ടു. അബ്ബാസ് (റ) ദീതുവാ എന്നിടത്തുവെച്ചു തിരുമേനിയെ കണ്ടുമുട്ടി. 'താങ്കൾ എവിടെയാണ് പോയ'തെന്നു ചോദിച്ചപ്പോൾ, 'ബൈതുൽ മുഖദ്ദിസിൽ' എന്നു തിരുമേനി ഉത്തരം പറഞ്ഞു. 'ഇന്നു രാത്രിയൊ' എന്നു അത്ഭുതത്തോടുകൂടി വീണ്ടും അദ്ദേഹം ചോദിച്ചപ്പോൾ 'അതെ' എന്നു തിരുമേനി മറുപടി നല്കി.

ഈ വിഷയത്തിൽ പല അഭിപ്രായങ്ങളും പലർ രേഖപ്പെടുത്തിയിട്ടുണ്ട് ഒറ്റനോട്ടത്തിൽ ആ അഭിപ്രായങ്ങളും അഥവാ പ്രസ്താവനകളും ഭിന്നങ്ങളെന്നു തോന്നുമെങ്കിലും, ചുഴിഞ്ഞുനോക്കിയാൽ അവ അഭിന്നങ്ങളാണെന്നു കാണും. അപഗ്രഥിച്ച ഓരോ ഘടകവും വെവ്വേറെ വെക്കുമ്പോൾ തോന്നുന്നതാണ് ആ ഭിന്നത. ഉൽഗ്രഥിച്ചാൽ അവ അഭിന്നമായിത്തീരും. അപഗ്രഥിതമായ ആ പ്രസ്താവനകളെ പരാമർശിച്ചുകൊണ്ട് അൽഹാഫിളിബ്നു ഹജർ (റ) പറയുന്നു:-

"ഉമ്മുഹാനി (റ) യുടെ വീട്ടിൽ അന്നു രാത്രി തിരുമേനി താമസിച്ചു. ശഅ്ബ് എന്ന മലച്ചെരുവിലാണ് ആ വീട് സ്ഥിതിചെയ്തിരുന്നതു്. ആ വീടിന്റെ മച്ചു് ഭേദിച്ചു്, മലക്കുകൾ വീട്ടിനകത്തു പ്രവേശിക്കുകയും തിരുമേനിയെ മസ്ജിദുൽ ഹറാമിലേക്കു് നയിക്കുകയും ചെയ്തു. ആ അവസരത്തിൽ തിരുമേനി ഉറക്കത്തിൽനിന്നും തികച്ചും മുക്തനായിക്കഴിഞ്ഞിരുന്നില്ല. മസ്ജിദുൽ ഹറാമിൽ കിടന്നുകൊണ്ടു അല്പനേരം തിരുമേനി ഉറങ്ങി. മസ്ജിദുൽ ഹറാമിൽ ഹജർ ഇസ്മാഈലിൽ കിടന്നുകൊണ്ടു് തിരുമേനി ഉറങ്ങുമ്പോൾ ജിബ്രീൽ, മീക്കാഈൽ എന്നീ മലക്കുകൾ വേറൊരു മലക്കോടൊപ്പം അവിടെ എത്തി. ഹംസ: (റ) വും ജഅ്ഫർ (റ) വും തിരുമേനിയുടെ വലത്തും ഇടത്തുമായി കിടക്കുന്നുണ്ടായിരുന്നു. അവരുടെ മദ്ധ്യത്തിൽനിന്നു ആ മലക്കുകൾ തിരുമേനിയെ എടുത്തു സംസം കിണറിന്നടുക്കലേക്കു കൊണ്ടുപോയി. തിരുമേനിയുടെ നെഞ്ചിലെ അസ്ഥിപഞ്ജരത്തിന്നു താഴെനിന്നു പൊക്കിൾ വരെ ജിബ്രീൽ (അ) കീറുകയും ഹൃദയത്തെ പുറത്തെടുക്കുകയും, ഹൃദയം കീറി മൂന്നുതവണ ശുദ്ധീകരിക്കുകയും ചെയ്തു. പിന്നീടു് അതു യഥാസ്ഥാനത്തുവെച്ചു മൂടിക്കെട്ടി മുദ്രവെച്ചു. ഈ കർമ്മം അമാനുഷികവും അല്ലാഹുവിന്റെ വകുതിയിൽപെട്ടതുമത്രെ."

പിന്നീടു തിരുമേനിയെ പള്ളിയുടെ വാതിൽക്കലേക്കു അവർ കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരു മൃഗം നിൽപ്പുണ്ടായിരുന്നു. ആ ലോകസാധാരണമായ ഒരു മൃഗം. മനുഷ്യന്റെയും പോലുള്ള മുഖവും കുതിരയുടെയും പോലുള്ള ശരീരവും, കാളയുടെയും പോലുള്ളകാലുകളും മാനിന്റെയും പോലുള്ള

ള്ള വാലും, ഒട്ടകത്തിന്റേതുപോലുള്ള പിടലിയും, ആനയുടേതുപോലുള്ള നെഞ്ചും, വിവിധ വർണ്ണത്തുവലോടുകൂടി, പക്ഷിയുടേതുപോലുള്ള രണ്ടു ചിറകുകളും രണ്ടു നീണ്ട ചെവികളും ഉള്ള ആ മൃഗത്തിന്റെ ശരീരം വെളുപ്പുകലർന്ന കറുത്ത രോമങ്ങളാൽ ആവൃതമായിരുന്നു. ആ മൃഗം ഒരു കഴുതയേക്കാൾ അല്പം വലുതും കുതിരയേക്കാൾ അല്പം ചെറുതുമായിരുന്നു. അതിന്റെ നടത്തത്തിന്റെ വേഗം മിന്നലിനെ അതിശയിച്ചിരുന്നു. തന്നിമിത്തം 'ബുറാഖ്' എന്നു് അതിനു പേർ നല്കപ്പെട്ടിരുന്നു. സ്വർഗ്ഗത്തിൽനിന്നു് അയക്കപ്പെട്ട ആ മൃഗം ജീനും കടിഞ്ഞാണുമണിഞ്ഞു സന്നദ്ധമായി നിൽക്കുകയായിരുന്നു. തിരുമേനി (സ) ബുറാഖിന്റെ പുറത്തുകയറി.

തിരുമേനി പറയുന്നു:- "ഞാൻ ബൈതുൽ മുഖദ്ദിസിനടുത്തെത്തി. ബുറാഖിനെ പള്ളിക്കു പുറത്തുള്ള വട്ടക്കണ്ണിയിൽ കെട്ടി." അവിടെയുള്ള സഖ്റത്ത് എന്ന കല്ലിൽ ജിബ്രീൽ ഒരു തുളയുണ്ടാക്കുകയും ആ തുളയിൽ ബുറാഖിനെ കെട്ടുകയും ചെയ്തുവെന്നു് പറയപ്പെട്ടിട്ടുണ്ടു് ഈ കല്ലു് മസ്ജിദ് എന്ന കല്ലല്ല. സഖ്റത്തുൽ മസ്ജിദ് എന്ന കല്ലു് പള്ളിയുടെ മദ്ധ്യഭാഗത്താണു് സ്ഥിതിചെയ്യുന്നതു് അതിന്റെ പല ഭാഗത്തും ഖുബ്ബത്തുൽ മിഅ്റാജ് എന്ന ഖുബ്ബസ്ഥിതിചെയ്യുന്നു. സഖ്റതുൽ മസ്ജിദു് എന്ന കല്ലു് അലൌകികമായ ഒരു അത്ഭുതകല്ലാകുന്നു. ആ കല്ലിന്മേൽ തിരുമേനി(സ)യുടെ തൃപ്പാദം പതിഞ്ഞിട്ടുണ്ടു്. മസ്ജിദുൽ അഖ്ബായിൽവെച്ചു തിരുമേനി (സ) രണ്ടു റക്അത്തു് നിസ്കരിച്ചു. ആ നിസ്കാരത്തിൽ മുൻകടന്ന എല്ലാ നബിമാരുടേയും ആത്മാക്കൾ പങ്കെടുത്തുവെന്നു് പറയപ്പെട്ടിട്ടുണ്ടു്. നിരവധി മലക്കുകളും ആ നിസ്കാരത്തിൽ പങ്കെടുത്തു.

അനന്തരം തിരുമേനി (സ) ആകാശത്തിലേക്കു യാത്ര ചെയ്തു.

മക്കയിലെ മസ്ജിദുൽ ഹറാമിൽ നിന്നു യരൂശലേമിലെ മസ്ജിദുൽ അഖ്സായിലേക്കു, ഒരു രാത്രിയുടെ അല്പസമയംകൊണ്ടു യാത്ര നടത്തിയ അതെ രാത്രിതന്നെ, മസ്ജിദുൽഅഖ്സായിൽ നിന്നാണു് മിഅ്റാജ് ഉണ്ടായതെന്നും; അന്നു ഇസ്റാഅ് മാത്രമെ ഉണ്ടായിട്ടുള്ളുവെന്നും, വേറൊരു രാത്രി തിരുമേനി മക്കയിൽനിന്നു ബൈതുൽമുഖദ്ദിസിലേക്കു പോവുകയും അവിടെവെച്ചു മിഅ്റാജ് നടക്കുകയാണുണ്ടായതെന്നും, ഈ വിഷയത്തിൽ രണ്ടഭിപ്രായങ്ങളും പറയപ്പെട്ടിട്ടുണ്ടു്.

തിരുമേനി (സ) പടിപടിയായി ഏഴു ആകാശങ്ങളെ തരണംചെയ്തശേഷം, സിദ്റതുൽ മുൻതഹായിലേക്കും, അവിടെനിന്നു മൂസ്തവായിലേക്കും അവിടെനിന്നു പത്താമത്തെ പദനമായ അർശിലേക്കും യാത്ര ചെയ്തു. ഇസ്റാഅ് എന്ന യാത്രയിലും മിഅ്റാജ് എന്ന വാനയാത്രയിലും തിരുമേനി (സ) ക്കു പല അറിവുകളും ജിബ്രീൽ (അ) വെളിപ്പെടുത്തിക്കൊടുക്കുകയുണ്ടായി. ഒന്നാമത്തെ ആകാശത്തിൽ വെച്ചു ആദംനബി (അ) നെ തിരുമേനി (സ) കണ്ടു. ആദം സന്തതികളുടെ ആത്മാക്കളെയും തിരുമേനിക്കു വെളിപ്പെടുത്തിക്കൊടുത്തു. ആദംനബി (അ) തിരുമേനിയെ സഹർഷം സ്വാഗതം ചെയ്തു. അവിടെവെച്ചു തിരുമേനി (സ) നരകത്തെയും നരകവാസികളെയും കണ്ടു. അനാഥക്കുട്ടികളുടെ അവകാശങ്ങളും അപഹരിച്ചു അനുഭവിച്ച ആളുകളും, പലിശമുതൽ അനുഭവിച്ച ആളുകളും, വ്യഭിചാരികളായ ആളുകളും, ഭർത്താക്കന്മാരെ വഞ്ചിച്ച സ്ത്രീകളും, അധാർമ്മികരായി ജീവിച്ച ഓരോരുത്തരും അനുഭവിക്കുന്ന യാതനകളും തിരുമേനി (സ) കാണുകയുണ്ടായി.

രണ്ടാമത്തെ ആകാശത്തിലെത്തിയപ്പോൾ തിരുമേനി (സ) ഈസാനബി (അ) നേയും യഹ്‌യാനബി (അ) നേയും കണ്ടു. അവർ തിരുമേനിക്കു സ്വാഗതമരുളി.

മൂന്നാമത്തെ ആകാശത്തിൽവെച്ചു അതി സുന്ദരനായ യൂസുഫ്‌നബി (അ) തിരുമേനി (സ) യെ സ്വാഗതം ചെയ്തു.

നാലാമത്തെ ആകാശത്തിൽ വെച്ചു ഇദ്‌രീസ്‌നബ (അ) തിരുമേനിക്കു സ്വാഗതമരുളി.

അഞ്ചാമത്തെ ആകാശത്തിൽ വെച്ചു ഹാറൂൻനബി (അ) തിരുമേനിയെ സ്വീകരിച്ചു.

ആറാമത്തെ ആകാശത്തിൽ വെച്ചു മൂസാനബി (അ) തിരുമേനിയെ സ്വീകരിക്കുകയും തിരുമേനിക്കും തിരുമേനിയുടെ ജനതക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ഏഴാമത്തെ ആകാശത്തിൽ വെച്ചു ഇബ്രാഹിംനബി (അ) യെ തിരുമേനി കാണുകയുണ്ടായി. ബൈതുൽമഅ്മൂർ എന്ന ഭവനം ഏഴാമത്തെ ആകാശത്തിലാണ് സ്ഥിതിചെയ്യുന്നതു്. ഇരുപതിനായിരം മലക്കുകൾ സദാ ഈ ഭവനത്തെ തവാഫ് ചെയ്യുന്നു. ഒരിക്കൽ തവാഫ് ചെയ്ത മലക്ക് വീണ്ടും തവാഫ് ആവർത്തിക്കാതെ കടന്നുപോവുകയും തൽസ്ഥാനത്തു പുതിയ മലക്കുകൾ അഭംഗുരമായി തവാഫ് നടത്തിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നതു്. ഈ ബൈതുൽമഅ്മൂറിന്റെ നേരെ താഴെയായിട്ടാണ് ഭൂമിയിൽ കഅ്ബ സ്ഥിതിചെയ്യുന്നതെന്നു മുമ്പു പറഞ്ഞിട്ടുണ്ടു്. ആദ്യത്തെ ആറു ആകാശങ്ങളിലും ബൈതുൽമഅ്മൂറുകൾ ഉണ്ടെങ്കിലും മലക്കുകൾ അവയെ നിരന്തരം തവാഫ് ചെയ്യുന്നില്ല. ഇബ്രാഹീംനബി (അ) യുമായി തിരുമേനി സംസാരിച്ചു. തിരുമേനിയോടു ഇബ്രാഹീം (അ) പറഞ്ഞു:- 'സ്വർഗ്ഗത്തിൽ അത്യുത്തമമായ മണ്ണും വെള്ളവുമാണുള്ളതു്. അവിടെ നടുവാൻപറ്റിയ ഞാറ്, അല്ലാഹുവിനെ സ്തുതിക്കുക എന്നതാണെന്നു,- (സുബ്ഹാനല്ലാഹിവൽ ഹംദുലില്ലാഹി വലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹുഅക്ബർ) എന്ന സ്തുതിയാണെന്നു താങ്കളുടെ ഉമ്മത്തികളോടു താങ്കൾ പറയണം.'

തിരുമേനി (സ) പറയുന്നു:- 'അവിടെ നിന്നു സിദ്‌റത്തുൽമുൻതഹാ എന്ന മരത്തിന്റെ അടുക്കലേക്കു ജിബ്‌രീൽ എന്നെ കൂട്ടിക്കൊണ്ടുപോയി. ആ വൃക്ഷത്തിനു തുല്യമായി മറ്റൊരു വൃക്ഷമില്ല. ആനച്ചെവിപോലുള്ള അതിന്റെ ഇലകൾ ഈ ലോകത്തിലാകെ തണൽ വിരിക്കുവാൻ പര്യാപ്തമത്രെ. അതിന്റെ പഴങ്ങൾ ഹജർ എന്ന നാട്ടിലെ ജാടികളെപ്പോലിരിക്കുന്നു. ആ വൃക്ഷത്തെ വർണ്ണിക്കുവാൻ കഴിയുകയില്ല.

'പിന്നീടു്, എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചു. മനോജ്ഞങ്ങളായ രമ്യഹർമ്മ്യങ്ങൾ തല ഉയർത്തി നിൽക്കുന്നു. ഫലസമൃദ്ധമായ തോട്ടങ്ങൾ വ്യാപിച്ചു കിടക്കുന്നു. ലോകത്തിലുള്ള എല്ലാ പഴങ്ങളും, കൂടുതൽ പൂർണ്ണിമയോടും സ്വാദോടും കൂടി അവിടെ വിളയുന്നു. സിദ്‌റത്തുൽ മുൻതഹാ എന്ന മരത്തിന്റെ മുട്ടിൽനിന്നുത്ഭവിച്ച നാലു അരുവികൾ അതിലൂടെ ഒഴുകുന്നു. ആ അരുവികൾ കണ്ണിനും കരളിനും ആനന്ദം നൽകുന്നു.

'ജിബ്‌രീലിന്റെ നിർദ്ദേശമനുസരിച്ചു ഞാൻ മുമ്പോട്ടു നടന്നു. മുസ്‌തവാ എന്ന സ്ഥലം കടന്നു ഹിജാബുൽഉള്മാ എന്ന മറയുടെ അടുക്കലെത്തി. ആ മറയുടെ മലക്കു മറനീക്കുകയും, പല പതനങ്ങൾ കടന്നശേഷം ഞാൻ ബഹറുന്നൂർ എന്ന കടൽക്കരയിലെത്തുകയും ചെയ്തു. ആ കടലിന്റെ തിളക്കത്തിൽ ജിബ്‌രീൽ നിഷ്പ്രഭനായിപ്പോയി. ഇവിടുന്നു മേലോട്ടു വരുവാൻ തനിക്കു നിവൃത്തിയില്ലെന്നും

ഞാൻ ഒറ്റക്കുയാത്ര തുടർന്നുകൊള്ളണമെന്നും ജിബ്‌രീൽ (അ) എന്നെ അറിയിച്ചു. എവിടെക്കാണു പോകേണ്ടതെന്നു ഞാൻ ചോദിച്ചപ്പോൾ, 'റഫീഖുൽ അഅ്‌ലാ എന്ന ഉന്നതപദനത്തിലേക്കു' എന്നു ജിബ്‌രീൽ മറുപടി നല്കി. അപ്പോഴേക്കും ബുറാഖ് എത്തി, എന്നെ വഹിച്ചു യാത്രയായി. ആ യാത്രയിൽ അത്യുജ്ജ്വലമായ എഴുപതു മറകളെ ഞാൻ തരണം ചെയ്തു

എഴുപതു മറകളെ തരണം ചെയ്തുകഴിഞ്ഞപ്പോൾ റഫ്‌റഫ് എന്ന ഒരു പച്ചപ്പട്ടം പ്രത്യക്ഷമായും, ഞാൻ ആ പടത്തിൽ കയറിയാത്ര തുടരുകയുമുണ്ടായി. 'ഉദ്ദനുമിന്നീ-എന്നോടടുക്കുക എന്നു അല്ലാഹു ആവാനം ചെയ്യുന്നതു ഞാൻ കേട്ടു അർശിന്റെ തിളക്കം ഞാൻ കണ്ടു. പ്രോജ്ജ്വലമായ അർശിനെ ഞാൻ സമീപിച്ചു; അർശിന്മേൽ ഞാൻ കയറി. അർശിനടുത്തായി സ്ഥിതിചെയ്യുന്ന മറ്റൊരു ഭവനമാണു കർസു്. അതു അർശിനേക്കാൾ അത്യന്തം ചെറുതാകുന്നു ആ കർസാകട്ടെ ആകാശഭൂമികളെക്കാൾ അത്യന്തം വലുതുമത്രെ.'

'അപ്പോൾ കർസിനേക്കാൾ എത്രയോ വലിപ്പംകൂടിയ അർശു് ഏഴാകാശങ്ങൾക്കുമീതെ സ്ഥിതിചെയ്യുന്നുവെന്നു പറയുമ്പോൾ, അല്പമതികളായ ചിന്തകന്മാർ അത്ഭുതപ്പെട്ടേക്കുന്നവരും; സംശയങ്ങൾ അവരുടെ യുക്തിയെ ആവരണം ചെയ്തേക്കുംവരും. ആകയാൽ, സംശയനിവൃത്തിക്കു ഒരു മാർഗ്ഗം നിർദ്ദേശിക്കുന്നതു ഉചിതമായിരിക്കുമെന്നു തോന്നുന്നു. മുഹ്‌യിദ്ദീനിബ്‌നുഅറബീ അവർകളുടെ 'ഫുതൂഹാത്', എന്ന ഗ്രന്ഥത്തിന്റെ എഴാംവാള്യം, മുന്നൂറെറുപത്തൊന്നാം അദ്ധ്യായത്തിലും; അബ്ദുൽവഹ്ഹാബിബ്‌നുശ്അ്‌റാനീ അവർകളുടെ 'ബവാഖീത്' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം വാള്യം എഴുപത്തൊന്നാം അദ്ധ്യായത്തിലും; ഇമാംഗസ്സാലീ (റ) അവർകളുടെ 'ഇഹ്‌യാഉലൂമുദ്ദീൻ' എന്ന ഗ്രന്ഥത്തിന്റെ നാലാം ഖണ്ഡത്തിലും മറ്റും ഈ വിഷയം വിവരിക്കപ്പെട്ടിട്ടുണ്ടു്. ആ ഗ്രന്ഥഭാഗങ്ങളും ശ്രദ്ധിച്ചു വായിച്ചാൽ ഈ വിഷയത്തിലുണ്ടാകുന്ന സംശയങ്ങളും ഇല്ലാതാവുന്നതാണു്.

'ദനൂ' എന്ന പദനത്തിൽനിന്നു് 'ഫതല്ലാ' എന്ന പദനത്തിലേക്കു നീങ്ങി. പിന്നെ, 'ഖാബഖൗസൈനി' എന്ന പദനത്തെ സമീപിക്കുകയും, 'ഔഅദ്നാ' എന്ന സന്നിധാനത്തിൽ വിഹരിക്കുകയും ചെയ്തു. ഈ നാലു പദനങ്ങളും വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. തിരുമേനി (സ) ശാരീരികമായും ഹൃദയപരമായും ആത്മീയമായും ആന്തരീയമായും അല്ലാഹുവോടു് അടുത്തു എന്ന അർത്ഥത്തിലാണു്, സത്യസാരജ്ഞരായ പണ്ഡിതപ്രമുഖന്മാർ ഈ വാക്യങ്ങളെ വ്യാഖ്യാനിച്ചിട്ടുള്ളതു്. ഈ വാക്യങ്ങളുടെ നിജമായ സാരാംശങ്ങളിലേക്കു് കടന്നുചെല്ലുവാൻ മനുഷ്യബുദ്ധിക്കു് സാധിക്കുകയില്ല. അബുൽഹുസൈനൂരി (റ) വോടു് ഈ ആയത്തുകളുടെ അർത്ഥം എന്തെന്നു ചോദിച്ചപ്പോൾ 'ഈ ആയത്തുകളും നബി (സ) തിരുമേനിക്കു് എത്തിച്ചുകൊടുത്ത ജിബ്‌രീലിനുപോലും അവയുടെ നിജമായ അർത്ഥം വ്യാഖ്യാനിപ്പാൻ കഴിയുമെന്നു് തോന്നുന്നില്ലെന്നു് അദ്ദേഹം മറുപടി നല്കി. മുഹയദ്ദീനിബ്‌നുഅറബി (റ), മുഹമ്മദ്ഫഖ്‌റുർറാസീ (റ) എന്നിവർ അവരുടെ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഈ ആയത്തുകൾക്കു് നിഗൂഢാർത്ഥപ്രധാനങ്ങളായ വ്യാഖ്യാനങ്ങളും നല്കിയിട്ടുണ്ടു്. അതു് ഇത്തരുണത്തിൽ ഉദ്ധരിക്കുന്നതു് ഉചിതവുമല്ല.

അല്ലാഹു, അവങ്കലേക്കു് അടുപ്പിച്ചതുമൂലം അവന്റെ സന്നിധിയിൽ എത്തിച്ചേർന്ന തിരുമേനിയുമായി അഭിമുഖസംഭാഷണം നടത്തി. അല്ലാഹു പറഞ്ഞതു:- 'നബിയെ, ഞാൻ ഞാൻതന്നെ; എന്നെക്കഴിച്ചാൽ താങ്കൾ. താങ്കൾ എന്റേതു്. മറ്റുള്ളതെല്ലാം താങ്കളുടേതു്.'

'തിരുമേനി മൊഴിഞ്ഞു:- 'എന്റെ നാഥാ! നീ, നീതന്നെ; ഞാൻ നിനക്കുള്ളതുംതന്നെ. നീ ഒഴിച്ച് മറവുള്ള സകലതുംതന്നെ ഞാൻ നിനക്കായി അപ്പിച്ചു.'

തിരുമേനിയുടെ മുമ്പിൽ പ്രത്യക്ഷനായിക്കൊണ്ട്, മറാർക്കുംതന്നെ നൽകാത്ത സൌഭാഗ്യം അല്ലാഹു തിരുമേനിക്കു നല്കിയപ്പോൾ, അല്ലാഹു തിരുമേനിയെ കണ്ണുനിറയെ നോക്കിക്കണ്ടു. തിരുമേനി അരുളുന്നു:- 'അല്ലാഹു എന്നോടു ഒരു കാര്യം ചോദിച്ചു. മറുപടി നല്കുവാൻ എനിക്കു സാധിച്ചില്ല. അപ്പോൾ എന്റെ നാവിൽ ഒരു ദ്രവകണം പ്രത്യക്ഷപ്പെട്ടു. അത്രയും മധുരതരമായ ഒരു അനുഭവം മറെറാരിക്കലും എനിക്കുണ്ടായിട്ടില്ല. മനുഷ്യഭാവനകൾക്കതീതമായ അല്ലാഹുവിന്റെ തൃക്കരം അവൻ എന്റെ ചുമലിൽവെച്ചു. അപ്പോൾ, ഞാനാകെ ഒന്നു കുളിർത്തു. ആദിതൊട്ട് അവസാനംവരെയുള്ള എല്ലാ അറിവുകളും അല്ലാഹു എനിക്കു അറിയിച്ചുതന്നു. എനിക്കല്ലാതെ മറെറാരാൾക്കും വഹിപ്പാൻ കഴിയാത്ത അറിവുകൾ മറാർക്കും അറിയിച്ചുകൊടുക്കാതെ മറച്ചുവെക്കുവാനും ജനങ്ങൾക്കു് എത്തിച്ചുകൊടുക്കേണ്ടുന്ന അറിവുകളെ അവർക്കു എത്തിച്ചുകൊടുപ്പാനും എന്നോടു് കല്പിച്ചു.'

അല്ലാഹുവിന്നു് കാഴ്ചവെക്കുവാൻ തിരുമേനി കല്പിക്കപ്പെട്ടു. അപ്പോൾ അല്ലാഹു തോന്നിച്ചതുനിമിത്തം 'അത്തഹിയ്യാത്തു അൽമുബാറകാതു, അസ്സലവാതു, അത്തയ്യിബാതു ലില്ലാഹി' എന്ന വചനം തിരുമേനി കാഴ്ചവെച്ചു. 'അസ്സലാമുഅലൈക അയ്യുഹന്നബിയ്യുവ'ഹ്മതു'ള്ളാഹി വബറകാതുഹു' എന്നു അല്ലാഹു പ്രതിവചിച്ചു. തിരുമേനി അഭ്യർത്ഥിച്ചതനുസരിച്ചു് തിരുമേനിയുടെ ഉമ്മത്തികൾ സ്വർഗ്ഗത്തിൽ കടക്കാതെ മറെറാരു നബിയുടെ ഉമ്മത്തികളും സ്വർഗ്ഗത്തിൽ കടക്കുന്നതല്ലെന്നും തിരുമേനിയുടെ ഉമ്മത്തിമാർ ഒരു ഗുണം ചെയ്താൽ പത്തിരട്ടി പ്രതിഫലം നല്കപ്പെടുമെന്നും അല്ലാഹു ഏറുപറഞ്ഞു. ഒരു ദിവസത്തിൽ അഞ്ചുനേരത്തെ നിസ്കാരം സ്ഥിരപ്പെടുത്തി. അല്ലാഹുവിന്റെ സന്നിധത്തോടുകൂടി തിരുമേനി മക്കയിൽ മടങ്ങിയെത്തി. ഈ യാത്രയ്ക്കു് എടുത്ത സമയം, മൂന്നു നിമിഷമാണെന്നും, നാലു നിമിഷമാണെന്നും, അല്പസമയ'മാണെന്നും പറയപ്പെട്ടിട്ടുണ്ടു്.

'ഞാൻ അറിവിന്റെ മഹാ സാമ്രാജ്യവും അലീ ആ സാമ്രാജ്യത്തിന്റെ പ്രവേശന കവാടവുമാ'ണെന്നു റസൂൽകരീം (സ) പ്രശംസിച്ചു പറഞ്ഞ അലീ (ക. വ) പറയുകയുണ്ടായി:- 'ഞാൻ അല്ലാഹുവിനെക്കാണാതെ ഒരു സാധനത്തെയും കാണുന്നില്ല.' എല്ലാ വസ്തുവിലും ഞാൻ അല്ലാഹുവിനെ കാണുന്നുവെന്നാണു് ഇതിന്റെ സാരം. അന്തർദൃഷ്ടികൊണ്ടുള്ള കാഴ്ചയാണു് ഇവിടെ വിവക്ഷ. ബാഹ്യമായ കണ്ണുകളാൽ അല്ലാഹുവിനെ കാണുവാൻ തിരുമേനി (സ) അല്ലാതെ സൃഷ്ടികളിൽ മറാർക്കും സാദ്ധ്യമല്ല. തിരുമേനി അല്ലാഹുവോടടുത്തു; അല്ലാഹു, അതെ അവസരത്തിൽ, തിരുമേനിയെ അടുപ്പിക്കുകയും ചെയ്തു. തിരുമേനി ബാഹ്യനേത്രങ്ങളാൽ അല്ലാഹുവിനെ കാണാതെവരെ ആ പ്രക്രിയ തുടർന്നു. തിരുമേനിക്കു അല്ലാഹു നൽകിയ പ്രത്യേകതകളിൽ ഒന്നാണു് മിഅ്റാജു്.

ഈ സംഭവത്തെക്കുറിച്ചു ജനങ്ങളോടു്- മുസ്‌ലിംകളോടുതന്നെ - പറഞ്ഞാൽ അവർ ഇതു വിശ്വസിക്കുമോ എന്ന കാര്യത്തിൽ തിരുമേനിക്കുതന്നെയും സംശയം ഉണ്ടാകാതിരുന്നിട്ടില്ല. തിരുമേനി ഈ പ്രശ്നം ജിബ്‌രീലിന്റെ മുമ്പിൽവെച്ചപ്പോൾ 'അബൂബകർസിദ്ദീഖ് വിശ്വസിക്കും' എന്നു ജിബ്‌രീൽ (അ) മറുപടിനൽകി. അപ്രകാരംതന്നെ, ഈ സംഭവം അബൂബകർസിദ്ദീഖ് (റ)വോടു നബി (സ) പറഞ്ഞപ്പോൾ, സംശയലേശമെന്യെ അദ്ദേഹം അതു വിശ്വസിച്ചു.

മക്കയിലുനിന്ന് ബൈതുൽ മുഖദ്ദിസിലേക്കെത്തുവാൻ ഒട്ടകം കൊണ്ട് ഒരു മാസം ക്ലേശിച്ച് സഞ്ചരിക്കേണ്ടിയിരുന്നു. തിരിച്ചുവരുവാനും അത്ര സമയം കൂടിയെ മതിയാവൂ. വളരെ അദ്ധ്വാനിച്ച് വിശ്രമമെന്യെ സഞ്ചരിച്ചാൽ ഒരു ഒട്ടകത്തിനു രണ്ടു മാസം വേണ്ടിവരുന്നതിലധികം ഒരു രാത്രിയുടെ അല്പസമയം കൊണ്ട് ഒരു മനുഷ്യൻ സഞ്ചരിച്ചുവെന്നു പറഞ്ഞാൽ എളുപ്പത്തിൽ ആരും വിശ്വസിക്കുകയില്ലല്ലൊ. അബൂജഹലും കൂട്ടുകാരും ഈ അവസരം പാഴാക്കിയില്ല. അവർ തിരുമേനിയെ അന്തം വിട്ട പരിഹസിച്ചു. ഒരു രാത്രിയുടെ അല്പസമയത്തിനുള്ളിൽ മക്കയിൽനിന്നു ബൈതുൽ മുഖദ്ദിസിലേക്കു താൻ പോയെന്നും തിരുമേനി പറഞ്ഞതു ശുദ്ധ കളവാണെന്നും മുഹമ്മദിനുള്ള ഭ്രാന്തുകൊണ്ടാണു ഇതു പറയുന്നതെന്നും അഭിപ്രായപ്പെട്ടു. മുസ്‌ലിംകളിൽതന്നെ ചിലർക്കു ഇതു വിശ്വസിപ്പാൻ കഴിഞ്ഞില്ല. അക്കൂട്ടത്തിൽ ചിലർ മുർതദ്ദായി. ഈ വാർത്ത വിശ്വസിച്ചവരുടെ ഈമാൻ ദൃഢീഭവിക്കുകയും ചെയ്തു. ബൈതുൽ മുഖദ്ദിസ് കണ്ടിട്ടുള്ള പലർക്കും അതിന്റെ നിർമ്മാണത്തേയും ആകൃതിയെയും വിവരിക്കുവാൻ, തിരുമേനിക്കു കഴിഞ്ഞതുപോലെ കഴിഞ്ഞില്ല. തിരുമേനി ബൈതുൽമുഖദ്ദിസിനെ യഥാർത്ഥമായി വിവരിച്ചപ്പോൾ "മുഹമ്മദ് വലിയ മാന്ത്രികനാണെന്നു വലീദിനിബ്നു മുഗീറത്തു പറഞ്ഞതു ശരിതന്നെ" എന്നു പറഞ്ഞുകൊണ്ട് അവർ തിരുമേനയെ കൂടുതൽ പരിഹസിച്ചു. ഈ ലോകത്തുവെച്ചുനടന്ന സംഭവങ്ങളും വിശ്വസിക്കാത്ത ജനങ്ങളോടു വാനലോകത്തുനടന്ന സംഭവങ്ങളും പറയുവാൻ തല്ക്കാലം തിരുമേനി(സ) ഒരുങ്ങിയില്ല. ക്രമേണ ഇസ്‌റാഇലുള്ള വിശ്വാസത്തിനു പ്രാബല്യം സിദ്ധിച്ചു കഴിഞ്ഞപ്പോൾ, മിഅ്‌റാജിലെ സംഭവങ്ങളും തിരുമേനി അവരെ ധരിപ്പിച്ചു.

മദീനക്കാർ വിശ്വസിച്ചു.

ശത്രുപക്ഷത്തിന്റെ എതിർപ്പുകൊണ്ടും ഉപദ്രവങ്ങൾകൊണ്ടും ശക്തികൂടിയെങ്കിലും, ദീനിന്റെ പ്രചാരണപ്രവർത്തനങ്ങളിൽനിന്നു തിരുമേനി (സ) അണുമാത്രം പിന്തിരിഞ്ഞില്ല. ആണ്ടുതോറും മക്കയിൽ ഹജ്ജിനുവരുന്ന അറബികൾ ശവ്വാൽമാസത്തിൽതന്നെ ഉകാളു് എന്ന സ്ഥലത്തു എത്തിച്ചേരും. അവിടെവെച്ചാണു് വാർഷികമേള നടക്കുക. ആ മേള കഴിഞ്ഞാൽ മജ്നത് എന്ന ചന്തസ്ഥലത്തു് മൂന്നാഴ്ചകളോളം അവർ കഴിച്ചുകൂട്ടും. ഹജ്ജിന്റെ ദിവസം അടുക്കുമ്പോൾ, അവിടെനിന്നു അവർ ദുൽമജാസിലേക്കുയാത്രതിരിക്കും. തിരുമേനി മേല്പറഞ്ഞ മൂന്നുസ്ഥലങ്ങളിലും ചെന്നു്, വീടുവീടാന്തരം (തമ്പുകൾതോറും) കയറിയിറങ്ങി, കാരോ ഗോത്രക്കാരേയും ഇസ്‌ലാമിലേക്കു ക്ഷണിച്ചുവന്നു.

കൂട്ടത്തിൽ പറയുന്നു:- "തിരുമേനി മദീനയിലേക്കു ഹിജ്റപോകുന്നതിനുമുമ്പ് മിനായിൽവെച്ചു ജനങ്ങളെ ഇപ്രകാരം ആഹ്വാനം ചെയ്യുന്നതായി ഞാൻ കേട്ടു. 'ഹേ ജനങ്ങളെ, അല്ലാഹു അവനെ ആരാധിപ്പാൻ നിങ്ങളോടു കല്പിച്ചിരിക്കുന്നു. അവനുമായി മറെറാരു വസ്തുവേയും നിങ്ങൾ പങ്കുചേർക്കരുതു്.' അപ്പോൾ മറുഭാഗത്തുനിന്നു വേറൊരാൾ വിളിച്ചുപറഞ്ഞു:- ഹേ ജനങ്ങളെ, നിങ്ങളുടെ പിതാക്കളുടെ മതം ഉപേക്ഷിക്കുവാനാണു് ഇവൻ നിങ്ങളോടു് ആവശ്യപ്പെടുന്നതു്. നിങ്ങളാരുംതന്നെ അവനെ അനുസരിക്കരുതു്." ആ എതിരാളി അബൂലഹബാണെന്നു പിന്നീടു മനസ്സിലായി. 'അല്ലാഹു എന്നെ റസൂലാക്കിയിരിക്കുന്നു. ആ വിവരം ഞാനിതാ നിങ്ങളെ അറിയിക്കുന്നു. എന്നോടു സഹകരിക്കുകയും, ഞാൻ പറയുന്നതു വിശ്വസിക്കുകയും ദീൻകാര്യത്തിൽ എന്നെ സഹായിക്കുകയും ചെയ്യുന്നവർ ഉത്തമന്മാരത്രെ. അവർക്കു സ്വർഗ്ഗം സമ്മാനമായി ലഭിക്കും.

ഞാൻ പറയുന്നത സത്യമാണെന്നുള്ളതിന്നു തെളിവുകാം എന്റെ പക്കലുണ്ട്, എന്നിപ്രകാരം പറഞ്ഞുകൊണ്ട് ഓരോ ഭവനത്തിലും കൂടാരത്തിലും തിരുമേനി കയറിയിറങ്ങി.

ബനൂആമിർ, മുഹാരിബ്, ഫസാറ, മുർറത്, ഗസ്സാൻ, ഹനീഫ, ബനൂസുലൈം, ബനൂഅബസ്, ബനൂനളർ, ബകാങ്, കന്തത്, കങ്ബ്, ഹാരിസ്, ഹദ്റത്, ഹളാരിമത്, എന്നീ പതിനഞ്ചു ഗോത്രക്കാരിൽ പ്രത്യേക ശ്രദ്ധ പതിച്ചുകൊണ്ടാണ് തിരുമേനി പ്രബോധന പ്രവർത്തനം നടത്തിവന്നത്. അവർ തിരുമേനിയെ വിശ്വസിച്ചില്ല. മാത്രമല്ല, പരിഹസിക്കുകയും അവഹേളിക്കുകയും ഉപദ്രവിക്കുകയും ചെയ്തു. ഇതുകൊണ്ടൊന്നും തിരുമേനി (സ) ഹതാശനായില്ല. മിനായിലെ ജംറത്തുൽഅഖബ എന്ന സ്ഥലത്തുവെച്ചു ഔസ്, ഖസ്റജ് എന്നീ രണ്ടു ഗോത്രക്കാരെ തിരുമേനി കണ്ടുമുട്ടി. ആ രണ്ടു ഗോത്രക്കാരും മദീനക്കാരായിരുന്നു. തിരുമേനി അവരെ ഇസ്‌ലാമിലേക്കു ക്ഷണിക്കുകയും, അവർക്കു ഖുർആൻ ഓതിക്കേൾപ്പിക്കുകയും ചെയ്തു. അവർ ഈ വിഷയത്തെക്കുറിച്ചു പരസ്പരം ഒരു കൂടിയാലോചന നടത്തി. തൽഫലമായി, ഖസ്റജ് ഗോത്രക്കാരായ അബൂഉമാമത് എന്ന അസ്അദിബ്നു സറാറത് (റ), ഔഫിബ്നുൽഹർസ് (റ), റാഫിഇബ്നുമാലിക് (റ), ഖുത്ബതിബ്നുആമിർ (റ), ഉഖ്ബതിബ്നുആമിർ, (റ) ജാബിർഇബ്നുഅബ്ദില്ലാ: (റ) എന്നിവർ ഇസ്‌ലാംമതം സ്വീകരിച്ചു. 'ഇസ്‌ലാമിനെ പ്രബോധനം ചെയ്യുവാൻ നിങ്ങളോടൊപ്പം ഞാൻ നിങ്ങളുടെ നാട്ടിലേക്കു വരട്ടെയൊ' എന്നു തിരുമേനി അവരോടു അന്വേഷിച്ചപ്പോൾ, 'യുദ്ധാസ് യുദ്ധം ഹേതുവായി നാട്ടുകാർ പരസ്പരം ഭിന്നിച്ചുനിൽക്കുകയായിരുന്നു; ഇപ്പോഴിടയായി അല്പാല്പം അടുത്തുവരുന്നുണ്ട്. അതുകൊണ്ടു ഇപ്പോൾ ഞങ്ങൾമാത്രം പോവട്ടെ. അടുത്തവർഷം സമ്മേളനകാലത്തു ഇതേസ്ഥലത്തുവെച്ചു ഞങ്ങൾ തിരുമേനിയെ കണ്ടുകൊള്ളാം' എന്നു അവർ മറുപടി നല്കി.

അഖബായിലെ ഒന്നാമത്തെ ഉടമ്പടി

മേൽപറഞ്ഞ ആറുപേർ മദീനയിൽ എത്തിയ ഉടനെ തങ്ങൾ ഇസ്‌ലാംമതം സ്വീകരിച്ച വിവരം നാട്ടുകാരെ അറിയിച്ചു. ഇസ്‌ലാമും തിരുമേനിയും ആ നാട്ടിലെ ഒരു പ്രധാന സംസാരവിഷയമായിത്തീർന്നു. ആ നാട്ടിലെ ഒരൊറ്റ വീട്ടുകാരെങ്കിലും ഇസ്‌ലാമിനെപ്പറ്റി ചർച്ച നടത്താതിരുന്നില്ല. ഇസ്‌ലാമിനു കാലുറപ്പിച്ചു നിൽക്കുവാനും വികസിക്കുവാനുമുള്ള സാഹചര്യങ്ങൾ ആ നാട്ടിന്റെ അന്തരീക്ഷത്തിൽ തെളിഞ്ഞുവന്നു.

അടുത്തവർഷം, മദീനക്കാരായ പന്ത്രണ്ടു പേർ അഖബായിൽ വെച്ചു തിരുമേനിയെ കാണുകയും സംസാരിക്കുകയും ചെയ്തു. മുൻകൊല്ലത്തിൽ ഇസ്‌ലാംമതം വിശ്വസിച്ച ആറുപേരിൽ അഞ്ചാളുകളും, പുതുതായി ഏഴാളുകളുമാണ് സംഘത്തിലുണ്ടായിരുന്നത്. അവരിൽ പത്തുപേർ ഖസ്റജിഗോത്രക്കാരും രണ്ടുപേർ ഔസീഗോത്രക്കാരുമായിരുന്നു. മആദിബ്നുൽഫർസ്, ഉകൈവാനിബ്നുഅബ്ദുഖൈസ്, ഉബാദതിബ്നുസ്സാമിത്, യസീദിബ്നുസഅ്ലബത്, അബുൽഹൈതം, അവീമിബ്നുസാഇദത്, അബ്ബാസിബ്നുനളീലത് ഇവരാണ് സംഘത്തിലുണ്ടായിരുന്ന പുതിയ ഏഴുപേർ. ആ ഏഴുപേരും അഖബയിൽവെച്ചു ഇസ്‌ലാംമതം വിശ്വസിച്ചു. അബ്ബാസിബ്നുനളീലത് (റ) ഇസ്‌ലാമതം വിശ്വസിച്ചശേഷം മക്കയിൽതന്നെ സ്ഥിരതാമസമാക്കുകയും, പിന്നീടു മദീനയിലേക്കു ഹിജ്റ പോവുകയും ചെയ്തതുമൂലം അൻസാരിയുടെയും മുഹാജിറിന്റെയും പദവികാം അദ്ദേഹത്തിന്നു സിദ്ധിച്ചു. ഉഹ്ദ്‌യുദ്ധത്തിൽ അദ്ദേഹം ശഹീദായി.

പന്ത്രണ്ടു പേരടങ്ങിയ പ്രസ്തുത സംഘം അഖബാകുന്നിന്മേൽവെച്ചു തിരുമേനി (സ) യുമായി ഒരു ഉടമ്പടിയിലേപ്പെട്ടു. ആ ഉടമ്പടിയുടെ ഉള്ളടക്കം, ആ സംഘത്തിൽപ്പെട്ട ഒരാളായ ഉബാദതിബ്നുസ്സാമിത് (റ) ഇപ്രകാരം ഉദ്ധരിക്കുന്നു.- 'അല്ലാഹുവോടൊപ്പം മറ്റൊന്നിനെയും ഞങ്ങൾ പങ്കു ചേർക്കുകയില്ല. കളവുനടത്തുകയില്ല. വ്യഭിചരിക്കുകയില്ല. ധാർമ്മികമായിട്ടല്ലാതെ കൊല നടത്തുകയില്ല. കളവുപറയുകയില്ല അപവാദങ്ങൾ കെട്ടിച്ചമക്കുകയില്ല. സന്തോഷകാലത്തും സന്താപക്കാലത്തും തിരുമേനി (സ) യെ അനുസരിക്കും. സത്യം എവിടെവെച്ചും തുറന്നുപറയും. അല്ലാഹുവിന്റെ കാര്യത്തിൽ ഞങ്ങളെ പഴിക്കുന്നവരുമായി ഞങ്ങൾ ബന്ധം വെക്കുകയില്ല' ഉബാദത് (റ) തുടരുന്നു:- 'ഈ ഉടമ്പടി ഞങ്ങൾ സ്വീകരിച്ചുകഴിഞ്ഞപ്പോൾ, തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി. 'ഈ ഉടമ്പടി വ്യക്തമായും പൂർണ്ണമായും പാലിച്ചാൽ നിങ്ങൾക്കു സ്വർഗ്ഗം ലഭിക്കും. ഈ ഉടമ്പടിയെ നിങ്ങളിൽനിന്നു ആരെങ്കിലും ലംഘിക്കുന്നപക്ഷം, അയാളുടെ കാര്യം അല്ലാഹുവിന്റെ കരങ്ങളിലത്രെ. അവൻ രക്ഷിച്ചെങ്കിൽ രക്ഷപ്പെട്ടു; ഇല്ലെങ്കിൽ ശിക്ഷതന്നെ.

അഖബായിൽവെച്ചുനടന്ന ഒന്നാമത്തെ ഉടമ്പടിയിൽ യുദ്ധത്തെസ്സംബന്ധിച്ച വ്യവസ്ഥകളൊന്നുമുണ്ടായിരുന്നില്ല. കാരണം, അന്നു ജിഹാദ് (ധർമ്മയുദ്ധം) നിർബ്ബന്ധമാക്കപ്പെട്ടിരുന്നില്ല. 'ബൈഅതുന്നിസാഅ്' എന്ന പേരിലാണ് അഖബായിലെ ഒന്നാമത്തെ ഉടമ്പടി അറിയപ്പെടുന്നത്. ഒരു സ്ത്രീപോലും ആ ഉടമ്പടിയുമായി ബന്ധപ്പെട്ടിരുന്നില്ലെങ്കിലും, അതിനു 'സ്ത്രീകളുടെ ഉടമ്പടി'യെന്നു പേരുണ്ടാകുവാൻ ചരിത്രപരമായ മറ്റു പല കാരണങ്ങളുണ്ട്.

മദീനക്കാരായ മുസ്‌ലിംകൾ സ്വദേശത്തേക്കു തിരിച്ചുപോകുമ്പോൾ മിസ്അബിബ്നുഉമൈർ (റ), ഉമ്മിമക്തും (റ) എന്നിവരെ അവരോടൊപ്പം അങ്ങോട്ടയക്കുകയുണ്ടായി. മുസ്‌ലിംകൾക്കു ദീൻ കാര്യങ്ങൾ പഠിപ്പിച്ചുകൊടുപ്പാനും മറ്റുള്ളവരെ ദീനിലേക്കു ക്ഷണിപ്പാനുമാണ് ആ രണ്ടുപേർ നിയോഗിക്കപ്പെട്ടിരുന്നത്. ഓതിക്കുന്ന ആൾ എന്നർത്ഥമുള്ള 'മുഖ്‌രീ' എന്ന ഉദ്യോഗപ്പേരിൽ മിസ്അബ് (റ) അറിയപ്പെട്ടു. ഇസ്‌ലാം ചരിത്രത്തിലെ ഒന്നാമത്തെ 'മുഖ്‌രീ' മിസ്അബ് (റ) ആത്രെ. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ മദീനയിൽ ജുമുഅ: നിസ്കാരം നിർവ്വഹിക്കപ്പെട്ടതായി പറയപ്പെട്ടിട്ടുണ്ട്. മദീനയിലും ഇസ്‌ലാമിനു ശത്രുക്കൾ ഉണ്ടാകാതിരുന്നില്ല. പക്ഷെ, എതിർപ്പു മൃഗീയമൊ പൈശാചികമൊ ആയിരുന്നില്ല. ചുരുങ്ങിയകാലത്തെ പ്രവർത്തനഫലമായി മദീനക്കാരായ പല സ്ത്രീപുരുഷന്മാർ ഇസ്‌ലാംമതം സ്വീകരിച്ചു. ധാരാളം അനുഭാവികളെ സമ്പാദിക്കുവാൻ മുസ്‌ലിംകൾക്കു അവസരം ലഭിച്ചു. ഇസ്‌ലാം മുന്നേറ്റത്തിന്റെ മാർഗ്ഗത്തിൽ കാലെടുത്തുവെച്ചു.

അഖബായിലെ രണ്ടാമത്തെ ഉടമ്പടി

അടുത്തവർഷം മദീനക്കാരായ അഞ്ഞൂറോളം ആളുകൾ ഹജ്ജിന്നായി മക്കയിലേക്കു വന്നു. മിസ്അബ് (റ) വും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരിൽ കഅ്ബിന്റെ മകളായ നുസൈബത്ത്(റ),അംറിന്റെ മകളായ അസ്മാഅ് (റ) എന്നീ രണ്ടു സ്ത്രീകളുടെയും എഴുപത്തഞ്ചുപേർ മുസ്‌ലിംകളായിരുന്നു. അവർ തിരുമേനി (സ) യെ സന്ദർശിച്ചു കുശലപ്രശ്നം നടത്തുകയും അയ്യാമുത്തശ്‌രീഖിന്റെ മൂന്നാം രാവിൽ അഖബായിൽവെച്ചു കാര്യങ്ങൾ രഹസ്യമായി സംസാരിക്കാമെന്നു പറഞ്ഞുറക്കുകയും ചെയ്തു. അതനുസരിച്ച് കൂട്ടു

കാരെല്ലാം ഉറങ്ങിക്കഴിഞ്ഞപ്പോൾ, മുസ്‌ലിംകളായ എഴുപത്തഞ്ചുപേർ നിശ്ചയമനുസരിച്ച് അഖബായിലേക്ക് പുറപ്പെട്ടു. അപ്പോഴേക്കും തിരുമേനി (സ) അവിടെ എത്തിക്കഴിഞ്ഞിരുന്നു. അബൂബകർ സിദ്ദീഖും അലിയ്യിബ്‌നു അബീതാലിബും തിരുമേനിയുടെ പിതൃവ്യനായ അബ്ബാസും (റ) വും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. അബ്ബാസ് (റ) അന്നു ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. പക്ഷെ, അദ്ദേഹം തിരുമേനിയുടെ ഉത്തമഗുണകാംക്ഷിയായിരുന്നു. അബൂബക്കർ (റ) വും, അലീ (ക. വ.) യും അഖബായുടെ പ്രവേശനകവാടത്തിനു കാവൽനിന്നു. മദീനക്കാർ അഖബായിൽ കടന്നു തിരുമേനിക്കു ചുറ്റുമായി ഇരുന്നു. അബ്ബാസ് (റ) ആ സംഘത്തെ അഭിമുഖീകരിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു: 'അല്ലയോ, ഖസ്‌റജ് തുടങ്ങിയ സുപ്രസിദ്ധ ഗോത്രക്കാരെ, എന്റെ സഹോദരപുത്രനും മക്കക്കാരും തമ്മിലുള്ള നിലകൾ നിങ്ങൾക്കു നല്ലവണ്ണം അറിയാമല്ലൊ. ഇസ്‌ലാംമതം വിശ്വസിച്ചതുവഴി നിങ്ങൾ ആപത്തുകളെ സ്വയം ഏറ്റെടുത്തിരിക്കുകയാണ്. തിരുമേനിയെ ഇപ്പോൾ നിങ്ങൾ നിങ്ങളുടെ നാട്ടിലേക്കു ക്ഷണിക്കുന്നുണ്ട്. നിങ്ങൾ ഏറ്റെടുപ്പാൻ ഒരുങ്ങുന്ന ഉത്തരവാദിത്വത്തിന്റെ ബാഹുല്യമായ ഗൌരവങ്ങളെക്കുറിച്ചു നിങ്ങൾ തികച്ചും ബോധവാന്മാരായിരിക്കേണ്ടതുണ്ട്. മക്കക്കാരായ ഞങ്ങളുടെ ഗോത്രക്കാർ പലവിധത്തിൽ അവിടുത്തെ ഉപദ്രവിച്ചിട്ടുണ്ട്. അവരുടെ ഉപദ്രവങ്ങളെ തടുത്തുകൊണ്ട് അവിടുന്ന് സ്വദേശത്തുതന്നെ ജീവിച്ചപോരുകയാണ്. നിങ്ങൾ അവിടുന്നുമായി ഒരു ഉടമ്പടിയിൽ ഏർപ്പെട്ടുവാൻ പോകയാണ്. ആ ഉടമ്പടി തികച്ചും പാലിക്കുവാൻ നിങ്ങൾക്കു കഴിയുമെന്നു നിങ്ങൾക്കു ഉറപ്പുള്ളപക്ഷം, നിങ്ങൾ അവിടുത്തെ നിങ്ങളുടെ നാട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതിനു വിരോധമില്ല. നേരെമറിച്ചു അവിടുന്നുമായുള്ള ബന്ധത്താൽ നിങ്ങൾക്കു ആപത്തു സംഭവിക്കുകയും അതിനെത്തുടർന്നു അവിടുത്തെ കയ്യൊഴിപ്പാൻ ഇടവരികയും ചെയ്യുമെന്നു തോന്നുന്നപക്ഷം, നിങ്ങൾ അവിടുത്തെ കൂട്ടിക്കൊണ്ടുപോകാതിരിക്കുകയാണു വേണ്ടതു.''

ഇതിനു മറുപടിയായി, മദീനക്കാരുടെ പ്രതിനിധിയെന്ന നിലക്കു ബറാഉബ്‌നുമഅ്‌റൂർ (റ) ഇപ്രകാരം പ്രഖ്യാപിച്ചു:- 'ഞങ്ങളെ ചൂഴ്‌ന്നുനിൽക്കുന്ന മഹാവിപത്തുകളെ കൺമുമ്പിൽ കണ്ടുകൊണ്ടു, ബോധപൂർവ്വംതന്നെയാണ് ഞങ്ങൾ ഇസ്‌ലാംമതം സ്വീകരിച്ചിട്ടുള്ളതു. അകത്തു കത്തിയും പുറത്തു പത്തിയും എന്ന നിലക്കാരല്ല ഞങ്ങൾ. ഞങ്ങളുടെ ഹൃദയത്തിൽ ഉള്ളതുമാത്രമെ ഞങ്ങൾ നാവുകൊണ്ടു പറയാറുള്ളൂ. ഉടമ്പടി പാലിക്കുന്നവരും സത്യസന്ധരുമാണ് ഞങ്ങൾ. ഞങ്ങളുടെ ദേഹവും ജീവനും അല്ലാഹുവിന്റെ റസൂലിനുവേണ്ടി പരിത്യജിക്കുവാൻ സന്നദ്ധരുമാണ് ഞങ്ങൾ.'

അനന്തരം, അല്ലാഹുവിനും അല്ലാഹുവിന്റെ റസൂലിനുംവേണ്ടി വ്യക്തമായ ഒരു ഉടമ്പടി അരുളുവാൻ അവർ തിരുമേനി (സ) യോടു അപേക്ഷിച്ചു. തിരുമേനി (സ) ഖുർആനിൽനിന്നു ചില ആയത്തുകൾ ഓതുകയും ഇസ്‌ലാമിന്റെ അനുഗ്രഹങ്ങളെ വിവരിക്കുകയും, അവരെ എല്ലാവരെയും ഇസ്‌ലാമിലേക്കു ആഹ്വാനം ചെയ്കയും ചെയ്തു. അതിനെത്തുടർന്നു, അല്ലാഹുവൊഴികെ മറെറാന്നിനെയും ആരാധിക്കുകയില്ലെന്നും; ഇസ്‌ലാമിന്റെ നിയമങ്ങളനുസരിച്ചു ജീവിക്കുമെന്നും; നബി (സ) തിരുമേനിയെ നേരായ എല്ലാ കാര്യങ്ങളിലും അനുസരിക്കുമെന്നും; തങ്ങളുടെ സ്വന്തം സ്ത്രീകളെയും കുട്ടികളെയും കാത്തുരക്ഷിക്കുന്നതുപോലെ, തിരുമേനിയെ കാത്തുരക്ഷിക്കുമെന്നും ഉള്ള പഴയ ഉടമ്പടി ആവർത്തിക്കപ്പെട്ടു. യുദ്ധം അനിവാര്യമായി വരുമ്പോൾ അറബിയെന്നോ അനറബിയെന്നോ ഉള്ള പരിഗണന

പാടില്ലെന്ന തിരുമേനി (സ) പറഞ്ഞപ്പോൾ 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരിക്കുന്നവർക്കുള്ള പ്രതിഫലമെന്തായിരിക്കു'മെന്ന ഇബ്‌നു റവാഹത് (റ) ചോദിച്ചു. 'സ്വർഗ്ഗം' എന്ന തിരുമേനി (സ) മറുപടിനൽകി. 'എങ്കിൽ, അതിമഹത്തായ ഈ ലാഭക്കച്ചവടത്തിൽനിന്നു ഞങ്ങൾ ഒരിക്കലും പിൻവാങ്ങുകയില്ലെന്ന അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. ബറാഇബ്‌നുമഅ്‌റൂർ (റ) തിരുമേനി (സ)യുടെ കൈപിടിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു:- "ഈ ദീനുമായി താങ്കളെ നിയോഗിച്ച അല്ലാഹുവാണെ സത്യം, ഞങ്ങളുടെ സ്വന്തം ശരീരങ്ങളെയും, ഭാര്യാമക്കളെയും കാത്തുരക്ഷിക്കുന്നതുപോലെ, താങ്കളെ ഞങ്ങൾ കാത്തുരക്ഷിക്കും. ഞങ്ങൾ യുദ്ധശാലികളാകുന്നു. ഞങ്ങളുടെ ആയുധങ്ങൾ ഞങ്ങളുടെ പൂർവ്വികന്മാരിൽനിന്നു അനന്തരാവകാശമായി ഞങ്ങൾക്കു സിദ്ധിച്ച കൈമുതലുകളാകുന്നു. ആ അവകാശത്തെ ഞങ്ങൾ കയ്യൊഴിക്കുകയില്ല. യോദ്ധാക്കളുടെ മക്കളാണു ഞങ്ങൾ. യുദ്ധത്തിലകപ്പെട്ടാൽ ഒന്നുകിൽ ജയിക്കുക, അല്ലെങ്കിൽ മരിക്കുക അതാണു ഞങ്ങളുടെ പതിവു്. പിന്തിരിയുക എന്നതു് ഞങ്ങൾക്കു് പരിചയമില്ലാത്ത കാര്യമാണു്. ഞങ്ങളുടെ പൂർവ്വികരെങ്കിലും താങ്കളോടുള്ള സ്നേഹത്താൽ നിർഭരമത്രെ. ആ സ്നേഹത്തിനുവേണ്ടി ദേഹം പരിത്യജിക്കുവാൻ ഞങ്ങൾ ഒരിക്കലും മടിക്കുകയില്ല."

"പക്ഷെ ശുഭകാലം കൈവരുമ്പോൾ താങ്കൾ ഞങ്ങളെ ഉപേക്ഷിച്ചു് സ്വന്തക്കാരിലേക്കു് തിരിഞ്ഞുകളയുമോ" എന്ന സംശയംകൂടി ഉന്നയിക്കപ്പെട്ടു. "ഇല്ല; ഒരിക്കലുമില്ല. നിങ്ങളുടെ രക്തം എന്റെ രക്തമാണു"; ഞാൻ നിങ്ങളുടേതാണു്. നിങ്ങൾ എന്റേതും" എന്നു പുഞ്ചിരിതൂകിക്കൊണ്ടു് തിരുമേനി അവർക്കു ഉറപ്പുകൊടുത്തു. "എന്നാൽ തുക്കുംതന്നാലും" എന്നു പറഞ്ഞുകൊണ്ടു് അവരിലൊരാൾ തിരുമേനിയുടെ തുക്കുത്തിൽ അവരുടെ കൈ വെക്കുകയും ഉടമ്പടി അംഗീകരിച്ചതായി പ്രതിജ്ഞചെയ്യുകയും ചെയ്തു. എഴുപത്തിമൂന്നു് പുരുഷന്മാർ ഇപ്രകാരവും, രണ്ടു സ്ത്രീകൾ കേവലവാചകത്താലുമാണു് പ്രതിജ്ഞ നൽകിയിരുന്നതു്. ഹസ്തദാനം വഴി ഒരിക്കലുംതന്നെ തിരുമേനി സ്ത്രീകളുമായി ഉടമ്പടികളോ മറ്റിടപാടുകളോ നടത്തിയിരുന്നില്ല. ഈ പ്രതിജ്ഞ അവസാനിച്ചതും ഭീഷണിനിറഞ്ഞ ഒരു ശബ്ദം ആ രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് അവരുടെ ചെവികളിൽ വന്നലച്ചു. ആ ശബ്ദം പുറപ്പെടുവിച്ചതു് മക്കക്കാരനായ ഒരു മുശ്‌രിക്കായിരുന്നുവെന്നും, പിശാചായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ടു്. ആ ശബ്ദം കേട്ടപ്പോൾ മദീനക്കാരായ ആ ജനങ്ങൾ അല്പം ചൂളിപ്പോയെങ്കിലും, തിരുമേനിയുടെ വിശദീകരണം അവരുടെ ചിത്തഭാർഢ്യത്തെ വീണ്ടെടുത്തു. ആദ്യമായി തിരുമേനിയുടെ കൈപിടിച്ചു് ഉടമ്പടിചെയ്തതു് തൂബാ ഇബ്‌നുമഅ്‌റൂർ (റ) ആണെന്നും അസ്അദിബ്‌നു സുറാറത് (റ) ആണെന്നും അബുൽ ഹൈതമിബ്‌നുത്തീഹാൻ (റ) ആണെന്നും പറയപ്പെട്ടിട്ടുണ്ടു്.

അനന്തരം തിരുമേനി (സ) അവരിൽ നിന്നു പന്ത്രണ്ടുപേരടങ്ങിയ ഒരു നേതൃസംഘത്തെ തിരഞ്ഞെടുത്തു. ഒമ്പതു ഖസ്‌റജികളും മൂന്നു ഔസികളുമടങ്ങിയ ആ നേതൃസംഘത്തിലെ അംഗങ്ങളുടെ പേരുകൾ ചുവടെ കുറിക്കുന്നു:- അസ്അദിബ്‌നു ഉബാദത് (റ), അസ്അദിബ്‌നു സുറാറത് (റ), സഅ്ദിബ്‌നുർറബീഅ് (റ), സഅ്ദിബ്‌നു അബീഖൈസമ (റ), അൽമുൻദിറിബ്‌നു അംറ് (റ), അബ്ദുല്ലാഹിബ്നു റവാഹത്ത് (റ), ബറാഇബ്‌നു മഅ്‌റൂർ (റ), അബുൽ ഹൈതമിബ്‌നുത്തീഹാൻ (റ), ഉസൈദിബ്‌നുൽ ഹളീർ (റ), അബ്ദുല്ലാഹിബ്‌നു അംറ് (റ), ഉബാദതിബ്‌നുസ്സാമിത് (റ), റാഫിഇബ്‌നുൽ മാലിക് (റ).

ഉടമ്പടി നടത്തിക്കഴിഞ്ഞതിനുശേഷം മുസ്‌ലിംകൾ അവരുടെ പാപ്പിടത്തിലേക്കു മടങ്ങുകയും യഥാസ്ഥാനങ്ങളിൽ കിടന്നുറങ്ങുകയും ചെയ്തു. നേരം പുലരുന്നതിനുമുമ്പ് ഇസ്‌ലാമിന്റെ ശത്രുക്കൾ, അർധരാത്രിസമയത്തു അഖബായിൽവെച്ചു നടന്ന സംഭവങ്ങൾ മണത്തറിഞ്ഞു. ഔസ്-ഖസ്‌റജ് ഗോത്രക്കാർ താവളമടിച്ച സ്ഥലത്തേക്കു അവർ കുതിച്ചെത്തി. തിരുമേനിയുമായി ഔസ്-ഖസ്‌റജ് ഗോത്രക്കാർ ഉടമ്പടി നടത്തിയെന്ന കേട്ടതു ശരിയാണൊ എന്നു പലരോടും അവർ അന്വേഷിച്ചു. അങ്ങിനെ ഒരു സംഭവം നടന്നിട്ടില്ലെന്നു മദീനക്കാരിൽപ്പെട്ട മുശ്‌രിക്കുകൾ തീർത്തുപറഞ്ഞു. 'ഇപ്പോൾ അങ്ങിനെ ഒരു സംഭവം നടന്നിട്ടില്ല; ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം അങ്ങിനെ ഒന്നു നടക്കുകയുമില്ല' എന്നു മദീനയിലെ മുശ്‌രിക്കുകളുടെ നേതാവും മുനാഫിഖുമായ ഉബയ്യിബ്‌നു സുലൂൽ സത്യംചെയ്തുപറഞ്ഞപ്പോൾ ഖുറൈശി ക്കാഫിറുകൾക്കു ആശ്വാസമായി-സന്തോഷപൂർവ്വം അവർ തിരിച്ചുപോയി. എന്നിട്ടും, തിരുമേനിയും മദീനക്കാരും തമ്മിൽ ഉടമ്പടി നടന്നുവെന്ന കിംവദന്തി അടങ്ങിയില്ല. ഈ കേട്ടുകേൾവിയുടെ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ശത്രുപക്ഷം കിണഞ്ഞു പരിശ്രമിച്ചു. സഅ്ദിബ്‌നു ഉബാദത് (റ), മുൻദിറിബ്‌നു സഅ്ദ് (റ) എന്നിവരെ അവർ പിടികൂടി. സഅ്ദ് (റ) അവരുടെ പിടിയിൽനിന്നു കുതറിക്കളഞ്ഞു. മുൻദിർ (റ) വിനെ അവർ ഉപദ്രവിച്ചെങ്കിലും, അല്ലാഹു അവരുടെ പിടിയിൽനിന്നു രക്ഷപ്പെടുത്തി.

തിരുമേനി (സ)യുമായി ഉടമ്പടിയിലേർപ്പെട്ട മദീനക്കാരായ മുസ്‌ലിംകൾ സ്വദേശത്തു തിരിച്ചെത്തിയ ഉടനെ ഇസ്‌ലാമിന്റെ പ്രബോധന പ്രവർത്തനത്തിൽ വ്യാപൃതരായി. തിരുമേനിയുടെ "സഹായികൾ" എന്നർത്ഥമുള്ള അൻസാർ എന്നപേരിൽ അവർ അറിയപ്പെട്ടു. അവരുടെ ധീരമായ പ്രവർത്തനത്തിന്റെ ഫലമായി ധാരാളം ആളുകൾ ഇസ്‌ലാം മതം വിശ്വസിച്ചു. ബനൂസുലൈമാ ഗോത്രത്തലവനായ അംറിബ്‌നുജമൂഹ് ബിംബാരാധകരുടെ പക്ഷത്തു തന്നെ ഉറച്ചുനിന്നെങ്കിലും അദ്ദേഹത്തിന്റെ പുത്രനായ മുആദ് (റ)വും മുആദിബ്‌നു ജബൽ (റ)വും അദ്ദേഹത്തിന്റെ പുത്രനായ അംറുബ്‌നു മുആദ് (റ)വും ഇസ്‌ലാമിന്റെ അണിയിലേക്കു നീങ്ങിനിന്നുകൊണ്ട് പ്രവർത്തിച്ചു. അംറിബ്‌നുജമൂഹ് ആരാധിച്ചുവന്ന ബിംബത്തിന്റെ പേർ മനാത് എന്നായിരുന്നു. മരംകൊണ്ടുണ്ടാക്കിയ ഒരു കുറവൻ ബിംബമായിരുന്നു അതു്. മുൻപറഞ്ഞ മൂന്നുപേർക്കൂടി ഒരു ദിവസം ആ ബിംബത്തെ സ്വസ്ഥാനത്തുനിന്നു നീക്കംചെയ്തു മറ്റൊരിടത്തു കൊണ്ടുപോയി നിക്ഷേപിച്ചു. അംറിബ്‌നുജമൂഹ് പിറ്റെദിവസം ബിംബത്തെ തിരഞ്ഞുപിടിച്ചു പൂർവ്വസ്ഥാനത്തു പുനഃസ്ഥാപിച്ചു. അടുത്തദിവസവും ഈ സംഭവം ആവർത്തിച്ചു. രണ്ടാമത്തെതവണ ബിംബത്തെ പുനഃസ്ഥാപിക്കുമ്പോൾ അതിന്റെ കഴുത്തിൽ മൂർച്ചയുള്ള ഒരു ഖഡ്ഗം അംറിബ്‌നുജമൂഹ് കെട്ടിത്തൂക്കി. ബിംബത്തെ നീക്കംചെയ്യുവാൻ ഒരുങ്ങുന്ന ആളെ വെട്ടിക്കൊല്ലുവാനുള്ളതായിരുന്നു ആ ഖഡ്ഗം. ഖഡ്ഗം കിട്ടിയാൽ ആ ബിംബം അതുപയോഗിച്ചുകൊള്ളുമെന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നതു്. പക്ഷെ, മൂന്നാംതവണ ബിംബത്തെ സ്വസ്ഥാനത്തുനിന്നു നീക്കം ചെയ്തവർ അതിന്റെ കഴുത്തിൽ തൂങ്ങിക്കിടന്ന വാൾ അഴിച്ചെടുത്തു പകരം ഒരു നായയുടെ ശവം അതിന്റെ കഴുത്തിൽ കെട്ടിത്തൂക്കിക്കൊണ്ടു പുറത്തിട്ടു. പിറ്റെ ദിവസം തന്റെ ദൈവമായ മനാത് നായയുടെ ശവം കഴുത്തിലണിഞ്ഞുകൊണ്ടു കിടക്കുന്ന കാഴ്ചയാണ് അംറിബ്‌നു ജമൂഹിനു കാണുവാൻ സാധിച്ചതു്. ഈ കാഴ്ച അദ്ദേഹത്തിൽ ബോധോദയം ഉളവാക്കുകയും, അദ്ദേഹം ഇസ്‌ലാംമതം

വിശ്വസിക്കുകയും ചെയ്ത അതോടുകൂടി ബനൂ സുലൈമാഗോത്രത്തിന്റെ പിന്തുണയും മുസ്‌ലിംകൾക്ക് ലഭ്യമായി.

സഹാബികളുടെ ഹിജ്‌റ

തിരുമേനി (സ) യും മദീനക്കാരുംതമ്മിൽ ഉടമ്പടി നടന്നുവെന്ന വസ്തുതയും, മദീനയിൽ ഇസ്‌ലാമിനു ശീഘ്രതരമായ പ്രചാരം ലഭിച്ചു വരുന്ന വസ്തുതയും അറിഞ്ഞപ്പോൾ മക്കക്കാരായ ശത്രുക്കൾക്കുണ്ടായ അരിശത്തിനു അതിരുണ്ടായില്ല. അവർ മുസ്‌ലിംകളെ കണ്ടമാനം ദ്രോഹിച്ചുതുടങ്ങി. മർദ്ദനങ്ങൾ അസഹ്യമായപ്പോൾ, നാടുവിടുവാനുള്ള അനുമതിക്കായി അവർ പലരും തിരുമേനി (സ) യോട് അപേക്ഷിച്ചു. പക്ഷെ, ഏതു നാട്ടിലേക്ക് എന്നു തീച്ചപ്പെട്ടു കഴിയാത്തതുകൊണ്ട് തിരുമേനി തൽക്കാലം അനുമതിനൽകിയില്ല. കദനഭാരം നിറഞ്ഞ ദിവസങ്ങൾ വീണ്ടും മുമ്പോട്ടുനീങ്ങി. അവസാനം മദീനയിലേക്ക് ഹിജ്‌റ ചെയ്തുകൊള്ളുവാൻ തിരുമേനി (സ) സഹാബികൾക്ക് നിർദ്ദേശംനൽകി.

സഹാബികൾ ഓരോരുത്തരായും ചെറു സംഘങ്ങളായും വളരെ രഹസ്യമായി മദീനയിലേക്ക് യാത്ര തിരിച്ചു. അബൂസൽമ (റ) വാണ് ആദ്യമായി മദീനയിലേക്ക് ഹിജ്‌റ ചെയ്തത്. അബ്ദുല്ലാ എന്നാണ് അദ്ദേഹത്തിന്റെ തനതായ പേർ. പിന്നീട് തിരുമേനി (സ) വിവാഹം കഴിച്ച ഉമ്മുസൽമ (റ) യുടെ ആദ്യഭർത്താവു ഇദ്ദേഹമായിരുന്നു. അബൂസൽമ (റ) വിന്റെ ഹിജ്‌റയെത്തുടർന്ന്, അമ്മാർ (റ), ബിലാൽ(റ), സഅദ് (റ), എന്നിവർ ഹിജ്‌റ ചെയ്തു. അതിനെത്തുടർന്ന് പല തവണകളിലായി സഹാബികളുടെ ചെറു സംഘങ്ങൾ ഹിജ്‌റ ചെയ്തു. ഉമർ ഫാറൂഖ് (റ) വും, ഇയാശിബ്നുഅബീറബീഅത് (റ) വും, ഇരുപതു പേരടങ്ങിയ ഒരു വാഹനസംഘവും മദീനയിലേക്ക് ഹിജ്‌റ ചെയ്തു. അലീ (ക. വ) പറയുന്നു:- 'മദീനയിലേക്ക് ഉമർഖത്താബല്ലാതെ പരസ്യമായി ഹിജ്‌റ ചെയ്തതു ഞാൻ കണ്ടിട്ടില്ല.' അദ്ദേഹം ഹിജ്‌റ ചെയ്യുവാൻ ഒരുങ്ങിയപ്പോൾ, ആയുധങ്ങൾ അണിഞ്ഞുകൊണ്ട്, നേരെ കഅ്ബയിലേക്ക് പോവുകയും ഏഴുതവണ കഅ്ബയെ തവാഫ് ചെയ്യുകയും, ഇബ്രാഹീം മഖാമിൽവെച്ചു രണ്ടു റക്അത്തു നിസ്കരിക്കുകയും, പിന്നെ എല്ലാവരും കേൾക്കത്തവിധം 'ശാഹതിൽ വുജൂഹ്' എന്നു പറയുകയും, ശത്രുക്കളെ വെല്ലുവിളിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഹിജ്‌റയെ തടസ്സപ്പെടുത്തുവാൻ ശത്രുപക്ഷത്തിൽനിന്നു ആരുംതന്നെ മുമ്പോട്ടു വന്നില്ല.

'മവാഹിബ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:- 'ഉമർ ഖത്താബോടൊപ്പം, അദ്ദേഹത്തിന്റെ മൂത്ത സഹോദരനായ സൈദിബ്നുൽഖത്താബും മദീനയിലേക്ക് ഹിജ്‌റ ചെയ്തു. ഉമർഫാറൂഖു വിശ്വസിക്കുന്നതിനുമുമ്പു ഇസ്‌ലാംമതം വിശ്വസിച്ച സൈദ്ബ്നുൽഖത്താബ് (റ) ബദ്ർ യുദ്ധത്തിലും മറ്റും പങ്കെടുക്കുകയും യമാമാ യുദ്ധത്തിൽ ശഹീദാവുകയുമുണ്ടായി. അബൂബകർ (റ) വിന്റെ ഭരണകാലത്തു പതാകവാഹകൻ അദ്ദേഹമായിരുന്നു. 'എന്നെക്കാൾ മുമ്പു ഇസ്‌ലാംമതം വിശ്വസിച്ചു; എന്നെക്കാൾമുമ്പു ശഹീദായി; എന്നീ രണ്ടു കാര്യങ്ങളാൽ എന്റെ സഹോദരൻ എന്നെക്കാൾ ഉത്തമനാകുന്നു' വെന്നു ഉമർ (റ) അദ്ദേഹത്തെപ്പറ്റി പറയാറുണ്ടായിരുന്നു. സഈദ് (റ), സുബൈർ (റ) എന്നിവരും ഉമർഖത്താബ് (റ) വോടൊപ്പം ഹിജ്‌റ ചെയ്തു. പിന്നീട് ഉസ്മാനിബ്നുഅഫ്ഫാൻ (റ) ഹിജ്‌റ ചെയ്തു.

ഈ ഹിജ്‌റക്കുമുമ്പു, മുഹാജിർകളായ ഈരണ്ടുപേർക്കിടയിൽ തിരുമേനി (സ) സഹോദരബന്ധം സ്ഥാപിച്ചതായി പറയപ്പെട്ടി

ട്ടുണ്ട്. അബൂബകർസിദ്ദീഖ് (റ), ഉമർഖത്താബ് (റ) എന്നിവർ തമ്മിലും; ഹംസ (റ), സൈദിബ്നുഹാരിസത് (റ) എന്നിവർ തമ്മിലും; ഉസ്മാനിബ്നുഅഫ്ഫാൻ (റ), അബ്ദുൽറഹ്മാനിബ്നുഔഫ് (റ) എന്നിവർ തമ്മിലും; സുബൈർ (റ), ഇബ്നുമസ്ഊദ് (റ) എന്നിവർ തമ്മിലും; ഉബൈദത് (റ), ബിലാൽ (റ) എന്നിവർ തമ്മിലും; മിസ്അബ് (റ), സഅദ് (റ) എന്നിവർ തമ്മിലും; അബൂഉബൈദത് (റ), സാലിം (റ) എന്നിവർ തമ്മിലും; സഈദ് (റ), തൽഹത് (റ) എന്നിവർ തമ്മിലുമാണ് സഹോദരബന്ധം സ്ഥാപിക്കപ്പെട്ടത്. തിരുമേനി (സ) അലി (ക. വ) യുമായി സഹോദരബന്ധം സ്ഥാപിച്ചു. ഈ സംഭവത്തെസ്സംബന്ധിച്ചേടത്തോളം ഇബ്നുഅതൈമിയ (റ) സംശയം പ്രകടിപ്പിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. അൻസാർകളും മുഹാജിർകളും തമ്മിൽ, സഹോദരബന്ധം സ്ഥാപിക്കപ്പെട്ട വസ്തുതയെ അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്.

അബൂജഹൽ മദീനത്ത്

അബൂജഹലും ഹർസിബ്നുഹിശാമും സഹോദരന്മാരായിരുന്നു. അവരുടെ മാതാവ് രണ്ടാംവിവാഹത്തിൽ പ്രസവിച്ച പുത്രനാണ് ഇയാശിബ്നുഅബീറബീഅത് (റ). മദീനയിലേക്ക ഹിജ്റ ചെയ്ത സഹാബികളിൽ ഒരാളായിരുന്ന അദ്ദേഹം. കപട തന്ത്രശാലിയായ അബൂജഹൽ ഇയാശ് (റ) വിനെ മർദ്ദിക്കുവാൻ ഒരു തന്ത്രം കണ്ടുപിടിച്ചു സഹോദരനായ ഹർസിനെയും കൂട്ടി അബൂജഹൽ മദീനയിലേക്ക പുറപ്പെട്ടു. തിരുമേനി (സ) അന്ന് മക്കയിൽതന്നെയാണുണ്ടായിരുന്നത്. അബൂജഹലും ഹർസും ഇയാശ് (റ) വിനെ സമീപിച്ചുകൊണ്ട ഇപ്രകാരം അറിയിച്ചു:— 'മാതാവ് നിബ്ബന്ധിച്ചതുകൊണ്ടാണ് ഞങ്ങൾ ഇങ്ങോട്ട വന്നിട്ടുള്ളത്. മാതാവിന്റെ ജീവനാണല്ലോ നീ. നീ ഇങ്ങോട്ട പോന്നതു മുതൽ മാതാവ് ദുഃഖിച്ചു കഴിയുകയാണ്. നിന്നെ ഒരു നോക്ക കാണുവാൻ അവർ ആഗ്രഹിക്കുന്നു. നിന്നെ കണ്ടല്ലാതെ തലയിൽ ചീപ്പിടുകയില്ലെന്നും തണലേൽക്കുകയില്ലെന്നും അവർ സത്യം ചെയ്തിരിക്കുന്നു. മാതാപിതാക്കളെ ദുഃഖിപ്പിക്കരുതെന്നാണല്ലൊ നിന്റെ മതം അനുശാസിക്കുന്നതു്. ആകയാൽ നീ മക്കത്തു വന്നു മാതാവിന്റെ കൂടെ താമസിക്കുകയും, ഇവിടെനിന്നു ചെയ്യുന്നതുപോലെ മതകർമ്മങ്ങളും അനുഷ്ഠിച്ചുകൊള്ളുകയും ചെയ്യുക. അങ്ങിനെ ചെയ്യുന്നതുകൊണ്ട ഞങ്ങളും നിന്നെ ഒരു വിധത്തിലും ഉപദ്രവിക്കുകയില്ല'.

അബൂജഹലിന്റെ തന്ത്രം ഫലിക്കാതിരുന്നില്ല. ഇയാശ് (റ) അവരോടൊപ്പം മക്കയിലേക്ക പോകുവാൻ തീരുമാനിച്ചു. ഉമർ (റ) ഈ വിവരം അറിഞ്ഞപ്പോൾ ഇയാശ് (റ) വിനെ വിലക്കുകയും, മക്കയിലേക്ക പോകുവാനുള്ള തീരുമാനം ആപൽക്കരമാണെന്നു ഉപദേശിക്കുകയും ചെയ്തു. മക്കത്തുപോയി മാതാവിനെ സമാശ്വസിപ്പിച്ചു തിരിച്ചുവരാമെന്നു ഇയാശ് (റ) ഉമർ (റ) വോട മറുപടി പറഞ്ഞു. ഋജുബുദ്ധിയായ ഇയാശ് (റ) അബൂജഹലിന്റെയും സഹോദരന്റെയുംകൂടെ മക്കയിലേക്ക യാത്രതിരിച്ചു. മദീനയുടെ അതിർത്തിവിട്ട ഉടനെ അബൂജഹലും സഹോദരനുംകൂടി ഇയാശ് (റ) വിന്റെ കൈകളെ ബന്ധിക്കുകയും അദ്ദേഹത്തെ തല്ലുകയുംചെയ്തു. ഓരോരുത്തരും നൂറുവീതം തല്ലുകയുണ്ടായി. മക്കത്തെത്തിയപ്പോൾ അവർ അദ്ദേഹത്തെ കഠിനയാതനകൾക്ക വിധേയനാക്കുകയുമുണ്ടായി.

ഖുറൈശികളുടെ മഹായോഗം

ഖുറൈശികളുടെ ക്രോധത്തിനു പ്രചണ്ഡതകൂടിത്തുടങ്ങി. ശത്രുക്കൾ ബന്ധനസ്ഥരാക്കപ്പെട്ട ഏതാനും മുസ്‌ലിംകൾക്ക പുറമെ

അബൂബകർ (റ), അലീ (ക.വ.) എന്നിവർ മാത്രമെ തിരുമേനിയോടൊപ്പം മക്കയിൽ അവശേഷിച്ചിരുന്നുള്ളൂ. മറ്റു സഹാബികളെല്ലാം മദീനയിലേക്ക ഹിജ്‌റചെയ്യ കഴിഞ്ഞിരുന്നു. തിരുമേനിയും മദീനയിലേക്ക കടന്നുകളയുമെന്നും, യോദ്ധാക്കളായ മദീനക്കാരുടെ പിന്തുണയോടുകൂടി മക്കക്കാരുമായി യുദ്ധം നടത്തുമെന്നും അവർ ഭയപ്പെട്ടു. അതുകൂടി സംഭവിക്കുന്നതിനുമുമ്പ് വ്യക്തമായ പരിഹാരം ഉണ്ടാക്കേണമെന്ന അവർ തിരുമാനിച്ചു. 'ദാറുന്നദ്‌വ' എന്ന സമ്മേളനഹാളിൽ അവർ ഒരു മഹായോഗം വിളിച്ചുകൂട്ടി. ബനൂഅബ്ദിശ്ശംസ്, ബനുനൌഫൽ, ബനുഅബ്ദിദ്ദാർ, ബനുഅസദ്, ബനുമഖ്‌സൂം, ബനുജംഹ്, ബനൽഹർസ്, ബനുകഅബ്, ബനുതൈം, ബനുഉമയ് തുടങ്ങിയ പ്രസിദ്ധ ഗോത്രത്തലവന്മാരായ നൂറോളം ആളുകൾ ആ സമ്മേളനത്തിൽ സംബന്ധിച്ചു. ഒരു ശനിയാഴ്ചദിവസമാണ് യോഗം നടന്നതു്. ക്ഷണിക്കപ്പെടാത്ത ഒരു വൃദ്ധനും ആ യോഗത്തിൽ സംബന്ധിച്ചു. ആ വൃദ്ധൻ ഇബ്‌ലീസായിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. അബുൽബഹ്തരിയാണ് ചർച്ച ഉൽഘാടനം ചെയ്തതു്. സുഹൈർ, താബീഹത് എന്നീ മന്ത്രവാദികളെ കൊന്നതുപോലെ, മുഹമ്മദിനെ ഇരുമ്പുചങ്ങല കൊണ്ടു ബന്ധിച്ചു ഒരു മുറിയിലിട്ടടച്ചു ഭക്ഷണമൊ വെള്ളമൊ കൊടുക്കാതെ കൊന്നുകളയാമെന്ന അയാൾ അഭിപ്രായപ്പെട്ടു. പ്രായോഗികമല്ലെന്നുള്ള നിലക്ക ആ അഭിപ്രായം തള്ളപ്പെട്ടു. മുഹമ്മദിനെ നാടുകടത്തുകയാണുത്തമമെന്ന അഭിപ്രായം അസ്‌വദിബ്‌നുറബീഅത് അവതരിപ്പിച്ചു. അതും പ്രായോഗികമല്ലെന്നുള്ള നിലക്ക തള്ളപ്പെട്ടു. ഓരോ ഗോത്രത്തിൽനിന്നും ഓരോരുത്തരെ തിരഞ്ഞെടുക്കുകയും, അവരെല്ലാവരുംചേർന്നു ഒരേ സമയത്തു മുഹമ്മദിന്റെ ശരീരത്തിൽ വാൾകൊണ്ടു വെട്ടിമുറിവേല്പിക്കുകയും ചെയ്യുക എന്നതാണ് ഉത്തമമായ പോംവഴിയെന്നു അബൂജഹൽ നിർദ്ദേശിച്ചു. അങ്ങിനെ ചെയ്താൽ, ഖുറൈശികൾ തിരിച്ചറിയാൻ കഴിയുകയില്ലെന്നും, അബ്ദുമനാഫിന്റെ മക്കൾക്കുപകരം ചോദിപ്പാൻ കഴിയാതെ വരുമെന്നുമുള്ളതായിരുന്നു ആ നിർദ്ദേശത്തിന്റെ മെച്ചം. ആ നിർദ്ദേശം ഐകകണ്ഠ്യേന അംഗീകരിക്കപ്പെട്ടു.

ഈ നിർദ്ദേശം നടപ്പാക്കുവാൻ ഓരോ ഗോത്രത്തിൽനിന്നും യുവാക്കൾ തിരഞ്ഞെടുക്കപ്പെട്ടു. ഹകമിബ്‌നുൽആസി, അഖ്നസിബ്‌നു അബീസുഐത്, നളീറിബ്‌നുൽ ഹാരിസത്, ഉമയ്യതിബ്‌നു ഖലഫ്, സുഹൈമഅതിബ്‌നുൽ അസ്‌വദ്, അബുൽഐഹസം, അബൂജഹൽ തുടങ്ങിയ നൂറാളുകൾ അടങ്ങിയ ഖുറൈശിസംഘം ഗൂഢാലോചനകൾ നടത്തിയശേഷം രാത്രി തിരുമേനി (സ) യുടെ വീടുവളയുവാനും, പ്രഭാതത്തിൽ തിരുമേനി പുറത്തുവരുമ്പോൾ പദ്ധതി പ്രവർത്തനത്തിൽ വരുത്തുവാനുമാണ് അവർ തീരുമാനിച്ചിരുന്നതു്.

ഈ കഥകളെല്ലാം, അല്ലാഹുവിന്റെ പ്രവാചകൻ അറിയുകയുണ്ടായി. അവിടുന്നു് ലവലേശം കൂസുകയില്ല. രാത്രി ഖുറൈശിസംഘം വീടുവളഞ്ഞു. തിരുമേനി (സ) അലീ (ക.വ.) യെ തന്റെ വിരിപ്പിൽ കിടത്തി തിരുമേനിയുടെ പുതപ്പുകൊണ്ടു പുതച്ചു ശത്രുക്കളുടെ മുമ്പിൽക്കൂടി, എങ്കിലും അവരുടെ ദൃഷ്ടിയിൽപെടാതെ തിരുമേനി (സ) രക്ഷപ്പെട്ടു. പ്രഭാതമായപ്പോഴാണു് തങ്ങൾക്കു അമളിപറ്റിയ വസ്തുത ശത്രുക്കൾക്കു മനസ്സിലായതു്. കോപവും താപവും അവരെ ആക്രമണം പങ്കിട്ടെടുത്തു.

തിരുമേനി (സ) യുടെ ഹിജ്‌റ

തിരുമേനിയെ വധിപ്പാനുള്ള ദുഷ്ടനിശ്ചയത്തോടുകൂടി ഖഡ്ഗപാണികളായ നൂറു

യോദ്ധാക്കൾ തിരുമേനിയുടെ ഭവനത്തെ വലയം ചെയ്തപ്പോൾ, ഹിജ്‌റ ചെയ്തുകൊള്ളുവാൻ അല്ലാഹു തിരുമേനിക്കു നിർദ്ദേശം നൽകി. ഓ വൃദ്ധനബി (അ) ചെയ്തതുപോലെ, ശത്രുക്കളുടെ ദൃഷ്ടിയിൽപെടാതെ വീട്ടിൽനിന്നു രക്ഷപ്പെട്ട. ഹിജ്‌റയിൽ അബൂബക്കർസിദ്ദീഖിനെ കൂട്ടുകാരനാക്കിക്കൊള്ളുവാൻ ജിബ്‌രീൽ ഉപദേശിച്ചതനുസരിച്ചു, തിരുമേനി (സ) അബൂബക്കറിന്റെ വസതിയിലേക്കുചെന്നു. മക്കക്കാരായ ചിലരുടെ സൂക്ഷിപ്പുമുതലുകൾ തിരുമേനിയുടെ കയ്യിലുണ്ടായിരുന്നു. മറ്റൊല്ലാനിലയിലും ശത്രുത ഉണ്ടായിരുന്നിട്ടും, തിരുമേനി (സ) വിശ്വസ്തനാണെന്നുള്ള കാര്യത്തിൽ ആർക്കുംതന്നെ എതിരഭിപ്രായം ഉണ്ടായിരുന്നില്ല. അതുകൊണ്ടു, പലരും അവരുടെ കൈമുതലുകൾ തിരുമേനിയുടെ വശം അനാമത്തു് വെക്കുക പതിവായിരുന്നു. അത്തരം അനാമത്തുകളെല്ലാം അവയുടെ അവകാശികൾക്കു തിരിച്ചുകൊടുപ്പാൻ അലീ (ക. വ.) യെ ഭരമേൽപ്പിച്ചുകൊണ്ടാണു് തിരുമേനി വീടുവിട്ടിറങ്ങിയതു്. തിരുമേനി സ്വഭവനത്തിൽനിന്നു പുറപ്പെട്ടതു രാത്രിയുടെ മൂന്നാംഘട്ടത്തിലാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷെ, തിരുമേനി (സ) അബൂബക്കർസിദ്ദീഖിന്റെ ഭവനത്തിലെത്തിയ സമയത്തെക്കുറിച്ചു ഭിന്നാഭിപ്രായമുണ്ടു്. നേരം പുലരുന്നതിനുമുമ്പുതന്നെയാണു അബൂബക്കർ (റ) വിന്റെ വീട്ടിൽ തിരുമേനി എത്തി എന്നതാണു് ഒരുപക്ഷം. പിറ്റെ ദിവസം ഉച്ചസമയത്തു എത്തിയെന്നതാണു് രണ്ടാമത്തെ പക്ഷം. ആഇശാ (റ) യുടെ ജ്യേഷ്ഠസഹോദരിയായ അസ്മാഅ് (റ) പറയുന്നു:- 'തിരുമേനി (സ) രാവിലെയൊ, വൈകുന്നേരമൊ ആണു് ഞങ്ങളുടെ വീട്ടിൽ വരാറുണ്ടായിരുന്നതു്. ഹിജ്‌റയുടെ ദിവസം, ഉച്ചസമയത്തു് തിരുമേനി (സ) വരുന്നതു കണ്ടപ്പോൾ 'തിരുമേനി ഇതാ വരുന്നു'വെന്നു ഞാൻ ബാപ്പയോടു പറഞ്ഞു 'അസാധാരണമായ വല്ല ആവശ്യാർത്ഥവുമായിരിക്കും അകാലത്തിലുള്ള ഈ വരവു്', എന്നു ബാപ്പ ഉത്തരംനൽകി.

തിരുമേനി (സ) അകത്തുകടന്ന ഉടനെ, അബൂബക്കർ (റ) കട്ടിലിൽനിന്നെഴുന്നേറ്റു, തിരുമേനിക്കു ഇരിക്കുവാൻ സൌകര്യമുണ്ടാക്കി. തിരുമേനി (സ) അവിടെ ഇരിക്കുകയും 'പുറപ്പെടുക' എന്നു അബൂബക്കർസിദ്ദീഖോടു അരുളുകയും ചെയ്തു. അപ്പോൾ, മക്കളെയും ഭാര്യയെയും മൂണ്ടിക്കൊണ്ടു 'ഇവരൊ' എന്നു, അബൂബക്കർ (റ) ചോദിച്ചു. 'മദീനയിലേക്കു ഹിജ്‌റ ചെയ്യുവാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു'വെന്നു മാത്രം തിരുമേനി (സ) മറുപടി നൽകി. 'യാ റസൂലല്ലാ, ഞാൻ കൂടെ വരേണ്ടയൊ' എന്നു അബൂബക്കർ (റ) ആവേശത്തോടെ തിരക്കി. 'വേണം' എന്നു തിരുമേനി (സ) പറഞ്ഞപ്പോൾ അബൂബക്കർ (റ) വിന്റെ കണ്ണുകളിൽനിന്നു ആനന്ദാശ്രുക്കൾ പൊഴിഞ്ഞു. ആഇശാ (റ) പറയുന്നു:- 'വേണം' എന്നു തിരുമേനി (സ) പറഞ്ഞപ്പോൾ എന്റെ ബാപ്പ കരഞ്ഞതു ഞാൻ കണ്ടു. സന്തോഷത്താലും കരച്ചൽ ഉണ്ടാകുമെന്നു അതിനുമുമ്പു് ഞാൻ അറിഞ്ഞിരുന്നില്ല.'

(1) സന്തോഷത്താലുള്ള കരച്ചൽ, (2) സന്താപത്താലുള്ള കരച്ചൽ, (3) സഹാനുഭാവത്താലുള്ള കരച്ചൽ, (4) ഭയത്താലുള്ള കരച്ചൽ, (5) കള്ളക്കരച്ചൽ, (6) ആഗ്രഹത്താലുള്ള കരച്ചൽ, (7) അസഹ്യതയാലുള്ള കരച്ചൽ, (8) വേദനയാലുള്ള കരച്ചൽ, (9) കൂടിക്കരച്ചൽ, (10) ബാഹ്യമായ (പ്രകടന) കരച്ചൽ, എന്നിങ്ങനെ കരച്ചൽ പത്തു വിധത്തിലുണ്ടെന്നു 'സീറ: റലബീ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. പ്രകടനക്കരച്ചലിനെ "സഫ്‌റുസ്സആദതെ" എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുമുണ്ടു്. ഇവക്കുപുറമെ 'അറിഞ്ഞു കരയുക' എന്ന ഒരുവക ഭേദംകൂടി,

കരച്ചലിന്നുണ്ട്. ഒരു യുദ്ധത്തിൽ, തടവുകാരാക്കപ്പെട്ട മുസ്‌ലിംകളുടെ നിലയോർത്തു തിരുമേനിയും അബൂബകർ (റ) വും, കരഞ്ഞപ്പോൾ താങ്കൾ എന്തിനാണ് കരയുന്നതെന്നു അരുളിയാലും? ഞാൻ താങ്കളുടെ വിലാപത്തിൽ പങ്കുചേരട്ടെ' എന്നു ഉമർ (റ) തിരുമേനിയോടു പറഞ്ഞതു, 'അറിഞ്ഞുകരയുക' എന്നതിന്നു ഒരു ഉദാഹരണമാകുന്നു.

തിരുമേനിയെ സംബന്ധിച്ചേടത്തോളം ഹിജ്‌റ അനിവാര്യമാണെന്നു കാലേക്കൂട്ടി മനസ്സിലാക്കിയ അബൂബകർ (റ), നാലുമാസം മുമ്പുതന്നെ, നല്ലവണ്ണം ഓടുന്ന രണ്ടു ഒട്ടകങ്ങളെ വിലക്കു വാങ്ങിക്കഴിഞ്ഞിരുന്നു. അബൂബകർ (റ) വിന്റെ ദേഹവും സ്വത്തുമെല്ലാം, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, തിരുമേനിക്കുവേണ്ടി ഉഴിഞ്ഞുവെച്ചതായിരുന്നു. തിരുമേനി (സ) അരുളുകയുണ്ടായി:— 'ദേഹംകൊണ്ടും മുതൽകൊണ്ടും അബൂബകർസിദ്ദീഖ് എന്നെ സഹായിച്ചതു മറാരും എന്നെ സഹായിച്ചിട്ടില്ല. എനിക്കു ഉപകാരം ചെയ്തവരിൽ, അദ്ദേഹമൊഴികെ, മറാക്കുംതന്നെ ഞാൻ പ്രത്യുപകാരം ചെയ്യാതിരുന്നിട്ടുമില്ല. അദ്ദേഹം എനിക്കുചെയ്ത ഉപകാരങ്ങളിൽ പലതും പ്രത്യുപകാരം ചെയ്യപ്പെടാത്തനിലയിൽ അവശേഷിക്കുന്നുണ്ട്. ആ ഉപകാരങ്ങൾക്കു അന്ത്യനാളിൽ അല്ലാഹു അദ്ദേഹത്തിന്നു പ്രതിഫലം നൽകും.'

ആ ഒട്ടകങ്ങളെ മൂന്നുദിക്കൊണ്ടു അബൂബകർ (റ) തിരുമേനിയോടു പറഞ്ഞു:— 'ഹിജ്‌റയെ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ഒട്ടകങ്ങളെ ഞാൻ വാങ്ങിയതു്. ഒന്നു് താങ്കൾക്കും, ഒന്നു് എനിക്കും' 'എങ്കിൽ, ഒന്നിനെ എനിക്കു വിലയ്ക്കു' എന്നു തിരുമേനി മറുപടി പറഞ്ഞു. തിരുമേനി (സ) അപ്രകാരം ആവശ്യപ്പെട്ടതു്, സ്വന്തം തടിയാലും മുതലാലും ഹിജ്‌റ പൂർത്തീകരിക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടിയായിരിക്കാം. തിരുമേനിയുടെ ഹിതത്തിന്നു വഴങ്ങിക്കൊണ്ടു ഒരു ഒട്ടകത്തെ അബൂബകർ (റ) തിരുമേനിക്കു വിറ്റു. ആ ഒട്ടകത്തിന്നു ഖുസ്‌വാ അ് എന്നോ, ജദ്‌ആഅ് എന്നോ ആണ് പേർ.

ആഇശാ (റ) പറയുന്നു:— 'അതിലിടക്കു, ഞങ്ങൾ അവർ രണ്ടുപേർക്കും യാത്രയിൽ ഭക്ഷിപ്പാനുള്ള ഭക്ഷണങ്ങൾ ഒരുക്കി. അസ്മാഅ് അവരുടെ നിതാഖ് (ഒരു തരം വസ്ത്രം; മേൽവസ്ത്രം) കീറി, രണ്ടു കഷണമാക്കുകയും ഒന്നുകൊണ്ടു ഭക്ഷണപാത്രവും മറ്റൊന്നുകൊണ്ടു പാനപാത്രവും കെട്ടുകയും ചെയ്തു അസ്മാഇയുടെ താൽക്കാലിക ബുദ്ധിയും സന്ദർഭോചിതമായ പ്രവൃത്തിയും കണ്ടു തിരുമേനി (സ) സന്തോഷിക്കുകയും, 'ദാതുന്നിതാഖൈൻ'— രണ്ടു നിതാഖുകളുള്ളവൾ— എന്ന ബഹുമാനപ്പേർ അവൾക്കു നൽകുകയുമുണ്ടായി' ഇഹലോകത്തുവെച്ചു കീറിയ ഒരു നിതാഖിന്നു പകരം സ്വർഗ്ഗത്തിൽവെച്ചു രണ്ടു നിതാഖുകൾ ലഭിക്കുമെന്നതാണ് ആ പദത്തിന്റെ സാരം.

മക്കയിൽനിന്നു മൂന്നു നാഴിക തെക്കുമാറി സൌർ എന്ന ഒരു പർവ്വതം സ്ഥിതിചെയ്യുന്നുണ്ട്. ഒരു നാഴികയാണ് ആ പർവ്വതത്തിന്റെ ഉയരം. അതിന്റെ ആകൃതി കാളക്കൂട്ടുല്യമത്രെ. ആകയാൽ അതിന്നു കാളയെന്നർത്ഥമുള്ള സൌർ എന്ന പേരുണ്ടായി. ആ പർവ്വതത്തിലെ ഒരു ഗുഹയായിരുന്നു തിരുമേനിയുടെയും സിദ്ദീഖിന്റെയും പ്രഥമലക്ഷ്യം.

യാത്ര തുടങ്ങുന്നതിന്നു മുമ്പു് അബൂബകർ (റ) മറ്റുചില ഏർപ്പാടുകൾ കൂടി ചെയ്യുകയുണ്ടായി. ശത്രുക്കളുടെ പ്രവർത്തനങ്ങളും തന്ത്രങ്ങളും മനസ്സിലാക്കി, രാത്രി മലയിൽച്ചെന്നു തങ്ങളെ അറിയിക്കണമെന്നു തന്റെ പുത്രനായ അബ്ദുല്ലാ (റ) വിന്നു അബൂബകർസിദ്ദീഖ് നിർദ്ദേശം നൽകി. രാവിലെ ആടുകളെ സൌർ മലയിൽ കൊണ്ടുവന്നു നിശ്ചിത ഗുഹയുടെ

പരിസരത്തു മേയ്ക്കണമെന്നും, താൻ സ്വതന്ത്രനാക്കിയവനും തന്റെ ഭൃത്യനുമായ ആമീർ (റ) വിനും അബൂബകർ (റ) ഉത്തരവ് നൽകി. മദീനയിലേക്കുള്ള വഴി കാണിപ്പാനായി അബ്ദുല്ലാഹിൽഉറൈബത് എന്ന ആളെ കൂലിക്കുകൂട്ടി. ഇദ്ദേഹം അന്നു മുസ്‌ലിമായിരുന്നില്ല. പിന്നീടൊരിക്കലും മുസ്‌ലിമായിട്ടില്ലെന്നാണ് 'റൗള" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. മുൻപറഞ്ഞ രണ്ടു ഒട്ടകങ്ങളും, ഭക്ഷണപ്പൊതികളും എന്നിവ അബ്ദുല്ലാഹിൽഉറൈഖത്തിന്റെ വശം ഏല്പിക്കുകയും മൂന്നാംദിവസം രാത്രി സൌർ മലയിൽ രഹസ്യമായി ചെന്നെത്തുവാൻ ഉപദേശിക്കുകയും ചെയ്തു.

തിരുമേനി (സ) യും അബൂബകർസിദ്ദീഖും രാത്രി രഹസ്യമായി മലയിലേക്കു പുറപ്പെട്ടു. തിരുമേനിയെ തേടിപ്പുറപ്പെട്ട അബൂജഹലിനെ വഴിയിൽവെച്ചു അവർ കാണുകയുണ്ടായി. പക്ഷെ, അബൂജഹൽ അവരെ കണ്ടില്ല. രണ്ടു രഹസ്യാന്വേഷകർ മുഖേന നാട്ടിലുടനീളം ശത്രുക്കൾ തിരുമേനിയെ തിരക്കിനോക്കി. ഒരിടത്തും കണ്ടെത്തിയില്ല. തിരുമേനിയെ ജീവനോടുകൂടിയൊ അല്ലാതെയൊ പിടിക്കുന്നവക്കു നൂറു ഒട്ടകളെ സമ്മാനമായി നൽകുമെന്നു ഖുറൈശികൾ പ്രഖ്യാപിച്ചു. സമ്മാനക്കൊതിയരായ ഖുറൈശീയുവാക്കൾ തിരുമേനിയെ അന്വേഷിച്ചു വീണ്ടും നാനാഭാഗത്തേക്കു പുറപ്പെട്ടു.

ദുർഘടമായ വഴിയിലൂടെ, ക്ലേശിച്ചു നടന്നതുമൂലം തിരുമേനി (സ) യുടെ തൃപ്പാദം പൊട്ടി ചോര പൊടിഞ്ഞു. തിരുമേനിക്കു നടക്കുവാൻ പ്രയാസമുണ്ടെന്നു കണ്ടപ്പോൾ അബൂബകർ (റ) തിരുമേനിയെ ചുമലിലേറ്റുകയും, ഉദ്ദിഷ്ടഗുഹാമുഖംവരെ കൊണ്ടുനടക്കുകയും ചെയ്തു. ദുഷ്ടജന്തുക്കളുടെ ആവാസകേന്ദ്രമായിരുന്നു ആ ഗുഹ. താൻ തിരിച്ചുവരുന്നതുവരെ ഗുഹയിൽ ഇറങ്ങാതിരിപ്പാൻ തിരുമേനിയോടപേക്ഷിച്ചുകൊണ്ടു അബൂബകർ (റ) ഗുഹയിൽ പ്രവേശിച്ചു. അന്ധകാരനിബിഡമായ ആ ഗുഹയുടെ ചുവരുകളിൽ കൈകൊണ്ടു തപ്പിനോക്കുകയും, ആ തപ്പലിൽ കണ്ടെത്തിയ മാളങ്ങളും പാരങ്ങളും തുണിക്കഷണങ്ങൾകൊണ്ടു അടക്കുകയും ചെയ്തു അതിലിടക്കു ചില പാമ്പുകളും തേളുകളും മറ്റും അദ്ദേഹത്തെ ഉപദ്രവിക്കാതിരുന്നില്ല. അവയുടെ കടിയും കുത്തുമേറ്റ നോവുകൾ അദ്ദേഹം സഹിക്കുകതന്നെ ചെയ്തു. ഗുഹ മിക്കവാറും സുരക്ഷിതമായെന്നു ബോധ്യം വന്നപ്പോൾ, അദ്ദേഹം തിരുമേനി (സ)യെ ഗുഹയിലേക്കു ആനയിച്ചു. അദ്ദേഹത്തിന്റെ മടിയിൽ തലവെച്ചുകൊണ്ടു തിരുമേനി (സ) ഇരുളടഞ്ഞ ആ ഗുഹയിൽ വിശ്രമിച്ചു. ഇരുന്നേടത്തുനിന്നു അബൂബകർ (റ) കാലുകൊണ്ടു തപ്പിനോക്കിയപ്പോൾ കണ്ടെത്തിയ ഒരു മാളം, കാലിന്റെ തള്ളവിരൽകൊണ്ടു അദ്ദേഹം അടക്കുകയുണ്ടായി. ആ മാളത്തിലുണ്ടായിരുന്ന ഒരു സർപ്പം അദ്ദേഹത്തിന്റെ കാൽവിരലിൽ കടിച്ചു. അസഹ്യമായ വേദന സഹിച്ചുകൊണ്ടു നേരം പുലരുന്നതുവരെ അദ്ദേഹം ആ നിലയിൽതന്നെ ഇരുന്നു. നേരം പുലർന്നപ്പോഴാണ് സിദ്ദീഖിനുണ്ടായ ദുരനുഭവങ്ങളും തിരുമേനിയുടെ ശ്രദ്ധക്കു വിഷയീഭവിച്ചതു്. അപ്പോഴേക്കും സിദ്ദീഖിന്റെ കൈകാലുകളും വിഷബാധയേറ്റു വിങ്ങിപ്പോയിരുന്നു. തിരുമേനി (സ) തൃക്കൈയ്യാൽ തടവിയപ്പോൾ വീക്കവും വേദനയും മാറി, അബൂബകർ (റ) വിനു ആശ്വാസം ലഭിച്ചു. 'സ്വർഗ്ഗത്തിൽ അബൂബകറിനെ എന്നോടൊപ്പം എന്റെ പദവിയിൽ ആക്കേണമെ' എന്നു തിരുമേനി (സ) ഗുഹയിൽവെച്ചു പ്രാർത്ഥിക്കുകയും, അല്ലാഹു ആ പ്രാർത്ഥന സ്വീകരിക്കുകയും ചെയ്തു.

ആ ഗുഹാമുഖത്തു്, യാദൃശ്ചികമായി, ഒരു വൃക്ഷം വളർന്നുപന്തലിച്ചുനിന്നു. പന്തലിച്ചുനിന്ന ശാഖോപശാഖകളാൽ ആ ഗുഹാമുഖം

മൂടിപ്പോയി. എട്ടുകാലി അതിന്റെ ഇലകളിന്മേൽ പല അട്ടികളായി വലകെട്ടി. രണ്ടു കാട്ടുപ്രാവുകൾ, ചില്ലകളാൽ മൂടപ്പെട്ട ഗുഹാമുഖത്ത് മുട്ടകളിട്ട്, കുഞ്ഞുങ്ങളെ വിരിയിച്ചു. ആ വവിധ്യമായി ജനപ്പെരുമാറ്റം ഉണ്ടാവാത്ത ഒരവസ്ഥാവിശേഷം ആ ഗുഹാമുഖത്തു് സംജാതമായി. തിരുമേനിയെ തേടിപ്പുറപ്പെട്ട ആയുധധാരികളായ ഖുറൈശികൾ ആ ഗുഹാമുഖത്തെത്തിച്ചേർന്നു. ഗുഹപരിശോധിക്കേണമെന്നു ചിലർ അഭിപ്രായപ്പെട്ടു. 'മുഹമ്മദിനെ പ്രസവിക്കുന്നതിനുമുമ്പുള്ള മാറാലകൾ അട്ടക്കൂട്ടുകൾ കിടക്കുന്നതും, പക്ഷികൾ അതിൽ മുട്ടയിട്ടു കുഞ്ഞുങ്ങളെ വിരിച്ചതും കാണുന്നില്ലേ? പിന്നെ, ഗുഹപരിശോധിക്കുന്നതിൽ യുക്തിയില്ലല്ലൊ' എന്നു പറഞ്ഞുകൊണ്ടു ഗുഹപരിശോധിപ്പാനുള്ള പരിപാടി അവർ ഉപേക്ഷിച്ചു. അതിലിടക്കു ഒരു ഖുറൈശി ആ ഗുഹാമുഖത്തു മൂത്രവിസർജ്ജനംചെയ്തു 'നമ്മെ കണ്ടതുമൂലം നമ്മെ ഉന്മംവെച്ചുകൊണ്ടാണൊ അവൻ മൂത്രിച്ച'തെന്നു അബൂബകർ (റ) ചോദിച്ചപ്പോൾ, 'നമ്മെ അവൻ കണ്ടിട്ടില്ല, കാണുകയുമില്ല' എന്നു തിരുമേനി (സ) പ്രതിവചിച്ചു. 'മുഹമ്മദിനെ നാം കണ്ടുപിടിക്കുന്നകാലം വിദൂരമല്ല' എന്നുപറഞ്ഞുകൊണ്ടു ഖുറൈശികളുടെ ആ തിരച്ചൽസംഘം സ്ഥലം വിട്ടു. ഒരു ലക്ഷണശാസ്ത്രജ്ഞനോടൊപ്പം വേറൊരു സംഘം ആ ഗുഹാമുഖത്തെത്തി. തിരുമേനി ഇരിക്കുന്ന സ്ഥലം കാണിച്ചുകൊടുപ്പാനായി അവരെ കൂട്ടിക്കൊണ്ടുവന്ന ശാസ്ത്രജ്ഞൻ ഗുഹാമുഖത്തുവെച്ചു ഖുറൈശികളോടു ഇപ്രകാരം പറഞ്ഞു: 'ഹേ, ഖുറൈശികളെ, നിങ്ങൾ തേടി നടക്കുന്ന വ്യക്തി ഇവിടത്തോളം വന്നിട്ടുണ്ടു്. ഇവിടെനിന്നു മറ്റൊരു വഴിക്കു നീങ്ങീട്ടുമില്ല.' ഇതുകേട്ടപ്പോൾ അബൂബകർ (റ) കരൾപൊട്ടി കരയുകയുണ്ടായി. എന്തിനു കരയുന്നുവെന്നു തിരുമേനി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:-'എന്നെ ഓർത്തിട്ടല്ല, താങ്കളെ ഓർത്തിട്ടാണു് ഞാൻ കരയുന്നതു്. ഞാൻ നശിച്ചാൽ തന്മൂലം ഒരു വ്യക്തിമാത്രമെ നശിക്കുന്നുള്ളു. താങ്കൾ നശിക്കുകയാണെങ്കിൽ അതു ഒരു ദീനിന്റെയും ഒരു സമുദായത്തിന്റെയും നാശമായിരിക്കും.' തിരുമേനി (സ) അരുളി:- 'വിഷാദിക്കാതിരിക്കൂ; നിശ്ചയമായും അല്ലാഹു നമ്മോടൊപ്പമുണ്ടു്". ആ വചനം സിദ്ദീഖിനെ സമാശ്വസിപ്പിച്ചു.

ഗുഹയിൽവെച്ചു അബൂബകർ (റ) വിന്നു കലശലായ ദാഹമുണ്ടായി. വിവരം തിരുമേനി (സ) യെ അറിയിച്ചപ്പോൾ, ഗുഹയുടെ മുൻവശത്തുപോയാൽ വെള്ളം കിട്ടുമെന്നു തിരുമേനി ഉപദേശിച്ചു. അബൂബകർ (റ) ഗുഹയുടെ മുൻഭാഗത്തു് ചെന്നപ്പോൾ അലോകസാധാരണത്വമായ വെള്ളം കണ്ടെത്തുകയും അതുകുടിച്ചു് ദാഹവും ക്ഷീണവും മാറ്റുകയും ചെയ്തു. അബൂബകർ സിദ്ദീഖിന്റെ പദവിയെ തിരുമേനി (സ) നാനാവിധത്തിൽ വ്യക്തമാക്കീട്ടുണ്ടു്. സൌർമലയിലെ ഗുഹയിൽവെച്ചു അബൂബകർ (റ) വോടു തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:-'താങ്കളെ നിന്ദിച്ചവ്യക്തി എഴുപതുനബിമാരുടെ പുണ്യം ചെയ്താലും സ്വർഗ്ഗത്തിൽ കടക്കുകയില്ല.' നബിമാരെയും മുർസലുകളെയും ഒഴിച്ചാൽ, അബൂബകർ സിദ്ദീഖിന്റെ പദവിയാർജ്ജിച്ച ഒരു വ്യക്തിപോലും, ഇല്ലെന്നു വേറൊരു ഹദീസിൽ തിരുമേനി (സ) പ്രസ്താവിച്ചിട്ടുണ്ടു്.

മൂന്നരാപ്പുലകൾ ആ ഗുഹയിൽ അവർ കഴിച്ചുകൂട്ടി. ഓരോ രാത്രിയിലും സിദ്ദീഖിന്റെ പുത്രനായ അബ്ദുല്ലാ (റ) ഗുഹയിൽചെന്നു നാട്ടിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അവരെ ധരിപ്പിച്ചു. അദ്ദേഹത്തോടൊപ്പം, ഭക്ഷണപ്പൊതിയുമായി തന്റെ സഹോദരിയായ അസ്മാബീയും ഗുഹയിലേക്കു പോയിരുന്നുവെന്നു 'ഖുസ്സുൽ മുഹിമ്മ:' എ

ന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. നിശ്ചയമനുസരിച്ച് മൂന്നാം ദിവസം രാത്രി അബ്ദുല്ലാഹിൽ ഉറൈഖത് മുന്നൊട്ടകങ്ങളും, ഭക്ഷണപ്പൊതികളും എന്നിവയുമായി മലമുകളിലെത്തിച്ചേർന്നു. ഒരു ഒട്ടകം അദ്ദേഹത്തിന്റെ വാഹനമായിരുന്നു. അദ്ദേഹം എത്തിച്ചേർന്നപ്പോൾ ഒരു യാത്രാപദ്ധതി തയ്യാറാക്കിക്കൊണ്ട്, യാത്രതുടരുവാൻ അവർ തീരുമാനിച്ചു.

സൌർ മലയിൽനിന്നും മുമ്പോട്ട്

മൂന്നരാപ്പകലുകളും ഗുഹയിൽ കഴിച്ചുകൂട്ടിയതിനുശേഷം, മൂന്നാമത്തെയോ നാലാമത്തെയോ രാത്രി തിരുമേനിയും അബൂബകർസിദ്ദീഖും, വഴികാട്ടിയായി അബ്ദുല്ലാഹിൽ ഉറൈഖതും സൌർമലയിൽനിന്നു യാത്ര പുറപ്പെട്ടു. അബൂബകർസിദ്ദീഖിന്റെ ഭൃത്യനായ, മേൽപറഞ്ഞ ആമിറിബ്നുഫുഹൈറയും അവരോടൊപ്പം ഉണ്ടായിരുന്നു. വഴികാട്ടി നിർദ്ദേശിച്ച മാർഗ്ഗത്തിലൂടെയാണ് അവർ സഞ്ചരിച്ചത്. അബൂബകർസിദ്ദീഖിനെ കണ്ടറിവുള്ള ചിലർ വഴിയിൽവെച്ച് അവരെ കാണുകയും കുശലപ്രശ്നം നടത്തുകയും ചെയ്തു. തിരുമേനിയെ ചൂണ്ടിക്കൊണ്ട് 'ഇദ്ദേഹം ആരാണെന്നു ചോദിച്ചവരോട്', 'എന്റെ മാർഗ്ഗദർശി, എന്നു അബൂബകർ (റ) മറുപടി പറഞ്ഞു. തിരുമേനി (സ) കുറെനേരം സ്വന്തം ഒട്ടകപ്പുറത്തു സഞ്ചരിക്കുകയും, പിന്നീട് അതിനെ ഭൃത്യനായ ആമിറിനു കൊടുക്കുകയും, തിരുമേനി നടക്കുകയോ അബൂബകർസിദ്ദീഖോടൊപ്പം അദ്ദേഹത്തിന്റെ ഒട്ടകപ്പുറത്തു സഞ്ചരിക്കുകയോ ചെയ്യുകയും ചെയ്തു. ഇങ്ങിനെ ഒട്ടകപ്പുറത്തായും കാൽനടയായും ഒരു രാപ്പകൽ സഞ്ചരിച്ചതിനുശേഷം, ഉച്ചസമയത്തു ഒരു മരത്തണലുള്ള പ്രദേശത്തു അവർ എത്തിച്ചേർന്നു. ആസ്ഥലത്തു അല്പം വിശ്രമിച്ച ശേഷം യാത്ര തുടരാമെന്നു അവർ തീരുമാനിച്ചു. തിരുമേനി (സ) അടുത്തുള്ള ഒരു പാറക്കല്ലിന്മേൽ കിടന്നുറങ്ങി. അടുത്തായി കുറാം ആട്ടുകളെ മേയ്ക്കുന്നതു അബൂബകർ (റ) കാണുകയും, അദ്ദേഹത്തെ സമീപിച്ചു പാലിന്നാവശ്യപ്പെടുകയും ചെയ്തു. അയാൾ കുറെ പാൽ കറന്നുകൊടുത്തു. അബൂബകർസിദ്ദീഖ് ആ പാൽ തുണിവെച്ചരിച്ചു ഒരു പാത്രത്തിലാക്കി. തിരുമേനി (സ) ഉണർന്നപ്പോൾ ആ പാൽ തിരുമേനിക്കു കൊടുത്തു. തിരുമേനി (സ) അതു കുടിച്ചു.

ഉച്ച തിരിഞ്ഞപ്പോൾ അവർ യാത്ര തുടർന്നു. ഖുദൈദ് എന്ന പ്രദേശത്തെത്തി. ആ പ്രദേശം അന്നു ഭക്ഷണക്ഷാമത്താൽ എരിപൊരിക്കൊള്ളുകയായിരുന്നു. ഉമ്മുമഅ്ബദ് എന്ന സ്ത്രീയുടെ (ആതിക: എന്നാണ് അവരുടെ ശരിയായ പേർ) വീട്ടിന്നു മുമ്പിൽ ചിലർ കൂടിനിൽക്കുന്നതു അവർ കണ്ടു. 'തിന്നുവാനുള്ള വല്ല സാധനവും വിലക്കു തരുവാനുണ്ടോ' എന്നു അവർ ആ സ്ത്രീയോടു അന്വേഷിക്കുകയായിരുന്നു. ഒരു സാധനവുമില്ലെന്നു ആ സ്ത്രീ അവരോടു മറുപടി പറഞ്ഞതു കേട്ടപ്പോൾ, അടുത്തുനിൽക്കുന്ന ഒരു ആട്ടിനെ ചൂണ്ടിക്കൊണ്ട്, 'ഈ ആട്ടിന്നു പാലുണ്ടോ എന്നു തിരുമേനി അന്വേഷിച്ചു. 'കറവാടുകൾക്കുപോലും പാലില്ലാതിരിക്കുകയാണ്; പിന്നെ ഈ കറവുവറ്റ ആട്ടിന്നു എങ്ങിനെ പാലുണ്ടാവുന്നു' എന്നു ആ സ്ത്രീ ഒരു ചോദ്യം ഉന്നയിച്ചു. എങ്കിൽ, ഇതിനെ ഞാൻ കറക്കുന്നതു സമ്മതമാണൊ' എന്നു തിരുമേനി വീണ്ടും ചോദിച്ചപ്പോൾ, 'താങ്കൾ കറക്കുന്നതും കറന്നുകിട്ടുന്ന പാൽ അനുഭവിക്കുന്നതും എനിക്കു സമ്മതം തന്നെ' എന്നു സ്ത്രീ മറുപടി നല്കി. ആട്ടിനെ പിടിക്കുവാൻ ഉമ്മുമഅ്ബദോടു തിരുമേനി പറയുകയും, 'ബിസ്മില്ലാഹ്' എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) ആട്ടിന്റെ അകിടു തടവുകയും ചെയ്തു. ഉടനെ അകിടു നിറഞ്ഞു. ഒരു പാത്രത്തിൽ പാൽ കറന്നെടുത്തു അതു് ഉമ്മുമഅ്ബദിനു നൽകി. അതു ആ സ്ത്രീയും

അവരുടെ വീട്ടുകാരും കടിച്ചു. തിരുമേനി (സ) രണ്ടാമതും മൂന്നാമതും ആ ആട്ടിനെ കറന്നു. എല്ലാവരും വേണ്ടുവോളം പാൽ കുടിച്ചു സംതൃപ്തരായി.

ഈ ഉമ്മുമഅ്ബദ് എന്ന ആതികായയും അവരുടെ ഭർത്താവായ അക്തമും പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചു. തിരുമേനി (സ) കറന്ന ആ ആടുവഴിയായി ഉമ്മുമഅ്ബദ് (റ) സമ്പന്നയായിത്തീർന്നു. ഉമർ (റ) വിന്റെ ഖിലാഫത്തുകാലംവരെ ആ ആട് ജീവിക്കുകയും ചെയ്തു.

തിരുമേനി (സ) ആട്ടിനെ കറന്ന സന്ദർഭത്തിൽ ഉമ്മുമഅ്ബദിന്റെ ഭർത്താവ് (അബൂമഅ്ബദ്) അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം വീട്ടിലെത്തിയപ്പോൾ പാത്രം നിറയെ പാൽ കാണുകയും, ഇതെവിടെനിന്നു കിട്ടിയെന്നത്ഭുതപ്പെടുകയും ചെയ്തു. നടന്ന സംഭവങ്ങളെല്ലാം ഉമ്മുമഅ്ബദ് വിവരിച്ചപ്പോൾ, ആ പുണ്യപുരുഷന്റെ രൂപം വർണ്ണിക്കുവാൻ അബൂമഅ്ബദ് ആവശ്യപ്പെട്ടു. ഉമ്മുമഅ്ബദ്, തിരുമേനിയുടെ ആകാരം വർണ്ണിച്ചു. അബൂമഅ്ബദ് പറഞ്ഞു:- 'തമ്പുരാനാണെ സത്യം, അതു് നബിയാകുന്നു. ഞാൻ അവിടുത്തെ കണ്ടിരുന്നെങ്കിൽ, ആ പുണ്യമാഗ്ഗം സ്വീകരിക്കുമായിരുന്നു.' ആ ദമ്പതികൾ തിരുമേനി (സ) യെ ഹാർദ്ദമായി ആദരിക്കുകയും തിരുമേനിയെ പിന്തുടരുവാൻ ആഗ്രഹിക്കുകയും ചെയ്തു.

തിരുമേനി (സ) ഉമ്മുമഅ്ബദിന്റെ വീട്ടിൽനിന്നു പുറപ്പെട്ടുകഴിഞ്ഞതിന്നു ശേഷം, തിരുമേനിയെ അന്വേഷിച്ചു പുറപ്പെട്ട ചില ഖുറൈശികൾ അവിടെ എത്തി വിവരം അന്വേഷിച്ചറിയുകയും തിരുമേനി പോയ വഴിയിലൂടെ കുതിക്കുകയുമുണ്ടായി.

തിരുമേനിയുടെ ആകാരം വർണ്ണിക്കുന്നതിൽ അതിവിദഗ്ധയായിരുന്നു ഉമ്മുമഅ്ബദ്. തിരുമേനിയെ ധാരാളം കണ്ടു പരിചയമുള്ള പുരുഷന്മാരെപ്പോലും ആ വിഷയത്തിൽ അവർ കവച്ചുവെച്ചിരുന്നുവെന്നു 'അജ്‌വിബത്' എന്ന ഗ്രന്ഥത്തിൽ ഇബ്നുഔഫ് (റ) പ്രസ്താവിച്ചിരിക്കുന്നു.

അസ്സമഖ്ശരീ (റ) "റബീഉൽഅബ്റാർ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:- തിരുമേനി (സ) ഉമ്മുമഅ്ബദിന്റെ വസതിക്കുമുമ്പിൽ ഇരുന്നു വായിൽ കുപ്പിച്ചിച്ചുവെള്ളം അവിടെ ഉണ്ടായിരുന്ന ഒരു ചെടിയുടെ മുരട്ടിൽ തുപ്പി. ആ ചെടി വളർന്നു തഴച്ചുപടർന്നു മനോഹരമായ വർണ്ണവും അനിതരസാധാരണമായ രുചിയുമുള്ള ഒരുതരം പഴങ്ങൾ അതിന്മേൽ കായ്ക്കുകയും ചെയ്തു. വിശപ്പിന്നും ദാഹത്തിന്നും മാത്രമല്ല, രോഗങ്ങൾക്കും ആ പഴങ്ങൾ ശമനം നൽകി. അതിന്റെ ഇലകൾ തിന്ന ആട്, പശു, ഒട്ടകം മുതലായ ജീവികളിൽനിന്നു ധാരാളം പാൽ ലഭിച്ചു. ആ വൃക്ഷം ആ നാട്ടിനെ സമ്പന്നമാക്കി. മുബാറക് എന്ന പേരിൽ ആ വൃക്ഷം അറിയപ്പെട്ടു. ഉമ്മുമഅ്ബദിന്റെ ആട്ടിന്റെ കഥക്കു ലഭിച്ച പ്രസിദ്ധി ഈ വൃക്ഷത്തിന്നു ലഭിക്കാതെ വന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു.'

സുറാഖതിബ്നുമാലിക് (റ)— ഇദ്ദേഹം പിൽക്കാലത്തു്, താഇഫ് യുദ്ധത്തിന്നു ശേഷമാണു് ഇസ്‌ലാംമതം വിശ്വസിച്ചതു്- പറയുന്നു:- 'ഖുറൈശികൾ നിയോഗിച്ച ചില ആളുകൾ എന്നെ വന്നു കാണുകയും, മുഹമ്മദിനേയും അബൂബകറിനേയും പിടിച്ചു ബന്ധനസ്ഥരാക്കുകയോ കൊല്ലുകയോ ചെയ്യുന്ന ആൾക്കു നൂറുവീതം ഒട്ടകങ്ങളെ സമ്മാനമായി നൽകുന്നതാണെന്നുള്ള വിവരം അറിയിച്ചു. സമ്മാനം കരസ്ഥമാക്കുവാൻ ഞാനും ആഗ്രഹിച്ചു. അങ്ങിനെ ഞാൻ എന്റെ ബനൂമുദ്‌ലിജ് ഗോത്രക്കാരോരോടൊപ്പം ഇരിക്കുമ്പോൾ, സവാ

ഹിൽ എന്ന സ്ഥലത്തുവെച്ച് ഞാൻ ഒരു കൂട്ടരെ കണ്ടുവെന്നും അതു മുഹമ്മദും കൂട്ടരും ആയിരിക്കാനിടയുണ്ടെന്നും, ഒരാൾ ഓടിവന്നു എന്നോട് പറയുകയുണ്ടായി. 'അതു മുഹമ്മദാവാനിടയില്ലെന്നു പറഞ്ഞുകൊണ്ട് ഉപായത്തിൽ അയാളെ ഞാൻ പറഞ്ഞുവിട്ടു. ഖുറൈശികളുടെ സമ്മാനം എനിക്കുള്ളതാണെന്നു ഞാൻ തികച്ചും തീരുമാനപ്പെടുത്തി. എനിക്കു ധീരപരാക്രമിയായ ഒരു അടിമയുണ്ടായിരുന്നു. അസ്‌വദെന്നാണയാളുടെ പേർ. ഞങ്ങൾ രണ്ടുപേരും ആയുധങ്ങളിഞ്ഞു, കുതിരപ്പുറത്തു കയറി സവാഹിലിലേക്കു കുതിച്ചു.'

അബൂബകർസിദ്ദീഖ് (റ) പറയുന്നു:- 'സുറാഖത്ത് വരുന്നതുകണ്ടപ്പോൾ, യാറസൂലല്ലാ, ഇതാ, സുറാഖത്തും അയാളുടെ അടിമയും നമ്മെത്തേടി വരികയാണ്" എന്നു ഞാൻ പറഞ്ഞു. അല്ലാഹു നമ്മുടെ കൂടെയുണ്ട്" എന്നു തിരിഞ്ഞുനോക്കാതെ തിരുമേനി (സ) മറുപടി പറഞ്ഞു. ഞാൻ വീണ്ടും തിരിഞ്ഞുനോക്കി അവർ കൂടുതൽ അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു. 'യാറസൂലല്ലാ, ഇതാ അവർ അടുത്തെത്തിയിരിക്കുന്നു'വെന്നു വീണ്ടും ഞാൻ പറയുകയുണ്ടായി. 'നീ വേണ്ടുകവെച്ചതുകൊണ്ട് അവനെ നീ തടുക്കേണമെ' എന്നു തിരുമേനി (സ) അല്ലാഹുവോട് പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചതും, സുറാഖതിന്റെയും അസ്‌വദിന്റെയും കുതിരകളുടെ കുളമ്പുകൾ ഭൂമിയിൽ ആണ്ടുപോയി. എത്ര ശ്രമിച്ചിട്ടും കുളമ്പുകൾ പറിച്ചെടുക്കുവാൻ അവക്കു കഴിഞ്ഞില്ല. 'ഞങ്ങൾ താങ്കളെ ഉപദ്രവിക്കാതെ തിരിച്ചുപോയിക്കൊള്ളാ' മെന്നു സുറാഖത്, തിരുമേനിയോട് ഏറെപറഞ്ഞു. കുതിരകളുടെ കുളമ്പുകൾക്കു മോചനം ലഭിച്ചു. പക്ഷെ, തിരിച്ചുപോകാതെ തിരുമേനിയെ ആക്രമിപ്പാൻ തന്നെ സുറാഖത് ഉദ്യമിച്ചു. അപ്പോൾ കുതിരയുടെ കാലുകൾ മുട്ടോളം ഭൂമിയിൽ ആണ്ടുപോയി. സുറാഖത് രണ്ടാമതും ക്ഷമായാചനം ചെയ്തു. കുതിരയുടെ കാലുകൾ വീണ്ടും സ്വതന്ത്രങ്ങളായി. മൂന്നാമതും സുറാഖത്, തിരുമേനിയെ ആക്രമിപ്പാൻതന്നെ മുതിർന്നു. വീണ്ടും കുതിരയുടെ കാലുകൾ കൂടുതൽ ആഴത്തിൽ ആണ്ടുപോയി. (ഇങ്ങിനെ ഏഴുതവണ സംഭവിച്ചതായി ചരിത്രകാരന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.) അവസാനം, സുറാഖത് മനഃപൂർവ്വം ഖേദിച്ചു മടങ്ങുകയും, തിരുമേനി (സ) യുമായി വ്യക്തിപരമായ നിബന്ധനയിലേർപ്പെട്ടുകൊണ്ട് മക്കയിലേക്കു മടങ്ങുകയും ചെയ്തു.'

സുറാഖത് പറയുന്നു:— 'അസ്‌വദിനെയും കൂട്ടി, തിരുമേനിയെയും അബൂബകറിനെയും കണ്ടുപിടിക്കുവാൻ പുറപ്പെട്ട അവസരത്തിൽ, ആ വിഷമത്തിൽ എന്നേക്കാൾ താല്പര്യമുള്ള മറെറാരു വ്യക്തി ഇല്ലായിരുന്നു. അവരെ പിടിക്കുകയൊ കൊല്ലുകയൊ ചെയ്തല്ലാതെ അടങ്ങാത്തതരത്തിലുള്ളതായിരുന്നു എന്റെ ആവേശം. തിരിച്ചുപോരുമ്പോഴാകട്ടെ, എന്റെ ആവേശം മറിച്ചായിരുന്നു. ആകെയും അവരെ പിടികിട്ടാതിരിക്കട്ടെ എന്നു എന്റെ ഹൃദയം ആഗ്രഹിച്ചു. അവരെ അന്വേഷിച്ചെത്തിയ പലരെയും വഴിയിൽവെച്ചു നിരാശരാക്കിക്കൊണ്ട് ഞാൻ തിരിച്ചയച്ചു.'

സുറാഖതിന്റെ ശ്രമം നിശ്ചയമായും വിജയിക്കുമെന്നതായിരുന്നു മക്കക്കാരുടെ പ്രതീക്ഷ. സന്തോഷവാർത്തയുമായി സുറാഖത് തിരിച്ചു വരുമെന്നു അവർ വിശ്വസിച്ചു. സുറാഖതിന്റെ തിരിച്ചുവരവു് അവരുടെ പ്രതീക്ഷകളെ തകർത്തുകളഞ്ഞു. തനിക്കുണ്ടായ അനുഭവം സുറാഖത് വിവരിച്ചപ്പോൾ, അബൂജഹൽ പൊട്ടിച്ചിരിച്ചു. അപ്പോൾ സുറാഖത് പറഞ്ഞു:- 'അബുൽഹകമെ, എന്റെ കുതിരയുടെ കാലുകൾ ഭൂമിയിൽ ആണ്ടുപോയ അവസ്ഥ നീ കണ്ടിരുന്നെങ്കിൽ, മുഹമ്മദ് റസൂലാണെന്നുള്ളതിനു അതു ഒരു ഉത്തമതെളിവായി നീ അംഗീകരിക്കുമായിരുന്നു.

സുറാഖയുമായി വിട്ടുപിരിഞ്ഞു കുറെദൂരം സഞ്ചരിച്ചപ്പോൾ ഒരു ആട്ടിടയൻ ആടുകളെ മേയ്ക്കുന്നതു അവർ കണ്ടു. അബൂബകർ (റ) അയാളോടു പാലിന്നാവശ്യപ്പെട്ടു. കറവുള്ള ആടു കൂട്ടത്തിലില്ലെന്നും, കറവുവാറിയ ഒരു ആടുണ്ടെന്നും അയാൾ മറുപടി പറഞ്ഞു. തിരുമേനി (സ) ആ ആട്ടിനെ കൊണ്ടുവരുവാൻ പറയുകയും അതിന്റെ അകിടിൽ തടവുകയും ചെയ്തു. തിരുമേനി (സ) തടവിയപ്പോൾ ആട്ടിന്റെ അകിട്ടിൽ പാൽ ചുരന്നു. തിരുമേനി പാൽ കറന്നെടുത്തു; ആദ്യം അബൂബകർ സിദ്ദീഖിനു കൊടുത്തു; രണ്ടാമതു ആട്ടിടയനു കൊടുത്തു; മൂന്നാമതു തിരുമേനി കുടിച്ചു. ഇതു കണ്ടു അത്ഭുതപ്പെട്ട ആ ആട്ടിടയൻ 'താങ്കൾ ആരാണെന്നു തിരുമേനി (സ) യോടു ചോദിച്ചു. - 'ഞാൻ അല്ലാഹുവിന്റെ റസൂലായ മുഹമ്മദാ'ണെന്നു തിരുമേനി (സ) മറുപടി പറഞ്ഞപ്പോൾ, 'നിശ്ചയമായും ഒരു നബിക്കല്ലാതെ ഇതു സാദ്ധ്യമല്ല'ന്നു പറഞ്ഞുകൊണ്ടു അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു.

ബുറൈദതുബ്നുൽഹസീബ് (റ) വെന്തൊട്ടു ബൈഹഖീ (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- 'തിരുമേനിയെ പിടിക്കുകയൊ കൊല്ലുകയൊ ചെയ്യുന്നവർക്കു നൂറു ഒട്ടകങ്ങളെ സമ്മാനമായി നൽകുമെന്നു ഖുറൈശികൾ പ്രഖ്യാപിച്ചപ്പോൾ, ആ സമ്മാനം കരസ്ഥമാക്കുവാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ ബനൂസഹം ഗോത്രക്കാരനാണ്. എന്റെ ഗോത്രക്കാരായ എഴുപതു അശ്വാരൂഢരോടൊപ്പം ഞാൻ തിരുമേനിയെത്തേടി പുറപ്പെട്ടു. മദീന അടുത്തുവെച്ചു തിരുമേനി (സ) യെ ഞങ്ങൾ കണ്ടെത്തി. ഞാൻ തിരുമേനിയെ സമീപിച്ചപ്പോൾ, തിരുമേനി ചോദിച്ചു:- 'താങ്കൾ ആരാണ്?'

ഞാൻ:- 'എന്റെ പേർ ബുറൈദത്'

തിരുമേനി അബൂബകറിനെ നോക്കിക്കൊണ്ടു:- 'നമ്മുടെ കാര്യം ശുഭമാണു.'

എന്നെ നോക്കിക്കൊണ്ടു, തിരുമേനി:- 'താങ്കളുടെ ഗോത്രം.'

ഞാൻ:- 'അസ്‌ലം.'

അബൂബകറിനെ നോക്കിക്കൊണ്ടു, തിരുമേനി:- 'അപ്പോൾ നമുക്കു രക്ഷയാണു.'

എന്നെ നോക്കിക്കൊണ്ടു തിരുമേനി:- 'താങ്കളുടെ വംശം.'

ഞാൻ:- 'ബനൂസഹം'

അബൂബകറിനെ നോക്കിക്കൊണ്ടു തിരുമേനി:- 'അബൂബകർ താങ്കളുടെ നറുക്കു കിട്ടി.'

ഇതെല്ലാം സംസാരിച്ചിട്ടും എനിക്കു തിരുമേനിയെ മനസ്സിലായിരുന്നില്ല. അതിനു മുമ്പു ഞാൻ തിരുമേനിയെയോ അബൂബകറിനെയൊ കണ്ടിരുന്നില്ല. തന്നിമിത്തം 'താങ്കൾ ആരാ'ണെന്നു ഞാൻ അന്വേഷിച്ചു. 'ഞാൻ അല്ലാഹുവിന്റെ റസൂലും, അബ്ദുല്ലായുടെ പുത്രനായ മുഹമ്മദാ'ണെന്നു തിരുമേനി (സ) മറുപടി പറഞ്ഞപ്പോൾ, ഒരു നിമിഷമെങ്കിലും ആലോചിച്ചുനിൽക്കാതെ, തൽക്ഷണം ഞാൻ ശഹാദത്ത്ചൊല്ലി, ഇസ്‌ലാംമതം വിശ്വസിച്ചു. എന്റെകൂടെ ഉണ്ടായിരുന്ന എഴുപതുപേരും അപ്പോൾതന്നെ ഇസ്‌ലാംമതം വിശ്വസിക്കുകയുണ്ടായി.'

തിരുമേനി (സ) മദീനയിൽ കടക്കുമ്പോൾ ഒരു പതാക ആവശ്യമാണെന്നു ബുറൈദത് (റ) തിരുമേനിയെ ഉണർത്തുകയും, തന്റെ തലപ്പാവു് ഒരു കുന്തത്തിന്മേൽകെട്ടി പതാകയുണ്ടാക്കി, ആ പതാകയുമേന്തി മദീനായിലേക്കു യാത്രതുടരുകയും ചെയ്തു.

തിരുമേനി (സ) മക്കയിൽനിന്നു മദീനായിലേക്കു ഹിജ്‌റപുറപ്പെട്ട വിവരം മദീനയിലെ മുസ്‌ലിംകൾ പലവിധത്തിൽ അറിഞ്ഞു

കഴിഞ്ഞിരുന്നു. തന്മൂലം, തിരുമേനിയുടെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടു മൂന്നു ദിവസങ്ങളായി അവർ മദീനായുടെ അതിർത്തിയിൽ കാത്തുനിൽക്കുകയായിരുന്നു. സൌർമലയിലെ ഗുഹയിൽ മൂന്നു ദിവസം കഴിച്ചുകൂട്ടിയതുനിമിത്തം, സാധാരണഗതിയിൽ മൂന്നുദിവസം വൈകീട്ടാണു് മദീനയിൽ എത്തിച്ചേർന്നതു്. ഒരു ഗോപുരത്തിന്മേൽനിന്നു നിരീക്ഷണം നടത്തിക്കൊണ്ടിരുന്ന ഒരു ജൂതനാണു് തിരുമേനിയെ ആദ്യം കണ്ടെത്തിയതു് അദ്ദേഹം വിവരം നൽകിയതനുസരിച്ചു മുസ്‌ലിംകൾ തിരുമേനിയെ എതിരേൽക്കുവാൻ നഗരാതിർത്തിയിലേക്കു പുറപ്പെട്ടു. മുൻകൂട്ടി മദീനയിലെത്തിച്ചേർന്ന മുഹാജിർകളടക്കം അഞ്ഞൂറിൽപരം ആളുകൾ ആ സ്വീകരണസംഘത്തിലുണ്ടായിരുന്നു. മദീനായുടെ അതിർത്തിയിൽ ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്ന തിരുമേനിയെ ആ ജനക്കൂട്ടം, സാദരം, സസ്നേഹം, യഥായോഗ്യം എതിരേറ്റു. മദീനയുടെ വലത്തുവശത്തു സ്ഥിതിചെയ്യുന്ന ഖുബാ എന്ന സ്ഥലത്തേക്കു അവർ തിരുമേനിയെയും സിദ്ദീഖിനെയും ആനയിച്ചു. ഖുബായിൽ, അംഗ്‌ഗോത്രക്കാരനായ കുൽസും എന്നവരുടെ വീട്ടിൽ തിരുമേനി (സ) യും, അതിനടുത്തുള്ള സഅ്‌ദ് എന്ന ഖൈസമത്തിന്റെ വീട്ടിൽ അബൂബകർ (റ) വും വിശ്രമിച്ചു.

റബീഉൽഅവ്വൽ പന്ത്രണ്ടാം തിയ്യതി തിങ്കളാഴ്ചയാണു് തിരുമേനി മദീനായുടെ മണ്ണിൽ കാൽകുത്തിയതെന്നു ചരിത്രകാരന്മാരിൽ ഒരു കക്ഷി അഭിപ്രായപ്പെട്ടിട്ടുണ്ടു്. റബീഉൽഅവ്വൽ പതിനാറാം തിയ്യതി വെള്ളിയാഴ്ച രാവിലെ തിരുമേനി മദീനായിൽ എത്തിച്ചേർന്നുവെന്നാണു് ഇബ്നുഹിശാം (റ) പ്രസ്താവിച്ചിട്ടുള്ളതു്.

തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ചു, അനാമത്തുകളെല്ലാം തിരിച്ചുകൊടുത്തശേഷം, അലീ (ക. വ.) ഹിജ്‌റക്കു സന്നദ്ധനായി. തിരുമേനി (സ) യുടെ മകൾ ഫാതിമ (റ), അലീ (ക. വ.) യുടെ മാതാവു് ഫാതിമ (റ), ഹംസ: (റ) വിന്റെ പുത്രി ഫാതിമ (റ), അബ്ദുൽമുത്തലിബിന്റെ പുത്രനായ സുബൈർ (റ) വിന്റെ മകൾ ഫാതിമാ (റ), ഉത്‌ബതിന്റെ മകൾ ഫാതിമാ (റ), ആഇശാ (റ), അസ്‌മാഅ് (റ), തിരുമേനിയുടെ പുത്രി ഉമ്മുകുൽസും (റ) എന്നിവർ അലീ (ക. വ.) യോടൊപ്പം ഹിജ്‌റ ചെയ്തു. രാത്രിയിൽ സഞ്ചരിച്ചും പകൽ ഒളിച്ചുംകൊണ്ടാണു അവർ യാത്ര ചെയ്തതു്. ഖുബായിൽവെച്ചു ആ മുഹാജിർസംഘം തിരുമേനി (സ) യുമായി മേളിച്ചു. അസ്‌മാഅ് (റ) അന്നു ഗർഭിണിയായിരുന്നു. ഖുബായിൽവെച്ചു അബ്ദുല്ലാ എന്ന പുത്രനെ അവർ പ്രസവിച്ചു.

ഈ സംഘത്തെത്തുടർന്നുകൊണ്ടു, ഉമ്മുഐമനും ഒരുകൂട്ടം ആളുകളും ഹിജ്‌റക്കൊരുങ്ങി. അലീ (ക. വ.) യുടെ സഹായത്തോടുകൂടി അവർ മദീനയിൽ എത്തിച്ചേർന്നു. മുശ്‌രിക്കുകൾ ബന്ധനസ്ഥരാക്കുകയോ, മറ്റുവിധത്തിൽ യാത്ര ദുസ്സാധ്യമായിത്തീരുകയോ ചെയ്ത എതാനും ചിലരൊഴികെ, മിക്കവാറും എല്ലാ മുസ്‌ലിംകളും, മക്കവിട്ടു മദീനയിൽ എത്തിച്ചേരുകയുണ്ടായി.

ഹിജ്‌റാബ്ദം

തിരുമേനി (സ) യുടെ ഹിജ്‌റയെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളതാണു് മുസ്‌ലിംലോകത്തിന്റെ പഞ്ചാംഗം. മറ്റു മതക്കാർക്കും സമുദായക്കാർക്കുമിടയിൽ നടപ്പിലുള്ള വിവിധ പഞ്ചാംഗങ്ങൾ, വിവിധ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളവയത്രെ. ആദം നബിമുതൽ ദീർഘകാലത്തോളം ക്രമമുള്ള ഒരു പഞ്ചാംഗം നടപ്പിലായിരുന്നില്ല. തിരുമേനിയുടെ പിതൃശൃംഖലയിലെ എണ്ണാമത്തെ കണ്ണിയായ കഅ്‌ബിന്റെ മരണത്തെ അടിസ്ഥാനമാക്കിക്കൊണ്ടു അറബികൾ ഒരു പഞ്ചാംഗം അംഗീകരിച്ചിരുന്നു. ഏതാൾഫീലിനെ ആട്

സ്ഥാനമാക്കിയും, അബ്ദുൽമുത്തലിബിന്റെ മരണത്തെ അടിസ്ഥാനമാക്കിയും, രണ്ടു പഞ്ചാംഗങ്ങൾകൂടി അറബികൾ ഏർപ്പെടുത്തുകയുണ്ടായി. പക്ഷെ, ഹിജ്‌റയോടുകൂടി ആ പഞ്ചാംഗങ്ങൾ നാമാവശേഷങ്ങളാവുകയും, ഹിജ്‌റാബ്ദം മുസ്‌ലിംലോകത്തിന്റെ പഞ്ചാംഗമായി നടപ്പിലാവുകയുമുണ്ടായി.

ഹിജ്‌റ: എന്ന ചരിത്രപ്രധാനമായ സംഭവത്തെ അടിസ്ഥാനമാക്കിക്കൊണ്ടു ഒരു പഞ്ചാംഗം ആവിഷ്കരിച്ചതു് രണ്ടാം ഖലീഫയായ ഉമർ (റ) ആകുന്നു. ഹിജ്‌റനടന്നു പതിനേഴു സംവത്സരങ്ങൾ കഴിഞ്ഞശേഷം അദ്ദേഹം ഹിജ്‌റാബ്ദം നടപ്പിലാക്കുകയുണ്ടായി. തിരുമേനി ഹിജ്‌റപുറപ്പെട്ട റബീഉൽഅവ്വലിലെ തിയ്യതി തൊട്ടല്ല, ഹിജ്‌റാബ്ദം നടപ്പിലാക്കപ്പെട്ടിട്ടുള്ളതു് അറബികൾ ചാന്ദ്രമാസക്കാരായിരുന്നു. മുഹർറം ഒന്നുതൊട്ടാണു് ചാന്ദ്രവർഷം കണക്കാക്കപ്പെട്ടിരുന്നതു്. ആ കണക്കു പിടിച്ചുകൊണ്ടു ഹിജ്‌റവർഷം മുഹർറം ഒന്നു തൊട്ടു കണക്കാക്കപ്പെട്ടു. ഹിജ്‌റവർഷം ആരംഭിച്ച മുഹർറം ഒന്നാംതിയ്യതി, ക്രിസ്താബ്ദത്തിലെ ജൂലായ് പതിനഞ്ചാംതിയ്യതി ആയിരുന്നു. 'ഉമർ (റ) ഹിജ്‌റാബ്ദം അങ്ങിനെ ക്രമീകരിക്കുകയും നടപ്പാക്കുകയും ചെയ്തെങ്കിലും, ഹിജ്‌റക്കു മുമ്പും പിമ്പുമുണ്ടായ പല ചരിത്രസംഭവങ്ങളും ഹിജ്‌റനടന്ന ശരിയായ തിയ്യതിയുടെ അടിസ്ഥാനത്തിലാണു് പ്രതിപാദിക്കപ്പെട്ടിരുന്നതെന്നു ചില ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ടെന്നു' 'ഇൻസാനുൽ ഉയൂൻ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തീട്ടുണ്ടു്. തിയ്യതികളുടെ അടിസ്ഥാനത്തിൽ ചരിത്രസംഭവങ്ങളെ പരിശോധിക്കുമ്പോൾ ഈ വസ്തുകൂടി പരിഗണിക്കേണ്ടിയിരിക്കുന്നു.

ശതകങ്ങൾ

ആദംനബിമുതൽ ഇന്നോളം എത്ര ശതകങ്ങൾ കഴിഞ്ഞുവെന്നു കൃത്യമായിട്ടില്ലെങ്കിലും ഏതാണ്ടു് കണക്കാക്കപ്പെട്ടിട്ടുണ്ടു്. ആദംനബി മുതൽ നൂഹ്‌നബിവരെ പത്തു ശതകം; നൂഹ്‌നബിമുതൽ തൂഫാൻ എന്ന ജലപ്രളയംവരെ ആറു ശതകം; തൂഫാൻമുതൽ ഇബ്രാഹീം നബിവരെ പത്തു ശതകം; ഇബ്രാഹിം നബിമുതൽ മൂസാനബിവരെ പത്തു ശതകം; മൂസാനബി മുതൽ ഈസാനബിവരെ പതിനാലു ശതകം; ഈസാനബിമുതൽ നബി (സ) തിരുമേനിവരെ ആറു ശതകം (ആകെ അമ്പഞ്ചാറു ശതകം= അയ്യായിരത്തറുനൂറു സംവത്സരം) എന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. ഈ കണക്കുകൂട്ടലിൽ ഭിന്നാഭിപ്രായങ്ങളുണ്ടു്.

ഭൂമിയിൽ ജനവാസം തുടങ്ങിയതുമുതൽ ലോകാവസാനം വരെ ഭൂമിക്കുള്ള ആകെ ആയുസ്സു് നാലുലക്ഷത്തി ഒമ്പതിനായിരം സംവത്സരക്കാലമാണെന്നും, നമ്മുടെ പിതാവായ ആദമിനു മുമ്പു, ആയിരം ആദമുമാരും അവരുടെ സന്താനങ്ങളും ഈ ഭൂമിയിൽ വസിച്ചിട്ടുണ്ടെന്നും, നമ്മുടെ പിതാവായ ആദം മുതൽ ലോകാവസാനം വരെ ഭൂമിക്കുള്ള ആയുസ്സു് ഏഴായിരം വർഷങ്ങളാണെന്നും പറയപ്പെട്ടിട്ടുണ്ടു്. ഈ ഭൂമി എപ്പോഴാണു് പടക്കപ്പെട്ടതെന്നു അബൂഹുറൈറ (റ) തിരുമേനിയോടന്വേഷിച്ചപ്പോൾ 'എന്നെ റസൂലാക്കി അയക്കുന്നതിനു ഏഴായിരം വർഷങ്ങൾക്കുമുമ്പു" എന്നു തിരുമേനി മറുപടി നല്കിയതായി വഹബിബ്‌നുമുനബ്ബിഹ് (റ) പ്രസ്താവിച്ചിരിക്കുന്നു. ഒരു ഹദീസിനെ വ്യാഖ്യാനിച്ചുകൊണ്ടു ജലാലുദ്ദീനിസ്സുയൂത്വീ (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- 'നബി (സ) തിരുമേനിയുടെ ഉമ്മത്തികളുടെ കാലം ആയിരം വർഷത്തെക്കാൾ അധികവും ആയിരത്തഞ്ഞൂറുവർഷത്തെക്കാൾ കുറവുമാകുന്നു". അതായതു്, ആയിരത്തിനും ആയിരത്തഞ്ഞൂറിനുമിടക്കു ഈ ജനത ഇല്ലാതാകുമെന്നു സാരം. അശ്ശൈഖുൽ അക്ബർ മുഹ്‌യിദ്ദീനിബ്‌നുഅറബീ (റ)ഫുതൂഹാതുൽമക്കിയ്യ:'

എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം തന്നെ പ്രസ്താവിച്ചിട്ടുണ്ട്. തിരുമേനി (സ) യുടെ കാലം തൊട്ട പതിനാലൊ പതിനഞ്ചൊ ശതകങ്ങൾക്കുള്ളിൽ ഈ ലോകം അവസാനിക്കുമെന്നാണ് ഇതിൽനിന്നു സിദ്ധിക്കുന്നതു്. അവസാനത്തെ ശതകത്തിൽ ഖിയാമത്തിന്റെ പല അടയാളങ്ങളും പ്രത്യക്ഷമാവും. മുസ്‌ലിംകളും ഇസ്‌ലാമിൽ നിന്നു വ്യതിചലിച്ചു ജീവിച്ചു തുടങ്ങുകയും മഹ്ദീ ഇമാം വെളിപ്പെടുകയും ചെയ്യും. ആയിരത്തിമുന്നൂറിനും ആയിരത്തിനാനൂറിനും മിടക്കാണു് മഹ്ദിയുടെ ആഗമനം ഉണ്ടാവുകയെന്നു പല പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ട്.

മദീനത്തുന്നബി

ഇന്നു മദീനാ എന്ന പേരിൽ അറിയപ്പെടുന്ന നഗരം, മക്കയിൽനിന്നു വടക്കുമാറി പതിനൊന്നു ദിവസത്തെ വഴിയകലെയാണു് സ്ഥിതിചെയ്യുന്നതു്. ആക്രമം എപ്പോഴും കടന്നാക്രമിക്കുവാൻ സൌകര്യമുള്ള നിലയിൽ ആ നഗരം അന്നു നഗ്നമായിട്ടാണു് സ്ഥിതിചെയ്തിരുന്നതു്. നബി (സ) തിരുമേനി മദീനക്കു പുറം ഒരു കിടങ്ങുണ്ടാക്കുന്നതുവരെക്കും ആ നഗരം അതിൽത്തിരക്ഷകളില്ലാതെ നഗ്നമായിത്തന്നെ സ്ഥിതിചെയ്തു. അമാലിക് ഗോത്രത്തലവന്മാരിലൊരാളാണു് ആ നഗരം സ്ഥാപിച്ചതെന്നും, അദ്ദേഹത്തിന്റെ പേരാണു് ആ നഗരത്തിനു നല്കപ്പെട്ടിരുന്നതെന്നും പറയപ്പെട്ടിട്ടുണ്ട്. പിന്നീടു യഥിബ് എന്ന പേരിൽ ആ നഗരം പ്രഖ്യാതമായി. പ്രാചീനകാലത്തു് അമാലിക് ഗോത്രക്കാരാണു് യള്രിബിനെയും പരിസരപ്രദേശങ്ങളെയും അധിവസിച്ചിരുന്നതു്. ബാബിലോണിയക്കാരുടെയും റോമക്കാരുടെയും ഗ്രീക്കുകാരുടെയും മറ്റനവധി ജനങ്ങളെയും നാടുവിട്ടോടി ഹിജാസിന്റെ വടക്കൻ പ്രദേശങ്ങളിൽ താവളമുറപ്പിച്ച ജൂതന്മാർ പ്രാചീനവാസികളായ അമാലിക്കുകളെ തുടരെത്തുടരെ നശിപ്പിക്കുകയുണ്ടായി. ഖൈബറിലെ ബനീനസിർ ഗോത്രക്കാരും, ഫിറഖിലെ ബനീഖുറൈള ഗോത്രക്കാരും, മദീനക്കടുത്തുതന്നെ താമസമുറപ്പിച്ച ബനീ ഖൈനുഖാ ഗോത്രക്കാരുമായിരുന്ന മർദ്ദകരായ ജൂതന്മാരിൽ പ്രധാനികളും. തങ്ങളുടെ പ്രദേശങ്ങളും കോട്ടകെട്ടി ഭദ്രമാക്കിക്കൊണ്ടു ജൂതന്മാർ സമീപവാസികളായ മറവുള്ളവരെ ആക്രമിച്ചു കീഴടക്കി. ഔസ്, ഖസ്റജ് എന്നീ രണ്ടു കഹ്താനി ഗോത്രങ്ങളും യള്രിബിൽ സ്ഥാപിതമായതോടുകൂടി, ജൂതന്മാരുടെ ആധിപത്യത്തിനു അയവു തട്ടിത്തുടങ്ങി. പ്രസ്തുത കഹ്താനീ ഗോത്രക്കാർ ജൂതന്മാരെ മുട്ടുകുത്തിച്ചെങ്കിലും, വളരെത്താമസിയാതെ പരസ്പരം ശണ്ഠയുടങ്ങി. പിന്നീടു് ആ ശണ്ഠ യുദ്ധമായി മാറുകയും ആ യുദ്ധം ദീർഘകാലം നീണ്ടുനിൽക്കുകയും ചെയ്തു. തിരുമേനിയുടെ നബുവ്വത്തിന്റെ സമീപകാലത്തു് ആ ദീർഘകാല ഗോത്രയുദ്ധം അവസാനിക്കുകയും ഔസ്–ഖസ്റജ് ഗോത്രങ്ങൾക്കിടയിൽ സമാധാനം പുനഃസ്ഥാപിതമാവുകയുമുണ്ടായി.

തിരുമേനി (സ) യള്രിബിൽ പ്രവേശിച്ച കാലത്തു യള്രിബിന്റെ സ്ഥിതി ഇതായിരുന്നു. തിരുമേനി (സ) ആ നഗരത്തിൽ കടന്നതോടുകൂടി ആ നഗരത്തിൽ പുതുയുഗത്തിന്റെ പൊൻപുലരി ഉദയംചെയ്തു. നഗരത്തിന്റെ നാമം 'മദീനത്തുന്നബീ' എന്നു മാറപ്പെട്ടു. 'പ്രവാചക നഗരം' എന്നാണു് ആ പദത്തിന്റെ അർത്ഥം. നഗരം, പരിഷ്കൃതം എന്നീ അർത്ഥങ്ങളോടുകൂടിയ 'മദീന' എന്ന ഹ്രസ്വനാമത്തിൽ ആ നഗരം പ്രസിദ്ധിയാർജ്ജിച്ചു.

ഖുബായിലെ പള്ളി

തിരുമേനി (സ) ഖുബായിൽ നാലുദിവസം താമസിച്ചുവെന്നും പത്തു ദിവസം താമസി

ച്ചുവെന്നും പറയപ്പെട്ടിട്ടുണ്ട്. അതിലിടക്ക മസ്‌ജിദ് ഖുബാ എന്ന പള്ളിക്ക തിരുമേനി തറക്കല്ലിട്ട. തിരുമേനി (സ) നിർദ്ദേശിച്ചത നുസരിച്ച അബൂബകർ (റ), ഉമർ (റ), ഉസ്മാൻ (റ) എന്നിവരും, തിരുമേനി നാട്ടിയ തറക്കല്ലോടടുത്തു ഓരോ കല്ലുകൂടി നാട്ടുകയുണ്ടായി. ഖുബായിൽ പള്ളിക്ക തറക്കല്ലിട്ട ന്ന ഘട്ടത്തിൽ, അലീ (ക. വ.) സ്ഥലത്തെത്തിയിരുന്നില്ല എന്നാണ് ഇതിൽനിന്ന സിദ്ധിക്കുന്നത്. കാരണം, മദീനയിലെ പള്ളിക്ക് തിരുമേനി (സ) തറക്കല്ലിട്ടപ്പോൾ, അബൂബകർ (റ), ഉമർ (റ), ഉസ്മാൻ (റ), അലീ (ക. വ.)എന്നീ നാലുപേരെക്കൊണ്ടും ഓരോ കല്ല വെപ്പിച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തീട്ടുണ്ട്. അപ്പോൾ, ഖുബായിലെ പള്ളിക്ക തറക്കല്ലിട്ടപ്പോൾ അലീ (ക. വ.) ഖുബായിലെത്തിയിരുന്നെങ്കിൽ, അദ്ദേഹത്തെക്കൊണ്ടും ഒരു കല്ല് വെപ്പിക്കുമായിരുന്നുവെന്ന ന്യായമായും ഊഹിക്കാവുന്നതും, ഖുബായിലെ പള്ളിക്ക തറക്കല്ലിട്ടവരുടെ കൂട്ടത്തിൽ അലീ (ക. വ.) ഇല്ലാതിരുന്നതു, അദ്ദേഹം അപ്പോൾ ഖുബായിൽ എത്താതിരുന്നതുകൊണ്ടാണെന്ന തീരുമാനിക്കാവുന്നതുമാണ്.

'ലമസ്‌ജിദുൻ അലത്തഖ്''വാ' എന്ന ആയത്തിൽ നിർദ്ദിഷ്ടമായ പള്ളി ഖുബായിലെ പള്ളിയാണെന്നും മദീനായിലെ പള്ളിയാണെന്നും പറയപ്പെട്ടിട്ടുണ്ട്.' 'ഇസ്‌ലാമിലെ ആരാധനക്കുള്ള പള്ളികളുടെ ആണിവേരായ പള്ളി യെന്നാണ് പ്രസ്തുത ആയത്തു, പള്ളിയെ വിശേഷിപ്പിച്ചിട്ടുള്ളതു.

യള്‌രിബ് എന്ന വിളിക്കരുതു്

മദീന എന്ന പദത്തിന്ന നഗരം എന്നത്ഥമാണെന്ന പറഞ്ഞുവല്ലൊ. പ്രദീപ്തനഗരം എന്നത്ഥത്തിൽ 'മദീനമുനവ്വറ എന്നും ആ നഗരം വിളിക്കപ്പെടുന്നുണ്ട്. താബത്, തൈബത്, താഇബ് എന്നീ പേരുകളിൽ തിരുമേനി (സ) ആ നഗരത്തെ വിളിച്ചിട്ടുണ്ട്. തിരുമേനി (സ) അവിടെ പെന്നെത്തുന്നതിന്നു മുമ്പു്. ആരാജ്യം രോഗങ്ങളുടെ സങ്കേതമായിരുന്നു. തിരുമേനി (സ) പ്രാർത്ഥിച്ചതിന്റെ ഫലമായി മദീന രോഗമില്ലായ്മയുടെ നാടായി രൂപാന്തരപ്പെട്ടു. താഊൻ എന്ന മഹാവ്യാധിയും കുഷ്ഠരോഗവും ആ നാട്ടിലില്ലാതായി. മാത്രമല്ല, മദീനയിലെ മണ്ണ് കുഷ്ഠരോഗത്തിന്ന ഒരു പ്രതിയായി മാറുകയും ചെയ്തു. സകീനത്, ജാബിറത്, അഫ്‌റാഅ്, മഹ്‌റൂമത്, ദാറുൽഅഖ്‌ബാർ, ദാറുൽഅബ്‌റാസ്, ദാറുൽ അമാൻ, ദാറുസ്സലാമത്, ദാറുസ്സുന്നത്, ദാറുൽ ഫത്‌ഹ്, എന്നിങ്ങിനെ നൂറോളം പേരുകളിൽ ആ നഗരം വിളിക്കപ്പെടാറുണ്ട്. അക്കൂട്ടത്തിൽ യള്‌രിബ് എന്ന പേർക്കൂടി ആ നഗരത്തിന്നുണ്ടായിരുന്നു. നൂഹ്‌നബിയുടെ സന്തതികളിൽപെട്ട യള്‌രിബ് എന്ന ഗോത്രക്കാർ ആ നഗരത്തെ അധിവസിച്ചിരുന്നു. ആ കാലത്താണ് യള്‌രിബ് എന്ന ആ നഗരത്തിന്ന പേരുണ്ടായതു്. അനത്ഥം, ശിക്ഷ തുടങ്ങിയ ദുർല്ലക്ഷണസൂചകമായ അത്ഥങ്ങളാം ആ പദത്തിൽ അടങ്ങീട്ടുള്ളതുകൊണ്ടു്, മദീനയെ യള്‌രിബ് എന്ന വിളിക്കുന്നതു തിരുമേനി (സ) ഇഷ്ടപ്പെട്ടിരുന്നില്ല.

നഗരാന്തരത്തിലേക്ക്

ഖുബാഇൽനിന്ന നഗരത്തിന്റെ അന്തർഭാഗത്തേക്ക നീങ്ങുവാൻ തിരുമേനി (സ) തീരുമാനിച്ചു. തിരുമേനിയുടെ വാഹനമായ ഖുസ്‌വാ എന്ന ഒട്ടകത്തെ ജനങ്ങളാം അലങ്കരിച്ചു. മുഹാജിർകളും അൻസാർകളും യുദ്ധച്ചട്ടകളണിഞ്ഞു. ആയുധമണിഞ്ഞ മുസ്‌ലിംകളും വാളുരിപ്പിടിച്ചുകൊണ്ടു തിരുമേനിക്ക ചുറവും അണിനിരന്നു. അശ്വാരൂഢരും കാലാളുകളുമായ മുസ്‌ലിംകളുടെ അകമ്പടിയോടുകൂടി

ചെയ്യുകയും ബാങ്കു വിളിക്കുകയും ചെയ്യുക പതിവായിരുന്നു.

വെള്ളിയാഴ്ച ജുമുഅ: യുടെ ത്‌ഖ്ബക്കായി ഇമാം മിമ്പറിൽ ക്യറിയാൽ ബാങ്ക് വിളിക്കുകയായിരുന്ന തിരുമേനി (സ) യുടെ കാലത്തുള്ള പതിവ്. ഇമാം മിമ്പറിൽ കയറുന്നതിനു മുമ്പ് ഒരു ബാങ്ക് കൂടി സ്ഥാപിച്ചതു മൂന്നാം ഖലീഫയായ ഉസ്മാൻ (റ) വാകുന്നു. ബാങ്കിന്റെ ശേഷം തിരുമേനിയുടെ പേരിൽ സലാതു് ചൊല്ലേണമെന്നു ഒരു ഹദീസിൽ അരുളീട്ടുണ്ട്. ആ ഹദീസിനെ ആധാരമാക്കി ക്കൊണ്ടാണു്, ഖാമത്തിനുശേഷവും തിരുമേനി (സ) യുടെ പേരിൽ സലാതു് ചൊല്ലേണമെന്നു വ്യവസ്ഥ ചെയ്യപ്പെട്ടതു്. ബാങ്കിനുമുമ്പ് സലാതു് ചൊല്ലലും, ബാങ്ക് അധികം നീട്ടലും മണിക്കലും ബിദ്അത്താകുന്നു. നിസ്കാരത്തിൽ ഇമാം തക്ബീർ ചൊല്ലുന്നതു മഅ്മൂമുകൾ കേൾക്കുകയില്ലെന്നുള്ള പരിതഃസ്ഥിതിയിലല്ലാതെ, ഇമാമിന്റെ തക്ബീർ രണ്ടാമതൊരാൾ ഉച്ചത്തിൽ ഏറ്റുചൊല്ലുന്നതും ബിദ്അത്താകുന്നു. ഇമാമിന്റെ തക്ബീർ മഅ്മൂമുകൾ കേൾക്കുകയില്ലെങ്കിൽ, ഇടയാളൻ (മുബല്ലിഗ്) അതു ഏറ്റു ചൊല്ലുന്നതു അനുവദനീയമത്രെ.

ജൂതന്മാരുടെ വക

മദീനയിലെ ജൂതകുടുംബങ്ങൾ ഇസ്‌ലാമിനെസ്സംബന്ധിച്ചേടത്തോളം അത്യന്തം ആപൽക്കരമായ ഒരു ഘടകമായിരുന്നു. അൻസാർകൾക്കും മുഹാജിർകൾക്കുമിടയിൽ ഭ്രാതൃബന്ധം സ്ഥാപിച്ച അവസരത്തിൽതന്നെ, ബനൂഖൈനിഖാഅ്, ബനൂഖുറൈളത്, ബനുന്നളൈറത് എന്നീ ജൂത കുടുംബങ്ങളുമായി ഒരു സമാധാന സന്ധിയും സ്ഥാപിച്ചു കഴിഞ്ഞിരുന്നു. മദീനായിൽ ഇസ്‌ലാമിനു ബഹുജനങ്ങളുടെ പിന്തുണയും പ്രാബല്യവും സിദ്ധിച്ചതു കണ്ടപ്പോൾ, ജൂതന്മാരുടെ ചില ആകാശക്കോട്ടകൾ തകരുന്നതായി അവർക്കു അനുഭവപ്പെട്ടു. അറബികളെ കീഴടക്കി ഒരു ജൂതരാഷ്ട്രം സ്ഥാപിക്കുവാനുള്ള തങ്ങളുടെ ഗൂഢമായ ഉദ്ദേശ്യത്തെ, ഇസ്‌ലാമിന്റെ അനുയായികൾ മറികടന്നു കളയുമെന്നു അവർ ഭയപ്പെട്ടു; അറേബ്യാ മുഴുവനും മുസ്‌ലിംകൾ കയ്യടക്കുമെന്നു ഗണിതശാസ്ത്രജ്ഞന്മാരായ ചില ജൂതന്മാർ പ്രഖ്യാപിച്ചപ്പോൾ, ജൂതന്മാരുടെ ഹൃദയങ്ങളിൽ സൂക്ഷ്മമായ അസൂയയും വിദ്വേഷവും രൂപമെടുത്തു. ജൂതന്മാർ, സമാധാനസന്ധിക്കെതിരായി മുസ്‌ലിംകളെ അവഹേളിക്കുകയും മുസ്‌ലിംസ്ത്രീകളുടെ പേരിൽ പരാതികൾ പറഞ്ഞു പരത്തുകയും ചെയ്തു. യഹൂദികളുടെ ഈ ദുഷ്ക്രിയകളെ പരാമർശിച്ചുകൊണ്ടു വിശുദ്ധ ഖുർആനിൽ ആയത്തുകൾ ഇറങ്ങുകയുണ്ടായി. യഹൂദികൾ മുസ്‌ലിംകൾക്കെതിരായ പ്രവർത്തനങ്ങൾക്കു ശക്തികൂട്ടി. ഉബയ്യ്, അബൂയാസിർ, സലാമിബ്നുമുശ്കം, കിനാനിബ്നുർറബീഅ്, കഅ്ബിബ്നുൽഅശ്റഫ്, അബ്ദുല്ലാഹിസ്സൂറിയ, ഇബ്നുസലൂബാ, മുഖൈരീഖ് എന്നിവർ മുസ്‌ലിം വിരുദ്ധ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കി. ഇവരിൽ മുഖൈരീഖ് എന്ന ആൾ പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചു. അബൂയാസിറും സഹോദരനായ ഉബയ്യുമാണ് കുത്തുന്ന ജൂതവിദ്വേഷത്തിൽ എണ്ണപകർന്നുകൊണ്ടിരുന്നതു്. ഇസ്‌ലാംമതം വിശ്വസിച്ചുവരെ ഇസ്‌ലാമിൽനിന്നു പിന്തിരിക്കുവാൻ അവർ അഹർന്നിശം പരിശ്രമിച്ചു. ഇത്തര

ക്കാരുടെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ച ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

ഉപജാപം (മാരണം)

തിരുമേനി (സ) യോടുള്ള അസൂയയുടെ കാഠിന്യത്താൽ, ലുബൈദിബ്‌നുൽഅഅ്‌സം എന്ന ക്ഷുദ്ര ജൂതമാന്ത്രികൻ തിരുമേനിക്ക മാരണം (ക്ഷുദ്രപ്രവൃത്തി) ചെയ്തു. തിരുമേനി (സ) യെ കായികമായി ക്ഷീണിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ക്ഷുദ്രമന്ത്രങ്ങളോടിയ ഒരു രൂപം 'ബിഅ്‌റുദർവാൻ' എന്ന കിണറ്റിൽ ആ മാന്ത്രികൻ സ്ഥാപിച്ചു. തൽഫലമായി തിരുമേനി (സ) യുടെ ശരീരത്തിനു ക്ഷീണം ബാധിച്ചു. നാല്പതു ദിവസത്തോളം തിരുമേനി (സ) ക്ഷീണിതനായി കഴിഞ്ഞുകൂടി. ജൂതമാന്ത്രികൻ നടത്തിയ ക്ഷുദ്രപ്രവൃത്തിയെക്കുറിച്ച ജിബ്‌രീൽ (അ) തിരുമേനി (സ) ക്ക അറിവു നൽകി. അലീ (ക. വ.) അമ്മാറിബ്‌നുയാസിർ (റ) എന്നിവരെ തിരുമേനി (സ) പറഞ്ഞയച്ചു, പ്രസ്തുത കിണറ്റിൽ നിന്നു ആ ക്ഷുദ്രവസ്തു (രൂപം) പുറത്തെടുപ്പിച്ചു. ആ കിണറ്റിലെ വെള്ളം അപ്പോഴേയ്ക്കും ചെമ്പിച്ചു പോയിരുന്നു. ആ രൂപത്തിന്മേൽ പതിനൊന്നു കെട്ടുകളുണ്ടായിരുന്നു. പതിനൊന്നു ആയത്തുകളുള്ള 'മുഅവ്വദതൈനി' എന്ന രണ്ടു സൂറത്തുകൾ അല്ലാഹു അവതരിപ്പിച്ചു. അവ ഓതിയപ്പോൾ ആ രൂപത്തിലുണ്ടായിരുന്ന പതിനൊന്നു കെട്ടുകളും അഴിഞ്ഞുപോയി. അനന്തരം ഈ ക്ഷുദ്ര പ്രവൃത്തി ചെയ്ത ലുബൈദിനെ തിരുമേനി (സ) വിളിച്ചു വരുത്തുകയും വിസ്തരിക്കുകയും ചെയ്തു. ആ ക്ഷുദ്രമാന്ത്രികൻ കുറ്റം സമ്മതിച്ചു. സഹാബിമാരിൽ പലരും ക്ഷോഭിച്ചപ്പോൾ തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:- 'അല്ലാഹു തആല എന്നെ രക്ഷിച്ചു. ഇദ്ദേഹത്തെ ഉപദ്രവിക്കരുതു്. ഇദ്ദേഹത്തിനു ഞാൻ മാപ്പുനൽകിയിരിക്കുന്നു.'

അബ്ദുല്ലാഹിബ്‌നുസലാം

ഇദ്ദേഹം പ്രസിദ്ധനായ ജൂതജ്യോത്സ്യനും മാന്ത്രികനുമായിരുന്നു. ബനൂഖൈനിഖാഅ് ഗോത്രക്കാരനായിരുന്ന അദ്ദേഹം. അദ്ദേഹം പറയുന്നു:— 'തിരുമേനി (സ) മദീനായിലേക്കു ഹിജ്റ പോയശേഷം, തിരുമേനി (സ) യെ സന്ദർശിപ്പാനായി പലരും മദീനയിലേക്കു പോവുകയുണ്ടായി. അതുകണ്ടു ഞാനും ഒരു ദിവസം മദീനയിലേക്കു പുറപ്പെട്ടു. മദീനയിൽ അബൂഅയ്യൂബിന്റെ വീട്ടിലാണു് തിരുമേനി (സ) ഉണ്ടായിരുന്നതു്. തിരുമേനി (സ) യുടെ മുഖം കണ്ടപ്പോൾതന്നെ, തിരുമേനി (സ) സത്യം പറയുന്ന ആളാണെന്നു എനിക്കു ബോദ്ധ്യമായി. തിരുമേനി (സ) യുടെ തിരുവചനങ്ങൾ കേട്ടപ്പോൾ അവിടുന്നു് നബിയാണെന്നു എനിക്കു പൂർണ്ണമായ ബോദ്ധ്യം വന്നു. ഞാൻ തൽക്ഷണം ഇസ്‌ലാംമതം വിശ്വസിച്ചു. ഉടനെ ഞാൻ എന്റെ വീട്ടിലേക്കു തിരിച്ചുപോവുകയും വീട്ടുകാരെ മുഴുവനും ഇസ്‌ലാമിലേക്കു ആനയിക്കുകയും ചെയ്തു.....ജൂതപണ്ഡിതനും ജൂതനേതാവുമാണെന്നാണു് ജൂതന്മാർ എന്നെപ്പറ്റി പറഞ്ഞുപോന്നിരുന്നതു്. പക്ഷെ, ഞാൻ ഇസ്‌ലാംമതം വിശ്വസിച്ച വിവരം അവരെ അറിയിക്കുകയും ഇസ്‌ലാമിലേക്കു അവരെ ഞാൻ ആഹ്വാനം ചെയ്തുകയും ചെയ്തപ്പോൾ, അവർ എന്നെ പഴിക്കുകയും ധിക്കരിക്കുകയുമുണ്ടായി.

മുനാഫിഖുകൾ

ഔസ്-ഖസ്റജ് ഗോത്രക്കാരിൽനിന്നു ഇസ്‌ലാംമതം വിശ്വസിച്ചവരിൽ ചിലർ ആന്തരീയമായി ജൂതന്മാരുടെ അനുകൂലികളായിത്തന്നെ വർത്തിച്ചു. അവരാണു് മുനാഫിഖുകൾ എന്നു വിളിക്കപ്പെട്ടുന്നതു്. തിരുമേനി (സ) യുടെ ജീവിതകാലത്തു് മുനാഫുകളുടെ എണ്ണം മുന്നൂറായിരുന്നു. മുനാഫിഖുകളിൽപ്പെട്ട

ഒരാളായിരുന്ന ജൂല്യാസിബ്‌നുസുവൈദ്. ഒരിക്കൽ അദ്ദേഹം തന്റെ വീട്ടിൽ മലമ്പകിടന്നു കൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു: 'മുഹമ്മദ് പറയുന്നതു സത്യമാണെങ്കിൽ, ഞങ്ങളും കഴുതയെക്കാളും തരം താഴ്ന്നുപോവട്ടെ'. ഉമൈറിബ്‌നുസഅ്ദ് (റ) ഇതു കേട്ടു. ജൂല്യാസിന്റെ വീട്ടിൽ, ഒരു അനാഥബാലന്റെ നിലയിൽ, ജീവിച്ചു വളർന്ന ഒരാളായിരുന്നു അദ്ദേഹം. ജൂല്യാസ് പറഞ്ഞതു മറ്റുള്ളവരെ അറിയിച്ചാൽ ജൂല്യാസ് അപമാനിതനാവും; മറ്റുള്ളവരെ അറിയിക്കാതിരുന്നാൽ ദീനിനു ഊനം ഭവിക്കും; എന്നിങ്ങിനെ അദ്ദേഹം ആശയക്കുഴപ്പത്തിൽ അകപ്പെടുകയും, ജൂല്യാസിനെ അപേക്ഷിച്ചു ദീനിനു സർവ്വപ്രാധാന്യം കല്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഉമൈർ (റ) വിവരം തിരുമേനി (സ) യെ അറിയിച്ചു. ജൂല്യാസിനെ വിളിച്ചു അന്വേഷിച്ചപ്പോൾ, ഉമൈർ (റ) കളവു പറഞ്ഞതാണെന്നു അദ്ദേഹം സത്യം ചെയ്തു വാദിച്ചു. 'ആരാണ് കള്ളനെന്നും ആരാണ് സത്യവാനെന്നും വെളിപ്പെടുത്തേണമെ' എന്നു ഉമൈർ (റ) അല്ലാഹുവോടു പ്രാർത്ഥിച്ചു. തൽഫലമായി 'കുഫ്‌റിന്റെ വാചകം പറഞ്ഞവൻ അങ്ങിനെ പറഞ്ഞിട്ടില്ലെന്നു സത്യം ചെയ്യുന്നു' എന്നർത്ഥമുള്ള ആയത്തു ഇറങ്ങുകയും, തദനന്തരം ജൂല്യാസ് കുറ്റം സമ്മതിക്കുകയും ചെയ്തു.

തബത്തുലുബ്‌നുൽ ഹർസ് എന്ന ആളും ഒരു മുനാഫിഖായിരുന്നു. തിരുമേനി (സ) യുടെ ചാരത്തിരുന്നുകൊണ്ട് തിരുമേനി (സ) പറയുന്നതെല്ലാം കേൾക്കുകയും മറുവിധത്തിൽ മുനാഫിഖുകളെ ധരിപ്പിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ ജോലി. "ഞെരുക്കാനെ അനുസരിപ്പാൻ ഇഷ്ടപ്പെടുന്നവർ തബത്തിലുബ്‌നു ഹർസിനെ ശ്രദ്ധിക്കട്ടെ" എന്നു തിരുമേനി (സ) അരുളീട്ടുണ്ട്.

അബ്ദുല്ലാഹിബ്‌നുഉബയ്യിബ്‌നു സുലൂൽ എന്നു മുനാഫിഖായിരുന്ന മുനാഫിഖുകളുടെ നേതാവ്. മദീനയിലെ പ്രാമാണികവ്യക്തികളിലൊരാളായിരുന്ന അദ്ദേഹം. തിരുമേനി മദീനായിൽ ചെല്ലുന്നതിനുമുമ്പ് മദീനായുടെ രാജാവാകുവാൻ സ്വയം ഉറച്ചുകഴിഞ്ഞ വ്യക്തിയായിരുന്ന ഈ അബ്ദുല്ലാഹിബ്‌നു ഉബയ്യ്. തിരുമേനി (സ) മദീനായിൽ എത്തിയതോടുകൂടി ആ പരിപാടി ആകപ്പാടെ അട്ടിമറിഞ്ഞുപോയി. ആ നൈരാശ്യവും തജ്ജന്യമായ വിദ്വേഷവും അദ്ദേഹത്തിന്റെ മനസ്സിൽ സ്ഥായിയായി നിലകൊണ്ടു. സാഹചര്യപ്രേരിതനായി ഇസ്‌ലാംമതം വിശ്വസിച്ചതിനുശേഷവും അദ്ദേഹത്തിന്റെ ഹൃദയം ഇസ്‌ലാമിനെതിരായിതന്നെ പ്രവർത്തിച്ചതു നിമിത്തം, സഹാബിമാരിൽ അദ്ദേഹം എണ്ണപ്പെട്ടില്ല. അബ്ദുല്ലാഹിബ്‌നു ഉബയ്യിന്റെ നേതൃത്വത്തിൽ സംഘടിച്ച മുനാഫിഖുകൾ മദീനായെ സംബന്ധിച്ചേടത്തോളം ഒരു അപൽഘടകമായിരുന്നിട്ടും, ക്രമേണ അവർ സത്യമതത്തിൽ സ്ഥിരീകൃതരായേക്കാമെന്ന ശുഭപ്രതീക്ഷയോടുകൂടി തിരുമേനി (സ) അവരോടു അതിയായ സഹിഷ്ണുതയും വിട്ടുവീഴ്ചയും പ്രദർശിപ്പിച്ചു. ആ പ്രതീക്ഷ സഫലമാവുകയും ചെയ്തു. അബ്ദുല്ലാഹിബ്‌നു ഉബയ്യിന്റെ മരണത്തോടുകൂടി മുനാഫിഖ് എന്ന ഒരു കക്ഷിയെ ആ നാട്ടിലെങ്ങും കാണ്മാനായി.

ഈ അബ്ദുല്ലാഹിബ്‌നു ഉബയ്യ് ആസന്നമരണനായി കിടന്നപ്പോൾ, അദ്ദേഹത്തിന്റെ അഭിലാഷമനുസരിച്ചു തിരുമേനി (സ) അദ്ദേഹത്തെ സന്ദർശിക്കുകയും, അദ്ദേഹം അഭ്യർത്ഥിച്ചതനുസരിച്ചു അദ്ദേഹത്തിന്റെ മൃതദേഹം കഫൻചെയ്യുവാൻ തിരുമേനി (സ) യുടെ കുപ്പായം കൊടുക്കുകയും ഉമർ (റ) എതിരഭിപ്രായം പ്രകടിപ്പിച്ചിട്ടും തിരുമേനി (സ) അദ്ദേഹ

ത്തിന്റെ ജനാസ നിസ്കരിക്കുകയും ചെയ്ത വസ്തുതകൾ മുമ്പൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

മദീനായിലെ എതിർപ്പുകൾ

ദുഷ്ടബുദ്ധികളായ യഹൂദികളുടെ പരസ്യമായ എതിപ്പുകളെയും, കപടബുദ്ധികളായ മുനാഫിഖുകളുടെ രഹസ്യമായ എതിപ്പുകളെയും മുസ്‌ലിംകൾ മദീനായിൽവെച്ചും നേരിടേണ്ടിവന്നു. പക്ഷെ, മക്കയിൽനിന്നു നേരിട്ട എതിർപ്പുകളോളം ശ്രക്ഷവും ഗൗരവുമായിരുന്നില്ല മദീനായിലെ എതിർപ്പുകൾ. മദീനായിൽ മുസ്‌ലിംകളുടെ നില വളരെയധികം മെച്ചപ്പെട്ടുകഴിഞ്ഞിരുന്നു. മാത്രമല്ല, ഇസ്‌ലാംമതത്തിന്നു അസ്തിത്വം സിദ്ധിക്കുകയും ചെയ്തിരുന്നു. ഹിജ്റക്കുശേഷം രണ്ടാംമാസത്തിൽ ആരംഭിച്ച യഹൂദരുടേയും മുനാഫിഖുകളുടേയും നാവുകൊണ്ടുള്ള എതിർപ്പുകൾ ഒരു കൊല്ലത്തിലേറെ നീണ്ടുനിൽക്കുകയുണ്ടായില്ല.

അപ്പോഴേക്കും ശത്രുക്കളോടു യുദ്ധം ചെയ്യുവാനുള്ള ആജ്ഞ അല്ലാഹുവിൽനിന്നു തിരുമേനി (സ) ക്കു ലഭിക്കുകയുണ്ടായി. അതുവരെ യുദ്ധത്തിൽ പ്രവേശിപ്പാതിരിപ്പാനാണു് മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടിരുന്നതു്. ക്ലേശങ്ങളെയും ഉപദ്രവങ്ങളെയും ക്ഷമാപൂർവ്വം സഹിപ്പാനും യുദ്ധത്തെ ഒഴിവാക്കുവാനും നിർദ്ദേശിക്കുന്ന എഴുപതിൽപരം ആയത്തുകൾ അതിലിടക്കു അവതരിച്ചുകഴിഞ്ഞിരുന്നു.

യുദ്ധത്തിന്നുള്ള അനുജ്ഞ

ഹിജ്റക്കുശേഷം പതിനൊന്നാമത്തെ മാസമായ സഫർ മാസത്തിൽ, അഥവാ ഹിജ്റ രണ്ടാം കൊല്ലത്തിലെ സഫർമാസത്തിൽ (ഹിജ്റ നടന്നതു റബീഉൽ അവ്വലിലാണെങ്കിലും, ഹിജ്റാബ്ദം കണക്കാക്കപ്പെട്ടതു് അതിന്നു രണ്ടുമാസം മുമ്പുള്ള മുഹർറം മുതലാണെന്നുള്ള വസ്തുത സ്മരണീയമത്രെ) നബി (സ) തിരുമേനിക്കു യുദ്ധത്തിന്നുള്ള അനുജ്ഞ ലഭിക്കുകയുണ്ടായി. "തങ്ങളെ ഉപദ്രവിച്ച കാഫിർകളുമായി യുദ്ധം ചെയ്യുവാനുള്ള അനുമതി മുഅ്മിൻകൾക്കു സിദ്ധമായി;" "അല്ലാഹു അവരെ സഹായിപ്പാൻ കഴിവുള്ളവൻ തന്നെ; 'നിങ്ങളോടു എതിർക്കുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ എതിർത്തുകൊള്ളുവിൻ"; "അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിച്ചുകൊണ്ടു പടപൊരുതുന്നതിൽ തടിയും മുതലും ചെലവഴിച്ച മുഅ്മിൻകൾക്കു് അല്ലാഹു സ്വർഗ്ഗത്തെ പ്രതിഫലമായി കൊടുക്കും"; എന്നീ അർത്ഥങ്ങളുള്ള ആയത്തുകളിൽ ഒന്നാണു് ഈ വിഷയത്തിൽ ആദ്യമായി അവതരിച്ചതു്". യുദ്ധം ഹറാമാക്കപ്പെട്ട മാസങ്ങളൊഴികെയുള്ള മാസങ്ങളിൽ മുശ്രിക്കുകളോടു യുദ്ധം ചെയ്യുകൊള്ളുക" എന്ന ആയത്തു് അതിന്നുശേഷം ഇറക്കപ്പെട്ടു. ഹിജ്റക്കുമുമ്പും ഹിജ്റക്കുശേഷം കുറെ മാസങ്ങളോളവും, മുസ്‌ലിംകളെ എതിർത്തവരോടുപോലും യുദ്ധം ചെയ്യുവാനുള്ള അനുമതി മുമ്പു് മുസ്‌ലിംകൾക്കു നിഷേധിക്കപ്പെട്ടിരുന്നുവെന്നു ഈ ആയത്തിൽനിന്നു സിദ്ധിക്കുന്നു. റജബ്, ദുൽഖഅ്ദ്, ദുൽഹജ്ജ്, മുഹർറം [ശവ്വാൽ എന്നു മറെറാരഭിപ്രായവുമുണ്ടു്] എന്നീ നാലു മാസങ്ങളാണു് യുദ്ധം വിലക്കപ്പെട്ട മാസങ്ങൾ. മേൽ പറഞ്ഞവയിൽ ആദ്യത്തെ ആയത്തിന്റെ വിവക്ഷ "എതിരാളികൾ മുമ്പു് ചെയ്ത ഉപദ്രവങ്ങളെ കണക്കിലെടുത്തുകൊണ്ടു് അവരോടു എതിർക്കുക" എന്നതാണെന്നും; രണ്ടാമത്തെ ആയത്തിന്റെ വിവക്ഷ, "എതിർക്കുന്നവരോടു എതിർക്കുക" എന്നാണെന്നും; മൂന്നാമത്തെ ആയത്തിന്റെ വിവക്ഷ, 'അങ്ങിനെ എതിർത്താൽ ഇത്തരത്തിൽ പ്രതിഫലം ലഭിക്കു"മെന്നാണെന്നും; നാലാമത്തെ ആയത്തിന്റെ വിവക്ഷ, "ആ എതിർപ്പു യുദ്ധം വിലക്കപ്പെട്ടതല്ലാത്ത മാസങ്ങളിലായിരിക്കണമെന്നാണെന്നും, പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ടു്. രണ്ടാമത്തെ ആയത്തുകൊണ്ടുതന്നെ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ദീനിന്നുവേണ്ടി യുദ്ധം ചെയ്യൽ നിർബ്ബന്ധമായി എന്നു പറയപ്പെട്ടിട്ടുണ്ടു്.

മുശ്‌രിക്കുകൾ യുദ്ധക്കൊതിയന്മാരായി വാളരിപ്പിടിച്ചുകൊണ്ട് നിയന്ത്രണമില്ലാതെ അക്രമണങ്ങൾ അഴിച്ചുവിട്ടപ്പോൾ, 'മുശ്‌രിക്കുകളോട് കണ്ടേടത്തുവെച്ച് യുദ്ധം ചെയ്യുക", നിങ്ങളോട് എതിർക്കുന്ന മുശ്‌രിക്കുകളോട് സ്ഥലകാലഭേദമെന്യേ നിങ്ങൾ എതിർക്കുക. എന്നീ അർത്ഥങ്ങളിലുള്ള ആയത്തുകൾ പറയുകയുണ്ടായി. ദീനിന്നുവേണ്ടിയുള്ള യുദ്ധം നിബ്ബന്ധമായും വാജിബാണെന്നു പ്രസ്തുത ആയത്തുകളാൽ സ്ഥിരീകരിക്കപ്പെട്ടു.

കാഫിറുകൾ മൂന്നുതരം

മുസ്‌ലിംകളുമായി ഏതുഘട്ടത്തിലും യുദ്ധത്തിന്നൊരുങ്ങിനിന്നവർ; മുസ്‌ലിംകൾക്കു കപ്പം കൊടുത്തുകൊണ്ടു സമാധാനപരമായി ജീവിച്ചവർ, മുസ്‌ലിംകൾക്കു കപ്പം കൊടുക്കുകയോ അവരുമായി സമാധാനസന്ധിയിലേപ്പെടുകയോ ചെയ്യാതെ ധാർഷ്ട്യത്തോടുകൂടി ജീവിച്ചവർ; എന്നിങ്ങനെ അക്കാലത്തെ കാഫിറുകളെ മൂന്നായി തരംതിരിക്കാവുന്നതാണ്. പൊതുവെ അവരെല്ലാംതന്നെ കാഫിറുകളായിരുന്നു. നബി [സ] തിരുമേനി ഇപ്രകാരം അരുളുകയുണ്ടായി: ,,അവർ ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്" എന്നു പറയുന്നതുവരെ അവരുമായി പടപൊരുതുവാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടു; അങ്ങിനെ പറഞ്ഞാൽ അവരുടെ ശരീരങ്ങളെയും മുതലുകളെയും അവർ രക്ഷപ്പെടുത്തി.

യുദ്ധം രണ്ടുവിധം

തിരുമേനി (സ) പങ്കെടുത്തതും, അല്ലാത്തതും എന്നു അക്കാലയുദ്ധങ്ങളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. മുസ്‌ലിം സേനയോടൊപ്പം തിരുമേനി (സ) യും പങ്കെടുത്ത യുദ്ധങ്ങൾക്കു 'ഗസ്‌വത്" എന്നും, സഹാബിമാരെ നിയോഗിച്ചു നടത്തിയ യുദ്ധങ്ങൾക്കു 'സരിയ്യത്" അഥവാ 'ബഅസ്" എന്നും പേർ. സഹാബിമാർ മാത്രം നടത്തിയ ചില യുദ്ധങ്ങൾ ,ഗസ്‌വത്" എന്ന നിലയിൽ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. കാഫിറുകളുമായി നടത്തപ്പെട്ട യുദ്ധങ്ങൾ ഇസ്‌ലാമിന്നു കരുത്തും വ്യാപ്തിയും വർദ്ധിപ്പിച്ചു. മക്കാവിജയത്തോടുകൂടി ഇസ്‌ലാം ഭൂമുഖത്തു കാലൂന്നി നിൽക്കുകയും, ലോകത്തിന്റെ എല്ലാ ഭാഗത്തും അതിന്റെ പ്രഭ പ്രസരിക്കുകയും ചെയ്തു.

തിരുമേനി (സ) പങ്കെടുത്ത യുദ്ധങ്ങൾ

ഇരുപത്തൊമ്പതു യുദ്ധസംരംഭങ്ങളിൽ തിരുമേനി (സ) പങ്കെടുക്കുകയുണ്ടായി. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു: — (1) വദ്ദാൻ യുദ്ധം, (2) ബവാത് യുദ്ധം, (3) അശീറത് യുദ്ധം, (4) സഫ്‌വാൻ യുദ്ധം (ഇതിന്നു ബദ്‌റുൽ ഊലാ എന്നും പേരുണ്ട്), (5) ബദ്‌റുൽകുബ്‌റാ യുദ്ധം, (6) ബനീസുലൈം യുദ്ധം, (7) ദൈനുഖാഅ് യുദ്ധം, (8) അസ്സവീഖ് യുദ്ധം, (9) ഖർഖറതുൽകദർ, (10) ഗത്ഫാൻ യുദ്ധം, (ദീഅംറ് എന്നും ഇതിന്നു പേരുണ്ട്), (11) ബഹ്‌റാൻ യുദ്ധം, (12) ഉഹദ് യുദ്ധം, (13) ഹംറാഉൽഅസദ് യുദ്ധം, (14) ബന്നിന്നുളൈർ യുദ്ധം, (15) ദാതുർറിഖാഅ് യുദ്ധം, (മഹാരിബ് യുദ്ധമെന്നും ബനീസഅ്‌ലബത് യുദ്ധമെന്നും ഇതിന്നു പേരുണ്ട്), (16) ബദ്‌റുൽ അഖീറത് യുദ്ധം (ബദ്‌റുൽമൗഇദ് യുദ്ധമെന്നും ഇതിന്നു പേരുണ്ട്), (17) ദൗമതുൽജന്ദൽ യുദ്ധം, (18) ബനിൽമുസ്തലഖ് യുദ്ധം (മുറൈസീഅ് യുദ്ധമെന്നും ഇതിന്നു പേരുണ്ട്) (19) ഖന്ദഖ് യുദ്ധം, (20) ബനീഖുറൈളത് യുദ്ധം, (21) ബനീലഹ്‌യാൽ യുദ്ധം, (22) ഹുദൈബിയാ യുദ്ധം, (23) ദീഖുർദ് യുദ്ധം, (24) ഖൈബർ യുദ്ധം, (25) വാദിൽഖുറാ യുദ്ധം, (26) ഉംറതുൽഖളാ യുദ്ധം, (27) മക്കംഫത്ഹ് യുദ്ധം, (28) ഹുനൈൻതാഇഫ് യുദ്ധം, (29) തബൂക് യുദ്ധം. ഈ ഇരുപത്തൊമ്പതു പടയൊരുക്കളിൽ, (1) ബദ്‌ർ, (2) ഉഹദ്, (3) ഖന്ദഖ്, (4) ബനൂഖുറൈളത്, (5) ബനൂൽ

മുസ്തലിഖ് (6) ഖൈബർ, (7) മക്കാഫത്ഹ്, (8) ഹുനൈനി (9) താഇഫ് എന്നീ ഒമ്പതു സംരംഭങ്ങളും യുദ്ധത്തിൽ തന്നെ കലാശിച്ചു. യുദ്ധത്തിനു ഒരുങ്ങിയെങ്കിലും, മറ്റുള്ളവ യുദ്ധം കൂടാതെ കലാശിച്ചുവെന്നു സിദ്ധം. മേൽപറഞ്ഞ ഇരുപത്തൊമ്പതു യുദ്ധ സംരംഭങ്ങളിൽ അഥവാ യുദ്ധരംഗങ്ങളിൽ തിരുമേനി (സ) സന്നിഹിതനായെങ്കിലും, അല്ലെട്ടത്തിൽ ഒമ്പതു രംഗങ്ങളും യുദ്ധത്തിൽ കലാശിച്ചെങ്കിലും ബദ്ർ, ഉഹദ്, ഹുനൈൻ എന്നീ മൂന്നു യുദ്ധങ്ങളിൽ മാത്രമെ തിരുമേനി (സ) യോദ്ധാവെന്ന നിലക്കു രംഗത്തിലിറങ്ങി അടരാടിയിരുന്നുള്ളൂ.

തിരുമേനി (സ) പങ്കെടുക്കാത്ത അഥവാ സന്നിഹിതനാവാത്ത നിലയിൽ, സഹാബിമാർ നേരിട്ട യുദ്ധങ്ങളുടെ എണ്ണം നാല്പത്തേഴെന്നും, അമ്പത്തെട്ടെന്നും, എഴുപതിൽപരം എന്നും പറയപ്പെട്ടിട്ടുണ്ട്. അവയിൽ ചിലതു യുദ്ധത്തിലും ചിലതു സന്ധിയിലും പര്യവസാനിച്ചു. ഈ യുദ്ധവാർത്തകളും യഥാസ്ഥാനങ്ങളിൽ വിവരിക്കപ്പെടും.

ഹംസ: (റ) വിന്റെ നായകത്വത്തിൽ

ഹിജ്റ രണ്ടാം കൊല്ലത്തിലെ സഫർ മാസത്തിൽ യുദ്ധത്തിനുള്ള അനുജ്ഞ തിരുമേനി (സ) ക്കു അല്ലാഹു നൽകുകയുണ്ടായി. അടുത്ത മാസം, അതായതു, റബീഉൽഅവ്വലിൽ ഹംസ: (റ) വിന്റെ നായകത്വത്തിൽ ഒരു ചെറിയ മുഹാജിർ സേനയെ തിരുമേനി (സ) രൂപവൽക്കരിച്ചു. ഐസ് എന്ന പ്രദേശത്തോടടുത്ത സീവുൽ ബഹ്ർ എന്ന കടൽക്കരയിൽ ചെന്നു ശത്രുക്കളുമായി ഏറ്റുമുട്ടുവാനാണു് ആ സേന രൂപവൽക്കരിക്കപ്പെട്ടതു്. ഖുറൈശികളാണു് ആണ്ടുതോറും ശാമിലേക്കു് വ്യാപാരയാത്ര നടത്തുക പതിവായിരുന്നു. ഖുറൈശികളുടെ വ്യാപാരസംഘം തിരിച്ചുവരുമ്പോൾ അവരുമായി സന്ദർഭോചിതം ഏറ്റു മുട്ടുകയെന്നതായിരുന്നു ആ സേനയുടെ ഉദ്ദേശ്യം. യുദ്ധതന്ത്രപരമായ മറ്റു പല മഹത്തായ ഉദ്ദേശ്യങ്ങളും കൂടി ആ സേനാരൂപവൽക്കരണത്തിലും ആ പ്രക്രിയയിലും ഉൾക്കൊണ്ടിരുന്നു. ഹംസ: (റ) വിന്റെ നായകത്വത്തിൽ രൂപവൽക്കരിക്കപ്പെട്ട ചെറു മുഹാജിർ സേന നിശ്ചിതസ്ഥലത്തേക്കു റബീഉൽഅവ്വലിൽ (റമളാനിലാണെന്നും പറയപ്പെട്ടിട്ടുണ്ടു്) നിയോഗിക്കപ്പെട്ടു. സേനാനായകനായ ഹംസ: (റ) വിനു നബി (സ) തിരുമേനി വെളുത്ത നിറത്തിലുള്ള ഒരു കൊടി നൽകുകയുണ്ടായി. അബൂമർസദുൽഗൽവീ (റ) ആ കൊടി ഉയർത്തിപ്പിടിച്ചുകൊണ്ടു യാത്ര പുറപ്പെട്ടു. നിശ്ചിതസ്ഥലത്തുവെച്ചു മുഹാജിർകളുടെ ആ ചെറു സേന ഖുറൈശികളെ കണ്ടുമുട്ടി. അബൂജഹലും മൂന്നു സാർത്ഥവാഹകരുമടങ്ങിയ സംഘത്തെയാണു് മുസ്‌ലിംകൾ കണ്ടുമുട്ടിയതു്. മുസ്‌ലിം സേന ആ സംഘത്തെ നേരിട്ടു. ഖുറൈശികൾ ക്ഷോഭിച്ചു യുദ്ധത്തിനൊരുങ്ങി. ഇരു കക്ഷികളും രണ്ടുഭാഗത്തായി യുദ്ധത്തിന്നണി നിരന്നു. വീരവാദങ്ങളാൽ അന്തരീക്ഷം മുഖരിതമായി. അതിലിടക്കു്, ഖുറൈശീ കക്ഷിയിൽപ്പെട്ട മജ്ദിയ്യിബ്നു അംറുൽ ജുഹ്നീ എന്ന ആൾ ഇടപെട്ടു, യുദ്ധം ഇല്ലാത്ത നിലയിൽ സംഗതി അവസാനിപ്പിച്ചു. മുസ്‌ലിം സേന തിരിച്ചുവന്നു വിവരം അറിയിച്ചപ്പോൾ തിരുമേനി (സ) സന്തോഷിക്കുകയും, 'മജ്ദീ യോഗ്യൻ തന്നെ' എന്നു പറയുകയും ചെയ്തു. ഈ മജ്ദീ ഇസ്‌ലാംമതം വിശ്വസിച്ചതായി അറിയപ്പെട്ടിട്ടില്ല. കുറെ നാളുകൾക്കുശേഷം ഈ മജ്ദീയുടെ കുടുംബക്കാർ തിരുമേനി (സ) യെ സന്ദർശിച്ചപ്പോൾ, അവരിൽ ഓരോരുത്തർക്കും തിരുമേനി (സ) ഭംഗിയുള്ള ഓരോ തുണി സമ്മാനം നൽകുകയുണ്ടായി.

ഉബൈദത്‌ (റ) വിന്റെ നായകത്വത്തിൽ

അതെകൊല്ലം, ശവ്വാൽമാസത്തിൽ മുഹാജിർകളുടെ ഒരു ചെറു സേന ഉബൈദത്‌ (റ) വിന്റെ നായകത്വത്തിൽ വീണ്ടും നിയോഗിക്കപ്പെട്ടു. അബ്ദുമനാഫിന്റെ മകനായ, അബ്ദുൽമുത്തലിബിന്റെ മകനായ, ഹർസിന്റെ മകനാണ്‌ ഈ ഉബൈദത്‌ (റ). അദ്ദേഹത്തിനും തിരുമേനി (സ) ഒരു കൊടി നൽകുകയുണ്ടായി. സനിയ്യത്‌ അഥവാ റാബിഗ്‌ എന്ന മലച്ചെരുവിൽ വെച്ച്‌ ആ മുഹാജിർസേന ഖുറൈശി സംഘത്തെ കണ്ടുമുട്ടി. അബൂസുഫ്‌യാനായിരുന്നു ആ സംഘത്തിന്റെ തലവൻ. (ഇദ്ദേഹം മക്കാഫത്‌ഹിൽ ഇസ്‌ലാംമതം വിശ്വസിച്ചു.) ആ ഖുറൈശി സംഘത്തിന്റെ നായകൻ മക്‌റസിബ്‌നുഹഫ്‌സ്‌ ആയിരുന്നെന്നും (ഇദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചിട്ടില്ലെന്നാണ്‌ സംശയിക്കപ്പെടുന്നതു്), ഇക്‌രീമതിബ്‌നു അബൂജഹൽ ആയിരുന്നെന്നും (ഇദ്ദേഹം മക്കാഫത്‌ഹിൽ ഇസ്‌ലാംമതം വിശ്വസിച്ചു) പറപ്പെട്ടിട്ടുണ്ടു്. മുസ്‌ലിംസേന ആ സംഘത്തെ നേരിട്ടപ്പോൾ, മുൻപറഞ്ഞതുപോലെ അവർ യുദ്ധത്തിന്നൊരുങ്ങുകയും ഇരുകക്ഷികളും യുദ്ധത്തിന്നണി നിരക്കുകയും ചെയ്തെങ്കിലും, അനുരഞ്ജനശ്രമത്തിന്റെ ഫലമായി യുദ്ധം ചെയ്യാതെ ഇരുകക്ഷികളും വിട്ടുപിരിഞ്ഞു.

ആഇശ (റ) യുമായി വീട്ടുകൂടി

ഈ ശവ്വാൽമാസത്തിൽതന്നെ തിരുമേനി (സ) ആഇശ (റ) യുമായി വീട്ടുകൂടി. അപ്പോൾ ആഇശ (റ) ക്കു ഒമ്പതു വയസ്സു പ്രായമായിരുന്നു. അവൾക്കു ആറു വയസ്സു പ്രായമുള്ളപ്പോൾ, ശവ്വാൽമാസത്തിലാണ്‌ തിരുമേനി (സ) അവരെ നികാഹ്‌ ചെയ്തിരുന്നതു്. ആഇശ (റ) യോടു തിരുമേനി (സ) ക്കും തിരുമേനി (സ) യോടു് ആഇശ (റ) ക്കും ഉള്ള സ്നേഹത്തിന്നു അതിരുണ്ടായിരുന്നില്ല. ജിബ്‌രീൽ (അ) ആഇശ (റ) ക്കു സലാം ചൊല്ലിയതായി തിരുമേനി (സ) ആഇശ (റ) യെ അറിയിച്ചപ്പോൾ, ആഇശാ (റ) 'അലൈക യാറസൂലല്ലാ: വജിബ്‌രീലസ്സലാം' എന്നു പറയുകണ്ടായി. ആദ്യകാലത്തു് ആഇശ (റ) വിന്റെ വിനോദത്തിന്നായി ദഫ്പുമുട്ടി പാട്ടു പാടുന്ന അൻസാരീ ബാലികമാരെ തിരുമേനി (സ) അയച്ചുകൊടുക്കാറുണ്ടായിരുന്നു. ആഇശാ (റ) പറയുന്നു:— 'എന്റെ വീട്ടിൽവെച്ചു രണ്ടു സ്ത്രീകൾ പാട്ടു പാടുമ്പോൾ (ദഫ്പ്‌ മുട്ടുമ്പോൾ എന്നാണ്‌ മറെറാരു നിവേദനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്) തിരുമേനി (സ) വീട്ടിൽ കടന്നുവന്നു, വിരിപ്പിൽ, മുഖം മറച്ചുകൊണ്ടു, കിടന്നു. അപ്പോൾ എന്റെ ബാപ്പയും വീട്ടിൽ കടന്നുവന്നു. ബാപ്പ എന്നെ ഗ്രഹണദോഷിച്ചു. (അല്ലാഹുവിന്റെ റസൂലിന്റെ വീട്ടിൽ ശൈതാന്റെ കുഴൽവിളിയൊ എന്നു സഗൌരവം രണ്ടു തവണ ബാപ്പ ആവർത്തിച്ചു ചോദിച്ചു. അപ്പോൾ തിരുമേനി (സ) മുഖത്തിട്ടതുണി മാററിക്കൊണ്ടു) 'അവരെ അനുവദിക്കുക' എന്നരുളുകയുണ്ടായി.' മിസ്‌മാർ എന്ന ഒരുതരം സംഗീതവാദ്യമുണ്ടു്. ആ വാദ്യസംഗീതം ഹറാമാകുന്നു. ദഫ്പ്‌ ആ ഇനത്തിൽപ്പെട്ടതല്ല എന്നു പ്രസ്തുത സംഭവം തെളിയിച്ചിരിക്കുന്നു. അനുവാചകരെ, ആ നശിപ്പിക്കുന്ന സംഗീതത്തിനു് അറബിഭാഷയിൽ 'ഗിനാഅ്‌" എന്നുപേർ: ബൈതു്, പാട്ടു, മുട്ടു്, കുഴൽവാദ്യം, താളമേളങ്ങൾ എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു. ദഫ്പോടുകൂടിയും അല്ലാതെയും തിരുമേനി (സ) യുടെ സന്നിധിയിൽ വെച്ചു ഗിനാഅ്‌ നടത്തപ്പെട്ടതായി അംഗീകരിക്കപ്പെട്ട ഹദീസു വ്യക്തമാക്കുന്നുണ്ടു്. ചിലപ്പോൾ കൂടിയതൊ അല്ലാത്തതൊ ആയ ദഫ്പ്‌,

സന്തോഷത്തിനുവേണ്ടി, മുട്ടുന്നതു ജാഇസാണെന്നു പ്രസ്തുത ഹദീസിനെ ആധാരമാക്കിക്കൊണ്ടു നമ്മുടെ ഇമാമുകൾ പ്രസ്താവിച്ചിരിക്കുന്നു. മാദക വിനോദ സംഗീതോപകരണങ്ങളായ കുഴൽ, വീണ, മദ്ദളം മുതലായവകൊണ്ടു പ്രവർത്തിക്കുന്നതും, അതിന്റെ ലയനാത്മകമായ ആനന്ദം ആസ്വദിക്കുന്നതും അനുവദനീയമല്ല. സ്ത്രീകളുടെയോ കുട്ടികളുടെയോ സ്വരമാധുരി, വികാരത്തെ ഇളക്കിവിടാനിടയുള്ള പക്ഷം, അവരുടെ പാട്ടുകൾ കേൾക്കുന്നതും അനുവദനീയമല്ല. അന്തഃകരണ ശുദ്ധിയാർജ്ജിച്ച സജ്ജനങ്ങൾ ഈ വിഷയത്തിലും സാധാരണക്കാരിൽനിന്നു വ്യത്യസ്തരാകുന്നു. സുന്ദരശബ്ദങ്ങൾ അവരെ അല്ലാഹുവുമായി കൂടുതൽ അടുപ്പിക്കുന്നു; നമ്മിലാവട്ടെ മൃഗീയ വികാരങ്ങളെ ഇളക്കിവിടുന്നു.

സഅ്ദിബ്നു അബീവഖാസ്(റ) വിന്റെ നേതൃത്വത്തിൽ

ഹിജ്റ രണ്ടാംകൊല്ലത്തിൽ തന്നെ, ദുൽഖഅ്ദ മാസത്തിൽ ഇരുപതു മുഹാജിർകളുടെ ഒരു ചെറുസേന സഅ്ദിബ്നു അബീവഖാസ് (റ) വിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ടു. ഖർറാർ എന്ന മലച്ചെരുവിൽ ഖുറൈശികളുടെ ഒരു ഒട്ടകസംഘവുമായി നേരിടുന്നതിനുവേണ്ടിയാണു ഈ സേന നിയോഗിക്കപ്പെട്ടിരുന്നതു്. ശാമിൽനിന്നു മക്കയിലേക്കുള്ള വഴിത്തിരിവിൽ സ്ഥിതി ചെയ്യുന്ന ഒരു മലയാണു ഖർറാർ. മുഹാജിർ സേന കാൽനടയായിട്ടാണു ഖർറാറിലേക്കു പുറപ്പെട്ടതു്. തന്മൂലം ഖർറാറിൽ എത്തിച്ചേരുവാൻ അഞ്ചുദിവസം അവർ യാത്ര ചെയ്യേണ്ടി വന്നു. അവർ അവിടെ എത്തുന്നതിനു ഒരു ദിവസം മുമ്പു ഖുറൈശികളുടെ ഒട്ടകസംഘം സ്ഥലം വിട്ടു കഴിഞ്ഞതായി അറിഞ്ഞപ്പോൾ ആ മുസ്‌ലിം സേന മദീനയിലേക്കു തന്നെ തിരിക്കുകയുണ്ടായി.

വദ്ദാൻ യുദ്ധം

വദ്ദാനാണു തിരുമേനി (സ) ആദ്യമായി പങ്കെടുത്ത യുദ്ധരംഗം. ഇതിനു അബവാഅ് യുദ്ധമെന്നും പേരുണ്ടു്. ഹിജ്റ മൂന്നാംകൊല്ലത്തെ സഫർമാസം പന്ത്രണ്ടാം തിയ്യതിയാണു മുസ്‌ലിംസേന വദ്ദാനിലേക്കു പുറപ്പെട്ടതു്. മക്കക്കും മദീനക്കും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണു വദ്ദാൻ. തിരുമേനി (സ) യെ സംബന്ധിച്ചേടത്തോളം ആദ്യത്തേതായ ഈ യുദ്ധ യാത്രയിൽ ഒരു ധവള പതാക ഹംസ: (റ) ഉയർത്തിപ്പിടിച്ചു. അജാതശത്രുക്കളായ അറുപതു മുഹാജിർകളാണു തിരുമേനി (സ) യോടൊപ്പം ഉണ്ടായിരുന്നതു്. ഖുറൈശിക്കാരായ ഒട്ടകസംഘത്തെയും ബനൂളംറത് എന്ന ഗോത്രക്കാരെയും നേരിടുക എന്നതായിരുന്നു ഉദ്ദേശ്യം. ഒട്ടകസംഘത്തെ മുസ്‌ലിം സേന കണ്ടെത്തിയില്ല. അബവാ എന്ന സ്ഥലത്തു മുസ്‌ലിംസേന താവളമടിക്കുകയും ബനൂറംളാ ഗോത്രക്കാരുമായി യുദ്ധത്തിനൊരുങ്ങുകയും ചെയ്തു. അപ്പോഴേക്കും മജ്ദിയ്യിബ്നു അംറ് മാദ്ധ്യസ്ഥത്തിനു മുൻകയ്യെടുക്കുകയും ഒരു സമാധാന സന്ധിയിൽ ആ രംഗം പര്യവസാനിക്കുകയുമുണ്ടായി. മുസ്‌ലിംകളുമായി എതിർക്കുകയില്ലെന്നും മുസ്‌ലിം വിരോധികളെ സഹായിക്കുകയില്ലെന്നും, അവസരം വന്നാൽ മുസ്‌ലിംകളെ സഹായിക്കുമെന്നും ബനൂറംളത് ഗോത്രത്തലവൻ തിരുമേനി (സ) ക്കു ഉറപ്പുനല്കി. അങ്ങിനെ യുദ്ധം കൂടാതെ മുസ്‌ലിംകൾ മദീനയിലേക്കു തിരിച്ചുപോയി. ഈ യാത്രക്കായി പതിനഞ്ചു ദിവസങ്ങളാണു വിനിയോഗിക്കപ്പെട്ടതു്.

സഹ്രീ ഇമാം (റ) പറയുന്നു:- 'തിരുമേനി (സ) നടത്തിയ യുദ്ധവൃത്തകൾ മനസ്സിലാക്കുക എന്നുവെച്ചാൽ ഇഹത്തിലേയും പരത്തിലേയും നന്മകൾ ആർജ്ജിക്കുക എന്നാണർത്ഥം.'

അലീ (ക. വ) യുടെ പുത്രനായ ഇമാംഹുസൈൻ (റ) വിന്റെ പുത്രനായ സൈനുൽ ആബിദീൻ (റ) പറയുന്നു:- 'വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ പഠിക്കുന്നതുപോലെ, തിരുമേനി (സ) നടത്തിയ യുദ്ധവാർത്തകളും ഞങ്ങൾ പഠിക്കാറുണ്ടായിരുന്നു.'

അബീവഖ്ഖാസ് (റ വിന്റെ പുത്രനായ, സഅ്ദ് (റ) വിന്റെ പുത്രനായ, മുഹമ്മദ് (റ) വിന്റെ പുത്രനായ, ഇസ്മാഈൽ (റ) പറയുന്നു:- 'തിരുമേനി (സ) യുമായി ബന്ധപ്പെട്ട യുദ്ധങ്ങളുടെ ചരിത്രങ്ങളും യുദ്ധസംഭവങ്ങളും ഞങ്ങളുടെ ബാപ്പ ഞങ്ങളെ പഠിപ്പിച്ചു. അവ ശ്രദ്ധിച്ചുമനസ്സിലാക്കുവാനും മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കുവാനും ഞങ്ങളെ ഉപദേശിക്കുകയും ചെയ്തു.'

ബവാത് യുദ്ധം

യൻബഇന്നടുത്തുള്ള ഒരു മലയാണ് ബവാത്. ഖുറൈശികളായ ഒട്ടകക്കച്ചവടക്കാരെ നേരിടുവാൻ ഉദ്ദേശിച്ചുകൊണ്ട് ഹിജ്റാബ്ദം മൂന്നാംവർഷം, റബീഉൽഅവ്വൽ മാസത്തിൽ തിരുമേനിയും മുഹാജിർകളായ ഇരുനൂറു സഹാബികളേയുംകൂട്ടി ബവാതിലേക്ക് പുറപ്പെട്ടു. മദീനായുടെ മേൽനോട്ടം സഅ്ദിബ്നുമആദ് (റ) വിനെ ഏല്പിച്ചു. മുസ്‌ലിം സേനാ വിഭാഗത്തിനുവേണ്ടി സഅ്ദിബ്നുവഖാസ് (റ) ഒരു വെള്ളക്കൊടി ഉയർത്തിപ്പിടിച്ചു. ഖുറൈശീനേതാവായ ഉമയ്യതിബ്നുഖലഫിനെബവാതിൽവെച്ചു മുസ്‌ലിംസേന കണ്ടുമുട്ടി. അദ്ദേഹത്തോടൊപ്പം ആറു ആളുകളും രണ്ടായിരത്തഞ്ഞൂറു ഒട്ടകങ്ങളും ഉണ്ടായിരുന്നു. മുസ്‌ലിം യോദ്ധാക്കളെ കണ്ടപ്പോൾ ഖുറൈശികൾ ഭയവിഹ്വലരാവുകയും, രക്ഷകപേക്ഷിക്കുകയും ചെയ്തു. മുസ്‌ലിംകളോടു എതിർക്കുവാൻ അവർ ഒരുങ്ങിയില്ല. ഉണർന്നിരിയായ തിരുമേനി (സ) ആ ഖുറൈശിസംഘത്തെ വെറുതെ വിട്ടയച്ചു. ആ ഖുറൈശികൾ മുസ്‌ലിംകളെ അത്യന്തം ആദരിക്കുകയും പ്രശംസിക്കുകയും ചെയ്തു.

ഉശൈറാ യുദ്ധം

യൻബഇൽബഹ്റുമുദ്‌ലജ് ഗോത്രക്കാരുടെ സ്ഥലത്തോടു ചേർന്നുകിടന്ന സ്ഥലമാണ് ഉശൈറാ. ശാമിലേക്കു കച്ചവടത്തിനുപോകുന്ന ഖുറൈശികളുടെ ഒട്ടകങ്ങളെയും മറ്റും പിടിച്ചെടുത്തു ധർമ്മമുതലാക്കുന്നതിനുവേണ്ടി, നൂറ്റമ്പതു മുഹാജിർകളായ സഹാബികളോടൊപ്പം തിരുമേനി (സ) ഉശൈറായിലേക്കു പുറപ്പെട്ടു. ഹിജ്റ മൂന്നാംവർഷത്തിലെ ജമാദുൽഅവ്വൽ മാസത്തിലാണ് (ജമാദുൽആഖിറിലാണെന്നും പക്ഷാന്തരമുണ്ട്.) ഈ സംഭവം നടന്നതു്. മുസ്‌ലിംകൾ ഉശൈറായിൽ എത്തുന്നതിനുമുമ്പു് അബൂസുഫ്യാന്റെ നേതൃത്വത്തിൽ നൂറോളം ഖുറൈശികളടങ്ങിയ ഒരു കച്ചവടസംഘം ആവഴി ശാമിലേക്കു കടന്നുപോയതായി അവർക്കു വിവരം ലഭിച്ചു. ഖുറൈശികളുടെ പക്കൽ ആയിരം ഒട്ടകങ്ങളും അമ്പതിനായിരം പൊന്നും മറ്റു ചരക്കുകളും ഉണ്ടായിരുന്നുവെന്നും മുസ്‌ലിംകൾക്കു അറിയുവാൻ കഴിഞ്ഞു. തിരുമേനി (സ) ഉശൈറായിലേക്കു പുറപ്പെട്ടപ്പോൾ അബൂസൽമത് (റ) വാണ് മദീനായുടെ മേൽനോട്ടം വഹിച്ചിരുന്നതു്. ഉശൈറായിലേക്കുള്ള ആ യാത്രയിൽ തിരുമേനി (സ) ബനൂളംറത്, ബനൂമുദ്‌ലജ് എന്നീ ഗോത്രക്കാരുമായി മൈത്രീബന്ധം സ്ഥാപിക്കുകയുണ്ടായി. ഈ യാത്രയിൽ ഹംസ: (റ) വാണ് കൊടിപിടിച്ചിരുന്നതു്.

ബദ്റുൽഉലാ അഥവാ സഫ്വാൻ യുദ്ധം

ഹിജ്റാബ്ദം മൂന്നാംവർഷം തന്നെ, ഉശൈറായിൽനിന്നു തിരിച്ചുവന്നു പത്തുദിവസം കഴിയുന്നതിനുമുമ്പ്, തിരുമേനി (സ) ബദ്റുൽ ഉലാ എന്ന പടക്കു പുറപ്പെട്ടു. കുർസു ബ്നു ജാബിറുൽ ഫിഹ്രീ (ഇദ്ദേഹം പിന്നീടു് ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടു്) മുസ്‌ലി

മാവുന്നതിനു മുമ്പ് അറിയപ്പെട്ട മുസ്‌ലിം വിരോധിയും ആക്രമിയുമായിരുന്നു. മദീനായിലെ മേച്ചിൽ സ്ഥലത്തുനിന്ന് മുസ്‌ലിംകളുടെ കുറെ ആടുകളെയും പശുക്കളേയും ഒട്ടകങ്ങളേയും അദ്ദേഹം കട്ടുകൊണ്ടുപോയി. അദ്ദേഹത്തെ പിടിക്കുന്നതിനു വേണ്ടിയാണ് ഇത്തവണ മുസ്‌ലിം സേന പുറപ്പെട്ടത്. സഫ്‌വാൻ എന്ന മലഞ്ചെരുവിലോളം അദ്ദേഹത്തെ തേടിക്കൊണ്ട് മുസ്‌ലിംകൾ കുതിച്ചുകയറി. പക്ഷെ, ഒരിടത്തും അദ്ദേഹത്തെ കണ്ടെത്തിയില്ല. ബദ്‌റിനടുത്തുവെച്ചു മുസ്‌ലിംകൾ തിരിച്ചുപോന്നു. തന്നിമിത്തം ഈ യുദ്ധയാത്രക്കു അഥവാ ഉദ്ദിഷ്ടയുദ്ധത്തിനു ബദ്‌റുൽ ഉസ്‌ലാ എന്നു പേർ വന്നു. സഫ്‌വാൻയുദ്ധം എന്ന പേരിലും അറിയപ്പെടുന്ന ഈ യുദ്ധയാത്രയിൽ പങ്കെടുത്ത മുസ്‌ലിംകളുടെ എണ്ണം ചരിത്രകാരന്മാർ രേഖപ്പെടുത്തി കാണുന്നില്ല.

അബ്ദുല്ലാഹിബ്നു ജഹശ് (റ) വിന്റെ നേതൃത്വത്തിൽ

ആദ്യകാലത്തുതന്നെ ഇസ്‌ലാംമതം വിശ്വസിച്ചവരിൽപ്പെട്ട ഒരു മഹാനായിരുന്നു അബ്ദുല്ലാഹിബ്‌നുജഹശ് (റ). ത്യാഗസംപൂജ്യമായിരുന്ന അദ്ദേഹത്തിന്റെ ധീരസുന്ദരമായ ജീവിതം* നഖ്‌ലത്തിലേക്കു നിയോഗിക്കപ്പെട്ട് മുഹാജിർസേനയുടെ നേതൃത്വം അബ്ദുല്ലാഹിബ്‌നുജഹശ് (റ) വിൽ നബി (സ) ഏൽപ്പിക്കുകയുണ്ടായി. എട്ടോ പത്തോ മുഹാജികർകളാണ് അദ്ദേഹത്തിന്റെ സേനയിൽ ഉണ്ടായിരുന്നത്. ഈരണ്ടുപേർക്കു ഓരോ ഒട്ടകം എന്ന അനുപാതത്തിൽ ഒട്ടകങ്ങളേയും അവർക്കു നൽകുകയുണ്ടായി. സേനയുടെ നേതാവായ അബ്ദുല്ലാഹിബ്നുജഹശ് (റ) വിനു 'അമീറുൽമുഅ്മിനീൻ' എന്ന സ്ഥാനപ്പേർ നബി (സ) കല്പിച്ചരുളി. അദ്ദേഹത്തിനു മുമ്പു മറ്റാർക്കുംതന്നെ ഈ പദവി നൽകപ്പെട്ടിരുന്നില്ല. അബ്ദുല്ലാഹിബ്നുജഹശ് (റ) വാണ് ഒന്നാമത്തെ 'അമീറുൽമുഅ്മിനീൻ'-'വിശപ്പും ദാഹവും സഹിക്കുന്നതിൽ നിങ്ങളിൽ ആരെക്കാളുമേറെ കഴിവുള്ള ഒരാളെ നിങ്ങളുടെ സംഘത്തിന്റെ നേതാവായി അയച്ചുതരാം' എന്ന മുഖവുരയോടുകൂടിയാണ് നബി (സ) തിരുമേനി അബ്ദുല്ലാഹിബ്നുജഹശ് (റ) വിനെ സംഘത്തിന്റെ നേതാവായി നിയോഗിച്ചത്.

മക്കക്കും താഇഫിനുമിടയിൽ, മക്കയിൽ നിന്നു ഒരു രാത്രിയുടെ വഴിയകലത്തായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് നഖ്‌ലത്ത്. ആ പ്രദേശം കച്ചവടസംഘങ്ങളുടെ വിശ്രമസങ്കേതമായിരുന്നു. ആ സംഘം നഖ്‌ലത്തിലേക്കു പുറപ്പെടുമ്പോൾ 'രണ്ടു ദിവസം യാത്രചെയ്തതിനുശേഷമല്ലാതെ തുറന്നു വായിക്കരുത്" എന്ന നിർദ്ദേശത്തോടുകൂടി നബി (സ) സംഘത്തലവന്റെ കയ്യിൽ ഒരു കത്തു കൊടുക്കുകയുണ്ടായി. നിർദ്ദേശപ്രകാരം രണ്ടു ദിവസം യാത്രചെയ്തശേഷം അബ്ദുല്ലാഹിബ്നുജഹശ് (റ) കത്തു തുറന്നു വായിച്ചു. ഈ കത്തു വായിച്ചു കഴിഞ്ഞാൽ നഖ്‌ലത്തിലേക്കുള്ള യാത്ര തുടർന്നുകൊള്ളണമെന്നും നഖ്‌ലത്തിലെത്തിയാൽ ഖുറൈശികളുടെ വരവിനെക്കുറിച്ചു ഇരുന്നുകൊള്ളണമെന്നും വിജയത്തോടുകൂടി തിരിച്ചുവരുവാൻ അവസരം ലഭിക്കുമെന്നും ഇക്കാര്യത്തിൽ കൂട്ടുകാരുടെ നില കണക്കിലെടുക്കേണ്ടതില്ലെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. അദ്ദേഹം ആ കത്തിലെ താല്പര്യം കൂട്ടുകാരെ അറിയിക്കുകയും, മനോധൈര്യവും രക്തസാക്ഷിത്വത്തിനു സന്നദ്ധതയും ഉള്ളവർമാത്രം നഖ്‌ലത്തിലേക്കു വന്നാൽ മതിയെന്നും അല്ലാത്തവർക്കു

* ഉഹ്ദ്‌യുദ്ധത്തിൽ ഇദ്ദേഹം രക്തസാക്ഷിയായി.

തിരിച്ചുപോകാവുന്നതാണെന്നും അവരെ അറിയിക്കുകയും ചെയ്തു. പക്ഷെ, ആ സംഘത്തിൽ നിന്നും ഒരാളുംതന്നെ തിരിച്ചുപോകുവാൻ ഒരുങ്ങിയില്ല. ആ സംഘം ഉത്സാഹപൂർവ്വം യാത്രതുടർന്നു. ഹിജാബിന്നപ്പുറം ബഹ്‌റാൻ എന്ന സ്ഥലത്തെത്തിയപ്പോൾ സംഘത്തിലെ ഒരു ഒട്ടകത്തെ കാണാതായി. സഅ്ദിബ്നുഅബീവഖ്ഖാസ് (റ), ഉത്ബതിബ്നുഗസ്വാൻ (റ) എന്നിവരുടെ ഒട്ടകത്തെയാണ് കാണാതായത്. അവർ രണ്ടുപേരും ഒട്ടകത്തെ അന്വേഷിച്ചു പുറപ്പെട്ടു. മറ്റുള്ളവർ നഖ്‌ലത്തിലേക്കുള്ള യാത്രതുടർന്നു. പത്താംദിവസം ആ സംഘം നഖ്‌ലത്തിൽ എത്തി, ഖുറൈശികളുടെ വരവു പ്രതീക്ഷിച്ചുകൊണ്ട് അവർ അവിടെ ഇരിപ്പുറപ്പിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ, മുന്തിരിങ്ങ, തോൽ മുതലായ കച്ചവടച്ചരക്കുകളുമായി ഖുറൈശികളുടെ ഒട്ടകങ്ങൾ താഇഫിൽനിന്നും അവിടെ വന്നെത്തി. അംറുബ്നുൽഹള്റമീ, ഹകമിബ്നുകൈസാൻ, ഉസ്മാനിബ്നുഅബ്ദില്ലാ തുടങ്ങിയ ഖുറൈശീവണിഗ്വരന്മാർ ആ സംഘത്തിലുണ്ടായിരുന്നു. നഖ്‌ലത്തിൽ മുസ്‌ലിംകളെ കണ്ടപ്പോൾ ഖുറൈശികൾ ഭയപ്പെടാതിരുന്നില്ല. ഒട്ടകപ്പുറത്തുനിന്നും ചരക്കുകൾ ഇറക്കിവെക്കാതെ അവർ ശങ്കിച്ചുനിന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഉക്കാശത് (റ) വുമായി അവർ കുശലപ്രശ്നം നടത്തുകയും, അല്പം ആത്മധൈര്യത്തോടെ ചരക്കുകൾ ഇറക്കിവെക്കുകയും ചെയ്തു.

ഹിജ്റാബ്ദം മൂന്നാംവർഷത്തിലെ റജബ് മാസത്തിലാണ് ഈ സംഭവം നടന്നത്. റജബ്മാസം യുദ്ധം നിരോധിക്കപ്പെട്ട മാസമായിരുന്നു. തന്നിമിത്തം ഖുറൈശികളുമായി യുദ്ധം പ്രഖ്യാപിക്കുന്നതിൽ അവർക്കു വിഷമം നേരിട്ടു. അവസരം ഉപയോഗപ്പെടുത്തിയില്ലെങ്കിൽ ഖുറൈശികൾ ഹറമിൽ കടന്നുകളയുമെന്നതു ഉറപ്പായിരുന്നു. അവർ ഹറമിൽ കടന്നുകഴിഞ്ഞാൽ ഒരു വിധത്തിലും യുദ്ധം ചെയ്യുവാൻ തരപ്പെടുകയില്ല. ആ സന്ദിഗ്ധഘട്ടത്തിൽ, റജബുമാസം അവസാനിച്ചിരിക്കുന്നുവെന്നും, അന്നു ശഅ്ബാൻമാസം ഒന്നാണെന്നും ഉള്ള ബലമായ സംശയം അവർക്കു വെളിച്ചംവീശി. ആ സംശയത്തിന്റെ ബലത്തിൽ മുസ്‌ലിംകൾ ഖുറൈശികളുമായി യുദ്ധം പ്രഖ്യാപിച്ചു. വാഖിദിബ്നുഅബ്ദില്ലാ (റ) തൊടുത്തുവിട്ട അമ്പ് അംറിബ്നുൽഹള്റമിയെ കൊലപ്പെടുത്തി. ഉസ്മാനിബ്നു അബ്ദില്ലാ, ഹകമിബ്നുകൈസാൻ എന്നിവരെ യുദ്ധത്തടവുകാരായി പിടിച്ചു. മറ്റുള്ളവർ ഓടിക്കളഞ്ഞു. ഖുറൈശികൾ ഇട്ടേച്ചുപോയ മുതലുകൾ യുദ്ധമുതലുകളായി മുസ്‌ലിംകൾ കണ്ടെടുക്കുകയും അതോടൊപ്പം യുദ്ധത്തടവുകാരെയുംകൂട്ടി, അവർ നബി (സ) തിരുമേനിയുടെ സന്നിധിയിലേക്കു തിരിക്കുകയും ചെയ്തു.

യുദ്ധത്തിൽനിന്നും പിന്തിരിഞ്ഞോടിയ ഭീരുക്കളായ ഖുറൈശികൾ മക്കത്തെത്തുകയും, അവിടെയുള്ള മുസ്‌ലിംകളെ മർദ്ദിക്കുകയും, യുദ്ധം വിരോധിക്കപ്പെട്ടമാസത്തിൽ 'യുദ്ധം ചെയ്ത അക്രമിക'ളെന്നു മുസ്‌ലിംകളെ നിന്ദിക്കുകയും അപഹസിക്കുകയും ചെയ്തു. ഈ അപവാദം മുസ്‌ലിംഹൃദയങ്ങളെ വ്രണപ്പെടുത്തി. ഈ ഘട്ടത്തിൽ, 'യുദ്ധം വിരോധിക്കപ്പെട്ട മാസത്തെച്ചൊല്ലി അവർ താങ്കളെ ചോദ്യംചെയ്യുന്നു. ആ മാസത്തിൽ കൊലചെയ്യുന്നതു മഹാപാപംതന്നെ. പക്ഷെ, അല്ലാഹുവിന്റെ ദീനിനെ എതിർക്കുകയും, അല്ലാഹുവിനെ വിശ്വസിക്കാതിരിക്കുകയും, മസ്ജിദുൽഹറാമിനെ നിരോധിക്കുകയും, അതിന്റെ അഹ്‌ലുകാരിൽ പ്രമുഖന്മാരെ തുരത്തുകയും ചെയ്യുകയെന്നതു അതിനെക്കാൾ വലിയ പാതകമാകുന്നുവെന്നും താങ്കൾ അവരോടു പറയണം' എന്നർത്ഥമുള്ള ആയത്തു് ഇറങ്ങുകയുണ്ടായി. ഈ ആയത്തു്

ഖുറൈശികളുടെ വായടക്കുകയും മുസ്‌ലിംകളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.

നഷ്ടപരിഹാരം സ്വീകരിച്ചുകൊണ്ട്, യുദ്ധത്തടവുകാരായ രണ്ടു പേരെ വിട്ടു തരണമെന്നു ഖുറൈശികൾ ആവശ്യപ്പെട്ടപ്പോൾ, ഒട്ടകത്തെ അന്വേഷിച്ചുകൊണ്ടുപോയ ആ രണ്ടു മുസ്‌ലിംകൾ തിരിച്ചുവരുന്നതു വരെ യുദ്ധത്തടവുകാരെ വിടുവാൻ നിവൃത്തിയില്ലെന്നു തിരുമേനി (സ) മറുപടി നൽകി. ആ രണ്ടു മുസ്‌ലിംകൾ തിരിച്ചുവന്നപ്പോൾ, ഖുറൈശികളിൽനിന്നു നഷ്ടപരിഹാരം സ്വീകരിച്ചുകൊണ്ടു യുദ്ധത്തടവുകാരായ ആ രണ്ടു വ്യക്തികളെ നബി (സ) തിരുമേനി വിട്ടയച്ചു. അവരിൽ ഹകമിബ്നുകൈസാൻ ഇസ്‌ലാംമതം വിശ്വസിച്ചു തിരുമേനി (സ) യോടൊപ്പം താമസിച്ചു* ഉസ്മാൻ മക്കയിലേക്കു തിരിച്ചുപോയി. അമുസ്‌ലിമായി തന്നെ മരിക്കുകയുണ്ടായി.

ഖിബ്‌ലയുടെ മാറ്റം

ഹിജ്റാബ്ദം മൂന്നാം വർഷത്തിലെ ശഅ്ബാൻ സംഭവങ്ങൾ നിറഞ്ഞ, അവിസ്മരണീയമായ ഒരു പവിത്ര മാസമാകുന്നു. മക്കാ നഗരിയിലെ കഅ്ബ എന്ന പുണ്യ ഗേഹത്തെ മുസ്‌ലിംകളുടെ ഖിബ്‌ലയായി സ്ഥിരീകരിച്ചതു ആ കൊല്ലത്തിലെ ശഅ്ബാൻ മാസത്തിലാകുന്നു. നബി (സ) തിരുമേനിക്കു മക്കയിൽവെച്ചു ആദ്യമായി ലഭിച്ച അനുജ്ഞ കഅ്ബയെ അഭിമുഖീകരിച്ചു (ഖിബ്‌ലയാക്കി) നിസ്കരിപ്പാനായിരുന്നു. പിന്നീട്, ബൈതുൽമുഖദ്ദിസിനെ അഭിമുഖീകരിച്ചു നിസ്കരിപ്പാൻ നിർദ്ദേശിക്കപ്പെട്ടു. ഹിജ്റാബ്ദം മൂന്നാം വർഷത്തിലെ ശഅ്ബാൻ മാസം പതിനാലാം ദിവസംവരെ ബൈതുൽമുഖദ്ദിസിനെ ഖിബ്‌ലയാക്കിക്കൊണ്ടു തിരുമേനി (സ) നിസ്കരിച്ചു. മക്കയിൽനിന്നു ബൈതുൽമുഖദ്ദിസിനെ ഖിബ്‌ലയാക്കി നിസ്കരിക്കുമ്പോൾ, സ്വാഭാവികമായും കഅ്ബയെ അഭിമുഖീകരിക്കുമായിരുന്നു. കഅ്ബയുടെ തെക്കുഭാഗത്തായി വടക്കോട്ടു മുന്നിട്ടു നിന്നാലുള്ള അവസ്ഥ അതായിരുന്നു. മദീനയിൽ വെച്ചു ബൈതുൽ മുഖദ്ദിസിനെ അഭിമുഖീകരിക്കുമ്പോൾ കഅ്ബ പിന്നിലായിപ്പോകുമായിരുന്നു. കഅ്ബക്കു പിന്തിരിഞ്ഞുകൊണ്ടു നിസ്കരിക്കുക എന്നതു മാറ്റപ്പെടേണ്ടുന്ന ഒരു കാര്യമാണെന്നു തിരുമേനി (സ) ക്കു തോന്നുകയുണ്ടായി. ആ തോന്നൽ തിരുമേനി (സ) യുടെ അന്തരംഗത്തെ അല്പം വിഷമിപ്പിക്കുകയും ചെയ്തു. മദീനയിൽനിന്നു കഅ്ബയെ പിന്നിടാതെ ബൈതുൽമുഖദ്ദിസിനെ അഭിമുഖീകരിപ്പാൻ സാധ്യമല്ലാത്തതുകൊണ്ടു തിരുമേനി (സ) യുടെ വ്യസനത്തെ പരിഹരിപ്പാനായിട്ടാണു കഅ്ബയെ ഖിബ്‌ലയാക്കിക്കൊണ്ടു അല്ലാഹു കല്പന നൽകിയതെന്നു ഇമാം ഗസ്സാലീ (റ) 'വസീത' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചതായി, 'അൻവാറുത്തൻസീൽ' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനഗ്രന്ഥമായ 'ഹാശിയ' എന്ന ഗ്രന്ഥത്തിൽ ഇമാം ബൈളാവീ (റ) പ്രസ്താവിച്ചിരിക്കുന്നു.

അന്നു ഹിജ്റാബ്ദം മൂന്നാം വർഷത്തിലെ ശഅ്ബാൻ മാസം പതിനാലാം തിയ്യതി ചൊവ്വാഴ്ചയായിരുന്നു. ബനൂസൽമ ഗോത്രക്കാരിൽപ്പെട്ട ബിശ്റ (റ) തിരുമേനി (സ) യെയും സഹാബികളെയും വിരുന്നിനു ക്ഷണിച്ചു. വിരുന്നു കഴിഞ്ഞ ശേഷം നബി (സ) യും സഹാബികളും ബനൂസൽമാ ഗോത്രക്കാരുടെ പള്ളിയിൽ വെച്ചു ളുഹ്ർ നിസ്കരിച്ചു. ബൈതുൽമുഖദ്ദിസിനെ അഭിമുഖീകരിച്ചുകൊണ്ടാണു നിസ്കാരം ആരംഭിച്ചതു്. ഒരു റക്അത്തു് ആ നിലയിൽ നിസ്കരിച്ചു. രണ്ടാമത്തെ റക്അത്തിൽ തിരുമേനി റുകൂഇലായിരുന്നപ്പോൾ, കഅ്ബയെ ഖിബ്‌ലയാക്കിക്കൊണ്ടുള്ള കല്പന

*ഇദ്ദേഹം ബീർമഊനത് എന്ന യുദ്ധത്തിൽ ശഹീദായി.

ലഭിച്ചു ഉടനെ, റക്അത്തിൽനിന്നു തന്നെ നബി (സ) തിരുമേനി കഅ്ബയെ അഭിമുഖീകരിക്കുമാറു തിരിഞ്ഞു. തിരുമേനി (സ) യെ തുടർന്നു നിസ്കരിച്ച അണികളും അതിനനുസരിച്ചു തിരിയുകയുണ്ടായി. ആ നിസ്കാരത്തിലെ ബാക്കി ഭാഗം കഅ്ബയെ അഭിമുഖീകരിച്ചുകൊണ്ടു നിർവ്വഹിക്കപ്പെട്ടു. ഇക്കാരണത്താൽ, അതായതു ളുഹ്ർ നിസ്കാരം ബൈതുൽ മുഖദ്ദിസിനെ അഭിമുഖീകരിച്ചുകൊണ്ടു് ആരംഭിക്കുകയും മസ്ജിദുൽ ഹറാമിനെ അഭിമുഖീകരിച്ചുകൊണ്ടു പൂർത്തീകരിക്കുകയും ചെയ്തതുകൊണ്ടു്, ആ പള്ളി മസ്ജിദുൽഖിബ്‌ലതൈനി എന്ന പേരിൽ പ്രഖ്യാതമായി.

'രണ്ടു് ഖിബ്‌ല ഉടയവർ' എന്നു നബി (സ) തിരുമേനി യഹൂദികളുടെ ഗ്രന്ഥമായ തൌറാത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ടു്. അതിന്റെ സാക്ഷാൽക്കരണത്തിനു വേണ്ടിയാണു് ബൈതുൽമുഖദ്ദിസു് ഖിബ്‌ലയായി നിർദ്ദേശിക്കപ്പെട്ടിരുന്നതു്.

മസ്ജിദുൽഖിബ്‌ലതൈനി എന്ന പള്ളിയിൽ വെച്ചു അന്നു ളുഹ്ർ നിസ്കരിച്ചതിനു ശേഷം നബി (സ) തിരുമേനി ഖുബാ എന്ന പള്ളിയിലേക്കു പോവുകയും ആ പള്ളിയുടെ മിഹ്റാബു് കഅ്ബയുടെ ഭാഗത്താക്കി മാറ്റുകയും ചെയ്തു.

റമളാൻമാസത്തിലെ നോമ്പു്

ഹിജ്റാബ്ദം മൂന്നാംകൊല്ലത്തിലെ ശഅ്ബാൻ മാസത്തിൽ തന്നെ റമളാൻ മാസത്തിലെ നോമ്പു് ഫർളാക്കപ്പെട്ടു.

അതിനുമുമ്പു് തിരുമേനി (സ) യും സഹാബികളും ഓരോ മാസത്തിലും പതിമൂന്നു്, പതിനാലു്, പതിനഞ്ചു് എന്നീ മൂന്നു ദിവസങ്ങളിൽ നോമ്പു നോൽക്കുക പതിവായിരുന്നു. അയ്യാമുൽബീളു് എന്നാണു് അതിനു പേർ. റമളാനിലെ നോമ്പു ഫർളാക്കപ്പെട്ടതിനുമുമ്പു് അയ്യാമുൽ ബീളു് ഫർളായിരുന്നെന്നും, റമളാനിലെ നോമ്പു് ഫർളാക്കപ്പെട്ടതിനുശേഷം അയ്യാമുൽ ബീളു് സുന്നത്തായി മാറിയെന്നും പറയപ്പെട്ടിട്ടുണ്ടു്. റമളാനിലെ നോമ്പു ഫർളാക്കപ്പെടുന്നതിനുമുമ്പും അയ്യാമുൽബീളു് സുന്നത്തായിരുന്നെന്നും, തിരുമേനി (സ) യെ സ്സംബന്ധിച്ചേടത്തോളം മാത്രം അയ്യാമുൽബീളു് അന്നും ഫർളായിരുന്നെന്നും പക്ഷാന്തരങ്ങളും ഉണ്ടായിട്ടുണ്ടു്.

ഇബ്നു അബ്ബാസു് (റ) പറയുന്നു:– "നബി (സ) സ്വദേശത്തു സ്ഥിരമായി താമസിക്കുമ്പോഴും യാത്രയിലായിരിക്കുമ്പോഴും അയ്യാമുൽബീളു് നോമ്പുമുറിക്കാറുണ്ടായിരുന്നില്ല. ആ നോമ്പു് നോൽക്കുവാൻ മറവുള്ളവരെ തിരുമേനി (സ) പ്രേരിപ്പിക്കാറുണ്ടായിരുന്നു."

റമളാൻ നോമ്പു് ഫർളാക്കപ്പെടുന്നതിനുമുമ്പു് ആശൂറാ നോമ്പു് ഫർളായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ടു്. റമളാൻ നോമ്പു് ഫർളാക്കപ്പെട്ടതോടുകൂടി അതു സുന്നത്തായി മാറി. മുഹർറമാസം പത്താം ദിവസത്തെ നോമ്പിനു ആശൂറാ നോമ്പു് എന്നു പേർ.

ഇബ്നു ഉമർ (റ) പറയുന്നു:– "ഈ ജനതയുടെ മേൽ റമളാനിലെ നോമ്പല്ലാതെ മറ്റൊരു നോമ്പും ഫർളാക്കപ്പെട്ടിട്ടില്ല."

ആഇശാ (റ) പറയുന്നു:– "ജാഹിലിയ്യാകാലത്തു ഖുറൈശികളും ആശൂറാ നോമ്പുനോല്ക്കുക പതിവായിരുന്നു. നബി (സ) തിരുമേനിയും ആശൂറാ നോമ്പു് നോൽക്കാറുണ്ടായിരുന്നു. പക്ഷെ, അക്കാലത്തു ആ നോമ്പു നോൽക്കുവാൻ തിരുമേനി ആരേയും പ്രേരിപ്പിക്കാറുണ്ടായിരുന്നില്ല. മദീനയിൽ വന്നപ്പോഴും തിരുമേനി (സ) ആശൂറാ നോമ്പു് നോൽക്കുകയും ആ നോമ്പു് നോൽക്കുവാൻ മറവുള്ളവരെ ഉപദേശിക്കുകയും ചെയ്തു. റമളാനിലെ നോമ്പു് ഫർളാക്കപ്പെട്ടപ്പോൾ 'ആശൂറാ നോമ്പു നോൽക്കുന്നവർ നോൽക്കട്ടെ; അല്ലാത്തവർ നോൽക്കാതിരിക്കട്ടെ' എന്നു നബി (സ) അരുളുകയും ആ നോമ്പു് ഒഴിക്കുന്നതു അനുവദനീയമാണെന്നു തെളിയിപ്പാനായി തിരുമേനി (സ) ചില ആശൂറാ നോമ്പുകളും ഒഴിക്കുകയും ചെയ്തു.

റമളാൻ നോമ്പുപോലെ ആശൂറാനോമ്പും ഫർളാണെന്നും ഉമ്മത്തികൾ ധരിച്ചു വശാവാതിരിപ്പാൻവേണ്ടിയാണു് തിരുമേനി (സ) അപ്രകാരം ചെയ്തതു്. ആശൂറാ നോമ്പിന്നു യഹൂദികൾ പ്രത്യേക പരിഗണന നൽകികണ്ടപ്പോൾ അവരുടെ ആചാരത്തിൽനിന്നുള്ള വ്യതിരേഖത്തെ ഉദ്ദേശിച്ചുകൊണ്ടു് 'ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഇനി താസൂആ കൂടി നോൽക്കുമെന്നു തിരുമേനി (സ) പറയുകയുണ്ടായി. മുഹർറം ഒമ്പതാം പകലിലെ നോമ്പാണു് താസൂആ. പക്ഷെ, അടുത്ത മുഹർറത്തിന്നു മുമ്പു് തിരുമേനി (സ) ഇഹലോകവാസം വെടിഞ്ഞു.

ഫിത്‌ർ സകാത്

ഹിജ്രാബ്ദം മൂന്നാംവർഷത്തിലെ റമളാൻ മാസത്തിന്റെ ഒടുവിലത്തെ ആഴ്ചയിൽ ഫിത്‌ർസകാതു് വുജൂബാക്കപ്പെട്ടു (നിബ്ബന്ധമാക്കപ്പെട്ടു). ഫിത്‌ർസകാതിനെസ്സംബന്ധിച്ചു നിർദ്ദേശംലഭിച്ച അന്നുതന്നെ നബി (സ) തിരുമേനി ആ വാർത്ത ഒരു ഖുത്‌ബയിലൂടെ ജനങ്ങളെ അറിയിച്ചു. ഇതിനുശേഷമാണു് മുതലിനുള്ള സകാതു് നിബ്ബന്ധമാക്കപ്പെട്ടതു്. മുതലിനുള്ള സകാതു് നിബ്ബന്ധമാക്കപ്പെട്ടതു ഹിജ്രാബ്ദം മൂന്നാംവർഷത്തിൽതന്നെയാണെന്നു പറയപ്പെട്ടിട്ടുണ്ടു്. മുതലിനുള്ള സകാതു് നിബ്ബന്ധമാക്കപ്പെട്ടതു എപ്പോഴാണെന്നു ഇമാം ബുൽകൈനീ (റ) വോടു ചോദിച്ചപ്പോൾ, അതിനെപ്പറ്റി ചരിത്രപണ്ഡിതന്മാരൊ ഹദീസു് പണ്ഡിതന്മാരൊ ഖണ്ഡിതമായ അഭിപ്രായം പ്രസ്താവിച്ചതായി താൻ കണ്ടിട്ടില്ലെന്നും, ഫിത്‌ർസകാതു് വുജൂബായതിനുശേഷം മുതലിന്റെ സകാതു നിർബ്ബന്ധമാക്കപ്പെട്ടുവെന്നു ഒരു ഹദീസിൽനിന്നും, ഫിത്‌ർസകാതു് വുജൂബാക്കപ്പെട്ട ഉടനെ മുതലിനുള്ള സകാതു് നിബ്ബന്ധമാക്കപ്പെട്ടുവെന്നു മറെറാരു ഹദീസിൽനിന്നും തനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു് എന്നുമാണു് അദ്ദേഹം മറുപടി നൽകിയതു്.

രണ്ടു പെരുന്നാൾ നിസ്കാരങ്ങളും ഖുത്‌ബയും

ഈദുൽഫിത്‌ർ എന്നും ഈദുൽഅള്ഹാ എന്നും വിളിക്കപ്പെടുന്ന രണ്ടു പെരുന്നാളുകളിൽ, തിരുമേനി (സ) ഖുത്‌ബ ഓതുന്നതിനു മുമ്പു് നിസ്കാരം നിർവ്വഹിക്കുകയുണ്ടായി. ആ നിസ്കാരങ്ങൾക്കു ബാങ്കും ഖാമത്തും ഉണ്ടായിരുന്നില്ല. 'അസ്സ'ലാതുജാമി അതൻ' എന്ന ഒരു ആഹ്വാനം നടത്താറുണ്ടായിരുന്നുവെന്നും, നടത്താറില്ലായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ടു്. ഈ വിഷയത്തെപ്പറ്റി 'സഫറുസ്സ ആദത്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:_ 'നബി (സ) തിരുമേനി മുസല്ല (നിസ്കാരസ്ഥാനം) യിൽ എത്തിയാൽ ഉടനെ നിസ്കാരം ആരംഭിക്കും. ബാങ്കും ഖാമത്തും ഇല്ല. 'അസ്സലാതുജാമിഅതൻ' എന്ന ആഹ്വാനവും ഇല്ല. പെരുന്നാൾനിസ്കാരങ്ങളിൽ അതൊന്നും ഇല്ലാതിരിക്കുന്നതാണു് സുന്നത്തു്.' നിസ്കരിക്കുന്നതിനുമുമ്പു തിരുമേനി (സ) അൻസത് അതായതു കുന്തത്തലപ്പോടുകൂടിയ വടി തിരുമുമ്പിൽ നാട്ടുക പതിവായിരുന്നു. ഈദുൽഫിത്‌ർ നിസ്കാരവും ഖുത്‌ബയും കഴിഞ്ഞ ഉടനെ തിരുമേനി (സ) ഫിത്‌ർസകാതു് കാഹരി ചെയ്തു വിതരണം ചെയ്യുകയും, ഈദുൽഅള്ഹാ നിസ്കാരവും ഖുത്‌ബയും കഴിഞ്ഞ ഉടനെ രണ്ടു ആടുകളെ ഉളുഹിയ്യത്തു് അറുക്കുകയും പതിവായിരുന്നു.

ബദ്‌റൽ കുബ്‌റാ എന്ന മഹായുദ്ധം

ബദ്‌റിൽവെച്ചു മൂന്നു യുദ്ധങ്ങൾ നടത്തിയിട്ടുണ്ടു്. മുസ്‌ലിംകളും ഖുറൈശികളും തമ്മിൽ ബദ്‌റിൽവെച്ചു നടന്ന ഒന്നാമത്തെ സംഘട്ടനത്തെപ്പറ്റി ഇതിനുമുമ്പു് പ്രസ്താവിച്ചുകഴിഞ്ഞു.

രണ്ടാമതു ബദ്‌റിൽവെച്ചു നടന്ന മഹായുദ്ധത്തെക്കുറിച്ചാണു് ഇപ്പോൾ വിവരിക്കുന്നതു്. ഈ ചരിത്രവസ്തുതയുടെ പ്രതിപാദനം സങ്കീർണ്ണമായിപ്പോകാതിരിക്കുവാനും, വസ്തുതകൾ സ്പഷ്ടമായും വ്യക്തമായും അവതരിപ്പിക്കുവാനും ഉള്ള ഉദ്ദേശ്യത്തോടുകൂടി ഈ വിഷയത്തെ പതിനാറു അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുകയാണു്.

അദ്ധ്യായം 1

ഹിജ്രാബ്ദം മൂന്നാംവർഷത്തിലെ റമളാൻ മാസത്തിലാണു് ഇസ്‌ലാംചരിത്രത്തിലെ നാഴികക്കല്ലുകളിൽ ആദ്യത്തെതായ ബദ്‌റിലെ മഹായുദ്ധം നടന്നതു്. 'ഈ യുദ്ധത്തിനു ബദ്‌റുൽഉള്മാ' (ബദ്‌റിൽവെച്ചുണ്ടായ ഘോരയുദ്ധം), 'യൌമുൽഫുർഖാനി' സത്യാസത്യങ്ങളുടെ ഇടതിരിച്ച ദിവസം' 'യൌമൽതഖൽഖുൽജംആനി' (ഇരുകക്ഷികളും അഭിമുഖീകരിച്ച ദിവസം), 'യൌമൽ ബദ്‌ശതുൽ കുബ്‌റാ' (ഭയങ്കര വിപത്തിന്റെ ദിവസം) എന്നും പേരുകളുണ്ടു്. യൌമുൽഫുർഖാനി, യൌമൽ തഖൽഖുൽജംആനി, യൌമൽ ബദ്‌ശതുൽ കുബ്‌റാ എന്നിവ വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടുകിടക്കുന്ന പേരുകളാകുന്നു.

മക്കയിൽ ഇസ്‌ലാമിന്റെ ശത്രുക്കളായ ഖുറൈശികൾ ഇസ്‌ലാമിനെ തേജോവധം ചെയ്യുവാൻ മാത്രമല്ല, ഭൂമുഖത്തുനിന്നു നിശ്ശേഷനാശം ചെയ്യുവാൻതന്നെ ബദ്ധകങ്കണരായി ശ്രമിച്ചവരികയായിരുന്നു. ഖുറൈശികൾ അത്യുത്സാഹികളും നിശ്ചയദാർഢ്യമാനസരും പിടിവാശിക്കാരുമായിരുന്നു. സമ്പത്തും പ്രതാപവും, അതോടൊപ്പം മെയ്യുറപ്പും ആയോധനപാടവവും അവരുടെ കൈമുതലുകളായിരുന്നു. മുസ്‌ലിംകളെ അപേക്ഷിച്ചു അംഗസംഖ്യയിലും അവർ ഭൂരിപക്ഷമായിരുന്നു. വ്യാപാരികളും കഅ്ബയുടെ ഊരാളന്മാരും മറ്റുമായിരുന്നതുകൊണ്ടു നാട്ടിന്റെ നാനാഭാഗങ്ങളിൽ അവർക്കു കണക്കറ്റ മിത്രങ്ങളുമുണ്ടായിരുന്നു. അങ്ങിനെ പല നിലകളിലും മുസ്‌ലിംകളെ അപേക്ഷിച്ചു വളരെയേറെ മുൻപന്തിയിൽനിന്ന ഗർവ്വിഷ്ഠരായ ഖുറൈശികളുടെ ആളിക്കത്തിയ അഹങ്കാരാഗ്നിയെ, അത്ഭുതകരമാംവിധം തണുപ്പിച്ചുകളയുകയും, അവരുടെ മൃഗീയമായ കായികബലത്തെ ദുർബ്ബലമാക്കുകയും, ഇസ്‌ലാമികദീപ്തിയുടെ സച്ഛന്ദമായ പ്രസരണത്തിനു വേഗംകൂട്ടുകയും, ന്യൂനപക്ഷമായ മുസ്‌ലിംകളിൽ ആത്മവിശ്വാസവും ആവേശവും ശ്രദ്ധമൂലമാക്കുകയും ചെയ്ത ഒരു മഹാ സംഭവമാണു് ബദ്‌റുൽകുബ്‌റാ. ജനങ്ങളുടെ ഭൂരിപക്ഷത്തിലല്ല, നേരെമറിച്ചു സർവ്വശക്തനായ അല്ലാഹുവിന്റെ പിന്തുണയിലാണു് വിജയം സ്ഥിതിചെയ്യുന്നതു എന്നു ബദ്‌റിലെ മഹായുദ്ധം വ്യക്തമാക്കി. എണ്ണത്തിൽ നിങ്ങളം കുറവാണെന്നിരിക്കെ, ബദ്‌റിൽയുദ്ധത്തിൽ അല്ലാഹു നിങ്ങളെ നിസ്സംശയം വിജയിപ്പിച്ചു' എന്നു വിശുദ്ധ ഖുർആൻ പറയുകയുണ്ടായി. ഇസ്‌ലാമിന്റെ മുന്നേറ്റത്തിനു വഴിതെളിയിച്ച ബദ്‌റുൽകുബ്‌റാ എന്ന യുദ്ധം, മുസ്‌ലിംകൾ നടത്തിയ മറ്റു ഏതു യുദ്ധത്തെക്കാളും പ്രാധാന്യമുള്ളതത്രെ. അപ്രകാരംതന്നെ ഈ മഹായുദ്ധത്തിൽ പങ്കെടുത്ത സത്യവിശ്വാസികൾ, മറ്റു സത്യവിശ്വാസികളെ അപേക്ഷിച്ചു വിശിഷ്ടരുംതന്നെ. ഒരു ഹദീസിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- 'ബദ്‌റിൽ പങ്കെടുത്തവരിൽ അല്ലാഹു പ്രത്യക്ഷമായി. നിങ്ങൾ എന്തു ചെയ്താലും സ്വർഗ്ഗം നിങ്ങൾക്കു സ്ഥിരപ്പെട്ടു.'

അദ്ധ്യായം 2

ഈ മഹായുദ്ധത്തിന്റെ പശ്ചാത്തലം ശ്രദ്ധേയമത്രെ. ഹിജ്രാ മൂന്നാംവർഷത്തിലെ ജുമാദുൽ ആഖിർ മാസത്തിൽ (ജുമാദുൽ അവ്വലിലാണെന്നും പക്ഷാന്തരമുണ്ടു്) മക്കയിലെ പ്രമുഖവർത്തകനായ അബൂസുഫ്‌യാനും ഒരു വർത്തകസംഘവും ശാമിലേക്കു കച്ചവടത്തിനു പുറപ്പെട്ടു. നാല്പതിൽപരം ആളുകളും, തൊള്ളായിരമോ ആയിരമോ ഒട്ടകങ്ങളും, അമ്പതിനാ

യിരം സ്വർണ്ണവും മറ്റു പല ചരക്കുകളും ആ സംഘത്തിലുണ്ടായിരുന്നു. ആ കച്ചവടസംഘത്തോട് എതിർപ്പാനായി നബി (സ) തിരുമേനി നൂറമ്പതു മുഹാജിർകളോടൊപ്പം ഉശൈറത് എന്ന സ്ഥലത്തേക്കു പുറപ്പെട്ടു. മുസ്‌ലിംകൾ ഉശൈറത്തിൽ എത്തുന്നതിനുമുമ്പ് അബൂസുഫ്‌യാന്റെ കച്ചവടസംഘം ആ വഴി ശാമിലേക്കു കടന്നുപോയ വിവരം അറിഞ്ഞപ്പോൾ തിരുമേനി (സ) യും സഹാബികളും മദീനയിലേക്കു തിരിച്ചു പോയി. റമളാനിൽ ആ സംഘം മക്കയിലേക്കു തിരിക്കുമെന്നു നബി (സ) തിരുമേനിക്കു വിവരം ലഭിച്ചു. അവർ തിരിച്ചുവരുമ്പോൾ അവരെ നേരിടേണമെന്നു നബി (സ) തീരുമാനിച്ചു.

തിരുമേനി (സ) യും കൂട്ടുകാരും തങ്ങളെ എതിർക്കുവാൻ ഉശൈറത്തിൽ എത്തുകയും തങ്ങളെ കാണാതെ മദീനയിലേക്കു തിരിച്ചുപോവുകയും ചെയ്ത വാർത്ത ശാമിൽവെച്ചുതന്നെ അബൂസുഫ്‌യാൻ അറിയുകയുണ്ടായി. ഭീതിയും അസ്വാസ്ഥ്യവും അയാളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചു. ശാമിൽനിന്നു മക്കയിലേക്കു പുറപ്പെട്ട അബൂസുഫ്‌യാന്റെ കച്ചവടസംഘം വഴിയിൽ പലരോടും ഈ വിഷയത്തെക്കുറിച്ചു പലവിധത്തിൽ അന്വേഷിക്കുകയുണ്ടായി. ഒടുവിൽ ഹിജാസിനോടടുത്തുവെച്ചു സംഗതികൾ സൂക്ഷ്മമായി മനസ്സിലാക്കുവാൻ അബൂസുഫ്‌യാനു സാധിച്ചു. അയാളുടെ ഹൃദയം ഭയചകിതമായി. ഉടനെ മക്കയിലെ വിവരം അറിയിക്കുവാനും മക്കക്കാരുടെ സഹായം തേടുവാനും അബൂസുഫ്‌യാൻ തീരുമാനിച്ചു. ളംളംഇബ്നുഅംറുൽഗഫ്ഫാരീ (ഇയാൾ ഒരിക്കലും മുസ്‌ലിമായിട്ടില്ല) എന്ന ഒരാളെ, ഇരുപതു പൊന്ന് അധികം കൂലി നിശ്ചയിച്ചുകൊണ്ടു, കൂലിക്കു കൂട്ടുകയും ഒരു സന്ദേശവുമായി മക്കയിലേക്കു നിയോഗിക്കുകയും ചെയ്തു. മക്കയിൽ കടക്കുമ്പോൾ നീ നിന്റെ ഒട്ടകത്തിന്റെ മൂക്കും ചെവിയും മുറിച്ചു കളയുകയും ജീൻ കീറിക്കളയുകയും, നിന്റെ കുപ്പായം ആകുപ്പാടെ പറിച്ചുകീറുകയും വേണം. മുറമ്മട്ടം കൂട്ടുകാരും കച്ചവടസംഘത്തെ ആക്രമിക്കുകയാണെന്നും മുണയുള്ള ഖുറൈശികളെ ഉടനെ സഹായത്തിനെത്തി ഞങ്ങളുടെ തടിയും മുതലും രക്ഷിക്കേണമെന്നും നീ ഉദ്യോഗത്തോടുകൂടി അവരോടു പറയേണം' ളംളമിനു ഇങ്ങിനെ ഒരു നിർദ്ദേശം അബൂസുഫ്‌യാൻ നൽകുകയുണ്ടായി. ളംളം ആവേശപൂർവ്വം വാഹനപ്പുറത്തു കയറി അതിശീഘ്രം മക്കയിലേക്കു പുറപ്പെട്ടു.

അദ്ധ്യായം 3

ളംളം മക്കത്തെത്തുന്നതിനു മൂന്നു ദിവസം മുമ്പ് അബ്ദുൽമുത്തലിബിന്റെ പുത്രിയായ ആതിക ഒരു സ്വപ്നം കണ്ടു. ആ സ്വപ്നത്തെ ആതിക ഇപ്രകാരം വിവരിച്ചു:— 'ഇന്നലെ രാത്രി വാഹനപ്പുറത്തു കയറിയ ഒരാളെ സ്വപ്നം കണ്ടു. അയാൾ ഒരു ഒട്ടകപ്പുറത്തിരുന്നുകൊണ്ടു, അബ്തഹിൽ* നിന്നു ഇപ്രകാരം വിളിച്ചു പറയുന്നു: 'ഹേ, മയ്യാദയില്ലാത്ത വഞ്ചകരെ, നിങ്ങളുടെ മരണസ്ഥലത്തേക്കു മൂന്നു ദിവസത്തിനകം നിങ്ങൾ പുറപ്പെട്ടുകൊള്ളുവീൻ. ഇതുകേട്ടപ്പോൾ ജനങ്ങൾ അടുത്തുകൂടി. പിന്നെ അവൻ പള്ളിയിൽ കടന്നു. ജനങ്ങൾ അവനെ ചുറ്റിപ്പറ്റി നടന്നുകൊണ്ടിരിക്കെ, ഒട്ടകത്തോടുകൂടി അവനെ ഞാൻ കഅ്ബയുടെ മുകളിൽ കണ്ടു. അവിടെനിന്നും അവൻ മേൽപ്രകാരം വിളിച്ചുപറഞ്ഞു. പിന്നെ അവൻ അബൂഖുബൈസ് എന്ന മലയുടെ മുകളിൽ കയറി. അവിടെനിന്നും മേൽപ്രകാരം വിളിച്ചു പറഞ്ഞു. അവിടെനിന്നു അവൻ ഒരു കല്ലെടുത്തു താഴെയിട്ടു. അതു താഴെ വീണപ്പോൾ പൊട്ടിത്തെറിക്കുകയും, കഷണങ്ങൾ മക്കയിലുള്ള പൊരുതും വലുതുമായ എല്ലാ വീടുകളിലും ചെന്നെത്തുകയും ചെയ്തു.' ഈ സ്വപ്നവാർത്ത വളരെ രഹസ്യമായി ആതിക

---

*മിസ്‌ഹബ് എന്ന സ്ഥലത്തിന്റെയും മക്കയുടേയും ഇടക്കുള്ള ഒരു സുഖവാസകേന്ദ്രം. വെള്ളമൊഴുകുന്ന താഴ്ന്ന നിലം.

തന്റെ സഹോദരനായ അബ്ബാസ് (റ) വോട് പറയുകയും, ഈ വിവരം മറാരെയും അറിയിക്കരുതെന്ന താക്കീത് ചെയ്യുകയും ഉണ്ടായി. ഈ ശ്രദ്ധേയമായ ഒരു സ്വപ്നമാണെന്ന അബ്ബാസ് (റ) അഭിപ്രായപ്പെട്ടു. അദ്ദേഹം തന്റെ ഇഷ്ടസുഹൃത്തായ വലീദിബ്‌നു ഉത്ബതിനെ കണ്ടപ്പോൾ ഈ വസ്തുത വളരെ രഹസ്യമായി അദ്ദേഹത്തോട് പറഞ്ഞു. മറാരോടും പറയരുതെന്ന താക്കീത് ചെയ്യുകയും ചെയ്തു വലീദ് ഈ വാത്ത ഉത്ബത്തോട് പറഞ്ഞു. അദ്ദേഹത്തിന്റെ ബാപ്പയുടെ പേരും ഉത്ബത്തെന്നായതുകൊണ്ട് ബാപ്പയോടൊ മകനോടൊ പറഞ്ഞതെന്ന നിശ്ചയമില്ല. ഉത്ബത് ഈ വാത്ത മറ്റു ചിലരോട് പറഞ്ഞു. കാട്ടുതീപോലെ നാട്ടിലെങ്ങും ഈ വാത്ത പരന്നു. അബ്ബാസ് (റ) പറയുന്നു:- 'പിറ്റെ ദിവസം കാലത്തു ഞാൻ തവാഫിന്നു ചെന്നപ്പോൾ, അബൂജഹലും മറ്റും ഒരിടത്തു കൂടിയിരുന്നു ഇതിനെപ്പറ്റി ചർച്ച നടത്തുകയാണ്. തവാഫ് കഴിഞ്ഞാൽ ഇങ്ങോട്ട് വരേണമെന്ന അബൂജഹൽ എന്നോടാവശ്യപ്പെട്ടു. തവാഫ് കഴിഞ്ഞപ്പോൾ ഞാൻ അവരെ സമീപിച്ചു. അപ്പോൾ അബൂജഹൽ എന്നോടു ചോദിച്ചു:- 'നിങ്ങളുടെ കൂട്ടത്തിൽ പുതിയ ഒരു പെൺനബി കൂടി ഉണ്ടായതു എപ്പോഴാണ്?' ഇങ്ങിനെ ചോദിപ്പാനുണ്ടായ കാരണമെന്തെന്നു ഞാൻ അന്വേഷിച്ചു. 'ആതിക കണ്ട സ്വപ്നം തന്നെ' എന്നു അബൂജഹൽ ഉത്തരം പറഞ്ഞു ഞാൻ ആ വാത്ത നിഷേധിപ്പാൻ ശ്രമിച്ചു. അപ്പോൾ അബൂജഹൽ പറഞ്ഞു:- 'അബ്ദുൽമുത്തലിബിന്റെ മക്കളെ, നിങ്ങളുടെ കൂട്ടത്തിൽ നിന്നു ഒരു പുരുഷനെ നിങ്ങൾ നബിയാക്കി. അതുകൊണ്ടും മതിയാകാതെ, ഇപ്പോൾ ഒരു സ്ത്രീയെയും നബിയാക്കിയിരിക്കുന്നു. നിങ്ങളുടെ ഈ ഡംഭം സൊള്ളും നിങ്ങൾ മതിയാക്കുകയില്ല. ഇരിക്കട്ടെ, മൂന്നു ദിവസം കഴിയട്ടെ. സ്വപ്നം സത്യമായി പുലർന്നില്ലെങ്കിൽ നിങ്ങൾ ഇന്നാട്ടിലെ ഒന്നാംകിട സൊള്ളന്മാരാണെന്നു ഞങ്ങൾ പരസ്യപ്പെടുത്തും.'

അബൂജഹലിന്റെ ധിക്കാര വചനങ്ങൾ അബ്ബാസ് (റ) വിനെ അരിശം കൊള്ളിച്ചു. അദ്ദേഹം പറഞ്ഞു:- 'ഉരക്ക് പായം തേച്ചവനെ, നീയും നിന്റെ കുടുംബക്കാരുമാണ് സൊള്ളന്മാർ.' അവിടെ ഉണ്ടായിരുന്ന മറ്റുള്ളവർ അബ്ബാസ് (റ) വിനെ സമാധാനിപ്പിച്ചു. അങ്ങിനെ ആ രംഗം അവസാനിച്ചു.

ഈ വാത്ത പരസ്യപ്പെടുത്തിയതു അബ്ബാസ് (റ) വാണെന്ന ധരിച്ചുകൊണ്ട് ആതിക അദ്ദേഹത്തെ ആക്ഷേപിക്കുകയും കഠിനമായി ഗ്രഹണദോഷിക്കുകയും ചെയ്തു വൈകുന്നേരമായപ്പോഴേയ്ക്കും രംഗം ആകപ്പാടെ മാറി. അബ്ദുമുത്തലിബിന്റെ സന്തതികളിൽപെട്ട സ്ത്രീകളും സംഘടിച്ചുകൊണ്ട് അബ്ബാസ് (റ) വിനെ ചോദ്യം ചെയ്യുകയും, നീചനായ അബ്ദുൽജഹൽ നിങ്ങളുടെ കുടുംബക്കാരായ പുരുഷന്മാരെ അപമാനിക്കുന്നതു കേട്ടു ക്ഷമിച്ചതുപോലെ സ്ത്രീകളായ ഞങ്ങളെ അപമാനിക്കുന്നതും താങ്കൾ കേട്ടു നില്ക്കുകയും ഞങ്ങളെ അപമാനിപ്പാൻ ആ നീചനു താങ്കൾ അവസരം നല്കുകയും ചെയ്തല്ലൊ എന്നു ആക്ഷേപിക്കുകയും ചെയ്തു. അബ്ബാസ് (റ) അപരാധബോധത്താലും അപമാനത്താലും വ്യാകുലപ്പെട്ടു. നാളെ കാലത്തു താൻ അബൂജഹലിനെ കാണുമെന്നും അപ്പോൾ അയാൾ ഇങ്ങിനെ വല്ലതും പറഞ്ഞെങ്കിൽ താൻ അയാളുടെ കഥ കഴിക്കുമെന്നും അദ്ദേഹം സ്ത്രീകൾക്കു ഉറപ്പുനൽകി. അബ്ബാസ് (റ) പറയുന്നു:- 'പിറ്റെ ദിവസം കാലത്തു ഞാൻ കഅ്ബയിൽ ചെന്നു. അബൂജഹൽ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ അയാളെ അഭിമുഖീകരിച്ചു. അയാൾ എന്തെങ്കിലും പറയുമെന്നു ഞാൻ പ്രതീക്ഷിച്ചു. ആ ഭീരു ശബ്ദിച്ചില്ല. ഞാൻ അയാളുടെ നേരെ അടുത്തു. അപ്പോൾ അയാൾ പള്ളിയുടെ വാതിലിന്നടു

ത്തേക്ക ചാടി. ഞാൻ അയാളെ പിന്തുടർന്ന പിടിക്കുന്നതിനു മുമ്പ് മലച്ചെരുവിൽനിന്നുയർന്നുവന്ന ഒരു ശബ്ദം ഞങ്ങളെ രണ്ടുപേരുടെയും ശ്രദ്ധ അങ്ങോട്ടു കഷ്ടിച്ചു. ളംളമിൻറെതായിരുന്ന ആ ശബ്ദം. മൂക്കും ചെവിയും മുറിച്ച ഒരു ഒട്ടകപ്പുറത്തു കീറിപ്പറിഞ്ഞ കുപ്പായം ധരിച്ചുകൊണ്ടു ഇരുന്ന ളംളം ഇപ്രകാരം മുറവിളി കൂട്ടി: 'ഖുറൈശികളെ, അബൂസുഫ്‌യാനെയും സംഘത്തെയും മുഹമ്മദ് തടഞ്ഞിരിക്കുന്നു. കച്ചവടച്ചരക്കുകളും സ്വർണ്ണങ്ങളും മറ്റും മുഹമ്മദ് കൈവശമാക്കുന്നതിനു മുമ്പ്, കച്ചവടസംഘത്തിലെ ഒട്ടകങ്ങളെ മുഹമ്മദ് കൈവശമാക്കുന്നതിനു മുമ്പ് അബൂസുഫ്‌യാനെ സഹായിക്കുവാൻ ധീരരായ ഖുറൈശികൾ പുറപ്പെട്ടുകൊള്ളുക. ഒരു നിമിഷം വൈകാതെ അതിശീഘ്രം പുറപ്പെട്ടുകൊള്ളുക.' ഈ ആഹ്വാനം കേൾക്കുന്നതിനിടയിൽ അബൂജഹലിൻറെ കാര്യം ഞാനും എൻറെ കാര്യം അബൂജഹലും മറന്നുപോയി.

അദ്ധ്യായം 4

ഖുറൈശികൾ യുദ്ധത്തിനു ഒരുക്കം കൂട്ടിത്തുടങ്ങി. ആതികയുടെ സ്വപ്നം ശരിയായി വന്നേക്കുമോ എന്നു ചിലർ ഭയപ്പെടാതിരുന്നുമില്ല. ഖുറൈശികളായ സ്ത്രീപുരുഷന്മാരിൽ ഹുവൈതിബ്‌നു അബ്ദുൽ ഉസ്സാ ഒഴികെ മറെറല്ലാവരുടേയും വെള്ളിയോ പൊന്നോ ആ കച്ചവടക്കാരുടെ പക്കൽ ഉണ്ടായിരുന്നു. അതുകൊണ്ട് ആ വ്യാപാര സംഘത്തെ തടഞ്ഞുവെച്ചിട്ടുണ്ടെന്നുള്ള വാർത്തകേട്ടപ്പോൾ ഖുറൈശികൾ ഒന്നടങ്കം വ്യസനിക്കുകയും ശത്രുവെ എതിർക്കുവാൻ ഒരുങ്ങുകയും ചെയ്തു. അബൂജഹൽ ഖുറൈശികൾക്കു ആവേശം കൂട്ടി. യുദ്ധത്തിൽ നേരിട്ടു പങ്കെടുക്കുവാൻ കഴിയാത്തവർ പകരം ആളെ അയച്ചാൽ മതിയാകുമെന്നു അബൂജഹൽ നിർദ്ദേശിച്ചു. "അബൂസുഫ്‌യാൻറെ ഒട്ടകസംഘത്തെ ഇബ്‌നുൽ ഹള്‌റമിയുടെ ഒട്ടകസംഘത്തെപ്പോലെയായിരിക്കും മുഹമ്മദ് കണക്കാക്കിട്ടുണ്ടാവുക" എന്നു ചിലർ അഭിപ്രായപ്പെട്ടു. 'ഈ ഒട്ടക സംഘം ഇബ്‌നുൽ ഹള്‌റമിയുടെ ഒട്ടകസംഘമല്ലെന്നു ഇത്തവണ മുഹമ്മദിനു മനസ്സിലാവും' എന്നു ചിലർ വീരവാദം ചെയ്തു. പുതിയ ആവേശത്താൽ ഖുറൈശികളെ പ്രോത്സാഹിപ്പിക്കുവാൻ നേതാക്കൾ എല്ലാ അടവുകളും പയറുകതന്നെ ചെയ്തു. "മുഹമ്മദിനെയും മുഠാളരായ കൂട്ടുകാരേയും തുരത്തുന്നതിനു എൻറെ എല്ലാ കഴിവുകളും സ്വത്തുക്കളും നിങ്ങൾക്കു ഉപയോഗിക്കാവുന്നതാണെന്നു" സഹീലിബ്‌നു അംറ് പ്രഖ്യാപിച്ചു.

ഗർവ്വിഷ്ഠരായ ഖുറൈശികൾ തങ്ങളുടെ ഒരുക്കങ്ങൾകൂട്ടി. ഖുറൈശിനേതാക്കളിൽ അബൂലഹബ് മാത്രം ഈ പുറപ്പാടിൽനിന്നു ഒഴിഞ്ഞുനിന്നു. ആതികായുടെ സ്വപ്നം യാഥാർത്ഥ്യമായി ഭവിച്ചേക്കുമെന്ന ഭീതിയാണ് അയാളെ ഇക്കാര്യത്തിൽനിന്നു ഒറപ്പെടുത്തിയതു്. ആസിബ്‌നുഹിശാമിബ്‌നു മുഗീറത് എന്ന ഒരു വ്യക്തി നാലായിരം വെള്ളി അബൂലഹബോടു കടം വാങ്ങിയിരുന്നു. ആ നാലായിരം വെള്ളി പ്രതിഫലമായി നിശ്ചയിച്ചുകൊണ്ടു അബൂലഹബ് തനിക്കു പകരമായി ആസിനെ ഖുറൈശികളോടൊപ്പം നിയോഗിച്ചു. (ഈ ആസ് ബദ്‌ർയുദ്ധത്തിൽ ഉമർഫാറൂഖിൻറെ (റ) ഖഡ്ഗത്തിന്നിരയായി.)

ഉമയ്യതിബ്‌നുഖലഫ് എന്ന ഖുറൈശീനേതാവും ഈ യുദ്ധസന്നാഹത്തിൽ പങ്കെടുക്കുവാൻ കൂട്ടാക്കിയില്ല. അതിനും ഒരു കാരണമുണ്ടായിരുന്നു. . സഅ്‌ദിബ്‌നുമആദ് (റ) വും ഉമയ്യത്തും സ്നേഹിതന്മാരായിരുന്നു. ഉമയ്യത്ത് ശാമിലേക്കു കച്ചവടത്തിനുപോകുമ്പോൾ മദീനയിൽ ഇറങ്ങി സഅ്‌ദ് (റ) വിൻറെ വീട്ടിലും, സഅ്‌ദ് (റ) മക്കത്തു ഉംറക്കു പോയാൽ ഉമയ്യത്തിൻറെ വീട്ടിലും താമസിക്കുക പതിവാ

യിരുന്നു. ഹിജ്‌റക്കുശേഷം, ഒരു ദിവസം അദ്ദേഹം മക്കയിൽ വന്നു. തവാഫിനു സൌകര്യമുള്ള സമയമേതാണെന്നു ഉമയ്യത്തോടു ചോദിച്ചപ്പോൾ, ഉച്ചസമയത്തായിരിക്കും കൂടുതൽ സൌകര്യമെന്നു ഉമയ്യത്ത് മറുപടിനൽകി. ഉച്ചക്കു രണ്ടുപേരുംകൂടി കഅ്ബയിലേക്കു പുറപ്പെട്ടു. സഅ്ദ് (റ) തവാഫ് ചെയ്തുകൊണ്ടിരിക്കെ അബൂജഹൽ അവിടെ എത്തിച്ചേർന്നു. ആരാണ് തവാഫ് ചെയ്യുന്നതെന്നു അയാൾ ഉമയ്യത്തോടന്വേഷിച്ചു. 'ഞാൻ സഅ്ദിബ്നുമുആദാണെന്നു, സഅ്ദ് (റ)ഉത്തരം നൽകി. അതു കേട്ടപ്പോൾ അബൂജഹൽ കോപാന്ധനായി. 'മുഹമ്മദിനും കൂട്ടുകാർക്കും മദീനയിൽ അഭയംനൽകിയ നീ, ഇത്രമാത്രം ധൈര്യപൂർവ്വം തവാഫ് ചെയ്യുകയോ? നീ ഉമയ്യത്ബ്നുഖലഫിന്റെ അതിഥി അല്ലായിരുന്നെങ്കിൽ, പടച്ചവനാണെ സത്യം, വന്നപോലെ നീ കുടുംബത്തിലേക്കു തിരിച്ചുപോവുകയില്ലായിരുന്നു'വെന്നു അബൂജഹൽ ആക്രോശിച്ചു. ഇതുകേട്ടപ്പോൾ, അല്പവും കുലുങ്ങാതെ സഅ്ദ് (റ) ഇപ്രകാരം പറയുകയുണ്ടായി:- 'അബൂജഹലെ, ഇവിടെവെച്ചു നീ എന്നെ ഉപദ്രവിച്ചാൽ മദീനയിൽവെച്ചു അതിലും കഠിനമായി നിന്നെ ഞാൻ ഉപദ്രവിക്കും.' ഇതു കേട്ടപ്പോൾ ഉമയ്യത്ത് പറഞ്ഞു:- 'സഅ്ദേ, താങ്കൾ അങ്ങിനെ പറയരുതു്. അദ്ദേഹം ഈ നാട്ടിലെ നായകന്മാരിൽ ഒരാളാകുന്നു.' അപ്പോൾ സഅ്ദ് (റ) ഇപ്രകാരം മറുപടിനൽകി:- 'ഉമയ്യത്തേ, നീ മിണ്ടാതിരിക്കൂ. നീ മുസ്‌ലിംകളാൽ കൊല്ലപ്പെടുമെന്നു നബി (സ) പറയുന്നതു ഞാൻ കേട്ടിരിക്കുന്നു' 'എന്നെ കൊല്ലുമെന്നോ' എന്നു ഉമയ്യത്ത് ചോദിച്ചു. 'അതെ' എന്നു സഅ്ദ് (റ) മറുപടി പറഞ്ഞു 'മക്കത്തുവെച്ചോ' എന്നു ഉമയ്യത്തു് ചോദിച്ചപ്പോൾ' അതു ഞാൻ അറിയുകയില്ല' എന്നായിരുന്നു സഅ്ദ് (റ) വിന്റെ മറുപടി. ഭയവിഹ്വലനായ ഉമയ്യത്തു് ഈ വാർത്ത ഉടനെ തന്റെ ഭാര്യയെ അറിയിച്ചു. ഉംമുമീന്റെ ആഗ്രഹപ്രകാരം ആകൃഷ്ടനായി യുദ്ധത്തിനു പുറപ്പെടുവാൻ ഒരുങ്ങിയ ഉമയ്യത്തിനെ, പ്രസ്തുത സംഭവം അനുസ്മരിപ്പിച്ചുകൊണ്ടു അദ്ദേഹത്തിന്റെ ഭാര്യ പിന്തിരിപ്പിച്ചു.

ഉമയ്യത്തു് ഒരു തടിയനായിരുന്നു യുദ്ധത്തിനു പുറപ്പെടാതെ പിന്തിരിഞ്ഞ ഉമയ്യത്തിനെ പരിഹസിപ്പാൻ അഖബതിബ്നുഅബൂമുഹീത് എന്ന ഒരു വിഡ്ഢിയെ അബൂജഹൽ നിയോഗിച്ചു. ഉമയ്യത്തും കൂട്ടുകാരും ഒരിടത്തിരുന്നു മദ്യം മോന്തിക്കൊണ്ടിരിക്കെ അഖബത് ഒരു നെരിപ്പോട്ടിൽ തീയുമായി അവരെ സമീപിക്കുകയും അതിൽ കുന്തുരുക്കം ഇട്ടു പുകപ്പിക്കുകയും, ഉമയ്യത്തോടു ഇപ്രകാരം പറയുകയും ചെയ്തു:- 'ഉമയ്യത്തേ, താങ്കൾ സ്ത്രീസ്വഭാവിയായ ഒരു തണുപ്പനാണു്. താങ്കൾ അല്പം മുമ്പോട്ടു നീങ്ങി ഇരുന്നുകൊണ്ടു ഈ നെരിപ്പോട്ടിൽനിന്നു പുകയേൽക്കുക. താങ്കളുടെ ഉയിരിനു അല്പം ചൂടുപിടിക്കട്ടെ.' അഖബത് അറിയപ്പെട്ട വിഡ്ഢിയായതുകൊണ്ടു ഉമയ്യത്തും കൂട്ടുകാരും അവന്റെ വാക്കിനും പ്രവൃത്തിക്കും വില കല്പിച്ചില്ല.

അതുകൊണ്ടും സംഗതി അവസാനിച്ചില്ല. ആളുകളെ പറഞ്ഞു മിരട്ടുന്നതിൽ കുപ്രസിദ്ധിയാർജ്ജിച്ച അബൂജഹൽ ഉമയ്യത്തിനെ വിട്ടില്ല. മക്കക്കാരുടെ ഇഷ്ടനേതാവായ താങ്കൾ പുറപ്പെട്ടില്ലെങ്കിൽ യുവധീരന്മാരായ യോദ്ധാക്കളിൽ പലരും പിന്തിരിഞ്ഞുകളയുമെന്നും ആകയാൽ താങ്കൾ പുറപ്പെടാതെ നിവൃത്തിയില്ലെന്നും, വേണ്ടിവന്നാൽ ഒന്നോ രണ്ടോ ദിവസം യാത്ര ചെയ്തശേഷം താങ്കൾക്കു മക്കയിലേക്കു തിരിച്ചുപോരാമെന്നും അബൂജഹൽ ഉപദേശിച്ചു. അവസാനം അബൂജഹലിന്റെ തട്ടിപ്പിൽ ഉമയ്യത്ത് കുടുങ്ങിപ്പോയി. വഴിയിൽവെച്ചു മക്കയിലേക്കു തിരിച്ചുപോരാം എന്ന ധാരണയോടുകൂടി യുദ്ധത്തിനു പുറപ്പെടുവാൻ ഉമയ്യത്തും സന്നദ്ധനായി

പുറപ്പെടുന്നതിനു മുമ്പ് അസ്‌ലാം എന്ന അമ്പുകൊണ്ടു യാത്രാഫലം ഗ്രഹിച്ചറിയുവാൻ അവർ തീരുമാനിച്ചു. ഉമയ്യത്ത്, ഉത്ബതിബ്നുറബീഅത്, ശൈബതിബ്നുറബീഅത്, സംആതുൽഅസ്‌വദ്, ഹകീമിബ്നുഹിസാം എന്നിവരും മറ്റു ചിലരും കൂടി അസ്‌ലാം എന്ന അമ്പുകൊണ്ടു ഗ്രഹിച്ചുനോക്കി. യാത്രാഫലം ദോഷമാണെന്നാണ് കാണപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഉമയ്യത്തും മറ്റു ചിലരും പിന്മാറിക്കളയുമെന്നു മനസ്സിലാക്കിയ അബൂജഹൽ കുയുക്തികളാൽ വീണ്ടും അവരെ കുടുക്കിട്ടു പിടിച്ചു. അഖ്നതിബ്നു അബീമുഹീത്തും, നളറിബ്ൽഹർസും ആ ഉദ്യമത്തിൽ അബൂജഹലിനു പിന്തുണ നൽകി.

താഇഫിൽ വെച്ചു അദ്ദാസ് എന്ന ഒരു അടിമ തിരുമേനി (സ) യിൽ വിശ്വസിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേഹത്തിന്റെ എജമാനന്മാരായ ഉത്ബത്തും ശൈബത്തും യുദ്ധത്തിനു പുറപ്പെട്ടുവാനൊരുങ്ങിയപ്പോൾ അദ്ദാസ് അവരെ വിലക്കുകയുണ്ടായി. പക്ഷെ, ഒരു അടിമയുടെ വിലക്കിനു ഒരു വിലയും അവർ കല്പിച്ചില്ല. മാത്രമല്ല 'നിന്നെ താഇഫിൽവെച്ചു മുഹമ്മദ് വശീകരിച്ചിരിക്കുന്നു'വെന്നു പരിഹസിക്കുകയും ചെയ്തു.

രണ്ടോ മൂന്നോ ദിവസത്തിനകം ഖുറൈശികളുടെ ഒരുക്കങ്ങൾ പൂർത്തിയായി. തൊള്ളായിരത്തമ്പതു (ആയിരമെന്നും പറയപ്പെട്ടിട്ടുണ്ട്) ഖുറൈശികൾ മുസ്‌ലിംകളുമായി യുദ്ധം ചെയ്യുവാൻ പുറപ്പെട്ടു. യുദ്ധശാലിയായ ഒരൊറ്റ വ്യക്തിപോലും ആ സേനയിൽ പോരാതെ മാറിനിന്നില്ല. കാലാൾപ്പടക്കു പുറമെ നൂറുപേരടങ്ങിയ കുതിരപ്പട്ടാളവും എഴുനൂറ് ഒട്ടകങ്ങളും ആവശ്യമുള്ളത്ര ആയുധസാമഗ്രികളും ഉള്ള ആ കൂറൻ ഖുറൈശി സേന ഉത്സാഹപൂർവ്വം യുദ്ധക്കളത്തിലേക്കു യാത്ര തിരിച്ചു. ആ സേനയുടെ പതാകവാഹകൻ സാഇബിബ്നു യസീദ് ആയിരുന്നു. (ഇദ്ദേഹം പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചു. ഇമാം ശാഫി ഈ (റ) വിന്റെ പിതൃശൃംഖലയിലെ അഞ്ചാമനാണിദ്ദേഹം). സംഗീതവാദ്യങ്ങളും മുഴക്കിയും ഗാനങ്ങളും ആലപിച്ചും, നൃത്തം ചവുട്ടിയും കൊണ്ടു ഖുറൈശികളുടെ സ്ത്രീകളും ആ സേനയെ അകമ്പടി സേവിച്ചു. കുടിച്ചു, രസിച്ചു, മദിച്ചുകൊണ്ടു അക്രമികളുടെ ആ സേന മുമ്പോട്ടു നീങ്ങി. 'സത്യത്തെ ഉപേക്ഷിച്ചു അസത്യത്തെ ഇഷ്ടപ്പെട്ടവരായും, ലൌകികതയിൽ അഭിമാനിച്ചവരായും, അല്ലാഹുവിന്റെ നേർമാർഗ്ഗത്തെ കൈവെടിഞ്ഞവരായും, കാഫിർകളും അവരുടെ ഭവനത്തിൽനിന്നു പുറപ്പെട്ടിരിക്കുന്നു. അല്ലാഹു തആലാ അവരുടെ പ്രവൃത്തികളെപ്പറ്റി സൂക്ഷ്മമായി അറിഞ്ഞവൻ തന്നെ' എന്നിപ്രകാരം അർത്ഥമുള്ള ആയത്തു് അല്ലാഹു കല്പിച്ചരുളി.

ഖുറൈശികളുടെ കൂറൻ സേനക്കു ഭക്ഷണം നൽകുവാനുള്ള ഉത്തരവാദിത്തം താഴെ പേരെഴുതിയ പന്ത്രണ്ടുപേർ ഏറ്റെടുക്കുകയും ദിനംപ്രതി ഓരോരുത്തരും പത്തുവീതം ഒട്ടകങ്ങളെ അറുത്തു ഭക്ഷണം തയ്യാറാക്കിക്കുകയും ചെയ്തു:- 'അബൂജഹൽ, ഉത്ബതിബ്നുറബീഅത്, ശൈബതിബ്നുറബീഅത്, ഹകീമിബ്നുഹിസാം, അബ്ബാസിബ്നു അബ്ദുൽമുത്തലിബ്, അബുൽബഹ്തരീ, സംആതിബ്നുൽഅസ്‌വദ്, ഉബയ്യിബ്നുഖലഫ്, ഉമയ്യതിബ്നുഖലഫ്, നളറിബ്നുൽഹർസ്, നബീഹിബ്നുഹജ്ജാജ്, മുനബ്ബിഹിബ്നുഹജ്ജാജ്.' കാഫിർകളുടെ സൈന്യത്തെ തീറ്റിപ്പോറ്റുവാൻ വേണ്ടി ഇവർ ചെലവഴിച്ച സാധനത്തെയും ശ്രമത്തെയും വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

ബനൂകിനാനാ ഗോത്രക്കാരുടെ പ്രദേശത്തു കൂടിയാണ് ഖുറൈശി സേന കടന്നുപോ

കേണ്ടിയിരുന്നതു്. ഖുറൈശികളിൽ ഒരു കക്ഷിയും ബനൂകിനാനാ ഗോത്രവും തമ്മിൽ ഒരു വൈരം നിലനിൽക്കുന്നുണ്ടായിരുന്ന ഖുറൈശികളിൽപ്പെട്ട ഒരാൾ ബനൂകിനാനാ ഗോത്രക്കാരനായ ഒരു വൃദ്ധനെ വധിച്ചു. കാണാതായ ഒട്ടകത്തെ അന്വേഷിച്ചുകൊണ്ടു് ബനൂകിനാനാ ഗോത്രക്കാരുടെ പ്രദേശത്തെത്തിച്ചേർന്ന ഖുറൈശിക്കാരനായ ഒരു യുവാവിനെ വധിച്ചുകൊണ്ടു ബനൂകിനാനക്കാർ പകരം വീട്ടി. മർവള്ളഹ്‌റാൻ എന്ന സ്ഥലത്തുവെച്ചു ബനൂകിനാനാ ഗോത്രത്തലവനായ ആമിറിനെ പ്രസ്തുത യുവാവിന്റെ സഹോദരൻ കണ്ടുമുട്ടി. അയാളുടെ കയ്യിലുണ്ടായിരുന്ന വാൾ പിടിച്ചുപറിച്ചുകൊണ്ടു ആ വാളാൽത്തന്നെ ആ ഖുറൈശി ആമിറിനെ വധിക്കുകയും വാൾ കഅ്ബയിൽ കെട്ടിത്തൂക്കുകയും ചെയ്തു. ആ കൊലക്കു പകരംവീട്ടുവാൻ കിട്ടുന്ന ഏതൊരവസരവും ബനൂകിനാനാ ഗോത്രക്കാർ പാഴാക്കുകയില്ലെന്നു ഖുറൈശികൾക്കറിയാമായിരുന്നു. ആകയാൽ ആ കൊലയുമായി ബന്ധപ്പെട്ടവർ ഖുറൈശി സേനയിൽനിന്നു പിന്തിരിയുവാൻ ഉദ്യമിച്ചു. ആ ഘട്ടത്തിൽ ഇബ്‌ലീസ് രംഗത്തു പ്രത്യക്ഷപ്പെട്ടു. കിനാനി ഗോത്രത്തലവനായ സുറാഖത്തിന്റെ കോലത്തിലാണ് ഇബ്‌ലീസ് പ്രത്യക്ഷപ്പെട്ടതു. കിനാനികളിൽ നിന്നു യാതൊരു വിധത്തിലുള്ള എതിർപ്പുകളും ഉണ്ടാവുകയില്ലെന്നും, നേരെ മറിച്ചു കിനാനികളുടെ എല്ലാവിധ സഹകരണങ്ങളും ഖുറൈശിസേനക്കു ഉണ്ടായിരിക്കുമെന്നും സുറാഖത് അവർക്കു ഉറപ്പുകൊടുത്തു. കിനാനികളും നിങ്ങളോടൊപ്പം ഉള്ളേടത്തോളം കാലം മനുഷ്യവംശത്തിൽ ഒരു ശക്തിക്കും നിങ്ങളെ ജയിക്കുവാൻ കഴിയുകയില്ലെന്നു പറഞ്ഞുകൊണ്ടു സുറാഖത് ആ സേനയെ ധൈര്യപ്പെടുത്തുകയും ചെയ്തു.

അദ്ധ്യായം 5

സഹായാഭ്യർത്ഥനയുടെ സന്ദേശവുമായി ളംളമിനെ മക്കയിലേക്കു അയച്ചശേഷം അബൂസുഫ്‌യാനും സംഘവും ആപദ്രഹിതമായ ഊടുവഴികളിൽക്കൂടിയും കടലോരത്തുകൂടിയും മക്കയിലേക്കു യാത്രതിരിച്ചു. ആപൽബന്ധികളെ തരണം ചെയ്തുകഴിഞ്ഞെന്നു ബോദ്ധ്യമായപ്പോൾ, ഇനി മക്കക്കാരുടെ സഹായം ആവശ്യമില്ലെന്നും, ഖുറൈശികൾ പുറപ്പെട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ മക്കയിലേക്കു തിരിച്ചുപോയിക്കൊള്ളുവാൻ അവരോടു പറയേണമെന്നും ഏല്പിച്ചുകൊണ്ടു ഒരു ദൂതനെ അബൂസുഫ്‌യാൻ മക്കയിലേക്കു നിയോഗിച്ചു. ഹജ്‌നത് എന്ന സ്ഥലത്തുവെച്ചു ആ ദൂതൻ ഖുറൈശീസേനയെ കണ്ടെത്തുകയും അബൂസുഫ്‌യാന്റെ സന്ദേശം അവരെ അറിയിക്കുകയും ചെയ്തു. അബൂസുഫ്‌യാനും സംഘവും സുരക്ഷിതമായി മക്കയിലെത്തിയതോടുകൂടി തങ്ങളുടെ ഉദ്ദേശ്യം പൂർത്തിയായെങ്കിലും, അതുകൊണ്ടു തൃപ്തിപ്പെട്ടു മക്കയിലേക്കു മടങ്ങുവാൻ അബൂജഹൽ കൂട്ടാക്കിയില്ല. ബദ്‌റിൽച്ചെന്നു താവളമടിച്ചു, കുടിച്ചു് മദിച്ചു് സ്ത്രീകളുമായി രമിച്ച മൂന്നുദിവസം അവിടെ ചെലവഴിച്ചല്ലാതെ മക്കയിലേക്കു മടങ്ങുകയില്ലെന്നു അബൂജഹൽ ആണയിട്ടുകൊണ്ടു പ്രഖ്യാപിച്ചു. ബനൂസഹ്‌റത്ഗോത്രക്കാർ ഇക്കായ്ത്തിൽ അബൂജഹലുമായി യോജിച്ചില്ല. അവരുടെ എണ്ണം നൂറായിരുന്നുവെന്നും മുന്നൂറായിരുന്നുവെന്നും പക്ഷാന്തരമുണ്ടു്. അബൂജഹലിന്റെ പ്രഖ്യാപനത്തിന്റെ ഉള്ളടക്കം അറിഞ്ഞപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു:– 'ഇതു അധർമ്മമാണു്; അധർമ്മം നാശകരവുമാണു്.' അഖ്‌നസ് എന്ന പേരിൽ പിൽക്കാലത്തു അറിയപ്പെട്ട ഉബയ്യ് എന്ന ആളുടെ ഉപദേശമനുസരിച്ചാണു് ബനൂസഹ്‌റത്ഗോത്രക്കാർ അബൂജഹലിന്റെ നിലപാടോടു വിയോജിച്ചതു്. അഖ്‌നസ് പറഞ്ഞു:– 'അല്ലാഹു നമ്മുടെ

മുതലുകളെയും സുഹൃത്തുക്കളെയും രക്ഷപ്പെട്ടത്തിയിരിക്കുന്നു. ഇനി നാം മുമ്പോട്ട് നീങ്ങേണ്ടുന്ന ആവശ്യമില്ല.'

ഈ യാത്രയിൽ ഈ അഖ്നസ്തന്നെ തിരുമേനി (സ) യെക്കുറിച്ച് തനിക്കുള്ള അഭിപ്രായമെന്തെന്നു അബൂജഹലോട് ആരാഞ്ഞപ്പോൾ അബൂജഹൽ ഇപ്രകാരം പറഞ്ഞു:- 'മുഹമ്മദ് സത്യവാനും വിശ്വസ്തനുംതന്നെ. പക്ഷെ, ആ കായ്ംകൂടി നാം തുറന്നു സമ്മതിച്ചുകഴിഞ്ഞാൽ, ഇപ്പോൾതന്നെ മറെറല്ലാ ഗുണങ്ങളും തികഞ്ഞ അബ്ദുൽമുത്തലിബിന്റെ സന്തതികളുടെ മുമ്പിൽ നാം ചണ്ഡികളായിത്തീരും. അതുകൊണ്ടാണ് ഞാൻ അതു വകവെച്ചുകൊടുക്കാത്തത്.'

ഈ അഖ്നസ് ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടെന്നും, ഇല്ലെന്നും; വിശ്വസിച്ചശേഷം പിന്മാറുകയും വീണ്ടും വിശ്വസിക്കുകയും ചെയ്തിട്ടുണ്ടെന്നും ചരിത്രകാരന്മാരിൽ പലർ പല വിധത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, മക്കാവിജയം നടന്നഘട്ടത്തിൽ അദ്ദേഹം ഇസ്‌ലാം മതം വിശ്വസിച്ചിട്ടുണ്ടെന്നാണ് അവരിൽ ഭൂരിപക്ഷം പ്രസ്താവിച്ചിട്ടുള്ളത്.

ബനൂസഹ്റത്ഗോത്രക്കാർ അബൂജഹലിന്റെ അഭിപ്രായത്തോട് വിയോജിപ്പു പ്രകടിപ്പിച്ചപ്പോൾ, ബനൂഹാശിംഗോത്രക്കാരുടെ മനസ്സും അവരുടെ പക്ഷത്തുചേരിഞ്ഞു. സ്ഥിതിഗതികൾ മനസ്സിലാക്കിയ കുതന്ത്രശാലിയായ അബൂജഹൽ തന്ത്രപരമായി അവരെ തന്റെ അഭിപ്രായത്തിന്റെ പിന്നിൽ അണിനിരത്തുകയും, ബദ്റിലേക്കു യാത്ര തുടരുകയും ചെയ്തു. അബൂജഹലിന്റെ സേന ബദ്റിനടുത്തുള്ള ഉദ്വത്തുൽ ഖുസ്വാ എന്ന സുഖവാസകേന്ദ്രത്തിൽ താവളമടിച്ചു. ഉദ്വത് എന്നതു ഒരു മലച്ചെരുവിന്റെ പേരാണ്. അതിന്റെ രണ്ടതിർത്തികളിൽ ഒന്നിനു ദുൻയാ എന്നും മറെറതിനു ഖുസ്വാ എന്നും പേർ. മദീനയോടടുത്ത അതിർത്തിയാണ് ദുൻയാ. പക്ഷെ, വെള്ളമുള്ള പ്രദേശം ഖുസ്വാക്കടുത്താണുള്ളതു്. അതുകൊണ്ട് ഖുസ്വാ എന്ന പ്രദേശം പ്രകൃത്യാസുഖവാസകേന്ദ്രമായിരുന്നു. നബി (സ) തിരുമേനിയും സഹാബികളും ഉദ്വത്തുദ്നയാ എന്നിടത്തു താവളമടിച്ചു.

അദ്ധ്യായം 6

അന്നു ഹിജ്റാബ്ദം മൂന്നാം വർഷത്തിലെ റമളാൻ മാസം പന്ത്രണ്ടാം തിയ്യതി ശനിയാഴ്ചയായിരുന്നു. ഖുറൈശികൾ ശാമിൽനിന്നു മക്കയിലേക്കു മടക്കയാത്ര പുറപ്പെട്ടിട്ടുണ്ടെന്നു ഗ്രഹിച്ച നബി (സ) തിരുമേനി, ഖുറൈശികളോടെതിർപ്പാനായി സഹാബികളെ ആഹ്വാനം ചെയ്തു. യുദ്ധവുമായി മുൻപരിചയമില്ലാത്ത ചിലർ സംശയിച്ചുനിന്നു. "വാഹനമുള്ളവർ പുറപ്പെടുക" എന്നായിരുന്നു തിരുമേനി (സ) യുടെ ആഹ്വാനം. വാഹനമില്ലാത്തവരെക്കുറിച്ചു തിരുമേനി (സ) ഗൌനിച്ചില്ല. ഈ യുദ്ധയാത്രയിൽ പങ്കെടുക്കേണ്ടതു ഓരോ വ്യക്തിയിലും നിർബ്ബന്ധമല്ല എന്നു അതിൽനിന്നു വ്യക്തമായി. തിരുമേനി (സ) യുടെ ആഹ്വാനം കേട്ടപ്പോൾ നൌഫലിന്റെ പുത്രിയായ വറഖത്ത് (റ) തിരുമേനി (സ) യോട് ഇപ്രകാരം അഭ്യർത്ഥിച്ചു:- "യാ റസൂലുല്ലാഹ്, താങ്കളോടൊപ്പം യുദ്ധക്കളത്തിലേക്കു വരുവാൻ എന്നെ അനുവദിച്ചാലും. ഞാൻ മുറിയേററവരെ ശുശ്രൂഷിച്ചുകൊള്ളാം. അങ്ങിനെ ചെയ്താൽ ഒരു പക്ഷെ അല്ലാഹു എനിക്കും രക്തസാക്ഷിത്വം നൽകിയെന്നു വരും." ആ മഹതിയോട് തിരുമേനി (സ) ഇപ്രകാരം മറുപടി പറഞ്ഞു:- "നിങ്ങൾ വീട്ടിൽ ഇരുന്നുകൊള്ളുക. അല്ലാഹു നിങ്ങൾക്കു രക്തസാക്ഷിത്വം നൽകും."

അന്നുമുതൽ ആ മഹതിയെ തിരുമേനി (സ) ശഹീദാ എന്നു വിളിച്ചുവന്നു. ആ പേരിൽ അവർ പ്രശസ്തയാവുകയും ചെയ്തു. ശഹീദാ (റ) ഖുർആൻ പാരായണത്തിൽ അതിവിദ

ശ്രദ്ധയായിരുന്നു. ഉമർ ഫാറൂഖിന്റെ ഭരണകാലത്തെ ഒരു അടിമസ്ത്രീയും അടിമയായ പുരുഷനും ചേർന്ന് കരിമ്പടത്തിൽ പൊതിഞ്ഞുകെട്ടി അവരെ കൊലപ്പെടുത്തി. അങ്ങിനെ തിരുമേനി (സ) പ്രവചിച്ച ശഹാദത്ത് (രക്തസാക്ഷിത്വം) ആ മഹതിക്ക് ലഭിച്ചു. കൊലയാളികളെ ഖലീഫ തൂക്കുമരത്തിൽ കയറിട്ട് തൂക്കിക്കൊന്നു. ഇതാണ് ചരിത്രത്തിലെ ഒന്നാമത്തെ തൂക്കുമരം, അഥവാ തൂക്കിക്കൊല്ലൽ.

മദീനായുടെ അധികാരം അബൂലുബാബത്തിബ്‌ന അബ്ദുൽ മുൻദിറൽ ഔസിയ്യി (റ) വിനെയും ഇമാമത്തധികാരം ഉമ്മുമക്തൂം (റ) വിനെയും മസ്ജിദ്ഖുബായുടെയും ആലിയത്തിന്റെ അഹ്‌ലുകാര്യങ്ങളുടെയും മേൽനോട്ടം ആസിംഇബ്‌നുഅദിയ്യ് (റ) വിനെയും തിരുമേനി (സ) ഭരമേല്പിച്ചു. മുഹാജിർകളുടെ പതാക മിസ്അബ്ഇബ്‌നുഉമൈർ (റ) വിന്റെയും, ഖസ്‌റജ്കാരുടെ പതാക ഖബ്ബാബ്ഇബ്‌നുൽ മുൻദിർ (റ) വിന്റെയും, ഔസികളുടെ പതാക സഅ്ദ്ഇബ്‌നുമആദ് (റ) വിന്റെയും കൈകളിൽ തിരുമേനി അപ്പിച്ചു. തിരുമേനി (സ) യുടെ കറുത്ത കൊടികളിൽ ഒന്ന് അലി (ക. വ.) വിന്റെ കയ്യിലും മറെറാന്ന് അൻസാരികളിൽപ്പെട്ട ഒരു സഹാബിയുടെ കയ്യിലും തിരുമേനി നൽകി. ആകെ അഞ്ചു കൊടികളാണ് ആ യുദ്ധയാത്രയിൽ മുസ്‌ലിംകൾ ഏന്തിയിരുന്നത്. അവയിൽ അലി (ക. വ.) യുടെ കയ്യിലുണ്ടായിരുന്ന ഉഖാബ് എന്ന പതാക ആഇശ (റ) യുടെ മരത് എന്ന തുകിൽകൊണ്ട് നിർമ്മിച്ചതായിരുന്നു.

യുദ്ധരംഗത്തുവെച്ച് വിവിധ ഗോത്രക്കാരെ ആഹ്വാനം ചെയ്യുവാനുള്ള രഹസ്യപ്പേരുകൾ തിരുമാനിക്കപ്പെട്ടു. മുഹാജിർകൾക്ക് 'അബ്ദുർറഹ്മാൻ' എന്നും, അൻസാർകളിൽ ഖസ്‌റജ് ഗോത്രക്കാർക്ക് 'ബനീഅബ്ദില്ലാ' എന്നും, ഔസ് ഗോത്രക്കാർക്ക് 'ബനീഉബൈദില്ലാ' എന്നും രഹസ്യപ്പേരുകൾ നിശ്ചയിച്ചു. പൊതുവിൽ സഹാബികൾക്കാകെ 'അൻറുൽ' എന്ന പൊതുസംജ്ഞ നൽകപ്പെട്ടു.

ഇങ്ങിനെ പ്രാഥമികമായ ഏർപ്പാടുകളെല്ലാം പൂർത്തിയായി കഴിഞ്ഞപ്പോൾ തിരുമേനി (സ) യും സംഘവും യാത്രയാരംഭിച്ചു. ഒരു നാഴിക സഞ്ചരിച്ചശേഷം ബിഅ്ർ അബീഉത്ബത് എന്ന കിണറിനരികെ സേനയെ നിറുത്തുകയും സേനാംഗങ്ങളെ തിരുമേനി (സ) പരിശോധിക്കുകയും ചെയ്തു. പതിനഞ്ചു വയസ്സിലേറെ പ്രായമില്ലാത്ത ചെറുപ്പക്കാരെ തിരുമേനി (സ) മദീനയിലേക്ക് തിരിച്ചയച്ചു. ഉസാമത് ഇബ്‌നുസൈദ്, റാഫിഅ്ഇബ്‌നുഖദീജ്, ബറാഅ്ഇബ്‌നുആസിബ്, ഉസൈദ് ഇബ്‌നുളഹീർ, സൈദ്ഇബ്‌നുഅർഖം, സൈദ്ഇബ്‌നുസാബിത് എന്നിവരാണ് അങ്ങിനെ തിരിച്ചയക്കപ്പെട്ടത്. ഉമൈറിബ്‌നുഅബീവഖാസും അക്കൂട്ടത്തിൽ തിരിച്ചുപോകുവാൻ കല്പിക്കപ്പെട്ടുവെങ്കിലും, തനിക്ക് പതിനാറു വയസ്സ് പ്രായമുണ്ടെന്നു കരഞ്ഞുകൊണ്ട് അദ്ദേഹം ബോധിപ്പിക്കുകയാൽ, സേനയിൽത്തന്നെ നിന്നുകൊള്ളുവാൻ അനുമതി നൽകപ്പെട്ടു. മദീനയുടെ അധികാരം നൽകിക്കൊണ്ട് അബൂലുബാബത് (റ) വിനെ മദീനയിലേക്ക് തിരുമേനി (സ) നിയോഗിച്ചതു ഇവിടെ വെച്ചായിരുന്നു. അടുത്തുള്ള കിണറിൽനിന്നു വെള്ളമെടുത്തു കുടിച്ചുകൊള്ളുവാൻ തിരുമേനി ഉപദേശിക്കുകയും സഹാബികൾ അതനുസരിച്ചു കിണറിൽനിന്നു വെള്ളമെടുത്തു കുടിക്കുകയും ചെയ്തു. സഹാബികളെ എണ്ണിനോക്കിയപ്പോൾ മുന്നൂറിപ്പതിമൂന്ന് പേരുണ്ടെന്നു കണ്ട് തിരുമേനി (സ) സന്തോഷിച്ചു [മദീനയിൽ നിന്നു ഒരു ദിവസത്തെ വഴി ദൂരത്തു സ്ഥിതിചെയ്യുന്ന റൗഹാഅ് എന്ന സ്ഥലത്തുവെച്ചാണ് തിരുമേനി (സ) സേനാംഗങ്ങളെ പരിശോധിച്ചിരുന്നതെന്നും, രണ്ടു ദിവസ

ത്തെ വഴിയകലെ വഴിതിരിയുന്ന ബുയൂസ്സുഖ്‌യാ എന്നിടത്തുവെച്ചാണ്‌ ആ പരിശോധന നടത്തപ്പെട്ടതെന്നും പക്ഷാന്തരമുണ്ട്‌.] സഹാബികളുടെ എണ്ണം മുന്നൂറിപ്പതിമൂന്നാണെന്നു കണ്ടപ്പോൾ 'ഇതു താലൂതോടൊപ്പം നദി കടന്ന ആളുകളുടെ എണ്ണമാണ്‌' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. (താലൂത്‌ രാജാവിനെക്കുറിച്ചു ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു പ്രസ്താവിച്ചിട്ടുണ്ട്‌.) 'ഇതു മുർസലുകളുടെ എണ്ണമാ'ണെന്നു തിരുമേനി പറഞ്ഞതായും പക്ഷാന്തരമുണ്ട്‌. [സേനയിലുണ്ടായിരുന്ന സഹാബികളുടെ എണ്ണം മുന്നൂറിപ്പതിനാലു്‌, മുന്നൂറിപ്പതിനഞ്ചു്‌ എന്നിപ്രകാരം പറയപ്പെട്ടിട്ടുണ്ട്‌] നബി (സ) തിരുമേനിയുടെ പുത്രിയും ഉസ്‌മാൻ ഇബ്‌നുഅഫ്‌ഫാൻ (റ) വിന്റെ പത്നിയുമായ റുഖിയാ (റ) രോഗത്തിൽ കിടക്കുകയായിരുന്നതുകൊണ്ടു, ഉസ്മാൻ (റ) വിന്നു ഈ യാത്രയിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. [ഉസ്മാൻ (റ) തന്നെ രോഗത്താൽ കിടപ്പിലായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ട്‌.] 'ബദ്‌ർ യുദ്ധത്തിൽ ഒരാൾക്കുള്ള ഓഹരിയും പ്രതിഫലവും താങ്കൾക്കു ലഭിക്കു'മെന്നു തിരുമേനി (സ) ഉസ്‌മാൻ (റ) നോടു പറയുകയുണ്ടായി. അബൂഉമാമത്‌ ഇബ്‌നുസഅ്‌ലബതുൽ അൻസാരി (റ) ആ സേനയോടൊപ്പം പുറപ്പെടുവാൻ ഒരുങ്ങുകയുണ്ടായി. പക്ഷെ, അദ്ദേഹത്തിന്റെ മാതാവു്‌ രോഗശയ്യയിൽ കിടക്കുകയായിരുന്നതിനാൽ, മാതാവിനു ശുശ്രൂഷ നൽകുവാനായി തിരുമേനി (സ) അദ്ദേഹത്തെ പറഞ്ഞയച്ചു. [ബദ്‌ർ യുദ്ധം കഴിഞ്ഞു തിരിച്ചുവരുമ്പോൾ ആ മാതാവു മരിച്ച വിവരം തിരുമേനി (സ) അറിയുകയും, നബി (സ) അവരുടെ ജനാസ നിസ്കരിക്കുകയും ചെയ്തു.] അബൂസുഫ്‌യാനും സംഘവും ഏതു വഴിക്കാണു്‌ വരുന്നതെന്നു ശ്രദ്ധമായി അറിഞ്ഞുവരുവാൻ തൽഹത്‌ ഇബ്‌നുഉബൈദില്ലാ (റ), സഅ്‌ദ്‌ ഇബ്‌നുസൈദ്‌ (റ) എന്നീ രണ്ടുപേരെ തിരുമേനി (സ) മദീനയിൽനിന്നു നേരത്തെ നിയോഗിച്ചിരുന്നു. ഈ വിവരം ശേഖരിപ്പാനായി അവർ പലേടത്തും ചുറ്റിസ്സഞ്ചരിച്ചു. അവസാനം, അബൂസുഫ്‌യാനും സംഘവും മക്കത്തു എത്തിക്കഴിഞ്ഞുവെന്ന വാർത്തയാണു്‌ അവക്കു ലഭിച്ചതു്‌. ആ വാർത്തയുമായി അവർ മദീനയിലേക്കു വരുമ്പോഴേക്കും തിരുമേനി (സ) യും സഹാബികളും ബദ്‌റിലേക്കു പുറപ്പെട്ടു കഴിഞ്ഞിരുന്നു. ഉടനെ ആ രണ്ടുപേരും ബദ്‌റിലേക്കു കുതിച്ചു. അവിടെ അവർ എത്തുമ്പോഴേക്കും തിരുമേനി (സ) യും സഹാബികളും യുദ്ധം കഴിഞ്ഞു മദീനയിലേക്കു യാത്രതിരിച്ചു കഴിഞ്ഞിരുന്നു. പക്ഷെ, യുദ്ധമുതലിന്റെ ഓഹരി അവക്കും നൽകപ്പെട്ടു. അപ്പോൾ പ്രസ്തുത രണ്ടുപേർ തിരുമേനി (സ) യോടു ഇപ്രകാരം ചോദിച്ചു:- 'അപ്പോൾ അല്ലാഹുവിന്റെ പക്കൽനിന്നുള്ള പ്രതിഫലമൊ?' തിരുമേനി (സ) പ്രതിവചിച്ചു:- 'അതും നിങ്ങൾക്കുണ്ടു്‌.'

ഹാരിസ്‌ (റ), ഹർസുബ്‌നുസ്സുമ്മത്‌ (റ) എന്നീ രണ്ടുപേരിൽ ഒരാളും, ഖുവ്വാതുബ്‌നുജുബൈർ (റ) വും യാത്രാമദ്ധ്യേ ഒട്ടകപ്പുറത്തുനിന്നു താഴെ വീണു ക്ഷതം പറ്റി. തന്മൂലം നബി (സ) തിരുമേനി അവരെ മദീനയിലേക്കു തിരിച്ചയച്ചു. (ഖുവ്വാതിബ്‌നുജുബൈർ (റ) വിന്റെ കാൽ റൌഹായിലൊ സഫ്‌റാഇലൊ വെച്ചു കല്ലോടടിച്ചു പരുക്കേൽക്കുകയാണു്‌ അദ്ദേഹം തിരിച്ചയക്കപ്പെട്ടതെന്നും പറയപ്പെട്ടിട്ടുണ്ട്‌.) ഇവർക്കും യുദ്ധമുതലിന്റെ ഓഹരി തിരുമേനി (സ) നൽകുകയുണ്ടായി. അങ്ങിനെ, ആകെ ഒമ്പതു പേരാണു്‌ യുദ്ധയാത്രയിൽനിന്നു തിരിച്ചയക്കപ്പെട്ടതും മുടക്കപ്പെട്ടതും. അവരിൽ ഉസ്‌മാൻ ഇബ്‌നുഅഫ്‌ഫാൻ (റ), തൽഹത്‌ (റ), സഈദ്‌ (റ) എ

ന്നീ മൂന്നുപേർ മുഹാജിർകളും ആറുപേർ അൻസാരികളുമായിരുന്നു. ബദ്ർ യുദ്ധത്തിന്നായുള്ള സേനയിൽ ഈ ഒമ്പതു പേർ കൂടി എണ്ണപ്പെട്ടിട്ടുണ്ടെങ്കിൽ, തിരുമേനി (സ) യോടൊപ്പം യുദ്ധരംഗത്തിലേക്കു യാത്രചെയ്തവരുടെ എണ്ണം മുന്നൂറിനാലാണെന്നു സിദ്ധിക്കുന്നു. ആകെ മുസ്ലിം സേനയിലുണ്ടായിരുന്ന മുന്നൂറിപതിമൂന്നു പേരിൽ എട്ടുപേർക്കു മുടക്കംസംഭവിച്ചുവെന്നും, ശേഷിച്ച മുന്നൂറഞ്ചുപേരാണ് തിരുമേനി (സ) യോടൊപ്പം യുദ്ധരംഗത്തിലെത്തിച്ചേർന്നതെന്നും പറയപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായം രേഖപ്പെടുത്തിയവർ മുടക്കം സംഭവിച്ചവരുടെ കൂട്ടത്തിൽ അബൂഉമാമത് (റ) വിനെ ഉൾപ്പെടുത്തിയിട്ടില്ല ആകെ മുസ്ലിം സേനയിൽ ഇരുന്നൂറിമുപ്പത്താറ് അൻസാർകളും എഴുപത്തേഴു മുഹാജിർകളുമാണുണ്ടായിരുന്നത്. അതായതു ആകെ, മുടങ്ങിയവരടക്കം മുന്നൂറിപ്പതിമൂന്നു പേർ. മിഖ്ദാദിബ്നുൽ അസ്വദ് (റ) വിന്നു സഖ്ഹത് എന്ന ഒരു കുതിരയും, അബൂമർസദ് (റ) വിന്നു സൈൽ എന്ന ഒരു കുതിരയും, സുബൈർ (റ) വിന്നു യഅ്സൂബ് എന്ന ഒരു കുതിരയും (ആകെ മൂന്നു കുതിരകൾ) മാത്രമെ ഉണ്ടായിരുന്നു. (ഈ യുദ്ധയാത്രയിൽ മിഖ്ദാദ് (റ), സുബൈർ (റ) എന്നിവരല്ലാതെ കുതിര ഉണ്ടായിരുന്നില്ലെന്നും പറയപ്പെട്ടിട്ടുണ്ട്. മുൻപറഞ്ഞ മൂന്നു കുതിരകൾക്കു പുറമെ നബി (സ) തിരുമേനിയുടെ രണ്ടു കുതിരകളുടക്കം ആകെ അഞ്ചു കുതിരകൾ ഉണ്ടായിരുന്നുവെന്നും പക്ഷാന്തരമുണ്ട്.) അലിയ്യിബ്നു അബീതാലിബ് (ക. വ) പറയുന്നു:- 'ബദ്ർ യുദ്ധത്തിൽ മിഖ്ദാദ് (റ) ഒഴികെ കുതിരക്കാർ ഉണ്ടായിരുന്നില്ല.' മിഖ്ദാദ് (റ) വല്ലാതെ മറ്റാരും കുതിരപ്പുറത്തു കയറി യുദ്ധം ചെയ്തിരുന്നില്ലെന്നും, കുതിര ഉള്ളവർ തന്നെ കാലാൾപ്പടയിൽ അണിനിരക്കുകയാണ് ചെയ്തിരുന്നതെന്നും, അഥവാ ആ സേനയിൽ അശ്വഭടനായി അദ്ദേഹമല്ലാതെ ഉണ്ടായിരുന്നില്ലെന്നുമാണ് അലീ (ക. വ.) യുടെ പ്രസ്താവനയുടെ താല്പര്യമെന്നു അലിയ്യിബ്നുബുർഹാനുദ്ദീനുൽ ഹലബിയ്യി (റ) അഭിപ്രായപ്പെട്ടിരിക്കുന്നു. ആകെ എഴുപതു ഒട്ടകങ്ങളാണ് ആ സേനക്കുണ്ടായിരുന്നതു്. ഒരു ഒട്ടകപ്പുറത്തു് രണ്ടും മൂന്നും നാലും ആളുകൾ കയറി യാത്ര ചെയ്യുകയുണ്ടായി. നബി (സ) തിരുമേനി ഒരു ഒട്ടകപ്പുറത്താണ് യാത്ര ചെയ്തിരുന്നതു്. തിരുമേനി (സ) യോടൊപ്പം അലീ (ക. വ.) യും അബൂലുബാബത് (റ) വും യാത്ര ചെയ്തു. അബൂലുബാബത് (റ) വിനെ വഴിയിൽവെച്ചു തിരിച്ചയച്ചശേഷം അദ്ദേഹത്തിന്റെ സ്ഥാനത്തു് മർസദ് (റ) യാത്ര ചെയ്യുകയുണ്ടായി. ഹംസ (റ) കയറിയ ഒട്ടകപ്പുറത്തു്, അദ്ദേഹത്തോടൊപ്പം സൈദിബ്നുഹാരിസത് (റ), കബ്ശത് (റ), ഉനൈസത് (റ) എന്നിവരും യാത്രചെയ്തു. അബൂബകർസിദ്ദീഖ് (റ), ഉമർഖത്താബ് (റ), അബ്ദുർറഹ്മാനിബ്നുഔഫ് (റ) എന്നിവർ ഒരു ഒട്ടകപ്പുറത്താണ് യാത്ര ചെയ്തതു്. ആഇശ (റ) പറയുന്നു:- 'ബദ്ർയുദ്ധക്കാലത്തു് ഒട്ടകങ്ങളുടെ കഴുത്തിൽനിന്നു ജിർസ് എന്ന കിങ്കിണി (ചിലമ്പു്) അഴിച്ചുകളവാൻ തിരുമേനി (സ) കല്പിച്ചു.' ഒമ്പതു കവചവും എട്ടു ഖഡ്ഗവും മാത്രമെ മുസ്ലിംസേനക്കുണ്ടായിരുന്നുള്ളു. തിരുമേനി (സ) യുടെ ദുൽഫുഖ്ൽ എന്ന കവചവും ഇളബ് എന്ന ഖഡ്ഗവും തിരുമേനി (സ) അണിയുകയുണ്ടായി. 'നാഥാ! എന്റെ സംഘം കാൽനടക്കാരാകുന്നു; അവരെ നീ വാഹനപ്പുറത്തു കയറ്റേണമെ. അവർ അങ്കിയില്ലാത്തവരാകുന്നു; അവരെ നീ അങ്കിയണിയിക്കേണമെ. അവർ വിശന്നവരാകുന്നു; നീ അവരുടെ വിശപ്പാറ്റിക്കൊടുക്കേണമെ. അവർ ദരിദ്രരാകുന്നു; നീ അവക്കു ഐശ്വര്യം കൊടുക്കേണമെ. ഇതെല്ലാം നിന്റെ അനുഗ്രഹത്താൽ

നീ അവർക്കു നൽകേണമെ എന്നിപ്രകാരം തിരുമേനി (സ) പ്രാർത്ഥിച്ചു. ഈ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. യുദ്ധംകഴിഞ്ഞു മദീനയിലേക്കു തിരിച്ചപ്പോൾ ഒന്നോ രണ്ടോ ഒട്ടകങ്ങളില്ലാത്ത ഒരു വ്യക്തിപോലും മുസ്‌ലീംകളിൽ ഉണ്ടായിരുന്നില്ല. അനേകം അങ്കികളും വിലപിടിച്ച വസ്തുക്കളും ദ്രവ്യങ്ങളും ഭക്ഷ്യസാധനങ്ങളും യുദ്ധമുതലുകളായി അവർക്കു ലഭിക്കുകയുണ്ടായി.

നാല്പതു പേരടങ്ങിയ അബൂസുഫ്‌യാന്റെ കച്ചവടസംഘം തിരിച്ചുവരുമ്പോൾ അവരെ തടയുക എന്നതു മാത്രമായിരുന്നു മുസ്‌ലിംകളുടെ ഉദ്ദേശ്യം. തന്നിമിത്തം അതിനാവശ്യമായ സന്നാഹം മാത്രമെ മുസ്‌ലീംകൾ ചെയ്തിരുന്നുള്ളു. തിരുമേനിയും സംഘവും മദീനയിൽനിന്നു മക്കയിലേക്കുള്ള മാർഗ്ഗത്തിലൂടെ യാത്ര തിരിച്ചു. ഉഖൈഖ്, ദുൽഖുലൈഫ്, ദാതുൽജൈശ്, അമീർ, സഫീറാൻ, സയാലത്, ശകൂതത് എന്നീ പ്രദേശങ്ങളെ അവർ തരണം ചെയ്തു. അബൂസുഫ്‌യാന്റെ കച്ചവടസംഘത്തെക്കുറിച്ചു ആ പ്രദേശങ്ങളിൽ നിന്നു ഒരു വിവരവും ലഭിച്ചില്ല. മുസ്‌ലിം സംഘം യാത്ര തുടർന്നു. റൌഹാഅ് എന്ന സ്ഥലത്തിന്നടുത്തെത്തിയപ്പോഴേക്കും രിഫാഅത്ത് (റ), ഖല്ലാദ് (റ), ഉഖൈദിബ്നയസീദ് (റ) എന്നിവർ കയറിയ ഒട്ടകത്തിന്നു ക്ഷീണം ബാധിച്ചു. ഒട്ടകം മുട്ടുകുത്തി. തിരുമേനി (സ) വായിൽ കുപ്പിളിച്ച വെള്ളം ആ ഒട്ടകത്തിന്റെ വായിലും ശരീരത്തിലും ഒഴിച്ചപ്പോൾ ഒട്ടകം എഴുന്നേല്ക്കുകയും ഉത്സാഹപൂർവ്വം അതിശീഘ്രം നടക്കുകയുമുണ്ടായി. അങ്ങിനെ ആ സംഘം റൌഹായിൽ എത്തിച്ചേർന്നു. ബീർറൌഹാ എന്ന വിശ്രുതസങ്കേതത്തിൽ, സജ്‌സജ് എന്ന കിണറിന്നടുത്തുള്ള സുഖവാസസ്ഥലത്തു ആ സംഘം വിശ്രമിച്ചു. അബൂസുഫ്‌യാന്റെ വിവരം ശേഖരിപ്പാൻ വിശ്വസ്തനായ ഒരു ഒറുകാരനെ കണ്ടുകിട്ടുവാൻ അവർ ഒരു ശ്രമം നടത്തി. ഖുറൈശികളുടെ വിശ്വസ്തസുഹൃത്തായ ഇബ്നുൽഉറൈഖത് എന്ന ആളെ അവർ കണ്ടുപിടിച്ചു. അദ്ദേഹം അറിയാതെ ഒരു കാര്യവും ആ പ്രദേശത്തെങ്ങും നടക്കാറുണ്ടായിരുന്നില്ല. അബൂസുഫ്‌യാനും കൂട്ടുകാരും ശാമിൽനിന്നു മടങ്ങി മക്കത്തേക്കു പോയിക്കഴിഞ്ഞുവെന്നു അദ്ദേഹത്തിൽനിന്നു അവർ മനസ്സിലാക്കി.

അതെ അവസരത്തിൽ, ഖുറൈശികൾ യുദ്ധത്തിന്നൊരുങ്ങിപ്പുറപ്പെട്ട വസ്തുത തിരുമേനി (സ) യും മനസ്സിലാക്കി. പക്ഷെ, ആ വിവരം തിരുമേനി (സ) മറാരെയും അറിയിച്ചില്ല. തിരുമേനി (സ) ബദ്ധപ്പെട്ട റൌഹാ എന്ന സ്ഥലം വിട്ടുകയും മുൻസരിഫ് എന്ന സ്ഥലത്തു എത്തിച്ചേരുകയും ചെയ്തു. അവിടെനിന്നു ഇടത്തോട്ടുള്ള വഴിയിലൂടെ നീങ്ങിയാൽ മക്കയിൽ എത്തിച്ചേരും. തിരുമേനി (സ) ആ വഴിക്കു തിരിയാതെ ഇടതുഭാഗത്തുള്ള ഉൾവഴിയിലൂടെ യാത്ര തുടർന്നു. ശത്രുക്കളെ നേരിടുന്നതിന്നായി ബദ്റിൽ എത്തിച്ചേരുവാനാണ് തിരുമേനി (സ) ഈ വഴിക്കു തിരിച്ചതു. തിരുമേനി (സ) യുടെ മുഴുവൻ ശ്രദ്ധയും ശത്രുസേനയുടെ നീക്കത്തിൽ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. സഫ്റാഅ് എന്ന നാട്ടിന്നടുത്തുള്ള മളീഖ് എന്ന പെരുത്തായ ഇടുക്കിന്റെയും നാസില എന്ന മലയുടെയും ഇടയിലുള്ള റഹ്ഖാൻ എന്ന ഇടുങ്ങിയ സ്ഥലത്തെ തരണം ചെയ്തു, മളീഖ് എന്ന കയറ്റം താണ്ടി സഫ്റായിൽ അവർ എത്തിച്ചേർന്നു. അവിടെനിന്നു തിരുമേനി (സ) രണ്ടു ഒറുകാരെ സമ്പാദിച്ചു സാഇദ എന്ന ഗോത്രത്തിന്റെ തലവനായ ബസ്‌ബസീബ്നു ഉമറുൽജുഹ്നീ, ബനൂനജ്ജാർ ഗോത്രക്കാരനായ ഉദയ്യിബ്നു അബ്ബിർഗ്ബാഅ് എന്നിവരായിരുന്നു ആ രണ്ടു പേർ. അബൂസുഫ്‌യാന്റെയും 'മറവും' വിവരങ്ങളും അറിഞ്ഞു

വരിക എന്ന നിർദ്ദേശത്തോടുകൂടി തിരുമേനി (സ) അവരെ ബദ്‌റിലേക്ക പറഞ്ഞയച്ചു. തിരുമേനി (സ) യുടെ 'മറവ്' എന്ന പദം കൂടുതൽ അർത്ഥവത്തായിരുന്നു. അവർ പല സ്ഥലത്തും അന്വേഷിച്ചന്വേഷിച്ച ബദ്‌റിന്നടുത്തുള്ള ഒരു സ്ഥലത്തെത്തി. മജ്ദിയ്യിബ്‌നു ഉമർ എന്ന ആളെ അവർ അവിടെ കണ്ടു. അടുത്തുള്ള കിണറ്റിൽനിന്നു വെള്ളം കോരുകയായിരുന്ന ഒന്നരണ്ടു സ്ത്രീകൾ തമ്മിലുണ്ടായ വഴക്കു പറഞ്ഞൊതുക്കുകയായിരുന്നു അദ്ദേഹം. ഒരു സ്ത്രീ മറ്റവളോടു കടം വാങ്ങിയ പണം തിരിച്ചുകൊടുക്കാത്തതിനെ സംബന്ധിച്ചായിരുന്നു വഴക്ക്. അബൂസുഫ്‌യാനും കൂട്ടുകാരും ശാമിൽനിന്നു തിരിച്ചുവരുമ്പോൾ ഇവിടെ തങ്ങുമെന്നും അപ്പോൾ അവക്കു എന്തെങ്കിലും ജോലി ചെയ്തുകൊടുത്തു കൂലി വാങ്ങി കടം വീട്ടാമെന്നും അധമൻ പറഞ്ഞതനുസരിച്ചു അവധി അനുവദിപ്പാൻ മജ്ദി നിർദ്ദേശിച്ചതു ഉത്തമമെന്നു സ്വീകരിച്ചു. അങ്ങിനെ ആ വഴക്കൊതുങ്ങി. ഈ വിവരം ഒറ്റുകാർ നബി (സ) തിരുമേനിയെ അറിയിച്ചു. അബൂസുഫ്‌യാൻ കടന്നുകളഞ്ഞ വസ്തുത തിരുമേനി (സ) ക്കു അറിയാമായിരുന്നു. യുദ്ധത്തിനു പുറപ്പെട്ട ഖുറൈശികളിലായിരുന്നു തിരുമേനി (സ) യുടെ ശ്രദ്ധ. തിരുമേനി (സ) സഫ്‌റാഇൽനിന്നു മുമ്പോട്ടു നീങ്ങി. അവർ ഒരു മലഞ്ചരിവിലെത്തി. ഇരുഭാഗത്തുള്ള മലകളുടെ പേർ മസ്‌ലഹ്, മഹ്‌സീ എന്നിപ്രകാരമാണെന്നും, അവയിൽ വസിക്കുന്ന ഗോത്രക്കാരുടെ പേർ ബനൂനാർ എന്നും ബനൂഹറാഖത് എന്നും ആണെന്നും മനസ്സിലായപ്പോൾ ഉഭയനാമങ്ങളാൽ അറിയപ്പെട്ട ആ വഴിയിലൂടെ മുമ്പോട്ടു നീങ്ങാതെ, ദഫ്‌റാൻ എന്ന മലച്ചെരുവിലൂടെ സഞ്ചരിച്ചുകൊണ്ടു തിരുമേനി (സ) യും സംഘവും മസ്‌ജിദ് ദഫ്‌റാൻ എന്ന് പള്ളിയിൽ എത്തിച്ചേർന്നു. അവിടെ വെച്ചാണ് ഖുറൈശികളുടെ യുദ്ധപുറപ്പാടിനെസ്സംബന്ധിച്ച വിശദവിവരങ്ങൾ തിരുമേനി മനസ്സിലാക്കിയതു. അത്തരം ഒരു യുദ്ധത്തിനുള്ള യാതൊരു സന്നാഹവും മുസ്‌ലിംകൾ ചെയ്തിരുന്നില്ല." ഒന്നുകിൽ ഖുറൈശികളുടെ ഒട്ടകം മുതലായ സ്വത്തുക്കൾ, അല്ലെങ്കിൽ അവരിൽനിന്നുള്ള യുദ്ധത്തടവുകാർ, ഇവ രണ്ടിൽ ഒന്നു താങ്കൾക്കു അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു" വെന്ന സന്ദേശം നൽകിക്കൊണ്ടു ജിബ്‌രീൽ (അ) നബി (സ) യെ ധൈര്യപ്പെടുത്തി. പ്രതീക്ഷിച്ച ഒട്ടകക്കൂട്ടം കടന്നുകളയുകയും യുദ്ധത്തിന്നായി സൈന്യം മുമ്പോട്ടുവരികയും ചെയ്തതായി അറിഞ്ഞപ്പോൾ തിരുമേനി (സ) ആന്തരീകമായി സന്തോഷിക്കുകയാണു ചെയ്തതു. പക്ഷെ, മുൻകൂട്ടിയുള്ള അറിവൊ ഒരുക്കമൊ കൂടാതെ ഒരു യുദ്ധത്തെ നേരിടുക എന്നതു ഗൌരവാവഹമായ ഒരു പ്രശ്നമായിരുന്നു. ആകയാൽ ഈ വിഷയത്തിൽ സഹാബിമാരുടെ ഹിതമറിവാൻ തിരുമേനി (സ) ആഗ്രഹിച്ചു. 'അബൂസുഫ്‌യാന്റെ ഒട്ടകസംഘത്തെ തേടിക്കൊണ്ടാണു നാം പുറപ്പെട്ടതു. അബൂസുഫ്‌യാനും സംഘവും കടന്നുപോയി. ഇപ്പോൾ ഖുറൈശികൾ നമ്മോടു യുദ്ധത്തിനു പുറപ്പെട്ടിരിക്കുകയാണു. ഒന്നുകിൽ അബൂസുഫ്‌യാന്റെ ഒട്ടകങ്ങളെ, അല്ലെങ്കിൽ ഖുറൈശികളുടെ ശരീരങ്ങളെ നമുക്കു നൽകുമെന്നു അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു ഈ വിഷയത്തിൽ നിങ്ങളുടെ അഭിപ്രായം അറിവാൻ ഞാൻ ആഗ്രഹിക്കുന്നു' എന്നിപ്രകാരം തിരുമേനി (സ) സഹാബികളോടു പറഞ്ഞു. 'നാം യുദ്ധത്തിനു ഒരുങ്ങി വന്നിട്ടില്ലാത്തതുകൊണ്ടു യുദ്ധത്തെ നേരിടാതെ, ഒട്ടകക്കൂട്ടത്തെ അന്വേഷിക്കുന്നതാണു ഉത്തമ'മെന്നു ചിലർ അഭിപ്രായപ്പെട്ടു. 'ഇങ്ങിനെ സംഭവിക്കുമെന്നു അറിഞ്ഞിരുന്നെങ്കിൽ ഞങ്ങളും യുദ്ധത്തിനു ഒരുങ്ങി പുറപ്പെട്ടു

മായിരുന്നപ്പോ'എന്നു മാറു പിലർ പ്രസ്താവിച്ചു. യുദ്ധത്തെ നേരിടാതെ പിന്മാറിക്കളവാനുള്ള ആഗ്രഹമാണു് അവരുടെ വാക്കുകളിൽ പ്രകടമായിരുന്നതു്. അബൂബകർ സിദ്ദീഖ് (റ) നബി (സ) തിരുമേനിയുടെ അന്തരംഗം മനസ്സിലാക്കിക്കൊണ്ടു സരളമായ നിലയിൽ സ്ഥിതിഗതികളുടെ നാനാവശങ്ങളെ വിശദീകരിച്ചുകൊണ്ടു സംസാരിച്ചു. ഉമർഖത്താബ് (റ) വും അതെനിലയിൽ സംസാരിച്ചു. മുഹാജിർകളുടെ അഭിപ്രായമറിയുന്നതിന്നുമുമ്പു് അൻസാർകളുടെ അഭിപ്രായമാണു് തിരുമേനി (സ) ക്കു അറിവുണ്ടായിരുന്നതു്. അൻസാർകളും തിരുമേനി (സ) യും തമ്മിലുണ്ടായ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ, മദീനയിൽവെച്ചു തിരുമേനി (സ) ക്കുണ്ടാവുന്ന എതിർപ്പുകളെ നേരിടേണ്ടുന്ന ബാദ്ധ്യത മാത്രമെ അൻസാർകൾക്കുണ്ടായിരുന്നുള്ള. മറുനാടുകളിൽചെന്നു തിരുമേനി (സ) യോടൊപ്പം യുദ്ധം ചെയ്യുവാനുള്ള ബാദ്ധ്യത ആ ഉടമ്പടിപ്രകാരം അവർ ഏറ്റെടുത്തിരുന്നില്ല.

അബൂഅയ്യൂബുൽ അൻസാരി (റ) ഇപ്രകാരം പറഞ്ഞതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു:- 'തിരുമേനി (സ) ഒരു ദിവസം മദീനയിൽവെച്ചു അബൂസുഫ്‌യാന്റെ ഒട്ടകസംഘത്തെക്കുറിച്ചു ഞങ്ങളോടു പറയുകയും, ആ മുതലുകൾ യുദ്ധമുതലായി നമുക്കു നൽകുവാനും നമ്മെ രക്ഷപ്പെടുത്തുവാനും അല്ലാഹു മതിയായവനാകുമെന്നു ഞങ്ങളെ അറിയിക്കുകയും ചെയ്തു. നിങ്ങൾ ഞങ്ങളോടൊപ്പം വരുന്നുണ്ടോ എന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, 'ഉവ്വ്' എന്നു ഞാൻ മറുപടി നൽകി. ഞങ്ങൾ മദീനയിൽനിന്നു പുറപ്പെട്ടു. ഒന്നരണ്ടു നാൾ നടന്നു കഴിഞ്ഞപ്പോൾ "ഇനി ഖുറൈശികളുമായി യുദ്ധത്തിന്നൊരുങ്ങിക്കൊള്ളുക" എന്നു തിരുമേനി (സ) ആജ്ഞാപിച്ചു. അപ്പോൾ, "അവരോടു യുദ്ധം ചെയ്യുവാൻ ഞങ്ങളാൽ ആവുകയില്ല" എന്നു ഞാൻ മറുപടി പറഞ്ഞു."

ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു, "മുഅ്മിൻകളിൽ ഒരു കക്ഷി, തങ്കളുടെ ഹിതത്തിൽ അഹിതം പ്രദർശിപ്പിച്ചു" എന്നർത്ഥമുള്ള ഒരു ആയത്തു് അവതരിക്കുകയുണ്ടായി.

തിരുമേനി (സ) ഈ വിഷയത്തിൽ അൻസാർകളുടെ അഭിപ്രായം ആരാഞ്ഞപ്പോൾ, മിഖ്ദാദിബ്നു ഉമർ (റ) ഇപ്രകാരം പ്രസ്താവിച്ചു:-"യാറസൂലല്ലാ, അല്ലാഹു കല്പിച്ചേടത്തേക്കു തങ്കൾ നടക്കുക. ഞങ്ങൾ തങ്കളോടൊപ്പംതന്നെ ഉണ്ടു്. പടച്ചവനാണെ സത്യം, "തങ്കളും തങ്കളുടെ റബ്ബുംപോയി യുദ്ധം ചെയ്തുകൊള്ളുക. ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം" എന്നു മൂസാനബി (അ) യോടു ബനൂ ഇസ്രാഈൽ ഗോത്രക്കാർ പറഞ്ഞതുപോലെ, പറയുന്നവരല്ല ഞങ്ങൾ. ഞങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തങ്കളോടൊപ്പം യുദ്ധം ചെയ്യുന്നവരാണു്." ഇതു മിഖ്ദാദ് (റ) വിന്റെ സ്വന്തമായ അഭിപ്രായം മാത്രമാണൊ എന്നറിവാനായി തിരുമേനി (സ) അൻസാർകളുടെ അഭിപ്രായം ഒരിക്കൽക്കൂടി ആരാഞ്ഞു. അപ്പോൾ ഖസ്റജ്ഗോത്രത്തലവനും അൻസാർകളുടെ നേതാവുമായ സഅ്ദിബ്നു മആദ് (റ) ഇപ്രകാരം ബോധിപ്പിച്ചു. 'തമ്പുരാനാണെ സത്യം, ഞങ്ങൾ തങ്കളിൽ വിശ്വസിച്ചവരാണു്. തങ്കൾ സത്യപ്രവാചകനാണെന്നും തങ്കൾ കൊണ്ടുവന്ന മാർഗ്ഗം സത്യമാർഗ്ഗമാണെന്നും ഞങ്ങൾ വിശ്വസിച്ചു; ആന്തരീയമായും ബാഹ്യമായും ദൃഢമായിത്തന്നെ ഞങ്ങൾ വിശ്വസിച്ചു. യാതൊരു സങ്കോചവും സന്ദേഹവും കൂടാതെ തങ്കളുമായി ഞങ്ങൾ ഉടമ്പടിയിലേർപ്പെട്ടുകയും ഞങ്ങളുടെ പിന്തുണ വാഗ്ദത്തം ചെയ്യുകയുണ്ടായി. അതുകൊണ്ടു്, യാറസൂലല്ലാ, ഞങ്ങളുടെ വംശം അന്നും ഇന്നും

എന്നും താങ്കൾക്ക വഴിപ്പെട്ടവരാകുന്നു. (അബ് സീനിയായിലെ അതിദുർഘടപ്രദേശമായ) ബർകൽ ഇമാദിലേക്ക താങ്കൾ ഞങ്ങളെ നയിച്ചാൽ ഞങ്ങൾ അവിടെപ്പോകാൻ മടിക്കുകയില്ല. ഞങ്ങളിൽപ്പെട്ട ഒരൊറ പുരുഷനും താങ്കളിൽ നിന്നു പിന്തിരിയുകയില്ല. ക്ലേശങ്ങളും സഹിപ്പാനും യുദ്ധത്തിൽ ദൃഢചിത്തരായി നിലകൊള്ളുവാനും ഞങ്ങൾക്കുള്ള കഴിവ് പ്രായോഗികമായിത്തന്നെ കാണുവാൻ അല്ലാഹു താങ്കൾക്ക അവസരം നൽകട്ടെ. ഞങ്ങൾ താങ്കളുടെ മുമ്പിലും പിമ്പിലും ഇടഭാഗത്തും വലഭാഗത്തും സദാ സന്നദ്ധരായിരിക്കും.''

ഖസ്റജ് ഗോത്രത്തലവനായ സഅ്ദ് ബ്നു ഉബാദത് (റ) ഇപ്രകാരം അറിയിച്ചു:- ''യാറസൂലല്ലാ, (യമനിലെ ദുർഘടസ്ഥലമായ) അഭൻ അബൈൻ എന്നിടത്തു യുദ്ധത്തിനുപുറപ്പെട്ടുവാനാണ് താങ്കൾ ആജ്ഞാപിച്ചതെങ്കിൽ, സന്തോഷപൂർവ്വം അങ്ങോട്ട പുറപ്പെട്ടുവാൻപോലും ഒരുക്കമുള്ളവരാണ് ഞങ്ങൾ. ഞങ്ങളിൽപ്പെട്ട ഒരു പുരുഷൻപോലും പിന്തിരിയുകയില്ല.'' * മുസ്ലിം (റ) ഈ പ്രസ്താവന ഉദ്ധരിക്കുകയും, അൽഹാഫിളിബ്നുഹജർ (റ) അതിനോട്ട യോജിക്കുകയും ചെയ്തിട്ടുണ്ട്. അൻസാർകളുടെ നിലപാട് തിരുമേനി (സ) യെ സന്തോഷിപ്പിച്ചു.

'അല്ലാഹു ഒട്ടകസംഘത്തെയൊ യുദ്ധവിജയത്തെയൊ നമുക്ക് നൽകുമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ വാക്കുകൾക്ക് മാറ്റം സംഭവിക്കുകയില്ല. ബദ്റിൽ ശത്രുക്കൾ മരിച്ചുവീഴുന്ന സ്ഥലങ്ങൾ ഞാൻ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു' എന്നിപ്രകാരം തിരുമേനി (സ) വീണ്ടും പ്രസ്താവിച്ചു. ബദ്റിലെത്തിയപ്പോൾ ആ സ്ഥലങ്ങൾ തിരുമേനി സഹാബികൾക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു. ഉമർഖത്താബ് (റ) പറയുന്നു:- 'ബദ്റിൽവെച്ച് ഖുറൈശികളെ തള്ളിയിടുന്ന സ്ഥലങ്ങൾ നബി (സ) വ്യക്തമായി ഞങ്ങൾക്ക കാണിച്ചു തന്നു. ഇന്നിന്നവൻ ഇന്നേടത്തിന്നേടത്തു വീഴുമെന്നു തിരുമേനി (സ) വിരൽ ചൂണ്ടിക്കൊണ്ട് ഞങ്ങൾക്ക പറഞ്ഞു തന്നു. തിരുമേനി (സ) ചൂണ്ടിക്കാണിച്ച സ്ഥലത്തുനിന്നു അണുമാത്രം തെറ്റാതെ നിർദ്ദിഷ്ടസ്ഥലങ്ങളിൽ തന്നെ അവരിൽ ഓരോരുത്തരും മരിച്ചു വീണു'.

തിരുമേനി (സ) യുദ്ധത്തിന്റെ മഹാത്മ്യങ്ങളെ സഹാബികൾക്ക് വിവരിച്ചുകൊടുത്തു. അതുകേട്ട സഹാബിമാരുടെ ഹൃദയങ്ങളിൽ സന്തോഷവും ധീരതയും വർദ്ധിച്ചു തിരുമേനി (സ) യും സഹാബികളും ഉപ്പാൻ എന്ന സ്ഥലത്തുനിന്നു വീണ്ടും യാത്ര തുടരുകയും ബദ്റിന്നടുത്ത ഒരു സ്ഥലത്തു ഇറങ്ങുകയും ചെയ്തു. തിരുമേനി (സ)യും അബൂബക്കർസിദ്ദീഖ് (റ) വും കുതിരപ്പുറത്തു കയറി ആ പ്രദേശത്തു കൂടി ചുറ്റുമ്പോൾ സുഫ്യാ എന്ന പേരുള്ള വൃദ്ധനായ ഒരു അറബിയെ കണ്ടുമുട്ടി. (ഇദ്ദേഹം ഇസ്ലാംമതം വിശ്വസിച്ചതായി അറിഞ്ഞിട്ടില്ലെന്നു നൂർ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.)

'താങ്കൾ മുഹമ്മദ് നബിയും സഹാബിമാരും ഈ വഴിക്ക് വരുന്നുണ്ടെന്നോ ഖുറൈശികൾ ഈ വഴിക്ക് വരുന്നുണ്ടെന്നോ കേട്ടിട്ട

---

* സഅ്ദിബ്നു ഉബാദത് (റ) ഇപ്രകാരം പ്രസ്താവിച്ചതു ഹുദൈബിയ്യ യുദ്ധത്തിലാണെന്നു തിബ്റാനീ (റ) പറയുന്നു. ബദ്റിൽ അദ്ദേഹം പങ്കെടുത്തിട്ടില്ലെന്നാണ അദ്ദേഹത്തിന്റെ പക്ഷം. അദ്ദേഹം യുദ്ധയാത്രക്കൊരുങ്ങുകയും മാറുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്തു. ഒടുവിൽ ഒരു പാറ്റു കടി ഏറ്റതിനാൽ യുദ്ധത്തിന്നു പുറപ്പെടുവാൻ സാധിച്ചില്ല എന്നാണ സുർഖാനീ (റ) വിന്റെ പക്ഷം. യുദ്ധത്തിൽ അദ്ദേഹം സംബന്ധിച്ചിരുന്നില്ലെങ്കിലും യുദ്ധമുതലിന്റെ ഓഹരി അദ്ദേഹത്തിന്നും നൽകപ്പെട്ടിരുന്നുവെന്നു സുർഖാനീ (റ) പ്രസ്താവിച്ചിരിക്കുന്നു.

ണ്ടോ' എന്ന് തിരുമേനി (സ) ആ വൃദ്ധനോട് ചോദിച്ചു. അതിനു മറുപടിയായി 'നിങ്ങളാരാണെന്നാലും പറഞ്ഞാൽ ആ വിവരങ്ങളൊക്കെ ഞാൻ പറയാം' എന്ന് വൃദ്ധൻ പറഞ്ഞു. 'എന്റെ ചോദ്യത്തിനു താങ്കളാണ് ആദ്യം ഉത്തരം നൽകേണ്ട'തെന്നു തിരുമേനി (സ) പറഞ്ഞു. അപ്പോൾ ആ വൃദ്ധൻ ഇപ്രകാരം പറഞ്ഞുതുടങ്ങി:- 'മുഹമ്മദ് നബിയും സഹാബികളും ഇന്ന ദിവസം പുറപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞുകേട്ടു. അങ്ങിനെയാണെങ്കിൽ, അവർ ഇപ്പോൾ ഇന്ന സ്ഥലത്തു് എത്തിയിരിക്കണം (തിരുമേനിയും സംഘവും ഇറങ്ങിയ സ്ഥലത്തെ ഉദ്ദേശിച്ചുകൊണ്ടാണ് ഇന്ന സ്ഥലം എന്നു പറഞ്ഞതു്). ഖുറൈശികൾ ഇന്ന ദിവസം പുറപ്പെട്ടിട്ടുണ്ടെന്നു് കേട്ടു. അങ്ങിനെയാണെങ്കിൽ ഇന്നു് അവർ ഇന്നേടത്തു് എത്തിയിട്ടുണ്ടായിരിക്കണം. (അദ്ദേഹം പറഞ്ഞ സ്ഥലത്തു് അന്നു് ഖുറൈശികൾ എത്തിക്കഴിഞ്ഞിരുന്നു)

താങ്കൾ എവിടെനിന്നാണെന്നു് വീണ്ടും വൃദ്ധൻ ചോദിച്ചപ്പോൾ, 'മാഇൽനിന്നു്' എന്നു് അബൂബകർ (റ) മറുപടി പറഞ്ഞു. രണ്ടർത്ഥമുള്ള ഒരു വാക്കായിരുന്നു അതു്. ഇറാഖിൽ മാഅ് എന്ന ഒരു സ്ഥലമുണ്ടു്. ഇന്ദ്രിയം എന്നും ആ വാക്കിനർത്ഥമുണ്ടു്.

ഈ സംഭവം കഴിഞ്ഞ ഉടനെ തിരുമേനി (സ) സഹാബിമാരുടെ അടുക്കലേക്ക് തിരിച്ചുചെന്നു. അലിയ്യിബ്നു അബീതാലിബ് (ക. വ.), സുബൈറിബ്നുൽ അവ്വാം (റ), സഅ്ദിബ്നുഅബീവഖ്ഖാസ് (റ) എന്നിവരെയും മറ്റു ചിലരെയും ബദ്റിലേക്കു വിവരങ്ങൾ അറിഞ്ഞുവരുവാൻ നിയോഗിച്ചു. അവർ ബദ്റിൽ വെള്ളമുള്ള സ്ഥലത്തെത്തിയപ്പോൾ, കുറേ ഖുറൈശികൾ ഒട്ടകപ്പുറത്തു വെള്ളം കയറ്റുന്നതായി കണ്ടു. മുസ്‌ലിംകൾ അവരെ സമീപിച്ചപ്പോൾ അവർ ഓടിക്കളഞ്ഞു. ബനൂൽഹജ്ജാജിന്റെ അടിമയായ അസ്‌ലമിനെയും, ബനൂൽആസിയുടെ അടിമയായ അബീസിനെയും മുസ്‌ലിംകൾ പിടികൂടുകയുണ്ടായി. ഓടിപ്പോയവരിൽ അബൂസുഫ്യാൻ എന്ന ആളാണു് ആദ്യമായി ഖുറൈശികളുടെ അടുത്തെത്തിയതു്. അയാൾ ഖുറൈശികളോടു് ഇപ്രകാരം പറഞ്ഞു:- 'ഗാലിബിന്റെ സന്തതികളായ ബഹുമാന്യരെ, ഇബ്നുഅബീകബ്ശും സംഘവും ഇതാ, അടുത്തെത്തിക്കഴിഞ്ഞു. നമ്മുടെ കുറെ ആളുകളെയും ഒട്ടകങ്ങളെയും അവർ പിടിച്ചിരിക്കുന്നു. കലാപം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. (അബൂകബ്ശ് എന്ന പ്രയോഗത്തിന്റെ സാരം ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്.) ഇതു കേട്ടപ്പോൾ ഖുറൈശികളിൽ നിന്നു ചില വീരന്മാർ സംഭവസ്ഥലത്തേക്കു കുതിച്ചു. അപ്പോഴേക്കും മുസ്‌ലിംകൾ സ്ഥലം വിട്ടു കഴിഞ്ഞിരുന്നു. മേല്പറഞ്ഞ രണ്ടു അടിമകളെ അവിടെയെങ്ങും അവർ കാണുകയുണ്ടായില്ല. സഹാബികൾ ആ അടിമകളെയുംകൊണ്ടു താവളത്തിൽ ചെന്നപ്പോൾ തിരുമേനി (സ) നിസ്കരിക്കുകയായിരുന്നു. തന്നിമിത്തം സഹാബികളിൽ ചിലർ ആ അടിമകളെ ചോദ്യം ചെയ്തു. 'നിങ്ങൾ ആരാ'ണെന്നു ചോദിച്ചപ്പോൾ, 'ഞങ്ങൾ ഖുറൈശികൾക്കു വെള്ളം കെട്ടുന്നവരാ"ണെന്നു അവർ ഉത്തരം നൽകി. ആ അടിമകൾ അബൂസുഫ്യാന്റെ സംഘത്തിൽപ്പെട്ടവരാണെന്നായിരുന്നു മുസ്‌ലിംകളുടെ ധാരണ. ആകയാൽ അവർ കളവു പറയുകയാണെന്നു വിശ്വസിച്ചുകൊണ്ടു സഹാബികളിൽ ചിലർ അവരെ മർദ്ദിച്ചു. മർദ്ദനത്തിൽനിന്നു മോചനം ലഭിപ്പാനായി 'ഞങ്ങൾ അബൂസുഫ്യാന്റെ സംഘത്തിൽപ്പെട്ടവരാ'ണെന്നു അവർ സമ്മതിച്ചു. സഹാബികൾ മർദ്ദനം നിറുത്തി. നിസ്കാരത്തിൽ നിന്നു വിരമിച്ച ശേഷം അവരെ സമീപിച്ചുകൊണ്ടു തിരുമേനി ഇപ്രകാരം പറഞ്ഞു:- "ഇവർ സത്യം പറഞ്ഞപ്പോൾ നിങ്ങൾ അവരെ മർദ്ദിച്ചു. അസത്യം പറഞ്ഞപ്പോൾ വെറുതെ വിടുകയും ചെയ്തു." അനന്തരം

ന്തരം തിരുമേനി താഴെ കാണും പ്രകാരം അവരുമായി സംഭാഷണം നടത്തി:—

തിരുമേനി (സ):— "ഖുറൈശികൾ എവിടെയാണ് താവളമടിച്ചിട്ടുള്ളത്?"

അടിമകൾ :— 'ഇക്കാണുന്ന അഖൻഖൽ എന്ന കുന്നിനപ്പുറത്തു ഉദ്‌വത്തുൽഖുസ്‌വാ എന്ന സ്ഥലത്ത്.'

തിരു:— 'അവർ എത്ര പേരുണ്ട്?"

അടി:— 'ധാരാളം പേരുണ്ട്. എണ്ണത്തിലും ശക്തിയിലും മികച്ച ഒരു സേനയാണത്.'

തിരു:— 'ഏതാണ്ട് എത്ര ആളുകളുണ്ടാവും?'

അടി:— "പറയുവാൻ കഴിയുകയില്ല."

തിരു:— "ഒരുദിവസം അവർ എത്ര ഒട്ടകങ്ങളെ അറുക്കും?"

അടി:— "ചിലപ്പോൾ പത്ത്; ചിലപ്പോൾ ഒമ്പത്."

(എങ്കിൽ തൊള്ളായിരത്തിന്നും ആയിരത്തിന്നും ഇടയിൽ എണ്ണംവരുന്ന ആളുകളാണ് ഖുറൈശികളുടെ സേനയിൽ ഉള്ളതെന്നു തിരുമേനി (സ) സഹാബികളോട പറഞ്ഞു.)

തിരു:— "അക്കൂട്ടത്തിൽ ഖുറൈശി നേതാക്കളിൽപ്പെട്ട ആരെല്ലാമാണുള്ളത്?"

അടി:— "ഉത്‌ബതിബ്‌നുറബീഅത്, ശൈബതിബ്‌നുറബീഅത്, അബുൽബഹ്തരീഇബ്‌നുഹിശാം, അദ്ദേഹത്തിന്റെ അനുജനായ അബൂജഹൽ, ഹകീമിബ്‌നുഹിസാം, നൌഫലിബ്‌നുഖുവൈലിദ്, ഹർസീബ്‌ന ആമിറിബ്‌നുനൌഫൽ, തുഐമതിബ്‌ന ഉദയിബ്‌നുനൌഫൽ, അന്നള്റിബ് നൽഹർസ്, സംആതിബ്‌നുൽ അസ്‌വദ്, ഉമയ്യതിബ്നുഖലഫ്, നബീഹിബ്‌നുൽഹജ്ജ്, അയാളുടെ സഹോദരൻ മുനബ്ബിഹ്, സുഹൈലിബ്ന അംറുൽആമിരിയ്യി, (ഇദ്ദേഹം മക്കാ വിജയവേളയിൽ മുസ്‌ലിമായി) അംറിബ്ന വുദ്ദ്."

(ഇതുകേട്ടപ്പോൾ തിരുമേനി (സ) സഹാബികളോട പറഞ്ഞു:— "മക്ക അതിന്റെ കരം കുഷണിച്ചു നിങ്ങളുടെ മുമ്പിൽ ഇതാ ഇട്ടിരിക്കുന്നു.")

(പ്രസ്തുത സംഭവം ചരിത്രകാരന്മാർ ഭിന്ന നിലകളിൽ രേഖപ്പെടുത്തീട്ടുണ്ട്.* വിവരങ്ങൾ അനേഷിപ്പാൻ നിയുക്തരായ സഹാബികൾ ഖുറൈശികൾക്കുവേണ്ടി വെള്ളം മുമ്പന്തി കൊണ്ടുപോകുന്ന ഒട്ടകങ്ങളെയും കുറെ ആളുകളെയും കണ്ടുവെന്നും, അവരിൽനിന്നു ഹജ്ജാജിന്റെ മക്കളുടെ അടിമയായ കറുത്ത ഒരു അടിമയെ അവർ പിടിച്ചുകൊണ്ടുപോയി എന്നുമാണ് "ഇംതാഅ്" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. അന്നുരാത്രി പ്രസ്തുത സഹാബികൾ ഉബൈദതിബ്‌നുസഈതിന്റെ അടിമയായ യസാറിനെ പിടിച്ചുവെന്നും, ഹജ്ജാജിന്റെ പുത്രനായ മുനബ്ബിഹിന്റെ അടിമയും, ഉമയ്യതിബ്നുഖലഫിന്റെ അടിമയായ അബൂറാഫിഉം ഇസ്‌ലാംമതം വിശ്വസിച്ചുവെന്നും, അവർ മൂന്നുപേരെയുംകൊണ്ട് സഹാബികൾ തിരുമേനിയുടെ അടുക്കലേയ്ക്കു തിരിച്ചുപോയി എന്നുമാണ് "ഇൻസാനുൽഉയൂൻ" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. മേൽപറഞ്ഞ മൂന്നുപക്ഷത്തിലും ഈ വസ്തുത ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.)

തിരുമേനി (സ)യും സഹാബികളും ബദ്‌റിന്നടുത്തുള്ള ഉദ്‌വത്തുദ്ദൻയാ എന്ന സ്ഥലത്തു താവളമടിച്ചു. ഉദ്‌വത് എന്നതു മുകൾഭാഗം വെളുത്തുമിരിക്കുന്ന ഒരുകുന്നിന്റെ പേരാകുന്നു. ആ കുന്നിന്നു ദുൻയാ എന്നും ഖുസ്‌വാ എന്നും പേരുള്ള രണ്ടു അടിവാരങ്ങളുണ്ട്. ആദ്യത്തേതു മദീനത്തോടടുത്തും രണ്ടാമത്തേതു അകന്നും സ്ഥിതിചെയ്യുന്നു. ഖുസ്‌വായിലാണ് ഖുറൈശികൾ താവളമടിച്ചതെന്നു മുമ്പു പറഞ്ഞിട്ടുണ്ട് തിരുമേനി (സ) ഉറങ്ങിയ ദുൻയാ എന്നസ്ഥലം മണൽപ്രദേശമായതുകൊണ്ടു

---

* അനസ് (റ)വെ ഉദ്ധരിച്ചുകൊണ്ടു മുസ്‌ലിം(റ), ദാവൂദ് (റ), എന്നിവർ മേൽപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

ഒട്ടകവും മനുഷ്യരും നടക്കുമ്പോൾ പാദങ്ങൾ മണലിൽ പൂണ്ടുപോകുമായിരുന്നു മാത്രമല്ല, ആ പ്രദേശത്തിന്നടുത്തൊന്നും വെള്ളമുണ്ടായിരുന്നുമില്ല. ആകയാൽ, തിരുമേനി (സ) സഹാബികളിൽ കുറെ പേരെയും ഒട്ടകങ്ങളെയും അവിടെനിന്നു കുറെ നാഴിക അകലെ താമസിപ്പിച്ചു. ബദ്‌റിൽ ഒരു കിണറുള്ളതു ഉദ്‌വത്തുൻയാ എന്നസ്ഥലത്താണെന്നു ഇബ്‌നുഇസ്‌ഹാഖ് (റ) പ്രസ്താവിച്ചിരിക്കുന്നു. പക്ഷെ, ആ കിണർ ഉപയോഗപ്പെടുത്തുക എന്നതു ആ പരിതഃസ്ഥിതിയിൽ സുകരമായിരുന്നില്ല.

ഖുറൈശികൾ ഖുസ്‌വാ എന്ന സുഖവാസകേന്ദ്രത്തിൽ കൂടിച്ചു, മദിച്ചു, സുഖിച്ചു കൊണ്ടു കഴിഞ്ഞുകൂട്ടുന്നതിന്നിടയിൽ, അബ്ദുമനാഫിന്റെ സന്തതികളിൽപ്പെട്ട ജഹ്‌മിബ്‌നുസ്സൽത് (ഇദ്ദേഹം ഖൈബർയുദ്ധാവളയിൽ ഇസ്‌ലാംമതത്തിൽ വിശ്വസിച്ചു) ഒരു സ്വപ്നം കണ്ടു. ഉറങ്ങുവാൻ കിടന്ന അദ്ദേഹം പെട്ടെന്നു ഞെട്ടിഉണർന്ന ഭയവിഹ്വലതയോടെ കൂട്ടുകാരോടു ഇപ്രകാരം പറഞ്ഞു:— "ഒരു കുതിരപ്പടയാളി എന്നെ സമീപിച്ചു. (അബൂജഹൽ, ഉത്‌ബത്, ശൈബത്, ശംഅത്, അബുൽബഹ്തരീ, ഉമയ്യത് തുടങ്ങി ബദ്‌ർ യുദ്ധത്തിൽ കൊല്ലപ്പെട്ട ആളുകളുടെ പേരുകൾ എണ്ണിപറഞ്ഞു.) അവരെയെല്ലാം അയാൾകൊന്നു (ആ യുദ്ധത്തിൽ യുദ്ധത്തടവുകാരായി പിടിക്കപ്പെട്ട ആളുകളുടെ പേരുകൾ എണ്ണിപ്പറഞ്ഞു.) അവരെയെല്ലാം യുദ്ധത്തടവുകാരായി പിടിച്ചു. അനന്തരം ആ കുതിരപ്പടയാളി അയാളുടെ ഒട്ടകത്തിന്റെ തൊണ്ടക്കുഴിയിൽ കുത്തിവെച്ചു (അറുത്തു) നമ്മുടെ പട്ടാളക്കാർക്കിടയിൽ അതിനെവിട്ട ഒട്ടകത്തിന്റെ തൊണ്ടയിൽനിന്നു ബഹിർഗ്ഗമിച്ച രക്തം നമ്മുടെ പട്ടാളക്കാരിൽ എല്ലാവരുടെ ശരീരത്തിലും തെറിച്ചു" ഈ സ്വപ്നവാർത്തകേട്ട ഖുറൈശികൾ "നിന്നെ പിശാചു ബാധിച്ചു" എന്നു അഭിപ്രായപ്പെട്ടു. ഈ വാർത്ത ഖുറൈശികളുടെയിടയിൽ പ്രചരിച്ചു. ഇതുകേട്ടപ്പോൾ ധൂർത്തനായ അബൂജഹൽ പറഞ്ഞു: "ഹാശിമിന്റെ സന്തതികൾ ചില പുതുമകൾ കൊണ്ടുവന്നു ഇപ്പോൾ മുത്തലിബിന്റെ സന്തതികളും ഇതാ പുതുമകൊണ്ടുവന്നിരിക്കുന്നു." "ഇവൻ മുത്തലിബിന്റെ സന്തതികളിപ്പെട്ട മറ്റൊരു നബിയാകുന്നു. കൊല്ലപ്പെടുന്നതു ഖുറൈശികളോ, അതോ മുഹമ്മദും കൂട്ടരുമോ എന്നു നാളെകണ്ടറിയാം" എന്നാണ് അബൂജഹൽ പറഞ്ഞതെന്നു മറ്റൊരു പക്ഷവും ഉണ്ട്."

ഖുറൈശികൾ മക്കയിൽനിന്നു യുദ്ധയാത്ര തിരിച്ചശേഷം, ആ സേനയ്ക്കു ആദ്യമായി ഭക്ഷണം നൽകിയതു അബൂജഹലായിരുന്നു. മർവുള്ളഹ്‌റാൻ എന്ന സ്ഥലത്തുവെച്ചു അയാൾ പത്തു ഒട്ടകങ്ങളെ അറുത്തു അറുത്തപ്പോൾ ചില ഒട്ടകങ്ങൾ മരണവേദനയോടെ ഓടുകയും ഖുറൈശിസേന താമസിച്ച എല്ലാ തമ്പുകളിലും ചോര തെറിപ്പിരിക്കുകയും ചെയ്തുവെന്നു "ഇംതാഅ്" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതു ഒരു ദുർല്ലക്ഷണമാണെന്നു പറഞ്ഞുകൊണ്ടു ബനൂഉദയ്യ് ഗോത്രക്കാർ അവിടെനിന്നു തിരിച്ചുപോയി. പിറേദിവസം ഖുറൈശിസേന അസ്‌ഖലായിൽ എത്തി. അന്നു ഉമയ്യത്തിന്റെ പുത്രനായ സുഫ്‌യാൻ ഒമ്പതു ഒട്ടകങ്ങളെഅറുത്തു സൈന്യത്തിനു ഭക്ഷണം നൽകി. മൂന്നാമത്തെ ദിവസം അവർ ഖദീതിൽ എത്തി. അവിടെവെച്ചു അംറിന്റെ പുത്രനായ സഹീൽ പത്തു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. അന്നു രാത്രി നടത്തിയ യാത്രയിൽ ആ സേനയ്ക്കു വഴിതെറ്റുകയും പിറ്റെദിവസം രാവിലെ ഹുജ്ഫത്തിൽ എത്തിച്ചേരുകയും ചെയ്തു അന്നു റബീഅത്തിന്റെ മകനായ ഉത്‌ബത് പത്തു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. നാലാംദിവസം, ഖുറൈശികൾ അബവാഇൽ എത്തി.

അഖ്‌വൽ ജംഹീയുടെ പുത്രനായ മഖീസു് ഒമ്പതു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. [അബവായിൽവെച്ചു പത്തു ഒട്ടകങ്ങളെയാണു് അറുത്തിരുന്നതെന്നും അന്നത്തെ ഭക്ഷണം ഹജ്ജാജിന്റെ മക്കളായ നബീഹിന്റെയും മുനബ്ബിഹിന്റെയും വകയായിരുന്നുവെന്നും പക്ഷാന്തരമുണ്ടു്.] അഞ്ചാംദിവസം അബ്ദുൽമുത്തലിബിന്റെ പുത്രനായ അബ്ബാസു് പത്തു ഒട്ടകങ്ങളെ അറുത്തു ഭക്ഷണംനൽകി. ആറാംദിവസം ആമിറിബ്നുനൌഫലിന്റെ പുത്രനായ ഹർസു് ഒമ്പതു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. ബദ്റിലെ സുഖവാസകേന്ദ്രത്തിൽ അവർ എത്തിയതിന്നു ശേഷം അബുൽബഹ്തരീ പത്തു ഒട്ടകങ്ങളെയും മഖീസുൽജംഹീ ഒമ്പതു ഒട്ടകങ്ങളെയും അറുത്തു അവക്കു ഭക്ഷണം നൽകി. അനന്തരം അവർ യുദ്ധസന്നാഹത്തിൽ ഏർപ്പെട്ടതോടുകൂടി അസ്‌വാദ് എന്ന പലഹാരം ഭക്ഷിച്ചുതുടങ്ങി. സുഖവാസകേന്ദ്രത്തിലാണു് ഖുറൈശികൾ താമസിച്ചതെങ്കിലും അവരുടെ ഹൃദയങ്ങൾ ഭയവിമുക്തമായിരുന്നില്ല. കുതിരകൾ ഒച്ചയുണ്ടാക്കുന്നതുപോലും അവർ ഇഷ്ടപ്പെട്ടില്ല. ഏതെങ്കിലും ഒരു കുതിര ഒച്ചയുണ്ടാക്കിയാൽ കോപാവേശത്തോടുകൂടി അവർ അതിന്റെ മുഖത്തടിച്ചു.

വെള്ളമുള്ള സ്ഥലത്തുനിന്നു വളരെ അകലത്താണു് മുസ്‌ലിംകൾ താമസിച്ചിരുന്നതു്. വെള്ളം കിട്ടായ്കയാൽ അവർ ധാരാളം ക്ലേശിച്ചു പക്ഷെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ വിശ്വാസവും ആത്മധൈര്യവും നിറക്കുകയുണ്ടായി. രാത്രിയിൽ അവർ എല്ലാവരും സുഖമായി ഉറങ്ങുകയും ചെയ്തു. ഉറങ്ങാതിരിപ്പാൻ അവരിൽ ആരുംതന്നെ കഴിഞ്ഞിരുന്നില്ല. ഇരുന്നവർ ഇരുന്നേടത്തുനിന്നും നിന്നവർ നിന്നേടത്തുനിന്നും ഉറക്കത്തോടുകൂടി നിലത്തുവീണു സുഖനിദ്രയിൽ ആണ്ടുപോയി. പ്രഭാതമായപ്പോൾ വെള്ളത്തിന്റെ അത്യാവശ്യകത നേരിട്ടു. വെള്ളം ലഭിപ്പാനുള്ള ഒരു മാർഗ്ഗവും അവർ കണ്ടെത്തിയില്ല. അപ്പോൾ അല്ലാഹു ഒരു മഴ പെയ്യിച്ചു. മലകളിൽനിന്നു വെള്ളം കുത്തിയൊലിച്ചു. സഹാബികൾ ചെറുകഴികളുണ്ടാക്കി അവയിൽ വെള്ളം സംഭരിച്ചു, ആവശ്യങ്ങൾ നിർവ്വഹിച്ചു ആ മഴ ഭൂമിയിലുണ്ടായിരുന്ന പൊടിമണ്ണിനെ അമർത്തുകയും, നടക്കുമ്പോൾ കാലുകൾ മണ്ണിൽ താഴ്ന്നുപോകാത്തവിധം ഭൂമിയെ ഉറപ്പിക്കുകയുംചെയ്തു.

ഖുറൈശികളെ സംബന്ധിച്ചേടത്തോളം ഈ മഴ ആപത്തായി പരിണമിച്ചു. കാലുകൾ പൂണ്ടുപോകത്തക്കവിധം അവരുടെ പ്രദേശത്തു് ചളികെട്ടിനിന്നു. നിലം ആകപ്പാടെ ചളിപ്പാടായിമാറി. ഇതിനെസ്സംബന്ധിച്ചു, "യുദ്ധത്തിന്റെ കാര്യത്തിൽ നിങ്ങൾക്കുണ്ടായിരുന്ന ഭയത്തെക്കുറിച്ചു ഗ്രഹിച്ച അല്ലാഹു നിങ്ങൾക്കു ഉറക്കത്തെ തരികയും, നിങ്ങൾക്കു ശുദ്ധീകരിപ്പാനും, ശൈതാന്റെ ഇടതട്ടിനെ തട്ടിക്കളവാനും, നിങ്ങളുടെ ഹൃദയങ്ങളിൽ ക്ഷമയും ആത്മധൈര്യവും ശ്രുദ്ധമൂലമാക്കുവാനും, മണലിൽ കാലുകൾ ആണ്ടുപോകാത്തവിധം ഭൂമിയെ ഉറപ്പിച്ചുതരുവാനുംവേണ്ടി, ആകാശത്തിൽനിന്നു വെള്ളത്തെ ഇറക്കിത്തരികയും ചെയ്തിരിക്കുന്നു" എന്നിപ്രകാരം അർത്ഥമുള്ള ആയത്തിറക്കി.

'ശവാഹിദുന്നുബുവ്വത്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:-"ബദ്റിൽവെച്ചു അവരെ നിദ്ര ബാധിച്ചപ്പോൾ, കിടന്നവർ കിടന്നേടത്തുനിന്നും ഇരുന്നവർ ഇരുന്നേടത്തുനിന്നും, നിന്നവർ നിന്നേടത്തുനിന്നും ഉറങ്ങിപ്പോയി. അതായതു എല്ലാവരും ഒരേ സമയത്തു ഉറങ്ങിപ്പോയി." "ഞാൻ നിൽക്കുകയായിരുന്നു; ഉറക്കം വന്നപ്പോൾ ഇരിക്കേണ

മെന്നതോന്നി; പക്ഷെ, ഇരിക്കുന്നതിനുമുമ്പ് ഞാൻ ഉറങ്ങി വീണുപോയി'' എന്നു സുബൈർ (റ) പറഞ്ഞിരിക്കുന്നു. ഇങ്ങിനെ ഉറക്കം വേറെ ചിലതെയും തള്ളിയിടുകയുണ്ടായെന്നു അദ്ദേഹം തുടർന്നു പറയുന്നു 'ഉറക്കം എന്നെ ബാധിച്ചു; എന്റെ താടി നെഞ്ചിനുമുട്ടി. പിന്നീടു ഒന്നും തന്നെ എനിക്കോർമ്മയില്ല. ഉണർന്നപ്പോൾ ഞാൻ നിലത്തു ചരിഞ്ഞുകിടക്കുകയായിരുന്നു'വെന്നു സഅ്ദിബ്നു വഖ്ഖാസ് (റ) പറയുന്നു. 'ആ സുഖനിദ്രയിൽ ഞങ്ങളിൽ ചിലർക്കു സ്വപ്നസംഘടനമുണ്ടാ'യെന്നു രിഫാഅത് (റ) പറയുന്നു. അലീ (ക. വ.) പറയുകയാണു:- 'അന്നു രാത്രി ഞങ്ങൾക്കു നേരിയ മഴകിട്ടി. മരത്തിന്റെ മറകളുടെയും ചുവട്ടിൽ മഴകൊള്ളാതെ ഞങ്ങൾ കഴിച്ചുകൂട്ടി. തിരുമേനി (സ) പുലരുന്നതുവരെ നിസ്കാരത്തിൽ കഴിച്ചുകൂട്ടി. പ്രഭാതമായപ്പോൾ തിരുമേനി (സ) സുബ്ഹി നിസ്കരിപ്പാനായി ഞങ്ങളെ വിളിച്ചു. ആളുകൾ മരച്ചുവട്ടിൽനിന്നും മറവും ഓടിയെത്തി. തിരുമേനി (സ) യോടൊപ്പം ഞങ്ങൾ നിസ്കരിച്ചു. നിസ്കരിച്ച ശേഷം തിരുമേനി (സ) ഒരു ഖുത്ബ നിർവ്വഹിക്കുകയും യുദ്ധത്തിനുള്ള ആവേശവും ഉത്സാഹവും ഞങ്ങളിൽ ഉദ്ദീപിക്കുകയും, 'അല്ലാഹു മനസ്സുവെപ്പിച്ച കാര്യത്തിൽ ഞാൻ നിങ്ങളെ മനസ്സുവെച്ചിരിക്കുന്നു, എന്നർത്ഥമുള്ള ഹദീസ് പൂർണ്ണമായി ഞങ്ങളെ കേൾപ്പിക്കുകയും ചെയ്തു.'

ഖുത്ബ കഴിഞ്ഞതിനു ശേഷം തിരുമേനി (സ) യും സഹാബികളും ഖുറൈശികളുടെ താവളത്തെ ലക്ഷ്യമാക്കി മുമ്പോട്ടു നീങ്ങി. ഒരു ജലപ്രദേശത്തു എത്തിയപ്പോൾ തിരുമേനി (സ) അവിടെ തങ്ങി. അപ്പോൾ ഖബ്ബാബിബ്നുൽമുൻദിർ (റ) ഇപ്രകാരം പറഞ്ഞു:- 'യാറസൂലല്ലാ, അല്ലാഹു ഈ സ്ഥലത്തിനു വല്ല പ്രത്യേകതയും കല്പിച്ചുകൊണ്ടാണു് താങ്കൾ ഇവിടെ തങ്ങിയതെങ്കിൽ, എനിക്കൊന്നും പറവാനില്ല. ഈ സ്ഥലം വിട്ടു മറ്റൊരിടത്തേക്കു മാറേണമെന്നു അഭിപ്രായവുമില്ല. താങ്കളുടെ സ്വാഭിപ്രായത്തെ മുൻനിറുത്തിക്കൊണ്ടാണു് ഇവിടെ തങ്ങിയതെങ്കിൽ എനിക്കു ഇക്കാര്യത്തിൽ ഒരഭിപ്രായം ബോധിപ്പിക്കുവാനുണ്ടു്.' സ്വാഭിപ്രായത്താലാണു് ഇവിടെ തങ്ങിയതെന്നു തിരുമേനി (സ) പറഞ്ഞപ്പോൾ, അദ്ദേഹം ഇപ്രകാരം തുടർന്നു:- 'യാറസൂലല്ലാ, നമുക്കു ഉചിതമായ കേന്ദ്രം ഇതല്ല. ഖുറൈശികൾ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലത്തിനടുത്തേക്കു നമുക്കു പുറപ്പെടാം. അവിടെ ഖലീബു് എന്ന ഒരു കിണറുണ്ടു്. ഒരിക്കലും വറ്റാത്ത, നല്ല ഉറവുള്ള കിണറാണതു്. എനിക്കു ആ പ്രദേശത്തെക്കുറിച്ചും ആ കിണറിനെക്കുറിച്ചും വേണ്ടത്ര പരിചയമുണ്ടു്. ആ കിണറിനടുത്തു നമുക്കു തങ്ങാം. ആ കിണറിനടുത്തായി കുറെ കുഴിക്കിണറുകളുണ്ടു്. കെട്ടിപ്പടുക്കാത്ത ആ കിണറുകളെല്ലാം തുരത്തുകളയണം. അതിനുശേഷം ഖലീബു് എന്ന കിണറിനടുത്തു ഒരു കുഴി കുത്തി അതിൽ നമ്മുടെ ആവശ്യത്തിനു വേണ്ടത്ര വെള്ളം നിറച്ചുവെക്കുകയും ശത്രുക്കൾക്കു വെള്ളം കിട്ടാതാക്കുകയും വേണം'

നിങ്ങൾ പറഞ്ഞ അഭിപ്രായത്തെപ്പറ്റി ചിന്തിച്ചു മറുപടി പറയാമെന്നു തിരുമേനി (സ) അദ്ദേഹത്തെ അറിയിച്ചു. അപ്പോഴേക്കും ജിബ്രീൽ (അ) പ്രത്യക്ഷമാവുകയും ഖബ്ബാബ് (റ) വിന്റെ അഭിപ്രായത്തെ സ്ഥിരീകരിക്കുകയും ചെയ്തു. (അന്നുമുതൽ ഖബ്ബാബ് (റ) 'അഭിപ്രായക്കാരൻ' എന്നർത്ഥമുള്ള 'ദുർറഅ്' യി' എന്ന പേരിൽ പ്രസിദ്ധനായി.) തിരുമേനി (സ) യും സഹാബിമാരും മുമ്പോട്ടു നീങ്ങി.

ഖുറൈശികളുടെ താവളത്തിനടുത്തുള്ള പ്രസ്തുത കിണറിനരികെ മുസ്‌ലിംകളും താവളമടിച്ചു. ആദ്യമായി കുഴിക്കുന്നവരെല്ലാം തുള്ളുകളഞ്ഞു. പിന്നീട് ഖലീഫ് എന്ന കിണറിനടുത്തുള്ള ഒരു കുഴി കുത്തി അതിൽ വെള്ളം നിറക്കുകയും പാത്രങ്ങളും അതിൽ ഇട്ടുവെക്കുകയും ചെയ്തു.

അദ്ധ്യായം 7

ഖബ്ബാബ് (റ) അഭിപ്രായപ്പെട്ടതനുസരിച്ച്, റമളാൻമാസം പതിനെട്ടാംതിയ്യതി വെള്ളിയാഴ്ച രാത്രി (വ്യാഴാഴ്ച അസ്തമിച്ച വെള്ളിയാഴ്ച രാത്രി) തിരുമേനി (സ) യും സഹാബികളും ബദ്‌റിലെ യുദ്ധസ്ഥലത്തെത്തിച്ചേർന്നു. അവിടെ എത്തിയപ്പോൾ, സഅ്ദിബ്നുമആദ് (റ) തിരുമേനി (സ) യോട് ഇപ്രകാരം പറഞ്ഞു:- 'യാറസൂലുല്ലാ, ഞങ്ങൾ താങ്കൾക്കുവേണ്ടി ഒരു തമ്പ് പണിയാം. താങ്കൾക്ക് അതിൽ താമസിക്കാം. സാധനങ്ങളും അതിൽ സൂക്ഷിക്കുകയും ചെയ്യാം. ഈ യുദ്ധത്തിൽ ഞങ്ങൾക്ക് അല്ലാഹു വിജയം നൽകിയെങ്കിൽ സന്തോഷം. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ താങ്കൾ ഞങ്ങളുടെ ചിന്നിലുള്ള സഹാബികളോടൊപ്പം പെന്നു ചേരണം. യാറസൂലുല്ലാ, ചില ആളുകൾ താങ്കളോടൊപ്പം വരാതിരുന്നിട്ടുണ്ട്. അവർക്കുള്ളതിനേക്കാളേറെ താങ്കളോട് ഞങ്ങൾക്കാണ് സ്നേഹമുള്ളതെന്നു പറഞ്ഞുകൂടാ. താങ്കൾ ഇങ്ങിനെ ഒരു യുദ്ധത്തെ അഭിമുഖീകരിക്കുമെന്നു അറിഞ്ഞിരുന്നെങ്കിൽ അവർ വരാതിരിക്കയില്ലായിരുന്നു. താങ്കൾ ഒട്ടകസംഘത്തെ നേരിടുക മാത്രമെ ചെയ്യുകയുള്ളുവെന്നായിരുന്നു അവരുടെ ധാരണ.'

ഇതു കേട്ടപ്പോൾ സഅ്ദ് (റ) വിനെ തിരുമേനി (സ) പ്രശംസിച്ചു. സഅ്ദ് (റ) യുദ്ധക്കളത്തിനടുത്തായി കുന്നിൻമുകളിൽ തമ്പു കെട്ടിയുണ്ടാക്കി. തിരുമേനി (സ) യും അബൂബകർസിദ്ദീഖ് (റ) വും ആ തമ്പിൽ താമസിച്ചു.

ജനങ്ങളിൽവെച്ചു അതിധീരനായ പുരുഷൻ ആരാണെന്നു പിന്നീടൊരിക്കൽ അലീ (ക. വ.) സഹാബിമാരോട് ചോദിച്ചപ്പോൾ 'നിങ്ങൾ തന്നെ' എന്നു അവർ മറുപടി നൽകി. അലീ (ക. വ.) സഹാബികളുടെ അഭിപ്രായത്തെ ഇപ്രകാരം തിരുത്തി:- 'ശൂജാഅത്തിൽ ഒന്നാമൻ അബൂബകർ സിദ്ദീഖാകുന്നു. ബദ്‌റുയുദ്ധകാലത്തു ഞങ്ങൾ തിരുമേനി (സ) ക്കു വേണ്ടി ഒരു തമ്പുകെട്ടി ശത്രുക്കളുടെ യാതൊരു ഉപദ്രവവുമേൽക്കാത്തവിധം തിരുമേനി (സ) ക്ക് കാവൽ നിൽക്കുവാൻ ആരാണൊരുക്കമുള്ളതെന്നു ഞങ്ങൾ സഹാബികളോട് ചോദിച്ചു. 'ഞാൻ നിൽക്കാം' എന്നു അബൂബകർ സിദ്ദീഖ് ഉത്തരം നൽകി. (ഈച്ചക്കുപോലും അടുക്കാൻ കഴിയാത്തവിധം തിരുമേനി (സ) യെ അദ്ദേഹം കാത്തുരക്ഷിച്ചു. ഞങ്ങൾ അങ്ങോട്ട് നോക്കിയപ്പോഴെല്ലാം തമ്പുരാനാണെ സത്യം, അബൂബകർസിദ്ദീഖ് വാളയത്തിപ്പിടിച്ചതായിട്ടല്ലാതെ കാണപ്പെട്ടിട്ടില്ല അദ്ദേഹത്തെ മറികടന്നല്ലാതെ തിരുമേനി (സ) യെ സമീപിക്കുവാൻ ആക്കും ഒരു വിധത്തിലും കഴിയാത്ത വിധത്തിലായിരുന്നു അദ്ദേഹത്തിന്റെ നില്പ്.')

ഇന്നത്തെ മസ്ജിദ്ബദർ എന്ന പള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്താണ് അന്നു തിരുമേനി (സ) ക്കുവേണ്ടി തമ്പുകെട്ടിയിരുന്നതെന്നു സയ്യിദ് സംഹൂരി (റ) പറഞ്ഞിരിക്കുന്നു. യുദ്ധം മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോൾ അബൂബകർസിദ്ദീഖ് (റ) വിനെ തിരുമേനി (സ) യുദ്ധരംഗത്തിലേക്കു നിയോഗിച്ചു. അലീ (ക. വ.)

തിരുമേനി (സ) യുടെ തമ്പിനു കാവൽനിന്ന അബൂബകർസിദ്ദീഖ് (റ) വും സഅ്ദിബ്നുമആദ് (റ) വും അൻസാർകളുടെ കൂടാരത്തിനു (ഖൈമക്ക) കാവൽനിന്നു. ഇങ്ങിനെ ചില മാറ്റങ്ങളും യുദ്ധവേളയിൽ നടത്തപ്പെട്ടു.

അലീ (ക. വ.) ശുജാഅത്തിൽ ഉന്നതൻ തന്നെ. പക്ഷെ, ഇബ്നുമുൽജും അല്ലാതെ അദ്ദേഹത്തെ വധിക്കുകയില്ലെന്നു തിരുമേനി (സ) കാലേക്കൂട്ടി അദ്ദേഹത്തെ അറിയിച്ചിരുന്നു. അബൂബകർ (റ) വിനു അങ്ങിനെയുള്ള അറിവുകളൊന്നും നൽകപ്പെട്ടിരുന്നില്ല. അതു കൊണ്ടു എല്ലാ ഘട്ടത്തിലും രക്തസാക്ഷിത്തത്തെ പ്രതീക്ഷിച്ചുകൊണ്ടു ജീവിച്ച മഹാനായ ശുജാഇ ആയിരുന്നു അബൂബകർസിദ്ദീഖ് (റ).

അനസ് (റ) വിൽനിന്നു മുസ്‌ലിം (റ) ഇപ്രകാരം ഉദ്ധരിക്കുന്നു:- 'തിരുമേനി (സ) ബദ്ർ യുദ്ധം നടന്നസ്ഥലത്തു എത്തിയ ആ രാത്രിയിൽ, തിരുമേനി (സ) ആ സ്ഥലത്തു ചുറ്റിനടക്കുകയും ഇന്നിന്നവർ ഇന്നിന്നസ്ഥലത്തു മരിച്ചുവീഴുമെന്നു പറഞ്ഞുകൊണ്ടു, (ആളുടെ പേരുകൾ പറഞ്ഞുകൊണ്ടു) സ്ഥലം ചൂണ്ടിക്കാട്ടുകയും അല്ലാഹു വേണ്ടുകവെച്ചെങ്കിൽ നാളെത്തന്നെ അതു സംഭവിക്കുമെന്നു തിരുമേനി (സ) പറയുകയും ചെയ്തു.'

നേരം പുലർന്നു തിരുമേനി (സ) യും സഹാബികളും സുബ്ഹി നിസ്കരിച്ചുകഴിഞ്ഞപ്പോഴേക്കും ശത്രുസേന കുന്നിൻമുകളിൽനിന്നു യുദ്ധക്കളത്തിലേക്കു ഇറങ്ങിവന്ന അണിനിരന്നു. അവരുടെ സംഖ്യാബലവും ആയുധബലവും കണ്ടപ്പോൾ തിരുമേനി (സ) സഹായത്തിന്നായി അല്ലാഹുവോടു പ്രാർത്ഥിച്ചു ശത്രുസേനയിലെ പ്രബലന്മാരും ഇസ്‌ലാമിന്റെ കഠിന ശത്രുക്കളുമായ അബൂജഹൽ, സംഅതിബ്നുൽ അസ്‌വദ്, അബൂസംഅത്, സുഹൈൽ തുടങ്ങിയ ചിലരുടെ പേരുകൾ എടുത്തു പറഞ്ഞുകൊണ്ടു 'റബ്ബേ, ഇവരെ നീ ഒഴിവാക്കുമോതേ' എന്നു തിരുമേനി (സ) പ്രാർത്ഥിക്കുകയുണ്ടായി. അനന്തരം യുദ്ധത്തിന്റെ മഹത്വത്തെക്കുറിച്ചും ബദ്ർയുദ്ധത്തിന്റെ സാഹചര്യങ്ങളെക്കുറിച്ചും തിരുമേനി (സ) പ്രസംഗിച്ചു. യുദ്ധക്കളത്തിൽ ഇറങ്ങി അണിനിരപ്പാൻ സഹാബികൾ ആജ്ഞാപിക്കപ്പെട്ടു. സന്തോഷത്തോടും ആത്മാഭിമാനത്തോടും ദൃഢചിത്തതയോടുംകൂടി സഹാബികൾ യുദ്ധക്കളത്തിൽ അണിനിരന്നു.

അദ്ധ്യായം 8

ശത്രുസേന യുദ്ധക്കളത്തിൽ അണിനിരന്നശേഷം, മുസ്‌ലിംസേനയുടെ സംഖ്യാബലം അറിഞ്ഞുവരുവാനായി ഉമൈറിബ്നുവഹബുൽജുംഹീയെ നിയോഗിച്ചു. (ഇദ്ദേഹം പിന്നീടു ഇസ്‌ലാംമതം സ്വീകരിക്കുകയും തിരുമേനി (സ) യോടൊപ്പം ഉഹ്ദ് യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.) അദ്ദേഹം കുതിരപ്പുറത്തുകയറിസ്സഞ്ചരിച്ചു മുസ്‌ലിംസേനയെനോക്കി ഏതാണ്ടു അവരുടെ സ്ഥിതിഗതികളും മിക്കവാറും മനസ്സിലാക്കി. അദ്ദേഹം തിരിച്ചുചെന്നു ഇപ്രകാരം അറിയിച്ചു:- 'മുസ്‌ലിംസേന എണ്ണത്തിൽ മുന്നൂറിൽചുരുക്കമെ ഉണ്ടാകയുള്ളൂ. അവരുടെ പിന്നിൽ ആളുകൾ ഒളിച്ചിരിക്കുന്നുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. ഞാൻ അവരുടെ പിൻഭാഗത്തുചെന്നു അവിടെയെല്ലാം പരിശോധിച്ചു. ഒന്നുത്തിൽ അവരുടെ സ്ഥിതിഗതികളും മനസ്സിലാക്കിതിരിച്ചുവരാം.'

ഇതുകേട്ടപ്പോൾ ശത്രുക്കളുടെ അണികളിൽ ആഹ്ലാദം തിരകവിഞ്ഞു. മുന്നൂറിൽ കുറഞ്ഞ ആളുകളോ, എന്നു നിസ്സാരം. അവരെ പരാജയപ്പെടുത്തുക എന്നുള്ളതു എത്രമാത്രം സുകരമാണ്!

ഉമൈർ വീണ്ടും തിരിച്ചുവന്നു. ഇത്തവണ അദ്ദേഹം ഇപ്രകാരം അറിയിച്ചു:- ''ഞാൻ ആ കുന്നിൻ പ്രദേശത്തു് കുറെ ദൂരം ചുറ്റി നോക്കി. മുസ്‌ലിംകളുടെ സഹായസേന അവിടെയെങ്ങും കണ്ടെത്തപ്പെട്ടില്ല. ഈ കാണുന്നവരല്ലാതെ അവരുടെ പിന്നിൽ ആരുമില്ല. അവർ മരിക്കുവാൻതന്നെ ഒരുങ്ങിവന്നിട്ടുള്ളവരാണു്. അവർ നിശ്ശബ്ദരായി വത്തിക്കുന്നതിരയെ കണ്ട വിഷണ്ണപ്പത്തെപ്പോലെ അവർ നാവുകൊണ്ടു മുണ്ടുകൾ നനച്ചുകൊണ്ടിരിക്കുകയാണു്. അവരിൽ ആരെങ്കിലും അവരുടെ കുടുംബത്തിലേക്കു തിരിച്ചുപോകേണമെന്നു ഉദ്ദേശിച്ചിട്ടില്ല. അവരുടെ കണ്ണുകൾ തീപോലെ ജ്വലിക്കുന്നു. വാളല്ലാതെ, അങ്കി, പരിച, മുതലായ മറ്റായുധങ്ങളൊന്നും അവരുടെ പക്കലില്ല. എങ്കിലും ഒരു കാര്യം ഞാൻ സത്യം ചെയ്തുകൊണ്ടു പറയാം: നമ്മിൽനിന്നു ഒരാളെങ്കിലും മരിക്കാതെ അവരിൽപ്പെട്ട ഒരാളെപ്പോലും ഒന്നുംതന്നെ ചെയ്യുവാൻ നമുക്കു കഴിയുകയില്ല. അങ്ങിനെ അവരുടെ എണ്ണത്തിനു തുല്യമായ ആളുകൾ നമ്മുടെ അണിയിൽ നിന്നു മരിക്കേണ്ടിവരും. ശേഷിച്ച ആളുകളെയും കൊണ്ടാണു് നാം തിരിച്ചുപോകേണ്ടിവരിക. നാം അങ്ങിനെ മക്കത്തുതിരിച്ചുചെന്നാൽ മരിച്ചവരുടെ ബന്ധുക്കളോടെന്തു പറയും? അതിനേക്കാൾ വലിയ അപമാനം മറ്റെന്താണുള്ളതു്? അതുകൊണ്ടു, യുദ്ധംചെയ്യാതെ ഈ നിലയിൽ ഉടനെ തിരിച്ചുപോവുകയാണുത്തമം.'' ഹകീമിബ്നു അസാം ഈ അഭിപ്രായത്തോടു് യോജിച്ചു. ഈ വാർത്ത ഖുറൈശികളിൽ പലരും അറിഞ്ഞു. ഉത്ബതിബ്നുറാബീഅത്തിനെ സമീപിച്ചുകൊണ്ടു് ഹകീമിബ്നു ഹസാം ഇപ്രകാരം പറഞ്ഞു:- 'താങ്കൾ മാന്യനും ഖുറൈശികളുടെ നേതാവുമാണല്ലോ. താങ്കളുടെ അഭിപ്രായത്തെ ഖുറൈശികൾപ്പോഴും മാനിക്കാറുണ്ടു് ഇക്കാര്യത്തിൽ താങ്കളുടെ അഭിപ്രായം അവരുടെ മുമ്പിൽ വെക്കുവാനും ആ അഭിപ്രായം അവരെക്കൊണ്ടു അംഗീകരിപ്പിക്കുവാനും താങ്കൾ സന്നദ്ധനാവണം. ഖുറൈശികൾ ഇപ്പോൾ മുസ്‌ലിംകളുമായി യുദ്ധം നടത്തുന്നതു ഗുണത്തിനാവുകയില്ല. ഈ യുദ്ധം ഖുറൈശികൾക്കു ആൾ നാശവും ധനനാശവും അപകീർത്തിയും ഉണ്ടാക്കിത്തീർക്കും. അവർ എത്രപേരുണ്ടോ അതിലധികംപേരെങ്കിലും നമ്മുടെ ഇടയിൽ നിന്നു മരിച്ചല്ലാതെ അവരെ പരാജയപ്പെടുത്തുവാൻ സാധിക്കുകയില്ല. ആ നിലയിൽ അവസാനം യോജിച്ചെന്നുവന്നാൽ തന്നെയും, ജയഭേരി മുഴക്കിക്കൊണ്ടു് നാട്ടിൽ തിരിച്ചുചെല്ലുവാൻ നമുക്കു കഴിയുകയില്ല. അതുകൊണ്ടു യുദ്ധം ചെയ്യാതെ ഇവിടെ നിന്നു മാനമായി തിരിച്ചുപോവുകയാണുത്തമം.'

ഈ അഭിപ്രായം അർത്ഥവത്താണെന്നു ഉത്ബത്തിനു ബോദ്ധ്യമായി. ഖുറൈശികളെ അഭിമുഖീകരിച്ചുകൊണ്ടു ഉത്ബത് ഇപ്രകാരം ഉൽബോധിപ്പിച്ചു:- 'അല്ലയോ ഖുറൈശികളെ, നിങ്ങൾ മുഹമ്മദിനെയും കൂട്ടുകാരെയും നേരിട്ടിരിക്കുകയാണല്ലൊ. നിങ്ങൾക്കു യാതൊരു നഷ്ടവും പറ്റാത്ത നിലയിൽ അവരെ കൊന്നൊടുക്കി നാട്ടിലേക്കു തിരിച്ചുപോകുവാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടൊ? കഴിയാത്ത കാര്യമാണതു്. അഥവാ, നിങ്ങൾക്കു അവരെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞെന്നുവന്നാൽതന്നെ, അതിന്നായി നിങ്ങളിൽ ചിലർ മരിക്കേണ്ടിവരും. ഇളയച്ഛന്മാർ, മൂത്തച്ഛന്മാർ, അമ്മാമന്മാർ, മച്ചുനന്മാർ എന്നീ ഇനങ്ങളിൽപ്പെട്ട പലരെ മരണത്തിനു വിട്ടുകൊടുത്തശേഷം, മാറ്റുള്ളവർ മക്കയിൽ തിരിച്ചുചെല്ലുന്നതെങ്ങിനെ? അവരുടെ കുടുംബാദികളോടു നിങ്ങൾ എപ്രകാരം പറയും? ആകയാൽ, ഇപ്പോൾ യുദ്ധം ചെയ്യാതെ നമുക്കു നാട്ടിലേക്കു തിരിച്ചുപോകുക. നമ്മിൽപ്പെടാത്ത അറബി

മായിരുന്നപ്പോ'എന്നു മാറു പിലർ പ്രസ്താവിച്ചു. യുദ്ധത്തെ നേരിടാതെ പിന്മാറിക്കളവാനുള്ള ആഗ്രഹമാണു് അവരുടെ വാക്കുകളിൽ പ്രകടമായിരുന്നതു്. അബൂബകർ സിദ്ദീഖ് (റ) നബി (സ) തിരുമേനിയുടെ അന്തരംഗം മനസ്സിലാക്കിക്കൊണ്ടു സരളമായ നിലയിൽ സ്ഥിതിഗതികളുടെ നാനാവശങ്ങളെ വിശദീകരിച്ചുകൊണ്ടു സംസാരിച്ചു. ഉമർഖത്താബ് (റ) വും അതെനിലയിൽ സംസാരിച്ചു. മുഹാജിർകളുടെ അഭിപ്രായമറിയുന്നതിന്നുമുമ്പു് അൻസാർകളുടെ അഭിപ്രായമാണു് തിരുമേനി (സ) ക്കു അറിവുണ്ടായിരുന്നതു്. അൻസാർകളും തിരുമേനി (സ) യും തമ്മിലുണ്ടായ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ, മദീനയിൽവെച്ചു തിരുമേനി (സ) ക്കുണ്ടാവുന്ന എതിർപ്പുകളെ നേരിടേണ്ടുന്ന ബാദ്ധ്യത മാത്രമെ അൻസാർകൾക്കുണ്ടായിരുന്നുള്ള. മറുനാടുകളിൽചെന്നു തിരുമേനി (സ) യോടൊപ്പം യുദ്ധം ചെയ്യുവാനുള്ള ബാദ്ധ്യത ആ ഉടമ്പടിപ്രകാരം അവർ ഏറ്റെടുത്തിരുന്നില്ല.

അബൂഅയ്യൂബുൽ അൻസാരി (റ) ഇപ്രകാരം പറഞ്ഞതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു:- 'തിരുമേനി (സ) ഒരു ദിവസം മദീനയിൽവെച്ചു അബൂസുഫ്‌യാന്റെ ഒട്ടകസംഘത്തെക്കുറിച്ചു ഞങ്ങളോടു പറയുകയും, ആ മുതലുകൾ യുദ്ധമുതലായി നമുക്കു നൽകുവാനും നമ്മെ രക്ഷപ്പെടുത്തുവാനും അല്ലാഹു മതിയായവനാകുമെന്നു ഞങ്ങളെ അറിയിക്കുകയും ചെയ്തു. നിങ്ങൾ ഞങ്ങളോടൊപ്പം വരുന്നുണ്ടോ എന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, 'ഉവ്വ്' എന്നു ഞാൻ മറുപടി നൽകി. ഞങ്ങൾ മദീനയിൽനിന്നു പുറപ്പെട്ടു. ഒന്നരണ്ടു നാൾ നടന്നു കഴിഞ്ഞപ്പോൾ "ഇനി ഖുറൈശികളുമായി യുദ്ധത്തിന്നൊരുങ്ങിക്കൊള്ളുക" എന്നു തിരുമേനി (സ) ആജ്ഞാപിച്ചു. അപ്പോൾ, "അവരോടു യുദ്ധം ചെയ്യുവാൻ ഞങ്ങളാൽ ആവുകയില്ല" എന്നു ഞാൻ മറുപടി പറഞ്ഞു."

ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു, "മുഅ്മിൻകളിൽ ഒരു കക്ഷി, തങ്കളുടെ ഹിതത്തിൽ അഹിതം പ്രദർശിപ്പിച്ചു" എന്നർത്ഥമുള്ള ഒരു ആയത്തു് അവതരിക്കുകയുണ്ടായി.

തിരുമേനി (സ) ഈ വിഷയത്തിൽ അൻസാർകളുടെ അഭിപ്രായം ആരാഞ്ഞപ്പോൾ, മിഖ്ദാദിബ്നു ഉമർ (റ) ഇപ്രകാരം പ്രസ്താവിച്ചു:-"യാറസൂലല്ലാ, അല്ലാഹു കല്പിച്ചേടത്തേക്കു തങ്കൾ നടക്കുക. ഞങ്ങൾ തങ്കളോടൊപ്പംതന്നെ ഉണ്ടു്. പടച്ചവനാണെ സത്യം, "തങ്കളും തങ്കളുടെ റബ്ബുംപോയി യുദ്ധം ചെയ്തുകൊള്ളുക. ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം" എന്നു മൂസാനബി (അ) യോടു ബനൂ ഇസ്രാഈൽ ഗോത്രക്കാർ പറഞ്ഞതുപോലെ, പറയുന്നവരല്ല ഞങ്ങൾ. ഞങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തങ്കളോടൊപ്പം യുദ്ധം ചെയ്യുന്നവരാണു്." ഇതു മിഖ്ദാദ് (റ) വിന്റെ സ്വന്തമായ അഭിപ്രായം മാത്രമാണൊ എന്നറിവാനായി തിരുമേനി (സ) അൻസാർകളുടെ അഭിപ്രായം ഒരിക്കൽക്കൂടി ആരാഞ്ഞു. അപ്പോൾ ഖസ്റജ്ഗോത്രത്തലവനും അൻസാർകളുടെ നേതാവുമായ സഅ്ദിബ്നു മആദ് (റ) ഇപ്രകാരം ബോധിപ്പിച്ചു. 'തമ്പുരാനാണെ സത്യം, ഞങ്ങൾ തങ്കളിൽ വിശ്വസിച്ചവരാണു്. തങ്കൾ സത്യപ്രവാചകനാണെന്നും തങ്കൾ കൊണ്ടുവന്ന മാർഗ്ഗം സത്യമാർഗ്ഗമാണെന്നും ഞങ്ങൾ വിശ്വസിച്ചു; ആന്തരീയമായും ബാഹ്യമായും ദൃഢമായിത്തന്നെ ഞങ്ങൾ വിശ്വസിച്ചു. യാതൊരു സങ്കോചവും സന്ദേഹവും കൂടാതെ തങ്കളുമായി ഞങ്ങൾ ഉടമ്പടിയിലേർപ്പെട്ടുകയും ഞങ്ങളുടെ പിന്തുണ വാഗ്ദത്തം ചെയ്യുകയുണ്ടായി. അതുകൊണ്ടു്, യാറസൂലല്ലാ, ഞങ്ങളുടെ വംശം അന്നും ഇന്നും

എന്നും താങ്കൾക്ക വഴിപ്പെട്ടവരാകുന്നു. (അബ് സീനിയായിലെ അതിദുർഘടപ്രദേശമായ) ബർകൽ ഇമാദിലേക്ക താങ്കൾ ഞങ്ങളെ നയിച്ചാൽ ഞങ്ങൾ അവിടെപ്പോകാൻ മടിക്കുകയില്ല. ഞങ്ങളിൽപ്പെട്ട ഒരൊറ പുരുഷനും താങ്കളിൽ നിന്നു പിന്തിരിയുകയില്ല. ക്ലേശങ്ങളും സഹിപ്പാനും യുദ്ധത്തിൽ ദൃഢചിത്തരായി നിലകൊള്ളുവാനും ഞങ്ങൾക്കുള്ള കഴിവ് പ്രായോഗികമായിത്തന്നെ കാണുവാൻ അല്ലാഹു താങ്കൾക്ക അവസരം നൽകട്ടെ. ഞങ്ങൾ താങ്കളുടെ മുമ്പിലും പിമ്പിലും ഇടഭാഗത്തും വലഭാഗത്തും സദാ സന്നദ്ധരായിരിക്കും.''

ഖസ്റജ് ഗോത്രത്തലവനായ സഅ്ദ് ബ്നു ഉബാദത് (റ) ഇപ്രകാരം അറിയിച്ചു:- ''യാറസൂലല്ലാ, (യമനിലെ ദുർഘടസ്ഥലമായ) അഭൻ അബൈൻ എന്നിടത്തു യുദ്ധത്തിനുപുറപ്പെട്ടുവാനാണ് താങ്കൾ ആജ്ഞാപിച്ചതെങ്കിൽ, സന്തോഷപൂർവ്വം അങ്ങോട്ട പുറപ്പെട്ടുവാൻപോലും ഒരുക്കമുള്ളവരാണ് ഞങ്ങൾ. ഞങ്ങളിൽപ്പെട്ട ഒരു പുരുഷൻപോലും പിന്തിരിയുകയില്ല.'' * മുസ്ലിം (റ) ഈ പ്രസ്താവന ഉദ്ധരിക്കുകയും, അൽഹാഫിളിബ്നുഹജർ (റ) അതിനോട്ട യോജിക്കുകയും ചെയ്തിട്ടുണ്ട്. അൻസാർകളുടെ നിലപാട് തിരുമേനി (സ) യെ സന്തോഷിപ്പിച്ചു.

'അല്ലാഹു ഒട്ടകസംഘത്തെയൊ യുദ്ധവിജയത്തെയൊ നമുക്ക് നൽകുമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ വാക്കുകൾക്ക് മാറ്റം സംഭവിക്കുകയില്ല. ബദ്റിൽ ശത്രുക്കൾ മരിച്ചുവീഴുന്ന സ്ഥലങ്ങൾ ഞാൻ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു' എന്നിപ്രകാരം തിരുമേനി (സ) വീണ്ടും പ്രസ്താവിച്ചു. ബദ്റിലെത്തിയപ്പോൾ ആ സ്ഥലങ്ങൾ തിരുമേനി സഹാബികൾക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു. ഉമർഖത്താബ് (റ) പറയുന്നു:- 'ബദ്റിൽവെച്ച് ഖുറൈശികളെ തള്ളിയിടുന്ന സ്ഥലങ്ങൾ നബി (സ) വ്യക്തമായി ഞങ്ങൾക്ക കാണിച്ചു തന്നു. ഇന്നിന്നവൻ ഇന്നേടത്തിന്നേടത്തു വീഴുമെന്നു തിരുമേനി (സ) വിരൽ ചൂണ്ടിക്കൊണ്ട് ഞങ്ങൾക്ക പറഞ്ഞു തന്നു. തിരുമേനി (സ) ചൂണ്ടിക്കാണിച്ച സ്ഥലത്തുനിന്നു അണുമാത്രം തെറ്റാതെ നിർദ്ദിഷ്ടസ്ഥലങ്ങളിൽ തന്നെ അവരിൽ ഓരോരുത്തരും മരിച്ചു വീണു'.

തിരുമേനി (സ) യുദ്ധത്തിന്റെ മഹാത്മ്യങ്ങളെ സഹാബികൾക്ക് വിവരിച്ചുകൊടുത്തു. അതുകേട്ട സഹാബിമാരുടെ ഹൃദയങ്ങളിൽ സന്തോഷവും ധീരതയും വർദ്ധിച്ചു തിരുമേനി (സ) യും സഹാബികളും ഉപ്പാൻ എന്ന സ്ഥലത്തുനിന്നു വീണ്ടും യാത്ര തുടരുകയും ബദ്റിന്നടുത്ത ഒരു സ്ഥലത്തു ഇറങ്ങുകയും ചെയ്തു. തിരുമേനി (സ)യും അബൂബക്കർസിദ്ദീഖ് (റ) വും കുതിരപ്പുറത്തു കയറി ആ പ്രദേശത്തു കൂടി ചുറ്റുമ്പോൾ സുഫ്യാ എന്ന പേരുള്ള വൃദ്ധനായ ഒരു അറബിയെ കണ്ടുമുട്ടി. (ഇദ്ദേഹം ഇസ്ലാംമതം വിശ്വസിച്ചതായി അറിഞ്ഞിട്ടില്ലെന്നു നൂർ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.)

'താങ്കൾ മുഹമ്മദ് നബിയും സഹാബിമാരും ഈ വഴിക്ക് വരുന്നുണ്ടെന്നോ ഖുറൈശികൾ ഈ വഴിക്ക് വരുന്നുണ്ടെന്നോ കേട്ടിട്ട

---

* സഅ്ദിബ്നു ഉബാദത് (റ) ഇപ്രകാരം പ്രസ്താവിച്ചതു ഹുദൈബിയ്യ യുദ്ധത്തിലാണെന്നു തിബ്റാനീ (റ) പറയുന്നു. ബദ്റിൽ അദ്ദേഹം പങ്കെടുത്തിട്ടില്ലെന്നാണ അദ്ദേഹത്തിന്റെ പക്ഷം. അദ്ദേഹം യുദ്ധയാത്രക്കൊരുങ്ങുകയും മാറുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്തു. ഒടുവിൽ ഒരു പാറ്റു കടി ഏറ്റതിനാൽ യുദ്ധത്തിന്നു പുറപ്പെടുവാൻ സാധിച്ചില്ല എന്നാണ സുർഖാനീ (റ) വിന്റെ പക്ഷം. യുദ്ധത്തിൽ അദ്ദേഹം സംബന്ധിച്ചിരുന്നില്ലെങ്കിലും യുദ്ധമുതലിന്റെ ഓഹരി അദ്ദേഹത്തിന്നും നൽകപ്പെട്ടിരുന്നുവെന്നു സുർഖാനീ (റ) പ്രസ്താവിച്ചിരിക്കുന്നു.

ണ്ടോ' എന്ന് തിരുമേനി (സ) ആ വൃദ്ധനോട് ചോദിച്ചു. അതിനു മറുപടിയായി 'നിങ്ങളാരാണെന്നാലും പറഞ്ഞാൽ ആ വിവരങ്ങളൊക്കെ ഞാൻ പറയാം' എന്ന് വൃദ്ധൻ പറഞ്ഞു. 'എന്റെ ചോദ്യത്തിനു താങ്കളാണ് ആദ്യം ഉത്തരം നൽകേണ്ട'തെന്നു തിരുമേനി (സ) പറഞ്ഞു. അപ്പോൾ ആ വൃദ്ധൻ ഇപ്രകാരം പറഞ്ഞുതുടങ്ങി:- 'മുഹമ്മദ് നബിയും സഹാബികളും ഇന്ന ദിവസം പുറപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞുകേട്ടു. അങ്ങിനെയാണെങ്കിൽ, അവർ ഇപ്പോൾ ഇന്ന സ്ഥലത്തു് എത്തിയിരിക്കണം (തിരുമേനിയും സംഘവും ഇറങ്ങിയ സ്ഥലത്തെ ഉദ്ദേശിച്ചുകൊണ്ടാണ് ഇന്ന സ്ഥലം എന്നു പറഞ്ഞതു്). ഖുറൈശികൾ ഇന്ന ദിവസം പുറപ്പെട്ടിട്ടുണ്ടെന്നു് കേട്ടു. അങ്ങിനെയാണെങ്കിൽ ഇന്നു് അവർ ഇന്നേടത്തു് എത്തിയിട്ടുണ്ടായിരിക്കണം. (അദ്ദേഹം പറഞ്ഞ സ്ഥലത്തു് അന്നു് ഖുറൈശികൾ എത്തിക്കഴിഞ്ഞിരുന്നു)

താങ്കൾ എവിടെനിന്നാണെന്നു് വീണ്ടും വൃദ്ധൻ ചോദിച്ചപ്പോൾ, 'മാഇൽനിന്നു്' എന്നു് അബൂബകർ (റ) മറുപടി പറഞ്ഞു. രണ്ടർത്ഥമുള്ള ഒരു വാക്കായിരുന്നു അതു്. ഇറാഖിൽ മാഅ് എന്ന ഒരു സ്ഥലമുണ്ടു്. ഇന്ദ്രിയം എന്നും ആ വാക്കിനർത്ഥമുണ്ടു്.

ഈ സംഭവം കഴിഞ്ഞ ഉടനെ തിരുമേനി (സ) സഹാബിമാരുടെ അടുക്കലേക്ക് തിരിച്ചുചെന്നു. അലിയ്യിബ്നു അബീതാലിബ് (ക. വ.), സുബൈറിബ്നുൽ അവ്വാം (റ), സഅ്ദിബ്നുഅബീവഖ്ഖാസ് (റ) എന്നിവരെയും മറ്റു ചിലരെയും ബദ്റിലേക്കു വിവരങ്ങൾ അറിഞ്ഞുവരുവാൻ നിയോഗിച്ചു. അവർ ബദ്റിൽ വെള്ളമുള്ള സ്ഥലത്തെത്തിയപ്പോൾ, കുറേ ഖുറൈശികൾ ഒട്ടകപ്പുറത്തു വെള്ളം കയറ്റുന്നതായി കണ്ടു. മുസ്‌ലിംകൾ അവരെ സമീപിച്ചപ്പോൾ അവർ ഓടിക്കളഞ്ഞു. ബനൂൽഹജ്ജാജിന്റെ അടിമയായ അസ്‌ലമിനെയും, ബനൂൽആസിയുടെ അടിമയായ അബീസിനെയും മുസ്‌ലിംകൾ പിടികൂടുകയുണ്ടായി. ഓടിപ്പോയവരിൽ അബൂസുഫ്യാൻ എന്ന ആളാണു് ആദ്യമായി ഖുറൈശികളുടെ അടുത്തെത്തിയതു്. അയാൾ ഖുറൈശികളോടു് ഇപ്രകാരം പറഞ്ഞു:- 'ഗാലിബിന്റെ സന്തതികളായ ബഹുമാന്യരെ, ഇബ്നുഅബീകബ്ശും സംഘവും ഇതാ, അടുത്തെത്തിക്കഴിഞ്ഞു. നമ്മുടെ കുറെ ആളുകളെയും ഒട്ടകങ്ങളെയും അവർ പിടിച്ചിരിക്കുന്നു. കലാപം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. (അബൂകബ്ശ് എന്ന പ്രയോഗത്തിന്റെ സാരം ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്.) ഇതു കേട്ടപ്പോൾ ഖുറൈശികളിൽ നിന്നു ചില വീരന്മാർ സംഭവസ്ഥലത്തേക്കു കുതിച്ചു. അപ്പോഴേക്കും മുസ്‌ലിംകൾ സ്ഥലം വിട്ടു കഴിഞ്ഞിരുന്നു. മേല്പറഞ്ഞ രണ്ടു അടിമകളെ അവിടെയെങ്ങും അവർ കാണുകയുണ്ടായില്ല. സഹാബികൾ ആ അടിമകളെയുംകൊണ്ടു താവളത്തിൽ ചെന്നപ്പോൾ തിരുമേനി (സ) നിസ്കരിക്കുകയായിരുന്നു. തന്നിമിത്തം സഹാബികളിൽ ചിലർ ആ അടിമകളെ ചോദ്യം ചെയ്തു. 'നിങ്ങൾ ആരാ'ണെന്നു ചോദിച്ചപ്പോൾ, 'ഞങ്ങൾ ഖുറൈശികൾക്കു വെള്ളം കെട്ടുന്നവരാ"ണെന്നു അവർ ഉത്തരം നൽകി. ആ അടിമകൾ അബൂസുഫ്യാന്റെ സംഘത്തിൽപ്പെട്ടവരാണെന്നായിരുന്നു മുസ്‌ലിംകളുടെ ധാരണ. ആകയാൽ അവർ കളവു പറയുകയാണെന്നു വിശ്വസിച്ചുകൊണ്ടു സഹാബികളിൽ ചിലർ അവരെ മർദ്ദിച്ചു. മർദ്ദനത്തിൽനിന്നു മോചനം ലഭിപ്പാനായി 'ഞങ്ങൾ അബൂസുഫ്യാന്റെ സംഘത്തിൽപ്പെട്ടവരാ'ണെന്നു അവർ സമ്മതിച്ചു. സഹാബികൾ മർദ്ദനം നിറുത്തി. നിസ്കാരത്തിൽ നിന്നു വിരമിച്ച ശേഷം അവരെ സമീപിച്ചുകൊണ്ടു തിരുമേനി ഇപ്രകാരം പറഞ്ഞു:- "ഇവർ സത്യം പറഞ്ഞപ്പോൾ നിങ്ങൾ അവരെ മർദ്ദിച്ചു. അസത്യം പറഞ്ഞപ്പോൾ വെറുതെ വിടുകയും ചെയ്തു." അനന്തരം

ന്തരം തിരുമേനി താഴെ കാണും പ്രകാരം അവരുമായി സംഭാഷണം നടത്തി:—

തിരുമേനി (സ):— "ഖുറൈശികൾ എവിടെയാണ് താവളമടിച്ചിട്ടുള്ളത്?"

അടിമകൾ :— 'ഇക്കാണുന്ന അഖൻഖൽ എന്ന കുന്നിനപ്പുറത്തു ഉദ്‌വത്തുൽഖുസ്‌വാ എന്ന സ്ഥലത്ത്.'

തിരു:— 'അവർ എത്ര പേരുണ്ട്?"

അടി:— 'ധാരാളം പേരുണ്ട്. എണ്ണത്തിലും ശക്തിയിലും മികച്ച ഒരു സേനയാണത്.'

തിരു:— 'ഏതാണ്ട് എത്ര ആളുകളുണ്ടാവും?'

അടി:— "പറയുവാൻ കഴിയുകയില്ല."

തിരു:— "ഒരുദിവസം അവർ എത്ര ഒട്ടകങ്ങളെ അറുക്കും?"

അടി:— "ചിലപ്പോൾ പത്ത്; ചിലപ്പോൾ ഒമ്പത്."

(എങ്കിൽ തൊള്ളായിരത്തിന്നും ആയിരത്തിന്നും ഇടയിൽ എണ്ണംവരുന്ന ആളുകളാണ് ഖുറൈശികളുടെ സേനയിൽ ഉള്ളതെന്നു തിരുമേനി (സ) സഹാബികളോട പറഞ്ഞു.)

തിരു:— "അക്കൂട്ടത്തിൽ ഖുറൈശി നേതാക്കളിൽപ്പെട്ട ആരെല്ലാമാണുള്ളത്?"

അടി:— "ഉത്‌ബതിബ്‌നുറബീഅത്, ശൈബതിബ്‌നുറബീഅത്, അബുൽബഹ്തരീഇബ്‌നുഹിശാം, അദ്ദേഹത്തിന്റെ അനുജനായ അബൂജഹൽ, ഹകീമിബ്‌നുഹിസാം, നൌഫലിബ്‌നുഖുവൈലിദ്, ഹർസീബ്‌ന ആമിറിബ്‌നുനൌഫൽ, തുഐമതിബ്‌ന ഉദയിബ്‌നുനൌഫൽ, അന്നള്റിബ് നൽഹർസ്, സംആതിബ്‌നുൽ അസ്‌വദ്, ഉമയ്യതിബ്നുഖലഫ്, നബീഹിബ്‌നുൽഹജ്ജ്, അയാളുടെ സഹോദരൻ മുനബ്ബിഹ്, സുഹൈലിബ്ന അംറുൽആമിരിയ്യി, (ഇദ്ദേഹം മക്കാ വിജയവേളയിൽ മുസ്‌ലിമായി) അംറിബ്ന വുദ്ദ്."

(ഇതുകേട്ടപ്പോൾ തിരുമേനി (സ) സഹാബികളോട പറഞ്ഞു:— "മക്ക അതിന്റെ കരം കുഷണിച്ചു നിങ്ങളുടെ മുമ്പിൽ ഇതാ ഇട്ടിരിക്കുന്നു.")

(പ്രസ്തുത സംഭവം ചരിത്രകാരന്മാർ ഭിന്ന നിലകളിൽ രേഖപ്പെടുത്തീട്ടുണ്ട്.* വിവരങ്ങൾ അനേഷിപ്പാൻ നിയുക്തരായ സഹാബികൾ ഖുറൈശികൾക്കുവേണ്ടി വെള്ളം മുമ്പന്തി കൊണ്ടുപോകുന്ന ഒട്ടകങ്ങളെയും കുറെ ആളുകളെയും കണ്ടുവെന്നും, അവരിൽനിന്നു ഹജ്ജാജിന്റെ മക്കളുടെ അടിമയായ കറുത്ത ഒരു അടിമയെ അവർ പിടിച്ചുകൊണ്ടുപോയി എന്നുമാണ് "ഇംതാഅ്" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. അന്നുരാത്രി പ്രസ്തുത സഹാബികൾ ഉബൈദതിബ്‌നുസഈതിന്റെ അടിമയായ യസാറിനെ പിടിച്ചുവെന്നും, ഹജ്ജാജിന്റെ പുത്രനായ മുനബ്ബിഹിന്റെ അടിമയും, ഉമയ്യതിബ്നുഖലഫിന്റെ അടിമയായ അബൂറാഫിഉം ഇസ്‌ലാംമതം വിശ്വസിച്ചുവെന്നും, അവർ മൂന്നുപേരെയുംകൊണ്ട് സഹാബികൾ തിരുമേനിയുടെ അടുക്കലേയ്ക്കു തിരിച്ചുപോയി എന്നുമാണ് "ഇൻസാനുൽഉയൂൻ" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. മേൽപറഞ്ഞ മൂന്നുപക്ഷത്തിലും ഈ വസ്തുത ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.)

തിരുമേനി (സ)യും സഹാബികളും ബദ്‌റിന്നടുത്തുള്ള ഉദ്‌വത്തുദ്ദൻയാ എന്ന സ്ഥലത്തു താവളമടിച്ചു. ഉദ്‌വത് എന്നതു മുകൾഭാഗം വെളുത്തുമിരിക്കുന്ന ഒരുകുന്നിന്റെ പേരാകുന്നു. ആ കുന്നിന്നു ദുൻയാ എന്നും ഖുസ്‌വാ എന്നും പേരുള്ള രണ്ടു അടിവാരങ്ങളുണ്ട്. ആദ്യത്തേതു മദീനത്തോടടുത്തും രണ്ടാമത്തേതു അകന്നും സ്ഥിതിചെയ്യുന്നു. ഖുസ്‌വായിലാണ് ഖുറൈശികൾ താവളമടിച്ചതെന്നു മുമ്പു പറഞ്ഞിട്ടുണ്ട് തിരുമേനി (സ) ഉറങ്ങിയ ദുൻയാ എന്നസ്ഥലം മണൽപ്രദേശമായതുകൊണ്ടു

---

* അനസ് (റ)വെ ഉദ്ധരിച്ചുകൊണ്ടു മുസ്‌ലിം(റ), ദാവൂദ് (റ), എന്നിവർ മേൽപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

ഒട്ടകവും മനുഷ്യരും നടക്കുമ്പോൾ പാദങ്ങൾ മണലിൽ പൂണ്ടുപോകുമായിരുന്നു മാത്രമല്ല, ആ പ്രദേശത്തിന്നടുത്തൊന്നും വെള്ളമുണ്ടായിരുന്നുമില്ല. ആകയാൽ, തിരുമേനി (സ) സഹാബികളിൽ കുറെ പേരെയും ഒട്ടകങ്ങളെയും അവിടെനിന്നു കുറെ നാഴിക അകലെ താമസിപ്പിച്ചു. ബദ്‌റിൽ ഒരു കിണറുള്ളതു ഉദ്‌വത്തുൻയാ എന്നസ്ഥലത്താണെന്നു ഇബ്‌നുഇസ്‌ഹാഖ് (റ) പ്രസ്താവിച്ചിരിക്കുന്നു. പക്ഷെ, ആ കിണർ ഉപയോഗപ്പെടുത്തുക എന്നതു ആ പരിതഃസ്ഥിതിയിൽ സുകരമായിരുന്നില്ല.

ഖുറൈശികൾ ഖുസ്‌വാ എന്ന സുഖവാസകേന്ദ്രത്തിൽ കൂടിച്ചു, മദിച്ചു, സുഖിച്ചു കൊണ്ടു കഴിഞ്ഞുകൂട്ടുന്നതിന്നിടയിൽ, അബ്ദുമനാഫിന്റെ സന്തതികളിൽപ്പെട്ട ജഹ്‌മിബ്‌നുസ്സൽത് (ഇദ്ദേഹം ഖൈബർയുദ്ധാവളയിൽ ഇസ്‌ലാംമതത്തിൽ വിശ്വസിച്ചു) ഒരു സ്വപ്നം കണ്ടു. ഉറങ്ങുവാൻ കിടന്ന അദ്ദേഹം പെട്ടെന്നു ഞെട്ടിഉണർന്ന ഭയവിഹ്വലതയോടെ കൂട്ടുകാരോടു ഇപ്രകാരം പറഞ്ഞു:— "ഒരു കുതിരപ്പടയാളി എന്നെ സമീപിച്ചു. (അബൂജഹൽ, ഉത്‌ബത്, ശൈബത്, ശംഅത്, അബുൽബഹ്തരീ, ഉമയ്യത് തുടങ്ങി ബദ്‌ർ യുദ്ധത്തിൽ കൊല്ലപ്പെട്ട ആളുകളുടെ പേരുകൾ എണ്ണിപറഞ്ഞു.) അവരെയെല്ലാം അയാൾകൊന്നു (ആ യുദ്ധത്തിൽ യുദ്ധത്തടവുകാരായി പിടിക്കപ്പെട്ട ആളുകളുടെ പേരുകൾ എണ്ണിപ്പറഞ്ഞു.) അവരെയെല്ലാം യുദ്ധത്തടവുകാരായി പിടിച്ചു. അനന്തരം ആ കുതിരപ്പടയാളി അയാളുടെ ഒട്ടകത്തിന്റെ തൊണ്ടക്കുഴിയിൽ കുത്തിവെച്ചു (അറുത്തു) നമ്മുടെ പട്ടാളക്കാർക്കിടയിൽ അതിനെവിട്ട ഒട്ടകത്തിന്റെ തൊണ്ടയിൽനിന്നു ബഹിർഗ്ഗമിച്ച രക്തം നമ്മുടെ പട്ടാളക്കാരിൽ എല്ലാവരുടെ ശരീരത്തിലും തെറിച്ചു" ഈ സ്വപ്നവാർത്തകേട്ട ഖുറൈശികൾ "നിന്നെ പിശാചു ബാധിച്ചു" എന്നു അഭിപ്രായപ്പെട്ടു. ഈ വാർത്ത ഖുറൈശികളുടെയിടയിൽ പ്രചരിച്ചു. ഇതുകേട്ടപ്പോൾ ധൂർത്തനായ അബൂജഹൽ പറഞ്ഞു: "ഹാശിമിന്റെ സന്തതികൾ ചില പുതുമകൾ കൊണ്ടുവന്നു ഇപ്പോൾ മുത്തലിബിന്റെ സന്തതികളും ഇതാ പുതുമകൊണ്ടുവന്നിരിക്കുന്നു." "ഇവൻ മുത്തലിബിന്റെ സന്തതികളിപ്പെട്ട മറ്റൊരു നബിയാകുന്നു. കൊല്ലപ്പെടുന്നതു ഖുറൈശികളോ, അതോ മുഹമ്മദും കൂട്ടരുമോ എന്നു നാളെകണ്ടറിയാം" എന്നാണ് അബൂജഹൽ പറഞ്ഞതെന്നു മറ്റൊരു പക്ഷവും ഉണ്ട്."

ഖുറൈശികൾ മക്കയിൽനിന്നു യുദ്ധയാത്ര തിരിച്ചശേഷം, ആ സേനയ്ക്കു ആദ്യമായി ഭക്ഷണം നൽകിയതു അബൂജഹലായിരുന്നു. മർവുള്ളഹ്‌റാൻ എന്ന സ്ഥലത്തുവെച്ചു അയാൾ പത്തു ഒട്ടകങ്ങളെ അറുത്തു അറുത്തപ്പോൾ ചില ഒട്ടകങ്ങൾ മരണവേദനയോടെ ഓടുകയും ഖുറൈശിസേന താമസിച്ച എല്ലാ തമ്പുകളിലും ചോര തെറിപ്പിരിക്കുകയും ചെയ്തുവെന്നു "ഇംതാഅ്" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതു ഒരു ദുർല്ലക്ഷണമാണെന്നു പറഞ്ഞുകൊണ്ടു ബനൂഉദയ്യ് ഗോത്രക്കാർ അവിടെനിന്നു തിരിച്ചുപോയി. പിറേദിവസം ഖുറൈശിസേന അസ്‌ഖലായിൽ എത്തി. അന്നു ഉമയ്യത്തിന്റെ പുത്രനായ സുഫ്‌യാൻ ഒമ്പതു ഒട്ടകങ്ങളെഅറുത്തു സൈന്യത്തിനു ഭക്ഷണം നൽകി. മൂന്നാമത്തെ ദിവസം അവർ ഖദീതിൽ എത്തി. അവിടെവെച്ചു അംറിന്റെ പുത്രനായ സഹീൽ പത്തു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. അന്നു രാത്രി നടത്തിയ യാത്രയിൽ ആ സേനയ്ക്കു വഴിതെറ്റുകയും പിറ്റെദിവസം രാവിലെ ഹുജ്ഫത്തിൽ എത്തിച്ചേരുകയും ചെയ്തു അന്നു റബീഅത്തിന്റെ മകനായ ഉത്‌ബത് പത്തു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. നാലാംദിവസം, ഖുറൈശികൾ അബവാഇൽ എത്തി.

അഖ്‌വൽ ജംഹീയുടെ പുത്രനായ മഖീസു് ഒമ്പതു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. [അബവായിൽവെച്ചു പത്തു ഒട്ടകങ്ങളെയാണു് അറുത്തിരുന്നതെന്നും അന്നത്തെ ഭക്ഷണം ഹജ്ജാജിന്റെ മക്കളായ നബീഹിന്റെയും മുനബ്ബിഹിന്റെയും വകയായിരുന്നുവെന്നും പക്ഷാന്തരമുണ്ടു്.] അഞ്ചാംദിവസം അബ്ദുൽമുത്തലിബിന്റെ പുത്രനായ അബ്ബാസു് പത്തു ഒട്ടകങ്ങളെ അറുത്തു ഭക്ഷണംനൽകി. ആറാംദിവസം ആമിറിബ്നുനൌഫലിന്റെ പുത്രനായ ഹർസു് ഒമ്പതു ഒട്ടകങ്ങളെ അറുത്തു ഭക്ഷണം നൽകി. ബദ്റിലെ സുഖവാസകേന്ദ്രത്തിൽ അവർ എത്തിയതിന്നു ശേഷം അബുൽബഹ്തരീ പത്തു ഒട്ടകങ്ങളെയും മഖീസുൽജംഹീ ഒമ്പതു ഒട്ടകങ്ങളെയും അറുത്തു അവക്കു ഭക്ഷണം നൽകി. അനന്തരം അവർ യുദ്ധസന്നാഹത്തിൽ ഏർപ്പെട്ടതോടുകൂടി അസ്‌വാദ് എന്ന പലഹാരം ഭക്ഷിച്ചുതുടങ്ങി. സുഖവാസകേന്ദ്രത്തിലാണു് ഖുറൈശികൾ താമസിച്ചതെങ്കിലും അവരുടെ ഹൃദയങ്ങൾ ഭയവിമുക്തമായിരുന്നില്ല. കുതിരകൾ ഒച്ചയുണ്ടാക്കുന്നതുപോലും അവർ ഇഷ്ടപ്പെട്ടില്ല. ഏതെങ്കിലും ഒരു കുതിര ഒച്ചയുണ്ടാക്കിയാൽ കോപാവേശത്തോടുകൂടി അവർ അതിന്റെ മുഖത്തടിച്ചു.

വെള്ളമുള്ള സ്ഥലത്തുനിന്നു വളരെ അകലത്താണു് മുസ്‌ലിംകൾ താമസിച്ചിരുന്നതു്. വെള്ളം കിട്ടായ്കയാൽ അവർ ധാരാളം ക്ലേശിച്ചു പക്ഷെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ വിശ്വാസവും ആത്മധൈര്യവും നിറക്കുകയുണ്ടായി. രാത്രിയിൽ അവർ എല്ലാവരും സുഖമായി ഉറങ്ങുകയും ചെയ്തു. ഉറങ്ങാതിരിപ്പാൻ അവരിൽ ആരുംതന്നെ കഴിഞ്ഞിരുന്നില്ല. ഇരുന്നവർ ഇരുന്നേടത്തുനിന്നും നിന്നവർ നിന്നേടത്തുനിന്നും ഉറക്കത്തോടുകൂടി നിലത്തുവീണു സുഖനിദ്രയിൽ ആണ്ടുപോയി. പ്രഭാതമായപ്പോൾ വെള്ളത്തിന്റെ അത്യാവശ്യകത നേരിട്ടു. വെള്ളം ലഭിപ്പാനുള്ള ഒരു മാർഗ്ഗവും അവർ കണ്ടെത്തിയില്ല. അപ്പോൾ അല്ലാഹു ഒരു മഴ പെയ്യിച്ചു. മലകളിൽനിന്നു വെള്ളം കുത്തിയൊലിച്ചു. സഹാബികൾ ചെറുകഴികളുണ്ടാക്കി അവയിൽ വെള്ളം സംഭരിച്ചു, ആവശ്യങ്ങൾ നിർവ്വഹിച്ചു ആ മഴ ഭൂമിയിലുണ്ടായിരുന്ന പൊടിമണ്ണിനെ അമർത്തുകയും, നടക്കുമ്പോൾ കാലുകൾ മണ്ണിൽ താഴ്ന്നുപോകാത്തവിധം ഭൂമിയെ ഉറപ്പിക്കുകയുംചെയ്തു.

ഖുറൈശികളെ സംബന്ധിച്ചേടത്തോളം ഈ മഴ ആപത്തായി പരിണമിച്ചു. കാലുകൾ പൂണ്ടുപോകത്തക്കവിധം അവരുടെ പ്രദേശത്തു് ചളികെട്ടിനിന്നു. നിലം ആകപ്പാടെ ചളിപ്പാടായിമാറി. ഇതിനെസ്സംബന്ധിച്ചു, "യുദ്ധത്തിന്റെ കാര്യത്തിൽ നിങ്ങൾക്കുണ്ടായിരുന്ന ഭയത്തെക്കുറിച്ചു ഗ്രഹിച്ച അല്ലാഹു നിങ്ങൾക്കു ഉറക്കത്തെ തരികയും, നിങ്ങൾക്കു ശുദ്ധീകരിപ്പാനും, ശൈതാന്റെ ഇടതട്ടിനെ തട്ടിക്കളവാനും, നിങ്ങളുടെ ഹൃദയങ്ങളിൽ ക്ഷമയും ആത്മധൈര്യവും ശ്രുദ്ധമൂലമാക്കുവാനും, മണലിൽ കാലുകൾ ആണ്ടുപോകാത്തവിധം ഭൂമിയെ ഉറപ്പിച്ചുതരുവാനുംവേണ്ടി, ആകാശത്തിൽനിന്നു വെള്ളത്തെ ഇറക്കിത്തരികയും ചെയ്തിരിക്കുന്നു" എന്നിപ്രകാരം അർത്ഥമുള്ള ആയത്തിറക്കി.

'ശവാഹിദുന്നുബുവ്വത്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:-"ബദ്റിൽവെച്ചു അവരെ നിദ്ര ബാധിച്ചപ്പോൾ, കിടന്നവർ കിടന്നേടത്തുനിന്നും ഇരുന്നവർ ഇരുന്നേടത്തുനിന്നും, നിന്നവർ നിന്നേടത്തുനിന്നും ഉറങ്ങിപ്പോയി. അതായതു എല്ലാവരും ഒരേ സമയത്തു ഉറങ്ങിപ്പോയി." "ഞാൻ നിൽക്കുകയായിരുന്നു; ഉറക്കം വന്നപ്പോൾ ഇരിക്കേണ

മെന്നതോന്നി; പക്ഷെ, ഇരിക്കുന്നതിനുമുമ്പ് ഞാൻ ഉറങ്ങി വീണുപോയി'' എന്നു സുബൈർ (റ) പറഞ്ഞിരിക്കുന്നു. ഇങ്ങിനെ ഉറക്കം വേറെ ചിലതെയും തള്ളിയിടുകയുണ്ടായെന്നു അദ്ദേഹം തുടർന്നു പറയുന്നു 'ഉറക്കം എന്നെ ബാധിച്ചു; എന്റെ താടി നെഞ്ചിനുമുട്ടി. പിന്നീടു ഒന്നും തന്നെ എനിക്കോർമ്മയില്ല. ഉണർന്നപ്പോൾ ഞാൻ നിലത്തു ചരിഞ്ഞുകിടക്കുകയായിരുന്നു'വെന്നു സഅ്ദിബ്നു വഖ്ഖാസ് (റ) പറയുന്നു. 'ആ സുഖനിദ്രയിൽ ഞങ്ങളിൽ ചിലർക്കു സ്വപ്നസംഘടനമുണ്ടാ'യെന്നു രിഫാഅത് (റ) പറയുന്നു. അലീ (ക. വ.) പറയുകയാണു:- 'അന്നു രാത്രി ഞങ്ങൾക്കു നേരിയ മഴകിട്ടി. മരത്തിന്റെ മറകളുടെയും ചുവട്ടിൽ മഴകൊള്ളാതെ ഞങ്ങൾ കഴിച്ചുകൂട്ടി. തിരുമേനി (സ) പുലരുന്നതുവരെ നിസ്കാരത്തിൽ കഴിച്ചുകൂട്ടി. പ്രഭാതമായപ്പോൾ തിരുമേനി (സ) സുബ്ഹി നിസ്കരിപ്പാനായി ഞങ്ങളെ വിളിച്ചു. ആളുകൾ മരച്ചുവട്ടിൽനിന്നും മറവും ഓടിയെത്തി. തിരുമേനി (സ) യോടൊപ്പം ഞങ്ങൾ നിസ്കരിച്ചു. നിസ്കരിച്ച ശേഷം തിരുമേനി (സ) ഒരു ഖുത്ബ നിർവ്വഹിക്കുകയും യുദ്ധത്തിനുള്ള ആവേശവും ഉത്സാഹവും ഞങ്ങളിൽ ഉദ്ദീപിക്കുകയും, 'അല്ലാഹു മനസ്സുവെപ്പിച്ച കാര്യത്തിൽ ഞാൻ നിങ്ങളെ മനസ്സുവെച്ചിരിക്കുന്നു, എന്നർത്ഥമുള്ള ഹദീസ് പൂർണ്ണമായി ഞങ്ങളെ കേൾപ്പിക്കുകയും ചെയ്തു.'

ഖുത്ബ കഴിഞ്ഞതിനു ശേഷം തിരുമേനി (സ) യും സഹാബികളും ഖുറൈശികളുടെ താവളത്തെ ലക്ഷ്യമാക്കി മുമ്പോട്ടു നീങ്ങി. ഒരു ജലപ്രദേശത്തു എത്തിയപ്പോൾ തിരുമേനി (സ) അവിടെ തങ്ങി. അപ്പോൾ ഖബ്ബാബിബ്നുൽമുൻദിർ (റ) ഇപ്രകാരം പറഞ്ഞു:- 'യാറസൂലല്ലാ, അല്ലാഹു ഈ സ്ഥലത്തിനു വല്ല പ്രത്യേകതയും കല്പിച്ചുകൊണ്ടാണു് താങ്കൾ ഇവിടെ തങ്ങിയതെങ്കിൽ, എനിക്കൊന്നും പറവാനില്ല. ഈ സ്ഥലം വിട്ടു മറ്റൊരിടത്തേക്കു മാറേണമെന്നു അഭിപ്രായവുമില്ല. താങ്കളുടെ സ്വാഭിപ്രായത്തെ മുൻനിറുത്തിക്കൊണ്ടാണു് ഇവിടെ തങ്ങിയതെങ്കിൽ എനിക്കു ഇക്കാര്യത്തിൽ ഒരഭിപ്രായം ബോധിപ്പിക്കുവാനുണ്ടു്.' സ്വാഭിപ്രായത്താലാണു് ഇവിടെ തങ്ങിയതെന്നു തിരുമേനി (സ) പറഞ്ഞപ്പോൾ, അദ്ദേഹം ഇപ്രകാരം തുടർന്നു:- 'യാറസൂലല്ലാ, നമുക്കു ഉചിതമായ കേന്ദ്രം ഇതല്ല. ഖുറൈശികൾ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലത്തിനടുത്തേക്കു നമുക്കു പുറപ്പെടാം. അവിടെ ഖലീബു് എന്ന ഒരു കിണറുണ്ടു്. ഒരിക്കലും വറ്റാത്ത, നല്ല ഉറവുള്ള കിണറാണതു്. എനിക്കു ആ പ്രദേശത്തെക്കുറിച്ചും ആ കിണറിനെക്കുറിച്ചും വേണ്ടത്ര പരിചയമുണ്ടു്. ആ കിണറിനടുത്തു നമുക്കു തങ്ങാം. ആ കിണറിനടുത്തായി കുറെ കുഴിക്കിണറുകളുണ്ടു്. കെട്ടിപ്പടുക്കാത്ത ആ കിണറുകളെല്ലാം തുരത്തുകളയണം. അതിനുശേഷം ഖലീബു് എന്ന കിണറിനടുത്തു ഒരു കുഴി കുത്തി അതിൽ നമ്മുടെ ആവശ്യത്തിനു വേണ്ടത്ര വെള്ളം നിറച്ചുവെക്കുകയും ശത്രുക്കൾക്കു വെള്ളം കിട്ടാതാക്കുകയും വേണം'

നിങ്ങൾ പറഞ്ഞ അഭിപ്രായത്തെപ്പറ്റി ചിന്തിച്ചു മറുപടി പറയാമെന്നു തിരുമേനി (സ) അദ്ദേഹത്തെ അറിയിച്ചു. അപ്പോഴേക്കും ജിബ്രീൽ (അ) പ്രത്യക്ഷമാവുകയും ഖബ്ബാബ് (റ) വിന്റെ അഭിപ്രായത്തെ സ്ഥിരീകരിക്കുകയും ചെയ്തു. (അന്നുമുതൽ ഖബ്ബാബ് (റ) 'അഭിപ്രായക്കാരൻ' എന്നർത്ഥമുള്ള 'ദുർറഅ്' യി' എന്ന പേരിൽ പ്രസിദ്ധനായി.) തിരുമേനി (സ) യും സഹാബിമാരും മുമ്പോട്ടു നീങ്ങി.

ഖുറൈശികളുടെ താവളത്തിനടുത്തുള്ള പ്രസ്തുത കിണറിനരികെ മുസ്‌ലിംകളും താവളമടിച്ചു. ആദ്യമായി കുഴിക്കുന്നവരെല്ലാം തുള്ളുകളഞ്ഞു. പിന്നീട് ഖലീഫ് എന്ന കിണറിനടുത്തുള്ള ഒരു കുഴി കുത്തി അതിൽ വെള്ളം നിറക്കുകയും പാത്രങ്ങളും അതിൽ ഇട്ടുവെക്കുകയും ചെയ്തു.

അദ്ധ്യായം 7

ഖബ്ബാബ് (റ) അഭിപ്രായപ്പെട്ടതനുസരിച്ച്, റമളാൻമാസം പതിനെട്ടാംതിയ്യതി വെള്ളിയാഴ്ച രാത്രി (വ്യാഴാഴ്ച അസ്തമിച്ച വെള്ളിയാഴ്ച രാത്രി) തിരുമേനി (സ) യും സഹാബികളും ബദ്‌റിലെ യുദ്ധസ്ഥലത്തെത്തിച്ചേർന്നു. അവിടെ എത്തിയപ്പോൾ, സഅ്ദിബ്നുമആദ് (റ) തിരുമേനി (സ) യോട് ഇപ്രകാരം പറഞ്ഞു:- 'യാറസൂലുല്ലാ, ഞങ്ങൾ താങ്കൾക്കുവേണ്ടി ഒരു തമ്പ് പണിയാം. താങ്കൾക്ക് അതിൽ താമസിക്കാം. സാധനങ്ങളും അതിൽ സൂക്ഷിക്കുകയും ചെയ്യാം. ഈ യുദ്ധത്തിൽ ഞങ്ങൾക്ക് അല്ലാഹു വിജയം നൽകിയെങ്കിൽ സന്തോഷം. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ താങ്കൾ ഞങ്ങളുടെ ചിന്നിലുള്ള സഹാബികളോടൊപ്പം പെന്നു ചേരണം. യാറസൂലുല്ലാ, ചില ആളുകൾ താങ്കളോടൊപ്പം വരാതിരുന്നിട്ടുണ്ട്. അവർക്കുള്ളതിനേക്കാളേറെ താങ്കളോട് ഞങ്ങൾക്കാണ് സ്നേഹമുള്ളതെന്നു പറഞ്ഞുകൂടാ. താങ്കൾ ഇങ്ങിനെ ഒരു യുദ്ധത്തെ അഭിമുഖീകരിക്കുമെന്നു അറിഞ്ഞിരുന്നെങ്കിൽ അവർ വരാതിരിക്കയില്ലായിരുന്നു. താങ്കൾ ഒട്ടകസംഘത്തെ നേരിടുക മാത്രമെ ചെയ്യുകയുള്ളുവെന്നായിരുന്നു അവരുടെ ധാരണ.'

ഇതു കേട്ടപ്പോൾ സഅ്ദ് (റ) വിനെ തിരുമേനി (സ) പ്രശംസിച്ചു. സഅ്ദ് (റ) യുദ്ധക്കളത്തിനടുത്തായി കുന്നിൻമുകളിൽ തമ്പു കെട്ടിയുണ്ടാക്കി. തിരുമേനി (സ) യും അബൂബകർസിദ്ദീഖ് (റ) വും ആ തമ്പിൽ താമസിച്ചു.

ജനങ്ങളിൽവെച്ചു അതിധീരനായ പുരുഷൻ ആരാണെന്നു പിന്നീടൊരിക്കൽ അലീ (ക. വ.) സഹാബിമാരോട് ചോദിച്ചപ്പോൾ 'നിങ്ങൾ തന്നെ' എന്നു അവർ മറുപടി നൽകി. അലീ (ക. വ.) സഹാബികളുടെ അഭിപ്രായത്തെ ഇപ്രകാരം തിരുത്തി:- 'ശൂജാഅത്തിൽ ഒന്നാമൻ അബൂബകർ സിദ്ദീഖാകുന്നു. ബദ്‌റുയുദ്ധകാലത്തു ഞങ്ങൾ തിരുമേനി (സ) ക്കു വേണ്ടി ഒരു തമ്പുകെട്ടി ശത്രുക്കളുടെ യാതൊരു ഉപദ്രവവുമേൽക്കാത്തവിധം തിരുമേനി (സ) ക്ക് കാവൽ നിൽക്കുവാൻ ആരാണൊരുക്കമുള്ളതെന്നു ഞങ്ങൾ സഹാബികളോട് ചോദിച്ചു. 'ഞാൻ നിൽക്കാം' എന്നു അബൂബകർ സിദ്ദീഖ് ഉത്തരം നൽകി. (ഈച്ചക്കുപോലും അടുക്കാൻ കഴിയാത്തവിധം തിരുമേനി (സ) യെ അദ്ദേഹം കാത്തുരക്ഷിച്ചു. ഞങ്ങൾ അങ്ങോട്ട് നോക്കിയപ്പോഴെല്ലാം തമ്പുരാനാണെ സത്യം, അബൂബകർസിദ്ദീഖ് വാളയത്തിപ്പിടിച്ചതായിട്ടല്ലാതെ കാണപ്പെട്ടിട്ടില്ല അദ്ദേഹത്തെ മറികടന്നല്ലാതെ തിരുമേനി (സ) യെ സമീപിക്കുവാൻ ആക്കും ഒരു വിധത്തിലും കഴിയാത്ത വിധത്തിലായിരുന്നു അദ്ദേഹത്തിന്റെ നില്പ്.')

ഇന്നത്തെ മസ്ജിദ്ബദർ എന്ന പള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്താണ് അന്നു തിരുമേനി (സ) ക്കുവേണ്ടി തമ്പുകെട്ടിയിരുന്നതെന്നു സയ്യിദ് സംഹൂരി (റ) പറഞ്ഞിരിക്കുന്നു. യുദ്ധം മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോൾ അബൂബകർസിദ്ദീഖ് (റ) വിനെ തിരുമേനി (സ) യുദ്ധരംഗത്തിലേക്കു നിയോഗിച്ചു. അലീ (ക. വ.)

തിരുമേനി (സ) യുടെ തമ്പിനു കാവൽനിന്ന അബൂബകർസിദ്ദീഖ് (റ) വും സഅ്ദിബ്നുമആദ് (റ) വും അൻസാർകളുടെ കൂടാരത്തിനു (ഖൈമക്ക) കാവൽനിന്നു. ഇങ്ങിനെ ചില മാറ്റങ്ങളും യുദ്ധവേളയിൽ നടത്തപ്പെട്ടു.

അലീ (ക. വ.) ശുജാഅത്തിൽ ഉന്നതൻ തന്നെ. പക്ഷെ, ഇബ്നുമുൽജും അല്ലാതെ അദ്ദേഹത്തെ വധിക്കുകയില്ലെന്നു തിരുമേനി (സ) കാലേക്കൂട്ടി അദ്ദേഹത്തെ അറിയിച്ചിരുന്നു. അബൂബകർ (റ) വിനു അങ്ങിനെയുള്ള അറിവുകളൊന്നും നൽകപ്പെട്ടിരുന്നില്ല. അതു കൊണ്ടു എല്ലാ ഘട്ടത്തിലും രക്തസാക്ഷിത്തത്തെ പ്രതീക്ഷിച്ചുകൊണ്ടു ജീവിച്ച മഹാനായ ശുജാഇ ആയിരുന്നു അബൂബകർസിദ്ദീഖ് (റ).

അനസ് (റ) വിൽനിന്നു മുസ്‌ലിം (റ) ഇപ്രകാരം ഉദ്ധരിക്കുന്നു:- 'തിരുമേനി (സ) ബദ്ർ യുദ്ധം നടന്നസ്ഥലത്തു എത്തിയ ആ രാത്രിയിൽ, തിരുമേനി (സ) ആ സ്ഥലത്തു ചുറ്റിനടക്കുകയും ഇന്നിന്നവർ ഇന്നിന്നസ്ഥലത്തു മരിച്ചുവീഴുമെന്നു പറഞ്ഞുകൊണ്ടു, (ആളുടെ പേരുകൾ പറഞ്ഞുകൊണ്ടു) സ്ഥലം ചൂണ്ടിക്കാട്ടുകയും അല്ലാഹു വേണ്ടുകവെച്ചെങ്കിൽ നാളെത്തന്നെ അതു സംഭവിക്കുമെന്നു തിരുമേനി (സ) പറയുകയും ചെയ്തു.'

നേരം പുലർന്നു തിരുമേനി (സ) യും സഹാബികളും സുബ്ഹി നിസ്കരിച്ചുകഴിഞ്ഞപ്പോഴേക്കും ശത്രുസേന കുന്നിൻമുകളിൽനിന്നു യുദ്ധക്കളത്തിലേക്കു ഇറങ്ങിവന്ന അണിനിരന്നു. അവരുടെ സംഖ്യാബലവും ആയുധബലവും കണ്ടപ്പോൾ തിരുമേനി (സ) സഹായത്തിന്നായി അല്ലാഹുവോടു പ്രാർത്ഥിച്ചു ശത്രുസേനയിലെ പ്രബലന്മാരും ഇസ്‌ലാമിന്റെ കഠിന ശത്രുക്കളുമായ അബൂജഹൽ, സംഅതിബ്നുൽ അസ്‌വദ്, അബൂസംഅത്, സുഹൈൽ തുടങ്ങിയ ചിലരുടെ പേരുകൾ എടുത്തു പറഞ്ഞുകൊണ്ടു 'റബ്ബേ, ഇവരെ നീ ഒഴിവാക്കുമോതേ' എന്നു തിരുമേനി (സ) പ്രാർത്ഥിക്കുകയുണ്ടായി. അനന്തരം യുദ്ധത്തിന്റെ മഹത്വത്തെക്കുറിച്ചും ബദ്ർയുദ്ധത്തിന്റെ സാഹചര്യങ്ങളെക്കുറിച്ചും തിരുമേനി (സ) പ്രസംഗിച്ചു. യുദ്ധക്കളത്തിൽ ഇറങ്ങി അണിനിരപ്പാൻ സഹാബികൾ ആജ്ഞാപിക്കപ്പെട്ടു. സന്തോഷത്തോടും ആത്മാഭിമാനത്തോടും ദൃഢചിത്തതയോടുംകൂടി സഹാബികൾ യുദ്ധക്കളത്തിൽ അണിനിരന്നു.

അദ്ധ്യായം 8

ശത്രുസേന യുദ്ധക്കളത്തിൽ അണിനിരന്നശേഷം, മുസ്‌ലിംസേനയുടെ സംഖ്യാബലം അറിഞ്ഞുവരുവാനായി ഉമൈറിബ്നുവഹബുൽജുംഹീയെ നിയോഗിച്ചു. (ഇദ്ദേഹം പിന്നീടു ഇസ്‌ലാംമതം സ്വീകരിക്കുകയും തിരുമേനി (സ) യോടൊപ്പം ഉഹ്ദ് യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.) അദ്ദേഹം കുതിരപ്പുറത്തുകയറിസ്സഞ്ചരിച്ചു മുസ്‌ലിംസേനയെനോക്കി ഏതാണ്ടു അവരുടെ സ്ഥിതിഗതികളും മിക്കവാറും മനസ്സിലാക്കി. അദ്ദേഹം തിരിച്ചുചെന്നു ഇപ്രകാരം അറിയിച്ചു:- 'മുസ്‌ലിംസേന എണ്ണത്തിൽ മുന്നൂറിൽചുരുക്കമെ ഉണ്ടാകയുള്ളൂ. അവരുടെ പിന്നിൽ ആളുകൾ ഒളിച്ചിരിക്കുന്നുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. ഞാൻ അവരുടെ പിൻഭാഗത്തുചെന്നു അവിടെയെല്ലാം പരിശോധിച്ചു. ഒന്നുത്തിൽ അവരുടെ സ്ഥിതിഗതികളും മനസ്സിലാക്കിതിരിച്ചുവരാം.'

ഇതുകേട്ടപ്പോൾ ശത്രുക്കളുടെ അണികളിൽ ആഹ്ലാദം തിരകവിഞ്ഞു. മുന്നൂറിൽ കുറഞ്ഞ ആളുകളോ, എന്നു നിസ്സാരം. അവരെ പരാജയപ്പെടുത്തുക എന്നുള്ളതു എത്രമാത്രം സുകരമാണ്!

ഉമൈർ വീണ്ടും തിരിച്ചുവന്നു. ഇത്തവണ അദ്ദേഹം ഇപ്രകാരം അറിയിച്ചു:- ''ഞാൻ ആ കുന്നിൻ പ്രദേശത്തു് കുറെ ദൂരം ചുറ്റി നോക്കി. മുസ്‌ലിംകളുടെ സഹായസേന അവിടെയെങ്ങും കണ്ടെത്തപ്പെട്ടില്ല. ഈ കാണുന്നവരല്ലാതെ അവരുടെ പിന്നിൽ ആരുമില്ല. അവർ മരിക്കുവാൻതന്നെ ഒരുങ്ങിവന്നിട്ടുള്ളവരാണു്. അവർ നിശ്ശബ്ദരായി വത്തിക്കുന്നതിരയെ കണ്ട വിഷണ്ണപ്പത്തെപ്പോലെ അവർ നാവുകൊണ്ടു മുണ്ടുകൾ നനച്ചുകൊണ്ടിരിക്കുകയാണു്. അവരിൽ ആരെങ്കിലും അവരുടെ കുടുംബത്തിലേക്കു തിരിച്ചുപോകേണമെന്നു ഉദ്ദേശിച്ചിട്ടില്ല. അവരുടെ കണ്ണുകൾ തീപോലെ ജ്വലിക്കുന്നു. വാളല്ലാതെ, അങ്കി, പരിച, മുതലായ മറ്റായുധങ്ങളൊന്നും അവരുടെ പക്കലില്ല. എങ്കിലും ഒരു കാര്യം ഞാൻ സത്യം ചെയ്തുകൊണ്ടു പറയാം: നമ്മിൽനിന്നു ഒരാളെങ്കിലും മരിക്കാതെ അവരിൽപ്പെട്ട ഒരാളെപ്പോലും ഒന്നുംതന്നെ ചെയ്യുവാൻ നമുക്കു കഴിയുകയില്ല. അങ്ങിനെ അവരുടെ എണ്ണത്തിനു തുല്യമായ ആളുകൾ നമ്മുടെ അണിയിൽ നിന്നു മരിക്കേണ്ടിവരും. ശേഷിച്ച ആളുകളെയും കൊണ്ടാണു് നാം തിരിച്ചുപോകേണ്ടിവരിക. നാം അങ്ങിനെ മക്കത്തുതിരിച്ചുചെന്നാൽ മരിച്ചവരുടെ ബന്ധുക്കളോടെന്തു പറയും? അതിനേക്കാൾ വലിയ അപമാനം മറ്റെന്താണുള്ളതു്? അതുകൊണ്ടു, യുദ്ധംചെയ്യാതെ ഈ നിലയിൽ ഉടനെ തിരിച്ചുപോവുകയാണുത്തമം.'' ഹകീമിബ്നു അസാം ഈ അഭിപ്രായത്തോടു് യോജിച്ചു. ഈ വാർത്ത ഖുറൈശികളിൽ പലരും അറിഞ്ഞു. ഉത്ബതിബ്നുറാബീഅത്തിനെ സമീപിച്ചുകൊണ്ടു് ഹകീമിബ്നു ഹസാം ഇപ്രകാരം പറഞ്ഞു:- 'താങ്കൾ മാന്യനും ഖുറൈശികളുടെ നേതാവുമാണല്ലോ. താങ്കളുടെ അഭിപ്രായത്തെ ഖുറൈശികൾപ്പോഴും മാനിക്കാറുണ്ടു് ഇക്കാര്യത്തിൽ താങ്കളുടെ അഭിപ്രായം അവരുടെ മുമ്പിൽ വെക്കുവാനും ആ അഭിപ്രായം അവരെക്കൊണ്ടു അംഗീകരിപ്പിക്കുവാനും താങ്കൾ സന്നദ്ധനാവണം. ഖുറൈശികൾ ഇപ്പോൾ മുസ്‌ലിംകളുമായി യുദ്ധം നടത്തുന്നതു ഗുണത്തിനാവുകയില്ല. ഈ യുദ്ധം ഖുറൈശികൾക്കു ആൾ നാശവും ധനനാശവും അപകീർത്തിയും ഉണ്ടാക്കിത്തീർക്കും. അവർ എത്രപേരുണ്ടോ അതിലധികംപേരെങ്കിലും നമ്മുടെ ഇടയിൽ നിന്നു മരിച്ചല്ലാതെ അവരെ പരാജയപ്പെടുത്തുവാൻ സാധിക്കുകയില്ല. ആ നിലയിൽ അവസാനം യോജിച്ചെന്നുവന്നാൽ തന്നെയും, ജയഭേരി മുഴക്കിക്കൊണ്ടു് നാട്ടിൽ തിരിച്ചുചെല്ലുവാൻ നമുക്കു കഴിയുകയില്ല. അതുകൊണ്ടു യുദ്ധം ചെയ്യാതെ ഇവിടെ നിന്നു മാനമായി തിരിച്ചുപോവുകയാണുത്തമം.'

ഈ അഭിപ്രായം അർത്ഥവത്താണെന്നു ഉത്ബത്തിനു ബോദ്ധ്യമായി. ഖുറൈശികളെ അഭിമുഖീകരിച്ചുകൊണ്ടു ഉത്ബത് ഇപ്രകാരം ഉൽബോധിപ്പിച്ചു:- 'അല്ലയോ ഖുറൈശികളെ, നിങ്ങൾ മുഹമ്മദിനെയും കൂട്ടുകാരെയും നേരിട്ടിരിക്കുകയാണല്ലൊ. നിങ്ങൾക്കു യാതൊരു നഷ്ടവും പറ്റാത്ത നിലയിൽ അവരെ കൊന്നൊടുക്കി നാട്ടിലേക്കു തിരിച്ചുപോകുവാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടൊ? കഴിയാത്ത കാര്യമാണതു്. അഥവാ, നിങ്ങൾക്കു അവരെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞെന്നുവന്നാൽതന്നെ, അതിന്നായി നിങ്ങളിൽ ചിലർ മരിക്കേണ്ടിവരും. ഇളയച്ഛന്മാർ, മൂത്തച്ഛന്മാർ, അമ്മാമന്മാർ, മച്ചുനന്മാർ എന്നീ ഇനങ്ങളിൽപ്പെട്ട പലരെ മരണത്തിനു വിട്ടുകൊടുത്തശേഷം, മാറ്റുള്ളവർ മക്കയിൽ തിരിച്ചുചെല്ലുന്നതെങ്ങിനെ? അവരുടെ കുടുംബാദികളോടു നിങ്ങൾ എപ്രകാരം പറയും? ആകയാൽ, ഇപ്പോൾ യുദ്ധം ചെയ്യാതെ നമുക്കു നാട്ടിലേക്കു തിരിച്ചുപോകുക. നമ്മിൽപ്പെടാത്ത അറബി

കൊടുക്കുക മുഹമ്മദിനെ വിട്ടുകൊടുക്കാം. അവർ മുഹമ്മദുമായി യുദ്ധം ചെയ്യട്ടെ. അവർ മുഹമ്മദിനെ പരാജയപ്പെടുത്തിയാൽ നമ്മുടെ ഉദ്ദേശ്യം സഫലമാകുമല്ലൊ. അവർ മുഹമ്മദുമായുള്ള യുദ്ധത്തിൽ തോറ്റുപോയെങ്കിൽ ആ അപമാനം നമ്മെ ബാധിക്കുകയുമില്ല. ഇപ്പോൾ യുദ്ധംചെയ്യാതെ മടങ്ങുന്നതിൽ അപമാനമുണ്ടെങ്കിൽ ആ അപമാനം നമ്മെ ബാധിക്കുന്ന പക്ഷം, ആ അപമാനഭാരം മുഴുവനും ഞാൻ ഏറ്റുവഹിച്ചുകൊള്ളാം. ഉത്‌ബത് പേടിച്ചു പോയെന്നും അയാളുടെ ഭീരുത്വമാണ് ഞങ്ങളെ പിന്തിരിപ്പിച്ചതെന്നും നിങ്ങൾ പറഞ്ഞുകൊള്ളുക. ആ വക കാര്യങ്ങളിൽ ഭയപ്പെടുന്നവനല്ല ഞാനെന്നു നിങ്ങൾക്കറിയാമല്ലൊ.'

ഹകീമിബ്‌നുഹസാമും ഉത്‌ബതിബ്‌നു റബീഅത്തും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഉള്ളടക്കം മറ്റൊരു നിലയിലും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ രൂപം ചുവടെ ഉദ്ധരിക്കുന്നു. റബീഅത്തിനെ സമീപിച്ചുകൊണ്ട് ഹകീം ഇപ്രകാരം പറഞ്ഞു:– 'താങ്കൾ ശ്രമിച്ചാൽ ഖുറൈശികളെ രക്ഷപ്പെടുത്തുവാൻ സാധിക്കും. യുദ്ധം ചെയ്യാത്ത നിലയിൽ അവരെ താങ്കൾ പിന്തിരിക്കുക. അതാണുത്തമം. താങ്കളുടെ മാധ്യസ്ഥത്തിലിരുന്ന അംറുബ്‌നുൽ ഹള്‌റമിനെ വാഖിദിബ്‌നുഅബ്ദില്ലാ കൊലപ്പെടുത്തി. ആ കൊലക്കുള്ള നഷ്ടപരിഹാരവും, അന്നു അവർ പിടിച്ചെടുത്തു മുഹമ്മദിനെത്തിച്ചുകൊടുത്ത ഒട്ടകങ്ങളുടെ നഷ്ടപരിഹാരവും മാത്രമാണ് മുഹമ്മദിൽനിന്നു ഖുറൈശികൾക്കു ലഭിക്കേണ്ടിയിരിക്കുന്നത്. ആ രണ്ടു നഷ്ടപരിഹാരങ്ങളും താങ്കൾ നൽകികൊള്ളാമെന്നു ഖുറൈശികൾക്കു വാക്കുകൊടുക്കുക.' ഹകീമിന്റെ അഭിപ്രായത്തിന്റെ അന്തസ്സത്ത മനസ്സിലാക്കിക്കൊണ്ട്, ഉത്‌ബത് നേരെ ഖുറൈശികളെ സമീപിക്കുകയും അവരോടു ഇപ്രകാരം പറയുകയും ചെയ്തു:– 'ഖുറൈശികളെ, ഞാൻ ഒരു കാര്യം നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു. ശാന്തചിത്തരായി നിങ്ങൾ അതു കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇബ്‌നുഹള്‌റമിന്റെ കൊലക്കുള്ള നഷ്ടപരിഹാരവും മുസ്‌ലിംകൾ അന്നു പിടിച്ചെടുത്ത ഒട്ടകങ്ങളുടെ നഷ്ടപരിഹാരവും മാത്രമാണല്ലൊ മുഹമ്മദിൽനിന്നു നിങ്ങൾക്കു കിട്ടേണ്ടിയിരിക്കുന്നത്. ഈ രണ്ടു നഷ്ടപരിഹാരങ്ങൾ മാത്രമല്ലാതെ നിങ്ങൾക്കു മുഹമ്മദിൽനിന്നു അവകാശപ്പെടുവാനില്ലല്ലൊ. ആ നഷ്ടപരിഹാരങ്ങൾ ഞാൻ നിങ്ങൾക്കു തന്നു കൊള്ളാമെന്നു ആണയിട്ടുകൊണ്ടു ഞാനിതാ ഉറപ്പുനൽകുന്നു. നിങ്ങൾ അവരുടെ മുഖങ്ങൾ നോക്കുക. ചന്ദ്രനെപ്പോലെ തിളങ്ങിയ ആ സുന്ദരമുഖങ്ങൾ ക്രുദ്ധസർപ്പത്തിന്റെ മുഖംപോലെ ആയിക്കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ അവരോടു യുദ്ധം ചെയ്യാതെ നമുക്കു തിരിച്ചുപോകാം.'

ഈ സംഭവം തിരുമേനി (സ) ദൂരെനിന്നു വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. തിരുമേനി (സ) പറഞ്ഞു:– "അക്കൂട്ടത്തിൽനിന്നു വല്ലവനും നന്മ പറയുന്നുണ്ടെങ്കിൽ, അതു ആ ചുകന്ന ഒട്ടകപ്പുറത്തിരിക്കുന്നവൻമാത്രമാകുന്നു. (ഉത്‌ബത് ചുകന്ന ഒട്ടകപ്പുറത്താണ് കയറിയിരുന്നതു്.) ഹംസ (റ) മുസ്‌ലിംകളുടെ മുന്നണിയിൽ ശത്രുസേനക്കടുത്താണ് നിലയുറപ്പിച്ചിരുന്നതു്. അതുകൊണ്ടു ആ ചുകന്ന ഒട്ടകക്കാരനും ഖുറൈശികളും തമ്മിൽ എന്താണ് പറയുന്നതെന്നു ശ്രദ്ധിക്കേണമെന്നും ഹംസ(റ)വിനു നിർദ്ദേശം നൽകുവാൻ തിരുമേനി (സ) അലി (ക. വ.)ക്ക് ഉപദേശം നൽകി. അലി (ക. വ.) അന്വേഷിച്ചപ്പോൾ ചുവന്ന ഒട്ടകപ്പുറത്തിരിക്കുന്നതു് ഉത്‌ബതിബ്‌നു റബീഅത്താണെന്നും, യുദ്ധത്തിൽനിന്നു പിന്തിരിയുവാൻ അദ്ദേഹം ഖുറൈശികളെ പ്രേരിപ്പിക്കുകയാണെന്നും ഹംസ (റ) ഉത്തരം നൽകി.

ഉത്‌ബത്തിന്റെ അഭിപ്രായത്തോട് ഖുറൈശികളിൽ ഭൂരിപക്ഷം യോജിച്ചു. അബൂജഹൽ സമ്മതിച്ചെങ്കിൽ മാത്രമെ സംഗതി നടക്കുമായിരുന്നുള്ളൂ. ആകയാൽ അബൂജഹലിനെ ഈ അഭിപ്രായഗതിയിലേക്ക് ആനയിക്കുന്നതിന്നായി ഹകീമിനെത്തന്നെ ഉത്‌ബത് നിയോഗിച്ചു. [അബൂജഹലിന്റെ ശരിയായ പേർ അബ്ദുൽ ഉസ്സാ എന്നാണ്. അബൂജഹൽ എന്ന പേരിലാണ് അയാൾ പരക്കെ അറിയപ്പെട്ടത്. ഇബ്‌നുഹൻഇലിയ്യത് എന്ന മറെറാരു പേരിലും അയാൾ വിളിക്കപ്പെട്ടിരുന്നു. ഒന്നടപടിക്കാരിയുടെ മകൻ എന്നാണ് ഈ പദത്തിന്റെ അർത്ഥം.] ഉത്‌ബതിന്റെ നിർദ്ദേശപ്രകാരം ഹകീം കുതന്ത്രശാലിയായ അബൂജഹലിനെ സമീപിച്ചു. ഹകീം പറയുന്നു:– 'ഞാൻ ചെല്ലുമ്പോൾ അബൂജഹൽ അയാളുടെ വിലപിടിച്ച പടയങ്കി ഉറയിൽനിന്നു ഊരിയെടുക്കുകയായിരുന്നു. ഞാൻ അയാളെ സമീപിച്ചു. മാന്യോചിതമായ നിലയിൽ അഭിവാദ്യം ചെയ്തു. അനന്തരം ഉത്‌ബത്തിന്റെ സന്ദേശം അയാളെ ധരിപ്പിച്ചു. ഇതു കേട്ടപ്പോൾ അബൂജഹൽ പറഞ്ഞു: 'പടച്ചവനാണെ സത്യം, ഉത്‌ബതിന്റെ ഇരക്കടൽ ഭയംകൊണ്ടു വീർത്തുപോയി.' ഉടനെ അയാൾ ഉത്‌ബതിനെ സമീപിച്ചു. 'നിങ്ങൾ പറഞ്ഞയച്ച വിവരങ്ങൾ തന്നെയാണൊ ഹകീം എന്നോട് പറഞ്ഞത്'' എന്നു അയാൾ ഉത്‌ബതോട് ചോദിച്ചു. 'അതെ' എന്നു ഉത്‌ബത് മറുപടി പറഞ്ഞു. ഇതു കേട്ടപ്പോൾ അബൂജഹൽ ഹീനമായ ഭാഷയിൽ പുലഭ്യം പറയുകയും, 'ഞങ്ങൾക്കും മുഹമ്മദിനും മിടയിൽ ഒരു തീരുമാനം ഉണ്ടാക്കുന്നതുവരെ, പടച്ചവനാണെ സത്യം, ഞങ്ങൾനാട്ടിലേക്ക് മടങ്ങുകയില്ല' എന്നു വീരവാദം മുഴക്കുകയും ചെയ്തു. അനന്തരം ഖുറൈശികളോടായി അബൂജഹൽ ഇപ്രകാരം പറഞ്ഞു:– 'ഖുറൈശികളെ, നിങ്ങൾ നോക്കുക, ഒരു ഒട്ടകത്തെ തിന്നുതീർപ്പാനുള്ള ആളുകൾ പോലും മുഹമ്മദിന്റെ അണിയിലില്ല. എന്നിരിക്കെ, യുദ്ധം ചെയ്യാതെ തിരിച്ചുപോകുവാൻ ഉത്‌ബത് നമ്മെ ഉപദേശിക്കേണ്ടുന്ന ആവശ്യമില്ല. ഉത്‌ബതിന്റെ ഉപദേശത്തിന്റെ പിന്നിൽ ചില ഉദ്ദേശ്യങ്ങളുണ്ട്. അതു എനിക്കു മനസ്സിലായിട്ടുണ്ട്. ഉത്‌ബതിന്റെ മകനായ അബൂഹുദൈഫ എന്ന വ്യക്തി മുഹമ്മദിന്റെ കയ്യിലാണല്ലൊ. കൂടാതെ ഉത്‌ബതിന്റെ അമ്മാമന്റെ മകനാണ് മുഹമ്മദ്. സ്വന്തം പുത്രനും അമ്മാമന്റെ പുത്രനും നമ്മുടെ വാളിന്നിരയായിപ്പോകുമെന്ന വ്യസനമാണ്, നമ്മോടു ഇങ്ങിനെ പറവാൻ ഉത്‌ബതിനെ പ്രേരിപ്പിച്ചതു്, ഇതൊരു കപടതന്ത്രമാണ്. ഇതു മാറാക്കും മനസ്സിലാകയില്ലെന്നാണ് ഉത്‌ബതിന്റെ ധാരണ. ഇതു കേട്ടപ്പോൾ ഉത്‌ബത് കോപാകുലനാവുകയും അബൂജഹലോടു മറുത്തു പറയുകയും, കുടുംബദ്രോഹി ആരാണെന്നു ഉടനെ കണ്ടറിയാമെന്നു മുന്നറിയിപ്പു നൽകുകയും ചെയ്തു.'

[ഉത്‌ബതിബ്‌നുറബീഅത്തിന്റെ മകളായ ഉമ്മുഇയ്യാൻ എന്ന സ്ത്രീയുടെ നാലു സഹോദരന്മാരും രണ്ടു പിതൃസഹോദരന്മാരും ബദ്‌ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അവരിൽ അബൂഹുദൈഫ (റ), മിസ്‌അബിബ്‌നു ഉമൈർ (റ)— ഇദ്ദേഹം പ്രസ്തുത സ്ത്രീയുടെ ഉമ്മയുടെ സഹോദരനായിരുന്നു – എന്നീ രണ്ടു സഹോദരന്മാരും, മഅ്‌മസിബ്‌നുൽഹർസ് (റ) എന്ന പിതൃസഹോദരനും മുസ്‌ലിംപക്ഷത്തും, വലീദിബ്‌നുഉത്‌ബത്, അബൂഉസൈർ എന്നീ രണ്ടു അമുസ്‌ലിം സഹോദരന്മാരും ശൈബതിബ്‌നുറബീഅത് എന്ന പിതൃസഹോദരൻ (അമുസ്‌ലിം) ശത്രുപക്ഷത്തുമാണ്ടായിരുന്നതു്.]

സംഖ്യാബലത്തിലും ആയുധബലത്തിലും മുസ്‌ലിംസേന ഏറെറവും താഴ്ന്ന പടിയിലാ

ണെന്നുള്ള ധാരണയാണ്, യുദ്ധം തുടങ്ങുന്നതിനു മുമ്പ്, ശത്രുക്കളിൽ ഉണ്ടായിരുന്നത്. യുദ്ധം ചെയ്യാതെ തിരിച്ചു പോകുവാൻ ഈ ധാരണ അവരെ അനുവദിച്ചില്ല. യുദ്ധം തുടങ്ങിയപ്പോഴാകട്ടെ, ശത്രുക്കളുടെ സംഖ്യാബലവും ആയുധബലവും നിസ്സാരമാണെന്നുള്ള ധാരണ മുസ്‌ലിംകളിൽ ഉളവായി. ഈ ധാരണ മുസ്‌ലിംകളുടെ ആത്മവിശ്വാസത്തെ ദൃഢീകരിക്കുകയും ആവേശത്തെ തീഷ്ണമാക്കുകയും ചെയ്തു. ഇബ്‌നുമസ്ഊദ് (റ) പറയുന്നു:- 'ബദ്‌ർ യുദ്ധം തുടങ്ങിയപ്പോൾ ശത്രുക്കളുടെ സംഖ്യാബലം നിസ്സാരമാണെന്നു ഞങ്ങൾക്കു തോന്നി. അവർ എണ്ണത്തിൽ എഴുപതിലധികം ഉണ്ടാകുമോ എന്നു ഞാൻ ഒരാളോടു ചോദിച്ചപ്പോൾ, നൂറോളം ഉണ്ടാകുമെന്നു അദ്ദേഹം മറുപടി പറഞ്ഞു. അവരുടെ എണ്ണം തൊള്ളായിരത്തോളമാണെന്നു എനിക്കറിയാമായിരുന്നു. (പക്ഷെ, എഴുപതിലേറെ ഉണ്ടെന്നു എന്റെ കാഴ്ചയിൽ തോന്നിയില്ല.)' -

ഖബാസിബ്‌നു അശ്‌യം (ഖബ്ബാബിനു അശ്‌യം എന്നും പറഞ്ഞുകാണുന്നുണ്ട്) ബദ്‌ർ യുദ്ധത്തിൽ ശത്രുപക്ഷത്തായിരുന്നു. [ഖന്ദഖ് യുദ്ധത്തിനുശേഷം ഇദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു.] യുദ്ധം മൂർദ്ധന്യത്തിലെത്തിച്ചപ്പോൾ, ഖുറൈശീസ്ത്രീകളെ പടക്കളത്തിൽ ഹാജരാക്കിയിരുന്നെങ്കിൽ അവർ മുഹമ്മദിനെയും കൂട്ടുകാരെയും പിന്തിരിക്കുമായിരുന്നു' എന്നു അദ്ദേഹം ആത്മഗതം ചെയ്തു. [അദ്ദേഹം പറയുന്നു:- 'ഖന്ദഖ് യുദ്ധത്തിനുശേഷം ഞാൻ തിരുമേനി (സ) യെ കാണുവാനായി മദീനയിലേക്കു ചെന്നു. ഞാൻ തിരുമേനി (സ) ക്കു സലാം ചൊല്ലി. 'ഖബ്ബാസേ, ബദ്‌ർ യുദ്ധം നടന്നുകൊണ്ടിരിക്കെ എന്താണ് നിങ്ങൾ പറഞ്ഞതു? ഖുറൈശീസ്ത്രീകൾ ഞങ്ങളെ പിന്തിരിക്കുമെന്നോ?' എന്ന ചോദ്യംകൊണ്ടാണ് തിരുമേനി (സ) കുശലപ്രശ്നം ആരംഭിച്ചതു. സത്യവേദവുമായി തിരുമേനി (സ) യെ നിയോഗിച്ച തമ്പുരാനാണെ സത്യം, മറ്റൊരാൾ കേൾക്കുന്നതിനുവേണ്ടിയോ ആ വാചകം ഞാൻ എന്റെ നാവുകൊണ്ടു പറഞ്ഞിരുന്നില്ല. മനസ്സിൽ വിചാരിച്ചതല്ലാതെ എന്റെ മുണ്ടകം അനങ്ങുകപോലും ചെയ്തിരുന്നില്ല. തിരുമേനി (സ) എന്റെ ഹൃദയത്തിലെ രഹസ്യം അറിഞ്ഞു. ഞാൻ ഉടനെ ശഹാദത്തു ചൊല്ലി മുസ്‌ലിമായി.']

യുദ്ധം കഴിവാക്കുവാനുള്ള ഒരു അന്തിമശ്രമമായി ഉമർഫാറൂഖ് (റ) വിനെ തിരുമേനി (സ) ഖുറൈശികളുടെ അടുക്കലേക്കു പറഞ്ഞയച്ചു. ആ ദൌത്യം സ്വീകരിപ്പാൻ ഹകീമിബ്‌നുഹിസാം ഖുറൈശിയെ ആഹ്വാനം ചെയ്തു. മുഹമ്മദിന്റെയും കൂട്ടുകാരുടെയും അന്തിവരുത്തിയല്ലാതെ തിരിച്ചുപോകുന്ന പ്രശ്നമേ ഇല്ലെന്നു അബൂജഹൽ വീരവാദം ചെയ്തു.

ഉത്‌ബത് ആദ്യമെ ഉന്നയിച്ച അഭിപ്രായം ഉർബ്ബലപ്പെടുത്തി, ജനങ്ങളെ തന്റെ അഭിപ്രായത്തിൽ ഉറപ്പിച്ചുനിറുത്തുവാനായി അബൂജഹൽ ഒരു സൂത്രം കണ്ടുപിടിച്ചു. വാഖിദിബ്‌നു അബ്ദില്ലാ (റ) വധിച്ച അംറിബ്‌നുൽഹള്‌റമിയുടെ സഹോദരനായ ആമിറിനെ അബൂജഹൽ വിളിച്ചുവരുത്തി. ആമിർ ശത്രുസേനയിലുണ്ടായിരുന്നു. അബൂജഹൽ അയാളോടു ഇപ്രകാരം പറഞ്ഞു:- 'അംറിന്റെ സഹോദരാ, നിന്റെ ദുഃഖകാരനായ ഉത്‌ബത് ഇതാ, ഇവരെയുംകൂട്ടി തിരിച്ചുപോകുവാൻ ഒരുങ്ങിയിരിക്കുന്നു. നിന്റെ സഹോദരന്റെ ചോരക്കു പകരം പോര വെണ്ടെന്നും വില കിട്ടിയാൽ മതിയെന്നും, ആ വിലതന്നെ മറാതെകിലും തന്നാൽ മതിയെന്നും നീ സമ്മതിച്ചിട്ടുണ്ടെന്നു ഉത്‌ബത് പറയുന്നു. നിനക്കു നാണമില്ലല്ലോ

കൊലക്കുപകരം കൊലനടത്തുവാനുള്ള അവസരം വേണ്ടെന്നുവെച്ച്, പണത്തെ മോഹിച്ച നിനക്കു ആണത്തമില്ലെ? കീത്തിയെ അപകീത്തിക്കു വിൽക്കുവാനാണൊ നീ ഉദ്ദേശിച്ചിട്ടുള്ളതു?'

അബൂജഹലിന്റെ വാക്കുകൾ, അംറിന്റെ സഹോദരനായ ആമിറിനെ കോപഭ്രാന്തനാക്കിത്തീർത്തു. അയാൾ ഉടുമുണ്ടിന്റെ കൂത്തഴിച്ചു, തലയിൽ മണ്ണുവാരിയിട്ട്, സഹായത്തിന്നോടിയെത്തുവാൻ സ്വഗോത്രക്കാരെ അത്യുച്ചത്തിൽ ആഹ്വാനംചെയ്തു [ഈ ആമിർ ഇസ്‌ലാംമതം വിശ്വസിച്ചതായി അറിയപ്പെട്ടിട്ടില്ല. അയാൾ ബദ്‌ർയുദ്ധത്തിൽ കൊല്ലപ്പെട്ടുവെന്നാണു് 'ഇസ്‌തീആബ്' എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ടിട്ടുള്ളതു്. ഈ ആമിറിനു അലാഇബ്‌നുൽഹള്‌റമീ എന്ന ഒരു സഹോദരൻകൂടി ഉണ്ടു്. അദ്ദേഹം പ്രശസ്തനായ ഒരു സഹാബിവര്യനായിരുന്നു. ഉമർഫാറൂഖിന്റെ ഭരണകാലത്തു് ഒരു യുദ്ധത്തിൽ, സേനാനായകനായി അദ്ദേഹം നിയോഗിക്കപ്പെട്ടു. ആ സേനയ്ക്കു വഴിയിൽ ഒരു പുഴ കടക്കേണ്ടതുണ്ടായിരുന്നു. പുഴയുടെ കരയിലെത്തിയപ്പോൾ അലാഅ് (റ) അല്ലാഹുവോടു പ്രാർത്ഥിച്ചു. 'മഹോന്നതനും രാജാധിരാജനുമായ തമ്പുരാനെ, ഞങ്ങൾ നിന്റെ ദാസന്മാരാകുന്നു. നിന്റെ മാർഗ്ഗത്തിൽനിന്നുകൊണ്ടു നിന്റെ ശത്രുക്കളോടു എതിർക്കുന്നവരാണു് ഞങ്ങൾ. അവരെ സമീപിക്കുവാൻ നീ ഞങ്ങൾക്കു വഴി ഉണ്ടാക്കിത്തരേണമെ' എന്നിപ്രകാരം അദ്ദേഹം പ്രാർത്ഥിച്ചപ്പോൾ ആ പുഴ വററി നിലം വരണ്ടുപോവുകയും മുസ്‌ലിംഭടന്മാരുടെ കുതിരകൾ ആ വഴിക്കു കടന്നുപോവുകയും ചെയ്തു. ഇത്തരം അത്ഭുതങ്ങൾ സഹാബികളുടെകാലത്തു മാത്രമല്ല, അവരുടെ പിൻഗാമികളുടെയും പിൻഗാമികളുടെ പിൻഗാമികളുടെയും കാലത്തും ഉണ്ടായിരുന്നു. അബൂമുസ്‌ലിമുൽഖൗലാനീ (റ)സഹാബികളുടെ പിൻഗാമികളായിരുന്നു. അദ്ദേഹവും സേനയും യുദ്ധത്തിന്നായി റോമിലേക്കു പോകുമ്പോൾ, വഴിയിലുള്ള ഒരു നദി അവരുടെ യാത്രയെ തടസ്സപ്പെടുത്തി. മാർഗ്ഗതടസ്സം നീക്കി, യാത്രതുടരുന്നതിന്നു സൌകര്യമുണ്ടാക്കിക്കൊടുക്കുവാൻ അദ്ദേഹം അല്ലാഹുവോടു പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയുടെ ഫലമായി ആ വൻനദി അദ്ദേഹത്തിന്നും സേനക്കും കീഴടങ്ങിക്കൊടുത്തു. അപ്രകാരംതന്നെ, ഉമർ ഫാറൂഖ് (റ) നിയോഗിച്ച ഒരു സൈന്യത്തെയുംകൊണ്ടു യാത്രചെയ്യുകയായിരുന്ന അബൂഉബൈദുസ്സഖ്‌ഫീ (റ) വിന്റെ യാത്രയ്ക്കു ജുലത് എന്ന ഒരു മഹാ നദി വിഘ്നമായിനിന്നു. അദ്ദേഹം അല്ലാഹുവോടു സഹായത്തിന്നായി പ്രാർത്ഥിച്ചു. ആ മഹാ നദി കീഴടങ്ങി. മുസ്‌ലിംസേന നദിയിലൂടെ മുന്നേറുന്നതു കണ്ടപ്പോൾ, അക്കരെ നിൽക്കുകയായിരുന്ന ശത്രുക്കൾ ഭയന്നോടുകയും മുസ്‌ലിംസേന അവരെ പരാജയപ്പെടുത്തുകയും ചെയ്തു.]

കോപഭ്രാന്തനായ ആമിർ സ്വഗോത്രക്കാരുടെ സഹായത്തിന്നായി നിലവിളിച്ചുവെന്നു പറഞ്ഞുവല്ലൊ. അയാളുടെ നിലവിളി കേട്ടപ്പോൾ ആളുകൾ ഓടിക്കൂടി. അവരുടെ പൈശാചികാവേശം ആളിക്കത്തി. യുദ്ധത്തിന്നു അവർ സന്നദ്ധരായി. സുറാഖത്തിന്റെ കോലത്തിൽ പ്രത്യക്ഷനായ 'ശൈതാൻ', ഞാൻ നിങ്ങളോടൊപ്പമുള്ളേടത്തോളംകാലം മനുഷ്യവംശത്തിൽ ഒരു ശക്തിയും നിങ്ങളെ പരാജയപ്പെടുത്തുകയില്ല' എന്നു ഉൽഘോഷിച്ചു. ഈ ഘോഷണം ശത്രുക്കളിൽ നവചൈതന്യവും ഉത്സാഹത്തള്ളലും ഉണ്ടാക്കിത്തീർത്തു. 'ഞാൻ നിങ്ങളെ സഹായിപ്പാൻ ഉണ്ടായിരിക്കെ മനുഷ്യവംശം നിങ്ങളോടു ജയിക്കുകയില്ല' എന്നു അല്ലാഹു മുസ്‌ലിംകളെ ബോധനം ചെയ്തു. അബൂജഹലും ശൈതാനുംകൂടി ഖുറൈശികളെ യുദ്ധക്കളത്തിൽ ഏകോപിക്കുകയും ഭദ്രമായി അണിനിരത്തുകയും ചെയ്തു.

അദ്ധ്യായം 9

ഇരു ഭാഗത്തും സൈന്യങ്ങൾ അണിനിരന്നു. യുദ്ധരംഗം സജീവമായി. നബി (സ) തിരുമേനിയുടെ കഠിനശത്രുക്കളിൽ അഗ്രിമനും ധിക്കാരിയുമായ അസ്‌വദിബ്‌ന അബ്‌ദൻ അസദിൽ മഖ്‌സൂമി എന്ന ആളാണ് ആദ്യമായി രംഗത്തിറങ്ങിയത്. (സൽമത് എന്ന പേരിൽ പ്രസിദ്ധനായ അബ്ദില്ലാഹിബ്‌ന അബ്ദിൽ അസദ് (റ) എന്ന സഹാബിയുടെ സഹോദരനും, തിരുമേനി (സ) യുടെ പത്നിമാരിൽ ഒരാളായ ഉമ്മുസൽമ (റ) യുടെ പ്രഥമഭർത്താവുമായിരുന്ന ഈ അസ്‌വദ്) മുസ്‌ലിംകളുടെ ഹൌളിൽനിന്ന (വെള്ളം നിറച്ച കുഴിയിൽനിന്ന) ഞാൻ വെള്ളം കുടിക്കുകയോ, അല്ലെങ്കിൽ ആ ഹൌള് ഞാൻ പൊളിക്കുകയോ രണ്ടും കഴിഞ്ഞില്ലെങ്കിൽ ഞാൻ അവിടെ മരിക്കുകയോ ചെയ്യുമെന്ന ആണയിട്ട വീരവാദം മുഴക്കിക്കൊണ്ട് അസ്‌വദ് യുദ്ധക്കളത്തിൽ ചാടിയിറങ്ങി. അയാൾ മുസ്‌ലിംകളുടെ ഹൌളിനെ സമീപിക്കുവാൻ ഒരുങ്ങിയതായി കണ്ടപ്പോൾ, അബ്ദുൽമുത്തലിബിന്റെ പുത്രനായ ഹംസ (റ) യുദ്ധക്കളത്തിലിറങ്ങുകയും, ഹൌളോടടുക്കാതെ തിരിച്ചുപോകുവാൻ അസ്‌വദിനു നിർദ്ദേശം നൽകുകയും ചെയ്തു. ആ നിർദ്ദേശം സ്വീകരിക്കാതെ അസ്‌വദ് മുമ്പോട്ടുനീങ്ങി. അപ്പോൾ ഹംസ (റ) അസ്‌വദിന്റെ കണങ്കാൽ വെട്ടിമുറിച്ചു. അസ്‌വദ് മലർന്നടിച്ചു നിലത്തുവീണു. രക്തം പുരണ്ട നിലയിൽ അസ്‌വദ് വീണ്ടും ഇഴഞ്ഞിഴഞ്ഞു ഹൌളിനെ സമീപിക്കുവാൻ ശ്രമിച്ചു. ഹംസ (റ) അയാളെ വീണ്ടും വിലക്കി. വിലക്കു വകവെക്കാതെ അസ്‌വദ് ധിക്കാരപൂർവ്വം മുന്നോട്ടു നീങ്ങുകയും ‘എന്റെ പ്രതിജ്ഞ ഞാൻ പാലിക്കും എന്നു’ വീണ്ടും വീരവാദം മുഴക്കുകയും ചെയ്തു. ഹംസ (റ) വിന്റെ തീഷ്ണമായ ഖഡ്ഗം അസ്‌വദിന്റെ ശരീരത്തിൽ പതിഞ്ഞു. ആ ധിക്കാരിയുടെ കഥ കഴിഞ്ഞു. ബദർയുദ്ധത്തിൽ ആദ്യമായി അസ്‌വദ് കൊല്ലപ്പെട്ടു.

ഈ കാഴ്ച കണ്ടപ്പോൾ ശത്രുക്കളുടെ കോപം ആളിക്കത്തി. യുദ്ധം കൂടാതെ കഴിക്കുവാൻ കിണഞ്ഞു പരിശ്രമിച്ച ഉത്‌ബതിബ്‌ന റബീഅത്തുപോലും ഇളകിവശായി. ഉത്‌ബതും, അയാളുടെ പുത്രനായ വലീദും, ഉത്‌ബതിന്റെ സഹോദരനായ ശൈബത്തും യുദ്ധക്കളത്തിലിറങ്ങുവാൻ സന്നദ്ധരായി. അവർ പടയങ്കികളും ആയുധങ്ങളും അണിഞ്ഞു. ഉത്‌ബതിന്റെ തല വളരെ വലുതായിരുന്നതിനാൽ, അവരുടെ വൈശമുണ്ടായിരുന്ന ഒരു പടത്തൊപ്പിയും അയാളുടെ തലക്കു പറ്റിയില്ല. ആകയാൽ ഒരു സാധാരണ പടത്തൊപ്പികൊണ്ടുണ്ടാക്കിയ തലപ്പാവു് പടത്തൊപ്പിക്കു പകരം അയാൾ ധരിക്കേണ്ടി വന്നു. ഹൌദ് എന്ന പടത്തൊപ്പിയിൽ മഖാവരണം കൂടി ഉണ്ടായിരിക്കും. തലപ്പാവോടൊപ്പം മുഖാവരണം ഘടിപ്പിക്കുക സാദ്ധ്യമായിരുന്നില്ല. അങ്ങിനെ, ഉത്‌ബതും, വലീദും, ശൈബത്തും അണിവിട്ടു യുദ്ധരംഗത്തിലിറങ്ങി. അവർ മൂന്നു പേരും മുസ്‌ലിംകളെ പോർവിളിച്ചു. ‘ഞങ്ങളോടെതിർപ്പാൻ തക്ക യോഗ്യതയും ആണത്തവുമുള്ളവർ നിങ്ങളുടെ പക്ഷത്തുണ്ടെങ്കിൽ ഇറങ്ങി വരിക’ എന്നു വിളിച്ചു പറഞ്ഞു. തിരുമേനി (സ) തമ്പിൽ ഇരുന്നുകൊണ്ടു ഇതെല്ലാം നിരീക്ഷിക്കുകയായിരുന്നു. തിരുമേനി (സ) യുടെ അടുത്തായി അബൂബകർസിദ്ദീഖ് (റ) വും നിൽക്കുന്നുണ്ട്. ശത്രുക്കളുടെ പോർവിളിക്കുത്തരമായി, മഅ്‌ദ് (റ), മുഅവ്വദ് (റ), ഔഫ് (റ) എന്നീ മൂന്നു അൻസാർകാരും രംഗത്തിറങ്ങി. അവർ മൂന്നുപേരും ഒരേ മാതാപിതാക്കളിൽ ജനിച്ച സഹോദരന്മാരായിരുന്നു. അവരുടെ പിതാവിന്റെ പേർ ഹർസ്. എന്നാൽ മാതാവിന്റെ പേർ അഫ്‌റാഅ് എന്നുമായി

ന്നു. [ഔഫ് (റ) വിന്നൊ മുഅവ്വദ് (റ) വിന്നൊ പകരം അബ്ദുല്ലാഹിബ്നുറവാഹത്താണെന്നും, അതായതു്, പ്രസ്തുത മൂന്നു അൻസാർകളിൽ ഒന്നു് അബ്ദുല്ലാഹിബ്നുറവാഹത്ത് (റ) വാണെന്നും പറയപ്പെട്ടിട്ടുണ്ടു്.] റമളാൻ പതിനെട്ടാം തിയ്യതി വെള്ളിയാഴ്ചയാണു് സംഭവം.

അവർ മൂന്നുപേരും രംഗത്തിറങ്ങിയപ്പോൾ, 'നിങ്ങൾ ആരാ'ണെന്നു ശത്രുക്കൾ ചോദിച്ചു. 'ഞങ്ങൾ അൻസാർകളാ'ണെന്നു അവർ ഉത്തരം നൽകി. 'ഞങ്ങൾക്കു നിങ്ങളെ ആവശ്യമില്ല' എന്നായി ശത്രുക്കൾ. 'നിങ്ങൾ കൊള്ളാവുന്നവർ തന്നെ. പക്ഷെ, ഞങ്ങൾ ഞങ്ങളുടെ കൂട്ടരെയാണു് പോർവിളിച്ചതു്. അവരെ രംഗത്തിറക്കുക. ധൈര്യമുണ്ടെങ്കിൽ ഞങ്ങളുടെ പിതൃസഹോദരപുത്രന്മാർ മുമ്പോട്ടു വരട്ടെ' എന്നു ശത്രുക്കൾ ശഠിച്ചു പറഞ്ഞു. അപ്പോൾ, രംഗത്തിറങ്ങിയ മൂന്നു സഹാബികളോടു തിരുമേനി (സ) അണിയിലേക്കു മടങ്ങുവാൻ ആജ്ഞാപിച്ചു. അവർ അവരുടെ അണിയിലേക്കു മടങ്ങി. 'അപ്പോൾ' മുഹമ്മദേ, ഞങ്ങളുടെ കൂട്ടരിൽപ്പെട്ട ആളുകളെ രംഗത്തിറക്കണം' എന്നു ശത്രുപക്ഷത്തുനിന്നു ആക്രോശിച്ചു. അബ്ദുൽമുത്തലിബിന്റെ പുത്രനായ ഹർസ് (റ), (ഹാരിസ് (റ) എന്നും പക്ഷാന്തരമുണ്ടു്), ഹംസ (റ), അലീ (ക. വ) എന്നിവരെ തിരുമേനി (സ) രംഗത്തിറക്കി. ഈ മൂന്നു മുസ്‌ലിം ഭടന്മാരും, ശത്രുപക്ഷത്തുള്ള മൂന്നു ഖുറൈശീഭടന്മാരും തിരുമേനി (സ) യുടെ പിതൃശൃംഖലയിലെ മൂന്നാമത്തെ കണ്ണിയായ ഹാശിമിന്റെ സന്താനങ്ങളിൽപെട്ടവർ തന്നെ. അവരെല്ലാവരും പിതൃസഹോദരപുത്രന്മാരും തന്നെ. [തിരുമേനി (സ) യുടെ സ്വന്തം പിതൃസഹോദരന്മാരായ പന്ത്രണ്ടുപേരിൽ ഹംസ (റ), അബ്ബാസ് (റ) എന്നീ രണ്ടു പേരല്ലാതെ മറ്റാരും ഇസ്‌ലാംമതം വിശ്വസിച്ചിട്ടില്ല. വിശ്വസിക്കാത്ത പത്തുപേരിൽ, തിരുമേനി (സ) ക്കു നബിത്വം സിദ്ധിച്ചകാലത്തു് അബൂതാലിബ്, അബൂലഹബ് എന്നീ രണ്ടുപേർ മാത്രമെ ജീവിച്ചിരുന്നുള്ളു. മേൽപ്പറഞ്ഞ പന്ത്രണ്ടുപേരിൽ ആകെ ആറുപേർക്കു ഇരുപത്തഞ്ചു പുത്രന്മാരാണുണ്ടായിരുന്നതു്. ആ ഇരുപത്തഞ്ചു പേരിൽ അബൂതാലിബിന്റെ പുത്രനായ താലിബ്, അബൂലഹബിന്റെ പുത്രനായ ഉത്തൈബത് എന്നീ രണ്ടുപേർ മാത്രമെ ഇസ്‌ലാമിൽ വിശ്വസിക്കാതിരുന്നിട്ടുള്ളു. അവരൊഴിച്ചുള്ള ഇരുത്തിമൂന്നുപേരും ഇസ്‌ലാംമതം വിശ്വസിച്ചിരുന്നു.]

തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ചു ഹംസ (റ), ഉത്തൈബത് (റ), അലീ (ക. വ.). എന്നിവർ ആയുധമണിഞ്ഞു വാഹനപ്പുറത്തു കയറി, യുദ്ധരംഗത്തു പ്രവേശിച്ചു. കുതിരപ്പുറത്തിരുന്നുകൊണ്ടു അതിശീഘ്രതരമായി അവർ യുദ്ധക്കളം ചുറ്റിക്കൊണ്ടിരിക്കെ, കുതിരകളുടെ വേഗത്താലും ഭൂമിയിൽനിന്നു ധൂമപടലമുയർന്നതിനാലും ശത്രുക്കൾക്കു ഒറ്റനോട്ടത്തിൽ ആളുകളെ തിരിച്ചറിയാൻ കഴിഞ്ഞില്ല. തന്നിമിത്തം, 'നിങ്ങൾ ആരാ'ണെന്നു അവർ വിളിച്ചു ചോദിച്ചു. അപ്പോൾ ആ മൂന്നുപേരും അവരുടെ പേരുകൾ വ്യക്തമാക്കിക്കൊണ്ടു യുദ്ധരംഗത്തു നിലയുറപ്പിച്ചു. 'ശരി, നിങ്ങളെത്തന്നെയാണു് ഞങ്ങൾ പ്രതീക്ഷിച്ചതു്' എന്നു ശത്രുപക്ഷത്തുനിന്നു മറുപടി ലഭിച്ചു ഉടനെ, ആ മൂന്നുപേരും എതിരാളികളുമായി ഏറ്റുമുട്ടി. പ്രായത്തിന്റെ നില കണക്കിലെടുത്തുകൊണ്ടു ഉത്തൈബത് (റ) ഉത്ബത്തിനെയും ഹംസ (റ) ശൈബത്തിനെയും, അലീ (ക. വ.) വലീദിനെയും നേരിട്ടു. ഹംസ (റ),

അലീ (ക. വ) എന്നിവർ അതിശീഘ്രം അവരുടെ എതിരാളികളുടെ കഥ കഴിച്ചു. ഉബൈദത് (റ) വും ഉത്ബത്തും തമ്മിൽ നടന്ന പോരാട്ടത്തിൽ രണ്ടുപേക്കും ഓരോ മുറിവേൽക്കുകയും രണ്ടുപേരും നിലം പതിക്കുകയും ചെയ്തു. ഉടനെ ഹംസ (റ), അലീ (ക. വ) എന്നിവർ ഒരേ സമയത്തു് ഉത്ബത്തിനെ വെട്ടി കൊലപ്പെടുത്തുകയും, വെട്ടേറുകിടന്ന ഉബൈദത് (റ) വിനെ പൊക്കിയെടുത്തു നബി (സ) തിരുമേനിയുടെ സന്നിധിയിൽ കൊണ്ടുപോയി കിടത്തുകയും ചെയ്തു. 'ഞാൻ ശഹീദല്ലയൊ' എന്നു ആദ്ദേഹം ചോദിച്ചപ്പോൾ, 'താങ്കൾ ശഹീദാണെന്നുള്ളതിനു ഞാൻ സാക്ഷിയാ'ണെന്നു തിരുമേനി (സ) മറുപടി നൽകി. മദീനയിലേക്കു തിരിച്ചുപോകവെ, സഫ്റാഅ് എന്ന സ്ഥലത്തുവെച്ചു ഉബൈദത് (റ) ചരമഗതിയടയുകയും, ആദ്ദേഹത്തെ അവിടെത്തന്നെ മറമാടുകയും ചെയ്തു.

[ഹംസ (റ) ഉത്ബത്തോടും, ഉബൈദത് (റ) ശൈബത്തോടുമാണു് എതിത്തതെന്നും, ശൈബത്തിന്റെ വെട്ടു് ഉബൈദത് (റ) വിന്റെ കാൽമുട്ടിനു പാറിയെന്നും, ഉബൈദത് (റ) വിന്റെ വെട്ടേറു ശൈബത്തു് നിലം പതിച്ചുവെന്നും, വീണ്ടെടുത്തുനിന്നു എഴുന്നേറു ശൈബത്തു്, ഉബൈദത് (റ) വിന്റെ കണങ്കാൽ കഷണിച്ചുവെന്നും, അപ്പോൾ ഹംസ (റ) ശൈബത്തിനെ വെട്ടിക്കൊന്നുവെന്നും ചില ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ടു്. അലീ (ക വ) ആണു് ശൈബത്തിനെ നേരിട്ടതെന്നും, ഉബൈദത് (റ) വലീദുമായിട്ടാണു് എതിത്തതെന്നും മറൊരഭിപ്രായമുണ്ടു്. 'വലീദുമായി പോരാട്ടം നടത്തിക്കൊണ്ടിരുന്ന ഉബൈദത്തിനെ ഞാനും ഹംസയും സഹായിച്ചു. തിരുമേനി (സ) ക്കു അതിൽ സംതൃപ്തിയുണ്ടായില്ല' എന്നു അലീ (ക. വ.) പ്രസ്താവിച്ചതായി രിബ്'റാനീ (റ) ഉദ്ധരിച്ചിരിക്കുന്നു. ഇതാണു് വസ്തുതയുടെ യാഥാർത്ഥ്യമെന്നു പറയപ്പെട്ടിട്ടുണ്ടു്. അലീ (ക. വ.)വലീദുമായി എതിത്തുവെന്നതാണു് സുവിദിതമായ അഭിപ്രായം. അലീ (ക. വ) വിനു അന്നു ഇരുപത്തിനാലു വയസ്സു പ്രായമായിരുന്നു.]

ഖുറൈശികളുടെ പക്ഷത്തുനിന്നു രംഗത്തിറങ്ങിയ മൂന്നുപേരും വധിക്കപ്പെട്ടപ്പോൾ അവർ കൂട്ടംകൂട്ടമായി രംഗത്തിറങ്ങി. 'ഞങ്ങളെ തുണപ്പാൻ ഉസ്സാ എന്ന ബിംബമുണ്ടു്. നിങ്ങളെ അതു തുണക്കുകയില്ല' എന്നു അബൂജഹൽ ആക്രോശിച്ചു. 'ഞങ്ങളെ തുണപ്പാൻ റബ്ബുണ്ടു്. നിങ്ങളെ അവൻ തുണക്കുകയില്ല. ഞങ്ങളിൽനിന്നു മരിക്കുന്നവരെ അവൻ സ്വർഗ്ഗത്തിലയക്കും. നിങ്ങളിൽനിന്നു കൊല്ലപ്പെട്ടവർ നരകത്തിൽതന്നെ' എന്നു മുസ്'ലിംകൾ പ്രത്യുത്തരം നൽകി.

ശത്രുക്കൾ കൂട്ടംകൂട്ടമായി രംഗത്തിറങ്ങിയപ്പോൾ, മുസ്'ലിംസേനയുടെ അണികൾ ക്രമപ്പെടുത്തുവാനായി തിരുമേനി (സ) തമ്പിൽനിന്നു പുറത്തുവന്നു. ഒരറ്റത്തു മുനയും മറെറ അറ്റത്തു തുവലും ഘടിപ്പിക്കാത്ത അമ്പിന്റെ ഒരു ഭണ്ഡു് (കോൽ) തിരുമേനി (സ) യുടെ കയ്യിൽ ഉണ്ടായിരുന്നു. തിരുമേനി (സ) അണികൾ ക്രമപ്പെടുത്തിക്കൊണ്ടിരിക്കെ, സവാദിബ്'നുഉസൈത് (റ) അണിവിട്ടു അല്പം മുമ്പോട്ടു തള്ളിയിരിക്കുന്നതായി തിരുമേനി (സ) കണ്ടു. തൂക്കെയിലുള്ള കോൽ അദ്ദേഹത്തിന്റെ വയറ്റത്തു തട്ടിച്ചുകൊണ്ടു്, 'സവാദെ, അണിയത്തുനിൽക്കു' എന്നു തിരുമേനി (സ) ആജ്ഞാപിച്ചു. താങ്കൾ എന്റെ വയറ്റത്തു കോൽകൊണ്ടുകുത്തി വേദനിപ്പിച്ചു. ഇതിനുപകരംചെയ്യാൻ താങ്കൾ എനിക്കു അവസരം നൽകേണം' എന്നു സവാദ് (റ) ആവലാതിപ്പെട്ടു. തിരുമേനി (സ) കുപ്പായംപുറന്നു വയറു

കാട്ടികൊടുക്കുകയും പകരം ചെയ്യുകയുംചെയ്തു. സവാദ് (റ) തിരുമേനി (സ) യെ കെട്ടിപ്പിടിച്ച വയറത്തു തുരുതുരെ ചുംബിച്ചു. ഇതു തന്റെ ചിരകാല അഭിലാഷമായിരുന്നെന്നും ആ അഭിലാഷം സാധിക്കുന്നതിനു വേണ്ടിയാണ് താൻ തിരുമേനി (സ) ക്കെതിരെ ആവലാതി ഉന്നയിച്ചതെന്നും സവാദ് (റ) ബോധിപ്പിച്ചു. തിരുമേനി (സ) സന്തോഷിക്കുകയും സവാദ് (റ) വിനു നന്മ നേരുകയുമുണ്ടായി.

[മറെറാരവസരത്തിലും ഇങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടുണ്ട്. അൻസാർകളുടെ കൂട്ടത്തിൽ ബഹു തമാശക്കാരനായ ഒരു സഹാബി ഉണ്ടായിരുന്നു. പ്രഗത്ഭനായ ഒരു ഫലിതക്കാരനായിരുന്നു അദ്ദേഹം. ഒരിക്കൽ അദ്ദേഹം പൊട്ടിച്ച ഫലിതത്തിൽ ആകൃഷ്ടനായ തിരുമേനി (സ) തുക്കെയിലുണ്ടായിരുന്ന വടികൊണ്ടു സന്തോഷപൂർവ്വം അദ്ദേഹത്തിന്റെ ചന്തിയിൽ ഒന്നു തട്ടുകയുണ്ടായി. തന്നെ അടിച്ചതിനു പകരം ചെയ്യുവാൻ അനുവദിക്കേണമെന്നു ആ ഫലിതക്കാരൻ തിരുമേനി (സ) യോടാവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ ആവശ്യപ്പെടലിനു തിരുമേനി (സ) വഴങ്ങി. അപ്പോൾ ആ ഫലിതക്കാരൻ തിരുമേനി (സ) യുടെ അരക്കെട്ടു കെട്ടിപ്പിടിക്കുകയും തുരുതുരെ ചുംബിക്കുകയും ചെയ്തു. 'തിരുമേനി (സ) യെ കെട്ടിപ്പുണർന്ന ശരീരത്തെ അഗ്നി തൊടുകയില്ലെന്നു ഞാൻ അറിഞ്ഞിട്ടുണ്ട്. ആ ഭാഗ്യം നേടുന്നതിനുവേണ്ടിയാണു ഞാൻ ഇപ്രകാരം ചെയ്തതു" എന്നു ആ സഹാബി ബോധിപ്പിച്ചു.]

മുസ്‌ലിംകളുടെ അണികൾ ക്രമപ്പെടുത്തിയശേഷം തിരുമേനി (സ) ജിഹാദിന്റെ മഹത്വങ്ങളെ വിശദീകരിച്ചുകൊണ്ടു ഒരു ഖുത്ബ നടത്തുകയും, യുദ്ധമുറകളെസ്സംബന്ധിച്ച ചില നിർദ്ദേശങ്ങൾ മുസ്‌ലിംകൾക്കു നൽകുകയും ചെയ്തു. 'ശത്രുക്കൾ നിങ്ങളെ നേരിട്ടാൽ ആദ്യം നാവുകൊണ്ടു നിങ്ങൾ അവരെ തടുക്കുക; പിന്തിരിഞ്ഞില്ലെങ്കിൽ അമ്പുകൊണ്ടു തടുക്കുക. അധികം ദൂരെനിന്നു നിങ്ങൾ അമ്പെയ്യരുതു്; ലക്ഷ്യം പിഴച്ചുപോയേക്കും. ആപത്തു പിണയാൻ ഇടവരത്തക്കവിധം വളരെ അടുത്തുനിന്നും നിങ്ങൾ അമ്പെയ്യരുതു്. ശത്രുക്കൾ അടുത്തുകഴിഞ്ഞാലല്ലാതെ ഉറയിൽനിന്നു നിങ്ങൾ വാളുകൾ ഊരിയെടുക്കരുതു്.' ഇപ്രകാരം നിർദ്ദേശങ്ങൾ മുസ്‌ലിംകൾക്കു നൽകിയശേഷം തിരുമേനി (സ) തന്റെ തമ്പിലേക്കു തിരിച്ചുപോയി.

ഇരു പക്ഷത്തുള്ള സേനകളും ആവേശഭരിതരായി യുദ്ധത്തിനൊരുങ്ങിനിന്നു. അപ്പോൾ ശത്രുപക്ഷത്തുനിന്നു ഒരുകൂട്ടം ആളുകൾ മുസ്‌ലിംകളുടെ ജലസംഭാരത്തിനു (ഹൌളിനു) നേരെ പുറപ്പെട്ടു. അക്കൂട്ടത്തിൽ ഹകീമിബ്നു ഹസാമും ഉണ്ടായിരുന്നു. അവരെ വിട്ടുകൂവാൻ തിരുമേനി (സ) സഹാബിമാരോടു ആജ്ഞാപിച്ചു. തന്മൂലം സഹാബികൾ അവരെ എതിർത്തില്ല. അവർ ആ ഹൌളിൽനിന്നു വെള്ളം കുടിച്ചു. കുടിച്ചവരിൽ ഹക്കീമിബ്നു ഹസാം ഒഴികെ മറെറല്ലവരും മൃതിയടഞ്ഞു. യുദ്ധം ഒഴിവാക്കുവാൻ ശത്രുപക്ഷത്തുനിന്നു കായ്ക്ഷമമായി പരിശ്രമിച്ച ആളാണു് ഹകീമിബ്നുഹസാം. തന്മൂലം തിരുമേനി (സ) യുടെ അനുഗ്രഹദൃഷ്ടി അദ്ദേഹത്തിൽ പതിഞ്ഞിരുന്നു. (പിന്നീടു അദ്ദേഹം ഇസ്‌ലാംമതം സ്വീകരിക്കുകയും സഹാബികളിൽ പ്രസിദ്ധനാവുകയും ചെയ്തു). "ഞാൻ ആജ്ഞ നൽകുന്നതുവരെ നിങ്ങൾ ശത്രുക്കളുടെ നേരെ ഇരമ്പിക്കയറരുതു്" എന്നു തിരുമേനി (സ) മുസ്‌ലിംകൾക്കു നിർദ്ദേശം നൽകി. അതിലിടക്കു തിരുമേനി (സ)ക്കു നിദ്രാമയക്കം സംഭവിച്ചു. ആ മയക്കത്തിൽ തിരുമേനി (സ) ക്കുണ്ടായ സ്വപ്നം മുസ്‌ലിംകളുടെ ധൈര്യത്തെ ശതഗുണീഭവിപ്പിച്ചു.

തിരുമേനി (സ)യുടെ തമ്പിന്റെ വാതുക്കൽ സഅ ദിബ്‌നു മആദ് (റ) വും ഒരു കൂട്ടം അൻസാർകളും ഖഡ്ഗപാണികളായി നിലയുറപ്പിച്ചു. തമ്പിനകത്തു തിരുമേനി (സ) യോടൊപ്പം അബൂബകർ സിദ്ദീഖ് (റ) വും ഉണ്ടായിരുന്നു. വേണ്ടിവന്നാൽ തിരുമേനി (സ) ക്കു ഉപയോഗിപ്പാനായി ഒരു വാഹന മൃഗത്തെ തമ്പിനു പുറത്തു സജ്ജമാക്കി നിറുത്തുകയും ചെയ്തിരുന്നു. സൈന്യങ്ങൾ രണ്ടുഭാഗത്തായി തിങ്ങി നിന്നു. അപ്പോൾ "ഈ കല്പ് തിരിച്ചുവന്നെങ്കിലല്ലാതെ ഞാൻ തിരിച്ചു വരുകയില്ല" എന്നു പ്രഖ്യാപിച്ചുകൊണ്ട് ഖുത്ബതിബ്‌നു ആമീർ എന്ന ആൾ ആ അണികളിലേക്കു ഒരു കല്ലെറിഞ്ഞു.

അദ്ധ്യായം 10

യുദ്ധം തുടങ്ങുവാൻ ആജ്ഞ നൽകപ്പെട്ടു. ഉമർഖത്താബ് (റ) സഹോദരനായി അംഗീകരിച്ച മിഹ്ജഅ് (റ) വാണ് മുസ്‌ലിംപക്ഷത്തുനിന്നു ആദ്യമായി രംഗപ്രവേശനം ചെയ്തതു്. ആമിറിബ്‌നുൽ ഹള്റമീ എന്ന ശത്രുവിന്റെ അമ്പേറു അദ്ദേഹം ശഹീദായി. മുസ്‌ലിംപക്ഷത്തുനിന്നു പടക്കളത്തിൽവെച്ചു ശഹീദായ ആദ്യത്തെ വ്യക്തി മിഹ്ജഅ് (റ) വാകുന്നു. ഇദ്ദേഹത്തിന്റെ മാഹാത്മ്യത്തെ തിരുമേനി (സ) വളരെയധികം പ്രശംസിച്ചു പറഞ്ഞിട്ടുണ്ട്. അതിനെത്തുടർന്നു സഹാബിമാർ ശത്രുപക്ഷത്തേക്കു ഇരമ്പിക്കയറുകയും ഘോരയുദ്ധം നടത്തുകയുമുണ്ടായി. എണ്ണത്തിലും ആയുധശക്തിയിലും ശത്രുപക്ഷത്തിന്റെ പ്രാബല്യത്തെയും മുസ്‌ലിംപക്ഷത്തിന്റെ അപര്യാപ്തതയെയും കുറിച്ചു ഓർത്തപ്പോൾ തിരുമേനി (സ) വ്യാകുലചിത്തനാകാതിരുന്നില്ല. തമ്പിനകത്തുവെച്ചു തിരുമേനി (സ) രണ്ടു റക്അത്തു നിസ്കരിക്കുകയും, രണ്ടു കൈകളും നീട്ടിക്കൊണ്ടു 'നീ എന്നോടു ചെയ്ത വാഗ്ദത്തം ഉടനെ പൂർത്തിയാക്കിത്തരേണമെ' എന്നു മനമൊന്നു പ്രാർത്ഥിക്കുകയും ചെയ്തു. തിരുമേനി (സ) തന്റെ പ്രാർത്ഥന പലവുരു ആവർത്തിക്കുകയുണ്ടായി. ബദ്ർ യുദ്ധത്തിന്റെ ദിവസം തിരുമേനി (സ) പലതവണ പല വിധത്തിൽ പ്രാർത്ഥിച്ചുവെന്നാണ് ചരിത്രപണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുള്ളതു്. തിരുമേനി (സ) യുടെ പ്രാർത്ഥനക്കു അല്ലാഹു ഉടനെ ഉത്തരം നൽകി. 'ആയിരം മലക്കുകളെ അയച്ചു സഹായിച്ചു'വെന്നു ഒരു ആയത്തിലും, 'മൂവ്വായിരം മലക്കുകളെ അയച്ചു സഹായിച്ചു'വെന്നു വേറൊരു ആയത്തിലും, 'അയ്യായിരം മലക്കുകളെ അയച്ചു സന്തോഷിപ്പിച്ചു'വെന്നു മറെറാരു ആയത്തിലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. റബീഇബ്‌നു അനസ് (റ) പറയുന്നു:— 'അല്ലാഹു ആദ്യം ആയിരം മലക്കുകളെ ഇറക്കി, പിന്നെ മലക്കുകളുടെ എണ്ണം മൂവ്വായിരമായി. അതിനുശേഷം അതു അയ്യായിരമായി.' ആദ്യം ജിബ്‌രീലി (അ) ന്റെ കൂടെ ആയിരം മലക്കുകളെ ഇറക്കിയെന്നും, പിന്നീടു മീകാഈലിന്റെ (അ) കൂടെ രണ്ടായിരം മലക്കുകളെ ഇറക്കിയെന്നും, പിന്നെ ഇസ്റാഫീലിന്റെ (അ) കൂടെ രണ്ടായിരം മലക്കുകളെ ഇറക്കിയെന്നും (ആകെ അയ്യായിരം) പറയപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ ഓരോ മലക്കിന്റെ കൂടെ ആയിരം വീതം മലക്കുകളെയും, അനന്തരം രണ്ടായിരം മലക്കുകളെയും ഇറക്കിയെന്നു വേറൊരഭിപ്രായവും ഉണ്ട്" ആയിരം മലക്കുകൾ ബദ്ർയുദ്ധത്തിൽ പങ്കെടുത്തുവെന്നും മറു മലക്കുകൾ സൈന്യശക്തിക്കു നിദാനമായി നിന്നുവെന്നും പറയപ്പെട്ടിട്ടുണ്ട്. 'വിശ്വസിച്ചവരിൽ നിങ്ങൾ ആത്മൈര്യം വളർത്തുക' എന്നു അല്ലാഹു ആ മലക്കുകൾക്കു ആജ്ഞ നൽകുകയുണ്ടായി. ആ മലക്കുകൾ സഹാബിമാരുമായി കൂടിക്കലരുകയും ഉറച്ചുനിൽക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. 'പിടലിക്കുമീതെയും അംഗക്കെട്ടുകളിലും വെട്ടിക്കൊള്ളുക

എന്ന അല്ലാഹു മലക്കുകൾക്കു നിർദ്ദേശം നൽകി. തമ്പിന്റെ വാതുക്കൽനിന്നു നോക്കിയപ്പോൾ യുദ്ധം ഘോരഘോരമായി നടക്കുന്നതായിക്കണ്ട തിരുമേനി (സ) പുറത്തിറങ്ങുകയും മുസ്‌ലിംസേനയുടെ അടുത്തുചെന്നു നിൽക്കുകയും ചെയ്തു. അബൂബകർസിദ്ദീഖ് (റ) വും തിരുമേനി (സ) യെ പിൻതുടർന്നു. മുസ്‌ലിംസേനയോടു തിരുമേനി (സ) ഇപ്രകാരം പറയുകയുണ്ടായി:— 'ശത്രുക്കൾ ഓടിക്കപ്പെടും മുസ്‌ലിംകൾ അനുധാവനം ചെയ്യും' ഈ ആയത്തു മക്കയിലാണ് അവതരിച്ചതു്. ബദ്‌റുയുദ്ധത്തിൽ അല്ലാഹുവിന്റെ ആ വചനം സാക്ഷാൽക്കരിക്കപ്പെട്ടു. 'ഈ യുദ്ധത്തിൽ പിന്നോക്കം വെക്കാതെ, മുന്നേറി പടവെട്ടി ശഹീദായ മുസ്‌ലിംകൾക്കു സ്വർഗ്ഗത്തിൽ മനോഹരമായ പദവികൾ ഉണ്ടെന്നുള്ളതിനു ഞാൻ സാക്ഷിയാ'ണെന്നു തിരുമേനി (സ) ഉറപ്പിച്ചു പറഞ്ഞു. അതുകേട്ട സഹാബിമാർ സ്വന്തം ശരീരങ്ങളെ വിഗണിച്ചുകൊണ്ടു മുന്നേറിപ്പടവെട്ടുകയും ശഹീദാകുവാൻ അഭിലഷിക്കുകയും ചെയ്തു. ഉമൈറിബ്‌നുൽ ഹമാം (റ) ശത്രുമദ്ധ്യത്തിൽ ചാടിക്കയറി ധീരധീരം പോരാടുകയും, ശഹീദാകുന്നതുവരെ യുദ്ധം തുടരുകയുമുണ്ടായി. നിരവധി ശത്രുക്കളെ കൊലപ്പെടുത്തിയതിനു ശേഷമാണ് അദ്ദേഹം ശഹീദായതു്. ഒരുഫി ബ്‌നുഹാരിസ് (റ) ചോദിച്ചു:— 'യാറസൂലുല്ലാ, യുദ്ധത്തിൽ അല്ലാഹു വിസ്മയപൂർവ്വം ഇഷ്ടപ്പെടുന്നകാര്യമെന്താണ്?' 'സ്വന്തം ശരീരത്തെ അവഗണിച്ചുകൊണ്ടു മുന്നേറി യുദ്ധം ചെയ്യൽ തന്നെ' എന്നു തിരുമേനി (സ) മറുപടി നൽകിയപ്പോൾ, അദ്ദേഹം താൻ അണിഞ്ഞ കവചം അഴിച്ചു ദൂരെ എറിഞ്ഞുകൊണ്ടു ശത്രുമദ്ധ്യത്തിലേക്കു് ആഞ്ഞുകയറുകയും ശത്രുക്കളിൽ പലരെ കൊന്നശേഷം ശഹീദാവുകയും ചെയ്തു. യുദ്ധം നടന്നുകൊണ്ടിരിക്കെ ഉക്കാശതിബ്‌നു മുഹ്‌സിൻ (റ) വിന്റെ ഖഡ്ഗം മുറിഞ്ഞുപോയി. അദ്ദേഹം തിരുമേനി (സ) യെ സമീപിച്ചപ്പോൾ, തിരുമേനി (സ) അദ്ദേഹത്തിനു ഒരു വിറകിന്റെ കഷണം എടുത്തുകൊടുത്തു. ആ വിറകിൻ കഷണം ഒരു ഖഡ്ഗമായി മാറുകയും, ബദ്‌റുയുദ്ധം കഴിയുന്നതുവരെ ആ ഖഡ്ഗംകൊണ്ടു അദ്ദേഹം യുദ്ധം ചെയ്യുകയുമുണ്ടായി. അദ്ദേഹം മരിക്കുന്നതുവരെ ആ ഖഡ്ഗം അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു.

അതിനുശേഷം, നബി (സ) തിരുമേനി തമ്പിലേക്കു തിരിച്ചുപോവുകയും പ്രാർത്ഥനയിൽ നിമഗ്നനാവുകയും ചെയ്തു. അലീ (ക. വ) പറയുന്നു:— 'യുദ്ധം നടന്നുകൊണ്ടിരിക്കെ മൂന്നുതവണ ഞാൻ തിരുമേനി (സ) യെ ചെന്നു നോക്കുകയുണ്ടായി. ആ അവസരത്തിലെല്ലാം തിരുമേനി (സ) സുജൂദിലായിരുന്നു.' ഇബ്‌നു ഇസ്‌ഹാഖ് (റ) പറയുന്നു:— 'മലക്കുകൾ ഇറങ്ങുന്ന ഘട്ടത്തിൽ തിരുമേനി (സ) ക്കു ഉറക്കം വന്നു. ഉടനെ പുഞ്ചിരിതൂകിക്കൊണ്ടു അബൂബകർ (റ) വോടു തിരുമേനി (സ) ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ സഹായം എത്തിക്കഴിഞ്ഞു. കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു ജിബ്‌രീൽ വരുന്നുണ്ടു്.'

മിക്ക മലക്കുകളും മനുഷ്യരൂപത്തിലാണ് ബദ്‌റിൽ ഇറങ്ങിയതു്. അവർ പല വർണ്ണത്തിലുള്ള തലപ്പാവുകൾ ധരിച്ചിരുന്നു. അവർ മുസ്‌ലിംസേനയിൽ കൂടിക്കലർന്നു. യുദ്ധത്തിനു മുറുക്കംകൂടി. തിരുമേനി (സ) മുസ്‌ലിം അണികളുടെ ഭാഗത്തുചെന്നു ഒരു പിടി മണ്ണുവാരിയെടുത്തു 'ശാഹതിൽ വുജൂഹു' (മുഖം ചീത്തയാവട്ടെ) എന്നു പറഞ്ഞുകൊണ്ടു ശത്രുപക്ഷത്തേക്കെറിഞ്ഞു. കയറിക്കയറി യുദ്ധം ചെയ്തുകൊള്ളുവാൻ സഹാബിമാരോടു തിരുമേനി (സ) നിർദ്ദേശം നൽകി. തിരുമേനി (സ) എറിഞ്ഞ മണ്ണിന്റെ ഒരു തരിയെങ്കിലും കണ്ണിൽപ്പെടാത്ത ഒരൊറ്റ വ്യക്തിയും ശത്രുപക്ഷത്തു

ണ്ടായില്ല. ശത്രുപക്ഷത്തുള്ള ഓരോ വ്യക്തിയും കണ്ണിൽനിന്നു മണ്ണു നീക്കിക്കളവാനുള്ള ശ്രമത്തിൽ വ്യാപൃതരായി. മുസ്‌ലിംകളുടെ ഖഡ്ഗങ്ങളും അവരുടെ ജോലി നിർവ്വിഘ്നം നിർവ്വഹിച്ചു. പൊരുതിമുട്ടിയ ശത്രുക്കൾ പിന്തിരിഞ്ഞോടിത്തുടങ്ങി. മുസ്‌ലിംകൾ അവരിൽ പലരെ വധിക്കുകയും ചിലരെ ബന്ധനസ്ഥരാക്കുകയുംചെയ്തു. 'താങ്കളുടെ ഏറ് ഫലപ്പെട്ടതിയതും അല്ലാഹുതന്നെ'എന്നു അല്ലാഹു പറഞ്ഞിരിക്കുന്നു. ബദ്‌ർ യുദ്ധത്തിൽ ശത്രുപക്ഷത്തുപോന്നു യുദ്ധം ചെയ്തവരും പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചവരുമായ ചിലർ പറയുന്നു:-'തിരുമേനി (സ) എറിഞ്ഞപ്പോൾ ആകാശഭാഗത്തുനിന്നു ഒരു അശരീരി ഉണ്ടായി. ഞങ്ങൾ അമ്പരന്നുപോയി. ഞങ്ങൾക്കു കണ്ണുകാണാതായി. ഭയചകിതരായ ഞങ്ങൾ ഓട്ടം തുടങ്ങി.' യുദ്ധം ഉഗ്രദശയെ പ്രാപിച്ചപ്പോൾ തിരുമേനി (സ) തൃക്കയ്യിൽ വാളെടുത്തു യുദ്ധക്കളത്തിലിറങ്ങി ശത്രുക്കളെ മിരട്ടി ഓടിക്കുകയുണ്ടായി. ശത്രുക്കൾ മിരണ്ടോടുമ്പോൾ തിരുമേനി (സ) അവരെ അനുധാവനം ചെയ്കയും 'ശത്രുക്കൾ ഓടിക്കപ്പെട്ടു; മുസ്‌ലിംകൾ അവരെ അനുധാവനംചെയ്യും' എന്നർത്ഥമുള്ള ആയത്തു ഓതുകയുമുണ്ടായി. 'ഹാശിമിന്റെ മക്കളെ വധിക്കാതെ ബന്ധനസ്ഥരാക്കുക, ഹിശാമിന്റെ പുത്രനായ അബുൽബഹ്തറിനെ വധിക്കരുതു്. അയാൾ മക്കയിൽവെച്ചു നമ്മെ സഹായിച്ച ആളാണു്. എന്റെ മൂത്താപ്പയായ അബ്ബാസ് എന്നവരെ നിങ്ങൾ ഒഴിവാക്കിക്കളയണം' എന്നിപ്രകാരം തിരുമേനി (സ) സഹാബികളോടു വിളിച്ചുപറഞ്ഞു.

ഇബ്നുഅബ്ബാസ് (റ) പറയുന്നു:-'പല യുദ്ധങ്ങളിലും മലക്കുകൾ ഇറങ്ങീട്ടുണ്ടു്; അവരുടെ ഇറക്കംകൊണ്ടു പ്രയോജനമുണ്ടായിട്ടുമുണ്ടു്. പക്ഷെ, ബദ്‌ർ യുദ്ധത്തിലല്ലാതെ മലക്കുകൾ യുദ്ധം ചെയ്തിട്ടില്ല.'

യുദ്ധത്തിൽ സഹായിപ്പാനായി മലക്കുകളെ അയച്ചുകൊടുക്കുകയെന്നതു തിരുമേനി (സ) ക്കു അല്ലാഹു നൽകിയ ഒരു പ്രത്യേകതയാകുന്നു. ഈ പ്രത്യേകത അല്ലാഹുവിന്റെ മുർസൽകളിൽ മറ്റാർക്കും നൽകപ്പെട്ടിട്ടില്ല. തിരുമേനി (സ) യുടെ പദവിക്കൊത്ത മാന്യതക്കുവേണ്ടിയാണു് കൂടുതൽ മലക്കുകൾ നിയോഗിക്കപ്പെട്ടതു്. മനുഷ്യരെ നശിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശ്യമെങ്കിൽ, അതിനുകൂടുതൽ മലക്കുകളുടെ ആവശ്യമില്ലെന്നു പറയേണ്ടതില്ലല്ലൊ. ജിബ്‌രീൽ (അ) എന്ന മലക്കിന്റെ ചിറകുകളിലുള്ള തൂവലുകളിൽ ഒരു തൂവൽമാത്രം ലോകത്തെ ആകപ്പാടെ നശിപ്പിക്കുവാൻ പര്യാപ്തമത്രെ. ലൂത്‌നബി (അ) ന്റെയും സാലിഹ്നബി (അ) ന്റെയും ജനതയെ നശിപ്പിക്കപ്പെട്ടതെങ്ങിനെയെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു് ജനങ്ങളെ നശിപ്പിക്കുക എന്നതായിരുന്നില്ല ബദ്‌ർ യുദ്ധത്തിന്റെ ഉദ്ദേശ്യം. നേരെമറിച്ചു ഇസ്‌ലാമിനെ വിജയിപ്പിക്കുക എന്നതു മാത്രമായിരുന്നു ആ യുദ്ധത്തിന്റെ ലക്ഷ്യം. ഇസ്‌ലാമിന്റെ വിജയത്തിനുവേണ്ടിയല്ലാതെ ശത്രുജനങ്ങളെ നശിപ്പിക്കുന്നതിനുവേണ്ടി തിരുമേനി (സ) പ്രാർത്ഥിച്ചിട്ടില്ല.

ഇബ്നു അബ്ബാസ് (റ) പറയുന്നു:-'ഗഫ്ഫാർകളിൽ ഒരാൾ എന്നോടു ഇപ്രകാരം പറഞ്ഞു: ബദ്‌ർ യുദ്ധത്തിന്റെ ദിവസം ഖുറൈശികൾ ഓട്ടം തുടങ്ങിയപ്പോൾ, ഞാനും എന്റെ എളാപ്പയുടെ മകനുംകൂടി, അടുത്തുള്ള ഒരു മലമുകളിൽ കയറി. സഹാബിമാർ യുദ്ധമുതലുകൾ കൈവശപ്പെടുത്തുന്നതുനോക്കിക്കൊണ്ടു ഞങ്ങൾ അവിടെ നിൽക്കുമ്പോൾ, ഒരു മേഘം ചില ശബ്ദങ്ങളോടുകൂടി ആകാശത്തുനിന്നു താഴ്നുവരുന്നതു ഞങ്ങൾ കണ്ടു. ഖൈസ്സും എന്ന കുതിര (ഇതു ജിബ്‌രീലിന്റെ കുതിരയാണു്) മുമ്പോട്ടു നീങ്ങട്ടെ എന്നു ഒരു

ആഹ്വാനം ഞങ്ങൾ കേട്ടു. ഉടനെ ഞങ്ങൾ രണ്ടുപേരും ബോധരഹിതരായി നിലത്തുവീണു. കുറെനേരം കഴിഞ്ഞപ്പോൾ എനിക്കു ബോധംവന്നു. അപ്പോഴേക്കും എളാപ്പയുടെ മകൻ മരിച്ചുകഴിഞ്ഞിരുന്നു.'

അബൂഉവൂളൽമാസിനീ (റ) പറയുന്നു:- 'ബദ്‌ർ യുദ്ധത്തിൽ ഞങ്ങൾ വാൾ ഓങ്ങുമ്പോഴേക്കും ശത്രുക്കളുടെ കഴുത്തുകൾ മുറിഞ്ഞു വീഴുന്നതായി ഞങ്ങൾ കണ്ടു. ഞങ്ങളുടെ വെട്ടേൽക്കുന്നതിനു മുമ്പാണു് അവരുടെ കഴുത്തുകൾ ഉടലിൽനിന്നു വേർപ്പെട്ടിരുന്നതു്. ബദ്‌ർ യുദ്ധത്തിൽ കൊല്ലപ്പെട്ട ശത്രുക്കളിൽ ഭൂരിപക്ഷം കഴുത്തോ, ശരീരത്തിന്റെ അവയവസന്ധികളോ മുറിഞ്ഞവരായിരുന്നു. മലക്കുകളുടെ വെട്ടേറാണു് അപ്രകാരം സംഭവിച്ചതു്. മലക്കുകളുടെ വെട്ടുകൊണ്ടുണ്ടായ മുറിവുകൾക്കു മറ്റൊരടയാളംകൂടി കാണാമായിരുന്നു. അവരുടെ വെട്ടേറ്റ ശരീരഭാഗം കരുത്തുപോയിരുന്നു. തിരുമേനി (സ) രംഗത്തിറങ്ങിയപ്പോൾ ഭയങ്കരമായ ഒരു കാറടിച്ചു. അതു നിലച്ചു വീണ്ടും ഒരു കാറടിച്ചു. അതും നിലച്ചു. മൂന്നാമതും ഒരു കാറടിച്ചു. അതും നിലച്ചു. ഓരോ തവണയും മലക്കുകൾ ഇറങ്ങിയപ്പോഴാണു് ആ കാറടിച്ചുകൊണ്ടിരുന്നതു്. ആദ്യം ജിബ്‌രീലും ആയിരം മലക്കുകളും ഇറങ്ങി. പിന്നീടു, മീകാഈലും ആയിരം മലക്കുകളും ഇറങ്ങി. മൂന്നാമതു ഇസ്‌റാഫീലും ആയിരം മലക്കുകളും ഇറങ്ങി. ജിബ്‌രീലും ആയിരം മലക്കുകളും തിരുമേനി (സ) യുടെ മുൻഭാഗത്തും, മീകാഈലും ആയിരം മലക്കുകളും തിരുമേനി (സ) യുടെ വലഭാഗത്തും, ഇസ്‌റാഫീലും ആയിരം മലക്കുകളും തിരുമേനി (സ) യുടെ ഇടതുഭാഗത്തും അണിനിരന്നു.' ജിബ്‌രീലും ആയിരം മലക്കുകളും തിരുമേനി (സ) യുടെ വലതുഭാഗത്തുനിന്നുവെന്നും അവരുടെ കൂട്ടത്തിൽ അബൂബകർ സിദ്ദീഖും ഉണ്ടായിരുന്നുവെന്നും, മീകാഈലും ആയിരം മലക്കുകളും തിരുമേനി (സ) യുടെ ഇടഭാഗത്തുനിന്നുവെന്നും അക്കൂട്ടത്തിൽ അലിയ്യിബ്‌നു അബീതാലിബും ഉണ്ടായിരുന്നുവെന്നുമാണു് ഒരു വ്യാഖ്യാനഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്.

'അൻവാറുത്തൻസീൽ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- 'അല്ലാഹു ആദ്യം ആയിരം മലക്കുകളെ ഇറക്കി. പിന്നീടു അവരുടെ എണ്ണം മൂവ്വായിരമായി. അവസാനം അവരുടെ എണ്ണം അയ്യായിരമായി. അവരുടെ തലപ്പാവുകൾക്കു വെളുപ്പു്, പച്ച, മഞ്ഞ, കറുപ്പു, ചുകപ്പു് എന്നീ വർണ്ണങ്ങളിലുള്ള കൊങ്കകളാണുണ്ടായിരുന്നതു്. ശത്രുക്കളുടെ കണ്ണുകൾക്കു അവരെ കാണുവാൻ കഴിഞ്ഞിരുന്നില്ല. പക്ഷെ, അവരുടെ കുതിരകളുടെ കുളമ്പടിയും അവരുടെ വാളുകളുടെ ചീറ്റലും ശത്രുക്കൾ കേട്ടിരുന്നു മുസ്‌ലിംകൾ അവരെ പല രൂപത്തിൽ കണ്ടിട്ടുണ്ടു്. യുദ്ധക്കളത്തിനുമീതെയുള്ള വായുമണ്ഡലത്തിൽ അത്ഭുതകരമായ ചില പക്ഷികൾ പറക്കുന്നതായി അവരിൽ പലരും കണ്ടിരിക്കുന്നു.' 'ബദ്‌ർ യുദ്ധക്കളത്തിൽ ശത്രുക്കളിൽ ചിലരുടെ തലയറ്റു വീഴുന്നതായി ഞാൻ കണ്ടു. ചിലരുടെ അവയവങ്ങളിലെ സന്ധുക്കൾ അറ്റു വീഴുന്നതായും ഞാൻ കണ്ടു. പക്ഷെ, അവരെ ആരാണു് വെട്ടിയതെന്നു ഞാൻ കാണുകയുണ്ടായില്ല' എന്നു ഇക്‌രിമത് (റ) പറഞ്ഞിരിക്കുന്നു. ബദ്‌ർ യുദ്ധത്തിന്റെ ദിവസം മലക്കുകളുടെയും മനുഷ്യരുടെയും ഇടയിൽ അല്ലാഹു ഒരു മറ ഇട്ടിരുന്നില്ലെങ്കിൽ മലക്കുകളുടെ ശബ്ദത്തിന്റെ കാഠിന്യത്താലും അവരുടെ വെട്ടിന്റെ ഘോരതയാലും ഭൂലോകവാസികൾ മുഴുവനും മരിച്ചുപോകുമായിരുന്നുവെന്നാണു് പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുള്ളതു്.

ഘോരയുദ്ധം നടന്നുകൊണ്ടിരിക്കെ അറഫായിൽവെച്ച് ശൈത്വാൻ അപമാനിതനും പരാജിതനുമാകുന്നതുപോലെ, ബദ്‌ർ യുദ്ധരംഗത്തു വെച്ചല്ലാതെ ശൈതാൻ പരാജിതനും അപമാനിതനുമായിട്ടില്ല. സുറാഖതിബ്‌നുമാലികിന്റെ രൂപത്തിൽ ശൈതാനും, ബനൂമുദ്‌ലജ് ഗോത്രക്കാരുടെ രൂപത്തിൽ ശൈതാന്റെ അകമ്പടിക്കാരും ബദ്‌ർ യുദ്ധത്തിൽ പങ്കെടുത്തു. ഒരു പതാകയുമേന്തിക്കൊണ്ട് അവർ യുദ്ധക്കളത്തിൽ ശത്രുപക്ഷത്തു നിലകൊണ്ടു. ഹിശാമിന്റെ പുത്രനായ അബൂജഹലിന്റെ സഹോദരൻ ഹാരിസിന്റെ കയ്യും പിടിച്ച ഇബ്‌ലീസ് യുദ്ധക്കളത്തിൽ നിൽക്കുമ്പോഴാണ് ജിബ്‌രീലും മലക്കുകളും ഇറങ്ങിയതു്. പെട്ടെന്നു ഇബ്‌ലീസ് ഹാരിസിന്റെ കയ്യിൽ നിന്നു തന്റെ കൈ വിടുവിച്ചു ഓടുവാൻ ഭാവിച്ചു. 'താങ്കൾ ഞങ്ങൾക്കു പലവിധ ഉറപ്പുകളും സഹായ വാഗ്ദാനങ്ങളും തന്നിരിക്കെ, ഇപ്പോൾ ഇങ്ങിനെ ഓടുവാൻ ശ്രമിക്കുന്നതിന്റെ അർത്ഥമെ'ന്തെന്നു ഹാരീസ് ചോദിച്ചപ്പോൾ, 'നീ കാണാത്ത ചില കാഴ്ചകൾ ഞാൻ ഇപ്പോൾ ആകാശത്തിൽ കാണുന്നു'വെന്നു ഇബ്‌ലീസ് മറുപടി നൽകി. 'മദീനയിലെ ഖുഫ്ഫാശ് എന്ന പക്ഷികളല്ലാതെ മറൊന്നും ആകാശത്തിൽ ഇല്ലല്ലൊ. എന്തായാലും ഈ ഘട്ടത്തിൽ നിങ്ങൾ ഞങ്ങളെ ഉപേക്ഷിച്ചുപോകരുതു്'' എന്നു പറഞ്ഞുകൊണ്ടു ഇബ്‌ലീസിനെ തടഞ്ഞിട്ട ഹാരിസിന്റെ നെഞ്ചത്തു ഇബ്‌ലീസ് ചവിട്ടുകയുണ്ടായി. ഹാരിസ് മലർന്നുവീണു. ആ തക്കം പ്രയോഗിച്ച ഇബ്‌ലീസ് ഓടിക്കളഞ്ഞു. അതുകണ്ടപ്പോൾ ഇബ്‌ലീസിന്റെ സേനയും യുദ്ധക്കളം വിട്ടോടുകയുണ്ടായി. ഹാരീസ് (റ) ഇസ്‌ലാംമതം വിശ്വസിച്ചതിനുശേഷം മാത്രമെ, ബദ്‌ർ യുദ്ധത്തിൽ സുറാഖത്തിന്റെ രൂപം അഭിനയിച്ചതു ഇബ്‌ലീസായിരുന്നുവെന്ന വസ്തുത മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചുള്ളു. ഇമാംസുഹൈലീ (റ) പറയുന്നു:-'ബദ്‌ർ യുദ്ധത്തിൽ അവശേഷിച്ച ഖുറൈശികൾ മക്കത്തേക്കു ഓടുമ്പോൾ, വഴിയിൽവെച്ചു സുറാഖത്തിനെ കാണുകയുണ്ടായി. 'താങ്കൾ പിന്തിരിഞ്ഞുകളഞ്ഞതിന്റെ കാരണമെ'ന്തെന്നു അവർ അദ്ദേഹത്തോടു ചോദിച്ചു. 'ഞാൻ ഈ കഥകളൊന്നും അറിയുകയില്ല'എന്നു അദ്ദേഹം മറുപടി പറഞ്ഞു' അദ്ദേഹത്തിന്റെ വാക്കുകളൊന്നും അന്നു അവർ വിശ്വസിച്ചില്ല. പിന്നീടു ആ ഖുറൈശികൾ ഇസ്‌ലാംമതം വിശ്വസിച്ചതിനുശേഷം, ഇബ്‌ലീസിനെപ്പറ്റി ഇറങ്ങിയ ആയത്താണു് സംഗതികളുടെ യാഥാർത്ഥ്യങ്ങൾ അവരെ ഗ്രഹിപ്പിച്ചതു്.

[ഭഗ്നാശൻ എന്നാണു് ഇബ്‌ലീസ് എന്ന വാക്കിന്റെ അർത്ഥം. ശൈതാൻ എന്നും ഇബ്‌ലീസിനു പേരുണ്ടു്. ഗർവ്വിഷ്ഠനായ ദുർവൃത്തൻ എന്നാണു് ഈ പദത്തിനർത്ഥം. ഇബ്‌ലീസിന്റെ അനുയായികളും ശൈതാൻ എന്നു വിളിക്കപ്പെടാറുണ്ടു്. കാഫിർ ജിൻ എന്നും അവർക്കു പേരുണ്ടു്. മനുഷ്യൻ, ജിന്നു് എന്നീ രണ്ടു വംശങ്ങളിൽപ്പെട്ടവരാണു് ശൈതാന്മാർ. ശൈതാൻ എന്ന ഒരു പ്രത്യേക വംശമില്ല. മനുഷ്യരിലും ജിന്നുകളിലും പെട്ട ഗർവ്വിഷ്ഠന്മാരും ധിക്കാരികളും തന്നെയാണു് ശൈതാന്മാർ. വിശുദ്ധ ഖുർആൻ ഇതു വ്യക്തമാക്കീട്ടുണ്ടു്.]

ഇബ്‌ലീസ് ബദ്‌ർ യുദ്ധക്കളത്തിൽ നിന്നോടി ഒരു കടലിൽ ചെന്നു ചാടുകയും 'ലോകാവസാനം വരെ എന്നെ നിലനിറുത്തും എന്നതിന്റെ വചനത്തെ നീ ദുർബ്ബലമാക്കരുതെ' എന്നു അല്ലാഹുവോടു പ്രാർത്ഥിക്കുകയും ചെയ്തു. തിരുമേനി (സ) ക്കെതിരായി എതിർപക്ഷത്തു ചേരുന്നു കഴപ്പുണ്ടാക്കുവാൻ സൃഷ്ടിച്ച കാരണത്താൽ ജിബ്‌രീലും മലക്കുകളും തന്നെയും അനുയായികളെയും നേരിട്ടു കൊന്നുകളയുമെന്നുള്ള അടങ്ങാ

ത്ത് ഭയമാണ് ഇങ്ങിനെ പ്രതികരിക്കുവാൻ ഇബ്‌ലീസിനെ പ്രേരിപ്പിച്ചതു്. ഇബ്‌ലീസും സഹായികളും ഓടിക്കളഞ്ഞപ്പോൾ, ഖുറൈശികളുടെ അണിയിൽ പരിഭ്രമവും അനിശ്ചിതത്വവും സംജാതമായി. രംഗം ആകപ്പാടെ മ്ലാനമായിത്തീർന്നു. ആ ഘട്ടത്തിൽ അബൂജഹൽ അവരെ ഇപ്രകാരം ആശ്വസിപ്പിച്ചു:- 'ഖുറൈശികളെ, പരിഭ്രമിക്കാതിരിക്കുക. മുഹമ്മദുമായി മുൻകൂട്ടി നടത്തിയ രഹസ്യക്കരാർ അവഗണിച്ചാണ് സുറാഖത് ഇപ്രകാരം ചെയ്തതു്. സുറാഖതിന്റെ ഓട്ടം നമ്മുടെ വിജയത്തെ ബാധിക്കുന്ന കാര്യമല്ല. നമ്മുടെ ശക്തികേന്ദ്രവും സഹായിയും സുറാഖത്തല്ല. ലാതയും ഉസ്സയുമാണ് നമ്മുടെ സഹായികൾ. ഉത്ബത്, ശൈബത് മുതലായവർ മരിച്ചുപോയി എന്നുള്ളതു നേരു തന്നെ. പക്ഷെ, അവർ മുസ്‌ലിംകളുടെ ശക്തികൊണ്ടു മരിച്ചുപോയതല്ല. അവരുടെ ആയുസ്സിന്റെ അവധി എത്തിയതുകൊണ്ടാണ് അവർ മരിച്ചു പോയതു്. ലാതയാണെ സത്യം, ഉസ്സയാണെ സത്യം, ഈ വാൾകൊണ്ടു മുഹമ്മദിനെയും കൂട്ടുകാരെയും കൊന്നൊടുക്കിയല്ലാതെ ഞാൻ അടങ്ങുകയില്ല.' (മുഹമ്മദിനെയും കൂട്ടുകാരെയും ബന്ധനസ്ഥരാക്കാതെ ഞാൻ മടങ്ങുകയില്ല എന്നാണ് പറഞ്ഞതെന്നും പക്ഷാന്തരമുണ്ട്.)

[ബദ്ർ യുദ്ധവേളയിൽ എഴുപതു ജിന്നുകൾ ഇസ്‌ലാംമതം വിശ്വസിച്ചു. അവർ യുദ്ധത്തിൽ പങ്കെടുത്തതായി പറയപ്പെട്ടിട്ടില്ല. യുദ്ധവേളയിൽ അവർ മറ്റുവിധ സഹായങ്ങൾ തിരുമേനി (സ) ക്കു നൽകീട്ടുണ്ട്.]

'താങ്കൾക്കു സന്തോഷമുണ്ടാവുന്നതുവരെ താങ്കളോടൊപ്പം ഉണ്ടായിരിക്കണമെന്നു അല്ലാഹു എന്നോടു കല്പിച്ചിരിക്കുന്നു' വെന്നു ജിബ്‌രീൽ (അ) തിരുമേനി (സ) യോടു പറഞ്ഞപ്പോൾ തിരുമേനി (സ) യുടെ മുഖത്തു പ്രസന്നത കളിയാടി. 'മിന്നിത്തിളങ്ങുന്ന ഒരു വാൾ കയ്യിലേന്തിക്കൊണ്ടു ജിബ്‌രീൽ (അ) ശത്രുക്കളെ ഓടിക്കുന്നതു ഞാൻ കണ്ടു'വെന്നു ഉമർഖത്താബ് (റ) പ്രസ്താവിച്ചിരിക്കുന്നു.

'യുദ്ധത്തിൽ ഒരാളെ വധിച്ചാൽ കൊല്ലപ്പെട്ടവന്റെ പടയങ്കി കൊന്നവനുള്ളതാകുന്നു. ഒരാൾ ഒരു ശത്രുവെ ബന്ധനസ്ഥനാക്കിയാൽ, ബന്ധനസ്ഥനാക്കപ്പെട്ടവൻ ബന്ധനസ്ഥനാക്കിയവനുള്ളതാകുന്നു' എന്നു തിരുമേനി (സ) പ്രഖ്യാപിച്ചു. ശത്രുപക്ഷത്തുള്ള ഒരാളെ ഒരു മുസ്‌ലിം ബന്ധനസ്ഥനാക്കിയാൽ, അയാൾക്കു ഇഷ്ടമുള്ളതു തുക ഈടാക്കിക്കൊണ്ടു ആ ബന്ധനസ്ഥനെ മോചിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ആ മുസ്‌ലിമിനുണ്ട് എന്ന ആ പ്രഖ്യാപനം വെളിപ്പെടുത്തിയപ്പോൾ, ശത്രുക്കളെ ബന്ധനസ്ഥരാക്കുന്നതിൽ മുസ്‌ലിംകളുടെ ശ്രദ്ധ കേന്ദ്രീകരിച്ചു. ശത്രുക്കളെ കൊല്ലുവാൻ കിട്ടുന്ന അവസരം അതിന്നായി ഉപയോഗപ്പെടുത്താതെ, മുസ്‌ലിംകൾ അവരെ ബന്ധനസ്ഥരാക്കുവാൻ പാടുപെട്ടു ശ്രമിക്കുന്നതു കണ്ടപ്പോൾ, സഅ്ദിബ്നുമആദ് (റ) വിന്റെ ഹൃദയത്തിൽ പ്രതികൂലാശയം ഉടലെടുത്തു. അദ്ദേഹത്തിന്റെ മുഖഭാവത്തിൽ നിന്നു കാര്യം മനസ്സിലാക്കിയ തിരുമേനി (സ) അദ്ദേഹത്തോടു ചോദിച്ചു:- "സഅ്ദേ, ഈ പ്രവൃത്തിയിൽ താങ്കൾ സംതൃപ്തനല്ലാത്തതുപോലെ തോന്നുന്നല്ലോ'. അദ്ദേഹം ബോധിപ്പിച്ചു:— 'യാറസൂലല്ലാ, ഇതിൽ എനിക്കു സംതൃപ്തി തോന്നുന്നില്ല. ശത്രുക്കളുമായി യുദ്ധം ചെയ്യുവാൻ അല്ലാഹു നമുക്കു നൽകിയ ആദ്യത്തെ അവസരമാണിതു്. ഈ യുദ്ധത്തിൽ അവരെ അവശേഷിപ്പിക്കുന്നതിനും പകരം, ആവുന്നത്ര കൊന്നൊടുക്കുന്നതിലാണ് എനിക്കു തൃപ്തി തോന്നുന്നതു്.'

അബ്ബാസ് എന്നവരെ കണ്ടുമുട്ടുന്നവർ അദ്ദേഹത്തെ വധിക്കാതെ ഒഴിവാക്കണമെന്നു തിരുമേനി (സ) മുസ്‌ലിംകൾക്കു നിർദ്ദേശം

നല്ലകയുണ്ടായെന്ന പറഞ്ഞുവല്ലൊ. ആ നിർദ്ദേശം ലഭിച്ചപ്പോൾ അബൂഹുദൈഫ: (റ) ഇപ്രകാരം പറഞ്ഞു:– 'ഈ യുദ്ധത്തിൽ ഞങ്ങൾ ഞങ്ങളുടെ അമ്മാവന്മാരെയും പുത്രന്മാരെയും സഹോദരന്മാരെയും കുടുംബക്കാരെയും വധിച്ചിട്ടുണ്ട്. എന്നിരിക്കെ, അബ്ബാസിനെ കണ്ടാൽ വധിക്കാതെ ഞങ്ങൾ വിട്ടുകളയുകയില്ല. അദ്ദേഹം എന്റെ കണ്ണിൽ പെട്ടെങ്കിൽ, ഈ വാൾകൊണ്ട് അദ്ദേഹത്തിന്റെ ഞാൻ കടിഞ്ഞാണിട്ടുകളയും.' ഇതു കേട്ടപ്പോൾ തിരുമേനി (സ) ഉമർഖത്താബ് (റ) വോട് ഇപ്രകാരം ചോദിച്ചു:– 'യാഅബൂഹഫസാ,* അല്ലാഹുവിന്റെ റസൂലിന്റെ ഉപകാരം ചെയ്ത മുത്താപ്പയുടെ മുഖത്ത് വാൾകൊണ്ട് വെട്ടുന്നതു ശരിയാണൊ?' ഉമർ ഖത്താബ് (റ) ഇപ്രകാരം മറുപടി നൽകി:– 'താങ്കളെ മുഷിപ്പിച്ച വ്യക്തി മുനാഫിഖാകുന്നു. അവനെ വധിക്കുവാൻ താങ്കൾ അനുമതി നൽകിയാലും.' ഉമർ (റ) വിന്റെ അഭിപ്രായത്തെ തിരുമേനി (സ) സ്വീകരിച്ചില്ല.

[അബൂഹുദൈഫ (റ) അങ്ങിനെ പറവാൻ കാരണമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവായ ഉത്ബത്, പിതൃസഹോദന്മാരായ ശൈബത്, വലീദ് എന്നിവരും അബ്ദുശ്ശംസിന്റെ സന്താനങ്ങളിൽ പലരും ആ യുദ്ധത്തിൽ കൊല്ലപ്പെട്ടിരുന്നു. 'അബ്ബാസ് എന്റെ കണ്ണിൽപ്പെട്ടാൽ ഈ വാൾകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ കടിഞ്ഞാണിടും എന്നു ഞാൻ കരുതിക്കൂട്ടി പറഞ്ഞതായിരുന്നില്ല. ഞാൻ ശഹീദാവുന്നതുവരെ അങ്ങിനെ പറഞ്ഞുപോയതിന്റെ ഭയം എന്നെ വിട്ടുപിരിയുകയില്ല' എന്നിപ്രകാരം പിന്നീട് അദ്ദേഹം പ്രസ്താവിക്കുകയും, മുസൈലിമത്തുൽകദ്ദാബുമായുള്ള യുദ്ധത്തിൽ അദ്ദേഹം ശഹീദാവുകയും ചെയ്തു.]

അബൂൽബഹ്തരി എന്ന ആൾ മജ്ദർ (റ) വിന്റെ ദൃഷ്ടിയിൽപ്പെട്ടു. അബുൽബഹ്തരിയോടൊപ്പം അയാളുടെ സ്നേഹിതനായ ജുനാദതിബ്ന മലീഹും ഉണ്ടായിരുന്നു. 'നിന്നെ വധിക്കരുതെന്നു തിരുമേനി (സ) കല്പിച്ചിട്ടുണ്ടെന്നും, നീ ഇസ്‌ലാംമതം വിശ്വസിക്കാത്തപക്ഷം നിന്നെ ഞാൻ ബന്ധനസ്ഥനാക്കുമെ'ന്നും അബുൽബഹ്തരിയോട് മജ്ദർ (റ) പറഞ്ഞപ്പോൾ 'എന്റെ ഈ ചങ്ങാതിയെയും കൊലയിൽ നിന്നു ഒഴിവാക്കേണമെ'ന്നു അബുൽബഹ്തരി ആവശ്യപ്പെട്ടു. 'അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചാൽ അദ്ദേഹത്തെയും ഒഴിവാക്കാ'മെന്നു മജ്ദരി (റ) പറഞ്ഞു. അബുൽബഹ്തരി ആ നിബന്ധന സ്വീകരിക്കാതെ അദ്ദേഹത്തെ എതിർത്തു. 'ചങ്ങാതിയെ വധിക്കുവാൻ വിട്ടുകൊണ്ട് ജീവൻ രക്ഷിച്ചവനാണ് ഞാൻ എന്ന അപവാദം നീ പ്രചരിപ്പിക്കും. മക്കയിലെ സ്ത്രീകൾ എന്നെ അപമാനിക്കും' എന്നു പറഞ്ഞുകൊണ്ട് അബുൽബഹ്തരി ആ സഹാബിയുമായി യുദ്ധത്തിനൊരുങ്ങി. ആ യുദ്ധത്തിൽ അബുൽബഹ്തരി കൊല്ലപ്പെട്ടു. ആ സംഭവം കഴിഞ്ഞ ഉടനെ മജ്ദർ (റ) തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നു ഇപ്രകാരം ബോധിപ്പിച്ചു:— യാറസൂലല്ലാ, അബുൽബഹ്തരിയെ വധിക്കാതെ ബന്ധനസ്ഥനാക്കുവാൻ ഞാൻ പരമാവധി പരിശ്രമിച്ചു. അയാൾ അതിന്നു വഴങ്ങിയില്ലെന്നു മാത്രമല്ല, എന്നോട് യുദ്ധത്തിന്നു പുറപ്പെടുകയും ചെയ്തു. യുദ്ധത്തിൽ ഞാൻ അയാളെ വധിച്ചു.'

അബൂബകർ സിദ്ദീഖ് (റ) വിന്റെ മൂത്തപുത്രൻ (അബ്ദുൽറഹിമാൻ) ബദ്ർ യുദ്ധകാലത്തു ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. അബ്ദുൽകഅ്ബാ എന്നും അബ്ദുൽഉസ്സാ

---

* ഈ പദംകൊണ്ട് ഉമർഖത്താബ് (റ) വിനെ തിരുമേനി (സ) ഇദംപ്രഥമമായി അഭിസംബോധനം ചെയ്ത സന്ദർഭം ഇതാണ്

എന്നാ ആയിരുന്ന മുസ്‌ലിമാകുന്നതിന്നു മുമ്പുള്ള അദ്ദേഹത്തിന്റെ പേർ. അദ്ദേഹം യുദ്ധമാകട്ടെ അഭ്യസിച്ച ഒരു വീരയുവാവായിരുന്നു. ബദ്‌ർ യുദ്ധത്തിൽ ശത്രുപക്ഷത്തു അദ്ദേഹവും ഉണ്ടായിരുന്നു. ശത്രുപക്ഷത്തു മകനെ കണ്ടപ്പോൾ മകനുമായി യുദ്ധം നടത്തുവാൻ ഉദ്ദേശിച്ചുകൊണ്ടു അബൂബകർ (റ) ഉറയിൽ നിന്നു വാൾ ഊരിയെടുത്തു. തിരുമേനി (സ) അദ്ദേഹത്തെ അതിന്നുവിടാതെ, സമാധാനിപ്പിച്ചു ഒരിടത്തു ഇരുത്തുകയുണ്ടായി [ഉഹ്ദ് യുദ്ധവേളയിലും ഇപ്രകാരം സംഭവിച്ചു. 'വിശ്വാസികളെ, നിങ്ങളുടെ രക്ഷക്കായി നിങ്ങളെ റസൂൽ വിളിച്ചാൽ, അല്ലാഹുവിന്നും റസൂലിന്നുംവേണ്ടി നിങ്ങൾ ആ വിളി സ്വീകരിച്ചു അനുകരിച്ചുകൊള്ളുക' എന്നർത്ഥമുള്ള ആയത്തു് ഈ സംഭവത്തെ ആസ്പദമാക്കി ഇറങ്ങുകയുണ്ടായി.]

[ബദ്‌ർ യുദ്ധത്തിന്റെ ദിവസം, തന്റെ പുത്രനായ അബ്ദുൽകഅ്ബായെ ശത്രുപക്ഷത്തു കണ്ടപ്പോൾ, അബൂബകർ സിദ്ദീഖ് (റ) 'എന്റെ മുതലെവിടെ?' എന്നു അദ്ദേഹത്തോടു ചോദിച്ചു 'വഴിതെറിയ കിഴവന്മാരുമായി യുദ്ധം ചെയ്യാനുള്ള ആയുധങ്ങളും നല്ല കുതിരയുമല്ലാതെ മറെറാന്നും എന്റെ കയ്യിലില്ല'എന്നു മകൻ ഉത്തരം പറഞ്ഞു. അതുകേട്ടപ്പോൾ മകനുമായി യുദ്ധം ചെയ്യുന്നതിന്നുവേണ്ടി അബൂബകർ (റ) ഉറയിൽനിന്നു വാളൂരി. തിരുമേനി (സ) അബൂബകർ സിദ്ദീഖ് (റ) വിനെ സമാധാനിപ്പിച്ചു ഒരിടത്തിരുത്തി എന്നിപ്രകാരം ചില ചരിത്രഗ്രന്ഥങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്.]

[അബൂബകർ സിദ്ദീഖ് (റ) വിന്റെ പിതാവായ അബൂഖുഹാഫ ഒരിക്കൽ തിരുമേനി (സ) യെ പഴിപറഞ്ഞു. അബൂഖുഹാഫ അന്നു ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. പിതാവു് നബി (സ) യെ പഴിപറഞ്ഞതുകേട്ടപ്പോൾ അബൂബകർ (റ) വിന്നു അതു സഹിപ്പാൻ സാധിച്ചില്ല. അദ്ദേഹം പിതാവിന്നു ഒരു കുത്തു്കൊടുത്തു. കുത്തേറ്റു അബൂഖുഹാഫ നിലം പതിച്ചു. ഈ വിവരം അറഞ്ഞപ്പോൾ തിരുമേനി (സ) അബൂബകർ സിദ്ദീഖ് (റ) വിനെ ഗുണദോഷിച്ചു. 'ആ സന്ദർഭത്തിൽ എന്റെ കയ്യിൽ വാൾ ഉണ്ടായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെ കൊന്നുകളയുമായിരുന്നു' വെന്നു അബൂബകർ (റ) തിരുമേനി (സ) യോടു മറുപടിപറഞ്ഞു.]

[ഇമാം അസ്സുമഖ്ശരീ (റ) പറയുന്നു:- 'ഹുദൈബിയാവർഷത്തിൽ, അബൂബകർ (റ) വിന്റെ പുത്രനായ അബ്ദുൽറഹ്മാൻ (റ) ഇസ്‌ലാംമതം സ്വീകരിച്ചു. ഇസ്‌ലാംമതം സ്വീകരിച്ചതിന്നുശേഷം അദ്ദേഹം മദീനയിലേക്കു യാത്രചെയ്തു. ഹിജ്റാബ്ദം അമ്പത്തിമൂന്നാംവർഷം -മഅ്വിയാ (റ) വിന്റെ ഭരണകാലത്തു മക്കയിൽനിന്നു ആറുനാഴിക അകലെയുള്ള ഒരു സ്ഥലത്തുവെച്ചു അദ്ദേഹം വഫാതായി. അദ്ദേഹത്തിന്റെ ജനാസ മക്കത്തേക്കുകൊണ്ടുപോയി അവിടെ ഖബ്റടക്കംചെയ്തു. അദ്ദേഹത്തിന്റെ സഹോദരിയായ ആഇശ (റ) മക്കത്തേക്കു പോവുകയും അവരുടെ ഖബ്റുങ്കൽ വെച്ചു ജനാസ നിസ്ക്കരിക്കുകയുമുണ്ടായി.]

[അബൂഖുഹാഫ (റ) മക്കാ വിജയവേളയിൽ ഇസ്‌ലാംമതം സ്വീകരിച്ചു. അബൂബകർ സിദ്ദീഖ് (റ) വിന്റെ ഖിലാഫത്തുകാലംവരെ അദ്ദേഹം ജീവിക്കുകയുണ്ടായി. പിതാവു ജീവിച്ചിരിക്കെ, ഖിലാഫത്തു നടത്തുവാനുള്ള ഭാഗ്യം അബൂബകർ സിദ്ദീഖ് (റ) വിന്നല്ലാതെ മറെറാരു ഖലീഫക്കും സിദ്ധിച്ചതായി അറിഞ്ഞിട്ടില്ല.]

[അബൂഉബൈദത് (റ) അദ്ദേഹത്തിന്റെ പിതാവായ ജർറാഹിനെ യുദ്ധത്തിൽ വധിക്കുകയുണ്ടായി. ഒരു തവണ ആ പിതാവു്

പുത്രനമായി നേരിട്ടപ്പോൾ, അദ്ദേഹത്തിന്റെ തീപ്പകളെ തടുത്തുകൊണ്ട്, അങ്ങോട്ടെതിക്കാതെ, അബൂഉബൈദത് (റ) പിൻവാങ്ങി. പക്ഷെ, ജർറാഹ് അദ്ദേഹത്തെ വിട്ടില്ല. ആ പിതാവു വീണ്ടും പുത്രനമായി ഏറുമുട്ടി. ആ ഏറുമുട്ടലിൽ ജർറാഹ് കൊല്ലപ്പെട്ടു. ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് 'അല്ലാഹുവിനോടും റസൂലിനോടും എതിർക്കുന്നവരുടെ ദേഹത്തെ, വിശ്വാസികൾ മോഹിക്കുന്നതായി താങ്കൾ കണ്ടെത്തുകയില്ല; എതിരാളികൾ മാതാപിതാക്കളോ മക്കളോ കുടുംബാടികളോ ആരായിരുന്നാലും ശരി' എന്നർത്ഥമുള്ള ആയത്തു ഇറങ്ങുകയുണ്ടായി.]

അബ്ദുൽറഹ്മാനിബ്നു ഔഫ് (റ) പറയുന്നു:-'ബദ്ർ യുദ്ധം സമാപനാവസ്ഥയിലെത്തി. ശത്രുക്കളിൽ നിന്നു പിടിച്ചെടുത്ത കുറെ അങ്കികൾ ചുമലിൽ വഹിച്ചുകൊണ്ടു ഞാൻ നടന്നുപോകുമ്പോൾ ഉമയ്യത്തിബ്നുഖലഫിനെ ഞാൻ കണ്ടുമുട്ടി. അയാളോടൊപ്പം അയാളുടെ മകൻ അലിയുമുണ്ടായിരുന്നു. ഈ ഉമയ്യത് ജാഹിലിയ്യാ കാലത്തു എന്റെ സുഹൃത്തായിരുന്നു. ഞാൻ ഇസ്‌ലാംമതം സ്വീകരിച്ചപ്പോൾ തിരുമേനി (സ) അബ്ദുൽറഹ്മാൻ എന്നു എനിക്കു പേരിട്ടു. 'നിന്റെ ബാപ്പ നിനക്കു നൽകിയ പേരിനെ അപേക്ഷിച്ചു ഈ പേരാണൊ നീ ഇഷ്ടപ്പെടുന്നതെന്നു ഉമയ്യത് എന്നോടു ചോദിച്ചു. 'അതെ' എന്നു ഞാൻ മറുപടി നൽകിയപ്പോൾ 'റഹ്മാനെ എനിക്കു അറിഞ്ഞുകൂടാ. അബ്ദുൽ ഇലാഹ് എന്നു മേലിൽ നിന്നെ ഞാൻ വിളിക്കാം'എന്നു ഉമയ്യത്തു മറുപടി പറഞ്ഞു. അന്നുമുതൽ അയാൾ 'അബ്ദുൽഇലാഹ്" എന്നു എന്നെ വിളിച്ചുവരികയുംചെയ്തു. ഞാൻ ഇസ്‌ലാംമതം വിശ്വസിക്കുന്നതിനു മുമ്പ് അബൂഉമർ എന്നായിരുന്നു എന്റെ പേർ ബദ്ർ യുദ്ധത്തിന്റെ ദിവസം യുദ്ധക്കളത്തിൽവെച്ചു എന്നെ കണ്ടപ്പോൾ :യാ അബൂഉമർ' എന്നു ഉമയ്യത്ത് എന്നെ വിളിച്ചു. ഞാൻ ഉത്തരം നൽകിയില്ല. ഉടനെ അയാൾ :യാ അബ്ദുൽഇലാഹ്" എന്നു മാറിവിളിച്ചു. അപ്പോൾ ഞാൻ വിളികേട്ടു.' എന്നെ രക്ഷപ്പെടുത്തുവാൻ കഴിയുമൊ? എങ്കിൽ ഈ അങ്കികളെക്കാൾ ലാഭം ഞാൻ ഉണ്ടാക്കിത്തരാം' എന്നു ഉമയ്യത്ത് എന്നോടു പറഞ്ഞു. ഞാൻ സമ്മതിച്ചു. ചുമലിലുണ്ടായിരുന്ന അങ്കികൾ നിലത്തിട്ടു, ഉമയ്യത്തിനെയും മകനെയും ഞാൻ ബന്ധനസ്ഥരാക്കി. അവർ എനിക്കു വഴങ്ങി. അവരുടെ കയ്യും പിടിച്ചു ഞാൻ മുമ്പോട്ടു നടന്നു. ഉമയ്യത്തിനു ആശ്വാസമായി. :നെഞ്ഞിന്റെ ഭാഗത്തു് തീ വീഴുങ്ങിപ്പക്ഷിയുടെ തൂവലിന്റെ അടയാളമുള്ള അങ്കി ധരിച്ച ഒരാൾ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നല്ലൊ. അയാൾ ആരായിരുന്നു'എന്നു ഉമയ്യത്തു് എന്നോടു ചോദിച്ചു. 'അയാൾ ഹംസയായിരുന്നു'വെന്നു ഞാൻ മറുപടി പറഞ്ഞു. 'യുദ്ധരംഗത്തുവെച്ചു ആളെ തിരിച്ചറിവാൻ സാധിച്ചില്ല. അദ്ദേഹമാണു് ഞങ്ങളുടെ കക്ഷിക്കു കൂടുതൽ നഷ്ടങ്ങൾ വരുത്തിയതു്"എന്നു ഉമയ്യത് പ്രസ്താവിച്ചു. ശത്രുക്കളിൽ ഒരാളെ ഒരു മുസ്‌ലിം ബന്ധനസ്ഥനാക്കിയാൽ ഇഷ്ടമുള്ള പ്രതിഫലം വാങ്ങിക്കൊണ്ടൊ അല്ലാതെയൊ അയാളെ സ്വതന്ത്രനാക്കുവാനുള്ള സ്വാതന്ത്ര്യം മുസ്‌ലിംകൾക്കു അനുവദിക്കപ്പെട്ട വസ്തുതയുടെ വെളിച്ചത്തിലാണു് 'താനെ ബന്ധനസ്ഥനാക്കുന്നതു അങ്കികളെക്കാൾ ലാഭകരമാ'ണെന്നു ഉമയ്യത്തു് പറയുകയുണ്ടായതു്. ഞാൻ അവരുടെ കൈപിടിച്ചുവലിച്ചുകൊണ്ടും ഇങ്ങിനെ സംസാരിച്ചുകൊണ്ടും നടക്കുന്നതിനിടയിൽ ബിലാൽ (റ) ഞങ്ങളെ കണ്ടുമുട്ടി. മക്കയിൽവെച്ചു അദ്ദേഹത്തെ കഠിനമായും ക്രൂരമായും മർദ്ദിച്ച വ്യക്തിയായിരുന്നു ഈ ഉമയ്യത്. 'റസൂലിന്റെ സഹായികളെ, കൊടിവാഹിക, ശത്രുക്കളുടെ നേതാവായ ഉമ

യ്യത്തിബ്‌ന ഖലഫിനെ കണ്ടെത്തിയിരിക്കുന്നു'വെന്നു ബിലാൽ (റ) വിളിച്ചു പറഞ്ഞു. 'ഞാൻ ബന്ധനസ്ഥനാക്കിയ ഉമയ്യത്തിനെ പിടിക്കിട്ടുവാനാണോ താങ്കൾ ഉദ്യമിക്കുന്നതെന്നു ഞാൻ ചോദിച്ചപ്പോൾ, 'ഈ ഉമയ്യത്തു് അവശേഷിച്ചാൽ ഞാൻ ഇല്ലാതാവും'എന്നു മറുപടി നൽകിക്കൊണ്ടു അദ്ദേഹം വീണ്ടും സഹാബികളെ ആക്രമിച്ചു. സഹാബിമാരിൽ പലരും ഓടിയെത്തി ഞങ്ങളെ വലയംചെയ്തു. അപ്പോഴേക്കും ബിലാൽ (റ) ഉറയിൽനിന്നു വാൾ ഊരിയെടുക്കുകയും ഉമയ്യത്തിന്റെ മകനായ അലിയുടെ കാലിന്നു വെട്ടുകയും ചെയ്തു. അലി നിലത്തുവീണു. തടിയനായ ഉമയ്യത്തു് ഭയവിഹ്വലനായി നിലവിളിച്ചു. അത്തരത്തിലുള്ള ഒരു ആക്രോശം ഒരിക്കലും ഞാൻ കേട്ടിട്ടില്ല. എന്റെ നിർദ്ദേശമനുസരിച്ചു ഉമയ്യത്തു് മുട്ടുകുത്തി നിലത്തുകിടന്നു. ഞാൻ ഉമയ്യത്തിന്റെ മീതെ കിടന്നു. സഹാബിമാർ അയാളെ ഒഴിവാക്കിയില്ല. താഴ്ന്ന ഭാഗത്തുകൂടെ വാളുകൾകൊണ്ടു അവർ ഉമയ്യത്തിനെ വധിച്ചു. അതിലിടക്കു വാൾ എന്റെ കാലിന്നുതട്ടുകയാൽ ഒരു പെറിയ മുറിവു എനിക്കും ഏറ്റു. ബിലാൽ, മആദിബ്‌ന അഫ്‌റാഅ്, ഖാലിജുതിബ്‌ന ഔസ്, ഹബീബുബ്‌ന അസഫ് എന്നിവരാണു് ഉമയ്യത്തിനെ വധിച്ചതു്. അമ്മാറിബ്‌നുയാസീർ, ഹബീബ്‌ന അസഫ് എന്നിവർ ഉമയ്യത്തിന്റെ മകനായ അലിയെ വധിച്ചു. ഞാൻ പറഞ്ഞു:-'യാ ബിലാൽ, അല്ലാഹു നിങ്ങൾക്കു ഗുണം ചെയ്യട്ടെ. നിങ്ങൾ എന്റെ അകിടും നഷ്ടപ്പെടുത്തി. എന്റെ ബന്ധനസ്ഥനെ കൊല്ലുമ്പോൾ എന്നെ വേദനിപ്പിക്കുകയും ചെയ്തു.'

'യാ ബിലാൽ, നിങ്ങൾ ധന്യനാവട്ടെ; അല്ലാഹു നിങ്ങൾക്കു കൂടുതൽ നന്മചെയ്യട്ടെ. നിങ്ങളുടെ പ്രതികീയ ഉചിതമായി' എന്നതുമുള്ള ഒരു പദ്യം പൊല്ലിക്കൊണ്ടു, അബൂബകർ (റ) ബിലാൽ (റ) വിനെ പ്രശംസിച്ചു.

യുദ്ധം കഴിഞ്ഞപ്പോൾ തിരുമേനി (സ) ഇപ്രകാരം ചോദിച്ചു: ഖുവൈലിദിന്റെ മകൻ നൌഫലിനെക്കുറിച്ചു നിങ്ങളിൽ വല്ലവരും അറിയുമോ?' 'അയ്യാളെ ഞാൻ വധിച്ചു' വെന്നു അലീ (ക. വ) മറുപടി നൽകിയപ്പോൾ, 'അല്ലാഹു അക്ബർ' എന്ന വചനത്താൽ അല്ലാഹുവിനെ പ്രകീർത്തിച്ചു. യുദ്ധത്തിന്നായി ഇരുകക്ഷികളും അണി നിരന്നപ്പോൾ 'ഇതു നന്മക്കും പ്രശസ്തിക്കുമുള്ള ദിവസമാ'ണെന്നു, ഖുറൈശികളെ അഭിസംബോധനം ചെയ്തുകൊണ്ടു നൌഫൽ വിളിച്ചുപറയുകയുണ്ടായി 'നൌഫലാകുന്ന തിന്മയെ എന്നിൽനിന്നു നീ ഇല്ലാതാക്കിത്തരേണമെ' എന്നു ആ അവസരത്തിൽ തിരുമേനി (സ) പ്രാർത്ഥിക്കുകയും, അല്ലാഹു ആ പ്രാർത്ഥന സ്വീകരിക്കുകയും ചെയ്തു.

അദ്ധ്യായം 11

അബ്ദുൽറഹ്മാനിബ്‌നുഔഫ് (റ) പറയുന്നു:— 'ഞാൻ അണിയിൽ നിൽക്കുകയായിരുന്നു. എന്റെ ഇടത്തും വലത്തുമായി രണ്ടു അൻസാരി യുവാക്കൾ നിലയുറപ്പിച്ചു. അബൂജഹലിനെ അറിയാമൊ' എന്നു അവരിൽ ഓരോരുത്തരും എന്നോടന്വേഷിച്ചു. 'എന്താണാവശ്യം' എന്നു ഞാൻ ചോദിച്ചപ്പോൾ, റസൂലിന്റെ കഠിനശത്രുവും തിരുമേനി (സ) യുടെ അനിഷ്ടത്തിന്നു പാത്രീഭൂതനുമായ ആ വ്യക്തിയെ കണ്ടാൽ, മരിക്കുന്നതുവരെ അവനുമായി യുദ്ധം ചെയ്യുവാൻ തന്നെ' എന്നു അവരിൽ ഓരോരുത്തരും ഉത്തരം പറഞ്ഞു.

അബൂജഹലിനെ കൊല്ലുന്ന കാര്യത്തിൽ ആ യുവാക്കൾ കാണിച്ച മത്സരബുദ്ധി എന്നെ അത്ഭുതപ്പെടുത്തി. ശത്രുക്കളുടെ അണിയിൽ ഒരു ഭാഗത്തു അബൂജഹലിനെ ഞാൻ കണ്ടു. അബൂജഹലിനെ ഞാൻ ആ യുവാക്കൾക്കു കാണിച്ചു കൊടുത്തു. ഒരെ സമയത്തു രണ്ടു യുവാക്കളും അബൂജഹലിന്റെ നേരെ ഓടി അടുക്കുകയും രണ്ടു ഖഡ്ഗങ്ങളും ഒരെ സമയത്തു അബൂജഹലിന്റെ കണ്ണത്തിൽ പതിയുകയും അബൂജഹൽ നിലം പതിക്കുകയും ചെയ്തു. നൊടിയിടയിൽ എല്ലാം നടന്നു. ജീവനാഡി അറുപോയെങ്കിലും അബൂജഹൽ പെട്ടെന്നു മരിച്ചില്ല. അല്ലാഹുവിന്റെ ഹിതത്താൽ സംഭവിച്ച ഒരു അസാധാരണത്വം തന്നെയായിരുന്നു അതു്. അൻസാർകളായ ആ യുവാക്കൾ തിരുമേനി (സ) യെ സമീപിച്ചു, അബൂജഹൽ കൊല്ലപ്പെട്ട വാർത്ത അറിയിച്ചു. ആരാണു് വധിച്ചതെന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ 'ഞാൻ', 'ഞാൻ' എന്നു രണ്ടുപേരും ബോധിപ്പിച്ചു. സൂക്ഷ്മാവസ്ഥ മനസ്സിലാക്കുവാൻ വേണ്ടി അവരുടെ വാളുകൾ തിരുമേനി (സ) പരിശോധിച്ചപ്പോൾ, രണ്ടാളുടെ വാളുകളിലും രക്തം പുരണ്ടതായിക്കണ്ടു.

[അബൂജഹലിന്റെ വധത്തിൽ മലക്കുകളുടെ സഹായം ഉണ്ടായിട്ടുണ്ടെന്നു ഹദീസുകളിൽനിന്നു വ്യക്തമായിട്ടുള്ളതായി പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ടു".]

യുദ്ധം നടന്നുകൊണ്ടിരിക്കെ, യുദ്ധക്കളത്തിൽവെച്ചു പലതവണ വീരവാദം മുഴക്കിയ വ്യക്തിയാണു് അബൂജഹൽ. എല്ലാ നിലയിലും ദുഷ്ചെയ്തികളുടെ മൂർത്തീകരണമായിരുന്ന അബൂജഹൽ. യുദ്ധം കഴിഞ്ഞു രംഗം ശാന്തമായപ്പോൾ, യുദ്ധക്കളത്തിൽ പോയി അബൂജഹലിന്റെ സ്ഥിതി നോക്കി വരുവാൻ തിരുമേനി (സ) നിർദ്ദേശിച്ചു. തല മുറിഞ്ഞുപോയതുമൂലം മനസ്സിലാവാതെ വന്നെങ്കിൽ, കാലിന്റെ മുട്ടിന്മേൽ ഒരു മുറിവുണ്ടാക്കിയ കല അയാളുടെ അടയാളമാണെന്നു ധരിച്ചുകൊള്ളുവാൻ തിരുമേനി (സ) ഉപദേശിച്ചു. തിരുമേനി (സ) പറഞ്ഞു:- 'അന്നു ഞാനും അയാളും കുട്ടികളായിരുന്നു. എനിക്കു അയാളെക്കാൾ അല്പം പ്രായം കൂടുതലാണു്'. ഒരിക്കൽ അബ്ദുല്ലാഹിബ്നുജദ്ആൻ എന്ന ആൾ നടത്തിയ ഒരു സൽക്കാരത്തിൽ ഞാനും അയാളും പങ്കെടുത്തു. അയാൾ എന്നെ തള്ളി ഇടിപ്പാൻ ശ്രമിച്ചപ്പോൾ ഞാൻ അയാളെ തള്ളിനീക്കി. സയാൾ മുട്ടുകുത്തി നിലത്തു വീണു. ആ വീഴ്ചയിൽ അയാളുടെ കാൽമുട്ടിന്നു മുറിവു പറ്റി. അതു പഴുത്തു വ്രണമായി. പിന്നീടു അതു ഉണങ്ങിയെങ്കിലും ആ മുറിവിന്റെ പാടു അവിടെത്തന്നെ അവശേഷിച്ചു.' [തിരുമേനി (സ) യും അബൂജഹലും തമ്മിൽ കുട്ടിക്കാലത്തു ഒരു ഗുസ്തി നടന്നതായി ചിലർ പ്രസ്താവിച്ചതു ഈ സംഭവത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടായിരിക്കാം.]

സഹാബിമാർ അബൂജഹലിനെ കണ്ടുപിടിക്കുവാൻ യുദ്ധക്കളത്തിലേക്കു പുറപ്പെട്ടു. അബ്ദുല്ലാഹിബ്ന മസ്ഊദ് (റ) അബൂജഹലിനെ കണ്ടെത്തി. അദ്ദേഹം പറയുന്നു:- 'തിരഞ്ഞുകൊണ്ടിരിക്കെ ഞാൻ അബൂജഹലിനെ കണ്ടു. അയാൾ അപ്പോഴും അന്ത്യശ്വാസം വലിച്ചിരുന്നില്ല. മരണം അയാളുടെ ശ്വാസനാളത്തിൽ കിടന്നു കളിക്കുകയായിരുന്നു. അയാളുടെ പിടലിയിൽ കാലെടുത്തു വെച്ചുകൊണ്ടു 'അല്ലാഹുവിന്റെ ശത്രുവേ, നിന്നെ ഞാൻ ചീത്ത പറയെട്ടെയൊ' എന്നു ഞാൻ ചോദിച്ചു. അപ്പോൾ അയാൾ 'നെടിയവന്റെ തലയിൽ വടി' എന്ന പഴമൊഴി ഉദ്ധരിച്ചുകൊണ്ടുപ്രകാരം പറഞ്ഞു:— 'ഈ കൊല എനിക്കു ഒരു അപമാനമാണൊ? ഒരിക്കലുമല്ല. എന്നെസ്സംബന്ധിച്ചേടത്തോളം ഇതു വിജയമാണു്. എങ്കിലും, കഷ്ടകരായ ആ പൊ

ണ്ണന്മാർ (അക്കാർകഠം എന്ന പദമാണ് അബൂ ജഹൽ ഉപയോഗിച്ചത്.) എന്നെ വെട്ടിയതിൽ ഖേദമുണ്ട്. തൻറോടമുള്ളവരുമായി യുദ്ധം ചെയ്ത മരിക്കുവാൻ ഇടവന്നില്ലല്ലൊ എന്നതാണ് എൻറെ ഖേദം. (അൻസാർകളെ അബൂജഹലിന്ന പുച്ഛമായിരുന്ന) 'ഇരിക്കട്ടെ, ഇപ്പോഠം യുദ്ധത്തിൽ ആരാണ് വിജയമുണ്ടായത്?' എന്ന അബൂജഹൽ ചോദിച്ചു. 'അല്ലാഹുവിൻെറ റസൂലിന്ന തന്നെ' എന്ന ഞാൻ മറുപടി നൽകി. 'ചില പ്രത്യേക ആളുകഠം നിങ്ങളോടൊപ്പം നിന്ന ഞങ്ങളോട് യുദ്ധം ചെയ്തല്ലൊ. അവർ ആരാണ്?' എന്ന അബൂജഹൽ വീണ്ടും ചോദിച്ചു. അവർ മലക്കുകളാണ്' എന്ന ഞാൻ പറഞ്ഞപ്പോഠം, ഉദ്ധതനായ അബൂജഹൽ പറഞ്ഞു: 'എന്നാൽ ഞങ്ങളെ ജയിച്ചത അവരാണ്; നിങ്ങളല്ല.' ഞാൻ അയാളുടെ പിടലിയിലും നെഞ്ഞിലും കാൽവെച്ചുകൊണ്ട അയാളുടെ തല മുറിച്ചെടുപ്പാൻ ശ്രമിച്ച എൻെറ വാഠം അയാളുടെ കഴുത്തിൽ ഫലിച്ചില്ല. അബൂജഹൽ എൻെറ മുഖത്ത തുപ്പിക്കൊണ്ട ഇങ്ങിനെ പറഞ്ഞു:- 'എടാ, ആട്ടിടയാ, മഹോന്നതമായ ഈ സ്ഥാനത്ത (നെഞ്ഞത്ത്) കാലെടുത്തുവെക്കുവാൻ നിനക്ക ധൈര്യമുണ്ടായല്ലൊ. ഇതാ, എൻെറ വാഠം. അതുകൊണ്ട എൻെറ തല മുറിച്ചുകൊള്ളുക. മുഹമ്മദ് കണ്ടാൽ ഞെട്ടിപ്പോകത്തക്ക വിധം കഴുത്തിന്ന താഴെ വെച്ച നീട്ടിമുറിച്ചുകൊള്ളുക. ഇതുവരെ ഞാൻ മുഹമ്മദിൻെറ ശത്രുവായിരുന്ന. ഇപ്പോഠം ഞാൻ അവൻെറ ഉഗ്രശത്രുവാണെന്ന ഞാൻ പറഞ്ഞതായി നീ മുഹമ്മദോട പറയണം.' അബൂജഹലിൻെറ വാഠംകൊണ്ടതന്നെ ഞാൻ അയാളുടെ ശിരസ്സ മുറിച്ചെടുത്ത, തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കി. നടന്ന സംഭവങ്ങഠം ഞാൻ തിരുമേനി (സ) യോട പറഞ്ഞപ്പോഠം, തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:— 'ഞാൻ മുർസലുകളിൽ പരിപൂർണ്ണനും, എൻെറ സമുദായം ജനസമുദായങ്ങളിൽ വെച്ച നന്മ നിറഞ്ഞതും, എൻെറ ഫിർഔൻ, മറവ ഫിർഔൻമാരെ അപേക്ഷിച്ച ഉഗ്രനും തന്നെ. മൂസാനബിയുടെ ഫിർഔൻ വെള്ളത്തിൽ മുങ്ങി ശ്വാസം മുട്ടിയപ്പോഠം, ബനൂ ഇസ്രാഈൽ വിശ്വസിച്ചവനെ ഞാനും വിശ്വസിച്ച എന്ന പറയുകയെങ്കിലും ചെയ്ത. എൻെറ ഫിർഔൻനാവട്ടെ, മരണവേളയിൽ പോലും കഫ്‌രിയ്യത്ത് വർദ്ധിപ്പിക്കുവാനാണ് ശ്രമിച്ചത്." തിരുമേനി (സ) അല്ലാഹുവിനെ പ്രകീർത്തനം ചെയ്ത.

[ഈ സംഭവം താഴെ കാണുന്ന വിധങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്:

'യാറസൂലല്ലാ, അല്ലാഹുവിൻെറ ശത്രുവായ അബൂജഹലിൻെറ തല ഇതാ' എന്ന ഇബ്‌നുമസ്ഊദ് (റ) ബോധിപ്പിച്ചു. അപ്പോഠം തിരുമേനി (സ) 'അല്ലാഹുല്ലദീ ലാഇലാഹ ഗൈറഹു' എന്ന മൂന്ന തവണ ഉച്ചരിച്ചു. അപ്പോഠം ഇബ്‌നുമസ്ഊദ് (റ) ആ തല തിരുമേനി (സ) യുടെ മുമ്പിൽ വെച്ചു. തിരുമേനി (സ) അല്ലാഹുവിനെ സ്തുതിച്ചു. [തിരുമേനി (സ) ആ സന്ദർഭത്തിൽ അഞ്ചു സുജൂദ് ചെയ്തുവെന്നും; രണ്ട റക്അത്ത് നിസ്കരിച്ചശേഷം 'ഇസ്‌ലാമിനെയും അതിൻെറ ആളുകളെയും വിജയിപ്പിച്ച അല്ലാഹുവിനെ ഞാൻ സ്തുതിച്ചുകൊള്ളുന്നു; അവനെ ഞാൻ വളർത്തുന്നു; അവൻെറ വാഗ്ദത്തം അവൻ പൂർത്തിയാക്കി; അവൻെറ അടിമയെ അവൻ തുണച്ചു; ശത്രുസേനയെ അവൻതന്നെ ഓടിക്കുകയും ചെയ്ത' എന്നർത്ഥമുള്ള വചനങ്ങഠം ചൊല്ലിയെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.]

[ഇബ്‌നുഖുതൈബത് (റ) പറയുന്നു:- 'മക്കയിൽവെച്ചു ഒരു ദിവസം ഇബ്‌നുമസ്ഊദ് (റ) വോട് 'ഒരു ദിവസം ഞാൻ നിന്നെ

കൊല്ല'മെന്ന അബൂജഹൽ പറഞ്ഞു. അപ്പോൾ ഇബ്‌നുമസ്‌ഊദ് (റ) പറഞ്ഞു: 'ഞാൻ ഒരു സ്വപ്നം കണ്ടിട്ടുണ്ട്. അതു നേരായ സ്വപ്നമാണെങ്കിൽ നിന്റെ പിടലിയിൽ ചവുട്ടിനിന്നുകൊണ്ട് ആട്ടിനെ അറുക്കും പോലെ ഒരു ദിവസം നിന്നെ ഞാൻ അറുക്കും.' ബദ്‌ർ യുദ്ധത്തിന്റെ അന്ത്യത്തിൽ ആ സ്വപ്നം സാക്ഷാൽകരിക്കപ്പെട്ടു']

['പടയങ്കിയും പടത്തൊപ്പിയും ധരിച്ചുകൊണ്ട് വീണുകിടക്കുന്ന നിലയിൽ ഇബ്‌നുമസ്‌ഊദ് (റ) അബൂജഹലിനെ കണ്ടെത്തി. പിടലി മൂടിക്കിടക്കുന്ന പടത്തൊപ്പി പൊക്കിക്കൊണ്ട് അദ്ദേഹം അബൂജഹലിന്റെ തല പിടിച്ചു തിരിച്ചു.' ഇങ്ങിനെയാണ് മറെറാരു ചരിത്രകാരൻ പറഞ്ഞിട്ടുള്ളത്.]

[അബൂജഹലിനെ ഞാൻ കാണുമ്പോൾ, പടയങ്കി ധരിച്ച കയ്യിൽ വാളും പിടിച്ചു അയാൾ വീണുകിടക്കുകയായിരുന്നു. അയാളുടെ വാൾ മൂച്ചയേറിയ ഒന്നായതു കൊണ്ട്, ആ വാൾ അയാളുടെ കയ്യിൽനിന്നു ഞാൻ പിടിച്ചെടുത്തു. ആ വാളുപയോഗിച്ചുകൊണ്ട് അയാളുടെ കഴുത്തു മുറിക്കേണമെന്നതായിരുന്നു എന്റെ ഉദ്ദേശ്യം. വാൾ പിടിച്ചെടുത്തപ്പോൾ, എന്നെ നോക്കിക്കൊണ്ട് അബൂജഹൽ ചോദിച്ചു:- 'ഏതു കക്ഷിയാണ് പിന്തിരിഞ്ഞോടിയതു്? നീ മക്കത്തു ആട്ടിനെ മേച്ചുനടന്ന ഇടയനല്ലെ?' മക്കക്കാരാണ് പിന്തിരിഞ്ഞോടിയതു എന്നു പറഞ്ഞുകൊണ്ട് ഞാൻ അബൂജഹലിന്റെ കഴുത്തറുത്തു. പിന്നീട് അയാളുടെ പടയങ്കി അഴിച്ചെടുക്കുകയും ചെയ്തു. അയാളുടെ ദേഹം പരിശോധിച്ചപ്പോൾ മുറിവുകളൊന്നും കണ്ടില്ല. പിടലിയിലും കൈകളിലും രണ്ടുപുറം തുമലുകളിലും കരുവാളിപ്പും നീരുതടിപ്പും കണ്ടു. ചമ്മട്ടികൊണ്ടടിച്ചാലൊ തീ പൊള്ളിയാലൊ ഉണ്ടാവുന്നതു പോലുള്ളതായിരുന്ന ആ കരുവാളിപ്പുകൾ. അയാളുടെ ശരീരത്തിന്റെ ഉള്ളിലാണ് ക്ഷതങ്ങളേറിരുന്നതു്. ആ ക്ഷതങ്ങളാവട്ടെ, മനുഷ്യൻ ഉണ്ടാക്കിയതുമായിരുന്നില്ല' [എന്നിപ്രകാരം ഇബ്‌നുമസ്‌ഊദ് (റ) വെ ഉദ്ധരിച്ചുകൊണ്ട് തിബ്‌റാനീ (റ) പ്രസ്താവിച്ചിരിക്കുന്നു.] (ഈ വിവരം ഇബ്‌നുമസ്‌ഊദ് (റ) തിരുമേനി (സ) യോടു പറഞ്ഞപ്പോൾ 'അതു മലക്കുകൾ ഉണ്ടാക്കിയ ക്ഷതമാ'ണെന്നു തിരുമേനി (സ) അരുളുകയുണ്ടായി.)

അബൂജഹലിന്റെ വധത്തെ പരാമർശിച്ചുകൊണ്ട് തിരുമേനി (സ) ഇപ്രകാരം അരുളി: 'എല്ലാ സമുദായത്തിന്നും ഓരോ ഫിർഔനുണ്ടായിരുന്നു. ഈ സമുദായത്തിന്റെ ഫിർഔൻ അബൂജഹലാണ്. അല്ലാഹു അബൂജഹലിനെ ഒരുതരം അനർത്ഥമായ കൊലക്കു വിധേയനാക്കി.'

മലക്കുകളാണ് അബൂജഹലിനെ കൊന്നതെന്നു ഹദീസുകളിൽനിന്നു വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ആ വധവുമായി നാലു വ്യക്തികളുടെ പേരുകൾ ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. മുആദിബ്‌നു അംറിബ്‌നു ജമൂഹ് (റ), മുആദ് (റ), മുഅവ്വദ് (റ), അബ്ദില്ലാഹിബ്‌നുമസ്‌ഊദ് (റ) എന്നിവരാണ് ആ നാലു വ്യക്തികൾ. അവരിൽ മുആദിബ്‌നുഅംറ് (റ) പറയുന്നു:- 'ഖുറൈശികളുടെ ഒരു വലയത്തിന്നുള്ളിൽ അബൂജഹൽ നിൽക്കുന്നതു ഞാൻ കണ്ടു. എതിരാളികൾ ഇങ്ങോട്ടു കടക്കുകയില്ല എന്നു പറഞ്ഞുകൊണ്ട്, ഖുറൈശികൾ അയാൾക്കു ധൈര്യം നൽകുന്നുണ്ടായിരുന്നു. അതു കേട്ടപ്പോൾ ഒരുകൈ നോക്കാമെന്നുറച്ചു, ഞാൻ അങ്ങോട്ടു ചെന്നു, എന്റെ വാൾകൊണ്ട് അബൂജഹലിന്റെ കാൽത്തണ്ടക്കു വെട്ടി. ഉടനെ അയാളുടെ മകനായ ഇക്‌രീമത് (ഇദ്ദേഹം പിന്നീട് ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ട്) എന്റെ

തോളിൽ വെട്ടുകയും ആ വെട്ടേറു എന്റെ ഒരു കൈ മുറിഞ്ഞു തൂങ്ങിപ്പോവുകയും ചെയ്തു. മറുകൈകൊണ്ടു ഞാൻ യുദ്ധം തുടർന്നു. തോലിൽ തൂങ്ങിക്കിടന്ന കൈ എനിക്കു യുദ്ധത്തിൽ ശ്രീഷമം സൃഷ്ടിക്കയാൽ, ആ കൈ ഞാൻ തോലിൽനിന്നു പറിച്ചെടുത്തു കളഞ്ഞു. യുദ്ധം കഴിഞ്ഞപ്പോൾ ആ കയ്യും പേറി ഞാൻ തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നു. തിരുമേനി (സ) ആ കൈ അറുപോയ സ്ഥാനത്തു ചേർത്തുവെച്ചു തിരുമേനി (സ) യുടെ തുപ്പുനീരാൽ ബന്ധിച്ചു. അപ്പോൾ അറുപോയ കൈ ഒന്നിച്ചുറച്ചുനിന്നു. ഇദ്ദേഹം ഉസ്മാൻ (റ) വിന്റെ ഖിലാഫത്തു കാലംവരെ ആരോഗ്യവനായി ജീവിച്ചു. രണ്ടു അൻസാരീയുവാക്കൾ അഹമഹമികയാ, ഒരെ സമയത്തു അബൂജഹലിനെ വെട്ടിയെന്നു പറഞ്ഞുവല്ലൊ. അവർ മഅാദ് (റ), മുഅവ്വദ് (റ) എന്നിവരാകുന്നു. മുൻപറഞ്ഞ മൂന്നുപേരും അഫ്റാഅ് എന്ന ഒരു സ്ത്രീയുടെ മക്കളാകുന്നു. മഅാദ് (റ), മുഅവ്വദ് (റ) എന്നിവരുടെ ബാപ്പയുടെ പേർ ഹർസെന്നായിരുന്നു. രണ്ടു ബാപ്പമാരിൽ ഒരു ഉമ്മക്കു ജനിച്ച ഈ മൂന്നുപേരെ ഉദ്ദേശിച്ചുകൊണ്ടാണു, 'അബൂജഹലിന്റെ വധത്തിൽ അഫ്റാഇന്റെ മക്കൾ പങ്കാളികളായി' എന്നു പറയപ്പെട്ടതു്. നാലാമത്തെ ആളായ ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ച വസ്തുതകൾ മുമ്പു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്.

ഈ യുദ്ധത്തിനു പുറപ്പെടുമ്പോൾ, അബൂജഹലും ഖുറൈശികളും കഅ്ബായിലേക്കു പോവുകയും, കഅ്ബയുടെ കില്ല പിടിച്ചുകൊണ്ടു ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്തു:- 'ദൈവമെ, ഞങ്ങൾ ഒരു കക്ഷിയുമായി ഏറുമുട്ടുവാൻ പോവുകയാണു്. ഇരുകക്ഷികളിൽ ഉത്തമമായ കക്ഷിയെ നീ തുണക്കേണമെ. [മുഹമ്മദ് ഒരു പുതിയദീനും കൊണ്ടുവന്നിരിക്കുകയാണു് ഞങ്ങളുടെ പ്രാചീനമായ ദീനിനെ നീ തുണക്കേണമെ. രണ്ടു ദീനുകളിൽ ഉത്തമമായ ദീനിനെ നീ തുണക്കേണമെ.'] ബദ്ർ യുദ്ധത്തിൽ ആ പ്രാർത്ഥന ഫലിക്കുക തന്നെ ചെയ്തു.

ഈ യുദ്ധവേളയിൽ തിരുമേനി (സ) യിൽ പല മുഅ്ജിസത്തുകളും പ്രകടമായി. തിരുമേനി (സ) ഒരു പിടി മണ്ണുവാരിയെറിഞ്ഞപ്പോൾ, ശത്രുപക്ഷത്തു ആരുംതന്നെ ഒഴിഞ്ഞുപോകാതെ എല്ലാവരുടെ കണ്ണുകളിൽ മൺതരികളും ചെന്നുവീണതും; മഅാദ് (റ) വിന്റെ മുറിഞ്ഞുപോയ കൈ പൂർവ്വസ്ഥാനത്തു ബന്ധിച്ചതും; ഉക്കാശതിബ്നു മുഹ്സിൻ (റ) വിന്നു കൊടുത്ത വടിക്കഷണം വാളായി മാറിയതും; സൽമതിബ്നുഅസ്‌ലം (റ) വിന്നു നല്കിയ വടി മൂർച്ചയേറിയ ഖഡ്ഗമായിത്തീർന്നതും; വെട്ടേറു ഒരു ഭാഗത്തേക്കു ചാഞ്ഞുപോയ ഖുബൈബ് (റ) വിനെ തിരുമേനി (സ) തടകിയപ്പോൾ അദ്ദേഹം നേരെയായതും; അമ്പേറു നഷ്ടപ്പെട്ടുപോയ കണ്ണു റിഫാഅത്തി ബ്നുമാലിക് (റ) വിന്നു വീണ്ടുകിട്ടിയതും ആ മുഅ്ജിസത്തുകളിൽപ്പെട്ട സംഭവങ്ങളാകുന്നു.

അദ്ധ്യായം 12

യുദ്ധക്കളത്തിൽ മരിച്ചുവീണ ശത്രുക്കളുടെ ശവങ്ങളും ഒരു കുഴിയിൽ വലിച്ചിടുവാൻ തിരുമേനി (സ) കല്പിച്ചു. അവരിൽ പ്രധാനികളെയെങ്കിലും പ്രത്യേകം പ്രത്യേകം കുഴിതോണ്ടി കുഴിച്ചിടുക എന്നതു ആ സന്ദർഭത്തിൽ ദുഷ്കരമായ ഒരു കാര്യമായിരുന്നതുകൊണ്ടു്, എല്ലാ ശവങ്ങളെയും ഒരു കുഴിയിൽ വലിച്ചിടുവാൻ തിരുമേനി (സ) കല്പിച്ചതു്. തിരുമേനി (സ) യുടെ ആജ്ഞക്കൊത്തു സഹാബികളും പ്രവർത്തിച്ചു. ഉമയ്യത്തിന്റെ ശവം നീക്കുമ്പോൾ അഴുത്തു കിടക്കുകയായിരുന്നു. ഒരാൾ

ആ ശവത്തെ പിടിച്ചുവലിച്ചപ്പോൾ അവയവങ്ങൾ വേറിട്ടുപോയി. ആകയാൽ ആ ശവത്തെ അവിടെ മണ്ണിട്ട് മൂടി. ഉത്‌ബത്തിന്റെ ശവം കുഴിയിലേക്ക് വലിച്ചപ്പോൾ അയാളുടെ പുത്രനായ അബൂഹുദൈഫ (റ) വിന്റെ മുഖത്തു ഒരു വ്യസനഭാവം പ്രസ്‌ഫുരിച്ചു. അതു കണ്ടപ്പോൾ 'പിതാവിന്റെ കാര്യത്തിൽ വ്യസനമുണ്ടോ' എന്നു തിരുമേനി (സ) അദ്ദേഹത്തോടന്വേഷിച്ചു :'യാറസൂലല്ലാ, യാതൊരു വ്യസനവുമില്ല' എന്ന മുഖവുരയോടുകൂടി അദ്ദേഹം ഇപ്രകാരം തുടർന്നു:- 'പിതാവു് കൂടുതൽ ആലോചനാശക്തിയും മാന്യതയും സഹിഷ്ണതയുമുള്ള ആളായിരുന്നതുകൊണ്ടു, അദ്ദേഹം ഇസ്‌ലാമിൽ വിശ്വസിക്കുമെന്നാണു് ഞാൻ പ്രതീക്ഷിച്ചിരുന്നതു്. എന്റെ പ്രതീക്ഷ ഫലിച്ചില്ലല്ലൊ എന്നോർത്തുപോയതാണു് എന്റെ വ്യസനത്തിന്റെ കാരണം. തിരുമേനി (സ) സദുപദേശങ്ങളാൽ അദ്ദേഹത്തെ സാന്ത്വനപ്പെടുത്തി. [ബദ്‌ർ യുദ്ധത്തിൽ അബൂഹുദൈഫ (റ) പിതാവിനെ വധിക്കുവാൻ ഒരുങ്ങിയപ്പോൾ തിരുമേനി (സ) അദ്ദേഹത്തെ ആ ഉദ്യമത്തിൽ നിന്നു പിന്തിരിച്ചതു സ്മരണീയമത്രെ]

ശത്രുക്കളുടെ ശവങ്ങളെല്ലാം ഒരു കുഴിയിൽ ഇട്ടുമൂടി. മൂന്നാമത്തെ ദിവസം തിരുമേനി (സ) ആ കുഴിക്കരികെ ചെന്നു, ഉത്‌ബതിബ്‌ന റബീഅത്, ശൈബതിബ്‌ൻ റബീഅത്, ഉമയ്യത്തിബ്‌ൻ ഖലഫ് (ശവക്കുഴിയിന്നടുത്തായി ഒരിടത്താണു് ഉമയ്യത്തിന്റെ ശവം മണ്ണിട്ടു മൂടിയിരുന്നതു്) അബൂജഹലിബ്‌ൻ ഹിശാം എന്നീ ഖുറൈശീനേതാക്കളുടെ പേരുകൾ വിളിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:- 'അല്ലാഹു എനിക്കു നൽകിയ വാഗ്ദത്തം അവൻ പൂർത്തിയാക്കി; അല്ലാഹുവും റസൂലും നിങ്ങളോടു് പറഞ്ഞ കാര്യം നിങ്ങൾക്കു അനുഭവപ്പെടുകയും ചെയ്തു' തിരുമേനി (സ) മരിച്ചവരുടെ പേരുകൾ വിളിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞപ്പോൾ, ഉമർഖത്താബ് (റ) ചോദിച്ചു:- 'യാറസൂലല്ലാ, മരിച്ചവരോടു സംസാരിച്ചാൽ അവർ കേൾക്കുമൊ?' 'നിങ്ങൾ കേൾക്കുന്നതുപോലെ അവർ കേൾക്കും; പക്ഷെ, അവർ മറുപടി പറയുകയില്ല' എന്നു തിരുമേനി (സ) ഉത്തരം നൽകി.

[ഒരാൾ മരിച്ചാൽ അയാളുടെ ജീവനു ആ ശരീരവുമായി ചില ബന്ധങ്ങൾ ഉണ്ടായിരിക്കും. ശരീരം നശിച്ചുകഴിഞ്ഞാൽ ജീവനുറ ബന്ധം ആ സ്ഥലത്തോടായിരിക്കും. ഖബ്‌ർ സിയാറത്തു് ചെയ്യുന്നതിൽ പല പ്രയോജനങ്ങളുണ്ടെന്നു പറയപ്പെട്ടതിന്റെ കാരണം ഇതാണു്. സിയാറത്തു ചെയ്യുന്ന ആളെ മരിച്ചവർ തിരിച്ചറിയുകയും, അവർ സന്തോഷിക്കുകയും, സലാം മടക്കുകയുംചെയ്യും. മേല്പറഞ്ഞ ജീവന്റെ ബന്ധമാണു് ഇതിനെല്ലാം നിദാനം. ജീവൻ അവരിലേക്കു തിരിച്ചുവരും എന്നുള്ളതിനർത്ഥമില്ല. നബിമാർ, ശുഹദാക്കൾ, സാലിഹ്കൾ (സജ്ജനങ്ങൾ) എന്നിവരെസ്സംബന്ധിച്ചേടത്തോളം പ്രസ്തുത ബന്ധം വളരെയധികം സജീവവും ഉൽകൃഷ്ടവുമായിരിക്കും.] 'മരിച്ചവർക്കു താങ്കൾ കേൾപ്പിക്കുകയില്ല' എന്നു ഖുർആനിൽ പറഞ്ഞിട്ടുണ്ടു്. അവരെ കേൾപ്പിക്കുക എന്ന പദത്തിനു ശ്രവണപുടത്തിൽ എത്തിക്കുക എന്നല്ല വിവക്ഷിതാർത്ഥം- അനുസരിക്കുന്നതിനായി, ജീവിച്ചിരിക്കുന്നവർക്കു അനുജ്ഞകൾ കേൾപ്പിക്കുന്നതു് പോലെ, മരിച്ചവർക്കു് താങ്കൾ അനുജ്ഞകൾ കേൾപ്പിക്കുകയില്ല എന്നാണു് ഖുർആനിലെ ആ പദത്തിന്റെ വിവക്ഷിതാർത്ഥം. ഏതദ്വിഷയകമായി ജലാലുസ്സുയൂതീ (റ) പൊല്ലിയ ഒരു പദ്യത്തിന്റെ രത്നചുരുക്കം ചുവടെ ഉദ്ധരിക്കുന്നു:-

'മരിച്ചവർ മരിക്കാത്തവരുടെ വാക്കുകൾ കേൾക്കുമെന്നു ഹദീസുകൊണ്ടു ഞങ്ങൾ ഗ്രഹി

ച്ചിരിക്കുന്നു. മരിച്ചവർ കേൾക്കുകയില്ല എന്നു ഖുർആൻ വചനത്തിന്റെ സാരവും ഞങ്ങൾ ഗ്രഹിച്ചിരിക്കുന്നു. സൃഷ്ടിപരമായ, പ്രതികരണ ജനകമായ കേൾവി മരിച്ചവർക്കു ഇല്ലെന്നാണ് ആ ആയത്തിന്റെ സാരം.'

ഖലീഫ എന്ന ആ ശവക്കുഴിയിൽ ഇട്ട ശവങ്ങളുടെ എണ്ണം ഇരുപത്തിമൂന്നാകുന്നു. ഉമയ്യത്തിനെയും അക്കൂട്ടത്തിൽ പെടുത്തിയാൽ ശവങ്ങളുടെ എണ്ണം ഇരുപത്തി നാലായി വർദ്ധിക്കും. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു:-(1) ഉത്ബതിബ്നു റബീഅത്, (2) ശൈബതിബ്നുറബീഅത്, (3) ഉമയ്യത്തിബ്നു ഖലഫ്, (4) അബൂജഹലിബ്നുഹിശാം, (5) ഉഖൈഥിബ്നു സഅ്ദിബ്നുൽ ആസിബ്നു ഉമയ്യത്, (6) ആസിബ്നു സഅ്ദിബ്നുൽ ആസിബ്നു ഉമയ്യത്, (7) ഹൻഥലതിബ്നു അബൂസുഫ്യാൻ, (8) വലീദിബ്നു ഉത്ബത്, (9) ഹർസിബ്നു ആമിർ, (10) ഉ ഐമതിബ്നു ഉദയ്യ്, (11) നൌഫലിബ്നു അബ്ദ്, (12) സംആത്തിബ്നു അസ്വദ്, (13) ഉഖൈലിബ്നു അസ്വദ്, (14) ആസിഹിബ്നു ഹിശാം, (15) അബൂഖൈസിബ്നു വലീദ്, (16) നബീഹിബ്നു ഹജ്ജാജ്സ്സഹം, (17) മുനബ്ബിഹിബ്നു ഹജ്ജാജ്സ്സഹം, (18) അലീഇബ്നു ഉമയ്യത്തിബ്നു ഖലഫ്, (19) അംറിബ്നു ഉസ്മാൻ, (20) മസ്ഊദിബ്നു അബ്ദുമയ്യത്, (21) ഖൈസിബ്നുൽ ഫാകിഹിബ്നുൽ മുഗീറ തുൽമഖ്സൂമി, (22) അസ്വദിബ്നു അബ്ദിൽ അസദ്, (23) അബുൽ ആസിബ്നു ഖൈസിബ്നു ഉദയ്യുസ്സഹ്മീ, (24) ഉമയ്യത്തിബ്നുരിഫാഅത്.

ആത്മാവ് ശരീരത്തെ വേർവിട്ടശേഷം, അതു ശരീരവുമായി മറെറാരു തരത്തിലുള്ള ബന്ധംപുലർത്തുന്നുണ്ടെന്നു പ്രസ്താവിച്ചുവല്ലൊ. ശരീരം മണ്ണുമായിചേർന്നു പോകയൊ, അഗ്നിയിൽ ദഹിച്ചുപോവുകയൊ, മൃഗങ്ങൾ തിന്നു പോവുകയൊ മറെറാ വെയ്യുകഴിഞ്ഞാൽ, തന്മൂലം മുഴിന്നു ശരീരവുമായുള്ള ബന്ധം അറുപോവുന്നില്ല. ശരീരം നശിച്ചുകഴിഞ്ഞാൽ 'അജബുദ്ദനബ്' എന്ന അസ്ഥിയുമായി അതു ബന്ധം പുലർത്തുന്നു. ആ ബന്ധം ഒരിക്കലും അറുപോകയില്ല. പക്ഷെ, ആ ബന്ധത്തിന്നു പല അവസ്ഥാഭേദങ്ങളുണ്ട്. നബിമാരിലും യുദ്ധക്കളത്തിൽവെച്ചു രക്തസാക്ഷികളായ ശുഹദാക്കളിലും ആ ബന്ധം സജീവമായിരിക്കും. അവർക്കു അവരുടെ അവസ്ഥയിൽ ചില കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. ആ പ്രകിയക്കു അഫ് 'ആലുൽഇ്ഖ്തിയാർ' എന്നുപേർ. മരണശേഷം എന്റെ അറിവു് ജീവിതകാലത്തെന്നപോലെതന്നെ' എന്നു നബി (സ) തിരുമേനി അരുളീട്ടുണ്ട്. നബിമാർ ഖബ്റുകളിൽ നിസ്ക്കാരത്തെ നിലനിറുത്തുന്നു എന്നതുമുള്ള മറെറാരു ഹദീസുമുണ്ട്. അല്ലാഹു പറയുന്നു:- 'അല്ലാഹുവിന്റെ അനുഗ്രഹത്തെ മോഹിച്ചു യുദ്ധക്കളത്തിൽ ശഹീദായവർ, മരിച്ചവരാണെന്നു നിങ്ങൾ കരുതേണ്ട; അല്ലാഹുവിന്റെ പക്കൽ അവർ ജീവിക്കുന്നവർതന്നെയാണു്; അവർക്കു ഭക്ഷണം നൽകപ്പെട്ടും.' മരണാനന്തരം നബിമാർ നിസ്ക്കരിക്കുന്നുണ്ടെന്നു ഹദീസിൽനിന്നും, ശുഹദാക്കൾക്കു ആഹാരമുണ്ടെന്നു ആയത്തിൽനിന്നും വ്യക്തമാവുന്നു. നബിമാർ നിസ്ക്കരിക്കുന്നതു അവരുടെ ഔന്നത്യത്തെ കൂടുതൽ ഉന്നതമാക്കുവാനും, ശുഹദാക്കൾ ഭക്ഷിക്കുന്നതു അവരുടെ ആനന്ദത്തെ വർദ്ധിപ്പിക്കുവാനും തന്നെ. നബിമാർ ഹജ്ജ് നിർവ്വഹിക്കുന്നുണ്ടെന്നും ഹദീസിൽനിന്നു വ്യക്തമായിട്ടുണ്ട്. 'മക്കക്കും മദീനക്കുമിടയിലുള്ള വാദിൽഅർസഖ് എന്ന മലമ്പ്രദേശത്തിലൂടെ ഞാൻ നടക്കുമ്പോൾ, മൂസാനബി ഒരു ഒട്ടകപ്പുറത്തിരുന്നു, കൈവിരൽ രണ്ടും കണ്ണുരുണ്ടു

ളിൽവെച്ച് ഉച്ചത്തിൽ തൽബിയത്ത് ചൊല്ലുന്നതു ഞാൻ കണ്ടു'വെന്നും, 'സനിയ്യത്' എന്ന സ്ഥലത്തെത്തിയപ്പോൾ യൂനുസ്‌നബി ഒരു ചുകന്ന ഒട്ടകപ്പുറത്തിരുന്നു തൽബിയ്യത്തു ചൊല്ലുന്നതു ഞാൻ കണ്ടു'വെന്നും തിരുമേനി (സ) പ്രസ്താവിച്ചിട്ടുണ്ട്. കാലഗതിയടഞ്ഞ നബിമാരും ശുഹദാക്കളും നിസ്‌ക്കരിക്കുകയും നോമ്പു നോൽക്കുകയും ഹജ്ജ് ചെയ്യുകയും അതുപോലുള്ള ഇബാദത്തുകളും നിർവ്വഹിക്കുകയും, ആഹരിക്കുകയും ചെയ്യുമെന്നു പണ്ഡിതാഗ്രേസരനായ അശ്ശംസുർറംലീ (റ) പ്രഖ്യാപിച്ചിരിക്കുന്നു. അവരുടെ മഹത്വത്തെ നിലനിറുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് അതെല്ലാം അവർ ചെയ്യുന്നതു. നബിമാരുടെയും ശുഹദാക്കളുടെയും റൂഹുകളെ അവകാശമായി നൽകപ്പെട്ടുമെന്നും വാനലോകത്തും അധോലോകത്തും സഞ്ചരിപ്പാനുള്ള സ്വാതന്ത്ര്യം അവക്കു നൽകപ്പെട്ടുമെന്നും പറയപ്പെട്ടിട്ടുണ്ട്. മർജാനീ (റ) വെ ഉദ്ധരിച്ചുകൊണ്ടു 'ഖുലാസതുൽവഫാ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- 'ബദ്‌ർ യുദ്ധത്തിന്റെ ദിവസം തിരുമേനി (സ) ഗളബ്നെന്ന കുരുവാളെന്തിക്കൊണ്ടു രംഗത്തിറങ്ങിയപ്പോൾ, അല്ലാഹുവിന്റെ ഭാഗത്തുനിന്നു സാഹായത്തിന്റെ പടഹം മുഴക്കി. ആ പടഹധ്വനിയുടെ മുഴക്കം ലോകാവസാനംവരെ നിലനിൽക്കും.'

'മവാഹിബ്' എന്ന ഗ്രന്ഥത്തിൽ ഇമാം ഖുസ്തലാനീ (റ) ഇപ്രകാരം പറയുന്നു:- 'ബദ്‌ർ യുദ്ധത്തിൽ, രാജാക്കന്മാർ മുഴക്കാറുള്ള യുദ്ധപടഹംപോലുള്ള ഒരു പടഹത്തിന്റെ ധ്വനി ഉണ്ടായി. ഇന്നും ആ ധ്വനിയുടെ മുഴക്കം അവിടെ കേൾപ്പാനുണ്ട്. മുസ്‌ലിംകളെ സഹായിപ്പാനുള്ളതാണ് ആ ധ്വനി. അങ്ങിനെ ഒരു ശബ്ദം ബദ്‌റിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിപ്പാൻ ഞാൻ ബദ്‌റിലേക്കു പോവുകയും വ്യക്തമായി ആ ശബ്ദം ഞാൻ കേൾക്കുകയുംചെയ്തു.' [ഈ ശബ്ദം എല്ലാവരുടെ കണ്ണുകളിലും പതിയുകയില്ലെന്നു പറയപ്പെട്ടിട്ടുണ്ട്.]

ഹുസൈനിബ്നു മുഹമ്മദ്ദിയാർബക്‌രീ (റ) പറയുന്നു:- 'ഹിജ്റാബ്ദം തൊള്ളായിരത്തി മുപ്പത്താറാം വർഷം ശഅ്ബാൻ മാസത്തിൽ ആദ്യത്തെ ബുധനാഴ്ചയാണു സംഭവം നടന്നതു. ബദ്‌റിൽവെച്ചു ഒരു പടഹധ്വനി ഇപ്പോഴും കേൾക്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ചു അന്നാണു ഞങ്ങൾ ഒരു പരീക്ഷണം നടത്തിയതു. സ്ത്രീകളും പുരുഷന്മാരുമടക്കം നൂറിൽപരം ആളുകളടങ്ങിയ ഒരു സംഘമായി ഞങ്ങൾ മദീനയിൽനിന്നു മക്കയിലേക്കു യാത്ര ചെയ്യുകയായിരുന്നു. ഒരു രാത്രി ഞങ്ങൾ ബദ്‌റിൽ കഴിച്ചുകൂട്ടി. ബുധനാഴ്ച രാവിലെ സുബ്ഹി നിസ്കരിച്ചതിനുശേഷം, ഈ ശബ്ദവുമന്വേഷിച്ചു ഞങ്ങൾ നടന്നു. ശബ്ദം ഞങ്ങൾ വളരെ വ്യക്തമായിത്തന്നെ കേട്ടു. ഒരു കുന്നിന്മുകളിൽനിന്നാണു ആ ശബ്ദം ഞങ്ങളിലേക്കു വന്നുകൊണ്ടിരുന്നതു. ഞങ്ങൾ ആ കുന്നിൻമുകളിൽ കയറി. ഉച്ചിയിൽ എത്തിയപ്പോൾ ഒരു ശബ്ദവും ഞങ്ങൾ കേട്ടില്ല അവിടം വിജനവും നിശ്ശബ്ദവുമായിരുന്നു. ഞങ്ങൾ കുന്നിന്റെ ഉച്ചിയിൽ നിന്നു താഴോട്ടിറങ്ങിയപ്പോൾ വീണ്ടും ആ ശബ്ദം കേൾക്കുകയുണ്ടായി. ഞങ്ങളിൽ ചിലർ ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അതു ശ്രദ്ധിച്ചു. നിന്നവരും ഇരുന്നവരും കിടന്നവരുമെല്ലാം വളരെ വ്യക്തമായിത്തന്നെ ആ ശബ്ദം കേട്ടു. ഒരു വലിയ പടഹധ്വനിയുടെയു പോലുള്ളതായിരുന്നു ആ ശബ്ദം.'

അബ്ദുല്ലാഹിബ്നുഉമർ (റ) പറയുന്നു:- 'ബദ്‌ർ എന്ന സ്ഥലത്തുകൂടി ഞാൻ പോകുമ്പോൾ 'യാ അബ്ദല്ലാ' എന്നു ഒരാൾ വിളി

ച്ചു. പേരറിയാത്തവരെ, പൊളവെ, അമ്മൂം ല്ലാ എന്നു വിളിക്കുന്നതു അറബികളുടെ ഇടയിൽ ഒരു പതിവായിരുന്നതുകൊണ്ടു, എന്നെ അറിഞ്ഞൊ അറിയാതെയൊ അയാൾ വിളിച്ചതെന്നു എനിക്കറിഞ്ഞുകൂടാ. ഞാൻ അങ്ങോട്ടു നോക്കിയപ്പോൾ ഒരാൾ മറ്റൊരാളെ കഠിനമായി ഭേദ്യം ചെയ്യുന്നതു ഞാൻ കണ്ടു. മർദ്ദിതൻ അല്പം വെള്ളം കൊടുപ്പാൻ എന്നോടാവശ്യപ്പെട്ടു. അയാളുടെ ദയനീയതയിൽ എനിക്കു അലിവു തോന്നി. വെള്ളം കൊടുപ്പാൻ ഞാൻ ഭാവിച്ചു. അപ്പോൾ അയാളെ മർദ്ദിച്ചുകൊണ്ടിരുന്ന ആൾ എന്നോടു പറഞ്ഞു: അരുതു; ഇവനു വെള്ളം കൊടുക്കരുതു. ഇവൻ അല്ലാഹുവിന്റെയും റസൂലിന്റെയും ശത്രുവായി വധിക്കപ്പെട്ട ക്രൂരനാണു.' [ആ മർദ്ദിതൻ അബൂജഹലായിരുന്നുവെന്നു സുർഖാനിഹ്മാം (റ), തിബ്‌റാനീ (റ) എന്നിവർ പറഞ്ഞിരിക്കുന്നു.]

അബ്ദുല്ലാഹിബ്‌നുഉമർ (റ) വെ ഉദ്ധരിച്ചുകൊണ്ടു, ഈ വസ്തുതതന്നെ, ഇബ്‌നുമുൻദർ (റ) ഇപ്രകാരം പറഞ്ഞിരിക്കുന്നു:— 'ബദരിലെ ഒരു കുഴിയിൽ നിന്നു അവൻ ചാടിവന്നു. ഉടനെ ഒരാൾ ചുമ്മട്ടികൊണ്ടടിച്ചു അവനെ കുണ്ടിൽ ചാടിച്ചു തിരുമേനി (സ) യോടു ഈ വിവരം പറഞ്ഞപ്പോൾ, കുണ്ടിൽനിന്നു ചാടി വന്നതു അബൂജഹലാണെന്നു തിരുമേനി (സ) പറഞ്ഞു.'

ശഅ്ബീഹമാം (റ) പറയുന്നു:— 'ഒരാൾ തിരുമേനി (സ) യുടെ സന്നിധിയിൽ വന്നു ഇപ്രകാരം പറയുന്നതു ഞാൻ കേട്ടു:— 'യാറസൂലുല്ലാ, ഞാൻ ബദ്‌റിലൂടെ വരുമ്പോൾ, ഒരാൾ ഭൂമിയിൽ നിന്നു പൊന്തി വരുന്നതും വേറൊരാൾ അയാളെ ഒരു ദണ്ഡുകൊണ്ടടിച്ചു ഭൂമിയിലേക്കു താഴ്ത്തുന്നതും ഞാൻ കണ്ടു. ഇടക്കിടെ അയാൾ പൊന്തിവരികയും പൊന്തിവരുമ്പോഴെല്ലാം മറ്റൊരാൾ അടിച്ചു താഴ്ത്തുകയും ചെയ്യുന്നു.' ഭൂമിയിൽ നിന്നു പൊന്തിക്കൊണ്ടിരിക്കുന്ന ആ വ്യക്തി അബൂജഹലാണെന്നും ആ പ്രക്രിയ ലോകാവസാനം വരെ നടക്കുമെന്നും തിരുമേനി (സ) മറുപടി പറഞ്ഞു.

[മക്കയിൽ വെച്ചു ഇസ്‌ലാംമതം വിശ്വസിച്ചവരിൽ അല്പം ആളുകൾ, ഹിജ്‌റയുടെ ഘട്ടത്തിൽ മദീനയിലേക്കു ഹിജ്‌റ ചെയ്യുവാൻ കൂട്ടാക്കിയില്ല. അവർ മക്കയിൽ അവിശ്വാസികൾക്കു ഒതുങ്ങിക്കൊണ്ടു ജീവിച്ചു. ഹിജ്‌റ ചെയ്യാതിരിപ്പാൻ തക്ക കാരണങ്ങളൊന്നും അവരെസ്സംബന്ധിച്ചേടത്തോളം ഉണ്ടായിരുന്നില്ല. ബന്ധുക്കളുടെ പ്രേരണക്കും പ്രലോഭനത്തിനും വഴങ്ങിക്കൊണ്ടാണു അവർ ഹിജ്‌റയിൽ പങ്കെടുക്കാതിരുന്നതു. ബദ്‌ർ യുദ്ധത്തിൽ അവർ ശത്രുപക്ഷത്തു ചേരുകയും ചെയ്തു. 'വിശ്വസിച്ച ശേഷം, ഹിജ്‌റയിൽ നിന്നു പിന്തിരിഞ്ഞുകൊണ്ടു മക്കയിൽ അവിശ്വാസികൾക്കു കീഴടങ്ങി ജീവിച്ചതു മൂലം, അവർ അവക്കുതന്നെ ഉപദ്രവമുണ്ടാക്കി. ആ സ്വയം കൃതാനർത്ഥരെ വധിക്കുവാൻ 'നിങ്ങൾ ഏതു മാർഗ്ഗത്തിലായിരുന്നു' വെന്നു മലക്കുകൾ അവരോടു ചോദിച്ചു. 'മക്കയിൽ വെച്ചു ഇസ്‌ലാമിന്റെ ആജ്ഞക്കൊത്തു ജീവിപ്പാൻ ഞങ്ങൾക്കു കഴിഞ്ഞില്ല' എന്നു അവർ മറുപടി നൽകി. 'അവിശ്വാസികളുടെ നാടുവിട്ടു പുറത്തു പോരുവാൻമാത്രം അല്ലാഹുവിന്റെ നാടു വിശാലമായിരുന്നില്ലെ. ശരി, നിങ്ങളുടെ ഭവനം നരകം തന്നെ' എന്നു മലക്കുകൾ അവരെ അറിയിച്ചു. ഹാരിസിബ്‌നുസംഅത്, അബൂഖൈസിബ്‌നുൽ ഫാകിഹ്, അബൂഖൈസിബ്നുൽ വലീദ്, അലിയ്യിബ്‌നുഉമയ്യത്, ആസിബ്‌നു മുനബ്ബിഹ് എന്നിവരായിരുന്നു ആ വ്യക്തികൾ.]

അദ്ധ്യായം 13

ബദ്‌ർയുദ്ധത്തിൽ ശത്രുപക്ഷത്തുനിന്നു മൂന്നു പേരഞ്ഞ ഇരുപത്തിനാലു പോരടക്കം എഴുപതു പേർ കൊല്ലപ്പെട്ടുകയും എഴുപതു പേർ ബന്ധനസ്ഥരാക്കപ്പെട്ടുകയും ചെയ്തു. ബന്ധനസ്ഥരാക്കപ്പെട്ടവരിൽ പ്രധാനികളെസ്സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ പ്രസ്താവിക്കാം:—

1. അബ്ബാസിബ്‌ൻ അബ്ദുൽമുത്തലിബ്: ഇദ്ദേഹം ആദ്യകാലത്തുതന്നെ ഇസ്‌ലാമിൽ വിശ്വസിച്ചിരുന്നുവെന്നും, പക്ഷെ, മറ്റു കാരണങ്ങളാൽ ആ വസ്തുത വെളിപ്പെടുത്തിയില്ലെന്നും ചരിത്രപണ്ഡിതന്മാരിൽ ചിലർ പ്രസ്താവിച്ചിട്ടുണ്ടു മക്കയിൽ വെച്ചു തിരുമേനി (സ) യുടെ പ്രവർത്തനങ്ങൾക്കു പരസ്യമായ പിന്തുണ നൽകിയ മഹാനാണദ്ദേഹം. അഖബായിൽവെച്ചു ഉടമ്പടി നടന്നപ്പോൾ ആ രംഗത്തു അദ്ദേഹവും സന്നിഹിതനായിരുന്നു. പല ആപൽഘട്ടങ്ങളിലും തിരുമേനി (സ) യെ അദ്ദേഹം സഹായിച്ചിട്ടുണ്ടു്. മക്കയിൽ അദ്ദേഹത്തിനു പലവിധ ഇടപാടുകളും ഇടപാടുകാരുമുണ്ടായിരുന്നു. മതമാറ്റം ആ ഇടപാടുകളെയും അദ്ദേഹത്തിന്റെ ജീവനത്തെയും പ്രതികൂലമായി ബാധിക്കുമെന്നു ഉറപ്പുള്ളതുകൊണ്ടു, ആ ദോഷകരമായ ഭവിഷ്യത്തിനെ തടുക്കുവാൻ വേണ്ടിയാണു് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ച വസ്തുത വെളിപ്പെടുത്താതിരുന്നതെന്നു പറയപ്പെട്ടിരിക്കുന്നു. തിരുമേനി (സ) യും അനുയായികളും മദീനയിലേക്കു ഹിജ്‌റചെയ്ത ഘട്ടത്തിൽ, അവരോടൊപ്പം ഹിജ്‌റചെയ്യുവാൻ അദ്ദേഹവും ഒരുങ്ങിയിരുന്നുവെന്നും, തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ചാണു് അദ്ദേഹം അപ്പോൾ ഹിജ്‌റയിൽ പങ്കെടുക്കാതിരുന്നതു, മുഹാജിർകളിൽ അവസാനം ഹിജ്‌റചെയ്ത ആൾ അദ്ദേഹമാണെന്നും ചരിത്രകാരന്മാർ പറയുന്നു. തിരുമേനി (സ) ഹിജ്‌റചെയ്തതിനുശേഷം, മക്കയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ അദ്ദേഹം വളരെ രഹസ്യമായി തിരുമേനി (സ) യെ അറിയിച്ചുകൊണ്ടിരുന്നുവെന്നാണു് പറയപ്പെടുന്നതു് തിരുമേനി (സ) യുടെ ഹിജ്‌റക്കുശേഷം പലതവണ അദ്ദേഹം ഹിജ്‌റക്കുള്ള അനുമതിക്കു തിരുമേനി (സ) യോടു അപേക്ഷിച്ചിരുന്നുവെന്നും, തങ്കളുടെ ഹിജ്‌റക്കു സമയമായിട്ടില്ലെന്നു രേഖാമൂലം തിരുമേനി (സ) അറിയിച്ചതുകൊണ്ടാണു് അദ്ദേഹം മക്കയിൽതന്നെ തങ്ങിയതെന്നും ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ടു്. തിരുമേനി (സ) യും അദ്ദേഹവും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണു് ബദ്‌ർ യുദ്ധത്തിൽ അദ്ദേഹം ശത്രുപക്ഷത്തു നിന്നതുതന്നെ. അദ്ദേഹത്തെ വധിക്കരുതെന്നു തിരുമേനി മുസ്‌ലിംകൾക്കു നിർദ്ദേശം നൽകിയതിന്റെയും, നഷ്ടപരിഹാരം ഈടാക്കാതെ അദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടതിന്റെയും രഹസ്യം അതായിരുന്നു. അബുൽയസ്‌രി എന്നു വിളിച്ചുവന്ന കഅ്ബിബ്‌ൻ അംറ് അൻസാരിയിസ്സുൽമിയ്യി (റ) വാണു് അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയതു്. അബുൽയസ്‌രി (റ) ഗ്രസകായനും അബ്ബാസ് (റ) വെ അപേക്ഷിച്ചു ദുർബ്ബലനുമായിരുന്നു. അബ്ബാസ് (റ) വെ ബന്ധനസ്ഥനാക്കുകയെന്നതു അബുൽയസ്‌രി (റ) വെസ്സംബന്ധിച്ചേടത്തോളം സാദ്ധ്യമായ കാര്യമാണെന്നു ആരും കരുതിയില്ല. ആകയാൽ തിരുമേനി (സ) അബ്ബാസ് (റ) വോടു ചോദിച്ചു. 'താങ്കളെ ബന്ധനസ്ഥനാക്കുവാൻ അബുൽയസ്‌രിക്കു എങ്ങിനെ സാധിച്ചു അയാൾ താങ്കളുടെ ഒരു കൈപ്പിടിയിൽ ഒതുങ്ങുവാനല്ലെയുള്ളൂ.' 'അദ്ദേഹത്തെ ആ അവസരത്തിൽ മക്കയിലെ ഒരു മലപോലെയാണു് ഞാൻ കണ്ടതു്'' എന്നു അദ്ദേഹം മറുപടി നൽകി.

അലീ (ക.വ.) പറയുന്നു:— 'ഒരു അൻസാരി അബ്ബാസിനെ പിടിച്ചുകൊണ്ടുവന്നു. അ

ദ്ദേഹത്തിന്റെ കൈകളും ബന്ധിച്ചിരുന്നു.' എന്നെ പിടിച്ചുകെട്ടിയതു ഈ മനുഷ്യനല്ല. വെളുപ്പും കറുപ്പും കലർന്ന കുതിരപ്പുറത്തുകയറി ക്കൊണ്ടു എന്നെ സമീപിച്ച ശൂരവീരപരാക്രമിയായ ഒരാളാണു് എന്നെ പിടിച്ചുകെട്ടിയതു്. അതിസുന്ദരമായ ആ മുഖം ഈ കൂട്ടത്തിൽ ഞാൻ കാണുന്നില്ല' എന്നിപ്രകാരം അബ്ബാസ് പറഞ്ഞപ്പോൾ, 'ഞാനാണു് ഇദ്ദേഹത്തെ പിടിച്ചുകെട്ടിയ'തെന്നു ആ അൻസാരി കയറിപ്പറഞ്ഞു. 'നിങ്ങൾ ഇദ്ദേഹത്തെ എങ്ങിനെ പിടിച്ചുകെട്ടി' എന്നു തിരുമേനി (സ) അയാളോടന്വേഷിച്ചു. 'എനിക്കു അല്ലാഹു ഒരു മലക്കിന്റെ സഹായം നൽകി'എന്നു ആ അൻസാരി ബോധിപ്പിച്ചു.

അബ്ബാസ് (റ) ബന്ധനസ്ഥനാക്കപ്പെട്ടു. അദ്ദേഹത്തിന്റെ കൈകളും വളരെ ശക്തിയായി മുറുക്കികെട്ടിയിരുന്നു. രാത്രിയായപ്പോഴേക്കും അദ്ദേഹത്തിന്റെ കൈകളും വേദനിച്ചുതുടങ്ങി. വേദന സഹിപ്പാനാവാതെ അദ്ദേഹം വിതുമ്മിക്കരഞ്ഞു. അദ്ദേഹത്തിന്റെ വിതുമ്മിക്കരച്ചൽ തിരുമേനി (സ) യുടെ കണ്ണുകളിൽ പതിഞ്ഞു. തിരുമേനി (സ) ക്കു ഉറക്കം വന്നില്ല. തിരുമേനി (സ) ഉറങ്ങാത്തതിന്റെ കാരണം സഹാബിമാർ അന്വേഷിച്ചപ്പോൾ അബ്ബാസ് വിതുമ്മിക്കരയുന്നതു ഞാൻ കേൾക്കുന്നു'വെന്നു തിരുമേനി (സ) അവരെ അറിയിച്ചു. അപ്പോൾ സഹാബിമാരിൽ ഒരാൾ അബ്ബാസ് (റ) വിന്റെ അടുക്കലേക്കു പോവുകയും, കെട്ടഴിച്ചു വേദനയുണ്ടാവാത്തവിധം മയറിക്കെട്ടുകയുംചെയ്തു

ബന്ധനസ്ഥനാക്കപ്പെട്ട നിലയിൽ അദ്ദേഹത്തെ മദീനയിലേക്കു കൊണ്ടുപോയി. അദ്ദേഹത്തിനു ഒരു കൂപ്പായം കൊടുപ്പാൻ തിരുമേനി (സ) നിർദ്ദേശിച്ചു ദീർഘകായനായിരുന്നതുകൊണ്ടു, സഹാബിമാരുടെ കൂപ്പായങ്ങളൊന്നും അദ്ദേഹത്തിനു യോജിച്ചില്ല. അവസാനം, അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ എന്ന മുനാഫിഖ് അദ്ദേഹത്തിനു ഒരു കൂപ്പായം കൊടുത്തു. അതു അദ്ദേഹം ധരിച്ചു [ഇതിനുപകരമായിട്ടാണു് അബ്ദുല്ലാഹിബ്നു ഉബയ്യിനെ കഫൻ ചെയ്യുവാൻ ഒരു കൂപ്പായം തിരുമേനി (സ) നൽകിയതു് ഈ വസ്തുത മറ്റൊരിടത്തു വിശദീകരിച്ചുകഴിഞ്ഞിട്ടുണ്ടു്]

യുദ്ധത്തിൽ തന്റെ സ്വത്തുക്കളും പിടിച്ചെടുക്കപ്പെട്ടിട്ടുണ്ടെന്നും, ആ സ്വത്തുക്കളും പിഴയായി കണക്കാക്കി, കൂടുതൽ പിഴകളും തന്റെമേൽ ചുമത്താതിരിക്കേണമെന്നും അദ്ദേഹം തിരുമേനി (സ) യോടപേക്ഷിച്ചു. അദ്ദേഹം മുസ്‌ലിമാണെന്നുള്ള വസ്തുത അപ്പോഴും വ്യക്തമാക്കപ്പെട്ടിരുന്നില്ലല്ലൊ തന്മൂലം, അദ്ദേഹത്തിന്റെ അപേക്ഷ തിരുമേനി (സ) പരിഗണിച്ചില്ല. 'നിങ്ങൾ സ്വന്തം നിലയിൽ നൂറു ഉഖിയ പൊന്നും, നിങ്ങളുടെ സഹോദരപുത്രന്മാരായ നൌഫൽ, ഉഖൈൽ എന്നിവരുടെവേണ്ടിയും നിങ്ങളുടെ ഉടമ്പടിക്കാരനായ ഉത്ബതിബ്നുഅംറിനുവേണ്ടിയും എൺപതു ഉഖിയവീതം പൊന്നും പിഴയായി നൽകേണ'മെന്നു തിരുമേനി (സ) കല്പിച്ചു. ഇതു കേട്ടപ്പോൾ അദ്ദേഹം ഇപ്രകാരം ബോധിപ്പിച്ചു:- 'എന്റെ സഹോദരപുത്രാ, എനിക്കു താങ്ങാനാവാത്ത ഒരു പിഴയാണൊ താങ്കൾ എനിക്കു നൽകുന്നതു്? ഖുറൈശികളുടെ കൂട്ടത്തിൽ എന്നെ ഒരു യാചകനാക്കുവാനാണൊ താങ്കൾ ഉദ്ദേശിക്കുന്നതു്? ധനികരായ അന്യന്മാരോടു ഇതുവലിയ പിഴ താങ്കൾ ഈടാക്കിയില്ല. നിർധനനും ബന്ധുവുമായ എന്നോടു ഇങ്ങിനെ ചെയ്യുന്നതു നീതിയാണൊ? നിർധനനായ എന്നെ ഈ ഭാരിച്ച പിഴയിൽനിന്നു ഒഴിവാക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു'.

അപ്പോൾ തിരുമേനി (സ) ചോദിച്ചു:- 'നിങ്ങൾ ഉമ്മുൽഫള്‌ലിന്റെ വശം ധനം സൂക്ഷിച്ചിട്ടില്ലെ?' ഈ ചോദ്യം കേട്ടപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടുപോയി. കാരണം, തന്റെ ഭാര്യയായ ഉമ്മുൽ ഫള്‌ലിന്റെ വശമുണ്ടായിരുന്ന രഹസ്യനിക്ഷേപത്തെപ്പറ്റി മൂന്നാമതൊരു മനുഷ്യൻ അറിഞ്ഞിരുന്നില്ല. 'ഞാൻ മുമ്പുതന്നെ മുസ്‌ലിമായിക്കഴിഞ്ഞിട്ടുണ്ടെന്നിരിക്കെ, എന്തിനാണ് പിഴ വസൂലാക്കേണ്ടെന്ന ആവശ്യമുണ്ടെ?' എന്നു വീണ്ടും അദ്ദേഹം തിരുമേനി (സ) യോട് ചോദിച്ചു. 'അതു അല്ലാഹു അറിയുന്ന രഹസ്യമാണ്. ജനങ്ങളം അതു അറിഞ്ഞിട്ടില്ല' എന്നു തിരുമേനി (സ) മറുപടി നൽകുകയും നിശ്ചിതപിഴ ഈടാക്കുകയും ചെയ്തു. ആ സന്ദർഭത്തിൽതന്നെ താൻ ഇസ്‌ലാം മതം വിശ്വസിച്ചതായി അബ്ബാസ് (റ) പ്രഖ്യാപനം ചെയ്തു.' ബന്ധനസ്ഥരാക്കപ്പെട്ടവരിൽ താങ്കളുടെ അധീനത്തിലുള്ളവരോട് താങ്കൾ പറയുക: "നന്മയാണ് നിങ്ങളുടെ ഹൃദയത്തിലുള്ളതെന്നു അല്ലാഹു അറിയുന്നപക്ഷം, നിങ്ങളിൽനിന്നു ഈടാക്കപ്പെട്ടതിനെക്കാൾ ഉപരിയായി അവൻ നിങ്ങൾക്കു ഗ്രഹണം നൽകും; നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യും" എന്ന ആയത്തു് തിരുമേനി (സ) ഓതിയപ്പോൾ 'എങ്കിൽ താങ്കൾ ഈടാക്കിയതിനെക്കാൾ കൂടുതൽ എന്നിൽനിന്നു ഈടാക്കാമായിരുന്നു'വെന്നു അബ്ബാസ് (റ) പ്രസ്താവിച്ചു. [അദ്ദേഹം പിന്നീട് മഹാ ധനികനായിത്തീർന്നു]

2 ഉഖൈലിബ്‌നു അബീതാലിബ്: ഇദ്ദേഹത്തിനും എൺപതു ഉഖിയ സ്വർണ്ണമാണ് തിരുമേനി പിഴ വിധിച്ചതു്. ആ സംഖ്യ അദ്ദേഹത്തിനുവേണ്ടി അബ്ബാസ് (റ) നൽകുകയുണ്ടായി. ഉഖൈൽ (റ) പിന്നീട് ഇസ്‌ലാംമതം വിശ്വസിച്ചു.

3. നൗഫൽഇബ്‌നുഹർസിബ്‌നുഅബ്ദുൽമുത്തലിബ്: ഇദ്ദേഹത്തിനും എൺപതു ഉഖിയ സ്വർണ്ണം പിഴ വിധിക്കപ്പെട്ടു. 'ഈ പിഴ അടക്കുവാൻ എനിക്കു കഴിവില്ല. എന്റെ കൈവശം ഒന്നുമില്ല' എന്നു അദ്ദേഹം ബോധിപ്പിച്ചപ്പോൾ, 'നിങ്ങളുടെവകയായി മക്കയിൽ യുദ്ധക്കോപ്പുകളില്ലെ' എന്നു തിരുമേനി (സ) ചോദിച്ചു. നൌഫൽ (റ) അത്ഭുതപ്പെട്ടുപോയി. കാരണം അത്രമാത്രം രഹസ്യമായ ഒരു വസ്തുതയായിരുന്നു അതു്. അദ്ദേഹം പിഴയടക്കുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു.

4. അബുൽആസിബ്‌നുർറബീഅ്: ഇദ്ദേഹം തിരുമേനി (സ) യുടെ പുത്രിയായ സൈനബ (റ) യുടെ ഭർത്താവായിരുന്നു. [ഇവരുടെ വിവാഹവാർത്ത മറ്റൊരിടത്തു വിശദീകരിക്കും.] അബുൽആസി (റ) മക്കാവിജയത്തിനു കുറെ മുമ്പു് ഇസ്‌ലാംമതം വിശ്വസിച്ചു.

5. അബൂഅസീസ് എന്നു വിളിക്കപ്പെട്ട, സുറാറതിബ്‌നുഉമൈർ: ഇദ്ദേഹം ബദ്‌ർയുദ്ധത്തോടനുബന്ധിച്ചുതന്നെ നഷ്ടപരിഹാരംനൽകി സ്വതന്ത്രനാവുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു.

6. സാഇബിബ്‌നുഉബൈദ്: ഇദ്ദേഹവും മേൽപ്രകാരം നഷ്ടപരിഹാരംനൽകി സ്വതന്ത്രനായശേഷം ഇസ്‌ലാംമതം വിശ്വസിച്ചു.

7. ഉദയ്യിബ്‌നുൽബിയാർ: ഇദ്ദേഹം മക്കാവിജയവേളയിൽ മുസ്‌ലിമായി.

8. സാഇബിബ്‌നു അബീജൈശ്: ഇദ്ദേഹം മക്കാവിജയവേളയിൽ ഇസ്‌ലാംമതം സ്വീകരിച്ചു.

9. അബൂവിദാഅത്തുസ്സഹ്മീ: ഇദ്ദേഹം മക്കാവിജയവേളയിൽ ഇസ്‌ലാംമതം സ്വീകരിച്ചു.

10. സുഹൈലിബ്‌നുഅംറിൽ ആമിരിയ്യി: ഇദ്ദേഹം മക്കാവിജയവേളയിൽ ഇസ്‌ലാംമതം സ്വീകരിച്ചു.

11. ഖാലിദിബ്‌നുഹിശാമുൽമഖ്‌സൂമിയ്യി: ഇദ്ദേഹം മക്കാവിജയവേളയിൽ മുസ്‌ലിമായി.

12. അബ്ദുല്ലാഹിബ്‌ന സ്സാഇബ്: ഇദ്ദേഹം മക്കാവിജയവേളയിൽ മുസ്‌ലിമായി.

13. മുത്തലിബിബ്‌നുഹൻതബ്: ഇദ്ദേഹം മക്കാവിജയവേളയിൽ മുസ്‌ലിമായി.

14. അബ്ദുല്ലാഹിബ്‌നുഉബയ്യിബ്‌നുഖലഫ്: ഇദ്ദേഹം മക്കാവിജയവേളയിൽ ഇസ്‌ലാംമതം സ്വീകരിച്ചു. ജമൽയുദ്ധത്തിൽ ഇദ്ദേഹം ശഹീദായി.

15. അബ്ദുല്ലാഹിബ്‌നുസംഅത്.

16. വഹബിബ്‌നുഅംറുൽജഹ്മീ.

17. ഖൈസിബ്‌നുസ്സാഇബിൽ മഖ്‌സൂമീ.

18. ഖുസ്‌തുസ്

19. ഖലഫിന്റെ അടിമയായ ഖുസ്‌താസ്.

20. വലീദിബ്‌നുൽവലീദ്: ഈ അഞ്ചുപേരും ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ട്. എപ്പോഴാണ് അവർ വിശ്വസിച്ചതെന്നു ചരിത്രകാരന്മാർ പറഞ്ഞുകാണുന്നില്ല.

21. നളറിബ്‌നുൽഹർസുൽ അബ്ദരീ: ഇയാളും ഇസ്‌ലാമിന്റെ കഠിന ശത്രുവും ഘാതകനുമായിരുന്നു. ആകയാൽ ഇയാൾക്കു വധശിക്ഷയാണ് നൽകപ്പെട്ടതു. അലീ (ക. വ) ഇയാളെ വധിച്ചു.

22. അഖബതിബ്‌നുഅബീമുഹീത്: ഇയാളും തിരുമനി (സ) യെ പരിഹസിക്കുന്നതിൽ അഗ്രഗണ്യനും പാതകിയുമായിരുന്നു. ഇയാൾക്കും വധശിക്ഷ നൽകപ്പെട്ടു. ഇയാളെ വധിച്ചതു് അലി (ക. വ.) ആണെന്നും, ആസിബ്‌നുസാബിത് (റ) ആണെന്നും പറയപ്പെട്ടിട്ടുണ്ട്.

അദ്ധ്യായം 14

ബദ്‌റിയുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെട്ടവരുടെ നേരെ എന്തു നടപടിയാണു് നടത്തേണ്ടതെന്ന കാര്യം ഒരു പ്രശ്നമായി. തിരുമേനി (സ) സഹാബിമാരിൽ പ്രമുഖന്മാരുടെ മുമ്പിൽ ഈ പ്രശ്നം അവതരിപ്പിക്കുകയും അവരുടെ അഭിപ്രായം ആരായുകയും ചെയ്തു. അബൂബകർസിദ്ദീഖ് (റ) ഇപ്രകാരം അഭിപ്രായപ്പെട്ടു:– 'യാറസൂലല്ലാ, താങ്കളുടെ ഗോത്രക്കാരും ബന്ധുക്കളുമായ ആളുകളാണ് ബന്ധനസ്ഥരാക്കപ്പെട്ടിട്ടുള്ളതു്. അല്ലാഹു അവരെ താങ്കൾക്കു കീഴടക്കിത്തന്നു. ഇനി, നഷ്ടപരിഹാരം വാങ്ങി അവരെ വിട്ടയക്കുന്നതാണുത്തമമെന്നു എനിക്കു തോന്നുന്നു. നഷ്ടപരിഹാരമായി അവരിൽ നിന്നു കിട്ടുന്ന തുക നമുക്കു യുദ്ധച്ചെലവിലേക്കു ഉപയോഗിക്കാം. ഭാവിയിൽ അവർ ഇസ്‌ലാംമതം വിശ്വസിച്ചേക്കാമെന്നു പ്രതീക്ഷിക്കുകയും ചെയ്യാം. ഒരുപക്ഷെ, അവർ ഇസ്‌ലാംമതം വിശ്വസിച്ചെങ്കിൽ അതു നമുക്കു ഗുണകരമാണല്ലൊ.' ഇതിനു കടകവിരുദ്ധമായ ഒരഭിപ്രായമാണ് ഉമർഫാറൂഖ് (റ) പ്രകടിപ്പിച്ചതു്. അദ്ദേഹം പറഞ്ഞു:– 'യാറസൂലല്ലാ, ഇപ്പോൾ നമ്മുടെ ബന്ധനത്തിലിരിക്കുന്ന ഈ വ്യക്തികളും താങ്കളുടെ കഠിന ശത്രുക്കളായിരുന്നു. അവർ താങ്കളെ പല തരത്തിൽ ഉപദ്രവിക്കുകയും നാട്ടിൽനിന്നു പുറത്തുപോവാൻ ഇടവരുത്തുകയും ചെയ്തു. അവസാനം അവർ താങ്കളുമായി യുദ്ധം ചെയ്തു. ഇങ്ങിനെ ഏതു നിലവെച്ചു നോക്കിയാലും വധാർഹരായ ഇവരെ മോചിപ്പിക്കേണമെന്ന അബൂബകറിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഇവരെ വധിക്കേണമെന്നാണെന്റെ അഭിപ്രായം

നമ്മുടെ കൂട്ടത്തിൽ അവരുടെ ബന്ധുക്കളുണ്ട്. അവരിൽ ഓരോരുത്തരെ വധിക്കുവാൻ അവരുടെ ബന്ധുക്കൾക്കു അവസരം നല്കുക. എന്റെ ബന്ധുവായ ഇന്ന ആളെ വധിപ്പാൻ എനിക്കു വിട്ടുതരിക. ഞാൻ അയാളെ വധിക്കാം അലീയുടെ സഹോദരനായ ഉഖൈലിനെ അലിക്കു വിട്ടുകൊടുക്കുക. അലീ അയാളെ വധിക്കട്ടെ. ഹംസയുടെ സഹോദരനായ അബ്ബാസിനെ ഹംസക്കു വിട്ടുകൊടുക്കുക. ഹംസ അയാളെ വധിക്കട്ടെ. അങ്ങിനെ അവരിൽ ഓരോരുത്തരെയും അവരുടെ ബന്ധുക്കൾക്കായി വിട്ടുകൊടുക്കുക. അവരെ വധിച്ചുകൊണ്ടു, ഞങ്ങളുടെ ഹൃദയപരമായ വിയോജിപ്പു പ്രകടമാക്കുവാൻ ഞങ്ങൾക്കു അവസരം നൽകുക. ഇതിനെല്ലാം പുറമെ, ബന്ധനസ്ഥരാക്കപ്പെട്ട വ്യക്തികൾ ശത്രുപക്ഷത്തിന്റെ നേതാക്കളും രക്ഷാധികാരികളും ആണെന്നുള്ള വസ്തുത പ്രത്യേകം പരിഗണിക്കേണ്ടിയിരിക്കുന്നു. ആകയാൽ അവരെ വിട്ടയക്കാതെ വധിക്കേണമെന്നാണെന്റെ അഭിപ്രായം.'

'മലച്ചെരുവിൽ തീ കത്തിച്ചു ആ തീയിൽ അവരെ ഇട്ടു കരിച്ചുകളയേണ'മെന്നു അബ്ദുല്ലാഹിബ്നുറവാഹത് (റ) അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തിന്നു പ്രസക്തിയൊ പ്രായോഗികതയൊ ഇല്ലാതിരുന്നതുകൊണ്ടു, അതിനെക്കുറിച്ചു ചർച്ച നടന്നില്ല.

ഉമർ ഫാറൂഖ് (റ) വിന്റെ അഭിപ്രായം ചർച്ച ചെയ്യപ്പെട്ടു. തിരുമേനി (സ) പറഞ്ഞു:– 'ജനങ്ങളെ, ബന്ധനസ്ഥരാക്കപ്പെട്ടവരെ അല്ലാഹു നിങ്ങൾക്കു കീഴടക്കിത്തന്നിരിക്കുന്നു. അവരെ വധിപ്പാനും വിട്ടയപ്പാനും നിങ്ങൾക്കധികാരമുണ്ട്. അവരെ വധിപ്പാനൊ, അതൊ വിട്ടയപ്പാനൊ, എന്തിനാണു നിങ്ങൾ ഉദ്ദേശിക്കുന്നതു?' 'വധിപ്പാൻ' എന്നു ഉമർഫാറൂഖ് (റ) മറുപടി നല്കി. ഈ ചോദ്യോത്തരങ്ങൾ മൂന്നു തവണ ആവർത്തിക്കപ്പെട്ടു. മക്കത്തുവെച്ചു തിരുമേനി (സ) യെ കഠിനകഠിനമായി ദ്രോഹിച്ച സന്ദർഭത്തിൽ, ആ ഘോരമായ വിദ്രോഹങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽപോലും ദയാപൂർവ്വം അവരോടു പെരുമാറിയ ദേഹമാണു തിരുമേനി (സ). എന്നിരിക്കെ, ഒന്നും ചെയ്യാൻ കഴിയാത്തവിധം ബന്ധനസ്ഥരാക്കിപ്പോയ ആ വ്യക്തികളോടു കൂടുതൽ ദയാവായ്പു തിരുമേനി (സ) പ്രദർശിപ്പിച്ചുവെന്നതു സ്വാഭാവികം മാത്രമത്രെ. ചർച്ചയുടെ അവസാനത്തിൽ അബൂബകർ (റ) ഇപ്രകാരം ഉറപ്പിച്ചു പറഞ്ഞു:– 'യാറസൂലുല്ലാ, അവർക്കു മാപ്പുനൽകി, അവരോടു നഷ്ടം ഈടാക്കി, അവരെ വിട്ടയക്കേണമെന്നു തന്നെയാണു എന്റെ പ്രബലമായ അഭിപ്രായം.' ഈ അഭിപ്രായം അംഗീകരിച്ചുകൊണ്ടു തിരുമേനി(സ) ഇപ്രകാരം പറഞ്ഞു:– 'ചിലരുടെ ഹൃദയത്തെ അല്ലാഹു പാലിനെക്കാൾ കട്ടിയുള്ളതാക്കും. അബൂബകർസിദ്ദീഖിന്റെ സ്വഭാവം മീകാഈൽ എന്ന മലക്കിന്റെ സ്വഭാവത്തിന്നു തുല്യമാണു. അനുഗ്രഹം എത്തിക്കുക എന്നതാണു അവരുടെ ജോലി. ഇബ്റാഹിംനബിയുടെ സ്വഭാവം പോലുള്ള സ്വഭാവമാണു അബൂബകറിന്റെതു. 'എന്നെ അനുസരിച്ചവർ എന്റെ സമുദായമാകുന്നു. എന്നെ എതിർത്തവർക്കു പൊറുത്തുകൊടുക്കുന്നവനും അവരോടു ദയ കാണിക്കുന്നവനുമാണു നീ' എന്നു ഇബ്റാഹിംനബി അല്ലാഹുവോടു പറയുകയുണ്ടായി. ഉമർഫാറൂഖിന്റെ സ്വഭാവം ജിബ്രീൽ എന്ന മലക്കിന്റെ സ്വഭാവത്തിന്നു തുല്യമാണു. ജിബ്രീൽ എന്ന മലക്കു അല്ലാഹുവിന്റെ ശത്രുക്കളിൽ വിപത്തും സങ്കടവും ഇറക്കുന്നു. നൂഹ് നബിയുടെതുപോലുള്ള സ്വഭാവമാണു ഉമറിന്റേതു. 'ഭൂമിയിൽ ഒരു കാഫിറിനെപ്പോലും അവശേഷിപ്പിക്കല്ലെ' എന്നു നൂഹ്നബി അല്ലാഹുവോടു പറഞ്ഞു.'

ഉമർ (റ) പറയുന്നു:- 'നബി (സ) അബൂബകറിന്റെ അഭിപ്രായം അംഗീകരിക്കുകയും, നഷ്ടപരിഹാരം ഈടാക്കിക്കൊണ്ട് ബന്ധനസ്ഥരാക്കപ്പെട്ടവരെ മോചിപ്പിക്കുകയുംചെയ്തു. പിറ്റെദിവസം കാലത്തു ഞാൻ തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നപ്പോൾ, തിരുമേനി (സ) യും അബൂബകർ സിദ്ദീഖും കരയുന്നതായിക്കണ്ടു. രണ്ടുപേരും കരയുവാനുണ്ടായ കാരണമെന്താണെന്നു ഞാൻ അന്വേഷിച്ചു. തിരുമേനി (സ) പറഞ്ഞു:- നഷ്ടപരിഹാരം സ്വീകരിച്ചതിനു ശിക്ഷ ഇറങ്ങുമെന്നു അല്ലാഹു അറിയിച്ചിരിക്കുന്നു. ആ ശിക്ഷയെ ഭയപ്പെട്ടുകൊണ്ടാണു് ഞങ്ങൾ കരയുന്നതു്. ഉമർ ഇബ്നുൽ ഖത്താബല്ലാതെ മറ്റാരും ഈ ശിക്ഷയിൽനിന്നു ഒഴിവാകയില്ല. [ബന്ധനസ്ഥരെ വധിക്കേണമെന്നു അഭിപ്രായപ്പെട്ട ആളായിരുന്നു സഅ്ദിബ്നുമആദ് (റ), അദ്ദേഹത്തിനും ഈ ശിക്ഷ ബാധകമാകയില്ലെന്നു തിരുമേനി (സ) പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്.]

ബന്ധനസ്ഥരാക്കപ്പെട്ടവരെ വധിക്കുകയൊ വിട്ടയക്കുകയൊ ചെയ്യാമെന്ന കല്പന തിരുമേനി (സ) ക്കു ലഭിച്ചതനുസരിച്ചു, ശത്രുക്കളെ പിടിച്ചുകെട്ടിയ സഹാബിമാർക്കു തിരുമേനി (സ) അവരെ വീതിച്ചുകൊടുത്തു. അങ്ങിനെ വീതിക്കപ്പെട്ടതു മക്കത്തുവെച്ചാണെന്നും മദീനയിൽ വെച്ചാണെന്നും രണ്ടഭിപ്രായങ്ങളും പറയപ്പെട്ടിട്ടുണ്ടു്.

ഇബ്നുഇസ്ഹാഖ് (റ) പറയുന്നു:- 'മിസ് അബിബ്നു ഉമർ (റ) വിന്റെ സഹോദരനായ അബൂഉസൈർ ബന്ധനസ്ഥരിൽ ഉൾപ്പെട്ടിരുന്നു. അബൂഉസൈർ പറയുകയാണു്:- 'എന്നെ ഒരു അൻസാരി പിടിച്ചുകെട്ടുമ്പോൾ എന്റെ സഹോദരൻ അതുകണ്ടുകൊണ്ടു നിൽക്കുകയായിരുന്നു. മുറുക്കിക്കെട്ടുവാൻ അവൻ ആ അൻസാരിയെ ഉപദേശിച്ചു. 'ഇവന്റെ മാതാവു് മഹാധനികയായതുകൊണ്ടു നിങ്ങൾ ഉദ്ദേശിക്കുന്നതു സംഖ്യനഷ്ടപരിഹാരമായി ധാരാളം നൽകി ഇവനെ മോചിപ്പിക്കുവാൻ ഇടയുണ്ടെന്നു അയാൾക്കു മുന്നറിയിപ്പു നൽകുകയുംചെയ്തു. 'സഹോദരൻ സഹോദരനു ചെയ്ത ഉപകാരമാണൊ ഇതു'എന്നു ഞാൻ ചോദിച്ചു. അൻസാർകൾ ഞങ്ങളെ ബന്ധനസ്ഥരാക്കികൊണ്ടു പോകുമ്പോൾ, തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ചു, അവർ ഞങ്ങൾക്കു ക്രമമായി ഭക്ഷണവും വെള്ളവുംതന്നു. ഞങ്ങളെ ഒരു വിധത്തിലും അവർ പീഡിപ്പിച്ചില്ല. സഹോദരൻ പറഞ്ഞതുപോലെതന്നെ നഷ്ടപരിഹാരം നൽകുവാനായി നാലായിരംവെള്ളി മാതാവു് എനിക്കു അയച്ചുതന്നു. നഷ്ടപരിഹാരം നൽകി ഞാൻ സ്വതന്ത്രനായി.' ഈ അബൂഉസൈർ (റ) പിന്നീടു ഇസ്ലാംമതം വിശ്വസിച്ചു.

ബദ്റിൽവെച്ചു ബന്ധനസ്ഥരാക്കപ്പെട്ടവരെ മുസ്ലിംകൾ മദീനയിലേക്കു കൊണ്ടുപോയ വിവരം അറിഞ്ഞപ്പോൾ, ഖുറൈശികൾ മക്കയിൽ ഒരു അടിയന്തരയോഗം വിളിച്ചു കൂട്ടുകയും, ബന്ധനസ്ഥരെ വീണ്ടെടുക്കുന്ന കാര്യത്തിൽ ധൃതികാണിക്കാതിരിപ്പാൻ തീരുമാനിക്കുകയുംചെയ്തു. ധൃതി കാണിച്ചാൽ മുസ്ലിംകൾ കൂടുതൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടേക്കുമെന്നുള്ളതാണു് അവർ അതിനു കണ്ട കാരണം. അബൂവിദാഅത് ബന്ധനസ്ഥരിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ മുത്തലിബ് ധനികനുമായിരുന്നു. മുത്തലിബിനു ഖുറൈശികളുടെ അഭിപ്രായം സ്വീകാര്യമായി തോന്നിയില്ല. എങ്കിലും അയാൾ സ്വാഭിപ്രായം പ്രകടിപ്പിക്കുവാനൊരുങ്ങാതെ, രഹസ്യമായി മദീനയിൽ പോവുകയും നാലായിരം വെള്ളി നഷ്ടപരിഹാരം നൽകി പിതാവിനെ മോചിപ്പിക്കുകയും ചെയ്തു.

[അബൂവിദാഅത്തിന്റെ ശരിയായ പേർ ഹർസ് എന്നാണ്. ഹർസ് (റ) പിന്നീട് ഇസ്‌ലാംമതം വിശ്വസിച്ചു]

അതിനുശേഷം ബന്ധപ്പെട്ട ആളുകൾവന്നു, നിശ്ചിതനഷ്ടപരിഹാരം നൽകി, മറ്റു ബന്ധനസ്ഥരെയും മോചിപ്പിച്ച വ്യക്തികളുടെ ധനസ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് നഷ്ടപരിഹാരം നിശ്ചയിച്ചിരുന്നത്. കേവലം നിർധനരായിരുന്നവരിൽ എഴുത്തറിയാവുന്നവരെ അദ്ധ്യാപകജോലിക്കു നിയോഗിച്ചു. പത്തു കുട്ടികളെ വീതം അക്ഷരാഭ്യാസം ശീലിപ്പിക്കുക എന്ന ശിക്ഷയാണ് അവർക്കു നൽകപ്പെട്ടത്.

തടവുകാരിൽ ചിലരെ നിരുപാധികമായി മോചിപ്പിക്കുവാൻ ജൂവൈരിബ്‌നു മുത്‌ഇം അഭ്യർത്ഥിച്ചു. [താഇഫിൽനിന്നു മക്കയിൽ തിരിച്ചുചെന്ന ഘട്ടത്തിൽ തിരുമേനി (സ) ക്കു ചില ഉപകാരങ്ങൾ ചെയ്ത ആളായിരുന്നു മുത്‌ഇം. അയാൾ ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. ബദ്‌ർ യുദ്ധത്തിനു മുമ്പുതന്നെ മുത്‌ഇം മരിച്ചുപോയിരുന്നു.] ജൂവൈരിന്റെ അപേക്ഷ തിരുമേനി (സ) സ്വീകരിച്ചില്ല. ഈ ജൂവൈരിബ്‌നു മുത്‌ഇം ബദ്‌ർ യുദ്ധകാലത്തു ഇസ്‌ലാംമതം വിശ്വസിച്ചിരുന്നുമില്ല. പിന്നീട് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു.

തിരുമേനി (സ) യുടെ പുത്രിയായ സൈനബ (റ)യുടെ ഭർത്താവായ അബുൽആസി ബ്‌നു റബീഅ് ബന്ധനസ്ഥരിൽ ഉൾപ്പെട്ടിരുന്നു. ലഖീതെന്നോ, മിഖ്‌സമെന്നോ ഹശീമെന്നോ ആയിരുന്ന അദ്ദേഹത്തിന്റെ ശരിയായ പേർ. അബുൽആസി എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടത്. അദ്ദേഹത്തെ മോചിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരമായി ഒരു കൂട്ടം താലി (കണ്ണാഭരണ-) സൈനബ (റ) കൊടുത്തയച്ചു. അവരുടെ വിവാഹവേളയിൽ ഖദീജ(റ) അവൾക്കു കൊടുത്തതായിരുന്ന ആ താലിക്കൂട്ടം. ആ താലിക്കൂട്ടം കണ്ടപ്പോൾ തിരുമേനി (സ) യുടെ നിർമ്മലഹൃദയത്തിൽ പൂർവ്വസ്മരണകൾ ഉദയം ചെയ്യുകയും മുഖപ്രസന്നത അല്പം മങ്ങുകയുംചെയ്തു. തിരുമേനി (സ) യുടെ അന്തരംഗം ഗ്രഹിച്ച സഹാബിമാർ ആ ആഭരണം വാങ്ങാതെതന്നെ അബുൽആസിയെ വിടുകയുണ്ടായി. 'മക്കയിൽ എത്തിയ ഉടനെ മകളെ ഇങ്ങോട്ടയയ്ക്കേണ'മെന്ന നിബന്ധനയോടുകൂടി അദ്ദേഹത്തെ മക്കയിലേക്കു തിരിച്ചയച്ചു. മക്കയിൽ എത്തിയ ഉടനെ, നിബന്ധനയനുസരിച്ച അബുൽആസി തന്റെ പത്നിയും തിരുമേനി (സ) യുടെ പുത്രിയുമായ സൈനബാ (റ) യെ മദീനയിലേക്കു പോയിക്കൊള്ളുവാൻ അനുവദിച്ചു. പക്ഷെ, ഖുറൈശികൾ സമ്മതിച്ചില്ല. മാത്രമല്ല, അവർ ബഹളം ഉണ്ടാക്കുകയും ചെയ്തു. അവസാനം സൈനബാ (റ) യെ വളരെ ഗൂഢമായി മദീനയിലേക്കു പറഞ്ഞയച്ചു. [അതിനുശേഷം, അബുൽആസി (റ) ഇസ്‌ലാംമതം വിശ്വസിക്കുകയും, പരസ്യമായിത്തന്നെ മദീനയിലേക്കു ഹിജ്‌റ പോവുകയുംചെയ്തു. അദ്ദേഹം മദീനയിലെത്തിയപ്പോൾ, തിരുമേനി (സ) സൈനാബാ (റ) യെ അദ്ദേഹത്തിനു തിരിച്ചു കൊടുത്തു.

അബൂസുഫ്‌യാന്റെ പുത്രനായ അംറിനെ അലീ (ക. വ.) ആണ് ബന്ധനസ്ഥനാക്കിയത്. [അബൂസുഫ്‌യാന്റെ മറ്റൊരു മകനായ ഹൻളലത്തിനെ വധിച്ചതും അദ്ദേഹംതന്നെ.] ഹൻളലത് വധിക്കപ്പെട്ട നൈരാശ്യം അംറിന്റെ മനസ്സിൽനിന്നു മാഞ്ഞുപോയിരുന്നില്ല. ആകയാൽ നഷ്ടപരിഹാരം നൽകി സ്വതന്ത്രനാകുവാൻ അയാൾ കൂട്ടാക്കിയില്ല. വേണമെങ്കിൽ എന്നെയും കൊന്നുകൊ

ള്ളട്ടെ എന്നതായിരുന്നു അയാളുടെ നില. അങ്ങിനെയിരിക്കെ, അംറിന്റെ ചങ്ങാതിയായ സഅ്ദ് നഷ്ടപരിഹാരം നൽകി, സ്വതന്ത്രനായി മക്കയിൽ, തിരിച്ചുചെന്നു. അബൂസുഫ്‌യാൻ അയാളെ പിടിച്ചു ബന്ധനസ്ഥനാക്കുകയും, 'അംറിനെ തന്നല്ലാതെ ഇവനെ വിടുകയില്ലെ'ന്നു വാശിപിടിക്കുകയും ചെയ്തു. സഅ്ദിന്റെ കുടുംബക്കാർ ഈ സ്ഥിതിവിശേഷം തിരുമേനി (സ) യെ അറിയിച്ചു. അംറിനെ മോചിപ്പിക്കുക എന്നതു മാത്രമായിരുന്നു ആ പ്രശ്നത്തിന്റെ ഏക പരിഹാരം. അതുകൊണ്ടു, തിരുമേനി (സ) അംറിനെ നിരുപാധികമായി വിട്ടയച്ചു. അംറ് മക്കയിൽ എത്തിയപ്പോൾ സഅ്ദിനെ അബൂസുഫ്‌യാനും പറഞ്ഞയച്ചു:

പ്രസിദ്ധ പ്രസംഗകനായിരുന്ന സുഹൈലിബ്നു അംറും ബദ്ർ യുദ്ധത്തിൽ ബന്ധനസ്ഥനാക്കപ്പെട്ടിരുന്നു. തന്റെ പ്രസംഗചാതുരിയാൽ ഖുറൈശികളുടെ അക്രമാസക്തിയെ ആളിക്കത്തിച്ച ആളായിരുന്നു അദ്ദേഹം. അയാളും ബന്ധനസ്ഥനാക്കപ്പെട്ടപ്പോൾ ഉമർ ഫാറൂഖ് (റ) തിരുമേനി (സ) യോടു പറഞ്ഞു:— 'ഇവനെ എനിക്കു വിട്ടുതരിക. ഞാൻ അവന്റെ പല്ലുകൊഴിച്ചു നാവു പറിച്ചെടുക്കട്ടെ.' തിരുമേനി (സ) പ്രതിവചിച്ചു:— 'ഞാൻ പ്രതികാരം ചെയ്യുകയില്ല. ഞാൻ ഒരാളോടു പകരം ചെയ്താൽ അല്ലാഹു എന്നോടു പകരം ചെയ്യും. അദ്ദേഹം ഒരു നല്ല മനുഷ്യനായി മാറുകയില്ലെന്നു വിചാരിക്കാവതല്ലല്ലോ.' ഹഫ്സിന്റെ മകനായ മക്‌റസാണ് സുഹൈലിനെ മോചിപ്പിക്കുവാൻ പറഞ്ഞത്. ഇത്തുക നഷ്ടപരിഹാരമായി നൽകാമെന്നു അയാളും സഹാബിമാരോടു പറയുകയും അവർ അതു സ്വീകരിക്കുകയും ചെയ്തു പക്ഷെ, മക്‌റസിന്റെ കയ്യിൽ സംഖ്യ ഉണ്ടായിരുന്നില്ല. തന്മൂലം അയാളും സഹാബിമാരോടു പറഞ്ഞു: 'നിങ്ങളും ഇദ്ദേഹത്തെ വിടുക. ഇദ്ദേഹം പോയി സംഖ്യ കൊണ്ടുവരട്ടെ. അതുവരെ ഇദ്ദേഹത്തിന്റെ സ്ഥാനത്തു ഞാൻ ഇരിക്കാം'. സഹാബിമാർ ആ നിബന്ധനയനുസരിച്ചു സുഹൈലിനെ വിടുകയും, അദ്ദേഹം നിശ്ചിതസംഖ്യ കൊണ്ടുവന്നു സഹാബിമാക്കു നൽകി, മക്‌റസിനെയും കൂട്ടിപ്പോവുകയും ചെയ്തു. സുഹൈൽ (റ) പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചു.

ഖാലിദ്ഇബ്നു വലീദിന്റെ സഹോദരനായ വലീദിബ്നുവലീദും ബന്ധനസ്ഥനാക്കപ്പെട്ടിരുന്നു. ഖാലിദ്, ഹിശാം എന്നവർ നഷ്ടപരിഹാരം നൽകികൊണ്ടു അദ്ദേഹത്തെ വീണ്ടെടുത്തു. മക്കയിൽ തിരിച്ചെത്തിയപ്പോൾ വലീദിബ്നുവലീദ് (റ) ഇസ്‌ലാംമതം വിശ്വസിച്ചു. 'ഇതായിരുന്നു നിന്റെ ഉദ്ദേശ്യമെങ്കിൽ നീ ഞങ്ങളുടെ പണം നഷ്ടപ്പെടുത്തിയതെന്തി'നെന്നു ഖാലിദ് ചോദിച്ചപ്പോൾ 'ബന്ധനസ്ഥനായ വിധത്തിൽനിന്നു മോചനം നേടുവാൻ ഇസ്‌ലാംമതം വിശ്വസിച്ചുവെന്ന അപഖ്യാതി ഇല്ലാതാക്കുവാൻ' എന്നു അദ്ദേഹം മറുപടി പറഞ്ഞു. അദ്ദേഹം മദീനയിലേക്കു ഹിജ്റ ചെയ്യുവാൻ ഒരുങ്ങിയപ്പോൾ ഖാലിദിബ്നുവലീദും മറ്റും തടസ്ഥപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും, അവരുടെ ശ്രമം വിജയിച്ചില്ല.

ഉമൈർ ജുഹ്മീയുടെ പുത്രനായ വഹബും ബന്ധനസ്ഥനാക്കപ്പെട്ടിരുന്നു. ഉമൈർ അതിനിന്ദ്യനും ഇസ്‌ലാമിന്റെ അധമശത്രുവുമായിരുന്ന തിരുമേനി (സ) ക്കും അനുയായികൾക്കും അദ്ദേഹം ചെയ്ത ഉപദ്രവങ്ങൾക്കയ്യും കണക്കുമുണ്ടായിരുന്നില്ല. ഉമയ്യത്തിന്റെ മകനായ സഫ്‌വാനും ഈ ഉമൈറും ഒരു ദിവസം ഹജ്ർ ഇസ്മാഈലിന്നടുത്തിരുന്നു സംസാരിക്കുന്നതിന്നിടയിൽ, ബദ്റിലെ

സംഭവങ്ങളെ പരാമർശിച്ചുകൊണ്ട് സഫ്‌വാൻ പറഞ്ഞു:- 'ചങ്ങാതീ, ഇനി ജീവിച്ചിരുന്നിട്ട് ഫലമില്ല. ഒരിക്കലും ഉണങ്ങാത്ത അപമാനക്ഷതമാണ് ബദ്‌റിൽ വെച്ച് നമുക്കേറ്റത്. എന്റെ പിതാവും സഹോദരനും കൊല്ലപ്പെട്ടു.' ഇതുകേട്ടപ്പോൾ ഉമൈർ പറഞ്ഞു:- സുഹൃത്തെ, നിങ്ങൾ പറഞ്ഞതു അക്ഷരംപ്രതി വാസ്തവമാണ്. എന്റെ മകൻ വഹബിനെ അവർ തടവിൽ പാപ്പിക്കുകയാണ്. പ്രതികാരം ചെയ്യുവാൻ അറിഞ്ഞുകൂടാത്തതുകൊണ്ടല്ല ഞാൻ അടങ്ങിയിരിക്കുന്നത്. എന്റെ ഖഡ്ഗത്തിനു മുഹമ്മദിന്റെ കഴുത്തറുക്കുവാൻ കഴിവുണ്ടെന്നു എനിക്കറിയാം. എന്തു ചെയ്യും. എന്റെ പരിതഃസ്ഥിതി ഇതിനൊന്നും അനുകൂലമല്ല. കുറെ കടം വീട്ടേണ്ടതുണ്ട്. മാത്രമല്ല, കുട്ടികളുടെ ജീവിതത്തിനായി ഞാൻ ഒന്നും സമ്പാദിച്ചുവെച്ചിട്ടുമില്ല. ഈ മാതിരി വിഷമതകളാണ് എന്നെ തടഞ്ഞുവെച്ചിട്ടുള്ളതു.' ഉമൈറിന്റെ കടങ്ങളെല്ലാം താൻ വീട്ടിക്കൊള്ളാമെന്നും കുട്ടികൾക്കു മരിക്കുന്നതുവരെ താൻ ചെലവു നടത്തിക്കൊള്ളാമെന്നും സഫ്‌വാൻ ഏറ്റു. ഉമൈറിനു സന്തോഷമായി. ഉമൈർ തന്റെ വാളെടുത്തു അരയിൽ തിരുകി, കുതിരപ്പുറത്തു കയറി മദീനയിലേക്കു പുറപ്പെട്ടു. മദീനയിൽ എത്തിയപ്പോൾ ഖഡ്ഗപാണിയായ ഉമൈർ കുതിരപ്പുറത്തുനിന്നിറങ്ങി, തിരുമേനി (സ) യുടെ അടുക്കലേക്കു നടന്നു. ഉമർഫാറൂഖ് (റ) സഹാബികളുമായി ബദ്‌ർ യുദ്ധത്തിലെ സംഭവങ്ങൾ സംസാരിച്ചുകൊണ്ടിരിക്കെ, ഖഡ്ഗധാരിയായ ഉമൈർ അങ്ങോട്ടേക്കു വരുന്നതായിക്കണ്ടു. 'അല്ലാഹുവിന്റെ ശത്രുവായ ഈ പട്ടി ചതിപ്പാനുള്ള സൂത്രവുമായിട്ടല്ലാതെ ഇങ്ങോട്ടു വരികയില്ല' എന്നു പറഞ്ഞുകൊണ്ടു ഉമൈർ വന്നിട്ടുണ്ടെന്നുള്ള വിവരം അദ്ദേഹം തിരുമേനി (സ) യെ അറിയിച്ചു. ഉമൈറിനെ തിരുസന്നിധിയിലേക്കു ആനയിപ്പാൻ തിരുമേനി (സ) കല്പിച്ചു. ഉമർഫാറൂഖ് തന്റെ വാൾ അയാളുടെ കഴുത്തിൽ പരത്തിവെച്ചുകൊണ്ടു, അയാളെ തിരുസന്നിധിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ശക്തന്മാരായ ചില അൻസാർകൾ അയാളെ ഒരിടത്തു പിടിച്ചിരുത്തി. 'അയാളെ വിട്ടേക്കു' എന്നു തിരുമേനി (സ) ആജ്ഞാപിച്ചപ്പോൾ സഹാബിമാർ മാറിനിന്നു. 'അടുത്തിരിക്കുക' എന്നു തിരുമേനി (സ) പറഞ്ഞപ്പോൾ, ജാഹിലിയ്യാ സമ്പ്രദായത്തിൽ അഭിവാദനം ചെയ്തുകൊണ്ടു അയാൾ അടുത്തിരുന്നു. മുസ്‌ലിംകളുടെ അഭിവാദനസമ്പ്രദായത്തെക്കുറിച്ചു തിരുമേനി (സ) അയാളെ ധരിപ്പിച്ചശേഷം, സംഭാഷണമാരംഭിച്ചു:—

തിരുമേനി (സ):— 'നിങ്ങളുടെ വരവിന്റെ ഉദ്ദേശ്യമെന്താണ്?'

ഉമൈർ:— 'എന്റെ മകൻ ബന്ധനസ്ഥനാക്കപ്പെട്ടിരിക്കുകയാണ്. അവനെ വിട്ടുതരണമെന്നു അപേക്ഷിക്കുകയാണ് എന്റെ വരവിന്റെ ഉദ്ദേശ്യം.'

തിരുമേനി (സ) 'നിങ്ങൾ നേരു പറയുക'

ഉമൈർ:— ഞാൻ പറഞ്ഞതു നേരാണ്. എന്റെ മകനെ വിട്ടുതരണമെന്നു അപേക്ഷിക്കുവാനാണ് ഞാൻ വന്നിട്ടുള്ളതു.'

തിരുമേനി (സ):- 'എങ്കിൽ ഈ വാളിന്റെ ആവശ്യമെന്തു?'

ഉമൈർ:- 'വാൾ ഞാൻ കയ്യിൽ വെറുതെ എടുത്തതാണ്. വാളുകൊണ്ടു ഒന്നും ഉദ്ദേശിച്ചിട്ടില്ല.'

അപ്പോൾ, ഹജൂർ ഇസ്‌മാഈലിൽവെച്ചു ഉമൈറും സഫ്‌വാനും തമ്മിൽ നടന്ന സംഭാഷണം അതെ നിലയിൽ തിരുമേനി (സ) എടുത്തു പറഞ്ഞു. ഉമൈർ അതുകേട്ടു അത്ഭുതപ്പെട്ടുപോയി. തിരുമേനി (സ) യെ അല്ലാഹുവിൽ

നിന്നു വഹ്‌യ് ലഭിക്കുന്നു എന്ന കാര്യത്തിൽ ഉമൈറിനുണ്ടായിരുന്ന എല്ലാ സംശയങ്ങളും പമ്പകടന്നു. ആ സ്ഥലത്തുവെച്ചുതന്നെ ഉമൈർ (റ) ഇസ്‌ലാംമതം വിശ്വസിച്ചു. അദ്ദേഹത്തിന്റെ മകനായ വഹബിനെ നിരുപാധികമായി മോചിപ്പിക്കുവാനും ഇസ്‌ലാമിന്റെ പ്രമാണങ്ങളും അദ്ദേഹത്തിനു പഠിപ്പിച്ചുകൊടുക്കുവാനും തിരുമേനി (സ) കല്പിച്ചു. അതനുസരിച്ചു മോചിതനാക്കപ്പെട്ട വഹബ് (റ) ഉടനെ ഇസ്‌ലാംമതം വിശ്വസിച്ചു.

ഉമൈർ (റ) മക്കയിൽനിന്നു പുറപ്പെട്ടതുമുതൽ, തിരുമേനി (സ) വധിക്കപ്പെട്ടുഎന്ന വാർത്ത പ്രതീക്ഷിച്ചുകൊണ്ടു ഉദ്വേഗനായ സഫ്‌വാൻ അക്ഷമനായി കഴിഞ്ഞുകൂടി. മദീനയുടെ ഭാഗത്തുനിന്നുവന്ന എല്ലാ യാത്രക്കാരോടും 'വല്ല വിശേഷവും അറിഞ്ഞോ' എന്നു അയാൾ അന്വേഷിച്ചുകൊണ്ടു 'ഒന്നുരണ്ടു ദിവസങ്ങൾക്കകം ഒരു നല്ല വാർത്ത നിങ്ങൾ കേൾക്കും' എന്നു അയാൾ മക്കക്കാരെ അറിയിച്ചു. അതിലിടക്കു ഇസ്‌ലാംമത പ്രമാണങ്ങൾ പഠിച്ചുകഴിഞ്ഞ ഉമൈർ (റ) മക്കയിലേക്കു തിരിച്ചുപോകുവാനുള്ള അനുമതിക്കായി തിരുമേനി (സ) യെ സമീപിച്ചു. 'ഞാൻ മക്കയിൽപോയി മക്കക്കാരെ ഇസ്‌ലാമിലേക്കു ക്ഷണിക്കാം. ഒരുപക്ഷേ, അവർ ഇസ്‌ലാമിനെ അംഗീകരിച്ചെന്നുവരും. ഇല്ലെങ്കിൽ മുമ്പു സഹാബികളോടു പെരുമാറിയതുപോലെ ഞാൻ അവരോടു പെരുമാറും'എന്നു ഉമൈർ (റ) തിരുമേനി (സ) യുടെ സന്നിധിയിൽ ബോധിപ്പിച്ചു.

ഉമൈർ (റ) മക്കയിൽ തിരിച്ചെത്തുന്നതിനു മുമ്പുതന്നെ അദ്ദേഹം മുസ്‌ലിമായ വാർത്ത സഫ്‌വാൻ അറിയുകയുണ്ടായി. അതു കേട്ടപ്പോൾ സഫ്‌വാൻ അന്തംവിട്ടുപോയി. അങ്ങിനെ മക്കക്കാർ ഇതികർത്തവ്യതാമൂഢരായി ഇരിക്കുമ്പോഴാണു ഉമൈർ (റ) മക്കയിൽ തിരിച്ചെത്തിയതു. അദ്ദേഹം സഫ്‌വാനെ സമീപിക്കുകയും അയാളെ ഇസ്‌ലാമിലേക്കു ക്ഷണിക്കുകയുംചെയ്തു. കോപത്താൽപാധീനനായ സഫ്‌വാൻ അദ്ദേഹത്തോടു സംസാരിപ്പാൻ കൂട്ടാക്കിയില്ല.

[മക്കാവിജയവേളയിൽ സഫ്‌വാൻ (റ) തിരുമേനി (സ) യിൽ വിശ്വാസമർപ്പിച്ച ഹുനൈൻ യുദ്ധം കഴിഞ്ഞതിനുശേഷം, ജുഅ്‌റാനത്തിൽവെച്ചു യുദ്ധമുതലുകൾ ഭാഗിച്ച സന്ദർഭത്തിൽ അദ്ദേഹം വ്യക്തമായും ഇസ്‌ലാംമതം വിശ്വസിച്ചു. മക്കക്കാരുടെ നേതാവായിരുന്ന സഫ്‌വാൻ (റ) പ്രഗത്ഭനായ ഒരു വാഗ്മിയായിരുന്നു പിൽക്കാലത്തു് സഹാബിവര്യന്മാരുടെ അണിയിൽ സഫ്‌വാൻ (റ) ഒരു ഉന്നത ശീർഷനായി ഉയർന്നു.]

ബന്ധനസ്ഥരിൽ ചിലർക്കു തിരുമേനി (സ) സൌജന്യമോചനം നൽകുകയുണ്ടായി. നഷ്ടപരിഹാരം ഈടാക്കാതെ സൌജന്യമോചനം നൽകപ്പെട്ടവരിൽ ഒരാൾ അംറുൽജഹ്‌മീ എന്ന കവിയായിരുന്നു. തിരുമേനി (സ) യെയും സഹാബിമാരെയും അപമാനിച്ചുകൊണ്ടു ഹാസ്യശകാരനിബദ്ധമായ കവിതകൾ രചിച്ചു പ്രചരിപ്പിക്കുന്നതിൽ വ്യാപൃതനായിരുന്ന അംറ് വസ്തുനിഷ്ഠമായി പരിഗണിച്ചാൽ അയാൾ ഒരു നിലയിലും കാരുണ്യത്തിനർഹനായിരുന്നില്ല. ഒരു ദിവസം അയാൾ തിരുമേനി (സ) യോടു ഇപ്രകാരം പറഞ്ഞു:- 'തിരുമേനീ, ഞാൻ ദരിദ്രനാണു്. എനിക്കു അഞ്ചു പെൺമക്കളാണുള്ളതു്. അവർക്കു ഞാനല്ലാതെ തുണയില്ല. ഞാൻ ഒന്നും സമ്പാദിച്ചിട്ടുമില്ല. അതുകൊണ്ടു എനിക്കു സൌജന്യമോചനം നൽകുവാൻ ദയ കാണിക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു.' മുമ്പുചെയ്തുപോന്നതുപോലെ, മേലിൽ ഹീനകാവ്യങ്ങൾ രചിച്ചുപ്രചരിപ്പിക്കരുതെന്ന താക്കീതോടുകൂടി തിരുമേനി (സ) അയാളെ വിട്ടയച്ചു. മക്കയിൽ തിരിച്ചെത്തിയ അംറ്, താൻ തന്നുപരമായി രക്ഷ

പ്പെട്ടവനെ വീമ്പടിച്ചു. മുസ്‌ലിം വിരുദ്ധ കാവ്യരചനയിൽ അയാൾ പൂർവ്വോപരി വ്യാപൃതനാവുകയും, മുസ്‌ലിംകളുമായി വീണ്ടുമൊരു യുദ്ധം നടത്തുവാൻ ഖുറൈശികളെ ശക്തിമത്തായി പ്രേരിപ്പിക്കുകയും ചെയ്തു. ഉഹ്ദ് യുദ്ധത്തിന്റെ പ്രണേതാക്കളിൽ ഒരു ഈ അംറായിരുന്നു ഉഹ്ദ് യുദ്ധത്തിൽ അയാൾ നേരിട്ട് പങ്കെടുക്കുകയുണ്ടായി ആ യുദ്ധത്തിലും അയാൾ ബന്ധനസ്ഥനാക്കപ്പെട്ടു. ഇത്തവണയും പഴയ തന്ത്രം അയാൾ പ്രയോഗിച്ചു നോക്കി. പക്ഷെ, ഫലിച്ചില്ല. 'ഒരു മുഅ്മിനും ഒരു മാളത്തിൽനിന്നു രണ്ടുപ്രാവശ്യം ദംശിക്കപ്പെടുകയില്ല' എന്ന തിരുമേനി (സ) അയാൾക്കു മറുപടി നല്കി. ഈ അംറിനെ പരാമർശിച്ചുകൊണ്ട് 'ബദ്ർ യുദ്ധത്തിനു മുമ്പുതന്നെ അവിശ്വാസത്താൽ അല്ലാഹുവിനെ വഞ്ചിച്ചവരാണവർ' എന്നർത്ഥമുള്ള ആയത്തു് അവതരിച്ചു. ഹീനകവിയായ അംറിനു വധശിക്ഷ വിധിക്കപ്പെടുകയും അംറ് വധിക്കപ്പെടുകയും ചെയ്തു.

അദ്ധ്യായം 15

ശത്രുനേതാക്കളുടെ ശവങ്ങൾ ബദ്‌റിൽ ഇട്ടശേഷം, ബദ്‌റിലെവിജയവാർത്ത മദീനക്കാരെ അറിയിക്കുവാനായി അബ്ദുല്ലാഹിബ്നു റവാഹത് (റ) സൈദിബ്നു ഹാരിസത് (റ) എന്നിവരെ തിരുമേനി (സ) മദീനയിലേക്കു നിയോഗിച്ചു. സൈദിബ്നു ഹാരിസത് (റ) തിരുമേനി (സ) യുടെ ഖുസ്വാഅ് എന്ന ഒട്ടകപ്പുറത്തു കയറി യാത്രചെയ്തുകൊണ്ടാണ് മദീനയിലേക്കു പോയതു്. (അൽഉ്ബാഅ് എന്ന ഒട്ടകപ്പുറത്താണ് അദ്ദേഹം സഞ്ചരിച്ചിരുന്നതെന്നും പറയപ്പെട്ടിട്ടുണ്ടു്.) മദീനയിൽ എത്തിയ ഉടനെ അവർ രണ്ടുപേരും ബദ്‌റിൽ മുസ്‌ലിംകൾക്കനുകൂലമായ വിജയവാർത്ത അൻസാർകളെ അറിയിച്ചു. ശത്രുപക്ഷത്തു കൊല്ലപ്പെട്ട നേതാക്കളുടെയും ബന്ധനസ്ഥരാക്കപ്പെട്ട നേതാക്കളുടെയും പേരുകൾ അവർ എണ്ണിപ്പറഞ്ഞു. മുസ്‌ലിംകൾ സന്തോഷഭരിതരായി. കഅ്ബിബ്നുൽ അശ്റഫ് എന്ന ഒരു യഹൂദി ഇതൊന്നും വിശ്വസിച്ചില്ല. ആ യഹൂദിയെസ്സംബന്ധിച്ചേടത്തോളം, ബദ്‌റിൽ മുസ്‌ലിംകൾ ജയിക്കുകയെന്നതു അസംഭവ്യമായിരുന്നു. 'ഇവർ രണ്ടുപേരും സൊള്ളുന്നാരാണു്. ഖുറൈശികളിൽ ഇവർ പറഞ്ഞ ആളുകളെ മുസ്‌ലിംകൾ കൊല്ലുന്നകാലത്തു് ഭൂമി അടിമറിയും' എന്നു അയാൾ പരിഹസിച്ചു. ഒരു മുനാഫിഖു്, അബൂലുബാബത് (റ) വോടു ഇപ്രകാരം പറഞ്ഞു:— മുസ്‌ലിംകൾ ഛിന്നഭിന്നമായി. ഇനി അവരെ ഒരുമിപ്പിക്കുകയെന്നതു സാദ്ധ്യമല്ല. മുഹമ്മദും സഹാബികളിൽ പ്രധാനികളും ബദ്‌റിൽവെച്ചു കൊല്ലപ്പെട്ടു. മുഹമ്മദിന്റെ ഒട്ടകപ്പുറത്താണു് സൈദിബ്നു ഹാരിസത് കയറിവന്നിട്ടുള്ളതു്. മുഹമ്മദും സഹാബികളിൽ പ്രധാനികളും വധിക്കപ്പെട്ടുവെന്നതിന്റെ തെളിവാണതു്. ഭയവിഹ്വലരായി ഓടിവന്ന അബ്ദുല്ലായും സൈദും അസ്വസ്ഥചിത്തരായി എന്തൊക്കെയൊ പറഞ്ഞുകൊണ്ടിരിക്കുകയാണു് 'സൈദ് (റ) വിന്റെ പുത്രനായ ഉസാമത് (റ) പറയുന്നു:— ആ മുനാഫിഖു് അങ്ങിനെ പറഞ്ഞതു കേട്ടപ്പോൾ ഞാൻ അവരോടു, ദുഃഖിച്ചുപോയി. 'ഉപ്പ പറഞ്ഞതു നേരാണൊ'എന്നു ഞാൻ ഉപ്പയോടന്വേഷിച്ചു. 'തന്നൂരാനാണെ സത്യം, ഞാൻ പറഞ്ഞതു നേരാ'ണെന്നു ഉപ്പഎന്നെ ധരിപ്പിച്ചു. ഞാൻ ആ മുനാഫിഖിനെ സമീപിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:— നീ കള്ളം പറഞ്ഞുകൊണ്ടു ഞങ്ങളെ ഭയപ്പെടുത്തി. ഇരിക്കട്ടെ; തിരുമേനി (സ) മദീനയിൽ എത്തട്ടെ. അപ്പോൾ നിന്നെ കൊല്ലാതെ ഞാൻ അടങ്ങുകയില്ല. 'മറ്റുള്ളവർ പറഞ്ഞുകേട്ട വിവരമാണു് ഞാൻ പറഞ്ഞതു്. ഞാൻ സ്വന്ത

മായി ഒന്നും കെട്ടിപ്പറഞ്ഞിട്ടില്ല' എന്ന പറഞ്ഞുകൊണ്ട് ആ മുനാഫിഖ് തടിതപ്പി.

ബദ്‌ർ യുദ്ധത്തിലെ വിജയവാർത്ത മദീനയിൽ എത്തിയതു്, തിരുമേനി (സ) യുടെ പുത്രിയും ഉസ്‌മാൻ (റ) വിന്റെ പത്നിയുമായ റുഖിയാ (റ) യുടെ മയ്യത്തു് ഖബ്‌റടക്കം ചെയ്യുന്ന സന്ദർഭത്തിലായിരുന്നു. [റുഖിയ്യാ (റ) രോഗത്താൽ കിടപ്പിലായിരുന്നതുകൊണ്ടു, ഉസ്‌മാൻ (റ) ബദ്‌ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. റുഖിയ്യാ (റ) യുടെ മരണാനന്തരം തിരുമേനി (സ) യുടെ മറ്റൊരു പുത്രിയായ ഉമ്മുകുൽസും (റ) യെ ഉസ്മാൻ (റ) വിവാഹം കഴിച്ചു. ഹിജ്റാബ്ദം ഒമ്പതാം വർഷത്തിൽ ഉമ്മുകുൽസും (റ) യും പരലോകം പ്രാപിച്ചു. 'എനിക്കു ഇനിയും ഒരു പുത്രി ഉണ്ടായിരുന്നെങ്കിൽ ആ മകളെയും ഞാൻ ഉസ്‌മാനു വിവാഹം ചെയ്തുകൊടുക്കുമായിരുന്നു'വെന്നു തിരുമേനി (സ) പ്രസ്താവിച്ചു. അബ്ദുൽമുത്തലിബിന്റെ മകളായ അർവായുടെ മകനാണു് ഉസ്‌മാനിബ്നു അഫ്ഫാൻ (റ), അർവാ ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടെന്നു ഖണ്ഡിതമായി പറയപ്പെട്ടിട്ടില്ല. ആ വസ്തുത ചരിത്രപണ്ഡിതന്മാരെ സംബന്ധിച്ചേടത്തോളം സംശയാസ്പദമത്രെ. അബ്ദുൽ മുത്തലിബിനു ആറു പെൺമക്കളൊണ്ടായിരുന്നതു്. അവരിൽ സഫിയ്യ (റ) ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടെന്നും, ഉമയ്യത്ത്, ബർറത്ത് എന്നിവർ വിശ്വസിച്ചിട്ടില്ലെന്നും ഖണ്ഡിതമായി പറയപ്പെട്ടിട്ടുണ്ടു്.]

തിരുമേനി (സ) യും സഹാബികളും ബദ്‌റിൽനിന്നു മദീനയിലേക്കു പുറപ്പെട്ടു. മുസ്വുഖ്സ്വഹ്‌റാഅ് എന്ന സ്ഥലം വിട്ടുകഴിഞ്ഞശേഷം യുദ്ധമുതലുകൾ ഓഹരി ചെയ്തു. നിഷ്പ്രയാസം കസ്തശപ്പെടുത്തിയ മുതലുകൾ എന്നതിനുള്ള 'ഗനീമത്' എന്നും, അമുസ്‌ലിംകളിൽ നിന്നു മുസ്‌ലിംകൾക്കു സിദ്ധിച്ച മുതൽ എന്നർത്ഥമുള്ള 'ഫൈഅ്' എന്നും, വഴിച്ചു മുതൽ എന്നർത്ഥമുള്ള 'നഫൽ' എന്നും യുദ്ധമുതലിനു പേരുകളുണ്ടു്. നൂറമ്പതു ഒട്ടകങ്ങൾ, പത്തു കുതിരകൾ, അവയുടെ ജീൻ മുതലായ സാധനങ്ങൾ, പടയങ്കികൾ, യുദ്ധസാമഗ്രികൾ, തോൽകൊണ്ടുണ്ടാക്കിയ നേരിയ വിരിപ്പുകൾ, വസ്ത്രങ്ങൾ, അമുസ്‌ലിംകൾ വ്യാപാരാർത്ഥം കൊണ്ടുവന്ന ധാരാളം തോലുകൾ, ഇവയായിരുന്നു ബദ്‌ർയുദ്ധത്തിലെ ഗനീമത്തു്. ശത്രുപക്ഷത്തിൽ നിന്നു വധിക്കപ്പെട്ട ഓരോരുത്തരുടെയും പടയങ്കി, അയാളെ വധിച്ച സഹാബിക്കുള്ളതാണെന്നും, ബന്ധനസ്ഥരാക്കപ്പെട്ട ഓരോ ശത്രുവും അയാളെ ബന്ധനസ്ഥനാക്കിയ സഹാബിക്കുള്ളതാണെന്നും പ്രഖ്യാപിക്കപ്പെട്ടു. [ഗനീമത്തു് അനുഭവിക്കുകയെന്നതു അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നു അല്ലാഹു അറിയിച്ചു. പിന്നീടു, ഗനീമത്തിന്റെ വിഭജനവിധി അല്ലാഹു വെളിപ്പെടുത്തി. ആ അടിസ്ഥാനത്തിൽ ഗനീമത്തു് വിഭജനം വ്യവസ്ഥചെയ്യപ്പെട്ടു.]

പല കാരണങ്ങളാൽ ബദ്‌ർയുദ്ധത്തിൽ പങ്കെടുപ്പാൻ ഇടവരാതിരുന്ന ഉസ്‌മാൻഇബ്നുഅഫ്ഫാൻ (റ), അബൂലുബാബത് (റ), ആസിമിബ്നുഉമയ്യ് (റ), തൽഹത്ബ്നുഅബ്ദില്ലാ (റ), സഈദിബ്നുസൈദ് (റ), അൽഹർസിബ്നുഹാതിബ് (റ) എന്നിവർക്കും ബദ്‌റിലെ ഗനീമത്തിന്റെ ഓഹരി നൽകുകയുണ്ടായി. (ഇവർക്കു യുദ്ധത്തിൽ നേരിട്ടു പങ്കെടുപ്പാൻ കഴിയാതെ വന്നതിന്റെ കാരണങ്ങളും അന്യത്ര വിശദീകരിച്ചിട്ടുണ്ടു്.)

തിരുമേനി (സ) യും അനുയായികളും മദീനക്കടുത്തെത്തിയപ്പോൾ മുസ്‌ലിംകളായ ആബാലവൃദ്ധം ജനത ആഹ്ലാദപൂർവ്വം അവരെ സ്വീകരിച്ചു മദീനയിലേക്കു ആനയിച്ചു.

സ്ത്രീകളും കുട്ടികളും വിജയാരവങ്ങളാൽ ആരവമുയർത്തി. ഒരു യഹൂദസ്ത്രീ ഒരു ആട്ടിനെ വേവിച്ച് ഒരു പാത്രത്തിലാക്കി, ജേതാവായ തിരുമേനി (സ) യെ സൽക്കരിപ്പാനായി, തിരുമേനിയുടെ മുമ്പിൽ കൊണ്ടുവെച്ചു. 'യാറസൂലല്ലാ, താങ്കൾ എന്നെ തിന്നരുത്. എന്നിൽ വിഷം ചേർത്തിട്ടുണ്ട്' എന്നു അല്ലാഹു ആ ആട്ടിനെക്കൊണ്ട് പറയിച്ചു. [ഖൈബറിൽവെച്ചും ഇങ്ങിനെ ഒരു സംഭവം നടന്നിട്ടുണ്ട്. അതു പിന്നീട് പറയും]

അദ്ധ്യായം 16

ബദ്‌റിൽവെച്ചു മക്കക്കാരുടെ പറ്റിയ പരാജയവാർത്തയുമായി ആദ്യം മക്കയിലെത്തിയതു് ഹൈസമാനിബ്‌നു ഇയാസുൽഖുസാഈ എന്ന ആളായിരുന്നു. [ഇദ്ദേഹം പിന്നീട് ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ട്.] ബദ്‌റിൽ നടന്ന സംഭവങ്ങളെല്ലാം അദ്ദേഹം മക്കക്കാരുടെ വിശദീകരിച്ചുകൊടുത്തു. ഉത്‌ബത്, ശൈബത്, അബൂജഹൽ, ഉമയ്യത്തു് തുടങ്ങി ബദ്‌റിൽ കൊല്ലപ്പെട്ട ഖുറൈശീനേതാക്കളുടെയും തടവുകാരാക്കപ്പെട്ട ഖുറൈശീപ്രമുഖന്മാരുടെയും പേരുകളും അദ്ദേഹം എണ്ണിപ്പറഞ്ഞു. അലമുറകളാൽ മക്കയുടെ അന്തരീക്ഷം മുഖരിതമായി. ഇതെല്ലാം കണ്ടുകൊണ്ട്, ഹജ്‌ർ ഇസ്‌മാഈലിൽ ഇരിക്കുകയായിരുന്ന സഫ്‌വാൻ, അവൻ ഭ്രാന്തുപറയുകയാണെന്നും, എന്നെപ്പറ്റി അവനോടു അന്വേഷിച്ചുനോക്കുവാനും വിളിച്ചുപറഞ്ഞു. ഹൈസമാൻ ഭ്രാന്തനായിപ്പോയെന്നു കരുതിക്കൊണ്ടു, 'സഫ്‌വാനു എന്തുപറ്റി'യെന്നു ചിലർ അദ്ദേഹത്തോടന്വേഷിച്ചു. 'സഫ്‌വാൻ അതാ, ഹജ്‌ർഇസ്‌മാഈലിൽ ഇരിക്കുന്നു; അയാളുടെ ബാപ്പയെയും സഹോദരനെയും ബദ്‌റിൽവെച്ചു കൊന്നതു ഞാൻ കണ്ടു'വെന്നു സ്ഥിരചിത്തനായ അദ്ദേഹം മറുപടി നൽകി.

അബൂസുഫ്‌യാൻ ശാമിൽനിന്നു ഉടുവഴികളിലൂടെ, മുസ്‌ലിംകളുടെ കണ്ണിൽപെടാതെ മക്കയിൽ തിരിച്ചെത്തിയ വിവരം മുമ്പു പ്രസ്താവിച്ചുവല്ലൊ. അദ്ദേഹം മക്കയിലെത്തിയപ്പോൾ, ബദ്‌റിലെ സ്ഥിതിഗതികൾ അറിഞ്ഞുവരുവാൻ മക്കക്കാർ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. [തിരുമേനി (സ) യുടെ പിതൃസഹോദരനായ ഹർസിന്റെ പുത്രനും, തിരുമേനി (സ) യുമായി മുലകുടിബന്ധമുള്ള സഹോദരനുമാണ് അബൂസുഫ്‌യാൻ.] മക്കക്കാരുടെ നിർബ്ബന്ധത്തെ നിരാകരിപ്പാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. ആകയാൽ അദ്ദേഹം ബദ്‌റിലേക്കു പുറപ്പെട്ടു. ഒരു നിരീക്ഷകന്റെ നിലക്കു അദ്ദേഹം സംഭവങ്ങളും നോക്കിക്കണ്ടു. ഹൈസമാനെത്തുടർന്നു അബൂസുഫ്‌യാനും മക്കയിലെത്തിച്ചേർന്നു. അദ്ദേഹത്തെ കണ്ടപ്പോൾ, ബദ്‌റിലെ വിശേഷങ്ങളും എന്തൊക്കെയാണെന്നു അബൂലഹബ് അന്വേഷിച്ചു. ജിജ്ഞാസയാൽ അക്ഷമനായിരുന്ന അബൂലഹബ്. അബൂസുഫ്‌യാൻ പറഞ്ഞു:— 'ബദ്‌റിൽ ചില ആളുകളെ ഞങ്ങൾ കണ്ടു. അവരിൽ കായബലമുള്ള ചില സുന്ദരന്മാർ വെള്ളക്കുതിരപ്പുറത്തു കയറി ആകാശത്തിന്നും ഭൂമിക്കുമിടയിൽ പറന്നുകൊണ്ടിരുന്നു. അവർ വധിപ്പാനുദ്ദേശിച്ച എല്ലാവരെയും അവർ വധിച്ചു; ബന്ധനസ്ഥരാക്കുവാൻ ഉദ്ദേശിച്ച എല്ലാവരെയും അവർ ബന്ധനസ്ഥരാക്കി. അവർ ഉദ്ദേശിച്ചതെല്ലാം അവർ ചെയ്തു.'

അബൂറാഫിഅ് (റ) പറയുന്നു:— "സംസമിന്റെ വീട്ടിനടുത്തു വെച്ചാണ് അബൂസുഫ്‌യാൻ ഈ വിവരം പറഞ്ഞതു്. ആ അവസരത്തിൽ ഞാനും (ഇദ്ദേഹം അബ്ബാസ് (റ) വിന്റെ അടിമയായിരുന്നു. പിന്നീടു അബ്ബാസ് (റ) ഇദ്ദേഹത്തെ തിരുമേനി (സ) ക്കു സമ്മാനിച്ചു.) ഉമ്മുൽഫള്ലും (ഇവർ അബ്ബാസ

(റ) വിന്റെ പത്നിയും ആദ്യകാല വിശ്വാസികളിൽ ഒരാളും, തിരുമേനി (സ) യുടെ പത്നിയായ മൈമൂനാ (റ) യുടെ സഹോദരിയുമാകുന്നു. ലുബാബത്ത് എന്നാണ് അവരുടെ ശരിയായ പേർ) ആ വീട്ടിനകത്തുണ്ടായിരുന്നു. അബൂസുഫ്‌യാന്റെ വാക്കുകൾ കേട്ടപ്പോൾ, 'ആ ആളുകൾ മലക്കുകളായിരുന്നുവെന്ന്'വെന്നു ഞാൻ പറഞ്ഞു. അതുകേട്ടപ്പോൾ അബൂലഹബ് ക്ഷുഭിതനാവുകയും എന്റെ മുഖത്തിടിച്ചു എന്നെ തള്ളയിടുകയും എന്നെ വീണ്ടും തല്ലുവാൻ ഓങ്ങുകയുമുണ്ടായി. അപ്പോഴേക്കും ഒരു തടിച്ച വടികൊണ്ടു ഉമ്മുൽഫള്ൽ അയാളുടെ തല തല്ലിക്കീറുകയുണ്ടായി. 'അവന്റെ എജമാനൻ ഇവിടെ ഇല്ലെന്നുള്ള ധൈര്യത്തിലാണൊ നീ ഈ തെമ്മാടിത്തം കാണിച്ചു'തെന്നു ചോദിച്ചുകൊണ്ടു അബൂലഹബിനെ ഉമ്മുൽഫള്ൽ അപമാനിച്ചു. അപമാനിതനായ അബൂലഹബ് നിശ്ശബ്ദനായി തിരിച്ചുപോയി. അതിന്നുശേഷം ഒരാഴ്ചയിലധികം അബൂലഹബ് ജീവിച്ചിരുന്നില്ല. ആ മുറിവ് മനുഷ്യരുടെക്കാത്ത വ്രണമായി മാറി. മക്കളും ഭാര്യയും അയാളെ കയ്യൊഴിച്ചു. അടുത്തവരെ പിടികൂടുന്ന ഒരുതരം പകർച്ചവ്യാധിയായിരുന്നു ആ വ്രണം. അങ്ങിനെ, ആരും അടുക്കുകയും അടുപ്പിക്കുകയും ചെയ്യാതെ, കഷ്ടപ്പെട്ടുകൊണ്ടു അധമരിൽ അധമനായ അബൂലഹബ് മരിച്ചു. ആരുമാരും ആ ശവത്തെ സമീപിച്ചില്ല. മക്കളൊ, ഭാര്യയൊ, കുടുംബാദികളൊ ആ ശവത്തെ പരിചരിപ്പാൻ ഒരുങ്ങിയില്ല. മൂന്നുദിവസം ആ ശവം അങ്ങിനെ കിടന്നു. അതിൽനിന്നു ദുർഗന്ധം വമിച്ചുതുടങ്ങി. അതു സഹിപ്പാൻ കഴിയാതായപ്പോൾ ജനങ്ങളും ഉന്നയിച്ച തീഷ്ണമായ ആക്ഷേപങ്ങളിൽനിന്നു രക്ഷപ്പെടുവാനായി, അയാളുടെ മക്കളും ഒരു കുഴി തോണ്ടി, ശവത്തെ ഒരു ദണ്ഡുകൊണ്ടു തള്ളിആ കുഴിയിലിട്ടു, മണ്ണിട്ടുമൂടി. എന്നിട്ടും ദുർഗന്ധം അവസാനിച്ചില്ല ആകയാൽ, രണ്ടു കല്ലിക്കാരെക്കൊണ്ടു, ആ ശവത്തെ അവിടെനിന്നു മാന്തിയെടുപ്പിച്ചു. അവർ മക്കളെ പുറത്തു കൊണ്ടുപോയി ആ ശവത്തെ അവിടെ കുഴിച്ചിട്ടു'

[അബൂലഹബിന്റെ പുത്രന്മാരിൽ ഉതൈബത് മാത്രമെ ഇസ്‌ലാംമതം വിശ്വസിക്കാതിരുന്നിട്ടുള്ളു. തിരുമേനിയുടെ പിതൃസഹോദരന്മാർക്കു ആകെ ഇരുപത്തഞ്ചു ആൺമക്കളാണുണ്ടായിരുന്നതു്. അവരിൽ അബൂലഹബിന്റെ പുത്രനായ ഉതൈബത്തും അബൂതാലിബിന്റെ പുത്രനായ താലിബുമൊഴികെ മറെറല്ലാവരും ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടു്.]

ബദ്‌റിൽവെച്ചു ഖുറൈശികൾക്കു നേരിട്ട ധനനഷ്ടത്തെപ്പററിയും ആൾനഷ്ടത്തെപ്പററിയും അറിഞ്ഞപ്പോൾ, ബന്ധപ്പെട്ട വ്യക്തികൾ അലമുറകൂട്ടി. സ്ത്രീകൾ തലമുടി വടിച്ചു ഒരു മാസക്കാലം, കരഞ്ഞുകൊണ്ടു ദുഃഖമാചരിച്ചു. ഒരു മാസം തികഞ്ഞപ്പോൾ ദുഃഖാചരണം നിറുത്തുവാനും, മുസ്‌ലിംകളോടു പകരം വീട്ടുന്നതിന്നായി ഗംഭീരമായ ഒരുക്കം കൂട്ടുവാനും അവർ തീരുമാനിച്ചു. ദുഃഖവിലാപനം വിലക്കപ്പെട്ടു. അതു സാമൂഹ്യമായ ഒരു വിലക്കായിരുന്നതുകൊണ്ടു പിന്നീടു ആരും കരഞ്ഞില്ല. അതിന്നിടക്കു ഒരു സ്ത്രീ കരയുന്നതായി അന്ധനായ അസ്‌വദിബ്‌നുസംആത് കേട്ടു. തിരുമേനി (സ) യുടെ കഠിനശത്രുക്കളിൽ ഒരാളായിരുന്ന ക്രൂരനായ ഈ അസ്‌വദ് സ്ത്രീ കരയുന്നതിന്റെ കാരണമന്വേഷിപ്പാൻ അസ്‌വദ് ആളെ അയച്ചു. തന്റെ കുട്ടികളെ കാണാത്തതുകൊണ്ടൊ അവർ കരയുന്നതെന്നു അന്വേഷണത്തിൽനിന്നു മനസ്സിലായപ്പോൾ അസ്‌വദ് പറഞ്ഞു:— 'അവർ ബുദ്ധിശൂന്യയത്രെ മക്കയിലെ പ്രധാ

നികളുടെ നാശത്തിൽ വിലപിക്കാതെ, തന്റെ ഒട്ടകങ്ങളെച്ചൊല്ലി വിലപിക്കുന്ന ആ സ്ത്രീ ബുദ്ധിശൂന്യ തന്നെ.'

നജശ് രാജാവ് ബദ്‌റിലെ സംഭവങ്ങളറിഞ്ഞു സന്തോഷിച്ചു. അബ്സീനിയായിൽ താമസിക്കുകയായിരുന്ന ജഅ്ഫർ (റ) വിനെയും കൂട്ടുകാരെയും വിളിച്ചുവരുത്തി, രാജാവ് ബദ്‌റിലെ സംഭവങ്ങൾ അവരെ അറിയിച്ചു. ഇസ്‌ലാമിന്റെ വിജയവാർത്ത അറിഞ്ഞപ്പോൾ അവരെല്ലാവരും അത്യന്തം സന്തോഷിച്ചു.

ബദ്‌റിൽവെച്ചു തങ്ങൾക്കുണ്ടായ പരാജയത്തിനു, അബ്സീനിയായിലെ മുസ്‌ലിംകളോട് പകരം വീട്ടുവാനാണ് ഖുറൈശികൾ പരിപാടിയിട്ടത്. നജശ് രാജാവിനു സമ്മാനിക്കുവാൻ വിലപിടിച്ച സമ്മാനങ്ങളുമായി അംറുബ്നുൽ ഖുബാസ്, അബ്ദുല്ലാഹിബ്നു റബീഅത് എന്നിവരെ മക്കക്കാർ അബ്സീനിയായിലേക്കു നിയോഗിച്ചു. (ഇവർ രണ്ടു പേരും പിൽക്കാലത്തു ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ട്.) മക്കക്കാരുടെ പ്രതിനിധികളായ അംറും അബ്ദുല്ലായും, സമ്മാനവസ്തുക്കൾ രാജാവിനു കാഴ്ച വെക്കുകയും അബ്സീനിയായിലുള്ള മുസ്‌ലിംകളെ മക്കക്കാക്കു വിട്ടുകൊടുപ്പാൻ അപേക്ഷിക്കുകയും ചെയ്തു. നജശ് രാജാവ് അവരുടെ അപേക്ഷ സ്വീകരിച്ചില്ലെന്നു മാത്രമല്ല, അവരെ അപമാനിച്ചുകൊണ്ടു തിരിച്ചയക്കുകയുമുണ്ടായി. [നജശ് രാജാവ് ഇസ്‌ലാംമതം സ്വീകരിച്ച വാർത്ത പിന്നീടു വിവരിക്കും.]

ബദ്‌റിലെ വിജയം ഇസ്‌ലാമിനെസ്സംബന്ധിച്ചേടത്തോളം അനസ്യൂതമായ വിജയപരമ്പരയുടെ നാന്ദിയായിരുന്നു. ബദ്‌റിന്റെ യുദ്ധം കഴിഞ്ഞു തിരുമേനി (സ) യും സഹാബികളും മദീനയിൽ തിരിച്ചെത്തിയ ശേഷം മദീനയിലും അയൽനാടുകളിലും ഉള്ള നിരവധി പേർ ഇസ്‌ലാംമതം വിശ്വസിച്ചു അബ്ദുല്ലാ ഹിബ്നു ഉബയ്യ് (റ) ഇസ്‌ലാംമതം സ്വീകരിച്ചതിനെത്തുടർന്നു യഹൂദികളിൽ പലരും മുസ്‌ലിംകളായി. ഇസ്‌ലാമിൽ വിശ്വസിക്കുവാൻ കൂട്ടാക്കാത്തവരെ പരാമർശിച്ചുകൊണ്ടു, അല്ലാഹു വഴിപിഴപ്പിച്ചവരെ നേർമാർഗ്ഗത്തിലാക്കുന്നവരില്ല' എന്ന ആയത്തു് അവതരിച്ചു.

ബദ്‌റിൽ ശഹീദായവർ

ആറു മുഹാജിർകളും എട്ടു അൻസാർകളും കൂടി, ആകെ പതിനാലു മുസ്‌ലിംകൾ ബദ്‌റിൽ ശഹീദായി. ശഹീദായ അൻസാർകളിൽ ആറുപേർ ഖസ്‌റജ് ഗോത്രക്കാരും രണ്ടു പേർ ഔസ്‌ഗോത്രക്കാരുമായിരുന്നു. ഔഫി ബ്നു അഫ്റാഅ് (റ), അദ്ദേഹത്തിന്റെ സഹോദരനായ മുഅവ്വദ്(റ), ഹാരിസിബ്നു സുറാഖത് (റ), യസീദിബ്നുൽ ഹർസു് (റ), റാഫിഇബ്നുൽമുഅല്ലാ (റ), ഉമൈറിബ്നുൽ ഹിമാമിബ്നുൽ ജമൂഹ് (റ) എന്നിവരാണ് ഖസ്‌റജ് ഗോത്രത്തിൽപ്പെട്ട ആറു ശഹീദുകൾ. ഔസ്‌ഗോത്രക്കാരിൽ നിന്നു സഅ്ദിബ്നു ഖൈശമത് (റ), മുബശ്ശിറിബ്നു അബ്ദുൽമുൻദിർ (റ) എന്നിവർ ശഹീദായി. മുഹാജിർകളിൽനിന്നു ശഹീദായവരുടെ പേരുകൾ ചുവടെ കുറിക്കുന്നു:- (1) ഉബൈദതിബ്നുൽഹർസിബ്നു അബ്ദുൽമുത്തലിബ് (റ) [യുദ്ധത്തിൽ കാലിനു മുറിവേൽക്കുകയാൽ സഫ്റാഇൽവെച്ചു അദ്ദേഹം മൃതിയടഞ്ഞു. അവിടെത്തന്നെ ഖബ്റടക്കപ്പെടുകയും ചെയ്തു.] (2) മിഹ്ജഅ് (റ) [ഉമർഖത്താബ് (റ) വിന്റെ അടിമയായ ആമിറിബ്നുൽ ഹള്റമീ എയ്ത അമ്പേറു മൃതിയടഞ്ഞു.] (3) ഉമൈറിബ്നു അബീവഖ്ഖാസ് (റ) [ഇദ്ദേഹം പതിനാറു വയസ്സുമാത്രം പ്രായമുള്ള ബാലനായിരുന്നു. തിരുമേനി (സ) തിരിച്ചുപോകുവാൻ പറഞ്ഞപ്പോൾ കേണപേക്ഷിച്ചതുകൊണ്ടാണ് മുസ്‌ലിംസേനയിൽ നിൽക്കുവാൻ ഇദ്ദേഹ

അന്വേഷിക്കപ്പെട്ടയാൾ.] · (4) ആഖിലിബ്‌നുബുകൈറല്ലൈസീ (റ), (5) സഫ്‌വാനിബ്‌നുബൈളാഉൽഫിഹ്‌രീ (റ), (6) ദഹ്‌യിമാലൈനി എന്ന ഉമൈർ (റ) (ഹർസ് (റ) വാണെന്നും, അംറുൽ ഖുസാഈ (റ) വാണെന്നും പക്ഷാന്തരങ്ങളുണ്ട്.)

ഉഖൈദതിബ്‌നുഹർസ് (റ) ഒഴിച്ചുള്ള പതിമൂന്നുപേരെയും ബദ്‌റിൽതന്നെ ഖബ്‌റടക്കി ഇബ്‌നുമസ്ഊദ് (റ) വെതൊട്ട തിബ്‌റാനീ ഇമാം (റ) പറയുന്നു:— 'നബി (സ) തിരുമേനിയുടെ സഹാബിമാരിൽനിന്നു ബദ്‌റിൽവെച്ചു ശഹീദായവരുടെ റൂഹുകളെ അല്ലാഹു തആല സ്വർഗ്ഗത്തിലുള്ള ചില പച്ചപക്ഷികളിൽ നിവേശിപ്പിച്ചു. ആ പക്ഷികളും, സ്വർഗ്ഗത്തിൽ, ആ റൂഹുകളെ വഹിച്ചുകൊണ്ടു പാറിക്കളിച്ചു. അല്ലാഹുതആലാ അവരോടു ചോദിച്ചു:— 'എന്റെ പ്രിയപ്പെട്ട അടിയാർകളെ, ഇനി നിങ്ങൾക്കു എന്താണ് വേണ്ടതെന്നു പറയുക'. അവർ പറഞ്ഞു:— 'റബ്ബായതമ്പുരാനെ, ഇതിലുപരി മറ്റു വല്ലതുമുണ്ടോ' അല്ലാഹു തന്റെ ചോദ്യം നാലു തവണ ആവർത്തിച്ചു നാലാമത്തെ തവണ അവർ പറഞ്ഞു:— 'ഞങ്ങളുടെ ശരീരങ്ങളിൽ ജീവിടുന്ന പക്ഷം ഒരിക്കൽകൂടി ബദ്‌ർ യുദ്ധത്തിൽ പങ്കെടുത്തു ശഹീദാകേണമെന്ന ഒരൊറ്റ ആഗ്രഹം മാത്രമെ ഞങ്ങൾക്കുള്ളൂ'

മുസ്‌ലിംകളെ വിജയികളാക്കുമെന്നു അല്ലാഹു പറഞ്ഞിരിക്കെ, മുസ്‌ലിം പക്ഷത്തുനിന്നു ചിലർ ശഹീദായതെങ്ങിനെ എന്ന ചോദ്യം അപ്രസക്തമാണെന്നു 'മവാഹിബ്' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു ശുഹദാക്കൾ പരമവിജയം പ്രാപിച്ചുവെന്നതാണ് സത്യം. മുസ്‌ലിംകൾ അവിശ്വാസികളെ ജയിക്കുമെന്നല്ലാതെ, മുസ്‌ലിംപക്ഷത്തുനിന്നു ഒരാളും മരിക്കുകയില്ലെന്നു അല്ലാഹു പറഞ്ഞിട്ടുമില്ല അല്ലാഹു പറഞ്ഞതു അവൻ പാലിച്ചു. മുസ്‌ലിംകൾ വിജയം കൈവരിച്ചു. ബദ്‌റിൽ പങ്കെടുത്ത സഹാബിമാർ മറ്റു സഹാബികളെ അപേക്ഷിച്ചു കൂടുതൽ ആദരണീയരായിരുന്നു. ആ വസ്തുതക്കു ആധികാരികമായ രേഖകളുടെ പിൻബലമുണ്ട് ഒരിക്കൽ ജിബ്‌രീൽ (അ) തിരുമേനി (സ) യോടു ചോദിച്ചു:— 'ബദ്‌റിൽ പങ്കെടുത്ത സഹാബിമാരെ പ്രശംസിക്കുന്നതിൽ താങ്കളുടെ അഭിപ്രായമെന്താണ്?' തിരുമേനി (സ) അരുളി:— 'അവർ മറ്റു സഹാബിമാരെ അപേക്ഷിച്ചു അതിമഹാന്മാർ തന്നെ.' അപ്പോൾ ജിബ്‌രീൽ (അ) പറഞ്ഞു:— 'അതുതന്നെയാണ് ബദ്‌റിൽ പങ്കെടുത്ത മലക്കുകളുടെ നിലയും.' അല്ലാഹുതആലാ ബദ്‌റിൽ പങ്കെടുത്ത സഹാബികളിൽ വെളിവായിപ്പറഞ്ഞു: നിങ്ങൾ ഉദ്ദേശിച്ചതു നിങ്ങൾ ചെയ്തുകൊള്ളുക; ഞാൻ നിങ്ങൾക്കു പൊറുത്തുതരികയും നിങ്ങളെ സ്വർഗ്ഗവുമായി ബന്ധപ്പെടുത്തുകയുംചെയ്തു' എന്നർത്ഥമുള്ള ഒരു ഹദീസ് അബൂഹുറൈറ (റ) വെതൊട്ടു ത്വബ്‌റാനീ ഇമാം (റ) ഉദ്ധരിച്ചിട്ടുണ്ട്. [അല്ലാഹു വേണ്ടുകവെച്ചതല്ലാതെ, ഏൽക്കപ്പെട്ടതല്ലാതെ മറ്റൊന്നും ചെയ്യാനിടവരാത്തവിധം അവരുടെ ഹൃദയങ്ങളെ അല്ലാഹു പാകപ്പെടുത്തിയെന്നാണ് പ്രസ്തുത ഹദീസിന്റെ താല്പര്യം.] ഒരിക്കൽ നബി (സ) തിരുമേനിയും കുറച്ചു സഹാബികളും ഇട്ടങ്ങിയ ഒരു സ്ഥലത്തിരുന്നു സംസാരിച്ചുകൊണ്ടിരിക്കെ, ബദ്‌റിൽ പങ്കെടുത്ത സഹാബികളിൽ ഒരാൾ അവിടെ ചെന്നെത്തി. അദ്ദേഹത്തിനു ഇരിപ്പാൻ അവിടെ ഇടമുണ്ടായിരുന്നില്ല. 'നിങ്ങളിൽനിന്നു ഇന്നാൾ എഴുന്നേറ്റ അദ്ദേഹത്തിനു ഇരിപ്പാൻ സ്ഥലം നൽകുക' എന്നു തിരുമേനി (സ) നിർദ്ദേശിച്ചു. നിർദ്ദിഷ്ടവ്യക്തി ഇരുന്നേടത്തുനിന്നു എഴുന്നേറ്റ അദ്ദേഹത്തിനു സ്ഥലം നൽകിയെങ്കിലും, തന്നെഎഴുന്നേല്പിച്ചതിൽ ആ സഹാബിക്കു അഹിതം തോന്നി. ആ വസ്തുത മനസ്സിലാക്കി

തിരുമേനി (സ) ഇപ്രകാരം അരുളി:- 'സഹോദരങ്ങൾക്ക് സ്ഥലസൌകര്യം ചെയ്യുന്നവരിൽ അല്ലാഹുവിന്റെ കൃപ ഉണ്ടാവട്ടെ.' ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട്, 'ഹേ, വിശ്വാസികളെ, ഇരിപ്പിടം സൌകര്യപ്പെടുത്തി കൊടുക്കുക എന്നു നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ അതു ചെയ്തുകൊടുക്കുക; സ്വർഗ്ഗത്തിൽ അല്ലാഹു നിങ്ങളുടെ ഇരിപ്പിടങ്ങളെ വിശാലമാക്കിത്തരും,' എന്നർത്ഥമുള്ള ആയത്ത് അവതരിച്ചു.

[മുസ്‌ലിംകൾ ബദ്‌ർയുദ്ധം ജയിച്ച ആ വർഷത്തിൽതന്നെ പേർസ്യയുമായുള്ള യുദ്ധത്തിൽ റോം ജയിച്ചു. ആ വിജയത്തിൽ മുസ്‌ലിംകൾ ആഹ്ലാദിച്ചു. അതിനു ഒരു കാരണമുണ്ട്. നബുവ്വത്തിന്റെ എട്ടാംവർഷത്തിൽ പേർസ്യയും റോമും തമ്മിൽ ഒരു യുദ്ധം നടന്നു. ആ യുദ്ധത്തിൽ പേർസ്യ ജയിച്ചു. പരാജിതരായ റോമക്കാർ വേദക്കാരും, വിജയികളായ പേർസ്യക്കാർ അഗ്ന്യാരാധകരുമായിരുന്നു. അതുകൊണ്ട് വേദക്കാരായ റോമക്കാരുടെ പരാജയത്തിൽ ക്രൈശികൾ ആഹ്ലാദിക്കുകയും, അഗ്ന്യാരാധകരായ പേർസ്യക്കാരുടെ വിജയം മക്കയിൽ ആഘോഷിക്കുകയും, പേർസ്യക്കാർ റോമക്കാരെ തോല്പിച്ചതുപോലെ, ഞങ്ങൾ നിങ്ങളെ തോല്പിക്കുമെന്നു മുസ്‌ലിംകളോട് പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് റോമും ജയിക്കും എന്നർത്ഥമുള്ള ആയത്ത് ആ അവസരത്തിൽ അവതരിച്ചു. ആ ആയത്ത് സാക്ഷാൽക്കരിക്കപ്പെട്ടതിലുണ്ടായ ആഹ്ലാദമാണ് റോമിന്റെ വിജയത്തിൽ മുസ്‌ലിംകൾ പ്രകടിപ്പിച്ചത്.]

ബനീസുലൈം യുദ്ധം

യഹൂദികൾ പരസ്യമായിത്തന്നെ തിരുമേനി (സ) യുമായുള്ള ഉടമ്പടികൾ ലംഘിച്ചുതുടങ്ങി. മാത്രമല്ല, മുസ്‌ലിംകൾക്കെതിരായി അക്രമങ്ങളും തെമ്മാടിത്തങ്ങളും അഴിച്ചുവിടുകയും ചെയ്തു. അവരുടെ അക്രമങ്ങളെ അവസാനിപ്പിച്ചില്ലെങ്കിൽ ഇസ്‌ലാമിന്റെ അസ്തിത്വം തന്നെ ശിഥിലീകൃതമാവുമെന്നുള്ള നില സംജാതമായി. ബനൂസുലൈം ഗോത്രക്കാരെ നേരിട്ട് അവരുടെ ധിക്കാരങ്ങളെ ഒതുക്കുവാൻ തിരുമേനി (സ) തീരുമാനിച്ചു. ബദ്‌ർയുദ്ധം കഴിഞ്ഞു മദീനയിൽ തിരിച്ചെത്തിയ എട്ടാമത്തെ ദിവസം തിരുമേനിയും സഹാബികളും ബനൂസുലൈം ഗോത്രക്കാരുടെ നേരെ പുറപ്പെട്ടു. മദീനയുടെ കാര്യനിർവ്വഹണാധികാരം സബാഇ ബ്‌ൻ അറഫതൽ ഗഫ്ഫാരി (റ) വിനു നൽകി. നിസ്‌ക്കാരത്തിനു ഇമാമത്തു നിൽക്കുവാൻ ഉമ്മമക്തൂം (റ) വിനെ ഏല്പിച്ചു. നിസ്‌ക്കാരത്തിനു ഇമാമത്തു് നിൽക്കുവാൻ ഇത്തരം പല ഘട്ടങ്ങളിലും അദ്ദേഹം നിയമിക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിം സേനയുടെ മുമ്പിൽ ഒരു ധവളപതാക ഉയർത്തിപ്പിടിച്ചുകൊണ്ട് അലി (ക. വ.) യാത്രചെയ്തു. സുലൈം ഗോത്രക്കാർ താമസിച്ച പ്രദേശത്തിനു കദിർ എന്നാണ് പേർ. പലതരം പക്ഷികളുടെ സങ്കേതമായിരുന്നതുകൊണ്ടാണത്രെ ആ പ്രദേശത്തിനു ആ പേർ സിദ്ധിച്ചതു് ആ പ്രദേശത്തു, ഒരു ജലാശയത്തിന്റെ പരിസരത്തിൽ മുസ്‌ലിംകൾ താവളമടിച്ചു. മൂന്നുരാത്രി അവർ അവിടെ താമസിച്ചു. ധിക്കാരികളും അക്രമികളുമായ സുലൈം ഗോത്രക്കാർ മുസ്‌ലിംകളുമായി എതിർക്കുവാൻ മുമ്പോട്ടുവന്നില്ല. മാത്രമല്ല, അവർ ആ പ്രദേശംവിട്ടു ഓടിക്കളയുകയുംചെയ്തു. അവരുടെ വളർത്തുമൃഗങ്ങളെയെല്ലാം കയ്യൊഴിച്ചുകൊണ്ടാണ് ആ യഹൂദികൾ തടിതപ്പിയതു്. അവർ വിട്ടേച്ചുപോയ ആടുകളെയും പശുക്കളെയും ഒട്ടകങ്ങളെയും മുസ്‌ലിംകൾ കരസ്ഥമാക്കി. മുസ്‌ലിംകൾക്കു കിട്ടിയ ഒട്ടകങ്ങളുടെ എണ്ണം അഞ്ഞൂറായിരുന്നു. സുലൈം ഗോത്രക്കാർ ഓടിക്കളഞ്ഞശേഷം മുസ്‌ലിംകൾ മദീനയിലേക്കു യാത്ര തിരിച്ചു. മദീനയിൽനിന്നു മൂന്നു നാഴിക അകലെ സ്ഥിതിചെ

ചെയ്യുന്ന സിറാർ എന്ന സ്ഥലത്തുവെച്ച യുദ്ധ മുതലുകൾ ഭാഗിക്കപ്പെട്ടു. ആകെ പതിനഞ്ചുറാത്തികൾ ഈ യാത്രയിൽ അവർ കഴിച്ചുകൂട്ടി.

ഫാത്തിമാ (റ) യുടെ കല്യാണം

ഹിജ്‌റാബ്ദം മൂന്നാം വർഷത്തിലാണ് ചരിത്രപ്രധാനമായ ആ സംഭവം നടന്നതു്. ഫാതിമാ എന്ന ശബ്ദത്തിനു 'നരകാഗ്നി പൊലിച്ചവൾ' എന്ന ഒരർത്ഥമുണ്ടു്. ഉജ്ജ്വലകാന്തിയുള്ളവൾ എന്നർത്ഥമുള്ള സുഹ്‌റാഅ് എന്നും, സ്ത്രീകുലത്തിൽ മഹത്ത്വത്താൽ വ്യതിരിക്തയായവൾ എന്നർത്ഥമുള്ള ബതൂൽ എന്നും ഇവൾക്കു പേരുകളുണ്ടു്. 'സ്ത്രീലോകത്തിലെ ഗുണവതി മർയമാ'ണെന്നു തിരുമേനി (സ) അരുളീട്ടുണ്ടു്. പക്ഷെ, ആ വചനം ഫാതിമാ (റ) യുടെ പദവിയെ താഴ്ത്തുന്നില്ല. തിരുമേനി (സ) ഒരിക്കൽ ഫാതിമാ (റ) യോടു ചോദിച്ചു:- 'മകളെ, സ്ത്രീലോകത്തിൽ ഔന്നത്യം നേടുക എന്നതിൽ നീ തൃപ്തയല്ലേ?' [ഔന്നത്യം നേടുന്നതിനുവേണ്ടി ലൌകിക ദുഃഖങ്ങളെ സന്തോഷപൂർവ്വം കൈവരിക്കുവാൻ നീ സന്നദ്ധയല്ലെ എന്നതാണു് പ്രസ്തുത ചോദ്യത്തിന്റെ താല്പര്യം.] 'അപ്പോൾ മർയംബീയോ?' എന്നു ഫാതിമാ (റ) തിരുമേനി (സ) യോടു ചോദിച്ചു. തിരുമേനി (സ) പറഞ്ഞു:- 'മകളെ, അവരുടെ കാലത്തെ സ്ത്രീകളിൽ ഉത്തമയാണു് മർയം. നീയാകട്ടെ, എല്ലാ കാലത്തിലെ സ്ത്രീകളിലും ഉത്തമയാകുന്നു.' ആഇശാ (റ) പറയുന്നു:- 'ഫാതിമാബീയുടെ ബാപ്പയൊഴികെ, ഫാതിമാബീയേക്കാൾ മഹത്ത്വമുള്ള ഒരു വ്യക്തിയെയും ഞാൻ അറിഞ്ഞിട്ടില്ല.' ഹിജ്‌റാബ്ദം രണ്ടാം വർഷത്തിൽ അവരുടെ നിക്കാഹ് നടക്കുകയും, ഹിജ്‌റാബ്ദം മൂന്നാംവർഷത്തിൽ വീട്കൂടുകയും ചെയ്തുവെന്നു ചില ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ടു്. അലിയ്യിബ്‌നി അബീതാലിബ് (ക. വ.) ആണു് ഫാതിമാ (റ) യുടെ വരൻ. [നിക്കാഹ് നടന്നതു മുഹർറം, സഫർ, റജബ്, റമളാൻ എന്നിവയിൽ ഏതാ ഒരു മാസത്തിലാണെന്നും, വീട്കൂടിയതു ദുൽഹജ്ജുമാസത്തിലാണെന്നും പറയപ്പെട്ടിരിക്കുന്നു.] അന്നു ഫാതിമാ (റ) ക്കു പതിനഞ്ചു വയസ്സും അഞ്ചരയൊ ആറൊ മാസവും പ്രായമായിരുന്നു. അലീ (ക. വ.) യുടെ പ്രായം ഇരുപത്തൊന്നു വയസ്സും അഞ്ചുമാസവുമായിരുന്നു. വിവാഹനേപഷണം നടന്ന അവസരത്തിൽ ഒരു കതിരയും ഒരു അങ്കിയും മാത്രമെ അലി (ക. വ.) യുടെ കയ്യിൽ ഉണ്ടായിരുന്നുള്ളു. തിരുമേനി (സ) യുടെ നിർദ്ദേശപ്രകാരം അങ്കി നാനൂറെറൻപതു വെള്ളിക്കു ഉസ്മാൻ (റ) വിന്നു വിറ്റു. [ആ അങ്കി ഉസ്മാൻ (റ) അദ്ദേഹത്തിന്നുതന്നെ തിരിച്ചുകൊടുത്തുവെന്നു സുർഖാനീഇമാം (റ) പറഞ്ഞിരിക്കുന്നു.]

.തബ്‌റാനീ (റ) പ്രബലമായ രേഖകളെ അടിസ്ഥാനമാക്കിക്കൊണ്ടു പറയുന്നു:- 'തിരുമേനി (സ) പറഞ്ഞു: ഫാതിമായെ അലിക്കു വിവാഹം ചെയ്തുകൊടുക്കുവാൻ അല്ലാഹു എന്നോടു കല്പിച്ചു.'

അനസ് (റ) പറയുന്നു:- 'പിന്നെ, തിരുമേനി (സ) എന്നെവിളിച്ചു, അബൂബക്കർ, ഉമർ, ഉസ്മാൻ, അബ്ദുർറഹ്മാനിബ്‌നുഔഫ്, തുടങ്ങിയ പ്രധാന സഹാബികളെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞു. അവരെല്ലാം തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി. അലി അവിടെ ഉണ്ടായിരുന്നില്ല. സഹാബികളും എത്തിച്ചേർന്നപ്പോൾ തിരുമേനി (സ) നിക്കാഹിന്റെ ഖുത്ബയാതി. നാനൂറു് വെള്ളി മഹ്‌റിനു ഫാതിമായെ അലിക്കു നികാഹ്ചെയ്തുകൊടുത്തുവെന്നു ഖുത്ബയിൽ തിരുമേനി (സ) വ്യക്തമാക്കി. അനന്തരം ഒരു പാത്രത്തിൽ ഈത്തപ്പഴം കൊണ്ടുവരുവാൻ തിരുമേനി (സ) കല്പിച്ചു. ഈത്തപ്പഴം കൊണ്ടുവ

ന്നു. അവർ അത്താഴം കഴിച്ചുകൊണ്ടിരിക്കെ, അലീ അവിടെ ആഗതനായി. അദ്ദേഹത്തിന്റെ മുഖത്തുനോക്കി പുഞ്ചിരിതൂകിക്കൊണ്ട് തിരുമേനി (സ) പറഞ്ഞു: 'ഫാതിമായെ നാനൂറ് വെള്ളി മഹ്‌റിന് നിങ്ങൾക്ക് നികാഹ് ചെയ്തുതരുവാൻ അല്ലാഹു എന്നോട് കല്പിച്ചു.' അതുകേട്ടപ്പോൾ അലീ ഖുശ്‌ബു ഓതുകയും, തിരുമേനി (സ) പറഞ്ഞതു സ്വീകരിക്കുകയും ചെയ്തു. 'തിരുമേനി (സ) പറഞ്ഞതിന് നിങ്ങൾ സാക്ഷികളായിക്കൊള്ളുക' എന്നു അദ്ദേഹം സഹാബികളോടാവശ്യപ്പെട്ടു. 'താങ്കൾ എന്തുപറയുന്നുവെന്നു സഹാബികൾ തിരുമേനി (സ) യോടന്വേഷിച്ചു. അപ്പോൾ 'എന്റെ മകൾ ഫാതിമായെ നാനൂറുവെള്ളി മഹ്‌റിന് അബീതാലിബിന്റെ മകൻ അലീക്കു ഞാൻ കെട്ടിച്ചുകൊടുത്തു'വെന്നു തിരുമേനി (സ) പറഞ്ഞു.'

ഫാതിമാ (റ) ജീവിച്ചിരിക്കെ, അലീ (ക. വ.) മറെറാരു വിവാഹം കഴിച്ചിട്ടില്ല. ഫാതിമാ(റ)യെ വിവാഹം കഴിച്ചതിനുശേഷം, അബൂജഹലിന്റെ പുത്രിയായ ജൂവൈരിയത്തിനെ അലീ (ക. വ.) യെക്കൊണ്ടു വിവാഹം കഴിപ്പിക്കുവാൻ ഒരു ആലോചന നടക്കുകയുണ്ടായി. ഈ വിവരം ഫാതിമാ (റ) തിരുമേനി (സ) യോടു പറഞ്ഞപ്പോൾ, അല്ലാഹുവിന്റെ റസൂലിന്റെ മകളും, അല്ലാഹുവിന്റെ ശത്രുവിന്റെ മകളും ഒരാളുടെ കീഴിൽ ഭാര്യമാരായി ഇരിക്കുകയില്ല എന്നു തിരുമേനി (സ) മറുപടി പറഞ്ഞു. 'അല്ലാഹുവിന്റെ റസൂൽ നിങ്ങൾക്കു നൽകിയതിനെ നിങ്ങൾ സ്വായത്തമാക്കുകയും അല്ലാഹുവിന്റെ റസൂൽ വിലക്കിയതിനെ നിങ്ങൾ കയ്യൊഴിക്കുകയും ചെയ്യുവിൻ' എന്ന ആയത്തിന്റെ വെളിച്ചത്തിൽ, ഫാതിമാ (റ) ജീവിച്ചിരിക്കെ അലീ (ക. വ.) വേറൊരു സ്ത്രീയെ വിവാഹം കഴിക്കുന്നതിനെ അല്ലാഹു വിലക്കിയിരിക്കുന്നുവെന്നാണ് അബൂദാവൂദ് (റ) പറഞ്ഞിട്ടുള്ളതു്. അലീ (ക. വ.) യുടെ മഹത്വങ്ങളെ വ്യക്തമാക്കുന്ന നിരവധി ഹദീസുകൾ ഉണ്ടായിട്ടുണ്ടു്. അദ്ദേഹത്തെ പ്രശംസിച്ചതുപോലെ വേറൊരു സഹാബിയെയും തിരുമേനി (സ) പ്രശംസിച്ചിട്ടില്ലെന്നാണ് ഇമാം അഹ്‌മദിബ്‌നുഹമ്പൽ (റ) പ്രസ്താവിച്ചിട്ടുള്ളതു്. "അലീയുടെ കയ്യിൽ ഇറക്കിയതു ആയത്തുകൾ മറെറാരു സഹാബിയുടെ കയ്യിലും അല്ലാഹു ഇറക്കീട്ടില്ലെന്നു ഇബ്‌നു അബ്ബാസ് (റ) പറയുന്നു. അലീ (ക. വ.) യുടെ കയ്യിൽ മുന്നൂറു ആയത്തുകൾ ഇറങ്ങീട്ടുണ്ടു്." അലീ (ക. വ.) യെസ്സംബന്ധിച്ചേടത്തോളം സ്വീകരിക്കപ്പെട്ട, സ്ഥിരീകരിക്കപ്പെട്ട വസ്തുതകളാണു് ഞാൻ തഫ്‌സീറിൽ എടുത്തു പറഞ്ഞിട്ടുള്ള"തെന്നു ഇബ്‌നു അബ്ബാസ് (റ) തുടർന്നു പറയുന്നു.

ബനീഖൈനുഖാ യുദ്ധം

മദീനയിൽ ആലിയത് എന്ന പ്രദേശത്തുള്ള ബത്‌ഹാ എന്ന ദേശത്തു താമസമുറപ്പിച്ച ഒരു ജൂതകുടുംബമാണു് ബനീഖൈനുഖാഅ്. ഉടമ്പടി ലംഘിക്കുക, അക്രമങ്ങൾ പ്രവർത്തിക്കുക എന്നീ ഹീനായുധങ്ങളേന്തിക്കൊണ്ടു അവർ മുസ്‌ലിംകളെ നിരന്തരം ശല്യപ്പെടുത്തി. ആ ജൂതകുടുംബവുമായി തിരുമേനി (സ) നടത്തിയ സമാധാന സന്ധി പരസ്യമായിത്തന്നെ അവർ ലംഘിച്ചു. ഉബാദത്തു സ്സാമിത് (റ) വും അബ്ദുല്ലാഹിബ്‌നു ഉബയ്യി ബ്‌നു സുല്ലൂൽ എന്ന മുനാഫിഖുമായിരുന്ന ആ ഉടമ്പടിയിലെ സാക്ഷികൾ. ബദ്‌റിൽ മുസ്‌ലിംകൾക്കുണ്ടായ വിജയം യഹൂദികളുടെ അസൂയാഗ്നി ആളിക്കത്തിച്ചു. അറേബ്യയിൽ ഒരു ജൂതസാമ്രാജ്യം കെട്ടിപ്പടുക്കുവാനുള്ള അവരുടെ അന്തരാഭിലാഷത്തിനേറെ കനത്ത പ്ര

ഗൗരവം അവരെ തെയ്യപ്പെടുത്തി. 'നിങ്ങളം ഈ നില തുടർന്നാൽ ഖുറൈശികളം അല്ലാഹുവിൽനിന്നു ലഭിച്ച ക്ലേശങ്ങളം നിങ്ങൾക്കും ലഭിച്ചേക്കും. അതുകൊണ്ട് നിങ്ങളം വിപത്തൊഴിവാക്കുവാൻ സൂക്ഷിച്ചുപെരുമാറുക' എന്നു തിരുമേനി (സ) അവരെ ഉപദേശിച്ചു. ഈ ഉപദേശത്തിനു, പ്രതീക്ഷിക്കാത്ത തരത്തിലുള്ള പ്രതികരണമാണു് അവരിൽനിന്നുണ്ടായതു്. 'നിങ്ങളം ബദ്‌റിൽവെച്ചു പൌരുഷമില്ലാത്ത, യുദ്ധശാലികളല്ലാത്ത, വല്ലവരെയും തോല്പിച്ചിട്ടുണ്ടാവാം. ഞങ്ങളം അപ്രകൃത്തിൽപ്പെട്ടവരല്ല. അവസരം വന്നാൽ ഞങ്ങളം പുരുഷന്മാരാണെന്നു നിങ്ങൾക്കു ബോധ്യമാവും' എന്നു അവർ ധിക്കാരപൂർവ്വം മറുപടി നൽകി. [ഇതിനെ പരാമർശിച്ചുകൊണ്ടു് 'കാഫിർകളോടു താങ്കളം പറയുക, നിങ്ങളം തോല്പിക്കപ്പെടും; ജഹന്നമെന്ന നരകത്തിൽ—അതാണു് ഏറ്റവും അധീനമായ പാപ്പിടം—നിങ്ങളം കൊണ്ടുകൂട്ടപ്പെടുകയുണ്ടായി.] മുസ്‌ലിംകളം ആ യഹൂദികളെ നേരിടുവാൻ തീരുമാനിച്ചു. വിവരമറിഞ്ഞ യഹൂദികളം അവരുടെ കോട്ടകളിലുള്ള അഭയം പ്രാപിച്ചു. മദീനയുടെ ഉത്തരവാദിത്തം അബൂലുബാബ (റ) വിനെ ഏല്പിച്ചുകൊണ്ടു, തിരുമേനി (സ) യും ഒരു സൈന്യവും ബനൂഹായിലേക്കു പുറപ്പെട്ടു. ഹംസ (റ) വാണു് ഈ യാത്രയിൽ യുദ്ധപതാക ഏന്തിയതു്. മുസ്‌ലിംകളം യഹൂദരുടെ അഭയകേന്ദ്രമായ കോട്ട വളഞ്ഞു. പതിനഞ്ചുദിവസക്കാലം ആ പ്രതിരോധം തുടർന്നു. അവസാനം ആധിക്കാരികളം മുസ്‌ലിംകളുടെ കീഴടങ്ങി. തങ്ങളുടെ മുതലുകളൊന്നും കയ്യിലെടുക്കാതെ, സ്ത്രീകളെയും കുട്ടികളെയും കൂട്ടി നാടുവിട്ടു കൊള്ളാമെന്ന ഉപാധിയിന്മേലാണു് അവർ കീഴടങ്ങിയതു്. ആ ഉപാധി തിരുമേനി (സ) സ്വീകരിച്ചു. അതനുസരിച്ചു ആ ജൂതഗോത്രം ശാമിലേക്കു യാത്രതിരിച്ചു

ഗുരുതരമായിരുന്ന ബദ്‌റിൽ മുസ്‌ലിംകൾക്കുണ്ടായ വിജയം. മുസ്‌ലിംകളെ നാനാവിധത്തിൽ ശല്യപ്പെടുത്തുവാനും അവരുടെ ഐക്യത്തെ ശിഥിലീകരിപ്പാനും യഹൂദികളം കച്ചകെട്ടി. തെമ്മാടിത്തങ്ങളം നാട്ടിൽ ഉടനീളം അഴിച്ചുവിട്ടു. ഒരു ദിവസം അങ്ങാടിയിൽ പാൽക്കച്ചവടത്തിനുപോയ ഒരു അൻസാരീ യുവതിയോടു, മുഖംമൂടി നീക്കി മുഖം തുറന്നുകാണിപ്പാൻ ഒരു യഹൂദി ആവശ്യപ്പെട്ടു. അയാളുടെ തെമ്മാടിത്തത്തിനു ആ യുവതി വഴങ്ങിയില്ല. ആ തെമ്മാടി അവളെ തെറിപറഞ്ഞു. അവളം ആ തെമ്മാടിയെ ശകാരിച്ചു. അപ്പോൾ ആ തെമ്മാടി ആ യുവതിയുടെ ഉടുമുണ്ടു പൊക്കുകയും കൂകുകയും ചെയ്തു. അപമാനിതയായ ആ യുവതി സഹായത്തിനായി നിലവിളിച്ചു. രംഗത്തെത്തിയ ഒരു മുസ്‌ലിം തെമ്മാടിയായ ആ യഹൂദിയെ വധിച്ചു. അപ്പോൾ യഹൂദികളം അവിടെ തടിച്ചുകൂടുകയും ആ മുസ്‌ലിമിനെ അവർ വധിക്കുകയുംചെയ്തു. ഈ വാർത്ത അറിഞ്ഞപ്പോൾ 'നാം അവരുമായി നടത്തിയ ഉടമ്പടി ഈ നിലയിലാണോ അവർ നടപ്പിലാക്കിയതു്?' എന്നു തിരുമേനി (സ) ചോദിച്ചു. ഇതു കേട്ടപ്പോൾ, യഹൂദികളുമായുള്ള സ്നേഹബന്ധം ഉബാദതുസ്സാമിത് (റ) തൽക്ഷണം കയ്യൊഴിച്ചു. അബ്ദുല്ലാഹിബ്നു ഉബയ്യു് എന്ന മുനാഫിഖ് അവരുമായുള്ള ബന്ധം പൂർവ്വോപരി ശക്തിമത്തായ നിലയിൽ തുടർന്നു. ഇതിനെ പരാമർശിച്ചുകൊണ്ടു, 'സത്യവിശ്വാസികളെ, യഹൂദി-നസാറാക്കളെ നിങ്ങളം നിങ്ങളുടെ കായ്ത്ഥന്മാരാക്കരുതു്. അവർ പരസ്പരം കായ്ത്ഥന്മാരാകുന്നു. എന്നിരിക്കെ, നിങ്ങളം അവരെ കായ്ത്ഥന്മാരാക്കിയാൽ നിങ്ങളും അവരെപ്പോലെ ആകും' എന്ന ആയത്തു് അവതരിച്ചു.

തിരുമേനി (സ) ബനൂഖൈനുഖാ ഗോത്രക്കാരെ വിളിച്ചുവരുത്തി, കായ്ത്തിന്റെ

[ശാമിൽ, അദ്‌റിആത്ത് എന്ന നാട്ടിലാണ് അവർ ചെന്നെത്തിയത്.] അവരുടെ ഭവനങ്ങളിൽനിന്നും നിരവധി സ്വത്തുക്കളും യുദ്ധായുധങ്ങളും മുസ്‌ലിംകൾക്കു ലഭിച്ചു. അവയിൽ നിന്നും മൂന്നു വില്ലുകളും, രണ്ടു പടയങ്കികളും മൂന്നു കുന്തങ്ങളും മൂന്നു വാളുകളും തിരുമേനി (സ) സ്വന്തമായെടുക്കുകയും, ഒരു പടയങ്കി മുഹമ്മദിബ്നു മുസ്‌ലമത് (റ) വിനും, മറ്റൊരു പടയങ്കി സഅ്ദിബ്നുമആദ് (റ) വിനും സമ്മാനിക്കുകയും, ബാക്കിയുള്ളതു ഓഹരിചെയ്കയുംചെയ്തു. തിരുമേനി (സ) സ്വന്തമായി എടുത്ത വില്ലുകൾക്ക്, കതൂം, റൌഹാഅ്, ബൈളാഅ് എന്നുപേർ. കതൂം എന്ന വില്ലിൽ അമ്പുതൊടുത്തുവിട്ടാൽ ശബ്ദമുണ്ടാകയില്ലെന്നുള്ളതു ഒരു പ്രത്യേകതയാണ്. പടയങ്കികളിൽ കുന്നിനു സഘ്ദിയത് എന്നും മറ്റെതിനു് ബൈളത് എന്നുംപേർ. ദാവൂദ് നബി (അ) ജാലൂത്തിനെ കൊല്ലുമ്പോൾ അണിഞ്ഞിരുന്ന അങ്കിയാണ് സഘ്ദിയത് എന്നുള്ളതു ശ്രദ്ധേയമത്രെ. ഹിജ്റാബ്ദം മൂന്നാം വർഷത്തിലെ ദുൽഖഅ്ദ് മാസത്തിലാണ് ഈ സംഭവം നടന്നതു്.

സാലിമിബ്നുഉമൈർ (റ) വിന്റെ യുദ്ധം

ഹിജ്റാബ്ദം മൂന്നാം വർഷത്തിൽ തന്നെയാണ് ഈ സംഭവവും നടന്നതു്. [ഈ സംഭവം നടന്നതു ബനീഖൈനുഖാ യുമായുണ്ടായ ഏറ്റുമുട്ടലിനു മുമ്പാണെന്നു 'മവാഹിബ്' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചു കാണുന്നു.] അതിവൃദ്ധനായ ഒരു യഹൂദിയാണ് ഈ സംഭവത്തിലെ പ്രതിയോഗി. അഫ്ക് എന്നായിരുന്ന ആ കിഴവന്റെ പേർ. സംഭവം നടക്കുമ്പോൾ ആ പടുകിഴവനു നൂറിരുപതു വയസ്സ് പ്രായമുണ്ടായിരുന്നു. തിരുമേനി (സ)യുമായി യുദ്ധം ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക എന്നതായിരുന്നു അയാളുടെ ജോലി. ഇസ്‌ലാമിനെതിരായി ഗാനങ്ങൾ രചിച്ചു പ്രചരിപ്പിക്കലായിരുന്നു ആ യഹൂദിയുടെ വിനോദം. അയാളുടെ പ്രേരണമൂലം നാട്ടിൽ പല അനാശാസ്യ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ആകയാൽ, അയാൾ മുസ്‌ലിംകളെസ്സംബന്ധിച്ചേടത്തോളം ഒരു ശല്യമായിത്തീർന്നു. ആ പടുവൃദ്ധനെ വധിക്കുകയല്ലാതെ മറ്റു പോംവഴി ഇല്ലെന്നായി. ഈ പ്രശ്നം തിരുമേനി (സ) സഹാബിമാരുടെ ശ്രദ്ധയിൽപ്പെടുത്തി. 'യാറസൂലല്ലാ, ഒന്നുകിൽ അയാളെ വധിക്കുക; അല്ലെങ്കിൽ വധിക്കപ്പെടുക. ഞാൻ അതിനായി എന്നെ ഉഴിഞ്ഞുവെച്ചു കഴിഞ്ഞു എനിക്കു സമ്മതം തരേണം' എന്നു സാലിമിബ്നുഉമൈർ (റ) തിരുമേനി (സ)യുടെ സന്നിധിയിൽ ബോധിപ്പിച്ചു. തിരുമേനി (സ) അദ്ദേഹത്തിനു അനുമതി നൽകി. സാലിം (റ) ആ യഹൂദനെ അന്വേഷിച്ചു പുറപ്പെട്ടു. രാത്രിയായപ്പോൾ അദ്ദേഹം ആ യഹൂദിയുടെ ഉമ്മറത്തു ചെന്നെത്തി. ആ പടുകിഴവൻ മുറ്റത്തു കിടക്കുകയായിരുന്നു. സാലിം (റ) ആ യഹൂദിയുടെ കഴുത്തറുത്തു.

സവീഖ് യുദ്ധം

സവീഖ് എന്നു പറഞ്ഞാൽ ഒരുതരം പലഹാരമാണ്. ആ പലഹാരം അധികദിവസം കേടുവരാതെ സൂക്ഷിക്കുവാൻ കഴിയും. ഈ യുദ്ധത്തിനു സവീഖ് യുദ്ധം എന്നു പേരു വരുവാനുള്ള കാരണം താഴെയുള്ള വിവരണത്തിൽനിന്നു മനസ്സിലാവും.

ബദ്ർ യുദ്ധത്തിൽ ഖുറൈശികൾ തോറ്റപ്പോൾ, 'ഇനി മുഹമ്മദുമായി ഒരു യുദ്ധം നടത്തിയതിനുശേഷമല്ലാതെ ഞാൻ സുഗന്ധം പൂശുകയോ സ്ത്രീകളെ സമീപിക്കുകയോ ചെയ്യുകയില്ലെന്നു. അബൂസുഫ്യാൻ ആണയിട്ടു

ആ പ്രതിജ്ഞ നിറവേറ്റുവാനായി കുതിരപ്പടയാളികളായ ഇരുന്നൂറു ഖുറൈശികളോടുകൂടി, റജബ്മാസം മൂന്നാംവഷ്ത്തിലെ ദുൽഹജ്ജ്മാസം ആദ്യത്തിൽ, മദീനയിലേക്കു പുറപ്പെട്ടു. ഓരോ പടയാളിയും സവീഖ് എന്ന പലഹാരഭാണ്ഡങ്ങളും പേറിക്കൊണ്ടാണ് പുറപ്പെട്ടത്. ഭക്ഷണക്ഷാമം അനുഭവപ്പെടാതിരിപ്പാനുള്ള മുൻകരുതലായിരുന്നു അത്. മദീനയിൽ നിന്നു പതിനാറു നാഴിക അകലെ സ്ഥിതിചെയ്യുന്ന സദ്റുൽഖനാത് എന്ന മലച്ചെരുവിൽ അവർ താവളമടിച്ചു. അതിന്നടുത്ത അരീള് എന്ന സ്ഥലത്തുവെച്ചു മഅ്ബദിബ്നുഅംറ് (റ) എന്ന സഹാബിയെയും മറൊരു മുസ്‌ലിമിനെയും ആകസ്മികമായി അവർ കൊന്നുകളഞ്ഞു. അതിന്നുപുറമെ മുസ്‌ലിംകളുടെ തോട്ടങ്ങളും വെട്ടി നശിപ്പിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ മുഹാജിർകളും അൻസാർകളുമടങ്ങിയ ഒരു സേന അബൂസുഫ്യാനോടെതിർക്കുവാൻ പുറപ്പെട്ടു. ഇരുന്നൂറുപേരാണ് ആ സേനയിലുണ്ടായിരുന്നത്. മദീനയുടെ മേൽനോട്ടം വഹിപ്പാൻ ബുശൈരിബ്നുഅബ്ദുൽമുൻദിർ (റ) എന്ന അൻസാരിയെ ചുമതലപ്പെടുത്തി. ദുൽഹജ്ജുമാസം അഞ്ചാംതിയ്യതിയാണ് മുസ്‌ലിം സേന മദീനയിൽനിന്നു പുറപ്പെട്ടത്. മുസ്‌ലിംസേനയെ കണ്ടപ്പോൾ അബൂസുഫ്യാനും കൂതിരപ്പട്ടാളവും തിരിഞ്ഞോടി. കുതിരയുടെ ഭാരം കുറക്കുവാനായി പലഹാരഭാണ്ഡങ്ങളും വലിച്ചെറിഞ്ഞുകൊണ്ടാണ് അവർ ഓടിയത്. പലഹാരങ്ങളും വലിച്ചെറിഞ്ഞുകൊണ്ടു ഖുറൈശികളും പിന്തിരിഞ്ഞോടിയ ഈ യുദ്ധത്തിന്നു പലഹാരപ്പൊതികളുടെ യുദ്ധമെന്നതുമുള്ള സവീഖ് യുദ്ധമെന്നു പേരിട്ടു. ഖർഖറതുൽ കദിർ എന്ന സ്ഥലംവരെ, ശത്രുക്കളെ തേടിക്കൊണ്ടു മുസ്‌ലിംസേന കുതിക്കുകയുണ്ടായി. പക്ഷെ, അവരെ കണ്ടുകിട്ടിയില്ല. പലഹാരപ്പൊതികളും അവർ വലിച്ചെറിഞ്ഞുപോയ മറ്റു സാധനങ്ങളും മുസ്‌ലിംകൾ കൈക്കലാക്കി. 'ഞങ്ങളുടെ ഈ യാത്രക്കു യുദ്ധത്തിൻറെ മഹത്വമുണ്ടോ' എന്നു സഹാബികൾ അന്വേഷിച്ചപ്പോൾ, 'ഉണ്ട്' എന്നു തിരുമേനി(സ) മറുപടി പറഞ്ഞു. അഞ്ചാംദിവസം മുസ്‌ലിംസേന മദീനയിൽ തിരിച്ചെത്തി. [ആ മാസത്തിൽ തന്നെ ഉസ്മാനിബ്നുളുഊൻ (റ) മദീനയിൽ വെച്ചു വഫാതായി. മദീനയിൽവെച്ചു ആദ്യമായി വഫാതായ മുഹാജിർ അദ്ദേഹമാകുന്നു. മദീനയിലുള്ള ബഖീഇൽ അദ്ദേഹം ഖബറടക്കപ്പെട്ടു.]

ഖർഖറതുൽ കദിർ എന്നയുദ്ധം

ബനൂസുലൈം ഗോത്രക്കാരായ യഹൂദികൾ നടത്തിയ ധിക്കാരപരമായ അക്രമങ്ങളുടെ ഫലമായി, അവർ നാടും വീടും കഴിച്ചുപോകേണ്ടിവന്ന വസ്തുത മുമ്പു പ്രസ്താവിച്ചുവല്ലൊ. ഖർഖറതുൽ കദിറിലെ പ്രതിയോഗികൾ അവർ തന്നെയായിരുന്നു. അവർ താമസിച്ചിരുന്ന പ്രദേശത്തിന്നു കദിർ എന്നും, അവരുടെ പ്രദേശത്തുള്ള ജലസ്ഥലത്തിന്നു ഖർഖറത് എന്നും പേർ. ബനൂസുലൈം ഗോത്രക്കാർ സമീപവാസികളായ യഹൂദി കുടുംബങ്ങളെ സംഘടിപ്പിക്കുകയും, സംഘടിതമായി മദീനാനഗരം കൊള്ളയടിക്കുവാൻ പരിപാടിയിടുകയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ ഇരുന്നൂറു സഹാബികൾ അടങ്ങിയ ഒരു സേന ഖർഖറത്തിലേക്കു പുറപ്പെട്ടു. മുസ്‌ലിംസേന പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ യഹൂദികൾ ഓടിരക്ഷപ്പെട്ടു കളഞ്ഞു. മുസ്‌ലിംസേന കദിറിൽ എത്തുമ്പോഴേക്കും ആ പ്രദേശം ജനശൂന്യമായിക്കഴിഞ്ഞിരുന്നു. ആ പ്രദേശത്തിന്നടുത്തുള്ള എല്ലാ മലമുകളിലും മുസ്‌ലിംകൾ കയറിനോക്കി. യസാർ എന്ന ഒരു ഇടയനെയും കുറെ ഒട്ടകങ്ങളെയുമല്ലാതെ, ഒരു

കൂട്ടിയെടുപ്പവും അവർ കണ്ടെത്തിയില്ല. 'ബനൂഖൈനുഖാഅ് ഗോത്രക്കാർ എങ്ങോട്ടാണ് പോയത്' എന്നു മുസ്‌ലിംകൾ അന്വേഷിച്ചപ്പോൾ, 'അവർ അറിയുകയില്ലെന്നു' ആ ഇടയൻ മറുപടി നൽകി. അവിടെ കണ്ട ഒട്ടകങ്ങളെയും കാര്യം ഗനീമത്തായി മുസ്‌ലിംകൾ കൈവശപ്പെടുത്തി, മദീനയിലേക്കു മടങ്ങി. [ബനൂഖൈനുഖാഅ് ഗോത്രക്കാരുമായി യുദ്ധംചെയ്യാൻ രണ്ടു തവണ മുസ്‌ലിം സേന യാത്ര ചെയ്തുവെങ്കിലും ഒരുതവണ അവരുമായി ഏറ്റുമുട്ടാതെ മടങ്ങുകയും, രണ്ടാമത്തെ തവണ അവരെ കീഴടക്കുകയുമാണുണ്ടായത്.]

മുഹമ്മദിബ്നുമസ്‌ലമത് (റ) വിന്റെ യുദ്ധം

കൂസൈ ഗോത്രത്തിൽ കഅ്ബിബ്നുൽ അശ്റഫ് എന്ന കുപ്രസിദ്ധ യഹൂദിയുണ്ടായിരുന്നു. ബനൂനബ്ഹാൻ ഗോത്രക്കാരനായ കത്തു അറബിയുടെ മകനായിരുന്നു അയാൾ. ജാഹിലിയ്യാ കാലത്തു ആ അറബി കത്തു കൊലപാതകം നടത്തി. അതിനെത്തുടർന്നു നാടുവിട്ട മദീനയിൽ പോയി ജൂതമതം സ്വീകരിച്ചു അവിടെത്തന്നെ സ്ഥിരതാമസമാക്കി. ബനൂനളീർ എന്ന യഹൂദി കുടുംബത്തിൽനിന്നു കത്തു സ്ത്രീയെ അയാൾ വിവാഹം കഴിച്ചു. ആ ജൂതസ്ത്രീയിൽ ജനിച്ച മകനാണ് കഅ്ബ്. ധനികനും ശക്തനും വാചാലനും കവിയും കൂടിയായിരുന്നു അയാൾ. യഹൂദികൾ അയാളെ തങ്ങളുടെ നേതാവായി അംഗീകരിക്കുകയും, ഇബ്നുൽഅശ്റഫ് എന്ന പേരിൽ അയാൾ അറിയപ്പെടുകയും ചെയ്തു. യഹൂദികളായ നിരവധിപേരെയും പാവങ്ങളെയും അയാൾ പരമാവധി സഹായിച്ചു വന്നു. തിരുമേനി (സ) മദീനയിൽ എത്തിയതിനു ശേഷം, പതിവനുസരിച്ചു സഹായത്തിനായി അയാളെ സമീപിച്ച ആളുകളോടു അയാൾ ഇപ്രകാരം പറഞ്ഞു: 'നബിയാണെന്നു വകാശപ്പെടുന്ന ഒരാൾ ഇവിടെ വന്നിട്ടുണ്ടല്ലോ. അയാളെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?' 'നാം പ്രതീക്ഷിച്ചുകൊണ്ടിരുന്ന നബിയാണദ്ദേഹമെന്നു കാണുന്നു. ആ നബിയുടെ ലക്ഷണങ്ങളെല്ലാം അദ്ദേഹത്തിൽ കാണുന്നുണ്ടു' എന്നു അവർ മറുപടി നല്കി." എന്നാൽ നിങ്ങൾക്കു അവൻമതി. എന്നിൽനിന്നു ഒന്നും പ്രതീക്ഷിക്കേണ്ട' എന്നു പറഞ്ഞുകൊണ്ടു അയാൾ അവരെ തിരിച്ചയച്ചു. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ അവർ വീണ്ടും കഅ്ബിനെ സമീപിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു: 'നബിയാണെന്നു പറയുന്ന ആ മനുഷ്യനെപ്പറ്റി ഞങ്ങൾ മറ്റു പല പണ്ഡിതന്മാരോടുമന്വേഷിച്ചു. അപ്പോഴാണ് അയാൾ നബിയല്ലെന്നുള്ള കാര്യം ഞങ്ങൾക്കു മനസ്സിലായതു് ഞങ്ങൾ വകതിരിവില്ലാതെ, തെറ്റിദ്ധരിച്ചുപോയതായിരുന്നു. അയാൾ നബിയല്ലെന്നു ഞങ്ങൾക്കു ഇപ്പോൾ ബോധ്യമായിരിക്കുന്നു.' ഇതുകേട്ടപ്പോൾ സന്തുഷ്ടനായ കഅ്ബ് അവർക്കു പണം കൊടുക്കുകയും അവരെ സന്തോഷിപ്പിക്കുകയും ചെയ്തു. ഈ കഅ്ബ് തിരുമേനി (സ) യെ ആക്ഷേപിച്ചുകൊണ്ടു ഹീനകാവ്യങ്ങൾ രചിച്ചുപ്രചരിപ്പിക്കുകയും, തിരുമേനി (സ) യുമായി യുദ്ധം ചെയ്യുവാൻ ഖുറൈശികളെ പ്രേരിപ്പിക്കുകയും ചെയ്തുവന്നു. തിരുമേനി (സ) യും യഹൂദരും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി അയാൾ ലംഘിച്ചു. ഇസ്‌ലാമിന്റെ വിനാശത്തിനായി അഹോരാത്രം അക്ഷീണം അയാൾ യത്നിച്ചു. ഇസ്‌ലാമിനെതിരായ വിദ്വേഷാഗ്നിയുടെ കേന്ദ്രമായി അയാൾ വർത്തിച്ചു. ആ അഗ്നിയിൽ ഇസ്‌ലാമിനെ ചുട്ടുകരിക്കുവാൻ അയാൾ സർവ്വാത്മനാ ആഗ്രഹിച്ചു. ആ അഗ്നികേന്ദ്രം നശിപ്പിച്ചില്ലെങ്കിൽ ഉണ്ടാവാനിടയുള്ള ഭവിഷ്യത്തു് അത്യന്തം ആപൽക്കരമായിരിക്കുമെന്നു തിരുമേനി (സ)

ഗ്രഹിച്ചു. ആ കാഴ്ച അതിന്റെ തിരിയിൽവെച്ചതന്നെ കെടുത്തിക്കളയേണമെന്നു തിരുമേനി (സ) തീരുമാനിച്ചു. ഈ പ്രശ്നം സഹാബികളുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ മുഹമ്മദിബ്നു മസ്‌ലമത് (റ) അതിന്നു സന്നദ്ധത പ്രകടിപ്പിച്ചു. നിങ്ങൾ ധൃതിയായി പുറപ്പെടാതിരിപ്പാനും, സഅ്ദിബ്നു മആദുമായി ഇതിനെപ്പറ്റി കൂടിയാലോചന നടത്തുവാനും തിരുമേനി (സ) അദ്ദേഹത്തെ ഉപദേശിച്ചു. അതനുസരിച്ചു, സഅ്ദിബ്നുമആദ് (റ) വുമായി ഈ വിഷയത്തെക്കുറിച്ചു അദ്ദേഹം സംസാരിച്ചു. അദ്ദേഹം നൽകിയ നിർദ്ദേശങ്ങൾ മുഹമ്മദ് (റ) സ്വീകരിച്ചു. അതിന്നുശേഷം, നാഇലത് എന്ന മൽകാനിബ്നു സലാമത് (റ), അബ്ബാദിബ്നുബിശ്ർ (റ), ഹർസിബ്നു ഔസ് (റ), ഐസിബ്നു ജുബൈർ (റ) എന്നിവരുമായി ഈ വിഷയത്തെക്കുറിച്ചു കൂടിയാലോചനനടത്തി. ഈ ഉദ്യമത്തിൽ മുഹമ്മദ് (റ) വെ സഹായിക്കാമെന്നു അവർ നാലുപേരും സമ്മതിച്ചു. തിരുമേനി (സ) യുടെ സന്നിധിയിൽ തിരിച്ചെത്തിയ അദ്ദേഹം തിരുമേനി (സ) യോടു ചോദിച്ചു:- 'യാറസൂലല്ലാ, കഅ്ബിനെ കൊല്ലുന്നതിനു സൂത്രങ്ങൾ പ്രയോഗിക്കുന്നതു അനുവദനീയമാണൊ?' 'ഈ വക ഘട്ടങ്ങളിൽ എന്തുസൂത്രങ്ങളും ആവാം' എന്നു തിരുമേനി (സ) അരുളി.

ഹിജ്റ നാലാംവർഷം റബീഉൽഅവ്വൽ പതിനാലാം തിയ്യതി മുഹമ്മദിബ്നു മസ്‌ലമത് (റ) കഅ്ബിനെ തേടിപുറപ്പെട്ടു. മുൻപറഞ്ഞ നാലു സഹാബികളും അദ്ദേഹത്തെ അനുഗമിച്ചു. കഅ്ബ് മധുവിധുകൊണ്ടാടുന്ന ഘട്ടമായിരുന്നു അതു്. രാത്രിയായപ്പോൾ മുസ്‌ലിംകളും കഅ്ബിന്റെ വീട്ടിലെത്തി. മുഹമ്മദിബ്നു മസ്‌ലമത് (റ) ആ വീട്ടിലേക്കു ചെന്നു കഅ്ബിനെ വിളിച്ചു. മറ്റു നാലുപേർ അകലെ മാറിനിന്നു. രാത്രികാലത്തു പുറത്തുപോകരുതെന്നും, ഈ വിളിയിൽ ദുർല്ലക്ഷണം കാണുന്നുണ്ടെന്നും പറഞ്ഞുകൊണ്ടു, പുറത്തേക്കു പോവാനൊരുങ്ങിയ കഅ്ബിനെ ഭവധൃവിലക്കി. ആ വിലക്കു വകവെക്കാതെ അയാൾ പുറത്തുപോയി, ആഗതനുമായി സംസാരിച്ചു. നിങ്ങളുടെ വരവിന്റെ ഉദ്ദേശ്യമെന്തെന്നു കഅ്ബ് അന്വേഷിച്ചപ്പോൾ, അദ്ദേഹം ഇപ്രകാരം പറഞ്ഞു:- 'ഞങ്ങൾക്കു ഒരു നബിയെ കിട്ടിയ വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലൊ. അയാൾ ഞങ്ങളെ തിന്നുമുടിച്ചു. ഞങ്ങളുടെ കയ്യിലുള്ളതെല്ലാം അയാൾക്കു ഞങ്ങൾ കൊടുത്തു. ഇപ്പോൾ ഞങ്ങളുടെ കയ്യിൽ ഭക്ഷണത്തിന്നു വകയില്ലാതായിരിക്കുന്നു. അതുകൊണ്ടു ഒരു തുക നിങ്ങൾ ഞങ്ങൾക്കു കടംതന്നു സഹായിക്കണം എന്നഭ്യർത്ഥിപ്പാനാണു് ഇങ്ങോട്ടുവന്നതു്.'

കഅ്ബ് സന്തോഷംകൊണ്ടു മതിമറന്നു; അയാൾ പറഞ്ഞു:- 'ചങ്ങാതീ, ഞാൻ പറഞ്ഞതു സത്യമാണെന്നു ഇപ്പോൾ അനുഭവത്തിൽനിന്നു മനസ്സിലായില്ലെ? അങ്ങിനെവേണം. മറവുള്ളവരെ അവഗണിച്ചാൽ ഇതൊക്കെത്തന്നെയാണു് അനുഭവപ്പെടുക. ശരി. ഞാൻ കടംതരാം. പക്ഷെ, എന്തെങ്കിലും സാധനം പണയം തരണം.'

മുഹമ്മദ് (റ) :- 'പണയം തരുവാൻ പറ്റിയ സാധനങ്ങളൊന്നും കയ്യിലില്ലല്ലൊ.?

കഅ്ബ്:- 'നിങ്ങളുടെ സ്ത്രീകളെ പണയം തരിക.'

മുഹ:- 'ഞങ്ങളുടെ സ്ത്രീകളെയൊ? അതു സാധിക്കാത്ത കാര്യമാണു്.'

ക:- 'എങ്കിൽ, നിങ്ങളുടെ മക്കളെ പണയം തരൂ.'

മു:- മക്കളെ പണയം തരികയെന്നതു അവരുടെ ഭാവിയെ ബാധിക്കുന്ന കാര്യമാണല്ലൊ.

അവർ മുതിർന്നുകഴിഞ്ഞാൽ ഈ അപവാദം അവരുടെ യോഗ്യതയെ കളങ്കപ്പെടുത്തുകയില്ലേ?'

ക:– 'പണയത്തിന്മേലല്ലാതെ പണം കടം തരുവാൻ സാധിക്കുകയില്ല'

മു:– 'എന്നാൽ ഒരു കായ്മ ചെയ്യാം. ഞങ്ങളുടെ കയ്യിൽ ചില ആയുധങ്ങളുണ്ട്. അതു പണയം തരാം. അവ ഞങ്ങൾക്കു അത്യാവശ്യമുള്ള സാധനങ്ങളാകയാൽ ഉടനെ തിരിച്ചു വാങ്ങി കടം വീട്ടുവാനും കഴിയും.'

കഅ്ബ് അതു സമ്മതിച്ചു. സംസാരിച്ചുകൊണ്ടു രണ്ടുപേരും മുറത്തിറങ്ങി, അകലെ നിൽക്കുന്നവരുടെ അടുക്കലേക്കു നടന്നു. അവർ ആറുപേരും ഒരുമിച്ചുകൂടി. കഅ്ബിന്റെ ശരീരത്തിൽനിന്നു സുഗന്ധം വമിക്കുന്നുണ്ടായിരുന്നു. അബൂനാഇലത് (റ) കഅ്ബിന്റെ തലമുടി തൊട്ടു മണത്തുനോക്കുകയും, 'അസാധാരണമായ പരിമളം' എന്നു പ്രശംസിക്കുകയും ചെയ്തു. മുഹമ്മദിബ്നു മുസ്‌ലമത് (റ) കഅ്ബിന്റെ തലയിൽതൊട്ടു, പരിമളം പുരണ്ട കൈ മറ്റുള്ളവരെ മണപ്പിച്ചു. 'അറബി സ്ത്രീകളിൽ അതിസുന്ദരിയും പ്രകൃത്യാ പരിമളവാഹിനിയുമായ ഒരു സ്ത്രീ എന്റെ അധീനത്തിലു'ണ്ടെന്നു പറഞ്ഞുകൊണ്ടു കഅ്ബ് ആത്മപ്രശംസയുടെ അദ്ധ്യായം ആരംഭിച്ചു. അപ്പോൾ മുഹമ്മദിബ്നു മസ്‌ലമത് (റ) കഅ്ബിന്റെ തലമുടി കയറിപ്പിടിക്കുകയും, കഴുത്തു വെട്ടുവാൻ കൂട്ടുകാരോടാവശ്യപ്പെടുകയും ചെയ്തു. കഅ്ബ് അട്ടഹസിച്ചതും അയാളുടെ കഴുത്തു ഉടലിൽനിന്നു വേർപ്പെട്ടതും ഒരുമിച്ചുകഴിഞ്ഞു. കഅ്ബിന്റെ ഭാര്യ നിലവിളിച്ചു. ആളുകൾ രംഗത്തു എത്തുമ്പോഴേക്കും കഅ്ബിന്റെ തലയുമായി സഹാബികൾ സ്ഥലംവിട്ടു. ബഖീഉൽഗർഖദ് എന്ന സ്ഥലത്തെത്തിയപ്പോൾ സഹാബികൾ തക്ബീർ മുഴക്കി. തക്ബീർധ്വനി കേട്ടപ്പോൾ തിരുമേനി (സ) ക്കു സംഗതി മനസ്സിലായി. [ഉടമ്പടി ലംഘിച്ചു, വഞ്ചനാപരമായ ധിക്കാരങ്ങൾ പ്രവർത്തിച്ച കാഫിർകളുടെ നേരെ ഇത്തരം അടവുകൾ പ്രയോഗിക്കുന്നതു തെറ്റാവുകയില്ല.] കഅ്ബിന്റെ വധം യഹൂദികളെ ഞെട്ടിച്ചു. അവർ തിരുമേനി (സ) യെ സമീപിച്ചു ക്ഷമാപണം ചെയ്യുകയും ഉടമ്പടിയിലേർപ്പെടുകയുമുണ്ടായി.

ഗത്ഫാൻയുദ്ധം

നജ്ദിലെ ഒരു പ്രദേശമാണ് ഗത്ഫാൻ. ബനൂമുർറ, ബനൂഅൻമാർ എന്നീ യഹൂദിഗോത്രങ്ങളുടെതായിരുന്ന ആ പ്രദേശം. ആ യഹൂദികൾ മുസ്‌ലിംകൾക്കെതിരായി ഒരു ഗൂഢാലോചന നടത്തുകയും മദീനയെ ആക്രമിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ, നാനൂറാമ്പതു കുതിരപ്പടയാളികളോടുകൂടി തിരുമേനി (സ) ഗത്ഫാനിലേക്കു പുറപ്പെട്ടു. ഹിജ്റാബ്ദം നാലാംവർഷത്തിലെ റബീഉൽ അവ്വൽ പന്ത്രണ്ടിന്നാണ് മുസ്‌ലിംസേന പുറപ്പെട്ടത്. മദീനയുടെ ചുമതല ഉസ്മാനിബ്നു അഫ്ഫാൻ (റ) വിൽ ഏല്പിച്ചു. മുസ്‌ലിം സേന പുറപ്പെട്ട വിവരം അറിഞ്ഞ യഹൂദികൾ അടുത്തുള്ള മലമുകളിൽ അഭയം പ്രാപിച്ചു. ഗത്ഫാനിൽ വെച്ചു ഒരു യഹൂദിയെ മാത്രമെ മുസ്‌ലിംകൾക്കു കണ്ടുകിട്ടിയുള്ളൂ. അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. അവിടെ നിന്നു മുസ്‌ലിംസേന ദീഅമർറ് എന്ന സ്ഥലത്തേക്കു നീങ്ങുകയും മൂന്നു ദിവസം അവിടെ താമസിക്കുകയും ചെയ്തു. മൂന്നാംദിവസം ഒരു മഴ പെയ്തു. തിരുമേനി (സ) യുടെയും സഹാബികളുടെയും ഉടുപ്പുകൾ നയയുകയുണ്ടായി. തിരുമേനി (സ) രണ്ടു ഉടുപ്പുകൾ ഒരു മരക്കൊമ്പിൽ ഉണങ്ങുവാനിട്ടുകൊണ്ടു ആ മരത്തണലിൽ കിടന്നു വിശ്രമിച്ചു. മലമുകളിൽനിന്നു യഹൂദികൾ ഈ കാഴ്ച കാണുകയും തിരുമേനി (സ) യെ കൊല്ലുവാനുള്ള സുവർണ്ണാവസരം കൈവന്നതായി ധരിക്കുകയുമുണ്ടായി. സഹാബിമാർ അകലെനിന്നു പല ജോലികൾ ചെ

യ്യുകൊണ്ടിരിക്കുകയായിരുന്നു. രംഗത്തു തിരുമേനി (സ) മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ വിവരം യഹൂദികൾ അവരുടെ തലവനായ ദുഅ്സൂറിനെ അറിയിച്ചു. ധീരശൂരനായിരുന്നു ദുഅ്സൂർ. അദ്ദേഹം ഒരു വാളുമായി, മുസ്‌ലിംകളുടെ കണ്ണിൽപ്പെടാതെ, മലമുകളിൽ നിന്നിറങ്ങിവന്നു തിരുമേനി (സ) യെ സമീപിച്ചു, വാളോങ്ങിക്കൊണ്ടു 'ഇപ്പോൾ നിന്നെ ആർ രക്ഷിക്കും' എന്നു ചോദിച്ചു. 'അല്ലാഹു രക്ഷിക്കും' എന്നു തിരുമേനി (സ) പറഞ്ഞതും, ജിബ്‌രീൽ (അ) വാൾ അയാളുടെ കയ്യിൽനിന്നു തട്ടിക്കളഞ്ഞതും ഒരുമിച്ചു കഴിഞ്ഞു. അയാൾ മലർന്നടിച്ചു നിലത്തു വീണു. ആ വാൾ എടുത്തുചിടിച്ചുകൊണ്ടു തിരുമേനി (സ) ദുഅ്സൂറോടു ചോദിച്ചു:- 'നിന്നെ ഇപ്പോൾ ആർ രക്ഷിക്കും'? 'എന്നെ രക്ഷിപ്പാൻ ആരുമില്ല' എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം ഇസ്‌ലാംമതം സ്വീകരിപ്പാൻ സന്നദ്ധനാവുകയും അവിടെവെച്ചുതന്നെ ഇസ്‌ലാംമതം സ്വീകരിക്കുകയും ചെയ്തു. തിരുമേനി (സ) ആ ഖഡ്ഗം അദ്ദേഹത്തിന്നു തിരിച്ചുകൊടുത്തു. അദ്ദേഹം മലമുകളിൽ പോയി തന്റെ ആളുകളോടു നടന്ന സംഗതികളെല്ലാം വിവരിച്ചു പറഞ്ഞപ്പോൾ, അവർ എല്ലാവരും ഇസ്‌ലാംമതം സ്വീകരിപ്പാൻ തയ്യാറാവുകയും, മലമുകളിൽ നിന്നു ഇറങ്ങിവന്നു ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. [ഈ യുദ്ധത്തിന്നു ദീഅംറ് യുദ്ധം, അൻമാർ യുദ്ധം എന്നീ പേരുകളും കൂടിയുണ്ടു്.] പതിനൊന്നാം ദിവസം മുസ്‌ലിം സേന മദീനയിൽ തിരിച്ചെത്തി.

ബഹ്‌റാൻ യുദ്ധം

മദീനയിൽ നിന്നു നൂറിരുപത്തെട്ടു നാഴിക അകലെ സ്ഥിതിചെയ്യുന്ന ഒരു നാടാണു് ബഹ്‌റാൻ. റബീഉൽ അവ്വൽ ആറാംതിയ്യതി തിരുമേനി (സ) യും മുന്നൂറു സഹാബികളും ബഹ്‌റാനിലേക്കു യുദ്ധയാത്ര പുറപ്പെട്ടു. മദീനയുടെ മുമതപ്പ ഉമ്മുമക്തൂം (റ) വിനെ ഏല്പിച്ചു. ബനൂസുലൈം ഗോത്രക്കാർ ബഹ്‌റാനിൽ ഒരു രഹസ്യയോഗം ചേർന്നതാണു് പ്രസ്തുത യാത്രയുടെ കാരണമെന്നു പറയപ്പെടുന്നു. തിരുമേനി (സ) യും സഹാബികളും അവിടെ എത്തുന്നതിനു മുമ്പു്, യഹൂദികൾ സ്ഥലം വിട്ടുകഴിഞ്ഞിരുന്നതുകൊണ്ടു നടപടികളൊന്നും ആവശ്യമായി വന്നില്ല. പത്താംദിവസം മുസ്‌ലിം സേന മദീനയിൽ തിരിച്ചെത്തി.

[ഈ വർഷത്തിൽ തന്നെയാണു് തിരുമേനി(സ) യുടെ പുത്രിയായ ഉമ്മുകുൽസും (റ) യെ ഉസ്മാനിബ്നുഅഫ്ഫാൻ (റ) വിനു വിവാഹം ചെയ്തുകൊടുത്തതും, ഉമർഫാറൂഖ് (റ) വിന്റെ മകളായ ഹഫ്സാ (റ) യെ തിരുമേനി (സ)വിവാഹം ചെയ്തതും. ഖുനൈസ് എന്നോ ഹുബൈസ് എന്നോ പേരുള്ള പ്രഥമഭർത്താവു മരിച്ചു ഇദ്ദ കഴിഞ്ഞതിന്നു ശേഷമാണു് തിരുമേനി (സ) ഹഫ്സാ (റ) യെ വിവാഹം ചെയ്തതു.

[ജഹ്ശിന്റെ പുത്രിയായ സൈനബ (റ) യെ തിരുമേനി (സ) വിവാഹം ചെയ്തതും ഹിജ്റയുടെ നാലാംവർഷത്തിലെ റമളാൻമാസത്തിലാകുന്നു. ആ വിവാഹം ചരിത്രത്തിലെ സവിശേഷമായ ഒരു സംഭവമത്രെ. അപകടമതികളായ മനുഷ്യരുടെ യുക്തിചിന്തകൾ ആ സംഭവത്തെ പലതരത്തിൽ അപഗ്രഥിച്ചിട്ടുണ്ടെങ്കിലും, ആ സംഭവം അലോകസാധാരണമായതുകൊണ്ടു അതിലെ മർമ്മം കണ്ടെത്തുന്നതിൽ മനുഷ്യയുക്തി പലപ്പോഴും പരാജയപ്പെട്ടിട്ടുണ്ടു്. ജിബ്‌രീൽ (അ) എന്ന മലക്കിനെ

സാക്ഷി നിറുത്തിക്കൊണ്ട് അല്ലാഹു നിക്കാഹ് നടത്തിയ ഒന്നാണ് നബി (സ) യും സൈനബ (റ) യും തമ്മിലുള്ള വിവാഹം. ഇതാണ് ആ ദിവ്യ വിവാഹത്തിന്റെ മഹത്ത്വം. സൈനബ (റ) യെ ആദ്യം സൈദിബ്‌നുഹാരിസത്താണ് വിവാഹം കഴിച്ചത്. കുലമഹിമയുടെ പേരിൽ ആ ബന്ധം സൈനബ (റ) ആദ്യം ഇഷ്ടപ്പെട്ടില്ല. പക്ഷെ, അല്ലാഹുവിന്റെയും റസൂലിന്റെയും ഹിതത്തെ നിരാകരിപ്പാൻ ആ മഹതി ഒരുങ്ങിയില്ല. ആ വിവാഹത്തിന്റെ പിന്നിൽ സൈദ് (റ) വിന്റെ തീവ്രമായ ശ്രമവും, സഹാബീവര്യരിൽ ചിലരുടെ കനത്ത സഹകരണവും, തിരുമേനി (സ)യുടെ ഹിതവും പ്രവർത്തിച്ചിരുന്നു. അങ്ങിനെ അസാദ്ധ്യമായ ഒന്നു സാദ്ധ്യമായിത്തീർന്നു. പത്തു പൊന്നും, അറുപതു വെള്ളിയും, വസ്ത്രങ്ങളും, പുതപ്പും, അമ്പതു മുദ് ഗോതമ്പും സൈദ് (റ) വിവാഹദിവസം സൈനബ (റ) യുടെ വീട്ടിൽ അയച്ചു കൊടുത്തു. അവർ ദാമ്പത്യജീവിതം ആരംഭിച്ചു. വാചാലതയും ആഭിജാത്യവുമുള്ള ഒരു കുലസ്ത്രീയായിരുന്നു സൈനബ (റ). അവരുമായി തുല്യ നിലയിൽ പൊരുത്തപ്പെട്ടു മുന്നോട്ടു നീങ്ങുവാൻ സൈദ് (റ) വിനു സാധിച്ചില്ല. അദ്ദേഹം വിഷമിച്ചു തുടങ്ങി. വിവാഹമോചനം എന്ന ആശയം അദ്ദേഹത്തെ കീഴടക്കി. തന്റെ ഇംഗിതം തിരുമേനി (സ) യുടെ മുമ്പിൽ അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു. ആ കാര്യത്തിൽ തിരുമേനി അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. പക്ഷെ, സൈദ് (റ) തന്റെ ആശയം ഒരു ആവശ്യമെന്ന നിലക്കു ആവർത്തിച്ചപ്പോൾ വിവാഹമോചനം നടത്തിക്കൊള്ളുവാൻ തിരുമേനി (സ) അനുവദിച്ചു. അതിനു ശേഷം അല്ലാഹുവിന്റെ ഹിതമനുസരിച്ചുണ്ടായ സംഭവവികാസത്തിന്റെ ഫലമാണ് തിരുമേനി (സ) യും സൈനബ (റ) യും തമ്മിൽ നടന്ന വിവാഹം. ആ വിവാഹം പ്രമാണിച്ചു തിരുമേനി (സ) ഒരു ആട്ടിനെ അറുത്തു സദ്യ നടത്തുകയുണ്ടായി. [തിരുമേനി (സ) യും സൈനബ (റ) യും തമ്മിലുള്ള വിവാഹകാര്യത്തിൽ സന്ദേശവാഹകനായി പ്രവർത്തിച്ചതു സൈദ് (റ) വാണെന്നുള്ള വസ്തുത പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. സൈനബ (റ) യുമായുള്ള വിവാഹമോചനത്തിൽ അദ്ദേഹം തികച്ചും സന്തുഷ്ടനായിരുന്നു എന്നുള്ളതിന്റെ തെളിവാണതു.]

സൈദിബ്‌നു ഹാരിസത് (റ) വിന്റെ യുദ്ധയാത്ര

ഖുറൈശികൾ ഹിജാസ് വഴിക്കാണ് സാധാരണ ശാമിലേക്കു വ്യാപാരയാത്ര നടത്തിപ്പോന്നിരുന്നതു. ബദ്ർ യുദ്ധം കഴിഞ്ഞതിനുശേഷം അവർ ആ വഴിക്കു പോകാതെ, ഇറാഖുവഴി യാത്രചെയ്തുതുടങ്ങി. അബൂസുഫ്‌യാനിബ്‌നു ഹർബ്, സഫ്‌വാനിബ്‌നു ഉമയ്യത്ത്, ഹുവൈതിബ്‌നു അബ്ദിൽ ഉസ്സാ എന്നിവരായിരുന്ന ഖുറൈശീകുട്ടത്തിലെ വൻകപ്രധാനികൾ. [മക്കാ വിജയവേളയിൽ ഇവർ മൂന്നുപേരും ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ട്.] അവരുമായി ഏതിരിടുവാൻ, ഹിജ്‌റാബ്ദം നാലാം വർഷത്തിലെ ജമാദുൽ ആഖർ മാസത്തിൽ, സൈദിബ്‌നു ഹാരിസത് (റ) വിന്റെ നേതൃത്വത്തിൽ നൂറു കുതിരപ്പട്ടാളക്കാർ ഖർദത് എന്ന സ്ഥലത്തേക്കു നിയോഗിക്കപ്പെട്ടു. ഹിജാസിലെ ജലസ്ഥലമാണ് ഖർദത്. അവിടെവെച്ചു മുസ്‌ലിംകൾ ഖുറൈശീകച്ചവട സംഘത്തെ കണ്ടുമുട്ടി. മുസ്‌ലിം സേനയെ കണ്ടപ്പോൾ ഖുറൈശികൾ ഓടിക്കളഞ്ഞു. അവർ വിട്ടേച്ചുപോയ വസ്തുക്കൾ ഗനീമത്തായി മുസ്‌ലിംകൾ കയ്യടക്കി. ആകെ ഒരു ലക്ഷം വെള്ളി വിലക്കുള്ള സാധനങ്ങൾ ആ സംഭവത്തിൽ ഗനീമത്തായി മുസ്

ലിംകൾക്കു ലഭിച്ചു. അതിൽ അഞ്ചിൽ നാലോഹരി ആ യുദ്ധയാത്രയിൽ പങ്കെടുത്ത യോദ്ധാക്കൾക്കു വീതിച്ചുകൊടുത്തു. ഫുറാനി ബ്‌ൻ ഹയ്യാൻ എന്ന വ്യക്തി ആ സംഭവത്തിൽ ബന്ധനസ്ഥനാക്കപ്പെട്ടു

ഉഹ്ദ് യുദ്ധം

ഖുറൈശികളുമായി നടന്ന രണ്ടാമത്തെ ഘോരയുദ്ധമാണ് ഉഹ്ദ് യുദ്ധം. ഹിജ്‌റാബ്ദം നാലാം വർഷത്തിലെ ശവ്വാൽ മാസത്തിൽ നടന്ന ചരിത്രപ്രധാനമായ ഉഹ്ദ് യുദ്ധം പതിനൊന്ന് അദ്ധ്യായങ്ങളിലായി വിവരിക്കാം. [ഉഹ്ദ് എന്നതു മദീനയിൽ നിന്നു രണ്ടോ, മൂന്നോ നാഴിക അകലെ സ്ഥിതി ചെയ്യുന്ന ഒരു പർവ്വതത്തിന്റെ പേരാണ്. അതു പോലുള്ള മറെറാരു പർവ്വതം ആ പ്രദേശത്തൊന്നും ഇല്ലാതിരുന്നതുകൊണ്ട്, 'ഒറ' എന്നതധികമുള്ള ഉഹ്ദ് എന്ന ഇതിനു പേർ ലഭിച്ചു. മൂസാ നബിയുടെ സഹോദരനായ ഹാറൂൻ നബി ഈ മലയിലാണ് ഖബറടക്കപ്പെട്ടിട്ടുള്ളതു്.' ഞങ്ങളെ ഇങ്ങോട്ടും, ഞങ്ങൾ അങ്ങോട്ടും പരസ്പരം സ്നേഹിച്ച പർവ്വതമാണിതെന്നു തിരുമേനി (സ) അരുളീട്ടുണ്ട്, 'ഉഹ്ദ് മല സ്വർഗ്ഗത്തിലെ മലകളിൽപ്പെട്ട ഒന്നാണെന്നു' തിരുമേനി അരുളിയതായും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. പർവ്വതങ്ങളുടെ കൂട്ടത്തിൽ പുണ്യമുള്ള പർവ്വതം, ആദം (അ) ഹവ്വാബീയെ കണ്ടു മുട്ടിയ അറഫാ മലയാണെന്നും; തിരുമേനി (സ) യുടെ അമാനുഷികതയാൽ ചന്ദ്രൻ ഇറങ്ങി വന്ന അബൂഖുബൈസ് എന്ന മലയാണെന്നും; മൂസാനബി(അ)അല്ലാഹുവുമായി സംഭാഷണം നടത്തിയ തൂർസീനാ എന്ന മലയാണെന്നും; ചലിച്ചുകൊണ്ടിരുന്ന ഭൂമിയെ നിശ്ചലമാക്കി നിറുത്തിയ ഖാഫ് മലയാണെന്നും; പലർ പല വിധത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.]

അദ്ധ്യായം 1

അബൂസുഫ്‌യാനെയും അയാളുടെ കച്ചവടസംഘത്തെയും എതിർക്കുവാൻ ബദ്‌റിലേക്കു പുറപ്പെട്ട മുസ്‌ലിം സേനയുടെ കണ്ണിൽപെടാതെ, വഴിമാറി യാത്ര ചെയ്തുകൊണ്ട് അയാൾ മക്കയിലെത്തി രക്ഷപ്പെട്ട വസ്തുത ബദ്‌ർ യുദ്ധത്തിന്റെ പശ്ചാത്തലം വിവരിച്ച സന്ദർഭത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലൊ. അബൂസുഫ്യാൻ മക്കയിലെത്തുമ്പോഴേക്കും ഖുറൈശികൾ വേറൊരു വഴിക്കു ബദ്‌റിലേക്കു പുറപ്പെടുക എന്നതു മൂലം വ്യാപാരസാധനങ്ങളെല്ലാം അദ്ദേഹം ദാറുന്നദ്‌വായിൽ സൂക്ഷിച്ചു വെച്ചു. ബദ്‌റിൽ വെച്ചു ഖുറൈശികൾക്കു കനത്ത പ്രഹരമേറ്റതിനെത്തുടർന്നു, ആ കച്ചവടസാധനങ്ങളെക്കുറിച്ചു പെട്ടെന്നാരും ശ്രദ്ധിച്ചില്ല. അതിൽ ഖുറൈശികളായ പല കച്ചവടക്കാരുടെ സാധനങ്ങളുണ്ടായിരുന്നു. അബ്ദില്ലാ ഹിബ്‌ന അബീറബീഅത്, ഇക്‌രി മതിബ്‌ന അബീജഹൽ, സഫ്‌വാനി ബ്‌ന ഉമയ്യത്തു് എന്നിവർ [ഈ മൂന്നു പേരും പിൽക്കാലത്തു് ഇസ്‌ലാം മതം വിശ്വസിച്ചിട്ടുണ്ട്.] പരസ്പരം ആലോചിച്ചുകൊണ്ട് ഒരു പുതിയ ആവേശത്തിനു കളമൊരുക്കി. ദാറുന്നദ്‌വയിൽ സൂക്ഷിച്ചിട്ടുള്ള സാധനങ്ങളുടെ ഉടമസ്ഥന്മാരെ മുഴുവനും അവർ ചെന്നു കണ്ടു ദാറുന്നദ്‌വായിൽ സമ്മേളിക്കുവാൻ ആവശ്യപ്പെട്ടു യോഗോദ്ദേശ്യം അബൂസുഫ്‌യാനെ കാലെ ക്കൂട്ടി ധരിപ്പിച്ചു. ബന്ധപ്പെട്ട വ്യക്തികളെല്ലാം ദാറുന്നദ്‌വയിൽ ഹാജരായി. മുഹമ്മദ് നമ്മുടെ ബാപ്പമാരെയും സഹോദരന്മാരെയും ബന്ധുക്കളേയും കൊന്ന കളങ്കത വ്യസനം ഒരിക്കലും അവസാനിക്കുകയില്ല. ആ സംഭവം നമ്മുടെ പ്രതാപത്തെയും യശസ്സിനെയും പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ഇതിനുപകരം ചോദിക്കാതെ അടങ്ങിയിരുന്നാൽ കൂടാ. പ

കരം ചോദിക്കലിനു കാലവിളംബം ഉണ്ടാവാനും പാടില്ല. ഒരു മഹായുദ്ധത്തിനുള്ള ഒരുക്കങ്ങളും അടിയന്തിരമായി ചെയ്യേണ്ടിയിരിക്കുന്നു. പണമാണു് നമുക്കാവശ്യം. അതു കൊണ്ടു ഓന്നാമ്പ്‌വായിൽ സൂക്ഷിച്ചുവെച്ചിട്ടുള്ള കച്ചവടസാധനങ്ങളും യുദ്ധഫണ്ടിലേക്കു നൽകേണം' എന്നു യോഗത്തിന്റെ പ്രമേയം താക്കും സദസ്യരോടു അഭ്യർത്ഥിച്ചു. ഈ യുദ്ധഫണ്ടിലേക്കു നിങ്ങളും നല്ലൊന കനത്ത സംഭാവനകളും നമ്മുടെ അഭിമാനത്തേയും പ്രതാപത്തേയും വീണ്ടെടുപ്പാനുള്ള ആയുധമാണെന്നു അവർ പ്രഖ്യാപിച്ചു. ഈ വിഷയം സദസ്സിന്റെ സവിശേഷമായ ശ്രദ്ധക്കും ചർച്ചകൾക്കും വിഷയമായി. ആ കച്ചവടത്തിന്നിറക്കിയ മുതൽ മാത്രം അവകാശികൾക്കു തിരിച്ചു കൊടുപ്പാനും ലാഭം യുദ്ധഫണ്ടിലേക്കു നൽകുവാനും അവർ തീരുമാനിച്ചു. ആ കച്ചവടത്തിൽ കണക്കാക്കപ്പെട്ട ലാഭം അമ്പതിനായിരം വെള്ളിയായിരുന്ന അബൂസുഫ്‌യാൻ ഈ തീരുമാനത്തെ സഹർഷം സ്വാഗതം ചെയ്തു. മാത്രമല്ല, അബ്ദുമനാഫിന്റെ മക്കളും ഈ തീരുമാനത്തെ അംഗീകരിച്ചതായി അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. തുടൻ മറ്റുള്ളവരും ഈ തീരുമാനത്തെ അംഗീകരിച്ചു. ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു്, 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തടസ്ഥം ഉണ്ടാക്കുവാനായി കാഫിർകൾ അവരുടെ മുതൽ ചിലവഴിക്കുന്നു. അതു അവർക്കു നഷ്ടവും പരാജയവും തന്നെ' എന്നർത്ഥമുള്ള ആയത്തു് അവതരിച്ചു.

ഇങ്ങിനെ, യുദ്ധത്തിന്നാവശ്യമായ സാമ്പത്തികശേഷി കൈവരിച്ചുകഴിഞ്ഞശേഷം, മറ്റു സന്നാഹങ്ങളും സജ്ജമാക്കുന്നതിൽ അവർ വ്യാപൃതരായി. ഖുറൈശീ പ്രമുഖന്മാരിൽ ചിലർ, നടക്കാനിരിക്കുന്ന യുദ്ധത്തിന്റെ ജയാപജയങ്ങളും മുൻകൂട്ടി അറിയുവാനായി, അസ്‌ലാം എന്ന അറുകൊണ്ടു ഗണിതം നടത്തി. യുദ്ധത്തിൽ ജയിക്കുമെന്നു കണ്ടപ്പോൾ അവർ ആഹ്ലാദത്താൽ മതിമറന്നു. യുദ്ധയാത്രക്കുള്ള ഒരുക്കങ്ങളും പൂർത്തിയായി. സഫ്‌വാനിബ്‌നു ഉമയ്യത്ത് എന്ന ആളും അബൂഉസ്സയോടു ഇപ്രകാരം പറഞ്ഞു:- 'താങ്കളും ഒരു മഹാകവിയാണല്ലൊ. താങ്കളുടെ കവിതപാടം കൊണ്ടു ഈ യുദ്ധസംരംഭത്തിന്നു ആവേശം നൽകേണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. താങ്കളുടെ സാന്നിദ്ധ്യം ഞങ്ങളെസ്സംബന്ധിച്ചേടത്തോളം അനിവാര്യമാകുന്നു. യുദ്ധം കഴിഞ്ഞു തിരിച്ചുവന്നാൽ താങ്കളെ ഞാൻ ഒരു ധനികനാക്കും. മറിച്ചു സംഭവിക്കുകയാണെങ്കിൽ താങ്കളുടെ പുത്രിമാരെ എന്റെ പുത്രിമാരെയെന്നപോലെ ഞാൻ പരിരക്ഷിക്കും.' അബൂഉസ്സ ഇപ്രകാരം മറുപടി നൽകി:- ബദ്‌റിൽ ഞാൻ ബന്ധനസ്ഥനാക്കപ്പെട്ട വസ്തുത നിങ്ങളും അറിയുമല്ലൊ. മേലിൽ ഇസ്‌ലാം വിരുദ്ധപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയൊ, ഇസ്‌ലാമിനെതിരായി കവിതകൾ രചിക്കുകയൊ ഇല്ലെന്നുള്ള നിബന്ധനയിന്മേലാണു് മുഹമ്മദ് എന്നെ വിട്ടയച്ചതു്. അതുകൊണ്ടു ഞാൻ ഈ യുദ്ധത്തിൽ പങ്കെടുക്കുന്നതു ശരിയാവുകയില്ല.' 'എങ്കിൽ, താങ്കൾ രംഗത്തു പ്രത്യക്ഷപ്പെടാതെ, കാവ്യങ്ങൾ രചിച്ചുതന്നാൽ മതി'യെന്നു സഫ്‌വാൻ നിർബ്ബന്ധിച്ചു. ആ നിർബ്ബന്ധത്തിനു അബൂഉസ്സ വഴങ്ങുകയുണ്ടായി. അയാൾ യുദ്ധയാത്രക്കു ഒരുങ്ങിയപ്പോൾ, മസാഫിഅ് എന്ന മറെറാരു കവിക്കൂടി അയാളോടൊപ്പം യാത്രക്കു തയ്യാറായി. [ഈ മസാഫിഅ് പിൽക്കാലത്തു് ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ടെന്നു ചരിത്രകാരന്മാർ സംശയാസ്പദമായ നിലയിൽ പ്രസ്താവിച്ചിട്ടുണ്ട്.] ആ രണ്ടു കവികളും, കാവ്യത്തിന്റെ ഉഷ്ണാധിക്യത്താൽ ഖുറൈശീസേനക്കു മൂടുപടിപ്പിച്ചു. [ഹംറാഉൽ അസദ് എന്ന യുദ്ധത്തിൽ അബൂഉസ്സ തടവുകാരനാക്കപ്പെട്ടു. തിരുമേനി (സ) അയാളെ വധി

ക്കുവാൻ വിധി നൽകി. ആലിം ഇബ്‌നുസാബിത് (റ) ആ വിധി നടപ്പിലാക്കി]

ജൂവൈരിബ്‌ന മുത്‌ഇമിന വഹ്‌ശീയെന്ന ഒരു ഭൃത്യനുണ്ടായിരുന്നു. [ഇവർ രണ്ടു പേരും പിൽക്കാലത്തു ഇസ്‌ലാംമതം വിശ്വസിച്ചിട്ടുണ്ട്.] കുന്തമെറിയുന്നതിൽ അഗ്രഗണ്യനായിരുന്നു വഹ്‌ശീ. അയാൾക്കു ജൂവൈർ ഇബ്‌ന മുത്‌ഇം ഇപ്രകാരം ഒരു ആജ്ഞ നൽകി:_' വഹ്‌ശീ, നീ ഈ സൈന്യത്തോടൊപ്പം പുറപ്പെടുകയും, അബ്ദുൽ മുത്തലിബിന്റെ മകനായ ഹംസയെ കൊല്ലുകയും ചെയ്യുക. ബദ്‌ർ യുദ്ധത്തിൽ എന്റെ ബാപ്പയെ അവൻ കൊന്നിട്ടുണ്ട്. ഹംസയെ നീ കൊന്നാൽ നിന്നെ ഞാൻ സന്തോഷിപ്പിക്കും.' [മുഹമ്മദിനെയൊ, ഹംസയേയൊ, അലിയേയോ നീ കൊന്നാൽ നിന്നെ ഞാൻ സന്തോഷിപ്പിക്കും എന്നു് മുത്‌ഇമിന്റെ മകൾ വഹ്‌ശിയോടു പറഞ്ഞതായും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.]

മദ്യപിച്ചു ഉന്മത്തരായ ഖുറൈശിസേന തെറിപ്പാട്ടുകൾ പാടിക്കൊണ്ടു മക്കയിൽനിന്നു പുറപ്പെട്ടു. അർദ്ധനഗ്നകളായ സ്ത്രീകൾ കാമോദ്ദീപകമായ നിലയിൽ ആടിപ്പാടിക്കൊണ്ടു ആ സേനക്കു വികാരം പകർന്നു കൊടുത്തു. ഉന്നതകുലജാതകളായ പതിനഞ്ചു ഖുറൈശി സ്ത്രീകൾ ആ യുദ്ധ യാത്രയിൽ തങ്ങളുടെ ഭർത്താക്കന്മാരെ അനുഗമിച്ചു. അബൂസുഫ്‌യാന്റെ ഭാര്യയായ ഉത്‌ബതിന്റെ മകൾ ഹിന്ദ്, ഇക്‌രിമതിബ്‌ന അബൂജഹലിന്റെ ഭാര്യയായ താരീഖിന്റെ മകൾഉമ്മുഹകീം, ഹർസിബ്‌ന ഹിശാമിന്റെ ഭാര്യയായ വലീദിബ്‌ന മുഗീറത്തിന്റെ മകൾ ഫാതിമ, അംറിബ്‌ന ആസിയുടെ ഭാര്യയായ മുനബ്ബിഹിന്റെ മകൾ റബ്‌ത, എന്നിവർ ആ പതിനഞ്ചു പേരിൽ ഉൾപ്പെട്ടിരുന്നു. [ഇവരിൽ അബൂസുഫ്‌യാനും ഭാര്യ ഹിന്ദും, മക്കാ വിജയവേളയിൽ ഇസ്‌ലാംമതം സ്വീകരിച്ചു. ഇക്‌രിമത്തും ഭാര്യയുമുമ്മുഹകീമും, ഹർസും ഭാര്യ ഫാതിമയും പിൽക്കാലത്തു ഇസ്‌ലാംമതം വിശ്വസിച്ചു.] ഇരുന്നൂറു കുതിരപ്പട്ടാളവും എഴുന്നൂറു കവചധാരികളുമടക്കം മൂവായിരം ആളുകളാണ് ഖുറൈശിസേനയിൽ ഉണ്ടായിരുന്നതു്. മൂവായിരം ഒട്ടകങ്ങൾ അവരോടൊപ്പമുണ്ടായിരുന്നു. [അബ്ബാസ് ആ യുദ്ധയാത്രയിൽ പങ്കെടുത്തില്ല. ചില ഒഴിവു കഴിവുകൾ പറഞ്ഞു കൊണ്ടു അദ്ദേഹം മാറിനിന്നു. ആ യുദ്ധസംരംഭത്തിനു അദ്ദേഹം സാമ്പത്തികസഹായം നൽകുകയുമുണ്ടായില്ല. ബനൂഗഫ്ഫാർ ഗോത്രക്കാരനായ ഒരാളെ അദ്ദേഹം സ്വാധീനിക്കുകയും, മക്കയിൽ നടന്ന സംഭവങ്ങളെ വിവരിച്ചു കൊണ്ടുള്ള ഒരു കത്തു്, ആ ദൂതൻ മുഖേന വളരെ രഹസ്യമായി അദ്ദേഹം തിരുമേനി (സ) ക്കു അയച്ചുകൊടുക്കുകയുമുണ്ടായി. മൂന്നു ദിനരാത്രങ്ങൾക്കകം മദീനയിൽ എത്തേണമെന്ന നിർദ്ദേശത്തോടുകൂടിയാണു് ആ ദൂതൻ നിയോഗിക്കപ്പെട്ടതു്. തിരുമേനി (സ) മസ്‌ജിദുൽഖുബാഇൽ ഇരിക്കുമ്പോഴാണു് ദൂതൻ മദീനയിൽ എത്തിയതു്. തിരുമേനി (സ) കത്തു വാങ്ങി ആദ്യം വായിക്കുകയും ഉബയ്യിബ്‌നുകഅ്ബ് (റ) വിന്റെ കയ്യിൽ കൊടുക്കുകയും ചെയ്തു. അദ്ദേഹം അതു വായിച്ചു. വിവരം പരസ്യമാക്കാതിരിപ്പാൻ അദ്ദേഹം ഉബയ്യ് (റ) വോടുപദേശിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ തിരുമേനി (സ) സഅ്ദിബ്‌നുറബീഅ് (റ) വിനെ കണ്ടു. കത്തിലെ വിവരങ്ങൾ തിരുമേനി (സ) അദ്ദേഹത്തോടു പറയുകയും സംഗതി രഹസ്യമാക്കി വെക്കുവാൻ ഉപദേശിക്കുകയുമുണ്ടായി.]

ശവ്വാൽ മാസം അഞ്ചാം തിയതി ബുധനാഴ്ചയാണു് ഖുറൈശി സേന മക്കായിൽനിന്നു പുറപ്പെട്ടതു് ആ സേന മക്കയിലുള്ള അബ്‌ശാ എന്ന സ്ഥലത്തെത്തിയപ്പോൾ, ബനൂ മുസ്‌തലഖ് എന്നും ബനൂഹൈതിബ്‌ന ഖുസൈമാ എന്നും വിളിക്കപ്പെട്ട അബ്‌ശാ

യിലെ ജൂതന്മാരും, ഔസ് ഗോത്രക്കാരായ എഴുപതു കുതിരപ്പട്ടാളക്കാരും, അബൂആമിറർ റാഹിബ് എന്ന ജൂതന്റെ നേതൃത്വത്തിൽ, ആ സേനയുമായിപോന്നു. അവർ അവിടെ വെച്ചു ഖുറൈശികളുമായി ഒരു ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. ഹുബ്ശായിയിൽവെച്ചു ഖുറൈശികളുമായി ഉടമ്പടി ചെയ്ത ആ സംഘത്തിനു അഹാബീശ എന്നു പേരുണ്ടായി. [അബൂആമിറർറാഹിബ് എന്ന ജൂതൻ മക്കാ വിജയവേളയിൽ റോമിലേക്കു ഓടിപ്പോവുകയും അമുസ്‌ലിമായി മരിക്കുകയും ചെയ്തു. അയാളുടെ പുത്രനായ ഹൻളലത് (റ) പിന്നീടു ഇസ്‌ലാമതം വിശ്വസിച്ചു. പ്രശസ്തരായ സഹാബീവര്യന്മാരിൽ ഒരാളായിരുന്ന അദ്ദേഹം] ഖുറൈശി സേന അബ്വാ എന്ന സ്ഥലത്തെത്തിയപ്പോൾ, അബൂസുഫ്‌യാന്റെ ഭാര്യയായ ഹിന്ദ് ഒരു ആവശ്യം ഉന്നയിച്ചു. തിരുമേനി (സ)യുടെ മാതാവായ ആമീനാബീ ആ സ്ഥലത്താണു അന്ത്യവിശ്രമം കൊള്ളുന്നതു. ആമീനാബീയുടെ ഖബ്ർ കുത്തിപ്പൊറുക്കണമെന്നായിരുന്നു ഹിന്ദ് ഉന്നയിച്ച ആവശ്യം. ഖുറൈശികളിൽ പലരും ആ അഭിപ്രായത്തെ കഠിനമായി എതിർത്തു. തന്നിമിത്തം ഹിന്ദിന്റെ ആഗ്രഹം സഫലീഭവിച്ചില്ല. അബൂസുഫ്‌യാനായിരുന്നു ഖുറൈശീസേനയുടെ നായകൻ. ആ സേന മുമ്പോട്ടു നീങ്ങി. ദുൽഹുലൈഫ എന്ന സ്ഥലത്തു് അവർ താവളമടിച്ചു. [ഈ സ്ഥലം ഉഹ്ദിനു എതിർവശത്തായി സ്ഥിതിചെയ്യുന്നു. മദീനക്കർ ഇവിടെ വെച്ചാണു് ഹജ്ജിനു ഇഹ്റാം കെട്ടുക.] ശവ്വാൽ മാസം പന്ത്രണ്ടാം തിയ്യതി ബുധനാഴ്ചയാണു് ഖുറൈശികളും ദുൽഹുലൈഫയിൽ എത്തിപോന്നതു്. വ്യാഴാഴ്ചയും വെള്ളിയാഴ്ചയും അവർ ആ സ്ഥലത്തു കഴിച്ചുകൂട്ടി. രണ്ടു ഒറുകാരെ തിരുമേനി (സ) ദുൽഹുലൈഫയിലേക്കു നിയോഗിക്കുകയും അവർ മുഖേന ശത്രുക്കളുടെ നീക്കങ്ങളും മനസ്സിലാക്കുകയും ചെയ്തു. വെള്ളിയാഴ്ച ജുമുഅ നിസ്കരിച്ചതിനു ശേഷം മുസ്‌ലിം സേന യുദ്ധയാത്രക്കുള്ള ഒരുക്കം തുടങ്ങി. പിറ്റേ ദിവസം അവർ ഉഹ്ദിൽ എത്തി.

അദ്ധ്യായം 2

ശവ്വാൽ പതിനാലാംതിയ്യതി വെള്ളിയാഴ്ച രാത്രി (വ്യാഴാഴ്ച അസ്തമിച്ച രാത്രി) തിരുമേനി (സ) ക്കു ഒരു സ്വപ്നമുണ്ടായി. വെള്ളിയാഴ്ച രാവിലെ തിരുമേനി (സ) സഹാബികളോടു ഇപ്രകാരം പറഞ്ഞു:— 'ഈ കഴിഞ്ഞ രാത്രിയിൽ ഞാൻ ഒരു സ്വപ്നം കണ്ടു: ഒരു കൂട്ടം പക്ഷികളെ അറുക്കപ്പെട്ടതായും എന്റെ ദുൽഫഖാർ എന്ന വാളിന്റെ മൂർച്ചത്തലയിൽ ഒരു പൊട്ടു ഏറ്റപ്പെട്ടതായും, ആ സംഭവങ്ങളെ എന്നെ അസഹ്യപ്പെടുത്തിയതായും, എന്റെ കൈ ഉറപ്പുള്ള ഒരു മതിൽക്കെട്ടിൽ കടത്തിയതായും, ഒരു സേനാനായകനുമായി ഞാൻ യുദ്ധം ചെയ്യുന്നതായും ഞാൻ കണ്ടു." എന്റെ സഹാബികളിൽ കൊല്ലപ്പെട്ടുപോകുന്നവരെയാണു് ആ അറുക്കപ്പെട്ട പക്ഷികളെ സൂചിപ്പിക്കുന്നതെന്നും, എന്റെ അഹ്‌ലുബൈതിൽ നിന്നു കൊല്ലപ്പെട്ടു പോകുന്ന ഒരാളെയാണു് വാളിന്റെ പൊട്ടു് സൂചിപ്പിക്കുന്നതെന്നും, മദീനയെയാണു് ഉറപ്പുള്ള മതിൽക്കെട്ടു സൂചിപ്പിക്കുന്നതെന്നും, ഒരു സേനാനായകനെ ഞാൻ കൊല്ലും എന്നതാണു് ആ യുദ്ധം സൂചിപ്പിക്കുന്നതെന്നും തിരുമേനി (സ) ആ സ്വപ്നത്തിനു വ്യാഖ്യാനം നൽകി. [യുദ്ധത്തിൽ ഇതെല്ലാം സത്യമായി സംഭവിച്ചു. സഹാബികളിൽ പലർ രക്തസാക്ഷികളാക്കപ്പെട്ടു. തിരുമേനി(സ)യുടെ അഹ്‌ലുബയ്തിൽ നിന്നു ഹംസ(റ) ശഹീദായി.] തിരുമേനി (സ) പറഞ്ഞു:— 'ഈ യുദ്ധത്തിൽ നമ്മെ സംബന്ധിച്ചേടത്തോളം

ആപത്തു സംഭവിപ്പാനിടയുണ്ട്. ആകയാൽ, നിങ്ങൾ മദീനയിൽ തന്നെ ഒരുങ്ങിനിൽക്കുക. ശത്രുക്കൾ മദീനയിൽ കടന്നെങ്കിൽ നമുക്കു അവരുമായി യുദ്ധം നടത്താം. അല്ലാത്തപക്ഷം ഇപ്പോൾ അവരുമായി ഒരു യുദ്ധത്തിൽ ഏർപ്പെടാതിരിക്കുകയാണുത്തമം. നാം അങ്ങോട്ടു ചെന്നില്ലെങ്കിൽ അവർ സ്വയം ക്ഷീണിതരായി തിരിച്ചുപോയിക്കൊള്ളും.' അതിനുശേഷം, തിരുമേനി (സ) അബ്ദുല്ലാഹിബ്നുഉബയ്യിബ്നു സുലൂൽ എന്ന മുനാഫിഖിനെ വിളിച്ചു വരുത്തി, അയാളുടെ അഭിപ്രായം ആരാഞ്ഞു. അയാളുടെ കാപട്യപരമായ എതിർപ്പിനെ ഇല്ലാതാക്കുന്നതിനു വേണ്ടിയാണ് തിരുമേനി(സ)അയാളുടെ അഭിപ്രായം ആരായുകയുണ്ടായതു്. അവസരവാദികളുടെ നേതാവായ ആ മുനാഫിഖ്, ഖുറൈശികളുമായി യുദ്ധത്തിനു പുറപ്പെടേണ്ടതില്ല എന്നഭിപ്രായപ്പെട്ടു. സഹാബികൾ ആ അഭിപ്രായത്തോടു യോജിച്ചില്ല. 'യാറസൂലല്ലാ, നാമും ഞങ്ങളെയും കൂട്ടി ശത്രുക്കളെ നേരിടേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു'വെന്നു, ബദ്റിൽ പങ്കെടുപ്പാൻ അവസരം ലഭിക്കാതിരുന്ന സഹാബികൾ പ്രസ്താവിച്ചു. 'യാറസൂലല്ലാ, ഖുറൈശികൾ പണ്ടുതന്നെ ഞങ്ങളോടു യുദ്ധത്തിൽ ജയിക്കാറില്ല. ഇപ്പോൾ, നാമും ഞങ്ങളോടൊപ്പം ഉണ്ടെന്നിരിക്കെ, അവർ ഞങ്ങളെ ജയിക്കുന്നതെങ്ങിനെ' എന്നു അൻസാർകൾ ചോദിച്ചു. 'അവരുമായി യുദ്ധംചെയ്യുന്നതിൽ നമുക്കു ഭീതിയുള്ളതുകൊണ്ടാണ്, ഞങ്ങൾ ഭീരുക്കളായതുകൊണ്ടാണ് അവരോടു എതിർക്കാതിരുന്നതെന്ന അപവാദം അവർ പ്രചരിപ്പിക്കാനിടയുണ്ടെന്നു ഞങ്ങൾ ഭയപ്പെടുന്നു' വെന്നു ഹംസ (റ), സഅ്ദിബ്നുഉബാദത് (റ), നുഅ്മാനിബ്നു മാലിക് (റ), തുടങ്ങിയവർ ബോധിപ്പിച്ചു. 'മദീനത്തിനു പുറത്തുവെച്ചു ശത്രുക്കളുമായി യുദ്ധം നടത്തിയതിനു ശേഷമല്ലാതെ ഞാൻ ആഹാരം കഴിക്കുകയില്ലെന്നു ഹംസ (റ) ആണയിട്ടു. 'യാറസൂലല്ലാ, താങ്കൾ വിലക്കരുതു്. ഞങ്ങൾക്കു സ്വർഗ്ഗത്തെ തടയരുതു്. പടച്ചവനാണെ സത്യം, ഞാൻ അവരുമായി യുദ്ധം ചെയ്യും' എന്നു നുഅ്മാൻ (റ) പറഞ്ഞപ്പോൾ, അങ്ങിനെ പറവാൻ കാരണമെന്തെന്നു തിരുമേനി (സ) അന്വേഷിച്ചു. ആ സഹാബിവര്യൻ പറഞ്ഞു:— 'അല്ലാഹുവിനെയും റസൂലിനെയും ഞാൻ സ്നേഹിക്കുന്നു. യുദ്ധക്കളത്തിലിറങ്ങിയാൽ ഞാൻ പിന്നോക്കം വെക്കുകയില്ല.' ഈ വിഷയത്തിൽ, തിരുമേനി (സ) ക്കുണ്ടായ സ്വപ്നം ആപൽസൂചനയെ ഉൾക്കൊണ്ടിരുന്നതുകൊണ്ടും, വഹ്യ് ലഭിക്കാതിരുന്നതുകൊണ്ടുമാണ് ഈ യുദ്ധകാര്യത്തിൽ തിരുമേനി (സ) ആവേശപൂർവ്വമായ താല്പര്യം പ്രദർശിപ്പിക്കാതിരുന്നതു് പക്ഷെ, സഹാബിമാരുടെ ഉത്സാഹത്തള്ളിച്ച കണ്ടപ്പോൾ യുദ്ധത്തിനു പുറപ്പെടുവാൻ തിരുമേനി (സ) തീരുമാനിച്ചു. അന്നു ജുമുഅ നിസ്കാരം കഴിഞ്ഞപ്പോൾ, തിരുമേനി (സ) യുദ്ധത്തെക്കുറിച്ചു ഒരു പ്രഭാഷണം നടത്തി. ദൃഢചിത്തത ആർജ്ജിക്കുവാനും, ആപത്തുകളെ ക്ഷമാപൂർവ്വം നേരിടുന്നതിനു സന്നദ്ധരാകുവാനും സഹാബികളെ തിരുമേനി (സ) ഉപദേശിച്ചു. ആപത്തുകളെ ക്ഷമാപൂർവ്വം സഹിക്കുന്നവർക്കു അല്ലാഹുവിങ്കൽ നിന്നു പ്രതിഫലം ലഭിക്കുമെന്നു തിരുമേനി (സ) അരുളുകയുണ്ടായി. യുദ്ധയാത്രക്കൊരുങ്ങിക്കൊള്ളുവാൻ അനുമതി നൽകപ്പെട്ടു. സഹാബികൾ ആനന്ദഭരിതരായി യാത്രക്കുള്ള ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. അന്നത്തെ അസ്വ് നിസ്കാരത്തിനുശേഷം തിരുമേനി (സ) സ്വഭവനത്തിലേക്കു തിരിച്ചപ്പോൾ, മിക്കവാറും എല്ലാ സഹാബികളും തിരുമേനി (സ) യെ അനുഗമിച്ചു. അബൂബകർസിദ്ദീഖ് (റ)വും, ഉമർഫാറൂഖ് (റ) വും തിരുമേനി (സ) യോടൊപ്പം വീട്ടിനകത്തു പ്രവേശിച്ചു.

തിരുമേനി (സ) പടയങ്കികൊണ്ട് അണിഞ്ഞു. അബൂബകർ (റ) വും ഉമർ (റ) വും തിരുമേനി (സ) യെ സഹായിച്ചു. സഹാബികൾ വീട്ടിന്റെ പുറത്തു അണി നിരന്നു. ആ അവസരത്തിൽ സഅദിബ്നു മആദ് (റ), ഉബൈദിബ്നുറഫീർ (റ) എന്നിവർ ഇപ്രകാരം പറഞ്ഞു:- 'വിശ്വാസികളെ, നിങ്ങളുടെ നിർബ്ബന്ധം മൂലമാണ് തിരുമേനി (സ) ഈ യുദ്ധയാത്രക്ക് ഒരുങ്ങുന്നതു്. അതുകൊണ്ട് നിങ്ങളുടെ അഭിപ്രായങ്ങളെ നിങ്ങൾ പുനഃപരിശോധന ചെയ്യുന്നതു നന്നായിരിക്കും.' [സഅദ്ബ്നു മആദ് (റ) അൻസാർകളുടെ കൂട്ടത്തിൽ അതി മഹാനായ സഹാബിവര്യനായിരുന്നു. മുഹാജിർകളുടെ കൂട്ടത്തിൽ അബൂബകർസിദ്ദീഖ് (റ) വിനുള്ള പദവിയാണ് അൻസാർകളുടെ കൂട്ടത്തിൽ അദ്ദേഹത്തിനുണ്ടായിരുന്നതു്.] തിരുമേനി (സ) പടയങ്കിയും ആയുധങ്ങളുമണിഞ്ഞുകൊണ്ട് വീട്ടിൽനിന്നു പുറത്തിറങ്ങിയപ്പോൾ, യുദ്ധത്തിനു പുറപ്പെടേണമെന്നഭിപ്രായപ്പെട്ടിരുന്ന സഹാബിമാരിൽ ചിലർ ഇപ്രകാരം പറഞ്ഞു:- 'യാറസൂലല്ലാ, ഞങ്ങൾ താങ്കളുടെ അഭിപ്രായത്തോട് വിയോജിക്കുന്നില്ല താങ്കളുടെ ഹിതത്തിനു വഴങ്ങുവാൻ ഞങ്ങൾ സന്നദ്ധരാണ്.' ഒരു നബി പടയങ്കി ധരിച്ചുകഴിഞ്ഞാൽ, ആ യുദ്ധത്തിനു പുറപ്പെടാതെ, പടയങ്കി അഴിച്ചുമാറുകയെന്നതു സാദ്ധ്യമല്ല. എനിക്കെന്നല്ല, ഒരു നബിക്കും അതു സാദ്ധ്യമല്ല.' ദാതുൽഫുളൂൽ എന്നും ഫിളൂലത് എന്നും പേരുള്ള രണ്ടു പടയങ്കികൾ ഒന്നിനു മീതെ മറെറാന്നായി, തിരുമേനി (സ) ധരിച്ചിരുന്നു. തോലിന്റെ ഒരു അരപ്പട്ട അരയിൽ ധരിച്ചിരുന്നു. വാളും വില്ലും പരിചയും തിരുമേനി (സ) അണിഞ്ഞിരുന്നു. അമ്പിന്റെ ആവനാഴി തിരുമേനി (സ) യുടെ കയ്യിൽ ഉണ്ടായിരുന്നു. സകബ് എന്ന കുതിരയിൽ തിരുമേനി (സ) ക്കു യാത്ര ചെയ്യുവാൻ സജ്ജമാക്കി നിറുത്തപ്പെട്ടിരുന്നു. മദീനയിൽ നിസ്സാരത്തിന്റെ ഇമാമത്തിനു ഉമ്മുമക്തൂം (റ) വിനെ ഏല്പിച്ചു. ഔസ് ഗോത്രക്കാരുടെ പതാക ഉസൈദിബ്നുഹളീർ (റ) വിന്റെ കയ്യിലും, ഖസ്റജ് ഗോത്രക്കാരുടെ പതാക ഖബ്ബാബിനുമുൻദിർ (റ) വിന്റെ കയ്യിലും, [സഅദിബ്നു ഉബാദത് (റ) വിന്റെ കയ്യിലെന്നും പക്ഷാന്തരമുണ്ട്.] മുഹാജിർകളുടെ പതാക അലീ (ക. വ.) യുടെ കയ്യിലും തിരുമേനി (സ) ഏല്പിച്ചു ശത്രുപക്ഷത്തിന്റെ പതാകവാഹകൻ ആരാണെന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, തൽഹതിബ്നു അബീ തൽഹതൽഅബ്ദരീ ആണെന്നു മറുപടി ലഭിച്ചു. [അയാൾ അബ്ദുദ്ദാറിന്റെ സന്താനപരമ്പരയിൽപ്പെട്ട ആളായിരുന്നു. അബ്ദുദ്ദാർ മക്കയിൽ പതാകയുടെ അധികാരസ്ഥനായിരുന്നുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ] അബ്ദുദ്ദാറിന്റെ അവകാശത്തിനു അവരെക്കാൾ അർഹർ നമ്മളാണെന്നു പറഞ്ഞുകൊണ്ട്, തിരുമേനി (സ) അലീ (ക. വ.) യുടെ കയ്യിൽനിന്നു കൊടി തിരിച്ചുവാങ്ങുകയും, മിസ്അബിബ്നുഉമൈർ (റ) വിന്റെ കയ്യിൽ കൊടുക്കുകയും ചെയ്തു. അബ്ദുദ്ദാറിന്റെ പുത്രനായ, അബ്ദുമനാഫിന്റെ പുത്രനായ, ഹാശിമിന്റെ പുത്രനായ, ഉമൈറിന്റെ പുത്രനാണ് മിസ്അബ് (റ) [തിരുമേനി (സ) യുടെ പിതൃശുംഖലയിലെ അഞ്ചാമത്തെ കണ്ണിയായ കുസയ്യിന്റെ മൂത്തമകനാണ് അബ്ദുദ്ദാർ. കുസയ്യ് മക്കയിൽ സ്ഥാപിച്ച ചില വ്യവസ്ഥകളെക്കുറിച്ചും കൈകൊള്ളുകർത്തുത വിധങ്ങളെക്കുറിച്ചും മുമ്പു പ്രസ്താവിച്ചിട്ടുണ്ട് അദ്ദേഹത്തിന്റെ അധികാരച്ചിട്ടകളിൽ ഒന്നായിരുന്ന ലിവാഅ് അഥവാ കൊടിയുടെ അധികാരം. അതു അബ്ദുദ്ദാറിൽ നിക്ഷിപ്തവുമായിരുന്നു.] [മിസ്അബ് (റ) ഉഹ്ദ് യുദ്ധത്തിൽ ശഹീദായപ്പോൾ, കൊടി അലി (ക. വ.)യുടെ

കയ്യിൽ നൽകപ്പെട്ട എന്നു ഇമാം സുർഖാനീ (റ) പറഞ്ഞിരിക്കുന്നു.] എഴുനൂറിൽപരം സ ഹാബികളടങ്ങിയ മുസ്‌ലിംസേന തിരുമേനി (സ) യുടെ നായകത്വത്തിൽ യാത്രതിരിച്ചു. തിരുമേനി (സ) കുതിരപ്പുറത്തു സഞ്ചരിച്ചുവെന്നും കാൽനടയായി സഞ്ചരിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ട്. അവർ റഅ്സുശ്ശനിയ്യത് എന്ന സ്ഥലത്തെത്തിയപ്പോൾ, അബ്ദുല്ലാഹിബ്നു ഉബയ്യ് എന്ന മുനാഫിഖും മുന്നൂറു ജൂതന്മാരും തിരുമേനി (സ) യെ സമീപിച്ചു. 'ഇവർ താങ്കളെ സഹായിപ്പാൻ വന്നിരിക്കുകയാ'ണെന്നു ആ മുനാഫിഖ് തിരുമേനി (സ) യെ ഉണർത്തി. 'ഇവർ മുസ്‌ലിംകളാണൊ'എന്നു തിരുമേനി (സ) ചോദിച്ചപ്പോൾ 'അല്ല' എന്നു അയാൾ ഉത്തരം നൽകി. 'മുസ്‌ലിംകളല്ലാത്തവരുടെ സഹായം നമുക്കു ആവശ്യമില്ല'എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) അവരെ മടക്കി അപമാനത്താൽ ആ മുനാഫിഖിന്റെ മുഖം കരിവാളിച്ചുപോയി.

സഅദിബ്നു മആദ് (റ), സഅ്ദിബ്നു ഉബാദത് (റ) എന്നീ രണ്ടു ധീരസഹാബികൾ, വാളുരിപ്പിടിച്ചുകൊണ്ടു തിരുമേനി (സ) യെ അകമ്പടി സേവിച്ചു. ശീഖൈൻ എന്ന മലകളുടെ അടുത്തെത്തിയപ്പോൾ തിരുമേനി (സ) സൈന്യത്തിലുള്ള ആളുകളെ പരിശോധിക്കുകയും പതിനഞ്ചുവയസ്സു പൂർത്തിയാവാത്ത പതിനേഴുപേരെ മദീനയിലേക്കു തിരിച്ചയക്കുകയും ചെയ്തു. അബ്ദുല്ലാഹിബ്നു ഉമർ (റ), സൈദിബ്നു സാബിത് (റ), ഉസാമതിബ്നു സൈദ് (റ), സൈദിബിനു അർഖം (റ), ബറാഇബ്നു ആസിബ് (റ), അംറിബ്നുഹസം (റ), ഉസൈദിബ്നുളഹീർ (റ), അറാബ തിബ്നുഔസ് (റ), അബൂസഈദിൽ ഖുദ്രീ (റ), സംറതിബ്നുജുൻദബ് (റ), റാഫിഇബ്നു ഖുദൈജ് (റ), സഅ്ദിബ്നു ഥൈസമത് (റ), സഅ്ദിബ്നു ഹൈസത് (റ) എന്നിവർ ആ പതിനേഴു കുട്ടികളിൽ ഉൾപ്പെട്ടവരത്രെ. അവരിൽ ആരുംതന്നെ പതിനഞ്ചുവയസ്സു തികഞ്ഞിരുന്നില്ല. അബ്ദുല്ലാഹിബ്നു ഉമർ (റ) വെപ്പോലുള്ള ചിലർക്കു പതിനാലു വയസ്സുപോലും തികഞ്ഞിരുന്നില്ല. തിരിച്ചുപോകുവാൻ കല്പിച്ചപ്പോൾ റാഫിഅ് (റ) പൊട്ടിക്കരഞ്ഞു. തന്മൂലം, ആ ബാലനു പ്രത്യേകപരിഗണന നല്കണമെന്നു അദ്ദേഹത്തിന്റെ പിതാവായ ഖുദൈജ് (റ) തിരുമേനി (സ) യോടപേക്ഷിച്ചു. ആ അപേക്ഷ തിരുമേനി (സ) സ്വീകരിച്ചപ്പോൾ, സംറതിബ്നു ജുൻദബ് (റ) അദ്ദേഹത്തിന്റെ ഉമ്മയുടെ ഭർത്താവിന്റെ മുഖേന ഒരപേക്ഷയുമായി തിരുമേനി (സ) യെ സമീപിച്ചു. 'തിരുമേനി (സ) പ്രത്യേകാനുകൂല്യം നൽകി അംഗീകരിച്ച റാഫിഇനെ ഗുസ്തിയിൽ ഞാൻ പരാജയപ്പെടുത്തു'മെന്നു ആ ബാലൻ അവകാശപ്പെട്ടു. ആ ബാലന്റെ ചുറുചുറുക്കും തന്റേടവും തിരുമേനി (സ) യെ രസിപ്പിച്ചു. 'റാഫിഉം സംറും ഗുസ്തിപിടിക്കട്ടെ'എന്നു തിരുമേനി (സ) പറയുകയുണ്ടായി. അവർ ഗുസ്തിക്കിറങ്ങി. സംറത് (റ) റാഫിഅ് (റ) വിനെ മലർത്തിയിട്ടു. സന്തുഷ്ടനായ തിരുമേനി (സ) സൈന്യത്തിൽ നിന്നുകൊള്ളുവാൻ സംറത് (റ) വിനു സമ്മതം നൽകി.

'രക്തസാക്ഷിത്വം വഹിപ്പാൻ തയ്യാറില്ലാത്ത വല്ലവരും ഈ അണിയിൽ ഉണ്ടെങ്കിൽ അവർ തിരിച്ചുപോകുന്നതിനു വിരോധമില്ല' എന്നു തിരുമേനി (സ) പ്രഖ്യാപിച്ചു. അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ കൂട്ടത്തിൽ കൂടുകയുണ്ടായിരുന്ന ചില അർധമുനാഫിഖുകൾ സേനയിലുണ്ടായിരുന്നു. 'ഞങ്ങൾക്കു യുദ്ധം ചെയ്യുവാനറിഞ്ഞുകൂടാ. ഞങ്ങൾ അതു പരിചയിച്ചിട്ടില്ല'എന്നു പറഞ്ഞുകൊണ്ടു അവർ തിരിച്ചുപോയി. ബനൂഹാരിസ്, ബനൂസൽമത് എന്നീ ഗോത്രക്കാരായ മുസ്‌ലിംകൾ ആദ്യം അല്പം സംശയിച്ചു നിന്നെങ്കിലും, പിന്നീടു യുദ്ധത്തിൽ പങ്കെടുക്കുവാൻതന്നെ തീരുമാനിച്ചു.

ഈ ഒരുക്കങ്ങളെല്ലാം കഴിഞ്ഞപ്പോഴേക്കും സൂര്യൻ അസ്തമിച്ചു. മഗ്രിബും ഇശായും

അവിടെവെച്ച് നിസ്കരിച്ചു. തിരുമേനി (സ) യും എഴുന്നൂറു സഹാബികളും ഉഹ്ദിലേക്കു യാത്രയുടനെ. ആ രാത്രിതന്നെ അവർ ഉഹ്ദിന്റെ അടിവാരത്തിലെത്തി. രണ്ടു കുതിരകളും മാത്രമെ മുസ്‌ലിംപക്ഷത്തുണ്ടായിരുന്നുള്ളൂ. അവയിൽ ഒന്നു തിരുമേനി (സ) യുടെയും മറ്റൊന്നു അബൂബുർദത് (റ) വിന്റേതുമായിരുന്നു. മൂസബ്നുഉമ്പത് (റ) വെ തൊട്ട് "ഫത്ഹുൽബാരീ' എന്ന ഗ്രന്ഥത്തിൽ ഈ വസ്തുത സ്ഥിരീകരിച്ചിട്ടുണ്ട്. അന്നുരാത്രി ഉഹ്ദ് മലച്ചെരുവിൽ മുസ്‌ലിം സേന കഴിച്ചുകൂട്ടി. മുഹമ്മദ് ഇബ്നു മസ്‌ലമത് (റ) വും അമ്പതുപേരും മുസ്‌ലിംതാവളത്തിനു കാവൽനിന്നു. തിരുമേനി (സ) ഉറങ്ങുവാൻ കിടന്നപ്പോൾ, ഒക്വാൻ ഇബ്നു അബ്ദുഖൈസ് (റ) തിരുമേനി (സ) യുടെ അടുത്തുതന്നെ നില്പുറപ്പിച്ചു. അർധരാത്രി കഴിഞ്ഞപ്പോൾ തിരുമേനി (സ) ഉണർന്നു, ഇപ്രകാരം പറഞ്ഞു:- "ഹംസയെ മലക്കുകൾ കുളിപ്പിക്കുന്നതായി ഞാൻ സ്വപ്നംകണ്ടു"-ശനിയാഴ്ച സുബ്ഹി നിസ്കരിച്ചു കഴിഞ്ഞപ്പോഴേക്കും, ശത്രുക്കൾ മറുഭാഗത്തു അണിനിരന്നതായിക്കണ്ടു. യുദ്ധത്തിനു അണിനിരക്കൊള്ളുവാൻ മുസ്‌ലിംസേന ആജ്ഞാപിക്കപ്പെട്ടു.

അദ്ധ്യായം 3

ശത്രുപക്ഷത്തിലെ അശ്വഭടന്മാരുടെ വലതുഭാഗത്തായി ഖാലിദിബ്നു വലീദും ഇടതുഭാഗത്തായി ഇക്രിമതിബ്നു അബൂജഹലും നിലയുറപ്പിച്ചു. സുബൈറിബ്നുൽ അവാം (റ) വിനെ ഖാലിദിന്നഭിമുഖമായും മറ്റു ചിലരെ മറ്റു ചില അശ്വഭടന്മാർക്കഭിമുഖമായും തിരുമേനി (സ) നിറുത്തി. വില്ലാളികളുടെ നായകനായി അബ്ദുല്ലാഹിബ്നു ജുബൈറിബ്നുന്നുഅ്മാനുൽ കൗസിയ്യി ബദ്രിയ്യി (റ) നിയമിക്കപ്പെട്ടു. [ഇദ്ദേഹം ഉഹ്ദുയുദ്ധത്തിൽ ശഹീദായി.] ഉഹ്ദ് മലയുടെ ഉച്ചിയിൽ മദ്ധ്യപ്രധാനമായ ഒരു സ്ഥാനത്തു അമ്പതു വില്ലാളികളെ തിരുമേനി (സ) നിറുത്തുകയും, എന്തുതന്നെ സംഭവിച്ചാലും നിങ്ങൾ സ്ഥലം വിടരുതെന്നു കർശനമായ നിർദ്ദേശം നൽകുകയും ചെയ്തു. "ശത്രുക്കൾ പിൻഭാഗത്തുകൂടെ വരുന്നുണ്ടോ എന്നു ശ്രദ്ധിക്കുകയും വരുന്നുണ്ടെങ്കിൽ അവരെ തിരിച്ചോടിക്കുകയും ചെയ്യലാണ് നിങ്ങളുടെ കർത്തവ്യം. അതു മാത്രമാണ് നിങ്ങളുടെ കർത്തവ്യം. അതല്ലാതെ മറ്റൊരു കാര്യവും നിങ്ങൾ ശ്രദ്ധിക്കേണ്ടതില്ല. ഞങ്ങളെ പക്ഷികൾ കൊത്തിപ്പറക്കുന്നതു കണ്ടാലും, ശത്രുക്കൾ ചവിട്ടിമെതിക്കുന്നതുകണ്ടാലും ഗനീമത്തു് ഞങ്ങൾ വാരിക്കൂട്ടുന്നതുകണ്ടാലും, ഞാൻ വിളിക്കുന്നതുവരെ, നിങ്ങൾ ഈ സ്ഥലം വിടരുതു്. ഈ യുദ്ധത്തിൽ ജയാപജയങ്ങളുടെ വിധി എഴുതിക്കേണ്ടവർ നിങ്ങളാണ്. നിങ്ങളിൽ ഞാൻ ഈ മുമതല അപ്പിച്ചിരിക്കുന്നു" എന്നു തിരുമേനി (സ) അവരോടു പറയുകയുണ്ടായി. അതിനുശേഷം, തിരുമേനി (സ) ഒരു വാളെടുത്തു് അബൂദുജാനത് എന്ന പേരിൽ അറിയപ്പെടുന്ന സമാകിബ്നു ഔസിൽ അൻസാരീ (റ) വിനു കൊടുത്തു. ആ വാളിനുവേണ്ടി കൈനീട്ടിയ അബൂബകർ (റ), ഉമർ (റ), അലീ (ക. വ.), സുബൈർ (റ) തുടങ്ങിയവർക്കൊന്നും തിരുമേനി (സ) അതു കൊടുത്തില്ല. അബൂദുജാനത് (റ) ആ വാളുമേന്തിക്കൊണ്ടു് അഹങ്കാരപൂർവ്വം യുദ്ധക്കളത്തിലൂടെ ചുവടുവെച്ചു നടന്നു. അദ്ദേഹത്തെ അഭിമുഖീകരിച്ച ഒരൊറ്റ ശത്രുവെയും അദ്ദേഹം കൊല്ലാതെ വിട്ടില്ല. "ആ വാൾകൊണ്ടു അബൂദുജാനത് ശത്രുനായകന്മാരിൽ പലരെയും പിളർക്കുകയുണ്ടായി"യെന്നു അനസ് (റ) പറയുന്നു. സുബൈർ (റ) പറയുന്നു:- "ശത്രുപക്ഷത്തിൽ ഒരു ശക്തനെ ഞാൻ കണ്ടു. മുസ്‌ലിംകളിൽനിന്നു ക്ഷതമേറ്റ എല്ലാവരെയും കൊല്ലുന്നതിൽ അയാൾ തത്പരനായിവർത്തിച്ചു. ആ ശക്തൻ അബൂദുജാനത്തിനെ അഭിമുഖീകരിച്ചപ്പോൾ, അദ്ദേഹം ആ ശത്രുവിന്റെ

കഥകഴിച്ചു" ആ വാക്കുകൊണ്ടു അബൂസുഫ്‌യാന്റെ ഭാര്യയായ ഹിന്ദിനെ വെട്ടുവാൻ അദ്ദേഹം ഒരു ശ്രമം നടത്തി. ഹിന്ദ് സഹായത്തിന്നായി നിലവിളിച്ചു. ആരും സഹായത്തിന്നെത്തിയില്ല. അപ്പോൾ തിരുമേനി (സ) യുടെ വാക്കു കൊണ്ടു നിസ്സഹായിനിയായ ഒരു സ്ത്രീയെ വെട്ടുന്നതു അപമാനകരമായ അപവാദത്തിന്നിടവരുത്തുമെന്നു തോന്നുകയാൽ, അദ്ദേഹം ആ ശ്രമത്തിൽനിന്നു പിൻമാറി.

അബൂആമിർ റാഹിബാണ് യുദ്ധം ഉൽഘാടനം ചെയ്തതു്. സൈന്യങ്ങൾ അണിനിരന്നു കഴിയുന്നതിന്നുമുമ്പു് ശത്രുപക്ഷത്തുനിന്നു ആദ്യമായി അയാളും അനുയായികളും രംഗത്തിറങ്ങി പോർ വിളിച്ചു. തിരുമേനി (സ) മദീനയിൽ എത്തിയപ്പോൾ, മദീനാ വിട്ടു മക്കത്തുപോയി ഖുറൈശികളോടു സ്നേഹബന്ധം പുലർത്തി അവിടെത്തന്നെ താമസമാക്കിയ ആളാണ് അബൂആമിർറാഹിബ്. ആ ധിക്കാരിയും കൂട്ടുകാരും രംഗത്തിറങ്ങി പോർ വിളിച്ചപ്പോൾ മുസ്‌ലിംകൾ കല്ലെറിഞ്ഞുകൊണ്ടു അവരെ തിരിച്ചോടിച്ചു. സേനകൾ ഇരുഭാഗത്തും അണിനിരന്നു കഴിഞ്ഞപ്പോൾ, അബൂസുഫ്‌യാൻ ഇപ്രകാരം വിളിച്ചു പറഞ്ഞു:– "ഹേ, ഔസ്‌ഗോത്രക്കാരെ, ഹേ, ഖസ്‌റജ് ഗോത്രക്കാരെ, നിങ്ങളുമായി യുദ്ധം ചെയ്യുക എന്നതല്ല ഞങ്ങളുടെ ഉദ്ദേശ്യം. ഞങ്ങളുടെ ആളുകളെ നിങ്ങൾ ഞങ്ങൾക്കു വിട്ടുതരിക. അവരുമായി ഞങ്ങൾ ഒരു കൈ നോക്കട്ടെ." അതുകേട്ടപ്പോൾ മുസ്‌ലിംകൾ പരിഹസിച്ചുകൊണ്ടു അയാളെ പിന്തിരിപ്പിച്ചു. അതിനെത്തുടർന്നു, ശക്തനായ ഒരു പ്രതിയോഗി രംഗത്തു പ്രത്യക്ഷപ്പെട്ടു. ഒട്ടകപ്പുറത്തിരുന്നുകൊണ്ടാണ് അയാൾ രംഗപ്രവേശം ചെയ്തതു്. അയാൾ വെല്ലുവിളിച്ചു. മുസ്‌ലിംപക്ഷത്തുനിന്നു പ്രതികരണമുണ്ടായില്ല. അയാൾ മൂന്നുതവണ വെല്ലുവിളി ആവർത്തിച്ചു. ആരും ആ ശക്തനെ നേരിട്ടില്ല. നാലാമത്തെ തവണ അയാൾ വെല്ലുവിളി ആവർത്തിച്ചപ്പോൾ ഒരു ഈറ്റപ്പുലിയെപ്പോലെ സുബൈർ (റ) രംഗപ്രവേശംചെയ്തു. അവർ തമ്മിൽ നേരിട്ടുനടന്ന ഘോരയുദ്ധത്തിൽ ആ പ്രതിയോഗിയെ സുബൈർ (റ) കൊലപ്പെടുത്തി.

അദ്ധ്യായം 4

[ഈ യുദ്ധത്തിന്നു പുറപ്പെടുന്ന അവസരത്തിൽ അബ്ദുദ്ദാറിന്റെ സന്താനങ്ങളിൽപെട്ടവരെ ആഹ്വാനം ചെയ്തുകൊണ്ടു അബൂസുഫിയാൻ ഇപ്രകാരം പറഞ്ഞു: "ഹേ, അബ്ദുദ്ദാറിന്റെ സന്തതികളെ, പതാകയുടെ അധികാരികൾ നിങ്ങളാണല്ലൊ. പതാകയുടെ കീഴിലാണ് സൈന്യങ്ങൾ അണിനിരക്കുന്നതു്. ബദ്‌റിൽയുദ്ധത്തിൽ നിങ്ങൾ കൊടിപിടിച്ചില്ല. തന്മൂലം ഉണ്ടായ ആപത്തുകൾ ചില്ലറയല്ല. അതുകൊണ്ടു ഈ യുദ്ധത്തിൽ നിങ്ങൾ കൊടിപിടിക്കണം. ഇല്ലെങ്കിൽ, ആ അധികാരം നിങ്ങൾ ഞങ്ങൾക്കു വിട്ടുതരണം. യുദ്ധരംഗത്തു കൊടികൊണ്ടുള്ള നേട്ടങ്ങൾ നിങ്ങൾ കണ്ടറിയും.]

ഈ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ തൽഹത് ഇബ്‌നു അബീതൽഹത് എന്ന സേനാനി പതാകയേന്തിക്കൊണ്ടു രംഗപ്രവേശം ചെയ്തു. ശൂരപരാക്രമിയായിരുന്നു തൽഹത്. അയാൾ വെല്ലുവിളിച്ചു. മുസ്‌ലിം പക്ഷത്തുനിന്നു പ്രതികരണമുണ്ടായില്ല. അപ്പോൾ അയാൾ മുസ്‌ലിംകളെ ഇപ്രകാരം പരിഹസിച്ചു:– "ഞങ്ങളുമായി എതിർത്തു വീരമൃത്യുവടയുന്ന മുസ്‌ലിംകൾ സ്വർഗ്ഗത്തിൽ പോകുമെന്നും, നിങ്ങളുമായി എതിർത്തു മരിച്ചുവീഴുന്ന ഞങ്ങൾ നരകത്തിൽ പോകുമെന്നുമാണല്ലൊ നിങ്ങളുടെ വാദം. എന്നെ നരകത്തിലേക്കയക്കുവാൻ കെല്പുള്ള ഒരൊറ്റ വാളും നിങ്ങളുടെ കയ്യിൽ ഇല്ലെന്നു സമ്മതിക്കുക

യാണോ ചെയ്യുന്നത്.' ഇതു പറഞ്ഞുതീരുംമുമ്പ് അലീ (ക. വ.) രംഗത്തെത്തുകയും തൽഹത്തിനെ വധിക്കുകയും ചെയ്തു. [അലീ (ക. വ.) പ്രതിയോഗിയുടെ കാലിന്നു വെട്ടി. അയാൾ നിലംപതിച്ചു. അയാളെ വധിപ്പാനോങ്ങിയപ്പോൾ അയാളുടെ നഗ്നത പുറന്നുകിടക്കുന്നതായിക്കണ്ടു. മാത്രമല്ല, ബന്ധുത്വത്തിന്റെ പേരിൽ, തന്നെ വധിക്കാതിരിപ്പാൻ അയാൾ അഭ്യർത്ഥിക്കുകയും ചെയ്തു. ആകയാൽ വധോദ്യമത്തിൽനിന്നു അലീ (ക. വ.) പിൻവാങ്ങി വധിക്കാതെ തിരിച്ചു വന്നതിന്റെ കാരണമെന്തെന്നു സഹാബികൾ അന്വേഷിച്ചപ്പോൾ, ഈ വസ്തുതകൾ അലീ (ക. വ.) വ്യക്തമാക്കുകയും, അയാൾ ശേഷിക്കുകയില്ലെന്നു അഭിപ്രായപ്പെടുകയും ചെയ്തുവെന്നു ചിലർ പ്രസ്താവിച്ചിട്ടുണ്ട്.] [എന്തുകൊണ്ടു അയാളെ വധിച്ചില്ലെന്നു തിരുമേനി (സ) ചോദിച്ചപ്പോൾ അലീ (ക. വ.) സംഗതികൾ ബോധിപ്പിച്ചു. അയാളെ വധിക്കേണമെന്നു തിരുമേനി (സ) അഭിപ്രായപ്പെട്ടു. അതനുസരിച്ചു അലീ (ക) വ.)അയാളെ വധിച്ചുവെന്നു മറ്റുചിലർ പ്രസ്താവിച്ചിരിക്കുന്നു] [പ്രസ്തുത കാരണങ്ങളാൽ തന്നെ വേറൊരു യുദ്ധത്തിൽ നസ്റിബ്നു അറതാത്, അംറുബ്നുൽ ആസീ എന്നീ രണ്ടു പേരെ അലീ (ക. വ.) വധിക്കാതെ വിട്ടിട്ടുണ്ടെന്നു ചരിത്രം പറയുന്നുണ്ട്.]

തൽഹത് പരാജയപ്പെട്ടപ്പോൾ അയാളുടെ സഹോദരനായ മുസ്മാൻ പതാകയേന്തിക്കൊണ്ടു രംഗത്തിറങ്ങി. ഹംസ (റ) അയാളോടെതിർത്തുകൊണ്ടു, പതാകയേന്തിയ കൈ വെട്ടിക്കീറി. അയാൾ നിലം പതിച്ചപ്പോൾ അയാളുടെ സഹോദരനായ സഈദ് കൊടി പിടിച്ചു രംഗത്തു വന്നു. അയാളെ സഅ്ദിബ്നു അബീവഖാസ് (റ) കുന്തം കൊണ്ടെറിഞ്ഞു കൊന്നു. അപ്പോൾ, മുൻപറഞ്ഞ തൽഹത്തിന്റെ പുത്രനായ മസാഫിഅ് പതാകയേന്തിക്കൊണ്ടു രംഗത്തു പ്രത്യക്ഷപ്പെട്ടു. അയാളെ ആസീമിബ്നു സാബിത് (റ) അമ്പെയ്തു കൊന്നു. അയാൾ മരിച്ചപ്പോൾ അയാളുടെ സഹോദരനായ ഹർസ് കൊടി പിടിച്ചുകൊണ്ടു രംഗത്തു വന്നു. അയാളേയും ആസീം (റ)അമ്പെയ്തു വീഴ്ത്തി. [മുൻപറഞ്ഞ മസാഫിഇന്റെയും ഹർസിന്റെയും മാതാവായ സുലാഫത് ആ സേനയെ അനുഗമിച്ചിരുന്നു. അമ്പേറു അവശനായ ഹർസ് മാതാവിന്റെ മടിയിൽ തലവെച്ചു കിടന്നു. 'മകനെ ആരാണ് അമ്പെയ്തതെന്നു മാതാവു ചോദിച്ചപ്പോൾ, 'ആസീമിബനു അബുൽ അഫ്ലഹ്" എന്നു മകൻ മറുപടി പറഞ്ഞു. അപ്പോൾ ക്രുദ്ധയായ സുലാഫത് ഇപ്രകാരം ആണയിട്ടു. 'പടച്ചവനാണെ സത്യം, ആസീമിന്റെ കഴുത്തറുത്തു അവന്റെ തലയോട്ടിൽ കള്ളു പകർന്നു കുടിക്കുവാൻ ഞാൻ നേർച്ച ചെയ്യുന്നു.' ആസീമിന്റെ കഴുത്തറക്കുന്ന ആൾക്കു നൂറു ഒട്ടകങ്ങളെ സമ്മാനമായി കൊടുക്കാമെന്നു പ്രഖ്യാപിക്കുകയും ചെയ്തു.] അമ്പേറു ഹർസ് പിൻവാങ്ങിയപ്പോൾ, അയാളുടെ സഹോദരനായ കിലാബ് പതാക വഹിച്ചു കൊണ്ടു രംഗത്തിറങ്ങി. അയാളെ സുബൈർ (റ) വധിച്ചു. അതിനെത്തുടർന്നു കിലാബിന്റെ സഹോദരനായ ജല്ലാസ് കൊടിയേന്തിക്കൊണ്ടു രംഗത്തു വന്നു. അയാളെ തൽഹതിബ്നു ഉബൈദില്ലാ (റ) വധിച്ചു. അതിന്നു ശേഷം അബ്ദുദ്ദാറിന്റെ സന്തതികളിൽപ്പെട്ട അർതാത്ബ്നു ശർഹബീലാണ് കൊടിയുമേന്തി രംഗത്തിറങ്ങിയതു്. അയാളെ അലി (ക. വ.) യൊ ഹംസ (റ) യൊ വധിച്ചു. പിന്നെ, ശരീഹിബ്നു ഖാരിത് കൊടിയുമായി മുമ്പോട്ടു വന്നു. അയാൾ കൊല്ലപ്പെട്ടപ്പോൾ, അബൂസൈദ് പതാകയുമായി രംഗത്തിറങ്ങി. അയാളെ ഖസ്മാൻ (റ) വധിച്ചു. അതിനെത്തുടർന്നു രംഗത്തു വന്നതു ശർഹബീലിന്റെ മകനാണു

അയാളെയും ഖസ്‌മാൻ (റ) തന്നെ വധിക്കുകയുണ്ടായി. അതു കഴിഞ്ഞപ്പോൾ അബ്ദുദ്ദാറിന്റെ മക്കളുടെ അടിമയായ സവ്വാബാണ് പതാകയേന്തിക്കൊണ്ടു മുസ്‌ലിംകളെ നേരിട്ടതു്. അയാളെ അലി (ക. വ.) വധിച്ചതോടുകൂടി, കൊടിയുടെ അധികാരികളെല്ലാം അവസാനിച്ചു. പതാക ഉയർത്തിപ്പിടിക്കുവാൻ ആളുണ്ടായില്ല. ആ അവസരത്തിൽ, നിലത്തു വീണു കിടന്ന പതാക അംറത് എന്ന ഒരു സ്ത്രീ ഉയർത്തിപ്പിടിക്കുകയും, ആ കൊടിയുമായി അവൾ ഖുറൈശീ സൈന്യത്തോടു ചേർന്നു നിൽക്കുകയും ചെയ്തു.

അദ്ധ്യായം 5

കൊടിയുടെ അധികാരികളും മുഴുവനും മുടിഞ്ഞു കഴിഞ്ഞപ്പോൾ, ശത്രുസേനയിൽ ഭിന്നാഭിപ്രായങ്ങൾ തലയുയർത്തി. അവർ അഭിപ്രായഭിന്നതയുടെ പേരിൽ കക്ഷികളായി തിരിഞ്ഞു. ആ കക്ഷിത്വം ആ സൈന്യത്തെ ദുർബ്ബലമാക്കി. മരിക്കുക, മരിക്കുക എന്നു പറഞ്ഞുകൊണ്ടു മുസ്‌ലിംകൾ ശത്രുക്കളുടെ അണിയിലേക്കു ആഞ്ഞു കയറി. അബൂബക്കർ സിദ്ദീഖ് (റ) തിരുമേനി (സ) നൽകിയ വാൾകൊണ്ടു ശത്രുപക്ഷത്തിലെ പ്രാമാണിക യോദ്ധാക്കളിൽ പലരെ വെട്ടി വീഴ്ത്തി. അബൂബക്കർ സിദ്ദീഖ് (റ) വിന്റെ പുത്രനായ അബ്ദുർ റഹ്മാൻ പോർവിളി നടത്തിയപ്പോൾ, അയാളോടെതിർപ്പാനായി അബൂബക്കർ (റ) ഒരുങ്ങിയെങ്കിലും തിരുമേനി (സ) അനുവദിച്ചില്ല. പിൻഭാഗത്തു കൂടി കടന്നാക്രമിക്കുവാൻ തരം നോക്കിയ ശത്രുപക്ഷത്തിലെ കുതിരപ്പടയെ, മലമുകളിൽ കാവൽനിന്ന മുസ്‌ലിം വില്ലാളിവീരന്മാർ തിരിച്ചയച്ചു. അവർ ആ നിലക്കു നടത്തിയ മൂന്നു പരിശ്രമങ്ങളും പരാജയപ്പെടുത്തപ്പെട്ടു. ഹംസ (റ) നടത്തിയ മുന്നേറ്റം ശത്രുക്കളെ ആകമാനം അമ്പരപ്പിച്ചു. സിബാഇബ്നു അബ്ദിൽ ഉസ്സാ എന്ന പരാക്രമശാലിയെ നേരിട്ടുള്ള യുദ്ധത്തിൽ അദ്ദേഹം വധിച്ചു. ഉഹ്ദ് യുദ്ധത്തിൽ ഇരുപത്തിമൂന്നോ മുപ്പത്തൊന്നോ എണ്ണം വരുന്ന ശത്രുഭടന്മാരെ ഹംസ (റ) വധിക്കുകയുണ്ടായി. [വഹ്ശീ പറയുന്നു:– 'ഉഹ്ദ് യുദ്ധത്തിൽ ഹംസയെ വധിക്കേണമെന്നതു മാത്രമായിരുന്നു എന്റെ ഉദ്ദേശ്യം. പല തവണ ഞാൻ അതിനു ശ്രമിച്ചു. അദ്ദേഹത്തിന്റെ വേഗത്താൽ എനിക്കു ഒരു പഴുതും കിട്ടിയില്ല.' അവസാനം ശത്രുക്കളുമായി ഉഗ്രസമരം നടത്തിക്കൊണ്ടിരിക്കെ ഹംസ (റ) കാലിടറി നിലത്തു വീണു. ആ വീഴ്ചയിൽ അദ്ദേഹത്തിന്റെ വയറിന്റെ ഭാഗത്തുനിന്നു പടയങ്കി തുറന്നു പോയി. ആ അവസരം വഹ്ശീ ഉപയോഗപ്പെടുത്തി. വഹ്ശീ എറിഞ്ഞ കുന്തം അദ്ദേഹത്തിന്റെ പൊക്കിളിനും നാഭിക്കുമിടയിൽ തറച്ചു. എഴുന്നേല്ലുവാൻ ശ്രമിച്ചെങ്കിലും അദ്ദേഹം വശം കെട്ടു പോയി. രണ്ടു കൈകളിൽ രണ്ടു വാളേന്തിക്കൊണ്ടു ഉഹ്ദിൽ വെച്ചു അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത്യുഗ്രസമരം നടത്തിയ ഹംസ (റ) അങ്ങിനെ ശഹീദായി.]

[ഹംസ (റ) യെ വധിച്ച വഹ്ശീ പില്ക്കാലത്തു ഇസ്‌ലാം മതം വിശ്വസിട്ടുണ്ടു്. പക്ഷെ മരിക്കുന്നതു വരെ അദ്ദേഹത്തിന്റെ ഐഹിക ജീവിതം സുഖം എന്ന അവസ്ഥ ആസ്വദിക്കുകയുണ്ടായില്ല. മക്കാ വിജയവേളയിൽ അദ്ദേഹം താഇഫിൽ അഭയം പ്രാപിച്ചു. പിന്നീടു താഇഫുകാർ കൂട്ടത്തോടെ ഇസ്‌ലാമിലേക്കു വന്നപ്പോൾ അവരോടൊപ്പമാണു് വഹ്ശീയും ഇസ്‌ലാമിലേക്കു വന്നതു്. ഇസ്‌ലാംമതം വിശ്വസിച്ചതിനു ശേഷവും വഹ്ശിയുടെ നേരെ തിരുമേനി (സ) സന്തുഷ്ടനായിരുന്നില്ല എന്നാണു് ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുള്ളതു്. മുസ്‌ലിമായതിനു ശേഷം അദ്ദേഹം ശാമിലേക്കു പോവുകയും ജീവിതകാലം മുഴുവൻ അവിടെ കഴിച്ചുകൂട്ടുകയും

ചെയ്തു. മാനുഷ്മാരുടെ സദസ്സിൽ അദ്ദേഹത്തിന്ന സ്ഥാനമുണ്ടായിരുന്നില്ല. മാത്രമല്ല ചിലപ്പോഴൊക്കെ അദ്ദേഹം അപമാനത്തിന്റെ കലിനമായ കയ്പ് അനുഭവിക്കേണ്ടതായും വന്നു. ഉമർ (റ) വിന്റെ ഖിലാഫത്തു കാലത്തു്, മദ്യപാന കുറ്റത്തിന്ന അദ്ദേഹം ശിക്ഷിക്കപ്പെട്ടു.' ഹംസയെ വധിച്ചവനെ അല്ലാഹു വെറുതെ വിടുകയില്ലെന്നു' ആ സംഭവത്തെ പരാമർശിച്ചുകൊണ്ടു ഉമർ (റ) പ്രസ്താവിച്ചു. 'ഹംസയെ വധിച്ചവനെ പൊല്പി ഞാൻ അത്ഭുതപ്പെടുന്നു. അവൻ എങ്ങിനെ ജയം പ്രാപിക്കും.' എന്നാണു് ഉമർ (റ) പറഞ്ഞതെന്നു, സയീദിബ്നുൽ മുസയ്യിബ് (റ) വെ ഉദ്ധരിച്ചു കൊണ്ടു ദാവൂദ്നീ (റ) പ്രസ്താവിച്ചിരിക്കുന്നു. ഉമർ (റ) വിന്റെ വാചകത്തിലെ 'ജയം' എന്ന വാക്കിന്ന 'ലൌകിക ജയം' എന്നാണു് വിവക്ഷിതാർത്ഥമെന്നു പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ടു്. മുസ്‌ലീമായ നിലയിൽ തന്നെയാണു് വഹ്ശീ (റ) ഇഹലോകം വെടിഞ്ഞതു്. അബൂബകർ (റ) വിന്റെ ഖിലാഫത്തു് കാലത്തു നടന്ന യമാമാ യുദ്ധത്തിൽ മുസൈലിമയുൽകദ്ദാബ് എന്ന കള്ളപ്രവാചകനെ വഹ്ശീ (റ) വധിക്കുകയുണ്ടായി. 'ഈ ആയുധംകൊണ്ടു മഹാനായ ഒരു വ്യക്തിയെയും ഹീനനായ ഒരു വ്യക്തിയേയും ഞാൻ വധിച്ചു. മഹാനായ ഒരു ഗുണവാനെ വധിച്ച പാപം, ശപിക്കപ്പെട്ട ഈ ഹീനന്റെ വധത്താൽ പരിഹൃതമാവട്ടെ' എന്നു അദ്ദേഹം പ്രസ്താവിച്ചു]

പരാജയം ശത്രുക്കൾക്കിടയിൽ തീയിട്ടു. പിന്തിരിഞ്ഞോടുവാൻ അവർ തക്കം നോക്കി. പക്ഷെ, പിന്നണിയിൽ നിന്നു ഹിന്ദിന്റെ നേതൃത്വത്തിൽ അവർക്കു ആവേശം പകർന്നുകൊടുക്കുകയും അവരുടെ ദുരഹങ്കാരത്തിന്നു മൂർച്ചകൂട്ടുകയും ചെയ്തുകൊണ്ടിരുന്ന സ്ത്രീകൾ അവരുടെ പിന്തിരിഞ്ഞോട്ടത്തിനു വിലങ്ങടിച്ചുനിന്നു. ''അബ്ദുദ്ദാറിന്റെ മക്കളെ, പിന്തിരിയാതിരിക്കുന്നതിൽ സന്തുഷ്ടരാവുക. മുന്നേറി, മുന്നേറി, പോരാടുക. ധീരന്മാരായ നിങ്ങൾക്കുള്ളതാണു് ഞങ്ങൾ—നാട്ടിലെങ്ങും കീർത്തിധാവള്യം പരത്തിയ വിശ്രുതന്മാരുടെ പെൺമക്കളാണു് ഞങ്ങൾ. സൌന്ദര്യധാമങ്ങളാണു് ഞങ്ങൾ—അരയന്നത്തെപ്പോലെ നടക്കുന്നവരാണു് ഞങ്ങൾ. തലമുടിയിൽ കസ്തൂരിയും കഴുത്തിൽ മുത്തുമാലയുമണിഞ്ഞ കാമദേവതകളാണു് ഞങ്ങൾ. യുദ്ധത്തിൽ വിജയികളാകുന്നവരെ പട്ടുമെത്തയിൽ കിടത്തി രമിപ്പിക്കുന്നവരാണു് ഞങ്ങൾ. ആകയാൽ, പിന്തിരിയാതെ മുന്നേറുക. പിന്തിരിയുന്നവരെ ബഹിഷ്കരിക്കുന്നവരാണു് ഞങ്ങൾ. ആകയാൽ നിങ്ങൾ മുന്നേറുക. നിങ്ങൾക്കുള്ളതാണു് ഞങ്ങൾ'' എന്നിപ്രകാരം ഹിന്ദും കൂട്ടുകാരികളും ആഹ്വാനം നല്കികൊണ്ടുനിന്നു. ഹൻളലത് (റ) അബൂസുഫ്യാനെ നേരിട്ടു. അദ്ദേഹം അബൂബുഫ്യാന്റെ കുതിരയെ വെട്ടിവീഴ്ത്തി. അപ്പോഴേക്കും പിൻഭാഗത്തുനിന്ന ഒരു ശത്രുഭടൻ അദ്ദേഹത്തെ കുന്തംകൊണ്ടു കുത്തി. അദ്ദേഹം ശഹീദായി. എങ്കിലും, രംഗം ശത്രുക്കൾക്കു പ്രതികൂലമായിത്തന്നെ നിന്നു. ശത്രുസൈന്യം പിരിഞ്ഞു ഓടിത്തുടങ്ങി. സ്ത്രീകൾ നിലവിളിച്ചുകൊണ്ടു മലമുകളിൽ ഓടിക്കയറി. മുസ്‌ലിംകൾ ശത്രുക്കളെ വധിച്ചും ബന്ധനസ്ഥരാക്കിയും ഗനീമത്തു് ശേഖരിച്ചുംകൊണ്ടു് വിജയമേഖലയിലേക്കു നീങ്ങി.

അദ്ധ്യായം 6

മലമുകളിൽ, മദ്ധ്യപ്രധാനമായ സ്ഥലത്തു്, കനത്ത താക്കീതോടുകൂടി, തിരുമേനി(സ) കാവൽനിറുത്തിയിരുന്ന വില്ലാളികൾ യുദ്ധരംഗത്തേക്കു നോക്കിയപ്പോൾ, മുസ്‌ലിംകൾ ശത്രുക്കളെ ബന്ധനസ്ഥരാക്കുകയും ഗനീമത്തു് സംഭരിക്കുകയും ചെയ്യുന്ന കാഴ്ചയാണു് അവർ

ടെ ദൃഷ്ടിയിൽപ്പെട്ടതു്. മുസ്‌ലിംകളുടെ വിജയത്തിൽ യുദ്ധം അവസാനിച്ചുവെന്നു അവർ തീരുമാനിച്ചു. ഗനീമത്തു് സംഭരണത്തിൽ പങ്കെടുക്കുന്നതിനായി സ്ഥലം വിടുവാൻ അവർ സന്നദ്ധരായി. അവരുടെ നേതാവായ അബ്ദുല്ലാഹിബ്‌നുജുബൈർ (റ) അവരെ വിലക്കി. തിരുമേനി (സ) കല്പിക്കുന്നതുവരെ സ്ഥലം വിടരുതെന്നു അദ്ദേഹം ഉപദേശിച്ചു ആ ഉപദേശം ശ്രവിക്കാതെ അവരിൽ ഭൂരിപക്ഷം സ്ഥലം വിട്ടു. പത്തോളം വില്ലാളികൾ മാത്രമെ അവിടെ അവശേഷിച്ചുള്ളൂ. ആ തക്കം ശത്രുക്കൾ പാഴാക്കിയില്ല. ഖാലിദിബ്‌ന വലീദിന്റെയും ഇക്‌രിമതിബ്‌നു അബീജഹലിന്റെയും നായകത്വത്തിൽ ഒരു സേന ആ വഴിക്കു ഒരു മുന്നേറ്റം നടത്തി. പത്തോളം വരുന്ന വില്ലാളി സംഘത്തിനു അവരെ തടുക്കുവാൻ കഴിഞ്ഞില്ല. എങ്കിലും അവരെല്ലാവരും ശഹീദാകുന്നതുവരെ ശത്രുക്കളെ ചെറുത്തു. അബ്ദുല്ലാഹിബ്‌നുജുബൈർ (റ) ശഹീദായതിനുശേഷം ശത്രുക്കൾ അദ്ദേഹത്തിന്റെ മൃതത്തിന്മേൽ പാഞ്ഞുകേറുകയുണ്ടായി. യുദ്ധരംഗത്തു ഗനീമത്തു് സംഭരിക്കുന്നതിലും ശത്രുക്കളെ ബന്ധനസ്ഥരാക്കുന്നതിലും വ്യാപൃതരായി, യുദ്ധത്തിന്റെ പര്യവസാനം കുറിച്ചുകൊണ്ടിരുന്ന മുസ്‌ലിംകൾ ഈ വസ്തുത അറിഞ്ഞില്ല. ശത്രുക്കൾ ആകസ്മികമായി പിൻഭാഗത്തുകൂടെ രംഗത്തിറങ്ങി. പടയാടിത്തുടങ്ങിയപ്പോൾ മുസ്‌ലിംകൾ അമ്പരന്നുപോയി. ഇതികർത്തവ്യതാമൂഢരായ മുസ്‌ലിം സേനയുടെ അണി ഭേദിച്ചുപോയി. അവരുടെ കണ്ണങ്ങളിലെ ശബ്ദം നിലച്ചുപോയി. അല്പം ചിലർ പിന്തിരിഞ്ഞോടിക്കളഞ്ഞു. മറ്റുള്ളവർ നിഷ്‌ക്രിയരായിനിന്നു. മുക്കാൽ ഭാഗം ചിലർ ശത്രുക്കളോടെതിർത്തു. മുസ്‌ലിംകളുടെ പതാക വഹിച്ച മിസ്‌ അബിബ്‌നു ഉമൈർ (റ) വധിക്കപ്പെട്ടു. അപ്പോൾ അലീ (ക. വ.) പതാക ഉയർത്തിപ്പിടിച്ചു. അൽഹാഫിളിബ്‌നു ഹജർ (റ) പറയുന്നു:— "തിരുമേനി (സ) യുടെ ഉപദേശത്തെ സഹാബിമാരിൽ ചിലർ പരിഗണിച്ചിട്ടില്ല. തന്മൂലമുണ്ടായ ആപത്തു മറ്റു സഹാബികളും അനുഭവിക്കേണ്ടിവന്നു." തിരുമേനി (സ) യെ വ്യസനിപ്പിച്ച പ്രസ്തുത സംഭവത്തെ പരാമർശിച്ചുകൊണ്ടു അല്ലാഹു ഇപ്രകാരം കല്പിച്ചു:- "നിങ്ങളം വ്യസനിപ്പിച്ചതിനു വ്യസനംതന്നെ നിങ്ങൾക്കു കൂലിയായിത്തന്നു."

ശത്രുപക്ഷത്തിന്റെ പതാക അൽഖമത്തിന്റെ മകളായ അമീറത്‌ എന്ന സ്ത്രീ ഉയർത്തിപ്പിടിച്ചു. ആ കൊടിയുടെ കീഴിൽ ശത്രുസേന സംഘടിക്കുകയുണ്ടായി. "മുഹമ്മദ്‌ കൊല്ലപ്പെട്ടു"വെന്നു ഇബ്‌നുഖമിഅത്‌ എന്ന ഒരു ശത്രു വിളിച്ചുപറഞ്ഞു. മുആലിബ്‌നു സുറാഖത്തെന്ന സഹാബിയാണു് അങ്ങിനെ വിളിച്ചു പറഞ്ഞതെന്നു മുസ്‌ലിംകൾ വിശ്വസിച്ചു. അന്വേഷണത്തിൽ അദ്ദേഹം അങ്ങിനെ പറഞ്ഞിട്ടില്ലെന്നു അവർക്കു ബോധ്യമായി" എന്ന ഒരാഹ്വാനം മുസ്‌ലിംകളെ ആശയക്കുഴപ്പത്തിൽ അകപ്പെടുത്തി. അവരിൽ ചിലർ പിന്തിരിഞ്ഞു. അതായതു അവർ പരസ്പരം അഭിമുഖീകരിച്ചു. നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. രംഗം വിഭ്രമജനകവുമായിരുന്നു. മൂന്നു തവണ ആ ആഹ്വാനം ആവർത്തിക്കപ്പെട്ടു." അസബുൽ അഖബയുടെ ആഹ്വാനമാണെ""തെന്നു തിരുമേനി (സ) പറയുകയുണ്ടായി. 'അഖബയിലെ കറിയ മനുഷ്യൻ' എന്നാണു് ആ വാക്കിന്നർത്ഥം. [അബ്ദുല്ലാഹിബ്നുജുബൈർ (റ) പറയുന്നു:- "രണ്ടു ചാൺ ഉയരമുള്ള ഒരു വ്യക്തിയെ ഞാൻ കണ്ടു. നിങ്ങൾ ആരാണെന്നു ഞാൻ ചോദിച്ചപ്പോൾ, ഞാൻ ഒരു ജിന്നാണെന്നു അയാൾ പറഞ്ഞു. എന്റെ കയ്യിലുണ്ടായിരുന്ന ചമ്മട്ടി ഞാൻ ഒന്നു വീശിയപ്പോൾ ആ ഹ്രസ്വകായൻ ഓടിക്കളഞ്ഞു."]

പരസ്പരം മനസ്സിലാക്കുവാൻ കഴിയാതെ മുസ്‌ലിംകൾ അന്യോന്യം ഏറുമുട്ടി. മുനാഫിഖുകൾ ഈ സന്ദർഭം കുതന്ത്രങ്ങൾ പ്രചരിപ്പിക്കുവാൻ ഉപയോഗപ്പെടുത്തി. അവർ പല്ലവനണകളും ആശയക്കുഴപ്പങ്ങളും പ്രചരിപ്പിച്ചു. ''നമ്മുടെ മാർഗ്ഗം സത്യമാർഗ്ഗമായിരുന്നെങ്കിൽ ഈ ആപത്തു സംഭവിക്കുകയില്ലായിരുന്നു'വെന്നു ചിലർ പറഞ്ഞു. പരത്തി. ''മുഹമ്മദ് ഒരു നബിയായിരുന്നെങ്കിൽ ആ മനുഷ്യൻ കൊല്ലപ്പെടുകയില്ലായിരുന്നു''വെന്നു ചിലർ അഭിപ്രായപ്പെട്ടു. ''മുഹമ്മദ് കൊല്ലപ്പെട്ടു. ഇനി നമുക്കു നമ്മുടെ പൂർവ്വമാർഗ്ഗത്തിലേക്കു തിരിച്ചുപോകാം'' എന്നു ചിലർ ഉപദേശിച്ചു. ''നമുക്കു അബ്ദുല്ലാഹിബ്‌നു ഉബയ്യിനെ ഇങ്ങോട്ടു വിളിപ്പിക്കാം. അദ്ദേഹം അബൂസുഫ്‌യാനെ കണ്ടു സംസാരിക്കട്ടെ—നമുക്കു നമ്മുടെ പഴയ ദീനിലേക്കുതന്നെ തിരിച്ചുപോകാം'' എന്ന അഭിപ്രായം ചിലർ ഉന്നയിച്ചു. ''ഖുറൈശികൾ നിങ്ങളെ കൊന്നൊടുക്കുന്നതിനു മുമ്പു നിങ്ങൾ അവർക്കു കീഴടങ്ങി അവരോടൊപ്പം ചേർന്നുകൊള്ളുക'' എന്നു ഒരു മുനാഫിഖ് പറഞ്ഞപ്പോൾ ''മുഹമ്മദ് നബി കൊല്ലപ്പെട്ടുകിൽതന്നെ അദ്ദേഹത്തിന്റെ റബ്ബു ജീവിച്ചിരിപ്പുണ്ടല്ലൊ. അതുകൊണ്ടു അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തിരുമേനി (സ) ഘോരഘോരമായുദ്ധം ചെയ്തതുപോലെ അടരാടുകയാണു നമ്മുടെ കർത്തവ്യ''മെന്നു അനസിബ്‌നുന്നള്ർ (റ) പറഞ്ഞു. സഅ്ദിബ്‌നുമുആദ് (റ) വും മറ്റും ഈ അഭിപ്രായത്തോടു യോജിച്ചു. മുഹാജിർകളും അൻസാർകളുമായ സഹാബിമാരിൽ ചിലരോടു അനസിബ്‌നുന്നള്ർ (റ) ഇപ്രകാരം പറഞ്ഞു:—''സത്യവിശ്വാസികളെ, നബി കൊല്ലപ്പെട്ടുവെന്നു ചിലർ പറയുന്നു. അങ്ങിനെയാണെങ്കിൽ നാം ജീവിച്ചിരുന്നിട്ടെന്തുകാര്യം? നമുക്കു നമ്മുടെ ദീനിൽ ഉറച്ചുനില്ക്കുകയും നബി(സ) ജീവാത്മാപ്പണം ചെയ്ത മാർഗ്ഗത്തിൽ മരിക്കുകയും ചെയ്യാം'' അദ്ദേഹം ശഹീദാകുന്നതുവരെ ശത്രുക്കളുമായി എതിർത്തു. അനസിബ്‌നുമാലിക് (റ) പറയുന്നു:— ''അനസിബ്‌നുന്നള്ർ ശഹീദായിക്കിടക്കുന്നതു ഞാൻ കണ്ടു. വാൾ, കുന്തം, അമ്പു മുതലായ ആയുധങ്ങളേല്പിച്ച എൺപതിലേറെ മുറിവുകളുണ്ടായിരുന്നു.''. ''മുഹമ്മദ് (സ) മരിച്ചെങ്കിൽതന്നെ അല്ലാഹു ജീവിച്ചിരിക്കുന്നുണ്ട്. അവനു മരണമില്ല. ആകയാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ പടപൊരുതുക'' എന്നു സാബിതിബ്‌നുദ്ദഹ്ദാഹ് അൻസാർകളെ അഭിസംബോധന ചെയ്തുകൊണ്ടു പറയുകയുണ്ടായി. അൻസാർകളായ ഒരുകൂട്ടം മുസ്‌ലിംസേന അദ്ദേഹത്തോടൊപ്പം രംഗത്തിറങ്ങി. ഖാലിദിബ്‌നുവലീദ്, അംറിബ്‌നുൽ ആസി, ഇക്‌രിമതിബ്‌നു അബീജഹൽ, ളിറാറിബ്‌നുൽഖത്താബ് തുടങ്ങിയ പ്രഗത്ഭരായിരുന്നു അവരുടെ പ്രതിയോഗികൾ. ഖാലിദിബ്‌നുവലീദുമായുള്ള എതിപ്പിൽ സാബിത് (റ) ശഹീദായി. അവരുടെ കൂടെയുണ്ടായിരുന്ന മറ്റുസഹാബികളും ശഹീദായി.

മിഖ്ദാദിബ്‌നുൽ അസ്‌വദ് (റ) പറയുന്നു:— 'സഹാബികൾ പരിഭ്രാന്തരായി ചിന്നിച്ചിതറിയപ്പോൾ, നിന്നേടത്തുനിന്നു അണുമാത്രം തെറ്റാതെ തിരുമേനി (സ) സ്വസ്ഥാനത്തു ഉറച്ചുനിന്നുകൊണ്ടു ശത്രുക്കളോടെതിർത്തു.'

അബൂയഅ്‌ലാ (റ) പറയുന്നു:— 'മരിച്ചവരുടെ കൂട്ടത്തിലും ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിലും തിരുമേനി (സ) യെ ഞാൻ തിരഞ്ഞു നോക്കി. ഒരിടത്തും കണ്ടെത്തിയില്ല. അപ്പോൾ ഞാൻ പറഞ്ഞു: തിരുമേനി (സ) വധിക്കപ്പെട്ടിട്ടില്ല. ഓടിക്കളഞ്ഞിട്ടുമില്ല. അല്ലാഹു നമ്മോടു ക്രോധിക്കുകയും തിരുമേനി (സ) യെ ഉയർത്തുകയും ചെയ്തതാവാം. ഇനി നാം ജീവിച്ചിരുന്നിട്ടു ഫലമില്ല.' ഇങ്ങിനെ

പറഞ്ഞുകൊണ്ട് അദ്ദേഹം യുദ്ധക്കളത്തിലിറങ്ങി പോരാടുകയും, ശത്രുക്കളെ പിൻമാറിക്കൊണ്ട് മുന്നേറുകയും തിരുമേനി (സ) യെ കണ്ടെത്തുകയും ചെയ്തു.

'ഒന്നുകിൽ തിരുമേനി (സ) യെ കണ്ടെത്തണം; അല്ലെങ്കിൽ ശഹീദാവണം' എന്നു പറഞ്ഞുകൊണ്ട് സഅ്ദിബ്നുഅബീവഖാസ് (റ) മുന്നോറി. അദ്ദേഹം തിരുമേനി (സ) യെ കണ്ടെത്തുകയും ചെയ്തു. അദ്ദേഹം പറയുന്നു: 'ഒരാൾ ശത്രുക്കളെ കല്ലെറിഞ്ഞു പിന്തിരിക്കുന്നതു ഞാൻ കണ്ടു. അതു തിരുമേനി (സ) യാണെന്നു എനിക്കു മനസ്സിലായില്ല. തിരുമേനി (സ) ക്കടുത്തായി നിന്നിരുന്ന മിഖ്ദാദ് (റ) വോട് ഞാൻ അന്വേഷിച്ചപ്പോൾ' ഇതു. റസൂലാ'ണെന്നു അദ്ദേഹം മറുപടി പറഞ്ഞു. അതു കേട്ടപ്പോൾ എന്റെ വേദനകളെല്ലാം ശമിച്ചതായി എനിക്കനുഭവപ്പെട്ടു. ഞാൻ തിരുമേനി (സ) യുടെ സമീപത്തേക്കു നീങ്ങി നിൽക്കുകയും, 'റബ്ബേ, ഇതു നിന്റെ അമ്പാണു; ഈ അമ്പുകൊണ്ടു നീ നിന്റെ ശത്രുക്കളെ വീഴ്ത്തണമെ' എന്നു പ്രാർത്ഥിച്ചുകൊണ്ടു അമ്പുകൾ എയ്തു തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ ആവനാഴിയിലെ അമ്പുകൾതീർന്നപ്പോൾ തിരുമേനി (സ) യുടെ ആവനാഴിയിലെ അമ്പുകൾ അദ്ദേഹം ഉപയോഗപ്പെടുത്തി. അദ്ദേഹം പറയുന്നു:— 'അങ്ങിനെ ആയിരത്തോളം അമ്പുകൾ ഞാൻ എയ്തു. ഞാൻ എയ്ത അമ്പുകൾ തിരുമേനി (സ) യുടെ തൃക്കരങ്ങളിലേക്കു തന്നെ തിരിച്ചു വന്നതു കൊണ്ടാണു് അതുപോലെ അമ്പുകൾ എയ്യുവാൻ എനിക്കു സാധിച്ചതു്.'

അദ്ധ്യായം 7

[ഉഹ്ദ് യുദ്ധത്തിന്റെ രണ്ടാംഘട്ടത്തിൽ മുസ്‌ലിംകളുടെ അണി ഭദ്രമായിരുന്നില്ലെന്നും, ആകപ്പാടെ സംഭ്രമജനകമായ അനിശ്ചിതത്വം രംഗത്തു കളിയാടിയെന്നും പറഞ്ഞുവല്ലൊ. രണ്ടാംഘട്ടത്തിൽ നടന്ന സംഭവങ്ങൾ ചരിത്രകാരന്മാരിൽ പലർ പല വിധത്തിൽ വിവരിപ്പാനുള്ള കാരണം ഈ അനിശ്ചിതത്വമാണു്. ഓരോ രംഗവും അനുനിമിഷം മാറിക്കൊണ്ടിരുന്നു. ഒരു രംഗത്തു ഒരു നിമിഷത്തിൽ ഒരാൾ കണ്ടതല്ല, അടുത്ത നിമിഷത്തിൽ മറെറാരാൾ കണ്ടതു്. ഓരോരുത്തരും അവർ കണ്ട വസ്തുത രേഖപ്പെടുത്തി. തന്മൂലം രംഗത്തു നടന്ന മാറ്റങ്ങൾക്കൊത്തു ചരിത്രകാരന്മാരുടെ രേഖകളിലും മാറ്റം സംഭവിച്ചു. ഒരൊ രംഗത്തെയൊ സംഭവത്തെയൊ കുറിച്ചു വിവിധാഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനുണ്ടായ കാരണം ഇതാണെന്നു ഓർക്കേണ്ടിയിരിക്കുന്നു.]

സഹാബിമാർ വിഭ്രാന്തരായി ചിന്നിച്ചിതറിയപ്പോൾ, തിരുമേനി (സ) യോടൊപ്പം പതിനാലു സഹാബികൾ ഉറച്ചുനിന്നുവെന്നുള്ളതാണു് ഒരുപക്ഷം. അബൂബക്കർസിദ്ദീഖ് (റ), ഉമർഖത്താബ് (റ), അബ്ദുർറഹ്മാനിബ്നു ഔഫ് (റ), സഅദ് (റ), തൽഹത് (റ), സുബൈർ (റ), അബൂഉബൈദത് (റ) എന്നീ ഏഴു മുഹാജിർകളും; അബൂദുജാനത് (റ), ഖബ്ബാബിബ്നുൽമുൻദിർ (റ), ആസിമിബ്നുസാബിത് (റ), ഹർസിബ്നുസ്സുമ്മത് (റ), സഹ്ലിബ്നുഹനീഫ (റ), സഅ്ദിബ്നുമആദ് (റ), ഉബൈദിബ്നുഹുസൈൻ (റ) എന്നീ ഏഴു അൻസാർകളുമായിരുന്ന ആ പതിനാലു പേർ. അലീ (ക. വ.) പതാകവാഹകനായിരുന്നതു കൊണ്ടു അദ്ദേഹം ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. സഅ്ദിബ്നുഉബാദത് (റ) ഇവരോടൊപ്പം ഉണ്ടായിരുന്നുവെന്നു ചിലരും, മുഹമ്മദിബ്നുമസ്‌ലമത് (റ)മുൻപറഞ്ഞ പതിനാലു പേരുടെ കൂടെ ഉണ്ടായിരുന്നുവെന്നു വേറെ ചിലരും പ്രസ്താവിച്ചിട്ടുണ്ട്. എന്റെ മുഖത്തെക്കാൾ വിലയുള്ള തിരുമേനി (സ) യുടെ

മുഖമാണെന്നും എന്റെ ശരീരത്തെക്കാൾ വലുത് തിരുമേനി (സ) യുടെ ശരീരമാണെന്നും പറഞ്ഞുകൊണ്ട് മുപ്പത് പേർ തിരുമേനി (സ) യോടൊപ്പം ഉറച്ചു നിന്നുവെന്ന ഒരു മഹാൻ പ്രസ്താവിച്ചിരിക്കുന്നു. തിരുമേനി (സ) യോടൊപ്പം ഉറച്ചുനിന്നവരുടെ കൂട്ടത്തിൽ മിഖ്ദാദ് (റ) ഉണ്ടായിരുന്നുവെന്ന ഹകീം (റ) പറയുന്നു. ജാബിറിബ്‌ന അബ്ദുല്ലാ (റ) വും, അമ്മാറിബ്‌ന യാസിർ (റ), ഇബ്‌നമസ്ഊദ് (റ) എന്നിവരിൽ ഒരാളും അക്കൂട്ടത്തിലുണ്ടായിരുന്നുവെന്ന പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. തിരുമേനി (സ) യോടൊപ്പം രണ്ട് മുഹാജിർകളും എഴ് അൻസാരികളും മാത്രമെ ഉണ്ടായിരുന്നുള്ളുവെന്നതാണ് വേറൊരു പ്രസ്താവന.

ശത്രുക്കൾ തിരുമേനി (സ) യെ വലയം ചെയ്യുകയും, അമ്പെയ്യുകയും കല്ലേറ് നടത്തുകയും ചെയ്തു. ഖഡ്ഗങ്ങളും പ്രയോഗിക്കാതിരുന്നില്ല. അവയൊന്നും തന്നെ തിരുമേനിയിൽ ഫലിച്ചില്ല. തിരുമേനി (സ) യെ വധിക്കുവാൻ ശത്രുക്കൾ നടത്തിയ എല്ലാ ശ്രമങ്ങളേയും അല്ലാഹു പരാജയപ്പെടുത്തി.

അബൂതൽഹത് എന്ന പേരിൽ പ്രസിദ്ധനായ സൈദിബ്‌ന സഹ്‌ലുൽ അൻസാരീ (റ) തിരുമേനി (സ) യോടൊപ്പം ഉറച്ചു നിന്നവരിൽ ഉൾപ്പെട്ടിരുന്നുവെന്ന പറയപ്പെട്ടിട്ടുണ്ട്. വിഖ്യാതനായ വില്ലാളി വീരനായിരുന്ന അദ്ദേഹം. തിരുമേനി (സ) ആവനാഴിയിൽ നിന്ന അമ്പുകൾ അദ്ദേഹത്തിന്ന് ചൊരിഞ്ഞു കൊടുത്തു. 'തിരുമേനിയുടെ ശരീരത്തെ രക്ഷപ്പെടുത്തുവാൻ എന്റെ ശരീരത്തെ ഞാൻ ഉഴിഞ്ഞു വെച്ചു'വെന്ന പറഞ്ഞുകൊണ്ട് അദ്ദേഹം ശത്രുക്കളുടെ നേരെ അമ്പെയ്തു. ആവനാഴിയിൽ അമ്പുള്ളവർ ആ അമ്പുകൾ തൽഹത്തിന്ന വിട്ടുകൊടുക്കുക എന്ന തിരുമേനി (സ) ആജ്ഞാപിച്ചു. അദ്ദേഹത്തിന്റെ എയ്ത്തിന്റെ ശക്തിയാൽ മൂന്ന വില്ലുകൾ മുറിഞ്ഞു പോയി. ശത്രുപക്ഷത്തു നിന്നുള്ള അമ്പ് തിരുമേനി (സ) യുടെ ശരീരത്തിൽ ഏല്ക്കുവാനിട വരാതിരിക്കത്തക്കവിധം, അദ്ദേഹം തിരുമേനിയുടെ ശരീരത്തെ മറഞ്ഞു നിന്നു.

വില്ലാളിവീരനെന്ന ശ്രുതിപ്പെട്ട സഹ്‌ലിബ്‌ന ഹനീഫ് (റ) വും, തിരുമേനി (സ) യോടൊപ്പം നിന്നുകൊണ്ട് ശത്രുപക്ഷത്തേക്ക് അമ്പെയ്തുകയുണ്ടായി.

നുസൈബ എന്ന പേരിൽ വിശ്രുതയായ ഉമ്മു ഇമാറത്തുൽ മാസിനിയ്യ (റ) എന്ന സ്ത്രീയും, തിരുമേനി (സ) യോടൊപ്പം ഉറച്ചു നിന്നവരാകുന്നു. ആ മഹതി പറയുന്നു:- 'ഉഹ്ദ് യുദ്ധത്തിൽ അപായം പിണഞ്ഞവരെ അന്വേഷിച്ചുകൊണ്ട് ഞാൻ നടക്കുകയായിരുന്നു. എന്റെ കയ്യിൽ ഒരു പാത്രത്തിൽ വെള്ളമുണ്ടായിരുന്നു. മുറിവേറ്റവർക്ക് ഞാൻ വെള്ളം കൊടുത്തു ദാഹം തീർത്തു. അങ്ങിനെ നടന്നു നടന്നു തിരുമേനി (സ) യുടെ അടുത്തെത്തിയപ്പോൾ, തിരുമേനി (സ) ശത്രുക്കളുമായി പടപൊരുതുന്നതു ഞാൻ കണ്ടു. തിരുമേനി (സ) യെ ഉന്നം വെച്ചുകൊണ്ട് ശത്രുക്കൾ വെട്ടിയ വെട്ടുകളേയും ഞാൻ തടുത്തു. ആ സംഘട്ടനത്തിൽ എനിക്ക് മുറിവു പറ്റി. ഇബ്‌ന ഖമിഅത് എന്ന കാഫിറാണ് ആദ്യമായി എന്റെ പിടലിക്ക് മുറിവേല്പിച്ചതു്. അവൻ തിരുമേനി (സ) യെ വെല്ലുവിളിച്ചു. അപ്പോൾ ഞാനും മിസ്അബിബ്‌ന ഉമൈറും, അവനെ നേരിട്ടു. അവൻ എന്റെ പിടലിക്ക് വെട്ടി. ഞാൻ എന്റെ വാൾ കൊണ്ട് രണ്ട് വെട്ടുകൾ അവനെ വെട്ടിയെങ്കിലും അതു അവന്റെ ശരീരത്തിൽ ഫലിച്ചില്ല. കാരണം, അവൻ ഒന്നിന്റെ മീതെ മറ്റൊന്നായി രണ്ട് പടയങ്കികൾ അണിഞ്ഞിരുന്നു.' [നുസൈബ (റ), അവരുടെ ഭർത്താവായ സൈദിബ്‌ന ആസിം (റ), മക്കളായ ഹബീബ് (റ), അബ്ദുല്ല (റ) എന്നിവർ ഉഹ്ദ് യുദ്ധത്തിന്ന പുറപ്പെട്ട.

ഒരു വീട്ടിൽ നിന്നു ഒന്നിച്ചു പുറപ്പെട്ടിട്ടുള്ളവരെ നിങ്ങളെ അല്ലാഹു അനുഗ്രഹിക്കട്ടെ' എന്നു തിരുമേനി (സ) അവരോടു പറയുകയുണ്ടായി. 'ഞങ്ങൾ സ്വർഗ്ഗത്തിലും താങ്കളോടൊപ്പം ഉണ്ടായിരിപ്പാനായി അല്ലാഹുവോടു താങ്കൾ ദുആ ചെയ്യണം' എന്നു നുസൈബ (റ) തിരുമേനി (സ) യോടു ആ അവസരത്തിൽ അപേക്ഷിച്ചു. തിരുമേനി (സ) അപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി. നുസൈബ (റ) അത്യന്തം ചരിതാർത്ഥയായിക്കൊണ്ടു ഇപ്രകാരം പറഞ്ഞു:- 'മതി ഇനി ഈ ദുനിയാവിൽ നിന്നു എന്തു തന്നെ സംഭവിച്ചാലും സാരമില്ല.' തിരുമേനി (സ) പറയുകയുണ്ടായി:- 'ഉഹ്ദിൽ എന്നെ രക്ഷിപ്പാനായി എന്റെ ഇടതുഭാഗത്തു നിന്നും വലതു ഭാഗത്തു നിന്നും നുസൈബ ശത്രുക്കളുമായി പോരാടുന്നതു ഞാൻ കണ്ടു. കുന്തം കൊണ്ടും വാൾകൊണ്ടും പരുക്കുണ്ടു മുറിവുകൾ അവരുടെ ശരീരത്തിൽ എല്ക്കുകയുണ്ടായി.' [യമാമാ യുദ്ധത്തിൽ മുസൈലിമത്തുൽ കദ്ദാബുമായി ഈ മഹതി യുദ്ധം ചെയ്തിട്ടുണ്ടു്. മുസൈലിമത്തിനെ കൊല്ലുന്നതിൽ വഹ്ശീ (റ) വിനു ഈ മഹതിയുടെ പുത്രനായ അബ്ദുല്ലാഹിബ്നു സൈദ് (റ) സഹായം നൽകുകയുണ്ടായി.]

[ഉഹ്ദ് യുദ്ധം നടന്നുകൊണ്ടിരിക്കെ സഹാബിമാർ വിശ്വാസ നിദ്ര എന്ന ഉറക്കത്തിനധീനരായി. ബദ്റോടനുബന്ധത്തിലും ഇങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടുണ്ടു്. പക്ഷെ, അതു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോളായിരുന്നില്ല. യുദ്ധം തുടങ്ങുന്നതിനു അല്പം മുമ്പായിരുന്നു. ബിശ്റുബ്നുൽ ബറാഇബ്നുൽ മഅ്രൂർ (റ) വിന്റെ കയ്യിൽനിന്നു, ആ ഉറക്കം മൂലം, വാൾ നിലത്തു വീണുപോയി. അതു അദ്ദേഹം അറിഞ്ഞതില്ല.]

ഉഹ്ദ് യുദ്ധത്തിൽ തിരുമേനി (സ) യുടെ പോറുമ്മയായ ഉമ്മു ഐമൻ (റ) പങ്കെടുത്തിരുന്നു. മുറിവേറ്റ മുസ്ലിം യോദ്ധാക്കൾക്കു വെള്ളം കൊടുത്തുകൊണ്ടിരുന്ന ആ മഹതിയെ ഉന്നം വെച്ചുകൊണ്ടു ഹബ്ബാബിബ്നുൽ ഫർഖദ് എന്ന ശത്രു അമ്പെയ്കയും അമ്പേറ്റു അവർ നിലം പതിക്കുകയും ചെയ്തു. നിലത്തു വീണപ്പോൾ അവരുടെ ഉടുവസ്ത്രം നീങ്ങിപ്പോയി. അവരുടെ നഗ്നത പ്രത്യക്ഷമായപ്പോൾ ഹീനനായ ആ ശത്രു പൊട്ടിച്ചിരിച്ചു. ആ രംഗം തിരുമേനി (സ) യുടെ ശ്രദ്ധയിൽപ്പെട്ടു. തിരുമേനി (സ) മുനയില്ലാത്ത ഒരമ്പു് സഅ്ദ് (റ) വിന്റെ കയ്യിൽ കൊടുക്കുകയും, ആ ശത്രുവെ ലക്ഷ്യമാക്കി ആ അമ്പു് എയ്തു വിടുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സഅ്ദ് (റ) വിന്റെ ലക്ഷ്യം പിഴച്ചില്ല. ആ അമ്പു് ശത്രുവിന്റെ മാറിടത്തിൽ പതിച്ചു. അവൻ മലന്നടിച്ചു വീണു.

തിരുമേനി (സ) യോടൊപ്പം ഉറച്ചുനിന്ന അബൂദുജാനത് (റ) തിരുമേനി (സ) യുടെ നേരെ വന്ന അമ്പുകൾ, പരിച കൊണ്ടെന്നപോലെ, സ്വശരീരം കൊണ്ടു തടുത്തു. അനേകം അമ്പുകൾ അയാളുടെ ശരീരത്തിൽ തറച്ചു. തിരുമേനി (സ) യോടൊപ്പം ഉറച്ചുനിന്ന ഇമാരത്ബ്നുസിയാദുസ്സുകൻ (റ) മുറിവേറ്റു നിലംപതിച്ചു. തിരുമേനി (സ) യുടെ തുപ്പാടത്തിന്നടുത്തു കിടന്നുകൊണ്ടു അദ്ദേഹം ശഹീദായി. മിസ്അബ്ബ്നുഉമൈർ (റ) യുദ്ധം ചെയ്തുകൊണ്ടിരിക്കെ, ഇബ്നുഖമീഅത്തിന്റെ വെട്ടേറ്റു നിലംപതിച്ചു ശഹീദായി. (ഉബയ്യിബ്നുഖലഫാണു് അദ്ദേഹത്തെ വെട്ടിയതെന്നും പറയപ്പെട്ടിട്ടുണ്ടു്.)

ഉബയ്യിബ്നുഖലഫ് എന്ന ശത്രു തിരുമേനി (സ) യുമായി നേരിട്ടു യുദ്ധം ചെയ്യുവാൻ മുതിർന്നു. സഹാബിമാർ അയാളെ തടുത്തപ്പോൾ, അയാളെ വിട്ടേക്കുവാൻ തിരുമേനി (സ) നിർദ്ദേശിച്ചു. തിരുമേനി (സ) സ്വയം അയാളുടെ എതിർപ്പിനെ നേരിട്ടു.

റർസിബ്‌നുസ്സമത് (റ), സുഹൈബിബ്‌നുൽ അവ്വാം (റ) എന്നിവരിൽ ഒരാളുടെ കയ്യിൽനിന്നും ഒരു കന്തം വാങ്ങി, ആ കന്തംകൊണ്ടു തിരുമേനി ഉബയ്യിനെ എറിഞ്ഞു. ആ ഏറു ശത്രുവിന്റെ പിടലിക്കാണ് കൊണ്ടതു്. ഏറുകൊണ്ട ഭാഗത്തു ചോര കല്ലിച്ചതല്ലാതെ, പൊട്ടി ചോര ഒലിക്കുകയുണ്ടായില്ല. 'മുഹമ്മദ് എന്നെ കൊന്നു'വെന്നു ഉബയ്യ് നിലവിളിച്ചു. അയാളുടെ കൂട്ടുകാരുടെ കണ്ണിൽ അതു സാരമായ ഒരു ക്ഷതമായി തോന്നിയില്ല അവർ അത്ഭുതത്തോടെ ചോദിച്ചു:– "ഉബയ്യേ, നിനക്കു ഭ്രാന്തുണ്ടോ? ഞങ്ങളുടെ ശരീരത്തിൽ അമ്പുകളേറെയും ആ അമ്പുകഠം പറിച്ചെടുത്തു ഞങ്ങളം പോരാടിയതും നീ കണ്ടിട്ടില്ലേ? ഞങ്ങളുടെ വാരിയെല്ലുകളിൽ അമ്പുകഠം തറച്ചുവെന്നതിനെ അപേക്ഷിച്ചു നോക്കുമ്പോൾ നിനക്കു പറ്റിയ ക്ഷതം എത്ര നിസ്സാരം. ഈ ക്ഷതം ഞങ്ങളുടെ കണ്ണുകഠംക്കാണ് ഏറ്റിരുന്നതെങ്കിൽപോലും ഞങ്ങഠം നിസ്സാരമാക്കുമായിരുന്നു.' തന്നെ വിമർശിച്ചവരോടു ഉബയ്യ് ഇപ്രകാരം പറഞ്ഞു:– 'ലാതയാണെ സത്യം, ഉസ്സയാണെ സത്യം, എനിക്കു കൊണ്ട ഏറ് ദുൽമജാസിലെ ഉത്സവസ്ഥലത്തു സമ്മേളിച്ചവർക്കാണ് കൊണ്ടിരുന്നതെങ്കിൽ അവർ മുഴുവനും മരിച്ചുപോകുമായിരുന്നു.' [റബീഅത്തു് ഗോത്രക്കാക്കൊ, മുളർ ഗോത്രക്കാക്കൊ ആണ് ഈ ഏറു കൊണ്ടിരുന്നതെങ്കിൽ അവരിൽ ആരുംതന്നെ ശേഷിക്കുമായിരുന്നില്ല എന്നും, ആ ഏറു മനുഷ്യകുലത്തെ ആകമാനം ഉദ്ദേശിച്ചാണ് എറിയപ്പെട്ടിരുന്നതെങ്കിൽ ലോകത്തുള്ള സകല മനുഷ്യരും ഒടുങ്ങിപ്പോകുമായിരുന്നുവെന്നും ഉബയ്യ് പറഞ്ഞതായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.] മുറവിളി കൂട്ടുന്നതിനിടയിൽ അദ്ദേഹം തുടർന്നു:– 'മുഹമ്മദേ, എനിക്കു ഒരു കുതിരയുണ്ട്. അതിനെ വളരെ നല്ലനിലയിൽ ഞാൻ തീറ്റിപ്പോറ്റുന്നുണ്ട്. ആ കുതിരപ്പുറത്തു കയറി, ഒരു ദിവസം നിന്നെ ഞാൻ കൊല്ലും എന്നു ഒരിക്കൽ മക്കയിൽ നിന്നു മുഹമ്മദിനോടു ഞാൻ പറഞ്ഞപ്പോഠം, 'അല്ലാഹു വേണ്ടുകവെച്ചെങ്കിൽ ഒരു ദിവസം നിന്നെ ഞാൻ കൊല്ലും' എന്നു മുഹമ്മദ് എന്നോടു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ഇപ്പോഠം മുഹമ്മദ് എറിഞ്ഞ ഏറു എന്നെ കൊല്ലുവാനുള്ള ഏറാണെന്നുള്ളതിൽ സംശയമുണ്ടോ? [ഉബയ്യിബ്‌നുഖലഫിനെ തിരുമേനി (സ) എറിയുകയല്ല കുത്തുകയാണ് ചെയ്തതെന്നും; കുത്തു് കൊണ്ട ഉബയ്യ് കുതിപ്പുറത്തുനിന്നു താഴെ വീണു മുറവിളി കൂട്ടിയെന്നും പറയപ്പെട്ടിട്ടുണ്ട്.] മക്കയിലേക്കുള്ള മടക്കയാത്രയിൽ സറഫ് എന്ന സ്ഥലത്തുവെച്ചു ഉബയ്യ് മരിച്ചു. [ബർദൻ റാബീഗ് എന്ന സ്ഥലത്തുവെച്ചാണ് മരിച്ചതെന്നും പറയപ്പെട്ടിട്ടുണ്ട്.] ഇബ്‌നുഉമർ (റ) ഇപ്രകാരം പറയുകയുണ്ടായി.— 'ഞാൻ ബത്തർറാഗിലൂടെ നടക്കുമ്പോഠം ചങ്ങലക്കിട്ട ഒരു മനുഷ്യനെ തീക്കണ്ടിലിട്ടു വലിക്കുന്നതു ഞാൻ കണ്ടു. ദാഹിച്ചു വലഞ്ഞ ആ ബന്ധനസ്ഥൻ വെള്ളത്തിനുവേണ്ടി നിലവിളിക്കുന്നുണ്ടായിരുന്നു. ഞാൻ അയാഠംക്കു വെള്ളം കൊടുക്കുവാൻ തുനിഞ്ഞപ്പോഠം, 'യാ അബ്ദല്ലാ, ഇവനു വെള്ളം കൊടുക്കരുതു്. അല്ലാഹുവിന്റെ റസൂൽ കൊലപ്പെടുത്തിയ പാപിയായ ഉബയ്യാണിതു്' എന്നു പറഞ്ഞുകൊണ്ടു, അയാളെ ശിക്ഷിക്കുന്ന ആഠം എന്നെ വിലക്കി.' [അബൂജഹലിനെ സംബന്ധിച്ചും ഇങ്ങിനെ സംഭവിച്ചിട്ടുണ്ട് തിരുമേനി (സ) വധിക്കുകയൊ വധിപ്പിക്കുകയൊ ചെയ്തിട്ടുള്ളവരുടെ ലോകാവസാനം വരെയുള്ള ഗതി ഇതാണ്. അവസാനം നരകവാസവും.]

അബൂആമിറൽ ഫാസിഖ് എന്ന ധിക്കാരി ഉഹ്ദ് യുദ്ധരംഗത്തു ഒരു കള്ളക്കുഴി കുഴിച്ചുവെച്ചു. ആ കുഴിയിൽ തിരുമേനി (സ) വീഴുകയുണ്ടായി. ആ വീഴ്ചയിൽ തിരുമേനി

(സ) യുടെ കാൽമുട്ടിന്റെ പോറൽ പാറി. അലീ (ക. വ) യും തൽഹത്ത് (റ) വും തിരുമേനി (സ) യെ പൊക്കിയെടുത്തു.

സഅ്ദിബ്നു അബീവഖാസ് (റ) വിന്റെ സഹോദരനായ ഉത്ബതിബ്നു അബീവഖാസ് തിരുമേനി (സ) യെ ഒരു കല്ലു കൊണ്ടെറിഞ്ഞു. ആ ഏറുകൊണ്ടു തിരുമേനി (സ) യുടെ മുൻപല്ലിന്റെ താഴെനിരയിലെ വലതുപല്ലിന്റെ ഒരു പൊട്ടു പറ്റി. ഈ ഉത്ബത്തിനെ ഹാതിബിബ്നുഅബ്ബൽത അത് (റ) വധിച്ചു. [ഉത്ബതിന്റെ സന്താനപരമ്പരയിൽ ജനിച്ചവരെല്ലാം വായനാറ്റമുള്ളവരും മുൻപല്ല് പൊട്ടിയവരുമായി കാണപ്പെട്ടു.]

അബ്ദുല്ലാഹിബ്നു ശിഹാബ് എന്നു ആളും തിരുമേനി (സ) യുടെ നെറ്റിത്തടത്തിൽ മുറിവേല്പിച്ചു. [ഇദ്ദേഹം പിന്നീടു ഇസ്‌ലാംമതം വിശ്വസിക്കുകയുണ്ടായി.]

അബ്ദുല്ലാഹിബ്നുഖമിഅത് എന്ന ശത്രു തിരുമേനി (സ) യുടെ നേരെ അമ്പെയ്തു. ആ അമ്പിന്റെ പടത്തൊപ്പിയുടെ രണ്ടു വട്ടക്കണ്ണികളും മുറിഞ്ഞു തിരുമേനി (സ) യുടെ നെറ്റിയിൽ തറച്ചു. അബൂഉബൈദത് എന്ന ആമിറുൽജർറാഹ് (റ) ആ വട്ടക്കണ്ണികളും പല്ലുകൊണ്ടു കടിച്ചു പറിച്ചെടുത്തു. [വട്ടക്കണ്ണികളും പറിച്ചെടുത്തതു് അഖബതിബ്നു വഹബിബ്നുകൽദത് (റ) വാണെന്നും; അബൂബകർസിദ്ദീഖ് (റ) വാണെന്നും പറയപ്പെട്ടിട്ടുണ്ടു്. അബൂസഈദുൽഖുദ്രീ (റ) വിന്റെ പിതാവായ മാലികിബ്നുസനാൽ (റ) തിരുമേനി (സ) യുടെ നെറ്റിത്തടത്തിൽ നിന്നൊഴുകിയ ചോര നക്കിക്കുടിച്ചു മാലികിബ്നുസനാൽ (റ) ഉഹ്ദ് യുദ്ധത്തിൽ ശഹീദായി.] തിരുമേനി (സ) യെ അമ്പെയ്തു ക്ഷതമേല്പിച്ച അബ്ദുല്ലാഹിബ്നു ഖമിഅത് എന്ന ശത്രു, പിന്നീടു അതിഭയങ്കരമായ മരണത്തിനു വിധേയനായി. യുദ്ധംകഴിഞ്ഞു സ്വദേശത്തേക്കു തിരിച്ചുപോയ ശേഷം, ഒരു ദിവസം അയാളുടെ ആട്ടിൻപറ്റത്തെ കാണാതായി. ആടുകളെ തിരഞ്ഞുകൊണ്ടു അയാൾ ഒരു മലമുകളിൽ കയറി. ആ മലയുടെ കൊടുമുടിയിൽ ആടുകളെ അയാൾ കണ്ടെത്തി. ആടുകളെ സമീപിച്ചപ്പോൾ അക്ഷമത്തിലുള്ള ഒരു കൊറാട്ട് അയാളെ കുത്തി നിലത്തിട്ടു. അയാൾ മലയുടെ കൊടുമുടിയിൽനിന്നു അടിവാരത്തിലേക്കു ഉരുണ്ടുവീണു. അടിവാരത്തിലെത്തിയപ്പോൾ ഒരു ക്രൂരൻ മലപ്പാമ്പു അയാളെ കടിച്ചു കഷണമാക്കി. [ശത്രുക്കൾ തിരുമേനി (സ) യുടെ ശരീരത്തിൽനിന്നു ചോര കലിപ്പിച്ചപ്പോൾ, 'അജ്ഞരായ ഈ ജനതക്കു നീ പൊറുത്തു കൊടുക്കേണമെ' എന്നു തിരുമേനി (സ) പ്രാർത്ഥിച്ചു. അവരൊ അവരുടെ സന്താനസന്തതികളിൽ വല്ലവരുമൊ ഇസ്‌ലാംമതം വിശ്വസിപ്പാനിടവരുമെന്ന പ്രതീക്ഷയാണു് ഈ പ്രാർത്ഥനയുടെ ഉള്ളിലുള്ളതു്. ഈ പ്രാർത്ഥനയുടെ സാരം ശിർക്കിനെ പൊറുത്തുകൊടുക്കേണമെന്നല്ല. നേരെമറിച്ചു, ശിർക്കിനെത്തൊട്ടു പശ്ചാത്തപിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കേണമെന്നതാണു്.]

ഉഹ്ദിൽവെച്ചു തിരുമേനി (സ) യെ ലക്ഷ്യംവെച്ചുകൊണ്ടു ശത്രുക്കൾ വെട്ടിയ എഴുപതോളം വെട്ടുകളിൽ നിന്നു അല്ലാഹു തിരുമേനി (സ) യെ രക്ഷപ്പെടുത്തി. ശത്രുക്കളുടെ ഉദ്ദേശ്യം സഫലമായില്ല. ['ജനങ്ങളെത്തൊട്ടു അല്ലാഹു തിരുമേനിയെ കാക്കും' എന്നു അല്ലാഹു പറഞ്ഞിരിക്കെ, ഉഹ്ദ് യുദ്ധത്തിൽ തിരുമേനി (സ) ക്കു മുറിവുകളേറ്റതും തിരുമേനി (സ) യുടെ പല്ലു പൊട്ടിയതുമെങ്ങിനെ എന്നു ഒരു ചോദ്യത്തിനു പ്രസക്തിയുണ്ടു്. 'ജനങ്ങളിൽ നിന്നുള്ള കൊലയെത്തൊട്ടു്' എന്നുള്ളതാണു് ആ വചനത്തിലെ താല്പര്യം എന്നതാണു് അതിനുള്ള മറുപടി. നബിമാർ ജനദ്രോഹത്തി

ന്ന വിധേയമാവുക എന്നതു സാധാരണമാകുന്നു. 'നബിമാക്കു ഭവിക്കുന്ന വ്യസനത്തിന്റെ വലിപ്പം അവരുടെ സ്ഥാനവലിപ്പത്തെ ആശ്രയിച്ചിരിക്കും. അത്യുന്നതർക്കു അതിവ്യസനം ഭവിക്കും' എന്നിപ്രകാരം മുഹ്‌യിദ്ദീനിബ്‌ന അറബീ (റ) പ്രസ്താവിച്ചിരിക്കുന്നു.]

തിരുമേനി (സ) കൊല്ലപ്പെട്ടുവെന്ന പൈശാചികമായ വ്യാജവാർത്ത കേട്ടപ്പോൾ സഹാബികൾ പരിഭ്രാന്തരായി നാലുപാടും ഓടുകയുണ്ടായെന്നു പറഞ്ഞുവല്ലോ. അതിനുശേഷം കഅ്ബിബ്‌നുമാലികൾ അൻസാരീ (റ) വാണു് തിരുമേനി (സ) യെ ആദ്യമായി തിരിച്ചറിഞ്ഞതു്. 'പിന്തിക്കപ്പെട്ട മൂന്നു പേർ' എന്ന അല്ലാഹു പ്രശംസിച്ച മൂന്നു പേരിൽ ഒരാളാണു് കഅ്ബ് (റ). അദ്ദേഹം പറയുന്നു:— 'തിരുമേനി(സ)ധരിച്ചിരുന്ന മുഖാവരണത്തിലൂടെ, പ്രകാശിക്കുന്ന രണ്ടു കണ്ണുകളെ ഞാൻ കണ്ടപ്പോൾ, അതു തിരുമേനി (സ) യാണെന്നു എനിക്കു ബോദ്ധ്യമായി. 'മുസ്‌ലിംകളെ, സന്തോഷിച്ചുകൊള്ളുക; അല്ലാഹുവിന്റെ റസൂൽ ഇവിടെയുണ്ടു്" എന്നു ഞാൻ വിളിച്ചു പറഞ്ഞു.' സഹാബിമാരിൽ മറ്റുചിലർ പറയുന്നു:— 'നബി കൊല്ലപ്പെട്ടുവെന്ന വ്യാജവാർത്ത കേട്ടു പരിഭ്രാന്തരായി ഞങ്ങൾ ഓടിത്തുടങ്ങിയപ്പോൾ രണ്ടു സഅ്ദുമാരുടെ— സഅ്ദിബ്‌നുമആദിന്റെയും സഅ്ദിബ്‌ന ഉബാദത്തിന്റെയും— മദ്ധ്യത്തിൽ ഞങ്ങൾ തിരുമേനി (സ) യെ കണ്ടെത്തി. പിൻഭാഗത്തുനിന്നു തിരുമേനി (സ) യുടെ മുടലുകളാണു് ഞങ്ങൾ കണ്ടതു്. അതു തിരുമേനി (സ) യാണെന്നു ബോദ്ധ്യമായപ്പോൾ ഞങ്ങൾ സന്തോഷിച്ചു. മുസ്‌ലിംകൾ തിരുമേനി (സ) യെ കണ്ടെത്തിയ ശേഷം, അവർ തിരുമേനി (സ) യോടൊപ്പം മലച്ചെരുവിലേക്കു നീങ്ങി. അബൂബകർ (റ), ഉമർ (റ), അലീ (ക. വ), തൽഹത്ത് (റ), സുബൈർ (റ), ഹർഥിബ്‌നുസ്സിമ്മത് (റ) തുടങ്ങിയ സഹാബികൾ അക്കൂട്ടത്തിലുണ്ടായിരുന്നു. ശരീരത്തിൽ പല മുറിവുകളേൽക്കുകയാൽ തിരുമേനി (സ) അത്യന്തം ക്ഷീണിച്ചിരുന്നു. അടുത്താണെങ്കിലും ജലാശയമുണ്ടായിരുന്നില്ല. മുഹമ്മദിബ്‌നുമസ്‌ലമത് (റ) ആകലെനിന്നു ശുദ്ധജലം കൊണ്ടുവന്നു. തിരുമേനി (സ) അതു കുടിച്ചു. [ഉഹ്ദിലെ സ്ഥിതിഗതികൾ അറിഞ്ഞപ്പോൾ മദീനയിൽനിന്നു ചില സ്ത്രീകൾ ഉഹ്ദിലേക്കു പുറപ്പെട്ടു. തിരുമേനി (സ) യുടെ പുത്രി ഫാതിമാ (റ) യും അക്കൂട്ടത്തിലുണ്ടായിരുന്നു. അവർ തിരുമേനി (സ) യെ കണ്ട ഉടനെ കെട്ടിപ്പുണരുകയും തിരുമേനി (സ) യുടെ ശരീരത്തിൽ കണ്ട മുറിവു കഴുകുകയും ചെയ്തു. അലീ (ക. വ.) അവരെ സഹായിച്ചു. മുറിവിൽനിന്നുള്ള രക്തസ്രവണം നിൽക്കുന്നില്ലെന്നു കണ്ടപ്പോൾ, ഈത്തപ്പനയോലകൊണ്ടു മിടഞ്ഞുണ്ടാക്കപ്പെട്ട ഒരു പായ അവർ കത്തിക്കുകയും അതിന്റെ ചാമ്പൽ മുറിവിൽ വെക്കുകയും ചെയ്തു. അപ്പോൾ രക്തസ്രവണം നിലച്ചു.] തിരുമേനി (സ) സഹാബിമാരോടൊപ്പം മലച്ചെരുവിലായിരുന്നപ്പോൾ, ഖാലിദിബ്‌നുവലീദിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം ശത്രുഭടന്മാർ മലയുടെ മുകളിൽ കയറി, ആക്രമണത്തിനു തക്കം നോക്കി. ഉമർഖത്താബു് (റ) വും ചില മുഹാജിർകളുംകൂടി അവരെ തിരിച്ചോടിച്ചു. [ഖാലിദും കൂട്ടുകാരും മലമുകളിൽ കയറിയതു കണ്ടപ്പോൾ, അവരെ തിരിച്ചോടിക്കുവാൻ സഅ്ദിബ്‌നുഅബീ വഖാസ് (റ) വോടു തിരുമേനി (സ) കല്പിച്ചുവെന്ന മറ്റൊരഭിപ്രായവുമുണ്ടു്. സഅ്ദ് (റ) പറയുന്നു:— 'ഞാൻ എന്റെ ആവനാഴിയിൽനിന്നു ഒരു അമ്പെടുത്തയച്ചു. ആ അമ്പോറു ശത്രുക്കളിൽ ഒരാൾ മരിച്ചു വീണ്ടും ഞാൻ ഒരമ്പെടുത്തു. മുമ്പു് എയ്ത അമ്പുതന്നെയാണതെന്നു ഞാൻ കണ്ടു. അതുകൊണ്ടു വീണ്ടും ഞാൻ എയ്തു. ഒരാൾകൂടി ശത്രുപക്ഷ.

ത്തുനിന്നും മരിച്ചു. വീണ്ടും ഞാൻ ആവനാഴിയിൽനിന്നും ഒരമ്പെടുത്തു. നോക്കിയപ്പോൾ അതും ആദ്യത്തെ അമ്പുതന്നെ എന്നു കണ്ടു. ആ അമ്പും ഞാൻ തൊടുത്തു വിട്ടു. ശത്രുക്കളിൽ മൂന്നാമനും ചത്തുവീണു. മറ്റുള്ളവർ മലയിറങ്ങി ഓടിക്കളഞ്ഞു. ആ അമ്പു് എന്റെ ആവനാഴിയിൽനിന്നും ഒരിക്കലും ഒഴിയുകയുണ്ടായില്ല.'] കഠിനമായ ക്ഷീണമുണ്ടായിരുന്നതുകൊണ്ടു് അന്നത്തെ ളുഹ്‌ർ നിസ്കാരം തിരുമേനി (സ) ഇരുന്നുകൊണ്ടു നിസ്കരിച്ചു.

തൽഹത് (റ) വിനു് എഴുപതിൽപരം മുറിവുകൾ പറ്റുകയുണ്ടായി. ക്ഷീണാധിക്യത്താൽ അദ്ദേഹം മോഹാലസ്യപ്പെട്ടു വീണു. അപ്പോൾ അവിടെ എത്തിയ അബൂബകർ സിദ്ദീഖ് (റ) അദ്ദേഹത്തിനു പ്രഥമശുശ്രൂഷകൾ നൽകി. ബോധം തെളിഞ്ഞപ്പോൾ, തിരുമേനി (സ) യുടെ സുഖസ്ഥിതിയെപ്പറ്റി അദ്ദേഹം അന്വേഷിച്ചു. തിരുമേനി (സ) സുഖത്തോടെ ഇരിക്കുന്നുവെന്നു അബൂബകർ (റ) പറഞ്ഞപ്പോൾ സന്തുഷ്ടനായ തൽഹത് (റ) അല്ലാഹുവിനെ സ്തുതിച്ചു. അബ്ദുർറഹ്മാബ് നുഔഫ് (റ) വിനു ഇരുപതു മുറിവുകളും, കഅബിബ്നുമാലിക് (റ) വിനു പതിനേഴു മുറിവുകളും പറ്റുകയുണ്ടായി.

ഉഹ്ദിലെ ഘോരയുദ്ധത്തിനിടക്കു, ഇസ്‌ലാം ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു സംഭവം നടക്കുകയുണ്ടായി. അസീറമിബ്നു അബ്ദുൽഅശ്'ഹലു (റ) വിന്റെ ഇസ്‌ലാംമത സ്വീകരണമായിരുന്നു ആ സംഭവം. ശത്രുപക്ഷത്തു അണി നിരന്നു യുദ്ധം തുടങ്ങിക്കൊണ്ടിരുന്ന ആ യോദ്ധാവു യുദ്ധരംഗത്തുവെച്ചു യുദ്ധം നടന്നുകൊണ്ടിരിക്കെത്തന്നെ ഇസ്‌ലാംമതം വിശ്വസിക്കുകയും, ഇസ്‌ലാമിന്റെ ശത്രുക്കളുമായെതിർത്തു ശഹീദാവുകയും ചെയ്തു. അദ്ദേഹം സ്വർഗ്ഗത്തിന്റെ അഹ്'ലുകാരിൽപ്പെട്ടവനാണെന്നു തിരുമേനി (സ) അരുളുകയുണ്ടായി. അബൂഹുറൈറ (റ) പറയുന്നു:- 'ഒരിക്കലും നിസ്കരിച്ചിട്ടില്ലാത്ത ഒരു പുരുഷൻ സ്വർഗ്ഗത്തിൽ കടക്കും. അതു, അസീറമുഇബ്നുഅബ്ദുൽഅശ്'ഹലുവല്ലാതെ മറ്റാരുമല്ല.'

തിരുമേനി (സ) തെമ്മാടിയെന്നു വിശേഷിപ്പിച്ച അബൂഅമിർറാഹിബിന്റെ മകൻ ഹൻളലത് (റ) വാണു് ഉഹ്ദിൽ ശഹീദായ ശ്രദ്ധേയരുടെ കൂട്ടത്തിൽപ്പെട്ട മറ്റൊരു വ്യക്തി. സ്വപിതാവായ അബൂഅമിർറാഹിബിനെ വധിക്കുവാനുള്ള അനുമതിക്കായി അദ്ദേഹം തിരുമേനി (സ) യോടപേക്ഷിച്ചു, തിരുമേനി (സ) മറുപടി നൽകിയില്ല. നവവരനായിരുന്ന യുവാവായ ഹൻളലത് (റ). വിവാഹം കഴിച്ചു വീട്ടുകൂടിയ ആ യുവാവ് ഒരു രാത്രി മാത്രമെ തന്റെ വധുവോടൊപ്പം കഴിച്ചിരുന്നുള്ളു. പിറ്റെ ദിവസം കാലത്തു്, ഉഹ്ദിലേക്കു യുദ്ധയാത്ര നടത്തുവാൻ സഹാബികൾ ഒരുങ്ങുന്നതായി കണ്ടപ്പോൾ, ഐഹികമായ സുഖഭോഗങ്ങളുപരിയായി ദീനിനെ സ്നേഹിച്ച ആ ധീരയോദ്ധാവു് യുദ്ധയാത്രക്കൊരുങ്ങി. ഉഹ്ദിൽവെച്ചു അദ്ദേഹം ശത്രുക്കളോടു ഉഗ്രമായ പോരാട്ടം നടത്തി. അവസാനം യുദ്ധക്കളത്തിൽ ശഹീദാവുകയും ചെയ്തു. [ഉഹ്ദിൽ ശഹീദായ മുസ്‌ലിംകളുടെ മൃതദേഹങ്ങളെ വികൃതമാക്കിക്കൊണ്ടിരുന്ന ശത്രുക്കൾ ഹൻളലത് (റ) വിന്റെ മൃതദേഹത്തെ വികൃതമാക്കുകയുണ്ടായില്ല. അദ്ദേഹത്തിന്റെ പിതാവായ അബൂആമിർറാഹിബ് ശത്രുപക്ഷത്തുണ്ടായിരുന്നുവെന്നതാണു് അതിനു കാരണം.]

ശത്രുപക്ഷത്തുനിന്നും ഒരു കവചധാരി രംഗപ്രവേശനം ചെയ്തു. 'ഉവൈഹിന്റെ മകനാണു് ഞാൻ. എന്നോടെതിർപ്പാൻ വല്ലവരും തയ്യാറുണ്ടോ?' എന്നു പറഞ്ഞുകൊണ്ടു

ന്തായാലും പോർ വിളിച്ചു. 'ഞാൻ പേർസ്യക്കാരനായ ദാസനാണ്. നിന്നോടെതിർക്കുവാൻ ഞാനുണ്ട്" എന്നു പറഞ്ഞുകൊണ്ടു, റശീദ് അൻസാരീ (റ) ആ പോർവിളി സ്വീകരിച്ചു. അവർ തമ്മിൽ നേരിട്ടു നടന്ന യുദ്ധത്തിൽ ഉവൈഫിന്റെ മകൻ കൊല്ലപ്പെട്ടു. ഈ രംഗം വീക്ഷിച്ചുകൊണ്ടു നിന്ന തിരുമേനി (സ) റശീദ് (റ) വോടു ചോദിച്ചു:— 'ഞാൻ അൻസാരിയായ ദാസനാണെന്നു നിങ്ങൾ എന്തുകൊണ്ടു പറഞ്ഞില്ല.' പ്രതിയോഗി കൊല്ലപ്പെട്ടപ്പോൾ 'ഞാനും ഉവൈഫിന്റെ മകനാ'ണെന്നു പറഞ്ഞുകൊണ്ടു, അയാളുടെ സഹോദരൻ രംഗത്തു വന്നു, പോർവിളി നടത്തി. അപ്പോൾ 'ഞാൻ അൻസാരിയായ ദാസനാകുന്നു'വെന്നു പറഞ്ഞുകൊണ്ടു റശീദ് അൻസാരീ (റ) ആ പോർവിളി സ്വീകരിച്ചു. അവർ തമ്മിലുള്ള യുദ്ധത്തിലും ശത്രു കൊല്ലപ്പെട്ടു.

അംറിബ്നുൽജമൂഹി (റ) എന്ന മുടന്തനായ ഒരു സഹാബിയും അദ്ദേഹത്തിന്റെ യുവാക്കളായ നാലു പുത്രന്മാരും ഉഹ്ദ് യുദ്ധത്തിൽ സംബന്ധിച്ചിരുന്നു. യുദ്ധത്തിൽ പങ്കെടുക്കുവാൻ മുടന്തനായ പിതാവിനെ അദ്ദേഹത്തിന്റെ മക്കൾ സമ്മതിച്ചില്ല. തന്നിമിത്തം അംറിബ്നുൽ ജമൂഹി (റ) തിരുമേനി(സ)യെ സമീപിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുപ്പാൻ അപേക്ഷിക്കുകയും ചെയ്തു. തിരുമേനി (സ) യുടെ അനുമതിയോടുകൂടി അദ്ദേഹം രംഗത്തിറങ്ങി അടരാടുകയും യുദ്ധരംഗത്തുവെച്ചു ശഹീദാവുകയുമുണ്ടായി.

അദ്ധ്യായം 8

ഖതാദതിബ്നുന്നുഅ്മാൻ (റ) വിന്റെ ഒരു കണ്ണ് സ്വസ്ഥാനം വിട്ടു നിലത്തു വീണുപോയി. ആ കണ്ണു് കയ്യിലെടുത്തുകൊണ്ടു അദ്ദേഹം തിരുമേനി (സ) യെ സമീപിച്ചു സംഗതികളും തിരുമേനി (സ) യെ ധരിപ്പിച്ചു. 'താങ്കൾ ക്ഷമിക്കുന്നപക്ഷം, ഈ നഷ്ടത്തിനു പ്രതിഫലമായി സ്വർഗ്ഗം ലഭിക്കും. അതല്ല, കണ്ണാണ് താങ്കൾക്കു വേണ്ടതെങ്കിൽ കണ്ണു തിരിച്ചു കിട്ടും' എന്നു തിരുമേനി (സ) അദ്ദേഹത്തെ അറിയിച്ചു. 'കണ്ണു നഷ്ടപ്പെട്ടാൽ സ്ത്രീകൾ എന്നെ ഒറക്കണ്ണനെന്നു പരിഹസിച്ചേക്കുമെന്നു ഞാൻ ഭയപ്പെടുന്നു. സ്വർഗ്ഗം എനിക്കു കിട്ടിയെ മതിയാവൂ. ഈ കണ്ണുകൂടി കിട്ടേണമെന്നു ഞാൻ ആഗ്രഹിക്കുന്നു' എന്നു അദ്ദേഹം ബോധിപ്പിച്ചു. തിരുമേനി (സ) അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും, ആ പ്രാർത്ഥനയുടെ ഫലമായി നഷ്ടപ്പെട്ട കണ്ണ് അദ്ദേഹത്തിനു തിരിച്ചു കിട്ടുകയും ചെയ്തു. [ഉഹ്ദിൽ നടന്ന അത്ഭുതങ്ങളിൽ ഒന്നാണിതു്. വേറെയും പല അത്ഭുതങ്ങളും ഉഹ്ദിൽവെച്ചു നടന്നിട്ടുണ്ടു്.]

യുദ്ധം നടന്നുകൊണ്ടിരിക്കെ, അബ്ദില്ലാഹിബ്നുജഹ്ശ് (റ) വിന്റെ വാൾ മുറിഞ്ഞുപോയി. അദ്ദേഹം നിരായുധനായിത്തീർന്നതു കണ്ടപ്പോൾ, തിരുമേനി(സ) അദ്ദേഹത്തിനു ഈത്തപ്പനയുടെ ഒരു വടിക്കഷണം കൊടുക്കുകയുണ്ടായി. ആ വടിക്കഷണം മൂർച്ചയുള്ള ഖഡ്ഗമായി മാറി. ആ വാളിനു ഉർജ്ജൻ എന്നാണ് പേർ. [ബദ്ർ യുദ്ധവേളയിൽ ഉക്കാശത് (റ) വിനു ഇപ്രകാരം ഒരു വാൾ സിദ്ധിച്ച വസ്തുത സ്മരണീയമാകുന്നു. ഈ വാളിനു ഔൻ എന്നാണ് പേർ.] അബ്ദില്ലാഹിബ്നുജഹ്ശ് (റ) ശഹീദാകുന്നതുവരെ ആ വാൾകൊണ്ടു ശത്രുക്കളിൽ പലരെ നേരിടുകയും വധിക്കുകയും ചെയ്തു.

യുദ്ധം മിക്കവാറും അവസാനിച്ചു. ശത്രുപക്ഷത്തിലെ ആണും പെണ്ണും യുദ്ധക്കളത്തിൽ ശഹീദായി കിടന്നവരുടെ മൃതദേഹങ്ങൾ വികൃതപ്പെടുത്തുന്നതിൽ വ്യാപൃതരായി. അതു

അറബികളുടെ പ്രാചീനമായ ഹീനസമ്പ്രദായങ്ങളിൽ ഒന്നായിരുന്നു. ചെവി, മൂക്ക്, ലിംഗം എന്നിവ മുറിക്കുകയും വയർ പിളർക്കുകയും ചെയ്തുകൊണ്ട്, മൃതദേഹങ്ങളെ തിരിച്ചറിവാൻ കഴിയാത്തവിധം വികൃതപ്പെടുത്തലായിരുന്നു ആ പ്രക്രിയ. ഉഹ്ദിൽ ശഹീദായ ഭൂരിപക്ഷം സഹാബികളുടെ മൃതദേഹങ്ങളെ ശത്രുക്കൾ ഈ വിധം വികൃതമാക്കി. തിരുമേനി (സ) യും സഹാബിപ്രവരന്മാരും കൊല്ലപ്പെട്ടുപോയി എന്ന ധാരണയാണ് അവരുടെ ഈ പ്രക്രിയക്ക് ഉത്തേജകമായിരുന്നത്.

ഹംസ (റ) ശഹീദായിക്കഴിഞ്ഞപ്പോൾ, അദ്ദേഹത്തെ വധിച്ച വഹ്ശീ എന്ന ആൾ അദ്ദേഹത്തിൽ വയർകീറി കരൾ പുറത്തെടുത്ത് ഉത്ബതിന്റെ മകളായ ഹിന്ദിനു കാഴ്ചവെച്ചു. തന്റെ പിതാവായ ഉത്ബതിനെ വധിച്ച ഹംസയുടെ കരൾ ചവച്ചുതിന്നുമെന്നു ഹിന്ദ് ശപഥം ചെയ്തിരുന്നു: ആകയാൽ, ഹംസ (റ) വിന്റെ കരൾ ഹിന്ദ് വായിലിട്ടു ചവച്ചുനോക്കി. അതു ചവഞ്ഞില്ല. തന്നിമിത്തം തുപ്പിക്കളഞ്ഞു. ഹംസ (റ) വിനെ വധിച്ച വഹ്ശിക്കു ഹിന്ദ് തന്റെ ആഭരണങ്ങളഴിച്ചു സമ്മാനമായി നൽകി. മക്കയിലെത്തിയാൽ പത്തു പൊന്നുകൂടി കൊടുക്കാമെന്നു വാക്ക് നൽകുകയും ചെയ്തു. [ഹിന്ദും മറ്റുചില സ്ത്രീകളുംകൂടി യുദ്ധക്കളത്തിൽ മരിച്ചുകിടക്കുന്ന മുസ്‌ലിംകളുടെ ചെവികളും മൂക്കുകളും മുറിച്ചെടുത്തു മാലയാക്കിക്കോർത്തു കഴുത്തിലണിഞ്ഞുവെന്നു പറയപ്പെട്ടിട്ടുണ്ട്.]

യുദ്ധം നിറുത്തുവാൻ ശത്രുക്കൾ നിർബ്ബന്ധിതരായി. ജയാപജയങ്ങൾ തീരുമാനിക്കുന്നതുവരെ യുദ്ധം തുടരുവാൻ പരിതഃസ്ഥിതി അനുകൂലമായില്ല, മക്കയിലേക്കു തിരിച്ചുപോകുവാൻ അവർ തീരുമാനിച്ചു. ആ സന്ദർഭത്തിൽ, അബൂസുഫ്യാൻ മലമുകളിൽ കയറിനിന്നു, ഇപ്രകാരം വിളിച്ചുപറഞ്ഞു:- 'ഹേ, മുഹമ്മദിന്റെ അനുയായികളെ, ഈ യുദ്ധം അത്ഭുതം സൃഷ്ടിച്ചു. ഘോരഘോരമായി ഞങ്ങൾ യുദ്ധം ചെയ്തു. അനന്തരങ്ങളെ അനന്തരങ്ങൾ കൊണ്ടു പകരം വീട്ടി. ബദ്റിന്റെ പകരം ഉഹ്ദിൽ വെച്ചു നടന്നു. ഹുബ്ബലേ, നിനക്കു വന്ദനം'. ഇതിനു മറുപടിയായി 'അല്ലാഹു മഹോന്നതനും സർവ്വാതിശായിയും തന്നെ' എന്നു ഉമർ (റ) വിളിച്ചു പറഞ്ഞു. അദ്ദേഹം തുടർന്നു:— 'ഞങ്ങളിൽ നിന്നു വധിക്കപ്പെട്ടവർ സ്വർഗ്ഗത്തിലും നിങ്ങളിൽനിന്നു കൊല്ലപ്പെട്ടവർ നരകത്തിലും തന്നെ. അല്ലാഹു ഞങ്ങളുടെ തുണക്കാരനാണ്; നിങ്ങളുടെ തുണക്കാരനല്ലതന്നെ.' അബൂസുഫ്യാന്റെ ഭാര്യയായ ഹിന്ദ് മലമുകളിൽ കയറി, അഹങ്കാരപൂർവ്വം പ്രതാപത്തിന്റേതായ ചില പദ്യശകലങ്ങളും പാടിയപ്പോൾ, അസാസത്തിന്റെ പുത്രിയായ ഹിന്ദ് (റ) പകരം പദ്യശകലങ്ങളും ചൊല്ലിക്കൊണ്ട് ശത്രുവിന്റെ വായടച്ചു. [ഉത്ബതിന്റെ മകളായ ഹിന്ദും അവരുടെ ഭർത്താവായ അബൂസുഫ്യാനും മക്കാ വിജയവേളയിൽ ഇസ്‌ലാംമതം വിശ്വസിച്ചു. വിശ്വസിച്ചശേഷം ആ മഹതി തിരുമേനിയോടു ഇപ്രകാരം പറഞ്ഞു:— 'യാറസൂലല്ലാ, ഇക്കാലമത്രയും ഇസ്‌ലാമിനോടുള്ള ശത്രുതയിൽ അഗ്രിമയായിരുന്ന ഞാൻ. ഇപ്പോൾ ഇസ്‌ലാമോടുള്ള മിത്രതയിൽ എന്നെ അതിജീവിക്കുന്ന ഒരുത്തരും ഈ ഭൂലോകത്തില്ല.' അബൂസുഫ്യാൻ (റ) ഇസ്‌ലാംമതം സ്വീകരിച്ചശേഷം ഇസ്‌ലാമിനുവേണ്ടി മഹത്തായ നിരവധി കൃത്യങ്ങൾ ചെയ്തിട്ടുണ്ട്. താഇഫ് യുദ്ധത്തിൽ അദ്ദേഹം മുസ്‌ലിം പക്ഷത്തായിരുന്നു. ആ യുദ്ധത്തിൽ അദ്ദേഹത്തിന്റെ ഒരു കണ്ണ് നഷ്ടപ്പെട്ടു. ആ കണ്ണും കയ്യിലെടുത്തുകൊണ്ടു തിരുമേനി (സ) യെ സമീപിച്ച അബൂസുഫ്യാൻ (റ) വോടു 'താങ്കൾക്കു കണ്ണിനു പകരം കണ്ണോ, സ്വർഗ്ഗമോ എതാണ് വേണ്ടതെന്നു

തിരുമേനി (സ) ചോദിച്ചപ്പോൾ, 'സ്വർഗ്ഗം മതി'യെന്ന പറഞ്ഞുകൊണ്ട്, ആ കണ്ണ് അദ്ദേഹം ദൂരെ എറിഞ്ഞുകളഞ്ഞു. ഉമർഫാറൂഖ് (റ) വിന്റെ ഖിലാഫത്തു് കാലത്തു് നടന്ന യർമൂക് യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ആ യുദ്ധത്തിന്റെ സൂത്രധാരന്മാരിൽ ഒരാൾ അബൂസുഫ്‌യാൻ (റ) വായിരുന്നു. ഹിജ്‌റാബ്ദം മുപ്പതാംവർഷത്തിൽ, എൺപത്തെട്ടാമത്തെ വയസ്സിൽ, മദീനയിൽ വെച്ച അദ്ദേഹം വഫാതായി. ഉസ്മാൻ (റ) അദ്ദേഹത്തിന്റെ ജനാസ നിസ്കാരത്തിന്നു ഇമാമത്തു് നിന്നു. അബൂസുഫ്‌യാൻ (റ), ഖാലിദിബ്നുവലീദ് (റ), ഇക്രീമതിബ്നുഅബീജഹൽ (റ) തുടങ്ങിയവരുടെ പൂർവ്വകാല ചരിത്രം പറയുമ്പോൾ, അവജ്ഞയുടെ പ്രതീതി കലർന്നുപോവാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കേണ്ടിയിരിക്കുന്നു. അവർ ഇസ്‌ലാംമതം വിശ്വസിച്ചതിന്നു ശേഷമുള്ള അവസ്ഥ, അവരുടെ പൂർവ്വകാലചരിത്രത്തെ നിഷ്പ്രഭമാക്കിക്കളഞ്ഞിട്ടുണ്ട്. മാത്രമല്ല, 'എന്റെ സഹാബികളെസ്സംബന്ധിച്ചു പറയുമ്പോൾ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക; സൂക്ഷിച്ചുകൊള്ളുക' എന്നു തിരുമേനി (സ) അരുളീട്ടുമുണ്ട്.]

ഉഹ്ദിൽ നിന്നു മടങ്ങുവാനൊരുങ്ങിയപ്പോൾ, അബൂസുഫ്‌യാൻ ഇപ്രകാരം വിളിച്ചു ചോദിച്ചു:- 'ഹേ, മുഹമ്മദിന്റെ അനുയായികളെ, മുഹമ്മദ് നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടോ?' ഈ ചോദ്യം മൂന്നു തവണ ആവർത്തിക്കപ്പെട്ടു. മുസ്‌ലിംകൾ നിശ്ശബ്ദത പാലിച്ചു. 'അബൂഖുഹാഫയുടെ മകൻ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടോ?' എന്നു വീണ്ടും അദ്ദേഹം വിളിച്ചു ചോദിച്ചു. മുസ്‌ലിംകൾ ശബ്ദിച്ചില്ല. 'ഉമർ നിങ്ങളുടെ കൂട്ടത്തിലുണ്ടോ?' എന്നു തുടർന്നുകൊണ്ടദ്ദേഹം വിളിച്ചു ചോദിച്ചു. മുസ്‌ലിംകൾ മറുപടി പറഞ്ഞില്ല. മുസ്‌ലിംകൾ നിശ്ശബ്ദത പാലിച്ചതായി കണ്ടപ്പോൾ, സ്വപക്ഷക്കാരെ അഭിമുഖീകരിച്ചുകൊണ്ടു അദ്ദേഹം ഇപ്രകാരം പറഞ്ഞു:- 'അവരെല്ലാം കൊല്ലപ്പെട്ടു പോയി. അതുകൊണ്ടാണ് മുഹമ്മദിന്റെ ആളുകൾ നിശ്ശബ്ദത പാലിക്കുന്നതു്.' ഇതു കേട്ടപ്പോൾ മിണ്ടാതിരിക്കുവാൻ ഉമർ ഫാറൂഖ് (റ) വിന്നു കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു:- 'അല്ലാഹുവിന്റെ ശത്രോ, താൻ പറഞ്ഞതു കളവാണ്. താൻ അന്വേഷിച്ച എല്ലാവരും ഇവിടെയുണ്ട്. താൻ ഉദ്ദേശിച്ച ആരും തന്നെ മരിച്ചിട്ടില്ല.' 'എന്നാൽ അടുത്ത വർഷം ബദ്റിൽ വെച്ചു നമുക്കു കാണാം.' എന്നു അബൂസുഫ്‌യാൻ പറഞ്ഞപ്പോൾ 'അല്ലാഹുവേണ്ടുകെ വെച്ചെങ്കിൽ അങ്ങിനെ ആവാ'മെന്നു ഉമർ ഫാറൂഖ് (റ) മറുപടി പറഞ്ഞു.

ശത്രുക്കൾ മക്കയിലേക്കു യാത്രയാരംഭിച്ചു. 'നമ്മിൽ നിന്നു ചിലർ അവരെ പിന്തുടരുകയും അവർ എങ്ങോട്ടേക്കാണ് പോകുന്നതെന്നു മനസ്സിലാക്കുകയും വേണം. ഒട്ടകപ്പുറത്തു കയറി, കുതിരകളെ നടത്തിക്കൊണ്ടാണ് അവർ പോകുന്നതെങ്കിൽ അവരുടെ യാത്ര മക്കയിലേക്കാണെന്നു കരുതാം. നേരെ മറിച്ചു കുതിരപ്പുറത്തു കയറി ഒട്ടകങ്ങളെ വലിച്ചു കൊണ്ടാണവർ പോകുന്നതെങ്കിൽ അവരുടെ ലക്ഷ്യം മദീനയാണെന്നു കണക്കാക്കേണ്ടിയിരിക്കുന്നു'വെന്നു തിരുമേനി (സ) പറഞ്ഞു. അലി (ക. വ.), സഅ്ദിബ്നു അബീവഖാസ് (റ) എന്നിവർ ശത്രുസേനയെ അനുഗമിച്ചു. ഒട്ടകപ്പുറത്തു കയറി കുതിരകളെ നടത്തിക്കൊണ്ടു ശത്രുക്കൾ പോകുന്നതു കണ്ടപ്പോൾ, അവരുടെ യാത്ര മക്കയിലേക്കാണെന്നു മനസ്സിലാക്കിക്കൊണ്ടു ആ രണ്ടു സഹാബിമാരും തിരിച്ചുവന്നു.

[ഖാലിദിബ്നുവലീദും ഇക്രീമതിബ്നു അബീജഹലും ഉഹ്ദ് യുദ്ധത്തിൽ ശത്രുപക്ഷത്തായിരുന്നെങ്കിലും, ഇസ്‌ലാം മതം വിശ്വസിച്ചതിന്നു ശേഷം അവരുടെ നില പാ

ടെ മാറുകയുണ്ടായി.' അല്ലാഹുവിന്റെ വാളുകളിൽ ഒരു വാൾ' എന്ന പ്രശസ്തിയാൽ ഖാലിദ് (റ) പ്രശംസിക്കപ്പെട്ടു. മുസ്ഹഫ് തുറക്കുമ്പോൾ 'ഇതു അല്ലാഹുവിന്റെ വചനമാ'ണെന്നുള്ള ധാരണയാൽ ഇക്‌രിമത് (റ) മോഹാലസ്യപ്പെട്ടു പോകാറുണ്ടായിരുന്നു]

ശത്രുക്കൾ സ്ഥലം വിട്ടുകഴിഞ്ഞപ്പോൾ, യുദ്ധക്കളത്തിൽ ശഹീദായി കിടക്കുന്ന സഹാബിമാരെ തിരഞ്ഞു പിടിക്കുവാൻ തിരുമേനി (സ) നിർദ്ദേശം നൽകി. സഅ്ദിബ്നുർറബീഅ് (റ) ആയുധമേറു നിലം പതിക്കുന്നതു തിരുമേനി (സ) കണ്ടിരുന്നു. അദ്ദേഹത്തിന്റെ സ്ഥിതി അന്വേഷിച്ചു വരുവാൻ തിരുമേനി(സ) പ്രത്യേകം നിർദ്ദേശിച്ചു. ഉബയ്യിബ്നു കഅ്ബ് (റ) അതിനു സന്നദ്ധനായി. 'സഅ്ദിബ്നുർബീഇനെ കണ്ടെത്തിയാൽ അദ്ദേഹത്തിനു എന്റെ സലാം പറയണം' എന്നു തിരുമേനി ഉബയ്യ് (റ) വോടു പറഞ്ഞു. അദ്ദേഹം സഅ്ദ് (റ) വിനെ കണ്ടെത്തി. അദ്ദേഹം ആസന്നമരണനായി കിടക്കുകയായിരുന്നു. തിരുമേനി (സ) സലാം പറഞ്ഞതായി ഉബയ്യ് (റ) അദ്ദേഹത്തെ അറിയിച്ചു. അതു കേട്ടു സന്തുഷ്ടചിത്തനായ സഅ്ദ് (റ) തിരുമേനി (സ) ക്കു സലാം പറയുകയും അന്ത്യശ്വാസമടയുകയും ചെയ്തു. വിവരമറിഞ്ഞപ്പോൾ തിരുമേനി (സ) അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു.

പിന്നീടു തിരുമേനി (സ) ഹംസ (റ) വെപ്പറ്റി അന്വേഷിച്ചു. 'ഒരു പാറപ്പുറത്തു് അദ്ദേഹത്തിന്റെ മയ്യത്തു് ഞാൻ കണ്ടു'വെന്നു ഒരാൾ പറഞ്ഞു. ശത്രുക്കൾ വികൃതമാക്കപ്പെട്ട നിലയിൽ മലച്ചെരുവിലൊരിടത്തു ഹംസ (റ) വിന്റെ മൃതദേഹം കിടക്കുന്നതായി കണ്ടപ്പോൾ തിരുമേനി (സ) തികച്ചും വ്യസനാധീനനായിപ്പോയി. അതുപോലെ ദുഃഖമായ ഒരു കാഴ്ച മറ്റൊരിക്കലും തിരുമേനി (സ) കാണുകയുണ്ടായിട്ടില്ല. 'ശത്രുക്കൾ നടത്തിയ ഹീനമായ ഈ ക്രൂരതക്കു, അവരിൽപ്പെട്ട എഴുപതാളുകളുടെ ശവങ്ങളെ വികൃതമാക്കിക്കൊണ്ടു പകരം വീട്ടുമെന്നു' തിരുമേനി (സ) ആ രംഗത്തു വെച്ചു പറയുകയുണ്ടായി. 'ഇനിയൊരു യുദ്ധത്തിൽ ഞങ്ങൾക്കു വിജയം സിദ്ധിച്ചെന്നു വന്നാൽ, ശത്രുക്കൾ ഊഹിക്കുകപോലും ചെയ്യാത്ത വിധത്തിൽ അവരുടെ ശവങ്ങളെ ഞങ്ങൾ വികൃതമാക്കുമെന്നു സഹാബിമാർ ഏറെ പറഞ്ഞു. (ആ അവസരത്തിൽ 'താങ്കൾ അതിക്രമം കാണിപ്പാനാണു ഉദ്ദേശിക്കുന്നതെങ്കിൽ, താങ്കൾ ഉദ്ദേശിച്ചതുപോലെ അതിക്രമം കാണിച്ചു കൊള്ളുക. താങ്കൾ ക്ഷമിക്കുകയാണെങ്കിൽ ക്ഷമിക്കലാണു് ഏറ്റവും ഉത്തമം. ആ ക്ഷമിക്കൽ അല്ലാഹുവിനു വേണ്ടി മാത്രമാകുന്നു. അവരോടു താങ്കൾ മുഷിയേണ്ട; അവരുടെ ചതിയെച്ചൊല്ലി താങ്കൾ മനസ്താപപ്പെടുകയും വേണ്ട' എന്നു അല്ലാഹു കല്പിച്ചു. ആ ആജ്ഞ കിട്ടിയപ്പോൾ തിരുമേനി (സ)ക്ഷമിക്കുകയും, ശത്രുക്കളുടെ ശവങ്ങളെ വികൃതമാക്കരുതെന്നു സഹാബിമാർക്കു നിരോധനാജ്ഞ നൽകുകയും ചെയ്തു. ഇബ്നുമസ്ഊദ് (റ) പറയുന്നു:- 'ഹംസയുടെ മൃതദേഹം കണ്ടപ്പോൾ കരഞ്ഞതുപോലെ തിരുമേനി (സ) മറ്റൊരിക്കലും കരഞ്ഞതായി ഞങ്ങൾ കണ്ടിട്ടില്ല. തിരുമേനി (സ) ആ മൃതദേഹത്തെ ഖിബ്‌ലക്കു നേരെ കിടത്തിക്കൊണ്ടു കഠിനമായി വിലപിച്ചു.' തിരുമേനി (സ) സുബൈർ (റ)വിനെ വിളിച്ചു ഇപ്രകാരം പറഞ്ഞു:- 'നിങ്ങളുടെ ഉമ്മയായ സഫിയാക്കു(ഹംസ (റ)വിന്റെ സഹോദരിയാണു് സഫിയാ) ഹംസയുടെ മയ്യിത്തു് കാണിക്കാതെ, അവരെ മദീനയിലേക്കു കൂട്ടിക്കൊണ്ടു പോവുക.' ഈ വിവരം അറിഞ്ഞപ്പോൾ സഫിയാ (റ) പറഞ്ഞു:- 'മകനെ, അങ്ങിനെ ചെയ്യുന്നതെന്തിനാണു്? ശത്രുക്കൾ എന്റെ സഹോദരനെ എന്തൊക്കെ

യാണ് ചെയ്തു വെച്ചതെന്ന് ഞാനറിഞ്ഞു. അല്ലാഹുവിന്റെ ദീനിനു വേണ്ടി അതെല്ലാം ഞാൻ സഹിച്ചു. അല്ലാഹുവിന്റെ പ്രതിഫലത്തെ മോഹിച്ചു കൊണ്ടു ഞാൻ ക്ഷമിക്കുകയും ചെയ്യും.' ഈ വിവരം സുബൈർ (റ) തിരുമേനി (സ) യെ അറിയിച്ചപ്പോൾ, മയ്യിത്തു കാണുവാൻ തിരുമേനി (സ) അവർക്കു അനുമതി നൽകി. സുബൈർ (റ) മാതാവിനെ കൂട്ടിക്കൊണ്ടു പോയി ഹംസ (റ) വിന്റെ ജനാസ കാണിച്ചു കൊടുത്തു. അപ്പോൾ സഫിയ (റ) ഇസ്തിർജാഅ് ചൊല്ലുകയും, അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തിരുമേനി(സ) യുടെ പുതപ്പു കൊണ്ടു ആ ജനാസ മൂടപ്പെട്ടു.

ഉഹ്ദിൽ ശഹീദായവരുടെ എണ്ണത്തോളം കഫൻ തുണി ഇല്ലാതിരുന്നതിനാൽ, ഒരു തുണിയിൽ രണ്ടും മൂന്നും മയ്യിത്തുകൾ കഫൻ ചെയ്തു ഖബ്റടക്കുകയുണ്ടായി. ശഹീദായവർക്കു വേണ്ടി തിരുമേനി (സ) ഒരിക്കലും തന്നെ ജനാസ നിസ്കാരം നിർവ്വഹിച്ചിട്ടില്ലെന്നു സുഹൈലീ ഇമാം (റ) വെ തൊട്ടു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. തിരുമേനി (സ) ക്കു ശേഷം മറ്റു ഇമാമുകളും ശഹീദുകൾക്കു വേണ്ടി ജനാസ നിസ്കരിക്കുകയുണ്ടായിട്ടില്ല. 'ഉഹ്ദിൽ ശഹീദായവരെ മറമാടുവാൻ തിരുമേനി (സ) കല്പിച്ചു. അവരെ കുളിപ്പിക്കുകയോ അവർക്കു വേണ്ടി ജനാസ നിസ്കരിക്കുകയോ ഉണ്ടായിട്ടില്ല' എന്നു ഇമാം ബുഖാരീ (റ) പ്രസ്താവിച്ചിരിക്കുന്നു.

ഹംസ (റ) വിനെയും, അദ്ദേഹത്തിന്റെ മരുമകനും അബ്ദുൽ മുത്തലിബിന്റെ മകൾ ഉമൈമത്തിന്റെ മകനുമായ അബ്ദുല്ലാ ഹിബ്നു ജഹ്ശ് (റ) വിനെയും ഒരു ഖബ്റിൽ മറ ചെയ്തു. അബുൽഹകമിബ്നുൽഅഖ്നസി ബ്നു ശുറൈഖിസ്സഖ്ഫീ എന്ന ആളാണ് അബ്ദുല്ലാഹിബ്നു ജഹർ (റ) വിനെ കൊലപ്പെടുത്തിയതു്. ഈ അബുൽഹകമിനെ ഉഹ്ദിൽ വെച്ചു തന്നെ അലീ (ക. വ.) വധിക്കുകയുണ്ടായി. അബ്ദുല്ലാ ഹിബ്നു അംറ് (റ) വും, അംറബ്നുൽ ജമൂഹ് (റ) വും ഒരു ഖബ്റിൽ അടക്കപ്പെട്ടു. അവർ സ്നേഹിതന്മാരായിരുന്നു.

ജാബിർ (റ) വിന്റെ പിതാവായ അബ്ദുല്ലാഹിബ്നു അംറ് അദ്ദേഹത്തിന്റെ മുഖത്തുള്ള മുറിവു് കൈ കൊണ്ടു പൊത്തിയ നിലക്കാണ് ശഹീദായതു്. കൈ, മുറിവിൽ നിന്നും പൊക്കിയപ്പോൾ ആ മുറിവിൽ നിന്നു രക്തം പ്രവഹിച്ചു. കൈ മുറിവിൽ തന്നെ വെച്ചപ്പോൾ രക്തം നിലച്ചു. അതുകൊണ്ടു കൈ, മുഖത്തുള്ള മുറിവിൽ വെച്ച നിലയിൽ തന്നെയാണ് അദ്ദേഹം ഖബ്റടക്കപ്പെട്ടതു്. ആ സംഭവം കഴിഞ്ഞു നാല്പതു വർഷങ്ങൾക്കു ശേഷം ഉണ്ടായ ഒരു വെള്ളച്ചാട്ടത്താൽ അദ്ദേഹത്തെയും അംറിബ്നു ജമൂഹ് (റ)വിനെയും അടക്കം ചെയ്ത ഖബ്ർ തുറന്നു പോയി. അപ്പോൾ ആ ജനാസകൾക്കു യാതൊരു കേടും പറ്റാതെ അന്നു ഖബ്റടക്കിയ ജനാസകൾ പോലെ, അവ സ്ഥിതി ചെയ്യുന്നതായി കണ്ടു. മുആവിയാ (റ) വിന്റെ ഖിലാഫത്തു കാലത്തു് ഉഹ്ദിന്റെ താഴ്വരയിൽ കൂടി ഒരു തോടു വെട്ടിയപ്പോഴും, ഇതെ നിലയിൽ പല ജനാസകൾ കണ്ടെത്തപ്പെട്ടു. തുറക്കപ്പെട്ട ആ ഖബ്റുകളിൽനിന്നു സുഗന്ധം വമിച്ചുവെന്നും ഹംസ(റ) വിന്റെ ജനാസയുടെ കാലിനു കൈക്കോട്ടു കൊണ്ടു മുറിവേറ്റപ്പോൾ രക്തം ഒലിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ടു്. നബിമാരുടെ ജനാസകളെന്ന പോലെ ശുഹദാക്കളുടെ ജനാസകളും എല്ലാ കാലത്തും അന്യൂനമായി നില നില്ക്കുമെന്നുള്ളതിന്റെ തെളിവാണിതു്. ഖുർആൻ ഓതുന്ന ഖാരികളും, അമൽ ചെയ്യുന്ന ആലിംകളും അല്ലാഹുവിന്റെ പ്രതിഫലം മോഹിച്ചുകൊണ്ടു ബാങ്കു വിളിക്കുന്ന മുഅദ്ദിൻകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടു്.'

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മുറിവേറ്റവരെ, ഖിയാമം നാളിൽ, ആ മുറിവുകളിൽ നിന്നു ചോരയൊലിക്കുന്ന അവസ്ഥയിൽ തന്നെ അല്ലാഹു ഹാജരാക്കും. ആ ചോരയുടെ നിറം രക്തവർണ്ണവും അതിന്റെ ഗന്ധം കസ്തൂരിഗന്ധവുമായിരിക്കും' എന്നും ശുഹദാക്കളുടെ റൂഹുകളെ അല്ലാഹു ഒരു തരം പക്ഷികളുടെ ശരീരത്തിൽ പ്രവേശിപ്പിക്കും; അവ സ്വർഗ്ഗത്തിൽ പാറിക്കളിച്ചും, സ്വർഗ്ഗഫലങ്ങൾ ഭുജിച്ചും, സ്വർഗ്ഗത്തിലെ അരുവികളിൽ കുളിച്ചും, അർശിന്റെ തണലിൽ നിർമ്മിക്കപ്പെട്ട കൂട്ടിൽ താമസിക്കും. അവർ പറയും: 'ഭൂലോകത്തുള്ള ഞങ്ങളുടെ സഹോദരന്മാർ ഈ വിവരം അറിഞ്ഞെങ്കിൽ അവരാരും തന്നെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ശഹീദാവുക എന്നതിൽ നിന്നു ഒഴിഞ്ഞു നിൽക്കുകയില്ലായിരുന്നു.' അപ്പോൾ അല്ലാഹു പറയും. 'ഈ വാർത്ത ഞാൻ അവർക്കു അറിയിച്ചു കൊടുക്കും' എന്നു തിരുമേനി (സ) അരുളീട്ടുണ്ട്.

ജാബിറിബ്നു അബ്ദില്ല (റ) പറയുന്നു:- 'എന്റെ ബാപ്പ ശഹീദായപ്പോൾ ഞാൻ കരഞ്ഞുകൊണ്ടു, പിതാവിന്റെ മുഖത്തിട്ടു തുണി നീക്കി. സഹാബിമാരിൽ ചിലർ എന്നെ തടഞ്ഞു. തിരുമേനി (സ) തടഞ്ഞില്ല.' കരഞ്ഞാലും കരഞ്ഞില്ലെങ്കിലും, മലക്കുകൾ ചിറകു വിടർത്തി തണലിട്ടുകയും അദ്ദേഹത്തെ ഉയർത്തിക്കൊണ്ടു പോവുകയും ചെയ്യുന്നു'വെന്നു തിരുമേനി (സ) പറഞ്ഞു.

ബുശൈറിബ്നു അഹ്റത് (റ) പറയുന്നു:- ഉഹ്ദിൽ എന്റെ ബാപ്പ ശഹീദായി. ദുഃഖിതനായ ഞാൻ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ തിരുമേനി (സ) ആ വഴിക്കു വന്നു. ഞാൻ കരയുവാനുണ്ടായ കാരണം ഗ്രഹിച്ച തിരുമേനി (സ) എന്നോടു ചോദിച്ചു - 'ആഇശ നിന്റെ ഉമ്മയും ഞാൻ നിന്റെ ബാപ്പയും ആവുന്നതു നിനക്കു ഇഷ്ടമല്ലയോ.'

ഉഹ്ദിൽ ഭർത്താവും, പിതാവും, മകനും, സഹോദരനും നഷ്ടപ്പെട്ട ഒരു സ്ത്രീ ദുഃഖാർത്തയായിക്കൊണ്ടു സഹാബിമാരോടു ചോദിച്ചു:- 'അല്ലാഹുവിന്റെ റസൂലിന്റെ സ്ഥിതിയെന്തു?' 'റസൂലിനു യാതൊന്നും സംഭവിച്ചിട്ടില്ല' എന്നു അവർ മറുപടി പറഞ്ഞപ്പോൾ, റസൂലിനെ കാണിച്ചു കൊടുക്കുവാൻ ആ സ്ത്രീ ആവശ്യപ്പെട്ടു. അവർ റസൂലിനെ ആ സ്ത്രീക്കു കാണിച്ചു കൊടുത്തു. തിരുമേനി (സ) യെ കണ്ടപ്പോൾ ആ സ്ത്രീയുടെ മുഖത്തു ആശ്വാസത്തിന്റെ പ്രകാശം പരന്നു. ആ സ്ത്രീ പറഞ്ഞു:- 'തിരുമേനി (സ) യെ കണ്ടതോടുകൂടി എന്റെ എല്ലാ വ്യഥകളും അസ്തമിച്ചു പോയി. തിരുമേനി (സ) യെ അപേക്ഷിച്ചു, എനിക്കുണ്ടായ നഷ്ടം എത്ര നിസ്സാരം!'

ഉഹ്ദ് യുദ്ധത്തിൽ മലക്കുകൾക്കുണ്ടായിരുന്ന പങ്കിനെക്കുറിച്ചു പണ്ഡിതന്മാർ ഭിന്നാഭിപ്രായങ്ങളാണു പ്രകടിപ്പിച്ചിട്ടുള്ളതു. 'ഉഹ്ദിൽ മലക്കുകൾ സന്നിഹിതരായിട്ടുണ്ടെങ്കിലും ബദ്റിലല്ലാതെ അവർ യുദ്ധം ചെയ്തിട്ടില്ല' എന്നാണു മുജാഹിദ് (റ) പറയുന്നതു. തിരുമേനി (സ) യുടെ ഇടഭാഗത്തും വലഭാഗത്തും നിന്നു കൊണ്ടു വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ യുദ്ധം ചെയ്യുന്നതു ഞാൻ കണ്ടു. അതിനു മുമ്പോ പിമ്പോ അവരെ ഞാൻ കണ്ടിട്ടില്ല. ആ രണ്ടു പേർ ജിബ്രീലും മീകാഈലുമാണു" എന്നു സഅ്ദിബ്നു അബീവഖാസ് (റ) പറയുന്നു. 'ഉഹ്ദിൽ ജനങ്ങളോടൊപ്പം നിന്നുകൊണ്ടു മലക്കുകൾ യുദ്ധം ചെയ്യുകയുണ്ടായില്ല. പക്ഷേ, തിരുമേനി (സ) യോടൊപ്പം നിന്നുകൊണ്ടു അവർ യുദ്ധം ചെയ്യുകയുണ്ടായി' എന്നു ബൈഹഖീ (റ) പറയുന്നു. 'അബ്ദുർ റഹ്മാനിബ്നു ഔഫ് എവിടെയുണ്ടെന്നു തിരുമേനി (സ) (ഉഹ്ദിൽ) എന്നോടു ചോദിച്ചു. അദ്ദേഹം മലച്ചെരുവിൽ വെച്ചു യുദ്ധം ചെയ്യുകയാണെന്നു ഞാൻ പറ

ഞ്ഞു. ഞാൻ വീണ്ടും അദ്ദേഹത്തെ സമീപിച്ചപ്പോൾ ഏഴു ശവങ്ങളും അദ്ദേഹത്തിന്റെ മുമ്പിൽ കിടക്കുന്നതായി ഞാൻ കണ്ടു. 'നിങ്ങളാണ് ഭാഗ്യവാൻ തന്നെ; ഏഴു പേരെ കൊന്നവല്ലോ' എന്നു ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചു. അദ്ദേഹം പറഞ്ഞു: 'ഇവരിൽ രണ്ടു പേരെ കൊന്നതു ഞാനാണ്. അഞ്ചു പേരെ കൊന്നതു എനിക്കറിഞ്ഞു കൂടാത്ത ചിലരാണ്,' എന്നിപ്രകാരം ഹർസിബ്നുസ്സുമ്മത് (റ) പറയുന്നു.

അദ്ധ്യായം 9

ശത്രുക്കളെ തിരിച്ചു പോയിക്കഴിഞ്ഞപ്പോൾ, മുസ്‌ലിംകളെ മദീനയിലേക്കു തിരിക്കുവാൻ തീരുമാനിച്ചു. തിരുമേനി (സ) ഒരു കതിരപ്പുറത്തു കയറിയും മറ്റുള്ളവർ കാൽനടയായും യാത്രയാരംഭിച്ചു. പതിനാലു സ്ത്രീകളും അവരോടൊപ്പമുണ്ടായിരുന്നു. തിരുമേനി (സ)യെ വലയം ചെയ്തുകൊണ്ടു പുരുഷന്മാരും പുരുഷന്മാരുടെ പിന്നിൽ അണി നിരന്നുകൊണ്ടു സ്ത്രീകളും സഞ്ചരിച്ചു. [യാത്രയാരംഭിക്കുന്നതിനു മുമ്പു തിരുമേനി (സ) അല്ലാഹുവോടു പ്രാർത്ഥിക്കുകയും, പ്രാർത്ഥന കഴിഞ്ഞതു ശേഷം ജനങ്ങളെ തിരിഞ്ഞു നോക്കുകയും ചെയ്തു. സ്ത്രീകളുടെ അണിയിൽ ജഹ്ശിന്റെ മകളായ ഹമിനത് (റ) യെ തിരുമേനി (സ) കാണുകയുണ്ടായി. തിരുമേനി (സ) യുടെ പത്നിയായ സൈനബ (റ) യുടെ സഹോദരിയാണ് ഹമിനത് (റ). 'നിങ്ങളും ഭർത്താവിന്നായി പ്രാർത്ഥിച്ചുകൊള്ളുക' എന്നു ആ മഹതിയോടു തിരുമേനി (സ) ഉപദേശിച്ചു. 'യാറസൂലല്ലാ, ആരുടെ ഭർത്താവിന്നു വേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കേണ്ടതെന്നു അവർ ചോദിച്ചപ്പോൾ, 'നിങ്ങളുടെ അമ്മാമനായ ഹംസക്കു വേണ്ടി' എന്നു തിരുമേനി മറുപടി പറഞ്ഞു. ആ മഹതി ഹംസ (റ) വിന്നു വേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥിക്കുവാൻ വീണ്ടും തിരുമേനി (സ) അവരെ ഉപദേശിച്ചു. 'ആർക്കു വേണ്ടി'യെന്നു അവർ ചോദിച്ചപ്പോൾ, 'നിങ്ങളുടെ സഹോദരനായ അബ്ദില്ലാഹിബ്നു ജഹ്ശിന്നു വേണ്ടി' എന്നു തിരുമേനി (സ) പറഞ്ഞു. ആ മഹതി അബ്ദുല്ലാ (റ) വിന്നു വേണ്ടി പ്രാർത്ഥിച്ചു. വീണ്ടും പ്രാർത്ഥിക്കുവാൻ തിരുമേനി (സ) അവരെ ഉപദേശിച്ചു. 'ആർക്കു വേണ്ടിയെന്നു അവർ ചോദിച്ചപ്പോൾ, 'നിങ്ങളുടെ ഭർത്താവു മിസ്അബിബ്നു ഉമൈറിന്നു വേണ്ടി' എന്നു തിരുമേനി (സ) പറഞ്ഞു. മിസ്അബ് (റ) വിന്നു വേണ്ടി അവർ പ്രാർത്ഥിച്ചു. പക്ഷെ, വ്യസനം അടക്കുവാൻ കഴിയാതെ ആ മഹതി പൊട്ടിക്കരഞ്ഞു. 'നിങ്ങളും ഇങ്ങിനെ കരയുന്നതെന്തിന്നാണ്?' എന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, 'തന്റെ മക്കളും അനാഥരായിപ്പോയല്ലോ എന്നോർത്തപ്പോൾ കരഞ്ഞു പോയതാണെന്നു മറുപടി പറഞ്ഞു. ദുഃഖിക്കാതിരിക്കുവാൻ തിരുമേനി (സ) അവരെ ഉപദേശിക്കുകയും, അവർക്കു ഒരു നല്ല ഭർത്താവിനെ നൽകുവാൻ അല്ലാഹുവോടു പ്രാർത്ഥിക്കുകയും ചെയ്തു. ആ പ്രാർത്ഥനയുടെ ഫലമായി തൽഹതിബ്നു ഉബൈദില്ലാ (റ) എന്ന മഹാൻ അവരെ വിവാഹം കഴിച്ചു. അദ്ദേഹം ഹമിനത് (റ) യുടെ മക്കളെ വാത്സല്യപൂർവ്വം പരിരക്ഷിച്ചു. അദ്ദേഹത്തിന്നു ആ മഹതിയിൽ ജനിച്ച പുത്രനാണ്, ഇസ്‌ലാം ചരിത്രത്തിലെ സുപ്രസിദ്ധനായ മുഹമ്മദ്ബിബ്നുതൽഹത് (റ).

തിരുമേനി (സ) കതിരപ്പുറത്തു ഇരിക്കുകയാണ്. സഅ്ദിബ്നു മുഹമ്മദ് (റ) കടിഞ്ഞാൺ പിടിച്ചുകൊണ്ടു നില്ക്കുന്നു. യാത്ര ആരംഭിച്ചിട്ടില്ല. അപ്പോഴേക്കും സഅ്ദിബ്നു മആദ് (റ) വിന്റെ മാതാവു തിരുമേനി (സ) യുടെ സന്നിധിയിൽ ഓടിയെത്തി. 'അംറിബ്നു മആദിനെച്ചൊല്ലി നിങ്ങളും ദുഃഖിക്കാതിരിക്കുക' എന്നു തിരുമേനി (സ) അവരെ ഉപദേശിച്ചു. 'യാറസൂലല്ലാ, താങ്കളും രക്ഷപ്പെട്ട

വെന്നറിഞ്ഞതോടുകൂടി ഞങ്ങളുടെ എല്ലാ ദുഃഖങ്ങളും അവസാനിച്ചിരിക്കുന്നു. താങ്കളെ നേടിയെടുക്കുന്നതിനുവേണ്ടി ഞങ്ങൾക്കു നേരിട്ട നഷ്ടങ്ങളും നിസ്സാരങ്ങളത്രേ' എന്നു ആധീരമാതാവു് പറഞ്ഞപ്പോൾ, 'ഉഹ്ദിന്റെ അഹ്ലുകാർ സ്വർഗ്ഗത്തിൽ എന്റെ കൂട്ടുകാരായിരുന്നു; അവരുടെ വീട്ടുകാരുടെ കാര്യത്തിൽ അവരുടെ ശുപാർശ സ്വീകരിക്കപ്പെട്ടു' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അതു കേട്ടപ്പോൾ, യാറസൂലല്ലാ, ഞങ്ങൾ സംതൃപ്തരായി. ഇനി അവരെച്ചൊല്ലി ഞങ്ങൾ ദുഃഖിക്കുകയില്ല. അവശേഷിച്ചവർക്കു വേണ്ടി തിരുമേനി പ്രാർത്ഥിക്കണം' എന്നു ആ മഹതി ബോധിപ്പിച്ചു. ദുഃഖശമനത്തിനായി തിരുമേനി (സ) അല്ലാഹുവോടു പ്രാർത്ഥിച്ചു.

തിരുമേനി (സ) യും സഹാബികളും മദീനയിലേക്കു പുറപ്പെട്ടു. മദീനയിൽ എത്തിയപ്പോൾ സഅ്ദിബ്നുമആദ് (റ), സഅ്ദിബ്നുഉബാദത്ത് (റ) എന്നിവർ താങ്ങിപ്പിടിച്ചുകൊണ്ടു തിരുമേനി (സ) യെ കുതിരപ്പുറത്തുനിന്നിറക്കി, വീട്ടിലേക്കു നയിച്ചു. മഗ്രിബ് നിസ്കാരത്തിനു ബിലാൽ (റ) ബാങ്കു വിളിച്ചപ്പോൾ, അവർ രണ്ടുപേരും താങ്ങിക്കൊണ്ടു തിരുമേനി (സ) യെ, നിസ്കരിപ്പാനായി, പള്ളിയിലേക്കു ആനയിച്ചു. അന്നത്തെ ഇശാനിസ്കാരം കഴിഞ്ഞതിനു ശേഷം, ഔസ് ഗോത്രത്തിലെയും ഖസ്റജ് ഗോത്രത്തിലെയും പ്രധാനികൾ പള്ളിയുടെ മുമ്പിൽ രാത്രി മുഴുവനും കാവൽനിന്നു. ഗർവ്വിഷ്ഠന്മാരായ ബുറൈശികൾ മദീനയിലേക്കു തിരിച്ചുവന്നേക്കുമെന്നുള്ള ആശങ്കയായിരുന്നു അങ്ങിനെ കാവൽ നില്ക്കുവാൻ അവർക്കു പ്രേരണ നൽകിയതു്.

മരിച്ചവരെക്കുറിച്ചുള്ള ദുഃഖശമനത്തിനു കരയേണ്ടിവന്നാൽ, കരയുന്ന സന്ദർഭത്തിൽ അച്ചടക്കവും മാന്യതയും പുലർത്തുവാനും, മാറത്തടിച്ചും ആർത്തുവിളിച്ചും മുടിക്കെട്ടഴിച്ചും ബഹളം കൂട്ടാതിരിപ്പാനും തിരുമേനി (സ) സ്ത്രീകൾക്കു താക്കീതു നൽകി.

അദ്ധ്യായം 10

ഹംസ (റ), മിസ്അബിബ്നുഉമൈർ (റ), അബ്ദുല്ലാഹിബ്നുജഹ്ശ് (റ), ശമ്മാസിബ്നുഉസ്മാൻ (റ) എന്നീ നാലു മുഹാജിർകളും അറുപത്താറു അൻസാർകളുമടക്കം എഴുപതു പേർ ഉഹ്ദ് യുദ്ധത്തിൽ ശഹീദായി എന്നതാണു് പ്രബലമായ അഭിപ്രായം. മേൽപറഞ്ഞ നാലുപേരോടൊപ്പം, രണ്ടു മുഹാജിർകളും കൂടി ശഹീദായിട്ടുണ്ടെന്നും, ആ രണ്ടു പേരിൽ ഒന്നു്, ഹാതിബിബ്നു അബീബൽതഅത് (റ) വിന്റെ അടിമയായ സഅ്ദ് (റ) വും, മറെറാന്നു സഖീഫിബ്നുഅംറ് (റ) വും ആയിരിപ്പാനാണിടയുള്ളതെന്നും, അങ്ങിനെ ആറു മുഹാജിർകളും അറുപത്തിനാലു അൻസാർകളുമടക്കം എഴുപതു പേർ ഉഹ്ദിൽ ശഹീദായെന്നുമാണു് അൽഹാഫിളിബ്നുഹജർ (റ) വിന്റെ പക്ഷം. ആറു മുഹാജിർകളും അറുപത്തിനാലു അൻസാർകളുമടക്കം എൺപത്തു പേർ ഉഹ്ദിൽ ശഹീദായിട്ടുണ്ടെന്നു വേറൊരു പക്ഷവുമുണ്ടു്.

ഉഹ്ദ് യുദ്ധത്തിൽ കൊല്ലപ്പെട്ട ശത്രുക്കളുടെ എണ്ണത്തെക്കുറിച്ചും പക്ഷാന്തരമുണ്ടു്. ഇരുപത്തിമൂന്നുപേർ കൊല്ലപ്പെട്ടുവെന്നതാണു് ഒരുപക്ഷം. ഇരുപത്തിരണ്ടു പ്രബലന്മാരടക്കം അമ്പത്തിനാലുപേർ കൊല്ലപ്പെട്ടുവെന്നതാണു് മറെറാരു പക്ഷം. ഉഹ്ദിൽ ശഹീദായ സഹാബികളെച്ചൊല്ലി മുസ്ലിംകൾ ദുഃഖിച്ചപ്പോൾ, മുനാഫിഖുകൾ മുസ്ലിംകളെ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തു. രാജ്യം പിടിച്ചടക്കുവാനുള്ള ദുർമ്മോഹമാണു് നബിയെ ഈ യുദ്ധത്തിനു പ്രേരിപ്പിച്ചതെന്നും, അല്ലാത്തപക്ഷം ഇങ്ങിനെയൊന്നും സംഭവിക്കുകയില്ലായിരുന്നുവെന്നും, ഒരു നബിയുടെ സ്സംബന്ധിച്ചേടത്തോളം സംഭവിക്കാവതല്ലാത്ത കാ

യ്ങ്ങളാണെ'' ഉഹ്ദിൽ ഉണ്ടായതെന്നും, ഞങ്ങളോടൊപ്പം പിൻതിരിഞ്ഞെങ്കിൽ അവർ ഇതൊന്നും അനുഭവിക്കേണ്ടി വരികയില്ലായിരുന്നെന്നും അവർ പറഞ്ഞുപരത്തി. ദുഷ്പ്രചരണം നടത്തുന്ന മുനാഫിഖുകളെ കൊല്ലുവാനുള്ള അനുമതിക്കായി ഉമർഫാറൂഖ് (റ) തിരുമേനി (സ) യോടഭ്യർത്ഥിച്ചു. 'ശഹാദത് ചൊല്ലിയ ആളുകളെ വധിക്കാവത'ല്ലെന്നു പറഞ്ഞുകൊണ്ട് തിരുമേനി (സ) അനുമതി നിഷേധിച്ചു.

അദ്ധ്യായം 11

നബിമാരെയും മുർസലുകളെയും വിവിധ പരീക്ഷണങ്ങൾക്കു വിധേയരാക്കുകയെന്നതു അല്ലാഹുവിന്റെ പതിവാകുന്നു. ഈ വ്യവസ്ഥയിൽ നിന്നു ഏതെങ്കിലും ഒരു നബിയെയാർക്കുമൊ ഒഴിവാക്കപ്പെട്ടിട്ടില്ല. ചിലപ്പോൾ ചില കായ്ങ്ങളിൽ അല്ലാഹു അവന്റെ സഹായം വിളംബിച്ച വേളയിലെ എത്തിക്കുകയുള്ളൂ. നബിമാരുടെ ആത്മബോധത്തെയും സഹിഷ്ണുതയെയും വികസിപ്പിക്കുവാനും അഹങ്കാരത്തെ ഉന്മൂലനം ചെയ്യുവാനുമാണ് അല്ലാഹു ഇപ്രകാരം ചെയ്യുന്നതു്. പരലോകത്തു അത്യുന്നതമായ പദവികൾ നല്കി ആദരിക്കുന്നതിനുവേണ്ടി നബിമാരും മുർസലുകളും ഇഹലോകത്തു തീഷ്ണമായ യാതനകൾക്കു വിധേയരാക്കപ്പെടുകയും, സഹനശക്തിയും ക്ഷമയും പരീക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഉഹ്ദിൽ വെച്ചു നടത്തപ്പെട്ട പരീക്ഷണത്തിൽ മുസ്‌ലിംകളുടെ സഹനശക്തിയും മുനാഫിഖുകളുടെ സഹനശക്തിക്ഷയവും പ്രകടമായി. സഹനശക്തിയുള്ള വർക്കുണ്ടാവാനിടയുള്ള നേട്ടങ്ങളെക്കുറിച്ചും അവരെക്കുറിച്ചുതന്നെയും അല്ലാഹു വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ട്. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം പല നിലയിലും ഉഹ്ദ് ഒരു പരീക്ഷണരംഗമായിരുന്നു. ഉഹ്ദ് യുദ്ധത്തെ പരാമർശിച്ചുകൊണ്ടു 'ആലഇംറാൻ' എന്ന സൂറത്തിൽ അറുപതു ആയത്തുകൾ ഇറക്കപ്പെട്ടിട്ടുണ്ടെന്നു ഇബ്നുഇസ്ഹാഖ് (റ) പ്രസ്താവിച്ചിരിക്കുന്നു.

ഹംറാഉൽഅസദ് യുദ്ധം

ഹംറാഉൽ അസദ് എന്നതു ഒരു പ്രദേശത്തിന്റെ പേരാകുന്നു. മദീനയിൽനിന്നു മക്കയിലേക്കുള്ള വഴിയിലാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നതു്. മദീനയിൽനിന്നു ഹംറാഉൽ അസദിലേക്കുള്ള ദൂരം എട്ടുനാഴികയാകുന്നു.

ഉഹ്ദ് യുദ്ധം ശവ്വാൽമാസം പതിനഞ്ചാംതിയ്യതി ശനിയാഴ്ചയാണ് നടന്നതു്. അന്നു സന്ധ്യയോടടുത്തു തിരുമേനി (സ) യും കൂട്ടുകാരും മദീനയിൽ തിരിച്ചെത്തി. അന്നു രാത്രി അവരെല്ലാം മദീനയിൽ കഴിച്ചുകൂട്ടി. ഖുറൈശികൾ തിരിച്ചുവന്നേക്കുമെന്നു ആശങ്കജനിച്ചതിനാൽ, അൻസാരീ പ്രമുഖന്മാരിൽ ചിലർ അന്നു രാത്രി മുഴുവനും പള്ളിയുടെ മുമ്പിൽ കാവൽ നിന്നു. അവരുടെ ആശങ്ക തികച്ചും അസ്ഥാനത്തായില്ല. പിറ്റെ ദിവസം സുബ്ഹി നിസ്കാരത്തിനു ബിലാൽ (റ) ബാങ്കു വിളിച്ചു. സുബ്ഹി നിസ്കരിപ്പാൻ എഴുന്നേറ്റപ്പോൾ അബ്ദുല്ലാഹിബ്നുഅംറുൽമുസ്നീ (റ) തിരുമേനി (സ) ക്കു ചില വാർത്തകൾ നല്കി. അദ്ദേഹം പറഞ്ഞു:- 'ഞാൻ ഇന്നലെ രാത്രി മലൽ എന്ന സ്ഥലത്തുള്ള എന്റെ വീട്ടിലാണ് താമസിച്ചതു്. (മദീനക്കടുത്ത ഒരു ദേശമാണ് മലൽ). ഉഹ്ദ് യുദ്ധം കഴിഞ്ഞു തിരിച്ചുപോയ ഖുറൈശികൾ രാത്രി മലലിൽ വന്നു താവളമടിച്ചു. അവരുടെ സംഭാഷണം ഞാൻ ശ്രദ്ധിച്ചു. 'ഉഹ്ദിൽവെച്ചു നിങ്ങൾ അവസാനം ചെയ്തതു നന്നായില്ല. ധീരയോദ്ധാക്കളെപ്പോലെ യുദ്ധം ചെയ്തു വിജയത്തിന്റെ പടിക്കലോളം എത്തിയ നിങ്ങൾ, എതിർപക്ഷത്തുള്ള പ്രമാണികളെ കൊല്ലാതെ വിട്ടതു ഉചിതമായില്ല. അവരെ ബാക്കിവെ

ച്ചതു അനന്തമാണ്. അവർ ഇനിയും സംഘടിച്ചു നിങ്ങളെ എതിക്കും. അതുകൊണ്ടു, സംഘടിപ്പാൻ അവസരം കൊടുക്കാതെ അവരെ മുഴുവൻ ഇപ്പോൾതന്നെ കൊന്നൊടുക്കണം. ഉടനെ പുറപ്പെടുക. നമുക്കു അവരെ മുഴുവൻ കൊന്നൊടുക്കാം' എന്നു അവരിൽ ഒരാൾ പറഞ്ഞപ്പോൾ, സഫ്‌വാനിബ്‌നുഉമയ്യത് ആ അഭിപ്രായത്തെ എതിത്തുകൊണ്ടു ഇപ്രകാരം പറഞ്ഞു:- 'വേണ്ട, ഇപ്പോൾ നിങ്ങൾ അതിനു ഒരുങ്ങേണ്ട. അവരുടെ രോഷം മൂർദ്ധന്യത്തെ പ്രാപിച്ച അവസരമാണിതു്. മാത്രമല്ല, ഇത്തവണ ഖസ്‌റജ് ഗോത്രക്കാരും അവരോടൊപ്പമുണ്ടായിരിക്കും അവർ നിങ്ങളെ വിടുകയില്ല. അതുകൊണ്ടു, ഇപ്പോൾ മക്കയിലേക്കുതന്നെ തിരിച്ചുപോവുകയാണുത്തമം. ഇക്കഴിഞ്ഞ യുദ്ധത്തിൽ ജയത്തിന്റെ കാരണം നിങ്ങൾക്കനുകൂലമായിട്ടാണ് വീശിയതു്. ഇനിയത്തെ ഏറ്റുമുട്ടലിൽ അതു മറിച്ചു വീശിക്കൂടായ്കയില്ല.' ഈ വാത്ത കേട്ടപ്പോൾ സഫ്‌വാൻ അവരുടെ അണിയിൽ സന്മാഗ്ഗിയാണ്" എന്നു തിരുമേനി (സ) അഭിപ്രായപ്പെട്ടു.

സുബ്ഹി നിസ്കാരം കഴിഞ്ഞ ഉടനെ യുദ്ധയാത്രക്കു ആഹ്വാനം നൽകുവാൻ തിരുമേനി (സ) കല്പിച്ചു. ഉഹ്ദ് യുദ്ധത്തിൽ പങ്കെടുത്തവരെ മാത്രം വിളിപ്പാനാണ് തിരുമേനി (സ) ആജ്ഞാപിച്ചതു്. അതനുസരിച്ചു ഉഹ്ദിൽ പങ്കെടുത്ത സഹാബിമാരെ യുദ്ധയാത്രക്കായി ബിലാൽ (റ) വിളിച്ചു. മുസ്‌ലിംകളെ ആകമാനം വിളിച്ചാൽ, കൂട്ടത്തിൽ മുനാഫിഖുകളും പെട്ടുപോവാനിടയുള്ളതിനെ ഒഴിവാക്കുവാൻ വേണ്ടിയാണ് ഉഹ്ദിൽ പങ്കെടുത്തവരെമാത്രം വിളിക്കുവാൻ തിരുമേനി (സ) കല്പിച്ചതു്. 'ആ വിളിക്കു ഉഹ്ദിന്റെ അഹ്‌ലുകാരായ എഴുപതു സഹാബികളും ഉടനെ ഉത്തരം നൽകി'യെന്നു ആഇശ (റ) യെത്തൊട്ടു ബുഖാരി (റ) വും, മുസ്‌ലിം (റ) വും രേഖപ്പെടുത്തിയിരിക്കുന്നു. 'ഹംറാഉൽ അസദിലേക്കുള്ള യുദ്ധയാത്രയിൽ ഉഹ്ദിന്റെ അഹ്‌ലുകാർ മുഴുവൻ പങ്കെടുത്തു'വെന്നു അൽഹാഫിളിബ്‌നുഹജറുൽ (റ) പ്രസ്താവിച്ചിട്ടുണ്ട്. [ഈ പ്രസ്താവനകളും പരസ്പര വിരുദ്ധമല്ല. എഴുപതുപേർ ഉടൻ ഒരുങ്ങിയെന്നതാണ് ആഇശാ (റ) യുടെ പ്രസ്താവനയിലെ ഉള്ളടക്കം. മറവുള്ളവർ സാവകാശം പുറപ്പെട്ടുവെന്ന ധ്വനി ആ പ്രസ്താവനയിലുണ്ട്. എല്ലാവരും പുറപ്പെട്ടുവെന്ന പ്രസ്താവനയെ ആഇശാ (റ) യുടെ പ്രസ്താവന നിഷേധിക്കുന്നില്ല.] ഉഹ്ദിൽവെച്ചു എഴുപതിലേറെ മുറിവുകളും പറ്റിയ സഹാബിമാരും അക്കൂട്ടത്തിലുണ്ടായിരുന്നു. 'ഉഹ്ദിൽവെച്ചു മുറിവുകളേറ്റിരിക്കെ, അല്ലാഹുവിനും റസൂലിനും വഴിപ്പെട്ടുകൊണ്ടു അവരുടെ വിളിക്കു ഉത്തരം നൽകിയവർക്കു അധികമായ പ്രതിഫലമുണ്ട്" എന്നർത്ഥം വരുന്ന ആയത്തു്, ഈ സഹാബിമാരെ ഉദ്ദേശിച്ചുകൊണ്ടു, അല്ലാഹു അവതരിപ്പിച്ചു. തിരുമേനി (സ) യും പരിക്ഷീണനായിരുന്നു. ആകയാൽ, ആ യാത്രയിൽ തിരുമേനി (സ) കുതിരപ്പുറത്തു കയറിയാണ് സഞ്ചരിച്ചതു്.

ശവ്വാൽമാസം പതിനാറാം തിയ്യതി ഞായറാഴ്ചയാണ് തിരുമേനി (സ) യും സഹാബികളും ഹംറാഉൽ അസദിലേക്കു യുദ്ധയാത്ര നടത്തിയതു്. ശത്രുക്കളുടെ ഗതിവിഗതികളെക്കുറിച്ചും നീക്കങ്ങളെക്കുറിച്ചും മനസ്സിലാക്കിവരുവാനായി മൂന്നു സഹാബിമാരെ തിരുമേനി (സ) നിയോഗിച്ചു. ഹംറാഉൽ അസദിൽവെച്ചു അവരിൽ രണ്ടുപേരെ ശത്രുക്കൾ വധിച്ചുകളഞ്ഞു. തിരുമേനി (സ) യും സഹാബികളും അവിടെ എത്തിയപ്പോൾ ആ രണ്ടു ജനാസകളും അവിടെ കാണുകയും, ആ ജനാസകളെ അവിടെ ഖബറടക്കുകയുമുണ്ടായി. ഖബ്‌റടക്കിക്കഴിഞ്ഞശേഷം ശത്രുക്കളെ കണ്ടെ

പിടിക്കുവാനായി മുസ്‌ലിം സേന ഒരു പരിശ്രമം നടത്തിയെങ്കിലും അവരെ അവിടെയെങ്ങും കണ്ടെത്തിയില്ല. സഫ്‌വാന്റെ ഉപദേശമനുസരിച്ച ഖുറൈശികൾ മലമ്പാതയിൽനിന്നു മക്കയിലേക്കുതന്നെ തിരിച്ചുപോയി. വഴിയിൽ റംറാഉൽ അസദിൽ വെച്ച ആ രണ്ടു സഹാബികളെ അവർ കണ്ടുമുട്ടുകയും അവരെ വധിക്കുകയും ചെയ്തു. റംറാഉൽഅസദിൽ തങ്ങാതെ അതിവേഗം അവർ മക്കയിലേക്കു പോയിക്കളയുകയാണു് ചെയ്തതു്. മൂന്നു ദിവസം തിരുമേനി (സ) യും സഹാബികളും റംറാഉൽ അസദിൽ താമസിച്ചു. അവർ അവിടെ താമസിച്ച ഓരോ രാത്രിയിലും സഹാബിമാർ അഞ്ചൂറു പന്തങ്ങൾക്കു തീ കൊളുത്തുകയും മുറവിളിപ്പാടും പ്രകാശം പരത്തുകയും ശബ്ദമുണ്ടാക്കുകയും ചെയ്തു. ശത്രുക്കൾ ആ കാഴ്ച കണ്ടു ഭയപ്പെട്ടു. [ഇബ്‌നുഇസ്‌ഹാഖ് (റ) പറയുന്നു:— 'റംറാഉൽ അസ്‌ദിൽവെച്ച മഅ്‌ബദിബ്‌നുഅബീമഅ്‌ബദിൽ ഖുസാഈ എന്ന ആളെ കണ്ടുമുട്ടി. അദ്ദേഹം അന്നു ഇസ്‌ലാം മതം വിശ്വസിച്ചിരുന്നില്ലെങ്കിലും, തിരുമേനി (സ) യുടെ ഗുണകാംക്ഷിയായിരുന്നു അദ്ദേഹം മാത്രമല്ല, ബനൂഖുസാഅ ഗോത്രത്തിൽപ്പെട്ട മുസ്‌ലിംകളും അമുസ്‌ലിംകളുമെല്ലാം തിരുമേനി (സ) യുടെ ഗുണകാംക്ഷികളായിരുന്നു. മഅ്‌ബദ് എന്ന ആൾ തിരുമേനി (സ) യോടു ഇപ്രകാരം പറഞ്ഞു:— 'താങ്കൾക്കും താങ്കളുടെ കൂട്ടുകാർക്കും ഭവിച്ച ആപത്തുകളെക്കുറിച്ചറിഞ്ഞു ഞാൻ വ്യസനിച്ചു. താങ്കൾക്കു വിജയവും പ്രതിയോഗികൾക്കു പരാജയവും സംഭവിക്കേണമെന്നാണു് ഞങ്ങൾ ആഗ്രഹിച്ചിരുന്നതു്.' തിരുമേനി (സ) യുമായി കുശലപ്രശ്നം നടത്തിയ ശേഷം അദ്ദേഹവും സ്ഥലം വിട്ടു.] അപ്പോഴേക്കും അബൂസുഫ്‌യാനും സംഘവും റൌഹായിൽ താവളമടിച്ചിരിക്കുകയായിരുന്നു. മുസ്‌ലിംകളുമായി ഒരിക്കൽകൂടി ഏറ്റുമുട്ടുവാനുള്ള പദ്ധതികൾ അവർ ആവിഷ്കരിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രസ്തുത മഅ്‌ബദ് അവിടെ എത്തിച്ചേർന്നു. അദ്ദേഹത്തെ കണ്ടപ്പോൾ, 'വിശേഷവർത്തമാനങ്ങൾ വല്ലതുമുണ്ടോ' എന്നു അബൂസുഫ്‌യാൻ അന്വേഷിച്ചു. മഅ്‌ബദ് പറഞ്ഞു:— 'വിശേഷവർത്തമാനമുണ്ടു്. മുഹമ്മദ് നിങ്ങളെത്തേടി പുറപ്പെട്ടിട്ടുണ്ടു്. മുഹമ്മദിന്റെ കൂട്ടത്തിൽ അനിതരസാധാരണരായ ചില മല്ലന്മാരെ ഞാൻ കണ്ടു. ഉഹ്ദിൽ കാണാത്ത പലരും ആ കൂട്ടത്തിലുണ്ടു്. നിങ്ങളോടു അവർക്കു പറവാനാത്ത ഈഷ്യതയുണ്ടെന്നു ഞാൻ മനസ്സിലാക്കി.'

അബൂസുഫ്‌യാൻ:— 'മഅ്‌ബദേ, താങ്കൾ എന്തൊക്കെയാണു് പറയുന്നതു്?'

മഅ്‌ബദ്:— 'അവരുടെ കുതിരകളുടെ തലമുട്ടു് കണ്ടാൽ നിങ്ങൾ ഇവിടെനിന്നു ഓടുമെന്നാണു് എനിക്കു തോന്നുന്നതു്.'

അബൂസുഫ്‌യാൻ:— 'അവരുടെ കൂട്ടത്തിൽ അവശേഷിച്ചവരെ കൂടി കൊല്ലുവാനായി, ഒരിക്കൽ കൂടി അങ്ങോട്ടു പോകുവാൻ ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു.'

മഅ്‌ബദ്:— 'ഈ ആലോചന തൽക്കാലം ഉപേക്ഷിക്കുകയാണുത്തമം. ഈ ആലോചന നല്ലതിനല്ല എന്നാണെനിക്കു പറയുവാനുള്ളതു്.' മഅ്‌ബദിന്റെ വാക്കുകൾ കേട്ടപ്പോൾ ഉള്ളിൽ പേടി തട്ടിയ അബൂസുഫ്‌യാനും കക്ഷികളും മക്കയിലേക്കു കുതിച്ചു. ഈ വർവരം അറിഞ്ഞപ്പോൾ തിരുമേനി (സ) യും സഹായികളും മദീനയിലേക്കു തിരിച്ചു. വെള്ളിയാഴ്ച അവർ മദീനയിൽ എത്തിച്ചേർന്നു.

[മഅ്‌ബദിയതിബ്‌നു മുഗീറത് എന്ന വ്യക്തി മദീനയിൽ ഉണ്ടെന്നു ഉഹ്ദിൽനിന്നു തിരിച്ചു വന്നപ്പോൾ തിരുമേനി (സ) ക്കു വിവരം ലഭിച്ചു. തിരുമേനി (സ) യെ പല വിധത്തിൽ ഉപദ്രവിച്ച ആ വ്യക്തി, ഉഹ്ദ് യുദ്ധത്തിൽ ശത്രുപക്ഷത്തുണ്ടായിരുന്നു.

അബ്ദുശ്ശംസിന്റെ സന്താനപരമ്പരയിൽ പെട്ട ആളായിരുന്ന ഈ മഅ്‌വിയ. അയാൾ ഉസ്‌മാൻ(റ) വിന്റെ ബന്ധുവായിരുന്നു. ഉഹ്‌ദ്‌യുദ്ധം കഴിഞ്ഞു ഖുറൈശികൾ മക്കയിലേക്കു തിരിച്ചുപോയ സമയം മഅ്‌വിയ മദീനയിലേക്കാണു തിരിച്ചുവന്നു. തന്നെ രക്ഷിക്കേണമെന്നു ഉസ്‌മാൻ (റ) വോട് അയാൾ അഭ്യർത്ഥിച്ചു. അതിനിടക്കു മഅ്‌വിയയെ തിരഞ്ഞു പിടിക്കുവാൻ തിരുമേനി (സ) സഹാബികളെ നിയോഗിച്ചു. ഉസ്‌മാൻ (റ) വിന്റെ വീട്ടിൽ വെച്ചു സഹാബികൾ അയാളെ കണ്ടു പിടിച്ചു, തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കി. അപ്പോഴേക്കും ശുപാശയുമായി ഉസ്‌മാൻ (റ) വും തിരുസന്നിധിയിലെത്തി 'മൂന്നു ദിവസത്തിനകം മദീന വിട്ടുകൊള്ളണമെ'ന്നും 'മൂന്നു ദിവസത്തിനു ശേഷം മദീനയിൽ കണ്ടാൽ വധശിക്ഷ നൽകു'മെന്നും ഉള്ള ഉപാധിയോടുകൂടി തിരുമേനി (സ) ഉസ്‌മാൻ (റ) വിന്റെ അപേക്ഷ സ്വീകരിച്ചു. പിന്നെ ദിവസം തിരുമേനി (സ) യും സഹാബികളും ഹംറാഉൽ അസദിലേക്കു പുറപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ ഈ മഅ്‌വിയ ഖുറൈശികളുടെ ഒറ്റുകാരനായിരുന്നു തിരുമേനി (സ) യും സഹാബികളും തിരിച്ചു വന്നാൽ വാർത്തകൾ ചോർത്തുകൊടുത്തു വിടാമെന്നു അയാൾ തീരുമാനിച്ചു. തിരുമേനി (സ) തിരിച്ചു വന്നപ്പോൾ മഅ്‌വിയ മദീനയിൽ തന്നെ ഉണ്ടെന്നറിയുകയും അയാളെ വധിക്കുവാൻ ആജ്ഞാപിക്കുകയും അയാൾ വധിക്കപ്പെടുകയുമുണ്ടായി. സൈദിബ്‌നു ഹാരിസ് (റ), അമ്മാർ (റ) എന്നിവരാണു മഅ്‌വിയയെ വധിച്ചതു്.]

ബദ്‌റിൽ വെച്ചു ബന്ധനസ്ഥനാക്കുകയും, പിന്നീടു അയാളുടെ അപേക്ഷയനുസരിച്ചു ചില നിബന്ധനകളോടെ വിട്ടയക്കുകയും ചെയ്ത അബൂ ഉസ്സ എന്ന അംറുബ്‌നു അബ്ദില്ലാഹിൽ ജുമഹ്‌മീ എന്ന കവിയെ വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ. മക്കയിൽ എത്തിയ ഉടനെ നിബന്ധനകൾ ലംഘിച്ചുകൊണ്ടു്, പതിവനുസരിച്ചു ഹീന കാവ്യരചനയിൽ അയാൾ വ്യാപൃതനായി. ഉഹ്‌ദ് യുദ്ധത്തിൽ ശത്രുപക്ഷത്തു അയാളും ഉണ്ടായിരുന്നു. മക്കയിലേക്കു തിരിച്ചു പോകുമ്പോൾ ഹംറാഉൽ അസദിൽ വിശ്രമിപ്പാനായി അവർ അല്പനേരം തങ്ങുകയുണ്ടായി. വിശ്രമത്തിന്നിടയിൽ അബൂഉസ്സ ഒരിടത്തു കിടന്നുറങ്ങിപ്പോയി. കൂട്ടുകാർ സ്ഥലം വിട്ട കഥ അയാൾ അറിഞ്ഞില്ല. അപ്പോഴേക്കും അവിടെ എത്തിയ മുസ്‌ലിംകളുടെ പിടിയിൽ അയാൾ അകപ്പെട്ടു. ഇത്തവണയും മോചനത്തിന്നായി അയാൾ അപേക്ഷിച്ചു. പക്ഷെ, ആ അപേക്ഷ സ്വീകരിക്കപ്പെട്ടില്ല. ഒരു മുഅ്‌മിൻ ഒരു പൊത്തിൽ വെച്ചു രണ്ടു തവണ കൊത്തപ്പെടുകയില്ല' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അയാളെ വധിക്കുവാൻ ആജ്ഞാപിക്കപ്പെട്ടു. സുബൈർ (റ) അയാളെ വധിച്ചു (ആസിമിബ്‌നു സാബിത് (റ) വാണു വധിച്ചതെന്നും പറയപ്പെട്ടിട്ടുണ്ടു്.) അയാളുടെ തല ഒരു കുന്തത്തിന്മേൽ കുത്തിയെടുത്തു മദീനയിലേക്കു കൊണ്ടു പോയി.

അബൂസൽമത് (റ) വിന്റെ യുദ്ധയാത്ര

ഹിജ്‌റാബ്ദം നാലാംവർഷത്തിലെ മുഹർറം മാസത്തിൽ, അബൂസൽമത് എന്ന പേരിൽ പ്രസിദ്ധനായ അബ്ദുല്ലാഹിബ്‌നുഅബ്ദുൽ അസദിൽ ഖുറശിയ്യിൽ മഖ്‌സൂമിയ്യി (റ) വിനെ ഖതൻ എന്ന സ്ഥലത്തേക്കു തിരുമേനി (സ) നിയോഗിച്ചു നജ്‌ദിലെ ഒരു പ്രദേശമാണു ഖതൻ. അസദ് ഗോത്രക്കാരാണു ആ പ്രദേശത്തു അധിവസിച്ചിരുന്നതു്. അസദ് ഗോത്രക്കാരനായ ഖുവൈലിദിന്റെ മക്കളും തുലൈഹത്തും സൽമയും മദീനക്കു പുറത്തു

ആക്രമങ്ങൾ നടത്തുകയുണ്ടായി. അവർ മുസ്‌ലിംകളുടെ കാലികളെ കവർച്ചചെയ്യുകയും, ജനങ്ങളെ മുസ്‌ലിംകൾക്കെതിരായി യുദ്ധത്തിനു പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവരുടെ ആക്രമങ്ങളെയും ധിക്കാരങ്ങളെയും തുടക്കത്തിൽതന്നെ തടയുവാൻ നിശ്ചയിച്ചുകൊണ്ടാണ്, മുൻപറഞ്ഞ അബൂസൽമത് (റ) വിന്റെ നായകത്വത്തിൽ ഒരു സേനയെ തിരുമേനി (സ) ഖത നിലേക്കു നിയോഗിച്ചത്. മുഹാജിർകളും അൻസാർകളുമായ നൂറമ്പതു സഹാബികളാണ് ആ സേനയിലുണ്ടായിരുന്നത്. അബൂഉബൈദത് (റ), സഈദ് (റ), ഉസൈദ് ബ്നുഹളീർ (റ), അബൂനാലത് (റ) എന്നിവർ ആ സേനയിൽ ഉൾപ്പെട്ടിരുന്നു. മുസ്‌ലിംസേനയെ കണ്ടപ്പോൾ പ്രതിയോഗികൾ ഓടിക്കളഞ്ഞു. നാടിമകളായ മൂന്നുപേരെ മുസ്‌ലിംകൾ ബന്ധനസ്ഥരാക്കി. ശത്രുക്കളുടെ കാലികളടക്കമുള്ള സ്വത്തുക്കൾ മുസ്‌ലിംകൾ കണ്ടെടുത്തു. ഏഴാമത്തെ ദിവസം അവർ മദീനയിൽ തിരിച്ചെത്തി. യുദ്ധത്തിൽ പിടിപ്പെടുക്കപ്പെട്ട മുതലുകൾ വ്യവസ്ഥയനുസരിച്ചു ഭാഗിച്ചപ്പോൾ ഓരോരുത്തർക്കും ഏഴു ഒട്ടകങ്ങളെ കിട്ടി.

അബ്ദുല്ലാഹിബ്നുഉനൈസ് (റ) വിന്റെ യുദ്ധയാത്ര

സുഫ്യാനിബ്നുഖാലിദിബ്ന തബീഅ്ൽഹുദ്‌ലീ എന്ന ഒരു വ്യക്തി, ഇസ്‌ലാമിനെതിരായ ഒരു യുദ്ധത്തിനു ആളുകളെ ശേഖരിച്ചുകൊണ്ടിരുന്ന വിവരം തിരുമേനി (സ)ക്കു ലഭിച്ചു. അറഫാക്കടുത്തുള്ള അറനത് എന്ന സ്ഥലത്താണ് അയാൾ തമ്പടിച്ചത്. കണ്ടാൽ പേടി തോന്നത്തക്ക ഭീകരനായിരുന്നു പ്രസ്തുത സുഫ്യാൻ. ഇസ്‌ലാമിനെതിരായി അയാൾ നടത്തിയ പ്രചാരവേലകൾ അവസാനിപ്പിക്കുവാൻ അയാളെ വധിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലെന്നു വന്നു. അറനത് എന്ന സ്ഥലത്തുപോയി സുഫ്യാനിബ്നുഖാലിദിനെ കൊല്ലുവാൻ തിരുമേനി (സ) അബ്ദുല്ലാഹിബ്ന ഉനൈസ് (റ) വിനു നിർദ്ദേശം നൽകി. ആ നിർദ്ദേശം ശിരസാവഹിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു:- 'യാറസൂലല്ലാ, ആളെ എനിക്കു പരിചയമില്ല. അയാളെ തിരിച്ചറിവാനുള്ള ഒരു അടയാളം പറഞ്ഞു തരിക.' അയാളെ കണ്ടാൽ നിങ്ങൾ പേടിച്ചുവിറക്കും. അതാണ് അയാളുടെ അടയാളം' എന്നു തിരുമേനി (സ) പ്രതിവചിച്ചപ്പോൾ, 'എനിക്കു ഈ ലോകത്തു അങ്ങിനെയുള്ള ഒരു വസ്തുവിനെയും ഭയമില്ല; ഭയപ്പെട്ടു പിൻവാങ്ങുന്ന ഭീരുവുമല്ല ഞാൻ' എന്നു അബ്ദുല്ലാ (റ) ബോധിപ്പിച്ചു. 'എന്നാൽ, നിങ്ങൾ അയാളെ കണ്ടാൽ പേടിക്കും. അതാണ് അടയാളം' എന്നു തിരുമേനി (സ) വീണ്ടും പറയുകയുണ്ടായി. 'അയാളെ കണ്ടുമുട്ടിയാൽ എന്താണ് ഞാൻ അയാളോടു പറയേണ്ടതെന്നു അബ്ദുല്ലാ, (റ) അന്വേഷിച്ചപ്പോൾ, 'നിങ്ങൾക്കു അപ്പോൾ തോന്നുന്നതെല്ലാം പറഞ്ഞുകൊള്ളുക' എന്നു തിരുമേനി (സ) നിർദ്ദേശിച്ചു. ഖഡ്ഗധാരിയായ അബ്ദുല്ലാഹിബ്നുഉനൈസ് (റ) സുഫ്യാനെ വധിക്കുവാൻ ഏകനായി പുറപ്പെട്ടു. അദ്ദേഹം അറഫാക്കടുത്തുവെച്ചു സുഫ്യാനെ കണ്ടു. തിരുമേനി (സ) പറഞ്ഞതുപോലെ, അയാളെ കണ്ടപ്പോൾ അബ്ദുല്ലാ (റ) പേടിച്ചുപോയി. അദ്ദേഹം പറയുന്നു:- 'സുഫ്യാനെ കണ്ടപ്പോൾ ഞാൻ പേടിച്ചുവിറച്ചുപോയി. തിരുമേനി (സ) പറഞ്ഞതോർത്തു ഞാൻ അസ്വസ്ഥപ്പെട്ടു. ധൈര്യമവലംബിച്ചുകൊണ്ടു ഞാൻ അയാളെ സമീപിച്ചപ്പോൾ 'നീ ഏതു ഗോത്രക്കാരനാ'ണെന്നു അയാൾ എന്നോടു ചോദിച്ചു. 'ബനീഖുസാഅ ഗോത്രക്കാരൻ' എന്നു ഞാൻ മറുപടി പറഞ്ഞു. അയാളോടൊപ്പം മറ്റു ചിലരും ഉണ്ടായിരുന്നു. 'താങ്കൾ മുഹമ്മദുമായി യുദ്ധം ചെയ്യു

വാൻ ഒരു സൈന്യത്തെ ശേഖരിക്കുന്നുണ്ടെന്നു പറഞ്ഞുകേട്ടു. ആ സൈന്യത്തിൽ ചേരുവാൻ വേണ്ടിയാണു് ഞാൻ ഇങ്ങോട്ടു വന്നു'തെന്നു ഞാൻ അയാളെ ധരിപ്പിച്ചു 'ശരിയാണു്; ഞാൻ ഒരു സൈന്യത്തെ ശേഖരിക്കുന്നുണ്ടു്; നിനക്കും അതിൽ ചേരാ'മെന്നു സന്തോഷപൂർവ്വം അയാൾ മറുപടി പറഞ്ഞു. അയാളെപ്പറ്റി പല മുഖസ്തുതികളും പറഞ്ഞു അയാളെ സന്തോഷിപ്പിച്ചുകൊണ്ടു് അയാളെ ഞാൻ അനുഗമിച്ചു. ഒരു വടി ഊന്നിക്കൊണ്ടാണു് അയാൾ നടന്നിരുന്നതു്. അങ്ങിനെ പലതും പറഞ്ഞുകൊണ്ടു ഞങ്ങൾ അയാളുടെ വീട്ടിലെത്തി. കൂട്ടുകാർ അവരുടെ സങ്കേതങ്ങളിലേക്കു പിരിഞ്ഞുപോയി. വീട്ടിൽ അയാളും ഞാനും മാത്രമായി. അന്നുരാത്രി മറ്റുള്ളവർ ഉറങ്ങിക്കഴിഞ്ഞപ്പോൾ ഞാൻ ആ ഭീമകായന്റെ കഴുത്തു ശരീരത്തിൽനിന്നു വേർപ്പിടുത്തി. ആ തലയും പേറിക്കൊണ്ടു ഞാൻ ഉടനെ അവിടെനിന്നു പുറപ്പെട്ടു ഒരു മലയുടെ മുകളിൽ കയറി ഒരു ഗുഹയിൽ ഒളിച്ചിരുന്നു. നേരം പുലർന്നപ്പോൾ വിവരമറിഞ്ഞ സുഫ്‌യാന്റെ കൂട്ടുകാർ എന്നെ കണ്ടുപിടിക്കുവാൻ ഉഗ്രമായ ഒരു തിരച്ചിൽ നടത്തി. അവർക്കു എന്നെ കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. പകൽ സമയത്തു ഒളിച്ചിരുന്നും രാത്രി കാലത്തു നടന്നുംകൊണ്ടു ഞാൻ, ആ തലയുമായി, പതിനെട്ടാമത്തെ ദിവസം, മദീനയിലെത്തി. സുഫ്‌യാന്റെ തല ഞാൻ തിരുമേനി (സ) യുടെ സന്നിധിയിൽ കൊണ്ടുവന്നു വെച്ചപ്പോൾ, തിരുമേനി (സ) എനിക്കു ഒരു വടി സമ്മാനിക്കുകയും 'ഈ വടി പിടിച്ചുകൊണ്ടു നിങ്ങൾ സൈന്യത്തിൽ നടക്കുക'എന്നു പറയുകയും ചെയ്തു. [ആ വടി അബ്ദുല്ലാഹിബ്‌നു ഉനൈസ് (റ) മരിക്കുന്നതുവരെ കൊണ്ടു നടക്കുകയും, തന്റെ കഫൻ ചെയ്യുമ്പോൾ ആ വടി കഫനിൽ വെക്കുവാൻ വസിയ്യത്തുചെയ്കയും അതനുസരിച്ചു അദ്ദേഹത്തിന്റെ കഫനിൽ ആ വടി വെക്കുകയുമുണ്ടായി.]

ആസിം ഇബ്‌നു സാബിത്തുൽ അൻസാരി (റ) വിന്റെ യുദ്ധയാത്ര

'രജീഇലേക്കുള്ള യാത്ര' എന്നു കൂടി അറിയപ്പെടുന്ന ഈ സംഭവം, ചരിത്രത്തിലെ അതിഭയങ്കരമായ ഒരു സംഭവമാകുന്നു. കരളലിയിക്കുന്നതായ ഒരു സംഭവമാകുന്നു. കരളലിയിക്കുന്നതായ വഞ്ചനയുടെ അഗാധയിൽനിന്നാണു് ആ സംഭവം ഉടലെടുത്തതു്. മക്കക്കും അസ്ഫാനുമിടയിലുള്ള പ്രദേശമാണു് രജീഅ്. ആ പ്രദേശം ഹുദൈലി ഗോത്രക്കാരുടെ ആവാസകേന്ദ്രമായിരുന്നു. [ആസിമിബ്‌നു സാബിത് (റ) ആദ്യകാല മുസ്‌ലിംകളിൽപ്പെട്ട മഹാനായ ഒരു സഹാബിയായിരുന്നു. അഖബായിലെ ഉടമ്പടി നടന്ന അവസരത്തിൽ അദ്ദേഹം തിരുമേനി (സ) യോടൊപ്പം അഖബായിൽ ഉണ്ടായിരുന്നു. ബദ്‌റിൽ വെച്ചു യുദ്ധം നടന്ന ദിവസത്തിന്റെ മുമ്പുള്ള രാത്രിയിൽ, 'നിങ്ങൾ എങ്ങിനെയാണു് യുദ്ധം ചെയ്യുക' എന്നു തിരുമേനി (സ) സഹാബികളോടു ചോദിച്ചപ്പോൾ, ആസിം (റ) വാണു് യുദ്ധസമ്പ്രദായങ്ങൾ വിവരിച്ചതു്. അദ്ദേഹം പറഞ്ഞു:— 'ശത്രുക്കൾ ഇരുന്നൂറു മുഴം അടുത്തു കഴിഞ്ഞാൽ ഞങ്ങൾ അവർക്കു നേരെ അമ്പെയ്യും. വീണ്ടും അടുത്തു കഴിഞ്ഞാൽ, അതായതു് കുന്തം കൊണ്ടെറിയാവുന്നതു അടുത്തു കഴിഞ്ഞാൽ, ഞങ്ങൾ അവർക്കു നേരെ കുന്തങ്ങളെറിയും. കുറെ കൂടി അവർ അടുത്തു കഴിഞ്ഞാൽ ഞങ്ങൾ കുന്തംകൊണ്ടു അവരെ കുത്തും. ഏറ്റവും അടുത്തു കഴിഞ്ഞാൽ ഞങ്ങൾ ബഡ്‌ഗം പ്രയോഗിക്കും' 'ഇതാണു് ശരിയായ ക്രമം; ഇങ്ങിനെതന്നെയാണു് യുദ്ധം ചെയ്യേണ്ടതു്' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അഖബായിലെ ഉടമ്പടിയും, ബദ്‌ർ, ഉഹ്ദ് എന്നീ

യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.] സുഫ്‌യാനിബ്‌ന ഖാലിദ് എന്ന ആളെ കൊന്നതിനുള്ള പ്രതികാരം വീട്ടുവാൻ ഹുദൈലീ ഗോത്രക്കാർ തീരുമാനിച്ചു. ബനൂലഹ്‌യാൻ എന്ന വംശക്കാർ ഈ വിഷയത്തിൽ അളൽ, ഖാരത് എന്നീ രണ്ടു വംശക്കാരുടെ സഹകരണം തേടുകയുണ്ടായി. ആ മൂന്നു വംശക്കാരും ഹുദൈലീ ഗോത്രത്തിൽപ്പെട്ടവരായിരുന്നു. പ്രതികാരത്തിനുള്ള ഒരു പദ്ധതി അവർ ആസൂത്രണം ചെയ്തു. കുറെ പേർ തിരുമേനി (സ) യെ സമീപിച്ചു ഇസ്‌ലാംമതം സ്വീകരിച്ചതായി നടിക്കുകയും, മതകാര്യങ്ങൾ പഠിപ്പിക്കുവാനെന്ന വ്യാജേന സഹാബിമാരിൽ ചിലരെ തങ്ങളോടൊപ്പം കൂട്ടിക്കൊണ്ടു വരികയും, സ്ഥലത്തെത്തിക്കഴിഞ്ഞാൽ അവരെ കൊന്നു കളയുകയും ചെയ്യുക എന്നതാണ് അവർ ആസൂത്രണം ചെയ്ത പദ്ധതി. ഈ പദ്ധതിക്കു രൂപം നൽകുവാൻ വഞ്ചകരായ ഏഴു വ്യക്തികൾ സന്നദ്ധരായി. അവർ തിരുമേനി (സ) യെ സമീപിച്ചു, മുൻതീരുമാനമനുസരിച്ചു അടിനയിക്കുകയും, മതകാര്യങ്ങൾ പഠിപ്പിക്കുവാനായി കുറെ സഹാബിമാരെ തങ്ങളോടൊപ്പം അയച്ചുകൊടുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. അവരുടെ അഭ്യർത്ഥന സ്വീകരിച്ചുകൊണ്ടു, ആസിമിബ്‌ന സാബിത (റ) വിന്റെ നേതൃത്വത്തിൽ ആറു സഹാബിമാരെ അവരോടൊപ്പം തിരുമേനി (സ) അയച്ചു കൊടുത്തു. മർസദിബ്‌ന അബീമർസദുൽ ഗനമീ (റ), ഖുബൈബിബിനു ഉദയ്യിൽ ഔസിയ്യിദിബ്‌ന ബദ്‌രി (റ), സൈദിബ്‌ന ദുസിന്നത് (റ), അബ്ദുല്ലാ ഹിബ്‌ന താരിഖ് (റ) ഖാലിദിബ്‌ൻൽ ബുകൈർ (റ) എന്നീ അഞ്ചു സഹാബിമാരാണ് അദ്ദേഹത്തോടൊപ്പം നിയോഗിക്കപ്പെട്ടത്. [മഅ്ദിബ്‌ന ഉക്കൈദ് (റ), മുഗീസിബ്‌ന ഔഫ് (റ) എന്നിവർ കൂടി ആ സംഘത്തിൽ നിയോഗിക്കപ്പെട്ടിരുന്നുവെന്നു പക്ഷാന്തരമുണ്ട്.] അവർ റജീഇൽ എത്തിയപ്പോൾ, മുസ്‌ലിംകളെ കൊന്നുകൊള്ളുവാൻ ആ വഞ്ചകന്മാർ, ഹുദൈലി ഗോത്രക്കാക്കു നിർദ്ദേശം നൽകി. ഇരുന്നൂറോളം ആളുകൾ വാളുകളേന്തിക്കൊണ്ടു മുസ്‌ലിംകളുടെ നേരെ കുതിച്ചുവന്നു. ആസിമിബ്‌ന സാബിത് (റ) വും കൂട്ടുകാരും അവരോടെതിർക്കുവാൻ വാളെടുത്തു. അപ്പോൾ ശത്രുക്കൾ മറെറാരു കുതന്ത്രം പ്രയോഗിച്ചു. തങ്ങൾ മുസ്‌ലിംകളുമായി യുദ്ധത്തിനു തയ്യാറില്ലെന്നും ഒരു ഉടമ്പടിയിലൂടെ സൌഹാർദ്ദത്തിൽ വർത്തിപ്പാനാണാഗ്രഹിക്കുന്നതെന്നും അവർ പറഞ്ഞു. മുസ്‌ലിംകളെ ജീവനോടുകൂടി ക്രൈശികൾക്കു അടിയറ വെച്ചു, അവരുടെ പ്രീതിയും അവരിൽ നിന്നും കനത്ത സമ്മാനവും കരസ്ഥമാക്കണമെന്ന ദുരുദ്ദേശ്യമാണ് ആ കുതന്ത്രത്തിന്റെ പിന്നിൽ ഉണ്ടായിരുന്നത്. 'ഞങ്ങൾ നിങ്ങളുമായി യാതൊരു ഉടമ്പടിക്കും തയ്യാറില്ലെന്നു പറഞ്ഞുകൊണ്ട് ആസിം (റ), മർസദ് (റ), ഖാലിദിബ്‌ൻൽ ബുകൈർ (റ) എന്നീ മൂന്നു സഹാബികൾ ശത്രുക്കളുമായി യുദ്ധം ചെയ്തു ശഹീദായി. തീവ്രയുദ്ധം നടത്തിക്കൊണ്ടാണ് ആസിം (റ) ശഹീദായത്. അദ്ദേഹത്തിന്റെ കയ്യിൽ ഉണ്ടായിരുന്ന ഏഴു അസ്ത്രങ്ങൾ പ്രയോഗികളിൽ ഉന്നതശീർഷരായ ഏഴു പേരെ അദ്ദേഹം വധിച്ചു. അതിനുശേഷം കയ്യിലുണ്ടായിരുന്ന കുന്തം മുറിഞ്ഞുപോകുന്നതുവരെ ശത്രുക്കളെ അദ്ദേഹം കുന്തംകൊണ്ടു കുത്തി. അനന്തരം തന്റെ വാൾകൊണ്ടു ശഹീദാകുന്നതുവരെ അദ്ദേഹം പൊരുതി. സൈദ് (റ), ഖുബൈബ് (റ), അബ്ദുല്ലാ ഹിബ്‌ന താരിഖ് (റ) എന്നിവർ ആത്മരക്ഷാർത്ഥം രംഗത്തു നിന്നു മാറിക്കളഞ്ഞു. പക്ഷെ ശത്രുക്കളുടെ പിടിയിൽ അവർ അകപ്പെട്ടു. അബ്ദുല്ലാ ഹിബ്‌ന താരിഖ് (റ) വിനെ അവർ വെട്ടിക്കൊന്നു. ഖുബൈബ് (റ), സൈദ്

(റ) എന്നിവരെ അവർ മക്കയിൽ കൊണ്ടു പോയി വിറ്റു. ഖുതൈലീ ഗോത്രക്കാരായ ജാമിഅ്, സുഹൈർ എന്നീ രണ്ടു പേരാണ് അവരെ വിറ്റത്. അബ്ദുമനാഫിന്റെ സന്തതികളിൽപ്പെട്ടവർ അവരെ വാങ്ങി. ആ രണ്ടു സഹാബിമാർക്കു പകരമായി, മക്കക്കാർ മുമ്പ് ബന്ധനസ്ഥരാക്കിയ ഖുതൈലീഗോത്രക്കാരായ രണ്ടു പേരെ അവർ വിട്ടുകൊടുത്തു. ബദ്ർ യുദ്ധത്തിൽ ആമിറിബ്നുനൗഫലിനെ ഖുബൈബ് (റ) വും, ഉമയ്യത്തിനെ സൈദിബ്ന ദുസന്നത് (റ) വും വധിച്ചിരുന്നു. അതിനു പകരം വീട്ടുവാൻ വേണ്ടിയാണ് അബ്ദുമനാഫിന്റെ മക്കൾ അവരെ വാങ്ങിയത്. സൈദ് (റ) വിനെ അവർ കൊന്നു. ഖുബൈബ് (റ) വിനെ കൊല്ലാതെ തടവിലിടുകയും ഇസ്‌ലാംമതം ഉപേക്ഷിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്തു. അദ്ദേഹത്തെ പല വിധത്തിൽ അവർ മർദ്ദിച്ചു. മർദ്ദനംകൊണ്ടു ഒരു പ്രയോജനവും ഉണ്ടായില്ല. തന്മൂലം പ്രീണനത്താൽ അദ്ദേഹത്തെ വശീകരിക്കുവാൻ അവർ ശ്രമിച്ചു. പ്രതിജ്ഞകൾക്കു വ്യാമോഹങ്ങൾക്കും അദ്ദേഹം വശപ്പെട്ടില്ല. അവസാനം അദ്ദേഹത്തെ വശീകരിപ്പാനായി അതിസുന്ദരിയായ ഒരു സ്ത്രീയെ അവർ നിയോഗിച്ചു. മാരിയ എന്നായിരുന്നു ആ സ്ത്രീയുടെ പേർ. അവൾ സൈനബ എന്ന സ്ത്രീയുടെ അടിമയായിരുന്നു. സൈനബ പറയുന്നു.— 'ഖുബൈബിനെപ്പോലുള്ള ഒരു നല്ല മനുഷ്യനെ എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. മക്കയിൽ മുന്തിരിങ്ങ ഇല്ലാത്ത കാലത്തു് ഇരുമ്പുചങ്ങലകൊണ്ടു ബന്ധിക്കപ്പെട്ട ആ നല്ല മനുഷ്യൻ ഒന്നാംതരം മുന്തിരിക്കുലയിൽനിന്നു മുന്തിരിപ്പഴം തിന്നുന്നതു ഞാൻ കണ്ടു.' മാരിയ പറയുന്നു:— 'ഖുബൈബിനെ തടങ്ങലിൽ വെച്ച ആ സന്ദർഭത്തിൽ മക്കയിൽ മാത്രമല്ല, ലോകത്തെവിടെയും മുന്തിരിങ്ങ ഉണ്ടായിരുന്നില്ല. ഇരുമ്പുചങ്ങലയാൽ ബന്ധിക്കപ്പെട്ട അദ്ദേഹം ഒന്നാംതരം മുന്തിരിപ്പഴം തിന്നുന്നതുകണ്ടു ഞാൻ അത്ഭുതപ്പെട്ടു.' [ഈ മാരിയയും അവരുടെ ഭർത്താവായ മൈഹബും പിന്നീടു ഇസ്‌ലാംമതം വിശ്വസിക്കുകയുണ്ടായി.] ആ മുന്തിരിക്കുല, അവിശ്വാസികൾക്കു ഒരു ദൃഷ്ടാന്തമായി, അല്ലാഹു ഖുബൈബ് (റ) വിനു നൽകിയ സമ്മാനമായിരുന്നുവെന്നു 'മവാഹിബ്' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പ്രലോഭനങ്ങൾക്കും അദ്ദേഹം വഴിപ്പെടുകയില്ലെന്നു കണ്ടപ്പോൾ അദ്ദേഹത്തെ വധിക്കുവാൻ ഖുറൈശികൾ തീരുമാനിച്ചു. വാൾ ഉറപ്പിച്ചു, രണ്ടു റക്അത്തു് സുന്നത്തു നിസ്കരിച്ചുകൊണ്ടു അവരുടെ തീരുമാനത്തെ അദ്ദേഹം സ്വാഗതം ചെയ്തു. 'എവിടെ വെച്ചായാലും ശരി, മുസ്‌ലിമായ നിലയിൽ കൊല്ലപ്പെടുന്നതിൽ എനിക്കു വ്യസനമില്ല. എന്റെ മരണം അല്ലാഹുവിനു വേണ്ടിയാകുന്നു' എന്നർത്ഥമുള്ള ഒരു പദ്യം ചൊല്ലിക്കൊണ്ടു അദ്ദേഹം സധീരം, സസന്തോഷം, മരണം വരിച്ചു. 'ശറഹുൽമവാഹിബ്' എന്ന ഗ്രന്ഥത്തിൽ സുർഖാനീ (റ) ഇപ്രകാരം പറയുന്നു:— 'ഖുബൈബ് (റ) വിനെ വധിക്കുമ്പോൾ മക്കയിലെ ഖുറൈശീപ്രമുഖന്മാരെല്ലാം സ്ഥലത്തു സന്നിഹിതരായിരുന്നു. വാൾ, കുന്തം മുതലായ ആയുധങ്ങളുമേന്തിക്കൊണ്ടു നാല്പതു യോദ്ധാക്കൾ രംഗത്തു നിലയുറപ്പിച്ചു. ഖുബൈബ് (റ) കൊലമരത്തിൽ കയറ്റപ്പെട്ടു പക്ഷേ, പെട്ടെന്നു കൊല്ലുവാൻ അവർ ഇഷ്ടപ്പെട്ടില്ല. കൂടുതൽ കഷ്ടപ്പെടുത്തിക്കൊണ്ടു സാവകാശത്തിൽ അദ്ദേഹത്തെ കൊല്ലുവാനാണ് അവർ തീരുമാനിച്ചതു്. ആകയാൽ ഓരോരുത്തരായി അവരിൽ പലരും അദ്ദേഹത്തെ കുന്തംകൊണ്ടു കുത്തുകയും വാൾകൊണ്ടു വെട്ടുകയും ചെയ്തു. 'മുഹമ്മദിനു പകരമായി നിന്നെ ഞങ്ങൾ വിട്ടയക്കാ

മെന്നു അവർ പറഞ്ഞപ്പോൾ 'തിരുമേനി (സ) യുടെ ഒരു രോമത്തിന്നു പകരമായിട്ടുപോലും മോചനം നേടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ലാ' എന്നു മരണവേദന അനുഭവിക്കുന്നതിന്നിടയിൽ അദ്ദേഹം മറുപടി പറഞ്ഞു. ശത്രുക്കൾ വീണ്ടും അദ്ദേഹത്തെ കുത്തിയപ്പോൾ, കൊലമരത്തിൽ തൂങ്ങിനിൽക്കുന്ന അദ്ദേഹത്തിന്റെ മുഖം ഖിബ്‌ലക്കു നേരെ തിരിഞ്ഞു. അപ്പോൾ എന്റെ മുഖത്തെ ഖിബ്‌ലക്കു നേരെ തിരിച്ച അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു' വെന്നു അദ്ദേഹം ഘോഷിച്ചു. ധീരമാനസനായ ആ സഹാബിപ്രവരൻ അങ്ങിനെ കൊലമരത്തിന്മേൽ വെച്ചു ജീവത്യാഗം ചെയ്തു.' [അഖബതിബ്‌നുൽഹർസിബ്‌നുആമിർ ക്രൂന്തംകൊണ്ടു കുത്തിയപ്പോൾ, ആ കുത്തേറ്റിട്ടാണ് അദ്ദേഹം കൊലമരത്തിന്മേൽവെച്ചു മരിച്ചതെന്നു പറയപ്പെട്ടിട്ടുണ്ട് മക്കാവിജയവേളയിൽ പ്രസ്തുത അഖബത് ഈ വാർത്തയെ നിഷേധിച്ചിട്ടുമുണ്ട്. അഖബത് പറഞ്ഞു:- 'അന്നു ഞാൻ ഒരു ബാലനായിരുന്നു. അബാമൈസറുൽ അബ്ദരീ എന്ന ആൾ ഒരു കുന്തം എന്റെ കൈയിൽ വെക്കുകയും, എന്റെ കൈയും കുന്തവും കൂട്ടിപ്പിടിച്ചുകൊണ്ടു അദ്ദേഹത്തെ കുത്തുകയും ചെയ്തു.] ഖുബൈബ് (റ) ശഹീദായശേഷം, കൊലമരത്തിൽനിന്നു ആ ശരീരം താഴേ ഇറക്കപ്പെട്ടില്ല. കുറച്ചു ദിവസം ചില മക്കക്കാർ ആ മയ്യത്തിനു കാവൽനിന്നു. നാല്പതു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ ജനാസ ഇറക്കിക്കൊണ്ടു വരുവാനായി സുബൈറിബ്‌നുൽ അവ്വാം (റ), മിഖ്ദാദിബ്‌നുൽഅസ്‌വദ് (റ) എന്നിവരെ തിരുമേനി (സ) മക്കയിലേക്കു പറഞ്ഞയച്ചു. [അംറിബ്‌നുഉമയ്യത്തുള്ളംറീ (റ) വും കൂട്ടത്തിലുണ്ടായിരുന്നുവെന്നു പറയപ്പെട്ടിട്ടുണ്ട്.] അവർ മക്കയിലെത്തിനോക്കിയപ്പോൾ, ജനാസക്കു യാതൊരു ന്യൂനതയും സംഭവിച്ചതായി കണ്ടില്ല. അവർ ആ ജനാസയെ കൊലമരത്തിൽ നിന്നു താഴെ ഇറക്കി സുബൈർ (റ) ജനാസയെ കുതിരപ്പുറത്തു വെച്ചുകൊണ്ടു നടന്നുയുടങ്ങി. അപ്പോഴേക്കും, എഴുപതോളം വരുന്ന മക്കക്കാർ തനിക്കെതിരായി വരുന്നതു സുബൈർ (റ) കണ്ടു ഉടനെ, അദ്ദേഹം ആ ജനാസയെ നിലത്തുവെച്ചപ്പോഴേക്കും ജനാസയെ ഭൂമി വിഴുങ്ങി. [അംറിബ്‌നുഉമയ്യത്തുള്ളംറീ (റ) കൊലമരത്തിൽനിന്നു താഴെ ഇറക്കുമ്പോൾ ജനാസ നിലത്തു വീണുവെന്നും, വീണ ഉടനെ ഭൂമി വിഴുങ്ങിയെന്നും മറ്റൊരഭിപ്രായവുമുണ്ട്.]

[തൽഹത്തുൽഅബ്ദിറിന്റെ മകളായ മസാഫിഇനെയും ജല്ലാസിനെയും ആസിം (റ) യുദ്ധത്തിൽ വധിച്ചപ്പോൾ, അവരുടെ മാതാവായ സുലാഫത് ആസിം (റ) വിന്റെ തലയോട്ടിൽ കള്ളുകുടിക്കുമെന്നു പ്രതിജ്ഞചെയ്തും, ആസിം (റ) വിന്റെ തലമുടിക്കുന്നവർക്കു നൂറു ഒട്ടകങ്ങളെ സമ്മാനിക്കുമെന്നു പ്രഖ്യാപിച്ചതും വായനക്കാർ ഓർക്കുന്നുണ്ടല്ലോ. ആസിം (റ) ശഹീദായപ്പോൾ, ആ സമ്മാനം കരസ്ഥമാക്കുവാനാശിച്ചുകൊണ്ടു അദ്ദേഹത്തിന്റെ തല മക്കയ്ക്കു കൊണ്ടുപോകുവാൻ ഹുദൈലീഗോത്രക്കാർ തീരുമാനിച്ചു. അദ്ദേഹത്തിന്റെ കഴുത്തറുക്കുവാൻ അവർ തുനിഞ്ഞു. അപ്പോഴേക്കും ഒരു കടന്നൽക്കൂട്ടം അവരെ ആക്രമിച്ചു. കടന്നലിന്റെ ആക്രമണം ശമിച്ചപ്പോൾ വീണ്ടും അവർ ഒരു പരിശ്രമം നടത്തി. ഇത്തവണ ഒരു മലവെള്ളപ്പാച്ചിൽ ആസിം (റ) വിന്റെ ജനാസയെ സ്വർഗ്ഗത്തിലേക്കും ശത്രുക്കൾ അമ്പതുപേരെ നരകത്തിലേക്കും നയിച്ചു.]

ബീർമഊനത്തിലേക്കുള്ള യുദ്ധയാത്ര

[ഈ യുദ്ധയാത്രക്കു 'മുൻദിറിബ്‌നു അംറുൽഖസ്‌റജീ (റ) വിന്റെ യുദ്ധയാത്ര'യെന്നും

പറയാറുണ്ട്. മക്കക്കും അസ്‌ഖാനിനുമിടയിൽ, റജീഇനടുത്തായി സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് ബീർമഊനത്. ഹിജ്‌റ നാലാം വർഷത്തിലെ സഫർ മാസത്തിലാണ് ഈ സംഭവം നടന്നത്.] ബീർമഊനത്തുകാരനായ ആമിറിബ്‌നു മലികിബ്‌നു ജഅ്‌ഫറൽ ആമിരിയ്യി എന്ന ആൾ തിരുമേനി (സ) യെ സന്ദർശിച്ചു. അബൂബറാഅ് എന്നാണ് അയാൾ വിളിക്കപ്പെട്ടിരുന്നത്. രണ്ടു കുതിരകളെയും രണ്ടു ഒട്ടകങ്ങളെയും അയാൾ തിരുമേനി (സ) ക്കു സമ്മാനിച്ചു. അയാൾ ഇസ്‌ലാം മതം വിശ്വസിച്ചിരുന്നില്ല. ആകയാൽ 'അമുസ്‌ലിംകളുടെ സമ്മാനം (ഹദ്‌യ) സ്വീകരിക്കുകയില്ല' എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) സമ്മാനം സ്വീകരിക്കാതിരിക്കുകയും, അയാളെ ഇസ്‌ലാമിലേക്കു ക്ഷണിക്കുകയും ചെയ്തു. അപ്പോൾ അബൂബറാഅ് തിരുമേനി (സ) യോടു ഇപ്രകാരം പറഞ്ഞു:- 'നബിയെ, താങ്കളുടെ ദീൻ മഹത്തായ ദീനാണെന്നു ഞാനറിയാം. എന്റെ നാട്ടിൽ എന്റെ കീഴിൽ കുറെ ആളുകളുണ്ട്. താങ്കൾ സഹാബിമാരിൽ ചിലരെ എന്റെ നാട്ടിലേക്കയച്ചു എന്റെ നാട്ടുകാരെ ഈ ദീനിലേക്കു ക്ഷണിച്ചാൽ അവർ ഈ ദീനിലേക്കു വരുമെന്നാണ് എന്റെ വിശ്വാസം.' ഇതുകേട്ടപ്പോൾ, 'നജ്ദുകാരുടെ അടുക്കലേക്കു സഹാബിമാരെ പറഞ്ഞയക്കുന്നതിൽ എനിക്കു ആശങ്കയുണ്ടെന്നു തിരുമേനി (സ) മറുപടി പറഞ്ഞു. 'അങ്ങിനെയുള്ള ആശങ്കകൾ അസ്ഥാനത്താണ് ആ ജനങ്ങൾ മുഴുവനും എന്റെ ചൊല്പടിയിൽ നടക്കുന്നവരാണ്. താങ്കൾ സഹാബിമാരെ എന്റെ കൂടെ അയച്ചുകൊള്ളുക' എന്നു ആ മനുഷ്യൻ തിരുമേനി (സ) യെ പ്രേരിപ്പിച്ചു. അയാൾ ആവേശത്തോടുകൂടി പ്രേരിപ്പിച്ചപ്പോൾ, മുൻദിറിബ്‌നു അംറ് (റ) വിന്റെ നേതൃത്വത്തിൽ എഴുപതു സഹാബികളെ തിരുമേനി (സ) ബീർമഊനത്തിലേക്കയച്ചു. [അവരിൽ ഭൂരിപക്ഷം, ഖുർആൻ ഓത്തുകാരായ ഖാരീകളായിരുന്നു. പകൽ വിറകുവെട്ടി ഉപജീവനം നേടുകയും രാത്രി നിസ്‌കാരത്തിൽ വ്യാപൃതരാവുകയുമായിരുന്നു അവരുടെ സമ്പ്രദായം. തങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം ദരിദ്രരെ സൽക്കരിപ്പാനാണ് അവർ വിനിയോഗിച്ചിരുന്നതു് മറ്റുള്ളവരെ ഖുർആൻ പഠിപ്പിക്കുന്നതിലും അവർ ഉത്സുകരായിരുന്നു.] സഹാബിമാർ ബീർമഊനത്തിൽ എത്തിയപ്പോൾ, തിരുമേനി (സ) നൽകിയ ഒരു കത്തുമായി അനസിബ്‌നു മാലിക് (റ) വിന്റെ മാതുലനായ ഹറാമിബ്‌നു മൽജാൻ (റ) വിനെ ആമിറിബ്‌നു തുഫൈലിബ്‌നു മാലികിബ്‌നുജഅ്‌ഫറൽ കിലാബീ എന്ന ആളുടെ അടുക്കലേക്കയച്ചു. അബൂബറാഇന്റെ പിതൃസഹോദരനാണ് ഈ ആമിർ തിരുമേനി (സ) യുടെ കത്തു അയാൾ സ്വീകരിച്ചില്ലെന്നു മാത്രമല്ല, ധിക്കരിക്കുകയും ചെയ്തു. 'ബീർമഊനത്തിലെ ജനങ്ങളെ, അല്ലാഹുവിന്റെ റസൂൽ തന്ന കത്തും കൊണ്ടുവന്നവനാണു ഞാൻ. നിങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിച്ചാൽ നിങ്ങൾക്കു നന്മ'എന്നു പറഞ്ഞുകൊണ്ടു ആ ദൌത്യവാഹകൻ തിരിച്ചുപുറപ്പെട്ടപ്പോൾ, ആമിറിന്റെ നിർദ്ദേശമനുസരിച്ചു കരാൾ അദ്ദേഹത്തെ കുന്തംകൊണ്ടു കുത്തി. [ആമിർ തന്നെ കുന്തംകൊണ്ടു കുത്തിയെന്നാണ് ഇബ്‌നു ഇസ്‌ഹാഖ് (റ) പറഞ്ഞിട്ടുള്ളതു്.] ആ സഹാബി അവിടെ വീണു ശഹീദായി. ദൌത്യവാഹകൻ തിരിച്ചുവരാത്തതു കണ്ടപ്പോൾ, അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടു മറ്റു സഹാബികളും പുറപ്പെട്ടു. വിവരമറിഞ്ഞ ആമിർ പെട്ടെന്നു ഒരു സൈന്യത്തെ സജ്ജമാക്കി. ആ സൈന്യം സഹാബികളുമായി യുദ്ധംചെയ്തു. സഹാബികളും ശത്രുസൈന്യ

ത്തോട് സധീരം പൊരുതുകയും, നിരവധി പേരെ വധിക്കുകയും, രണ്ടുപേരൊഴികെ, ഓരോരുത്തരായി സഹാബിമാർ മുഴുവൻ ശഹീദാകുന്നതുവരെ യുദ്ധം തുടരുകയും ചെയ്ത കഅ്ബിബ്നുസൈദ് (റ), അംറിബ്ന ഉമയ്യത് (റ) എന്നീ രണ്ട് സഹാബിമാർ മാത്രം അവശേഷിച്ച കഅ്ബിബ്ന സൈദ് (റ) വിന്ന സാരമായ മുറിവു പറ്റിയെങ്കിലും അദ്ദേഹം ജീവിച്ചു. [ഖന്ദഖ് യുദ്ധത്തിലാണ് ഇദ്ദേഹം ശഹീദായതു് ബീർമഊനത്തിലെ യുദ്ധം അവിചാരിതമായിരുന്നു. യുദ്ധത്തെ പ്രതീക്ഷിച്ചുകൊണ്ടല്ല സഹാബിമാർ നിയോഗിക്കപ്പെട്ടിരുന്നത് റജീഇൽ മുസ്‌ലിംകൾ വഞ്ചിക്കപ്പെട്ട. തുടന്ന ബീർമഊനത്തിലും അവർ വഞ്ചിതരായി. അറബികളുടെ പതിവിന്ന വിരുദ്ധമായിട്ടാണ് ദൈത്യവാഹകൻ ബീർമഊനത്തിൽവെച്ചു കൊല്ലപ്പെട്ടതു് ബീർമഊനത്തിലെ വഞ്ചനാപരമായ സംഭവം തിരുമേനി (സ) യെ അത്യന്തം ദുഃഖിപ്പിച്ചു. ബീർമഊനത്തിൽ ശഹീദായ സഹാബിമാരെ തിരുമേനി പ്രശംസിക്കുകയും അവക്കുവേണ്ടി പ്രാർത്ഥിക്കുകയംചെയ്തു. [ബീർമഊനത്തിൽവെച്ചു മുസ്‌ലിംകളുമായി യുദ്ധം ചെയ്തവരിൽനിന്ന പിന്നീട ഇസ്‌ലാംമതം വിശ്വസിച്ച ചിലർ പറഞ്ഞു:- ആ യുദ്ധത്തിൽ ശഹീദായ ചിലരുടെ ജനാസ ആകാശത്തിലേക്കു് ഉയന്നുപോയതായി ഞങ്ങൾ കണ്ട ']

അംറിബ്ന ഉമയ്യത് (റ) വിന്റെ യുദ്ധയാത്ര

റബീഉൽആഖിർ നാലാം വർഷത്തിൽ തന്നെയാണ് ഈ സംഭവം നടന്നതു് തിരുമേനി (സ) യെ വധിപ്പാൻ അബൂസുഫ്യാൻ വളരെ ക്രൂരനായി ഒരാളെ മദീനയിലേക്കയച്ചു. അയാൾ തിരുമേനി (സ) യുടെ സന്നിധിയിൽ എത്തിയപ്പോൾ തിരുമേനി (സ) അയാളുടെ ഉദ്ദേശ്യം മനസ്സിലാക്കി. ഉസൈദിബ്നുഹുളൈർ (റ) അയാളുടെ കൈ പിടിച്ചു വലിച്ചപ്പോൾ, മറച്ചുവെച്ച കഠാരി പുറത്തു വന്ന. തിരുമേനി (സ) അയാളെ വിചാരണ ചെയ്തു. അയാൾ സംഗതികളെല്ലാം തുറന്ന പറഞ്ഞു. തിരുമേനി (സ) അയാൾക്ക മാപ്പു നൽകി. അപ്പോൾ തന്നെ അദ്ദേഹം ഇസ്‌ലാംമതം വിശ്വസിക്കുകയും കുറെക്കാലം മദീനയിൽ തന്നെ താമസിക്കുകയും ചെയ്തു. ഇക്കാരണത്താൽ, അബൂസുഫ്യാനെ വധിക്കുവാൻ അംറിബ്ന ഉമയ്യത് (റ) വിനെ തിരുമേനി (സ) മക്കയിലേക്കു പറഞ്ഞയച്ചു. ജബ്ബാറിബ്ന സഖർ (റ), സൽമതിബ്ന അസ്‌ലം (റ) എന്നിവരിൽ ഒരാളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന. ആ സഹാബിമാർ മക്കക്കടുത്തെത്തിയപ്പോൾ ഒട്ടകത്തെ ഒരു മലച്ചെരുവിൽ കെട്ടിയിട്ട, രാത്രി മക്കയിൽ പ്രവേശിച്ചു, അബൂസുഫ്യാനെ തിരഞ്ഞു നടന്ന. അങ്ങിനെ ചുറ്റി നടന്നുകൊണ്ടിരിക്കെ, അംറ് (റ) വിനെ പരിചയമുള്ള ഒരാൾ അവരെ കണ്ടുമുട്ടി. 'ഇതാ ഒറ്റുകാർ, ഒറ്റുകാർ എന്ന അയാൾ നിലവിളിച്ചു. ആളുകൾ ഓടി വരുമ്പോഴേക്കും, സഹാബിമാർ അവിടെ നിന്ന ഓടി ഒരു മലമുകളിലുള്ള ഗുഹയിൽ അഭയം പ്രാപിച്ചു. മക്കക്കാർ നാലുപാടും തിരഞ്ഞു നോക്കിയെങ്കിലും സഹാബിമാരെ കണ്ടെത്തിയില്ല. നേരം പുലരാറായപ്പോൾ അംറ് (റ) ഗുഹയിൽ നിന്ന പുറത്തു വന്ന. ഒരാൾ കുതിരപ്പുറത്തു ആ വഴി വരുന്നതു അദ്ദേഹം കണ്ടു. അതു അബൂസുഫ്യാനാണെന്ന ധരിച്ചു, കാര്യമറിഞ്ഞുകൊണ്ട അദ്ദേഹം അയാളെ കുത്തി കൂത്തേറുപ്പോൾ അയാൾ നിലവിളിച്ചു നിലവിളി കേട്ട ആളുകൾ തടിച്ചുകൂടി. അതിന്ന മുമ്പു് തന്നെ അംറ് (റ) ഗുഹയിൽ ഒളിച്ചു കഴിഞ്ഞു. കുത്തേറു വീണ ആളുടെ ശവം ജനങ്ങൾ പൊക്കിക്കൊണ്ടു പോയി. അബൂസുഫ്യാനെ

കൊല്ലുവാൻ തരം കിട്ടാതെ ആ സഹാബിമാർ മദീനയിലേക്ക് മടങ്ങി. വഴിയിൽ വെച്ച് ഖുറൈശികളുടെ ഒറുകാരായ രണ്ട് വ്യക്തികളെ അവർ കണ്ട് മുട്ടി. അവരെ ബന്ധനസ്ഥരാക്കുവാൻ സഹാബികൾ മുതിർന്നപ്പോൾ അവർ യുദ്ധത്തിനൊരുങ്ങുകയാൽ, അവരിൽ ഒരാളെ യുദ്ധം ചെയ്ത് കൊല്ലുകയും ഒരാളെ ബന്ധനസ്ഥനാക്കി മദീനയിലേക്ക് കൊണ്ട് പോവുകയും ചെയ്തു.

ബനൂനുളൈർ യുദ്ധം

ഹിജ്‌റാബ്ദം നാലാം വർഷത്തിലെ റബീഉൽ അവ്വൽ മാസത്തിലാണ് ബനൂനുളൈർ യുദ്ധം നടന്നത്. ബനൂനുളൈർ എന്നത് ഒരു യഹൂദീഗോത്രത്തിന്റെ പേരാകുന്നു. മൂസാ നബി (അ) യുടെ സഹോദരനായ ഹാറൂൽ നബി (അ) യുടെ സന്താനപരമ്പരയിൽപ്പെട്ടതാണ് ഈ ഗോത്രം. സഹ്‌റത് എന്ന പ്രദേശത്താണ് അവർ താമസിച്ചിരുന്നത്. മദീനയിൽ നിന്നും സഹ്‌റത്തിലേക്ക് രണ്ട് നാഴികദൂരമെ ഉള്ളൂ. തിരുമേനി (സ) യുമായി സമാധാന ഉടമ്പടിയിലേർപ്പെട്ടവരായിരുന്നു ബനൂനുളൈർ ഗോത്രക്കാർ. ഉഹ്ദ് യുദ്ധത്തിൽ മക്കക്കാക്കുണ്ടായ ജയമുണ്ടായതെന്നു കിംവദന്തി പരന്നപ്പോൾ, ജയിച്ചവരുടെ മിത്രങ്ങളാകുവാൻ ബനൂനുളൈർ തീരുമാനിച്ചു. അവരുടെ പ്രതിനിധികൾ മക്കയിലേക്ക് പോയി അബൂസുഫ്‌യാനെ കണ്ട് അനുമോദിക്കുകയും അദ്ദേഹവുമായി ഒരു സഹകരണ സന്ധിയിൽ ഏർപ്പെടുകയും ചെയ്തു. അതോടൊപ്പം, തിരുമേനി (സ) യുമായുള്ള മൈത്രീബന്ധം ഉപേക്ഷിക്കുവാനും അവർ തീരുമാനിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ തിരുമേനി (സ) ഒരു സന്ദേശവുമായി മുഹമ്മദ് ഇബ്‌നു മസ്‌ലമത് (റ) വിനെ ആ ഗോത്രത്തലവന്മാരുടെ അടുക്കലേയച്ചു പത്ത് ദിവസത്തിനകം സഹ്‌റത് എന്ന പ്രദേശത്തു നിന്നും ജൂതന്മാർ കഴിഞ്ഞു പോകേണമെന്നും, അങ്ങിനെ ചെയ്യാത്ത പക്ഷം മുസ്‌ലിംകൾ യുദ്ധം ചെയ്ത് അവരെ തുരത്തുമെന്നുമായിരുന്നു തിരുമേനി (സ) യുടെ സന്ദേശം. മുഹമ്മദിബ്‌നു മസ്‌ലമത് (റ) ബനൂനുളൈർ ഗോത്രത്തലവന്മാരായ കഅ്ബ് ഇബ്‌നുൽ അശ്‌റഫ്, ഹുയയ്യിബ്‌നു അഖ്തബ് മുതലായവരെ ചെന്നു കണ്ട് തിരുമേനി (സ) യുടെ സന്ദേശം അവരെ അറിയിച്ചു. തിരുമേനി (സ) യുടെ ആജ്ഞയനുസരിച്ച് നാട് വിട്ടുവാൻ അവർ തീരുമാനിച്ചു. പക്ഷെ, അബ്ദുല്ലാ ഹിബ്‌നു ഉബയ്യിബ്‌നു സുല്ലൂൽ എന്ന മുനാഫിഖ് നേതാവ് ജൂതന്മാരുടെ തീരുമാനത്തെ നിരുത്സാഹപ്പെടുത്തുകയും, നാട് വിട്ടുവാനുള്ള ഒരുക്കത്തിൽനിന്നും അവരെ പിന്തിരിപ്പിക്കുകയും ചെയ്തു. ആ കപടവിശ്വാസി ജൂതന്മാരോട് ഇപ്രകാരം പറഞ്ഞു:-'നിങ്ങളുടെ പ്രദേശമാണ് ഈ സഹ്‌റത്. നിങ്ങൾ ഈ പ്രദേശത്തു നിന്നും കഴിഞ്ഞു പോകേണമെന്നു നിങ്ങളോട് കല്പിക്കുവാൻ മറ്റാർക്കും അധികാരമില്ല. യുദ്ധഭീഷണിയെ നിങ്ങൾ വകവെക്കേണ്ടതില്ല. നിങ്ങൾ ഭീരുക്കളോ അശക്തരോ അല്ല. പോരെങ്കിൽ, രണ്ടായിരം യോദ്ധാക്കൾ എന്റെ കീഴിലുണ്ട്. അവർ അറബികളാണ്. അവരെ ഞാൻ ഇങ്ങോട്ടയച്ചുതരാം. അവർ നിങ്ങളുടെ കോട്ടയെ രക്ഷിക്കും. അവരെല്ലാവരും മരിച്ചുകഴിഞ്ഞാലല്ലാതെ, നിങ്ങളെ തൊടുവാൻ പ്രതിയോഗികൾക്ക് അവർ അവസരം നൽകുകയില്ല. അതിനുപുറമെ, ഖുറൈളത് ഗത്ഫാൻ എന്നീ വംശക്കാരും നിങ്ങളെ സഹായിക്കും. മുസ്‌ലിംകൾ യുദ്ധത്തിനു വരികയാണെങ്കിൽ അവരെ നമുക്ക് ചതച്ചുകളയാം. നിങ്ങൾ ധൈര്യമവലംബിക്കൂ.' മുനാഫിഖ് നേതാവിന്റെ ചാടുവാക്കുകൾ കേട്ടപ്പോൾ ജൂതനേതാക്കൾക്ക് ധൈര്യം തോന്നുക

യും, തങ്ങൾ സഹ്‌റത് വിട്ടുപോവുകയില്ലെന്നു അവർ തിരുമേനി (സ) യെ അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഹുയയ്യ് എന്ന ജൂതനേതാവാണ് ഈ തീരുമാനം ഉണ്ടായിച്ചതു്. നളീർ ഗോത്രത്തലവനായ സലാമിബ്നുമുശ്കം അപ്പോൾതന്നെ ഹുയയ്യിന്റെ തീരുമാനത്തിലെ ദോഷവശങ്ങളെ ചൂണ്ടിക്കാട്ടുകയുണ്ടായി. അദ്ദേഹം പറഞ്ഞു:- 'ഹുയയ്യേ, നിങ്ങളുടെ ഈ തീരുമാനത്തിൽ ആപത്തിനുള്ള സാദ്ധ്യതകളുണ്ട്'. മുസ്‌ലിംകളെ ചതിച്ചുകളയാമെന്നുള്ളതു നിങ്ങളുടെ വ്യാമോഹം മാത്രമാണ് അതു സാദ്ധ്യമല്ല. ആ മനുഷ്യന്റെ വാക്കുകൾ വിശ്വസിക്കരുതു്. അതു വെറും പാഴ്‌വാക്കുകളാണ് ഇതെല്ലാം പറഞ്ഞു നിങ്ങളെ കബളിപ്പിച്ചുകൊണ്ടു അയാൾ അയാളുടെ തടി തപ്പും. ആപത്തുവന്നാൽ അനുഭവിക്കുന്നവർ നമ്മളായിരിക്കും അതുകൊണ്ടു നിങ്ങളുടെ തീരുമാനം പുനഃപരിശോധന ചെയ്യുകയാണുത്തമം.' സലാമിന്റെ അഭിപ്രായത്തിനു ഹുയയ്യ് ഒരു വിലയും കല്പിച്ചില്ല തന്റെ തീരുമാനത്തിൽ അയാൾ ഉറച്ചു നിന്നു.

സഹ്‌റത് വിട്ടുപോവാതിരിപ്പാൻ യഹൂദികൾ തീരുമാനിച്ച വിവരം തിരുമേനി (സ) അറിഞ്ഞു. ഉന്നതരായ സഹാബികളെ പറഞ്ഞയച്ചുകൊണ്ടുള്ള ഒരു സൈന്യത്തെ ബനൂനുളൈർ ഗോത്രക്കാർക്കെതിരായുള്ള യുദ്ധത്തിനായി തിരുമേനി (സ) നയിച്ചു. ഈ യുദ്ധയാത്രക്കു വേറൊരു കാരണംകൂടി പറയപ്പെട്ടിട്ടുണ്ട്. ബീർമഊനത്തിലെ വഞ്ചനാപരമായ യുദ്ധത്തിൽനിന്നു രക്ഷപ്പെട്ട അംറിബ്നു ഉമയ്യുള്ളംരീ (റ) മദീനയിലേക്കു മടങ്ങുമ്പോൾ, വഴിയിൽവെച്ചു ബനൂആമിർ ഗോത്രക്കാരായ രണ്ടുപേരെ കണ്ടുമുട്ടി. അവർ രണ്ടുപേരും ബീർമഊനത്തിലെ ശത്രുക്കളാണെന്നു കരുതിക്കൊണ്ടു ആ രണ്ടുപേരെയും അദ്ദേഹം വധിച്ചു ബനൂആമിർഗോത്രക്കാർ, യഥാർത്ഥത്തിൽ തിരുമേനി (സ) യുമായി ഉടമ്പടിയിലേർപ്പെട്ട ജൂതന്മാരായിരുന്നതുകൊണ്ടു പ്രസ്തുത വിവരം അറിഞ്ഞപ്പോൾ, ആ വധത്തിനു നഷ്ടപരിഹാരം നൽകേണമെന്നു വിധിക്കുകയുണ്ടായി. ബനൂനുളൈർ ഗോത്രക്കാരും ബനൂആമിർ ഗോത്രക്കാരും തമ്മിൽ കൂടുതൽ മമതയിലാണ് വർത്തിച്ചിരുന്നതു്. അതുകൊണ്ടു ബനൂനുളൈർ ഗോത്രക്കാർ മുഖേന നഷ്ടപരിഹാരം നൽകുന്നപക്ഷം ഇളവുകളും ആനുകൂല്യങ്ങളും ലഭിപ്പാൻ സാദ്ധ്യതയുള്ളതുകൊണ്ടു, തിരുമേനി (സ) ഈ പ്രശ്നവുമായി ബനൂനുളൈർ ഗോത്രക്കാരെ സമീപിച്ചു. പത്തിൽ അധികരിക്കാത്ത സഹാബിമാർ തിരുമേനി (സ) യുടെ കൂടെ ഉണ്ടായിരുന്നു. വിവരങ്ങൾ തിരുമേനി (സ) അവരെ അറിയിച്ചപ്പോൾ സന്തോഷപൂർവ്വം ആ കാര്യനിർവ്വഹണത്തിന്റെ ചുമതല അവർ ഏറ്റെടുത്തു 'ഇവിടത്തോളം വന്ന നിലക്കു്, ഞങ്ങളുടെ വീട്ടിൽ കയറി അല്പനേരം ഇരുന്നിട്ടുപോകാം' എന്നു അവർ തിരുമേനി (സ) യോടു പറയുകയും, തിരുമേനി (സ) അതു സ്വീകരിക്കുകയും ചെയ്തു. തിരുമേനി (സ) ആ ജൂതഗൃഹത്തിന്നകത്തുകടന്നു മതിലിന്നടുത്തായി ഇരുന്നു. അണിയറയിൽവെച്ചു ജൂതന്മാർ തിരുമേനി (സ) യെ വധിപ്പാനുള്ള ഗൂഢാലോചനയിൽ വ്യാപൃതരായി. 'ഇതിനെക്കാൾ നല്ല ഒരു തക്കം ഇനി നമുക്കു കിട്ടുകയില്ല. ഈ സന്ദർഭം പാഴാക്കാതെ ഇപ്പോൾതന്നെ മുഹമ്മദിനെ കൊല്ലണം. പത്തോളം അനുയായികൾ മാത്രമെ മുഹമ്മദിന്റെ കൂടെ ഉള്ളൂ. അവരെ നമുക്കു ബന്ധനസ്ഥരാക്കാം. അവരെ മക്കയ്ക്കു കൊണ്ടുപോയാൽ അമൂല്യമായ സമ്മാനങ്ങൾ നമുക്കു ലഭിക്കും' എന്നു ഒരാൾ അഭിപ്രായപ്പെട്ടു. തിരുമേനി (സ) യുടെ തലയിൽ വലിയ കരിങ്കല്ലിട്ടു കൊല്ലുവാൻ അവർ തീരുമാനിച്ചു അംറിബ്നുഹജാശ് എന്ന

ജൂതൻ ഒരു വലിയ കല്ലുമായി അടുത്തു കയറി. ഈ സംഭവത്തെ സലാമിബ്‌നുമശ്‌കം എന്ന യഹൂദി വിലക്കിയെങ്കിലും അയാളുടെ വിലക്കിനെ അവർ കൂട്ടാക്കിയില്ല. ജൂതന്മാർ ഗൂഢാലോചന നടത്തുന്ന വിവരം ജിബ്‌രീൽ (അ) തിരുമേനി (സ) യെ അറിയിച്ചു. ജൂതന്മാരുടെ പരിപാടി നടപ്പാക്കപ്പെടുന്നതിനുമുമ്പ് തിരുമേനി (സ) സ്ഥലം വിടുകയും, മദീനയിൽ എത്തുകയും ചെയ്തു ഈ സംഭവമാണ് ബനൂനളീർ യുദ്ധത്തിനിടവരുത്തിയതെന്നും പറയപ്പെട്ടിട്ടുണ്ട്. ബനൂനളീറിന്റെ ഗോത്രക്കാക്കെതിരായി യുദ്ധത്തിനു പുറപ്പെട്ട സേനയിൽ അബൂബകർസിദ്ദീഖ് (റ), ഉമർഫാറൂഖ് (റ), ഉസ്‌മാനിബ്‌നുഅഫ്ഫാൻ (റ), അലീ (ക. വ.) തുടങ്ങിയ സഹാബിപ്രമുഖരെല്ലാം ഉൾപ്പെട്ടിരുന്നു. യുദ്ധപതാക വഹിച്ചതു് അലീ (ക. വ.) ആയിരുന്നു. യഹൂദികളുടെ കോട്ടക്കു പുറത്തു മുസ്‌ലിംസേന താവളമടിച്ചു. മുസ്‌ലിംസേനയെ കണ്ടപ്പോൾ ഭീതരായ യഹൂദികൾ കോട്ടക്കുള്ളിൽ കടന്നു കോട്ടവാതിലുകളെല്ലാം അടച്ചുകളഞ്ഞു. അവർക്കു പുറത്തുവരുവാൻ കഴിയാത്തവിധം മുസ്‌ലിംസേന കോട്ടവളഞ്ഞു. ആ പ്രതിരോധം പതിനഞ്ചു ദിവസം നീണ്ടുനിന്നു. ആ പതിനഞ്ചു ദിവസങ്ങളിൽ യഹൂദികൾക്കെതിരായി തിരുമേനി (സ) കല്പിച്ച പലപ്രത്യക്ഷ നടപടികൾ മുസ്‌ലിം സേന നടത്തുകയുണ്ടായി. കോട്ടക്കകത്തുള്ള മാളികകളിന്മേൽനിന്നു യഹൂദികൾ നോക്കിക്കൊണ്ടിരിക്കെ, അവരെ വ്യാകുലപ്പെടുത്തുന്നതിനുവേണ്ടി, അവർക്കു പ്രിയകരമായ പലപെടികളും വൃക്ഷങ്ങളും മുസ്‌ലിംകൾ നശിപ്പിച്ചു. അതു കണ്ടപ്പോൾ സ്ത്രീകളും കുട്ടികളും വ്യസനിച്ചു നിലവിളിച്ചു കോട്ടയിൽനിന്നു രക്ഷപ്പെടുവാൻ കഴിയാതെ യഹൂദികൾ വിഷമിച്ചപ്പോൾ സലാമിബ്‌നുമശ്‌കം എന്ന ആൾ ഹയയ്യോടു ചോദിച്ചു:- 'ഹേ, ഹയയ്യേ, മുനാഫിഖ് നേതാവായ ആ ഇബ്നുഉബയ്യ് ഇപ്പോൾ എവിടെ? നമ്മുടെ സഹായത്തിനു എത്തിച്ചേരുമെന്നു നിങ്ങൾ വ്യാമോഹിച്ച ഖുറൈളവംശക്കാരും ഗത്ഫാൻ വംശക്കാരും എവിടെ? ഇബ്നുഉബയ്യിന്റെ രണ്ടായിരം പട്ടാളക്കാരെവിടെ? ഞാൻ അപ്പോൾ പറഞ്ഞതു ഇപ്പോൾ ശരിയായില്ലെ?' 'എന്തു ചെയ്യും? നമ്മിൽ വിധിക്കപ്പെട്ടതാണിതു" എന്നു നിരാശാഭരിതനായ ഹയയ്യ് മറുപടി പറഞ്ഞു. മുസ്‌ലിംകളുടെ പ്രതിരോധം നിമിത്തം പൊറുതിമുട്ടിയ യഹൂദികൾ കോട്ടക്കകത്തുള്ള മാളികകളിൽനിന്നു മുസ്‌ലിംകളുടെ നേരെ അമ്പെയ്യുകയും കല്ലെറിയുകയും ചെയ്തു തന്മൂലം, തിരുമേനിയുടെ തമ്പു് പൂർവ്വസ്ഥാനത്തുനിന്നു കുറെ അകലത്തേക്കു മാറി. വില്ലാളിവീരനെന്നു പ്രസിദ്ധിപെറ്റ അസ്സുക്ക് എന്ന യഹൂദി എയ്തുവിട്ട അമ്പു് തിരുമേനി (സ) യുടെ തമ്പിന്റെ കുത്തുവന്നു വീണപ്പോഴാണു് തമ്പു് സ്ഥലമാറ്റം ചെയ്യപ്പെട്ടതു്. ഇക്കാരണത്താൽ അസ്സുക്ക് മുസ്‌ലിംകളുടെ നോട്ടപ്പുള്ളിയായിത്തീർന്നു. അന്നുരാത്രി ഇശാനിസ്‌കാരത്തിനു ശേഷം അലീ (ക. വ.) കോട്ടയുടെ പരിസരങ്ങളിൽ ചുറ്റിനടന്നുകൊണ്ടിരിക്കെ, യാദൃശ്ചികമായി അസ്സുക്ക് അദ്ദേഹത്തിന്റെ കണ്ണിൽപെട്ട അലീ (ക. വ.) യുടെ ഖഡ്ഗം അസ്സുക്കിന്റെ കഴുത്തു ഉടലിൽനിന്നു വേർവിടുത്തി അസ്സുക്കിന്റെകൂടെ ഉണ്ടായിരുന്നവർ ഓടിക്കളഞ്ഞു. സൂത്രത്തിൽ കോട്ടയിൽനിന്നു പുറത്തിറങ്ങി തന്ത്രപരമായ ഒരു നീക്കത്തിനു വട്ടംകൂട്ടുമ്പോഴാണു് അസ്സുക്കും കൂട്ടുകാരും അലീ (ക. വ.) യുടെ ദൃഷ്ടിയിൽ പെട്ടതു്. അസ്സുക്കിന്റെ തല തിരുമേനി (സ) യുടെ മുമ്പിൽ അലീ (ക. വ.) ഹാജരാക്കി. അയാളുടെ കൂട്ടുകാർ ഓടിക്കളഞ്ഞെന്നറിഞ്ഞപ്പോൾ, അവരെത്തേടിപ്പിടിച്ചു വധിക്കുവാനായി അബൂദുജാനത് (റ), സഹ്‌ലിബ്‌നു ഹനീഫ് (റ) എന്നിവരെയും മറ്റുചില സഹാബി

മാരെയും തിരുമേനി (സ) നിയോഗിച്ചു. അവർ ആ ശത്രുക്കളെ തിരഞ്ഞു പിടിച്ചുവധിക്കുകയുണ്ടായി. രക്ഷപ്പെട്ടുവാൻ യാതൊരു മാർഗ്ഗവുമില്ലെന്നു വന്നപ്പോൾ, ആ നാടുവിട്ടുപോയിക്കൊള്ളാമെന്നു ബനൂനളീർ ഗോത്രക്കാരായ യഹൂദികൾ സമ്മതിച്ചു. തങ്ങളെ കോട്ടയിൽനിന്നു വിട്ടയക്കേണമെന്നു അവർ തിരുമേനി (സ) യോടഭ്യർത്ഥിച്ചു. ആദ്യം അവരുടെ അഭ്യർത്ഥന സ്വീകരിച്ചില്ലെങ്കിലും, പിന്നീടു താഴെ കാണിച്ച നിബന്ധനയുടെ അടിസ്ഥാനത്തിൽ അവരുടെ അഭ്യർത്ഥന സ്വീകരിക്കുകയുണ്ടായി. 'ഒരു വീട്ടുകാർ ഒരൊട്ടകത്തിനു ചുമക്കാവുന്നത്ര സാധനങ്ങൾ മാത്രമെ കൊണ്ടുപോകുവാൻ പാടുള്ളൂ. പടയങ്കികളൊ ആയുധങ്ങളൊ കൊണ്ടുപോകുവാൻ പാടില്ല.' ഇതായിരുന്നു നിബന്ധന. ഈ നിബന്ധനയനുസരിച്ചു യഹൂദികൾ നാടുവിടുവാൻ തയ്യാറായി. ഇളകുന്ന വസ്തുക്കളിൽകൂടെ കൊണ്ടുപോകാവുന്നവയെല്ലാം അവർ കയ്യിലെടുക്കുകയും ബാക്കിയുള്ളതെല്ലാം നശിപ്പിച്ചുകളയുകയുംചെയ്തു. മുസ്‌ലിംകൾ അവരുടെ ഭവനങ്ങൾ പൊളിച്ചുകളഞ്ഞു. വീടുപൊളിച്ചുനാടുകടത്തിയെന്ന പരമമായ അപമാനത്തിനു ശത്രുക്കളെ വിധേയരാക്കുവാൻ വേണ്ടിയാണു് ഇപ്രകാരം അവർ ചെയ്തതു്. അവരുടെ കൂട്ടത്തിൽനിന്നു യാമീനിബ്‌ന ഉമൈർ, അബൂസഅ്ദിബ്‌നു വഹബ് എന്നീ രണ്ടുപേർ മാത്രം ഇസ്‌ലാംമതം വിശ്വസിച്ചു അവർ നാടുകടത്തലിൽനിന്നു സ്വതന്ത്രരായി. അവരുടെ ഭവനങ്ങളും സ്വത്തുക്കളും സുരക്ഷിതമായി. തിരുമേനി (സ) യുടെ ശിരസ്സിൽ ആട്ടുകല്ലിട്ടു കൊല്ലുവാൻ അംറിബ്‌ന ജഹാശ് എന്ന ജൂതൻ പരിപാടിയിട്ടതു വായനക്കാർ ഓർക്കുന്നുണ്ടല്ലൊ. ആ അംറിനെ ഈ ഘട്ടത്തിൽ മുൻപറഞ്ഞ യാമീനിബ്‌ന ഉമൈർ (റ) വധിക്കുകയുണ്ടായി. തന്മൂലം അംറിന്റെ സ്വത്തുക്കളും യാമീൻ (റ) വിനു ലഭിച്ചു. ഈ മൂന്നുപേരുടെ സ്വത്തുക്കളും മാത്രം അവനാവശ്യത്തിലധികമുണ്ടായിരുന്നു. ഹുയയ്യിബ്‌ന അഖ്തബ്, സുലാമിബ്‌ന അബിൽഹഖീഖ്, കിനാനതിബ്‌നുർറബീഅ് മുതലായവരടക്കം യഹൂദികളിൽ പലരും ഖൈബറിലേക്കാണു് പുറപ്പെട്ടതു്. ഖൈബറിലെ ജൂതന്മാർ അവരെ അവിടെ കുടിയിരുത്തി. മറ്റുള്ളവർ ശാമിലേക്കാണു് തിരിച്ചതു്. അവരിൽ ഒരു വിഭാഗം ശാമിലെ അദ്റിആത്തെന്ന സ്ഥലത്തും മറ്റൊരു വിഭാഗം അരീഹാ എന്ന സ്ഥലത്തും താമസിച്ചു. നാടുവിട്ട യഹൂദികളുടെ സ്വത്തുക്കൾ ഗനീമത്തായി കണ്ടെടുക്കപ്പെട്ടു. അമ്പതു പടയങ്കികൾ, അമ്പതു പടത്തൊപ്പികൾ, മുന്നൂറ്റിനാല്പതു് വാളുകൾ എന്നീ യുദ്ധായുധങ്ങൾ ആ സംഭവത്തിൽ മുസ്‌ലിംകൾക്കു ലഭിച്ചു ബനൂനളീർ ഗോത്രക്കാരിൽനിന്നു പിടിച്ചെടുത്ത ഗനീമത്തു് മുതലുകൾ സാധാരണഗതിയിൽ വിഭജിക്കപ്പെട്ടുകയുണ്ടായില്ല. കാരണം, ആ സംഭവത്തിൽ പ്രതിരോധമല്ലാതെ യുദ്ധം ആവശ്യമായി വന്നിട്ടില്ല. സംഭവത്തിന്റെ ഈ സ്വഭാവവ്യത്യാസം ഗനീമത്തു് വിഭജനത്തിനും ബാധകമായിരുന്നു. ആ ഗനീമത്തു് തിരുമേനി (സ) യുടെ തീരുമാനമനുസരിച്ചു വിഭജിക്കുകയുണ്ടായിയെന്നാണു് ഇമാം അബൂഹനീഫ (റ) പ്രസ്താവിച്ചിട്ടുള്ളതു്. അൻസാർകളുടെ ഔദാര്യത്തിനു വിധേയരായി കഴിഞ്ഞുകൂടിക്കൊണ്ടിരുന്ന മുഹാജിർകൾക്കു ആ ഗനീമത്തു് വീതിച്ചുകൊടുത്തുവെന്നാണു് ഇമാംശാഫിഈ (റ) പറഞ്ഞിട്ടുള്ളതു്. ബനൂനളീർ ഗോത്രക്കാരുടെ ഗനീമത്തുകൾ സംഭരിച്ചുകഴിഞ്ഞപ്പോൾ തിരുമേനി (സ) അൻസാർകളായ സഹാബിമാരോടായി ഇപ്രകാരം അരുളി:- 'അൻസാർകളെ, മുഹാജിർകൾക്കു നിങ്ങൾ ചെലവുനൽകിക്കൊണ്ടിരിക്കുകയാണല്ലൊ ചെയ്യുന്നതു്.

നിങ്ങളുടെ മഹത്തായ നന്മക്കുള്ള പ്രതിഫലം അല്ലാഹുവിങ്കലത്രെ. ഈ ഗനീമത്തു് നിങ്ങൾക്കും മുഹാജിർകൾക്കുമായി ഭാഗിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ വിഷയത്തിൽ നിങ്ങളുടെ അഭിപ്രായമറിവാൻ ഞാൻ ആഗ്രഹിക്കുന്നു. 'യാറസൂലല്ലാ, ഈ ഗനീമത്തു് താങ്കളുടെ വീട്ടുകാർ അനുഭവിക്കുന്നതാണു് ഞങ്ങൾക്കിഷ്ടം' എന്നു അവർ പറഞ്ഞപ്പോൾ, 'എന്നാൽ ഇതു മുഹാജിർകൾക്കു വീതിച്ചുകൊടുക്കാം. അവരെ തീറവാനുള്ള ബാദ്ധ്യത നിങ്ങളിൽനിന്നൊഴിയട്ടെ' എന്നു തിരുമേനി (സ) പ്രതിവചിച്ചു. 'യാറസൂലല്ലാ, ഗനീമത്തു് മുതൽ മുഹാജിർകൾക്കു വീതിച്ചുകൊടുക്കുന്നതും, അതോടൊപ്പം ഇതുവരെ കഴിഞ്ഞുവന്നതുപോലെ അവർ ഞങ്ങളുടെ അതിഥികളായി തുടരുന്നതുമാണു് ഞങ്ങൾക്കു കൂടുതൽ സന്തോഷം' എന്നു സഅ്ദിബ്നു ഉബാദത്ത് (റ) ബോധിപ്പിച്ചു അൻസാർകൾ മുഴുവനും ആ അഭിപ്രായത്തോടു യോജിച്ചു. അബൂഉജാനത്ത് (റ), സഹ്‌ലിബ്നു ഹനീഫ് (റ) എന്നിവർ ആ സംഭവത്തിൽ ശത്രുക്കളുമായി യുദ്ധം നടത്തിയിരുന്നതുകൊണ്ടു അവർ ആവശ്യപ്പെട്ടതു അവർക്കു നൽകിയതിനുശേഷം, ബാക്കിയുള്ള ഗനീമത്തു് മുഹാർജികൾക്കു തിരുമേനി (സ) വീതിച്ചുകൊടുത്തു.' 'ഹശർ' എന്ന സൂറത്തിലുടനീളം ബനൂനളൈർ ഗോത്രക്കാരായ യഹൂദികൾ പരാമർശിക്കപ്പെട്ടിട്ടുണ്ടു്. അതിനാൽ ആ സൂറത്തിനെ 'സൂറതുന്നളൈർ' എന്നു ഇബ്നുഅബ്ബാസ് (റ) വിളിച്ചിരിക്കുന്നു. [ഈ റബീഉൽഅവ്വൽ മാസത്തിൽതന്നെ തിരുമേനി (സ) യുടെ പുത്രിയുമകളുമായ സൈനബ (റ) പരലോകപ്രാപ്തയായി]

ദാതുർ ഉഖാഅ് യുദ്ധയാത്ര

മഹാരിബ് യുദ്ധയാത്രയെന്നും, സഅ്‌ലബ്ത് യുദ്ധയാത്രയെന്നും ബനീഅൻമാർ യുദ്ധയാത്രയെന്നും, സലാതുൽ ഖൌഫ് യുദ്ധയാത്രയെന്നും ഈ യുദ്ധയാത്ര അഞ്ചു പേരുകളിൽ പറയപ്പെടാറുണ്ടു്. ഹിജ്റാബ്ദം നാലാം വർഷത്തിലെ റബീഉൽ അവ്വൽ മാസത്തിലാണു് ഈ സംഭവം നടന്നതെന്നും, റബീഉൽ അവ്വലിനു തൊട്ടു മുമ്പോ പിമ്പോ നടന്നതെന്നും പക്ഷാന്തരമുണ്ടു്. ഗത്ഫാൻ എന്ന നാട്ടിലെ ഒരു മലംപ്രദേശത്തിന്റെ പേരാണു് ദാതുർറുഖാഅ് എന്നതു്. മഹാരിബ്, ബനീസഅ്‌ലബത്, ബനീഅൽമർ എന്നീ ഗോത്രക്കാർ ആ പ്രദേശത്തു് രഹസ്യമായി സമ്മേളിക്കുകയും മുസ്‌ലിംകൾക്കെതിരായി യുദ്ധം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. [ആ മൂന്നു ഗോത്രക്കാരുടെ പേരുകളിൽ ഈ യുദ്ധയാത്ര അറിയപ്പെടുവാനുണ്ടായ കാരണം അതാണു്] വിവരം അറിഞ്ഞപ്പോൾ തിരുമേനി (സ) യും നാനൂറിൽ കുറയാത്ത (എണ്ണൂറോളം എന്നും പറയപ്പെട്ടിട്ടുണ്ടു്) സഹാബികളും ദാതുർറുഖാഇലേക്കു പുറപ്പെട്ടു. മദീനായുടെ ചുമതല അബൂദർറിൽ ഗഫ്ഫാരീ (റ), ഉസ്മാനിബ്നു അഫ്ഫാൻ (റ) എന്നിവരിൽ ഒരാളെ ഭരമേല്പിച്ചു. വാദിശ്ശുഫ്റത് എന്ന സ്ഥലത്തെത്തിയപ്പോൾ മുസ്‌ലിം സേന അവിടെ താവളമടിച്ചു. സഹാബിമാർ ശത്രുക്കളെ തിരഞ്ഞുനോക്കി. അടുത്തെങ്ങും അവരെ കണ്ടില്ല. ആകയാൽ അവർ വീണ്ടും മുമ്പോട്ടു നീങ്ങി ഗത്ഫാനിലെ മലംപ്രദേശമായ റഖ്ൽ എന്ന സ്ഥലത്തു താവളമടിച്ചു ശത്രുക്കളുടെ വസതികളിൽ സ്ത്രീകളേയും കുട്ടികളെയുമല്ലാതെ ഒരു പുരുഷനെപ്പോലും കണ്ടെത്തിയില്ല. മുസ്‌ലിം സേനയെ കണ്ടപ്പോൾ ശത്രുക്കൾ കൂടി ഒളിച്ചു കളഞ്ഞു. തിരുമേനി (സ) യും സംഘവും അവിടെത്തന്നെ നിലയുറപ്പിച്ചു. ശത്രുക്കൾ പെട്ടെന്നു കടന്നാക്രമിച്ചേക്കുമെന്നുള്ള ആശങ്കയാൽ അന്നത്തെ അസ്ർ നിസ്കാരം സലാതുൽഖൌഫിന്റെ നിസ്കാരമായി നിർവ്വഹിക്കപ്പെട്ടു. [ഈ യുദ്ധ

* ഖുസൈമത്തിന്റെ

യാത്രക്ക് സലാതുൽഖൈഫിന്റെ യുദ്ധയാത്ര യെന്ന പേർ വരുവാൻ കാരണമതാണ്.] ശത്രുക്കളെ അടുത്തെങ്ങും കണ്ടെത്തിയില്ല മുസ്‌ലിംസേന സ്ഥലം വിട്ടുനടുവരെ അവർ പ്രത്യക്ഷപ്പെട്ടതുമില്ല. ആകയാൽ മുസ്‌ലിം സേന മദീനയിലേക്ക് തന്നെ തിരിച്ചു. പതിനഞ്ചാം ദിവസം അവർ മദീനയിൽ തിരിച്ചെത്തി.

ബദ്‌റിലെ അവസാനത്തെ യുദ്ധയാത്ര

ഈ യുദ്ധയാത്രക്ക് ബദ്‌റിലെ ഒടുവിലത്തെ യുദ്ധം എന്നർത്ഥമുള്ള 'ബദ്‌റുൽ അഖീറത്' എന്നും, ബദ്‌റിലെ പെരിയ യുദ്ധം എന്നർത്ഥമുള്ള 'ബദ്‌റുസ്സുഗ്‌റാ' എന്നും പേരുകളുണ്ട്. ഹിജ്‌റാബ്ദം നാലാം വർഷത്തിലെ ശഅ്ബാൻ മാസത്തിലോ ദുൽഖഅ്ദ് മാസത്തിലോ ആണ് ഈ സംഭവം നടന്നത്. ബദ്‌റിൽവെച്ച് നടന്ന മൂന്നാമത്തെ സംഭവമാണിത്. ആദ്യത്തെ തവണ യുദ്ധത്തിന്റെ നാന്ദിയെ കുറിച്ചു. രണ്ടാമത്തെ തവണ യുദ്ധം നടന്നു. ഇപ്പോൾ, മൂന്നാമത്തെ തവണ മുസ്‌ലിംകൾ ബദ്‌റിലേക്ക് നീങ്ങുകയാണ്. ഉഹ്ദിൽ വെച്ച് പിരിയുമ്പോൾ, 'അടുത്ത കൊല്ലം ബദ്‌റിൽ വെച്ച് കാണാ'മെന്ന് അബൂസുഫ്‌യാൻ പ്രഖ്യാപിച്ചതും, 'ഇൻശാ അല്ലാഹ്' എന്ന് പറഞ്ഞുകൊണ്ട് തിരുമേനി (സ) ആ വെല്ലുവിളി സ്വീകരിച്ചതും അനുവാചകർ ഓർക്കുന്നുണ്ടല്ലോ. അതനുസരിച്ചാണ് ഇത്തവണ തിരുമേനി (സ) ബദ്‌റിലേക്ക് പുറപ്പെട്ടത്. മദീനായുടെ ചുമതല അബ്ദുല്ലാഹിബ്‌നുറവാഹതുൽഖസ്‌റജീ (റ) വിനെ ഏല്പിച്ചു. ആയിരത്തഞ്ഞൂറ് സഹാബികളുടെ ഒരു സേനയുമായി തിരുമേനി (സ) പുറപ്പെട്ടു. അലീ (ക. വ.) പതാക വഹിച്ചു. ഇതേ സമയത്തുതന്നെ രണ്ടായിരം പട്ടാളക്കാരോടുകൂടി അബൂസുഫ്‌യാനും പുറപ്പെട്ടു. മർറള്ളഹ്‌റാൻ എന്ന സ്ഥലത്തു ആ സൈന്യം താവളമടിച്ചു. അവിടെ നിന്നു മുമ്പോട്ട് നീങ്ങുവാൻ അബൂസുഫ്‌യാനു ധൈര്യമുണ്ടായില്ല. അയാളുടെ ഹൃദയത്തിൽ ഭയം നിഴലിട്ടു. മക്കയിലേക്ക് തിരിച്ചു പോവുകയാണ് നല്ലതെന്നു അയാൾക്ക് തോന്നിത്തുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ നഈമിബ്‌നുമസ്ഊദിൽ അശ്ജഈ എന്ന ആളെ അബൂസുഫ്‌യാൻ കണ്ടുമുട്ടി. അയാൾ മദീനായുടെ ഭാഗത്തുനിന്നു മക്കയിലേക്ക് തിരിച്ചു പോവുകയായിരുന്നു. തിരുമേനി (സ) യും ഒരു സൈന്യവും യുദ്ധത്തിന്നൊരുങ്ങിട്ടുണ്ടെന്നുള്ള വിവരം നഈമിൽ നിന്നു അബൂസുഫ്‌യാൻ ഗ്രഹിച്ചു. 'നിങ്ങൾ തിരിച്ചു പോയി മുസ്‌ലിംകളെകണ്ടു ഞങ്ങളുടെ യുദ്ധസന്നാഹത്തെക്കുറിച്ചു പറഞ്ഞു ഭയപ്പെടുത്തി അവരെ തിരിച്ചയച്ചെങ്കിൽ ഇരുപതു ഒട്ടകങ്ങളെ സമ്മാനമായി തരു'മെന്നു അബൂസുഫ്‌യാൻ അയാളോട് പറഞ്ഞു. ദൂരാഗ്രഹിയായ നഈം മദീനയിൽ ചെന്നു ശത്രുസൈന്യത്തിന്റെ ബലത്തെപ്പറ്റി വർണ്ണിക്കുകയും മുസ്‌ലിംകളിൽ ഭീതിയുളവാക്കുകയും ചെയ്തു. പക്ഷെ, തിരുമേനി (സ) യുടെ മനോദാർഢ്യം മൂലം മുസ്‌ലിം സേനയിൽ നിന്നു ഒരു വ്യക്തി പോലും പിന്തിരിഞ്ഞില്ല. ധൈര്യപൂർവ്വം അവർ ബദ്‌റിലേക്ക് മുന്നേറുകയുണ്ടായി. അതിലിടക്ക് അബൂസുഫ്‌യാൻ അയാളുടെ സൈന്യത്തോട് ഇപ്രകാരം പറഞ്ഞു:— 'മുഹമ്മദിനെയും കൂട്ടുകാരെയും ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കുവാൻ നഈമിനെ നാം നിയോഗിച്ചിട്ടുണ്ട്. അക്കാര്യത്തിൽ അവർ പരമാവധി പരിശ്രമിക്കും. പക്ഷെ അവന്റെ പരിശ്രമം വിജയിച്ചില്ലെങ്കിൽ, ഇതു നമ്മുടെ ദുഷ്കാലമാണെന്നുള്ളതു തീർച്ചപ്പെട്ടു. ദുഷ്കാലത്തു യുദ്ധം ചെയ്യുന്നതു ഉചിതവുമല്ല. എന്തായാലും ശകുനം നന്നല്ലെന്നാണെനിക്ക് തോന്നുന്നതു. ആകയാൽ മക്കയിലേക്ക് തിരിച്ചു പോവുകയാണുത്തമം.

യാത്രക്ക് സലാതുൽഖൈഫിന്റെ യുദ്ധയാത്ര യെന്ന പേർ വരുവാൻ കാരണമതാണ്.] ശത്രുക്കളെ അടുത്തെങ്ങും കണ്ടെത്തിയില്ല മുസ്‌ലിംസേന സ്ഥലം വിട്ടുനടുവരെ അവർ പ്രത്യക്ഷപ്പെട്ടതുമില്ല. ആകയാൽ മുസ്‌ലിം സേന മദീനയിലേക്ക് തന്നെ തിരിച്ചു. പതിനഞ്ചാം ദിവസം അവർ മദീനയിൽ തിരിച്ചെത്തി.

ബദ്‌റിലെ അവസാനത്തെ യുദ്ധയാത്ര

ഈ യുദ്ധയാത്രക്ക് ബദ്‌റിലെ ഒടുവിലത്തെ യുദ്ധം എന്നർത്ഥമുള്ള 'ബദ്‌റുൽ അഖീറത്' എന്നും, ബദ്‌റിലെ പെരിയ യുദ്ധം എന്നർത്ഥമുള്ള 'ബദ്‌റുസ്സുഗ്‌റാ' എന്നും പേരുകളുണ്ട്. ഹിജ്‌റാബ്ദം നാലാം വർഷത്തിലെ ശഅ്ബാൻ മാസത്തിലോ ദുൽഖഅ്ദ് മാസത്തിലോ ആണ് ഈ സംഭവം നടന്നത്. ബദ്‌റിൽവെച്ച് നടന്ന മൂന്നാമത്തെ സംഭവമാണിത്. ആദ്യത്തെ തവണ യുദ്ധത്തിന്റെ നാന്ദിയെ കുറിച്ചു. രണ്ടാമത്തെ തവണ യുദ്ധം നടന്നു. ഇപ്പോൾ, മൂന്നാമത്തെ തവണ മുസ്‌ലിംകൾ ബദ്‌റിലേക്ക് നീങ്ങുകയാണ്. ഉഹ്ദിൽ വെച്ച് പിരിയുമ്പോൾ, 'അടുത്ത കൊല്ലം ബദ്‌റിൽ വെച്ച് കാണാ'മെന്ന് അബൂസുഫ്‌യാൻ പ്രഖ്യാപിച്ചതും, 'ഇൻശാ അല്ലാഹ്' എന്ന് പറഞ്ഞുകൊണ്ട് തിരുമേനി (സ) ആ വെല്ലുവിളി സ്വീകരിച്ചതും അനുവാചകർ ഓർക്കുന്നുണ്ടല്ലോ. അതനുസരിച്ചാണ് ഇത്തവണ തിരുമേനി (സ) ബദ്‌റിലേക്ക് പുറപ്പെട്ടത്. മദീനായുടെ ചുമതല അബ്ദുല്ലാഹിബ്‌നുറവാഹതുൽഖസ്‌റജീ (റ) വിനെ ഏല്പിച്ചു. ആയിരത്തഞ്ഞൂറ് സഹാബികളുടെ ഒരു സേനയുമായി തിരുമേനി (സ) പുറപ്പെട്ടു. അലീ (ക. വ.) പതാക വഹിച്ചു. ഇതേ സമയത്തുതന്നെ രണ്ടായിരം പട്ടാളക്കാരോടുകൂടി അബൂസുഫ്‌യാനും പുറപ്പെട്ടു. മർറള്ളഹ്‌റാൻ എന്ന സ്ഥലത്തു ആ സൈന്യം താവളമടിച്ചു. അവിടെ നിന്നു മുമ്പോട്ട് നീങ്ങുവാൻ അബൂസുഫ്‌യാനു ധൈര്യമുണ്ടായില്ല. അയാളുടെ ഹൃദയത്തിൽ ഭയം നിഴലിട്ടു. മക്കയിലേക്ക് തിരിച്ചു പോവുകയാണ് നല്ലതെന്നു അയാൾക്ക് തോന്നിത്തുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ നഈമിബ്‌നുമസ്ഊദിൽ അശ്ജഈ എന്ന ആളെ അബൂസുഫ്‌യാൻ കണ്ടുമുട്ടി. അയാൾ മദീനായുടെ ഭാഗത്തുനിന്നു മക്കയിലേക്ക് തിരിച്ചു പോവുകയായിരുന്നു. തിരുമേനി (സ) യും ഒരു സൈന്യവും യുദ്ധത്തിന്നൊരുങ്ങിട്ടുണ്ടെന്നുള്ള വിവരം നഈമിൽ നിന്നു അബൂസുഫ്‌യാൻ ഗ്രഹിച്ചു. 'നിങ്ങൾ തിരിച്ചു പോയി മുസ്‌ലിംകളെകണ്ടു ഞങ്ങളുടെ യുദ്ധസന്നാഹത്തെക്കുറിച്ചു പറഞ്ഞു ഭയപ്പെടുത്തി അവരെ തിരിച്ചയച്ചെങ്കിൽ ഇരുപതു ഒട്ടകങ്ങളെ സമ്മാനമായി തരു'മെന്നു അബൂസുഫ്‌യാൻ അയാളോട് പറഞ്ഞു. ദൂരാഗ്രഹിയായ നഈം മദീനയിൽ ചെന്നു ശത്രുസൈന്യത്തിന്റെ ബലത്തെപ്പറ്റി വർണ്ണിക്കുകയും മുസ്‌ലിംകളിൽ ഭീതിയുളവാക്കുകയും ചെയ്തു. പക്ഷെ, തിരുമേനി (സ) യുടെ മനോദാർഢ്യം മൂലം മുസ്‌ലിം സേനയിൽ നിന്നു ഒരു വ്യക്തി പോലും പിന്തിരിഞ്ഞില്ല. ധൈര്യപൂർവ്വം അവർ ബദ്‌റിലേക്ക് മുന്നേറുകയുണ്ടായി. അതിലിടക്ക് അബൂസുഫ്‌യാൻ അയാളുടെ സൈന്യത്തോട് ഇപ്രകാരം പറഞ്ഞു:— 'മുഹമ്മദിനെയും കൂട്ടുകാരെയും ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കുവാൻ നഈമിനെ നാം നിയോഗിച്ചിട്ടുണ്ട്. അക്കാര്യത്തിൽ അവർ പരമാവധി പരിശ്രമിക്കും. പക്ഷെ അവന്റെ പരിശ്രമം വിജയിച്ചില്ലെങ്കിൽ, ഇതു നമ്മുടെ ദുഷ്കാലമാണെന്നുള്ളതു തീർച്ചപ്പെട്ടു. ദുഷ്കാലത്തു യുദ്ധം ചെയ്യുന്നതു ഉചിതവുമല്ല. എന്തായാലും ശകുനം നന്നല്ലെന്നാണെനിക്ക് തോന്നുന്നതു. ആകയാൽ മക്കയിലേക്ക് തിരിച്ചു പോവുകയാണുത്തമം.

ഞാൻ ഇതാ മക്കയിലേക്കുതന്നെ തിരിക്കുകയാണു്. നിങ്ങളും എന്നെ പിന്തുടരുക.' അങ്ങിനെ അബൂസുഫ്യാനും സൈന്യവും മക്കയിലേക്കു തന്നെ മടങ്ങി. തിരുമേനി (സ) യും സഹാബികളും പിറെ ദിവസം ബദ്റിലെത്തി താവളമടിച്ചു. എട്ടു ദിവസം അവർ അവിടെ താമസിച്ചു അബൂസുഫ്യാനും പട്ടാളവും ബദ്റിലേക്കു പോയില്ല. ബദ്റിൽ ചന്ത നടക്കുന്ന കാലമായിരുന്നു അതു്. മുസ്ലിംകൾ ചന്തയിൽ നിന്നു കച്ചവടം ചെയ്തു ലാഭമുണ്ടാക്കുവാൻ ആ അവസരം ഉപയോഗപ്പെടുത്തി അബൂസുഫ്യാൻ മുസ്ലിംകളെ പേടിച്ചു പിന്തിരിഞ്ഞു കളഞ്ഞ വാർത്ത നാട്ടിലുടനീളം പരസ്യമായി ആ അപമാനഭാരം ലഘൂകരിപ്പാനായി, അടുത്ത കൊല്ലം ഖന്ദഖ് യുദ്ധത്തിനു അവർ വട്ടമിട്ടു. ഈ വർഷത്തിലെ ശവ്വാൽ മാസത്തിൽ തിരുമേനി (സ) ഹിന്ദ് എന്നു പേരുള്ള ഉമ്മുസൽമാ (റ) യെ നിക്കാഹ് ചെയ്തു വീട്ടു കൂടി ഈ വർഷത്തിൽ തന്നെ അലീ (ക വ.) യുടെ മാതാവായ ഫാത്തിമാ (റ) പരലോകം പ്രാപിച്ചു തിരുമേനി (സ) യുടെ കുപ്പായം ആ ജനാസയെ അണിയിക്കുകയും തിരുമേനി (സ) ജനാസ നിസ്കാരം നിർവ്വഹിക്കുകയുമുണ്ടായി.

ദൌമത്തുൽജൻദൽ യുദ്ധം

ഹിജ്റാബ്ദം അഞ്ചാംവർഷവും സംഭവങ്ങളാൽ നിറഞ്ഞ വർഷമാണു് ആ കൊല്ലം റബീഉൽഅവ്വൽ മാസത്തിലാണു് തിരുമേനി (സ) യും സഹാബികളും ദൌമത്തുൽജൻദലിലേക്കു യുദ്ധയാത്ര നടത്തിയതു് മദീനയിൽനിന്നു പതിനഞ്ചു ദിവസത്തെ വഴിയകലത്തായി സ്ഥിതിചെയ്യുന്ന ഒരു നാടാണു് ദൌമത്തുൽജൻദൽ. ആ നാട്ടിൽ ഒരു സൈന്യം ശ്രുവവൽക്കരിക്കപ്പെട്ടതായും, അവർ വഴിയാത്രക്കാരെ ഉപദ്രവിക്കുന്നതായും, മദീനയെ ആക്രമിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതായും തിരുമേനി (സ) ക്കു വിവരം ലഭിച്ചു. മദീനയുടെ ചുമതല സിബാഇബ്നുഅറഖതൽഗഫ്ഫാരി (റ) വിനെ ഏല്പിച്ചുകൊണ്ടു ആയിരം സഹാബിമാരോടുകൂടി തിരുമേനി (സ) ദൌമത്തുൽജൻദലിലേക്കു പുറപ്പെട്ടു മഷ്കൂറൽഅദ്രീ (റ) വായിരുന്നു മുസ്ലിംകളുടെ വഴികാട്ടി. ദൌമത്തിന്നടുത്ത ഒരു സ്ഥലത്തു മുസ്ലിംസേന താവളമടിച്ചു. സഹാബിമാരിൽ ചിലർ അന്നാട്ടിലെ മേച്ചിൽസ്ഥലത്തേക്കു പോവുകയും അവിടെ കാലികളെ മേച്ചുകൊണ്ടിരുന്നവരിൽ ചിലരെ പിടികൂടുകയും ചെയ്തു മറ്റുള്ളവർ ഓടിക്കളഞ്ഞു. ദൌമത്തുകാർ ഈ വിവരം അറിഞ്ഞപ്പോൾ അവർ ഒന്നടക്കം നാടുവിട്ടു ഓടുകയുമുണ്ടായി. തിരുമേനി (സ) ദൌമത്തിലെത്തിയപ്പോൾ അവിടം ജനശൂന്യമായിക്കണ്ടു. ശത്രുക്കളെ തേടിപ്പിടിക്കുവാൻ സഹാബിമാരുടെ ചെറുസംഘങ്ങളെ പല ഭാഗത്തേക്കയച്ചുകൊണ്ടു കുറച്ചു ദിവസം തിരുമേനി (സ) അവിടെ താമസിച്ചു. ആ തിരച്ചലിൽ ഒരാളെമാത്രമെ പിടികിട്ടിയുള്ളു. അയാൾ ഇസ്ലാംമതം വിശ്വസിച്ചു. റബീഉൽആഖിർ ഇരുപതാം തിയ്യതി തിരുമേനി (സ) യും സംഘവും മദീനയിൽ തിരിച്ചെത്തി ഈ കൊല്ലം റബീഉൽആഖിർമാസത്തിൽ ചന്ദ്രഗ്രഹണമുണ്ടായി. ഗ്രഹണം കഴിയുന്നതുവരെ മദീനയിൽവെച്ചു തിരുമേനി ഗ്രഹണത്തിന്നുള്ള നിസ്കാരം നിർവ്വഹിച്ചു. ഈ വർഷത്തിൽതന്നെ മക്കക്കാർ കനത്ത ക്ഷാമത്തിന്നു വിധേയരായി. ക്ഷാമനിവാരണത്തിന്നായി തിരുമേനി (സ) പലതരത്തിൽ അവരെ സഹായിച്ചു. ഈ വർഷത്തിൽതന്നെ, മുസൈനത്തുകാരനായ ബിലാലിബ്നു ഹാരിസും പതിനാലാളുകളും മദീനയിൽചെന്നു ഇസ്ലാംമതം വിശ്വസിച്ചു കൂട്ടമായി മദീനയിൽചെന്നു ഇസ്ലാംമതം വിശ്വസിച്ച ആദ്യത്തെ സംഘം ഇതാണു്. തിരുമേനി (സ) യുടെ അനുമതിയോടുകൂടി അവർ മുസൈന

ത്തിലേക്ക് തിരിച്ചുപോയി. മുഹാജിർകളായിട്ടാണ് അവർ പരിഗണിക്കപ്പെട്ടന്നത്. ഈ വർഷത്തിൽതന്നെ ഉമാമിബ്നുസഅ്ലബതിന്റെ നേതൃത്വത്തിൽ വളരെയധികം ആളുകൾ ഒരു സംഘമായിച്ചെന്ന മദീനയിൽപോയി തിരുമേനിയെ കാണുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. ഉമാമിബ്നുസഅ്ലബത് (റ) വും കൂട്ടുകാരും ബനൂസഅ്ദ് ഗോത്രക്കാരാകുന്നു.

മുറൈസീഅ് യുദ്ധം

ഹിജ്റാബ്ദം അഞ്ചാംവർഷം, ശഅ്ബാൻ മാസത്തിൽ മുറൈസീഅ് യുദ്ധം നടന്നു. മദീനയിൽനിന്നു രണ്ടുദിവസത്തെ വഴിയകലെ സ്ഥിതിചെയ്യുന്ന ഫർഅ് എന്നിടത്തുനിന്നു നൂറിരുപത്തെട്ടു നാഴിക അകലെയുള്ള ഒരു സ്ഥലമാണ് മുറൈസീഅ്. ജലാശയങ്ങളുള്ള ആ സ്ഥലത്തു ബനൂഖുസാഅ: ഗോത്രക്കാരാണ് താമസിച്ചിരുന്നത്. ഈ യുദ്ധത്തിനു ബനൂമുസ്തലിഖ് യുദ്ധമെന്നും പേരുണ്ട്. ബനൂഖുസാഅ: ഗോത്രക്കാരിൽപ്പെട്ട ഒരു കൂട്ടരാണ് ബനൂമുസ്തലിഖ്. ഈ യുദ്ധത്തിൽ അവരും പങ്കാളികളായിരുന്നതുകൊണ്ടാണ് ഈ യുദ്ധത്തിനു ബനൂമുസ്തലിഖ് യുദ്ധം എന്നുകൂടി പേരുണ്ടായത്.

ഖുസാഅ: ഗോത്രത്തലവനായ ഹർസി ബ്നുഅബീളിറാർ, * നബി തിരുമേനി (സ) യോടു യുദ്ധംചെയ്യുവാൻ തീരുമാനിക്കുകയും യുദ്ധത്തിനു കനത്ത ഒരുക്കം കൂട്ടുകയും ചെയ്തു. ഒരു സൈന്യത്തെയും കൊണ്ടു അദ്ദേഹം ഫർഅ് എന്ന സ്ഥലത്തേക്കു നീങ്ങുകയും അവിടെ താവളമടിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞ തിരുമേനി (സ) ബുറൈദുബ്നുൽഹസീബുൽഅസ്‌ലമീ (റ) എന്ന സമർത്ഥനായ സഹാബിയെ ശത്രുപക്ഷത്തിന്റെ ഒരുക്കങ്ങളും സ്ഥിതിഗതികളും മനസ്സിലാക്കിവരുവാൻ ഫർഇലേക്കു നിയോഗിച്ചു. അദ്ദേഹം വേഷപ്രച്ഛന്നനായി ഫർഇലേക്കു ചെല്ലുകയും ശത്രുപക്ഷത്തിന്റെ സ്ഥിതിഗതികളെല്ലാം വിശദമായി മനസ്സിലാക്കുകയും ചെയ്തു. ബുറൈദത് (റ) ഉടനെ മദീനയിലേക്കു തിരിക്കുകയും വിവരങ്ങളെല്ലാം തിരുമേനി (സ) യെ ധരിപ്പിക്കുകയുമുണ്ടായി. വിവരം ലഭിച്ച ഉടനെ തിരുമേനി (സ) യുദ്ധയാത്രക്കു ഒരുക്കം കൂട്ടി. തിരുമേനി (സ) യോടൊപ്പം യുദ്ധത്തിനു പുറപ്പെടുവാനായി മുനാഫിഖുകൾ ഉത്സാഹപൂർവ്വം മുമ്പോട്ടുവന്നു. ഈ സംരംഭത്തിൽ മുനാഫിഖുകൾ അത്ഭുതകരമായ ഉത്സാഹമാണ് പ്രദർശിപ്പിച്ചത്. മദീനയുടെ മേൽനോട്ടം സൈദിബ്നുഹാരിസത് (റ) * വിനെ ഏല്പിച്ചുകൊണ്ട് തിരുമേനി (സ) യും സൈന്യവും ഫർഇലേക്കു പുറപ്പെട്ടു. പത്തു മുഹാജിറുകളും ഇരുപതു അൻസാർകളുമടക്കം മുപ്പതു അശ്വഭടന്മാർ തിരുമേനി (സ) യുടെ സൈന്യത്തിലുണ്ടായിരുന്നു. മറ്റു ഭടന്മാരെല്ലാം കാലാളുകൾ മാത്രമായിരുന്നു. ഈ യുദ്ധയാത്രയിൽ ആഇശ (റ) യും ഉമ്മുസൽമ (റ) യും തിരുമേനിയെ അനുഗമിച്ചു. വഴിയിൽവെച്ചു ശത്രുക്കളുടെ ഒരു ചാരനായ ഒരാളെ മുസ്‌ലിംസേന കണ്ടുമുട്ടി. ശത്രുപക്ഷത്തിന്റെ വിവരങ്ങൾ മുസ്‌ലിംകൾക്കു നൽകുവാൻ ജാസൂസ് (ചാരൻ) കൂട്ടാക്കിയില്ല. ഇസ്‌ലാമിലേക്കു ക്ഷണിച്ചപ്പോൾ ആ ക്ഷണം സ്വീകരിച്ചതുമില്ല. തന്നിമിത്തം ആ ചാരൻ വധിക്കപ്പെട്ടു. മുസ്‌ലിംസേന പുറപ്പെട്ട വാർത്തയും വഴിയിൽവെ

---

*തിരുമേനി (സ) യുടെ പത്നിമാരിലൊരാളായ ജുവൈരിയ: (റ) യുടെ പിതാവാണിദ്ദേഹം. പിൽക്കാലത്തു ഇദ്ദേഹം ഇസ്‌ലാംമതം സ്വീകരിച്ചു.

*മദീനയുടെ മേൽനോട്ടം അബൂദർറുൽഗഫ്ഫാരീ (റ) വിനെയാണ് ഏല്പിച്ചതെന്നും, ഗൈലതിബ്നുഅബ്ദില്ലാഹിസ്സഖീ (റ) വിനെയാണേല്പിച്ചതെന്നും പക്ഷാന്തരമുണ്ട്.

ച്ച് ചാരൻ വധിക്കപ്പെട്ട വാർത്തയും അറിഞ്ഞപ്പോൾ ഹർസും കൂട്ടുകാരും ഒട്ടൊന്നമ്പരന്നു അവർ മുറൈസീഇലേക്കു നീങ്ങി. മുസ്‌ലിം സേന മുറൈസീഇൽ എത്തി താവളമടിച്ചു യുദ്ധത്തിനു ഇരുകക്ഷികളും അണിനിരന്നു മുഹാജിറുകളുടെ പതാക അബൂബക്കർ സിദ്ദീഖ് (റ) വും * അൻസാർകളുടെ പതാക സഅ്ദ് ബ്നുഉബാദത് (റ) വും ഉയർത്തിപ്പിടിച്ചു ഉമർ (റ) ടീൻ വിളിച്ചു, അതായതു് ശത്രുക്കളെ ഇസ്‌ലാമിലേക്കു ക്ഷണിച്ചു ശത്രുക്കൾ ആ ക്ഷണത്തെ നിരാകരിച്ചു. പിന്നെ താമസമുണ്ടായില്ല. യുദ്ധത്തിനു ആഹ്വാനം നൽകപ്പെട്ടു. തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ചു മുസ്‌ലിംസേന ശത്രുസേനയുടെ അണിയിലേക്കു ഇരമ്പിക്കയറി. നൊടിയിടയിൽ ശത്രുക്കൾ പറെ പരാജയപ്പെട്ടു. ശത്രുപക്ഷത്തുനിന്നു പത്തുപേർ കൊല്ലപ്പെടുകയും മറുള്ളവർ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു കുട്ടികളും സ്ത്രീകളും അടക്കം ഇരുന്നൂറു വീട്ടുകാരായ എഴുന്നൂറോളം പേരാണ് ബന്ധനസ്ഥരാക്കപ്പെട്ടതു് മുസ്‌ലിംപക്ഷത്തുനിന്നുതന്നെ അബദ്ധത്തിൽ ആയുധമേൽക്കുകയാൽ ഹിശാമി ബ്നുസഅ്ബത് (റ) എന്ന ഒരു സഹാബി മാത്രം കൊല്ലപ്പെട്ടു. ഹർസിന്റെ മകളായ ജുവൈരിയബീ ബന്ധനസ്ഥരാക്കപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. ആ മഹതിയെ തിരുമേനി (സ) ക്കു നൽകപ്പെട്ടു. തിരുമേനി (സ) ജുവൈരിയബീയെ സ്വതന്ത്രയാക്കുകയും പിന്നീട് വിവാഹം കഴിക്കുകയും ചെയ്തു. ജുവൈരിയ (റ) പറയുന്നു:— 'ഈ സംഭവം നടക്കുന്നതിനു മൂന്നുദിവസം മുമ്പ് ഞാൻ ഒരു സ്വപ്നം കണ്ടു. യസ്‌രിബിൽനിന്നു പുറപ്പെട്ട ഒരു ചന്ദ്രൻ എന്റെ മടിയിൽ വന്നുവീണുവെന്നതായിരുന്നു സ്വപ്നം. ഈ വിവരം ഞാൻ മറാരെയും അറിയിക്കുകയുണ്ടായില്ല. തിരുമേനി (സ) എന്നെ വിവാഹം കഴിച്ചപ്പോൾ എന്റെ പിതൃസഹോദരന്റെ പുത്രിമാർ ഞാനുമായുള്ള ബന്ധം വിടുത്തിയതായി എന്നെ അറിയിച്ചു' ജുവൈരിയ (റ) യെ തിരുമേനി (സ) വിവാഹം ചെയ്യുന്നതിനു മുമ്പു്, ബന്ധനസ്ഥരാക്കപ്പെട്ടവരിൽ ചിലരെ പ്രതിഫലം വാങ്ങി മോചിപ്പിച്ചു ആഇശ: (റ) പറയുന്നു:— 'ജുവൈരിയ: (റ) യുമായി തിരുമേനി (സ) വീടണഞ്ഞ രാത്രി— അവരുടെ പ്രഥമ സമാഗമരാത്രി— ബന്ധനസ്ഥന്മാരുടെ കൂട്ടത്തിൽ അവരുടെ കുടുംബക്കാരായ എല്ലാവരെയും മുസ്‌ലിംകൾ സ്വതന്ത്രരാക്കി' അവരിൽ ഭൂരിപക്ഷം പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചു. വീണ്ടും ജുവൈരിയ: (റ) പറയുന്നു:— 'തിരുമേനി (സ) യും സേനയും മുറൈസിഇൽ എത്തിയപ്പോൾ, 'തടുപ്പാനാവാത്ത ആപത്തു എത്തിക്കഴിഞ്ഞുവെന്നു ബാപ്പ പറയുന്നതു ഞാൻ കേട്ടു. മുസ്‌ലിംസേന യുദ്ധത്തിന്നണി നിരന്നപ്പോൾ അവരുടെ മുഖങ്ങളിൽ പ്രകടമായിക്കണ്ട ക്രൂരഭാവം എന്നെ കിടിലം കൊള്ളിച്ചു. ഇപ്പോൾ, ഞാൻ മുസ്‌ലിമായതിനു ശേഷം എന്റെ അനുഭവം മറെറാന്നായിരിക്കുന്നു. അവരോളം ശാന്തരും സ്നേഹസമ്പന്നരുമായ ആളുകളെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല.'

ജുവൈരിയ: (റ) ഇസ്‌ലാംമതം വിശ്വസിക്കുകയും തിരുമേനി (സ) അവരെ വിവാഹം കഴിക്കുകയും ചെയ്ത വിവരം അവരുടെ പിതാവായ ഹർസ് അറിഞ്ഞിരുന്നില്ല. അദ്ദേഹം മകളെ മോചിപ്പിക്കുവാനായി പുറപ്പെട്ടു. പ്രതിഫലമായി നൽകുവാൻ കുറെ ഒട്ടകങ്ങളെയും കൊണ്ടുപോയി. *ഖുബൈബ് എന്ന സ്ഥ

---

* അമ്മാറിബ്നുയാസിർ (റ) എന്നും അഭിപ്രായമുണ്ട്.

*മുറൈസീഇ് യുദ്ധത്തിൽ രണ്ടായിരം ഒട്ടകങ്ങളെയും അയ്യായിരം ആടുകളെയും കുറെ പുരുക്കളെയും മുസ്‌ലിം സേന പിടിച്ചെടുത്തു.

ലത്തെത്തിയപ്പോൾ അദ്ദേഹം ഒട്ടകങ്ങളെ പരിശോധിച്ചു. അക്കൂട്ടത്തിലുണ്ടായിരുന്ന രണ്ടു മേത്തരം ഒട്ടകങ്ങളെ അദ്ദേഹം അടുത്തുള്ള മലച്ചെരുവിൽ കെട്ടിയിട്ടു, മറ്റു ഒട്ടകങ്ങളെയും കൊണ്ടു തിരുമേനി (സ) യെ സമീപിച്ചു ഈ ഒട്ടകങ്ങളെ പ്രതിഫലമായി സ്വീകരിച്ചുകൊണ്ടു എന്റെ മകളെ വിട്ടുതരേണം'മെന്നു അദ്ദേഹം തിരുമേനി (സ) യോടു പറഞ്ഞപ്പോൾ, 'മലച്ചെരുവിൽ കെട്ടിയിട്ട ഒട്ടകങ്ങളെപ്പറ്റി ഒന്നും പറവാനില്ലെ' എന്നു തിരുമേനി (സ) ചോദിച്ചു ഇതു കേട്ടപ്പോൾ അദ്ദേഹം അത്ഭുതപ്പെടുകയും അവിടെവെച്ചു തന്നെ ഇസ്‌ലാം വിശ്വസിക്കുകയും ചെയ്തു ബാപ്പയുടെ ഇസ്‌ലാംമത സ്വീകരണം ജുവൈരിയ: (റ) വെ അത്യന്തം സന്തോഷിപ്പിച്ചു. താൻ ഇസ്‌ലാംമതം വിശ്വസിക്കുകയും തിരുമേനി (സ) യെ വിവാഹം കഴിക്കുകയും ചെയ്ത വിവരം ആ മഹതി ബാപ്പയെ അറിയിച്ചപ്പോൾ അദ്ദേഹം സന്തോഷഭരിതനായിത്തീർന്നു.

മുറൈസീഇലേക്കുള്ള യുദ്ധയാത്രയിൽ ദാതുൽജൈശ് എന്ന സ്ഥലത്തെത്തിയപ്പോൾ ആഇശ:ബീ (റ) യുടെ കഴുത്തിൽ ധരിച്ചിരുന്ന മാല കാണാതായി. സഹാബികൾ തിരച്ചിലാരംഭിച്ചു. തിരുമേനി (സ) യും മാല തിരഞ്ഞുതുടങ്ങി. ഒരു മാലയെ ചൊല്ലി തിരുമേനി (സ) യെ ബുദ്ധിമുട്ടിച്ചതിനു അബൂബകർ സിദ്ദീഖ് (റ) മകളെ ഗുണദോഷിച്ചു [ആഇശ (റ) യെക്കുറിച്ചു ഒരു പരാതി പറഞ്ഞുപരത്തുവാനുള്ളൊരുകക്ഷികൾക്കു അവസരം ഉണ്ടാക്കിക്കൊടുത്തതും കഴുത്തിലുണ്ടായിരുന്ന മാല അഴിഞ്ഞുവീണ സംഭവം തന്നെയാണു്. മുറൈസീഅ് യുദ്ധം കഴിഞ്ഞുതിരിച്ചു പോകുമ്പോഴാണു് രണ്ടാമതു് മാല അഴിഞ്ഞു വീണുപോയതെന്നാണു് ചരിത്രകാരന്മാരിൽ ഭൂരിപക്ഷം പ്രസ്താവിച്ചിട്ടുള്ളതു്.] കാണാതായ മാല അവസാനം ഒട്ടകങ്ങളെ അഴിച്ചുവിട്ടപ്പോൾ അവിടെവെച്ചുതന്നെ കണ്ടുകിട്ടി. അതു വെള്ളമില്ലാത്ത സ്ഥലമായിരുന്നു നേരം വെളുക്കാറായപ്പോൾ സുബ്ഹി നിസ്ക്കാരത്തിനു വുളൂ വാക്കുവാൻ വെള്ളം കിട്ടാതെ മുസ്‌ലിംകൾ വിഷമിച്ചു. ആ ഘട്ടത്തിലാണു് 'തയമ്മു'മിന്റെ ആയത്തിറങ്ങിയതു് തയമ്മും ചെയ്തുകൊണ്ടു അവർ അന്നത്തെ സുബ്ഹി നിസ്ക്കരിച്ചു

അപവാദത്തിന്റെ കഥ

ആഇശ: (റ) യുടെയും സഫ്‌വാനിബ്നുൽ മുഅത്തലുസ്സുൽമീ (റ) വിന്റെയും പേരുകൾ കൂട്ടിച്ചേർത്തുകൊണ്ടു ഒരു അപവാദം പ്രചരിപ്പിക്കപ്പെട്ടു. മുറൈസീഅ് യുദ്ധയാത്രയോടനുബന്ധിച്ചാണു് ഈ സംഭവം നടന്നതു്. ആ സംഭവത്തിന്റെ പശ്ചാത്തലം ആഇശ: (റ) യിൽനിന്നു ബുഖാരീ (റ) വും മുസ്‌ലിം (റ) വും ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു. ആഇശ: (റ) പറഞ്ഞു:— ഞങ്ങൾക്കു മറുകൽപിച്ചശേഷമാണു് സംഭവം നടന്നതു്. ഞാൻ തിരുമേനി (സ) യോടൊപ്പം പുറപ്പെട്ടു. യുദ്ധാനന്തരം തിരുമേനി (സ) സൈന്യത്തോടൊപ്പം യാത്രതിരിച്ചു. ഞാൻ ഒരു കൂടാരത്തിൽ ഒട്ടകപ്പുറത്താണു് സഞ്ചരിച്ചിരുന്നതു് മദീനയോടടുത്തപ്പോൾ സൈന്യം ഒരിടത്തു വിശ്രമിച്ചു. ഞാൻ കയറിയ കൂടാരം താഴെ ഇറക്കിവെക്കപ്പെട്ടു. ഞാൻ കൂടാരത്തിൽ നിന്നിറങ്ങി കുറച്ചകലെ രഹസ്യമായ ഒരു സ്ഥലത്തുപോയി മലമൂത്രവിസർജ്ജനം നടത്തി കൂടാരത്തിലേക്കു തിരിച്ചുവന്നു. അപ്പോഴാണു് ഞാൻ കഴുത്തിലണിഞ്ഞിരുന്ന മാല വീണുപോയതായി എനിക്കു മനസ്സിലായതു് അതു കറുപ്പും വെളുപ്പും കലർന്ന കല്ലുകൾകൊണ്ടുള്ള ഒരു മാലയായിരുന്നു. ഞാൻ മാല തിരഞ്ഞുനടന്നു. കുറെനേരത്തെ തിരച്ചിലിനുശേഷം മാല കിട്ടി

ഞാൻ തിരിച്ചുവന്നപ്പോഴേക്കും മുസ്‌ലിംകളും സ്ഥലംവിട്ട് കഴിഞ്ഞിരുന്നു. എന്റെ ദേഹം ക്ഷീണവും ഘനം കുറഞ്ഞതുമാകയാൽ കൂടാരം പൊക്കി ഒട്ടകപ്പുറത്തു വെക്കുമ്പോൾ ഞാൻ അതിലില്ലെന്നുള്ള വസ്തുത മനസ്സിലാക്കുവാൻ അവക്കു കഴിഞ്ഞില്ല. ഏതായാലും ഞാൻ കൂടാരത്തിലില്ലെന്നു മനസ്സിലാകുമ്പോൾ അവർ എന്നെത്തേടി വരുമെന്നുള്ള ധാരണയോടുകൂടി ഞാൻ എന്റെ ശൈമയിൽ കയറി ഇരുന്നു. എത്രനേരം അങ്ങിനെ ഇരുന്നെന്നറിഞ്ഞുകൂടാ. ഞാൻ ആ ഇരുപ്പിൽ ഉറങ്ങിപ്പോയി. അപ്പോഴാണ് മുസ്‌ലിം സംഘത്തെ അകമ്പടിസേവിച്ച സഫ്‌വാനുൽ മുഅത്തലൂസുൽ മീ അവിടെ എത്തിയതു്. മറ കല്പിക്കപ്പെടുന്നതിനുമുമ്പു് അദ്ദേഹം എന്നെ കണ്ടിരുന്നു. ശൈമക്കകത്തു് ആരോ ഇരിക്കുന്നുണ്ടെന്നു കണ്ടപ്പോൾ അദ്ദേഹം ശ്രദ്ധിച്ചുനോക്കി. എന്നെ മനസ്സിലായപ്പോൾ അദ്ദേഹം 'ഇസ്തിർജാഅ്' * ചൊല്ലി. അതുകേട്ടപ്പോൾ ഞാൻ ഉണർന്നു, ഉടനെ മക്കനകൊണ്ടു മുഖം മറച്ചു. അല്ലാഹുവാണെ സത്യം, പിന്നീടു ഞങ്ങൾ ഒന്നും സംസാരിച്ചില്ല. അദ്ദേഹമൊ ഞാനൊ ഒരക്ഷരംപോലും ഉരിയാടിയിട്ടില്ല. അദ്ദേഹം അദ്ദേഹത്തിന്റെ ഒട്ടകത്തെ എന്റെ ശൈമയുടെ വാതുക്കൽ മുട്ടുകുത്തിച്ചു. ഞാൻ ഒട്ടകപ്പുറത്തു കയറി. അദ്ദേഹം ഒട്ടകത്തിന്റെ കടിഞാൺ പിടിച്ചുകൊണ്ടു് നടന്നു. വഴിയിൽവെച്ചു അബ്ദുല്ലാഹിബ്‌നു ഉബയ്യു് എന്ന മുനാഫിഖ് ഞങ്ങളെ കാണുകയും വിവരങ്ങൾ അന്വേഷിച്ചറിയുകയും ചെയ്തു. അയാൾ ഒരുകൂട്ടം മുനാഫിഖുകളോടൊപ്പം ഒരിടത്തു വിശ്രമിക്കുകയായിരുന്നു. ആ മനുഷ്യൻ ഉടനെതന്നെ സംഭവത്തെ വളച്ചൊടിച്ചു ഒരു അപവാദം കെട്ടിയുണ്ടാക്കുകയും സൈന്യങ്ങൾക്കിടയിൽ അതു പ്രചരിപ്പിക്കുകയുമുണ്ടായി. ഞങ്ങൾ മുനാഫിഖുകളുടെ അടുത്തെത്തിയപ്പോൾ 'ഇവനാ'രാണെന്നു അബ്ദുല്ലാഹിബ്‌നു ഉബയ്യു് അന്വേഷിച്ചു 'ആഇശയും സഫ്‌വാനു'മെന്നു പറഞ്ഞപ്പോൾ, 'കണ്ണുപൊത്തിന്റെ റബ്ബാണെ സത്യം, ഇവർ അസാന്മാർഗ്ഗികത്വം നടത്തിവരികയാ'ണെന്നു അവൻ പറഞ്ഞു. നേരം പുലരുന്നതുവരെ നിങ്ങളുടെ നബിയുടെ ഭാര്യ മറ്റൊരു പുരുഷന്റെകൂടെയായിരുന്നുവെന്നു അവൻ മുസ്‌ലിംസൈന്യത്തിലുള്ളവരെ ധരിപ്പിച്ചു. അല്ലാഹുവിന്റെ റസൂലോടു അവനുള്ള ആന്തരീയമായ വിദ്വേഷമായിരുന്നു അതിന്റെ കാരണം. ഉച്ചയാകുമ്പോഴേക്കും ഞങ്ങൾ മുസ്‌ലിംസേനയോടൊപ്പമെത്തി. അവർ തണലുള്ള ഒരു സ്ഥലത്തു വിശ്രമിക്കുകയായിരുന്നു.'

ഉർവതിബ്‌നുസ്സുബൈർ (റ) പറയുന്നു:— ഒരുകൂട്ടം ആളുകളാണു് അപവാദം പ്രചരിപ്പിച്ചതു്. അവരെല്ലാം മുസ്‌ലിം അണിയിൽപെട്ടവരുമായിരുന്നു. ഹസ്സാനിബ്‌നു സാബിത്, മസ്തഹ് ഇബ്‌നുഅസാസത്, ഹമീനത്ബിന്തു് ജഹശ് എന്നിവരുടെ പേരുകൾ മാത്രമെ അക്കൂട്ടത്തിൽനിന്നു് അറിയപ്പെട്ടിട്ടുള്ളൂ. മറ്റുള്ളവരുടെ പേരുകൾ എനിക്കറിഞ്ഞുകൂടാ. 'അപവാദം പ്രചരിപ്പിച്ചതു നിങ്ങളിൽനിന്നു ഒരു കൂട്ടരാകുന്നുവെന്നു' അല്ലാഹു പറഞ്ഞിരിക്കുന്നു.

ആഇശ: (റ) പറയുന്നു:— മദീനത്തെത്തിയപ്പോൾ, ഈ അപവാദം ഹേതുവായി എനിക്കു രോഗം പിടിപെട്ടു. ഞാൻ കിടപ്പിലായി. ഒരു മാസം ഞാൻ രോഗശയ്യയിൽ കഴിച്ചുകൂട്ടി. അതിലിടക്കു ജനങ്ങൾ എന്നെപ്പറ്റി പലതും പറഞ്ഞു. എന്തൊക്കെയാണു് അവർ പറഞ്ഞതെന്നു ഞാൻ അറിഞ്ഞതില്ല. തിരുമേനി (സ) യാകട്ടെ, പതിവിനു വിരുദ്ധമായിട്ടാണു് എന്നോടു പെരുമാറിവന്നതു്. നിത്യവും തിരുമേനി (സ) എന്റെ അടുത്തുവരികയും

* "ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ."

'എങ്ങിനെയുണ്ട്'' എന്നുമാത്രം അന്വേഷിച്ചു തിരിച്ചുപോവുകയും ചെയ്തു. സാന്ത്വനാകതി കൊണ്ടോ മറ്റു നിലയിലോ എന്നെ ആശ്വസിപ്പിക്കുവാൻ തിരുമേനി (സ) ഒരുങ്ങിയില്ല ഇതു എന്നെ കൂടുതൽ വിഷമിപ്പിച്ചു. വീട്ടിനടുത്തു മറപ്പുരകെട്ടുന്നതിനുമുമ്പ് മനാസിഅ് എന്ന സ്ഥലത്താണ് ഞങ്ങൾ മറക്കിരിക്കുവാൻ പോയിരുന്നതു്. ഒരു രാത്രി മസ്‌തഹ് എന്നവരുടെ മാതാവും എന്റെ ബാപ്പയുടെ ഇളയുമ്മയുടെ മകളുമായ സൽമാ എന്നവരോടൊപ്പം ഞാൻ മറക്കുപോയി. ഞങ്ങൾ രണ്ടുപേരും എന്റെ വീട്ടിൽ തിരിച്ചുവന്നു. സംസാരമദ്ധ്യേ' മസ്‌തഹ് ദോഷിയായി'എന്ന് അവർ എന്നോടുപറഞ്ഞു. 'നിങ്ങൾ പറഞ്ഞതു തെറ്റാണു്; ബദ്‌ർ യുദ്ധത്തിൽ പങ്കെടുത്ത ഒരു സഹാബിയെപ്പറ്റി ഇങ്ങിനെ പറയുവാൻ പാടുണ്ടോ'എന്നു ഞാൻ ഗ്രഹിപ്പിച്ചു. നിങ്ങൾ എന്തറിഞ്ഞിട്ടാണ് പറയുന്നതു്; മസ്‌തഹ് പറഞ്ഞതു് നിങ്ങൾ അറിയുമോ'എന്നു അവർ എന്നോടു ചോദിച്ചു എന്താണദ്ദേഹം പറഞ്ഞ'തെന്നു ഞാൻ അന്വേഷിച്ചു. 'അപവാദം പറയുന്നവർ നിങ്ങളെപ്പറ്റി പറയുന്നതുതന്നെ അവനും പറഞ്ഞു'വെന്നു അവർ മറുപടി പറഞ്ഞപ്പോൾ, എനിക്കു രോഗവും അസ്വാസ്ഥ്യവും അധികരിച്ചു. ഞാൻ ദു:ഖാർത്തയായി ഇരിക്കുമ്പോൾ തിരുമേനി (സ) കടന്നുവന്നു 'എങ്ങിനെയിരിക്കുന്നു'വെന്നു അന്വേഷിച്ചു. എന്റെ മാതാപിതാക്കളുടെ വീട്ടിലേക്കു പോകുവാൻ അനുവാദം തരേണമെന്നു ഞാൻ അപേക്ഷിച്ചു. ജനങ്ങൾ എന്നെപ്പറ്റി എന്തൊക്കെയാണ് പറഞ്ഞു പരത്തുന്നതെന്നു എന്റെ വീട്ടിലിരുന്നുകൊണ്ടറിവാൻ എനിക്കു സാധിച്ചിരുന്നില്ല. മാതാപിതാക്കളുടെ വീട്ടിൽ ചെന്നാൽ വിവരങ്ങളെല്ലാം അറിയുവാൻ കഴിയുമെന്നു കരുതിയാണ് ഞാൻ സമ്മതം ആവശ്യപ്പെട്ടതു്. തിരുമേനി (സ) സമ്മതം നൽകി. ഞാൻ ഉമ്മയുടെ വീട്ടിലേക്കു പോയി. ഉമ്മയോടു വിവരങ്ങൾ അന്വേഷിച്ചപ്പോൾ 'ഒരാൾക്കു പല ഭാര്യമാരുണ്ടായാൽ ഇങ്ങിനെയെല്ലാം സംഭവിക്കുന്നതു അസാധാരണമല്ല'എന്നു അവർ മറുപടി നൽകി. ജനങ്ങൾ ഇത്തരത്തിലെല്ലാം പറയുന്നല്ലോ എന്നു ഞാൻ അത്ഭുതപ്പെട്ടു. അന്നു രാത്രി മുഴുവൻ കരഞ്ഞുകൊണ്ടു് ഞാൻ കഴിച്ചുകൂട്ടി. നേരംപുലർന്നിട്ടും എന്റെ കണ്ണീർ നിലച്ചില്ല. അതിലിടക്കു, ഞാനുമായുള്ള വിവാഹബന്ധം വേർവിടുത്തുന്ന പ്രശ്നത്തെക്കുറിച്ചു അലിയ്യിബ്നു അബീതാലിബ്, ഉസാമതിബ്നുസൈദ് എന്നിവരുമായി തിരുമേനി (സ) ചർച്ചനടത്തി.' പക്ഷെ, ഈ വിഷയത്തിൽ വാഹ്യ് ഉണ്ടായില്ല. തന്മൂലം തിരുമേനി (സ) വ്യസനിച്ചു. സദ്ഗുണവതികളായിട്ടല്ലാതെ തിരുമേനി (സ) യുടെ വീട്ടുകാരെ ഞങ്ങൾ അറിഞ്ഞിട്ടില്ലെന്നു ഉസാമത് (റ) അഭിപ്രായപ്പെട്ടു. ആഇശാബീയെക്കുറിച്ചു ബുറൈറത്തോടു അന്വേഷിച്ചാൽ സത്യാവസ്ഥകൾ മനസ്സിലാക്കുവാൻ കഴിയുമെന്നതായിരുന്നു അലീയുടെ അഭിപ്രായം. അതനുസരിച്ചു തിരുമേനി (സ) ബുറൈറത്തോടു അന്വേഷിച്ചു. 'അധാർമ്മികമായ യാതൊരു കാര്യവും ഒരിക്കലും ഒട്ടുംതന്നെ ഞാൻ ആഇശയിൽ കണ്ടിട്ടില്ലെന്നു തിരുമേനി (സ) യെ റസൂലായി നിയോഗിച്ച അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ടു അവർ മൊഴികൊടുത്തു. തിരുമേനി (സ) ഈ വിഷയത്തെക്കുറിച്ചു ഉമർഖത്താബിന്റെ അഭിപ്രായം ആരാഞ്ഞു. 'ഇതു മുനാഫിഖുകൾ പടച്ചുണ്ടാക്കിയ അപവാദമാണ്'. മാലിന്യത്തിൽ ഇരിക്കുന്ന ജീവിയായതുകൊണ്ടു. ഈച്ച തിരുമേനി (സ)യു

ടെ ശരീരത്തെ സ്പർശിക്കുന്നതിനെ അല്ലാഹു നിരോധിച്ചു. എന്നിരിക്കെ, തിരുമേനി (സ) യുടെ പത്നിയിൽ അല്ലാഹു ഒരു ഉ:സ്ഥിതി ഉണ്ടാക്കിത്തീർക്കുമോ. അല്ലാഹുവാണെ സത്യം, ഇതു കഴമ്പില്ലാത്ത അപവാദം മാത്രമാകുന്നു'എന്ന അദ്ദേഹം പ്രസ്താവിച്ചു. ഉസ്മാൻ (റ) പറഞ്ഞു:– 'തിരുമേനി (സ) യുടെ നിഴൽ മാലിന്യത്തിൽ പതിയുന്നതിനെയും മറുള്ളവർ ചവിട്ടുന്നതിനെയും അല്ലാഹു നിരോധിച്ചിരിക്കുന്നു. എന്നിരിക്കെ, തിരുമേനി (സ) യുടെ ഇണയെ അല്ലാഹു അശുദ്ധമാക്കുന്നതെങ്ങനെ.' ഒരിക്കൽ നബി (സ) തിരുമേനിയും സഹാബികളും നിസ്കാരത്തിനു നിന്നപ്പോൾ തിരുമേനി (സ) തന്റെ പാദുകം ദൂരെ മാറ്റിവെച്ചു. അതുകണ്ട സഹാബികളും അപ്രകാരം ചെയ്തു. നിസ്കാരം കഴിഞ്ഞപ്പോൾ തിരുമേനി (സ) പറഞ്ഞു:– എന്റെ ചെരിപ്പിനിടയിൽ മാലിന്യമുണ്ടെന്നു ജിബ്രീൽ എന്നെ അറിയിച്ചതുകൊണ്ടാണ് ഞാൻ എന്റെ ചെരിപ്പു അകലെ മാറ്റിവെച്ചത്. നിങ്ങൾ അങ്ങിനെ ചെയ്തതെന്തിനു?' ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ട്, ഈ വിഷയത്തിൽ അലിയ്യിബ്നു അബീതാലിബ് ഇങ്ങിനെ പ്രസ്താവിച്ചു:– 'ചെരിപ്പടിയിലുള്ള മാലിന്യത്തെക്കുറിച്ചുപോലും ജിബ്രീൽ തിരുമേനി (സ) ക്കു ബോധനം നൽകിയെന്നിരിക്കെ, തിരുമേനി (സ) യുടെ ദേഹവുമായി സമ്മേളിക്കുന്ന ഒരു വ്യക്തിയിൽ അശുദ്ധി ഉണ്ടായിട്ടുണ്ടെങ്കിൽ ആ വിവരം ജിബ്രീൽ തിരുമേനി (സ) യെ അറിയിക്കാതിരിക്കുമോ?'

ആഇശ: (റ) പറയുന്നു:–'ഞാൻ ഉമ്മയുടെ വീട്ടിൽ ചെന്ന ശേഷം രണ്ടു രാത്രിയും ഒരു പകലും കരഞ്ഞുകൊണ്ടു തന്നെ കഴിച്ചുകൂട്ടി. വ്യസനഭാരത്താൽ എന്റെ കരളും പൊട്ടിപ്പോകുമെന്നു എനിക്കു തോന്നി. അങ്ങിനെ ഞാൻ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു അൻസാർ സ്ത്രീ സമ്മതംവാങ്ങി വീട്ടിനകത്തുകടന്നു വന്നു. അവളും എന്റെ അടുത്തിരുന്നു കരഞ്ഞു തുടങ്ങി. ഉമ്മയും ബാപ്പയും വീട്ടിൽ തന്നെ ഉണ്ടായിരുന്നു. ആ അവസരത്തിൽ തിരുമേനി (സ) കടന്നു വന്നു ഞങ്ങൾക്കു സലാം ചൊല്ലുകയും, എന്റെ അടുത്തല്ലാതെ അകലത്തായി ഒരിടത്തു ഇരിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്ത ശേഷം എന്നോടായി ഇപ്രകാരം പറഞ്ഞു:– 'ആഇശാ നിങ്ങളെപ്പറ്റി ഞാൻ ഇന്ന ഇന്ന കാര്യങ്ങളും കേട്ടിരിക്കുന്നു. ഞാൻ കേട്ട കാര്യങ്ങളുമായി നിങ്ങൾക്കു ബന്ധമില്ലെങ്കിൽ അല്ലാഹു നിങ്ങളെ രക്ഷിക്കട്ടെ. മറിച്ചു ആ ദോഷങ്ങളുമായി നിങ്ങൾ ബന്ധപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അല്ലാഹുവോടു മാപ്പപേക്ഷിച്ചു മടങ്ങുക. മനുഷ്യൻ അബദ്ധത്തിൽ ചെയ്തുപോകുന്ന ദോഷങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു മാപ്പപേക്ഷിച്ചാൽ അല്ലാഹു മാപ്പു നൽകും.' തിരുമേനി (സ) ഇതു പറഞ്ഞപ്പോൾ എന്റെ കണ്ണുകളിൽ നിന്നു കണ്ണീർ കുത്തിയൊലിച്ചു. തിരുമേനി (സ) ക്കു മറുപടി നല്കുവാൻ ഞാൻ ബാപ്പയോടപേക്ഷിച്ചു. 'അല്ലാഹുവിന്റെ റസൂലോടു എന്താണ് പറയേണ്ടതെന്നു, അല്ലാഹുവാണെ സത്യം എനിക്കറിഞ്ഞുകൂടാ'ടെന്നു അദ്ദേഹം പറഞ്ഞു. അപ്പോൾ ഞാൻ ഉമ്മയോടു സഹായമഭ്യർത്ഥിച്ചു. ഉമ്മയും മേൽപ്രകാരം മറുപടി പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു:– 'ഞാൻ ചെറുപ്പക്കാരിയായ ഒരു പെണ്ണാണ്. ഖുർആൻ മുഴുവനും ഞാൻ ഓതീട്ടില്ല. എന്നെപ്പറ്റി കേട്ട വർത്തമാനത്തെ ഞാൻ നിഷേധിച്ചാൽ തിരുമേനി (സ) മുഷിയും, സമ്മതിച്ചാൽ അല്ലാഹു വെറുക്കും. അതുകൊണ്ടു യൂസുഫ് നബിയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ പിതാവായ യഅ്ഖൂബ് നബി ചെയ്തതുപോലെ ക്ഷമിക്കുകയാണുത്തമം.' ഇങ്ങിനെ പറഞ്ഞുകൊണ്ടു

ഞാൻ എന്റെ മുറിക്കകത്തുപോയി ഒരിടത്തു കിടന്നു. അല്ലാഹു സത്യം വെളിവാക്കും എന്നു എനിക്കുറപ്പുണ്ടായിരുന്നു. പക്ഷെ, ഈ കാര്യത്തിൽ വഹ്‌യുണ്ടാകുമെന്നും ഞാൻ കരുതിയിരുന്നില്ല. തിരുമേനി (സ) ക്കു ബോധനം നൽകപ്പെടുമെന്നായിരുന്നു എന്റെ പ്രതീക്ഷ.'

ആ അവസരത്തിൽ അബൂബകർ സിദ്ദീഖ് (റ) ഇപ്രകാരം പ്രസ്താവിച്ചു:–'ഞങ്ങൾക്കു സംഭവിച്ചതുപോലുള്ള ദുഃഖം അറേബ്യയിൽ മറെറാരു ഗോത്രത്തിനും സംഭവിച്ചിട്ടില്ല. അല്ലാഹുവിനെ വണങ്ങാതെ അജ്ഞരായി കഴിഞ്ഞുകൂടിയ കാലത്തു പോലും ഞങ്ങളുടെ കുടുംബത്തിൽ ഇത്തരം ദുഃഖം സംഭവിച്ചിട്ടില്ല.'

ആഇശ: (റ) പറയുന്നു:–'തിരുമേനി (സ) ഇരുന്നോടത്തു നിന്നു എഴുന്നേറ്റിട്ടില്ല. വീട്ടിലുള്ളവരാരും പുറത്തു പോയിട്ടുമില്ല. ആ നിലയിൽ തിരുമേനി (സ) ക്കു വഹ്‌യുണ്ടായി. വഹ്‌യിന്റെ ശക്തിയാൽ തിരുമേനി (സ) യുടെ ശരീരം കിടുകിടുത്തു. ദേഹത്തിൽ നിന്നു വിയർപ്പുതുള്ളികൾ മുത്തുമണികൾ പോലെ അടർന്നു വീണു. തിരുമേനി (സ) സന്തോഷത്താൽ പുഞ്ചിരി തൂകി. തിരുമേനി (സ) പറഞ്ഞു:–'ആഇശാ, അല്ലാഹു നിങ്ങളെ ഒഴിവാക്കിയിരിക്കുന്നു.'

അപവാദം പ്രചരിപ്പിച്ചവരുടെ കൂട്ടത്തിൽ ശിക്ഷിക്കേണ്ടവർ ശിക്ഷിക്കപ്പെട്ടു. അപവാദം ഏറെ പറഞ്ഞ മുസ്‌ലിംകളായ മറ്റുള്ളവർ തൌബ: ചെയ്തു അഥവാ പശ്ചാത്തപിച്ചു. അവരുടെ തൌബയെ അല്ലാഹു സ്വീകരിച്ചു.

ആഇശ: (റ) യിൽ വ്യഭിചാരകുറ്റം ആരോപിക്കുന്നവർ ഖുർആൻ വചനത്തെ അസത്യമാക്കുകയാണു ചെയ്യുന്നതെന്നും, അക്കാരണത്താൽ അവർ കാഫിറാണെന്നും ഇമാം സുഹൈലീ (റ) പറയുന്നു. തിരുമേനി (സ) യുടെ ഭാര്യമാരിൽ ദോഷാരോപണം ചെയ്യുന്നവരുടെ തൌബ: സ്വീകരിക്കപ്പെടുകയില്ലെന്നാണു 'ഖസാഇസ്' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. ഇബ്‌നു അബ്ബാസ് (റ) തുടങ്ങിയ പ്രാമാണിക പണ്ഡിതന്മാർ ഈ അഭിപ്രായക്കാരായിരുന്നു. തിരുമേനി (സ) യുടെ പത്നിമാരിൽ ആരെക്കുറിച്ചെങ്കിലും ദോഷാരോപണം ചെയ്യുന്ന വ്യക്തി വധിക്കപ്പെടേണ്ടതാണെന്നാണു് ഖാളീഇയാള (റ) തുടങ്ങിയ ചില പണ്ഡിതന്മാരുടെ അഭിപ്രായം.

ഹസനിബ്‌നു സൈദ് (റ) തബ്‌ർസ്താൻ ഭരിച്ച കാലത്തു് ശീഅത്തിന്റെ കക്ഷിയിൽപെട്ട ഒരാൾ സഹനിബ്‌നു യസീദ്‌രിഫാഈ (റ) വിന്റെ മുമ്പിൽ വെച്ചു ആഇശ: (റ) യെ പഴി പറഞ്ഞു. ഇസ്‌ലാംമത പ്രമാണങ്ങളിൽ വിശ്വാസമർപ്പിച്ചു കൂടിച്ചേരുന്നവരാണു് ശീഅത്തിന്റെ കക്ഷി. ആഇശ: (റ) യെ പഴി പറഞ്ഞ വ്യക്തിയുടെ ശിരച്ഛേദം ചെയ്യുവാൻ ഹസനിബ്‌നു യസീദ് രിഫാഈ (റ) അദ്ദേഹത്തിന്റെ ഭൃത്യനു ആജ്ഞ നൽകി. അപ്പോൾ അവിടെ സന്നിഹിതരായിരുന്ന അലവിയ്യ: ഗോത്രക്കാരിൽ ചിലർ അയാളെ വധിക്കരുതെന്നു അഭിപ്രായപ്പെട്ടു. അപ്പോൾ ഹസൻ (റ) അവരോടു ഇപ്രകാരം പറയുകയുണ്ടായി:– 'അശുദ്ധകളായ സ്ത്രീകൾ അശുദ്ധരായ പുരുഷന്മാരും, അശുദ്ധരായ പുരുഷന്മാർ അശുദ്ധകളായ സ്ത്രീകൾക്കും, ശുദ്ധകളായ സ്ത്രീകൾ ശുദ്ധരായ പുരുഷന്മാർക്കും, ശുദ്ധരായ പുരുഷന്മാർ ശുദ്ധകളായ സ്ത്രീകൾക്കും,' എന്നു് അല്ലാഹു കല്പിച്ചിരിക്കുന്നു. ആഇശ: ബീ (റ) ശുദ്ധയല്ലെങ്കിൽ അവരുടെ ഭർത്താവു് ശുദ്ധനല്ലെന്നും വരും. 'തയ്യിബ്' എന്നും 'താഹിർ' (ഉന്നതമായ പരിശുദ്ധൻ) എന്നും അല്ലാഹു തിരുമേനി(സ)യെ വിശേഷിപ്പിച്ചിട്ടുണ്ടു്. അങ്ങിനെ ആഇശ: (റ)പരിശുദ്ധയാണെന്നു അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ

വചനത്തെ അസത്യമാക്കിയവൻ കൊല്ലപ്പെടേണ്ടതാകുന്നു. ആകയാൽ ആഇശ: (റ) യെ പഴി പറഞ്ഞ ഈ വ്യക്തിയെ കൊല്ലാതിരുന്നുകൂടാ ഇവനെ കൊല്ലുക തന്നെ വേണം.' അങ്ങിനെ ആ വ്യക്തി കൊല്ലപ്പെട്ടു.

അപവാദം പറഞ്ഞവരിൽ ഒരാളായ മസ്‌തഹ് (റ) വിന്നു ജീവിതച്ചെലവു നൽകിവന്നതു അബൂബകർ സിദ്ദീഖ് (റ) ആയിരുന്നു. അവർ തമ്മിൽ ബന്ധുക്കളും മസ്‌തഹ് (റ) ദരിദ്രനുമായിരുന്നു. ആഇശ: (റ) യെക്കുറിച്ചു അദ്ദേഹം അപവാദം പറഞ്ഞ വാർത്ത അറിഞ്ഞപ്പോൾ, മേലിൽ അയാൾക്കു സാമ്പത്തിക സഹായം നൽകുകയില്ലെന്നു അബൂബകർ സിദ്ദീഖ് (റ) ആണയിട്ടു കൊണ്ടു പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തെ പരാമർശിച്ചുകൊണ്ടു 'നിങ്ങളുടെ കൂട്ടത്തിൽ ധനവും ഹൃദയവിശാലതയുമുള്ളവർ അവരുടെ ബന്ധുക്കൾക്കും മിസ്കീൻമാക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഹിജ്റ ചെയ്തവക്കും ഒന്നും കൊടുക്കുകയില്ലെന്നു ആണയിട്ടു പറയാതിരിക്കട്ടെ. (ധനികരായ) അവർ (ധനികരല്ലാത്ത) അവക്കു മാപ്പു നല്കട്ടെ. 'അല്ലാഹു നിങ്ങൾക്കു പൊറുത്തു തരേണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നില്ലയേ?' അല്ലാഹു പൊറുക്കുന്നവനും കൃപ ചെയ്യുന്നവനും തന്നെ എന്ന ആയത്തു് അവതരിച്ചു. ഈ ആയത്തു് അവതരിച്ചപ്പോൾ അബൂബകർ സിദ്ദീഖ് (റ) വ്യസനാക്രാന്തനായിത്തീർന്നു. 'അല്ലാഹുവിന്റെ പൊറുക്കലിനെ ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹുവാണെ സത്യം, മിസ്തഹിന്നു ചെലവു കൊടുക്കുന്നതു ഞാൻ നിറുത്തലാക്കുകയില്ല' എന്നിപ്രകാരം അദ്ദേഹം പ്രഖ്യാപിക്കുകയും, അദ്ദേഹത്തിന്നു ഒന്നും കൊടുക്കുകയില്ലെന്നു സത്യം ചെയ്തു പറഞ്ഞു പോയതിൽ അദ്ദേഹം പശ്ചാത്തപിക്കുകയും പ്രായശ്ചിത്തം നടത്തുകയും ചെയ്തു. അന്നു മുതൽ അദ്ദേഹം മിസ്തഹി (റ) വിന്നു മുമ്പു കൊടുത്തു വന്നതിന്റെ ഇരട്ടി കൊടുത്തു വന്നുവെന്നാണു് തബ്റാനീ (റ), നിസാഈ (റ) എന്നിവർ പ്രസ്താവിച്ചിട്ടുള്ളതു്.

ജനങ്ങളും, തന്റെയും ആഇശ (റ) യുടെയും പേരുകളും ചേർത്തു കൊണ്ടു അപവാദം പറഞ്ഞതായി കേട്ടപ്പോൾ സഫ്വാനുബ്നുൽ മുഅത്തൽ (റ) ഇപ്രകാരം പ്രസ്താവിച്ചു:- 'അല്ലാഹുവിന്നു സ്തോത്രം. മറയിൽ നിന്നു വെളിവായ നിലയിൽ ഒരു സ്ത്രീയെയും കരിക്കലും ഞാൻ നോക്കുകപോലും ചെയ്തിട്ടില്ല.' അല്ലാഹു അദ്ദേഹത്തിന്റെ നിർദ്ദോഷിത്വവും വ്യക്തമാക്കുകയുണ്ടായി. 'അവർ (സഫ്വാനും ആഇശയും) ജനങ്ങൾ പറഞ്ഞു പരത്തിയ കുറ്റത്തിൽ നിന്നു ഒഴിവാക്കപ്പെട്ടവരാകുന്നു. അവർക്കു അല്ലാഹുവിങ്കൽ നിന്നു പൊറുതിയും അതിമഹത്തായ സമ്മാനങ്ങളും ലഭിക്കും' എന്നു അല്ലാഹു പ്രഖ്യാപിച്ചു.

മുറൈസീഅ് യുദ്ധയാത്രക്കായി ഇരുപത്തെട്ടു ദിവസങ്ങൾ മുസ്‌ലിംകൾ ചെലവഴിച്ചു. ശഅ്ബാൻ മാസത്തിൽ മദീനയിൽനിന്നു പുറപ്പെട്ട മുസ്‌ലിം സേന റമളാൻ മാസത്തിൽ മദീനയിൽ തിരിച്ചെത്തി.

ഖന്ദഖ് യുദ്ധം

മുറൈസീഅ് യുദ്ധം കഴിഞ്ഞു ഒരു മാസത്തിന്നകം തന്നെ, അതായതു് ഹിജ്റാബ്ദം അഞ്ചാം വർഷം ശവ്വാൽ മാസത്തിൽ ഖന്ദഖ് യുദ്ധത്തിന്നുള്ള സന്നാഹങ്ങൾ ആരംഭിച്ചു. ഖുറൈശികളും അനവധി യഹൂദ ഗോത്രങ്ങളും സംഘടിച്ചു കൊണ്ടു നടത്തിയ യുദ്ധമായിരുന്നു ഖന്ദഖ് യുദ്ധം. അതുകൊണ്ടു സംഘടിതയുദ്ധം എന്നർത്ഥമുള്ള അഹ്സാബ് യുദ്ധം എന്നും ഈ യുദ്ധത്തിന്നു പേരുണ്ടു്. ഖന്ദഖ് എന്നവാക്കിന്നു കിടങ്ങു് എന്നാണർത്ഥം. പ്രതിരോധന നടപടിയെന്നതിലേക്കു കിടങ്ങു കുഴിക്കുകയെന്നതു അറബികൾക്കു പരിചയമി

ല്ലാത്ത ഒരു യുദ്ധതന്ത്രമായിരുന്നു. പേർസ്യാക്കാർ വളരെ മുമ്പുതന്നെ പ്രയോഗിച്ചു പോന്ന ഒരു തന്ത്രമായിരുന്ന അതു് സൽമാനൽ പാർസീ (റ) ഈ തന്ത്രത്തെക്കുറിച്ചു തിരുമേനി (സ) യെ ഉണർത്തിയപ്പോൾ, ശത്രുക്കളുടെ മുന്നേറ്റത്തെ തടുക്കുവാനുള്ള നല്ല ഒരു തന്ത്രമാണതെന്നു തിരുമേനി (സ) ക്കു ബോദ്ധ്യമായി. മദീനാ നഗരത്തിന്റെ മൂന്നു ഭാഗങ്ങളും വീടുകളാലും മുറിച്ചു നില്ക്കുന്ന ഈത്തപ്പനത്തോട്ടങ്ങളാലും വലയിതമായിരുന്നതുകൊണ്ടു ശത്രുക്കൾക്കു ആ ഭാഗങ്ങളിലൂടെ നഗരത്തിൽ ആഞ്ഞുകയറുകയെന്നതു സുകരമായിരുന്നില്ല. ഉഹ്ദിന്റെ ഭാഗം തുറന്നു കിടന്നതുകൊണ്ടു ആ ഭാഗത്താണു പ്രതിരോധന തന്ത്രം ആവശ്യമായിരുന്നതു്. അതുകൊണ്ടു മദീനയുടെ തെക്കുഭാഗത്തു്, സൽഅ് എന്ന മലച്ചെരുവു വരെ കിടങ്ങു കുഴിക്കുവാൻ തിരുമേനി (സ) നിർദ്ദേശിച്ചു. ഒരാൾ ഒരു മുഴം നീളത്തിലാണു് കിടങ്ങു കുഴിക്കേണ്ടിയിരുന്നതു്. അഞ്ചു മുഴം ആഴത്തിൽ കിടങ്ങു കുഴിപ്പാനുള്ള നിർദ്ദേശത്തോടുകൂടി ജനങ്ങളെ പത്താളുകൾ വീതമുള്ള സംഘങ്ങളായി വേർതിരിക്കുകയും ഓരോ സംഘത്തിനു പത്തുമുഴം നിലം തിരുമേനി (സ) അടയാളപ്പെടുത്തിക്കൊടുക്കുകയും ചെയ്തു സഹാബികൾ ആവേശത്തോടുകൂടി ജോലിയിൽ ഏർപ്പെട്ടു. തിരുമേനി (സ) യും കിടങ്ങു കുഴിക്കുന്ന ജോലിയിൽ സഹകരിച്ചു. മുനാഫിഖുകളിൽ ചിലർ ഈ ജോലിയിൽ നിന്നു പിൻവാങ്ങിക്കളഞ്ഞു. മറ്റു ചിലർ അലസമായും അശ്രദ്ധമായും ജോലി ചെയ്തു. സഹ്‌ലിബ്‌നു സഅ്ദസ്സാഇദിയ്യി (റ) പറയുന്നു:- 'ഞങ്ങൾ തിരുമേനി (സ) യോടൊപ്പം കിടങ്ങു കുഴിക്കുന്ന ജോലി നിർവ്വഹിച്ചു. ഞങ്ങൾ കുഴിയുണ്ടാക്കുകയും കുഴിച്ചെടുക്കുന്ന മണ്ണ് ചുമലിൽ വഹിച്ചുകൊണ്ടു ദൂരെ മാറ്റുകയും ചെയ്തു. സഹാബിമാർ ഈ ജോലിയിൽ ക്ലേശിക്കുന്നതു കണ്ടപ്പോൾ തിരുമേനി (സ) അൻസാർകൾക്കും മുഹാജിർകൾക്കും വേണ്ടി അല്ലാഹുവോടു പ്രാർത്ഥിച്ചു. ആ പ്രാർത്ഥന സഹാബിമാരുടെ ഉത്സാഹത്തെ വർദ്ധിപ്പിച്ചു. 'ഞങ്ങൾ ജീവിച്ചിരിക്കുന്ന കാലത്തെല്ലാം ജിഹാദിന്റെ കാര്യത്തിൽ താങ്കളോടൊപ്പമാണെന്നു നബി (സ) തിരുമേനിയോടു ഉടമ്പടി ചെയ്തവരാണു് ഞങ്ങൾ' എന്നർത്ഥം വരുന്ന പദ്യശകലങ്ങൾ പാടിക്കൊണ്ടു, പൂർവ്വോപരി ഉത്സാഹത്തോടുകൂടി ഞങ്ങൾ ജോലി ചെയ്തു.'

ബറാഇബ്‌നു ആസിബ് (റ) വെ ഉദ്ധരിച്ചുകൊണ്ടു ബുഖാരീ (റ) പറയുന്നു:- 'കിടങ്ങു കുഴിക്കുന്ന അവസരത്തിൽ തിരുമേനി (സ) മണ്ണു നീക്കുന്ന ജോലിയിൽ ഏർപ്പെട്ടതായും തിരുമേനി (സ) യുടെ വയറ്റത്തു മണ്ണു പുരണ്ടതായും ഞാൻ കണ്ടു."

ഖന്ദഖിന്റെ ജോലി നടന്നുകൊണ്ടിരിക്കെ നബിതന്ത്രത്തിന്റെ ചില അടയാളങ്ങൾ പ്രകടമാവുകയുണ്ടായി. ജാബിർ (റ) പറഞ്ഞതായി ബുഖാരീ (റ) ഇപ്രകാരം പ്രസ്താവിക്കുന്നു:- 'ഞങ്ങൾ കിടങ്ങു കുഴിച്ചുകൊണ്ടിരിക്കെ കല്ലുപോലെ ഉറച്ച ഭൂമി പ്രത്യക്ഷപ്പെട്ടു ഞങ്ങളുടെ മഴു ആ ഉറച്ച ഭൂമിയിൽ ഏല്ക്കാതായി. ഞങ്ങൾ വിഷമിച്ചു. അപ്പോൾ തിരുമേനി (സ) ഞങ്ങളുടെ കയ്യിൽനിന്നു മഴുവാങ്ങി, 'ബിസ്മില്ലാഹ്' എന്നു മൂന്നുതവണ ചൊല്ലിക്കൊണ്ടു മണ്ണിൽ വെട്ടിയപ്പോൾ ആ ഉറച്ച ഭൂമി തരിപ്പണമായിത്തീർന്നു.'

'ഞങ്ങൾ കിടങ്ങു കുഴിച്ചുകൊണ്ടിരിക്കെ ഒരു പാറക്കല്ല് പ്രത്യക്ഷപ്പെട്ടു. ആ കല്ല് മഴുകൊണ്ടു കൊത്തിപ്പൊട്ടിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. സംഗതി ഞങ്ങൾ തിരുമേനി (സ) യെ ധരിപ്പിച്ചു. തിരുമേനി (സ) സൽമാൻ (റ) വിന്റെ കയ്യിൽനിന്നു മഴുവാങ്ങി 'ബിസ്മില്ലാഹ്' എന്നു പറഞ്ഞുകൊണ്ടു ആ പാറക്ക

ല്ലിൽവെട്ടി. അപ്പോൾ അതിന്റെ മൂന്നിലൊരു ഭാഗം പൊട്ടുകയും ഒരു ഒളിവു് പ്രത്യക്ഷപ്പെടുകയുമുണ്ടായി. ആ ഒളിവു മദീനാനഗരത്തിലെങ്ങും പ്രസരിച്ചു തിരുമേനി (സ) അല്ലാഹുവിനെ സ്തുതിക്കുകയും, 'ശാംരാജ്യം എനിക്കു തുറക്കപ്പെട്ടു'വെന്നു മൊഴിയുകയും ചെയ്തു. തിരുമേനി (സ) രണ്ടാമതും വെട്ടി. പാറയുടെ ശേഷിച്ചഭാഗത്തിന്റെ പകുതി പൊട്ടുകയും ഒരു ഒളിവു പ്രത്യക്ഷപ്പെടുകയുമുണ്ടായി. തിരുമേനി (സ) അല്ലാഹുവിനെ സ്തുതിക്കുകയും, 'പേർസ്യാരാജ്യം എനിക്കു തുറക്കപ്പെട്ടു'വെന്നു പറയുകയും ചെയ്തു. തിരുമേനി (സ) മൂന്നാമതും വെട്ടിയപ്പോൾ ശേഷിച്ച പാറക്കല്ലും പൊട്ടുകയും ഒരു ഒളിവു പ്രത്യക്ഷപ്പെടുകയുമുണ്ടായി. തിരുമേനി (സ) അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു 'യമൻരാജ്യം എനിക്കു തുറക്കപ്പെട്ടു'വെന്നു പറഞ്ഞു. ഈ രാജ്യങ്ങളും എന്റെ കാലശേഷം ജയിച്ചടക്കപ്പെടു'മെന്നു സൽമാൻ (റ) വോടു തിരുമേനി പറയുകയുണ്ടായി.' ഇതു ഈ വിഷയത്തിലുള്ള രണ്ടാമത്തെ പക്ഷമാണു്. ഈ വിഷയത്തെക്കുറിച്ചു സൽമാനുൽ ഫാർസീ (റ) വിൽനിന്നു ഉദ്ധരിക്കപ്പെട്ട വാത്തു ചുവടെ ചേർക്കുന്നു:- 'ഞാൻ ഖന്ദഖിൽ കുഴിച്ചുകൊണ്ടിരിക്കെ എന്റെ മഴു ഭൂമിയിൽ ഏല്ക്കാതായി. എന്റെ അടുത്തുതന്നെ തിരുമേനി (സ) നിൽക്കുന്നുണ്ടായിരുന്നു. തിരുമേനി (സ) എന്റെ കയ്യിൽനിന്നു മഴുവാങ്ങിവെട്ടി. അപ്പോൾ മഴുവിന്റെ തലപ്പത്തുനിന്നു ഒരു പ്രകാശം പ്രസരിച്ചു. തിരുമേനി (സ) രണ്ടാമതും വെട്ടി. അപ്പോഴും അങ്ങിനെ സംഭവിച്ചു. തിരുമേനി (സ) മൂന്നാമതു വെട്ടിയപ്പോഴും അങ്ങിനെ സംഭവിക്കുകയുണ്ടായി. ആ പ്രകാശത്തെക്കുറിച്ചു ഞാൻ അന്വേഷിച്ചപ്പോൾ തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:- 'ഒന്നാംതവണ കണ്ട ഒളിവു് എനിക്കു യമൻരാജ്യം കീഴടങ്ങുമെന്നും, രണ്ടാംതവണ കണ്ട ഒളിവു് എനിക്കു ശാംരാജ്യവും പാശ്ചാത്യപ്രദേശങ്ങളും കീഴടങ്ങുമെന്നും, മൂന്നാംതവണ കണ്ട ഒളിവു് എനിക്കു പൌരസ്ത്യദേശങ്ങളും കീഴടങ്ങുമെന്നും ഉള്ളതിന്റെ തെളിവുകളാണു്.'

സൽമാനുൽഫാർസീ (റ) കായബലമുള്ള അദ്ധ്വാനശീലനായ മഹാനായിരുന്നു. അദ്ദേഹത്തെ തങ്ങളുടെ സംഘത്തിൽ കിട്ടേണമെന്നു അൻസാർകളും മുഹാജിർകളും വാദിച്ചിരുന്നു. അഞ്ചുമുഴം നീളത്തിൽ അഞ്ചുമുഴം ആഴമുള്ള കുഴി ഓരോ ദിവസവും അദ്ദേഹം പണിതിരുന്നു. ഖന്ദഖ് ജോലി നടന്നുകൊണ്ടിരിക്കെ, ഇക്കാരണത്താൽ അദ്ദേഹത്തിനു ദുഷ്ടിദോഷം സംഭവിച്ചു. ഖൈസിബ്നുസഅ്സഅത് (റ) വാണു് അദ്ദേഹത്തിൽ ദുഷ്ടിദോഷമേല്പിച്ചതു്. ദുഷ്ടിദോഷമേറപ്പോൾ, അകാരണമായി, യാദൃശ്ചികമായി, ക്ഷീണിതനായി അദ്ദേഹം നിലത്തുവീണു. ജോലി തുടരുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. വിവരമറിഞ്ഞപ്പോൾ തിരുമേനി (സ) പ്രതിവിധി നിർദ്ദേശിക്കുകയും, ആ നിർദ്ദേശമനുസരിച്ചു, വുളൂ ഉണ്ടാക്കി, കുളിച്ചു, പാത്രം പിൻപുറത്തു മറച്ചുവെച്ചപ്പോൾ ക്ഷീണം മാറി അദ്ദേഹം സുഖം പ്രാപിക്കുകയും ചെയ്തു.

ഖന്ദഖ് ജോലി നടന്നുകൊണ്ടിരിക്കെ, ജാബിർ (റ) സൽക്കരിച്ച രണ്ടോ മൂന്നോ പേർക്കുള്ള ഭക്ഷണം ആയിരത്തിലധികം സഹാബികൾക്കു മതിയാകുവോളം ഭക്ഷിക്കുവാൻ കഴിഞ്ഞ വസ്തുത ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു വിവരിച്ചതു വായനക്കാർ ഓർക്കുന്നുണ്ടാവുമല്ലൊ.

ആറുദിവസത്തെ കഠിനാദ്ധ്വാനംകൊണ്ടു ഖന്ദഖിന്റെ പണി പൂർത്തിയാക്കി. ആ ജോലി പൂർത്തിയാക്കിയതു ഇരുപതുദിവസം കൊണ്ടാണെന്നും ഇരുപത്തഞ്ചുദിവസം കൊണ്ടാണെന്നും ഒരുമാസം കൊണ്ടാണെന്നും ചരിത്ര

കാരന്മാരിൽ പലർ പല വിധത്തിൽ പറഞ്ഞിട്ടുണ്ട്.

ബനൂനള്ളൈർ എന്ന യഹൂദിഗോത്രത്തെ മദീനയിൽനിന്നു നാട് കടത്തിയപ്പോൾ അവർ ഖൈബർ തുടങ്ങിയ പ്രദേശങ്ങളിൽ താമസമുറപ്പിച്ച വസ്തുത മുമ്പ് പറഞ്ഞിട്ടുണ്ടല്ലൊ. അവരുടെ ഹൃദയത്തിൽ മുസ്‌ലിംകളോട് ഒട്ടും ഒത്തപക തിങ്ങിനിന്നിരുന്നു. മുസ്‌ലിംകളെ മുഴുടോടെ നശിപ്പിക്കേണമെന്നു അവർ ആഗ്രഹിച്ചു ഈ വിഷയത്തിൽ ഇസ്‌ലാമിന്റെ പരമശത്രുക്കളായ ഖുറൈശികളുടെ സഹകരണം നേടുവാൻ അവർ തീരുമാനിച്ചു. അതിന്നായി ഖൈബറിൽ താമസമാക്കിയ യഹൂദികളുടെ നേതാക്കളായ സുലാമുബ്നുമുശ്കം, കിനാനതിബ്നു ഉബയ്യുൽഹഖീഖ്, ഹുയയ്യിബ്നുഅഖ്തബ്, ഹൈദതിബ്നുഖൈസ്, അബൂഅമിറുൽഫാസിഖ് എന്നിവരും മറ്റു ചിലരുംകൂടി മക്കയിലേക്കു പുറപ്പെട്ടു. മക്കയിലെത്തിയ ഉടനെ ഖുറൈശീനേതാക്കളുമായി അവർ കൂടിക്കാഴ്ച നടത്തി. 'മുഹമ്മദുമായി യുദ്ധം നടത്തുവാൻ ഞങ്ങളും തീരുമാനിച്ചിരിക്കുന്നു. ആ വിഷയത്തിൽ നിങ്ങളുടെ എല്ലാവിധ സഹകരണങ്ങളും ഞങ്ങൾക്കു നൽകേണമെന്നു ഞങ്ങളും അഭ്യർത്ഥിക്കുന്നു. മുഹമ്മദുമായുള്ള ഏതിപ്പിൽ മേലിൽ എല്ലാകാലത്തും ഞങ്ങൾ നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമെന്നു ഞങ്ങളും ഉറപ്പുനൽകുന്നു. മുഹമ്മദിനെ മുഴുടോടെ നശിപ്പിക്കുന്നതുവരെ ഞങ്ങളും ഈ നിലപാടിൽനിന്നു നീങ്ങുകയില്ല' എന്നിപ്രകാരം യഹൂദികൾ പറഞ്ഞപ്പോൾ, ഗർവ്വിഷ്ഠരായ ഖുറൈശികൾ അഹങ്കാരത്താൽ പുളച്ചു. 'നിങ്ങളുടെ വാക്കുകൾ ഞങ്ങൾ വിശ്വസിക്കേണമെങ്കിൽ ഞങ്ങളുടെ ആരാധനാമൂർത്തികളുടെ മുമ്പിൽ നിങ്ങൾ സുജൂദ് ചെയ്യേണ'മെന്നു ഖുറൈശികൾ ആവശ്യപ്പെട്ടു. യഹൂദികൾ അതിന്നു സന്നദ്ധരായി. ബിംബങ്ങളുടെ മുമ്പിൽ അവർ സുജൂദ് ചെയ്തു. ഖുറൈശികളുടെ അഹംഭാവം നൂറിരട്ടി വർദ്ധിച്ചു. അവർ പറഞ്ഞു:- 'ശരി, നിങ്ങൾ പ്രാചീന വേദക്കാരാണല്ലൊ. ഞങ്ങളും മുഹമ്മദും തമ്മിലുള്ള തർക്കത്തിൽ ന്യായമായ വിധി പറവാൻ യോഗ്യർ നിങ്ങളാണു ഞങ്ങളുടെ മതമൊ മുഹമ്മദിന്റെ മതമൊ ഏതാണുത്തമം എന്നു നിങ്ങൾ തീരുമാനിക്കുക.' ഉത്തമമായതു് നിങ്ങളുടെ മതമാണെന്നുള്ളതിന്നു സംശയമില്ലെന്നു യഹൂദികൾ പറഞ്ഞപ്പോൾ ഖുറൈശികൾ ദുരഭിമാനത്താൽ മതിമറന്നു. യഹൂദികൾ പറഞ്ഞു: 'എല്ലാംകൊണ്ടും ഉത്തമം നിങ്ങളുടെ മതം തന്നെ. കഅ്ബയുടെ ബന്ധുക്കളാണു് നിങ്ങൾ. ഹജ്ജിന്നു വരുന്നവരോടു ഔദാര്യത്തോടെ നിങ്ങൾ പെരുമാറുന്നു. അവരെ നിങ്ങൾ സൽക്കരിക്കുകയും സഹായിക്കുകയും ചെയ്യുന്നു. പിതൃവംശത്തോടു ബഹുമാനമുള്ളവരാണു് നിങ്ങൾ. നിങ്ങൾ അവരുടെ മാർഗ്ഗത്തിൽ നടക്കുന്നു നിങ്ങൾ ഉത്തമന്മാരും നിങ്ങളുടെ മതം സത്യമതവുമത്രെ.' ഇതുയും കേട്ടപ്പോൾ മക്കക്കാർ അതീവസന്തുഷ്ടരായി.

അങ്ങനെ അവസരത്തിൽ ഈ സംഗതികളെല്ലാം അല്ലാഹു തിരുമേനി (സ) യെ അറിയിച്ചു 'വേദം നൽകപ്പെട്ട ഒരു കൂട്ടർ കാഫിർകളുടെ ജിബ്തി, താഗൂത് എന്നീ ബിംബങ്ങളിൽ വിശ്വസിച്ചിരിക്കുന്നു അവർ മുഅ്മിനുകളുടെ മാർഗ്ഗത്തെ അപേക്ഷിച്ചു കാഫിർകളുടെതാണു് നേർമാർഗ്ഗമെന്നു അവരോടു പറഞ്ഞിരിക്കുന്നു. ആ കൂട്ടരെ താങ്കൾ ശ്രദ്ധിക്കുന്നില്ലയൊ' എന്നു തുടങ്ങിയ ആയത്തുകൾ അല്ലാഹു തിരുമേനി (സ) ക്കു ഇറക്കിക്കൊടുത്തു.

സന്തുഷ്ടരായ ഖുറൈശികൾ അവരുടെ എല്ലാ സഹകരണങ്ങളും യഹൂദികൾക്കു വാഗ്ദത്തം ചെയ്തു. ഉടനെതന്നെ സൈന്യത്തെ സംഘടിച്ചു വമ്പിച്ച സന്നാഹത്തോടുകൂടി പുറ

പ്പെട്ടുകൊള്ളാമെന്നും ഈ വാഗ്ദത്തം ലംഘിക്കുകയില്ലെന്നും കഅ്ബയുടെ കില്ല പിടിച്ചു കൊണ്ട് അവർ സത്യം ചെയ്തു.

ഖുറൈശികളിൽനിന്നു സഹായവാഗ്ദാനം ലഭിച്ചുകഴിഞ്ഞപ്പോൾ ആ യഹൂദിസംഘം ഗത്ഫാൻ ഗോത്രക്കാരുടെ അടുക്കലേക്കു പുറപ്പെട്ടു. അംഗസംഖ്യകൊണ്ടു പ്രബലമായ ഒന്നായിരുന്നു ഗത്ഫാൻ ഗോത്രം. തങ്ങൾ മുഹമ്മദുമായി യുദ്ധം ചെയ്യുവാൻ തീരുമാനിച്ച വിവരവും ഖുറൈശികൾ എല്ലാ സഹായങ്ങളും നൽകാമെന്നു വാക്കു കൊടുത്ത വിവരവും ആ യഹൂദസംഘം ഗത്ഫാൻ ഗോത്രത്തലവന്മാരെ ധരിപ്പിക്കുകയും, ഈ സംരംഭത്തിൽ അവരുടെ സഹായം തേടുകയും ചെയ്തു. ഗത്ഫാൻ ഗോത്രക്കാർ സഹായം നല്കുന്ന പക്ഷം അതിനു പ്രതിഫലമായി ഖൈബറിലെ ഒരു കൊല്ലത്തെ വരുമാനം അവർക്കു നല്കാമെന്നു ഖൈബർകാരായ യഹൂദികൾ ഉറപ്പു നല്കി. ആ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഗത്ഫാൻകാരുടെ സഹായവാഗ്ദാനവും അവർ സമ്പാദിച്ചു.

യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. അബൂസുഫ്യാനുബ്നു ഹർബിന്റെ നേതൃത്വത്തിൽ നാലായിരം പട്ടാളക്കാരുമായി ഖുറൈശികൾ പുറപ്പെട്ടു. ഉസ്മാനിബ്നു അബീതൽഹത് കൊടി പിടിച്ചു. മുന്നൂറു കുതിരകളും ആയിരത്തഞ്ഞൂറു ഒട്ടകങ്ങളും ആ സൈന്യത്തോടൊപ്പം ഉണ്ടായിരുന്നു. ഖുറൈശി സേന മർറുള്ളഹ്റാനിലെത്തിയപ്പോൾ ബനൂസുലൈംഗോത്രക്കാരുടെ ഒരു സേന അവരോടുകൂടി ചേർന്നു. എഴുന്നൂറു പട്ടാളക്കാരാണ് ആ സേനയിലുണ്ടായിരുന്നത്. സുഫ്യാനിബ്നു അബ്ദുശ്ശംസാണ് ആ സേനയെ നയിച്ചിരുന്നത്. തുലൈഹതിബ്നു ഖുവൈലിദിൽഅസദീ*യുടെ നേതൃത്വത്തിൽ ബനൂ അസദ് ഗോത്രക്കാരുടെ ഒരു സേന പുറപ്പെട്ടു. ഉയൈനതിബ്നു ഹിസ്നുൽ ഫിസാരീ * യുടെ നായകത്വത്തിൽ ഗത്ഫാൻ ഗോത്രക്കാരുടെ സൈന്യവും പുറപ്പെട്ടു. ഹർസിബ്നു ഔഫിന്റെ നേതൃത്വത്തിൽ ബനൂമുർറത് ഗോത്രക്കാരുടെ പട്ടാളം പുറപ്പെട്ടു. നാനൂറു പട്ടാളക്കാരാണ് ആ സൈന്യത്തിൽ ഉണ്ടായിരുന്നത്. [തബൂക് യുദ്ധാനന്തരം ഈ ഹർസീബ്നു ഔഫ് ഇസ്‌ലാം മതം വിശ്വസിച്ചു] ഇവക്കു പുറമെ മറ്റു ചില അറബി ഗോത്രക്കാരും സൈന്യങ്ങളെ അയച്ചുകൊടുത്തു. അങ്ങിനെ പതിനായിരമോ പന്തീരായിരമോ പട്ടാളക്കാരടങ്ങിയ ഒരു കൂറൻസേന രൂപവല്കരിക്കപ്പെട്ടു. ആവശ്യത്തിലേറെ ആയുധങ്ങളും മറ്റു സാമഗ്രികളും അവരുടെ കയ്യിലുണ്ടായിരുന്നു. ഈ വമ്പിച്ച യുദ്ധസന്നാഹത്തെപ്പറ്റി അറിഞ്ഞപ്പോഴാണ് തിരുമേനി (സ) ഖന്ദഖ് പണി ചെയ്യുവാൻ നിർദ്ദേശം നല്കിയത്.

ഖുറൈശികളുടെയും യഹൂദികളുടേയും ഈ വമ്പിച്ച സംയുക്തസേനയെ നേരിടുവാൻ മുസ്‌ലിം പക്ഷത്തുണ്ടായിരുന്ന സൈന്യത്തിന്റെ അംഗസംഖ്യ ആയിരമെന്നും മൂവായിരത്തോളമെന്നും പറയപ്പെട്ടിട്ടുണ്ട്. മുപ്പത്തിമൂന്നു കുതിരകൾ മാത്രമേ മുസ്‌ലിം പക്ഷത്തുണ്ടായിരുന്നുള്ളൂ.

ഖുറൈശികളുടെ സേന ജിർഫ്, ഗായത് എന്നീ രണ്ടു മലകളുടെ മദ്ധ്യത്തിൽ താവളമടിച്ചു. ബനൂ കിനാനാ ഗോത്ര സൈന്യവും തിഹാമഗോത്ര സൈന്യവും അവരോടൊപ്പം ഉണ്ടായിരുന്നു. ഉയൈനതിബ്നു ഹിസ്നിയുടെ നേതൃത്വത്തിലുള്ള ഗത്ഫാൻ സേനയും അവരെ അനുഗമിച്ചു ന

* ഇദ്ദേഹം പിൽക്കാലത്തു് ഇസ്‌ലാംമതം സ്വീകരിച്ചു.

* ഇദ്ദേഹം പിന്നീടു് ഇസ്‌ലാംമതം വിശ്വസിക്കുകയും, അനന്തരം മുർതദ്ദാവുകയും അബൂബക്കർ സിദ്ദീഖ് (റ) വിന്റെ ഖിലാഫത്തു് കാലത്തു് വീണ്ടും മുസ്‌ലിമാവുകയും ചെയ്തു.

ജൂദീസേനയും ഉഹ്ദിന്റെ ഭാഗത്തു താവളമടിച്ചു. മുമ്പു പറഞ്ഞതുപോലെ, അവരുടെ ആകെ എണ്ണം പതിനായിരമോ പന്തീരായിരമോ ആയിരുന്നു.

തിരുമേനി (സ) യും സഹാബിമാരും ശത്രുസേനയെ നേരിടുവാൻ പുറപ്പെട്ടു. അവരുടെ എണ്ണം ആയിരമോ മൂവായിരത്തോളമോ ആയിരുന്നു. മദീനയിലെ ഒരു പർവ്വതമായ സൽഇനെ സമാന്തരമായി മുസ്‌ലിം സേന നിലയുറപ്പിച്ചു മദീനായുടെ മേൽനോട്ടം ഉമ്മുമക്തൂം (റ) വിനെ ഏല്പിച്ചു. മുഹാജിർകളുടെ പതാക സൈദ്ബ്ൻ ഹാരിസത് (റ) വും അൻസാരികളുടെ പതാക സഅ്ദ്ബ്ൻഉബാദ്(റ)വും ഉയർത്തിപ്പിടിച്ചു. തിരുമേനി (സ) ക്കു വേണ്ടി ഖന്ദഖിന്നടുത്തു തോൽകൊണ്ടു ഒരു കൂടാരം പണി പെയ്തു. ആഇശ: (റ), ഉമ്മുസൽമ (റ), സൈനബ (റ) എന്നിവർ തിരുമേനി (സ) യുടെ കൂടാരത്തിൽ മാറിമാറി വന്നുകൊണ്ടിരുന്നു. ഖന്ദഖ് നിർമ്മാണ ജോലിയിൽ പ്രായപൂർത്തിയെത്താത്ത ബാലന്മാരും സംബന്ധിച്ചിരുന്നു. യുദ്ധത്തിൽ പങ്കെടുക്കുവാൻ ആ കൂട്ടികൾ ഒരുങ്ങിയപ്പോൾ, പതിനഞ്ചു വയസ്സിനു താഴെയുള്ളവരെ തിരുമേനി (സ) അവരുടെ വീടുകളിലേക്കു തിരിച്ചയക്കുകയും, പതിനഞ്ചു വയസ്സിൽ കൂടുതൽ പ്രായമുള്ളവർ യുദ്ധത്തിൽ പങ്കെടുത്തു കൊള്ളുവാൻ അനുവദിക്കുകയും ചെയ്തു. മദീനാ നഗരത്തെ ആക്രമണത്തിൽനിന്നു രക്ഷിപ്പാനായി മസ്‌ലമതിബ്ൻ അസ്‌ലം (റ) വിന്റെ നേതൃത്വത്തിൽ ഇരുനൂറു പട്ടാളക്കാരേയും സൈദിബ്ൻ ഹാരിസത് (റ) വിന്റെ നേതൃത്വത്തിൽ മുന്നൂറു പട്ടാളക്കാരെയും കാവൽഭടന്മാരെന്ന നിലക്ക് അണിനിരത്തി. ബനൂഖുറൈള: എന്ന യഹൂദിഗോത്രക്കാർ മദീനയിലെ സ്ത്രീകളേയും കുട്ടികളേയും ചതിച്ചു കളയുമെന്ന ആശങ്ക മൂലമാണ് മദീനയുടെ രക്ഷക്കായി കാവൽഭടന്മാരെ ഏർപ്പെടുത്തിയതു്. ആ യഹൂദഗോത്രം തിരുമേനി (സ)യെ മായി ഉടമ്പടിയിലേപ്പെട്ടിരുന്നെങ്കിലും, ഉടമ്പടിക്കെതിരായി അവർ ശത്രുപക്ഷത്തെ സഹായിക്കുന്ന വിവരം തിരുമേനി (സ) ക്കു ലഭിച്ചിരുന്നു. ബനൂഖുറൈള: ഗോത്രക്കാരുടെ നിലപാടിനെപ്പറ്റി അന്വേഷിപ്പാൻ തിരുമേനി (സ) നിയോഗിച്ച അന്വേഷണസംഘം, ആ യഹൂദഗോത്രം ശത്രുപക്ഷത്തെ സഹായിക്കുന്നുണ്ടെന്നുള്ള വാർത്തയെ സ്ഥിരീകരിച്ചു. സഅ്ദ്ബ്ൻ മആദ് (റ), ബഅ്ദിബ്ൻ ഉബാദത് (റ), അബ്ദില്ല റാഫിബ്ൻ റവാഹത് (റ), ഖവ്വാതുബ്ൻജുബൈർ (റ) എന്നിവരാണു് അന്വേഷണ സംഘത്തിൽ നിയോഗിക്കപ്പെട്ടിരുന്നതു്. അവർക്കു ലഭിച്ച വിവരം തൽക്കാലം പരസ്യമാക്കാതിരിക്കുവാൻ തിരുമേനി (സ) നിർദ്ദേശിച്ചു. ആ വാർത്ത ജനങ്ങളുടെ മനോവീര്യത്തെ ക്ഷയിപ്പിക്കുവാൻ ഇടയുണ്ടെന്നുള്ളതായിരുന്നു അതിനു കാരണം.

മലകളുടെ മുകൾഭാഗങ്ങളിലും അടിവാരങ്ങളിലും മറ്റിടങ്ങളിലും താവളമടിച്ച ശത്രുസൈന്യങ്ങൾ യുദ്ധരംഗത്തേക്കു മലവെള്ളം പോലെ പ്രവഹിച്ചു. ആ പ്രവാഹം കണ്ടപ്പോൾ മുനാഫിഖുകളുടെ ഹൃദയങ്ങളിൽ ആശങ്കയും ഭയവും ഉടലെടുത്തു. അവർ പിന്മാറുവാൻ വട്ടംകൂട്ടി. യുദ്ധം മുസ്‌ലിംകളുടെ പരാജയത്തിൽ മാത്രമെ കലാശിക്കുകയുള്ളുവെന്നു അവർ തീരുമാനിച്ചു. ഈ അവസരത്തിൽ 'ഹൃദയത്തിൽ കളങ്കമുള്ള മുനാഫിഖുകൾ അല്ലാഹുവും റസൂലും നമ്മോടു നന്മയായി പറഞ്ഞ കാര്യങ്ങളെ തിന്മയായിട്ടല്ലാതെ കാണുന്നില്ല എന്നു പറഞ്ഞതു താങ്കൾ സ്മരിക്കുക' എന്നർത്ഥമുള്ള ആയത്തിറങ്ങി. 'പാശ്ചാത്യ-പൌരസ്ത്യ രാജ്യങ്ങൾ യഹൂദിക്കിൽ നിന്നു കണ്ടുവെന്നും, കിസ്‌റായുടേയും കൈസറിന്റെയും ആധിപത്യം കരസ്ഥമാക്കുമെന്നും മറ്റും മുഹമ്മദ് പറയുന്നു. ഈ കാണുന്ന സൈന്യത്തോ

തെതിപ്പാൻ പോലും മുഹമ്മദിന്നു കഴിയുന്നുമില്ല. നമ്മെ സംബന്ധിച്ചാണെങ്കിൽ മലമൂത്ര വിസർജ്ജനത്തിന്നു നിർഭീതമായി പുറത്തിറങ്ങുവാനുള്ള സാഹചര്യം പോലും നഷ്ടപ്പെട്ടിരിക്കുകയാണു്. ഇതെന്തൊരു കഥയാണു്? മുഹമ്മദിന്റെ വാക്കിന്നു വല്ല വിലയുമുണ്ടോ?' എന്നീപ്രകാരം മുനാഫിഖുകൾ പറഞ്ഞു തുടങ്ങിയപ്പോഴാണു് പ്രസ്തുത ആയത്തിറങ്ങിയതു്. അബ്ദുല്ലാ ഹിബ്നു ഉബയ്യിബ്നു സുലൂലാണു് ഇപ്രകാരം പറഞ്ഞതെന്നു പറയപ്പെട്ടിരിക്കുന്നു. 'രാജത്വത്തിന്റെ ഉടമസ്ഥൻ അല്ലാഹുവത്രെ. അതു അല്ലാഹു വേണ്ടുകവെച്ചവർക്കു അവൻ കൊടുക്കുമെന്നു താങ്കൾ പറയുവിൻ' എന്നു അല്ലാഹു തിരുമേനി (സ) യെ അറിയിച്ചു. 'മദീനക്കാരെ, നിങ്ങൾക്കു രക്ഷ കിട്ടുകയില്ല. വീടുകളിലേക്കു തിരിച്ചു പോയിക്കൊള്ളുക.' എന്നു പറഞ്ഞുകൊണ്ടു മുസ്‌ലിംകളെ നിർവ്വീര്യരാക്കുവാൻ മുനാഫിഖുകളിൽ ചിലർ ശ്രമിച്ചു ആ ശ്രമം ഫലപ്പെടാതിരുന്നില്ല. 'ഞങ്ങളുടെ വീടുകൾക്കു വാതിലുകളില്ല. വീടുകൾ ഭദ്രങ്ങളല്ല. ശത്രുക്കൾ ഞങ്ങളുടെ ഭവനങ്ങളെ കയ്യേറിക്കളയുമെന്നു ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ടു, വീടുകളിലേക്കു തിരിച്ചു പോയിക്കൊള്ളുവാൻ ഞങ്ങളെ അനുവദിക്കേണം'മെന്നു മുസ്‌ലിംകളിൽ ചിലർ തിരുമേനി (സ) യോടാവശ്യപ്പെട്ടു. ഇതിനെ പരാമർശിച്ചുകൊണ്ടു അല്ലാഹു ഇപ്രകാരം അറിയിച്ചു – 'അവർ ഈ ആവശ്യം ഉന്നയിച്ചതു് വീടുകൾ ഉറപ്പില്ലാഞ്ഞിട്ടല്ല. . ഭീരുത്വം നിമിത്തം യുദ്ധത്തിൽ നിന്നു പിന്തിരിഞ്ഞോടിക്കളയുവാൻ വേണ്ടിയാകുന്നു."

സംഭവങ്ങൾ ഇങ്ങിനെ ബഹുവിധേന വികാസം പ്രാപിച്ചുകൊണ്ടിരിക്കെ തിരുമേനി (സ) യെ വധിച്ചു കളവാനുള്ളാഗ്രഹം നൌഫലിബ്നു അബ്ദുല്ലാ ഹിൽ മുഗീറത്തുൽമഖ്സൂമിയുടെ ഹൃദയത്തിൽ ഉദിച്ചുപൊന്തി. അയാൾ തന്റെ കുതിരപ്പുറത്തു കയറി വാളുമേന്തി തിരുമേനി (സ) യെ ലക്ഷ്യം വെച്ചുകൊണ്ടു കുതിച്ചു. കഴിയുടെ ഇക്കരെ നിന്നു അക്കരെയിലേക്കു ചാടിച്ചു. അക്കരെയിലെത്തുവാൻ കഴിയാതെ കുതിര കഴിയിൽ വീണു. കഴിയിൽ വീണ അക്രമിയെ അവിടെ വെച്ചു തന്നെ കൊല്ലുവാനായി മുസ്‌ലിംകൾ കല്പിച്ചു. "കല്പിച്ചു കഷ്ടപ്പെടുത്താതെ നല്ല നിലയിൽ എന്നെ കൊന്നുകൊള്ളുക" എന്നു നൌഫൽ അഭ്യർത്ഥിച്ചപ്പോൾ അലീ (ക. വ.) കഴിയിൽ ഇറങ്ങി അയാളെ വെട്ടിക്കൊന്നു. ഈ സംഭവം ശത്രുപക്ഷത്തെ അത്യന്തം വേദനിപ്പിച്ചു നൌഫലിന്റെ ശവം അവിടെനിന്നു നീക്കംചെയ്യുവാൻ തങ്ങളെ അനുവദിച്ചാൽ പതിനായിരം സ്വർണ്ണം പ്രതിഫലം നൽകാമെന്നു അവർ തിരുമേനി (സ) യെ അറിയിച്ചു. ആ ശവം ഖന്ദഖിൽനിന്നു നീക്കംചെയ്തുകൊള്ളുവാൻ തങ്ങൾക്കു അനുവാദം ലഭിക്കുന്നതിനായി പലവിധത്തിൽ അവർ ശ്രമിച്ചു. അവസാനം, പന്ത്രീരായിരം സ്വർണ്ണം പ്രതിഫലം നൽകാമെന്നു അവർ തിരുമേനി (സ) യെ അറിയിച്ചു. അപ്പോൾ തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:– അവന്റെ ശരീരം അശുദ്ധം; അതിന്നുള്ള പ്രതിഫലവും അശുദ്ധം. പ്രതിഫലം വാങ്ങുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ശവം എടുത്തുകൊണ്ടുപോവുന്നതിനു ഞങ്ങൾക്കു വിരോധവുമില്ല.

ബനൂഖുറൈള: എന്ന യഹൂദിഗോത്രം തിരുമേനി (സ) യുമായുള്ള ഉടമ്പടി ലംഘിച്ച വസ്തുത വിശദീകരിക്കാം. ബനൂനളൈർ ഗോത്രത്തലവനായ ഹയയ്യിബ്നു അഖ്തബ് ഇസ്‌ലാമിനോടുള്ള ശത്രുതയിൽ അബൂജഹലിന്നു തുല്യനായിരുന്നു. ഖുറൈശികളുമായി യുദ്ധക്കരാർ ഉണ്ടാക്കിയശേഷം അയാൾ ഖുറൈശികളോടു പറഞ്ഞു:– 'ബനൂഖുറൈള: എന്ന യഹൂദഗോത്രക്കാരായ എഴുനൂറു പട്ടാളക്കാർ

ഈ യുദ്ധത്തിൽ നിങ്ങളെ സഹായിക്കും.' അപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു:- 'അവർ മുഹമ്മദുമായി ഉടമ്പടിചെയ്തവരാണല്ലൊ. നിങ്ങൾ പറഞ്ഞതു നേരാണെങ്കിൽ ആദ്യം ആ ഉടമ്പടി ഇല്ലാതാക്കുകയാണു വേണ്ടതു്. നിങ്ങൾ ഉടനെ അവരെ സമീപിച്ചു ആ ഉടമ്പടി ദുർബ്ബലപ്പെടുത്തുക.' ഹയ്യു് ഉടനെ പുറപ്പെട്ടു. ബനൂഖുറൈള: ഗോത്രത്തലവനായ കഅ്ബുബ്നി അസദിൽ ഖർളിയുടെ കോട്ട വാതിലിൽ മുട്ടിവിളിച്ചു ഉടമ്പടി ദുർബ്ബലപ്പെടുത്തുവാൻ പയ്റപ്പനായ വ്യക്തി അയാളായിരുന്നു. ഹയ്യിന്റെ ആഗമനോദ്ദേശ്യം മനസ്സിലാക്കിയ കഅ്ബു് വാതിൽ തുറന്നില്ല. ''ഹയയ്യെ, നീ ഒരു ദുർഗ്രൻതന്നെ. ഞങ്ങളും മുഹമ്മദും തമ്മിൽ സമാധാന സന്ധിയുണ്ടാക്കുകയും മിത്രങ്ങളായി ഞങ്ങൾ കഴിഞ്ഞുകൂടുകയും ചെയ്യുന്ന ആ സന്ധി ദുർബ്ബലപ്പെടുത്തുവാൻ തക്ക യാതൊരു കാരണവും ഉണ്ടായിട്ടില്ല. സൽഗുണസമ്പന്നനായ വ്യക്തിയാണു് മുഹമ്മദ് സത്യസന്ധനായിട്ടല്ലാതെ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല" എന്നു കഅ്ബു് പറഞ്ഞപ്പോൾ, വാതിൽ തുറക്കുവാൻ ഹയ്യു് വീണ്ടും ആവശ്യപ്പെട്ടു. കഅ്ബ് ദേഷ്യത്തോടുകൂടി ഹയയ്യോടുപറഞ്ഞു. ''നിങ്ങൾ വാതിൽ തുറക്കാഞ്ഞതിന്റെ കാരണം എനിക്കു മനസ്സിലായി വാതിൽ തുറന്നാൽ എന്നെ സൽക്കരിക്കുന്നിവരുമെന്നു പേടിച്ചതുകൊണ്ടാണു് എന്നു് ഹയയ്യു് പറഞ്ഞപ്പോൾ, അപമാനഭീരുതയാൽ കഅ്ബ് വാതിൽ തുറന്നു. അകത്തുകടന്നു കുറിയുള്ള ഇരുന്നശേഷം ഹയയ്യു് തന്ത്രപരമായി സംഭാഷണം ആരംഭിച്ചു. അയാൾ പറഞ്ഞു:- 'കഅ്ബെ, നിങ്ങൾ ദുർഭാഗ്യവാനാണു് ശാശ്വതമായ സന്തോഷവാത്തയും കൊണ്ടാണു് ഞാൻ നിങ്ങളെ സമീപിച്ചിട്ടുള്ളതു്. നിങ്ങളെ സഹായിപ്പാൻ ഖുറൈശികളും പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മജ്മൂസ്സുയൂൽ എന്ന സ്ഥലത്തു അവർ എത്തിക്കഴിഞ്ഞിട്ടുണ്ടു്. ഗത്ഫാൻ ഗോത്രക്കാരുടെ സേന ഉഹ്ദിൽ താവളമടിച്ചിരിക്കുന്നു. മുഹമ്മദിനെയും കൂട്ടുകാരെയും മുഴുടോടെ നശിപ്പിക്കാതെ തിരിച്ചുപോകയില്ലെന്നു അവർ എന്നോടു പ്രതിജ്ഞ ചെയ്തിരിക്കുന്നു' ഇതുകേട്ടപ്പോൾ കഅ്ബ് പറഞ്ഞു:- 'ഹയയ്യെ, ലോകാവസാനംവരെ നിലനിൽക്കാനിടയുള്ള അപമാനവുമായിട്ടാണു് നിങ്ങൾ വന്നിട്ടുള്ളതു്. വെള്ളമില്ലാത്ത മേഘത്തിൽ നിന്നു പുറപ്പെടുന്ന ഇടിയും മിന്നലും പോലുള്ള വെറും കൊച്ചുപ്പാട്ടുകളാണിതെല്ലാം. ഈ പരിപാടി വിജയിക്കുവാൻ പോകുന്നില്ല. അതുകൊണ്ടു ഈ കാര്യത്തിൽ എന്നെ ഒഴിവാക്കുന്നതാണു് നല്ലതു്. ഞാൻ നിങ്ങളുടെ അഭിപ്രായത്തോടൊ പരിപാടിയോടൊ യോജിക്കുന്നില്ല. നിങ്ങൾ പോയിക്കൊള്ളുക. ഞാൻ സമാധാനത്തോടുകൂടി ഇവിടെ ജീവിച്ചുകൊള്ളട്ടെ.' ഇതുകൊണ്ടും ഹയയ്യു പിൻമടങ്ങിയില്ല. വിനാശാത്മകമായ, കാര്യങ്ങളെസ്സംബന്ധിച്ച പ്രവർത്തനങ്ങളിൽനിന്നു ഒഴിഞ്ഞുപോകുന്ന സ്വഭാവക്കാരനായിരുന്നില്ല ഹയയ്യു്. അയാളുടെ ചാടുവാക്കുകളും അവസാനം കഅ്ബിന്റെ കഴുത്തിൽ കയറിട്ടു. ഖുറൈശികളും ഗത്ഫാൻകാരും ഈ യുദ്ധത്തിൽ മുഹമ്മദിനെ കൊല്ലാതെ തിരിച്ചുപോയെന്നു വന്നാൽ, ഞാനും എന്റെ ഗോത്രക്കാരും നിങ്ങൾക്കു കീഴടങ്ങും. ഞങ്ങൾ ചതുകഴിഞ്ഞെല്ലാതെ ഈ കോട്ടയുടെ ഒരു തരി മണ്ണുതൊടുവാൻപോലും ഞങ്ങൾ ആരെയും അനുവദിക്കുകയില്ല' എന്നു ഹയയ്യു് പ്രതിജ്ഞചെയ്തു. ഇതുമയപ്പോൾ കഅ്ബിന്റെ മനസ്സു് മാറുകയും കരാർ പത്രിക പിച്ചിച്ചീന്തുകയുമുണ്ടായി. അതിനു ശേഷം അയാൾ തന്റെ ഗോത്രമുഖ്യരായ സുബൈരിബ്നുമതാ, ശാസുബ്നുഖൈസ്, അസാലുബ്നുഅമൈമൂൻ, അഖബതുബ്നുസൈദ് മുതലായവരെ വരുത്തി, തിരുമേനി (സ) യുമാ

യുണ്ടാക്കിയ ഉടമ്പടി ഉർബ്ബവപ്പെട്ടുത്തിയ വിവരം അവരെ അറിയിച്ചു.

ഈ സംഗതി ഉമർഖത്താബ് (റ) വാണ് തിരുമേനി (സ)യെ അറിയിച്ചതു്. ഈ വിവരം അറിഞ്ഞപ്പോഴാണ് തിരുമേനി (സ) മുൻപറഞ്ഞ അന്വേഷണസംഘത്തെ വിശദവിവരങ്ങളും ശേഖരിപ്പാനായി നിയോഗിച്ചതു്. അൻസാരീ ഗോത്രങ്ങളിൽ ബഹുമാന്യനായ ഔസ്‌ഗോത്രത്തിന്റെ തലവൻ സഅ്ദ് ബിബ്നുമആദ് (റ) വും, ഖസ്‌റജ് ഗോത്രത്തിന്റെ തലവനായ സഅ്ദുബ്നു ഉബാദത്ത് (റ) വും ആ അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലൊ. ഈ രണ്ടു സഅ്ദുമാരെ നിയോഗിപ്പാൻ ഒരു പ്രത്യേകകാരണമുണ്ടായിരുന്നു. ഖുറൈള: ഗോത്രക്കാരായ യഹൂദികളും ഔസ്, ഖസ്‌റജ് ഗോത്രക്കാരുമായി സത്യക്കരാറിൽ ഏർപ്പെട്ടവരായിരുന്നു. ഖുറൈള: ഗോത്രക്കാർ തിരുമേനി (സ) യുമായി ഉടമ്പടിയിലേർപ്പെട്ടപ്പോൾ, ഉടമ്പടി ലംഘിക്കുകയില്ലെന്നുള്ളതിനു ജാമ്യക്കാരായി നൽകിയിരുന്നതു ഇപ്പറഞ്ഞ രണ്ടു സഅ്ദുമാരെയായിരുന്നു. സഅ്ദുമാർ തിരിച്ചുവന്നു വസ്തുതകളും തിരുമേനി (സ) യെ ധരിപ്പിച്ചു. മറ്റുള്ളവർക്കു മനസ്സിലാവാത്തവിധത്തിലാണ് അവർ വസ്തുതകളും ധരിപ്പിച്ചതു്. 'അളൽവൽ ഖാറത്' എന്നു മാത്രമെ അവർ പറഞ്ഞുള്ളൂ. അളൽ എന്ന കക്ഷിയും ഖാറത് എന്ന കക്ഷിയും മുസ്‌ലിംകളെ ചതിച്ചവസ്തുത ഈ ഗ്രന്ഥത്തിൽ ഒരിടത്തു പ്രസ്താവിച്ചതു വായനക്കാർ ഓർക്കുന്നുണ്ടാവാം. അവർ ചതിച്ചതുപോലെ ഖുറൈള: ഗോത്രക്കാരും മുസ്‌ലിംകളെ ചതിച്ചുവെന്നായിരുന്നു 'അളൽവൽഖാറത്' എന്ന വാക്കുകൊണ്ടു അവർ ഉദ്ദേശിച്ചതു്. ഈ വാത്ത തിരുമേനി (സ) യെ കുണ്ഠിതപ്പെടുത്താതിരുന്നില്ല. തിരുമേനി (സ) പുതപ്പുകൊണ്ടു മേഹംമൂടി ഒരു ഭാഗത്തു ചരിഞ്ഞുകിടന്നു. ഈ അവസ്ഥ സഹാബിമാരെ വ്യസനിപ്പിച്ചു. കുറെനേരം കഴിഞ്ഞപ്പോൾ തിരുമേനി (സ) തല ഉയർത്തിക്കൊണ്ടു ഇപ്രകാരം അരുളുകയുണ്ടായി:— 'അല്ലാഹുവിന്റെ സഹായസഹകരണങ്ങളും ലഭിക്കുമെന്നു നിങ്ങളും അഭിമാനിച്ചുകൊള്ളുക.'

അബ്ദുല്ലാഹിബ്നു സുബൈർ (റ) പറയുന്നു:—'ഞാനും അംറുബ്നു അബീമസ്‌ലമത്തും ഹസ്സാനുബ്നുസാബിത് (റ) വിന്റെ വീട്ടിൽ സ്ത്രീകളോടൊപ്പമാണുണ്ടായിരുന്നതു്. അബ്ദുൽ മുത്തലിബിന്റെ മകനും സഫിയ്യയും അക്കൂട്ടത്തിലുണ്ടായിരുന്നു ഒരു യഹൂദി വീട്ടിന്റെപുറം ചുവരോടുചേർന്നു പതുങ്ങിനടക്കുന്നതായി അവർ കണ്ടു. ആ യഹൂദിയുടെ സംശയജനകമായ പെരുമാറ്റം ഹസ്സാൻ (റ) വിന്റെ ശ്രദ്ധയിൽ പെടുത്തപ്പെട്ടു. 'ഈ യഹൂദിയെ വിശ്വസിച്ചുകൂടാ. അവൻ വീട്ടിൽ കടന്നുവരുവാനുള്ള പഴുതുകളും മനസ്സിലാക്കുകയാണ് ചെയ്യുന്നതു്. ഇവനെ വിട്ടാൽ ആപത്തുണ്ടു്. അതുകൊണ്ടു താങ്കൾ പുറത്തിറങ്ങി അവനെ കൊല്ലണം'എന്നു സഫിയ്യാബീ ഹസ്സാൻ (റ) വോടാവശ്യപ്പെട്ടു. 'അവനെ ഞാൻ അറിയും; അവൻ അത്തരക്കാരനല്ല'എന്നു ഹസ്സാൻ (റ) മറുപടിനൽകി. ആ മറുപടിയിൽ സംതൃപ്തയായി അടങ്ങിയിരിക്കുവാൻ സഫിയ്യാബീക്കു കഴിഞ്ഞില്ല. ആ ധീരവനിത ഒരു മരത്തുണ്ടുകയ്യിലെടുത്തു പുറത്തിറങ്ങി ആ യഹൂദിയെ തല്ലിക്കൊന്നു. അവർ വീട്ടിൽ കയറിവന്നു, ആ യഹൂദിയുടെ ഉടുപ്പു് ഊരിയെടുത്തുകൊള്ളുവാൻ ഹസ്സാൻ (റ) വോടു പറയുകയുംചെയ്തു. ആ ഉടുപ്പു് എനിക്കു ആവശ്യമില്ലെന്നു പറഞ്ഞുകൊണ്ടു അദ്ദേഹം വീട്ടിനകത്തുതന്നെ പതുങ്ങിക്കൂടി. ഉടുപ്പു് വേണ്ടാത്തതുകൊണ്ടല്ല അദ്ദേഹം അങ്ങിനെ പറഞ്ഞതു്. അദ്ദേഹത്തോളം ധീരവായ ഒരു വ്യക്തി ആ കാലത്തുണ്ടായിരുന്നില്ല. ആ അവസരത്തിൽ

എന്റെ ബാപ്പ സുബൈർ (റ) ഖുറൈള: ഗോത്രക്കാർ നിവസിച്ച പ്രദേശത്തിന്നു പുറം കുതിരപ്പുറത്തു സവാരി ചെയ്യുന്നതായി ഞാൻ കണ്ടു. അദ്ദേഹം കയറിയ കുതിര മൂന്നുതവണ ആ പ്രദേശം ചുറ്റിയശേഷം തിരിച്ചുവരുമ്പോൾ, എന്തിനാണ് അങ്ങോട്ട പോയതെന്നു ഞാൻ ബാപ്പയോടന്വേഷിച്ച വിവരങ്ങൾ അറിവാൻ തിരുമേനി (സ) നിയോഗിച്ചതാണെന്നു അദ്ദേഹം എന്നോട പറഞ്ഞു.' ''എല്ലാ നബിമാക്കും 'ഹവാരിയ്യൂന'എന്ന സഹകാരികളുണ്ട്. എന്റെ അത്തരം സഹകാരികളിൽ ഒരാളാണ് സുബൈർ''എന്നു നബി (സ) അരുളിയിരിക്കുന്നു.

ശത്രുസേന ഖന്ദഖിന്നടുത്തു സംഘടിതമായി നിന്നു. ഇടക്കിടെ മുസ്‌ലിംകളുടെ നേരെ അമ്പെയ്യുകയും ചെയ്തു. അബൂസുഫ്‌യാൻ, ഖാലിദിബ്‌നുൽവലീദ്, അംറുബ്‌നുൽആസീ, ഹുബൈറത്തുബ്‌നുവഹബ്, ഇക്‌രിമതിബ്‌നു അബീജഹൽ, ളിറാറിബ്‌നുൽഖത്താബ്, തുടങ്ങിയ ഖുറൈശിപ്രമാണികളും ഓരോരുത്തർ ഓരോ ദിവസം മാറിമാറി ആ സേനക്കു നായകത്വം നൽകി. മുസ്‌ലിം അണിയിലേക്കു ഇരമ്പിക്കയറുവാൻ പഴുതു നോക്കിക്കൊണ്ടു രാപ്പകലുകളും അവർ ജാഗരൂകരായി പ്രവർത്തിച്ചു. 'അല്ലാഹുവിന്റെ കാവലും ഉതക്കവും നിങ്ങൾക്കുണ്ടെന്നു വിശ്വസിച്ചുകൊള്ളുക' എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) മുസ്‌ലിം സേനയുടെ ആവേശത്തിന്നു ഉത്തേജനം നൽകി. 'കഅ്ബ: തവാഫ് ചെയ്യേണമെന്നും കഅ്ബ:യുടെ താക്കോൽ കരസ്ഥമാക്കേണമെന്നും കിസ്‌റായുടെയും കൈസറുടെയും ആധിപത്യം അവസാനിപ്പിക്കേണമെന്നും അവരുടെ ഖജാനകൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കേണമെന്നും ഞാൻ ആഗ്രഹിക്കുന്നു' വെന്നു തിരുമേനി (സ) അരുളുകയുണ്ടായി. അതിലിടക്കു ഒരു രഹസ്യസന്ധിമൂലം ഗത്ഫാൻ സേനയെ പിന്തിരിപ്പിക്കുവാൻ ഒരു ശ്രമം നടത്തേണമൊ വേണ്ടയൊ എന്ന പ്രശ്നം തിരുമേനി (സ) സഅ്ദിബ്‌മുആദ് (റ) വിന്റെയും സഅ്ദിബ്"നുഉബാദത്ത് (റ) വിന്റെയും മുമ്പിൽ വെക്കുകയും, ഗാഢമായ ചർച്ചക്കുശേഷം ആ സംരംഭം വേണ്ടെന്നുവെക്കുകയും ചെയ്തു. വാളിനെ വാൾകൊണ്ടു നേരിടുവാൻ തന്നെ അവർ തീരുമാനിച്ചു.

അബൂഹുറൈറ: (റ) വെ ഉദ്ധരിച്ചുകൊണ്ടു തിബ്‌റാനീ (റ) പറയുന്നു:- 'ഉയൈനത്, ഹർസ് എന്നീ യഹൂദർ തിരുമേനി (സ) യുടെ അടുത്തു വരികയും, മദീനയിൽ ഉണ്ടാകുന്ന കാരക്കയുടെ പകുതിഭാഗം അവർക്കു കൊടുക്കാമെന്നു ഏൽക്കുന്നപക്ഷം യുദ്ധം കൂടാതെ കാര്യം കലാശിപ്പിക്കാമെന്നു പറഞ്ഞു. ആലോചിച്ചു പറയാമെന്നു തിരുമേനി (സ) മറുപടി നൽകി. അതനുസരിച്ചു സഅ്ദുമാരുമായി തിരുമേനി കൂടിയാലോചന നടത്തുകയും അങ്ങിനെ ഒരു ഉടമ്പടി ആവശ്യമില്ലെന്നു തീരുമാനിക്കുകയും ചെയ്തു.'

മുസ്‌ലിം അണിയിലേക്കു ആഞ്ഞുകയറുവാൻ തക്കംനോക്കിക്കൊണ്ടു ശത്രുക്കൾ ഇരുപതോളം ദിവസങ്ങൾ തള്ളിനീക്കി. അതിലിടക്കു ഇടക്കിടെ മുസ്‌ലിംകളുടെ നേരെ അമ്പെയ്യുകയല്ലാതെ മറെറാന്നും അവർ ചെയ്തില്ല. അവസാനം, ഖുറൈശീ നേതാക്കളായ നാലുപേർ ആയുധങ്ങൾ അണിഞ്ഞു കുതിരപ്പുറത്തു കയറി സൽഅ് എന്ന മലയിടുക്കിലുള്ള ഒരു ഊടുവഴിയിലൂടെ ഖന്ദഖിന്റെ പുറത്തളമായ സലീഖത് എന്ന സ്ഥലത്തെത്തി. ആക്രമം ജയിപ്പാൻ കഴിയാത്തവനെന്നു പ്രശസ്തിയാർജ്ജിച്ച തൊണ്ണൂറുവയസ്സുകാരനും അസാധാരണ ശക്തനുമായ അംറുബ്‌നുഅബ്‌വുദ്ദിൽആമിരിയ്യി, അബീജഹലിന്റെ പുത്രനായ ഇക്‌രിമത്, അബൂവഹബിന്റെ പുത്രനായ ഹുബൈറത്, ഉമർഖത്താബ് (റ) വിന്റെ സ

ഹോദരനായ ളിറാർ,— ഇവരായിരുന്നു ആ നാലുപേർ. [ഈ ളിറാറും ഇക്‌രീമയും പിൽക്കാലത്തു ഇസ്‌ലാംമതം വിശ്വസിച്ചു.] അവരിൽനിന്നു അംറിബ്‌നുഅബ്ദുവുദ്ദ് മുമ്പോട്ടുവന്നു, 'മുസ്‌ലിം അണിയിൽ എന്നോടെതിർപ്പാൻ ധൈര്യമുള്ള വല്ലവരുമുണ്ടെങ്കിൽ മുമ്പോട്ടു വരട്ടെ' എന്നാക്രോശിച്ചു. ആ വെല്ലുവിളിയെ നേരിടുവാൻ അലിയ്യിബ്‌നുഅബീതാലിബ് സന്നദ്ധനായിക്കൊണ്ടു, തിരുമേനി (സ) യുടെ അനുമതിക്കപേക്ഷിച്ചു. അദ്ദേഹത്തോടു 'അവിടെ ഇരിക്കുക' എന്നു തിരുമേനി (സ) പറഞ്ഞു, അംറ് രണ്ടാമതും വെല്ലുവിളിച്ചു. അലീ (ക. വ.) അപ്പോഴും എഴുന്നേറ്റു. തിരുമേനി (സ) രണ്ടാമതും അദ്ദേഹത്തെ ഇരുത്തി. ആരും മുമ്പോട്ടു പോകുന്നതായി കാണാത്തപ്പോൾ അംറ് മുസ്‌ലിംകളെ അപമാനിച്ചുകൊണ്ടു വീരവാദം മുഴക്കിത്തുടങ്ങി 'നിങ്ങളിൽനിന്നു കൊല്ലപ്പെട്ടവർ സ്വർഗ്ഗത്തിൽ കടക്കുമെന്നല്ലെ നിങ്ങൾ പറയുന്നതു്. ഇപ്പോൾ സ്വർഗ്ഗത്തിൽ പോകുവാൻ നിങ്ങളുടെ കൂട്ടത്തിൽ ആളില്ലാതായോ? ശരീരശക്തിയിൽ ദുർബ്ബലരായവർ കട്ടിയുള്ള വാക്കുകൾ പറയുന്നു. ഇപ്പോൾ മുമ്പോട്ടുവരുവാൻ ആണത്തമില്ല; സ്വർഗ്ഗത്തിന്നാഗ്രഹവുമില്ല' എന്നിങ്ങിനെ പലതും അയാൾ ആക്രോശിച്ചു. ഇത്തവണയും അലീ (ക. വ.) എഴുന്നേറ്റു. തിരുമേനി (സ) അദ്ദേഹത്തിന്നു അനുമതി നൽകി. അനുമതി നൽകിയതോടൊപ്പം തിരുമേനി (സ) അലീ (ക. വ.) യുടെ ദുൽഫഖാർ എന്ന വാളും പടയങ്കിയും തലപ്പാവും അലീ (ക വ) ക്കു നൽകുകയുണ്ടായി. അദ്ദേഹം പടയങ്കിയണിഞ്ഞു, മുഖയങ്കിധരിച്ചു, വാളും പരിചയുമെടുത്തു യുദ്ധക്കളത്തിലിറങ്ങുമ്പോൾ തിരുമേനി (സ) ഇപ്രകാരം പ്രാർത്ഥിച്ചു:— 'തമ്പുരാനെ, എതിരാളിയെ പരാജയപ്പെടുത്തുന്നതിന്നു ഇദ്ദേഹത്തെ നീ തുണക്കേണമെ.' തമ്പുരാനെ, ഉഹ്ദുയുദ്ധത്തിനെ ബദ്‌റിലും ഹംസ:യെ ഉഹ്ദിലും നീ പിടിച്ചെടുത്തു. എന്റെ സഹോദരനും പിതൃസഹോദരപുത്രനുമായ അലീ ഇതാ പടക്കളത്തിലിറങ്ങുന്നു. ഉദരവർഗ്ഗമില്ലാത്ത നിലയിൽ എന്നെ നീ ആക്കെല്ലെ'എന്നീപ്രകാരം, അലീ (ക. വ.) യുടെ തലപ്പാവു ഉയർത്തിപ്പിടിച്ചുകൊണ്ടു തിരുമേനി (സ) പ്രാർത്ഥിച്ചതായും പറയപ്പെട്ടിട്ടുണ്ടു്. പടക്കളത്തിലിറങ്ങിയ അലീ (ക. വ.)എതിരാളിയെ നേരിട്ടുകൊണ്ടു ഇപ്രകാരം പറഞ്ഞു:— 'നിങ്ങൾ പതച്ചുതുള്ളുവാതിരിക്കുക. നിങ്ങളുടെ വെല്ലുവിളിയെ നേരിടുവാൻ ഞാൻ വന്നിരിക്കുകയാണു് സത്യം ജയിക്കട്ടെ.' 'അതേ, ഖുറൈശികളിൽനിന്നു ആരായാലും ശരി, രണ്ടാളൊന്നിന്നു വിളിച്ചാൽ ഞാൻ ആ വിളിയെ നേരിടുംഎന്നു ഊറ്റംപറഞ്ഞതു നിങ്ങളല്ലെ'എന്നു അലീ (ക. വ.) ചോദിച്ചു. 'അതെ, എന്നു അംറ് ഉത്തരം പറഞ്ഞപ്പോൾ, 'എങ്കിൽ, ഞാൻ നിങ്ങളെ അല്ലാഹുവിന്റെ ദീനിലേക്കു ആഹ്വാനം ചെയ്യുന്നു'എന്നു അദ്ദേഹം പ്രസ്താവിച്ചു. 'ആ വഴിക്കു ഞാനില്ല'എന്നു അംറ് മറുപടി നൽകിയപ്പോൾ, 'എന്നാൽ ഞാൻ നിങ്ങളെ യുദ്ധത്തിന്നു വെല്ലുവിളിക്കുന്നു'വെന്നു അലീ (ക. വ) പ്രഖ്യാപിച്ചു. അതിനിടക്കു അംറിനെ യുദ്ധക്കളത്തിൽനിന്നു പിൻതിരിക്കുവാൻ അലീ (ക. വ.) നടത്തിയ പരിശ്രമങ്ങളും പാഴാവുകയും, എന്റെ പ്രതീക്ഷ * പാലിക്കാതെ ഞാൻ മടങ്ങുകയില്ലെന്നു അംറ് വീരവാദം മുഴക്കുകയും ചെയ്തപ്പോഴാണു് ധീരരിൽ ധീരനായ അലീ (ക. വ.) അംറിനെ യുദ്ധത്തിന്നു വിളിച്ചതു്. 'ആദ്യം നീ ദീനിലേക്കു വിളിച്ചു; രണ്ടാമതു് യുദ്ധത്തിന്നു വിളിച്ചു. മൂന്നാമതു വല്ലതും കയ്യിലുണ്ടൊ?'

* ബദർ യുദ്ധത്തിൽ മുറിവേറ്റു ഓടുന്നഘട്ടത്തിൽ "മുഹമ്മദിനെ കൊന്നില്ലാതെ ഞാൻ തലയിൽ എണ്ണ പൂശുകയില്ല" എന്നു ഈ അംറ് പ്രതിജ്ഞ ചെയ്തിരുന്നു.

എന്ന അംറ് പരിഹാസ്യമായി ചോദിച്ചപ്പോൾ, 'മൂന്നാമതു യുദ്ധത്തിനുള്ള ഇറക്കംതന്നെ'എന്ന അലീ (ക. വ.) പ്രത്യുപചിച്ചു. ഇതുകേട്ടപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ട് അംറ് പറഞ്ഞു:-'കുട്ടീ, ഇപ്രകാരം പറഞ്ഞുകൊണ്ട് എന്നെ ഭീഷണിപ്പെടുത്തുവാൻ ഏതെങ്കിലും ഒരു അറബി ഒരുങ്ങുമെന്നു ഞാൻ കരുതിയിരുന്നില്ല. എന്തിനാണ് നീ യുദ്ധത്തിന്നിറങ്ങുവാൻ പറയുന്നതു്. പടച്ചവനാണെ സത്യം, നിന്നെ കൊല്ലുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.' 'നിങ്ങൾ എന്നെ കൊല്ലുവാൻ ആഗ്രഹിക്കുന്നില്ലെങ്കിലും നിങ്ങളെ കൊല്ലുവാൻ ഞാൻ ആഗ്രഹിക്കുന്നു'വെന്ന അലീ (ക. വ) മറുപടി നൽകി. അലീ (ക. വ.) മുഖയങ്കി ധരിച്ചിരുന്നതുകൊണ്ട് പ്രതിയോഗിയെ തിരിച്ചറിയുവാൻ അംറിന്നു കഴിഞ്ഞില്ല. തന്നിമിത്തം 'നീ ആരാ'ണെന്ന അയാൾ ചോദിച്ചു. 'ഞാൻ അബീതാലീബിന്റെ പുത്രനായ അലീയാ'ണെന്ന അദ്ദേഹം മറുപടി നൽകിയപ്പോൾ അംറ് പറഞ്ഞു:- 'അയ്യോ, നീയ്യാണൊ കുട്ടീ എന്നെ എതിർപ്പാൻ വന്നിരിക്കുന്നതു്? നിന്റെ പിതാവു് എന്റെ സുഹൃത്തായിരുന്നു. നിന്നെക്കാൾ എല്ല്മുപ്പുള്ള മറ്റൊരാൾ നിന്റെ കൂട്ടത്തിലില്ലെ?' 'നിന്റെ ചോരചൊരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല." അപ്പോൾ അലീ (ക. വ) പറഞ്ഞു:- പക്ഷെ, നിങ്ങളുടെ ചോരചൊരിക്കുന്ന കാര്യത്തിൽ എനിക്കു അനിഷ്ടമില്ല. നിങ്ങൾ എന്റെ ശത്രുവാണു്.' ഇതുകേട്ടപ്പോൾ അംറ് കോപാന്ധനായിത്തീർന്നു. കുതിരപ്പുറത്തുനിന്നു താഴെ ഇറങ്ങുവാൻ അലീ (ക. വ.) അംറോടാവശ്യപ്പെട്ടു. അംറ് കുതിരപ്പുറത്തുനിന്നു താഴെയിറങ്ങി, ഉറയിൽനിന്നു വാളൂരി. അംറിന്റെ ഖഡ്ഗം അഗ്നിജ്വാലപോലെ ജ്വലിച്ചു. അലീ (ക. വ.) അയാളുടനേരെ അടുത്തു അവരിരുവരും മിന്നൽവേഗത്തോടെ ചുവടുകൾ മാറിത്തുടങ്ങി. ഭൂമിയിൽനിന്നു പൊടി പടലം ഉയർന്നു. അലീ (ക. വ.) അംറിന്റെ ശിരസ്സിനെ ലക്ഷ്യംവെച്ചു ആഞ്ഞുവെട്ടി. അംറ് ആ വെട്ട് പരിചകൊണ്ടു തടുത്തെങ്കിലും പരിച മുറിഞ്ഞുപോവുകയും പടത്തൊപ്പികൂടി മുറിച്ചുകൊണ്ടു അംറിന്റെ തലക്കു മുറിവേൽപ്പിക്കുകയുംചെയ്തു. അലീ (ക. വ.) യുടെ രണ്ടാമത്തെ വെട്ട് അംറിന്റെ കഴുത്തു ഉടലിൽനിന്നു വേർവിടുത്തി. മുസ്‌ലികൾ തക്ബീർ ധ്വനികളാൽ അന്തരീക്ഷം മുഖരിതമാക്കി വിജയലാളിതനായ അലീ (ക. വ.) തിരുമേനി (സ) യുടെ അടുക്കലേക്കു തിരിച്ചുചെന്നു. 'അംറിന്റെ പടയങ്കിക്കു തുല്യമായ മറ്റൊന്നു അറബികളിൽ ആരുടെ പക്കലുമില്ല. അതുയും മൂന്തിയ അങ്കിയാണതു്. താങ്കൾ എന്തുകൊണ്ടു അതു അഴിച്ചെടുത്തില്ല'എന്നു ഉമർഖത്താബ് (റ) ചോദിച്ചപ്പോൾ, 'ഞാൻ നോക്കിയപ്പോൾ അംറിന്റെ ഗുഹ്യസ്ഥാനം തുറന്നുകിടക്കുന്നതായി കണ്ടു. അതുകൊണ്ടാണ് പിന്മാറിക്കളഞ്ഞ'തെന്നു അലീ (ക. വ.) പറയുകയുണ്ടായി. അലീ (ക. വ) യെസ്സംബന്ധിച്ചേടത്തോളം ഇതിന്നുമുമ്പും ഇത്തരം രണ്ടുമൂന്നു സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. ഉഹ്ദ് യുദ്ധത്തിൽ കൊല്ലപ്പെട്ട തൽഹത്തിബ്നു അബീതൽഹതിന്റെയും മറ്റു രണ്ടുപേരുടെയും അങ്കികൾ ഇംപ്രകാരണത്താലാണ് അദ്ദേഹം ഒഴിച്ചുവിട്ടതു്. അംറ് ചത്തുവീണതുകണ്ടപ്പോൾ ശത്രുപക്ഷം കിടുകിടാവിറച്ചുപോയി. അവരുടെ മനോവീര്യം അസ്തമിച്ചു. അവരുടെ ആകാശക്കോട്ടകൾ തകർന്നുവീണു. അവരുടെ പ്രതീക്ഷകൾ അവരെസ്സംബന്ധിച്ചു ഇടിത്തീയായിമാറി. ഹാകിം (റ) പറയുന്നു:- ഖുവൈനബി ജാലൂതിനെ കൊന്നതു കണ്ടപ്പോൾ ജാലൂതിന്റെ കക്ഷി ഓടിയതുപോലെ, അലീ (ക. വ.) അംറിനെ കൊന്നതു കണ്ടപ്പോൾ ശത്രുസേന ഓടിക്കളഞ്ഞു. 'താങ്കൾ അംറിനെ എങ്ങിനെ നേരിട്ടു'വെന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ അലീ (ക. വ.) പറഞ്ഞു:- 'ഞാൻ അംറുമായി യുദ്ധത്തി

ന്നൊരുങ്ങിനിന്നപ്പോൾ, നാട്ടുകാർ മുഴുവൻ ഒരുഭാഗത്തും ഞാൻ ഒറ്റക്ക് മറുഭാഗത്തുമായിരുന്നാൽപ്പോലും എനിക്ക് അവരെ ജയിപ്പാൻ കഴിയുമെന്നുള്ള തോന്നൽ എനിക്കുണ്ടായി. അംറിന്റെ ശവം വിട്ടുകൊടുത്താൽ പതിനായിരം പൊന്ന് പ്രതിഫലം നൽകാമെന്ന ശത്രുക്കൾ തിരുമേനി (സ) യെ അറിയിച്ചു. 'ഞങ്ങൾ ശവത്തിന്ന് വിലവാങ്ങാറില്ലെന്നും 'ശവം നീക്കിക്കൊണ്ടുപോവുന്നതിനെ ഞങ്ങൾ തടയുകയി'ല്ലെന്നും തിരുമേനി (സ) പ്രസ്താവിച്ചു. അങ്കിയോടുകൂടി, വാൾ കൈത്തിലേന്തിയ നിലയിൽ ചത്തുകിടക്കുന്ന അംറിനെ കണ്ടപ്പോൾ അയാളുടെ സഹോദരി ഇപ്രകാരം പ്രസ്താവിച്ചു:- 'എന്റെ സഹോദരനെ കൊന്നതു, യുദ്ധശാലികളും ബഹുമാന്യരുമായ ഞങ്ങൾക്ക് തുല്യനായ ഒരു വ്യക്തിയാണെന്നു കാണുന്നതുകൊണ്ട്, ഈ മരണത്തിൽ ഞാൻ വ്യസനിക്കുന്നില്ല മറിച്ചായിരുന്നെങ്കിൽ എന്റെ വ്യസനം ഒരിക്കലും അവസാനിക്കുമായിരുന്നില്ല.'

അംറ് ചത്തു വീണതു കണ്ടപ്പോൾ ഖന്ദഖിന്നഭാവത്തായി അണി നിരന്ന ശത്രുസംഘത്തിലെ അശ്വഭടന്മാർ കുതിരയെ പിന്തിരിച്ചു ഓടിച്ചു തുടങ്ങി. സുബൈറിബ്‌നു അവ്വാം (റ) ഒരു കുതിരപ്പുറത്തു കയറി അവരെ പിന്തുടർന്നു. അദ്ദേഹം നൗഫലിബ്‌നു അബ്ദുല്ലാ * എന്ന അശ്വഭടനെ ആഞ്ഞു വെട്ടിയപ്പോൾ ആ ശത്രുഭടൻ രണ്ടായി പിളരുന്നതിന്നു പുറമെ അയാളുടെ കുതിരയുടെ കഴുത്തിന്നു മുറിവേല്ക്കുകയും ചെയ്തു. സുബൈർ (റ) ഉച്ചൈരാതെത്തോടെതിർക്കുകയും അയാളുടെ കുതിരയുടെ മുതുകിന്നു വെട്ടി മുറിവുണ്ടാക്കുകയും ചെയ്തപ്പോൾ അതിന്റെ പുറത്തു വെച്ചിരുന്ന അങ്കി നിലത്തു വീണു. ആ അങ്കി സുബൈർ (റ) കരസ്ഥമാക്കി. ളിറാർ, ഉച്ചൈരാത് എന്നിവർ ചേന്ന അലി (ക. വ) യോടെതിർപ്പാൻ ശ്രമിക്കുകയും, അലീ (ക. വ.) അവരെ നേരിട്ടപ്പോൾ ളിറാർ തൽക്ഷണം ഓടിക്കളഞ്ഞെന്നും തന്റെ അങ്കി വിട്ടേച്ചുകൊണ്ടു ഉച്ചൈരാത്തും ഓടിക്കളഞ്ഞെന്നും ആ ഓട്ടത്തിൽ അനുധാവനം ചെയ്തുകൊണ്ടാണ് അയാൾ കൊല്ലപ്പെട്ടതെന്നും പറയപ്പെട്ടിട്ടുണ്ട്. 'അലിയോടു എതിർക്കുന്നവരെ അയാൾ കൊല്ലാതെ വിടുകയില്ലെന്നു അയാളുടെ മുഖം പറയുന്നുണ്ട്" എന്നു ളിറാർ പ്രസ്താവിച്ചു. തന്റെ ചവളം വിട്ടേച്ചുകൊണ്ടാണ് ഇകിരിമത് ഓടിയതു്. 'ഈ ദിവസം നമ്മെസ്സംബന്ധിച്ചേടത്തോളം ശുഭദിനമല്ല. അതുകൊണ്ടു പിന്തിരിഞ്ഞുകൊള്ളുക' എന്നു അബൂസുഫ്‌യാൻ തന്റെ സൈന്യത്തോടു വിളിച്ചു പറഞ്ഞു. ഉമർഖത്താബ് (റ) തന്റെ സഹോദരനായ ളിറാറുമായി ഉഹ്ദ് യുദ്ധത്തിലും ഖന്ദഖ് യുദ്ധത്തിലും ഏറ്റു മുട്ടിയെങ്കിലും, ളിറാറിനെ * വധിക്കുവാൻ അദ്ദേഹം ഒരുങ്ങിയില്ല.

ഈ സംഭവത്തിന്നു ശേഷം, നാട്ടിലേക്കു തിരിച്ചു പോകാതെ, ശത്രുസേന വീണ്ടും സംഘടിച്ചു യുദ്ധത്തിന്നു വട്ടം കൂട്ടി. സഹാബിമാർ പല ഭാഗങ്ങളിലൂടെ യുദ്ധരംഗത്തണിനിരന്ന പിറ്റെ ദിവസം പ്രഭാതത്തിൽ, സുബ്ഹി നിസ്കരിച്ചു കഴിഞ്ഞപ്പോൾ, യുദ്ധം ആരംഭിച്ചു. ഇടതടവില്ലാതെ യുദ്ധം നടത്തേണ്ടി വന്നതുകൊണ്ടു, അന്നത്തെ ളുഹ്‌റും അസ്‌റും, മഗ്‌രിബും ഖളാ ആയി അതായതു മൂന്നു നിസ്കാരങ്ങളുടെ സമയം വിളംബിച്ചു. ഇശാ ആയപ്പോൾ യുദ്ധം നിറുത്തി. തിരുമേനി (സ) ഖുബ്ബയിലേക്കു മടങ്ങി. ബിലാൽ

* ഖന്ദഖ് ചാടിക്കടക്കുവാൻ ശ്രമിച്ചപ്പോൾ കഴിയിൽ വീഴുകയും അലീ (ക. വ.) വെട്ടിക്കൊല്ലുകയും ചെയ്ത വ്യക്തിയുടെ പേരും ഇതുതന്നെ. ഇയാളുടെ മരണത്തെക്കുറിച്ചു രണ്ടഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്.

* ളിറാർ (റ) പിന്നീടു ഇസ്‌ലാമതം സ്വീകരിച്ചു.

(റ) ബാങ്ക് വിളിച്ചു. ആദ്യം ളുഹ്ർ നിസ്കരിച്ചു. പിന്നെ വീണ്ടും വിളിച്ചു; അസ്ർ നിസ്കരിച്ചു. പിന്നെ വീണ്ടും വിളിച്ചു; മഗരിബും നിസ്കരിച്ചു. പിന്നെ വീണ്ടും വിളിച്ചു; ഇശാ നിസ്കരിച്ചു നിസ്കാരാനന്തരം, പുറത്തിറങ്ങിയ സഹാബിമാരിൽ ചിലർ ഗോതമ്പും കാരക്കയും കൊണ്ടു വരുന്ന ഇരുപതു ഒട്ടകങ്ങളെ കണ്ടു മുട്ടി. ഖുറൈശികൾക്കു വേണ്ടി അയച്ചതായിരുന്നു ആ ഗോതമ്പും കാരക്കയും. സഹാബിമാർ ആ ഒട്ടകങ്ങളെ പിടിച്ചു തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കി. ആ ഭക്ഷ്യസാധനങ്ങളും ഖന്ദഖിൽ കാവൽ നിന്ന സഹാബിമാർക്കു തിരുമേനി (സ) നല്കുകയുണ്ടായി. ഉസൈദുബ്നുഹളീർ (റ) വിന്റെ നേതൃത്വത്തിൽ ഖന്ദഖിൽ കാവൽ നിന്ന ഇരുനൂറു പേരടങ്ങിയ മുസ്ലിം സേനയോടു ഖാലിദിബ്നുൽ വലീദിന്റെ നേതൃത്വത്തിൽ ഒരു ശത്രുസൈന്യം യുദ്ധം ചെയ്തു. ആ യുദ്ധത്തിൽ ദുഥൈലുബ്നുസ്സിമ്മ (റ) വീരസ്വർഗ്ഗം പ്രാപിച്ചു. അതോടു കൂടി ശത്രുസൈന്യം പല ഭാഗങ്ങളിലൂടെ ഇരമ്പിക്കയറുവാൻ ശ്രമിച്ചു. ശത്രുസൈന്യത്തിന്റെ ആധിക്യം മുസ്ലിംകളുടെ ഹൃദയങ്ങളിൽ അരക്ഷിതത്വമുളവാക്കി. ഈ ഘട്ടത്തിൽ, അല്ലാഹുവിന്റെ സഹായത്തിനായി തിരുമേനി (സ) പ്രാർത്ഥിക്കുകയും, അല്ലാഹുവോടു പ്രാർത്ഥിക്കുവാൻ സഹാബിമാരോടു നിർദ്ദേശം നല്കുകയും ചെയ്തു. 'തിരുമേനി (സ) യെ സഹായിപ്പാനായി മലക്കുകളേയും ഒരു കാറ്റിനേയും അല്ലാഹു അയക്കും'മെന്നുള്ള ശുഭവാർത്ത ജിബ്രീൽ (സ) തിരുമേനി (സ) യെ അറിയിച്ചു. കൈകളുയർത്തി, അല്ലാഹുവോടു കൃതജ്ഞത പറഞ്ഞുകൊണ്ടു, ഈ ശുഭവാർത്ത തിരുമേനി (സ) സഹാബിമാരെ അറിയിച്ചു. തിങ്കൾ, ചൊവ്വ, ബുധൻ എന്നീ മൂന്നു ദിവസങ്ങളിൽ തിരുമേനി (സ) പ്രാർത്ഥിച്ചുവെന്നും, ബുധനാഴ്ച ളുഹ്റിനും അസ്റിനുമിടയിലാണ് ജിബ്രീൽ (അ) ശുഭവാർത്ത അറിയിച്ചതെന്നുമാണ് പറയപ്പെട്ടിട്ടുള്ളതു്. ഈ ശുഭവാർത്ത ലഭിച്ച ശേഷം തിരുമേനി (സ) കുറച്ചു നേരം ഖുബ്ബക്കകത്തു കിടന്നുറങ്ങി. സഅ്ദിബ്നു അബീവഖാസ് (റ) വും മറ്റും ഖുബ്ബക്കു കാവൽ നിന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ തിരുമേനി (സ) ഉണർന്നു അസ്റ് നിസ്കരിച്ചു ഖുബ്ബയിൽ നിന്നു പുറത്തിറങ്ങി. അപ്പോൾ ശത്രുസൈന്യത്തിൽ പെട്ട അശ്വഭടന്മാർ ഖന്ദഖ് ചുറ്റിക്കൊണ്ടിരിക്കുന്നതു തിരുമേനി (സ) കാണുകയുണ്ടായി. വിശ്രുത നബി അബൂബിബ്നു ബിശർ (റ) വിനെ അടുത്തു വിളിക്കുകയും, നിങ്ങളോടൊപ്പം ആരൊക്കെയുണ്ടെന്നന്വേഷിക്കുകയും ചെയ്തു. ഖുബ്ബക്കു കാവൽ നിന്ന സഹാബിമാർ തന്നോടൊപ്പമുണ്ടെന്നു അദ്ദേഹം അറിയിച്ചപ്പോൾ ഖന്ദഖ് ചുറ്റിക്കൊണ്ടിരിക്കുന്ന ശത്രുസൈന്യങ്ങളുമായി യുദ്ധം നടത്തുവാൻ തിരുമേനി (സ) അദ്ദേഹത്തിനു ആജ്ഞ നല്കി. അപ്പോഴേക്കും അബൂസുഫ്യാന്റെ നേതൃത്വത്തിൽ ഒരു സേന ഖന്ദഖിന്റെ വീതി കുറഞ്ഞ ഭാഗത്തു മുമ്പോട്ടു കടക്കുവാൻ ശ്രമിക്കുകയായിരുന്നു. സഹാബിമാർ ശത്രുക്കളുടെ നേരെ അമ്പെയ്തു. ആ പടുക്ഷകക്കായി തിരുമേനി (സ) അല്ലാഹുവോടു പ്രാർത്ഥിച്ചു. സഹാബിമാർ അമ്പെയ്തു തുടങ്ങിയപ്പോൾ ശത്രുസേന പിന്നോട്ടു മാറി.

അതിലിടക്ക്, യുദ്ധരംഗത്തു് ആകസ്മികമായി അത്ഭുതകരമായ ഒരു സംഭവവികാസം ഉളവായി. ഗത്ഫാൻ ഗോത്രത്തലവനായ നുഐമുബ്നുമസ്ഊദുൽഅശ്ജഈ എന്ന ആളുടെ മനഃപരിവർത്തനമായിരുന്നു ആ സംഭവവികാസം. മാന്യനും തന്ത്രശാലിയുമായിരുന്ന അദ്ദേഹത്തിന്റെ ഹൃദയത്തിൽ അല്ലാഹു സത്യത്തിന്റെ പ്രകാശം പരത്തി. ഇസ്ലാമിനെ ആശ്ലേഷിക്കുവാൻ അദ്ദേഹം തീരുമാനി

ച്ചു. മഗ്‌രിബിന്റെയും ഇശായുടെയും ഇടയിൽ, അതിരഹസ്യമായി അദ്ദേഹം തിരുമേനി (സ) യെ സമീപിക്കുകയും, തന്റെ അഭിലാഷം തിരുമേനി (സ) യെ അറിയിക്കുകയും, ഇസ്‌ലാംമതം സ്വീകരിക്കുകയും ചെയ്തു. മറാരും അറിവാനിടവരാത്തവിധം വളരെ ഗോപ്യമായിട്ടാണ് തിരുമേനി (സ) യുമായുള്ള സന്ദർശനം അദ്ദേഹം നടത്തിയതു്. തന്ത്രം പ്രയോഗിച്ചുകൊണ്ടു യുദ്ധഗതിയെ മാറ്റുന്നതിനു തിരുമേനി (സ) അദ്ദേഹത്തിനു അനുമതി നല്കി. യുദ്ധത്തിന്റെ ജയാപജയങ്ങൾക്കു നിദാനം തന്ത്രമാണ്. തന്ത്രമെന്നുപറഞ്ഞാൽ വഞ്ചനയല്ല; നേരെമറിച്ചു കൌശലമാണ് ആയുധബലവും സൈന്യബലവും കൊണ്ടു യുദ്ധരംഗത്തിൽ വിജയം വരിപ്പാൻ കഴിഞ്ഞെന്നു വരികയില്ല. തന്ത്രബലവും കൂടി ഉണ്ടായെങ്കിൽ മാത്രമെ യുദ്ധത്തെ വിജയത്തിലേക്കു നയിക്കുവാൻ കഴിയുകയുള്ളു. മുസ്‌ലിംകളെസ്സംബന്ധിച്ചേടത്തോളം വഞ്ചന നിഷിദ്ധമാണ്. യുദ്ധത്തിൽ തന്ത്രം ആവശ്യമാണ്. ശത്രുക്കളുടെ ഐകൃത്തെ ശിഥിലീകരിപ്പാനായി ഒരു തന്ത്രം പ്രയോഗിപ്പാനാണ് താൻ ഉദ്ദേശിക്കുന്നതെന്നു തിരുമേനി (സ) യെ അറിയിക്കുകയും, തിരുമേനി (സ) യുടെ അനുമതി നേടുകയും ചെയ്തുകൊണ്ടു അദ്ദേഹം സ്ഥലം വിട്ടു.

നഈം (റ) നേരെ ചെന്നതു ബനൂഖുറൈള: എന്ന യഹൂദികളുടെ സങ്കേതത്തിലേക്കാണ്. അദ്ദേഹം അവരുടെ ഇഷ്ടമിത്രമായിരുന്നു. അവർ സന്തോഷപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ചു സൽക്കരിച്ചു. 'നിങ്ങളുടെ സൽക്കാരം സ്വീകരിപ്പാനല്ല, ഗൌരവാവഹമായ ഒരു പ്രശ്നത്തെക്കുറിച്ചു ചർച്ചചെയ്വാനാണ് ഞാൻ ഇപ്പോൾ വന്നിട്ടുള്ള'തെന്നു നഈം (റ) പറഞ്ഞപ്പോൾ, ആ യഹൂദികൾ ജിജ്ഞാസയാൽ ചെവി കൂർപ്പിച്ചു. അദ്ദേഹം തുടർന്നു:— 'എനിക്കും നിങ്ങൾക്കുമിടയിലുള്ള മമതാബന്ധം സുപ്രസിദ്ധമാണ്. വളരെ രഹസ്യമായ ഒരു സംഗതിയാണ് ഇപ്പോൾ നിങ്ങളോടു പറവാൻ ഞാൻ ഉദ്ദേശിക്കുന്നതു്. നിങ്ങൾ ആ സംഗതി അത്യന്തം രഹസ്യമായി വെക്കണം. ഈ വിവരം ഞാനാണ് നിങ്ങളോടു പറഞ്ഞതെന്നു ആരോടും ഒരിക്കലും നിങ്ങൾ പറയരുതു്.' ആ രഹസ്യം ഒരിക്കലും പുറത്താക്കുകയില്ലെന്നു ബനൂഖുറൈള:ക്കാർ സമ്മതിച്ചു. നഈം (റ) തുടർന്നു.— 'ബനൂഖൈനുഖാഅ്, ബനൂനളൈർ എന്നീ രണ്ടു യഹൂദഗോത്രക്കാർ നാടുവിടുകയും അവരുടെ സ്വത്തുക്കൾ നശിച്ചുപോവുകയും ചെയ്ത സംഗതികൾ നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലൊ. ഖുറൈശികളെപ്പോലെയും ഗത്ഫാൻകാരെപ്പോലെയും ഉള്ളവരല്ല നിങ്ങൾ. നിങ്ങൾ ഈ നാട്ടുകാരാണ്. നിങ്ങളുടെ സ്ത്രീകളും കുട്ടികളും മുതലുകളുമെല്ലാം ഈ നാട്ടിലാണുള്ളതു്. നിങ്ങൾക്കു ഈ നാടു് വേണ്ടെന്നുവെക്കുവാനൊ ഈ നാടു് വിട്ടുപോയിക്കളയുവാനൊ കഴിയുകയില്ല. മുഹമ്മദുമായി യുദ്ധത്തിനു വന്നിട്ടുള്ള ഖുറൈശികളുടെയും ഗത്ഫാൻകാരുടെയും നാട്ടുകാർ വളരെ ദൂരത്തിലാണ് കിടക്കുന്നതു്. യുദ്ധത്തിൽ ജയിച്ചെങ്കിൽ അവർ ഇവിടെ നിൽക്കും; തരമില്ലെന്നു കണ്ടാൽ അവർ ഈ നാട്ടിനെയും നിങ്ങളെയും വിട്ടു അവരുടെ നാട്ടുകളിലേക്കു കൂടും. അങ്ങിനെ സംഭവിച്ചുപോയെങ്കിൽ, പിന്നെ നബിയെന്നു പറയുന്ന ആ മനുഷ്യന്റെയും കൂട്ടുകാരുടെയും കൂടെ നിങ്ങൾ ഈ നാട്ടിൽ തങ്ങിപ്പോവും. അപ്പോൾ അവർ നിങ്ങളുടെ വൈരികളായി മാറും. അവരോടു എതിർത്തു നിൽക്കുവാൻ നിങ്ങൾക്കു സാധിക്കയുമില്ല. അതുകൊണ്ടു നിങ്ങളുടെ രക്ഷക്കായി നിങ്ങൾ ഒരു കാര്യം ചെയ്യുക. മുഹമ്മദുമായുള്ള യുദ്ധത്തിൽ ഖുറൈശികളെ നിങ്ങൾ സഹായിക്കേണമെങ്കിൽ, ഖുറൈശികളിൽ പ്പെട്ട എഴുപതു പ്രമാണികളെ പണയമായി

നിങ്ങളുടെ അധീനത്തിൽ വിട്ടുതരേണമെന്നു അവരോട് നിങ്ങൾ പറയുക. അങ്ങിനെ വന്നാൽ, ആ എഴുപതു പ്രമാണികളെ നിങ്ങളുടെ അധീനത്തിൽ വിട്ടുകൊണ്ടു, അവരുടെ നാട്ടിലേക്കു ഓടിക്കളവാൻ അവർ ഒരുങ്ങുകയില്ല.' ഈ അഭിപ്രായം ബനൂഖുറൈള:ക്കാർക്കു അത്യധികം ബോധിച്ചു. ബുദ്ധിപൂർവ്വമായ ഉപദേശം നൽകിയതിനു അവർ നഈം (റ) വോടു കൃതജ്ഞത പ്രകാശിപ്പിച്ചു ഈ അഭിപ്രായത്തിനനുസരിച്ചല്ലാതെ പ്രവർത്തിക്കുകയില്ലെന്നും സംഗതി ഗോപ്യമായി സൂക്ഷിക്കുമെന്നും അവർ അദ്ദേഹത്തിനു ഉറപ്പുനൽകി.

നഈം (റ) അവിടെനിന്നു പുറപ്പെട്ടു, ഖുറൈശികളെ സമീപിച്ചു. അബൂസുഫ്‌യാനടക്കം ഖുറൈശീപ്രമാണികളും അദ്ദേഹത്തെ ആദരപൂർവ്വം സ്വീകരിച്ചു. നഈം (റ) പറഞ്ഞു:- 'മുഹമ്മദിനോടുള്ള ശത്രുതയും നിങ്ങളോടുള്ള മിത്രതയുമാണു് ഈ അവസരത്തിൽ ഇങ്ങോട്ടുവരുവാൻ എന്നെ പ്രേരിപ്പിച്ചതു്. ഗൌരവമുള്ള ഒരു വിവരം ഞാൻ അറിഞ്ഞിട്ടുണ്ടു്. ആ വിവരം നിങ്ങളെ അറിയിക്കാതിരിക്കുന്നതു ആപത്തിനിടവരുത്തും. നിങ്ങൾ അതു അത്യന്തം രഹസ്യമായി സൂക്ഷിക്കുമെങ്കിലും, ഞാനാണു് ആ വിവരം നിങ്ങളെ അറിയിച്ചതെന്നു മറ്റാരോടും പറയുകയില്ലെങ്കിലും ആ രഹസ്യവാർത്ത ഞാൻ നിങ്ങളെ അറിയിക്കാം.' സംഗതി രഹസ്യമായി സൂക്ഷിക്കുമെന്നും നഈം (റ) വിന്റെ പേർ ഒരുവിധത്തിലും പുറത്താക്കുകയില്ലെന്നും ഖുറൈശികൾ അദ്ദേഹത്തിനു ഉറപ്പുകൊടുത്തു. അദ്ദേഹം തുടർന്നു:- 'ബനൂഖുറൈള: എന്നു യഹൂദഗോത്രം മുഹമ്മദുമായുള്ള ഉടമ്പടി ദുർബ്ബലപ്പെടുത്തിയതിൽ ഇപ്പോൾ ഖേദിച്ചിരിക്കുന്നു. അവർ ഖേദിച്ച വിവരം അവർ മുഹമ്മദിനെ അറിയിക്കുകയും ഉടമ്പടി പുതുക്കുവാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. തങ്ങൾ ഖേദിച്ചിരിക്കുന്നുവെന്നതിനു തെളിവായി ഖുറൈശികളും ഗത്‌ഫാൻകാരുമായ എഴുപതു പ്രമാണികളെ പിടിച്ചുകൊടുക്കാമെന്നും, കയ്യിൽ കിട്ടിയാൽ അവരുടെ ശിരച്ഛേദം ചെയ്തുകൊള്ളണമെന്നും, അതിനു പകരമായി ബനൂനള്ളീർ ഗോത്രക്കാരെ തങ്ങൾക്കു തിരിച്ചുതരേണമെന്നും, ബനൂഖുറൈള:ക്കാരായ തങ്ങളും ബനൂനള്ളീർ ഗോത്രക്കാരും മുഹമ്മദിന്റെ പക്ഷത്തുചേർന്നു ശത്രുക്കളുടെ മുടവെട്ടുകൊള്ളാമെന്നും അവർ മുഹമ്മദിനെ അറിയിക്കുകയും, മുഹമ്മദ് അതു സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. ഞാൻ കുറച്ചു മുമ്പു ബനൂഖുറൈള:ക്കാരുടെ വീട്ടിൽ പോയിരുന്നു. അപ്പോഴാണു് വസ്തുതകളും മനസ്സിലാക്കിയതു്. അതുകൊണ്ടു നിങ്ങൾ വളരെ സൂക്ഷിക്കണം. ഒരൊറ വ്യക്തിയെപ്പോലും അവരുടെ അധീനത്തിൽ അയച്ചുപോകരുതു്. നിങ്ങളുടെ രഹസ്യങ്ങളൊന്നും അവരെ അറിയിക്കുകയും ചെയ്യരുതു്.' ആപത്തിനെക്കുറിച്ചുള്ള വാർത്ത മുൻകൂട്ടി അറിവാൻ കഴിഞ്ഞതിനാൽ ഖുറൈശികൾ സന്തോഷിച്ചു. എല്ലാ സംഗതികളും രഹസ്യമാക്കിവെക്കുമെന്നു അവർ ഉറപ്പുനൽകി.

നഈം (റ) പിന്നീടു, സ്വന്തം ഗോത്രക്കാരായ ഗത്‌ഫാൻകാരെ സമീപിച്ചു. ഖുറൈശികളോടു പറഞ്ഞതുപോലെ അവരോടും സംസാരിച്ചു. വിവരം വളരെ രഹസ്യമായി സൂക്ഷിച്ചുകൊള്ളണമെന്നു അവർക്കു നിർദ്ദേശം നൽകി.

അബൂസുഫ്‌യാനും, ഗത്‌ഫാൻ ഗോത്രത്തലവന്മാരും ഒരു കൂടിയാലോചന നടത്തുകയും, ഖുറൈശികളും ഗത്‌ഫാൻകാരുമടങ്ങിയ ഒരു നിവേദകസംഘത്തെ ഇക്‌രിമതിബ്‌നു അബീജഹലിന്റെ നേതൃത്വത്തിൽ ബനൂഖുറൈള:ക്കാരുടെ അടുക്കലേക്കു അയക്കുകയും

ചെയ്തു. * 'ബനൂഖുറൈള:ക്കാരെ, നിങ്ങളെ ആശ്രയിച്ചുകൊണ്ടാണ് ഞങ്ങൾ ഈ നാട്ടിലേക്കു വന്നതു്. മുഹമ്മദുമായുള്ള യുദ്ധത്തിൽ ചില നാശങ്ങൾ സംഭവിച്ചു. ഇനി ഞങ്ങളും നിങ്ങളും സംഘടിച്ചുകൊണ്ടു മുഹമ്മദുമായി യുദ്ധം നടത്തേണ്ടിയിരിക്കുന്നു'വെന്നു ആ നിവേദകസംഘം പറഞ്ഞപ്പോൾ, ബനൂഖുറൈള:ക്കാർ ഇപ്രകാരം മറുപടി നൽകി:- 'അടുത്തടി വസം ശനിയാഴ്ചയാണു്. പണ്ടു് ഒരു ശനിയാഴ്ചയിൽ പിണഞ്ഞ തെറ്റുമൂലം ഞങ്ങൾക്കനുഭവിച്ച വ്യസനം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലൊ. ആകയാൽ, ഞങ്ങൾ നിങ്ങളോടൊപ്പം യുദ്ധത്തിനു വരണമെങ്കിൽ നിങ്ങളിൽനിന്നു പ്രബലരായ എഴുപതുപേരെ ഞങ്ങൾക്കു പണയമായി വിട്ടുതരണം.' ഇതു കേട്ടപ്പോൾ, നബിയും (റ) പറഞ്ഞതു ശരിയാണെന്നു അവർക്കു ബോദ്ധ്യമായി. മറുപടിയൊന്നും പറയാതെ അവർ തിരിച്ചുപോയി.

ഈ സംഭവം കഴിഞ്ഞപ്പോൾ നബിയും (റ) വീണ്ടും ബനൂഖുറൈള:ക്കാരെ സമീപിക്കുകയും, ഒരു ഒട്ടകത്തെപ്പോലും പണയമായി കൊടുക്കുകയില്ലെന്നാണു് ഖുറൈശികൾ പറയുന്നതെന്നും അവരെ ധരിപ്പിക്കുകയും ചെയ്തു.

അങ്ങിനെ ബനൂഖുറൈള:ക്കാർ ഖുറൈശികളുമായി ഭിന്നിച്ചു. ഹുയയ്യിബ്നുഅഖ്തബ് എന്ന യഹൂദി ബനൂഖുറൈള:ക്കാരുമായി സന്ധിസംഭാഷണം നടത്തിയെങ്കിലും ഫലിച്ചില്ല. അവരും ഖുറൈശീപക്ഷക്കാരും തമ്മിലുണ്ടായ വിടവ് വിടവായിത്തന്നെ അവശേഷിച്ചു.

രാത്രിയായപ്പോൾ കനത്ത അന്ധകാരം ഭൂമിയെ ഗ്രസിച്ചു. അസഹ്യമായ തണുപ്പോടുകൂടിയ ഒരു കൊടുങ്കാറ്റിനെ ശത്രുസേനയുടെ നേരെ അല്ലാഹു നിയോഗിച്ചു. കൊടുങ്കാറ്റടിച്ചപ്പോൾ ശത്രുക്കൾ ഭക്ഷണം സൂക്ഷിച്ചുവച്ച പാത്രങ്ങൾ നിലത്തുവീണു തകർന്നു. അടുപ്പിൽ കത്തിച്ചുവച്ച തീ അണഞ്ഞുപോയി. കാറിന്റെ ഉഗ്രത കൂടി. ഒരു മുഴക്കത്തോടുകൂടി കാറടിച്ചുതുടങ്ങി. കാറിന്റെ ശക്തിയാൽ ജനങ്ങൾ നിലംപതിച്ചു. പാറിവന്ന കല്ലുകൾ അവരുടെ ദേഹങ്ങളിൽ ചെന്നിടിച്ചു. മലക്കുകൾ ഇറങ്ങി ശത്രുക്കളുടെ കിടിലംകൊള്ളിച്ചു 'കാറിനെയും നിങ്ങൾ കാണാത്ത മലക്കുകളെയും നാം നിയോഗിച്ചു'വെന്നു അല്ലാഹു അറിയിച്ചു. മലക്കുകൾ ഇത്രവണ ശത്രുക്കളുമായി യുദ്ധം ചെയ്തില്ലെങ്കിലും, അവരെ ഭയചകിതരാക്കിത്തീർത്തു. 'അല്ലാഹു *സബാ: എന്ന കാറ്റാൽ എന്നെസഹായിക്കുകയും ശത്രുപക്ഷത്തെ ക്ഷീണിപ്പിക്കുകയും ചെയ്തുവെന്നും, ദബൂർ * എന്ന കാറ്റാലാണു് ആദ് ഗോത്രം നശിച്ചതെന്നും തിരുമേനി (സ) അരുളുകയുണ്ടായി. കൊടുംകാറ്റുമൂലം നാശനഷ്ടങ്ങൾ ശത്രുപക്ഷത്തിനു മാത്രമെ സംഭവിച്ചുള്ളൂ. കൊടുംകാറടിച്ചപ്പോൾ സഹാബിമാർക്കു അല്പം ഭയവും കുളിരും മാത്രം അനുഭവപ്പെട്ടു. സഹാബിമാരിൽ ഒരാൾ പുറത്തു പോയി ശത്രുക്കളുടെ സ്ഥിതി അറിഞ്ഞു വരുവാൻ തിരുമേനി (സ) നിർദ്ദേശിച്ചു. കുളിരിന്റെയും വിശപ്പിന്റെയും കാഠിന്യത്താൽ ആരും എഴുന്നേറ്റില്ല. അപ്പോൾ തിരുമേനി (സ) ഹുദൈഫത്തുൽയമാൻ (റ) വിനെ വിളിച്ചു. അല്പം വൈകിയാണു് അദ്ദേഹം തിരുസന്നിധിയിൽ ചെന്നതു്. കാരണമന്വേഷിച്ചപ്പോൾ, വിശപ്പിന്റെയും കുളിരിന്റെയും കാഠിന്യത്താൽ കിടന്നേടത്തുനിന്നു വേഗം എഴുന്നേല്പാൻ കഴിഞ്ഞില്ലെന്നു അദ്ദേഹം ബോധിപ്പിച്ചു. 'നി

*വെള്ളിയാഴ്ച അസ്തമിച്ചു രാത്രിയാണു് ആ നിവേദകസംഘം ബനൂഖുറൈള:ക്കാരെ സമീപിച്ചതു്.

* സബാ = കിഴക്കൻ കാറു്

* ദബൂർ = പടിഞ്ഞാറൻ കാറു്.

ങ്ങളെ ഇവിടെ തിരിച്ചെത്തുന്നതു വരെ നിങ്ങളുടെ മുമ്പിലും പിമ്പിലും ഇടത്തും വലത്തും അല്ലാഹുവിന്റെ കാവൽ ഉണ്ടാവട്ടെ. നിങ്ങളെ പോയിക്കൊള്ളുക' എന്നു തിരുമേനി (സ) കല്പിച്ചു.' എനിക്കു അല്പം ഭയവുമുണ്ട്. അവർ എന്നെ കൊല്ലുമെന്നുള്ള ഭയമല്ല; എന്നെ ബന്ധനസ്ഥനാക്കിക്കളയുമെന്നാണു ഞാൻ ഭയപ്പെടുന്നു'വെന്നു അദ്ദേഹം വീണ്ടും പറഞ്ഞപ്പോൾ, 'അവർ നിങ്ങളെ ബന്ധനസ്ഥനാക്കുകയില്ല' എന്നു തിരുമേനി (സ) അരുളി. ഹുദൈഫത് (റ) പറയുന്നു:- 'ഇതുകേട്ടപ്പോൾ എന്റെ ഭയാശങ്കകൾ നീങ്ങി; ഞാൻ ശത്രുസങ്കേതത്തിലേക്കു പുറപ്പെട്ടു. രാത്രിയുടെ കൂരിരുട്ടിൽ ഞാൻ അവരുടെ അടുത്തെത്തി. കാറും മലക്കുകളും അവരിൽ ധാരാളം അനർത്ഥങ്ങൾ വരുത്തിവെച്ചിരിക്കുന്നു. ഒരു നെരിപ്പിന്നടുത്തു ഇരുന്നുകൊണ്ടു കറുത്ത ക്രൂരനായ ഒരു മനുഷ്യൻ കൈകൾ രണ്ടു പിടിപ്പിക്കുന്നു. അയാൾക്കു ചുറ്റും ആളുകൾ ഇരിക്കുന്നുണ്ട്. യാത്രക്കൊരുങ്ങുവാൻ അയാൾ മറ്റുള്ളവരോടു ആജ്ഞാപിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ മനുഷ്യൻ അബൂസുഫ്‌യാനാണെന്നു അവരുടെ സംഭാഷണത്തിൽ നിന്നു ഞാൻ മനസ്സിലാക്കി. അയാളെ മുമ്പൊരിക്കലും ഞാൻ കണ്ടിരുന്നില്ല. ഞാൻ അമ്പെടുത്തു വില്ലിൽ തൊടുത്തു അയാളുടെ നേരെ എയ്യുവാൻ ഒരുങ്ങി. 'ഇവിടെ തിരിച്ചെത്തുന്നതുവരെ നിങ്ങൾ ആരെയെങ്കിലും വാക്കുകൊണ്ടു വെട്ടുകയോ, കല്ലുകൊണ്ടു എറിയുകയോ, അമ്പുകൊണ്ടു എയ്യുകയോ ചെയ്യരുതു" എന്നു തിരുമേനി (സ) നിർദ്ദേശിച്ച വസ്തുത അപ്പോൾ എനിക്കോർമ്മ വന്നു. ഞാൻ അമ്പെയ്തില്ല. അബൂസുഫ്‌യാൻ തന്റെ അടുത്തു ഇരിക്കുന്നവരോടു 'ചാരന്മാരോ കവർച്ചക്കാരോ നമ്മുടെയിടയിൽ കടന്നു വരുന്നതു സൂക്ഷിക്കണം' എന്നു പറയുന്നതു ഞാൻ കേട്ടു. ഇതു കേട്ടപ്പോൾ, അബൂസുഫ്‌യാൻ അങ്ങിനെ പറഞ്ഞതു എന്നെ ഉദ്ദേശിച്ചിട്ടാണോ എന്നു സംശയിച്ചതു മൂലം, അവർ എന്നെ സംശയിക്കാതിരിപ്പാൻ ഞാൻ ഒരു സൂത്രം പ്രയോഗിച്ചു. എന്റെ വലഭാഗത്തു ഇരിക്കുന്ന ആളുടെ കൈ പിടിച്ചുകൊണ്ടു 'ആരാണ'തെന്നു ഞാൻ ചോദിച്ചു. 'അബൂസുഫ്‌യാന്റെ മകൻ മുആവിയ'യാണെന്നു അയാൾ ഉത്തരം നല്കി. എന്റെ ഇടഭാഗത്തു ഇരിക്കുന്നവരോടും ഇപ്രകാരം ഞാൻ ചോദിച്ചു. 'അംറ്ബ്നുൽ ആസി' എന്നു അയാളും ഉത്തരം നല്കി. എന്നെപ്പറ്റി അവർക്കു ഒരു സംശയവുമില്ലെന്നു എനിക്കു ബോദ്ധ്യമായി. കുറച്ചു നേരം ഞാൻ അവരുടെ ഇടയിൽ കഴിച്ചുകൂട്ടി. പിന്നെ മറ്റു ഖുറൈശികളുടെ അടുക്കലും, അവിടെ നിന്നു ബനൂകിനാന: ഗോത്രക്കാരുടെ അടുക്കലും, പിന്നെ ഖൈസ് ഗോത്രക്കാരുടെ അടുക്കലും, അങ്ങിനെ ഓരോ കക്ഷിയുടെ അടുക്കലും ഞാൻ പോയി. അവരോരുത്തരും മടക്കയാത്രക്കു തിരക്കിട്ടു ഒരുക്കങ്ങൾ ചെയ്യുന്നതായി ഞാൻ കണ്ടു. അബൂസുഫ്‌യാൻ മടക്കയാത്രക്കു അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. 'ഉടനെ പുറപ്പെടുക; കുട്ടം വൈകരുതു" എന്നു ഗത്ഫാൻ ഗോത്രത്തലവൻ വിളിച്ചു പറഞ്ഞു. തിരുമേനി (സ) വിലക്കിയിരുന്നില്ലെങ്കിൽ ശത്രുക്കളിൽ പലരെയും കൊല്ലുവാൻ കഴിയുമായിരുന്നെന്നു ഞാനോർത്തു. സംഗതികളെല്ലാം മനസ്സിലാക്കിയ ശേഷം ഞാൻ തിരുമേനി (സ) യുടെ അടുക്കലേക്കു തിരിച്ചു. വഴിയിൽ വെച്ചു ഒരു അശ്വാരൂഢസംഘത്തെ ഞാൻ കണ്ടു മുട്ടി. ഇരുപതു പേരാണു ആ സംഘത്തിൽ ഉണ്ടായിരുന്നതു. അവരിൽ നിന്നും രണ്ടു പേർ എന്നെ സമീപിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:- 'ജനങ്ങളിൽനിന്നുള്ള ആപത്തു നിങ്ങൾക്കഴിഞ്ഞുവെന്നു നിങ്ങളുടെ നേതാവോടു പറഞ്ഞേക്കുക.'

'ഞാൻ തിരുമേനി (സ) യുടെ സന്നിധിയിൽ തിരിച്ചെത്തുന്നതു വരെ തണുപ്പോ മറ്റു ശല്യങ്ങളോ എനിക്കനുഭവപ്പെട്ടില്ല. ഞാൻ തിരിച്ചു ചെന്നു വിവരങ്ങളെല്ലാം തിരുമേനി (സ) യെ അറിയിച്ചു. തിരുമേനി (സ) അല്ലാഹുവിനെ സ്തുതിച്ചു. അപ്പോഴേക്കും എനിക്കു ശീതം ബാധിച്ചു തുടങ്ങി. ഞാൻ ശീതിച്ചു വിറച്ചു. പുതക്കുവാനുള്ള ഒരു തുണി തിരുമേനി (സ) എനിക്കു തന്നു. ആ തുണി പുതച്ചുകൊണ്ടു ഞാൻ കിടന്നുറങ്ങി. സുബ്ഹി ആയപ്പോഴും ഞാൻ ഉറങ്ങുകയായിരുന്നു. തിരുമേനി (സ) യാണ് എന്നെ വിളിച്ചുണർത്തിയതു്. അന്നു രാത്രി തങ്ങളുടെ ഇടയിൽ നിന്നു തക്ബീർധ്വനി ഉയരുകയും ആയുധങ്ങളുടെ ശബ്ദം മുഴങ്ങുകയും ചെയ്യുന്നതായി കേട്ടപ്പോൾ, ശത്രുക്കൾ ഭയവിഹ്വലരായി ഓടി രക്ഷപ്പെട്ടു. വിലപ്പെട്ട പല സാധനങ്ങളും എടുത്തു കൊണ്ടു പോകുവാൻ അവർക്കു കഴിഞ്ഞില്ല. അവർ വിട്ടേച്ചു പോയ സാധനങ്ങൾ യുദ്ധമുതലെന്ന നിലക്കു മുസ്‌ലിംകൾ കണ്ടെടുത്തു.'

ദുൽഖഅ്ദ് മാസം ഇരുപത്തിമൂന്നാം തിയ്യതി ബുധനാഴ്ച തിരുമേനി (സ) യും സഹാബികളും ഖന്ദഖ് യുദ്ധത്തിൽനിന്നു വിരമിച്ചു. അവർ ഖന്ദഖിൽ പതിനഞ്ചു ദിവസം താമസിച്ചുവെന്നും ഇരുപത്തിനാലുദിവസം താമസിച്ചുവെന്നും ഒരു മാസം താമസിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ട്. യുദ്ധത്തിൽനിന്നു വിരമിച്ചശേഷം തിരുമേനി (സ) സഹാബിമാരോടു ഇപ്രകാരം പറയുകയുണ്ടായി:- 'ഈ കൊല്ലത്തിനുശേഷം ഖുറൈശികൾ നിങ്ങളുമായി യുദ്ധത്തിനുവരികയില്ല' ഈ വചനം സത്യമായിപ്പുലരുകയുംചെയ്തു.

ശത്രുസൈന്യങ്ങൾ ഖന്ദഖിൽ സമ്മേളിച്ചു കഴിഞ്ഞതപ്പോൾ, അബൂസുഫ്‌യാൻ തിരുമേനി (സ) ക്കു താഴെ കാണുംപ്രകാരം ഒരു കത്തയക്കുകയുണ്ടായി:- ലാത, ഉസ്സ, അസാഫ്, നാഇല:, ഹുബ്ൽ എന്നീ ബിംബങ്ങളാണെ സത്യം, ഞങ്ങൾ നിങ്ങളുടെ മുടുമുറിക്കാതെ മടങ്ങുകയില്ല. ഞങ്ങളെ ഭയന്നു നിങ്ങൾ കിടങ്ങു കുഴിക്കുന്നു. ഇതു അറബികൾക്കു പതിവില്ലാത്ത ഒരേർപ്പാടാണ്. നിങ്ങളെസ്സംബന്ധിച്ചേടത്തോളം ഇന്നു ഉഹ്ദിനു തുല്യമായ ഒരു ദിവസമാണ്. ഉഹ്ദിലെ അനുഭവം ഇന്നു നിങ്ങൾ ആവർത്തിക്കുവാൻ പോവുകയാണ്.' ആ കത്തിനു തിരുമേനി (സ) ഇപ്രകാരം ഒരു മറുപടി അയച്ചു:- കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ, ഹർബിന്റെ മകനായ സഖ്‌റിനു മുഹമ്മദ് നബി എഴുതിയതു്. ഞങ്ങളുടെ മുടുമുറിക്കാതെ മടങ്ങുകയില്ലെന്നു നിങ്ങൾ പറയുന്നു. അതു വെറും ഭോഷത്തമാകുന്നു. ഞങ്ങൾ അല്ലാഹുവിന്റെ സംരക്ഷ നേടിയിരിക്കുന്നു. എന്നാൽ നിങ്ങളെ സംബന്ധിച്ചേടത്തോളം ഒക്ടോബർ 27നു വരും. അന്നു ലാത, ഉസ്സ, അസാഫ്, നാഇല:, ഹുബ്ൽ തുടങ്ങിയ നിങ്ങളുടെ ബിംബങ്ങളെ ഞാൻ തകർക്കും.'

ഔസ്‌ഗോത്രക്കാരായ സഅ്ദിബ്നു മആദ് (റ), അനസിബ്നുൽഔസ് (റ), അബ്ദുല്ലാഹിബ്നുസുഐദ് (റ) എന്നീ മൂന്നുപേരും, ഖസ്‌റജ് ഗോത്രക്കാരായ തുഫൈലുബ്നുന്നുഅ്മാൻ (റ), സഅ്ലബത്തുബ്നു ഹ്രൻമത് (റ), എന്നീമൂന്നുപേരും (ആകെ ആറുസഹാബിമാർ) ഖന്ദഖ് യുദ്ധത്തിൽ വീരമൃത്യുവടഞ്ഞുവെന്നു ഇബ്നുഹിശാം (റ) പറയുന്നു. മൈസുബ്നു മൈദുബ്നുആമിർ (റ), അബ്ദുല്ലാഹിബ്നു അബീഖാലിദ് (റ) എന്നീരണ്ടുപേർകൂടി ആ യുദ്ധത്തിൽ ശഹീദായിട്ടുണ്ടെന്നും, ശഹീദായവരുടെ എണ്ണം എട്ടാണെന്നും അൽഹാഫിളുത്ത്വയാതീ (റ) പറയുന്നു. അബ്ദുസനാനിബ്നു സൈഫിയ്യിഷ്നിസഖർ (റ) കൂടി ഖന്ദഖിൽ ശഹീദായിട്ടുണ്ടെന്നും, ആകെ ശഹീദായവരുടെ എണ്ണം ഒമ്പതാണെ

നാം അൽറാഫിളിബ്നുഹജർ (റ) പറയുന്നു ശത്രുപക്ഷത്തുനിന്നു മൂന്നുപേർ കൊല്ലപ്പെട്ടു. ഉംറബ്നു അബ്ദുവുദ്ദ്, മുനബ്ബിഹ്ബ്നു അബ്ദിൽഅബ്ദരീ, നൌഫലുബ്നു അബ്ദില്ലാഹിൽ മഖ്സൂമീ ഇവരാണു് ആ മൂന്നുപേർ. ഇവരിൽ നൌഫലിനെ ഖന്ദഖിൽവെച്ചു അലീ (ക. വ.) വെട്ടിക്കൊന്നുവെന്നും, പിന്തിരിഞ്ഞോടുമ്പോൾ സുബൈർ (റ) അനുധാവനം ചെയ്തു വെട്ടിക്കൊന്നുവെന്നും പറയപ്പെട്ടിട്ടുണ്ടു്.

ബനീഖുറൈള: യുദ്ധം

ഹിജ്റാബ്ദം അഞ്ചാംകൊല്ലം ദുൽഖഅ്ദ് മാസം ഇരുപത്തിമൂന്നാം തിയ്യതി ബുധനാഴ്ച * ഖന്ദഖ്യുദ്ധം അവസാനിച്ച അന്നുതന്നെ, ബനൂഖുറൈള:ക്കാരുടെ നേരെ തിരുമേനി (സ) യും സഹാബികളും യുദ്ധത്തിനുപുറപ്പെട്ടു. ഖന്ദഖിൽനിന്നു വിരമിച്ച തിരുമേനി (സ) മദീനയിൽ പ്രവേശിച്ചു ളുഹ്ർ നിസ്ക്കരിച്ചശേഷം ആഇശ: (റ) യുടെ ഭവനത്തിൽ പ്രവേശിച്ചു (സൈനബ: (റ) യുടെ വീട്ടിലെന്നും പക്ഷാന്തരമുണ്ടു്.) തിരുമേനി (സ) കുളിച്ചു തലമുടി ഒരുഭാഗം ചിക്കവെടുത്തുചീകി. [കുളിച്ചു തലമടിചീകി; തിരുമേനി (സ) തല കഴുകി, കുളിച്ചു; ബുഖൂര പുകക്കുവാൻ നെരിപ്പോടുവരുത്തി; ഇങ്ങിനെ മൂന്നുവിധത്തിൽ പറയപ്പെട്ടിട്ടുണ്ടു്.] അപ്പോൾ ജിബ്രീൽ (അ) വന്നു തിരുമേനി (സ) ക്കു സലാംചൊല്ലി ജിബ്രീൽ (അ) വെളുപ്പും കറുപ്പും കലന്ന കുതിരപ്പുറത്തു കയറീട്ടാണു് വന്നതു് കറുത്തപട്ടുകൊണ്ടു തലപ്പാവു് ധരിച്ചിരിക്കുന്നു. തലപ്പാവിന്റെ രണ്ടുതലപ്പുകളും അഥവാ കൊങ്കകളും രണ്ടുചുമലുകളിൽ തൂങ്ങിക്കിടക്കുന്നു. കുതിരയെ ചുകപ്പുപട്ടുകൊണ്ടു അലങ്കരിച്ചിരിക്കുന്നു. ജിബ്രീൽ (അ) തിരുമേനി (സ) യോടു ചോദിച്ചു:- 'യാറസൂലുള്ളാ, താങ്കൾ ആയുധം അഴിച്ചുവെച്ചുവൊ?' അഴിച്ചുവെച്ചുവെന്നു തിരുമേനി (സ) മറുപടിപറഞ്ഞപ്പോൾ, 'ഞാൻ അഴിച്ചുവെച്ചിട്ടില്ല'എന്നു ജിബ്രീൽ (അ) പ്രതിവചിച്ചു. [താങ്കൾ യുദ്ധവസ്ത്രം ഇത്രവേഗം അഴിച്ചുവെച്ചുവൊ എന്നാണു് ജിബ്രീൽ (അ) ചോദിച്ചതെന്നും, ഖന്ദഖ്യുദ്ധത്തിൽനിന്നു വിരമിച്ച മലക്കുകൾ അങ്കി അഴിക്കുന്നതിനുമുമ്പു് താങ്കൾ അങ്കിഅഴിച്ചുവൊ എന്നാണു് ചോദിച്ചതെന്നും, മലക്കുകൾ അങ്കി അഴിച്ചുവെച്ചിട്ടില്ല എന്നാണു് ജിബ്രീൽ പ്രതിവചിച്ചതെന്നും പക്ഷാന്തരങ്ങളുണ്ടു്.] 'ശത്രുസംഘങ്ങൾ സംഘടിച്ചു താങ്കളെ എതിർത്തതുമുതൽ മലക്കുകൾ ആയുധം വെച്ചിട്ടില്ല. അവരെ അന്വേഷിച്ചു ഇപ്പോൾ ഹംറാഉൽഅസദ് എന്ന സ്ഥലത്തോളം പോകാതെ ഞങ്ങൾ മടങ്ങിയതുമില്ല' എന്നാണു് ജിബ്രീൽ (അ) തിരുമേനി (സ) യോടു പറഞ്ഞതെന്നും പറയപ്പെട്ടിട്ടുണ്ടു് ബനൂഖുറൈള: ഗോത്രക്കാരുടെ നേരെ യുദ്ധത്തിനു പുറപ്പെടുവാൻ അല്ലാഹു താങ്കളോടു കല്പിച്ചിരിക്കുന്നുവെന്നു ജിബ്രീൽ (അ) തിരുമേനി (സ) യെ അറിയിച്ചു. 'ഞാൻ അങ്ങോട്ടാണു് പോകുന്നതു് ഞാനും എന്റെകൂടെയുള്ള മലക്കുകളും അവരുടെ കോട്ടയെ കിടിലം കൊള്ളിക്കും'എന്നു ജിബ്രീൽ (അ) തുടർന്നുപറഞ്ഞു. 'എന്റെ ജനങ്ങൾ ക്ഷീണിച്ചിരിക്കുന്നു, അല്പം സമയം അനുവദിക്കുക'എന്നു തിരുമേനി (സ) പറഞ്ഞപ്പോൾ, 'താങ്കൾ പുറപ്പെട്ടുകൊള്ളുക; സത്യമായും സഫാപർവ്വതത്തിനേൽ മുട്ട എറിഞ്ഞാലെന്നപോലെ അവരെ ഞാൻ തകർത്തുകളയും'എന്നു ജിബ്രീൽ (അ) പ്രസ്താവിച്ചു തന്നോടൊപ്പം മലക്കുകളുണ്ടെന്നും പറഞ്ഞുകൊണ്ടു ജിബ്രീൽ (അ) യാത്രതിരിച്ചു. ജിബ്രീൽ

* ഇരുപത്തേഴാം തിയ്യതി ബുധനാഴ്ചയെന്നും പറയപ്പെട്ടുകാണുന്നുണ്ടു്.

രീൽ (ഞ) കുതിരയെ ഓടിച്ചപ്പോൾ അൻസാർകളുടെ ഭവനങ്ങളുടെ ഭാഗത്തുനിന്നും പൊടിപടലം പൊങ്ങുന്നതായി തിരുമേനി (സ) കാണുകയുണ്ടായി.

ആഇശ: (റ) പറയുന്നു:- 'ഖന്ദഖിൽനിന്നും വിരമിച്ചു തിരുമേനി (സ) എന്റെ വീട്ടിൽവന്നു. അല്പം കഴിഞ്ഞപ്പോൾ ഒരാൾ വാതിലിൽ മുട്ടി. തിരുമേനി (സ) ഉടനെ വാതിൽക്കൽചെന്നു. ഞാൻ തിരുമേനി (സ)യെ അനുഗമിച്ചു. അപ്പോൾ കുതിരപ്പുറത്തു ഇരുന്നുകൊണ്ടു ഒരാൾ തിരുമേനി (സ) യോടു സംസാരിക്കുന്നതു ഞാൻ കണ്ടു. ഞാൻ തിരിച്ചുപോന്നു. അയാളെ പറഞ്ഞുവിട്ടു തിരുമേനി (സ) എന്റെ അടുത്തുവന്നപ്പോൾ ആ വന്ന ആൾ ആരാണെന്നു ഞാൻ ചോദിച്ചു. 'നിങ്ങൾ അയാളെ കണ്ടുവൊ'എന്നു തിരുമേനി (സ) എന്നോടു ചോദിച്ചപ്പോൾ, 'കണ്ടു'എന്നു ഞാൻ ഉത്തരം നൽകി. 'അയാൾ ആരെപ്പോലെ ഇരിക്കുന്നു'വെന്നു തിരുമേനി (സ) ചോദിച്ചു. 'ദഹിയ്യതുൽകൽബിയെപ്പോലെ ഇരിക്കുന്നു'വെന്നു ഞാൻ ഉത്തരം നൽകി. അപ്പോൾ 'ശരി, അതു ജിബ്‌രീലാണു'; ബനൂഖുറൈള:ക്കാരുമായി യുദ്ധത്തിനു പുറപ്പെടുവാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടിരിക്കുന്നുവെന്നു തിരുമേനി (സ) എന്നെ അറിയിച്ചു. യുദ്ധത്തിനുപുറപ്പെടുവാൻ ജനങ്ങൾക്കു ആഹ്വാനം നൽകുവാനായി തിരുമേനി (സ) ബിലാൽ (റ) വോടു നിർദ്ദേശിച്ചു. "നിങ്ങളുടെ കൂട്ടത്തിൽ ഈ ആഹ്വാനത്തിനു വഴിപ്പെടുന്നവരുണ്ടെങ്കിൽ, ബനൂഖുറൈള:ത്തിൽ വെച്ചല്ലാതെ അസ്‌ർ നിസ്‌ക്കരിക്കേണ്ടെ'എന്നു ബിലാൽ (റ) വിളിച്ചുപറഞ്ഞു. [തിരുമേനി (സ) ഒരു സഹാബിയോടു ജനങ്ങളെ യുദ്ധത്തിനു വിളിക്കുവാൻ കല്പിച്ചുവെന്നും, അദ്ദേഹം ആഹ്വാനം നൽകിയപ്പോൾ സഹാബിമാർ യുദ്ധത്തിനു ഒരുങ്ങിവന്നുവെന്നും പറയപ്പെട്ടിട്ടുണ്ടു.] സഹാബിമാർ തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി. അലീ (ക. വ.) യുടെ നേതൃത്വത്തിൽ ഒരു സംഘത്തെ മുന്നോടിയായി നിയോഗിച്ചു. തിരുമേനി (സ) ഉടനെ പടയങ്കി ധരിച്ചു; മുഖയങ്കിയിട്ടു പടത്തൊപ്പിധരിച്ചു; ഖഡ്ഗം ധരിച്ചു; വില്ലണിഞ്ഞു; അമ്പു നിറച്ച ആവനാഴി തൂക്കുയിലെടുത്തു. ലൂഹൈഫ എന്ന കുതിരപ്പുറത്തുകയറി ആയുധധാരികളായ മുവ്വായിരം സഹാബിമാരോടുകൂടി തിരുമേനി (സ) പുറപ്പെട്ടു. തിരുമേനി (സ) യുടെ മുന്നുകുതിരകളുടക്കം മുപ്പത്താറു കുതിരകളാണു അവരോടൊപ്പമുണ്ടായിരുന്നതു. ആ സേന മുന്നോട്ടു നീങ്ങിയപ്പോൾ അൻസാർകളിൽ ചിലർ ആയുധമണിയുന്നതായി തിരുമേനി (സ) കണ്ടു. 'കുറച്ചുനാളു വല്ലവരും ഈ വഴിപോകുന്നതു നിങ്ങൾ കണ്ടുവൊ'എന്നു തിരുമേനി (സ) അവരോടന്വേഷിച്ചു. "ദഹിയതുൽകൽബീ അയാളുടെ വെള്ളക്കുതിരമേൽ കയറി ഇതിലെ പോകുന്നതു ഞങ്ങൾ കണ്ടു"വെന്നു അവർ പറഞ്ഞപ്പോൾ, "അതു ജിബ്‌രീലാണു; ഉടനെ പുറപ്പെട്ടുകൊള്ളുക"എന്നു തിരുമേനി (സ) അവർക്കു നിർദ്ദേശം നൽകി.

അലീ (ക. വ.)യുടെ നേതൃത്വത്തിൽ പുറപ്പെട്ട മുന്നോടിസൈന്യം ബനൂഖുറൈള:ക്കാരുടെ കോട്ടയ്ക്കടുത്തെത്തി കോട്ടയുടെ അടുത്തുറക്കെത്തു കൊടി നാട്ടി. ആ സംഘത്തിൽ അൻസാർകളും മുഹാജിർകളും ഉണ്ടായിരുന്നു. മുസ്‌ലിംസേനയെ കണ്ടപ്പോൾ യഹൂദികൾ കോട്ടയുടെ വാതിൽ പൂട്ടി മാളികയിൽ കയറിയിരുന്നുകൊണ്ടു തിരുമേനി (സ) യെക്കുറിച്ചു ദുഷിച്ചുപറഞ്ഞു. 'ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ വാളുകൾ തീർത്തുമാനമുണ്ടാക്കും" എന്നുമാത്രം പറഞ്ഞുകൊണ്ടു സഹാബികൾ അക്ഷോഭ്യരായി വന്നിച്ചു. അപ്പോഴേക്കും, തിരുമേനി (സ) യും സേനയും അകലെനിന്നു വരുന്നതായി അവർ കണ്ടു. പതാകയു

ടെ മേൽനോട്ടം ഖദാതയുൽ അൻസാരീ (റ) വി നെ ഭരമേൽപ്പിച്ചുകൊണ്ട്, അലീ (ക. വ.) തി രുമേനി (സ) യുടെ അടുക്കലേക്ക് ഓടി. 'യാ റസൂലുള്ളാ, താങ്കൾ ആ നീചന്മാരുടെ സമീ പത്തു ചെല്ലാതിരിക്കണം എന്നു അലീ (ക. വ.) അഭ്യർത്ഥിച്ചു 'അവർ എന്നെ പുലഭ്യം പറയുന്നതു നിങ്ങൾ കേട്ടിരിക്കും ശരി, ഞാൻ അടുത്തെത്തിയാൽ അവർ പറയുകയില്ല' എ ന്നു തിരുമേനി (സ) പ്രതിവചിച്ചു തിരുമേ നി (സ) ബനൂഖുറൈള:ക്കാരുടെ കോട്ടക്കടു ത്തെത്തി. 'ഹേ, കുരങ്ങിന്റെ വംശമെ, അ ല്ലാഹു നിങ്ങളെ അപമാനിച്ചില്ലെ' എന്നു തി രുമേനി (സ) അവരോടു വിളിച്ചുചോദിച്ചു. 'യാ അബുൽഖാസിം, താങ്കൾ അറിവില്ലാത്ത ആളല്ലല്ലൊ' എന്നു അവർ മറുപടി പറഞ്ഞു. [തിരുമേനി (സ) ബനൂഖുറൈള:ക്കാരിൽ പ്ര മാണികളായ വ്യക്തികളുടെ പേരുകൾ വീളി ച്ചുകൊണ്ടു ഇപ്രകാരം ചോദിച്ചു:- 'കുരങ്ങി ന്റെയും പന്നിയുടെയും വംശക്കാരെ, നി ങ്ങൾ എന്നെ പുലഭ്യം പറഞ്ഞുവൊ? പിശാ ചിനെ ആരാധിക്കുന്നവരെ, നിങ്ങളെ അല്ലാ ഹു ശിക്ഷിച്ചില്ലെ?' ഞങ്ങൾ താങ്കളെ ദുഷി ച്ചുകൊണ്ടു ഒന്നും പറഞ്ഞിട്ടില്ല" എന്നു അ വർ ആണയിട്ടു. ഇതുകേട്ടപ്പോൾ ഉസൈദി ബ്നുഹളീർ (റ) പറഞ്ഞു:- 'അല്ലാഹുവിന്റെ ശത്രുക്കളെ, മടയിൽ കടുങ്ങിയ ക്രൂരനെപ്പോ ലെ, നിങ്ങൾ കോട്ടക്കകത്തു കിടന്നു ചത്തുകൊ ള്ളുക.' ഇതുകേട്ടപ്പോൾ അവർ ഭയചകിതരാ യി മാറി. അവർ പറഞ്ഞു:- 'യാഇബ്നുഹ ളീർ, ഞങ്ങൾ നിങ്ങളുമായി ഉടമ്പടി ചെയ്തവ രാണല്ലൊ.' 'ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ യാതൊരു ഉടമ്പടിയുമില്ല' എന്നു അദ്ദേഹം അ തിനു മറുപടി നൽകി. ഈ സംഭവത്തെക്കു റിച്ചു ഇപ്രകാരവും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.] ഈജിപ്ത്, മിദ്യ എന്നീ രണ്ടുനാടുകൾക്കിടയിൽ സ്ഥിതിചെയ്യുന്ന അയ്‌ലത് എന്ന നാ ട്ടിലെ യഹൂദികൾ ഉടമ്പടിക്കെതിരായി ഒരു ശനിയാഴ്ച മത്സ്യനായാട്ടു നടത്തുകയും ഉട മ്പടി ലംഘിക്കുകയും ചെയ്തതായാൽ, ദാവൂദ്നബി പ്രാർത്ഥിച്ചതുമൂലം അവർ കുരങ്ങുകളായി രൂപാന്തരപ്പെട്ടു. ഈസാനബിയുടെ അനുയാ യികൾ തെറ്റായി പ്രവർത്തിച്ചപ്പോൾ, ഈ സാനബി പ്രാർത്ഥിച്ചതുമൂലം അവിവാഹിതരാ യ അയ്യായിരം പുരുഷന്മാർ പന്നികളായി രൂ പാന്തരപ്പെട്ടു. മൂന്നാദിവസം അവർ ഭക്ഷണ മൊ പാനീയമൊ കിട്ടാതെ കഷ്ടപ്പെട്ടു. അനന്തരം കൂട്ടത്തോടെ ചാവുകയും ചെയ്തു. ഈ വസ്തുതകളെ അനുസ്മരിച്ചുകൊണ്ടാണ് 'കുരങ്ങന്മാരുടെ വംശമെ" 'പന്നികളുടെ വംശമെ,' എ ന്നിപ്രകാരം തിരുമേനി അവരെ ആഹ്വാനം ചെയ്തതു്.

യഹൂദികളുടെ കോട്ടയെ ഇരുപത്തഞ്ചു ദിവസക്കാലം മുസ്‌ലിംസേന ഉപരോധിച്ചു. [പതിനഞ്ചുദിവസമെന്നും ഒരു മാസമെന്നും പ റയപ്പെട്ടിട്ടുണ്ട്.] ആ ദിവസങ്ങളിൽ സഹാ ബിമാരുടെ ഭക്ഷണം കാരക്കയായിരുന്നു. 'കാര ക്ക ഉത്തമമായ ഭക്ഷണമാകുന്നുവെന്നു ആ അവസരത്തിൽ തിരുമേനി (സ) അരുളുകയു ണ്ടായി.

കോട്ടക്കകത്തു കെണിഞ്ഞ യഹൂദികൾ എല്ലാനിലയിലും വിഷമിച്ചു. ഭയം അവരെ ഗ്രസിച്ചു. ഖന്ദഖ് യുദ്ധത്തിനു വിത്തിറ ക്കിയ ഹുയയ്യിബ്നുഅഖ്തബും അക്കൂട്ടത്തി ലുണ്ടായിരുന്നു. ഖന്ദഖ് യുദ്ധത്തിൽനിന്നു ഓടിയ ആ മുസ്‌ലിംശത്രു ബനൂഖുറൈള:ക്കാ രുടെ കോട്ടയിലാണ് എത്തിച്ചേർന്നിരുന്നതു്. യഹൂദികളുടെ കൂട്ടത്തിലെ അബൂജഹലായിരു ന്നു ഹുയയ്യ്.

ബനൂഖുറൈള:ക്കാരുടെ നേതാക്കളിൽ ഒരാളായിരുന്ന കഅ്ബിബ്ഉസൈദ്- സംഭ വം ഗൌരവാവഹമായ ആപത്തിലേക്കു നീ

ങ്ങിത്തുടങ്ങിയപ്പോൾ, അയാൾ ആ യഹൂദികളോട് ഇപ്രകാരം പറഞ്ഞു:- "യഹൂദരെ, സംഭവം ഈ നിലയിലൊതുങ്ങിക്കഴിഞ്ഞു. ഇതിൽ നിന്നും രക്ഷനേടുവാൻ മൂന്നു മാർഗ്ഗങ്ങളാണ് ഞാൻ കാണുന്നത്. ആ മൂന്നു മാർഗ്ഗങ്ങളും ഞാൻ നിങ്ങളെ കേൾപ്പിക്കാം. അവയിൽ നിന്നും, യുക്തമെന്നുതോന്നുന്ന ഒരു മാർഗ്ഗം നിങ്ങൾ സ്വീകരിക്കുക. (1) മുഹമ്മദ് മൂർസലായ നബിയാണെന്നുള്ളതു വ്യക്തമാണല്ലോ. തൌറാത്തിൽ പറഞ്ഞ എല്ലാ ലക്ഷണങ്ങളും മുഹമ്മദിൽ കാണപ്പെടുന്നുണ്ട്. അതുകൊണ്ടു മുഹമ്മദിനെ തുടർന്നു ജീവിക്കുകയാണാവശ്യം. മുഹമ്മദിൽ വിശ്വസിക്കുന്നതിൽനിന്നു നമ്മെ തടയുന്നതു, ബനീഇസ്‌റാഈലല്ലാത്ത അറബികളാണല്ലോ. മുഹമ്മദിനോടുള്ള അസൂയയും പകയും കൊണ്ടാണ് അവർ അങ്ങിനെ ചെയ്യുന്നതു്. മുഹമ്മദുമായുള്ള ഉടമ്പടി ദുർബ്ബലപ്പെടുത്തുന്നതു എനിക്കിഷ്ടമില്ലായിരുന്നു. (ഹയ്യിനെ ചൂണ്ടിക്കൊണ്ട്) ഈ ഇരിക്കുന്ന മാന്യനാണ് ആ അനർത്ഥം ഉണ്ടാക്കിയതു്. ഈ നാട്ടിൽ ഒരു നബിവരുമെന്നും, ആ നബിയെ നിങ്ങൾ തുടരേണമെന്നും, പ്രസ്തുത നബിയെ നിങ്ങൾ തുണക്കേണമെന്നും, ആദ്യത്തെ കിതാബിലും അവസാനത്തെ കിതാബിലും നിങ്ങൾ വിശ്വസിക്കേണമെന്നും, അവ തൌറാത്തും ഫുർഖാനുമാണെന്നും, ഇബ്‌നുഖറാശ് നിങ്ങൾക്കു മുന്നറിയിപ്പു നൽകിയതു നിങ്ങൾ ഓർക്കുന്നില്ലെ * അതുകൊണ്ടു നമുക്കു മുഹമ്മദ് നബിയെ തുടരാം.'

കഅ്ബിന്റെ ഈ അഭിപ്രായം അവർ സ്വീകരിച്ചില്ല. തൌറാത്തല്ലാത്ത മറെറാരു മതം തങ്ങൾക്ക് സ്വീകാര്യമല്ലെന്നു അവർ തീർത്തു പറഞ്ഞു. അപ്പോൾ, കഅ്ബ് രണ്ടാമത്തെ മാർഗ്ഗം ഇപ്രകാരം അവതരിപ്പിച്ചു:- 'നമ്മുടെ സ്ത്രീകളേയും കുട്ടികളേയും നമ്മുടെ വാളുകൊണ്ടു തന്നെ ഇരയാക്കാം. അങ്ങനെ ആദ്യം കുടുംബഭാരം ഇല്ലാതാക്കാം. അതിനു ശേഷം മൂച്ചുള്ള വാളുകളേന്തിക്കൊണ്ടു അവരെ നമുക്കു നേരിടാം. ആ യുദ്ധത്തിൽ നാം നശിക്കുകയാണെങ്കിൽ നശിക്കട്ടെ; അഥവാ ജയിച്ചെങ്കിൽ ഭാര്യമാരേയും മക്കളേയും വീണ്ടും ഉണ്ടാക്കാമല്ലോ.'

ഈ അഭിപ്രായവും അവർ സ്വീകരിച്ചില്ല നമുക്കു പ്രിയപ്പെട്ടവരെ കൊന്ന ശേഷം നാമെന്തിനു ജീവിക്കുന്നുവെന്ന ഒരു ചോദ്യമായിരുന്നു അവരിൽ നിന്നുണ്ടായ പ്രതികരണം. കഅ്ബ് മൂന്നാമത്തെ മാർഗ്ഗവും അവരുടെ മുമ്പിൽ വ്യക്തമാക്കി. അദ്ദേഹം പറഞ്ഞു:- 'നാളെ ശനിയാഴ്ചയാണ്: ശനിയാഴ്ച നാം യുദ്ധത്തിന്നിറങ്ങുമെന്നു അവർ കരുതുകയില്ല. ആ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ടു യാദൃച്ഛികമായി രംഗത്തിറങ്ങി നമുക്കു ഒരു മിന്നൽ യുദ്ധം നടത്താം. അങ്ങിനെ ചെയ്താൽ മിക്കവാറും അവരെ തുരത്തുവാൻ നമുക്കു സാധിച്ചേക്കും.

ഈ അഭിപ്രായവും അവർ സ്വീകരിച്ചില്ല 'ശനിയാഴ്ച തൊറ ചെയ്യവിരുന്നായ അപരാധങ്ങൾ കേട്ടറിഞ്ഞതു തന്നെ മതി. ഞങ്ങൾ അതിനു തയ്യാറില്ല.' എന്നു അവർ മറുപടി പറഞ്ഞു. ഈ സന്ദർഭത്തിൽ അംറിബ്‌നു സഅ്ദി എന്ന യഹൂദി മറെറാരഭിപ്രായം അവരുടെ മുമ്പിൽ വെച്ചു. 'അവരുടെ ജീവൻ എന്ന കപ്പം നല്കിക്കൊണ്ടു യഹൂദികളായിത്തന്നെ നമുക്കു ജീവിക്കാം. ഈ അഭിപ്രായം അവർ സ്വീകരിക്കുമോ എന്നു എനിക്കറിഞ്ഞുകൂടാ' എന്നദ്ദേഹം പറഞ്ഞപ്പോൾ, 'അവരുടെ

---

* തിരുമേനി (സ) ജനിക്കുന്നതിനു മുമ്പു തന്നെ തിരുമേനി (സ) യുടെ ശരീരപ്രകൃതിയെപ്പറ്റിയും മറവും തങ്ങളുടെ കുട്ടികൾക്കു പാഠം നല്കി വന്ന യഹൂദരിൽപ്പെട്ടവരായിരുന്നു ബനൂഖുറൈള:യും ബനുന്നളൈറും. തിരുമേനി (സ) മദീനയിലേക്കു ഹിജ്റ ചെയ്തുമെന്നും അവർക്കറിയാമായിരുന്നു.

കുപ്പം കൊടുത്തു ഭീഷിക്ഷിന്നതിനെക്കാൾ ഉത്തമം മരിക്കലാണെന്നു അവർ മറുപടി നല്കി.

ഈ അംറ്* അന്നു രാത്രി വളരെ ശ്രദ്ധയായി കോട്ടയിൽ നിന്നു രക്ഷപ്പെട്ടു. സംറാ ബിമാരിൽ ചിലർ അദ്ദേഹത്തെ കണ്ടു മുട്ടി. താൻ ആരാണെന്നുമുഹമ്മദിബ്‌ൻ മസ്‌ലമത് (റ) ചോദിച്ചപ്പോൾ, ഞാൻ അംറിബ്‌നുസ അ്ദീ' ആണെന്നു അദ്ദേഹം മറുപടി നല്കി. ആ സഹാബി അംറിനെ പിടിക്കുവാൻ ഒരുങ്ങിയപ്പോൾ, അദ്ദേഹം വസ്തുതകൾ അദ്ദേഹത്തെ അറിയിക്കുകയും തന്നെ വിട്ടയക്കേണമെന്നു അപേക്ഷിക്കുകയും ചെയ്തു. മുഹമ്മദിബ്‌ൻ മസ്‌ലമത് (റ) അദ്ദേഹത്തെ വിട്ടയച്ചു. അദ്ദേഹം രാത്രിയുടെ കൂരിരുട്ടിൽ തിരോധാനം ചെയ്തു. അദ്ദേഹം എവിടേക്കാണു് പോയതെന്നു പിന്നീടു അറിയുകയുണ്ടായില്ല

ഉപരോധം കൊണ്ടു പൊറുതിമുട്ടിയ യഹൂദികൾ ഇരുപത്തഞ്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ നബ്ബാശിബ്‌നുഖൈസീ എന്ന ആളെ, മദ്ധ്യസ്ഥനെന്ന നിലക്കു, തിരുമേനി (സ) യുടെ അടുക്കലേക്കു പറഞ്ഞയച്ചു. ബനൂനുള്ളൈർ ഗോത്രം ചെയ്തതു പോലെ, പടയങ്കികളും ആയുധങ്ങളും ഭവനങ്ങളും ഉപേക്ഷിച്ചു, കാരോ വീട്ടുകാരും കാരോ ഒട്ടകത്തിനു ചുമക്കാവുന്ന സാമാനങ്ങളെടുത്തു നാടു വിട്ടുകൊള്ളാമെന്നും, അതിനു തങ്ങളെ അനുവദിക്കണമെന്നും നബ്ബാശ് തിരുമേനി (സ) യോടഭ്യർത്ഥിച്ചു. തിരുമേനി (സ) ആ അഭ്യർത്ഥന സ്വീകരിച്ചില്ല. സാമാനങ്ങളെല്ലാം ഉപേക്ഷിച്ചു വെറും കയ്യോടെ നാടുവിടുവാൻ അനുവദിക്കേണമെന്നു നബ്ബാശ് വീണ്ടും അഭ്യർത്ഥിച്ചു. അല്ലാഹുവിന്റെ റസൂലിന്റെ വിധിക്കു വഴങ്ങിക്കൊ

---

* ഈ സംഭവത്തെക്കുറിച്ചു താഴെ പറയും പ്രകാരവും പറയപ്പെട്ടിട്ടുണ്ടു്: മുസ്‌ലിം സേന ബനൂഖുറൈള: ഗോത്രക്കാരുടെ കോട്ടക്കടുത്തു എത്തുന്നതിനു മുമ്പു തന്നെ അംറുബ്‌നുസഅ്ദീ ഖുറൈള: ഗോത്രക്കാരോടു ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:—'ഖുറൈള: ഗോത്രക്കാരെ, നിങ്ങളെസ്സംബന്ധിച്ചേടത്തോളം ഔരവാവഹമായ ഘട്ടമാണിതു് നിങ്ങൾ ശാന്തമായി ആലോചിച്ചു് വേണ്ടതു പ്രവർത്തിച്ചില്ലെങ്കിൽ ആപത്തുണ്ടു്. നമ്മുടെ സഹോദരഗോത്രമായ ബനൂനുള്ളൈർ മാന്യതയുടെ കൊടുമുടിയിലേറി അവസാനം അവർ അപമാനത്തിന്റെ ചളിക്കുണ്ടിൽ വീണു. അവരുടെ സ്വത്തുക്കളും ഭവനങ്ങളും അവർക്കു നഷ്ടപ്പെട്ടു. അവർ നാടു വിട്ടു ഛിന്നഭിന്നമായിത്തീർന്നു. ബനൂഖൈനുഖാഉം ഗോത്രക്കാരുടെ സ്ഥിതി ഒന്നോർത്തു നോക്കൂ, സമ്പത്തിലും ആയുധ ശക്തിയിലും ഉന്നതരായിരുന്ന അവർക്കും നാടും വീടും സ്വത്തും മാനവും എല്ലാം നഷ്ടപ്പെട്ടു. അവരിൽ ആർക്കും തന്നെ പിന്നീടു തല ഉയർത്തുവാൻ കഴിഞ്ഞതുമില്ല. നമുക്കും ചില അനർത്ഥങ്ങളെല്ലാം സംഭവിച്ചു. അസഹ്യമായ ആപത്തു് നമ്മെ ഉറ്റു നോക്കുകയാണു് യുദ്ധവും, യുദ്ധത്തടവുകാരാചാരവും നാടുവിടലുമൊക്കെ സംഭവിക്കുന്നതിനു മുമ്പു് നമുക്കു മുഹമ്മദ് നബിയെ തുടരാം. അവിടുന്നു് നബിയാണെന്നു നമ്മുടെ പണ്ഡിതന്മാർ നമ്മെ തെളിപ്പെടുത്തിയിട്ടുണ്ടല്ലൊ.' അനന്തരം കഅ്ബുബ്‌ൻ ഉസൈദിനെ അഭിമുഖീകരിച്ചുകൊണ്ടു അദ്ദേഹം ഇപ്രകാരം പറഞ്ഞു:—'മൂസാനബിക്കു് തൂർ പർവ്വതത്തിൽ ഇറക്കപ്പെട്ട തൌറാത് എന്ന വേദത്തെ മുൻനിറുത്തിക്കൊണ്ടു ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു, നിങ്ങൾ എന്റെ ഉപദേശം സ്വീകരിക്കുക." ഇത്രയും പറഞ്ഞപ്പോഴേക്കും, അലീ (ക. വ.) യുടെ നേതൃത്വത്തിൽ പുറപ്പെട്ട മുന്നോടി സൈന്യം അവിടെ എത്തിച്ചേർന്നു. അപ്പോൾ അംറുബ്‌നുസഅ്ദീ പറഞ്ഞു:— 'ഞാൻ മുൻകൂട്ടി പറഞ്ഞ സംഗതി ഇതാ ഇവിടെ എത്തിക്കഴിഞ്ഞു.'

ണ്ടെ ഇറങ്ങുവാൻ ഇഷ്ടമുണ്ടെങ്കിൽ മാത്രം കോട്ടയിൽ നിന്നു പുറത്തിറങ്ങിക്കൊള്ളുക എന്നു തിരുമേനി (സ) മറുപടി നല്കി. നബ്ലുാശ് തിരിച്ചു പോയി.

യഹൂദികളുടെ ഭയം മൂർച്ഛിച്ചു. ജീവനു രക്ഷയില്ലെന്നു അവർക്കു തോന്നിത്തുടങ്ങി. അപ്പോഴാണ് ഔസ് ഗോത്രക്കാരനായ രിഫാ അയുബ്നുൽ മുൻദിറുൽ അൻസാരീ (റ) വെ ക്കുറിച്ചു അവർക്കു ഓർമ്മ വന്നതു് ഈ രിഫാ അത് (റ) വിനെ അബൂലുബാബത് എന്നാണ് പൊതുവെ വിളിച്ചു വന്നിരുന്നതു്. അദ്ദേഹം ബനൂഖുറൈള.ക്കാരുടെ സുഹൃത്തും ഉപദേശകനുമായിരുന്നു. അബൂലുബാബത്തിനെ തങ്ങളുടെ അടുക്കൽ അയച്ചു കൊടുപ്പാനായി യഹൂദികൾ അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന സ്വീകരിച്ചുകൊണ്ടു തിരുമേനി (സ) അദ്ദേഹത്തെ കോട്ടക്കകത്തു അയച്ചു കൊടുത്തു. അദ്ദേഹം കോട്ടക്കകത്തെത്തിയപ്പോൾ, സ്ത്രീകളും കുട്ടികളുമടക്കം യഹൂദികളാകമാനം കരഞ്ഞുകൊണ്ടു അദ്ദേഹത്തെ ചുറ്റിപ്പിടുകയും തങ്ങളെ രക്ഷിപ്പാൻ അഭ്യർത്ഥിക്കുകയും ചെയ്തു. കഅ്ബിബ്നു അസദ് അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു:— "സ്നേഹിതാ, ഞങ്ങൾ കനത്ത അപകടത്തിൽ അകപ്പെട്ടിരിക്കുന്നു. ഞങ്ങൾ കണ്ണീരിൽ കുതിർന്നു നിലവിളിച്ചു കൊണ്ടിരിക്കുന്നു. മുഹമ്മദ് ഞങ്ങളെ വിട്ടുനില്ലുല്ലോ. ഞങ്ങൾ ഈ നാടു വിട്ടു പോയിക്കൊള്ളാമെന്നും, വെറുകയ്യോടെ പോയിക്കൊള്ളാമെന്നും മുഹമ്മദിനെ അറിയിച്ചു. മുഹമ്മദ് അനുവദിച്ചില്ല. മുഹമ്മദിന്റെ ആജ്ഞക്കു വഴങ്ങി കോട്ടയിൽ നിന്നു പുറത്തിറങ്ങണമെന്നാണു മുഹമ്മദ് പറയുന്നതു്. അങ്ങിനെ ഇറങ്ങുവാൻ ഞങ്ങൾക്കു ധൈര്യം പോരാ. താങ്കളുടെ അഭിപ്രായമെന്താണ്?" ഞങ്ങൾ ഇറങ്ങട്ടെയോ? 'ഇറങ്ങിക്കൊള്ളുക' എന്നു അബൂലുബാബത് (റ) അവരോടു പറഞ്ഞു. അതോടൊപ്പം ഇറങ്ങിയാൽ കൊന്നു കളയുമെന്നും ആംഗ്യംകൊണ്ടു സൂചനയും നല്കുകയും ചെയ്തു. അബൂലുബാബത് (റ) പറയുന്നു:— "ആംഗ്യം കാണിച്ച കൈ താഴ്ത്തുന്നതിനു മുമ്പ് ഞാൻ ചെയ്തതു അപകടമാണെന്നു എനിക്കു മനസ്സിലായി. അപരാധബോധത്തിനാൽ ഞാൻ അടിമപ്പെട്ടു ഞാൻ ഖേദിച്ചു; പശ്ചാത്തപിച്ചു. അല്ലാഹുവോടും റസൂലോടും തെറ്റു ചെയ്തുപോയി എന്നു പറഞ്ഞു കണ്ണീരൊഴുക്കിക്കൊണ്ടു ഞാൻ കോട്ടയിൽനിന്നും പുറത്തിറങ്ങി." അദ്ദേഹം തിരുമേനി (സ) യെ കാണാതെ, നേരെ പള്ളിയിലേക്കാണ് നടന്നതു്. പള്ളിയുടെ മതിലോടു ചേർന്നു കുറ്റിൽ തന്റെ ശരീരത്തെ അദ്ദേഹം ഇരുമ്പുചങ്ങലകൊണ്ടു ബന്ധിച്ചു. "ഞാൻ മരിക്കുന്നതു വരെ ഈ ശരീരത്തിനു ഞാൻ ഭക്ഷണമോ, വെള്ളമോ കൊടുക്കുകയില്ലെന്നു അദ്ദേഹം ശപഥം ചെയ്തു. ആഹാരമോ വെള്ളമോ കഴിക്കാതെ ആറു ദിവസങ്ങൾ അദ്ദേഹം തള്ളിനീക്കി [പത്തു ദിവസം തള്ളിനീക്കിയെന്നും പറയപ്പെട്ടിട്ടുണ്ടു്.] നിസ്ക്കാരസമയങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെ അഴിച്ചു വിടുകയും നിസ്ക്കരിച്ചു കഴിഞ്ഞാലുടനെ വീണ്ടും ബന്ധിക്കുകയും ചെയ്തുവന്നു. അതിലിടക്കു അദ്ദേഹം ചെയ്ത അപരാധത്തെ പരാമർശിച്ചുകൊണ്ടു ആയത്തിറങ്ങി. ദുഃഖഭാരത്താൽ പരീക്ഷീണിതനായ അബൂലുബാബത് (റ) അവസാനം ബോധം കെട്ടു വീണ ആ ഘട്ടത്തിൽ അല്ലാഹു അദ്ദേഹത്തിനു പൊറുത്തു കൊടുത്ത വാർത്തയെ ഉൽഘോഷിക്കുന്ന ആയത്തിറങ്ങുകയും, ആ സന്തോഷവാർത്ത തിരുമേനി (സ) അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. അദ്ദേഹത്തെ അഴിച്ചു വിടുവാൻ തിരുമേനി (സ) കല്പിച്ചു. അഴിച്ചു വിടുവാൻ ചെന്നവരെ അദ്ദേഹം തിരിച്ചയച്ചു. തിരുമേനി (സ) യുടെ തൃക്കയ്യാൽ തന്നെ എന്നെ അഴിച്ചു വിടേണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു.

ത്തു. [സഅ്‌ദുബ്‌നുമആദ് (റ) വിന്റെ പേർ തിരുമേനി (സ) യാണ് നിർദ്ദേശിച്ചതെന്നും പറയപ്പെട്ടിട്ടുണ്ട്.] ഖന്ദഖിൽനിന്നു മടങ്ങിക്കൊണ്ടു തനിക്കുപറ്റിയ മുറിക്കു ചികിത്സനടത്തിക്കൊണ്ടു സഅ്ദ് (റ) ആ അവസരത്തിൽ റഫീദ; (റ) യുടെ വീട്ടിൽ കിടപ്പിലായിരുന്നു. ഔസ്‌ഗോത്രക്കാർ ആ വീട്ടിൽചെന്നു സഅ്ദ് (റ) വിനെ കണ്ടു വിവരങ്ങളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു. ബനൂനളുടെ ഗോത്രക്കാക്കും ഖൈനുഖാഅ് ഗോത്രക്കാക്കും മുമ്പു തിരുമേനി (സ) നൽകിയ ആനുകൂല്യങ്ങളും അദ്ദേഹത്തെ അനുസ്മരിപ്പിക്കുകയും ബനൂഖുറൈള:ക്കാരുടെ കാര്യത്തിൽ തങ്ങൾക്കുള്ള താല്പര്യത്തെ പ്രകടമാക്കുകയുംചെയ്തു. സഅ്ദ് (റ) മറുപടിയൊന്നും പറഞ്ഞില്ല. ഒരു കുതിരപ്പുറത്തിരുത്തിക്കൊണ്ടു അദ്ദേഹം തിരുമേനി (സ) യുടെ സന്നിധിയിലേക്കു ആനയിക്കപ്പെട്ടു. അദ്ദേഹം അടുത്തെത്തിയപ്പോൾ, എഴുന്നേറ്റു നിന്നുകൊണ്ടു അദ്ദേഹത്തെ ആദരിക്കുവാൻ തിരുമേനി (സ) സഹാബിമാർക്കു നിർദ്ദേശം നൽകി. അപ്പോൾ മുഹാജിർകളും അൻസാർകളുമായ എല്ലാ സഹാബികളും എഴുന്നേറ്റുനിന്നു. 'ബനൂഖുറൈള:ക്കാരുടെ കാര്യത്തിൽ വിധിനൽകുവാൻ താങ്കളെ തിരുമേനി (സ) നിശ്ചയിച്ചിരിക്കുന്നു'വെന്നു സഹാബിമാർ അദ്ദേഹത്തെ അറിയിച്ചു. വിധി നൽകുവാൻ തിരുമേനി (സ) അദ്ദേഹത്തോടാവശ്യപ്പെട്ടു. 'വിധിനൽകുവാനുള്ള അർഹത അല്ലാഹുവിനും റസൂലിനുമാകുന്നു'വെന്നു സഅ്ദ് (റ) പറഞ്ഞപ്പോൾ,' 'ഇവരുടെ കാര്യത്തിൽ താങ്കൾ വിധിനൽകേണമെന്നാണ് അല്ലാഹുവിന്റെ കല്പന'എന്നു തിരുമേനി (സ) അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ സഹാബിമാരെ അഭിമുഖീകരിച്ചുകൊണ്ടു സഅ്ദ് (റ) ചോദിച്ചു:-അല്ലാഹുവിന്റെ കല്പനയെ ആദരിച്ചുകൊണ്ടു ഞാൻ നിങ്ങളോ

തന്നിരിക്കുന്ന തിരുമേനി (സ) തന്നെ അദ്ദേഹത്തെ അഴിച്ചു വിട്ടു. ഞാൻ ചെയ്തുപോയ കാര്യം പൊറുക്കപ്പെടുന്ന പക്ഷം ഈ നാട്ടുകാരുടെ സ്വത്തുക്കളെ ഉപേക്ഷിക്കുമെന്നു ഞാൻ കരുതീട്ടുണ്ടെന്നു അദ്ദേഹം തിരുമേനി (സ)യെ അറിയിച്ചപ്പോൾ, നിങ്ങളുടെ സ്വത്തിന്റെ മൂന്നിലൊന്നു ദാനം ചെയ്താൽ മതിയാകുമെന്നു തിരുമേനി (സ) അദ്ദേഹത്തെ ഉപദേശിച്ചു.

ഗത്യന്തരമില്ലെന്നുവന്നപ്പോൾ തിരുമേനി (സ) യുടെ വിധിക്കുവഴങ്ങിക്കൊണ്ടു ബനൂഖുറൈള:ക്കാർ കോട്ടയുറന്നു പുറത്തിറങ്ങി. അവരുടെ എണ്ണം എഴുനൂറായിരുന്നെന്നും, എണ്ണൂറായിരുന്നെന്നും, തൊള്ളായിരമായിരുന്നെന്നും, ആയിരമായിരുന്നെന്നും, പക്ഷാന്തരങ്ങളുണ്ട്. അവരെല്ലാംതന്നെ ബന്ധനസ്ഥരാക്കപ്പെട്ടു. ഖൈനുഖാഅ് ഗോത്രക്കാരുമായി സൌഹൃദക്കാർ ചെയ്തിരുന്ന ഖസ്‌റജ് ഗോത്രക്കാർ അഭ്യർത്ഥിച്ചപ്പോൾ, നാടുവിട്ടുപോയിക്കൊള്ളുവാൻ ഖൈനുഖാഅ് ഗോത്രക്കാക്കു താങ്കൾ അനുമതി നൽകിയതുപോലെ, ഞങ്ങളുമായി സൌഹൃദക്കാർ നടത്തീട്ടുള്ളവരും നാടുവിട്ടുപോയിക്കൊള്ളുവാൻ താങ്കൾ അനുമതി നൽകേണമെന്നു ഔസ് ഗോത്രക്കാർ തിരുമേനി (സ) യോടു അഭ്യർത്ഥിച്ചു. തിരുമേനി (സ) ആ അഭ്യർത്ഥന സ്വീകരിച്ചില്ല. 'ബനൂഖുറൈള:ഗോത്രക്കാരുടെ കാര്യത്തിൽ വിധി നൽകുവാൻ നിങ്ങളുടെ ഗോത്രക്കാരനായ ഒരാളെ നിയമിക്കുന്നതു നിങ്ങൾക്കു സമ്മതമാണൊ'എന്നു തിരുമേനി (സ) ഔസ് ഗോത്രക്കാരോടു ചോദിച്ചു അങ്ങിനെ ചെയ്യുന്നതു ഞങ്ങൾക്കു സമ്മതമാണെന്നു അവർ ബോധിപ്പിച്ചു എന്നാൽ നിങ്ങൾതന്നെ ഒരാളെ തിരഞ്ഞെടുക്കുകയെന്നു തിരുമേനി (സ) നിർദ്ദേശിച്ചപ്പോൾ, ഔസ്‌ഗോത്രത്തലവനായ സഅ്ദ് ബ്നുമആദ് (റ) വിനെ അവർ തിരഞ്ഞെടു

ട്ട ചോദിക്കുന്നു; ഞാൻ പറയുന്ന വിധി നിങ്ങൾക്കു സ്വീകാര്യമാണോ?' 'അതെ' എന്നു സഹാബിമാർ ഒന്നുപറഞ്ഞു. പിന്നീട് തിരുമേനി (സ) ഇരിക്കുന്ന ഭാഗത്തു തിരിഞ്ഞു തിരുമേനി (സ) യെ വന്ദിച്ചുകൊണ്ടു തിരുമേനി (സ) യുടെ മുഖംനോക്കാതെ അദ്ദേഹം ചോദിച്ചു. 'ഇവരെസ്സംബന്ധിച്ചു ഞാൻ നൽകുന്ന വിധി ഈ ഭാഗത്തു ഇരിക്കുന്നവക്കും സ്വീകാര്യമാണോ? 'അതെ'എന്നു തിരുമേനി(സ) പ്രതിവചിച്ചു. അനന്തരം ബനൂഖുറൈള:ക്കാരെ അഭിമുഖീകരിച്ചുകൊണ്ടു അദ്ദേഹം ചോദിച്ചു:- 'എന്റെ വിധി നിങ്ങൾക്കും സ്വീകാര്യമാണോ?' 'അതെ' എന്നു അവരും സമ്മതിച്ചു. സഅ്ദ് (റ) വിന്റെ വിധി തങ്ങൾക്കു സ്വീകാര്യമാണെന്നു അവരോടു ഉറപ്പു വാങ്ങുകയും ചെയ്തു. അതിനുശേഷം സഅ്ദിബ്നുമആദ് (റ) ഇപ്രകാരം വിധിപറഞ്ഞു:- 'ഇവരിൽ പ്രായപൂർത്തിയെത്തിയ എല്ലാ പുരുഷന്മാരെയും വധിക്കുക. സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തടവുകാരാക്കി അടിമകളാക്കുക. ഇവരുടെ സ്വത്തുക്കൾ യുദ്ധമുതലുകളായി കണ്ടെടുക്കുക. ഇവരുടെ വീടുകൾ മുഹാജിർകളായ സഹാബിമാരുടെ വസതികളാക്കുക. * അല്ലാഹുവിന്റെ വിധിതന്നെ താങ്കൾ വിധിച്ചതെന്നും, കഴിഞ്ഞ രാത്രി ഒരു മലക്ക് ഇതാണ് അല്ലാഹുവിന്റെ വിധിയെന്നു എന്നെ അറിയിച്ചിട്ടുണ്ടെന്നും തിരുമേനി (സ) സഅ്ദ് (റ) വോടു പറയുകയുണ്ടായി.

പിന്നീട് ബനൂഖുറൈള:ക്കാരുടെ കോട്ടക്കകത്തുള്ള ആയുധങ്ങളും സ്വത്തുക്കളും കണ്ടെടുപ്പാൻ തിരുമേനി (സ) കല്പിച്ചു. ആയിരത്തഞ്ഞൂറു വാളുകളും, മുന്നൂറു പടയങ്കികളും, രണ്ടായിരം ചവളങ്ങളും, അഞ്ഞൂറു പരിചകളും, അനേകം വീട്ടുപാത്രങ്ങളും, ധാരാളം മറ്റുസാധനങ്ങളും എന്നിവയും, കുതിരകളും, ആട്ടുമാടുകളും, ഒട്ടകങ്ങളും എന്നിവയും, പിടിച്ചെടുത്തു. ഈ സാധനങ്ങളോടൊപ്പം, യഹൂദരുടെ വകയായുള്ള ഈത്തപ്പനകളും പിടിച്ചെടുത്തു. ഈ വസ്തുക്കളെയും ബന്ധനസ്ഥരാക്കപ്പെട്ട ആളുകളെയും ആദ്യം അഞ്ചോഹരിയായി ഭാഗിച്ചു. അതിൽ തിരുമേനി (സ) യുടെ ഹിതാനുസാരം വിനിയോഗിക്കാവുന്ന ഒരോഹരി മാറ്റിവെച്ചു, ശേഷിച്ച നാലോഹരി സഹാബിമാക്കു പങ്കിട്ടുകൊടുത്തു. പ്രസ്തുത നാലോഹരികളും വീണ്ടും മുവ്വായിരത്തെഴപത്തിരണ്ടു ഓഹരികളായി വിഭജിച്ചുകൊണ്ടാണ് സഹാബിമാക്കു വിതരണം ചെയ്യപ്പെട്ടതു്. മുസ്‌ലിംസേനയുടെ ആകെ എണ്ണം മുവ്വായിരമായിരുന്നു. അവരിൽ ആറുപേർ അശ്വഭടന്മാരായിരുന്നു. കാലാൾസൈന്യത്തിലുള്ള ഒരു വ്യക്തിക്കു ഒരോഹരിയും അശ്വഭടന്മാരിൽ ഒരാൾക്കു മൂന്നോഹരിയുമാണ് യുദ്ധമുതലുകളുടെ വിഹിതനിശ്ചയം.

അതിനുശേഷം തിരുമേനി (സ) മദീനയിലേക്കു തിരിച്ചു. മദീനയുടെ ഏതയിഭാഗത്തു'' കുറെ കുഴികൾ കുഴിച്ചുണ്ടാക്കുവാൻ തിരുമേനി (സ) കല്പിച്ചു. ധാരാളം കുഴികൾ ഉണ്ടാക്കപ്പെട്ടു. കൊലശിക്ഷക്കു വിധിക്കപ്പെട്ടവരെ കൊന്നുകുഴിച്ചിടുവാനാണ് ആ കുഴികൾ നിർമ്മിക്കപ്പെട്ടതു് തടവുകാർ ആ കുഴികളുടെ അടുത്തേക്കു കൊണ്ടുവരപ്പെട്ടു. ഹുയയ്യിബ്നു അഖ്തബിനെ വധിപ്പാനായി കുഴിക്കരികെ കൊണ്ടുവന്നപ്പോൾ, അയാളോടു തിരുമേനി (സ) ചോദിച്ചു:- 'ഹേ, അല്ലാഹുവിന്റെ ശത്രോ, ഇപ്പോൾ അല്ലാഹു നിങ്ങളെ എനിക്കു

---

*മുഹാജിർകളും ഞങ്ങളും സഹോദരങ്ങളാണല്ലോ; അവർക്കു നൽകുന്നതു ഞങ്ങൾക്കും നൽകേണ്ടതല്ലെ എന്നു അൻസാർകളിൽ ചിലർ ചോദിച്ചപ്പോൾ, അവർ നിങ്ങളെ ആശ്രയിക്കാതെ സ്വയം പര്യാപ്തരാകേണമെന്നു ഞാൻ ആഗ്രഹിക്കുന്നുവെന്നു സഅ്ദ് (റ) മറുപടി നൽകി.

വിധേയനാക്കിത്തന്നില്ലേ?' ഹുയയ്യ് പറഞ്ഞു:- 'പക്ഷെ, താങ്കൾ അക്കാര്യത്തിൽ എന്നെ ഇനി കുറ്റപ്പെടുത്തേണ്ടതില്ല. അല്ലാഹു ഒരാളെ തരംതാഴ്ത്തിയാൽ അവൻ തരംതാഴ്ത്തപ്പെടുന്നതിൽ എനിക്കു വ്യസനമില്ല.' ബനൂഖുറൈളക്കാരുടെ നേതാവായ കഅ്ബുബ്നുഅസദിനെ കൊല്ലുവാൻ കൊണ്ടുവന്നപ്പോൾ, അയാളോട് തിരുമേനി (സ) ഇപ്രകാരം ചോദിച്ചു:- 'കഅ്ബേ, ഖുറൈളിന്റെ ഉപദേശം നിങ്ങൾ സ്വീകരിച്ചില്ലല്ലോ. അദ്ദേഹത്തിൽ വിശ്വസിച്ച ആളായിരുന്നു. എന്നെ അനുകരിക്കേണമെന്നു അദ്ദേഹം നിങ്ങളോട് കല്പിച്ചിരുന്നില്ലേ?' കഅ്ബ് പറഞ്ഞു:- 'തീർച്ചയാണെ സത്യം, അദ്ദേഹം ഇപ്രകാരമെല്ലാം ഉപദേശിക്കുകയും താങ്കൾക്കു അദ്ദേഹത്തിന്റെ സലാം പറവാൻ എന്നെ ഏല്പിക്കുകയും ചെയ്തിരുന്നു. ഞാൻ വാളിനെ ഭയന്നതുകൊണ്ടാണ് ഇസ്‌ലാംമതം വിശ്വസിച്ചതെന്നു ജനങ്ങൾ പറഞ്ഞുപരത്തുമെന്ന അപമാനഭീതിയാലാണ് ഞാൻ അദ്ദേഹം ഉപദേശിച്ചതുപോലെ പ്രവർത്തിക്കാതിരുന്നത്.' വധശിക്ഷ നൽകപ്പെട്ടവരെ വധിക്കുവാൻ അലിയ്യിബ്നു അബീതാലിബ് (ക. വ.), സുബൈറിബ്നുൽഅവ്വാം (റ) എന്നിവരെയും, ഔസ് ഗോത്രക്കാരിൽ ചിലരെയും ഏല്പിച്ചു. ബനൂഖുറൈളക്കാരിൽ വധശിക്ഷനടത്തുന്ന കാര്യത്തിൽ ഔസ് ഗോത്രക്കാരെ ഭിന്നാഭിപ്രായമില്ലെന്നു തെളിയിപ്പാനാണ്, അവരിൽനിന്നു ചിലർ വിധം നടത്തുവാൻ നിയോഗിക്കപ്പെട്ടത് കൊല്ലപ്പെടേണ്ടവർ മുഴുവൻ സന്ധ്യയാകുമ്പോഴേക്കും കൊല്ലപ്പെട്ടു കൊല്ലപ്പെട്ടവരുടെ എണ്ണം അറുനൂറിനും എഴുനൂറിനുമിടയിലായിരുന്നു. അവരുടെ ശവങ്ങൾകൊണ്ടു നിറഞ്ഞ കുഴികൾ മണ്ണിട്ടുമൂടി. ബയാന: എന്ന ഒരു സ്ത്രീയും കൊല്ലപ്പെട്ടു. ഖല്ലാദിബ്നുസ്വുവൈദ് (റ) വിന്റെ ഭാര്യകയായിരുന്ന ആ സ്ത്രീ. ഭർത്താവും മറ്റു ചില സഹാബിമാരും കോട്ടമതിൽ ചാരി ഇരിക്കുമ്പോൾ, തന്റെ ഭർത്താവിന്റെ ഉപദേശമനുസരിച്ചു ആ സ്ത്രീ കോട്ടയുടെ മുകളിൽനിന്നു ഒരു ആസ്സ് കല്ല് അദ്ദേഹത്തിന്റെ തലക്കിട്ടു. ഖല്ലാദിബ്നുസുവൈദ് (റ) ഉടൻ മൃതിയടഞ്ഞു. അവളുടെ ഭർത്താവിനു ആന്തരീയമായി അവളെ ഇഷ്ടമായിരുന്നില്ല. അവൾ മരിച്ചുകഴിഞ്ഞാൽ മറ്റൊരു വിവാഹം കഴിക്കാമല്ലൊ എന്നു കരുതിക്കൊണ്ട്, ബയാനായുടെ ഭർത്താവുതന്നെ അവളെ കൊലക്കു കൊടുത്തു.

ആഇശ: (റ) പറയുന്നു:- 'ഞാൻ എന്റെ വീട്ടിൽ ഇരിക്കുകയായിരുന്നു. അല്ലാഹുവിന്റെ റസൂൽ ബനൂഖുറൈളക്കാരായ പുരുഷന്മാരെ തകർത്തുകഴിഞ്ഞിരിക്കുന്നു. അപ്പോൾ ആ ഗോത്രക്കാരിയായ ഒരു യുവതി എന്റെ വീട്ടിൽ കയറിവന്നു ഉല്ലാസപൂർവ്വം ചിരിച്ചുകൊണ്ടു എന്നോട് സംസാരിച്ചുതുടങ്ങി. ആ സ്ത്രീയുടെ ചിരിയിലും സംഭാഷണത്തിലും സന്തോഷം മുറ്റിനിന്നു. അപ്പോൾ പുറത്തുനിന്നു 'ബയാനാ, ബയാനാ,' എന്നു വിളിക്കുന്നതുകേട്ടു. 'എന്നെയാണ് വിളിക്കുന്നതു'; കൊല്ലുവാൻവേണ്ടി' എന്നു പറഞ്ഞുകൊണ്ടു അവൾ പുറത്തേക്കുപോയി. അവൾ കൊല്ലപ്പെട്ടു. അടുത്ത നിമിഷത്തിൽതന്നെ കൊല്ലുമെന്നു ഉറപ്പായിരുന്നിട്ടും അവൾക്കു സന്തോഷത്തോടുകൂടി ചിരിപ്പാനും സംസാരിപ്പാനും കഴിഞ്ഞതിൽ ഞാൻ അത്ഭുതപ്പെട്ടു.'

ജാഹിലിയ്യാ കാലത്തു', അതായതു ഇസ്‌ലാമിനുമുമ്പു ഔസ്ഗോത്രക്കാരും ഖസ്റജ് ഗോത്രക്കാരും തമ്മിൽ നടന്ന ബുആസ് യുദ്ധത്തിൽ സാബിതിബ്നുഖൈസ് (റ) വിനെ കൊലയിൽനിന്നു മോചിപ്പിച്ച ഒരു കിഴവൻ ബനൂഖുറൈള: ഗോത്രക്കാരോടൊപ്പമുണ്ടായിരുന്നു. അയാളുടെ പേർ സുബൈറബ്നുബാ

താ എന്നായിരുന്നു. മുസ്‌ലിംകളുടെ അണിയിൽ സാബിത് (റ) വിനെ കണ്ടപ്പോൾ സുബൈർ സന്തോഷിച്ചു. ബനൂസ് യുദ്ധത്തിൽ താൻ സാബിത് (റ) വിന്റെ ജീവനെ രക്ഷിച്ച വസ്തുത അയാൾ ഓർമ്മിപ്പിച്ചു. ആ ഉപകാരത്തിനു പ്രത്യുപകാരം ചെയ്യുവാനുള്ള അവസരം ഇതാണെന്നും അയാൾ പ്രസ്താവിച്ചു. സാബിത് (റ) ഈ വിവരം തിരുമേനി (സ) യെ അറിയിച്ചപ്പോൾ, സുബൈറിനെ കൊലയിൽനിന്നു ഒഴിവാക്കിയതായി തിരുമേനി (സ) പ്രഖ്യാപിച്ചു. സാബിത് (റ) പറയുന്നു: 'ഈ വിവരം ഞാൻ സുബൈറിനെ അറിയിച്ചപ്പോൾ, ഭാര്യയെയും മക്കളെയും കൈവെടിഞ്ഞുകൊണ്ടു ഒരു കിഴവൻ ജീവിച്ചിരുന്നിട്ട് ഫലമുണ്ടോ എന്നയാൾ ചോദിച്ചു. ഈ വിവരം ഞാൻ തിരുമേനി (സ) യെ അറിയിച്ചപ്പോൾ, അയാളുടെ ഭാര്യയേയും മക്കളെയും നിങ്ങളുടെ കാഹരിക്കു വിട്ടുതന്നുവെന്നു തിരുമേനി (സ) പ്രഖ്യാപിച്ചു. അവരെ മോചിപ്പിച്ചു സുബൈറിനു നൽകുവാൻ ഞാൻ തീരുമാനിച്ചു. വിവരം അയാളെ അറിയിച്ചപ്പോൾ, ഞങ്ങളുടെ വീട്ടുകാർ ഹിജാസ്‌കാരാണ്. അവർ ദരിദ്രരുമാണ്. മുതലില്ലാതെ ജീവിക്കുവാൻ കഴികയില്ലല്ലൊ എന്നയാൾ പറഞ്ഞു. ഈ വിവരം ഞാൻ തിരുമേനി (സ) യെ അറിയിച്ചപ്പോൾ, സുബൈറിന്റെ മുതലും എന്റെ കാഹരിക്കു തിരുമേനി (സ) വിട്ടുതന്നു. എന്റെ കാഹരിക്കു ലഭിച്ച മുതലും ഞാൻ സുബൈറിനു വിട്ടുകൊടുത്തു. അപ്പോൾ സുബൈർ എന്നോടു ചോദിച്ചു:- 'സാബിതെ, ബനൂഖുറൈള: ക്കാരുടെ ഇഷ്ടനേതാവായ കഅ്ബിബ്‌നുഅസൈദ് എവിടെയുണ്ട്?' 'അയാൾ കൊല്ലപ്പെട്ടുവെന്നു'വെന്നു ഞാൻ പറഞ്ഞു. നാട്ടുകാരുടെയും അല്ലാത്തവരുടെയും ആത്മസുഹൃത്തായ ഹുയയ്യുബ്‌നു അഖ്തബ് എവിടെ?' എന്നു അയാൾ ചോദിച്ചു. 'അയാളും കൊല്ലപ്പെട്ട'വെന്നു ഞാൻ പറഞ്ഞു. 'ആത്തരുണതല്ലരനും നേതാവുമായ അസ്സാലുബ്‌നസമൂഅൽ എവിടെ?'എന്നു അയാൾ ചോദിച്ചു. 'അയാളും കൊല്ലപ്പെട്ട'വെന്നു ഞാൻ പറഞ്ഞു. 'ഞങ്ങളുടെ സഭാനാഥന്മാരും പ്രഭുക്കളുമായ കഅ്ബിബ്‌നുഖുറൈളത്തും അംറുബ്‌നു ഫരീളത്തും എവിടെ'എന്നു വീണ്ടും അയാൾ ചോദിച്ചു. അവരെല്ലാം കൊല്ലപ്പെട്ടു'വെന്നു ഞാൻ മറുപടി നൽകി. 'അവരെല്ലാം കൊല്ലപ്പെട്ടെങ്കിൽ, എന്നെയും അവരുടെകൂടെ നിങ്ങൾ ഉടനെ അയച്ചുതരേണം. അതല്ലാത്ത മറൊരു പ്രത്യുപകാരവും നിങ്ങളിൽനിന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ഒരു നിമിഷംപോലും വിളംബിക്കാതെ എന്നെ നിങ്ങൾ കൊല്ലുക'എന്നു സുബൈർ എന്നോടാവശ്യപ്പെട്ടു 'നിങ്ങളെ ഞാൻ കൊല്ലുകയില്ല' എന്നു ഞാൻ മറുപടി നൽകി. 'എന്നെ ആർ കൊന്നാലും തരക്കേടില്ല. എന്റെ സുഹൃത്തുക്കളെ കണ്ടെത്താതെ ഇനി ഒരു നിമിഷംപോലും ഞാൻ ഇഹലോകത്തു നിൽക്കുകയില്ല'എന്നു സുബൈർ ശഠിച്ചുപറഞ്ഞു. 'സുഹൃത്തുക്കളെ കണ്ടെത്താതെ ജീവിക്കയില്ല' എന്നു അയാൾ പറഞ്ഞതുകേട്ടപ്പോൾ, അബൂബക്കർ സിദ്ദീഖ് (റ) സുബൈറിനെ കൊല്ലുകയും, നരകത്തിൽ അയാൾ തന്റെ സ്നേഹിതന്മാരെ കണ്ടെത്തുമെന്നു പറയുകയും ചെയ്തു സുബൈറിന്റെ ഭാര്യാമക്കളും മുതലും സാബിത് (റ)വിന്റെ കാഹരിക്കുള്ളതാണെന്നു തിരുമേനി (സ) പ്രഖ്യാപിച്ചു.

ബനൂഖുറൈള: ഗോത്രത്തിലെ സ്ത്രീകളിൽ നിന്നു റൈഹാന: (റ) യെ തിരുമേനി (സ) വിവാഹം ചെയ്തു. ശംഊനുബ്‌നുസൈദുൽഖുർളീ എന്ന ആളുടെ പുത്രിയായിരുന്ന ആ മഹതി. ഹിജ്‌റ ആറാംവർഷം മുഹർറം മാസത്തിൽ വീട്ടുകൂടി തിരുമേനി (സ) റൈഹാന: (റ) ക്കു നൽകിയ മഹ്ർ പന്ത്രണ്ടര ഊ

ഖിയ ആയിരുന്നു.

സഅ്ദിബ്നുമആദ് (റ) വിനു ഖന്ദഖിൽവെച്ച അമ്പേറ്റുമൂലമുണ്ടായ വ്രണം മിക്കവാറും ഉണങ്ങിക്കഴിഞ്ഞു. ബനൂഖുറൈള: സംഭവം കഴിഞ്ഞശേഷം, ഒരു ദിവസം അദ്ദേഹം അല്ലാഹുവോട് ഇപ്രകാരം പ്രാർത്ഥിച്ചു:- 'അല്ലാഹുവെ, നിന്റെ റസൂലിന്റെ ശത്രുക്കളുമായി യുദ്ധം ചെയ്യുക എന്നതിൽക്കവിഞ്ഞു പ്രിയകരമായ മറ്റൊന്നും എന്നെസ്സംബന്ധിച്ചേടത്തോളം ഇപ്പോഴില്ലെന്നു നിനക്കറിയാമല്ലൊ. ഖുറൈശികളുമായി ഇനിയും ഞാൻ യുദ്ധംചെയ്യേണ്ടതുണ്ടെങ്കിൽ നീ എന്നെ ജീവിപ്പിക്കുക. മേലിൽ ഞാൻ യുദ്ധംചെയ്യേണ്ടതില്ലെങ്കിൽ, എന്റെ ഈ വ്രണത്തെ നീ വികസിപ്പിച്ചു എന്നെ നീ മരിപ്പിക്കുക.' അദ്ദേഹത്തിന്റെ പ്രാർത്ഥനയെ അല്ലാഹു സ്വീകരിച്ചു. വ്രണം വികസിച്ചു അതിൽനിന്നു രക്തം പ്രവഹിച്ചു. അതോടുകൂടി ആ വീരയോദ്ധാവു മൃതിയടയുകയും ചെയ്തു. കണ്ടുനിന്നവരും ഈ വാർത്ത കേട്ടറിഞ്ഞവരും അത്ഭുതപ്പെട്ടു. തിരുമേനി (സ) ആ അവസരത്തിൽ സ്ഥലത്തുണ്ടായിരുന്നില്ല. സഅ്ദ് (റ) വിന്റെ ചർമവാർത്ത ജിബ്‌രീൽ (അ) തിരുമേനി (സ) യെ അറിയിച്ചു. തിരുമേനി (സ) ഉടനെ സ്ഥലത്തെത്തിച്ചേർന്നു. അദ്ദേഹത്തിന്റെ ആത്മാവ് മേല്പോട്ടയർന്നപ്പോൾ അർശ് വിറച്ചുവെന്നും, * എഴുപതിനായിരം മലക്കുകൾ അദ്ദേഹത്തിന്റെ ജനാസ:യിൽ സംബന്ധിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മൃതദേഹം കട്ടിലിൽ എടുത്തുവെച്ച സഹാബിമാർ കട്ടിൽ പൊക്കിയെടുത്തു ചുമന്നുകൊണ്ടു നടന്നപ്പോൾ, അദ്ദേഹത്തിന്റെ മാതാവായ കബ്ശത് (റ) ഒരു വിലാപകാവ്യം പൊഴിച്ചുകൊണ്ടു കരഞ്ഞു. 'സാധാരണ സ്ത്രീകൾ അസത്യങ്ങളായ സംഗതികൾ പറഞ്ഞുകൊണ്ടു അലമുറകൂട്ടുകയാണു പതിവു്; ഇവർ സത്യം പറഞ്ഞു'വെന്നു തിരുമേനി (സ) അരുളി. അൻസാർസ്ത്രീകളിൽനിന്നു ഒന്നാമതായി ഇസ്‌ലാംമതം വിശ്വസിച്ച മഹതിയാണു കബ്ശത് (റ). റാഫിഇബ്നുഉബൈദത്തുൽഅൻസാരീ (റ) വിന്റെ പുത്രിയാണു കബ്ശത് (റ). സഅ്ദ് (റ) വിന്റെ ജനാസ:നിസ്കാരത്തിൽ തിരുമേനി (സ) ഇമാമത് വഹിച്ചു. ജനാസ ഖബ്റിൽ ഇറക്കി, ഖബർ മണ്ണിട്ടുമൂടിയശേഷം, തിരുമേനി(സ) ഖബ്റങ്കൽ വെച്ചു പ്രാർത്ഥിച്ചു. 'സഅ്ദിബ്നുമആദ് സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനീയനാകുന്നു'വെന്നു തിരുമേനി (സ) അരുളുകയുണ്ടായി. സഅ്ദിബ്മആദ് (റ) വിന്റെ ഖബ്റങ്കൽനിന്നു ഒരാൾ ഒരുപിടി മണ്ണുവാരിയെടുത്തുവെന്നും, ആ മണ്ണ് കസ്തൂരിയായി മാറിയെന്നും പറയപ്പെട്ടിട്ടുണ്ട്.

ഒരു മുഅ്ജിസത്തു് *

ഈ വർഷത്തിൽതന്നെ ഒരു മുഅ്ജിസത്തു് സംഭവിക്കുകയുണ്ടായി. ഒരു ദിവസം ജാബിർ (റ) തിരുമേനി (സ) യെ വിരുന്നൂണ്ണുവാൻ സൽക്കരിച്ചു. സൽക്കാരം തിരുമേനി (സ) സ്വീകരിച്ചു. ജാബിർ (റ) ഒരു ആട്ടിനെ അറുത്തു. അദ്ദേഹത്തിന്റെ ഭാര്യ വിരുന്നൊരുക്കി. അദ്ദേഹത്തിനു പെറിയ രണ്ടു മക്കളുണ്ടായിരുന്നു. ജാബിർ (റ) ആട്ടിനെ അറുത്തതുപോലെ അറുത്തുകളിക്കുവാൻ ആ കൊച്ചുകുട്ടികൾ പരിപാടിയിട്ടു. ഒരു കുട്ടി മറ്റൊരു കുട്ടിയുടെ കഴുത്തറുത്തു. സഹോദര

* അദ്ദേഹത്തിന്റെ ആത്മാവു് മേല്പോട്ടയർന്നപ്പോൾ സന്തോഷാധിക്യത്താലാണു് അർശ് വിറച്ചതെന്നും, അദ്ദേഹത്തിന്റെ മരണവാർത്ത അറിയിക്കുന്നതിനുവേണ്ടിയാണു് അർശ് വിറച്ചതെന്നും പണ്ഡിതന്മാർ രണ്ടഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടു്.

* മുഅ്ജിസത്തു് = അല്ലാഹു നൽകിയ ശക്തിയാൽ നബിമാർ കാണിക്കുന്ന അത്ഭുതങ്ങൾ; നബിമാരിലൂടെ അല്ലാഹു കാണിക്കുന്ന അത്ഭുതങ്ങൾ.

ന്റെ കഴുത്തു മുറിഞ്ഞുപോയതു കണ്ടപ്പോൾ, പേടിച്ചു, വീട്ടിന്റെ മച്ചിന്മേൽകയറി ഒളിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ ആ കുട്ടി കാലിടറി നിലത്തുവീണു മരിച്ചുപോയി. സൽക്കാരം അലങ്കോലപ്പെട്ട പോകരുതെന്നു കരുതി ജാബിർ (റ) വിന്റെ ഭാര്യ സ്വന്തം മക്കളുടെ മൃതദേഹങ്ങൾ മറച്ചുവെച്ചു. തിരുമേനി (സ) യുടെ മുമ്പിൽ വിരുന്നുകൊണ്ടുവന്നു വെച്ചപ്പോൾ, ആ വീട്ടിലുള്ള രണ്ടു കുട്ടികളെ വിളിച്ചു കൂടെയിരുത്തി വിരുന്നുണ്ണുവാൻ ജിബ്‌രീൽ (അ) തിരുമേനി (സ) ക്കു നിർദ്ദേശം നൽകി. കുട്ടികളെ വിരുന്നിരുത്തുവാൻ തിരുമേനി (സ) ആവശ്യപ്പെട്ടപ്പോൾ, ജാബിർ (റ) വിന്റെ ഭാര്യ ഉപായത്തിൽ ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. അവരെക്കൂടി വിരുന്നുണ്ണുവാൻ അയക്കേണമെന്നു തിരുമേനി (സ) നിർബ്ബന്ധിച്ചപ്പോൾ, ദുഃഖം അടക്കിപ്പിടിച്ച ആ വീരമാതാവും ജാബിർ (റ) വും പൊട്ടിക്കരഞ്ഞു. കഴിഞ്ഞ സംഭവങ്ങൾ അവർ തിരുമേനി (സ) യെ അറിയിച്ചു. കുട്ടികളെ ജീവിപ്പിക്കുവാൻ തിരുമേനി (സ) അല്ലാഹുവോടു പ്രാർത്ഥിച്ചു. അതിനു ശേഷം തിരുമേനി (സ) കുട്ടികളെ വിളിച്ചപ്പോൾ, അവർ രണ്ടു പേരും എഴുന്നേറ്റു വന്നു, തിരുമേനി (സ) യോടൊപ്പം ഇരുന്നു ഭക്ഷണം കഴിച്ചു. വളരെക്കാലം ആ കുട്ടികൾ രണ്ടു പേരും സുഖമായി ജീവിക്കുകയും ചെയ്തു.

ഈ വർഷത്തിൽ തന്നെയാണു തിരുമേനി (സ) ജഹ്‌ശിന്റെ പുത്രിയായ സൈനബ (റ) യെ വിവാഹം കഴിച്ചതു്. ഇക്കൊല്ലം തന്നെ മദീനയിൽ ഒരു ക്ഷാമമുണ്ടായി. തിരുമേനി (സ) 'മദാബഖത്തുൽഖൈർ' എന്ന കുതിരപ്പന്തയം നടത്തിയതും ഇക്കൊല്ലം തന്നെ. ആ പന്തയത്തിൽ അബ്ദുല്ലാഹിബ്‌നു ഉമർ (റ) ജയിച്ചു. ആറോ, ഏഴോ നാഴിക താണ്ടിക്കടക്കേണ്ടിയിരുന്ന ആ പന്തയത്തിൽ പങ്കെടുത്ത മാത്രോനത്തിന്റെ കുതിര, വഴിയിൽ ഒരു വലിയ മതിൽക്കെട്ടു ചാടിക്കടക്കുകയുണ്ടായി. ഈ കൊല്ലം റജബു് ഫർളാക്കപ്പെട്ടെങ്കിലും, റജബു് നിർവ്വഹിപ്പാൻ തരപ്പെട്ടില്ല. റിജ്ജു പത്താം കൊല്ലത്തിൽ മാത്രമേ റജബു് നിർവ്വഹിപ്പാൻ തരപ്പെട്ടുള്ളൂ.

മുഹമ്മദിബ്‌നു മസ്‌ലമത്തുൽ അൻസാരി (റ) വിന്റെ യുദ്ധയാത്ര

റിജ്‌റ ആറാം വർഷത്തിലെ മുഹർറമാസം പത്താം തിയതി മുഹമ്മദിബ്‌നു മസ്‌ലമത്തുൽ അൻസാരി (റ) വിന്റെ നേതൃത്വത്തിൽ മുപ്പതു ഭടന്മാരെ ഖുർത്താ എന്ന സ്ഥലത്തേക്കു തിരുമേനി (സ) നിയോഗിച്ചു. മദീനത്തുനിന്നു ഏഴു രാത്രിയുടെ വഴിയകലെ സ്ഥിതിചെയ്യുന്ന ളരിയതു് എന്ന നാട്ടിന്നടുത്തുള്ള ഒരു പ്രദേശമാണു് ഖുർത്താ. കുതിരപ്പുറത്തും ഒട്ടകപ്പുറത്തും കയറീട്ടാണു് ആ ചെറുസൈന്യം പുറപ്പെട്ടതു. ബനൂബകർ ഗോത്രക്കാരായിരുന്നു ആ സേനയുടെ ലക്ഷ്യം. ആ സേന പകൽസമയത്തു അവിടവിടെ ഒളിച്ചിരുന്നുകൊണ്ടും, രാത്രിയിൽ സഞ്ചരിച്ചുകൊണ്ടും ഖുർത്തായിൽ എത്തിച്ചേരുകയും; ബനൂബകർ ഗോത്രക്കാരുമായി ഏറെ മുട്ടി പത്തു പേരെ [ഇരുപതെന്നും പക്ഷാന്തരമുണ്ടു്.] കൊലപ്പെടുത്തുകയും ചെയ്തു. ശേഷിച്ചവർ ഓടിക്കളഞ്ഞു. അവരുടെ മുവ്വായിരം ആടുകളേയും നൂറമ്പതു് ഒട്ടകങ്ങളേയും മുസ്‌ലിംകൾ പിടിച്ചു. ഒരാളെ ബന്ധനസ്ഥനാക്കുകയും ചെയ്തു. വഴിയിൽ വെച്ചു, പത്തു ആടുകൾക്കു പകരം ഒരു ഒട്ടകമെന്ന നിലക്കു്, അവർ കുറെ ആടുകളെ കൊടുത്തു പകരം ഒട്ടകങ്ങളെ വാങ്ങുകയുണ്ടായി. മദീനയിൽ എത്തിയപ്പോൾ ആ യുദ്ധമുതലുകൾ ഭാഗിക്കപ്പെട്ടു. ബന്ധനസ്ഥനാക്കപ്പെട്ട വ്യക്തി മദീനയിൽ എത്തുവോളം അയാളുടെ പേർ വ്യക്തമാക്കിയില്ല. അയാളെ കണ്ടുടനെ 'ഇയ്യു സമാമതിബ്‌നു ഉസാലാ' ണെന്നു തിരുമേനി (സ) പറയുകയുണ്ടായി. അ

യാളെ പള്ളിയുടെ ഒരുഭാഗത്ത് ബന്ധിക്കുവാൻ തിരുമേനി (സ) കല്പിച്ചു. മുസ്‌ലിംകൾ നിസ്സംശയം മനസ്സിലാക്കുന്നതും മറ്റും കണ്ട് മനഃപരിവർത്തനം ഉണ്ടാവട്ടെ എന്നു കരുതിയാണ് തിരുമേനി (സ) അപ്രകാരം കല്പിച്ചത്. കുറെ നേരം കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ മനോഗതി അറിവാനായി തിരുമേനി (സ) അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം പറഞ്ഞു:– 'താങ്കൾ ഇഷ്ടപ്പെടുന്നത് ചെയ്തുകൊള്ളുക. എന്നെ കൊല്ലുകയോ ബന്ധനസ്ഥനാക്കുകയോ വിട്ടയക്കുകയോ എന്തു വേണമെങ്കിലും ചെയ്തുകൊള്ളുക.' തിരുമേനി (സ) മറുപടിയൊന്നും പറയാതെ തിരിച്ചു പോയി. രണ്ടാം ദിവസവും മൂന്നാം ദിവസവും തിരുമേനി (സ) അദ്ദേഹത്തെ സമീപിച്ചു. അപ്പോഴെല്ലാം അദ്ദേഹം മുൻപറഞ്ഞത് തന്നെ ആവർത്തിച്ചു അവസാനം, തിരുമേനി (സ) അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അതും അദ്ദേഹം സ്വീകരിച്ചില്ല. അപ്പോൾ അദ്ദേഹത്തെ വിട്ടയക്കുവാൻ തിരുമേനി (സ) കല്പിച്ചു. സഹാബിമാർ അദ്ദേഹത്തെ അഴിച്ചു വിട്ടു. വിമോചിതനായ സമാമത് അകലെയുള്ള ഒരു തോട്ടത്തിലേക്കാണ് നടന്നത്. ആ തോട്ടത്തിൽ നിന്നു അദ്ദേഹം കുളിച്ചു, ഉടനെ തിരുമേനി (സ) യുടെ സന്നിധിയിലേക്കു തിരിച്ചു വന്നു, ശഹാദത് ചൊല്ലി, ഇസ്‌ലാംമതം സ്വീകരിച്ചു. അദ്ദേഹം തിരുമേനി (സ) യോട് ഇപ്രകാരം പറഞ്ഞു:– യാറസൂലുള്ളാ, ഞാൻ ഇതുവരെ ഏറ്റവുമധികം വെറുത്തിരുന്നത് താങ്കളുടെ മുഖത്തെയും ഇസ്‌ലാംമതത്തെയും ഈ രാജ്യത്തെയുമായിരുന്നു. ഇപ്പോൾ താങ്കളുടെ മുഖത്തെക്കാളും ഇസ്‌ലാംമതത്തെക്കാളും ഈ രാജ്യത്തെക്കാളുമേറെ ഞാൻ ഇഷ്ടപ്പെടുന്ന മറ്റൊന്നില്ല. ഞാൻ 'ഉംറ'ക്കു പുറപ്പെട്ടതായിരുന്നു. ആ യാത്രമധ്യേയാണ് സഹാബിമാർ എന്നെ പിടിച്ചത്. ഇനി തിരുമേനി (സ) യുടെ കല്പനപോലെ'– അല്ലാഹു ഇഹത്തിലും പരത്തിലും താങ്കൾക്കു നന്മനൽകുമെന്നു പറഞ്ഞുകൊണ്ട്, ഉംറക്കുപോയിക്കൊള്ളുവാൻ തിരുമേനി (സ) അദ്ദേഹത്തിനു അനുമതിനൽകി. മക്കത്തെത്തി ഉംറ നിർവ്വഹിച്ചു കൊണ്ടിരിക്കെ അദ്ദേഹം ചൊല്ലിയ സ്തുതിവചനങ്ങൾ കേട്ടപ്പോൾ, 'നിങ്ങളും മറിഞ്ഞുപോയൊ'എന്നു മക്കക്കാർ ചോദിച്ചു. സമാമത് (റ) പറഞ്ഞു:– 'ഇല്ല; ഞാൻ മറിഞ്ഞുപോയിട്ടില്ല. അല്ലാഹുവിന്റെ നേരായ മാർഗ്ഗത്തെ അവംബിച്ചു. മേലിൽ മുഹമ്മദ്നബി (സ) യുടെ അനുവാദമില്ലാതെ, യമാമയിൽനിന്നു ഒരൊറമണി ഗോതമ്പും നിങ്ങൾക്കു കിട്ടുകയില്ലെന്നു നിങ്ങൾ പ്രതീക്ഷിക്കേണ്ട'. മക്കക്കാരിൽ ചിലർ അദ്ദേഹത്തെ ഉപദ്രവിപ്പാൻ ഒരുങ്ങിയപ്പോൾ മറ്റു ചിലർ വിലക്കി. യമാമക്കാരുടെ സഹകരണംകൂടാതെ നമുക്കു ജീവിക്കുവാൻ കഴിയുകയില്ലെന്നു അവർ പറഞ്ഞു. സമാമത് (റ) ഉംറ കഴിഞ്ഞു യമാമയിലേക്കു തിരിച്ചുപോയി. അദ്ദേഹം തന്റെ ഗോത്രക്കാരെ വിളിച്ചുവരുത്തി മക്കയുമായുള്ള വ്യാപാരബന്ധം നിറുത്തേണമെന്നു ഉപദേശിച്ചു. അതുപ്രകാരം മക്കയും യമാമയും തമ്മിലുള്ള വ്യാപാരബന്ധം നിലച്ചു.

ആ സന്ദർഭത്തിൽ, മഴയില്ലാത്തതു മൂലം മക്കക്കാർ ഭക്ഷണക്ഷാമത്തെ അഭിമുഖീകരിച്ചിരിക്കുകയായിരുന്നു. യമാമയുമായുള്ള വ്യാപാരബന്ധം നിലച്ചതോടുകൂടി അവർ ഭക്ഷണക്ഷാമത്തിന്റെ തീക്കുണ്ഡത്തിൽ ഉരുണ്ടു വീണു. ഈ ദുഃസ്ഥിതിയിൽ നിന്നു തങ്ങളെ രക്ഷിപ്പാൻ അഭ്യർത്ഥിച്ചു കൊണ്ടു മക്കക്കാർ തിരുമേനി (സ) ക്കു ഒരു കത്തയച്ചു ബന്ധുക്കളെ അടുപ്പിക്കേണമെന്നു ഉപദേശിക്കുന്ന താങ്കൾ യമാമക്കാരും ഞങ്ങളും തമ്മിൽ നടന്നുപോന്ന വ്യാപാരബന്ധം നിറുത്തലാക്കിയതു ശരിയായില്ലെന്നും, ഇത് ബന്ധുക്കളെ അകറ്റലാണെന്നും പ്രസ്താവിച്ചിരുന്നു. ഈ കത്തു കിട്ടി

യപ്പോൾ മക്കക്കാരുമായുള്ള വ്യാപാരബന്ധം മുടക്കാതിരിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് സമാമത് (റ) വിനെ തിരുമേനി (സ) അയച്ചു.

'ഉലൂഇൽ' എന്ന ഗ്രന്ഥത്തിൽ ഇമാം ബൈഹഖീ (റ) ഈ വിഷയം താഴെ കാണും പ്രകാരമാണ് പ്രസ്താവിച്ചിട്ടുള്ളത്. 'യമാമക്കാർ വ്യാപാരബന്ധം നിറുത്തലാക്കിയപ്പോൾ, അബൂസുഫ്‌യാൻ തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്ന സങ്കടം ബോധിപ്പിക്കുകയും സഹായത്തിനഭ്യർത്ഥിക്കുകയും ചെയ്തു. 'മുഹമ്മദേ, ലോകങ്ങൾക്കാകെ അനുഗ്രഹമായിട്ടാണ് താങ്കളെ നിയോഗിച്ചിട്ടുള്ളതെന്നാണ് താങ്കൾ പറയുന്നത് എന്നിട്ട്, കുട്ടികളുടെ ബാപ്പമാരെ താങ്കൾ കൊന്നൊടുക്കി. കുട്ടികളെ ഇപ്പോൾ പട്ടിണിക്കിട്ട് കൊല്ലുന്നു. ഇതാണോ അനുഗ്രഹം' എന്നു അബൂസുഫ്‌യാൻ ഗദ്ഗദത്തോടെ ബോധിപ്പിച്ചു. ഈ സങ്കടങ്ങൾ കേട്ടപ്പോൾ, ആർദ്രചിത്തനായ തിരുമേനി (സ) മുമ്പു നടന്നു വന്നതു പോലെ മക്കക്കാരുമായി വ്യാപാരബന്ധം തുടരുവാൻ നിർദ്ദേശിച്ചുകൊണ്ട് സമാമത് (റ) വിനെ ഒരു കത്തയച്ചു.

തിരുമേനി (സ) യുടെ സ്വഭാവവൈരിഷ്ട്യം, സ്നേഹവായ്പ്, ആർദ്രചിത്തത തുടങ്ങിയ ഗുണങ്ങളുടെ അഗാധതയെ അളന്നു തിട്ടപ്പെടുത്തുവാനുള്ള അളവുകോലുകൾ പ്രസ്തുത സംഭവങ്ങളിൽ ധാരാളമുണ്ട്. തിരുമേനി (സ) യുടെ വിയോഗാനന്തരം യമാമക്കാർ ഇസ്‌ലാമിൽ നിന്നു പിൻതിരിഞ്ഞപ്പോൾ സമാമത് (റ) ഇസ്‌ലാമിൽ ഉറച്ചു നിന്നുവെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ.

ബനീലഹ്‌യാൻ യുദ്ധം

മുസ്‌ലിംകളുടെ സന്താനപരമ്പരയിൽപ്പെട്ട ഹുദൈലിന്റെ പുത്രനായ ലിഹ്‌യാനുമായി ബന്ധപ്പെട്ട സംഭവമായതുകൊണ്ടാണ് ഈ യുദ്ധത്തിനു ബനീലഹ്‌യാൻ യുദ്ധം എന്നു പേരുണ്ടായത്. മദീനത്തിന്റെ സഹാബിമാരും ആസിം (റ) വിന്റെ കൂട്ടുകാരും മർദ്ദിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത വസ്തുത മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതിന്റെ ഉത്തരവാദികളും ബനീലഹ്‌യാൻ ഗോത്രക്കാരായിരുന്നു. അവർ നടത്തിയ അക്രമങ്ങൾ തിരുമേനി (സ) യെ അത്യന്തം വ്യസനിപ്പിച്ചു. ആകയാൽ അവരോടു പകരം ചോദിക്കുവാൻ തിരുമേനി (സ) തീരുമാനിച്ചു ബനീലഹ്‌യാൻ ഗോത്രക്കാർ ശാമിലേക്കു വ്യാപാരയാത്ര നടത്തുക പതിവായിരുന്നു. വഴിയിൽ വെച്ചു അവരെ നേരിടുവാൻ ഉറച്ചുകൊണ്ട് തിരുമേനി (സ) യും നൂറു സഹാബിമാരും [ഇരുന്നൂറെന്നും പറയപ്പെട്ടിട്ടുണ്ട്] പുറപ്പെട്ടു. ഇരുപതു അശ്വഭടന്മാരാണ് ആ സംഘത്തിലുണ്ടായിരുന്നത്. ഹിജ്‌റാ ആറാം വർഷം റബീഉൽ അവ്വൽ ആദ്യവാരത്തിലാണ് ഈ സംഭവം നടന്നത്. ശാമിനെ ലക്ഷ്യം വെച്ചുകൊണ്ട് മദീനയിലെ ഗ്രാബ് മലയിടുക്കിലൂടെ അവർ മുന്നോട്ടു നീങ്ങി. ആദ്യം മഹീസിലും പിന്നെ ബത്‌റായിലും അവർ എത്തിച്ചേർന്നു. ബത്‌റായിൽ നിന്നു ഇടത്തോട്ടു തിരിഞ്ഞു സഫീറാനിൽ കൂടി മക്കയിലേക്കുള്ള പാതയിലൂടെ ഇറാൻ എന്ന മലംപ്രദേശത്തേക്കു അവർ യാത്ര ചെയ്തു. ബനീലഹ്‌യാൻ ഗോത്രക്കാരുടെ ആവാസകേന്ദ്രം അതായിരുന്നു. റജീഇന്റെ സഹാബിമാർ കൊല്ലപ്പെട്ട മസ്‌ഖലാനിൽ എത്തിയപ്പോൾ തിരുമേനി (സ) അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അവിടെ നിന്നു ഇറാനിലേക്കു അഞ്ചു നാഴിക ദൂരമെ ഉണ്ടായിരുന്നുള്ളൂ. തിരുമേനി (സ) യും സൈന്യവും മസ്‌ഖലാനിൽ എത്തീട്ടുണ്ടെന്നറിഞ്ഞപ്പോൾ, ബനീലഹ്‌യാൻ ഗോത്രക്കാർ വീടു വിട്ടോടിക്കളഞ്ഞു. തിരുമേനി (സ) ഇറാനിൽ രണ്ടു ദിവസം താമസിച്ചു. സഹാബിമാർ പലേടത്തും അവരെ തിരഞ്ഞു നോക്കി കണ്ടില്ല. അവിടെ

നിന്നു തിരുമേനി (സ) അസ്‌ഫാനിലേക്കു പോയി. ശത്രുക്കളെ കണ്ടു കിട്ടായ്കയാൽ മദീനയിലേക്കു തന്നെ തിരിച്ചു. യുദ്ധമുണ്ടായില്ല. പതിനാലാമത്തെ ദിവസം തിരുമേനി (സ)യും സൈന്യവും മദീനയിൽ തിരിച്ചെത്തി.

ഗാബത്ത് യുദ്ധം

ഹിജ്‌റാ ആറാം വർഷം റബീഉൽ അവ്വലിൽ തന്നെ * ഈ യുദ്ധവും ഉണ്ടായി. ഈ യുദ്ധത്തിനു ദീഖിർദ് യുദ്ധം എന്നും പേരുണ്ട്. മദീനയിൽ നിന്നു നാലു കാതം അകലെ സ്ഥിതി ചെയ്യുന്ന രണ്ടു പ്രദേശങ്ങളാണ് ഗാബയും ദീഖാദും. തിരുമേനി (സ) യുടെ ഇരുപതു കറവു ഒട്ടകങ്ങളെ കയ്യേറുകയും ഒട്ടകങ്ങളെ മേച്ചുകൊണ്ടിരുന്ന ഒരു ബാലനെ കൊല്ലുകയും ഒരു സ്ത്രീയെ ബന്ധനസ്ഥയാക്കുകയും ചെയ്തുവെന്നതാണ് ഈ യുദ്ധത്തിന്റെ കാരണം. ഗാബത്ത് ഒരു തരിശുനിലമായിരുന്നു. അതിനടുത്ത സ്ഥലമാണ് ദീഖിറത്ത്. തിരുമേനി (സ) യുടെ ഒട്ടകങ്ങളെ ചിലപ്പോൾ ആ സ്ഥലങ്ങളിൽ മേയ്ക്കാറുണ്ടായിരുന്നു. അബൂദർറ് (റ) വും അദ്ദേഹത്തിന്റെ ഭാര്യ ലൈലാ (റ) യും അവരുടെ പുത്രനുമാണ് ഒട്ടകങ്ങളെ മേച്ചിരുന്നത്. അബൂദർറുൽഗഫ്ഫാരീ (റ) പറയുന്നു:— 'പ്രസ്തുത ഒട്ടകങ്ങളെ പോറവാൻ വിട്ടതരേണമെന്നു ഞാൻ നിരുമേനി (സ) യോടു ആവശ്യപ്പെട്ടു. 'നിങ്ങളെക്കൊണ്ടു എന്റെ ഒട്ടകങ്ങളെ പോറവാൻ കഴിയുകയില്ല. കാരണം, ഉയൈനതിബ്‌നു ഹിസ്‌നു ശല്യമുണ്ടാക്കുമെന്നു ഞാൻ സംശയിക്കുന്നു'വെന്നു തിരുമേനി (സ) പറഞ്ഞപ്പോൾ, അങ്ങിനെയൊന്നും ഉണ്ടാകയില്ലെന്നു പറഞ്ഞു കൊണ്ടു ഞാൻ തിരുമേനി (സ) യോടു നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടു. തിരുമേനി (സ) ഒട്ടകങ്ങളെ എന്റെ പക്കൽ വിട്ടുതന്നു. 'മകൻ കൊല്ലപ്പെടുകയും ഉമ്മ ബന്ധനസ്ഥയാക്കപ്പെടുകയും ബാപ്പ വടി കുത്തി നടക്കുകയും ചെയ്യുന്നതുപോലെ തോന്നുന്നു'വെന്നു തിരുമേനി (സ) പറയുകയും ചെയ്തു. അങ്ങിനെ സംഭവിക്കുകയും ചെയ്തു' ഒരു ദിവസം ഉയൈനതിബ്‌നു ഹിസ്‌നുൽ ഫിസാരീ എന്ന അക്രമി അശ്വാരൂഢരായ നാല്പതു കൂട്ടുകാരോടു കൂടിച്ചെന്നു ഒട്ടകങ്ങളെ കയ്യേറി. അബൂദർറ് (റ) വിന്റെ ഭാര്യയും മകനും ആ കയ്യേറ്റത്തെ ചെറുത്തു. അപ്പോൾ മകൻ വധിക്കപ്പെടുകയും ഉമ്മ ബന്ധനസ്ഥയാക്കപ്പെടുകയും ചെയ്തു.

ഈ സംഭവം നടന്ന അതേ ഘട്ടത്തിൽ 'മഹാവിപത്തു്, മഹാവിപത്തു്, കുതിരപ്പട്ടാളം ഉടൻ പുറപ്പെട്ടു' എന്ന ഒരാഹ്വാനം മദീനയുടെ അന്തരീക്ഷത്തിൽ മുഴങ്ങിനിന്നു. തിരുമേനി (സ) കുതിരപ്പുറത്തു കയറി. അഞ്ഞൂറു സഹാബിമാർ തിരുമേനിയെ അനുഗമിപ്പാൻ സന്നദ്ധരായി. മദീനയുടെ മേൽനോട്ടം വഹിപ്പാൻ സഅ്ദിബ്‌നുഉബാദത്ത് (റ) വിനെ ഏല്പിച്ചു. അദ്ദേഹത്തോടൊപ്പം മുന്നൂറു സഹാബിമാരെയും മദീനയിൽ നിറുത്തി. മിഖ്ദാർ (റ) വിന്റെ നേതൃത്വത്തിൽ ഒരു സേനയെ മുന്നോടിയായി നിയോഗിച്ചു. ഞങ്ങളും നിങ്ങളുടെ പിന്നാലെ വരുന്നുണ്ടെന്നു തിരുമേനി (സ) ആ സൈന്യത്തോടു പറഞ്ഞു.

സൽമതിബ്‌നുഅക്‌വഅ് (റ) പറയുന്നു:— 'തിരുമേനി (സ) യുടെ ഒട്ടകങ്ങളെ ശത്രുക്കൾ കയ്യേറിപ്പിടിച്ച വിവരം അബ്ദുർറഹ്മാനിബ്‌നുഔഫ് (റ) വിന്റെ ഭൃത്യനാണ് എന്നെ അറിയിച്ചതു്. ആരാണ് ഒട്ടകങ്ങളെ പിടിച്ചതെന്നു ഞാൻ ചോദിച്ചപ്പോൾ, ഗത്ഫാൻകാരും ഫിസാറത്ത്കാരും എന്നു അയാൾ മറുപടി പറഞ്ഞു. അപ്പോൾ ഞാൻ മദീനയെ അഭിമുഖീകരിച്ചുകൊണ്ടു 'കവച്ചുക്കാരായ ശത്രുക്കളെ നേരിടുവാൻ ഉടൻ പുറപ്പെടുക" എന്നു മൂന്നുതവണ വിളിച്ചുപറഞ്ഞു. ആ

* ഇതു നടന്നതു ജമാദുൽ അവ്വലിലാണെന്നും ശഅ്ബാനിലാണെന്നും പക്ഷാന്തരമുണ്ടു്.

ആഹാരം മദീനക്കാർ മുഴുവൻ കേട്ടുവെന്നതു ഒരു അത്ഭുതമാണ്. തിരുമേനി (സ) ഈ ആഹ്വാനം കേട്ട ഉടനെ, അഗ്രഭാഗമായ സഹാബികൾക്കു ആഹാരം നൽകി. ഓരോരുത്തരായി അവർ തുരുതുരെ ഓടിയെത്തി. മിഖ്ദാർ (റ), ഉമ്മുഹതിബ്നുഖുശ്റും (റ), സൈദ്ബ്നുഹാരിസുൽഅൻസാരി (റ), ഉസൈദ്ബ്നുഹുളൈർ ഉക്കാശതിബ്നു മിഹ്സീൻ (റ), മുഹ്റസിബ്നുനള്‌ലത് (റ), അബൂഖതാദത് (റ), അബൂഉയാശ് (റ) എന്നിവർ വഴിക്കുവഴി എത്തിച്ചേർന്നു. സഹാബിമാർ കൂട്ടംകൂട്ടമായി തിരുസന്നിധിയിൽ രാജാരായി. എല്ലാവരും സംഭവസ്ഥലത്തേക്കു കുതിച്ചു. വഴിയിൽ കണ്ടെത്തിയ മുസ്ഇദിബ്നുഹറക്മതിനെ അബൂഖതാദത് (റ) വധിച്ചു. വധിക്കപ്പെട്ട ആ വ്യക്തി ഫിഹ്രീ ഗോത്രക്കാരനായിരുന്നു. അവനെ കൊന്നതു താനാണെന്നു മനസ്സിലാക്കുവാനായി അബൂഖതാദത് (റ) അദ്ദേഹത്തിന്റെ പുതപ്പുകൊണ്ടു ആ ശവത്തെ മൂടി വെച്ചു. അദ്ദേഹത്തിന്റെ പുറകിലായി യാത്ര ചെയ്ത തിരുമേനി (സ) യും സംഘവും പ്രഥമദൃഷ്ടിയിൽ സംശയിച്ചെങ്കിലും, സൂക്ഷ്മസ്ഥിതി ഉടനെ മനസ്സിലാക്കി. ഇയ്യാനിബ്ന അംറും അയാളുടെ മകൻ അംറും ഒരു ഒട്ടകപ്പുറത്തു സവാരി ചെയ്യുന്നതു് വഴിയിൽ വെച്ചു ഉക്കാശതിബ്നുമുഹ്സിൻ (റ) കണ്ടപ്പോൾ, തന്റെ കുന്തംകൊണ്ടു ഒരു കുത്തു കുത്തുകയും ആ കുന്തേറു രണ്ടുപേരും മരിക്കുകയും ചെയ്തു.

സൽമത് (റ), മദീനയെ അഭിമുഖീകരിച്ചുകൊണ്ടു ആഹ്വാനം നൽകിയെന്നു പറഞ്ഞുവല്ലോ. ഉടനെ അദ്ദേഹം കൊള്ളക്കാരുടെ പിന്നാലെ ഓടുകയും പിന്നിൽനിന്നു അവരുടെനേരെ അമ്പെയ്യുകയും ചെയ്തു. അദ്ദേഹം ഓട്ടക്കാരിൽവെച്ചു ഏറ്റവും വെല്ലുന്ന ശ്രുതിപ്പെട്ട ഓട്ടക്കാരനായിരുന്നു. കൊള്ളക്കാരുടെ പിന്നണിയിലുള്ളവരെ അടുത്തുകൂടുമ്പോൾ, അവർ സൽമത് (റ) വിന്റെ നേരെ തിരിഞ്ഞു നിൽക്കും. അപ്പോൾ അദ്ദേഹം പിന്നോട്ടു നീങ്ങും. അദ്ദേഹത്തെ സമീപിക്കാൻ കഴിയാതെ അവർ മുന്നോട്ടുള്ള യാത്ര തുടരുമ്പോൾ അദ്ദേഹം വീണ്ടും അമ്പെയ്യും. ഇങ്ങിനെ പലതവണ അമ്പെയ്തുകൊണ്ടു അവരുടെ മുന്നോട്ടുള്ള നീക്കത്തെ അദ്ദേഹം തടഞ്ഞുവെച്ചു. ഗതി മുട്ടിയപ്പോൾ, തങ്ങൾ പിടിച്ചെടുത്ത ഒട്ടകങ്ങളെ അവർ അഴിച്ചുവിട്ടു എന്നിട്ടു, കുന്നുമലയിടുക്കിലേക്കു നീങ്ങി. സൽമത് (റ) മലകളിൽ കയറി അവിടെനിന്നു ആ കൊള്ളക്കാരുടെ നേരെ കല്ലേറിഞ്ഞു കല്ലേറു സഹിപ്പാൻ കഴിയാതായപ്പോൾ പടയാളികൾ, കനം കുറഞ്ഞ ഭാരമുള്ള സാധനങ്ങൾ ഉപേക്ഷിച്ചെറിഞ്ഞു, ഓടിരക്ഷപ്പെടുവാൻ അവർ വട്ടംകൂട്ടി. അപ്പോഴേക്കും ഉയൈനത്തും കുറെക്കൂടി ആളുകളും കുറെ ഭക്ഷണസാധനങ്ങളുമായി അവിടെ എത്തിച്ചേർന്നു. സൽമത് (റ) പറയുന്നു:— 'അവർ ഞാൻ ചെയ്ത എല്ലാകാര്യങ്ങളും ഉയൈനത്തിനെ ധരിപ്പിച്ചു. പിൻബലമില്ലാതെ അവൻ അതൊന്നും ചെയ്തായില്ലെന്നു ഉയൈനത് അഭിപ്രായപ്പെട്ടു. എന്നിരുന്നാലും, നാലാളുകളും മലമുകളിൽ കയറി അവനെ തിരഞ്ഞുപിടിക്കുക എന്നു അയാൾ കല്പിച്ചു. അവർ മല കയറുമ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ അക്വഇന്റെ മകനാണ്. നിങ്ങൾ തിരഞ്ഞാൽ . എന്നെ കണ്ടെത്തുകയില്ല. ഞാൻ തിരഞ്ഞാൽ നിങ്ങൾ ഒഴിഞ്ഞുപോകുമില്ല'. ഇതു കേട്ടപ്പോൾ, മലമുകളിൽ തിരച്ചിൽ നടത്താതെ തിരിച്ചുപോകുവാൻ അവരിലൊരാൾ മറ്റുള്ളവരെ പ്രേരിപ്പിച്ചു. അവർ തിരിച്ചുപോവുകയും ചെയ്തു. അപ്പോഴേക്കും തിരുമേനി (സ) നിയോഗിച്ച പുന്നണിസേന അടുത്തു വരുന്നതായി ഞാൻ കണ്ടു. കൊള്ളക്കാർ അഴിച്ചുവിട്ട ഒട്ടകങ്ങളെ അവർ കണ്ടെടുത്തിരിക്കുന്നു. അവർ വലിച്ചെറിഞ്ഞ പടയുടുപ്പുകളും ആയുധങ്ങളും അവർ കൈവശപ്പെടുത്തുകയും ചെയ്തിരിക്കുന്നു. തിരുമേനി (സ) യും

സൈന്യവും ദീഖിറദിൽ താവളമടിച്ചിരിക്കുകയായിരുന്നു. ഞാൻ തിരുമേനി (സ) യെ ചെന്നുകണ്ടു വിവരങ്ങളും ധരിപ്പിക്കുകയും, നൂറു ആളുകളെ അയച്ചുതന്നാൽ ഞാൻ അവരുടെ മുഴുവൻ സാധനങ്ങളും പിടിച്ചെടുത്തു അവരെ ബന്ധനസ്ഥരാക്കാമെന്നു ഉണർത്തുകയും ചെയ്തു. തിരുമേനി (സ) പുഞ്ചിരി തൂകി. 'നൂറാളുകളെ എന്നോടൊപ്പം അയച്ചുതന്നു. ഞാൻ അവരേയും കൂട്ടി കൊള്ളക്കാരെ നേരിടുകയും അവരുടെ നേതാക്കളെ കൊന്നു സാധനങ്ങളെല്ലാം കൈവശപ്പെടുത്തുകയും ചെയ്തു. മറ്റുള്ളവർ ഓടിക്കളഞ്ഞു.'

തിരുമേനി (സ) ദീഖ്വിറദിൽ ഒരു രാത്രിയും ഒരു പകലും താമസിച്ചു. അഞ്ചുദിവസംകൊണ്ടു ഈ യുദ്ധയാത്ര അവസാനിച്ചു.

ഗംറയുദ്ധം

ഹിജ്‌റ ആറാംവർഷം റബീഉൽഅവ്വൽ മാസത്തിൽ തന്നെയാണു ഈ സംഭവവും ഉണ്ടായതു്. ഉക്കാശതിബ്‌നു മുഹ്‌സിനുൽ അസദീ (റ) വിന്റെ നേതൃത്വത്തിൽ നാല്പതുസഹാബിമാർ ബനൂഅസദ് ഗോത്രക്കാരുടെ വാസസ്ഥലമായ ഗംറിലേക്കു നിയോഗിക്കപ്പെട്ടു. സഹാബിമാർ തങ്ങളോടെതിർക്കുവാൻ പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ ബനൂഅസദ്ഗോത്രക്കാർ ആ പ്രദേശത്തുനിന്നു മാറിക്കളഞ്ഞു. സഹാബികൾ ആ പ്രദേശത്തെത്തിയപ്പോൾ വീടുകളെല്ലാം ഒഴിഞ്ഞുകിടക്കുന്നതായിക്കണ്ടു. ശുജാഇബ്‌നു വഹബ് (റ) വും ചില സഹാബിമാരും സമീപസ്ഥലങ്ങളിൽ ഒരു തിരച്ചിൽ നടത്തി. ആ തിരച്ചിലിൽ ഒരാളെ അവർ കണ്ടുപിടിച്ചു. അയാൾ ബനൂഅസദ് ഗോത്രക്കാരുടെ ആടുകളെയും പശുക്കളെയും സഹാബിമാർക്കു കാണിച്ചുകൊടുത്തു. സഹാബിമാർ അവയെ പിടിച്ചെടുക്കുകയും അയാളെ വിട്ടയക്കുകയും യുദ്ധം കൂടാതെ മദീനയിലേക്കു തിരിച്ചുപോവുകയുംചെയ്തു. 'ഉക്കാശ്' (റ) വിന്റെ യുദ്ധയാത്ര' എന്ന പേരിലും ഈ സംഭവം വ്യവഹരിക്കപ്പെട്ടുവരുന്നു.

മുഹമ്മദിബ്‌നു മസ്‌ലമതുൽ അൻസാരീ (റ) വിന്റെ യുദ്ധയാത്ര

ഹിജ്‌റ ആറാംവർഷം റബീഉൽഅവ്വൽ മാസത്തിൽതന്നെ മുഹമ്മദിബ്‌നു മസ്‌ലമതുൽ അൻസാരീ (റ) വിന്റെ നായകത്വത്തിൽ പത്തു സഹാബിമാരെ ഖസ്സ: എന്ന സ്ഥലത്തേക്കയച്ചു. മദീനയിൽനിന്നു ഇരുപത്തിനാലു നാഴിക അകലെ സ്ഥിതിചെയ്യുന്ന ആ സ്ഥലത്തു് ബനൂസഅ്‌ലബ:ഗോത്രക്കാരാണു് താമസിച്ചിരുന്നതു്. സഹാബിമാർ തങ്ങളോടെതിർപ്പാൻ പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ അവർ സ്ഥലം വിട്ടുമാറിനിന്നു. സഹാബിമാർ അവിടെ എത്തിയപ്പോൾ ആ പ്രദേശം വിജനമായിക്കണ്ടു. അവർ അവിടെ താവളമടിച്ചു. രാത്രി സഹാബിമാർ ഉറങ്ങിക്കഴിഞ്ഞപ്പോൾ ബനൂസഅ്‌ലബ:ഗോത്രക്കാർ യാദൃച്ഛികമായി അവരെ ആക്രമിച്ചു. ഉറങ്ങുകയായിരുന്ന സഹാബിമാക്കു കിടന്നേടത്തുനിന്നു എഴുന്നേൽക്കുവാൻ അവസരം ലഭിക്കുന്നതിന്നുമുമ്പു അവർ പത്തുപേരും വധിക്കപ്പെട്ടു. മുഹമ്മദിബ്‌നുമസ്‌ലത് (റ) വെട്ടേറ്റുവീണെങ്കിലും അദ്ദേഹം മൃതിയടഞ്ഞില്ല. എല്ലാവരും മരിച്ചുകഴിഞ്ഞുവെന്നു ധരിച്ചുകൊണ്ടു എതിരാളികൾ സ്ഥലം വിട്ടു. പിറ്റേദിവസം രാവിലെ ആ വഴിക്കു പോവുകയായിരുന്ന ഒരു മുസ്‌ലിം ഈ സഹാബിയെ കാണുകയും ബോധരഹിതനായിക്കിടക്കുന്ന മുഹമ്മദിബ്‌നുൽ മസ്‌ലമത് (റ) വിനെ ചുമന്നെടുത്തു മദീനയിലെത്തിക്കുകയുംചെയ്തു. ഈ ദുഃഖവാർത്ത അറിഞ്ഞപ്പോൾ, തിരുമേനി (സ) അബൂഉബൈദ: എന്ന ആമിറിബ്‌നുൽ ജർറാഹ് (റ) വിന്റെ നേതൃത്വത്തിൽ നാല്പതു സഹാബിമാരെ ആ സ്ഥലത്തേക്കു നിയോഗി

ച്ചു. ആ സേന അവിടെ എത്തുംമുമ്പ് ബനൂസഅ്‌ലബഃഗോത്രക്കാർ നാടുവിട്ടോടിക്കളഞ്ഞു. അവരിൽ ഒരാളെമാത്രം അവക്ക് പിടികിട്ടി. അയാൾ ഇസ്‌ലാംമതം വിശ്വസിച്ചു. ബനൂസഅ്‌ലബഃക്കാരുടെ വസ്തുക്കളും, ആടുമാടുകളും മുതലായ സകലതും ആ സൈന്യം പിടിച്ചെടുത്തു. അനന്തരം അവർ മദീനയിലേക്ക് മടങ്ങി.

സൈദിബ്നുഹാരിസത് (റ) വിന്റെ യുദ്ധയാത്ര

ഹിജ്റ ആറാംവർഷം റബീഉൽ ആഖിർ മാസത്തിൽ സൈദിബ്ന ഹാരിസത് (റ) ഒരു സൈന്യത്തോടുകൂടി ബനൂസുലൈം ഗോത്രക്കാരെ നേരിടുവാൻ ജൂമൂം എന്ന സ്ഥലത്തേക്ക് പുറപ്പെട്ടു. മദീനയിൽനിന്നു നാലുനാഴികഅകലത്താണ് ആ സ്ഥലം സ്ഥിതിചെയ്തിരുന്നത്. സഹാബിമാർ ജൂമൂമിൽ എത്തിയ ഉടനെ ഹലീമ എന്ന ഒരു സ്ത്രീയെ ബന്ധനസ്ഥയാക്കി. അപ്പോഴേക്കും അവിടെ തടിച്ചുകൂടിയ ഒരു കൂട്ടം പുരുഷന്മാരും ബന്ധനസ്ഥരാക്കപ്പെട്ടു. അക്കൂട്ടത്തിൽ ഹലീമയുടെ ഭർത്താവും ഉണ്ടായിരുന്നു. ബനൂസുലൈം ഗോത്രക്കാരുടെ വീടുകളിൽ കണ്ടെത്തിയ ആടുമാടുകളെയും സാമാനങ്ങളേയും അവർ കരസ്ഥമാക്കി. പിടിച്ചെടുക്കപ്പെട്ട നാല്പാലികളുടെയൊ ബന്ധനസ്ഥരാക്കപ്പെട്ട ആളുകളുടെയൊ എണ്ണം പറയപ്പെട്ടിട്ടില്ല. ഹലീമയെയും ഭർത്താവിനെയും തിരുമേനി (സ) സൈദിബ്നുഹാരിസത് (റ) വിനു സമ്മാനിച്ചു. ഈ ഹലീമ ഇസ്‌ലാംമതം വിശ്വസിച്ചതായി തെളിവുകളില്ല. തിരുമേനി (സ) യുടെ ധാത്രിയായ ഹലീമാബീ (റ) അല്ലാതെ സ്ത്രീ സഹാബികളിൽ മറെറാരു ഹലീമ ഉണ്ടായിരുന്നില്ലെന്നാണ് പണ്ഡിതന്മാരുടെ പക്ഷം.

സൈദിബ്നുഹാരിസത് (റ) വിന്റെ രണ്ടാമത്തെ യുദ്ധയാത്ര

അക്കൊല്ലംതന്നെ ജമാദുൽഅവ്വൽ മാസത്തിൽ, സൈദിബ്നുഹാരിസത് (റ) എഴുപതു അശ്വഭടന്മാരൊടൊപ്പം * ഈസ് എന്ന സ്ഥലത്തേക്ക് നിയോഗിക്കപ്പെട്ടു. മദീനയിൽ നിന്നു നാലുദിവസത്തെ വഴിയകലെ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് ഈസ്. ഖുറൈശികളുടെ കച്ചവടസംഘം ശാമിൽനിന്നു തിരിച്ചുവരുമ്പോൾ, അവരെ നേരിടുവാനാണ് ഈ സേന നിയോഗിക്കപ്പെട്ടിരുന്നത്. ഖുറൈശികൾ തിരിച്ചുവരുമ്പോൾ ഈസിൽവെച്ചു മുസ്‌ലിംസേന അവരെ കണ്ടുമുട്ടുകയും, അവരുമായി ഏറുമുട്ടി അവരിൽ ചിലരെ ബന്ധനസ്ഥരാക്കുകയും അവരുടെ മുതലുകൾ കണ്ടെടുക്കുകയുംചെയ്തു. ബന്ധനസ്ഥരാക്കപ്പെട്ടവരിൽ തിരുമേനി (സ) യുടെ പുത്രിയായ സൈനബ (റ) യുടെ ഭർത്താവായ അബുൽആസീബ്നുർറബീഉം ഉൾപ്പെട്ടിരുന്നു. കണ്ടെടുത്ത സാധനങ്ങളും ബന്ധനസ്ഥരാക്കപ്പെട്ട ആളുകളും തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. അപ്പോൾ, അബുൽആസിയെ വിട്ടയക്കുവാൻ സൈനബ (റ) തിരുമേനി (സ) യോടു അഭ്യർത്ഥിച്ചു. ആ പ്രശ്നം തിരുമേനി (സ) സഹാബിമാരുടെ തീരുമാനത്തിനുവിട്ടു. തിരുമേനി (സ) യുടെ ഹിതം മനസ്സിലാക്കിയ സഹാബിമാർ അദ്ദേഹത്തെ വിട്ടയച്ചു. അദ്ദേഹത്തിൽനിന്നു പിടിച്ചെടുത്ത മുതലുകളും തിരിച്ചുകൊടുത്തു. സഹാബിമാരിൽ ചിലർ അദ്ദേഹത്തെ ആ അവസരത്തിലും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പക്ഷെ, ആ അവസരത്തിലും അദ്ദേഹം ഇസ്‌ലാമിലേക്ക് വരാതെ, മക്കയിലേക്ക് തിരിച്ചുപോയി മക്കക്കാരിൽ പലരുടെ

---

* അശ്വഭടന്മാരുടെ എണ്ണം നൂറെഴുപതു എന്നും പറയപ്പെട്ടിട്ടുണ്ട്.

യും സ്വത്തുക്കളും അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്നു. ധീരനും ധനികനുമായിരുന്ന അദ്ദേഹം. മക്കയിലെത്തിയ ഉടനെ അദ്ദേഹം ഇടപാടുകളെല്ലാം അവസാനിപ്പിച്ച കൊടുപ്പാനുള്ളതെല്ലാം കൊടുത്തുതീർത്തു. അനന്തരം, അദ്ദേഹം മക്കയിൽവെച്ചുതന്നെ ഇസ്‌ലാംമതം വിശ്വസിച്ചു. ആക്ഷേപംതന്നെ അദ്ദേഹത്തെ തടസ്സപ്പെടുത്തുവാൻ സാധിച്ചില്ല. മുസ്‌ലിമായ നിലയിൽ അബൂൽആസീ (റ) മദീനയിലേക്ക് ഹിജ്‌റചെയ്തു. സന്തുഷ്ടനായ തിരുമേനി സൈനബ (റ) യെ അദ്ദേഹത്തിന്നു തിരിച്ചുകൊടുത്തു. ആ ദമ്പതികൾക്കു ഉമാമ: എന്ന ഒരു പെൺകുട്ടി ജനിച്ചു. ആ കുഞ്ഞിനെ തിരുമേനി (സ) അത്യന്തം സ്നേഹിച്ച സൈനബ (റ) തിരുമേനി (സ) യുടെ ജീവിതകാലത്തും, അബൂൽആസീ (റ) അബൂബകർസിദ്ദീഖ് (റ) വിന്റെ ഖിലാഫത്തുകാലത്തും പരലോകപ്രാപ്തരായി.

സൈദിബ്നുഹാരിസത് (റ) വിന്റെ മൂന്നാമത്തെ യുദ്ധയാത്ര

ഹിജ്‌റ ആറാംവർഷത്തിൽതന്നെ ജമാദുൽ ആഖർമാസത്തിൽ, പതിനഞ്ചു സഹാബിമാരോടുകൂടി സൈദിബ്നുഹാരിസത് (റ) തിറഫ് എന്ന പ്രദേശത്തേക്കു നിയോഗിക്കപ്പെട്ടു. മദീനയിൽനിന്നു ഇറാഖിന്റെ ഭാഗത്തായി മൂപ്പത്താറുനാഴിക അകലെ സ്ഥിതിചെയ്ത ആ സ്ഥലം ബനൂസഅ്‌ലബ:ഗോത്രക്കാരുടെ കേന്ദ്രമായിരുന്നു. അവരെ നേരിടുവാനാണ് ഈ സേന നിയോഗിക്കപ്പെട്ടത്. ഈ സേനയെ കണ്ടപ്പോൾ, തിരുമേനി (സ) യും സൈന്യവും ഇവരുടെ പിന്നാലെ വരുന്നുണ്ടെന്നു ധരിച്ചുകൊണ്ട് ബനൂസഅ്‌ലബ:ക്കാർ കാടിക്കളഞ്ഞു. അവിടെ ഉണ്ടായിരുന്ന ആടുകളെയും ഒട്ടകങ്ങളെയും പിടിച്ചെടുത്തുകൊണ്ടു ആ സേന മദീനയിലേക്കു തിരിച്ചു.

സൈദിബ്നുഹാരിസത് (റ) വിന്റെ നാലാമത്തെ യുദ്ധയാത്ര

അക്കൊല്ലംതന്നെ അഞ്ഞൂറു പട്ടാളക്കാരോടുകൂടി സൈദ് (റ) ഹിസ്മാ എന്ന സ്ഥലത്തേക്കു നിയോഗിക്കപ്പെട്ടു. ശാമിലേക്കുള്ള വഴിയിൽ, വാദിയൽഖുറാ എന്ന സ്ഥലത്തിന്നപ്പുറം സ്ഥിതിചെയ്യുന്ന പ്രദേശമാണ് ഹിസ്മാ. തിരുമേനി (സ) ഖൈസർ രാജാവിന്നു ഒരു കത്തയച്ചു. ദഹിയതിബ്നു ഖലീഫതൽകൽബീ (റ) വാണ് ആ കത്തുകൊണ്ടുപോയതു്. ഖൈസർരാജാവു് ആദരപൂർവ്വം ആ കത്തു സ്വീകരിക്കുകയും, തിരുമേനി (സ) ക്കു ചില സമ്മാനങ്ങൾ കൊടുത്തയക്കുകയും ചെയ്തു. ദഹിയത്(റ) ആ സമ്മാനങ്ങളുമായി തിരിച്ചുവരുമ്പോൾ ഹുസൈദിബ്നു ആരിളും കൂട്ടുകാരും അദ്ദേഹത്തെ പിടികൂടി, അദ്ദേഹത്തിന്റെ പക്കലുള്ള സാധനങ്ങൾ പിടിച്ചുപറിച്ചു. ഈ വിവരം രിഫാഅതിബ്നുസൈദ് (റ) അറിഞ്ഞപ്പോൾ അദ്ദേഹവും അദ്ദേഹത്തിന്റെ കൂട്ടുകാരും സംഭവസ്ഥലത്തേക്കു കുതിക്കുകയും അക്രമികളോടെതിർത്തു സാധനങ്ങൾ തിരിച്ചുവാങ്ങി ദഹിയത് (റ) വിനു കൊടുക്കുകയും ചെയ്തു. അദ്ദേഹം മദീനയിലെത്തിയപ്പോൾ വഴിയിൽ വെച്ചു നടന്ന സംഭവങ്ങൾ തിരുമേനി (സ) യെ അറിയിച്ചു. ആ അക്രമവാർത്ത അറിഞ്ഞ ഉടനെയാണ് തിരുമേനി (സ) സൈദ് (റ) വിന്റെ നേതൃത്വത്തിൽ അഞ്ഞൂറു സഹാബികളെ അങ്ങോട്ടു നിയോഗിച്ചതു്. ദഹിയത് (റ) വിനേയും, ബനൂളദ്റത് ഗോത്രക്കാരനായ ഒരു ഊടാളനെയും അവരോടൊപ്പം പറഞ്ഞയച്ചു. സഹാബികൾ പുറപ്പെട്ട വിവരം ശത്രുക്കൾ അറിയാതിരിപ്പാനായി, പകൽ സമയങ്ങളിൽ ഒളിച്ചും രാത്രി കാലങ്ങളിൽ സഞ്ചരിച്ചും കൊണ്ടു അവർ ഉദ്ദിഷ്ട സ്ഥലത്തെത്തിച്ചേർന്നു. ഒരു പ്രഭാതത്തിൽ മുസ്‌ലിം സേന ആ അക്രമികളുടെ മുമ്പിൽ പ്രത്യക്ഷ

പ്പെട്ടു. അവർ തമ്മിലുണ്ടായ സംഘട്ടനത്തിൽ ഹുനൈദും, അയാളുടെ മകനും മാറ രണ്ടു പേരും കൊല്ലപ്പെട്ടു. നൂറോളം പേർ ബന്ധനസ്ഥരാക്കപ്പെട്ടു. ആയിരം ഒട്ടകങ്ങളേയും അയ്യായിരം ആടുകളേയും പിടിച്ചെടുത്തു. അപ്പോൾ, ഹസാതിബ്‌നു റംലത്ത് (റ), അബൂ സൈദിബ്‌നു അംറ് (റ) എന്നിവർ സൈദ് (റ) വിനെ സമീപിക്കുകയും, ബന്ധനസ്ഥരാക്കപ്പെട്ടവർ തങ്ങളുടെ ബന്ധുക്കളാണെന്നറിയിക്കുകയും, അവരെ വിട്ടു കൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. തിരുമേനി (സ) യുടെ അനുവാദം കൂടാതെ അവരെ വിട്ടുകൊടുക്കുവാൻ സൈദ് (റ) മടിച്ചു നിന്നു. അപ്പോൾ, ഈ അഭ്യർത്ഥനയുമായി അവർ തിരുമേനി (സ) യെ സമീപിച്ചു. ആ അഭ്യർത്ഥന തിരുമേനി (സ) സ്വീകരിച്ചു. ബന്ധനസ്ഥരാക്കപ്പെട്ടവരെ വിട്ടയപ്പാനുള്ള നിർദ്ദേശവുമായി അലീ (ക. വ.) യെ അവരോടൊപ്പം തിരുമേനി (സ) അയക്കുകയുണ്ടായി. അലീ (ക. വ.) യുടെ ഔദ്യമനുസരിച്ചു സൈദ് (റ) അവരെ വിട്ടയച്ചു.

സൈദിബ്‌നു ഹാരിസത്ത് (റ) വിന്റെ അഞ്ചാമത്തെ യുദ്ധയാത്ര

ആ കൊല്ലം റജബ് മാസത്തിൽ സൈദ് (റ) വിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ വാദീഖുറാ എന്ന സ്ഥലത്തേക്കു നിയോഗിച്ചു. അതു ശാമിൽ നിന്നുള്ള ഹാജിമാരുടെ സഞ്ചാരമാർഗ്ഗമായിരുന്നു. മുസ്‌ലിം സേന ആ സ്ഥലത്തു വെച്ചു ബനൂഫസാറ: എന്ന ഗോത്രക്കാരെ കണ്ടു മുട്ടുകയും, അവർ തമ്മിൽ ഒരു ഘോരയുദ്ധം നടക്കുകയും ചെയ്തു. ആ യുദ്ധത്തിൽ ഇരുഭാഗത്തും ആൾനാശം സംഭവിച്ചു. വർദിബ്‌നു മിർദാസ് (റ) വും മാറ ചിലരും മുസ്‌ലിം പക്ഷത്തു നിന്നു ശഹീദായി. മുറിവേറ്റ മുസ്‌ലിം ഭടന്മാരെ മദീനയിലേക്കു തിരിച്ചയച്ചു. യുദ്ധാനന്തരം സൈദ് (റ) വും സൈന്യവും മദീനയിലേക്കു തിരിച്ചു പോയി.

അബ്ദുർ റഹ്‌മാനിബ്‌നു ഔഫ് (റ) വിന്റെ യുദ്ധയാത്ര

ഹിജ്‌റാ ആറാം വർഷം ശഅ്ബാൻ മാത്തിൽ ദൂമത്തുൽ ജന്ദൽ എന്ന സ്ഥലത്തേക്ക് അബ്ദുർ റഹ്‌മാനിബ്‌നു ഔഫ് (റ) വിന്റെ നേതൃത്വത്തിൽ ഒരു സൈന്യം നിയോഗിക്കപ്പെട്ടു. തിരുമേനി (സ) അദ്ദേഹത്തെ അടുത്തു വിളിച്ചിരുത്തുകയും തൂക്കയ്യാൽ തലപ്പാവു കെട്ടിക്കൊടുക്കുകയും ചെയ്തു. തിരുമേനി (സ) നിർദ്ദേശിച്ചതനുസരിച്ചു ബിലാൽ (റ) അദ്ദേഹത്തിനു പതാക നല്കി. ആ നാട്ടിലെ നിവാസികളും ബനൂകൽബ് ഗോത്രക്കാരായിരുന്നു. അസ്‌ബഗ്ബ്‌നു അംറ് എന്ന ക്രിസ്ത്യാനിയായിരുന്ന ആ നാട്ടുകാരുടെ നേതാവും ഭരണാധിപനും. ദൂമതിൽ എത്തിച്ചേർന്ന അബ്ദുർ റഹ്‌മാനുബ്‌നു ഔഫ് (റ) ആ നാട്ടുകാരെ ഇസ്‌ലാമിലേക്കു ആഹ്വാനം ചെയ്തു. ആദ്യത്തെ ദിവസവും രണ്ടാമത്തെ ദിവസവും അവരിൽ നിന്നു യാതൊരു പ്രതികരണവും ഉണ്ടായില്ല. മൂന്നാമത്തെ ദിവസം അസ്‌ബഗ്ബ്‌നു അംറ് ഇസ്‌ലാംമതം സ്വീകരിച്ചു. അതിനെത്തുടർന്ന് ആ നാട്ടുകാരിൽ ബഹുഭൂരിപക്ഷം ഇസ്‌ലാമിനെ ആശ്ലേഷിച്ചു. ഇസ്‌ലാംമതം സ്വീകരിക്കാത്തവർ ജിസ്‌യ: എന്ന നികുതി നൽകിക്കൊള്ളാമെന്നു സമ്മതിച്ചു കീഴടങ്ങി.

[അബ്ദുർ റഹ്‌മാനുബ്‌നു ഔഫ് (റ) അസ്‌ബഗ്ബ്‌നു അംറ് എന്ന രാജാവിന്റെ പുത്രിയായ മാളിർ (റ) യെ വിവാഹം ചെയ്തു. അബൂസൽമ: (റ) എന്ന അപരനാമത്തിൽ പ്രസിദ്ധിയാർജ്ജിച്ച, ഹദീസിന്റെ അധികാരികവക്താക്കളിൽ ഒരാളായ അബ്ദുല്ലാ (റ) ഇവരുടെ പുത്രനാണ്. അദ്ദേഹം ഹിജ്‌റാ വർഷം ഇരുപതിൽ ജനിക്കുകയും തൊണ്ണൂറിനാ

ലിൽ പരലോകം പ്രാപിക്കുകയും ചെയ്തു.]

അലീ (ക. വ.) യുടെ യുദ്ധയാത്ര

ആ ശഅ്ബാൻ മാസത്തിൽ തന്നെ നൂറു സഹാബിമാരോടൊപ്പം അലീ (ക. വ.) യെ ഫദ്ക് എന്ന സ്ഥലത്തേക്കു നിയോഗിച്ചു. ഖൈബർ യുദ്ധത്തിൽ യഹൂദികളെ സഹായിച്ച ബനൂസഅ്ദ് ഗോത്രക്കാർ അവിടെയാണ് താമസിച്ചിരുന്നത്. അവരുമായി ഏറ്റുമുട്ടുവാനാണ് അലീ (ക. വ.) യുടെ നേതൃത്വത്തിൽ ഈ സേനയെ തിരുമേനി (സ) നിയോഗിച്ചത്. ആ സൈന്യം ഫദ്കിൻറെയും ഖൈബറിൻറേയും ഇടയിലുള്ള ഗമജ് എന്ന സ്ഥലത്തെത്തിയപ്പോൾ ഒരാളെ കണ്ടുമുട്ടി. അയാളെ പിടിച്ചു ചോദ്യം ചെയ്തപ്പോൾ, താൻ ബനൂസഅ്ദ് ഗോത്രകാരുടെ ഒറ്റുകാരനാണെന്നു അയാൾ സമ്മതിച്ചു. ബനൂസഅ്ദ് ഗോത്രക്കാരായ ഇരുന്നൂറു യോദ്ധാക്കൾ ഒരിടത്തു സംഘടിച്ചിട്ടുണ്ടെന്നും അവരുടെ സങ്കേതം താൻ കാട്ടിക്കൊടുക്കാമെന്നും അയാൾ സമ്മതിച്ചു മുസ്‌ലിം സേന അയാളേയും കൂട്ടി മുമ്പോട്ടു നീങ്ങി. കുറച്ചു ദൂരെ എത്തിയപ്പോൾ ഒരു തരിശു നിലത്തു കുറെ കാലികളെ അവർ കണ്ടു. ഈ കാലികൾ ബനൂസഅ്ദ് ഗോത്രക്കാരുടെതാണെന്നു ഒറ്റുകാരൻ പറഞ്ഞപ്പോൾ, മുസ്‌ലിം സേന അവയെ പിടിച്ചെടുത്തു. കാലികളെ മേച്ചുകൊണ്ടിരുന്ന ഇടയന്മാർ ഓടിപ്പോയി എന്ന ഈ വിവരം ബനൂസഅ്ദ് ഗോത്രക്കാരെ അറിയിച്ചപ്പോൾ, അവർ സ്ഥലം വിട്ടോടിക്കളഞ്ഞു. സഹാബിമാർ സ്ഥലത്തെത്തിയപ്പോൾ, സ്ഥലം ജനശൂന്യമായിക്കണ്ടു. പിടിച്ചെടുത്ത അഞ്ഞൂറ് ഒട്ടകങ്ങളെയും രണ്ടായിരം ആടുകളേയും കൂട്ടി അവർ മദീനയിലേക്കു തിരിച്ചു.

സൈദിബ്നു ഹാരിസത്(റ) വിൻറെ ആറാമത്തെ യുദ്ധയാത്ര

മദീനയിൽ നിന്നു ഏഴു ദിവസത്തെ വഴിയകലെ സ്ഥിതി ചെയ്യുന്ന വാദീഖുറാ എന്ന നാട്ടു ഉമ്മുഖിർഫത് എന്ന പേരിൽ അറിയപ്പെട്ട ഫാതിമ എന്ന ഒരു സ്ത്രീയാണ് ഭരിച്ചിരുന്നത്. ആ സ്ത്രീ അധാർമ്മികയും അക്രമിയുമായിരുന്നു. അവർക്കു പത്തു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ടായിരുന്നു. മാതാവിനെപ്പോലെ തന്നെ മക്കളും അധാർമ്മികരായിരുന്നു. സൈദ് (റ) തിരുമേനി (സ) ക്കു വേണ്ടി, വ്യാപാരാർത്ഥം ശാമിൽ പോയി തിരിച്ചു വരുമ്പോൾ വാദീഖുറാ എന്ന സ്ഥലത്തുവെച്ചു ഫാതിമാ എന്ന സ്ത്രീയുടെ കല്പനപ്രകാരം ഒരു കൂട്ടം അക്രമികൾ അദ്ദേഹത്തിൻറെ പക്കലുള്ള സാധനങ്ങൾ തട്ടിയെടുത്തു. ആ സ്ത്രീ തിരുമേനി (സ) യെ തെറി പറയുകയും ചെയ്തു. സൈദ് (റ) ഒരു വിധത്തിൽ രക്ഷപ്പെട്ടു മദീനയിലെത്തി, വിവരങ്ങൾ തിരുമേനി (സ) യെ ധരിപ്പിച്ചു. അപ്പോൾ, ആ സ്ത്രീയേയും കൂട്ടുകാരേയും എതിർപ്പാനായി ഒരു സൈന്യത്തോടുകൂടി സൈദ് (റ) വിനെ ആ സ്ഥലത്തേക്കു പറഞ്ഞയച്ചു. മുസ്‌ലിം സേന വളരെ തന്ത്രപരമായി ആ സ്ഥലത്തെത്തുകയും ധിക്കാരിണിയായ ഫാതിമയെ അപഹാസ്യമായ നിലയിൽ കൊല്ലുകയും ചെയ്തു. ഫാതിമയെ കൊന്നതു കണ്ടപ്പോൾ, അവളുടെ കൂട്ടുകാർ ആത്മരക്ഷാർത്ഥം ഓടിക്കളഞ്ഞു. അവളുടെ അധാർമ്മികയായ ഒരു മകളെ മുസ്‌ലിംകൾ ബന്ധനസ്ഥയാക്കുകയും മദീനയിലേക്കു കൊണ്ടുവന്നു തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കുകയും ചെയ്തു. ഹിജ്റാ ആറാം വർഷം റമളാൻ മാസത്തിലാണ് ഈ സംഭവം നടന്നത്.

അബ്ദുല്ലാഹിബ്നുഅതീക് (റ) വിന്റെ യുദ്ധയാത്ര

ഹിജ്റ ആറാംവർഷം റമളാനിൽ, മസ്ഊദിബ്നുസിനാനൽഅസ്‌ലമീ (റ), അസ്‌വദിബ്നുഖുസാഈ (റ), അബൂഖദാദ് എന്ന ഹർസ് (റ), അബ്ദുല്ലാഹിബ്നുഉനൈസ് (റ) എന്നീ നാലുപേരോടൊപ്പം അബ്ദുല്ലാഹിബ്നുഅതീകൽഅൻസാരിൽഖസ്റജീ (റ) അബൂറാഫിഅ് എന്ന പേരിൽ അറിയപ്പെട്ട സല്ലാമിബ്നുഅബിൽഹുഖൈഖ് എന്ന ജൂതപ്രമാണിയെ കൊല്ലുവാൻ പുറപ്പെട്ടു. ഈ അഞ്ചു സഹാബികളും ഖസ്റജ് ഗോത്രക്കാരായിരുന്നു. മദീനക്കാരായ ഔസ് ഗോത്രക്കാരും ഖസ്റജ് ഗോത്രക്കാരും ഇസ്‌ലാമിനെസ്സംബന്ധിച്ച സേവനരംഗത്തു് മത്സരബുദ്ധ്യാ പ്രവത്തിച്ചവരായിരുന്നു. തിരുമേനി (സ) യുടെ ശത്രുക്കളിൽ അഗ്രിമനായിരുന്ന കഅ്ബുബ്നുൽഅശ്റഫിനെ വധിപ്പാനുള്ള ഭാഗ്യം ഔസ് ഗോത്രക്കാക്കാണു് ലഭിച്ചിരുന്നതു്. അതുപോലുള്ള ഒരു ഭാഗ്യം തങ്ങൾക്കും ലഭിക്കേണമെന്നു ഖസ്റജ് ഗോത്രക്കാർ കൊതിച്ചുകൊണ്ടിരിക്കുകയായിരുന്നു. മേൽപ്പറഞ്ഞ അബൂറാഫിഅ് എന്ന ജൂതനെ കൊല്ലുവാൻ അവസരം ലഭിക്കുന്നപക്ഷം തങ്ങളുടെ ആഗ്രഹം സാക്ഷാൽക്കരിക്കപ്പെട്ടുമെന്നു ഖസ്റജ് ഗോത്രക്കാർ വിശ്വസിച്ചു. ഖന്ദഖ് യുദ്ധകാലത്തു, ശത്രുപക്ഷത്തിനു കനത്ത സഹായങ്ങളും നൽകിയ ആളാണു് ഈ യഹൂദി. മുസ്‌ലിംകൾക്കെതിരായി എല്ലാ യഹൂദി ഗോത്രങ്ങളെയും സംഘടിപ്പിക്കുന്നതിനു അയാൾ തീവ്രയത്നം ചെയ്തിരുന്നു മാത്രമല്ല, ആ ആവശ്യാർത്ഥം ധാരാളം സംഖ്യ ചെലവഴിക്കുകയും ചെയ്തിരുന്നു. ആകയാൽ, ആ യഹൂദിയെ കൊല്ലുവാൻ തങ്ങൾക്കു അനുമതി നൽകേണമെന്നു മുൻപറഞ്ഞ ഖസ്റജ് ഗോത്രക്കാരായ അഞ്ചു സഹാബിമാർ തിരുമേനി (സ) യോടു അഭ്യർത്ഥിച്ചു. അയാളുടെ സ്ത്രീകളെയൊ കുട്ടികളെയൊ കൊല്ലരുതെന്ന നിർദ്ദേശത്തോടുകൂടി തിരുമേനി (സ) അവർക്കു സമ്മതം നൽകി. ആ അഞ്ചുപേരും വളരെ തന്ത്രപരമായി ഖൈബറിൽ ആ യഹൂദിയുടെ കോട്ടക്കടുത്തെത്തി. അവർ സൂര്യാസ്തമനത്തിനു ശേഷമാണു് അവിടെ എത്തിയതു്. ആ യഹൂദിയുടെ കോട്ട വളരെ ഉയരം കൂടിയതായിരുന്നു. അബ്ദുല്ലാഹിബ്നുഅതീക് (റ) കൂട്ടുകാരെ ഒരിടത്തിരുത്തി, കോട്ടവാതിലിനെ സമീപിച്ചു. വല്ലവിധത്തിലും അകത്തു കടക്കുവാൻ സാദ്ധ്യതയുണ്ടൊ എന്നു നോക്കുവാനാണു് അദ്ദേഹം അങ്ങിനെ ചെയ്തതു്. അപ്പോഴേക്കും കോട്ടക്കകത്തുള്ള ഒരു കഴുതയെ കാണായ്വന്നതിനാൽ, ആ കഴുതയെ തിരഞ്ഞുകൊണ്ടു ഒരു പന്തവുമായി ചിലർ കോട്ടക്കകത്തുനിന്നു പുറത്തേക്കു വന്നു. അവരെ കണ്ടപ്പോൾ, അബ്ദുല്ലാ (റ) മുഖം മറച്ചുകൊണ്ടു ഒരിടത്തിരുന്നു. കഴുതയെ തിരഞ്ഞുവന്നവർ കോട്ടക്കകത്തേക്കു തിരിച്ചുപോയി. അബ്ദുല്ലാ (റ) അവരുടെ കൂട്ടത്തിലുള്ള ആളാണെന്നു കരുതി, കാവൽക്കാരൻ അദ്ദേഹത്തെയും കോട്ടക്കകത്തു കടത്തി വാതിൽ അടച്ചുപൂട്ടി, താക്കോൽക്കൂട്ടം ഒരു കൊക്കയിൽ കൊളുത്തിയിട്ടു. കാവൽക്കാരൻ മാറിക്കഴിഞ്ഞപ്പോൾ അബ്ദുല്ലാ (റ) താക്കോലെടുത്തു കോട്ടവാതിൽ തുറന്നുവെച്ചു. പിന്നെ, തന്റെ ലക്ഷ്യമായ യഹൂദി കിടക്കുന്ന മുറി അദ്ദേഹം കണ്ടുപിടിച്ചു. ആ മുറിയിൽ ആ യഹൂദിയുടെ ഭാര്യയും മക്കളും ഉണ്ടായിരുന്നു. അബ്ദുല്ലാ (റ) ആ മുറിയിൽ കടന്നു അബൂറാഫിഅ്നെ വിളിച്ചു. ആ ജൂതൻ എഴുന്നേറ്റു നിന്നു. അവർ തമ്മിൽ ഏറ്റുമുട്ടി. അബ്ദുല്ലാ (റ) വിന്റെ ഖഡ്ഗം ചലിച്ചു. പക്ഷെ, ആ വെട്ടു് പ്രതിയോഗിയുടെ ശരീരത്തിൽ ഏറ്റില്ല. രണ്ടാമത്തെ വെട്ടിൽനിന്നു ആ യഹൂദി ഒഴിവായതുമില്ല. നിലവിളികേട്ടു സഹാ

യത്തിനു ആളകലം ഓടിയെത്തുന്നതിനുമുമ്പ് അബ്ദുല്ലാ (റ) കോട്ടക്കകത്തുനിന്നു പുറത്തുചാടി, അതിവേഗം മദീനയിലെത്തിച്ചേർന്നു.

ഏഴുദിവസത്തെ മഴ

ഹിജ്റ ആറാംവർഷം റമളാനിൽ മദീനയിൽ ഒരു അത്ഭുതം സംഭവിച്ചു. മഴയില്ലാതിരുന്നതുമൂലം ജനങ്ങൾക്കു അസഹ്യമായ ക്ലേശങ്ങൾ അനുഭവപ്പെട്ടപ്പോൾ, അവർ തിരുമേനി (സ) യെ സമീപിച്ചു മഴക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. തിരുമേനി (സ) മണ്ഡറക്അത്തു് നിസ്കരിച്ചശേഷം മഴക്കുവേണ്ടി പ്രാർത്ഥിച്ചു. ഉടനെ മഴ വർഷിച്ചുതുടങ്ങി. ആ മഴ ഏഴു ദിവസം നീണ്ടുനിന്നു. അതിവർഷം ജനങ്ങളെ ഭയപ്പെടുത്തി. ജനങ്ങൾ തിരുമേനി (സ) യെ സമീപിച്ചു സങ്കടം ബോധിപ്പിച്ചു. പുഞ്ചിരിതൂകിക്കൊണ്ടു തിരുമേനി (സ) പ്രാർത്ഥിക്കുകയും മഴ നിൽക്കുകയുംചെയ്തു.

അബ്ദുല്ലാഹിബ്നു റവാഹത് (റ) വിന്റെ യുദ്ധയാത്ര

ഖൈബറിലെ നേതാവായിരുന്ന അബൂറാഫിഅ് കൊല്ലപ്പെട്ടപ്പോൾ, യഹൂദികൾ ഉസൈറിബ്നു റിസാം എന്ന യഹൂദിയെ ഖൈബറിലെ നേതാവായി അംഗീകരിച്ചു. ഈ സ്ഥാനലബ്ധിയിൽ അഹങ്കരിച്ചുകൊണ്ടു ഉസൈർ ഇപ്രകാരം പ്രഖ്യാപിച്ചു:— 'എന്റെ ജനങ്ങളെ, മേലിൽ മുഹമ്മദ് യുദ്ധത്തിനു പുറപ്പെടുകയാവട്ടെ, ആളെ അയക്കുകയാവട്ടെ, ചെയ്യുകയില്ല. അതിനുള്ള ഒരു പദ്ധതി എന്റെ കയ്യിലുണ്ടു്. ഞാൻ അതു നടപ്പിലാക്കുവാൻ പോവുകയാണു്. ഗത്ഫാൻ ഗോത്രക്കാർക്കിടയിൽ ചില ബുദ്ധിശാലികളുണ്ടു്. മറു ഗോത്രക്കാർക്കിടയിലും ധീരപരാക്രമികളായ യോദ്ധാക്കളുണ്ടു്. അവരെ സംഘടിപ്പിച്ചു മദീനയിലേക്കു ഉപായത്തിൽ പറഞ്ഞയച്ചു, തന്ത്രപരമായി മുഹമ്മദിന്റെ വീട്ടിൽ കയറി അയാളെ കഥ കഴിപ്പിക്കുക എന്നതാണു് എന്റെ പദ്ധതി.' ഈ അഭിപ്രായത്തെ യഹൂദികൾ സഹർഷം സ്വാഗതം ചെയ്തു. ഉസൈർ ഇതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. ഈ വിവരം തിരുമേനി (സ) അറിഞ്ഞപ്പോൾ, ഈ കേൾവി കഴമ്പുള്ളതാണൊ എന്നറിവാനായി അബ്ദുല്ലാഹിബ്നു റവാഹത് (റ) വിനെയും മൂന്നു സഹാബിമാരെയും അങ്ങോട്ടു പറഞ്ഞയച്ചു. സംഗതി ശരിയാണെന്നു് അന്വേഷണത്തിൽ അവർക്കു ബോദ്ധ്യമായി. അവർ തിരിച്ചു വന്നു വിവരങ്ങൾ തിരുമേനി (സ) യെ ധരിപ്പിച്ചു. റമളാൻ മാസത്തിലാണു് ഇതെല്ലാം നടന്നതു്. ശവ്വാൽ മാസത്തിൽ അബ്ദുല്ലാഹിബ്നുറവാഹത് (റ) വിന്റെ നേതൃത്വത്തിൽ മുപ്പതു സഹാബിമാർ ഖൈബറിലേക്കു നിയോഗിക്കപ്പെട്ടു. തിരുമേനി (സ) യെ വധിപ്പാൻ പരിപാടിയിട്ടു പ്രവർത്തിച്ചുതുടങ്ങിയ ഉസൈറിനെ വധിപ്പാനാണു് ഈ സേന നിയോഗിക്കപ്പെട്ടതു്. സഹാബികൾ ഖൈബറിലെത്തി, ഉസൈറിനെ സമീപിച്ചു. 'ഞങ്ങളോടൊപ്പം വരികയാണെങ്കിൽ തിരുമേനി (സ) നിങ്ങളെ ഖൈബറിലെ ഭരണാധിപനായി നിശ്ചയിക്കും' എന്നു അവർ ഉസൈറിനെ അറിയിച്ചു. സ്ഥാനമാനക്കൊതിയനായ ഉസൈർ അവരോടൊപ്പം പുറപ്പെടുവാൻ ഒരുങ്ങി. യഹൂദികളിൽ ചിലർ എതിരഭിപ്രായം പറഞ്ഞെങ്കിലും, ഉസൈർ അതൊന്നും ചെവിക്കൊണ്ടില്ല. അയാൾ മുപ്പതു യഹൂദികളെയുംകൂട്ടി യാത്രപറപ്പെട്ടു. മുപ്പത്തൊന്നു മുസ്ലിംകളും മുപ്പത്തൊന്നു യഹൂദികളുമടങ്ങിയ ആ സംഘത്തെ വഹിച്ചുകൊണ്ടു മുപ്പത്തൊന്നു ഒട്ടകങ്ങൾ മദീനയെ ലക്ഷ്യംവെച്ചുകൊണ്ടു നടന്നുതുടങ്ങി. ഓരോ ഒട്ടകപ്പുറത്തു് ഓരോ യഹൂദിയും ഓരോ മുസ്ലിമുമാണു് കയറിയിരുന്നതു്. ഉസൈറിന്റെ

സഹയാത്രികൻ അബ്ദുല്ലാഹിബ്‌നുഅവാഹത് (റ) വായിരുന്നു. ഖൈബറിൽനിന്നു ഒരു നാഴിക അകലെയുള്ള ഖർഖാത്തിൽ എത്തിയപ്പോൾ, ഈ യാത്ര പന്തിയല്ലെന്നു ഉസൈറത്തിനു തോന്നുകയും ഒട്ടകപ്പുറത്തുനിന്നു ചാടി, ഓടിക്കളയുവാൻ അയാൾ വട്ടംകൂട്ടുകയുംചെയ്തു. സംഗതി മനസ്സിലായപ്പോൾ, ഉസൈർ ഒട്ടകപ്പുറത്തുനിന്നു ചാടുന്നതിനുമുമ്പു് അബ്ദുല്ലാഹിബ്‌നുഅവാഹിത് (റ) നിലത്തുചാടുകയും ഉസൈറിന്റെ കാൽവെട്ടിമുറിക്കുകയും ചെയ്തു. അതിനെത്തുടർന്നു നടന്ന സംഘട്ടനത്തിൽ, ഒരാളൊഴികെ, യഹൂദികളും മുഴുവനും കൊല്ലപ്പെട്ടു.

കർസുബ്‌നു ജാബിറൽഫിഹ്‌രീ (റ) വിന്റെ യുദ്ധയാത്ര

താഴെ വിവരിക്കുന്ന സംഭവവും ഹിജ്റ ആറാംവർഷം ശവ്വാൽമാസത്തിൽതന്നെ നടന്നു:– അക്‌ൽ, ഖുറൈന: എന്നീ രണ്ടുഗോത്രക്കാരിൽപ്പെട്ട ഏഴോ എട്ടോ ആളുകൾ തിരുമേനി (സ) യുടെ സന്നിധിയിൽവന്നു ഇസ്‌ലാംമതം വിശ്വസിച്ചു. മഹോദരക്കാരായിരുന്ന ആ ആളുകൾ മദീനയിൽ കടന്നഉടനെ അവരുടെ രോഗം സുഖപ്പെട്ടു. തങ്ങൾ കൃഷിക്കാരല്ലെന്നും കന്നുകാലികളെ പോറ്റി ഉപജീവനം കഴിക്കുന്നവരാണെന്നും, തങ്ങൾക്കു ജീവിപ്പാൻ മാർഗ്ഗമുണ്ടാക്കിക്കൊടുക്കേണമെന്നും അവർ തിരുമേനി (സ) യെഅറിയിച്ചു. മൂന്നിൽ കുറയാത്ത കറവുള്ള ഒട്ടകങ്ങളെയും യസാർ എന്ന ഭൃത്യനെയും തിരുമേനി (സ) അവർക്കു നൽകി. ഒട്ടകത്തിന്റെ പാലും മൂത്രവും ഔഷധമായി ഉപയോഗിക്കാമെന്നു തിരുമേനി (സ) അവരെ ഉപദേശിച്ചു. ഒട്ടകങ്ങളെയും ഭൃത്യനായ യസാറിനെയുംകൂട്ടി അവർ തങ്ങളുടെ സ്വദേശത്തേക്കു പുറപ്പെട്ടു. മദീനയിൽനിന്നു അല്പം അകലെയുള്ള ഒരു തരിശുസ്ഥലത്തെത്തിയപ്പോൾ അവർ കൂറുമാറുകയും, തിരുമേനി (സ) അവരോടൊപ്പമയച്ച യസാറിനെ വധിക്കുകയും, അദ്ദേഹത്തിന്റെ കൈകാലുകൾ ഛേദിക്കുകയും കണ്ണുകൾ ചൂഴ്‌ന്നെടുക്കുകയുംചെയ്തു. ഭീകരമായ ആ കൊല നടത്തിയതിനുശേഷം ഒട്ടകങ്ങളെയുംകൊണ്ടു അവർ യാത്രതുടർന്നു. ഈ വിവരം അറിഞ്ഞപ്പോൾ, അവരെ പിടിപ്പാനായി കർസുബ്‌നു ജാബിറൽ ഫിഹ്‌രീ (റ) വിന്റെ നേതൃത്വത്തിൽ ഇരുപതോളം സഹാബിമാരെ തിരുമേനി (സ) നിയോഗിച്ചു. ആ സഹാബിമാർ കുതിരപ്പുറത്തുകയറി വായുവേഗത്തിൽ കുതിക്കുകയും അക്രമികളെ കണ്ടുപിടിക്കുകയും, അവരെ ബന്ധനസ്ഥരാക്കി തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കുകയുംചെയ്തു. കൂറുമാറ്റം, വഞ്ചന, കൊള്ള, കൊല തുടങ്ങിയ പല കുറ്റങ്ങളും ഒരേ സമയത്തു പ്രവർത്തിച്ച ആ അക്രമികളും * പലവിധ ഭേദ്യങ്ങൾക്കു വിധേയരാക്കപ്പെട്ടു. ഇഞ്ചിഞ്ചായി കൊല്ലപ്പെടുകയും ചെയ്തു. അവരിൽ ഓരോരുത്തരും ചാകുന്നതുവരെ ഭൂമിയിൽനിന്നു മണ്ണുകപ്പുന്നതു ഞാൻ കണ്ടുവെന്നു അനസ് (റ) പ്രസ്താവിച്ചിരിക്കുന്നു.

ഹുദൈബിയ്യ:ഉടമ്പടി

മക്കയിൽനിന്നു ഒമ്പതുനാഴിക അകലെ സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണു് ഹുദൈബിയ്യ:– ഇസ്‌ലാം ചരിത്രത്തിലെ സുപ്രധാന സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ച ഒരു സ്ഥലമാണിതു്. ഹിജ്‌റാബ്ദം ആറാംവർഷം ദുൽഖഅ്ദ് മാസത്തിൽ തിരുമേനി (സ) ഒരു സ്വപ്നംകണ്ടു. തിരുമേനി (സ) യും ഏതാനും സഹാബിമാരും സമാധാനപരമായി മക്കയിൽ കടന്നു കഅ്ബയെ തവാഫ്‌ചെയ്തു ഉംറനിർവ്വഹിച്ചുവെന്നും, സഹാബിമാരിൽ ചിലർ തലമു

* ഈ അക്രമികളെ പരാമർശിച്ചുകൊണ്ടു അല്ലാഹു ഒരു ആയത്തു ഇറക്കുകയുണ്ടായി

ടി ക്ഷൌരം ചെയ്യുകയും മറ്റു ചില തലമുടി വെട്ടുകയും ചെയ്യുവെന്നും, തിരുമേനി (സ) ക അ്ബയിൽ കടന്നു താഴോൽ കരസ്ഥമാക്കി യെന്നുമായിരുന്ന ആ സ്വപ്നം ഈ സ്വപ്ന വാത്ത തിരുമേനി (സ) സഹാബിമാരെ അറി യിച്ചപ്പോൾ അവർ അത്യന്തം സന്തോഷിച്ചു തിരുമേനി (സ) യും സഹാബിമാരും ഉംറ:ക്കു പുറപ്പെടുവാൻ തീരുമാനിച്ചു. വിവരം അറി ഞ്ഞപ്പോൾ അയൽപ്രദേശക്കാരായ ചില അ റബികളും ഈ യാത്രയിൽ പങ്കെടുക്കുവാൻ ഒരുങ്ങുകയുണ്ടായി. യുദ്ധത്തെപ്പറ്റി ചിന്തി ക്കുകപോലുംചെയ്യാതെ ഉംറ:യെ മാത്രം ഉദ്ദേ ശിച്ചുകൊണ്ടു തിരുമേനി (സ) യാത്രക്കുള്ള ഒരുക്കങ്ങൾ കൂട്ടിമുട്ടങ്ങി. മദീനയുടെ മേൽ നോട്ടം വഹിപ്പാൻ അബൂറഹം കുൽസൂമുബ് നുൽഹസീൻ (റ) വിനെയും, നിസ്‌ക്കാരത്തി ന്നു ഇമാമത്തു് നിൽക്കുവാൻ ഉമ്മുമക്തും (റ) വിനെയും അധികാരപ്പെടുത്തി. ആയിരത്തി നാനൂറുസഹാബിമാരോടൊപ്പം തിരുമേനി (സ) ശവ്വാൽ മാസത്തിലെ ഒരു തിങ്കളാഴ്ച ദിവസം ഉംറ:ക്ക് പുറപ്പെട്ടു തിരുമേനി (സ) യുടെ പത്നിയായ ഉമ്മുസൽമ: (റ) യാ ണ് ആ യാത്രയിൽ തിരുമേനി (സ) യോടൊ പ്പമുണ്ടായിരുന്നതു് വഴിയാത്രക്കാർ ദേഹ രക്ഷാർത്ഥം കൊണ്ടുനടക്കുന്ന ഉറയിലിട്ട വാള ല്ലാതെ, മറ്റു യാതൊരായുധവും ആ സംഘ ത്തിൽ ആരുടെ കയ്യിലും ഉണ്ടായിരുന്നില്ല. കാ രണം ആ യാത്ര ഒരു നിലയിലും ഒരു യുദ്ധയാ ത്രയായിരുന്നില്ല. യുദ്ധായുധങ്ങൾകൂടി കയ്യി ലെടുക്കുന്നതു നന്നായിരിക്കുമെന്നു ഉമർ (റ) അഭിപ്രായപ്പെട്ടപ്പോൾ, ഉംറ:ക്കുള്ള യാത്ര യിൽ ആയുധങ്ങൾ കൂടെകൊണ്ടുനടക്കുന്നതു ഉചിതമല്ലെന്നു തിരുമേനി (സ) മറുപടിനൽകി. തിരുമേനി (സ) കൂട്ടിച്ചു, വസ്തുക്കളെന്നിത്തു, വീട്ടിന്റെ ഉമ്മറത്തുനിന്നുതന്നെ പ്രസ്‌വാ ങ് എന്നു ഒട്ടകപ്പുറത്തുകയറി ഇഹ്‌റാംകെട്ടി. ഈ യാത്ര യുദ്ധയാത്രയല്ലെന്നു ഒന്നുകൂടി വ്യ ക്തമാക്കുവാൻ വേണ്ടിയാണു് തിരുമേനി (സ) യാത്രയുടെ ആരംഭത്തിൽതന്നെ ഇഹ്‌റാം കെ ട്ടിയതു്. സഹാബിമാരിൽ ചിലരും ഉൽഹു ലൈഹ:എന്നിടത്തുവെച്ചും ചിലർ ഉജ്ഫ: എന്നിടത്തുവെച്ചും ഇഹ്‌റാംകെട്ടി.

ഖുസാഅ:ഗോത്രക്കാരനായ ബിശ്‌റ (റ) വിനെ, മക്കക്കാരുടെ മനോഗതികളും മനസ്സി ലാക്കുവാൻ തിരുമേനി (സ) മുൻകൂട്ടിത്തന്നെ നിയോഗിച്ചു. അദ്ദേഹം രഹസ്യമായി മക്ക യിൽ കടന്നുചെന്നു ഖുറൈശികളുടെ അഭിപ്രാ യഗതികളും മനസ്സിലാക്കി തിരുമേനി (സ) യുടെ സന്നിധിയിലേക്കു തിരിച്ചുവരവെ, ഗദീ റൽ അശ്‌താത് എന്ന സ്ഥലത്തുവെച്ചു * തി രുമേനി (സ) യെയും സഹാബിമാരെയും കണ്ടു മുട്ടി. മുസ്‌ലിംകളെ മക്കയിൽ കടക്കുവാൻ ഖുറൈശികളും അനുവദിക്കുകയില്ലെന്നും അ വർ യുദ്ധത്തിനു ഒരുങ്ങിയിരിക്കുകയാണെന്നും അദ്ദേഹം തിരുമേനി (സ) യെ അറിയിച്ചു. ഖുറൈശീയോദ്ധാക്കളും പുള്ളിപ്പുലികളുടെ തോലുകളും ധരിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും സ്ത്രീകളും കുട്ടികളുമെല്ലാം യുദ്ധത്തിനു തയ്യാറെ ടുത്തിരിക്കുന്നുവെന്നും അദ്ദേഹം പറയുകയുണ്ടാ യി. ജയാപജയം തീരുമാനിക്കുന്നതുവരെ യു ദ്ധം ചെയ്യുമെന്നും പിന്തിരിഞ്ഞോടുകയില്ലെ ന്നും ഉള്ളതിന്റെ സൂചനയായിട്ടാണ് പുലി ത്തോൽ ധരിക്കുക.അതു അക്കാലത്തു അറബി കളുടെ പതിവായിരുന്നു. ആ സംഭാഷണത്തിൽ അബൂസുഫ്‌യാൻ ഉണ്ടായിരുന്നില്ല. അദ്ദേ ഹം വ്യാപാരസംബന്ധമായ ചില കാര്യങ്ങ ളിൽ വ്യാപൃതനായിരിക്കുകയായിരുന്നു.

മക്കക്കാരുടെ നിലപാടുകളെക്കുറിച്ചറിഞ്ഞ പ്പോൾ, തിരുമേനി (സ) സഹാബിമാരോടു ഇ

* ഉസ്‌ഫാൻ എന്നിടത്തുവെച്ചാണു് അദ്ദേഹം തിരുമേനി (സ) യെ കണ്ടുമുട്ടിയതെന്നും പറയപ്പെട്ടി ട്ടുണ്ടു്.

പ്രകാരം പറയുകയുണ്ടായി:—'ഈ യാത്രയിൽ നമ്മുടെ ലക്ഷ്യം അല്ലാഹുവിന്റെ ഭവനം മാത്രമാകുന്നു. പക്ഷെ നമ്മെ തടയുവാനാണ് ശത്രുക്കൾ ഒരുങ്ങിട്ടുള്ളത്. ഇനി നാം എന്തു ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്?' അബൂബകർ സിദ്ദീഖ് പറഞ്ഞു:—'യാറസൂലുല്ലാ, കഅ്ബയെ തവാഫ് ചെയ്യുവാനും ഉംറ: നിർവ്വഹിപ്പാനും മാത്രം ഉദ്ദേശിച്ചുകൊണ്ടാണ് താങ്കൾ പുറപ്പെട്ടത്. ആരോടെങ്കിലും യുദ്ധം ചെയ്യുവാനൊ ആരെയെങ്കിലും കൊല്ലുവാനൊ താങ്കൾ ഉദ്ദേശിച്ചിട്ടില്ല. ആ നിലക്ക്, നമ്മുടെ യാത്രയെ ശത്രുക്കൾ തടയുകയാണെങ്കിൽ അവരോട് യുദ്ധം നടത്തുകയല്ലാതെ മറ്റെന്തു ചെയ്യും?' അതു കേട്ടപ്പോൾ മിഖ്ദാദുബ്നുൽ അസ്‌വദ് (റ) പറഞ്ഞു:—'താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്യുക; ഞങ്ങൾ ഇവിടെ ഇരിക്കട്ടെ എന്നു യഹൂദികൾ മുമ്പു പറഞ്ഞതുപോലെ പറയുന്നവരല്ല ഞങ്ങൾ. അല്ലാഹുവിന്റെയും റസൂലിന്റെയും മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവരാണ് ഞങ്ങൾ * ഈ അഭിപ്രായങ്ങൾ കേട്ട തിരുമേനി (സ) സന്തോഷിച്ചു. അല്ലാഹുവിന്റെ തിരുനാമത്തിൽ മുമ്പോട്ടു നീങ്ങിക്കൊള്ളുവാൻ തിരുമേനി (സ) ഉപദേശിച്ചതനുസരിച്ചു സഹാബികൾ മുമ്പോട്ടു നീങ്ങിത്തുടങ്ങി. നടന്നുകൊണ്ടിരിക്കെ, തിരുമേനി (സ) പറഞ്ഞു:—'ഖാലിദിബ്നു വലീദും ഇക്‌രിമതിബ്നുഅബീജഹലും ഖുറൈശികളായ ഇരുന്നൂറു കുതിരപ്പട്ടാളക്കാരോടു കൂടി ഗനീം എന്ന സ്ഥലത്തു താവളമടിച്ചിട്ടുണ്ട്. ഖുറൈശികൾ അവരെ മുന്നോടിയായി അയച്ചിരിക്കുകയാണ് അതുകൊണ്ട്, നേരെ പോവാതെ വലത്തോട്ട് മാറി സഞ്ചരിക്കുക.' ഹംസതുബ്നു അംറുൽ അസ്‌ലമീ (റ) വിന്റെ

* ബദ്ർ യുദ്ധവേളയിലും അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

മക്കയിലേക്കു പോകുവാനുള്ള ഊടുവഴികളെല്ലാം അറിയാമായിരുന്നു. അദ്ദേഹം ഒരു ഇടുക്കുവഴിയിലൂടെ മുസ്‌ലിംകളെ നയിച്ചു. മക്കയിലേക്കുള്ള എളുപ്പമാർഗ്ഗമായിരുന്നു അതു്. ഈ വിവരം അറിഞ്ഞ ഉടനെ ഖാലിദുബ്നുവലീദ് ഖുറൈശികൾക്കു വിവരം കൊടുക്കുകയും ഗനീമിൽ നിന്നു പുറപ്പെടുകയും ചെയ്തു. തിരുമേനി (സ) യും സഹാബികളും ളുഹ്ർ നിസ്‌ക്കാരത്തിനു ഇരുന്നിയപ്പോഴേക്കും ഖാലിദുബ്നു വലീദ് അവിടെ എത്തിച്ചേർന്നു. തിരുമേനി (സ) യുടെ മുൻഭാഗത്തു് (ഖിബ്‌ലയുടെ ഭാഗത്തു്) അദ്ദേഹം തന്റെ കുതിരപ്പട്ടാളത്തെ അണിനിരത്തി. ശത്രുക്കളുടെ നീക്കത്തെ ശ്രദ്ധിക്കുവാനായി അബ്ബാദുബ്നു ബിശ്ർ (റ) വിനു കല്പന നല്കിക്കൊണ്ടു, തിരുമേനി (സ) യും സഹാബികളും നിസ്‌ക്കാരത്തിൽ പ്രവേശിച്ചു. 'ഇതൊരു തക്കമാണ്. പക്ഷെ, കുറച്ചു നേരം കഴിഞ്ഞാൽ അവർക്കു മറ്റൊരു നിസ്‌ക്കാരമുണ്ട്. ആ നിസ്‌ക്കാരത്തിൽ അവർ ഇപ്പോഴത്തക്കാളേറെ അലിഞ്ഞു ചേരും. അപ്പോൾ ഇതിനേക്കാൾ കൂടുതൽ ഫലപ്രദമായ തക്കം കിട്ടും' എന്നു പറഞ്ഞുകൊണ്ടു ഖാലിദുബ്നു വലീദ് അസ്‌റിന്റെ അവസരം കാത്തു നിന്നു. അന്നു തന്നെ അസ്‌റിനു മുമ്പു് ജിബ്‌രീൽ (അ) വന്നു 'സലാതുൽ ഖൌഫി'ന്റെ * സമ്പ്രദായം തിരുമേനി (സ) ക്കു ഉപദേശിച്ചു. ആ നിലയിൽ അന്നത്തെ അസ്‌ർ നിസ്‌ക്കാരം തിരുമേനി (സ) യും സഹാബികളും നിർവ്വഹിച്ചു. ശത്രുക്കൾക്കു ആക്രമണത്തിനുള്ള യാതൊരു പഴുതും കിട്ടിയില്ല. അസ്‌ർ നിസ്‌ക്കാരത്തിനു ശേഷം തിരുമേനി (സ) അവിടെനിന്നു പുറപ്പെട്ടു. തക്കം നോക്കിക്കൊണ്ടു ശത്രുസേനയും സ്ഥലം വിട്ടു. ഹുദൈബിയ്യക്കടുത്തു് സനിയ്യത്തുൽ മിറാർ എ

* യുദ്ധവേളയിലെ നിസ്‌ക്കാരം.

ന്ന സ്ഥലത്തെത്തിയപ്പോൾ തിരുമേനി (സ) യാത്ര ചെയ്ത ഖസ്‌റാങ്ങ് എന്ന ഒട്ടകം മുട്ടുകുത്തി. സഹാബിമാർ തെളിച്ചു നോക്കി. ഒട്ടകം ഇളകിയില്ല. ഒട്ടകം മടി കാണിക്കുകയാണെന്ന സഹാബിമാർ ധരിച്ചു. തങ്ങളുടെ ധാരണ തെറ്റാണെന്നും ആ ഒട്ടകത്തിന്ന അത്തരം വിക്രിയകളുമായി ബന്ധമില്ലെന്നും, മുമ്പോട്ടു യാത്ര ചെയ്യാതിരിപ്പാനുള്ള നിർദ്ദേശമാണ് ഈ മുട്ടുകുത്തലിൽ അടങ്ങീട്ടുള്ളതെന്നും * തിരുമേനി (സ) പ്രസ്താവിച്ചു. ഈ നിലയിൽ നാം മുമ്പോട്ടു നീങ്ങിയാൽ ശത്രുക്കൾ നമ്മെ തടയുകയും നാം അവരുമായി യുദ്ധത്തിലേപ്പെട്ടാൽ നിരവധി പേർ മരിക്കുകയും മക്കയിലുള്ള മുസ്‌ലിംകൾ ആകമാനം വധിക്കപ്പെടുകയും ചെയ്യാനിട വരുമെന്നാണ് ഈ മുട്ടുകുത്തലിൽ നിന്ന് മനസ്സിലാക്കേണ്ടതെന്ന തിരുമേധി (സ) വ്യക്തമാക്കി. അതിന്ന ശേഷം തിരുമേനി (സ) ഒട്ടകത്തെ തെളിച്ചു; അപ്പോൾ അതെഴുന്നേറ്റ വഴി മാറി നടന്നു. ഹുദൈബിയ്യായുടെ അതിർത്തിയായ മലച്ചെരുവിലെത്തിയപ്പോൾ തിരുമേനി (സ) അവിടെ ഇറങ്ങി. തിരുമേനി (സ) യുടെ ആജ്ഞയനുസരിച്ച് സഹാബിമാരും അവിടെ ഇറങ്ങി. ആ മലച്ചെരുവിൽ വെള്ളമുണ്ടായിരുന്നില്ല. അവിടെ ഒരു കിണർ ഉണ്ടായിരുന്നെങ്കിലും അതു് വരണ്ടു കിടക്കുകയായിരുന്നു. സഹാബിമാർ ദാഹിച്ചു വലഞ്ഞു. തിരുമേനി (സ) അമ്പുപോലുള്ള ഒരു ഇരുമ്പുകോൽ എടുത്തു കൊടുക്കുകയും അതു ആ കിണറ്റിലിടുവാൻ ഉപദേശിക്കുകയും ചെയ്തു. നാജിയതിബ്‌നു അഅ്ജം (റ), ഉബാദതിബ്‌നു ബാലിദ് (റ) എന്നിവരിലൊരാൾ അതു ആ കിണറ്റിലിട്ടു. കിണറ്റിൽ വെള്ളം നിറഞ്ഞു. *

തിരുമേനി (സ) യും സഹാബികളും അവിടെ വിശ്രമിക്കവെ, ഖുസാഈ ഗോത്രത്തലവനായ ബുദൈലുബ്‌നു വറഖാഅയും ഖുസാഈ ഗോത്രക്കാരായ മറ്റു ചിലരും തിരുമേനി (സ) യെ സമീപിച്ചു. മുസ്‌ലിംകളോടു് കിലും അവർ തിരുമേനി (സ) യുടെ ശത്രുക്കളായിരുന്നില്ല. [ബുദൈൽ എന്ന ഈ വ്യക്തി ഹുനൈൻ യുദ്ധത്തിലും താഇഫ് യുദ്ധത്തിലും തബൂക് യുദ്ധത്തിലും ശത്രുപക്ഷത്തു് പങ്കെടുത്തെങ്കിലും മക്കാ വിജയ വേളയിൽ ഇസ്‌ലാം മതം വിശ്വസിച്ചു.] ബുദൈൽ തിരുമേനി (സ) യോടു ഇപ്രകാരം പറഞ്ഞു:—'കഅ്ബിബ്‌നു ലുഅയ്യും ആമിറുബ്‌നുലുഅയ്യും ഒരു സൈന്യത്തോടുകൂടി ഹുദൈബിയ്യ:യുടെ അങ്ങേ അതിർത്തിയിൽ അണി നിരന്നിരിക്കുന്നു. താങ്കളെ കഅ്ബയിൽ കടക്കുന്നതിനെ തടയുവാനും താങ്കളോടു യുദ്ധം ചെയ്യുവാനുമാണ് അവർ വന്നിട്ടുള്ളതു്.' ഞങ്ങൾ യുദ്ധത്തിനല്ല വന്നിട്ടുള്ളതെന്നും കഅ്ബ മാത്രമാണ് ഞങ്ങളുടെ ലക്ഷ്യമെന്നും തിരുമേനി (സ) മറുപടി പറഞ്ഞു. തിരുമേനി (സ) തുടർന്നു:—'ഖുറൈശികൾക്കു യുദ്ധമാണാവശ്യമെങ്കിൽ അവർക്കല്പം ക്ഷമിക്കട്ടെ. എന്നെ വ്യക്തമായി അവർ മനസ്സിലാക്കിയെങ്കിൽ, എന്നെ അവർ തുടരട്ടെ. അല്ലാത്ത പക്ഷം അടങ്ങിയിരിക്കട്ടെ. ഇതിനൊന്നും തയ്യാറാവാതെ യുദ്ധത്തിന്ന അവർ മുമ്പോട്ടു വരികയാണെങ്കിൽ, യുദ്ധസന്നാഹങ്ങളൊന്നുമില്ലാതെ ഈ നിലയിൽതന്നെ അവരോടു ഞാൻ എതിർക്കും. അല്ലാഹുവിന്റെ ഹിതം സാക്ഷാല്ക്കരിക്കപ്പെടുന്നതു

* അബ്രഹ എന്ന രാജാവു് കഅ്ബയെ ആക്രമിക്കുവാൻ പുറപ്പെട്ടപ്പോൾ അല്ലാഹുതന്റെ ക്രോധമായ കഅ്ബയെ സമീപിക്കാതെ മുട്ടുകുത്തിയ വസ്തുത വായനക്കാർ ഓർക്കുന്നുണ്ടല്ലോ.

* തിരുമേനി (സ) പാത്രത്തിൽ കൈ വെച്ചു കുഴിയപ്പോൾ അതിൽനിന്നു വെള്ളം പ്രവഹിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ടു്.

ളവരെ, ഞാൻ ഒറ്റക്കായിരുന്നാൽപ്പോലും ഞാൻ അങ്ങിനെ ചെയ്യും. ഇപ്പോൾ, എന്നോടൊപ്പം ധാരാളം മുസ്‌ലിംകൾ ഉണ്ടെന്നിരിക്കെ, എന്റെ നില പിന്നെ പറയേണ്ടതില്ലല്ലൊ.'

ഈ വിവരം അവരെ അറിയിക്കുകയും അവരുടെ അഭിപ്രായം അറിയുകയും ചെയ്തശേഷം ഞാൻ വീണ്ടും താങ്കളെ വന്നു കണ്ടുകൊള്ളാമെന്നു പറഞ്ഞുകൊണ്ട് ബുദൈൽ സ്ഥലം വിട്ടു. അദ്ദേഹം ഖുറൈശികളോട് സൌഹാർദ്ദമാണ് നല്ലതെന്നും എതിർപ്പിനു പോകേണ്ടെന്നും ഉപദേശിച്ചു. ആ ഉപദേശം അവർ സ്വീകരിച്ചില്ല. കഅ്ബയിൽ കടക്കുവാൻ മുസ്‌ലീംകളെ അനുവദിക്കുകയില്ലെന്നു അവർ തീർത്തുപറഞ്ഞു. ആ അവസരത്തിൽ ഉർവതി ഖ്നമസ്ഊദ് (ഇദ്ദേഹം പിന്നീട് ഇസ്‌ലാം മതം വിശ്വസിച്ചു) ഖുറൈശികളോട് ഇപ്രകാരം പറഞ്ഞു:- 'ജനങ്ങളെ, സമാധാനമാണ് നല്ലത്. സമാധാനപരമായ മാർഗ്ഗമാണ് സ്വീകാര്യവുമാണ്. പക്ഷെ, ഞാൻ ഒരു കാര്യം ചെയ്യാം. ഞാൻ നേരിട്ടുചെന്നു മുഹമ്മദുമായി സംസാരിച്ചു സ്ഥിതിഗതികളും മനസ്സിലാക്കിക്കൊണ്ട് തിരിച്ചുവരാം.' ഉർവത് തിരുമേനി (സ) യെ സമീപിച്ചപ്പോൾ ബുദൈലോട് പറഞ്ഞതുപോലെ അദ്ദേഹത്തോടും തിരുമേനി (സ) പറയുകയുണ്ടായി. അപ്പോൾ ഉർവത് പറഞ്ഞു:- 'മുഹമ്മദേ, താങ്കൾ ഖുറൈശികളോടെതിർത്തു ജയിച്ചാലും താങ്കൾക്കപമാനം; തോറ്റാലും താങ്കൾക്കപമാനം. താങ്കൾ ജയിക്കേണമെങ്കിൽ ഖുറൈശികളെ പാടെ നശിക്കണം. അങ്ങിനെ വന്നാൽ കുടുംബഘാതകൻ എന്ന അപകീർത്തിക്കു താങ്കൾ പാത്രീഭൂതനാവും. അഥവാ ഖുറൈശികൾ ജയിച്ചെന്നു വന്നാലോ? അവർ താങ്കളെ വധിക്കുകയോ ബന്ധനസ്ഥനാക്കുകയോ ചെയ്യും. അതിൽപരം അപമാനം മറ്റൊന്നുണ്ടോ? പിന്നൊട്ടു വൈകുന്ന നിലയിലല്ല അവർ ഈ വണ ഒരുങ്ങിട്ടുള്ളത്. ഒരുക്കത്തെസ്സംബന്ധിച്ചാണെങ്കിൽ നിങ്ങളുടെ ഇത്തവണ വളരെ മോശവുമാണ്. ആ നിലക്കു പിന്തിരിയുക എന്ന അവസ്ഥ നിങ്ങളിൽ സംഭവിപ്പാനാണ് കൂടുതൽ സാദ്ധ്യതയുള്ളത്.' ഉർവതിന്റെ ഈ അഭിപ്രായം അബൂബകർസിദ്ദീഖ് (റ) വിനു രസിച്ചില്ല. ഉർവതിന്റെ വിഡ്ഢിത്തത്തെ അദ്ദേഹം ഒറ്റവാക്കിൽ അപഹസിച്ചു. ആ അപഹാസം ഉർവതിനെസ്സംബന്ധിച്ചേടത്തോളം അസഹ്യമായി തോന്നിയെങ്കിലും, അബൂബകർസിദ്ദീഖോട് തനിക്കുള്ള കടപ്പാടു നിമിത്തം * പ്രത്യുത്തരം നൽകുവാൻ അയാൾക്കു കഴിഞ്ഞില്ല. ഉർവത് തിരിച്ചുചെന്നു ഖുറൈശികളോട് ഇപ്രകാരം പറഞ്ഞു:- 'കൈസർ, കീസർ, നജ്ജാശ് തുടങ്ങിയ പ്രഗത്ഭരായ പല രാജാക്കന്മാരെ ഞാൻ സന്ദർശിച്ചിട്ടുണ്ട്. മുഹമ്മദിന്റെ അനുയായികൾ മുഹമ്മദിനെ ആദരിക്കുന്നതുപോലെ, ആ രാജാക്കന്മാരുടെ സേവകർ അവരെ ആദരിക്കുന്നതായി ഞാൻ കണ്ടിട്ടില്ല. മുഹമ്മദിന്റെ ആജ്ഞകൾക്കായി അവർ ചെവി കൂർപ്പിച്ചു നിൽക്കുന്നു. മുഹമ്മദോടുള്ള ബഹുമാനം നിമിത്തം അവർ കുറയത്തി സംസാരിക്കുന്നില്ല. മുഹമ്മദിന്റെ മുഖത്തു അവർ കണ്ണുയർത്തി നോക്കുന്നില്ല. മാത്രമല്ല, മുഹമ്മദ് വുളൂ ഉണ്ടാക്കിയ വെള്ളം എച്ചിലാവാങ്ങി കുടിക്കുവാൻ അവർ മത്സരിക്കുന്നു. മുഹമ്മദിന്റെ തുപ്പുനീരിനെപ്പോലും അവർ ആദരിക്കുന്നു. ആകയാൽ, അവരുടെ ഉദ്ദേശ്യസാദ്ധ്യത്തെ നിങ്ങൾ തടസ്സ

* ഒരിക്കൽ ഒരു പ്രായശ്ചിത്തം നടത്തുവാൻ ഉർവതിനു അനേകം ഒട്ടകങ്ങളെ വേണ്ടിവന്നു. അയാളുടെ ആത്മസുഹൃത്തുക്കളിലോരോരുത്തരും രണ്ടോമൂന്നും ഒട്ടകങ്ങളെ മാത്രമെ കൊടുത്തുള്ളൂ. അബൂബകർസിദ്ദീഖ് (റ) വാകട്ടെ പത്തു ഒട്ടകങ്ങളെ കൊടുത്തു. ആ കൃതജ്ഞത നിമിത്തം പകരം തെറി പറയുവാൻ ഉർവതിനു കഴിഞ്ഞില്ല.

പ്പെട്ടതെന്ന്. നബിയുടെ ലക്ഷണങ്ങളും മുഹമ്മദിൽ കാണുന്നുണ്ട്. നിങ്ങൾ മുഹമ്മദിനെ തടസ്സപ്പെടുത്തുന്നപക്ഷം ആപത്തിന്നിടവരുമെന്നാണെനിക്ക് തോന്നുന്നത്. നിങ്ങൾ തടഞ്ഞാൽ അവർ തിരിച്ചുപോകുമെന്നു എനിക്കു തോന്നുന്നുമില്ല' അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിപ്പാൻ ഖുറൈശികൾ കൂട്ടാക്കിയില്ല. ആകയാൽ, ഖുറൈശികളുടെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ടു അദ്ദേഹവും കൂട്ടുകാരും ഖുറൈശികളിൽനിന്നു വേർപിരിഞ്ഞു, താഇഫിലേക്കു യാത്ര തിരിച്ചു.

ഉർവതിബ്നമസ്ഊദും കൂട്ടുകാരും വിട്ടുപോയപ്പോൾ, ഖുറൈശികൾ ഈ പ്രശ്നത്തെക്കുറിച്ചു പുനരാലോചന നടത്തി. ഒരു ഒത്തുതീർപ്പിന്നു അവർ സ്വയം സന്നദ്ധരായി. സുഹൈലുബ്നുഅംറിനെ തിരുമേനി (സ) യുടെ അടുക്കലേക്കു പറഞ്ഞയച്ചു.

ബൈഅത്തു രിള്വാൻ

അതിലിടക്കു മക്കയിലുള്ള ചില പ്രമാണിമാർക്കു കൊടുപ്പാനുള്ള കത്തുമായി തിരുമേനി (സ) ഉസ്മാൻ (റ) വിനെ മക്കയിലേക്കു പറഞ്ഞയച്ചു. അദ്ദേഹത്തോടൊപ്പം പത്തു സഹാബിമാരെയും നിയോഗിച്ചു. തങ്ങൾ യുദ്ധത്തിന്നുവന്നതല്ലെന്നും ഉംറ:ക്കുമാത്രം വന്നതാണെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. മക്കക്കാർ കത്തുവായിച്ചു. 'മുഹമ്മദിനെ ഇങ്ങോട്ടുകടപ്പാൻ അനുവദിക്കുകയില്ലെന്നു അവർ തീർത്തുപറഞ്ഞു. താങ്കൾ തവാഫ് ചെയ്യുകയാണെങ്കിൽ ഞങ്ങൾ തടയുകയില്ലെന്നു അവർ അദ്ദേഹത്തോടു പറയുകയുണ്ടായി. 'റസൂൽ തവാഫ് ചെയ്യാതെ ഞാൻ തവാഫ് ചെയ്കയില്ലെന്നു ഉസ്മാൻ (റ) പറഞ്ഞപ്പോൾ ഖുറൈശികൾ ക്രോധിക്കുകയും അദ്ദേഹത്തെ ബന്ധനസ്ഥനാക്കുകയും ചെയ്തു ഉസ്മാൻ (റ) വും അദ്ദേഹത്തോടൊപ്പമുള്ള പത്തു സഹാബിമാരും കൊല്ലപ്പെട്ടുവെന്ന ഒരു കിംവദന്തി നാട്ടിലെങ്ങും ശക്തമായി പ്രചരിപ്പിച്ചു. ഈ വാർത്ത കേട്ടപ്പോൾ, ശത്രുക്കളോടു യുദ്ധം ചെയ്വാനായി സഹാബിമാർക്കു ആഹ്വാനം നൽകുവാനും, ഒന്നുകിൽ മക്കം ജയിച്ചടക്കുകയൊ അല്ലെങ്കിൽ വീരമൃത്യു അടയുകയൊ ചെയ്യുകയല്ലാതെ യുദ്ധത്തിൽനിന്നു പിന്തിരിയുകയില്ലെന്നു പ്രതിജ്ഞ ചെയ്യിപ്പാനും തിരുമേനി (സ) ഉമർ ഫാറൂഖിന്നു നിർദ്ദേശം നല്കി. ഒരു ലന്തമരത്തിന്റെ ചുവട്ടിൽ വെച്ചു സഹാബികളെല്ലാവരും കയ്യടിച്ചു കൊണ്ടു മേൽപ്രകാരം പ്രതിജ്ഞ ചെയ്തു. ഈ ഉടമ്പടിക്കു 'അല്ലാഹുവിന്റെ ഉടമ്പടി' എന്നർത്ഥമുള്ളതു 'ബൈഅത്തുർ രിള്വാൻ' എന്നു പേർ. ആ മരത്തിന്റെ ചുവട്ടിൽ വെച്ചു സത്യവിശ്വാസികൾ കയ്യടിച്ചു കൊണ്ടു ചെയ്ത ഉടമ്പടി അല്ലാഹു തൃപ്തിപ്പെട്ട'വെന്നു അല്ലാഹു കല്പിച്ചു. ഉസ്മാനിബ്നു അഫ്ഫാൻ (റ) വിന്നു വേണ്ടി ആയിരത്തിനാന്നൂറു സഹാബികൾ തങ്ങളുടെ ഇടംകൈ മലർത്തിപ്പിടിച്ചുകൊണ്ടു 'വിജയം അല്ലെങ്കിൽ മരണം' എന്നു പ്രതിജ്ഞ ചെയ്തു. ഉക്കാശതുബ്നു മുഹ്സിൻ (റ) വിന്റെ സഹോദരനായ സനാനിബ്നു സനാൽ അസദീ (റ) വാണു ആദ്യം ഉടമ്പടി ചെയ്തതു. * തിരുമേനി(സ)ഉദ്ദേശിച്ചിട്ടുള്ളതു പ്രവർത്തിപ്പാൻ ഞാൻ ഉടമ്പടി ചെയ്തു'വെന്നു അദ്ദേഹം പറഞ്ഞപ്പോൾ, തിരുമേനി (സ) വിശദീകരണമാവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു:- "അല്ലാഹുവിന്റെ ദീൻ സ്ഥാപിതമാവുന്നതുവരെ, അല്ലെങ്കിൽ ഞാൻ കൊല്ലപ്പെടുന്നതുവരെ എന്റെ വാൾകൊണ്ടു തിരുമേനി (സ) യുടെ മുമ്പിൽ വെച്ചു ഞാൻ അടരാടും." അദ്ദേഹം ചെയ്തതു

* ആദ്യം ഉടമ്പടി ചെയ്തതു സൽമതിബ്നു അക്വാഅ് (റ) വാണെന്നും അബ്ദുല്ലാഹിബ്നുഉമർ (റ) വാണെന്നും പക്ഷാന്തരമുണ്ടു്.

പോലെ ഞങ്ങളും ഉടമ്പടി ചെയ്യുവെന്നു സഹാബിമാരിൽ പലർ പ്രസ്താവിച്ചിട്ടുണ്ട്. ഈ വാർത്ത അറിഞ്ഞപ്പോൾ ഖുറൈശികൾ ഉസ്മാൻ (റ) വിനെ ബന്ധനത്തിൽനിന്നു വിട്ടയച്ചു. അദ്ദേഹം തിരുസന്നിധിയിൽ തിരിച്ചുവന്നപ്പോൾ സഹാബികൾ അവരുടെ ഉടമ്പടി പുതുക്കുകയുണ്ടായി. ഉസ്മാൻ (റ) തിരിച്ചുവന്നതോടുകൂടി, ഉടമ്പടി ദുർബ്ബലപ്പെട്ടിട്ടില്ലെന്നു സ്ഥിരീകരിക്കുവാൻ വേണ്ടിയാണു് അങ്ങിനെ പുതുക്കപ്പെട്ടതു്." ഹുദൈബിയ്യായിലെ മരച്ചുവട്ടിൽവെച്ചു ഉടമ്പടി ചെയ്തവരിൽ ആരുംതന്നെ നരകത്തിൽ കടക്കുകയില്ലെന്നും, 'ബദ്റിലും ഹുദൈബിയ്യായിലും സംബന്ധിച്ച വിശ്വാസികളായ എല്ലാവർക്കും നിശ്ചയമായും (അവർ മുമ്പുചെയ്തുപോയ തെറ്റുകൾ) അല്ലാഹു പൊറുത്തുകൊടുത്തിരിക്കുന്നു'വെന്നും തിരുമേനി (സ) അരുളീട്ടുണ്ട്.

ഖുറൈശികൾ സമാധാനസന്ധിക്കായി സുഹൈലിനെ തിരുമേനി (സ) യുടെ അടുക്കലേക്കു നിയോഗിച്ചുവെന്നു പറഞ്ഞുവല്ലൊ. അടുത്തവർഷം സമാധാനപൂർവ്വം ഉംറ: നിർവ്വഹിക്കുവാൻ അനുവദിക്കാം എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ, ഇത്തവണ ഉംറ: ചെയ്യാതെ മദീനയിലേക്കു തിരുമേനി(സ) യും സഹാബികളും തിരിച്ചുപോകേണമെന്നതായിരുന്നു അവരുടെ ആവശ്യം. തിരുമേനി (സ) യും സുഹൈലും തമ്മിൽ നടന്ന സംഭാഷണം ഒരുതവണ അലസിപ്പിരിഞ്ഞു. ഖുറൈശികൾ രണ്ടാമതും സുഹൈലിനെ നിയോഗിച്ചു. ഇത്തവണ താഴെ കാണുന്ന നിബന്ധനകൾ തിരുമേനി (സ)യുടെ മുമ്പിൽ സുഹൈൽ സമർപ്പിച്ചു:—

1. 'ഇത്തവണ ഉംറ: ചെയ്യാതെ തങ്കൾ തിരിച്ചുപോകുന്നപക്ഷം അടുത്തവർഷം ഉംറ: ക്കും തവാഫിനും മറ്റുമായി മൂന്നു ദിവസത്തേക്കു മാത്രം ഞങ്ങൾ നിങ്ങൾക്കു വിട്ടുതരാം.'

ഈ നിബ്ബന്ധന തിരുമേനി (സ) സ്വീകരിച്ചു.

2. 'അടുത്ത പത്തു സംവത്സരക്കാലം നാം തമ്മിൽ യുദ്ധം ചെയ്യരുതു്! ഈ പത്തു സംവത്സരക്കാലം ഞങ്ങളും നിങ്ങളും സൌഹാർദ്ദപൂർവ്വം കഴിഞ്ഞുകൂടണം. ഇരുകൂട്ടരും അന്യോന്യമിങ്ങോട്ടും യാത്രാസ്വാതന്ത്ര്യം അനുവദിക്കണം.'

തിരുമേനി (സ) ആ നിബന്ധനയും സ്വീകരിച്ചു.

3. 'ഞങ്ങളുടെ പക്ഷത്തുനിന്നു വല്ലവരും നിങ്ങളുടെ പക്ഷത്തുവന്നാൽ (അതു ഇസ്‌ലാംമതം വിശ്വസിച്ചിട്ടായാലും ശരി) അവനെ നിരുപാധികമായി ഞങ്ങൾക്കു വിട്ടുതരേണം.' *

ഏകപക്ഷീയമായ ഈ നിബന്ധനയെ ഉമർഫാറൂഖ് (റ) ശക്തിയായി എതിർത്തു. നമ്മുടെ നബി അല്ലാഹുവിന്റെ റസൂലും, നാം അവിടുത്തെ അനുയായികളും എതിർപക്ഷം അല്ലാഹുവിന്റെ ശത്രുക്കളുമാണെന്നിരിക്കെ, നമ്മുടെ ദീനിനു ക്ഷീണകരവും ഏകപക്ഷീയവുമായ ഈ നിബന്ധന തിരുമേനി (സ) സ്വീകരിച്ചതിന്റെ അർത്ഥമെന്തെന്നു അദ്ദേഹം അബൂബകർ (റ) വോടു ചോദിച്ചു. അപ്പോൾ അബൂബകർ (റ) ഇപ്രകാരം മറുപടി പറഞ്ഞു:— 'ഉമറെ, തിരുമേനി (സ) അല്ലാഹുവിന്റെ റസൂലാണു്. അവിടുന്നു് ആരോടും ശത്രുത കാണിക്കുകയില്ല. താങ്കൾ മരണംവരെ തിരുമേനി (സ) യെ മുറുകെപ്പിടിച്ചുകൊള്ളുക.' ഈ മറുപടി ഉമർ (റ) വിനെ പൂർണ്ണമായും തൃപ്തിപ്പെടുത്തിയില്ല. അദ്ദേഹം തിരുമേനി (സ) യെത്തന്നെ സമീപിക്കുകയും തന്റെ അഭിപ്രായം തിരുമേനി (സ) യെ കേൾപ്പിക്കുകയുംചെയ്തു. 'ഞാൻ അല്ലാഹുവിന്റെ അടിമയും റസൂ

* മൂന്നാമത്തെ ഈ നിബന്ധന കരാർ എഴുതുമ്പോൾ മാത്രമാണു് പറഞ്ഞതെന്നും പക്ഷാന്തരമുണ്ടു്.

ലുമാണ്. ഞാൻ അല്ലാഹുവിന്റെ ആജ്ഞയെ ലംഘിക്കുകയില്ല. അല്ലാഹു എന്നെ കൈവിടുകയുമില്ല'എന്ന തിരുമേനി (സ) മറുപടി നൽകി. അനന്തരം കരാർപത്രിക എഴുതുവാനായി, ഒസിബ്‌നുഖൈലദ് (റ) വിനെ തിരുമേനി (സ) വിളിച്ചപ്പോൾ, അലീയോ ഉസ്മാനൊ എഴുതുന്നതാണ് നല്ലതെന്ന സുഹൈൽ അഭിപ്രായപ്പെട്ടു. ആ അഭിപ്രായവും തിരുമേനി (സ) സ്വീകരിച്ചു. അലീ (ക. വ.) യോട് കരാർപത്രിക എഴുതുവാൻ തിരുമേനി (സ) ആജ്ഞാപിച്ചു. 'ബിസ്മില്ലാഹിർ'ഹ്മാനിർ റ'ഹീം' എന്ന തലവാചകമെഴുതുവാൻ തിരുമേനി (സ) നിർദ്ദേശിച്ചപ്പോൾ, 'റ'ഹ്മാനിർ റ'ഹീം'തനിക്കറിഞ്ഞുകൂടെന്നും അറബികളുടെ പതിവനുസരിച്ച് 'ബിസ്മികല്ലാഹുമ്മ' എന്നുമാത്രം എഴുതിയാൽ മതിയെന്നും സുഹൈൽ നിർദ്ദേശിച്ചു. മുസ്‌ലിം പക്ഷത്തു നിന്നു കനത്ത എതിർപ്പുണ്ടായെങ്കിലും അവരെയെല്ലാം സമാധാനിപ്പിച്ചുകൊണ്ടു, ആ അഭിപ്രായവും തിരുമേനി (സ) സ്വീകരിച്ചു അതിനു ശേഷം 'അല്ലാഹുവിന്റെ റസൂൽ സുഹൈലുബ്നു അംറുമായി ചെയ്ത കരാർ പത്രം' എന്നെഴുതുവാൻ തിരുമേനി (സ) കല്പിക്കുകയും അലീ (ക. വ.) അപ്രകാരം എഴുതുകയും ചെയ്തു സുഹൈൽ ആ വാചകത്തിലും ഒരു ഭേദഗതി ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു:-'അല്ലാഹുവിന്റെ റസൂലാണ് താങ്കളെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ഞങ്ങൾ അങ്ങിനെ വിശ്വസിച്ചിരുന്നെങ്കിൽ ഇങ്ങിനെ ഒരു കരാറിന്റെ ആവശ്യമില്ലല്ലൊ. അതുകൊണ്ടു, അല്ലാഹുവിന്റെ റസൂൽ എന്നതു 'അബ്ദുല്ലായുടെ മകൻ മുഹമ്മദ്' എന്നാക്കി മാറണം' തിരുമേനി (സ) ആ അഭിപ്രായവും സ്വീകരിച്ചു. സഹാബിമാർ അവരുടെ കോപതാപങ്ങൾ പ്രകടിപ്പിക്കാതെ ഒതുക്കി നിറുത്തി. അലീ (ക. വ.) മേൽപ്രകാരം തിരുത്തുവാൻ വൈമനസ്യം പ്രദർശിപ്പിച്ചപ്പോൾ തിരുമേനി (സ) ആ പത്രികയെടുത്തു 'റസൂലുല്ലാ' എന്ന വാക്കു തുടച്ചുമായ്ച്ചു കളഞ്ഞു. ആ സ്ഥാനത്ത് അബ്ദുല്ലായുടെ മകൻ മുഹമ്മദ് എന്നെഴുതുവാൻ തിരുമേനി (സ) നിർദ്ദേശിച്ചു. വ്യസനം അടക്കുവാൻ കഴിയാതെ, അലീ (ക. വ.) പൊട്ടിക്കരഞ്ഞു. 'മുഹമ്മദർ റസൂലുല്ലാ:' എന്നു എഴുതുവാൻ തന്നെ അദ്ദേഹം ആഗ്രഹിച്ചു. 'താങ്കളെസ്സംബന്ധിച്ചും ഇങ്ങിനെ ഒരു അനുഭവം ഉണ്ടാകുവാനിരിക്കുന്നു. അന്നു താങ്കൾ ഇഷ്ടപ്പെടാത്തതും താങ്കൾ എഴുതും' എന്നു തിരുമേനി (സ) അലീ (ക. വ.) യോട് പറയുകയുണ്ടായി * വാക്കു തിരുത്തിയെഴുതുവാൻ തിരുമേനി (സ) പറഞ്ഞപ്പോൾ, അലീ (ക. വ.) അങ്ങിനെ

---

* അലീ (ക. വ.) യുടെ ഖിലാഫത്തിനെ സംബന്ധിച്ചു മുആവിയ (റ) വുമായി നടന്ന സിഫ്ഫീൻ എന്ന യുദ്ധത്തിനു ശേഷമുണ്ടായ സന്ധി സംഭാഷണത്തെത്തുടർന്നു കരാർ പത്രിക എഴുതുമ്പോൾ, 'അമീറുൽമുഅ്മിനീൻ അലിയ്യിബ്നു അബീതാലിബും അബീസുഫ്യാന്റെ പുത്രൻ മുആവിയായും തമ്മിലുള്ള കരാർ പത്രം' എന്നു എഴുതിയപ്പോൾ, മുആവിയായുടെ പക്ഷത്തെ പ്രതിനിധീകരിച്ച അംറുബ്നുൽ ആസീ (റ) ഒരു തടസ്സവാദം ഉന്നയിച്ചു. 'അമീറുൽമുഅ്മിനീൻ' എന്നതു മായ്ക്കണം എന്നു അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹത്തെ 'അമീറുൽ മുഅ്മി'നായി ഞങ്ങൾ അംഗീകരിച്ചിട്ടില്ലെന്നു അദ്ദേഹം വാദിച്ചു. അലീ (ക. വ.) യുടെ പക്ഷത്തെ പ്രതിനിധീകരിച്ച ഇമാറത് (റ) ഈ തടസ്ഥവാദത്തെ എതിർത്തു. അലീ (ക. വ.) ആ പ്രശ്നത്തിൽ ഇടപെടുകയും 'അമീറുൽമുഅ്മിനീൻ' എന്ന വാക്കു മാറ്റി എഴുതുവാൻ എഴുത്തുകാരനു നിർദ്ദേശം നല്കുകയുമുണ്ടായി. 'പകരത്തിനു പകരം' എന്നുപറഞ്ഞുകൊണ്ടു അലീ (ക. വ) അല്ലാഹുവിനെ സ്തുതിച്ചു.

ചെയ്യാതിരുന്നതിനെ സഹാബിമാരിൽ ഭൂരിപക്ഷം ശരിവെച്ചു. ഉസൈദിബ്‌നു ഹുളൈർ(റ), സഅ്‌ദിബ്‌നു ഉബാദത്ത് (റ) എന്നിവർ 'അല്ലാഹുവിന്റെ റസൂൽ' എന്ന വാക്കു തിരുത്തി എഴുതാതിരിക്കുവാനപേക്ഷിച്ചുകൊണ്ട് അലീ (ക. വ.) യുടെ കൈ പിടിച്ചു വെച്ചു. 'മുഹമ്മദർ റസൂലുല്ലാ എന്ന വാക്കു മാറരുതെന്നു' അവർ അപേക്ഷിച്ചു. അങ്ങിനെ എഴുതുന്നതിനെ എതിർപക്ഷം ഇഷ്ടപ്പെടുകയില്ലെങ്കിൽ അവരുമായി സന്ധി വേണ്ടെന്നും യുദ്ധം തന്നെ ആവാമെന്നും സഹാബിമാരിൽ പലരും വിളിച്ചു പറഞ്ഞു. നമ്മുടെ ദീനിനു ചേരാത്ത ഒരു കാര്യം അനുവദിച്ചു കൊടുത്തുകൂടെന്നു സഹാബിമാരിൽ മറെറാരു കൂട്ടം വിളിച്ചു പറഞ്ഞു. അന്തരീക്ഷം ശബ്ദായമാനമായി. നിശ്ശബ്ദരായിരിക്കുവാൻ തിരുമേനി (സ) ആംഗ്യംകൊണ്ടു സഹാബിമാരോടു നിർദ്ദേശം നല്കി. 'മുഹമ്മദ്‌ബിബ്‌നു അബ്ദുല്ലാ:' എന്നെഴുതുവാൻ തിരുമേനി (സ) വീണ്ടും നിർദ്ദേശിച്ചു. അലീ (ക. വ.) അങ്ങിനെ എഴുതി. [മുഹമ്മദിബ്‌നു മസ്‌ലത് (റ) വാണു് ആ വാക്കു എഴുതിയതെന്നും പക്ഷാന്തരമുണ്ടു്.] മുഹമ്മദിബ്‌നു മസ്‌ലമത് (റ) എഴുതി എന്ന അഭിപ്രായമാണു് പ്രബലമായിക്കാണുന്നതു് അലീ (ക. വ.) എഴുതിയ കരാർ പത്രികയുടെ ഒരു പകർപ്പു മുഹമ്മദിബ്‌നു മസ്‌ലമത് (റ) എഴുതിയെന്നും ചരിത്രകാരന്മാർ ചിലർ പ്രസ്താവിച്ചിട്ടുണ്ടു്.

'മുഹമ്മദർ റസൂലുല്ലാ' എന്ന വാക്കു മായ്ച്ചു 'മുഹമ്മദിബ്‌നു അബ്ദുല്ലാ' എന്നെഴുതിയതു തിരുമേനി (സ) തന്നെയാണെന്നു പണ്ഡിതന്മാരിൽ ചിലർ പറഞ്ഞിട്ടുണ്ടു്. നബി (സ) 'ഉമ്മിയ്യു' —അനക്ഷരജ്ഞൻ—ആണെന്നുള്ളതു പ്രസിദ്ധമായ ഒരു സത്യമാണു്. 'നാം ഇറക്കിക്കൊടുത്ത ഖുർആൻ ഓതുകയും പഠിക്കുകയും ചെയ്തതുകൊണ്ടു അവിടുന്നു് ഉമ്മിയ്യു് അല്ലാതാവുന്നില്ല' എന്നതത്തിലുള്ള ഒരു ആയത്തു അല്ലാഹു ഇറക്കിട്ടുണ്ടു്. ഈ വക സംഗതികളും തിരുമേനി (സ) യുടെ മുഅ്ജിസത്തിൽ ഉൾപ്പെടുന്നു.

ഈ ഉടമ്പടി മുസ്‌ലിംകൾക്കു ഗുണകരമാണെന്നു അല്ലാഹു അറിയിച്ചതുകൊണ്ടാണു് തിരുമേനി (സ) ഉടമ്പടിക്കു സന്നദ്ധനായതും എതിർ പക്ഷക്കാർക്കു വേണ്ടി സുഹൈൽ ഉന്നയിച്ച നിബന്ധനകളെല്ലാം തന്നെ ചോദ്യം ചെയ്യാതെ സ്വീകരിച്ചതും. യാതൊരു ഭിന്നാഭിപ്രായവും പ്രകടിപ്പിക്കാതെ ആ സമാധാന സന്ധിയെ തുടർന്നു സ്വീകരിച്ചതു് ഏക വ്യക്തി അബൂബകർ സിദ്ദീഖ് (റ) മാത്രമാകുന്നു. അദ്ദേഹം മാത്രമെ തിരുമേനി(സ)യുടെ അന്തരംഗം പൂർണ്ണമായി ഗ്രഹിച്ചിരുന്നുള്ളു. 'അല്ലാഹു എന്റെ ഹൃദയത്തിൽ നിക്ഷേപിച്ച ഒന്നും തന്നെ അബൂബകറിന്റെ ഹൃദയത്തിലേക്കു ഞാൻ പകർന്നു കൊടുക്കാതിരുന്നിട്ടില്ല' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അബൂബകർ സിദ്ദീഖ് (റ) പറയുകയുണ്ടായി. 'ഹുദൈബിയ്യായിലുണ്ടായ വിജയം പൂർണ്ണമായതു പോലെ, മറെറാരു വിജയവും പൂർണ്ണമായിട്ടില്ല. പക്ഷെ, അതു ഒരു വിജയമല്ലെന്നു ആ ഘട്ടത്തിൽ ജനങ്ങൾ ധരിച്ചു പോയി. സഹാബിമാർ ധൃതി കാണിച്ചു. അല്ലാഹു സാവകാശം ആ വിജയം വെളിപ്പെടുത്തി. തിരുമേനി (സ) ക്ഷമിച്ചു. അല്ലാഹു അവന്റെ വേണ്ടുക നടത്തി. ഹജ്ജതുൽ വിദാഇൽ തിരുമേനി (സ) ഹദ്‌യ അറുക്കുമ്പോൾ ഈ സുഹൈലിബ്‌നു അംറ് തിരുമേനി (സ) യെ പററി നില്ക്കുന്നതും, തിരുമേനി (സ) ക്ഷൌരം ചെയ്ത തലമുടിയിൽ തനിക്കു കിട്ടിയ രണ്ടോ മൂന്നോ തലമുടി കണ്ണിൽ വെച്ചു ആദരിക്കുന്നതായും ഞാൻ കണ്ടു.'

സുഹൈലിന്റെ നിർദ്ദേശങ്ങൾക്കു പരി

പൂർണ്ണമായി വഴങ്ങിക്കൊണ്ട് കരാർ പത്രിക തയ്യാറാക്കപ്പെട്ടു. 'ഇസ്‌ലാം മതം വിശ്വസിച്ചിട്ടായാലും ശരി, ഞങ്ങളുടെ പക്ഷത്തു നിന്നും ഒരാൾ നിങ്ങളുടെ പക്ഷത്തു വന്നാൽ അയാളെ ഞങ്ങൾക്കു വിട്ടു തരേണം'മെന്നും സുഹൈൽ ഉന്നയിച്ച നിബന്ധന എന്തടിസ്ഥാനത്തിലാണ് സ്വീകരിപ്പാൻ സാധിക്കുകയെന്നു ഉമർ ഖത്താബ് (റ), ഉസൈബിബ്‌നു ഹളീർ (റ), സഅ്ദുബ്‌നു ഉബാദത് (റ), സഹ്‌ലുബ്‌നു ഹനീഫ് (റ) എന്നിവരും മറ്റു ചില സഹാബിമാരും വ്യക്തമായിത്തന്നെ ചോദിച്ചു. 'നമ്മുടെ പക്ഷത്തു വന്ന ഒരാൾ എങ്ങോട്ടു പോയാലും അല്ലാഹു അദ്ദേഹത്തിനു വിജയം നല്കും' എന്നു തിരുമേനി (സ) അവർക്കു മറുപടി നല്കി.

ഉടമ്പടിയിൽ ഉഭയകക്ഷികളും ഒപ്പുവെച്ചു.

ഈ കരാറിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾക്കു മക്കയിലേക്കും അമുസ്‌ലിംകൾക്കു മദീനയിലേക്കും സ്വതന്ത്രമായി യാത്രചെയ്യുവാൻ അവസരം ലഭിച്ചു. പരസ്പരം ബന്ധുക്കളുമായി സമ്പർക്കം പുലർത്തുവാൻ മാത്രമല്ല, തിരുമേനി (സ) യുടെ ആചാരനടപടികളും മക്കക്കാർ നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ കൂടി ഈ സംഭവം ഇട വരുത്തി. മക്കക്കാരിൽ പ്രധാനികളായ ഖലീദിബ്‌നു വലീദ്, അംറുബ്‌നുൽ ആസ്വീ തുടങ്ങിയ പലരും, മക്കാ വിജയത്തിനു മുമ്പ് തന്നെ ഇസ്‌ലാമിലേക്കു വാതിൽ തുറന്നു കൊടുത്തതു ഹുദൈബിയ്യായിലെ ഉടമ്പടിയാകുന്നു.

ഹുദൈബിയ്യാ ഉടമ്പടി എഴുതിക്കഴിഞ്ഞെങ്കിലും അതു പരസ്പരം കൈമാറുന്നതിനു മുമ്പ് ഒരു സംഭവം ഉണ്ടായി. ഖുറൈശികളുടെ പ്രതിനിധിയായ സുഹൈലിന്റെ പുത്രൻ അബൂജന്ദൽ (റ) മക്കയിൽവെച്ചു ഇസ്‌ലാംമതം വിശ്വസിക്കുകയും മദീനയിലേക്കു പലായനം ചെയ്യാൻ ഒരുങ്ങിയപ്പോൾ മക്കക്കാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കുകയും ചെയ്തിരുന്നു. ഹുദൈബിയ്യായിൽ തിരുമേനി (സ) യും സഹാബികളും വന്നിട്ടുണ്ടെന്നറിഞ്ഞപ്പോൾ, ഇരുമ്പുചങ്ങലയാൽ ബന്ധിതനായ നിലയിൽ തന്നെ അദ്ദേഹം ക്ലേശിച്ചുകൊണ്ടു ഹുദൈബിയ്യായിലേക്കു പുറപ്പെട്ടു. കരാർപത്രിക എഴുതിക്കഴിഞ്ഞപ്പോഴേക്കും അദ്ദേഹം തിരുമേനി (സ) യുടെ സന്നിധിയിൽ എത്തിക്കഴിഞ്ഞു. ബന്ധനത്തിൽനിന്നു ചാടിപ്പോന്ന മകനെ കണ്ടപ്പോൾ ക്രുദ്ധനായ സുഹൈൽ മകന്റെ മുഖത്തു് ആഞ്ഞടിച്ചു. മുസ്‌ലിംകൾക്കു അബൂജന്ദലിന്റെ നേരെ സഹതാപവും സുഹൈലോടു കോപവുമുണ്ടായി. പക്ഷെ, അവർ പ്രതികാരത്തിനു ഒരുങ്ങിയില്ല. ക്രുദ്ധനായ സുഹൈൽ തിരുമേനി (സ) യോടു ഇപ്രകാരം പറഞ്ഞു:– 'കരാറനുസരിച്ചു ഇവനെ എനിക്കു വിട്ടുതരേണം. ഈ സംഭവം കരാറിന്റെ സാധുതക്കു തെളിവായിരിക്കട്ടെ.' 'കരാർ എഴുതുകയല്ലാതെ കൈമാറുന്നതിനു മുമ്പാണല്ലൊ ഇദ്ദേഹം ഇവിടെ എത്തിച്ചേർന്നതു്. അതുകൊണ്ടു ഇദ്ദേഹത്തെ വിട്ടുതരേണമെന്നില്ല' എന്നു തിരുമേനി (സ) മറുപടി നൽകി. തിരുമേനി (സ) യുടെ മറുപടി സുഹൈൽ സ്വീകരിച്ചില്ല. അപ്പോൾ അബൂജന്ദൽ (റ) പറഞ്ഞു:– 'ഹേ, മുസ്‌ലിംകളെ, നിങ്ങൾ എന്നെ മക്കക്കാർക്കു വിട്ടുകൊടുക്കരുതു്. വിട്ടുകൊടുത്താൽ അവർ എന്നെ ക്രൂരമായി മർദ്ദിക്കും. ഇസ്‌ലാംമതത്തെ ഉപേക്ഷിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു അവർ പലവിധ ശ്രമങ്ങൾക്കും എന്നെ വിധേയനാക്കീട്ടുണ്ടു്. ഇനി, കൂടുതൽ കഠിനമായ മർദ്ദനങ്ങൾ എന്റെ നേരെ അവർ നടത്തുമെന്നു ഞാൻ ഭയപ്പെടുന്നു.' ഇതുകേട്ടപ്പോൾ, ഇദ്ദേഹത്തെ ഞങ്ങൾക്കു വിട്ടുതരേണമെന്നു തിരുമേനി (സ) വീണ്ടും

ആവശ്യപ്പെട്ടെങ്കിലും, സുഹൈൽ സമ്മതിച്ചില്ല. സുഹൈൽ ഈ കാര്യത്തിൽ വാശിപിടിച്ചതു കണ്ടപ്പോൾ ഉമർഫാറൂഖ് (റ) അബൂജന്തൽ (റ) വിനെ അഭിമുഖീകരിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു:- 'യാ അബാജന്തൽ, താങ്കൾ ക്ഷമിക്കുക. (സുഹൈലിനെ ചൂണ്ടിക്കൊണ്ട്) ഇവർ മുശ്‌രിക്കുകളാണ്. ഇവരുടെ രക്തം നായയുടെ രക്തത്തിനു തുല്യമാണ്. താങ്കളുടെ കയ്യിൽ വാളുണ്ടല്ലൊ. ആ വാൾകൊണ്ട് ഇദ്ദേഹത്തെ കൊല്ലുക എന്റെ ബാപ്പ എന്നോട് ഇങ്ങിനെ പ്രവർത്തിക്കുന്നപക്ഷം ഞാൻ അദ്ദേഹത്തെ കൊല്ലാതെ വിടുകയില്ല.' 'എന്റെ പിതാവിനെ കൊല്ലുവാൻ എനിക്ക് പാടുണ്ടെങ്കിൽ, മറ്റുള്ളവർക്ക് എന്തു കൊണ്ട് അതു ചെയ്തുകൂടാ' എന്നു അബൂജന്തൽ (റ) ചോദിച്ചു. 'തിരുമേനി (സ) ഞങ്ങളെ തടഞ്ഞിരുന്നില്ലെങ്കിൽ ഞങ്ങൾ അദ്ദേഹത്തെ കൊല്ലുമെന്നുള്ളതു സംശയമറ്റ കാര്യമാണെന്നു ഉമർഫാറൂഖ് (റ) മറുപടി നൽകി; 'യാ അബാജന്തൽ, നിങ്ങൾ ക്ഷമിക്കുക. അല്ലാഹു നിങ്ങൾക്കു വിജയം നൽകും' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അബൂജന്തലിനെ വിട്ടതന്നാൽ ഞങ്ങൾ അദ്ദേഹത്തെ ഉപദ്രവിക്കുകയില്ലെന്നു മക്‌റുസുബ്‌നുഹഫ്‌സും, ഹുവൈതബും വാക്കുകൊടുത്തതനുസരിച്ചു തിരുമേനി (സ) അബൂജന്തൽ (റ) വിനെ അവർക്കു വിട്ടുകൊടുത്തു.

തിരുമേനി (സ) യും സഹാബിമാരും ഹുദൈബിയ്യായിൽ പത്തിനും ഇരുപതിനുമിടയിലുള്ള ദിവസങ്ങൾ താമസിച്ചു. തിരുമേനി (സ) അവിടെ താമസിച്ച ദിവസങ്ങളുടെ എണ്ണം പത്തിൽ കുറയുകയില്ലെന്നും ഇരുപതിൽ അധികരിക്കുകയില്ലെന്നുമാണ് ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുള്ളതു. ഉടമ്പടിക്കുശേഷം തിരുമേനി (സ) യും സംഘവും മദീനയിലേക്കു പുറപ്പെട്ടു. അവർ, കറാഉൽഗമീം എന്ന സ്ഥലത്തെത്തിയപ്പോൾ 'ഇന്നാ ഫതഹ്‌നാ ലക ഫത്ഹമ്മുബീനാ' എന്ന വിജയത്തിന്റെ ആയത്തിറങ്ങി.

ഹുദൈബിയ്യായിൽ നിന്നുതന്നെ സഹാബിമാരുടെ കയ്യിലുണ്ടായിരുന്ന ഭക്ഷണം മിക്കവാറും തീർന്നുപോയിരുന്നു. മടക്കയാത്രയിൽ അവർ വിശന്നു വലഞ്ഞു. സംഗതി മനസ്സിലാക്കിയ തിരുമേനി (സ), സഹാബിമാരുടെ കയ്യിൽ അവശേഷിച്ച ആകെ ഭക്ഷണസാധനങ്ങൾ തന്റെ പാത്രത്തിൽ ഇട്ടു അതിൽ തുക്കരം വെച്ചു സഹാബിമാരിൽ ഓരോരുത്തരും അതിൽനിന്നെടുത്തു വേണ്ടുവോളം ഭക്ഷിച്ചു. എന്നിട്ടും ആ പാത്രത്തിൽ ഭക്ഷണസാധനങ്ങൾ ബാക്കിയായി.

ഉസ്‌മാനിബ്‌നുഅഫ്ഫാൻ (റ) വിന്റെ മാതാവിൽ മറ്റൊരു ഭർത്താവിനുണ്ടായ പുത്രിയാണ് ഉമ്മുകുൽസും. അവർ ഇസ്‌ലാം മതം വിശ്വസിച്ചു മക്കയിൽ താമസിക്കുകയായിരുന്നു. ഹുദൈബിയ്യായിലെ ഉടമ്പടിക്കുശേഷം തിരുമേനി (സ) മദീനയിലേക്കു തിരിച്ചുപോയ വിവരം അറിഞ്ഞപ്പോൾ, ആ മഹതി മദീനയിലേക്കു പുറപ്പെട്ടു. കൂട്ടുകാർ ആരുമില്ലാതെ ഏകയായിട്ടാണ് അവർ മദീനയിലെത്തിച്ചേർന്നതു. ഉമ്മുകുൽസും (റ) മദീനയിലെത്തിച്ചേർന്ന വിവരം ലഭിച്ചപ്പോൾ, അവരെ തിരിച്ചുവാങ്ങുവാനായി അവരുടെ സഹോദരന്മാരായ ഇമാറത്തും വലീദും മദീനയിലേക്കു പുറപ്പെട്ടു. ഉമ്മുകുൽസും (റ), ഉമ്മുസൽമ: (റ) യുടെ വീട്ടിലാണുണ്ടായിരുന്നതു് ഇമാറത്തും വലീദും തിരുമേനി (സ) യെ സമീപിച്ചു, ഉമ്മുകുൽസുമിനെ വിട്ടുതരേണമെന്നാവശ്യപ്പെട്ടു. അപ്പോൾ, ഹുദൈബിയ്യായിലെ ഉടമ്പടി സ്ത്രീകൾക്കു ബാധകമല്ലെന്നു നിർദ്ദേശിക്കുന്ന ആയത്തിറങ്ങി. ആ മഹതിയെ തിരുമേനി

(സ) മക്കക്കാർക്ക് വിട്ടുകൊടുത്തില്ല. ഈ സംഭവത്തിനുശേഷം ധാരാളം സ്ത്രീകൾ മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്‌റചെയ്തു.

ഇസ്‌ലാംമതം വിശ്വസിച്ചതുമൂലം ബന്ധനസ്ഥനാക്കപ്പെട്ട നിലയിൽ കുറെക്കാലമായി തീവ്രയാതനകൾ അനുഭവിച്ച പോരുകയായിരുന്ന അബൂബസീർ (റ) എങ്ങോ വിധത്തിൽ ബന്ധനത്തിൽനിന്നും രക്ഷപ്പെട്ട മദീനയിൽ എത്തിച്ചേർന്നു. അദ്ദേഹത്തെ മക്കയിലേക്ക് തിരിച്ചയപ്പാൻ ആവശ്യപ്പെട്ടുന്ന ഒരു കത്തോടുകൂടി ഖുറൈസുൽആമിരി എന്ന ആളെയും ഒരു ഭൃത്യനെയും ഖുറൈശികൾ മദീനയിലേക്ക് പറഞ്ഞയച്ചു. കരാറനുസരിച്ച് ആ സഹാബിയെ മക്കയിലേക്ക് തിരിച്ചയക്കാതിരിപ്പാൻ തിരുമേനി (സ)ക്ക് നിർവ്വാഹമുണ്ടായിരുന്നില്ല. താങ്കൾക്കും മക്കയിൽ താങ്കളെപ്പോലെ ക്ലേശിച്ചുകൊണ്ട് കഴിഞ്ഞുകൂടുന്ന മുസ്‌ലിംകൾക്കും കാലവിളംബമെന്യെ വിജയം ലഭിക്കുമെന്നും ദുഃഖിക്കാതിരിക്കേണമെന്നും പറഞ്ഞുകൊണ്ട് തിരുമേനി (സ) അബൂബസീർ (റ)വിനെ ഖുറൈസുൽആമിരിയുടെകൂടെ മക്കയിലേക്ക് തിരിച്ചയച്ചു. ദുൽഹുലൈഫത്ത് എന്ന സ്ഥലത്തെത്തിയപ്പോൾ അബൂബസീർ (റ) സൂത്രത്തിൽ ഖുറൈസുൽ ആമിരിയുടെ വാൾ കരസ്ഥമാക്കുകയും ആ വാൾകൊണ്ടുതന്നെ ഖുറൈസിനെ കൊല്ലുകയുംചെയ്തു. ഖുറൈസിന്റെ കൂടെയുണ്ടായിരുന്ന ഭൃത്യൻ മദീനയിലേക്കുതന്നെ തിരിച്ചോടുകയും ഖുറൈസ് കൊല്ലപ്പെട്ടവിവരം തിരുമേനി (സ)യെ അറിയിക്കുകയുംചെയ്തു. അപ്പോഴേക്കും അബൂബസീർ (റ) വും അവിടെ എത്തിച്ചേർന്നു. അദ്ദേഹം തിരുമേനി (സ)യോട് ഇപ്രകാരം ബോധിപ്പിച്ചു:- 'യാറസൂലല്ലാ, കരാറനുസരിച്ച് താങ്കൾ പ്രവർത്തിച്ചു. ഖുറൈസിന്റെ വധം എന്നെസ്സംബന്ധിക്കുന്ന വ്യക്തിപരമായ പ്രശ്നമാണ്. എന്റെ വിശ്വാസത്തെ രക്ഷിപ്പാൻ ഞാൻ അയാളെ കൊന്നു.' 'ഇനി താങ്കൾ ഇവിടെ നിൽക്കാതെ, എവിടെക്കെങ്കിലും പോയിക്കൊള്ളുക'എന്നു തിരുമേനി (സ) അദ്ദേഹത്തെ ഉപദേശിച്ചു. അദ്ദേഹം ശാമിലേക്കുള്ള വഴിയിൽ ഒരിടത്തു താമസമാക്കി. മക്കയിൽനിന്നു ശാമിലേക്കും ശാമിൽനിന്നു മക്കയിലേക്കും യാത്രചെയ്തുകൊണ്ടിരുന്ന മക്കക്കാരുടെ കച്ചവടസംഘത്തെ ലക്ഷ്യംവെച്ചുകൊണ്ടാണ് അദ്ദേഹം അവിടെ താമസമാക്കിയതു്. അബൂബസീർ (റ) അവിടെ താമസമാക്കിയ വിവരം അറിഞ്ഞപ്പോൾ മക്കയിൽനിന്നു എഴുപതുപേരടങ്ങിയ ഒരു മുസ്‌ലിം സംഘം അവിടത്തേക്കു പുറപ്പെട്ടു. ഗിഫാരീഗോത്രക്കാരായ ഒരുകൂട്ടം ആളുകളും ആ സംഘത്തിൽചേർന്നു. ഹുദൈബിയ്യായിൽനിന്നു ശത്രുക്കൾ തിരികെകൂട്ടിക്കൊണ്ടുപോയ അബൂജന്തലിബ്‌നുസുഹൈൽ (റ) വാണ് ഈ സംഘത്തിനു നേതൃത്വം നൽകിയതു്. ആ സംഘത്തിന്റെ അംഗസംഖ്യ, മുന്നൂറായിത്തീർന്നു. കണ്ണിൽപ്പെട്ട ഒരു ഖുറൈശിയെയും ആ സംഘത്തിലെ ജനങ്ങൾ വെറുതെ വിട്ടില്ല ഖുറൈശികളുടെ കച്ചവടസംഘത്തിനു രക്ഷയില്ലാതായി. തന്നിമിത്തം ഖുറൈശിനേതാക്കൾ തിരുമേനി (സ)യെ സമീപിച്ചു വസ്തുതകൾ ഉണർത്തുകയും, തങ്ങളുടെ കച്ചവടസംഘങ്ങളെ ഉപദ്രവിക്കാതിരിപ്പാൻ മുസ്‌ലിംകൾക്കു നിർദ്ദേശം നൽകേണമെന്നു അഭ്യർത്ഥിക്കുകയും, മദീനയിൽ ചെല്ലുന്ന മക്കക്കാരെ തങ്ങൾക്കു വിട്ടുതരേണമെന്നുള്ള നിബന്ധന ഹുദൈബിയ്യാ കരാറിൽനിന്നു നീക്കംചെയ്തുകൊള്ളാമെന്നു ബോധിപ്പിക്കുകയുംചെയ്തു. അതനുസരിച്ചു, മേലിൽ ഖുറൈശികളെ ഉപദ്രവിക്കാതിരിപ്പാൻ അബൂബസീർ (റ), അബൂജന്തൽ (റ) എന്നിവർക്കു, ഒരു കത്തുവഴി, തിരുമേനി (സ) നിർദ്ദേശം നൽകി. അ

തനുസരിച്ച ആ സഹാബിമാർ ഖുറൈശികളെ എതിർക്കുക എന്ന പരിപാടിയിൽനിന്നു പിൻവാങ്ങി.

ഹുദൈബിയ്യായിലെ ഉടമ്പടിയിലെ സുപ്രധാനമായ നിബന്ധന ഉൾപ്പെടുത്തുവാൻ ഖുറൈശികൾതന്നെ മുൻകയ്യെടുക്കുകയും, ആ നിബന്ധന കരാറിൽനിന്നു നീക്കംചെയ്യുവാനുള്ള അഭ്യർത്ഥനയുമായി അവർ തിരുമേനി (സ) യെ സമീപിക്കുകയും, ആ നിബന്ധന അവർ തന്നെ നീക്കം ചെയ്യിക്കുകയും ചെയ്തുകണ്ടപ്പോൾ, കരാർ ഉണ്ടാക്കുന്ന സന്ദർഭത്തിൽ എതിരഭിപ്രായം പ്രകടിപ്പിച്ച സഹാബിമാർ, തങ്ങൾ ചെയ്തുപോയ അപരാധത്തെക്കുറിച്ചു ബോധവാന്മാരാവുകയും പശ്ചാത്തപിക്കുകയും, തിരുമേനി (സ) യുടെ സ്ഥൈര്യത്തെയും ക്ഷമയെയും സഗൗരവം പ്രശംസിക്കുകയും ചെയ്തു. ഉമർ (റ) താൻ ചെയ്തുപോയ അപരാധത്തെ ഓർത്തു ഹൃദയം നുറുങ്ങുമാറു വ്യസനിക്കുകയും, അതിന്റെ പ്രായശ്ചിത്തമായി ദാനധർമ്മങ്ങൾ നടത്തുകയും, നോമ്പുനോൽക്കുകയും നിസ്‌ക്കരിക്കുകയുംചെയ്തു. ഈ അപരാധത്തിന്റെ പരിഹാരാർത്ഥം ഒരു കൊല്ലം അദ്ദേഹം നോമ്പു നോറ്റുവെന്നു പറയപ്പെട്ടിട്ടുണ്ട്.

ഹിജ്‌റ ആറാംകൊല്ലത്തിൽ മദ്യപാനം പരിപൂർണ്ണമായും വിലക്കപ്പെട്ടു. മൂന്നുഘട്ടങ്ങളിലായിട്ടാണ് ഇസ്‌ലാമിൽ മദ്യനിരോധം നടപ്പാക്കപ്പെട്ടതു്. ആദ്യകാലത്തു്, തിരുമേനി (സ) യെ, സഹാബിമാരെല്ലാം തന്നെ മദ്യം സേവിച്ചിരുന്ന 'യസ്അലൂനക അനിൽ' ഖംറി വൽ മൈസറി* എന്നു തുടങ്ങുന്ന ആയത്തവതരിച്ചപ്പോൾ, സഹാബിമാരിൽ ചിലർ മദ്യപാനത്തിൽനിന്നു വിരമിക്കുകയും മറു ചിലർ മദ്യപാനം തുടരുകയും ചെയ്തു. ഇതാണ് മദ്യനിരോധനത്തിന്റെ ഒന്നാംഘട്ടം. അതിനുശേഷം, 'വലാതഖ്‌റബുസ്സലാതവഅന്തും സുകാറാ' * എന്ന ആയത്തവതരിച്ചു. അലീ (ക. വ.) പറയുന്നു:- 'അബ്ദുർറഹ്മാനിബ്നുഔഫ് നൽകിയ ഒരു സൽക്കാരത്തിൽ സംബന്ധിച്ച സഹാബിമാർ മദ്യപിക്കുകയുണ്ടായി. ഞാനും മദ്യപിച്ചു. മദ്യത്തിന്റെ ലഹരിയിൽ എന്റെ ധാരാണാശക്തി ക്ഷയിച്ചു. അന്നു മഗ്‌രിബ് നിസ്കരിക്കുമ്പോൾ 'ഖുൽയാ അയ്യുഹൽ കാഫിറൂന ലാ അഅ്ബുദു മാതഅ്ബുദൂന വനഹ്നു നഅ്ബുദു മാതഅ്ബുദൂന' എന്നും, 'ലൈസലീ ദീനുൽ വലൈസലകും ദീനുൽ' എന്നും തെറ്റായ നിലയിൽ ഞാൻ ഓതിപ്പോയി. അതിനെത്തുടർന്നു പ്രസ്തുത ആയത്തവതരിച്ചു" ഇതാണ് മദ്യനിരോധനത്തിന്റെ രണ്ടാമത്തെ ഘട്ടം. ഈ ആയത്തു ഇറങ്ങിയതിനുശേഷം, നിസ്കരിക്കുന്ന ഘട്ടങ്ങളിൽ സഹാബിമാരിൽ ആരുംതന്നെ ലഹരിസാധനങ്ങളും ഉപയോഗിക്കുകയുണ്ടായില്ല. അതിനുശേഷം, മദ്യപാനത്തെ പരിപൂർണ്ണമായി നിരോധിച്ചുകൊണ്ട് 'ഇന്നമൽ ഖംറു വൽമൈസറു' ** എന്നു തുടങ്ങുന്ന ആയത്തു അവതരിച്ചു. ആ ആയത്തിറങ്ങിയതോടുകൂടി മുസ്‌ലിമായ ഓരോ വ്യക്തിയും മദ്യപാനം എന്നെന്നേക്കുമായി വർജ്ജിച്ചു. [മദ്യപാനം നിരോധിക്കപ്പെട്ടതു ഹിജ്‌റാബ്ദം മൂന്നാംവർഷത്തിലാണെന്നും നാലാം വർഷത്തിലാണെന്നും പക്ഷാ

* മദ്യത്തെപ്പറ്റിയും ചൂതാട്ടത്തെപ്പറ്റിയും ചോദിക്കപ്പെട്ടാൽ, അവയിൽ മനുഷ്യർക്കു ചില നന്മയും ചില തിന്മയും ഉണ്ടെന്നു പറയുക എന്നർത്ഥമുള്ള ആയത്തു്

* മദ്യപിച്ച നിലയിൽ നിങ്ങൾ നിസ്‌ക്കാരത്തെ സമീപിക്കരുതു്.

** മദ്യപാനവും ചൂതാട്ടവും ജ്യോത്സ്യവും അസ്‌ലാം എന്ന അമ്പു പയോഗിച്ചു ഭാവികാര്യങ്ങൾ അറിയലും പിശാചിന്റെപ്രവൃത്തികളാകുന്നു.

ന്തരങ്ങളുണ്ട്]

ഖൈബർ യുദ്ധം

ഹിജ്‌റ ഏഴാം വർഷം * മുഹർറമാസത്തിൽ ഖൈബർയുദ്ധം നടന്നു. മദീനയിൽ നിന്നു ഏതാണ്ടു എണ്ണൂറുനാഴിക അകലെ, ശാമിലേക്കുള്ള വഴിയിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണമാണ് ഖൈബർ. അതു അക്കാലത്തു സമൃദ്ധിയുടെ ഒരു നാടായിരുന്നു. നിരവധി കോട്ടകൾ ആ നഗരത്തിൽ തല ഉയർത്തിനിന്നു കൃഷി നിലങ്ങളും ഈത്തപ്പനത്തോട്ടങ്ങളും ആ നഗരത്തെ സമ്പൽസമൃദ്ധവും മനോഹരവുമാക്കി. സമ്പത്തിന്റെ ആധിക്യത്താൽ മതിമറന്ന ആ നാട്ടിലെ യഹൂദികൾ ധിക്കാരികളും അക്രമാസക്തരുമായിരുന്നു. ഇസ്‌ലാമിന്റെ വേരറുക്കുവാനുള്ള എല്ലാ യത്നങ്ങൾക്കും അവർ ഗണ്യമായ പിന്തുണ നൽകി. ഇസ്‌ലാമിന്റെ പുരോഗതിയുടെ മാർഗ്ഗത്തിൽ വിലങ്ങുതടിയായി വർത്തിച്ച ഖൈബറിലെ യഹൂദികളെ യഥാവിധി നേരിടേണ്ടതു ഇസ്‌ലാമിന്റെ നിലനില്പിനെസ്സംബന്ധിച്ചേടത്തോളം ഒരാവശ്യമായിത്തീർന്നു. ആ പ്രശ്നം അടിയന്തിരമായ നിലപാടിലേക്കുനീങ്ങി. അതുകൊണ്ടു ഖൈബറിലേക്കു പുറപ്പെടുവാൻ തിരുമേനി (സ) തീരുമാനിച്ചു. ദുൽഹജ്ജ് മാസം ഒടുവിലാണ് തിരുമേനി (സ) യും സഹാബിമാരും ഹുദൈബിയ്യായിൽനിന്നു മദീനയിലേക്കു തിരിച്ചുപോയതു്. മദീനയിലെത്തി പത്തൊ, പതിനഞ്ചൊ, ഇരുപതൊ ദിവസങ്ങൾക്കകംതന്നെ അവർ ഖൈബറിലേക്കു പുറപ്പെട്ടു. ഹുദൈബിയ്യായിലുണ്ടായിരുന്ന ആയിരത്തിനാനൂറു സഹാബിമാരും ഈ യുദ്ധയാത്രയിൽ തിരുമേനി (സ) യെ അനുഗമിച്ചു. ഇരുനൂറു അശ്വഭടന്മാരും ആ സൈന്യത്തിൽ സംബന്ധിച്ചു. മദീനയുടെ മേൽനോട്ടം വഹിപ്പാൻ ഗൈലതിബ്നു അബ്ദുല്ലാഹിബ്നുഉനൈസീ (റ) വിനെയൊ, സിബാഇബ്നുഅർഫതത് (റ) വിനെയൊ, അവർ രണ്ടുപേരെയുമൊ ഭരമേല്പിച്ചു. ആ യാത്രയിൽ ഉമ്മുസൽമ: (റ) യാണ് തിരുമേനി (സ) യോടൊപ്പമുണ്ടായിരുന്നതു്. ഹുദൈബിയ്യായിൽനിന്നു മദീനയിലേക്കുള്ള മടക്കയാത്രയിൽ തിരുമേനി (സ) ക്കു ലഭിച്ച 'വിജയ'ത്തിന്റെ ആയത്തിൽ ഖൈബർ വിജയത്തിന്റെയും മക്കാവിജയത്തിന്റെയും സൂചനകൾ അടങ്ങിയിരുന്നു. മാത്രമല്ല, ഖൈബറിൽനിന്നു യുദ്ധമുതലുകൾ സിദ്ധിക്കുമെന്നുള്ള സൂചനയും അതിൽ അടങ്ങിയിരുന്നു. തിരുമേനി (സ) നിർദ്ദേശിച്ചതനുസരിച്ചു ആമിറിബ്നുഅക്‌റഅ് (റ) വും സൽമതിബ്നുഅക്‌റഅ് (റ) വും യുദ്ധയാത്രാഗാനമാലപിച്ചു. തിരുമേനി (സ) യും സൈന്യവും അങ്ങിനെ ഖൈബറിലേക്കു പുറപ്പെട്ടു.

തിരുമേനി (സ) യും സൈന്യവും ഖൈബറിലേക്കു പുറപ്പെട്ട വാർത്ത കാലെക്കൂട്ടിത്തന്നെ യഹൂദികൾ അറിഞ്ഞു. മുസ്‌ലിംസേനയോടെതിർക്കുവാൻ പതിനായിരം പേരടങ്ങിയ ഒരു സായുധസേനയെ അവർ ഒരുക്കി. ആ സേന ഖൈബറിന്റെ അതിർത്തിയിൽ അണിനിരന്നു. മുസ്‌ലിംസേനയുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടു രാവും പകലും അവർ ജാഗരൂകരായി വർത്തിച്ചു. പക്ഷെ, തിരുമേനി (സ) യും സൈന്യവും ഖൈബറിന്റെ അതിർത്തിയിലെത്തിയ ആ രാത്രിയിൽ യഹൂദരുടെ സൈന്യം മതിവിട്ടൊരുങ്ങിപ്പോയി. ഒരു പ്രഭാ

---

* ഹിജ്‌റാബ്ദം ആറും ഏഴുംവർഷങ്ങളിൽ ഖൈസർ, കിസ്‌റാ, നജാശീ, മുഖൗഖിസ്, മുൻദിർ, യമനിൽപെട്ട അമ്മാനിലെ രാജാവു്, തുടങ്ങിയ പല രാജാക്കന്മാർക്കു തിരുമേനി (സ) കത്തുകളയച്ചു. കത്തുകളെസ്സംബന്ധിച്ച വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ മറെറാരിടത്തു ക്രോഡീകരിച്ചിട്ടുണ്ടു

തത്തിലാണ് തിരുമേനി (സ) സൈന്യത്തോടൊ ക്കൂടി ഖൈബറിലേക്ക് കടന്നത്. അപ്പോൾ ജൂതസൈന്യം ഒന്നടങ്കം ഗാഢനിദ്രയിൽ ആണ്ടുകിടക്കുകയായിരുന്നു. ഖൈബറിൽ കടന്ന ഉടനെ, തിരുമേനി (സ) പതിവനുസരിച്ച പ്രാർത്ഥിച്ചു. മുസ്‌ലിംസേന നിഷ്പ്രയാസം, സ്വതന്ത്രമായി, ഖൈബറിൽ കടക്കുമെന്ന ആ നഗരവാസികൾ സ്വപ്നേപി കരുതിയിരുന്നില്ല. ഒന്നും സംഭവിച്ചിട്ടില്ലെന്നപോലെ, ആ പ്രഭാതത്തിൽ അവർ അവരുടെ ജോലിസ്ഥലങ്ങളിലേക്ക് പുറപ്പെട്ടു. യാദൃശ്ചികമായി മുസ്‌ലിംസേനയെ കണ്ടപ്പോൾ, അവർ ഭയനാനിലവിളിച്ചുകൊണ്ട് ആത്മരക്ഷാർത്ഥം അഭയസ്ഥാനങ്ങളിലേക്ക് കുതിച്ചു. യഹൂദികളുടെ സൈന്യവും അമ്പരന്നോടി. 'ഖൈബർ കീഴടക്കിത്തന്ന അല്ലാഹുവിനു സ്തുതി' എന്നു തിരുമേനി (സ) അരുളിയപ്പോൾ സഹാബിമാർ തക്ബീർ ധ്വനികളാൽ അന്തരീക്ഷം മുഖരിതമാക്കി. തിരുമേനി(സ)യുടെ 'ഉഖാ' എന്ന വലിയ പതാക ഖബ്ബാബ്‌ബ്‌ൻ മുൻദിർ (റ) വും 'റായത്' എന്ന ചെറിയ പതാക സഅ്ദുബ്‌ൻ ഉബാദത്ത് (റ) വും ഉയർത്തിപ്പിടിച്ചു.

തിരുമേനി (സ) യും സൈന്യവും ഖൈബറിലേക്ക് പുറപ്പെട്ട വിവരം മുൻകൂട്ടിത്തന്നെ യഹൂദികൾക്ക് എത്തിച്ചു കൊടുത്തത് അബ്ദുല്ലാഹിബ്‌ൻ ഉബയ്യുബ്‌ൻ സുല്ലൂൽ ആയിരുന്നു. വിവരം ലഭിച്ച ഉടനെ കുട്ടികളേയും സ്ത്രീകളേയും കശ്ബീത് എന്ന കോട്ടക്കകത്തു താമസിപ്പിച്ചു ആഹാരസാധനങ്ങളും വീട്ടുസാമാനങ്ങളും അതിനകത്തു തന്നെ സൂക്ഷിച്ചു. ധാന്യകളും കൈത്തലുകളും നാഇം എന്ന കോട്ടക്കകത്തു ഭദ്രമായി ഒളിച്ചു വെച്ചു. നതാത് എന്ന വലിയ കോട്ട പട്ടാളക്കാർക്കു വിട്ടു കൊടുത്തു. യുദ്ധസാമഗ്രികൾ ആ കോട്ടക്കകത്തു സൂക്ഷിച്ചു. കോട്ടകളെല്ലാം ഭദ്രമായി അടച്ചു പൂട്ടി. തിരുമേനി (സ) ഖൈബറിൽ കടന്ന ഒരു കോട്ടക്കരികെ താവളമടിപ്പാൻ ഉദ്ദേശിച്ചെങ്കിലും, ഹബ്ബാബ് (റ) വിന്റെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് കുറച്ചകലെ മുമ്പോട്ടു നീങ്ങുകയും, തിരുമേനി (സ) കയറിയ ഒട്ടകം ഒരു പാറക്കെട്ടിന്നടുത്തു മുട്ടു കുത്തിയപ്പോൾ, അവിടെ ഇറങ്ങി താവളമടിക്കുകയും ചെയ്തു. ആ സ്ഥലത്തു തിരുമേനി (സ) ഒരു പള്ളി പണിയുകയും ഖൈബറിൽ നിന്നു മദീനയിലേക്ക് മടങ്ങുന്നതുവരെ അവിടെ താമസിക്കുകയും ചെയ്തു. യഹൂദികളിൽ നിന്നു എതിർപ്പൊന്നും ഉണ്ടായില്ല. കോട്ടക്കകത്തു അഭയം തേടിയ ജൂതപ്പട്ടാളവും പുറത്തിറങ്ങിയില്ല. കോട്ടക്കകത്തുനിന്നു അവർ പുറത്തു തല കാണിച്ചതുമില്ല.

നതാത് എന്ന കോട്ടയുടെ ഉടമസ്ഥന്മാരുടെ വക ഈത്തപ്പനത്തോട്ടത്തിൽ നിന്നു ഈത്തപ്പനകൾ മുറിക്കുവാൻ തിരുമേനി (സ) ആജ്ഞ നല്കി. നാനൂറു ഈത്തപ്പനകൾ സഹാബിമാർ മുറിച്ചിട്ടു. അതിന്റെ ഉടമസ്ഥന്മാരിൽ നിന്നു ഒരു പ്രതികരണവും ഉണ്ടായില്ല.. തന്നിമിത്തം കൂടുതൽ ഈത്തപ്പനകൾ മുറിച്ചില്ല. തോട്ടങ്ങളിലെ ഉടയങ്ങൾ നശിപ്പിക്കാതിരിക്കുവാൻ തിരുമേനി (സ) ആജ്ഞാപിച്ചു. ഏഴു ദിവസക്കാലം യഹൂദികൾ നിഷ്ക്രിയരായി കോട്ടക്കകത്തു കഴിഞ്ഞു കൂടി. എട്ടാമത്തെ ദിവസം അവർ കോട്ടക്കകത്തുനിന്നുകൊണ്ടു മുസ്‌ലിംകളുടെ നേരെ അമ്പെയ്തു തുടങ്ങി. അതിനെത്തുടർന്നു യുദ്ധമാരംഭിച്ചു.

ആദ്യമായി അബൂബക്കർ സിദ്ദീഖ് (റ) വിന്റെ നേതൃത്വത്തിൽ മുസ്‌ലിം സേന യുദ്ധം ചെയ്തു. ആ യുദ്ധം ആ ദിവസം മുഴുവൻ നീണ്ടു നിന്നു. രണ്ടാമത്തെ ദിവസവും മൂന്നാമത്തെ ദിവസവും ഉമർഫാറൂഖ് (റ) മുസ്‌ലിം സേനക്ക് നേതൃത്വം നല്കി. എതിർ പക്ഷത്തു പതിനായിരം ജൂതപ്പട്ടാളം അണി നിരന്നു.

ഘോരഘോരമായ ആ യുദ്ധത്തിൽ എതിർ പക്ഷത്തു നിരവധി ആളുകൾ കൊല്ലപ്പെട്ടു. മുസ്‌ലിം പക്ഷത്തു നിന്നു മഹ്മൂദ്ബ്നു മസ്‌ലമത് (റ) ശഹീദായി. മൂന്നു ദിവസത്തെ ഘോര യുദ്ധത്തിൽ ഒരു കോട്ടയെങ്കിലും പിടിച്ചടക്കുവാൻ മുസ്‌ലിംകൾക്കു കഴിഞ്ഞില്ല. രാത്രി കാലങ്ങളിൽ ഉസ്മാനിബ്നു അഫ്ഫാൻ (റ) വും മാറി മാറി മുസ്‌ലിം സേനയുടെ താവളത്തിനു കാവൽ നിന്നു.

അലീ (ക. വ) നേത്രരോഗം ബാധിച്ചതു നിമിത്തം ഖൈബറിലേക്കു പുറപ്പെട്ടിരുന്നില്ല. 'നാളെ ഒരാൾ ഇവിടെ എത്തും; അയാളുടെ കയ്യിൽ ഞാൻ കൊടി കൊടുക്കും. അയാളെ വിജയം അനുഗ്രഹിക്കും' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. സഹാബിമാരുടെ ഹൃദയങ്ങളിൽ സന്തോഷം മൊട്ടിട്ടു നിന്നു. പിറെ ദിവസം അലീ (ക. വ.) ഖൈബറിലെത്തിച്ചേർന്നു. തിരുമേനി (സ) തുക്കയ്യാൽ തടവിയപ്പോൾ അദ്ദേഹത്തിന്റെ നേത്രരോഗം സുഖപ്പെടുകയും കണ്ണിനു പുതിയ പ്രകാശം ലഭിക്കുകയും ചെയ്തു. ചെമ്പരുന്തിന്റെ കണ്ണുകൾക്കുള്ളതു പോലുള്ള കാഴ്ച അദ്ദേഹത്തിന്റെ കണ്ണുകൾക്കുണ്ടായി എന്നാണ് പറയപ്പെട്ടിട്ടുള്ളതു്. ആ സംഭവത്തിനു ശേഷം ഒരിക്കലും എനിക്കു നേത്രരോഗമുണ്ടായിട്ടില്ലെന്നു അലീ (ക. വ.) പ്രസ്താവിച്ചിട്ടുണ്ട്. തിരുമേനി (സ) അലീ (ക. വ.) യുടെ പടയങ്കിയും ദുൽഫുഖാർ എന്ന വാളും അലീ (ക. വ) ക്കു നല്കി. തിരുമേനി (സ) യുടെ ദുൽദുൽ എന്ന കുതിരപ്പുറത്തു് അല്ലാഹുവോടു വിജയത്തിനു പ്രാർത്ഥിച്ചുകൊണ്ടു അദ്ദേഹത്തെ യുദ്ധരംഗത്തിലേക്കു നിയോഗിച്ചു. 'വിജയം കൈവരുന്നതു വരെ പിന്തിരിഞ്ഞു നോക്കാതെ മുന്നേറിക്കൊള്ളുക' എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) എന്നെ പടക്കളത്തിലേക്കു പറഞ്ഞയച്ചുവെന്നു അലീ (ക. വ.) പ്രസ്താവിച്ചിരിക്കുന്നു. 'നിങ്ങൾ ആദ്യമായി എതിരാളികളെ ദീനിലേക്കു ക്ഷണിക്കുക; ക്ഷണം സ്വീകരിച്ചില്ലെങ്കിൽ അടരാടിക്കൊള്ളുക' എന്നു തിരുമേനി (സ) അദ്ദേഹത്തിനു നിർദ്ദേശം നല്കി. അദ്ദേഹം യഹൂദി സേനയുടെ കോട്ടയെ സമീപിക്കുകയും കേട്ടുകേട്ടുള്ള കൊടി നാട്ടുകയും ചെയ്തു. അതു കണ്ടപ്പോൾ, 'ആരാണ് ഇതു ചെയ്തതെന്നു ചോദിച്ചുകൊണ്ടു ഒരു യഹൂദി കോട്ടവാതിലിനടുത്തേക്കോടി വന്നു.' ഞാൻ അലിയ്യിബിനു അബീതാലിബാണെന്നു മറുപടി കേട്ടപ്പോൾ, ആ യഹൂദി പിന്തിരിഞ്ഞോടി. ആ കോട്ടയുടെ നേതാവായ മുറഹ്ഹിബിന്റെ സഹോദരൻ ഹാരീസ് ആയുധധാരിയായി അലീ (ക. വ.) യെ നേരിട്ടു. അല്പനേരം അവർ തമ്മിൽ യുദ്ധം നടന്നു. ഹാരീസ് കൊല്ലപ്പെട്ടു. ഇരട്ട അങ്കിയും ഇരട്ടത്തലപ്പാവും ധരിച്ചു് രണ്ടു ഖഡ്ഗങ്ങളേന്തി, മുഖമറച്ചു ധരിച്ചുകൊണ്ടു വീരശൂരപരാക്രമിയെന്നു പ്രസിദ്ധിയാർജ്ജിച്ച മുറഹ്ഹിബ് രംഗപ്രവേശം ചെയ്തു. അയാളുടെ വീരവാദങ്ങളെ വീരവാദങ്ങളെക്കൊണ്ടു തന്നെ അലീ (ക. വ.) പരാജയപ്പെടുത്തി 'അജയ്യനെന്നു പ്രസിദ്ധിയാർജ്ജിച്ച ഖൈബറിലെ മുറഹ്ഹിബാണു ഞാൻ. ഞാൻ ജേതാക്കളുടെ ജേതാവാണു്. യുദ്ധത്തിന്നിറങ്ങിയാൽ പടക്കുതിരകളെക്കാൾ ശക്തരായ എതിരാളികളെപ്പോലും നൊടിയിടയിൽ ഞാൻ മുട്ടുകുത്തിക്കും. ആയുധമുറകളിൽ പയറ്റിത്തെളിഞ്ഞവനാണു ഞാൻ' എന്നു മുറഹ്ഹിബ് വീമ്പിളക്കിയപ്പോൾ, 'എന്റെ ഉമ്മ എനിക്കു നല്കിയ പേർ ഹൈദർ എന്നാകുന്നു. വള്ളിപ്പുലിയും പുള്ളിപ്പുലിയും മലംപുലിയുമാണു് ഞാൻ ശത്രുവിനെ ഈറപുലിയെപ്പോൽ ഞാൻ പിച്ചിച്ചീന്തും എന്നു അലീ(ക. വ.) പറയുകയുണ്ടായി. വീരവാദങ്ങൾക്കും

പോർവിളികൾക്കും ശേഷം അവർ തമ്മിൽ ഏറ്റുമുട്ടി. മുറഹ്‌ഹിബ് തന്റെ വാൾ കൊണ്ട് അലീ (ക. വ.) യെ ആഞ്ഞുവെട്ടിയപ്പോൾ, കോട്ടയുടെ ഒരു വാതിൽ പരിചയ്ക്കുള്ള അയ പരിചയാക്കി അലീ (ക. വ.) ആ വെട്ട് തടുത്തു. ആ വാതിൽ ഏതാണ്ട് നാല്പതു മുഴം (എൺപതു ചാൺ) നീളമുള്ളതായിരുന്നു. വെട്ട് തടുത്ത ശേഷം അദ്ദേഹം ആ വാതിൽ പുറകോട്ടെറിയുകയും തന്റെ വാൾകൊണ്ട് മുറഹ്‌ഹിബിനെ ആഞ്ഞു വെട്ടുകയും ചെയ്തു. ആ വെട്ട് മുറഹ്‌ഹിബ് തന്റെ പരിച കൊണ്ട് തടുത്തെങ്കിലും പരിച മുറിഞ്ഞു പോയി. മാത്രമല്ല, മുറഹ്‌ഹിബിന്റെ തൊപ്പിയും തലയും കീറിക്കൊണ്ട് അലീ (ക. വ) യുടെ വാൾ മുറഹ്‌ഹിബിന്റെ അണപ്പല്ല് വരെ കടന്നു ചെന്നു. അതോട് കൂടി മുറഹ്‌ഹിബിന്റെ കഥ കഴിഞ്ഞു. അലീ (ക. വ.) നിലത്തെറിഞ്ഞ കോട്ടവാതിൽ പൂർവ്വസ്ഥാനത്തെടുത്തു വെക്കുവാൻ എഴുപതാളുകൾ ഒത്തു ശ്രമിക്കേണ്ടി വന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. അതു പൊക്കിയെടുക്കുവാൻ നാല്പതാളുകൾ ഒത്തു നടത്തിയ ശ്രമം പരാജയപ്പെട്ടെന്നു മാത്രമല്ല, അവർക്ക് അതു നിലത്തുനിന്നു ഇളക്കുവാൻ പോലും സാധിച്ചില്ല ബൈഹഖീ (റ) പറയുന്നു:- അലീ (ക. വ.) പറിച്ചു നിലത്തിട്ട ഖൈസ് കോട്ടയുടെ വാതിൽ പൊക്കിയെടുപ്പാൻ ഞങ്ങൾ എഴുപതു പേർ സംയുക്ത ശ്രമം നടത്തുകയുണ്ടായി.' മുറഹ്‌ഹിബിന്റെ കഥ കഴിഞ്ഞപ്പോൾ, അയാളുടെ സഹോദരനായ യാസ്‌ർ രംഗത്തു വന്നു. സുബൈർ (റ) വാണ് ആ യഹൂദയോദ്ധാവിനെ നേരിട്ടത്. സുബൈർ (റ) വിന്റെ തീക്ഷ്ണതയേറിയ വാൾ പ്രതിയോഗിയുടെ ജീവൻ തട്ടിയെടുത്തു.

യഹൂദികളുടെ പക്ഷത്തുനിന്നു ഒരാട്ടിടയൻ തിരുമേനി (സ) യെ സമീപിച്ചുകൊണ്ട് "ഞാൻ മുസ്‌ലിമായാൽ എനിക്ക് എന്താണു കിട്ടുക" എന്നു ചോദിച്ചപ്പോൾ, 'സ്വർഗ്ഗം' എന്നു തിരുമേനി (സ) മറുപടി നൽകി. അയാൾ ആട്ടിൻപറ്റങ്ങളെ വിട്ടയച്ചു അവ അവയുടെ ഭവനങ്ങളിലേക്കു, ഇടയൻ തെളിച്ചിട്ടെന്നപോലെ, നടന്നുപോയി. ആ ആട്ടിടയൻ ഇസ്‌ലാംമതം വിശ്വസിച്ചുകൊണ്ട് ശത്രുക്കളോടായി യുദ്ധംചെയ്തു വീരസ്വർഗ്ഗം പ്രാപിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം സഹാബിമാർ തിരുമേനി (സ) യുടെ സന്നിധിയിൽകൊണ്ടുപെന്നപ്പോൾ തിരുമേനി (സ) പെട്ടെന്നു മുഖംതിരിക്കുകയുണ്ടായി. സഹാബിമാർ കാരണമന്വേഷിച്ചപ്പോൾ തിരുമേനി (സ) പറഞ്ഞു: 'രണ്ട് ഹൂർഇൗങ്ങൾ അദ്ദേഹത്തെ പരിചരിക്കുന്നതു ഞാൻ കണ്ടു. സ്ത്രീകളെ കണ്ടതുകൊണ്ടാണ് ഞാൻ മുഖം തിരിച്ചതു്.' അപ്രകാരം തന്നെ, ഇസ്‌ലാമതം വിശ്വസിച്ച മുസ്‌ലിംപക്ഷത്തുചേർന്ന ശത്രുക്കളോടേറ്റുമുട്ടി, ശരീരത്തിൽ ധാരാളം മുറിവുകളേറ്റശേഷം, സ്വയം വെട്ടിമരിച്ച ഒരാളെപ്പറ്റി 'അയാൾ സ്വർഗ്ഗത്തിൽ കടക്കുകയില്ല' എന്നു തിരുമേനി (സ) പ്രസ്താവിച്ചപ്പോൾ, സഹാബിമാർ അത്ഭുതപ്പെട്ടു. തിരുമേനി (സ) ഇപ്രകാരം ഒരു വിശദീകരണംനൽകിക്കൊണ്ട് സംഗതി വ്യക്തമാക്കി:- 'സത്യവിശ്വാസികളല്ലാതെ സ്വർഗ്ഗത്തിൽ കടക്കുകയില്ല. അയാൾ തികച്ചും സത്യവിശ്വാസിയായിരുന്നില്ല. അയാൾ നടത്തിയതു ഒരു അഭിനയം മാത്രമായിരുന്നു. അയാളുടെ വിശ്വാസത്തിന്നും പ്രവൃത്തിക്കും ആത്മാർത്ഥത ഉണ്ടായിരുന്നില്ല. അതുകൊണ്ട് അയാൾ സ്വർഗ്ഗത്തിന്റെ അവകാശിയുമല്ല.'

അലീ (ക. വ.) യുടെ നേതൃത്വത്തിൽ മുസ്‌ലിംസേന വിജയകരമായ മുന്നേറ്റങ്ങൾ നടത്തി. നാളം എന്നകോട്ട അലീ (ക. വ.) കൈവശപ്പെടുത്തി. ആ കോട്ടയിലാണ് യ

ഹൂദികളുടെ ഖജാനകളും കൈമുതലുകളും സൂക്ഷിക്കപ്പെട്ടിരുന്നത്. പിന്നെ നതാത് എന്ന കോട്ടപിടിച്ചു. അതിനകത്താണ് പട്ടാളക്കാരെ പാപ്പിക്കുകയും യുദ്ധസാമഗ്രികളും സൂക്ഷിക്കുകയും ചെയ്തിരുന്നത്. തുടർന്ന് വഴിക്കുവഴിയായി സഅ്ബ്, ഖൽഅത്, ഖമൂസ്, ബരിയ്യ്, ഹിസ്ന്, ഉബയ്യ്, വതീഹ്, സലാലിം എന്നീ കോട്ടകളും അലീ (ക. വ) പിടിച്ചടക്കി. ഖൈബറിലെ എല്ലാ കോട്ടകളും, യുദ്ധംചെയ്തുകൊണ്ടുതന്നെ, മുസ്‌ലിംകൾ കരസ്ഥമാക്കി. ഖൈബറിലെ നിരവധി നിക്ഷേപങ്ങളും തിരുമേനി (സ) കണ്ടെടുത്തു. യോദ്ധാക്കളായ യഹൂദികളും മുഴുവനും തന്നെ കൊല്ലപ്പെട്ടു. മാറ്റുള്ളവർ യുദ്ധത്തടവുകാരാക്കപ്പെടുകയുംചെയ്തു. യുദ്ധമുതലുകളെല്ലാം സംഭരിക്കപ്പെട്ടു. അതിന്നിടയിൽ വതീഹ്, യന്നാലിം എന്നീ രണ്ടു വിഭാഗക്കാർ യുദ്ധത്തിൽ പങ്കെടുക്കാതെ അവരുടെ കോട്ടക്കകത്തുതന്നെ ഒളിച്ചിരുന്നു. പതിനാലുദിവസക്കാലം ആ കോട്ടകൾ ഉപരോധിക്കപ്പെട്ടു. രക്ഷയില്ലെന്നു ബോധ്യമായപ്പോൾ 'ഞങ്ങൾ ധരിച്ചിട്ടുള്ള ഉടുതുണികളുമായി നാടുവിടുവാൻ അനുവദിക്കേണം'എന്ന അഭ്യർത്ഥനയുമായി അവർ പുറത്തുവന്നു. ആ അഭ്യർത്ഥന സ്വീകരിക്കപ്പെട്ടു. അവർ ഖൈബർ വിട്ടു പുറത്തുപോയി. ആ രണ്ടുകോട്ടകളിൽനിന്നു ഇരുനൂറുപടയങ്കികളും നാനൂറു വാളുകളും ആയിരം കുന്തങ്ങളും അഞ്ചുറു വില്ലുകളും കുറെയധികം അമ്പുകൾനിറച്ച ആവനാഴികളും മറ്റുപല സാധനങ്ങളും കണ്ടുകിട്ടി. അവ യുദ്ധമുതലുകളായിരുന്നില്ല. യുദ്ധം കൂടാതെ പിടിച്ചെടുത്ത വസ്തുക്കൾക്കു 'ഫൈഅ്' എന്നാണ് പേർ. അവ 'ഗനീമ'ത്തിൽ (യുദ്ധമുതൽ) പെടുകയില്ല.

ഖൈബർ രാജാവായ ഹുയയ്യിബ്നു അഖ്തബിന്റെ പുത്രിയായ സഫിയ്യ:യെ തിരുമേനി (സ) സ്വതന്ത്രയാക്കുകയും വിവാഹം കഴിക്കുകയുംചെയ്തു. * ഹിജ്റാബ്ദം അമ്പതാം വഷത്തിൽ സഫിയ്യ: (റ) ഇഹലോകവാസം വെടിഞ്ഞു. അമ്പതിലേറെ ഹദീസുകൾ അവരിൽനിന്നു നമുക്കു സിദ്ധിച്ചിട്ടുണ്ട്.

സൈനബയുടെ സൽക്കാരം

ഖൈബർയുദ്ധം മുസ്‌ലിംകളുടെ പരിപൂർണ്ണവിജയത്തിൽ കലാശിച്ച യുദ്ധാനന്തരം തിരുമേനി (സ) ഖൈബറിൽ താമസിക്കവെ, സുലാമിബ്നുമശ്കമിന്റെ ഭാര്യയായ സൈനബ എന്ന ജൂതസ്ത്രീ തിരുമേനി (സ) യെ സൽക്കരിച്ചു. വിഷം നിറച്ച ആട്ടിറച്ചിയാണ് ആ സ്ത്രീ തിരുമേനി (സ) ക്കും ആ സൽക്കാരത്തിൽ പങ്കെടുത്ത സഹാബിമാക്കും നൽകിയത്. ഒരു കഷ്ണം ഇറച്ചി തിരുമേനി (സ) വായിലിട്ടചവച്ചു. അപ്പോഴെക്കും 'തിന്നരുത്, വിഷമാണ്'എന്നു ആ ആട്ടിന്റെ എല്ല് തിരുമേനി (സ) യോടു പറഞ്ഞു. വായിലുള്ള ഇറച്ചി തിരുമേനി (സ) തുപ്പിക്കളഞ്ഞു. അപ്പോഴേക്കും, ബിശ്റുൽബറാഅ് (റ) അല്പം തിന്നു കഴിഞ്ഞു. 'ആരും തിന്നരുത്'എന്നു തിരുമേനി (സ) സഹാബിമാക്കു നിർദ്ദേശം നൽകി. സൈനബയെ വിളിച്ചുനേപഷിച്ചപ്പോൾ ആ സ്ത്രീ കുറ്റം സമ്മതിച്ചു. നബിയാണെങ്കിൽ വിഷം ഫലിക്കുകയില്ലെന്നും, മറിച്ചാണെങ്കിൽ മരിച്ചുപോകട്ടെഎന്നും കരുതിക്കൊണ്ടാണ് താൻ ഇതു ചെയ്തതെന്നു സൈനബ ബോധിപ്പിച്ചു. താങ്കൾ നബിയാണെന്നു ഇപ്പോൾ എനിക്കു ബോധ്യമായെന്നു പറഞ്ഞുകൊണ്ടു, ആ സ്ത്രീ അപ്പോൾതന്നെ ഇസ്‌ലാംമതം സ്വീകരിച്ചു. തിരുമേനി (സ) യെസ്സംബന്ധിച്ചേടത്തോളം ആ സ്ത്രീ നടത്തിയ നരഹത്യാപരമായ വഞ്ചനക്കു മാപ്പുനൽകപ്പെട്ടു. വിഷാപഹാരത്തിന്നായി തിരുമേനി (സ) പിടലിക്കു

* ഈ വിവാഹത്തെസ്സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു പ്രസ്താവിച്ചിട്ടുണ്ട്.

കൊമ്പുവെപ്പിച്ചു. പക്ഷെ, ആ വിഷബാധമൂലം ബിശ്‌റുബ്‌നുൽബറാഅ് (റ) ഒരു വർഷത്തിനകം മരിച്ചുപോയി. അപ്പോൾ, സൈനബ കൊലപാതകത്തിനു ബന്ധനസ്ഥയാക്കപ്പെട്ടു. ബിശ്‌റുബ്‌നുൽബറാഅ് (റ) വിന്റെ അവകാശികൾ ആ സ്ത്രീയെ കൊല്ലുകയുണ്ടായി.

ഖൈബർ യുദ്ധത്തിൽ പതിനഞ്ചു സഹാബിമാർ രക്തസാക്ഷികളായി. * തൊണ്ണൂറിലധികം യഹൂദികൾ കൊല്ലപ്പെട്ട യുദ്ധമുതലുകൾ (ഗനീമത്) നിയമാനുസാരം ഭാഗിച്ചു യുദ്ധത്തിൽ പങ്കെടുത്ത മുസ്‌ലിംകൾക്കു നല്കപ്പെട്ടു. കാലാൾസേനയിലുള്ളവർക്ക് ഒന്ന്, അശ്വഭടന്മാർക്കു മൂന്നു എന്ന അനുപാതത്തിലാണ് നൽകപ്പെട്ടതു്. ഖൈബറിലെ കൃഷിനിലങ്ങൾ ഖൈബർകാർക്കുതന്നെ തിരുമേനി (സ) വിട്ടുകൊടുത്തു. ഓരോ വർഷവും ഭൂമിയിൽ കൃഷിചെയ്യുണ്ടാക്കുന്ന പഴങ്ങൾ, ധാന്യങ്ങൾ മുതലായവയുടെ പകുതി അവർ അനുഭവിച്ചുകൊള്ളുകയും പകുതി തിരുമേനി (സ) ക്കു (മുസ്‌ലിംകൾക്കു)നൽകുകയും ചെയ്യേണമെന്നുള്ള നിബന്ധനയിന്മേലാണ് കൃഷിനിലങ്ങൾ അവർക്കു വിട്ടുകൊടുത്തതു്. ഉമർഫാറൂഖ്(റ) വിന്റെ ഖിലാഫത് കാലംവരെ ഈ നിബന്ധനയനുസരിച്ചു ഖൈബറിലെ ജനങ്ങൾ പ്രവർത്തിച്ചു. ഉമർഫാറൂഖിന്റെ ഭരണകാലത്തു് ആ യഹൂദികൾ മുസ്‌ലിംകളെ വഞ്ചിച്ചു. ആകയാൽ സഹാബിമാരുമായി കൂടിയാലോചന നടത്തിയശേഷം, സഹാബിമാരുടെ അഭിപ്രായമനുസരിച്ചു ഉമർഫാറൂഖ് (റ) ഖൈബറിലെ യഹൂദികളെ ആ നാട്ടിൽനിന്നു പുറത്താക്കി. അവർ ശാമിന്റെ ഭാഗത്തേക്കു പോവുകയുണ്ടായി.

ഏതാണ്ടു് ഒരുമാസത്തിനകം ഖൈബർ യുദ്ധം കഴിഞ്ഞു തിരുമനി (സ) മദീനയിൽ തിരിച്ചെത്തി.

ജഅ്ഫർ (റ) വിന്റെ പുനരാഗമനം

ഖൈബറിൽനിന്നു തിരുമേനി (സ) മദീനയിലേക്കു തിരിച്ചെത്തിയപ്പോഴേക്കും, മുമ്പു് മക്കയിൽനിന്നു അബ്സീനിയായിലേക്കു ഹിജ്റ പോയിരുന്ന ജഅ്ഫറിബ്നുഅബീതാലിബ് (റ) വും അദ്ദേഹത്തിന്റെ ഭാര്യ അസ്മാ (റ) യും മറ്റു പതിനാറു പുരുഷന്മാരും മദീനയിൽ എത്തിച്ചേർന്നു. അലിയ്യിബ്നുഅബീതാലിബിന്റെ സഹോദരനായ ജഅ്ഫർ (റ) വിനെ കണ്ടപ്പോൾ തിരുമനി (സ) ക്കുണ്ടായ സന്തോഷത്തിനു അതിരുണ്ടായില്ല. 'ഇന്നു എനിക്കു രണ്ടു സന്തോഷമുണ്ടു്. ഒന്നു ഖൈബർ വിജയത്താലുള്ള സന്തോഷം; രണ്ടാമത്തേതു് ജഅ്ഫറിന്റെ പുനരാഗമനത്താലുണ്ടായ സന്തോഷം. തിരുമേനി (സ) ജഅ്ഫർ (റ) വിനെ മാറോടണച്ചു ചുംബിച്ചുകൊണ്ടു ഇപ്രകാരം പ്രസ്താവിച്ചു:— കോലത്തിലും ശീലത്തിലും ഞാനുമായി നിങ്ങൾക്കു സാദൃശ്യമുണ്ടു്.' ജഅ്ഫർ (റ) അബ്സീനിയായിൽനിന്നു മദീനയിലേക്കു പുറപ്പെട്ടപ്പോൾ, അബൂമൂസൽഅശ്അരീ (റ) വും അദ്ദേഹത്തിന്റെ ആളുകളും ജഅ്ഫർ (റ) വിനെ അനുഗമിച്ചു. അബൂമൂസൽഅശ്അരീ (റ) പറയുന്നു:— 'ഞങ്ങൾ യമൻ രാജ്യത്തിലായിരുന്നപ്പോൾ, തിരുമേനി (സ) ക്കു നബിത്വം ലഭിച്ച വിവരം അറിഞ്ഞു. ഞാനും എന്റെ ജ്യേഷ്ഠസഹോദരന്മാരായ അബൂബുർദത്, അബൂറുഹം എന്നിവരും മക്കയിലേക്കു ഹിജ്റ പുറപ്പെട്ടു. വേറെ അമ്പത്തിമൂന്നു പുരുഷന്മാരും ഞങ്ങളോടൊപ്പം റിജ്കുകൾ ഒരുങ്ങുകയുണ്ടായി. ഞങ്ങൾ ഒരു കപ്പലിൽ കയറി യാത്രയാരംഭിച്ചു. അബ്സീനിയൻ കടൽത്തീരത്തെത്തിയപ്പോൾ ജഅ്ഫർ (റ) വിനെ ഞങ്ങൾ കണ്ടുമു

* ഖൈബറിൽ മുപ്പത്തിമൂന്നു സഹാബികൾ രക്തസാക്ഷികളായി എന്നും പക്ഷാന്തരമുണ്ടു്.

ട്ടി. ഞങ്ങളുടെ യാത്രയുടെ ലക്ഷ്യം തിരുമേനി (സ) യാണെന്നറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: മക്കക്കാരുടെ ഉപദ്രവം നിമിത്തം തിരുമേനി (സ) ഞങ്ങളെ ഇങ്ങോട്ട് പറഞ്ഞയച്ചിരിക്കുകയാണ്. നിങ്ങളും ഞങ്ങളോടൊപ്പം ഇവിടെ താമസിച്ചുകൊള്ളുക." യൈബർ കീഴടക്കി, തിരുമേനി (സ) മദീനയിൽ തിരിച്ചെത്തിയ സന്ദർഭത്തിൽ ജഅ്ഫർ (റ) വോടൊപ്പം ഞങ്ങളും മദീനയിൽ എത്തിച്ചേർന്നു. യൈബറിൽനിന്നു കിട്ടിയ യുദ്ധമുതലുകളിൽ നിന്നു ഓരോ ഓഹരി തിരുമേനി (സ) ഞങ്ങൾക്കും നൽകുകയുണ്ടായി." അബൂമൂസൽ അശ്അരീ (റ) വിനെയും കൂട്ടുകാരെയും ഉദ്ദേശിച്ചുകൊണ്ട് തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:- 'കപ്പലിൽ ഹിജ്റ ചെയ്ത ഈ ആളുകൾ ഉന്നതരാകുന്നു. അശ്അരീകൾ രാത്രികാലങ്ങളിൽ ഖുർആൻ ഓതുന്ന ശബ്ദത്തിൽനിന്നു അവരുടെ ഔന്നത്യത്തെ ഞാൻ ഗ്രഹിച്ചു.'

അബൂഹുറൈറ: (റ) വിന്റെ ആഗമനം

ഇതേ അവസരത്തിൽ തന്നെ അബൂഹുറൈറ: (റ) വും ഒരുകൂട്ടം ആളുകളും മദീനയിൽ എത്തിച്ചേർന്നു. അബൂഹുറൈറ: (റ) പറയുന്നു:- 'ഞാനും ദൌസ് ഗോത്രക്കാരായ ഒമ്പതു വീട്ടുകാരും കൂടി മദീനയിൽ എത്തിച്ചേർന്നു. സഖാഅ് ഇബ്നു അറഹതത് (റ) വിനെ തുടർന്നുകൊണ്ട് ഞങ്ങൾ സുബ്ഹി നിസ്കരിച്ചു. തിരുമേനി (സ) യൈബറിലാണെള്ളതെന്നറിഞ്ഞപ്പോൾ ഞങ്ങൾ യൈബറിലേക്കു പുറപ്പെട്ടു. ഞങ്ങൾ അവിടെ എത്തിയപ്പോൾ, മുസ്‌ലിംസേന കസീബ: എന്ന കോട്ടക്കാരെ ഉപരോധിച്ചു, കോട്ടക്കു പുറത്തു നിൽക്കുകയായിരുന്നു. യൈബർ യുദ്ധം അവസാനിക്കുന്നതുവരെ ഞങ്ങൾ അവിടെ താമസിച്ചു. അനന്തരം തിരുമേനി (സ) യോടൊപ്പം മദീനയിലേക്കു തിരിച്ചു. ആ കാലത്തുതന്നെയാണ് അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചതു്. അദ്ദേഹത്തിന്റെ പൂർവ്വനാമം അബ്ദുശ്ശംസ് എന്നായിരുന്നു. ഇസ്‌ലാംമതം വിശ്വസിച്ചപ്പോൾ, തിരുമേനി (സ) അദ്ദേഹത്തിനു അബ്ദുല്ലാ എന്ന പേർ നൽകി. അബൂഹുറൈറ: എന്നതു അദ്ദേഹത്തിന്റെ അപരനാമമാകുന്നു. കുട്ടിക്കാലത്തു അദ്ദേഹം ആടുകളെ മേയ്ക്കാറുണ്ടായിരുന്നു. ആ അവസരത്തിൽ അദ്ദേഹം ഒരു കുട്ടിപ്പൂച്ചയെ പിടിച്ചു വളർത്തുകയും അതിനു പല അഭ്യാസങ്ങളും പഠിപ്പിക്കുകയും ചെയ്തു. ആ കുട്ടിപ്പൂച്ചയെ എപ്പോഴും അദ്ദേഹം കൂടെ കൊണ്ടുനടക്കുകയും അതിനെ കളിപ്പിക്കുകയും ചെയ്തുവന്നു. അതുകൊണ്ട് 'പൂച്ചയുടെ അച്ഛൻ' എന്നർത്ഥമുള്ള അബൂഹുറൈറ: എന്ന പേരിൽ അദ്ദേഹത്തെ ജനങ്ങൾ വിളിച്ചുതുടങ്ങി. ക്രമേണ ആ പേരിൽ അദ്ദേഹം അറിയപ്പെട്ടു. മുസ്‌ലിമായതിനു ശേഷം തിരുമേനി (സ) യുടെ സന്തതസഹചാരിയെന്നനിലയിൽ അദ്ദേഹം ജീവിച്ചു തിരുമേനി (സ) യുടെ ഇഷ്ടവിശ്വസ്തനായിരുന്ന അബൂഹുറൈറ: (റ) വിൽ നിന്നു അയ്യായിരത്തിമുന്നൂറെഴുപത്തിനാലു ഹദീസുകൾ ലഭിക്കുകയുണ്ടായി. അത്രയേറെ ഹദീസുകൾ മന:പാഠമുള്ള വേറൊരാൾ ഉണ്ടായിട്ടില്ല. തിരുമേനി (സ) യുടെ അരുളുകൾ അപ്പാടി ഹൃദിസ്ഥമാക്കുന്നതിൽ അതീവ തല്പരനായ അദ്ദേഹം സ്വഭാവത്തിൽ ഒരു ദരിദ്രനായിരുന്നു. 'താങ്കൾക്കു കുറെ സമ്പത്തുകൾ തരട്ടെയോ" എന്നു തിരുമേനി (സ) ഒരിക്കൽ അദ്ദേഹത്തോടു ചോദിച്ചപ്പോൾ സമ്പത്തു വേണ്ട; അല്ലാഹു താങ്കൾക്കു കല്പിച്ചുതരുന്ന ജ്ഞാനസമ്പത്തിൽ നിന്നു കുറെ

എനിക്ക നൽകിയാൽ മതിയാവും' എന്ന അദ്ദേഹം മറുപടി നൽകി. അബൂഹുറൈറ: (റ) പറയുന്നു:— 'അഞ്ചു പാത്രങ്ങളിലുള്ള വിജ്ഞാനം തിരുമേനി എന്നെ പഠിപ്പിച്ചു. അവയിൽനിന്നു രണ്ടു പാത്രങ്ങളിലുള്ളത് ഞാൻ ജനങ്ങളിൽ പ്രചരിപ്പിച്ചു. മൂന്നുപാത്രങ്ങളിലുള്ളത് ഞാൻ ഗോപ്യമായി സൂക്ഷിച്ചു വെച്ചു. ആ അറിവുകളെ ഞാൻ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചാൽ അവർ എന്നെ ഭ്രാന്തനെന്നു വിളിക്കുകയും എന്റെ നേരെ കല്ലേറു നടത്തുകയും ചെയ്യും.'

ഒരിക്കൽ തിരുമേനി(സ) അദ്ദേഹത്തിനു ഒരു തോൽപാത്രത്തിൽ കുറച്ചു കാരക്ക കൊടുക്കുകയും, ആവശ്യമുള്ളപ്പോഴെല്ലാം ആ പാത്രത്തിൽ കയ്യിട്ടു കാരക്ക എടുത്തുകൊള്ളുവാൻ കല്പിക്കുകയും, ആ പാത്രത്തിൽനിന്നു കാരക്ക പൊരിഞ്ഞെടുക്കരുതെന്നു ഉപദേശിക്കുകയും ചെയ്തു. ആ തോൽപാത്രം ഒരിടത്തു സൂക്ഷിക്കാതെ, എപ്പോഴും അദ്ദേഹം കൂടെ കൊണ്ടുനടന്നു. അതിൽനിന്നു ആവശ്യമുള്ളപ്പൊഴെല്ലാം അദ്ദേഹം കാരക്ക വാരിയെടുത്തു പലർക്കും നൽകുകയുണ്ടായി. എണ്ണമറ കാരക്കകൾ അദ്ദേഹം അതിൽനിന്നു വാരിയെടുത്തു. ഉസ്മാനിബ്നുഅഫ്ഫാൻ (റ) ശഹീദായ ദിവസം ആ തോൽപാത്രം കൈമോശം വന്നുപോയി. അദ്ദേഹം പറഞ്ഞു:— 'ഉസ്മാൻ (റ) വിന്റെ മരണംമൂലം ഇന്നു എല്ലാവർക്കും ഒരു ദുഃഖം സംഭവിച്ചു. എന്നെസ്സംബന്ധിച്ചേടത്തോളം ഇന്നു രണ്ടു ദുഃഖങ്ങൾ സംഭവിച്ചിരിക്കുന്നു. എന്റെ കാരക്കപ്പാത്രം കൈമോശം വന്നുപോയി.' ഹിജ്റ അമ്പത്തേഴാം വർഷം, മുആവിയായുടെ ഖിലാഫത്തിന്റെ അവസാനഘട്ടത്തിൽ അബൂഹുറൈറ (റ) ഇഹലോകവാസം വെടിഞ്ഞു. അന്നു അദ്ദേഹത്തിനു എഴുപത്തെട്ട് വയസ്സു പ്രായമായിരുന്നു.

ഹജാജിബ്നു അല്വാതിസ്സൽമീ (റ)

ഈ ഹജാജു (റ) മക്കയിലെ ധനാഢ്യരിൽ ഒരാളായിരുന്നു. തിരുമേനി (സ) ഖൈബറിലായിരുന്നപ്പോൾ അദ്ദേഹം ഖൈബറിൽച്ചെന്നു തിരുമനി (സ) യെ സന്ദർശിക്കുകയും ഇസ്ലാംമതം വിശ്വസിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന പണം പല കച്ചവടക്കാരുടെ കയ്യിൽ കടംകൊടുക്കുകയായിരുന്നു. ഇസ്ലാംമതം വിശ്വസിച്ച വിവരം അറിഞ്ഞുപോയെങ്കിൽ ഒരു പൈസപോലും അവർ അദ്ദേഹത്തിനു തിരിച്ചു കൊടുക്കുമായിരുന്നില്ല. അതുകൊണ്ടു, മക്കയ്ക്കു പോയി ഉപായത്തിൽ ആ സംഖ്യകളും ഈടാക്കുവാൻ അനുമതി നല്കണമെന്നു അദ്ദേഹം തിരുമേനി (സ) യോടപേക്ഷിച്ചു. തിരുമേനി (സ) അദ്ദേഹത്തിനു അനുമതി നല്കുകയും ചെയ്തു.

ഖൈബറിൽ എന്താണു് സംഭവിച്ചതെന്നറിവാൻ ക്രൈശികളും അക്ഷമരായി കാത്തു നില്ക്കുമ്പോഴാണു് ഹജാജു് (റ) മക്കയിലെത്തിയതു്. ഖൈബറിൽ വെച്ചു മുസ്ലിംകൾ തോല്പിക്കപ്പെട്ടുമെന്നും ഇല്ലെന്നും അവർ പരസ്പരം തർക്കിച്ചു. ഹുവൈതിബ്നുഅബ്ദിൽഉസ്സയും കുറെ ആളുകളും മുസ്ലിംകൾ ജയിക്കുമെന്നു വാദിച്ചു. അബ്ദുശ്ശംസിബ്നു മിർദാസും കുറെ ആളുകളും മുസ്ലിംകൾ തോല്ക്കുമെന്നു വാദിച്ചു. വാദത്തിനു വാശി കൂടി. അവർ തമ്മിൽ നൂറു ഒട്ടകങ്ങളെ പന്തയം വെച്ചു. ഹജാജു് (റ) വിനെ കണ്ടപ്പോൾ, ഖൈബറിലെ വിശേഷങ്ങൾ അറിവാൻ ജനങ്ങൾ അദ്ദേഹത്തിനു ചുറ്റും തടിച്ചു കൂടി. തിരുമേനി (സ) യെ ഉദ്ദേശിച്ചുകൊണ്ടു അവർ ചോദിച്ചു:— 'ഹജാജേ, ആ തട്ടിപ്പുകാരനു ഖൈബറിൽ എന്തു സംഭവിച്ചു?' അവരെ സന്തോഷിപ്പിക്കുവാനായി അദ്ദേഹം ഇപ്രകാരം മറുപടി നല്കി:—'നിങ്ങളെ സംബന്ധിച്ചേടത്തോളം ഒരു സന്തോഷവാർത്ത

യാണ്‌ എനിക്ക പറവാനുള്ളതു്. മുഹമ്മദും അനുയായികളും ഖൈബറിൽ വെച്ചാണ്‌ യുദ്ധശാലികളെ കണ്ടുമുട്ടിയതു്. യഹൂദികളുടെ സൈന്യം അവരെ നേരിട്ടപ്പോൾ, അവർ ഭയചകിതരായി തിരിഞ്ഞോടി. പക്ഷെ, യഹൂദികൾ മുഹമ്മദിനെ വിട്ടില്ല. മുഹമ്മദിനെ അവർ പിടിച്ചു കെട്ടിയിരിക്കുകയാണ്‌. മക്കയിൽ കൊണ്ടുവന്നു ഖുറൈശികളുടെ മുമ്പിൽ വെച്ചു കൊല്ലുമെന്നാണ്‌ അവർ പറയുന്നതു്. അടുത്ത ദിവസം അവർ മുഹമ്മദിനെയും കൊണ്ടു മക്കയിൽ എത്തിച്ചേരും.' ഈ കേട്ടപ്പോൾ സന്തോഷത്താൽ മതി മറന്ന ഖുറൈശികൾ, 'മുഹമ്മദിനെ പിടിച്ചു കെട്ടിപ്പോയി. യഹൂദികൾ ആ തട്ടിപ്പുകാരനെ ഇങ്ങോട്ടു കൊണ്ടുവരുന്നുണ്ടു്. മുഹമ്മദിനെ കൊല്ലുന്നതു കാണുവാൻ ഒരുങ്ങിയിരുന്നുകൊള്ളുക' എന്നു ആഘോഷിച്ചു വിളിച്ചു. അവരുടെ ആഹ്ലാദത്തുള്ളിച്ചക്കിടയിൽ ഹജാജ്‌ (റ) അവരോടിപ്രകാരം പറഞ്ഞു:—'കൂട്ടുകാരെ, ഇന്നിന്ന ആളുകൾ എന്റെ പണം കയ്യിൽ വെച്ചുകൊണ്ടിരിക്കുകയാണ്‌. അവർ അതു തിരിച്ചു തരുന്നില്ല. ഈ ആനന്ദദിനത്തിൽ നിങ്ങൾ അവരോടു ആ സംഖ്യകൾ എനിക്കു തിരിച്ചു വാങ്ങിത്തരിക. നാളെ മുഹമ്മദിനെ കൊല്ലുന്നതു കാണുവാൻ ഞാനും സന്തോഷപൂർവ്വം ഒരുങ്ങി നില്ക്കട്ടെ.' ആ സംഖ്യകൾ ഉടനെ പിരിച്ചു കൊടുക്കേണ്ടതു ഒരാവശ്യമാണെന്നു അവർക്കു തോന്നുകയും ഹജാജ്‌ (റ) വിനു കിട്ടേണ്ടിയിരുന്ന മുഴുവൻ സംഖ്യയും അവർ വളരെ വേഗത്തിൽ ഈടാക്കി കൊടുക്കുകയുമുണ്ടായി.

തിരുമേനി (സ) ബന്ധനസ്ഥനാക്കപ്പെട്ടുവെന്ന വാർത്ത കാട്ടുതീ പോലെ മക്കയിൽ പരന്നു. മക്കയിലുണ്ടായിരുന്ന മുസ്‌ലിംകൾ കടുത്ത നിരാശയാൽ പരീക്ഷീണരായിപ്പോയി. അബ്ബാസ്‌ (റ) വിനു എഴുന്നേറ്റു നില്ക്കുവാൻ പോലും സാധിച്ചില്ല. സത്യാവസ്ഥ അറിയുവാനായി അദ്ദേഹം തന്റെ ഭൃത്യനെ ഹജാജ്‌ (റ) വിന്റെ അടുക്കലേക്കു രഹസ്യമായി പറഞ്ഞയച്ചു. ഹജാജ്‌ (റ) ആ ഭൃത്യനോടു ഇപ്രകാരം പറഞ്ഞു:— 'നീ അദ്ദേഹത്തോടു എന്റെ സലാം പറയുക. സന്തോഷിപ്പാനുള്ളതല്ലാതെ, ദുഃഖിപ്പാനുള്ള യാതൊന്നും സംഭവിച്ചിട്ടില്ലെന്നു അദ്ദേഹത്തെ അറിയിക്കുക. അദ്ദേഹത്തിന്റെ വീട്ടിൽ രഹസ്യമായി വന്നു വിവരങ്ങളെല്ലാം ഞാൻ നേരിട്ടു പറയുമെന്നു അദ്ദേഹത്തോടു പറയുക.' ഭൃത്യൻ ഈ വിവരം അറിയിച്ചപ്പോൾ അബ്ബാസ്‌ (റ) സന്തോഷത്താൽ ചാടിയെഴുന്നേറ്റു. അദ്ദേഹം ആ ഭൃത്യനെ സ്വതന്ത്രനാക്കുകയും മറ്റു പത്തു ഭൃത്യന്മാരെയും സ്വതന്ത്രരാക്കുവാൻ മനസാ തീരുമാനിക്കുകയും ചെയ്തു. ഉച്ചയായപ്പോൾ ഹജാജ്‌ (റ) വളരെ രഹസ്യമായി അബ്ബാസ്‌ (റ) വിനെ വീട്ടിൽ ചെന്നു ഖൈബർ തിരുമേനി (സ) കീഴടക്കിയ സന്തോഷവാർത്തയും അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ച വാർത്തയും, മക്കക്കാരോടു മറ്റൊരു വിധത്തിൽ സംഗതികൾ പറഞ്ഞതിന്റെ ഉദ്ദേശ്യവുമെല്ലാം വിശദമായി അദ്ദേഹത്തോടു പറയുകയും, ഈ വിവരങ്ങൾ മൂന്നു ദിവസക്കാലം ഗോപ്യമായി സൂക്ഷിക്കേണമെന്നും അദ്ദേഹത്തെക്കൊണ്ടു പ്രതിജ്ഞ ചെയ്യിക്കുകയും ചെയ്തു. ഇബ്‌നു ഉബയ്യുൽ ഹുബൈബടക്കം ജൂതപ്രമാണികൾ പലരും ഖൈബറിൽ കൊല്ലപ്പെട്ട വസ്തുതയും, ഖൈബർ രാജാവായിരുന്ന ഹുയയ്യുബ്‌നു അഖ്‌തബിന്റെ പുത്രിയെ തിരുമേനി (സ) വിവാഹം കഴിച്ച വാർത്തയും അദ്ദേഹം അബ്ബാസ്‌ (റ) വിനെ അറിയിച്ചു. അന്നു വൈകുന്നേരം ഹജാജ്‌ (റ) സ്ഥലം വിട്ടു.

പ്രതിജ്ഞ ചെയ്തതനുസരിച്ചു ഈ വാർത്ത വെളിപ്പെടുത്താതെ മൂന്നുദിവസങ്ങളും തള്ളിനീ

ക്കുവാൻ അബ്ബാസ് (റ) വളരെയധികം ക്ലേശിച്ചു. നാലാം ദിവസം പുലർന്നു. അബ്ബാസ് (റ) വസ്ത്രങ്ങളണിഞ്ഞു, സുഗന്ധംപൂശി, മന്ദസ്മേരവദനനായി വീട്ടിൽനിന്നു പുറത്തിറങ്ങി ഖുറൈശികളെ സമീപിച്ചു ബൈഅർ സംഭവത്തെ പരാമർശിച്ചുകൊണ്ടു ഖുറൈശികൾ അദ്ദേഹത്തെ അപഹസിച്ചു. അപ്പോൾ ഹജാജ് (റ) അവരെ കബളിപ്പിച്ചു, അദ്ദേഹത്തിനു കിട്ടുവാനുണ്ടായിരുന്ന സംഖ്യ ഈടാക്കി ഖുറൈശികളെ വിഡ്ഢികളാക്കിയ വസ്തുത അദ്ദേഹം വെളിപ്പെടുത്തി. നബി (സ) ബൈഅർ കീഴടക്കിയ വിവരം കേട്ടപ്പോൾ ഖുറൈശികൾ അമ്പരന്നുപോയി. തങ്ങൾ വിഡ്ഢികളാക്കപ്പെട്ട വസ്തുത അവരെ നഖശിരസ്സംക്ഷോഭിതരാക്കിത്തീർത്തു. തിരുമേനി (സ) ബൈഅർ കീഴടക്കിയവാർത്ത താമസംവിനാ മക്കയിലും പരിസരപ്രദേശങ്ങളിലും വായുവേഗത്തിൽ പ്രചരിച്ചു.

വാദിൽഖുറാ യുദ്ധം

ബൈഅറിൽനിന്നു മദീനയിലേക്കുള്ള മടക്കയാത്രയിലാണ് ഈ യുദ്ധം നടന്നതു്. മദീനക്കടുത്ത ഒരു പ്രദേശമാണ് വാദിൽഖുറാ. അബൂഹുറൈറ: (റ) പറയുന്നു:- ബൈഅർയുദ്ധം കഴിഞ്ഞു തിരുമേനി (സ) യോടൊപ്പം മദീനയിലേക്കു പുറപ്പെട്ട ഞങ്ങൾ സന്ധ്യക്കു അല്പംമുമ്പ് വാദിൽഖുറായിൽഎത്തി. തിരുമേനി (സ) അവിടെ താവളമടിക്കുകയും ആ നാട്ടുകാരെ ഇസ്‌ലാമിലേക്കു ക്ഷണിക്കുകയുംചെയ്തു. തിരുമേനി (സ) യുടെ ആഹ്വാനത്തിനു അവർ വഴിപ്പെട്ടില്ല. തന്നിമിത്തം അവരുമായി യുദ്ധംചെയ്യുവാൻ തിരുമേനി (സ) തീരുമാനിച്ചു. സഅ്ദിബ്നുഉബാദത് (റ), ഖബ്ബാബുബ്നുൽ മുൻദിർ (റ), സഹ്ലുബ്നുഹുനൈഫ് (റ), ഉബ്ബാദിബ്നുബിശ്ർ (റ) എന്നിവരെ തിരുമേനി (സ) ഓരോ പതാകനൽകി. എതിർപക്ഷത്തു ആദ്യമായി മുമ്പോട്ടുവന്ന വ്യക്തിയുമായി സുബൈർ (റ) ഏറ്റുമുട്ടി, കൊലപ്പെടുത്തി. രണ്ടാമതു രംഗപ്രവേശംചെയ്ത വ്യക്തിയെയും അദ്ദേഹം കൊന്നു. മൂന്നാമതു മുമ്പോട്ടുവന്ന വ്യക്തിയെ അബൂദുജാനത് (റ) വധിച്ചു. നാലാമതുവന്ന വ്യക്തിയുടെ കഥയും അദ്ദേഹംതന്നെ കഴിച്ചു. അങ്ങിനെ, ഒന്നിനുപുറകെ മറെറാന്നായി പതിനൊന്നുപേർ മുമ്പോട്ടുവന്നു. ആ പതിനൊന്നുപേരും കൊല്ലപ്പെട്ടു. അതിന്നിടയിൽ പല തവണ ആ നാട്ടുകാരെ തിരുമേനി (സ) ഇസ്‌ലാമിലേക്കു ക്ഷണിച്ചു. അവർ വഴിപ്പെട്ടില്ല. ആകയാൽ അവരെ കീഴടക്കുവാൻ യുദ്ധം അനിവാര്യമായിത്തീർന്നു. യുദ്ധത്തിൽ അവർ കീഴടങ്ങി. അവരിൽനിന്നു കണ്ടെടുത്ത യുദ്ധമുതലുകൾ നിയമാനുസാരം വീതിക്കപ്പെട്ടു. നിലങ്ങളും ഈത്തപ്പനത്തോട്ടങ്ങളും ആ നാട്ടുകാർക്കു വിട്ടുകൊടുത്തു. അംറുബ്നുസഅ്ദുബ്നുൽ ആസി (റ) വിനെ വാദിൽഖുറായിലെ ഭരണാധിപനായി തിരുമേനി (സ) നിയമിച്ചു.

ഫദ്ക് കീഴടങ്ങി

ബൈഅറിനും മദീനക്കുമിടയിലുള്ള ഒരു നാടാണ് ഫദ്ക്. തിരുമേനി (സ) ആ നാട്ടുകാരെ ഇസ്‌ലാമിലേക്കു ക്ഷണിക്കുവാൻ മഹീസത് (റ) വിനെ അവിടെ നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ ആഹ്വാനത്തെ അവർ ധിക്കരിച്ചു. ഇസ്‌ലാംമതം സ്വീകരിക്കുവാൻ അവർ കൂട്ടാക്കിയില്ല. ആകയാൽ അവർ ഒരു പ്രശ്നമായി നിൽക്കുകയായിരുന്നു. തിരുമേനി (സ) ബൈഅർ കീഴടക്കിയ വാർത്ത അറിഞ്ഞപ്പോൾ ആ നാട്ടുകാർ വ്യാകുലചിത്തരായിത്തീർന്നു. മുസ്‌ലിംകൾ തങ്ങളോടു യുദ്ധത്തിനു വരികയാണെങ്കിൽ പെരുത്തുനിൽക്കുവാനുള്ള കഴിവു് തങ്ങൾക്കില്ലെന്നു അവക്കറിയാമായിരുന്നു. തന്നിമിത്തം അവർ ബദ്ധപ്പെട്ടു ഒരു കൂടിയാലോചന നടത്തുകയും. കാലത്താൽ വിളവിന്റെ പകുതി കപ്പമായി നല്കിക്കൊണ്ടു തിരുമേനി (സ) ക്കു കീഴടങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു. ബൈഅറിൽ നി

നിന്നുള്ള മടക്കയാത്രയിൽ മുസ്‌ലിംകൾ ഫദ്കിൽ കടന്നു യുദ്ധം ചെയ്‌വാൻ ഇടയുണ്ടെന്നു അവർ ഭയപ്പെട്ടതുകൊണ്ടു, അങ്ങിനെ സംഭവിപ്പാനിട വരാത്ത വിധത്തിൽ അവരുടെ പ്രതിനിധികൾ തിരുമേനി (സ) യെ സമീപിക്കുകയും തങ്ങളുടെ തീരുമാനം തിരുമേനി (സ) യെ അറിയിക്കുകയും ചെയ്തു അവരുടെ തീരുമാനം തിരുമേനി (സ) സ്വീകരിച്ചു. അങ്ങിനെ സൌഹാർദ്ദപരമായ ഒരു ഉടമ്പടിയിലൂടെ ഫദ്കു് എന്ന രാജ്യം തിരുമേനി (സ) കീഴടക്കി.

തൈമാഅു് കീഴടങ്ങി

വാദിൽ ഖുറാ എന്ന നാട്ടിന്നടുത്തുള്ള ഒരു നാടാണു് തൈമാഅു്. തിരുമേനി (സ) വാദിൽഖുറാ കീഴടക്കിയ വിവരം അറിഞ്ഞപ്പോൾ, തൈമായിലെ ജനങ്ങളുടെ ഒരു പ്രതിനിധി സംഘം തിരുമേനി (സ) യെ സമീപിക്കുകയും, നാട്ടിൽ വിളയുന്ന വിഭവങ്ങളുടെ പകുതി ജിസ്‌യ എന്ന കപ്പമായി നല്കിക്കൊണ്ടു മുസ്‌ലിംകളുമായി ഇണങ്ങി ജീവിച്ചു കൊള്ളാമെന്നു ഉടമ്പടി ചെയ്യുകയും ചെയ്തു. അവരുടെ സമാധാന ഉടമ്പടി തിരുമേനി (സ) സ്വീകരിച്ചു. യുദ്ധം കൂടാതെ ആ നാടും തിരുമേനി (സ) ക്കു കീഴടങ്ങി. യസീദുബ്നു അബീസുഫ്യാൻ (റ) വിനെ തിരുമേനി (സ) തൈമായിൽ ന്യായാധിപനായി നിയമിച്ചു.

ചിത്രമോതിര മുദ്ര

തിരുമേനി (സ) രാജാക്കന്മാരിൽ ചിലർക്കു കത്തയച്ചു തുടങ്ങിയെന്നു പറഞ്ഞുവല്ലൊ. മുദ്രയില്ലാത്ത കത്തുകൾ അവരിൽ ചിലർക്കു സ്വീകാര്യമായിത്തോന്നിയില്ല. ആകയാൽ, ഹിജ്റാബ്ദം ഏഴാം വർഷത്തിൽ കത്തുകളിൽ മുദ്ര വെക്കുവാനായി തിരുമേനി (സ) ഒരു ചിത്രമോതിരം ഉപയോഗിച്ചുതുടങ്ങി. ചിത്രമോതിരമുദ്ര വെച്ചുകൊണ്ടാണു് ഖൈസർ, കിസ്റാ തുടങ്ങിയ രാജാക്കന്മാർക്കു തിരുമേനി (സ) കത്തുകളയച്ചതു്. റോമാ ചക്രവർത്തിമാർ ഖൈസർ എന്നും, പേർസ്യൻ ചക്രവർത്തിമാർ കിസ്റാ എന്നും, ശാം രാജാക്കന്മാർ ഹിർഖൽ എന്നും, തുർക്കിരാജാക്കന്മാർ ഖാകാൻ എന്നും, യമൻ രാജാക്കന്മാർ തുബ്അു് എന്നും, അബ്സീനിയാ രാജാക്കന്മാർ നജാശീ എന്നും, ഫർഗാനത് രാജാക്കന്മാർ അഖ്ശീദ് എന്നും, ഈജിപ്തിലെ മുസ്‌ലിം രാജാക്കന്മാർ സുൽത്താൻ എന്നുമാണു് വിളിക്കപ്പെട്ടിരുന്നതു്.

ഉമ്മുഹബീബ: (റ) യുമായുള്ള വിവാഹം

അബൂസുഫ്യാന്റെ പുത്രിയാണു് ഉമ്മുഹബീബ: (റ). അബ്ദുല്ലാഹിബ്നു ജഹ്ശ് എന്ന ആളാണു് അവരെ ആദ്യം വിവാഹം കഴിച്ചതു്. ആ ദമ്പതികൾ ഇസ്‌ലാംമതം വിശ്വസിക്കുകയും, രണ്ടാമത്തെ സംഘത്തോടൊപ്പം അബ്സീനിയായിലേക്കു ഹിജ്റ പോവുകയും ചെയ്തു. അബ്ദുല്ലാഹിബ്നു ജഹ്ശ് അവിടെ വെച്ചു കൂറുമാറുകയും ക്രിസ്തുമതം സ്വീകരിക്കുകയുമുണ്ടായി. അങ്ങിനെ ഉമ്മുഹബീബ: റ) യും അബ്ദുല്ലയും തമ്മിലുള്ള വിവാഹബന്ധം ഇല്ലാതെപ്പെട്ടു. ഹിജ്റാബ്ദം ഏഴാം വർഷത്തിലെ മുഹർറം മാസത്തിൽ തിരുമേനി (സ) ഒരു കത്തുമായി അംറുബ്നു ഉമയ്യത്തുള്ളംരീ (റ) വിനെ അബ്സീനിയൻ ചക്രവർത്തിയുടെ അടുക്കലേക്കു നിയോഗിച്ചു. തിരുമേനി (സ) യെ ഭർത്താവായി സ്വീകരിക്കുന്ന വിഷയത്തിൽ ഉമ്മുഹബീബ: (റ) യുടെ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ളതായിരുന്നു ആ കത്തു്. കത്തു കിട്ടിയ ഉടനെ രാജാവു് തന്റെ ഒരു പരിചാരികയെ ഉമ്മുഹബീബ: (റ) യുടെ അടുക്കലേക്കയച്ചു. ആ പരിചാരിക വിവരം പറഞ്ഞപ്പോൾ ഉമ്മുഹബീബ: (റ) അല്ലാഹുവിനെ സ്തുതിക്കുകയും, സന്തോഷസൂചകമായി ആ സ്ത്രീ രണ്ടു കടവൻ വളകളും രണ്ടു തോൾവളകളും കുറെവെള്ളിമോതിരങ്ങളും സമ്മാനി

ക്കുകയും ചെയ്തു. തന്നെ തിരുമേനി (സ) ക്ക വിവാഹം ചെയ്തു കൊടുപ്പാൻ ആ മഹതി ഖാലിദുബ്നു സഈദ് (റ) വിനു വകാലത് നല്കി. ജഅ്ഫറിബ്നു അബീതാലിബ് (റ) വിനെയും മറെറല്ലാം മുസ്‌ലിംകളേയും രാജാവു് കൊട്ടാരത്തിൽ ക്ഷണിച്ചു വരുത്തി. നികാഹിന്റെ ഖുത്ബകളോതിയ ശേഷം, രാജാവു് നാനൂറു് പൊന്നു മഹ്ർ നിശ്ചയിക്കപ്പെട്ടു. നാനൂറു് പൊന്നു സദസ്സിൽ ഹാജരാക്കി. ഖാലിദ് (റ) അതു് ഏറെ വാങ്ങുകയും രാജാവിന്റെ കയ്യിൽ തന്നെ തിരിച്ചേല്പിക്കുകയും ചെയ്തു. രാജാവു് ആ പൊന്നുകൊണ്ടും ഉമ്മുഹബൈബ: (റ) ക്കു പരിചാരിക മുഖേന എത്തിച്ചുകൊടുത്തു. ആ മഹതി അതിൽനിന്നു അമ്പതു പൊന്നു ആ പരിചാരികക്കു സമ്മാനിച്ചു. അവിടെ സമ്മേളിച്ച എല്ലാവർക്കും രാജാവു് ഹൃദ്യമായ സദ്യ നല്കി. കൊട്ടാരസ്ത്രീകൾ സമ്മാനങ്ങളുമായി ഉമ്മുഹബൈബ: (റ) യെ സന്ദർശിക്കുകയും അനുമോദനങ്ങളർപ്പിക്കുകയും ചെയ്തു. അനന്തരം അബ്സീനിയായിൽ നിന്നു മദീനയിലേക്കു ഹിജ്റ ചെയ്ത സംഘത്തോടൊപ്പം ഉമ്മുഹബൈബ: (റ) മദീനയിലെത്തിച്ചേർന്നു. ഉമ്മുൽമുഅ്മിനീൻ ഉമ്മുഹബൈബ: (റ) മഹതിയായുടെ ഖിലാഫത്തു് കാലത്തു് പരലോക പ്രാപ്തയായി.

ഉമറുബ്നുൽഖത്താബ്(റ) വിന്റെ യുദ്ധയാത്ര

ഹിജ്റാബ്ദം ഏഴാംവർഷം ശഅ്ബാൻ മാസത്തിൽ ഉമർ (റ) വിന്റെ നേതൃത്വത്തിൽ മുപ്പതു സഹാബിമാർ ഹവാസാൻ ഗോത്രക്കാരുടെ നേരെ നിയോഗിക്കപ്പെട്ടു. മക്കത്തുനിന്നു രണ്ടുദിവസത്തെ വഴിയകലെ സ്ഥിതിചെയ്യുന്ന തുറബത് എന്ന മലംപ്രദേശത്താണു് അവർ താമസിച്ചിരുന്നതു്. ബനൂഹിലാൽ ഗോത്രക്കാരനായ ഒരു ഒറുകാരനും അവരോടൊപ്പമുണ്ടായിരുന്നു. പകൽ ഒളിച്ചും രാത്രി സഞ്ചരിച്ചുംകൊണ്ടു ആ സംഘം മുന്നോട്ടുനീങ്ങി. പക്ഷെ, മുസ്‌ലിംകൾ പുറപ്പെട്ടിട്ടുണ്ടെന്നുള്ള വാർത്ത മണത്തറിഞ്ഞ ഹവാസാൻ ഗോത്രക്കാർ, ഉമർ (റ) വും സംഘവും അവിടെ എത്തുന്നതിനു മുമ്പു് നാടുവിട്ടോടിക്കളഞ്ഞു. മുസ്‌ലിംകൾ തുറബത്തിൽ എത്തിയപ്പോൾ ആ പ്രദേശം വിജനമായിക്കണ്ടു. അവിടെനിന്നു കണ്ടുകിട്ടിയ മുതലുകളും, ആടുമാടുകളും മുതലായവയും കരസ്ഥമാക്കിക്കൊണ്ടു അവർ മദീനയിലേക്കു തിരിച്ചു. മദീനയിൽനിന്നു ആറു നാഴിക അകലെയുള്ള ദുൽജുദ്ർ എന്ന സ്ഥലത്തെത്തിയപ്പോൾ ഒരാൾ പറഞ്ഞു:– 'ദുൽജുദ്റുകാർ അവരുടെ മുതലുകളെല്ലാം ഉപേക്ഷിച്ചുകൊണ്ടു ഓടിക്കളഞ്ഞിരിക്കുകയാണു്. അവരുടെ മുതലുകൾ നമുക്കു കണ്ടെടുക്കാം:' അങ്ങിനെ ചെയ്യുവാൻ തിരുമേനി (സ) ആജ്ഞാപിച്ചിട്ടില്ലെന്നു പറഞ്ഞുകൊണ്ടു ഉമർ (റ) ആ സംഘത്തെ മദീനയിലേക്കു നയിച്ചു.

അബൂബകർസിദ്ദീഖ് (റ) വിന്റെ യുദ്ധയാത്ര

ഹിജ്റാബ്ദം ഏഴാംവർഷത്തിലെ ശഅ്ബാൻ മാസത്തിൽതന്നെ അബൂബകർസിദ്ദീഖ് (റ) വിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ ബനൂകിനാബ് ഗോത്രക്കാരുടെ നേരെ നിയോഗിച്ചു. ഫറാസത് എന്ന സ്ഥലത്താണു് അവർ താമസിച്ചിരുന്നതു്. അബൂബകർ (റ) ആ ഗോത്രക്കാരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചു. അവർ സ്വീകരിച്ചില്ല. അവരെ കീഴടക്കുവാൻ യുദ്ധം ആവശ്യമായി വന്നു. യുദ്ധത്തിൽ കിനാബ് ഗോത്രക്കാർ ചിലർ കൊല്ലപ്പെട്ടു. മറെറചിലർ ബന്ധനസ്ഥരാക്കപ്പെട്ടു. കുറച്ചുപേർ ഓടിക്കളഞ്ഞു. അബൂബകർസിദ്ദീഖ് (റ) വും സംഘവും വിജയലാളിതരായി മദീനയിലേക്കു തിരിച്ചുവന്നു.

ബശീറുബ്‌നുസഅ്ദുൽഅൻസാരീ (റ) യുടെ യുദ്ധയാത്ര

പ്രസ്തുത ശഅ്ബാൻ മാസത്തിൽതന്നെ ഖസ്‌റജ് ഗോത്രക്കാരനായ ബശീറുബ്‌നുസഅ്ദ് (റ) വിന്റെ നേതൃത്വത്തിൽ മുപ്പതു സഹാബിമാർ ബനൂമുർറത് ഗോത്രക്കാരുടെ നേരെ നിയോഗിക്കപ്പെട്ടു. അവർ ഫദ്കീലാണ് താമസിച്ചിരുന്നത്. സഹാബിമാർ അവിടെ എത്തി താവളമടിച്ചു. ശത്രുക്കൾ രാത്രിയുടെ കൂരിരുട്ടിൽ മുസ്‌ലിംകളുടെ നേരെ അമ്പെയ്ത്തുടങ്ങി. മുസ്‌ലിംസേന അങ്ങോട്ടും അമ്പെയ്തു. മുസ്‌ലിംകളുടെ കയ്യിലുണ്ടായിരുന്ന അമ്പുകൾ അവസാനിച്ചു. പിന്നീടു യുദ്ധം ആരംഭിച്ചു. യുദ്ധത്തിൽ രണ്ടുപക്ഷത്തും ആൾനാശം സംഭവിച്ചു. ബശീർ (റ) ധീരധീരം അടരാടി. അദ്ദേഹത്തിന്റെ ശരീരത്തിൽ ധാരാളം മുറിവുകളുണ്ടായി. അവസാനം അദ്ദേഹം ബോധംകെട്ടു നിലംപതിച്ചു. അദ്ദേഹം മരിച്ചുപോയെന്നുകരുതി, ശത്രുക്കൾ തിരിച്ചുപോയി. ബോധം വീണ്ടുകിട്ടിയപ്പോൾ പരിക്ഷീണനായ അദ്ദേഹം ഒരു യഹൂദിയെ സമീപിച്ചു. ആ യഹൂദി അദ്ദേഹത്തിനു പ്രഥമശുശ്രൂഷകൾ നടത്തി. ക്ഷീണം മാറിയപ്പോൾ അദ്ദേഹം മദീനയിലേക്കു തിരിച്ചു. *

ഗാലിബുബ്‌നുഅബ്ദില്ലാഹില്ലൈസീ (റ) വിന്റെ യുദ്ധയാത്ര

ഹിജ്‌റാബ്ദം ഏഴാംവർഷത്തിലെ റമളാൻ മാസത്തിൽ ഗാലിബ് (റ) വിന്റെ നായകത്വത്തിൽ ഇരുന്നൂറുമുപ്പതു പേരടങ്ങിയ ഒരു കാലാൾസൈന്യത്തെ തിരുമേനി ഫദകിലേക്കു നിയോഗിച്ചു. മദീനയിൽനിന്നു ഏതാണ്ടു എൺപതു നാഴിക അകലെയാണ് ആ സ്ഥലം സ്ഥിതിചെയ്യുന്നതു്. ആ സേന അവിടെ എത്തിയപ്പോൾ അവരെ നേരിട്ട ശത്രുക്കളെ അവർ വധിച്ചു. മറ്റുള്ളവർ ആത്മരക്ഷാർത്ഥം കാടിക്കളഞ്ഞു. ഉസാമതിബ്‌നുമുഹൈസ (റ) നഹീകബ്‌നുമിർദാസ് എന്ന ആളെ കൊലചെയ്ത സംഭവം ഈ അവസരത്തിലാണുണ്ടായതു്. നഹീക് എന്ന ആൾ 'ലാഇലാഹ ഇല്ലല്ലാ എന്നു പറഞ്ഞതിനുശേഷമാണു ഉസാമത് (റ) അയാളെ കൊന്നതു്. ഈ വാർത്ത അറിഞ്ഞപ്പോൾ തിരുമേനി (സ) ഉസാമത് (റ) വിനെ ചോദ്യംചെയ്യുകയും നഹീകിന്റെ അവകാശികൾക്കു നഷ്ടപരിഹാരം നൽകുകയും, ഒരു അടിമയെ സ്വതന്ത്രനാക്കുവാൻ ഉസാമത് (റ) വോടു കല്പിക്കുകയും ചെയ്തു. 'അൽ അൻ ഖാവൽ മുഹമ്മദിയ്യു മിനൽ മവാഹിബില്ലുദ്ന്നിയ്യ:' എന്ന ഗ്രന്ഥത്തിൽനിന്നും, ബുഖാരീ (റ) അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ അബൂഖതബാൻ (റ) വെ തൊട്ടു ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:- ഉസാമതിബ്‌നുസൈദ് (റ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു: അല്ലാഹുവിന്റെ റസൂൽ ഞങ്ങളെ ഹുറഖതു് എന്നിടത്തേക്കയച്ചു. ഒരു പ്രഭാതത്തിൽ ഞങ്ങൾ ആ നാട്ടുകാരെ നേരിട്ടു. അവരെ ഞങ്ങൾ മിരട്ടി ഓടിച്ചു. ഞാനും അൻസാർകളിൽപ്പെട്ട മറ്റൊരാളും ആ നാട്ടുകാരനായ ഒരാളെ പുറകിൽ നിന്നു ഞങ്ങൾ അവനെ പിടിച്ചപ്പോൾ, ലാഇലാഹ ഇല്ലല്ലാ: എന്നു അവൻ ഉച്ചരിച്ചു. അതു കേട്ടപ്പോൾ, എന്റെ കൂടെയുള്ള അൻസാരി മാറി നിന്നു. ഞാൻ എന്റെ കുന്തം കൊണ്ടു എന്റെ പിടിയിലുണ്ടായിരുന്ന ആ വ്യക്തിയെ കുത്തി. അയാൾ കുത്തേറ്റു മരിച്ചു. ഞങ്ങൾ തിരുമേനി (സ) യുടെ അടുത്തു തിരിച്ചെത്തിയപ്പോൾ, ഈ വിവരം തിരുമേനി (സ) അറിയുകയും എന്നെ വിളിച്ചു വിസ്തരിക്കുകയും ചെയ്തു.

---

* ഹിജ്‌റാബ്ദം എട്ടാംവർഷത്തിൽ ബനൂമുർറത് ഗോത്രക്കാരെ മുസ്‌ലിംകൾ പിന്നെ പരാജയപ്പെടുത്തി.

ബശീറബ്നുസഅ്ദുൽഅൻസാരീ (റ) വിന്റെ രണ്ടാമത്തെ യുദ്ധയാത്ര

ഹിജ്റാബ്ദം ഏഴാംവർഷത്തിലെ ശവ്വാൽ മാസത്തിൽ ബശീർ (റ) വിന്റെ നേതൃത്വത്തിൽ മുന്നൂറു സഹാബികളെ ജബാറയിലേക്കു നിയോഗിക്കപ്പെട്ടു. ആ സ്ഥലത്തിന്നു യമൻ എന്നും പേരുണ്ട്. ഗത്ഫാൻ ഗോത്രക്കാരൊ ഫറാസാഗോത്രക്കാരൊ ആയിരുന്ന അവിടെ താമസിച്ചിരുന്നതു്. ആ ഗോത്രക്കാർ മദീന ആക്രമിക്കുവാൻ പരിപാടിയിട്ട വാർത്ത ലഭിച്ചപ്പോഴാണു് തിരുമേനി (സ) ഈ സംഘത്തെ അങ്ങോട്ടു നിയോഗിച്ചതു്. മുസ്ലിംകളെ പറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ അവർ കൂട്ടത്തോടെ നാടുവിട്ടോടിക്കളഞ്ഞു. മുസ്ലിംകൾ അന്നാട്ടിലെത്തിയപ്പോൾ രണ്ടു ആളുകളെ മാത്രമെ കണ്ടുകിട്ടിയുള്ളൂ. അവർ ബന്ധനസ്ഥരാക്കപ്പെട്ടു. അവിടെ കണ്ടെത്തിയ മുതലുകളും, ആടുമാടുകളും മുതലായവയെയും മുസ്ലിംകൾ കൈവശപ്പെടുത്തി, മദീനയിലേക്കു കൊണ്ടുപോയി. ബന്ധനസ്ഥരാക്കപ്പെട്ട രണ്ടു പേരും ഇസ്ലാംമതം സ്വീകരിച്ചു.

ഉംറതുൽ ഖളാ

നിർവ്വഹിപ്പാൻ കഴിയാതെവന്ന ഉംറാ നിർവ്വഹണം എന്നാണു് പ്രസ്തുത പദത്തിന്റെ അർത്ഥം. ഹിജ്റാബ്ദം ആറാംവർഷത്തിൽ തിരുമേനി (സ)യും സഹാബിമാരും ഉംറ: നിർവ്വഹിപ്പാനായി പുറപ്പെട്ടെങ്കിലും അതിന്നു സൌകര്യപ്പെടാതെ ഹുദൈബിയ്യായിൽനിന്നു മദീനയിലേക്കു തിരിച്ചുപോയ വസ്തുതമുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അടുത്തവർഷം ഉംറ: നിർവ്വഹിപ്പാൻ അനുവദിക്കപ്പെടും എന്ന ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിലാണു് അന്നു തിരുമേനി (സ) മദീനയിലേക്കു തിരിച്ചുപോയതു്. ആകയാൽ ഈ ഉംറ:ക്കു, ഉടമ്പടിയനുസരിച്ചുള്ള ഉംറ: എന്നർത്ഥമുള്ള 'ഉംറതുന്നുൽഹ്' എന്നും, പ്രതികാരപരമായ ഉംറ: എന്നർത്ഥമുള്ള 'ഉംറതുൽഖിസാസ്' എന്നും ഉദ്ദിഷ്ട ഉംറ: എന്നർത്ഥമുള്ള 'ഉംറതുൽഅമാൻ' എന്നും പേരുകളുണ്ടു്. ഈ യാത്രയിൽ യുദ്ധം നടന്നിട്ടില്ലെങ്കിലും, യുദ്ധത്തിന്നുള്ള ഒരുക്കങ്ങളും ചെയ്തിരുന്നതുകൊണ്ടു, ഈ യാത്രയെ തിരുമേനി (സ) യുടെ യുദ്ധയാത്രകളുടെ കൂട്ടത്തിൽ ചില പണ്ഡിതന്മാർ ഉൾപ്പെടുത്തീട്ടുണ്ടു്. ബുഖാരീ (റ) ഈ യാത്രയെ യുദ്ധയാത്രയായിട്ടാണു് ഗണിച്ചിട്ടുള്ളതു്. ഈ യാത്രക്കു 'ഗ്രസ്വതുൽഅംനി'— മുൻകരുതലോടുകൂടിയ യുദ്ധയാത്ര-എന്നു അവർ പേരിട്ടിരിക്കുന്നു. ഹിജ്റക്കുശേഷം നാലു ഹജ്ജു് യാത്രകളാണു് തിരുമേനി (സ) നടത്തിയതു്. ഹുദൈബിയ്യായിൽ നിന്നു മദീനയിലേക്കു തിരിക്കേണ്ടിവന്ന യാത്രയാണു് ഒന്നാമത്തേതു്. രണ്ടാമത്തേതു 'ഉംറതുൽഖളാ'ഉം, മൂന്നാമത്തേതു 'ഉംറ:ജ്ജിഅ്റാന'തും ആകുന്നു. 'ഹജ്ജതുൽവിദാഅ്' ആണു് നാലാമത്തെയാത്ര.

ഈ യാത്രയിൽ സ്ത്രീകൾക്കും കുട്ടികൾക്കും പുറമെ രണ്ടായിരം സഹാബിമാർ തിരുമേനി (സ) യോടൊപ്പം പുറപ്പെട്ടു. ഹുദൈബിയ്യായിൽ തിരുമേനി (സ) യോടൊപ്പം ഉണ്ടായിരുന്ന എല്ലാ സഹാബിമാരും ഈ യാത്രയിൽ പങ്കെടുത്തു. പക്ഷെ, ഖൈബർ യുദ്ധത്തിൽ പങ്കെടുത്ത സഹാബിമാരിൽ ചിലർ ഈ യാത്രയിൽ ഉണ്ടായിരുന്നില്ല. മദീനയുടെ മേൽനോട്ടത്തിന്നു അബൂറഹ്മുൽഗിഫാരീ (റ) വിനെ അധികാരപ്പെടുത്തി. * ഹദ്യ അറുപ്പാനായി അറുപതു ഒട്ടകങ്ങളെ തിരുമേനി (സ) തയ്യാറാക്കി. ആ ഒട്ടകങ്ങളുടെ കഴുത്തിൽ തോൽകൊണ്ടുള്ള അടയാളങ്ങൾ കെട്ടുകയും അവയുടെ ഉത്തരവാദിത്തം ഗാജിയത്തുബ്നുജുൻദുബ് (റ) വിനെ ഭരമേൽപ്പിക്കുകയുംചെയ്തു. യുദ്ധായുധങ്ങൾ, പടയങ്കികൾ എന്നിവ സ

* ഈ വിഷയത്തിൽ പക്ഷാന്തരമുണ്ടു്.

ജ്ജീകരിക്കപ്പെട്ടു. നൂറുപടക്കുതിരകളെയും ഒരു ക്കുകയുണ്ടായി. കുതിരകളെ മുഹമ്മദിബ്‌നു മസ്‌ലമത് (റ) വിന്റെ പക്കലും, ആയുധങ്ങൾ ബശീറുബ്‌നുസഅ്ദ് (റ) വിന്റെ പക്കലും ഏല്പിച്ചു. തിരുമേനി (സ) പള്ളിയുടെ വാതിൽക്കൽവെച്ചുതന്നെ ഉംറ:ക്കു ഇഹ്‌റാം കെട്ടി. ദുൽഹുലൈഫത്തിൽ എത്തിയപ്പോൾ തിരുമേനി (സ) അശ്വഭടന്മാരെ മുന്നോടിയായി യാത്രയയച്ചു. 'യാറസൂലുല്ലാ, ആയുധം കൂടാതെ മക്കയിൽ പ്രവേശിക്കണമെന്നാണല്ലൊ ഖുറൈശികളുമായുള്ള ഉടമ്പടിയിലെ നിബന്ധന'എന്നു സഹാബിമാർ ഉണർത്തിയപ്പോൾ തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:_ 'ആയുധത്തോടുകൂടി നാം ഹറമിൽ കടക്കേണ്ടതില്ല. പക്ഷെ, ഹറമിന്നടുത്തുതന്നെ നമ്മുടെ ആയുധങ്ങളും പടക്കുതിരകളും ഉണ്ടായിരിക്കേണം. ഖുറൈശികൾ **ഉടമ്പടിക്കെതിരായി** നമ്മെ ആക്രമിക്കുന്നപക്ഷം **അപ്പോൾ** തന്നെ അവരെ **നേരിടുവാൻ നാം സജ്ജരായിരിക്കേണം.'** **മുഹമ്മദുബ്‌നുമസ്‌ലമത്** (റ) വും അശ്വഭടന്മാരും **മുന്നോടിയായി യാത്രചെയ്തു.** അവർ **മർറുള്ളഹ്‌റാനിൽ** എത്തിയപ്പോൾ ചില ഖുറൈശികൾ അവരെ കാണുകയും വിവരങ്ങൾ അന്വേഷിച്ചറിയുകയുംചെയ്തു. തിരുമേനി (സ) യും സഹാബിമാരും ഉംറ:ക്കു പുറപ്പെട്ടിട്ടുണ്ടെന്നും അടുത്ത ദിവസം കാലത്തു അവർ മർറുള്ളഹ്‌റാനിൽ എത്തുമെന്നും അറിഞ്ഞപ്പോൾ, ആ ഖുറൈശികൾ ഈ വാർത്തയുമായി മക്കയിലേക്കു കുതിച്ചു തിരുമേനി (സ) സൈന്യസമേതം പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ ഖുറൈശികൾ അമ്പരന്നു. ഒരു വിധത്തിലും തങ്ങൾ ഉടമ്പടിക്കു വിപരീതമായിയാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നിരിക്കെ മുസ്‌ലിംകൾ തങ്ങളോടു യുദ്ധത്തിനു പുറപ്പെട്ടതിന്റെ അർത്ഥം അവർക്കു മനസ്സിലായില്ല. ഈ വിഷയത്തെപ്പറ്റി സംസാരിപ്പാനായി മക്കാസുബ്‌നുഹഫ്‌സിന്റെ നേതൃത്വത്തിൽ ഖുറൈശികളുടെ ഒരു പ്രതിനിധി സംഘം തിരുമേനി (സ) യുടെ അടുക്കലേക്കു പുറപ്പെട്ടു. 'ഖുറൈശികളും താങ്കളും തമ്മിൽ നടന്ന ഉടമ്പടിയിലെ വ്യവസ്ഥക്കെതിരായി, ഒരു സൈന്യത്തോടുകൂടി താങ്കൾ മക്കയിലേക്കു പുറപ്പെട്ട വിവരം അറിഞ്ഞിട്ടാണ് ഞങ്ങൾ ഇങ്ങോട്ടുവന്നിട്ടുള്ളതു്. ഇങ്ങിനെ ചെയ്യുവാൻ താങ്കളെ പ്രേരിപ്പിച്ച കാരണമെന്താണെന്നറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു'വെന്നു അവർ തിരുമേനി (സ) യോടു പറഞ്ഞപ്പോൾ, തിരുമേനി (സ) ഇപ്രകാരം മറുപടി നൽകി: 'സൈന്യത്തോടുകൂടിയാണ് ഞങ്ങൾ പുറപ്പെട്ടിട്ടുള്ളതു്. അതു ശരിയാണു് പക്ഷെ, സൈന്യസമേതം ഞങ്ങൾ മക്കയിൽ പ്രവേശിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. സൈന്യം, ഞങ്ങളെസ്സംബന്ധിച്ചേടത്തോളം ഒരു മുൻകരുതൽ മാത്രമാണു്" ഈ വാർത്തയുമായി ആ പ്രതിനിധിസംഘം മക്കയിലേക്കു കുതിച്ചു മുസ്‌ലിംകൾ സായുധരായി മക്കയിൽ കടക്കുകയില്ലെന്നറിഞ്ഞപ്പോൾ ഖുറൈശികൾക്കു ആശ്വാസമായി.

ഹറമിന്നടുത്തു, നാജിഹ് എന്ന സ്ഥലത്തെത്തിയപ്പോൾ യുദ്ധസാമഗ്രികളെല്ലാം അവിടെ സൂക്ഷിക്കുവാൻ തിരുമേനി (സ) ആജ്ഞാപിച്ചു. ഇരുന്നൂറു സഹാബിമാരെ അവിടെ കാവൽ നിറുത്തുകയുംചെയ്തു. ആത്മരക്ഷക്കുള്ള വാളുകൾ മാത്രം ധരിച്ചുകൊണ്ടു മറ്റു സഹാബിമാർ തിരുമേനി (സ) യോടൊപ്പം മുമ്പോട്ടുനീങ്ങി. മുസ്‌ലിംകൾ കണ്ണ്ബ: തവാഫ് ചെയ്യുന്നതു കണ്ടു പൊറുപ്പാൻ കഴിയുകയില്ലെന്നു തോന്നിയ, അസൂയാഭരിതരായ ഖുറൈശിപ്രമാണികൾ സ്ഥലംവിട്ടു. മക്കക്കാരിൽ ഒരു കക്ഷി ഖൈഖാങ്ങ് എന്ന പർവ്വതത്തിന്മേൽ കയറിനിന്നു മുസ്‌ലിംകൾ തവാഫ്

ചെയ്യുന്നതുനോക്കിക്കൊണ്ടുവാനാണ് അവർ പ
ർവ്വതത്തിന്മേൽ കയറിനിന്നത്. ഖുസ്‌വാ എ
ന്ന ഒട്ടകപ്പുറത്തിരുന്നുകൊണ്ട് തിരുമേനി (സ)
മക്കയിൽ പ്രവേശിച്ചു. തിരുമേനി (സ) യോ
ടൊപ്പം സഹാബിമാരും മക്കയിൽ കടന്നു. തി
രുമേനി(സ)യുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ
പിടിച്ചുനടക്കുകയായിരുന്ന അബ്ദുല്ലാഹിബ്‌നു
റവാഹത് (റ), ആവേശത്താൽ ഒരു പദ്യം
ചൊല്ലി. 'കാഫിർകളെ തിരുമേനി (സ) സ
ഞ്ചരിക്കുന്ന മാർഗ്ഗത്തിൽനിന്നു മാറിക്കൊള്ളുക.
അല്ലാത്തപക്ഷം, ഖുർആന്റെ വിധിയനുസരി
ച്ചു ഞങ്ങൾ നിങ്ങളെ വെട്ടും; ആ വെട്ടു നിങ്ങ
ളുടെ ശിരസ്സുകളെ ഉടലിൽനിന്നു വേർവിടുത്തും;
സ്നേഹിതൻ സ്നേഹിതനെ തിരിച്ചറിയാതാ
വും'–ഇതായിരുന്നു ആ പദ്യത്തിന്റെ സാരം.
തിരുമേനി (സ) യുടെ മുമ്പിൽവെച്ചു പദ്യം
ചൊല്ലാതിരിക്കുവാൻ ഉമർഫാറൂഖ് (റ) അദ്ദേ
ഹത്തെ ഉപദേശിച്ചപ്പോൾ തിരുമേനി (സ)
ഇപ്രകാരം അരുളുകയുണ്ടായി:– 'ഉമറെ, അദ്ദേ
ഹം ചൊല്ലിക്കൊള്ളട്ടെ. ഈ പദ്യം കാഫിർ
കളുടെ കാതുകളിൽകടന്നു ചൊല്ലുന്ന കൂരമ്പുക
ളാണ്.' അതിനുശേഷം, ഇബ്‌നുറവാഹത്
(റ) വോട്, താഴെകാണും പ്രകാരം ചൊല്ലുവാൻ
തിരുമേനി (സ) ഉപദേശിച്ചു:– 'ലാഇലാഹ ഇ
ല്ലള്ളാഹു വഹ്ദഹു നസറ അബ്ദഹു വഅ
അസ്സുജ്ജുൻദഹുവഹസമൽ അഹ്സാബവഹ്
ദഹു'. അദ്ദേഹവും സഹാബിമാരും ഈ വചനം
ഉച്ചത്തിൽ ചൊല്ലുകയുണ്ടായി. 'ലഇലൈ
ക അല്ലാഹുമ്മ ലഇലൈക' എന്നതൽ
ബിയത് പൂർണ്ണമായി ചൊല്ലിക്കൊണ്ടു തിരു
മേനി (സ) സഞ്ചരിച്ചു. തിരുമേനി (സ) യും
സഹാബിമാരും ഇടത്തെ ചുമലിലൂടെ (പൂണൂ
ലിടും പോലെ) പുടവ കെട്ടിക്കൊണ്ടാണ് ത
വാഫ് ചെയ്തത്. ഒട്ടകപ്പുറത്തിരുന്ന് തവാ
ഫ് ചെയ്തുകൊണ്ടിരിക്കെ കഅ്ബ:യുടെ ഒരു
മൂലയിലെത്തിയപ്പോൾ, തൽക്ഷണംതന്നെ
ന്ന വടികൊണ്ടു തിരുമേനി കഅ്ബ:ക്കു ഉപ
ചാരമർപ്പിച്ചു. മലമുകളിൽ നിന്നു ഇതെല്ലാം
നിരീക്ഷിച്ചുകൊണ്ടിരുന്ന മക്കക്കാർ മുസ്‌ലിം
കളെ പരിഹസിച്ചുകൊണ്ടു ഇപ്രകാരം പറയു
കയുണ്ടായി:—'നമ്മെയും വിട്ടു മദീനയിലേ
ക്കു ഓടിപ്പോയ ആളുകളുടെ സ്ഥിതി നോക്കൂ.'
യസ്‌രിബിലെ പനിപിടിച്ചു സകലരും തള
ർന്നു പോയി. നടക്കുവാൻ പോലും ശേഷിയി
ല്ല. അവർ മലമുകളിൽ നിന്നു ഇപ്രകാരം പ
രിഹസിച്ച വാർത്ത വഹ്‌യ് മൂലം തിരുമേനി
(സ) ക്കു ലഭിച്ചു. ഓടിക്കൊണ്ടു മൂന്നു തവാ
ഫ് നിർവ്വഹിക്കുവാൻ തിരുമേനി (സ) സഹാ
ബിമാക്കു നിർദ്ദേശം നൽകി. സഹാബിമാർ
ഓടുന്നതു കണ്ടപ്പോൾ അവർ മാനുകളേപ്പോ
ലെ ഓടുന്നല്ലൊ' എന്നു അവർ മാറിപ്പറ
ഞ്ഞു. തവാഫിനുശേഷം തിരുമേനി (സ) ഒട്ട
കപ്പുറത്തിരുന്നുകൊണ്ടു തന്നെ സഫായുടെയും
മർവായുടേയും ഇടയിൽ നടക്കുകയുണ്ടായി.
തദനന്തരം മർവത് എന്നിടത്തു വെച്ചു ഒട്ടക
ങ്ങളെ അറുത്തു. അവിടെ വെച്ചു തന്നെ തി
രുമേനി (സ) യുടെ തലമുടി ക്ഷൗരം ചെയ്തി
ക്കുകയും ചെയ്തു. സഹാബിമാരും അവിടെ
വെച്ചു തന്നെ ക്ഷൗരം ചെയ്തിച്ചു. ഇമാം ഹല
ബീ (റ) പറയുന്നു:—'ആരാണ് തിരുമേനി
(സ) യുടെ തലമുടി ക്ഷൗരം ചെയ്തതെന്നു
വ്യക്തമായിപ്പറവാൻ എന്നെക്കൊണ്ടാവുക
യില്ല. മുഅ്തമിർബ്‌നു അബ്ദില്ലാഹിൽ അ
ദവീ (റ) വാണ് തിരുമേനി (സ) യുടെ തലമു
ടി ക്ഷൗരം ചെയ്തതെന്നു 'ഇംനാഅ്' എന്ന ഗ്ര
ന്ഥത്തിൽ അതിന്റെ കർത്താവു പ്രസ്താവിച്ച
തായി ഞാൻ കണ്ടിരിക്കുന്നു.' തിരുമേനി (സ)
യുടെ ശിരോരോമം കരസ്ഥമാക്കുവാൻ സഹാ
ബിമാരിലോരോരുത്തരും ശ്രമപ്പെട്ടു. ചില
ർക്കു കിട്ടി; പലർക്കും കിട്ടിയില്ല.

തിരുമേനി (സ) യോടൊപ്പം മക്കയിൽ പ്രവേശിച്ച സഹാബിമാർ ഉംറ: നിർവ്വഹിച്ച കഴിഞ്ഞപ്പോൾ, അവരിൽനിന്ന ഇരുനൂറ പേരെ നാജീഹിലേക്ക പറഞ്ഞയക്കുകയും, അവിടെ ആയുധങ്ങൾക്ക കാവൽ നിറുത്തിയിരുന്ന ഇരുനൂറ പേക്ക ഉംറ:ക്ക അവസരം നല്കുകയുമുണ്ടായി. അവരും ഉംറ. നിർവ്വഹിച്ചു. ഉടമ്പടിയിലെ നിബന്ധനയനുസരിച്ച മൂന്ന ദിവസം തിരുമേനി (സ) യും സഹാബിമാരും മക്കയിൽ താമസിച്ചു. നാലാം ദിവസം പുലർന്നപ്പോൾ, സുഹൈബ്‌ലിന അംറും ഹുവൈതിബ്‌ന അബ്ദുൽ ഉസ്സയും തിരുമേനി(സ)യുടെ അടുത്തു വന്ന ഇനി മക്കയിൽ നില്ക്കരുതെന്ന അറിയിച്ചു. അധികാരസ്വരം പുറത്തതായിരുന്ന ആ അറിയിപ്പ്. ആ ധിക്കാരപരമായ ആ ജ്ഞാപനം കേട്ടപ്പോൾ സഅ്ദുബ്‌ന ഉബാദത് (റ) വിന്ന പൊറുതി വന്നില്ല. മക്ക നിങ്ങളുടെ തറവാട്ട സ്വത്താണൊ എന്ന അദ്ദേഹം അവരോടു ചോദിച്ചു. തിരുമേനി (സ) അദ്ദേഹത്തെ സമാധാനിപ്പിച്ചു. യാത്രക്കൊരുങ്ങുവാൻ തിരുമേനി (സ) സഹാബിമാക്ക നിർദ്ദേശം നല്കി. ബറാഅ് (റ) വിനെ ഉദ്ധരിച്ചുകൊണ്ട ബുഖാരീ (റ) പറയുന്നു:- 'തിരുമേനി (സ) മക്കയിൽ കടന്ന മൂന്ന ദിവസം കഴിഞ്ഞപ്പോൾ, മക്കക്കാർ അലീ (ക. വ.) യെ സമീപിക്കുകയും, 'നിശ്ചയപ്രകാരമുള്ള മൂന്ന ദിവസം കഴിഞ്ഞിരിക്കുന്നു; ഇനി ഇവിടം വിടുവാൻ നിങ്ങളുടെ നേതാവോടു പറയണം' എന്നാവശ്യപ്പെടുകയും ചെയ്തു. തിരുമേനി (സ) യാത്രക്കൊരുങ്ങി. 'അപ്പോൾ ഹംസ:(റ)വിന്റെ മകളായ ഉമാമത്തെന്നൊ, ഇമാറത് എന്നൊ സൽമ എന്നോ പേരുള്ള കുട്ടി, 'എളാപ്പ, എളാപ്പാ' എന്ന വിളിച്ചുകൊണ്ട തിരുമേനി (സ) യെ തിരക്കി. അലീ (ക. വ) ആ കുട്ടിയെ വാരിയെടുത്തു തിരുമേനി(സ)യുടെ അടുത്തു കൊണ്ട പോയി. തിരുമേനി (സ) അപ്പോൾ ഫാതിമാ (റ) യുടെ തമ്പിലാണുണ്ടായിരുന്നത്. 'താങ്കളുടെ പിതൃവ്യന്റെ പുത്രിയാണിത്' എന്ന പറഞ്ഞുകൊണ്ട അലീ (ക. വ.) കുട്ടിയെ തിരുമേനി (സ) യുടെ കയ്യിൽ കൊടുത്തു. 'ബാപ്പയില്ലാത്ത ഈ കുട്ടിയെ ഇവിടെ വിട്ടേച്ചു കൊണ്ട് നാം തിരിച്ചു പോകുന്നതെങ്ങിനെ' എന്ന അലീ (ക. വ.) ചോദിച്ചപ്പോൾ, കുട്ടിയെ കൂടെ കൂട്ടിക്കൊള്ളുവാൻ തിരുമേനി (സ) മൌനാനുവാദം നല്കി. കുട്ടി മദീനത്തെത്തിയപ്പോൾ കുട്ടിയുടെ രക്ഷാകർതൃത്വം അവകാശപ്പെട്ടുകൊണ്ട അലീ (ക. വ) അദ്ദേഹത്തിന്റെ സഹോദരനായ ജഅ്ഫർ (റ), സൈദിബ്‌ന ഹാരിസത് (റ) എന്നിവർ മുമ്പോട്ട വന്ന. കുട്ടിയുടെ രക്ഷാകർതൃത്വം നിർവ്വഹിക്കുന്നതിന്ന ള്ള അവകാശം സ്ഥാപിക്കുന്നതിന്ന വേണ്ടി അവരിലോരുത്തരും തെളിവു നല്കി. 'കുട്ടിയെ വാരിയെടുത്തു തിരുമേനി (സ) യുടെ മുമ്പിൽ ഹാജരാക്കിയതും അവിടെനിന്ന ഇങ്ങോട്ട കൂട്ടിക്കൊണ്ട വന്നതും ഞാനായതുകൊണ്ട കുട്ടിയെ രക്ഷിപ്പാനുള്ള അവകാശം എനിക്കാ'ണെന്ന അലീ (ക. വ.) പ്രസ്താവിച്ചു.' കുട്ടി എന്റെ പിതൃവ്യന്റെ പുത്രിയാണെന്നുള്ളതിന്ന പുറമെ, കുട്ടിയുടെ ഇളയുമ്മയായ അസ്മാഅ് എന്റെ ഭാര്യയുമാണ്. അസ്മാഅ് എന്റെ കൂടെയാണുള്ളതും. അതുകൊണ്ട കുട്ടിയുടെ രക്ഷാകർത്തൃത്വം നിർവ്വഹിപ്പാനുള്ള അവകാശം എനിക്കാ'ണെന്ന ജഅ്ഫർ (റ) പ്രസ്താവിച്ചു. 'ഈ കുട്ടി എന്റെ സഹോദരന്റെ *

---

* സഹോദര്യബന്ധം എന്ന പാശത്താൽ സൈദിബ്‌ന ഹാരിസത് (റ) വിനെയും സുബൈർ (റ) വിനേയും തിരുമേനി (സ) ബന്ധിച്ചിരുന്ന. മാത്രമല്ല, വസിയത് മൂലം സുബൈർ (റ) വിന്റെ അവകാശിയും സൈദ് (റ) വായിരുന്ന.

പുത്രിയാണ്. അദ്ദേഹത്തിന്റെ അവകാശി ഞാനാണ്. അതുകൊണ്ട് കുട്ടിയുടെ രക്ഷാകർതൃത്വം എനിക്ക് തരണ'മെന്ന് സൈദ് (റ) പ്രസ്താവിച്ച മൂന്ന് പേരുടെ അവകാശവാദത്തിലും കഴമ്പുണ്ടെന്ന് കണ്ടപ്പോൾ, കുട്ടിയുടെ ഇളയമ്മയുടെ വശം കുട്ടിയെ ഏല്പിക്കുവാൻ തിരുമേനി (സ) കല്പിച്ചു. അവകാശവാദം ഉന്നയിച്ച മൂന്ന് പേരേയും സ്നേഹവചനങ്ങളാൽ തിരുമേനി (സ) സന്തോഷിപ്പിച്ചു.

ഈ യാത്രയിൽ മക്കത്തുവെച്ചു മൈമൂനത് (റ) യെ തിരുമേനി (സ) വിവാഹം കഴിച്ചു. ആദ്യഭർത്താവു മരിച്ചുപോയതു നിമിത്തം വിധവയായിത്തീർന്ന ആ മഹതിയെ അവരുടെ ജ്യേഷ്ഠത്തിയായ ഉമ്മുൽഫള്ലിന്റെ നിർദ്ദേശപ്രകാരം അബ്ബാസ് (റ) വാണ് തിരുമേനി (സ) ക്കു വിവാഹം ചെയ്തുകൊടുത്തത്. ഉംറ: യുടെ ഘട്ടത്തിലാണ് ഈ വിവാഹം നടന്നതു്. ഇഹ്റാം കെട്ടിയ നിലയിൽതന്നെ നികാഹ് നടക്കുകയും ഇഹ്റാം വിട്ടതിന്നുശേഷം വീട്ടുകൂടുകയും ചെയ്തുവെന്നും, നികാഹും വീട്ടുകൂടലും ഇഹ്റാം കെട്ടിയ നിലയിൽതന്നെ നടന്നുവെന്നും പറയപ്പെട്ടിട്ടുണ്ട്. [ഇഹ്റാം കെട്ടിയ നിലയിൽ വിവാഹം കഴിക്കുകയെന്നതു തിരുമേനി (സ) യെ സംബന്ധിച്ച വ്യക്തിപരമായ ഒരു പ്രത്യേകതയാകുന്നു. മറ്റുള്ളവരെസംബന്ധിച്ചേടത്തോളം ഇതു അനുവദനീയമല്ല.]

തിരുമേനി (സ) യുടെ പത്നിമാരിൽ അവസാനത്തേതു് മൈമൂനത് (റ) യാകുന്നു. ആ വിവാഹത്തിന്നുശേഷം തിരുമേനി (സ) മറ്റൊരു വിവാഹം നടത്തീട്ടില്ല. ഹിജ്റാബ്ദം മുപ്പതാം വർഷത്തിൽ മൈമൂനത് (റ) ഇഹലോകവാസം വെടിഞ്ഞു. എഴുപത്താറു ഹദീസുകൾ ആ മഹതിയിൽനിന്നു ലഭിച്ചിട്ടുണ്ട്.

അഹ്സമുബ്നു അബിൽഔജാഉസ്സൽമീ (റ) വിന്റെ യുദ്ധയാത്ര

ഹിജ്റാബ്ദം ഏഴാംവർഷത്തിലെ ദുൽഹജ്ജ് മാസത്തിൽ അഹ്സം (റ) വിന്റെ നേതൃത്വത്തിൽ അമ്പതു സഹാബിമാരെ ബനൂസുലൈം ഗോത്രക്കാരുടെ നേരെ തിരുമേനി (സ) നിയോഗിച്ചു. ഈ വാർത്ത കാലേക്കൂട്ടിത്തന്നെ അറിഞ്ഞ ബനൂസുലൈം ഗോത്രക്കാർ വമ്പിച്ച യുദ്ധത്തിന്നുള്ള ഒരുക്കങ്ങൾ സജ്ജമാക്കി. അഹ്സം (റ) ബനൂസുലൈംഗോത്രക്കാരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചു. അവർ നിരസിച്ചു. അതിനെത്തുടർന്നു യുദ്ധമാരംഭിച്ചു. ആദ്യം ഇരുകക്ഷികളും അമ്പുകളെയ്തു. ഇരുഭാഗക്കാർക്കും ക്ഷതങ്ങളേറ്റു. അപ്പോഴേക്കും സുലൈംഗോത്രക്കാരുടെ സൈന്യം മുസ്‌ലിംകളെ വലയം ചെയ്തു. ആ വലയത്തിന്നകത്തുനിന്നുകൊണ്ടു മുപ്പത്തൊന്നു പേരടങ്ങിയ മുസ്‌ലിംസേന ധീരധീരം അടരാടി. അവരിൽ ബഹുഭൂരിപക്ഷം വധിക്കപ്പെട്ടു. എതിർപക്ഷത്തും ജീവനാശങ്ങളുണ്ടായി. അഹ്സം (റ) വും മൂന്നു സഹാബിമാരും മാത്രം അവശേഷിച്ചുവെന്നും, ആ യുദ്ധത്തിൽ മുസ്‌ലിംപക്ഷത്തുണ്ടായിരുന്ന മുപ്പത്തൊന്നു സഹാബിമാരും ശഹീദായി എന്നും പക്ഷാന്തരമുണ്ട്.

ഗാലിബിബ്നുഅബ്ദില്ലാഹില്ലൈസീ (റ) വിന്റെ യുദ്ധയാത്ര

ഹിജ്റാബ്ദം എട്ടാംവർഷത്തിലെ സഫർ മാസത്തിൽ ഗാലിബ് (റ) വിന്റെ നേതൃത്വത്തിൽ ഒരു അശ്വസേനയെ ബനൂൽമുലൂഹ് ഗോത്രക്കാരുടെ നേരെ തിരുമേനി (സ) നിയോഗിച്ചു. അസ്ഖാന്റെയും ഖദീദിന്റെയും ഇടയിലുള്ള കദീദ് എന്ന സ്ഥലത്താണ് അവർ താമസിച്ചിരുന്നതു്. ജുൻദുബ് (റ) പറയുന്നു:— 'ഞാൻ ആ സേനയിലുണ്ടായിരുന്നു. ഞങ്ങൾ കദീദിൽ എത്താറായപ്പോൾ,

ബർസാഅ് എന്ന പേരിൽ അറിയപ്പെട്ട ഹർസുബ്നുമായികല്ലൈസീ എന്ന ആളെ കണ്ടുമുട്ടി. ഞങ്ങൾ അയാളെ ബന്ധനസ്ഥനാക്കി. താൻ ഇസ്‌ലാംമതം വിശ്വസിപ്പാനായി തിരുമേനി (സ) യുടെ സന്നിധിയിലേക്കു പോവുകയാണെന്നു അദ്ദേഹം ഞങ്ങളോടു പറഞ്ഞു. അതു നേരാണെങ്കിൽ, ഒന്നോ രണ്ടോ ദിവസം ഞങ്ങളോടൊപ്പം ഇവിടെ താമസിക്കുന്നതിനു വിരോധമില്ലല്ലൊ എന്നു ഞങ്ങളും പറഞ്ഞു. ഇയാൾ എതിപ്പു കാണിച്ചെങ്കിൽ തല കൊയ്യുകയണം എന്ന നിർദ്ദേശത്തോടുകൂടി ഒരു സഹാബിയെ അയാളുടെ അടുത്തു കാവൽ നിറുത്തിക്കൊണ്ടു ഞങ്ങൾ മുമ്പോട്ടു നീങ്ങി. സന്ധ്യയോടുകൂടി ഞങ്ങൾ കദീദിൽ എത്തി ഒരു മലച്ചെരുവിൽ താവളമടിച്ചു. മലൂഹ് ഗോത്രക്കാർ ഉറങ്ങിക്കഴിഞ്ഞപ്പോൾ, ഞങ്ങൾ കുതിരകളെ മുമ്പോട്ടു നയിച്ചു. ജനങ്ങൾ പരിഭ്രാന്തരായി നിലവിളിച്ചു. അപ്പോഴേക്കും ഒരു വലിയ ജനക്കൂട്ടം രംഗത്തെത്തിക്കഴിഞ്ഞു. ഞങ്ങളുടെ ചെറുസേനക്കു വമ്പിച്ച ജനാവലിയോടെതിർത്തു ജയിക്കുവാൻ സാധിക്കുമായിരുന്നില്ല. ഞങ്ങൾ പിന്മാറി. ബന്ധനസ്ഥനാക്കിയ ഹർസിബ്നുമാലികിനെയും അയാൾക്കു പാറാവു നിറുത്തിയ സഹാബിയെയും കൂട്ടി ഞങ്ങൾ പിന്നോട്ടു നീങ്ങി. ഖദീദിന്റെ അതിർത്തിയിൽ ഞങ്ങൾ എത്തിച്ചേർന്നു. ഖദീദിന്റെ അതിർത്തി വിടുവാൻ ഒരു മല മാത്രമെ ഞങ്ങൾ കീഴടക്കേണ്ടിയിരുന്നുള്ളൂ. ആ വലിയ ജനാവലി ഞങ്ങളെ പിന്തുടരുന്നുണ്ടായിരുന്നു. ആകാശത്തിൽ മഴക്കാറിന്റെ ലക്ഷണംപോലും ഉണ്ടായിരുന്നില്ല. അത്ഭുതമെന്നു പറയട്ടെ, പെട്ടെന്നു ഒരു മലയിൽനിന്നു വെള്ളച്ചാട്ടമുണ്ടായി. ആ വെള്ളച്ചാട്ടത്തിൽ അവർ കുടുങ്ങിപ്പോയി. ഞങ്ങൾ നടത്തിയ മുന്നേറ്റത്തിൽ കുറെ ആടുമാടുകളെ യുദ്ധമുതലുകളായി ഞങ്ങൾ കൈവപ്പെടുത്തിയിരുന്നു. അവയെ ഞങ്ങൾ മദീനയിലേക്കു തെളിച്ചുകൊണ്ടുവന്നു. ഹർസിബ്നുമാലിക് മദീനയിലെത്തിയപ്പോൾ ഇസ്‌ലാംമതം വിശ്വസിച്ചു."

ഈ ഹർസിബ്നുമാലിക് (റ) വിൽനിന്നു ലഭിച്ച ഒരു ഹദീസ് തിർമദീ (റ) വും ഇബ്നുഹിബ്ബാൻ (റ) വും രേഖപ്പെടുത്തീട്ടുണ്ട്. ഈ ഹദീസിനെ * അവർ ശരിയായ ഹദീസായി അംഗീകരിച്ചിട്ടുമുണ്ട്.

പ്രാമാണികരായ മൂന്നുപേർ ഇസ്‌ലാംമതം വിശ്വസിച്ചു

ഹിജ്രാബ്ദം എട്ടാം വർഷത്തിൽ, ഖാലിദിബ്നുവലീദ്, ഉസ്മാനുബ്നുത്തൽഹതിൽ ഹജബീ, അംറുബ്നുൽആസി എന്നീ മൂന്നു പ്രാമാണികവ്യക്തികൾ ഇസ്‌ലാംമതം വിശ്വസിച്ചു. ഇസ്‌ലാംമതം വിശ്വസിക്കുന്നതിനുമുമ്പ് ഖാലിദിബ്നുവലീദ് അറബികളുടെ കുതിരപ്പട്ടാളത്തിന്റെ നായകനായിരുന്നു. ഇസ്‌ലാംമതം വിശ്വസിക്കുന്നതിനുമുമ്പ്, അറബികളും മുസ്‌ലിംകളും തമ്മിൽ നടന്ന മിക്കവാറും എല്ലായുദ്ധങ്ങളിലും അദ്ദേഹം സജീവമായ പങ്കു വഹിച്ചിട്ടുണ്ട്. ഇസ്‌ലാംമതം വിശ്വസിച്ചതിനുശേഷം മുഅ്തത് യുദ്ധത്തിലും അതോടനുബന്ധിച്ച യുദ്ധങ്ങളിലും അദ്ദേഹം നേതൃത്വം വഹിച്ചു. ഇറാഖ് യുദ്ധത്തിന്റെ പ്രാരംഭഘട്ടത്തിലും ശാം യുദ്ധത്തിൽ ഉടനീളവും അദ്ദേഹം ധീരമായ പങ്കുവഹിച്ചു. 'അല്ലാഹുവിന്റെ ഖഡ്ഗങ്ങളിൽ ഒരു ഖഡ്ഗം'എന്നു അദ്ദേഹത്തെ തിരുമേനി (സ) പ്രശംസിച്ചു. അംറുബ്നുൽആസി പ്രസിദ്ധനായ ബുദ്ധിശാലിയും അറബികളുടെ

* "ഈ ദിവസത്തിനുശേഷം ലോകാവസാനംവരെ മക്കത്തുവെച്ചു യുദ്ധം നടക്കുകയില്ല"— ഇതാണ് അദ്ദേഹത്തിൽനിന്നു സിദ്ധിച്ച ഹദീസ്.

നേതാവുമായിരുന്നു. ഉസ്മാനുബ്നുതൽഹ തത്താവട്ടെ കഅ്ബയുടെ അധികാരിയായിരുന്നു. കഅ്ബയുടെ താക്കോൽ അദ്ദേഹമാണ് സൂക്ഷിച്ചിരുന്നത്. ഈ മൂന്നുപേരുടെ ഇസ്‌ലാംമതസ്വീകരണം ചരിത്രത്തിലെ ശ്രദ്ധേയമായ വസ്തുതകളിൽ ഒന്നത്രെ. ആ സംഭവം ഖുറൈശികളുടെ ഉന്മേഷത്തെയും അഹങ്കാരത്തെയും നിർജ്ജീവമാക്കിക്കളഞ്ഞു.

ഖാലിദുബ്നുവലീദ് (റ) പറയുന്നു:— അല്ലാഹു എനിക്ക് നന്മ ചെയ്യുവാൻ ഉദ്ദേശിച്ചപ്പോൾ, എന്റെ മനസ്സിൽ ഇസ്‌ലാമിനോടു പ്രേമം ഉളവാക്കി. അതിന്നുമുമ്പ് തിരുമേനി (സ) ക്കെതിരായി പല യുദ്ധങ്ങളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. ഓരോ യുദ്ധം അവസാനിക്കുമ്പോഴും അടുത്ത യുദ്ധത്തിൽ തിരുമേനി (സ) യുടെ കഥ കഴിക്കണമെന്നു ഞാൻ കരുതിപ്പോന്നിട്ടുമുണ്ട്. ഉംറ:ത്തുൽ ഖളാക്കു തിരുമേനി (സ) മക്കയിൽ കടക്കുമ്പോൾ, ഞാൻ മക്കയിൽനിന്നു മാറിനിന്നു. തിരുമേനി (സ) യോടൊപ്പം മക്കയിലെത്തിയ എന്റെ സഹോദരൻ വലീദുബ്നുൽവലീദ് എന്നെ അന്വേഷിച്ചുനടന്നെങ്കിലും അദ്ദേഹം എന്നെ കണ്ടെത്തിയില്ല. ആകയാൽ അദ്ദേഹം എനിക്കു ഒരു കത്തയച്ചു. ബിസ്മികൊണ്ടു തുടങ്ങിയ കത്തിന്റെ ഉള്ളടക്കം താഴെകാണുംപ്രകാരമായിരുന്നു.:— 'എന്റെ സഹോദരാ, ഇസ്‌ലാമിനെതിരായ അഭിപ്രായം നീ വെച്ചുപുലർത്തുന്നുവെന്ന വസ്തുത എന്നെ അത്യന്തം അത്ഭുതപ്പെടുത്തുന്നു. ഖാലിദ് എവിടെയെന്നു അല്ലാഹുവിന്റെ റസൂൽ എന്നോടു ചോദിച്ചപ്പോൾ, അവനെ അല്ലാഹു തിരുമേനി (സ) യുടെ അടുത്തുകൊണ്ടുവരുന്നുമെന്നു ഞാൻ മറുപടി പറഞ്ഞു. അപ്പോൾ, അദ്ദേഹത്തെപ്പോലുള്ളവർ ഇസ്‌ലാമിനെസ്സംബന്ധിച്ചേടത്തോളം അജ്ഞരാവുകയില്ലെന്നും, അദ്ദേഹം മുസ്‌ലിംകളോടു കാണിക്കുന്ന എതിർപ്പു മുശ്രിക്കുകളുടെ നേരെ തിരിച്ചുവിട്ടാൽ അദ്ദേഹത്തിന്നു നന്മ ലഭിക്കുമെന്നും, അങ്ങിനെയായിരുന്നെങ്കിൽ മറ്റുള്ളവരെ അപേക്ഷിച്ചു അദ്ദേഹത്തിന്നു ഞാൻ പ്രാധമ്യം നൽകുമായിരുന്നെന്നും തിരുമേനി (സ) എന്നോടു പറയുകയുണ്ടായി. അതുകൊണ്ടു്, എന്റെ സഹോദരാ, നിങ്ങൾക്കു നഷ്ടപ്പെട്ടുപോയ മാന്യതകളും നിങ്ങൾ ഉടനടി വീണ്ടെടുത്തുകൊള്ളുക. അതിന്നായി, തിരുമേനി (സ) യെ നിങ്ങൾ ഉടനെ സമീപിച്ചുകൊള്ളുക.

'ഈ കത്തു വായിച്ചപ്പോൾ, തിരുമേനി (സ) യെ സമീപിച്ചു ഇസ്‌ലാംമതം സ്വീകരിപ്പാനുള്ള ആഗ്രഹം എന്റെ ഹൃദയത്തിൽ ഉദിച്ചുപൊങ്ങി. തിരുമേനി (സ) പറഞ്ഞവാക്കുകൾ എന്നെ സന്തോഷിപ്പിച്ചു. അതോടുകൂടി, ക്ഷാമംകൊണ്ടു നശിച്ച ഒരു നാട്ടിൽനിന്നു സമൃദ്ധിയുടെ ഒരു നാട്ടിലേക്കു ഞാൻ യാത്രക്കൊരുങ്ങിയതായി ഒരു സ്വപ്നം ഞാൻ കാണുകയുംചെയ്തു. തിരുമേനി (സ) യുടെ സന്നിധിയിലേക്കു് പുറപ്പെടുവാൻ ഞാൻ തീരുമാനിച്ചു. അന്നു വഴിയിൽവെച്ചു സഫ്വാനുബ്നുഉമയ്യത്തിനെ ഞാൻ കണ്ടുമുട്ടി. മദീനയിൽ പോയി ഇസ്‌ലാംമതം വിശ്വസിക്കുന്ന വിഷയത്തിൽ അയാൾക്കുള്ള അഭിപ്രായം ഞാൻ ആരാഞ്ഞു. ഈ നാട്ടിലുള്ള മുഴുവൻ ആളുകളും ഇസ്‌ലാംമതം വിശ്വസിച്ചെന്നു വന്നാലും ഞാൻ വിശ്വസിക്കുകയില്ലെന്നായിരുന്നു അയാളുടെ മറുപടി. ബദ്ർ യുദ്ധത്തിൽ അയാളുടെ പിതാവും സഹോദരനും കൊല്ലപ്പെട്ട ഈർഷ്യയാലാണ് അയാൾ അങ്ങിനെ പറഞ്ഞതെന്നു ഞാൻ മനസ്സിലാക്കി. അതിന്നുശേഷം ഞാൻ ഇക്രിമതിബ്നുഅബൂജഹലിനെ കണ്ടു. സഫ്വാൻ പറഞ്ഞതുപോലെതന്നെ ഇക്രിമയും പറഞ്ഞു. പിന്നീടു ഉസ്മാനിബ്നുതൽഹത്തിനെയാണു് ഞാൻ കണ്ടതു.

അദ്ദേഹം എന്റെ സുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ പിതൃവ്യനായ ഉസ്മാനും, മസാഫിഅ്, ഹല്ലാസ്, ഹർസ്, കിലാബ് എന്നീ നാല് സഹോദരന്മാരും ഉഹ്ദ്‌യുദ്ധത്തിൽ കൊല്ലപ്പെട്ട വസ്തുത ഞാൻ ഓർത്തു. എന്റെ അഭിപ്രായം അദ്ദേഹം സ്വീകരിപ്പാൻ സാദ്ധ്യത കൂടുവാണെന്ന ബോധത്തോടുകൂടിത്തന്നെ; എന്റെ ഉദ്ദേശ്യം ഞാൻ അദ്ദേഹത്തെ അറിയിച്ചു. എന്റെ പ്രതീക്ഷക്കെതിരായി എന്റെ ഉദ്ദേശ്യത്തെ അദ്ദേഹം അനുകൂലിക്കുകയും എന്നോടൊപ്പം പുറപ്പെടുവാൻ സന്നദ്ധനാവുകയും ചെയ്തു. യാത്ര പുറപ്പെടുവാനുള്ള സമയവും സ്ഥലവും ഞങ്ങൾ തീരുമാനിച്ചു. നിശ്ചിതസ്ഥലത്തു്, നിശ്ചിതസമയത്തു് ഞങ്ങൾ രണ്ടുപേരും എത്തിച്ചേർന്നു. പ്രഭാതത്തിനുമുമ്പു് ഞങ്ങൾ യാത്രപുറപ്പെട്ടു. ഞങ്ങൾ ഹദ്ദത് എന്ന സ്ഥലത്തെത്തിയപ്പോൾ അംറുബ്നുൽആസിയെ കണ്ടുമുട്ടി. ഇസ്‌ലാംമതം സ്വീകരിപ്പാനായി അദ്ദേഹവും മദീനയിലേക്കു പോവുകയാണെന്നറിഞ്ഞപ്പോൾ ഞങ്ങൾ അത്യന്തം സന്തോഷിച്ചു. മൂന്നുപേരും ഒരുമിച്ചു മുന്നോട്ടുനീങ്ങി. ഞങ്ങൾ മൂന്നുപേരും മദീനയിലെത്തി, ഒട്ടകപ്പുറത്തുനിന്നു താഴെ ഇറങ്ങി. ഞാൻ വസ്ത്രം മാറി, തിരുമേനി (സ) യുടെ സന്നിധിയിലേക്കു പുറപ്പെട്ടു. അപ്പോൾ വഴിയിൽ സഹോദരനെ കണ്ടുമുട്ടി. തിരുമേനി (സ) നിങ്ങളെ കാത്തിരിക്കുന്നു; വേഗം നടന്നുകൊള്ളുക എന്നു അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ നടത്തത്തിനു വേഗംകൂട്ടി. തിരുമേനി (സ) യുടെ സന്നിധിയിൽ എത്തിയ ഞാൻ വിനീതമായി സലാം ചൊല്ലി. തിരുമേനി (സ) പുഞ്ചിരിയോടുകൂടി സലാം മടക്കിയപ്പോൾ 'അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഅന്നമുഹമ്മദറസൂലുല്ലാ' എന്ന സാക്ഷ്യവചനം ഞാൻ മൊഴിഞ്ഞു. 'നിങ്ങളെ നേർമാർഗ്ഗത്തിലാക്കിയ അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു. ബുദ്ധിമാനായ നിങ്ങളെ നന്മയിലല്ലാതെ അല്ലാഹു എത്തിക്കുകയില്ലെന്നു ഞാൻ പ്രതീക്ഷിച്ചിരിക്കുന്നു'വെന്നു തിരുമേനി (സ) അരുളുകയുണ്ടായി. താങ്കൾക്കെതിരായി പ്രവർത്തിച്ചതുമൂലം എനിക്കുണ്ടായ പാപങ്ങളെ പൊറുക്കുവാൻ അല്ലാഹുവോടു താങ്കൾ പ്രാർത്ഥിക്കേണമെന്നു ഞാൻ അപേക്ഷിച്ചപ്പോൾ, 'ഇസ്‌ലാമിയത്തിനു മുമ്പുണ്ടായതെല്ലാം ഇസ്‌ലാമിയത്തോടുകൂടി ഇല്ലാതാവും' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അതിനുശേഷം ഉസ്മാനും അംറും തിരുമേനി (സ) യെ സമീപിച്ചു ഇസ്‌ലാംമതം വിശ്വസിച്ചു.' *

അംറുബ്നുൽ ആസി (റ) പറയുന്നു:— 'ഖന്ദഖ് യുദ്ധം കഴിഞ്ഞപ്പോൾ മുസ്‌ലിംകൾക്കു കൂടുതൽ രാജ്യങ്ങൾ പിടിച്ചടക്കുവാനുള്ള സാദ്ധ്യതകളുണ്ടെന്നു എനിക്കു തോന്നി. അവരുടെ കീഴിൽ ജീവിക്കേണ്ടി വരികയെന്നതു ഞാൻ ഇഷ്ടപ്പെട്ടില്ല. മുഹമ്മദ് മുന്നോട്ടുമെന്നാണ് തോന്നുന്നതെന്നും അവർക്കു കീഴടങ്ങേണ്ടി വരുന്നതിനു മുമ്പു് നാടുവിട്ടു, നജാശീ രാജാവിന്റെ കീഴിൽ അഭയം പ്രാപിക്കുകയാണ് നല്ലതെന്നും ഉള്ള എന്റെ അഭിപ്രായം ഞാൻ എന്റെ സ്നേഹിതന്മാരെ അറിയിച്ചു. അങ്ങിനെ ചില സമ്മാനങ്ങളുമായി ഞാൻ അബ്സീനിയായിലേക്ക് പുറപ്പെട്ടു. അംറ് ബ്നു ഉമയ്യുള്ളംരീ (റ) യെ ഞാൻ അബ്സീനിയായിൽ വെച്ചു കണ്ടുമുട്ടി. ജഅ്ഫർ (റ) വിന്റെയും കൂട്ടുകാരുടേയും അടുക്കലേക്കു തിരുമേനി (സ) അദ്ദേഹത്തെ നിയോഗിച്ചതായിരുന്നു. അദ്ദേഹത്തെ കൊല്ലുവാൻ നജാശീ

* ഖാലിദുബ്ൻ വലീദ് (റ) ഹിജ്റാബ്ദം ഇരുപത്തൊന്നാം വർഷം പരലോകപ്രാപ്തനായി. അദ്ദേഹം അന്ത്യശ്വാസമടഞ്ഞതു ഹിംസ് എന്ന സ്ഥലത്തു വെച്ചാണെന്നും മദീനയിൽ വെച്ചാണെന്നും പറയപ്പെട്ടിട്ടുണ്ടു്.

രാജാവ് അനുവദിച്ചെങ്കിൽ നന്നായിരുന്നുവെന്ന് ഞാൻ ഊഹിച്ചു. ഞാൻ രാജാവിനെ സന്ദർശിച്ചു' വണങ്ങിക്കൊണ്ടു സമ്മാനങ്ങൾ അദ്ദേഹത്തിനു കാഴ്ച വെച്ചു. അദ്ദേഹം അതു സന്തോഷപൂർവ്വം സ്വീകരിച്ചു. നാട്ടുവിവരങ്ങൾ പറഞ്ഞുകൊണ്ടിരിക്കെ രാജാവോടു ഇപ്രകാരം അഭ്യർത്ഥിച്ചു. 'ഞങ്ങളുടെ ശത്രുവിന്റെ ഒരു ദൂതൻ ഇപ്പോൾ ഇവിടെനിന്നു ഓടിപ്പോകുന്നതു ഞാൻ കണ്ടു. അയാളെ കൊല്ലുവാൻ രാജാവ് അനുമതി നല്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.' ഇതു കേട്ടതും ക്ഷുഭിതനായ രാജാവ് മുഷ്ടി ചുരുട്ടി എന്റെ മൂക്കിനു കുത്തി. മൂസാ നബിക്കു മുന്നറിയിപ്പു നല്കപ്പെട്ട 'നാമൂസുൽ അക്ബ'റിന്റെ ദൂതനെക്കൊല്ലുവാനാണോ നീ ആഗ്രഹിക്കുന്നതെന്നു രാജാവ് എന്നോടു ചോദിച്ചു. അറിവില്ലാതെ പറഞ്ഞു പോയതാണെന്നു ഞാൻ ബോധിപ്പിച്ചപ്പോൾ രാജാവ് പറഞ്ഞു: 'അംറേ, എന്റെ ഉപദേശം നീ സ്വീകരിക്കുക; അവിടത്തെ പിന്തുടരുക; നിശ്ചയമായും അവിടുന്നു സത്യപ്രവാചകനാകുന്നു. മൂസാ നബി ഫിർഔനിനെ നേരിട്ടതുപോലെ, അവിടത്തെ എതിരാളികളെ അവിടുന്നു നേരിടും.' രാജാവിന്റെ ഉപദേശം എന്നിൽ മാനസാന്തരമുണ്ടാക്കി. ഇസ്‌ലാംമതം സ്വീകരിക്കുവാൻ ഞാൻ തൽക്ഷണം തീരുമാനിച്ചു. ഞാൻ ഇസ്‌ലാംമതം വിശ്വസിക്കുമെന്നു രാജാവുമായി ഉടമ്പടി ചെയ്തു. അബ്സീനിയായിൽ നിന്നു ഞാൻ മദീനയിലേക്കു പുറപ്പെട്ടു. ആ യാത്രയിൽ വഴിയിൽ വെച്ചു ഖാലിദ്ബ്നു വലീദിനെയും ഉസ്മാനുബ്നു തൽഹത്തിനെയും കണ്ടു മുട്ടി. അവരും മദീനയിലേക്കു പോവുകയാണെന്നറിഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. ഞങ്ങൾ മൂന്നുപേരും ഒരുമിച്ചു മദീനയിലേക്കു യാത്ര ചെയ്തു.

'ഞങ്ങൾ മദീനയിലെ ഹർറ: എന്ന സ്ഥലത്തിറങ്ങി ഉടുപ്പുകൾ മാറി. അസ്‌റിന്റെ സമയത്തു തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി. ഞങ്ങളെ കണ്ടപ്പോൾ തിരുമേനി (സ) യുടെ മുഖം സന്തോഷത്താൽ അത്യന്തം പ്രസന്നമായി. സഹാബിമാർ ആനന്ദപൂർവ്വം തിരുമേനി (സ) യെ ചുറ്റി നിന്നു ആദ്യം ഖാലിദ്ബ്നു വലീദ് ഇസ്‌ലാംമതം സ്വീകരിച്ചു; രണ്ടാമതായി ഉസ്മാനിബ്നു തൽഹത്തും മൂന്നാമതായി ഞാനും ശഹാദത്ത് പൊല്ലി ഇസ്‌ലാമിൽ പ്രവേശിച്ചു. മുമ്പു ചെയ്തു പോയ കുറ്റങ്ങളും പൊറുത്തു തരുവാൻ ഞാൻ തിരുമേനി (സ) യോടഭ്യർത്ഥിച്ചു. തിരുമേനി (സ) അതു പൊറുത്തു തന്നു. ഭാവിദോഷങ്ങളെ പൊറുത്തു തരുവാനും അഭ്യർത്ഥിക്കേണമെന്നു ഞാൻ കരുതിയെങ്കിലും പറവാൻ കഴിഞ്ഞില്ല. ഞാൻ ഇസ്‌ലാംമതം സ്വീകരിക്കുന്നതിനു മുമ്പു ചെയ്തു പോയ കുറ്റങ്ങളെപ്പറ്റി തിരുമേനി (സ) ഒരിക്കലും തന്നെ ഒരക്ഷരം പോലും പറയുകയുണ്ടായില്ല. *

ഗാലിബിബ്നു അബ്ദില്ലാ ഹില്ലൈസീ (റ) വിന്റെ രണ്ടാം യുദ്ധയാത്ര

കടീദിൽ നിന്നു വിജയലാളിതനായി തിരിച്ചെത്തിയ ഗാലിബ് (റ) വിനെ തിരുമേനി (സ) ഫദ്ക് എന്ന നാട്ടിലേക്കു നിയോഗിച്ചു. ഹിജ്റാബ്ദം എട്ടാം കൊല്ലം സഫർ മാസത്തിലാണ് ഈ സംഭവമുണ്ടായതു്.

---

* ഉമർ ഫാറൂഖ് (റ) വിന്റെ ഭരണകാലത്തു് ഈജിപ്തിലെ ന്യായാധിപൻ ഈ അംറുബ്നുൽ ആസീ (റ) വായിരുന്നു. ഹിജ്റാബ്ദം നാല്പത്തിമൂന്നാം വഷത്തിൽ അദ്ദേഹം പരലോകം പ്രാപിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിനു തൊണ്ണൂറോളം വയസ്സു് പ്രായമുണ്ടായിരുന്നു. അവരോടൊപ്പം ഇസ്‌ലാംമതം വിശ്വസിച്ച ഉസ്മാനുബ്നു തൽഹത് (റ) ഹിജ്റാബ്ദം നാല്പത്തി രണ്ടാം വഷത്തിൽ പരലോകപ്രാപ്തനായി.

ഹിജ്‌റാബ്ദം ഏഴാം കൊല്ലം ആ സ്ഥലത്തു വെച്ചു ബശീറുബ്‌നു സഅ്ദ് (റ) വിന്നും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സഹാബിമാക്കും ആപത്തു സംഭവിച്ച വസ്തുത വായനക്കാർ ഓർക്കുന്നുണ്ടല്ലൊ. ആ സ്ഥലത്തേക്കു സുബൈറുബ്‌നുൽ അവ്വാം (റ) വിന്റെ നേതൃത്വത്തിൽ ഇരുന്നൂറു കുതിരപ്പട്ടാളക്കാരെ അയപ്പാനുള്ള ഒരുക്കങ്ങളും മിക്കവാറും പൂർത്തിയായപ്പോഴാണ് കദീദിൽ നിന്നു ഗാലിബ് (റ) തിരിച്ചെത്തിയതു്. അപ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുൻപറഞ്ഞ ഇരുന്നൂറു കുതിരപ്പട്ടാളക്കാരെ തിരുമേനി (സ) ഫദ്കിലേക്കു നിയോഗിച്ചു. ഫദ്കിലെ ജനങ്ങളും യുദ്ധത്തിനൊരുങ്ങി നില്ക്കുകയാണെന്നു ഗാലിബ് (റ) മനസ്സിലാക്കി. അദ്ദേഹം തന്റെ സേനയോടു ഇപ്രകാരം പറഞ്ഞു:-'സഹാബിമാരെ, നിങ്ങളും തികച്ചും എന്റെ ആജ്ഞകു വിധേയരായി പ്രവർത്തിക്കേണം. അണുമാത്രം തെറ്റരുതു്. ഞാൻ നിയമിച്ച അമീറിന്നു വഴിപ്പെട്ടവർ എനിക്കു വഴിപ്പെട്ടവരാണെന്നു തിരുമേനി (സ) അരുളീട്ടുണ്ടു്.' അദ്ദേഹത്തിന്റെ നിർദ്ദേശം ആ സംഘത്തിലുള്ള ഓരോരുത്തരും സ്വീകരിച്ചു. അടുത്ത പ്രഭാതത്തിൽ 'അല്ലാഹു അക്ബർ'എന്ന തക്ബീർ മുഴക്കിക്കൊണ്ടു ശത്രുക്കളെ അവർ നേരിട്ടു. നാലഞ്ചുമണിക്കൂർനേരം നീണ്ടുനിന്ന ഘോരയുദ്ധത്തിൽ ശത്രുപക്ഷത്തുള്ള പലരും കൊല്ലപ്പെട്ടു. ശേഷിച്ചവർ ആത്മരക്ഷാർത്ഥം ഓടിക്കളഞ്ഞു. അവിടെനിന്നു കണ്ടെടുത്ത മുതലുകളുമായി മുസ്‌ലിംസേന മദീനയിലേക്കു തിരിച്ചു.

ശുജാഇബ്‌നുവഹബുൽഅസദീ(റ) വിന്റെ യുദ്ധയാത്ര

ഹിജ്‌റാബ്ദം എട്ടാം വർഷത്തിലെ റബീഉൽഅവ്വൽ മാസത്തിൽ ശുജാഅ് (റ) വിന്റെ നേതൃത്വത്തിൽ ഇരുപത്തിനാലു യോദ്ധാക്കളെ ബനൂഅമിർ ഗോത്രക്കാരുടെ നേരെ തിരുമേനി (സ) നിയോഗിച്ചു. റവാസാൻ വംശത്തിൽപ്പെട്ട ബനൂഅമിർ ഗോത്രക്കാർ മക്കക്കടുത്തുള്ള സീഅ് എന്ന സ്ഥലത്താണു് താമസിച്ചിരുന്നതു് പകൽ ഒളിച്ചും രാത്രി സഞ്ചരിച്ചുംകൊണ്ടു മുസ്‌ലിംസേന സീഹൽ ചെന്നെത്തി. ബനൂഅമിർ ഗോത്രക്കാർ യുദ്ധത്തിനൊരുങ്ങിയില്ല. അതുകൊണ്ടു അവരിൽ ആരെയും കൊല്ലാതെ, അവരുടെ സ്വത്തുക്കൾമാത്രം കൈവശപ്പെടുത്തിക്കൊണ്ടു മുസ്‌ലിംസേന മദീനയിലേക്കു തിരിച്ചു.

കഅ്ബുബ്‌നുഉമൈറൽഗിഫാരീ (റ) വിന്റെ യുദ്ധയാത്ര

ഹിജ്‌റാബ്ദം എട്ടാംവർഷത്തിലെ റബീഉൽഅവ്വൽ മാസത്തിൽതന്നെ കഅ്ബ് (റ) വിന്റെ നേതൃത്വത്തിൽ പതിനഞ്ചു സഹാബിമാരെ ശാം രാജ്യത്തിൽപ്പെട്ട ദാത്ഇത്‌ലാഅ് എന്ന സ്ഥലത്തേക്കു നിയോഗിച്ചു. എതിരാളികളുടെ ഒരു വലിയ സേന മുസ്‌ലിംകളെ നേരിട്ടു. അവർ തമ്മിൽ നടന്ന ഭയങ്കരമായ പോരാട്ടത്തിൽ എതിരാളികളിൽ പലർ കൊല്ലപ്പെട്ടുവെങ്കിലും, മുസ്‌ലിംപക്ഷത്തുള്ള പതിനഞ്ചു സഹാബിമാർ ശഹീദായി. ഒരാൾ ശത്രുക്കളുടെ വെട്ടേറു നിലത്തുവീണു. അദ്ദേഹം മരിച്ചുപോയെന്നു ശത്രുക്കൾ കരുതി. സ്വബോധം വീണ്ടുകിട്ടിയപ്പോൾ ആ സഹാബി അവിടെനിന്നു രക്ഷപ്പെട്ടു, വിഷമിച്ചുകൊണ്ടു മദീനയിൽ എത്തിച്ചേർന്നു. വിവരങ്ങളെല്ലാം അദ്ദേഹം തിരുമേനി (സ) യെ അറിയിച്ചു. തിരുമേനി (സ) അത്യന്തം വ്യസനിക്കുകയും, ആ ശത്രുക്കളെ നേരിടുവാൻ ഒരു സൈന്യത്തെ സജ്ജമാക്കുകയും ചെയ്തു. അതിലിടക്കു മുസ്‌ലിംകളുടെ പുനരാക്രമണത്തെ ഭയന്നുകൊണ്ടു ശത്രുക്കൾ ആ നാടുവിട്ടോടിക്കളഞ്ഞു. തന്നിമിത്തം രണ്ടാമതു ഒരു സൈന്യ

ത്തെ അങ്ങോട്ടയക്കേണ്ടെന്ന ആവശ്യമുണ്ടായില്ല.

മുഅ്തത് യുദ്ധം

ഇസ്‌ലാം ചരിത്രത്തിലെ അതിശ്രദ്ധേയമായ മഹായുദ്ധങ്ങളിലൊന്നാണിത്. രണ്ടൊ രണ്ടരയൊ ലക്ഷം യോദ്ധാക്കളടങ്ങിയ എതിർകക്ഷിയോട് മൂവായിരം പേരടങ്ങിയ മുസ്‌ലിംസേന ഏഴദിവസം തുടച്ചയായി യുദ്ധംചെയ്യുകയും മഹത്തായ വിജയം കരസ്ഥമാക്കുകയും ചെയ്തുവെന്നതു യഥാർത്ഥത്തിൽ ലോകത്തെ എക്കാലത്തും അത്ഭുതപ്പെടുത്തുവാൻ പര്യാപ്തമായ ഒരു ചരിത്രവസ്തുതയാകുന്നു. തിരുമേനി (സ) ഈ യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലെങ്കിലും, യുദ്ധഗതിയുടെ പ്രാധാന്യത്തെ പരിഗണിച്ചുകൊണ്ട് തിരുമേനി (സ) പങ്കെടുത്ത യുദ്ധങ്ങളുടെ കൂട്ടത്തിലാണ് ചരിത്രകാരന്മാർ ഈ യുദ്ധത്തെ ഉൾപ്പെടുത്തീട്ടുള്ളത്. ഹിജ്‌റാബ്ദം എട്ടാംവഷ്ത്തിലെ ജമാദുൽഅവ്വൽമാസത്തിൽ മുഅ്തത്‌യുദ്ധം നടന്നു. ശാമിൽ, ബൈതുൽമുഖദ്ദിസ് എന്ന പള്ളിക്കടുത്തായി സ്ഥിതിചെയ്യുന്ന ഒരു വിശ്രുത രാജ്യമാണ് മുഅ്തത്.

തിരുമേനി (സ) യുടെ ഒരു കത്തുമായി ശാം ചക്രവത്തിയായ ഹിർഖലിന്റെ അടുക്കലേക്കു പോവുകയായിരുന്ന ഹർസുബ്നുഉമൈർഅസ്ദീ (റ) യെ മുഅ്തതിൽവെച്ചു ശർഹബീൽ എന്ന ഒരാൾ ബന്ധനസ്ഥനാക്കി. ശാം ചക്രവത്തിയുടെ സേനാനായകനായിരുന്നു ശർഹബീൽ. ഹർസ് (റ) ശാം ചക്രവത്തിയുടെ മുമ്പിൽ ഹാജരാക്കപ്പെടുകയും, ചക്രവത്തി അദ്ദേഹത്തിന്റെ ശിരച്ഛേദം ചെയ്യുവാൻ ആജ്ഞാപിക്കുകയും ചെയ്തു. തിരുമേനി (സ) യുടെ ദൂതന്മാരിൽ മറ്റാരെയും ആരുംതന്നെ വധിച്ചിരുന്നില്ല. ഒരു കത്തുകൊണ്ടുപോയ ആളെ വധിക്കുകയെന്ന ഗുരുതരമായ കുറ്റകരത്തിനു ഹർസ് (റ) വിധേയനായ വാർത്തയറിഞ്ഞപ്പോൾ തിരുമേനി (സ) അത്യന്തം ദുഃഖിച്ചു. ഹിർഖലിനെ നേരിടുവാൻ മൂവ്വായിരം പേരടങ്ങിയ ഒരു സൈന്യത്തെ തിരുമേനി (സ) സജ്ജീകരിച്ചു. സൈദിബ്നു ഹാരിസത് (റ) വിനെ ആ സൈന്യത്തിന്റെ നായകനായി തിരുമേനി (സ) നിശ്ചയിക്കുകയും സൈന്യത്തിനു ഇപ്രകാരം നിർദ്ദേശം നൽകുകയുംചെയ്തു:- 'സൈദ് വധിക്കപ്പെട്ടാൽ ജഅ്ഫറും, ജഅ്ഫർ വധിക്കപ്പെട്ടാൽ അബ്ദുല്ലാഹിബ്നുറവാഹത്തും സേനാനായകത്വം വഹിക്കേണം. അദ്ദേഹം വധിക്കപ്പെട്ടാൽ നിങ്ങൾക്കു ഇഷ്ടമുള്ള ഒരാളെ സേനാനായകനായി നിങ്ങൾ തിരഞ്ഞെടുത്തുകൊള്ളുക'. തിരുമേനി (സ) ഒരു വെള്ളപ്പതാക സൈദ്ബ്നുഹാരിസത് (റ) വിനു നൽകി. മദീനയിൽനിന്നു മൂന്നുനാഴിക അകലെ, ജിർഫ് എന്ന സ്ഥലത്തു മുസ്‌ലിംസേന അണിനിരന്നു. അവിടെനിന്നു ആ സൈന്യം പുറപ്പെട്ടു. സനിയ്യതുൽവിദാഅ് എന്ന സ്ഥലംവരെ തിരുമേനി (സ) ആ സൈന്യത്തെ അനുഗമിച്ചു. അവിടെ എത്തിയപ്പോൾ, താഴെ കാണുംപ്രകാരം ഒരു യാത്രയയപ്പ് സന്ദേശം നൽകിക്കൊണ്ടു തിരുമേനി (സ) മദീനയിലേക്കു തിരിച്ചുപോയി. തിരുമേനി പറഞ്ഞു:- 'ഞാൻ നിങ്ങൾക്കു ഒരു വസിയ്യത്തു നൽകുന്നു. നിങ്ങൾ അല്ലാഹുവിനു വഴിപ്പെട്ടുകൊള്ളുക. നിങ്ങളോടൊപ്പമുള്ള മുസ്‌ലിംകൾക്കു നന്മചെയ്തുകൊള്ളുക. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കാഫിർകളോടു യുദ്ധം ചെയ്തുകൊള്ളുക. നിങ്ങൾ കാഫിർകളിൽ ചതിപ്രയോഗം നടത്താതിരിക്കുക. കുട്ടികളെയും സ്ത്രീകളെയും വൃദ്ധന്മാരെയും വധിക്കാതിരിക്കുക. ഫലവൃക്ഷങ്ങൾ നശിപ്പിക്കുകയൊ വീടുകൾ പൊളിക്കുകയൊ ചെയ്യാതിരിക്കുക.'

തിരുമേനി (സ) യുടെ ആജ്ഞകളെ ശിരസാ വഹിച്ചുകൊണ്ട് സഹാബിമാർ മുമ്പോട്ട് നീങ്ങി. മുസ്‌ലിംസേന പുറപ്പെട്ടിട്ടുണ്ടെന്നുള്ള വിവരമറിഞ്ഞപ്പോൾ മുൻപറഞ്ഞ ശർഹബീർ (ശർഹബീലുബ്‌നുൽഅംറുൽഗസ്സാനീ എന്നാണ് അയാളുടെ മുഴുവൻ പേർ) ഒരുലക്ഷം പേരടങ്ങിയ ഒരു സൈന്യത്തെ ഉടനെ ഒരുക്കുകയുണ്ടായി. അമ്പതു പേരടങ്ങിയ ഒരു മുന്നോടിസൈന്യത്തെ തന്റെ സഹോദരനായ സമ്മസിന്റെ നേതൃത്വത്തിൽ അയാൾ മുസ്‌ലിംകളുടെ നേരെ അയച്ചു. വാദീ എന്ന സ്ഥലത്തുവെച്ചു ആ സേന മുസ്‌ലിംകളുമായി ഏറ്റുമുട്ടി. സമ്മസ് കൊല്ലപ്പെട്ടു. മുസ്‌ലിംകൾ അവിടെനിന്നും മുമ്പോട്ട് നീങ്ങി. ശാമിൽപ്പെട്ട മആൻ എന്ന സ്ഥലത്തു താവളമടിച്ചു. ബൽഖാ എന്ന സ്ഥലത്തു് ഹിർഖൽ ചക്രവർത്തി ഒരു ലക്ഷം പേരടങ്ങിയ ഒരു സൈന്യത്തെ അണിനിരത്തീട്ടുണ്ടെന്നുള്ള വാർത്ത അവിടെവെച്ചു മുസ്‌ലിംകൾക്കു ലഭിച്ചു. റോം, അറേബ്യ, ഖൈസ്, ബഹറാം എന്നിവിടങ്ങളിൽനിന്നു ശേഖരിച്ച ഒരുലക്ഷം പേരടങ്ങിയ ഒരു സൈന്യത്തെ ശർഹബീലും ഒരുക്കി നിറുത്തിയിരുന്നു. [റോമാക്കാരായ രണ്ടു ലക്ഷം പട്ടാളവും അറബികളായ അരലക്ഷം പട്ടാളവുമടക്കം രണ്ടരലക്ഷം പട്ടാളക്കാർ മുസ്‌ലിംകൾക്കെതിരായി അണിനിരന്നുവെന്നും പറയപ്പെട്ടിട്ടുണ്ട്.] വേണ്ടത്ര ആയുധങ്ങളും പടക്കുതിരകളും അവരോടൊപ്പമുണ്ടായിരുന്നു. ശത്രുക്കളുടെ വമ്പിച്ച യുദ്ധസന്നാഹത്തെപ്പറ്റി അറിഞ്ഞപ്പോൾ, മുസ്‌ലിംകളിൽ നേരിയ ആശയക്കുഴപ്പം ഉടലെടുത്തു. തിരുമേനി (സ) യെ വിവരമറിയിച്ചു കൂടുതൽ പട്ടാളക്കാരെ വരുത്തുകയൊ, ഇതേനിലയിൽ ശത്രുക്കളെ നേരിടുകയൊ എന്താണ് വേണ്ടതെന്നു അവർ ചിന്തിച്ചു. ഭാവിപരിപാടിയെക്കുറിച്ചു അതിഗഹനമായ ഒരു ചർച്ച നടന്നു. ചർച്ചയിൽ പങ്കെടുത്തുകൊണ്ടു, അബ്ദുല്ലാഹിബ്‌നു റവാഹത് (റ) ഇപ്രകാരം പ്രസ്താവിച്ചു:- 'ജനങ്ങളെ, എന്തിന്റെ പേരിലാണ് നിങ്ങൾ സംശയിച്ചുകൊണ്ടിരിക്കുന്നത്. നാം സൈന്യങ്ങളുടെ എണ്ണവും വണ്ണവും പരിഗണിച്ചുകൊണ്ടു യുദ്ധം ചെയ്യാനുള്ളവരാണൊ? അതൊ, രക്തസാക്ഷിത്വത്തെ മോഹിച്ചു യുദ്ധം ചെയ്യാനുള്ളവരൊ? നമ്മുടെ യുദ്ധത്തിന്റെ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി നേടുക എന്നതാണല്ലൊ. അതുകൊണ്ടു മുന്നേറുക. ഒന്നുകിൽ ശഹാദത് (രക്തസാക്ഷിത്വം), അല്ലെങ്കിൽ ഗനീമത് (യുദ്ധമുതൽ) രണ്ടായാലും നേട്ടം തന്നെ.'

ഈ അഭിപ്രായത്തോടു സഹാബിമാർ ഐകകണ്ഠ്യേന യോജിച്ചു. മുസ്‌ലിംസേന മുഅ്തതിലേക്കു കുതിക്കുകയും ക്രൂരനായ ശത്രുസൈന്യത്തെ അഭിമുഖീകരിക്കുകയും ചെയ്തു. രണ്ടു ലക്ഷത്തിൽപരം സംഖ്യാബലത്തോടും എല്ലാവിധ ആയുധബലത്തോടും കൂടിയ ആ പടക്രൂരനായ സേനയെ നേരിടുന്നതിൽ മുവ്വായിരം പേരടങ്ങിയ മുസ്‌ലിംസേന അശേഷം ഭയപ്പെടുകയുണ്ടായില്ല. മുസ്‌ലിംകളെ അല്ലാഹു സഹായിക്കുമെന്നുള്ള അല്ലാഹുവിന്റെ കല്പന, മുസ്‌ലിംസേനയെ ധീരരാക്കിത്തീർത്തു. മുസ്‌ലിംകൾ ശത്രുക്കളുമായി ഏറ്റുമുട്ടി. സൈദ് ബ്‌നുഹാരിസത് (റ) പ്രഥമഘട്ടത്തിൽ മുസ്‌ലിംസേനക്കു നേതൃത്വം നല്കിക്കൊണ്ടു ഉഗ്രസമരം നടത്തി. ശത്രുപക്ഷത്തുള്ള പലരെയും കൊന്നശേഷം, അദ്ദേഹത്തിനു കുന്തംകൊണ്ടു കുത്തേൽക്കുകയും അദ്ദേഹം ശഹീദാവുകയും ചെയ്തു. അതിനെത്തുടർന്നു, ജഅ്ഫറിബ്‌നു അബീതാലിബ് (റ) മുസ്‌ലിംസേനക്കു നേതൃത്വം നൽകി. കുതിരപ്പുറത്തുനിന്നിറങ്ങിയശേഷം, തന്റെ കുതിരയെ ശത്രുക്കൾ ഉപയോ

ഗപ്പെടുത്തുവാൻ ഇടവരുത്തെന്ന ഉദ്ദേശ്യത്തോടുകൂടി ആദ്യം കുതിരയെ കൊല്ലുകയും, പിന്നീട് ശത്രുക്കളുമായി ഉഗ്രസമരം നടത്തുകയും പലരെകൊല്ലുകയും ചെയ്തു. അവസാനം അദ്ദേഹത്തിന്റെ രണ്ടു കൈകളും ഛേദിക്കപ്പെട്ട നിലയിൽ അദ്ദേഹം ശഹീദായി. * അതിനെത്തുടർന്ന തിരുമേനി (സ) നിർദ്ദേശിച്ചതുപോലെ, അബ്ദുല്ലാഹിബ്നുറവാഹത് (റ) നേതൃത്വമേറ്റെടുത്തു. സ്വശരീരത്തെ അവഗണിച്ചുകൊണ്ട് അദ്ദേഹവും യുദ്ധം ചെയ്തു. ശത്രുക്കളാൽ അദ്ദേഹവും വധിക്കപ്പെട്ടു. [സൈദുബ്നുഹാരിസത് (റ), ജഅ്ഫറിബ്നുഅബീതാലിബ് (റ), അബ്ദുല്ലാഹിബ്നുറവാഹത് (റ) എന്നീ മൂന്നു ശുഹദാക്കളും (രക്തസാക്ഷികളും) ഒരു ഖബ്റിൽ അടക്കപ്പെട്ടുവെന്നു ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നു.)

തിരുമേനി (സ) നിർദ്ദേശിച്ച നായകന്മാർ മൂന്നുപേരും ശഹീദായപ്പോൾ മുസ്‌ലിംകൾ സംശയിച്ചുനിന്നു. 'എന്തിനു സംശയിക്കുന്നു? നിങ്ങൾക്കിഷ്ടമുള്ള ഒരാളെ നായകനായി തിരഞ്ഞെടുത്തുകൊള്ളുക' എന്നു സാബിതുബ്നുഅഖ്വമുൽഇജ്‌ലാനിയ്യി (റ) മുസ്‌ലിംകളെ അനുസ്മരിപ്പിച്ചു. അവർ ഖാലിദ് ബ്നുവലീദ് (റ) വിനെ സേനാനായകനായി തിരഞ്ഞെടുത്തു. നേതൃത്വം ഏറ്റെടുത്ത ഖാലിദ് (റ) യുദ്ധരംഗത്തിനു ചില പുതുമകൾ ഉണ്ടാക്കി. മുന്നണിയിലുള്ളവരെ പിന്നണിയിലേക്കും പിന്നണിയിലുള്ളവരെ മുന്നണിയിലേക്കും, വലഭാഗത്തുള്ളവരെ ഇടഭാഗത്തേക്കും, ഇടഭാഗത്തുള്ളവരെ വലഭാഗത്തേക്കും അദ്ദേഹം മാറ്റി നിർത്തി. അതിനുശേഷം യുദ്ധപതാകയേന്തിക്കൊണ്ട് ആ വീരസേനാനി യുദ്ധക്കളത്തിലിറങ്ങി. ഒമ്പതു വാളുകൾ മുറിയത്തക്കവിധം ഖാലിദ് (റ) അതിഘോരമായി യുദ്ധം ചെയ്തു. ശത്രുക്കൾ അമ്പരന്നോടി. അണിയിൽ ആളുകൾ മാറിക്കൊണ്ടിരുന്നപ്പോൾ, മുസ്‌ലിംകളെ സഹായിപ്പാൻ വീണ്ടും പട്ടാളക്കാർ എത്തിച്ചേരുന്നുണ്ടെന്നു ശത്രുക്കൾ ധരിച്ചു. ആ ധാരണ അവരെ ഭയചകിതരാക്കി. അതോടൊപ്പം ഖാലിദ് (റ) വിന്റെ മിന്നേറ്റം അവരെ കിടിലം കൊള്ളിച്ചു. ഭീതിതരായ ആ കൂറ്റൻ സൈന്യത്തെ കീഴടക്കി. അവർ തുരുതുരെ ഓടിക്കളഞ്ഞു.

ഏഴു ദിവസം നീണ്ടു നിന്ന ആ മഹായുദ്ധത്തിൽ മുസ്‌ലിം പക്ഷത്തു നിന്നു പന്ത്രണ്ടു പേർ മാത്രം ശഹീദായി. ശത്രുപക്ഷത്തു നിന്നാവട്ടെ അസംഖ്യം പേർ കൊല്ലപ്പെട്ടു. യുദ്ധാനന്തരം അനേകം യുദ്ധമുതലുകൾ (ഗനീമത്) മുസ്‌ലിംകൾക്കു ലഭിക്കുകയും ചെയ്തു.

മുസ്‌ലിം സേന തിരിച്ചു വരുന്നതിനു മുമ്പു തന്നെ, മുഅ്തത് യുദ്ധത്തിലെ സംഭവങ്ങൾ അല്ലാഹു തിരുമേനിക്കു അറിയിച്ചു കൊടുത്തു. മദീനയിലുണ്ടായിരുന്ന സഹാബിമാരെ തിരുമേനി (സ) പള്ളിയിൽ വിളിച്ചു കൂട്ടുകയും, മിമ്പറിൽ കയറി അശ്രുധാരയോടുകൂടി ഇപ്രകാരം അരുളുകയും ചെയ്തു:- 'നാം വിജയിച്ചു; നമ്മുടെ സേന ശത്രുക്കളുമായി യുദ്ധം ചെയ്തു. സൈദുബ്നു ഹാരിസത് ശഹീദായി. അദ്ദേഹത്തിനു വേണ്ടി അല്ലാഹുവോടു പൊറുക്കലിനെ തേടുക. അദ്ദേഹം ശഹീദായപ്പോൾ ജഅ്ഫർ പതാകയേന്തിക്കൊണ്ടു യുദ്ധം ചെയ്തു. അദ്ദേഹവും ശഹീദായി. അദ്ദേഹത്തിനു വേണ്ടി അല്ലാഹുവോടു പൊറുക്കലിനെ തേടുക. അദ്ദേഹം ശഹീദായപ്പോൾ അബ്ദുല്ലാഹിബ്നു റവാഹത് കൊടി പിടിച്ചു

---

* ഇഹലോകവാസം വെടിയുമ്പോൾ ജഅ്ഫർ (റ) വിനു മുപ്പത്തൊന്നു വയസ്സു പ്രായമായിരുന്നു. അലീ (ക. വ.) യെക്കാൾ പത്തു വയസ്സിനു മൂത്തതായിരുന്നു അദ്ദേഹം.

യുദ്ധം ചെയ്തു. അദ്ദേഹവും ശഹീദായി. അദ്ദേഹത്തിനു വേണ്ടിയും അല്ലാഹുവോട് പൊരുക്കലിനെ തേടുക. അദ്ദേഹം ശഹീദായപ്പോൾ ഖാലിദുബ്നു വലീദ് നായകത്വമേറ്റെടുത്തു യുദ്ധം ചെയ്തു. അല്ലാഹു അദ്ദേഹത്തിനു വിജയം നല്കി. സൈഫും മിൻ സുയൂഫില്ല. *

ജഅ്ഫർ (റ) വിന്റെ പത്നിയായിരുന്ന അസ്മാഅ് പറയുന്നു:-'ജഅ്ഫർ (റ) ശഹീദായ ദിവസം തിരുമേനി (സ) ഞങ്ങളുടെ വീട്ടിൽ വന്നു. 'ജഅ്ഫറിന്റെ മകളെ കൊണ്ടു വരിക' എന്നു തിരുമേനി (സ) ആവശ്യപ്പെട്ടു. കുട്ടിയെ തിരുസന്നിധിയിൽ ആനയിച്ചപ്പോൾ, തിരുമേനി (സ) കുട്ടിയെ വാരിയെടുത്തു ഉമ്മ വെക്കുകയും കണ്ണീർ പൊഴിക്കുകയും ചെയ്തു. തിരുമേനി (സ) കണ്ണീരൊഴുക്കുന്നതിന്റെ കാരണം ഞാൻ അന്വേഷിച്ചപ്പോൾ, ജഅ്ഫർ (റ) ശഹീദായ വിവരം തിരുമേനി (സ) എന്നെ അറിയിച്ചു. അതു കേട്ടപ്പോൾ ഞാൻ വാവിട്ടു കരഞ്ഞു. എനിക്കു ചുറ്റും സ്ത്രീകൾ തടിച്ചു കൂടി. ക്ഷമകേട് കാണിപ്പാതിരിപ്പാൻ തിരുമേനി (സ) എന്നെ ഉപദേശിക്കുകയും ജഅ്ഫർ (റ) വിന്റെ ഭവനത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. 'ജഅ്ഫറിന്റെ വീട്ടുകാർക്കു ഭക്ഷണം ഒരുക്കിക്കൊടുക്കുക. അവർ ഇന്നു ദുഃഖത്താൽ അന്തം വിട്ടിരിക്കുകയാണല്ലോ' എന്നു തിരുമേനി (സ) മറ്റുള്ളവർക്കു നിർദ്ദേശം നല്കി. *

[ജഅ്ഫർ (റ) വിന്റെ യുദ്ധക്കളത്തിൽ വെച്ചു എഴുപതോ, തൊണ്ണൂറോ ക്ഷതങ്ങളേറ്റു. നോമ്പോടുകൂടിയാണ് അദ്ദേഹം യുദ്ധം ചെയ്തിരുന്നതു്. വെട്ടും കുത്തുമേറ്റു അദ്ദേഹം നിലം പതിച്ചപ്പോൾ സഹാബിമാർ അദ്ദേഹത്തിനു വെള്ളം കൊടുക്കുവാൻ ശ്രമിച്ചു അദ്ദേഹം കുടിച്ചില്ല. സൂര്യൻ അസ്തമിക്കുന്നതു വരെ ജീവിച്ചെങ്കിൽ അപ്പോൾ കുടിക്കാമെന്നു അദ്ദേഹം പറഞ്ഞു. സൂര്യാസ്തമനത്തിനു മുമ്പ് അദ്ദേഹം നിര്യാതനായി]

[ഒരു ദിവസം തിരുമേനി (സ) സഹാബിമാരോടൊപ്പം ഇരിക്കുമ്പോൾ, പെട്ടെന്നു തലമേലോട്ടുയർത്തിക്കൊണ്ടു 'അ'അലൈക്കുമുസ്സലാം വറഹ്മതുള്ളാഹി വബറകാതുഹു' എന്നു പറയുകയുണ്ടായി. തിരുമേനി (സ) ആർക്കാണ് സലാം മടക്കിയതെന്നു സഹാബിമാർ അന്വേഷിച്ചു. 'ജഅ്ഫറും ചില മലക്കുകളും ഈ വഴി കടന്നു പോകുമ്പോൾ അവർ എനിക്കു സലാം പൊല്ലി'യെന്നു തിരുമേനി (സ) മറുപടി നല്കി.]

അസ്മാഅ് (റ) യെ പിന്നീടു അബൂബകർ സിദ്ദീഖ് (റ) വിവാഹം കഴിച്ചു. അദ്ദേഹത്തിനു ആ മഹതിയിൽ മുഹമ്മദ് എന്ന ഒരു പുത്രൻ ജനിച്ചു. ജഅ്ഫർ (റ) വിന്റെ അസ്മാഅ് (റ) യിൽ അബ്ദുല്ലാഹിബ്നു ജഅ്ഫറിബ്നു അബീതാലിബും (റ) അബൂബകർ

---

* 'അല്ലാഹുവിന്റെ വാളുകളിൽ ഒരു വാൾ' എന്നു തിരുമേനി (സ) അദ്ദേഹത്തെ വിശേഷിപ്പിച്ചു.

* നമ്മുടെ നാട്ടിൽ ആചരിച്ചു വരാറുള്ള കണ്ണോക്കിന്റെ അടിസ്ഥാനം ഈ സംഭവമാകുന്നു. അറബികളും ഈ സദ്യക്കു 'വലീമത്ത്' എന്നു പേരിട്ടിരിക്കുന്നു. വിവാഹസദ്യക്കു 'വലീമത്' എന്നും, യാത്ര പോയവർ തിരിച്ചു വന്നാൽ നല്കപ്പെടുന്ന സദ്യക്കു 'ഖഖീഅത്' എന്നും, പുതുതായി പണി തീർന്ന ഭവനത്തിൽ പ്രവേശിക്കുമ്പോൾ നല്കപ്പെടുന്ന സദ്യക്കു 'വകീറത്' എന്നുമാണ് അറബികൾ പേരിട്ടിരിക്കുന്നതു്.

സിദ്ദീഖ് (റ) വഫാതായതിനു ശേഷം, അലീ (ക. വ.) അവരെ വിവാഹം ചെയ്തു.

അംറുബ്നുൽആസി (റ) വിന്റെ യുദ്ധയാത്ര

ഫളാഅത്ത് എന്ന ഗോത്രക്കാർ മദീനയുടെ അയൽനാടുകളിൽ കൊള്ളയടിക്കുവാൻ പരിപാടിയിട്ടു. ഈ വിഷയത്തിൽ മറ്റുചില ഗോത്രക്കാരെ അവർ കൂട്ടുപിടിക്കുകയും ചെയ്തു. മദീനയിൽനിന്നു പത്തുദിവസത്തെ വഴിയകലെ സ്ഥിതിചെയ്യുന്ന ദാതുൽഖിറാ എന്ന നാട്ടിന്റെ മലഞ്ചെരുവിലുള്ള ഉദ്റത് എന്ന പ്രദേശമായിരുന്നു അവരുടെ ആവാസകേന്ദ്രം. കവച്ചുകൊരുങ്ങിയ ആ സംഘത്തെ നേരിടുവാനായി ഹിജ്റാബ്ദം എട്ടാംവർഷത്തിലെ ജമാദുൽ ആഖിർ മാസത്തിൽ അംറുബ്നുൽആസി (റ) വിന്റെ നേതൃത്വത്തിൽ മുന്നൂറുപേരടങ്ങിയ ഒരു സേനയെ തിരുമേനി (സ) ഉദ്റത്തിലേക്കു നിയോഗിച്ചു. അംറുബ്നുൽആസി (റ) പറയുന്നു:— 'തിരുമേനി (സ) എന്നോടു പടയങ്കി ധരിക്കുവാൻ കല്പിച്ചു. ഞാൻ പടയങ്കി ധരിച്ചു. തിരുമേനി (സ) എന്നോടു പറഞ്ഞു: 'നിങ്ങളെ ഞാൻ ഒരു സൈന്യത്തിന്റെ നായകനായി നിയമിച്ചിരിക്കുന്നു. അല്ലാഹു നിങ്ങളെ ഈ യുദ്ധത്തിൽ വിജയിപ്പിക്കും. നിങ്ങൾക്കു ഗനീമത്തു കിട്ടുകയുംചെയ്യും.' 'മുതൽ മോഹിച്ചിട്ടല്ല ഞാൻ ഇസ്‌ലാം മതം വിശ്വസിച്ചതെന്നു ഞാൻ പറഞ്ഞപ്പോൾ, 'നല്ല ആളുകൾക്കു നല്ലമുതലുകൾ നല്ലതുതന്നെ' എന്നു തിരുമേനി (സ) പ്രതിവചിച്ചു.

പകൽ ഒളിച്ചും രാത്രി സഞ്ചരിച്ചുംകൊണ്ടു ആ സേന യാത്രചെയ്തു. ഉദ്റത്തിൽ പലേ ഗോത്രക്കാർ സംഘടിച്ചു കഴിഞ്ഞുണ്ടെന്നുള്ള വാർത്ത വഴിയിൽവെച്ചു അംറുബ്നുൽആസി (റ) വിനു ലഭിച്ചു. ആ വമ്പിച്ച സേനയെ നേരിടുവാൻ മുന്നൂറുപേരടങ്ങിയ ചെറുസേന മതിയാകയില്ലെന്നു തോന്നുകയാൽ, കൂടുതൽ സൈന്യത്തെ അയക്കുവാനാവശ്യപ്പെട്ടുകൊണ്ടു റാഫിഇബ്നുമകീസുൽജുഹനീ (റ) വിനെ അദ്ദേഹം തിരുമേനി (സ) യുടെ അടുക്കലേക്കു പറഞ്ഞയച്ചു. അബൂബക്കർ സിദ്ദീഖ് (റ), ഉമർഖത്താബ് (റ) തുടങ്ങിയ പ്രാമാണികവ്യക്തികളടങ്ങിയ ഒരു സഹായസേനയെ തിരുമേനി (സ) അയച്ചുകൊടുത്തു. ഈ സേന എത്തിക്കഴിഞ്ഞപ്പോൾ അംറുബ്നുൽആസി (റ) മുസ്‌ലിംസേനയെ മുമ്പോട്ടനയിച്ചു. ശത്രുക്കളുമായി അവർ ഏറ്റുമുട്ടി. * നാലഞ്ചുമണിക്കൂർ നീണ്ടുനിന്ന ഘോരയുദ്ധത്തിൽ ശത്രുപക്ഷത്തു പലരും കൊല്ലപ്പെട്ടു. ശേഷിച്ചവർ ആത്മരക്ഷാർത്ഥം ഓടിക്കളഞ്ഞു. അവിടെനിന്നു കണ്ടുകിട്ടിയ മുതലുകളോടുകൂടി മുസ്‌ലിംസേന മദീനയിലേക്കു തിരിക്കുകയുണ്ടായി.

അബൂഉബൈദത്ത്ആമിറുബ്നു അബ്ദുല്ലാ (റ) വിന്റെ യുദ്ധയാത്ര

ഹിജ്റാബ്ദം എട്ടാംവർഷത്തിലെ റജബ് മാസത്തിലാണു ഈ യുദ്ധയാത്ര നടന്നതു്. സപ്തഗ്രത്തിന്റെ അവകാശികളെന്നു തിരുമേനി (സ) അരുളിയ പത്തു സഹാബിമാരിൽ ഒരാളാണു ഈ അബൂഉബൈദത് (റ). ഖുറൈശികൾ ഉടമ്പടി ലംഘിക്കുകയാൽ അവരുടെ കച്ചവടസംഘത്തെ വഴിയിൽവെച്ചു തടഞ്ഞിടുവാനും അവരുമായി യുദ്ധം ചെയ്യുവാനുംവേണ്ടിയാണു അബൂഉബൈദത് (റ) വിന്റെ കീഴിൽ ഒരു സേന നിയോഗിക്കപ്പെട്ടതു്. മുന്നൂറിപ്പുത്തിലേറെ അംഗസംഖ്യയുള്ള ആ സൈന്യത്തിൽ ഉമർഖത്താബ് (റ) വും ഉണ്ടായിരുന്നു. ജുഹൈനീഗോത്രക്കാർ താമസിക്കുന്ന

---

* പല ഗോത്രക്കാർ സംഘടിച്ചുകൊണ്ടു നടത്തിയ യുദ്ധം എന്നർത്ഥമുള്ള 'ദാതുസ്സലാസിൽ' എന്നു ഈ യുദ്ധത്തിനു പേരുണ്ടു്.

പ്രദേശത്തേക്കാണ് ആ സേന നിയോഗിക്കപ്പെട്ടത്. ഖുറൈശീ വ്യാപാരസംഘത്തിന്റെ സഞ്ചാരപഥമായിരുന്ന അത്. ഒരു തോൽപ്പാത്രത്തിൽ കരുതിയ കാരക്ക മാത്രമാണ് ആ സൈന്യത്തിന് ഭക്ഷണമായി നൽകപ്പെട്ടിരുന്നുള്ളൂ. തൽക്കാലം അതുമാത്രമേ തിരുമേനി (സ) യുടെ അധീനത്തിലുണ്ടായിരുന്നുള്ളൂ. ആ കാരക്ക വളരെവേഗം തീർന്നുപോയി. സഹാബിമാർ വിശന്നുവലഞ്ഞു. സലം എന്ന വൃക്ഷത്തിന്റെ ഇല അവർ ഭക്ഷിച്ചുതുടങ്ങി. ആ ഇലക്ക് 'ഖബത്' എന്നാണ് പേർ. ജാബിർ (റ) പറയുന്നു:- 'ഞങ്ങൾ സലം വൃക്ഷത്തിന്റെ ചില്ലകളിൽ വടികൊണ്ടടിച്ച് ഖബത് കൊഴിച്ചിടുകയും, വെള്ളം നനച്ച് അത് തിന്നുകയും ചെയ്തു.' ഇക്കാരണത്താൽ ഈ യുദ്ധയാത്രക്ക് 'സരിയ്യത്തുൽഖബത്' എന്ന പേരുണ്ടായി. സഹാബിമാരുടെ വിശപ്പടക്കുവാൻ ഖബത് പര്യാപ്തമായില്ല തന്നിമിത്തം, 'മദീനയിൽ നിന്ന് കാരക്ക തരാം എന്ന നിബന്ധനയിൽ ഇപ്പോൾ ഞങ്ങൾക്ക് ഒട്ടകങ്ങളെ വീതിക്കുവാൻ നിങ്ങളുടെ കൂട്ടത്തിൽ വല്ലവരും തയ്യാറുണ്ടോ' എന്ന ആ പ്രദേശക്കാരായ ജൂഹൈനികളോട് ഖൈസുബ്നുസഅ്ദുബ്നുഅബാദത് (റ) അന്വേഷിച്ചു. ഖൈസ് (റ) വിന്റെ പിതാവായ സഅ്ദ് (റ) വിനെ പരിചയമുണ്ടായിരുന്ന ഒരാൾ ഒട്ടകത്തെ വിൽക്കുവാൻ സന്നദ്ധനായി. 'ഖൈസിന് സ്വന്തമായി തോട്ടമില്ല' എന്ന വസ്തുത ഉമർഖത്താബ് (റ) ആ ജൂഹൈനിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, 'ഇദ്ദേഹത്തിന്റെ പിതാവിനെ എനിക്കറിയാം; അദ്ദേഹത്തിന് തോട്ടമുണ്ട്; ഈ മകനെ അദ്ദേഹം കൈവെടിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല' എന്ന് ആ ജൂഹൈനി ഉത്തരം പറഞ്ഞു. ഒരു ഒട്ടകത്തിന് ഒരു വസ്ഖ് കാരക്ക എന്ന തോതിൽ അഞ്ചു ഒട്ടകങ്ങളെ ഖൈസ് (റ) ആ ജൂഹൈനിയോട് വാങ്ങുകയുണ്ടായി. സഹാബിമാരിൽ ചിലർ ആ ഇടപാടിന് സാക്ഷിനിന്നു. ഓരോ ദിവസം ഓരോ ഒട്ടകമെന്ന നിലക്ക് മൂന്നു ദിവസം മൂന്നു ഒട്ടകങ്ങളെ സഹാബിമാർ അറുത്തു ഭക്ഷിച്ചു. ഖൈസ് (റ) കൂടുതൽ കടക്കാരനായിത്തീരുമെന്ന ഭയത്താൽ ശേഷിച്ച ഒട്ടകങ്ങളെ അറുക്കുവാൻ സേനാനായകൻ സമ്മതിച്ചില്ല. ഒരു കടലോരപ്രദേശത്താണ് മുസ്‌ലിംസേന താവളമടിച്ചിരുന്നത്. അത്ഭുതമെന്നു പറയട്ടെ, കടലിൽനിന്നു ഒരു അത്ഭുതജീവി കരക്കടുത്തു. മുസ്‌ലിംകൾ അതിനെ പിടിച്ചു അറുക്കുകയും, മദീനയിലേക്ക് തിരിച്ചുപോകുന്നതുവരെ അതിന്റെ മാംസം ഭക്ഷിച്ചുകഴിഞ്ഞുകൂടുകയും ചെയ്തു. ആ മൃഗത്തിന്റെ നെയ്യ് എണ്ണയാക്കി ശരീരത്തിൽ പുരട്ടിയപ്പോൾ, ക്ഷീണം അവരെ വിട്ടകലുകയും നവചൈതന്യം അവരിൽ ഉളവാകുകയുമുണ്ടായി. കടലോരയുദ്ധമെന്ന അർത്ഥമുള്ള 'സീഫുൽബഹ്ർയുദ്ധം' എന്നും ഈ യുദ്ധയാത്രക്ക് പേരുണ്ട്.

മുസ്‌ലിം സേന പതിനഞ്ചു ദിവസം അവിടെ താമസിച്ചു. ഖുറൈശികളെ കണ്ടുകിട്ടിയില്ല. തന്നിമിത്തം അവർ മദീനയിലേക്ക് തിരിച്ചുപോന്നു. മുസ്‌ലിം സേന മദീനയിൽ തിരിച്ചെത്തിയപ്പോൾ ഖൈസ് (റ) കാരക്കക്ക് പകരം ഒട്ടകങ്ങളെ വാങ്ങിയ വിവരവും, അദ്ദേഹത്തിന് സ്വത്തില്ലെന്ന കാരണത്താൽ കയ്യിലുണ്ടായിരുന്ന രണ്ടു ഒട്ടകങ്ങളെ അറുക്കുവാൻ സേനാനായകൻ അനുമതി നിഷേധിച്ച വിവരവും അദ്ദേഹത്തിന്റെ പിതാവായ സഅ്ദ് (റ) അറിയുകയും, തന്റേതായ നാലു ഈത്തപ്പനത്തോട്ടങ്ങളും മകനു വിട്ടുകൊടുക്കുകയും ചെയ്തു. ആ കാരോ തോട്ടത്തിൽനിന്നും പ്രതിവർഷം ഏറ്റവും ചുരുങ്ങിയത് അമ്പത് വസ്ഖ് കാരക്ക അദ്ദേഹത്തിന് ലഭി

ച്ചു. ഒട്ടകത്തെ കൊടുത്ത ജൂഹൈനി മദീനയിൽ വന്നപ്പോൾ ഖൈസ് (റ) നിബന്ധനയനുസരിച്ചുള്ള കാരക്ക അദ്ദേഹത്തിനു നല്കി. അതിനു പുറമെ അദ്ദേഹത്തിനു ചില സമ്മാനങ്ങളും നല്കുകയും ചെയ്തു. 'ആ ജൂഹൈനിയുടെ വീട്ടുകാർ പ്രസിദ്ധിയാർജ്ജിക്കും' എന്നു തിരുമേനി (സ) ആശീർവ്വദിച്ചു.

അബൂഖതാദത് (റ) വിന്റെ യുദ്ധയാത്ര

ഹിജ്‌റാബ്ദം എട്ടാം വർഷത്തിലെ ശഅ്ബാൻ മാസത്തിൽ ഖതാദത് (റ) വിന്റെ നേതൃത്വത്തിൽ പതിനഞ്ചു യോദ്ധാക്കളെ തിരുമേനി (സ) നജ്ദിലുള്ള ഖുള്റത് എന്ന സ്ഥലത്തേക്കു നിയോഗിച്ചു. ഗത്ഫാൻ ഗോത്രക്കാരാണ് അവിടെ താമസിച്ചിരുന്നതു്. അവരിൽ ഏഴു പേർ ഇസ്‌ലാമിനെതിരായ പ്രചാരവേലയിൽ വ്യാപൃതരായി വർത്തിക്കുകയായിരുന്നു. ആ ധിക്കാരികളെ അമർച്ചവരുത്താൻ വേണ്ടിയാണ് ഈ ചെറുസേന നിയോഗിക്കപ്പെട്ടതു്. മുസ്‌ലിം സേന ഖുള്റത്തിൽ ചെന്നു ആ ഏഴു ധിക്കാരികളെ വധിക്കുകയും സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേരെ ബന്ധനസ്ഥരാക്കുകയും ചെയ്തു. ഇരുന്നൂറു ഒട്ടകങ്ങളേയും രണ്ടായിരം ആടുകളേയും മുസ്‌ലിംകൾ പിടിച്ചെടുത്തു. ഈ കാലികളെയും, നാല്പ സ്ത്രീകളുടക്കം ബന്ധനസ്ഥരാക്കപ്പെട്ട ആളുകളേയും അവർ മദീനയിൽ കൊണ്ടു വന്നു. പതിനഞ്ചു ദിവസത്തിനകം ആ സേന മദീനയിൽ തിരിച്ചെത്തി.

അബൂഖതാദത് (റ) വിന്റെ രണ്ടാമത്തെ യുദ്ധയാത്ര

ഹിജ്‌റാബ്ദം എട്ടാം വർഷത്തിലെ റമളാൻ മാസം ഇസ്‌ലാം ചരിത്രത്തിലെ അതിപ്രധാനമായ സംഭവത്തിനു സാക്ഷ്യം വഹിച്ചു. തിരുമേനി (സ) മക്കാ നഗരം കീഴടക്കിയതു ആ മാസത്തിലാകുന്നു. ആ റമളാൻ മാസത്തിൽ തന്നെ അബൂഖതാദത് (റ) വിന്റെ നേതൃത്വത്തിൽ എട്ടു സഹാബിമാരെ തിരുമേനി (സ) ഇളം എന്ന സ്ഥലത്തേക്കു നിയോഗിച്ചു. അവർ ഇ'ളമിൽ എത്തിയപ്പോൾ ആമിറുബ്നുൽ അള്ബതിൽ അശ്ജഈ എന്ന ആളെ കണ്ടു മുട്ടി. അദ്ദേഹം ഇസ്‌ലാമിക സമ്പ്രദായത്തിൽ സഹാബിമാർക്കു സലാം പൊല്ലിക്കൊണ്ടു താൻ ഇസ്‌ലാംമതം വിശ്വസിച്ച വസ്തുത വെളിപ്പെടുത്തി. സഹാബിമാരുടെ കൂട്ടത്തിലുണ്ടായിരുന്ന മുഹല്ലിമിബ്നു ജസ്സാമത് എന്ന ആൾ, പൂർവ്വ വൈരത്തിന്റെ പേരിൽ അദ്ദേഹത്തെ കൊലപ്പെടുത്തി.

അബൂഖതാദത് (റ) വിനെയും എട്ടു സഹാബിമാരെയും ഇ'ളമിലേക്കയച്ചു ഉടനെ തന്നെ തിരുമേനി (സ) മക്കക്കാരുടെ നേരെ പുറപ്പെടുവാൻ ഒരുക്കം കൂട്ടി. ഖുറൈശികൾ ഹുദൈബിയായിലെ ഉടമ്പടി ലംഘിച്ചുവെന്നതാണ് ഈ യാത്രക്കു പ്രേരണ നല്കിയതു്. അപ്രതീക്ഷിതമായ നിലയിൽ മക്കക്കാരെ നേരിടണമെന്നതായിരുന്നു തിരുമേനി (സ) യുടെ ഉദ്ദേശ്യം. അങ്ങിനെ തിരുമേനി (സ) സഹാബിമാരോടൊപ്പം മക്കയിലേക്കു പുറപ്പെട്ടു. അതിനിടക്കു ഇളമിൽ ശത്രുക്കളെ കണ്ടെത്തായ്കയാൽ മുസ്‌ലിംകൾ മദീനയിലേക്കു മടങ്ങി. സുഫ്യാ എന്ന സ്ഥലത്തു വെച്ചു അവർ തിരുമേനി (സ) യെയും സംഘത്തേയും കണ്ടു മുട്ടി. ഇളമിൽ വെച്ചു മുഹല്ലിം എന്ന സഹാബി ആമിറിനെ വധിച്ച വാർത്ത അറിഞ്ഞപ്പോൾ തിരുമേനി (സ) യുടെ മുഖം ഗൌരവത്താൽ ചുകന്നു. ഇസ്‌ലാംമതം വിശ്വസിച്ച ഒരാളെ കൊല്ലുവാനുണ്ടായ കാരണമെന്തെന്നു മുഹല്ലിമോടു തിരുമേനി (സ) ചോദിച്ചപ്പോൾ, തന്നെ കൊല്ലാതിരിക്കേണമെന്ന ഉദ്ദേശ്യം വെച്ചുകൊണ്ടാണ് അയാൾ സലാം ചൊല്ലിയതെന്നു മുഹല്ലിം മറുപടി നൽകി.

നിങ്ങൾ അദ്ദേഹത്തിന്റെ ഹൃദയം എങ്ങിനെ കണ്ടു'വെന്ന തിരുമേനി (സ) മുഹല്ലിമോട് വീണ്ടും ചോദിച്ചു. മുഹല്ലിം മറുപടിയില്ലാതെ അമ്പരന്നു. അദ്ദേഹം തിരുമേനി (സ) യോട് മാപ്പപേക്ഷിച്ചു. 'അല്ലാഹു നിനക്കു മാപ്പു നല്കാതിരിക്കട്ടെ' എന്ന സഗൌരവം തിരുമേനി (സ) അരുളുകയുണ്ടായി. വിശ്വസിച്ച ഒരാളെ കൊല്ലുകയെന്നതു ലഘുവായ ഒരു പ്രശ്നമല്ലെന്നു മറ്റുള്ളവരെ ബോധനം ചെയ്യുന്നതിനു വേണ്ടിയാണു് തിരുമേനി (സ) ഇപ്രകാരം അരുളിയതു് അവശ്യ സന്ദർഭങ്ങളിൽ ഗൌരവം കൈക്കൊള്ളുകയെന്നതു തിരുമേനി (സ) യുടെ സ്വഭാവത്തിൽപ്പെട്ട ഒരു കായ്മയായിരുന്നു. തിരുമേനി (സ) യുടെ അരുൾ കേട്ടപ്പോൾ മുഹല്ലിം വിലപിച്ചു തുടങ്ങി. അതു കഴിഞ്ഞു ആറാമത്തെ ദിവസം മുഹല്ലിം മരിച്ചു. മുസ്‌ലിംകൾ ക്രമപ്രകാരം അദ്ദേഹത്തെ ഖബ്റടക്കി. പക്ഷെ, ഖബ്റിനുള്ളിൽ നിന്നു ആ ജനാസ പുറത്തു തെറിച്ചു വന്നു. വീണ്ടും ആ ജനാസ: ഖബ്റടക്കം ചെയ്യപ്പെട്ടു. രണ്ടാമതും അതു പുറത്തു തെറിച്ചു വന്നു. മൂന്നാമതും അതു തന്നെ സംഭവിച്ചു. അതിനു ശേഷം ആ ജനാസ: ഒരു മലച്ചെരുവിലുള്ള കുഴിയിൽ താഴ്ത്തി, കുഴി കല്ലിട്ടു മൂടി. ഈ വിവരം തിരുമേനി (സ) യെ അറിയിച്ചപ്പോൾ തിരുമേനി (സ) അരുളി:—'അദ്ദേഹത്തേക്കാൾ ദോഷവാനായ ആളേയും ഭൂമി സ്വീകരിക്കും. പക്ഷെ, നിങ്ങൾ ബോധവാന്മാരാകുന്നതിനു വേണ്ടി, അല്ലാഹു മുസ്‌ലിമിന്റെ അന്തസ്സിനെ നിങ്ങൾക്കു വെളിപ്പെടുത്തിതന്നു.

മക്കാവിജയം

തിരുമേനി (സ) യെ അനുകൂലിക്കുവാൻ ഇഷ്ടപ്പെടുന്നവർക്കു അങ്ങിനെ ചെയ്യുവാനും, ഖുറൈശികളെ അനുകൂലിക്കുവാൻ ഇഷ്ടപ്പെടുന്നവർക്കു അങ്ങിനെ ചെയ്യുവാനും സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നുള്ളതു ഹുദൈബിയ്യാ ഉടമ്പടിയിലെ ഒരു നിബന്ധനയായിരുന്നു. ആ നിബന്ധനയനുസരിച്ചു, ഖുസാഅ:ഗോത്രക്കാർ തിരുമേനി (സ) യെ അനുകൂലിക്കുവാനും ബനൂബകർ ഗോത്രക്കാർ ഖുറൈശികളെ അനുകൂലിക്കുവാനും തീരുമാനിച്ചു. മക്കയിലെ പ്രബല ഗോത്രങ്ങളായ ഖുസാഅക്കാരും ബനൂബകർകാരും പരസ്പരം ഗോത്രവൈരികളായിരുന്നു. ഖുസാഅ:ഗോത്രക്കാർ മുമ്പുതന്നെ തിരുമേനി (സ) യുമായി ഉടമ്പടിബന്ധമുള്ളവരായിരുന്നു. തിരുമേനി (സ) യുടെ പിതാമഹനായ അബ്ദുൽ മുത്തലിബും അദ്ദേഹത്തിന്റെ പിതൃവ്യപുത്രനായ നൌഫലും തമ്മിൽ ഒരു സ്ഥാനമത്സരം നടന്ന കാലത്തു് ഖുസാഅ:ഗോത്രക്കാർ അബ്ദുൽമുത്തലിബിന്റെ പക്ഷത്തുചേർന്നു അദ്ദേഹത്തെ സഹായിക്കുകയും, അബ്ദുൽമുത്തലിബുമായി ഒരു ഉടമ്പടി നടത്തുകയുമുണ്ടായി. 'സമുദ്രം രോമത്തെ നനച്ചുകൊണ്ടിരിക്കുന്ന കാലത്തോളം, മനുഷ്യർ മക്കയിൽ ജീവിക്കുന്നകാലത്തോളം, അഖ്ശബാൻ എന്ന പർവ്വതം നിലനിൽക്കുന്ന കാലത്തോളം, താഴ്വാരത്തിൽനിന്നു ഒട്ടകം ശബ്ദിക്കുന്ന കാലത്തോളം, സബീർ എന്ന പർവ്വതത്തിന്മേൽ സൂര്യൻ പ്രോജ്വലിക്കുന്ന കാലത്തോളം, നാം തമ്മിൽ പരസ്പരസഹായികളാകുന്നുവെന്നു ഇതിനാൽ സത്യംചെയ്തു ഉടമ്പടിചെയ്യുന്നു. ഈ ഉടമ്പടി നമുക്കും ലോകാവസാനംവരെ നമ്മുടെ ഗോത്രത്തിൽ ജനിക്കുന്ന എല്ലാവർക്കും ബാധകമാവുന്നു'—ഇതായിരുന്നു ആ ഉടമ്പടിയുടെ ഉള്ളടക്കം. ഹുദൈബിയ്യായിലെ ഉടമ്പടിയെത്തുടർന്നു, പ്രസ്തുത ഉടമ്പടിയുടെ ഒരു പകർപ്പു് ഖുസാഅ:ഗോത്രക്കാർ തിരുമേനി (സ) യെ കാണിക്കുകയും അവർ തമ്മിലുള്ള പൂർവ്വബന്ധം പുതുക്കുകയുംചെയ്തു. അബ്ദുൽമുത്തലിബിന്റെ പ്രതിയോഗിയായിരുന്ന നൌഫലിന്റെ സന്താനപരമ്പരയിൽപ്പെട്ടവരാണു് ബനൂബകർ ഗോത്രക്കാർ.

ഹുദൈബിയ്യായിലെ ഉടമ്പടി ഉണ്ടായ യതിനുശേഷം, ഒരുദിവസം, ബനൂബകർ ഗോത്രത്തിൽപ്പെട്ട ഒരു യുവാവ് തിരുമേനി (സ) യെ നിന്ദിച്ചുകൊണ്ട് ഒരുപാട്ടുപാടി. ഖുസാഅ:ഗോത്രക്കാരനായ ഒരു യുവാവു അതുകേട്ടു. അയാൾ ആ പാട്ടുപാടിയ ആളുടെ തലതല്ലിക്കീറി. ബനൂബകറും, ബനൂഖുസാഅ:യും തമ്മിലുള്ള പൂർവ്വവൈരത്തെ ഈ സംഭവം പുതുക്കി. ബനൂഖുസാഅ:ക്കാരുമായി ഏറ്റുമുട്ടുവാൻ ബനൂബകർ തീരുമാനിച്ചു. ആയുധങ്ങളും ആളുകളെയും നൽകി തങ്ങളെ സഹായിപ്പാൻ അവർ ഖുറൈശികളോടാവശ്യപ്പെട്ടു. സഫ്‌വാനുബ്നുഉമയ്യത്, ഹുവൈതിബ്നുഅബ്ദിൽഉസ്സ, ഇക്‌രിമതുബ്നുഅബിജഹൽ, ശൈബതുബ്നുഉസ്മാൻ, സുഹൈലുബ്നുഅംറ്, (ഇവരെല്ലാം പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ചു) തുടങ്ങിയവർ ബനൂബകർ ഗോത്രക്കാരുടെ പക്ഷത്തുചേർന്നു. അവർ ബനൂബകർ ഗോത്രക്കാരോടൊപ്പം ഒരു രാത്രിയിൽ യാദൃശ്ചികമായി ബനൂഖുസൈഅക്കാരെ ആക്രമിക്കുകയും ഇരുപതൊ ഇരുപത്തിമൂന്നോ ആളുകളെ കൊല്ലുകയുംചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു:— നിങ്ങൾ ചെയ്തതു അബദ്ധമായിപ്പോയി. മുഹമ്മദ് ഈ വിവരമറിഞ്ഞാൽ നമ്മെ വെറുതെ വിടുകയില്ല. ഈ വിവരം മുഹമ്മദിനെ ഖുസാഅക്കാർ അറിയിക്കുകയൊ മറു വിധത്തിൽ മുഹമ്മദ് അറിയുകയൊ ചെയ്യാതിരിക്കയില്ല.'

ഈ സംഭവം നടന്ന ഉടനെ തന്നെ തിരുമേനി (സ) യെ അല്ലാഹു വിവരമറിയിച്ചു. തിരുമേനി (സ) ആഇശ: (റ)യോടു പറഞ്ഞു:— 'ബനൂഖുസാഅ: ഗോത്രക്കാരെ സ്സംബന്ധിച്ചേടത്തോളം പുതിയ സംഭവം ഉണ്ടായിരിക്കുന്നു.' അവർ ഉടമ്പടി ലംഘിച്ചുവൊ എന്നു ആഇശ: (റ) അന്വേഷിച്ചപ്പോൾ, അല്ലാഹു വേണ്ടുംവെച്ചു കായ്യം നടക്കുന്നതിനു വേണ്ടി അവർ ഉടമ്പടി ലംഘിക്കുമെന്നു തിരുമേനി (സ) മറുപടി നല്കി. 'നല്ലതു' എന്നു ആഇശ: (റ) പറഞ്ഞപ്പോൾ, തിരുമേനി (സ)യും അതു ഏറ്റു പറഞ്ഞു.

മൈമൂന: (റ) പറയുന്നു:—'ആ രാത്രി തിരുമേനി (സ) എന്റെ വീട്ടിലായിരുന്നു. നിസ്കരിപ്പാനായി തിരുമേനി (സ) വുളു ഉണ്ടാക്കിക്കഴിഞ്ഞ ശേഷം 'ലബ്ബൈക, ലബ്ബൈക, ലബ്ബൈക, നസ്‌റുർ, നസ്‌റുർ, നസ്‌റുർ' എന്നീ പ്രകാരം പറഞ്ഞു. ഇങ്ങിനെ പറവാൻ കാരണമെന്താണെന്നു ഞാൻ ചോദിച്ചപ്പോൾ തിരുമേനി (സ) പറഞ്ഞു:—'ബനൂഖുസാഅ: ഗോത്രക്കാക്കെതിരായി ബനൂബകർ ഗോത്രക്കാരെ ഖുറൈശികളും സഹായിച്ചിരിക്കുന്നു. അതുകൊണ്ടു ബനൂഖുസാഅ:ക്കാരിൽ ഒരാൾ സഹായാഭ്യർത്ഥന ചെയ്തുകൊണ്ടുള്ള ഒരു പദ്യം ചൊല്ലുന്നു. ആ പദ്യത്തിനുള്ള ഉത്തരമായിട്ടാണു ഞാൻ മേൽപ്രകാരം പറഞ്ഞതു".

ബനൂബകർ ഗോത്രക്കാരും ഖുറൈശികളും ചേർന്നുകൊണ്ടു തങ്ങളെ മൂഗീയമായി ആക്രമിച്ച വിവരം തിരുമേനി (സ) യെ അറിയിപ്പാനായി, ബനൂഖുസാഅ:ക്കാരുടെ നേതാവായ അംറുബ്നു സാലിമും നാല്പതാളുകളും ഒട്ടകപ്പുറത്തു കയറി മദീനയിലേക്കു പുറപ്പെട്ടു. അവർ മദീനയിലെത്തി, തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നു. "രക്ഷിതാവെ, തിരുമേനി (സ) യും ഖുറൈശിക്കാരും തമ്മിൽ നടന്ന ഉടമ്പടി ഖുറൈശികൾ ലംഘിച്ച വിവരം, മുഹമ്മദ് നബിയുടെയും ഞങ്ങളുടെയും ബാപ്പമാർ തമ്മിൽ നടന്ന ഉടമ്പടിയുടെ പേരിൽ ഞാൻ തിരുമേനിയെ ഉണർത്തിക്കൊള്ളുന്നു, വതീറിൽ ഞങ്ങൾ ഇരുന്നും കിടന്നും വിശ്രമിക്കുകയായിരുന്നപ്പോൾ അവർ ഞങ്ങളെ ആക്രമിച്ചു' എന്നർത്ഥമുള്ള ഒരു പദ്യം അംറ്

പൊല്ലകയുണ്ടായി. 'അംറേ, നിങ്ങൾ ക്ഷമിക്കുക. ഇതു എന്റെ വ്യക്തിപരമായ ഒരു കാര്യമായി കണക്കിലെടുത്തുകൊണ്ട് ഞാൻ നിങ്ങളെ സഹായിക്കും.'

മൈമൂന: (റ) പറയുന്നു:– 'മുൻപറഞ്ഞ സംഭവത്തിനു ശേഷം മൂന്നു ദിവസം കഴിഞ്ഞപ്പോൾ, തിരുമേനി (സ) സുബ്ഹി നിസ്കരിച്ചു ഇരിക്കുന്ന അവസരത്തിൽ ഒരാൾ ഈ പദ്യം പൊല്ലുന്നതായി ഞാൻ കേട്ടു. തിരുമേനി (സ) ചോദിച്ചു:–'അംറേ, ഈ ആക്രമണത്തിൽ ബനൂബകർ ഗോത്രക്കാർ മുഴുവൻ പങ്കെടുത്തിട്ടുണ്ടൊ" ഇല്ല; ബനൂനഫാസക്കാർ മാത്രമെ ഉള്ളുവെന്നു അംറ് മറുപടി നല്കി.

സംഭവം നടന്നതോടുകൂടി ഖുറൈശികൾ അമ്പരന്നു. തങ്ങൾ ആപത്തിനു വിത്തിട്ടിരിക്കുകയാണെന്നു അവക്കു ബോദ്ധ്യമായി. തിരുമേനിയെ സമീപിച്ചു ഉടമ്പടി പുതുക്കുകയല്ലാതെ മറു പോംവഴിയില്ലെന്നും ആ കാര്യത്തിനു പറ്റിയ വ്യക്തി അബൂസുഫ്യാൻ മാത്രമാണെന്നും അവർ തീരുമാനിച്ചു. ഒട്ടും താമസിയാതെ അബൂസുഫ്യാൻ ഒരു ഭൃത്യനെയുംകൂട്ടി മദീനയിലേക്കു പുറപ്പെട്ടു.

ഈ വിവരങ്ങളെല്ലാം അപ്പപ്പോൾ അല്ലാഹു തിരുമേനി (സ) യെ അറിയിച്ചു. തിരുമേനി (സ) അവരോടു പറഞ്ഞു: — 'അബൂസുഫ്യാൻ മദീനയിലേക്കു പുറപ്പെട്ടിട്ടുണ്ട്. അദ്ദേഹം അവിടെ എത്തുന്നതിനുമുമ്പു നിങ്ങൾ മദീന വിട്ടുകൊള്ളുക. നിങ്ങൾ എല്ലാവരും ഒരുമിച്ചു പോകരുതു്. നിങ്ങൾ പല സംഘങ്ങളായി പലവഴിക്കുപോയിക്കൊള്ളുക. അബൂസുഫ്യാൻ നിരാശനായി മടങ്ങിക്കൊള്ളും.'

തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ചു അംറുബ്നുസാലിമും കൂട്ടുകാരും മദീന വിട്ടു. ആ കൂട്ടത്തിലുണ്ടായിരുന്ന ബദീലുബ്നു വർസാഅും കുറച്ചാളുകളും സാധാരണ വഴിയിലൂടെ സഞ്ചരിച്ചു. മറ്റുള്ളവർ മറ്റു പല വഴികളിലൂടെ യാത്രചെയ്തു. അബൂസുഫ്യാൻ വഴിയിൽവെച്ചു ബദീലിനെ കണ്ടുമുട്ടി. നിങ്ങൾ മദീനയിൽനിന്നു വരികയാണൊ എന്നു അബൂസുഫ്യാൻ ചോദിച്ചപ്പോൾ, അല്ലെന്നു ബദീൽ മറുപടി പറഞ്ഞു. പക്ഷെ, അവർ മദീനയിൽനിന്നു വരികയാണെന്നു അബൂസുഫ്യാൻ മനസ്സിലാക്കി. ബദീലിന്റെ ഒട്ടകത്തിന്റെ കാഷ്ഠത്തിൽ കാരക്കക്കുരു കണ്ടപ്പോൾ, അയാൾ മദീനയിൽനിന്നു വരികയാണെന്നുള്ളതിനു അബൂസുഫ്യാനു മറുതെളിവുകൾ ആവശ്യമായി വന്നില്ല.

അതിലിടക്കു അബൂസുഫ്യാന്റെ ഭാര്യയായ ഹിന്ദ് ഒരു സ്വപ്നം കണ്ടു. ഹജൂൻ എന്ന പർവ്വതത്തിൽനിന്നു കുത്തിയൊലിച്ച രക്തത്തിന്റെ ഒഴുക്കു മക്കയിലെ ഖന്തമത് എന്ന പർവ്വതത്തിന്മേൽ നിലച്ചുവെന്നതായിരുന്നു ആ സ്വപ്നം. ദുർലക്ഷണസൂചകമായ ആ സ്വപ്നം മക്കക്കാരെ ഭയവിഹ്വലരാക്കി.

അബൂസുഫ്യാൻ മദീനയിലെത്തി, നേരെ തന്റെ പുത്രിയും തിരുമേനി (സ) യുടെ പത്നിയുമായ ഉമ്മുഹബീബ: (റ) യുടെ വീട്ടിലേക്കു ചെന്നു. തിരുമേനി (സ) യുടെ വിരിപ്പിൽ ഇരിക്കുവാൻ അദ്ദേഹം ഒരുങ്ങിയപ്പോൾ, ഉമ്മുഹബീബ: (റ) വിരിപ്പു മടക്കിവെച്ചു. ഇതുകണ്ടപ്പോൾ അബൂസുഫ്യാൻ ചോദിച്ചു: 'മകളെ, നീ എന്നിൽനിന്നു വിരിപ്പിനെ അകറ്റിയതൊ, അല്ല വിരിപ്പിൽനിന്നു എന്നെ അകറ്റിയതൊ?' ഉമ്മുഹബീബ: (റ) പറഞ്ഞു:– 'ഇതു റസൂലിന്റെ വിരിപ്പാണു്. താങ്കൾ മുശ്രിക്കാണു്; മുശ്രിക് നജസാണു്. അതുകൊണ്ടു താങ്കൾ ആ വിരിപ്പിൽ ഇരിക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല.' 'മകളെ, എന്നിൽനിന്നു വിട്ടപ്പോൾ, നീ ഇത്രത്തോളം

ചീത്തയായിപ്പോയല്ലൊ' എന്നു അബൂസുഫ്‌യാൻ പറഞ്ഞപ്പോൾ, 'ഞാൻ ചീത്തയാവുകയല്ല, അല്ലാഹുവിന്റെ ദീനിലൂടെ നേർവഴിയിലെത്തുകയാണു് ചെയ്തതു്' എന്നു ഉമ്മുഹബൈബ: (റ) മറുപടി നൽകി. 'ബാപ്പാ, താങ്കൾ ഖുറൈശികളുടെ നേതാവും മഹാനുമാണല്ലൊ. പവിത്രമായ ഇസ്‌ലാംമതം സ്വീകരിച്ചു അല്ലാഹുവിനെ വണങ്ങുവാനൊരുങ്ങാതെ, കണ്ണും കാതുമില്ലാത്ത ബിംബങ്ങളെ വണങ്ങിജീവിക്കുന്നതിൽ താങ്കൾക്കു നാണമില്ലല്ലൊ എന്നു ഉമ്മുഹബൈബ: (റ) തുടർന്നപ്പോൾ അബൂസുഫ്‌യാനു മറുപടി ഉണ്ടായില്ല. അദ്ദേഹം അവിടെനിന്നിറങ്ങി, തിരുമേനി (സ) യെ സമീപിച്ചു, ഉടമ്പടി പുതുക്കുവാൻ അഭ്യർത്ഥിച്ചു. ഹുദൈബിയ്യായിൽ വെച്ചു സന്ധി നടക്കുമ്പോൾ താൻ അവിടെ സന്നിഹിതനായില്ലെന്നും അതുകൊണ്ടാണു് ഉടമ്പടി പുതുക്കുവാൻ ആവശ്യപ്പെടുന്നതെന്നും അബൂസുഫ്‌യാൻ പ്രസ്താവിച്ചു. ഉടമ്പടിക്കെതിരായി പ്രവർത്തിച്ചുപോയിട്ടുണ്ടെന്നുള്ള വസ്തുത തിരുമേനി (സ) യെ അറിയിക്കരുതെന്നു ഖുറൈശികൾ അബൂസുഫ്‌യാനോടു പറഞ്ഞിരുന്നു. അതുകൊണ്ടു ബനൂഖുസാക്കാരുമായി നടന്ന സംഭവം തിരുമേനി (സ) യെ അറിയിപ്പാൻ അബൂസുഫ്‌യാൻ ഒരുങ്ങിയില്ല. 'ഉടമ്പടി പുതുക്കുന്നതിന്നാവശ്യമായ പുതിയ സംഭവം വല്ലതുമുണ്ടായിട്ടുണ്ടൊ'എന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, പുതുതായി ഒന്നും സംഭവിച്ചിട്ടില്ലെന്നും തങ്ങൾ ഇപ്പോഴും ഉടമ്പടി പാലിച്ചുകൊണ്ടിരിക്കുകയാണെന്നും അബൂസുഫ്‌യാൻ മറുപടി നൽകി 'എങ്കിൽ, ഞങ്ങളും അങ്ങിനെതന്നെ' എന്നു തിരുമേനി (സ) പ്രതിവചിച്ചു. ഉടമ്പടി പുതുക്കുവാൻ അബൂസുഫ്‌യാൻ വീണ്ടും അഭ്യർത്ഥിച്ചപ്പോൾ തിരുമേനി (സ) മൌനം ദീക്ഷിച്ചു.

തിരുമേനി (സ) യുടെ നിലപാടു അനുകൂലമല്ലെന്നു കണ്ടപ്പോൾ, അബൂസുഫ്‌യാൻ അടവുമാറ്റിപ്പയറ്റുവാൻ തീരുമാനിച്ചു അദ്ദേഹം അബൂബകർസിദ്ദീഖ് (റ) വിനെ സമീപിക്കുകയും, ഉടമ്പടി പുതുക്കുന്നതിനു തിരുമേനി (സ) യോടു ശുപാർശചെയ്യുവാൻ അപേക്ഷിക്കുകയുമുണ്ടായി. ഞങ്ങൾ തിരുമേനി (സ) യുടെ ഹിതത്തിനു വഴങ്ങുകയല്ലാതെ, തിരുമേനി (സ) യോടു ശുപാർശചെയ്യുകയില്ലെന്നു അദ്ദേഹം തീർത്തുപറഞ്ഞു. പിന്നീടു അബൂസുഫ്‌യാൻ ഉമർഖത്താബ് (റ) വിനെയും, അലീ (ക. വ.) യെയും, ഉസ്മാൻ (റ) വിനെയും ചെന്നുകാണുകയും, തന്റെ അഭ്യർത്ഥന അവരിലോരോരുത്തരുടെയും മുമ്പിൽ വെക്കുകയും ചെയ്തു. ഞങ്ങൾ തിരുമേനി (സ) യോടു ശുപാർശപറയുകയില്ലെന്നു അവരെല്ലാവരും മറുപടിനൽകി. നിരാശനായ അബൂസുഫ്‌യാൻ അവസാനം ഫാതിമാ (റ) യെ സമീപിക്കുകയും അവരുടെ പിഞ്ചുപുത്രനായ ഹസൻ (റ) വെക്കൊണ്ടു ശുപാർശ ചെയ്യിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. 'എന്റെ മകൻ ശുപാർശപറയുന്നതിനു പ്രാപ്തനായിട്ടില്ല'എന്നു അവരും മറുപടിപറഞ്ഞു. അബൂസുഫ്‌യാൻ തന്റെ യത്നത്തിൽനിന്നു പിന്മാറാതെ അൻസാർകളും മുഹാജിർകളുമായ പ്രധാനവ്യക്തികളെ മുഴുവൻ ചെന്നുകാണുകയും അവരിലോരോരുത്തരുടെയും മുമ്പിലും തന്റെ അഭ്യർത്ഥന സമർപ്പിക്കുകയും ചെയ്തു. ഒരാളിൽനിന്നും അനുകൂലമായ പ്രതികരണം ലഭിച്ചില്ല. ഞങ്ങൾ തിരുമേനി (സ) ക്കു വിധേയരാണു് എന്നു അവരിലൊരോരുത്തരും മറുപടിനൽകി. നിരാശനായ അബൂസുഫ്‌യാന്റെ തന്റേടവും അതോടൊപ്പം അഭിമാനവും തകർന്തരിപ്പണമായി. അവസാനക്കയ്യെന്നനിലക്കു അയാൾ അലീ (ക. വ.) യെ ഒരിക്കൽക്കൂടി ശരണം പ്രാപിച്ചു. ഒരു രക്ഷയുമുണ്ടായില്ല. താൻ

ഉടമ്പടി പുതുക്കുവാനും മുമ്പു നിശ്ചയിച്ച കാലാവധി നീട്ടുവാനും ഉദ്ദേശിച്ചുകൊണ്ടു മദീനയിൽവന്ന മുസ്‌ലിം പ്രമാണിമാരെ മുഴുവൻ സമീപിച്ച വസ്തുത ഉണർത്തിയെങ്കിലും, തന്റെ ഉദ്ദേശ്യത്തിനു ആരിൽനിന്നും സ്വീകരണം ലഭിച്ചില്ലെന്നുള്ള വാർത്ത അദ്ദേഹം ബഹുജനങ്ങളെ അറിയിച്ചു. അവരിൽനിന്നും അനുകൂലമായ പ്രതികരണം ലഭിച്ചില്ല. എന്നിട്ടും അബൂസുഫ്‌യാൻ പിന്തിരിഞ്ഞില്ല. അന്തിമശ്രമമെന്നനിലക്കു ഒരിക്കൽകൂടി അദ്ദേഹം തിരുമേനി (സ) യെ സമീപിക്കുകയും തന്റെ അഭ്യർത്ഥന ആവർത്തിക്കുകയും ചെയ്തു. 'താങ്കൾ ഈ അഭ്യർത്ഥനയുമായിട്ടാണൊ വീണ്ടും വന്നിരിക്കുന്നതു?' എന്നുമാത്രം തിരുമേനി (സ) ഉത്തരം നൽകി.

ഹതാശയനായ അബൂസുഫ്‌യാൻ തകർന്ന ഹൃദയത്തോടെ മക്കയിലേക്കു തിരിച്ചു. ഉദ്ദേശിച്ചതിലേറെ ദിവസങ്ങൾ കഴിഞ്ഞിട്ടും അബൂസുഫ്‌യാൻ തിരിച്ചുവരാത്തതു കണ്ടപ്പോൾ, അയാൾ മതംമാറിക്കഴിഞ്ഞുവെന്നു ഖുറൈശികൾ സംശയിച്ചു. അദ്ദേഹം മക്കയിൽ തിരിച്ചെത്തിയപ്പോൾ സംശയദൃഷ്ടിയോടെയാണു ഖുറൈശികൾ അദ്ദേഹത്തെ സ്വീകരിച്ചതു്. തന്റെ ഉദ്യമത്തിൽ അബൂസുഫ്‌യാൻ പരാജയപ്പെട്ട വാർത്ത ഖുറൈശികളെ വ്യാകുലചിത്തരാക്കിത്തീർത്തു. ഏറെ ദിവസങ്ങൾ മദീനയിൽ കഴിച്ചുകൂട്ടുകയും ഉദ്ദേശ്യം സാധിക്കാതെ തിരിച്ചുവരികയും ചെയ്ത അബൂസുഫ്‌യാനെ അദ്ദേഹത്തിന്റെ ഭാര്യ കണക്കിലേറെ അധിക്ഷേപിച്ചു. താൻ മതം മാറിട്ടുണ്ടെന്നു ഖുറൈശികൾക്കുണ്ടായ സംശയത്തെ ദൂരീകരിപ്പാൻ അബൂസുഫ്‌യാൻ അത്യന്തം ക്ലേശിക്കേണ്ടിവന്നു. അദ്ദേഹം അസാഫ്, നാഇല, എന്നീ ബിംബങ്ങളുടെ സന്നിധിയിൽച്ചെന്നു തലമുടി ക്ഷൗരം ചെയ്യുകയും, അവയുടെ പ്രീതിക്കായി മൃഗബലി നടത്തുകയും, അവയുടെ ചോരയെടുത്തു ബിംബങ്ങളുടെ തലയിൽ പുരട്ടി, മരണംവരെ അവയെ ആരാധിച്ചുകൊള്ളാമെന്നു പ്രതിജ്ഞ നടത്തുകയും ചെയ്തു.

അബൂസുഫ്‌യാൻ മക്കയിൽ എത്തുന്നതിനു മുമ്പ് തന്നെ തിരുമേനി(സ) മക്കായാത്രക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. ആഇശ: (റ) യാണ് തിരുമേനി (സ) ക്കു വേണ്ടുന്ന ഒരുക്കങ്ങൾ സജ്ജമാക്കിയതു്. തിരുമേനി (സ) എവിടേക്കാണ് യാത്ര ഒരുങ്ങുന്നതെന്നു അബൂബകർ സിദ്ദീഖ് (റ) ആഇശ: (റ) യോടു ചോദിച്ചപ്പോൾ, 'ഞാനറിയുകയില്ലെ'ന്നു അവർ മറുപടി നല്കി.

അബൂമാലികിൽ അശ്‌ജഈ (റ) പറയുന്നു:- 'തിരുമേനി (സ) വീടിന്റെ അകത്തു് നിന്നു എഴുന്നേറ്റു വന്നു പടിക്കൽ ഇരുന്നു. ആദ്യം അബൂബകർ സിദ്ദീഖിനെ വിളിച്ചു. അദ്ദേഹം തിരുമേനി (സ) ക്കഭിമുഖമായി ഇരുന്നു. തിരുമേനി (സ) കുറെ നേരം അദ്ദേഹത്തോടു രഹസ്യമായി സംസാരിച്ചു. അദ്ദേഹം എഴുന്നേറ്റു തിരുമേനി (സ) യുടെ വലഭാഗത്തു ഇരുന്നു. പിന്നീടു് തിരുമേനി (സ) ഉമർഖത്താബിനെ വിളിച്ചു. അദ്ദേഹവും തിരുമേനി (സ)ക്കഭിമുഖമായി ഇരുന്നു. അദ്ദേഹത്തോടും കുറെ നേരം രഹസ്യമായി സംസാരിച്ചു. ഉമർ(റ) അല്പം ഒച്ചത്തിൽ ഇപ്രകാരം പറഞ്ഞു.- 'അല്ലാഹുവിന്റെ റസൂലെ, താങ്കൾ മന്ത്രവാദിയാണെന്നും ഇന്ദ്രജാലക്കാരനാണെന്നും കള്ളപ്രവാചകനാണെന്നും പറഞ്ഞു നടന്ന ധിക്കാരികളുടെ നേതാക്കളാണവർ. പടച്ചവനാണെ സത്യം മക്കക്കാർ ഒതുങ്ങിയല്ലാതെ അറബികൾ ഒതുങ്ങുകയില്ല.' തിരുമേനി (സ) നിർദ്ദേശിച്ചതനുസരിച്ചു അദ്ദേഹം തിരുമേനി (സ) യുടെ ഇടഭാഗത്തിരുന്നു. പിന്നീടു് സഹാബിമാരെ അ

ഭിമുഖീകരിച്ചുകൊണ്ട് 'ജനങ്ങളെ, ഇവരോട് ഞാൻ പറഞ്ഞ വസ്തുത നിങ്ങളെ അറിയിക്കട്ടെയൊ' എന്ന തിരുമേനി(സ)ചോദിച്ചു. ആ വിവരം അറിയുവാൻ ജനങ്ങൾ ജിജ്ഞാസ പ്രകടിപ്പിച്ചു അപ്പോൾ, അബൂബകർ സിദ്ദീഖിന്റെ ഭാഗത്തു തിരിഞ്ഞുകൊണ്ട്, 'അല്ലാഹുവിന്റെ കായ്ത്തിൽ ഇബ്രാഹിം നബിയുടെ ഹൃദയം വെണ്ണയേക്കാൾ മൃദുലമാണെന്നും, ഉമർഖത്താബിന്റെ നേരെ തിരിഞ്ഞുകൊണ്ട്, 'അല്ലാഹുവിന്റെ കായ്ത്തിൽ നൂഹ് നബിയുടെ ഹൃദയം ശിലയേക്കാൾ കഠിനമാണെന്നും പറഞ്ഞ ശേഷം, മക്കയിലേക്കു യാത്ര ചെയ്യുവാൻ തീരുമാനിച്ച വിവരം തിരുമേനി സഹാബിമാരെ അറിയിച്ചു. ഞങ്ങൾ മക്കയിൽ പ്രവേശിക്കുന്നതിനു മുമ്പായി ഈ യാത്രയെക്കുറിച്ചു മക്കക്കാർ അറിയുവാൻ ഇട വരുത്തരുതെ' എന്നു തിരുമേനി (സ) പ്രാർത്ഥിച്ചു. വ്യക്തിപരമായ യാതൊരാവശ്യത്തിനു വേണ്ടിയും ആരും തന്നെ മക്കയിലേക്കു പോകരുതെന്നു തിരുമേനി (സ) കല്പിച്ചു. മക്കയിൽ നിന്നു മദീനയിലേക്കു വരുന്നവരെ വഴിയിൽ തടുത്തു നിറുത്തുവാൻ ഏർപ്പാടു ചെയ്തു. ഹാതിബുബ്നുഅബീബൽതഅതുബഃരിയ്യ എന്ന ഒരു സഹാബി, വളരെ ഗ്രുഢമായി ഈ വിവരം മക്കക്കാരെ അറിയിപ്പാൻ ആഗ്രഹിച്ചു. അദ്ദേഹം ഒരു കത്തെഴുതി ആ കത്തു് വളരെ രഹസ്യമായി മക്കയിലെത്തിക്കുവാൻ, പത്തു പൊന്നു കൂലി നിശ്ചയിച്ചുകൊണ്ടു, ഒരു സ്ത്രീയെ ഭാരമേല്പിച്ചു. വളഞ്ഞ വഴിയിലൂടെ ആ സ്ത്രീ കത്തുമായി മക്കയിലേക്കു പുറപ്പെട്ടു. ഈ വിവരം അല്ലാഹു തിരുമേനി (സ) യെ അറിയിച്ചു. അപ്പോഴേക്കും ആ സ്ത്രീ അഞ്ചെട്ടു നാഴിക സഞ്ചരിച്ചു കഴിഞ്ഞിരുന്നു. അലീ (ക. വ.), സുബൈറുബ്നുൽ അവ്വാം (റ), മീഖ്ദാദുബ്നുൽ അസ്വദ് (റ) എന്നിവരെ വിളിച്ചു തിരുമേനി (സ) ഇപ്രകാരം ആജ്ഞാപിച്ചു:--'ഹാതിബ് ഒരു കത്തുമായി ഒരുസ്ത്രീയെ മക്കയിലേക്കയച്ചിട്ടുണ്ട്. നിങ്ങൾ ഉടനെ പുറപ്പെടുക. അവളെ പിടിക്കണം. റൌള: ഖാഖ് എന്ന സ്ഥലത്തു നിങ്ങൾ അവളെ കണ്ടെത്തും.' അവർ കുതിരപ്പുറത്തു കയറി, കുതിച്ചു, സ്ത്രീയെ കണ്ടു പിടിച്ചു. തന്റെ കയ്യിൽ കത്തില്ലെന്നു ആ സ്ത്രീ പറഞ്ഞു നോക്കിയെങ്കിലും ഫലപ്പെട്ടില്ല. അവളുടെ മുടിക്കെട്ടിൽ ഒളിപ്പിച്ചു വച്ച കത്തു് അവർ അവരുടെ കയ്യിൽ കൊടുക്കേണ്ടിവന്നു. ആ കത്തിലെ ഉള്ളടക്കം താഴെ ചേർക്കുന്നു:-'സുഹൈൽ, ഇക്രിമത്, സഫ്വാൻ എന്നിവർക്കു ഹാതിബ് എഴുതിയതു്. മലവെള്ളം പോലുള്ള ഒരു സേനയുമായി അല്ലാഹുവിന്റെ റസൂൽ മക്കയിലേക്കു വരുന്നുണ്ടു്. അവിടുന്നു് ഏകനായി നിങ്ങളെ നേരിടുകയാണെങ്കിൽ പോലും നിങ്ങൾക്കെതിരായി അല്ലാഹു അവിടുത്തെ സഹായിക്കും. എന്നിരിക്കെ, ഇരുപതും വലിയ ഒരു സൈന്യവുമായി അവിടുന്നു് നിങ്ങളെ നേരിട്ടാലുണ്ടാവുന്ന കഥ പറയേണ്ടതില്ലല്ലൊ. അതുകൊണ്ടു നിങ്ങൾ നിങ്ങളുടെ ആത്മരക്ഷക്കു വേണ്ടതു ചെയ്തുകൊള്ളുക.'

കത്തു് തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. തിരുമേനി (സ) ഹാതിബിനെ വരുത്തി, കത്തിനെപ്പറ്റി അന്വേഷിച്ചപ്പോൾ, കത്തു താൻ എഴുതിയതാണെന്നും, എന്റെയും മുഹാജിർകളുടേയും ബന്ധുക്കളായ പലർ മക്കത്തുള്ളതുകൊണ്ടും, അവരുമായി എനിക്കു പല ഇടപാടുകളുള്ളതുകൊണ്ടും, അവരെ ഉദ്ദേശിച്ചു എഴുതിയതാണെന്നും അദ്ദേഹം ബോധിപ്പിച്ചു. ഹാതിബിനെ വധിക്കുകയാണു് വേണ്ടതെന്നും ഉമർഖത്താബ് (റ) അഭിപ്രായപ്പെട്ടപ്പോൾ തിരുമേനി (സ) പറഞ്ഞു:-'ബദ്റിൽ പങ്കെടുത്ത സഹാബി

ഭിമുഖീകരിച്ചുകൊണ്ട് 'ജനങ്ങളെ, ഇവരോട് ഞാൻ പറഞ്ഞ വസ്തുത നിങ്ങളെ അറിയിക്കട്ടെയൊ' എന്ന തിരുമേനി(സ)ചോദിച്ചു. ആ വിവരം അറിയുവാൻ ജനങ്ങൾ ജിജ്ഞാസ പ്രകടിപ്പിച്ചു അപ്പോൾ, അബൂബകർ സിദ്ദീഖിന്റെ ഭാഗത്തു തിരിഞ്ഞുകൊണ്ട്, 'അല്ലാഹുവിന്റെ കായ്ത്തിൽ ഇബ്രാഹിം നബിയുടെ ഹൃദയം വെണ്ണയേക്കാൾ മൃദുലമാണെന്നും, ഉമർഖത്താബിന്റെ നേരെ തിരിഞ്ഞുകൊണ്ട്, 'അല്ലാഹുവിന്റെ കായ്ത്തിൽ നൂഹ് നബിയുടെ ഹൃദയം ശിലയേക്കാൾ കഠിനമാണെന്നും പറഞ്ഞ ശേഷം, മക്കയിലേക്കു യാത്ര ചെയ്യുവാൻ തീരുമാനിച്ച വിവരം തിരുമേനി സഹാബിമാരെ അറിയിച്ചു. ഞങ്ങൾ മക്കയിൽ പ്രവേശിക്കുന്നതിനു മുമ്പായി ഈ യാത്രയെക്കുറിച്ചു മക്കക്കാർ അറിയുവാൻ ഇട വരുത്തരുതെ' എന്നു തിരുമേനി (സ) പ്രാർത്ഥിച്ചു. വ്യക്തിപരമായ യാതൊരാവശ്യത്തിനു വേണ്ടിയും ആരും തന്നെ മക്കയിലേക്കു പോകരുതെന്നു തിരുമേനി (സ) കല്പിച്ചു. മക്കയിൽ നിന്നു മദീനയിലേക്കു വരുന്നവരെ വഴിയിൽ തടുത്തു നിറുത്തുവാൻ ഏർപ്പാടു ചെയ്തു. ഹാതിബുബ്നുഅബീബൽതഅതുബഃരിയ്യ എന്ന ഒരു സഹാബി, വളരെ ഗ്രുഢമായി ഈ വിവരം മക്കക്കാരെ അറിയിപ്പാൻ ആഗ്രഹിച്ചു. അദ്ദേഹം ഒരു കത്തെഴുതി ആ കത്തു് വളരെ രഹസ്യമായി മക്കയിലെത്തിക്കുവാൻ, പത്തു പൊന്നു കൂലി നിശ്ചയിച്ചുകൊണ്ടു, ഒരു സ്ത്രീയെ ഭാരമേല്പിച്ചു. വളഞ്ഞ വഴിയിലൂടെ ആ സ്ത്രീ കത്തുമായി മക്കയിലേക്കു പുറപ്പെട്ടു. ഈ വിവരം അല്ലാഹു തിരുമേനി (സ) യെ അറിയിച്ചു. അപ്പോഴേക്കും ആ സ്ത്രീ അഞ്ചെട്ടു നാഴിക സഞ്ചരിച്ചു കഴിഞ്ഞിരുന്നു. അലീ (ക. വ.), സുബൈറുബ്നുൽ അവ്വാം (റ), മീഖ്ദാദുബ്നുൽ അസ്വദ് (റ) എന്നിവരെ വിളിച്ചു തിരുമേനി (സ) ഇപ്രകാരം ആജ്ഞാപിച്ചു:--'ഹാതിബ് ഒരു കത്തുമായി ഒരുസ്ത്രീയെ മക്കയിലേക്കയച്ചിട്ടുണ്ട്. നിങ്ങൾ ഉടനെ പുറപ്പെടുക. അവളെ പിടിക്കണം. റൌള: ഖാഖ് എന്ന സ്ഥലത്തു നിങ്ങൾ അവളെ കണ്ടെത്തും.' അവർ കുതിരപ്പുറത്തു കയറി, കുതിച്ചു, സ്ത്രീയെ കണ്ടു പിടിച്ചു. തന്റെ കയ്യിൽ കത്തില്ലെന്നു ആ സ്ത്രീ പറഞ്ഞു നോക്കിയെങ്കിലും ഫലപ്പെട്ടില്ല. അവളുടെ മുടിക്കെട്ടിൽ ഒളിപ്പിച്ചു വച്ച കത്തു് അവർ അവരുടെ കയ്യിൽ കൊടുക്കേണ്ടിവന്നു. ആ കത്തിലെ ഉള്ളടക്കം താഴെ ചേർക്കുന്നു:-'സുഹൈൽ, ഇക്രിമത്, സഫ്വാൻ എന്നിവർക്കു ഹാതിബ് എഴുതിയതു്. മലവെള്ളം പോലുള്ള ഒരു സേനയുമായി അല്ലാഹുവിന്റെ റസൂൽ മക്കയിലേക്കു വരുന്നുണ്ടു്. അവിടുന്നു് ഏകനായി നിങ്ങളെ നേരിടുകയാണെങ്കിൽ പോലും നിങ്ങൾക്കെതിരായി അല്ലാഹു അവിടുത്തെ സഹായിക്കും. എന്നിരിക്കെ, ഇരുപതും വലിയ ഒരു സൈന്യവുമായി അവിടുന്നു് നിങ്ങളെ നേരിട്ടാലുണ്ടാവുന്ന കഥ പറയേണ്ടതില്ലല്ലൊ. അതുകൊണ്ടു നിങ്ങൾ നിങ്ങളുടെ ആത്മരക്ഷക്കു വേണ്ടതു ചെയ്തുകൊള്ളുക.'

കത്തു് തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. തിരുമേനി (സ) ഹാതിബിനെ വരുത്തി, കത്തിനെപ്പറ്റി അന്വേഷിച്ചപ്പോൾ, കത്തു താൻ എഴുതിയതാണെന്നും, എന്റെയും മുഹാജിർകളുടേയും ബന്ധുക്കളായ പലർ മക്കത്തുള്ളതുകൊണ്ടും, അവരുമായി എനിക്കു പല ഇടപാടുകളുള്ളതുകൊണ്ടും, അവരെ ഉദ്ദേശിച്ചു എഴുതിയതാണെന്നും അദ്ദേഹം ബോധിപ്പിച്ചു. ഹാതിബിനെ വധിക്കുകയാണു് വേണ്ടതെന്നും ഉമർഖത്താബ് (റ) അഭിപ്രായപ്പെട്ടപ്പോൾ തിരുമേനി (സ) പറഞ്ഞു:-'ബദ്റിൽ പങ്കെടുത്ത സഹാബി

മാർ ചെയ്യുന്ന തെറ്റുകൾ മാപ്പാക്കപ്പെട്ടുമെന്നും അവർക്ക് സ്വർഗ്ഗം നല്കപ്പെട്ടുമെന്നും വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു.' * ഇതു കേട്ടപ്പോൾ ഉമർഫാറൂഖ് (റ) വിന്റെ നയനങ്ങളിൽനിന്നു കണ്ണീർ പ്രവഹിച്ചു.

തിരുമേനി (സ) മക്കയിലേക്കു പുറപ്പെടുവാൻ തീച്ചപ്പെടുത്തിയ ഉടനെ അയൽനാട്ടിലെ മുസ്‌ലിംകൾക്കു ഇപ്രകാരം ഒരറിയിപ്പു നല്കി:-'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ച എല്ലാവരും മദീനയിൽ എത്തിച്ചേരണം.' ഈ അറിയിപ്പു ലഭിച്ച ഉടനെ അസ്‌ലം, ഗിഫാർ, അശ്‌ജഅ്, സുലൈം, മുസൈനത്, ജുഹൈനത് തുടങ്ങിയ ഗോത്രക്കാർ മദീനയിൽ എത്തിച്ചേർന്നു.

മദീനയിൽ നിസ്സാരത്തിനു നേതൃത്വം നല്കുവാൻ ഉമ്മുമക്തൂം (റ) വിനെയും നീതിന്യായങ്ങൾ നടത്തുവാൻ അബൂറുഹം എന്ന പേരിൽ അറിയപ്പെട്ട കൽസൂമുബ്നുൽ ഹുസൈനിൽ ഗിഫാരിയ്യി (റ) വിനെയും നിയമിച്ചു.

പതിനായിരമൊ പന്തീരായിരമൊ സഹാബിമാരോടു കൂടി റമളാൻ മാസം പത്താം ദിവസം ** അസ്‌റ് നിസ്‌കാരത്തിനു ശേഷം തിരുമേനി (സ) മക്കയിലേക്കു പുറപ്പെട്ടു. ഉമ്മുസൽമ: (റ), മൈമൂന: (റ) എന്നീ രണ്ടു പത്നിമാർ തിരുമേനി (സ) യെ അനുഗമിച്ചു. ഇമാംഹലബീ (റ) പറയുന്നു:-'ആ സംഘത്തിൽ എഴുന്നൂറു മുഹാജിർകളും അവരുടെ വക മുന്നൂറൊട്ടകങ്ങളും; നാലായിരം അൻസാർകളും അവരുടെ വക അഞ്ഞൂറു കുതിരകളും; ആയിരം മുസൈന: ഗോത്രക്കാരും അവരുടെ വക നൂറു കുതിരകളും; നാനൂറു അസ്‌ലം ഗോത്രക്കാരും അവരുടെ വക മുപ്പതു കുതിരകളും; എണ്ണൂറു ജുഹൈന: ഗോത്രക്കാരും, അവരുടെ വക അമ്പതു കുതിരകളും ഉണ്ടായിരുന്നു.'

ഇമാംനവവീ (റ) പറയുന്നു:- 'തിരുമേനി (സ) മക്കം കീഴടക്കുവാൻ പുറപ്പെട്ടതു റമളാൻമാസത്തിലാണെന്നുള്ളതിൽ ആക്ഷേപത്തെ അഭിപ്രായവ്യത്യാസമില്ല.'

തിരുമേനി (സ) യും സഹാബിമാരും കദീദിൽ എത്തിയപ്പോൾ നോമ്പു മുറിച്ചു. നോമ്പോടുകൂടി യാത്രചെയ്യുന്നതിൽ സഹാബിമാക്കു ക്ലേശം അനുഭവപ്പെടുന്നുണ്ടെന്നു കണ്ടതുകൊണ്ടാണു നോമ്പു മുറിച്ചതു്. ഹജ്ഫത് എന്ന സ്ഥലത്തുവെച്ചു * തിരുമേനി (സ) തന്റെ പിതൃവ്യനായ അബ്ബാസ് (റ) വിനെയും കുടുംബത്തെയും കണ്ടുമുട്ടി. അവർ മദീനയിലേക്കു ഹിജ്റ ചെയ്യുകയായിരുന്നു. [അബ്ബാസ് (റ) മുമ്പുതന്നെ ഇസ്‌ലാംമതം വിശ്വസിച്ചിരുന്നെങ്കിലും, ആ യാഥാർത്ഥ്യം വെളിപ്പെടുത്താതെ, തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ചു മക്കയിൽ കഴിഞ്ഞുകൂടുകയായിരുന്നുവെന്ന വസ്തുത വായനക്കാർ ഓർക്കുന്നുണ്ടല്ലൊ.] തിരുമേനി (സ) യെ കണ്ടുമുട്ടിയ വിവരം അറിഞ്ഞപ്പോൾ, തന്റെ സാമാനങ്ങളെല്ലാം മദീനയിലേക്കയച്ചുകൊണ്ടു അദ്ദേഹം സഹാബിമാരോടൊപ്പം മക്കയിലേക്കു തന്നെ തിരിച്ചു. ആ യാത്രയിൽതന്നെ, നഖബുൽഇഖാബ് എന്ന സ്ഥലത്തോ അബവാഅ് എന്ന സ്ഥലത്തോ വെച്ചു അബൂസുഫ്യാനുബ്നുൽഹർസുബ്നു് അബ്ദുൽമുത്തലിബിനെയും, അബ്ദുൽമുത്തലിബിന്റെ പുത്രിയായ ആതിക എന്നവരുടെ മകനായ അബ്ദുല്ലാഹിബ്നുഅബീഉമയ്യത്തുൽമഖ്സൂമീയേയും തിരുമേനി(സ)കണ്ടു. അവർ രണ്ടുപേരും ഇസ്‌ലാംമതം വിശ്വസിച്ചുകൊണ്ടു മദീനയിലേക്കു പുറപ്പെട്ടിരിക്കു

* ഹാതിബ് (റ) ബദ്റിയുദ്ധത്തിൽ പങ്കെടുത്ത സഹാബിയായിരുന്നു.

** പതിനാറാം ദിവസമെന്നും പതിനെട്ടാം ദിവസമെന്നും പക്ഷാന്തരമുണ്ടു്.

** ദുൽഹുലൈഫത്തിൽ വെച്ചാണു് കണ്ടുമുട്ടിയതെന്നും പറയപ്പെട്ടിട്ടുണ്ടു്.

കയായിരുന്നു. മുഗീറത് എന്ന അപരനാമത്തി ലാണ് ഈ അബൂസുഫ്‌യാൻ അറിയപ്പെട്ടിരു ന്നതു്. അദ്ദേഹത്തോടൊപ്പം തന്റെ പുത്ര നായ ജഅ്ഫറും ഉണ്ടായിരുന്നു. മുഗീറത് (റ) തിരുമേനി (സ) യുടെ ബാല്യകാലസുഹൃ ത്തും, ഹലീമാബീയുടെ മുലകുടിബന്ധത്താൽ സഹോദരനും, പിതൃവ്യപുത്രനുമായിരുന്നു. പ ക്ഷെ, നബുവ്വത്തിനുശേഷം, തിരുമേനി (സ) യുടെ ശത്രുപക്ഷത്തിനു അദ്ദേഹം പ്രത്യക്ഷമാ യ നേതൃത്വം നൽകിവന്നു. തിരുമേനി (സ) യെ നാനാവിധേന ഉപദ്രവിച്ചു. 'നീ ഒരു ഏണിവെച്ചു ആകാശത്തിൽ കയറി ഒരു ഗ്രന്ഥവുമായി ഇറങ്ങിവന്നു നാലു മലക്കുകളെ സാക്ഷി നിറുത്തിയാൽപ്പോലും നീ നബിയാ ണെന്നു ഞാൻ വിശ്വസിക്കുകയില്ല' എന്നു വീരവാദം മുഴക്കിയ ആളാണ് ഈ മുഗീറത് (റ). അബ്ദുല്ലാഹിബ്‌നുമുമയ്യത് (റ) വും തിരുമേനി (സ) യെ ഉപദ്രവിച്ചവരിൽ അഗ്ര ഗണ്യനായിരുന്നു. ഭൂതകാലസംഭവങ്ങളെല്ലാം മറ ന്നു കൊണ്ടു ആ രണ്ടുപേരെയും തിരുമേനി (സ) സ്വീകരിച്ചു. തങ്ങൾ ചെയ്തുപോയ അ പരാധങ്ങളുടെ ഗൌരവമോർത്തു ലജ്ജാഭാര ത്താൽ അവർ തലതാഴ്ത്തി. തിരുമേനി (സ) യുടെ മുഖത്തു നോക്കുവാൻ അപരാധബോധം അവരെ അനുവദിച്ചില്ല. മുഗീറത് എന്ന അബൂസുഫ്‌യാൻ (റ) ഹിജ്‌റാബ്ദം പതിന ഞ്ചാംവർഷത്തിലൊ ഇരുപതാംവർഷത്തിലൊ ഇഹലോകവാസം വെടിഞ്ഞു. ഉമർഫാറൂഖ് (റ) വിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ജനാസ: നിസ്കരിക്കുകയും, മദീനയിൽ ഖബ് റടക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ ഖബ് റിന്മേൽ പ്രോജ്ജ്വലമായ ഒരു ഖുബ്ബ കുറച്ചു കാലം മുമ്പുവരെയും ഉണ്ടായിരുന്നു. ആ ഖ ബർ ഇന്നും പരിശുദ്ധ മുസ്‌ലിംകൾ അനുദിനം സിയാറത് ചെയ്യപ്പെടുന്നു. അബ്ദുല്ലാഹിബ് നുമുമയ്യത് (റ) താഇഫ് യുദ്ധത്തിൽ ശഹീ ദായി.

ഖദീദ് എന്ന സ്ഥലത്തെത്തിയപ്പോൾ തിരുമേനി (സ) യുദ്ധപതാകകൾ കെട്ടിയുണ്ടാ ക്കി. ഓരോ ഗോത്രക്കാർക്കും പതാക നൽക പ്പെട്ടു. ലിവാഅ് എന്നും റായത് എന്നും പേരുള്ള രണ്ടു തരം പതാകകളാണ് കെട്ടിയു ണ്ടാക്കിയിരുന്നതു് ബനൂസുലൈം ഗോത്രക്കാ ർക്കു ഒരു ലിവാഉം ഒരു റായത്തും കൊടുത്തു. ബനൂ ഗിഫാർ ഗോത്രക്കാർക്കു ഒരു റായത്തും, അസ്‌ലം ഗോത്രക്കാർക്കു രണ്ടു ലിവാഉം, ബനൂകഅ്ബ് ഗോത്രക്കാർക്കു ഒരു റായത്തും, മുസൈന: ഗോത്ര ക്കാർക്കു മൂന്നു ലിവാഉം, ജുഹൈന: ഗോത്രക്കാ ർക്കു നാലു ലിവാഉം, ബനൂബകർ ഗോത്രത്തിൽ നിന്നു ഇസ്‌ലാംമതം വിശ്വസിച്ചിരുന്ന ക ക്ഷിക്കു ഒരു ലിവാഉം, അശ്ജഅ് ഗോത്രക്കാ ർക്കു രണ്ടു ലിവാഉം നല്കപ്പെട്ടു.

പതാക കെട്ടുന്നതിനു മുമ്പുള്ള രാത്രി യിൽ അബൂബകർ സിദ്ദീഖ് (റ) ഒരു സ്വപ്നം കണ്ടു. അദ്ദേഹം തിരുമേനി (സ) യോടിപ്ര കാരം പറഞ്ഞു:—'യാറസൂലു'ള്ളാ, നാം മക്ക യിൽ കടന്നപ്പോൾ നായ്ക്കൾ കുരച്ചു. നാം അവയുടെ അടുത്തു ചെന്നപ്പോൾ അവ മല ർന്നു വീണു. അപ്പോൾ അവയുടെ മുലകളിൽ നിന്നു പാൽ ചൊരിഞ്ഞു എന്നിപ്രകാരം ഞാൻ ഒരു സ്വപ്നം കണ്ടു." തിരുമേനി (സ) പറഞ്ഞു:—'അവരുടെ മത്സരബുദ്ധി നശിച്ചു. ഇനി അവർ നമ്മോടൊപ്പം ചേരും. കൂട്ടുകൂടും ബന്ധുക്കളുമായി നിങ്ങൾ സമ്മേളിക്കും. അബൂ സുഫ്‌യാനെ കണ്ടെത്തിയാൽ ആരും അദ്ദേഹ ത്തെ വധിക്കരുതു്.'

ഇശാ സമയത്തു് തിരുമേനി(സ) യും സം ഘവും മർറള്ളഹ്‌റാനിലെത്തി. പന്തം കൊ ളുത്തി വെളിച്ചമുണ്ടാക്കുവാൻ തിരുമേനി (സ)

സഹാബാമാരുടെ നിർദ്ദേശം നല്കി. ഖുറൈശികളെ ഭയപ്പെടുത്തുവാൻ വേണ്ടിയാണ് ഇങ്ങിനെ കല്പിക്കപ്പെട്ടത്. പതിനായിരത്തിൽപരം പന്തങ്ങളിൽ തീ കൊളുത്തപ്പെട്ടു. ഭീകരമായ വെളിച്ചം അന്തരീക്ഷത്തിൽ പരന്നു നിന്നു. അതിലിടക്കു മക്കത്തുനിന്നു അബൂസുഫ്‌യാനുബ്നുഹർബ്, ഹകീമുബ്നുഹസാം, ബദീലുബ്നുവർഖാഅ് എന്നീ മൂന്നുപേർ മദീനയുടെ ഭാഗത്തേക്കു പുറപ്പെട്ടു കഴിഞ്ഞിരുന്നു. മദീനയിലെ സ്ഥിതിഗതികൾ മനസ്സിലാക്കുക എന്നതായിരുന്നു അവരുടെ യാത്രോദ്ദേശ്യം. മുസ്‌ലിംകൾ പുറപ്പെട്ട വിവരം അവർ അറിഞ്ഞിരുന്നില്ല. പക്ഷെ, തിരുമേനി (സ) മക്കയുടെ നേരെ പുറപ്പെടുവാൻ ഒരുക്കം കൂട്ടിയേക്കുമെന്നു അവർ ഊഹിച്ചിരുന്നു. ആ സംരംഭം ഇത്രപെട്ടെന്നു നടക്കുമെന്നു അവർ ഊഹിക്കുക പോലും ചെയ്തിരുന്നില്ല. മർറുള്ളഹ്‌റാനിന്നടുത്തെത്തിയപ്പോൾ അവർ പന്തത്തീന്റെ വെളിച്ചം കണ്ടു. കുതിരകൾ ചിനക്കുന്നതു കേൾക്കുകയും ചെയ്തു. അറഫായുടെ രാത്രിയിലല്ലാതെ ഇങ്ങനെ ഒരു വെളിച്ചം താൻ കണ്ടിട്ടില്ലെന്നും ഒരു സൈന്യം അടുത്തുതാവളമടിച്ചതിന്റെ ലക്ഷണമാണതെന്നും അബൂസുഫ്‌യാൻ പറഞ്ഞു. കൂട്ടുകാർ അതു നിഷേധിച്ചു. അവർ മൂന്നു പേരും യാത്ര തുടർന്നു. കുറച്ചുകൂടി മുമ്പോട്ടു നടന്നപ്പോൾ മുസ്‌ലിം സേനയിലെ കാവൽ ഭടന്മാർ അവരെ പിടികൂടി. നിങ്ങളാരാണെന്നു അബൂസുഫ്‌യാൻ ചോദിച്ചപ്പോൾ, ഞങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ ഭടന്മാരാണെന്നു അവർ മറുപടി പറഞ്ഞു. ആ ഭടന്മാർ അബൂസുഫ്‌യാനേയും കൂട്ടുകാരേയും ഉമർഫാറൂഖ് (റ) വിന്റെ സന്നിധിയിൽ ഹാജരാക്കി. അവരെ ബന്ധനത്തിൽ വെക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു.

അതിലിടക്കു, മക്കക്കാരെ നേരിടുവാൻ പോകുന്ന അതിഭയങ്കരമായ വിപത്തിനെക്കുറിച്ചു അവരെ ബോധവാന്മാരാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടു, തിരുമേനി (സ) യുടെ അനുമതിയോടുകൂടി അബ്ബാസ് (റ) മക്കയിലേക്കു പുറപ്പെട്ടുകഴിഞ്ഞിരുന്നു. അദ്ദേഹം സംഭവസ്ഥലത്തെത്തിയപ്പോൾ, ശബ്ദംകൊണ്ടു അബൂസുഫ്‌യാനെ തിരിച്ചറിഞ്ഞു. അബ്ബാസ് (റ) ആ മൂന്നുപേരെയും വീണ്ടെടുക്കുകയും തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കുകയും ചെയ്തു. ആ മൂന്നുപേരെയും അബ്ബാസ് (റ) വിന്റെ തമ്പിൽ താമസിക്കുവാനും, രാവിലെ തന്റെ മുമ്പിൽ ഹാജരാക്കുവാനും തിരുമേനി (സ) കല്പിച്ചു.

മൂസബ്നുഅഖബത് (റ) വെ തൊട്ടു ഇബ്നുഇസ്ഹാഖ് (റ) പറയുന്നു:-'അബ്ബാസ് (റ) പറഞ്ഞു: 'യാറസൂലുള്ളാ, അബൂസുഫ്‌യാനും ബദീലും, ഹകീമും * ഇതാ ഹാജരാക്കപ്പെട്ടിരിക്കുന്നു. ഞാൻ അവരുടെ ജാമ്യക്കാരനാണ്. അവരെ ഖുബ്ബക്കെത്തു കടത്തുവാൻ തിരുമേനി (സ) കല്പിച്ചു. ആ രാത്രിയിൽ ടീ

---

* തിരുമേനി (സ) യുടെ പ്രഥമ പത്നിയായ ഖദീജ: (റ) യുടെ സഹോദരനായ ഖുവൈലിദിന്റെ മകനായ ഖസാമിന്റെ പുത്രനാണ് ഈ ഹകീം. അദ്ദേഹം ഖുറൈശികളിൽ പ്രാമാണികനായ വ്യക്തിയായിരുന്നു. ഇസ്‌ലാംമതം സ്വീകരിക്കുന്നതിനുമുമ്പ് നൂറു അടിമകളെ അദ്ദേഹം സ്വതന്ത്രരാക്കി. ഇസ്‌ലാംമതം സ്വീകരിച്ചതിനുശേഷം അറഫായിൽവെച്ചു നൂറു അടിമകളെ അദ്ദേഹം സ്വതന്ത്രരാക്കുകയും നൂറു ഒട്ടകങ്ങളെയും ആയിരം ആടുകളെയും ദാനം ചെയ്യുകയും ചെയ്തു. നൂറു പതാം വയസ്സിൽ ഇസ്‌ലാംമതം വിശ്വസിച്ച അദ്ദേഹം നൂറിരുപതാം വയസ്സിൽ പരലോകം പ്രാപിച്ചു.

ഘട്ടനേരം തിരുമേനി (സ) അവരുമായി സംസാരിച്ചു. തിരുമേനി (സ) അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ബദീലും ഹകീമും ഇസ്‌ലാംമതം വിശ്വസിച്ചു. തനിക്കു കുറച്ചുകൂടി സമയം അനുവദിക്കേണമെന്നു അബൂസുഫ്‌യാൻ ആവശ്യപ്പെട്ടു. നിങ്ങളും ഇസ്‌ലാംമതം സ്വീകരിച്ചാൽ നിങ്ങളും ജയിച്ചു എന്നു തിരുമേനി (സ) അരുളി. അനന്തരം അബൂസുഫ്‌യാനെ കൊണ്ടുപോയിക്കൊള്ളുവാനും രാവിലെ ഹാജരാക്കുവാനും തിരുമേനി (സ) അബ്ബാസ് (റ) വിനു ഉത്തരവു നൽകി.'

അബ്ബാസ് (റ) പറയുന്നു:-'ഞാൻ റസൂലാണെന്നു വിശ്വസിപ്പാൻ സമയമായില്ലെ' എന്നു തിരുമേനി (സ) ചോദിച്ചപ്പോൾ, 'കുറച്ചുകൂടി താമസമുണ്ടു്' എന്നു അബൂസുഫ്‌യാൻ മറുപടിപറഞ്ഞു. ഇതുകേട്ടപ്പോൾ യുദ്ധപ്പുലികൾ അബൂസുഫ്‌യാനെ നേരെ കണ്ണുവെച്ചു. അവർ അദ്ദേഹത്തിന്റെ കഥകഴിക്കുമെന്നു ഞാൻ ഭയപ്പെട്ടു. റസൂലിന്റെ ക്ഷമ അദ്ദേഹത്തെ രക്ഷപ്പെടുത്തി.'

അബൂസുഫ്‌യാൻ ആ രംഗത്തുവെച്ചുതന്നെ ഇസ്‌ലാംമതം വിശ്വസിച്ചുവെന്നും, തിരുമേനി (സ) മക്കയിൽ കടന്നതിനുശേഷം വിശ്വസിച്ചുവെന്നും പക്ഷാന്തരമുണ്ടു്. അബൂസുഫ്‌യാനെക്കൊണ്ടു ഇസ്‌ലാംമതം വിശ്വസിപ്പിക്കുവാൻ തിരുമേനി (സ) യും വിശ്വസിക്കാതിരിപ്പാൻ അബൂസുഫ്‌യാനും യത്നിച്ചു. ആ യത്നത്തിൽ തിരുമേനി (സ) വിജയിച്ചു. മക്കാവിജയത്തിനു ശേഷമാണു് അദ്ദേഹം വിശ്വസിച്ചു വസ്തുത വ്യക്തമായതു്.

[താഇഫ് യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. ആ യുദ്ധത്തിൽ അദ്ദേഹത്തിന്റെ ഒരു കണ്ണു് ചൂഴന്നു നിലത്തു് വീണുപോയി. ആ കണ്ണു് കയ്യിലെടുത്തുകൊണ്ടു അദ്ദേഹം തിരുമേനി (സ) യെ സമീപിച്ചു. 'ഈ കണ്ണു് പൂർവ്വസ്ഥിതിയിൽ ആകേണമെന്നോ, അതൊ, ഇതിനു പകരം സ്വർഗ്ഗത്തിൽ അതിവിശിഷ്ടമായ കണ്ണു ലഭിക്കേണമെന്നോ താങ്കൾ അഭിലഷിക്കുന്നതെന്നു തിരുമേനി (സ) ചോദിച്ചപ്പോൾ, 'ഇതിനു പകരം സ്വർഗ്ഗത്തിൽ ഒരു കണ്ണു കിട്ടിയാൽ മതി' എന്നു പറഞ്ഞുകൊണ്ടു, കയ്യിലുണ്ടായിരുന്ന കണ്ണു് അദ്ദേഹം ദൂരെ എറിഞ്ഞു. ഉമർഫാറൂഖ് (റ) വിന്റെ ഭരണകാലത്തു് നടന്ന യർമൂക് യുദ്ധത്തിൽ അദ്ദേഹത്തിന്റെ രണ്ടാമത്തെ കണ്ണും നഷ്ടപ്പെട്ടു. ഈ അബൂസുഫ്‌യാന്റെ ശരിയായ പേർ സഖ്‌ർ എന്നാണു് അബൂസുഫ്‌യാൻ എന്നതു അദ്ദേഹത്തിന്റെ അപരനാമമാണു്. ആ പേരിലാണു് അദ്ദേഹം അറിയപ്പെട്ടതു്. തിരുമേനി (സ) യുടെ പിതൃപരമ്പരയിലെ നാലാമത്തെ ശൃംഖലയായ അബ്ദുമനാഫിന്റെ മകനായ അബ്ദുശ്ശംസിന്റെ മകനായ ഉമയ്യത്തിന്റെ മകനായ ഹർബാണു് അദ്ദേഹത്തിന്റെ പിതാവു്. ആ നിലയിൽ തിരുമേനി (സ) യുമായി രക്തബന്ധമുള്ള ആളാണദ്ദേഹം. തിരുമേനി (സ) ക്കു നബിത്വം ലഭിച്ച ആദ്യഘട്ടത്തിൽ, ഒരു ദിവസം, തിരുമേനി (സ) യുടെ പുത്രിയായ ഫാതിമ: (റ) യെ അബൂജഹൽ കൈകൊണ്ടു മെല്ലെ ഒന്നു കുത്തി. മകൾ ബാപ്പയോടു് ആവലാതിപ്പെട്ടു. 'അബൂസുഫ്‌യാനോടു പറയുക' എന്നു ബാപ്പ മകളെ ഉപദേശിച്ചു. വിവരമറിഞ്ഞപ്പോൾ ക്ഷുഭിതനായ അബൂസുഫ്‌യാൻ ഫാതിമ: (റ) യെയും കൂട്ടി അബൂജഹലിനെ സമീപിക്കുകയും, തന്നെ കുത്തിയതുപോലെ ഫാതിമ: (റ) യെക്കൊണ്ടു അബൂജഹലിനെ കുത്തിക്കുകയും ചെയ്തു. യുദ്ധവേളകളിൽ ജനങ്ങളെ യുദ്ധത്തിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുകയെന്നതു അദ്ദേഹത്തിന്റെ പതിവായിരുന്നു. 'ജനങ്ങളെ, യുദ്ധത്തിന്റെ ദിവസങ്ങൾ പവിത്രമായ

ദിനങ്ങളാകുന്നു. അല്ലാഹുവിന്റെ ദീനിനെ നിങ്ങളും സഹായിക്കുക. അല്ലാഹു നിങ്ങളെ സഹായിക്കും' എന്നിപ്രകാരം അദ്ദേഹം മുസ്‌ലിംകളെ ആഹ്വാനം ചെയ്യുവന്നു. അനസ് ബ്‌നുമാലിക് (റ) പറയുന്നു:- 'രണ്ടു കണ്ണുകളും നഷ്ടപ്പെട്ട നിലയിൽ അബൂസുഫ്‌യാനെ ഞാൻ കണ്ടിരിക്കുന്നു.' തിരുമേനി (സ) ഇദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ട്. * ഉസ്മാനി ബ്‌നുഅഫ്ഫാൻ (റ) വിന്റെ ഖിലാഫത്തു കാലത്തു്, ഹിജ്റാബ്ദം മുപ്പത്തൊന്നാം വഷ്ത്തിലൊ മുപ്പത്തിനാലാംവഷ്ത്തിലൊ അബൂസുഫ്‌യാൻ (റ) നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിനു എൺപത്തെട്ടു വയസ്സു് പ്രായമായിരുന്നു. ഉസ്മാൻ (റ) അദ്ദേഹത്തിന്റെ ജനാസ നിസ്കാരത്തിനു നേതൃത്വം നൽകി. ബഖീഇലാണു് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നതു്.]

മർറുള്ളഹ്റാനിൽ നിന്നു തിരുമേനി (സ) യും സഹാബിമാരും മക്കയിലേക്കു യാത്രതുടർന്നു. അതിലിടക്കു, അബൂസുഫ്‌യാനെ മക്കയിൽ തിരിച്ചയക്കുന്ന കാര്യത്തിൽ അബ്ബാസ് (റ) വിന്റെ അഭിപ്രായമെന്താണെന്നു തിരുമേനി (സ) അന്വേഷിച്ചു. അദ്ദേഹത്തെ മുൻകൂട്ടി മക്കയിലേക്കു തിരിച്ചയക്കുന്നതു ഗുണകരമാകുമെന്നു തനിക്കഭിപ്രായമില്ലെന്നും, ഖതമൽ ജബൽ എന്ന സ്ഥലത്തു അയാളെ നിറുത്തുകയാണു് നല്ലതെന്നും അബ്ബാസ് (റ) അഭിപ്രായപ്പെട്ടു. (ഈ അഭിപ്രായം പ്രകടിപ്പിച്ചതു അബൂബകർസ്വിദ്ദീഖ് (റ) വാണെന്നും പറയപ്പെട്ടിട്ടുണ്ടു്.) അബ്ബാസ് (റ) അദ്ദേഹത്തെ മഖീഖ് എന്ന കവലയിൽ നിറുത്തി. തന്നെ ഈ കവലയിൽ ഇങ്ങിനെ നിറുത്തിയതു ഒരുദ്ദേശ്യത്തോടു കൂടിയാണൊ എന്നു അബൂസുഫ്‌യാൻ ചോദിച്ചപ്പോൾ, 'നബിമാർ ചതിക്കുകയില്ല' എന്നും 'അല്ലാഹുവിന്റെ സൈന്യം ജൈത്രയാത്ര നടത്തുന്നതു കാണുവാൻ നിങ്ങൾക്കു അവസരമുണ്ടാക്കി തരുവാൻമാത്രം ഉദ്ദേശിച്ചുകൊണ്ടാണു് ഇവിടെ ഇങ്ങിനെ നിറുത്തിയ'തെന്നും അബ്ബാസ് (റ) മറുപടി നൽകി. സഹാബിമാർ യാത്രയാരംഭിച്ചു. ഒരു ഗോത്രത്തിന്റെ പുറകെ മറെറാരു ഗോത്രമെന്ന നിലക്കു അണിനിരന്നുകൊണ്ടാണു് അവർ മുമ്പോട്ടു നീങ്ങിയതു്. ഖാലിദിബ്‌നുവലീദ് (റ) വും ബനൂസുലൈം ഗോത്രക്കാരായ ആയിരം സഹാബിമാരും മുന്നോടിയായി മുമ്പോട്ടു നീങ്ങി. അബ്ബാസിബ്‌നുമിർദാസ് (റ), ഖഫാഫുബ്‌നുനദയത് (റ) എന്നിവരാണു് ആ നിരയുടെ പതാകകളും വഹിച്ചിരുന്നതു്. തക്ബീർ മുഴക്കിക്കൊണ്ടു അവർ അബൂസുഫ്‌യാനെ കടന്നുപോയപ്പോൾ, ആരാണു് നേതൃത്വം നൽകുന്നതെന്നു അബൂസുഫ്‌യാൻ അന്വേഷിച്ചു. ഖാലിദിബ്‌നുവലീദാണു് നേതൃത്വം നൽകുന്നതെന്നും ബനൂസുലൈം ഗോത്രക്കാരാണു് ആ നിരയിലുള്ളതെന്നും അബ്ബാസ് (റ) മറുപടി നൽകി. തുടർന്നു, സുബൈറുബ്‌നുൽ അവ്വാം (റ) വിന്റെ നേതൃത്വത്തിൽ മുഹാജിർകളും അൻസാരികളുമായ അഞ്ഞൂറു വിഖ്യാതഭടന്മാരുടെ അണി മുമ്പോട്ടു നീങ്ങി. മുന്നൂറുപേരടങ്ങിയ ബനൂഗിഫാർ ഗോത്രക്കാരും, നാനൂറു പേരടങ്ങിയ അസ്‌ലം ഗോത്ര

---

* 'എന്റെ ഭായ്മാരുടെ ബാപ്പമാർ നരകത്തിൽ കടക്കുകയില്ല' എന്നു തിരുമേനി (സ) അരുളിയിരിക്കുന്നു. അബൂസുഫ്‌യാൻ (റ) തിരുമേനി (സ) യുടെ പത്നിയായ ഉമ്മുഹബൈബ: (റ) യുടെ പിതാവാണെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇസ്‌ലാംമതം വിശ്വസിക്കുന്നതിനു മുമ്പു നടന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ ഒരു സഹാബിയെയും വീക്ഷിക്കുകയൊ വിമർശിക്കുകയൊ ചെയ്യാവതല്ലെന്നുള്ളതു പ്രത്യേകം ശ്രദ്ധേയമത്രെ.

ക്കാരും, അഞ്ഞൂറുപേരടങ്ങിയ കഅ്ബ്—ഖുസാഅ: ഗോത്രക്കാരും, നൂറുപേരടങ്ങിയ മുസൈന: ഗോത്രക്കാരും, എണ്ണൂറുപേരടങ്ങിയ ജുഹൈന: ഗോത്രക്കാരും, ഇരുന്നൂറു പേരടങ്ങിയ കിനാന: ഗോത്രക്കാരും, മുന്നൂറുപേരടങ്ങിയ അശ്ജഅ് ഗോത്രക്കാരും അണിഅണിയായി തക്ബീർ മുഴക്കിക്കൊണ്ടു മുമ്പോട്ടുനീങ്ങി. തമീം ഗോത്രക്കാരും, ഫിസാറ: ഗോത്രക്കാരും, ഖുളാഅ: ഗോത്രക്കാരിൽപ്പെട്ട അസദിബ്നുഹുസൈം വംശക്കാരും അവരെ അനുഗമിച്ചു. തങ്ങളെ കടന്നു പോകുന്ന ഓരോ നിരയെയും അവയുടെ നേതാക്കളെയും അബ്ബാസ് (റ) അബൂസുഫ്യാനു പരിചയപ്പെടുത്തി. തിരുമേനി (സ) ഒടുവിലെ നിരയിലാണുണ്ടായിരുന്നതു്. പടയങ്കി ധരിച്ച രണ്ടായിരം സഹാബിമാരും, അൻസാർകളിലെയും മുഹാജിർകളിലെയും സുപ്രധാന വ്യക്തികളും അകമ്പടി സേവിച്ചുകൊണ്ടു തിരുമേനി (സ) യും അവരെ കടന്നുപോയി. ഈ നീക്കം കണ്ടപ്പോൾ അബൂസുഫ്യാൻ അമ്പരന്നുപോയി. 'തിരുമേനി (സ) യുടെ രാജത്വം അജയ്യം തന്നെ' എന്നു അബൂസുഫ്യാൻ പ്രസ്താവിച്ചപ്പോൾ, 'രാജത്വമല്ല, നബിത്വമാ'ണെന്നു അബ്ബാസ് (റ) തിരുത്തിയപ്പോൾ അബൂസുഫ്യാൻ ആ തിരുത്തു് അംഗീകരിച്ചു.

സഅ്ദുബ്നു ഉബാദത്ത് (റ) അബൂസുഫ്യാൻ നില്ക്കുന്ന സ്ഥലത്തെത്തിയപ്പോൾ ഇപ്രകാരം വിളിച്ചു പറഞ്ഞു:—'ഹോ, അബൂസുഫ്യാൻ, ഈ ദിവസം ഒഴികഴിവില്ലാത്ത ദിവസമാണു്; ഇന്നു ഖുറൈശിക്കാരിൽ ആക്കം തന്നെ ഒഴിഞ്ഞു മാറുവാൻ കഴിയുകയില്ല.' തിരുമേനി (സ) തന്റെ അടുത്തെത്തിയപ്പോൾ, സഅ്ദുബ്നു ഉബാദത്ത് (റ) പറഞ്ഞ വാക്കുകൾ അബൂസുഫ്യാൻ തിരുമേനി (സ) യെ അറിയിച്ചു. തിരുമേനി (സ) അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു:—'ഈ ദിവസം അനുഗ്രഹത്തിന്റെ ദിവസമാണു്; ബന്ധുക്കളെ ഇണക്കുന്ന ദിവസമാണു്. ഈ ദിവസം അല്ലാഹു ഖുറൈശികളെ ഇസ്‌ലാംദീൻ കൊണ്ടു ആദരിക്കുന്ന ദിവസമാണു്.' * ഈ സന്ദർഭത്തിൽ ഹകീമുബ്നു ഹിസാമും അബൂസുഫ്യാന്റെ കൂടെ ഉണ്ടായിരുന്നു.

മർറുള്ളഹ്റാനിൽ വെച്ചു അബൂസുഫ്യാൻ തിരുമേനി(സ)യോടു ഇപ്രകാരം അഭ്യർത്ഥിച്ചു:—'യാ റസൂലു'ള്ളാ, ഖുറൈശികൾ ഇപ്പോൾ നിരുപദ്രവികളായി, യുദ്ധത്തിനുള്ള ഒരുക്കം കൂട്ടാതെ അടങ്ങിയിരിക്കുകയാണല്ലൊ. തിരുമേനി (സ) യും സഹാബികളും അവരെ ഉപദ്രവിപ്പാനല്ല വരുന്നതെന്നു മുൻകൂട്ടി അവർക്കു അറിവു നല്കുവാൻ എനിക്കു സമ്മതം നല്കിയാലും.' 'അക്രമത്തിനൊരുങ്ങാതെ വീട്ടിൽ കയറി വാതിലടച്ചു വീട്ടിന്നകത്തു അടങ്ങിയിരിക്കുന്ന ആരും ഉപദ്രവിക്കപ്പെടുകയില്ല' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അപ്പോൾ, അബ്ബാസ് (റ) ഇപ്രകാരം അഭിപ്രായപ്പെട്ടു:—'യാറസൂലു'ള്ളാ, അബൂസുഫ്യാൻ അഭിമാനതല്പരനാണു്. അതുകൊണ്ടു അദ്ദേഹത്തിന്നു ഒരു പരിഗണന കല്പിച്ചരുളേണ്ടിയിരിക്കുന്നു.' അബൂബകർ സിദ്ദീഖ് (റ) ഈ അഭിപ്രായത്തെ പിന്താങ്ങി. അപ്പോൾ 'അബൂസുഫ്യാന്റെ വീട്ടിൽ കടന്നവർ ഉപദ്രവിക്കപ്പെടുകയില്ല' എന്നു പ്രസ്താവിച്ചു. എന്റെ വീടു് അധികം ആളുകൾക്കു കയറി നില്പാൻ വേണ്ടത്ര വലിയതല്ല' എന്നു അബൂസുഫ്യാൻ

---

* സഅ്ദുബ്നു ഉബാദത്ത് (റ) വിന്നു ഖുറൈശികളോടു വൈരമുണ്ടെന്നു മനസ്സിലാവുകയാൽ തിരുമേനി (സ) അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന കൊടി തിരിച്ചു വാങ്ങി, അദ്ദേഹത്തിന്റെ പുത്രനായ ഖൈസ് (റ) വിന്റെ കയ്യിൽ കൊടുത്തു.

പറഞ്ഞപ്പോൾ, 'ഹകീമിന്റെ വീട്ടിൽ കടന്നവരും ഉപദ്രവിക്കപ്പെടുകയില്ല' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അബൂസുഫ്‌യാന്റെ വീട് മക്കയുടെ മുകൾഭാഗത്തും, ഹകീമിന്റെ വീട് മക്കയുടെ താഴ്‌ഭാഗത്തുമായിരുന്നു. അതും മതിയാവുകയില്ലെന്നു അബൂസുഫ്‌യാൻ പറഞ്ഞപ്പോൾ, 'മസ്‌ജിദുൽ ഹറാമിൽ കടന്നവർ ഉപദ്രവിക്കപ്പെടുകയില്ല' എന്നു തിരുമേനി (സ) വീണ്ടും അരുളി. ജനങ്ങളുടെ ആധിക്യത്തെ ഉൾക്കൊള്ളുവാൻ മസ്‌ജിദുൽ ഹറാമും മതിയാകയില്ലെന്നു അബൂസുഫ്‌യാൻ പറഞ്ഞപ്പോൾ, അവരവരുടെ വീടുകളിൽ കയറി വാതിലടച്ചു ആരും ഉപദ്രവിക്കപ്പെടുകയില്ലെന്നു തിരുമേനി (സ) പ്രസ്താവിച്ചു. ഈ വാർത്ത മക്കക്കാരെ അറിയിക്കുവാൻ പുറപ്പെട്ടപ്പോഴാണ് അബ്ബാസ് (റ) അബൂസുഫ്‌യാനെയും ഹകീമിനേയും മളീഖ് എന്ന സ്ഥലത്തു നിറുത്തി, സഹാബികളുടെ നീക്കം അവർക്കു കാണിച്ചു കൊടുത്തതു്.

സഹാബിമാർ കടന്നു കഴിഞ്ഞ ഉടനെ അബൂസുഫ്‌യാനും ഹകീമും മക്കയിലേക്കു കുതിച്ചു. അവർ മക്കക്കാരെ ഇപ്രകാരം ആഹ്വാനം ചെയ്തു:- 'ഖുറൈശികളെ, മുഹമ്മദ് നബിയും സഹാബിമാരും ഇതാ എത്തിക്കഴിഞ്ഞു. നിങ്ങൾക്കു അവരോടെതിർത്തു നില്പാൻ കഴിയുകയില്ല. അതുകൊണ്ടു നിങ്ങൾ ഇസ്‌ലാംമതം വിശ്വസിച്ചു കൊള്ളുക. വിശ്വസിച്ചവർ വിജയികളായി. അബൂസുഫ്‌യാന്റെ വീട്ടിൽ കടന്നവർ രക്ഷപ്പെട്ടു. ആയുധം വെച്ചു കീഴടങ്ങിയവർ രക്ഷപ്പെട്ടു. പള്ളിയിൽ അഭയം തേടിയവർ രക്ഷപ്പെട്ടു.' അബൂസുഫ്‌യാൻ ഇങ്ങിനെ വിളിച്ചു പറഞ്ഞതു കേട്ടപ്പോൾ, 'ഈ ഹംഖിനെ കൊല്ലുവാൻ ആളില്ലെ' എന്നു ചോദിച്ചുകൊണ്ടു അദ്ദേഹത്തിന്റെ ഭാര്യ ഹിന്ദ് അദ്ദേഹത്തിന്റെ താടി പിടിച്ചു കുലുക്കി. അബൂസുഫ്‌യാൻ പറഞ്ഞു:- 'ബുദ്ധിയില്ലാത്ത പെണ്ണേ; നീ വേഗം വീട്ടിൽ കയറി നിശ്ശബ്ദയായി ഇരുന്നുകൊള്ളുക. അല്ലെങ്കിൽ നിന്റെ തല കൊയ്തു പോകും. (ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു) ജനങ്ങളെ, ഇവളുടെ ചതിയിൽ നിങ്ങൾ കുടുങ്ങിപ്പോയെങ്കിൽ നിങ്ങൾക്കും രക്ഷ കിട്ടുകയില്ല. തടുക്കുവാൻ ആവാത്ത നിലയിലാണ് അവർ പുറപ്പെട്ടിട്ടുള്ളതു് അതുകൊണ്ടു നിങ്ങൾ ഉടനെ ഓടിപ്പോയി നിങ്ങളുടെ വീടുകളിലൊ പള്ളിയിലൊ കയറി അടങ്ങിയിരുന്നുകൊള്ളുക.' അബൂസുഫ്‌യാന്റെ ഉപദേശമനുസരിച്ചു് ജനങ്ങളിൽ ബഹുഭൂരിപക്ഷം അവരവരുടെ വീടുകളിലും പള്ളിയിലും അഭയം പ്രാപിച്ചു.

പക്ഷെ, ഒരു ന്യൂനപക്ഷം തിരുമേനി (സ) യോടെതിർക്കുവാൻ തീരുമാനിച്ചുകൊണ്ടു ഖന്ദമത് എന്ന പർവ്വതത്തിന്മേൽ ഒത്തുകൂടി. സഫ്‌വാൻ, ഇക്‌രിമത്, സുഹൈൽ എന്നിവർ ആ സംഘത്തിനു നേതൃത്വം നൽകി. അവരിൽ ഒരാൾ * അയാളുടെ അമ്പുകൾക്കു മൂർച്ചകൂട്ടുമ്പോൾ, യുദ്ധത്തിനൊരുങ്ങുകയാണൊ എന്നു അയാളുടെ ഭാര്യ അന്വേഷിച്ചു. ആ സ്ത്രീ രഹസ്യമായി ഇസ്‌ലാംമതം വിശ്വസിച്ചിരുന്നു. മുഹമ്മദ് ഒരു സൈന്യവുമായി മക്കം കീഴടക്കുവാൻ വരുന്നുണ്ടെന്നും അവരോടെതിർക്കുവാനായി താൻ പുറപ്പെടുകയാണെന്നും അയാൾ പറഞ്ഞപ്പോൾ, അവരോടെതിർത്തു അവരെ തോല്പിക്കുവാൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ലെന്നു ആ സ്ത്രീ മറുപടി പറഞ്ഞു. എന്നാൽ, അവരിൽനിന്നു ഒരാളെ ബന്ധനസ്ഥനാക്കി നിന്റെ അടിമയായി ഞാൻ ഇവിടെ കൊണ്ടുവരുമെന്നു വീരവാദം മുഴക്കിക്കൊണ്ടു അയാൾ പുറപ്പെടുവാൻ ഒരുങ്ങിയപ്പോൾ, അവരുടെ കുതിരപ്പടയെ കണ്ടാൽ നി

---

* ജഹ്‌ശിബ്‌നുഖൈസ് എന്നായിരുന്നു അയാളുടെ പേർ

ങ്ങും വാളും കോട്ടി ഓടുമെന്ന ആ മഹതി താക്കീതു നൽകി.

ഖാലിദുബ്നുവലീദും അശ്വഭടന്മാരും മക്കയുടെ താഴ്ഭാഗത്തു പ്രവേശിച്ചു. 'നിങ്ങളും അവിടെ കൊടി നാട്ടിക്കൊള്ളുക; ആരെയും കൊല്ലാതിരിക്കുക; നിങ്ങളോടെതിർത്തവരോടല്ലാതെ യുദ്ധം ചെയ്യാതിരിക്കുക'—ഇതാണു തിരുമേനി (സ) ഖാലിദുബ്നുവലീദ് (റ) വിന്നു നൽകിയിരുന്ന നിർദ്ദേശം. ആ നിർദ്ദേശം അനുസരിച്ചു മക്കയിൽ കടന്ന ഖാലിദുബ്നുവലീദ് (റ) വിനെയും സൈന്യത്തെയും ഖന്ദമത്തിൽ ഒരുമിച്ചുകൂടിയ ശത്രുസൈന്യം ആക്രമിച്ചു. ഖാലിദ് (റ) അക്ഷോഭ്യനായി, അവരെ ഇസ്ലാമിലേക്കു ആഹ്വാനം ചെയ്തു. അപ്പെയ്ത്തു നടത്തിക്കൊണ്ടാണു അവർ ആഹ്വാനത്തെ നേരിട്ടതു്. ആ ഘട്ടത്തിൽ ഖാലിദ് (റ) അവരോടു യുദ്ധംചെയ്തു. അവരിൽ ചിലർ കൊല്ലപ്പെട്ടു. മറ്റുള്ളവർ ഓടിക്കളഞ്ഞു. ഭാര്യയോടു വീരവാദം മുഴക്കിക്കൊണ്ടു യുദ്ധത്തിനു പുറപ്പെട്ട വ്യക്തി ഓടിക്കിതച്ചു വീട്ടിൽക്കയറി ഭാര്യയോടു വാതിലടക്കുവാൻ പറഞ്ഞപ്പോൾ, അടിമ എവിടെ? എന്നു ചോദിച്ചുകൊണ്ടു ആ സ്ത്രീ അയാളെ പരിഹസിച്ചു

ശത്രുപക്ഷത്തുനിന്നു പിന്തിരിഞ്ഞോടിയ ഒരു കക്ഷിയെ മസ്ജിദുൽഹറാംവരെ ഖാലിദ് (റ) പിന്തുടർന്നു. മറ്റൊരു കക്ഷി ഒരു പർവ്വതത്തിന്മേൽ ഓടിക്കയറി. സഹാബിമാർ യുദ്ധംചെയ്തുകൊണ്ടു അവരെ അനുധാവനം ചെയ്തു. തിരുമേനി (സ) അഖബ:എന്ന സ്ഥലത്തുവെച്ചു ഈ പടയോട്ടം കാണുകയുണ്ടായി. അപ്പോഴേക്കും ജൈശിബ്നുൽഅശ്അരി (റ), കർസുബ്നു ജാബിറുൽ ഫിഹ്രീ (റ) എന്നീ രണ്ടു സഹാബിമാർ ശഹീദാവുകയും, ഇരുപത്തിനാലു ഖുറൈശികളും നാലുറ്റൈലിക്കാരുമടക്കം ശത്രുപക്ഷത്തുനിന്നു ഇരുപത്തെട്ടുപേർ കൊല്ലപ്പെടുകയും ചെയ്തുകഴിഞ്ഞിരുന്നു. ഖാലിദുബ്നുവലീദ് (റ) ഖുറൈശികളുമായി യുദ്ധം നടത്തിക്കൊണ്ടിരിക്കുകയാണെന്നറിഞ്ഞപ്പോൾ, 'ഒരാളെയും കൊല്ലരുത്'എന്ന നിർദ്ദേശവുമായി ഒരു സഹാബിയെ തിരുമേനി(സ) ഖാലിദ് (റ) വിന്റെ അടുക്കലേക്കു പറഞ്ഞയച്ചു. 'ഒരാളെയും ഒഴിവാക്കരുത്' എന്നു തിരുമേനി (സ) കല്പിച്ചതായി ആ സഹാബി ഖാലിദ് (റ) വിനെ അറിയിച്ചു. *ആ ആജ്ഞ ലഭിച്ചതും, സഹാബിമാർ യുദ്ധത്തിനു ശക്തി കൂട്ടുകയും ശത്രുപക്ഷത്തു നിന്നു എഴുപതു പേരെ വധിക്കുകയും ചെയ്തു.

ഇതെല്ലാം നടന്നു കഴിഞ്ഞപ്പോൾ, ഖുറൈശികൾ ഒന്നടങ്കം കൊല്ലപ്പെടുകയാണെന്നു അബൂസുഫ്യാൻ തിരുമേനി (സ) യുടെ സന്നിധിയിൽ ആവലാതി ബോധിപ്പിച്ചു. അപ്പോഴേക്കും ശത്രുക്കളിൽ ശേഷിച്ചവർ പല ഭാഗത്തായി ഓടിക്കഴിഞ്ഞിരുന്നു. തിരുമേനി (സ) അല്പം കോപത്തോടു കൂടിത്തന്നെ ഖാലിദ് (റ) വിനെ വിളിച്ചു വിചാരണ ചെയ്തു. ശത്രുക്കൾ മലമുകളിൽ നിന്നു ഞങ്ങളുടെ നേരെ അമ്പെയ്തു തുടങ്ങിയപ്പോൾ, അവരെ എതിർപ്പാതിരിപ്പാൻ നിർവ്വാഹമുണ്ടായില്ല എന്നു ഖാലിദ് (റ) ബോധിപ്പിച്ചു. ആരേയും കൊല്ലരുതെന്നു നിർദ്ദേശം ലഭിച്ചതിനു ശേഷവും യുദ്ധം തുടർന്നതിന്റെ കാരണമെന്തെന്നു തിരുമേനി (സ) വീണ്ടും ചോദിച്ചു. ആരേയും ഒഴിവാക്കരുതെന്നു തിരുമേനി (സ) കല്പിച്ചിരിക്കുന്നുവെന്നാണു സഹാബി എന്നോടു പറഞ്ഞത്

---

* ആ സഹാബി അങ്ങിനെ തെറ്റിപ്പറഞ്ഞുപോയതാണെന്നും, തിരുമേനി (സ) കല്പിച്ചതുപോലെ ആ സഹാബി പറഞ്ഞപ്പോൾ, ഖാലിദ് (റ) അങ്ങിനെ തെറ്റിദ്ധരിച്ചു പോയതാണെന്നും പക്ഷാന്തരമുണ്ടു.

തെന്നു ഖാലിദ് (റ) ബോധിപ്പിച്ചപ്പോൾ, ബന്ധപ്പെട്ട സഹാബി അതിനെ എതിർത്തു. തിരുമേനി (സ) കല്പിച്ചതു പോലെയാണു് ഞാൻ പറഞ്ഞതെന്നു അദ്ദേഹവും ബോധിപ്പിച്ചു. കുറുകിൽ പറയുമ്പോൾ തെറ്റിപ്പോയതാവാം; അല്ലെങ്കിൽ കേൾക്കുമ്പോൾ തെറ്റിപ്പോയതാവാം എന്നു കരുതിക്കൊണ്ടു, തിരുമേനി (സ) ആ പ്രശ്നം അവിടെ അവസാനിപ്പിച്ചു. ഇനി ഒരൊറ്റ വ്യക്തിയേയും കൊല്ലരുതെന്നു ഖാലിദ് (റ), അലീ (ക. വ.) സുബൈറുബ്നുൽ അവ്വാം (റ), ഉമർഖത്താബ് (റ) എന്നിവർക്കും തിരുമേനി (സ) പ്രത്യേക നിർദ്ദേശം നല്കി.

കദാഅ് എന്ന സ്ഥലത്തുകൂടിയാണു് തിരുമേനി (സ) മക്കയിൽ പ്രവേശിച്ചതു്. മേലെ മക്കത്തുള്ള ഒരു സ്ഥലമാണതു്. തിരുമേനി (സ) മക്കയിൽ പ്രവേശിച്ചതു തിങ്കളാഴ്ചയാണെന്നും വെള്ളിയാഴ്ചയാണെന്നും പക്ഷാന്തരമുണ്ടു്. ഖാലിദുബ്നു വലീദ് (റ) വും സൈന്യവും താഴെ മക്കയിൽ കൂടിയാണു് മക്കയിൽ കടന്നതു്. അതുകൊണ്ടു്, താഴെ മക്കയുദ്ധത്തിലും മീതെ മക്ക സന്ധിയിലും മുസ്ലിംകൾക്കു ലഭിച്ചുവെന്നു ചരിത്രകാരന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. മക്കം സന്ധി മൂലമാണു് മുസ്ലിംകൾക്കു ലഭിച്ചതെന്നു പക്ഷാന്തരക്കാരാണു് ഇമാം ശാഫിഈ (റ), ഇമാം ഹമ്പലീ (റ) എന്നിവരുടെ പക്ഷം. ഖാലിദ് (റ) വും ഏതാനും ശത്രുക്കളുമായി നടന്ന ഏറ്റുമുട്ടൽ കേവലം ആകസ്മിക സംഭവം മാത്രമാണെന്നു് അവർ പ്രസ്താവിച്ചിരിക്കുന്നു.

ഖസ്വാ എന്ന ഒട്ടകപ്പുറത്തിരുന്നുകൊണ്ടു മക്കയിൽ പ്രവേശിച്ച തിരുമേനി (സ) ഏതയും നാക്കുകൊണ്ടു അല്ലാഹുവിനെ സ്തുതിക്കുകയുണ്ടായി. തിരുമേനി (സ) യുടെ ഭൃത്യനായ ഉസാമതുബ്നു സൈദ് (റ) തിരുമേനി (സ) യുടെ പുറകിലായി ഒട്ടകപ്പുറത്തു ഇരിക്കുന്നുണ്ടായിരുന്നു. 'മക്കയിൽ കടക്കുന്നതിനു മുമ്പു് തിരുമേനി (സ) കുളിച്ചുവെന്നു ഇമാം ശാഫിഈ (റ) 'ഉമ്മു' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. * 'സൂറതുൽഫതഹ്' ഓതിക്കൊണ്ടു തിരുമേനി (സ) ഏഴു തവണ കഅ്ബായെ തവാഫ് ചെയ്തു. ഒട്ടകപ്പുറത്തു ഇരുന്നുകൊണ്ടു തന്നെയാണു് തിരുമേനി (സ) തവാഫ് നിർവ്വഹിച്ചതു്. മുഹമ്മദു ബ്നുമസ്ലമത് (റ) തിരുമേനി (സ) യുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചു. തിരുമേനി (സ) യുടെ അടുത്തു തന്നെ സ്ഥാനം പിടിച്ചുകൊണ്ടു അബൂബകർ സിദ്ദീഖ് (റ) വും തവാഫ് നിർവ്വഹിച്ചു.

അന്നു കഅ്ബയിൽ ആകെ മുന്നൂററുപതു ബിംബങ്ങളുണ്ടായിരുന്നു. വിവിധ ഗോത്രക്കാർ ആരാധിച്ച വിവിധ ബിംബങ്ങളെല്ലാം കഅ്ബ:യിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. അല്ലാഹുവിന്റെ കല്പനയാൽ തിരുമേനി (സ) ആജ്ഞാപിച്ചപ്പോൾ, ഭദ്രമായി ഉറപ്പിക്കപ്പെട്ട ആ ബിംബങ്ങളും സ്ഥാനം തെറ്റി മുഖം കുത്തി നിലത്തുവീണു. കഅ്ബയുടെ പടിക്കൽ പ്രതിഷ്ഠിരുന്ന ഹുബുൽ എന്ന ബിംബത്തെ, തിരുമേനി (സ) യുടെ ആജ്ഞയനുസരിച്ചു, സുബൈറുബ്നുൽ അവ്വാം (റ) വെട്ടിനുറുക്കി.

അലീ (ക. വ.) പറയുന്നു:- 'തിരുമേനി (സ) രാത്രിയായപ്പോൾ എന്നെ കഅ്ബത്തിന്നടുത്തേക്കു കൂട്ടിക്കൊണ്ടുപോയി. എന്നോടു ഇരിക്കുവാൻ കല്പിച്ചു. തിരുമേനി (സ) എന്റെ ചുമലിൽ കയറിനിന്നു ഉടനെ താഴെ

---

* മക്കത്തു പ്രവേശിക്കുന്നവർ കുളിക്കുന്നതു സുന്നത്താണെന്നു നമ്മുടെ ഇമാമുകൾ പ്രസ്താവിച്ചതു് ഈ സംഭവത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാകുന്നു.

ഇറങ്ങി. പിന്നീട്, തിരുമേനി (സ) ഇരിക്കുകയും എന്നോട് ചുമലിൽ കയറുവാൻ കല്പിക്കുകയും ചെയ്തു. തിരുമേനി (സ) യുടെ ചുമലിൽ കയറുവാൻ ഞാൻ മടിച്ചു. നബുവ്വത്തിന്റെ ഭാരം ചുമക്കുവാൻ നിങ്ങളാലാവുകയില്ല. അതുകൊണ്ടാണ് എന്റെ ചുമലിൽ കയറുവാൻ നിങ്ങളോട് ഞാൻ ആവശ്യപ്പെട്ടതെന്ന തിരുമേനി (സ) പറഞ്ഞപ്പോൾ, ഞാൻ തിരുമേനി(സ)യുടെ ചുമലിൽ കയറി. തിരുമേനി (സ) എന്നെയും വഹിച്ചുകൊണ്ടെഴുന്നേറ്റു. ഞാൻ ആകാശത്തോളം ഉയർന്നതായി എനിക്കു തോന്നി. ലാത എന്ന ക്രൂരൻ ബിംബത്തെ കഅ്ബയുടെ മുകളിൽനിന്നു വലിച്ചു താഴത്തിടുവാൻ തിരുമേനി (സ) കല്പിച്ചു. ആ വിഗ്രഹത്തെ ഞാൻ താഴത്തിട്ടു.'

കഅ്ബ:യിലുണ്ടായിരുന്ന പല ബിംബങ്ങളെ അലീ (ക. വ.) തകർക്കുകയുണ്ടായി. കഅ്ബയുടെ ചുവരുകളിൽ ലേഖനം ചെയ്യപ്പെട്ടിരുന്ന ചിത്രങ്ങളെല്ലാം തിരുമേനി (സ) നീക്കിക്കളഞ്ഞു. ചില മലക്കുകളുടെയും ചില നബിമാരുടെയും ചില പക്ഷികളുടെയും ചിത്രങ്ങളാണ് ചുവരുകളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നതു്.

അതിനുശേഷം വധശിക്ഷാഹരായി പതിനഞ്ചാളുകളുടെ പേരുകൾ തിരുമേനി (സ) പ്രഖ്യാപിച്ചു. അബ്ദില്ലാഹിബ്നുഅബീസർഹ്, ഇക്രിമതിബ്നുഅബീജഹൽ, ഹുവൈരിസിബ്നുനഖീദ്, മഖീസുബ്നുഹബാബത്ത്, ഹബാറുബ്നുൽഅസ്വദ്, കഅ്ബുബ്നുസുഐർ, ഹർസുബ്നുഹിശാം, സുഐറുബ്നുഅബ്ദുൽമുത്തലിബ്, സഫ്വാനുബ്നുഉമയ്യത്ത്, അബൂസുഫ്യാന്റെ ഭാര്യയും ഉത്ബതിന്റെ മകളുമായ ഹിന്ദ്, ഹംസ: (റ) വിന്റെ ഘാതകനായ വഹ്ശീ, അബ്ദുൽമുത്തലിബിന്റെ മക്കളുടെ ദാസിയായ സാറ, അബ്ദില്ലാഹിബ്നുഖതൽ, അയാൾ അധീനത്തിൽവെച്ചുകൊണ്ടിരുന്ന രണ്ടു തേവിടിശ്ശികൾ—ഈ പതിനഞ്ചു പേരാണ് വധശിക്ഷാഹരായി പ്രഖ്യാപിക്കപ്പെട്ടതു്. ഇവരിൽപ്പെട്ട അബ്ദില്ലാഹിബ്ന അബീസർഹ്ബ്നുൽഹർസുൽ ആമിരിയ്യി മദീനയിൽവെച്ചു ഇസ്‌ലാംമതം വിശ്വസിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം മക്കയിലേക്കു തിരിച്ചുപോയി ഇസ്‌ലാംമതം ഉപേക്ഷിക്കുകയും തിരുമേനി (സ) യെ അധിക്ഷേപിച്ചു തുടങ്ങുകയും ചെയ്തു. തിരുമേനി (സ) അദ്ദേഹത്തെ 'മഹ്ദ്വർ' * ആയി പ്രഖ്യാപിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ അദ്ദേഹം ഉസ്മാനുബ്നുഅഫ്ഫാൻ (റ) വിനെ ശരണം പ്രാപിച്ചു. അവർ തമ്മിൽ മുലകുടി ബന്ധമുണ്ടായിരുന്നു. തിരുമേനി (സ) യെക്കൊണ്ടു മാപ്പുചെയ്യിക്കേണമെന്നും, താൻ ഇസ്‌ലാംമതം വിശ്വസിക്കാമെന്നും അദ്ദേഹം ഉസ്മാൻ (റ) വോടു പറഞ്ഞു. അദ്ദേഹത്തെയുംകൂട്ടി ഉസ്മാൻ (റ) തിരുമേനി (സ) യുടെ സന്നിധിയിൽച്ചെന്നു വിവരം ഉണർത്തിച്ചു. തിരുമേനി (സ) ശ്രദ്ധിച്ചില്ല. രണ്ടോ മൂന്നോ തവണ ഉസ്മാൻ (റ) നിവേദനം ആവർത്തിച്ചു. തിരുമേനി (സ) പലതവണ ശ്രദ്ധിക്കാതെ വിട്ടിട്ടും, അദ്ദേഹത്തെ ആരും വധിച്ചില്ല. അയാളെ ആരെങ്കിലും വധിച്ചുകൊള്ളട്ടെ എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് തിരുമേനി (സ) അശ്രദ്ധ പ്രദർശിപ്പിച്ചിരുന്നതു്. തിരുമേനി (സ) കണ്ണുകൊണ്ടു ഒരു നേരിയ സൂചന നൽകിയിരുന്നെങ്കിൽ ഞാൻ അയാളുടെ കഥ കഴിക്കുമായിരുന്നുവെന്നു അബാഇയുബ്നുബിശ്ർ (റ) പറഞ്ഞപ്പോൾ, അത്തരം സൂചനനൽകൽ നബിമാക്കുപോന്നതല്ലെന്നു തിരുമേനി (സ) അരുളുകയുണ്ടായി. തിരുമേനി (സ) അദ്ദേഹത്തി

---

* കാണുന്നേടത്തുവെച്ചു കൊല്ലാവുന്ന വ്യക്തി.

ന്ന മാപ്പനൽകി. അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. പിൽക്കാലയുദ്ധങ്ങളിലെല്ലാം അദ്ദേഹം സജീവമായി പങ്കെടുത്തു. മുസ്‌ലിം സേനയിലെ മുന്നണി നേതാക്കളിൽ ഒരാളായി അദ്ദേഹം പ്രശോഭിച്ചു. അംറുബ്‌നുൽആസ് (റ) വിന്റെ വലങ്കയ്യായിനിന്ന അടരാടിക്കൊണ്ട് ഈജിപ്ഷ്യൻ വിജയത്തിൽ അദ്ദേഹം വ്യക്തിമുദ്ര പതിച്ചു. ഉസ്മാൻ (റ) വിന്റെ ഭരണകാലത്ത്, ആഫ്രിക്കയിൽ ജൈത്രയാത്ര നടത്തിയ മുസ്‌ലിംസേനക്ക് അദ്ദേഹം നേതൃത്വം നൽകി. ഹിജ്‌റാബ്ദം ഇരുപത്തേഴിലൊ ഇരുപത്തെട്ടിലൊ ആണ് ആഫ്രിക്കയിൽ മുസ്‌ലിംകൾ വിജയക്കൊടി നാട്ടിയത്. അബ്ദുല്ലാഹിബ്‌നുഅബീസർഹ് (റ) ഇസ്‌ലാമിന്റെ ദിവ്യദീപ്തി ദിഗന്തങ്ങളിൽ വ്യാപിപ്പിക്കുന്നതിന്നായി അതീവയത്നം ചെയ്തുകൊണ്ടിരിക്കെ, ഹിജ്‌റാബ്ദം അമ്പതിലൊ അമ്പത്തേഴിലൊ ഇഹലോകവാസം വെടിഞ്ഞു. 'സുബ്ഹി നിസ്‌ക്കാരത്തോടുകൂടി എന്നെ നീ മരിപ്പിക്കേണമെ'എന്ന അദ്ദേഹം അല്ലാഹുവോട് പ്രാർത്ഥിക്കുക പതിവായിരുന്നു.. അല്ലാഹു ആ പ്രാർത്ഥന സ്വീകരിച്ചു. സുബ്ഹിനിസ്‌ക്കരിച്ച ഇടഭാഗത്തു സലാം വീട്ടിയതും അദ്ദേഹം അന്ത്യശ്വാസമടഞ്ഞു.

വധശിക്ഷാർഹനായി പ്രഖ്യാപിക്കപ്പെട്ട അബ്ദുല്ലാഹിബ്‌നുഖതൽ മദീനയിൽ പോയി തിരുമേനി (സ) യെ കണ്ട ഇസ്‌ലാംമതം വിശ്വസിക്കുകയും പിന്നീട് മതം ഉപേക്ഷിച്ചു തിരുമേനി (സ) യെ അധിക്ഷേപിച്ചുകൊണ്ട് മക്കയിൽ കഴിഞ്ഞുകൂടുകയും ചെയ്തു. ഇസ്‌ലാംമതം വിശ്വസിച്ച കാലത്ത് തിരുമേനി (സ) അദ്ദേഹത്തെ സകാത് ശേഖരിപ്പാനായി നിയോഗിച്ചു ഒരു ഭൃത്യനേയും കൂടെ അയച്ചുകൊടുത്തു. വഴിയിൽവെച്ചു ഭൃത്യനോട് ഭക്ഷണം പാകം ചെയ്യുവാൻ കല്പിച്ചുകൊണ്ട് അദ്ദേഹം കിടന്നുറങ്ങി. അല്പം വിശ്രമിച്ചശേഷം ഭക്ഷണം പാകം ചെയ്യാമെന്ന കരുതി ഭൃത്യനും ഒരിടത്തു കിടന്നു, ക്ഷീണത്താൽ ഉറങ്ങിപ്പോയി. അബ്ദുല്ലാഹിബ്‌നുഖതൽ ഉണർന്നപ്പോൾ ഭൃത്യൻ ഭക്ഷണം പാകം ചെയ്യാതെ കിടന്നുറങ്ങുന്നതു കണ്ടു. അദ്ദേഹം മുസ്‌ലിമായ ആ ഭൃത്യനെ കൊന്നുകളയുകയും, ഇസ്‌ലാമിനെ ഉപേക്ഷിച്ചു മക്കയിൽപോയി, തിരുമേനി (സ) യെ അധിക്ഷേപിച്ചുകൊണ്ട് കാവ്യങ്ങൾ രചിച്ചു പ്രചരിപ്പിക്കുകയും ചെയ്തു. അയാളുടെ അധീനത്തിലുണ്ടായിരുന്ന രണ്ടു തേവിടിശ്ശികൾ അയാളെ രചിക്കുന്ന പദ്യങ്ങൾക്ക് രാഗം നൽകി, ഈണത്തിൽ പാടി ജനങ്ങളെ ആകർഷിച്ചു. മക്കാവിജയവേളയിൽ തിരുമേനി (സ) യെ എതിർപ്പാനായി അയാൾ അമ്പും വില്ലുമെടുത്തു ഒരുങ്ങിനിന്നു. മുസ്‌ലിംസേനയിലെ അശ്വഭടന്മാരുടെ വരവുകണ്ടപ്പോൾ അയാൾ മിരണ്ടോടുകയും കഅ്ബ:യുടെ കില്ല പിടിച്ചുകൊണ്ട് നിൽക്കുകയും ചെയ്തു. കഅ്ബ: കുറുക്കനെ രക്ഷിക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് അയാളെ വധിക്കുവാൻ തിരുമേനി (സ) കല്പിച്ചു. അയാൾ വധിക്കപ്പെട്ടു.

അയാളുടെ തുണക്കാരികളായ തേവിടിശ്ശികളിൽ ഒരുത്തി കൊല്ലപ്പെട്ടു. മറെറവൾ ഇസ്‌ലാംമതം സ്വീകരിച്ചു

ഇക്‌രിമതുബ്‌നുഅബീജഹലാണ് വധശിക്ഷാർഹനായി പ്രഖ്യാപിക്കപ്പെട്ട മറെറാരു വ്യക്തി. അദ്ദേഹവും തിരുമേനി (സ) യുടെ ശത്രുക്കളിൽ അഗ്രിമനായിരുന്നു. താൻ വധശിക്ഷാർഹനായി പ്രഖ്യാപിക്കപ്പെട്ട വാർത്ത അറിഞ്ഞപ്പോൾ അദ്ദേഹം നാടുവിടുവാൻ തീരുമാനിച്ചുകൊണ്ട് കപ്പൽ കയറി. ആ കപ്പൽ കോളിലകപ്പെട്ടു. കപ്പലിലുണ്ടായിരുന്നവർ അല്ലാഹുവോട് സഹായമഭ്യർത്ഥിച്ചപ്പോൾ, ഇക്‌രീമത്ത് ലാത്ത, ഉസ്സ എന്നീ ബിംബങ്ങ

ളോട് സഹായമഭ്യർത്ഥിച്ചു. അപ്പോൾ മറ്റുള്ളവർ അദ്ദേഹത്തെ വിലക്കുകയും അല്ലാഹുവോട് സഹായമഭ്യർത്ഥിക്കുവാൻ ഉപദേശിക്കുകയും ചെയ്തു. 'ഞാൻ ഇതു വേണ്ടെന്നുവെച്ചു നാട്ടുവിട്ട് കടലിന്റെ നടുവിലെത്തി. ഇവിടെയും ഇതുതന്നെ ഉപദേശിക്കപ്പെടുന്നു. നിശ്ചയമായും മുഹമ്മദ് നബിയുടെ ദീൻ സത്യമായ ദീൻതന്നെ' എന്നിപ്രകാരം അദ്ദേഹം ആത്മഗതം ചെയ്തു. കപ്പൽ അറേബ്യയിലേക്കു മടങ്ങിയപ്പോൾ അദ്ദേഹവും നാട്ടിലേക്കു മടങ്ങുകയുണ്ടായി. അദ്ദേഹം മക്കയിലുള്ള തന്റെ വീട്ടിലേക്കു ചെന്നു. ഭാര്യ ഇസ്‌ലാം മതം വിശ്വസിച്ചതായി അദ്ദേഹത്തിനു മനസ്സിലായി. നിങ്ങൾ തിരുമേനി (സ) യെ സമീപിച്ചു മാപ്പപേക്ഷിച്ചാൽ, തിരുമേനി (സ) അഭയം നൽകുമെന്നു ഭാര്യ അദ്ദേഹത്തെ ഉപദേശിച്ചു. ഭാര്യയോടൊപ്പം അദ്ദേഹം തിരുമേനി (സ) യെ സമീപിക്കുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പൂർവ്വകാല അപരാധങ്ങളെല്ലാം തിരുമേനി (സ) സന്തോഷപൂർവ്വം അദ്ദേഹത്തിനു പൊറുത്തുകൊടുത്തു. അദ്ദേഹത്തിന്റെ ഭാര്യയുടെ പേർ ഉമ്മുഹകീം എന്നായിരുന്നു. അവർ ഇസ്‌ലാംമതം വിശ്വസിച്ചു, ഇദ്ദ കഴിയുന്നതിനുമുമ്പു അദ്ദേഹവും ഇസ്‌ലാംമതം വിശ്വസിക്കുകയാൽ അവരുടെ മുൻവിവാഹബന്ധം ഉർബ്ബലപ്പെട്ടിട്ടില്ലെന്നു തിരുമേനി (സ) കല്പിക്കുകയാൽ അവർ ദമ്പതികളായി തുടർന്നു ജീവിച്ചു. അതിനു ശേഷം പല മഹായുദ്ധങ്ങളിൽ ഇക്‌രിമത് (റ) ഇസ്‌ലാമിനു വേണ്ടി പട പൊരുതി. മേലിൽ ഇക്‌രിമത് എന്നല്ലാതെ ഇക്‌രിമതിബ്‌നു അബീജഹൽ എന്നു അദ്ദേഹത്തെ ആരും വിളിക്കരുതെന്നു നിർദ്ദേശിച്ചുകൊണ്ടു, അദ്ദേഹത്തിന്റെ മാന്യതയെ തിരുമേനി (സ) സുരക്ഷിതമാക്കി.

ഉമർഫാറൂഖ് (റ) വിന്റെ ഭരണകാലത്തു നടന്ന യർമൂക് യുദ്ധത്തിൽ ഇക്‌രിമത് (റ) ശഹീദായി.

വധശിക്ഷാഹ്നായി പ്രഖ്യാപിക്കപ്പെട്ട ഹുവൈരിസുബ്‌നു നഖീദ് മഹാ ഉപദ്രവിയും ധിക്കാരിയും തെമ്മാടിയുമായിരുന്നു. സൈനബ: (റ) യുടെ ഹിജ്‌റയെ തടഞ്ഞതു ഈ ധിക്കാരിയാകുന്നു. അലീ (ക. വ.) അയാളെ അന്വേഷിച്ചു പുറപ്പെട്ടു. അയാളുടെ വീട്ടിൽ അന്വേഷിച്ചപ്പോൾ അവിടെ അയാൾ ഇല്ലെന്നു മനസ്സിലായി. തിരിച്ചു വരുമ്പോൾ വഴിയിൽ വെച്ചു കണ്ടുമുട്ടി. അലീ (ക. വ.) അയാളുടെ ഗളച്ഛേദം ചെയ്തു.

മഖീസുബ്‌നു ഹബാബത് ആണ് വധശിക്ഷാഹ്നായി പ്രഖ്യാപിക്കപ്പെട്ട മറ്റൊരു വ്യക്തി. അദ്ദേഹം മുമ്പ് ഇസ്‌ലാമതം വിശ്വസിച്ചിരുന്നു. ദീഖിറദ് യുദ്ധത്തിൽ ശത്രുവാണെന്നു കരുതി കൊല്ലപ്പെട്ട പോയ ഹിശാം, എന്ന സഹാബി ഈ മഖീസിന്റെ സഹോദരനായിരുന്നു. ഒരു അൻസാരിയാണ് ഹിശാം (റ) വിനെ അബദ്ധത്തിൽകൊലപ്പെടുത്തിയിരുന്നതു്. ആ അൻസാരിയെ മഖീസ് വധിക്കുകയും ഇസ്‌ലാംമതം ഉപേക്ഷിച്ചു മക്കയിൽ പോയി ശത്രുപക്ഷത്തു ചേരുകയും ചെയ്തു. മഖീസുബ്‌നുഹബാബത്തിനെ ഗൈലതുബ്‌നുഅബ്ദില്ലാഹില്ലൈസീ (റ) കൊല്ലുകയുണ്ടായി.

താൻ വധശിക്ഷാഹ്നായി പ്രഖ്യാപിക്കപ്പെട്ട വിവരം അറിഞ്ഞപ്പോൾ ഹബ്ബാറുബ്‌നുൽഅസ്‌വദ് നാട്ടുവിട്ടു ഒളിച്ചോടിക്കളഞ്ഞു. അദ്ദേഹം മുസ്‌ലിംകളെ ഉപദ്രവിച്ച അഗ്രിമന്മാരിൽപ്പെട്ട ആളായിരുന്നു. പലേടത്തും ചുറ്റിത്തിരിഞ്ഞതിനുശേഷം, അദ്ദേഹം പശ്ചാത്തപിക്കുകയും തിരുമേനി (സ) യെ സമീപിച്ചു മാപ്പപേക്ഷിക്കുവാൻ തീരുമാനിക്കുകയും

ചെയ്തു. തിരുമേനി (സ) ജുഹ്‌റാനത്തിൽനിന്നു മദീനയിലേക്കു മടങ്ങുവാൻ ഒരുങ്ങുമ്പോൾ അദ്ദേഹം തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി. അദ്ദേഹത്തെ കണ്ടതും ഒരു സഹാബി വാളുമായി എഴുന്നേറ്റു. തിരുമേനി (സ) അദ്ദേഹത്തെ വിലക്കി. ഹബ്ബാർ, തിരുമേനി (സ) ക്കു സലാം പൊല്ലിക്കൊണ്ടു 'ശഹാദത്കലിമ' ഉച്ചരിച്ചു. അദ്ദേഹം തിരുമേനി (സ) യോടു മാപ്പപേക്ഷിക്കുകയും തിരുമേനി (സ) അദ്ദേഹത്തിനു മാപ്പു നൽകുകയും ചെയ്തു. തിരുമേനി (സ) പറഞ്ഞു:- 'ഞാൻ നിങ്ങൾക്കു മാപ്പുനൽകി. അല്ലാഹു നിങ്ങളെ നേർവഴിയിലാക്കട്ടെ.'

സുപ്രസിദ്ധ കവിയായ 'കഅ്ബുബ്നു സുഹൈറാണു് വധശിക്ഷാഹ്നായി പ്രഖ്യാപിക്കപ്പെട്ട വേറൊരു വ്യക്തി. അദ്ദേഹത്തിന്റെ സഹോദരനായ ബുഹൈർ (റ) വും കവിയായിരുന്നു. ബുഹൈർ (റ) ഇസ്‌ലാമതം വിശ്വസിച്ചപ്പോൾ ഇസ്‌ലാമിനേയും തിരുമേനി (സ) യേയും വാഴ്ത്തിക്കൊണ്ടു ഒരു പദ്യമെഴുതി. ആ വാർത്തയറിഞ്ഞപ്പോൾ, ഇസ്‌ലാമിനെയും തിരുമേനി (സ) യേയും പഴിച്ചുകൊണ്ടു കഅ്ബ് വേറൊരു പദ്യം രചിച്ചു ഖുറൈശികളുടെ പ്രീതി നേടി. മക്കാ വിജയവേളയിൽ, തിരുമേനി (സ) അദ്ദേഹത്തെ വധശിക്ഷാഹ്നായി പ്രഖ്യാപിച്ചപ്പോൾ, അയാൾ മുസ്‌ലിംകൾക്കു പിടികൊടുക്കാതെ ഒളിച്ചു നടന്നു. തിരുമേനി (സ) ആ സംഭവം കഴിഞ്ഞു തിരിച്ചു പോയപ്പോൾ, കഅ്ബ് തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നു ഇപ്രകാരം ഉണർത്തുകയുണ്ടായി:—'യാറസൂലു' ള്ളാ, കഅ്ബുബ്നു സുഹൈർ പശ്ചാത്തപിച്ചിരിക്കുന്നു. ഞാൻ അയാളെ തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കിയാൽ തിരുമേനി (സ) അയാൾക്കു മാപ്പു നല്കി സ്വീകരിക്കുമോ?' മാപ്പുനല്കി സ്വീകരിക്കും എന്നു തിരുമേനി(സ)പറഞ്ഞപ്പോൾ, 'യാറസൂലു'ള്ളാ, ഞാൻ തന്നെയാണു് കഅ്ബ്' എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം 'ശഹാദത് കലിമ' മൊഴിയുകയും തുടർന്നു 'ബാനത് സുആദ്' എന്ന വിഖ്യാതമായ പദ്യം ചൊല്ലുകയും ചെയ്തു. ആ പദ്യത്തിലെ അതിമനോഹരമായ ഒരീരടി തിരുമേനി (സ) യെ അത്യന്തം സന്തോഷിപ്പിച്ചു. തിരുമേനി (സ) ധരിച്ചിരുന്ന ഒരു വേഷ്ടി കഅ്ബിനു സമ്മാനിച്ചു. ആ വേഷ്ടിക്കു, മുആവിയായുടെ ഭരണകാലത്തു അദ്ദേഹം അറുപതിനായിരം വെള്ളി വില പറഞ്ഞു. പക്ഷേ, കഅ്ബ് (റ) അതു വിറ്റില്ല. 'അല്ലാഹുവിൻറെ റസൂൽ എനിക്കു സമ്മാനിച്ചതു ഞാൻ മറ്റൊരാൾക്കു കൊടുക്കുകയില്ലെന്നു അദ്ദേഹം തീർത്തു പറഞ്ഞു. അദ്ദേഹം നിര്യാതനായിക്കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ അനന്തരാവകാശികളിൽ നിന്നു ഇരുപതിനായിരം വെള്ളിക്കു മുആവിയ ആ വേഷ്ടി വാങ്ങുകയുണ്ടായി. താർതാരീ യുദ്ധത്തിൽ ആ വേഷ്ടി നഷ്ടപ്പെട്ടു പോയെന്നു പറയപ്പെടുന്നു. കഅ്ബ് (റ) വിന്റെ പിതാവായ സുഹൈറും, കഅ്ബ് (റ) വിന്റെ സഹോദരനായ ബുഹൈർ (റ) വും, കഅ്ബ് (റ) വിന്റെ പുത്രനായ അബ്ദത് (റ) വും, പൌത്രനായ അവാം (റ) വും മഹാകവികളായിരുന്നു.

വധശിക്ഷാഹ്രായി പ്രഖ്യാപിക്കപ്പെട്ടവരിൽപ്പെട്ട ഹർസുബ്നു ഹിശാമും സുഹൈബ്നു ഉമയ്യത്തും ഇസ്‌ലാമിന്റെ ഉഗ്രവൈരികളായിരുന്നു. ഹർസു് അബൂജഹലിന്റെ സഹോദരനും സുഹൈർ 'ഉമ്മുസൽമ: (റ) യുടെ സഹോദരനുമായിരുന്നു. വധശിക്ഷാഹ്രായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ, അവർ രണ്ടുപേരും അബ്ദുൽ മുത്തലിബിന്റെ മകളായ ഉമ്മുഹാനീ (റ) യുടെ വീട്ടിൽ അഭയം പ്രാപി

ച്ചു. ഉമ്മുഹാനി (റ) യുടെ വീട്ടിൽ ഹർസും സുഹൈറും ഒളിച്ചിരിക്കുന്നുണ്ടെന്നു് വിവരം ലഭിച്ചപ്പോൾ അലീ (ക.വ.) അവരെ കൊല്ലുവാനായി ആ വീട്ടിലേക്കു ചെന്നു. ഉമ്മുഹാനി (റ) വീടിന്റെ വാതിലടക്കുകയും തിരുമേനി(സ)യുടെ സന്നിധിയിൽ ആവലാതി ബോധിപ്പിക്കുകയും ചെയ്തു. 'നിങ്ങൾ അഭയം നല്കിയവർക്കു ഞങ്ങളും അഭയം നല്കി' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അതിനെത്തുടന്നു ആ രണ്ടു പേരേയും ഉമ്മുഹാനീ (റ) തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കുകയും അവർ ഇസ്‌ലാമതം വിശ്വസിക്കുകയും ചെയ്തു. ഹർസു് (റ) സഹാബിമാക്കിടയിൽ ബഹുമാന്യനായിത്തീന്നു അദ്ദേഹത്തിന്റെ പുത്രനായ അബ്ദുർറഹിമാൻ (റ) വും, പൌത്രനായ അബൂബകർ (റ) വും പ്രപൌത്രനായ അബ്ദുൽ മലിക് (റ) വും മുസ്‌ലിം ലോകത്തിലെ വിജ്ഞാനദീപങ്ങളായി പ്രോജ്ജ്വലിച്ചു.

അബ്ദുൽ മുത്തലിബിന്റെ മക്കളുടെ അടിമയായ സാറ: എന്ന സ്ത്രീയാണു് വധശിക്ഷാഹരായി പ്രഖ്യാപിക്കപ്പെട്ടവരിൽ മറെറാന്നു്. തിരുമേനി (സ) യെ അധിക്ഷേപിച്ചുകൊണ്ടുള്ള പാട്ടു പാടലായിരുന്നു അവളുടെ ജോലി. ഹാതിബുബ്നുബൽതഅത് (റ) മക്കക്കാക്കെഴുതിയ രഹസ്യക്കത്തു് അവക്കെത്തിച്ചുകൊടുപ്പാനേറെറവാങ്ങിയതു ഈ സാറ: യായിരുന്നു ഇബ്നുഖതൽ തിരുമേനി (സ) യെ അധിക്ഷേപിച്ചുകൊണ്ടു രചിക്കുന്ന പാട്ടുകൾ പാടി പ്രചരിപ്പിക്കുന്നതിൽ അവൾ വ്യാപൃതയായി. അങ്ങിനെ ഇരിക്കുമ്പോഴാണു് മക്കാവിജയം എന്ന അത്ഭുതസംഭവം മുസ്‌ലിംകളെ അനുഗ്രഹിച്ചതു്. മക്കാനഗരം മുസ്‌ലിംകൾ കീഴടക്കിയപ്പോൾ ഈ സാറ: ഓടിരക്ഷപ്പെട്ടു. പിന്നീടു തിരുമേനി (സ) യുടെ സന്നിധിയിൽചെന്നു മാപ്പപേക്ഷിക്കുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. ഒരു നല്ല മുസ്‌ലിം മഹിളയുടെ പദവിയിൽ മരണംവരെ അവർ ജീവിച്ചു.

വധശിക്ഷാഹനായി പ്രഖ്യാപിക്കപ്പെട്ട സഫ്‌വാനുബ്നു ഉമയ്യത്ത് അപമാനഭാരത്താൽ കടലിൽ ചാടി മരിക്കുവാൻ ഒരുമ്പെട്ടു. ഇസ്‌ലാമിന്റെ കഠിനശത്രുവായിരുന്ന അദ്ദേഹത്തിന്റെ പിതൃവ്യപുത്രനായ ഉമൈറുബ്നു വഹബ് (റ) തിരുമേനി (സ) യെ സമീപിച്ചുകൊണ്ടു ഇപ്രകാരം ബോധിപ്പിച്ചു:-'യാറസൂലുള്ളാ, സഫ്‌വാൻ അദ്ദേഹത്തിന്റെ ഗോത്രത്തലവനാണു് അദ്ദേഹം കടലിൽചാടി മരിക്കുവാൻ ഒരുമ്പെട്ടിരിക്കുന്നു. താങ്കൾ പലരും മാപ്പനൽകുകയുണ്ടായല്ലൊ. അദ്ദേഹത്തിന്നു മാപ്പനൽകേണമെന്നു ഞാൻ അപേക്ഷിക്കുന്നു.' ആ അപേക്ഷ തിരുമേനി (സ) സ്വീകരിച്ചു. വിവരം സഫ്‌വാനെ അറിയിച്ചപ്പോൾ അദ്ദേഹം തെളിവാവശ്യപ്പെട്ടു. തിരുമേനി (സ) മക്കയിൽ കടക്കുമ്പോൾ ധരിച്ച തലപ്പാവു് തെളിവായി കൊടുത്തയച്ചു ആ തെളിവു സ്വീകരിച്ചുകൊണ്ടു സഫ്‌വാൻ തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി. 'താങ്കൾ എനിക്കു മാപ്പനൽകിയെന്നു ഇദ്ദേഹം പറയുന്നു'വെന്നു സഫ്‌വാൻ തിരുമേനി (സ) യോടു പറഞ്ഞപ്പോൾ, 'അതുശരിയാ'ണെന്നു തിരുമേനി (സ) പ്രതിവചിച്ചു. 'എന്നാൽ എനിക്കു രണ്ടുമാസത്തെ അവധി അനുവദിക്കുക. അതിലിടക്കു ഞാൻ ഒരു തീരുമാനത്തിലെത്താം'എന്നു സഫ്‌വാൻ തിരുമേനി (സ) യെ അറിയിച്ചു. 'നിങ്ങൾക്കു നാലുമാസത്തെ അവധി അനുവദിച്ചു'വെന്നു തിരുമേനി (സ) പ്രസ്താവിച്ചു. അദ്ദേഹം തന്റെ വീട്ടിലേക്കു തിരിച്ചുപോയി. അവധിക്കുമുമ്പു, പല സംഗതികളാൽ തിരുമേനി (സ) അദ്ദേഹത്തിന്നു

ധാരാളം സമ്പത്തു നൽകുകയുണ്ടായി. ഗനീമത്തായി ലഭിച്ച അനവധി ആടുകളെയും പശുക്കളെയും ഒട്ടകങ്ങളെയും സൂക്ഷിച്ചിരുന്ന ഒരു മലഞ്ചെരുവിൽ, ഒരു ദിവസം തിരുമേനി (സ) നിൽക്കുമ്പോൾ, സഫ്‌വാൻ തിരുമേനി (സ) യെ സമീപിച്ചു 'ഇതിൽനിന്നു കുറെഎണ്ണത്തെ കിട്ടിയാൽ തരക്കേടില്ലെന്നു ആഗ്രഹിക്കുന്നുണ്ടോ'എന്നു തിരുമേനി (സ) ചോദിച്ചപ്പോൾ 'ഉണ്ട്'എന്നു സഫ്‌വാൻ മറുപടി നൽകി. 'ഇവയെ മുഴുവൻ എടുത്തുകൊള്ളുക' എന്നു തിരുമേനി (സ) അരുളിയപ്പോൾ സഫ്‌വാൻ അമ്പരന്നുപോയി. ഒരു നബിയിലല്ലാതെ രാജാധിരാജന്മാരിൽപോലും ഇത്ര മഹത്തായ ഹൃദയവിശാലത കാണുകയില്ലെന്നു ആത്മഗതം ചെയ്തുകൊണ്ടു സഫ്‌വാൻ അവിടെവെച്ചുതന്നെ ഇസ്‌ലാംമതം വിശ്വസിച്ചു. അദ്ദേഹം പറഞ്ഞു:-'താങ്കൾ എനിക്കു ഏറ്റവും അപ്രിയനായ ഒരു വ്യക്തിയായിരുന്നു. താങ്കളുടെ ഹൃദയവിശാലതയും ഔദാര്യവും എന്റെ മനോഗതത്തെ അട്ടിമറിച്ചു. എന്നെ സംബന്ധിച്ചേടത്തോളം ഇന്നു് താങ്കളേക്കാൾ പ്രിയനായ മറെറാരു വ്യക്തിഇല്ല.'

ഉത്ബതിന്റെ മകളും അബൂസുഫ്‌യാന്റെ ഭാര്യയുമായ ഹിന്ദ് വധശിക്ഷാർഹരായി പ്രഖ്യാപിക്കപ്പെട്ടവരിൽ ഉൾപ്പെട്ട. ഹിന്ദിനു തിരുമേനി (സ) യോടുണ്ടായിരുന്ന വൈരവും ഹംസ (റ) വിന്റെ നേരെ ഹിന്ദ് കൈക്കൊണ്ട സമീപനവും പരക്കെ അറിയപ്പെട്ടിരുന്നു താൻ വധശിക്ഷാർഹയായി പ്രഖ്യാപിക്കപ്പെട്ട വാർത്തയറിഞ്ഞപ്പോൾ അവർ അബൂസുഫ്‌യാന്റെ വീട്ടിൽ ഒളിക്കുകയുണ്ടായി. പിന്നീടു അവർ മുഖം മറച്ചുകൊണ്ടു തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി ഇസ്‌ലാംമതം വിശ്വസിച്ചു. 'ഇസ്‌ലാം ദീനിനെ വെളിപ്പെടുത്തിത്തന്ന അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു'വെന്നു തിരുമേനി (സ) അരുളിയപ്പോൾ, 'ഞാൻ ഉത്ബതിന്റെ മകൾ ഹിന്ദാ'ണെന്നു അവർ തിരുമേനി (സ) യെ അറിയിച്ചു. 'നിങ്ങൾക്കു സ്വാഗതം'എന്നു തിരുമേനി (സ) പറഞ്ഞു. 'യാറസൂലള്ളാ, ഞാൻ ചെയ്തുപോയ എല്ലാ തെറ്റുകളും എനിക്കു മാപ്പാക്കിത്തരിക. താങ്കൾ പരാജയപ്പെട്ടുകാണുവാൻ ഞാൻ ആശിച്ചതു മറാരും ആശിച്ചിരുന്നില്ല. ഇന്നാകട്ടെ, താങ്കളുടെ വിജയത്തിൽ എന്നെക്കാളേറെ താല്പര്യമുള്ള മറെറാരു വ്യക്തി ഉണ്ടാവാനിടയില്ല.' 'നിങ്ങളുടെ ഹൃദയത്തിൽ അല്ലാഹു ഈമാനിനെ പ്രബലമാക്കട്ടെ'എന്നു തിരുമേനി (സ) പ്രതിവചിച്ചു. ഹിന്ദ് (റ) ഉടനെ വീട്ടിലേക്കുനടന്നു. അവിടെ പ്രതിഷ്ഠിച്ചിരുന്ന എല്ലാ ബിംബങ്ങളെയും അവർ തവിടുപൊടിയാക്കി. അബൂസുഫ്‌യാൻ ഇസ്‌ലാംമതം വിശ്വസിച്ചു ഇദ്ദ കഴിയുന്നതിനുമുമ്പെ ഹിന്ദ് (റ) യും ഇസ്‌ലാംമതം വിശ്വസിച്ചുകൊണ്ടു അവരുടെ വിവാഹബന്ധം അതേപടി തുടർന്നുകൊള്ളുവാൻ തിരുമേനി (സ) അനുവദിച്ചു.

ഇസ്‌ലാംമതം വിശ്വസിച്ചതിനുശേഷം ഹിന്ദ് (റ) യുടെ ചിന്താഗതിയിലും സ്വഭാവത്തിലും സാരമായ പരിവർത്തനം സംഭവിച്ചു. അവർ ഒരു മാതൃകാമഹിളയായി ജീവിതം തുടർന്നു യർമൂക്‌യുദ്ധത്തിൽ അബൂസുഫ്‌യാൻ (റ) യോടൊപ്പം ഹിന്ദ് (റ) യും പങ്കെടുത്തു. യുദ്ധം ചെയ്തുകൊണ്ടിരുന്ന മുസ്‌ലിം ഭടന്മാരെ മറു സ്ത്രീകളോടൊപ്പം അവരും പ്രോത്സാഹിപ്പിക്കുകയും അവരിൽ ധീരതയും ആവേശവും പകർന്നുകൊടുക്കുകയും ചെയ്തു. ഉമർ ഫാറൂഖ് (റ) വിന്റെ ഖിലാഫത്ത് കാലത്തു, അബൂബക്കർസിദ്ദീഖ് (റ) വിന്റെ പിതാവായ അബൂഖുഹാഫ: നിര്യാതനായ ദിവസംതന്നെ,

ഹിന്ദ് (റ) ഇഹലോകവാസം വെടിഞ്ഞു. *

വധശിക്ഷാഹനായി പ്രഖ്യാപിക്കപ്പെട്ട വഹ്ശിയുബ്നുഹർബ് ഇസ്‌ലാമിന്റെ ശത്രുവും ഹംസ: (റ) വിന്റെ ഘാതകനുമായിരുന്നു. മക്കാവിജയം നടന്ന ഉടനെ അദ്ദേഹം താഇഫിലേക്കോടുകയും അവിടെ താമസമാക്കുകയും ചെയ്തു. താഇഫിലെ ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്‌ലാമിനെ ആശ്ലേഷിക്കുവാൻ തീരുമാനിച്ചപ്പോൾ വഹ്ശിക്കു താഇഫിലും രക്ഷയില്ലാതെ വന്നു. ശാമിലേക്കൊ യമനിലേക്കോ ഒളിച്ചോടി രക്ഷ പ്രാപിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അതിലിടക്കു, തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി ഇസ്‌ലാംമതം വിശ്വസിച്ചാൽ രക്ഷ കിട്ടുമെന്നു താഇഫിലെ ചില ആളുകൾ അദ്ദേഹത്തെ ഉപദേശിച്ചു. അതനുസരിച്ചു് അദ്ദേഹം തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നു ഇസ്‌ലാം മതം വിശ്വസിച്ചു. വഹ്ശീ (റ) പറയുന്നു:—'എന്നെക്കണ്ടപ്പോൾ തിരുമേനി (സ) 'വഹ്ശിയല്ലെ' എന്നു ചോദിച്ചു. 'അതെ' എന്നു ഞാൻ മറുപടി പറഞ്ഞു. തിരുമേനി (സ) എന്നോടു 'ഇരിക്കുക' എന്നു പറഞ്ഞു. ഞാൻ ഇരുന്നു. ഹംസയെ വധിച്ചതെങ്ങിനെയെന്നു വിവരിപ്പാൻ തിരുമേനി (സ) എന്നോടാവശ്യപ്പെട്ടു. ഞാൻ ആ സംഭവം വിവരിച്ചു. ഞാൻ ആ സംഗതി പറഞ്ഞു കഴിഞ്ഞപ്പോൾ 'മാറി നില്ക്കുക' എന്നു തിരുമേനി (സ) എന്നോടാജ്ഞാപിച്ചു. ഉടനെ ഞാൻ തിരുമേനി (സ) യുടെ കാഴ്ചയിൽ നിന്നു മറഞ്ഞു നിന്നു. തിരുമേനി (സ) കാണത്തക്കവിധം പിന്നീടൊരിക്കലും ഞാൻ തിരുമേനി (സ) യുടെ മുമ്പിൽ നിന്നിട്ടില്ല.'

അങ്ങിനെ വധശിക്ഷാഹരായി പ്രഖ്യാപിക്കപ്പെട്ട പതിനഞ്ചു പേരിൽ നാലു പേർ മാത്രം വധിക്കപ്പെടുകയും പതിനൊന്നു പേർ ഇസ്‌ലാംമതം വിശ്വസിക്കുകയാൽ മോചനം നല്കപ്പെടുകയും ചെയ്തു.

തിരുമേനി (സ) മക്കയിൽ കടന്നു കഅ്ബാ തവാഫ് ചെയ്തുകൊണ്ടിരിക്കെ, തിരുമേനി (സ) യെ സൂത്രത്തിൽ വധിക്കേണമെന്ന ദുരുദ്ദേശ്യത്തോടു കൂടി ഫളാലത്തുബ്നു ഉമൈറൽ മുനവ്വിഹ് എന്ന ആൾ തിരുമേനി (സ) യെ പാറിക്കൂടി. ഫളാലത് പറയുന്നു:—'നിങ്ങൾ എന്താണു് ഉദ്ദേശിക്കുന്നതെന്നു തിരുമേനി (സ) എന്നോടു ചോദിച്ചു. വിശേഷിച്ചു് ഒന്നും ഉദ്ദേശിച്ചിട്ടില്ല എന്നു ഞാൻ മറുപടി നല്കി. അപ്പോൾ എന്റെ നെഞ്ചിൽ കൈവെച്ചു പുഞ്ചിരി തൂകിക്കൊണ്ടു 'അല്ലാഹുവോടു മാപ്പപേക്ഷിച്ചു കൊള്ളുക' എന്നു തിരുമേനി (സ) എന്നെ ഉപദേശിച്ചു. എന്റെ അന്തർഗ്ഗതം തിരുമേനി (സ) മനസ്സിലാക്കിക്കഴിഞ്ഞുവെന്നു എനിക്കു ബോധ്യമായി. പെട്ടെന്നു എന്നിൽ ഒരു മനഃപരിവർത്തനമുണ്ടായി. ഞാൻ ഇസ്‌ലാംമതം വിശ്വസിച്ചു. തിരുമേനി എന്റെ നെഞ്ചിൽ കൈവെച്ചപ്പോൾ എനിക്കു അവിടുത്തോടുണ്ടായ സ്നേഹത്തിനു അതിരുണ്ടായില്ല.'

മക്കാവിജയം കഴിഞ്ഞ രണ്ടാം ദിവസം കഅ്ബ: തവാഫ് ചെയ്തുകഴിഞ്ഞപ്പോൾ തിരുമേനി (സ) ഒട്ടകപ്പുറത്തുനിന്നിറങ്ങി ഇബ്രാഹിം മഖാമിലേക്കു നടന്നുചെല്ലുകയും അവിടെവെച്ചു രണ്ടു റക്അത് നിസ്കരിക്കുകയും ചെയ്തു. പിന്നെ സംസമിന്റെ അടുക്കലേക്കു

---

* ഹിന്ദ് (റ) ക്കു അബൂസുഫ്യാനിൽ ജനിച്ച പുത്രന്മാരാണു് മുആവിയായും യസീദും. ഹുദൈബിയ്യായിലെ ഉടമ്പടി നടന്ന കാലത്തു തന്നെ മുആവിയാ ഇസ്‌ലാംമതം വിശ്വസിച്ചു മക്കാവിജയത്തിനു ശേഷം മുആവിയായും യസീദും തിരുമേനി (സ) യുമായി ഉടമ്പടി ചെയ്തു.

നടന്നു. അബ്ബാസ് (റ) ഒരു തൊട്ടി വെള്ളം കോരിയെടുത്തു തിരുമേനി (സ) ക്കു നൽകി. തിരുമേനി (സ) അതിൽനിന്നു കുടിച്ചു ശേഷിച്ച വെള്ളംകൊണ്ടു തിരുമേനി (സ) വുളൂ ഉണ്ടാക്കി. തിരുമേനി (സ) വുളൂ ഉണ്ടാക്കിയ വെള്ളം സഹാബിമാർ ഏറെവാങ്ങി, മുഖം തടവി. അതിനുശേഷം തിരുമേനി (സ) പള്ളിയുടെ ഒരു ഭാഗത്തിരുന്നു. അബൂബകർസിദ്ദീഖ് (റ) വും തിരുമേനി (സ) യുടെ അടുത്തായി ഇരുന്നു. കഅ്ബയുടെ താക്കോൽസൂക്ഷിപ്പുകാരനായ ഉസ്മാനിബ്നുതൽഹത് (റ) വോടു താക്കോൽവാങ്ങി, തിരുമേനി (സ) കഅ്ബ: തുറന്നു. തിരുമേനി (സ) യും, ബിലാൽ (റ), ഉസാമത് (റ), സൈദ് (റ), ഉസ്മാനുബ്നുതൽഹത് (റ) എന്നിവരും കഅ്ബ: യിൽ കടന്നു. തിരുമേനി (സ) കഅ്ബക്കകത്തുവെച്ചു രണ്ടു റക്അത് നിസ്കരിച്ചു. അതിനുശേഷം തിരുമേനി (സ) കഅ്ബയുടെ വാതിക്കൽനിന്നുകൊണ്ടു സുദീർഘമായ ഒരു ഖുത്ബ: (മതപ്രസംഗം) നടത്തി. ശറഇന്റെ വിധികളെല്ലാം ആ ഖുത്ബയിൽ തിരുമേനി (സ) വ്യക്തമാക്കി. അതിനുശേഷം തിരുമേനി (സ) പറഞ്ഞു:- 'അല്ലാഹു കല്പിക്കുന്നു: അടിയാർകളെ, നാം നിങ്ങളെ ഒരു പുരുഷനിൽനിന്നും ഒരു സ്ത്രീയിൽനിന്നും സൃഷ്ടിച്ചു. നിങ്ങൾ പരസ്പരം അറിയുവാൻ വേണ്ടി നിങ്ങളെ നാം ഗോത്രങ്ങളാക്കി. നിങ്ങൾ അഹങ്കരിക്കുവാൻ വേണ്ടിയല്ല (നിങ്ങളെ ഗോത്രങ്ങളാക്കിയതു്.) നിങ്ങളിൽ ഉന്നതന്മാർ അല്ലാഹുവോടു ഭയഭക്തിയുള്ളവരത്രെ. അല്ലാഹു അറിയുന്നവനും അറിയിക്കുന്നവനും തന്നെ.'

'ജനങ്ങളെ, അല്ലാഹു അനുഗ്രഹിച്ച നാടാണു് മക്ക. ആകാശഭൂമികളെ സൃഷ്ടിച്ച നാളിൽതന്നെ അല്ലാഹു മക്കയെ അനുഗ്രഹിച്ചു. ഹറമിൽവെച്ചു ആർക്കും ഒരു ജീവിയെയും കൊല്ലുവതല്ല. വൃക്ഷങ്ങൾപോലും നശിപ്പിക്കപ്പെടാവതല്ല. അല്ലാഹുവിന്റെ കല്പനയനുസരിച്ചാണു് ഞാൻ ഒരു മൈന്യത്തോടുകൂടി ഇവിടെ കടന്നുവന്നതു്. സുബ്ഹി മുതൽ അസ്ർവരെയുള്ള അല്പസമയം അല്ലാഹു മക്കയെ എനിക്കു ഹലാലാക്കിത്തന്നു. ആ സമയം കഴിഞ്ഞതോടുകൂടി മക്ക അതിന്റെ പൂർവ്വസ്ഥിതിയെ പ്രാപിച്ചു."

ഖുത്ബ: അവസാനിച്ചപ്പോൾ ഖുറൈശികളെ സംബോധന ചെയ്തുകൊണ്ടു തിരുമേനി (സ) ഇപ്രകാരം ചോദിച്ചു:—'ഖുറൈശികളെ, നിങ്ങളേസ്സംബന്ധിച്ചേടത്തോളം ഞാൻ എന്തൊരു നടപടി കൈക്കൊള്ളുമെന്നാണു് നിങ്ങൾ ഊഹിച്ചിരുന്നതു്?' സുഹൈലുബ്നു അംറ് ഇപ്രകാരം ബോധിപ്പിച്ചു:-'സഹോദരപുത്രാ, താങ്കൾ എന്തുദ്ദേശിക്കുന്നുവൊ അതെല്ലാം ചെയ്യുവാൻ സാധിക്കും. പക്ഷെ, ഞങ്ങളെസ്സംബന്ധിച്ചേടത്തോളം താങ്കൾ നന്മ ചെയ്യുമെന്നാണു് ഞങ്ങൾ പ്രതീക്ഷിക്കുന്നതു്.' മറ്റുള്ളവരും ഇതു തന്നെ ആവർത്തിച്ചു. ഇതു കേട്ടപ്പോൾ തിരുമേനി (സ) അരുളി:—'എന്റെ സഹോദരനായ യൂസുഫ്നബി പറഞ്ഞതുപോലെ പറയുവാനാണു് ഇന്നു ഞാൻ ആഗ്രഹിക്കുന്നതു്. ഇന്നു നിങ്ങളെ ഞാൻ കുറ്റവാളികളാക്കുന്നില്ല. പരമകാരുണികനായ അല്ലാഹു നിങ്ങൾക്കു മാപ്പു നൽകട്ടെ നിങ്ങളെ വധിക്കുകയോ ബന്ധനസ്ഥരാക്കുകയൊ, നിങ്ങളിൽനിന്നു നഷ്ടപരിഹാരം ഈടാക്കുകയൊ ചെയ്യാതെ, ഇന്നു നിങ്ങളെ ഞാൻ സ്വതന്ത്രരാക്കി വിട്ടിരിക്കുന്നു. നിങ്ങൾ പോയ്കൊള്ളുക.' ഇതു കേട്ടപ്പോൾ ഖുറൈശികളുടെ ഹൃദയങ്ങൾ സന്തോഷത്താൽ വികസിച്ചു. മക്കാനഗരത്തിൽ ആനന്ദം പ്രസരിച്ചു. ഖുറൈശികളിൽ ബഹുഭൂരിപക്ഷം അപ്പോൾ തന്നെയും മറ്റുള്ളവർ ക്രമേണയും ഇസ്ലാംമതം സ്വീകരിച്ചു.

ഇതിനുശേഷം തിരുമേനി (സ) കഅ്ബ:യിൽ നിന്നിറങ്ങി, പള്ളിയിൽ ഇരുന്നു.

കഅ്ബ:യുടെ താക്കോൽ തിരുമേനി (സ) കയ്യിൽതന്നെവെച്ചു. കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ എന്ന പദവി തനിക്കു ലഭിക്കേണമെന്നു അലീ (ക. വ.) ആഗ്രഹിച്ചു. മക്കയിലെ ജലവിതരണാധികാരം അലീ (ക. വ.) യുടെ കുടുംബക്കാരിൽ നിക്ഷിപ്തമായിരുന്നു. കഅ്ബ:യുടെ താക്കോൽ സൂക്ഷിപ്പുധികാരംകൂടി തങ്ങൾക്കു ലഭിക്കേണമെന്ന ആഗ്രഹം തിരുമേനി (സ) അനുവദിച്ചുകൊടുത്തില്ല. താക്കോൽ സൂക്ഷിപ്പുധികാരം ഹാശിമിൻെറ സന്തതികൾക്കു നേടിക്കൊടുക്കുവാൻ അബ്ബാസ് (റ) നടത്തിയ ശ്രമവും വിജയിച്ചില്ല. ഉസ്മാനുബ്നുതൽഹത് (റ) വിനെ വിളിച്ചുകൊണ്ടു, തിരുമേനി (സ) കഅ്ബ:യുടെ താക്കോൽ അദ്ദേഹത്തിനു കൊടുക്കുകയും, 'ഞാൻ പറഞ്ഞതു ഒത്തില്ലെ' എന്നു പോദിക്കുകയും ചെയ്തു. *

'അമാനത്തുകൾ അവയുടെ അവകാശികൾക്കു കൊടുത്തുവീട്ടുക എന്നു അല്ലാഹു കല്പിച്ചു'വെന്നർത്ഥമുള്ള ആയത്തു് ആ അവസരത്തിൽ തിരുമേനി (സ) ഓതുകയുണ്ടായി. ഈ ആയത്തു് അതിനുമുമ്പു് തിരുമേനി (സ) ഓതിയതായി ഞങ്ങൾ കേട്ടിട്ടില്ലെന്നു ഉമർഖത്താബ് (റ) പറയുന്നു. കഅ്ബ:യുടെ താക്കോൽ സംബന്ധിച്ചു വിഷയത്തിൽ കഅ്ബക്കകത്തുവെച്ചു ഇറങ്ങിയതാണു് ഈ ആയത്തെന്നു സിദ്ധിക്കുന്നുവെന്നാണു്, ഈ ആയത്തിനെപ്പറ്റി ഇമാംസുയൂതീ (റ) പറയുന്നതു്.

ഉസ്മാൻ (റ) യുടെ പിതാവായ തൽഹത്, ഉഹ്ദു് യുദ്ധത്തിൽ ശത്രുപക്ഷത്തു ചേർന്നു, കൊല്ലപ്പെട്ടു. ഉസ്മാൻ (റ) വിനു മക്കളുണ്ടായില്ല. തന്നിമിത്തം കഅ്ബ: യുടെ താക്കോലധികാരം അദ്ദേഹത്തിൻെറ പിതൃവ്യപുത്രനായ ഉസ്മാൻ (റ) വിൻെറ മകൻ ശൈബ: (റ) വിനു ലഭിച്ചു. ശൈബ ഗോത്രക്കാർ എന്ന പേരിലറിയപ്പെടുന്ന, അദ്ദേഹത്തിൻെറ സന്താനപരമ്പര ആ അധികാരം തുടർന്നു വന്നു. മക്കാവിജയത്തിനു ശേഷമാണു് ശൈബ: (റ) ഇസ്‌ലാം മതം വിശ്വസിച്ചതു്. ഹുനൈൻ എന്ന യുദ്ധരംഗത്തു തിരുമേനി (സ) യെ വധിപ്പാൻ ഉദ്ദേശിച്ചുകൊണ്ടു ചെന്നെത്തിയ അദ്ദേഹത്തിനു, തിരുമേനി (സ) യുടെ കരസ്പർശത്താൽ മാനസാന്തരമുണ്ടാവുകയും അവിടെ വെച്ചു തന്നെ ഇസ്‌ലാംമതം വിശ്വസിക്കുകയും, മുസ്‌ലിം പക്ഷത്തു ചേർന്നു ശത്രുക്കളുമായി യുദ്ധം ചെയ്യുകയുമുണ്ടായി.

മക്കാവിജയാനന്തരം തിരുമേനി (സ) യുടെ കല്പനപ്രകാരം, ബിലാൽ (റ) കഅ്ബ:യുടെ മുകളിൽ കയറി ബാങ്കു് വിളിച്ചു. ഖുറൈശികളിൽ പലരും കഅ്ബയുടെ മുറ്റത്തു ഇരിക്കുന്നുണ്ടായിരുന്നു. ഇത്താബുബ്നു ഉസൈദ്, ഖാലിദുബ്നു ഉസൈദ് തുടങ്ങിയ ചിലർ ബാങ്കു് വിളിയെ രഹസ്യമായി പരിഹസിച്ചു. അബൂസുഫ്യാൻ (റ) വും അവരുടെ അടുത്തു തന്നെ ഇരിക്കുന്നുണ്ടായിരുന്നു. 'നിങ്ങൾ പറയുന്നതെന്തായാലും ശരി, ഈ മൺതരി പോലും തിരുമേനി (സ) ക്കു അറിയിച്ചു കൊടുക്കും'

---

* ജാഹിലിയ്യാ കാലത്തു തിങ്കളാഴ്ചയും വെള്ളിയാഴ്ചയും കഅ്ബ: തുറക്കാറുണ്ടായിരുന്നു. ഒരിക്കൽ തിരുമേനി (സ) യും സുഹൃത്തുക്കളും കഅ്ബയിലേക്കു ചെന്നപ്പോൾ ഉസ്മാനുബ്നുതൽഹത് അവരെ ധിക്കരിച്ചു സംസാരിച്ചു. 'ഒരു ദിവസം കഅ്ബ:യുടെ താക്കോൽ എൻെറ കയ്യിൽവരും'എന്നു ആ അവസരത്തിൽ തിരുമേനി (സ) അദ്ദേഹത്തോടു പറയുകയുണ്ടായി. ആ സംഭവം അനുസ്മരിപ്പിച്ചുകൊണ്ടാണു് തിരുമേനി (സ) ഉസ്മാനുബ്നുതൽഹത് (റ) വിനു താക്കോൽ കൊടുത്തതു്.

എന്നു മുഹമ്മദ് അവരെ താക്കീതു ചെയ്തു. അപ്പോഴേക്കും തിരുമേനി (സ) ആ വഴിക്കു വന്നു. അവരിൽ ഓരോരുത്തരും പറഞ്ഞ കാര്യങ്ങൾ തിരുമേനി (സ) അവരെ കേൾപ്പിച്ചു. ഹർസുബ്നുഹാരിശാം, ഇതാബുബ്നുഉസൈദ്, ഖാലിദുബ്നുഉസൈദ് എന്നിവർ തൽക്ഷണം ഇസ്‌ലാംമതം വിശ്വസിച്ചു.

അബൂമഹ്ദൂറത് (റ) പറയുന്നു: —'ബിലാൽ ബാങ്കു വിളിച്ചതു കേട്ടപ്പോൾ ഞാൻ പരിഹസിച്ചു. ആ വിവരം അറിഞ്ഞപ്പോൾ തിരുമേനി (സ) എന്നെ വിളിച്ചു ഞാൻ വധിക്കപ്പെടും എന്ന ഭയത്തോടുകൂടി തിരുമുമ്പിൽ ചെന്നു നിന്നു എന്റെ ശിരസ്സിലും നെഞ്ചിലും തിരുമേനി (സ) തുക്കരംകൊണ്ടു തടവി. എന്റെ ഹൃദയത്തിൽ പുളകീപ്പി നിറഞ്ഞു. ഞാൻ ഇസ്‌ലാംമതം വിശ്വസിച്ചു. ബാങ്കിന്റെ വചനങ്ങൾ തിരുമേനി (സ) എനിക്കു പഠിപ്പിച്ചു തന്നു. മക്കയ്ക്കു ബാങ്കു വിളിക്കുവാനുള്ള കർത്തവ്യം എന്നിൽ ഭാരമേല്പിച്ചു.' *

മക്കാവിജയവേളയിൽ തിരുമേനി (സ) പള്ളിയിലിരിക്കുമ്പോൾ, അബൂബകർ സിദ്ദീഖ് (റ) തന്റെ പിതാവായ ഉസ്മാൻ (അബൂഖുഹാഫ: എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നതു) എന്ന ആളെ കൈപിടിച്ചു പള്ളിയിലേക്കു കൂട്ടിക്കൊണ്ടു വന്നു. വാർദ്ധക്യാതിരേകത്താൽ അദ്ദേഹത്തിന്റെ കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു. അവിടെ വെച്ചു ഉസ്മാൻ (റ) ഇസ്‌ലാംമതം വിശ്വസിച്ചു. [കുടുംബത്തിൽ ഒരാളും ഒഴിഞ്ഞു പോകാതെ സകുടുംബം ഇസ്‌ലാംമതം വിശ്വസിച്ച ഏക വ്യക്തി സഹാബിമാരുടെ കൂട്ടത്തിൽ അബൂബകർ സിദ്ദീഖ് (റ) മാത്രമാകുന്നു. നാലു സന്താനപരമ്പര സഹാബിമാരായ കുടുംബവും സിദ്ദീഖ് (റ) വിന്റേതു തന്നെ. അബൂഖുഹാഫ: (റ), അദ്ദേഹത്തിന്റെ പുത്രനായ അബൂബകർ (റ), അദ്ദേഹത്തിന്റെ പുത്രനായ അബ്ദുർറഹ്മാൻ (റ), അദ്ദേഹത്തിന്റെ പുത്രനായ മുഹമ്മദ് (റ)—ഇവർ നാലു പേരും സഹാബിമാരാകുന്നു.]

കഅ്ബയിലെ ബിംബങ്ങളെ നശിപ്പിച്ചശേഷം, മക്കയിലുള്ള ഒരു വീട്ടിൽപോലും ഒരു ബിംബത്തെപ്പോലും സൂക്ഷിക്കരുതെന്നും, എല്ലാ ബിംബങ്ങളും നിഷ്കാസനം ചെയ്യപ്പെടേണമെന്നും തിരുമേനി (സ) ആജ്ഞാപിച്ചു. ബിംബങ്ങളെല്ലാം നിഷ്കാസനം ചെയ്യപ്പെട്ടു.

അനന്തരം തിരുമേനി സഫാ പർവ്വതത്തിന്മേൽ കയറി, കഅ്ബക്കഭിമുഖമായി നിന്നുകൊണ്ടു, കൈകളുയർത്തി അല്ലാഹുവോടു ദീർഘനേരം പ്രാർത്ഥിച്ചു. മുഹാജിർകളും അൻസാർകളും തിരുമേനി (സ)ക്കു ചുറ്റും തടിച്ചുകൂടി. പ്രാർത്ഥനയിൽ പങ്കുകൊണ്ടു. അൻസാർകളിൽ ഉടലെടുത്ത ആശങ്കയെ ദൂരീകരിപ്പാനായി തിരുമേനി (സ) ഇപ്രകാരം അരുളി:—'അൻസാർകളെ, നിങ്ങളുടെ ആശങ്ക അസ്ഥാനത്താണ്. ഞാൻ അല്ലാഹുവിന്റെ റസൂലും അടിമയുമാകുന്നു. അല്ലാഹു എനിക്കു ഹിജ്റ കല്പിച്ച അന്നുമുതൽ എന്റെ ജീവിതം നിങ്ങളോടൊപ്പമാണ്; എന്റെ മരണവും നിങ്ങളുടെ ഇടയിൽ വെച്ചുതന്നെ.'

തിരുമേനി (സ) ഖുറൈശികളായ സഫ്വാനുബ്നുഉമയ്യത് (റ) വോടു അമ്പതിനായിരം വെള്ളിയും, അബ്ദുല്ലാഹിബ്നുഅബീറബീഅത് (റ) വോടു നാല്പതിനായിരം വെള്ളിയും, ഹുവൈതിബ്നുഅബ്ദുൽഉസ്സാ (റ) വോടു നാല്പതിനായിരം വെള്ളിയും കടം വാങ്ങി,

* ഇദ്ദേഹത്തിന്റെ അനന്തരവന്മാർ മക്കയിലെ ബാങ്കു വിളിക്കാരായിത്തീർന്നു.

സാമ്പത്തിക ഞെരുക്കം അനുഭവിച്ച സഹാബിമാക്കു ദാനം ചെയ്തു. *

മക്കാവിജയത്തിനുശേഷം പത്തൊമ്പതു ദിവസം (പതിനെട്ടെന്നും പതിനഞ്ചെന്നും പക്ഷാന്തരമുണ്ട്) തിരുമേനി (സ) മക്കയിൽ താമസിച്ചു. അതിലിടക്കു ഹുനൈൻ യുദ്ധയാത്രക്കുള്ള ഒരുക്കങ്ങളും പൂർത്തിയാക്കി. മക്കയിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായി ഉതാബുബ്നുഉസൈദ് (റ) വിനെ തിരുമേനി (സ) നിയമിച്ചു. അദ്ദേഹത്തിനു അന്നു പതിനാറു വയസ്സു പ്രായമായിരുന്നു. മക്കക്കാക്കു നിസ്കാരകർമ്മങ്ങളും മറ്റും പഠിപ്പിക്കുവാൻ മുആദ് ബ്നുജബൽ (റ) വിനെ അധികാരപ്പെടുത്തി.

മക്കയിലെ ഉയർന്ന ഭാഗത്തുള്ള കദാഅ് എന്ന സ്ഥലത്തുകൂടി മക്കയിൽ കടന്നു മക്കം കീഴടക്കിയ തിരുമേനി (സ) മക്കയിലെ താഴ്ന്ന ഭാഗത്തുള്ള സനിയ്യത്കുദാ എന്ന സ്ഥലത്തുകൂടി പുറത്തേക്കു കടന്നു. റമളാൻമാസം ഇരുപതാം ദിവസമാണ് മക്ക കീഴടക്കിയതു്. ശവ്വാൽമാസത്തിൽ തിരുമേനി (സ) ഹുനൈനിലേക്കു പുറപ്പെട്ടു.

ഉസ്സ എന്ന ബിംബത്തിന്റെ നേരെ ഖാലിദുബ്നുവലീദ് (റ) വിന്റെ യുദ്ധയാത്ര

മക്കയിൽനിന്നു ഒരു ദിവസത്തെ വഴിയകലെ നഖ്ലത് എന്ന സ്ഥലത്തു പ്രതിഷ്ഠിക്കപ്പെട്ട ഒരു ബിംബമായിരുന്നു ഉസ്സാ. ബനൂകിനാന: ഗോത്രക്കാരുടെ കുലദേവതയായിരുന്നു അതു്. ഒരു വിഭാഗം ഖുറൈശികളും അതിനെ ആരാധിച്ചിരുന്നു. ഉസ്സായെ പ്രതിഷ്ഠിച്ച ഒരു ദേവാലയം പ്രദക്ഷിണം ചെയ്യുന്നതും അവിടെവെച്ചു മൃഗബലി നടത്തുന്നതും അവരുടെ പതിവായിരുന്നു. ഹിജ്റാബ്ദം എട്ടാം വർഷം മക്കാവിജയം നടന്ന റമളാൻ മാസത്തിലെ ഇരുപത്തഞ്ചാംദിവസം, മക്കയിൽ നിന്നുതന്നെ, തിരുമേനി (സ) ഖാലിദുബ്നുവലീദ് (റ) വിന്റെ നേതൃത്വത്തിൽ മുപ്പതു പേരടങ്ങിയ ഒരു കുതിരപ്പട്ടാളത്തെ നഖ്ലത്തിലേക്കു നിയോഗിച്ചു. അവർ നഖ്ലത്തിലെത്തി ഉസ്സാ എന്ന ക്രൂരൻ ബിംബത്തെ മഴുകൊണ്ടു കൊത്തിനുറുക്കി. ആ ബിംബത്തിന്റെ കടപുഴക്കിയപ്പോൾ നഗ്നയായ ഒരു ഭീകരസ്ത്രീരൂപം പ്രത്യക്ഷപ്പെട്ടു, തലയിൽ കൈവെച്ചു നിലവിളിച്ചു. അവരും വാളുകൊണ്ടു കണ്ണുംകണ്ണുമാക്കപ്പെട്ടു. ഈ വിവരം തിരുമേനി (സ)യെ അറിയിച്ചപ്പോൾ 'ഉസ്സാ എന്ന പിശാചു അതു തന്നെ' എന്നു തിരുമേനി (സ) അരുളുകയുണ്ടായി.

സുവാഅ് എന്ന ബിംബത്തിന്റെ നേരെ അംറുബ്നുൽആസീ (റ) വിന്റെ യുദ്ധയാത്ര

സുവാഅ് എന്ന കരിങ്കൽബിംബം മക്കയിൽനിന്നു മൂന്നു നാഴിക അകലെയാണ് പ്രതിഷ്ഠിക്കപ്പെട്ടിരുന്നതു്. ഹുദൈലിയ: എന്ന ഗോത്രക്കാരുടെ ആരാധനാമൂർത്തിയായിരുന്നു സുവാഅ്. റമളാൻ മാസത്തിൽ, മക്കയിൽവെച്ചുതന്നെ തിരുമേനി (സ) അംറുബ്നുൽആസീ (റ) വിനെ, ഈ ബിംബത്തെ തകർക്കുവാനായി നിയോഗിച്ചു. ഇദ്ദേഹത്തോടൊപ്പം നിയോഗിച്ച സഹാബിമാരുടെ എണ്ണം പറഞ്ഞുകാണുന്നില്ല. അംറുബ്നുൽആസീ (റ) ആ ശിലാബിംബത്തെ തകർത്തു തരിപ്പണമാക്കി.

---

* ഹുനൈൻ യുദ്ധം കഴിഞ്ഞപ്പോൾ, ആ യുദ്ധത്തിലെ ഗനീമത്തിൽനിന്നു ഈ കടം വീട്ടുകയുണ്ടായി.

മനാത് എന്ന ബിംബത്തിന്റെ നേരെയുള്ള യുദ്ധയാത്ര

ഖദീദ് എന്ന സ്ഥലത്തിന്നടുത്തുള്ള മുശല്ലൽ എന്ന കടപ്പുറത്തു് സ്ഥാപിക്കപ്പെട്ട ഒരു ബിംബമായിരുന്നു മനാത്. ഈ ബിംബത്തെ ഔസ്‌ഗോത്രക്കാരും, ഖസ്‌റജ് ഗോത്രക്കാരും, ഹുദൈൽഗോത്രക്കാരും ആരാധിച്ചുവന്നു. മക്കാവിജയം നടന്ന റമളാൻ മാസത്തിൽ തന്നെയാണ് ഇരുപതു അശ്വഭടന്മാർ ഈ ബിംബത്തെ തകർപ്പാൻ നിയോഗിക്കപ്പെട്ടതു്. അവർ ആ ബിംബത്തെ അടുത്തപ്പോൾ, മുൻപറഞ്ഞതുപോലുള്ള ഒരു പൈശാചസ്ത്രീരൂപം നിലവിളിച്ചുകൊണ്ടു പ്രത്യക്ഷപ്പെട്ടു. അവർ ആ വികൃത ജീവിയെ വെട്ടിക്കൊന്നശേഷം മനാത് എന്ന ബിംബത്തെ തകർത്തു. ഈ മുസ്‌ലിംസേനക്കു നേതൃത്വം നൽകിയിരുന്നതു സഅ്ദുബ്നുസൈദിൽ അശ്ഹലീ (റ) വാണെന്നു 'മവാഹിബ്' എന്ന ഗ്രന്ഥത്തിലും, ഇബ്നുസഅ്ദ് (റ) വാണെന്നു 'തബഖാത്' എന്ന ഗ്രന്ഥത്തിലും, അബൂസുഫ്യാൻ (റ) വാണെന്നു ഇബ്നുഇസ്ഹാഖ് (റ) വും, അലീ (ക. വ.) ആണെന്നു ഇബ്നുഹിശാം (റ) വിന്റെ സീറാഗ്രന്ഥത്തിലും പറഞ്ഞുകാണുന്നു. ഈ യുദ്ധയാത്രയിൽ ഇവരെല്ലാം പങ്കെടുത്തിരിപ്പാനിടയുണ്ടെന്നാണ് 'സീറതുന്നബവിയ്യ:' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്.

ബനൂജദീമ:ഗോത്രക്കാരെ ഇസ്‌ലാമിലേക്കു ക്ഷണിപ്പാൻ

മക്കാവിജയം നടന്ന റമളാനിനെ തുടർന്നുള്ള ശവ്വാൽ ആദ്യത്തിൽ, ഖാലിദുബ്നുവലീദ് (റ) വിന്റെ നേതൃത്വത്തിൽ മുന്നൂറംഗത്തു പേരടങ്ങിയ ഒരു സംഘത്തെ, തിരുമേനി (സ) ബനൂജദീമ:ഗോത്രക്കാരെ ഇസ്‌ലാമിലേക്കു ക്ഷണിക്കുവാൻ, നിയോഗിച്ചയച്ചു. യമനിന്റെ ഭാഗത്താണ് അവർ താമസിച്ചിരുന്നതു്. ഖാലിദ് (റ) വും സംഘവും അവിടെ എത്തി, അന്വേഷിച്ചപ്പോൾ, തങ്ങൾ മുസ്‌ലിംകളാണെന്നും, നിസ്കരിക്കുന്നവരാണെന്നും തങ്ങൾക്കു സ്വന്തമായി നിസ്കാരപ്പള്ളിയുണ്ടെന്നും അവർ അറിയിച്ചു. ആ വിവരവുമായി ഖാലിദ് (റ) വും സംഘവും മക്കയിലേക്കു തിരിച്ചുവന്നു.

ഹുനൈനി യുദ്ധം

തിരുമേനി (സ) മക്കാനഗരം കീഴടക്കുകയും, അയൽപ്രദേശങ്ങളിലെ അറബികളിൽ പല ഗോത്രക്കാർ തിരുമേനി (സ) ക്കു വഴങ്ങുകയും ചെയ്ത വാർത്തയറിഞ്ഞപ്പോൾ, ഹുനൈനിലെ ജനങ്ങൾ തിരുമേനി (സ) യുമായി ഒരു യുദ്ധത്തിന്നു വട്ടംകൂട്ടി. മക്കയുടെയും താഇഫിന്റെയും ഇടയിൽ, മക്കയിൽനിന്നു മൂന്നു രാത്രിയുടെ വഴിയകലെ സ്ഥിതിചെയ്യുന്ന നാടാണ് ഹുനൈനി. ഹവാസാൻ, സഖീഫ് എന്നീ രണ്ടു പ്രബലഗോത്രക്കാരാണ് ആ നാട്ടിൽ അധിവസിച്ചിരുന്നതു്. ഹവാസാൻ ഗോത്രത്തലവൻ മാലികുബ്നുഔഫുന്നസ്‌രീ എന്ന ആളും, സഖീഫ്ഗോത്രത്തലവൻ കിനാനതുബ്നുഅബ്ദുയാലീൽ എന്ന ആളുമായിരുന്നു. * മുസ്‌ലിംകൾ ഇങ്ങോട്ടു യുദ്ധത്തിനു വരുന്നതു കാത്തു നിൽക്കാതെ, അങ്ങോട്ടുപെന്നു അവരെ എതിർക്കുകയാണു വേണ്ടതെന്നു അവർ തീരുമാനിച്ചു. സഅ്ദ്, നസർ, ഹിലാൽ തുടങ്ങിയ പലഗോത്രക്കാർ ഈ വിഷയത്തിൽ അവരോടു യോജിച്ചു. കഅ്ബ്ഗോത്രക്കാരും കിലാബ്ഗോത്രക്കാരും മാത്രം യോജിച്ചില്ല. ദുറൈദുബ്നുസ്സിമ്മതുസ്സഅ്ദീ എന്ന ആളായിരുന്ന ഹവാസാൻ, സഖീഫ് എന്നീ ഗോ

* ഈ രണ്ടുപേരും പിൽക്കാലത്തു ഇസ്‌ലാംമതം വിശ്വസിച്ചു.

ത്രക്കാരുടെ അംഗീകൃതയുദ്ധനേതാവു്, അഥവാ സേനാനി പക്ഷെ, ഈ സംഭവം നടക്കുന്ന കാലത്തു് അദ്ദേഹത്തിനു് നൂറിരുപതിനും ഇരുന്നൂറിനുമിടയിൽ പ്രായമായിക്കഴിഞ്ഞിരുന്നു മാത്രമല്ല, കണ്ണിന്റെ കാഴ്ച ക്ഷയിച്ചു തുടങ്ങുകയും ചെയ്തിരുന്നു അതുകൊണ്ടു, ദുരൈദിന്റെ അഭിപ്രായത്തിനൊത്തു പ്രവത്തിക്കേണമെന്ന നിബന്ധനയോടുകൂടി, മാലികിബ്നു ഔഫിനെ സേനാനായകനായി അവർ തിരഞ്ഞെടുത്തു വിവിധ ഗോത്രക്കാരടങ്ങിയ മുപ്പതിനായിരം ആളുകൾ ഔതാസു് എന്ന മലച്ചെരുവിൽ സമ്മേളിച്ചു. * പുതിയ സേനാനിയായ മാലികിന്റെ നിർദ്ദേശപ്രകാരം സ്ത്രീകളും കുട്ടികളും കാലികളുമെല്ലാം ഔതാസിൽ ആനയിക്കപ്പെട്ടു. സൈന്യം താവളമടിച്ചു ഔതാസു് എന്ന സ്ഥലത്തെക്കുറിച്ചു ദുരൈദു് അനുകൂലമായ അഭിപ്രായം പറഞ്ഞെങ്കിലും, സ്ത്രീകളെയും കുട്ടികളെയും കാലികളെയും അവിടെ കൊണ്ടുവന്നതു ഉചിതമായില്ല എന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. യുദ്ധമുറകളും പരിചയമില്ലാത്ത സ്ത്രീകളെയും കുട്ടികളെയും രണഭൂമിയിൽ നിറുത്തുന്നതു ആപൽക്കരമാണെന്നും, അവരെ തിരിച്ചയക്കുകയാണു് വേണ്ടതെന്നും ദുരൈദു് ഉപദേശിച്ചെങ്കിലും, മാലികു് അതു സ്വീകരിച്ചില്ല. കഅ്ബുഗോത്രക്കാരും കിലാബുഗോത്രക്കാരും ഈ സംരംഭത്തിൽ പങ്കെടുത്തിട്ടില്ലെന്നറിഞ്ഞപ്പോൾ, അതു ദുർല്ലക്ഷണത്തിന്റെ സൂചനയല്ലെഎന്നു ദുരൈദു് സംശയിച്ചു. അംറുഗോത്രക്കാരെക്കുറിച്ചും ഔഫുഗോത്രക്കാരെക്കുറിച്ചും ദുരൈദിനു യാതൊരു മതിപ്പുമുണ്ടായിരുന്നില്ല ദുരൈദിന്റെ അഭിപ്രായങ്ങളോരോന്നും മാലികുനിരസിച്ചുതുടങ്ങിയപ്പോൾ, രണാങ്കണത്തിൽനിന്നു തിരിച്ചുപോകുവാൻ ദുരൈദു് തീരുമാനിച്ചു ഹവാസാൻ ഗോത്രക്കാരായിരുന്നു ഈ യുദ്ധത്തിലെ മുഖ്യഘടകം. * ദുരൈദു് തന്റെ തീരുമാനം ഹവാസാൻ ഗോത്രക്കാരെ അറിയിച്ചു. ദുരൈദിനെ തിരിച്ചയക്കുന്നപക്ഷം തന്റെ വാഗ്ദാനം കൊണ്ടു താൻ സ്വയംവെട്ടിമരിക്കുമെന്നു മാലികു് ഒരു ഭീഷണിതട്ടിവിട്ടു. ആ ഭീഷണിയെ കണക്കിലെടുത്തുകൊണ്ടു ഹവാസാൻ ഗോത്രക്കാർ ദുരൈദിനെ സമാധാനിപ്പിച്ചു ഔതാസിൽതന്നെ നിൽക്കുവാൻ അപേക്ഷിച്ചു. മാലികിന്റെ നീക്കങ്ങളെ അനുകൂലിക്കുവാൻ നിർവ്വാഹമില്ലെങ്കിലും, നിങ്ങൾക്കുവേണ്ടി എന്റെ ജീവനെ ബലിയർപ്പിക്കുവാൻ ഞാൻ തീരുമാനിച്ചുവെന്നു പറഞ്ഞുകൊണ്ടു ദുരൈദു് ഔതാസിൽത്തന്നെ ഉറച്ചുനിന്നു മാലികിന്റെ അഭിപ്രായമനുസരിച്ചു ആ ക്രൂരൻ സേനയെ യുദ്ധത്തിനു ഒരുക്കിനിറുത്തി. തന്റെ സൈന്യത്തെ പല വിഭാഗങ്ങളായി മാലികു് വിഭജിച്ചു. പല വിഭാഗങ്ങളെ പല സ്ഥലത്തായി ഒളിച്ചുനിറുത്തി. യുദ്ധം തുടങ്ങിയാൽ ആകസ്മികമായി അവർ പല ഭാഗത്തുടെ രംഗപ്രവേശം ചെയ്തു മുസ്‌ലിംകളെ തുരത്തേണമെന്നതായിരുന്നു മാലികിന്റെ പരിപാടി.

ഹിജ്റാബ്ദം എട്ടാം വഷത്തിലെ ശവ്വാൽ മാസം ആറാം തിയ്യതി ശനിയാഴ്ച തിരുമേനി (സ) യും സൈന്യവും മക്കയിൽനിന്നു ഔതാസിലേക്കു പുറപ്പെട്ടു. പന്തീരായിരമോ പതിനാലായിരമോ സഹാബിമാരാണു് തിരുമേനി (സ) യുടെ സൈന്യത്തിലുണ്ടായിരുന്നതു്. പതിനാലായിരം പേർ ഉണ്ടായിരുന്നുവെന്നാണു് അതാഅ്(റ) പറയുന്നതു്. അതിൽ പതിനായി

* ഇക്കാരണത്താൽ ഈ യുദ്ധത്തിനു ഔതാസ് യുദ്ധമെന്നും പേരുണ്ടായി.

* അതുകൊണ്ടു ഈ യുദ്ധം ഹവാസാൻ യുദ്ധം എന്ന പേരിലും അറിയപ്പെടുന്നു.

രമൊ പന്തീരായിരമൊ പേർ മക്കാവിജയത്തിൽ പങ്കെടുത്തവരും മറ്റുള്ളവർ പുതുമുസ്‌ലിംകളുമായിരുന്നു. തിരുമേനി (സ) യുമായി മക്കയിൽ വെച്ചു സഖ്യം ചെയ്ത എൺപതു മുസ്‌ലിംകളും ആ കൂട്ടത്തിലുണ്ടായിരുന്നു. ശവ്വാൽ മാസം പത്താം തിയ്യതി ചൊവ്വാഴ്ച രാത്രി മുസ്‌ലിം സേന ഹുനൈനിയിൽ എത്തിച്ചേർന്നു. മക്കയിൽ നിന്നു പുറപ്പെടുമ്പോൾ തിരുമേനി (സ) സഫ്‌വാൻ (റ) വോട് നൂറു പടയങ്കികളും, തിരുമേനി (സ) യുടെ പിതൃവ്യപുത്രനായ നൌഫൽ (റ) വോട് മുവ്വായിരം കുന്തങ്ങളും ഇരവു വാങ്ങിക്കൊണ്ടു മുസ്‌ലിം സേനയുടെ ആയുധബലം വർദ്ധിപ്പിച്ചിരുന്നു. ഹുനൈനിയിൽ എത്തിയപ്പോൾ തിരുമേനി (സ) വിവിധഗോത്രക്കാക്കുള്ള പതാകകൾ വിതരണം ചെയ്തു. തിരുമേനി (സ) രണ്ടു പടയങ്കികളും പടത്തൊപ്പിയും മുഖാവരണവും ധരിച്ചു. മുസ്‌ലിം സേന അവിടെ നിന്നു മുമ്പോട്ടു നീങ്ങി. നേരം പുലരാറായപ്പോൾ സഹാബിമാരിൽ ഒരു വിഭാഗം അവിടെ കണ്ടെത്തിയ ഹവാസാൻ ഗോത്രക്കാരുമായി യുദ്ധം ചെയ്തു, അവരെ പിന്തിരിച്ചു. സഹാബിമാർ അവരെ പിന്തുടർന്നു തുരത്തുകയും ഗനീമത് ശേഖരിച്ചു തുടങ്ങുകയും ചെയ്തു. അപ്പോഴേക്കും പല ഭാഗങ്ങളിൽ നിന്നായി ശത്രുസേനകൾ രംഗപ്രവേശനം ചെയ്തു ഘോരയുദ്ധം നടത്തിത്തുടങ്ങി. ആകസ്മികമായ ഈ മുന്നേറ്റം മുസ്‌ലിം അണികളെ കൂട്ടം പിരിച്ചു കളഞ്ഞു. മുസ്‌ലിം പക്ഷത്തുണ്ടായിരുന്ന അമുസ്‌ലിംകൾ പിന്തിരിഞ്ഞോടി. പുതുതായി ഇസ്‌ലാംമതം വിശ്വസിച്ചവരും അവരെ പിന്തുടർന്നു. നിയന്ത്രണാതീതമായ ആ വെപ്രാളത്തിൽ സഹാബിമാരിൽ ചിലരും ഓടുകയുണ്ടായി. മുസ്‌ലിംകൾ ഓടുന്നതു കണ്ടപ്പോൾ, തിരുമേനി (സ) യുടെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു നില്ക്കുകയായിരുന്ന അബ്ബാസ് (റ) വോടു, അവരെ വിളിക്കുവാൻ തിരുമേനി (സ) കല്പിച്ചു. 'ഹേ, അൻസാർകളെ, സംറത് എന്ന മരച്ചുവട്ടിൽ വെച്ചു ഉടമ്പടി ചെയ്തവരെ, സൂറതുൽ ബഖറ:യിൽ പരാമർശിക്കപ്പെട്ടവരെ, * തിരിച്ചു വരിക' എന്നു അദ്ദേഹം വിളിച്ചു പറഞ്ഞു. ആ ആഹ്വാനം കേട്ടവർ തിരിച്ചു വന്നു.

ഹുനൈനി യുദ്ധത്തിൽ സഹാബിമാരിൽ ചിലർ ഓടുകയുണ്ടായി എന്ന വസ്തുതയെ സ്ഥിരീകരിച്ചു കൊണ്ടു, 'പക്ഷെ, ധാരാളം സഹാബിമാർ തിരുമേനി (സ) യോടൊപ്പം ഉറച്ചു നിന്നു'വെന്നു ബറാഉബ്നു ആസിബ് (റ) പ്രസ്താവിച്ചിരിക്കുന്നു. അബൂബകർ (റ); ഉമർ (റ), ഉസ്മാൻ (റ), അലീ (ക. വ.), അബ്ബാസ് (റ), ഫളലുബ്നുൽ അബ്ബാസ് (റ), അബൂസുഫ്യാനുബ്നുൽഹർസ് (റ), ഉസാമതുബ്നുസൈദ്(റ), നബീഅതുബ്നുൽഹർസ് (റ), അബൂലഹബിന്റെ മക്കളായ ഉത്ബത്, മുഅ്തിബ് (റ) ഉമ്മു അയ്മന്റെ പുത്രനായ അയ്മൻ (റ) എന്നിവരെല്ലാം ഉറച്ചു നിന്നവരിൽ ഉൾപ്പെടുന്നു. തിരുമേനി (സ) യോടൊപ്പം ഉറച്ചു നിന്ന സഹാബിമാരുടെ എണ്ണം പത്താണെന്നും, പന്ത്രണ്ടാണെന്നും, എൺപതാണെന്നും, നൂറാണെന്നും, മുന്നൂറാണെന്നും ചരിത്ര പണ്ഡിതന്മാർ പല വിധത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ അഭിപ്രായങ്ങളെല്ലാം ശരിയായിരിപ്പാൻ ഇടയുമുണ്ട്. സഹാബിമാർ ഒരുമിച്ചു നില്ക്കുകയും, തിരുമേനി (സ) യുടെ ഇടഭാഗത്തും വലഭാഗത്തും മുൻഭാഗത്തും പിൻഭാഗത്തുമായി പിരിഞ്ഞു നില്ക്കുകയും ചെയ്തിട്ടുണ്ടാവാം. രംഗം അനുനിമിഷം മാറിക്കൊണ്ടിരുന്നിട്ടുണ്ടാവാം. ഓരോ

---

* എത്രയൊ ന്യൂനപക്ഷം ആളുകൾ അല്ലാഹുവിന്റെ കല്പനയാൽ ബഹുഭൂരിപക്ഷത്തെ ജയിക്കുന്നുവെന്നു സൂറതുൽബഖറ:യിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

വീക്ഷണകോണിൽ ഓരോരുത്തരുടെ ദൃഷ്ടിയിൽപ്പെട്ട ആളുകളുടെ എണ്ണമാണ് ഓരോരുത്തർ പ്രസ്താവിച്ചിട്ടുള്ളത്.

ഇബ്നുമസ്ഊദ് (റ) പറയുന്നു:-'ഹുനൈനി യുദ്ധത്തിൽ തിരുമേനി (സ) യോടൊപ്പം ഞാനുണ്ടായിരുന്നു. സഹാബിമാരിൽ പലർ പിന്തിരിഞ്ഞോടിയപ്പോൾ, തിരുമേനി (സ) യോടൊപ്പം അടിപതറാതെ ഉറച്ചു നിന്ന അൻസാർ—മുഹാജിർകളായ എൺപതു പേരിൽ ഞാനും ഉൾപ്പെട്ടിരുന്നു. ഞങ്ങളെ അനുധാവനം ചെയ്യുവാൻ ഞങ്ങൾ ശത്രുക്കൾക്കു അവസരം നല്കിയില്ല. തിരുമേനി (സ) ദുൽദുൽ എന്ന കുതിരപ്പുറത്തിരുന്നു. അബ്ബാസ് (റ) കുതിരയുടെ കടിഞ്ഞാൺ പിടിച്ചു നിന്നു. *

തിരുമേനി (സ) യുടെ പിതൃവ്യപുത്രനായ അബൂസുഫ്യാനുബ്നുൽ ഹർസ്. (റ) പറയുന്നു:—'ഹുനൈനിയിൽ ശത്രുക്കൾ ഇരമ്പിക്കയറിയപ്പോൾ, തിരുമേനി (സ) യുടെ സന്നിധിയിൽ വെച്ചു മരിപ്പാൻ ഉദ്ദേശിച്ചുകൊണ്ടു ഞാൻ വാൾ ഊരിപ്പിടിച്ചു അവരുമായി യുദ്ധം ചെയ്തു. എന്റെ മുന്നേറ്റത്തെ സൂക്ഷിച്ചു നോക്കിക്കൊണ്ടു തിരുമേനി (സ) എനിക്കു വേണ്ടി പ്രാർത്ഥിച്ചു. മുസ്‌ലിംകൾ പിന്തിരിഞ്ഞോടുന്നതു കണ്ടപ്പോൾ അഹംഭാവികളായിത്തീർന്ന ഹവാസാൻ ഗോത്രക്കാർ നിയന്ത്രണമില്ലാതെ മുന്നേറിക്കൊണ്ടിരിക്കുന്നതു കണ്ടപ്പോൾ തിരുമേനി (സ) അവരിൽ ഒരു കക്ഷിയോടെതിർപ്പാനായി കുതിരയെ മുമ്പോട്ടു നീക്കി. തിരുമേനി (സ) ഒരു പിടി മണ്ണ് വാരിയെടുത്തു ശത്രുക്കളുടെ നേരെ എറിഞ്ഞുകൊണ്ടു 'ശാഹത്തുൽവുജൂഹ്' * എന്നു പറഞ്ഞു. ആ മണ്ണ് പതിയാതെ ഹവാസാൻ പക്ഷത്തു ഒരാളുടെ കണ്ണും ഒഴിവായില്ല. മണ്ണ് പതിഞ്ഞതും അവർക്കു കണ്ണു കാണാതായെന്നു മാത്രമല്ല, അവർ അത്യന്തം വിഷമിക്കുകയും ചെയ്തു. ഹവാസാൻ സേന ഭയന്നോടി. ആ ഓട്ടത്തിൽ ചിലർ നിലത്തു വീണു മരിച്ചു; പലരും ബന്ധനസ്ഥരാക്കപ്പെട്ടു.

ശത്രുപക്ഷത്തുണ്ടായിരുന്ന ഒരു വ്യക്തിയെ ഉദ്ധരിച്ചുകൊണ്ടു അബ്ദുർറഹ്മാനിബ്നിമൈലാ (റ) പറയുന്നു:- 'ആ ശത്രുഭടൻ പറഞ്ഞു: ഞങ്ങളും റസൂലിന്റെ സൈന്യവും ഹുനൈനി യുദ്ധത്തിൽ ഏറ്റുമുട്ടി. ഒരു ആട്ടിനെ കറക്കുന്നതു സമയംപോലും ഞങ്ങളോടെതിർത്തു നിൽക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവർ പിന്തിരിഞ്ഞോടിക്കളഞ്ഞു. ഞങ്ങൾ അവരുടെ പിന്നാലെ ഓടി. ആ ഓട്ടത്തിൽ ഞങ്ങൾ വെള്ളക്കുതിരപ്പുറത്തിരിക്കുന്ന ഒരാളുടെ അടുത്തെത്തി. ആ ആളുടെ മുഖത്തു ഒരു ദീപ്തിവിശേഷം തിളങ്ങുന്നുണ്ടായിരുന്നു. കുറെ ആളുകൾ അവിടുത്തെ ചുറ്റിനിന്നിട്ടുണ്ട്. ആ ഉജ്ജ്വലനായ വ്യക്തി അല്ലാഹുവിന്റെ റസൂലായിരുന്നു. 'നിങ്ങളുടെ മുഖങ്ങൾ ചീത്തയാവട്ടെ; മടങ്ങു' എന്നു" തിരുമേനി (സ) ആജ്ഞാപിച്ചു. ആ ആജ്ഞാപനം ഞങ്ങളെ പിന്തിരിപ്പിച്ചു.'

പിൻതിരിഞ്ഞോടിയ സഹാബിമാരെ തിരുമേനി(സ) യുടെ നിർദ്ദേശമനുസരിച്ചു അബ്ബാസ് (റ) തിരിച്ചുവിളിച്ചുവെന്നു പറഞ്ഞുവല്ലൊ. നാഴികകൾക്കപ്പുറം കേൾക്കത്തക്കതായിരുന്ന അദ്ദേഹത്തിന്റെ ശബ്ദം. ആ ആഹ്വാനം കേട്ടപ്പോൾ, അനുസരണത്തോടും സന്തോഷത്തോടും കൂടി തിരുമേനി (സ) യുടെ സന്നി

* ഉമർ ഫാറൂഖ് (റ) വാണ് കുതിരയുടെ കടിഞ്ഞാൺ പിടിച്ചിരുന്നതെന്നും പറയപ്പെട്ടിട്ടുണ്ട്. അവർ രണ്ടു പേരും രണ്ടു അവസരങ്ങളിലായി കുതിരയുടെ കടിഞ്ഞാൺ പിടിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്.

* ആ മുഖങ്ങൾ ചീത്തയാവട്ടെ.

ധിയിൽ തിരിച്ചുവന്നു. ശത്രുക്കളുടെ അണിയിൽ കയറി യുദ്ധം ചെയ്യുവാൻ തിരുമേനി (സ) അവർക്കു കല്പന നൽകി. സഹാബിമാർ ശത്രുക്കളെ നേരിട്ട് ഉഗ്രയുദ്ധം നടത്തി. ആ യുദ്ധത്തിന്റെ ഉഗ്രതയെ തിരുമേനി (സ) പ്രശംസിച്ചു. ശത്രുക്കളിൽ പലർ കൊല്ലപ്പെട്ടു; നിരവധി പേർ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു. ശത്രുക്കൾ പറെറ പരാജയമടഞ്ഞു. കൂടുതൽ ആളുകളെ കൊല്ലാതിരിപ്പാൻ തിരുമേനി (സ) സഹാബിമാർക്കു നിർദ്ദേശം നൽകി. [തിരുമേനി (സ) ഒരു യുദ്ധത്തിലും പിന്തിരിഞ്ഞിട്ടില്ലെന്നും, പിന്തിരിഞ്ഞിട്ടുണ്ടെന്നുള്ള വാദത്തിൽനിന്നു പിന്മാറാത്തവരെ കൊന്നുകളയേണമെന്നും സഹാബിമാർ ഐകകണ്ഠ്യേന പ്രസ്താവിച്ചിരിക്കുന്നു.] 'മുസ്‌ലിംകളുമായുള്ള യുദ്ധത്തിൽ പരാജയപ്പെട്ടു ഞങ്ങൾ പിന്തിരിഞ്ഞോടിയപ്പോൾ, വഴിയിലുള്ള കല്ലുകളും മരങ്ങളും മറവും ഞങ്ങളെ എതിർക്കുന്നതായി ഞങ്ങൾക്കു തോന്നി'യെന്നു, ഹവാസാൻ ഗോത്രക്കാരിൽനിന്നു പിന്നീടു ഇസ്‌ലാംമതം വിശ്വസിച്ച ചിലർ പ്രസ്താവിച്ചിരിക്കുന്നു.

തിരുമേനി (സ) അല്ലാഹുവോടു പ്രാർത്ഥിച്ചതിന്റെ ഫലമായി ഉടനെതന്നെ യുദ്ധരംഗത്തു മലക്കുകൾ നിയോഗിക്കപ്പെട്ടു. നിയുക്തരായ മലക്കുകളുടെ എണ്ണം അയ്യായിരമെന്നും, എണ്ണായിരമെന്നും, പതിനായിരമെന്നും പറയപ്പെട്ടിട്ടുണ്ടു്. ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടുള്ള ആയത്തുകൾ വിശുദ്ധ ഖുർആനിൽ ഉണ്ടു്. പിന്തിരിഞ്ഞോടിയ സഹാബിമാർക്കു ആയത്തുവഴി മാപ്പു നൽകപ്പെട്ടു.

യുദ്ധരംഗത്തു്, ഹവാസാൻ ഗോത്രക്കാരുടെ മുന്നണിയിൽ ചേർന്ന ഒട്ടകപ്പുറത്തിരുന്നുകൊണ്ടു ഒരാൾ ഒരു കറുത്ത കൊടികൊണ്ടു സന്ദേശം നൽകുന്നതു അലി (ക. വ.) കാണുകയുണ്ടായി. ദുൽഹിമാർ എന്നായിരുന്ന ആ സേനാനിയുടെ പേർ അലി (ക. വ.) ആയാൾ കയറിയ ഒട്ടകത്തെ വെട്ടി നിലത്തിട്ടു. ദുൽഹിമാറിനെ ഒരു അൻസാരി ഭടൻ തുണ്ടം തുണ്ടമാക്കുകയും ചെയ്തു.

ആദ്യത്തെ ഏറ്റുമുട്ടലിൽ മുസ്‌ലിംസേന പിന്തിരിഞ്ഞോടിയ വാർത്ത അറിഞ്ഞപ്പോൾ മക്കക്കാരായ ഒരു വിഭാഗം ആളുകൾ ആഹ്ലാദം പ്രകടിപ്പിച്ചു. ഈ കാട്ടം കടൽക്കരവരെ അവർ ഓടും എന്നു ചിലർ പരിഹാസപൂർവ്വം പ്രഖ്യാപിച്ചു. മുഹമ്മദിന്റെ ഇന്ദ്രജാലം അവസാനിച്ചുവെന്നു ഹിശാമുബ്നുകൽബ് പറഞ്ഞപ്പോൾ, അന്നു ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ലെങ്കിലും സഫ്‌വാൻ (റ) അയാളോടു കയർത്തു. സഫ്‌വാൻ (റ) വിന്റെ മാതാവിൽ മറെറാരു ഭർത്താവിനു ജനിച്ച പുത്രനാണു് പ്രസ്തുത ഹിശാം. ഹവാസാൻ ഗോത്രക്കാരനു കീഴടങ്ങുന്നതിനേക്കാൾ ഖുറൈശിഗോത്രക്കാരനു കീഴടങ്ങുന്നതിലാണു് ഞാൻ അഭിമാനിക്കുന്നതെന്നു അദ്ദേഹം പ്രസ്താവിച്ചു. പിന്നീടു്, വൈകുന്നേരം മുസ്‌ലിംകളുടെ വിജയവാർത്ത മക്കത്തെത്തിയപ്പോൾ, നേരത്തെ പരിഹസിച്ചവർ അമ്പരന്നു, വായടക്കി.

ദുറൈദ് എന്ന പടുവൃദ്ധനായ മുൻസേനാനി, ഒരു ഒട്ടകപ്പുറത്തു ഒരു ക്ലാരത്തിനുള്ളിൽ ഇരിക്കുകയായിരുന്നു. റബീഅതുബ്നുറഫീഉസ്സൽമീ (റ) ആ ക്ലാരം കണ്ടപ്പോൾ, അതിനകത്തിരിക്കുന്നതു ഒരു സ്ത്രീയായിരിക്കുമെന്നു സംശയിച്ചു. അദ്ദേഹം ആ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചപ്പോൾ, താനാരാണെന്നു ദുറൈദ് ചോദിച്ചു. ഞാൻ റബീഅതുബ്നുറഫീഉസ്സൽമീയാണെന്നു അദ്ദേഹം അറിയിച്ചപ്പോൾ, 'ഉഗ്നത്തിന്റെ മകനൊ' * എന്നു ദുറൈദ് അന്വേഷിച്ചു. അതെ എ

* അദ്ദേഹത്തിന്റെ മാതാവിന്റെ പേർ ഉഗ്നത് എന്നായിരുന്നു.

ന്നു അദ്ദേഹം ഉത്തരം പറഞ്ഞു. തന്റെ ഉദ്ദേശ്യമെന്താണെന്നു ഉമ്മൈദ് ചോദിച്ചപ്പോൾ 'തന്നെ കൊല്ലുക തന്നെ' എന്നു പറഞ്ഞുകൊണ്ടു റബീഅത് (റ) അയാളെ വെട്ടുകയുണ്ടായി. ആ വെട്ടു അയാൾക്കു ഫലിച്ചില്ല. രണ്ടാമതു്, ഉമ്മൈദിന്റെ നിർദ്ദേശമനുസരിച്ചു റബീഅത് (റ) അയാളെ വെട്ടിക്കൊന്നു. *

ഹുനൈനി യുദ്ധത്തിൽ അബൂതൽഹത് (റ) വിന്റെ കൂടെ അദ്ദേഹത്തിന്റെ പത്നിയായ ഉമ്മുസുലൈം (റ) യും ഉണ്ടായിരുന്നു. അന്നു അവർ അബ്ദുല്ലാഹിബ്നുഅബീതൽഹത് (റ) വിനെ ഗർഭം ധരിച്ചിരിക്കുകയായിരുന്നു. അവർതന്നെ അരയിൽ ഒരു കഠാരി തിരുകി വെച്ചതു അബൂതൽഹത് (റ) കാണുകയുണ്ടായി. ഇതെന്തിനാണെന്നന്വേഷിച്ചപ്പോൾ ഏതെങ്കിലും ഒരു ശത്രു എന്നെ സമീപിക്കുകയാണെങ്കിൽ അവന്റെ കഥ കഴിക്കുവാൻ തന്നെ എന്നു ആ വീരമഹതി മറുപടി നൽകി. അബൂതൽഹത് (റ) ഈ വിവരം തിരുമേനി (സ) യെ അറിയിച്ചപ്പോൾ, തിരുമേനി (സ) സന്തോഷത്താൽ, മുൻപല്ല പ്രത്യക്ഷമാകത്തക്ക വിധം പുഞ്ചിരി തൂകി.

ജുബൈറുബ്നുമുത്ഇം (റ) പറയുന്നു:- 'ഹവാസാൻഗോത്രക്കാർ പിന്തിരിഞ്ഞോടുന്നതിനുമുമ്പു്, ഞങ്ങൾ അവരുമായി യുദ്ധംചെയ്തുകൊണ്ടിരിക്കെ, ആകാശത്തുനിന്നു കറുത്ത ഒരു സാധനം ഞങ്ങൾക്കും അവർക്കും ഇടയിൽ വീണതായി ഞാൻ കണ്ടു. അതു മലക്കുകളായിരുന്നുവെന്നതിനു സംശയമില്ല. ആ സാധനം വീണപ്പോഴാണു് ശത്രുക്കൾ പിന്തിരിഞ്ഞോടിയതു്.'

ഈ സംഭവത്തെക്കുറിച്ചു ഹവാസാൻഗോത്രക്കാരായ ചിലർ ഇപ്രകാരം പറയുകയുണ്ടായി:- "കറുപ്പുകലർന്ന വെള്ളക്കുതിരപ്പുറത്തിരുന്നുകൊണ്ടു മഞ്ഞത്തലപ്പാവണിഞ്ഞ ചില സുന്ദരപുരുഷന്മാർ അന്തരീക്ഷത്തിലൂടെ പാറിക്കളിക്കുന്നതു ഞങ്ങൾകണ്ടു. അതുകണ്ടപ്പോൾ ഞങ്ങൾ ഭയചകിതരായിപ്പോയി. യുദ്ധത്തിൽ നിന്നു പിന്തിരിഞ്ഞോടുകയല്ലാതെ ഞങ്ങളെ സംബന്ധിച്ചേടത്തോളം ഗത്യന്തരമുണ്ടായില്ല."

ബുധനാഴ്ച പുലരാറായപ്പോൾ, രാത്രിയുടെ അന്ത്യയാമത്തിലാണു് ആദ്യസംഘട്ടനം നടന്നതു്. ആ യുദ്ധത്തിൽ, ശത്രുക്കളുടെ ആകസ്മികമായ മുന്നേറ്റം അതിവേഗം മുസ്‌ലിംകളെ പിന്തിരിച്ചു. നേരം പുലന്നപ്പോൾ, ബുധനാഴ്ച രാവിലെ, രണ്ടാമത്തെ യുദ്ധംനടന്നു. ആ യുദ്ധത്തിൽ, അതിവേഗംതന്നെ മുസ്‌ലിംകൾ എതിരാളികളെ പറെപരാജയപ്പെടുത്തി. രണ്ടുതവണയും ഏതാനും മണിക്കൂറുകൾ മാത്രമെ യുദ്ധം നടന്നുള്ളൂ. ഈ യുദ്ധത്തിൽ മുസ്‌ലിംപക്ഷത്തുനിന്നു നാലു സഹാബിമാർ ശഹീദായി. ശത്രുപക്ഷത്തുനിന്നു എഴുപതുപേർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. മുന്നൂറിലേറെപ്പേർ പിന്തിരിഞ്ഞോടുമ്പോൾ നിലത്തു വീണുമരിച്ചു. നിരവധി പുരുഷന്മാരും ആറായിരം സ്ത്രീകളും ബന്ധനസ്ഥരാക്കപ്പെട്ടു. ഇരുപത്തിനാലായിരം ഒട്ടകങ്ങളെയും നാല്പതിനായിരത്തിലേറെ ആടുകളെയും കുറെയേറെ പശുക്കളെയും യുദ്ധമുതലുകളായി മുസ്‌ലിംകൾ പിടിച്ചെടുത്തു. നാലായിരം ഉൗഖിയത്തുകൂം വെള്ളികളും മുസ്‌ലിംകൾക്കു ഗനീമത്തായി ലഭിച്ചു.

യുദ്ധം അവസാനിച്ചപ്പോൾ മുസ്‌ലിം സേന അവരുടെ തമ്പുകളിലേക്കു മടങ്ങി. നിരവധി പുരുഷകളോടുകൂടി തന്റെ തമ്പിൽ ഇരിക്കുകയായിരുന്ന ഖാലിദുബ്നുവലീദ് (റ)വിനെ തിരുമേനി(സ) സന്ദർശിച്ചു. തിരുമേനി(സ)

* ദുറൈദിനെ വധിച്ചതു സുബൈറുബ്നുൽ അവ്വാം (റ) വാണെന്നു പക്ഷാന്തരമുണ്ടു്.

തുക്കരംകൊണ്ടു അദ്ദേഹത്തിന്റെ ശരീരത്തിൽ തടവിയപ്പോൾ അദ്ദേഹത്തിന്നു പൂർണ്ണാരോഗ്യം വീണ്ടുകിട്ടി. ആഇദുബ്‌നുഅംറ് (റ) പറയുന്നു:-"ഹുനൈനി യുദ്ധത്തിൽ എന്റെ നെറ്റിത്തടത്തിൽ ഒരു കല്ലേറുകൊണ്ടു. നെറ്റിത്തടം പൊട്ടി ചോരയൊലിച്ചു. തിരുമേനി (സ) ആ മുറിവിൽ തുക്കരംകൊണ്ടു തടവിയ ഉടനെ ആ മുറിവു സുഖപ്പെട്ടു. തുക്കരം പതിഞ്ഞതിന്റെ അടയാളമായി ആ മുറിവിൽ ഒരു പാടു് അവശേഷിച്ചു.

അബീആമിറിൽ അശ്അരീ (റ) വിന്റെ യുദ്ധയാത്ര

ഹുനൈനി യുദ്ധത്തിൽനിന്നു പിന്തിരിഞ്ഞോടിയ ഹവാസിൻ ഗോത്രക്കാരിൽ ഒരു വിഭാഗം ഔതാസിലും, മറ്റൊരു വിഭാഗം താഇഫിലും മൂന്നാമതൊരു വിഭാഗം നഖ്‌ലത്തിലും രക്ഷ പ്രാപിച്ചു. അബൂമൂസൽ അശ്അരീ (റ) വിന്റെ പിതൃവ്യനായ അബൂആമിർ (റ) വിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം സഹാബിമാരെ തിരുമേനി (സ) അവരുടെ പിന്നാലെ അനുധാവനം ചെയ്യിച്ചു. സൽമതുബ്‌നുൽഅക്‌വഇ (റ) വും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഔതാസിൽ രക്ഷപ്പെട്ടവരെ അബൂആമിർ (റ) വിന്റെ സേന കണ്ടുമുട്ടി. അവരെ അദ്ദേഹം ഇസ്‌ലാമിലേക്കു ക്ഷണിച്ചു. ക്ഷണം സ്വീകരിക്കുന്നതിനുപകരം യുദ്ധത്തിനാണവർ ഒരുങ്ങിയതു്. അവരിൽ ഓരോരുത്തരായി മുമ്പോട്ടുവന്ന അബൂആമിർ (റ) വുമായി യുദ്ധംചെയ്തു. 'പടച്ചവനെ, ഇയാളെ ഞാൻ ദീനിലേക്കു ക്ഷണിച്ചുവെന്നതിനു നീ സാക്ഷിയാണെ' എന്നുപറഞ്ഞുകൊണ്ടു, അവരിൽനിന്നു ഒന്നിനുപുറകെ ഒന്നായി മുമ്പോട്ടുവന്ന ഒമ്പതുപേരെ അദ്ദേഹം വധിച്ചു. പത്താമത്തെ രംഗപ്രവേശംചെയ്ത ആളാം 'പടച്ചവനെ, എന്നെസ്സംബന്ധിച്ചേടത്തോളം നീ സാക്ഷിയാകുന്നു' എന്നു പറഞ്ഞപ്പോൾ അബൂആമിർ (റ) അല്പനേരം അറച്ചുനിന്നുപോയി. ആ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ടു ആ പ്രതിയോഗികൊടിക്കളഞ്ഞു. പിന്നീടദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. പിന്നീടു, ഫർസി ബ്‌നുജശമിന്റെ മക്കളായ അലാഉം ഔഫും മുമ്പോട്ടുവന്നു. അവരുമായുള്ള യുദ്ധത്തിൽ അബൂആമിർ (റ) ശഹീദായി. അതിനെത്തുടന്നു അബൂമൂസാ (റ) നേതൃത്വം ഏറ്റെടുത്തു. അദ്ദേഹം അബൂആമിർ (റ) വിന്റെ ഘാതകന്മാരടക്കം ശത്രുക്കളിൽ ചിലരെ വധിക്കുകയും പലരെ ബന്ധനസ്ഥരാക്കുകയും, ഔതാസ് കീഴടക്കി ഗനീമത് കൈവശപ്പെടുത്തുകയും ചെയ്തു

തുഫൈലുബ്‌നുഅംറുദ്ദൂസീ (റ) വിന്റെ യാത്ര

ഹുനൈനി യുദ്ധം അവസാനിച്ചശേഷം, തിരുമേനി (സ) യും സൈന്യവും താഇഫിലേക്കാണു് പുറപ്പെട്ടതു് താഇഫിലേക്കുള്ള യാത്രാമദ്ധ്യേ തിരുമേനി (സ) ദുൽകഫൈനി എന്ന ബിംബത്തെ (മരംകൊണ്ടു നിർമ്മിക്കപ്പെട്ടതായിരുന്ന ആ ബിംബം) ചുട്ടുകരിച്ചു ചാമ്പലാക്കുവാൻ നിർദ്ദേശിച്ചുകൊണ്ടു തുഫൈൽ (റ) വിനെ അങ്ങോട്ടു നിയോഗിച്ചു. അദ്ദേഹവും അദ്ദേഹത്തിന്റെ വംശക്കാരായ നാനൂറു പേരും കൂടി പുറപ്പെട്ടു ദുൽകഫൈനി എന്ന ബിംബത്തെ ചുട്ടുകരിച്ചു. അതിനുശേഷം അവർ താഇഫിലേക്കു പുറപ്പെട്ടു. തിരുമേനി (സ) യും സൈന്യവും താഇഫിൽ എത്തിയതിന്റെ നാലാംദിവസം തുഫൈൽ (റ) വും കൂട്ടുകാരും താഇഫിൽ എത്തിച്ചേർന്നു.

താഇഫ് യുദ്ധം

ഹുനൈനിയിൽ നിന്നു പിന്തിരിഞ്ഞോടിയ സഖീഫ് ഗോത്രക്കാർ താഇഫിൽ അഭയം പ്രാപിച്ചു. മാലിക്ബ്‌നുഔഫും അയാ

ളം കക്ഷിയും സഖീഫ് ഗോത്രക്കാരെ ആശ്രയിച്ചുകൊണ്ട് താഇഫിൽ എത്തിച്ചേർന്നു. അവർ വീണ്ടും ഒരു യുദ്ധത്തിനു വട്ടംകൂട്ടി. ഒരു കൊല്ലത്തേക്കുള്ള ഭക്ഷ്യസാധനങ്ങളും അവർ അവരുടെ കോട്ടക്കകത്തു ശേഖരിച്ചു. വേണ്ടത്ര ആയുധങ്ങളും സംഭരിച്ചു. ഈ വിവരങ്ങളെല്ലാം തിരുമേനി (സ) ക്കു അപ്പപ്പോൾ ലഭിച്ചുകൊണ്ടിരുന്നു. താഇഫിൽ ഒരുങ്ങിനിൽക്കുന്ന ശത്രുസേനയെ നേരിടുവാൻ തിരുമേനി (സ) തീരുമാനിച്ചു. തിരുമേനി (സ) യും സഹാബിമാരും ഹുനൈനിയിൽനിന്നു താഇഫിലേക്കു പുറപ്പെട്ടു.

മക്കയുടെ കിഴക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന സമ്പൽസമൃദ്ധമായ ഒരു രാജ്യമാണു താഇഫ്. കോട്ടകളാൽ വലയം ചെയ്ത രാജ്യമെന്നും, തവാഫ് ചെയ്ത രാജ്യമെന്നും താഇഫിനു അർത്ഥമുണ്ട്. ഇബ്‌റാഹീം നബി (അ) പ്രാർത്ഥിച്ചതനുസരിച്ചു ജിബ്‌രീൽ (അ) ഈ രാജ്യത്തെ പൊക്കിയെടുത്തു കഅ്ബയെ തവാഫ് ചെയ്യുന്ന പൂർവ്വസ്ഥാനത്തു പുനഃസ്ഥാപിച്ചുവെന്നാണു പറയപ്പെടുന്നതു്. തന്മൂലം ഈ രാജ്യം അനശ്വരസമ്പത്താൽ അനുഗൃഹീതമായി.

ഖാലിദുബ്നു വലീദ് (റ) വിന്റെ നേതൃത്വത്തിൽ ഒരു ചെറുസംഘത്തെ മുന്നോടിയായി തിരുമേനി (സ) താഇഫിലേക്കു നിയോഗിച്ചു. അവർ താഇഫിലെത്തി ശത്രുക്കളുടെ കോട്ടക്കരികിലൂടെ സഞ്ചരിച്ചപ്പോൾ, കോട്ടക്കകത്തു നിന്നു ശത്രുക്കൾ അവരുടെ നേരെ അതിശക്തിയായി അമ്പുകളെയ്തു തന്മൂലം, തിരുമേനി (സ) യുടെ പത്നിയായ ഉമ്മുസൽമ: (റ) യുടെ സഹോദരൻ അബ്ദുല്ലാഹിബ്നു ഉമയ്യത്തുൽ മഖ്സൂമി (റ) വും മറെറാരു സഹാബിയും ശഹീദായി. അബൂസുഫ്യാൻ (റ) വിന്റെ ഒരു കണ്ണു മുഴുന്നു പോയി. *

തിരുമേനി (സ) യും സഹാബിമാരും താഇഫിലെത്തിയപ്പോൾ അറിഞ്ഞ വിവരം ഇതായിരുന്നു. തന്മൂലം, താഇഫ്കാരുടെ കോട്ടയിൽ നിന്നു അല്പം അകലെയായി തിരുമേനി (സ) യും സഹാബിമാരും താവളമടിച്ചു. ആ സ്ഥലത്താണു് ഇന്നു മസ്ജിദുത്ത്വാഇഫ് സ്ഥിതി ചെയ്യുന്നതു്

ഹിജ്റാബ്ദം എട്ടാം വർഷത്തിലെ ശവ്വാൽ മാസം പന്ത്രണ്ടാം തിയ്യതി വ്യാഴാഴ്ചയാണു് തിരുമേനി (സ) താഇഫിലെത്തിയതു് ശത്രുക്കളെ കോട്ടക്കകത്തു ഉപരോധിച്ചുകൊണ്ടു സഹാബിമാർ കോട്ട വളഞ്ഞു. ഖാലിദുബ്നു വലീദ് (റ) ശത്രുക്കളെ വെല്ലുവിളിച്ചു. തങ്ങളുടെ കയ്യിലുള്ള ഭക്ഷ്യസാധനങ്ങൾ തീരുന്നതുവരെ തങ്ങൾ കോട്ടക്കകത്തു നിന്നു പുറത്തു വരികയില്ലെന്നും, അതു തീർന്നാൽ ഒരു ജീവന്മരണപ്പോരിന്നായി തങ്ങൾ ഒന്നടക്കം പുറത്തിറങ്ങുമെന്നും അവരുടെ നേതാവായ അബ്ദുയാലീൽ മറുപടി നല്കി. അതിലിടക്കു്, സൽമാനുൽ ഫാർസീ (റ) വിന്റെ ഉപദേശമനുസരിച്ചു, മുസ്ലിംകൾ 'മഞ്ചനീഖ്' എന്ന ഒരു തെറുവില്ലുണ്ടാക്കുകയും, ഒരു ഉയർന്ന സ്ഥലത്തു നിന്നു ആ വില്ലിൽ കല്ലുകൾ തൊടുത്തു വിട്ടുകൊണ്ടു കോട്ടക്കകത്തുള്ള ശത്രുക്കളെ ശല്യപ്പെടുത്തുകയും ചെയ്തു. ശത്രുക്കളെ ഇളക്കി വിടുവാൻ ഉദ്ദേശിച്ചുകൊണ്ടു മുസ്ലിംകൾ ചില മുന്തിരിത്തോട്ടങ്ങൾ നശിപ്പിച്ചു. എന്നിട്ടും ശത്രുക്കൾ ഇളകുന്നില്ലെന്നു കണ്ടപ്പോൾ ആ നശീകരണപ്രവർത്തനത്തിൽ നിന്നു മുസ്ലിംകൾ പിൻവാങ്ങി. കോട്ടക്കകത്തു നിന്നു പു

* ഈ കണ്ണിനു പകരം സ്വർഗ്ഗത്തിൽ ഒരു കണ്ണു കിട്ടിയാൽ മതിയെന്നു തിരുമേനി (സ) യോടു പറഞ്ഞുകൊണ്ടു, ആ കണ്ണു് അദ്ദേഹം വലിച്ചെറിഞ്ഞു.

റത്തിറങ്ങുന്ന അടിമകളും-അവർ ആരുടെ അടിമയായാലും ശരി-സംരക്ഷിക്കപ്പെടുമെന്ന പ്രഖ്യാപിക്കുവാൻ തിരുമേനി (സ) ആജ്ഞാപിച്ചു. ആ പ്രഖ്യാപനം കേട്ടപ്പോൾ, ഹർ സുഖ്നകൽഭത്തിന്റെ അടിമയായ അബൂ ബകറത് തുടങ്ങി പത്തു അടിമകളും ഇറങ്ങി വന്നു. തിരുമേനി (സ) അവരെ സ്വതന്ത്രരാക്കുകയും സഹാബിമാർക്കു വിട്ടു കൊടുക്കുകയും ചെയ്തു. ഈ സംഭവം ശത്രുപക്ഷത്തിൽ അമ്പരപ്പുളവാക്കി.

കോട്ടക്കകത്തു പ്രവേശിച്ച ശത്രുക്കളെ ഇസ്‌ലാമിലേക്കു ക്ഷണിക്കുവാൻ തന്നെ അനുവദിക്കേണമെന്നു ഉയൈനത്തുബ്നുഹിസ്ൻ (റ) തിരുമേനി (സ) യോടാവശ്യപ്പെട്ടു. അദ്ദേഹം സഖീഫ് ഗോത്രക്കാരുടെ സുഹൃത്തായിരുന്നു. തിരുമേനി (സ) അനുമതി നല്കി അദ്ദേഹം കോട്ടയിൽ കടന്നു ചെന്നു ശത്രുക്കളെ ധൈര്യപ്പെടുത്തുമാറ് അവരോടു ഇപ്രകാരം പറഞ്ഞു:- ജനങ്ങളെ, നിങ്ങളും ഈ നിലനില്പിൽ ഉറച്ചു നിന്നുകൊള്ളുക. ഞങ്ങളും അടിമകളേക്കാളും തരം താണ നിലയിലാണുള്ളതു്.' അദ്ദേഹം ഇറങ്ങി വന്നപ്പോൾ, 'എന്തുണ്ടായി' എന്നു തിരുമേനി (സ) അന്വേഷിച്ചു. താൻ അവരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുവെന്നു അദ്ദേഹം പറഞ്ഞപ്പോൾ, നിങ്ങളും അസത്യമാണു് പറയുന്നതെന്നു തിരുമേനി (സ) പ്രസ്താവിക്കുകയും, അദ്ദേഹം അവരോടു പറഞ്ഞ വാക്കുകളും ആവർത്തിക്കുകയും ചെയ്തു. ഇതു കേട്ടപ്പോൾ, ഉയൈനത് (റ) ഞെട്ടിപ്പോയി. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു കോളിളക്കം സംഭവിച്ചു. കുറെ സമ്മതിച്ചുകൊണ്ടു അദ്ദേഹം തിരുമേനി (സ) യോടു മാപ്പപേക്ഷിച്ചു.

ഉപരോധം കൊണ്ടു ഫലമില്ലെന്നു കണ്ടപ്പോൾ, കോട്ട പൊളിക്കുവാനുള്ള അനുമതിക്കായി സഹാബിമാർ തിരുമേനി (സ) യോടാവശ്യപ്പെട്ടു. തിരുമേനി (സ) അനുമതി നല്കിയില്ല. എന്തുകൊണ്ടാണു് ശത്രുക്കളുമായി യുദ്ധം ചെയ്യുവാൻ ആഹ്വാനം നല്കാത്തതെന്നു അവർ അന്വേഷിക്കുമ്പോൾ, 'അല്ലാഹുവിന്റെ കല്പന കിട്ടാത്തതുകൊണ്ടു്' എന്നു തിരുമേനി (സ) മറുപടി നല്കി.

താഇഫ് കീഴടങ്ങിക്കഴിഞ്ഞാൽ, ഗയലാന്റെ മകൾ ബാദിയത്തിന്റേയോ, ഉബൈലിന്റെ മകൾ ഫാരിഅത്തിന്റേയോ ആഭരണങ്ങൾ * തനിക്കു നല്കേണമെന്നു, ഉസ്മാനുബ്നു മള്ഊൻ (റ) വിന്റെ പത്നിയായ ഖൌല (റ) അപേക്ഷിച്ചപ്പോൾ, 'അവരുമായി യുദ്ധം ചെയ്യുവാൻ കല്പന ലഭിക്കും മുമ്പാണൊ ആഭരണം നല്കേണ്ടതു?' എന്നു തിരുമേനി (സ) മറുപടി നല്കി. ഈ വിവരം ഖൌല: (റ) ഉമർഫാറൂഖ് (റ) വിനെ അറിയിച്ചു. ഖൌല: പറഞ്ഞതു ശരിയാണൊ എന്നു അദ്ദേഹം തിരുമേനി (സ) യോടന്വേഷിച്ചപ്പോൾ 'അതെ' എന്നു തിരുമേനി (സ) മറുപടി നല്കി.

താഇഫിൽ, ഉമ്മുസൽമ: (റ), സൈനബ: (റ) എന്നീ രണ്ടു പത്നിമാർ തിരുമേനി (സ) യോടൊപ്പമുണ്ടായിരുന്നു. അവർക്കു രണ്ടു വീടുകളും തിരുമേനി (സ) താഇഫിൽ പണിയിച്ചു.

താഇഫ് കോട്ടയുടെ ഉപരോധം പതിനെട്ടു ദിവസക്കാലം നീണ്ടു നിന്നു. ഇബ്നു ഇസ്ഹാഖ് (റ) പറയുന്നു:- 'നെയ് നിറച്ച ഒരു പാത്രം എനിക്കു സമ്മാനമായി വന്നു; അതു ഒരു കോഴി കൊത്തി മറിച്ചു; എന്നിപ്രകാരം എനിക്കു് ഒരു സ്വപ്നമുണ്ടായി എന്നു തിരുമേനി (സ) പറഞ്ഞപ്പോൾ, താഇഫ് കീഴടക്ക

* സഖീഫ് ഗോത്രക്കാരുടെ കൂട്ടത്തിൽ കൂടുതൽ ആഭരണസമ്പത്തുള്ളവരായിരുന്നു പ്രസ്തുത സ്ത്രീകൾ.

വാനുള്ള നമ്മുടെ ഉദ്ദേശ്യം ഈ ഘട്ടത്തിൽ ഫലപ്രദമാവുകയില്ല എന്നതാണ് ആ സ്വപ്നത്തിന്റെ സൂചന എന്നു അബൂബക്കർ സിദ്ദീഖ് (റ) ആ സ്വപ്നത്തിന്നു ഒരു വ്യാഖ്യാനം നല്കി. തിരുമേനി (സ) ആ വ്യാഖ്യാനത്തെ ശരിവെച്ചു.'

താഇഫിൽ നിന്നു മടങ്ങുവാൻ തിരുമേനി (സ) നിർദ്ദേശം നല്കി. സഹാബിമാർ തിരിച്ചു പോകുവാൻ സന്നദ്ധരായി; 'താഇഫ്കാരെ നീ സന്മാർഗ്ഗത്തിലാക്കേണമെ' എന്നു പ്രാർത്ഥിച്ചു തിരുമേനി (സ) താഇഫിൽ നിന്നു യാത്ര പുറപ്പെട്ടു. തിരുമേനി (സ) യും സഹാബിമാരും ജുഅ്റാനത്തിലേക്കാണ് നീങ്ങിയതു്. വഴിയിൽ വെച്ചു സുറാഖത്തുബ്നു മാലിക് എന്ന ആളെ കണ്ടു മുട്ടി. മുൻ നിശ്ചയമനുസരിച്ചു അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചു. ജുഅ്റാനത്തിൽ സൂക്ഷിച്ചിരുന്ന ഗനീമത് (യുദ്ധമുതൽ) തിരുമേനി (സ) പരിശോധിച്ചു. സൂക്ഷിച്ചിരുന്ന വസ്തുക്കളെല്ലാം അവിടെ ഉണ്ടെന്നു കണ്ടു തിരുമേനി (സ) സംതൃപ്തനായി. ഒരു പക്ഷെ, ഹവാസാൻ ഗോത്രക്കാർ ഇസ്‌ലാംമതം സ്വീകരിപ്പാൻ ഒരുങ്ങിവരികയാണെങ്കിൽ, അവരിൽനിന്നു പിടിച്ചെടുത്ത ഗനീമത്തുകൾ അവക്കു തന്നെ തിരിച്ചു കൊടുക്കേണമെന്ന ഉദ്ദേശ്യം വെച്ചു, ആ മുതലുകൾ വിഭജിച്ചു വിതരണം ചെയ്യാതെ അതെ നിലയിൽ സൂക്ഷിച്ചു വെച്ചു. തിരുമേനി (സ) പത്തു ദിവസം ജുഅ്റാനത്തിൽ താമസിച്ചു. അതിലിടക്കു ഹവാസാൻ ഗോത്രക്കാർ വരായ്കയാൽ തിരുമേനി (സ) ആ മുതൽ വിഭജിച്ചു, സഹാബിമാർക്കിടയിൽ വിതരണം ചെയ്തു.

അതിലിടക്കു്, ഒരു മദ്ധ്യവർത്തി മുഖേന തിരുമേനി (സ) അയച്ചു ആഹ്വാനമനുസരിച്ചു് മാലികിബ്നുഔഫ് എന്ന ഹവാസാൻ ഗോത്രത്തലവൻ, താഇഫ് കോട്ടയിൽനിന്നു രക്ഷപ്പെട്ടു ജുഅ്റാനത്തിൽ ചെന്നു, തിരുമേനി (സ) യുടെ സന്നിധിയിൽ വെച്ചു ഇസ്‌ലാംമതം വിശ്വസിച്ചു * അദ്ദേഹത്തിന്റെ വീട്ടുകാരിൽപ്പെട്ട യുദ്ധത്തടവുകാരെ തിരുമേനി (സ) അദ്ദേഹത്തിന്നു വിട്ടുകൊടുത്തു. അദ്ദേഹത്തിന്റെ സ്വത്തുക്കളും അദ്ദേഹത്തിന്നു തിരിച്ചുനൽകി. അതിന്നുപുറമെ നൂറു ഒട്ടകങ്ങളെ തിരുമേനി (സ) അദ്ദേഹത്തിന്നു സമ്മാനിക്കുകയും ചെയ്തു.

യുദ്ധമുതലുകൾ വിഭജിച്ചു വിതരണം ചെയ്തുകഴിഞ്ഞപ്പോൾ, ഹവാസാൻ ഗോത്രക്കാർ കൂട്ടത്തോടെ തിരുമേനി (സ) യുടെ സന്നിധിയിൽ വന്നു ഇസ്‌ലാംമതം വിശ്വസിച്ചു. തങ്ങളിൽനിന്നു പിടിച്ചെടുത്ത യുദ്ധത്തടവുകാരടക്കമുള്ള മുതലുകൾ തങ്ങൾക്കു തിരിച്ചു നൽകേണമെന്നു അവർ അഭ്യർത്ഥിച്ചു. മുതലുകൾ മുഴുവനും, ബന്ധനസ്ഥരും വിതരണം ചെയ്യപ്പെട്ടുപോയെന്നും, നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം ഒന്നുകിൽ- ബന്ധനസ്ഥരെയൊ അല്ലെങ്കിൽ സ്വത്തുക്കളോ തിരിച്ചുതരാമെന്നും തിരുമേനി (സ) അവരെ അറിയിച്ചു. ആളുകളെ വിട്ടുകിട്ടിയാൽ മതിയെന്നു അവർ ബോ

---

* ഇസ്‌ലാംമതം വിശ്വസിച്ചതോടുകൂടി മാലികുബ്നുഔഫ് (റ) ഇസ്‌ലാമിന്റെ ഉത്തമസഹകാരിയായി മാറി. സഖീഫ്ഗോത്രക്കാർ കീഴടങ്ങുന്നതു വരെ അദ്ദേഹം മുസ്‌ലിം പക്ഷത്തു നിന്നുകൊണ്ടു അവരോടു യുദ്ധം ചെയ്തു. ഉമർഫാറൂഖ് (റ) വിന്റെ ഭരണകാലത്തു നടന്ന ഫാരസിയ്യ യുദ്ധത്തിലും ദിംശിഖ് (ഡമസ്കസ്) യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തു.

ധിപ്പിച്ചു. * അന്നു ളുഹ്‌ർ നിസ്കരിച്ചു കഴിഞ്ഞപ്പോൾ സഹാബിമാരെ അഭിമുഖീകരിച്ചുകൊണ്ടു തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:- 'ഞാൻ നിങ്ങൾക്കു വീതിച്ചുതന്ന ആളുകളെ ഹവാസാൻ ഗോത്രക്കാർക്കു തിരിച്ചുകൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരെ നിങ്ങൾ സൌജന്യമായി തിരിച്ചുകൊടുക്കുകയാണെങ്കിൽ അങ്ങിനെ ചെയ്യുക. അല്ലെങ്കിൽ ആളൊന്നുക്കു ആറു ഒട്ടകങ്ങൾ എന്ന കണക്കിൽ പ്രതിഫലം നൽകുവാൻ ഞാൻ ഒരുക്കമാണു്. എനിക്കു ഗനീമത്തായൊ മറ്റു വിധത്തിലൊ ലഭിക്കുന്ന സ്വത്തിൽ നിന്നു ആദ്യം ഈ കടം വീട്ടിക്കൊള്ളാമെന്നു ഞാൻ ഏറ്റുപറയുന്നു.' ഉയ്യൈനത് (റ) ഒഴിച്ചുള്ള എല്ലാ സഹാബിമാരും തങ്ങൾക്കു വീതിച്ചു കിട്ടിയ ആളുകളെ സൌജന്യമായി വിട്ടുകൊടുത്തു. ഉയ്യൈനത് (റ) വിനു ഒരു വൃദ്ധയെയാണു് കിട്ടിയിരുന്നതു്. ആ വൃദ്ധയുടെ മകനായ സുഹൈബ്നുസർദ് മഹാ ധനികനാണെന്നദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടു, കനത്ത പ്രതിഫലം നൽകി തള്ളയെ ആ മകൻ വീണ്ടെടുക്കുമെന്നു അദ്ദേഹം പ്രതീക്ഷിച്ചു. അദ്ദേഹത്തിന്റെ പ്രതീക്ഷ അസ്ഥാനത്തായില്ല. തള്ളയെ വിട്ടുകൊടുക്കുകയാണെങ്കിൽ ആറു ഒട്ടകങ്ങളെ പ്രതിഫലമായി നൽകാമെന്നു സുഹൈർ അദ്ദേഹത്തെ അറിയിച്ചു. കൂടുതൽ കിട്ടുമെന്നു ഉയ്യൈനത് (റ) ശഠിയും പിടിച്ചു. സുഹൈർ ഒഴിഞ്ഞുപോയി. പിന്നീടു അദ്ദേഹം സുഹൈറിനെ സമീപിച്ചുകൊണ്ടു ആറു ഒട്ടകങ്ങൾക്കു പകരമായി തള്ളയെ വിട്ടുതരാമെന്നു പറഞ്ഞപ്പോൾ, അദ്ദേഹം വഴങ്ങിയില്ല. അമ്പതു ഒട്ടകങ്ങളെ തരാമെന്നു അദ്ദേഹം മറുപടി പറഞ്ഞു. പല തവണയായി നടന്ന വിലപേശൽ, അവസാനം ആറു ഒട്ടകങ്ങളുടെ സ്ഥാനത്തെത്തിച്ചേർന്നു. വീണ്ടും വില പേശുവാൻ ഒരുങ്ങാതെ ആറു ഒട്ടകങ്ങൾക്കു പകരം ഉയ്യൈനത് (റ) ആ വൃദ്ധയെ സുഹൈറിനു വിട്ടുകൊടുത്തു.

ഹുനൈനിയിൽ നിന്നു പിടിച്ചെടുത്ത ഗനീമത് വിതരണം

ഇസ്‌ലാം ചരിത്രത്തിലെ ശ്രദ്ധേയമായ ചില സംഭവങ്ങൾക്കു ജ്ഞാനത് എന്ന സ്ഥലം സാക്ഷ്യം വഹിച്ചു ഹുനൈനിയിൽ നിന്നു ലഭിച്ച യുദ്ധമുതലുകൾ ജ്ഞാനത്തിൽ വെച്ചാണു് വിതരണം ചെയ്യപ്പെട്ടതു്. മക്കാവിജയവേളയിൽ ഇസ്‌ലാമത്തെ വിശ്വസിച്ചു, വിശ്വാസദാർഢ്യം സിദ്ധിച്ചു കഴിയാത്ത, മക്കക്കാരായ സഹാബിമാർക്കാണു് തിരുമേനി (സ) മുൻഗണന നൽകിയതു്. വിശ്വാസികളല്ലാത്ത, പിൽക്കാലത്തു വിശ്വസിച്ച, സഫ്വാൻ (റ) വിനെ പോലുള്ളവരെയും അക്കൂട്ടത്തിൽ ഉൾപ്പെടുത്തി. അക്കൂട്ടത്തിൽപ്പെട്ട ഉസ്മാനുബ്നുവഹബ് (റ), ഉമൈറുബ്നുവഹബ് (റ), ഉമൈറുബ്നുവഹബ് (റ), ഉയ്യുബ്നുഖൈസ് (റ), അംറുബ്നുമിർദാസ് (റ), മഹ്സമതുബ്നുനൌഫൽ (റ), ഹിശാമി ബ്നുഅംറിൽആമിരീ (റ), സുഹൈബ്നുഅബ്ദു (റ) എന്നിവർക്കു അമ്പതു വീതം ഒട്ടകങ്ങളെ കൊടുത്തു. പ്രത്യേക പരിഗണനയുടെ

---

* തിരുമേനി (സ) യുമായി മുലകുടിബന്ധമുള്ള ശിമാഅ് എന്ന മഹതിയും ബന്ധനസ്ഥരിൽ ഉൾപ്പെട്ടിരുന്നു. തിരുമേനി (സ) യുടെ ധാത്രിയായ ഹലീമാബീയും ആ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നുവെന്നും തിരുമേനി (സ) അവരെ തന്റെ സ്വന്തം വിരിപ്പിൽ ഇരുത്തി ബഹുമാനിക്കുകയും അവരുടെ അപേക്ഷയനുസരിച്ചു ബന്ധനസ്ഥരാക്കപ്പെട്ട ആറായിരം സ്ത്രീകളെ സ്വതന്ത്രകളാക്കുകയും ചെയ്തുവെന്നും പറയപ്പെട്ടിട്ടുണ്ടു്.

അടിസ്ഥാനത്തിലാണ് ഇവർക്ക് അമ്പതുവീതം ഒട്ടകങ്ങളെ നൽകപ്പെട്ടത്. അപ്രകാരം തന്നെ അബൂസുഫ്‌യാൻ യസീദിബ്‌നുഅബീസുഫ്‌യാൻ, മുആവിയഇബ്‌നുഅബീസുഫ്‌യാൻ, ഹകീമുബ്‌നുഹിസാം, അഖ്‌നസുബ്‌നുസുറൈഖ്, ജുബൈറുബ്‌നുമുത്ഇം, ജദ്ദുബ്‌നുഖൈസുസ്സഹ്മീ, ഹർസുബ്‌നുൽഹർസ്, ഹർസുബ്‌നുഹിശാം, ഹാതിബുബ്‌നുഅബ്ദിൽഉസ്സാ, ഹർമലതുബ്‌നുഖൈദ്:, ഹുവൈതുബ്‌നുഅബ്ദിൽഉസ്സാ, ഹകീമുബ്‌നുതലീഖ്, ഖാലിദുബ്‌നുഉസൈദ്, ഖലഫുബ്‌നുഹിശാം, സുഹൈറുബ്‌നുഅബീഉസൈദ്, സൈദുൽഖൈൽ, സാഇബുബ്‌നുഅബിസ്സാഇബ്, സൈഫിയ്യിബ്‌നുആഇദ്, സഹ്‌ലുബ്‌നുഅംറ്, സുഹൈബ്‌നുഅംറ്, ശൈബതുബ്‌നുഉസ്മാനുൽജഹ്ബീ, അബ്ദുർറഹ്മാനുബ്‌നുയഅ്ഖൂബുസ്സഖ്ഫീ, സുഫ്‌യാനുബ്‌നുഅബ്ദിൽഅസദിൽമഖ്സൂമി, അഖ്റഉബ്‌നുഹാബിസ്, ഉയൈനതുബ്‌നുഹിസ്ൻ, അബ്ബാസിബ്‌നുമിർദാസ്, അബൂജഹ്മുബ്‌നുഹുദൈഫത്, അബൂസുഫ്‌യാനുബ്‌നുൽഹർസിബ്‌നുഅബ്ദിൽമുത്തലിബ്, ഇക്‌രിമതിബ്‌നുആമിരിൽഅബ്ദരീ, അലഖമതുബ്‌നുഅലാനത്, അംറുബ്‌നുൽഅഹ്തം, അലാഇബ്‌നുജാരിയത്, കഅ്ബുബ്‌നുൽഅഖ്നസ്, ലുബൈദുബ്‌നുറബ്വീഅത്, മാലികുബ്‌നുഔഫ്, മുതീഉബ്‌നുൽഅസ്‌വദിൽഖുറശീ, നുബൈഹുബ്‌നുൽഹർസ്, നുഫൈലുബ്‌നുമുആവിയതുൽകിനാനീ, ഹിശാമുബ്‌നുൽവലീദിൽമഖ്സൂമീ (റ) എന്നിവർക്കു നൂറുവീതം ഒട്ടകങ്ങൾ നൽകപ്പെട്ടു. മുസ്‌ലിം പക്ഷത്തായിരുന്നെങ്കിലും, അന്നു വിശ്വസിച്ചിട്ടില്ലായിരുന്ന സഫ്‌വാനുബ്‌നുഉമയ്യത്തിനു വേണ്ടത്ര നൽകപ്പെട്ടു. അബൂസുഫ്‌യാൻ (റ) വിനും അദ്ദേഹത്തിന്റെ പുത്രന്മാരായ യസീദ്, മുആവിയ എന്നിവർക്കും നൂറുവീതം ഒട്ടകങ്ങൾക്കു പുറമെ നാല്പതു ഊഖിയത്തുക്കും വീതം വെള്ളിയും നൽകപ്പെട്ടു. ഹകീമിബ്‌നുഹിസാം (റ) വിനു മുമ്പു നൂറു ഒട്ടകങ്ങളെ കൊടുത്തു. അദ്ദേഹം വീണ്ടും ആവശ്യപ്പെട്ടപ്പോൾ നൂറു ഒട്ടകങ്ങളെക്കൂടി കൊടുക്കുകയുണ്ടായി. അതുകൊണ്ടും അദ്ദേഹം തൃപ്തനായില്ല. അപ്പോൾ നൂറു ഒട്ടകങ്ങളെക്കൂടി നൽകിക്കൊണ്ടു തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:— 'ഹകീമേ, ഇതു ഉത്തമമായ മുതലാണ്. കിട്ടിയതുകൊണ്ടു തൃപ്തിപ്പെട്ടാൽ നന്ന്. കൂടുതൽ വേണമെന്നു ആശിക്കുന്നതുകൊണ്ടു നേട്ടമില്ല. അങ്ങിനെ ആശിക്കുന്നവൻ എത്ര തിന്നാലും വയറു നിറയാത്തവനു തുല്യമാണ്.' ഇതു കേട്ടപ്പോൾ, നൂറു ഒട്ടകങ്ങളെ മാത്രം താനെടുക്കുകയും, ഇരുനൂറു ഒട്ടകങ്ങളെ തിരുമേനി (സ) ക്കു തിരിച്ചു നൽകുകയും ചെയ്തുകൊണ്ടു, അദ്ദേഹം ഇപ്രകാരം ബോധിപ്പിച്ചു:- 'അല്ലാഹുവിന്റെ റസൂലെ, താങ്കളെ റസൂലായി നിയോഗിച്ച അല്ലാഹുവാണെ സത്യം, താങ്കളുടെ കാലശേഷം ഒരാളിൽനിന്നും ഞാൻ ദാനം സ്വീകരിക്കുകയില്ല." *

മുഹാജിർകളായ ഉന്നതവ്യക്തികൾക്കും അൻസാർകൾക്കും തിരുമേനി (സ) ഓഹരി നല്കുകയുണ്ടായില്ല. കാലാൾ സേനയിലെ ഒരു ഭടനു നാല് ഒട്ടകങ്ങളും നാല്പതു ആടുകളും എന്ന തോതിലും, അശ്വസേനയിലെ ഒരു ഭടനു—അയാളുടെ കയ്യിലുള്ള കുതിരകളുടെ എണ്ണത്തെ പരിഗണിക്കാതെ പന്ത്രണ്ടു ഒട്ടകങ്ങളും, നൂറിരുപതു ആടുകളും എന്ന തോതിലും ഹുനൈനിലെ ഗനീമത് വിഭജിക്കപ്പെട്ടു. അൻസാർകളെ പൂർണ്ണമായും മുഹാജിർകളെ ഭാഗികമായും മാറ്റി നിറുത്തിക്കൊണ്ടു നടത്ത

---

* ഉമർ ഫാറൂഖ് (റ) വിന്റെ ഭരണകാലത്തു അദ്ദേഹത്തിനു സംഭാവന നല്കുവാൻ ഖലീഫ ഒരുങ്ങിയെങ്കിലും അദ്ദേഹം സ്വീകരിച്ചില്ല.

പ്പെട്ട ഈ വിഭജനത്തേയും ചിലർക്ക് പ്രത്യേക പരിഗണന നല്കിക്കൊണ്ട് നടത്തപ്പെട്ട വിതരണത്തേയും മുനാഫിഖുകൾ ആക്ഷേപിച്ചു. ഈ വിഷയത്തിൽ തിരുമേനി (സ) പക്ഷപാതപരമായ നയമാണ് അവലംബിച്ചതെന്നും, അല്ലാഹുവിന്റെ പ്രീതിക്കു പകരം സ്വജനങ്ങളുടെ പ്രീതി നേടുവാനുദ്ദേശിച്ചുകൊണ്ടാണ് ഇങ്ങിനെ പ്രവർത്തിച്ചതെന്നും ഉള്ള ഗുരുതരമായ ഒരാരോപണം അവർ ഉന്നയിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:-'ഞാൻ നീതി പ്രവർത്തിച്ചില്ലെങ്കിൽ പിന്നെ നീതി പ്രവർത്തിക്കുന്നവർ ആരുണ്ട്. എന്റെ സഹോദരനായ മൂസാനബിക്ക് അല്ലാഹു നന്മ ചെയ്യട്ടെ. അദ്ദേഹത്തിന്റെ ജനങ്ങൾ അദ്ദേഹത്തെ ഇതിനേക്കാളേറെ കഠിന ദ്രോഹങ്ങൾക്കു വിധേയനാക്കി. അദ്ദേഹം ക്ഷമിച്ചു.' പ്രസ്തുത ആക്ഷേപം ഉന്നയിച്ചവരെ വധിക്കുവാൻ ഉമർ ഫാറൂഖ് (റ) വും ഖാലിദുബ്നു വലീദ് (റ) വും, അനുമതി തേടിയെങ്കിലും, തിരുമേനി (സ) അവരെ വിരോധിച്ചു. മുനാഫിഖുകളല്ലാത്ത ചില അൻസാർകളും ഈ വിഷയത്തിൽ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അവർ ചോദിച്ചു:- 'ഞങ്ങളെ ഒഴിച്ചു നിറുത്തിക്കൊണ്ട് ഗനീമത്തു മുഴുവനും ഖുറൈശികൾക്കു വിതരണം ചെയ്തതിരുമേനി (സ) ക്കു അല്ലാഹു പൊറുത്തു കൊടുക്കട്ടെ. ഹുനൈനിയിൽ കൊല്ലപ്പെട്ടവരുടെ രക്തം ഞങ്ങളുടെ വാളുകളിൽ നിന്നും ഉണങ്ങീട്ടില്ല. യുദ്ധത്തിന്നു ഞങ്ങൾ; ഗനീമത്തിന്നു മറ്റുള്ളവർ! ഇതെന്തൊരുത്തുതമാണ്. ആരുടെ ഹിതമനുസരിച്ചാണ് ഇങ്ങിനെ ചെയ്തതെന്നറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അല്ലാഹുവിന്റെ ഹിതമനുസരിച്ചാണെങ്കിൽ ഞങ്ങൾ തൃപ്തിപ്പെട്ട തിരുമേനി (സ) യുടെ സഹിതമനുസരിച്ചാണെങ്കിൽ ഞങ്ങൾ ഇനിയെ ചോദ്യം ചെയ്യും.' ഈ വിവരമറിഞ്ഞപ്പോൾ, തിരുമേനി (സ) അൻസാർകളെ വിളിച്ചു കൂട്ടുകയും അവരെ അഭിമുഖീകരിച്ചുകൊണ്ട് സുദീർഘമായ ഒരു പ്രസംഗം നടത്തുകയുമുണ്ടായി. ആ പ്രസംഗത്തിൽ തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:-'അൻസാർകളെ, അടുത്ത കാലത്തു ഇസ്‌ലാം മതത്തിലേക്കു വന്നവരും ഹൃദയങ്ങളിൽ വിശ്വാസം വേരുന്നിക്കഴിഞ്ഞിട്ടില്ലാത്തവരുമായ ആളുകളിൽ ആത്മവിശ്വാസവും വിശ്വാസദാർഢ്യവും ഉളവാക്കുവാനുദ്ദേശിച്ചുകൊണ്ടു യുദ്ധമുതലുകൾ ഞാൻ അവർക്കു പങ്കിട്ടു കൊടുത്തു. ആ മുതലുമായി അവർ അവരുടെ നാട്ടിലേക്കു പോകും. നിങ്ങളാവട്ടെ, അല്ലാഹുവിന്റെ റസൂലിനേയും കൊണ്ടാണ് നിങ്ങളുടെ നാട്ടിലേക്കു പോവുക. ഈ അവസ്ഥയെ നിങ്ങൾ തൃപ്തിപ്പെടുന്നില്ലയോ. നിങ്ങളുടെ മടക്കയാത്ര അവരുടെ മടക്കയാത്രയെ അപേക്ഷിച്ചു കൂടുതൽ ഉത്തമമത്രെ'. ഇതു കേട്ടപ്പോൾ 'ഞങ്ങൾ തൃപ്തിപ്പെട്ടു'വെന്നു അൻസാർകൾ ഏകകണ്ഠമായി പ്രതിവചിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞു. 'നിങ്ങൾക്കും നിങ്ങളുടെ സന്താനസന്തതികൾക്കും അല്ലാഹു കൃപ ചെയ്യട്ടെ' എന്നു തിരുമേനി (സ) പ്രാർത്ഥിച്ചപ്പോൾ അവരുടെ കണ്ണുകളിൽ നിന്നു കണ്ണീർ കുത്തിയൊലിച്ചു. 'താങ്കൾ നടത്തിയ വിഭജനവും വിതരണവും ഞങ്ങൾ തൃപ്തിപ്പെട്ടു'വെന്നു ഏകകണ്ഠമായി അവർ ബോധിപ്പിച്ചു.

ഈ സംഭവങ്ങളെല്ലാം നടന്നതിന്നു ശേഷം, ദുൽഖഅ്ദ് മാസം പതിനെട്ടാം തിയ്യതി * ബുധനാഴ്ചയൊ വ്യാഴാഴ്ചയോ രാത്രി ജുഅ്റാനത്തിൽ വെച്ചു തിരുമേനി (സ) ഉംറക്കു 'ഇഹ്റാം' കെട്ടി. തിരുമേനി (സ) മക്കയിൽ പ്രവേശിച്ചു, തവാഫും സഅ്യും നിർവ്വ

* ദുൽഖഅ്ദ് മാസം അഞ്ചു കഴിഞ്ഞു രാത്രിയെന്നും പക്ഷാന്തരമുണ്ട്.

ഹിക്കുകയും തലമുടി ക്ഷൌരം ചെയ്യിക്കുകയും ചെയ്ത ശേഷം, ജുഅ്‌റാനത്തിൽ തന്നെ തിരിച്ചെത്തുകയും, അവിടെനിന്ന സഹാബിമാരോടൊപ്പം മദീനയിലേക്ക പുറപ്പെടുകയും ചെയ്യും. ദുൽഖഅ്ദ് മാസാവസാനം * * തിരുമേനി (സ) യും സഹാബിമാരും മദീനയിൽ എത്തിച്ചേന്ന.

മക്കാ വിജയത്തിന്നായുള്ള യാത്രയിൽ, തിരുമേനി (സ) എൺപതിൽ പരം ദിവസങ്ങൾ ചെലവഴിച്ചുവെന്നാണ് അൽഹാഫിള് ഇബ്‌ന ഹജർ (റ) പറയുന്നത്. ആകെ, ആ യാത്രയിൽ തിരുമേനി (സ) രണ്ടു മാസവും പതിനാറു ദിവസവും മദീനക്ക പുറത്തു താമസിച്ചുവെന്നാണ് ‘മവാഹിബ്’ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചു കാണുന്നത്.

ഖൈസുബ്‌ന സഅ്ദിന്റെ യാത്ര

ജുഅ്‌റാനത്തിൽ നിന്ന മദീനയിലേക്ക മടങ്ങുമ്പോൾ, ഖൈസുബ്‌ന സഅ്ദുബ്‌ന ഉബാദതിൽ ഖസ്‌റജീ (റ) വിന്റെ നേതൃത്വത്തിൽ നാനൂറു പേരടങ്ങിയ ഒരു കുതിരപ്പട്ടാളത്തെ, തിരുമേനി(സ) യമനിലേക്ക നിയോഗിച്ചു. സദാഅ് എന്ന ഗോത്രക്കാരുമായി നേരിടുന്നതിന്ന വേണ്ടിയാണ് ആ സേന നിയോഗിക്കപ്പെട്ടത്. ഈ വിവരം അറിഞ്ഞപ്പോൾ, സിയാദുബ്‌ന്ൽ ഹർബ് (റ) തിരുമേനി (സ) യെ സമീപിച്ചുകൊണ്ട ഇപ്രകാരം ബോധിപ്പിച്ചു:-‘യാറസൂലുള്ളാ, സദാഅ് ഗോത്രത്തലവനാണ് ഞാൻ താങ്കൾ ആ സൈന്യത്തെ തിരിച്ചു വിളിക്കേണമെന്ന ഞാൻ അപേക്ഷിക്കുന്ന. ഞാൻ പോയി തന്റെ ഗോത്രക്കാരെ മുഴുവൻ തിരുമേനി (സ) യുടെ സന്നിധിയിൽ കൊണ്ട വരാം. അവർ ഇസ്‌ലാംമതം വിശ്വസിക്കുമെന്ന എനിക്കുറപ്പുണ്ട്.’ ഈ അഭ്യർത്ഥനയനുസരിച്ച്, യമനിലേക്ക പുറപ്പെട്ട സൈന്യത്തെ തിരിച്ചു വിളിക്കുവാൻ തിരുമേനി(സ) ആജ്ഞാപിച്ചതനുസരിച്ച്, സഹാബിമാരിൽ ചിലർ അവരെത്തേടി പുറപ്പെടുകയും തിരിച്ചു വിളിക്കുകയും ചെയ്തു. സിയാദ് (റ) അദ്ദേഹത്തിന്റെ ഗോത്രക്കാരെ സമീപിച്ച വസ്തുതകൾ ധരിപ്പിക്കുകയും അവരെ മുഴുവനും തിരുസന്നിധിയിൽ ഹാജരാക്കുകയുമുണ്ടായി. സദാഅ് ഗോത്രക്കാർ മുഴുവനും ഇസ്‌ലാംമതം വിശ്വസിച്ചു.

തിരുമേനി (സ) ക്ക പുത്രൻ ജനിച്ചു

ഹിജ്‌റാബ്ദം എട്ടാം വർഷം ദുൽഹജ്ജ് മാസത്തിൽ, തിരുമേനി (സ) യുടെ പത്നിമാരിൽ ഒരാളായ തുൽഖിബ്‌തിയ: (റ) ഒരു പുത്രനെ പ്രസവിച്ചു. തിരുമേനി (സ) യുടെ അടിമയായ സൽമാ (റ) യായിരുന്ന അവരുടെ ഈറ്റുകാരി. തിരുമേനി (സ) ക്ക ഒരു പുത്രൻ ജനിച്ച വാർത്ത സൽമാ (റ) അവരുടെ ഭർത്താവിനെ അറിയിച്ചു. അദ്ദേഹം ആ വാർത്തയുമായി തിരുമേനി (സ) യെ സമീപിക്കുകയും, ആ സന്തോഷവാർത്ത തിരുമേനി (സ) യെ അറിയിക്കുകയും ചെയ്തു. സന്തുഷ്ടനായ തിരുമേനി (സ) ഒരു അടിമയെ അദ്ദേഹത്തിന്നു സമ്മാനിച്ചു.

ഏഴാമത്തു ദിവസം ആ ഓമനക്കുഞ്ഞിന്ന ഇബ്രാഹിം എന്ന തിരുമേനി (സ) പേർ നല്കി. രണ്ടു ആട്ടുകളെ ‘അഖീഖ’ അറുക്കുകയും, കുഞ്ഞിന്റെ തലമുടി കളഞ്ഞു, മുടിയുടെ തൂക്കത്തിലുള്ള വെള്ളി സാധുക്കൾക്ക ദാനം ചെയ്യുകയുമുണ്ടായി. കളഞ്ഞെടുത്ത തലമുടി ഭൂമിയിൽ കുഴിച്ചു മൂടുവാൻ തിരുമേനി (സ) നിർദ്ദേശിച്ചു. അൻസാർകളുടെ ഭാര്യമാരായ പല സ്ത്രീകളും കുഞ്ഞിന്റെ ധാത്രിയാവാൻ ആഗ്രഹിച്ചെങ്കിലും, മുൻദിർ (റ) വിന്റെ പുത്രിയും

---

* * ആ മാസത്തിൽ മൂന്ന ദിവസം ബാക്കിയുള്ളപ്പോൾ എന്നും ആറു ദിവസം ബാക്കിയുള്ളപ്പോൾ എന്നും പക്ഷാന്തരമുണ്ട്.

ബറാഉബ്നുഔസ് (റ) വിന്റെ പത്നിയുമായ ഉമ്മുബൂർതു് (റ) ക്കാണു് ആ ഭാഗ്യം സിദ്ധിച്ചതു്. അനസ് (റ) പറയുന്നു:-'ആ കുഞ്ഞു് ജനിച്ചപ്പോൾ, ജിബ്രീൽ എന്ന മലക്കു് വന്നു, 'അസ്സ്വലാമു് അലൈക യാഅബാ ഇബ്രാഹിം' എന്നു തിരുമേനി (സ) ക്കു സലാം ചൊല്ലുകയുണ്ടായി.

ഉയൈനതു് (റ) വിന്റെ യാത്ര

ഹിജ്റാബ്ദം ഒമ്പതാം വർഷത്തിലെ മുഹർറം മാസത്തിലാണു് സംഭവം നടന്നതു്. ആ മാസത്തിൽ ഉയൈനതിബ്നു ഹിസ്നുൽഫിസാരീ (റ) വിന്റെ നേതൃത്വത്തിൽ അമ്പതു് അശ്വഭടന്മാരെ തിരുമേനി (സ) തമീം ഗോത്രക്കാരുടെ നേരെ നിയോഗിച്ചു. ഖുസാഅ: ഗോത്രത്തിൽപ്പെട്ട ബനൂകഅ്ബു് വംശക്കാരിൽനിന്നു നിർബ്ബന്ധ ധർമ്മത്തുക ഈടാക്കുവാൻ തിരുമേനി (സ) നിയോഗിച്ച ബിശ്റ് ബ്നു സുഫ്യാനൽ അദവീ (റ) അവിടെച്ചെന്നപ്പോൾ, ബനൂകഅ്ബു് വംശക്കാർ, വിഹിതമനുസരിച്ചുള്ള മുതൽ അദ്ദേഹത്തിനു നല്കുവാൻ സന്നദ്ധരായി. തമീം ഗോത്രക്കാർ അതിനെ എതിർത്തു. നിങ്ങൾ സമ്പാദിച്ച മുതൽ അവർക്കു കൊടുക്കുവാൻ ഞങ്ങൾ അനുവദിക്കില്ലെന്നു അവർ ശഠിച്ചു പറഞ്ഞു. ഞങ്ങളുടെ മതമായ ഇസ്ലാമിൽ ഈ ദാനം (സകാതു്) നിർബ്ബന്ധമാണെന്നു ബനൂകഅ്ബു് ഗോത്രക്കാർ അവരെ തെറ്റിപ്പെടുത്തിയെങ്കിലും, തമീം ഗോത്രക്കാർ അതൊന്നും ചെവി കൊണ്ടില്ല. അവരുടെ ദുശ്ശാഠ്യം മൂലം ബിശ്റ (റ) വെറും കയ്യോടെ മദീനയിലേക്കു തിരിച്ചു പോകേണ്ടിവന്നു. ഈ സംഭവത്തെത്തുടർന്നാണു് പ്രസ്തുത സേന നിയോഗിക്കപ്പെട്ടതു്. പകൽ ഒളിച്ചും രാത്രി സഞ്ചരിച്ചും കൊണ്ടു് ആ സേന തമീം ഗോത്രക്കാരെ സമീപിക്കുകയും, പതിനൊന്നു പുരുഷന്മാരേയും ഇരുപത്തൊന്നു സ്ത്രീകളേയും മുപ്പതു കുട്ടികളേയും ബന്ധനസ്ഥരാക്കി, മദീനയിൽ കൊണ്ടു പോവുകയും ചെയ്തു. തിരുമേനി (സ) യുടെ നിർദ്ദേശപ്രകാരം ഹർസിന്റെ പുത്രിയായ റംല: (റ) യുടെ വീട്ടിൽ അവരെ തടങ്കലിലിട്ടു. തമീം ഗോത്രത്തിലെ നേതാക്കളായ അതാറിദുബ്നു ഹാജിബ്, സഖർഖാനുബ്നുബദർ, അഖ്റഇബ്നു ഹാബിസ്, ഖൈസുബ്നുൽ ഹർസ്, നഹ്ദുബ്നുസഅ്ദ്, അംറുബ്നുൽ അഹ്തം, റബാഹുബ്നുൽ ഹർസ് തുടങ്ങിയവർ അവരുടെ പിന്നാലെ മദീനയിലെത്തി. അവരെ കണ്ടപ്പോൾ ബന്ധനസ്ഥരാക്കപ്പെട്ട സ്ത്രീകളും കുട്ടികളും വിലപിച്ചു. വ്യസനാക്രാന്തരായ ആ നേതാക്കന്മാർ തിരുമേനി (സ) യെ തിരക്കിക്കൊണ്ടു പള്ളിയിലേക്കു നടന്നു. ബിലാൽ (റ) ളുഹ്ർ നിസ്കാരത്തിനു ബാങ്കു് വിളിക്കുകയായിരുന്നു. തിരുമേനി (സ) പള്ളിയിൽ എത്തിയിരുന്നില്ല തമീം ഗോത്ര നേതാക്കൾക്കു തിരുമേനി (സ) പള്ളിയിലേക്കു എഴുന്നള്ളുവരെ കാത്തു നില്ക്കുവാൻ ക്ഷമയുണ്ടായില്ല. അവർ തിരുമേനി (സ) യുടെ വീട്ടിലേക്കു നടന്നു. മുറിയുടെ പുറത്തു നിന്നുകൊണ്ടു അവർ തിരുമേനി (സ) യെ ഉച്ചത്തിൽ വിളിച്ചു അലോസരപ്പെടുത്തി. നിർമ്മര്യാദമായ ആ പെരുമാറ്റത്തെ പരാമർശിച്ചുകൊണ്ടു അല്ലാഹു ഇപ്രകാരം കല്പിച്ചു:-'ഹുജറാത്തിന്റെ പിന്നിൽ നിന്നു ഒരു കൂട്ടർ താങ്കളെ വിളിച്ചു. അവരിൽ ഭൂരിപക്ഷം ബുദ്ധിശൂന്യരാണു്. താങ്കൾ വീട്ടിൽ നിന്നു പുറത്തു ചെല്ലുന്നതു വരെ അവർ ക്ഷമിച്ചിരുന്നെങ്കിൽ അവരെസ്സംബന്ധിച്ചേടത്തോളം അതു നന്മയായിരുന്നു. അല്ലാഹു മാപ്പു നല്കുന്നവനും ദയാലുവുമാകുന്നു.' ബിലാൽ (റ) ഖാമത്തു വിളിച്ചു തുടങ്ങിയപ്പോൾ തിരുമേനി (സ) വീട്ടിൽനിന്നിറങ്ങി., മിഹ്റാബിലേക്കു നടന്നു അതിലിടക്കു തമീം ഗോത്രക്കാർ തിരുമേനി

(സ) യെ സമീപിക്കുകയും, തങ്ങൾ തമീം ഗോത്രക്കാരാണെന്നും തങ്ങൾ സ്തുതിപാഠകരായ ഒരു കവിയേയും പ്രസംഗകനേയും കൂടെ കൊണ്ടു വന്നിട്ടുണ്ടെന്നും, അവർ താങ്കളെ സംബന്ധിച്ചു സ്തുതിപാഠം നടത്തുമെന്നും പറയുകയും ചെയ്തു. 'സ്തുതിപാഠം നടത്തിക്കുവാനോ അഭിമാനിക്കുവാനൊ ഞാൻ നിയോഗിക്കപ്പെട്ടിട്ടില്ലെന്ന പറഞ്ഞുകൊണ്ടു തിരുമേനി (സ) നിസ്കാരത്തിൽ പ്രവേശിച്ചു. നിസ്കാരം കഴിഞ്ഞപ്പോൾ വീണ്ടും അവർ തിരുമേനി (സ) യെ സമീപിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:—സ്തുതി പറയുന്നതിലും നിന്ദിക്കുന്നതിലും അഗ്രമരാണ് ഞങ്ങൾ. ഞങ്ങൾ ഒരാളെ സ്തുതിച്ചു പറഞ്ഞാൽ അതു അഹ്ദ്യമായ സ്തുതിയും, നിന്ദിച്ചു പറഞ്ഞാൽ അതു ഹൃദ്യമായ നിന്ദയും തന്നെ. അറബികളുടെ കൂട്ടത്തിൽ യോഗ്യരാണ് ഞങ്ങൾ'. തിരുമേനി (സ) പറഞ്ഞു:— നിങ്ങൾ നേരു പറഞ്ഞില്ല. അല്ലാഹുവിനെക്കുറിച്ചുള്ള സ്തുതിയാണ് ഹൃദ്യമായ സ്തുതി. അവനെക്കുറിച്ചുള്ള നിന്ദനമാണ് അഹ്ദ്യമായ നിന്ദ. യൂസുഫുബ്നുയഅ്ഖൂബാണ് നിങ്ങളുടെ കൂട്ടത്തിൽ യോഗ്യൻ.' തങ്ങളുടെ പ്രസംഗകനും കവിക്കും അവരവരുടെ വൈഭവം പ്രകടിപ്പിക്കുവാൻ അവസരം നല്കേണമെന്നു അവർ അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന തിരുമേനി (സ) സ്വീകരിച്ചു. അവരുടെ പ്രസംഗകനായ അതാറിദുബ്നു ഹാജിബ് ഒരു ഗോത്രത്തെ വാഴ്ത്തികൊണ്ടു ഒരു പ്രസംഗം നടത്തി. അതു കഴിഞ്ഞ ഉടനെ, തിരുമേനി (സ) സാബിതുബ്നു ഖൈസ്ബ്നുശമ്മാസ് (റ) വോടു ഒരു പ്രസംഗം നടത്തുവാൻ കല്പിച്ചു. അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും തിരുമേനി (സ) യെ ആദരിച്ചുകൊണ്ടും, ഇസ്‌ലാമിന്റെ മഹത്വത്തേയും അനിസ്‌ലാമികതയുടെ ദോഷങ്ങളേയും വിശദീകരിച്ചുകൊണ്ടും മനോഹരമായ ശൈലിയിൽ സാരസമ്പൂർണ്ണവും ഹൃദ്യവുമായ ഒരു പ്രസംഗം നടത്തി. ആ പ്രസംഗം തമീംഗോത്രക്കാരുടെ അഹങ്കാരത്തിന്റെ ആണിവേരറുത്തു കളഞ്ഞു.

സാബിതുബ്നുഖൈസ് (റ) തിരുമേനി (സ) യുടെ ഖതീബ് (പ്രസംഗകൻ) എന്നു പ്രശംസിക്കപ്പെട്ടു. ഒരു ദിവസം, പതിവുപോലെ അദ്ദേഹം തിരുസന്നിധിയിൽ എത്തിക്കാണായ്കയാൽ, കാരണമന്വേഷിപ്പാനായി ഒരാളെ തിരുമേനി (സ) നിയോഗിച്ചു. സാബിത് (റ) തന്റെ വീട്ടിൽ ദുഃഖിതനായി ഇരിക്കുന്നതാണദ്ദേഹം കണ്ടതു്. ദുഃഖത്തിന്റെ കാരണമന്വേഷിച്ചപ്പോൾ, സാബിത് (റ) പറഞ്ഞു:— 'ഞാൻ നരകത്തിന്റെ അവകാശിയായിപ്പോകുമെന്ന ഭയമാണ് എന്നെ ദുഃഖിപ്പിക്കുന്നതു്. 'നിങ്ങളുടെ നബിയുടെ കുറിനെക്കാളധികം നിങ്ങൾ നിങ്ങളുടെ കുറയ്ത്തരുതു്. നിങ്ങൾ പരസ്പരം സംസാരിക്കുന്നതുപോലെ കുറയത്തി അവിടത്തോടു സംസാരിക്കരുതു്" എന്ന അല്ലാഹു കല്പിച്ചിട്ടുണ്ടു്. ഒരു തവണ, എന്റെ ശബ്ദം തിരുമേനി (സ) യുടെ ശബ്ദത്തെക്കാൾ അല്പം, കൂടിപ്പോയി." ഈ വിവരം അറിഞ്ഞപ്പോൾ തിരുമേനി (സ) അദ്ദേഹത്തോടിപ്രകാരം പറഞ്ഞു:— 'നിങ്ങൾ നരകത്തിന്റെ അവകാശിയല്ല; സ്വർഗ്ഗത്തിന്റെ അവകാശി തന്നെ.'

പ്രസംഗമത്സരത്തിൽ പരാജയപ്പെട്ടപ്പോൾ, പദ്യമത്സരത്തിന്നായി തമീം ഗോത്രക്കാരുടെ മഹാ കവിയായ സബർഖാനുബ്നുബദർ മുമ്പോട്ടു വന്നു. തിരുമേനി (സ) യുടെ നിർദ്ദേശപ്രകാരം ഹസ്സാനുബ്നുസാബിത് (റ) അയാളുമായി മത്സരിച്ചു. ആ മത്സരത്തിൽ സബർഖാൻ പരാജയം സമ്മതിക്കുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. അതിനെത്തുടർന്നു അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന

രുമീം ഗോത്രത്തലവന്മാർ മുഴുവനും ഇസ്‌ലാംമതം സ്വീകരിക്കുകയുണ്ടായി. ബന്ധനസ്ഥരാക്കപ്പെട്ട എല്ലാവരെയും തിരുമേനി (സ) അവർക്കു വിട്ടുകൊടുത്തതിനു പുറമെ, അവരിൽ ഓരോരുത്തർക്കും പന്ത്രണ്ടു ഉഖിയത്തുവീതം വെള്ളി സമ്മാനമായി നൽകുകയും ചെയ്തു. അന്നു ഇസ്‌ലാംമതം വിശ്വസിച്ചവരുടെ എണ്ണം എഴുപതു്, എൺപതു്, തൊണ്ണൂറ് എന്നിങ്ങിനെ മൂന്നു വിധത്തിൽ പറയപ്പെട്ടിട്ടുണ്ടു്. അവർ കുറെ ദിവസം മദീനയിൽ തന്നെ താമസിക്കുകയും മതകാര്യങ്ങൾ പഠിച്ചശേഷം സ്വദേശത്തേക്കു മടങ്ങുകയും ചെയ്തു.

വലീദുബ്നുഅഖബത് (റ) വിനെറ യാത്ര

ഈ സംഭവത്തിനുശേഷം, ഖുസാഅ: ഗോത്രക്കാരിൽപ്പെട്ട മുസ്തലഖ് വംശക്കാരിൽനിന്നു സകാത് ഈടാക്കുവാൻ വലീദുബ്നുഅഖബത് (റ) വിനെ തിരുമേനി (സ) നിയോഗിച്ചു. ജാഹിലിയ്യാ കാലത്തു് (ഇസ്‌ലാമിനു മുമ്പു്) മുസ്തലഖ് വംശക്കാരും വലീദ് (റ) വും വിരോധികളായിരുന്നു. ഇസ്‌ലാംമതം വിശ്വസിച്ചതിനു ശേഷം തങ്ങളുടെ അടുക്കലേക്കു വരുന്ന വലീദ് (റ) വിനെ എതിരേല്ക്കുവാനായി മുസ്തലഖ് വംശരായ ഇരുപതാളുകളും, സകാത് മുതലുമായി പുറപ്പെട്ടു. വലീദ് (റ) വിനെറ ബഹുമാനാർത്ഥം അവർ ആയുധങ്ങളണിഞ്ഞിരുന്നു. വഴിയിൽവെച്ചു സായുധരായവരെ കണ്ടപ്പോൾ അവർ യുദ്ധത്തിനൊരുങ്ങി വന്നിരിക്കുകയാണെന്നു തെറ്റിദ്ധരിച്ചുകൊണ്ടു വലീദ് (റ) മദീനയിലേക്കു തിരിച്ചു പോവുകയും വിവരം തിരുമേനി (സ) യെ അറിയിക്കുകയും ചെയ്തു. ഖാലിദുബ്നുവലീദ് (റ) വിനെറ നേതൃത്വത്തിൽ ഒരു സേനയെ തിരുമേനി (സ) മുസ്തലഖ് വംശക്കാരുടെ നേരെ അയച്ചു. മുസ്തലഖ് വംശക്കാർ ഇസ്‌ലാംമതത്തിൽ ഉറച്ചു നിൽക്കുന്നതായും നിസ്കരിക്കുന്നതായും അവർ കണ്ടു. തെറ്റിദ്ധാരണ മൂലമാണു് വലീദ് (റ) മടങ്ങിപ്പോയതെന്നു അവക്കു മനസ്സിലായി. ആ സേനയോടൊപ്പം മുസ്തലഖ് വംശക്കാർ സകാത് മുതലുമായി മദീനയിലേക്കു പോവുകയും, സകാത് മുതലുകൾ തിരുമേനി (സ) ക്കു നൽകുകയും ചെയ്തു.

അബ്ദുല്ലാഹിബ്നുഔജസ: (റ) വിനെറ യാത്ര

അംറുബ്നുഹാരിസ: ഗോത്രക്കാരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്തു് തിരുമേനി (സ) അബ്ദുല്ലാഹിബ്നുഔസജ: (റ) വിനെറ വശം അവർക്കു കൊടുത്തയച്ചു. തോലിലാണു് ആ കത്തു എഴുതിയിരുന്നതു്. അവർ തിരുമേനി (സ) യുടെ ക്ഷണം സ്വീകരിച്ചില്ലെന്നു മാത്രമല്ല, ആ ക്ഷണത്തെ ധിക്കാരപൂർവ്വം നിരാകരിക്കുകയും ചെയ്തു. തോലിലുള്ള എഴുത്തു മായ്ച്ചുകളഞ്ഞതിനെറ ശേഷം ആ തോൽ അവർ വെള്ളം കോരുന്ന തൊട്ടിയുടെ അടിക്കിടുവാൻ ഉപയോഗിച്ചു. അങ്ങിനെ ആ കത്തിനെ അവർ നിസ്സാരമാക്കി തള്ളിക്കളഞ്ഞു. സന്ദേശവാഹകനായ അബ്ദുല്ലാ (റ) വിവരങ്ങളെല്ലാം തിരുമേനി (സ) യെ അറിയിച്ചു. 'അവർക്കു എന്തു പറ്റിപ്പോയി അവർക്കു അല്ലാഹു ബുദ്ധിഹീനത നൽകട്ടെ.' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. ആ ഗോത്രക്കാർ അന്നുതൊട്ടിന്നോളം ബുദ്ധിഹീനരായിത്തന്നെ വർത്തിക്കുന്നു. സംസാരിക്കുമ്പോൾ അവരുടെ നാവുകൾ കൊത്തിക്കുകയും ശരീരം കീടങ്ങൾ കൊള്ളുകയും ചെയ്യുന്നു. ഇമാംവാഖിദീ (റ) പറയുന്നു:- 'ഞാൻ ആ ഗോത്രക്കാരായ ചിലരെ കണ്ടു. കൊഞ്ഞുള്ളതുകൊണ്ടു അവർ സംസാരിച്ചാൽ മനസ്സിലാക്കുവാൻ പ്രയാസം.' ഹിജ്റാബ്ദം ഒമ്പതാം

വഷ്ത്തിലെ സഫർമാസം ആദ്യത്തിലാണ് സംഭവം നടന്നത്.

ഖുത്ബത്തുബ്നുആമിർ (റ) വിന്റെ യാത്ര

ഈ സഫർ മാസത്തിൽ തന്നെ ഖുത്ബ തുബ്ന ആമിർ (റ) വിന്റെ നേതൃത്വത്തിൽ ഇരുപതു സഹാബിമാരെ ഖസ്അം എന്ന പ്രദേശത്തേക്കു നിയോഗിച്ചു. മക്കയിൽ നിന്നു രണ്ടു ദിവസത്തെ വഴിയകലെ, തരിബത് എന്ന നാട്ടിന്നടുത്തായിട്ടാണ് ഖസ്അം സ്ഥിതിചെയ്യുന്നത്. അക്രമികളായ ആ ദേശക്കാരെ കീഴടക്കുവാനാണ് ഈ സേന നിയോഗിക്കപ്പെട്ടത്. മുസ്‌ലിംകൾ ഖസ്അമിൽ ചെന്നു ആ നാട്ടുകാരുമായി യുദ്ധം നടത്തി. ഇരുഭാഗത്തും പലർക്കും മുറി പറ്റിയെങ്കിലും, അവസാനം മുസ്‌ലിംകൾ അവരെ ഓടിച്ചു. അവരുടെ സ്ത്രീകളെ ബന്ധനസ്ഥകളാക്കുകയും ആടുകളേയും ഒട്ടകങ്ങളേയും ഗനീമത്തായി പിടിച്ചെടുക്കുകയും ചെയ്തു.

ളഹ്ഹാക് (റ) വിന്റെ യാത്ര

ഹിജ്റാബ്ദം ഒമ്പതാം വഷ്ത്തിലെ റബീഉൽ അവ്വൽ മാസത്തിൽ ളഹ്ഹാകിബ്നുസുഫ്യാനുൽ കലാബീ (റ) വിന്റെ നേതൃത്വത്തിൽ ഒരു പൈന്യം കിലാബ് ഗോത്രക്കാരുടെ നേരെ നിയോഗിക്കപ്പെട്ടു. ളഹ്ഹാക് (റ) അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ അവർ യുദ്ധത്തിന്നൊരുങ്ങി. യുദ്ധത്തിൽ അവർ പരാജയപ്പെട്ടു, പിന്തിരിഞ്ഞോടുകയുണ്ടായി. മുസ്‌ലിം സേന അവരുടെ സ്വത്തുക്കൾ ഗനീമത്തായി കണ്ടെടുത്തു.

അലഖമത് (റ) വിന്റെ യാത്ര

ഹിജ്റാബ്ദം ഒമ്പതാം വഷ്ം റബീഉൽ ആഖിർ മാസത്തിൽ അൽഖമത്ബ്നു മുജസ്സിസുൽ മുദ്‌ലജീ (റ) വിന്റെ നേതൃത്വത്തിൽ മുന്നൂറു പേരടങ്ങിയ ഒരു സേനയെ തിരുമേനി (സ) ജിദ്ദക്കടുത്തുള്ള കടലിലെ ഒരു ദ്വീപുകാരുടെ നേരെ നിയോഗിച്ചു. മുസ്‌ലിം സേന പുറപ്പെട്ട വിവരം അറിഞ്ഞപ്പോൾ ആ ദ്വീപുകാർ സ്ഥലം വിട്ടു ഓടിക്കളഞ്ഞു. തന്മൂലം മുസ്‌ലിം സേന, യുദ്ധം കൂടാതെ, മദീനയിലേക്കു തിരിച്ചു. അബ്ദുല്ലാഹിബ്ന ഖുദാഫത സ്സഹമീ (റ) വിന്റെ നേതൃത്വത്തിൽ കുറെ ആളുകളെ മുൻകൂട്ടി തിരിച്ചയച്ചു. അലഖമത് (റ) വും മറവുള്ളവരും പുറകെ വന്നു. അബ്ദുല്ലാ ഹിബ്ന ഹുദാഫ: (റ) മഹാഭക്തനും രസികനുമായിരുന്നു. വഴിയിൽ വെച്ചു അദ്ദേഹം ഒരു തമാശയുണ്ടാക്കി. അദ്ദേഹം ഒരിടത്തു കുറെ വിറകു ശേഖരിച്ചു തീ കത്തിച്ചു. ആ തീയിൽ ചാടുവാൻ കൂട്ടുകാരോടു അദ്ദേഹം ആവശ്യപ്പെട്ടു. അവരിൽ ചിലർ തീയിൽ ചാടുവാനൊരുങ്ങിയപ്പോൾ, അദ്ദേഹം അവരെ വിലക്കുകയും തമാശയായി പറഞ്ഞതാണെന്നും പറയുകയും ചെയ്തു. റസൂൽ (സ) നേതാവായി നിയമിച്ച ഒരാൾ, മറ്റൊരാളെ നേതാവായി നിയമിച്ചാൽ, അയാൾ റസൂൽ (സ) നിയമിച്ച നേതാവിനു തുല്യനും അയാളെ അനുസരിക്കൽ മറവുള്ളവരെ സ്സംബന്ധിച്ചേടത്തോളം നിർബ്ബന്ധവുമാണ്. ഈ അടിസ്ഥാനത്തിൽ ഒരു പരീക്ഷണം നടത്തിയതായിരുന്നു അബ്ദുല്ലാ ഹിബ്ന ഹുദാഫ: (റ), ഈ പരീക്ഷണ വാർത്ത അറിഞ്ഞപ്പോൾ തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:— 'ആപല്ക്കരമായ കല്പനയെ നിങ്ങൾ അനുസരിക്കരുത്.' മഹാരാജർകളിൽ പ്രഖ്യാപിതനായ ഒരു ഉത്തമസഹാബിയാണ് അബ്ദുല്ലാഹിബ്നുഹുദാഫ: (റ). അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. ഉമർഫാറൂഖ് (റ)ന്റെ ഭരണകാലത്തു ഈജിപ്തിൽ വെച്ചു അദ്ദേഹം നിര്യാതനായി.

അലീ (ക. വ.) യുടെ യാത്ര

ഹിജ്റാബ്ദം ഒമ്പതാം വഷ്ം റബീഉൽ

ആഖീർ മാസത്തിൽ അലീയ്യിബ്‌നു അബീതാലിബ് (ക. വ.) വിന്റെ നേതൃത്വത്തിൽ നൂറമ്പതോ ഇരുന്നൂറോ പേരടങ്ങിയ ഒരു സേനയെ ഫുലൂസ് എന്ന സ്ഥലത്തേക്കു നിയോഗിച്ചു. തയ്യിഅ് എന്ന ഗോത്രക്കാരുടെ വക ആ സ്ഥലത്തുണ്ടായിരുന്ന ഒരു ദേവാലയത്തിലെ ബിംബത്തെ നശിപ്പിക്കുവാനാണ് ആ സേന നിയോഗിക്കപ്പെട്ടിരുന്നത്. ആ യാത്രയിൽ അവർ വഴിയിലുള്ള ചില ഗോത്രക്കാരെ കീഴടക്കി. ഒരു പ്രഭാതത്തിൽ ആ സേന ആലൂഹാതം എന്ന നാട്ടിലെത്തി, നിശ്ചിത ലക്ഷ്യത്തിലേക്കു നീങ്ങുകയും ദേവാലയത്തിൽ കടന്നു ബിംബത്തെ ചുട്ടു കരിക്കുകയും ചെയ്തു. അതിലിടക്കു നടന്ന സംഘട്ടനത്തിൽ മുസ്‌ലിം സേന ശത്രുക്കളിൽ പലരെ ബന്ധനസ്ഥരാക്കി. ദേവാലയത്തിലെ ഖജനായിൽ നിന്നു മൂന്നു വാളുകളും മൂന്നു അങ്കികളും ലഭിച്ചു. അതിനു പുറമെ ഒട്ടകങ്ങളും ആടുകളുമടക്കം ധാരാളം ഗനീമത്തും അവർക്കു ലഭിക്കുകയുണ്ടായി. ബന്ധനസ്ഥരാക്കപ്പെട്ടവരിൽ ഹാതമുത്താഈന്റെ പുത്രിയായ സഫ്ഫാനത്തും ഉൾപ്പെട്ടു. ആ മഹതി പിന്നീട് ഇസ്‌ലാംമതം വിശ്വസിച്ചു. തിരുമേനി (സ) സഫ്ഫാന: (റ) ക്കു മോചനം നല്കി.

ഉക്കാശത് (റ) വിന്റെ യാത്ര

ഈ റബീഉൽആഖിർ മാസത്തിൽ തന്നെ, ഉക്കാശത്തുബ്‌നു മുഹ്‌സിനുൽ അസദീ (റ) വിന്റെ നേതൃത്വത്തിൽ ഒരു സംഘം സഹാബിമാരെ തിരുമേനി (സ) ജിബാബ് ഗോത്രക്കാരുടെ നേരെ നിയോഗിച്ചു. പ്രസ്തുത ഗോത്രക്കാർ ബലിയ്യ് ഗോത്രക്കാർ എന്ന പേരിലും അറിയപ്പെട്ടിരുന്നു. എത്ര ആളുകൾ ആ സംഘത്തിൽ ഉണ്ടായിരുന്നുവെന്നോ ആ സംഘത്തെ നിയോഗിപ്പാനുണ്ടായ കാരണമെന്താണെന്നോ, ആ യാത്രയുടെ ഫലമെന്തായെന്നോ വ്യക്തമായി പ്രസ്താവിച്ചു കാണുന്നില്ല. പക്ഷെ, ഉക്കാശത് (റ) വിന്റെ നേതൃത്വത്തിൽ ഒരു സംഘം സഹാബിമാരെ ജിബാബ് ഗോത്രക്കാരുടെ നേരെ നിയോഗിച്ചുവെന്നു ആധികാരികചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്.

പത്നിമാരുമായുള്ള തിരുമേനി (സ) യുടെ പിണക്കം

ഹിജ്‌റാബ്ദം ഒമ്പതാം വർഷത്തിലാണ് ആ സംഭവം നടന്നത്. 'ഒരു മാസക്കാലം ഞാൻ നിങ്ങളെ സമീപിക്കുകയില്ല' എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) പത്നിമാരിൽ നിന്നു അകന്നു നിന്നു. ഈ അകൽച്ചക്കുണ്ടായ കാരണം ചരിത്രകാരന്മാരിൽ പലർ പലവിധത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഒരു ദിവസം ഉമർഖത്താബ് (റ) വിന്റെ പുത്രിയും തിരുമേനി (സ) യുടെ പത്നിയുമായ ഹഫ്സ: (റ) തിരുമേനി (സ) യോടു സമ്മതം വാങ്ങിക്കൊണ്ടു പിതാവിന്റെ വീട്ടിലേക്കു പോയി. തിരിച്ചുവന്നപ്പോൾ അവരുടെ വീട്ടിൽ തിരുമേനി (സ) യുടെ പത്നിമാരിലൊരാളായ മാരിയത് (റ) തിരുമേനി (സ) യോടൊപ്പം ഇരിക്കുന്നതു അവർ കണ്ടു. മാരിയത് (റ) പുറത്തു പോകുന്നതുവരെ ഹഫ്സ: (റ) തന്റെ വീട്ടിൽ കടന്നില്ല. മാരിയത് (റ) പുറത്തു പോയപ്പോൾ, ഹഫ്സ: (റ) വീട്ടിൽ കടന്നു, തന്റെ അഭാവത്തിൽ മാരിയത് (റ) തന്റെ വീട്ടിൽ തിരുമേനി (സ) യോടൊപ്പം കഴിഞ്ഞുകൂടിയതിനെപ്പറ്റി ആവലാതിപ്പെടുകയും, പരിഭവിച്ചു കരയുകയും ചെയ്തു. 'ഇനി ഞാൻ മാരിയത്തിനെ സമീപിക്കുകയില്ല. ഈ വസ്തുത രഹസ്യമാക്കി വെക്കുക' എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) ഹഫ്സ: (റ) യെ ആശ്വസിപ്പിച്ചു. പക്ഷെ, ഹഫ്സ: (റ) ഈ വസ്തുത രഹസ്യമാക്കി സൂക്ഷിക്കാതെ, ആ

ഇശ (റ) യെ അറിയിച്ചു. അതിൽ പ്രതിഷേധിച്ചുകൊണ്ട് തിരുമേനി (സ) ഇരുപത്തൊമ്പതു ദിവസക്കാലം പത്നിമാരിൽനിന്നകന്നു നിന്നു. അപ്പോഴാണ് ജിബ്‌രീൽ (അ) തിരുസന്നിധിയിൽ ഹാജരായി, ഇപ്രകാരം അറിയിച്ചു:- 'മാരിയത് അല്ലാഹുവിന്നും റസൂലിന്നും വഴിപ്പെട്ടവളും താങ്കളുടെ സ്വഗൃഹീയ പത്നിമാരിൽ ഒരാളും ആകുന്നു. മേലിൽ മാരിയത്തിനെ സമീപിക്കുകയില്ലെന്നു താങ്കൾ പറഞ്ഞ വാക്കു തിരിച്ചെടുക്കുവാൻ അല്ലാഹു കല്പിച്ചിരിക്കുന്നു.' ഈ കല്പന ലഭിച്ചതും തിരുമേനി (സ) പത്നിമാരുമായുള്ള പിണക്കം അവസാനിപ്പിച്ചു. —ഇതാണ് ചരിത്രകാരന്മാരിൽ ഒരു വിഭാഗത്തിന്റെ പക്ഷം.

ആഇശ (റ) യോടൊപ്പം കഴിഞ്ഞുകൂടേണ്ടിയിരുന്ന ഒരു ദിവസം, തിരുമേനി (സ) മാരിയത് (റ) യുടെ വീട്ടിൽ പോയി, കുറച്ചു സമയം അവിടെ കഴിച്ചു കൂട്ടി. ഈ വിവരം ഹഫ്സ: (റ) അറിഞ്ഞു. ഇക്കാര്യം രഹസ്യമായി വെക്കേണമെന്നു തിരുമേനി (സ) അവരോടു പറഞ്ഞെങ്കിലും, ഹഫ്സ: (റ) ആ വിവരം ആഇശ (റ) യെ അറിയിച്ചു. അതിൽ പ്രതിഷേധിച്ചുകൊണ്ട് തിരുമേനി (സ) ഇരുപത്തൊമ്പതു ദിവസം പത്നിമാരിൽനിന്നകന്നു നിന്നു. അവസാനം ജിബ്‌രീൽ (അ) മേല്പറഞ്ഞ സന്ദേശവുമായി വന്നപ്പോഴാണ് തിരുമേനി (സ) പിണക്കം അവസാനിപ്പിച്ചു. —ഇതാണ് ചരിത്രകാരന്മാരിൽ മറെറാരു വിഭാഗത്തിന്റെ പക്ഷം.

തിരുമേനി (സ) ഹഫ്സ: (റ) യുടെ വീട്ടിൽ വെച്ചു തേൻ കഴിച്ചു. ഈ വിവരം അറിഞ്ഞ ഉടനെ ആഇശ (റ), സൌദ: (റ), സഫിയ്യ: (റ) എന്നിവർ ഗൂഢാലോചന നടത്തുകയും ഒരു പരിപാടി ആസൂത്രണം ചെയ്യപ്പെടുകയും ചെയ്തു. 'താങ്കളുടെ വായിൽനിന്നു ഹൃദ്യമല്ലാത്ത വാസന വമിക്കുന്നു'വെന്നു അവർ ഓരോരുത്തരായി തിരുമേനി (സ) യെ അറിയിച്ചു. അപ്പോഴാണ് തിരുമേനി (സ) മേലിൽ തേൻ കഴിക്കുകയില്ലെന്നും 'എന്നെസ്സംബന്ധിച്ചേടത്തോളം തേൻ നിഷിദ്ധമാ'ണെന്നു പറയുകയും ചെയ്തു. 'അല്ലാഹു ഹലാലാക്കിയതിനെ, ഭാര്യമാരുടെ തൃപ്തിക്കുവേണ്ടി താങ്കൾ ഹറാമാക്കുകയോ' എന്നർത്ഥമുള്ള ആയത്തു് ആ അവസരത്തിൽ ഇറങ്ങുകയുണ്ടായി. തന്നെ തെറിദ്ധരിപ്പിക്കുന്നതിന്നായി ഗൂഢാലോചന നടത്തിയതിൽ പ്രതിഷേധിച്ചുകൊണ്ട് ഇരുപത്തൊമ്പതു ദിവസം തിരുമേനി (സ) പത്നിമാരിൽനിന്നകന്നു നിന്നു. ഇതാണ് ചരിത്രകാരന്മാരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം.

തിരുമേനി (സ) ഒരു ദിവസം ഭക്ഷിക്കാവുന്ന ഒരു മൃഗത്തെ അറുത്തു. ആഇശ (റ) ആ തിന്റെ മാംസം തിരുമേനി (സ) യുടെ പത്നിമാക്കായി ഓഹരി ചെയ്തു. ജഹ്ശിന്റെ മകളായ സൈനബ: (റ) ഒഴികെ മറെറ പത്നിമാരെല്ലാം അവരുടെ ഓഹരി സ്വീകരിച്ചു. സൈനബ: (റ) അതു സ്വീകരിക്കാതെ തിരിച്ചയച്ചു. ഓഹരി വർദ്ധിപ്പിച്ചുകൊണ്ടും വീണ്ടും കൊടുത്തയച്ചു. സ്വീകരിക്കാതെ വീണ്ടും അവർ തിരിച്ചയച്ചു. കുറേക്കൂടി വർദ്ധിപ്പിച്ചുകൊണ്ട് മൂന്നാമതും കൊടുത്തയച്ചു. മൂന്നാമതും സൈനബ: (റ) തിരിച്ചയച്ചു. ആ നയത്തിൽ പ്രതിഷേധിച്ചു 'ഒരു മാസക്കാലം ഞാൻ നിങ്ങളെ സമീപിക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് തിരുമേനി (സ) പത്നിമാരിൽനിന്നകന്നു നിന്നു. ഇരുപത്തൊമ്പതു ദിവസമായപ്പോഴാണ് തിരുമേനി (സ) ആഇശ (റ) യുടെ വീട്ടിൽ കടന്നു ചെന്നു. അപ്പോഴാണ് അവർ പറഞ്ഞു:- 'താങ്കൾ ഒരു മാസക്കാലം ഞങ്ങളെ സമീപിക്കുകയില്ലെന്നല്ലെ പറഞ്ഞതു്. ഇന്നേക്കു ഇരുപത്തൊമ്പതു ദിവസങ്ങളെ ആയു

ള്ള. ഞാൻ ദിവസങ്ങളെ കൃത്യമായി എണ്ണിട്ടിട്ടുണ്ട്.' തിരുമേനി (സ) പറഞ്ഞു:- 'ഈ മാസത്തിനു ഇരുപത്തൊമ്പതു ദിവസങ്ങളെ ഉള്ള.' ഇതാണ് ചരിത്രകാരന്മാരിൽ വേറൊരു വിഭാഗത്തിന്റെ പക്ഷം.

ഈ സംഭവത്തിന്റെ കാരണത്തെസ്സംബന്ധിച്ചേടത്തോളം ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണെങ്കിലും, സംഭവത്തെസ്സംബന്ധിച്ചേടത്തോളം അവരെല്ലാവരും ഏകാഭിപ്രായക്കാരാകുന്നു.

തബൂക് യുദ്ധം

മദീനയുടെയും ശാമിന്റെയും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന വിശ്രുതമായ ഒരു രാജ്യമാണ് തബൂക്. തിരുമേനി (സ) പങ്കെടുത്ത അവസാന യുദ്ധമാണിതു്. യുദ്ധത്തിനനുയോജ്യമല്ലാത്ത കാലത്തു നടന്ന യുദ്ധമാകകൊണ്ടു 'ഗ്രസ്‌വതുൽഉസ്‌റത്' എന്നും, മുന്നാഭിമുകം ലജ്ജിതരാക്കപ്പെട്ട യുദ്ധമാകകൊണ്ടു 'ഗ്രസ്‌വതുൽ ഫാളിഹത്' എന്നും ഈ യുദ്ധത്തിനു പേരുണ്ട്. വിശുദ്ധ ഖുർആനിലെ പരാമർശങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടാണ് തബൂക് യുദ്ധത്തിനു പ്രസ്തുത പേരുകൾ കൂടി നൽകപ്പെട്ടതു്.

ഹിജ്‌റാബ്ദം ഒമ്പതാം വർഷത്തിലെ റജബ് മാസത്തിൽ തബൂക് യുദ്ധം നടന്നു. അസഹ്യമായ ചൂടും വരൾച്ചയുമുള്ള കാലമായിരുന്നു അതു്. തന്നിമിത്തം, സാധാരണ ഗതിയിൽ രഹസ്യമാക്കി വെക്കാതെ, ഈ യുദ്ധവാർത്ത തിരുമേനി പരസ്യമായി ജനങ്ങളെ അറിയിച്ചു.

ഈ യുദ്ധത്തിന്റെ കാരണത്തെസ്സംബന്ധിച്ചേടത്തോളം ചരിത്രകാരന്മാർ ഭിന്നാഭിപ്രായങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. ശാമിലുള്ള ജനങ്ങൾ, ലഖ്മ്, ജുദാം, ആമിലത്, ഗസ്സാൻ തുടങ്ങിയ ഗോത്രക്കാരെ സംഘടിപ്പിച്ച് റോമാ ചക്രവർത്തിയായ ഹിർഖലിന്റെ പിന്തുണയോടുകൂടി യുദ്ധത്തിന്നൊരുങ്ങിയ വിവരം, ശാമിൽനിന്നു മദീനയിലേക്കു വന്ന വ്യാപാരികൾ തിരുമേനി (സ) യെ അറിയിച്ചതു മൂലം തിരുമേനി (സ) ഈ യുദ്ധത്തിന്നൊരുങ്ങിയെന്നാണ് ഒരു വിഭാഗക്കാരുടെ പക്ഷം.

അറബികളായ ക്രസ്ത്യാനികളും യഹൂദരും മറ്റു അമുസ്‌ലിം വിഭാഗക്കാരും യോജിച്ചു ഹിർഖലോടു സഹായമഭ്യർത്ഥിക്കുകയും, ഹിർഖലിന്റെ സഹായത്തോടുകൂടി നാല്പതിനായിരം പേരടങ്ങുന്ന ഒരു കൂറ്റൻ സേന യുദ്ധത്തിനു ഒരുങ്ങുകയും ചെയ്ത വിവരം ലഭിച്ചപ്പോൾ തിരുമേനി (സ) ഈ യുദ്ധത്തിനു പുറപ്പെട്ടുവെന്നാണ് മറെറാരു വിഭാഗത്തിന്റെ പക്ഷം.

പ്രതികൂലമായ പരിതഃസ്ഥിതിയിൽ ഒരു മഹായുദ്ധത്തിനു ഒരുക്കം കൂട്ടുകയെന്നതു സുകരമായിരുന്നില്ല. തിരുമേനി (സ) യുടെ കൈയിലുണ്ടായിരുന്ന 'ബൈതുൽമാൽ'—ഖജാന—അപര്യാപ്തമായിരുന്നതിനാൽ, സഹാബിമാരിൽനിന്നു ദാനമായി കുറെ തുക പിരിച്ചുണ്ടാക്കുവാൻ തിരുമേനി (സ) തീരുമാനിച്ചു. ഈ വാർത്ത തിരുമേനി (സ) സഹാബിമാരെ അറിയിച്ചു. ശാമിലേക്കു അയപ്പാനായി ഇരുന്നൂറു ഒട്ടകങ്ങളുടെ പുറത്തു കച്ചവടച്ചരക്കുകൾ കയറി നിൽക്കുകയായിരുന്ന ഉസ്മാനുബ്നുഅഫ്ഫാൻ (റ). തിരുമേനി (സ) യുടെ ആഹ്വാനം കേട്ടതും ചരക്കുകളോടൊപ്പം ആ ഇരുന്നൂറു ഒട്ടകങ്ങളേയും ഇരുന്നൂറു ഉഖിയ വെള്ളിയും അദ്ദേഹം തിരുമേനി (സ) യുടെ യുദ്ധഫണ്ടിലേക്കു സംഭാവനചെയ്തു. ഈ മഹത്തായ സംഭാവനയെ തിരുമേനി (സ) പ്രശംസിക്കുകയും ഉസ്മാൻ (റ) വിന്റെ ഭാവി നിഷ്പ്രയാസമാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തു.

സംഭാവനകൾ തിരുമേനി (സ) ആഹ്വാനം നൽകിയപ്പോൾ, സംഭാവനയുമായി തിരു

മേനി (സ) യെ സമീപിച്ച ആദ്യത്തെ വ്യക്തി അബൂബക്കർസിദ്ദീഖ് (റ) ആകുന്നു. അദ്ദേഹത്തിന്റെ കയ്യിൽ ആകെ ഉണ്ടായിരുന്ന നാലായിരം വെള്ളി അദ്ദേഹം സംഭാവന ചെയ്തു. 'താങ്കളുടെ വീട്ടുകാക്കുവേണ്ടി എന്തൊന്നാണ് സൂക്ഷിച്ചുവെച്ചത്' എന്ന തിരുമേനി (സ) ചോദിച്ചപ്പോൾ, 'അവർക്ക് അല്ലാഹുവും റസൂലുമുണ്ടെന്ന അദ്ദേഹം മറുപടി നൽകി. രണ്ടാമതായി ഉമർഫാറൂഖ് (റ) വാണ് സംഭാവന നൽകിയത്. 'വല്ലതും ബാക്കി വെച്ചിട്ടുണ്ടോ' എന്ന തിരുമേനി (സ) ചോദിച്ചപ്പോൾ, 'പകുതി ബാക്കിവെച്ചിട്ടുണ്ടെന്ന അദ്ദേഹം മറുപടി നൽകി. അബ്ദുർറഹ്മാനുബ്നുഔഫ് (റ) ഇരുന്നൂറ് ഉഖിയ വെള്ളിയും, ആസിമുബ്നുഉദയ്യ് എഴുപതു വസഖ് കാരക്കയുമാണ് സംഭാവന നൽകിയത്. സഹാബിമാരിൽ പലരും അവരവരുടെ കഴിവിന്നൊത്ത സംഭാവനകൾ നൽകി. ഉസ്മാനുബ്നുഅഫ്ഫാൻ (റ) വാണ് ഏറ്റവുമധികം സംഭാവനനൽകിയത്. തുടരെത്തുടരെയായി ആകെ ആയിരം ഒട്ടകങ്ങളെയും എഴുപതു കുതിരകളെയും പതിനായിരം പൊന്നും അദ്ദേഹം സംഭാവന ചെയ്തു. 'തമ്പുരാനെ ഞാൻ ഉസ്മാനെ തൃപ്തിപ്പെട്ടു. നീയും ഉസ്മാനെ തൃപ്തിപ്പെടേണമെ' എന്ന തിരുമേനി (സ) പ്രാർത്ഥിച്ചു.

അബ്ദുർറഹ്മാനുബ്നുഖബ്ബാബ് (റ) വിനെ ഉദ്ധരിച്ചുകൊണ്ട് ഇമാംബൈഹഖീ (റ) പറയുന്നു: ഉസ്റത് യുദ്ധത്തിൽ ജനങ്ങളെ പ്രേരിപ്പിക്കുവാനായി തിരുമേനി (സ) പ്രസംഗിക്കുകയും സംഭാവനകൾ ആവശ്യപ്പെടുകയും ചെയ്തപ്പോൾ, 'നൂറു ഒട്ടകങ്ങളും അവയുടെ ജീനികളും പടങ്ങളും എന്റെ വക എന്ന ഉസ്മാനുബ്നുഅഫ്ഫാൻ (റ) തിരുമേനി (സ) യോടു പറഞ്ഞു. തിരുമേനി (സ) മിമ്പറിന്മേൽ നിന്നു കൊണ്ട് സംഭാവനകളെ ആവർത്തിച്ചപ്പോൾ 'നൂറു ഒട്ടകങ്ങളും അവക്കു വഹിക്കാവുന്ന സാധനങ്ങളും എന്റെവക' എന്നു വീണ്ടും ഉസ്മാൻ (റ) പറഞ്ഞു. ഒരു പടിക്കൂടി ഇറങ്ങിനിന്നു കൊണ്ട് തിരുമേനി (സ) ഒരിക്കൽക്കൂടി ആഹ്വാനം ആവർത്തിച്ചു. 'നൂറു ഒട്ടകങ്ങളും അവക്കു വഹിക്കാവുന്നത്ര സാധനങ്ങളുംകൂടി എന്റെ വക' എന്നു വീണ്ടും ഉസ്മാൻ (റ) പ്രസ്താവിച്ചു. തിരുമേനി (സ) അത്ഭുതത്താലെന്നപോലെ കൈമലിച്ചു; ഉസ്മാൻ (റ) വിനെ പ്രശംസിക്കുകയും ചെയ്തു'

യുദ്ധയാത്രയെസ്സംബന്ധിച്ച വിവരം മക്കക്കാരെയും മുസ്‌ലിംകളായ മറ്റു ഗോത്രക്കാരെയും തിരുമേനി (സ) അറിയിച്ചു. സാലിമിബ്നുഉമൈറുൽഅൻസാരീ (റ), അബൂലൈലാ (റ), അബ്ദുർറഹ്മാനുബ്നുകഅ്ബുൽഅൻസാരീ (റ), ഇർബാളുബ്നുസാരിയതസ്സൽമീ (റ) ഹറമുബ്നുരിഫാഅതുൽഅൻസാരീ (റ), അബ്ദുല്ലാഹിബ്നുമുഗ്ഫലുൽമുസ്നീ (റ) എന്നിവരും മറ്റു ചിലരും തിരുമേനി (സ) യോടു വാഹനത്തിന്നാവശ്യപ്പെട്ടു. 'ഞാൻ നിങ്ങൾക്കു വാഹനമൊരുക്കീട്ടില്ല എന്ന തിരുമേനി (സ) അവർക്കു മറുപടി നൽകി.

ശാമിലേക്കും റോമിലേക്കും സേനയെ നിയോഗിപ്പാൻ പറ്റിയ കേന്ദ്രമായ തബൂക്കിലേക്കു നീങ്ങുവാൻ തിരുമേനി (സ) സേനക്കു ആജ്ഞ നല്കി. മുസ്‌ലിം സേനയുടെ സംഖ്യാബലം മുപ്പതിനായിരമെന്നും നാല്പതിനായിരമെന്നും എഴുപതിനായിരമെന്നും പക്ഷാന്തരങ്ങളുണ്ട്. പതിനായിരമൊ പതിനീരായിരമൊ പടക്കുതിരകളും ഒട്ടു സൈന്യത്തോടൊപ്പം ഉണ്ടായിരുന്നു.

തിരുമേനി (സ) യുടെ അസാന്നിദ്ധ്യത്തിൽ മദീനായുടെ ഭരണം നടത്തുവാൻ അലീ (ക. വ.) യെ തിരുമേനി (സ) അധികാരപ്പെട്ട

ത്തി. തിരുമേനി (സ) യും സഹാബിമാരും മദീനയുടെ അതിർത്തി കടക്കുന്നതിനു മുമ്പു തന്നെ, അലീ (ക. വ) യെ താല്ക്കാലിക ഖലീഫയായി നിയമിച്ചു മദീനയിൽ നിർത്തിയതിനെ ചൊല്ലി മുനാഫിഖുകൾ പിറുപിറുത്തു തുടങ്ങി. ഈ നിയമനം അലീ (ക. വ.) ക്കു നല്ലപ്പെട്ട പക്ഷപാതപരമായ പ്രത്യേകാനുകൂല്യമാണെന്നും, യുദ്ധയാത്രാക്ലേശത്തിൽ നിന്നു അദ്ദേഹത്തെ രക്ഷപ്പെടുത്തുവാൻ നടത്തപ്പെട്ട സൂത്രമാണെന്നും മറും അവർ പറയുകയുണ്ടായി ഈ ആവലാതികൾ അലീ (ക. വ.) യുടെ ഹൃദയത്തെ വ്രണപ്പെടുത്തി. തന്നിമിത്തം അദ്ദേഹവും മുസ്‌ലിം സേനയെ പിന്തുടർന്നു. ജിർഫ് എന്ന സ്ഥലത്തു വെച്ചു അദ്ദേഹം തിരുമേനി (സ) യെ കണ്ടു മുട്ടി. മുനാഫിഖുകളുടെ ആക്ഷേപങ്ങളുടെ സ്വഭാവം അദ്ദേഹം തിരുമേനി (സ) യെ ധരിപ്പിച്ചു. ഇതു കേട്ടപ്പോൾ തിരുമേനി (സ) പറഞ്ഞു:–'അവർ കഥയില്ലാതെ അങ്ങിനെയെല്ലാം പറഞ്ഞു. ആ നിലയിലൊന്നുമല്ല ഞാൻ നിങ്ങൾക്കു അധികാരം നല്കിയതു്. നിങ്ങൾ മദീനയിലേക്കു മടങ്ങുകയും ഞാൻ അധികാരപ്പെടുത്തിയ കാര്യം നിർവ്വഹിക്കുകയും ചെയ്യുക. മൂസാ നബിയെസ്സംബന്ധിച്ചേടത്തോളം ഹാറൂൻ നബി എപ്രകാരമാണോ, അപ്രകാരമാണു് എന്നെസ്സംബന്ധിച്ചേടത്തോളം നിങ്ങൾ. പക്ഷെ, എന്റെ ശേഷം നബി ഉണ്ടാവുകയില്ല. ഈ അവസ്ഥ നിങ്ങൾ തൃപ്തിപ്പെടുന്നില്ലയോ?' 'തൃപ്തിപ്പെട്ടു; തൃപ്തിപ്പെട്ടു; തൃപ്തിപ്പെട്ടു' എന്നീപ്രകാരം മൂന്നു തവണ ആവർത്തിച്ചുപറഞ്ഞുകൊണ്ടു അലീ (ക. വ.) മദീനയിലേക്കു തിരിച്ചു.

[അലീ (ക. വ.) യുടെ ഈ താല്ക്കാലിക ഖിലാഫത്തു് നിയമനത്തെ അന്യഥാ വ്യാഖ്യാനിക്കുവാൻ ശ്രമിച്ച ചിലർ, പിൽക്കാലത്തു് അപഥത്തിലേക്കു വഴുതിപ്പോവുകയുണ്ടായി. മൂസാ നബി (അ) ഹാറൂൻ നബിയെ താല്ക്കാലിക ഖലീഫയായി മാത്രമെ നിയമിച്ചിരുന്നുള്ളൂ. മൂസാ നബി (അ) അല്ലാഹുവുമായി സംഭാഷണം നടത്തുന്നതിനു് സീന പർവ്വതത്തിലേക്കു പോകുമ്പോൾ, ഹാറൂൻ നബി (അ) യെ ഖലീഫയായി നിയമിക്കുകയും, സീനാ പർവ്വതത്തിൽ നിന്നു മൂസാ നബി (അ) തിരിച്ചു വന്നാൽ ഹാറൂൻ നബി (അ) ഖലീഫസ്ഥാനം അദ്ദേഹത്തിനു വിട്ടു കൊടുക്കുകയുമായിരുന്നു പതിവു് ആ നടപടി മൂസാ നബി (അ) യുടെ ജീവിതകാലത്തിനു മാത്രം ബാധകവുമായിരുന്നു മൂസാ നബി (അ) ക്കു ശേഷം ഖലീഫാ സ്ഥാനം തുടരുവാനുള്ള അവകാശമൊ അധികാരമൊ ഈ നടപടി ഹാറൂൻ നബി (അ) ക്കു നേടിക്കൊടുത്തിരുന്നില്ല. അപ്രകാരം തന്നെ തിരുമേനി (സ) മദീനയിലെ താൽക്കാലിക ഖലീഫയായി അലീ (ക. വ.) ക്കു നല്കിയ നിയമനം തിരുമേനി (സ) യുടെ തിരിച്ചു വരവോടു കൂടി തനിയെ അവസാനിക്കുന്നതും തിരുമേനി (സ) യുടെ ജീവിതകാലത്തെ മാത്രം സംബന്ധിക്കുന്നതുമാകുന്നു. മദീനയിൽ അലീ (ക. വ.) യെ താല്ക്കാലിക ഖലീഫയായി നിയമിച്ച ഈ സംഭവത്തെ പശ്ചാത്തലമാക്കിക്കൊണ്ടു്, തിരുമേനി (സ) ക്കു ശേഷം ഒന്നാം ഖലീഫാ സ്ഥാനത്തിന്റെ യഥാർത്ഥ അവകാശി അലീ (ക. വ.) ആയിരുന്നുവെന്നുള്ള വാദം വക്രവും യാഥാർത്ഥ്യത്തിനു നിരക്കാത്തതുമാണു്. അലീ (ക. വ.) തന്നെയും ഈ വാദത്തിനനുകൂലിയല്ല. ധീരനും ഉദാത്തനും സത്യസന്ധനും നീതിതല്പരനുമായ അലീ (ക.വ.) അദ്ദേഹത്തിന്റെ ജീവിതകാലത്തു ഒന്നാം ഖലീഫാ സ്ഥാനത്തിന്റെ അവകാശി താനാണെന്നു പറയുകയോ സൂചിപ്പിക്കുകപോലുമൊ ഉണ്ടായിട്ടില്ല. ഒന്നാം ഖലീഫയായ അബൂബകർ സിദ്ദീഖ് (റ) വിനേയും, രണ്ടാം ഖലീഫയായ ഉമർ ഖത്താബ് (റ) വിനേയും,

മൂന്നാം ഖലീഫയായ ഉസ്‌മാനുബ്‌നു അഫ്ഫാൻ (റ) വിനേയും സ്വാത്മനാ അദ്ദേഹം അംഗീകരിച്ചിട്ടുണ്ട്. അലീ (ക. വ) യുടെ ഖിലാഫത് കാലത്തു്, 'താങ്കൾ ഒന്നാം ഖലീഫയാകേണമെന്നു തിരുമേനി (സ) വസിയ്യത്തു് ചെയ്തിരുന്നുവൊ' എന്നു ചിലർ അദ്ദേഹത്തോടു ചോദിക്കുകയുണ്ടായി. അവരോടു അദ്ദേഹം ഇപ്രകാരം മറുപടി പറയുകയുണ്ടായി:- 'അങ്ങിനെ തിരുമേനി (സ) വസിയ്യത്തു് ചെയ്തിരുന്നെങ്കിൽ എന്റെ വാളും പടയങ്കിയും അവശേഷിക്കുന്നതു വരെ-ഞാൻ മരണമടയുന്നതുവരെ-ഖിലാഫത്തിനുവേണ്ടി ഞാൻ സമരം ചെയ്യുമായിരുന്നു. മാത്രമല്ല, അബൂബകർ (റ), ഉമർ (റ), ഉസ്‌മാൻ (റ) എന്നിവരുടെ ഖിലാഫത്തിനെ ഞാൻ അംഗീകരിക്കുകയും ഇല്ലായിരുന്നു.' തിരുമേനി (സ) യുടെ വസിയ്യത്തു് ഉണ്ടായിരുന്നിട്ടും ഖിലാഫത്തധികാരം അലീ (ക. വ.) തന്റെ മുൻഗാമികളായ മൂന്നു പേർക്കു ഒഴിഞ്ഞു കൊടുത്തുവെന്നു പറയുന്നവർ യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ അഭിമാനത്തേയും ആദർശധീരതയെയും പ്രാബല്യത്തേയും യുദ്ധശാലിത്വത്തേയും അവഹേളിക്കുകയാണു് ചെയ്യുന്നതു്. ഭീരുത്വത്തിൽ നിന്നു് അല്ലാഹു മോചനം നൽകിയ മഹാനാണു് അലീ (ക. വ.) ഈ യാഥാർത്ഥ്യത്തെ പ്രസ്തുത വാദത്താൽ മൂടി വെക്കുവാൻ ശ്രമിക്കുക വഴി അവർ അല്ലാഹുവിന്റെ മുമ്പിൽ സത്യനിഷേധികളായി തീരുകയും ചെയ്യുന്നു.]

സനിയ്യത്തുൽവിദാഇ് എന്ന സ്ഥലത്തു വെച്ചു തിരുമേനി (സ) സൈന്യനിര പരിശോധിക്കുകയും ഓരോ വിഭാഗത്തിനും പതാകകൾ നല്കുകയും ചെയ്തു. ലിവാഉൽഅഖ്ദ് എന്ന വലിയ പതാക അബൂബകർസിദ്ദീഖ് (റ) വിനു നൽകി. റയത്തുൽഉഖ്മാ എന്ന പതാക സുബൈർ (റ) വിനും, ഔസ് ഗോത്രക്കാർക്കുള്ള പതാക ഉസൈദുബ്‌നുഹുളൈർ (റ) വിനും ഖസ്‌റജ് ഗോത്രക്കാർക്കുള്ള പതാക ഖബ്ബാബുബ്‌നുമുൻദിർ (റ) വിനും നൽകുകയുണ്ടായി. അൻസാർകളായ ഓരോ ഗോത്രക്കാർക്കും അപ്രകാരം വിവിധ അറബി ഗോത്രക്കാർക്കും പ്രത്യേകം പ്രത്യേകം പതാകകളും നൽകപ്പെട്ടു.

അബ്ദില്ലാഹിബ്‌നുഉബയ്യുബ്‌നു സുലൂൽ എന്ന മുനാഫിഖ് നേതാവും ഒരുകൂട്ടം മുനാഫിഖുകളും ഈ യുദ്ധയാത്രയിൽ സംബന്ധിച്ചിരുന്നു. സനിയ്യത്തുൽവിദാഇ് എന്ന കുന്നിൻചരിവിലെത്തിയപ്പോൾ അവരുടെ മട്ടു മാറി. അബ്ദില്ലാഹിബ്‌നുഉബയ്യു് ഇപ്രകാരം അഭിപ്രായം തട്ടിവിട്ടു:- 'ബനുൽഅസ്ഫർ ഗോത്രക്കാരായ റോമാക്കാർ ലോകവിഖ്യാതരായ യോദ്ധാക്കളും ജേതാക്കളുമാണു്. ഈ അത്യുഷ്ണകാലത്തു അതിവിദൂര രാജ്യത്തേക്കു യാത്ര ചെയ്തു, അജയ്യരായ റോമാക്കാരോടു യുദ്ധം ചെയ്യാനാണു് നാം പുറപ്പെട്ടിട്ടുള്ളതു്. റോമാക്കാരുമായി യുദ്ധം ചെയ്യുകയെന്നതു ഒരു തമാശയായിട്ടാണു് നബി മനസ്സിലാക്കീട്ടുള്ളതു്. റോമാക്കാരെ പരാജയപ്പെടുത്തുകയെന്നതു ഒരു വ്യാമോഹം മാത്രമാണു് ഈ സൈന്യത്തെ അവർ പിടിച്ചു കെട്ടുമെന്നുള്ളതു, തന്നാണെ സത്യം, തീച്ചയാണു്. ആകയാൽ ഞാനും എന്റെ കക്ഷിയും ഈ യുദ്ധത്തിന്നില്ല.' മുസ്‌ലിംകളുടെ ആത്മവിശ്വാസവും ധൈര്യവും ക്ഷയിപ്പിക്കേണമെന്നായിരുന്നു മുനാഫിഖുകളുടെ ഉദ്ദേശ്യം. മുനാഫിഖുകളായ കുറെ ആളുകൾ സുവൈലം എന്ന യഹൂദിയുടെ വീട്ടിൽ ഒത്തുചേർന്നു. അവരിൽ ചിലർ പറഞ്ഞു:- 'ഇവർക്കു ബനുൽഅസ്ഫർ ഗോത്രക്കാരെ മനസ്സിലായിട്ടില്ല. അറബികൾ തമ്മിൽ നടത്തുന്ന യുദ്ധം പോലെയാണു് അവരുടെ യുദ്ധമെന്നാണു് ഇവർ ധരിച്ചിട്ടുള്ളതു്. പടച്ചവനാണെ സത്യം, ഇവർ നാളെ ബന്ധനസ്ഥരാക്കപ്പെടും.'

മുനാഫിഖുകൾ പറഞ്ഞ ഓരോ വാക്കും അല്ലാഹു അപ്പപ്പോൾ തിരുമേനി (സ) ക്ക് അറിയിച്ചുകൊടുത്തു. 'നിങ്ങൾ ഇന്നിന്നതെല്ലാം പറഞ്ഞില്ലേ' എന്നു ചോദിക്കുവാൻ അമ്മാറു ബ്‌നുയാസിർ (റ) വിനെ തിരുമേനി (സ) അവരുടെ അടുക്കലേക്കയച്ചു. തങ്ങൾ അങ്ങിനെയെല്ലാം പറഞ്ഞിട്ടുണ്ടെന്നു അവർ സമ്മതിച്ചു. പക്ഷെ, തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി 'ഞങ്ങൾ തമാശയായി പറഞ്ഞതാ'ണെന്നു അവർ ഒഴികഴിവു് ബോധിപ്പിച്ചു.

'ജദ്ദേ, അബുൽഅസ്‌ഫർ ഗോത്രക്കാരോടു യുദ്ധം ചെയ്യുവാൻ നിങ്ങൾക്കു സാധിക്കുമോ' എന്നു തിരുമേനി (സ) ജദ്ദുബ്‌നുഖൈസോടു ചോദിച്ചപ്പോൾ, അയാൾ ഇപ്രകാരം ഉത്തരം നൽകി:- 'എനിക്കു തിരിച്ചുപോകുവാൻ അനുമതി നൽകേണമെന്നാണു് എന്റെ അപേക്ഷ. അല്ലാത്ത പക്ഷം ഞാൻ അപരാധിയായിത്തീരും. എന്റെ ഗോത്രക്കാരിൽ പ്രമുഖനായ സ്ത്രീലമ്പടനാണു് ഞാൻ. അതു പരക്കെ അറിയുന്ന ഒരു കാര്യമാണു്. ബനൽഅസ്‌ഫർ ഗോത്രക്കാരികളെ കണ്ടാൽ എനിക്കു ക്ഷമ വരികയില്ല.' ഇതു കേട്ടപ്പോൾ തിരുമേനി (സ) യുടെ മുഖം തിരിച്ചു കളയുകയും, തിരിച്ചു പോയിക്കൊള്ളുവാൻ അനുമതി നല്കുകയും ചെയ്തു. ജദ്ദിന്റെ വാക്കുകൾ അയാളുടെ പുത്രനെ ക്ഷോഭിപ്പിച്ചു. തിരിച്ചുപോകുവാൻ അനുവാദം ചോദിക്കുന്നതിനു നിങ്ങളെ പ്രേരിപ്പിച്ചതു നിങ്ങളുടെ ഭീരുത്വവും കാപട്യവുമാണെന്നു അദ്ദേഹം അധിക്ഷേപിച്ചു. നിങ്ങളുടെ കയ്യിൽ ആയുധമിരിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. മുനാഫിഖുകളുടെ പിന്മടക്കത്തെ പരാമർശിച്ചുകൊണ്ടു് 'മുനാഫിഖുകളിൽ ചിലർ തിരിച്ചുപോകുവാൻ അനുവാദം ചോദിക്കുന്നു; ഞങ്ങളെ അപരാധികളാക്കരുതു്' എന്നു അവർ പറയുന്നു. ഈ പിന്മടക്കം കൊണ്ടു തന്നെ അവർ അപരാധത്തിൽ കൂട്ടിയിരിക്കുന്നു' എന്നത്ഥമുള്ള ആയത്തു ഇറങ്ങുകയുണ്ടായി.

ശാരീരികമായ സഹകരണം പിൻവലിച്ചെങ്കിലും സാമ്പത്തികസഹകരണം നൽകുവാൻ ജദ്ദു് സന്നദ്ധത പ്രകടിപ്പിച്ചു. അപ്പോൾ അല്ലാഹു കല്പിച്ചു:-'നിങ്ങൾമനസ്സോടുകൂടിയോ അല്ലാതെയോ ഒഴിച്ചുകൊള്ളുക; നിങ്ങളുടെ പക്കൽനിന്നു അതു സ്വീകരിക്കപ്പെടുകയില്ല.' *

ഈ അത്യുഷ്ണകാലത്തു നിങ്ങൾ യുദ്ധത്തിനു പോകരുതെന്നു മുനാഫിഖുകളിൽ ചിലർ ചിലരോടു പറയുകയുണ്ടായി. അപ്പോൾ അല്ലാഹു പറഞ്ഞു:-'ഈ ചൂടുകാലത്തു് യുദ്ധത്തിനു പോകരുതെന്നു അവർ പറയുന്നു. ജഹന്നം എന്ന നരകത്തിലെ ചൂടു അത്യുഗ്രമാണെന്നു താങ്കൾ അവരോടു പറയുക.'

അറബിഗോത്രക്കാരിൽപ്പെട്ട, ക്ഷീണിതരും രോഗികളും അവശരുമായ എൺപത്തിരണ്ടുപേർ തിരുമേനി (സ) യെ സമീപിച്ചു, തിരിച്ചുപോകുവാനുള്ള അനുമതിക്കപേക്ഷിച്ചു. അവർക്കു തിരുമേനി (സ) അനുമതി നൽകുകയുണ്ടായി.

ചില കാരണങ്ങൾ പടച്ചുണ്ടാക്കിക്കൊണ്ടു മുനാഫിഖുകളിൽ ചിലരും തിരുമേനി (സ) യെ സമീപിച്ചു, തിരിച്ചുപോവാനുള്ള അനുമതിക്കപേക്ഷിച്ചു. അവരെ പരാമർശിച്ചുകൊണ്ടു അല്ലാഹു പറഞ്ഞു:-'അല്ലാഹുവിനെയും റസൂലിനെയും ആത്മാർത്ഥമായി വിശ്വസിക്കാത്ത ചില കപടവിശ്വാസികൾ ഇങ്ങനെ ഉണ്ടു.'

---

* അദ്ദേഹം പിന്നീടു ഈ വിഷയത്തിൽ പശ്ചാത്തപിച്ചതായി ചരിത്രകാരന്മാർ പറയുന്നു. പശ്ചാത്തപിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു അദ്ദേഹത്തിനു മാപ്പുനൽകട്ടെ.

കഅ്ബുബ്നുമാലിക് (റ), ഹിലാലു ബ്നുഉമയ്യത് (റ), മറാറത്തുബ്നുർറബീഅ് (റ), അബൂഖൈസമതൽഅൻസാരീ (റ) * തുടങ്ങിയ ഏതാനും മുസ്‌ലിംകൾ അകാരണമായി പിന്മടങ്ങിക്കളഞ്ഞു. പക്ഷെ, അല്പദിവസം കഴിഞ്ഞപ്പോൾ അബൂഖൈസമതൽഅൻസാരീ (റ) സപദ്ധയാ ആയുധധാരിയായി തബൂക്കിലേക്കു പുറപ്പെടുകയും തബൂക്കിൽവെച്ചു മുസ്‌ലിംസേനയോടൊപ്പം ചേരുകയുമുണ്ടായി.

തബൂക്കിലേക്കുള്ള യാത്രയിൽ സമൂദ് ഗോത്രക്കാരുടെ വീടുകൾക്കടുത്തെത്തിയപ്പോൾ, ആ ഗോത്രക്കാരുടെ നിലയെച്ചൊല്ലി വ്യസനിക്കുകയും അവരിൽ ഇറങ്ങിയ ശിക്ഷയെ ഓർത്തു ഭയപ്പെടുകയും ചെയ്തു. ആ പ്രദേശത്തുവെച്ചു യാതൊന്നും തിന്നുകയൊ കുടിക്കുകയൊ ചെയ്യരുതെന്നും, ഒട്ടകങ്ങൾക്കും കുതിരകൾക്കും മറ്റും തീറ്റകൊടുക്കരുതെന്നും തിരുമേനി (സ) ഉപദേശിച്ചു. യാത്രക്കുവേഗം കൂട്ടിക്കൊണ്ടു മുസ്‌ലിംകൾ ആ പ്രദേശത്തെ തരണം ചെയ്തു. സാലിഹ്നബി (അ) യുടെ ഒട്ടകം വെള്ളം കുടിച്ച കിണറിനടുത്തു മുസ്‌ലിംസേന താവളമടിച്ചു. 'ഇന്നരാത്രി ഒരു കൊടുംകാറ്റു വീശും. അതുകൊണ്ടു ആരും തന്നെ ഒറ്റക്കു തമ്പിൽ നിന്നു പുറത്തിറങ്ങരുതു് ഒട്ടകങ്ങളെ അഴിച്ചു വിടുകയും ചെയ്യരുതു" എന്നു തിരുമേനി (സ) മുന്നറിയിപ്പു നല്കി. അന്നു രാത്രി ഒരു കൊടുംകാറ്റു വീശി. അത്യുഗ്രമായ ആ കൊടുംകാറ്റു വീശുമ്പോൾ സഹാബിമാരിൽ ഒരാൾ മലശോധനക്കു വെളിയിൽ ഇരിക്കുകയായിരുന്നു. കൊടുങ്കാറ്റു അദ്ദേഹത്തെ പേറിയെടുത്തു ഒരു കുട്ടക്കിൽ കൂട്ടിക്കിയിട്ടു. വേറൊരു സഹാബി കാണാതായ തന്റെ ഒട്ടകത്തെ അന്വേഷിച്ചു നടക്കുകയായിരുന്നു. കൊടുങ്കാറ്റു അദ്ദേഹത്തെ തട്ടിയെടുത്തു തയ്യിഅ് എന്ന പർവ്വതത്തിന്മേൽ വിട്ടു. തിരുമേനി (സ) യുടെ പ്രാർത്ഥനയനുസരിച്ചു കൂട്ടക്കിൽപ്പെട്ട സഹാബി അതിൽ നിന്നു രക്ഷപ്പെട്ടു തിരിച്ചെത്തി. പർവ്വതത്തിന്മേൽ എത്തിച്ചെന്ന സഹാബി, തിരുമേനി(സ) മദീനയിലെത്തിയ ശേഷം, മദീനയിലെത്തിച്ചേർന്നു

നിസ്കാരങ്ങളിൽ സൈന്യത്തിനു ഇമാമത്തു് നില്ക്കുവാൻ അബൂബക്കർ സിദ്ദീഖ് (റ) വിനേയും, സൈന്യത്തിന്റെ പാറാവു നടത്തുവാൻ അബ്ബാദുബ്നു ബിശ്ർ (റ) വിനെയും തിരുമേനി (സ) അധികാരപ്പെടുത്തി. സൈന്യത്തിൽ ഒരു വിഭാഗത്തിനു ഇമാമത്തു് നില്ക്കുവാനാണു് അദ്ദേഹത്തെ അധികാരപ്പെടുത്തിയിരുന്നതെന്നും പറയപ്പെട്ടിട്ടുണ്ടു്. മുഗീറതുബ്നുശുഅ്ബത്(റ) പറയുന്നു:-'ഹജർ എന്ന സ്ഥലത്തിന്റേയും തബൂക്കിന്റേയും മദ്ധ്യത്തിൽ ഞങ്ങൾ എത്തി. സുബ്ഹി നിസ്കാരത്തിനു മുമ്പു് തിരുമേനി (സ) മലവിസർജ്ജനത്തിനു പോയി. തിരിച്ചു വരുവാൻ അല്പം വൈകി. നിസ്കാരത്തിന്റെ സമയമായിട്ടും തിരുമേനി (സ) എത്താത്തതു കണ്ടപ്പോൾ അബ്ദുർറഹ്മാനുബ്നുഔഫ് (റ) ഇമാമായായിക്കൊണ്ടു നിസ്കാരം ആരംഭിച്ചു. തിരുമേനി (സ) വുളു ഉണ്ടാക്കി വരുമ്പോഴേക്കും അദ്ദേഹം ഒരു റക്അത്തു് നിസ്കരിച്ചു കഴിഞ്ഞിരുന്നു. തിരുമേനി (സ) അദ്ദേഹത്തെ തുടർന്നുകൊണ്ടു ഒരു റക്അത്തും ഒറക്കു് ഒരു റക്അത്തും നിസ്കരിച്ചു നിസ്കരിച്ചു കഴിഞ്ഞപ്പോൾ, "നന്നായി" എന്നു തിരുമേനി (സ) അരുളി. ഇബ്നുഅബ്ബാസ് (റ) പറയുന്നു:-'തിരുമേനി (സ) അബൂബക്കർ സിദ്ദീഖ് (റ) വിനെയല്ലാതെ മറ്റൊരാളുടെ പിന്നിൽ നിന്നുകൊണ്ടു നിസ്കരിട്ടില്ല.' പൂർണ്ണമായ നിസ്കാരത്തെ ഉദ്ദേശിച്ചു

---

* ഈ മൂന്നു സഹാബിമാരെക്കുറിച്ചു പിന്നീടു പ്രസ്താവിക്കും.

കൊണ്ടാണ് ഇബ്‌നുഅബ്ബാസ് (റ) ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളത്. അബ്ദുർറഹ്മാൻ ബ്‌നുഔഫ് (റ) വിനെ തുടർന്നുകൊണ്ട് ഒരു റക്അത് മാത്രമേ തിരുമേനി (സ) നിസ്കരിച്ചിട്ടുള്ളുവെന്നതു ശ്രദ്ധേയമാണ്.

തബൂക് യുദ്ധയാത്രയിൽ പല അത്ഭുതങ്ങളും (മുഅ്ജിസത്തുകളും) സംഭവിച്ചു വഴിയിൽ വെച്ചു ജലക്ഷാമം മൂലം സഹാബിമാർ ദാഹിച്ചു വലഞ്ഞു. അബൂബകർ സിദ്ദീഖ് (റ) തിരുമേനി (സ) യോടു സങ്കടമുണർത്തിയപ്പോൾ, തിരുമേനി (സ) കൈകൾ നീട്ടിപ്പിടിച്ചു അല്ലാഹുവോടു പ്രാർത്ഥിച്ചു. പ്രാർത്ഥനയിൽനിന്നു തിരുമേനി (സ) വിരമിക്കുന്നതിനു മുമ്പ് മഴ പെയ്തു. സഹാബിമാർ വെള്ളം കുടിച്ചു ദാഹം ശമിപ്പിക്കുകയും പാത്രങ്ങളിൽ വെള്ളം ശേഖരിക്കുകയുമുണ്ടായി ഈ മഴ സഹാബിമാക്കല്ലാതെ മറാക്കും അനുഭവപ്പെട്ടില്ല.

ഒരു ദിവസം തിരുമേനി (സ) യുടെ ഒരു ഒട്ടകത്തെ കാണാതായി. ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ടു ഒരു മുനാഫിഖ് പറഞ്ഞു:= 'ആകാശഭൂമികളിലെ രഹസ്യങ്ങൾ അറിയുന്ന നബി, തന്റെ ഒട്ടകത്തെ കാണാതായപ്പോൾ അതു എവിടെയാണെന്നുള്ളതെന്നു പറയാത്തതെന്തു?' ഈ വിവരം തിരുമേനി (സ) അറിഞ്ഞു. തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:-'കാണാതായ ഒട്ടകം എവിടെയാണുള്ളതെന്നു ഞാൻ പറയാത്തതെന്തുകൊണ്ടാണെന്നു അയാൾ ചോദിക്കുന്നു. അല്ലാഹു അറിവിക്കാതെ ഞാൻ ഒന്നും അറിയുന്നില്ല.' ഒട്ടകം ഒരു പർവ്വതത്തിനുമേൽ ഉണ്ടെന്നു അല്ലാഹു അറിയിച്ചു. തിരുമേനി (സ) ആ വിവരം സഹാബിമാരെ അറിയിക്കുകയും അവർ ആ ഒട്ടകത്തെ തിരിച്ചു കൊണ്ടു വരികയും ചെയ്തു. ഇങ്ങിനെ പല മുഅ്ജിസത്തുകളും തബൂക് യുദ്ധയാത്രയിൽ സംഭവിക്കുകയുണ്ടായി.

തബൂകിൽ എത്തിയപ്പോൾ, ഖാലിദ് ബ്‌ന വലീദ് (റ) വിന്റെ നേതൃത്വത്തിൽ നാന്നൂറിരുപതു അശ്വഭടന്മാരെ തിരുമേനി (സ) ഉകൈദിറിബ്‌ന അബ്ദുൽ മലികുന്നസ്‌റാനീ എന്ന രാജാവിന്റെ നേരേ നിയോഗിച്ചു. ഹിർഖൽ ചക്രവർത്തിയുടെ സാമന്ത രാജാവായ ഉകൈദിർ ദൌമതുൽ ജൻദൽ എന്ന സ്ഥലത്താണ് താമസിച്ചിരുന്നതു. ഉകൈദിർ രാജാവും സഹോദരനായ ഹസ്സാനും പരിവാരസമേതം ഒരു രാത്രി നായാട്ടു നടത്തിക്കൊണ്ടിരിക്കുമ്പോൾ ഖാലിദ് (റ) വും സൈന്യവും അവിടെ എത്തി, ഉകൈദിറിനെ പിടിച്ചു. ഹസ്സാൻ എതിർത്തപ്പോൾ അയാളെ വധിക്കുകയും ചെയ്തു. * രാജാവിന്റെ പരിവാരങ്ങൾ കോട്ടക്കകത്തു രക്ഷ പ്രാപിച്ചു. ഉകൈദിറിന്റെ സേന മുസ്‌ലിം സേനയോടു യുദ്ധത്തിനു തയ്യാറായില്ല. അവർ മദ്ധ്യസ്ഥത്തിനു മുമ്പോട്ടു വന്നു. ഉകൈദിറിനെ വധിക്കാതെ, ജീവനോടു കൂടി തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കുന്ന പക്ഷം, രണ്ടായിരം ഒട്ടകങ്ങളേയും, എണ്ണൂറു കുതിരകളേയും, നാന്നൂറു കുന്തങ്ങളും, നാന്നൂറു പടയങ്കികളും എന്നിവയും പ്രതിഫലമായി നൽകാമെന്നു അവർ ഖാലിദ് (റ) വിനെ അറിയിച്ചു. ഈ നിബന്ധനയനുസരിച്ചു ഖാലിദ് (റ) അവരുമായി സന്ധിയിലേപ്പെട്ടു. നിബന്ധനപ്രകാരം, ഒട്ടകങ്ങളും, കുതിരകളും, കുന്തങ്ങളും, അങ്കികളും എന്നിവയെല്ലാം അവർ ഖാലിദ് (റ) വിനു നൽകി. ഉകൈദിർ തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. തിരു

---

* അയാൾ അണിഞ്ഞിരുന്ന സ്വർണ്ണത്തിന്റെ അങ്കി അഴിച്ചെടുത്തു ഖാലിദ് (റ) തിരുമേനി (സ) ക്കു എത്തിച്ചു കൊടുത്തു.

മേനി(സ)ക്ക് 'ജിസ്‌യ' എന്ന കപ്പം നൽകി, മുസ്‌ലിംകളുമായി ഇണങ്ങി ജീവിച്ചു കൊള്ളാമെന്നും ഉകൈദിർ സമ്മതിച്ചു. തിരുമേനി (സ) അയാളെ തന്റെ നാട്ടിലേക്കു തിരിച്ചയക്കുകയും ചെയ്തു. *

അയ്‌ലത് രാജാവിന്നും, ജർബാഅ്, അദ്‌റഅ് എന്നീ പ്രദേശകാക്കും തിരുമേനി (സ) കത്തുകൾ അയക്കുകയുണ്ടായി. ശാമിൽപ്പെട്ട പ്രദേശങ്ങളാണിവ. തിരുമേനി (സ) യുടെ കത്തുകളെ ആദരിച്ചുകൊണ്ടു ഈ കക്ഷികൾ തബൂകിൽ ചെന്നു തിരുമേനി (സ) യെ കണ്ടു, ഉടമ്പടിക്കു അപേക്ഷിച്ചു. കടലിലും കരയിലും തങ്ങളുടെ ജീവനും സ്വത്തിനും രക്ഷ നല്കുന്ന പക്ഷം ജിസ്‌യ നൽകി, തിരുമേനി (സ) യുടെ കീഴിൽ ജീവിച്ചു കൊള്ളാമെന്നു അവർ ബോധിപ്പിച്ചു. പ്രതിവർഷം നൂറൊന്നു വീതം ജിസ്‌യ നൽകാമെന്നുള്ള നിബന്ധനയിൽ അയ്‌ലത് രാജാവും, ജർബാഅ്, അദ്‌റഅ് എന്നീ നാട്ടുകാരും തിരുമേനി (സ) യുമായി ഉടമ്പടി ചെയ്തു. ഫലവൃക്ഷങ്ങളിൽ നിന്നു ലഭിക്കുന്ന വിളയുടെ നാലിലൊന്നു പ്രതിവർഷം ജിസ്‌യയായി നൽകാമെന്ന നിബന്ധനയിന്മേൽ മീനാ എന്ന നാട്ടുകാരും തിരുമേനി (സ) യുമായി ഉടമ്പടിയിലേർപ്പെട്ടു.

പത്തു ദിവസം ** തിരുമേനി (സ) യും സഹാബികളും തബൂകിൽ താമസിച്ചു. ശത്രുക്കൾ യുദ്ധത്തിന്നായി മുമ്പോട്ടു വന്നില്ല. മാത്രമല്ല, യുദ്ധത്തിന്നൊരുങ്ങി നിന്നവർ കൂട്ടം വിട്ടോടിക്കളയുകയും ചെയ്തു.

തബൂകിൽ നിന്നു മുമ്പോട്ടു നീങ്ങാതെ, മദീനയിലേക്കു തിരിക്കുവാൻ തിരുമേനി (സ) ആജ്ഞാപിക്കപ്പെട്ടു. മുസ്‌ലിം സേന തിരുമേനി (സ) യോടൊപ്പം മദീനയിലേക്കു തിരിച്ചു വഴിയിൽ എഴുപതു പള്ളികൾ അവർ പണിയുകയുണ്ടായി. തിരുമേനി (സ) യുടെ വിജയവാർത്ത അറിഞ്ഞപ്പോൾ മുനാഫിഖുകളുടെ ഹൃദയം ഭീതിയാൽ കിടിലം കൊണ്ടു. അവർ ലജ്ജിക്കുകയും ഭയപ്പെടുകയും ചെയ്തു.

തബൂക് യുദ്ധയാത്ര പരിപൂർണ്ണ പരാജയത്തിൽ കലാശിക്കണമെന്നായിരുന്നു മുനാഫിഖുകളുടെ ആഗ്രഹം. ഈ ആഗ്രഹം പൂർണ്ണമായി സാക്ഷാൽക്കരിച്ചില്ലെങ്കിൽ. പകുതിയെങ്കിലും സാക്ഷാൽക്കരിക്കുമെന്നവർ വിശ്വസിച്ചു. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചില പദ്ധതികൾ അവർ ആസൂത്രണം ചെയ്തു. മസ്‌ജിദ് ളിറാ എന്ന പള്ളിയെ നിർജ്ജീവമാക്കുക എന്നതായിരുന്നു ആ പദ്ധതിയിലെ സുപ്രധാനമായ ഒരു ഇനം. ഈ ഉദ്ദേശ്യം വെച്ചുകൊണ്ടു, മദീനയിൽ നിന്നു ഏതാണ്ടു നാലു നാഴികയകലെ അവർ അവരുടേതായ ഒരു പള്ളി പണിതു. തിരുമേനി (സ) തബൂകിൽനിന്നു മദീനയിലേക്കു തിരിച്ചുപോകുമ്പോൾ, ദുഅവാൻ എന്ന സ്ഥലത്തു വെച്ചു മുനാഫിഖുകളിൽ ചിലർ തിരുമേനി (സ) യെ സമീപിക്കുകയും, തങ്ങൾ നിർമ്മിച്ച പള്ളിയിൽ കയറി നിസ്കരിപ്പാനപേക്ഷിക്കുകയും ചെയ്തു. ആ അവസരത്തിൽ 'ഇതു ആപത്തിന്നുള്ള പള്ളിയാണു" എന്നതുമുള്ള ആയത്തിറങ്ങുകയുണ്ടായി. ആ പള്ളി നിർമ്മാണത്തിന്റെ പിന്നിലുള്ള ദുരുദ്ദേശ്യങ്ങൾ മനസ്സിലായപ്പോൾ അതു പൊളിച്ചു നീക്കുവാൻ തിരുമേനി (സ) ആജ്ഞാപിച്ചതനുസരിച്ചു

---

* ഇതെ അവസരത്തിൽ തന്നെ ഹിർഖൽ ചക്രവർത്തിക്കു ഹിംസിലേക്കു തിരുമേനി (സ) ഒരു കത്തയക്കുകയുണ്ടായി. ഈ കത്തിനെക്കുറിച്ചു മറ്റൊരിടത്തു വിവരിക്കും.

** ഇരുപതു ദിവസം താമസിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ടു.

സഹാബിമാർ അത് പൊളിച്ചു നീക്കുകയും ആ സ്ഥലം അടിച്ചു വാരി കാട്ടുങ്ങളിടുവാനുള്ള കുപ്പയാക്കി മാറ്റുകയും ചെയ്തു.

മദീനയിലെ ആബാലവൃദ്ധം ജനങ്ങളും തിരുമേനി (സ) യെ സഹർഷം എതിരേറ്റു. യവനികക്കു പിന്നിൽ നിന്നു നിന്നു ബാലികമാർ സ്വാഗതഗാനം ആലപിച്ചു. ഹിജ്‌റാബ്ദം ഒമ്പതാം വർഷം റമളാൻ മാസത്തിൽ തിരുമേനി (സ) തബൂക്കിൽ നിന്നു മദീനയിൽ തിരിച്ചെത്തി.

തബൂക് യുദ്ധയാത്രയിൽ പങ്കെടുക്കാതെ മദീനയിൽ തങ്ങിക്കളഞ്ഞ എൺപതിൽപരം സഹാബികളും തിരുമേനി (സ) യെ സമീപിച്ചു മാപ്പപേക്ഷിക്കുകയും, തിരുമേനി (സ) അവർക്കു മാപ്പ് നല്കുകയുമുണ്ടായി. സനിയ്യത്തുൽവിദാഅ് എന്ന സ്ഥലത്തു വെച്ചു കാരണമൊന്നും കൂടാതെ പിന്മടങ്ങിക്കളഞ്ഞ ഖസ്‌റജ് ഗോത്രക്കാരനായ കഅ്ബ്‌ന മാലിക് (റ) വിന്നും, ഔസ് ഗോത്രക്കാരായ മറാറത്തുബ്‌നുർബീഅ് (റ), ഹിലാലുബ്‌ന ഉമയ്യത് (റ) എന്നിവർക്കും പെട്ടെന്നു മാപ്പു നൽകാതെ, അവരെസ്സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ കല്പനക്കായി തിരുമേനി (സ) കാത്തു നിന്നു. കഅ്ബ്‌ന മാലിക് (റ) പറയുന്നു:-'തിരുമേനി (സ) ക്കു ഞങ്ങളുടെ നേരെ അപ്രിയം ഉണ്ടെന്നു മനസ്സിലായതോടുകൂടി ഞാൻ പരിഭ്രാന്തനായിത്തീർന്നു. മദീനയിലെ ജനങ്ങളും മുഴുവനും ഞങ്ങളെ വെറുത്തതായി എനിക്കനുഭവപ്പെട്ടു. ഒരു ഭ്രാന്തനെപ്പോലെ ഞാൻ ദിവസങ്ങളും തള്ളിനീക്കി. പശ്ചാത്താപ നിർഭരമായ അമ്പതു ദിവസങ്ങളും അങ്ങിനെ കടന്നുപോയി. അമ്പത്തൊന്നാമത്തു ദിവസം, സുബ്ഹി നിസ്കാരം കഴിഞ്ഞു ഞാൻ എന്റെ വീട്ടിൽ ഇരിക്കുമ്പോൾ, 'അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചു' എന്ന ഒരശരീരി ഞാൻ കേട്ടു. നന്ദിപൂർവ്വം ഞാൻ അല്ലാഹുവിനു സുജൂദ് ചെയ്തു. എനിക്കും എന്റെ കൂട്ടുകാരായ രണ്ടുപേർക്കും മാപ്പു നൽകപ്പെട്ടസന്തോഷവാർത്തയുമായി ജനങ്ങൾ എന്റെ വീട്ടിലേക്കോടിവന്നു. ഞാൻ തിരുസന്നിധിയിലേക്കു പുറപ്പെട്ടു. സന്തോഷവാർത്തയുമായി എന്റെ വീട്ടിലേക്കു പുറപ്പെട്ട ജനാവലി വഴിയിൽ വെച്ചു എന്നെ അഭിവാദനം ചെയ്തു. ഞാൻ പള്ളിയിൽ കടന്നു തിരുമേനി (സ) ക്കു സലാം ചൊല്ലി. തിരുവദനം സന്തോഷത്താൽ പ്രോജ്ജ്വലിച്ചു. പുഞ്ചിരി തൂകിക്കൊണ്ടു തിരുമേനി (സ) സലാം മടക്കി. *

തിരുമേനി (സ) തബൂക്കിൽ നിന്നു മദീനയിൽ തിരിച്ചെത്തിയപ്പോൾ ഉവൈമിർ ഇജ്‌ലാൽ എന്ന ആളും അദ്ദേഹത്തിന്റെ ഭാര്യയായ ഖൌലത്തും തിരുസന്നിധിയിൽ ആനയിക്കപ്പെട്ടു. ഖൌലത് ഗർഭിണിയായിരുന്നു. ഉവൈമിർ തന്റെ ഭാര്യയുടെ പേരിൽ വ്യഭിചാരകുറ്റം ആരോപിച്ചു. ശുറൈകുബ്‌നുസമ്മാഹ് എന്ന വ്യക്തിയുമായി ഖൌലത് അവിഹിതബന്ധം പുലർത്തീട്ടുണ്ടെന്നും ഖൌലത് ധരിച്ചിട്ടുള്ള ഗർഭം ശുറൈകിന്റേതാണെന്നും ഉവൈമിർ ശാഠ്യബുദ്ധിയോടെ വാദിച്ചു. ഖൌലത്തിന്റെ വാക്കുകളെ വിശ്വസിക്കുവാൻ അയാൾ കൂട്ടാക്കിയില്ല. അയാളുടെ മുട്ടിപ്പുഷ്ടി അനുരഞ്ജനത്തിന്റെ സാധ്യതയും പാടെ നശിപ്പിച്ചു. അവസാനം, അസുഖകരമായ പശ്ചാത്തലത്തിൽ അവരുടെ ദാമ്പത്യബന്ധം ശാപത്താൽ വിച്ഛേദിക്കപ്പെട്ടു.

ഹിജ്‌റാബ്ദം ഒമ്പതാം വർഷത്തിൽ തന്നെ മാഇസുബ്‌ന മാലിക് എന്ന സഹാബി പരപ്രേരണ കൂടാതെ, തിരുമേനി (സ) യുടെ സന്നിധിയിൽ സ്വയം ഹാജരായി, താൻ ഒരു വ്യഭിചാരകുറ്റവാളിയാണെന്നു തിരുമേനി (സ) യെ ഉണർത്തുകയും ചെയ്തു. കല്ലെറിഞ്ഞു

---

* ഈ മൂന്നു പേരെ പരാമർശിച്ചുകൊണ്ടു വിശുദ്ധഖുർആനിൽ ഒരു ആയത്തുണ്ട്.

കൊല്ലുക എന്നതാണ് ഇസ്‌ലാം മതത്തിൽ വ്യഭിചാരിക്കുള്ള ശിക്ഷ. ആ ശിക്ഷ അനുഭവിപ്പാനാണ് മാഇസ് (റ) തിരുമേനി(സ) യെ സ്വയം സമീപിച്ചതു്. അദ്ദേഹം സ്വയം കുറ്റം സമ്മതിച്ചെങ്കിലും, നിയമാനുസാരം തിരുമേനി (സ) അദ്ദേഹത്തെ വിചാരണ ചെയ്തു. നിഷേധാത്മകമായ ഉത്തരം പറയാവുന്ന വിധത്തിലുള്ള ചോദ്യങ്ങൾ കൊണ്ടു തിരുമേനി (സ) അദ്ദേഹത്തെ വിചാരണ ചെയ്തപ്പോൾ അദ്ദേഹം ഒരു വിധത്തിലും കുറ്റം നിഷേധിക്കാതെ, കുറ്റസമ്മതത്തിൽ ഉറച്ചു നിന്നു തിരുമേനി (സ) അദ്ദേഹത്തെ എറിഞ്ഞു കൊല്ലുവാൻ കല്പിച്ചു. * മാഇസ് (റ) വിന്റെ പശ്ചാതാപ ബോധത്തെ തിരുമേനി (സ) പ്രശംസിച്ചു

ഈ കൊല്ലം തന്നെ അസ്ദ് ഗോത്രക്കാരിയായ ഒരു സ്ത്രീയും, തന്റെ വ്യഭിചാരക്കുറ്റം ബോധിപ്പിക്കുവാനായി, തിരുമേനി (സ) യുടെ സന്നിധിയിൽ സ്വയം ഹാജരായി. റജ്മ് എന്ന കഠിനമായ വധശിക്ഷയിൽ നിന്നു ഒഴിവാകുവാൻ, അവസരങ്ങൾ അനുകൂലമായിരുന്നിട്ടും, ആ സ്ത്രീയും കൂട്ടാക്കിയില്ല. ഗർഭിണിയായ ആ സ്ത്രീയെ പ്രസവിക്കുവാനായി തിരുമേനി (സ) തിരിച്ചയച്ചു. പ്രസവാനന്തരം പശ്ചാത്താപബോധത്താൽ പ്രേരിതയായ ആ സ്ത്രീ വീണ്ടും തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി. കുഞ്ഞിന്റെ മുലകുടി മാറുന്നതുവരെ അവധി നൽകിക്കൊണ്ടും ആ സ്ത്രീയെ തിരുമേനി (സ) വീണ്ടും തിരിച്ചയച്ചു. കുഞ്ഞിന്റെ മുലകുടി മാറിക്കഴിഞ്ഞപ്പോൾ, ശിക്ഷ അനുഭവിപ്പാനുള്ള ഒരുക്കത്തോടുകൂടി, ആ സ്ത്രീ മൂന്നാമതും തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി. ഇത്തവണ, നിയാമനുസാരം വിചാരണ ചെയ്ത ശേഷം ആ സ്ത്രീയെ എറിഞ്ഞു കൊല്ലുവാൻ തിരുമേനി (സ) കല്പിക്കുകയും അവരുടെ പശ്ചാത്താപ ബോധത്തെ പ്രശംസിക്കുകയും ചെയ്തു

അബൂസുഫ്‌യാൻ (റ) വും മുഗീറത്ത് (റ) വും താഇഫിലേക്ക്

ഏതാനും വർഷങ്ങൾക്കുമുമ്പ് തിരുമേനി (സ) യെ താഇഫിൽ വെച്ചു ഹിംസിക്കുകയും അവഹേളിച്ചു പുറത്താക്കുകയും ചെയ്ത താഇഫിലെ ജനങ്ങൾ, തങ്ങൾ ചെയ്തുപോയ കുറ്റത്തിനു മാപ്പപേക്ഷിക്കുവാനും തങ്ങളെ തിരുമേനി (സ) യുടെ അനുയായികളായി അംഗീകരിപ്പാൻ അഭ്യർത്ഥിക്കുവാനുമായി ഒരു പ്രതിനിധിസംഘത്തെ മദീനയിലേക്കു നിയോഗിച്ചു. ആ പ്രതിനിധിസംഘം തിരുമേനി (സ) യെ സമീപിച്ചു മാപ്പപേക്ഷിക്കുകയും ഒരു നിബന്ധനയോടുകൂടി തങ്ങളുടെ അഭ്യർത്ഥന തിരുമേനി (സ) യുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. തങ്ങളുടെ വിഗ്രഹങ്ങൾക്കു, കുറച്ചു കാലത്തേക്ക്, താൽക്കാലിക രക്ഷ നൽകേണമെന്നതായിരുന്നു അവരുടെ നിബന്ധന. ആ നിബന്ധന നിരസിക്കപ്പെട്ടപ്പോൾ, ഒരു മാസക്കാലത്തേക്കെങ്കിലും അവയ്ക്കു രക്ഷ നൽകേണമെന്നു അവർ വീണ്ടും അപേക്ഷിച്ചു. ഇസ്‌ലാമിനും വിഗ്രഹങ്ങൾക്കും സഹവർത്തിത്വം സാദ്ധ്യമല്ല എന്നു തിരുമേനി (സ) മറുപടി നൽകിയപ്പോൾ, തങ്ങളെ നിർബ്ബന്ധനിസ്സാരത്തിൽനിന്നു ഒഴിവാക്കേണമെന്നു അവർ അഭ്യർത്ഥിച്ചു. നിസ്സാരമില്ലെങ്കിൽ ഇസ്‌ലാമില്ല എന്നു തിരുമേനി (സ) മറുപടി നൽകി. തങ്ങളുടെ ബിംബങ്ങളെ സ്വന്തം കൈകളാൽ നശിപ്പിക്കുവാൻ തങ്ങളെ നിർബ്ബന്ധിക്കരുതെന്നു അവസാനമായി അവർ അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന സ്വീകരിക്കപ്പെട്ടു. താഇഫിലെ ബിംബങ്ങളെ നശിപ്പിക്കുവാൻ അബൂസു

---

* ഈ ശിക്ഷക്കു അറബിഭാഷയിൽ റജ്മ് എന്നു പേർ.

ഫ്യാൻ (റ), മുഗീറത് (റ) എന്നീ സഹാബികളെ തിരുമേനി (സ) താഇഫിലേക്കു പറഞ്ഞയച്ച ലാത എന്ന ബിംബമായിരുന്നു താഇഫുകാരുടെ മുഖ്യബിംബം. ഒരു ദേവാലയത്തിലാണ് ആ ബിംബം പ്രതിഷ്ഠിക്കപ്പെട്ടിരുന്നത്. നിയുക്ത സഹാബികൾ ആ ബിംബത്തെ തകർത്തപ്പോൾ താഇഫിലെ സ്ത്രീകൾ അലമുറ കൂട്ടി. സഹാബിമാർ താഇഫിലെ ബിംബങ്ങളെ നശിപ്പിക്കുകയും താഇഫിലുണ്ടായിരുന്ന ദേവാലയം പൊളിച്ചു സമനിരപ്പാക്കുകയും, ദേവാലയത്തിലെ ഖജാനയിലുണ്ടായിരുന്ന മുതലുകൾ കണ്ടെടുക്കുകയും ചെയ്തു.

ശുഭവാർത്തകളുടെ വർഷം *

ഹിജ്റാബ്ദം ഒമ്പതാം വർഷം 'ശുഭവാർത്തകളുടെ വർഷം' എന്നു വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ വർഷത്തിൽ, അറേബ്യായിലെ വിവിധ ഗോത്രക്കാർ ഇസ്‌ലാമിനു വഴങ്ങിക്കൊണ്ട്, തങ്ങളുടെ സ്നേഹാദരങ്ങൾ തിരുമേനി (സ) യെ അറിയിപ്പാനായി പ്രതിനിധികളെ അയച്ചുവെന്നതാണ് ഈ വിശേഷണത്തിന്റെ പശ്ചാത്തലം. ഖുറൈശികൾ തിരുമേനി (സ) യുടെ നേരെ അഴിച്ചുവിട്ട അമർഷത്തിന്റെയും തജ്ജന്യമായ യുദ്ധങ്ങളുടെയും ഫലങ്ങൾ നിരീക്ഷിച്ചുകൊണ്ടു കഴിയുകയായിരുന്ന അറേബ്യയിലെ വിവിധ ഗോത്രങ്ങൾ. നാട്ടിലെ പ്രമുഖ ഗോത്രവും ഇസ്മാഈലീ സന്തതികളും, പ്രതാപശാലികളും, തിരുമേനി (സ) യെ പരാജയപ്പെടുത്തുന്ന വിഷയത്തിൽ ബദ്ധപ്രതിജ്ഞരുമായ ഖുറൈശികൾ തിരുമേനിക്കു വഴങ്ങിയെന്നു വന്നപ്പോൾ, തിരുമേനി (സ) യുടെ ശക്തി ദിവ്യവും അക്കാരണത്താൽ അജയ്യവുമാണെന്ന നിരീക്ഷകരായ ഗോത്രക്കാർക്കു ബോദ്ധ്യമായി. അവർ തിരുമേനി (സ) യെ നബിയായി അംഗീകരിച്ചു. ആ ശുഭവാർത്തയുമായി നാനാഗോത്രപ്രതിനിധികൾ മദീനയിലേക്കു പ്രവഹിക്കുകതന്നെ ചെയ്തു. യമൻ, മഹ്റാ, ഉമാൻ, യമാമ എന്നിവിടങ്ങളിലെ ഭരണാധിപന്മാരായിരുന്ന, ഹിംയർ വംശക്കാരായ അഞ്ചു ഭരണാധിപന്മാർ ഇസ്‌ലാംമതം വിശ്വസിച്ചു. ആ ശുഭവാർത്തയുമായി അവരും തങ്ങളുടെ പ്രതിനിധികളെ മദീനയിലേക്കു നിയോഗിച്ചു.

അബൂബകർസിദ്ദീഖ് (റ) വിന്റെ ഹജ്ജ്‌യാത്ര

ഹിജ്റാബ്ദം ഒമ്പതാം വർഷത്തിലെ ദുൽഖഅ്ദ് മാസത്തിൽ അബൂബകർസിദ്ദീഖ് (റ) വോടൊപ്പം മുന്നൂറു സഹാബിമാരെ തിരുമേനി (സ) ഹജ്ജുകർമ്മം നിർവ്വഹിപ്പാനായി മക്കയിലേക്കു പറഞ്ഞയച്ചു. അലീ (ക. വ.) യും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. 'ബാഅത്' എന്ന സൂറത് പൂർണ്ണമായി ഓതുവാൻ തിരുമേനി (സ) ഉപദേശിച്ചതനുസരിച്ചു, ആ സൂറത് പൂർണ്ണമായി അവർ ഓതുകയുണ്ടായി.

വിശുദ്ധ കഅ്ബയിൽ പ്രവേശിക്കുന്നതിൽ നിന്നോ, വിശുദ്ധഭവനത്തിൽ വെച്ചു അധമാരാധനകൾ നടത്തുന്നതിൽ നിന്നോ നാളിതുവരെ തിരുമേനി (സ) മുസ്‌ലിംകളെ തടഞ്ഞിരുന്നില്ല. മുശ്‌രിക്കുകൾ നജസാണെന്നും (അശുദ്ധരാണെന്നും) മേലിൽ അവരെ മസ്ജിദുൽ ഹറാമിൽ അടുപ്പിക്കരുതെന്നും അർത്ഥമുള്ള ആയത്തു് ഈ ഘട്ടത്തിലാണ് തിരുമേനി (സ) ക്കു ലഭിച്ചതു്. ആകയാൽ ഹജ്ജിന്റെ അവസരത്തിൽ താഴെ ചേർത്ത വിളംബരം പരസ്യമായി പ്രഖ്യാപിക്കുവാൻ തിരുമേനി (സ) അലീ (ക. വ.) യെ അധികാരപ്പെടുത്തി:- 'ഈ കൊല്ലത്തിനുശേഷം മുശ്‌രി

---

* സനതുൽവുഫൂദ് = പല ഗോത്രക്കാർ കൂട്ടംകൂട്ടമായി വിശ്വസിച്ച കൊല്ലം.

ക്കുകളായ ആരുംതന്നെ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നു. നഗ്നരായ നിലയിൽ * ആരുംതന്നെ കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നു. നബി (സ) തിരുമേനിയുമായി നടത്തപ്പെട്ട എല്ലാ ഉടമ്പടികളും പ്രാബല്യത്തിലിരിക്കും. പക്ഷെ, നാല് മാസങ്ങൾക്കുള്ളിൽ എല്ലാ ആളുകളും അവരവരുടെ സ്വദേശങ്ങളിലേക്ക് തിരിച്ചുപോയിക്കൊള്ളേണ്ടതാകുന്നു. അതിനു ശേഷം പുതുതായി ഉടമ്പടിയിലേർപ്പെട്ടിട്ടുള്ള ആളുകളോടല്ലാതെ തിരുമേനിക്ക് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.'

ഹജ്ജിനു സമ്മേളിച്ച വമ്പിച്ച ജനാവലിയെ അഭിമുഖീകരിച്ചുകൊണ്ട് അലീ (ക. വ) പ്രസ്തുത പ്രഖ്യാപനം വായിച്ചു. ആ ജനാവലി സശ്രദ്ധം ഈ പ്രഖ്യാപനം കേൾക്കുകയും തങ്ങളുടെ നാടുകളിലേക്ക് തിരിച്ചുപോവുകയും ചെയ്തു. അടുത്തവർഷം അവസാനിക്കുന്നതിനു മുമ്പ് അവരിൽ ബഹുഭൂരിപക്ഷം ഇസ്‌ലാംമതം വിശ്വസിച്ചു.

ഹാതിമിന്റെ പുത്രൻ

ഉദാരനായ വ്യക്തി എന്ന നിലക്ക് അറേബ്യയിലാകമാനം അറിയപ്പെട്ട ഒരു വ്യക്തിയായിരുന്നു ഹാതിം. അദ്ദേഹത്തിന്റെ ഗോത്രക്കാർ ബിംബാരാധകരായ ഖുറൈശികളുടെ പുരോഹിതന്മാരും കനത്ത വിഗ്രഹാരാധകരുമായിരുന്നു. ഹിജ്രാബ്ദം ഒമ്പതാം വർഷത്തിൽ ആ ഗോത്രത്തിന്റെ ഭരണാധിപൻ പ്രസ്തുത ഹാതിമിന്റെ പുത്രനായ ആദി എന്ന ആളായിരുന്നു. ആ ഗോത്രക്കാരെ കീഴടക്കുവാനും അവരുടെ വിഗ്രഹങ്ങളെ നശിപ്പിക്കുവാനുമായി അലീ (ക. വ) യുടെ നേതൃത്വത്തിൽ ഒരു ചെറുസേന നിയോഗിക്കപ്പെട്ടു. ആദിക്ക് ഒരു സഹോദരി മാത്രമെ ഉണ്ടായിരുന്നുള്ളൂ. മുസ്‌ലിം സേന പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ, സഹോദരിയെ സ്വഗോത്രത്തിലെ പ്രമുഖരായ ചിലരുടെ കയ്യിൽ ഏല്പിച്ചുകൊണ്ട് ആദി സിറിയായിലേക്ക് ഓടിക്കളഞ്ഞു. മുസ്‌ലിംസേന ആ ആളുകളെ ബന്ധനസ്ഥരാക്കി ആദരപൂർവ്വം മദീനയിലേക്ക് ആനയിച്ചു. തിരുമേനി (സ) യുടെ സന്നിധിയിലെത്തിയ ഹാതിമിന്റെ പുത്രി ഇപ്രകാരം ബോധിപ്പിച്ചു:- 'അല്ലാഹുവിന്റെ തിരുദൂതരെ, ഞാൻ ഹാതിമിന്റെ മകളാണ്. എന്റെ പിതാവ് മരിച്ചുപോയി. എന്റെ ഏകാവലംബമായ സഹോദരൻ മുസ്‌ലിംസേനയെ ഭയന്നു മലയിലേക്ക് ഓടിപ്പോയി. ഈ ബന്ധനത്തിൽനിന്നു സ്വയം മോചനം നേടുവാനുള്ള കഴിവ് എനിക്കില്ല. എന്റെ മോചനത്തിനു അങ്ങയുടെ ഔദാര്യത്തെ ഞാൻ ആശ്രയിക്കുന്നു. എന്റെ പിതാവ് ഉദാരമനസ്കനായ ഒരു വ്യക്തിയായിരുന്നു. അദ്ദേഹം ഗോത്രത്തലവനായ ഭരണാധിപനായിരുന്നു. അദ്ദേഹം തടവുകാർക്ക് മോചനം നൽകുകയും, സ്ത്രീകളുടെ മാനത്തെ രക്ഷിക്കുകയും, ദരിദ്രർക്ക് ആഹാരം നൽകുകയും, ദുഃഖിതന്മാരെ സമാശ്വസിപ്പിക്കുകയും ചെയ്തുപോന്നിരുന്നു. അദ്ദേഹത്തിന്റെ സന്നിധിയിൽ ബോധിപ്പിച്ച അപേക്ഷകളും അദ്ദേഹം തിരസ്കരിച്ചിരുന്നില്ല.' ഇതു കേട്ടപ്പോൾ, സഹാബിമാരെ അഭിമുഖീകരിച്ചുകൊണ്ട് തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:- 'ഹാതിം ഔദാര്യവും സഹാനുഭൂതിയുമുള്ള ഒരു മനുഷ്യനായിരുന്നു. കാരുണ്യശാലികളെ അല്ലാഹു സ്നേഹിക്കുകയും അവർക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നു. ഹാതിമിന്റെ പുത്രിയെ ഞാൻ മോചിപ്പിച്ചിരിക്കുന്നു.'

തിരുമേനി (സ) ഇതും പ്രഖ്യാപിച്ചതോടുകൂടി, അവളുടെ കൂട്ടുകാരും മോചിപ്പിക്കപ്പെട്ടു. വിമോചിതയായ ഉടനെ ഹാതിമിന്റെ പുത്രി സിറിയായിൽ ചെന്നു തന്റെ

---

* അങ്ങിനെ നിർബ്ബന്ധമായ ഒരാചാരം അറബികൾ അനുഷ്ഠിച്ചു വന്നിരുന്നു.

സഹോദരനെ കാണുകയും തിരുമേനി (സ) യുടെ മഹാമനസ്കതയെക്കുറിച്ച് അദ്ദേഹത്തെ തെറ്റിപ്പെടുത്തുകയും ചെയ്തു. തിരുമേനി (സ) യുടെ അനിതരസാധാരണമായ ഔദാര്യത്തെക്കുറിച്ച് കേട്ടപ്പോൾ സന്തോഷഭരിതനായ ആ ദി സഹോദരിയോടൊപ്പം മദീനയിലേക്ക് പുറപ്പെട്ടു. തിരുമേനി (സ) അദ്ദേഹത്തിനു സ്നേഹപൂർവ്വം സ്വാഗതമരുളി. അദ്ദേഹം ഇസ്‌ലാം മതം വിശ്വസിച്ചു. ഇസ്‌ലാംമതം വിശ്വസിച്ചതിനു ശേഷം അദ്ദേഹം തന്റെ ഗോത്രക്കാരുടെ അടുക്കലേക്ക് പോവുകയും, അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ആ ഗോത്രക്കാർ മുഴുവനും ഇസ്‌ലാം മതം സ്വീകരിച്ചു.

ഖാലിദ്ബ്നു വലീദ് (റ) വിന്റെ യാത്ര

ഹിജ്‌റാബ്ദം പത്താം വർഷത്തിന്റെ റബീഉൽ അവ്വൽ മാസത്തിൽ, ഖാലിദ്ബ്നു വലീദ് (റ) റജ്‌റാൻ എന്ന സ്ഥലത്തേക്ക് നിയോഗിക്കപ്പെട്ടു. ബനൂഅബ്ദ്‌ിൽമുഗാൻ എന്ന ഗോത്രക്കാരാണ് ആ പ്രദേശത്ത് അധിവസിച്ചിരുന്നത്. അവർ ബിംബാരാധകരായിരുന്നു. ഖാലിദ് (റ) അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പകുതികളായ ആ ഗോത്രക്കാർ മുഴുവനും ഇസ്‌ലാംമതം സ്വീകരിച്ചു.

ഇബ്‌റാഹിമിന്റെ മരണം

ഹിജ്‌റാബ്ദം പത്താംകൊല്ലം, റബീഉൽ അവ്വൽ പത്താം തിയ്യതി ചൊവ്വാഴ്ച, തിരുമേനി (സ) യുടെ ഓമനപുത്രനായ ഇബ്രാഹിം എന്ന പിഞ്ചുപൈതൽ എന്നെന്നേക്കുമായി കണ്ണടച്ചു. പുത്രവിരഹം തിരുമേനി (സ) യെ അത്യന്തം വ്യസനിപ്പിച്ചു. തിരുനയനങ്ങൾ നിറഞ്ഞൊഴുകി. തിരുമേനി (സ) ദുഃഖാർത്തനായി കണ്ണീരൊഴുക്കിയതു കണ്ടപ്പോൾ, തിരുമേനി (സ) യെ ആശ്വസിപ്പിക്കുവാനായി, 'താങ്കൾ ഇങ്ങിനെ ചെയ്യുകയോ' എന്നു അബ്ദുർറഹ്മാനിബ്നുഔഫ് (റ) തിരുമേനി (സ) യോടു പറയുകയുണ്ടായി. ഈ സാന്ത്വനോക്തിക്കു മറുപടിയായി തിരുമേനി (സ) പറഞ്ഞു:-'ഹൃദയം ദുഃഖിക്കുന്നു; കണ്ണുകൾ കരയുന്നു; പക്ഷെ, അല്ലാഹു തൃപ്തിപ്പെടാത്തതായതൊന്നും ഞാൻ പറയുന്നില്ല.' [മരിച്ചവരുടെ ബന്ധുക്കളുടെ നിശ്ശബ്ദരോദനം മരിച്ചവരെ അലോസരപ്പെടുത്തുകയില്ലെന്നും, അവരെ ചൊല്ലി അലമുറ കൂട്ടുകയോ അവരുടെ മരണത്തിൽ അസഹിഷ്ണത പ്രകടിപ്പിക്കുകയോ മറ്റൊ ചെയ്യുന്നപക്ഷം, അതു മരിച്ചവരെ അലോസരപ്പെടുത്തുമെന്നും തിരുമേനി (സ) അരുളീട്ടുണ്ട്. ആപത്തുകളെ ക്ഷമാപൂർവ്വം സഹിക്കുന്നതു ഫലപ്രദമായ പുണ്യകർമ്മമാകുന്നു. പിഞ്ചുപൈതങ്ങളുടെ മരണത്തിൽ ക്ഷമ പുലർത്തുക എന്നതു കൂടുതൽ ഫലപ്രദമായ പുണ്യകർമ്മമാണെന്നും, പിഞ്ചുപൈതങ്ങളുടെ മരണം അവരുടെ മാതാപിതാക്കളെസ്സംബന്ധിച്ചേടത്തോളം പാരത്രിക ഗുണങ്ങൾക്കു ഹേതുവാണെന്നും തിരുമേനി (സ) അരുളിയിരിക്കുന്നു. 'ക്ഷമ കൈക്കൊള്ളുന്നവർക്കു മഹത്തായ പ്രതിഫലമുണ്ട്" എന്നു അല്ലാഹു കല്പിച്ചു. ക്ഷമ കൈക്കൊള്ളുന്നവരിൽ പ്രധാനികൾ, പിഞ്ചുപൈതങ്ങളുടെ മരണത്തിൽ ക്ഷമ പാലിക്കുന്നവരാണെന്നു തിരുമേനി (സ) വിശദീകരിക്കുകയുണ്ടായി. 'മൂന്നു പിഞ്ചുപൈതങ്ങൾ മരിച്ചുപോയ മുസ്‌ലിമിനെ അല്ലാഹു സ്വർഗ്ഗത്തിൽ കടത്താതിരിക്കുകയില്ല' എന്നു തിരുമേനി (സ) അരുളീട്ടുണ്ട്. ഈ ഹദീസിലെ 'മൂന്നു പിഞ്ചുപൈതങ്ങൾ,' എന്നതിനെ പരാമർശിച്ചുകൊണ്ടു, രണ്ടു കുഞ്ഞുങ്ങൾ മരിച്ചവരെപ്പറ്റി സഹാബിമാരിൽ ചിലർ അന്വേഷിച്ചപ്പോൾ, 'അവരും സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടും' എന്നും തിരുമേനി (സ) അരുളീട്ടുള്ളതായി പറയപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെസ്സംബന്ധിച്ച പൂർണ്ണവിവരം ഹദീ

സ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ഇബ്‌റാഹീം എന്ന പിഞ്ചുപൈതൽ മരിച്ചദിവസം സൃഷ്ടിജാലങ്ങളഖിലം ദുഃഖിക്കുകയും, സൂര്യഗ്രഹണം സംഭവിക്കുകയും ചെയ്തു. സാധാരണമായി ചാന്ദ്രമാസം ഇരുപത്തെട്ടാം ദിവസമോ ഇരുപത്തൊമ്പതാം ദിവസമോ ആണ് സൂര്യഗ്രഹണം ഉണ്ടാവുക. പ്രസ്തുത മാസം പത്താം ദിവസം സൂര്യഗ്രഹണമുണ്ടാവുകയാൽ, അതു ഇബ്‌റാഹീമിന്റെ മരണവുമായി ബന്ധപ്പെട്ട സംഭവമാണെന്ന് ജനങ്ങൾ പറഞ്ഞുതുടങ്ങി. അതു കേട്ടപ്പോൾ, 'ജനനം, മരണം എന്നിവയുമായി ബന്ധപ്പെട്ട നിലയിൽ ഗ്രഹണം തുടങ്ങിയ സംഭവങ്ങൾ ഉണ്ടാവുകയില്ല' എന്നു തിരുമേനി (സ) പ്രസ്താവിച്ചു.]

മുലകുടി മാറുന്നതിനുമുമ്പാണ് ഇബ്‌റാഹീം എന്ന ഓമനക്കുഞ്ഞ് നിര്യാതനായതു്. 'ഇബ്‌റാഹിമിനു മുലകൊടുക്കുവാൻ രണ്ടു സ്ത്രീകളെ സ്വർഗ്ഗത്തിൽ ഏർപ്പെടുത്തപ്പെട്ടിട്ടു'ണ്ടെന്നു തിരുമേനി (സ) അരുളുകയുണ്ടായി. തിരുമേനി (സ) യുടെ അരുമപ്പൈതലായ ഇബ്‌റാഹീം മദീനയിലെ ബഖീഇൽ ഖബ്‌റടക്കം ചെയ്യപ്പെട്ടു.

ജിബ്‌രീൽ (അ) പുരുഷവേഷത്തിൽ

ഹിജ്‌റാബ്ദം പത്താം വർഷത്തിൽ, ഒരു അസാധാരണ സംഭവം നടന്നു. സുമുഖനായ ഒരു പുരുഷൻ തിരുസന്നിധിയിൽ ആഗതനാവുകയും, തിരുമേനി (സ) യുടെ ആസനത്തിൽ തിരുമേനി (സ) യുടെ അടുത്തായി ഇരിക്കുകയും ചെയ്തു. ഈമാനിനെയും ഇസ്‌ലാമിനെയും സംബന്ധിച്ച പല പല വിഷയങ്ങളും അദ്ദേഹം തിരുമേനി (സ) യോടു് അന്വേഷിച്ചു. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കെല്ലാം തിരുമേനി (സ) വ്യക്തവും പൂർണ്ണവുമായ ഉത്തരം നൽകി. ആഗതൻ തിരിച്ചുപോയപ്പോൾ 'അതു് ജിബ്‌രീ'ലാണെന്നു തിരുമേനി (സ) ഉമർ (റ) വോടു പറയുകയുണ്ടായി. *

അലീ (ക. വ.) യുടെ യാത്ര

യമനിൽ നീതിന്യായം സ്ഥാപിക്കുന്നതിനായി, ഹിജ്‌റാബ്ദം പത്താംവർഷത്തിലെ റമളാൻ മാസത്തിൽ അലീ (ക. വ) നിയോഗിക്കപ്പെട്ടു. തിരുമേനി (സ) തൃക്കയ്യാൽ അദ്ദേഹത്തിനു തലപ്പാവുകെട്ടിക്കൊടുക്കുകയും പതാക നൽകുകയും ചെയ്തു. 'ഞാൻ ചെറുപ്പക്കാരനും നീതിന്യായവിധികളെസ്സംബന്ധിച്ച വിജ്ഞാനത്തിൽ അപൂർണ്ണനുമാണല്ലോ' എന്നു അലീ (ക. വ) ബോധിപ്പിച്ചപ്പോൾ, തിരുമേനി (സ) അദ്ദേഹത്തിന്റെ നെഞ്ചിൽ തൃക്കരംവെച്ചുകൊണ്ടു 'തമ്പുരാനെ ഇദ്ദേഹത്തിന്റെ നാവിനു വ്യക്തതയും ഹൃദയത്തിനു വെളിച്ചവും (ആർജ്ജവത്വം) നൽകേണമെ' എന്നു പ്രാർത്ഥിച്ചു. 'രണ്ടു കക്ഷികൾ തങ്കളെ സമീപിച്ചാൽ ഇരുകക്ഷികളെയും വിചാരണ ചെയ്യുകയും ഇരു കക്ഷികളുടെയും വാദങ്ങൾ കേൾക്കുകയും ചെയ്യാതെ താങ്കൾ വിധി കല്പിക്കരുതു്" എന്നു തിരുമേനി (സ) അദ്ദേഹത്തെ ഉപദേശിച്ചു. മുന്നൂറു അശ്വഭടന്മാരോടുകൂടി അലീ (ക. വ.) യമനിലേക്കു പുറപ്പെട്ടു. യമനിനടുത്തെത്തിയപ്പോൾ അലീ (ക. വ.) സേനയെ ചെറു സംഘങ്ങളായി വേർതിരിക്കുകയും ഓരോ സംഘത്തെ ഓരോ ഭാഗത്തേക്കു നിയോഗിക്കുകയും ചെയ്തു. യമനിനു ചുറ്റുമുള്ള ഉൾപ്രദേശങ്ങളിലേക്കു ആ മുസ്‌ലിംസേനകൾ നീങ്ങുകയും ആ പ്രദേശക്കാരെ ഇസ്‌ലാമിലേക്കു ക്ഷണി

---

* ജിബ്‌രീലും നബി (സ) യും തമ്മിൽ നടന്ന ആ സംഭാഷണം ഇസ്‌ലാംദീനിനെസ്സംബന്ധിച്ച എല്ലാ വിഷയങ്ങളേയും ഉൾക്കൊണ്ടിരുന്നുവെന്നു ഹദീസ് ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്.

രുകയും ചെയ്തു. ആ ഗോത്രക്കാർ മുസ്‌ലിംകളെ എതിർത്തു. മുസ്‌ലിംകൾ അവരെ തുരത്തുകയും അവരുടെ മുതലുകൾ ഗനീമത്തായി കണ്ടെടുക്കുകയും ചെയ്തശേഷം അലീ (ക. വ.) യുടെ അടുക്കലേക്ക് തിരിച്ചു വരികയും ചെയ്തു.

അനന്തരം, മുസ്‌ലിം സേന യമനിലേക്ക് നീങ്ങി. യമനിലെ ജനങ്ങളെ അലീ (ക. വ.) ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. യമൻകാർ ഇസ്‌ലാംമതം സ്വീകരിപ്പാൻ ഒരുങ്ങിയില്ലെന്നു മാത്രമല്ല, മുസ്‌ലിം സേനയെ അമ്പുകളെയ്തുകൊണ്ട് ആക്രമിക്കുകയും ചെയ്തു. യമൻകാർ യുദ്ധത്തിന്നു സന്നദ്ധരായി. അവരിൽനിന്നു ഒരാൾ മുമ്പോട്ടു വന്നു മുസ്‌ലിംകളെ വെല്ലുവിളിച്ചു. ആ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് അസ്‌വദുബ്നു ഖുസാഈ (റ) അയാളുമായി എതിർക്കുകയും അയാളെ കൊല്ലുകയും ചെയ്തു. അപ്പോഴേക്കും അലീ (ക. വ.) സഹാബിമാരെ അണി നിരത്തിക്കഴിഞ്ഞു. മസ്ഊദുബ്നു അബീസിനാനുൽ അസ്‌ലമീ (റ) വിന്റെ കയ്യിൽ പതാക കൊടുത്തു. യുദ്ധം ആരംഭിച്ചു. യമൻകാരിൽ അറുപതു പേർ കൊല്ലപ്പെട്ടു. മറ്റുള്ളവർ ആത്മരക്ഷാർത്ഥം ഓടിക്കളഞ്ഞു. മുസ്‌ലിം സേന അവരെ അനുധാവനം ചെയ്തില്ല. അവർ അവരുടെ ഭവനങ്ങളിൽ രക്ഷ പ്രാപിച്ചു. യുദ്ധം അങ്ങിനെ അവസാനിച്ചു. അന്തരീക്ഷം ശാന്തമായിക്കഴിഞ്ഞപ്പോൾ, മുസ്‌ലിംകൾ വീണ്ടും അവരെ സമീപിക്കുകയും ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇത്തവണ യമൻകാർ മുസ്‌ലിംകളുടെ ആഹ്വാനത്തെ സ്വീകരിക്കുകയും അലീ (ക. വ.) യുമായി സന്ധിയിലേപ്പെടുകയുമുണ്ടായി.

അപ്പോഴേക്കും തിരുമേനി (സ) ഹജ്ജത്തുൽവിദാഇന്നു മക്കയിലേക്ക് പുറപ്പെട്ട വിവരം അലീ (ക. വ.) ക്ക് ലഭിച്ചു. ആകയാൽ അദ്ദേഹവും കൂട്ടുകാരും യമനിൽ നിന്നു മക്കയിലേക്ക് പുറപ്പെട്ടു.

മതാദ്ധ്യാപകരെ നിയോഗിച്ചു

ഹിജ്‌റാബ്ദം പത്താം വർഷത്തിലും, മുൻകൊല്ലത്തിലെന്നപോലെ, നിരവധി ഗോത്രക്കാർ ഇസ്‌ലാംമതം വിശ്വസിക്കുകയും, ആ ശുഭവാർത്തയുമായി തങ്ങളുടെ പ്രതിനിനികളെ മദീനയിലേക്ക് അയക്കുകയുമുണ്ടായി. ഇസ്‌ലാമിന്റെ പ്രമാണങ്ങളും അനുഷ്ഠാനങ്ങളും അത്തരക്കാരെ പഠിപ്പിക്കുവാനായി വിവിധ നാടുകളിലേക്ക് മതാദ്ധ്യാപകന്മാരെ തിരുമേനി (സ) പറഞ്ഞയച്ചു. താഴെ ചേർത്ത പൊതുനിർദ്ദേശം നൽകിക്കൊണ്ടാണ് തിരുമേനി (സ) അവരിൽ ഓരോരുത്തരേയും ഓരോ നാട്ടിലേക്കും പറഞ്ഞയച്ചത്:— 'ജനങ്ങളോട് ശാന്തമായും സൌമ്യമായും പെരുമാറുക; ആരോടും ക്രോധിക്കാതിരിക്കുക; ജനങ്ങളെ അഭിനന്ദിക്കുകയും അവർക്ക് ഉത്തേജനം നൽകുകയും ചെയ്യുക; ആരേയും അവഹേളിക്കാതിരിക്കുക; വേദവിശ്വാസികളായ പലരേയും നിങ്ങൾ കണ്ടുമുട്ടും; സത്യത്തിന്റെ താക്കോലെന്താണെന്നു അവർ നിങ്ങളോട് ചോദിക്കും; അല്ലാഹുവിന്റെ ദീനിൽ വിശ്വസിക്കലും നന്മ ചെയ്യലുമാണ് സത്യത്തിന്റെ താക്കോലെന്നു നിങ്ങൾ അവരോട് പറയുക.'

അബൂമൂസൽ അശ്അരീ (റ) വിനെ യമൻ രാജ്യത്തിന്റെ വടക്കൻ പ്രദേശത്തേക്കും മആദുബ്നു ജബൽ (റ) വിനെ യമനിന്റെ തെക്കുഭാഗത്തേക്കും മതാദ്ധ്യാപകരായി തിരുമേനി (സ) നിയോഗിച്ചു. തിരുമേനി (സ) ഹജ്ജത്തുൽവിദാഇന്നു പുറപ്പെടുന്നതിന്നു മുമ്പാണ് ഈ രണ്ടു സഹാബിമാർ യമനിലേക്ക് നിയോഗിക്കപ്പെട്ടത്. അവർ അവിടെച്ചെന്നു തങ്ങളുടെ ചുമതല തൃപ്തികരമായ നിലയിൽ നിർവ്വഹിച്ചു.

ഒമ്പതും പത്തും വർഷങ്ങളിൽ

ഹിജ്‌റാബ്ദം ഒമ്പതാം വർഷത്തിലും പത്താം വർഷത്തിലും ഇസ്‌ലാംമതം വിശ്വസിച്ച

ഗോത്രക്കാരെ സംബന്ധിച്ച സാക്ഷിപ്പ വിവരങ്ങളും കൂടി ഇവിടെ പ്രസ്താവിക്കാം. തിരുമേനി (സ) താഇഫിൽനിന്നു ജൂഅ്‌റാനത്തിലേക്കു തിരിച്ചപ്പോൾ ഹവാസിൻ ഗോത്രക്കാരായ ഒമ്പതു പ്രധാനികളും തിരുമേനി (സ) യെ സമീപിച്ചു. ഇസ്‌ലാംമതം വിശ്വസിച്ച വാർത്ത മുമ്പു പ്രസ്താവിച്ചു കഴിഞ്ഞു. തിരുമേനി (സ) തമ്പുക്കിൽ നിന്നു തിരിച്ചു വന്നപ്പോൾ സഖീഫ് ഗോത്രക്കാർ തിരുമേനി (സ)യെ സമീപിക്കുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. അബ്ദുൽഖൈസ് ഗോത്രക്കാർ തിരുമേനി (സ) യെ സമീപിച്ചു ഇസ്‌ലാംമതം വിശ്വസിച്ചു. അവർ ബഹ്‌റൈനി എന്ന നാട്ടുകാരായിരുന്നു. ബനൂഹനൈഫ: ഗോത്രക്കാർ ഇസ്‌ലാംമതം വിശ്വസിച്ചു. ഇവരിൽപ്പെട്ട വ്യക്തിയാണു പിന്നീടു കള്ളപ്രവാചകനായി രംഗപ്രവേശം ചെയ്ത മുസൈലിമത്തുൽ കട്ടാബ് * തയ്യിഅ് എന്ന ഗോത്രക്കാർ അവരുടെ നേതാവായ സൈദ്വൽഖൈലിയോടൊപ്പം തിരുമേനി (സ) യെ സമീപിച്ചു, ഇസ്‌ലാം മതം വിശ്വസിച്ചു. സൈദ്വൽ ഖൈല (റ) പിന്നീടു, ഉത്തമസഹാബിമാരിൽ ഒരാളായിത്തീർന്നു. തിരുമേനി (സ) അദ്ദേഹത്തിനു സൈദ്വൽ ഖൈർ എന്നു പേർ നൽകി. കന്തത് ഗോത്രക്കാരായ എൺപതു പേർ പട്ടുവസ്ത്രങ്ങളണിഞ്ഞു തിരുമേനി (സ) യുടെ ബഹുമാനാർത്ഥം ആയുധമണിഞ്ഞുകൊണ്ടു തിരുമേനി (സ) യുടെ സന്നിധിയിൽ ചെന്നു ഇസ്‌ലാംമതം വിശ്വസിച്ചു. പട്ടുവസ്ത്രങ്ങൾ അഴിച്ചു മാറ്റുവാൻ തിരുമേനി (സ) അവരെ ഉപദേശിച്ചു. അവർ പട്ടുവസ്ത്രം അഴിച്ചുമാറ്റി. അശ്അർ ഗോത്രക്കാരും ഹിംയർ ഗോത്രക്കാരുമായ പലർ തിരുമേനി (സ) യുടെ സന്നിധിയിൽച്ചെന്നു ഇസ്‌ലാം മതപ്രമാണങ്ങൾ പഠിച്ചു. അസ്ദ്‌രീ ഗോത്രക്കാർ അവരുടെ നേതാവായ സുറദിബ്‌നു അബ്ദുല്ലാ എന്ന ആളോടൊപ്പം തിരുമേനി (സ) യെ സമീപിച്ചു, ഇസ്‌ലാം മതം വിശ്വസിച്ചു. യമനിലെ ജുറശ് ഗോത്ര

---

* നബിതപത്തിൽ ഞാനും മുഹമ്മദും പങ്കാളികളാണെന്നും ഖുർആൻ എനിക്കും കിട്ടീട്ടുണ്ടെന്നും മുസൈലിമത് ജല്പിച്ചു. തിരുമേനി(സ) ഒരു പൊട്ടക്കിണറ്റിൽ തുപ്പിയപ്പോൾ അതിൽ ഉറവുണ്ടായതും, അലീ (ക. വ.) ക്കു നേത്രരോഗം ഉണ്ടായപ്പോൾ തുക്കരംകൊണ്ടു തടവി സുഖപ്പെടുത്തിയതും, കറവു വറ്റിയ ആടിന്റെ അകിട്ടു തുക്കരംകൊണ്ടു തടവിയപ്പോൾ അകിട്ടിൽ പാൽ നിറഞ്ഞതും മുസൈലിമത് അറിഞ്ഞു. ഉറവുള്ള കിണറ്റിൽ അയാൾ തുപ്പിയപ്പോൾ കിണർ വരണ്ടു പോയി. നേത്രരോഗിയായ ഒരാളുടെ കണ്ണു് അയാൾ തടവിയപ്പോൾ, ആ കണ്ണു് കുരുടായിപ്പോയി. ഒരു ആട്ടിന്റെ അകിട്ടിൽ അയാൾ കൈവെച്ചപ്പോൾ ആ അകിടു് എന്നന്നേക്കുമായി വറ്റിപ്പോയി. 'അല്ലാഹുവിന്റെ റസൂലായ മുസൈലിമത്', അല്ലാഹുവിന്റെ റസൂലായ മുഹമ്മദിനു എഴുതിയയയ്ക്കുന്നു. എന്തെന്നാൽ, ഞാൻ നിങ്ങളുടെ പങ്കാളിയാക്കപ്പെട്ടിരിക്കുന്നു. ആകയാൽ പകുതി എനിക്കു; പകുതി ഖുറൈശികൾക്കു.' ഇങ്ങിനെ ഒരു കത്തയയ്ക്കുവാൻ അയാൾ തിരുമേനി (സ) യെ പ്രേരിപ്പിച്ചു. ആ കത്തിനു തിരുമേനി (സ) താഴെ കാണും പ്രകാരം ഒരു മറുപടി അയച്ചു. 'കാരുണ്യനിധിയും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവിന്റെ റസൂലായ മുഹമ്മദ് കള്ളപ്രവാചകനായ മുസൈലിമത്തിനെഴുതിയയയ്ക്കുന്നു. നേർമാർഗ്ഗികൾക്കു അല്ലാഹുവിന്റെ സലാം ഉണ്ടാവട്ടെ. അല്ലാഹുവിന്റെ ഭൂമി അവൻ അവനു ബോധിച്ചവർക്കു കൊടുക്കും. പക്ഷെ, അന്തിമമായ നന്മ അവനു വഴിപ്പെട്ടവർക്കുമാത്രമത്രെ.'

ക്കാർ കൂട്ടത്തോടെ മദീനയിൽ ചെന്നു ഇസ്ലാംമതം വിശ്വസിച്ചു. റജ്റാനിലെ ബനൂൽ ഹാരിസ് ഗോത്രക്കാരും കൂട്ടത്തോടെ ഇസ്ലാംമതം വിശ്വസിക്കുകയുണ്ടായി. ഖൈസു ബ്നുൽ ഹുസൈൻ (റ) വിനെ അവരുടെ അമീറായി (തലവനായി) തിരുമേനി (സ) നിയമിച്ചു. ഹമദാൻ ഗോത്രക്കാർ കൂട്ടത്തോടെ ഇസ്ലാംമിലേക്കു വന്നു. മാലിക് (റ) വിനെ അവരുടെ അമീറായി തിരുമേനി (സ) നിയമിച്ചു. മുസൈനത് ഗോത്രത്തിൽനിന്നു നാനൂറു പേർ മദീനയിൽച്ചെന്നു ഇസ്ലാംമതം വിശ്വസിച്ചു. [അവർ തങ്ങളുടെ നാട്ടിലേക്കു തിരിച്ചു പോകുമ്പോൾ, അവക്ക് ഒരു യാത്രയയപ്പ് സല്ക്കാരം നൽകുവാൻ തിരുമേനി (സ) ഉമർഫാറൂഖ് (റ) വോടു നിർദ്ദേശിച്ചു. തന്റെ പക്കൽ അല്പം കാരക്ക മാത്രമെ ഉള്ളുവെന്നും മുസൈനത് ഗോത്രക്കാരുടെ എണ്ണത്തെ അപേക്ഷിച്ചു അതു കേവലം അപര്യാപ്തമാണെന്നും ഉമർ (റ) ബോധിപ്പിച്ചപ്പോൾ 'താങ്കൾ ഇവരെ സല്ക്കരിക്കുക' എന്നു തിരുമേനി (സ) വീണ്ടും നിർദ്ദേശിച്ചു. അതനുസരിച്ചു ഉമർ (റ) അവരെ സല്ക്കരിച്ചു. വീട്ടിലെത്തി നോക്കുമ്പോൾ, അവിടെ സൂക്ഷിച്ചിരുന്ന കാരക്കയുടെ എണ്ണം വളരെ വർദ്ധിച്ചതായി അദ്ദേഹം കണ്ടു. അതിഥികൾക്കു വേണ്ടതു ഭക്ഷിച്ചു എന്നിട്ടും കാരക്ക പൂർവ്വസ്ഥിതിയിൽ ഒട്ടും തന്നെ കുറയാതെ, അവശേഷിച്ചു.] തൈസ് ഗോത്രക്കാർ ഇസ്ലാംമതം വിശ്വസിച്ചു. അവരിൽപ്പെട്ട തുഫൈലിബ്നുഅംറ് (റ) വിന്റെ ഉപദേശപ്രകാരം എഴുപതോ എൺപതോ അശ്വഭടന്മാർ ഇസ്ലാംമതം വിശ്വസിച്ചു. നജ്റാനിലെ ക്രൈസ്തവനികളായ അറുപതുപേർ തിരുമേനി (സ) യെ സമീപിക്കുകയും, ജസ്യ: നൽകിക്കൊണ്ടു തിരുമേനി (സ) ക്കു വഴങ്ങി ജീവിച്ചുകൊള്ളാമെന്നു ബോധിപ്പിക്കുകയും ചെയ്തു. അവരുടെ ഉടമ്പടി തിരുമേനി (സ) സ്വീകരിച്ചു. ബനൂസഅ്ദ് ഗോത്രക്കാർ കൂട്ടത്തോടെ ഇസ്ലാംമതം വിശ്വസിച്ചു. * സഅ്ദുള്ളതൈം ഗോത്രക്കാർ ഇസ്ലാംമതം വിശ്വസിച്ചു അവരുടെ കൂട്ടത്തിലുള്ള ഒരു ബാലനെ അവർ ഒഴിവുനിറുത്തി. ആ കുട്ടിയെ ഒഴിവുനിറുത്തുവാനുള്ള കാരണമെന്തെന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, അവൻ തങ്ങളുടെ ഭൃത്യനാണെന്നു അവർ ബോധിപ്പിച്ചു. തിരുമേനി (സ) ആ കുട്ടിക്കു ശഹാദത് ചൊല്ലിക്കൊടുക്കുകയും അവന്റെ ഉന്നമനത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്തു. ആ ബാലൻ പിൽക്കാലത്തു് സഅ്ദുള്ളതൈം ഗോത്രക്കാരുടെ നേതാവായിത്തീർന്നു. ബനൂഖസാറ:ഗോത്രക്കാർ ഇസ്ലാംമതം വിശ്വ

---

* ഇഹാമുഖ്നുസഅ്ലബത് എന്ന ആൾ ബനൂസഅ്ദ് ഗോത്രത്തെ പ്രതിനിധീകരിച്ചുകൊണ്ടു് തിരുമേനി (സ) യെ സമീപിച്ചു. അനസ് (റ) പറയുന്നു:- 'തിരുമേനി (സ) യും സഹാബിമാരും പള്ളിയിൽ ഇരിക്കുമ്പോൾ അശ്വാരൂഢനായ ഒരാൾ ദൂരത്തെത്തി, കതിരപ്പുറത്തു നിന്നിറങ്ങി, കതിരയെ കെട്ടിയിട്ടു കെട്ടിയിട്ട ശേഷം പള്ളിയിൽ കടന്നുവന്നു, 'നിങ്ങളുടെ കൂട്ടത്തിൽ മുഹമ്മദ്നബി ആരാണെന്നു ചോദിച്ചു. ഞങ്ങൾ തിരുമേനി (സ) യെ ചൂണ്ടിക്കാട്ടി. തനിക്കു ചില സംശയങ്ങൾ ചോദിച്ചറിയണമെന്നും അങ്ങിനെ ചോദിക്കുന്നതിൽ അപ്രിയമുണ്ടാവരുതെന്നും അദ്ദേഹം തിരുമേനി (സ) യെ അറിയിച്ചു. ചോദിച്ചുകൊള്ളുവാൻ തിരുമേനി (സ) അനുമതി നൽകി.

ആഗതൻ:- 'തങ്കളുടെയും താങ്കൾക്കു മുമ്പു് നിയുക്തരായവരുടെയും റബ്ബിനെ മുൻനി

സിക്കുകയും തങ്ങളുടെ നാട്ടിനെ പിടികൂടീട്ടുള്ള ദുർഭിക്ഷത ഇല്ലാതാവുന്നതിനു പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. തിരുമേനി (സ) പ്രാർത്ഥിച്ചതിനെ തുടർന്ന് ആ നാട്ടിലെ ദുർഭിക്ഷത അവസാനിച്ചു. ഇസ്‌ലാംമതം വിശ്വസിച്ച ബനൂ അസദ് ഗോത്രക്കാർ, തങ്ങൾക്ക് ഒരു അമീറിനെ അയച്ചുകൊടുക്കേണമെന്നുള്ള അപേക്ഷയുമായി തിരുമേനി (സ) യെ സമീപിച്ചു. യമനിലെ ബഹ്‌റാഅ് എന്ന ഗോത്രക്കാരായ പതിമൂന്നുപേർ മദീനയിൽച്ചെന്ന

* ഇസ്‌ലാംമതം വിശ്വസിച്ചു. ഉദ്‌റത് ഗോത്രക്കാരായ പന്ത്രണ്ടുപേർ തിരുമേനി (സ) യെ സമീപിച്ചപ്പോൾ തിരുമേനി (സ) അവർക്കു സ്വാഗതമരുളി. ശാം രാജ്യത്തിന്റെയും ഹിർഖൽ ചക്രവർത്തിയുടെയും ഭാവി, ഇസ്‌ലാമിനനുകൂലമായ നിലയിൽ നിപതിക്കുമെന്നു തിരുമേനി (സ) യെ അവർ ഉണർത്തുകയുണ്ടായി. തിരുമേനി (സ) അവർക്കു സമ്മാനം നൽകി. ബലിയ്യ് ഗോത്രക്കാർ തിരുമേനി (സ) യെ സമീപിച്ചു ഇസ്‌ലാംമതം വിശ്വസിച്ചു. ബ

രത്തിക്കൊണ്ടു ഞാൻ ചോദിക്കുന്നു, എല്ലാ ജനങ്ങളുടെയും റസൂലായിട്ടാണോ അല്ലാഹു താങ്കളെ നിയോഗിച്ചിട്ടുള്ളതു്.

തിരുമേനി (സ):- 'അതെ.'

ആഗതൻ:- 'അല്ലാഹുവിന്റെ പേരിൽ ഞാൻ ചോദിക്കുന്നു, ഒരു രാപ്പകലിൽ അഞ്ചു നേരം നിസ്കരിപ്പാൻ അല്ലാഹു താങ്കളോടു കല്പിച്ചിട്ടുണ്ടോ?'

തിരുമേനി (സ):- 'ഉണ്ടു്.'

ആഗതൻ:- 'കൊല്ലത്തിൽ ഒരു മാസം നോമ്പുനോൽക്കുവാൻ അല്ലാഹു താങ്കളോടു കല്പിച്ചിട്ടുണ്ടോ?'

തിരുമേനി (സ):- 'ഉണ്ടു്.'

ആഗതൻ:- 'ധനികരിൽ നിന്നു സകാത് പിരിച്ചെടുത്തു ദരിദ്രർക്കു വിതരണം ചെയ്യുവാൻ അല്ലാഹു താങ്കളോടു കല്പിച്ചിട്ടുണ്ടോ?'

തിരുമേനി (സ):- 'ഉണ്ടു്.'

'എന്നാൽ, താങ്കൾ കൊണ്ടുവന്ന ദീനിനെ ഞാൻ വിശ്വസിച്ചുകൊള്ളുന്നു ആഗതൻ പ്രഖ്യാപിച്ചു. അദ്ദേഹം തന്റെ ഗോത്രക്കാരുടെ അടുക്കലേക്കു തിരിച്ചുപോയി വിവരം അറിയിക്കുകയും അവർ കൂട്ടത്തോടെ വിശ്വസിക്കുകയും ചെയ്തു.'

---

* ഇവർ മിഖ്ദാദ് (റ) വിന്റെ വീട്ടിനടുത്തെത്തിയപ്പോൾ അദ്ദേഹം അവരെ സൽക്കരിച്ചു. അവിടെയുണ്ടായിരുന്ന ഭക്ഷണം മുഴുവൻ അതിഥികൾക്കു വിളമ്പിക്കൊടുത്തു. അവർ പാത്രത്തിൽ അല്പം ഭക്ഷണം ബാക്കി വെച്ചു. വിളമ്പിയ ഭക്ഷണമല്ലാതെ മറ്റൊന്നും ആ വീട്ടിലുണ്ടായിരുന്നില്ല. ആകയാൽ, അതിഥികൾ ബാക്കിയാക്കിയ അല്പം ഭക്ഷണം ഒരു ചെറുപാത്രത്തിലാക്കി, മിഖ്ദാദ് (റ) തിരുമേനി (സ) യുടെ സന്നിധിയിലേക്കു കൊടുത്തയച്ചു. ബഹ്‌റാഅ് ഗോത്രക്കാരായ പതിമൂന്നു പേർ തന്റെ ആതിഥ്യം സ്വീകരിക്കുകയാണെന്നും, അവർക്കു നല്കുവാൻ ഇതല്ലാതെ വേറെ ഭക്ഷണം തന്റെ കൈവശമില്ലെന്നും തിരുമേനി (സ) യെ അറിയിക്കുകയും ചെയ്തു. തിരുമേനി (സ) ഉമ്മുസൽമ (റ) യുടെ വീട്ടിലാണുണ്ടായിരുന്നതു്. വിവരങ്ങൾ കേട്ട ശേഷം ആ പാത്രം വാങ്ങി, തിരുമേനി (സ) അതിൽ കൈവെക്കുകയും പാത്രം തിരിച്ചുകൊടുക്കുകയും ചെയ്തു. അതിഥികൾ മദീനയിൽ നിന്നു തിരിച്ചു പോകുന്നതു വരെ ഹൃദ്യമായ നിലയിൽ അവരെ ആ പാത്രത്തിലുള്ള ഭക്ഷണം കൊണ്ടു സല്ക്കരിച്ചുകൊണ്ടിരിക്കാൻ മിഖ്ദാദ് (റ) വിനു സാധിച്ചു. ഇത്രയും ഹൃദ്യമായ ഭക്ഷണത്തെക്കുറിച്ചു അതിഥികൾ അന്വേഷിച്ചപ്പോൾ, മിഖ്ദാദ് (റ) സംഭവം അവരെ ധരിപ്പിച്ചു. അവർ ഇസ്‌ലാംമതം വിശ്വസിച്ചു. തിരുമേനി (സ) അവർക്കു സമ്മാനം നൽകുകയുണ്ടായി.

നുമുർറത്ത് ഗോത്രക്കാരായ പതിമൂന്നുപേർ തിരുമേനി (സ) യെ സമീപിച്ചു. തിരുമേനി (സ) അവരോട് നാട്ടുവിവരങ്ങളും അന്വേഷിച്ചപ്പോൾ, മഴയില്ലാത്തതുകൊണ്ട് കഠിനമായ ക്ഷാമം അനുഭവിക്കുകയാണെന്നും അവർ ബോധിപ്പിച്ചു. തിരുമേനി (സ) അവർക്കായി മഴക്കുവേണ്ടി പ്രാർത്ഥിച്ചു. അപ്പോൾതന്നെ ആ നാട്ടിൽ മഴ പെയ്യുകയും തോട്ടങ്ങളും പുനർജ്ജീവിക്കുകയും ചെയ്തു. ഇസ്‌ലാംമതം വിശ്വസിച്ച ഖവലാൻ ഗോത്രക്കാരായ പത്തുപേർ തിരുമേനി (സ) യെ സന്ദർശിപ്പാനായി മദീനയിലേക്കു ചെന്നു. 'എന്നെ കാണുവാനായി ഇങ്ങോട്ടുവന്ന നിങ്ങൾക്കു, നിങ്ങളുടെ ഒട്ടകങ്ങളും മുമ്പോട്ടു വെച്ച ചുവിട്ടടികളുടെ കണക്കിൽ, ഗുണമുണ്ട്'' എന്നും, 'എന്നെ സന്ദർശിച്ചവർ ഖിയാമം നാളിൽ എന്റെ അയൽവാസികളാണ്'' എന്നും തിരുമേനി (സ) അവരെ അറിയിച്ചു. അവർക്കു ദീൻകാര്യങ്ങളും ഉപദേശിച്ചുകൊടുക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ ബദ്ധശത്രുക്കളായ മുആവിയ്യ് ഗോത്രക്കാരിൽപ്പെട്ട പത്തുപേർ മദീനയിൽച്ചെന്നു ഇസ്‌ലാംമതം വിശ്വസിച്ചു. സുലൈം എന്ന ഗോത്രക്കാരായ ഇരുപതുപേർ തിരുസന്നിധിയിൽച്ചെന്നു ഇസ്‌ലാംമതം വിശ്വസിച്ചു. ഗസ്സാൻ ഗോത്രക്കാരായ മൂന്നുപേർ വിശ്വസിച്ചു. തിരുമേനി (സ) അവർക്കു പാരിതോഷികം നൽകി. സുലൈമാൻ ഗോത്രക്കാരായ ഏഴുപേർ വിശ്വസിച്ചു. നാട്ടിലെ ക്ഷാമത്തെപ്പറ്റി അവർ തിരുമേനി (സ) യെ അറിയിച്ചപ്പോൾ, അവർക്കുവേണ്ടി തിരുമേനി (സ) പ്രാർത്ഥിച്ചു. ആ പ്രാർത്ഥനാ ഫലം അവർ സമ്പന്നരായിത്തീർന്നു. ഇസ്‌ലാംമതം വിശ്വസിച്ച ബനൂഅബ്‌സ് ഗോത്രപ്രതിനിധികളും തിരുമേനി (സ) യെ സമീപിച്ചു, ഇപ്രകാരം ബോധിപ്പിച്ചു:—'യാറസൂലല്ലാ, ഹിജ്‌റ: ചെയ്യാത്തവർക്കു ഇസ്‌ലാമില്ല എന്നു മിലർ പറയുന്നു. ഞങ്ങളും കൈമുതലും വസ്തുവകകളും ഉള്ളവരാണ്. ഹിജ്‌റ: നിർബ്ബന്ധമാണെങ്കിൽ ഞങ്ങളുടെ സ്വത്തുകളും ഉപേക്ഷിച്ചുകൊണ്ടു ഹിജ്‌റ: ചെയ്യുവാൻ ഞങ്ങളും സന്നദ്ധരാണ്.' അല്ലാഹുവിന്നു വഴങ്ങിക്കൊണ്ടു നിങ്ങളും നിങ്ങളുടെ നാട്ടിൽത്തന്നെ താമസിച്ചാൽ മതിയെന്നു തിരുമേനി (സ) അവർക്കു മറുപടിനൽകി. ഗാമിത് ഗോത്രപ്രതിനിധികളായ പത്തുപേർ ഇസ്‌ലാംമതം വിശ്വസിക്കുകയും, തങ്ങളുടെ ഗോത്രക്കാരായ മറ്റുള്ളവരും ഇസ്‌ലാംമതം വിശ്വസിക്കുമെന്നു സമ്മതിക്കുകയും ചെയ്തു. അവർക്കു ഖുർആൻ പഠിപ്പിക്കുവാനായി ഉബയ്യുബ്നുകഅ്ബ് (റ) വിനെ തിരുമേനി (സ) അവരോടൊപ്പം അയച്ചുകൊടുത്തു. ഇസ്‌ദീഗോത്രപ്രതിനിധികളായ ഏഴുപേർ * തിരുമേനി (സ) യെ സന്ദർശിച്ചു. ഇസ്‌ദീഗോത്രക്കാർ ഇസ്‌ലാംമതം വിശ്വസിച്ചു

---

* അൽഖമത് (റ) പറയുന്നു:— 'എന്റെ ബാപ്പ അദ്ദേഹത്തിന്റെ ബാപ്പയെ തൊട്ടു ഇപ്രകാരം പറഞ്ഞു: ഞങ്ങൾ ഏഴുപേർ തിരുമേനി (സ) യെ സന്ദർശിച്ചു. ഞങ്ങളുടെ സംഘത്തിലെ ഏഴാമനായിരുന്നു ഞാൻ. നിങ്ങൾ എങ്ങിനെയുള്ളവരാണെന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, വിശ്വാസികളാണെന്നു ഞങ്ങൾ മറുപടി നൽകി. നിങ്ങളുടെ വിശ്വാസത്തിന്റെ സത്യമെന്തെന്നു തിരുമേനി (സ) ചോദിച്ചപ്പോൾ ഞങ്ങൾ പറഞ്ഞു:— 'പതിനഞ്ചു കാര്യങ്ങളിൽ ഞങ്ങൾ വിശ്വസിക്കുന്നു. അഞ്ചു കാര്യങ്ങൾ വിശ്വസിപ്പാനും, അഞ്ചു കാര്യങ്ങൾ പ്രവർത്തിപ്പാനും അങ്ങയുടെ അനുയായികൾ ഞങ്ങളെ ഉപദേശിച്ചു. ആ പത്തു കാര്യങ്ങളോടൊപ്പം, ജാഹിലിയ്യാ കാലത്തു ഞങ്ങൾ ആചരിച്ചുപോന്ന അഞ്ചു കാര്യങ്ങൾ കൂടി ഞങ്ങൾ വിശ്വാസപ്രമാണമായി സ്വീകരിച്ചിരിക്കുന്നു. ഇതു കേട്ടപ്പോൾ തിരുമേനി (സ) പുഞ്ചിരി തൂകിക്കൊണ്ടു, നിങ്ങൾ വിശ്വ

വരായിരുന്നു. ബനൂൽമുൻതഫിഖ് ഗോത്രക്കാർ മദീനയിൽച്ചെന്നു ഇസ്‌ലാംമതം വിശ്വസിച്ചു. നഖഅ് ഗോത്രക്കാരായ ഇരുനൂറ് പേർ തിരുസന്നിധിയിൽച്ചെന്നു ഇസ്‌ലാംമതം വിശ്വസിച്ചു മുആദിബ്നുജബൽ (റ) വുമായി മുമ്പുതന്നെ ഉടമ്പടി ചെയ്തിരുന്നവരാണ് നഖഅ് ഗോത്രക്കാർ. കൂട്ടമായി മദീനയിൽച്ചെന്നു ഇസ്‌ലാംമതം വിശ്വസിച്ച അവസാനത്തെ ഗോത്രക്കാർ ഇവരത്രെ. ഹിജ്റാബ്ദം പതിനൊന്നാം വർഷത്തിലെ മുഹർറമാസം മദ്ധ്യത്തിലാണ് ഇവർ ഇസ്‌ലാംമതം വിശ്വസിച്ചത്. [ഇവരുടെ കൂട്ടത്തിൽപ്പെട്ട സാറത്ത ബ്നുഅംറ് (റ) തിരുമേനി (സ) യോട് ഇപ്രകാരം പ്രസ്താവിച്ചു:-'യാറസൂലല്ലാ, ഈ യാത്രയിൽ ഞാൻ അത്ഭുതകരമായ ഒരു സ്വപ്നം കണ്ടു. ഞങ്ങൾ സവാരിക്കു ഉപയോഗിക്കുന്ന ഒരു കഴുത പകപ്പും കറുപ്പും കലർന്ന ഒരു ആട്ടിൻകുട്ടിയെ പ്രസവിച്ചുവെന്നാണ് ഞാൻ കണ്ട സ്വപ്നം.' ഈജിപ്തുകാരിയായ ഒരു ദാസി നിന്നിൽനിന്നു ഗർഭം ധരിച്ചുനിൽക്കുന്നുണ്ടോ എന്നു തിരുമേനി (സ) അദ്ദേഹത്തോടു ചോദിച്ചു. 'ഉണ്ട്' എന്നദ്ദേഹം പറഞ്ഞപ്പോൾ, അവൾ ഒരു പുരുഷനെ പ്രസവിക്കുമെന്നു തിരുമേനി (സ) അരുളി. പകപ്പും കറുപ്പും നിറങ്ങൾ എന്തിനെയാണ് സൂചിപ്പിക്കുന്നതെന്നു അദ്ദേഹം വീണ്ടും ചോദിച്ചപ്പോൾ, കുറെക്കൂടി അടുത്തുനിൽക്കുവാൻ തിരുമേനി (സ) അദ്ദേഹത്തോടു പറയുകയുണ്ടായി. അദ്ദേഹം തിരുമേനി (സ) യുടെ അടുത്തുനിന്നു. വെള്ളപാണ്ടിന്റെ ഒരു പുള്ളി ആരും കാണാത്ത നിലയിൽ നിങ്ങളുടെ ശരീരത്തിൽ കിടക്കുന്നുണ്ടോ എന്നു തിരുമേനി (സ) ചോദിച്ചു. ഉ

സിക്കുന്ന അഞ്ചു കാര്യങ്ങളേതൊക്കെയാണെന്നു ചോദിച്ചു. അല്ലാഹുവിലും, മലക്കുകളിലും, അല്ലാഹുവിന്റെ കിതാബുകളിലും, അല്ലാഹുവിന്റെ റസൂലുകളിലും, മരണാനന്തര ജീവിതത്തിലും ഞങ്ങൾ വിശ്വസിക്കുന്നുവെന്നു ഞങ്ങൾ ബോധിപ്പിച്ചു നിങ്ങളുടെ കർമ്മപരമായ അഞ്ചു കാര്യങ്ങളേതൊക്കെയാണെന്നു തിരുമേനി (സ) അന്വേഷിച്ചു. ശഹാദത് മൊഴിയൽ, നിസ്കരിക്കൽ, നോമ്പു നോൽക്കൽ, സകാത് കൊടുക്കൽ, ഹജ്ജ് ചെയ്യൽ എന്നിവയാണ് ആ അഞ്ചു കാര്യങ്ങളെന്നു ഞങ്ങൾ പ്രസ്താവിച്ചു. പൂർവ്വാചാരപരമായ അഞ്ചു കാര്യങ്ങളേതൊക്കെയാണെന്നു തിരുമേനി (സ) വീണ്ടും അന്വേഷിച്ചു. സന്തോഷമുണ്ടാകുമ്പോൾ അല്ലാഹുവോട് കൃതജ്ഞത പ്രകടിപ്പിക്കലും, സങ്കടമുണ്ടാകുമ്പോൾ ക്ഷമാപൂർവ്വം അതു സഹിക്കലും, അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെടലും, ഏതു പരിതഃസ്ഥിതിയിലും സത്യം പുലർത്തലും, മറ്റുള്ളവരുടെ ദുഃഖത്തിൽ സന്തോഷിക്കുക എന്ന സ്വഭാവം കൈയൊഴിക്കലുമാണ് ആ അഞ്ചു കാര്യങ്ങളെന്നു ഞങ്ങൾ ഉണർത്തി. നിങ്ങൾ അറിവുള്ളവർ തന്നെ. 'ഇനി, ഒരു അഞ്ചു കാര്യങ്ങൾകൂടി ഞാനും ഉപദേശിക്കാം. ഇരുപതുതികയട്ടെ' എന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) ഇപ്രകാരം ഉപദേശിച്ചു:- 'ആവശ്യത്തിൽക്കവിഞ്ഞ മുതലുകൾ നിങ്ങൾ കൂട്ടിവെക്കാതിരിക്കുക; നിങ്ങൾക്കു താമസിപ്പാനുള്ളതല്ലാത്ത വീടുകൾ നിങ്ങൾ പണിയിക്കാതിരിക്കുക; ഭാവിയിൽ സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളെച്ചൊല്ലി വ്യാമോഹിക്കാതിരിക്കുക; നമ്മുടെ മടക്കം അല്ലാഹുവിങ്കലേക്കാണെന്നുള്ള ബോധത്തോടുകൂടി, അവനെ സൂക്ഷിച്ചു കൊള്ളുക; കാലാകാലം താമസിക്കേണ്ടുന്ന സംഭവത്തെ മോഹിച്ചു കൊള്ളുക.' ഈ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ടു ഞങ്ങൾ നാട്ടിലേക്കു മടങ്ങുകയും അതനുസരിച്ച് ജീവിതം കെട്ടിപ്പടുക്കുകയും ചെയ്തു.

ണ്ട് എന്നും, ഇന്നുവരെ ആ രഹസ്യം മറ്റൊരാളും അറിഞ്ഞിട്ടില്ലെന്നും അദ്ദേഹം തിരുമേനി (സ) യോട് പ്രസ്താവിച്ചു.]

ഹജ്ജത്തുൽവിദാഅ്

ഹിജ്‌റാബ്ദം പത്താം വർഷത്തിൽ നബി (സ) തിരുമേനി ഹജ്ജത്തുൽവിദാഅ് എന്നറിയപ്പെടുന്ന ഹജ്ജ്കർമ്മം നിർവ്വഹിച്ചു. വിടവാങ്ങലിന്റെ ഹജ്ജ് എന്നാണ് ഹജ്ജത്തുൽവിദാഅ് എന്നതിന്റെ അർത്ഥം.

മുസ്‌ലിംകളായ എല്ലാവരും ഇസ്‌ലാമിൽ അടിപതറാതെ ഉറച്ചുനില്ക്കണമെന്ന ഈ ഹജ്ജ്‌വേളയിൽ ജനങ്ങളോട് വസിയ്യത് ചെയ്തു. അല്ലാഹുവിന്റെ കല്പനകൾ (രിസാലത്) തിരുമേനി (സ) ജനങ്ങൾക്കു എത്തിച്ചുകൊടുത്തുവെന്നു ജനങ്ങൾ ഏകകണ്ഠമായി സമ്മതിച്ചു. ആ വിഷയത്തിൽ അല്ലാഹുവിനെ സാക്ഷിയാക്കി. മുൻകൊല്ലത്തെ വിളംബരമനുസരിച്ചു ഹജ്ജ് വസ്ത്രം ധരിച്ച മുസ്‌ലിംകൾ മാത്രമെ ഈ ഹജ്ജിൽ സംബന്ധിച്ചിരുന്നുള്ളൂ. ഇസ്‌ലാമിന്റെ ഹജ്ജ് എന്നർത്ഥമുള്ള ഹജ്ജത്തുൽ ഇസ്‌ലാം എന്നും ഈ ഹജ്ജിനു പേരുണ്ട്. തിരുമേനി (സ) മക്കയിലായിരുന്ന കാലത്തു് എല്ലാ കൊല്ലവും ഹജ്ജ്കർമ്മം നിർവ്വഹിച്ചിട്ടുണ്ട്. അക്കാലത്തു ഹജ്ജ് ഇസ്‌ലാമിൽ നിബ്ബന്ധമാക്കപ്പെട്ടിരുന്നില്ല. ഹിജ്‌റാബ്ദം ആറാം വർഷത്തിലാണ് ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ടതു്. ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ടതു ഹിജ്‌റാബ്ദം ഒമ്പതാം വർഷത്തിലാണെന്നും പത്താം വർഷത്തിലാണെന്നും പക്ഷാന്തരമുണ്ട്. ഈ പക്ഷാന്തരങ്ങൾ പ്രബലങ്ങളായി ഗണിക്കപ്പെട്ടിട്ടില്ല. ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ട ശേഷം തിരുമേനി (സ) ഈ ഒരു ഹജ്ജ് മാത്രമെ നിർവ്വഹിച്ചിട്ടുള്ളുവെന്നതാണ് ബഹുഭൂരിപക്ഷത്തിന്റെ അഭിപ്രായം. ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ടപ്പോൾ തിരുമേനി (സ) ഒട്ടും വൈകാതെ ഉടനെ ഗതിയിൽ ഹജ്ജ് നിർവ്വഹിച്ചു എന്നു ഇമാം അബൂഹനീഫ (റ) പ്രസ്താവിച്ചിട്ടുള്ളതു്, ഹിജ്‌റാബ്ദം പത്താംവർഷത്തിൽ ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ടുവെന്ന അഭിപ്രായത്തിന്റെ പശ്ചാത്തലത്തിലാണ്-ധ്രുതി, അഥവാ വേഗം ഹജ്ജിന്റെ നിബന്ധനയല്ലാത്തതുകൊണ്ടാണ്, ഹിജ്‌റാബ്ദം ആറാം വർഷത്തിൽ ഹജ്ജ് നിർബ്ബന്ധമാക്കപ്പെട്ടിട്ടും, പത്താം വർഷംവരെ തിരുമേനി (സ) വിളംബിച്ചതെന്നാണ് മറ്റു ഇമാമുകളുടെ പക്ഷം.

പ്രതിവർഷം പതിനൊന്നു ദിവസങ്ങൾ വീതം തെറ്റിച്ചുകൊണ്ടാണ് മുശ്‌രിക്കുകൾ ഹജ്ജ് നിർവ്വഹിച്ചുപോന്നിരുന്നതു്. തന്നിമിത്തം, മുപ്പത്തിമൂന്നു കൊല്ലങ്ങളിലൊരിക്കൽ മാത്രമെ, നിശ്ചിത തിയ്യതിക്കു ഹജ്ജ് നിർവ്വഹിക്കപ്പെട്ടിരുന്നുള്ളൂ. ഹിജ്‌റാബ്ദം പത്തു്, നിശ്ചിതതിയ്യതിക്കു ഹജ്ജ് നിർവ്വഹിപ്പാൻ ഉതകിയ വർഷമായിരുന്നു. ഉപദേശം കൊണ്ടല്ലാതെ, കർമ്മംകൊണ്ടുതന്നെ പഠിപ്പിച്ചുകൊടുത്ത ഹജ്ജ് എന്നർത്ഥമുള്ള ഹജ്ജത്തുൽ ബലാഗ് എന്നും, അനൂനമായ ഹജ്ജ് എന്നും പരിപൂർണ്ണമായ ഹജ്ജ് എന്നും അർത്ഥമുള്ള ഹജ്ജത്തുത്തമാം എന്നും ഹജ്ജത്തുൽകമാൽ എന്നും ഈ ഹജ്ജിനു പേരുകളുണ്ട്.

ഹിജ്‌റാബ്ദം പത്താം വർഷം ദുൽഖഅ്ദ് മാസം ഇരുപത്തഞ്ചാം തിയ്യതി ശനിയാഴ്ച ളുഹ്‌റിനും അസ്‌റിനുമിടയിൽ തിരുമേനി (സ) മദീനയിൽ നിന്നു പുറപ്പെട്ടു. പുറപ്പെടുന്നതിനു മുമ്പുള്ള രാത്രിയിൽ തിരുമേനി (സ) പത്നിമാരിൽ എല്ലാവരുടെയും വീടുകളും സന്ദർശിച്ചു; ഓരോ വീട്ടിൽവെച്ചും തിരുമേനി (സ) കുളിച്ചു. അതിനുശേഷം ഇഹ്‌റാമിനുവേണ്ടി പ്രത്യേകം കുളിക്കുകയും ചെയ്തു. മദീനയുടെ മേൽനോട്ടം വഹിപ്പാൻ അബൂദുജാനതുസ്സാഇദീ (റ) വിനെയോ സിബാഇബ്‌നു അർഫത

തൽഗഫ്ഫാരി (റ) വിനെയാ അധികാരപ്പെടുത്തി.

ഈ യാത്രയിൽ തിരുമേനി (സ) യുടെ എല്ലാ പത്നിമാരും തിരുമേനി (സ) യോടൊപ്പം പങ്കെടുത്തു. ഒരു ലക്ഷത്തി ഇരുപത്തി നാലായിരം സഹാബിമാർ തിരുമേനിയോടൊപ്പം മദീനയിൽ നിന്നു പുറപ്പെട്ടു. * മദീനയിൽനിന്നു പുറപ്പെട്ടവരുടെ മാത്രം എണ്ണമാണിതു്. തിരുമേനി (സ) യോടൊപ്പം ഹജ്ജു് കർമ്മം നിർവ്വഹിച്ചവരുടെ എണ്ണം ഇതിലും എത്രയോ അധികമത്രെ. മക്കത്തും അയൽനാട്ടുകളിലുമുള്ള മുസ്‌ലിംകളും, യമനിൽ നിന്നു അലീ (ക.വ.) യുടെ കൂടെ എത്തിച്ചേർന്നവരും അബൂമൂസൽഅശ്അരീ(റ) വിന്റെ കൂടെ എത്തിച്ചേർന്നവരുമെല്ലാം ഹജ്ജിൽ പങ്കെടുക്കുകയുണ്ടായി. ** ഹജ്ജത്തുൽ വിദാഇൽ ലക്ഷക്കണക്കിൽ സഹാബിമാർ പങ്കെടുത്തു. അവരുടെ എണ്ണം കൃത്യമായി പറയപ്പെട്ടിട്ടില്ല.

ജാബിർ (റ) പറയുന്നു:- 'തിരുമേനി (സ) ഹജ്ജത്തുൽവിദാഇന്നായി ഖുസ്‌വാ എന്ന ഒട്ടകപ്പുറത്തു കയറി പുറപ്പെട്ടു. മൈതാനത്തെത്തിയപ്പോൾ ഞാൻ ചുറ്റുപാടും കണ്ണോടിച്ചു. തിരുമേനി (സ) യും മുമ്പിലും പിമ്പിലും ഇടഭാഗത്തും വലഭാഗത്തും, കണ്ണെത്താവുന്നിടത്തോളം ജനങ്ങളും തിങ്ങി നിറഞ്ഞതായി ഞാൻ കണ്ടു.'

ആഇശ (റ) പറയുന്നു:- 'തിരുമേനി (സ) ഇഹ്‌റാം കെട്ടുമ്പോൾ ഞാൻ കസ്തൂരി കലർത്തിയ സുഗന്ധദ്രവ്യം തിരുമേനി (സ) യുടെ ശരീരത്തിൽ പൂശുകയുണ്ടായി.'

ഇബ്നു ഉംറ് (റ) പറയുന്നു:- 'തിരുമേനി (സ) മദീനയിൽ നിന്നു പുറപ്പെട്ടു ദുൽഹുലൈഫയിൽ എത്തിയപ്പോൾ രണ്ടു റക്അത്ത് നിസ്കരിച്ചു. വീണ്ടും യാത്ര തുടർന്നു. ദുൽഹുലൈഫയിലെ പള്ളിയുടെ അടുത്തെത്തിയപ്പോൾ ഒട്ടകം നിന്നു. തിരുമേനി (സ) ശബ്ദമുയർത്തിക്കൊണ്ടു തൽബിയത് ചൊല്ലി.'

അഹ്മദ് (റ) നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- 'തിരുമേനി (സ) യും സഹാബിമാരും ഒരു മലച്ചെരുവിലെത്തി. ഈ മലയുടെ പേരെന്താണെന്നു തിരുമേനി (സ) അന്വേഷിച്ചപ്പോൾ, 'അസ്ഫാൻ മല' എന്നു അബൂബക്കർസിദ്ദീഖ് (റ) മറുപടി നൽകി. തിരുമേനി (സ) അരുളി:- ഹൂദ്നബിയും സാലിഹ്നബിയും യുവത്വമാർന്നു രണ്ടു ചുകന്ന ഒട്ടകങ്ങളുടെ പുറത്തു കയറി അതാ സഞ്ചരിക്കുന്നു. മരത്തോൽ പിരിച്ചുണ്ടാക്കിയ കയറാണു് അവയുടെ കടിഞ്ഞാൺ. കരിംപടമാണു് അവർ ധരിച്ചിട്ടുള്ളതു്. നിമാർ എന്ന പുതപ്പു് അവർ പുതച്ചിരിക്കുന്നു. ഹജ്ജിന്റെ തൽബിയത് ചൊല്ലിക്കൊണ്ടു ബൈതുൽഅതീഖിലേക്കു അവർ നീങ്ങിക്കൊണ്ടിരിക്കുകയാണു്.'

ഇബ്നു അബ്ബാസ് (റ) പറയുന്നു:- 'തിരുമേനി (സ) യും സഹാബിമാരും അസ്റഖ് എന്ന മലച്ചെരുവിലെത്തിയപ്പോൾ, മൂസാനബി തന്റെ കൈവിരലുകൾ, ചെവികളുടെ രന്ധ്രങ്ങളിൽ വെച്ചു, തൽബിയത് ചൊല്ലിക്കൊണ്ടു ഈ മലച്ചെരുവിലൂടെ നടക്കുന്നതാ

---

* മദീനയിൽ നിന്നു തിരുമേനി (സ) യോടൊപ്പം പുറപ്പെട്ട സഹാബിമാരുടെ എണ്ണം തൊണ്ണൂറായിരമെന്നും ഒരു ലക്ഷമെന്നും ലക്ഷത്തിരുപത്തിനാലായിരത്തിൽ പരമെന്നും പക്ഷാന്തരങ്ങളുണ്ടു്.

** പ്രതിവർഷം ലക്ഷം ആളുകൾ കഅ്ബയിൽ വന്നു ഹജ്ജു് ചെയ്യുമെന്നു അല്ലാഹു പ്രതിജ്ഞ ചെയ്തിട്ടുണ്ടെന്നു നബി (സ) പ്രസ്താവിച്ചിട്ടുണ്ടു്. ജനങ്ങളുടെ എണ്ണം ലക്ഷത്തിൽ കുറഞ്ഞെങ്കിൽ, മലക്കുകളെക്കൊണ്ടു അല്ലാഹു എണ്ണം പൂർത്തിയാക്കും.

യി ഞാൻ കാണുന്നുവെന്ന തിരുമേനി (സ) പ്രസ്താവിച്ചു.'

ളുവാ എന്ന സ്ഥലത്തെത്തിയപ്പോൾ തിരുമേനി (സ) അവിടെ താവളമടിക്കുകയും അന്നുരാത്രി അവിടെ കഴിച്ചുകൂട്ടുകയും ചെയ്തു. രാത്രി അവസാനിച്ചപ്പോൾ തിരുമേനി (സ) സുബ്ഹി നിസ്കരിച്ചു. അതിനുശേഷം കളിക്കുകയുണ്ടായി. * അനന്തരം തിരുമേനി (സ) യാത്ര തുടർന്നു. സനിയ്യത്തുൽഉൽയാ എന്നും കദാഅ് എന്നും പേരുള്ള സ്ഥലത്തുകൂടി തിരുമേനി (സ) മക്കയിൽ പ്രവേശിച്ചു. ളുഹാ സമയത്തു, കഅ്ബയുടെ വാതിലിന്റെ ഭാഗത്തു കിഴക്കുവശത്തായി സ്ഥിതിചെയ്യുന്ന ബാബ്ഖനീശൈബത് എന്ന പേരുള്ള കവാടത്തിൽ**കൂടി തിരുമേനി (സ) മസ്ജിദുൽഹറാമിൽ പ്രവേശിച്ചു. 'തമ്പുരാനെ, നിന്റെ ഈ മന്ദിരത്തിന്റെ ശ്രേഷ്ഠതയും ബഹുമതിയും ആദരവും നന്മയും ഗാംഭീര്യവും വർദ്ധിപ്പിക്കേണമെ. ഹജ്ജിനും ഉംറക്കും വന്ന അതിന്റെ മാന്യതയേയും ശ്രേഷ്ഠതയേയും വർദ്ധിപ്പിക്കുന്നവർക്കു ശ്രേഷ്ഠതയും മാന്യതയും യോഗ്യതയും നീ വർദ്ധിപ്പിക്കേണമെ' എന്നു കഅ്ബയെ നോക്കിക്കൊണ്ടു തിരുമേനി (സ) പ്രാർത്ഥിച്ചു. തഹിയ്യത് നിസ്കരിക്കാതെ, തിരുമേനി (സ) തവാഫ് ആരംഭിച്ചു. തവാഫ്തന്നെയാണു് കഅ്ബയെസ്സംബന്ധിച്ച തഹിയ്യത്. ഹജറുൽ അസ്വദിനെ തിരുമേനി (സ) ആദരിച്ചു. ചുണ്ടുകൊണ്ടു അതിന്മേൽ വെച്ചുകൊണ്ടു ദീർഘനേരം തിരുമേനി (സ) അതിനെ ചുംബിച്ചു. വീണ്ടും തവാഫ് തുടർന്നു. തവാഫ് ചെയ്തുകഴിഞ്ഞപ്പോൾ, ഇബ്റാഹീം മഖാമിൽചെന്നു 'വത്തഖിദൂമിൻ മഖാമി ഇബ്റാഹീമ മുസല്ലാ' എന്നു ഓതുകയും, 'ഖുൽയാ അയ്യുഹൽ കാഫിറൂന' 'ഖുൽഹുവല്ലാഹു' എന്നീ സൂറത്തുകൾ ഓതിക്കൊണ്ടു രണ്ടുറക്അത്ത് നിസ്കരിക്കുകയും ചെയ്തു. അതിനുശേഷം തിരുമേനി (സ) ഹജറുൽ അസ്വദിന്റെ ഒരു മൂലയിലേക്ക് തിരിച്ചുചെല്ലുകയും അതിനു ആരംഭമപ്പിക്കുകയുമുണ്ടായി. പിന്നീടു തിരുമേനി (സ) സഫായുടെ നേരെ നടന്നു. 'ഇന്നസ്സഫാവൽമർവത മിൻ ശആഇരില്ലാഹ്' * എന്നു ഓതി. പിന്നീടു മർവായുടെ നേരെ നടന്നു. മൂന്നുതവണ ഈ നടത്തം ആവർത്തിച്ചു. അതായതു സഫായുടെയും മർവായുടെയും ഇടയിൽ മൂന്നുതവണ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ദുൽഹജ്ജു മാസം എട്ടാം ദിവസം, വ്യാഴാഴ്ച, തിരുമേനി (സ) മിനായിലേക്കു പോയി. ളുഹ്ർ, അസ്ർ, മഗ്രിബ്, ഇശാ പിറ്റെദിവസത്തെ സുബ്ഹി എന്നീ നിസ്കാരങ്ങൾ മിനായിൽവെച്ചു നിർവ്വഹിച്ചു. സൂര്യൻ ഉദിച്ചുകഴിഞ്ഞപ്പോൾ തിരുമേനി (സ) അറഫയിലേക്കു പുറപ്പെട്ടു. അറഫയുടെ താഴ്വാരത്തിൽവെച്ചു തിരുമേനി (സ) സഹാബിമാർക്കു വസിയ്യത്തുകൾ നൽകി. ളുഹ്റും അസ്റും അടിവാരത്തിൽവെച്ചു നിസ്കരിച്ചശേഷം അറഫാ പർവ്വതശിഖരമായ സഖ്റാനിലേക്കു തിരുമേനി (സ) പുറപ്പെട്ടു. സഖ്റാനിൽഎത്തി, ഖിബ്ലക്കഭിമുഖമായി നിന്നുകൊണ്ടു ഹജ്ജിനു സമ്മേളിച്ചു വന്നിച്ച ജനാവലിയോടായി തിരു

---

* ഈ വസ്തുത ബുഖാരീ (റ) രേഖപ്പെടുത്തീട്ടുണ്ടു്.

** അബ്ദുമനാഹിന്റെ മക്കളുടെ കവാടമാണിതു്.

* 'സഫാ, മർവാ എന്നീ സ്ഥലങ്ങൾ അല്ലാഹുവിന്റെ ലക്ഷ്യങ്ങളിൽപ്പെട്ടതാകുന്നു.'

മേനി (സ) ഇപ്രകാരം പ്രസംഗിച്ച *:-'ജനങ്ങളെ, എന്റെ വചനങ്ങളെ ശ്രദ്ധാപൂർവ്വം ഗ്രഹിക്കുക കാരണ , ഇന്നെന്നപോലെ ഇനി യൊരവസരത്തിൽ നിങ്ങളെ അഭിമുഖീകരിച്ചു സംസാരിപ്പാൻ അല്ലാഹു എനിക്കു അവസരം നൽകുമോ എന്നു എനിക്കറിഞ്ഞുകൂടാ. എല്ലാവരെസ്സംബന്ധിച്ചും ഈ ദിവസവും ഈ മാസവും എത്രമാത്രം പരിശുദ്ധമാണൊ, അത്രമാത്രം പരിപാവനമാണു് നിങ്ങളുടെ ജീവനും സ്വത്തുക്കളും. നിങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ ചെന്നെത്തുന്നതുവരെ, മറെറാരാളുടെ ജീവനൊ സ്വത്തൊ, നിങ്ങളിലാരുംതന്നെ, അശുദ്ധമാക്കുവാൻ പാടുള്ളതല്ല. നിങ്ങളിലോരുത്തരും നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകേണ്ടിവരുമെന്നും, അപ്പോൾ അല്ലാഹു നിങ്ങളോടു നിങ്ങളുടെ കർമ്മങ്ങളുടെ കണക്കുചോദിക്കുമെന്നും നിങ്ങൾ ഓർത്തുകൊള്ളുക. അല്ലയൊ ജനങ്ങളെ, നിങ്ങൾക്കു നിങ്ങളുടെ ഭാര്യമാരുടെ മേൽ അവകാശങ്ങളുണ്ടു്. നിങ്ങളുടെ ഭാര്യമാക്കു നിങ്ങളുടെമേലും അവകാശങ്ങളുണ്ടു്. നിശ്ചയമായും, അല്ലാഹുവിന്റെ രക്ഷയെ ചൊല്ലിയാണു് നിങ്ങൾ അവരെ സ്വീകരിച്ചിട്ടുള്ളതു്. അല്ലാഹുവിന്റെ വചനങ്ങളാൽ നിങ്ങൾ അവരുടെ ശരീരങ്ങളെ ഹലാലാക്കുകയും ചെയ്തു. നിങ്ങൾ ഭക്ഷിക്കുന്ന അതേതരം ഭക്ഷണങ്ങൾതന്നെ നിങ്ങളുടെ അടിമകളെയും തീറുക. നിങ്ങൾ ധരിക്കുന്ന അതേതരം വസ്ത്രങ്ങൾതന്നെ നിങ്ങളുടെ അടിമകളെയും ധരിപ്പിക്കുക. അവർ വല്ല കുറ്റവും ചെയ്താൽ, അവക്കു പൊറുത്തുകൊടുക്കുക. കുറ്റം അക്ഷന്തവ്യമാണെങ്കിൽ അവരെ നിങ്ങളുടെ അധീനത്തിൽനിന്നു വിട്ടയക്കുക. കാരണം, അവരും അല്ലാഹുവിന്റെ അടിയാർകളാകുന്നു. അതുകൊണ്ടു അവരോടു ക്രൂരമായി പെരുമാറാവതല്ല. അല്ലയൊ ജനങ്ങളെ, എന്റെ വചനങ്ങളെ നിങ്ങൾ ശ്രദ്ധാപൂർവ്വം ഗ്രഹിക്കുക. മുസ്‌ലിംകളെല്ലാം സഹോദരങ്ങളാണെന്നറിയുക. നിങ്ങൾ ഒരു സഹോദരസംഘമാകുന്നു. പക്ഷെ, ഒരു സഹോദരന്റെതായ യാതൊരു വസ്തുവും അയാളുടെ പരിപൂർണ്ണസമ്മതം കൂടാതെ ആരുംതന്നെ കൈവശപ്പെടുത്തരുതു്. അനീതികളിൽനിന്നു നിങ്ങൾ നിങ്ങളെ സ്വയം ദൂരീകരിക്കുക. ഇവിടെ ഹാജരുള്ളവർ ഇവിടെ ഹാജരില്ലാത്തവക്കു ഈ വചനങ്ങളെ എത്തിച്ചുകൊടുക്കട്ടെ. ഇപ്പോൾ ഈ പ്രഭാഷണം ഇവിടെവെച്ചുകേട്ടിട്ടുള്ളവരെ അപേക്ഷിച്ചു, മേലാൽ കേൾപ്പിക്കപ്പെടുന്നവർ ഈ വചനങ്ങളെ കൂടുതൽ അനുസ്മരിച്ചെന്നുവരാം.

'അല്ലയോ രക്ഷിതാവേ, എന്നിൽ ഭാരമേല്പിക്കപ്പെട്ട ദൌത്യം ഞാൻ പൂർത്തീകരിക്കുകയും എന്റെ കർത്തവ്യം ഞാൻ നിറവേറുകയും ചെയ്തിരിക്കുന്നു'വെന്നു പറഞ്ഞുകൊണ്ടു തിരുമേനി (സ) പ്രഭാഷണം അവസാനിപ്പിച്ചപ്പോൾ, 'നിശ്ചയമായും അങ്ങു് ദൌത്യം നിറവേറിയിട്ടുണ്ടു്" എന്നു് ആ ജനാവലി ഏകസ്വരത്തിൽ ഏറു പറഞ്ഞു. അതിനെത്തുടർന്നു് 'രക്ഷിതാവേ, ഞാൻ നിന്നോടു് കേണപേക്ഷിക്കുന്നു, നീ അതിനു സാക്ഷ്യം വഹിച്ചാലും' എന്നു് തിരുമേനി (സ) പ്രസ്താവിച്ചു.

സൂര്യൻ അസ്തമിച്ച ശേഷം, ആകാശത്തിലെ മഞ്ഞനിറം മങ്ങിത്തുടങ്ങിയപ്പോൾ, തിരു

---

* "അൽയൌമ അകു്മൽതുലകും ദീനകും....." [ഇന്നത്തെ ദിവസം ദീനിനെ നാം പൂർത്തീകരിച്ചുതരികയും അനുഗ്രഹത്തെ പൂർണ്ണമാക്കിത്തരികയും, ഇസ്‌ലാമിനെ ദീനായി തൃപ്തിപ്പെടുകയും ചെയ്തു.] എന്ന ആയത്തു് അറഫായിൽവെച്ചു തിരുമേനി (സ) ക്കു ലഭിച്ച ആ ആയത്തു് തിരുമേനി (സ) അവിടെവെച്ചു് ജനങ്ങളെ ഓതികേൾപ്പിക്കുകയുണ്ടായി.

മേനി (സ) അറഫായിൽ നിന്നു താഴെ ഇറങ്ങി. അന്നു രാത്രി തിരുമേനി (സ) മുസ്‌ദലിഫയിൽ താമസിച്ചു. അറഫായിൽ വെച്ചും, മുസ്‌ദലിഫായിൽ വെച്ചും, ഉമ്മത്തിക്കു പൊറുത്തു കൊടുപ്പാനായി തിരുമേനി (സ) അല്ലാഹുവോടു പ്രാർത്ഥിച്ചു *

നഹ്‌റിന്റെ ദിവസം രാവിലെ തിരുമേനി (സ) ജംറത്തുൽഅഖബയിലും ജംറത്തുൽകുബ്‌റായിലും കല്ലെറിഞ്ഞു. തിരുമേനി (സ) ആവശ്യപ്പെട്ടതനുസരിച്ചു് ഫളലുബ്‌നു അബ്ബാസ് (റ) വാണു് തിരുമേനി(സ)ക്കു് കൽക്ഷണങ്ങളെടുത്തു കൊടുത്തതു്. ജാബിർ (റ) പറയുന്നു:—തിരുമേനി (സ) ഒട്ടകപ്പുറത്തിരുന്നുകൊണ്ടു കല്ലുകളെറിയുന്നതു ഞാൻ കണ്ടു. എറിയുന്നതോടൊപ്പം തിരുമേനി (സ) ഇപ്രകാരം പറയുന്നതു ഞാൻ കേട്ടു:— ഇനിയൊരിക്കൽ ഞാൻ ഹജ്ജു് ചെയ്തില്ലെന്നു വരാം. അതുകൊണ്ടു ഹജ്ജിന്റെ കർമ്മങ്ങൾ എന്നിൽനിന്നു പഠിച്ചു കൊള്ളുക.' കല്ലുകളെറിഞ്ഞതിനു ശേഷം തിരുമേനി (സ) മൃഗങ്ങളെ അറുക്കുന്ന സ്ഥലത്തേക്കു തിരിച്ചു. അറുപത്തിമൂന്നു ഒട്ടകങ്ങളെ തിരുമേനി (സ) അറുത്തു. അനന്തരം കുറെ ഒട്ടകങ്ങളെ അറുക്കുവാൻ അലീ (ക. വ.) യോടു തിരുമേനി (സ) നിർദ്ദേശിച്ചു. അദ്ദേഹം യമനിൽ നിന്നു കൊണ്ടു വന്ന ഒട്ടകങ്ങളിൽ നിന്നു മുപ്പത്തേഴു ഒട്ടകങ്ങളെ അറുക്കുകയും, അറുക്കപ്പെട്ട ഒട്ടകങ്ങളുടെ എണ്ണം നൂറു തികക്കുകയും ചെയ്തു. അറുക്കപ്പെട്ട എല്ലാ ഒട്ടകങ്ങളുടേയും ശരീരത്തിൽ നിന്നും അല്പാല്പം മാംസം മുറിച്ചെടുത്തു ഒരു പാത്രത്തിലിട്ടു വേവിക്കുവാൻ തിരുമേനി (സ) ആജ്ഞാപിച്ചു. മാംസം വേവിച്ചു കഴിഞ്ഞപ്പോൾ തിരുമേനി (സ) പാത്രത്തിൽനിന്നു് അല്പം ചാറു് (രസം) എടുത്തു കുടിച്ചു. അലീ (ക. വ.) യും അപ്രകാരം ചെയ്തു.

അവിടെ നിന്നു തിരുമേനി (സ) മിനായിലേക്കു പുറപ്പെട്ടു. മിനായിൽ വെച്ചു് ഹല്ലാഫ് എന്ന ക്ഷുരകനെക്കൊണ്ടു തിരുമേനി (സ) തലമുടി ക്ഷൌരം ചെയ്യിച്ചു—വലഭാഗത്തെ മുടിയാണു് ആദ്യം ക്ഷൌരം ചെയ്തതു്. പിന്നീടു് ഇടഭാഗത്തെ മുടിയും ക്ഷൌരം ചെയ്തു. സഹാബിമാർ തിരുമേനി (സ) യുടെ ശിരോരോമം കൈവശപ്പെടുത്തുവാൻ ഉത്സാഹപൂർവ്വം ശ്രമിച്ചു. അവരിൽ ചിലക്കു ഒന്നോ രണ്ടോ രോമങ്ങൾ കിട്ടി. പലക്കും കിട്ടിയില്ല. അബൂതൽഹത് (റ) വിനു തിരുമേനി (സ) തന്നെ കുറച്ചു രോമങ്ങൾ നൽകി.

നഹ്‌റിന്റെ ദിവസം തിരുമേനി (സ) സുദീർഘമായ ഒരു ഖുത്ബ: നടത്തുകയുണ്ടായി. അതിനു ശേഷം സംസമിൽ പോയി വെള്ളം കുടിക്കുകയും മിനായിലേക്കു തന്നെ മടങ്ങുകയും ചെയ്തു. അയ്യാമുത്തശ്‌രീഖിൽ തിരുമേനി (സ) രണ്ടു ജൂറകളിൽ കല്ലെറിഞ്ഞു. മൂന്നാമത്തെ ജൂറയിൽ എറിയുവാൻ അവിടെ നിൽക്കുകയുണ്ടായില്ല.

അതിനുശേഷം തിരുമേനി (സ) ഒട്ടകപ്പുറത്തു കയറി കഅ്ബയിലേക്കു പോവുകയും വിദാഇന്റെ (വിട വാങ്ങലിന്റെ) തവാഫ് ചെയ്തു മദീനയിലേക്കു പുറപ്പെടുകയും ചെയ്തു. മദീനാനഗരം കണ്ടുതുടങ്ങിയപ്പോൾ തിരുമേ

---

*അന്യനായി ഹജ്ജ് കർമ്മം നിർവ്വഹിച്ച വ്യക്തി, മാതാവിന്റെ ഗർഭപാത്രത്തിൽനിന്നു പുറത്തു വന്ന കുഞ്ഞിനെപ്പോലെ [നിർദ്ദോഷിയായി] ഭവിക്കുമെന്നു് തിരുമേനി (സ) അരുളീട്ടുണ്ടു്. അല്ലാഹുവുമായി ബന്ധപ്പെട്ട ദോഷത്തിൽ നിന്നു ആ വ്യക്തി നിർമുക്തനാവുമെന്നാണു് ഈ ഹദീസിലെ വിവക്ഷയെന്നും ജനങ്ങളുമായി ബന്ധപ്പെട്ട ദോഷങ്ങളെക്കുറിച്ചുള്ള വിവക്ഷ ഈ ഹദീസിൽ ഇല്ലെന്നും പറയപ്പെട്ടിട്ടുണ്ടു്.

നി(സ)മൂന്നുതവണ തക്‌ബീർ ചൊല്ലി അതിനുശേഷം ലാഇലാഹ ഇല്ലല്ലാഹു വഹ്‌ദഹു ലാശരീക ലഹുലഹുൽ മുൽകു വലഹുൽഹംദു വഹുവ അലാകുല്ലി ശൈഇൻ ഖദീർ. ആഇബൂന താഇബൂന ആബിദൂന സാജിദൂന ലിറബ്ബിനാ ഹാമിദൂന സദഖല്ലാഹു വഹ്‌ദഹു വനസറ അബ്‌ദഹുവഹസമൽ അഹ്‌സാബ വഹ്‌ദഹു * എന്നു ചൊല്ലുകയുണ്ടായി. അനന്തരം തിരുമേനി (സ) മദീനയിൽ പ്രവേശിച്ചു.

ഉസാമതിബ്‌നുസൈദ് (റ) വിന്റെ യുദ്ധയാത്ര

ഹജ്ജത്തുൽവിദാഇനു ശേഷം ഉസാമതിബ്‌നുസൈദ് (റ) വിന്റെ നേതൃത്വത്തിൽ ഒരു സേനയെ തിരുമേനി (സ) ഉബ്‌നാ ഗോത്രക്കാരുടെ നേരെ നിയോഗിച്ചു. മുഹാജിർകളിലും അൻസാർകളിലും പെട്ട വിശ്രുത യോദ്ധാക്കൾ ആ സേനയിൽ ഉണ്ടായിരുന്നു. സേനാനായകനായി നിയോഗിക്കപ്പെട്ട ഉസാമത് (റ) വിനു അന്നു പതിനെട്ടു വയസ്സ് പ്രായമെ ഉണ്ടായിരുന്നുള്ളൂ. ഉബ്‌നാ ഗോത്രക്കാരാണ് ഉസാമത് (റ) വിന്റെ പിതാവായ സൈദ് (റ) വിനെ വധിച്ചിരുന്നതു്. ബൽഖാഇന്റെ ഭാഗത്തു് ശറാത് എന്ന പ്രദേശമായിരുന്നു ഉബ്‌നാ ഗോത്രക്കാരുടെ ആവാസകേന്ദ്രം. ഹിജ്‌റാബ്ദം പതിനൊന്നാം വർഷത്തിലെ സഫർമാസം ഇരുപത്തി മൂന്നാം തിയ്യതി തിങ്കളാഴ്ച ഉസാമത് (റ) വിന്റെ നേതൃത്വത്തിലുള്ള മുസ്‌ലിംസേന ഉബ്‌നാ ഗോത്രക്കാരുടെ നേരെ പുറപ്പെട്ടു. ഇതിനുശേഷം ഒരു സേന തിരുമേനി (സ) യാൽ നിയോഗിക്കപ്പെട്ടിട്ടില്ല. തിരുമേനി (സ) രോഗബാധിതനായ വിവരം വഴിയിൽ വെച്ചറിഞ്ഞതിനെത്തുടർന്നു പ്രസ്തുത സേന ലക്ഷ്യത്തിലേക്കു നീങ്ങാതെ മദീനയിലേക്കു മടങ്ങി.

ആകെ യുദ്ധങ്ങൾ

തിരുമേനി (സ) യുടെ ജീവിത കാലത്തു ആകെ നടന്ന യുദ്ധങ്ങൾ തൊണ്ണൂറിനടുത്താണെന്നു പറയപ്പെട്ടിരിക്കുന്നു. അവയിൽ ഇരുപത്തേഴു യുദ്ധയാത്രകളിൽ * തിരുമേനി (സ) പങ്കെടുത്തു. ഇവക്കു 'ഗ്രസ്‌വത്' എന്നു പേർ. തിരുമേനി (സ) പങ്കെടുക്കാതെ, സഹാബിമാരെ നിയോഗിച്ച യുദ്ധയാത്രകൾക്കു 'സരിയ്യത്' എന്നു പേർ. തിരുമേനി (സ) യുടെ ജീവിതകാലത്തു അറുപതോളം സരിയ്യത്തുകൾ നടത്തപ്പെട്ടിട്ടുണ്ടു്. ഇരുപത്തേഴോ ഇരുപത്തൊമ്പതോ യുദ്ധയാത്രകളിൽ തിരുമേനി (സ) പങ്കെടുത്തെങ്കിലും, ബദ്‌ർ, ഉഹ്ദ്,

---

* 'അല്ലാഹു ഒഴികെ ഇലാഹില്ല; അവൻ ഏകനാകുന്നു. അവനു പങ്കാളിയില്ല (സമാനനില്ല) സർവ്വാധികാരങ്ങളും സർവ്വസ്തുതിയും അവനത്രെ. അവൻ സർവ്വ കാര്യത്തിലും കഴിവുറവനാകുന്നു. റബ്ബിനെ സ്തുതിച്ചുകൊണ്ടും, അവനു കുമ്പിട്ടുകൊണ്ടും, അവനു പ്രഴങ്ങിക്കൊണ്ടും അവങ്കൽ പശ്ചാത്താപം അറ്റിച്ചുകൊണ്ടും ഞങ്ങൾ മടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദത്തം സാക്ഷാൽക്കരിക്കപ്പെട്ടു. അവന്റെ അടിമയെ അവൻ തുണച്ചു. അവൻ ഏകനായിക്കൊണ്ടു കക്ഷികളെ പരാജയപ്പെടുത്തി.'

തിരുമേനി (സ) എത്ര ഹജ്ജ് ചെയ്തിട്ടുണ്ടെന്നു് ഖതാദത് (റ) അനസ് (റ) വോടു ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:- തിരുമേനി (സ) ഒരു ഹജ്ജ് ചെയ്തു. നാലു ഉംറയും ചെയ്തു. ഉംറ: ഹുദൈബിയ്യ:, ഉംറതുൽ ഖളാഅ്, ഉംറ: ജുഅ്‌റാന; ഉംറ: ഹജ്ജത്തുൽ വിദാഅ് എന്നിവയാണു് ആ നാലു ഉംറകളും. എല്ലാ ഉംറയും ദുൽഖഅ്ദ് മാസത്തിലാണു് തിരുമേനി (സ) ചെയ്തിരുന്നതു്.'

---

* ഇരുപതെട്ടെന്നും ഇരുപത്തൊമ്പതെന്നും പക്ഷാന്തരങ്ങളുണ്ടു്.

ഖന്തഖ്, ബനൂഖുറൈളത്, ബനൂൽമുസ്തലിഖ്, ഖൈബർ, മക്കഃഫത്ഹ്, ഹുനൈനി, താഇഫ് എന്നീ ഒമ്പതു യുദ്ധങ്ങൾ മാത്രമെ നടക്കുകയുണ്ടായുള്ളൂ. ഈ ഒമ്പതു യുദ്ധങ്ങളിൽ തന്നെയും, ബദ്ർ, ഉഹ്ദ്, ഹുനൈൻ എന്നീ മൂന്നു യുദ്ധങ്ങളിൽ മാത്രമെ തിരുമേനി (സ) നേരിട്ടു യുദ്ധം ചെയ്തിട്ടുള്ളുവെന്നാണ് ആധികാരിക ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുള്ളതു്. ഗ്രസ്വത്തുകളിലെന്നപോലെ തന്നെ, സരിയ്യത്തുകളിലും, പലപ്പോഴും യുദ്ധത്തിന്റെ ആവശ്യകത ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത മുൻവിവരങ്ങളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്.

തിരുമേനി (സ) യുടെ ഉത്തമാനുയായികൾ

തിരുമേനി (സ) യുടെ അനുയായികളിൽ ഓരോരുത്തരും അനുസരണശീലരും ആത്മാർത്ഥതയുള്ളവരുമായിരുന്നു. തിരുമേനി (സ) യുടെ ആജ്ഞകളെ അനുസരിക്കുവാൻ അവർ സദാസന്നദ്ധരായിരുന്നു. സഹാബിമാരുടെ കൂട്ടത്തിൽ തിരുമേനി (സ) യുമായുള്ള പ്രത്യേകമായ സാമീപ്യസമ്പർക്കങ്ങളാൽ 'ഉത്തമന്മാർ' എന്നു ചില സഹാബിമാർ പരിഗണിക്കപ്പെട്ടിരുന്നു. അബൂബക്കർസിദ്ദീഖ് (റ), ഉമറുബ്നുൽഖത്താബ് (റ), ഉസ്മാനുബ്നുഅഫ്ഫാൻ (റ), അലിയ്യുബ്നുഅബീതാലിബ് (ക.വ.), ജഅ്ഫർ (റ), അബൂദർറ് (റ), മാഖ്മാദ് (റ), സൽമാൻ (റ), ഹുദൈഫത് (റ), ഇബ്നുമസ്ഊദ് (റ), അമ്മാറുബ്നുയാസിർ (റ), ബിലാലുബ്നുറബാഹുൽമുഅദ്ദിൻ (റ) എന്നിവർ അഞ്ചുട്ടത്തിൽപ്പെട്ടവരാകുന്നു. തിരുമേനി (സ) യുമായി സവിശേഷമായ മമതാബന്ധം പുലർത്തിയവരത്രെ പ്രസ്തുത സഹാബിമാർ.

തിരുമേനി (സ) യുടെ അംഗരക്ഷകന്മാർ

ആദ്യകാലയുദ്ധങ്ങളിൽ സഹാബിമാരിൽ ചിലർ തിരുമേനി (സ) യുടെ അംഗരക്ഷകരായി പ്രവർത്തിച്ചിട്ടുണ്ട്. സഅ്ദുബ്നുമആദ് (റ), ഒകുവാനുബ്നുഅബ്ദിഖൈസ് (റ), മുഹമ്മദിബ്നുമസ്ലമത് (റ), സുബൈറുബ്നുൽഅവാം (റ), അബ്ബാദിബ്നുബിശ്ർ (റ), സഅ്ദിബ്നുഅബീവഖാസ് (റ), അബൂഅയ്യൂബ് (റ), ബിലാൽമുഅദ്ദിൻ (റ), മുഗീറതുബ്നുശഅ്ബത് (റ), അബൂബകർസിദ്ദീഖ് (റ) എന്നിവർ, ഓരോരുത്തരായി, ചില യുദ്ധങ്ങളിൽ തിരുമേനി (സ) യുടെ അംഗരക്ഷകരായി പ്രവർത്തിച്ചവരാകുന്നു. മനുഷ്യരിൽനിന്നു അല്ലാഹു താങ്കൾക്കു സുരക്ഷിതത്വം നൽകിയിരിക്കുന്നുവെന്നത്മുള്ള ആയത്തു് അവതരിച്ചതോടുകൂടി, ഈ സമ്പ്രദായം നിറുത്തലാക്കപ്പെട്ടു. അതിനുശേഷം നടത്തപ്പെട്ട യുദ്ധങ്ങളിൽ തിരുമേനി (സ) ക്കു അംഗരക്ഷകന്മാർ ഉണ്ടായിട്ടില്ല.

തിരുമേനി (സ) യുടെ കവികളും ഗായകരും

തിരുമേനി (സ) യുടെ സഹാബീഗണത്തിൽ വിശ്രുതമായ നിരവധി കവികൾ ഉണ്ടായിരുന്നു. ഹസ്സാനുബ്നുസാബിത് (റ), അബ്ദുല്ലാഹിബ്നുറവാഹത് (റ), കഅ്ബുബ്നുമാലിക് (റ) എന്നിവർ തിരുമേനി (സ) യുടെ കവികളായി അറിയപ്പെട്ടവരാകുന്നു. പദ്യങ്ങൾ ആലപിക്കുന്നതിൽ വിശ്രുതിപെറ്റ വ്യക്തികളും സഹാബിമാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. സംഘംചേർന്നുകൊണ്ടുള്ള യാത്രാവേളകളിൽ—തിരുമേനി (സ) പങ്കെടുത്ത യുദ്ധയാത്രാവേളകളിൽ, യാത്രാക്ലേശത്തെ ലഘൂകരിക്കുകയും യാത്രക്കു പ്രോത്സാഹനം നൽകുകയും ചെയ്യുന്നതിന്നായി, അബ്ദുല്ലാഹിബ്നുറവാഹത് (റ), ആമിറുബ്നുൽഅക്വഅ് (റ), അൻജശത്തുൽഅബ്ദുൽഅസ്വദ് (റ), ബറാഉബ്നുമാലിക് (റ) എന്നിവർ പദ്യങ്ങൾ ആലപിച്ചു, സഹാബിമാർക്കു ആവേശം പകർന്നുകൊടുത്തിരുന്നു.

തിരുമേനി (സ) യുടെ ആയുധങ്ങൾ

1. മഅ്സൂർ, 2. അളബ്, 3. ദുൽഫഖാർ, 4. ഖൽഇ, 5. അൽബത്താർ, 6. അൽഹൻഫ്, 7. അൽമിഖ്ദം, 8. അർറസൂബ്, 9. അൽഖളീബ് എന്നീ പേരുകളുള്ള ഒമ്പതു വാളുകളും; 1. ദാതുൽഫുളൂൽ, 2. ദാതുൽവിശാഹ്, 3. ദാതുൽഹവാളീ, 4. അസ്സുഗ്ദിയ്യ: 5. ഫിള്ളത്, 6. ബർതാഅ്, 7. ഖിർനഖ് എന്നീ പേരുകളുള്ള ഏഴു കവചങ്ങളും; 1. അൽമുസ്വീ, 2. മുസ്നീ, 3. ബൈളാഅ്, 4. അൻസത്, 5. സബൂഅത്, 6. ഹർവ് എന്നീപേരുകളുള്ള ആറു കന്തങ്ങളും; 1. റൌഹാഅ്, 2. ബൈളാഅ്, 3. സഫ്റാഅ്, 4. സൌറാഅ്, 5. അൽകത്തും, 6. സദാഅ്, 7. സൌഹത് എന്നീ പേരുകളുള്ള ഏഴു വില്ലുകളും, കാഫൂർ എന്ന പേരുള്ള ആവനാഴിയും, മുത്തസിലതെന്നും മൂസിലതെന്നും പേരുകളുള്ള അമ്പുകളും; 1. സൌലഖ്, 2. ഫത്ഖ്, 3. തിംസാൽ, 4. മുജഖ്ഖിർ എന്നീപേരുകളുള്ള നാലു പരിചകളും; മിഗ്ഫർ, ബൈളാഅ് എന്നീ പേരുകളുള്ള രണ്ടു വടികളും; അസ്സൈഅ്, അൽമൂശഹ് എന്നീ പേരുകളുള്ള രണ്ടു മുഖാവരണങ്ങളും ആണ് തിരുമേനി (സ) ക്കുണ്ടായിരുന്ന ആയുധങ്ങൾ. അസ്സീനത്, ഉഖാബ്, സുഫ്വാഅ് എന്നീ പേരുകളുള്ള മൂന്നുകൊടികളും തിരുമേനി (സ) ക്കുണ്ടായിരുന്നു.

തിരുമേനി (സ) യുടെ മൃഗങ്ങൾ

തിരുമേനി (സ) ക്കു മുപ്പതിൽപ്പരം കുതിരകളും, പന്ത്രണ്ടു ഒട്ടകങ്ങളും, നൂറിലേറെ ആടുകളും, ഒരു കഴുതയും, ഏഴു പശുക്കളും ഉണ്ടായിരുന്നുവെന്നു ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നു. തിരുമേനി (സ) യുടെ കുതിരകളെക്കുറിച്ചു ഹാഫിളുദ്ദിംയാതീ(റ) എന്ന പണ്ഡിതൻ വിശദമായ വിവരങ്ങൾ രേഖപ്പെടുത്തീട്ടുണ്ട്. തിരുമേനി (സ) യുടെ സവാരിക്കുതിരകളിൽ, ദുൽ ദുൽ എന്ന കുതിരയും ബഗ്ലത് എന്നു പേരുള്ള നാലു കുതിരകളും * ബിഗാൽ എന്ന വംശത്തിൽപ്പെട്ടതും, അബ്ലഖ്, ദുൽഇഖാൽ, ഒല്ലമ്മത്, മുർതജിൽ, സിർഹാൻ, സിജ്ൽ, അത്തിർഫ്, മിർവാഹ്, മുലാവിഹ്, ശഹ്ഹാഅ്, മിഖ്ദാം, സൻദ്, ഉർമൻ, നജീബ്, യ്അബൂബ്, യഅ്സൂബ്, ബഹർ, അഷ്ഹം എന്നിവ ബൈൽ എന്ന വംശത്തിൽപ്പെട്ടതും, ഉഫൈർ, യഅ്ഫൂർ എന്നിവ ഹമീർ വർഗ്ഗത്തിൽപ്പെട്ടതും, സകബ്, സഖ്ഹത്, മുർതജിസ്, ഉർബ്, ലഹീഫ്, ലിസാസ്, വർദ് എന്നിവ ഹർസ് വർഗ്ഗത്തിൽ പെട്ടതും ആയിരുന്നു. അവസാനം പറഞ്ഞ ഈ ഏഴു കുതിരകളെക്കുറിച്ചു ചരിത്ര പണ്ഡിതന്മാർ ഏകകണ്ഠമായി പ്രസ്താവിച്ചിട്ടുണ്ട്. ഖുസ്വാ, അളുബാഅ്, ജദ്ആഅ്, ശഫ്റാഅ്, സമർറത്, സല്ലാ, ബശീർ, നഫൂർ, സഅ്ദിയ്യ:, ഖർബസ്, ശംസ്, ഹനാ എന്നിവയായിരുന്നു തിരുമേനി (സ) യുടെ ഒട്ടകങ്ങൾ. തിരുമേനി (സ) യുടെ ആടുകളുടെ കൂട്ടത്തിൽ, ഇത്ലാൽ, ഉജ്റത്, അത്റാഫ്, മർവത്, ബർഅത്, സഫ്യാ, വർശത്, എന്നിങ്ങിനെ ഏഴു ആടുകളുടെ പേർ മാത്രമെ അറിയപ്പെട്ടിട്ടുള്ളൂ.

തിരുമേനി (സ) യുടെ സചിവോത്തമന്മാർ

ഭൂലോകത്തു അബൂബകർസിദ്ദീഖ് (റ), ഉമർഫാറൂഖ് (റ) എന്നീ സഹാബിമാരും വാനലോകത്തു ജിബ്രീൽ, (റ) മീകാഈൽ (അ) എന്നീ മലക്കുകളുമായിരുന്നു തിരുമേനി (സ) യുടെ സചിവോത്തമന്മാർ.

തിരുമേനി (സ) യുടെ പ്രസംഗകൻ സാബിതുബ്നുഖൈസുബ്നിശമാസിൽ അൻസാരി (റ) ആയിരുന്നു.

---

* ഇവയിൽ ഒന്നു മുഖൗഖസ് ജന്തലിൽ നിന്നു കൊണ്ടുവന്നതും; മറ്റൊന്നു നജാശീ രാജാവു് സമ്മാനമായി അയച്ചതും, വേറൊന്നു കിസ്റാ രാജാവു് സമ്മാനിച്ചതുമാകുന്നു

തിരുമേനി (സ) നിയമിച്ച നേതാക്കൾ

തിരുമേനി (സ) സഹാബിമാരിൽ ചിലരെ ചില നാടുകളിലേക്ക് നീതിപതികളായി നിയോഗിച്ചിരുന്നു. അങ്ങിനെ നീതിപതികളായി നിയോഗിക്കപ്പെട്ടിരുന്ന സഹാബിമാരുടെ പേരുകൾ ചുവടെ ചേർക്കുന്നു:- ബാദാനബ്നുസാമാൻ (റ), ഖാലിദുബ്നുസഈദ് (റ), സിയാദുബ്നുലബീബ് (റ), അബൂമൂസൽഅശ്അരീ (റ), മആദുബ്നുജബൽ (റ), അബൂസുഫ്യാൻ (റ), ഹർബിബ്നുയസീദുബ്നുലബൈദ് (റ), അലിയ്യുബ്നുഅബീതാലിബ് (ക. വ.), അംറുബ്നുൽ ആസീ (റ), അബൂബകർസിദ്ദീഖ് (റ).

വിധികർത്താക്കൾ

അബൂബകർസിദ്ദീഖ് (റ) തിരുമേനി (സ) യുടെ സന്നിധിയിൽ വെച്ച വിധി നൽകാറുണ്ടായിരുന്നു. തിരുമേനി (സ) യുടെ ജീവിതകാലത്തു് തിരുസന്നിധിയിൽ വെച്ച അബൂബകർസിദ്ദീഖ് (റ) വല്ലാതെ മറെറാരു സഹാബിയും വിധി നൽകിയിരുന്നില്ല. അലിയ്യുബ്നുഅബീതാലിബ് (റ), മആദുബ്നുജബൽ (റ) എന്നിവർ തിരുമേനി (സ) യുടെ കാലത്തെ വിധികർത്താക്കളായിരുന്നെങ്കിലും, തിരുസന്നിധിയിൽ വെച്ച അവർ വിധി നൽകാറുണ്ടായിരുന്നില്ല.

ബാങ്ക് വിളിച്ചവർ

ബിലാലുബ്നുറിബാഹ് (റ), അംറുബ്നുഉമ്മുമക്തൂമുൽഖുറശിയ്യിൽഅഅ്മാ (റ), അബൂമഹ്ദൂറത് (റ), സഅ്ദുൽഫുറളീ (റ) എന്നീ സഹാബിമാരാണ് തിരുമേനി (സ) യുടെ നിസ്കാരങ്ങൾക്കു ബാങ്ക് വിളിച്ചിരുന്നതു്.

വധശിക്ഷ നടത്തിയവർ

അലിയ്യിബ്നു അബീതാലിബ് (ക. വ.), സുബൈറുബ്നുൽഅവ്വാം (റ), മിഖ്ദാദുബ്നു അംറ് (റ), മുഹമ്മദുബ്നുമസ്‌ലമത് (റ), ആസിമുബ്നുസാബിത് (റ), ളഹ്ഹാകുബ്നുസുഫ്യാൻ (റ) എന്നിവരാണ് വധശിക്ഷ വിധിക്കപ്പെട്ടവരെ തിരുമേനി (സ) യുടെ മുമ്പിൽ വെച്ച ഗളച്ഛേദം ചെയ്തിരുന്നതു്.

തിരുമേനി (സ) യുടെ അടിമകൾ

1 ഉസാമത്ബ്നുസൈദ് (റ), 2 അള്ളേഹത്തിന്റെ പിതാവായ സൈദുബ്നുഹാരിസത് (റ), 3 സൗബാൻ (റ), 4 അബൂകബ്ശത് (റ), 5 കൗസ്സഈദ് (റ), 6 ശുഖ്റാൻ, 7 സാലിഹുൽഹബ്ശീ (റ), 8 റവാഹുൽഅസ്വത്തുബീ (റ), 9 യസാറർറാഇയ (റ), 10 സൈദ് (റ), 11 അബൂയസാർ (റ), 12 സിദ്അംഅബ്ദുസ്സൂദ് (റ), 13 അബൂറാഫിഅ് (റ), 14 അബൂറാഫിഅ് (റ), 15 സൈഫുജട്ട് ഹിലാൽ (റ), 16 ഫള്ളാലത്തുൽയമാനീ (റ), റാഫിഅ് (റ), 17 രിഫാഅത്തുബ്നുസൈദ് (റ), 18 കർകിറത്തുബ്നുഅബീളംറത് (റ), 19 വാഖിദ് (റ), 20 ഹിശാം (റ), 21 അബൂളംറത് (റ), 22 സഅ്ദ് (റ), 23 അബുസ്സംഹ് (റ), 24 അബൂഉബൈദ് (റ), 25 ഹുനൈന (റ), 26 ഹബീബ് (റ), 27 അഹ്മർ (റ), 28 ബാദാം (റ), 29 ബദർ (റ), 30 ഹാഖം (റ), 31 സൈദിബ്നുഅമ്മൗലാ (റ), 32 സൻദർ (റ), 33 അബ്ദുല്ലാഹിബ്നുഅസ്‌ലം (റ), 34 ഗയലാൻ (റ), 35 ഫഖീർ (റ), 36 ഗൈറബ് (റ), 37 മുഹമ്മദുബ്നുഅബ്ദുർറഹ്മൻ(റ), 38 അബൂമകീഹൽ (റ), 39 നാഫിഉബ്നുസ്സാഇബ് (റ), 40 ഫഹീക് (റ), 41 അബുൽയസ്അ (റ), 42 അബൂഖബീല: (റ), 43 സഫീന:(റ), 44 തംഹാൻ (റ), 45 അബൂലഖീത് (റ), 46 അബൂഹിന്ദ് (റ), 47 മുവൈഹിബ് (റ), 48 ബൈസർ (റ), 49 മൈമൂൻ (റ), 50 അബൂബുകൈത് (റ), 51 ഹൈമസ് (റ), 52 അബൂകൈസാൻ (റ), 53 അബൂസഫിയ:(റ), 54 അബൂസൽമാ (റ), 55 അസ്വദ് (റ), 56 സൽമാനുൽഫൈറ (റ), 57 അഫ്ലഹ് (റ), 58 സാബിഖ് (റ), 59 നബീൽ (റ), 60 വർദാൻ (റ), 61 കൈസാൻ (റ), 62 അബൂഅബ്ലത് (റ) എന്നിവർ തിരുമേനി (സ) യുടെ അടി

മകളായിരുന്നു. ഇവർക്കു പുറമെ വേറെയും ചില അടിമകളും തിരുമേനി (സ) ക്കുണ്ടായിരുന്നു. ഇവരിൽ ചിലർ യുദ്ധങ്ങളിൽ പിടിക്കപ്പെട്ടവരും മറ്റു ചിലർ സമ്മാനമായി ലഭിച്ചവരുമായിരുന്നു. തിരുമേനി (സ) യുടെ അടിമകളിൽ മിക്കവാറും എല്ലാവരെയുംതന്നെ തിരുമേനി (സ) സ്വതന്ത്രരാക്കീട്ടുണ്ട്.

തിരുമേനി (സ) യുടെ അടിമസ്ത്രീകൾ

[1]സൽമാ (റ), [2]ഉമ്മുറാഫിഅ് (റ), [3]ഉമ്മുഅയ്മൻ (റ), [4]ഉമൈമത് (റ), [5]ഖള്റത് (റ), [6]റുള്വാ (റ), [7]റൈഹാനത് (റ), [8]മാരിയത് (റ), [9]ഖൈസർ(റ), [10]മൈമൂനത് (റ), [11]*മൈമൂനത്(റ), [12]ഉമ്മുളംറത് (റ), [13]ഉമ്മുഇയാശ് (റ), [14]സാഇബത് (റ) എന്നീ മഹതികളും തിരുമേനി (സ) യുടെ അടിമസ്ത്രീകളായിരുന്നു. ഇവരിൽ മാരിയത് (റ), റൈഹാനത് (റ) എന്നിവർ തിരുമേനി (സ) യുടെ പത്നിമാരിൽ ഉൾപ്പെടുന്നു. മറ്റുള്ളവർ തിരുമേനി (സ) യാൽ സ്വതന്ത്രകളാക്കപ്പെട്ടു.

തിരുമേനി (സ) യുടെ ഉടുപ്പുകൾ

തിരുമേനി (സ) ഒരു നിലയിലും ആഡംബരപ്രിയനായിരുന്നില്ല. എന്നിരുന്നാലും പലതരം മേലങ്കികളും, കുപ്പായങ്ങളും, പുതപ്പുകളും, രോമാലുകളും, തലപ്പാവുകളും തിരുമേനി (സ) ക്കുണ്ടായിരുന്നു. അതോടൊപ്പം, ഖുഫ്ഫ എന്ന പാദാവരണങ്ങളും, ചെരിപ്പുകളും, അവശ്യോപയോഗത്തിനുള്ള പാത്രങ്ങളും തിരുമേനി (സ) ക്കുണ്ടായിരുന്നു. സ്ഥലത്തുണ്ടാകുമ്പോൾ അണിയാറുള്ള വസ്ത്രങ്ങളല്ല യാത്രാവേളകളിൽ തിരുമേനി (സ) അണിഞ്ഞിരുന്നത്. തണ്ടൻകാലിന്റെ പകുതിയിലേറെ ഇറങ്ങിനിൽക്കുന്ന തരത്തിൽ തിരുമേനി (സ) വസ്ത്രം ധരിച്ചിരുന്നില്ല. തുണിയൊ കുപ്പായമൊ നരിയാണിയോളം താഴ്ത്തി ഉടുക്കുന്നതു തിരുമേനി (സ) ക്കു ഇഷ്ടമല്ലായിരുന്നു. വസ്ത്രം നരിയാണിയോളം താഴ്ത്തി ഉടുക്കുകയെന്നതു സ്ത്രീകൾക്കു ചേർന്നതും, പുരുഷന്മാരെ സംബന്ധിച്ചേടത്തോളം നിന്ദ്യവുമാകയാൽ, നരിയാണിയോളം താഴ്ത്തിക്കൊണ്ടു വസ്ത്രം ധരിക്കാവതല്ല. നാലര മുഴം നീളവും രണ്ടര മുഴം വീതിയുമുള്ള തുണിയാണ് സാധാരണമായി തിരുമേനി (സ) ഉടുത്തിരുന്നത്. വെള്ള വസ്ത്രമായിരുന്നു തിരുമേനി (സ) ക്കു കൂടുതൽ ഇഷ്ടം. 'നിങ്ങളുടെ ഉടുപ്പും മരിച്ചവരുടെ കഫനും വെള്ളപ്പടവയായിരിക്കട്ടെ' എന്നു തിരുമേനി (സ) അരുളീട്ടുണ്ട്. പക്ഷെ, പട്ടല്ലാത്ത എല്ലാ വസ്ത്രങ്ങളും ധരിക്കാവുന്നതാണെന്നു വ്യക്തമാക്കുവാനും മറ്റു ചില ഉദ്ദേശ്യങ്ങളെ മുൻനിറുത്തിക്കൊണ്ടും പല വർണ്ണത്തിലുള്ള വസ്ത്രങ്ങളും തിരുമേനി (സ) അണിഞ്ഞിട്ടുണ്ട്. യുദ്ധവേളകളിൽ മുന്തിയതരം വസ്ത്രങ്ങളാണ് തിരുമേനി (സ) ധരിച്ചിരുന്നത്. മക്കാവിജയവേളയിൽ തിരുമേനി (സ) ധരിച്ച തലപ്പാവിന്റെ വർണ്ണം കറുപ്പായിരുന്നു. സറാവീൽ എന്ന കാൽക്കുപ്പായം തിരുമേനി (സ) ധരിച്ചിരുന്നതായി ആധികാരികമായ രേഖകളിൽ പ്രസ്താവിച്ചു കാണുന്നില്ല. തിരുമേനി (സ) സറാവീൽ ധരിച്ചിരുന്നുവെന്നു പറയുവർ തന്നെയും, അതിനു ആധികാരികമായ തെളിവുകൾ എടുത്തു കാണിച്ചിട്ടില്ല. തിരുമേനി (സ) സറാവീൽ ധരിച്ചിരുന്നുവെന്നു 'ഹദാ' എന്ന ഗ്രന്ഥത്തിൽ അതിന്റെ കർത്താവായ ഇബ്നുൽ ഖയ്യിം പ്രസ്താവിച്ചിട്ടുണ്ട്. അതു ആ ഗ്രന്ഥം എഴുതുമ്പോൾ എഴുത്തിൽ പറ്റിപ്പോയ ഒരു പിഴവാണെന്നു, ആ പ്രസ്താവനയെ പരാമർശിച്ചുകൊണ്ട് അശ്ശൈഖ്ഹുസൈനുദ്ദിയാർ ബക്രീ (റ) അദ്ദേഹത്തിന്റെ 'താരീഖുൽഖമീസ്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തിരുമേനി (സ) വഫാതായ

---

* രണ്ടുമൈമൂനമാർ.

പ്പോഠം തിരുമേനി (സ) യുടേതായ വസ്തുക്കളുടെ കൂട്ടത്തിൽ * ഒരു സാവീൽ ഉണ്ടായിരുന്നുവെന്നും, പക്ഷെ ആ സാവീൽ തിരുമേനി (സ) ധരിച്ചിരുന്നതായി അറിയപ്പെട്ടിട്ടില്ല എന്നും അശ്ശൈഖ് ഇബ്രാഹീമുൽ ബൈജൂരീ (റ) അദ്ദേഹത്തിന്റെ 'ഹാശിയതുശ്ശമാഇലിൽ മുഹമ്മദിയ്യ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

തിരുമേനി (സ)യുടെ എഴുത്തുകാർ

അബൂബകർ സിദ്ദീഖ (റ), ഉമർ (റ), ഉസ്മാൻ (റ), അലീ (ക. വ.,) ഇബ്നുഅബിഅ്നവഹ്ദ് (റ), സുബൈറുബ്നുൽഅവ്വാം (റ), തൽഹതിബ്ന ഉബൈദില്ലാ (റ), സഅ്ദുബ്ന അബീവഖാസ് (റ), മുഹമ്മദുബ്ന മസ്‌ലമത് (റ), അർഖമുബ്ന അബിൽ അർഖം (റ), അബ്ദുല്ലാഹിബ്ന സൈദ് (റ), അലാഉബ്ന അഖബത് (റ), മുഗീറതുബ്ന ശഅ്ബത് (റ), ആമിറുബ്നുഫുഹൈറത് (റ), ഉബയ്യുബ്ന കഅ്ബ് (റ), സാബിതുബ്ന ഖൈസ് (റ), ഹൻളലതുബ്നുർറബീഅ് (റ), ഖൈഫിതുബ്ന ജുലന്താ (റ), അബ്ദുബ്നുജുലന്താ (റ), സൈദുബ്ന സാബിത് (റ), മുആവിയതുബ്ന അബീസുഫ്യാൻ (റ), അലാഉബ്നുൽ ഹള്റമി (റ), ഖാലിദുബ്നുൽ വലീദ് (റ), അംറുബ്നുൽ ആസീ (റ), അബ്ദുല്ലാഹിബ്ന റവാഹത് (റ), മുഅയ്ഖീബുബ്ന അബീഫാതിമ: (റ), . ഹുദൈഫതുബ്നുൽ യമാൻ (റ), ഹുവൈദിബ്ന അബ്ദുൽ ഉസ്സാ(റ), ബുറൈദത് (റ), ഹുസൈനുബ്നുനുമൈർ(റ), അബ്ദില്ലാഹിബ്ന സഅദ് (റ), അബൂസൽമ മതിബ്ന അബ്ദിൽ അസദ് (റ), ഹാതിബിബ്ന അംറ് (റ), എന്നിവരടക്കം നാല്പതിൽപരം സഹാബിമാർ തിരുമേനി (സ) യുടെ എഴുത്തുകാരായി പ്രവത്തിച്ചിട്ടുണ്ട്. മക്കാവിജയത്തിനു ശേഷം തിരുമേനി (സ) യുടെ പ്രധാന എഴുത്തുകാരായി പ്രവത്തിച്ചതു സൈദുബ്ന സാബിത് (റ) വും മുആവിയതുബ്ന അബീസുഫ്യാൻ (റ) വും ആയിരുന്നു.

തിരുമേനി (സ) യുടെ പരിചാരകന്മാർ

അബൂബകർ സിദ്ദീഖ് (റ) വായിരുന്നു ഹിജ്റാ വേളയിൽ തിരുമേനി (സ) യുടെ പരിചാരകൻ. തന്നിമിത്തം അദ്ദേഹം തിരുമനോ (സ) യുടെ പരിചാരകഗണത്തിൽ ഉൾപ്പെട്ടതു. പല സന്ദർഭങ്ങളിൽ തിരുമേനി (സ) യുടെ പരിചാരകരായി പ്രവത്തിച്ച മറ്റു സഹാബിമാരുടെ പേരുകൾ ചുവടെ ചേക്കുന്നു:—അനസുബ്നുമാലികുൽഅൻസാരീ (റ), ഹിന്ദുബ്നുഹാരിസത് (റ), അസ്മാഉബ്ന ഹാരിസത് (റ), റബീഅതുബ്നുകഅ്ബുൽ അസ്‌ലമീ(റ), അയ്മനുബ്നുഉമ്മുഅയ്മൻ(റ), അബ്ദില്ലാഹിബ്ന മസ്ഊദുൽ ഹുദ്‌ലി (റ), അസ്‌ലഉബ്ന ശരീക് (റ), ഉഖ്ബതുബ്ന ആമിറുൽ ജുഹനി (റ), ബിലാൽ മുഅദ്ദിൻ(റ), സഅ്ദുമൌലാഅബീബകർ (റ), ളുമഖ് മറത് ബകറിബ്ന ശിദാഹ് (റ), മൌലാ ഉമ്മുസൽമാഅശ്ശഖ്റുബ്നുശരീക് (റ), അബുസ്സംഹ് (റ), അബൂദർറുൽഗഫ്ഫാരീ (റ), മുഹാജിർ (റ), ജുനീൽ മൌലൽ അബ്ബാസ് (റ), നുഅയ്മുബ്ന റബീഅത് (റ), അബുൽ ഹംറാഅ് (റ), ഹിലാലുബ്നുൽ ഹാരീസ് (റ), സഅ്ലബത് (റ), ജസ്റുബ്നുൽ ഹില്ല് (റ), സാലിംസാബിഖ് (റ), അബൂഉബൈദത് (റ).

തിരുമേനി (സ) യുടെ പരിചാരികമാർ

ഉസാമതിബ്ന സൈദ് (റ) വിന്റെ മാതാവായ ബർകത് ഉമ്മുഅയ്മൻ റബ

---

* തിരുമേനി (സ) യുടെ വഫാത് വേളയിൽ പൊന്ന്, വെള്ളി മുതലായ യാതൊന്നും തിരുമേനി (സ) യുടെ പക്കലുണ്ടായിരുന്നില്ല. തിരുമേനി (സ) യുടെ ഒരു അങ്കി ഒരു യഹൂദിയുടെ പക്കൽ പണയമായിരുന്നു.

ശിയ്യ: (റ), ഖൌലത് (റ), ജുത്ത് (റ), ഹഫ്സ: (റ), സൽമാ ഉമ്മുറാഫിഅ് (റ), മൈമൂന: ബിന്ത്സഅ്ദ് (റ), തിരുമേനിയുടെ പുത്രിയായ റഖിയ്യ: ബീവി (റ) യുടെ അടിമയായ ഉമ്മുഅയാശ് (റ) എന്നിവർ തിരുമേനി (സ) യുടെ പരിചാരികഗണത്തിൽ ഉൾപ്പെടുന്നു.

തിരുമേനി (സ) യുടെ മുദ്ര

അക്കാലത്തു അറിയപ്പെട്ട പ്രമുഖരാജാക്കന്മാരിൽ ചിലരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടു തിരുമേനി (സ) അവർക്കു കത്തുകൾ അയക്കുകയുണ്ടായി. റോമാചക്രവർത്തിയായിരുന്ന ഖൈസർ, കിസ്റാ ചക്രവർത്തിയായിരുന്ന ബർവീസ്, നജാശീ രാജാവായിരുന്ന അസ്ഹമത്, ഖിബ്തീ രാജാവായിരുന്ന മുഖൌഖിസ്, ബഹ്റൈനി രാജാവായിരുന്ന മുൻദിറുബ്നു സാവീ, ഉമ്മാൻ രാജാക്കന്മാരായിരുന്ന ജൈഫർ, അബ്ദ്, യമാമയിലെ ഹൌദത്, ദമസ്കസ്സിലെ നേതാവായിരുന്ന ഹാരീസ് എന്നിവർ, കത്തുകൾ മൂലം ഇസ്‌ലാമിലേക്കു ക്ഷണിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു.

തിരുമേനി (സ) അയച്ചതാണെന്നുള്ളതിന്റെ തെളിവായി മുദ്ര വെക്കാത്ത കത്തുകൾ സ്വീകരിക്കുവാൻ ചിലർ വിസമ്മതിച്ചപ്പോൾ, തിരുമേനി (സ) സഹാബിമാരുമായി ആലോചിച്ചു ഒരു മുദ്രമോതിരം ഉണ്ടാക്കിച്ചു. മുദ്രമോതിരം സ്വർണ്ണം കൊണ്ടാണു് ഉണ്ടാക്കിച്ചിരുന്നതു്. തിരുമേനി (സ) ആ മുദ്രമോതിരം കൈവിരലിൽ അണിഞ്ഞപ്പോൾ, അതിനെ അനുകരിച്ചുകൊണ്ടു സഹാബിമാരെല്ലാം തന്നെ കൈവിരലുകളിൽ സ്വർണ്ണമോതിരങ്ങൾ ധരിച്ചു. സ്വർണ്ണം ധരിക്കുന്നതു തിരുമേനി (സ) യുടെ അനുയായികളായ പുരുഷന്മാരെസ്സംബന്ധിച്ചേടത്തോളം വിലക്കപ്പെട്ടിരിക്കുന്നുവെന്നു, പിറെറ ദിവസം ജിബ്രീൽ (അ) തിരുമേനി (സ) യെ അറിയിക്കുകയുണ്ടായി. ആ അറിയിപ്പു ലഭിച്ച ഉടനെ തിരുമേനി (സ) സ്വർണ്ണമോതിരം ഉപേക്ഷിക്കുകയും വെള്ളികൊണ്ടു ഒരു മുദ്രമോതിരം ഉണ്ടാക്കിക്കുകയും ചെയ്തു. സഹാബിമാരെല്ലാം തന്നെ സ്വർണ്ണമോതിരങ്ങൾ ഉപേക്ഷിച്ചു. തിരുമേനി (സ) യുടെ, വെള്ളികൊണ്ടുണ്ടാക്കിച്ച മുദ്രമോതിരം പീഠം വെച്ചതായിരുന്നു. ആ പീഠത്തിന്മേൽ, സബ്ർജദ് എന്ന കല്ലാണു് പതിച്ചിരുന്നതെന്നും, ഗോമേദകമാണു് പതിച്ചിരുന്നതെന്നും, അഖീഖാണു് പതിച്ചിരുന്നതെന്നും, അബ്സീനിയായിൽ നിന്നു ലഭിച്ചിരുന്ന ജിദ്അ് എന്ന കല്ലാണു് പതിച്ചിരുന്നതെന്നും പക്ഷാന്തരമുണ്ടു്. ആ മോതിരത്തിന്റെ പീഠത്തിന്മേൽ എഴുത്തു മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന അഭിപ്രായവും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. മൂന്നു വരികളിലായി, മുകളിലെ വരിയിൽ 'അൽളാ' എന്നും, രണ്ടാമത്തെ വരിയിൽ 'റസൂൽ' എന്നും, മൂന്നാമത്തെ വരിയിൽ 'മുഹമ്മദ്' എന്നും ആ മോതിരത്തിന്മേൽ എഴുതിക്കപ്പെട്ടു, അഥവാ ചിത്രണം ചെയ്യിക്കപ്പെട്ടു. എഴുത്തു മടക്കി പശകൊണ്ടു അരു ഒട്ടിച്ചതിനു ശേഷം, പുറത്താണു് തിരുമേനി (സ) യുടെ മോതിരത്തിന്മേലുള്ള മുദ്ര പതിച്ചിരുന്നതു്. ഈ മോതിരം തിരുമേനി (സ) വലത്തെ കൈയുടെ ചെറുവിരലിലാണു് ധരിച്ചിരുന്നതെന്നും, ഇടത്തെ കയ്യുടെ ചെറുവിരലിലാണു് ധരിച്ചിരുന്നതെന്നും, രണ്ടു കൈകളുടെ ചെറുവിരലുകളിലും മാറിമാറി ധരിച്ചിരുന്നുവെന്നും ചരിത്രകാരന്മാർ ഭിന്നമായി പ്രസ്താവിച്ചിട്ടുണ്ടു്. തിരുമേനി (സ) യുടെ വഫാത്തിനു ശേഷം ഒന്നാം ഖലീഫയും, അദ്ദേഹത്തിന്റെ കാലശേഷം രണ്ടാം ഖലീഫയും, അദ്ദേഹത്തിന്റെ മരണാനന്തരം മൂന്നാം ഖലീഫയും ആ മുദ്രമോതിരം ഉപയോഗിച്ചു. മൂന്നാം ഖലീഫയുടെ മരണശേഷം ആ മോതിരം അറീസ് എന്ന കിണറ്റിൽ വീണുപോയി. പലർ പല നാളുകൾ

ശ്രമിച്ചിട്ടും കിസ്‌റാവിൽ നിന്നു ആ മോതിരം കണ്ടുകിട്ടിയില്ല. എന്നെന്നേക്കുമായി അതു നഷ്ടപ്പെട്ടു.

റോമാ ചക്രവർത്തിക്കയച്ച കത്തു്

ഹിർഖൽ എന്ന ചക്രവർത്തിയാണു് അന്നു റോമാ സാമ്രാജ്യം ഭരിച്ചിരുന്നതു്. ഹിർഖലിനെ പ്രസവിക്കുന്നതിനു മുമ്പു്, പ്രസവവേദനയാൽ, അദ്ദേഹത്തിന്റെ മാതാവു് മരിച്ചു. തന്നിമിത്തം മാതാവിന്റെ വയറു കീറി കുഞ്ഞിനെ ജീവനോടെ പുറത്തെടുത്തു. 'വയറു കീറിയെടുത്തവൻ' എന്നർത്ഥമുള്ള ഖൈസർ എന്ന പേരിൽ ആ കുട്ടി വിളിക്കപ്പെട്ടു. അദ്ദേഹത്തെത്തുടർന്നു ആ വംശത്തിലുണ്ടായ രാജാക്കന്മാരെല്ലാം ഖൈസർ എന്ന അപരനാമത്താൽ അറിയപ്പെടുകയുണ്ടായി. 'ഞാൻ മറ്റുള്ളവരെപ്പോലെ പ്രസവിക്കപ്പെട്ടവനല്ല; ഖൈസറാണു്' എന്നു സ്വയം അഭിമാനിച്ച ആളായിരുന്നു ഹിർഖൽ.

ഹിജ്‌റാബ്ദം ആറാം കൊല്ലത്തിൽ ഹുദൈബിയ്യായിൽ നിന്നു മദീനയിൽ തിരിച്ചെത്തിയ ശേഷമാണു് ഹിർഖൽ രാജാവിനു തിരുമേനി (സ) കത്തയച്ചതു്. 'അല്ലാഹുവിന്റെ ദാസനായ മുഹമ്മദ് റോമിലെ ഹിർഖലിനു അയച്ചതു്. സന്മാർഗ്ഗത്തെത്തുടർന്നവർക്കു അല്ലാഹുവിന്റെ സലാം ഉണ്ടാവട്ടെ. ഞാൻ താങ്കളെ ഇസ്‌ലാമിലേക്കു ആഹ്വാനം ചെയ്യുന്നു. താങ്കൾ മുസ്‌ലിമാവുക. എങ്കിൽ താങ്കൾ രക്ഷപ്പെട്ടു. താങ്കൾ ഇസ്‌ലാംമതം സ്വീകരിക്കുന്നപക്ഷം രണ്ടു പുണ്യം— ഈസാനബിയിൽ വിശ്വസിച്ച പുണ്യവും എന്നിൽ വിശ്വസിച്ച പുണ്യവും— താങ്കൾക്കു ലഭിക്കും. ഈ ആഹ്വാനത്തെ താങ്കൾ തിരസ്കരിക്കുകയാണെങ്കിൽ രണ്ടു കുറ്റഭാരം— താങ്കൾ തിരസ്കരിച്ചുവെന്ന കുറ്റഭാരവും താങ്കളുടെ ആളുകൾ ഈ ആഹ്വാനത്തെ തിരസ്ക്കരിച്ചുവെന്ന കുറ്റഭാരവും— താങ്കൾ ചുമക്കേണ്ടി വരും. അല്ലാഹുവിനു വിധേയപ്പെടാതെ വണങ്ങരുതെന്നും, അവനോടു മറ്റൊന്നിനെ പങ്കുചേർക്കരുതെന്നും, അവനെയല്ലാതെ മറ്റൊന്നിനെയും റബ്ബ്് ആക്കരുതെന്നും നാമും വേദക്കാരായ നിങ്ങളും കല്പിക്കപ്പെട്ടിരിക്കുന്നു. ആ കല്പനയെ സ്വീകരിക്കുവാൻ താങ്കളെ ഞാൻ ആഹ്വാനം ചെയ്യുകൊള്ളുന്നു.' ഇതായിരുന്നു കത്തിലെ ഉള്ളടക്കം. കത്തു് എഴുതിക്കഴിഞ്ഞപ്പോൾ 'ഈ കത്തു ഹിർഖലിനു എത്തിച്ചുകൊടുക്കുന്നവനു സ്വർഗ്ഗമുണ്ടു്' എന്നു തിരുമേനി (സ) അരുളുകയുണ്ടായി. ഇതു കേട്ടപ്പോൾ, കൽബീ ഗോത്രത്തലവനായ ദിഹ്‌യത്തുൽകൽബീ (റ) മുമ്പോട്ടു വന്നു, കത്തു് ഏറ്റുവാങ്ങി, റോമിലേക്കു പുറപ്പെട്ടു. ക്ലേശഭരിതമായ ദീർഘ യാത്രക്കു ശേഷം ഹിജ്‌റാബ്ദം ഏഴാം വർഷത്തിലെ മഹർറം മാസത്തിൽ അദ്ദേഹം റോമിൽ എത്തിച്ചേർന്നു. ചക്രവർത്തിയുടെ മുമ്പിൽ ദീർഘ ദണ്ഡനമസ്ക്കാരം ചെയ്യാതെ കത്തു കൊടുക്കുവാൻ കഴിയുകയില്ലെന്നു റോമാ നിവാസികളിൽ ചിലർ അദ്ദേഹത്തെ അറിയിച്ചു. ദീർഘദണ്ഡനമസ്ക്കാരം ചെയ്യുകയെന്നതു മുസ്‌ലിമിനെസ്സംബന്ധിച്ചേടത്തോളം സാദ്ധ്യമായ കാര്യമല്ല. അല്ലാഹുവിന്നല്ലാതെ മുസൽമാൻ തല കുനിക്കുകയില്ല. ഹിർഖൽ രാജാവിനു തിരുമേനി (സ) യുടെ കത്തു കൊടുക്കാതെ മദീനയിലേക്കു തിരിക്കുകയെന്നതു ദിഹ്‌യത്തുൽകൽബീ (റ) യെ സ്സംബന്ധിച്ചേടത്തോളം സാദ്ധ്യവുമായിരുന്നില്ല. ആകയാൽ, ദണ്ഡനമസ്ക്കാരം ചെയ്യാതെ രാജാവിനു കത്തു കൊടുക്കുവാനുള്ള മാർഗ്ഗം കണ്ടെത്തുവാൻ ബന്ധപ്പെട്ട വ്യക്തികളുമായി അദ്ദേഹം സമ്പർക്കം പുലർത്തി. രാജമണ്ഡപത്തിലേക്കു കടക്കുവാനുള്ള ഓരോ വാതിലിന്നടുത്തും ഓരോ മണ്ഡപം ഉണ്ടെന്നും, ഓരോ മണ്ഡപത്തിലും രാജാവു് ആസനസ്ഥനാവാറുണ്ടെന്നും, ഏതെങ്കിലും ഒരു മണ്ഡപത്തിനു നേരെ കത്തു വെച്ചു മാറി നിന്നാൽ രാജാവു് ആ മണ്ഡപ

ത്തിൽ ആസനസ്ഥനാവുമ്പോൾ ആ മണ്ഡപത്തിന്റെ പരിചാരകൻ കത്തു രാജാവിന്നു കൊടുത്തുകൊള്ളുമെന്നും, അങ്ങിനെ ചെയ്താൽ മണ്ഡനമസ്‌ക്കാരം ഒഴിവാക്കുവാൻ കഴിയുമെന്നും അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം തിരുമേനി (സ) യുടെ കത്തു ഒരു മണ്ഡപത്തിന്നു മുമ്പിൽ വെച്ചു മാറി നിന്നു. രാജാവു ആ മണ്ഡപത്തിൽ ആസനസ്ഥനായപ്പോൾ പരിചാരകൻ ആ കത്തു രാജാവിന്നു നൽകി. കത്തു കൊണ്ടുവന്ന ആളെ രാജാവു വിളിപ്പിച്ചു. തിരുമേനി (സ) യുടെ കത്താണെന്നറിഞ്ഞപ്പോൾ, തിരുമേനി (സ) യെക്കുറിച്ചു ധാരാളം അറിയാവുന്ന ഒരാളെ അന്വേഷിച്ചു തന്റെ മുമ്പിൽ ഹാജരാക്കുവാൻ രാജാവു് കല്പിച്ചു. ഗ്രസ്സത് എന്ന സ്ഥലത്തു കച്ചവടത്തിന്നായി എത്തിച്ചേർന്ന അബൂസുഫ്‌യാനെ രാജകിങ്കരന്മാർ തേടിപ്പിടിച്ചു രാജാവിന്റെ മുമ്പിൽ ഹാജരാക്കി. അബൂസുഫ്‌യാൻ അന്നു ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. എങ്കിലും തിരുമേനി (സ) യെസ്സംബന്ധിച്ച ശരിയായ വിവരങ്ങളും അദ്ദേഹം ഹിർഖലിന്നു നൽകുകയുണ്ടായി. തൌറാതിൽ പ്രവചിക്കപ്പെട്ട നബിയുടെ എല്ലാ ലക്ഷണങ്ങളും ഒത്തുചേർന്ന വ്യക്തിയാണു് തിരുമേനി (സ) യെന്നു ഹിർഖലിന്നു ബോദ്ധ്യമായി. അനന്തരം അദ്ദേഹം ചിഭാഷിയെ വരുത്തി കത്തു് വായിച്ചു. കത്തു വായിച്ചു കേട്ടപ്പോൾ ഹിർഖലിന്റെ സഹോദരപുത്രൻ കോപാവിഷ്ടനായിത്തീരുകയും കത്തു പിച്ചിച്ചീന്തുവാനൊരുങ്ങുകയും ചെയ്തു. പക്ഷെ, കത്തു നശിപ്പിക്കുവാൻ ഹിർഖൽ സമ്മതിച്ചില്ല. കത്തിൽ ഹിർഖലിന്റെ പേരിന്നു പ്രഥമഗണന നൽകിയില്ല എന്നതും, അദ്ദേഹത്തെ സാധാരണക്കാരന്റെ നിലയിൽ റോമാക്കാരൻ എന്നുവിശേഷിപ്പിച്ചു എന്നതുമായിരുന്നു അയാളുടെ കോപത്തിന്റെ കാരണങ്ങൾ. കോപാന്ധനായ സഹോദരപുത്രനെ ഹിർഖൽ ശ്രണഭോഷിച്ചു. അദ്ദേഹം പറഞ്ഞു:- 'നീ ബുദ്ധിശൂന്യൻ തന്നെ. നാമൂസുൽ അക്ബർ എന്ന മലക്കു് ഈസാ അല്ലാഹുവിന്റെ ദൌത്യം നൽകിക്കൊണ്ടിരിക്കുന്ന വഴിയുടെ കത്തു നശിപ്പിക്കുവാനാണല്ലൊ നീ ശ്രമിച്ചതു്. ഒരു നബി അയക്കുന്ന കത്തിൽ അദ്ദേഹത്തിന്റെ പേരിന്നു തന്നെയാണു് പ്രാഥമ്യം നൽകേണ്ടതു് അതാണു് ഔചിത്യം. എന്നെ റോമക്കാരൻ എന്നു വിശേഷിപ്പിച്ചതിൽ യാതൊരു പാകപ്പിഴയുമില്ല. യഥാർത്ഥത്തിൽ, അധിപൻ എന്നർത്ഥമുള്ള 'മലിക്' അല്ലാഹുവാണു്. മനുഷ്യരിൽ ആരുംതന്നെ ആ പദവിക്കു അർഹരല്ല.'

ഹിർഖൽ ആദരപൂർവ്വം തിരുമേനി (സ) യുടെ കത്തു് സ്വീകരിച്ചു. ഇസ്‌ലാംമതം സ്വീകരിക്കുന്ന വിഷയത്തെസ്സംബന്ധിച്ചു അദ്ദേഹം തന്റെ ജനങ്ങളുമായി കൂടിയാലോചന നടത്തി. ജനങ്ങൾ പ്രതികൂലാഭിപ്രായത്തിൽ ഉറച്ചുനിന്നതുനിമിത്തം ഇസ്‌ലാംമതം സ്വീകരിപ്പാൻ ഹിർഖലിന്നു സാധിച്ചില്ല. ആ വിവരങ്ങളെല്ലാം കാണിച്ചുകൊണ്ടു അദ്ദേഹം തിരുമേനി (സ) ക്കു ഒരു മറുപടി എഴുതി ദിഹ്‌യതുൽകൽബീ (റ) യുടെ വശം കൊടുത്തയച്ചു. 'ഞാൻ മുസ്‌ലിമാണു്' എന്ന ഒരു വാചകംകൂടി ഹിർഖൽ ആ മറുപടിക്കത്തിൽ എഴുതിയിരുന്നു. തന്റെ വക ചില സമ്മാനങ്ങളും തിരുമേനി (സ) ക്കു നൽകുവാനായി അദ്ദേഹം ദിഹ്‌യതുൽകൽബീ (റ) യുടെ വശം കൊടുത്തയച്ചു. ഹിർഖലിന്റെ മറുപടിക്കത്തുമായി ദിഹ്‌യതുൽകൽബീ (റ) മദീനയിൽ തിരിച്ചെത്തി. ഹിർഖൽ കൊടുത്തയച്ച സമ്മാനങ്ങളും തിരുമേനി (സ) സഹാബിമാരിൽ ചിലർക്കു സംഭാവനചെയ്തു. മറുപടിക്കത്തിലെ 'ഞാൻ മുസ്‌ലിമാണു്' എന്ന വാചകത്തിൽ സത്യമില്ലെന്നു തിരുമേനി (സ) പ്രസ്താവിച്ചു.

പേർസ്യയിലെ കിസ്‌റാ രാജാവിന്നയച്ച കത്ത്

ബർവീസ് എന്ന ആളാണ് അന്ന് പേർസ്യാ ഭരിച്ചിരുന്നത്. അദ്ദേഹത്തിന്നു തിരുമേനി (സ) ഒരു കത്തയക്കുകയുണ്ടായി. 'അല്ലാഹുവിന്റെ റസൂലായ മുഹമ്മദ് പേർസ്യയിലെ കിസ്‌റാക്കയച്ചത്. നേർമാർഗ്ഗത്തെ പിന്തുടരുകയും, അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും, അല്ലാഹു ഒഴികെ ഇലാഹില്ലെന്നും അവൻ ഏകനും അനുപമനുമാണെന്നും; മുഹമ്മദ് അവന്റെ അടിമയും റസൂലുമാണെന്നും ദൃഢമായി ഹൃദയത്തിൽ ഉറപ്പിച്ചുമൊഴിയുകയും ചെയ്തവരിൽ അല്ലാഹുവിന്റെ സലാം ഉണ്ടാവട്ടെ. താങ്കളെ ഞാൻ അല്ലാഹുവിലേക്കും ഇസ്‌ലാമിലേക്കും ക്ഷണിക്കുന്നു സർവ്വ ജനങ്ങൾക്കുമായി അല്ലാഹു നിയോഗിച്ചിട്ടുള്ള റസൂലാണ് ഞാൻ. താങ്കൾ ഇസ്‌ലാംമതം വിശ്വസിച്ചുകൊള്ളുക. എന്നാൽ താങ്കൾ വിജയിച്ചു. താങ്കൾ ഈ ക്ഷണം തിരസ്‌ക്കരിക്കുകയാണെങ്കിൽ, അഗ്നിയാരാധകരായ താങ്കളുടെ ജനങ്ങളുടെ മുഴുവൻ കുറ്റഭാരവും താങ്കൾ ചുമക്കേണ്ടിവരും.' ഇതായിരുന്നു കത്തിലെ ഉള്ളടക്കം.

അബ്ദുല്ലാഹിബ്‌നുഹുദാഫത് (റ) ആയിരുന്നു ഈ കത്തുമായി പേർസ്യയിലേക്കു പുറപ്പെട്ടത്. അദ്ദേഹം കത്ത് ബർവീസിന്നു നൽകുകയുണ്ടായി. കത്ത് വായിച്ചപ്പോൾ ക്ഷുഭിതനായ ബർവീസ് അതു പിച്ചിച്ചീന്തി. * കത്തിൽ ആദ്യം തിരുമേനി (സ) യുടെ പേരെഴുതിയതായിരുന്നു ബർവീസിന്റെ ക്ഷോഭത്തിന്നുള്ള പ്രധാന കാരണം. കത്തുപിച്ചിച്ചീന്തിയതുകൊണ്ടുമാത്രം ബർവീസ് അടങ്ങിയില്ല. തന്റെ കീഴിൽ യമനിലെ അമീറായ ബാദാൻ എന്ന് ആൾക്കു അദ്ദേഹം ഇപ്രകാരം ഒരു കല്പന അയക്കുകയുണ്ടായി:- 'മക്കയിലെ ഖുറൈശീഗോത്രക്കാരനായ ഒരു വ്യക്തി താൻ നബിയാണെന്നു പറഞ്ഞുനടക്കുന്നുണ്ടത്രെ. അയാൾ എനിക്കു ഒരു കത്തയച്ചിരിക്കുന്നു. എന്റെ പ്രജയായ ആ വ്യക്തി എനിക്കയച്ച കത്തിൽ അയാളുടെ പേരിന്നു പ്രാധാന്യം നൽകി എന്നെ ധിക്കരിച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ ഉടനെ അയാളെ സമീപിച്ചു മാപ്പുപറയിക്കണം. അയാൾ മാപ്പു പറഞ്ഞില്ലെങ്കിൽ അയാളുടെ കഴുത്തുവെട്ടി, തല എന്റെ മുമ്പിൽ ഹാജരാക്കണം. ഉടനെ രണ്ടു പട്ടാളക്കാരെ അയച്ചു അയാളെ വരുത്തുകയും എന്റെ കല്പന നടപ്പിലാക്കുകയും ചെയ്യുക. ഈ കല്പന ഉടനടി നടപ്പിലാക്കാത്തപക്ഷം, നിങ്ങളെ ഞാൻ ഈ വിധിക്കു വിധേയനാക്കും.'

ബാദാൻ ഈ കല്പനയുമായി രണ്ടു പട്ടാളക്കാരെ തിരുമേനി (സ) യുടെ അടുക്കലേക്കു പറഞ്ഞയച്ചു. തിരുമേനി (സ) ക്കു കൊടുപ്പാനായി തന്റെ വക ഒരു കത്തും ബാദാൻ ആ പട്ടാളക്കാരെ ഏല്പിക്കുകയുണ്ടായി. പട്ടാളക്കാർ തിരുമേനി (സ) യെ സമീപിച്ചു ഇപ്രകാരം ഉണർത്തി:- 'രാജരാജാധിപനായ കിസ്‌റാ ചക്രവർത്തി, നിങ്ങളെ പിടിച്ചു അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരാക്കുവാൻ ബാദാൻ രാജാവിന്നു കല്പന അയച്ചിരിക്കുന്നു. ആ കല്പന നടത്തുവാൻ ബാദാൻരാജാവു ഞങ്ങളെ ഇങ്ങോട്ടയച്ചിരിക്കുകയാണ്. ചക്രവർത്തിയുടെ കല്പനക്കു താങ്കൾ വഴങ്ങാത്തപക്ഷം ചക്രവർത്തി താങ്കളെയും താങ്കളുടെ കൂട്ടുകാരെയും ഉപദ്രവിക്കുകയും ഈ നാടു നശിപ്പിക്കുകയും ചെയ്യും.' ആ പട്ടാളക്കാർ താടിവടിച്ചു മീശവളർത്തിയിരുന്നതുകൊണ്ടു അവരുടെ മുഖത്തുനോക്കുവാൻ തിരുമേനി (സ) ക്കു ലജ്ജതോന്നി. തിരുമേനി (സ) അവരോടു ചോദിച്ചു:- 'താടിവടിച്ചു മീശ വളർ

---

* ഈ വാർത്തയറിഞ്ഞപ്പോൾ, ബർവീസിന്റെ രാജ്യം പിച്ചിച്ചീന്തപ്പെടും എന്നു തിരുമേനി (സ) അരുളുകയുണ്ടായി.

ത്തുവാൻ നിങ്ങളെ ആരാണുപദേശിച്ചതു്? ഇതു നിങ്ങൾക്കു കേടാണല്ലോ.' 'ഞങ്ങളുടെ റബ്ബായ കിസ്‌റായുടെ ആജ്ഞയനുസരിച്ചാണു് ഞങ്ങൾ ഇപ്രകാരം ചെയ്തതെന്നു അവർ മറുപടി നൽകിയപ്പോൾ, 'എന്റെ റബ്ബും് താടിവളത്തി മീശവെട്ടുവാനാണു് കല്പിച്ചതെന്നു തിരുമേനി (സ) അരുളുകയും, 'നിങ്ങൾ നാളെവരൂ' എന്നു അവരോടു പറയുകയും ചെയ്തു. അന്നു രാത്രി, അതായതു ഹിജ്‌റാബ്ദം ഏഴാംവർഷം ജമാദുൽഅവ്വൽ പത്താംരാത്രി–'കിസ്‌റായുടെ പുത്രൻ അയാളെ കൊല്ലും' എന്നു തിരുമേനി (സ)ക്കു വഹ്‌യു് ലഭിച്ചു. ഈ വിവരം—കൊലനടക്കുന്ന സമയംകൂടി കാണിച്ചുകൊണ്ടു്—തിരുമേനി (സ) ബാദാൻരാജാവിനു ഒരു കത്തെഴുതി, ബാദാന്റെ കല്പനയുമായിവന്ന പട്ടാളക്കാരുടെ വശംഏല്പിച്ചു. കത്തിൽ കാണിച്ച സമയത്തു് ബർവീസ് ചക്രവർത്തിയെ അയാളുടെ പുത്രനായ ശീറവൈഹി കൊലപ്പെടുത്തി. 'മുസ്‌ലിംകളിൽ ഒരു കക്ഷി കിസ്‌റായുടെ ഖജാന കൈവശപ്പെടുത്തു'മെന്നു തിരുമേനി (സ) ഈ സന്ദർഭത്തിൽ അരുളുകയുണ്ടായി. *

പിതാവായ ബർവീസിനെ കൊന്നശേഷം, ശീറവൈഹി ചക്രവർത്തിപദം ഏറ്റെടുക്കുകയും ബാദാനു ഇപ്രകാരം ഒരു കത്തയക്കുകയും ചെയ്തു:–'കിസ്‌റായുടെ ജനദ്രോഹപരമായ നടപടികളും മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചതായി ബോദ്ധ്യമാകയാൽ ഞാൻ അദ്ദേഹത്തെ വധിച്ചിരിക്കുന്നു. മേലിൽ നിങ്ങളും എനിക്കു വഴിപ്പെടേണ്ടതാകുന്നു. ഒരു വ്യക്തിയെസ്സംബന്ധിച്ച കിസ്‌റാ നിങ്ങൾക്കു ഒരു കല്പന അയച്ചിട്ടുണ്ടല്ലോ. എന്റെ ഉത്തരവുണ്ടാകുന്നതുവരെ ആ കല്പന നടത്തരുതു്.'

ഈ കത്തു വായിച്ചു സന്തുഷ്ടനായ ബാദാൻ ഇപ്രകാരം ഒരു മറുപടി എഴുതി:–'അങ്ങയുടെ കല്പന കൈപ്പറ്റി. കിസ്‌റാ ചക്രവർത്തി വധിക്കുവാൻ കല്പനനൽകിയ ആ വ്യക്തി അല്ലാഹുവിന്റെ റസൂലാകുന്നു. ആ പ്രവാചകനിൽ ഞാൻ വിശ്വസിച്ചു. ഞാനും എന്നെ പിന്തുടർന്ന കുറെ ആളുകളും ഇസ്‌ലാംമതം വിശ്വസിച്ചിരിക്കുന്നു.' *

നജാശീ രാജാവിന്നയച്ച കത്തു്

അബ്‌സീനിയായിലെ നജാശീരാജാവിനെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടു്, ഹിജ്‌റാബ്ദം ആറാംകൊല്ലത്തിലോ ഏഴാംകൊല്ലത്തിലോ തിരുമേനി (സ) ഒരു കത്തയക്കുകയുണ്ടായി. അംറുബ്‌നു ഉമയ്യതുള്ളംറീ (റ) എന്ന സഹാബിയാണു് കത്തു നജാശീരാജാവിനു എത്തിച്ചുകൊടുത്തതു്. അദ്ദേഹം തിരുമേനി (സ) യുടെ കത്തു് ആദരപൂർവ്വം സ്വീകരിച്ചു. കത്തുവായിച്ചുകഴിഞ്ഞപ്പോൾ, 'വേദക്കാർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ നബിയിൽ ഞാൻ വിശ്വസിച്ചു'വെന്നു രാജാവു പ്രസ്താവിക്കുകയുണ്ടായി. അനന്തരം തിരുമേനി (സ)ക്കു അദ്ദേഹം ഇപ്രകാരം ഒരു മറുപടി എഴുതുകയും ചെയ്തു:–'അല്ലാഹുവിന്റെ റസൂലെ, താങ്കൾ അയച്ച എഴുത്തു് എനിക്കു കിട്ടി. അതിൽ പ്രസ്താവിച്ച എല്ലാകാര്യങ്ങളും ശരിയാണെന്നു ബോദ്ധ്യമായി. ഞാൻ ഇസ്‌ലാംമതം വിശ്വസിച്ചു. താങ്കളുടെ സഹോദരപുത്രനമായി ഞാൻ ഉടമ്പടി ചെയ്തു. അദ്ദേഹത്തോടൊപ്പം എന്റെ പുത്രനെ ഞാൻ താങ്കളുടെ സന്നിധിയിലേക്കു അയച്ചിരിക്കുന്നു. അല്ലാഹു വേ

---

* ഉമർഫാറൂഖ് (റ) വിന്റെ ഖിലാഫത്തു കാലത്തു അതു സംഭവിച്ചു.

* പിൽക്കാലത്തു പേർസ്യയുടെ ഭരണാധിപത്യം അല്ലാഹു മുസ്‌ലിംകളുടെ കരങ്ങളിലേക്കു മാറ്റുകയുണ്ടായി.

ണ്ടുകൊച്ചെങ്കിൽ ഞാനംവരാം *'

അബ്‌സീനിയായിലേക്കു ഹിജ്‌റചെയ്തു അവിടെ പാർക്കുകയായിരുന്ന ജഅ്ഫറിബ്‌നു അബീതാലിബ് (റ) വിന്റെയും കൂട്ടുകാരുടെയുംകൂടെ നജാശീരാജാവ് തന്റെ പുത്രനെയും അവരുടെ പരിചാരകന്മാരെയും തിരുമേനി(സ)യുടെ സന്നിധിയിലേക്കു പറഞ്ഞയച്ചു. ഉമ്മുഹബീബ:(റ) യും ആ സംഘത്തോടൊപ്പമാണ് മദീനയിലേക്കു പുറപ്പെട്ടത്.

ഖിബ്തീരാജാവിന്നയച്ച കത്ത്

ഹുദൈബിയായിലെ ഉടമ്പടി നടന്നുകഴിഞ്ഞതിനുശേഷം, തിരുമേനി (സ) ഖിബ്തീരാജാവായ മുഖൗഖിസിന്നു ഒരു കത്തെഴുതി. അദ്ദേഹത്തെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള ആ കത്ത് ഹാതിബുബ്‌നു അബീബൽതഅതുല്ലഹ്മീ (റ) എന്ന സഹാബിയുടെ പക്കൽ, ഖിബ്തീരാജാവിന്നു എത്തിച്ചുകൊടുപ്പാനായി ഏല്പിച്ചു. ഈജിപ്ത്, ഇസ്‌ക്കന്തരിയ്യ തുടങ്ങിയ രാജ്യങ്ങൾ ഖിബ്തീരാജവംശമാണ് അക്കാലത്തു ഭരിച്ചിരുന്നതു്. മുഖൗഖിസ് എന്ന പേരിൽ ഖിബ്തീരാജാക്കന്മാർ അറിയപ്പെട്ടു.

ഹാതിബ് (റ) തിരുമേനി (സ)യുടെ കത്തുമായി ഈജിപ്തിലേക്കു പുറപ്പെട്ടു. ഈജിപ്തിൽ എത്തിയപ്പോൾ, രാജാവ് സ്ഥലത്തില്ലെന്നറികയാൽ അദ്ദേഹം ഇസ്‌ക്കന്തരിയായിലേക്കു യാത്ര തിരിച്ചു. ഇസ്‌ക്കന്തരിയായിലെത്തിയപ്പോൾ, രാജാവ് ഒരു ദ്വീപിലാണുള്ളതെന്നു അദ്ദേഹത്തിനു വിവരം ലഭിച്ചു. ഹാതിബ് (റ) ഒരു തോണിയിൽ കയറി ആ ദ്വീപിലേക്കു പുറപ്പെട്ടു. ആ ദ്വീപിൽ വെച്ചു രാജാവിനെ കാണുകയും തിരുമേനി (സ)യുടെ കത്തു രാജാവിനു കൊടുക്കുകയും ചെയ്തു. രാജാവ് കത്തു പൊളിച്ചു വായിച്ചു, സംഗതികൾ മനസ്സിലാക്കിയശേഷം, ഹാതിബ് (റ)വോടു ഇപ്രകാരം ചോദിച്ചു:—'അവിടുന്നു് നബിയാണെങ്കിൽ, അല്ലാഹുവോടു പ്രാർത്ഥിച്ചു, തന്റെ ശത്രുക്കളെ നാട്ടിൽനിന്നു ഓടിക്കാത്തതിന്റെ കാരണമെന്തു?' 'രാജാവേ, താങ്കൾ ഈസാനബിയിൽ വിശ്വസിക്കുന്നുണ്ടല്ലോ. ഈസാനബിയെ കുരിശിലേറുവാൻ ഒരുങ്ങിയവരെ നശിപ്പിക്കുവാൻ അല്ലാഹുവോടു പ്രാർത്ഥിക്കാതെ, അദ്ദേഹത്തെ ആകാശത്തിലേക്കയയ്ക്കുവാൻ ഇടവരുത്തിയ പ്രേരകമെന്തു?' എന്ന മറുചോദ്യംകൊണ്ടു ഹാതിബ് (റ) രാജാവിന്റെ ചോദ്യത്തിനു ഉത്തരം നല്കിയപ്പോൾ, സന്തുഷ്ടനായ രാജാവ് ഇപ്രകാരം പറഞ്ഞുകൊണ്ടു അദ്ദേഹത്തെ അഭിനന്ദിച്ചു:— 'പണ്ഡിതൻ അയച്ച ആളും പണ്ഡിതൻ തന്നെ.' മൂസാനബിയുടെ എതിരാളിയായിരുന്ന ഫിർഔൻ താൻ റബ്ബാണെന്നു വാദിച്ചവസ്തുതയും, അക്കാരണത്താൽ ഫിർഔനെ അല്ലാഹു കാലാകാലശിക്ഷകൾ വിധേയനാക്കിയ

---

* നജാശീരാജാവിനു തിരുമേനി (സ)യെ കാണുവാൻ അവസരം ലഭിച്ചില്ല തന്നിമിത്തം അദ്ദേഹം സഹാബിമാരിൽ ഉൾപ്പെട്ടില്ല. എങ്കിലും അദ്ദേഹം മഹായോഗ്യനായ മുസ്‌ലിമായിരുന്നു. ഹിജ്‌റാബ്ദം ഏഴാം കൊല്ലത്തിലോ എട്ടാം കൊല്ലത്തിലോ അദ്ദേഹം പരലോകപ്രാപ്തനായി. അദ്ദേഹം മരിച്ചവിവരമറിഞ്ഞപ്പോൾ തിരുമേനി (സ) അദ്ദേഹത്തിനുവേണ്ടി ജനാസ:നിസ്‌ക്കരിച്ചു. തിരുമേനി (സ) കത്തുമൂലം ആവശ്യപ്പെട്ടതനുസരിച്ചു നജാശീരാജാവ് ഉമ്മുഹബീബ:(റ) യെ തിരുമേനി (സ)ക്കു വിവാഹം ചെയ്തുകൊടുത്ത വസ്തുത വായനക്കാർ ഓർക്കുന്നുണ്ടല്ലോ. അസ്ഹമ;എന്ന പേരുള്ള ഈ നജാശീരാജാവിന്റെ മരണാനന്തരം മറ്റൊരു നജാശീക്കുടി അബ്‌സീനിയ ഭരിച്ചിട്ടുണ്ടു്. അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചതായി അറിഞ്ഞിട്ടില്ല.

വസ്തുതയും, മൂസാനബി (അ) ഈസാനബി (അ) യുടെ ആഗമനത്തെക്കുറിച്ചും, ഈസാനബി (അ) മുഹമ്മദ് നബി (അ) യുടെ ആഗമന ത്തെക്കുറിച്ചും മുന്നറിയിപ്പു നല്കിയ വസ്തുതയും ഹാതിബ് (റ) ആ രാജാവിനെ അനുസ്മരിപ്പി പ്പിച്ചു. ടീഫ്‌ലനോത്തെ സംഭാഷണത്തിനു ശേഷം മുഹമ്മദ് (സ) നബിയാണെന്നു രാജാ വിനു ബോദ്ധ്യമായി. തിരുമേനി (സ) യുടെ കത്തു് ഒരു ദന്തപേടകത്തിൽ ഭദ്രമായി വെച്ചു പേടകം അടച്ചു മുദ്ര വെച്ചു സൂക്ഷിക്കുവാൻ രാജാവു് തന്റെ ഒരു ഉപപത്നിയെ ഭരമേ ല്പിച്ചു. അനന്തരം, തന്റെ അറബി എഴുത്തു കാരനെ വരുത്തി താഴെ കാണും പ്രകാരം തിരു മേനി (സ) ക്കു ഒരു മറുപടി എഴുതിച്ചു:-'അ ബ്ദുല്ലായുടെ പുത്രനായ മുഹമ്മദിനു ഖിബ്തീ രാജാവു് സലാം. താങ്കളയച്ച കത്തു് വായി ച്ചു. ഈസാനബിയുടെ ശേഷം ഒരു നബി ആഗതനാകുമെന്നു് ഞാൻ അറിഞ്ഞിട്ടുണ്ടു്. പക്ഷെ, അദ്ദേഹം ശാമിലാണു് ജനിക്കുക എ ന്നാണു് എന്റെ അറിവു്. താങ്കളുടെ ദൂതന്മാ രം എനിക്കു എത്തിച്ചു തന്ന മാന്യന്റെ ബ ഹുമാനാർത്ഥം ഏറു പൊന്നും അഞ്ചു വസ്ത്രങ്ങളും ഞാൻ അദ്ദേഹത്തിനു സമ്മാനിച്ചിരിക്കുന്നു. ഖിബ്തീ സ്ത്രീകളിൽ അത്യുത്തമകളായ മാരി യ:, സീരീൻ എണ്ണീ രണ്ടു വെള്ളാട്ടിമാരെ താങ്കൾക്കു സമ്മാനമായി അയച്ചിരിക്കുന്നു.' ഇരുപതു ഉത്തമവസ്ത്രങ്ങളും, തലപ്പാവുകളും, സു ഗന്ധദ്രവ്യങ്ങളും എന്നിവയും ദുൽദുൽ എന്ന ഒരു വെള്ളക്കോവർകഴുതയേയും * രാജാവു് തിരുമേനി (സ) ക്കു സമ്മാനമായി അയച്ചു കൊടുത്തു. ഈ സമ്മാനവസ്തുക്കളെ ഭദ്രമായി അറേബ്യയുടെ അതിർത്തിയിൽ എത്തിച്ചുകൊ ടുപ്പാനായി ഒരു സൈന്യത്തേയും രാജാവു് നി യോഗിച്ചു. പക്ഷെ, ആ സൈന്യം അറേബ്യ യുടെ അതിർത്തിയോളം പോകേണ്ടി വന്നില്ല. ശാമിൽ നിന്നു മദീനയിലേക്കു പുറപ്പെട്ട ഒരു കച്ചവടസംഘത്തെ വഴിയിൽ വെച്ചു കണ്ടുമു ട്ടിയപ്പോൾ, ഹാതിബ് (റ) ആ സൈന്യ ത്തെ തിരിച്ചയച്ചു. ഹാതിബ് (റ) മദീനയി ലെത്തി വിവരങ്ങൾ തിരുമേനി (സ) യെ ധ രിപ്പിക്കുകയും സമ്മാനങ്ങൾ തിരുസന്നിധിൽ ഹാജരാക്കുകയും ചെയ്തു. അവയിൽ ചിലതു തിരുമേനി (സ) സ്വന്തമായി എടുക്കുകയും** മറ്റുള്ളതു സഹാബിമാരിൽ ചിലർക്കു സംഭാവ ന നല്കുകയുമുണ്ടായി. മാരിയ: എന്ന മഹ തിയെ തിരുമേനി (സ) വിവാഹം ചെയ്തു. രാ ജാവിന്റെ മറുപടിക്കത്തു വായിച്ചപ്പോൾ തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:-'ഇ സ്‌ലാംമതം സ്വീകരിച്ചാൽ രാജ്യം നഷ്ടപ്പെ ട്ടുപ്പോകുമെന്നതുകൊണ്ടാണു് അല്പനായ രാജാ

---

* മേല്പറഞ്ഞവയ്ക്കു പുറമെ, കൈസ് എ ന്ന പേരുള്ള ഒരു വെള്ളാട്ടിയേയും, മാബൂർ എന്ന പേരുള്ള ഒരു അടിമയേയും, ലഡാർ എന്ന പേരുള്ള ഒരു കാട്ടുകുതിരയേയും, മൈ മൂൻ എന്ന പേരുള്ള ഒരു യഷ്ടുകുതിരയേയും, യഅ്ഫൂബ് എന്ന ഒരു കഴുതയേയും, ഈജി പ്തിലെ മധുരമേറിയ തേൻ, പേടകത്തിൽ ഭദ്ര മായി അടക്കം ചെയ്ത സുഗന്ധക്കൂപ്പി (കൺമഷി) തൈലം നിറച്ച ഒരു പാത്രം, ചീർപ്പ്, കത്രി ക, മിസ്‌വാക്ക്, കണ്ണാടി എന്നിവയും തിരു മേനി (സ) ക്കു സമ്മാനമായി രാജാവു് അയ ച്ചുവെന്നു ചരിത്രകാരന്മാരിൽ ചിലർ പ്രസ്താ വിച്ചിട്ടുണ്ടു്. ഇതോടൊപ്പം രാജാവു് രാജ വൈദ്യനേയും അയച്ചിരുന്നുവെന്നും, മദീന യിൽ വൈദ്യന്റെ ആവശ്യമില്ലാതിരുന്നതു കൊണ്ടു അദ്ദേഹത്തെ തിരുമേനി (സ) തിരിച്ച യക്കുകയാണു് ചെയ്തതെന്നും പറയപ്പെട്ടിട്ടു ണ്ടു്

** മുസ്‌ലിമിന്റെ സമ്മാനം സ്വീക രിക്കാമെന്നു ഇതിൽ നിന്നു സിദ്ധിക്കുന്നു. അ ബൂസുഫ്‌യാൻ (റ) ഇസ്‌ലാംമതം സ്വീകരി ക്കുന്നതിനു മുമ്പു് തിരുമേനി (സ) അദ്ദേഹ ത്തിൽ നിന്നു സമ്മാനങ്ങൾ സ്വീകരിക്കുകയും അദ്ദേഹത്തിനു സമ്മാനം നൽകുകയും ചെയ്തി ട്ടുണ്ടെന്നു 'സീറ: ഹലബീ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. 'മുശ്‌രിക്കുകളിൽ നിന്നു നിങ്ങൾ സമ്മാനം സ്വീകരിക്കരുതു്' എന്ന ഒരു ഹദീസ് ഇതിനെതിരായി നില്ക്കുന്നുമുണ്ടു്.

വ് ഇസ്‌ലാംമതം വിശ്വസിക്കാതിരുന്നത് *

മുൻദിർ രാജാവിന്നയച്ച കത്ത്

അക്കാലത്ത് ബഹ്‌റൈൻ എന്ന രാജ്യം ഭരിച്ചിരുന്ന ആളാണ് മുൻദിറുബ്‌നുസാവീ. അലാഉബ്‌നുഹള്‌റമീ (റ) എന്ന സഹാബി തിരുമേനി (സ) യുടെ ഒരു എഴുത്തുമായി മുൻദിർ രാജാവിനെ സമീപിച്ചു. ആ കത്തിലെ ഉള്ളടക്കം അറിയാവുന്ന ഒരാളെയും ഞങ്ങൾ കണ്ടെത്തിയില്ല എന്നാണ് 'മവാഹിബ്' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാന ഗ്രന്ഥത്തിൽ പ്രസ്താവിച്ചു കാണുന്നത്. മുൻദിർ രാജാവ് ആ കത്തു സാദരം സ്വീകരിക്കുകയും, കത്തിലെ താല്പര്യമനുസരിച്ചു ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. അദ്ദേഹത്തെ തുടർന്നു ആ നാട്ടിലെ മറ്റു ചിലരും ഇസ്‌ലാംമതം വിശ്വസിച്ചു. താങ്കളുടെ കത്തിലെ താല്പര്യമനുസരിച്ചു ഞാൻ ഇസ്‌ലാംമതം വിശ്വസിച്ചുവെന്നും, യഹൂദികളും മജൂസികളും താമസിക്കുന്ന ഈ നാട്ടിൽ നിന്നു ചിലർ ഇസ്‌ലാംമതം വിശ്വസിക്കുകയും മറുചിലർ വിശ്വസിക്കാതിരിക്കുകയും ചെയ്തിരിക്കുന്നുവെന്നും അറിയിക്കുകയും, വിശ്വസിക്കാത്തവരെസ്സംബന്ധിച്ചേടത്തോളം അംഗീകരിക്കേണ്ടുന്ന നടപടികളെക്കുറിച്ചു ആരാഞ്ഞുകൊണ്ടും രാജാവു് തിരുമേനി (സ) ക്കു ഒരു എഴുത്തയച്ചു. ആ കത്തിന്നു തിരുമേനി (സ) അയച്ച മറുപടിയിൽ, രാജാവു് ഇസ്‌ലാംമതം വിശ്വസിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുകയും, വിശ്വസിക്കാത്തവരെ വീണ്ടും ഇസ്‌ലാമിലേക്കു ക്ഷണിക്കുവാനും, ക്ഷണം തിരസ്കരിക്കുന്ന പക്ഷം, അവരുടെ മേൽ ജിസ്‌യ: എന്ന കരം ചുമത്തുവാനും ഉപദേശിക്കുകയും ചെയ്തു.

ഉമ്മാനിലെ രാജാക്കന്മാർക്കയച്ച കത്ത്

യമനിലെ ഉമ്മാൻ എന്ന സ്ഥലത്തെ രാജാക്കന്മാരായിരുന്ന ജൈഫറിബ്‌നുജുലന്താ, അബ്ദുബ്‌നുജുലൻദാ എന്നിവർക്കു, തിരുമേനി (സ) യുടെ ഒരു കത്തു് അംറുബ്‌നുൽ ആസീ (റ) എത്തിച്ചുകൊടുത്തു. 'അല്ലാഹുവിന്റെ റസൂലായ മുഹമ്മദ്, ജുലൻദായുടെ പുത്രന്മാരായ ജൈഫർ, അബ്ദു എന്നിവർക്കു അയച്ച കത്തു്. നേർമാർഗ്ഗത്തെ തുടർന്നവർക്കു അല്ലാഹുവിന്റെ സലാം ഉണ്ടാവട്ടെ- ഞാൻ നിങ്ങളെ ഇസ്‌ലാംദീനിലേക്കു ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനം സ്വീകരിച്ചാൽ നിങ്ങൾ ജയിച്ചു. അല്ലെങ്കിൽ നിങ്ങളുടെ രാജത്വം അവസാനിക്കും. എന്റെ കുതിര നിങ്ങളുടെ ഉമ്മറത്തിറങ്ങും. എന്റെ നബിത്വം നിങ്ങളുടെ സിംഹാസനത്തിൽ പ്രത്യക്ഷപ്പെടും'— ഇതായിരുന്നു കത്തിലെ സാരാംശം. ആ രാജാക്കന്മാർ തിരുമേനി (സ) യുടെ കത്തു സ്വീകരിക്കുകയും ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. മാത്രമല്ല, ആ നാട്ടിലെ ഭൂരിപക്ഷം, ആ രാജാക്കന്മാരെ പിന്തുടർന്നുകൊണ്ടു ഇസ്‌ലാമിലേക്കു വന്നു. ആ നാട്ടിലെ ഇസ്‌ലാം മത വിശ്വാസികളല്ലാത്തവരുടെ മേൽ ജിസ്‌യ ചുമത്തപ്പെട്ടു.

യമാമയിലെ ഹൌദത്തിന്നയച്ച കത്ത്

സലീത്തുബ്‌നുഅംറുൽആമിരിയ്യി (റ) എന്ന സഹാബി തിരുമേനി (സ) യുടെ ഒരു കത്തു യമാമയിലെ ഹൌദത്തുബ്‌നുഅലിക്കു എത്തിച്ചുകൊടുത്തു. ഹൌദത്തിനു ഇസ്‌ലാമിലേക്കുള്ള ക്ഷണമായിരുന്നു ആ കത്തിലെ ഉള്ളടക്കം. തിരുമേനി (സ) യുടെ കത്തു് ആദരപൂർവ്വം ഹൌദത് സ്വീകരിച്ചു. 'താങ്കളുടെ കത്തിൽ പ്രസ്താവിച്ച വസ്തുതകളെ ഞാൻ അംഗീകരിക്കുന്നു. താങ്കളുടെ ഒരു പങ്കാളിയായി എന്നെയും സ്വീകരിക്കുന്ന പക്ഷം ഞാൻ താങ്കളുടെ അനുയായി ആയിക്കൊള്ളാം' എന്നി

---

* ഉമർ ഫാറൂഖ് (റ) വിന്റെ ഖിലാഫത്തു് കാലത്തു് ഖിബ്ത്തീ രാജവംശത്തിന്റെ രാജ്യങ്ങൾ മുസ്‌ലിംകൾ കീഴടക്കി.

പ്രകാരം ഒരു മറുപടി അദ്ദേഹം തിരുമേനി (സ) ക്കയക്കുകയും ചെയ്തു. ഈ മറുപടി വായിച്ചപ്പോൾ, 'ഹൈദർ അയാളുടെ സകലതും നശിച്ചു' എന്നു തിരുമേനി (സ) പ്രസ്താവിച്ചു *

ഹാരിസിന്നയച്ച കത്തു്

കൈസർരാജാവിന്റെ കീഴിൽ ദിംശിഖിൽ അന്നത്തെ അമീറായിരുന്ന ഹാരിസിബ്നഅബീശിംറിൽഗസ്സാനീ എന്ന ആളെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്തു് തിരുമേനി (സ) ശുജാഉബ്നവഹബ് (റ) എന്ന സഹാബിയുടെ പക്കൽ ഏല്പിച്ചു. ശുജാഅ് (റ) ആ കത്തു ഹാരിസിന്റെ കയ്യിൽ എത്തിച്ചു. ഹാരിസ് ആ കത്തു സ്വീകരിച്ചെങ്കിലും ഇസ്‌ലാംമതം വിശ്വസിച്ചില്ല.

തിരുമേനി (സ) യുടെ വഫാത്

ഹിജ്റാബ്ദം പതിനൊന്നാം വഷത്തിലെ റബീഉൽ അവ്വൽ മാസത്തിൽ, ഇഹലോകത്തെ ദിവ്യദീപ്തിയാൽ വിളക്കിയ ദിവ്യപ്രഭാവനും അന്ത്യപ്രവാചകനും ആയ മുഹമ്മദ് നബി (സ) ഇഹലോകത്തോടു വിടവാങ്ങി. വിശ്വാസികളുടെ ഹൃദയങ്ങളിൽ എക്കാലത്തും ദുഃഖാഗ്നി ജ്വലിപ്പിക്കുകയും കണ്ണുകളിൽ കണ്ണീർ നിറക്കുകയും ചെയ്യുന്ന ആ രംഗം യഥാവിധി വിവരിക്കുകയെന്നതു ദുസ്സാദ്ധ്യമത്രെ.

'ഇദാജാഅനസ്റുള്ളാഹി' എന്ന സൂറയാണു് തിരുമേനി (സ) ക്കു അല്ലാഹു ഇറക്കിക്കൊടുത്ത സൂറകളിൽ അവസാനത്തേതെന്നു പറയപ്പെട്ടിട്ടുണ്ടു്. ഹജ്ജത്തുൽവിദാഅ് കഴിഞ്ഞു വലിയ പെരുന്നാൾ ദിവസം മിനായിൽ വെച്ചു ഇറങ്ങിയ പ്രസ്തുത സൂറയിൽ, തിരുമേനി (സ) യുടെ ഐഹികജീവിതം അവസാനിക്കാറായി എന്ന സൂചന അടങ്ങീട്ടുണ്ടെന്നു വ്യാഖ്യാതാക്കളിൽ ചിലർ പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത സൂറാ:ഇറങ്ങിയതിന്നുശേഷം എൺപത്തൊന്നുദിവസം തിരുമേനി (സ) ഇഹലോകത്തു ജീവിച്ചുവെന്നാണു് 'മവാഹിബ്' രേഖപ്പെടുത്തീട്ടുള്ളതു്. പ്രസ്തുത സൂറ:ഇറങ്ങിയപ്പോൾ ഇഹലോകത്തു എന്റെ ജീവിതം അവസാനിക്കാറായി എന്നു തിരുമേനി (സ) ജിബ്രീൽ (അ) എന്ന മലക്കിനെ അറിയിച്ചപ്പോൾ, 'നിശ്ചയമായും ആഖിറത്തിനെക്കാൾ * താങ്കൾക്കു ഉത്തമം അവസാനത്തേതാകുന്നു' **എന്ന അല്ലാഹുവിന്റെ വചനം ഉദ്ധരിച്ചുകൊണ്ടു ജിബ്രീൽ (അ) മറുപടി നൽകി. ഈ സൂറ: ഇറങ്ങുന്നതിനുമുമ്പുതന്നെ തിരുമേനി (സ) ഇബാഹത്തിന്റെ *** കാര്യത്തിൽ ചില പ്രത്യേകതകൾ അവലംബിക്കുകയുണ്ടായി എന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തീട്ടുണ്ടു്. റമളാൻ മാസത്തിലെ ഒടുവിലെ പത്തുദിവസങ്ങളിൽ തിരുമേനി (സ) 'ഇഅ്തികാഫ്' ആചരിക്കുക പതിവായിരുന്നു. ഹിജ്റാബ്ദം പത്താം കൊല്ലത്തിലെ റമളാനിൽ തിരുമേനി (സ) ഇരുപതുദിവസം 'ഇഅ്തികാഫ്' ആചരിച്ചു. ജിബ്രീൽ (അ) റമളാൻമാസങ്ങളിൽ ഒരു തവണ ഖുർആൻ പൂർണ്ണമായ നിലയിൽ തിരുമേനി (സ) ക്കു വ്യക്തമാക്കിക്കൊടുക്കാറുണ്ടായിരുന്നു. ഹിജ്റാബ്ദം പത്താം

---

* മക്കാവിജയം സംഭവിച്ച ശേഷം, ഹൈദർ മരിച്ചുവെന്ന വ്യാജ ജിബ്രീൽ (അ) തിരുമേനി (സ) യെ അറിയിച്ചു. 'എന്റെ ശേഷം യമാമയിൽ ഒരു കള്ളപ്രവാചകൻ ഉണ്ടാകു'മെന്നും 'അയാൾ കൊല്ലപ്പെട്ട' മെന്നും തിരുമേനി (സ) അരുളുകയും, അങ്ങിനെ സംഭവിക്കുകയും ചെയ്തു.

* ഐഹികജീവിതം എന്നുസാരം

**പാരത്രികജീവിതം എന്നുസാരം.

*** അല്ലാഹുവിന്നായുള്ള ഭക്തികർമ്മങ്ങൾ.

വർഷത്തിലെ റമളാനിൽ ജിബ്‌രീൽ (അ) രണ്ടു തവണ ഖുർആൻ പരിപൂർണ്ണമായി തിരുമേനി (സ) ക്ക വ്യക്തമാക്കിക്കൊടുത്തു.

ഉമ്മുസൽമ: (റ) പറയുന്നു:_'അവസാന ദിവസങ്ങളിൽ തിരുമേനി (സ) ഇരിക്കുമ്പോഴായാലും നിൽക്കുമ്പോഴായാലും പോകുമ്പോഴായാലും വരുമ്പോഴായാലും, ഏതവസ്ഥയിലും തന്നെ, അല്ലാഹുവിനെ സ്തുതിക്കുകയും അവനോട പൊറുക്കലിനെതേടുകയും * ചെയ്യുക പതിവായിരുന്നു.'

ഹിജ്‌റ പത്തിനൊന്നാം വർഷത്തിലെ സഫർമാസം പകുതികഴിഞ്ഞപ്പോൾ, ഒരു ശനിയാഴ്ച ദിവസമാണ് തിരുമേനി (സ) ക്ക രോഗം ആരംഭിച്ചതു്. **രോഗബാധിതനായ നിലയിൽ തിരുമേനി (സ) പതിമൂന്നുദിവസങ്ങൾ കഴിച്ചുകൂട്ടിയെന്നുള്ളതാണ് അംഗീകൃതപക്ഷം. രോഗത്തിന്റെ ആരംഭം തലവേദനയായിരുന്നു. പിന്നീടു പനിയുമുണ്ടായി. 'ഖൈബറിൽനിന്നു പറിയ വിഷത്തിന്റെ ദോഷം ഇപ്പോഴാണ് പ്രത്യക്ഷപ്പെട്ടതു്'എന്നു ആ ഘട്ടത്തിൽ തിരുമേനി (സ) അരുളുകയുണ്ടായി. തിരുമേനി (സ) ഉഹ്ദിൽ ശഹീദായ സഹാബിമാക്കു പ്രാർത്ഥിക്കുകയും അവരോടു വിടവാങ്ങുകയും ചെയ്തശേഷം, പള്ളിയിൽവന്നു, മിമ്പറിൽ കയറി സഹാബിമാക്കു സാരോപദേശങ്ങൾ നൽകുകയുണ്ടായി. തലവേദനനിമിത്തം, തലക്കു ഒരു തുണികെട്ടിക്കൊണ്ടാണ് തിരുമേനി (സ) ഖുതബ:നടത്തിയിരുന്നതു്.

'അല്ലാഹു അവന്റെ അടിമയായ ഒരാളോടുചോദിച്ചു: 'നിങ്ങൾക്കു ഇഹലോകത്തിലെ സുഖങ്ങൾ വേണമൊ, അതൊ പരലോകത്തിലെ ഗുണങ്ങൾ വേണമൊ; ഇഹലോകത്തിലെ മേന്മകൾ വേണമെങ്കിൽ അതുതരാം; പരലോകത്തിലെ മേന്മകൾ വേണമെങ്കിൽ അതുതരാം.' ആ അടിമ പരലോകത്തിലെ മേന്മകൾ തിരഞ്ഞെടുത്തു. ഇതു കേട്ടപ്പോൾ അബൂബകർ സിദ്ദീഖ് (റ) കരയുകയുണ്ടായി. തിരുമേനി (സ) പ്രസ്തുത വാചകം പറഞ്ഞപ്പോൾ അബൂബകർസിദ്ദീഖ് (റ) കരഞ്ഞതിന്റെ കാരണം മനസ്സിലാവാതെ ഞങ്ങൾ അമ്പരന്നുവെന്നു അബൂസഈദുൽഖുദ്‌രീ (റ) പറയുകയുണ്ടായി. തിരുമേനി (സ) യുടെ വാചകത്തിൽ സൂചിപ്പിക്കപ്പെട്ട അടിമ തിരുമേനി (സ) തന്നെയാണെന്നു, പിന്നീടു അബൂബകർ സിദ്ദീഖ് (റ) പറഞ്ഞപ്പോൾ മാത്രമെ ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളുവെന്നു അദ്ദേഹം തുടന്നു പ്രസ്താവിച്ചിട്ടുണ്ടു്.

ആ സാരോപദേശപ്രസംഗാനന്തരം തിരുമേനി (സ) പതിവനുസരിച്ചു പത്നിമാരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ക്ഷേമാന്വേഷണം നടത്തുകയും ചെയ്തു. തനിക്കു അസുഖം ബാധിച്ചിരിക്കുകയാൽ ആഇശാ (റ) യുടെ വീട്ടിൽ താമസിക്കുവാൻ അനുമതി നൽകേണമെന്നു തിരുമേനി (സ) മറ്റു പത്നിമാരോടാവശ്യപ്പെട്ടു. അവർ ആ ആവശ്യം അംഗീകരിച്ചു മൈമൂനാ (റ) യുടെയൊ, സൈനബാ (റ) യുടെയൊ വീട്ടിൽനിന്നു തിരുമേനി (സ) ആഇശാ (റ) യുടെ വീട്ടിലേക്കു തിരിക്കുകയും, അവിടെ താമസമാക്കുകയും ചെയ്തു. അബ്ബാസ് (റ),

---

* 'സുബ്ഹാനള്ളാഹി വബിഹംദിഹീ അസ്തഗ്ഫിറുള്ളാഹ വഅതൂബുഇലൈഹി' എന്നു ചൊല്ലുക പതിവായിരുന്നു.

** തിരുമേനി (സ) ക്കു രോഗം ആരംഭിച്ചതു തിങ്കളാഴ്ച ദിവസമൊ ബുധനാഴ്ച ദിവസമൊ ആണെന്നും, സഫർ മാസം ഇരുപത്തെട്ടാം തിയ്യതിയൊ ഇരുപത്തൊമ്പതാം തിയ്യതിയൊ ആണെന്നും പക്ഷാന്തരങ്ങളുണ്ടെങ്കിലും, പതിനഞ്ചിനുശേഷം ഇരുപതിനുമുമ്പുള്ള ഒരു ശനിയാഴ്ചയാണെന്നുള്ള അഭിപ്രായമാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളതു്.

അലീ (ക. വ) എന്നിവർ താങ്ങിക്കൊണ്ടാണ് തിരുമേനി (സ) യെ ആഇശാ (റ) യുടെ ഭവനത്തിലേക്ക് നയിച്ചത്.

ആഇശാ (റ) പറയുന്നു:-'തിരുമേനി (സ) എന്റെ വീട്ടിൽ എത്തിയശേഷം രോഗം അധികരിച്ചു. 'തോൽപ്പാത്രങ്ങളുടെ മുഖം കെട്ടഴിച്ചു തുറക്കാത്ത നിലയിൽ ഏഴു തോൽപ്പാത്രം വെള്ളം എന്റെ ശരീരത്തിൽ ഒഴിക്കുക'എന്നു തിരുമേനി (സ) അരുളുകയുണ്ടായി. അതനുസരിച്ചു വെള്ളം ഒഴിച്ചു. മതിയെന്ന അർത്ഥത്തിൽ തിരുമേനി (സ) കൈകൊണ്ടു ആംഗ്യം കാണിച്ചു.'

അബൂസഈദുൽഖുദ്‌രീ (റ) പറയുന്നു:- 'തിരുമേനി (സ) ക്കു ജ്വരം ബാധിച്ചു. തിരുമേനി (സ) പുതച്ചപുതപ്പുകൂടി പൊള്ളുന്നവിധത്തിൽ കഠിനതരമായിരുന്നു തിരുമേനി (സ) യെ ബാധിച്ച പനി. നബിമാരെസ്സംബന്ധിച്ചേടത്തോളം ക്ലേശവും പ്രതിഫലവും ഇപ്രകാരം ഗുരുതരമായിരിക്കും'എന്നു തിരുമേനി (സ) പ്രസ്താവിച്ചു' പനിയുടെ കാഠിന്യത്തെപ്പറ്റി ഇബ്നുമസ്ഊദ് (റ) സംസാരിച്ചപ്പോഴും തിരുമേനി (സ) മേൽപ്രകാരംതന്നെ അരുളുകയുണ്ടായി.

രോഗം നിമിത്തം ശാരീരികമായി ക്ഷീണിതനും ബലഹീനനുമായിക്കഴിഞ്ഞിട്ടും, ഇഹലോകവാസം വെടിയുന്നതിനു മൂന്നു ദിവസം മുമ്പു വരെ തിരുമേനി (സ) തന്നെ നിസ്കാരങ്ങൾക്കു ഇമാമത്ത് നല്കുകയുണ്ടായി. തീരെ നിവ്വാഹമില്ലെന്നു വന്നപ്പോൾ, നിസ്കാരങ്ങൾക്കു ഇമാമായി നിൽക്കുവാൻ അബൂബകർ സിദ്ദീഖ് (റ) വോടു പറയേണമെന്നു തിരുമേനി (സ) ആഇശാ (റ) ക്കു നിർദ്ദേശം നല്കി * അദ്ദേഹം അതിനു ശക്തനാണോ എന്നു ആഇശാ (റ) സംശയം പ്രകടിപ്പിച്ചപ്പോൾ, തിരുമേനി (സ) തന്റെ നിർദ്ദേശം ആവർത്തിച്ചു. അതനുസരിച്ചു തിരുമേനി (സ) യുടെ വഫാതിനു മുമ്പ് പതിനേഴു നേരത്തെ നിസ്കാരങ്ങളിൽ അബൂബകർ സിദ്ദീഖ് (റ) ഇമാമായി നിസ്കരിച്ചു. നിസ്കാരങ്ങളിൽ തിരുമേനി (സ) യുടെ ഇമാമത്തു് മുടങ്ങിയപ്പോൾ സഹാബിമാർ, വിശേഷിച്ചും അൻസാർകൾ അത്യന്തം വ്യസനിച്ചു. ഈ വാർത്ത അറിഞ്ഞപ്പോൾ അലീ (ക. വ.), ഫദ്ലുൽ (റ) എന്നിവർ താങ്ങിപ്പിടിച്ച നിലയിൽ തിരുമേനി (സ) പള്ളിയിൽ പോയി, മിമ്പറിന്റെ താഴെ പടിയിൽ ഇരുന്നു, സഹാബിമാരെ അഭിമുഖീകരിച്ചുകൊണ്ടു ഒരു ഖുത്ബ: നടത്തി. തിരുമേനി (സ) പറഞ്ഞു:-'ജനങ്ങളെ, ഞാൻ മരിച്ചു പോകുമെന്നോർത്തു നിങ്ങൾ വ്യസനിക്കുന്നതായി ഞാൻ അറിഞ്ഞു. എനിക്കു മുമ്പ് ഈ ലോകത്തു വന്ന നബിമാരിൽ വല്ലവരും അവരുടെ ജനതക്കു വേണ്ടി, അവശേഷിച്ചതായി നിങ്ങൾ അറിഞ്ഞിട്ടുണ്ടോ. അവരോടൊപ്പം ചെന്നു ചേരേണ്ടവനാണ് ഞാൻ; നിങ്ങൾ എന്നോടൊപ്പം ചേരേണ്ടവരും.

'അല്ലയോ ജനങ്ങളെ, ഞാൻ നിങ്ങളിൽ വല്ലവരോടും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ ഇതാ, നിങ്ങളുടെ മുമ്പിൽ ഇരിക്കുന്നു. നിങ്ങൾ പകരം ചെയ്തുകൊള്ളുക. ഞാൻ നിങ്ങളിൽ വല്ലവർക്കും കടപ്പെട്ടിട്ടുണ്ടെങ്കിൽ, എന്റെതായ വസ്തുക്കളെല്ലാം നിങ്ങൾക്കുള്ളതാകുന്നു.' *

* തിരുമേനി (സ) യുടെ കാലശേഷം ഖിലാഫത്തിന്റെ അവകാശം അബൂബകർ സിദ്ദീഖ് (റ) വിനാണെന്നുള്ള സൂചന പ്രസ്തുത നിർദ്ദേശത്തിൽ അടങ്ങീട്ടുണ്ടെന്നു പറയപ്പെട്ടിട്ടുണ്ട്.

* 'തിരുമേനി (സ) ആവശ്യപ്പെട്ടതനുസരിച്ചു ഒരു സാധുവിനു മൂന്നു ദിർഹം ഒരിക്കൽ ഞാൻ കൊടുത്തിട്ടുണ്ട്, അതു തിരിച്ചു കിട്ടിയിട്ടില്ല' എന്നു ഒരു സഹാബി പറഞ്ഞപ്പോൾ, അദ്ദേഹത്തിനു മൂന്നു ദിർഹം നൽകിക്കൊണ്ടു തിരുമേനി (സ) ഇപ്രകാരം അരുളി:- 'പരലോകത്തു വെച്ചു ലജ്ജിതനാകുന്നതിനേക്കാൾ ഉത്തമം ഇഹലോകത്തു വെച്ചു ലജ്ജിതനാകുന്നതാണ്.'

ശത്രുക്കളുടെ ആക്രമണങ്ങൾക്കു വിധേയരായി രക്തസാക്ഷിത്വം വരിച്ച സഹാബിമാരുടെ പരലോകമോക്ഷത്തിനായി അല്ലാഹുവോട് കേണപേക്ഷിക്കുകയും, മതകർത്തവ്യങ്ങൾ നിർവ്വഹിപ്പാനും സമാധാനപൂർണ്ണവും സൌഹാർദ്ദപരവുമായ ജീവിതം നയിപ്പാനും സഹാബിമാരെ ഉപദേശിക്കുകയും ചെയ്ത ശേഷം', ഈ ഭൂമിയിൽ താൻ മാത്രം ഉന്നതനായിത്തീരുവാൻ ആഗ്രഹിക്കുകയോ തെറ്റു ചെയ്കയൊ ചെയ്യാത്ത ജനങ്ങൾക്കു ഭാവിയിലെ (സ്വർഗ്ഗത്തിലെ) അരമന നാം നല്കും, കാരണം, സജ്ജനങ്ങൾക്കു നാം സന്തോഷപ്രദമായ പ്രതിഫലം നൽകും' എന്നർത്ഥമുള്ള ആയത്തു് തിരുമേനി (സ) ഉദ്ധരിച്ചു.

തദനന്തരം പള്ളിയുടെ പുറത്തെ വാതിലുകൾക്കപ്പുറം കോലാഹലത്തെക്കവിധം ശബ്ദമുയർത്തിക്കൊണ്ടു തിരുമേനി (സ) ഇപ്രകാരം തുടർന്നു:-'മുഹമ്മദിന്റെ ആത്മാവു് ആരുടെ കയ്യിലാണൊ ആ അല്ലാഹുവാണെ സത്യം, എന്നെ സംബന്ധിച്ചേടത്തോളം യാതൊരാൾക്കും യാതൊരു കാര്യത്തിലും എന്നെ കൈപ്പിടിക്കുക സാദ്ധ്യമല്ല. അല്ലാഹു അനുവദനീയമാക്കീട്ടുള്ളതല്ലാത്ത യാതൊന്നും ഞാൻ അനുവദനീയമാക്കീട്ടില്ല. അല്ലാഹു വിലക്കീട്ടുള്ളതല്ലാത്ത യാതൊന്നും ഞാൻ വിലക്കീട്ടുമില്ല.'

പിന്നീടു സ്ത്രീകൾ ഇരുന്ന ഭാഗത്തേക്കു തിരിഞ്ഞുകൊണ്ടു തിരുമേനി (സ) ഇപ്രകാരം പ്രസ്താവിച്ചു:-'അല്ലയൊ എന്റെ പുത്രിയായ ഫാതിമ, എന്റെ അമ്മാവിയായ സഫിയാ, അല്ലാഹുവിന്റെ സൽകർമ്മം സമ്പാദിക്കുന്നതിനു നിലയിൽ—അവന്റെ ആജ്ഞകൊത്തു—നിങ്ങൾ പ്രവർത്തിക്കുക. കാരണം നിങ്ങളെ ഏതെങ്കിലും ഒരു സങ്കടത്തിൽ നിന്നു രക്ഷപ്പെടുത്തുവാൻ എനിക്കു യാതൊരു കഴിവുമില്ല.'

ഈ ഖുത്ബ: കഴിഞ്ഞതിനു ശേഷം, തിരുമേനി (സ) അന്യസഹായത്തോടുകൂടി ആഇശാ (റ) യുടെ ഭവനത്തിലേക്കു തിരിച്ചു. ആഇശാ (റ) പറയുന്നു:-'തിരുമേനി (സ) ക്കു വഫാത്തിന്റെ വേദന അനുഭവപ്പെട്ടു തുടങ്ങിയപ്പോൾ, വെള്ളമുള്ള പാത്രത്തിൽ കൈമുക്കി ആ കൈകൊണ്ടു മുഖം തടവുകയും 'ലാഇലാഹ ഇല്ല'ള്ളാഹു ഇന്നലിൽ മൌതിസകറാത്തിൻ' എന്നു പറയുകയും ചെയ്തു' 'തിരുമേനി (സ) ക്കു രോഗം കലശലായപ്പോൾ, സൂറത്തുൽ മു'അവ്വിദാതെ" ഓതി സ്വശരീരത്തിൽ ഊതുകയും സ്വകരംകൊണ്ടു ശരീരം തടവുകയും ചെയ്തു. അനന്തരം ഞാൻ 'മു'അവ്വിദാതെ" ഓതി തിരുമേനി (സ) യുടെ കൈകൊണ്ടു ഞാൻ തടവുകയുണ്ടായി' എന്നീപ്രകാരം, ആഇശ (റ) യെ തൊട്ടു ബുഖാരീ (റ) ഒരു ഹദീസ് രേഖപ്പെടുത്തീട്ടുണ്ടു് *

ആഇശാ (റ) പറയുന്നു:— 'തിരുമേനി (സ) എന്റെ നെഞ്ഞിൽ ചാരി ഇരിക്കുകയായിരുന്നു. അപ്പോൾ എന്റെ സഹോദരനായ അബ്ദുർറഹ്മാൻ വീട്ടിൽ കടന്നു വന്നു. അദ്ദേഹത്തിന്റെ കയ്യിൽ മിസ്വാക്കിനു പറ്റിയ ഒരു ചില്ലിക്കഷണമുണ്ടായിരുന്നു. തിരുമേനി (സ) ആ ചില്ലിക്കഷണത്തിന്റെ നേരെ നോക്കി. തിരുമേനി (സ) ക്കു അതു ആവശ്യമുണ്ടെന്നു എനിക്കു തോന്നി. ഞാൻ സഹോദരന്റെ കയ്യിൽനിന്നു ആ ചില്ലിക്കഷണം വാങ്ങി. അപ്പോഴേക്കും തിരുമേനി (സ) ക്കു ഒരു തളർച്ച അനുഭവപ്പെട്ടു. പെട്ടെന്നു അതു മാറുകയും ചെയ്തു. ഈ ചില്ലിക്കഷണം മാർദ്ദവമാക്കട്ടെയൊ എന്നു ഞാൻ തിരുമേനി

---

* 'ബർക്കത്തിനെ ഉദ്ദേശിച്ചുകൊണ്ടു തിരുമേനി (സ) യുടെ കൈകൊണ്ടു ഞാൻ തടവി' എന്നിപ്രകാരമാണു് മാലിക് (റ) പ്രസ്തുത ഹദീസ് രേഖപ്പെടുത്തീട്ടുള്ളതു്.

(സ) യോട് ചോദിച്ചു. അനുകൂലമായ മറുപടി കിട്ടിയപ്പോൾ തിരുമേനി (സ) തലകൊണ്ട് ആംഗ്യം കാണിച്ചു. ഞാൻ ചില്ലിക്കയറിന്റെ ഒരു തല ചവച്ചു മാർദ്ദവമാക്കിക്കൊടുത്തു. തിരുമേനി (സ) അതുകൊണ്ട് മിസ്‌വാക് ചെയ്തു. അങ്ങിനെ, തിരുമേനി (സ) യെസ്സംബന്ധിച്ചേടത്തോളം, ഇഹലോകത്തിലെ അവസാനത്തേതും പരലോകത്തിലെ ആദ്യത്തേതുമായ ആ ദിവസത്തിൽ, എന്റെ വായിലെ നീരിനെ തിരുമേനി (സ) യുടെ വായിലെ നീരുമായി അല്ലാഹു ഏകോപിപ്പിച്ചു.'

ആഇശാ (റ) പറയുന്നു:— 'ആ ഘട്ടത്തിൽ, തിരുമേനി (സ) ഫാതിമാബീവിയെ അടുത്തു വിളിച്ചു അവരോട് ഒരു സ്വകാര്യം പറഞ്ഞു. അപ്പോൾ ഫാതിമാ കരഞ്ഞു. തിരുമേനി (സ) വീണ്ടും അവരോട് ഒരു സ്വകാര്യം പറഞ്ഞു. അപ്പോൾ അവർ ചിരിച്ചു പിന്നീട് ഇതിനെപ്പറ്റി ഫാതിമാബീവിയോട് ഞാൻ അന്വേഷിച്ചപ്പോൾ, 'ഈ രോഗത്തിൽ ഞാൻ മരിക്കും 'എന്നാണ്' ആദ്യം പറഞ്ഞ സ്വകാര്യമെന്നും, അതു കേട്ടപ്പോഴാണ് താൻ കരഞ്ഞതെന്നും, എന്റെ കുടുംബത്തിൽനിന്നു നീയാണ് ആദ്യം എന്നോട് ചേരുക' എന്നാണ് രണ്ടാമതു പറഞ്ഞ സ്വകാര്യമെന്നും, അതു കേട്ടപ്പോഴാണ് താൻ ചിരിച്ചതെന്നും ഫാതിമാബീവി പറയുകണ്ടായി.'

ഒരു വ്യക്തിക്കു രോഗം മൂർഛിക്കുകയും അയാൾ ആസന്നമരണനായിത്തീരുകയും ചെയ്താൽ അയാളുടെ വായയുടെ ഒരു വശത്തുകൂടി ആശ്വാസത്തിനു മരുന്നു ഒഴിക്കുക എന്നതു അക്കാലത്തു അറബികളുടെ ഇടയിൽ നടപ്പുള്ള ഒരു പതിവായിരുന്നു. ആ ക്രിയക്കു ലദ്ദ് എന്നാണ് പേർ. അബ്ബാസ് (റ) അഭിപ്രായപ്പെട്ടതനുസരിച്ചു അസ്മാബീ തിരുമേനി (സ) ക്കു ലദ്ദ് ചെയ്യുവെന്നു പറയപ്പെട്ടിട്ടുണ്ട്. ലദ്ദ് ചെയ്യുമ്പോൾ തിരുമേനി (സ) ക്കു ബോധമുണ്ടായിരുന്നില്ലെന്നും, ലദ്ദ് ചെയ്യാതിരിപ്പാൻ ആ അബോധാവസ്ഥയിൽ തിരുമേനി (സ) കൈകൊണ്ട് ആംഗ്യം കാണിച്ചുവെന്നും, ബോധം വീണ്ടുകിട്ടിയപ്പോൾ 'നോമ്പുകാരനായ എനിക്കു ലദ്ദ് ചെയ്തതെന്തിന്?' എന്നു തിരുമേനി (സ) ചോദിച്ചുവെന്നും, അബ്ബാസ് (റ) അഭിപ്രായപ്പെട്ടതനുസരിച്ചാണ് ലദ്ദ് ചെയ്തതെന്നു അസ്മാബീ(റ) ബോധിപ്പിച്ചുവെന്നും ചരിത്രകാരന്മാരിൽ ചിലർ പ്രസ്താവിച്ചിരിക്കുന്നു. [തിരുമേനി (സ) യുടെ ചരിത്രകാരന്മാർക്കിടയിൽ പക്ഷാന്തരങ്ങളുള്ള ഈ വിഷയത്തെക്കുറിച്ചു 'സീറ:ഹലബീ' എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.]

തിരുമേനി (സ) യുടെ രോഗാവസ്ഥയും തിരുമേനി (സ) സഹിക്കുന്ന വേദനകളും, തിരുമേനി (സ) യുടെ പ്രിയ പുത്രിയായ ഫാതിമാ (റ) യെ അത്യന്തം ദുഃഖിപ്പിച്ചു. 'ബാപ്പക്കുവേണ്ടി ഈ വേദനകളും ഞാൻ അനുഭവിച്ചുകൊള്ളാം' എന്നു ഫാതിമാ (റ) കണ്ണീരൊഴുക്കിക്കൊണ്ട് പ്രസ്താവിച്ചപ്പോൾ, സ്നേഹനിധിയായ തിരുമേനി (സ) 'ഇന്നത്തെ ദിവസം കഴിഞ്ഞാൽ ബാപ്പ പിന്നീട് വേദനയനുഭവിക്കുകയില്ല, മകളെ' എന്നു തിരുമേനി (സ) മറുപടി നല്കി. തിരുമേനി (സ) ഇപ്രകാരം തുടർന്നു:— 'നീ സ്ത്രീകളുടെ കൂട്ടത്തിൽ ഉത്തമയാണെന്നു ജിബ്‌രീൽ എന്നോട് പറഞ്ഞിരിക്കുന്നു. ഈ ക്ഷമകൊണ്ട് ആ പദവിയെ നീ വഹിപ്പിക്കുക.'

അബ്ദുല്ലാഹിബ്‌നു മസ്ഊദ് (റ) പറയുന്നു:—'തിരുമേനി (സ) ആസന്നമരണനായ ഘട്ടത്തിൽ, ആഇശാ (റ) യുടെ ഭവനത്തിൽ ഞങ്ങളെ വിളിച്ചുകൂട്ടി ഞങ്ങളോട് ഇപ്രകാരം

പറഞ്ഞു:- * 'അല്ലാഹു അവന്റെ രക്ഷ നിങ്ങൾക്കു സമ്മാനിക്കട്ടെ. നിങ്ങളിൽ വന്നു പോകുന്ന ന്യൂനതകളെ അല്ലാഹു പരിഹരിക്കട്ടെ അല്ലാഹു നിങ്ങൾക്കു ആഹാരം നൽകട്ടെ. അല്ലാഹു നിങ്ങളെ സഹായിക്കട്ടെ. അല്ലാഹു നിങ്ങളെ ഉന്നതരാക്കട്ടെ. അല്ലാഹു നിങ്ങൾക്കു ശരണം നല്കട്ടെ. അല്ലാഹു കല്പിച്ചതു അക്ഷരം പ്രതി പാലിക്കുവാനും വിരോധിച്ചതു അപ്പടി തിരസ്കരിക്കുവാനും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നതിനെക്കുറിച്ചു ഞാൻ നിങ്ങളെ ഭയപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ അവനാൽ നിയോഗിക്കപ്പെട്ട വ്യക്തമായ താക്കീതുകാരനാണു്. നിങ്ങൾ അല്ലാഹുവിന്റെ ഭൂമിയിൽ അഹങ്കരിച്ചു നടക്കരുതേ-കാരണം, പാരത്രിക സുഖം ഭൂമിയിൽ അഹങ്കരിച്ചു നടക്കുകയോ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്തവർക്കുള്ളതാണെന്നും, അന്ത്യവിജയം ധർമ്മചാരികൾക്കു മാത്രമുള്ളതാണെന്നും അവർ എന്നോടും നിങ്ങളോടും പറഞ്ഞിട്ടുണ്ടു്. മാത്രമല്ല അഹങ്കാരികളുടെ വാസസ്ഥലം നരകത്തിലാണെന്നു കൂടി അല്ലാഹു കാണിച്ചുതന്നിട്ടുണ്ടു്.'

'തിരുമേനി (സ) യുടെ ആയുസ്സവതി എപ്പോഴാ'ണെന്നു ഞങ്ങൾ അന്വേഷിച്ചു. 'ആസന്നമായി' എന്നു തിരുമേനി (സ) മറുപടി നല്കി. അതിനു ശേഷം, കളിപ്പിക്കൽ, കഫൻ ചെയ്യൽ എന്നിവയെസ്സംബന്ധിച്ചു (താഴെ കാണിച്ച വിധം) തിരുമേനി (സ) വസിയ്യത്തു് ചെയ്തു. 'ഈ കട്ടിലിൽ എന്നെ കിടത്തി, ഖബ്റിന്നടുത്തു വെച്ചു നിങ്ങൾ പുറത്തു പോകേണം. എനിക്കു വേണ്ടി ആദ്യം ജിബ്രീലും, രണ്ടാമതു മീകാഈലും, മൂന്നാമതു ഇസ്റാഫീലും, നാലാമതു ഇസ്റാഈലും, അതിനുശേഷം മറനേകം മലക്കുകളും നിസ്കരിക്കും. അതുകൊണ്ടു ഒരുസാഅതു് (ഏതാണ്ടു് ഒന്നേകാൽ മണിക്കൂർ) കഴിഞ്ഞാൽ നിങ്ങൾ അകത്തു കടന്നു ഒരു കൂട്ടത്തെത്തുടർന്നു മറെറാരു കൂട്ടം എന്ന നിലക്കു പല കൂട്ടങ്ങളായി നിസ്കരിച്ചുകൊള്ളുക. ആദ്യം എന്റെ 'അഹ്ലു ബൈ'തായ (കുടുംബക്കാരായ) പുരുഷന്മാരും, പിന്നീടു അവരിൽപ്പെട്ട സ്ത്രീകളും നിസ്കരിക്കട്ടെ. അതിനു ശേഷം മറുള്ളവർ നിസ്കരിക്കട്ടെ. നിങ്ങൾക്കും, ഇവിടെ ഹാജരില്ലാത്ത സഹാബിമാക്കും, ലോകാവസാനം വരെ എന്റെ ദീനിനെ തുടരുന്ന ഓരോരുത്തക്കും അല്ലാഹുവിന്റെ സലാം ഉണ്ടാവട്ടെ.'

ആഇശാ (റ) പറയുന്നു:-'സ്വർഗ്ഗത്തിൽ തങ്ങളുടെ ഭവനങ്ങളെക്കണ്ടു ആനന്ദിക്കാത്ത നിലയിൽ ഒരു നബിയും ഇഹലോകത്തിൽ നിന്നു യാത്ര തിരിക്കുന്നില്ല.'

'ആസന്നമരണനായ തിരുമേനി (സ) എന്റെ മടിയിൽ തല വെച്ചു കിടക്കുകയായിരുന്നു. പെട്ടെന്നു തിരുമേനി (സ) ക്കു ബോധക്ഷയം സംഭവിച്ചു. ബോധം വീണുകിട്ടിയപ്പോൾ, തിരുമേനി (സ) കണ്ണുകൾ മിഴിച്ചു, വീട്ടിന്റെ മച്ചിൽ നോക്കുകയും,' 'അല്ലാഹുമ്മ 'ഫിർറഫീ'ഖിൽ അ'അ്ലാ * എന്നു പറയുകയും ചെയ്തു.

അനസ് (റ) വെ തൊട്ടു ബുഖാരി (റ) പറയുന്നു:-'തിരുമേനിയുടെ സഹാബിമാർ അബൂബകർ സിദ്ദീഖ് (റ) വിനെ തുടർന്നുകൊണ്ടു സുഹ്നി നിസ്കരിക്കുമ്പോൾ, തിരുമേനി (സ) ആഇശാ (റ) യുടെ ഭവനത്തിൽ തിരുമേനി (സ) കിടക്കുകയായിരുന്നു. മുറിയുടെ വിരി നീക്കി പള്ളിയുടെ വാതുക്കൽ നിന്നു നിസ്കാരത്തി

* തിരുമേനി (സ) യുടെ വചനങ്ങളുടെ വിവർത്തനമാണു് ഉദ്ധരിച്ചിട്ടുള്ളതു്.

* റഫീഖുൽ അഅ്ലാ എന്ന വാക്കിനു, അത്യുന്നതനായ തങ്ങാതു് എന്നർത്ഥമുണ്ടു്.

ന്റെ അണികളേയും ക്രമങ്ങളേയും നോക്കി, സംതൃപ്തനായ നിലയിൽ പുഞ്ചിരി തൂകി. തിരുമേനി (സ) നിസ്‌ക്കാരത്തിൽ സംബന്ധിക്കുമെന്നു തോന്നിയ അബൂബകർസിദ്ദീഖ്(റ) ഇമാമത്തിൽനിന്നു അണിയിലേക്കു പിന്മാറുവാൻ ഒങ്ങിയപ്പോൾ തിരുമേനി (സ) നിസ്സാരം ആ നിലയിൽ തുടരുവാൻ ആംഗ്യം കാണിക്കുകയും വീട്ടിനകത്തു കയറി വിരി താഴ്ത്തുകയും ചെയ്തു.

ഈ സംഭവത്തെക്കുറിച്ചു പ്രസ്താവിക്കപ്പെട്ട മറെറാരു വാത്ത ചുവടെ ഉദ്ധരിക്കുന്നു:— 'തിരുമേനി (സ) വഫാതായതു തിങ്കളാഴ്ച ദിവസം ളുഹാ സമയത്താണു്. അന്നു പ്രഭാതത്തിൽ തിരുമേനി (സ) ക്കു ആശ്വാസം തോന്നി. ആകയാൽ സുബ്ഹി നിസ്കരിപ്പാനായി, വീട്ടിൽനിന്നു പള്ളിയിൽ കടന്നു. അപ്പോഴേക്കും സഹാബിമാർ അബൂബകർ സിദ്ദീഖ് (റ) വിനെ ഇമാമാക്കിക്കൊണ്ടു ഒരു റക്അത് നിസ്കരിച്ചു, രണ്ടാം റക്അത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. തിരുമേനി (സ) യെ കണ്ടപ്പോൾ അബൂബകർ സിദ്ദീഖ് (റ) ഇമാമിന്റെ സ്ഥാനത്തുനിന്നു അണിയിലേക്കു പിന്മാറുവാൻ ഒരുമ്പെട്ടു. തിരുമേനി (സ) അദ്ദേഹത്തെ ആ സ്ഥാനത്തു തന്നെ പിടിച്ചു നിറുത്തുകയും അദ്ദേഹത്തിന്റെ അടുത്തായി ഇരുന്നുകൊണ്ടു ഒരു റക്അത്തു് നിസ്കരിക്കുകയും, അദ്ദേഹം സലാം വീട്ടിയപ്പോൾ, ഒരു റക്അത്തുകൂടി നിസ്കരിച്ചു സുബ്ഹി നിസ്കാരം പൂർത്തിയാക്കുകയും ചെയ്തു. തിരുമേനി (സ) യുടെ സുഖസ്ഥിതി കണ്ടു സഹാബിമാർ ഹൃദയം തുറന്നു സന്തോഷിച്ചു. സനഹിലേക്കു പോകുവാൻ അബൂബകർ സിദ്ദീഖ് (റ) വിന്നു തിരുമേനി (സ) അനുമതി നൽകി. തിരുമേനി (സ) ആഇശാ (റ) യുടെ ഭവനത്തിലേക്കു തിരിച്ചു പോയി. തിരുമേനി (സ) യുടെ രോഗം ശമിച്ചതായിക്കണ്ടപ്പോൾ, പത്നിമാർ അവരവരുടെ ഭവനങ്ങളിലേക്കു പോവുകയുണ്ടായി. പക്ഷെ, വളരെ വൈകാതെ രോഗം അധികരിച്ചു. പത്നിമാരെല്ലാവരും ഉടനെ ആഇശാ (റ)യുടെ ഭവനത്തിലേക്കു തിരിച്ചു വന്നു.'

തിരുമേനി (സ) യുടെ വഫാതിന്റെ മൂന്നാദിവസം മുമ്പു് അല്ലാഹുവിന്റെ കല്പനപ്രകാരം ജീബ്രീൽ (അ) തിരുമേനി (സ) യെ സന്ദർശിച്ചു, സുഖസ്ഥിതികൾ ആരാഞ്ഞു. 'ഭാരിച്ച ക്ലേശവും വേദനയും എനിക്കു അനുഭവപ്പെടുന്നു'വെന്നു തിരുമേനി (സ) ജിബ്രീൽ (അ) നെ അറിയിച്ചു. പിറെറദിവസവും ഈ സംഭവം ആവർത്തിച്ചു. * മൂന്നാം ദിവസം വഫാതിന്റെ—ജിബ്രീൽ (അ) മലകുൽമൌത് അസ്റാഈൽ (അ) യോടൊപ്പമാണു് തിരുമേനി (സ) യെ സന്ദർശിച്ചതു്. അസ്റാഈൽ (അ) പുറത്തുനിന്നു. ജിബ്രീൽ (അ) അകത്തുകടന്നു സലാംചൊല്ലിയശേഷം തിരുമേനി (സ) യെ ഇപ്രകാരം അറിയിച്ചു:—'അസ്റാഈൽ താങ്കളുടെ അനുമതി പ്രതീക്ഷിച്ചുകൊണ്ടു പുറത്തു നിൽക്കുന്നുണ്ടു്. ആ മലക്കു് നാളിതുവരെ ഒരാളുടെ സമ്മതം കാത്തുനിന്നിട്ടില്ല, മേലിൽ നിൽക്കുകയുമില്ല.' അകത്തു കടന്നു വരുവാൻ തിരുമേനി (സ) അനുവാദം നൽകിയപ്പോൾ, അകത്തു പ്രവേശിച്ച അസ്റാഈൽ (അ) ഇപ്രകാരം ബോധിപ്പിച്ചു:—'യാറസൂലല്ലാഹ' അല്ലാഹു എന്നെ താങ്കളുടെ സന്നിധിയിലേക്കു അയച്ചിരിക്കുകയാണു്. താങ്കളുടെ ഹിതാനുസാരം പ്രവർത്തിപ്പാനാണു് എന്നോടു കല്പിച്ചിട്ടുള്ളതു്. അതുകൊണ്ടു താങ്കൾ അനുവദിക്കുന്നപക്ഷം റൂഹിനെ പിടിക്കാം; അല്ലാത്തപക്ഷം തിരിച്ചു പോകാം.' 'താങ്കളുടെ ജോലി താങ്കൾ നട

* തിരുമേനി (സ) യോടു അല്ലാഹുവിനുള്ള സ്നേഹാധിക്യമാണു് ഈ സംഭവത്തിന്റെ നിദാനം.

ത്തിക്കൊള്ളുക' എന്നു തിരുമേനി (സ) മറുപടിനൽകി. അപ്പോൾ ജിബ്‌രീൽ (അ) പറഞ്ഞു:-'യാറസൂലുള്ളാ, ഭൂലോകത്തേക്കുള്ള എന്റെ വരവ് അവസാനിച്ചുവല്ലൊ. ഭൂലോകത്തേക്കുള്ള എന്റെ വരവിന്റെ ഉദ്ദേശ്യം താങ്കൾ മാത്രമായിരുന്നുവല്ലൊ.'

അസ്‌റാഈൽ (അ) തന്റെ പ്രവർത്തനം ആരംഭിച്ചു. മരണവേദനയുടെ അവർണ്ണനീയമായ കാഠിന്യം തിരുമേനി (സ) യെ ഗ്രസിച്ചു. * ആ ഘട്ടത്തിൽ തിരുമേനി (സ) ഇപ്രകാരം അരുളുകയുണ്ടായി:- 'ജനങ്ങളെ, നിങ്ങളിലാർക്കെങ്കിലും വല്ല യാതനയും സംഭവിച്ചാൽ, ഞാൻ അനുഭവിച്ച യാതനകളെ ഓർത്തു നിങ്ങൾ അതു സഹിച്ചുകൊള്ളുക. എനിക്കു സംഭവിച്ചതുപോലുള്ള ഒരു യാതന എന്റെ അനുയായികളിൽ ആർക്കുംതന്നെ സംഭവിക്കുകയില്ല.' [തിരുമേനി (സ) അനുഭവിച്ച വ്യസനത്തെയും യാതനയേയും അപേക്ഷിച്ചു മറ്റെല്ലാ വ്യസനങ്ങളും യാതനകളും നിസ്സാരമാണെന്നു പറയുന്നതിന്റെ കാരണം അതാണ്. ' അബുൽഐസാഅ് (റ) പറയുന്നു:-'മദീനക്കാരിൽ വല്ലവർക്കും വല്ല ദുഃഖവും സംഭവിച്ചാൽ, അയാളുടെ സ്നേഹിതന്മാർ അയാളെ സന്ദർശിക്കുകയും, 'അല്ലാഹുവിന്റെ ദാസാ, താങ്കൾ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക; താങ്കൾക്കു അല്ലാഹുവിന്റെ റസൂലുമായി ഉൽക്കടമായ തുടർച്ചബന്ധമുണ്ട്" എന്നു പറയുകയും, ആ വാക്കു ദുഃഖിതനെ ദുഃഖവിമുക്തനാക്കുകയും ചെയ്തിരുന്നു.' ക്ലേശങ്ങളൊ വിപത്തുകളൊ സംഭവിക്കുമ്പോൾ, തിരുമേനി (സ) അനുഭവിച്ച ക്ലേശങ്ങളെയും തരണംചെയ്ത വിപത്തുകളെയും ഓർത്തു ക്ഷമിക്കുന്നവർക്കു ഗണ്യമായ പുണ്യം സിദ്ധിക്കുമെന്നു ഇതിൽനിന്നു വ്യക്തമാവുന്നു]

തിരുമേനി (സ) യുടെ മഹത്ത്വത്തിന്റെ വിപുലീകരണത്തിനുവേണ്ടിയും, പിൻഗാമികൾക്കു ഗുണപാഠവും അറിവും നൽകുന്നതിനുവേണ്ടിയും, അവർക്കു ക്ഷമയുടെ മാഹാത്മ്യം മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടിയും, അല്ലാഹു തിരുമേനി (സ) യുടെ മരണവേദനയെ അധികരിപ്പിച്ചു. ഈ ആന്തരോദ്ദേശ്യം തിരുമേനി (സ) യുടെ ഹൃദയത്തെ ആനന്ദംകൊള്ളിച്ചു. 'തമ്പുരാനെ, സന്ധുക്കളിൽനിന്നും, നാഡിഞരമ്പുകളിൽനിന്നും, കൈകാലുകളുടെ വിരലുകളിൽനിന്നും വഹിനെ പിടിപ്പിക്കേണമെ' എന്നു തിരുമേനി (സ) പ്രാർത്ഥിച്ചു. അനന്തരം, ക്ലേശത്തെ വ്യക്തമാക്കിക്കൊണ്ടു തിരുമേനി (സ) ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി:- 'തമ്പുരാനെ, മരണത്തെസ്സംബന്ധിച്ചേടത്തോളം നീ എനിക്കു ഉതക്കം ചെയ്യേണമെ. എന്നെ സ്സംബന്ധിച്ചേടത്തോളം നീ മരണത്തെ എളുപ്പമാക്കിത്തരേണമെ.' ഈ സംഭവങ്ങളിൽ നിരവധി ഗുണപാഠങ്ങൾ അടങ്ങീട്ടുണ്ടെന്നു ബൈഹഖീ (റ) 'ദലാഇലുന്നുബുവ്വത്' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ആഇശ (റ) പറയുന്നു:- 'അല്ലാഹുവിന്റെ റസൂൽ എന്റെ ഭവനത്തിൽ, എനിക്കു വകാശപ്പെട്ട ദിവസത്തിൽ, എന്റെ നെഞ്ഞിലും എന്റെ മാറിലും വഫാതായി.' [തിരുമേനി (സ) യുടെ തലയും കഴുത്തും ആഇശ (റ) യുടെ നെഞ്ഞിലും മാറിലും വെച്ച നിലയിലാണ് തിരുമേനി (സ) വഫാതായതു്. ആഇശാ (റ) യുടെ മാറിൽ ചാരിക്കിടന്നപ്പോൾ, തിരുമേനി (സ) ക്കു ആശ്വാസം ലഭിച്ചുവെന്നും സത്യത്തിൽ അവരുടെ കൈകളുടെ വെളുപ്പിനെ അഥവാ ദേഹത്തെ തിരുമേനി (സ) കണ്ടുവെന്നും തിരുമേനി (സ) അരുളിയതായി പറയപ്പെട്ടു]

---

* ഐഹികമായ തീവ്രയാതനകൾക്കു വിധേയരാകുന്നവർ നബിമാരും, അതിനുശേഷം നബിമാരോടു അടുത്ത പുണ്യപുരുഷന്മാരുമാണെന്നു തിരുമേനി (സ) അരുളീട്ടുണ്ട്.

ട്ടുണ്ട്. തിരുമേനി (സ) ഹമാബീയുടെ വീട്ടിൽ മല കടിച്ചു താമസിച്ച കാലത്തു് ആദ്യം ഉച്ചരിച്ച വാക്കു്. 'അല്ലാഹു അക്‌ബർ' എന്നാണെന്നും, തിരുമേനി (സ) മരണസമയത്തു അവസാനം ഉച്ചരിച്ച വാക്കു് 'അർറഫീഖുൽ അഅ്‌ലാ' എന്നാണെന്നും ഇമാം വാഖിദീ (റ) വിന്റെ ഒരു ഗ്രന്ഥത്തിൽ താൻ കാണുകയുണ്ടായെന്നു ഇമാംസുഹൈലീ (റ) പ്രസ്താവിച്ചിരിക്കുന്നു. 'ജലാലുറബ്ബീ അർറഫീഅ്" എന്നാണു് തിരുമേനി (സ) അവസാനമായി ഉച്ചരിച്ചതെന്നു അനസ് (റ) വെ തൊട്ടു് ഹാകിം (റ) പ്രസ്താവിച്ചിരിക്കുന്നു. ഈ രണ്ടു അഭിപ്രായങ്ങളും 'മവാഹിബ്' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. മേൽ പറഞ്ഞ രണ്ടും, അല്ലാഹുവിന്റെ തിരുസന്നിധിയിൽ തിരുമേനി (സ) ക്കുള്ള ഒരു പ്രത്യേക നിലപാടിന്റെ പേരാകുന്നു. ആ നിലപാടിൽ മലക്കുകളും തിരുമേനി (സ) യുടെ ചങ്ങാതിമാരായിരിക്കുമെന്നും, നബിമാരുമായി തിരുമേനി (സ) സമ്മേളിക്കുമെന്നും, അല്ലാഹുവുമായുള്ള കൂടിക്കാഴ്ച തന്നെയാണു് 'അർറഫീഖുൽഅഅ്‌ലാ' എന്ന വാക്കിലെ ഉദ്ദേശ്യമെന്നും പറയപ്പെട്ടിട്ടുണ്ടു് 'ഒരാളുടെ അവസാന വചനം, ലാഇലാഹ ഇല്ലല്ലാ: എന്ന തൌഹീദാണെങ്കിൽ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും' എന്നു തിരുമേനി (സ) അരുളീട്ടുണ്ടു്. എന്നിരിക്കെ, തിരുമേനി (സ) യുടെ അന്ത്യമൊഴി' റഫീഖുൽഅഅ്‌ല' എന്നായതിന്റെ സാരമെന്തു്? തൌഹീദിന്റെ വചനം നാവുകൊണ്ടു മൊഴിയേണ്ടതില്ലെന്നും മനസ്സുകൊണ്ടു കരുതിയാൽ മതിയെന്നും പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ടു്. പ്രസ്തുത വചനത്തിൽ അതു ഉൾപ്പെട്ടിട്ടുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു. അൽഹാഫിളു് (റ) പറയുന്നു:- 'തിരുമേനി (സ) യുടെ റൂഹ് പിടിക്കപ്പെട്ടു. എന്നിട്ടു സ്വർഗ്ഗത്തിൽ തിരുമേനി(സ) ക്കുള്ള ഭവനത്തെ അതിനു കാണിച്ചുകൊടുത്തു. അനന്തരം ആ റൂഹിനെ തിരുമേനി (സ)യുടെ ശരീരത്തിലേക്കു തന്നെ തിരിച്ചയച്ചു. അതിനുശേഷം, ഇഹലോകത്തു ജീവിക്കുവാൻ ഇഷ്ടപ്പെടുന്നുണ്ടോ എന്നു ചോദിക്കപ്പെട്ടു. അപ്പോൾ, 'അർറഫീഖുൽഅഅ്‌ലാ' എന്നു തിരുമേനി (സ) പറയുകയുണ്ടായി. അതായതു്, അല്ലാഹുവിന്റെ തിരുസന്നിധിമാത്രം മതിയെന്നു പ്രസ്താവിച്ചു. "റൂഹിനെ പിടിക്കുകയും, അവക്കുള്ള പ്രതിഫലത്തെ കാണിച്ച ശേഷം ആ റൂഹിനെ അതിന്റെ ശരീരത്തിലേക്കു മടക്കുകയും ചെയ്യപ്പെടാത്ത ഒരു നബിയും ഇല്ല' എന്നു ആഇശാ (റ) യിൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഹദീസിനും ഈ വസ്തുതയുമായി ധാരാളം യോജിപ്പുണ്ടു്. ആഇശാ (റ) യെ തൊട്ടു ഇബ്‌നുഹിബ്ബാൻ (റ) പറയുന്നു:- 'തിരുമേനി (സ) യുടെ തല എന്റെ മടിയിലായിരുന്നു. അപ്പോൾ തിരുമേനി (സ) ക്കു ബോധക്കേടുണ്ടായി. ഞാൻ തിരുമേനി (സ) യുടെ ശരീത്തിൽ തടവിക്കൊണ്ടു ശമനത്തിന്നായി പ്രാർത്ഥിച്ചു. തിരുമേനി (സ) ക്കു ബോധം വന്നു. 'അസ്‌അലുള്ളാഹർറഫീഖൽ അഅ്‌ലാ' എന്നു തിരുമേനി (സ) പറഞ്ഞു.

ഹിജ്രാബ്ദം പതിനൊന്നാം വർഷത്തിലെ റബീഉൽ അവ്വൽമാസം ആദ്യവാരത്തിലെ തിങ്കളാഴ്ച ദിവസം ഉച്ചയോടടുത്ത സമയത്തു് തിരുമേനി (സ) ഇഹലോകവാസം വെടിഞ്ഞു. തിരുമേനി (സ) വഫാതായതു റബീഉൽഅവ്വലിലെ പൂർവ്വാർദ്ധത്തിലുള്ള തിങ്കളാഴ്ച ദിവസമാണെന്നുള്ളതിൽ ചരിത്രകാരന്മാരിൽ എല്ലാവരും ഏകാഭിപ്രായക്കാരാകുന്നു. തിയ്യതിയെ സംബന്ധിച്ചേടത്തോളം അവക്കിടയിൽ പക്ഷാന്തരമുണ്ടു്. റബീഉൽഅവ്വൽ പന്ത്രണ്ടാം തിയ്യതിയാണു് തിരുമേനി (സ) വഫാതായതെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. തിരുമേനി(സ) വഫാതായതു് റബീഉൽഅവ്വൽ മാസത്തിൽ പതിമൂന്നാം തിയ്യതിയോ പതിനാലാം

തിയ്യതിയൊ അല്ലാതെ പന്ത്രണ്ടാംതിയ്യതി തിങ്കളാഴ്ച വരികയില്ലെന്നാണ് ഇമാംസുഹൈലീ (റ) വിന്റെ പക്ഷം. കാരണം, ഹജ്ജത്തുൽവിടാഇൽ അഫാന്റെ നിവൃത്തം വെള്ളിയാഴ്ച യാണെന്നു മുസ്‌ലിംകൾ ഐകൃകണ്ഠ്യേന സമ്മതിച്ചിട്ടുണ്ട്. ആ വെള്ളിയാഴ്ച ദുൽഹജ്ജ് മാസം ഒമ്പതാംതിയ്യതിയായിരുന്നു. അതനുസരിച്ചു മുഹർറം മാസം ഒന്നാംതിയ്യതി വെള്ളിയാഴ്ചയൊ ശനിയാഴ്ചയൊ ആയിരിക്കും. മുഹർറമാസം ഒന്നാംതിയ്യതി ശനിയാഴ്ചയാണെന്നു തീരുമാനിച്ചു. അപ്പോൾ സഫർമാസം ഒന്നാംതിയ്യതി ഞായറാഴ്ചയൊ തിങ്കളാഴ്ചയൊ ആയിരിക്കും. എങ്ങിനെ നോക്കിയാലും റബീഉൽഅവ്വൽ മാസം പന്ത്രണ്ടാംതിയ്യതി തിങ്കളാഴ്ച ആകുവാൻ നിർവ്വാഹമില്ല. റബീഉൽഅവ്വൽ ഒന്നാംതിയ്യതി തിങ്കളാഴ്ചയാവാനും രണ്ടാംതിയ്യതി തിങ്കളാഴ്ചയാവാനും സാദ്ധ്യതയുണ്ട്. അങ്ങിനെ അഭിപ്രായങ്ങളുമുണ്ട്. പക്ഷെ, റബീഉൽഅവ്വൽ പന്ത്രണ്ടാംതിയ്യതി തിങ്കളാഴ്ച യാണെന്നുള്ള അഭിപ്രായത്തിനു ഒരു വിധത്തിലും ഔചിത്യം കാണുന്നില്ല. റബീഉൽഅവ്വൽ പതിമൂന്നാംതിയ്യതി തിങ്കളാഴ്ച എന്ന ഇമാം സുഹൈലീ (റ) വിന്റെ അഭിപ്രായത്തിനും സ്വീകാര്യത കാണുന്നില്ല. ഇബ്നുഅബ്ബാസ് (റ) പറയുന്നു:- തിരുമേനി (സ) ജനിച്ചതും, തിരുമേനി (സ) ക്കു നബുവ്വത്തു് ലഭിച്ചതും, തിരുമേനി (സ) ഹിജ്റപോയതും, തിരുമേനി(സ) മദീനയിൽ പ്രവേശിച്ചതും, തിരുമേനി (സ) വഫാതായതും തിങ്കളാഴ്ചകളിൽ തന്നെ.'

ഖബ്റടക്കം ചെയ്യുന്നതിനു മുമ്പുള്ള രംഗം

തിരുമേനി (സ) വഫാതായ ദിവസം സുബ്ഹി നിസ്കാരാനന്തരം അബൂബകർ സിദ്ദീഖ് (റ) മദീനയിലെ സുനഹ് എന്ന സ്ഥലത്തേക്കു പോയ വിവരം പറഞ്ഞുവല്ലോ. അദ്ദേഹം തിരിച്ചെത്തുന്നതിനു മുമ്പ് തിരുമേനി (സ) വഫാതായി. തന്നിമിത്തം തിരുമേനി(സ) യുടെ അന്ത്യനിമിഷങ്ങൾ കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആഇശാ (റ) യെ തൊട്ട് ഇമാം അഹ്മദ് (റ) പറയുന്നു:—'തിരുമേനി (സ) വഫാതായപ്പോൾ ഉമർ ഖത്താബ്, മുഗീറത്തുബ്നു ശുഅ്ബത് എന്നിവർ എന്റെ വീട്ടിൽ വന്നു അകത്തു കടക്കുവാൻ അനുവാദം ചോദിച്ചു. അവർ അകത്തു കടന്നു തിരുമേനി (സ) യെ നോക്കി. തിരുമേനി (സ) ക്കു മോഹാലസ്യം സംഭവിച്ചിരിക്കുകയാണെന്നു ഉമർ ഖത്താബ് അഭിപ്രായപ്പെട്ടു. അതിനു ശേഷം രണ്ടു പേരും പുറത്തു പോകുവാൻ ഒരുങ്ങി. അപ്പോൾ മുഗീറത് പറഞ്ഞു:-'ഉമറെ, തിരുമേനി (സ) വഫാതായിരിക്കുന്നു.' അപ്പോൾ ഉമർ പറഞ്ഞു:-'മുഗീറതെ, താങ്കൾ കള്ളം പറയുകയാണ്. മുനാഫിഖുകളുടെ മുരടറുക്കാതെ തിരുമേനി (സ) വഫാതാവുകയില്ല. തിരുമേനി (സ) വഫാതായി എന്നു വല്ലവരും പറഞ്ഞാൽ ഞാൻ അയാളുടെ കഴുത്തു വെട്ടും എന്നു പറഞ്ഞുകൊണ്ടു ഉമർ (റ) ഉറയിൽനിന്നു വാളൂരിപ്പിടിച്ചു. അദ്ദേഹത്തിന്റെ രോഷഭാവം കണ്ടു ജനങ്ങൾ ഭയവിഹ്വലരായി. തിരുമേനി (സ) യുടെ വഫാതിനെക്കുറിച്ചു ആരും ഒന്നും മിണ്ടിയില്ല. സാലിമുബ്നു ഉബൈദിൽ അശ്ജഈ (റ) പറയുന്നു:—'തിരുമേനി (സ) വഫാതായപ്പോൾ, ഉമർ ഖത്താബോളം അസഹ്യത കാണിച്ച മറെറാരാളെ ഞാൻ കാണുകയുണ്ടായില്ല. അല്ലാഹുവിന്റെ റസൂൽ വഫാതായി എന്നു വല്ലവരും പറയുന്നതായി ഞാൻ കേട്ടാൽ ഈ വാൾ കൊണ്ടു ഞാൻ അയാളുടെ കഴുത്തു വെട്ടും എന്നു അദ്ദേഹം പറഞ്ഞതു ഞാൻ കേട്ടു. അബൂബകർ സിദ്ദീഖിനെ വിളിച്ചു കൊണ്ടു വരുവാൻ ജനങ്ങൾ എന്നോടു ആവശ്യപ്പെട്ടു. ഞാൻ പുറപ്പെട്ടു. വഴിയിൽ വെച്ചു അദ്ദേഹത്തെ ഞാൻ കണ്ടു മുട്ടി. ഞാൻ പൊട്ടിക്കരഞ്ഞു. 'സാലിമെ, തിരുമേനി (സ)

വഫാതായോ എന്ന അദ്ദേഹം എന്നോടന്വേഷിച്ചു. 'അങ്ങിനെ പറയുന്നവരുടെ കഴുത്തു വെട്ടുമെന്ന ഉമർ ഖത്താബ് പറയുന്നു' വെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം നടന്നു, തിരുമേനി (സ) കിടക്കുന്ന മുറിയിൽ പ്രവേശിച്ചു. തിരുമേനി (സ) യുടെ മുഖം കണ്ടതോട്ടു കൂടി അദ്ദേഹം 'ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജി'ഊൻ' * എന്നു പറഞ്ഞുകൊണ്ടു കണ്ണീരൊഴുക്കി.

വ്യസനാക്രാന്തനായ അബൂബക്കർ സിദ്ദീഖ് (റ) തിരുമുഖം ചുംബിച്ചുകൊണ്ടു അദ്ദേഹം ഇപ്രകാരം പറഞ്ഞു:—'പടച്ചവനാണെ സത്യം, തിരുമേനി (സ) വഫാതാവുകയില്ല. അല്ലാഹുവിന്റെ റസൂലെ, തിരുമേനിയിൽ അല്ലാഹു കൃപ ചെയ്യട്ടെ. . എന്തൊരു വസ്തുവാണ് തിരുമേനി (സ) യുടെ ജീവിതകാലത്തും ഇപ്പോൾ വഫാതായ അവസരത്തിലും തിരുമേനിയിൽ ഇത്രയേറെ സുഗന്ധം പരത്തിയതു'! എന്നെസ്സംബന്ധിച്ചേടത്തോളം മാതാവിന്നും പിതാവിന്നും പകരം തങ്കളാണല്ലൊ. അല്ലാഹു തങ്കളെസ്സംബന്ധിച്ചേടത്തോളം രണ്ടു മരണങ്ങളെ ഒരുമിച്ചു കൂട്ടാതിരിക്കട്ടെ.**

ആഇശാ (റ) പറയുന്നു:—'ഉമർ ഖത്താബ് എഴുന്നേറ്റു നിന്നു കൊണ്ടു, പടച്ചവനാണെ സത്യം, അല്ലാഹുവിന്റെ റസൂൽ വഫാതായിട്ടില്ല എന്നു പറഞ്ഞു. അപ്പോൾ ബാപ്പ എത്തിച്ചേർന്നു. ബാപ്പ തിരുമേനി (സ) യുടെ മുഖം ചുംബിച്ചു. എന്നിട്ടു 'യാറസൂലുള്ളാ, എന്നെസ്സംബന്ധിച്ചേടത്തോളം ഉമ്മക്കും ബാപ്പാക്കും പകരമായിട്ടുള്ളവരാണു താങ്കൾ. ജീവിച്ചപ്പോഴും മരിച്ചപ്പോഴും താങ്കൾക്കു ഇത്രയേറെ സുഗന്ധം നൽകിയ വസ്തുവേതു" എന്നു പറഞ്ഞു. അനന്തരം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു ജനങ്ങളോടായി ബാപ്പ ഇപ്രകാരം പറയുകയുണ്ടായി:—'മുഹമ്മദ് നബിക്കു വല്ലവരും വഴങ്ങിയിരുന്നെങ്കിൽ, മുഹമ്മദ് നബി മരിച്ചു കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്നു വഴങ്ങിയവരെസ്സംബന്ധിച്ചാവട്ടെ, അല്ലാഹു ജീവിച്ചിരിപ്പുണ്ടു; അവന്നു മരണമില്ല.' അതിന്നു ശേഷം, 'ഇന്നകമയ്യിതുൻ വഇന്നഹും മയ്യിതൂൻ' എന്ന ആയത്തും,' വമാ മു'ഹമ്മദുൻ ഇല്ലാ റസൂലുൻ ഖദ് 'ഖലത്' മിൻ ഖബ്‌ലുഹുർറുസുലു' എന്ന ആയത്തു് പൂർണ്ണമായും അദ്ദേഹം ഓതുകയുണ്ടായി.'

സഹാബിമാർക്കു വ്യസനവും കണ്ണീരും നി

---

* നിശ്ചയമായും നാം അല്ലാഹുവിങ്കൽ നിന്നു വന്നു; നമ്മുടെ മടക്കവും അവങ്കലേക്കു തന്നെ.

**'രണ്ടു മരണങ്ങളെ ഒരുമിച്ചു കൂട്ടാതിരിക്കട്ടെ' എന്നു അബൂബക്കർ സിദ്ദീഖ് (റ) പറഞ്ഞതിനെ പണ്ഡിതന്മാർ പല നിലയിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.

നബിമാർ ഒരു തവണ മരിച്ച ശേഷം വീണ്ടും ജീവിച്ചു അവരുടെ ജനങ്ങൾക്കിടയിൽ ചിലതെല്ലാം പ്രവർത്തിച്ച ശേഷം വീണ്ടും മരിക്കും എന്നു ചിലർ വിശ്വസിക്കുന്നുണ്ടു്. ആ വിശ്വാസം ശരിയല്ലെന്നു കാണിപ്പാനും ആ വിശ്വാസത്തെ ഖണ്ഡിപ്പാനുമാണു് അബൂബക്കർ സിദ്ദീഖ് (റ) അപ്രകാരം പറഞ്ഞതെന്നാണു് പണ്ഡിതന്മാരിൽ ഒരു കക്ഷിയുടെ പക്ഷം.

രണ്ടു മരണം കൊണ്ടു ഉദ്ദേശിക്കപ്പെട്ടതു ഒന്നു തിരുമേനി (സ) യുടെ മരണവും രണ്ടാമത്തേതു ദീനിന്റെ മരണവുമാണെന്നും, തിരുമേനി (സ) യുടെ മരണം സംഭവിച്ചു; ഇനി ദീനിന്റെ മരണം സംഭവിക്കാതിരിക്കട്ടെ എന്ന രീത്തിലാണു് അദ്ദേഹം പ്രാർത്ഥിച്ചതെന്നുമാണു് പണ്ഡിതന്മാരിൽ മറെറാരു പക്ഷത്തിന്റെ അഭിപ്രായം.

യന്ത്രിപ്പാൻ കഴിഞ്ഞില്ല. വ്യസനാധിക്യത്തൽ അവർ നിശ്ചലകണ്ണായിത്തീർന്നു. അവരുടെ ഭാവങ്ങളും വികാരങ്ങളുമെല്ലാം കണ്ണുകളിൽ തങ്ങിനിന്നു അവരെ ശ്വാസംമുട്ടിച്ചു. സഹാബിമാരിൽ ചില ബുദ്ധിഭ്രമം സംഭവിച്ചവരെപ്പോലെ ആയിത്തീർന്നു. ചിലരുടെ ചിന്താശക്തി സ്തംഭിച്ചുപോയി. ചിലക്കു സംസാരിപ്പാൻ കഴിഞ്ഞില്ല. ചിലക്കു ഇരുന്നേടത്തുനിന്നു എഴുന്നേൽപ്പാൻ സാധിച്ചില്ല. ചിലരുടെ ഹൃദയങ്ങൾ ഉരുകി. പലക്കും ഗണ്യമായ ക്ഷീണം ബാധിച്ചു. ഉമർഖത്താബ് (റ) ഭ്രാന്തനെപ്പോലെ ആയിപ്പോയി ഉസ്മാൻബ്നുഅഫ്ഫാൻ (റ) സംസാരിപ്പാൻ കഴിയാതെ, മൂകനെപ്പോലെ ആയിപ്പോയി. അലീ (ക. വ.) എഴുന്നേറു നിൽപ്പാൻ കഴിയാതെ ഇരുന്നുപോയി. അബ്ദുല്ലാഹിബ്നുഅന്നസ് (റ) ക്ഷീണിച്ചു മരിച്ചുപോയി. അബൂബകർസിദ്ദീഖ് (റ) വിന്റെ ഹൃദയത്തിന്നേറ്റ ആഘാതം അദ്ദേഹത്തിന്റെ മരണത്തിന്നു കാരണമായി.

റസൂൽവഫാതായി എന്നു വല്ലവരും പറഞ്ഞാൽ അവരുടെ കഴുത്തറക്കും എന്നു ഉമർഖത്താബ് (റ) രോഷാകുലനായി പ്രഖ്യാപിച്ചതുമൂലം, സഹാബികൾ ഭീതരായി നിൽക്കുമ്പോൾ, റസൂൽ വഫാതായി എന്നു അബൂബകർസിദ്ദീഖ് (റ) സധീരം പ്രഖ്യാപിച്ചപ്പോൾ പെട്ടെന്നു ആ രംഗത്തിന്നു ഒരു മാറ്റം സംഭവിച്ചു. സഹാബിമാരുടെ ഭീതി, വ്യസനവും രോദനവുമായിമാറി. ഈ സന്ദർഭത്തിൽ തിരുമേനി (സ) യുടെ പിതൃവ്യനായ അബ്ബാസ് (റ) ഉമർഖത്താബ് (റ) വോട് ഇപ്രകാരം ചോദിച്ചു:-'തിരുമേനി (സ) അങ്ങിനെ (ഞാൻ മരിക്കുകയില്ലെന്നു) അരുളിയതായി താങ്കൾ അറിഞ്ഞിട്ടുണ്ടോ?' അബ്ബാസ് (റ) ഇപ്രകാരം തുടർന്നു:-'തിരുമേനി (സ) യോട് കല്പിക്കപ്പെട്ടതിനെ നിങ്ങൾക്കു എത്തിക്കാതെയും, നിങ്ങളെ നേർമാർഗ്ഗത്തിലാക്കാതെയും തിരുമേനി (സ) മരിച്ചിട്ടേ ഇല്ല.' ഈ വാചകത്താൽ, തിരുമേനി (സ) മരിച്ചുവെന്ന അബൂബകർസിദ്ദീഖ് (റ) വിന്റെ ധീരമായ പ്രഖ്യാപനത്തെ അദ്ദേഹം ഉറപ്പിക്കുകയും, തിരുമേനി (സ) മരിച്ചിട്ടില്ല എന്ന ഉമർ(റ) വിന്റെ പ്രഖ്യാപനത്തിന്നു അദ്ദേഹം ഒരു വ്യാഖ്യാനം നൽകുകയും ചെയ്തു. തിരുമേനി (സ) യുടെ വഫാതിനെ തുടർന്നുണ്ടായ പ്രസ്തുത സംഭവം ചരിത്രത്തിലെ അതുല്യനായ ധീരൻ എന്ന പദവി അബൂബകർസിദ്ദീഖ് (റ) വിന്നു നേടിക്കൊടുത്തു.

ബുഖാരീ (റ) പറയുന്നു:-'തിരുമേനി(സ) വഫാതായപ്പോൾ, ഫാതിമാ (റ) ഇപ്രകാരം പറഞ്ഞു':-'എന്റെ പ്രിയപ്പെട്ട പിതാവെ, താങ്കൾ ഏതൊരു രക്ഷിതാവിനെ വിളിക്കുന്നുവൊ അവൻ താങ്കൾക്കു ഉത്തരം നൽകട്ടെ. എന്റെ പിതാവേ, സ്വർഗ്ഗത്തിൽ അവൻ താങ്കൾക്കു വിശ്രമസ്ഥലം നൽകട്ടെ. പ്രിയപ്പെട്ട പിതാവേ താങ്കളുടെ വിയോഗത്തിൽ ദുഃഖിക്കുന്ന ജിബ്രീലിനു ഞങ്ങളുടെ അനുശോചനം ആരറിയിക്കും? പ്രിയ പിതാവെ, അങ്ങയുടെ രക്ഷിതാവുമായി താങ്കൾ അത്യന്തം അടുത്ത ആളാകുന്നു.' അതിനുശേഷം ആറുമാസക്കാലം ഫാതിമാ (റ) ജീവിച്ചു. ആ കാലയളവിൽ ആ മഹതി ചിരിച്ചിട്ടില്ല, അഥവാ സന്തോഷം പ്രകടിപ്പിച്ചിട്ടില്ല.

അലീ (ക. വ.) യെ തൊട്ട് അബൂനഈം (റ) പറയുന്നു:-'തിരുമേനി (സ) യുടെ കഫൻ പിടിച്ചു, കരഞ്ഞുകൊണ്ടു മലക്കുൽമൌത് ആകാശത്തിലേക്കു ഉയർന്നപ്പോൾ, തിരുമേനി (സ) യെ സത്യമാർഗ്ഗവുമായി നിയോഗിച്ച അല്ലാഹുവാണെ സത്യം,' മുഹമ്മദ്നബിയെ, മുസ്ലിംകളെസ്സംബന്ധിച്ചേടത്തോളം ഇതിനെക്കാൾ വലിയ ഒരു ആപത്തു സംഭവിപ്പാനില്ല; ഈ ആപത്തിനെ അപേക്ഷിച്ചു മറ്റെല്ലാ ആപത്തു

കളും നിസ്സാരം' എന്ന ഒരു അശരീരി ഞാൻ കേൾക്കുകയുണ്ടായി.'

സാന്ത്വനസന്ദർശനം

വ്യസനത്തെ ശമിപ്പിക്കുന്നതിന്നായുള്ള സുഹൃൽസന്ദർശനത്തിന്നു 'തഅ്സിയത്' എന്നുപേർ. നമ്മുടെ നാട്ടിൽ ഈ സാന്ത്വനസന്ദർശനത്തിന്നു 'കൺനോക്ക്' എന്നും 'ചാവ്' എന്നുമാണ് പേർ. തിരുമേനി (സ) യുടെ കൺനോക്കിന്റെ ദിവസം, ആഇശാ (റ) വിന്റെ ഒരു ഭാഗത്തുനിന്നു ഇപ്രകാരം ഒരു അശരീരി കേൾക്കുകയുണ്ടായി:— 'അഹ്‌ലുൽ ബൈതുകാരെ, അല്ലാഹുവിന്റെ സലാമും കരുണയും അനുഗ്രഹവും നിങ്ങളിൽ ഉണ്ടാവട്ടെ. എല്ലാ ഓരോ വ്യക്തിയും മരണത്തിന്റെ രുചി ആസ്വദിക്കും. നിങ്ങളിലോരോരുത്തർക്കും നിങ്ങൾ ചെയ്ത കർമ്മങ്ങളുടെ ഫലങ്ങൾ ഖിയാമംനാളിൽ പരിപൂർണ്ണമായി ലഭിക്കുന്നതാണ്. എല്ലാ ഓരോ ആപത്തിന്നും അല്ലാഹുവിന്റെ പക്കൽ ഉപശാന്തിയുണ്ട്. നശിച്ചുപോയ ഓരോന്നിന്നും തദനുരൂപമായ പ്രതിവിധിയുണ്ട്. കാണാതായ ഓരോന്നിന്നും ഒരു കണ്ടെത്തലുണ്ട്. തന്നിമിത്തം നിങ്ങൾ അല്ലാഹുവിൽ അഭയം തേടുകയും അവനെത്തന്നെ ശരണം പ്രാപിക്കുകയും ചെയ്യുക. പ്രതിഫലം നഷ്ടപ്പെട്ടുപോവുക എന്നതാണ് ആപത്ത്. നിങ്ങൾക്കു അല്ലാഹുവിന്റെ രക്ഷയും കരുണയും ഉണ്ടാവട്ടെ.'

ആ അശരീരിയുടെ കർത്താവ് ഖിള്ർനബി (അ) യാണെന്നു അലിയ്യിബ്നു അബീതാലിബ് (ക. വ.) പ്രസ്താവിച്ചു.

ഈ വിഷയത്തെക്കുറിച്ചു മറ്റൊരഭിപ്രായം കൂടിയുണ്ട്. അതു ചുവടെ വിവരിക്കുന്നു:— തിരുമേനി (സ) വഫാതായി. സഹാബിമാർ കരഞ്ഞുകൊണ്ടിരിക്കെ, ദീഘ്കായനുമായ ഒരാൾ ധൃതിപ്പെട്ടുവന്നു. ഉടുവസ്ത്രമണിഞ്ഞുമേൽ മുണ്ടുധരിച്ച ആ ആളുടെ പിടലിയിൽ തലമുടി നീണ്ടുകിടന്നിരുന്നു. തിരുമേനി (സ) യെ കിടത്തിയ മുറിയുടെ വാതിലിന്റെ മേൽപ്പടിയുടെ ഇരുഭാഗങ്ങളിൽ കൈകൾവെച്ചുകൊണ്ടു അദ്ദേഹം തിരുമേനി(സ)യെ നോക്കുകയും കരയുകയും ചെയ്തു. പിന്നീടു സഹാബിമാരെ അഭിമുഖീകരിച്ചുകൊണ്ടു അദ്ദേഹം മേൽപ്രകാരം സ്തുതിച്ചു പിന്നീടു അദ്ദേഹത്തെ ഒരിടത്തും കാണുകയുണ്ടായില്ല. അബൂബകർസിദ്ദീഖ് (റ) വിന്റെ നിർദ്ദേശപ്രകാരം സഹാബിമാർ അദ്ദേഹത്തെ പലേടത്തും തിരഞ്ഞുനോക്കി. ഒരിടത്തും കണ്ടെത്തിയില്ല. 'ആ വന്നതു ഖിള്ർനബി (അ) ആയിരിക്കാം. നമ്മെ സമാധാനിപ്പിക്കുവാൻ ചെന്നതായിരിക്കാം' എന്നു അബൂബകർ സിദ്ദീഖ് (റ) പ്രസ്താവിച്ചു.

തിരുമേനി (സ) വഫാതായി എന്നു ഉമർ (റ) വിനു ബോദ്ധ്യമായപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ടു വിലപിച്ചു തുടങ്ങി:— 'ബാപ്പക്കും ഉമ്മക്കും പകരമായിട്ടുള്ള റസൂലേ, അങ്ങയുമായുള്ള വേർപ്പാടിൽ ഈത്തപ്പനയുടെ മടൽപോലും മനംനൊന്തു വിലപിച്ചു. എന്നിരിക്കെ, അങ്ങയുടെ അനുയായികളായ ഞങ്ങൾ എങ്ങിനെ കരയാതിരിക്കും.

'ബാപ്പക്കും ഉമ്മക്കും പകരമായിട്ടുള്ള റസൂലേ, അങ്ങയുടെ മഹത്ത്വത്തെ ഉന്നതമാക്കുന്നതിന്നുവേണ്ടി, അങ്ങേക്കു വഴിപ്പെട്ടവർ അല്ലാഹുവിനു വഴിപ്പെട്ടു' എന്നു അല്ലാഹു കല്പിച്ചു.

'ബാപ്പക്കും ഉമ്മക്കും പകരമായിട്ടുള്ള റസൂലെ, ആദ്യത്തെ നബിയും അവസാനത്തെ നബിയും എന്ന പദവി അങ്ങയുടെ മഹത്ത്വത്തെ ഉന്നതമാക്കി. എല്ലാ നബിമാരുടെയും നായകൻ അങ്ങു തന്നെ.'

'ബാപ്പക്കും ഉമ്മക്കും പകരമായിട്ടുള്ള റസൂലേ, അങ്ങയുടെ അല്പായുസ്സിന്നിടക്കു, ദീർഘായുഷ്മാനായിരുന്ന നൂഹ്നബിയെ തുടന്ന

തിനേക്കാളധികം ആളുകൾ അങ്ങനെ തുടർന്നു.'

തിരുമേനി (സ) യുടെ ജനാസ: ഖബ്‌റടക്കം ചെയ്യുന്നതിനു മുമ്പ്, ഒരു നിസ്കാരത്തിനു ബിലാൽ (റ) ബാങ്കു വിളിച്ചു. അദ്ദേഹം 'അശ്‌ഹദു അന്ന മുഹമ്മദുർറസൂലുള്ളാ:' എന്നു പറഞ്ഞപ്പോൾ, പള്ളി ആകപ്പാടെ കിടുകിടാ വിറച്ചു. സഹാബിമാർ ദുഃഖിതരായി നിയന്ത്രിപ്പാൻ കഴിയാതെ വാവിട്ടു കരഞ്ഞു.

ഉദകക്രിയകൾ

അബൂബക്കർ അയ്‌ബുൽഹുദലീ (റ) പറയുന്നു: 'തിരുമേനി (സ) യുടെ രോഗവാർത്തയറിഞ്ഞു ഞാൻ മദീനയിലേക്കു കുതിച്ചു. മദീനയോടടുത്തപ്പോൾ, ഹജ്ജാജികൾ തക്ബീർ ചൊല്ലുന്നതുപോലുള്ള ശബ്ദത്തിൽ മദീനക്കാർ കരയുന്നതു ഞാൻ കേട്ടു. തിരുമേനി (സ) വഫാതായി എന്നു ഞാൻ തീർച്ചപ്പെടുത്തി. ഞാൻ സ്ഥലത്തെത്തിയപ്പോൾ, തിരുമേനി (സ) യുടെ ജനാസ: കുളിപ്പിക്കുന്ന കാര്യത്തെക്കുറിച്ചു സഹാബിമാർ കൂടിയാലോചന നടത്തുകയായിരുന്നു. സാധാരണ അഴിക്കുന്നതുപോലെ കുപ്പായം അഴിച്ചുകൊണ്ടോ അഴിക്കാതെയൊ എങ്ങിനെയാണു കുളിപ്പിക്കേണ്ടതു എന്നതായിരുന്നു അവരുടെ ചർച്ചാവിഷയം. അല്ലാഹു സഹാബിമാരെ ഒരു ഉറക്കത്തിനു വിധേയരാക്കി. അവരെല്ലാം ലഘുനിദ്രയാൽ മയങ്ങി. അപ്പോൾ, വീട്ടിന്റെ ഒരു ഭാഗത്തുനിന്നു ഇപ്രകാരം ഒരു അശരീരി ഉയർന്നു:— 'കുപ്പായത്തോടുകൂടി കുളിപ്പിച്ചുകൊള്ളുക'. ആ അശരീരി കേട്ടു സഹാബിമാർ ഉണർന്നു. കുപ്പായത്തോടെ കുളിപ്പിക്കുവാൻ തീർച്ചപ്പെടുത്തി.'

അലിയ്യിബ്നുഅബീതാലിബ് (ക. വ.) ആണു തിരുമേനി (സ) യുടെ പരിപാവനമായ ജനാസ:യെ കുളിപ്പിച്ചതു. അബ്ബാസ് (റ) വിന്റെ പുത്രനായ ഖസം (റ) വും, ഉസാമയും ബിൻസൈദ് (റ) വും, തിരുമേനി (സ) യുടെ അടിമയായിരുന്ന ശുഖ്റാൻ (റ) വും വെള്ളമൊഴിച്ചു കൊടുത്തു. കുപ്പായത്തിനു മീതെ വെള്ളമൊഴിച്ചു കുപ്പായത്തോടുകൂടി ജനാസ:യെ തടവുകയുണ്ടായി. ആദ്യം ശുദ്ധവെള്ളം കൊണ്ടും, രണ്ടാമതു താളിവെള്ളം കൊണ്ടും, മൂന്നാമതു കർപ്പൂരം കലർത്തിയ വെള്ളം കൊണ്ടും തിരുമേനി (സ) യെ കുളിപ്പിച്ചു. ഖുബാ എന്ന സ്ഥലത്തുള്ള 'ബിഅ്റഗർസ്' എന്ന കിണറിലെ വെള്ളമാണു് തിരുമേനി (സ) യെ കുളിപ്പിക്കുവാൻ ഉപയോഗിച്ചതു്. ആ കിണറിനു മഹത്വമുണ്ടെന്നു തിരുമേനി (സ) അരുളീട്ടുണ്ടു്. മാത്രമല്ല, ആ കിണറിലെ, ഏഴുകൊട്ട വെള്ളം കൊണ്ടു എന്നെ കുളിപ്പിക്കേണമെന്നു തിരുമേനി (സ) വസിയ്യത്തു് ചെയ്കയും ചെയ്തിരുന്നു. അതിനുപുറമെ, അലിയില്ലാത്ത മറ്റൊരാളും എന്നെ കുളിപ്പിക്കരുതെന്നു കൂടി തിരുമേനി (സ) വസിയ്യത്തു ചെയ്കയും, അലിയില്ലാത്ത മറ്റാരെങ്കിലും യാദൃഛികമായി എന്റെ ഗുഹ്യസ്ഥാനത്തെ കണ്ടുപോകുന്നപക്ഷം അവരുടെ കണ്ണിന്റെ കാഴ്ച നശിച്ചുപോകുമെന്നു തിരുമേനി (സ) മുന്നറിയിപ്പു നൽകുകയും ചെയ്തിരുന്നു. ആകയാൽ അലീ (ക. വ.) ഒഴികെ, മറ്റുള്ളവർ അവരുടെ കണ്ണുകൾ ശീലകൊണ്ടു മൂടിക്കെട്ടി.

അലീ (ക. വ.) പറയുന്നു:— 'തിരുമേനി (സ) യുടെ ജനാസ:യെ കുളിപ്പിക്കുമ്പോൾ ഞാൻ എന്റെ കൈകൾ തുണിചുറ്റി. എന്നിട്ടു കുപ്പായത്തിനുള്ളിൽ കൈകടത്തി ശരീരം തടവി. തിരുമേനി (സ) യുടെ വയറ്റിൽനിന്നു വല്ലതും ബഹിർഗ്രമിക്കുന്നുണ്ടൊ എന്നു ശ്രദ്ധിച്ചു. ഒരു സാധനവും ബഹിർഗ്രമിച്ചതായി കണ്ടില്ല. ഹൃദ്യമായ ഒരു സുഗന്ധം തിരുമേനി (സ) യുടെ ശരീരത്തിൽനിന്നു പരന്നു കൊണ്ടിരുന്നു. തുല്യമായ സുഗന്ധം മറ്റൊരിക്കലും ഞാൻ ആസ്വദിച്ചിട്ടില്ല'

മൂന്നു വെള്ളപ്പുടവകളിൽ തിരുമേനിയിച്ച. തിരുമേനി (സ) അങ്ങിനെ പറഞ്ഞതു ഞാനും കേട്ടിട്ടുണ്ടെന്നു അലീ (ക. വ.) പ്രസ്താവിച്ച. ആകയാൽ, ആഇശാ (റ) യുടെ ഭവനത്തിൽ, തിരുമേനി (സ) വഫാതായ സ്ഥലത്തു തന്നെ ഖബ്‌ർ കുഴിച്ച. അബൂതൽഹത് എന്ന അപരനാമത്തിൽ പ്രസിദ്ധനായ സൈദുബ്‌നു സഹ്‌ലുൽ അൻസാരീ (റ) വാണു ഖബ്‌ർ കുഴിച്ചതു. തിരുമേനി (സ) യുടെ പിതൃവ്യനായ അബ്ബാസു (റ), അലീ (ക വ), അബ്ബാസു (റ) വിന്റെ പുത്രന്മാരായ ഫള്ൽ (റ), ഖസം (റ) എന്നിവർ തിരുമേനി (സ) യെ ഖബ്‌റടക്കം ചെയ്തു. ഇതാണു ഈ വിഷയത്തിൽ അംഗീകരിക്കപ്പെട്ട പക്ഷം. ഔസുബ്‌നു ഖൌലീ (റ) വും ഖബ്‌റടക്കൽ കർമ്മത്തിൽ പങ്കെടുത്തിട്ടുണ്ടെന്നു പറയപ്പെട്ടിട്ടുണ്ടു. 'നിന്നെ ഇനി ആരും പുതക്കേണ്ട' എന്നു പറഞ്ഞുകൊണ്ടു ശുഖ്‌റാൻ (റ) തിരുമേനി (സ) യുടെ ഖമീസത് എന്ന പുതപ്പു തിരുമേനി (സ) യുടെ ഖബ്‌റിൽ വിരിക്കുകയുണ്ടായി. ഖബ്‌റിൽ പുതപ്പു വിരിക്കുകയെന്നതു തിരുമേനി (സ) യെസ്സംബന്ധിച്ചേടത്തോളം മാത്രം അനുവദനീയമായ ഒരു പ്രത്യേകതയാണെന്നും, മറ്റുള്ളവരെസ്സംബന്ധിച്ചേടത്തോളം അങ്ങിനെ ചെയ്യുന്നതു മക്‌റൂഹാണെന്നും പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ടു. * ഖബ്‌റിനു മീതേ ഒമ്പതു പാവുകല്ലുകൾ വെക്കുകയുണ്ടായി. തിങ്കളാഴ്ച ഉച്ചക്കുമുമ്പു തിരുമേനി (സ) വഫാതാവുകയും ചൊവ്വാഴ്ച പകൽ ഉച്ചക്കു മുമ്പു ഖബ്‌റടക്കപ്പെടുകയും ചെയ്തു. ഇതാണു ആധികാരിക പണ്ഡിതന്മാരുടെ പക്ഷം. തിരുമേനി (സ) യെ ഖബ്‌റടക്കപ്പെട്ടതു ബുധനാഴ്ച രാത്രിയാണെന്നും പക്ഷാന്തരമു

* ഖബ്‌റിനു പാവുകല്ലു വെച്ചതിനു ശേഷം പ്രസ്തുത വിരിപ്പു പുറത്തെടുത്തുവെന്നും പറയപ്പെട്ടിട്ടുണ്ടു.

മൂന്നു വെള്ളപ്പുടവകളിൽ തിരുമേനി (സ) യുടെ ജനാസയെ കഫൻചെയ്തു. അവയിൽ കുപ്പായവും തലപ്പാവും ഉണ്ടായിരുന്നില്ല എന്നാണു പണ്ഡിതന്മാരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം. കുപ്പായവും തലപ്പാവും ഉണ്ടായിരുന്നുവെന്നും അതിനു പുറമെയാണു മൂന്നു വെള്ളപ്പുടവകളും എന്നു പറഞ്ഞതെന്നുമാണു ഇമാം അബൂഹനീഫ (റ) അടക്കം ഏതാനും പണ്ഡിതന്മാരുടെ പക്ഷം.

കുളിപ്പിച്ച, കഫൻ ചെയ്തശേഷം തിരുമേനി (സ) യെ വീട്ടിന്നകത്തുതന്നെ ഒരു കട്ടിലിന്മേൽ കിടത്തി. ആദ്യം മലക്കുകളും, പിന്നീടു അഹ്‌ലുബൈതും, അനന്തരം സഹാബീമാർ പല കൂട്ടമായും ജനാസ:നിസ്കരിച്ച ഇതു നടന്നതു ചൊവ്വാഴ്ചയാണെന്നു 'മവാഹിബ്' എന്ന ഗ്രന്ഥം പറയുന്നു. * അബൂബകർസിദ്ദീഖ് (റ) വുമായി ഉടമ്പടി ചെയ്യുന്നതിൽ സഹാബിമാർ വ്യാപൃതരായിപ്പോയതുകൊണ്ടാണു തിരുമേനി (സ) യുടെ ഉടൽക്രിയകൾ വൈകിപ്പോയതു. തിരുമേനി (സ) യുടെ ജനാസ: ആഇശാ (റ) യുടെ വീട്ടിന്നകത്തു തിരുമേനി (സ) വഫാതായ സ്ഥലത്തുതന്നെ ഖബറടക്കം ചെയ്യപ്പെട്ട. **

'ഒരു നബിയേയും അവരുടെ റൂഹിനെ എവിടെ വെച്ചു പിടിച്ചുവോ ആ സ്ഥലത്തല്ലാതെ ഖബ്‌റടക്കീട്ടില്ല' എന്നു തിരുമേനി (സ) അരുളിയതു ഞാൻ കേട്ടിട്ടുണ്ടെന്നു അബൂബകർ സിദ്ദീഖ് (റ) സഹാബിമാരെ അറി

* ബുധനാഴ്ചയെന്നു മറ്റുചിലർ പറഞ്ഞിട്ടുണ്ടു.

**തിരുമേനി (സ)യെ ഖബ്‌റടക്കം ചെയ്തതു മനഃപൂർവ്വം നടത്താണെന്നും ബഖീഇലാണെന്നും ചിലർ പറഞ്ഞിട്ടുണ്ടു. ആ അഭിപ്രായങ്ങൾക്കു അധികാരികമായ തെളിവിന്റെ പിൻബലമില്ല.

ണ്ട്. വഫാതായ സമയം മുതൽ തിങ്കളാഴ്ച പകലും രാത്രിയും ചൊവ്വാഴ്ച പകലും രാത്രിയും ബുധനാഴ്ച പകലും രാത്രി കുറെ നേരവും കഴിഞ്ഞപ്പോൾ തിരുമേനി (സ) ഖബ്‌റടക്കം ചെയ്യപ്പെട്ടുവെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുള്ളത്.

ഖബ്‌റടക്കിക്കഴിഞ്ഞപ്പോൾ, ബിലാൽ (റ) തലയുടെ ഭാഗത്തുനിന്നു തുടങ്ങി കാലിന്റെ ഭാഗം വരെ ഖബ്‌റിന്മേൽ വെള്ളം കുടഞ്ഞു. ചുകന്നതും വെളുത്തതുമായ ചരക്കല്ലുകൾ കൂട്ടി, ഖബ്‌റിനെ നിലവിതാനത്തിൽ നിന്നു ഒരു ചാൺ ഉയർത്തി.

അനസ് (റ) പറയുന്നു:—'തിരുമേനി (സ) മദീനയിൽ പ്രവേശിച്ച ആ ദിവസത്തെപ്പോലെ പ്രോജ്ജ്വലമായ ഒരു ദിവസത്തേയും തിരുമേനി (സ) വഫാതായ ദിവസത്തെപ്പോലെ നിഷ്പ്രഭമായ ഒരു ദിവസത്തേയും ഞാൻ കണ്ടിട്ടില്ല.'

'തിരുമേനി (സ) യെ ഖബ്‌റടക്കിക്കഴിഞ്ഞപ്പോഴേക്കും തന്നെ ഞങ്ങളുടെ മനസ്സുകൾക്കു മാറാമുള്ളതായി തോന്നി. അന്നുവരെ ഞങ്ങളിലുണ്ടായിരുന്ന സൌഹൃദത്തിനും അനുകമ്പക്കും സച്ഛായക്കും പ്രാമുഖ്യം ഭവിച്ചതായി കണ്ടു. തിരുമേനി (സ) യുടെ യങ്ഫർ എന്ന കഴുത ദുഃഖഭാരത്താൽ കിണറ്റിൽ ചാടി ആത്മഹത്യ ചെയ്തു. തിരുമേനി (സ) യുടെ ഒരു ഒട്ടകവും തീനം കുടിയും ഉപേക്ഷിച്ചു ജീവത്യാഗം ചെയ്തു.'

തിരുമേനി (സ) യുടെ ഖബ്‌ർ സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ഭൂമിയിൽ ഏറ്റവും പുണ്യം കൂടിയ സ്ഥലമെന്നു പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ട്. കഅ്ബ: സ്ഥിതിചെയ്യുന്ന സ്ഥലത്തേക്കാൾ പുണ്യം കൂടിയതു തിരുമേനി (സ) യുടെ ഖബ്‌ർ സ്ഥിതി ചെയ്യുന്ന സ്ഥലമാണെന്നും പറയപ്പെട്ടിട്ടുണ്ട്.

തിരുമേനി (സ) യുടെ ഖബ്‌ർ സന്ദർശനം

നബി (സ) യുടെ ഖബ്‌ർ സിയാറത്ത് ചെയ്യുക എന്നതു ഏറ്റവും പുണ്യമുള്ള അനുഷ്ഠാനമായ കർമ്മമാകുന്നു. ഏതൊരാൾ തിരുമേനി (സ) യുടെ ഖബ്‌ർ സിയാറത്ത് ചെയ്യുന്നുവോ അയാളുടെ മഹത്ത്വത്തെ അതു വർദ്ധിപ്പിക്കും. ഇതിനെതിരായ വിശ്വാസം വെച്ചു പുലർത്തുന്നവൻ ഈമാൻ ഇല്ലാത്തവനാം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വിരോധിയുമത്രെ.

ഖാളീഇയാള് (റ) പറയുന്നു:—'മുസ്‌ലിംകളെസ്സംബന്ധിച്ചേടത്തോളം പലവിധേനയും സിദ്ധികരം നേടാവുന്ന ഒരു കർമ്മമാണ് തിരുമേനി (സ) യുടെ ഖബ്‌ർ സിയാറത്. മാത്രമല്ല, നന്മകളെ ആഗ്രഹിക്കുന്നവർ തിരുമേനി (സ) യുടെ ഖബ്‌ർ സിയാറത് ചെയ്യേണ്ടതു ആവശ്യവുമാകുന്നു.'

തിരുമേനി (സ) അരുളുകയുണ്ടായി:—എന്റെ ഖബ്‌ർ സിയാറത് ചെയ്ത വ്യക്തിക്കു എന്റെ ശഫാഅത് ബാധകമായി.'

'എന്നെ സിയാറത് ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടു തന്നെ എന്നെ സിയാറത് ചെയ്തവനു ഖിയാമം നാളിൽ ശഫാഅത് ചെയ്യുവാൻ ഞാൻ ബാധ്യസ്ഥനായി.

'സിയാറത്തിനു വരുവാൻ നിവൃത്തിയുള്ളവർ സിയാറത്തിനു വന്നിട്ടുകിൽ അവർ എന്നോടു പിണങ്ങിയവനായി.'

'ഹജ്ജ് ചെയ്ത വ്യക്തി എന്നെ സിയാറത്തു ചെയ്തിട്ടുകിൽ അയാൾ എന്നോടു പിണങ്ങിയവനായി.'

'എന്റെ മരണശേഷം എന്നെ സിയാറത്തു ചെയ്തവർ ഞാൻ ജീവിച്ചിരിക്കുമ്പോൾ എന്നെ കണ്ടവരെപ്പോലെയാണ്.'

അൽ അല്ലാമ:സൈനുദ്ദീനിൽ ഹുസൈനി (റ) പറയുന്നു:_'തിരുമേനി (സ) യെ സിയാറത്തു് ചെയ്യൽ പവിത്രമായ കർമ്മമാണെന്നു ഓരോ മുസ്‌ലിമും വിശ്വസിക്കേണ്ടതാകുന്നു. തിരുമേനി (സ) യെ സിയാറത്തു് ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഓരോ വ്യക്തിയും തിരുമേനി (സ) യുടെ പള്ളിയെ സിയാറത്തുചെയ്യുവാൻ ഉദ്ദേശിക്കേണ്ടതും ആ പള്ളിയിൽവെച്ചു നിസ്‌കരിക്കേണ്ടതും ആവശ്യമാകുന്നു.'

'വിദൂരമായ യാത്രചെയ്തു സന്ദർശിക്കേണ്ടുന്ന പള്ളികളുടെ കൂട്ടത്തിൽ ഉത്തമമായ പള്ളി, തിരുമേനി (സ) യുടെ പള്ളിയാ'ണെന്നു മാലിക് (റ) പ്രസ്താവിച്ചിരിക്കുന്നു. ആ ഇനത്തിൽപെട്ട പള്ളികളിൽ രണ്ടാംസ്ഥാനം മക്കയിലെ പള്ളിക്കും മൂന്നാംസ്ഥാനം ബൈതുൽമുഖദ്ദിസിനുമാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു

തിരുമേനി (സ) യെ സിയാറത്തു് ചെയ്യുന്നവർ, തിരുമേനി (സ) യുടെ ജീവിതകാലത്തു് തിരുസന്നിധിയിൽ നിൽക്കുമായിരുന്ന നിലയിൽ ഖബ്‌റിനടുത്തു നിൽക്കുകയും സലാം ചൊല്ലുകയും പ്രാർത്ഥനനടത്തുകയും ചെയ്യേണ്ടതാകുന്നു. തിരുമേനി (സ) യുടെ അനുയായികളുടെ സ്ഥിതികളും അവർ ചെയ്യുന്ന പ്രവൃത്തികളും തിരുമേനി (സ) ക്കു കാണിക്കപ്പെടും; പ്രാർത്ഥനകൾ കേൾപ്പിക്കപ്പെടുകയുംചെയ്യും. അതുകൊണ്ടു തന്റെ നിലപാടുകൾ തിരുമേനി (സ) കാണുകയും തന്റെ പ്രാർത്ഥനകൾ തിരുമേനി (സ) കേൾക്കുകയും ചെയ്യുന്നുണ്ടെന്നുള്ള ആത്മബോധം തിരുമേനി (സ)യെ സിയാറത്തു് ചെയ്യുന്ന ഓരോ വ്യക്തിയിലും ഉണ്ടായിരിക്കേണ്ടതാകുന്നു. പ്രശസ്തരായ സഹാബിവര്യന്മാർ അപ്രകാരമാണു് ചെയ്തിരുന്നതു്. തിരുമേനി (സ) ജീവിച്ചിരിപ്പുണ്ടെന്ന ഭാവത്തിൽ എക്കാലത്തും തിരുമേനി (സ) യെ സർവ്വാത്മനാ ആദരിക്കുവാൻ കടപ്പെട്ടവരാണു് തിരുമേനി (സ) യുടെ അനുയായികളും. തിരുമേനി (സ) യുടെ റൌള:സിയാറത്തു് ചെയ്ത ആദ്യകാലമുസ്‌ലിംകളിൽപ്പെട്ട ഒരു സ്ത്രീ ദുഃഖഭാരത്താൽ മരിച്ചുപോയ വാർത്ത ആഇശാ (റ) യും, ഒരു വൃദ്ധൻ മരിച്ചുപോയ വാർത്ത അബുൽഫളാഇലുൽഹമവീ (റ) വും പ്രസ്താവിച്ചിരിക്കുന്നു.

തിരുമേനി (സ) ഇഹലോകത്തോടു വിടവാങ്ങി പരലോകത്തു പ്രവേശിച്ചിട്ടുണ്ടെങ്കിലും, മരണമില്ലാതെ, മരിക്കാത്ത നിലയിൽ ജീവനോടുകൂടിയാണു് അവിടെ കഴിഞ്ഞുകൂടുന്നതെന്ന പരമാർത്ഥം മറക്കാവതല്ല. നബിയുടെ നിലയിലും രക്തസാക്ഷിയുടെ നിലയിലും (ഒരു ജൂതസ്ത്രീ ആട്ടിറച്ചിയിൽ വിഷം ചേർത്തു തിരുമേനി (സ) യെ സല്ക്കരിച്ചു. വർഷങ്ങൾ കഴിഞ്ഞിട്ടാണെങ്കിലും ആ വിഷം മൂർച്ഛിച്ചു തിരുമേനി (സ) യുടെ വഫാത്തിനു കാരണമാക്കി) തിരുമേനി (സ) പരലോകത്തു അമരൻതന്നെ. സഈദുബ്നുൽമുസയ്യബ് (റ) പറയുന്നു:_'യസീദിന്റെ സേന മദീനയിൽ തിങ്ങിക്കൂടി. ളുഹ്റിന്റെ സമയമായിട്ടും അന്നു തിരുമേനി (സ) യുടെ പള്ളിയിൽനിന്നു ബാങ്കു വിളിക്കുകയുണ്ടായില്ല. പക്ഷെ, തിരുമേനി (സ) യുടെ ഖബ്റിൽ നിന്നു ബാങ്കുവിളിച്ചതു ഞങ്ങൾ കേട്ടു. ഉടനെ ഞാൻ രണ്ടു റക്അത്തു് നിസ്കരിച്ചു. തുടർന്നു ഖബ്റിൽനിന്നു ഖാമത്തു് വിളിച്ചതുകേട്ടു ഞാൻ ളുഹ്ർനിസ്കരിച്ചു. യുദ്ധത്തിന്റെ സംഘർഷാവസ്ഥ തുടർന്നുള്ള മൂന്നുദിവസങ്ങളിൽ നീണ്ടുനിന്നു. ആ മൂന്നുദിവസവും തിരുമേനി (സ) യുടെ പള്ളിയിൽനിന്നു ബാങ്കുവിളിക്കുകയുണ്ടായില്ല. പക്ഷെ; ആ മൂന്നുദിവസങ്ങളിലും തിരുമേനി (സ) യുടെ ഖബ്റിൽനിന്നുവന്ന ബാങ്കും ഖാമത്തും വിളിച്ചതു ഞാൻ കേൾക്കുകയുണ്ടായി.

ഒരു മുസ്‌ലിം എനിക്കു സലാം ചൊല്ലിയാൽ ഞാൻ സലാം മടക്കുംഎന്നു തിരുമേനി

(സ) അരുളീട്ടുണ്ട്. ദോഷംചെയ്ത ഒരു വ്യക്തി, പാപമോചനത്തിന്നായി തിരുമേനി (സ) യുടെ സന്നിധിയിൽ വെച്ചു, (ഖബ്‌റുകൽവെച്ചു) അല്ലാഹുവോട് പ്രാർത്ഥിച്ചാൽ, തിരുമേനി (സ) യെ വിളിച്ചുകൊണ്ടു പ്രാർത്ഥിക്കുകയും തിരുമേനി (സ) കൂടി ആ വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്താൽ, അല്ലാഹു ആ വ്യക്തിയുടെ പാപം പൊറുക്കുമെന്നു വിശ്വാസഖുർആൻ സൂചിപ്പിച്ചിട്ടുണ്ട് തിരുമേനി (സ) യുടെ ശുപാർശക്ക് അർഹരാകുവാനുള്ള പരമഭാഗ്യം കരുണാനിധിയായ അല്ലാഹു നമുക്കെല്ലാവർക്കും നൽകുമാറാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടു നബി (സ) യുടെ ചരിത്രം ഇവിടെ അവസാനിപ്പിക്കുന്നു.

പരിശുദ്ധാത്മാക്കളായ ഖലീഫമാർ

തിരുമേനി (സ) വഫാതായി. ഏതെങ്കിലും ഒരു ഭരണകൂടത്തോടൊ വ്യവസ്ഥയോടൊ കൂറുപുലർത്തിയ പാരമ്പര്യമില്ലാത്ത അറബികൾ, സമീപകാലത്തു തങ്ങൾ ആശ്ലേഷിച്ച ഇസ്‌ലാമിൽ ഉറച്ചുനിൽക്കാതെ വഴുതിക്കളയുമൊ എന്ന കാര്യം ഗുരുതരമായ ഒരു പ്രശ്നം സൃഷ്ടിച്ചു. തലയെടുപ്പുള്ള സഹാബിമാർ ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ ബുദ്ധിപൂർവ്വം പരിശ്രമിച്ചു. പ്രാപ്തനും അഭിമാനമായ ഒരു വ്യക്തി ഉടനടി അധികാരമേറ്റെടുക്കുകയെന്നതു മാത്രമാണ് പ്രശ്നത്തിന്റെ പരിഹാരമെന്നു അവർ തീരുമാനിച്ചു. അധികാരമേറ്റെടുക്കുവാൻ ഒരാൾ മാത്രമെ ആവശ്യമുണ്ടായിരുന്നുള്ളുവെങ്കിലും, പലർ സന്നദ്ധത പ്രകടിപ്പിച്ചു. ഈ വിഷയത്തിൽ, അഭിമതത്തെ സംബന്ധിച്ച വ്യക്തമായ നാലു അഭിപ്രായങ്ങളും ഉയർന്നുവന്നു. മുഹാജിർകളും അവരുടെ അഭിമതം വ്യക്തമാക്കിയപ്പോൾ അൻസാർകളും അവരുടെ അഭിമതവ്യക്തമാക്കി. തിരുമേനി (സ) യുടെ അനന്തരാവകാശം കിട്ടേണ്ടതു തിരുമേനി (സ) യുടെ പുത്രനാണെന്നും, തിരുമേനി (സ) ക്കു പുത്രനില്ലാത്തതുകൊണ്ടു, മകളുടെ ഭർത്താവായ അലി (ക. വ.) യാണ് ആ അവകാശത്തിന്നർഹനെന്നും ഒരു കേവല ന്യൂനപക്ഷം അഭിപ്രായപ്പെട്ടു. നാലാമത്തെ അഭിപ്രായം പ്രകടിപ്പിച്ചവർ അബൂസുഫ്‌യാന്റെ സന്തതികളായ ഉമയ്യത്കളായിരുന്നു. വിദ്യാഭ്യാസവും, ഭരണപാരമ്പര്യവും, പ്രാപ്തിയും, യോഗ്യതയുമുള്ള ഞങ്ങളാണ് അധികാരത്തിന്നർഹരെന്നു അവർ സ്വയം അഭിപ്രായപ്പെട്ടു. നാലു അഭിപ്രായങ്ങളും ഉണ്ടായെങ്കിലും മുഹാജിർകളും അൻസാർകളുമായിരുന്നു ഈ രംഗത്തിലെ പ്രബലകക്ഷികൾ. മറ്റു രണ്ടു കക്ഷികളിൽ മുഹാജിർകളും അൻസാർകളും ഉണ്ടായിരുന്നെങ്കിലും, അവ കേവലന്യൂനപക്ഷങ്ങളായിരുന്നു. തങ്ങൾ ചർച്ചനടത്തിക്കൊണ്ടിരിക്കുന്ന വിഷയത്തിന്റെ ഗൌരവം എല്ലാവർക്കും അറിയാമായിരുന്നു. ഇസ്‌ലാമിനെ സംരക്ഷിക്കുവാൻ അർഹനും പ്രാപ്തനുമായ ഒരാളെ കണ്ടെത്തുകയെന്ന ആത്മാർത്ഥമായ ഉദ്ദേശ്യത്തെ മറികടക്കുവാൻ മുഹാജിർകളൊ അൻസാർകളൊ ഒരുങ്ങിയില്ല. ഖലീഫയാകുവാൻ അർഹനായ ഒരു വ്യക്തിയെ, ഭക്തനും പ്രാപ്തനുമായ ഒരു വ്യക്തിയെ മുഹാജിർകൾ കണ്ടെത്തി. തിരുമേനി (സ) യുടെ ശത്രുതയുടെ പ്രാരംഭദശമുതൽ വഫാത്തുവരെ തിരുമേനി (സ) യുടെ ഉത്തമമിത്രവും ശ്രദ്ധാകേന്ദ്രമായിരുന്ന മാന്യനും, സഹധർമ്മിണിയുടെ സഹോദരനും ആദരണീയനുമായ അബൂബക്കർസിദ്ദീഖ് (റ) ആയിരുന്നു ആ വ്യക്തി. മുഹാജിർകളുടെ ഈ അഭിപ്രായം അൻസാർകൾ (റ) അംഗീകരിച്ചപ്പോൾ, എതിർപ്പുകൂടാതെ അവർ അതു സ്വീകരിച്ചു. പ്രബലകക്ഷികളായ മുഹാജിർകളും അൻസാർകളും ഒരു അഭിപ്രായത്തിൽ എത്തിച്ചേർന്നപ്പോൾ, മറ്റഭിപ്രായക്കാരായ ന്യൂനപക്ഷവും തങ്ങളുടെ ന്യൂനപക്ഷാഭിപ്രായത്തിൽ വിലയിരുത്തുന്നതിനു

നം. അങ്ങിനെ അബൂബകർസിദ്ദീഖ് (റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. നബി (സ) വഫാതായ പിറേദിവസമാണു അബൂബകർ സിദ്ദീഖ് (റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതു്. *

തിരുമേനി (സ) യുടെ വഫാത് അറേബ്യായുടെ നാനാഭാഗത്തും ഗുരുതരമായ സംഭവവികാസങ്ങൾ ഉണ്ടാക്കിത്തീർത്തു. തിരുമേനി (സ) യുടെ വഫാതോടുകൂടി ഇസ്‌ലാമിന്റെ പ്രവർത്തനം സ്തംഭിച്ചുവെന്നു ധരിച്ചുവശായ ചില വ്യക്തികളും ഗോത്രങ്ങളും ഇസ്‌ലാംമതം ഉപേക്ഷിച്ചു. ഇസ്‌ലാമിന്റെ ശത്രുക്കളായ കുസ്സ്യാനികളും ജൂതന്മാരും ഈ അവസരം പാഴാക്കിയില്ല. മുസ്‌ലിംകൾക്കിടയിൽ ആശയക്കുഴപ്പം വർദ്ധിക്കുവാൻ അവർ ആവുന്നതെല്ലാം പ്രവർത്തിച്ചു. തിരുമേനി (സ) നബിയായിരുന്നെങ്കിൽ മരിക്കുമായിരുന്നില്ല എന്നു ചിലർ വാദിച്ചപ്പോൾ, നബിയായിരുന്നെങ്കിൽ തന്നെയും മരണത്തോടുകൂടി ആ നബിത്വം അവസാനിപ്പിച്ചുവെന്നും ചിലർ സമർത്ഥിച്ചു. നബി (സ) മരണപ്പെട്ടതോടുകൂടി ഇനി ഖുർആനിലെ ഒരായത്തെ അനുസരിക്കേണ്ടതില്ലെന്നും അല്ലാഹുവിൽ വിശ്വസിച്ചാൽ മാത്രം മതിയെന്നും ചിലർ പ്രസ്താവിച്ചു. അല്ലാഹുവിൽ വിശ്വസിപ്പാനും നിസ്കരിപ്പാനും ഞങ്ങൾ തയ്യാറാണെങ്കിലും ഞങ്ങളുടെ മുതലിൽനിന്നു ഒരു പൈസപോലും സകാത്ത് കൊടുപ്പാൻ ഞങ്ങൾ തയ്യാറില്ലെന്നു ചിലർ പ്രഖ്യാപിച്ചു. അതിലിടക്കു കള്ള പ്രവാചകന്മാർ തല പൊക്കുകയും ചെയ്തു. ഇങ്ങിനെ നാലുഭാഗത്തും നാനാവിധ ഭീഷണികൾ തുറിച്ചുനിന്ന ഒരു വല്ലാത്ത ഘട്ടത്തിലാണു് അബൂബകർസിദ്ദീഖ് (റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതു്.

സ്ഥിതിഗതികളുടെ ഗൌരവത്തെ മനസ്സിലാക്കിക്കൊണ്ടതന്നെ, ധീരചിത്തനും പ്രത്യൽപന്നമതിയുമായ അബൂബകർ സിദ്ദീഖ് (റ) ഖലീഫാപദം ഏറ്റെടുത്തു. ഹിജ്‌റാബ്ദം പതിനൊന്നാം വർഷത്തിലെ സഫർമാസം ഇരുപത്തിമൂന്നാം തിയ്യതി തിങ്കളാഴ്ച ഉസാമത്തുബ്നുസൈദ് (റ) എന്ന പതിനെട്ടുകാരനായ യുവസഹാബിയുടെ നേതൃത്വത്തിൽ ബൽഖായുടെ ഭാഗത്തുള്ള ശറാത്തിലെ നിവാസികളായ അഹ്‌ലുഉബ്നാ എന്ന ഗോത്രക്കാരുടെ നേരെ ഒരു സൈന്യത്തെ തിരുമേനി (സ) നിയോഗിച്ച വസ്തുത വായനക്കാർ മറന്നിരിക്കുകയില്ലല്ലൊ. ആ സേന ഉദ്ദിഷ്ടസ്ഥലത്തെത്തുന്നതിനു മുമ്പ്, തിരുമേനി (സ) യുടെ രോഗവിവരമറിഞ്ഞു മദീനയിലേക്കു തിരിച്ചുവന്നു. അബൂബകർസിദ്ദീഖ് (റ) ഖലീഫയായ ഉടനെ ഉസാമത്തുബ്നുസൈദ് (റ) വിന്റെ നായകത്വത്തിൽ ആ സേനയെ ശറാത്തിലേക്കു നിയോഗിച്ചു. ആ സൈന്യം ഉബ്നാ ഗോത്രക്കാരെ പരാജയപ്പെടുത്തുകയും ഗനീമത്തുകൾ നേടിയെടുക്കുകയും ചെയ്തു. നാല്പതു ദിവസംകൊണ്ടു ആ സേന വിജയപൂർവ്വം മദീനയിൽ തിരിച്ചെത്തി.

തിരുമേനി (സ) യുടെ വഫാതിനെത്തുടർന്നു, യാതൊരു ഭാവഭേദവും കൂടാതെ ഇസ്‌ലാമിൽ അടിയുറച്ചു നിന്ന രണ്ടു ഗോത്രക്കാർ ഖുറൈശിയും സഖീഫുമായിരുന്നു. സുഹൈൽ ബ്നുഅംറ് (റ) ഖുറൈശികളെയും, ഉസ്മാനുബ്നുഅബിൽആസീ (റ) സഖീഫുകളെയും നിയന്ത്രിച്ചു നിലകൊണ്ടു.

തിരുമേനി (സ) യുടെ ജീവിതകാലത്തുതന്നെ ചില കള്ള പ്രവാചകന്മാർ തല പൊക്കുവാൻ ശ്രമിച്ചിരുന്നുവല്ലൊ. മുസൈലിമത്തുൽകദ്ദാബ്, തുലൈഹതുബ്നുഖുവൈലിദ്, അസ്‌വദുൽഅൻസീ എന്നിവരായിരുന്നു കള്ളപ്രവാചകന്മാരാവാൻ ശ്രമിച്ചിരുന്നവരിൽ പ്രധാനികൾ. തിരുമേനി (സ) യുടെ ജീവി

* ഈ വിഷയത്തിൽ തിയ്യതിയെസ്സംബന്ധിച്ചേടത്തോളം പക്ഷാന്തരമുണ്ടു്.

തകാലത്തു അവർക്കു തലപൊക്കുവാൻ കഴിഞ്ഞില്ല. ഇവരിൽ അസ്‌വദുൽ അൻസീയെ ഹൈദറിന്റെ ഉമ്മാമി കൊലപ്പെടുത്തി. മുസൈലിമയുൽകദ്ദാബിനും തുലൈഹത്തിനും എന്തു സംഭവിച്ചുവെന്നു പുറകെ പ്രസ്താവിക്കാം. യുദ്ധികളുടെയും കുസൃതിക്കാരുടെയും സംഘടിതമായ പരിശ്രമം മുസ്‌ലിംകളിൽ ഒരു വിഭാഗത്തെ ഇസ്‌ലാമിന്റെ വലയത്തിൽ നിന്നു പുറംതള്ളിച്ചു. അനിസ്‌ലാമികതയും മുന്നേറി. ഇസ്‌ലാമിന്റെ ആഗമനത്തോടുകൂടി കെട്ടടങ്ങിപ്പോയ ജാഹിലിയ്യാ കാലഘട്ടം ഒരിക്കൽകൂടി നിരന്നു കത്തി.

സകാത്ത് കൊടുക്കുവാൻ വിസമ്മതിച്ച ആളുകളുടെ നേരെയാണ് ആദ്യമായിത്തന്നെ ഖലീഫ ദൃഷ്ടി പതിച്ചതു്. തിരുമേനി (സ) യുടെ കാലത്തു നടന്നുവന്നതിൽ നിന്നു അണുമാത്രം പിഴക്കുന്നവരോടു, അന്നു സകാത് നൽകിവന്ന തോതിൽനിന്നു ഒരൊറ്റ ആട്ടിനെയെങ്കിലും കറക്കുന്നവരോടു ഞാൻ യുദ്ധം ചെയ്യും എന്നു ധീരനായ ഖലീഫ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം സഹാബിപ്രമുഖരിൽ അമ്പരപ്പുളവാക്കി. കത്തിജ്വലിച്ചു നിന്ന അന്തരീക്ഷത്തിൽ ഈ പ്രഖ്യാപനം ജനങ്ങളെ കൂടുതൽ അസന്തുഷ്ടരാക്കുവാൻ ഇടയാക്കുമെന്നു അവർ ഭയപ്പെട്ടു. ഉമർ ഇബ്നുൽഖത്താബ് (റ), അബൂബക്കർ (റ) തുടങ്ങിയ സഹാബി പ്രവരന്മാർ ഈ അഭിപ്രായക്കാരായിരുന്നു. ഈ പ്രഖ്യാപനം ജനങ്ങളെ കൂടുതൽ ക്ഷുഭിതരാക്കുമെന്നും അതുകൊണ്ടു ഈ പ്രഖ്യാപനം പിൻവലിച്ചു ജനപ്രീതി ആർജ്ജിക്കുവാൻ ശ്രമിക്കുകയാണു് വേണ്ടതെന്നും ഉമർ (റ) ഖലീഫയെ അറിയിച്ചു. അവരുടെ അഭിപ്രായമറിഞ്ഞപ്പോൾ ഖലീഫ ഇപ്രകാരം മറുപടി നൽകി.:— 'നിങ്ങൾ എനിക്കു പിന്തുണ നൽകുമെന്നു ഞാൻ പ്രതീക്ഷിച്ചു. പക്ഷെ, നിങ്ങളിൽനിന്നു നിസ്സഹകരണമാണു് ഇപ്പോൾ എനിക്കു ലഭിച്ചിട്ടുള്ളതു്. നിങ്ങൾ ജാഹിലിയ്യത്തിൽ വീരശൂരപരാക്രമിയായിരുന്നു ഇപ്പോൾ ഇസ്‌ലാമിയ്യത്തിലാവട്ടെ ആ തൻമേടം താങ്കളിൽനിന്നു വാങ്ങിപോയിരിക്കുന്നു. നബിതൻ അവസാനിച്ചു; വഹ്‌യും അവസാനിച്ചു; ദീൻ പൂർത്തിയായി. ഞാൻ ജീവിച്ചിരിക്കുന്നേടത്തോളം കാലം ദീനിന്റെ പരിപൂർണ്ണതക്കു ഞാൻ ഭംഗം വരുത്തുകയോ? എന്റെ കരങ്ങൾക്കു വാൾ പൊക്കിയെടുക്കുവാൻ ശക്തിയുള്ളേടത്തോളം കാലം ഞാൻ അവരോടു യുദ്ധം ചെയ്യുകതന്നെ ചെയ്യും.'

ഉമർ ഫാറൂഖ് (റ) വീണ്ടും ഖലീഫയെ ഗുണദോഷിച്ചു നോക്കിയെങ്കിലും ഫലമൊന്നുമുണ്ടായില്ല. ജനങ്ങളെല്ലാം ഒരു ഭാഗത്തായാൽ പോലും ഈ വിഷയത്തിൽ ഏകനായി ഞാൻ അവരോടു യുദ്ധം ചെയ്യുമെന്നു ഖലീഫ ഉറപ്പിച്ചു പറഞ്ഞപ്പോൾ, സഹാബിമാർ അവരുടെ അഭിപ്രായങ്ങളെ പുനഃപരിശോധനക്കു വിധേയമാക്കുകയും ഖലീഫയുടെ അഭിപ്രായത്തോടു യോജിക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ വലയത്തിൽ നിന്നു വ്യതിചലിച്ചവരുമായി യുദ്ധം ചെയ്യുവാനും അങ്ങിനെ ഇസ്‌ലാമിന്റെ പവിത്രതയെ അഭംഗുരം നിലനിറുത്തുവാനും അവർ തീരുമാനിച്ചു. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറയുന്നു:— 'തിരുമേനി (സ) യുടെ വഫാതിനെത്തുടർന്നു ഞങ്ങൾ ആശങ്കാവഹമായ ഒരു പതനത്തിലെത്തിച്ചേർന്നു. നാശം ഞങ്ങളെ അഭിമുഖീകരിച്ചു.ഇസ്‌ലാമിനെ അപകടപ്പെടുത്തുവാൻ ഒരുങ്ങിയ ആളുകൾക്കു പ്രാബല്യം കൂടി. അവർ വിനാശത്തിലേക്കു വഴിവെട്ടി. അബൂബകർ സിദ്ദീഖ് (റ) ഉറച്ച തിരുമാനമെടുത്തിരുന്നില്ലെങ്കിൽ ഇസ്‌ലാമിന്റെ അപകടകാരികളോടു യുദ്ധം ചെയ്യാതിരിക്കുവാൻ ഞങ്ങൾ ഫെകകണ്ണ്യേന തീരുമാനിക്കുമായിരുന്നു.'

വിശ്വാസലംഘകരുമായുണ്ടായ ആദ്യയുദ്ധം

വിശ്വാസലംഘകരായ ആളുകളും ഒരു പ്രബലശക്തിയായി മുന്നേറുകയും മദീനാനഗരിയിൽ നിന്നും പോലും ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാനുള്ള ഒരുമ്പെടുകയും ചെയ്തു. ബനൂഅബ്‌സ്, ദുബിയാൻ എന്നീ ഗോത്രക്കാരാണ് വിശ്വാസലംഘകരിൽ മുന്നിട്ടു നിന്നത്. അബ്‌റഖ് തുടങ്ങിയ നാടകളും വിശ്വാസലംഘകരുടെ കൂത്തരങ്ങായി മാറി. തങ്ങളും നിസ്കരിച്ചു കൊള്ളാമെന്നും സകാതിൽ നിന്നും തങ്ങളെ ഒഴിവാക്കേണമെന്നും ആവശ്യപ്പെട്ടുന്ന ഒരു നിവേദനവുമായി ഒരു നിവേദകസംഘത്തെ അവർ ഖലീഫയുടെ അടുക്കലേക്കു നിയോഗിച്ചു. സകാതിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്നുള്ള ആവശ്യത്തെ ഖലീഫ നിരസിച്ചു. തങ്ങളുടെ ആവശ്യം ഖലീഫ നിരസിച്ചപ്പോൾ മദീനയെ ആക്രമിക്കുവാൻ വിശ്വാസലംഘകർ തീരുമാനിച്ചു. അതിലിടക്കു സംഭവഗതി മുൻകൂട്ടി മനസ്സിലാക്കിയ ഖലീഫ മദീനയുടെ പ്രവേശനകവാടങ്ങളിൽ പാറാവുകാരെ ഏർപ്പെടുത്തിക്കഴിഞ്ഞിരുന്നു. വിശ്വാസലംഘകരെ നേരിടുന്ന വിഷയത്തിൽ ഒന്നാംഖലീഫയായ അബൂബകർ (റ) എടുത്ത നടപടികളെ മുൻനിറുത്തിക്കൊണ്ട്, മറ്റാനായ ഉമർ ഖത്താബ് (റ) പറയുന്നു:-'അബൂബകർ സിദ്ദീഖിന്റെ ഈമാൻ ഈ സമുദായത്തിലുള്ള മറ്റാരുടെ ഇമാനിനേക്കാളും മുൻതൂക്കമാകുന്നു.' അബ്ദുല്ലാഹിബ്‌നു മസ്ഊദ് (റ) പറയുന്നു:-'റസൂലിന്റെ വഫാതിനെത്തുടർന്ന്, നാശോന്മുഖമായ ഒരു പ്രതലത്തിലേക്കു ഞങ്ങളും വഴുതി വീണു. അബൂബകർ സിദ്ദീഖ് വഴി അല്ലാഹു ഞങ്ങളെ രക്ഷപ്പെടുത്തി. അബൂബകർ സിദ്ദീഖ് വിശ്വാസലംഘകരുടെ നേരെ ഉറച്ച നിലപാട് എടുത്തിരുന്നില്ലെങ്കിൽ, അവരോടെതിർക്കുവാൻ ഞങ്ങളും ഒരുങ്ങുമായിരുന്നില്ല. വിശ്വാസലംഘകരോട് യുദ്ധം ചെയ്യാതിരിക്കുക എന്ന തീരുമാനത്തെ ഞങ്ങളും ഏകപക്ഷീയമായി അംഗീകരിച്ചു പോകുമായിരുന്നു. അബൂബകർ സിദ്ദീഖ് വിശ്വാസലംഘകരോട് യുദ്ധം പ്രഖ്യാപിച്ചു. അപ്പോൾ ആ നടപടിയോട് ഞങ്ങളും യോജിച്ചു. വിശ്വാസലംഘകരോട് യുദ്ധം ചെയ്യുകയെന്നത് പുണ്യമുള്ള കാര്യമാണെന്നു ഞങ്ങളും ഉറപ്പിച്ചു.' അനസ് (റ) പറയുന്നു:-'വിശ്വാസലംഘകരോട് (റിദ്ദത്തിന്റെ അഹ്‌ലുകാരോട്) യുദ്ധം ചെയ്യുന്ന വിഷയത്തിൽ സഹാബിമാർ ഉത്സാഹം കാണിച്ചില്ല. സകാത് കൊടുക്കുകയില്ലെന്നു പറയുന്നവരാണെങ്കിലും, അവരും നിസ്കരിക്കുന്നുണ്ട്' എന്നതായിരുന്നു സഹാബിമാരെ നിരുത്സാഹപ്പെടുത്തിയ കാര്യം. സഹാബിമാരുടെ നില മനസ്സിലാക്കിയ ഖലീഫ, ഉറയിൽ നിന്നും വാളൂരിക്കൊണ്ട് വിശ്വാസലംഘകരെ നേരിട്ടു. ഖലീഫയുടെ നീക്കം അവരിൽ മനഃപരിവർത്തനം ഉളവാക്കി. സകാത് കൊടുത്തുകൊള്ളാമെന്നു അവർ സമ്മതിച്ചു. അബൂഹുറൈറ (റ) പറയുന്നു:-'നബിമാർക്കു ശേഷം അബൂബകർ സിദ്ദീഖോളം ഉന്നതനായ ഒരു വ്യക്തി ഈ ലോകത്തു ജനിച്ചിട്ടില്ല. വിശ്വാസലംഘകരോട് (റിദ്ദത്തിന്റെ അഹ്‌ലുകാരോട്) യുദ്ധം പ്രഖ്യാപിച്ച അബൂബകർ സിദ്ദീഖിനെ ഒരു നബിയുടേതിനു തുല്യമായ പദവിയിലാണ് നാം പരിഗണിക്കുന്നത്.'

വിശ്വാസലംഘകർക്കെതിരെ പ്രഥമ യുദ്ധം

വിശ്വാസലംഘകർ ഇസ്‌ലാമിനെ ആടിച്ചുലയ്ക്കുവാനുള്ള തീവ്രയത്നങ്ങൾ ആരംഭിച്ചു. അവർ സംഘടിക്കുകയും ഏകീകൃതശക്തിയായി രൂപം പ്രാപിക്കുകയും ചെയ്തു. മദീനയെ ആക്രമിക്കുവാനും ഇസ്‌ലാമിനെ ഉന്മൂലനം

ന്നു തുടച്ചു നീക്കി, ഇസ്‌ലാമിന്നു മുമ്പു നിലനിന്നിരുന്ന സ്ഥിതിവിശേഷം പുനഃസ്ഥാപിക്കുവാനും അവർ തീരുമാനിച്ചു. അബ്‌റക് എന്ന പ്രദേശത്തെ കേന്ദ്രമാക്കിക്കൊണ്ടു ശക്തിമത്തായ പ്രവർത്തനങ്ങൾ അവർ ആരംഭിച്ചു. ബനൂഅബ്‌സ്, ബിയാൻ തുടങ്ങിയ ഗോത്രക്കാർ ആ പ്രവർത്തനങ്ങൾക്കു ആവേശം പകർന്നു കൊടുത്തു. ഈ നിലപാടിൽ നിന്നു അവരെ പിന്തിരിപ്പിക്കുവാൻ ഖലീഫയായ അബൂബകർ സിദ്ദീഖ് (റ) സമാധാനപരമായി നടത്തിയ ശ്രമം പരാജയപ്പെട്ടു നിസ്സഹരിച്ചു കൊള്ളാം; പക്ഷെ, സകാത്തു് കൊടുക്കുകയില്ല എന്ന തീരുമാനത്തിൽ അവർ ഉറച്ചു നിന്നു. മദീനയെ ആക്രമിക്കുവാൻ ശത്രുപക്ഷം ഉദ്ദേശിക്കുന്നുണ്ടെന്നു മനസ്സിലാക്കിയ ഖലീഫ മദീനയുടെ പ്രവേശനകവാടങ്ങളിൽ കാവൽക്കാരെ ഏർപ്പെടുത്തി. അലീ (ക. വ.), സുബൈർ (റ), തൽഹത് (റ), അബ്ദുള്ളാഹിബ്‌നു മസ്ഊദ് (റ) എന്നിവർ ആ കാവൽസേനക്കു നേതൃത്വം നല്കി. അപ്പോഴേക്കും മദീനയെ ആക്രമിക്കുവാൻ ശത്രുസമൂഹം എത്തിക്കഴിഞ്ഞു. എണ്ണത്തിൽ കുറവായിരുന്നെങ്കിലും മുസ്‌ലിം സേന അവരെ നേരിട്ടപ്പോൾ, ആക്രമികൾ പിന്തിരിഞ്ഞോടിക്കളഞ്ഞു. മുസ്‌ലിം സേന അവരെ അനുധാവനം ചെയ്തു. ശത്രുക്കളെ പിടി കിട്ടിയില്ല. ദീഖ്ശർദ് എന്ന സ്ഥലത്തെത്തിയപ്പോൾ മുസ്‌ലിംകൾ മദീനയിലേക്കു പിന്മടങ്ങി. അന്നത്തെ സംഭവം അങ്ങിനെ കഴിഞ്ഞു. മുസ്‌ലിംകൾ മദീനയിലേക്കു തിരിച്ചപ്പോൾ ശത്രുക്കൾ രണ്ടാമതും മദീന ആക്രമിക്കുവാൻ തയ്യാറെടുത്തു. ആ വിവരം അറിഞ്ഞ ഖലീഫ പിറ്റെ ദിവസം ഒരു ചെറുസംഘം മുസ്‌ലിം സേനയോടൊപ്പം ശത്രുസങ്കേതത്തിലേക്കു നീങ്ങുകയും അവരുമായി യുദ്ധം നടത്തുകയും ചെയ്തു. ആ യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്നു ചിലർ കൊല്ലപ്പെട്ടു, ശേഷിച്ചവർ പിന്തിരിഞ്ഞോടി. മുസ്‌ലിംകൾ അവരെ അനുധാവനം ചെയ്തു. ദിൽഖിസ്സത് എന്ന സ്ഥലത്തെത്തിയപ്പോൾ, മുസ്‌ലിംകൾ അവിടെ താവളമടിക്കുകയും, ഖലീഫ ആ പ്രദേശം കീഴടക്കുകയും ചെയ്തു. ആ വിജയം മുസ്‌ലിംകളെ സന്തോഷിപ്പിച്ചു. നുഅ്മാൻ (റ) വിനെയും ഒരു കൂട്ടം സഹാബിമാരേയും ആ സ്ഥലത്തു നിർത്തിക്കൊണ്ടു ഖലീഫയും മറ്റു സഹാബിമാരും മദീനയിലേക്കു തിരിച്ചു. മദീനയിലെത്തിയ ഉടനെ മദീനായുടെ മേൽനോട്ടം വഹിപ്പാൻ ഉസാമത് (റ) വിനെ അധികാരപ്പെടുത്തിക്കൊണ്ടും, ഒരു ചെറുസൈന്യത്തോടൊപ്പം ഖലീഫ ശത്രുക്കളുടെ കേന്ദ്രമായ അബ്‌റഖിലേക്കു പുറപ്പെട്ടു. അബ്‌റഖിൽ വെച്ചു ശത്രുക്കൾ മുസ്‌ലിംകളെ എതിർത്തു. ആ യുദ്ധത്തിൽ മുസ്‌ലിംസേന ജയിക്കുകയും അബ്‌റഖ് എന്ന നാട്ടു മുസ്‌ലിംകൾക്കു കീഴടങ്ങുകയും ചെയ്തു. കീഴടക്കപ്പെട്ട അബ്‌റഖിൽ ചില നാളുകൾ ഖലീഫ താമസിച്ചു. അനന്തരം, ആ പ്രദേശത്തുനിന്നു സകാത് മുതൽ പിരിച്ചെടുത്ത ശേഷം ഖലീഫ മദീനയിലേക്കു തിരിച്ചു. മദീനയിലെത്തിയ ശേഷം, ശത്രുക്കളെ നേരിടുവാനായി പല സൈന്യവിഭാഗങ്ങളെ പല ഭാഗങ്ങളിലേക്കു ഖലീഫ നിയോഗിച്ചു. പതിനൊന്നു യുദ്ധപതാകകൾ കെട്ടിയുണ്ടാക്കുകയും ഓരോ പതാക ഓരോ സൈന്യവിഭാഗത്തിനു നല്കുകയും ചെയ്തു. അനന്തരം, മുഹാജിർകളും അൻസാർകളുമടങ്ങിയ നൂറു പേരുള്ള ഒരു സൈന്യത്തോടൊപ്പം ഖലീഫയും പുറപ്പെട്ടു. ആ സൈന്യത്തിന്റെ പതാക ഖാലിദിബ്‌നു വലീദ് (റ) പൊക്കിപ്പിടിച്ചു. ദിൽഖിസ്സത്തിൽ എത്തിയപ്പോൾ ആ സൈന്യം അവിടെ താവളമടിച്ചു. അവിടെ വെച്ചു ശത്രുക്കൾ തങ്ങളെ നേ

രിട്ടുമെന്നു അവർ പ്രതീക്ഷിച്ചു. പക്ഷെ, ഒന്നും സംഭവിച്ചില്ല അസ്വസ്ഥരായ ശത്രുക്കൾ രംഗത്തു വരുവാൻ ധൈര്യപ്പെട്ടില്ല. ആകയാൽ ശത്രുക്കളെ അന്വേഷിച്ചു മുമ്പോട്ടു നീങ്ങുവാൻ ഖലീഫ തയ്യാറായി. അദ്ദേഹം ആയുധമണിഞ്ഞു കുതിരപ്പുറത്തു കയറി. കൂട്ടുകാർ അദ്ദേഹത്തെ വിലക്കി. ഖലീഫയായ താങ്കൾ യുദ്ധത്തിന്നൊരുങ്ങരുതെന്നും, മദീനയിലേക്കു തിരിച്ചു പോയ ശേഷം സൈന്യങ്ങളെ അയച്ചു ശത്രുക്കളുമായി യുദ്ധം നടത്തിക്കുകയാണു് ഉചിതമെന്നും, യുദ്ധരംഗത്തു വെച്ചു താങ്കളുടെ മേഹത്തിന്നു ആപത്തു സംഭവിച്ചു പോയെങ്കിൽ അതു ധർമ്മത്തെ കവച്ചു വെക്കുന്ന അധർമ്മമായിപ്പോകുമെന്നു ഉമർ ഖത്താബ് (റ) ഖലീഫയെ അറിയിച്ചു. ആ അഭിപ്രായം സ്വീകരിപ്പാൻ ഖലീഫ തയ്യാറായില്ല. അദ്ദേഹം തന്റെ കുതിരയെ മുമ്പോട്ടു നയിക്കുവാൻ തന്നെ സന്നദ്ധത പ്രകടിപ്പിച്ചു. അലീ (ക. വ.) ഖലീഫ കയറിയിരുന്ന കുതിരയുടെ കടിഞ്ഞാൺ പിടിച്ചു നിറുത്തിക്കൊണ്ടു ഇപ്രകാരം ബോധിപ്പിച്ചു:-'താങ്കൾ മദീനയിലേക്കു തിരിക്കുകയാണു് വേണ്ടതു്. അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയാണു് താങ്കൾ. താങ്കൾ ഊരിപ്പിടിച്ചിട്ടുള്ള വാൾ ഉറയിലിടുക. ഞങ്ങൾ വ്യസനിക്കുവാൻ താങ്കൾ ഇട വരുത്തരുതു്. താങ്കൾ മദീനയിലിരുന്നുകൊണ്ടു സൈന്യത്തെ അയച്ചു യുദ്ധം നടത്തിക്കുവാൻ സാധിക്കും. യുദ്ധക്കളത്തിൽ വെച്ചു താങ്കളുടെ ശരീരത്തിന്നു ആപത്തു സംഭവിപ്പാനിടയായാൽ പോയെങ്കിൽ ഞാങ്ങൾ ഉഛത്തിൽ ആണ്ടു പോവുകയും ഇസ്‌ലാമിക രാഷ്ട്രം ഖലയുടെ കണ്ണീ വിഹടിതമായിപ്പോവുകയും ചെയ്യും. ആകയാൽ താങ്കൾ മദീനയിലേക്കു മടങ്ങുക.' അലീ (ക. വ.) യുടെ ശ്രമം വിഫലമായില്ല. സഹാബിമാരുടെ ഉപദേശത്തെ മാനിച്ചുകൊണ്ടു ഖലീഫ മദീനയിലേക്കു തിരിച്ചു.

ഖാലിദ് (റ) വിന്റെ യുദ്ധം

തുലൈഹതുബ്നുഖുവൈലിദിൽഅസദീ എന്ന ഒരു വ്യക്തി താൻ നബിയാണെന്നു പ്രഘോഷിച്ചു ജുബ്റീൽ (അ) എന്ന മലക്കു് അല്ലാഹുവിന്റെ ഔത്യുമായി തന്നെ സമീപിക്കാറുണ്ടെന്നു ആ കള്ളപ്രവാചകൻ അവകാശപ്പെട്ടു. നിസ്കാരത്തിൽ സുജൂദ് പാടില്ലെന്നും, മുഖം നിലത്തു കുത്തി പൃഷ്ഠം പൊക്കുക എന്നതു ആരാധനയല്ലെന്നും ആ വ്യക്തി പ്രഖ്യാപിച്ചു. അല്ലാഹുവിൽനിന്നു തനിക്കു ലഭിച്ച ഔത്യുമാണെന്നുള്ള നിലക്കു ചില അനുബന്ധങ്ങളും ആ കള്ള പ്രവാചകൻ കെട്ടിച്ചമക്കുകയും പുലമ്പുകയും ചെയ്തു. ആ കള്ള പ്രവാചകനും അനുയായികളെ കിട്ടി. ഗത്ഫാൻ, ഹവാസിൻ തുടങ്ങിയ ചില ഗോത്രക്കാർ തുലൈഹത്തിനെ പിന്തുടർന്നു. മൂർത്തൃകളിൽപ്പെട്ട ഉയൈനയും കൂട്ടുകാരും ആ കള്ളപ്രവാചകനു പിന്തുണ നൽകി.

ഈ കള്ളപ്രവാചകനെയും കൂട്ടുകാരെയും ഒതുക്കുവാനുള്ള ചുമതല ഖാലിദിബ്നുൽവലീദ് (റ) വിൽ ഖലീഫ അർപ്പിക്കുകയുണ്ടായി. തുലൈഹത് എന്ന കള്ള പ്രവാചകനെയും അനുയായികളെയും നേരിടുന്നതിന്നായി മുഹാജിർകളും അൻസാർകളുമടങ്ങിയ ഒരു വമ്പൻ സൈന്യം ഖാലിദ് (റ) വിന്റെ പിന്നിൽ അണി നിരന്നു. ഉദ്ദേശം മുവ്വായിരം വീര മുസ്‌ലിംസേനയിൽ അണിനിരന്നു.

യുദ്ധത്തിന്നു പുറപ്പെടുന്നതിന്നു മുമ്പു്, ശത്രുപക്ഷത്തിന്റെ സ്ഥിതിഗതികളും മനസ്സിലാക്കി വരുവാനായി ഉക്കാശതിബ്നുമുഹ്സിൻ (റ), സാബിതിബ്നുഅർഖം (റ) എന്നീ രണ്ടു സഹാബിമാരെ ഖാലിദ് (റ) ഉടൻ

ളന്മാരായി ശത്രുസങ്കേതത്തിലേക്ക് നിയോഗിച്ചു. ത്വലൈഹത് എന്ന കള്ളപ്രവാചകന്റെ സഹോദരനായ ഹിബാൽ എന്ന ആളെ ആ സഹാബിമാർ വഴിയിൽവെച്ചു കണ്ടുമുട്ടി. ആ സഹാബിമാർ ഹിബാലിനെ ബന്ധനസ്ഥനാക്കി മദീനയിലേക്ക് നയിച്ചു. പക്ഷെ, മദീനയിലേക്ക് പോകുവാൻ ഹിബാൽ കൂട്ടാക്കിയില്ല. തന്നെ വെട്ടിക്കൊല്ലേണമെന്ന അയാൾ ശാഠ്യബുദ്ധ്യാ നിർബ്ബന്ധിച്ചു. തന്നിമിത്തം ആ സഹാബിമാർ ഹിബാലിനെ വെട്ടിക്കൊന്നു. ഈ വിവരം അറിഞ്ഞ ത്വലൈഹത്ത് തന്റെ സഹോദരനായ സൽമത്തോടൊപ്പം പുറപ്പെട്ട. പ്രസ്തുത സഹാബിമാരെ കണ്ടുപിടിച്ചു. ഉക്കാശത് (റ) വിനെ ത്വലൈഹത്തും, സാബിത് (റ) വിനെ സൽമത്തും വധിച്ചു.

മുസ്‌ലിംകൾ യുദ്ധത്തിന്നു ഒരുങ്ങുന്നുണ്ടെന്നറിഞ്ഞപ്പോൾ, ത്വലൈഹത്ത് ഒരു മഹായുദ്ധത്തിന്നുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. ഒരു കൂറൻ സൈന്യത്തോടൊപ്പം ത്വലൈഹത്ത് ബുസാഹത്ത് എന്ന സ്ഥലത്ത് താവളമടിച്ചു. ഖാലിദിബ്നുവലീദ് (റ) വിന്റെ നേതൃത്വത്തിൽ മുസ്‌ലിംസേന ആ സ്ഥലത്തു എത്തിച്ചേർന്നു. ത്വലൈഹത്തിന്റെ സൈന്യവും മുസ്‌ലിംസേനയും തമ്മിൽ യുദ്ധംതുടങ്ങി. യുദ്ധരംഗം ഭയങ്കരമായി മാറി. ശത്രുപക്ഷത്തു പലർ കൊല്ലപ്പെട്ടു. ചിലർ ബന്ധനസ്ഥരാക്കപ്പെട്ടു. അപ്പോഴേക്കും ശത്രുപക്ഷം തളർന്നു. ത്വലൈഹത്തിന്റെ സൈന്യം പിന്തിരിഞ്ഞോടി. ഭാര്യയെ തന്റെ കുതിരപ്പുറത്തു കയറ്റിക്കൊണ്ടു ത്വലൈഹത്തും ഓടിപ്പക്ഷെത്തു. ഖാലിദ് (റ) തന്റെ ഇരുകരങ്ങളിൽ രണ്ടു വാളുകളേന്തിക്കൊണ്ടു, ആ രണ്ടു വാളുകളും മുറിയുന്നതുവരെ, ഉയൈനത്തിന്റെ സൈന്യത്തോടു യുദ്ധംചെയ്തു വിജയം വരിച്ചു. കൊടുങ്കാറ്റിന്റെ ഭയാനകതയോടുകൂടി, അള്ളാ, അള്ളാ എന്നു ഉരുവിട്ടുകൊണ്ടു അദ്ദേഹം ശത്രുപക്ഷത്തിന്റെ അണികളിലേക്ക് അദ്ദേഹം ഇരമ്പിക്കയറി. ശത്രുപക്ഷത്തിലെ പ്രമുഖന്മാരായ ഉയൈനത്തും ഖുർറത്തുബ്നുഹുബൈറത്തും ബന്ധനസ്ഥരാക്കപ്പെട്ടു. അവരെ മദീനയിലേക്ക് അയക്കുകയും, ഖലീഫയുടെ സന്നിധിയിൽവെച്ചു അവർ ഇസ്‌ലാംമതത്തിലേക്ക് മടങ്ങുകയും ചെയ്തു. ഇസ്‌ലാമിലേക്കുള്ള അവരുടെ പുനരാഗമനത്തെ ഖലീഫ സ്വാഗതം ചെയ്തു.

ആത്മരക്ഷാർത്ഥം രണാങ്കണത്തിൽവെച്ചു പിന്തിരിഞ്ഞോടിയ ത്വലൈഹത്തും കക്ഷിയും ശാമിൽ അഭയംപ്രാപിച്ചു. 'നിങ്ങൾ പിന്തിരിഞ്ഞോടിയതെന്തിനു?' എന്നു ത്വലൈഹത്ത് തന്റെ അനുയായികളോടു ചോദിച്ചപ്പോൾ, അവരിലൊരാൾ പറഞ്ഞു:-'കൂട്ടുകാർ മരിച്ചാലും ഞാൻമാത്രം മരിക്കരുതെന്നാണു നമ്മുടെ കൂട്ടത്തിൽ ഓരോരുത്തരും ആഗ്രഹിച്ചതു. മരിക്കുവാൻ ഇഷ്ടപ്പെട്ട ഒരു വ്യക്തിപോലും നമ്മുടെ അണിയിൽ ഉണ്ടായില്ല. മറുപക്ഷത്താവട്ടെ, മരിക്കുവാൻ ഇഷ്ടപ്പെട്ടവ്യക്തികൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. മരിക്കുവാൻ ഇഷ്ടപ്പെടാത്ത ആളുകളെസ്സംബന്ധിച്ചേടത്തോളം യുദ്ധക്കളത്തിൽനിന്നു പിന്തിരിഞ്ഞോടുകയല്ലാതെ ഗത്യന്തരമില്ലല്ലൊ.'

ശാമിൽ അഭയംപ്രാപിച്ച ത്വലൈഹത്ത് ബനൂഹനാൻ എന്ന ഗോത്രക്കാരോടൊപ്പം അവിടെ താമസിച്ചു. ഒന്നാം ഖലീഫയായ അബൂബകർസിദ്ദീഖ് (റ) വഫാതായതിന്നുശേഷം, ഈ ത്വലൈഹത്തിന്നു മാനസാന്തരം സംഭവിക്കുകയും അദ്ദേഹം ഇസ്‌ലാംമതം വിശ്വസിക്കുകയും രണ്ടാം ഖലീഫയായ ഉമർഫാറൂഖ് (റ) വിനെ സമീപിച്ചു അദ്ദേഹവുമായി സൌഹൃദക്കാർ നടത്തുകയുംചെയ്തു. 'ഉക്കാശയും', സാബിത് എന്നീ സഹാബിമാരുടെ ഘാതക

നായ നിങ്ങളെ ഇഷ്ടമിത്രമായി അംഗീകരിപ്പാൻ എങ്ങിനെ സാധിക്കും'എന്നു ഖലീഫ ചോദിച്ചപ്പോൾ, ത്വലൈഹത്തു് ഇപ്രകാരം ബോധിപ്പിച്ചു:-'ഞാൻ മുഖേന രണ്ടു സഹോദരിമാക്കു രക്തസാക്ഷിത്തം നൽകി അല്ലാഹു അവരെ അനുഗ്രഹിച്ചു; എന്നെ അപമാനിച്ചുമില്ല. ഇക്കാരണത്താൽ താങ്കൾ എന്നെ അനിഷ്ടപ്പെടേണ്ടതില്ലല്ലോ.' *

യുദ്ധക്കളത്തിൽവെച്ചു പിന്തിരിഞ്ഞോടിയ ബനൂഅസദ് ഗോത്രക്കാരെയും മറ്റും തിരഞ്ഞുപിടിക്കുവാൻ പല ചെറുസംഘം സൈന്യങ്ങളെ ഖാലിദ് (റ) പല ഭാഗങ്ങളിലേക്കായി നിയോഗിച്ചു. ഈ നടപടി ശത്രുക്കളിൽ അമ്പരപ്പുളവാക്കി. ശത്രുക്കളിൽ പലരും ഇസ്‌ലാമിലേക്കു മടങ്ങി. ചിലർ ഖലീഫയുടെ സന്നിധിയിൽച്ചെന്നു ഇസ്‌ലാമതം വിശ്വസിച്ചു. ആ രംഗം ആ നിലയിൽ തണുത്തുകഴിഞ്ഞു. പക്ഷെ, ആ അവസരം ഖാലിദ് (റ) വിശ്രമത്തിനായി വിനിയോഗിച്ചില്ല. അദ്ദേഹവും സൈന്യവും ബനൂതമീം ഗോത്രക്കാരുടെ നേരെ പുറപ്പെട്ടു. ആ ഗോത്രക്കാരും ഇസ്‌ലാമിനെതിരായി ധിക്കാരപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ബനൂതമീം ഗോത്രക്കാരെ തേടിക്കൊണ്ടു ബുതാഇഹ് എന്ന സ്ഥലത്തേക്കു മുസ്‌ലിംസേന നീങ്ങിയെങ്കിലും ഒരിടത്തും ശത്രുക്കളെ കണ്ടെത്തിയില്ല. ആകയാൽ അവരെത്തേടിപ്പിടിപ്പാനായി ചെറുസൈന്യസംഘങ്ങളെ നാട്ടിന്റെ നാനാഭാഗങ്ങളിലേക്കു ഖാലിദ് (റ) നിയോഗിച്ചു. ആ തിരച്ചലിൽ മാലികുബ്നു നുവൈറത്

* ത്വലൈഹത്തു് (റ) പ്രശംസനീയ യോദ്ധാവായിരുന്നു. പേർസ്യൻ യുദ്ധത്തിലും ഇറാഖ് വിജയത്തിലും ഗണ്യമായ പങ്കു് വഹിച്ച അദ്ദേഹം ഹി. പതിനെട്ടാം വർഷത്തിൽ തഹാവന്ത് യുദ്ധത്തിൽ രക്തസാക്ഷിയായി.

എന്ന ആളുടക്കം പന്ത്രണ്ടുപേരെ പിടികിട്ടി. സകാത് കൊടുക്കുകയില്ലെന്നു പ്രഖ്യാപിച്ച സംഘത്തിൽ പെട്ടവരായിരുന്ന, ആ പന്ത്രണ്ടുപേർ. ഖാലിദ് (റ) വിന്റെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. ഈ പന്ത്രണ്ടുപേരെസ്സംബന്ധിച്ചേടത്തോളം മുസ്‌ലിംകൾ ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. അവർ മുസ്‌ലിംകളായി പരിഗണിക്കപ്പെടേണമെന്നു ചിലർ അഭിപ്രായപ്പെട്ടപ്പോൾ, മുർതദ്ദുകളായി പരിഗണിക്കപ്പെടേണമെന്നു മറ്റുള്ളവർ അഭിപ്രായപ്പെട്ടു. അവർ മുർതദ്ദുകളായി പരിഗണിക്കപ്പെടേണമെന്ന അഭിപ്രായത്തോടു യോജിച്ചുകൊണ്ടു ഖാലിദ് (റ) അവർക്കു വധശിക്ഷ വിധിച്ചു. പതിനൊന്നു പേരോടൊപ്പം മാലികുബ്നു നുവൈറത്തും വധിക്കപ്പെട്ടു. * മാലികിന്റെ വിധവയെ ഖാലിദ് (റ) വിവാഹം കഴിച്ചു. ത്വലൈഹത്തിനെയും അനുയായികളെയും അവർക്കു പിന്തുണ നൽകിയ മുർതദ്ദുകളെയും ഒതുക്കിയശേഷം ഖാലിദ് (റ) വും സൈന്യവും മദീനയിലേക്കു തിരിച്ചു.

* ഈ മാലിക് എന്ന ആൾ മുർതദ്ദായിരുന്നില്ലെന്നു പിന്നീടു മനസ്സിലായപ്പോൾ ഖാലിദ് (റ) പശ്ചാത്തപിച്ചുവെന്നും, അബൂബകർസിദ്ദീഖ് (റ) അദ്ദേഹത്തിന്റെ അവകാശികൾക്കു നഷ്ടപരിഹാരം നൽകിയെന്നും, നിരപരാധിയായ മാലികിനെ വധിച്ച ഖാലിദിനെ ശിക്ഷിക്കേണമെന്നു ഉമർ (റ) അഭിപ്രായപ്പെട്ടപ്പോൾ, ഖാലിദ് കുതിക്കുട്ടിചെയ്തതല്ലല്ലോ; ഒരു പിഴവുപറ്റിയതാണല്ലോ; ആകയാൽ ആ കാര്യത്തിൽ നിശ്ശബ്ദത പാലിക്കുക' എന്നു ഖലീഫ മറുപടി നൽകിയെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തീട്ടുണ്ടു്. 'അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണു് ഖാലിദു ബ്നുവലീദ്''എന്നു നബി (സ) തിരുമേനി അരുളീട്ടുണ്ടു്.

സജാഹ് എന്ന പെൺനബി

തിരുമേനി (സ) യുടെ വഫാതിനെത്തുടർന്ന് അറബികൾ മുർത്തദ്ദുകളാകുവാൻ വ്യഗ്രത പൂണ്ടതുമൂലം കലങ്ങിമറിഞ്ഞ അന്തരീക്ഷത്തിൽനിന്നു, നബിത്വം അവകാശപ്പെട്ടുകൊണ്ടു മുതലെടുപ്പാൻ മുമ്പോട്ടുവന്ന കപ്രസിദ്ധനാണ് മുസൈലിമതുൽകദ്ദാബ്, അഥവാ കള്ളപ്രവചകനായ മുസൈലിമത്തു്. ആ മുസൈലിമത്തിനെ കിടിലം കൊള്ളിച്ച ഒരു പെണ്ണാണ് സജാഹ്. ഹാരിസിന്റെ മകളായ സജാഹ് തമീംഗോത്രക്കാരിയാകുന്നു താൻ നബിയാണെന്നു പ്രഖ്യാപിക്കുവാൻ ചങ്കൂറ്റമുണ്ടായ ആ പെണ്ണിനു ധാരാളം അനുയായികളെ സമ്പാദിപ്പാൻ നിഷ്പ്രയാസം സാധിച്ചു. ജസീറ എന്ന സ്ഥലമായിരുന്നു സജാഹിന്റെ കേന്ദ്രം. അബൂബകർസിദ്ദീഖ് (റ) വുമായി യുദ്ധംചെയ്തു. മദീനാ കൈവശപ്പെടുത്തി, ഇസ്‌ലാമിനെ ഭൂമുഖത്തുനിന്നു ഉന്മൂലനം ചെയ്യുവാൻ അവർ ആഗ്രഹിച്ചു. പക്ഷെ, തന്നെപ്പോലെ, നബിത്വം അവകാശപ്പെട്ടുകഴിഞ്ഞുകൂടുന്ന മുസൈലിമത്തു് തന്റെ മുന്നേറ്റങ്ങൾക്കു ഒരു തടസ്സമാണെന്നു സജാഹ് മനസ്സിലാക്കി. ആകയാൽ, മുസൈലിമത്തിനെ കീഴടക്കിയതിനുശേഷം ഖലീഫയുടെ നേരെ പുറപ്പെടാമെന്നു അവർ തീരുമാനിച്ചു. അങ്ങിനെ ഒരു സൈന്യത്തെ നയിച്ചുകൊണ്ടു അവർ മുസൈലിമത്തിന്റെ നാടായ യമാമയിലേക്കു പുറപ്പെട്ടു. ഈ വാർത്ത അറിഞ്ഞ ഉടനെ അവളെ വശീകരിപ്പാനുള്ള സൂത്രങ്ങൾ മുസൈലിമത്തു് ആസൂത്രണം ചെയ്തു. പല വിലപിടിച്ച സാധനങ്ങൾ സമ്മാനമായി മുസൈലിമത്തു് അവർക്കു അയച്ചുകൊടുത്തു. അവർ അതു സ്വീകരിച്ചപ്പോൾ മുസൈലിമത്തിനു ആശ്വാസമായി. ഏകാന്തസംഭാഷണത്തിനായി രഹസ്യമായ ഒരു കൂടിക്കാഴ്ച അനുവദിക്കേണമെന്നു മുസൈലിമത്തു് അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന സജാഹ് സ്വീകരിച്ചു. കൂടിക്കാഴ്ചക്കു പ്രത്യേകമായി ഒരു മണ്ഡപം നിർമ്മിക്കപ്പെട്ടു. ലൈംഗിക വികാരത്തെ അതിവേഗം ആളിക്കത്തിക്കുവാൻ പര്യാപ്തമായ നിലയിൽ ആ മണ്ഡപം വിതാനിക്കപ്പെട്ടു. സൌഹൃദസംഭാഷണത്തിനായി മുസൈലിമത്തും സജാഹും ആ മണ്ഡപത്തിൽ പ്രവേശിച്ചു. മറ്റാർക്കും പ്രവേശനം അനുവദിക്കപ്പെട്ടില്ല. പ്രശാന്തസുന്ദരവും വികാരോദ്ദീപകവുമായ ആ അന്തരീക്ഷത്തിൽ, മുസൈലിമത് എന്ന ആൺനബിയും സജാഹ് എന്ന പെൺനബിയും സംഭാഷണമാരംഭിച്ചു. 'നിങ്ങൾക്കു നിങ്ങളുടെ റബ്ബു് നൽകിയ ഔന്നത്യമെന്തൊക്കെയാണു്' എന്നു സജാഹ് ചോദിച്ചപ്പോൾ, മുസൈലിമത് തനിക്കു ലഭിച്ച ഔന്നത്യമെന്ന നിലക്കു താഴെചേർത്ത വാചകങ്ങൾ അവതരിപ്പിച്ചു:—'നിന്റെ റബ്ബു് ഗർഭിണിയെ കൊണ്ടു ചെയ്തതെന്തെന്നു നീ കാണുന്നില്ലയോ? അവളിൽ നിന്നു ജീവനുള്ള മനുഷ്യരെ പുറപ്പെടുവിക്കുന്നതു കാണുന്നില്ലയോ? പടച്ചവൻ സ്ത്രീകൾക്കു യോനി സൃഷ്ടിച്ചു; പുരുഷന്മാർക്കു് ലിംഗം സൃഷ്ടിച്ചു. എന്നിട്ടു പുരുഷന്മാരെ സ്ത്രീകൾക്കു ഇണയാക്കി. അതു വഴി നാം അവരിൽ നല്ല കടത്തൽ കടത്തുന്നു. അവർ വേണ്ടുകപോലെ നല്ല പുറപ്പെടുവിക്കൽ പുറപ്പെടുവിക്കുന്നു. തന്മൂലം അവർക്കു ഒരു ജനിക്കൽ ജനിക്കുന്നു.' ഇതുമായപ്പോൾ സജാഹ് പറഞ്ഞു'—'നിങ്ങൾ നബി തന്നെയെന്നു ഞാൻ വിശ്വസിച്ചു.' അവർ തന്റെ വലയിൽ വീണുവെന്നു മുസൈലിമത്തിനു ബോദ്ധ്യമായി. അവർ വികാരവിവശയായിട്ടുണ്ടെന്നു അയാൾ മനസ്സിലാക്കി. 'ഞാൻ നിന്നെ പോക്കട്ടെയോ? നാം തമ്മിൽ ചേർന്നു കഴിഞ്ഞാൽ എന്റെയും നിന്റേയും സൈന്യത്തെ സംഘടിപ്പിച്ചു, ആ

സംഘടിത സൈന്യത്തെ അയച്ചു അറബികളെ നമുക്ക് കീഴടക്കാം. ആദായം ഭാഗിച്ചെടുക്കുകയും ചെയ്യാം' എന്നു മുസൈലിമത്തു് പറഞ്ഞപ്പോൾ, സജാഹ് അയാൾക്കു വഴങ്ങി. ആ ആൺനബിയും പെൺനബിയും രതിക്രീഡയിൽ പ്രവേശിച്ചു. വ്യഭിചാരത്തിൽ മുഴുകിക്കൊണ്ടു അവർ മൂന്നു ദിവസം ആ മണ്ഡപത്തിൽ കഴിച്ചു കൂട്ടി. സുബ്ഹി നിസ്കാരവും ഇശാ നിസ്കാരവും ആവശ്യമില്ലെന്നു അവർ തീരുമാനിച്ചു. അനന്തരം സജാഹ് എന്ന പെൺനബി ജസീറയിലേക്കു തിരിച്ചു പോയി. *

മുസൈലിമത്തിന്റെ നേരെ

കള്ളപ്രവാചകനായ മുസൈലിമത്തിനെ നേരിടുവാൻ ഇക്രിമതിബ്നു അബീജഹൽ (റ) വിന്റെ നായകത്വത്തിൽ ഒരു സേനയെ ഖലീഫ നിയോഗിച്ചു. ആ സൈന്യത്തിനു മുസൈലിമത്തിനെ കണ്ടു പിടിക്കുവാൻ കഴിഞ്ഞില്ല. ഈ വിവരം ഇക്രിമത് (റ) ഒരു കത്തു വഴി ഖലീഫയെ അറിയിച്ചു. അതിലിടക്കു്, അമ്മാൻ, മഹ്റത് എന്നീ ഗോത്രക്കാരുടെ നേരെ ഹുദൈഫത് (റ), അർഫജത് (റ) എന്നിവരുടെ കീഴിൽ രണ്ടു സൈന്യങ്ങളെ ഖലീഫ നിയോഗിച്ചു കഴിഞ്ഞിരുന്നു. ആകയാൽ, മദീനയിലേക്കു തിരിക്കാതെ പ്രസ്തുത സൈന്യങ്ങളെ സഹായിപ്പാൻ അങ്ങോട്ടു പോകേണമെന്നു ഇക്രിമത് (റ) വിനെ ഖലീഫ അറിയിച്ചു ഖലീഫയുടെ ഉത്തരവനുസരിച്ചു ഇക്രിമത് (റ) വും സൈന്യവും അങ്ങോട്ടേക്കു നീങ്ങി.

ഖാലിദ് (റ) പുറപ്പെടുന്നു

മുസൈലിമത് എന്ന കള്ളപ്രവാചകന്റെ ആസ്ഥാനം യമാമ ആയിരുന്നു. ബനൂഹനീഫയെന്ന ഒരു മഹാഗോത്രത്തിന്റെ തലവനായിരുന്നു മുസൈലിമത്. ചെപ്പടിവിദ്യകളും അറിയാമായിരുന്ന മുസൈലിമത് ഇടത്തരം സാഹിത്യപ്രേമിയുമായിരുന്നു. താൻ നബ്വിയാണെന്നുള്ള കള്ളവാദത്തെ ജനങ്ങളെക്കൊണ്ടു് വിശ്വസിപ്പിക്കുവാൻ ജാലവിദ്യാജ്ഞാനവും സാഹിത്യവാസനയും അയാൾ ഉപയോഗപ്പെടുത്തി. തന്റെ അണിയിലേയ്ക്കു ജനങ്ങളെ ആകർഷിക്കുവാൻ മതപരമായ കാര്യങ്ങളിൽ പല ഇളവുകളും ആനുകൂല്യങ്ങളും അയാൾ അനുവദിച്ചു. രണ്ടു നേരമോ മൂന്നു നേരമോ സൌകര്യം പോലെ നിസ്കരിച്ചാൽ മതിയെന്നു അയാൾ ജനങ്ങളെ ഉപദേശിച്ചു. മദ്യപാനം, വ്യഭിചാരം, ചൂതാട്ടം തുടങ്ങിയവ നിഷിദ്ധങ്ങളല്ലെന്നു അയാൾ പ്രഖ്യാപിച്ചു. ആകയാൽ അല്പബുദ്ധികളായ സാധാരണക്കാരുടെ ബഹുഭൂരിപക്ഷം അയാളുടെ പിന്നിൽ അണി നിരന്നു. 'റഹ്മാനുൽ യമാമ' എന്ന പേരിൽ അയാൾ അറിയപ്പെട്ടു.

മുസൈലിമത്തിനെ നേരിടുന്നതിനായി യമാമിലേക്കു പുറപ്പെടുവാൻ ഖാലിദ് (റ) വിന്നു ഖലീഫ ഉത്തരവു നല്കി. പതിനായിരം പേരടങ്ങിയ ഒരു സൈന്യത്തെ നയിച്ചുകൊണ്ടു ഖാലിദ്(റ) യമാമയിലേക്കു പുറപ്പെട്ടു. ഖാലിദ് (റ) വിന്റെ നേതൃത്വത്തിൽ മുസ്‌ലിം സേന പുറപ്പെട്ട വിവരമറിഞ്ഞപ്പോൾ, അവരെ എതിർക്കുവാൻ മുസൈലിമത്ത് തയ്യാറെടുത്തു. നാല്പതിനായിരം പേരടങ്ങിയ ഒരു സൈന്യത്തെ അവർ സജ്ജീകരിച്ചു. യമാമ നഗരപ്രാന്തത്തിലുള്ള മൈതാനിയിൽ അവർ അണി നിരന്നു. മുസ്‌ലിം സേനയും ആ സ്ഥലത്തെത്തിച്ചേർന്നു. മുസൈലിമത്തിന്റെ അണി

---

* മുസൈലിമത്തുൽ കദ്ദാബ് വധിക്കപ്പെട്ട ശേഷം സജാഹ് എന്ന കള്ളപ്പെൺനബി ബസറയിലേക്കു പോവുകയും അവിടെവെച്ചു മരിക്കുകയും ചെയ്തെന്നും, ഇസ്‌ലാംമതം വിശ്വസിച്ചെന്നും പറയപ്പെട്ടിട്ടുണ്ടു്.

യിൽ നിന്നു യുദ്ധത്തിന്നായി മുമ്പോട്ട വന്ന നാല്പതോ, അറുപതോ ആളുകളെ ധീരനായ ഖാലിദ് (റ) ഏകനായി എതിർക്കുകയും കൊല്ലുകയും ചെയ്തു. അതോടു കൂടി ഘോരയുദ്ധം ആരംഭിച്ചു.

ഹിജ്റാബ്ദം പന്ത്രണ്ടാം വർഷത്തിലെ റബീഉൽഅവ്വൽ മാസത്തിലാണ് ചരിത്രപ്രസിദ്ധമായ ഈ യുദ്ധം നടന്നതു്. രാവിലെ തുടങ്ങി വൈകുന്നേരം അവസാനിച്ച ഈ യുദ്ധത്തിൽ മുസ്ലിംപക്ഷത്തു നിന്നു് ആയിരത്തിരുന്നൂററുപതോ, ആയിരത്തെണ്ണൂറൊപേർ ശഹീദായി. ശത്രുപക്ഷത്തു ഇരുപതിനായിരം പേർ കൊല്ലപ്പെട്ടു.

ശത്രുസേനയെ അപേക്ഷിച്ചു മൂന്നിലൊന്നു മാത്രം സംഖ്യാബലം മാത്രമുണ്ടായിരുന്ന മുസ്ലിംസേനയെ എളുപ്പത്തിൽ പരാജയപ്പെടുത്തിക്കളയാമെന്നുള്ള മുസൈലിമത്തിന്റെ വ്യാമോഹം തകർന്നു തരിപ്പണമായി പോകത്തക്കവിധം ഖാലിദ് (റ) യുദ്ധഗതിയെ നിയന്ത്രിക്കുകയുണ്ടായി. യുദ്ധം തുടങ്ങി ഏറെ നേരം കഴിയുന്നതിന്നു മുമ്പു തന്നെ ശത്രുക്കൾ ഒറ്റതിരിഞ്ഞു ഓടിത്തുടങ്ങി. ആത്മരക്ഷാർത്ഥം ചിന്തിരിഞ്ഞോടുവാനുള്ള ഒരു വ്യഗ്രത അവരിൽ ഉടലെടുത്തു. ഏതാനും മണിക്കൂറുകൊണ്ടുകം അവരിൽ ഒരു വിഭാഗം ഓടിക്കളഞ്ഞു. അന്നു സന്ധ്യക്കു മുമ്പു തന്നെ മുസൈലിമതു് കൊല്ലപ്പെട്ടു. ജുബൈറുബ്നു മതു് ഇമിന്റെ അടിമയായ വഹ്ശി * യാണു് മുസൈലിമത്തിനെ കൊല്ലുവാൻ പഴുതുണ്ടാക്കിയതു്. വഹ്ശി ഒരു കുന്തംകൊണ്ടു മുസൈലിമത്തിനെ എറിഞ്ഞു. ആ കുന്തം അയാളുടെ മുലക്കു താഴെ തറച്ചു. അവസരം പാഴാക്കാതെ, ഒരു അൻസാരി മുസൈലിമത്തിന്റെ കഴുത്തു വെട്ടി. മുസൈലിമത്തിനെ വധിച്ചതു അബൂദുജാനതു് (റ) വാണെന്നും, അബ്ദുല്ലാഹിബ്നു സൈദ് (റ) വാണെന്നും പക്ഷാന്തരമുണ്ടു്. മുസൈലിമത്തു് വധിക്കപ്പെട്ടപ്പോൾ, ബനൂഹനൈഫക്കാരായ ഭൂരിപക്ഷം പടയാളികളും പിന്തിരിഞ്ഞോടിക്കളഞ്ഞു. മറ്റുള്ളവർ മുസ്ലിംകൾക്കു കീഴടങ്ങി. * അതോടുകൂടി ആ യുദ്ധം മുസ്ലിംകളുടെ വിജയത്തിൽ അവസാനിച്ചു.

* ഈ വഹ്ശിയാണു് ഹംസ (റ) വിനെ മുമ്പു വധിച്ചതു്

ഖാലിദ് (റ) ഇറാഖിലേക്കു്

വിജയലാളിതമായ യമാമ യുദ്ധം കഴിഞ്ഞതിന്നു ശേഷം, ഖാലിദ് (റ) ഇറാഖിലേക്കു നിയോഗിക്കപ്പെട്ടു ** പതിനായിരം പേരടങ്ങിയ ഒരു സൈന്യത്തോടുകൂടി അദ്ദേഹം ഇറാഖിലേക്കു തിരിച്ചു. ഖാലിദ് (റ) വിനെ സഹായിപ്പാനായി മുസ്നബ്നു ഹാരിസത്തുശ്ശൈബാനീ (റ) യുടെ നേതൃത്വത്തിൽ എണ്ണായിരം പേരുള്ള ഒരു സഹായക സൈന്യത്തെ ഖലീഫ ഇറാഖിലേക്കയച്ചു കൊടുത്തു. മുസ്ലിം സേന ഇറാഖിൽ പ്രവേശിച്ചു. സവാദ് എന്ന നാട്ടിലാണു് ആദ്യം അവർ കാലുകുത്തിയതു്. യുദ്ധത്തിന്നൊരുങ്ങാതെ ആ നാട്ടുകാർ മുസ്ലിംകൾക്കു കീഴടങ്ങി. പതിനാ

* യമാമ യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്നു പലരും ബന്ധനസ്ഥരാക്കപ്പെട്ടു. ബന്ധനസ്ഥരിൽപ്പെട്ട ഹനീഫ എന്ന ഒരു സ്ത്രീയെ അബൂബക്കർ സിദ്ദീഖ് (റ) അലീ (ക. വ.) ക്കു സമ്മാനിച്ചു. ആ മഹതിയിൽ അലീ (ക. വ.) ക്കു ജനിച്ച പുത്രനാണു് സുപ്രസിദ്ധ യോദ്ധാവായിരുന്ന മുഹമ്മദുബ്നു ഹനീഫ (റ).

** യമാമയിൽനിന്നു ഖാലിദ് (റ) വും സൈന്യവും നേരെ ഇറാഖിലേക്കു പോയെന്നും യമാമയിൽ നിന്നു മദീനയിലേക്കു പോവുകയും മദീനയിൽനിന്നു ഇറാഖിലേക്കു പോയെന്നും പക്ഷാന്തരമുണ്ടു്.

യിരം പൊന്ന സ്വീകരിച്ചുകൊണ്ട് ഖാലിദ് (റ) അവരുമായി സൌഹൃദസന്ധിയുണ്ടാക്കുകയും ജിസ്‌യ എന്ന കപ്പം നിശ്ചയിക്കുകയും ചെയ്തു. ഇറാഖിന്റെ മണ്ണിൽ, സവാദ, എന്ന നാട്ടിൽ ഇസ്‌ലാമിന്റെ പതാക നാട്ടപ്പെട്ടു.

സവാദിൽ നിന്ന മുസ്‌ലിം സേന മുമ്പോട്ട നീങ്ങി. ഹീറത് എന്ന നാട്ടിൽ അവർ പ്രവേശിച്ചു. ഒന്നുകിൽ ഇസ്‌ലാംമതം സ്വീകരിക്കുകയോ, അല്ലെങ്കിൽ ജിസ്‌യ നല്കി കീഴടങ്ങുകയോ, അതുമല്ലെങ്കിൽ യുദ്ധത്തിനൊരുങ്ങുകയോ ചെയ്യുവാൻ ആ നാട്ടുകാരെ ഖാലിദ് (റ) ആഹ്വാനം ചെയ്തു. ജിസ്‌യ നൽകി കീഴടങ്ങുവാൻ ആ നാട്ടുകാർ തീരുമാനിച്ചു. തൊണ്ണൂറായിരം വെള്ളി പ്രതിഫലം വാങ്ങിക്കൊണ്ട ഖാലിദ് (റ) അവരുമായി സൌഹാർദ്ദസന്ധിനടത്തി. കപ്പം നിശ്ചയിക്കയും ചെയ്തു.

ഹീറത്തിൽ ഇസ്‌ലാമിന്റെ പതാക നാട്ടിയ ശേഷം ആ സേന ഐലത്തു് എന്ന നാട്ടിലേക്കു നീങ്ങി. ആ നാടും മുസ്‌ലിംകൾക്കു കീഴടങ്ങി.

ഹർമസുമായുള്ള യുദ്ധം

മുസ്‌ലിം സേന ഐലത്തിൽനിന്ന ഹീറത് എന്ന പ്രധാന നഗരിയിലേക്കു നീങ്ങുകയുണ്ടായി. കിസ്‌റാ ചക്രവത്തിയുടെ സീമന്ത രാജാവായ ഹർമസാണ് ആ നാടു് ഭരിച്ചിരുന്നതു് കരയുദ്ധത്തിലും കടൽയുദ്ധത്തിലും അതുല്യവിദഗ്ദ്ധനെന്ന വിഖ്യാതി നേടിയ ആളായിരുന്ന ഹർമസ്. മുസ്‌ലിം സേന ഹീറത് ആക്രമിക്കുവാൻ പുറപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ഒരു ഏഴുത്തു മൂലം ഹർമസ് രാജാവു് കിസ്‌റാ ചക്രവത്തിയെ അറിയിക്കുകയും, മുസ്‌ലിംകളെ നേരിടുവാൻ കനത്ത ഒരുക്കങ്ങൾ കൂട്ടുകയും ചെയ്തു. തന്റെ പട്ടാളക്കാർ രണാങ്കണത്തിൽ വെച്ചു പിന്തിരിഞ്ഞോടിക്കളയാതിരിപ്പാനുള്ള മുൻകരുതലെന്ന നിലക്ക അദ്ദേഹം അവരെ ചങ്ങലകൊണ്ട പരസ്പരം ബന്ധിച്ചു. * ഖാലിദ് (റ) വിന്റെ സേന ഹർമസിന്റെ സേനയുമായി കണ്ടുമുട്ടി. മുസ്‌ലിം സേനയെ അഭിമുഖീകരിച്ചുകൊണ്ട ഹർമസ് രാജാവു് വ്യക്തിയുദ്ധത്തിനു വെല്ലുവിളിച്ചു. ഖാലിദ് (റ) ആ വെല്ലുവിളി സ്വീകരിച്ചുകൊണ്ട രംഗത്തിറങ്ങി. ഖാലിദ് (റ വും ഹർമസും തമ്മിൽ നടന്ന ദ്വന്ദയുദ്ധത്തിൽ ഹർമസ് കൊല്ലപ്പെട്ടു. അയാളുടെ പടയങ്കികൊ ഖാലിദ് (റ) അഴിച്ചെടുത്തു അയാളുടെ പടത്തൊപ്പി മാത്രം ആറായിരം പൊന്ന വില പിടിച്ചതായിരുന്നു. അംഗീകൃതയോഗ്യന്മാർ ആറായിരം പൊന്ന വിലയുള്ള പടത്തൊപ്പി ധരിക്കുകയെന്നതു അക്കാലത്തെ സമ്പ്രദായമായിരുന്നു. ഹർമസ് കൊല്ലപ്പെട്ടതു കണ്ടപ്പോൾ, അയാളുടെ പേർസ്യൻ പട്ടാളം പിന്തിരിഞ്ഞോടിക്കളഞ്ഞു. മുസ്‌ലിം സേന അവരിൽ പലരെ ബന്ധനസ്ഥരാക്കുകയും, ചിലരെ വധിക്കുകയും ചെയ്തു. ആ യുദ്ധം പ്രതിപക്ഷത്തിന്റെ പരാജയത്തിൽ പര്യവസാനിച്ചു.

ഖാലിദ് (റ) വിന്റെ സേന പിന്നേയും മുമ്പോട്ട നീങ്ങി, ബസറയിൽ താവളമടിച്ചു. അവിടെ വെച്ചു കിസ്‌റാ ചക്രവത്തിയുടെ ക്ലാറൻ സേന മുസ്‌ലിംകളെ നേരിട്ടു. ബസറയിൽ വെച്ചു ഖാലിദ് (റ) വിന്റെ സൈന്യവും കിസ്‌റാ ചക്രവത്തിയുടെ സൈന്യവും തമ്മിൽ ഉഗ്രമായ പോരാട്ടം നടന്നു. ശത്രുപക്ഷത്തു നിന്നു മുപ്പതിനായിരം പേർ കൊല്ലപ്പെടുകയും നിരവധി പേർ ബന്ധനസ്ഥരാക്ക

* ഇക്കാരണത്താൽ ഈ യുദ്ധത്തിനു 'ദാതുസ്സലാസിൽ' എന്നും പേരുണ്ടായി.

പ്പെടുകയും ചെയ്തു * ഈ യുദ്ധത്തെ ചരിത്രത്തിലെ അതിഭയങ്കരമെന്നു ചരിത്രകാരന്മാർ വിശേഷിപ്പിച്ചിരിക്കുന്നു. ഈ യുദ്ധവും മുസ്‌ലിംകളുടെ വിജയത്തിൽ പര്യവസാനിച്ചു. ധാരാളം മുതലുകൾ (ഗനീമത്) മുസ്‌ലിംകൾ കണ്ടെടുത്തു. കീഴടക്കപ്പെട്ട ആ നാട്ടിൽ ഖാലിദ് (റ) ജിസ്‌യ എന്ന കപ്പം ഏർപ്പെടുത്തി.

പ്രസ്തുത യുദ്ധം മുസ്‌ലിംകളുടെ വിജയത്തിലാണ് കലാശിച്ചതെന്ന് അറിഞ്ഞപ്പോൾ, കലി കയറിയ ഉദ്ധതനായ കിസ്രു ചക്രവർത്തി മറെറാരു ക്രൂരൻ സേനയെ നിയോഗിച്ചു. ആ സൈന്യം ദൽജത് എന്ന മൈതാനിയിൽ താവളമടിച്ചു. ഖാലിദ് (റ) വിൻെറ സൈന്യം അവരുമായി ഏറെ മുട്ടുകയും, കനത്ത യുദ്ധം നടത്തുകയും അവരെ ഓടിക്കുകയും ചെയ്തു.

ഈ പരാജയവും കിസ്രാ ചക്രവർത്തിയെ യുദ്ധക്കൊതിയിൽ നിന്നു പിന്തിരിക്കുകയുണ്ടായില്ല. ചക്രവർത്തി വീണ്ടും ഒരു സൈന്യത്തെ നിയോഗിച്ചു ആ സൈന്യം ഒരു പർവ്വതത്തിന്മേൽ താവളമടിച്ചു. ആ വിവരം അറിഞ്ഞപ്പോൾ ഖാലിദ് (റ) തൻെറ സൈന്യത്തെ ആ രംഗത്തിലേക്കു നയിച്ചു. മുസ്‌ലിംസേന അവിടെ എത്തിയപ്പോൾ വ്യക്തിയുദ്ധത്തിന്നായി ശത്രുസൈന്യത്തലവനായ മാലിക്കുബ്‌ന ബൈസ് മുമ്പോട്ടു വന്നു. ഖാലിദ് (റ) അയാളെ വധിച്ചു. അതിനെത്തുടർന്നു നടന്ന യുദ്ധത്തിൽ ശത്രുപക്ഷത്തു നിന്നു ഏഴുപതിനായിരം പേർ കൊല്ലപ്പെട്ടു. ഒരു രക്തപ്പുഴ ഒഴുകുക തന്നെ ചെയ്തു. ആകയാൽ, ഈ യുദ്ധം രക്തപ്പുഴ എന്നർത്ഥമുള്ള 'നഹമൂത്ത്' എന്നു വിശേഷിക്കപ്പെട്ടു.

ഈ യുദ്ധം കഴിഞ്ഞപ്പോൾ, ഖാലിദ് (റ) അംഇൗശ എന്ന നാട്ടിലേക്കു നീങ്ങുകയും, യുദ്ധം ചെയ്തു ആ നാട് കീഴടക്കുകയും ചെയ്തു.

ഖാലിദ് (റ) പേർഷ്യയിലേക്ക്

അംഇൗശാ കീഴടക്കിയശേഷം ഖാലിദ് (റ) വും സൈന്യവും പേർഷ്യയെ ലക്ഷ്യംവെച്ചുകൊണ്ടു കപ്പൽകയറി. പേർഷ്യയിലെ ഹിയറത് എന്ന നാട്ടിൽ മുസ്‌ലിംസേന ഇറങ്ങുകയും, ആ നാട്ടുകാരെ ഇസ്‌ലാമിലേക്കു ക്ഷണിക്കുകയും ചെയ്തു. ക്ഷണം സ്വീകരിപ്പാനൊ സന്ധിയിലെപ്പെടുവാനൊ ഒരുങ്ങാതെ യുദ്ധമനസ്ഥിതിയോടുകൂടി ആ നാട്ടുകാർ കോട്ടയിൽ കടന്നു വാതിലുകൾ അടച്ചു. മുസ്‌ലിംസേന കോട്ടവളഞ്ഞു. ഹിയറത്തുകാക്കു യുദ്ധംചെയ്യാനുള്ളകരുത്തൊ കോട്ടയിൽനിന്നു രക്ഷപ്പെടുവാനുള്ള പഴുതൊ ഉണ്ടായില്ല. തന്നിമിത്തം, അവർ കഷ്ടപ്പെടേണ്ടിവന്നു. ഗത്യന്തരമില്ലെന്നു വന്നപ്പോൾ അവർ ഖാലിദ് (റ) വിനു കീഴടങ്ങി. അവർ ഖാലിദ് (റ) വുമായി സൌഹാർദ്ദസന്ധിയിലേപ്പെട്ടു: രണ്ടു ലക്ഷത്തിഞ്ഞൂറായിരം പൊന്നു പ്രതിഫലം വാങ്ങിക്കൊണ്ടാണ് ആ സന്ധിയിൽ ഖാലിദ് (റ) ഒപ്പുവെച്ചതു്. അദ്ദേഹം ആ നാട്ടുകാക്കു ജിസ്‌യ നിശ്ചയിക്കുകയും ചെയ്തു.

മുസ്‌ലിംസേന ഹിയറത് കീഴടക്കിയെന്നറിഞ്ഞപ്പോൾ അതിൻെറ അയൽനാട്ടുകാർ സ്വമേധയാ ഖാലിദ് (റ) വിനെ സമീപിച്ചു, സന്ധിക്കു അഭ്യർത്ഥിച്ചു. ഒരു ലക്ഷം പൊന്നു പ്രതിഫലം വാങ്ങിക്കൊണ്ടു അവരുമായി അദ്ദേഹം സൌഹാർദ്ദസന്ധിനടത്തി. അതിലിടക്കു ഖാലിദ് (റ) പെരുസൈന്യസംഘങ്ങളെ പല ഭാഗങ്ങളിലേക്കു അയക്കുകയും അവർ പല പ്രദേശങ്ങളും കീഴടക്കുകയും ചെയ്തു.

---

* അന്നു ബന്ധനസ്ഥരാക്കപ്പെട്ടവരിൽ ഹസൻബസരീ (റ) വിൻെറ പിതാവും ഉൾപ്പെട്ടിരുന്നു.

അനന്തരം, ഖാലിദ് (റ) അമ്പാ എന്ന നാട്ടിലേക്ക് സൈന്യത്തെ നയിച്ചു. ആ നാട്ടുകാർ യുദ്ധത്തിന്നൊരുങ്ങുകയാൽ മുസ്ലിം സേന അവരുമായി യുദ്ധം നടത്തുകയും ആ നാട് കീഴടക്കുകയുമുണ്ടായി.

അമ്പായിൽനിന്ന് ഖാലിദ് (റ) ഈനുത്തംറ് എന്ന നാട്ടിലേക്ക് പുറപ്പെട്ടു. പ്രാകൃതരായ അജമികളുടെ നാടായിരുന്നു അത്. അവർ യുദ്ധത്തിന്നൊരുങ്ങി. മുസ്ലിംസേന അജമികളുടെ നായകനെ ബന്ധനസ്ഥനാക്കുകയും പിന്നീട് വധിക്കുകയും ചെയ്തു. അത് കണ്ടപ്പോൾ മറവുള്ളവർ കോട്ടവിട്ടോടിക്കളഞ്ഞു. ഖാലിദ് (റ) ആ കോട്ടയിൽ അറബികളെ താമസിപ്പിച്ചു.

ഈനുത്തംറ് കീഴടക്കിക്കഴിഞ്ഞപ്പോൾ, ഇയാളുബ്നുഗനം (റ) വിന്റെ ഒരു കത്ത് കിട്ടുകയാൽ, ഖാലിദ് (റ) വും സൈന്യവും ദൌമത്തുൽജന്തലിലേക്ക് പുറപ്പെട്ടു. അവിടെ കുസ്ത്യാനികളുമായി യുദ്ധംനടത്തിക്കൊണ്ടിരുന്ന മുസ്ലിംകളെ സഹായിപ്പാനാണ് ഖാലിദ് (റ) അങ്ങോട്ടുപോയത്. ദൌമത്തുൽജന്തലിൽ മുസ്ലിംസേനക്ക് നേതൃത്വം നൽകിയത് ഇയാള് (റ) വായിരുന്നു. ഖാലിദ് (റ) വിന്റെ സൈന്യം അവിടെ ചെന്നെത്തിയതോടുകൂടി യുദ്ധത്തിന്റെ ഗതി പെട്ടെന്ന് മാറുകയും ശത്രുക്കൾ അമ്പരന്ന് കോട്ടക്കകത്ത് അഭയം പ്രാപിക്കുകയും ചെയ്തു. മുസ്ലിംസേന കോട്ട വളഞ്ഞു. കുറെ ദിവസം ശത്രുക്കളെ കോട്ടക്കുള്ളിൽ കുടുക്കിയിട്ടു. രക്ഷയില്ലെന്ന് കണ്ടപ്പോൾ ശത്രുക്കൾ വീണ്ടും യുദ്ധത്തിന്നൊരുങ്ങി. ആ യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്ന് പലർ ബന്ധനസ്ഥരാക്കപ്പെടുകയും പലർ കൊല്ലപ്പെടുകയും ചെയ്തു. ദൌമത്തുൽജന്ദൽ മുസ്ലിംകൾ കൈവശപ്പെടുത്തി. ധാരാളം മുതലുകൾ (ഗനീമത്) കണ്ടെടുത്തു.

അതിന്നുശേഷം സനിയ്യ്, സമീൽ എന്നീ രണ്ട് യുദ്ധങ്ങൾ മുസ്ലിംസേന ജയിക്കുകയുണ്ടായി. ആ രണ്ട് യുദ്ധങ്ങളിലും ധാരാളം ഗനിമത് ലഭിക്കുകയും ചെയ്തു.

പ്രസ്തുത യുദ്ധങ്ങൾ ജയിച്ചശേഷം ഖാലിദ് (റ) വളാബ് എന്ന നാട്ടിലേക്ക് പുറപ്പെട്ടു. അറബികളായ ക്രസ്ത്യാനികളുടെ നാടായിരുന്നു അത്. ഖാലിദ് വരുന്നുണ്ടെന്ന് കേട്ടപ്പോൾ ആ നാട്ടുകാർ നാടുവിട്ടോടിക്കളഞ്ഞു. മുസ്ലിംസേന വളാബിലെത്തിയപ്പോൾ ആ നാട് ജനശൂന്യമായിക്കണ്ടു.

അതുകയാൽ, ഖാലിദ് (റ) ഇറാളിലേക്ക് നീങ്ങി. അവിടെവെച്ചു, റോമാചക്രവർത്തിയുടെയും പേർസ്യൻ ചക്രവർത്തിയുടെയും പിൻബലമുള്ള ഒരു മഹാസൈന്യത്തെ അവർ നേരിടേണ്ടിവന്നു. ഒരു കനത്ത യുദ്ധം നടന്നു. ശത്രുപക്ഷത്തുനിന്ന് ലക്ഷത്തിൽപരം ആളുകളെ വധിച്ചുകൊണ്ട് മുസ്ലിംസേന ഇറാള് കീഴടക്കി. പത്തുദിവസം ഖാലിദ് (റ) അവിടെ താമസിച്ചു.

ഖാലിദ് (റ) ഇത്രയേറെ യുദ്ധങ്ങൾ നടത്തിയതും ഇത്രയേറെ നാടുകൾ പിടിച്ചടക്കിയതും കേവലം പതിനൊന്ന് മാസങ്ങൾക്കുള്ളിലാകുന്നു. ഹിജ്റാബ്ദം പന്ത്രണ്ടാം വർഷത്തിലെ മുഹർറമാസത്തിൽ അദ്ദേഹം ഇറാഖിലേക്ക് പുറപ്പെട്ടു. ദുൽഖഅ്ദ് മാസംവരെ ഇടതടവില്ലാത്ത ജൈത്രയാത്ര നടത്തി.

സമുദ്രം വഴിമാറുന്നു

ബഹ്റൈൻ, ദാറൈൻ തുടങ്ങിയ നാടുകളിലെ ജനങ്ങൾ മുർത്തദ്കളായിത്തന്നെ തുടർന്നു. അവരെ നേരിടുവാനായി അലാഉബ്നുൽഹള്റമീ (റ) വിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ ഖലീഫ ആ നാടുകളിലേക്ക് നിയോഗിച്ചു. ആ സൈന്യം ഹജർ എന്ന നാട്ടിൽ താവളമടിച്ചു. മുർത്തദ്കളുടെ സൈ

നും അവിടെവെച്ച് അവരുമായി ഏറ്റുമുട്ടി. ആ യുദ്ധത്തിൽ മുർതദ്ദുകക്ഷിയിൽ പലർ കൊല്ലപ്പെട്ടു. ശേഷിച്ചവർ ഓടിക്കളഞ്ഞു. ആ യുദ്ധം മുസ്‌ലിംകളുടെ വിജയത്തിൽ കലാശിച്ചു. അതിനുശേഷം ആ സൈന്യം മുർതദ്ദുകളുടെ മറ്റൊരു കേന്ദ്രമായ ദാറൈനി എന്ന നാട്ടിലേക്ക് പുറപ്പെട്ടു. സമുദ്രത്തിനക്കരെ സ്ഥിതിചെയ്യുന്ന ദാറൈനിൽ കപ്പലിന്റെ സഹായത്തോടുകൂടിയല്ലാതെ ചെന്നെത്തുവാൻ കഴിയുമായിരുന്നില്ല. കപ്പലിലായാൽ തന്നെയും സമുദ്രത്തിലൂടെ ഒരു ദിവസം യാത്രചെയ്താൽമാത്രമെ ദാറൈനിനിൽ എത്തുമായിരുന്നുള്ളൂ. പക്ഷെ, സമുദ്രം താണ്ടുവാനുള്ള ഒരു വാഹനവും അവർക്ക് കിട്ടിയില്ല. മുസ്‌ലിംസേനയുടെ നീക്കത്തിനു സമുദ്രം വിലങ്ങടിച്ചു. ആത്മവീര്യവും വിശ്വാസദാർഢ്യവുമുള്ള ആ ധീരന്മാർ തടസ്സങ്ങൾക്ക് വഴങ്ങുവാൻ തയ്യാറായിരുന്നില്ല. അലാഅ് (റ) രണ്ട് റക്അത് നിസ്കരിച്ചു, കുതിരപ്പുറത്തുകയറി, അല്ലാഹുവോട് സഹായത്തിനു അപേക്ഷിച്ചുകൊണ്ട് കുതിരയെ സമുദ്രത്തിലേക്ക് നീക്കി. സൈന്യം ആ വഴിക്ക് തങ്ങളുടെ കുതിരകളെയും മുമ്പോട്ട് നയിച്ചു. അബൂഹുറൈറ:(റ) പറയുന്നു:-"കാലാംപ്പടയുടെ കാലുറയും, കുതിരകളുടെ കളമ്പും നനയാത്ത നിലയിൽ നാലായിരം പേരടങ്ങിയ ഞങ്ങളുടെ സൈന്യം സമുദ്രത്തിലൂടെ നടന്നു ദാറൈനിയിലെത്തി. സമുദ്രം ഞങ്ങൾക്ക് വഴിമാറിത്തന്നു." മുസ്‌ലിംസേന ദാറൈനിയിൽ എത്തി മുർതദ്ദുകളുമായി യുദ്ധംചെയ്ത് അവരെ പരാജയപ്പെടുത്തുകയും രാജ്യം കീഴടക്കുകയും ചെയ്തു.

അമ്മാനും മുഹ്റത്തും യമനും

അമ്മാനിലെ ഭരണാധികാരിയായിരുന്ന ഹൈഫർ (റ) വിനെയും, മുഹ്റത്തിലെ ഭരണാധികാരിയായിരുന്ന ഇയാദ് (റ) വിനെയും നബി (സ) നിയമിച്ചു. തിരുമേനി (സ) യുടെ വഫാത്‌വരെ ആ നാട്ടുകാർ മുസ്‌ലിംകളായി ജീവിക്കുകയും, തിരുമേനി (സ) വഫാതായ വിവരം അറിഞ്ഞപ്പോൾ മുർതദ്ദുകളാവുകയും ചെയ്തു. ആ വിവരം പ്രസ്തുത ഭരണാധിപന്മാർ ഖലീഫയെ അറിയിച്ചു. ഖലീഫ ഈ വിവരമറിഞ്ഞപ്പോൾ ഹുദൈഫതുബ്നുമുഹ്സിൻ (റ) വിന്റെ കീഴിൽ ഒരു സൈന്യത്തെ അമ്മാനിലേക്കും അറഫജതുൽബാരിഖീ (റ) വിന്റെ കീഴിൽ ഒരു സൈന്യത്തെ മുഹ്റത്തിലേക്കും നിയോഗിച്ചു. ഈ സൈന്യങ്ങളെ സഹായിപ്പാനായി ഇക്രിമതിബ്നു അബീജഹലിന്റെ നേതൃത്വത്തിൽ ഒരു സഹായസൈന്യത്തെയും ഖലീഫ അയക്കുകയുണ്ടായി. അമ്മാനിലെയും മുഹ്റത്തിലെയും ജനങ്ങൾ യുദ്ധത്തിനൊരുങ്ങുകയാൽ ഒരു ഉഗ്രയുദ്ധങ്ങൾ ആവശ്യമായിവന്നു. ആ യുദ്ധങ്ങളിൽ പതിനായിരത്തിൽപരം ആളുകൾ എതിർപക്ഷത്തുനിന്നു കൊല്ലപ്പെട്ടു. നിരവധി സ്ത്രീകളും കുട്ടികളും ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു.

അമ്മാനും മുഹ്റത്തും കീഴടക്കി, ധാരാളം ഗനീമത്തുകൾ കണ്ടെടുത്തശേഷം, ആ സൈന്യം യമനിലെ മുർതദ്ദുകളുടെ നേരെ തിരിഞ്ഞു. അവിടേയും ഒരു യുദ്ധം ആവശ്യമായി വന്നു. ആ യുദ്ധവും മുസ്‌ലിംകളുടെ വിജയത്തിൽ പര്യവസാനിച്ചു.

മുസ്‌ലിംസേന ശാമിലേക്ക്

അബൂബക്കർസ്സിദ്ദീഖ് (റ) വിന്റെ സന്ദർഭോചിതവും ധീരവും വിട്ടുവീഴ്ചയില്ലാത്തതുമായ നടപടികൾ മുർതദ്ദുകളെ നിരുന്മേഷരാക്കുകമാത്രമല്ല നാമാവശേഷരാക്കുകതന്നെ ചെയ്തു. മുർതദ്ദുകളുടെ ശല്യം അവസാനിക്കുകയും അന്തരീക്ഷം ശാന്തമാവുകയും ജനങ്ങൾ ഇസ്‌ലാമിന്റെ പിന്നിൽ അണിനിരക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ, ഖലീഫയുടെ ചിന്ത റോ

മാസാമ്രാജ്യത്തിന്റെ നേരെ തിരിഞ്ഞു റോമിലേക്ക് ഒരു സൈന്യത്തെ അയപ്പാൻ ഖലീഫ ഉദ്ദേശിച്ചു; പക്ഷെ, തീരുമാനിച്ചില്ല. തന്റെ ഉദ്ദേശ്യം അദ്ദേഹം മറ്റൊരാളെ അറിയിക്കുകയുണ്ടായില്ല. എങ്കിലും, ഖലീഫ ഒരു സൈന്യത്തെ ശാമിലേക്ക് നിയോഗിച്ചതായി ശർഹബീലുബ്നുഹസനത് (റ) സ്വപ്നം കണ്ടു. ആ വിവരം അദ്ദേഹം ഖലീഫയെ അറിയിച്ചു. ആ വാർത്ത ഖലീഫയിൽ ഉന്മേഷമുളവാക്കി. അദ്ദേഹം സഹാബീപ്രവരന്മാരായ ഉസ്മാൻ (റ), അലീ (ക. വ.), അബ്ദുർറഹ്മാനിബ്നുഔഫ് (റ), തൽഹത് (റ) സുബൈർ (റ), സഅ്ദുബ്നുഅബീവഖാസ് (റ), അബീഉബൈദതുബ്നുൽജർറാഹ് (റ) എന്നിവരെയും ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത പ്രധാനികളെയും വിളിച്ചു വരുത്തി, ഈ വിഷയം അവരുടെ മുമ്പിൽ അവതരിപ്പിച്ചു. അവരെല്ലാംതന്നെ ഖലീഫയുടെ ഉദ്ദേശ്യത്തെ അനുകൂലിച്ചു. അലീ (ക. വ.) മാത്രം നിശ്ശബ്ദത പാലിച്ചു. തന്നിമിത്തം അദ്ദേഹത്തിന്റെ അഭിപ്രായമെന്താണെന്നു ഖലീഫ പ്രത്യേകം അന്വേഷിച്ചു. അലീ (ക. വ.) പറഞ്ഞു:- 'താങ്കൾ ബുദ്ധിമാനും ഗുണചിന്തനും സൌഭാഗ്യവാനുമാണ്. ഈ യുദ്ധത്തിൽ താങ്കൾ സംബന്ധിച്ചാലും ഇല്ലെങ്കിലും വിജയം തീർച്ച തന്നെ.' വിജയം തീർച്ചതന്നെ എന്നതിനാസ്പദമായ ഒരു ഹദീസ് അദ്ദേഹം ഓർമിപ്പിച്ചപ്പോൾ സന്തുഷ്ടനായ ഖലീഫ പറഞ്ഞു:- 'താങ്കൾ എന്നെ സന്തോഷിപ്പിച്ചു. ഇഹലോകത്തുവെച്ചും പരലോകത്തുവെച്ചും അല്ലാഹു താങ്കളെ സന്തോഷിപ്പിക്കട്ടെ.'

ഒരു സേനയെ ശാമിലേക്ക് നിയോഗിക്കുവാനും, അവിടെ വെച്ചു റോമാചക്രവർത്തിയെ യുദ്ധത്തിനാഹ്വാനം ചെയ്യുവാനും തീരുമാനിച്ചു കഴിഞ്ഞപ്പോൾ, ജിഹാദിന്റെ മഹത്വങ്ങളെ വിശദീകരിച്ചുകൊണ്ടു ഖലീഫ സുദീർഘമായ ഒരു പ്രസംഗം ചെയ്തു.

ഖലീഫയുടെ നിർദ്ദേശമനുസരിച്ചു, ശാമിലേക്ക് പുറപ്പെടുന്നതിന്നായി ഒരുങ്ങിക്കൊള്ളുവാൻ ബിലാൽ (റ) ജനങ്ങളെ ആഹ്വാനം ചെയ്തു. മക്കം, താഇഫ്, യമൻ മുതലായ രാജ്യങ്ങളിലേക്ക് ഖലീഫ കത്തുകളയച്ചു. ജിഹാദിന്നാഗ്രഹിക്കുന്നവർ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് തിരിച്ചുകൊള്ളുക എന്ന ആ കത്തുകൾ വഴി അദ്ദേഹം ജനങ്ങളെ അറിയിച്ചു. ഖലീഫയുടെ കത്തുമായി യമനിലേക്ക് പോയത് അനസ്ബ്നുമാലിക് (റ) ആയിരുന്നു. ഖലീഫയുടെ ആഹ്വാനത്തെ യമൻകാരും മറ്റു നാട്ടുകാരും സഹർഷം സ്വാഗതം ചെയ്തു. ഹിജ്റാബ്ദം പതിമൂന്നാം വർഷത്തിന്റെ ആരംഭത്തിലാണ് ഈ സംഭവം നടന്നത്. ജനങ്ങൾ യുദ്ധയാത്രക്ക് സന്നദ്ധരായി. സൈന്യത്തെ പല വിഭാഗങ്ങളായി വേർതിരിക്കുകയും, ഓരോ വിഭാഗത്തിന്നും ഓരോ നായകനെ നിശ്ചയിക്കുകയും ചെയ്തു. ഖലീഫ എട്ടു പതാകകൾ ഉണ്ടാക്കുകയും ഓരോ നായകന്നു ഓരോ പതാക നൽകുകയും ചെയ്തു. അബൂഉബൈദതുബ്നുൽജർറാഹ് (റ), യസീദുബ്നുഅബൂസഫ്യാൻ (റ), റബീഅതുബ്നുഅബീആമിർ (റ), ശർഹബീലുബ്നുഹസനത് (റ), ഖാലിദുബ്നുസഈദ് (റ), അംറുബ്നുൽആസ്വി (റ) തുടങ്ങിയവരാണ് സേനാനായകന്മാരായി നിശ്ചയിക്കപ്പെട്ടിരുന്നത്. അബൂഉബൈദത് (റ) സർവ്വസൈന്യാധിപനായി നിയമിക്കപ്പെട്ടു സർവ്വസൈന്യാധിപന്റെ ആജ്ഞക്കു വഴങ്ങിപ്രവർത്തിപ്പാൻ സേനാനായകന്മാർക്കു കല്പന നൽകി. യാത്രാവേളയിലും യുദ്ധവേളയിലും ആചരിക്കേണ്ടുന്ന മര്യാദകളെക്കുറിച്ചു എല്ലാവരെയും തെര്യപ്പെടുത്തി. പ്രത്യേക നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും വിജയത്തിന്നായി

പ്രാർത്ഥിച്ചുകൊണ്ടും സൈന്യവിഭാഗങ്ങളെ ഒന്നൊന്നായി ഖലീഫ നീക്കിത്തുടങ്ങി. അങ്ങിനെ മുസ്‌ലിം സൈന്യം ശാമിലേക്ക് നീങ്ങിക്കഴിഞ്ഞു.

മുസ്‌ലിം സേന ശാമിലേക്ക് പുറപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം പലസ്തീനിൽ വെച്ച് ഹിർഖൽ ചക്രവർത്തി അറിഞ്ഞു. അദ്ദേഹം ഒരു മഹായുദ്ധത്തിനുള്ള ഒരുക്കങ്ങളും തയ്യാറാക്കി. അന്താക്കിയ എന്നിടത്തു ഒരു പടക്കുറവൻ സൈന്യത്തെ ചക്രവർത്തി ഒരുക്കി നിർത്തി. മുസ്‌ലിം സേന ജാബിയത്തിൽ എത്തിയപ്പോൾ, ചക്രവർത്തിയുടെ യുദ്ധസന്നാഹത്തെക്കുറിച്ച വിവരം ലഭിച്ചു. അന്താക്കിയാവിൽ ചക്രവർത്തി അഭൂതപൂർവ്വമായ നിലയിൽ പട്ടാളത്തെ ഒരുക്കിനിറുത്തീട്ടുണ്ടെന്നുള്ള വിവരം അബൂഉബൈദത് (റ) ഒരു കത്തു മൂലം ഖലീഫയെ അറിയിച്ചു. പ്രതിപക്ഷസൈന്യത്തിന്റെ സംഖ്യാബലത്തെ പരിഗണിക്കേണ്ടതില്ലെന്നും, സഹായത്തിന്നായി ഒരു സൈന്യത്തെക്കൂടി അയക്കുന്നുണ്ടെന്നും ഖലീഫ മറുപടി അയച്ചു ഹാശിമുബ്നു ഉത്മത് (റ) വിന്റെ നായകത്വത്തിൽ ഒരു സഹായകസൈന്യത്തെയും, സഈദുബ്നുആമിർ (റ) വിന്റെ കീഴിൽ മറെറാരു സഹായക സൈന്യത്തെയും യസീദിന്റെ സൈന്യത്തെ സഹായിപ്പാനുള്ള നിർദ്ദേശത്തോടുകൂടി മആവിയായുടെ നേതൃത്വത്തിൽ വേറൊരു സഹായകസൈന്യത്തെയും ഖലീഫ ഉടനെ തന്നെ ശാമിലേക്ക് നിയോഗിക്കുകയും ചെയ്തു. അബൂഉബൈദത് (റ) വിനെ സഹായിപ്പാനായി പല ഭാഗത്തുനിന്നും മുസ്‌ലിം സേന എത്തിച്ചേർന്നു.

ശാമിലെ പ്രഥമയുദ്ധം

ശാമിലെ പ്രഥമയുദ്ധം പലസ്തീനിൽപ്പെട്ട അർബത് എന്ന നാട്ടിൽ വെച്ചു നടന്നു. റോമിൽനിന്നും ആറു സേനാനായകന്മാർ അഞ്ഞൂറു പേരടങ്ങിയ ആറു സൈന്യവിഭാഗങ്ങളെ അർബത്തിലേക്കു നയിച്ചു. അങ്ങിനെ ആകെ മുപ്പതിനായിരം പേരടങ്ങിയ സൈന്യം അർബത്തിൽ താവളമടിച്ചു. ആ സൈന്യത്തെ എതിർപ്പാൻ യസീദുബ്നുഅബൂസുഫ്യാന്റെ കീഴിൽ അഞ്ഞൂർ പേരടങ്ങിയ ഒരു സൈന്യം നിയോഗിക്കപ്പെട്ടു. മുസ്‌ലിം സേന ശത്രുക്കളുടെ അണിയിലേക്ക് ഇരമ്പിക്കയറുകയും ആറു സേനാനായകന്മാരടക്കം കുറെ പേരെ വധിക്കുകയും ചെയ്തു. മറുള്ളവർ തിരിഞ്ഞോടിക്കളഞ്ഞു. പിന്തിരിഞ്ഞോടിയവർ വേറൊരു സ്ഥലത്തു ഒരുമിച്ചു കൂടി വീണ്ടുമൊരു യുദ്ധത്തിനു വട്ടം കൂട്ടി. മുസ്‌ലിംസേന അവിടെ കുതിച്ചെത്തി അവരുമായി വീണ്ടും യുദ്ധം ചെയ്തു ശത്രുസേന രണ്ടാമതും പിന്തിരിഞ്ഞോടി. ഇത്തവണ മുസ്‌ലിം സേന അവരെ അനുധാവനം ചെയ്തു. അവർ ശാമിന്റെ പരിസരത്തു് എത്തിക്കഴിഞ്ഞപ്പോൾ മുസ്‌ലിംസേന തങ്ങളുടെ സങ്കേതത്തിലേക്കു മടങ്ങി.

തന്റെ സൈന്യത്തിനു പറ്റിയ പരാജയവാർത്തയറിഞ്ഞപ്പോൾ റോമിൽ നിന്നു പതിനായിരം പേരടങ്ങിയ ഒരു സൈന്യം പുറപ്പെട്ടു. ആ സൈന്യം രണ്ടു വിഭാഗമായി പിരിഞ്ഞു ഒരു വിഭാഗം ഹിർഖലിന്റെ നേതൃത്വത്തിൽ ഹിമ്മസ്സിലും, മറൊരു വിഭാഗം ഹിർഖലിന്റെ സഹോദരനായ തദാറഖിന്റെ നേതൃത്വത്തിൽ പലസ്തീനിന്റെ വടക്കുഭാഗത്തും താവളമടിച്ചു.

ഈ ഘട്ടത്തിൽ മുസ്‌ലിംസേന പല വിഭാഗങ്ങളായി പലയിടത്തു് താവളമടിച്ചിരിക്കുകയായിരുന്നു. സർവ്വസൈന്യാധിപനായ ഉബൈദത്(റ) ജാബിയത്തിലും, അംറുബ്നുൽ ആസി(റ) പലസ്തീനിലും, യസീദുബ്നുഅബീസുഫ്യാൻ ബൽഖാളലും, ശർഹബീലുബ്നു

റസനത്(റ)ബസറായിലും ആണ്ടുണ്ടായിരുന്നതു്. എല്ലാ സൈന്യവിഭാഗങ്ങളും യർമൂഖിൽ സമ്മേളിക്കുവാൻ സർവ്വസൈന്യാധിപൻ ആവശ്യപ്പെട്ടു. അതനുസരിച്ചു മുസ്‌ലിംസേന മുഴുവനും യർമൂകിൽ സമ്മേളിച്ചു. ശാമിന്റെ ഭാഗത്തുള്ള ഒരു മലച്ചെരുവാണു് യർമൂക്. ആ മലച്ചെരുവിന്റെ ഒരു ഭാഗത്തു മുസ്‌ലിം സേനയും മറുഭാഗത്തു ശത്രു സേനയും താവളമുറപ്പിച്ചപ്പോൾ ആ മലച്ചെരുവു് ഒരു കിടങ്ങായി മാറി. സഫർമാസത്തിലാണു് മുസ്‌ലിം സേന യർമൂകിൽ താവളമടിച്ചതു്. പരസ്പരം യുദ്ധം ചെയ്യുവാൻ സാധിക്കാതെ, മൂന്നു മാസക്കാലം ഇരുസൈന്യവും അവിടെ കഴിച്ചുകൂട്ടി. അതിലിടക്കു ചില ചെറുസംഘട്ടനങ്ങളും നടക്കുകയും ശത്രുക്കളിൽ ചിലരെ മുസ്‌ലിംകൾ ബന്ധനസ്ഥരാക്കുകയും ചെയ്തു.

ശത്രുസൈന്യത്തിന്റെ സംഖ്യാബലം കണ്ടപ്പോൾ മുസ്‌ലിംസൈന്യാധിപൻ സഹായകസൈന്യത്തെ അയപ്പാൻ അപേക്ഷിച്ചുകൊണ്ടു ഖലീഫക്കു കത്തെഴുതയച്ചു. ആ അവസരത്തിൽ ഖാലിദുബ്നു ഖാലിദ് (റ) ഇറാഖിലാണുണ്ടായിരുന്നതു്. പകുതി സൈന്യത്തെ ഇറാഖിൽ നിറുത്തി പകുതി സൈന്യത്തേയും കൊണ്ടു് ഉടനെ ശാമിലേക്കു പുറപ്പെട്ടുവാൻ ആവശ്യപ്പെട്ടുകൊണ്ടു വലിദ് (റ) വിന്നു ഖലീഫ ഒരു കത്തയച്ചു. ശാമിലേക്കയച്ച സൈന്യത്തിന്റെ അധിപനായി അബൂഉബൈദത് (റ) വിനെയാണു് നിയോഗിച്ചിട്ടുള്ളതെന്നും, പക്ഷെ, താങ്കൾ ശാമിൽ എത്തിക്കഴിഞ്ഞാൽ അബൂഉബൈദത്തിന്റെ നേതാവു താങ്കളായിരിക്കുമെന്നും, ഖാലിദ് (റ) വിന്നയച്ച കത്തിൽ ഖലീഫ പ്രസ്താവിച്ചിരുന്നു. അതോടൊപ്പം ഉബൈദത് (റ) വിന്നയച്ച കത്തിൽ ഖലീഫ ഇപ്രകാരം പ്രസ്താവിച്ചു: 'ശാം യുദ്ധത്തിനു നേതൃത്വം നൽകുവാനുള്ള ഉത്തരവു നൽകിക്കൊണ്ടു ഖാലിദുബ്നു വലീദിനെ ഞാൻ അങ്ങോട്ടയച്ചിരിക്കുന്നു. അദ്ദേഹം താങ്കളേക്കാൾ ഉത്തമനായതുകൊണ്ടല്ല സേനാനായകത്വം അദ്ദേഹത്തിനു നല്കപ്പെട്ടിട്ടുള്ളതു്. താങ്കൾക്കു നിശ്ചയമില്ലാത്ത ചില യുദ്ധതന്ത്രങ്ങൾ അദ്ദേഹത്തിനു വശമുണ്ടു്. അല്ലാഹു നമുക്കും നിങ്ങൾക്കും നന്മയാൽ പ്രതിഫലം നൽകട്ടെ. വസ്സലാം.'

ഖലീഫയുടെ കത്തു കിട്ടിയ ഉടനെ ഖാലിദ് (റ) ഇറാഖിലുണ്ടായിരുന്ന സൈന്യത്തെ രണ്ടായി ഭാഗിച്ചു. മസ്നിബ്നു ഹാരിസത് (റ) വിന്റെ നേതൃത്വത്തിൽ പകുതി സൈന്യത്തെ ഇറാഖിൽ നിറുത്തി ഒമ്പതിനായിരം പടയാളികളോടുകൂടി ഖാലിദ് (റ) ശാമിലേക്കു പുറപ്പെട്ടു. വഴിയിൽ പല പെരുയുദ്ധങ്ങളും നടത്തുകയും ഗനീമത്തുകൾ കണ്ടെടുക്കുകയും ചെയ്തുകൊണ്ടു ആ സൈന്യം മുമ്പോട്ടു നീക്കി. ഒരു മണലാരണ്യം താണ്ടേണ്ടി വന്നപ്പോൾ വെള്ളം കിട്ടാതെ ആ സൈന്യം ദാഹിച്ചു വലഞ്ഞു. നാലു ദിവസം കനത്ത ക്ലേശങ്ങൾ സഹിച്ച ശേഷം അവർ ശാമിന്റെ പരിസരത്തിലെത്തിച്ചേർന്നു. സനിയ്യത് ഇഖാബ് എന്ന സ്ഥലത്തു വെച്ചു ആ മുസ്‌ലിംസേന ഗസ്സാൻ ഗോത്രക്കാരായ അറേബ്യൻ ക്രിസ്ത്യാനികളുമായി ഒരു യുദ്ധം നടത്തി. ആ യുദ്ധത്തിൽ ചില ശത്രുക്കൾ കൊല്ലപ്പെടുകയും പലർ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു. ഗൌതത് എന്ന സ്ഥലത്തു വെച്ചു വീണ്ടും നടന്ന യുദ്ധത്തിൽ ശത്രുപക്ഷത്തിലെ പുരുഷന്മാർ കൊല്ലപ്പെടുകയും സ്ത്രീകളും കുട്ടികളും ബന്ധനസ്ഥരാക്കപ്പെടുകയുമുണ്ടായി. അനന്തരം മുസ്‌ലിം സേന ബസറയിൽ പ്രവേശിച്ചു. അവിടെവെച്ചും മുസ്‌ലിംസേനയെ ശത്രുക്കൾ എതിർത്തു. ആ യുദ്ധത്തിൽ മുസ്‌ലിംസേന വിജയം വരിച്ചു. ബസറാ വിജയമാണു് ശാമിൽ മു

സ്‌ലിംകൾ കൈവരിച്ച ആദ്യവിജയമെന്നും* ഖാലിദ് (റ) വിന്റെ നേതൃത്വമാണ് ആ വിജയം കൈവരിച്ചതെന്നും പറയപ്പെട്ടിരിക്കുന്നു. റബീഉൽ ആഖിർ മാസത്തിൽ ഖാലിദ് (റ) വും സൈന്യവും യർമൂകിൽ എത്തിച്ചേർന്നു.

അതിലിടക്ക് ഖാലിദ് (റ) അബൂഉബൈദത് (റ) വിനു താഴെ പറയും പ്രകാരം ഒരു കത്തയച്ചു:-'അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫ എന്നെ ശാമിൽ സർവ്വസൈന്യാധിപനായി നിയോഗിച്ചിരിക്കുന്നു. ഈ നിയമത്തിന്റെ പിന്നിൽ എന്റെ അഭീഷ്ടമോ ഉദ്ദേശമോ ഇല്ല. ആദ്യം സർവ്വസൈന്യാധിപനായി നിയോഗിക്കപ്പെട്ടതു താങ്കളാണ് ആ സ്ഥാനം താങ്കൾക്കുള്ളതു തന്നെ. ഒരു നിലയിലും ഞാൻ താങ്കളിൽനിന്നു ഭിന്നനാകുന്നതല്ല. താങ്കൾ മുസ്‌ലിംകളുടെ നേതാവാകുന്നു. താങ്കളുടെ വ്യക്തിത്വത്തെ ഞാൻ താഴ്ത്തിക്കാണുന്നില്ല. താങ്കളുടെ അഭിപ്രായത്തോടു എനിക്കു വിയോജിപ്പുണ്ടാകുന്നതുമല്ല അല്ലാഹു നമുക്കു കൃപ ചെയ്യട്ടെ.'

ഈ കത്തു് വായിച്ചപ്പോൾ അബൂഉബൈദത് (റ) ഇപ്രകാരം പ്രത്യുത്തരിച്ചു:-'അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫ ഇങ്ങനെ ഒരു തീരുമാനമെടുത്തതിനു അല്ലാഹു അദ്ദേഹത്തിനു നന്മ ചെയ്യട്ടെ. ഖാലിദിനു അല്ലാഹു ദീർഘായുസ്സു് നൽകട്ടെ.'

യർമൂക് യുദ്ധം

ഖാലിദുബ്നുവലീദ് (റ) വും സൈന്യവും യർമൂകിൽ എത്തിച്ചേർന്നു. യർമൂകിൽ മുസ്‌ലിംസേനയുടെ അംഗസംഖ്യ മുപ്പത്തൊമ്പതിനായിരമായിത്തീർന്നു. ഇക്‌രിമത് (റ) വിന്റെ നേതൃത്വത്തിൽ ആറായിരം പേരടങ്ങിയ ഒരു സൈന്യം വേറെയുമുണ്ടായിരുന്നെങ്കിലും, അവർ യർമൂക് രംഗത്തിലുണ്ടായിരുന്നില്ല. ഇതടക്കം മുസ്‌ലിംസേനയുടെ സംഖ്യാബലം നാല്പതിനായിരമായിരുന്ന രണ്ടുലക്ഷത്തി നാല്പതിനായിരംപേർ മറുപക്ഷത്തു അണിനിരന്നു. യുദ്ധം നടക്കുമ്പോൾ പിന്തിരിഞ്ഞോടിക്കളയാതിരിപ്പാനായി ശത്രുസൈന്യത്തിൽ എണ്ണായിരം പേരുടെ കാലുകൾ പരസ്പരം ശൃംഖലയാൽ ബന്ധിക്കുകയും നാല്പതിനായിരം പേരെ ചങ്ങലയിൽ കൊളുത്തുകയും ചെയ്തു. എന്തുസംഭവിച്ചാലും പിൻതിരിഞ്ഞോടാതെ യുദ്ധരംഗത്തു ഉറച്ചുനിൽക്കുമെന്ന ദൃഢപ്രതിജ്ഞയെടുത്ത നാല്പതിനായിരം ആളുകൾ, ആ പ്രതിജ്ഞാസൂചകമായി, തലപ്പാവുകൾ ധരിച്ചു. കത്തനാർമാരും മെത്രാന്മാരുമടങ്ങിയ, എൺപതിനായിരം പേരുള്ള കാലാൾസേനയും ഒരുങ്ങിനിന്നു. ഈ ക്രൂരൻസൈന്യം കിടങ്ങുകടന്നു യുദ്ധത്തിന്നായി മുസ്‌ലിംസേനയുടെ അടുത്തേക്കു നീങ്ങിത്തുടങ്ങി.

ശത്രുസൈന്യത്തെ നേരിടുന്നതിന്നായി മുസ്‌ലിംസേന പല വിഭാഗമായി വേർതിരിഞ്ഞു. അതു കണ്ടപ്പോൾ, ഖാലിദ് (റ) ഇപ്രകാരം അഭിപ്രായപ്പെട്ടു:-"നമ്മുടെ ഈ നീക്കം ഗ്രഹിക്കപ്പെടുകയില്ല. ഞാൻ ഒരഭിപ്രായം നിങ്ങളുടെ മുമ്പിൽവെക്കുന്നു. യുദ്ധംനടക്കുന്ന ഓരോ ദിവസവും മാറിമാറി ഓരോരുത്തരെ നമുക്കു നേതാക്കളാക്കിവെക്കുകയും അവരുടെ അഭിപ്രായമനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യാം. ഇന്നു നിങ്ങൾ എന്നെ നേതാവായി സ്വീകരിക്കുകയും എന്റെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുക." ഖാലിദ് (റ) വിന്റെ ഈ അഭിപ്രായം മുസ്‌ലിംകൾ ഐകകണ്ഠ്യേന സ്വീകരിച്ചു.

ഖാലിദ് (റ) കുതിരപ്പട്ടാളത്തെ മുപ്പത്താറണികളാക്കി നിർത്തി. ഓരോ അണിക്കും ഓരോ നായകനെ നിയമിച്ചു. മദ്ധ്യത്തിലുള്ള അണിയുടെ നേതൃത്വം അബൂഉബൈദത്

---

* ശാമിൽ മുസ്‌ലിംകൾക്കുണ്ടായ ആദ്യവിജയം യർമൂക് വിജയമാണെന്നു മറ്റൊരഭിപ്രായമുണ്ട്.

(റ) വിന്റെ നൽകി. വലഭാഗത്തെ അണികളുടെ നേതാക്കളായി അംറുബ്നുൽആസ്വീ (റ), ശർഹബീൽ (റ) എന്നിവരെയും; ഇടഭാഗത്തെ അണികളുടെ നേതാക്കളായി ശർഹബീലുബ്നുഹസ്നത് (റ), യസീദുബ്നുഅബൂസുഫ്യാൻ, ഖഅ്ഖാഇബ്നുഅംറ് (റ) തുടങ്ങിയ ധീരയോദ്ധാക്കളെയും നിശ്ചയിച്ചു മുന്നണിയുടെ നേതൃത്വം ഖാലിദ് (റ) തന്നെ ഏറ്റെടുത്തു അബൂബക്റ്(റ) വിനെ ഖാളിയായും, അബൂസുഫ്യാൻ (റ) വിനെ സൈന്യത്തെ ആവേശം കൊള്ളിക്കുവാനുള്ള ഉപദേശകനായും, സൈന്യത്തിന്റെ പിൻകാവലിന്നായി ഖബാസിബ്നുഅശ്യം (റ) വിനെയും, യുദ്ധസാമഗ്രികളുടെ സൂക്ഷിപ്പിന്നായി അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) വിനെയും നിശ്ചയിക്കുകയും, പട്ടാളക്കാർക്ക് ഉന്മേഷവും ആവേശവും പകർന്നു കൊടുപ്പാനായി പട്ടാളക്കാരുടെ പുറകിൽ സ്ത്രീകളെയും കുട്ടികളെയും എഴുപ്പെടുത്തുകയും ചെയ്തു. ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞപ്പോൾ, ഇക്രിമതിബ്നുഅബീജഹൽ (റ), ഖഅ്ഖാഇബ്നുഅംറ് (റ) എന്നിവരോടു രംഗത്തിറങ്ങി യുദ്ധം നടത്തിക്കൊള്ളുവാൻ നിർദ്ദേശിച്ചു. അവർ ശത്രുക്കളുടെ അണികളിലേക്ക് ഇരമ്പിക്കയറി ഘോരയുദ്ധം ആരംഭിച്ചു.

പുതിയ ഖലീഫ-പുതിയ കല്പന

യർമൂകിലെ യുദ്ധരംഗത്തിനു തുടർപിടിച്ചുകൊണ്ടിരിക്കെ, മദീനയുടെ ചരിത്രത്തിൽ വലിയ മാറ്റങ്ങൾ രൂപമെടുത്തു. ഒന്നാം ഖലീഫയായ അബൂബക്കർസ്സിദ്ദീഖ് (റ) പരലോകപ്രാപ്തനായി. ഉമർഖത്താബ് (റ) രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ഒന്നാം ഖലീഫ, യർമൂകിൽ ഖാലിദ് (റ) വിനെ സേനാനായകനായി നിശ്ചയിച്ചുകൊണ്ടു നൽകിയ ഉത്തരവ്, രണ്ടാം ഖലീഫ പിൻവലിച്ചു. ആ വാർത്തയുമായി മദീനയിലുണ്ടായ സൈനം എന്ന ഒരു ദൂതനെ രണ്ടാം ഖലീഫ യർമൂകിലേക്കു നിയോഗിച്ചു. ഒന്നാം ഖലീഫയുടെ പ്രസ്തുത ഉത്തരവു പിൻവലിച്ചതിന്റെ കാരണം രണ്ടാം ഖലീഫ വ്യക്തമാക്കുകയുണ്ടായില്ല. ഒന്നാം ഖലീഫയുടെ മരണവാർത്തയും, രണ്ടാം ഖലീഫയായി ഉമർഖത്താബ് (റ) തിരഞ്ഞെടുക്കപ്പെട്ടവാർത്തയും, ഖലീദ് (റ) വിന്റെ സേനാനായകത്വം പിൻവലിക്കപ്പെട്ടവാർത്തയും, ഖലീഫയുടെ ദൂതൻ വളരെ രഹസ്യമായി അബൂഉബൈദത് (റ) വിനെയും ഖാലിദ് (റ) വിനെയും മാത്രം അറിയിച്ചു.

യുദ്ധം മുറുകുന്നു

ഗുരുതരമായ പ്രസ്തുത സംഭവങ്ങളും യുദ്ധഗതിയെ ഒരു വിധത്തിലും ബാധിക്കാതിരിപ്പാൻ ഖാലിദ് (റ) പരമാവധി ശ്രദ്ധിച്ചു. വിരാമമിടാതെ, യുദ്ധം തുടരുക തന്നെ ചെയ്തു. ശത്രുപക്ഷത്തു രണ്ടണികൾക്കിടയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു ജർജറത് എന്ന യോദ്ധാവ് ഖാലിദ് (റ) വിനെ ആഹ്വാനം ചെയ്തു. തൽക്ഷണം ഖാലിദ് (റ) എതിരാളിയെ അഭിമുഖീകരിച്ചു. അപ്പോൾ ജർജറത് ചോദിച്ചു:- 'ഖാലിദേ, താങ്കൾ മാന്യനാണോ?; താങ്കളെപ്പോലുള്ള മാന്യന്മാർ അസത്യം പറയുകയില്ലെന്നാണെന്റെ വിശ്വാസം. താങ്കളുടെ നബിക്കു അല്ലാഹു ആകാശത്തിൽ നിന്നു ഒരു വാൾ ഇറക്കിക്കൊടുത്തുവെന്നും, ആ വാൾ നബി താങ്കൾക്കു നൽകിയെന്നും, ആ വാൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് താങ്കൾ ശത്രുക്കളെ കീഴടക്കുന്നതെന്നും പറയപ്പെടുന്നുണ്ട്' ഇതു സത്യമാണോ?' 'സത്യമല്ല' എന്നു ഖാലിദ് (റ) മറുപടി നൽകിയപ്പോൾ, 'എങ്കിൽ താങ്കളെ (അല്ലാഹുവിന്റെ ഖഡ്ഗം എന്നർത്ഥമുള്ള) 'സൈഫുള്ളാ' എന്നു താങ്കൾക്കു പേർ വരുവാൻ കാരണമെന്തു?' എന്നും ജർജറത് ചോദി

ച്ചു. ഖാലിദ് (റ) ഇപ്രകാരം മറുപടി നൽകി:- 'നബി (സ) ഞങ്ങളുടെ ഇടയിൽ ആഗതരായപ്പോൾ ഞാൻ അവിടുത്തെ വിശ്വസിച്ചില്ല. മാത്രമല്ല, അവിടുത്തെ എതിർക്കുകയും നബി (സ) നെതിരായി യുദ്ധം നടത്തുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ അല്ലാഹു എനിക്ക സൽബുദ്ധി നൽകി. ഞാൻ വിശുദ്ധപ്രവാചകനിൽ വിശ്വസിക്കുകയും അവിടുത്തെ അനുയായി ആവുകയുമുണ്ടായി. അപ്പോൾ നബി (സ) എന്നെപ്പറ്റി 'മുശ്‌രിക്കുകൾക്കെതിരായി അല്ലാഹു ഉദ്ദേശിയ്ക്കുന്നിടത്തോളം' എന്നർത്ഥമുള്ള 'അൻതസൈഹുള്ളാഹിസല്ലഹു അലൽമുശ്‌രികീൻ' എന്നു പറഞ്ഞു. അന്നുമുതൽ ആളുകൾ എന്നെ 'സൈഹുള്ളാ:' എന്നു വിശേഷിപ്പിച്ചു തുടങ്ങി.' ഇതു കേട്ടപ്പോൾ ജർജത് ചോദിച്ചു:- 'ഇപ്പോൾ ഞങ്ങളെസ്സംബന്ധിച്ചേടത്തോളം താങ്കളുടെ ഉദ്ദേശ്യമെന്താണ്?' ഖാലിദ് (റ) പറഞ്ഞു:- 'ഒന്നുകിൽ നിങ്ങൾ ഇസ്‌ലാമിലേക്ക വരണം; അല്ലെങ്കിൽ ജിസ്‌യ എന്ന കപ്പം നൽകി കീഴടങ്ങേണം; അതുമല്ലെങ്കിൽ യുദ്ധത്തിന്നു തയ്യാറാവേണം.' ജർജത് ചോദിച്ചു:- 'ഇസ്‌ലാമിലേക്ക വന്നാൽ ഞങ്ങളുടെ പദവി എന്തായിരിക്കും?' ഖാലിദ് (റ) പറഞ്ഞു:- 'നിങ്ങളുടെ പദവി ഞങ്ങളുടെ പദവിയെ അപേക്ഷിച്ചു കുറച്ചുകൂടി ഉന്നതമായിരിക്കും. കാരണം, ഞങ്ങൾ തിരുമേനി (സ) യെയും തിരുമേനി (സ) ക്ക വഹ്‌യ് ലഭിക്കുന്നതും നേരിൽ കണ്ടു വിശ്വസിച്ചവരാണ്. നിങ്ങളാകട്ടെ, കേട്ടറിഞ്ഞതുവഴി വിശ്വസിക്കുന്നവരാണ്. നിങ്ങളുടെ വിശ്വാസം ആത്മാർത്ഥതയോടു കൂടിയതാണെങ്കിൽ നിങ്ങളുടെ പദവി ഞങ്ങളുടെ പദവിയെക്കാൾ ഉന്നതം തന്നെ'.

ഇതുകേട്ടപ്പോൾ ജർജത് കുതിരപ്പുറത്തു നിന്നു താഴെ ഇറങ്ങി, ഇസ്‌ലാംമതം വിശ്വസിക്കുകയും ഖാലിദ് (റ) വിന്റെ പക്ഷത്തുനിന്നു യുദ്ധം ചെയ്യുകയും ചെയ്തു.

അപ്പോഴേക്കും റോമാസൈന്യം മുസ്‌ലിംകളുടെ നേരെ ഇരമ്പിക്കയറി. ഇക്‌രിമത് (റ) വും ഹാരിസുബ്‌നുഹിശാം (റ) വും സധീരം അവരോടെതിർത്തുനിന്നു. "ഞാൻ തിരുമേനി (സ) ക്കെതിരായി നടകാവകാശികളുടെ ഭാഗത്തുനിന്നു യുദ്ധം ചെയ്തകാലത്തു ഒരിക്കലെങ്കിലും രംഗത്തുനിന്നു പിന്നോക്കംവെച്ച ചരിത്രം എനിക്കില്ല. പിന്നെയുണ്ടോ സ്വർഗ്ഗത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള ഈ യുദ്ധത്തിൽനിന്നു ഞാൻ പിൻമാറുന്നു"വെന്നു പറഞ്ഞുകൊണ്ടു ഇക്‌രമത് (റ) ജീവാപ്പണം ചെയ്യുവാൻ തയ്യാറുള്ളവർ മുമ്പോട്ടുവരേണമെന്നു ആഹ്വാനം ചെയ്തു. ഹാരിസുബ്‌നുഹിശാം (റ), ളിറാറുബ്‌നുൽഅസ്‌വർ (റ) എന്നിവരും മറെറാരു യോദ്ധാവും പ്രസ്തുത ആഹ്വാനം ചെയ്തുകൊണ്ടു അഹമഹമികയ മുമ്പോട്ടു വന്നു. അവർ ഖാലിദ് (റ) വിന്റെ നേതൃത്വത്തിലുള്ള സൈന്യനിരയുടെ മുന്നണിയിൽ നിന്നു യുദ്ധം ചെയ്തു. ഖാലിദ് (റ) വും ജർജത് (റ) വും തോളോടു തോൾ ചേർന്നു നിന്നുകൊണ്ടു മുന്നേറുന്ന ശത്രുവ്യൂഹത്തെ ഛിന്നഭിന്നമാക്കി. അന്നത്തെ ദിവസം അസ്തമിക്കുവോളം അവർ ആഹ്വാനം കൊണ്ടു നിസ്തരിച്ചു. സൂര്യാസ്തമനം വരെയുദ്ധം തുടർന്നു നിന്നു. സന്ധ്യയോടടുത്തപ്പോൾ ഖാലിദ് (റ) ശത്രുക്കളുടെ മുന്നിയിലേക്ക കൊടുങ്കാറ്റു പോലെ ഇരമ്പിക്കയറി. ആ കയറ്റത്തിൽ ശത്രുപക്ഷത്തു നിന്നു പലർ കൊല്ലപ്പെട്ടു. നിരവധി ആളുകൾ ക്ഷതമേറ്റു വീണു. റോമാസൈന്യത്തിന്റെ കെട്ടുറപ്പു പോയി. അവരുടെ കുതിരപ്പട്ടാളം പിന്തിരിഞ്ഞോടി. ഖാലിദ് (റ) അവരെ അനുധാവനം ചെയ്തു പിടികിട്ടിയവരെ മുഴുവൻ വധിച്ചു. ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരുന്ന

എൺപതിനായിരം പേരും മറ്റു നാല്പതിനായിരം പേരും, ആകെ, ഒരു ലക്ഷത്തിരുപതിനായിരം പേർ കിടങ്ങിൽ വീണു. അവരിൽ ബാക്കിയുള്ളവർ ആ കുഴിയിൽ വെച്ചു തന്നെ ചത്തു. ഖാലിദ് (റ) ആ കുഴിയിലിറങ്ങി പലരേയും വധിച്ചു. സാമന്തരാജാക്കന്മാരും പ്രമാണിമാരും ആത്മരക്ഷാർത്ഥം അവരുടെ കുടാരങ്ങളിൽ അഭയം പ്രാപിച്ചു. ഹിർഖലിന്റെ സഹോദരനായ നദാറഖും അപ്രകാരം അഭയം പ്രാപിച്ചു. യുദ്ധം അങ്ങിനെ, മുസ്‌ലിംസേനയുടെ വിജയത്തിൽ പര്യവസാനിച്ചു.

പ്രഭാതമായപ്പോൾ ഇക്‌രിമത (റ) അദ്ദേഹത്തിന്റെ പുത്രനായ ഉമർ (റ) വും മുറിവേറ്റു യുദ്ധക്കളത്തിൽ വീണു കിടക്കുന്നതായി ഖാലിദ് (റ) കണ്ടു. അദ്ദേഹം ആ രണ്ടു പേരേയും വാരിയെടുത്തു മടിയിൽ കിടത്തി, അവരുടെ മുഖങ്ങളിൽ തടവുകയും, വായിൽ വെള്ളം ഒഴിച്ചു കൊടുക്കുകയും ചെയ്തു.

ഈ യുദ്ധത്തിൽ ധാരാളം മുസ്‌ലിം സ്ത്രീകളും സജീവമായി പങ്കെടുത്തു. താഇഫ് യുദ്ധത്തിൽ അബൂസുഫ്‌യാൻ (റ) വിന്റെ ഒരു കണ്ണ് നഷ്ടപ്പെട്ടതു വായനക്കാർ ഓർക്കുന്നുണ്ടല്ലോ. ഈ യുദ്ധത്തിൽ അദ്ദേഹത്തിന്റെ രണ്ടാമത്തെ കണ്ണും നഷ്ടപ്പെട്ടു. ഇക്‌രിമത് (റ) വിന്റെ പുത്രനായ ഉമർ (റ), ഹാരിസുബ്‌നു ഹിശാം (റ), സൽമത്തുബ്‌നു ഹിശാം (റ), അംറുബ്‌നുസഈദ് (റ), ഇബ്നുഅബൂസുഫ്‌യാൻ (റ) തുഫൈലുബ്‌നു അംറ് (റ), തുഫൈബുബ്‌നു ഉമൈർ (റ), ഹിശാമുബ്‌നുൽ ആസ്വി (റ), അംറുബ്‌നുൽആസ്വി (റ), ഇയാശുബ്‌നു അബീറബീഅത് (റ), സഈദുബ്‌നുൽ ഹാരിസ് (റ), നഈമുബ്‌നുന്നഹാം (റ), നളീറുബ്‌നുൽ ഹാരിസ് (റ), അബൂർറുമുബ്‌നു ഉമൈറുൽ അയ്ദരീ (റ) എന്നീ പ്രമുഖ യോദ്ധാക്കളുടക്കം മൂവ്വായിരം പേർ ഈ യുദ്ധത്തിൽ മുസ്‌ലിം പക്ഷത്തു നിന്നു ശഹീദായി. എഴുപതിൽ പരം മുറിവുകളേറ്റിട്ടും പിന്നോക്കം വെക്കാതെ ധീരധീരം പോരാടിയ ഇക്‌രിമത് (റ) വും യർമൂക് യുദ്ധത്തിൽ വീരസ്വർഗ്ഗം പ്രാപിച്ചു. ശത്രുപക്ഷത്തുനിന്നു ആകെ ഒരു ലക്ഷത്തമ്പായിരം പേർ വധിക്കപ്പെടുകയും നാല്പതിനായിരം പേർ ബന്ധനസ്ഥരാക്കപ്പെടുകയുമുണ്ടായി. കൂതിരപ്പട്ടാളത്തിനു ഇരുപത്തിനാലായിരം മിസ്‌കാൽ പൊന്നും കാലാൾ സൈന്യത്തിനു എണ്ണായിരം വെള്ളിയും യർമൂക് യുദ്ധത്തിൽ ഗനീമത്തായി ലഭിച്ചു.

അബൂബകർ സിദ്ദീഖ് (റ)

തിരുമേനി (സ) യുടെ പിതൃശൃംഖലയിലെ ഏഴാമത്തെ കണ്ണിയായ മുർറത് എന്നവരുടെ മകനായ തൈമിന്റെ മകനായ സഅ്‌ദിന്റെ മകനായ കഅ്‌ബിന്റെ മകനായ അംറിന്റെ മകനായ ആമിറിന്റെ മകനായ ഉസ്‌മാൻ (റ) വിന്റെ പുത്രനാണ് അബൂബകർ സിദ്ദീഖ് (റ). അദ്ദേഹത്തിന്റെ മാതാവിന്റെ പേർ സൽമാ എന്നായിരുന്നു. ആമിറിന്റെ മകനായ സഖ്‌റിന്റെ പുത്രിയായിരുന്നു സൽമാബീ. പക്ഷെ, പിതാവായ ഉസ്‌മാൻ (റ) അബൂഖുഹാഫ എന്ന പേരിലും, മാതാവായ സൽമാബീ ഉമ്മുൽ ഖൈർ എന്ന പേരിലും ആണ് വിളിക്കപ്പെട്ടിരുന്നതു്. ഇസ്‌ലാംമതം വിശ്വസിക്കുന്നതിനു മുമ്പു് അബൂബകർ സിദ്ദീഖ് (റ) വിന്റെ പേർ അബ്ദുൽ കഅ്‌ബ എന്നായിരുന്നു. അദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചപ്പോൾ തിരുമേനി (സ) അദ്ദേഹത്തെ അബ്ദുല്ലാ എന്നു വിളിച്ചു. അബൂബകർ എന്ന അപരനാമത്തിൽ അദ്ദേഹം വിശ്രുതനായി. തിരുമേനി (സ) നബിത്വം പ്രഖ്യാപിക്കുന്നതിനു മുമ്പുതന്നെ, തിരുമേനി (സ) നബിയാണെന്നു അബൂ

ബകർ സിദ്ദീഖ് (റ) മനസാ വിശ്വസിച്ചിരുന്നു. തിരുമേനി (സ)യുടെ മിഅ്‌റാജിനെപ്പറ്റി കേട്ട ഉടനെ, ആ സംഭവത്തിന്റെ വിശദാംശങ്ങൾ അന്വേഷിപ്പാനൊരുങ്ങുകയോ, അക്കാര്യത്തിൽ സംശയലേശം പ്രകടിപ്പിക്കുകയോ ചെയ്യാതെ, അത് ആത്മാർത്ഥമായി വിശ്വസിച്ചതു മൂലം അദ്ദേഹത്തിനു "സിദ്ദീഖ്" എന്ന സ്ഥാനപ്പേർ ലഭിച്ചു. ജിബ്‌രീൽ (അ) എന്ന മലക്കാണ് അദ്ദേഹത്തിനു സിദ്ദീഖ് എന്ന പേർ നൽകിയത്. "അതീഖ്" എന്ന മറൊരു അപരനാമംകൂടി അദ്ദേഹത്തിനുണ്ടായിരുന്നു. അബൂബകർ സിദ്ദീഖ് നരകമോചിതനാണെന്നു തിരുമേനി (സ) ഒരിക്കൽ അരുളുകയുണ്ടായി. 'അതീഖ്" എന്ന പേർ ലഭിപ്പാനുള്ള ഒരു കാരണം ഇതാണ്. അദ്ദേഹത്തിന്റെ 'മുഖശ്രീ'യും, കുടുംബമാഹാത്മ്യവും, ധാർമ്മികതയും 'അതീഖ്" എന്ന പേർ നേടിക്കൊടുക്കുന്നതിനു കാരണങ്ങളായിട്ടുണ്ട്.

കൃശഗാത്രനായ അബൂബകർ സിദ്ദീഖ് (റ) വെളുപ്പിൽ ചുകപ്പു നിറം കലർന്ന സുന്ദരകളേബരനായിരുന്നു. മാംസളമല്ലാത്ത, നേർത്ത ഇടത്താടികളോടുകൂടിയ മുഖം, ശ്രീതന്ത്രിന്റെ നികേതനമായിരുന്നു. വീതിയുള്ള നെറ്റിത്തടം ആ സുന്ദരമായ മുഖത്തിനു അസാധാരണമായ ചന്തം ചാർത്തിയിരുന്നു. മിതദീർഘകായനായിരുന്ന അബൂബകർ സിദ്ദീഖ് (റ), തിരുമേനി (സ) യെ അപേക്ഷിച്ചു രണ്ടോ മൂന്നോ വയസ്സ് പ്രായം കുറഞ്ഞ ആളായിരുന്നു.

തിരുമേനി (സ) യുടെ വിയോഗം അബൂബകർസിദ്ദീഖ് (റ) വിന്റെ ഹൃദയത്തിൽ ഏല്പിച്ച ക്ഷതം ഒരിക്കലും ഉണങ്ങുകയുണ്ടായില്ല. തജ്ജന്യമായ ക്ഷീണം അനുദിനം വർദ്ധിക്കുകതന്നെ ചെയ്തു. പതിവുപോലെ ഒരു ദിവസം രാവിലെ അദ്ദേഹം കുളിച്ചു. അതു ഒരു കുളിർകാലമായിരുന്നു. കുളിയെത്തുടർന്നു അദ്ദേഹത്തിനു ജ്വരം ബാധിച്ചു. പനി വർദ്ധിക്കുകയും, നിസ്‌കാരത്തിനു പള്ളിയിൽ പോകുവാൻ കഴിയാത്തവിധം കിടപ്പിലാവുകയുംചെയ്തു. പതിനഞ്ചുദിവസം അബൂബകർസിദ്ദീഖ് (റ) രോഗശയ്യയിൽ കഴിച്ചുകൂട്ടി. ആ ദിവസങ്ങളിൽ ഉമർഫാറൂഖ് (റ) നിസ്‌കാരത്തിനു നേതൃത്വം നൽകുവാൻ ഏല്പിക്കപ്പെട്ടു. ഒരു വൈദ്യനെ വരുത്തി രോഗത്തിനു ചികിത്സ നടത്തുവാൻ ചില സുഹൃത്തുക്കൾ നൽകിയ പ്രേരണയെ ഖലീഫ സ്വീകരിച്ചില്ല. താൻ വൈദ്യനെ കണ്ടുവെന്നും, വൈദ്യൻ വേണ്ടുകവെച്ചതു ചെയ്തുമെന്നാണ് തന്നോടു പറഞ്ഞതെന്നും അബൂബകർസിദ്ദീഖ് (റ) സുഹൃത്തുക്കളോടു പറയുകയുണ്ടായി. ആ മഹാത്മാവിന്റെ സമർപ്പണബുദ്ധിയുടെ മുമ്പിൽ സ്നേഹജനങ്ങളുടെ പ്രേരണ നിഷ്പ്രഭമായിപ്പോയി.

അബൂബകർസിദ്ദീഖ് (റ) വിന്റെ ഖിലാഫത്ത് ഇരുപത്തൊട്ടുമാസം നീണ്ടുനിന്നു. അതിലിടക്കു ചരിത്രപ്രധാനമായ പല വിജയങ്ങളും അദ്ദേഹം നേടിയെടുത്തു. "റിദ്ദത്തിന്റെ അഹ്‌ലുകാ"രുടെ മുരട്ടുമുറിച്ചു. ഇറാഖിന്റെയും ശാമിന്റെയും ഏതാനും ഭാഗങ്ങളടക്കം പല നാടുകളും കീഴടക്കി.

അബൂബകർസിദ്ദീഖ് (റ) വിനു മൂന്നു പുത്രന്മാരുമാണുണ്ടായിരുന്നത്. പുത്രന്മാരിൽ പ്രഥമൻ ഖുതൈലത് (റ) യിൽ ജനിച്ച അബ്ദുല്ലാ (റ) വാണ്. ഈ അബ്ദുല്ലാ (റ) മക്കം ഹത്ഹ്, ഹുനൈൻ, താഇഫ് എന്നീ യുദ്ധങ്ങളിൽ തിരുമേനി (സ) യോടൊപ്പം പങ്കെടുത്തിട്ടുണ്ട്. താഇഫ് യുദ്ധത്തിൽ അദ്ദേഹത്തിനു ഒരു അമ്പേൽക്കുകയും, ആ വ്രണം ഉണങ്ങാതെ അവശേഷിക്കുകയും ചെയ്തു. തിരുമേനി (സ) യുടെ വഫാതിനുശേഷം, അബൂബകർസിദ്ദീഖ് (റ) ഖലീഫയായ ഉടനെ, അബ്ദുല്ലാ (റ) വിന്റെ വ്രണത്തിൽ നീരിറങ്ങുകയും,

ശവ്വാൽമാസം പതിനൊന്നാം തിയ്യതി ആ വീരയോദ്ധാവ് ഇഹലോകവാസം വെടിയുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹോദരനായ അബ്ദുർറഹ്മാൻ (റ), ഉമർ (റ), തൽഹത് (റ) എന്നീ മൂന്നുപേർ ഖബ്റിൽ ഇറങ്ങിനിന്നു, അബ്ദുല്ലാ (റ) വിനെ ഖബ്റടക്കംചെയ്തു.

ഉമ്മുറൂമാൻ (റ) യിൽ ജനിച്ച അബ്ദുർറഹ്മാൻ (റ) വാണ് അബൂബകർസിദ്ദീഖ് (റ) വിന്റെ പുത്രന്മാരിൽ ദ്വിതീയൻ. ആഇശാ (റ) യുടെ സഹോദരനായ ഇദ്ദേഹം പ്രസിദ്ധ യോദ്ധാവായിരുന്നു. ഇദ്ദേഹത്തിന്റെ പേർ അബ്ദുൽകഅ്ബയെന്നോ അബ്ദുൽഉസ്സയെന്നോ ആയിരുന്നു. ഹുദൈബിയ്യാ യുദ്ധം നടന്ന വർഷത്തിലാണ് ഇദ്ദേഹം ഇസ്‌ലാംമതം വിശ്വസിച്ചതു്. ഇസ്‌ലാംമതം വിശ്വസിച്ചപ്പോൾ തിരുമേനി (സ) ഇദ്ദേഹത്തിന്നു അബ്ദുർറഹ്മാൻ എന്നുപേർ നൽകി. ആ പേരിൽ ഇദ്ദേഹം പ്രശസ്തനായി. ഇസ്‌ലാമിലേക്കു വരുന്നതിന്നുമുമ്പ് ശത്രുപക്ഷത്തിലെ മുന്നണി നേതാക്കളിലൊരാളായിരുന്ന ഇദ്ദേഹം, ബദ്ർ, ഉഹ്ദ് തുടങ്ങിയ യുദ്ധങ്ങളിൽ ഇസ്‌ലാമിനെതിരായി യുദ്ധം ചെയ്തിട്ടുണ്ട്. വാളും അമ്പും ഉപയോഗിച്ചു യുദ്ധം ചെയ്യുന്നതിൽ അസാമാന്യവിദഗ്ധനായിരുന്നു ഇദ്ദേഹം. ഖാലിദിബ്നുവലീദ് (റ) വിന്റെ നേതൃത്വത്തിൽ നടന്ന യമാമാ യുദ്ധത്തിൽ ഇദ്ദേഹം പങ്കെടുക്കുകയും, യമാമക്കാരുടെ നേതാവായ ഇബ്നുത്തുഫൈലിനെ അമ്പെയ്തുകൊല്ലുകയും ചെയ്തു.മആവിയായുടെ മകനായ യസീദിന്റെ ഖിലാഫത്തിനെ സ്വീകരിപ്പാൻ ഇദ്ദേഹം കൂട്ടാക്കിയില്ല. തന്നിമിത്തം, ഇദ്ദേഹത്തെ പ്രീണിപ്പിച്ചു വശീകരിപ്പാനായി, ന്യായീരം ദിർഹം യസീദ് ഇദ്ദേഹത്തിന്നയച്ചുകൊടുത്തു. 'ദീനിനെ ദുൻയാവിന്നുവേണ്ടി വിൽക്കുവാൻ ഞാൻ തയ്യാറില്ല'എന്നുപറഞ്ഞുകൊണ്ടു, ആ സമ്മാനം ഇദ്ദേഹം നിരാകരിച്ചു. ഈ അബ്ദുർറഹ്മാൻ (റ) എട്ടു ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. ഹിജ്റാബ്ദം അമ്പത്തിമൂന്നിനും അമ്പത്താറിന്നുമിടക്ക് അബ്ദുർറഹ്മാൻ (റ) ഉറക്കത്തിൽ നിര്യാതനായി.

അസ്മാഅ് (റ) യിൽ ജനിച്ച മുഹമ്മദ് (റ) വാണ് അബൂബകർസിദ്ദീഖിന്റെ തൃതീയപുത്രൻ. മആവിയായുടെ ഖിലാഫത്തുകാലത്തു, ശത്രുക്കളായ മുസ്‌ലിംകളാൽ മുഹമ്മദ്(റ) വധിക്കപ്പെട്ടു. അലീ (ക. വ.) യോടൊപ്പം സഫ്ഫീൻ യുദ്ധത്തിലും മറ്റും പങ്കെടുത്ത മുഹമ്മദ് (റ) ഉസ്മാൻ (റ) വിന്റെയും അലീ (ക. വ.) യുടെയും ഖിലാഫത്തുകാലത്തു ഈജിപ്തിൽ ഭരണാധികാരിയായിരുന്നു. മആവിയായുടെ കാലത്തു ആ മഹാപുരുഷൻ മുസ്‌ലിംകളുടെ കയ്യാൽ ശഹീദായി.

ഉമ്മുമുഅ്മിനീൻആഇശാ (റ), അസ്മാഅ് (റ), ഉമ്മുൽകുൽസും (റ) എന്നിവരാണ് അബൂബകർസിദ്ദീഖ് (റ) വിന്റെ പുത്രിമാർ.

നാലുസന്താനപരമ്പരക്കു സഹാബിമാരാവാൻ ഭാഗ്യം സിദ്ധിച്ച ഒരേ ഒരു കുടുംബം അബൂബകർസിദ്ദീഖ് (റ) വിന്റെ കുടുംബംമാത്രമാണ്. അബൂബകർസിദ്ദീഖ" (റ) വിന്റെ പിതാവായ ഉസ്മാൻ എന്ന അബൂഖുറാഫ: (റ) വും, അദ്ദേഹത്തിന്റെ പുത്രനായ അബൂബകർസിദ്ദീഖ് (റ) വും, അബൂബകർസിദ്ദീഖ് (റ) വിന്റെപുത്രനായ അബ്ദുർറഹ്മാൻ (റ) വും, അബ്ദുർറഹ്മാൻ (റ) വിന്റെ പുത്രനായ മുഹമ്മദ് (റ) വും സഹാബിമാരത്രെ

ജ്വരം ബാധിച്ചു ശയ്യാവലംബിയായ അബൂബകർസിദ്ദീഖ് (റ) ഹിജ്റാബ്ദം പതിമൂന്നാംവർഷം ജുമാദുൽആഖിർ മാസം കടവിലെ വെള്ളിയാഴ്ച ദിവസം ഇഹലോകവാസം വെടിഞ്ഞുവെന്നു ഇബ്നുഇസ്ഹാഖ് (റ) പ്രസ്താവിച്ചിരിക്കുന്നു. ഹിജ്റാബ്ദം പതിമൂന്നാം വർഷ

ത്തിൽ അദ്ദേഹം മക്കയിൽപോയി ഹജ്ജ് കർമ്മം നിർവ്വഹിച്ചിട്ടുണ്ട്.

അബൂബക്കർസിദ്ദീഖ് (റ) വിന്റെ വസിയ്യത്തനുസരിച്ച് അദ്ദേഹത്തിന്റെ പത്നിയായ അസ്മാഅ്ബിൻത് അമീസ് (റ) അദ്ദേഹത്തിന്റെ പവിത്രമായ ജഡംകുളിപ്പിച്ചു. ഇസ്‌ലാംചരിത്രത്തിൽ, ഭർത്താവിന്റെ മൃതദേഹത്തെ ഭാഗ്യം കുളിപ്പിച്ച ആദ്യത്തെ സംഭവം ഇതാണ്. ഖലീഫയുടെ ചരമവാർത്തയറിഞ്ഞപ്പോൾ മദീനനഗരം ശോകമൂകമായത്തീർന്നു. കലങ്ങാത്ത കണ്ണുകളൊ കണ്ണീരൊലിക്കാത്ത കവിൾത്തടങ്ങളൊ മദീനയിൽ ഉണ്ടായില്ല. പരമശയ്യയിൽവെച്ച് മഹാനായ സിദ്ദീഖ് (റ) ഇപ്രകാരം വസിയ്യത്തുചെയ്തു:-'ഞാൻ മരിച്ചാൽ, എന്റെ മൃതദേഹം തിരുമേനി (സ) യെ ഖബ്റടക്കംചെയ്ത വീട്ടിന്റെ വാതുക്കൽ കൊണ്ടുപോകേണം; വാതിൽ തുറന്നെങ്കിൽ അവിടെ ഖബ്റടക്കുകയും വേണം.' ജാബിർ (റ) പറയുന്നു:-''ഞങ്ങൾ അബൂബക്കർസിദ്ദീഖിന്റെ മയ്യത്തു് റസൂൽ (സ) തിരുമേനിയെ ഖബ്റടക്കംചെയ്ത വീട്ടിന്റെ വാതുക്കൽകൊണ്ടുപോയി. അദൃശ്യമായ കരങ്ങളാൽ വാതിൽ തുറക്കപ്പെട്ടു. ഞങ്ങൾ മയ്യത്തിനെ അകത്തു കടത്തി. അപ്പോൾ 'ആദരവോടെ മറചെയ്യുവിൻ' എന്നു ഒരു അശരീരികേട്ടു. ആളെ കണ്ടില്ല.''

മസ്ജിദുന്നബവീ എന്ന പള്ളിയുടെ മിമ്പറിന്റെയും ഖബ്റിന്റെയും മദ്ധ്യത്തിൽ വെച്ച് ഉമർ ഫാറൂഖ് (റ) വിന്റെ നേതൃത്വത്തിൽ ജനാസ നിസ്കരിച്ചു. തിരുമേനി (സ) യുടെ ജനാസ ചുമക്കുവാൻ ഉപയോഗിച്ച കട്ടിൽതന്നെയാണ് അബൂബക്കർസിദ്ദീഖ് (റ) വിന്റെ ജനാസ ചുമക്കുവാനും ഉപയോഗപ്പെടുത്തിയതു്. ഉമർഖത്താബ് (റ), ഉസ്മാൻ (റ), തൽഹത് (റ), അബൂബക്കർസിദ്ദീഖ് (റ) വിന്റെ പുത്രനായ അബ്ദുർറഹ്മാൻ (റ) എന്നിവർ ഖബ്റിൽ ഇറങ്ങിനിന്നു, ആദരപൂർവ്വം ജനാസ ഖബ്റിൽ താഴ്ത്തിവെച്ചു. ആഇശാ (റ) യുടെ വീട്ടിൽ തിരുമേനി (സ) യുടെ ഖബ്റോട് ചേർത്താണ് അബൂബക്കർ സിദ്ദീഖ് (റ) ഖബ്റടക്കം ചെയ്യപ്പെട്ടതു്. അദ്ദേഹത്തിന്റെ ശിരസ്സ് തിരുമേനി (സ) യുടെ ചുമലിനു സമാന്തരമായിവെച്ചുകൊണ്ട് ഖബ്ർ മൂടുകയും, തിരുമേനി (സ) യുടെ ഖബ്റിനു സമാന്തരമായി ഉയർത്തി വെള്ളം കുടയുകയും ചെയ്തു. രാവിലെയാണ് അബൂബക്കർ സിദ്ദീഖ് (റ) ഖബ്റടക്കം ചെയ്യപ്പെട്ടതു്. നാല്പത്തിരണ്ട് ഹദീസുകൾ അദ്ദേഹം നിവേദനം ചെയ്തിട്ടുണ്ട്.

ഉമർ ഫാറൂഖ് (റ)

ഇസ്‌ലാം ചരിത്രത്തിലെ ഒരു ശക്തിപ്രഭാവമാണ് രണ്ടാം ഖലീഫയായ ഉമർ ഫാറൂഖ് (റ). തിരുമേനി (സ) യുടെ പിതൃശൃംഖലയിലെ എട്ടാമത്തെ കണ്ണിയായ കഅ്ബിന്റെ സന്താനപരമ്പരയിൽ പെട്ട വ്യക്തിയാണ് ഉമർ (റ). അദ്ദേഹത്തിന്റെ പിതാവിന്റെ പേർ ഖത്താബ് എന്നാകുന്നു. നുഫൈലിന്റെ മകനാണ് ഖത്താബ്. നുഫൈലാകട്ടെ അബ്ദുല്ലായുടെ മകനായ റബാഹിന്റെ മകനായ അബ്ദുൽ ഉസ്സായുടെ മകനാകുന്നു. റബാഹിന്റെ മകനായ ഖർറത് ആണ് അബ്ദുല്ലായുടെ പിതാവു്. ഉദയ്യിന്റെ മകനാണ് റബാഹ്. ഉദയ്യാവട്ടെ കഅ്ബിന്റെ മകനും. അങ്ങിനെ, തിരുമേനി (സ) യുടെ പിതൃശൃംഖലയിലെ എട്ടാമത്തെ കണ്ണിയായ കഅ്ബിന്റെ സന്താനപരമ്പരയിലെ ഒമ്പതാമത്തെ ശൃംഖലയിൽ ഉമർ (റ) ഉൾപ്പെടുന്നു.

ഇസ്‌ലാം വിശ്വസിക്കുന്നതിനു മുമ്പും വിശ്വസിച്ചതിനു ശേഷവും ഉമർ (റ) വിന്റെ പേരിനു മാറ്റമുണ്ടായിട്ടില്ല. ഇസ്‌ലാംമതം

വിശ്വസിച്ചതിനുശേഷം, പുലിക്കുട്ടി എന്നർത്ഥമുള്ള 'അബൂഹഫ്സ്' എന്നും, 'സത്യത്തിനും അസത്യത്തിനും അതിരിട്ടവർ' എന്നർത്ഥമുള്ള 'ഫാറൂഖ്' എന്നും, രണ്ടു സ്ഥാനപ്പേരുകളും തിരുമേനി (സ) അദ്ദേഹത്തിനു നല്കുകയുണ്ടായി. ഫാറൂഖ് എന്ന പേരിൽ അദ്ദേഹം പരക്കെ അറിയപ്പെട്ടു. ആ വിശേഷണനാമം ചേർത്തുകൊണ്ടുതന്നെ ഇന്നും ആ മഹാപുരുഷന്റെ പേർ പറഞ്ഞു വരുന്നു.

മുഗീറത്തിന്റെ മകനായ ഹാശിമിന്റെ മകൾ ഖൈസമത് എന്ന മഹതിയാണ് ഉമർ (റ) വിന്റെ മാതാവ്. മുഗീറതിന്റെ മകനായ ഹിശാമിനും ഖൈസമത എന്ന പേരുള്ള ഒരു പുത്രിയുണ്ട്. ആ ഖൈസമത് ഉമർ (റ) വിന്റെ മാതാവല്ല; അബൂജഹലിന്റെ സഹോദരിയാണ്. ഹാശിമിന്റെ പുത്രിയായ ഖൈസമത്തിനും, ഹിശാമത്തിന്റെ പുത്രിയായ ഖൈസമത്തിനും ഇടയിലുള്ള ആശയക്കുഴപ്പം ഇല്ലാതാക്കുവാൻ വേണ്ടിയാണ് ഈ വസ്തുത വ്യക്തമാക്കിയതു്.

പ്രായത്തെ അപേക്ഷിച്ചു തിരുമേനി(സ)യെക്കാൾ പതിമൂന്നു വയസ്സിനു ഇളയതായിരുന്ന ഉമർ ഫാറൂഖ് (റ). ദീർഘകായനായ ഉമർ ഫാറൂഖ് (റ) വെളുത്തു നിറത്തിൽ സുന്ദരനായിരുന്നു. തലമുടിയില്ലാത്ത നെറ്റിത്തടവും ചുകന്ന കണ്ണുകളും അദ്ദേഹത്തിന്റെ സൌന്ദര്യത്തിനു ചന്തം ചാർത്തുകയും ആകാരത്തിനു ഗൌരവം നൽകുകയും ചെയ്തു. അദ്ദേഹത്തോളം മെയ്സ്വാധീനമുള്ള വ്യക്തികൾ അന്നു അന്നാട്ടിൽ ഉണ്ടായിരുന്നില്ല.

വിനീതനും അനാഡംബരപ്രിയനും ഋജുമാനസനുമായിരുന്ന ഉമർ (റ). ഖലീഫയായിരുന്ന കാലത്തു് ഒരു സാധാരണക്കാരന്റെ അവസ്ഥയിലാണ് അദ്ദേഹം ജീവിച്ചിരുന്നതു്. കയ്യിൽ ഒരു ചമ്മട്ടിയുമായി പൊതുവെ വഴിയിലൂടെ നടക്കുക എന്നതു അദ്ദേഹത്തിന്റെ പതിവായിരുന്നു. താരഫ് ഇബ്നു ശിഹാബ് (റ) പറയുന്നു:—'ഖലീഫ ഒരിക്കൽ ശാമിലേക്കു പുറപ്പെട്ടു. ശാമിലെ പൌരപ്രധാനികൾ ഖലീഫക്കു സമുചിതമായ സ്വീകരണം നൽകുവാൻ ഒരുങ്ങി നിന്നു. ഖലീഫ ശാമിലെത്തിയപ്പോൾ വെള്ളമുള്ള ഒരു സ്ഥലം കണ്ടു. അദ്ദേഹം വാഹനപ്പുറത്തുനിന്നു താഴെ ഇറങ്ങി. കാലുറകൾ ഊരി കക്ഷത്തു വെച്ചു, കാലും മുഖവും കഴുകി. കാലുറ ധരിക്കാതേയും വാഹനപ്പുറത്തു കയറാതേയും അദ്ദേഹം യാത്ര തുടർന്നു. കുതിരയെ നടത്തിക്കൊണ്ടും കാലുറകൾ കക്ഷത്തു വെച്ച നിലയിൽ നടന്നുകൊണ്ടും ഖലീഫ യാത്ര തുടരുന്നതു കണ്ടപ്പോൾ ഒരാൾ ചോദിച്ചു: 'യാ, അമീറൽ മുഅ്മീനിൻ, നാട്ടിലെ പൌരപ്രധാനികൾ താങ്കളെ സ്വീകരിപ്പാൻ ഒരുങ്ങി നില്ക്കുന്നു. താങ്കൾ ഈ നിലയിലാണോ അവരെ സമീപിക്കുന്നതു?' ഇതു കേട്ടപ്പോൾ ഖലീഫ പറഞ്ഞു:—'അല്ലാഹു ഇസ്‌ലാമിയ്യത്തു കൊണ്ടു ഞങ്ങളെ യോഗ്യരാക്കീയിരിക്കുന്നു. അതല്ലാത്ത മറ്റു യാതൊരു യോഗ്യതയേയും ഭ്രഷണമായി ഞാൻ കരുതുകയില്ല. നമ്മെസ്സംബന്ധിച്ചേടത്തോളം ഇസ്‌ലാം മാത്രമാണ് യോഗ്യതയും ഭ്രഷണവും.'

ഖലീഫയാക്കപ്പെട്ടു

ഒന്നാം ഖലീഫയായ അബൂബകർ (റ) ആസന്നമരണനായിക്കഴിഞ്ഞപ്പോൾ അദ്ദേഹം ഉസ്മാനുബ്നു അഫ്ഫാൻ (റ) വിനെ അടുത്തു വിളിച്ചു ഒരു വസിയ്യത്തു് പത്രിക എഴുതിച്ചു. 'ഉമർഖത്താബിനെ ഞാൻ ഖലീഫയാക്കി' എന്നതായിരുന്നു ആ വസിയ്യത്തിലെ സാരാംശം. ആ വസിയ്യത്തു് പത്രിക രഹസ്യമായി മടക്കി മുദ്ര വെക്കുകയും, അതു ജനങ്ങൾക്കു നൽകിക്കൊണ്ടു 'ഈ പത്രികയിൽ

പറഞ്ഞിട്ടുള്ള ആളുമായി നിങ്ങൾ ബൈഅത്ത് ചെയ്തുകൊള്ളുക' എന്ന് ഉപദേശിക്കുകയും ചെയ്തു. അത് കേട്ടപ്പോൾ അലീ (ക. വ.) ഇപ്രകാരം പറയുകയുണ്ടായി:-'ഖലീഫയുടെ നിർദ്ദേശത്തെ ഞാൻ സ്വീകരിച്ചു. ഈ പത്രികയിൽ ഉമർ ഖത്താബിന്റെ പേരാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിൽ, ആക്കും തന്നെ വിയോജിപ്പുണ്ടാവാനിടയില്ല.'

ഇക്തിഫാഅ് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:-'അബൂബക്കർ സിദ്ദീഖ് (റ) രോഗവിവശനായിക്കഴിഞ്ഞപ്പോൾ, മുഹാജിർകളും അൻസാർകളുമായ സഹാബിവര്യന്മാരെ വിളിച്ചു വരുത്തി ഖിലാഫത്തിനെക്കുറിച്ചു അവരുമായി ഒരു ചർച്ച നടത്തുകയുണ്ടായി. ഖലീഫ നിർദ്ദേശിക്കുന്ന ആളെ ഞങ്ങൾ സ്വീകരിച്ചുകൊള്ളാമെന്നു അവർ ഏകകണ്ഠേന സമ്മതിച്ചു. അപ്പോൾ ഖലീഫ രണ്ടാം ഖലീഫയായി ഉമർഖത്താബിന്റെ പേർ നിർദ്ദേശിച്ചു. തൽഹത് (റ), സുബൈർ (റ) എന്നീ സഹാബിമാർ ഉമർ ഖത്താബിനെ സംബന്ധിച്ചേടത്തോളം ഒരു സംശയം ഉന്നയിച്ചു. 'അല്പം അഹങ്കാരമുള്ള വ്യക്തിയല്ലെ അദ്ദേഹം എന്നതായിരുന്നു അവരുടെ സംശയം. അബൂബക്കർ സിദ്ദീഖ് (റ) ഒരു വിശദീകരണത്തിലൂടെ അവരുടെ സംശയത്തെ ദൂരീകരിച്ചു. അബൂബക്കർ സിദ്ദിഖ് (റ) വിന്റെ നിർദ്ദേശത്തെ മാനിച്ചുകൊണ്ടും അനുകൂലിച്ചുകൊണ്ടും ഉസ്മാൻഇബ്നു അഫ്ഫാൻ (റ), അലീ (ക.വ.) എന്നിവർ ദീർഘമായിസംസാരിക്കുകയും ഖലീഫയുടെ നിർദ്ദേശത്തെ എല്ലാവരും ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

ഒന്നാംഖലീഫയായ അബൂബക്കർ സിദ്ദീഖ് (റ) ശാന്തനായിരുന്നെങ്കിലും നിശ്ചയദാർഢ്യവും സ്ഥൈര്യവും ഉള്ള മഹാനായിരുന്നു. ഖലീഫാസ്ഥാനത്തിരിക്കുവാൻ രണ്ടു കൊല്ലം മാത്രമെ അദ്ദേഹത്തിനു സന്ദർഭം ലഭിച്ചുള്ളു. പക്ഷെ, ആ രണ്ടു കൊല്ലക്കാലം തികച്ചും ഫലവത്തായിരുന്നു. ഇസ്‌ലാമിനെസ്സംബന്ധിച്ചേടത്തോളം അനുഗ്രഹത്തിന്റെ വർഷങ്ങളായിരുന്നു അവ. ഹ്രസ്വമായ ആ കാലയളവിൽ അതിമഹത്തായ മൂന്നു കാര്യങ്ങൾ അദ്ദേഹം നിർവ്വഹിച്ചു. അപഥസഞ്ചാരത്തിനൊരുങ്ങിയ അറേബ്യയെ ഇസ്‌ലാമിന്റെ മാർഗ്ഗത്തിൽ അദ്ദേഹം സ്ഥിരീകരിച്ചു; സിറിയായിലേക്കു സൈന്യത്തെ നിയോഗിച്ചു; വിശുദ്ധ ഖുർ-ആനിലെ സൂറാകൾ രേഖപ്പെടുത്തുകയും ഗ്രന്ഥരൂപം നല്കുകയും ചെയ്തു. ഇവ നിസ്സാരങ്ങളായ നേട്ടങ്ങളായിരുന്നില്ല. ഈ മൂന്നു നേട്ടങ്ങളും ഇസ്‌ലാം ചരിത്രത്തിലെ അത്ഭുതങ്ങളായ മൂന്നു വസ്തുതകളാകുന്നു.

മഹാനായ അബൂബക്കർ സിദ്ദീഖ് (റ) പരലോകപ്രാപ്തനായതിന്റെ പിറ്റെ ദിവസം കാലത്തു തന്നെ ഉമർ ഖത്താബ് (റ) രണ്ടാം ഖലീഫയായി സ്ഥാനമേറ്റെടുത്തു. ഹിജ്റാബ്ദം പതിമൂന്നാം വർഷത്തിലാണ് ഉമർ (റ) ഖലീഫാപദം ഏറ്റെടുത്തത്. പത്തു കൊല്ലവും ആറു മാസവും ഏതാനും ദിവസങ്ങളും അദ്ദേഹം ഖലീഫാപദം അലങ്കരിച്ചുകൊണ്ടു ജീവിച്ചു.

ഉമർ ഖത്താബ് (റ) ഖലീഫയായതിനു ശേഷം ആദ്യമായി മിമ്പാറിൽ കയറി ഇപ്രകാരം പ്രാർത്ഥിച്ചു:-'തമ്പുരാനെ, കഠിനചിത്തനായ എന്നെ നീ ആർദ്രചിത്തനാക്കേണമേ; ബലഹീനനായ എന്നെ നീ ബലവാനാക്കേണമെ; ലുബ്ധനായ എന്നെ നീ പരമക്ഷേമതല്പരനാക്കേണമെ.'

ഇങ്ങനെപ്രഥമായി 'അമീറുൽമുഅ്മിനീൻ' എന്നു വിളിക്കപ്പെട്ടതു ഉമർ ഖത്താബ് (റ) യത്രെ. ഖലീഫയായിരുന്ന പത്തു കൊല്ലവും അദ്ദേഹം പരിശുദ്ധ ഹജ്ജ് കർമ്മം നിർവ്വഹി

ച്ചു. പത്താമത്തെ കൊല്ലം സ്വപ്നനിമാരേയും അദ്ദേഹം ഹജ്ജുകർമ്മത്തിൽ പങ്കെടുപ്പിക്കുകയുണ്ടായി.

ഈജിപ്തിൽ അംറുബ്നുൽ ആസീയേയും ശാമിൽ മആവിയതുബ്നുഅബീ സുഫ്യാനേയും അദ്ദേഹം അമീർമാരായി നിയമിച്ചു. അബ്ദുർറഹ്മാനുബ്നു ഖലഫ്, യസീദുബ്നു സാബിത് എന്നിവരായിരുന്നു അദ്ദേഹത്തിന്റെ എഴുത്തുകാർ. ബൈതുൽ മാലിലെ കണക്കുകൾ എഴുതിയിരുന്നതു സൈദുബ്നു അർഖം ആയിരുന്നു. സൈദുബ്നു അഹ്ബുന്നംരി (റ) വിനെ മദീനയിലും, ശരീഹ ബ്നുൽ ഹാരിസ് (റ) വിനെ കൂഫയിലും, ആദ്യം ഖൈസുബ്നുൽ ആസീ (റ) വെയും, പിന്നീട് കഅ്ബുബ്നുയസാർ (റ) വെയും ഈജിപ്തിലും ഖാളിമാരായി അദ്ദേഹം നിയമിച്ചു.

ലോകചരിത്രത്തിലെ അതുല്യനായ മഹാനും ജേതാവുമായ ഉമർഖത്താബ് (റ) പല രാജ്യങ്ങളും കീഴടക്കി. അബൂഉബൈദത് (റ), ഖാലിദ്ബിൻവലീദ് (റ) എന്നിവർ യുദ്ധംകൂടാതെ, സമാധാനസംഭാഷണം വഴി ദമസ്കസ് കീഴടക്കി. റും, * തിബ്രിയ്യ, ഫൈസാരിയ്യ, പലസ്തീൻ, അസ്ഖലാൻ എന്നീ രാജ്യങ്ങളും കീഴടക്കപ്പെട്ടു. ഒരു സൈന്യത്തോടൊപ്പം ഖലീഫ തന്നെ ബൈതുൽമുഖദ്ദിസിലേക്കു പോവുകയും, യുദ്ധംകൂടാതെ, സന്ധിസംഭാഷണം വഴി ബൈതുൽമുഖദ്ദിസ് നേടിയെടുക്കുകയും ചെയ്തു. ബഅ്ലബക്, റഹ്മസ്, റൽബ്, ഖിൻസീറിൻ, അൻതാകിയ, ജൂലാ, റഖ്ഖ, റഹ്റാൻ, മൂസൽ, ജസീറ, നാഡീബൈൻ, ആമദ്, റഹ്റാ, എന്നീ രാജ്യങ്ങളും കീഴടക്കപ്പെട്ടു. പേർസ്യാ, മദായിൻ എന്നീ രാജ്യങ്ങളെ സഅ്ദുബ്നുഅബീവഖാസ് (റ) കീഴടക്കി. ക്വർദിജില, അയ്‌ലത് എന്നീനാടുകളെ ഉത്ബത്തുബ്നുഗസ്വാൻ(റ) ജയിച്ചടക്കി ക്വൽഅഹ്വാസ്, ജാബിയ എന്നീ നാടുകളും അബൂമൂസാ (റ) വിന്റെ മുമ്പിൽ മുട്ടുകുത്തി. തഹാവൻത്, ഇസ്തഖർ, ഇസ്ഫഹാൻ, ബിലാദ്ഫാരിസ്, തസത്തർ, ശൂശ്ഹമദാൻ, നൈബത്, ബർബർ, അസർബൈജാൻ, ബഅ്ളുഖുറാസാൻ എന്നീ നാടുകളും ഒന്നിനു പുറകെ മറ്റൊന്നായി ഇസ്‌ലാമിന്റെ പതാകയിൻ കീഴിൽ അണിനിരന്നു. ഹിജ്റാബ്ദം ഇരുപതാം കൊല്ലത്തിൽ അംറുബ്നുൽആസീ (റ) ഈജിപ്ത് കീഴടക്കി. ഇസ്ക്കന്തരിയ്യ, തറബിസ്, സവാഹിൽ, റഅ്സുൽഐൻ, ഖാബർ, ബൈസാൻ, തിബ്രിയ്യ, രിയ്യ് എന്നീരാജ്യങ്ങളും ഇസ്‌ലാമിനു കീഴടങ്ങി. ബസറയും കൂഫയും നഗരങ്ങളായി പരിഷ്കരിപ്പിച്ചു. ആരണ്ടു നഗരങ്ങളെജനങ്ങളെ അധിവസിപ്പിച്ചു. ഹിജ്റാബ്ദം പതിനെട്ടാം വർഷത്തിൽ നാട്ടിനെ ഗ്രസിച്ച മഹാമാരി അറുപത്തെണ്ണായിരം ആളുകളുടെ ജീവനെ അപഹരിച്ച അബൂഉബൈദത്തുബ്നുൽജർറാഹ്(റ),മആദുബ്നുജബൽ(റ) തുടങ്ങിയ വീരാത്മാക്കളും ആ രോഗത്തിൽ മൃതിയടഞ്ഞു.

ഉമർഖത്താബ് (റ) വിന്റെ ഖിലാഫത്തു കാലത്തു കീഴടക്കിയ നാടുകളുടെ കാലാനുക്രമ പട്ടിക മുവടെ ഉദ്ധരിക്കാം:- ഒന്നാംകൊല്ലം ശാം ജയിച്ചടക്കി. രണ്ടാംകൊല്ലം ഖാദിസ്യ കീഴടക്കുകയും സൌദാൻ വഴങ്ങുകയും ചെയ്തു. മൂന്നാംകൊല്ലം ശാം പരിപൂർണ്ണമായി കീഴടങ്ങി. നാലാംകൊല്ലം അറേബ്യൻ ഇറാഖ് *

റും= യൂറോപ്യന്മാർ

* ഇറാഖിനെ ഭൂമിശാസ്ത്രജ്ഞന്മാർ ഇറാഖ് അറബിയെന്നും ഇറാഖ് അജമിയെന്നും രണ്ടായി ഭാഗിച്ചിരിക്കുന്നു. അറേബ്യയോടു തൊട്ടുകിടക്കുന്ന ഭാഗമാണ് ഇറാഖ്അറബ്. പേർസ്യയോടു തൊട്ടുകിടക്കുന്ന ഭാഗത്തിനു ഇറാഖ്അജമെന്നാണ് പേരിട്ടിരിക്കുന്നതു്.

മുഴുവൻ കീഴടങ്ങി. അഞ്ചാംകൊല്ലം ബിലാദ ദിബാർബകർ കീഴടങ്ങി. ആറാംകൊല്ലം അസൈർ ബൈജാൻ, ഈറാൻ, അർമൻ എന്നീ നാടുകളും ഖുറാസാന്റെ ഏതാനും ഭാഗവും പേർസ്യയുടെ ഏതാനും ഭാഗവും കീഴടങ്ങി. ഏഴാംകൊല്ലം ഈജിപ്ത്, ഇസ്‌ക്കന്തരിയ്യ, ബഹ്‌റൈനി, യമനിൽ അവശേഷിച്ച നാടുകൾ എന്നിവ കീഴടങ്ങി. എട്ടാംകൊല്ലം തഹാവന്ത യുദ്ധം നടക്കുകയും, അജമി ഇറാഖിന്റെ ഏതാനും ഭാഗം കീഴടങ്ങുകയും ചെയ്തു. ഒമ്പതാംകൊല്ലം അജമീഇറാഖ് പരിപൂർണ്ണമായി കീഴടക്കി. ഖൂമസ്, മാരീബാ നിന്റെ ചില ഭാഗങ്ങൾ പേർസ്യ മുഴുവനും, സാഭ്കാറ, കർമാൻ, ഖുറാസാൻ എന്നിവയും ഒമ്പതാംകൊല്ലത്തിൽതന്നെ കീഴടക്കി. പത്താം കൊല്ലം ദുൽഹജ്ജ് മാസത്തിൽ ഖലീഫ ഉമർ (റ) ശഹീദായി.

യുദ്ധചരിത്രം

രണ്ടാം ഖലീഫയുടെ കാലത്തുനടന്ന യുദ്ധങ്ങളുടെ വിശദാംശങ്ങളെ വിവരിക്കുവാൻ ഇത്തരം ഒരു ഗ്രന്ഥം മതിയാവുകയില്ല. ആകയാൽ ചരിത്രത്തിലെ അതിവിസ്തൃതമായ ആ രംഗത്തിലേക്ക ഒരു വിഹഗവീക്ഷണം നടത്തുവാൻ മാത്രമെ ഉദ്ദേശിക്കുന്നുള്ളൂ. അബൂബകർസിദ്ദീഖ് (റ) ഖലീഫയായ ഉടനെ, കള്ളപ്രവാചകന്മാരുടെയും മതവിദ്രോഹികളുടെയും, വിപ്ലവസംരംഭങ്ങളെ നിശ്ശേഷം തണുപ്പിക്കുകയും അറേബ്യയിൽ ഇസ്‌ലാമിനെ സ്ഥിരീകരിക്കുകയും ചെയ്തുവെന്നു പറഞ്ഞുവല്ലോ. ആ മഹത്തായ കാര്യം സാധിച്ചതിനുശേഷം ഇസ്‌ലാമിന്റെ വിശ്വവ്യാപകമായ പ്രചാരണത്തിൽ അദ്ദേഹം ശ്രദ്ധപതിച്ചു. ഹിജ്രാബ്ദം പന്ത്രണ്ടാം വർഷത്തിൽ അദ്ദേഹം ഇറാഖിലേക്ക ഒരു സേനയെ നിയോഗിച്ചു. ആ സേന ഹീറത്തിലെ എല്ലാ ജില്ലകളും കീഴടക്കി. ഹിജ്രാബ്ദം പതിമൂന്നാം വർഷത്തിൽ സിറിയായിലേക്ക ഒരു സേന നിയോഗിക്കപ്പെട്ടു. ആ സേന സിറിയായിൽ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കെ ഖലീഫ പരലോകപ്രാപ്തനായി. ഉമർ (റ) ഖലീഫാപദം ഏറ്റെടുത്തപ്പോൾ, പ്രസ്തുത മുന്നേറ്റം വിജയപര്യവസായിയാക്കിത്തീർക്കുന്നതിൽ, ആദ്യമായി അദ്ദേഹം ശ്രദ്ധ പതിക്കേണ്ടിവന്നു. ഈ വസ്തുത പ്രതിപാദിക്കുന്നതിനുമുമ്പ്, പേർസ്യയും സിറിയായും തമ്മിലും, അവയും അറേബ്യയും തമ്മിലും ഇസ്‌ലാമിനു മുമ്പുണ്ടായിരുന്ന ബന്ധങ്ങളെ സംക്ഷിപ്തമായി ഇവിടെ സൂചിപ്പിക്കേണ്ടതാവശ്യമായിരിക്കുന്നു.

അറേബ്യയിലെ പ്രാചീന ഗോത്രങ്ങളിൽ ഒന്നായ അറബ്ബായ്ദാ ഗോത്രത്തെപ്പറ്റി ഒന്നുംതന്നെ അറിയുവാൻ സാധിക്കുന്നില്ല. ആദ്-അമാലഖ് എന്നീ രണ്ടു ഗോത്രങ്ങളും ഇറാഖിൽ ആധിപത്യം സ്ഥാപിച്ചുവെന്നു ചരിത്രം പറയുന്നു. യമൻ ഭരിച്ചിരുന്ന അറബ് ആരിബ്ക്കാർ ഒരു കാലത്തു് മഹാശക്തന്മാരായിരുന്നുവെന്നും ഇറാഖിനെ പല പ്പോഴും അവരുടെ കരുക്കിൽ പെടുത്തിയിരുന്നുവെന്നും പേർസ്യൻ സാമ്രാജ്യത്തിനു് അവർ ഒരു ഭീഷണി ആയിരുന്നുവെന്നും ചരിത്രം പറയുന്നു.

പേർസ്യൻ അധീശപ്രദേശങ്ങളെ അറബികൾ ക്രമേണ അധിവസിച്ചുതുടങ്ങി. യൂശലേം എന്ന പുണ്യനഗരി നശിപ്പിച്ചതുവഴി കുപ്രസിദ്ധിയാർജ്ജിച്ച ബാബിലോണിലെ രാജാവായ ബുഖ്തനസ്സർ അറേബ്യാ ആക്രമിക്കുകയും ജനങ്ങളെ പീഡിപ്പിക്കുകയും ചെയ്തപ്പോൾ അവിടത്തെ പല ഗോത്രക്കാർ സ്വദേശംവിട്ട ഇറാഖിന്റെ പല ഭാഗങ്ങളിൽ കുടിയേറിപ്പാർത്തു. കുടിയേറ്റക്കാരിൽ ഭൂരിപക്ഷക്കാരായ മഅ്ദ്ബിൽഅദ്നാൻ ഗോത്രക്കാർ സ്വയം ശക്തിയാർജ്ജിക്കുകയും രാജ്യാധിപത്യ

ത്തിന്നു അടിത്താറു പാകുകയും ചെയ്തു. പേർസ്യൻ ഭരണം അരാജകത്വത്തിലേക്കു നീങ്ങിനിന്ന കാലഘട്ടമായിരുന്നുവല്ലോ. ആകയാൽ തങ്ങളുടേതായ ഒരു ഭരണക്കൂടം സ്ഥാപിക്കുവാൻ അറബികൾക്കു അധികം വിഷമിക്കേണ്ടിവന്നില്ല. അറബികൾ ഒരു ഭരണക്കൂടം സ്ഥാപിക്കുകയും മാലിക് ബിൻഹബീബ് അത്നാനിയെ ആ ഭരണക്കൂടത്തിന്റെ ഒന്നാമത്തെ രാജാവായി അഭിഷേകം ചെയ്യുകയുമുണ്ടായി. ഈ രാജവംശത്തിലെ ഒരു രാജാവായ ജദീമത്തുൽ അബ്റശ് എന്ന ആൾ ലോകപ്രസിദ്ധിയാർജ്ജിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ അംർ ബിൻആദി തന്റെ തലസ്ഥാനം ഹീറത്തിലേക്കു മാറ്റുകയുണ്ടായി. ഇറാഖിലെ രാജാവ് എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടു. ഈ കാലഘട്ടത്തിൽ സംസ്കാരം അതിന്റെ ഉച്ചകോടിയെ പ്രാപിച്ചു. ഈ കാലഘട്ടത്തിൽ ഹീറത്തിൽവെച്ചു രചിക്കപ്പെട്ട ഗ്രന്ഥങ്ങളാണ് പേർസ്യക്കും അറേബ്യക്കും തമ്മിലുണ്ടായിരുന്ന ബന്ധങ്ങളെപ്പറ്റി പഠിക്കുവാൻ തന്നെ സഹായിച്ചതെന്നു ഹിശാംകൽബി എന്ന ചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നു. എന്നാണ്ടു് ഇതേ കാലഘട്ടത്തിൽതന്നെ അർദ്ശേർബിൻബാബക് എന്ന ആൾ പേർസ്യയിലെ അരാജകത്വം അവസാനിപ്പിക്കുകയും ഒരു വിശാലസാമ്രാജ്യം സ്ഥാപിച്ചുകൊണ്ടു് അംറബിൻ ആദിയുടെ ഭരണക്കൂടത്തെ പേർസ്യൻ സ്സാമ്രാജ്യത്തിന്റെ ഒരു സാമന്തഘടകമാക്കിത്തീർക്കുകയും ചെയ്തു. പിന്നെയും വളരെക്കാലം അംറബിൻ ആദിയുടെ വംശജർ ഇറാഖ് ഭരിക്കുകയുണ്ടായി. പക്ഷെ, യഥാർത്ഥത്തിൽ ഇറാഖ് പേർസ്യയുടെ ഒരു സാമന്തരാജ്യമായിരുന്നു.

സസാനിയൻ രാജവംശത്തിലെ രണ്ടാം രാജാവായ ശാപൂർ ബിൻ അർദ്ശേറിന്റെ ഭരണകാലത്തു റോമാസാമ്രാജ്യവും പേർസ്യയുടെ സാമന്തരാജ്യങ്ങളായിത്തീർന്നു. ഇംറാഉൽ ഖൈസ് കിന്ദീ എന്ന ആൾ ആ രണ്ടു പ്രദേശങ്ങളുടെ ഇടപ്രദേശമായി നിയമിക്കപ്പെട്ടു. വിധേയത്വം അറബികളുടെ സ്വഭാവത്തിന്നു നിരക്കാത്ത ഒരു കാര്യമായിരുന്നു. അതുകൊണ്ടു വിപ്ലവം ഉണ്ടാക്കുവാൻ സിദ്ധിക്കുന്ന ചെറിയ അവസരം പോലും അവർ വ്യർത്ഥമാക്കിയിരുന്നില്ല. ശാപൂർദ്ദുൽ അക്താഫ് എന്ന ബാലൻ പേർസ്യയുടെ ചക്രവർത്തിയായി സിംഹാസനാരോഹണം ചെയ്തപ്പോൾ, അറേബ്യ ഒന്നടങ്കം വിപ്ലവം അഴിച്ചുവിട്ടു. അബ്ദുൽ ഖൈസ് ഗോത്രക്കാർ പേർസ്യയെ ആക്രമിച്ചപ്പോൾ, അയാൾ ഇറാഖിന്റെ പല ഭാഗങ്ങളെ കീഴടക്കി. ബാലനായ ശാപൂർ യുവാവായി കഴിഞ്ഞപ്പോൾ പ്രതികാരവാഞ്ഛ അദ്ദേഹത്തിൽ ആളിക്കത്തി. അദ്ദേഹം ഹജറിലേക്കു പുറപ്പെടുകയും അറബികളുമായി ഘോരസമരം നടത്തുകയും രക്തപ്പുഴ ഒഴുക്കുകയും ചെയ്തു. അബ്ദുൽഖൈസ് വംശത്തെ മുടിച്ച ശേഷം ശാപൂർ സൈന്യവും മദീനയിലേക്കു പുറപ്പെട്ടു.

കിസ്രാ പർവേസിന്റെ സമകാലീനനും ഹീറത്തിലെ രാജാക്കന്മാരിലൊരാളുമായ നുഅ്മാൻബിൻമുൻദിർ ക്രിസ്തുമതം സ്വീകരിച്ചു. അക്കാരണത്താലോ, അഥവാ മറ്റേതോ കാരണത്താലോ പർവേസ് അയാളെ ബന്ധനസ്ഥനാക്കുകയും ജയിലിൽ വെച്ചു അയാളെ മരിക്കുകയും ചെയ്തു. നുഅ്മാൻ ബന്ധനസ്ഥനാക്കപ്പെട്ടപ്പോൾ, അയാൾ തന്റെ സൈന്യത്തെയും പടക്കോപ്പുകളേയും മറ്റും ബകർഗോത്രത്തലവനായ ഹാനിയുടെ കയ്യിൽ ഏല്പിക്കുകയുണ്ടായി. പ്രസ്തുത വസ്തുക്കളെല്ലാം തനിക്കു നൽകേണമെന്നു പർവേസ് ആവശ്യപ്പെട്ടു. ഹാനീ അങ്ങിനെ ചെയ്വാൻ കൂട്ടാക്കിയില്ല. ആകയാൽ രണ്ടായിരം പേരടങ്ങിയ ഒരു

സൈന്യത്തെ ഹർമുസാന്റെ നേതൃത്വത്തിൽ, ഹാനിയെ കീഴടപ്പാനായി നഅ്മാൻ നിയോഗിച്ചു. ഇതറിഞ്ഞപ്പോൾ ബകർ ഗോത്രക്കാരായ എല്ലാ ആളുകളും ദിഖാർ എന്ന സ്ഥലത്തു സമ്മേളിച്ചു. ഒരു ഘോരയുദ്ധം നടന്നു. പേർസ്യക്കാർ പരാജിതരായി. ഇസ്‌ലാംമതപ്രവാചകൻ ഈ യുദ്ധത്തിൽ സന്നിഹിതനായിരുന്നു. 'അറേബ്യ പേർസ്യയോട് പകരം വീട്ടുന്ന ആദ്യത്തെ ദിവസമാണിന്നു" എന്നു തിരുമേനി (സ) അന്നു പറയുകയുണ്ടായി.

റോമാസാമ്രാജ്യത്തിനും അറേബ്യക്കും തമ്മിലുണ്ടായിരുന്ന ബന്ധം കൂടി ചുരുക്കിപ്പറയാം:-

സലീഹ്, ഗസ്സാൻ, ജദാം തുടങ്ങിയ ചില അറബീ ഗോത്രക്കാർ സിറിയയുടെ അതിർത്തിപ്രദേശങ്ങളെ അധിവസിച്ചിരുന്നു. അവരിൽ ചിലർ സിറിയയുടെ ചില ഭാഗങ്ങളും കയ്യടക്കുകയും ആ പ്രദേശങ്ങളിലെ രാജാക്കന്മാരെപ്പോലെ പ്രവർത്തിക്കുകയും ചെയ്തു. തങ്ങൾ കയ്യടക്കിയ പ്രദേശങ്ങളിൽ അവർക്കുണ്ടായിരുന്ന അധികാരം റോമിലെ വൈസ്‌റോയിമാരുടെതിൽ കുറഞ്ഞതായിരുന്നില്ല എന്നാണ് ചരിത്രകാരനായ ഇബ്‌നു അസീർ പ്രസ്താവിച്ചിട്ടുള്ളതു്.

ഇസ്‌ലാമിന്റെ ആവിർഭാവത്തിനു വളരെ മുമ്പു തന്നെ പ്രസ്തുത അറബി ഗോത്രക്കാർ ക്രിസ്തുമത വിശ്വാസികളായിക്കഴിഞ്ഞിരുന്നു. ആകയാൽ ഒരേ മതവിശ്വാസികൾ എന്ന നിലക്കു അവർക്കും റോമാക്കാർക്കുമിടയിൽ ഒരു സഹവർത്തിത്വം നിലനിന്നിരുന്നു. ഇസ്‌ലാമിന്റെ ആവിർഭാവത്തോടുകൂടി, അറേബ്യയിലെ വിഗ്രഹാരാധകരെപ്പോലെ, പ്രസ്തുത അറേബി ഗോത്രക്കാരും ഇസ്‌ലാമിന്റെ ശത്രുക്കളായി പരിണമിച്ചു. ഹിജ്‌റാബ്ദം ആറാം വർഷത്തിൽ റോമാചക്രവർത്തിയെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്തുമായി തിരുമേനി (സ) നിയോഗിച്ച ദിഹ്‌യാകൽബീ(റ) നാട്ടിലേക്കു തിരിച്ചുവരുമ്പോൾ അർജ്ജദാം എന്ന സ്ഥലത്തു വെച്ചു സിറിയൻ അറബികളായുള്ള ജനങ്ങൾ അദ്ദേഹത്തെ കൊള്ളയടിച്ചു. അപ്രകാരം തന്നെ, ബസ്‌റയിലെ രാജാവിനെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടുള്ള കത്തുമായി തിരുമേനി (സ) നിയോഗിച്ച ഹാരീസ്‌ബിൻ ഉമൈർ (റ) വിനെ ഈ ജനങ്ങൾ വധിക്കുകയുണ്ടായി. ഈ അനീതിക്കെതിരായി യുദ്ധം ചെയ്യുവാൻ ഹിജ്‌റാബ്ദം എട്ടാംവർഷത്തിൽ തിരുമേനി (സ) ഒരു സൈന്യത്തോടൊപ്പം പുറപ്പെട്ടുകയും യുദ്ധം ചെയ്യുകയും ചെയ്തു. ആ യുദ്ധത്തിനു മുതത് യുദ്ധം എന്നു പേർ. അറിയപ്പെട്ട സഹാബിവര്യന്മാരായിരുന്ന സൈദ് ബിൻ ഹാരീസ് (റ), ജഅ്ഫർ തയ്യാർ (റ), അബ്ദുല്ലാഹിബ്‌നു റവാഹാ (റ) എന്നിവർ ആ യുദ്ധത്തിൽ വധിക്കപ്പെട്ടു. ഖാലിദ് (റ) വിന്റെ ധീരമായ നീക്കങ്ങളും യുദ്ധഗതിയെ മാറിയെങ്കിലും, പരാജയം മിക്കവാറും മുസ്‌ലിംകളുടെ ഭാഗത്തായ നിലയിലാണ് ആ യുദ്ധം അവസാനിച്ചതു്.

ഹിജ്‌റാബ്ദം ഒമ്പതാം വർഷത്തിൽ, അറേബ്യായുടെ ഹൃദയമായ മദീനനഗരം ആക്രമിക്കുവാൻ റോമക്കാർ തീരുമാനിച്ചു. ഈ ആക്രമണസന്നാഹം മുൻകൂട്ടി അറിഞ്ഞ തിരുമേനി (സ) അക്രമികളെ നേരിടുവാൻ ഒരു സൈന്യവുമായി മുമ്പോട്ടുനീങ്ങി. തബൂക്കിൽവെച്ചു, ഹതാശരായ ശത്രുസേന പിന്മാറി. പക്ഷെ, റോമക്കാരും ഗസ്സാനികളും എപ്പോഴെന്നില്ലാതെ മദീനയെ ആക്രമിച്ചേക്കുമെന്ന ഒരു തോന്നൽ അന്തരീക്ഷത്തിൽ നിലനിറുത്തിക്കൊണ്ടാണ് അവർ പിന്മാറിയതു്. ഹിജ്‌റാബ്ദം പതിനൊന്നാം വർഷത്തിൽ ഉസാമാബിൻ സൈദ് (റ) വിന്റെ നായകത്വത്തിൽ ഒരു

സേനയെ തിരുമേനി (സ) സിറിയായിലേക്ക നിയോഗിച്ചു. പക്ഷെ, ഉസാമാ (റ) യാത്ര ആരംഭിച്ചപ്പോഴേക്കും തിരുമേനി (സ) രോഗശയ്യാവംബിയാവുകയും തുടർന്ന് ഇഹലോകവാസം വെടിയുകയും ചെയ്തു. ഒന്നാംഖലീഫ അബൂബക്കർ (റ) പിന്നീട് ഒരു സൈന്യത്തെ സിറിയയിലേക്ക് അയക്കുകയുണ്ടായി. താഴെ ചേർത്തവിധം ഒരു ആഹ്വാനം നൽകിക്കൊണ്ടാണ് ഖലീഫ ആ സൈന്യത്തെ സിറിയായിലേക്ക് നിയോഗിച്ചത്:- 'സിറിയക്കാരുമായുള്ള യുദ്ധത്തിൽ നിങ്ങളിൽ നിന്ന് മരിക്കുന്ന ആരും രക്തസാക്ഷിയായി ആദരിക്കപ്പെടും; യുദ്ധത്തിൽ ജീവിക്കുന്ന ആളാവട്ടെ ഇസ്‌ലാമിന്റെ ധീരയോദ്ധാവായി മാനിക്കപ്പെടും.'

ഖലീഫ അബൂബക്കർ (റ) വും ഖലീഫ ഉമർ (റ) വും നടത്തിയ യുദ്ധങ്ങളുടെ പശ്ചാത്തല സ്വഭാവം ഇതിൽനിന്നും ഗ്രഹിക്കാവുന്നതാണ്.

ഇറാഖ് വിജയം

പേർസ്യൻ സാമ്രാജ്യത്വത്തിന്റെ നാലാംഘട്ടം സസാനിയൻ കാലഘട്ടം എന്ന പേരിൽ അറിയപ്പെടുന്നു. നീതിമാനായ അനുശേർവാൻ എന്ന ചക്രവർത്തിയാണ് ആ കാലഘട്ടത്തിന്നു മകുടം ചാർത്തിയത്. നബി (സ) തിരുമേനിയുടെ കാലത്തു, പ്രസ്തുത അനുശേർവാന്റെ പൌത്രനായ പർവേസ് എന്ന ചക്രവർത്തിയാണ് പേർസ്യ ഭരിച്ചിരുന്നത്. പർവേസിന്റെ കാലംവരെ പേർസ്യയുടെ ശക്തി അക്ഷയമായി നിലനിന്നു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി പേർസ്യൻ സാമ്രാജ്യത്തിന്റെ ശക്തിക്കും ക്ഷയം സംഭവിച്ചു. ഭരണകൂടത്തിന്റെ അടിത്തറ ഇളകിത്തുടങ്ങി. പർവേസിന്റെ പുത്രനായ ശിറുയാഹിനു ഏട്ടുമാസത്തിലേറെക്കാലം സിംഹാസനത്തിൽ ഇരിക്കുവാൻ സാധിച്ചില്ല. ശിറുയാഹിന്റെ പതിനഞ്ചോളം വരുന്ന സഹോദരന്മാർ മുഴുവൻ കൊല്ലപ്പെട്ടു. ശിറുയാഹിനെത്തുടർന്നു അദ്ദേഹത്തിന്റെ എട്ടുവയസ്സു പ്രായമായ അർദ്ശേർ ഭരണാധിപനായി. ഒന്നരവർഷം മാത്രമേ ആ ബാലൻ ജീവിച്ചുള്ളൂ. ആ കുട്ടി വധിക്കപ്പെട്ടു. ഹിജ്രാബ്ദം പന്ത്രണ്ടാംവർഷത്തിൽ, അർദ്ശേറിനെ വധിച്ചശേഷം, കൊട്ടാരത്തിലെ ഒരു പ്രമാണി സിംഹാസനം കൈക്കലാക്കി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ആ പ്രമാണിയെ കൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാർ വധിക്കുകയും ജുവാൻശേർ എന്ന ആളെ സിംഹാസനാരോഹണം ചെയ്യിക്കുകയും ചെയ്തു. പക്ഷെ, ഒരു വർഷത്തിനകം ജുവാൻശേർ മരിച്ചു. അപ്പോഴേക്കും കൊച്ചു ബാലനായ യസ്ദ്ഗിർദ് ഒഴികെ ഒരു പുരുഷൻ പോലും പേർസ്യൻ രാജവംശത്തിൽ അവശേഷിച്ചിരുന്നില്ല. ആകയാൽ, ബാലനായ യസ്ദ്ഗിർദിന്നു പ്രായപൂർത്തിയാവുമ്പോൾ സിംഹാസനം അയാൾക്കു ഒഴിഞ്ഞുകൊടുക്കാമെന്ന നിബന്ധനയിന്മേൽ, ബൂറാൻദുഖ്ത് എന്ന സ്ത്രീ രാജ്ഞിയായി വാഴിക്കപ്പെട്ടു. (ശിറുയാഹിന്റെ ശേഷം രാജ്യഭാരം നടത്തിയ ആളുകളുടെ പേരുകൾ ചരിത്രകാരന്മാർ പല തരത്തിലാണ് നൽകീട്ടുള്ളതു. ഓരോ ചരിത്രകാരനും ഓരോ തരത്തിലുള്ള പ്രസ്താവന നടത്തിയിരിക്കെ, ഫിർദൌസി എല്ലാവരിൽനിന്നും ഭിന്നമായ പ്രസ്താവനയാണ് നൽകീട്ടുള്ളതു. പക്ഷെ, ഈ പുസ്തകത്തിൽ, അബൂഹനീഫാദിനാവരിയുടെ അഭിപ്രായത്തിന്നാണ് പരിഗണന നല്കീട്ടുള്ളതു.)

പർവേസിന്റെ മരണത്തോടുകൂടി പേർസ്യൻ സാമ്രാജ്യത്തിന്നു തകർച്ച പറ്റി. അരാജകത്വവും അസമാധാനവും നാട്ടിൽ തലപൊക്കി. പേർസ്യൻ രാജവംശത്തിൽ പിന്തുടർച്ചാവകാശിയായി ഒരു വ്യക്തിപോലും ജീവിച്ചി

രിപ്പില്ലെന്നും, ഒരു സ്ത്രീയിൽ രാജ്യഭാരം അപ്പിക്കുവാൻ ഇടയാക്കിയ വസ്തുത അതാണെന്നും ഉള്ള ഒരു കിംവദന്തി, ബുറാന്റെ ഭരണകാലത്തു് നാട്ടിൽ ഉടനീളം പ്രചരിച്ചു. ഈ വാർത്ത കേട്ടപ്പോൾ, ഇറാഖിലെ വായിൽ ഗോത്രപ്രമുഖരായ മുസന്നാശൈബാനിയും സുവൈദ് അജ്‌ലിയും ഓരോ പെരുസൈന്യത്തെ ശേഖരിക്കുകയും ഇറാഖിന്റെ അതിർത്തിപ്രദേശങ്ങളായ ഹീറാഉ, ഉബല്ലാ എന്നീ സ്ഥലങ്ങളിൽ അക്രമണം ആരംഭിക്കുകയും ചെയ്തു. *

അബൂബക്കർ (റ) വിന്റെ ഖിലാഫത്തിന്റു് കാലം. ഇറാഖ് ആക്രമിക്കുവാൻ ഖലീഫയുടെ അനുമതിക്കായി മുസന്ന കാത്തു നിന്നു. മുസന്ന ഇസ്‌ലാംമതം വിശ്വസിച്ചു കഴിഞ്ഞിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഗോത്രക്കാരിൽ മറ്റൊരാളുംതന്നെ ഇസ്‌ലാംമതം വിശ്വസിച്ചിരുന്നില്ല. മുസന്ന ഖലീഫയെ സമീപിക്കുകയും ഇറാഖ് ആക്രമിക്കുവാൻ അനുമതി നേടുകയും ചെയ്തശേഷം തന്റെ ഗോത്രക്കാരുടെ അടുക്കലേക്കു തിരിച്ചു പോവുകയും, അവരെ ഇസ്‌ലാമിലേക്കു ക്ഷണിക്കുകയും ആ ക്ഷണം സ്വീകരിച്ചുകൊണ്ടു അവരെല്ലാം ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. ** ഈ പുതുവിശ്വാസികളുടെ ഒരു സൈന്യത്തെ നയിച്ചുകൊണ്ടു മുസന്ന ഇറാഖിലേക്കു പുറപ്പെട്ടു, അപ്പോഴേക്കും ഖാലിദ് (റ) വിനെ ഒരു സൈന്യത്തോടുകൂടി ഖലീഫ ഇറാഖിലേക്കു നിയോഗിക്കുകയും ചെയ്തു. ഖാലിദ് (റ) വിന്റെ രണശൌര്യത്തിന്റെ മുമ്പിൽ ഇറാഖിന്റെ അതിർത്തിപ്പട്ടണങ്ങളൊന്നൊന്നായി മുട്ടുകുത്തി. ഖാലിദ് (റ) വിന്റെ വിജയഭേരി ഹീറത്തിലെ പ്രാഗ്വാരഭിത്തികളിൽ ചെന്നലച്ചു. പക്ഷെ, ഇറാഖിലെ തന്റെ പ്രവർത്തനം പൂർത്തീകരിപ്പാൻ ഖാലിദ് (റ) വിനു സാധിച്ചില്ല. സിറിയായിൽ കൃസ്ത്യാനികളും ഒരു മഹായുദ്ധത്തിനു ഒരുങ്ങിക്കഴിഞ്ഞതു മൂലം, ഉടനെ സിറിയായിലേക്കു പുറപ്പെടുവാൻ ഖാലിദ് (റ) വിനു ഖലീഫ നിർദ്ദേശമയച്ചു. ഹിജ്‌റാബ്ദം പതിമൂന്നാം വർഷത്തിൽ റബീഉൽആഖിർ മാസത്തിൽ ഖലീഫയുടെ നിർദ്ദേശം ലഭിച്ചുടനെ, ഇറാഖിലെ പ്രവർത്തനചുമതല മുസന്നയിൽ അപ്പിച്ചുകൊണ്ടു, ഖാലിദ് (റ) സിറിയായിലേക്കു പുറപ്പെട്ടു. അതോടുകൂടി ഇറാഖിൽ മുസ്‌ലിംകളുടെ ജൈത്രയാത്രയുടെ ഗതി മന്ദീഭവിക്കുകയും തടയപ്പെടുകയും ചെയ്തു.

ഇറാഖിലെ ജൈത്രയാത്ര സ്തംഭനാവസ്ഥയിലെത്തിയ ഘട്ടത്തിലാണു് ഉമർ ഖത്താബ് (റ) ഖലീഫാപദം ഏറ്റെടുത്തതു്. രണ്ടാം ഖലീഫക്കു ആദരണാപ്പണം ചെയ്യാനായി നാട്ടിന്റെ നാനാഭാഗത്തുനിന്നും എണ്ണമറ്റ ജനങ്ങളും മദീനയിലേക്കു പ്രവഹിച്ചു. ഈ ജനപ്രവാഹം ദിവസങ്ങളോളം നീണ്ടു നിന്നു. ഉമർ (റ) ഖലീഫാപദം ഏറ്റു വഹിച്ചുടനെ അദ്ദേഹത്തിന്റെ ശ്രദ്ധ ഇറാഖിലേക്കു തിരിയുകയുണ്ടായി. തന്നിൽ ആദരമർപ്പിക്കുവാൻ സമ്മേളിച്ച ജനങ്ങളോടായി ഖലീഫ ജിഹാദിനെക്കുറിച്ചു പ്രസംഗിച്ചു. പേർസ്യയുടെ ആസ്ഥാനമായ ഇറാഖ് വിജയം ഖാലിദ് (റ) വിന്റെ അഭാവത്തിൽ അസാദ്ധ്യമാണെന്നു ധരിച്ച വശായ ബഹുജനങ്ങളിൽനിന്നു പ്രതീക്ഷിച്ച തരത്തിലുള്ള പ്രതികരണം ഉണ്ടായില്ല. ജനങ്ങൾ മൌനം ദീക്ഷിച്ചു. രണ്ടു മൂന്നു ദിവസങ്ങൾ അങ്ങിനെ കടന്നുപോയി. നാലാമത്തെ ദിവസം ഖലീഫ നടത്തിയ പ്രഭാഷണം ശ്രോതാക്കളുടെ ഹൃദയങ്ങളെ സ്പർശിച്ചു. ജനക്കൂട്ടത്തിൽ ഇരിക്കുകയായിരുന്ന മുസന്നാശൈബാനി എഴുന്നേറ്റു നിന്നു ജനങ്ങളോടായി ഇപ്രകാരം പറഞ്ഞു:-'അല്ലയോ

* ദിനാവരി (അഖ്ബാറത്തിവാൽ)

** ബലാദുരി (ഫുതൂഹുൽബുൽദാൻ)

മുസ്‌ലിംകളെ, ഞാൻ പറയുന്നതു ശ്രദ്ധിക്കൂ! അഗ്ന്യാരാധകന്മാരുടെ ധൈര്യം അനുഭവിച്ചറിഞ്ഞവനാണു് ഞാൻ. അവരെ ധീരന്മാരെന്നു പറഞ്ഞുകൂടാ. അവർ യുദ്ധശാലികളുമല്ല. ഇറാഖിലെ പ്രധാന കേന്ദ്രങ്ങളെല്ലാം നാം കീഴടക്കിക്കഴിഞ്ഞിട്ടുണ്ടു്. മാത്രമല്ല, നമ്മുടെ മുന്നേറ്റത്തിന്റെ മുമ്പിൽ പേർസ്യൻ സേന അഞ്ചിപ്പോവുകയും ചെയ്തിട്ടുണ്ടു്.' ഇതു കേട്ടപ്പോൾ സഖീഫ് ഗോത്രത്തലവനായ അബൂ ഉബൈദാസഖഫീ എഴുന്നേറ്റു നിന്നുകൊണ്ടു് ആവേശപൂർവ്വം ഇപ്രകാരം പ്രഖ്യാപിച്ചു:-'ഈ ചുമതല ഞാൻ ഏറ്റെടുക്കുന്നു.' ഈ പ്രഖ്യാപനം സദസ്യരെ അകമാനം ആവേശം കൊള്ളിച്ചു. 'ഈ വിഷയത്തിൽ ഞങ്ങളും പങ്കുചേരുന്നു'വെന്നു മാരോരുത്തരും പ്രഖ്യാപിച്ചു. മദീനക്കാരും പരിസരക്കാരുമായ ആയിരം ആളുകളെ * ഖലീഫ തിരഞ്ഞെടുക്കുകയും ആ സൈന്യത്തിന്റെ നായകത്വം അബൂഉബൈദ (റ) വിനു നൽകുകയും ചെയ്തു.

നിരവധി സഹാബിമാർ ഉൾപ്പെട്ട ആ സൈന്യത്തിന്റെ നായകത്വം അബൂഉബൈദക്കു നൽകപ്പെട്ടതിന്റെ ഔചിത്യം സഹാബിമാരിൽ ചിലർ ചോദ്യം ചെയ്യാതിരുന്നില്ല. പക്ഷെ, ഖലീഫയുടെ വിശദീകരണം അവരെ തൃപ്തിപ്പെടുത്തുകയും അബൂഉബൈദയുടെ നായകത്വത്തെ അവർ അംഗീകരിക്കുകയും ചെയ്തു.

അബൂബകർ സിദ്ദീഖ് (റ) വിന്റെ കാലത്തുണ്ടായ ഇറാഖ് ആക്രമണം പേർസ്യക്കാരെ അമ്പരപ്പിച്ചു. ഫർഖു സാദിന്റെ പുത്രനായ റുസ്തം ധീരനായ ഒരു യോദ്ധാവായിരുന്നു. ഖുറാസാനിലെ ഗവർണ്ണരായിരുന്ന റുസ്തം ഒരു യുദ്ധതന്ത്രജ്ഞൻ കൂടിയായിരുന്നു. ആകയാൽ പേർസ്യൻ രാജ്ഞിയായ ബുറാൻ ദുഖ്ത് അയാളെ ക്ഷണിച്ചു വരുത്തി, പേർസ്യയുടെ യുദ്ധകാര്യമന്ത്രിയായി അയാളെ നിയമിക്കുകയും, ഇഷ്ടാനുസാരം പ്രവർത്തിപ്പാനുള്ള എല്ലാ അധികാരങ്ങളും അയാൾക്കു നല്കുകയും, കിരീടം അയാളുടെ ശിരസ്സിൽ അണിയിച്ചുകൊണ്ടു അയാളുടെ കല്പനക്കു വഴങ്ങിക്കൊള്ളുവാൻ പേർസ്യയിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും കല്പന നല്കുകയും ചെയ്തു. ബുറാൻ നല്കിയ ഈ ഉന്നതപദവി പേർസ്യൻ ജനത സർവ്വഥാ ആദരിച്ചു. തന്മൂലം, നാട്ടിൽ ആഭ്യന്തരകലഹം അവസാനിക്കുകയും, ജനങ്ങളെ ഏകോപിച്ച ശക്തിയാക്കിക്കുകയുമുണ്ടായി.. ഉമർമൂസിന്റേയും പർവേസിന്റേയും കാലത്തിനു തുല്യമായ ഒരു നില പേർസ്യയിൽ സംജാതമായി.

റുസ്തം ആദ്യമായി ഒരു തന്ത്രം പ്രയോഗിച്ചു ഇറാഖിന്റെ എല്ലാ ഭാഗങ്ങളിലേക്കും രാജദൂതന്മാരെ നിയോഗിച്ചു മുസ്‌ലിംകൾക്കെതിരായി മതവികാരത്തെ ആളിക്കത്തിക്കുക എന്നതായിരുന്നു അവർക്കു നല്കപ്പെട്ട ജോലി. ആ രാജദൂതന്മാർ തങ്ങളുടെ ജോലി ഫലവത്തായ നിലയിൽ നിർവ്വഹിച്ചു. അബൂഉബൈദയുടെ നായകത്വത്തിലുള്ള മുസ്‌ലിം സേന ഇറാഖിൽ എത്തുന്നതിനു മുമ്പായിത്തന്നെ യൂഫ്രട്ടീസിന്റെ തീരപ്രദേശങ്ങളിൽ വിപ്ലവാഗ്നി ആളിക്കത്തി. മുസ്‌ലിംകൾ കയ്യടക്കിവെച്ച സ്ഥലങ്ങൾപോലും അവരുടെ പിടിയിൽനിന്നു കതറിത്തുടങ്ങി.

അതിലിടക്കു, റുസ്തമിന്റെ കരങ്ങൾക്കു ശക്തിപ്പെട്ടുവന്നായി, അറബികളുടെ വിരോധിയും ഇറാഖിലെ പ്രമുഖനുമായ ജാപാന്റെയും, കിസ്‌റായുടെ മച്ചുനനും ഇറാഖിലെ ചി

---

* ആയിരം പോരടങ്ങിയ സൈന്യം എന്നാണു് ബലാദുരി പ്രസ്താവിച്ചിട്ടുള്ളതെങ്കിലും അയ്യായിരം പോരടങ്ങിയ സൈന്യം എന്നാണു് അബൂഹനീഫ ദിനാവരി പ്രസ്താവിച്ചിട്ടുള്ളതു്.

ല പ്രദേശങ്ങളും പൈതൃകമായി കൈവശം വെച്ചുവന്ന നർസീയുടെയും കീഴിൽ രണ്ടു ക്രൂരൻ സൈന്യങ്ങളും രണ്ടു വഴിയിലൂടെ ഇറാഖിലേക്കു പുറപ്പെട്ടു. മറെറാരു വഴിയിലൂടെ മുന്നേറിയ അബൂഉബൈദയുടെ സൈന്യം ഹീറത്തിലെത്തിയപ്പോൾ, ശത്രുസൈന്യത്തിന്റെ ശക്തിയെക്കുറിച്ചു കേൾക്കുകയും, ഖഫാനിലേക്കു പിന്മാറുകയും ചെയ്തു. അപ്പോഴേക്കും ജാപാന്റെ കീഴിൽ പുറപ്പെട്ട സൈന്യം നമാറഖിൽ എത്തി അവിടെ താവളമടിച്ചു.

അതിലിടക്ക്, അബൂഉബൈദ തന്റെ സൈന്യത്തെ, യുദ്ധത്തിനു സജ്ജമാക്കി. നമാറഖ് എന്നിടത്തുവെച്ചു ഇരുസേനയും തമ്മിൽ കൂട്ടിമുട്ടി. ജാപാന്റെ നായകത്വത്തിലുള്ള സേനയുടെ വലതു വിഭാഗത്തിനു ജൌശാൻശാ എന്ന സേനാനിയും, ഇടതു വിഭാഗത്തിനു മർദാൻശാ എന്ന സേനാനിയും നേതൃത്വം നൽകി. അതിഘോരമായ യുദ്ധം ആരംഭിച്ചു. അവസാനം ശത്രുസേന മുസ്‌ലിംസേനക്കു വഴിമാറിക്കൊടുക്കേണ്ടിവന്നു. യുദ്ധം നടന്നുകൊണ്ടിരിക്കെത്തന്നെ, ജാപാനും, മർദാൻശായും ബന്ധനസ്ഥരാക്കപ്പെട്ടു. മർദാൻശാ രംഗത്തുവെച്ചുതന്നെ വധിക്കപ്പെട്ടു. ജാപാൻ തന്ത്രപരമായി രക്ഷപ്രാപിച്ചു. ജാപാനെ ബന്ധനസ്ഥനാക്കിയ വ്യക്തിക്കു അയാളെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. ഈ പരിതഃസ്ഥിതി ജാപാൻ തനിക്കനുകൂലമായി ഉപയോഗപ്പെടുത്തി. താൻ ഒരു വൃദ്ധനാണെന്നും, അശക്തനും വൃദ്ധനുമായ താൻ ഒരു കാര്യത്തിനും പ്രയോജനപ്പെടുകയില്ലെന്നും, തന്നെ വിട്ടയച്ചാൽ പക്ഷം യുവാക്കളായ രണ്ടു അടിമകളെ പകരം നൽകാമെന്നും അയാൾ പറഞ്ഞപ്പോൾ, അയാളെ ബന്ധനസ്ഥനാക്കിയ വ്യക്തി അതു സമ്മതിച്ചു. പക്ഷെ, ഉടനെതന്നെ മറെറ ചിലർ ജാപാനെ തിരിച്ചറിയുകയും അയാളെ വിടരുതെന്നു ശഠിക്കുകയും ചെയ്തുകിലും, വാഗ്ദത്തലംഘനം മുസ്‌ലിമിനു ചേർന്നതല്ലെന്നു പറഞ്ഞുകൊണ്ടു, അബൂഉബൈദ അയാളെ വിട്ടയക്കുകയും ചെയ്തു.

ഈ യുദ്ധം കഴിഞ്ഞപ്പോൾ, അബൂഉബൈദ തന്റെ സൈന്യത്തെ കസ്‌കറിലേക്കു നയിച്ചു. നർസീയുടെ സൈന്യം അവിടെയാണ് താവളമടിച്ചിരുന്നതു്. സഖാഫിയാ എന്നിടത്തുവെച്ചു രണ്ടു സൈന്യവും ഏറ്റുമുട്ടി. നർസിയോടൊപ്പമുണ്ടായിരുന്ന ക്രൂരൻ സേനയുടെ വലതുഭാഗത്തെ കിസ്‌റായുടെ പിതൃവ്യപുത്രനായ ബന്ദുയാഹ്, ഇടതുവിഭാഗത്തെ കിസ്രായുടെ പിതൃവ്യപുത്രനായ തൈരുയാഹ് നയിച്ചു. തലസ്ഥാനത്തുനിന്നു കൂടുതൽ സൈന്യസഹായം ലഭിക്കുമെന്നുള്ള പ്രതീക്ഷയുണ്ടായിരുന്നതുകൊണ്ടു, നർസീ പെട്ടെന്നു യുദ്ധത്തിനൊരുങ്ങിയില്ല. അയാൾ സഹായസൈന്യത്തിന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടു നില്പായി. ഈ അവസ്ഥ ഉപയോഗപ്പെടുത്തുന്നതിൽ അബൂഉബൈദ (റ) ഉത്സുകനായി വർത്തിച്ചു. അദ്ദേഹം സൈന്യത്തെ മുമ്പോട്ടു നയിക്കുകയും ശത്രുസേനയുമായി യുദ്ധമാരംഭിക്കുകയും ചെയ്തു. ഘോരഘോരമായി നടന്ന ആ യുദ്ധത്തിൽ നർസീ തോല്പിക്കപ്പെട്ടു. അബൂഉബൈദ (റ) സഖാതിയായിൽ നിലയുറപ്പിച്ചുകൊണ്ടു, പെഴ്സൈന്യവിഭാഗങ്ങളെ പേർസ്യയുടെ നാനാഭാഗത്തേക്കു നിയോഗിച്ചു. ആ സൈന്യവിഭാഗങ്ങളും പേർസ്യക്കാരെ അവരുടെ താവളങ്ങളിൽനിന്നു തുരത്തുകയുണ്ടായി.

ബാദുസ്സായിലേയും സവാദിയിലേയും തലവന്മാരായ ഫർറുബും ഫാവന്താദും മുസ്‌ലിംകളോടു കൂറു പ്രഖ്യാപിച്ചു. തങ്ങളുടെ സൌഹൃദത്തിന്റെ ചിഹ്നമായി, ഒരു ദിവസം അവർ അബൂഉബൈദ (റ)വിനെ ഒരു വിരുന്നിനു

ക്ഷണിച്ചു. ക്ഷണനാനം തനിക്കു മാത്രമാണെന്നു അബൂഉബൈദ (റ) അനേഷിച്ചപ്പോൾ സൈന്യത്തെ മുഴുവൻ ക്ഷണിക്കുന്നതിനു തൽക്കാലം താൻ ഒരുങ്ങീട്ടില്ലെന്നു ഫർവ്വ മറുപടി നൽകി. ഒരു വ്യക്തിക്കു പ്രാധാന്യം കല്പിക്കുക എന്ന കാഴ്ചയിൽ അസൂയാകലുഷിതമായ വ്യവച്ഛേദ മനോഭാവം കലർന്നിട്ടുണ്ടെന്നും, അതു മുസ്‌ലിംകൾക്കു ചേരാത്തതാണെന്നും ആകയാൽ ക്ഷണനം സ്വീകരിപ്പാൻ നിവൃത്തിയില്ലെന്നും പറഞ്ഞുകൊണ്ടു അബൂഉബൈദ (റ) വ്യക്തിപരമായ ആ ക്ഷണനം തിരസ്കരിച്ചു.

പേർസ്യൻ സേനക്കു പറ്റിയ പരാജയവാർത്തയറിഞ്ഞപ്പോൾ, മർദാൻശായുടെ നായകത്വത്തിൽ നാലായിരം പേരടങ്ങിയ ഒരു സൈന്യത്തെ മുസ്‌ന്നം വീണ്ടും മുസ്‌ലിംകൾക്കെതിരായി നിയോഗിച്ചു. യൂഫ്രട്ടീസ് നദിയുടെ കിഴക്കേ കരയിലുള്ള മർവാഹിൽ വെച്ചു മുസ്‌ലിം സേനയെ പേർസ്യൻ സേന കണ്ടുമുട്ടി. മുസ്‌ലിംസേന നദിയുടെ മറുകരയിലാണു് താവളമടിച്ചിരുന്നതു്.

ബഹ്മാൻ എന്ന അപരനാമത്തിലാണു് മർദാൻശാ അറിയപ്പെട്ടിരുന്നതു്. അതു ശേർവാൻ നൽകിയ ഒരു സ്ഥാനപ്പേരായിരുന്നു അതു്. 'നിങ്ങൾ നദി കടന്നു ഇക്കരെക്കു വരുമോ? അതോ, ഞങ്ങൾ നദി കടന്നു അക്കരക്കു വരേണമോ?' എന്നു ബഹ്മാൻ അബൂഉബൈദ (റ) വോടു അനേഷിച്ചു. 'നാം ഇവിടെനിന്നു ഇളകുകയില്ലെന്നു നമുക്കു അഭിനയിക്കാം' എന്നു മുസ്‌ലിം സേനാനികൾ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. പക്ഷേ, അബൂഉബൈദ (റ) ആ അഭിപ്രായത്തോടു യോജിച്ചില്ല. ഒരു ക്ഷിപ്രകാരി, അഥവാ ധൃതിക്കാരനായിരുന്നു അബൂഉബൈദ. ശത്രുപക്ഷത്തിന്റെ അണിയിലേക്കു കുതിച്ചു കയറാതെ, പുഴയുടെ ഒരു കരയിൽ അടങ്ങിക്കൂടുന്നതു പുരുഷോചിതമല്ലെന്നു അദ്ദേഹം പ്രഖ്യാപിച്ചു. നദി കടന്നു ഇക്കരെ വരുവാൻ ശത്രുക്കളെ അനുവദിക്കുന്നതു, ധീരതയുടെ കാഴ്ചയിൽ മുസ്‌ലിംകളെ പിന്തള്ളുവാൻ അനുവദിക്കലാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. മുസ്‌ലിംസേനയുടെ അണിയറയിൽ നടന്ന സംവാദങ്ങളെല്ലാം, ശത്രുപക്ഷത്തിന്റെ ദൂതനായ മർദാൻശാ ഊടാളന്മാർ മുഖേന മനസ്സിലാക്കുകയും, വളരെ കൌശലത്തോടുകൂടി, ഈ പരിതഃസ്ഥിതി ഉപയോഗപ്പെടുത്തുകയും ചെയ്തു. 'മുസ്‌ലിം പട്ടാളക്കാർ ധീരന്മാരല്ല എന്ന ധാരണയാണു് പൊതുവെ ഞങ്ങളുടെ യോദ്ധാക്കൾക്കിടയിലുള്ളതു്' എന്ന ഒരു അഭിപ്രായം മർദാർശാ തട്ടിവിട്ടു. ഈ സംഭവം കോപാകുലനായ അബൂഉബൈദയെ തികച്ചും കോപാന്ധനാക്കി മാറ്റി. പുഴ കടന്നു, ശത്രുസൈന്യത്തെ ആക്രമിക്കുവാൻ അബൂഉബൈദ (റ) തന്റെ സൈന്യത്തിനു ഉത്തരവു നൽകി. മുസ്‌ലിംസൈന്യനായകന്മാരിൽ പ്രധാനികളും, സാമൂഹ്യമായ പദവിയിലും കഴിവിലും അബൂഉബൈദയെ അപേക്ഷിച്ചു ഉന്നത ശീർഷരുമായ മുസന്ന (റ), സുലൈത് (റ) എന്നിവർ അബൂഉബൈദ് (റ) യുടെ ആപൽക്കരമായ നീക്കത്തെ നിശിതമായി എതിർത്തു. പക്ഷേ, അബൂഉബൈദ (റ) തന്റെ അഭിപ്രായത്തിൽ നിന്നിളകാതെ ഉറച്ചു നിന്നപ്പോൾ, ആസന്നമായ ആപത്തുകളെയും പരാജയത്തെയും മുമ്പിൽ കണ്ടുകൊണ്ടുതന്നെ, മുസന്ന (റ) വും സുലൈത് (റ) വുമടക്കം എല്ലാ മുസ്‌ലിം ഭടന്മാരും, തങ്ങളുടെ സേനാനായകന്റെ ആജ്ഞയെ അനുസരിക്കുക എന്ന കർത്തവ്യ നിർവ്വഹണത്തിനു സന്നദ്ധരായി. തോണികൾ കൊണ്ടു നിർമ്മിക്കപ്പെട്ട ഒരു പാലത്തിന്മേൽ കൂടി മുസ്‌ലിംസേന അക്കരെ കടക്കുകയും ശത്രുസേനയെ അഭിമുഖീകരിക്കുക

യും ചെയ്തു. പക്ഷെ, വീതികുറഞ്ഞു നിമ്നോന്നതമായിക്കിടന്ന ആ നിലയ്ക്കു സൈന്യത്തെ യഥാവിധി അണിനിരത്തുവാൻ മുസ്‌ലിംകൾക്കു സാധിച്ചില്ല.

മറുവശത്ത്, പേർസ്യൻ സൈന്യം ഭയാനകമായ ഒരു രംഗത്തിനു രൂപം നൽകി. അനേകം കരിങ്കുറവൻ ആനകൾ മണിമുഴക്കിക്കൊണ്ടു രംഗപ്രവേശം ചെയ്തു. ഉരുക്കു കവചങ്ങളണിഞ്ഞ കുതിരപ്പുറത്തുകയറി കറുത്തനീണ്ട രോമത്തൊപ്പികൾ ധരിച്ചുകൊണ്ടു രംഗപ്രവേശം ചെയ്ത കുതിരപ്പട പ്രതിപക്ഷ ഹൃദയങ്ങളിൽ അസാധാരണമായ ഭീകരത സൃഷ്ടിച്ചു. ആ ഭീകരദൃശ്യങ്ങൾ കണ്ടപ്പോൾ അറബിക്കുതിരകൾ മിരണ്ടോടി. ആനകളെ തടുക്കുവാൻ ഒരു ഉപായവും അബൂഉബൈദ് (റ) കണ്ടെത്തിയില്ല. ആനകൾ മുസ്‌ലിം അണികളിലേക്കു ഇരമ്പിക്കയറുകയും സൈന്യങ്ങളെ ചവിട്ടിമെതിക്കുകയും ധാരാളം നാശനഷ്ടങ്ങൾ ഉണ്ടാക്കിത്തീർക്കുകയും ചെയ്തു. അനിയന്ത്രിതമായ ഈ ദുഷ്ടപരിതഃസ്ഥിതിയിൽ, അബൂഉബൈദ (റ) ആനപ്പടക്കു നേതൃത്വം നൽകിയ വെള്ളാനയുടെ പുറത്തുചാടിക്കയറുകയും അതിന്റെ തുമ്പിക്കൈ വെട്ടിമുറിക്കുകയും ചെയ്തു. ക്രുദ്ധനായ ആ ഗജവീരൻ അദ്ദേഹത്തെ വിട്ടില്ല. ആ ആന അബൂഉബൈദ (റ) വിനെ നിലത്തിട്ടു ചവിട്ടിച്ചതച്ചുകളഞ്ഞു.

അബൂഉബൈദ (റ) അങ്ങിനെ വീരമൃത്യു വരിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സഹോദരനായ ഹകം (റ) പതാകവഹിച്ചുകൊണ്ടു, ആ ആനയെ എതിർത്തു. ഹകം (റ) വിനെയും ആ ആന നിലത്തിട്ടു ചതക്കുകതന്നെ ചെയ്തു. തുടർന്നു ആ ആനയോടെതിർത്ത, മുഖീഫ് ഗോത്രക്കാരും അബൂഉബൈദ (റ) വിന്റെ ബന്ധുക്കളുമായ ഏഴുപേർക്കും ഇതേ അനുഭവംതന്നെ ഉണ്ടായി. ഓരോരുത്തരെയായി ആ ഏഴുപേരെയും ആ ആന നിലത്തിട്ടു ചതക്കുകതന്നെ ചെയ്തു. അവസാനം മുസന്ന (റ) പതാകകയ്യിലെടുത്തു. അപ്പോഴേക്കും യുദ്ധത്തിന്റെ ഗതി മുസ്‌ലിംകളെ പ്രതികൂലമായി ബാധിക്കുകയാൽ, മുസ്‌ലിംസേന നിലവിട്ടു ഓടിത്തുടങ്ങി. അതിലിടക്കു മുസ്‌ലിം പക്ഷത്തുനിന്നു ചിലർ പാലം പൊളിക്കുകയും രക്ഷപ്പെടുവാനുള്ള സാദ്ധ്യത ഇല്ലാതാക്കുകയും ചെയ്തു. പാലം തകർന്നതായിക്കണ്ടപ്പോൾ രക്ഷക്കായി ഓടിയ ചിലർ നദിയിൽചാടി നീന്തി മറുകര പിടിക്കുവാൻ ശ്രമിക്കാതിരുന്നില്ല. ഇതുകണ്ടപ്പോൾ, മുസന്ന (റ) പാലം രണ്ടാമതും ശരിപ്പെടുത്തുകയും രക്ഷപ്പെടുവാൻ ശ്രമിച്ചവരെ മറുകരക്കുകടത്തി രക്ഷപ്പെടുത്തുകയുംചെയ്തു. അതിനുശേഷം, യുദ്ധക്കളത്തിൽ ഉറച്ചുനിന്ന മുസ്‌ലിംഭടന്മാരെ ഉപയോഗപ്പെടുത്തിക്കൊണ്ടു ധീരയോദ്ധാവായ മുസന്ന (റ) പേർസ്യൻസേനയുടെ മുന്നേറ്റത്തെ അത്ഭുതകരമാംവിധം തടഞ്ഞുനിർത്തി. എന്നിരുന്നാലും, ആറായിരത്തോളം ആളുകൾ ആ യുദ്ധത്തിൽ മൃത്യുഗതരായെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

യുദ്ധരംഗത്തിൽനിന്നു ഓടിരക്ഷപ്പെടുകയെന്നതു ഇസ്‌ലാമിന്റെ ചരിത്രത്തിൽ അതിവിരളമായെ നടന്നിട്ടുള്ളൂ. അങ്ങിനെ ഒരു വിപത്തു് വല്ലപ്പോഴും സംഭവിച്ചുപോയെന്നുവന്നാൽ, അതിൽ ഭാഗഭാക്കായ ആളുകൾ മരണപര്യന്തം പശ്ചാത്തപിക്കുകയും ചെയ്തിരുന്നു. യൂഫ്രട്ടീസ് നദീതീരത്തുവെച്ചു പേർസ്യക്കാരുമായി നടത്തിയ യുദ്ധത്തിൽ ആത്മരക്ഷാർത്ഥം ഓടിക്കളഞ്ഞ മുസ്‌ലിംപട്ടാളക്കാർ, ലജ്ജാഭാരത്താൽ തങ്ങളുടെ സ്വദേശത്തേക്കു മടങ്ങാതെ, വളരെക്കാലം ദുഃഖിതരായി, കണ്ണീർവാർത്തുകൊണ്ടു വിദൂരദേശങ്ങളിൽ കഴിച്ചുകൂട്ടി. യുദ്ധത്തിന്റെ പര്യവസാനത്തെസ്സംബന്ധിച്ച വാർത്ത

2?6m.595

കം മദീനയിൽ എത്തിയപ്പോഴേക്കും, മരണപ്പെട്ടവരുടെ ബന്ധുക്കൾ വ്യസനാക്രാന്തരായി വിലപിച്ചു. അബൂസൈദ് അൻസാരീ (റ), ഉഖ്ബത് (റ), അബ്ദുല്ലാബിൻഖുബ്ത്വി (റ), യസീദ്ബിൻഖൈസ് അൻസാരീ (റ), അബൂ ഉമയ്യത്തുൽഫറാദീ (റ) തുടങ്ങിയ വീരപുരുഷന്മാരുടെ ജീവനെ അപഹരിച്ച ഈ സംഭവം ഹിജ്റാബ്ദം പതിമൂന്നാം വർഷത്തിലെ റമളാൻ മാസത്തിൽ ഒരു ശനിയാഴ്ചയാണ് നടന്നതെന്ന ചരിത്രകാരനായ ബലാദുരി പ്രസ്താവിച്ചിരിക്കുന്നു.

ബുവൈബ് യുദ്ധം

മുൻഅദ്ധ്യായത്തിൽ വിവരിച്ച പരാജയം ഖലീഫാ ഉമർ (റ) വിനെ രോഷാകുലനാക്കിത്തീർത്തു. ഒരു പുനരാക്രമണത്തിനുള്ള സന്നാഹങ്ങൾ അദ്ദേഹം കൂട്ടിത്തുടങ്ങി. ഖലീഫയുടെ ആഹ്വാനത്തിനു നാട്ടിന്റെ നാനാഭാഗത്തുനിന്നും ആവേശഭരിതമായ സ്വീകരണം ലഭിച്ചു. അറേബ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു വിവിധ ഗോത്രക്കാർ മദീനയിലേക്കു പ്രവഹിച്ചു തുടങ്ങി. അസ്ദ് ഗോത്രത്തലവനായ മഖ്നഫ്ബിൻസലീമിന്റെ നേതൃത്വത്തിൽ എഴുനൂറു കുതിരപ്പട്ടാളക്കാർ മദീനയിൽ എത്തിച്ചേർന്നു. ബനൂതമീം ഗോത്രക്കാരായ ആയിരം ആളുകളെ ഹസീൻബിൻമഅ്ബദ് മദീനയിലേക്കു നയിച്ചു. ഹാതിംതായിയുടെ പുത്രനായ അദിയ്യോടൊപ്പം അദ്ദേഹത്തിന്റെ അസംഖ്യം അനുയായികളും മദീനയിലേക്കു കുതിച്ചു. അപ്രകാരം തന്നെ, രബാബ്, ബനൂകിനാനാ, ബത്അം, ബനൂഹർസലാഹ്, ബനൂഅബ്ദുല്ലാഹ് തുടങ്ങിയ ഗോത്രക്കാരും അവരുടെ ഗോത്രത്തലന്മാരുടെ നേതൃത്വത്തിൽ മദീനയിൽ എത്തിച്ചേർന്നു. ആവേശത്തിന്റെ ഊഷ്മളത മുസ്‌ലിം എന്ന പരിധിക്കതീതമായി ഉടനീളം പ്രവഹിച്ചു. നംറ്, തഗ്‌ലബ് എന്നീ ക്രസ്ത്യൻ ഗോത്രക്കാർ ഖലീഫയെ സമീപിക്കുകയും അറേബ്യയും പേർസ്യയും തമ്മിലുള്ള ദേശീയ യുദ്ധത്തിൽ തങ്ങൾ അറേബ്യയുടെ പക്ഷത്താണെന്നു ബോധിപ്പിക്കുകയും ചെയ്തു. ആ രണ്ടു ഗോത്രക്കാരായ ആയിരക്കണക്കിലുള്ള ക്രൈസ്തവ യോദ്ധാക്കളും മുസ്‌ലിംപക്ഷത്തു അണിനിരന്നു.

റസൂൽകരീം (സ) തിരുമനസ്സിലിരുന്ന കാലത്തു ജരീർബജ്‌ലി എന്ന ഒരാൾ തിരുമേനിയെ സമീപിക്കുകയും, തന്റെ ഗോത്രത്തിന്റെ തലവനായി താൻ നിയമിക്കപ്പെടേണമെന്നു അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥനക്കു തിരുമേനി (സ) അനുകൂലമായ മറുപടി നൽകിയെങ്കിലും, തിരുമേനി (സ) ഇഹലോകവാസം വെടിയുന്നതുവരെയും, ഒന്നാം ഖലീഫയുടെ കാലത്തും ആ സംഭവം നടക്കുകയുണ്ടായില്ല. ആകയാൽ, തന്റെ നിവേദനവുമായി ജരീർബജ്‌ലി രണ്ടാം ഖലീഫയെ സമീപിച്ചു. ജരീർബജ്‌ലിയുടെ ഗോത്രക്കാർ മുഴുവനും അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ചുകൊള്ളണമെന്നും, അവരെല്ലാംതന്നെ നിശ്ചിത തീയ്യതിക്കുള്ളിൽ ജരീർബജ്‌ലിയുടെ കൊടിക്കീഴിൽ അണിനിരന്നുകൊള്ളണമെന്നും ഖലീഫ ഉത്തരവിട്ടു. ആ ഉത്തരവു നടപ്പിലാക്കുവാൻ ജില്ലാ ഉദ്യോഗസ്ഥന്മാർക്കു കല്പന നൽകുകയും ചെയ്തു. ഖലീഫയുടെ ഉത്തരവു പരിപൂർണ്ണമായും പാലിക്കപ്പെട്ടു. ആ ഗോത്രക്കാർ ഒന്നടങ്കം ജരീറിന്റെ പതാകയിൽ കീഴിൽ അണിനിരന്നു. വിഖ്യാതയോദ്ധാക്കളടങ്ങിയ ആ ഗോത്രക്കാരെ നയിച്ചുകൊണ്ടു ജരീർബജ്‌ലി മദീനയിൽ എത്തുകയുണ്ടായി.

അതിലിടക്കു മുസന്നാ (റ) ഇറാഖിന്റെ അതിർത്തിപ്രദേശങ്ങളിൽ നിന്നു ഗണ്യമായ ഒരു സൈന്യത്തെ ശേഖരിച്ചു. ഈ വിവരങ്ങളെല്ലാം പേർസ്യൻ ചാരന്മാർ ബുറാൻദു

ഖ്തിന്റെ രാജസഭയെ അറിയിച്ചു. മുസ്‌ലിംകളുടെ യുദ്ധസന്നാഹത്തെക്കുറിച്ചു അറിഞ്ഞ ഉടനെ, രാജകീയകതിരപ്പടയാളികളിൽ നിന്നു പന്ത്രണ്ടായിരം യോദ്ധാക്കളെ തിരഞ്ഞെടുത്തു മഹ്‌റയാഹ്‌മദാനിയുടെ പുത്രനായ മെഹ്‌റാന്റെ നായകത്വത്തിൽ അണിനിരത്തുവാൻ ബുറാൻഖ്ത് കല്പനനൽകി. അറേബ്യയിൽ വളർന്ന ആളായതുകൊണ്ടു അറബികളുടെ നീക്കങ്ങളെ മനസ്സിലാക്കുവാനും തന്റെ കർത്തവ്യം വിജയപൂർവ്വം നിർവ്വഹിപ്പാനും പ്രാപ്തനായ വ്യക്തിയെന്ന പരിഗണനയുടെ അടിസ്ഥാനത്തിലാണ് പേർസ്യൻ കതിരപ്പടയുടെ സേനാനായകനായി മെഹ്‌റാന്റെ പേർ നിർദ്ദേശിക്കപ്പെട്ടതു്.

ക്ടേഫക്കടുത്തുള്ള ബൂവൈബിൽ മുസ്‌ലിം സേന താവളമടിച്ചു. മുസ്‌ലിംതാവളത്തിന്നഭിമുഖമായി യൂഫ്രട്ടീസിന്റെ മറുകരയിൽ മെഹ്‌റാന്റെ സൈന്യവും നിലയുറപ്പിച്ചു. യൂഫ്രട്ടീസിന്റെ ഇരുകരകളിലായി ഇരുസൈന്യങ്ങളും രാത്രി കഴിച്ചുകൂട്ടി. പ്രഭാതമായപ്പോൾ മെഹ്‌റാന്റെ സൈന്യം പുഴകടന്നു മുസ്‌ലിംകൾ നിലയുറപ്പിച്ച ഭാഗത്തേക്കു വരികയും യുദ്ധത്തിന്നു ഘനഗംഭീരമായ നിലയിൽ അണിനിരക്കുകയും ചെയ്തു. മുസന്ന (റ) മുസ്‌ലിംസൈന്യത്തേയും അടുക്കോടെ അണിനിരത്തി. സൈന്യത്തെ പല വിഭാഗങ്ങളായി അദ്ദേഹം വേർതിരിക്കുകയും ഓരോ വിഭാഗത്തിന്റെ നായകത്വം പ്രഗത്ഭരായ ഓരോ വ്യക്തികൾക്കു ഏല്പിച്ചുകൊടുക്കുകയും ചെയ്തു. പാർശ്വസേനകളിൽ വലതിന്റെ നായകത്വം മദ്ഹൂർ (റ) വിന്നും, ഇടതിന്റെ നായകത്വം നുഐസർ (റ) വിന്നും, കാലാൾപ്പടയുടെ നായകത്വം മസ്ഊദ് (റ) വിന്നും, സന്നദ്ധസേനയുടെ നായകത്വം ആസീം (റ) വിന്നും, നിരീക്ഷകസേനയുടെ നായകത്വം അസ്മഹ് (റ) വിന്നും നൽകപ്പെട്ടു.

മുസന്നാ (റ) ഓരോ അണിയും പരിശോധിച്ചുകൊണ്ടു ഇപ്രകാരം ആഹ്വാനം നൽകി:-"ധീരയോദ്ധാക്കളെ, അറേബ്യയുടെ ശിരസ്സത്തിൽ കളങ്കമേല്പിക്കുവാൻ നിങ്ങൾ കാരണക്കാരാവാതിരിക്കട്ടെ."

'അല്ലാഹു അക്ബർ' എന്നു മൂന്നു തവണ ഉൽഘോഷിച്ചുകൊണ്ടു യുദ്ധം തുടങ്ങുക എന്നതാണ് മുസ്‌ലിംകളുടെ സമരനീതി. ഒന്നാമത്തെ തവണ 'അല്ലാഹു അക്ബർ' എന്നു ഉൽഘോഷിക്കുമ്പോൾ യോദ്ധാക്കൾ യുദ്ധത്തിന്നു സന്നദ്ധരായി നിൽക്കും; രണ്ടാമത്തെ തവണ ഉൽഘോഷിക്കുമ്പോൾ യോദ്ധാക്കൾ ആയുധപാണികളായി യുദ്ധത്തിന്നൊരുങ്ങും; മൂന്നാമത്തെ തവണ ഉൽഘോഷിക്കുമ്പോൾ യുദ്ധം ചെയ്തു തുടങ്ങും.' അല്ലാഹു അക്ബർ' എന്നു മൂന്നാമത്തെ തവണയും ഉൽഘോഷിച്ചു കഴിഞ്ഞാൽ മാത്രമെ യുദ്ധം തുടങ്ങുകയുള്ളൂ. അതനുസരിച്ചു, മുസന്ന (റ) 'അല്ലാഹു അക്ബർ' എന്നു ഒരുതവണ ഉൽഘോഷിച്ചു. ഒരിക്കൽകൂടി ആ ഘോഷണം ആവർത്തിക്കുന്നതിന്നുമുമ്പ് പേർസ്യൻസൈന്യം ആക്രമണം ആരംഭിച്ചു. അതുകണ്ടപ്പോൾ ആവേശത്തള്ളിച്ചക്കു വിധേയരായ ചില മുസ്‌ലിം യോദ്ധാക്കൾ അണിവിട്ടു യുദ്ധത്തിന്നായി മുന്നേറി. ഈ അച്ചടക്കലംഘനം മുസന്ന (റ) വിനെ അരിശംകൊള്ളിച്ചു. തന്റെ താടിരോമം പല്ലിന്നിടയിൽ കോർത്തുപിടിച്ചു, പല്ലിറുമ്മിക്കൊണ്ടു രോഷാകുലനായി അദ്ദേഹം ഇപ്രകാരം ആക്രോശിച്ചു:.. "അല്ലാഹുവിനെ ഓർത്തു, ഇസ്‌ലാമിന്റെ മഹത്വത്തെ കളങ്കപ്പെടുത്താതിരിക്കൂ"-ഈ ആക്രോശം കേട്ടപ്പോൾ, അണിവിട്ടു മുന്നേറിയ മുസ്‌ലിം ഭടന്മാർ പിന്തിരിയുകയും, തിരിച്ചുവന്നു സ്വസ്ഥാനങ്ങളിൽ നിലയുറപ്പിക്കുകയും ചെയ്തു. അനന്തരം 'അല്ലാഹു അക്ബർ'എന്നു മൂന്നുതവണ ഉൽഘോഷിച്ചുകൊണ്ടു മുസന്ന (റ)

യുദ്ധം ഉൽഘാടനംചെയ്തു.

ഇടിമുഴക്കംപോലെ ഗർജ്ജിച്ചുകൊണ്ട് പേർസ്യൻസേന ഇരമ്പിക്കയറി. യുദ്ധക്കളം അവരുടെ ഗർജ്ജനത്തിൽ മുങ്ങിപ്പോയി. ഭീരുക്കളുടെ ഈ ശബ്ദകോലാഹലത്തിന്നു യാതൊരു വിലയും കല്പിക്കാതെ, ശബ്ദകോലാഹലത്തെ അവഗണിച്ചുകൊണ്ട് മുന്നേറുവാൻ മുസന്ന (റ) തന്നാലാവുന്നത്ര ഉച്ചത്തിൽ മുസ്‌ലിം സേനയെ ആഹ്വാനം ചെയ്തു. അനന്തരം മുസ്‌ലിംസേനയോടൊപ്പം പടക്കളത്തിൽ അണിനിരന്ന ക്രസ്ത്യൻ സേനാനികളെ അഭിമുഖീകരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:-'സുഹൃത്തുക്കളെ, അറബികളും പേർസ്യക്കാരും തമ്മിലുള്ള ഒരു ദേശീയയുദ്ധമാണിവിടെ നടക്കുന്നത്. ഈ യുദ്ധത്തിന്റെ ദേശീയസ്വഭാവത്തെ നിങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഞാൻ ഒരു മുന്നേറ്റം നടത്തുവാൻ ഒരുങ്ങുന്നപക്ഷം, എന്റെകൂടെ മുന്നേറുവാൻ നിങ്ങൾ തയ്യാറാണോ!' ഞങ്ങൾ തികച്ചും സന്നദ്ധരാണെന്നു അവർ ഉറപ്പിച്ചുപറഞ്ഞപ്പോൾ, മുസന്ന (റ) ആ ക്രിസ്ത്യൻ സൈന്യത്തെ തന്റെ ഇടത്തും വലത്തും അണിനിരത്തിക്കൊണ്ട് യാദൃച്ഛികമായി ഒരു മുന്നേറ്റം നടത്തി. കൊടുങ്കാറ്റിനു തുല്യമായ ആ മുന്നേറ്റത്തിൽ മെഹറാന്റെ കുറേറൻ വലതുപാർശ്വസൈന്യത്തെ അരിഞ്ഞിട്ടുകൊണ്ട്, ശത്രുസങ്കേതത്തിലേക്കു അദ്ദേഹം തുളച്ചുകയറി. ഈ മുന്നേറ്റത്തിൽ ശത്രുസൈന്യം ചിതറിപ്പോയെങ്കിലും, വീണ്ടും അവർ ഏകോപിച്ചു ഘോരയുദ്ധം നടത്തുകയുണ്ടായി. ഈ ഘട്ടത്തിൽ അമ്പരന്നു പിന്തിരിയുന്നതായിക്കണ്ട മുസ്‌ലിംസേനയെ നോക്കിക്കൊണ്ട് മുസന്ന (റ) ഇപ്രകാരം ഗർജ്ജിച്ചു:-'അല്ലയോ മുസ്‌ലിംകളെ, നിങ്ങൾ എങ്ങോട്ടുപോവുന്നു! ഞാൻ ഇവിടെയുണ്ട്.' ഇതുകേട്ടപ്പോൾ മുസ്‌ലിംസേന യുദ്ധക്കളത്തിലേക്കുതന്നെ തിരിഞ്ഞുനിന്നു. * അവരെ അണിനിരത്തിക്കൊണ്ട് മുസന്ന (റ) ഒരു പുതിയ ആക്രമണം ആരംഭിച്ചു. ഇതേഘട്ടത്തിൽ, മുസന്ന (റ) വിന്റെ സഹോദരനും വീരയോദ്ധാവുമായ മസ്ഊദ് (റ) വെട്ടേറ്റു നിലംപതിച്ചു. ഇതുകണ്ടപ്പോൾ അദ്ദേഹത്തിന്റെ നായകത്വത്തിൽ മുന്നേറിയ സൈന്യവിഭാഗം അമ്പരന്നു. അവരെ അഭിമുഖീകരിച്ചുകൊണ്ട് മുസന്ന (റ) ഇപ്രകാരം ഘോഷിച്ചു:-"ഹേ, മുസ്‌ലിംകളെ, എന്റെ സഹോദരൻ കൊല്ലപ്പെട്ടെങ്കിൽ, നിങ്ങൾ അതു ഗൌനിക്കാതിരിക്കൂ; വീരയോദ്ധാക്കൾ പ്രായേണ അത്തരത്തിൽ മരണമടയുന്നു. പതാകകൾ നിലംപറ്റിപ്പോകാതിരിപ്പാൻ നിങ്ങൾ ശ്രദ്ധിച്ചുകൊള്ളുക." മസ്ഊദ് (റ) നിലംപതിച്ചതുതന്നെയും 'എന്റെ വിയോഗം നിങ്ങളെ അസ്വസ്ഥീഭൂതരാക്കാതിരിക്കട്ടെ'എന്നു പറഞ്ഞുകൊണ്ടായിരുന്നു!

തുടർന്നു അതിഭയങ്കരമായ യുദ്ധം തന്നെ നടന്നു. മുസ്‌ലിം പക്ഷത്തുനിന്നുകൊണ്ട് ധീരധീരം പൊരുതിയ അനസ്ബിൻഹിലാൽ എന്ന ക്രൈസ്തവപ്രമാണി മുറിവേറ്റു നിലംപതിച്ചു. മുസന്ന (റ) കുതിരപ്പുറത്തുനിന്നിറങ്ങി, അസ്തപ്രാണനായിക്കിടന്ന അനസിനെ വാരിയെടുത്തു, തന്റെ സഹോദരനായ മസ്ഊദ് (റ) വിന്റെ മൃതദേഹത്തിന്നടുത്തു കിടത്തി. മുസ്‌ലിം സേനാനികളിൽ പലരും കൊല്ലപ്പെട്ടെങ്കിലും, മുസന്ന (റ) വിന്റെ സ്ഥിരചിത്തതയും ഉദ്ദേശ്യദാർഢ്യവും യുദ്ധഗതിയെ മുസ്‌ലിംകൾക്കു അനുകൂലമായി തിരിക്കുക തന്നെ ചെയ്തു. സമർത്ഥമായി പൊരുതിയെങ്കിലും പേർസ്യൻസേന തോല്പിക്കപ്പെടുകതന്നെ ചെയ്തു. പേർസ്യൻ സൈന്യനായകന്മാരിൽ വിഖ്യാതനായ ശഹർബ്രാസിനെ ഖൂറത് വധിച്ചു. പരാജയത്തിന്റെ വക്കത്തെത്തിട്ടും

* അഖ്ബാറത്തിവാൽ'—ദിനാവരി

റതാശനൊ അസ്സുവീയ്യനൊ ആവാതെ യുദ്ധം നടത്തിക്കൊണ്ടിരുന്ന പേർസ്യൻ സൈന്യാധിപനായ മെഹ്‌റാനെ തഗ്‌ലബ്‌ഗോത്രക്കാരനായ ഒരു യുവയോദ്ധാവ് വെട്ടിക്കൊന്നു. മെഹ്‌റാൻ നിലംപതിച്ചപ്പോൾ, അയാളുടെ കഥകഴിച്ച യുവയോദ്ധാവ് മെഹ്‌റാന്റെ പടക്കുതിരയുടെ പുറത്തുചാടിക്കയറി ഇരുന്നുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചു:-

"തഗ്‌ലബ് ഗോത്രത്തിൽ പിറന്ന യുവാവായ ഞാൻ പേർസ്യൻ സൈന്യാധിപന്റെ കഥ കഴിച്ചു."

മെഹ്‌റാന്റെ മരണം യുദ്ധത്തിന്റെ അന്ത്യംകുറിച്ചു. പേർസ്യൻസേന നിലവിട്ടോടിത്തുടങ്ങി. മുസന്ന (റ) ഉടനടി പാലം പൊളിച്ചുകളഞ്ഞുകൊണ്ട് അവക്ക് മാഗ്രതടസ്സം സൃഷ്ടിച്ചു. എണ്ണമറ്റയോദ്ധാക്കൾ യുദ്ധക്കളത്തിലെ ചോരപ്പുഴയിൽ മരിച്ചുവീണു. ഇത്രയധികം മനുഷ്യരെ കൊന്നൊടുക്കിയ ഒരു യുദ്ധം വേറെ ഉണ്ടായിട്ടില്ലെന്നാണ് ചരിത്രകാരന്മാർ പറയുന്നത്. ഈ യുദ്ധം കഴിഞ്ഞു വളരെ വർഷങ്ങൾക്കുശേഷം ആ പ്രദേശത്തുകൂടി യാത്രചെയ്ത സഞ്ചാരികൾ മനുഷ്യരുടെ എല്ലും കൊട്ടും അവിടങ്ങളിൽ കുന്നുകൂടിക്കിടക്കുന്നതായി കണ്ടുവെന്നു പ്രസ്താവിച്ചിട്ടുണ്ട്. അറബികളുടെ ആത്മവീര്യത്തിനു-ആത്മവിശ്വാസത്തിനു-ശക്തി വർദ്ധിച്ചുവെന്നതായിരുന്നു ഈ യുദ്ധംവഴി ലഭിച്ച ഏറ്റവും വലിയ നേട്ടം. കിസ്‌റായുടെ സാമ്രാജ്യത്തിന്റെ അസ്തമനം ആസന്നമായി എന്ന ഒരു ബോധം അവരുടെ ഹൃദയങ്ങളിൽ ഉദയംചെയ്തു. ഈ യുദ്ധത്തെ വിലയിരുത്തിക്കൊണ്ട് മുസന്ന (റ) തന്നെ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:-'ഇസ്‌ലാമിന്റെ ആവിർഭാവത്തിനുമുമ്പ്, പേർസ്യക്കാക്കെതിരായി നടന്ന പല യുദ്ധങ്ങളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. അന്നൊക്കെ ആയിരം അറബികൾക്കു നൂറുപേർസ്യക്കാർ മതിയാകുമെന്നതായിരുന്നു നില. പക്ഷെ, ഇന്നു നില ആകെ മാറിക്കഴിഞ്ഞു. പത്തു പേർസ്യക്കാക്കു ഒരറബി മതിയാവുമെന്നതാണ് ഇന്നത്തെ നില.'

ഈ യുദ്ധത്തിനുശേഷം മുസ്‌ലിംകൾ ഇറാഖ് മുഴുവൻ കീഴടക്കുകയുണ്ടായി.

ഇന്നത്തെ ബഗ്ദാദ് നഗരം സ്ഥിതിചെയ്യുന്നസ്ഥലം അക്കാലത്തു ഒരു ചന്തസ്ഥലമായിരുന്നു. ഒരു ചന്തദിവസം മുസന്ന (റ) ആസ്ഥലത്തു ഒരു ആക്രമണം നടത്തി. കച്ചവടക്കാരും മറ്റുള്ളവരും ആത്മരക്ഷാർത്ഥം ഓടിക്കളഞ്ഞു. തന്നിമിത്തം ധാരാളം പണവും കച്ചവടച്ചരക്കുകളും മുസ്‌ലിംസേനക്കു അനായാസേന കയ്യടക്കി. ഈ വാർത്ത അറിഞ്ഞപ്പോൾ പേർസ്യൻ കായ്മുലയം ഇപ്രകാരം പിറുപിറുത്തു:- പെണ്ണിന്റെ വായയിൽനിന്നും, 'ജനങ്ങളുടെ പരസ്പരം വിയോജിപ്പിൽനിന്നും ഇത്തരം അനുഭവങ്ങളല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കുവാൻ സാധിക്കുക?' ബുറാൻ ഉഖ്തിനെ സ്ഥാനത്തുനിന്നു നിഷ്‌ക്കാസനം ചെയ്യുവാൻ ഏതൊരാസമുണ്ടായില്ല. കിസ്‌റാ വംശത്തിൽ അവശേഷിച്ച ഏകപുരുഷാംഗമായ യസ്ദ്ഗിർദ് സിംഹാസനാരോഹണം ചെയ്യിക്കപ്പെട്ടു. പട്ടാഭിഷേകം നടക്കുമ്പോൾ യസ്ദ്ഗിർദിനു പതിനാറു വയസ്സുപ്രായമായിരുന്നുവെന്നു ദിനാവരിയും, ഇരുപത്തൊന്നു വയസ്സുപ്രായമായിരുന്നുവെന്നു തബരിയും പ്രസ്താവിച്ചിരിക്കുന്നു. നാട്ടിന്റെ പൊട്ടംതുണുകളായ റുസ്തമും ഫിറോസും തമ്മിലുണ്ടായിരുന്ന വഴക്കും ആഭ്യന്തരമായ മറ്റു കുഴപ്പങ്ങളും യസ്ദ്ഗീർദിന്റെ സിംഹാസനാരോഹണത്തോടുകൂടി അവസാനിക്കുകയും, പേർസ്യൻ സാമ്രാജ്യം ഒരു നവചൈതന്യം ഉൾക്കൊള്ളുകയും ഉണ്ടായി. പട്ടാളമേധാവികൾ അത്യുത്സാഹഭരിതരായിമാ

റി. കോട്ടകളും സൈന്യകേന്ദ്രങ്ങളും ഭദ്രമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. പേർഷ്യയുടെ ഈ പുതിയ നീക്കത്തിൽനിന്നു ആവേശം ആദാനംചെയ്തുകൊണ്ടു, ഇറാഖിൽ മുസ്‌ലിംകൾ കീഴടക്കിയ ജില്ലകൾ വിപ്ലവം നടത്തുകയും മുസ്‌ലിംകളുടെ പിടിയിൽനിന്നു കുതറിക്കളയുകയും ചെയ്തു.

ഈ വസ്തുതകൾ അറിഞ്ഞ ഖലീഫാ ഉമർ (റ) സൈന്യങ്ങളെ മുഴുവൻ ഒരിടത്തു ഒരുമിച്ചു കൂട്ടുവാൻ മുസന്നാ (റ) വിനു കല്പന നല്കി. മാത്രമല്ല, ഇറാഖിൽ പല ഭാഗത്തായി ചിന്നിച്ചിതറിക്കിടന്ന റബീഅ ഗോത്രക്കാരെയും മദ്‌ർ ഗോത്രക്കാരെയും ഒരു നിശ്ചിത തിയ്യതിക്കുള്ളിൽ ഒരിടത്തു ഏകോപിപ്പിക്കുവാനും കല്പിക്കപ്പെട്ടു. അതേ സമയത്തു ഒരു കൂറൻ സൈന്യത്തെ ശേഖരിപ്പാനുള്ള സജ്ജീകരണങ്ങളും ഖലീഫാ ആരംഭിക്കുകയുണ്ടായി. അറേബ്യയുടെ നാനാഭാഗത്തുനിന്നും യോദ്ധാക്കളും, ഗോത്രത്തലവന്മാരും, രാജ്യതന്ത്രജ്ഞന്മാരും കവികളും, പ്രസംഗകരും രാഷ്ട്രീയനേതാക്കളും ഖലീഫയുടെ സന്നിധിയിൽ എത്തിച്ചേരുവാൻ ആഹ്വാനം നൽകപ്പെട്ടു. അപ്പോഴേക്കും ഹജ്ജിന്റെ ഘട്ടം ആസന്നമായതിനാൽ ഖലീഫ ഹജ്ജിന്നായി മക്കയിലേക്കു പുറപ്പെട്ടു. ഹജ്ജ് കഴിയുന്നതിനു മുമ്പുതന്നെ, അറബീ ഗോത്രക്കാർ മദീനയിലേക്കു പ്രവഹിച്ചു തുടങ്ങി. മുവ്വായിരം വിശിഷ്ട യോദ്ധാക്കളെ സഅ്ദ് ബിൻവഖാസ് (റ) അണിനിരത്തി. റബ്ഉ് മൈത്, സദഫ് മദ്‌ഹജ്, ബൈസ്, ഈലാൻ എന്നിവയുടെ തലവന്മാരിൽ ഓരോരുത്തരും ആയിരം വീതം അനുയായികളെ കൊണ്ടുവന്നു. യമൻ ഗോത്രക്കാർ ആയിരം ആളുകളെയും, ബനൂതമീം ഗോത്രക്കാർ നാലായിരം ആളുകളെയും ബനൂഅസദ് ഗോത്രക്കാർ മുവ്വായിരം ആളുകളെയും മദീനയിലേക്കു നിയോഗിച്ചു.

ഖലീഫാ ഉമർ (റ) ഹജ്ജ് കഴിഞ്ഞു തിരിച്ചുവരുമ്പോൾ മദീനയുടെ പ്രാന്തപ്രദേശങ്ങളിൽ സൈന്യസംഘങ്ങൾ തിങ്ങിനിറഞ്ഞതായി കണ്ടു. കണ്ണെത്താവുന്നേടത്തോളം ദൂരത്തിൽ മനുഷ്യനിരകളല്ലാതെ കാണപ്പെട്ടില്ല. ആയുധങ്ങളണയിച്ചുകൊണ്ടു യോദ്ധാക്കളെ ചിട്ടയനുസരിച്ചു അണിനിരത്തുവാൻ ഖലീഫ ആജ്ഞാപിച്ചു. താൻ തന്നെ സൈന്യത്തെ നയിപ്പാൻ ഉദ്ദേശിക്കുന്നതായി ഖലീഫ വെളിപ്പെടുത്തി. അതനുസരിച്ചു, മുന്നണിപ്പടയുടെ നായകത്വം തൽഹത് (റ) വിനും വലതു വിഭാഗസേനയുടെ നായകത്വം സുബൈർ (റ) വിനും, ഇടതുവിഭാഗസേനയുടെ നായകത്വം അബ്ദുർറഹ്മാൻബിൻഔഫ് (റ) വിനും അദ്ദേഹം നൽകുകയുണ്ടായി. സേനാവിഭാഗങ്ങളെ ക്രമപ്രവൽക്കരിച്ചു കഴിഞ്ഞപ്പോൾ, ഖലീഫാസ്ഥാനം അലീ (ക. വ.) യെ ഭരമേല്പിച്ചു, അദ്ദേഹം ഇറാഖിലേക്കു പുറപ്പെട്ടു. ഖലീഫാ ഉമർ (റ) വിന്റെ ഈ പ്രവൃത്തി ജനങ്ങളെ ആവേശം കൊള്ളിച്ചു. അവരെല്ലാംതന്നെ മരണത്തെ വരിപ്പാൻ സന്തോഷപൂർവ്വം സന്നദ്ധരായി. മദീനയിൽ നിന്നു മൂന്നുമൈൽ അകലേയുള്ള ളറാർ എന്ന സ്ഥലത്തു മുസ്‌ലിംസേനാവാളമടിച്ചു. അവിടെവെച്ചു ഉമർ (റ), ഖലീഫ നേരിട്ടു യുദ്ധത്തിൽ പങ്കെടുക്കുന്നതിന്റെ ഔചിത്യത്തെക്കുറിച്ചു സൈന്യത്തിലുള്ള എല്ലാവരുമായി ഒരു പൊതുചർച്ച നടത്തി. സൈന്യത്തെ ഖലീഫ തന്നെ നയിക്കേണമെന്നു പട്ടാളക്കാർ പൊതുവെ അഭിപ്രായപ്പെട്ടു. പക്ഷേ, കാര്യഗൗരവത്തോടുകൂടി ചിന്തിക്കുകയും സംഗതികളുടെ അന്തസ്സത്ത മനസ്സിലാക്കുകയും ചെയ്ത ധിഷണാശാലികളായ ഉന്നതവ്യക്തികളുടെ അഭിപ്രായം മറിച്ചായിരുന്നു. അ

ബ്ദുൽറഹ്മാനിബ്നുഔഫ്(റ) ഇപ്രകാരം പറഞ്ഞു: 'യുദ്ധത്തിനു രണ്ടു മുഖങ്ങളുണ്ട്. നാം പരാജയപ്പെടുകയും ഖലീഫക്കു ആപത്തു സംഭവിക്കുകയും ചെയ്യാനിടവരുന്നപക്ഷം, പിന്നെ ഇസ്‌ലാം ഭൂമുഖത്തുണ്ടാവുകയില്ല.' ഉമർ (റ) സൈന്യത്തെ അഭിമുഖീകരിച്ചു കൊണ്ടു ഹൃദയസ്പർശിയാംവിധം ഇപ്രകാരം പ്രസ്താവിച്ചു:— 'ജനങ്ങളെ, നിങ്ങളുടെ അഭിപ്രായമനുസരിച്ചു പ്രവർത്തിപ്പാൻ എനിക്കു സന്തോഷമെ ഉള്ളൂ. പക്ഷെ, സഹാബിപ്രമുഖർ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല.' ചുരുക്കത്തിൽ, ഉമർ (റ) നേരിട്ടു സൈന്യത്തെ നയിക്കേണ്ടതില്ലെന്നു ഏകകണ്ഠമായി തീരുമാനിക്കപ്പെട്ടു. പക്ഷെ, ഒരു വിഷമപ്രശ്നം അപ്പോഴും അവശേഷിച്ചു. സൈന്യത്തെ ആർ നയിക്കേണമെന്നതായിരുന്നു ആ പ്രശ്നം. അബൂഉബൈദ (റ) വും ഖാലിദ് (റ) വും സിറിയൻ യുദ്ധത്തിൽ വ്യാപൃതരായിരുന്നു. സേനാനായകത്വം ഏറെറടുപ്പാൻ അലി (ക) യോടു ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അതിനു സമ്മതിച്ചില്ല. തന്നിമിത്തം, മുസ്‌ലിംസേന ആശയക്കുഴപ്പത്തിൽ അകപ്പെട്ടു നിൽക്കുമ്പോൾ അബ്ദുൽറഹ്മാനിബ്നുഔഫ് (റ) പെട്ടെന്നു ഇപ്രകാരം പറഞ്ഞു:— "ഞാൻ ഒരാളെ കാണുന്നുണ്ട്.' 'ആരാണു' താങ്കൾ ഉദ്ദേശിച്ച ആൾ' എന്നു ഉമർ (റ) ചോദിച്ചപ്പോൾ, സഅ്ദിബ്നുഅബീവഖ്ഖാസ്" എന്നു അദ്ദേഹം മറുപടി പറഞ്ഞു.

സഹാബി പ്രമുഖനും തിരുമേനി (സ) യുടെ മാതൃപക്ഷക്കാരനുമാണു സഅ്ദ്(റ) അദ്ദേഹം അറിയപ്പെട്ട യോദ്ധാവുമായിരുന്നു. പക്ഷെ, 'സേനാനായകത്വം നൽകുന്നതിനുവിധം യുദ്ധതന്ത്രജ്ഞനാണോ അദ്ദേഹം എന്നു ഉമർ (റ)സംശയിച്ചു. പക്ഷെ, അവിടെ സന്നിഹിതരായ എല്ലാവരും തന്നെ, അബ്ദുൽ റഹ്മാനിബ്നു ഔഫ് (റ) വിന്റെ അഭിപ്രായത്തെ പിന്താങ്ങിയതു നിമിത്തം ഉമർ (റ) അദ്ദേഹത്തെ സേനാനായകനാക്കി. പക്ഷെ, ഒരു മുൻകരുതൽ എന്ന നിലക്കു, സൈന്യത്തിന്റെ പ്രവർത്തനങ്ങളുടെ പരമമായ നിയന്ത്രണാധികാരം ഖലീഫ സ്വയം ഏറെറടുത്തു. ആദ്യന്തം ആ അധികാരം അദ്ദേഹം ഉപയോഗപ്പെടുത്തുകയും ചെയ്തു. സൈന്യം ഇറാഖിലെത്തുന്നതിലിടക്കു ഏതേതു സ്ഥലങ്ങളിലാണു് വിശ്രമാർത്ഥം താവളമടിക്കേണ്ടതെന്നു പോലും ഖലീഫ മുൻകൂട്ടി തീരുമാനിക്കുകയും അതനുസരിച്ചു നിർദ്ദേശം നൽകുകയും ചെയ്തു. ഈ സൈന്യം താവളമടിച്ച സ്ഥലങ്ങളുടെ പേരുകൾ ചരിത്രകാരനായ തബ്‌രീ അദ്ദേഹത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തീട്ടുണ്ടു്.

സഅ്ദ് (റ) മദീനയിൽ നിന്നു സൈന്യത്തെ മുമ്പോട്ടു നയിക്കുകയും, പതിനേഴോ പതിനെട്ടോ രാത്രികൾക്കു ശേഷം, സഅ്‌ലബ എന്ന സ്ഥലത്തു താവളമടിക്കുകയും ചെയ്തു. * സഅ്‌ലബയിൽ നിന്നു മൂന്നു ദിവസത്തെ വഴിയകലെയാണു് കൂഫ. വെള്ളവും ഫലപുഷ്ടിയുമുള്ള നാടായതുകൊണ്ടു ഒരു ഉത്സവനഗരമായിരുന്നു സഅ്‌ലബ. സഅ്ദ് (റ) മൂന്നു മാസക്കാലം അവിടെ താവളമടിച്ചു. ബക്ർബിൻ വായിലിന്റെ ഗോത്രത്തിൽനിന്നു മാത്രം വന്ന ആറായിരം പോർഭടക്കം എണ്ണായിരം ആളുകളോടു കൂടി, ദിഖാർ എന്ന ഗ്രാമത്തിൽ മുസന്ന (റ) സഅ്ദ് (റ) വിന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. സഅ്ദ് (റ) വോടൊപ്പം പോയ് കൂഫയിലേക്കു നീങ്ങാമെന്നതായിരുന്നു മുസന്ന

---

* സഅ്‌ലബയിൽ താവളമടിച്ചുവെന്നതു ബലാദുരിയുടെ പക്ഷമാണു്. സഅ്‌ലബക്കടുത്ത സർദ്ദവിൽ താവളമടിച്ചുവെന്നാണു് തബ്‌രി പ്രസ്താവിച്ചിട്ടുള്ളതു്

(റ) വിന്റെ ഉദ്ദേശ്യം. പക്ഷെ, ഈസ്‌റ് യുദ്ധത്തിൽ അദ്ദേഹത്തിനു പറ്റിയ വ്രണം പഴുക്കുകയും, ആ രോഗത്തിൽ അദ്ദേഹം മൃത്യുഗതനാവുകയും ചെയ്തു. സഅ്ദ് (റ) സഅ്‌ലബയിൽ നിന്നു മുന്നോട്ടു നീങ്ങി, ശറാഫ് എന്ന സ്ഥലത്തു താവളമടിച്ചു. ആ അവസരത്തിലാണ് മുസന്ന (റ) വിന്റെ മരണവാർത്ത, അദ്ദേഹത്തിന്റെ സഹോദരനായ മുഥന്ന സഅ്ദ് (റ) വിനെ അറിയിച്ചതു്. ഇവിടെവെച്ചു ഖലീഫയുടെ അതിപ്രധാനമായ ചില നിർദ്ദേശങ്ങളും സഅ്ദ് (റ) വിനു ലഭിച്ചു. ആ നിർദ്ദേശമനുസരിച്ചു അദ്ദേഹം മുസ്‌ലിംസേനയെ—അവരുടെ ആകെ എണ്ണം മുപ്പതിനായിരമായിരുന്നു—വിവിധ വിഭാഗങ്ങളായി തരം തിരിക്കുകയും, ഓരോ വിഭാഗത്തിന്റെയും നായകന്മാരെ തീരുമാനിക്കുകയും ചെയ്തു. സൈന്യവിഭാഗങ്ങളുടെയും ഓരോ വിഭാഗത്തിന്റെ നായകന്മാരുടെയും പട്ടിക ഇസ്‌ലാം ചരിത്രകാരന്മാരിൽ വിശ്രുതനായ തബ്‌രി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—

1. മുന്നണിപ്പട— ഇതിന്റെ നായകനായി സുഹ്‌റഹ്ബിൻഅബ്ദില്ലാഹിബ്നുഖതാദ (റ) നിയമിക്കപ്പെട്ടു. ഇദ്ദേഹം ഇസ്‌ലാമിനു മുമ്പു്, ബഹ്‌റൈനിലെ രാജാവായിരുന്നു. തന്റെ ഗോത്രത്തിന്റെ പ്രതിനിധിയെന്ന നിലക്കു ഇദ്ദേഹം തിരുമേനി (സ) യെ സന്ദർശിക്കുകയും ഇസ്‌ലാംമതം സ്വീകരിക്കുകയും ചെയ്തു.

2. വലതുപാർശ്വ രക്ഷാസേന— ഈ വിഭാഗത്തിന്റെ സേനാനിയായി അബ്ദില്ലാഹിബ്നുമുഅ്തസിം (റ) നിയമിക്കപ്പെട്ടു. ഇദ്ദേഹം ഒരു സഹാബിയായിരുന്നു.

3. ഇടതുപാർശ്വരക്ഷാസേന— ഈ വിഭാഗത്തിന്റെ നായകനായി ശുറഹ്ബീൽബ്നുൽസമത് (റ) നിയമിക്കപ്പെട്ടു. വിശ്രുതനായ ഒരു യോദ്ധാവായിരുന്നു ഇദ്ദേഹം.

4. പിൻകാവൽപ്പട— ഈ വിഭാഗത്തിന്റെ നേതാവായി ആസിമുബ്നുഅംറുത്തമീമീ (റ) വും,

5. സേവകപ്രധാനസേന— ഇതിന്റെ നായകനായി സവാബുബ്നുമാലിക് (റ) വും,

6. അനിയതസേന— ഇതിന്റെ നേതാവായി സൽമാനുബ്നുറബീഅതൽബാഹിലി (റ) വും,

7. ഒട്ടകപ്പട— ഇതിന്റെ നായകനായി അബ്ദുല്ലാഹിബ്നുഅതിൽസഹ്മീൻ (റ) വും,

8. ജഡ്ജി (ഖാളി) യായി അബ്ദുൽറഹ്മാനുബ്നുറബീഅൽബാഹിലി (റ) വും,

9. സൈന്യഭക്ഷണാധികാരിയായി, സറാബിവയ്നായ സൽമാൻഫാർസീ (റ) വും

10. പരിഭാഷകനായി ഹിലാൽഹിജ്‌രീ (റ) വും,

11. എഴുത്തുകാരനായി സൈദുബ്നുഅബീസുഫ്യാൻ (റ) വും നിയമിക്കപ്പെട്ടു. ഈ സൈന്യത്തോടൊപ്പം വൈദ്യന്മാരെ അയച്ചിരുന്നുവെന്നല്ലാതെ, ആ വൈദ്യന്മാരുടെ പേരുകളും തബ്‌രീ (റ) പ്രസ്താവിച്ചതായി കാണുന്നില്ല.

സഅ്ദ് (റ) വിന്റെ സൈന്യത്തിൽ, ബദ്‌റുയുദ്ധത്തിൽ പങ്കെടുത്ത എഴുപതു സഹാബിമാരും, 'ബൈഅതുൽരിള്വാ'നിൽ സംബന്ധിച്ചവരിൽപ്പെട്ട മുന്നൂറുപേരും, മക്കാവിജയത്തിൽ പങ്കെടുത്ത മുന്നൂറോളംപേരും സഹാബിമാരുടെ പിന്തുടർച്ചക്കാരായ എഴുന്നൂറുപേരും പ്രസ്തുത സൈന്യത്തിൽ ഉണ്ടായിരുന്നു.

ഖാദിസിയാ

ഖാദിസിയാ ശറാഫിൽ താവളമടിച്ചുനിൽക്കേ, സഅ്ദ് (റ) വിനു ഖലീഫയിൽനിന്നു ഒരു നിർദ്ദേശം ലഭിച്ചു. ശറാഫിൽനിന്നു സൈന്യത്തെ മുമ്പോട്ടുനയിച്ചു ഖാദിസിയായിൽ താവളമടിപ്പാനുള്ളതായിരുന്നു ആ നിർദ്ദേശം. കൂഫയിൽനിന്നു മുപ്പതുനാഴികയകലെ സ്ഥിതിചെയ്യുന്ന ഒരു പട്ടണമാണ് ഖാദിസിയ. പേർസ്യൻ സമതലപ്രദേ

ശം മുമ്പിലും, അറേബ്യൻ കുന്നുകൾ പിന്നിലും ആക്കിക്കൊണ്ടു, കിടങ്ങു കുഴിച്ചു രക്ഷാമാർഗ്ഗം ഉറപ്പിക്കുവാൻ അദ്ദേഹം ഉടൻതന്നെ ആജ്ഞാപിക്കപ്പെട്ടു. യുദ്ധം വിജയമാർഗ്ഗത്തിൽ നീങ്ങുകയാണെങ്കിൽ കഴിവുള്ളേടത്തോളം മുന്നേറുവാനും, മറിച്ചാണെങ്കിൽ കുന്നുകളിൽ അഭയം തേടുവാനും സാധിക്കേണമെന്നതായിരുന്നു ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം.

ഫലപുഷ്ടിയുള്ള ഒരു സമ്പന്ന നഗരമായിരുന്നു ഖാദിസിയ. തോട്ടങ്ങളും പാലങ്ങളും ആ നഗരത്തിന്റെ നില ഭദ്രമാക്കുകയും ചെയ്തിരുന്നു. ഉമർ (റ) വിന്റെ ധാരാളം പരിചയമുള്ള ഒരു നഗരമായിരുന്നു ഇതു്. അദ്ദേഹം, ഇസ്‌ലാമിന്നുമുമ്പു് പലപ്പോഴും ഈ വഴി സഞ്ചരിക്കുകയും ഈ നാടുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. എങ്കിലും, തന്റെ സ്മരണകളെക്കൊണ്ടു മാത്രം തൃപ്തിപ്പെടാതെ, ഈ നഗരത്തിന്റെ സ്ഥിതിവിവരങ്ങളടങ്ങിയ പൂർണ്ണമായ ഒരു രേഖ തയ്യാറാക്കി അയപ്പാൻ ഖലീഫ ആവശ്യപ്പെട്ടതനുസരിച്ചു സഅ്ദ് (റ) ഒരു രേഖ തയ്യാറാക്കി ഖലീഫയെച്ചൊടുത്തു.

ശറാഫിൽനിന്നു മുമ്പോട്ടു നീങ്ങുവാൻ ഖലീഫയുടെ അനുമതി ലഭിച്ചപ്പോൾ, സഅ്ദ് (റ) സൈന്യത്തെ മുമ്പോട്ടു നയിക്കുകയും, ഗദീബിൽ താവളമടിക്കുകയും ചെയ്തു. പേർസ്യക്കാരുടെ ആയുധപ്പുര ഈ സ്ഥലത്താണുണ്ടായിരുന്നതു്. മുസ്‌ലിംസേന ആ ആയുധപ്പുര നിഷ്പ്രയാസം കൈയടക്കി. പ്രതിപക്ഷത്തുനിന്നു യാതൊരു എതിർപ്പും ഉണ്ടായില്ല. ഖാദിസിയായിൽ എത്തിയ ഉടനെതന്നെ സഅ്ദ് (റ) തന്നെ പാരസൈന്യത്തെ, ശത്രുപക്ഷത്തിന്റെ വിവരങ്ങൾ ശേഖരിപ്പാൻ നിയോഗിക്കുകയും, അവർ അവരുടെ കർത്തവ്യം ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുകയും ചെയ്തു. പേർസ്യൻസേനയുടെ നായകനായി ഫർറുഖ്സാദിന്റെ പുത്രനായ റുസ്തം നിയമിക്കപ്പെട്ടിട്ടുണ്ടെന്നും, പേർസ്യൻസേന റുസ്തമിന്റെ നേതൃത്വത്തിൽ മദാഇനിൽനിന്നു പുറപ്പെട്ടു സാബാത്തിൽ താവളമടിച്ചിരിക്കുകയാണെന്നും മുസ്‌ലിം പാരസൈന്യം സഅ്ദ് (റ) വിനെ അറിയിച്ചു. ഈ വിവരം സഅ്ദ് (റ) ഖലീഫയെ അറിയിച്ചു. പേർഷ്യക്കാരുമായി യുദ്ധത്തിലേർപ്പെടുന്നതിനുമുമ്പു് അവരെ ഇസ്‌ലാമിലേക്കു ക്ഷണിപ്പാൻ ഒരു സൌഹൃദസംഘത്തെ നിയോഗിക്കേണമെന്നു ഖലീഫ മുസ്‌ലിംസേനാനായകനായ സഅ്ദ് (റ) വിനെ രേഖാമൂലം അറിയിച്ചു. അതനുസരിച്ചു, വിവിധ ഗോത്രങ്ങളിലെ പ്രമുഖവ്യക്തികളായ പതിനാലുപേരടങ്ങിയ ഒരു സൌഹൃദസംഘത്തെ സഅ്ദ് (റ) രൂപവൽക്കരിച്ചു. ഉതാരിബ് ബിൻഹാജിബ് (റ), അശ്‌ആസിബ്നുഖൈസ് (റ), ഹാരിസ്ബിൻഹസ്സാൻ (റ), ആസിമുബ്നുഉമർ (റ), അംറ്മഅ്ദികറിബ് (റ), മുഗീറാബിൻശുഅ്ബാ (റ), മുആന്നാബിൻഹാരിസത് (റ), നുഅ്മാൻബിൻമഖ്റാൻ (റ), ബസർബിൻഅബീറഹം (റ). ഹംലബിൻജുയഹ്(റ), ഹൻസലാഹ്ബിൻഅൽറബീഅത്തമീമീ (റ), ഫറാത്ബിൻഹയാനൽഅജലീ (റ), ഹാരിബിൻസുഐഹൽ (റ), മുഗീറാബിൻശുറാഹ (റ) എന്നിവരായിരുന്നു ആ സംഘത്തിലെ അംഗങ്ങൾ. ഇവരിൽ ആദ്യത്തെ ഏഴുപേർ ആകാരസൌഷ്ഠവത്തിലും വ്യക്തിപരമായ ഔന്നത്യത്തിലും വിഖ്യാതരും, മറ്റുള്ളവർ ബുദ്ധിസാമർത്ഥ്യത്തിലും, നീതിനിഷ്ഠയിലും, ധൈര്യകർമ്മകുശലതയിലും വിശ്രുതരുമായിരുന്നു.

തോലങ്കിയണിഞ്ഞു, കയ്യിൽ ചമ്മട്ടികളേന്തിക്കൊണ്ടു ആ ധൈര്യസംഘം കുതിരപ്പുറത്തുകയറി പേർസ്യയുടെ തലസ്ഥാനമായ മദാഇനിലേക്കു പുറപ്പെട്ടു. അവരുടെ കുതിരകൾ വായുവേഗത്തിൽ മുമ്പോട്ടു കുതിച്ചു. ആ ഗതി

വേഗം കാണികളെ അസ്വസ്ഥചിത്തരാക്കി. ഖാദിസിയായിൽനിന്നു മുപ്പതോ നാല്പതോ നാഴിക അകലെയാണു് മദാഇൻ സ്ഥിതിചെയ്തിരുന്നതു്. ദൌത്യസംഘം മദാഇനിൽ, യസ്ദ്ഗീറിന്റെ കൊട്ടാരവാതിൽക്കൽ എത്തിച്ചേർന്നു. യസ്ദ്ഗീർ അവരെ കൊട്ടാരത്തിലേക്കു വിളിക്കുകയും അവരുടെ ആഗമനോദ്ദേശ്യം അന്വേഷിക്കുകയും ചെയ്തു. ദൌത്യസംഘത്തലവനായി നുഅ്മാൻബിൻമഖ്റാൻ (റ) തങ്ങളുടെ ഉദ്ദേശ്യം പൂർണ്ണമായും പേർഷ്യൻ ഭാഷയിൽ യസ്ദ്ഗീറിനെ അറിയിച്ചു.

ശകനത്തിൽ വിശ്വസിക്കുന്ന ആളായിരുന്നു യസ്ദ്ഗീർ. ആകയാൽ, മുസ്‌ലിം ദൌത്യസംഘത്തോടു അവരുടെ ആഗമനോദ്ദേശ്യം അന്വേഷിച്ചറിയുന്നതിനുമുമ്പു്, ശകനം മനസ്സിലാക്കുവാനാണു് ചക്രവർത്തി ശ്രമിച്ചതു്. 'മലങ്കി'ക്കു് അറബിഭാഷയിൽ എന്താണു് വാക്കെന്നു ചക്രവർത്തി അവരോടന്വേഷിച്ചു. 'ബുർദ്' എന്നു അവർ മറുപടി നൽകി. പേർസ്യൻ ഭാഷയിൽ 'ബുർദ്' എന്ന വാക്കിനു 'കൊണ്ടുപോയി' എന്നാണർത്ഥം. ദൃശ്യകനം എന്നു ചക്രവർത്തി ആത്മഗതം ചെയ്തു. 'അവർ ലോകം കീഴടക്കി' എന്നു ചക്രവർത്തി അനുമാനിച്ചു. 'ചമ്മട്ടി'ക്കു അറബിഭാഷയിൽ എന്താണു് പേരെന്നു വീണ്ടും ചക്രവർത്തി ചോദിച്ചു. 'സൌത്' എന്നു മുസ്‌ലിംകൾ മറുപടി പറഞ്ഞു. അവർ പറഞ്ഞതു 'സുഖ്ത്' ആണെന്നു ചക്രവർത്തി തെറ്റിദ്ധരിച്ചു. സുഖ്ത് എന്ന പേർസ്യൻ വാക്കിനു 'കരിച്ചു' എന്നാണർത്ഥം. ഇതും ദൃശ്യകനംതന്നെ 'അവർ പേർസ്യ ചാമ്പലാക്കി'യെന്നു ചക്രവർത്തി അതിനെ വ്യാഖ്യാനിച്ചു. ഈ ദൃശ്യകനബോധം മനസ്സിൽവെച്ചുകൊണ്ടാണു് ചക്രവർത്തി മുസ്‌ലിംകളോടു അവരുടെ ആഗമനോദ്ദേശ്യം അന്വേഷിച്ചതും അവർ വിശദീകരണം നൽകിയതും. ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും തങ്ങളുടെ ആഗമനോദ്ദേശ്യം വ്യക്തമാക്കുകയും ചെയ്തശേഷം മുസ്‌ലിംകൾ രണ്ടു ഉപാധികൾ ചക്രവർത്തിയുടെ മുമ്പിൽവെച്ചു. ഒന്നുകിൽ ജിസ്‌യ നൽകി കീഴടങ്ങുക; അല്ലെങ്കിൽ യുദ്ധത്തിന്നൊരുങ്ങുക; ഇവയായിരുന്നു ആ രണ്ടു ഉപാധികൾ. ഇതു കേട്ടപ്പോൾ യസ്ദ്ഗീർ ഇപ്രകാരം പ്രതിവചിച്ചു:-'നിങ്ങൾ ഈ ലോകത്തിലെ ഏറ്റവും അധഃപതിച്ച, മ്ലേച്ഛജനതയായിരുന്നുവെന്ന വസ്തുത നിങ്ങൾ ധിക്കാരം കാട്ടുമ്പോഴൊക്കെ, നിങ്ങളെ അടിച്ചമർത്തുവാൻ അതിർത്തിപ്രദേശങ്ങളിലെ ജന്മിമാക്കുനാം ഉത്തരവുനൽകി വന്നതും അവർ നിങ്ങളെ അടിച്ചമർത്തിക്കൊണ്ടിരുന്നതും നിങ്ങൾ മറക്കുന്നില്ലെ?'

യസ്ദ്ഗീറിന്റെ അവഹേളനപരമായ മറുപടി കേട്ടപ്പോൾ മുസ്‌ലിംകൾ അമ്പരന്നു സ്തബ്ധരായിപ്പോയി. രംഗം പെട്ടെന്നു നിശ്ശബ്ദയിൽ ആണ്ടുപോയി. പക്ഷെ, ആ നില അധികനേരം നിലനിന്നില്ല. മുഗീറതുബ്നുളിറാറ (റ) വിന്റെ ശബ്ദം ആ നിശ്ശബ്ദതയെ ഭഞ്ജിച്ചു. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:—

'തന്റെ കൂട്ടുകാരെ പൂണ്ടിക്കൊണ്ടു അദ്ദേഹം പറഞ്ഞു: ഇവർ അറേബ്യയിലെ പരമയോഗ്യരായ വ്യക്തികളാണു്; മാന്യതയുടെ സൂനങ്ങളാണിവർ. ഇവരുടെ മാന്യതയും സഹനശക്തിയും ഒരു വാക്കേറെ നടത്തുന്നതിൽനിന്നു അവരെ തടഞ്ഞിരിക്കുകയാണു്. ചില വസ്തുതകൾ മാത്രമെ അവർ താങ്കളെ കേൾപ്പിച്ചിട്ടുള്ളു. പറവാനുള്ള ചില വസ്തുതകൾ അവശേഷിക്കുന്നുണ്ടു്. ആ വസ്തുതകൾ താങ്കളെ കേൾപ്പിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. ഞങ്ങൾ അധമരും അധഃപതിതരും ആയിരുന്നു

വെന്നയ നേരുതന്നെ. ഞങ്ങൾ പരസ്പരം കൊലനടത്തിവന്നയും പെൺമക്കളെ ജീവനോടെ കഴിച്ചുമൂടിയയും ശരിതന്നെ. പക്ഷെ, അല്ലാഹു ഒരു പ്രവാചകനെ ഞങ്ങളുടെ മദ്ധ്യത്തിൽ നിയോഗിച്ചു. ആ പ്രവാചകർ യോഗ്യരിൽ യോഗ്യനും, അത്യന്തകുലജാതനുമായിരുന്നു. ആദ്യമാദ്യം ഞങ്ങൾ അവിടുത്തെ എതിർത്തു. അവിടുന്ന് പിൻവാങ്ങാതെ, മുമ്പോട്ടുനീങ്ങി. ഞങ്ങൾ പിൻവാങ്ങി. ക്രമേണ, അവിടുന്ന് ഞങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ചു. അല്ലാഹുവിന്റെ നാമത്തിൽമാത്രം ആ വിശുദ്ധൻ സംസാരിച്ചു; അല്ലാഹുവിന്റെ കല്പനക്കൊത്തുമാത്രം അവിടുന്ന് പ്രവർത്തിച്ചു ഈ സത്യമതത്തെ ലോകത്താകമാനം പ്രചരിപ്പിക്കുവാൻ അവിടുന്ന് ഞങ്ങളോടാജ്ഞാപിച്ചു. ഇസ്‌ലാം മതം സ്വീകരിച്ച എല്ലാവരും ഞങ്ങളോടൊപ്പം തുല്യമായ ആനുകൂല്യങ്ങളും അവകാശങ്ങളും അനുഭവിച്ചു. ഇസ്‌ലാംമതം സ്വീകരിച്ചില്ലെങ്കിലും, ജിസ്‌യ നൽകിക്കൊള്ളാമെന്ന സമ്മതിച്ചവർ ഇസ്‌ലാമിന്റെ സംരക്ഷണത്തിൽ സുഖമായി ജീവിച്ചു. ഇതു രണ്ടും ചെയ്യാൻ കൂട്ടാക്കാത്തവർ യുദ്ധത്തെ നേരിടേണ്ടിവന്നു.'

ഇതുയും കേട്ടപ്പോൾ യസ്ദ്ഗീർ ഇപ്രകാരം ഗർജ്ജിച്ചു:-'ദുതന്മാരെ വധിക്കുക എന്നതു കീഴ്‌വഴക്കത്തിനു നിരക്കുമായിരുന്നെങ്കിൽ നിങ്ങളിൽ ഒരാളെങ്കിലും ജീവനോടെ തിരിച്ചുപോകുമായിരുന്നില്ല.' ഇതുയും പറഞ്ഞുകൊണ്ടു, ഒരു തൊട്ടി മണ്ണുകൊണ്ടുവരുവാൻ ചക്രവർത്തി കല്പിച്ചു. മണ്ണുകൊണ്ടുവന്നു. 'നിങ്ങളിൽ ഏറ്റവും യോഗ്യൻ ആര'ാണെന്നു ചക്രവർത്തി മുസ്‌ലിംകളോടു ചോദിച്ചു 'ഞാൻ' എന്നു പറഞ്ഞുകൊണ്ടു ആസിംബ്നുൽഉമർ (റ) മുമ്പോട്ടുനിന്നു. മണ്ണു് അദ്ദേഹത്തിന്റെ തലയിൽ ഒഴിക്കുവാൻ ചക്രവർത്തി ആജ്ഞാപിച്ചു. അനുസരിച്ചു, ദൂതന്മാർ മണ്ണു് അദ്ദേഹത്തിന്റെ തലയിലൊഴിച്ചു. ഉടനെതന്നെ, സന്തോഷഭരിതനായ നിലയിൽ ആസിം (റ) കുതിരപ്പുറത്തുകയറി, വായുവേഗത്തിൽ സഞ്ചരിച്ചു സഅ്ദ് (റ) വിനെ സമീപിക്കുകയും തലയിൽ മണ്ണു പൊഴിച്ച വസ്തുത പരാമർശിച്ചുകൊണ്ടു ഇപ്രകാരം പറയുകയും ചെയ്തു:-'ശത്രു അയാളുടെ രാജ്യം സ്വമേധയാ ഞങ്ങൾക്കു അടിയറ വെച്ചിരിക്കുന്നു; ഈ വിജയത്തിൽ ഞങ്ങളുടെ അഭിനന്ദനങ്ങൾ സ്വീകരിച്ചാലും.'

ഈ സംഭവത്തിനുശേഷം കുറെ മാസത്തേക്കു കലാപമൊന്നും നടന്നില്ല. പേർസ്യൻ സൈന്യത്തെയുംകൂടി സാബാതിൽ താവളമടിച്ച വസന്തം അലസമായ നിലപാടിൽ അവിടെ ദിവസങ്ങൾ കഴിച്ചുകൂട്ടി. മുസ്‌ലിംസേനാനിയാവട്ടെ, അടുത്ത ഗ്രാമങ്ങളിൽ പെറൈസന്യങ്ങളെ നിയോഗിച്ചു ആടുമാടുകളെയും ആഹാരപദാർത്ഥങ്ങളും കണ്ടെടുത്തു, തങ്ങളുടെ ഭക്ഷണഭണ്ഡാഗാരത്തിനു നേമാനം സംഭവിക്കാതെ സൂക്ഷിച്ചുവന്നു. ഈ നില സഹിപ്പാൻ കഴിയാതായപ്പോൾ ഗ്രാമീണജനത തങ്ങളുടെ ആവലാതി യസ്ദ്ഗീർ ചക്രവർത്തിയുടെ സന്നിധിയിൽ ബോധിപ്പിക്കുകയും, ഈ വിപത്തിൽനിന്നു തങ്ങളെ രക്ഷിക്കേണമെന്നഭ്യർത്ഥിക്കുകയും, അല്ലാത്തപക്ഷം തങ്ങൾ അറബികളുമായി സഖ്യം പുലർത്തുവാൻ നിർബ്ബന്ധിതരായിത്തീരുമെന്നു ഉണർത്തുകയും ചെയ്തു. ഈ സ്ഥിതിവിശേഷം വസന്തമിന്റെ അലസഭാവത്തെ പിടിച്ചുകുലുക്കി. യുദ്ധരംഗത്തിലേക്കു നീങ്ങുവാൻ ആ സേനാനി നിർബ്ബന്ധിതനായി. അറുപതിനായിരം പട്ടാളക്കാരെ നയിച്ചുകൊണ്ടു അയാൾ സാബാതിൽനിന്നു പുറപ്പെടുകയും ഖാദിസിയായിൽ താവളമടിക്കുകയും ചെയ്തു. വഴിയിൽ, പല അക്രമങ്ങളും പ്രവർത്തിച്ചുകൊണ്ടാണു് ആ പട്ടാളംയാത്രചെയ്തതു്. അവർ മുക്കാറും മദ്യപിക്കുകയും, യാത്രാ

മദ്ധ്യേ കണ്ണിൽകണ്ട സ്ത്രീകളെ ബലാൽക്കാരമായി മാനഭംഗപ്പെടുത്തുകയും ചെയ്തു. ഈ സംഭവം ജനങ്ങളെ പ്രകോപിപ്പിക്കുകയും, പേർസ്യൻ സാമ്രാജ്യത്വം നശിക്കട്ടെ എന്നു അവർ ശപിക്കുകയുമുണ്ടായി.

വസ്തമിന്റെ പട്ടാളം സാബാത്തിൽനിന്നു പുറപ്പെട്ട നിമിഷം മുതൽ, സഅ്ദ് (റ) വിന്റെ ചാരസേന അവരുടെ ചലനങ്ങളെ വ്യക്തമായി നിരീക്ഷിച്ചുവന്നു. ചാരസേനാംഗങ്ങൾക്കു പുറമെ, പട്ടാളഉദ്യോഗസ്ഥന്മാരിൽ ചിലരെയും, ശത്രുസേനയുടെ നീക്കങ്ങളെ നിരീക്ഷിപ്പാനായി സഅ്ദ്(റ) നിയോഗിച്ചു. അങ്ങിനെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ഒരാളായ തലൈഹ (റ) ഒരു രാത്രിയിൽ, പ്രച്ഛന്നവേഷധാരിയായി, ശത്രുസൈന്യത്തിന്റെ മദ്ധ്യത്തിൽ പ്രവേശിച്ചു ശത്രുക്കളുടെ പാളയത്തിൽ ഒരിടത്തു അതിമനോഹരമായ ഒരു വിലപ്പെട്ട കുതിരയെ കെട്ടിയിട്ടിരിക്കുന്നതായി അദ്ദേഹം കണ്ടു. ആ കുതിരയുടെ കെട്ടഴിച്ചു അതിനെ തന്റെ കുതിരയുടെ കടിഞ്ഞാണമായി അദ്ദേഹം ബന്ധിച്ചു, അവിടെനിന്നു സാവകാശം പുറപ്പെട്ടു. അപ്പോഴേക്കും, ഉറങ്ങിക്കിടന്ന പട്ടാളക്കാരിൽ ഒരാൾ ഉണർന്നു, അദ്ദേഹത്തിന്റെ പിന്നാലെ ഓടി. കുതിരയുടെ ഉടമയായ പട്ടാള ഉദ്യോഗസ്ഥനും ഉണർന്നോടി. ആ ഉദ്യോഗസ്ഥൻ അതികായകനും മഹാശക്തനുമായിരുന്നു. തലൈഹാ (റ) വിനെ സമീപിച്ചതും, ആ പട്ടാളമേധാവി തന്റെ കയ്യിലുള്ള വാളുംകൊണ്ടു അദ്ദേഹത്തെ ആഞ്ഞടിച്ചു. ആ അടി തലൈഹ (റ) ഒഴിഞ്ഞുകളഞ്ഞപ്പോൾ, തന്റെ വീശലിന്റെ ശക്തികൊണ്ടു ആ പട്ടാളഉദ്യോഗസ്ഥൻ നിലതെറ്റി നിലംപതിച്ചു. ഈ സന്ദർഭം തലൈഹ (റ) തികച്ചും ഉപയോഗപ്പെടുത്തി. തന്റെ കയ്യിലുള്ള കുന്തംകൊണ്ടു അദ്ദേഹം പ്രതിയോഗിയെ കുത്തിക്കൊന്നു. കൊല്ലപ്പെട്ട ഉദ്യോഗസ്ഥനോടൊപ്പം കൂടിവന്ന രണ്ടു പട്ടാളക്കാരിൽ ഒരാളെക്കൂടി തലൈഹ (റ) വധിക്കുകയുണ്ടായി. അവശേഷിച്ച ആളെ അദ്ദേഹം തടവുകാരനാക്കി. അപ്പോഴെക്കും ശത്രുസൈന്യം ഉണർന്നു, നാലുവശത്തുനിന്നും രംഗത്തിലേക്കു കുതിച്ചു. പക്ഷെ, യാതൊരാപത്തും പിണഞ്ഞാതെ, തലൈഹ (റ) തന്റെ തടവുകാരനെയുംകൊണ്ടു, തന്ത്രപരമായി സ്ഥലംവിട്ടു, രക്ഷപ്പെട്ടു. ആ തടവുകരാൻ സഅ്ദ് (റ) വിന്റെ സന്നിധിയിൽ എത്തിയപ്പോൾ ഇസ്‌ലാംമതം സ്വീകരിച്ചു. മുസ്‌ലിം എന്ന പേരിൽ പിന്നീടദ്ദേഹം വിളിക്കപ്പെട്ടു. ശത്രുസൈന്യത്തിന്റെ ഉള്ളുകള്ളികളെല്ലാം അദ്ദേഹം സഅ്ദ് (റ) വിന്നു വിവരിച്ചുകൊടുത്തു. തന്നിമിത്തം, ശത്രുസൈന്യത്തെസ്സംബന്ധിച്ച പരമരഹസ്യങ്ങളും പോലും വിശദമായി മനസ്സിലാക്കുവാൻ മുസ്‌ലിംസേനാനിക്കു സാധിച്ചു. മുസ്‌ലിം എന്ന ഈ മഹാൻ ഇസ്‌ലാമിൽ ഉറച്ചുനിൽക്കുകയും, പിന്നീടുണ്ടായ എല്ലാ നീക്കങ്ങളിലും ത്യാഗബുദ്ധിയോടുകൂടി ധീരമായി പ്രവർത്തിക്കുകയും ചെയ്തു.

വസ്തം

ഒരു യുദ്ധവും രക്തച്ചൊരിച്ചിലും ഒഴിവാക്കുവാൻ വസ്തം ആഗ്രഹിച്ചു. സമാധാനസംഭാഷണത്തിന്നായി ഒരാളെ നിയോഗിപ്പാൻ സഅ്ദ് (റ) വിനോടു വസ്തം ആവശ്യപ്പെട്ടു. സഅ്ദ് (റ) അതിന്നു സന്നദ്ധനായി. റബ്ഈ ഇബ്നുആമിർ (റ) വിനെ ആ കൃത്യനിർവ്വഹണത്തിന്നായി അദ്ദേഹം തിരഞ്ഞെടുത്തു. ഒരു അസാധാരണ വേഷവിധാനത്തിൽ വസ്തമിന്റെ മുമ്പിൽ ചെല്ലുവാനാണു് റബ്ഈ (റ) ആഗ്രഹിച്ചതു്. ജീനിയുടെ മുകളിൽ വെക്കുന്ന മോടിയുള്ളതുണികൊണ്ടുണ്ടാക്കിയ ഒരു കുപ്പായം അദ്ദേഹം ധരിച്ചു. കാണാൻകൊള്ളാത്ത

ആ രോമത്തുണിയുടെ ഒരു കഷണം തലക്കു മുറി. ഒരു മൂടിക്കഷണം അരക്കു കെട്ടി. തന്റെ വാളിന്റെ ഉറ ഒരു കീറിപ്പറിഞ്ഞ ചാക്കിൻകഷണത്തിൽ പൊതിഞ്ഞു അരയിൽ തിരുകി. ഈ വേഷത്തിൽ തന്റെ കുതിരപ്പുറത്തു കയറി റബീഅ് (റ) ഉസ്തമിന്റെ അടുക്കലേക്കു പുറപ്പെട്ടു.

അപ്പോഴേക്കും മുസ്‌ലിം പക്ഷത്തുനിന്നുള്ള സമാധാന ദൂതനെ സ്വീകരിപ്പാൻ ഉസ്തം ഗംഭീരമായ ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. നിലത്തു മുഴുവൻ സ്വർണ്ണപ്പരവതാനി വിരിച്ചു; സ്വർണ്ണാഭമായ തലയിണകൾ ഒരുക്കിവെച്ചു. വിലപിടിച്ച പട്ടുതുണികൾ കൊണ്ടുള്ള വിരികൾ തൂക്കി മുറിയുടെ മദ്ധ്യത്തിൽ രത്നഖചിതമായ ഒരു സിംഹാസനം ഒരുക്കിവെച്ചു. റബീഅ് (റ) സ്ഥലത്തെത്തി, വിലപിടിച്ച പരവതാനിയിൽ തന്റെ കുതിരയെ നിറുത്തി, കുതിരപ്പുറത്തുനിന്നിറങ്ങി, ഒരു സ്വർണ്ണത്തലയിണയോടു തന്റെ കുതിരയുടെ കടിഞ്ഞാൺ ബന്ധിച്ചു.

രാജഭൃത്യന്മാർ നീരസമൊന്നും ഭാവിച്ചില്ലെങ്കിലും, സാധാരണ ഗതിയിൽ, ആയുധങ്ങൾ അഴിച്ചുവെക്കുവാൻ അവർ റബീഅ് (റ) വോടു ആവശ്യപ്പെട്ടു. അദ്ദേഹം കൂട്ടാക്കിയില്ല. ഉസ്തം ക്ഷണിച്ചതുകൊണ്ടാണ് താൻ വന്നതെന്നും, ആയുധമണിഞ്ഞുകൊണ്ടു വരുവാൻ പാടില്ലെങ്കിൽ താൻ വന്നവഴി തിരിച്ചു പോകുമെന്നും അദ്ദേഹം അവരെ അറിയിച്ചു. അദ്ദേഹത്തിന്റെ ഈ വാദത്തെ ഉസ്തം അംഗീകരിച്ചു. തന്റെ കയ്യിലുള്ള കുന്തംകൊണ്ടു പരവതാനിയിൽ കുത്തിക്കൊണ്ടാണ് അദ്ദേഹം ഉസ്തമിനെ സമീപിച്ചതു്. 'നിങ്ങൾ എന്തിനാണ് ഈ നാട്ടിൽ വന്നിട്ടുള്ള'തെന്നു ഉസ്തം അദ്ദേഹത്തോടു് ചോദിച്ചു. 'സൃഷ്ടികളെ ആരാധിക്കുന്ന സമ്പ്രദായം മാറ്റി സൃഷ്ടാവിനെ ആരാധിക്കുന്ന സമ്പ്രദായം നടപ്പിലാക്കുവാൻ, എന്നു റബീഅ് (റ) മറുപടി പറഞ്ഞു. അദ്ദേഹത്തിന്റെ വേഷത്തെക്കുറിച്ചും ആയുധങ്ങളെക്കുറിച്ചും ഉസ്തമിന്റെ സചിവന്മാർ വീണ്ടും വീണ്ടും അന്വേഷിക്കുകയും 'ഈ ആയുധവുമായിട്ടാണോ നിങ്ങൾ പേർസ്യ പിടിച്ചടക്കുവാൻ വന്നിട്ടുള്ള'തെന്നു പരിഹാസഭാവത്തിൽ ചോദിക്കുകയും ചെയ്തു. അതുകേട്ടപ്പോൾ, റബീഅ് (റ) ഉറയിൽനിന്നു തന്റെ വാൾ പുറത്തെടുത്തു. അതിന്റെ തിളക്കത്തിൽ അവരുടെ കണ്ണുകൾ അഞ്ചിപ്പോയി. വാളിന്റെ തീക്ഷ്ണത പരിശോധിപ്പാൻ അവർ ഫലകം കൊണ്ടുവന്നപ്പോൾ, അദ്ദേഹം നിഷ്പ്രയാസം അതു വെട്ടിനുറുക്കി. അനന്തരം അദ്ദേഹം സ്ഥലംവിട്ടു. ഉസ്തമിൽനിന്നു വ്യക്തമായ മറുപടി ലഭിച്ചില്ല. തന്മൂലം സമാധാന സംഭാഷണം വീണ്ടും തുടരേണ്ടതായി വന്നു.

ഉസ്തമിന്റെ ക്ഷണമനുസരിച്ചു സമാധാനസംഭാഷണത്തിന്നായി അദ്ദേഹത്തെ സന്ദർശിച്ച അവസാനത്തെ മുസ്‌ലിംദൂതൻ മുഗീറാ (റ) വായിരുന്നു. ചുറ്റും സ്വർണ്ണഖചിതമായ കസേലകളിൽ സചിവന്മാരും, മദ്ധ്യത്തിൽ രത്നഖചിതമായ സിംഹാസനത്തിൽ ഉസ്തമും ഇരിക്കുകയായിരുന്നു. മുഗീറാ (റ) സദസ്സിൽ പ്രവേശിച്ചു, നേരെ നടന്നു ഉസ്തമിന്നടുത്തു നിലയുറപ്പിച്ചു. ഈ നടപടി സചിവന്മാർക്കു രസിച്ചില്ല. അവർ അദ്ദേഹത്തെ സിംഹാസനത്തിൽനിന്നു പിടിച്ചുമാറ്റുവാൻ ശ്രമിച്ചു. പ്രക്ഷുബ്ധമായ ആ സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ടു മുഗീറ (റ) ഇപ്രകാരം പ്രസ്താവിച്ചു:.. 'ഞാൻ ഇവിടെ സ്വേഷ്ടമനുസരിച്ചു വന്നതല്ല. നിങ്ങൾ ക്ഷണിച്ചതുകൊണ്ടാണ് ഞാൻ ഇവിടെ വന്നതു്. ആകയാൽ ഞാൻ നിങ്ങളുടെ അതിഥിയാണ്. ഒരു അതിഥിയോടു പെരുമാറേണ്ടുന്ന വിധത്തിലല്ല

നിങ്ങൾ എന്നോട് പെരുമാറുന്നത്. നിങ്ങളുടെ ഈ പെരുമാറ്റത്തിൽ ഔചിത്യം കാണുന്നില്ല. മൃഗത്തെപ്പോലെ ഒരാളെ സിംഹാസനത്തിൽ ഇരുത്തുകയും മറ്റുള്ളവർ അടിമകളെപ്പോലെ നഗ്നശിരസ്കരായി അയാൾക്കു മുമ്പിൽ ഇരിക്കുകയും ചെയ്യുന്ന സമ്പ്രദായം ഞങ്ങൾ വെച്ചുപുലർത്തുന്നില്ല.' രാജസദസ്സിലെ ചീഫ് ജസ്റ്റിസും ഹീറാസ്വദേശിയുമായ അബൂദ് ഇയാദ് വചനങ്ങൾ പേർഷ്യൻ ഭാഷയിൽ പരിഭാഷപ്പെടുത്തി. മുഗീറ (റ) വിന്റെ പ്രസ്താവന സദസ്യരിൽ സാരമായ മനഃപരിവർത്തനം ഉളവാക്കി. 'ഇത്തരം ആളുകളുടെ യോഗ്യത മനസ്സിലാക്കുവാൻ കഴിയാതെവന്നത് അബദ്ധമായിപ്പോ'യെന്ന അവരിൽ ചിലർ പ്രസ്താവിച്ചു.

മുഗീറ (റ) വോട് കാണിച്ച അപമര്യാദയിൽ റുസ്തും ഖേദം പ്രകടിപ്പിച്ചു. ആ അപമര്യാദയുടെ ഉത്തരവാദിത്തം മുഴുവനും അദ്ദേഹം പരിചാരകരുടെ കഴുത്തിൽ കെട്ടിവെച്ചു. തദനന്തരം, മുഗീറ (റ) വിന്റെ ആവനാഴിയിൽനിന്നു ചില അമ്പുകൾ പുറത്തെടുത്തുകൊണ്ട് റുസ്തും ചോദിച്ചു:-'ഈ വടികഷ്ണങ്ങൾകൊണ്ടെന്താണ് പ്രയോജനം?' മുഗീറ(റ) പറഞ്ഞു:- 'തീപ്പൊരി—ബാണംപോലെ ചീറ്റിപ്പായുകയില്ലെങ്കിലും, ഇവ തീപ്പൊരിയുണ്ടാക്കും.' പിന്നീട്, മുഗീറ (റ) വിന്റെ വാളിന്റെ ഉറയെടുത്തു നോക്കിക്കൊണ്ട് റുസ്തും പറഞ്ഞു:-'ഹോ, ഇതു കീറിപ്പറിഞ്ഞിരിക്കുന്നു.' മുഗീറ (റ) ഇപ്രകാരം മറുപടി നൽകി:- 'ആയിരിക്കാം. പക്ഷെ, വാൾ കുറച്ചുനേരം മൂർച്ചയാണ് ചാണക്കിട്ടത്. അതിനു നല്ല മൂർച്ചയുണ്ട്.' ഇങ്ങിനെ വ്യംഗ്യഭാഷയിൽ ചിലതു സംസാരിച്ചശേഷം, അവർ കൂടാരത്തിലേക്കു പ്രവേശിച്ചു. പേർഷ്യൻ സാമ്രാജ്യത്തിന്റെ സൈന്യബലത്തെയും പ്രതാപത്തെയും സുദീർഘം വിവരിച്ചശേഷം, ഒരു ഔദാര്യമെന്ന നിലക്കു റുസ്തും പറഞ്ഞു:-'മുസ്‌ലിംകൾ തിരിച്ചുപോവുകയാണെങ്കിൽ. അതിനു ഞങ്ങൾ ഇപ്പോഴും അവസരം അനുവദിക്കാം. അവരെ ഞങ്ങൾ എതിർക്കുകയില്ല. അല്ലെങ്കിൽ സ്ഥിതി വളരെ വളരെ വഷളായിത്തീരും. അവരെ ഞങ്ങൾ വകവരുത്തും. ഇതു കേട്ടപ്പോൾ, തന്റെ വാളിന്റെ പിടിയിൽ കൈവെച്ചുകൊണ്ട് മുഗീറ (റ) പറഞ്ഞു:-'ഒന്നുകിൽ നിങ്ങൾ ഇസ്‌ലാംമതം സ്വീകരിക്കുകയോ, അല്ലെങ്കിൽ ജിസ്‌യ തന്നു കീഴടങ്ങുകയോ ചെയ്യാത്തപക്ഷം, ഈ ഖഡ്ഗമായിരിക്കും ഈ വിഷയത്തിൽ തീരുമാനം കല്പിക്കുക.' ഇതു കേട്ടപ്പോൾ കോപാന്ധനായ റുസ്തും അലറി:- 'സൂര്യദേവനാണെ സത്യം, നാളെ അറേബ്യമുഴുവനും ഞാൻ നശിപ്പിക്കും.' ഇതുകേട്ടും മുഗീറ (റ) സ്ഥലം വിട്ടു. ഇതോടുകൂടി സമാധാനത്തിന്റെ ആശ പാടെ അസ്തമിക്കുകയും ചെയ്തു.

യുദ്ധവും ഖാദിസിയായുടെ പതനവും

ഹിജ്രാബ്ദം 14ൽ, ക്രിസ്താബ്ദം 635ൽ അതു സംഭവിച്ചു. കാലവിളംബത്താൽ യുദ്ധത്തെ നിരുന്മേഷപ്പെടുത്തുന്നപരിവുകാരനായിരുന്നു റുസ്തും. പക്ഷെ, മുഗീറ (റ) വിന്റെ വാക്കുകൾ അയാളുടെ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുകയാൽ, ഉടനടി യുദ്ധത്തിനൊരുങ്ങിക്കൊള്ളുവാൻ അയാൾ തന്റെ പട്ടാളത്തിനു ആജ്ഞ നൽകി. മാഗ്മദ്ധ്യേ കുഴികുഴിച്ചിരുന്ന തോട് നികത്തി, നിരത്താക്കി മാറ്റുവാൻ റുസ്തും കല്പിച്ചതും, വെളുപ്പിനുമുമ്പ് പട്ടാളക്കാർ ആ ജോലിചെയ്തുതീർത്തു. ഉച്ചയാവുന്നതിനുമുമ്പു പേർഷ്യൻ പട്ടാളം തോട്ടിനക്കരെ എത്തിച്ചേർന്നു. ഇരട്ടകവചം ധരിച്ചു, ആയുധങ്ങളണിഞ്ഞു, പടക്കുതിരമേൽ കയറി, റുസ്തും ആവേശപൂർവ്വം ഇപ്രകാരം ആക്രോശി

ച്ചു:-'നാളെ ഞാൻ അറേബ്യയാകമാനം തരിപ്പണമാക്കും.' അയാളുടെ അടുത്തുണ്ടായിരുന്ന ഒരു പട്ടാളക്കാരൻ ഇപ്രകാരം പറഞ്ഞു:-'അതെ, ദൈവഹിതം അതാണെങ്കിൽ.' 'ദൈവം അങ്ങിനെ ആഗ്രഹിച്ചില്ലെങ്കിൽതന്നെ, എന്റെ ഉദ്ദേശ്യം ഞാൻ നിറവേറും' എന്നു ഖസ്‌തം പ്രതിവചിച്ചു.

യുദ്ധനിര സജ്ജീകരിക്കുന്നതിൽ ഖസ്‌തം അതിവസാമർത്ഥ്യം പ്രദർശിപ്പിച്ചു. പട്ടാളക്കാരെ പതിമൂന്നു നിരകളാക്കി നിറുത്തി. അവരുടെ പിന്നിൽ ആനപ്പടയെയും, അതിന്റെ പിന്നിൽ സായുധസേനയെയും അണിനിരത്തി. ഇടത്തും വലത്തുമുള്ള രക്ഷാസൈന്യങ്ങളുടെ പിന്നിലും ആനപ്പടയെ അണിനിരത്തി. വിവരങ്ങൾ കൈമാറുവാൻ യുദ്ധരംഗത്തിനും തലസ്ഥാനത്തിനുമിടയിൽ മദ്ധ്യപ്രധാനമായ കേന്ദ്രങ്ങളിൽ ദൂതന്മാരെ ഒരുക്കി നിറുത്തി. ഒരാൾ മറ്റൊരാളോടു വിളിച്ചുപറയുക; അയാൾ മൂന്നാമനോടും, മൂന്നാമൻ നാലാമനോടും വിളിച്ചുപറയുക; ആ ക്രമത്തിൽ വാർത്തകൾ തലസ്ഥാനമായ മദാഇനിലേക്കും, അവിടെനിന്നു യുദ്ധരംഗത്തേക്കും ഉടനടി എത്തിക്കുക-അതായിരുന്നു ഏർപ്പാട്. അങ്ങിനെ അതിവേഗം വാർത്താവിനിമയം ചെയ്യാനുള്ള പുതിയ ഒരു പദ്ധതിയും ഖസ്‌തം ഏർപ്പെടുത്തി.

അതിലിടക്കു സഅ്‌ദ് (റ) വിനു സന്നിവാതം പിടിപെട്ടു. ഖാദിസിയായിൽ, യുദ്ധക്കളത്തിന്റെ ഒരറ്റത്തു സ്ഥിതിചെയ്തിരുന്ന ഒരു കൊട്ടാരത്തിന്റെ മാളികയിൽ അദ്ദേഹം ഇരിപ്പുറപ്പിച്ചു. സന്നിവാതം നിമിത്തം യുദ്ധത്തിൽ നേരിട്ടു പങ്കെടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആകയാൽ, സേനാനായകത്വം ഖാലിദിബ്നുൽഅർഫതാഹ് (റ) വിൽ അദ്ദേഹം ഭരമേല്പിച്ചു എങ്കിലും, യുദ്ധപ്രവർത്തനം സഅ്‌ദ് (റ) നേരിട്ടുതന്നെ നിയന്ത്രിച്ചു. അദ്ദേഹം ഇരിപ്പുറപ്പിച്ച മാളികയിൽനിന്നു യുദ്ധക്കളത്തിലെ എല്ലാ നീക്കങ്ങളും വ്യക്തമായി കാണുവാൻ കഴിയുമായിരുന്നു. സേനാനായകനു നിർദ്ദേശങ്ങളും നൽകേണ്ടിവരുമ്പോൾ, കടലാസ്സുതുണ്ടുകളിലെഴുതി ചുരുട്ടി നൂലുകൊണ്ടുകെട്ടി അദ്ദേഹം താഴോട്ടു എറിഞ്ഞുകൊടുത്തു.

യുദ്ധക്കളത്തിൽ സൈന്യങ്ങൾ അണിനിരന്നുകഴിഞ്ഞപ്പോൾ, അറേബ്യയിലെ പ്രസിദ്ധരായ വാഗ്മികളും കവികളും മുമ്പോട്ടുവന്നു, അവരുടെ ഹൃദയസ്പർശിയായ വാക്‌ചാതുരിയാൽ മുസ്‌ലിംസേനയെ ആവേശം കൊള്ളിച്ചു. ശമ്മഖ് (റ), ഹുതിയാ (റ), ആസ്‌ബിൻ മഗ്റ (റ), അബ്ദുബ്നുൽതയ്യിബ് (റ), അംറ് അ്ദികർബ് (റ) എന്നീകവികളുടെയും ഖൈസ്‌ബിൻഹാബിറ (റ), ഗാലിബ് (റ), ഇബ്നുൽഹദീലിൽഅസദീ (റ), ബസർബിൻഅബീ റഹമജ്ജഹ്നി (റ), ആസിംബിൻഅംറ് (റ), റബീസുഅ്ദീ (റ), റബീഇബ്നുൽആമിർ (റ) എന്നീ വാഗ്മികളുടെയും വാചലത ഇന്ദ്രജാലത്താലെന്നപോലെ മുസ്‌ലിംസേനയെ ആവേശഭരിതരാക്കിത്തീർത്തു. അവരെത്തുടർന്നു ഖുർആൻ പാരായണക്കാർ രംഗത്തുവരികയും, 'ജിഹാദിനെസ്സംബന്ധിച്ച 'ആയത്തുകൾ' ഓതുകയുംചെയ്തു. ഖുർആൻ വചനങ്ങളും മുസ്‌ലിം സൈന്യത്തിന്റെ ഹൃദയങ്ങളെ സാരമായി സ്പർശിച്ചു. ആവേശം അവരെ വീർപ്പുമുട്ടിച്ചു.

പതിവനുസരിച്ചു, സഅ്‌ദ് (റ) മൂന്നാമതവണ 'തക്ബീർ' മുഴക്കി. നാലാമത്തെ തക്ബീറോടുകൂടി യുദ്ധം ആരംഭിച്ചു. പട്ടുകുപ്പായവും, പൊന്നിന്റെ അരപ്പട്ടയും സ്വർണ്ണകങ്കണങ്ങളും ധരിച്ച ഒരു പേർസ്യൻ യോദ്ധാവു മുമ്പോട്ടുവന്നു. മുസ്‌ലിം അണിയിൽനിന്നു അംറ്ബ്നുൽഅ്ദികർബ് (റ) മുമ്പോട്ടുനീങ്ങി ആ പേർസ്യൻ യോദ്ധാവുമായി ഏറ്റുമുട്ടി. പേർസ്യൻ

യോദ്ധാവ് തന്റെ എതിരാളിയെ ലക്ഷ്യം വെച്ചുകൊണ്ട് ഒരു അമ്പെയ്തു. പക്ഷെ, മുടിനാരിന്റെ വ്യത്യാസത്താൽ ആ അമ്പ് ലക്ഷ്യം പിഴച്ചുമാറിപ്പോയി. മങ്ങിക്കർബ് (റ) ഉടൻ മുമ്പോട്ടുചാടി, എതിരാളിയുടെ കച്ചപിടിച്ചു, അയാളെ കുതിരപ്പുറത്തുനിന്നു താഴെ വലിച്ചിടുകയും ഒറ്റ വെട്ടിനു അയാളുടെ കഴുത്തു വെർവിടുത്തുകയും ചെയ്തു. ഇങ്ങിനെ വേണം യുദ്ധം ചെയ്യാൻ' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം സ്വന്തം അണിയിലേക്കു തിരിച്ചുവന്നു. 'എല്ലാവർക്കും മങ്ങീകർബ് ആകുവാൻ കഴികയില്ല'എന്നു അദ്ദേഹത്തിന്റെ കൂട്ടുകാർ പ്രതിവചിച്ചു.

അതിനെത്തുടർന്നു ഇരുപക്ഷത്തുംനിന്നു ഓരോരുത്തർ മുമ്പോട്ടുവന്നു ദ്വന്ദയുദ്ധം നടത്തിയശേഷം പൊതുയുദ്ധം ആരംഭിച്ചു. മുസ്‌ലിം സേനയിലെ പ്രബലസേനാ വിഭാഗമായ ബഹീലാഗോത്രസേനയുടെ നേരെ, പേർസ്യൻ പട്ടാളക്കാർ തങ്ങളുടെ ആനകളെ ഇളക്കിവിട്ടു. ചലിക്കുന്ന പാറക്കെട്ടുകൾപോലുള്ള ആനകൾ അറബിക്കുതിരകൾക്കു അപരിചിതമായിരുന്നു. ആകയാൽ, ആനകളെ കണ്ടപ്പോൾ അറബികളുടെ കുതിരകൾ പെട്ടെന്നു മിരണ്ടുപോയി. മുസ്‌ലിം കാലാൾപ്പട ഉറച്ചുനിന്നെങ്കിലും പേർസ്യക്കാരുടെ ആനകൾ അവരുടെ അണികളെയും ഭേദിച്ചുകളഞ്ഞു. ഇതു കണ്ടപ്പോൾ, ബഹീല സൈന്യവിഭാഗത്തെ സഹായിപ്പാൻ സങ്ങ് (റ) അസദിനു കല്പനനൽകി. അസദ് ഗോത്രത്തലവനും പ്രസിദ്ധയോദ്ധാവുമായ തലൈഹ (റ) തന്റെ ഗോത്രത്തോട് ഇപ്രകാരം പ്രസ്താവിച്ചു. 'എന്റെ ഗോത്രത്തിലെ പ്രിയപ്പെട്ട സന്താനങ്ങളെ, സങ്ങ് (റ) ചിലതു കണക്കാക്കിക്കൊണ്ടാണ് നിങ്ങൾ സഹായിക്കേണമെന്നുള്ള നിർദ്ദേശം നൽകീട്ടുള്ളതു്.' ഇതുകേട്ടപ്പോൾ അസ്ദ് ഗോത്രസൈന്യം തങ്ങളുടെ കുതിരകളെ ആവേശപൂർവ്വം നിയന്ത്രിച്ചുകൊണ്ട് ആനകളെ നേരിട്ടു. അതുകണ്ടപ്പോൾ, പേർസ്യക്കാർ ബഹീലാ ഗോത്രസൈന്യത്തെ ഉപേക്ഷിക്കുകയും അവരുടെ സഹായത്തിനെത്തിയ അസദ് ഗോത്രസൈന്യത്തിന്റെ നേരെ ആനകളെ വിടുകയും ചെയ്തു. ആ നപ്പട ഈ നിലക്കു നീങ്ങിയപ്പോൾ, അസദ് ഗോത്രസേനയെ സഹായിപ്പാൻ തമീം ഗോത്രസേനയോടു സങ്ങ് (റ) ആവശ്യപ്പെട്ടു. കല്പന കിട്ടിയയും, അവർ തുരുതുരെ അമ്പുകൾ എയ്തുകൊണ്ട് ആനക്കാരെ മുഴുവൻ നിലംപതിപ്പിച്ചു. തുടർന്നു ആനപ്പുറത്തുള്ള ശേഷിച്ചകൂടാരങ്ങളെല്ലാം മുസ്‌ലിംസേന തല്ലിത്തകർത്തു നിലത്തിട്ടു. ഈ യുദ്ധം സന്ധ്യവരെ നടന്നു. ഇരുട്ടുന്നതിനുമുമ്പ് ശത്രുസൈന്യം യുദ്ധക്കളത്തിൽനിന്നു പിൻവാങ്ങി. ഖാദിസിയായിലെ ആദ്യസംഘട്ടനം അങ്ങിനെ അവസാനിച്ചു. ഈ സംഭവത്തെ അറബീഭാഷയിൽ 'യൌമുൽഅർമത്' എന്നു പറയുന്നു.

യുദ്ധക്കളത്തിൽ മൃതിയടഞ്ഞുകിടക്കുന്ന ജഡങ്ങളെല്ലാം പിറെദിവസം കാലത്തു മറവു ചെയ്തു. മുറിവേറ്റവരെ ചികിത്സക്കയച്ചു. അതിനുശേഷം, സങ്ങ് (റ) യുദ്ധത്തിനൊരുങ്ങിക്കൊള്ളുവാൻ സൈന്യത്തിനു ആജ്ഞനൽകി. യുദ്ധം ആരംഭിക്കാറായപ്പോഴേക്കും, സിറിയായുടെ ഭാഗത്തുനിന്നു ധൂമപടലം അന്തരീക്ഷത്തിലേക്കു ഉയരുന്നതായിക്കണ്ടു. സിറിയായിൽനിന്നു അബൂഉബൈദ (റ) നിയോഗിച്ച മുസ്‌ലിംസൈന്യം രംഗത്തേക്കു കുതിക്കുകയാണെന്നു, ഉടൻ വ്യക്തമായി. സിറിയായുദ്ധത്തിൽ വ്യാപൃതനായ അബൂഉബൈദ (റ) വിനു ഖലീഫയിൽനിന്നു ഒരു നിർദ്ദേശം ലഭിച്ചു. ഇറാഖിൽനിന്നു സിറിയായിലേക്കു മാറ്റപ്പെട്ട സൈന്യത്തെ, അടിയന്തിരമായി സങ്ങ് (റ) വിന്റെ സൈന്യത്തെ സഹാ

യിപ്പാൻ അയച്ചുകൊള്ളണമെന്നതായിരുന്നു ആ നിർദ്ദേശം. ആ സൈന്യം തക്കസമയത്തു തന്നെ എത്തിച്ചേർന്നു. ആറായിരം പട്ടാളക്കാരാണ് ആ സൈന്യത്തിൽ ഉണ്ടായിരുന്നത്. അതിൽ അയ്യായിരം പേർ റബീആ, മളർ എന്നീ ഗോത്രക്കാരും ആയിരംപേർ ഹിജാസ്കാരുമായിരുന്നു. സഅ്ദ് (റ) വിന്റെ സഹോദരനായ ഹാശിംബ്നുൽഉത്ബ (റ) വായിരുന്നു ആ സൈന്യത്തിന്റെ നായകൻ. മുന്നണി വിഭാഗത്തിന്റെ നേതാവ് ഖഅ്ഖ (റ) വായിരുന്നു. യുദ്ധക്കളത്തിലെത്തിയ ഉടനെ ഖഅ്ഖ (റ) മുമ്പോട്ട് നീങ്ങി, ഇപ്രകാരം വെല്ലുവിളിച്ചു:-'നിങ്ങളിൽ വല്ലവരും ബലപരീക്ഷ നടത്തുവാൻ ആഗ്രഹിക്കുന്നപക്ഷം, മുമ്പോട്ടുവരുക.' ഇതു കേട്ടപ്പോൾ പേർസ്യൻ പക്ഷത്തു നിന്നു ബഹ്മാൻ മുമ്പോട്ടുവന്നു. 'അബൂഉബൈദയുടെ ഘാതകൻ ഇതാ വരുന്നു'വെന്നു പറഞ്ഞുകൊണ്ടു ഖഅ്ഖ (റ) ബഹ്മാനുമായി ഏറ്റുമുട്ടി. അല്പനേരത്തെ യുദ്ധത്തിനു ശേഷം ബഹ്മാൻ കൊല്ലപ്പെട്ടു. തുടർന്നു ഏതാനും ചേരിപ്പോരുകളും നടന്നു. സീസ്താനിലെ യുവരാജാവായ ശഹ്ർ, ബ്രാസിനെ ഔർബിൻഖത്ബ (റ) വും, ഹംദാനിലെ വീരയോദ്ധാവായി അറിയപ്പെട്ട ബസുർഷ്മെഹ്റിനെ ഖഅ്ഖ (റ) വും വധിച്ചു. മുസ്‌ലിം പക്ഷത്തുനിന്നും ചിലർ കൊല്ലപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ, പൊരിയുദ്ധം ആരംഭിക്കുന്നതിനുമുമ്പുതന്നെ, പേർസ്യൻ അണിയിലുള്ള എണ്ണപ്പെട്ട യോദ്ധാക്കളിൽ ഭൂരിപക്ഷം കൊല്ലപ്പെട്ടു. എന്നിട്ടും ഇരുസേനകളും തമ്മിൽ വിവരണാതീതമാംവിധം ഘോരസംഘട്ടനം തന്നെ നടക്കുകയുണ്ടായി.

സിറിയായിൽ നിന്നു വന്ന സൈന്യത്തെ ഖഅ്ഖ (റ) പെരുവിഭാഗങ്ങളായി വിഭജിച്ചു. ഒന്നിനു പുറകെ മറ്റൊന്നെന്ന നിലക്കു ആ സൈന്യവിഭാഗങ്ങളും യുദ്ധക്കളത്തിലേക്കു നീങ്ങിത്തുടങ്ങി. ആകയാൽ സന്ധ്യയായിട്ടും ആ സൈന്യവിഭാഗങ്ങളുടെ വരവ് അവസാനിച്ചില്ല. സൈന്യങ്ങളുടെ ഇടമുറിയാത്ത വരവു ശത്രുക്കളെ അമ്പരപ്പിച്ചു. 'അല്ലാഹു അക്ബർ' എന്ന തക്ബീർ ധ്വനി അന്തരീക്ഷത്തെ മുഖരിതമാക്കി.

ആനകളില്ലെന്നതായിരുന്നു മുസ്‌ലിം സൈന്യത്തിന്റെ ഒരു ന്യൂനത. ഖഅ്ഖ (റ) ഈ ന്യൂനത പരിഹരിപ്പാൻ ഒരു സൂത്രം കണ്ടുപിടിച്ചു. ഒട്ടകങ്ങളെ കൃത്രിമവേഷം ധരിപ്പിച്ചു അവക്കു ഭീകരത ഉണ്ടാക്കുക എന്നതായിരുന്നു ആ സൂത്രം. അതു ഫലിക്കുകയും ചെയ്തു. അസാധാരണ ഭീകരതയോടു കൂടി ജന്തുക്കളെ കണ്ടപ്പോൾ പേർസ്യൻ കുതിരകളും മിരണ്ടോടി.

യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കെ, ഖലീഫ കൊടുത്തയച്ച വിലപിടിച്ച കുതിരകളെയും കൊണ്ടു ചിലർ സ്ഥലത്തെത്തി. കുതിരകൾക്കു ചില ചില ഖഡ്ഗങ്ങളും അവരുടെ കയ്യിലുണ്ടായിരുന്നു. ആഗതർ ഇപ്രകാരം പറഞ്ഞു:- 'ഇവ ഖലീഫ തന്നയച്ച സമ്മാനങ്ങളാണ്. അഫ്രായവക്കു ഈ സമ്മാനങ്ങളും നൽകേണമെന്നു അമീറുൽമുഅ്മിനീൻ കല്പിച്ചിരിക്കുന്നു.' ഹമ്മാൽബിൻമാലിക് (റ), റബീൽബിൻഅംറ് (റ), തലൈഹബിൻഖുവൈലദ് (റ), ആസിംബിൻഉമറത്തമീമീ (റ) എന്നിവക്കു ഓരോ ഖഡ്ഗം സമ്മാനമായി നൽകപ്പെട്ടു. സമ്മാനമായി അയക്കപ്പെട്ട നാലു കുതിരകളെയർബ്ബു ഗോത്രക്കാരായ നാലു യോദ്ധാക്കൾക്കു കിട്ടി.

ഒസരാധാരണ ധീരൻ

അതിലിടക്കു ഒരു സംഭവം നടന്നു. അബൂമഹ്ജാൻസഖഫി എന്ന ഒരു യോദ്ധാവ് വീണ്ടുകിട്ടിയതിനു സഅ്ദ് (റ)

അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. തടങ്കലിലിരുന്നുകൊണ്ടു അദ്ദേഹം യുദ്ധരംഗത്തു നടക്കുന്ന സംഭവങ്ങൾ വീക്ഷിച്ചു. ആവേശം അദ്ദേഹത്തെ അവിടെ അടങ്ങിയിരിക്കുവാൻ അനുവദിച്ചില്ല. തന്നെ യുദ്ധത്തിൽ പങ്കെടുപ്പാൻ അനുവദിക്കണമെന്നും യുദ്ധം കഴിഞ്ഞാൽ വീണ്ടും താൻ തടവുശിക്ഷ അനുഭവിച്ചുകൊള്ളാമെന്നും അദ്ദേഹം സഅ്ദ് (റ) വോട് പറഞ്ഞെങ്കിലും, സൈന്യാധിപൻ ആ അഭ്യർത്ഥന സ്വീകരിച്ചില്ല. എന്നിട്ടും തടവുകാരനായ ആ യോദ്ധാവിനു പൊരുതി കിട്ടിയില്ല. അയാൾ സഅ്ദ് (റ) വിന്റെ ഭാര്യയെ സമീപിച്ചു, തന്റെ അഭ്യർത്ഥന ആവർത്തിച്ചു. എന്നിട്ടും ആ അഭ്യർത്ഥന സ്വീകരിക്കപ്പെട്ടില്ല. പക്ഷെ, അബൂമഹ്ജാൻ പിൻവാങ്ങിയില്ല. അഭ്യർത്ഥന ആവർത്തിക്കുവാൻ ആവേശം അദ്ദേഹത്തെ പ്രേരിപ്പിച്ചു അവസാനം സഅ്ദ് (റ) വിന്റെ പത്നിയായ സൽമാ (റ) തന്റെ സ്വാധികാരം ഉപയോഗിച്ചു അദ്ദേഹത്തെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു.

ബന്ധനത്തിൽ നിന്നു സോപാധികം താൽക്കാലിക മോചനം ലഭിച്ചു ഉടനെ, അദ്ദേഹം ലായത്തിലേക്കു കുതിക്കുകയും, സഅ്ദ് (റ) വിന്റെ ബൽഖാ എന്ന കുതിരയെ അഴിച്ചു, അതിനു ജീനിയിട്ടു അതിന്റെ പുറത്തുകയറി, യുദ്ധക്കളത്തിലേക്കു പുറപ്പെടുകയും ചെയ്തു. കയ്യിൽ കുന്തവുമായി കൊടുങ്കാറ്റുപോലെ ശത്രുക്കളുടെ അണിയിലേക്കു കുതിച്ചുചെന്ന അബൂമഹ്ജാൻ (റ) പേർസ്യൻ സൈന്യത്തെ അമ്പരപ്പിച്ചു. ആ മുന്നേറ്റത്തെ തടുക്കുവാൻ ആർക്കും സാധിച്ചില്ല. ശത്രുപക്ഷത്തിൽപ്പെട്ട നിരവധി യോദ്ധാക്കളെ അദ്ദേഹം വധിച്ചു. സാഹസികനും അപ്രതിരോധ്യനുമായ ഈ യോദ്ധാവ് ആരാണെന്നു മനസ്സിലാക്കുവാൻ പേർസ്യൻ സേനക്കെന്നപോലെ മുസ്‌ലിം സേനക്കും സാധിച്ചില്ല. സഅ്ദ് (റ) അത്തുലൈഹ്ളാഇങ്ങളോടുകൂടി ആ മുന്നേറ്റത്തെ വീക്ഷിച്ചു. ആ യോദ്ധാവു് അബൂമഹ്ജാനായിരിക്കേണമെന്നു, യുദ്ധം ചെയ്യുന്ന സമ്പ്രദായത്തിൽനിന്നു അദ്ദേഹം ഊഹിച്ചു. പക്ഷെ, അബൂമഹ്ജാൻ ബന്ധനസ്ഥനാക്കപ്പെട്ടിരിക്കുകയാണെന്നുള്ള വസ്തുത ആ ഊഹത്തെ ദുർബ്ബലപ്പെടുത്തി. സന്ധ്യയായപ്പോൾ അബൂമഹ്ജാൻ (റ) യുദ്ധക്കളത്തിൽനിന്നു നേരെ കാരാഗാരത്തിലേക്കു മടങ്ങുകയും, ഇരുമ്പുചങ്ങലയാൽ സ്വയം ബന്ധിതനാവുകയും ചെയ്തു. സഅ്ദ് (റ) വിന്റെ ഭാര്യ സൽമാ (റ) ഈ വസ്തുതകളെല്ലാം തന്റെ ഭർത്താവിനെ ധരിപ്പിച്ച വസ്തുതകൾ കേട്ട ഉടനെ സഅ്ദ് (റ) ആ വീരയോദ്ധാവിനെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുകയും ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്തു:— 'ഇസ്‌ലാമിനോടുള്ള ഭയഭക്തിയെ ഈ നിലയിൽ വ്യക്തമാക്കിയ ഒരു വ്യക്തിയുടെ മേൽ ശിക്ഷ നടത്തുക എന്നതു, അല്ലാഹുവാണെ സത്യം, എനിക്കു സാദ്ധ്യമല്ല:' ഇതുകേട്ടപ്പോൾ 'മേലിൽ ഒരിക്കലും തന്നെ ഞാൻ വീഞ്ഞിന്റെ രുചി ആസ്വദിക്കുകയില്ല' എന്നു അബൂമഹ്ജാൻ (റ) പ്രഖ്യാപിച്ചു. ['കിതാബുൽ ഖറാജ്', എന്ന ഗ്രന്ഥത്തിൽ മഹാനായ ഖാളീഅബൂയൂസുഫ് ഈ വസ്തുത രേഖപ്പെടുത്തീട്ടുണ്ട്.]

ഒരു മാതാവും നാലു മക്കളും

അറബിഭാഷയിൽ 'അഗ്വത്' എന്നു പേരുള്ള ഈ ദിവസം തന്നെ സ്മരണീയമായ മറെറാരു സംഭവംകൂടി നടക്കുകയുണ്ടായി. അറേബ്യയിലെ അനുഗ്രഹീത കവയിത്രിയും അറിയപ്പെട്ട സാഹിത്യകാരിയും അതുല്യവാഗ്മിയുമായിരുന്ന ഖൻസാ (റ) യുടെ നാലു പുത്രന്മാർ പോക്കളത്തിലിറങ്ങിയതാണു് ആ സംഭവം. ഉമർഖാത്വിന്റെ കാലത്തു് ആ മഹ

തി ഇസ്‌ലാംമതം വിശ്വസിക്കുകയും ഖലീഫയെ സന്ദർശിക്കുകയും ചെയ്തു. ഖൻസാ (റ) യുടെ കൃതികൾ ബൈറൂത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പണ്ഡിതവര്യനായ അബുൽഫറാജ് ഇസ്ഫഹാനി രചിച്ച 'കിതാബുൽ അഗാനി' എന്ന ഗ്രന്ഥത്തിൽനിന്നു ഈ മഹതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാവുന്നതാണ്. ഖൻസാ (റ) തന്റെ മക്കളോടൊപ്പം ഈ യുദ്ധരംഗത്തെത്തിയിരുന്നു. 'അഗ്‌വത്' എന്ന രണ്ടാം ദിവസം യുദ്ധം ആരംഭിച്ചപ്പോൾ, പോർക്കളത്തിലിറങ്ങിയ തന്റെ മക്കളെ അഭിസംബോധനം ചെയ്തുകൊണ്ട് ആ വീരമാതാവ് ഇപ്രകാരം പ്രസ്താവിച്ചു:-'എന്റെ പ്രിയപ്പെട്ട പുത്രന്മാരെ, നിങ്ങളുടെ നാട് നരകിച്ചുപോയതുകൊണ്ടോ, ദാരിദ്ര്യം നിങ്ങളെ പിടികൂടിയതുകൊണ്ടോ, പേർസ്യക്കാരുടെ ദാക്ഷിണ്യം നേടുവാൻ വേണ്ടിയല്ല നിങ്ങൾ നിങ്ങളുടെ വൃദ്ധമാതാവിനെ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ പുത്രന്മാരാണ്; നിങ്ങളുടെ മാതാവിന്നു ജനിച്ചവരുമാണ്. നിങ്ങളുടെ പിതാവിനെ ഞാൻ ഒരിക്കലും വഞ്ചിച്ചിട്ടില്ല. അപ്രകാരംതന്നെ, നിങ്ങളുടെ മാതുലന്റെ യശസ്സിൽ ഒരു കാക്കപ്പുള്ളിപോലും ഉണ്ടാക്കീട്ടുമില്ല. നിങ്ങൾ പോർക്കളത്തിലേക്കു കുതിക്കുവിൻ; അന്ത്യംവരെ അടരാടുവിൻ.' ആ വീരമാതാവിന്റെ വീരപുത്രന്മാർ കുതിരപ്പുറത്തുകയറി, ശത്രുക്കളുടെ അണിയിലേക്കു കുതിച്ചുനീങ്ങി. മകനെ തന്റെ കാഴ്ചപ്പാടിൽനിന്നു മറഞ്ഞുകഴിഞ്ഞപ്പോൾ, കൈകൾ ഉയർത്തിക്കൊണ്ട് ആ വൃദ്ധമാതാവ് ഇപ്രകാരം പ്രാർത്ഥിച്ചു:-'അല്ലാഹുവേ, നീ എന്റെ മക്കളെ കാത്തുരക്ഷിക്കേണമേ.'

ഈ യുദ്ധത്തിൽ മുസ്‌ലിം പക്ഷത്തുനിന്നു രണ്ടായിരം യോദ്ധാക്കളും ശത്രുപക്ഷത്തുനിന്നു പതിനായിരം യോദ്ധാക്കളും മൃത്യുവടഞ്ഞു.

മൂന്നാം ദിവസവും യുദ്ധം തുടർന്നു. ഈ ദിവസത്തിന്നു അറബീ ഭാഷയിൽ 'യൌമുൽ അമാസ്', എന്നു പേർ. ഇത്തവണ ഖഅ്ഖാ (റ) ഒരു സൂത്രം പ്രയോഗിച്ചു. രാത്രിയായപ്പോൾ, കുതിരപ്പട്ടാളത്തിലെയും കാലാൾസേനയിലേയും ഓരോ ചെറുവിഭാഗം അകലെ ഒരിടത്തു മാറി നില്ക്കുവാനും, നേരം പുലർന്നാൽ നൂറു വീതം ആളുകളുള്ള സംഘങ്ങളായി തുടരെത്തുടരെ യുദ്ധരംഗത്തേക്കു കുതിച്ചുവരുവാനും അദ്ദേഹം നിർദ്ദേശിച്ചു. അപ്രകാരം അവർ പ്രവർത്തിക്കുകയും ചെയ്തു. ഓരോ സംഘം യുദ്ധക്കളത്തിലെത്തിച്ചേരുമ്പോഴും മുസ്‌ലിംസേന 'അല്ലാഹു അക്‌ബർ' എന്ന തക്‌ബീർ ധ്വനി മുഴക്കി. ഭാഗ്യാതിരേകത്താലെന്നപോലെ, അപ്പോഴേക്കും, സിറിയായിൽനിന്നു അബൂഉബൈദ (റ) നിയോഗിച്ച എഴുനൂറു പേരടങ്ങിയ കുതിരപ്പട്ടാളം ഹിശാം (റ) വിന്റെ നേതൃത്വത്തിൽ യുദ്ധരംഗത്തെത്തിച്ചേർന്നു. യുദ്ധക്കളത്തിൽ നടക്കുന്ന സംഭവങ്ങളും യസ്ദ്ഗീർ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഹിശാം (റ) മുസ്‌ലിം സൈന്യത്തെ ഇപ്രകാരം ആഹ്വാനം ചെയ്തു:-'നിങ്ങളുടെ സഹോദരന്മാർ സിറിയ കീഴടക്കി. പേർസ്യൻ വിജയത്തെക്കുറിച്ചു അല്ലാഹു നല്കിയ വാഗ്ദാനം നിങ്ങളുടെ കൈകളാൽ പൂർത്തീകരിപ്പാൻ പോവുകയാണ്.'

മൂന്നാം ദിവസം യുദ്ധം ആരംഭിച്ചു. പേർസ്യൻ പക്ഷത്തുനിന്നു ഒരു അതികായൻ ദ്വന്ദയുദ്ധത്തിനു മുമ്പോട്ടു വന്നു. ആ അതികായനും അറബികളെ അമ്പരിപ്പിക്കുവാൻ കഴിഞ്ഞില്ല. കൃശശരീരിയായ ഒരു മുസ്‌ലിം ഭടൻ ആ അതികായന്റെ കഥ കഴിച്ചു. തുടർന്നു പല ദ്വന്ദയുദ്ധങ്ങളും നടന്നു. അതിലിടക്കു പേർസ്യക്കാർ അവരുടെ കാലാൾ സൈന്യത്തിന്റെ ഇടത്തും വലത്തും ആനകളെ അണിനിരത്തി. അതു കണ്ടപ്പോൾ, ആനകളെ വെ

ട്ടുവാൻ വാളരിപ്പിടിച്ചുകൊണ്ടു അംറു് മങ്ങ്ദി കറബ്‌ (റ) മുമ്പോട്ടു കുതിച്ചു. പേർസ്യൻ കാലാൾപ്പട ഒന്നടങ്കം അദ്ദേഹത്തിന്റെ മേൽ ചാടി വീണു. അതു കണ്ടു് മുസ്‌ലിം സേന മങ്ങ്ദികറബ്‌ (റ) വിന്റെ രക്ഷക്കോടിയെത്തി. ഒരു കനത്ത യുദ്ധത്തിനു ശേഷം പേർസ്യൻ പട്ടാളക്കാർ പിൻവാങ്ങി. അപ്പോഴേക്കും അടിതൊട്ടു മുടിവരെ വെട്ടേറു കഴിഞ്ഞ കറബ്‌ (റ) രക്തത്തിൽ കുളിച്ചു പോയിരുന്നു. എന്നിട്ടും ആ ധീരയോദ്ധാവു് തന്റെ വാൾ കയ്യിൽ നിന്നു് വിട്ടിരുന്നില്ല. രക്തത്തിൽ കുളിച്ചു നില്ക്കുന്ന കറബ്‌ (റ) വിന്റെ നേരെ ഒരു പേർസ്യൻ കുതിരപട്ടാളക്കാരൻ ആക്രമികമായി ചാടിഅടുത്തു. കറബ്‌ (റ) ആ കുതിരയുടെ വാലിൽ കയറിപ്പിടിച്ചു. കുതിരപ്പുറത്തിരിക്കുന്ന പട്ടാളക്കാരൻ പഠിച്ച പണി പതിനെട്ടും പ്രയോഗിച്ചിട്ടും കറബ്‌ (റ) കുതിരയുടെ വാൽ വിട്ടില്ല. രക്ഷയില്ലെന്നു വന്നപ്പോൾ ആ പേർസ്യൻ പട്ടാളക്കാരൻ കുതിരപ്പുറത്തുനിന്നു നിലത്തു ചാടി, ഓടി രക്ഷപ്പെട്ടു. കറബ്‌ (റ) ആ കുതിരപ്പുറത്തു കയറി ഇരിപ്പുറപ്പിച്ചു.

പേർസ്യക്കാരുടെ ആനകളം മുസ്‌ലിം അണികളിൽ വിടവുണ്ടാക്കിക്കൊണ്ടിരുന്ന കാഴ്ച സഅ്ദ്‌ (റ) വിനെ ഉൽക്കണ്ഠാകുലനാക്കിതീർത്തു. ഈ ഗജശല്യത്തെ ഇല്ലാതാക്കുവാനുള്ള മാർഗ്ഗമെന്തെന്നാരായുവാൻ ളഖം, സലാം എന്നിവരെ സഅ്ദ്‌ (റ) വിളിച്ചു വരുത്തി. അവർ രണ്ടു പേരും ഇസ്‌ലാംമതം വിശ്വസിച്ച പേർസ്യക്കാരായിരുന്നു. ആനകളുടെ തുമ്പിക്കൈകളും കണ്ണുകളും നശിപ്പിക്കുക എന്നതു മാത്രമാണു് അവയെ ഒതുക്കുവാനുള്ള ഏകമാർഗ്ഗമെന്നു അവർ പ്രസ്താവിച്ചു. അബ്‌യള്, അജ്‌റബ്‌ എന്നീ രണ്ടാനകളായിരുന്നു പേർസ്യൻ ആനകളുടെ നേതാക്കൾ. അവ പടക്കുറവൻ ആനകളുമായിരുന്നു. ഖഅ്ഖ, ഹമ്മാൽ, റബീൽ എന്നിവരെ വിളിച്ചു് സഅ്ദ്‌ (റ) അവർക്കു ചില നിർദ്ദേശങ്ങളും നല്കുകയും ആനകളെ ഒതുക്കുവാനുള്ള ഉത്തരവാദിത്തം അവരിൽ ഭരമേല്പിക്കുകയും ചെയ്തു. ഖഅ്ഖ (റ) ആദ്യമായി കുറെ കുതിരപ്പട്ടാളക്കാരെയും കാലാൾസേനയെയും നിയോഗിച്ചു ആനകൾക്കു ചുറ്റും ഉപരോധം ഏർപ്പെടുത്തി അനന്തരം ഒരു കുന്തവുമായി അദ്ദേഹം വെള്ളാനയെ സമീപിച്ചു. ആസിം (റ) അദ്ദേഹത്തെ പിന്തുടർന്നു. രണ്ടു പേരും ഒരെ സമയത്തു കുന്തം പ്രയോഗിക്കുകയും ആ ആനയുടെ കണ്ണുകളും രണ്ടും നശിപ്പിക്കുകയും ചെയ്തു. വേദന സഹിപ്പാൻ കഴിയാതെ അലറിക്കൊണ്ടു ആന പിന്നോട്ടു നീങ്ങിയതും ഖഅ്ഖ (റ) അതിന്റെ തുമ്പിക്കൈ തന്റെ വാൾകൊണ്ടു വെട്ടി മുറിച്ചു. ഇതെ സമയത്തു്, ഹമ്മാൽ (റ) വും റബീൽ (റ) വും ഇതെ നിലയിൽ കുത്ത ആനയേയും വശം കെടുത്തി. ഇതു കണ്ടപ്പോൾ മറാനകളം കൂട്ടത്തോടെ ഓടിക്കളഞ്ഞു. ആനകളം നീങ്ങിക്കഴിഞ്ഞതോടുകൂടി രംഗം തെളിഞ്ഞു. രണ്ടു സൈന്യങ്ങളും നേർക്കുനേരെ ഏറുമുട്ടി. യുദ്ധവിളികളാൽ അന്തരീക്ഷം മുഖരിതമായി; ഭൂമി കിടുകിടുത്തു. രണ്ടു വിഭാഗക്കാരും സൈന്യങ്ങളെ വീണ്ടും അണിനിരത്തി. പേർസ്യക്കാർ പതിമൂന്നണികളായി നിരന്നു. ഒന്നിനു പിന്നിൽ മറെറാന്നു് എന്ന നിലക്കു മൂന്നണികളായി മുസ്‌ലിം സേനയും നിരന്നു നിന്നു.

യുദ്ധം ആരംഭിച്ചു. പേർസ്യൻ സേനാധിപന്മാരിലൊരാൾ ക്രമക്കേടു കാണിച്ചുവരുമിത്തം, മൂന്നു തക്‌ബീറുകൾ മുഴങ്ങുന്നതിനു മുമ്പെ യുദ്ധത്തിലേർപ്പെടുവാൻ ഖഅ്ഖ (റ) നിർബ്ബന്ധിതനായി. ഇതു കണ്ടപ്പോൾ 'ക്രമം തെറ്റിച്ച കുറ്റം നീ അദ്ദേഹത്തിനു പൊറു

ത്തുകൊടുക്കേണമെ' എന്നു സഅ്ദ് (റ) പ്രാർത്ഥിച്ചു. ഖഅ്ഖ (റ) വിനെ ബനൂഅസദ് ഗോത്രസേന അനുഗമിച്ചു. നഖഅ്, ബഹീലാ, കിന്ദാ എന്നീ ഗോത്രസേനകളും ബനൂഅസദിനെ പിന്തുടർന്നു. അവർ ശത്രുക്കളുമായി ഘോരയുദ്ധം നടത്തിക്കൊണ്ടിരിക്കെ, 'അല്ലാഹുവേ, നീ അവർക്കു പൊറുത്തു കൊടുക്കുകയും, അവരെ തുണക്കുകയും ചെയ്യേണമെ' എന്നു സഅ്ദ് (റ) പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.

പേർസ്യൻ കുതിരപ്പട്ടാളത്തിന്റെ മതിൽക്കെട്ടുപോലുള്ള അണികളെ ഭേദിപ്പാൻ മുസ്‌ലിംസേനക്കു സാധിച്ചില്ല. തന്നിമിത്തം അവർ കുതിരപ്പുറത്തുനിന്നു താഴെയിറങ്ങി ശത്രുനിരയെ ആക്രമിച്ചു.

അടിതൊട്ടു മുടിവരെ ഇരുമ്പുകവചങ്ങളണിഞ്ഞ ഒരു സൈന്യവിഭാഗം പേർസ്യൻ അണികളിലുണ്ടായിരുന്നു. ഹമീളാ ഗോത്രസേന ആ കവചധാരികളുമായി ഏറ്റുമുട്ടി. പക്ഷെ, വാളുകൊണ്ടു കവചങ്ങളെ വെട്ടിനുറുക്കുവാൻ കഴിഞ്ഞില്ല. 'നിന്റെ വാളിന്നു എന്റെ കവചത്തെ സ്പർശിപ്പാൻ ശക്തിപോരാ' എന്നു ആ കവചധാരികളുടെ നേതാവു് വീരവാദം മുഴക്കിയതും, ഹമീളാ ഗോത്രത്തലവന്റെ കുന്തം അയാളുടെ വയർ തുളച്ചതും ഒരുമിച്ചു കഴിഞ്ഞു. ഇതുകേട്ടപ്പോൾ മുസ്‌ലീംകൾ അതിധീരതയോടെ മുന്നേറുകയും ആ കവചധാരികളെ മുഴുവൻ കൊന്നൊടുക്കുകയും ചെയ്തു.

രാത്രിയാകുവോളം ആ യുദ്ധം നീണ്ടുനിന്നു. പക്ഷെ, തീരുമാനമുണ്ടായില്ല. അവിശ്രമം യുദ്ധം ചെയ്തുകൊണ്ടു യോദ്ധാക്കൾ തികച്ചും പരിക്ഷീണിതരായിഴഞ്ഞു. ക്ഷീണം നിമിത്തം അവരുടെ കാലുകൾ കുഴഞ്ഞുപോയി. യുദ്ധത്തിനു ഒരു തീരുമാനമുണ്ടാക്കുവാൻ ഖഅ്ഖ (റ) അവസാനം ഒരു പദ്ധതി ആസൂത്രണം ചെയ്തു. പല ഗോത്രത്തലവന്മാരിൽ നിന്നും പ്രശസ്ത യോദ്ധാക്കളെ അദ്ദേഹം തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട ആ യോദ്ധാക്കളുടെ അണി പേർസ്യൻ സർവ്വസൈന്യാധിപനായ റുസ്തമിനെ ലക്ഷ്യംവെച്ചുകൊണ്ടു കുതിച്ചു. ഇതുകണ്ടപ്പോൾ ബൈസ് (റ), അശ്അത് (റ), അംറുമഅ്ദികറബ് (റ), ഇബ്നുൽബൽഇയാൻ (റ) എന്നീ ഗോത്രത്തലവന്മാർ തങ്ങളുടെ അണികളെയും ആ വഴിക്കു തിരിച്ചു. ഈ കാഴ്ച മുസ്‌ലിം സൈന്യവിഭാഗങ്ങളിൽ ഒരു പുതിയ ആവേശം ഉത്തേജിപ്പിക്കുകയും, അവരെല്ലാം തന്നെ, ഖഡ്ഗപാണികളായി ശത്രുക്കളുടെ നേരെ ഇരമ്പിക്കയറുകയും ചെയ്തു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുന്ന വിഷയത്തിൽ ഞാൻ ഞാൻ മുമ്പനാകേണമെന്നു അവരിൽ ഓരോരുത്തരും ആഗ്രഹിച്ചു. മുസ്‌ലിംകളുടെ ആ മുന്നേറ്റത്തെ തടുക്കുവാൻ പേർസ്യൻ യോദ്ധാക്കൾക്കു കഴിഞ്ഞില്ലെന്നു മാത്രമല്ല, അവർ ആ മുന്നേറ്റത്തിന്റെ മുമ്പിൽ തൂളിപ്പോവുകയും ചെയ്തു. ഫീർസാനും ഹുർമസാനും ഇഞ്ചിഞ്ചായി പിൻതിരിക്കപ്പെട്ടു. അങ്ങിനെ ഇരമ്പിക്കയറിക്കൊണ്ടു മുസ്‌ലിംസേന റുസ്തമിനെ സമീപിച്ചു. റുസ്തം അല്പനേരം എതിർത്തുനോക്കിയെങ്കിലും ഫലിച്ചില്ല. ഏറുമുട്ടലിൽ പിണഞ്ഞ പരുക്കുകളുമായി റുസ്തം ആത്മരക്ഷാർത്ഥം ഓടിക്കളഞ്ഞു. ഹിലാൽ എന്നു പേരുള്ള ഒരു മുസ്‌ലിം യോദ്ധാവു് റുസ്തമിന്റെ പിന്നാലെ ഓടി. കുറെ മുമ്പോട്ടോടിയപ്പോൾ ഒരു കൊച്ചരുവി റുസ്തമിന്റെ മാർഗ്ഗത്തെ തടസ്സപ്പെടുത്തി. റുസ്തം ആ അരുവിയിൽ ചാടി. ഹിലാൽ (റ) വും അരുവിയിൽ ചാടി റുസ്തമിന്റെ കാലിൽ പിടിച്ചിഴച്ചു കരയിൽ കൊണ്ടുവന്നു. അനന്തരം ഹിലാൽ (റ) റുസ്തമിനെ തന്റെ വാൾകൊണ്ടു വെട്ടിക്കൊന്നു. തിരിച്ചുവന്നു, റുസ്തമിന്റെ സീം

ഹാസനത്തിൽ കയറിയിരുന്നുകൊണ്ട് താൻ വസ്തമിന്റെ കഥ കഴിച്ച വാർത്ത ഹിലാൽ (റ) പ്രഖ്യാപിച്ചു. * ഈ വാർത്ത പേർസ്യൻ യോദ്ധാക്കളെ അമ്പരപ്പിക്കുകയും അസ്വസ്ഥരാക്കുകയും ചെയ്തു. അവർ ആത്മരക്ഷാർത്ഥം കൂട്ടത്തോടെ ഓടിത്തുടങ്ങി. മുസ്‌ലിംകൾ അവരെ വിട്ടില്ല. ആയിരക്കണക്കിൽ ശത്രുക്കൾ വധിക്കപ്പെട്ടു.

ഇങ്ങിനെ കട പുഴക്കപ്പെട്ടതിനു ശേഷവും പ്രമാണികരായ ചില പേർസ്യൻ സേനാനികൾ യുദ്ധക്കളം വിടാതെ യുദ്ധം തുടരുകതന്നെ ചെയ്തു. ഇവരിൽ, ശഹ്‌രിയാർ, ഇബ്‌നുൽഹർബദ്, ഫർഖാൻ അഹ്‌വാസി, ഖുസ്രോശനും ഹമദാനീൻ എന്നിവർ അടരാടിക്കൊണ്ടു തന്നെ മരണം വരിച്ചു. ഹുർമുസാൻ, അഹ്‌വദ്, ഖാറാൻ എന്നിവർ ഓടിരക്ഷപ്പെട്ടു. ഈ യുദ്ധത്തിൽ എണ്ണമറ പേർസ്യൻ യോദ്ധാക്കൾ കൊല്ലപ്പെട്ടു. മുസ്‌ലിം പക്ഷത്തുനിന്നു ആറായിരത്തോളം യോദ്ധാക്കൾ രക്തസാക്ഷികളായി.

ഈ യുദ്ധത്തിൽ സഅ്ദ് (റ) നേരിട്ടു പങ്കെടുത്തിരുന്നില്ലല്ലൊ. തന്നിമിത്തം മുസ്‌ലിം യോദ്ധാക്കൾ അദ്ദേഹത്തെ പരിഹസിച്ചുകൊണ്ടു പാട്ടു പാടിത്തുടങ്ങി. അതുകേട്ടപ്പോൾ സഅ്ദ് (റ) അവരെയെല്ലാം ഒരിടത്തു സമ്മേളിപ്പിക്കുകയും തന്റെ സന്ധ്യക്കളിലെ നീർക്കെട്ടി അവക്കു കാണിച്ചുകൊടുക്കുകയും, യുദ്ധത്തിൽ നേരിട്ടു പങ്കെടുക്കാതിരുന്നതിന്റെ കാരണം അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

വിജയവാർത്തക്കു ദാഹിക്കുന്ന ഖലീഫ

വിജയവാർത്ത ഖലീഫയെ അറിയിപ്പാനായി സഅ്ദ് (റ) ഒരു ദൂതനെ മദീനയിലേക്കു നിയോഗിച്ചു. ഇരുഭാഗത്തും മരിച്ച ആളുകളുടെ എണ്ണമടക്കം യുദ്ധത്തിന്റെ പൂർണ്ണവിവരങ്ങളടങ്ങിയ കത്തു ആ ദൂതന്റെ വശം ഏല്പിച്ചു. അയാൾ ഒട്ടകപ്പുറത്തുകയറി മദീനയിലേക്കു കുതിച്ച ആ ദൂതനെ നഗരത്തിന്റെ പുറത്തുവെച്ചു ഒരാൾ സമീപിക്കുകയും, എവിടെ നിന്നു വരികയാണെന്നന്വേഷിക്കുകയും ചെയ്തു. ഖാദിസിയായിൽനിന്നു വരുന്ന ആളാണെന്നറിഞ്ഞപ്പോൾ ഉൽക്കണ്ഠാപൂർവ്വം അദ്ദേഹം യുദ്ധസ്ഥിതികളെക്കുറിച്ചു ആഗതനോടന്വേഷിച്ചു. ആഗതൻ ഒരിടത്തുനിന്നു മറുപടി പറയാതെ, 'ഞങ്ങൾ ജയിച്ചുവെന്നു പറഞ്ഞുകൊണ്ടു ഒട്ടകത്തെ അതിശീഘ്രം ഓടിച്ചു. ഒട്ടകത്തിന്റെ പിന്നാലെ ഓടിക്കൊണ്ടു അപരൻ യുദ്ധവിവരങ്ങളെക്കുറിച്ചു വീണ്ടും വീണ്ടും അന്വേഷിച്ചു. അങ്ങിനെ അവർ രണ്ടുപേരും നഗരാതിർത്തിയിലെത്തിയപ്പോൾ, തന്റെ കൂടെ ഓടുന്ന ആളെ ജനങ്ങൾ 'അമീറുൽമുഅ്മിനീൻ' എന്നു സംബോധന ചെയ്യുന്നു കേട്ടപ്പോൾ, ഒട്ടകപ്പുറത്തു സവാരിചെയ്യുന്ന ആ ദൂതൻ വിറച്ചുപോയി. തന്നോടു യുദ്ധവാർത്ത അന്വേഷിച്ചുകൊണ്ടു ഓടിയ ആ മനുഷ്യൻ ആരാണെന്നു മനസ്സിലാക്കുവാൻ അപ്പോൾ മാത്രമേ ആ ദൂതനു സാധിച്ചുള്ളൂ. ഖലീഫയാകട്ടെ, യുദ്ധം തുടങ്ങിയതു മുതൽ ഓരോ ദിവസവും യുദ്ധവാർത്ത അറിവാനുള്ള ജിജ്ഞാസയാൽ നഗരത്തിന്നപ്പുറം കുറേ ദൂരംനടന്നുപോവുക പതിവായിരുന്നു. യുദ്ധരംഗത്തു

---

* വസ്തമിനെ വധിച്ച ആളുടെ പേർ അറിയപ്പെട്ടിട്ടില്ലെന്നാണ് ചരിത്രകാരനായ ബലാദുരി പ്രസ്താവിച്ചിട്ടുള്ളതു്. പക്ഷെ, അംറു മഅ്ദികറബ് (റ), തുലൈഹബിൻഖുവൈലദ് (റ), ഫറാത്ബിൻജമാഹ് (റ) എന്നീ മൂന്നുപേർ വസ്തമുമായി ഏറെ മുട്ടീട്ടുണ്ടെന്നുള്ളതു് തീച്ചയാണു്. 'അഖ്ബാറത്തിവാൽ' എന്ന ഗ്രന്ഥത്തിലാണു് വസ്തമിന്റെ ഘാതകൻ ഹിലാൽ (റ) ആണെന്നു പ്രസ്താവിച്ചിട്ടുള്ളതു്.

നിന്നും വരുന്ന ദൂതന്മാരെ വഴിയിൽവെച്ചു തന്നെ കണ്ടുമുട്ടാമെന്ന പ്രതീക്ഷയോടുകൂടിയാണ് അദ്ദേഹം അങ്ങിനെ ചെയ്തിരുന്നത്. പേടിച്ചുവിറക്കുന്ന ദൂതനോട് ഖലീഫ പറഞ്ഞു:- 'ഭയപ്പെടേണ്ട; ഒന്നും സംഭവിച്ചിട്ടില്ല. പറയൂ, വാർത്തകൾ മുഴുവൻ പറയൂ.' ഒട്ടകപ്പുറത്തു സവാരി ചെയ്യുന്ന ദൂതൻ സംഭവങ്ങൾ വിശദമായി പറഞ്ഞുതുടങ്ങി. വർത്തമാനങ്ങൾ കേട്ടുകൊണ്ട് ഖലീഫയും മുമ്പോട്ടുനടന്നു. ഖലീഫയുടെ വീട്ടിലെത്തുന്നതുവരെ ഒട്ടകപ്പുറത്തു സവാരിചെയ്യുന്ന ദൂതനോട് സംസാരിച്ചുകൊണ്ട് അദ്ദേഹം നടക്കുകതന്നെ ചെയ്തു. അനന്തരം ഖലീഫ മദീനക്കാരെ വിളിച്ചുവരുത്തുകയും മുസ്‌ലിം സൈന്യം വിജയം കൈവരിച്ച സന്തോഷവാർത്ത അവരെ അറിയിക്കുകയും ചെയ്തു. ഖലീഫയുടെ പ്രോജ്ജ്വലമായ പ്രസംഗം ഇപ്രകാരം ഉപസംഹരിച്ചു:-'അല്ലയോ മുസ്‌ലിംകളെ, നിങ്ങളെ അടിമകളാക്കുവാനുള്ള ഇച്ഛക്ക് എന്റെ ഹൃദയത്തിൽ സ്ഥാനമില്ല. കാരണം, ജനങ്ങളെ അടിമകളാക്കുവാൻ ആഗ്രഹിക്കുന്ന രാജാവല്ല ഞാൻ. ഖിലാഫത്തിന്റെ ഭാരം വഹിച്ചിട്ടുണ്ടെങ്കിലും, ഞാൻ സ്വയം അല്ലാഹുവിന്റെ അടിമയാകുന്നു. സംതൃപ്തരായി സുരക്ഷിതരായി സമാധാനപൂർവ്വം സ്വന്തം ഭവനങ്ങളിൽ കിടന്നുറങ്ങുവാൻ സാധിക്കത്തക്കവിധം നിങ്ങളെ സേവിക്കുവാൻ സാധിച്ചെങ്കിൽ, അതുതന്നെയാണ് എന്നെസ്സംബന്ധിച്ചേടത്തോളം ഏറ്റവും മഹത്തായ ഭാഗ്യം. എന്നാൽ, എപ്പോഴും നിങ്ങളെ എന്റെ ആശ്രിതരാക്കുവാനും, എന്റെ പരിചാരകരാവാനും ഞാൻ ആഗ്രഹിക്കുന്നപക്ഷം ഞാൻ നിന്ദ്യരിൽ നിന്ദ്യനായിരിക്കും. ഈ വസ്തുതവാക്കുകൊണ്ടല്ല, പ്രവൃത്തികൊണ്ടു നിങ്ങളെ ധരിപ്പിക്കേണമെന്നുള്ളതാണ് എന്റെ ഉദ്ദേശ്യം.'

ഖാദിസിയാ യുദ്ധത്തിൽ പങ്കെടുത്ത പേർസ്യക്കാരോ അറബികളെപ്പോലെ തന്നെ ഒരു വിഭാഗം ആളുകൾ യഥാർത്ഥത്തിൽ മുസ്‌ലിം വിരോധം കൊണ്ടല്ല, നേരെ മറിച്ചു പേർസ്യക്കാരുടെ ഭീഷണിക്കു വഴങ്ങിക്കൊണ്ടാണ് അങ്ങിനെ ചെയ്യേണ്ടിവന്നിരുന്നത്. അവരിൽ പലരും പേർസ്യക്കാരുടെ നിലപാടോടു അനുഭാവംപോലും പുലർത്തിയിരുന്നില്ല. യുദ്ധം അവസാനിച്ചപ്പോൾ അവർ സഅ്ദ് (റ) വിനെ സമീപിച്ചു ദയക്കപേക്ഷിച്ചു. ഈ വാർത്ത അദ്ദേഹം ഖലീഫയെ അറിയിച്ചു. ഖലീഫ തന്റെ കൂട്ടുകാരുടെ അഭിപ്രായം അറിവാൻ അവരെ വിളിച്ചുകൂട്ടി. മാപ്പപേക്ഷിച്ചിട്ടുണ്ടെങ്കിൽ മാപ്പുനൽകേണമെന്നു അവർ അഭിപ്രായപ്പെട്ടു. അങ്ങിനെ അവർക്കു മാപ്പുനൽകി.

യുദ്ധക്കളം സമാധാനത്തിന്റെ പുണ്യഭൂവായിമാറി. ജേതാക്കളും തദ്ദേശീയരും തമ്മിൽ സുദൃഢവും ആത്മാർത്ഥവുമായ മൈത്രീബന്ധം സ്ഥാപിതമായി. തദ്ദേശീയർ തങ്ങളുടെ പെൺമക്കളെ മുസ്‌ലിംകൾക്കു വിവാഹം കഴിച്ചുകൊടുപ്പാൻപോലും മടി കാണിച്ചില്ല. അങ്ങിനെ ഖാദിസിയ സമാധാനത്തിന്റെയും സൌഹൃദത്തിന്റെയും രംഗമായിമാറി.

ബാബൽ യുദ്ധം

ഖാദിസിയായിലെ പരാജയവും പേർസ്യക്കാരുടെ യുദ്ധക്കൊതിക്കു അതി വരുത്തിയില്ല. കോട്ടകെട്ടി ഉറപ്പിച്ച ബാബൽ എന്നിടത്തു അവർ വീണ്ടും സംഘടിച്ചു. ഹിജ്‌റാബ്ദം പതിനഞ്ചിലാണ് ബാബൽ യുദ്ധം നടന്നത്. പേർസ്യക്കാരുടെ ഒരുക്കമറിഞ്ഞപ്പോൾ സഅ്ദ് (റ) തന്റെ സൈന്യത്തെ ബാബലിലേക്കു നയിച്ചു. മാഗ്ഗതടസ്സങ്ങൾ നീക്കുവാനായി മുസ്‌ലിംസേനാധിപൻ നിയോഗിച്ച മുന്നോടിപ്പടയെ ബുർസ് എന്നിടത്തുവെച്ചു ബസീരീ എന്ന എതിരാളിയുടെ നേതൃത്വത്തിലുള്ള ഒരു സൈന്യം എതിർത്തെങ്കിലും മുസ്‌ലിംപട അവ

രെ പരാജയപ്പെടുത്തി. ബുർസിലെ മുഖ്യനായ ബുസ്‌താം മുസ്‌ലിംകളുമായി ഒരു സൌഹൃദസഖ്യത്തിലേർപ്പെട്ടു. ആത്മാർത്ഥമായ ആ സഖ്യത്തിന്റെ വെളിച്ചത്തിൽ, അദ്ദേഹം മുസ്‌ലിംസേനക്കു പല വിലപ്പെട്ട ഉപകാരങ്ങളും ചെയ്തു. ബാബലിലേക്കുള്ള വഴിയിൽ ഉണ്ടായിരുന്ന തോട്ടകൾക്കും പുഴകൾക്കും പാലങ്ങൾ കെട്ടി, മുസ്‌ലിം സൈന്യത്തിന്റെ യാത്രയെ സുഗമമാക്കി എന്നതാണ് അദ്ദേഹം ചെയ്ത ഉപകാരങ്ങളിൽ പ്രഥമ പ്രധാനം. മുസ്‌ലിം സേന ബാബലിൽഎത്തി, താവളമടിച്ചു. നഖീർജാൻ, ഹുർമുസാൻ, മെഹ്‌റാൻ, മെഹർജാൻ തുടങ്ങിയ പ്രസിദ്ധ യോദ്ധാക്കളടങ്ങിയ പേർസ്യൻസൈന്യം, യുദ്ധം ആരംഭിച്ചപ്പോഴേക്കും തോറ്റോടിക്കളഞ്ഞു.

ക്വസാ യുദ്ധം

തോറ്റോടിയ പേർസ്യക്കാർ ക്വസാ എന്നിടത്തു വീണ്ടും സംഘടിച്ചു. ചരിത്രപ്രാധാന്യമുള്ള ഒരു പ്രദേശമാണ് ക്വസാ. ഇബ്രാഹിം നബി (അ) യെ നമ്രൂദ് ബന്ധനസ്ഥനാക്കിയതു ഈ സ്ഥലത്താണെന്നു പറയപ്പെടുന്നു. ഇബ്രാഹിംനബി (അ) യെ പാപ്പിച്ച കൽത്തുരുങ്ക് അപ്പോഴും നിലനിൽക്കുന്നുണ്ടായിരുന്നു. സഅ്ദ് (റ) ആ കൽത്തുരുങ്ക് സന്ദർശിക്കുകയും ഇബ്രാഹിംനബി (അ) ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

സുഹ്‌റ (റ) വിന്റെ നേതൃത്വത്തിലാണ് ഒരു മുസ്‌ലിംസേന ക്വസായിൽവെച്ചു പേർസ്യക്കാരെ നേരിട്ടതു്. പേർസ്യൻ സൈന്യത്തിനു പ്രസിദ്ധസേനാനിയായ ശഹ്‌ർയാർ നേതൃത്വം നൽകി. സൈന്യങ്ങൾ യുദ്ധത്തിനണിനിരന്നപ്പോൾ, ശഹ്‌ർയാർ തന്നെ മുമ്പോട്ടുവന്നു, വ്യക്തിയുദ്ധത്തിനു വെല്ലുവിളിച്ചു. ഗർവ്വും ധിക്കാരവും കലർന്ന ആ വെല്ലുവിളിയെ നേരിടുവാൻ, തമീം ഗോത്രക്കാരുടെ അടിമയായ നാബിൽ നിയോഗിക്കപ്പെട്ടു. 'തന്റെ ഗർവ്വം അവസാനിപ്പിക്കുവാൻ ഒരു അടിമ മതിയാവും' എന്നു പറഞ്ഞുകൊണ്ടാണ് നാബിലിനെ സുഹ്‌റ (റ) രംഗത്തിറക്കിയതു്. അതികായനും മഹാശക്തനുമായ ശഹ്‌ർയാർ ക്രൂരഗാത്രനായ നാബിലിനെ പിടിലിക്കുപിടിച്ചു നിലത്തു തള്ളിയിട്ടു അയാളുടെ മാറത്തു കയറിഇരുന്നു. അതിലിടക്കു ശഹ്‌ർയാറിന്റെ ഒരു വിരൽ നാബിലിന്റെ വായിൽപ്പെട്ടുപോയി. ആ തക്കം നാബിൽ വ്യർത്ഥമാക്കിയില്ല. തന്റെ വായിൽപ്പെട്ട വിരൽ അയാൾ ശക്തിയായി കടിച്ചു. വേദന സഹിപ്പാൻ കഴിയാതെ അന്തംവിട്ട ശഹർയാറിനെ സൂത്രത്തിൽ നാബിൽ മലർത്തിടുകയും, അയാളുടെ മാറത്തുകയറി ഇരുന്നു നൊടിയിടയിൽ തന്റെ വാൾ ഊരിയെടുത്തു ശഹർയാറിന്റെ മാറിടം കുത്തിപ്പിളക്കുകയും ചെയ്തു. അനന്തരം, നാബിൽ പ്രതിയോഗിയുടെ വിലപിടിച്ച പടയങ്കികളും ആയുധങ്ങളും അഴിച്ചെടുത്തു സ്വന്തം അണിയിലേക്കു തിരിച്ചുവന്നു. ആ വിലപ്പെട്ട പടയങ്കികളും ആയുധങ്ങളും ധരിപ്പിച്ചുകൊണ്ടു് സഅ്ദ് (റ) നാബ്‌ലിനെ ബഹുജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചപ്പോൾ, കാണികൾക്കു അവരുടെ കണ്ണുകളെത്തന്നെ വിശ്വസിപ്പാൻ കഴിഞ്ഞില്ല.

ബഹ്‌റാശേർ യുദ്ധം

ക്വസായിൽനിന്നു ഏതാനും നാഴിക അകലെ സ്ഥിതിചെയ്ത ഒരു നഗരമാണ് ബഹ്‌റാശേർ. തങ്ങൾ ജീവിച്ചിരിക്കുന്നേടത്തോളം കാലം പേർസ്യൻ സാമ്രാജ്യത്തിനു യാതൊരു ഊനവും സംഭവിക്കുകയില്ലെന്ന സത്യവാചകം ഓരോ ദിവസവും ആവർത്തിച്ചു കഴിഞ്ഞുകൂടുന്ന പ്രതിജ്ഞാബദ്ധരായ ഒരു കുതിരപ്പട്ടാളത്തെ പേർസ്യൻ ചക്രവർത്തി ഈ നഗരത്തിൽ പ്രത്യേകം നിലനിറുത്തിയിരുന്നു. മാത്രമല്ല,

മെരുക്കിയെടുത്ത ഒരു സിംഹത്തെ നഗരത്തിൽ സ്വതന്ത്രമായി അലഞ്ഞുതിരിയുവാൻ വിടുകയുമുണ്ടായി. ആ സിംഹത്തെ കിസ്രാ ചക്രവർത്തി ആത്മതുല്യം സ്നേഹിച്ചു. സിംഹനഗരം എന്നർത്ഥമുള്ള ബഹ്റാശേർ എന്ന ആ നഗരത്തിന്നു പേരിടുകയും ചെയ്തു.

സഅ്ദ് (റ) വിന്റെ സേന ആ നഗരത്തിൽ കാലെടുത്തുവെച്ചപ്പോൾ പ്രസ്തുത സിംഹം അവരുടെ നേരെ ഇരമ്പിക്കയറി. മുസ്‌ലിം മുന്നണിപ്പടയുടെ നേതാവായ ഹാശിം(റ) വിന്റെ ഖഡ്ഗം ആ സിംഹത്തിന്റെ കഥകഴിച്ചു. ആഹ്ളാദഭരിതനായ സഅ്ദ് (റ) ധീരനായ ഹാശിം (റ)വിന്റെ നെറ്റിത്തടത്തിൽ ചുംബിക്കുകയുണ്ടായി.

ബഹ്റാശേർ നഗരം മുസ്‌ലിംസേന വളഞ്ഞു. അതിന്നു ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നു ആയിരംപേരെ തടവുകാരായി പിടിച്ചു. സാബാതിലെ മുഖ്യനായ ശഹർസാദ് എന്ന ആൾ സഅ്ദ് (റ) വിനെ സമീപിക്കുകയും, ബന്ധനസ്ഥരാക്കപ്പെട്ടവർ സാധാരണക്കാരായ കർഷകരാണെന്നും അവരെ ബന്ധനസ്ഥരാക്കിയതുകൊണ്ടു പ്രയോജനമില്ലെന്നും അറിയിച്ചു. അതനുസരിച്ചു സഅ്ദ് (റ) അവരുടെ പേരുകൾ കുറിച്ചെടുത്തശേഷം, അവരെ നിരുപാധികം വിട്ടയച്ചു. സമീപവാസരായ മുഖ്യന്മാരെല്ലാംതന്നെ ജിസിയ തന്നുകൊള്ളാമെന്നു സഅ്ദ് (റ) വിന്നു ഉറപ്പുനൽകി. ബഹ്റാശേർനഗരം കീഴടങ്ങിയില്ല. അതുകൊണ്ടു രണ്ടുമാസക്കാലത്തേക്കു ഉപരോധം നീണ്ടുനിന്നു. പേർസ്യൻസേന, ഗത്യന്തരമില്ലാതെ, ഒരു മരണപ്പോർ നടത്തുവാൻതന്നെ തീരുമാനിച്ചു. ഒരുദിവസം അവർ തുടരെ മുസ്‌ലിംസേനയുടെനേരെ അസ്ത്രങ്ങൾ വർഷിച്ചു. അതേ നിലയിൽ മുസ്‌ലിംകൾ അങ്ങോട്ടും തിരിച്ചടിച്ചു. ദുർഭാഗ്യവശാൽ സുഹ്റ (റ) വിന്റെ ശരീരത്തിൽ ഒരമ്പുതറിച്ചു. ആ അമ്പുപറിച്ചെടുപ്പാൻ അദ്ദേഹം തന്റെ കൂട്ടുകാരെ അനുവദിച്ചില്ല. അതേനിലയിൽ ആ വീരയോദ്ധാവു് ശത്രുക്കളുടെ അണിയിലേക്കു കുതിച്ചുകയറുകയും എതിരണിയിലെ പ്രമുഖനായ ശഹ്ർബ്രാസിനെ തന്റെ ഖഡ്ഗത്തിന്നിരയാക്കുകയും ചെയ്തു. യുദ്ധം അധികനേരം നീണ്ടുനിന്നില്ല. പേർസ്യൻസേന പിന്തിരിഞ്ഞോടുകയും, മുസ്‌ലിംകൾ നഗരത്തിൽ സമാധാനപതാക ഉയർത്തുകയും ചെയ്തു.

അത്ഭുതകരമായ മദാഇൻ വിജയം

ലോകചരിത്രത്തിലെ നിത്യത്ഭുതങ്ങളിൽ ഒന്നാണു് സഅ്ദ് (റ) വിന്റെ മദാഇൻ വിജയം. ബഹ്റശേറിനും മദാഇനും ഇടക്കാണു് ടൈഗ്രീസ് നദി ഒഴുകിക്കൊണ്ടിരിക്കുന്നതു്. പേർസ്യൻ പട്ടാളം ബഹ്റാശേറിൽനിന്നു ഓടി മദാഇൻ നഗരത്തിൽ അഭയം പ്രാപിച്ചു. ഇരു നഗരങ്ങളെ ബന്ധിച്ച പാലങ്ങളെല്ലാം അവർ പൊളിച്ചു കളയുകയും കടത്തുതോണികളെല്ലാം അക്കരെ അടുപ്പിച്ചുകൊണ്ടും ടൈഗ്രീസ് നദി കടപ്പാനുള്ള സാദ്ധ്യതകളെല്ലാം ഇല്ലാതാക്കുകയും ചെയ്തു. മദാഇനിൽ തങ്ങളുടെ സുരക്ഷിതത്വത്തെ എല്ലാവിധത്തിലും പേർഷ്യക്കാർ ഭദ്രമാക്കി. സഅ്ദ് (റ) വിന്റെ സൈന്യം ടൈഗ്രീസ് നദിതടത്തെത്തിയപ്പോൾ, പുഴ കടപ്പാനുള്ള മാർഗ്ഗങ്ങൾ നഷ്ടപ്പെട്ടതായി കണ്ടു. പാലങ്ങൾ തകർക്കപ്പെട്ടിരിക്കുന്നു; കടത്തുവഞ്ചികൾ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ദുസ്തരയായ ടൈഗ്രീസ് നദി കുന്നുകയറിയാത്ത മട്ടിൽ ഇരമ്പിക്കുതിക്കുന്നു. സഅ്ദ് (റ) അറച്ചു നിന്നില്ല. മുസ്‌ലിംസൈ

ന്യത്തെ അഭിമുഖീകരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:- 'എന്റെ മുസ്‌ലിംസഹോദരന്മാരെ, കെണിയിലകപ്പെട്ട ശത്രുസേന അതാ, നദിയുടെ അക്കരെയിൽ അഭയം പ്രാപിച്ചിരിക്കുന്നു. ഒരു വിജയം കൂടി. മാഗ്രം സുഗമം തന്നെ.' ഇങ്ങിനെ പറഞ്ഞുകൊണ്ട് സഅ്ദ് (റ) തന്റെ കുതിരയെ പ്രക്ഷുബ്ധവും അഗാധവുമായ നദിയിലൂടെ മുമ്പോട്ട നയിച്ചു. മുസ്‌ലിം സൈന്യം തങ്ങളുടെ സേനാധിപനെ സംശയലേശം കൂടാതെ അനുഗമിച്ചു. നദിയുടെ ഇരമ്പിക്കയറുന്ന കുസാതെ, തികഞ്ഞ ആത്മവിശ്വാസത്തോടും അച്ചടക്കത്തോടും കൂടി, അണുമാത്രം അണിതെറ്റാതെ അവർ തങ്ങളുടെ കുതിരകളെ ടൈഗ്രീസ് നദിയിലൂടെ മുമ്പോട്ട നയിക്കുന്നതു കണ്ടപ്പോൾ, പരിഭ്രാന്തരായ പേർസ്യക്കാർ, 'ഇവർ മനുഷ്യരല്ല, രാക്ഷസന്മാരാണെന്നാത്തുവിളിച്ചുകൊണ്ട് ഭയവിഹ്വലരായി നാലുപാടും ഓടിക്കളഞ്ഞു. പക്ഷെ, പേർസ്യൻ സേനാധിപനായ ഖർസാദ് തന്റെ കൂട്ടുകാരിൽ പ്രമുഖരായ ചിലരെ യുദ്ധക്കളത്തിൽ പിടിച്ചു നിറുത്തുകയും, വില്ലാളികളുടെ ചെറുസംഘങ്ങളെ പടക്കളത്തിൽ പലയിടത്തായി അണിനിരത്തുകയും ചെയ്തു. ഇക്കൂട്ടത്തിൽപ്പെട്ട ഒരു സംഘം വില്ലാളികൾ നദീമുഖത്തേക്കു കുതിക്കുകയും മുസ്‌ലിംകളുടെ മുന്നേറ്റത്തെ തടയുവാൻ ശ്രമിക്കുകയും ചെയ്തെങ്കിലും, മുസ്‌ലിംസേന ശത്രുപക്ഷത്തിന്റെ പരിശ്രമത്തെ തികച്ചും പരാജയപ്പെടുത്തിക്കൊണ്ട്, ടൈഗ്രീസിന്റെ മറുകരയിൽ സ്ഥാനമുറപ്പിച്ചു. യസ്ദ്ഗീർ നേരത്തെ തന്നെ തന്റെ ഭാര്യമാരെയും മക്കളെയും ബന്ധുക്കളെയും മദാഇനിൽ നിന്നു ഹൽവാനിലേക്കു സ്ഥലമാറ്റം ചെയ്തുകഴിഞ്ഞിരുന്നു. മുസ്‌ലിംസേന ടൈഗ്രീസ് നദി കടന്നുവെന്ന വാർത്ത അറിഞ്ഞപ്പോൾ, യസ്ദ്ഗീർ അവശേഷിച്ച സൈന്യവും മദാഇൻ വിട്ടോടിക്കളഞ്ഞു. മദാഇനിൽ കാലെടുത്തുവെച്ച സഅ്ദ് (റ) വിനെ തികഞ്ഞ നിശ്ശബ്ദതയാണ് സ്വാഗതം ചെയ്തത്. വിജനതയിലും നിശ്ശബ്ദതയിലുമാണ്ട ആ മനോഹരമായ നഗരത്തെ നോക്കിക്കൊണ്ട് സഅ്ദ് (റ) 'അവർ തോട്ടങ്ങളും, അരുവികളും, വിശ്രമവിഹാരങ്ങളും, ലതാകുഞ്ജങ്ങളും, സമ്പത്തുകളും, അവരുടെ സുഖത്തിന്നായി ഉപയോഗിച്ച സകലതും ഉപേക്ഷിച്ചിരിക്കുന്നു'എന്നു തുടങ്ങുന്ന ഖുർആൻ വചനം ഓർത്തുകൊണ്ടായി.

കിസ്രായുടെ അരമനയിൽ സിംഹാസനം നിന്നിരുന്ന സ്ഥാനത്തു മിമ്പർ പണിയിക്കപ്പെടുകയും വെള്ളിയാഴ്ച ദിവസം അവിടെവെച്ചു ജുമുഅ: നിസ്കരിക്കുകയും ചെയ്തു. ഇതാണ് ഇറാഖിൽവെച്ചു നടത്തപ്പെട്ട ആദ്യത്തെ ജുമുഅ:-അരമനയിലുണ്ടായിരുന്ന പ്രതിമകളും നീക്കപ്പെട്ടില്ല. റസൂൽ (സ) തിരുമേനിയുടെ സഹാബികളിൽ പ്രസിദ്ധനായ സഅ്ദ് (റ) വിന്റെ ഈ നടപടിയെ ഇസ്‌ലാമിക കർമ്മശാസ്ത്രജ്ഞന്മാർ അത്ഭുതത്തോടുകൂടിയാണ് വീക്ഷിക്കുന്നതു്. പണ്ഡിതവരേണ്യനായ തബ്‌രി (റ) ഈ പ്രശ്നം അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ സുദീർഘമായി ചർച്ചചെയ്തിട്ടുണ്ട്.

മുതലുകൾ കണ്ടെടുക്കുന്നു

രണ്ടുമൂന്നുദിവസത്തെ വിശ്രമത്തിനുശേഷം മദാഇനിലെ ഖജനാകളും അരമനയിലെ വിശിഷ്ടവസ്തുക്കളും മറ്റു മുതലുകളുമെല്ലാം ഒരിടത്തു സംഭരിക്കുവാൻ സഅ്ദ് (റ) നിർദ്ദേശിച്ചു. അതനുസരിച്ചു കിസ്രായുടെ മുതലുകളെല്ലാം ഒരിടത്തു സംഭരിക്കപ്പെട്ടു. കയാനീ രാജവംശക്കാരുടെ കാലംതൊട്ടു അനുശേർവാന്റെ കാലംവരെ പരമ്പരയായി കൈമാറി സൂക്ഷിച്ചുപോന്ന, വിലപ്പെട്ടവയും അസാധാരണങ്ങളുമായ, വസ്തുക്കളും, പൈതൃകമായി മഹോന്നത സാമ്രാജ്യത്തിലെ ചക്രവർത്തിമാരും, റോമാചക്രവ

ത്തിയായിരുന്ന രാജാദാഹറും, നഅ്മാൻ ബിൻമുൻദിർ, സിയാവശ്, ബഹ്റാംശോബിൻ എന്നിവരും, കിസ്രായുടെ പൂവ്വികരായ ഹർമുസ്, ബൈഖബാദ് എന്നിവരും ഉപയോഗിച്ച കവചങ്ങളും വാളുകളും, അനുശേർവാന്റെ രത്നഖചിതമായ കിരീടവും അതുപോലുള്ള മറ്റു പുരാതനവസ്തുക്കളും അതിൽ ഉൾപ്പെട്ടിരുന്നു. സ്വർണ്ണംകൊണ്ടു നിർമ്മിക്കപ്പെട്ട, വെള്ളിക്കടിഞ്ഞാണോടുകൂടിയ മാവ്വിടത്തിൽ രത്നങ്ങൾ പതിച്ച ഒരു കുതിര; വെള്ളികൊണ്ടു നിർമ്മിച്ച, സ്വർണ്ണക്കടിഞ്ഞാണിട്ട, രത്നഖചിതമായ ഞാണോടുകൂടിയ ഒരു പെണ്ണൊട്ടകം; അതിന്റെ പുറത്തു് രത്നഖചിതമായ ഒരു ഒട്ടകക്കാരൻ; പേർസ്യക്കാർ 'വസന്തം' എന്നു വിശേഷിപ്പിച്ചുപോന്ന അത്ഭുതകരമായ ഒരു പട്ടുപരവതാനി എന്നിവയെല്ലാം മുസ്‌ലിം കൾ കണ്ടെടുത്ത മുതലിൽ ഉൾപ്പെട്ടു. ആ പരവതാനിയുടെ നിർമ്മാണംതന്നെയും അത്ഭുതമയമായിരുന്നു. പശ്ചാത്തലം സ്വർണ്ണംകൊണ്ടും, പുഷ്പ മരതകക്കല്ലുകൊണ്ടും, വൃക്ഷങ്ങൾ സ്വർണ്ണം, വെള്ളി എന്നിവകൊണ്ടും, ഇലകൾ പട്ടുകൊണ്ടും, ഫലങ്ങൾ മുത്തുകൊണ്ടുമാണ് സംവിധാനം ചെയ്യപ്പെട്ടിരുന്നതു്. വസന്തകാലം അല്ലാത്ത കാലങ്ങളിൽ 'മദ്യവിരുന്നിനു' ഈ അത്ഭുതപരവതാനിയാണ് പേർസ്യൻ ചക്രവർത്തിമാർ ഉപയോഗിച്ചിരുന്നതു്.

കണ്ണഞ്ചിക്കുന്ന ഈ അമൂല്യവസ്തുക്കളെല്ലാംതന്നെ മുസ്‌ലിം യോദ്ധാക്കൾ ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടിയാണ് സംഭരിച്ചതു്. ഒരു സൂചിപോലും അവർ ഒളിച്ചുവെച്ചില്ല. പരിസരങ്ങളിൽ ഒളിപാർത്തികൊണ്ടു കുമ്പാരമായിക്കിടന്ന ആ പ്രോജ്ജ്വലവസ്തുക്കൾ കണ്ടപ്പോൾ, അവ സംഭരിക്കുന്നതിൽ മുസ്‌ലിം യോദ്ധാക്കൾ കാണിച്ച സത്യസന്ധത സഅ്ദ് (റ) വിനെയും, പിന്നിട് അവ ഖലീഫയുടെ സന്നിധിയിൽ എത്തിച്ചപ്പോൾ ഖലീഫയെത്തന്നെയും അത്ഭുതപ്പെടുത്തി. മനുഷ്യനെ വ്യാമോഹിപ്പിക്കുന്ന ആ സാധനങ്ങൾ കണ്ടെടുത്തു സംഭരിക്കുമ്പോൾ മഹാന്മാരായ ആ മുസ്‌ലിം യോദ്ധാക്കൾ കാണിച്ച സത്യസന്ധത അതുല്യവും സ്തുത്യർഹവും തന്നെയെന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

യുദ്ധമുതലുകൾ പങ്കിട്ടു

അമൂല്യങ്ങളും അസുലഭങ്ങളുമായ ആ യുദ്ധമുതലുകൾ, ഇസ്‌ലാമിന്റെ വിധിക്കൊത്തു സഅ്ദ് (റ) യോദ്ധാക്കൾക്കു പങ്കിട്ടുകൊടുക്കുകയുണ്ടായി. അഞ്ചിലൊരു ഭാഗം മാത്രം ഖലീഫക്കയച്ചുകൊടുത്തു. 'വസന്തപ്പരവതാനി' യടക്കം അപൂർവ്വവസ്തുക്കളെല്ലാം അപ്പടി ഖലീഫക്കയച്ചുകൊടുക്കുകയാണ് ചെയ്തതു്. മുഹല്ലം എന്ന പേരായി സമകായനും സുമുഖനുമായ ഒരു വ്യക്തി മദീനയിലുണ്ടായിരുന്നു. അനുശേർവാൻ വിവിധ വേളകളിൽ ഉപയോഗിച്ച വിലപ്പെട്ട ഉടുപ്പുകൾ ഖലീഫ അദ്ദേഹത്തെ മാറിമാറി അണിയിച്ചു അനുശേർവാന്റെ രാജകീയ വസ്ത്രങ്ങളിഞ്ഞു രത്നാങ്കിതമായ സ്വർണ്ണക്കിരീടം അദ്ദേഹം തലയിലെടുത്തുവെച്ചപ്പോൾ, കാണികളുടെ കണ്ണഞ്ചിപ്പോയി. 'വസന്തപ്പരവതാനി'യെ സ്സംബന്ധിച്ചേടത്തോളം മുസ്‌ലിംകൾ ഭിന്നാഭിപ്രായം പ്രകടിപ്പിച്ചു. അതു അതേപടി സൂക്ഷിക്കണമെന്നു ചിലരും, അരുതെന്നു മറുചിലരും അഭിപ്രായപ്പെട്ടു. അതു നശിപ്പിക്കേണമെന്ന പക്ഷക്കാരനായിരുന്നു അലി (ക. വ.). അവസാനം ആ പരവതാനി പിച്ചിച്ചീന്തി നശിപ്പിക്കപ്പെട്ടു.

ജലൂലാ വിജയം

ഇറാഖ് വിജയത്തിനു മകുടം ചാർത്തിയ സംഭവമാണ് ജലൂലാവിജയം. ബാശാദിന്നടു

ത്തു്, ബശാദിൽനിന്നു ഖുറാസാനിലേക്കുള്ള വഴിയിൽ, സ്ഥിതിചെയ്യുന്ന ഒരു ചെറുനഗരമാണു് ജൂലൂലാ. മദാഇനിൽനിന്നു തോറ്റോടിയ പേർസ്യക്കാർ ജൂലൂലയിൽ അഭയം പ്രാപിച്ചു. റുസ്തമിന്റെ സഹോദരനായ ഖർസാദ് അവിടെവെച്ചു വീണ്ടും ഒരു യുദ്ധത്തിനുള്ള സന്നാഹങ്ങൾ ഏർപ്പെടുത്തി. നഗരത്തിനു ചുറ്റും തോടുകീറി, ആ തോട്ടിൽ വെള്ളം നിറക്കുകയും, നഗരത്തിലേക്കുള്ള വഴികളിലെല്ലാം കാരമുള്ളു വിതറുകയും ചെയ്തുകൊണ്ടു, നഗരത്തിന്റെ സുരക്ഷിതത്വത്തെ അയാൾ ദൃഢപ്പെടുത്തുകയും പുറമെ നിന്നുള്ള ആക്രമണസാദ്ധ്യതകൾക്കു വിലങ്ങിടുകയും ചെയ്തു. നൂറായിരക്കണക്കിൽ പട്ടാളക്കാരെ ജൂലൂലായിൽ ഖർസാദ് സംഭരിച്ചു. ഈ പടയൊരുക്കത്തെപ്പറ്റി സഅ്ദ് (റ) ഖലീഫയെ അറിയിച്ചപ്പോൾ, ഹാശിമിബ്നുഉത്ബാ (റ) വിന്റെ നേതൃത്വത്തിൽ പന്ത്രണ്ടായിരം പട്ടാളക്കാരെ അങ്ങോട്ടു നിയോഗിപ്പാനും മുന്നണിസേനയുടെ നായകത്വം ഖഅ്ഖാഅ് (റ) വിന്നും, ഇടതുപാർശ്വസൈന്യത്തിന്റെ നേതൃത്വം മുസീറിബ്നുമാലിക് (റ) വിന്നും, വലതുപാർശ്വസേനയുടെ നായകത്വം അംറുബ്നുമാലിക് (റ) വിന്നും, പിന്നണിസൈന്യത്തിന്റെ നേതൃത്വം മർറാഹ് (റ) വിന്നും നൽകുവാനും ഖലീഫ നിർദ്ദേശിച്ചു. ഹിജ്റാബ്ദം പതിനാറാം വർഷത്തിലാണു് ഈ സംഭവം നടന്നതു്. മദാഇനിൽനിന്നു ഹാശിം (റ) വും സൈന്യവും ജൂലൂലായിലേക്കു പുറപ്പെട്ടു. നാലാംദിവസം മുസ്‌ലിംസേന ജൂലൂലാനഗരം വളഞ്ഞു. ആ പ്രതിരോധം പല മാസങ്ങളോളം നീണ്ടുനിന്നു. കെണിയിലകപ്പെട്ട പേർസ്യക്കാർ പൊടുന്നനെ പ്രതിരോധസൈന്യത്തെ ആക്രമിക്കും. മുസ്‌ലിംസേന അങ്ങോട്ടു തിരിച്ചടിക്കുകയും ചെയ്യും. അങ്ങിനെ എൺപതു ആക്രമണപ്രത്യാക്രമണങ്ങളും ആ നിലയിൽ നടന്നു. പേർസ്യക്കാർ ധാരാളം ഭക്ഷ്യസാധനങ്ങളും മറ്റു അവശ്യസാധനങ്ങളും കാലെക്കൂട്ടി കരുതിവെച്ചിരുന്നതുകൊണ്ടു്, പ്രതിരോധംമൂലം പട്ടിണികിടക്കേണ്ടിവന്നില്ല. വളയപ്പെട്ടതുമൂലം മനംമടുപ്പും അനുഭവപ്പെട്ടില്ല. ഒരു ദിവസം പെട്ടെന്നു അവർ മുസ്‌ലിംസേനയുടെ നേരെ ഇരമ്പിക്കയറി. അതേ വീറോടുകൂടി മുസ്‌ലിംകളും അവരെ നേരിട്ടു. അത്ഭുതമെന്നു പറയട്ടെ, പെട്ടെന്നു ഒരു ചുഴലിക്കാറ്റടിക്കുകയും അന്തരീക്ഷമാകമാനം പൊടിപടലത്തിൽ മുങ്ങിപ്പോവുകയും, ഒരു കൂരിരുട്ടു അനുഭവപ്പെടുകയും ചെയ്തു. തന്മൂലം പേർസ്യക്കാർ പിന്നോട്ടു നീങ്ങുവാൻ നിർബ്ബന്ധിതരായി. ധൂമപടലം കാഴ്ചക്കു വിഘാതമുണ്ടാക്കിയതുമൂലം, തങ്ങൾ കുഴിച്ചുവെച്ച കുഴികളിൽ ആയിരക്കണക്കായ പേർസ്യക്കാർ വീഴുകയും മുള്ളു നിറഞ്ഞ ചളിയിൽ ആണ്ടുപോവുകയും ചെയ്തു. ഈ ആപത്തു മേലിൽ ആവർത്തിക്കാതിരിപ്പാനായി പേർസ്യക്കാർതന്നെ അവർ കുഴിച്ച കുഴികളെല്ലാം നികത്തി. പക്ഷെ, നഗരത്തിന്റെ നാലുപാടും അവർ മുള്ളുകൾ വിതറി. മുസ്‌ലിംകൾ നഗരത്തിൽ കടന്നെങ്കിൽ മുള്ളുതറച്ചു കഷ്ടപ്പെടേണമെന്നതായിരുന്നു ആ പ്രക്രിയയുടെ ഉദ്ദേശ്യം. പേർസ്യൻ പട്ടാളം നഗരകവാടത്തിൽ അണിനിരന്നു. മുസ്‌ലിംസേന അടങ്ങിനിന്നില്ല. അവർ നഗരത്തിലേക്കു ഇരമ്പിക്കയറി. ഖഅ്ഖാഅ് (റ) വിന്റെ ധീരമായ മുന്നേറ്റത്തിന്റെ മുമ്പിൽ പേർസ്യൻസേന ഇതികർത്തവ്യതാമൂഢരായിപ്പോയി. ഹാശിം (റ) വും സൈന്യവും ആവേശപൂർവ്വം മുന്നേറിയപ്പോൾ, പേർസ്യക്കാർ അണിവിട്ടു നാലുഭാഗത്തേക്കും ഓടി. തങ്ങൾ വിതറിയ മുള്ളുകൾ ഇത്തവണ അവർക്കുതന്നെ ആപത്തായി ഭവിച്ചു. ഓടിരക്ഷപ്പെടുന്നതിൽനിന്നു മുള്ളുകൾ അവരെ തടഞ്ഞു. മു

സ്‌ലിംസേന ആ അവസരം പാഴാക്കിയില്ല. പേർസ്യക്കാർ കൂട്ടത്തോടെ വധിക്കപ്പെട്ടു. ആറായിരം പേർ കൊല്ലപ്പെട്ടുവെന്നാണ് ചരിത്രകാരനായ തബ്‌രി പ്രസ്താവിച്ചിട്ടുള്ളത്. ആ യുദ്ധത്തിൽ മുപ്പത്തു മില്യൻദിർഹം വിലവരുന്ന മുതലുകൾ മുസ്‌ലിംകൾ കണ്ടെടുത്തു.

ഹൽവാനും കീഴടക്കി

ജലൂലാ മുസ്‌ലിംകൾ പിടിച്ചടക്കിയ വാർത്ത അറിഞ്ഞപ്പോൾ, യസ്ദഗിർദ് അസ്വസ്ഥനും ഭീതനുമായി, ഹൽവാനിലെ കായ്ങ്ങൾ നോക്കുവാൻ ഖുസ്രോശനും എന്ന ആളെയും അയാളുടെ കീഴിൽ കുറെ ഭടന്മാരെയും ഏല്പിച്ചുകൊണ്ട് അയാൾ ഹൽവാൻവിട്ടു. സഅ്ദ് (റ) ജലൂലായിൽത്തന്നെ തങ്ങിക്കൊണ്ട്, ഖഅ്ഖഅ് (റ) വിന്റെ കീഴിൽ ഒരു സൈന്യത്തെ ഹൽവാനിലേക്കു നിയോഗിച്ചു. ഹൽവാനിൽനിന്നു മൂന്നുനാഴിക അകലെ സ്ഥിതിചെയ്യുന്ന ഖസ്‌റെശീരീൻ എന്ന സ്ഥലത്തുവെച്ചു ഖുസ്രോശനും കൂട്ടുകാരും മുസ്‌ലിംകളെ തടഞ്ഞു. അല്പനേരത്തെ പൊരിഞ്ഞ യുദ്ധത്തിൽ ഖുസ്രോശനും തോല്പിക്കപ്പെട്ടു. മുസ്‌ലിംസേന ഹൽവാനിൽ കടന്നു സമാധാനഭേരിമുഴക്കി. അയൽദേശക്കാരെല്ലാം ജിസ്‌യ നൽകുവാൻ സമ്മതിച്ചു മുസ്‌ലിംകൾക്കു വഴിപ്പെട്ടു. ഇറാഖിന്റെ അതിർത്തിയായ ഹൽവാൻ കീഴടക്കിയതോടെ ഇറാഖ് വിജയം പരിപൂർണ്ണമായി.

സിറിയാ വിജയം

ഹിജ്‌റാബ്ദം പതിമൂന്നാംവർഷത്തിൽ, ഒന്നാം ഖലീഫയായ അബൂബകർ (റ) വാണ് സിറിയാ കീഴടക്കുവാനുള്ള പരിശ്രമത്തിന്റെ ആരംഭം കുറിച്ചത്. ഹിംസിലേക്കു അബൂഉബൈദ (റ) വും, ദമസ്കസ്സിലേക്ക് യസീദിബ്‌ന അബീസുഫ്‌യാൻ(റ)വും അർദനിലേക്ക് ശറഹബീൽ(റ)വും പലസ്തീനിലേക്കു അംറുബ്‌നുൽ ആസ്(റ)വും നിയോഗിക്കപ്പെട്ടു. ആകെ 24000 പട്ടാളക്കാരാണ് പ്രസ്തുത സേനാനികളുടെ നായകത്വത്തിൽ നിയോഗിക്കപ്പെട്ടിരുന്നത്. ആ സൈന്യം അറേബ്യയുടെ അതിരുകൾ കടന്നതും റോമക്കാരുടെ കനത്ത എതിർപ്പുകളെ നേരിടേണ്ടിവന്നു. റോമാചക്രവർത്തി നാനാദേശത്തുനിന്നും എണ്ണമറ്റ സൈന്യങ്ങളെ ശേഖരിക്കുകയും, മുസ്‌ലിംസൈന്യത്തിന്റെ ഓരോ വിഭാഗത്തെയും വെവ്വേറെ എതിർപ്പാനുള്ള ഒരുക്കങ്ങൾ പൂർത്തികരിക്കുകയും ചെയ്തിരുന്നു. ഈ വാർത്ത അറിഞ്ഞിരുന്ന മുസ്‌ലിംസേനാനായകന്മാർ, പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി തിരിയാതെ ഒറക്കെട്ടായി നില്ക്കുവാൻ തീരുമാനിച്ചു. മാത്രമല്ല, കൂടുതൽ സഹായസൈന്യത്തെ അയപ്പാൻ ഖലീഫയോടഭ്യർത്ഥിക്കുകയും ചെയ്തു. ഈ അഭ്യർത്ഥനയനുസരിച്ചു, ഇറാഖ് യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന ഖാലിദ്ബിൻവലീദ് (റ) അടിയന്തരമായി സിറിയായിലേക്കു നിയോഗിക്കപ്പെട്ടു. വഴിയിൽവെച്ചുണ്ടായ എതിർപ്പുകളെയെല്ലാം പരാജയപ്പെടുത്തിക്കൊണ്ടു ഖാലിദ് (റ) വും സൈന്യവും ഉമസ്സിലെത്തി, അവിടെ താവളമടിച്ചു. 'റോമാചക്രവർത്തി, അതിലിടക്ക്, മുസ്‌ലിംസേനയെ തുരത്തുവാനായി ഒരു ക്രൂരനായ സൈന്യത്തെ നിയോഗിച്ചു. അജ്‌നാദൈനിൽ താവളമടിച്ചുകൊണ്ടു ആ സൈന്യം ആക്രമണപദ്ധതികൾ ആസൂത്രണം ചെയ്തു. റോമക്കാരുടെ നീക്കങ്ങൾ മനസ്സിലാക്കിയ ഖാലിദ് (റ) വും, അബൂഉബൈദ (റ) വും അജ്‌നാദൈനിലേക്കു പുറപ്പെട്ടു. ഉടനെ അജ്‌നാദൈനിൽ എത്തിക്കൊള്ളണമെന്നു മറ്റു മുസ്‌ലിം സൈന്യാധിപന്മാർക്കു അവർ എഴുത്തയക്കുകയും ചെയ്തു. ആ എഴുത്തനുസരിച്ചു ശറഹബീൽ (റ) വും യസീദ് (റ)വും, അംറുബ്‌നുൽ ആസ് (റ) വും തങ്ങളുടെ കീഴിലുള്ള പട്ടാളക്കാരെയുംകൊണ്ടു കൃത്യസമയത്തു അജ്‌നാദൈനിൽ

നിൽ എത്തിച്ചേർന്നു. റോമക്കാർ യുദ്ധത്തിനുവന്നു. രക്തച്ചങ്കിലമായ ഒരു ഘോരയുദ്ധംതന്നെ നടക്കുകയും ആ യുദ്ധത്തിൽ മുവ്വായിരം മുസ്‌ലിംകൾ കൊല്ലപ്പെട്ടെങ്കിലും, മുസ്‌ലിംകൾ വിജയിക്കുകയും ചെയ്തു. ഹിജ്‌റാബ്ദം പതിമൂന്നാം വർഷത്തിലെ ജുമാദുൽഅവ്വൽ മാസം ഇരുപത്തെട്ടാം തിയ്യതിയാണ് ഈ സംഭവം നടന്നതെന്നു ഇബ്‌നുഇസ്‌ഹാഖ് രേഖപ്പെടുത്തിയിരിക്കുന്നു. ഈ യുദ്ധാനന്തരം ഖാലിദ് (റ) വീണ്ടും ദമസ്‌ക്കസ്സിലേക്കു തിരിക്കുകയും പട്ടണം വളയുകയും ചെയ്തു. ഖലീഫാ അബൂബകർ (റ) വിന്റെ കാലത്താണ് ദമസ്‌ക്കസ്സ് നഗരത്തെ മുസ്‌ലിംസേന വളഞ്ഞതെങ്കിലും, രണ്ടാം ഖലീഫയുടെ കാലത്താണ് ദമസ്‌ക്കസ്സ് കീഴടക്കപ്പെട്ടത്. ഈ പശ്ചാത്തലം മനസ്സിൽവെച്ചുകൊണ്ടു, സിറിയാ വിജയചരിത്രം വിവരിക്കാം.

ദമസ്‌ക്കസ്സ് കീഴടക്കി

ഇസ്‌ലാമിനു മുമ്പുതന്നെ ചരിത്രപ്രസിദ്ധിയാർജ്ജിച്ച ഒരു നഗരമായിരുന്നു ദമസ്‌ക്കസ്സ്. ആകയാൽ വളരെ കരുതലോടുകൂടിയാണ് ഖാലിദ് (റ) നഗരത്തിനു ഉപരോധം ഏർപ്പെടുത്തിയതു്. നഗരത്തിന്റെ ഓരോ കവാടത്തിലും ഓരോ പ്രധാന സേനാനിയുടെ കീഴിൽ സൈന്യത്തെ അണിനിരത്തി. തൂമാകവാടത്തിൽ അംറുബ്‌നുൽആസ് (റ) വിനെയും, ഫറാദീസ് കവാടത്തിൽ ശറഹബീൽ (റ) വിനെയും, ജാബിയാ കവാടത്തിൽ അബൂഉബൈദ (റ) വിനെയും നിയമിച്ചശേഷം, അയ്യായിരം പട്ടാളക്കാരോടുകൂടി കിഴക്കെ കവാടത്തിൽ ഖാലിദ് (റ) താൻതന്നെ നിൽക്കുകയുണ്ടായി. മുസ്‌ലിംകൾ ദമസ്‌ക്കസ്സ് നഗരത്തെ വളഞ്ഞ വാർത്തയറിഞ്ഞപ്പോൾ ഹിറാക്ലിയസ് ചക്രവർത്തി ഹിംസിൽനിന്നു ദമസ്‌ക്കസ്സിലേക്കു ഒരു സൈന്യത്തെ നിയോഗിച്ചു. ആ സൈന്യം ദമസ്‌ക്കസ്സിലേക്കു പുറപ്പെട്ടു. സംഭവം ഈ നിലയിലെത്തിയപ്പോഴാണ് ഒന്നാം ഖലീഫ ഇഹലോകവാസം വെടിഞ്ഞതും, ഉമർ (റ) രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതും.

ഒന്നാം ഖലീഫയുടെ മരണം ക്രസ്ത്യാനികളുടെ ഹൃദയങ്ങളിൽ ആശയുടെ അങ്കുരങ്ങൾ പൊടിപ്പിച്ചു. മാത്രമല്ല, ശീതകാലം ആരംഭിച്ചു കഴിഞ്ഞതു തങ്ങളുടെ മറെറാരു ഭാഗ്യമാണെന്നും അവർ തീരുമാനിച്ചു. ദമസ്കസ്സിലെ കൊടുംതണുപ്പു് അറബികളുടെ ആവേശത്തെ തികച്ചും മരവിപ്പിച്ചു കളയുമെന്നു അവർ പ്രതീക്ഷിച്ചു. യുദ്ധതന്ത്രജ്ഞനായ ഖാലിദ് (റ) ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടു് തന്നെയാണു് പദ്ധതികൾ ആസൂത്രണം ചെയ്തതു്. ദുൽഖിലാഅ് (റ) വിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അദ്ദേഹം മുമ്പോട്ടു പറഞ്ഞയച്ചു. ഹിംസിൽനിന്നു പുറപ്പെട്ട റോമൻ സൈന്യത്തെ ഈ മുസ്‌ലിംസേന വഴിയിൽ തടഞ്ഞുവെക്കുകയും അവരുടെ ഉദ്ദേശ്യത്തെ പൂർണ്ണമായി പരാജയപ്പെടുത്തുകയും ചെയ്തു. ആ സൈന്യത്തിനു ദമസ്കസ്സിലെത്തുവാൻ കഴിഞ്ഞില്ല. ആകയാൽ ഉപരോധിതരായ ക്രസ്ത്യാനികളുടെ ആശ ഫലിക്കുകയുണ്ടായില്ല. അതിലിടക്കു മറെറാരു സംഭവം ഉണ്ടായി. ദമസ്കസ്സിലെ ഗവർണ്ണർക്കു ഒരു പുത്രൻ ജനിച്ചു. അതുപ്രമാണിച്ചു ദമസ്കസ്സുകാർ സന്തോഷം ആഘോഷിച്ചു. ആടിയും പാടിയും കണക്കിലേറെ മദ്യപിച്ചും അവർ ബോധരഹിതരും പരിക്ഷീണരുമായിത്തീർന്നു. ഈ സുവർണ്ണാവസരം ഖാലിദ് (റ) പാഴാക്കിയില്ല. അദ്ദേഹം ധീരരായ തന്റെ ഏതാനും സഹപ്രവർത്തകരോടൊപ്പം ഒരു പുതുപദ്ധതിക്കു രൂപം നൽകി. കോട്ടക്കു ചുറ്റുമുള്ള കഴികളിൽ വെള്ളം നിറഞ്ഞു കിടക്കുകയായിരുന്നു കാരണമറിച്ചു ഒരു തോൽസഞ്ചിയുടെ സഹായ

ത്തോടുകൂടി ഖാലിദ് (റ)തോട്ട നീന്തി കോട്ട മതിലിന്നടുത്തുചെന്നു, മതിലിൽ ഉരാൻകൂട്ടക്കിട്ട കയർ കൊണ്ടു ഒരു ഏണി ഉണ്ടാക്കുകയും ചെയ്തു. കോട്ടയുടെ പ്രാകാരത്തിലെത്തിക്കഴിഞ്ഞപ്പോൾ കയറേണിയുടെ ഒരറ്റം തന്റെ കയ്യിൽ പിടിക്കുകയും മറ്റെ അറ്റം ഇക്കരയിലേക്കു എറിഞ്ഞുകൊടുക്കുകയും ചെയ്തു. നിമിഷങ്ങൾക്കകം ധാരാളം മുസ്‌ലിംകൾ ആ ഏണിയുടെ സഹായത്തോടുകൂടി കോട്ടയുടെ മുകളിൽ എത്തിച്ചേർന്നു. [ചരിത്രകാരനായ തബരിയുടെ പ്രസ്താവനയാണിതു്. ബലാദുരി പറയുന്നതു്, ക്രസ്ത്യാനികളുടെ മദിരോത്സവ വാത്തു ഒരു ക്രസ്ത്യാനി തന്നെ ഖാലിദ് (റ) വിന്നു നൽകിയെന്നും, കോട്ടയിലേക്കു കടന്നുചെല്ലാൻ അയാൾതന്നെ ഒരു കയറേണി എറിഞ്ഞുകൊടുത്തുവെന്നുമാണു്.] ഖാലിദ് (റ) കോട്ടക്കകത്തു കടന്നു, കവാടത്തിന്റെ സാക്ഷകളും തല്ലിനുറുക്കി കവാടം തുറന്നു. വാതിൽ തുറന്നതും മുസ്‌ലിംസേന കോട്ടക്കകത്തു തള്ളിക്കയറി കാവൽസൈന്യത്തെ വെട്ടിനുറുക്കി. ഭയവിഹ്വലരായ ക്രസ്ത്യാനികളും കോട്ടയുടെ മറ്റു വാതിലുകളും മുസ്‌ലിംകൾക്കു സ്വയം തുറന്നുകൊടുക്കുകയും, 'ഖാലിദിന്റെ ഭീകരപരാക്രമത്തിൽനിന്നു ഞങ്ങളെ രക്ഷിക്കേണം'മെന്നു അബൂഉബൈദ (റ) വോടപേക്ഷിക്കുകയും ചെയ്തു. മസ്ഘലാത്തിലെ തകരത്തെരുവിൽവെച്ചു അബൂഉബൈദ (റ) വും ഖാലിദ് (റ) വും തമ്മിൽ കണ്ടുമുട്ടി. ഖാലിദ് (റ) യുദ്ധം ചെയ്തുകൊണ്ടുതന്നെയാണു് അതുവരെയും പ്രദേശങ്ങൾ കീഴടക്കിയതു്. പക്ഷെ, അബൂഉബൈദ (റ) കടന്നുവന്ന പ്രദേശങ്ങൾ യുദ്ധംചെയ്യാതെതന്നെ കീഴടക്കി. അങ്ങിനെ ഒമസ്കസ്സ് വിജയം പരിപൂർണ്ണമാക്കപ്പെട്ടു. സിറിയായിലെ ഇതരരാജ്യങ്ങളെ കീഴടക്കുന്നതിനു വഴിതുറന്ന ഒമസ്ക്കസ്സ് വിജയം ഹിജ്റാബ്ദം പതിനാലാംവർഷം റജബ്മാസത്തിൽ നടന്നു.

ഫഹ്ൽ കീഴടക്കി

ഒമസ്ക്കസ്സ് പരാജയം റോമാക്കാരെ കണക്കിലേറെ അസ്വസ്ഥചിത്തരാക്കിത്തീർത്തു. കൂടുതൽ സൈന്യത്തെ ശേഖരിച്ചുകൊണ്ടു മുസ്‌ലിംകളെ ഒരു പാഠം പഠിപ്പിക്കുവാൻ അവർ തീരുമാനിച്ചു. ഒമസ്ക്കസ്സ് കീഴടക്കിയശേഷം മുസ്‌ലിംസേന ജോർദ്ദാന്റെ ഭാഗത്തേക്കു നീങ്ങി. റോമാക്കാരാകട്ടെ, ബൈസാനിൽ കേന്ദ്രീകരിച്ചു, സൈന്യശേഖരണം നടത്തി. ഒമസ്ക്കസ്സിലേക്കു ഹിലാക്കലസ്സ് ചക്രവർത്തി നിയോഗിച്ച ഒരു റോമൻസൈന്യത്തെ വഴിയിൽവെച്ചു മുസ്‌ലിംസേന പിന്തിരിപ്പിച്ചെന്നു പറഞ്ഞുവല്ലൊ. ആ സൈന്യവും ബൈസാനിൽ എത്തിച്ചേർന്നു. അങ്ങിനെ നാല്പതിനായിരത്തോളം പട്ടാളക്കാരടങ്ങിയ ഒരു കൂറൻ സൈന്യം ബൈസാനിൽ സംഘടിപ്പിക്കപ്പെട്ടു. സിൽകാർ എന്ന സൈന്യാധിപൻ ആ സൈന്യത്തിന്റെ നായകത്വം വഹിച്ചു.

സിറിയയെക്കുറിച്ചു ഒരു സംക്ഷിപ്ത വിവരണം നൽകാം. ആറു സംസ്ഥാനങ്ങളായി ഭാഗിക്കപ്പെട്ടിരുന്ന ആ രാജ്യം. ഒമസ്ക്കസ്സ്, ഹിംസ്, ജോർദ്ദാൻ, പലസ്തീൻ എന്നിവയായിരുന്നു അവയിൽ പ്രധാന സംസ്ഥാനങ്ങൾ. ഒമസ്ക്കസ്സിൽനിന്നു നാലുകാതം അകലെ സ്ഥിതിചെയ്യുന്ന തിബിരിയാ എന്ന പട്ടണമായിരുന്നു ജോർദ്ദാനിലെ മുഖ്യനഗരം. തിബിരിയായുടെ കിഴക്കുഭാഗത്തു പത്തുപന്ത്രണ്ടു നാഴിക നീളമുള്ള ഒരു തടാകം സ്ഥിതിചെയ്യുന്നു. ഈ തടാകത്തിൽനിന്നു ഏതാനും നാഴിക അകലെ സ്ഥിതിചെയ്യുന്ന ഒരു ചെറുനഗരമാണു് ഫഹ്ൽ. സില്ല എന്ന പേരിലും ആ നഗരം അറിയപ്പെട്ടിരുന്നു. ഈ നഗരത്തിൽ വെച്ചു നടന്ന യുദ്ധത്തെക്കുറിച്ചാണു് ചുവടെ പ്രതിപാദിക്കുന്നതു്. ആ നഗരം മിക്കവാറും നാമാവശേ

ഷമായിക്കഴിഞ്ഞിട്ടുണ്ടെങ്കിലും, സമുദ്രവിതാനത്തിൽനിന്നു അറുന്നൂറടി ഉയരത്തിൽ അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാനുണ്ട്. തിബിരിയായുടെ തെക്കുഭാഗത്തു പതിനെട്ടു നാഴിക അകലെയായിട്ടാണ് ബൈസാൻ സ്ഥിതിചെയ്യുന്നതു്.

ബൈസാനിൽ റോമാക്കാർ കേന്ദ്രീകരിച്ചു. ഫഹ്‌ലിൽ മുസ്‌ലിംസേനയും താവളമടിച്ചു മുസ്‌ലിംകൾക്കു മാഗ്ഗതടസ്സമുണ്ടാക്കുവാൻ വേണ്ടി, റോമക്കാർ വഴിയിലുള്ള തോട്ടകളുടെയും പുഴകളുടെയും പാലങ്ങളെല്ലാം തകർത്തുകളഞ്ഞു. വഴിയിലുടനീളം ചളി നിറച്ചു. പക്ഷെ, ആ തടസ്സങ്ങൾക്കൊന്നുംതന്നെ ഇസ്‌ലാമിന്റെ പ്രവാഹത്തെ തടയുവാൻ കഴിഞ്ഞില്ല. മുസ്‌ലിംകളുടെ ധീരമായ നിലപാടു് കൃസ്ത്യാനികളെ കിടിലംകൊള്ളിച്ചു. സന്ധിസംഭാഷണത്തിന്നയ്ത്ഥിച്ചുകൊണ്ടു റോമാക്കാർ അബൂഉബൈദ (റ) വിന്നു ഒരു എഴുത്തയച്ചു. മുആദ്‌ബിൻജബൽ (റ) സന്ധിസംഭാഷണത്തിന്നായി നിയോഗിക്കപ്പെട്ടു. അദ്ദേഹത്തെ ആദരിച്ചിരുത്തുവാൻ റോമാക്കാർ തയ്യാറാക്കിയ പരവതാനിയിൽ ഇരിക്കാതെ, മഹാനായ മുആദ് (റ) വെറും തറയിൽ ഇരുന്നപ്പോൾ അത്ഭുതം പ്രകടിപ്പിച്ച റോമാക്കാരോടു അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:- 'നിങ്ങൾ മാന്യതയായി ഗണിക്കുന്നതിനെ ഞാൻ വിലവെക്കുന്നില്ല. വെറുംതറ അടിമകളുടെ ഇരിപ്പിടമാണെങ്കിൽ, എന്നെക്കാൾ വലിയ അല്ലാഹുവിന്റെ അടിമ വേറെ ഇല്ല.' തങ്കളെക്കാൾ മഹാനായ വ്യക്തി മുസ്‌ലിം സമുദായത്തിലുണ്ടോ എന്നു റോമാക്കാർ ചോദിച്ചപ്പോൾ, മുആദ് (റ) പറഞ്ഞു:- 'അഹങ്കാരം എന്നെ ദൂഷിതനാക്കിത്തീർക്കും. ഞാൻ മറ്റുള്ളവരെക്കാൾ ദൂഷിതനാകാതിരുന്നാൽ തന്നെ ഞാൻ ഭാഗ്യവാനായി.'

ഇതുകേട്ടപ്പോൾ റോമാക്കാർ നിശ്ശബ്ദരായി. ആ നിശ്ശബ്ദത അല്പനേരം നീണ്ടുനിന്നു. നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു മുആദ് (റ) ഇപ്രകാരം ചോദിച്ചു:- 'നിങ്ങൾക്കു എന്നോടു വല്ലതും പറവാനുണ്ടോ? ഇല്ലെങ്കിൽ ഞാൻ സ്ഥലം വിടുകയായി. ഇതിന്നുത്തരമായി റോമാക്കാർ ഇപ്രകാരം പറഞ്ഞു:- 'എന്തുദ്ദേശ്യത്തോടുകൂടിയാണ് നിങ്ങൾ ഈ രാജ്യാതിത്തിയിലേക്കു വന്നിട്ടുള്ളതെന്നറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളുടെ രാജ്യത്തിന്നടുത്തായി അബിസീനിയാ കിടക്കുന്നുണ്ടു്. ചേർസ്യൻ ചക്രവർത്തിയുടെ മരണത്തെത്തുടർന്നു ഒരു സ്ത്രീയാണ് ആ രാജ്യം ഭരിക്കുന്നതു്: ആ ഭാഗത്തെക്കൊന്നും തിരിയാതെ, ഈ നാട്ടിന്റെ നേരെ നിങ്ങൾ കണ്ണുവെച്ചതെന്തിനു്? ലോകത്തിൽവെച്ചു അതിമഹാനാണ് ഞങ്ങളുടെ ചക്രവർത്തി. ഞങ്ങളാകട്ടെ, എണ്ണത്തിൽ മാനത്തിലെ നക്ഷത്രങ്ങളോളവും, ഭൂമിയിലെ അണുക്കളോളവും പെരുത്തവരുമാകുന്നു.' ഇതുകേട്ടപ്പോൾ മുആദ് (റ) പറഞ്ഞു:- 'നിങ്ങൾ ഇസ്‌ലാംമതം വിശ്വസിക്കേണമെന്നതാണ് ഞങ്ങളുടെ അഭ്യർത്ഥന. ഖിബ്‌ലക്കുനേരെ മുഖം തിരിച്ചു നിസ്കരിക്കുകയും, മദ്യപിക്കാതിരിക്കുകയും, പന്നിമാംസം ഭക്ഷിക്കാതിരിക്കുകയും ചെയ്യുക എന്നാണ് ഞങ്ങൾക്കു നിങ്ങളെ ഉപദേശിപ്പാനുള്ളതു്. ഇസ്‌ലാം മതം സ്വീകരിപ്പാൻ നിങ്ങൾ ഇഷ്ടപ്പെടാത്ത പക്ഷം, ഞങ്ങൾക്കു ജിസ്‌യ നൽകേണമെന്നതാണ് ഞങ്ങളുടെ ആവശ്യം. ഇതു രണ്ടും നിങ്ങൾ നിരാകരിക്കുന്ന പക്ഷം, ഖഡ്ഗമായിരിക്കും നമ്മുടെ മദ്ധ്യവർത്തി. നിങ്ങൾ എണ്ണത്തിൽ ആകാശത്തിലെ നക്ഷത്രങ്ങളെക്കാൾ കൂടുതലാണെന്നു നിങ്ങൾ പറഞ്ഞു. ആ എണ്ണത്തെ ഞങ്ങൾ പരിഗണിക്കാറില്ലെന്നാണ് എനിക്കു നിങ്ങളോടു പറവാനുള്ളതു്. 'ചെ

റിയ ജനസംഘം വലിയ ജനസംഘത്തെ പലപ്പോഴും പരാജയപ്പെടുത്തിയിട്ടുണ്ടെന്നു ഞങ്ങളോട് അല്ലാഹു പറയുന്നു. തന്റെ ഇച്ഛാനുസാരം നിങ്ങളുടെ ജീവനേയും സമ്പത്തുക്കളെയും കൈയാളുന്ന ഒരു ചക്രവർത്തിയുടെ പ്രജകളാണെന്നുള്ളതിൽ നിങ്ങൾ അഭിമാനം കൊള്ളുന്നു. പക്ഷെ, ഞങ്ങൾ ഖലീഫയായി സ്വീകരിച്ചിട്ടുള്ള ആ വ്യക്തി, ഒരു വിഷയത്തിലും ഞങ്ങളെക്കാൾ വ്യത്യസ്തനല്ല. അദ്ദേഹം വ്യഭിചരിച്ചെങ്കിൽ കല്ലെറിഞ്ഞു കൊല്ലപ്പെടും; അദ്ദേഹം കളവു നടത്തിയെങ്കിൽ കൈ ഛേദിക്കപ്പെടും. അദ്ദേഹം സുഖലോലുപനായി ഒരിടത്തു വിശ്രമിക്കുന്നില്ല. അപ്രാപ്യനല്ല അദ്ദേഹം. ഞങ്ങളെക്കാൾ ഉന്നതനാണ് താനെന്നു അദ്ദേഹം വിചാരിക്കുന്നുമില്ല. സമ്പത്തിലും വിവാഹത്തിലും അദ്ദേഹത്തിന്നു ഞങ്ങളേക്കാൾ ഉയർന്ന പദവിയുമില്ല.

ഇതുകേട്ടപ്പോൾ റോമക്കാർ പറഞ്ഞു: 'ശരി; ഞങ്ങൾ ഒരു കാര്യം ചെയ്യാം. ബൽഖാജില്ലയും നിങ്ങളുടെ രാജ്യാതിർത്തിക്കു തൊട്ടു കിടക്കുന്ന ജോർദ്ദാന്റെ ഭാഗങ്ങളും നിങ്ങൾക്കു വിട്ടുതരാം. നിങ്ങൾ ഞങ്ങളെവിട്ടു പേർസ്യയുടെ ഭാഗത്തേക്കു തിരിഞ്ഞുകൊള്ളുക. യുദ്ധം കൂടാതെ സംഗതി അവസാനിപ്പിക്കാം.' ഈ ഉപാധി സ്വീകരിക്കാതെ മുആദ് (റ) തിരിച്ചു പോന്നു. റോമക്കാർ അബൂഉബൈദ് (റ) യുമായി നേരിട്ടു സംസാരിപ്പാൻ പരിപാടിയിട്ടു. ഒരു പ്രത്യേക ദൂതനെ അവർ ഇതിന്നായി നിയോഗിച്ചു. ആ ദൂതൻ മുസ്‌ലിംകേന്ദ്രത്തിലെത്തിയപ്പോൾ, അബൂഉബൈദ് (റ) തറയിലിരുന്നു അമ്പുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. സമന്മാരായ സാധാരണക്കാർ മാത്രമെ അവിടെ കാണപ്പെട്ടുള്ളൂ. ധാടിയും മോടിയും കൂടിയ അഹംഭാവിയായ ഒരു വ്യക്തിയായിരിക്കും മുസ്‌ലിംസേനാധിപൻ എന്നു കരുതിവെച്ച ആ റോമൻദൂതനു, വിശേഷവിധിയായി വസ്ത്രധാരണം ചെയ്ത ഒരു വ്യക്തിയെപ്പോലും അവിടെയെങ്ങും കാണുവാൻ കഴിഞ്ഞില്ല. അവസാനം അയാൾ മുസ്‌ലിംസേനാധിപൻ എവിടെയാണിരിക്കുന്നതെന്നു മറ്റുള്ളവരോടന്വേഷിച്ചു. അവർ അബൂഉബൈദ (റ) വിനെ ചൂണ്ടിക്കാണിച്ചപ്പോൾ ആ ദൂതൻ അത്ഭുതസ്തിമിതനായിപ്പോയി. ആ ദൂതൻ അബൂഉബൈദ (റ) വിനെ സമീപിക്കുകയും, സൈന്യത്തെയുംകൊണ്ടു ആ നാട്ടുവിട്ടുപക്ഷം രണ്ടു സ്വർണ്ണമുഹർ സമ്മാനമായി നൽകാമെന്നറിയിക്കുകയും ചെയ്തു. അബൂഉബൈദ (റ) ആ ഔദ്യം സ്വീകരിച്ചില്ല. ആകയാൽ റോമക്കാരുടെ ദൂതൻ കോപാക്രാന്തനായി സ്ഥലംവിട്ടു. അതിന്റെ ഭവിഷ്യത്തു മനസ്സിലാക്കിയ അബൂഉബൈദ (റ) വിവരങ്ങൾ ഖലീഫയെ അറിയിക്കുകയും ഒരുങ്ങിനിന്നുകൊള്ളുവാൻ മുസ്‌ലിംസേനക്കു ആജ്ഞ നൽകുകയും ചെയ്തു. 'സന്തോഷപൂർവ്വം മുന്നേറിക്കൊള്ളുക; അല്ലാഹു നിങ്ങളെ തുണക്കുകയും അവരെ തട്ടുകയും ചെയ്യും' എന്നു ഖലീഫ ഒരെഴുത്തുമൂലം മുസ്‌ലിംസേനയെ അറിയിക്കുകയുണ്ടായി.

അബൂഉബൈദ (റ) യുദ്ധത്തിന്നു സൈന്യത്തെ ഒരുക്കിനിറുത്തിയെങ്കിലും, റോമക്കാർ അന്നു യുദ്ധത്തിന്നു വന്നില്ല. കതിരപ്പട്ടാളക്കാരുടെ ഒരു സംഘത്തോടുകൂടി ഖാലിദ് (റ) പിറെദിവസം യുദ്ധക്കളത്തിലേക്കു കുതിച്ചു. അപ്പോഴേക്കും, റോമക്കാർ തങ്ങളുടെ സൈന്യത്തെ മൂന്നു ഭാഗമായി വിഭജിച്ചണിനിരത്തിക്കഴിഞ്ഞിരുന്നു. റോമക്കാരുടെ ഒരു വിഭാഗം മുമ്പോട്ടുവന്നു ഖാലിദ് (റ) വിന്റെ സൈന്യവുമായി ഏറ്റുമുട്ടി. ഖാലിദ് (റ) വിന്റെ സൂചനയനുസരിച്ചു ഖൈസ്ബിൻഹുബൈറാ (റ) ഒരു സൈന്യത്തെയുംകൊണ്ടു യുദ്ധക്കള

ത്തിലേക്ക് കുതിച്ചു. യുദ്ധഗതിക്ക് വേഗംകൂടി. ആ യുദ്ധം നടന്നുകൊണ്ടിരിക്കെത്തന്നെ റോമക്കാരുടെ രണ്ടാമത്തെ സൈന്യവിഭാഗം യുദ്ധക്കളത്തിൽ പ്രത്യക്ഷപ്പെട്ടു. സീറത്ബ്നു മസ്ഊദ് (റ) വിന്റെ നേരെ ഖാലിദ് (റ) അത്ഗർഭമായൊന്നു നോക്കി. അദ്ദേഹം നൊടിയിടയിൽ തന്റെ സൈന്യത്തെയുംകൊണ്ടു രംഗത്തെത്തിക്കഴിഞ്ഞു. അതോടുകൂടി അതിഘോരമായ യുദ്ധം നടന്നു. അപ്പോഴേക്കും റോമക്കാരുടെ അവശേഷിച്ച സൈന്യവിഭാഗവും രംഗത്തേക്ക് കുതിക്കുകയുണ്ടായി. ആ മുന്നേറ്റത്തെ ഖാലിദ് (റ) സുധീരം പെരുത്തു. പൊരിഞ്ഞ യുദ്ധം നടന്നു. റോമക്കാർ പരിക്ഷീണരായിപ്പോയി. മുസ്‌ലിംസേനയുടെ ആത്മസ്ഥൈര്യത്തിന്റെ മുമ്പിൽ റോമക്കാർ മുട്ടുകുത്തി. പിന്തിരിഞ്ഞോടുന്ന ലക്ഷണങ്ങൾ അവരിൽ പ്രകടമായപ്പോൾ ഖാലിദ് (റ) മുസ്‌ലിംസേനയോട് ഇപ്രകാരം വിളിച്ചു പറഞ്ഞു:- 'ഇതാ, റോമക്കാർ ക്ഷീണിച്ചുകഴിഞ്ഞു. ഇനി നിങ്ങളുടെ ഊഴമാണ്. മുന്നേറിക്കൊള്ളൂ.' ഈ ആഹ്വാനം ലഭിച്ചതും മുസ്‌ലിം സേന കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുകയും, റോമക്കാരെ ഇഞ്ചിഞ്ചായി പിൻതിരിക്കുകയും ചെയ്തു.

അന്നത്തെ യുദ്ധം അങ്ങിനെ കഴിഞ്ഞു. റോമക്കാർ പരിക്ഷീണിതരായിക്കഴിഞ്ഞ ഈ അവസരം തങ്ങളുടെ വിജയത്തിന്നായി ഉപയോഗപ്പെടുത്തുവാൻ മുസ്‌ലിംകൾ തീരുമാനിച്ചു. പ്രഭാതത്തിൽ യുദ്ധം നടത്തുവാൻ ഒരുങ്ങിക്കൊള്ളണമെന്നു മുസ്‌ലിംസേനക്ക് നിർദ്ദേശം നൽകപ്പെട്ടു. അർദ്ധരാത്രി മുതൽ പട്ടാളത്തെ അണിനിരത്തുന്നതിൽ അബൂഉബൈദ(റ) വ്യാപൃതനായി. മുആദ്ബ്നുജബൽ (റ) വിനെ വലത്തും, ഹാശിംബ്നുഉത്ബാ (റ) വിനെ ഇടത്തും അദ്ദേഹം അണിനിരത്തി. കാലാൾപ്പടയുടെ നായകത്വം സഈദ്ബ്നുസുബൈർ (റ) വിന്നും, കുതിരപ്പടയുടെ നായകത്വം ഖാലിദ് (റ) വിന്നും നൽകപ്പെട്ടു. സൈന്യം അണിനിരന്നു കഴിഞ്ഞപ്പോൾ, അബൂഉബൈദ (റ) അണികൾ നടന്നു പരിശോധിക്കുകയും, ഓരോ അണിയോടും ഇപ്രകാരം പറയുകയും ചെയ്തു:- 'അല്ലയോ ജനങ്ങളെ, അല്ലാഹുവിന്റെ സഹായം നിങ്ങൾ കാംക്ഷിക്കുന്ന പക്ഷം സ്ഥിരചിത്തരും ആത്മവിശ്വാസമുള്ളവരുമായി വർത്തിക്കുക. സ്ഥിരചിത്തരെയും ആത്മവിശ്വാസമുള്ളവരെയും അല്ലാഹു തുണക്കുന്നു.'

ഇതെ അവസരത്തിൽ റോമക്കാർ അവരുടെ അമ്പതിനായിരത്തോളം വരുന്ന സൈന്യത്തെ അഞ്ചു വിഭാഗമായി അണിനിരത്തി. മുന്നണിയിൽ കുതിരപ്പട്ടാളത്തെ അണിനിരത്തുകയും അണിയുടെ ഇടത്തും വലത്തും വില്ലാളികളെ നിരത്തുകയും ചെയ്തു. ഇടതുവശത്തും വലതുവശത്തും കുതിരപ്പട്ടാളത്തെ തന്നെ പാർശ്വസേനകളായി അണിനിരത്തി. കാലാൾപ്പടയെ ഏറ്റവും പിന്നണിയിലായും അണിനിരത്തി. ഈ നിലയിൽ വാദ്യഘോഷമേളങ്ങളോടുകൂടി റോമൻസേന മുസ്‌ലിംകളുടെ നേരെ നീങ്ങി. മുസ്‌ലിം മുന്നണിസേനയെ നയിച്ച ഖാലിദ് (റ) വാണ് ആ കൂറ്റൻ റോമക്കാരെ അഭിമുഖീകരിക്കേണ്ടി വന്നത്. റോമൻ വില്ലാളിസേന ഒരു ശരവർഷം തന്നെ നടത്തുകയുണ്ടായി. ആ ശരവർഷത്തിന്റെ മുമ്പിൽ മുസ്‌ലിംസേന അല്പം അടിപതറിപ്പോവുകതന്നെ ചെയ്തു. ഖാലിദ് (റ) വില്ലാളിസൈന്യത്തിന്റെ ആക്രമണത്തിൽ നിന്നു ഒഴിഞ്ഞുമാറിക്കൊണ്ടു, റോമക്കാരുടെ വലതുപാർശ്വസൈന്യത്തിന്റെ നേരെ തിരിഞ്ഞു. റോമക്കാർ ക്ഷണനേരത്തേക്ക് കൈവരിച്ച അവ്യക്തവിജയത്തെ കണക്കിലെടുക്കാതെകൊണ്ടു, അ

വരുടെ വലതുപാർശ്വസൈന്യം അണിയിൽനിന്ന വേറിട്ട ഖാലിദ് (റ) വിന്റെ നേരെ തിരിഞ്ഞു. പൊതുഅണിയിൽനിന്ന സാവകാശം അവരെ ആടത്തി അകറ്റിയെടുപ്പാനായി ഖാലിദ് (റ) മെല്ലെ മെല്ലെ പിന്നോട്ട നീങ്ങി. ഉദ്ദേശ്യം ഫലിച്ച കഴിഞ്ഞപ്പോൾ ഖാലിദ്(റ) വിന്റെ സൈന്യം എതിരാളികളുടെ നേരെ കനത്ത ആക്രമണം നടത്തി. പ്രാമാണികരായ പതിനൊന്ന റോമൻ മേധാവികളെ ഖാലിദ് (റ) സ്വകരങ്ങളാൽ വധിച്ചു. അതിലിടക്ക റോമൻ വലതുപാർശ്വസൈന്യത്തെ ഖൈസ്ബിൻ ഹബീറാ (റ) ആക്രമിച്ച വശം കെടുത്തി. റോമക്കാരുടെ കേന്ദ്രഅണിയാവട്ടെ വില്ലാളിസൈന്യത്താൽ സുരക്ഷതമായിരുന്ന. മുസ്‌ലിംകളുടെ ഇടതുപാർശ്വസൈന്യത്തെ നയിച്ച ഹാശീംബിൻ ഉത്ബാ (റ) ഇപ്രകാരം ഒരാഹ്വാനം നല്കി:-'അല്ലാഹുവാണെ സത്യം, റോമക്കാരുടെ ആ മദ്ധ്യഅണിയിൽച്ചെന്ന ഇസ്‌ലാമിന്റെ പതാക നാട്ടിയല്ലാതെ ഞാൻ തിരിച്ചു വരികയില്ല.' ഇങ്ങിനെ പറഞ്ഞുകൊണ്ട അദ്ദേഹം കുതിരപ്പുറത്തുനിന്ന നിലത്തു ചാടുകയും, ഒരു ഫലകം തട്ടിയെടുത്തുകൊണ്ട ലക്ഷ്യത്തിലേക്ക കുതിക്കുകയും, കേന്ദ്രസൈന്യസങ്കേതത്തെ സമീപിക്കുകയും ചെയ്തു. ഒരു മണിക്കൂറോളം പൊരിഞ്ഞ യുദ്ധം നടന്ന. ഭൂമി രക്തത്തിൽ മുങ്ങിപ്പോയി. അവസാനം റോമക്കാർ പരാജയം സമ്മതിച്ചുകൊണ്ട ആത്മരക്ഷാർത്ഥം നാലുഭാഗത്തും ഓടിപ്പോയി. പലരും ബന്ധനസ്ഥരാക്കപ്പെട്ടു. പിടിച്ചടക്കിയ ആളുകളെ എന്താണ് ചെയ്യേണ്ടതെന്ന് അബൂഉബൈദ (റ) ഖലീഫയോട എഴുതി ചോദിച്ചു. അവരെ സാമന്തന്മാരായി ഗണിക്കേണമെന്നും, കൃഷിനിലങ്ങളും അവയുടെ യഥാർത്ഥ ഉടമകൾക്ക വിട്ടുകൊടുക്കേണമെന്നും ഉമർ (റ) മറുപടി നല്കി.

ഇതിനെത്തുടർന്ന് ജോർദാനിലെ നഗരങ്ങളും പ്രധാന കേന്ദ്രങ്ങളും സമാധാനപരമായിത്തന്നെ കീഴടക്കപ്പെടുകയും, അവിടങ്ങളിലെ ജനങ്ങളുടെ ജീവനും, സ്വത്തുക്കൾക്കും, പ്രാർത്ഥനാലയങ്ങൾക്കും, ദേവാലയങ്ങൾക്കുമെല്ലാം രക്ഷനല്കപ്പെടുകയും ചെയ്ത മുസ്‌ലിംകൾ ഒന്നുംതന്നെ നശിപ്പിക്കുകയുണ്ടായില്ല. പള്ളികൾ പണിയുന്നതിനായി ഏതാനും നിലങ്ങൾ ഉപയോഗപ്പെടുത്തുക മാത്രമെ ഉണ്ടായുള്ളൂ. മുസ്‌ലിംകളുടെ ആജ്ജീവത്വവും, സൌമനസ്യവും നീതിയും ജനങ്ങളെ സംതൃപ്തരും സന്തുഷ്ടരുമാക്കിത്തീർത്തു.

ഹിംസ് വിജയം

സിറിയായിലെ ഒരു സുപ്രധാന നഗരമാണ് ഹിംസ്. അമസിയാ എന്നാണ് ആ നഗരത്തിന്റെ ഇംഗ്ലീഷിലുള്ള പേർ. പ്രാചീന കാലത്തു ഈ നഗരത്തിൽ ഒരു സൂര്യക്ഷേത്രമുണ്ടായിരുന്ന. വിദൂരദേശങ്ങളിൽ നിന്നുപോലും തീർത്ഥാടകർ ഈ ക്ഷേത്രത്തിലേക്ക വരികപതിവായിരുന്ന. ഒമസ്സസ് കീഴടക്കിയതിന്നുശേഷം; സിറിയാ വിജയം പരിപൂർണ്ണമാക്കന്ന മൂന്ന നഗരങ്ങൾ കൂടി മുസ്‌ലിംകൾ കീഴടക്കേണ്ടിയിരുന്ന. ജറുസലേം, അമസിയ, അന്തിയോശ എന്നിവയായിരുന്ന ആ നഗരങ്ങൾ. മറ്റ രണ്ട നഗരങ്ങളെ അപേക്ഷിച്ച, മുസ്‌ലിംകളെസ്സംബന്ധിച്ചേടത്തോളം ഏറ്റവും അടുത്ത നഗരം അമസിയ ആയിരുന്ന. പക്ഷെ, ആ നഗരം ജനസംഖ്യയിലും സമ്പൽശേഷിയാലും പിന്നണിയിലായിരുന്ന. മുസ്‌ലിംകൾ ആ നഗരം ആദ്യമായി കീഴടക്കുവാൻ തീരുമാനിച്ചു, അങ്ങോട്ടേക്ക പുറപ്പെട്ട. ചെറിയ ഒരു സംഘട്ടനത്തിന്നുശേഷം, മാഗ്ഗത്തിലുണ്ടായിരുന്ന ബൽബക് എന്ന പട്ടണം മുസ്‌ലിംസേന കീഴടക്കി. അമസിയക്കടുത്തു വെച്ചു മുസ്‌ലിംകളുടെ മുന്നേറ്റത്തെ തട

ക്കുവാൻ റോമക്കാർ ഒരു പരിശ്രമം നടത്തുകയും, ഒരു കനത്ത സേന ജൊസിയായിൽ വെച്ചു മുസ്‌ലിംസേനയെ തടുത്തിടുകയും ചെയ്തു. ഖാലിദ് (റ) വിന്റെ പ്രാരംഭപ്രത്യാക്രമണം തന്നെ ആ റോമൻസേനയെ പിന്തിരിപ്പിച്ചു. സീറത്ബിൻ മസ്‌ഊദ് (റ) വിന്റെ നേതൃത്വത്തിൽ ഒരു ചെറുസൈന്യത്തെ ഖാലിദ് (റ) അമസിയയിലേക്കു നിയോഗിച്ചു. മാർഗ്ഗത്തിൽ പലയിടങ്ങളിൽ വെച്ചു റോമൻ സൈന്യങ്ങളും മുസ്‌ലിംകളെ ചെറുത്തെങ്കിലും അവരെയെല്ലാം സീറത് (റ) പരാജയപ്പെടുത്തി. ഈ യുദ്ധത്തിൽ ശുറഹ്ബീൽ (റ) മാത്രം ഏഴു റോമൻപട്ടാളക്കാരെ വധിക്കുകയുണ്ടായി. അതിനുശേഷം അദ്ദേഹം അണിയിൽനിന്നൊഴിവാക്കപ്പെട്ടു, ഏകനായി അമസിയയിലേക്കു കുതിച്ചു. അദ്ദേഹം നഗരാതിർത്തിയിലെത്തിയപ്പോൾ റോമക്കാർ അദ്ദേഹത്തെ എതിർത്തു. ഏകനായ ശുർഹബീൽ (റ) ധീരധീരം എതിരാളികളുമായി പടപൊരുതുകയും, പതിനൊന്നു റോമക്കാർക്കു മാരകമായ മുറിവുകളേല്പിക്കുകയും ചെയ്തു. ഗത്യന്തരമില്ലെന്നു വന്നപ്പോൾ റോമക്കാർ തിരിഞ്ഞോടി, ഒരു ക്രിസ്ത്യാനിപള്ളിയിൽ അഭയം പ്രാപിക്കുകയും ചെയ്തു. ശുർഹബീൽ (റ) അവരെ പിന്തുടർന്നു. ക്രിസ്ത്യൻപള്ളിയിൽ ധാരാളം ആളുകൾ കേന്ദ്രീകരിച്ചിരുന്നു. അവർ അദ്ദേഹത്തെ വളയുകയും, നിലത്തുതള്ളിയിട്ടു കല്ലെറിഞ്ഞു കൊല്ലുകയും ചെയ്തു. ഖാലിദ് (റ)വും അബൂഉബൈദ (റ)വും സീറത്(റ)വിനെ അനുഗമിക്കുകയും നഗരം വളയുകയും ചെയ്തു. കൊടുംതണുപ്പു കാലമായതുകൊണ്ടു മുസ്‌ലിംകൾക്കു അധികദിവസം അങ്ങിനെ നില്പാൻ കഴിയുകയില്ലെന്നു റോമക്കാർ കണക്കാക്കി. ഒരു കനത്ത സേനയെ തങ്ങളുടെ സഹായത്തിന്നായി നിയോഗിക്കുന്നുണ്ടെന്നും, ജസീറയിൽനിന്നു ഒരു കൂറൻ സൈന്യം പുറപ്പെട്ടു കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുന്ന ഒരു ഔത്യം ഹിറാക്ലസ് ചക്രവർത്തിയിൽനിന്നു ലഭിച്ചപ്പോൾ, വിജയംതങ്ങളുടേതു തന്നെയാണെന്നു റോമക്കാർ ഉറപ്പിച്ചു. പക്ഷെ, ഹിറാക്ലസിന്റെ പരിപാടികളുടെ സ്വഭാവം അറിവാനിടയായ ഇറാഖ് യുദ്ധത്തിന്നായി സൈന്യത്തെ നയിക്കുകയായിരുന്ന, സഅ്ദിബ്നു അബീവഖ്ഖാസ് (റ) സൈന്യത്തെ അമസിയയിലേക്കു നിയോഗിച്ചു. ആ സൈന്യം അമസിയയിലേക്കു നീങ്ങുകയായിരുന്ന റോമൻ സഹായക സൈന്യത്തെ വഴിയിൽ വെച്ചു, തടയുകയുണ്ടായി. [മഹാനായ ഇബ്നുൽ അസീർ രേഖപ്പെടുത്തീട്ടുള്ള വാർത്തയാണിതു്.] ഹതാശരായിത്തീർന്ന അമസിയക്കാർ അവസാനം പരാജയം സമ്മതിച്ചുകൊണ്ടു കീഴടങ്ങി.

ഹിമാത് കീഴടങ്ങി

കീഴടങ്ങിയ ഹിംസിന്റെ കാര്യനിർവ്വഹണച്ചുമതല ഉബാദതിബ്നു സാമത് (റ)വിൽ ഏല്പിച്ചുകൊണ്ടു, അബൂഉബൈദ (റ) ഹിമാതിലേക്കു നീങ്ങി. അമസിയക്കും ഹിംസിനുമിടയിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രാചീന നഗരമാണു് ഹിമാത്. അബൂഉബൈദ (റ) ഹിമാതിൽ എത്തിയ ഉടനെ, ആ നാട്ടിലെ ജനങ്ങൾ ജിസിയ നല്കാമെന്നു സമ്മതിച്ചുകൊണ്ടു അദ്ദേഹത്തിന്നു കീഴടങ്ങി.

ശീസർ കീഴടങ്ങി

ഹിമാതിൽനിന്നു അബൂഉബൈദ (റ) ശീസറിലേക്കു പുറപ്പെട്ടു. അന്നാട്ടുകാർ എതിർപ്പിന്നൊരുങ്ങാതെ, സമാധാനപരമായിത്തന്നെ മുസ്‌ലിംകൾക്കു കീഴടങ്ങി.

മീറത്തുന്നുഅ്മാൻ കീഴടങ്ങി

ശീസറിൽനിന്നു മീറത്തുന്നുഅ്മാനിലേക്കാണു് അബൂഉബൈദ (റ) തന്റെ സൈന്യ

ത്തെ നയിച്ചത്. പ്രകോപനങ്ങളൊ സംഘട്ടനങ്ങളൊ കൂടാതെ അന്നാട്ടുകാരും മുസ്‌ലിം കാംക്ഷ കീഴടങ്ങി.

ലാദ്ഖിയാ വിജയം

ഹിമാത്തും, ശീസറും, മീറത്തുന്നുഅ്മാനും സമാധാനപരമായി കീഴടക്കിയശേഷം, അബൂഉബൈദ (റ) ലാദ്ഖിയായിലേക്ക് നീങ്ങുകയുണ്ടായി. അതിപ്രാചീനമായ ഒരു പ്രശസ്തനഗരമാണ് ലാദ്ഖിയ. ഫൊണീഷ്യക്കാരുടെ കാലത്തു ഈ നഗരത്തെ അമർസ എന്നാണവർ വിളിച്ചിരുന്നത്. അതിശക്തമായ ഒരു കോട്ടയാൽ സുരക്ഷിതമായിരുന്ന ആ നഗരം. മുസ്‌ലിംസേന കോട്ട വളഞ്ഞു. എതിരാളികൾ പതിവുപോലെ കോട്ടവാതിലുകൾ ഭദ്രമായടച്ചു; കോട്ടക്കുള്ളിൽ നിലയുറപ്പിച്ചു. അബൂഉബൈദ (റ) ഇത്തവണ ഒരു ഒരു പുതിയ സൂത്രം പ്രയോഗിച്ചു. കോട്ടക്കല്ലുകൾ അകലെ, വളരെ ഗോപ്യമായി, ഏതാനും കുഴികൾ കുഴിപ്പിച്ചു. ഒരു രാത്രിയിൽ, എതിരാളികളുടെ ശ്രദ്ധയിൽപ്പെടാനിട വരാത്ത വിധം, മുസ്‌ലിംസൈന്യം ആ കുഴികളിൽ അത്തേഹം പാകപ്പിച്ചു നേരം പുലർന്നപ്പോൾ, മുസ്‌ലിംസേന സ്ഥലം വിട്ടതായിക്കണ്ട എതിരാളികൾ, അതൊരു ഭാഗ്യമായിക്കരുതി, സന്തോഷപൂർവ്വം കോട്ടവാതിലുകൾ തുറന്ന് പുറത്തിറങ്ങി. ആ തക്കം ഉപയോഗപ്പെടുത്തിക്കൊണ്ട് മുസ്‌ലിംസേന അവരെ ആക്രമിച്ചുകീഴടക്കി.

ജൈത്രയാത്ര നിറുത്തി

റോമചക്രവർത്തിയുടെ ആവാസസ്ഥലമായ അന്തിയോശ്നഗരം ആക്രമിക്കുവാൻ, അമസിയ കീഴടക്കിയ അവസരത്തിൽത്തന്നെ അബൂഉബൈദ (റ) തീരുമാനിച്ചിരുന്നു. ആ ഭാഗത്തേക്ക് ചില സൈന്യവിഭാഗങ്ങളെ അദ്ദേഹം നിയോഗിക്കുകയും ചെയ്തിരുന്നു. പക്ഷെ, ലാദ്ഖിയാ കീഴടക്കിയ ഉടനെ അബൂഉബൈദ (റ) വിന്നു ഖലീഫയിൽനിന്നു ഒരു കല്പന ലഭിച്ചു. ആ വർഷം (ഹി. 14) കഴിയുവോളം മറൊരു യുദ്ധം നടത്തരുതെന്നായിരുന്നു ആ കല്പന. ആ കല്പനക്ക് വഴങ്ങിക്കൊണ്ട് അബൂഉബൈദ (റ) പട്ടാളക്കാരെ തിരിച്ചുവിളിച്ചുവെന്നു ചരിത്രകാരനായ അസ്ദി രേഖപ്പെടുത്തിയിരിക്കുന്നു. പ്രധാനനഗരങ്ങളിൽ ചെറുസൈന്യങ്ങളെ കാവൽനിറുത്തിക്കൊണ്ട്, അബൂഉബൈദ (റ) അമസിയായിൽ താമസിച്ചു. ആയിരം പട്ടാളക്കാരോടൊപ്പം ഖാലിദ് (റ) ഒമസ്ക്കസ്സിലേക്ക് തിരിച്ചു, അവിടെ താമസിച്ചു. അംറുബ്നുൽആസ് (റ) ജോർദ്ദാനിൽ താമസിക്കുകയുണ്ടായി.

യർമൂക് വിജയം

ഒമസ്ക്കസ്സിൽവെച്ചും അമസിയായിൽവെച്ചും മറിടങ്ങളിൽവെച്ചും പരാജിതരാക്കപ്പെട്ട റോമക്കാർ അന്തിയോശിലേക്ക് പ്രവഹിക്കുകയും, ഹിറാക്ലസിന്റെ സന്നിധിയിൽച്ചെന്നു. 'സിറിയാ രാജ്യം മുഴുവനും അറബികൾ കൂട്ടിപ്പോറാക്കി'യെന്നു മുറവിളി കൂട്ടുകയും ചെയ്തു. ആയുധബലത്തിലും എണ്ണത്തിലും റോമക്കാരെ അപേക്ഷിച്ചു എത്രയും പിന്നണിയിൽ നിൽക്കുന്ന അറബികളോട് റോമക്കാർ തോൽക്കുവാനുണ്ടായ കാരണം ഹിറാക്ലസ് ചക്രവർത്തി ബന്ധപ്പെട്ട വ്യക്തികളോടന്വേഷിച്ചു. എല്ലാവരും ലജ്ജിച്ചുതലതാഴ്ത്തി. ഉത്തരം പറയുവാൻ ആരും ധൈര്യപ്പെട്ടില്ല. അവസാനം, നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് വൃദ്ധനായ ഒരു റോമക്കാരൻ ഇപ്രകാരം പറഞ്ഞു:-'തിരുമേനീ, അറബികൾ ധാർമ്മികമായി ഞങ്ങളെക്കാൾ അത്യന്തം ഉന്നതരാകുന്നു. പകൽസമയത്തു അവർ വ്രതമനുഷ്ഠിക്കുന്നു; രാത്രികാലത്തു അവർ പ്രാർത്ഥനയിൽ മുഴുകുന്നു. അവർ ആരെയും ഉപദ്രവിക്കുന്നില്ല. എല്ലാവരെയും സമന്മാരായി കാണുന്നു. ഞങ്ങളുടെ

ഞാൻ ഭയാനകമായ വനത്തിലെ സിംഹത്തെ പോലെയുള്ളവനാണ്‌ ഞാൻ ശത്രുക്കളെ എളുപ്പത്തിൽ വെട്ടിവീഴ്ത്തുന്നവനാണ്‌ ഞാൻ.' പിന്നീടധികം താമസിച്ചില്ല ഹ: അലി (ക) ഒറ്റ കുതിപ്പാണ്‌ വലതുകൈ ചലിച്ചു. ദുൽഫഖാർ എന്ന ഖഡ്ഗം ഉയർന്നു. ഒരു ദീനാരോദനത്തോടെ മുറഹബ്‌ നിലത്തു വീണു പിടഞ്ഞു. ആ കണ്ണുകൾ പിന്നീട്‌ തുറന്നിട്ടില്ല യഹൂദന്മാരുടെ കോട്ടയെ കീഴടക്കാൻ പിന്നീട്‌ പ്രയാസം നേരിട്ടില്ല. ഹ: അലി (ക) മുന്നോട്ട്‌ കടന്നാക്രമിക്കുകയും കോട്ടയെ കീഴ്പ്പെടുത്തുകയും ചെയ്തു

മക്കാ വിജയം

മക്കായുദ്ധത്തിനുള്ള ഒരുക്കങ്ങൾ ഹി: എട്ടാംവർഷത്തിൽ ആരംഭിച്ചു. മദീനയിലെ സന്നാഹങ്ങൾ ഖുറൈശികളെ അറിയിക്കാനായി ഒരു സ്ത്രീ മക്കായിലേക്ക്‌ പുറപ്പെട്ടിട്ടുണ്ടെന്ന് റസൂൽ (സ) വിന്നറിവു കിട്ടി. ആ സ്ത്രീയെ പിടിച്ചുകൊണ്ടു വരുവാൻ നബി (സ) കല്പിച്ചു. ഹ: അലി (ക), ഹ: സുബൈർ (റ), ഹ: മിഖ്ദാദ്‌ (റ) എന്നിവരാണ്‌ ആ ചുമതല ഏറ്റെടുത്തത്‌ അവർ മൂന്നുപേരും കുതിരപ്പുറത്തു കയറി പുറപ്പെട്ടു 'ഖാഖ്‌' എന്ന ഒരു തോട്ടത്തിൽവെച്ച്‌ ആ സ്ത്രീയെ അവർ കണ്ടുമുട്ടി. അവർ ആ സ്ത്രീയെ ചോദ്യം ചെയ്തു കത്തിനെ കുറിച്ച്‌ തനിക്ക്‌ യാതൊരറിവുമില്ലെന്ന് ആ സ്ത്രീ പറഞ്ഞപ്പോൾ അവർ ആ സ്ത്രീയുടെ വസ്ത്രങ്ങൾ പരിശോധിക്കാനായൊരുങ്ങി. ഉടനെതന്നെ സ്ത്രീ ഒരു കത്തെടുത്ത്‌ അവരെ ഏല്പിച്ചു. അവർ നബി (സ) യുടെ സന്നിധിയിലേക്ക്‌ തിരിച്ചു. റസൂൽ (സ) കത്തു വായിച്ചുനോക്കി ഹത്താബുബ്നുഅബീബൽതഅ എന്ന സഹാബിയായിരുന്നു ആ കത്തെഴുതിയിരുന്നത്‌ റസൂൽ (സ) ഉടനെത്തന്നെ അയാളെ വരുത്തി ചോദ്യംചെയ്തു. അയാൾ നബി (സ) യോട്‌ പറഞ്ഞു: 'നബിയേ! അങ്ങു പരമാർത്ഥം മനസ്സിലാക്കണം. അതിനു മുമ്പ്‌ എന്നെ തെറ്റിദ്ധരിക്കരുത്‌. എനിക്ക്‌ ഖുറൈശികളുമായി യാതൊരു ബന്ധവുമില്ല സഖ്യബന്ധമാണുള്ളത്‌. മുഹാജിറുകളായ മറ്റുള്ളവർക്ക്‌ മക്കായിൽ കുടുംബങ്ങളുണ്ട്‌ അവരുടെ സന്തതികളെ അവരുടെ കുടുംബക്കാർ സംരക്ഷിക്കും. എന്റെ കുടികൾക്ക്‌ ഈ ആപൽഘട്ടത്തിൽ സഹായത്തിന്നാരുമില്ലല്ലോ എന്നു ചിന്തിച്ചാണ്‌ ഞാൻ ഈ കത്തെഴുതിയത്‌ അതല്ലാതെ നമ്മുടെ രഹസ്യങ്ങൾ അവരെ അറിയിക്കുന്നതിനോ, ഇസ്‌ലാമിനെ വഞ്ചിക്കാനോ ഉദ്ദേശിച്ച്‌ എഴുതിയതല്ല.' അദ്ദേഹത്തിന്റെ വാക്കുകളെ റസൂൽ (സ) വിശ്വസിച്ചു. എന്നാൽ ഹ ഉമർ (റ) വിന്റെ കോപം കെട്ടടങ്ങിയില്ല. അദ്ദേഹം റസൂൽ (സ) വിനോടപേക്ഷിച്ചു; 'അല്ലാഹുവിന്റെ റസൂലെ! ഇവനെ വധിക്കാൻ എന്നെ അനുവദിക്കണം' നബി (സ) ഹ: ഉമർ (റ) വിനെ ഇപ്രകാരം സമാധാനിപ്പിച്ചു. 'ഇയാൾ ബദർ യുദ്ധത്തിൽ നമ്മോടൊന്നിച്ച്‌ ത്യാഗം സഹിച്ചവനാണ്‌'. ബദറിൽ പങ്കുകൊണ്ടിട്ടുള്ളവരുടെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തിരിക്കുന്നു എന്നതു നിങ്ങൾക്കറിഞ്ഞുകൂടെ?'

ഹിജ്‌റ 8-ാം വർഷത്തിലെ റംസാൻമാസം പത്താം തിയതി പതിനായിരം സഹാബികളോടുകൂടി നബി (സ) മദീനയിൽ നിന്ന് മക്കായിലേക്ക്‌ പുറപ്പെട്ടു. തങ്ങളുടെ പ്രിയപ്പെട്ട ജന്മഭൂമിയിൽ പ്രതാപത്തോടും സന്തോഷത്തോടും കൂടി അവർ കാലെടുത്തു വെച്ചു; നീണ്ട എട്ടു വർഷങ്ങൾക്കുശേഷം പതാക വഹിച്ചുകൊണ്ട്‌ മുന്നിൽ യാത്രചെയ്തിരുന്നതു ഹ: സുഅദുബ്നുഉബാദത്ത്‌ (റ) ആയിരുന്നു. സന്തോഷഭരിതനായി അദ്ദേഹം 'ഇന്നു യുദ്ധദിന

നില നേരെമറിച്ചാണ്. ഞങ്ങൾ മദ്യപിക്കുന്നു; പരദ്രോഹം ചെയ്യുന്നു; വിനാശകരമായ കായ്ങ്ങൾ നടത്തുന്നു; വാശ്രത്തം പാലിക്കുന്നില്ല; അവശരെ അടിച്ചമർത്തുന്നു. അറബികൾ ആവേശപൂർവ്വം അവരുടെ പ്രവർത്തനങ്ങൾ നടത്തുമ്പോൾ, നമുക്കു അവയെ പ്രായോഗികമായി നേരിടുവാൻ സാധിക്കാതെ വരുന്നു.' സിറിയ കൈയൊഴിച്ചുകളവാൻ ഹിറാക്ലിയസ് ആഗ്രഹിച്ചെങ്കിലും നാട്ടിന്റെ നാനാഭാഗത്തുള്ള, ക്രൈസ്തവരുടെ സമ്മർദ്ദത്തിന്നദ്ദേഹം വഴിപ്പെടേണ്ടിവന്നു. അറബികളുമായി അവസാനത്തെ കൈനോക്കിക്കളവാൻ ചക്രവർത്തി തീരുമാനിച്ചു. തന്റെ അധികാരപരിധിയിലുള്ള എല്ലാ നാടുകളിൽനിന്നും പട്ടാളക്കാരെ വിളിച്ചുവരുത്തി. കോൺസ്റ്റന്റിനോപ്പിൾ, ജസീറാ, അർമീനിയാ തുടങ്ങിയ വൻകേന്ദ്രങ്ങളിൽനിന്നെല്ലാം അന്തിയോഷിലേക്കു പട്ടാളം പ്രവഹിച്ചു. അന്തിയോഷും പരിസരപ്രദേശങ്ങളും എണ്ണമറ്റ പട്ടാളക്കാരെക്കൊണ്ടു നിറഞ്ഞു.

അബൂഉബൈദ (റ) കീഴടക്കിയ നാടുകളിലെ ജനങ്ങൾ, ക്രൈസ്തവരും ജൂതരുമെല്ലാം തന്നെ, നീതിമാനായ അദ്ദേഹത്തെ ആത്മതുല്യം സ്നേഹിച്ചു. അവർ സ്വമേധയാ ഒറ്റുകാരെ നിയോഗിക്കുകയും ശത്രുപക്ഷത്തു നടക്കുന്ന ഒരുക്കങ്ങളെയും നീക്കങ്ങളെയും സംബന്ധിച്ച വാർത്തകൾ അപ്പപ്പോൾ ശേഖരിച്ചു, മുസ്‌ലിം സൈന്യാധിപനെ അറിയിക്കുകയും ചെയ്തു. റോമക്കാരുടെ ഒരുക്കങ്ങളെസ്സംബന്ധിച്ച വാർത്തകൾ ലഭിച്ചപ്പോൾ, അബൂഉബൈദ (റ) മുസ്‌ലിം പട്ടാളത്തലവന്മാരെ ഒരിടത്തു സമ്മേളിപ്പിക്കുകയും അവരെ അഭിമുഖീകരിച്ചു ആവേശഭരിതമായ ഒരു പ്രസംഗം നടത്തുകയും ചെയ്തു. ആ മഹാനായ സൈന്യാധിപൻ പറഞ്ഞു:-'അല്ലയോ മുസ്‌ലിംകളെ, തുടരെത്തുടരെ നിങ്ങൾ പരീക്ഷിക്കപ്പെട്ടു. ആ പരീക്ഷണങ്ങളിലെല്ലാം അല്ലാഹു നിങ്ങൾക്കു വിജയം നൽകി. ഇപ്പോൾ ശത്രുക്കൾ പൂർവ്വോപരി ശക്തിയാർജ്ജിച്ചുകൊണ്ടു നിങ്ങളുടെ നേരെ പുറപ്പെട്ടുകഴിഞ്ഞു. എണ്ണമറ്റ പടക്കുറവൻ സൈന്യമാണ് പുറപ്പെട്ടിട്ടുള്ളതു്. അവരുടെ പാദങ്ങൾക്കടിയിൽപ്പെട്ട ഭൂമി കിടുകിടുക്കുകയാണ്. ഈ അവസരത്തിൽ എന്തു ചെയ്യുവാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു.'

മുആവിയായുടെ സഹോദരനായ യസീദ്ബിൻഅബീസുഫ്യാൻ (റ) എഴുന്നേറ്റുനിന്നു, ഇപ്രകാരം പറഞ്ഞു:-'നമ്മുടെ സ്ത്രീകളെയും കുട്ടികളെയും നഗരത്തിന്നകത്തുനിർത്തി, നാം നഗരഭിത്തിക്കു പുറത്തു അണിനിരക്കേണമെന്നാണെന്റെ പക്ഷം. അതോടൊപ്പം, ഉടനടി ഇങ്ങോട്ടു വരുവാനാവശ്യപ്പെട്ടുകൊണ്ടു ഖാലിദിന്നും അംറുബ്നുൽആസിന്നും, ദമസ്ക്കസ്സിലേക്കും പലസ്തീനിലേക്കും കത്തയക്കുകയും വേണം.'

ശുറഹ്ബീൽബിൻഹസ്നാ (റ) ഇപ്രകാരം അഭിപ്രായപ്പെട്ടു:-'ഈ അവസരത്തിൽ ഓരോരുത്തർക്കും അവരവരുടെ അഭിപ്രായങ്ങൾ പറവാൻ സ്വതന്ത്ര്യമുണ്ട്. യസീദ് ഗ്രണകാങ്ക്ഷിയാണെന്നുള്ളതിന്നു സംശയമില്ല. പക്ഷെ, അദ്ദേഹത്തിന്റെ അഭിപ്രായത്തോടു എനിക്കു യോജിപ്പില്ല. ഈ നഗരവാസികൾ ക്രൈസ്തവരാണ്. യസീദ് പറഞ്ഞതുപോലെ പ്രവർത്തിക്കുന്നപക്ഷം, ഈ നഗരവാസികൾ നമ്മുടെ കുടുംബങ്ങളെ ആക്രമിപ്പാനൊ, ഹിറാക്ലിയസിന്നു പിടിച്ചുകൊടുപ്പാനൊ, കൊന്നൊടുക്കിക്കളയാനൊ സാദ്ധ്യതയുണ്ട്.'

അബൂഉബൈദ (റ) ഇപ്രകാരം പ്രസ്താവിച്ചു:-'ക്രൈസ്തവരെ നഗരത്തിൽനിന്നു പുറത്താക്കുന്നപക്ഷം, ഈ അപകടഭീതി ഒഴിവാക്കാമല്ലൊ.'

ശുറഹ്ബീൽ (റ) പറഞ്ഞു:- 'അല്ലയോ അമീറേ, ക്രിസ്ത്യാനികളെ നഗരത്തിൽനിന്നു പുറത്താക്കുവാൻ താങ്കൾക്കധികാരമില്ല. അവരെ സമാധാനപൂർവ്വം നഗരത്തിൽ താമസിപ്പാൻ അനുവദിക്കുമെന്നുള്ള വ്യവസ്ഥയിലാണ് ക്രിസ്ത്യാനികൾ കീഴടങ്ങിട്ടുള്ളത്. ആ വ്യവസ്ഥ ലംഘിക്കുന്നതെങ്ങിനെ?'

ഈ വാദത്തെ അബൂഉബൈദ (റ) അംഗീകരിച്ചു. മുസ്‌ലിംസേന അമസിയായിലേക്കു നീങ്ങി, ശത്രുക്കളെ പ്രതീക്ഷിച്ചുകൊണ്ട് അവിടെ താവളമടിക്കേണമെന്നതായിരുന്നു പൊതുവെ ഉയർന്നുവന്ന അഭിപ്രായം. ആ അഭിപ്രായത്തിനും അംഗീകാരം ലഭിച്ചില്ല. അവസാനം ഒരു തീരുമാനത്തിൽ അവർ എത്തിച്ചേർന്നു. അമസിയായിൽനിന്നു ഉടനെ ദമസ്‌ക്കസ്സിലേക്കു പുറപ്പെടേണമെന്നതായിരുന്നു ആ തീരുമാനം. ഖാലിദ് (റ) വിന്റെ സേന അവിടെ ഉള്ളതുകൊണ്ടും, ദമസ്‌ക്കസ്സ് അറേബ്യൻ അതിർത്തിക്കടുത്തു കിടക്കുന്നതുകൊണ്ടും, ദമസ്‌ക്കസ്സിൽ താവളമടിക്കുന്നതു ഗുണകരമാവുമെന്ന വസ്തുതയുടെ അടിസ്ഥാനത്തിലാണ് ആ തീരുമാനം അവർ കൈക്കൊണ്ടതു്. ഈ തീരുമാനം അംഗീകരിക്കപ്പെട്ട ഉടനെ, അബൂഉബൈദ (റ), ഖജാനയുടെ ഉദ്യോഗസ്ഥനായ ഹബീബ്ബിൻമസ്‌ലമ (റ) വെ വിളിച്ചുവരുത്തി ഇപ്രകാരം നിർദ്ദേശിച്ചു:- 'ശത്രുക്കളിൽനിന്നു തങ്ങളുടെ സ്വത്തിനും ജീവനും രക്ഷനേടിക്കൊടുപ്പാൻവേണ്ടിയാണ് ക്രിസ്ത്യാനികളിൽനിന്നു നാം ജിസ്‌യ '(കപ്പം) വാങ്ങിട്ടുള്ളതു്. പക്ഷെ, നമ്മുടെ താൽക്കാലിക അവസ്ഥ അതിന്നനുകൂലമല്ല. പരിതഃസ്ഥിതി നമ്മെത്തന്നെ ഭീഷണിപ്പെടുത്തിയിരിക്കുന്നു. ആകയാൽ, അവരോടു വാങ്ങിയ ജിസ്‌യ മുഴുവനും നിങ്ങൾ അവർക്കു തിരിച്ചുകൊടുക്കുക. ഞങ്ങൾക്കു അവരുമായുള്ള ബന്ധത്തിനു യാതൊരു മാറ്റവുംസംഭവിച്ചിട്ടില്ലെന്നും, പക്ഷെ, അവരുടെ രക്ഷാഭാരവാഹിത്വം ഏറ്റവഹിപ്പാൻ ഞങ്ങളുടെ താൽക്കാലിക പരിതഃസ്ഥിതി അനുകൂലമല്ലാതെ വന്നിരിക്കയാണെന്നും അവരെ ധരിപ്പിക്കുക. ജിസ്‌യ എന്നതു അവരുടെ രക്ഷാഭാരവാഹിത്വത്തിനു ഈടാക്കപ്പെടുന്ന കപ്പമല്ലാതെ മറെറാന്നല്ലെന്നും, അതിനു സൌകര്യമില്ലാതെ വന്നതുകൊണ്ടു മാത്രമാണ് ആ തുക തിരിച്ചുകൊടുക്കുന്നതെന്നും അവരോടു പറയുക.'

ആ നിർദ്ദേശമനുസരിച്ചു ക്രിസ്ത്യാനികളിൽനിന്നു പിരിച്ചെടുത്ത ജിസ്‌യ മുഴുവനും അവർക്കു തിരിച്ചുകൊടുത്തു. ഈ സംഭവം ക്രിസ്ത്യാനികളെ വികാരവിജൃംഭിതരാക്കിത്തീർത്തു. ദൈവം നിങ്ങളെ ഞങ്ങളിലേക്കു തിരിച്ചയക്കുമാറാകട്ടെ' എന്നു നിറഞ്ഞ കണ്ണുകളോടെ അവർ ഒന്നടങ്കം പ്രാർത്ഥിച്ചു. യഹൂദികളാവട്ടെ, കൂടുതൽ വികാരതീക്ഷ്ണതയോടും ഗൽഗദത്തോടും കൂടി ഇപ്രകാരം ആണയിട്ടു:- ഗ്രന്ഥത്തെയും പ്രവാചകന്മാരെയും സാക്ഷിയാക്കിക്കൊണ്ടു ഞങ്ങൾ ആണയിടുന്നു, ഞങ്ങളുടെ ശരീരത്തിൽ ജീവനുള്ള കാലത്തോളം ഹിറാക്ലിയസ് ചക്രവർത്തി അമസിയാ നഗരം തൊടുകയില്ല.' ഇങ്ങിനെ പറഞ്ഞുകൊണ്ടു അവർ നഗരകവാടങ്ങൾ അടച്ചുപൂട്ടി; അപകടസ്ഥാനങ്ങളിൽ കാവലേർപ്പെടുത്തുകയും ചെയ്തു.

ജിസ്‌യ തിരിച്ചുകൊടുക്കുക എന്ന നീതി അബൂഉബൈദ (റ), മുസ്‌ലിംകൾ കീഴടക്കിയ മറെറ പ്രദേശക്കാർക്കും പകർന്നുകൊടുത്തു. ചരിത്രകാരന്മാരായ ബലാദുരിയും, ഖാസീഅബൂയൂസുഫും, അസ്‌ദിയും ഈ വസ്തുത അവരുടെ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ടു്.

അബൂഉബൈദ (റ) ഈ വിവരങ്ങളെല്ലാം വിവരിച്ചുകൊണ്ടു വിശദമായ ഒരു കത്തു് ഖലീഫക്കെഴുതുകയും, മുസ്‌ലിംസൈന്യത്തെ ദമസ്‌ക്കസ്സിലേക്കു നയിക്കുകയും ചെയ്തു. ക്രിസ്ത്യാനികളെ ഭയന്നുകൊണ്ടു മുസ്‌ലിംകൾ

അമസിയാ വിട്ടെന്നറിഞ്ഞപ്പോൾ ഖലീഫ അത്യന്തം ദുഃഖിച്ചു. പക്ഷെ, ആ തീരുമാനം മുസ്‌ലിംകൾ ഏകകണ്ഠമായിട്ടാണ് അംഗീകരിച്ചതെന്ന വസ്തുത അദ്ദേഹത്തിന്റെ ഹൃദയത്തെ ഒട്ടൊന്നു തണുപ്പിച്ചു. ഏകകണ്ഠമായ ആ തീരുമാനത്തിൽ അല്ലാഹുവിന്റെ ഹിതം അടങ്ങീട്ടുണ്ടെന്നു അദ്ദേഹം ആശ്വസിച്ചു. സഈദുബ്‌നുഅമീർ (റ) വിന്റെ നായകത്വത്തിൽ ഒരു സൈന്യത്തെ ദമസ്‌ക്കസ്സിലേക്കയച്ചിട്ടുണ്ടെന്നും, പട്ടാളക്കാരുടെ എണ്ണത്തിനു (എണ്ണത്തിലെ ഏറ്റക്കുറച്ചിലിനു) യുദ്ധത്തിന്റെ ജയാപജയങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നും അബൂഉബൈദ (റ) വിന്നയച്ച മറുപടിയിൽ ഖലീഫ പ്രസ്താവിച്ചു. ദമസ്‌ക്കസ്സിൽ എത്തിയ ഉടനെ അബൂഉബൈദ (റ) ഒരു യുദ്ധസമിതി രൂപവല്ക്കരിക്കുകയുണ്ടായി. യസീദിബ്‌നു അബീസുഫ്‌യാൻ, ശുറഹ്ബീലിബ്‌നു ഹസ്‌ന, മുആദ്ബിൻ ജബൽ എന്നിവർ ഭിന്നാഭിപ്രായങ്ങളും അവതരിപ്പിച്ചു. അതിലിടക്കു അംറുബ്‌നുൽ ആസ്(റ)വിന്റെ ഒരു കത്തുമായി ഒരു ദൂതൻ ദമസ്‌ക്കസ്സിൽ എത്തിച്ചേർന്നു. ജോർദ്ദാനിൽ ആഭ്യന്തരവിപ്ലവം ഉടലെടുത്തിട്ടുണ്ടെന്നും, റോമൻസേനയുടെ പുറപ്പാടിനെക്കുറിച്ചുള്ള വാർത്ത ജനങ്ങളിൽ ഭീതി ഉളവാക്കീട്ടുണ്ടെന്നും, അമസിയായിൽനിന്നുള്ള മുസ്‌ലിംകളുടെ നീക്കം തങ്ങളുടെ അഭിമാനത്തെ തകർത്തിട്ടുണ്ടെന്നും ആയിരുന്നു ആ കത്തിന്റെ ഉള്ളടക്കം. ഈ കത്തിനുള്ള മറുപടിയിൽ അബൂഉബൈദ (റ) ഇപ്രകാരം പ്രസ്താവിച്ചു:-'മുസ്‌ലിംകൾ അമസിയ വിട്ടതു റോമക്കാരെ ഭയന്നിട്ടല്ല; നേരെമറിച്ചു', അവർക്കു കൂടുതൽ സുരക്ഷിതത്വമുള്ള സ്ഥലങ്ങളിൽ നിന്നു അവരെ ദൂരികരിച്ചെടുപ്പാനും, പലേടങ്ങളിലായി താവളമടിച്ചു നില്ക്കുന്ന മുസ്‌ലിംസൈന്യങ്ങളെ ഉചിതമായ ഒരു സ്ഥലത്തു കേന്ദ്രീകരിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ്.' ഞാനും സൈന്യവും അങ്ങോട്ടേക്കു പുറപ്പെടുവാൻ ഉദ്ദേശിച്ചിട്ടുള്ളതുകൊണ്ടു താങ്കൾ സ്ഥലം വിടരുതെന്നു അബൂഉബൈദ (റ) ആ കത്തിൽതന്നെ എഴുതി അംറുബ്‌നുൽ ആസ് (റ) വിനെ അറിയിക്കുകയുണ്ടായി.

പിറ്റെ ദിവസം അബൂഉബൈദ (റ) വും സൈന്യവും ദമസ്‌ക്കസ്സിൽ നിന്നു പുറപ്പെട്ടു ജോർദ്ദാന്റെ അതിർത്തിയിലുള്ള യർമൂകിൽ താവളമടിച്ചു. അറേബ്യയുടെ അതിർത്തിയുമായി കൂടുതൽ അടുപ്പമുള്ള സ്ഥലമായിരുന്നു യർമൂക്. മാത്രമല്ല, അതിവിശാലമായ ഒരു തുറന്ന പാടം മുമ്പിൽ സ്ഥിതി ചെയ്തിരുന്നതുകൊണ്ടു മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം കൂടുതൽ സൌകര്യപ്രദമായ സ്ഥലവും യർമൂകായിരുന്നു. റോമൻ സൈന്യത്തിന്റെ പടഹധ്വനികളും ആർപ്പുവിളികളും അന്തരീക്ഷത്തെ മുഖരിതമാക്കി. അങ്ങകലെനിന്നെന്നവണ്ണം ആ ഭീകരശബ്ദം മുസ്‌ലിംകളുടെ കർണ്ണങ്ങളിൽ എത്തിച്ചേർന്നു. ഉമർഫാറൂഖ് (റ) നിയോഗിച്ച അമീർ (റ) വിന്റെ നേതൃത്വത്തിലുള്ള സൈന്യം ഇനിയും എത്തിച്ചേർന്നില്ല. അംറുബ്‌നുൽ ആസ് (റ) യർമൂകിൽ എത്തി, അബൂഉബൈദ (റ) വിന്റെ സൈന്യത്തോടൊപ്പം നിന്നു. യർമൂകിൽനിന്നു അബൂഉബൈദ (റ) ഖലീഫക്കു ഒരു കത്തയച്ചു. റോമൻ സൈന്യം ഭൂമിയിലാകെ വ്യാപിച്ചിരിക്കയാണെന്നും, അവരുടെ ആധിക്യത്തിനെതിരില്ലെന്നും, സന്യാസികളും പുരോഹിതന്മാരുംകൂടി ആ സൈന്യത്തിൽ ചേർന്നിട്ടുണ്ടെന്നും ആ കത്തിൽ പ്രസ്താവിച്ചു. ഈ കത്തു കിട്ടിയപ്പോൾ ഖലീഫ മുഹാജിർകളെയും അൻസാർകളേയും വിളിച്ചുകൂട്ടുകയും കത്തു അവർക്കു വായിച്ചു കേൾപ്പിക്കുകയും ചെയ്തു. കത്തു വായിച്ചു കേ

ട്ടപ്പോൾ ആ സഹാബിവര്യന്മാർ കണ്ണീരൊഴുക്കിക്കൊണ്ട് ഏകസ്വരത്തിൽ ഇപ്രകാരം പറഞ്ഞു:—'അല്ലയോ അമീറൽമുഅ്മിനീൻ, ഞങ്ങളുടെ സഹോദരങ്ങളുടെ രക്ഷക്കായി പടക്കളത്തിലേക്ക് പോകുവാൻ അല്ലാഹുവിനെ ഓർത്തു, ഞങ്ങളെ അനുവദിച്ചാലും! അവർക്ക് വല്ല ആപത്തും സംഭവിക്കുകയാണെങ്കിൽ, അവരുടെ ശേഷം ഞങ്ങൾ ജീവിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അല്ലാഹു അത് ഇഷ്ടപ്പെടുകയില്ല.' സഹാബിമാരുടെ ആവേശവും സഹാനുഭൂതിയും അനുനിമിഷം വർദ്ധിച്ചുവന്നു. അവസാനം അബ്ദുർറഹ്മാനിബ്നു ഔഫ് (റ) ഇപ്രകാരം പ്രസ്താവിച്ചു:—'അല്ലയോ അമീറൽമുഅ്മിനീൻ, താങ്കൾ തന്നെ സർവ്വസൈന്യാധിപത്യം വഹിച്ചുകൊണ്ട് ഞങ്ങളെ യുദ്ധക്കളത്തിലേക്ക് നയിച്ചാലും!' ഈ അഭിപ്രായത്തോട് മറ്റു സഹാബിമാർ യോജിച്ചില്ല. കൂടുതൽ സൈന്യത്തെ യർമൂകിലേക്ക് നിയോഗിപ്പാൻ, അവസാനം, തീരുമാനിക്കപ്പെട്ടു. ശത്രുസൈന്യം എവിടെ എത്തിക്കഴിഞ്ഞുവെന്നു ഖലീഫ അന്വേഷിച്ചപ്പോൾ; യർമൂകിൽനിന്നു നാലോ, അഞ്ചോ കാതം അകലെ അവർ എത്തിക്കഴിഞ്ഞിട്ടുണ്ടെന്നും, അബൂഉബൈദ (റ) വിന്റെ ദൂതൻ മറുപടി നല്കി. ഇതു കേട്ടപ്പോൾ വ്യാകുലചിത്തനായ ഉമർ (റ) ഇപ്രകാരം പറഞ്ഞു:—'ഹാ, ഇപ്പോൾ എന്തു ചെയ്യുവാൻ കഴിയും! ഈ വൈകിയ വേളയിൽ സഹായകസൈന്യം അവിടെ എങ്ങിനെ എത്തിച്ചേരും!' ഖലീഫ ഉടനെ അബൂഉബൈദ (റ) വിനു ഒരു കത്തെഴുതി ദൂതന്റെ കയ്യിൽ കൊടുക്കുകയും, ഓരോ സൈന്യവിഭാഗത്തേയും ഈ കത്തു വായിപ്പിച്ചു കേൾപ്പിക്കണമെന്നു നിർദ്ദേശിക്കുകയും, (താഴെ ചേർത്ത) വിന്റെ സന്ദേശം അവരെ അറിയിക്കേണമെന്നു ഉപദേശിക്കുകയും ചെയ്തു:—

'ശ്രദ്ധിക്കൂ? ഉമർ നിങ്ങൾക്കു സലാം അയക്കുകയും നിങ്ങളോട് ഇപ്രകാരം പറയുകയും ചെയ്തിരിക്കുന്നു: അല്ലയോ, ഇസ്‌ലാമിന്റെ അനുയായികളെ, നിങ്ങൾ എതിരാളികളെ യഥാവിധി നേരിടുകയും, വ്യാഴ്ചയുല്യം അവരോട് പൊരുതുകയും ചെയ്യുക. നിങ്ങളെസ്സംബന്ധിച്ചേടത്തോളം നിങ്ങൾ ഉറമ്പുകളേക്കാൾ മൃദുലരായി വർത്തിക്കുക. നിശ്ചയമായും നിങ്ങൾ ശത്രുക്കളെ പരാജയപ്പെടുത്തുമെന്നു നാം വിശ്വസിക്കുന്നു.'

ഭാഗ്യമെന്നു പറയട്ടെ, ഈ സന്ദേശവുമായി ആ ദൂതൻ യർമൂകിൽ എത്തിയ ദിവസം തന്നെ, ആയിരം പട്ടാളക്കാരോടുകൂടി അമീർ (റ) വും യർമൂകിൽ എത്തിച്ചേർന്നു. ഈ സംഭവവികാസം മുസ്‌ലിംകളിൽ പുതിയ ആവേശം ഉദ്ദീപിപ്പിച്ചു. അവർ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ചെയ്തു തുടങ്ങി. റോമക്കാർ യർമൂകിന്നഭിമുഖമായി ദയ്റൽജബലിൽ താവളമടിച്ചു. ഖാലിദ് (റ) തന്റെ പ്രവർത്തനം ആരംഭിച്ചു. വലതുസേനാവിഭാഗത്തിന്റെ തലവനായി പ്രസിദ്ധ സഹാബിയായ മുആദിബ്നുജബൽ (റ) വിനെയും, ഇടതുസേനാവിഭാഗത്തിന്റെ തലവനായി ഖുബാത്ബിൻഅശീം (റ) വിനെയും, കാലാൾസൈന്യത്തലവനായി ഹാശീംബിൻഉത്ബ (റ) വിനേയും അദ്ദേഹം നിയമിച്ചു. അനന്തരം സൈന്യത്തെ നാലു ഭാഗമായി അദ്ദേഹം വിഭജിച്ചു. ഒരു വിഭാഗത്തിന്റെ നായകത്വം അദ്ദേഹം തന്നെ ഏറ്റെടുക്കുകയും, മറ്റു മൂന്നു വിഭാഗങ്ങളുടെ നായകത്വം, ഖൈസ്ബിൻഹുബീറ (റ), മൈസിറബിൻ മസ്റൂഖ് (റ), അംറ് ബ്നു ത്തുഫൈൽ (റ) എന്നിവർക്കു നല്കുകയും ചെയ്തു. മഹാവീരന്മാർ എന്നു അറേബ്യയിൽ പരക്കെ അറിയപ്പെട്ടവരായിരുന്നു ഈ മൂന്നുപേർ.

റോമൻസേന അതിന്റെ സവ്വവിധ ഭീകരതയോടുകൂടി പ്രത്യക്ഷപ്പെട്ടു. രണ്ടുലക്ഷം യോദ്ധാക്കളാണ് ആ സൈന്യത്തിലുണ്ടായിരുന്നത്. ക്രൂരശേന്തിയ പുരോഹിതന്മാർ സൈന്യത്തിനു് ആവേശം നല്കി.

ഇരുസേനകളും അഭിമുഖമായി അടുത്തുകഴിഞ്ഞപ്പോൾ, റോമൻ അണിയിൽനിന്നു രാക്ഷസതുല്യനായ ഒരു യോദ്ധാവു മുമ്പോട്ടുവന്നു, ദ്വന്ദ്വയുദ്ധത്തിനു വെല്ലുവിളിച്ചു. മുസ്‌ലിം അണിയിൽനിന്നു മൈസിറാബിൻ മസ്‌റൂഖ് (റ) മുമ്പോട്ടു നീങ്ങുവാൻ ഉദ്യമിച്ചപ്പോൾ ഖാലിദ് (റ) അദ്ദേഹത്തെ തടയുകയും, മൈസ്‌ബിൻ ഹബീറാ (റ) വിനെ നേരെ നോക്കുകയും ചെയ്തു. ഖാലിദ് (റ) വിന്റെ ഇംഗിതം ഗ്രഹിച്ച മൈസ് (റ) എതിരാളിയെ നേരിടുവാൻ മുമ്പോട്ടു നീങ്ങി. മിന്നൽ വേഗത്തിൽ ആ ധീരമുസ്‌ലിം യോദ്ധാവു് പവ്വതതുല്യനായ എതിരാളിയെ സമീപിക്കുകയും തന്റെ തീക്ഷ്ണമായ കരവാൾകൊണ്ടു നൊടിയിടയിൽ എതിരാളിയുടെ തലകൊ വെട്ടുകയും ചെയ്തു. ആ അതിശക്തിയായ വെട്ടു തടുക്കുവാൻ എതിരാളിക്കു കഴിയുന്നതിനു മുമ്പു്, ഖഡ്ഗം അയാളുടെ ഉരുക്കുതൊപ്പി ഛേദിച്ചു, തലയോടു് കീറി, കഴുത്തോളം ഇറങ്ങിനിന്നു. ആ അതിശക്തനായ റോമക്കാരൻ കുതിരപ്പുറത്തുനിന്നു് താഴെ വീണു. മുസ്‌ലിംകൾ തക്ബീർ ധ്വനികളാൽ അന്തരീക്ഷം മുഖരിതമാക്കി. 'ശുഭസൂചകം' എന്നു ഖാലിദ് (റ) അഭിപ്രായപ്പെട്ടു. 'അല്ലാഹു വേണ്ടുകവെച്ചെങ്കിൽ വിജയം നമുക്കുള്ളതാ'ണെന്നദ്ദേഹം പ്രസ്താവിച്ചു. മുസ്‌ലിംസൈന്യവിഭാഗങ്ങളെ ക്രിസ്ത്യാനികൾ പലവിധത്തിൽ എതിർത്തു. പക്ഷെ, പരാജയം അവരെ കൈവെടിഞ്ഞില്ല. സംഭവം ഈ നിലയിലെത്തിയപ്പോൾ, യുദ്ധം അടുത്ത ദിവസത്തേക്കു നിവത്തിവെച്ചു.

രാത്രിയായപ്പോൾ, ബാഹാൻ തന്റെ സൈന്യത്തലവന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി, അവരോടു ഇപ്രകാരം പറഞ്ഞു:-'ധനമോഹികളും ദുരാഗ്രഹികളുമായ മുസ്‌ലിംകൾ സിറിയ ആകപ്പാടെ മുടിച്ചുകഴിഞ്ഞു. മതി, ഇനി അവരെ ഈ നിലയിൽ തിരിച്ചയക്കാൻ ശ്രമിക്കുന്നതിനുപകരം, അവർക്കു് ആവശ്യമുള്ള പണം കൊടുത്തു അവരെ തിരിച്ചയച്ചുകളയാം.' എല്ലാവരും ഈ അഭിപ്രായത്തോടു യോജിച്ചു. പിറ്റെദിവസം ബാഹാൻ ഒരു ദൂതനെ അബൂഉബൈദ (റ) വിന്റെ അടുക്കലേക്കു നിയോഗിച്ചു. സന്ധിസംഭാഷണത്തിനായി വിശ്വസ്തനായ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതെന്നതായിരുന്നു ഔത്യം. ആ ദൂതന്റെ പേർ ജോജ്ജൂ് എന്നായിരുന്നു. സന്ധ്യയോടടുത്താണു് ആ ദൂതൻ മുസ്‌ലിംപാളയത്തിലെത്തിയതു്. മുസ്‌ലിംകൾ മഗ്‌രിബ് നിസ്‌ക്കാരം നിർവ്വഹിക്കുന്നതു ആ ദൂതൻ ആകാങ്ക്ഷയോടെ നോക്കിനിന്നു. അവരുടെ ഭക്തിയും അപ്പണമനോഭാവവും വിനയവും അയാളെ അത്യന്തം ആകഷ്ടിച്ചു. നിസ്‌ക്കാരം കഴിഞ്ഞപ്പോൾ ആ ദൂതൻ അബൂഉബൈദ (റ) വുമായി ഒരു ചർച്ചയിൽ ഏർപ്പെടുകയും അതിനെത്തുടർന്നു ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. പിന്നീടു്, ക്രിസ്ത്യൻ സങ്കേതത്തിലേക്കു തിരിച്ചുപോകുവാൻ അദ്ദേഹം വിസമ്മതിച്ചെങ്കിലും, അബൂഉബൈദ (റ) വിന്റെ ഉപദേശത്തെ മാനിച്ചുകൊണ്ടു അദ്ദേഹം തിരിച്ചുപോയി.

സന്ധിസംഭാഷണത്തിന്നായി പിറ്റെദിവസം രാവിലെ ഖാലിദ് (റ) നിയോഗിക്കപ്പെട്ടു. റോമക്കാരുടെ സൈന്യബലം മുസ്‌ലിം പ്രതിനിധിയെ ധരിപ്പിക്കുവാനായി വഴിയുടെ ഇരുവശത്തും വളരെ ദൂരത്തോളം റോമക്കാർ കുതിരപ്പട്ടാളത്തെ അണിനിരത്തി. ഖാലിദ് (റ) വാകട്ടെ, യാതൊരു കൂസലുംകൂടാതെ,

ആട്ടിൻപറത്തിന്റെ മദ്ധ്യത്തിൽക്കൂടി വ്യാഘ്രം സഞ്ചരിക്കുന്നതുപോലെ, റോമൻ കേന്ദ്രത്തിലേക്ക് സഞ്ചരിച്ചു. ബാഹറിന്റെ കൂടാരത്തിന്നടുത്തെത്തിയപ്പോൾ,ബാഹറിൻ അദ്ദേഹത്തെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും, തന്റെ അടുത്ത ഇരുത്തി സംഭാഷണമാരംഭിക്കുകയും ചെയ്തു. ആദ്യമായി ബാഹറിൻ ക്രിസ്തുവിനെ സ്തുതിച്ചു. പിന്നീട് തന്റെ ചക്രവർത്തിയെ പ്രകീർത്തിച്ചു. അപ്പോൾ, തന്റെ ചക്രവർത്തിയെക്കുറിച്ചു സംസാരിപ്പാൻ ഞാൻ വന്നിട്ടില്ലെന്നും, അദ്ദേഹത്തെപ്പറ്റി എനിക്കു ഒന്നും പറവാനില്ലെന്നും, പക്ഷെ, ഞങ്ങളുടെ നേതാവു് ഒരു രാജാവിന്റെ ഭാവം നടിക്കുകയെങ്കിലും ചെയ്യുന്നപക്ഷം അദ്ദേഹത്തെ ഞങ്ങൾ പുറംതള്ളുകയെ ചെയ്യുകയുള്ളുവെന്നും ഖാലിദ് (റ) പ്രസ്താവിച്ചു. ബാഹറിൻ ചക്രവർത്തിയെക്കുറിച്ചുള്ള പ്രകീർത്തനം നിറുത്തി, തങ്ങളുടെ ഐശ്വര്യത്തെക്കുറിച്ചു പ്രസംഗിച്ചുതുടങ്ങി. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:-'അല്ലയൊ അറബികളെ, നിങ്ങളുടെ നാട്ടിൽനിന്നു ഞങ്ങളുടെ നാട്ടിൽ അഭയാർത്ഥികളായിവന്ന ആളുകളെ ഞങ്ങൾ സ്നേഹപൂർവ്വം സ്വീകരിച്ചു, കുടിയിരുത്തി. ഞങ്ങളുടെ ആ സേവനത്തെ അറബികളാകമാനം കൃതജ്ഞതാപൂർവ്വം സ്മരിക്കുമെന്നാണു് ഞങ്ങൾ പ്രതീക്ഷിച്ചതു്. പക്ഷെ, ഞങ്ങളുടെ പ്രതീക്ഷക്കുവിരുദ്ധമായി നിങ്ങൾ ഞങ്ങളുടെ രാജ്യം പിടിച്ചടക്കുവാൻ വന്നിരിക്കുകയാണു്. ഞങ്ങളുടെ നാട്ടിൽനിന്നു ഞങ്ങളെ നിഷ്കാസനം ചെയ്യുവാൻ നിങ്ങൾ യത്നിക്കുന്നു. ഞങ്ങളെ തോല്പിക്കുവാൻ ഇതിനുമുമ്പു് പല രാഷ്ട്രങ്ങളും തുടരെത്തുടരെ യത്നിച്ചതും, പരാജയമടഞ്ഞതും നിങ്ങൾ അറിഞ്ഞിരിക്കും. ഭൂമുഖത്തെ ഏറ്റവും അപരിഷ്കൃതരും, അജ്ഞരും, ശ്ലേച്ഛരും, ആയുധരഹിതരുമായ നിങ്ങൾ ഇപ്പോൾ ഈ സാഹസത്തിന്നൊരുമ്പെട്ടിരിക്കുകയാണു്. നിങ്ങൾ സമാധാനപൂർവ്വം തിരിച്ചുപോകുമെങ്കിൽ, നിങ്ങളുടെ സേനാധിപനു പതിനായിരം ദീനാറും, മറ്റു പട്ടാള ഉദ്യോഗസ്ഥന്മാരിൽ ഓരോരുത്തർക്കും ആയിരം ദീനാർ വീതവും, പട്ടാളക്കാരിൽ ഓരോരുത്തർക്കും നൂറുദീനാർ വീതവും ഞങ്ങൾ സമ്മാനമായി നൽകാം.'

ബാഹറിൻ തന്റെ പ്രസംഗം ഉപസംഹരിച്ചു കഴിഞ്ഞപ്പോൾ ഖാലിദ് (റ) എഴുന്നേറ്റുനിന്നു ഒരു മറുപടി പ്രസംഗംചെയ്തു. അല്ലാഹുവിനെ സ്തുതിക്കുകയും നബി (സ) തിരുമേനിയുടെമേൽ സലാത്തുചൊല്ലുകയും ചെയ്തശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു:-'തീച്ചയായും നിങ്ങൾ സമ്പന്നരും, ശക്തരും ഭരണാധിപന്മാരുംതന്നെ. നിങ്ങൾ നിങ്ങളുടെ അയൽവാസികളായ അറബികൾക്കു നൽകിയ സേവനങ്ങളെക്കുറിച്ചും ഞങ്ങൾക്കറിയാം. ആ സേവനം ഒരു ഉപകാരമായി അംഗീകരിച്ചുകൂടാ. നിങ്ങളെസ്സംബന്ധിച്ചേടത്തോളം മതപ്രചാരണത്തിന്റെ ഒരു അടവായിരുന്നു അതു്. നിങ്ങൾ അവരെ ക്രിസ്ത്യാനികളാക്കി. ഇപ്പോൾ അവർ ഞങ്ങൾക്കെതിരായി യുദ്ധം ചെയ്യുവാൻ നിങ്ങളുടെകൂടെ അണിനിരന്നിരിക്കുകയാണു് ഞങ്ങൾ ദരിദ്രരും തെണ്ടികളുമായിരുന്നുവെന്ന വസ്തുത ഞങ്ങൾ നിഷേധിക്കുന്നില്ല. ഞങ്ങളുടെ തെമ്മാടിത്തവും അജ്ഞതയും ഞങ്ങളെ പരസ്പരം കലഹിക്കുന്നവരും കഴുത്തറക്കുന്നവരും അക്രമികളുമാക്കിമാറ്റി. ഗോത്രകലഹം ഓരോ ഗോത്രത്തെയും വേണ്ടത്തോർബ്ബലമാക്കി. ഞങ്ങൾ എണ്ണമറ്റ ദൈവങ്ങളെ ആരാധിച്ചു. ഞങ്ങൾ സ്വന്തം കൈകൊണ്ടു ബിംബങ്ങളെ ഉണ്ടാക്കി, അവയുടെ മുമ്പിൽ തലകുനിച്ചു. പക്ഷെ, അല്ലാഹു അവന്റെ കാരുണ്യം ഞങ്ങളുടെ മേൽ പൊരിഞ്ഞു. ഞങ്ങളിൽനിന്നു ഒരു പ്രവാചകനെ അല്ലാഹു

നിയോഗിച്ചു. അത്യന്തതന്ത്രജ്ഞനായ ഒരു പ്രവാചകൻ. അദ്ദേഹം വിശ്വാസൈക്യത്തെ ഞങ്ങൾക്കു പഠിപ്പിച്ചു; അല്ലാഹുവിനു എതിരാളിയൊ പ്രതിപുരുഷനൊ ഇല്ലെന്നും, അവനു ഭാര്യയൊ മക്കളൊ ഇല്ലെന്നും, ഏകനായ അല്ലാഹുവല്ലാതെ മറ്റാരാരാധ്യനില്ലെന്നും അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. ഈ തത്വം ലോകത്തിൽ പ്രചരിപ്പിക്കുവാൻ അദ്ദേഹം ഞങ്ങളോടു നിർദ്ദേശിച്ചു. ഈ തത്വം സ്വീകരിക്കുന്നവർ മുസ്‌ലീംകളായിത്തീരുന്നു. അവർ ഞങ്ങളുടെ സമുദായത്തിൽ അംഗങ്ങളായിത്തീരുന്നു. ഈ തത്വം സ്വീകരിക്കാതിരിക്കുകയും ജിസ്‌യ നൽകുവാൻ സമ്മതിക്കുകയും ചെയ്യുന്നവരുടെ രക്ഷാഭാരവാഹിത്വം ഞങ്ങൾ ഏറ്റു വഹിക്കുന്നു. വിശ്വസിപ്പാനും ജിസ്‌യ നൽകുവാനും തയ്യാറില്ലാത്തവരുമായി ഞങ്ങൾ യുദ്ധം നടത്തുന്നു. ഖഡ്ഗമാണ് അവർക്കും ഞങ്ങൾക്കുമിടയിലുള്ള നിർണ്ണായകശക്തി.'

ജിസ്‌യയെക്കുറിച്ചുകേട്ടപ്പോൾ, ദീർഘശ്വാസം വിട്ടുകൊണ്ടും തൻറെ കൂട്ടുകാരെ മൂണ്ടിക്കൊണ്ടും ബാഹാൻ ഇപ്രകാരം പറഞ്ഞു:- 'മരണനിമിഷത്തിൽപ്പോലും ഇവർ ജിസ്‌യക്കു വഴിപ്പെടുകയില്ല. ഞങ്ങൾ ജിസ്‌യ കൊടുക്കുന്നവരല്ല; അതു വാങ്ങുന്നവരാണ്.'

സന്ധിസംഭാഷണം അങ്ങിനെ അലസിപ്പിരിഞ്ഞു. ഖാലിദ് (റ) തിരിച്ചുപോയി. ഖാലിദ് (റ) തിരിച്ചുപോയ ഉടനെ ബാഹാൻ തൻറെ പട്ടാളഉദ്യോഗസ്ഥന്മാരെ വരുത്തി അവരോടു ഇപ്രകാരം പറഞ്ഞു:- 'ആ അറബി പറഞ്ഞതു നിങ്ങൾ കേട്ടില്ലെ? നിങ്ങൾ അവരുടെ പ്രജകളാവാൻ ഒരുമ്പാത്തുപക്ഷം നിങ്ങൾക്കു അവരിൽനിന്നു രക്ഷപ്പെടാൻ കഴിയുകയില്ലെന്നുള്ള ഒരു ധാർഷ്ട്യമാണ് അവർക്കുള്ളതു്. നിങ്ങൾ അവർക്കു വഴിപ്പെട്ടു നരകിപ്പാൻ ഇഷ്ടപ്പെടുന്നുണ്ടോ?'

ആ അപമാനം വഹിക്കുന്നതിനെക്കാൾ ഉത്തമം, അവനെതിരായി മരിക്കലാണെന്നും, ആ നിലയിൽ ആയിരം തവണ മരിപ്പാൻ തങ്ങൾ തയ്യാറാണെന്നും അവർ പ്രഖ്യാപിച്ചു.

നിർണ്ണായകദിനം പുലർന്നു. റോമൻസേനയുടെ അത്ഭുതപൂർവ്വമായ ആവേശത്തോടും ഭീകരതയോടും കൂടി രംഗത്തു പ്രത്യക്ഷപ്പെട്ടു. ഇതുകണ്ടപ്പോൾ തന്ത്രജ്ഞനായ ഖാലിദ് (റ) അസാധാരണവും നവീനവുമായ ഒരു സമ്പ്രദായത്തിൽ സൈന്യത്തെ അണിനിരത്തി. മുപ്പതിനായിരമൊ മുപ്പത്തയ്യായിരമൊ എണ്ണംവരുന്ന മുസ്‌ലീംസൈന്യത്തെ മുപ്പത്താറു ഭാഗമായി അദ്ദേഹം വിഭജിക്കുകയും, ഒന്നിനുപുറകെ മറ്റൊന്നു' എന്ന നിലയിൽ അണിനിരത്തുകയും ചെയ്തു. മദ്ധ്യത്തിലുള്ള അണിയുടെ നായകത്വം അബൂഉബൈദ (റ) വിനും, വലതു വിഭാഗത്തിൻറെ നായകത്വം അംറുബ്നുൽ ആസ് (റ) ശുറഹബീൽ (റ) എന്നിവർക്കും, ഇടതുവിഭാഗത്തിൻറെ നായകത്വം യസീദ് ബിൻ അബൂസുഫ്യാനും നൽകപ്പെട്ടു. മറ്റു വിഭാഗങ്ങളുടെ നായകത്വം പ്രശസ്തരായ യോദ്ധാക്കൾക്കു നൽകുകയുണ്ടായി. വാഗ്മിപ്രവരന്മാർ അവരുടെ ഭാഷണങ്ങളാൽ യോദ്ധാക്കളുടെ ആവേശം ജ്വലിപ്പിച്ചു. പട്ടാളക്കാരുടെ അണികളിൽ ചുറ്റിനടന്നുകൊണ്ടു അബൂസുഫ്യാൻ ഇപ്രകാരം വിളിച്ചുപറഞ്ഞു:- 'അല്ലാഹുവാണെ സത്യം, നിങ്ങൾ ഇസ്‌ലാമിൻറെ തുണക്കാരും സഹായികളുമാകുന്നു. അവരാകട്ടെ റോമിൻറെ സഹായികളും അല്ലാഹുവിൻറെ ശത്രുക്കളുമാകുന്നു. അല്ലാഹുവെ, ഇതു നിൻറെ നാളുകളിൽ ഒരു നാളാകുന്നു. നിൻറെ അടിയാർക്കുവേണ്ടി നീ തുണക്കേണമെ?'

അംറുബ്നുൽആസ് (റ) ഇപ്രകാരം വിളിച്ചുപറഞ്ഞു:- 'എൻറെ സഹപ്രവർത്തകരെ, നിങ്ങൾ നിങ്ങളുടെ കണ്ണുകളെ താഴ്ത്തുക. (ശത്രുവിൻറെ മുഖത്തു നോക്കാതിരിക്കുക.) കവചം അടക്കിപ്പിടിച്ചുകൊണ്ടു സ്ഥാനങ്ങളിൽ അടിയുറച്ചു നിൽക്കുക. ശത്രുക്കൾ നിങ്ങളെ ആക്രമിക്കുമ്പോൾ, അവർ നിങ്ങളുടെ

കൂതമുറാക്കുനേരെ എത്തുവോളം നിങ്ങൾ കാത്തുനിൽക്കുക. അവർ നിങ്ങളെ സമീപിച്ചു കഴിഞ്ഞാൽ വ്യാഘ്രങ്ങളെപ്പോലെ നിങ്ങൾ അവരുടെമേൽ ചാടിവീണ് അവരുടെ കഥ കഴിക്കുക.'

മുപ്പതിനായിരമോ മുപ്പത്തയ്യായിരമോ വരുന്ന മുസ്‌ലിം സേനയിൽ, ആയിരംപേർ നബി (സ) യുടെ സമകാലീനരും, നൂറുപേർ നബി (സ) യോടൊപ്പം ബദ്‌ർയുദ്ധത്തിൽ പങ്കെടുത്തവരും ഉൾപ്പെട്ടിരുന്നു. അസദ് ഗോത്രത്തിൽ നിന്നുമാത്രം പതിനായിരംപേർ ഈ യുദ്ധത്തിൽ പങ്കെടുത്തു. ഹമീർ, ഹംദാൻ, ഖൌലാൻ, ലഖ്മ്, ജദാം തുടങ്ങിയ ഗോത്രങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു പ്രശസ്തരായ നിരവധി യോദ്ധാക്കൾ ഈ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായി. നിരവധി മുസ്‌ലിം മഹിളമാർ ഈ യുദ്ധത്തിൽ സജീവമായി പങ്കെടുക്കുകയും ആയുധമേന്തി അടരാടുകയും ചെയ്തുവെന്നതു ഈ യുദ്ധത്തിന്റെ ഒരു സവിശേഷതയാകുന്നു. അമീർ മുആവിയായുടെ മാതായ ഹിന്ദാ (റ) യും, അവരുടെ പുത്രിയായ ജുവൈരിയാ (റ) യും ശത്രുക്കളെ ധീരമായി നേരിടുകയും എതിരാളികളിൽ പലരെ വധിക്കുകയും ചെയ്തു.

രണ്ടുലക്ഷം വരുന്ന റോമൻസൈന്യം ഒറ്റക്കെട്ടായി രംഗത്തു പ്രത്യക്ഷപ്പെട്ടപ്പോൾ, മുസ്‌ലിം അണിയിൽനിന്നു ഒരാൾ ഇങ്ങനെ പറയുകയുണ്ടായി:— 'ഹോ, എന്തൊരു കൂറൻ സൈന്യം'. ഖാലിദ് (റ) അദ്ദേഹത്തെ തടഞ്ഞുകൊണ്ടിപ്രകാരം പറഞ്ഞു:— 'മിണ്ടാതിരിക്കൂ, എന്റെ കുതിരയുടെ കടിഞ്ഞാൺ കുറച്ചുകൂടി കട്ടി ഉണ്ടായിരുന്നെങ്കിൽ, ഇതിനെക്കാൾ എത്രയോ ഇരട്ടി സൈന്യത്തെയും കൊണ്ടുവന്നു കൊള്ളുവാൻ ഞാൻ കൂസ്യാനികളോടു പറയുമായിരുന്നു.'

ശരവർഷം നടത്തിക്കൊണ്ടു കൂസ്യാനികൾ മുന്നേറി. ആ മുന്നേറ്റത്തിന്റെ മുമ്പിൽ പതറാതെ മുസ്‌ലിംകൾ ദീർഘനേരം ഉറച്ചുനിന്നു. പക്ഷെ, ശത്രുക്കളുടെ ശക്തിമത്തായ ആക്രമണം, മുസ്‌ലിം വലതുസേനാവിഭാഗത്തിന്റെ അണിയെ താറുമാറാക്കിക്കളഞ്ഞു. ചിതറിപ്പോയ അണി സ്ത്രീകൾ താവളമടിച്ച സ്ഥലത്തോളം പിൻമാറേണ്ടി വന്നു. ഈ അവസ്ഥ സ്ത്രീകളെ അത്യന്തം ക്ഷോഭിപ്പിച്ചു. തങ്ങളുടെ കൂടാരങ്ങളുടെ തൂണുകൾ പറിച്ചെടുത്തു കയ്യിൽ പിടിച്ചുകൊണ്ടു ആ ധീരവനിതകൾ ഇപ്രകാരം ശാസിച്ചു:— 'ഭീരുക്കൾ, മാറിനിൽക്കൂ. ഒരിഞ്ചു മുമ്പോട്ടു വെച്ചുപോയെങ്കിൽ ഈ തൂണുകൾകൊണ്ടു നിങ്ങളുടെ തല ഞങ്ങൾ തല്ലിക്കീറും." ളിറാർ (റ) വിന്റെ സഹോദരിയായ ഖൌലാ (റ), പിന്നോക്കംവെച്ച മുസ്‌ലിം സേനയുടെ ഭീരുത്വത്തെ അതികഠിനമായി വിമർശിച്ചു.

ഈ ഘട്ടത്തിൽ; മുസ്‌ലിം വലതുസേനയുടെ ഒരു വിഭാഗത്തെ നയിച്ച മുആദ്‌ബിൻജബൽ (റ) കുതിരപ്പുറത്തുനിന്നും താഴെ ഇറങ്ങുകയും, താൻ നിലത്തുനിന്നു യുദ്ധംചെയ്യാൻ തീരുമാനിച്ചിരിക്കയാൽ തന്റെ കുതിരയെ അർഹനായ വ്യക്തിക്കു നൽകാമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുത്രൻ തന്നെ പിതാവിന്റെ കുതിരയെ ഏറ്റുവാങ്ങി. അങ്ങിനെ ആ പിതാവും പുത്രനും നൂറുമടങ്ങാവേശത്തോടുകൂടി യുദ്ധംചെയ്തുകൊണ്ടു മുന്നേറി. അപ്പോഴേക്കും, സുഖൈദ് ഗോത്രത്തലവനായ ഹജ്ജാജ് (റ) അഞ്ഞൂറുപട്ടാളക്കാരോടുകൂടി രംഗത്തെത്തുകയും കൂസ്യാനികളുടെ നീക്കത്തെ തടയുകയും ചെയ്തു. വലതുവശത്തു അസ്ദ് ഗോത്രക്കാർ പാറക്കെട്ടുപോലെ ഉറച്ചുനിൽക്കുന്നവരായിരുന്നു. കൂസ്യാനികളുടെ ആക്രമണങ്ങൾക്കു ആ അണിയെ ഇളക്കുവാൻ

കഴിഞ്ഞിരുന്നില്ല. യുദ്ധം ഘോരഘോരമായി നടന്നു. മനുഷ്യരുടെ തലകളും കൈകളും ഉടലുകളും യുദ്ധക്കളത്തിലൂടനീളം ചിതറിക്കിടന്നു. എന്നിട്ടും അസ്‌ദ് ഗോത്രക്കാർ അവരുടെ നില്പിൽനിന്നു വ്യതിചലിച്ചില്ല. 'അസ്‌ദ് ഗോത്രക്കാരെ, ശ്രദ്ധിക്കൂ, നിങ്ങൾമൂലം മുസ്‌ലിംകളുടെ അഭിമാനത്തിനു ക്ഷതം സംഭവിക്കാനിടവരാതിരിക്കട്ടെ' എന്നിപ്രകാരം പ്രസ്തുത ഗോത്രത്തലവനായ അംറുബ്‌നുത്തുഫൈൽ(റ) അവരെ തെയ്യപ്പെടുത്തിക്കൊണ്ടിരുന്നു. ശത്രുപക്ഷത്തിലെ ഒമ്പതു പ്രമുഖയോദ്ധാക്കളെ അദ്ദേഹം വധിച്ചു. അവസാനം ആ വീരയോദ്ധാവു് കൊല്ലപ്പെട്ടു.

ഖാലിദ് (റ) തന്റെ സൈന്യത്തെ ഏറ്റവും പിന്നിൽ അണിനിരത്തിയിരിക്കുകയായിരുന്നു. മുന്നേറ്റത്തിനു തക്കം നോക്കിക്കൊണ്ടിരുന്ന ഖാലിദ് (റ) ഈ അവസരത്തിൽ, പെട്ടെന്നു ശത്രുക്കളുടെ അണിയിലേക്കു ഇരമ്പിക്കയറി. റോമക്കാർ ഈ മുന്നേറ്റത്തിന്റെ മുമ്പിൽ പൂളിപ്പോയി. ഇസ്‌ലാംമതം സ്വീകരിക്കുന്നതിനുമുമ്പു് ഇസ്‌ലാമിനെതിരായ യുദ്ധങ്ങളിൽ പങ്കെടുത്ത വ്യക്തിയായ ഇക്‌രമബ്‌നുഅബൂജഹൽ (റ) ശത്രുക്കളെ അഭിമുഖീകരിച്ചുകൊണ്ടു ഇപ്രകാരം പ്രഖ്യാപിച്ചു:-'അല്ലയോ ക്രസ്ത്യാനികളെ, ഞാൻ ബിംബങ്ങളെ ആരാധിക്കുകയും പ്രവാചകനെതിരായി യുദ്ധം ചെയ്യുകയുംചെയ്ത ഒരു കാലമുണ്ടായിരുന്നു. ഇന്നിപ്പോൾ നിങ്ങൾക്കെതിരായ യുദ്ധമാണു് നടന്നുകൊണ്ടിരിക്കുന്നതു്. ഈ ഘട്ടത്തിൽ പുറകിൽമാറി നിൽക്കുക എന്നതു എന്നാൽ സാദ്ധ്യമല്ല.' ഇതുയും പറഞ്ഞുകൊണ്ടു ആ ധീരപുരുഷൻ മുസ്‌ലിം പട്ടാളക്കാരുടെ നേരെ തിരിഞ്ഞുനിന്നു. 'രക്തസാക്ഷിത്വം വരിക്കുന്നതിനു പ്രതിജ്ഞയെടുപ്പാൻ തയ്യാറുള്ളവർ നിങ്ങളുടെ കൂട്ടത്തിലുണ്ടോ?' എന്നദ്ദേഹം ചോദിച്ചപ്പോൾ, നൊടിയിടയിൽ നാനൂറുപേർ ശഹീദിനു തയ്യാറാണെന്നു പ്രതിജ്ഞചെയ്തു. ളിറാർബ്‌നുൽഅസ്‌വർ (റ) അക്കൂട്ടത്തിൽ ഉൾപ്പെട്ടു. ആ മുസ്‌ലിം യോദ്ധാക്കൾ രംഗത്തിറങ്ങി തീവ്രയുദ്ധം നടത്തി. മിക്കവാറും അവരെല്ലാവരുംതന്നെ യുദ്ധക്കളത്തിൽ ശഹീദായി വീണു. ആസന്നമരണനായിക്കിടക്കുന്ന ഇക്‌രിമാ (റ) വിനെ മൃതദേഹങ്ങളുടെ കൂട്ടത്തിൽനിന്നു് കണ്ടെടുക്കപ്പെട്ടു. ഖാലിദ് (റ) ആ മഹാനായ യോദ്ധാവിന്റെ തല തന്റെ മടിയിൽ വെക്കുകയും അദ്ദേഹത്തിന്റെ തൊണ്ടയിൽകൂടി നീർ ഉറ്റിച്ചുകൊടുക്കുകയും ചെയ്തു. അതോടെ ആ ധീരയോദ്ധാവു് അന്ത്യശ്വാസം വലിച്ചു. ഇക്‌രിമാ (റ)വിനു വെള്ളം ഉറ്റിച്ചുകൊടുക്കുന്ന സന്ദർഭത്തിൽ ഖാലിദ് (റ) താഴെ പറയുംപ്രകാരം പ്രസ്താവിച്ചുവെന്നു ചരിത്രകാരനായ തബരി രേഖപ്പെടുത്തിയിരിക്കുന്നു:-'ഞങ്ങൾ രക്തസാക്ഷികളായി മൃത്യുവടയുകയില്ലെന്നു ഉമർ പറഞ്ഞതു തെറ്റിപ്പോയി.'

ഇക്‌രിമ (റ) വും കൂട്ടുകാരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അടരാടിക്കൊണ്ടു ഉത്തമമായ പ്രതിഫലത്തിനു തങ്ങളുടെ ജീവൻ വിറ്റെങ്കിലും, ശഹീദാവുന്നതിലിടക്കു് ആയിരക്കണക്കിലുള്ള റോമക്കാരെ അവർ നിലംപതിപ്പിച്ചു ഖാലിദ് (റ) വിന്റെ ആക്രമണം ശത്രുക്കളെ കൂടുതൽ ക്ഷീണിപ്പിച്ചു. അവസാനം ഗത്യന്തരമില്ലാതെ അവർ പിന്നോക്കം വച്ചു തുടങ്ങി. ഒരടിക്കു ഖാലിദ് (റ) അവരെ പിന്നോട്ടടിച്ചു. അങ്ങിനെ അദ്ദേഹം റോമക്കാരുടെ സൂപ്രസൈന്യാധിപനായ തരിഞ്ഞാറിനെ സമീപിച്ചു. വിജയം തങ്ങൾക്കുള്ളതല്ലെങ്കിൽ പരാജയം കാണുവാൻ വയ്യ എന്നു പറഞ്ഞുകൊണ്ടു തരിഞ്ഞാറും അയാളുടെ കീഴ്

ദ്യോഗസ്ഥന്മാരും കൈലേസുകൊണ്ട് കണ്ണ് പൊത്തി.

മുസ്‌ലിംവലതുസേനാവിഭാഗം ഇങ്ങിനെ വിജയത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കെ, റോമൻസൈന്യത്തിന്റെ വലതുണിനേതാവായ ഇബ്‌നുഖനാതിർ മുസ്‌ലിംഇടതുസേനവിഭാഗത്തെ ആക്രമിച്ചു. ദുർഭാഗ്യവശാൽ, സിറിയായുടെ അതിർത്തിപ്രദേശനിവാസികളായ ലഖ്‌മ്, ഗസ്സാൻ എന്നീ ഗോത്രക്കാരാണ് മുസ്‌ലിംഇടതുസേനാവിഭാഗത്തിലുണ്ടായിരുന്നത്. റോമക്കാരെ ഭയന്നു് ശീലിച്ച ആ ഗോത്രക്കാർ പെട്ടെന്നു് അണിവിട്ടോടിത്തുടങ്ങി. റോമക്കാർ ആ തക്കം ഉപയോഗിച്ചു മുന്നേറി. അവർ മുസ്‌ലിംസ്ത്രീകളുടെ തമ്പുകളെ സമീപിച്ചു. ആപത്തുനില മനസ്സിലാക്കിയ ആ ധീരവനിതകൾ പുറത്തിറങ്ങി, ക്രിസ്ത്യാനികളുടെ മുന്നേറ്റത്തെ വിജയപൂർവ്വം തടഞ്ഞു. മുസ്‌ലിംസൈന്യം അണിതെറ്റിപ്പിരിഞ്ഞെങ്കിലും, പ്രഗത്ഭയോദ്ധാക്കൾ, വിശിഷ്യ, ഖുബാത്ത് ബിൻ അശീം (റ), സഈദ്ബിൻ സൈദ് (റ), യസീദ്ബിൻ അബീസുഫ്‌യാൻ, അംറ ബ്‌നുൽ ആസ് (റ), ശുറഹബീൽ (റ) തുടങ്ങിയവർ ഇടറാതെ ശത്രുക്കളെ സധീരം എതിർത്തു. ഖുബാത് (റ) വിന്റെ അടരാട്ടത്തിന്റെ ശക്തിനിമിത്തം അദ്ദേഹം ഉപയോഗിച്ച വാളുകളും കുന്തങ്ങളും പൊട്ടിപ്പോയി. അതൊന്നും കണക്കിലെടുക്കാതെ അദ്ദേഹം ശത്രുക്കളെ പൂർണ്ണശക്തിയോടെ നിരന്തരം ആഞ്ഞുവെട്ടി. ഒരു വാളോ കുന്തമോ പൊട്ടിപ്പോകുമ്പോൾ അദ്ദേഹം ഇങ്ങിനെ വിളിച്ചുപറയും:— ജീവൻ നിലനിർത്തുന്നോടത്തോളം യുദ്ധക്കളത്തിൽനിന്നു പിന്തിരിഞ്ഞോടുകയില്ലെന്നു അല്ലാഹുവോടു പ്രതിജ്ഞ ചെയ്തിട്ടുള്ള ഈ വ്യക്തിക്കു, ആരെങ്കിലും ഒരു ആയുധം കടം തരിക.' മറ്റുള്ളവർ അദ്ദേഹത്തിനു ആയുധം നല്കി. ഓരോ തവണയും സായുധനായ അദ്ദേഹം വ്യാഘ്രതുല്യം ശത്രുക്കളെ അണിയിലേക്കു ആഞ്ഞുകയറി. അബൂൽഔർ (റ) കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങിക്കൊണ്ടു തന്റെ കീഴിലുള്ള സൈന്യങ്ങളോടു പറഞ്ഞു:—'ആത്മസ്ഥൈര്യവും ധീരതയും ഉപേക്ഷിക്കാതെ വർത്തിക്കുക. അതു നിങ്ങൾക്കു ഈ ലോകത്തിൽ അഭിമാനവും പരലോകത്തിൽ അല്ലാഹുവിന്റെ അനുഗ്രഹവും നേടിത്തരും.' സഈദ്ബിൻ സൈദ് (റ) നിലത്തു മുട്ടുകുത്തി പല്ലിറുമ്മിക്കൊണ്ടിരിക്കുകയായിരുന്നു. ശത്രുക്കൾ അദ്ദേഹത്തിന്റെ നേരെ അടുത്തപ്പോൾ അദ്ദേഹം അവരുടെ നേരെ കുതിക്കുകയും, റോമൻകാലാൾസൈന്യത്തലവനെ കാറുവെട്ടിനു നിലംപതിപ്പിക്കുകയും, ചെയ്തു മുആവിയായുടെ സഹോദരനായ യസീദ് ശുറഹബീൽ (റ) തുടങ്ങിയ ധീരസേനാനികൾ ശത്രുക്കളെ അമ്പരപ്പിച്ചു. ശുറഹബീൽ (റ) വായിരുന്നു ഇവരിൽ പ്രഥമഗണനീയൻ. ശത്രുക്കൾ അദ്ദേഹത്തെ വലയം ചെയ്തു. താഴെ കാണിച്ച അർത്ഥം വരുന്ന ഖുർആൻ വചനം ഉച്ചരിച്ചുകൊണ്ടു, ശത്രുക്കളുടെ മദ്ധ്യത്തിൽ പാറക്കെട്ടുപോലെ അദ്ദേഹം ഉറച്ചു നിന്നു: —'യഥാർത്ഥ വിശ്വാസികളുടെ ജീവനേയും സ്വത്തുക്കളേയും സ്വർഗ്ഗത്തിന്റെ പ്രതിഫലത്തിന്മേൽ അല്ലാഹു വിലക്കെടുത്തിരിക്കുന്നു.' 'എവിടെ? അല്ലാഹുവോടു വില പേശിക്കൊണ്ടു അവന്റെ സമീപവർത്തികളാകുവാൻ ഇച്ഛിക്കുന്നവരെവിടെ?' എന്നു ഇടക്കിടെ അദ്ദേഹം വിളിച്ചുചോദിച്ചു. ഈ ആഹ്വാനം കേട്ട ഓരോരുത്തരും, യാന്ത്രികമായിട്ടെന്നപോലെ, ആ രംഗത്തേക്കു കുതിക്കുകയും, മുസ്‌ലികളുടെ മേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്ന ക്രിസ്ത്യാനികളെ പിന്തിരിക്കുകയും ചെയ്തു.

മുസ്‌ലിം സ്ത്രീകൾ അവരുടെ തമ്പുകളിൽ നിന്നു പുറത്തുവന്നു പട്ടാളക്കാരുടെ പിന്നണിയിൽനിന്നുകൊണ്ടു ഇപ്രകാരം വിളിച്ചു പറഞ്ഞു:-'നിങ്ങൾ യുദ്ധത്തിൽനിന്നു പിൻവാങ്ങുന്നപക്ഷം, പിന്നീടൊരിക്കലും ഞങ്ങളുടെ മുഖത്തു നോക്കരുതു്.'.

ജയാപജയങ്ങൾ തീരുമാനിപ്പാൻ കഴിയാത്തവിധം യുദ്ധഗതി ഈ പതനത്തിലെത്തിയപ്പോൾ ഇടതുവിഭാഗസൈന്യത്തിന്റെ പിന്നണിസേനയുടെ നായകനായ ഖൈസ് ബിൻഹബീറ (റ) പെട്ടെന്നു രംഗത്തേക്കു കുതിച്ചു. കുസ്തന്റീൻ അണികൾ അമ്പരന്നു ഛിന്നഭിന്നമായിപ്പോയി. കുസ്തന്റീൻ അണികളെ നിലക്കുനിറുത്തുവാൻ അവരുടെ പട്ടാളമേധാവികൾ എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. ഈ അവസരത്തിൽ സഈദ്ബിൻഖൈദ് (റ) തന്റെ സൈന്യത്തേയും രംഗത്തേക്കു നയിച്ചു. മുസ്‌ലിംസേനയുടെ ഈ മുന്നേറ്റം റോമക്കാരെ പിന്തിരിപ്പിച്ചു. യുദ്ധക്കളത്തിന്റെ അതിരിലൂടെ ഒഴുകിയ ഒരു നദിയുടെ കരയോളം അവർ പിന്തിരിഞ്ഞോടി. അധികസമയം വേണ്ടിവന്നില്ല, റോമക്കാരുടെ ശവശരീരങ്ങൾ ആ പുഴയെ നികത്തി. അങ്ങിനെ മുസ്‌ലിംകൾ നിസ്സംശയാതീതമായി നിഷ്കർഷകമായ ആ ഘോരയുദ്ധത്തിൽ വിജയിച്ചു.

ഈ ഘോരയുദ്ധത്തിൽ ഒരു ലക്ഷം റോമക്കാർ കൊല്ലപ്പെട്ടുവെന്നാണ് തബരിയും അസ്ദിയും രേഖപ്പെടുത്തിയിട്ടുള്ളതു്. എഴുപതിനായിരം റോമക്കാർ കൊല്ലപ്പെട്ടുവെന്നാണ് ബലാദുരിയുടെ പക്ഷം. ളിറാർബിൻഅസ്‌വർ (റ), ഹിശാമിബ്നുൽആസ്വീ (റ), അയാൻ (റ), സഈദ് (റ) തുടങ്ങിയവരടക്കം മുവ്വായിരം പേർ മുസ്‌ലിംപക്ഷത്തുനിന്നു ശഹീദായി. യർമൂക്ക് യുദ്ധം മുസ്‌ലിംകളുടെ വിജയത്തിൽ കലാശിച്ച വാർത്തയറിഞ്ഞപ്പോൾ, ഹിറാക്ലസ് ചക്രവർത്തി, സിറിയയോടു വിടവാങ്ങിക്കൊണ്ടു് അന്തിയോശിൽനിന്നു കോൺസ്റ്റന്റിനോപ്പിളിലേക്കു ഓടിപ്പോയി. യർമൂക്കിലെ സ്ഥിതിഗതികൾ അറിവാനുള്ള ഉൽക്കണ്ഠമൂലം ചിലരാത്രികളായി ഉറക്കമിളച്ചുനിന്ന ഖലീഫ ഉമർഫാറൂഖ് (റ) മുസ്‌ലിംകളുടെ വിജയവാർത്ത അറിഞ്ഞപ്പോൾ അല്ലാഹുവിനെ സ്തുതിച്ചു.

ഖൻസറാൻ കീഴടങ്ങി

യർമൂകിൽനിന്നു ഹിംസിലേക്കു തിരിച്ച അബൂഉബൈദ (റ), അവിടെനിന്നു ഖാലിദ്(റ)വിനെ ഖൻസറാനിലേക്കു നിയോഗിച്ചു. തന്മൂലകൾ എന്ന അറബിഗോത്രക്കാരായിരുന്ന അവിടത്തെ നിവാസികൾ. റോമക്കാരുടെ ചിരകാലസമ്പർക്കംമൂലം അവരെല്ലാം പിന്നീടു ക്രിസ്തുമതം സ്വീകരിച്ചു ക്രിസ്ത്യാനികളായി ജീവിച്ചുവന്നു. ഖാലിദ് (റ) വിന്റെ സൈന്യത്തെ അവർ ആദ്യം ഒന്നു പെരുത്തുനോക്കി. ഫലിച്ചില്ല. ഉടനെ അവർ നഗരകവാടങ്ങൾ അടച്ചുപൂട്ടി. പക്ഷെ, മുസ്‌ലിംകളുടെ ഉപരോധത്തിന്റെ മുമ്പിൽ അവർ മുട്ടുകുത്തേണ്ടിവന്നു. ജിസ്‌യ നൽകാമെന്നു സമ്മതിച്ചുകൊണ്ടു അവർ കീഴടങ്ങി. അബൂഉബൈദ (റ) വിന്റെ സാരോപദേശങ്ങൾ അവരെ ഇസ്‌ലാമിലേക്കാകർഷിക്കുകയും തന്മൂലകൾ ഒന്നടങ്കം ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. മുസ്‌ലിംകൾക്കു കീഴടങ്ങിയതിനുശേഷവും കുറച്ചുകാലം ക്രിസ്ത്യാനികളായിത്തന്നെ കഴിഞ്ഞുകൂടിയ ബനൂസലീഹ് ഗോത്രക്കാരും പിന്നീടു ഇസ്‌ലാംമതം സ്വീകരിച്ചു. ഖൻസരീനിലെ മറ്റൊരു ഗോത്രക്കാരായ തെഗ്ലോത്തുകാർ സ്വമേധയാ ഇസ്‌ലാംമതം വിശ്വസിച്ചു.

അലപ്പോ കീഴടങ്ങി

ഖൻസരീൻ കീഴടക്കിയശേഷം അബൂഉബൈദ (റ) അലപ്പോവിലേക്കു തിരിച്ചു. നഗ

രപ്രാന്തങ്ങളിൽ താമസിച്ച ഗോത്രക്കാർ ജിസ്‌യ നൽകുവാൻ സമ്മതിച്ചുകൊണ്ട് മുസ്‌ലിംകൾക്ക് കീഴടങ്ങുകയും, ചില ദിവസങ്ങൾക്ക് ശേഷം ഇസ്‌ലാംമതം വിശ്വസിക്കുകയും ചെയ്തു. പക്ഷെ, അലപ്പോ നഗരവാസികൾ കീഴടങ്ങുവാൻ കൂട്ടാക്കാതെ കോട്ടവാതിലുകൾ അടച്ചു. അയാളിബ്‌നുഗനം (റ) അവരുടെ കോട്ട വളഞ്ഞു. ഏതാനും ദിവസം കോട്ടക്കകത്തുതങ്ങിനിന്നശേഷം, ജിസ്‌യ നൽകുവാൻ സമ്മതിച്ചുകൊണ്ട് അലപ്പോ നഗരം മുസ്‌ലിംകൾക്ക് കീഴടങ്ങി.

അന്തിയോശ് കീഴടങ്ങി

അലപ്പോ വിജയം അന്തിയോശിലേക്കുള്ള മാർഗ്ഗം തുറന്നു. ഹിറാക്ലിയസിന്റെ ആസ്ഥാനമായിരുന്നതുകൊണ്ട് റോമക്കാരും അല്ലാത്തവരുമായ നിരവധി ക്രൈസ്തവർ ആ നഗരത്തിൽ അഭയം പ്രാപിച്ചിരിക്കുകയായിരുന്നു. അബൂഉബൈദ (റ) ആ നഗരം വളഞ്ഞു. അന്തിയോശ് മുസ്‌ലിംകൾക്ക് കീഴടങ്ങി.

ചെറുനഗരങ്ങൾ കീഴടങ്ങി

മുസ്‌ലിംകളുടെ അപ്രതിരോധ്യമായ ജൈത്രയാത്ര സിറിയയെ ആകമാനം കിടിലം കൊള്ളിച്ചു. ബൂഖാ, ജൂമാഹ്, സുർമീൻ, തൂസി, ഖൂറാസ്, തിൽഗ്രാസ്, ദല്ലൂക്, റഅ്ബാൻ തുടങ്ങിയ നിരവധി ചെറുനഗരങ്ങൾ ഒരൊറ്റത്തുള്ളി രക്തംപോലും ചിതറാതെ മുസ്‌ലിംകൾ കീഴടക്കി. ബാലീസ് നഗരവും ഖാസ്‌റീൻ നഗരവും മുസ്‌ലിംകൾ നിഷ്പ്രയാസം കീഴടക്കുകയുണ്ടായി. തങ്ങൾ മുസ്‌ലിം പക്ഷത്തുനിന്നു അവരോടൊപ്പം യുദ്ധങ്ങളിൽ പങ്കെടുത്തുകൊള്ളണമെന്നും, ജിസ്‌യായിൽനിന്നു തങ്ങളെ ഒഴിവാക്കേണമെന്നും ക്രൈസ്തവർ ആവശ്യപ്പെട്ടു. ആ ആവശ്യം അനുവദിക്കപ്പെടുകയും ചെയ്തു.

ബുഗ്‌റാസും മർഅശ്ശും കീഴടക്കി

അന്തിയോശിന്നടുത്തുള്ള ഒരു പട്ടണമാണ് ബുഗ്‌റാസ്. ഗസ്സാൻ, തന്നൂഖ്, അയാദ് തുടങ്ങിയ അറബിഗോത്രക്കാർ ഹിറാക്ലിയസ്സിനനുകൂലമായി ഈ നഗരത്തിൽവെച്ചു യുദ്ധസന്നാഹം നടത്തിവരികയായിരുന്നു. ഖാലിദ് ബ്‌നുൽവലീദ് (റ) അവരെ നേരിട്ടു. ഒരു ഘോരയുദ്ധം നടന്നു. ആയിരക്കണക്കിനു യോദ്ധാക്കൾ മരിച്ചുവീണു. മുസ്‌ലിംകൾ വിജയപതാക ഉയർത്തി. അതേസമയത്ത് ഖാലിദ് (റ) മർഅശ്‌നഗരം വളഞ്ഞു. തങ്ങൾ നഗരംവിട്ടു പോയ്ക്കൊള്ളാമെന്നു ക്രിസ്ത്യാനികൾ സമ്മതിച്ചു. ആ വ്യവസ്ഥയിൽ ആ നഗരവും കീഴടക്കപ്പെട്ടു.

ജറൂസലേമിന്റെ പതനം

സിറിയയുടെ നേരെ സൈന്യത്തെ നിയോഗിച്ചതോടൊപ്പം, ഒന്നാംഖലീഫ അബൂബകർ (റ) മറ്റുപല ഭാഗങ്ങളിലേക്കും വിവിധ സേനാനികളുടെ കീഴിൽ സൈന്യങ്ങളെ നിയോഗിക്കുകയുണ്ടായെന്നു പറഞ്ഞുവല്ലൊ. അംറുബ്‌നുൽആസ് (റ) വാണ് പലസ്തീനിലേക്കു നിയോഗിക്കപ്പെട്ടത്. ഒന്നാംഖലീഫയുടെ കാലത്തുതന്നെ അംറുബ്‌നുൽആസ് (റ) ചില പട്ടണങ്ങൾ കീഴടക്കി. രണ്ടാം ഖലീഫയുടെ കാലത്തു നാബ്‌ലസ്, ലുദ്, അംവാസ്, ബൈത്‌ജിബ്‌രീൻ തുടങ്ങിയ പ്രധാന പട്ടണങ്ങളും അദ്ദേഹം കീഴടക്കുകയുണ്ടായി. ഇടക്കിടെ, അബൂഉബൈദ (റ) വിനെ സഹായിപ്പാൻ അദ്ദേഹവും സൈന്യവും സിറിയയുടെ ഭാഗങ്ങളിലേക്കു പോയെങ്കിലും, ആ ജോലി കഴിഞ്ഞ ഉടനെ അദ്ദേഹം തന്നിൽ നിക്ഷിപ്തമായ ജോലിയിലേക്കുതന്നെ തിരിക്കുകയുണ്ടായി. സമീപനഗരങ്ങളെല്ലാം കീഴടക്കിയശേഷം അദ്ദേഹം ജറൂസലേംനഗരം വളഞ്ഞു. ക്രിസ്ത്യാനി

കാം തങ്ങളുടെ കോട്ടകാംക്കകത്തുനിന്നുകൊണ്ട് മുസ്‌ലിംകളെ ചെറുത്തു. അതിലിടക്ക്, സിറിയ വിജയം പൂർത്തിയാക്കിയ അബൂഉബൈദ (റ) ജറൂസലേമിലേക്ക് പുറപ്പെട്ടു. ഈ വാർത്തയറിഞ്ഞ ക്രിസ്ത്യാനികാം, മുസ്‌ലിംകളോട് സന്ധിക്കാചേക്ഷിച്ചു. ഉമർ (റ) ജറൂസലേമിൽചെന്ന സന്ധിയിൽ ഒപ്പുവെക്കേണമെന്ന് അവർ ആവശ്യപ്പെട്ടു. ഈ വിവരം അബൂഉബൈദ (റ) ഖലീഫയെ അറിയിച്ചു. ഖലീഫ തന്റെ സഹകാരികളുമായി ആലോചിച്ചു, റജബ് മാസം 16 ന് ജറൂസലേമിലേക്ക് പുറപ്പെട്ടു. തന്റെ അഭാവത്തിൽ താൽക്കാലിക ഖലീഫയായി അലീ (ക. വ.) യെ നിയമിച്ചുവെന്ന് തബരിയും, ഉസ്മാൻ (റ) വെ നിയമിച്ചുവെന്ന് യഅ്ഖൂബിയും പ്രസ്താവിച്ചിരിക്കുന്നു.

കേവലം സാധാരണവും അതിലളിതവുമായ വേഷത്തിൽ ഖലീഫ യാത്രതിരിച്ചു. ഒരു കുതിരയെയല്ലാതെ ഒരു തമ്പുപോലും അദ്ദേഹം കൂടെകൊണ്ടുപോയില്ല. മുഹാജിർകളും അൻസാരികളുമായ ചിലർ അദ്ദേഹത്തെ അനുഗമിച്ചു. പടഹധ്വനികളില്ല; പട്ടാളത്തിന്റെ അകമ്പടിയില്ല; വഴിനീളെ തോരണങ്ങളില്ല; എതിരേൽപ്പുകളും ആഭാടങ്ങളുമില്ല. ലൌകികമായ പ്രതാപത്തിന്റെ കൊടുമുടിയിൽ വർത്തിക്കുമ്പോഴും, അല്ലാഹുവിന്റെ ദാസനാണെന്നുള്ളബോധം ആ മഹാപുരുഷനെ വിനീതരിൽ വിനീതനാക്കിത്തീർത്തു.

ജാബിറായിൽവെച്ച് അദ്ദേഹത്തെ സ്വീകരിച്ച മുസ്‌ലിംസേനാനികാം വിലപിടിച്ച വസ്ത്രങ്ങാം ധരിച്ചതു കണ്ടപ്പോാം 'സിറിയക്കാരുടെ സ്വഭാവം ഇത്രവേഗം നിങ്ങളെ വശീകരിച്ചുകളഞ്ഞുവോ?' എന്ന് ഖലീഫ അത്ഭുതത്തോടെ പ്രസ്താവിച്ചു. യസീദ്ബിൻഅബീസുഫ്യാൻ, ഖാലിദ്ബിൻവലീദ് (റ) തുടങ്ങിയവർ അക്കൂട്ടത്തിലുണ്ടായിരുന്നു. 'ഞങ്ങാം പട്ടുവസ്ത്രം ധരിച്ചിട്ടുണ്ടെങ്കിലും, ഞങ്ങളുടെ യുദ്ധവീര്യത്തിന് ഒരു കോട്ടവും തട്ടീട്ടില്ലെന്ന് അവർ മറുപടി പറഞ്ഞപ്പോാം, 'എങ്കിൽ, തരക്കേടില്ല' എന്ന് ഖലീഫ മറുപടി നൽകിയെന്ന് തബരി പ്രസ്താവിച്ചിരിക്കുന്നു. ജാബിയായിൽ വെച്ച് ഉമർ (റ) ജറൂസലേം സന്ധിക്കു രൂപം നൽകിയെന്നാണ് തബരി പറഞ്ഞിട്ടുള്ളത്. ബലാദുരിയും അസ്ദിയും രേഖപ്പെടുത്തീട്ടുള്ളത് ജറൂസലേം സന്ധിക്കു ജറൂസലേമിൽ വെച്ച് രൂപം നൽകിയെന്നാണ്.

ജാബിയായിൽനിന്ന് ജറൂസലേമിലേക്ക് പുറപ്പെട്ട ഖലീഫ നടന്നുകൊണ്ടാണ് ആ നഗരത്തിൽ പ്രവേശിച്ചത്. ഖലീഫയുടെ കുതിരയുടെ ലാടം തഴഞ്ഞുപോയതുകൊണ്ട് അതിന് നടപ്പാൻ പ്രയാസം നേരിട്ടു. മറെറാരു കുതിരയെ ഖലീഫക്ക് നൽകിയെങ്കിലും അതിന്റെ പുറത്തു സവാരിചെയ്യുവാൻ ഖലീഫ ഇഷ്ടപ്പെട്ടില്ല. നഗരാതിർത്തിയിൽവെച്ച് അബൂഉബൈദ (റ) വും മറെറ ഉദ്യോഗസ്ഥന്മാരും ഖലീഫയെ എതിരേറെറ. ഒരു മഹാസാമ്രാജ്യത്തിന്റെ ഖലീഫയുടെ കേവലസാധാരണത്വം കാണികളെ അത്ഭുതപരതന്ത്രരാക്കിത്തീർത്തു. കരേക്കൂടി വിശേഷപ്പെട്ട വസ്ത്രങ്ങളണിയിച്ചു യോഗ്യത കൂട്ടുവാൻ അവർ നടത്തിയ ശ്രമം ഫലിച്ചില്ല. 'ഇസ്‌ലാം എന്ന മഹത്വം തന്നെ എനിക്കു മതിയാവും' എന്ന് ഖലീഫ തറപ്പിച്ചു പറഞ്ഞു. ജറൂസലേമിൽ പ്രവേശിച്ച ഖലീഫ ആദ്യമായി പള്ളിയും പിന്നീട് ക്രിസ്ത്യാനികളുടെ പ്രാർത്ഥനാമന്ദിരവും സന്ദർശിച്ചു.

റസൂൽ (സ) യുടെ കാലത്തു മുഅ്സ്സിൻ (ബാങ്കു വിളിക്കുന്ന ആാം) ആയിരുന്ന ബിലാൽ (റ) ജറൂസലേമിലുണ്ടായിരുന്നു. ഖലീഫ ഒരുതവണ അദ്ദേഹത്തോടു ബാങ്കുവിളിക്കുവാൻ ആവശ്യപ്പെട്ടു. 'മേലിൽ ബാങ്കുവിളിക്കുകയില്ലെന്ന് റസൂലിന്റെ വഫാത്തോടുകൂടി

ഞാൻ തീരുമാനിച്ചതാണ്. പക്ഷെ, അങ്ങയുടെ ആഗ്രഹത്തെ മാനിച്ചുകൊണ്ട് ഒരുതവണമാത്രം ഞാൻ ബാങ്ക് വിളിക്കാം' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ബാങ്കുവിളിച്ചു. ആ ശബ്ദം സഹാബികളുടെ ഹൃദയങ്ങളെ പൂവ്വകാല സ്മരണകളാൽ ഇളക്കിക്കളഞ്ഞു. അവരുടെ കണ്ണുകളിൽനിന്നു കണ്ണീരൊഴുകി. അബൂഉബൈദ (റ) വും മുആദിബ്നുജബൽ (റ) വും പൊട്ടിക്കരഞ്ഞു. ഖലീഫയുടെ കണ്ണും നിറുഞ്ഞുവും നയനങ്ങളും ബാഷ്പകലുഷിതവുമായി.

ഒരു സന്ധിമൂലം ജറൂസലേം മുസ്‌ലിം കൈകളിൽ കീഴടങ്ങി.

രണ്ടാം അമസിയാ യുദ്ധം

ഹിജ്റാബ്ദം പതിനേഴാം വർഷത്തിൽ അമസിയാ വീണ്ടും യുദ്ധചരിത്രം ആവർത്തിച്ചു. ജസീറക്കാരാണ് രണ്ടാം അമസിയാ യുദ്ധത്തിന്റെ ആസൂത്രകർ. മുസ്‌ലിംകളുടെ മുന്നേറ്റത്തെ തടയുവാൻ അവർക്കും ഒരു ആഗ്രഹം ജനിച്ചു. ഈ വിഷയത്തിൽ ഒരു കൈകൂടി പയറുവാൻ അവർ ഹിറാക്ലിയസ്സ് ചക്രവർത്തിയെ പ്രേരിപ്പിക്കുകയും തങ്ങളുടെ സർവ്വവിധമായ പിന്തുണകളും വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ അവസരം പാഴാക്കിക്കൂടെന്ന് ഹിറാക്ലിയസ്സ് തീരുമാനിച്ചു. ഒരു വൻസേനയെ അദ്ദേഹം അമസിയായിലേക്ക് നിയോഗിച്ചു. ഇതെ അവസരത്തിൽ മൂപ്പതിനായിരം അംഗബലമുള്ള ഒരു സേനയെ ജസീറക്കാരും സിറിയയുടെ നേരെ നയിച്ചു. അബൂഉബൈദ (റ) ഈ നീക്കത്തെ നേരിടുവാൻ തക്ക നടപടികളും കൈക്കൊണ്ടു. അദ്ദേഹം വിവരങ്ങളെല്ലാം ഖലീഫയെ അറിയിക്കുകയും, ഉള്ളതോളം സൈന്യത്തെ അമസിയാ കോട്ടക്കുറ്റു അണിനിരത്തുകയും ചെയ്തു. അതിലിടക്കുതന്നെ ദീഘ്രുക്കായെ ഉമർ (റ) എട്ടു വൻനഗരങ്ങളിൽ പട്ടാളത്താവളങ്ങളും സ്ഥാപിക്കുകയും, ഓരോ താവളത്തിലും നാലായിരം കുതിരപ്പടയാളികളും സദാ സന്നദ്ധരായി നിൽപ്പാൻ കല്പന നൽകുകയും ചെയ്തുകഴിഞ്ഞിരുന്നു. അബൂഉബൈദ (റ) യുടെ കത്തു കിട്ടിയ ഉടനെ ഖലീഫ, മുൻപറഞ്ഞ കുതിരപ്പട്ടാളക്കാരെ എല്ലാ ഭാഗങ്ങളിലേക്കും നിയോഗിച്ചു. നാലായിരം കുതിരപ്പട്ടാളക്കാരെ നയിച്ചുകൊണ്ട് അതിശീഘ്രം അമസിയായിലേക്കു കുതിപ്പാൻ, ക്ഷയിൽ താവളമടിച്ചു നിൽക്കുകയായിരുന്ന ഖഅ്ഖആ്ബിൻഉമർ (റ) വിനു ഖലീഫ നിർദ്ദേശം നൽകി. ജസീറയിലേക്കു കുതിച്ച ജസീറക്കാരുടെ പടനീക്കത്തെ തടയുവാൻ സുഹൈൽബിൻഅദീ (റ) കല്പിക്കപ്പെട്ടു. അബ്ദുല്ലാബിൻഉത്ബാൻ (റ) നസീബൈനിലേക്കും ജസീറക്കാരോടൊപ്പം യുദ്ധത്തിന്നിറങ്ങുവാൻ ഒരുങ്ങിനിൽക്കുന്ന ജസീറയിലെ അറബിഗോത്രക്കാരെ അവരുടെ നിലപാടിൽനിന്നു പിന്തിരിപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് വലീദ്ബിൻഉഖ്ബ (റ) ജസീറയിലേക്കും നിയോഗിക്കപ്പെട്ടു. ഇതുകൊണ്ടു തൃപ്തിപ്പെടാതെ, ഖലീഫ താൻ തന്നെ ഒമസ്സ്യസ്സിലേക്കു പുറപ്പെട്ടു.

ജസീറ കീഴടങ്ങി

ജസീറ കീഴടക്കുവാൻ മുസ്‌ലിംകൾ പരിപാടി ഇട്ടിരുന്നില്ല. പക്ഷെ, സംഭവം ആ വഴിക്കാണ് നീങ്ങിയതു്. മുസ്‌ലിംസേന ജസീറയുടെ അതിർത്തിയിൽ ആക്രമണം നടത്തി. അതിലിടക്കു ജസീറക്കാർ അമസിയാ വളയുകയും ചെയ്തു. തങ്ങളുടെ നാടു അപകടത്തിലാണെന്നറിഞ്ഞപ്പോൾ, അമസിയായിലേ ഉപരോധം പിൻവലിച്ചുകൊണ്ട് ജസീറക്കാർ തങ്ങളുടെ നാട്ടിനെ രക്ഷിപ്പാൻ പുറപ്പെട്ടു. അതോടൊപ്പം, ക്രൈസ്തവാനികളുടെ സഹകാരികളായ അറബി ഗോത്രക്കാർ തങ്ങളുടെ സഹായഹസ്തം പിൻവലിക്കുവാൻ തീരുമാനിക്കു

കയും, ആ വിവരം ശ്രദ്ധമായി ഖാലിദ് (റ) വിനെ അറിയിക്കുകയും ചെയ്തു. തങ്ങൾ പറയുന്നതു സത്യമാണെങ്കിൽ ഉടനെ കുസ്തുന്യാനികളുടെ കൂട്ടുപിരിഞ്ഞു, വഴിമാറിക്കളയേണമെന്നു ഖാലിദ് (റ) മറുപടി നൽകി. യുദ്ധക്കളത്തിലിറങ്ങുവാൻ അബൂഉബൈദ (റ) വിന്റെ കല്പനക്കായി മുസ്‌ലിംസേന അക്ഷമരായി കാത്തുനിന്നു. ആ സൈന്യത്തെ അഭിമുഖീകരിച്ചുകൊണ്ടു അബൂഉബൈദ (റ) ചെയ്ത പ്രസംഗം അവരുടെ ഉദ്ദീപ്തമായ ആവേശത്തെ ആളിക്കത്തിച്ചു. മദ്ധ്യസേനാവിഭാഗത്തിനു അബൂഉബൈദ (റ) വും, ഇടതുവലതു വിഭാഗങ്ങൾക്കു അബ്ബാസ് (റ), ഖാലിദ് (റ) എന്നിവരും നേതൃത്വം നൽകി. യുദ്ധംതുടങ്ങി കൂഫായിൽനിന്നു അമസിയായിലേക്കു കുതിച്ച ഖഅ്ഖാഅ് (റ) എത്താനും നാഴിക അടുത്തെത്തിയപ്പോൾ ഈ വാർത്തകൾ മനസ്സിലാക്കി. തന്റെ കൂടെയുള്ള നാലായിരം പടയാളികളിൽനിന്നു തിരഞ്ഞെടുത്ത നൂറു യോദ്ധാക്കളെയും കൂട്ടി അദ്ദേഹം യുദ്ധക്കളത്തിലേക്കു കുതിച്ചു. മാറുള്ളവരെ അവിടെ നിറുത്തി. മുസ്‌ലിംസേന യുദ്ധം ആരംഭിച്ചതും, കുസ്തുൻപക്ഷത്തണിനിരന്ന അറബി ഗോത്രക്കാർ അണിതെറ്റി മാറിക്കളഞ്ഞു. അതോടുകൂടി പിൻബലം നഷ്ടപ്പെട്ട കുസ്തുന്യാനികൾ പിന്തിരിഞ്ഞോടി. മർജ്ജുൽദിബാജിന്നപ്പുറത്തോളം മുസ്‌ലിംകൾ അവരെ ഓടിച്ചു. ജസീറയെ മുസ്‌ലിംകളുടെ കരങ്ങളിലെത്തിച്ച ഈ യുദ്ധത്തിനുശേഷം കുസ്തുന്യാനികൾ മുസ്‌ലിംകളോടു യുദ്ധത്തിനൊരുങ്ങുകയുണ്ടായില്ല.

ഖാലിദ് (റ) വിന്റെ സ്ഥാനഭ്രഷ്ടു്

ഹിജ്‌റാബ്ദം പതിനേഴാം വർഷത്തിൽ നടന്ന ചരിത്രപ്രധാനമായ ഒരു സംഭവമാണു് ഖാലിദ് (റ) വിന്റെ സ്ഥാനഭ്രഷ്ടു്. ഖാലിദ് (റ) വിന്റെ അതിർ കടന്ന ചില നടപടികളിൽ, മുമ്പുതന്നെ അതൃപ്തനായിരുന്ന ഉമർ (റ). പക്ഷെ, ബുദ്ധിമതിയായ ഖലീഫ അതൊന്നും ഗൌരവതരമായി കണക്കിലെടുക്കുകയുണ്ടായില്ല. കണക്കു ബോധിപ്പിക്കുക എന്ന സമ്പ്രദായത്തിനു അംഗീകാരം നല്കാത്ത നിലക്കാണു് ഖാലിദ് (റ) നീങ്ങിക്കൊണ്ടിരുന്നതു്. കണക്കുകൾ, കൃത്യമായി ബോധിപ്പിക്കേണമെന്നു ഖലീഫ അദ്ദേഹത്തെ അറിയിച്ചപ്പോൾ, അബൂബകർ (റ) വിന്റെ കാലം മുതല്ക്കു താൻ കണക്കുകൾ ബോധിപ്പിക്കാറില്ലെന്നു അദ്ദേഹം മറുപടി അയച്ചു. തന്റെ പഴയ പദവിയിലേക്കു തിരിയായി കണക്കുകൾ ബോധിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നും അദ്ദേഹം ഖലീഫയെ അറിയിച്ചു. ഉമർ (റ) വിനു ഈ മറുപടി സ്വീകാര്യമായില്ല. പട്ടാളച്ചിലവുകളെ സംബന്ധിച്ച കണക്കുകൾ കൃത്യമായി ബോധിപ്പിക്കുമെങ്കിലല്ലാതെ, ഉദ്യോഗത്തിൽ തുടരുവാൻ അനുവദിക്കുക സാദ്ധ്യമല്ലെന്നു ഖലീഫ വീണ്ടും ഖാലിദ് (റ) വിനെ അറിയിച്ചു. ഈ അറിയിപ്പിനും ഖാലിദ് (റ) വഴങ്ങിയില്ല. ആകയാൽ ഖലീഫ അദ്ദേഹത്തെ പട്ടാളമേധാവിയുടെ പദവിയിൽനിന്നു, അബൂഉബൈദ (റ) വിന്റെ കീഴിൽ ഒരു രണ്ടാം പട്ടാളമേധാവിയായി തരംതാഴ്ത്തി. ഈ സംഭവം ഹാഫീസ്ബിൻഹജർ എന്ന ചരിത്രകാരൻ "കിതാബുൽ ഇസാബഹ്" എന്ന ഗ്രന്ഥത്തിൽ വിശദമായി വിവരിച്ചിട്ടുണ്ടു്.

അതെ വർഷത്തിൽ തന്നെ മറ്റൊരു സംഭവം കൂടി ഉണ്ടായി. ഖാലിദ് (റ) ഒരു കവിക്കു പതിനായിരം ദിർഹം സഹായധനമായി നല്കി. രഹസ്യപ്പോലീസ് വകുപ്പു് ഈ വിവരം ഖലീഫയെ അറിയിച്ചു. രഹസ്യപ്പോലീസ് വകുപ്പു് ഉമർ ഫാറൂഖ് (റ) വിന്റെ കാലത്താണു് നിലവിൽ വന്നതു്. ഖാലിദ് (റ) ഇത്ര വലിയ ഒരു തുക സംഭാവനയായി

നല്ലിയതു തന്റെ സ്വന്തം പണത്തിൽനിന്നാണെങ്കിൽ, അദ്ദേഹം അമിതച്ചിലവു നടത്തിയ കുറ്റത്തിനു വിധേയനാണെന്നും, പൊതുഖജാനയിൽനിന്നാണ് സംഭാവന നല്കിയതെങ്കിൽ വിശ്വാസവഞ്ചനക്കുറ്റത്തിനു വിധേയനാണെന്നും, ഖലീഫ അബൂഉബൈദ(റ)വിനെ അറിയിച്ചു. രണ്ടു നിലയിലായാലും ഖാലിദ്(റ) ശിക്ഷാർഹനാണെന്നു ഖലീഫ വ്യക്തമാക്കി.

ഖലീഫയുടെ കല്പനയുമായി ദൂതൻ ഖാലിദ് (റ) വിനെ സമീപിച്ചു. അദ്ദേഹം കുറ്റം സമ്മതിച്ചു മാപ്പു പറയുന്ന പക്ഷം അദ്ദേഹത്തെ ശിക്ഷയിൽനിന്നും ഒഴിവാക്കേണമെന്നു ഖലീഫ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഒരു പൊതുയോഗത്തിൽ വെച്ചു ദൂതൻ അദ്ദേഹത്തെ ചോദ്യം ചെയ്തു. ധീരനായ ഖാലിദ് (റ) കുറ്റം സമ്മതിച്ചു. പക്ഷെ, സ്വാഭിമാനിയായ ഖാലിദ് (റ) മാപ്പു പറയാൻ തയ്യാറായില്ല. ആകയാൽ സ്ഥാനഭ്രഷ്ടനാക്കി എന്നതിന്റെ സൂചനയായി, ഖലീഫയുടെ ദൂതൻ, ഖാലിദ് (റ) വിന്റെ തലപ്പാവു് അഴിച്ചെടുക്കുകയും ആ തലപ്പാവുകൊണ്ടു് പ്രതാപശാലിയായ ഖാലിദ് (റ) വിന്റെ കഴുത്തിൽ ചുറ്റിപ്പിടിക്കുകയും ചെയ്തു. അതുല്യപ്രഭാവനായ ഖാലിദ് (റ) ഇസ്‌ലാമിന്റെ ഖലീഫയുടെ ആജ്ഞക്കു മുമ്പിൽ നിശ്ശബ്ദനായി, വിനീതനായി, ശിക്ഷാവിധേയനായി നിന്നതു കണ്ടപ്പോൾ ജനങ്ങൾ അത്ഭുതത്താൽ അമ്പരന്നുപോയി.

അമ്മുസിയ വഴി ഖാലിദ് (റ) മദീനയിൽ ആനയിക്കപ്പെട്ടു. ഖലീഫയോടു അദ്ദേഹം തന്റെ കുറ്റം ഏറ്റു പറഞ്ഞു. തന്റെ കയ്യിൽ അറുപതിനായിരം ദിർഹമിന്റെ പുറം ഇരിപ്പുകാണുന്ന മുഴുവൻ തുകയും ഖലീഫക്കു തിരിച്ചുകൊടുക്കാമെന്നു അദ്ദേഹം സമ്മതിച്ചു. അതുപ്രകാരം കണക്കു നോക്കിയപ്പോൾ കണ്ടു കിട്ടിയ ഇരുപതിനായിരം ദിർഹം അദ്ദേഹം ബൈതുൽമാലിലേക്കു നല്കുകയുണ്ടായി.

'അല്ലാഹുവാണെ സത്യം, ഞാൻ താങ്കളെ സ്നേഹിക്കുന്നു; അതോടൊപ്പം ബഹുമാനിക്കുകയും ചെയ്യുന്നു'വെന്നു ഖലീഫ അദ്ദേഹത്തോടു പറയുകയും, ഖാലിദ് (റ) സ്ഥാനഭ്രഷ്ടനാക്കപ്പെട്ടിട്ടില്ലെന്നുള്ള വസ്തുത എല്ലാ ഗവർണ്ണർമാരേയും രേഖാമൂലം അറിയിക്കുകയും ചെയ്തു.

അംവാസിലെ മഹാമാരി

ഹിജ്റാബ്ദം പതിനേഴാം വർഷത്തിന്റെ അന്ത്യത്തിൽ സിറിയയും ഈജിപ്തും, ഇറാഖും മഹാമാരിക്കു വിധേയമായി. പതിനെട്ടാം വർഷമാകുമ്പോഴേക്കും രോഗം നാടാകെ പ്പടർന്നുപിടിച്ചു ആയിരമായിരം ആത്മാക്കളെ അപഹരിച്ചു. രോഗബാധിതപ്രദേശങ്ങൾ സന്ദർശിച്ചു, രക്ഷാനടപടികൾ ആസൂത്രണം ചെയ്യുവാൻ പുറപ്പെട്ട ഖലീഫയെ സുർഗിൽ വെച്ചു അബൂഉബൈദ (റ) വും കൂട്ടുകാരും സന്ദർശിച്ചു, സ്ഥിതിഗതികൾ ധരിപ്പിച്ചു. രോഗബാധിതപ്രദേശത്തു ഖലീഫ താമസിക്കുക എന്നതു അപകടകരമാണെന്നു മുഹാജിർകൾ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായം ഖലീഫ ശരിവച്ചു. നാളെ എല്ലാവരും സ്ഥലം വിടേണമെന്നു അബ്ബാസ് (റ) പ്രഖ്യാപിച്ചു. ഇതു കേട്ടപ്പോൾ, അല്ലാഹുവിന്റെ വിധിയിൽ അടിയുറച്ച വിശ്വാസിയായ അബൂഉബൈദ (റ) ചോദിച്ചു:-'അല്ലയോ ഉമറേ, അല്ലാഹുവിന്റെ വിധിയിൽനിന്നു താങ്കൾ ഓടിയകലുകയാണോ?' ഉമർ (റ) ശാന്തസ്വരത്തിൽ പറഞ്ഞു:-'അതെ, ഞാൻ അല്ലാഹുവിന്റെ വിധിയിൽനിന്നു കൂടുതൽ ഓടുകയാണു്; അല്ലാഹുവിന്റെ വിധിയിലേക്കു്.'

മൂടുക്കിപ്പുറപ്പെട്ടാൽ, ഉമർ (റ) മദീനയിലേക്കു മടങ്ങി. മദീനയിലേക്കു വരേണമെ

ന്ന കാണിച്ചുകൊണ്ട് ഖലീഫ, അബൂഉബൈദ (റ) വിന്ന ഒരു കത്തയച്ചു. തന്റെ കൂട്ടുകാരെ രോഗത്തിന്റെ വലയിൽ വിട്ടുകൊണ്ട് സ്വന്തം ആത്മരക്ഷാർത്ഥം മദീനയിലേക്ക് വരുവാൻ സാധ്യമല്ലെന്ന അബൂഉബൈദ (റ) ഒരു മറുപടി അയച്ചു. ഈ മറുപടി വായിച്ചപ്പോൾ മഹാനായ ഖലീഫയുടെ കണ്ണുകൾ നിറഞ്ഞു. അംവാസിയിലെ ചതുപ്പുനിലത്തുനിന്ന കൂടുതൽ ആരോഗ്യപ്രദമായ മറെറാരിടത്തേക്ക് മാറുവാൻ ഖലീഫ വീണ്ടും നിർദ്ദേശിച്ചു. ഈ നിർദ്ദേശത്തെ മാനിച്ചുകൊണ്ട് അബൂഉബൈദ (റ) ജാബിയായിലേക്ക് മാറുകയുണ്ടായി.

ജാബിയായിൽ എത്തിയതും അബൂഉബൈദ (റ) രോഗഗ്രസ്തനായി. കഠിനരോഗമാണ് അദ്ദേഹത്തെ പിടികൂടിയത്. 'ആ രോഗം, തന്നെ മരണത്തിലേക്ക് നയിക്കുമെന്ന അദ്ദേഹം ഊഹിച്ചു. അദ്ദേഹം തന്റെ ആളുകളെ വിളിച്ചു വരുത്തി ഹൃദയസ്പർശിയായ നിലയിൽ അവരോട് സംസാരിക്കുകയും ചെയ്തു. മുആദ്ബിൻ ജബൽ (റ) വിനെ തന്റെ പിൻഗാമിയായി അദ്ദേഹം നിശ്ചയിച്ചു. നിസ്കാരത്തിന്റെ സമയമായപ്പോൾ മുആദ് (റ) വിനെ ഇമാമാക്കിക്കൊള്ളുവാൻ അദ്ദേഹം നിർദ്ദേശിച്ചു. ആ ഘട്ടത്തിൽ അദ്ദേഹം മരണഹസ്തങ്ങളിൽ അകപ്പെട്ടിരിക്കുകയായിരുന്നു. മറുള്ളവർ നിസ്കരിച്ചു കഴിഞ്ഞതും ഇസ്‌ലാമിന്റെ ആത്മബന്ധുവായ ആ മഹാവീരൻ അന്ത്യശ്വാസം വലിച്ചു.

മുആദ് (റ) വിന്റെ പുത്രനെയാണ് യൂസ്നു രോഗം പിടികൂടിയത്. അദ്ദേഹവും മരിച്ചു. ആ മയ്യത്ത് ഖബറടക്കിക്കഴിഞ്ഞ ഉടനെ മുആദ് (റ) രോഗത്തിന്റെ വലയിൽപ്പെട്ടു. അംറുബ്നുൽ ആസ് (റ) വിനെ പിൻഗാമിയായി നിയമിച്ചുകൊണ്ട്, ആ ധീരപുരുഷനും പരലോകപ്രാപ്തനായി.

അംറുബ്നുൽ ആസ് (റ) ഒരു പോംവഴി കണ്ടെത്തി. കൂടുതൽ ആരോഗ്യപ്രദമായ ഒരു പർവ്വതത്തിന്മേൽ മാറി താമസിക്കുവാൻ അദ്ദേഹം തന്റെ ആളുകളോട് കല്പിച്ചു. ഈ മാറിത്താമസിക്കൽകൊണ്ട് ഒരു ഗുണവും കൈവരില്ലെന്ന ചിലർ വാദിച്ചെങ്കിലും അംറ് (റ) തന്റെ തീരുമാനത്തിൽനിന്ന വ്യതിചലിച്ചില്ല. അങ്ങിനെ, ജനങ്ങൾ നിർദ്ദിഷ്ടസ്ഥാനത്തേക്ക് മാറിത്താമസിച്ചു. അതോടെ രോഗബാധ കുഴിയുകയും ചെയ്തു. അപ്പോഴേക്കും ഇരുപത്തയ്യായിരം മുസ്‌ലിംകളുടെ ജീവൻ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. അബൂഉബൈദ (റ), മുആദ് (റ), യസീദ്ബിൻ അബീസുഫ്യാൻ, ഹാരിസ്ബിൻ ഹിശാം (റ), സുഹൈൽബിൻ ഉമർ (റ), ഉത്ബബിൻ സുഹൈൽ (റ), തുടങ്ങിയ പ്രശസ്തരും പ്രഗത്ഭരുമായ വ്യക്തികളേയും മഹാമാരി മരണത്തിന്ന ഒറിക്കൊടുത്തു. യസീദ്ബിൻ അബീസുഫ്യാനും, മുആദ് (റ) വും പരലോകപ്രാപ്തരായ വിവരം അറിഞ്ഞപ്പോൾ, മുആവിയായെ ദമസ്ക്കസ്സിലെ ഗവണ്ണരായും, ശുറഹ്ബീൽ (റ) വിനെ ജോർദ്ദാനിലെ ഗവണ്ണരായും നിയമിച്ചുകൊണ്ട് ഖലീഫ ഉത്തർവിട്ടു.

അംവാസിലെ മഹാമാരി മുസ്‌ലിംകളുടെ മുന്നേറ്റത്തെ കടിഞ്ഞാണിട്ടു നിർത്തി. ആത്തുരും അനാഥരും സമുദായത്തിൽ പെരുകി. അവകാശികളില്ലാത്ത സ്വത്തുക്കൾ അനാഥമായിക്കിടന്നു. സ്ഥിതിഗതികൾ ആകപ്പാടെ അട്ടിമറിഞ്ഞു. സ്ഥിതിഗതികൾ യതോചിതം ക്രമപ്പെടുത്തുന്നതിന്നുവേണ്ടി ഖലീഫ സിറിയയിലേക്ക് പുറപ്പെട്ടു. താല്ക്കാലികഖലീഫയായി അലീ (ക. വ.) യെ നിയമിച്ചുകൊണ്ട്, ഏതാനും അനുയായികളോടൊപ്പം യാത്ര തിരിച്ച ഖലീഫ രണ്ടുമൂന്ന ദിവസം എല്ലയിൽ താമസിച്ചശേഷം യാത്ര തുടന്നു. ദമസ്ക്കസ്സും സിറിയയിലെ മറുപ്ര

ധാന പട്ടണങ്ങളും അദ്ദേഹം സന്ദർശിച്ചു. കായ്വ്വങ്ങളെല്ലാം ക്രമപ്പെടുത്തി, പട്ടാളക്കാരുടെ ശമ്പളങ്ങളും കൊടുത്തുതീർത്തു. ആളില്ലാതെ കിടന്ന സ്ഥലങ്ങളും അവയുടെ അവകാശികൾക്കു നല്കി. നാട്ടിന്റെ മുഖ്യപ്രധാനമായ ഭാഗങ്ങളിലെല്ലാം പട്ടാളത്താവളങ്ങളും സ്ഥാപിച്ചു. ഒഴിഞ്ഞു കിടന്ന സ്ഥാനങ്ങളിൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു.

അക്കൊല്ലംതന്നെ, അറേബ്യയെ ബാധിച്ച ഒരു മഹാക്ഷാമത്തിന്റെ പിടിയിൽനിന്നു ഉമർ (റ) വിന്റെ ധീരമായ നടപടികളും അനേകായിരം ആത്മാക്കളെ രക്ഷപ്പെടുത്തി.

ഖൈസാരിയാ വിജയം

മദ്ധ്യധരണ്യാഴിയുടെ തീരത്തു സ്ഥിതിചെയ്ത ഒരു പ്രമുഖനഗരമായിരുന്ന ഖൈസാരിയാ. പലസ്തീനിലെ ഒരു ജില്ലാ കേന്ദ്രമായിട്ടാണ അതു കണക്കാക്കപ്പെട്ടിരുന്നതു്. ആ നഗരം ഇന്നു അവശേഷിക്കുന്നില്ല മുന്നൂറു തിരക്കു പിടിച്ച വാണിജ്യത്തെരുവുകളോടുകൂടിയ, ജനബഹുലമായിരുന്നുവെന്നു ബലാദുരി പ്രസ്താവിച്ചിട്ടുള്ള ആ മഹാനഗരത്തെ കാലത്തിന്റെ കരങ്ങളും നാമാവശേഷമാക്കിക്കളഞ്ഞു. ഹിജ്റാബ്ദം പതിമൂന്നാം വർഷത്തിൽ അംറുബ്നുൽ ആസ് (റ) ആദ്യമായി ഈ നഗരത്തെ ആക്രമിച്ചു. ദീർഘകാലം അദ്ദേഹം നഗരത്തെ ഉപരോധിച്ചെങ്കിലും നഗരത്തെ കീഴടക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അബൂഉബൈദ(റ) മരിച്ചപ്പോൾ, യസീദിബ്നുഅബീസുഫ്യാനെ അദ്ദേഹത്തിന്റെ പിൻഗാമിയായി ഖലീഫ നിശ്ചയിക്കുകയും, ഖൈസാരിയാക്കുനേരെ പുറപ്പെടുവാൻ അദ്ദേഹത്തോടു നിർദ്ദേശിക്കുകയും ചെയ്തു. പതിനേഴായിരം പടയാളികളെയുംകൊണ്ടു യസീദ് ആ നഗരത്തിലേക്കു തിരിക്കുകയും നഗരം വളയുകയും ചെയ്തു. ഹിജ്റാബ്ദം പതിനെട്ടാം വർഷത്തിൽ യസീദ് രോഗഗ്രസ്തനായി. തന്റെ സഹോദരനായ അമീർമുആവിയായെ തന്റെ സ്ഥാനത്തുനിറുത്തിക്കൊണ്ടു അദ്ദേഹം ദമസ്ക്കസ്സിലേക്കു തിരിക്കുകയും അവിടെവെച്ചു മരിക്കുകയും ചെയ്തു. അമീർമുആവിയാ നഗരപ്രതിരോധത്തിനു ശക്തികൂട്ടി. എന്നിട്ടും നഗരത്തെ കീഴടക്കുവാൻ കഴിഞ്ഞില്ല. ഒരുദിവസം യൂസുഫ് എന്നു പേരുള്ള ഒരു ജൂതൻ നഗരത്തിലേക്കു കടപ്പാനുള്ള ഒരു രഹസ്യവഴി മുസ്‌ലിംകൾക്കു കാണിച്ചുകൊടുത്തു. ഒരു തുരങ്കമായിരുന്നു ആ വഴി. മുസ്‌ലിംയോദ്ധാക്കൾ ആ തുരങ്കത്തിലൂടെ കോട്ടക്കകത്തുകടന്നു കോട്ടവാതിലുകൾ തുറന്നു. ചൂരുങ്ങിയതു എണ്ണായിരം ക്രൂസ്യാനിഭടന്മാർ കോട്ടക്കകത്തുണ്ടായിരുന്നെന്നാണ് ചരിത്രകാരന്മാർ പറയുന്നതു്. മുസ്‌ലിംകളുമായി നടത്തിയ സംഘട്ടനത്തിൽ ക്രൂസ്യാനികൾ മിക്കവാറും മുഴുവനും തന്നെ കൊല്ലപ്പെട്ടു. ഖൈസാരിയാ കീഴടങ്ങിയതോടുകൂടി സിറിയായുടെ അന്തരീക്ഷത്തിൽനിന്നു ക്രൂസ്യാനികളുടെ യുദ്ധഭീഷണി അവസാനിച്ചു.

ജസീറാ കീഴടങ്ങി

ടൈഗ്രീസ്, യൂഫ്രട്ടീസ് എന്നീ നദികൾക്കിടയിലുള്ള സ്ഥലത്തിനു ജസീറാ എന്നുപേർ. പടിഞ്ഞാർ ഏഷ്യാമൈനറും അർമീനിയുടെ ചില പ്രദേശങ്ങളും; തെക്കു സിറിയയും; കിഴക്കു ഇറാഖും; വടക്കു അർമീനിയൻ പ്രദേശങ്ങളും അതിരുകളായിക്കിടക്കുന്നു. മുഹാജിർ മുസ്‌ലിംകൾ കീഴടക്കിയപ്പോഴാണ് മുസ്‌ലിംകളുടെ കരബലത്തെക്കുറിച്ചു പേർസ്യക്കാർ ബോധവാന്മാരായതു്. മുസ്‌ലിംകളെ അടിച്ചമർത്തുന്ന വിഷയത്തിൽ ഓരോ ഇടപ്രഭുവും മുൻകൈയെടുത്തു. പേർസ്യക്കാർ ജസീറയിൽ അവരുടെ പട്ടാളശക്തി കേന്ദ്രീകരിച്ചു. ഈ വിവരം സഅ്ദ് (റ) ഖലീഫയെ അറിയിച്ചു. ജസീറയിലേക്കു സൈ

ന്യത്തെ നയിപ്പാനായി അബ്ദില്ലാഹിബ്‌നുൽ മുഅ്‌തം (റ) വിനെ ഖലീഫ നിയോഗിച്ചു. മറ്റു സൈന്യത്തലവന്മാരെയും ഖലീഫതന്നെ തീരുമാനിച്ചു. റബീഇബ്‌നുൽഅക്‌ഫാൽ (റ) വിനെ മുന്നണിപ്പടയുടെയും, ഹാരിസ്‌ബിൻ ഹസ്സാൻ (റ) വിനെ വലതണിപ്പടയുടെയും, ഫറാത്ത്‌ബിൻഹയാൻ (റ) വിനെ ഇടതണിപ്പടയുടെയും, ഹാനിബിൻഖൈസ് (റ) വിനെ പിന്നണിപ്പടയുടെയും തലവന്മാരായി ഖലീഫാ നാമനിർദ്ദേശം ചെയ്തു. അബ്ദില്ലാഹിബ്‌നുൽമുഅ്‌തം (റ) അയ്യായിരം യോദ്ധാക്കളെ നയിച്ചുകൊണ്ട് തക്‌രീത്തിൽഎത്തി, ആ നഗരത്തെ ഉപരോധിച്ചു. ജസീറയുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഒരു നഗരമാണിതു്. മൂസലിൽനിന്നു ആറുകാതം അകലെ സ്ഥിതിചെയ്യുന്ന ഈ നഗരത്തിന്റെ കിഴക്കെ അതിരിൽ തടവിക്കൊണ്ടാണു് ടൈഗ്രീസ് നദി ഒഴുകുന്നതു്. ഒരു മാസത്തിലേറെ ഉപരോധം നീണ്ടുനിന്നു. അതിലിടക്കു ഇരുപതു സംഘട്ടനങ്ങളും നടന്നു. അയാദ്, സഗ്‌ലബ്, നമ്റ് തുടങ്ങിയ അറബീഗോത്രക്കാർ പേർസ്യൻ പക്ഷത്തു അണിനിരന്നിരുന്നു. 'അറബികളായ നിങ്ങളും പേർസ്യക്കാരുടെ അടിമകളായി പ്രവർത്തിക്കുന്നതു ലജ്ജാവഹമാ'ണെന്നു, അബ്ദില്ലാ (റ) രഹസ്യമായി അറിയിച്ചു. ആ രഹസ്യതന്ത്രവും വിജയിക്കുകയും ചെയ്തു. പേർസ്യക്കാരുടെ പിന്നിൽ അണിനിരന്ന ആ അറബിഗോത്രക്കാർ മുഴുവനും ഇസ്‌ലാംമതം വിശ്വസിക്കുകയും, മുസ്‌ലിംകൾക്കു പിന്തുണ വാഗ്ദാനം ചെയ്കയും ചെയ്തു. അവരും അബ്ദില്ലാ (റ) വും തമ്മിലുണ്ടായ രഹസ്യധാരണയുടെ അടിസ്ഥാനത്തിൽ, നിശ്ചിതദിവസം മുസ്‌ലിംസേന പേർസ്യക്കാർക്കെതിരായി യുദ്ധം ആരംഭിച്ചു. മുമ്പിൽനിന്നു അബ്ദില്ലാ (റ) വിന്റെ നേതൃത്വത്തിലുള്ള മുസ്‌ലിംസേനയും, പിന്നിൽനിന്നു, പുതുവിശ്വാസികളായ മുസ്‌ലിംസേനയും ഒരേസമയം ആക്രമിച്ചപ്പോൾ പേർസ്യക്കാർ തിരിഞ്ഞോടുവാൻപോലും കഴിയാത്തവിധം കുടുങ്ങിപ്പോയി. അവർ മുഴുവനും വധിക്കപ്പെട്ടു.

ജസീറാ വിജയത്തിന്റെ മുന്നോടിയായ ഈ സംഭവത്തെ ഇറാഖ് വിജയചരിത്രത്തിലാണ് ചരിത്രകാരന്മാർ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഹിജ്‌റാബ്ദം പതിനേഴാം വർഷത്തിൽ ഇറാഖും സിറിയയും കീഴടക്കിക്കഴിഞ്ഞപ്പോൾ, ജസീറായുടെ നേരെ പുറപ്പെടുവാൻ സഅ്ദ് (റ) വിനു ഖലീഫ നിർദ്ദേശം നൽകി. അതനുസരിച്ചു സഅ്ദ് (റ) അയ്യായിരം പേരടങ്ങിയ ഒരു സൈന്യത്തെ അയ്യാദ് ബിൻഗനം (റ) വിന്റെ നേതൃത്വത്തിൽ ജസീറായിലേക്കു നിയോഗിച്ചു. ആ സൈന്യം ഇറാഖിൽനിന്നു പുറപ്പെട്ടു, ഒരുകാലത്തു റോമാസാമ്രാജ്യത്തിലെ പ്രധാന നഗരമായിരുന്ന റിഹായിൽ താവളമടിച്ചു. ആ നാട്ടിലെ ഗവണ്ണർ മുസ്‌ലിംകളെ പൊരുത്തുനോക്കിയെങ്കിലും, ജിസ്‌യ നൽകാമെന്നു സമ്മതിച്ചുകൊണ്ടു മുസ്‌ലിംകൾക്കു കീഴടങ്ങി. റിഹാ കീഴടങ്ങിയതോടെ, റിഖാ, ഹറാൻ, നസീബൈൻ, മിയ്യാഫാരിഖീൻ, സുമൈസാത്, സറൂജ്, ഖർഖൈസിയാ, സുസാൻ, ഐനുൽവർദ തുടങ്ങിയ സ്ഥലങ്ങളിൽവെച്ചു നേരിയ സംഘട്ടനങ്ങളുണ്ടായെങ്കിലും, ഏതാനും ദിവസങ്ങൾക്കകം ജസീറാ മുഴുവൻ മുസ്‌ലിംകൾക്കു കീഴടങ്ങി.

ഖൊസിസ്താൻ വിജയം

ഇറാഖിനും പേർസ്യക്കുമിടയിൽ സ്ഥിതിചെയ്യുന്ന ഒരു നാടാണ് ഖൊസിസ്താൻ. ആ നാട്ടിൽ പതിനാലു വൻനഗരങ്ങളുണ്ടു്. അഹ്‌വാസാണു് പ്രധാന നഗരം. ഹിജ്‌റാബ്ദം പതിനഞ്ചാം വർഷത്തിൽ മുഗീറാബിൻ ശുഅ്ബ (റ) ബസ്‌റയിലെ ഗവണ്ണരായി

നിയമിക്കപ്പെട്ടു. ബസ്‌റക്കടുത്തു സ്ഥിതി ചെയ്ത വൻനഗരമായതുകൊണ്ടു ഖൊസിസ്ഥാൻ മുസ്‌ലിംകളെസ്സംബന്ധിച്ചേടത്തോളം ഒരു ഭീഷണിയായിരുന്നു. ആകയാൽ ആ നാട്ടുകീഴടക്കാതെ നിവ്വാഹമില്ലെന്നായി. ആകയാൽ ഹിജ്‌റാബ്ദം പതിനേഴാം വഷ്ത്തിൽ മുഗീറാ (റ) അഹ്‌വാസ് നഗരം വളഞ്ഞു. ഹർമുസിന്റെ നഗരം എന്നത്മുള്ള ഹർമുസ്‌ശഹ്‌ർ എന്നാണ് പേർസ്യക്കാർ ആ നഗരത്തെ വിളിച്ചിരുന്നതു്. ആ നഗരമുഖ്യർ വാഷ്ികനികൃതി (ജിസ്‌യ) യായി ഒരു ചെറിയ തുക നൽകിക്കൊള്ളാമെന്നു സമ്മതിച്ചുകൊണ്ടു മുസ്‌ലിംകൾക്കു കീഴടങ്ങി.

ആ കൊല്ലംതന്നെ, മുഗീറാ (റ) വിനെ ഗവർണ്ണർ സ്ഥാനത്തുനിന്നും പുറത്താക്കുകയും അബൂമൂസാഅശ്അരീ (റ) തൽസ്ഥാനത്തു നിയമിക്കപ്പെടുകയും ചെയ്തു. , ഈ അവസരം ഉപയോഗപ്പെടുത്തുവാൻ അഹ്‌വാസിലെ മുഖ്യൻ തീരുമാനിച്ചു. വാഷ്ികകപ്പം അയാൾ കൊടുത്തില്ലെന്നു മാത്രമല്ല, മുസ്‌ലിംകളുമായി യുദ്ധത്തിന്നൊരുങ്ങുകയും ചെയ്തു. ആകയാൽ, അഹ്‌വാസിനെ കീഴ്പെടുത്തുവാൻ അബൂമൂസാ (റ) നിർബ്ബന്ധിതനായി. അദ്ദേഹം നഗരം വളഞ്ഞു. അഹ്‌വാസിലെ സൈന്യം മുസ്‌ലിംകളുമായി യുദ്ധം നടത്തിനോക്കിലും, പരാജിതരായി. അഹ്‌വാസ് നഗരം മുസ്‌ലിംകൾ തികച്ചും കീഴടക്കി. ആയിരക്കണക്കിലുള്ള പട്ടാളക്കാരെ മുസ്‌ലിംകൾ തടവുകാരായി പിടിച്ചു, അടിമകളാക്കി. ഉമർ (റ) ഇതറിഞ്ഞപ്പോൾ അവരെ സ്വതന്ത്രരാക്കുവാൻ കല്പിച്ചതനുസരിച്ചു, ആ അടിമകളെല്ലാം സ്വതന്ത്രരാക്കപ്പെട്ടു. അബൂമൂസാ (റ) പിന്നീടു, സുശക്തമായ കോട്ടയാൽ ഭദ്രമാക്കപ്പെട്ട, മനാദിർ നഗരത്തിന്റെ നേരെ പുറപ്പെട്ടു. ആ നാട്ടുകാർ മുസ്‌ലിംകളെ ധീരമായി എതിർത്തു. പ്രശസ്ത സേനാനിയായ മുറാജിർബ്നുസിയാദ് (റ) ഈ പോരാട്ടത്തിൽ കൊല്ലപ്പെട്ടു. ശത്രുക്കൾ അദ്ദേഹത്തിന്റെ തല അറുത്തെടുത്തു തങ്ങളുടെ ആരാധനാലായത്തിന്റെ മുമ്പിൽ കെട്ടിത്തൂക്കി, ആഹ്ലാദം ആഘോഷിച്ചു.

മനാദിർ കീഴടക്കുവാനുള്ള ഭാരവാഹിത്വം മുഹാജിർ (റ) വിന്റെ സഹോദരനായ റബീഅ് (റ) യിൽ ഭരമേല്പിച്ചുകൊണ്ടു, അബൂമൂസാ (റ) സൂസിന്റെ നേരെ പുറപ്പെടുകയും നഗരം വളയുകയും ചെയ്തു. പുറമെനിന്നു നഗരത്തിലേക്കുള്ള എല്ലാ ഗതാഗതങ്ങളും അദ്ദേഹം തടഞ്ഞു. തന്മൂലം ഭക്ഷ്യസാധനങ്ങൾ ലഭിക്കാതെ കോട്ടക്കകത്തുള്ളവർ പട്ടിണികിടക്കേണ്ടിവന്നു. ആകയാൽ നഗരപ്രമുഖർ സന്ധിക്കൊരുങ്ങി. തന്റെ കുടുംബത്തിൽപ്പെട്ട നൂറുപേരുടെ ജീവനെ രക്ഷിക്കേണമെന്നതായിരുന്നു അദ്ദേഹത്തിന്റെ നിബന്ധന. ആ നിബന്ധന അബൂമൂസാ (റ) അംഗീകരിച്ചു. നഗരമുഖ്യൻ തന്റെ കുടുംബത്തിൽപ്പെട്ട നൂറു പേരുടെ പേരുകൾ എഴുതി. കൂട്ടത്തിൽ തന്റെ പേർ പറഞ്ഞില്ല. ആകയാൽ ആദ്യം അദ്ദേഹം വധിക്കപ്പെട്ടു അങ്ങിനെ സൂസ് നഗരം മുസ്‌ലിംകൾക്കു കീഴടങ്ങി.

സൂസ് കീഴടക്കിയശേഷം അദ്ദേഹം റാംഹർമുസിന്റെ നേരെ പുറപ്പെട്ടു. പ്രതിവഷ്ം എട്ടുലക്ഷം ദിർഹം ജിസ്‌യ നൽകാമെന്നു സമ്മതിച്ചുകൊണ്ടു ആ രാജ്യവും കീഴടങ്ങി.

ഈ അവസരത്തിൽ യസ്ദ്ഗീർ കുടുംബവും ഖുമ്മിലാണുണ്ടായിരുന്നതു്. അഹ്‌വാസിന്റെയും ഫാർസിന്റെയും ഇടപ്രഭുവായിത്തന്നെ വാഴിക്കുമെങ്കിൽ അറബികളെ താൻ തുരത്തിക്കൊള്ളാമെന്നു, ശിറൂയായുടെ അമ്മാവനായ ഹർമുസാൻ എന്ന യോദ്ധാവു് യസ്ദ്ഗീറിനു ഉറപ്പുകൊടുത്തു. യസ്ദ്ഗീർ അതു സമ്മതിച്ചു. ഒരു ക്രൂരൻ സൈന്യത്തെ നയിച്ചുകൊണ്ടു ഹർമുസാൻ പുറപ്പെ

ട്ടു. ഖൊസിസ്ഥാനെറ തലസ്ഥാനമായ ശ്രുസ്താറിൽ ആ സൈന്യം താവളമടിച്ചു. നഗരത്തിനെറ കോട്ട ഹർമുസാൻ ആജ്ഞയായി ഭദ്രമാക്കുകയും, പ്രചാരവേലകൾ വഴി ജനങ്ങളിൽ യുദ്ധാവേശം ജ്വലിപ്പിക്കുകയും ചെയ്തു. ഈ വിവരങ്ങൾ അബൂമൂസാ (റ) ഖലീഫയെ അറിയിക്കുകയും, ഉടനടി ഒരു സഹായസൈന്യത്തെ അയപ്പാൻ അഭ്യർത്ഥിക്കുകയുമുണ്ടായി. അന്നു കൂഫയിലെ ഗവർണ്ണരായിരുന്ന അമ്മാർ ബിൻയാസിർ (റ), ഖലീഫയുടെ നിർദ്ദേശപ്രകാരം, നുഅ്മാൻബിൻമഖ്‌റാൻ (റ) വിൻെറ നേതൃത്വത്തിൽ ആയിരം പേരടങ്ങിയ ഒരു സൈന്യത്തെ അബൂമൂസാ (റ) വെ സഹായിപ്പാനായി നിയോഗിച്ചു. ഈ തുച്ഛമായ സൈന്യം അപര്യാപ്തമാണെന്നു കാണുകയാൽ കൂടുതൽ സൈന്യത്തെ അയപ്പാൻ വീണ്ടും അബൂമൂസാ (റ) അഭ്യർത്ഥിച്ചതനുസരിച്ചു, ഖലീഫയുടെ നിർദ്ദേശപ്രകാരം അബ്ദുല്ലാഹിബ്നമസ്ഊദ് (റ) വിനെ കൂഫയിലേ തൽക്കാലിക ഗവർണ്ണരാക്കുകയും, പകുതി സൈന്യത്തെ കൂഫയിൽ നിറുത്തി, പകുതിസൈന്യത്തെ നയിച്ചുകൊണ്ടു അമ്മാർ (റ) തന്നെ അബൂമൂസാ (റ) യെ സഹായിപ്പാൻ പുറപ്പെടുകയും ചെയ്തു. അതെസമയത്തു ഒരു വലിയസൈന്യത്തെ നയിച്ചുകൊണ്ടു ജരീർബാഹ്‌ലി (റ) ജലൂലായിലെത്തി. അങ്ങിനെ ശക്തിയാർജ്ജിച്ച സൈന്യത്തെ നയിച്ചുകൊണ്ടു അബൂമൂസാ (റ) ശ്രുസ്താറിലേക്കു പുറപ്പെടുകയും നഗരത്തിനടുത്തു താവളമടിക്കുകയും ചെയ്തു. ഹർമുസാനെറ കീഴിൽ ഒരു ക്രൂരൻ സൈന്യമാണുണ്ടായിരുന്നതു്. തന്നിമിത്തം അദ്ദേഹം കോട്ടക്കു പുറത്തുവന്നു സൈന്യത്തെ അണിനിരത്തി. അബൂമൂസാ (റ) മുസ്‌ലിം സൈന്യത്തെ മറുപക്ഷത്തും അണിനിരത്തി. അനസ് (റ) വിൻെറ സഹോദരനായ ബർബാഅ് ബിൻമാലിക് (റ) വലതുവിഭാഗത്തിൻെറയും, ബർബാഅ്ബിൻഅസീബ്അൻസാരീ (റ) ഇടവിഭാഗത്തിൻെറയും, അനസ് (റ) കുതിരപ്പട്ടാളത്തിൻെറയും നായകന്മാരായി നിയമിക്കപ്പെട്ടു. യുദ്ധം തുടങ്ങി. ബർബാഅ്ബിൻമാലിക് (റ) ശത്രുമദ്ധ്യത്തിൽ വിടവുണ്ടാക്കിക്കൊണ്ടു് മുന്നേറി. കോട്ടയുടെ കവാടത്തിലെത്തിയ അദ്ദേഹം ഹർമുസാനുമായി നേരിട്ടു ഏറ്റുമുട്ടുകയും വധിക്കപ്പെടുകയും ചെയ്തു. മുജ്സാത്ബിൻസബൂർ (റ) ഉടനെ ഹർമുസാനെ ആഞ്ഞുവെട്ടി. ആ വെട്ടു തടുത്തുകൊണ്ടു ഹർമുസാൻ പ്രതിയോഗിയെ വധിച്ചു. എങ്കിലും ആ ദിവസത്തെ വിജയം മുസ്‌ലിംകളെ കടാക്ഷിച്ചു. ഹർമുസാൻ കോട്ടക്കകത്തു കയറി വാതിലടച്ചു. ആയിരം പേർസ്യക്കാർ കൊല്ലപ്പെടുകയും അറന്നൂറുപേർ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു.

പേർസ്യക്കാർ കോട്ടക്കകത്തു കയറിയപ്പോൾ മുസ്‌ലിംകൾ കോട്ടവളഞ്ഞു. ഒരു ദിവസം ആ നഗരവാസികളിൽ ഒരാൾ അബൂമൂസാ (റ) വിനെ സമീപിക്കുകയും തൻെറ ജീവനു രക്ഷനൽകുമെങ്കിൽ, കോട്ടക്കകത്തുകടപ്പാനുള്ള രഹസ്യമാർഗ്ഗം, താൻ കാണിച്ചുതരാമെന്നു പറയുകയും ചെയ്തു. അബൂമൂസാ (റ) സന്തോഷപൂർവ്വം ആ നിബന്ധന സ്വീകരിച്ചു. അശ്‌റസ് എന്ന ഒരു മുസ്‌ലിം ആഗതനോടൊപ്പം പുറപ്പെട്ടു, ടൈഗ്രീസിൻെറ ഒരു ശാഖയായ ദജീൽനദി കടന്നു ഒരു തുരങ്കത്തിലൂടെ കോട്ടക്കകത്തു പ്രവേശിക്കുകയും സംഗതികൾ മനസ്സിലാക്കുകയും ചെയ്തശേഷം തിരിച്ചുവന്നു, ഇരുനൂറു മുസ്‌ലിം യോദ്ധാക്കളെ ആ മാർഗ്ഗത്തിൽകൂടി കോട്ടക്കകത്തു കടത്തി. അവർ കോട്ടവാതിൽ കുത്തിത്തുറന്നു. കോട്ടക്കുപുറത്തു ഒരുങ്ങിനിന്ന മുസ്‌ലിംസേന കോട്ടക്കകത്തു ഇരമ്പിക്കയറി. നഗരവാസികൾ ബന്ധനസ്ഥരാക്കപ്പെട്ടു. ഹർമുസാൻ കോട്ടയുടെ സ്തൂപ

ത്തിൽ കയറി രക്ഷപ്പെടുവാൻ ശ്രമിച്ചു. അയാളെ പിടിക്കുവാൻ മുതിർന്ന മുസ്‌ലിംകളോട് അദ്ദേഹം ഇപ്രകാരം വിളിച്ചുപറഞ്ഞു:–'എന്റെ ആവനാഴിയിൽ നൂറുപേർ മരിച്ചതിനു ശേഷമല്ലാതെ എന്നെ പിടിക്കുവാൻ സാധ്യമല്ല. പക്ഷെ, ഞാൻ ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ, താഴെ ഇറങ്ങിവരാം. നിങ്ങൾ എന്നെ മദീനയിലേക്കു കൊണ്ടുപോകേണം; എനിക്കുള്ള ശിക്ഷ ഉമർ വിധിച്ചുകൊള്ളട്ടെ. ആ വിധി, എന്തായാലും, ഞാൻ സ്വീകരിച്ചുകൊള്ളാം.' ഈ നിബന്ധന അബൂമൂസാ (റ) സ്വീകരിച്ചു. അനസ് (റ) വോടൊപ്പം ഹർമുസാനെ അദ്ദേഹം മദീനയിലേക്കയച്ചു. ഹർമുസാന്റെ കുടുംബങ്ങളും ചില പ്രഭുക്കളും അയാളെ അനുഗമിച്ചു. ഖാദിസിയാ യുദ്ധത്തിനുശേഷം പലതവണ സഅ്ദ് (റ) വുമായി സന്ധിയിലേപ്പെടുകയും ലംഘിക്കുകയും ചെയ്ത ഹർമുസാൻ ഖലീഫയുടെ മുമ്പിലെത്തി. ശൂസ്തർ യുദ്ധത്തിൽ രണ്ടു മുസ്‌ലിംപട്ടാളത്തലവന്മാരെ വധിച്ച ഹർമുസാൻ തികച്ചും വധശിക്ഷാർഹനായിരുന്നു. താൻചെയ്ത കുറ്റത്തിനു വല്ല ന്യായീകരണവും നൽകുവാനുണ്ടോ എന്നു ഖലീഫ, ഹർമുസാനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:–'ഉമറേ, ദൈവം ഞങ്ങളുടെകൂടെ ആയിരുന്നേടത്തോളം കാലം നിങ്ങൾ ഞങ്ങളുടെ അടിമകളായിരുന്നു. ഇന്നു ദൈവം നിങ്ങളുടെ പക്ഷത്തും ഞങ്ങൾ നിങ്ങളുടെ അടിമകളുമായി.' ഇങ്ങിനെ പറഞ്ഞുകൊണ്ടു, കുടിക്കുവാൻ ഒരു കോപ്പ വെള്ളത്തിനായാണ് ആവശ്യപ്പെട്ടു. പാത്രത്തിൽ വെള്ളം അയാൾക്കു കൊടുത്തു. അതു കയ്യിൽ വാങ്ങിയശേഷം ഹർമുസാൻ പറഞ്ഞു:–'ഞാൻ ഇതു കുടിക്കുവോളം എന്നെ കൊല്ലരുതു്.' ആ അഭ്യർത്ഥന ഖലീഫ സ്വീകരിച്ചതും ഹർമുസാൻ വെള്ളം നിറച്ചപാത്രം നിലത്തെറിഞ്ഞുകൊണ്ടു പറഞ്ഞു:–'ഞാൻ വെള്ളം കുടിച്ചിട്ടില്ല; ഇനി കുടിക്കുകയുമില്ല. നിങ്ങളുടെ വാഗ്ദത്തമനുസരിച്ചു നിങ്ങൾ എന്നെ കൊല്ലുവാനും പാടില്ല.' ഈ ഹേതുവാദം ഖലീഫയെ അത്ഭുതപ്പെടുത്തി. തുടർന്നു, ഹർമുസാൻ 'ശഹാദത്കലിമ' ചൊല്ലിക്കൊണ്ടു മുസ്‌ലിമായി. സന്തുഷ്ടനായ ഖലീഫ അദ്ദേഹത്തെ മദീനയിൽ പാർപ്പിച്ചു. അദ്ദേഹത്തിനു രണ്ടായിരം സ്വർണ്ണമോഹർ പ്രതിവർഷവേതനമായി ഖലീഫ അനുവദിച്ചുകൊടുത്തു.

അങ്ങിനെ ശൂസ്തർ കീഴടക്കിക്കഴിഞ്ഞപ്പോൾ, മുസ്‌ലിംസേന ജുന്ദീസാബൂറിനുനേരെ പുറപ്പെട്ടു. അവർ കോട്ട വളഞ്ഞു. വളരെ നാളുകൾ പ്രതിരോധം നീണ്ടുനിന്നു. ഒരു ദിവസം ആ നഗരവാസികൾ പെട്ടെന്നു നഗരകവാടം തുറന്നു, യാതൊരു പരിഭ്രമവും കൂടാതെ അവർ അവരുടെ വ്യാപാരങ്ങളിൽ ഏർപ്പെട്ടു. മുസ്‌ലിംകൾ അത്ഭുതപ്പെട്ടു. വിവരം അന്വേഷിച്ചപ്പോൾ അടിമയായ ഒരു മുസ്‌ലിമുമായി തങ്ങൾ സമാധാനസന്ധി നടത്തീട്ടുണ്ടെന്നു അവർ പ്രസ്താവിച്ചു. ഈ വിവരം അബൂമൂസാ (റ) ഖലീഫയെ അറിയിച്ചപ്പോൾ ഖലീഫ ഒരു അടിമയായ മുസ്‌ലിം നടത്തിയ സന്ധിക്കു സ്വതന്ത്രനായ മുസ്‌ലിം നടത്തിയ സന്ധിയോളം തന്നെ വിലയുണ്ടെന്നു കല്പിക്കുകയും ആ സന്ധി സ്വീകായ്മായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതോടുകൂടി ഖൊസിസ്താൻ പൂർണ്ണമായും മുസ്‌ലിംകളുടെ അധീനത്തിൽ വന്നു.

ഇറാഖ് അജം കീഴടക്കി

ഇറാഖ് രണ്ടായി വേർതിരിക്കപ്പെട്ടിരിക്കുന്നു. പടിഞ്ഞാറൻ ഇറാഖിനെ ഇറാഖ് അറബ് എന്നും കിഴക്കൻ ഇറാഖിനെ ഇറാഖ് അജം

എന്നും വിളിക്കുന്നു. വടക്കു തബരിസ്ഥാനും, തെക്ക് ശീറാസും, കീഴക്കു ഖൊസിസ്ഥാനും പടിഞ്ഞാർ മറാഗാ നഗരവും ഇറാഖ് അജമിന്റെ അതിരുകളായിക്കിടക്കുന്നു. ഇസ്ഫഹാൻ, ഹംദാൻ; ഇവ എന്നിവയായിരുന്ന ഇറാഖ് അജമിലെ പ്രാചീനനഗരങ്ങൾ. ഈ നഗരം ഇന്നു അവശേഷിക്കുന്നില്ല. അതിന്നടുത്തായിട്ടാണ് ഇന്നത്തെ തെഹ്റാൻ സ്ഥിതി ചെയ്യുന്നതു്.

ജല്ലൂലാ മുസ്‌ലിംകൾ കീഴടക്കിയപ്പോൾ, യസ്ദ്ഗീർ തന്റെ താമസം റയ്യിലേക്കു മാറ്റി. പക്ഷെ, ആ നാട്ടിലെ നാടുവാഴി അദ്ദേഹത്തോടു മാന്യമായി പെരുമാറിയില്ല. ആകയാൽ യസ്ദ്ഗീർ അവിടെ നിന്നും, ഇസ്ഫഹാൻ, കിർമാൻ എന്നീ നാടുകൾ വഴി ഖുറാസാനിലേക്കു പോവുകയും മെർവിൽ താമസിക്കുകയും ചെയ്തു. മുസ്‌ലിംകൾ ഖൊസിസ്ഥാൻ പിടിച്ചടക്കുകയും ഹർമുസാനെ ബന്ധനസ്ഥനാക്കുകയും ചെയ്ത വിവരം ഇവിടെ വെച്ചാണ് ചക്രവർത്തി അറിഞ്ഞതു്. അദ്ദേഹത്തെ ഈ വാർത്ത കോപിതനും ദുഃഖിതനുമാക്കിത്തീർത്തു. മുപ്പായിരം കൊല്ലക്കാലം അടക്കി ഭരിച്ച ഒരു മഹാസാമ്രാജ്യം പെട്ടെന്നു കയ്യൊഴിപ്പാൻ ആ ചക്രവർത്തിയുടെ മനസ്സ് സമ്മതിച്ചില്ല. അദ്ദേഹം വീണ്ടും ഒരു പടയൊരുക്കം നടത്തി. ഒരു ലക്ഷത്തിനു മ്പതിനായിരം പട്ടാളക്കാരെ അദ്ദേഹം ഖുമ്മിൽ ശേഖരിച്ചു. ഹുമുസിന്റെ പുത്രനായ മർദാൻഷാ സേനാധിപതിയായി നിയമിക്കപ്പെട്ടു. അമ്മാർ (റ) ഈ വിവരം ഖലീഫയെ അറിയിച്ചു. ഖലീഫ മദീനക്കാരെ മസ്ജിദുന്നബവിയിൽ വിളിച്ചുവരുത്തി വിവരം അവരെ ധരിപ്പിക്കുകയും അവരുടെ അഭിപ്രായം ആരായുകയും ചെയ്തു. 'ഞങ്ങളെ അപേക്ഷിച്ചു സ്ഥിതിഗതികളെ വ്യക്തമായി അറിയാവുന്ന താങ്കളുടെ തീരുമാനത്തിനു വഴങ്ങുവാൻ ഞങ്ങളും തയ്യാറാണെന്നു തൽഹതിബ്നു ഉബൈദുല്ല (റ) ഖലീഫയെ അറിയിച്ചു.' സിറിയയിലെയും യമനിലെയും ബസ്റയിലേയും മുഴുവൻ സൈന്യങ്ങളെ നയിച്ചുകൊണ്ടു പുറപ്പെടുവാൻ അതതു നാട്ടിലെ ഗവണ്മാക്കു നിർദ്ദേശം നല്കുകയും മദീനക്കാരെ നയിച്ചുകൊണ്ടു താങ്കളും പുറപ്പെടുകയും ചെയ്യേണമെന്നാണ് എന്റെ അഭിപ്രായ'മെന്നു ഉസ്മാൻ (റ) പ്രസ്താവിച്ചു. 'താങ്കൾ മദീന വിട്ടുന്നതും, മറ്റു നാടുകളിലെ മുഴുവൻ സൈന്യത്തേയും രംഗത്തിലേക്കു നിയോഗിക്കുന്നതും ശരിയായ നടപടിയാണെന്നു എനിക്കഭിപ്രായമില്ല. മുഴുവൻ സൈന്യവും നീങ്ങിക്കഴിഞ്ഞാൽ, ആ നാട്ടു ആക്രമണഭീഷണിയെ നേരിടേണ്ടി വരും. താങ്കൾ മദീനാ വിട്ടാൽ നമ്മുടെ ഇരിപ്പിടവും അപകടത്തിലായേക്കും. സിറിയായിലേയും യമനിലേയും ബസ്റയിലേയും മറ്റു സംസ്ഥാനങ്ങളിലേയും പട്ടാളക്കാരുടെ മുന്നിൽ ഓരോ ഭാഗത്തെ കൂഫയിലേക്കയപ്പാൻ അതതു ഗവണ്ണർമാക്കു നിർദ്ദേശം നല്കുകയാണ് വേണ്ടതു്. അതതു ഗവണ്ണർമാർ തന്നെ തങ്ങളുടെ സൈന്യത്തെ നയിക്കുകയും ചെയ്യട്ടെ" എന്നു അലീ (ക. വ.) അഭിപ്രായപ്പെടുകയും ഈ അഭിപ്രായം എല്ലാവരും സ്വീകരിക്കുകയും ചെയ്തു. ആയോഗം ഏകകണ്ഠമായി അധികാരപ്പെടുത്തിയതനുസരിച്ചു നുഅ്മാൻ ബിൻമഖ്റാൻ (റ) വിനെ മുസ്‌ലിംസൈന്യത്തിന്റെ തലവനായി ഖലീഫ പ്രഖ്യാപിച്ചു.

മുപ്പത്തിനായിരം പേരടങ്ങിയ സൈന്യത്തെ നയിച്ചുകൊണ്ടു നുഅ്മാൻ (റ) കൂഫയിൽ നിന്നു പുറപ്പെട്ടു നിഹാവന്ത്വരെ തടസ്സം കൂടാതെ ആ സൈന്യം യാത്ര ചെയ്തു. നിഹാവന്തിലേക്കു ഒമ്പതു നാഴിക ഇപ്പുറം സ്ഥിതിചെയ്യുന്ന ഇസ്ഫഹാനിൽ ആ സൈന്യം താവളമടിച്ചു. ഫാർസിൽനിന്നു നിഹാവന്തിലേക്കു യാത്ര ചെയ്യുവാൻ ഒരു പേർസ്യക്കാര

നേയും ഫാർസിലെ മുസ്‌ലിം യോദ്ധാക്കളെ സമ്മതിച്ചില്ല. അതുകൊണ്ട് ആ ഭാഗത്തുനിന്നും ശത്രുക്കൾക്ക് സഹായം ലഭിച്ചതുമില്ല.

അതിലിടക്ക്, പേർസ്യക്കാർ സന്ധിസംഭാഷണത്തിനു ഒരു പ്രതിനിധിയെ അയപ്പാൻ ആവശ്യപ്പെട്ടതനുസരിച്ച്, മുഗീറാ (റ) വിനെ അയക്കുകയുണ്ടായി. സന്ധിസംഭാഷണം പേർസ്യക്കാരുടെ ധിക്കാരപരമായ വചനങ്ങളാൽ പരാജയപ്പെട്ടു. ഇരു കക്ഷികളും യുദ്ധത്തിനൊരുക്കം കൂട്ടി. പേർസ്യക്കാർ അണിനിരന്നു. മുസ്‌ലിംപക്ഷത്തു് ഹുദൈഫ (റ), സുവൈദ്ബിൻമഖ്‌റാൻ (റ) എന്നിവർ വലതുവിഭാഗത്തിന്റേയും ഇടതുവിഭാഗത്തിന്റേയും നായകന്മാരായും, ഖഅ്ഖഅ് (റ), മുജാശഅ് (റ) എന്നിവർ മുന്നണി, പിന്നണി സൈന്യത്തിന്റേയും നായകന്മാരായും നിയമിക്കപ്പെട്ടു. പേർസ്യക്കാർ മുസ്‌ലിംകളുടെ മുന്നേറ്റത്തെ തടയുവാൻ യുദ്ധഭൂമിയിൽ കാരമുള്ളുകൾ വിതറി. ആ കാപട്യത്തെ മറികടക്കുവാൻ മുസ്‌ലിംകൾ ഒരു മാർഗ്ഗം കണ്ടു പിടിച്ചു. യുദ്ധക്കളത്തിൽനിന്നും ഏതാനും നാഴിക അകലെ മുസ്‌ലിംസേന അണിനിരന്ന ഒരു ചെറിയ സൈന്യവിഭാഗത്തെ നയിച്ചുകൊണ്ട് ഖഅ്ഖഅ് (റ) ശത്രുക്കളെ സമീപിച്ചു. പേർസ്യക്കാർ ആ സൈന്യവുമായി ഏറ്റുമുട്ടി. ഖഅ്ഖഅ് (റ) സാവകാശം പിന്നോട്ടു നീങ്ങി. അതനുസരിച്ച പേർസ്യക്കാർ മുന്നേറി. അങ്ങിനെ കാരമുള്ളുകളുടെ, അപകടമേഖലക്കപ്പുറം പേർസ്യക്കാരെ അദ്ദേഹം കൊണ്ടുവന്നു. പേർസ്യക്കാരുടെ ശരവർഷം ആയിരക്കണക്കിൽ മുസ്‌ലിംകളുടെ ജീവൻ അപഹരിച്ചു പക്ഷെ, നുഅ്മാൻ (റ) യുദ്ധം ചെയ്യുവാൻ മുസ്‌ലിംസേനക്കു അനുമതി നല്കിയില്ല. കാരണം, സൂര്യൻ ഉച്ചകോടിയിൽ നില്ക്കുകയായിരുന്നു. ആ സമയത്തു നബി (സ) ശത്രുക്കളെ എതിർത്തിരുന്നില്ല. സൂര്യൻ ഉച്ചകോടിയിൽ നിന്നു നീങ്ങിയതും മൂന്നുതവണ "അല്ലാഹു അക്‌ബർ" എന്ന ധ്വനി മുഴങ്ങി. മൂന്നാമത്തെ ധ്വനി അവസാനിച്ചതും മുസ്‌ലിംകൾ ആഞ്ഞടിക്കയറി. മിനുട്ടുകൾക്കകം യുദ്ധക്കളം ശവങ്ങളെക്കൊണ്ടു നിറഞ്ഞു. തളം കെട്ടിനിന്ന രക്തത്തിൽ കുതിരകളുടെ കാലുകൾ വഴുതി. നുഅ്മാൻ (റ) വിന്റെ കുതിര കാൽവഴുതി വീണപ്പോൾ അതിന്റെ പുറത്തു് ഇരിക്കുകയായിരുന്ന മുസ്‌ലിം സേനാനി ആപല്ക്കരമാം വിധം നിലംപതിച്ചു. അതു കണ്ട നുഅയംബിൻ മഖ്‌റാൻ (റ) തൽക്ഷണം അദ്ദേഹത്തിന്റെ തലപ്പാവു ഊരിയെടുത്തു തന്റെ തലയിൽ ധരിക്കുകയും, ആസന്നമരണനായ നുഅ്മാൻ (റ) വിന്റെ കുതിരപ്പുറത്തു കയറി ഇരിക്കുകയും ചെയ്തു. മുസ്‌ലിം സേനാനി ആസന്നമരണനായ വാർത്ത മറ്റാരും അറിയാതിരിപ്പാനാണദ്ദേഹം ഇപ്രകാരം ചെയ്തതു്. ഒരാളും തന്നെ പരിചരിപ്പാൻ നില്ക്കാതെ ജാഗ്രതയായി യുദ്ധം നടത്തുവാൻ ആസന്നമരണനായ നുഅ്മാൻ (റ) ആജ്ഞാപിച്ചതനുസരിച്ച് ഒരാളും അദ്ദേഹത്തെ പരിചരിപ്പാൻ നിന്നില്ല. ആ ഘോര യുദ്ധംമുസ്‌ലിംകളുടെവിജയത്തിൽ കലാശിച്ചു. മുസ്‌ലിംകൾ വിജയപതാക ഉയർത്തിയ ഘട്ടത്തിൽ നുഅ്മാൻ (റ) അന്ത്യശ്വാസം വലിച്ചിരുന്നില്ല. വിജയവാർത്ത അറിഞ്ഞപ്പോൾ ആ ധീരസേനാനി അല്ലാഹുവിനെ സ്തുതിക്കുകയും വിവരം ഉടനെ ഖലീഫയെ അറിയിപ്പാൻ നിർദ്ദേശിക്കുകയും ചെയ്തു. യുദ്ധത്തിൽ പരാജയപ്പെട്ട തിരിഞ്ഞോടിയ പേർസ്യക്കാരെ മുസ്‌ലിംകൾ ഹംദാൻ വരെ ഓടിച്ചു.

നുഅ്മാൻ (റ) വിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ട ഹുദൈഫാബിൻയമാൻ (റ) ജൈത്രയാത്ര തുടർന്നു. നിഹാവന്തിൽ അദ്ദേഹം താവളമടിച്ചു. ആ നഗരത്തിൽ ഒരു ദേവാലയമുണ്ടായിരുന്നു. ആദേ

വാലയത്തിലെ പുരോഹിതൻ ഒരു നിധി കാഴ്ചവെച്ചുകൊണ്ട് തന്റെ ജീവനെ രക്ഷിക്കേണമെന്ന അഭ്യർത്ഥിച്ചു. ഹുദൈഫാ (റ) ആ അഭ്യർത്ഥന സ്വീകരിച്ചു. അങ്ങിനെ നിഹാവന്തും മുസ്‌ലിംകൾക്ക് പൂർണ്ണമായി കീഴടങ്ങി.

ഹുദൈഫാ (റ) യുദ്ധമുതലുകൾ യോദ്ധാക്കൾക്ക് പങ്കിട്ടുകൊടുത്തു. അഞ്ചിലൊരു ഭാഗം യുദ്ധമുതലുകളും പുരോഹിതൻ നൽകിയ നിധിയും അദ്ദേഹം ഖലീഫക്കയച്ചുകൊടുത്തു. വിലപ്പെട്ട രത്നക്കല്ലുകളാണ് ആ നിധിയിൽ ഉണ്ടായിരുന്നത്. ഹുദൈഫാ (റ) വിന്റെ ദൂതൻ വിജയവാർത്ത അറിയിച്ചപ്പോൾ ഖലീഫ സന്തോഷിച്ചു. ആ ദൂതൻ നുഅ്മാൻ(റ) വിന്റെ ചരമവാർത്ത അറിയിച്ചപ്പോൾ ഖലീഫ മുഖം കനിച്ചു കണ്ണീരൊഴുക്കി. യുദ്ധത്തിൽ മരിച്ച മറ്റു ചിലരുടെ പേരുകൾകൂടി ആ ദൂതൻ ഖലീഫയെ അറിയിച്ചപ്പോൾ അദ്ദേഹം വീണ്ടും കരഞ്ഞു. പുരോഹിതൻ കാഴ്ചവെച്ച രത്നനിധി ഖലീഫ ആ ദൂതന്റെ കയ്യിൽ തിരിച്ചേല്പിക്കുകയും, അതു വിറ്റുകിട്ടുന്ന തുക പട്ടാളക്കാർക്ക് വീതിച്ചുകൊടുപ്പാൻ കല്പിക്കുകയുംചെയ്തു. ആ രത്നനിധി അഞ്ചുകോടിദിർഹമിനു വിൽക്കപ്പെട്ടു.

നിഹാവന്ത് യുദ്ധത്തിൽ മുപ്പതിനായിരത്തോളം പേർസ്യക്കാർ കൊല്ലപ്പെട്ടു. ഈ യുദ്ധത്തിനുശേഷം പേർസ്യക്കാർ തലപൊക്കുകയുണ്ടായില്ല. മുസ്‌ലിംകൾ ഈ വിജയത്തെ 'വിജയങ്ങളുടെ വിജയം' എന്നു വിശേഷിപ്പിച്ചു. പിന്നീട് ഉമർ (റ) വിന്റെ ഘാതകനായിത്തീർന്ന ഫിറോസ് ഈ യുദ്ധത്തിലാണ് തടവുകാരനായി പിടിക്കപ്പെട്ടത്.

പേർസ്യൻ സാമ്രാജ്യം കീഴടക്കി

പേർസ്യൻ സാമ്രാജ്യത്തെ ഒന്നടങ്കം കീഴടക്കേണ്ടുന്ന സാഹചര്യം സംജാതമായി. കയാനിയൻ സിംഹാസനത്തിന്റെ അവകാശിയായ യസ്ദ്ഗീർദിനെ പേർസ്യയിൽനിന്നു പുറത്താക്കുകയും പേർസ്യ ഒന്നടങ്കം കീഴടക്കുകയും ചെയ്തില്ലെങ്കിൽ പേർസ്യക്കാർ വീണ്ടും യുദ്ധത്തിനു തയ്യാറെടുക്കുമെന്നു മുസ്‌ലിംകൾ മനസ്സിലാക്കി. അതുകൊണ്ട് പേർസ്യൻ സംസ്ഥാനങ്ങൾ മുഴുവൻ കീഴടക്കുവാൻ ഖലീഫ തീരുമാനിച്ചു. ഖുറാസാനിലേക്ക് അഹ്നഫ് ബിൻഖൈസ് (റ) വിനെയും, സാബൂർ, അർദ്ശേർ എന്നിവിടങ്ങളിലേക്ക് മജാശാബിൻമസ്ഊദ് (റ) വിനെയും, ഇസ്തഖാറിലേക്ക് ഉസ്മാനിബ്നുൽആസസ്സഖഫീ(റ) വിനെയും, ഫസായിലേക്ക് സാരിആബിൻറഹ്മക്കിനാനി (റ) വിനെയും, കിർമാനിലേക്ക് സുഹൈൽ ബിൻആദി (റ) വിനെയും, സിസ്ഥാനിലേക്ക് ആസിംബിൻഉമർ (റ) വിനെയും, മക്റാനിലേക്ക് ഹകംബിൻഉമറത്തഗ്ലബി (റ) വിനെയും, അദർബൈജാനിലേക്ക് ഉത്ബ (റ) വിനെയും ഖലീഫ നിയോഗിച്ചു. ഹിജ്റാബ്ദം ഇരുപത്തൊന്നിൽ ഈ സേനാനികൾ നിശ്ചിത സ്ഥലങ്ങളിലേക്ക് പുറപ്പെട്ടു.

ഇസ്തഖാർ യുദ്ധം

ഹിജ്റാബ്ദം ഇരുപത്തൊന്നാം വർഷത്തിൽ അബ്ദുല്ലാഹിബ്നുഅബ്ദുല്ലാ ഇസ്ഫഹാൻ കീഴടക്കി. ഇസ്ഫഹാനിലേക്കുള്ള വഴിയിൽ ഇസ്തഖാർ എന്നിടത്തു കേന്ദ്രീകരിച്ച പേർസ്യൻസൈന്യവുമായി മുസ്‌ലിംസേന ഏറ്റുമുട്ടി. പേർസ്യൻസൈന്യത്തലവനായ ശാഹ്ബ്രാസ് ജാദുയാ ദ്വന്ദ്വയുദ്ധത്തിനു പോർവിളി നടത്തി. അബ്ദുല്ലാ (റ) ആ പോർവിളി സ്വീകരിച്ചു. ദ്വന്ദ്വയുദ്ധത്തിൽ ജാദുയാ കൊല്ലപ്പെട്ടു. അതോടുകൂടി പേർസ്യക്കാർ പിന്മാറി, കീഴടങ്ങി. അങ്ങിനെ ഇസ്തഖാർ യുദ്ധം ചെയ്തുകൊണ്ടുതന്നെ മുസ്‌ലിംകൾ കീഴടക്കി.

ഇസ്ഫഹാൻ യുദ്ധം

മുസ്‌ലിംസേന നേരെ ഇസ്ഫഹാനിലേക്ക് തിരിച്ചു. ഇസ്ഫഹാനിലെ നാടുവാഴി അബ്ദുല്ലാ (റ) വിനു ഒരു സന്ദേശമയച്ചു.

ഇരുഭാഗത്തും ജനങ്ങളുടെ ജീവനെ നശിപ്പിച്ചതുകൊണ്ട് കാര്യമില്ലെന്നും, ഒരു ചതുരംഗയുദ്ധം വഴി നമുക്ക് ജയാപജയം തീരുമാനിക്കാമെന്നുമായിരുന്ന ആ സന്ദേശത്തിലെ താല്പര്യം. ആ പദ്ധതി അബ്ദുല്ലാ (റ) അംഗീകരിച്ചു. ഫാത്തിമാ എന്ന ആ നാട്ടുവാഴിയും അബ്ദുല്ലാ (റ) വും രംഗത്തിറങ്ങി. ഫാത്തിമാ തന്റെ കനത്ത വാൾകൊണ്ട് അബ്ദുല്ലാ (റ) വിനെ ശക്തിയായി ആഞ്ഞുവെട്ടി. അബ്ദുല്ലാ (റ) അതിസമർത്ഥമായി ആ വെട്ട് തടുത്തു. ഫാത്തിമാ അത്ഭുതത്തോടുകൂടി തന്റെ പ്രതിയോഗിയെ അഭിനന്ദിക്കുകയും യുദ്ധം തുടരാതെ, കീഴടങ്ങുകയും ചെയ്തു. ജിസ്യ നൽകുവാൻ തയ്യാറുള്ളവരെ ആ നാട്ടിൽ പാർപ്പിക്കേണമെന്നും, അല്ലാത്തവരെ നാടുവിട്ടുപോവാൻ അനുവദിക്കേണമെന്നും ഫാത്തിമാ ആവശ്യപ്പെട്ടു. അബ്ദുല്ലാ (റ) അതു സമ്മതിച്ചുകൊണ്ട് സന്ധിയിൽ ഒപ്പുവെച്ചു.

ഹംദാൻ യുദ്ധം

അതിലിടക്കു ഹംദാനിൽ വിപ്ലവം ആരംഭിച്ച വിവരം ഖലീഫക്കു ലഭിച്ചു. വിപ്ലവക്കാരെ അമർത്തുവാനായി നുഐംബിൻ മഖ്‌റാൻ (റ) വിന്റെ നേതൃത്വത്തിൽ പന്തീരായിരം പേരടങ്ങിയ ഒരു സൈന്യത്തെ ഖലീഫ അങ്ങോട്ടു പറഞ്ഞയച്ചു. ആ സൈന്യം ഹംദാൻ വളഞ്ഞു. നഗരവാസികൾ ആ പ്രതിരോധത്തെ ചെറുത്തു. നുഐം (റ) ഹംദാനു ചുറ്റുമുള്ള എല്ലാ ജില്ലകളും കീഴടക്കി. ഈ സ്ഥിതിവിശേഷം ഹംദാൻകാരുടെ മനോധൈര്യത്തെ ദുർബ്ബലപ്പെടുത്തി. അവർ സന്ധിക്കൊരുങ്ങി. അങ്ങനെ ഹംദാൻ മുസ്‌ലിംകൾക്കു സ്വയം കീഴടങ്ങി.

തൈലാം യുദ്ധം

ഹംദാൻ കീഴടങ്ങിയെങ്കിലും തൈലാം ഒരു ഗംഭീരപടയൊരുക്കം നടത്തി. റൈ, അദർബൈജാൻ എന്നീ നാടുകളുമായി സഹകരിച്ചുകൊണ്ട് ഒരു വൻസൈന്യത്തെ അവർ ശേഖരിച്ചു. ഫഖ്‌റാന്റെ പിതാവായ സെബിന്തി റൈയിൽനിന്നും, റുസ്തമിന്റെ സഹോദരനായ ഇസ്ഫന്തിയാർ അദർബൈജാനിൽനിന്നും തൈലംകാരെ സഹായിപ്പാൻ സൈന്യങ്ങളെ നയിച്ചുകൊണ്ട് പുറപ്പെട്ടു. ആ മുക്കൂട്ടുസൈന്യം മുന്നണിമുസ്‌ലിംകളുമായി ഏറ്റുമുട്ടി. നിഹാവന്തിൽ നടന്നതിനെക്കാൾ അതിഘോരമായ ഒരു യുദ്ധം നടന്നു. ശത്രുപക്ഷത്തിന്റെ പരിപൂർണ്ണപരാജയത്തിൽ ആ യുദ്ധം അവസാനിച്ചു.

റൈ യുദ്ധം

ഖലീഫയുടെ നിർദ്ദേശമനുസരിച്ചു നുഐം (റ) റൈയുടെനേരെ പുറപ്പെട്ടു. റൈയിലെ നാടുവാഴി, ദിനിയാവന്ത്, തബരിസ്ഥാൻ, ഖൊസ്, ജുർജാൻ എന്നീ നാടുകളുടെ സഹായത്തോടുകൂടി മുസ്‌ലിംകളെ എതിർത്തു. ബഹ്‌റാംശൊബിന്റെ പൌത്രനായ സിയാവശ് ആയിരുന്നു റൈയിലെ അന്നത്തെ നാടുവാഴി. അയാളും സെബിന്തീയും തമ്മിൽ വിരോധികളായിരുന്നതുകൊണ്ടു, സെബിന്തീ മുസ്‌ലിംപക്ഷത്തുചേർന്നു. സബിന്തീയുടെ സഹായത്തോടുകൂടി നുഐം (റ) റൈ ആക്രമിച്ചു കീഴടക്കി. നുഐം (റ) റൈയുടെ മേധാവിത്വം സെബിന്തീക്കു നൽകുകയും പഴയ നഗരം പുതുക്കിപ്പണിയുവാൻ കല്പിക്കുകയും ചെയ്തു. ഖലീഫയുടെ ആജ്ഞയനുസരിച്ചു നുഐം (റ) റൈയിൽ താമസമാക്കി.

ഖുമസ് കീഴടങ്ങി

നുഐം (റ) തന്റെ സഹോദരനായ സുവൈദ് (റ) വെ, ഖുമസിന്റെ നേരെ നിയോഗിച്ചു. ഖുമസ് നഗരം, മുസ്‌ലിംകൾക്കു കീഴടങ്ങി. ഖുമസ് കീഴടങ്ങിയതോടുകൂടി, ഇറാഖ് അജം പരിപൂർണ്ണമായി, മുസ്‌ലിംകളുടെ കീ

ഴിൽവന്നു.

അദർബൈജാൻ യുദ്ധം

ഉമർ (റ) അദർബൈജാനിലേക്കു ഉത്‌ബാബിൻഫർഖദ് (റ) വിനെയും ബുകൈർ (റ) വിനെയും നിയോഗിച്ചു. അവർ നിശ്ചിതരംഗങ്ങളിൽ പ്രവർത്തനം ആരംഭിക്കുകയുംചെയ്തു. ഇസ്ഫന്ത്യാർ, ബഹ്റാം എന്നീ സഹോദരന്മാരായിരുന്നു അദർബൈജാനിലെ നാടുവാഴികൾ. ബുകൈർ (റ) ഇസ്ഫന്ത്യാറുമായി ഏറ്റുമുട്ടുകയും, അയാളെ ബന്ധനസ്ഥനാക്കുകയും ചെയ്തു. ഉത്ബാ (റ) ബഹ്റാമുമായി ഏറ്റുമുട്ടി. ബഹ്റാം പരാജയപ്പെട്ടു പിന്തിരിഞ്ഞോടി. തന്റെ സഹോദരൻ ബന്ധനസ്ഥനാക്കപ്പെട്ട വിവരം അറിഞ്ഞപ്പോൾ, ജിസ്യ നൽകി കീഴടങ്ങിക്കൊള്ളാമെന്നു ഇസ്ഫന്ത്യാർ പറയുകയും, ബുകൈർ (റ) അതു സമ്മതിക്കുകയും ചെയ്തു. ജിസ്യ കൃത്യമായി നൽകേണമെന്ന നിബന്ധനയിൽ ഉത്ബാ (റ) ഇസ്ഫന്ത്യാരെ ബന്ധനവിമുക്തനാക്കി. ഹിജ്റാബ്ദം ഇരുപത്തിരണ്ടാം വർഷത്തിലാണ് ഈ സംഭവം നടന്നതു്.

തബരിസ്ഥാൻ വഴങ്ങി

നഹെം (റ) റെ കീഴടക്കിയശേഷം, സുറൈദ് (റ) ഖുമസ് കീഴടക്കിയെന്നു പറഞ്ഞുവല്ലോ. തബരിസ്ഥാനിലെ മുഖ്യപട്ടണമാണ് ജുർജാൻ. അതു ഖുമസിനോടടുത്താണ് സ്ഥിതിചെയ്തിരുന്നതു്. സുറൈദ് (റ) ജുർജാനിലെ നാടുവാഴിയായ വസ്ബാനുമായി സംഭാഷണം നടത്തുകയും, ജിസ്യ നൽകി മുസ്‌ലിംകൾക്കു വഴങ്ങിക്കൊള്ളാമെന്നു വസ്ബാൻ സമ്മതിക്കുകയുംചെയ്തു. ഈ വാർത്തയറിഞ്ഞപ്പോൾ ജിസ്യ നൽകി വഴങ്ങിക്കൊള്ളാമെന്നു തബരിസ്ഥാനിലെ നാടുവാഴി യാസ്പേദാറും സമ്മതിച്ചു. അങ്ങിനെ ഒരു കരാറിൽ അവർ ഒപ്പുവെക്കുകയും ചെയ്തു. (മൂന്നാം ഖലീഫയുടെ കാലത്താണു് ഈ നാടു മുസ്‌ലിംകൾ കീഴടക്കിയതു്.)

അർമീനിയ

ഏഷ്യാമൈനറിന്റെ ഒരു ഭാഗമാണ് അർമീനിയ. വടക്കു കരിങ്കടലും, തെക്കു മരുഭൂമിയും, കിഴക്കു ജോർജ്യായും, പടിഞ്ഞാർ തുർക്കിയും അതിന്റെ അതിരുകളായി കിടക്കുന്നു.

അദർബൈജാൻ കീഴടക്കിയശേഷം, ബുകൈർ (റ) അവിടെനിന്നും മുമ്പോട്ടു നീങ്ങി. അദ്ദേഹം ബാബിൽ താവളമടിച്ചു. അപ്പോഴേക്കും ഉമർ (റ) നിയോഗിച്ച ഒരു സഹായകസൈന്യം അവിടെ എത്തി. ബാബിലെ നാടുവാഴിയായ ശഹ്ർബ്രാസ്, പേർസ്യൻ സംസ്കാരിയും അഗ്ന്യാരാധകനുമായിരുന്നു. പേർസ്യ മുസ്‌ലിംകൾക്കു കീഴടങ്ങിയ സ്ഥിതിക്കു, താനും മുസ്‌ലിംകൾക്കു വഴങ്ങുവാൻ തയ്യാറാണെന്നും ജിസ്യ കൃത്യമായി നൽകിക്കൊള്ളാമെന്നും അദ്ദേഹം സമ്മതിച്ചു.

മുസ്‌ലിംസേന അവിടെ നിന്നും മുമ്പോട്ടു നീങ്ങി. അബ്ദുർറഹ്മാൻബിൻറാബീഅ (റ) ഖിസാറിന്റെ തലസ്ഥാനമായ ബൽഖാറിന്റെ നേരെയാണു് പുറപ്പെട്ടതു്. ശാഹ്ബ്രാസ് അദ്ദേഹത്തെ അനുഗമിച്ചു. അജയ്യമെന്നറിയപ്പെട്ട ഒരു നഗരമാണ് ബൽഖാർ. വഴിയിൽ, ബയ്ദാ എന്ന നാട്ടു് ആ മുസ്‌ലിംസേന കീഴടക്കി. അപ്പോഴേക്കും, അറാന്റെ രാതിത്തിയായ ഖാൻ എന്ന നാട്ടു് ബുകൈർ (റ) വും ജയിച്ചടക്കി. ഹബീബ്ബിൻ മസ്‌ലമാ (റ) വും, ഹുദൈഫ (റ) വും, തിഫ്സിലേക്കും അല്ബാൻ പർവ്വതപ്രദേശങ്ങളിലേക്കും യാത്രതിരിച്ചു. മുസ്‌ലിംകളുടെ മുന്നേറ്റം ആപത്തനത്തിലെത്തിയപ്പോൾ, ഉമർ (റ) ഇഹലോകവാസം വെടിഞ്ഞു. (ഈ ജൈത്രയാത്ര ഉസ്മാൻ (റ) വിന്റെ കാലത്തു പൂർത്തീകരിക്ക

പ്പെട്ട.)

ഫാർസ് യുദ്ധം

ഇറാഖിന്റെ ഭൂവിഭാഗം ആധുനിക ഫാർസിൽ ഉൾപ്പെട്ടിരിക്കുകയാണ്. വടക്കു ഇസ്ഫഹാനും, തെക്കു പേർസ്യൻ ഉൾക്കടലും, കിഴക്കു കിർമാനും, പടിഞ്ഞാർ ഇറാഖ് അറബും അതിരുകളായി വരുത്തിച്ച ഒരു നാടായിരുന്നു പ്രാചീനഫാർസ്. ആ നാട്ടിലെ ഏറ്റവും വലിയ നഗരം ശിറാസാണ്.

ഹിജ്‌റാബ്ദം പതിനേഴാം വർഷത്തിൽ ഫാർസ് ആക്രമിക്കുവാൻ തുനിഞ്ഞെങ്കിലും, ആക്രമണം നടത്തപ്പെടുകയുണ്ടായില്ല. ഇറാഖും അഹ്‌വാസും മുസ്‌ലിംകൾക്കു കീഴടങ്ങിയതിനുശേഷം, ഫാർസ് കീഴടക്കേണമെന്നുള്ളതു ഉമർ (റ) വിന്റെ ഒരു ഉദ്ദേശ്യമായിരുന്നു. പക്ഷെ, അവിചാരിതമായി അതു സംഭവിച്ചു. അബ്ദുല്ലാബിൻ ഹദ്‌റാമീ (റ) ഹിജ്‌റാബ്ദം പതിനേഴിൽ ബഹ്‌റൈനിലെ ഗവർണ്ണറായി നിയമിക്കപ്പെട്ടു. അദ്ദേഹം, സ്വാഭാവികമായിത്തന്നെ, സഅ്ദ് അബീവഖ്ഖാസ് (റ) വോടു മത്സരബുദ്ധിയുള്ള ആളായിരുന്നു. സഅ്ദ് (റ) ഖാദിസിയ്യാ യുദ്ധം ജയിച്ചപ്പോൾ, തനിക്കും അങ്ങിനെ ഒരു യുദ്ധം നടത്തി വിജയം വരിക്കേണമെന്നു അബ്ദുല്ലാ (റ) തീരുമാനിച്ചു. ഖലീഫയുടെ അനുമതിപോലും കാത്തുനിൽക്കാതെ, ഒരു സൈന്യത്തെ, സമുദ്രംവഴി, അദ്ദേഹം ഫാർസിന്റെ നേരെ അയച്ചു. ഖാലിദ്ബിൻമുൻദിർ (റ) വിനെ സേനാനായകനായും, ജാറൂദിബ്നുൽമുഅല്ലാ (റ), സുവാറിബ്നുൽഹമാം (റ) എന്നിവരെ ഉപസേനാനായകന്മാരായും അദ്ദേഹം നിയമിച്ചു. ഇസ്ഫഹാറിൽ എത്തിയപ്പോൾ ആ സേന അവിടെ നങ്കൂരമിട്ടു, കരക്കിറങ്ങി. ഇസ്ഫഹാറിലെ ഗവർണ്ണർ അഗ്ന്യാരാധകരുടെ ഒരു പുരോഹിതനായിരുന്നു. അയാളുടെ ഒരു വൻ സൈന്യം മുസ്‌ലിംകളെ എതിർത്തു. മുസ്‌ലിം സേനക്കു കടൽവഴി രക്ഷപ്പെടുവാനുള്ള മാർഗ്ഗങ്ങളും ഇസ്ഫഹാറിലെ പട്ടാളം ആദ്യമായി തടഞ്ഞു. മുസ്‌ലിംകളുടെ പായക്കപ്പലുകളും എതിരാളികൾ കയ്യടക്കി. മുസ്‌ലിംസേന എണ്ണത്തിൽ വളരെ കുറവുമായിരുന്നു. പക്ഷെ, മുസ്‌ലിംസേനാനിയുടെ മനോവീര്യത്തെ ഉർബ്ബലപ്പെടുത്തുവാൻ ഈ നടപടികളൊന്നും പര്യാപ്തമായില്ല. ഖാലിദ് (റ) വും ജാറൂദ് (റ) വും ധീരധീരം പൊരുതുകയും ആയിരക്കണക്കിൽ പേർസ്യക്കാരെ കൊല്ലുകയും ചെയ്തു. ആ യുദ്ധം മുസ്‌ലിംകളുടെ വിജയത്തിൽ കലാശിച്ചെങ്കിലും, അപ്പോഴെക്കും ധാരാളം മുസ്‌ലിംകളും മരിച്ചുകഴിഞ്ഞതുകൊണ്ടു, അംഗബലം ക്രമാതീതമായി കുറഞ്ഞ മുസ്‌ലിംസേനക്കു അവിടെനിന്നു ജൈത്രയാത്ര തുടരുവാൻ കഴിഞ്ഞില്ല. ശത്രുക്കളും തങ്ങളുടെ പായക്കപ്പലുകളും അതിലിടക്കു നശിപ്പിച്ചുകളഞ്ഞതുകൊണ്ടു, കരവഴിതന്നെ അവർ യാത്രതിരിക്കേണ്ടിവന്നു. ബസ്വറയിലേക്കുള്ള വഴിയിലൂടെ ആ ചെറുസൈന്യം യാത്രതിരിച്ചു. പക്ഷെ, എല്ലാ വഴിയിലും പേർസ്യക്കാർ അവരുടെ പട്ടാളത്തെ നിറുത്തിയിരുന്നതുകൊണ്ടു, ആ ചെറു മുസ്‌ലിംസൈന്യത്തിനു തടസ്സംകൂടാതെ യാത്ര ചെയ്യുവാൻ കഴിഞ്ഞില്ല.

മറ്റാരോടും അനുവാദം ചോദിക്കാതെ സ്വേച്ഛാനുസാരം നടത്തിയ ആ നടപടിയെ, അപലപിച്ചുകൊണ്ടു ഉമർ(റ)അബ്ദുല്ലാ (റ)വിനു ഒരെഴുത്തയച്ചു. അതേസമയത്തു്, പേർസ്യയിലെ മുസ്‌ലിംസൈന്യത്തെ രക്ഷിപ്പാനായി ഒരു സൈന്യത്തെ അങ്ങോട്ടു നിയോഗിപ്പാൻ ഉത്ബാബിൻഗസ്‌വാൻ (റ) വിനു ഒരു അടിയന്തരസന്ദേശമയയ്ക്കുകയും ചെയ്തു. ഈ സന്ദേശം ലഭിച്ചപ്പോൾ അബൂസബ്‌റാ (റ) വിന്റെ നായകത്വത്തിൽ പതിനായിരം പേരടങ്ങിയ ഒരു സൈന്യം ഫാർസിന്റെ നേരെ

കുതിച്ചു. അവർ, അപകടമേഖലയിൽ അകപ്പെട്ടിരിക്കുകയായിരുന്ന അവശിഷ്ടമുസ്‌ലിം സൈന്യത്തെ കണ്ടുമുട്ടി. അപ്പോഴേക്കും പേർസ്യക്കാർ ഒരു കൂറ്റൻ സൈന്യത്തിന്റെ നായകത്വം വഹിച്ചു. ഇരുസൈന്യങ്ങളും തമ്മിൽ ഏറ്റുമുട്ടി. അബൂസബ്‌റാ (റ) ആ യുദ്ധത്തിൽ വിജയം വരിച്ചു. അവിടെനിന്നും മുമ്പോട്ടു നീങ്ങുവാൻ നിർദ്ദേശം ലഭിക്കാതിരുന്നതുകൊണ്ടു മുസ്‌ലിംസേന ബസ്‌റായിലേക്കു തിരിച്ചു.

നിഹാവന്ത് കീഴടക്കിയതിനുശേഷം, ഉമർ (റ) പല ഭാഗങ്ങളിലേക്കും സൈന്യങ്ങളെ നിയോഗിച്ചകൂട്ടത്തിൽ, ഫാർസിലേക്കും സൈന്യത്തെ നിയോഗിച്ചിരുന്നു. പല സൈന്യവിഭാഗങ്ങളാണ് ഫാർസിലേക്കു നിയോഗിക്കപ്പെട്ടിരുന്നതു്. തോജ്സങ്കേതമാക്കിക്കൊണ്ടു പേർസ്യക്കാർ വമ്പിച്ച പടയൊരുക്കംകൂട്ടി. പല ഭാഗത്തുകൂടി മുന്നേറിയ മുസ്‌ലിം സേനകളും സാബൂർ, അർദ്‌ശേർ, തോജ്, ഇസ്തഖാർ എന്നിവ കീഴടക്കി. ഹിജ്‌റാബ്ദം ഇരുപത്തിമൂന്നിൽ ഉസ്മാൻബിൻ അബീഇൽ ആസ് (റ) വിനെ ബഹ്റൈനിലെ ഗവർണ്ണരായി ഖലീഫ നിയമിച്ചു. ഈ സന്ദർഭത്തിൽ, ഫാർസിന്റെ അധിപനായ ശഹ്റക് അവിടെ ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ വിപ്ലവത്തിന്റെ തീപ്പൊരികളും മുസ്‌ലിംകളും കയ്യടക്കിയ നാടുകളിലെല്ലാം പാറിവീണു. ഈ വിപ്ലവത്തെ അടക്കി പേർസ്യക്കാരെ ഒരു പാഠം പഠിപ്പിക്കുവാനായി ഉസ്മാൻ (റ) തന്റെ സഹോദരനായ ഹകം (റ) വിന്റെ നായകത്വത്തിൽ ഒരു സൈന്യത്തെ നിയോഗിച്ചു. ഹകം (റ) തബർകവൻ കീഴടക്കിയശേഷം, തോജ് കീഴടക്കി. അദ്ദേഹം അവിടെ താവളമടിച്ചു, പള്ളിനിർമ്മിക്കുകയും നിരവധി മുസ്‌ലിംകുടുംബങ്ങളെ അവിടെ പാർപ്പിക്കുകയുംചെയ്തു. ഇടക്കിടെ അദ്ദേഹം അയൽനാടുകളും ആക്രമിച്ചു കീഴടക്കിക്കൊണ്ടിരുന്നു. ഈ നിലയിൽ അദ്ദേഹം അർദ്‌ശേർ, സാബൂർ, ഇസ്തഹാൻ, അർജാൻ എന്നീ നാടുകളുടെ ഭൂരിഭാഗം പ്രദേശങ്ങളും കീഴടക്കി. മുസ്‌ലിംകളുടെ ഈ നീക്കം ശഹ്റകിനെ പൊടിപ്പിച്ചു. ഒരു സൈന്യത്തെ നയിച്ചുകൊണ്ടു അയാളും തോജിലേക്കു പുറപ്പെട്ടു. ഈ വിവരം മുൻകൂട്ടി അറിഞ്ഞ ഹകം (റ), ഒരു സൈന്യത്തെ നയിച്ചുകൊണ്ടു ഫാർസിന്റെ നേരെ പുറപ്പെട്ടു. റംശഹ്റിൽവെച്ചു ഇരുസൈന്യങ്ങളും തമ്മിൽ ഏറ്റുമുട്ടി. ഭീഷ്മമായ ഒരു ഘോരയുദ്ധം നടന്നു. ശഹ്റക് കൊല്ലപ്പെട്ടു. മുസ്‌ലിംകളും വിജയപതാക പറത്തി.

ഇതിനുശേഷം ഉസ്മാൻ (റ) പല ഭാഗങ്ങളിലേക്കും സൈന്യങ്ങളെ നിയോഗിച്ചു ഗാസ്റൂൻ, നുബിന്ദ്ജാൻ, അർജാൻ, ശീറാസ്, സാബൂർ, ഫസാ, ദാറാബ്ജിർദ് തുടങ്ങിയ ഫാർസിലെ പ്രമുഖ നഗരങ്ങളും മുഴുവനും മുസ്‌ലിംകളും കീഴടക്കി.

കിർമാൻ യുദ്ധം

ഹിജ്റാബ്ദം ഇരുപത്തിമൂന്നാം വർഷത്തിൽ, സുഹൈൽബിൽഅദീ (റ) വിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട ഒരു സേന കിർമാൻ കീഴടക്കി. ഖഫിൽനിന്നും മറ്റുപല നാടുകളിൽനിന്നും സഹായസൈന്യത്തെ ശേഖരിച്ചുകൊണ്ടു കിർമാനിലെ നാടുവാഴി മുസ്‌ലിംകളുമായി യുദ്ധം നടത്തിയെങ്കിലും, യുദ്ധത്തിൽ ആ നാടുവാഴി കൊല്ലപ്പെട്ടു. കിർമാനിലെ വാണിജ്യകേന്ദ്രമായ ജീറഫ്ത്തും, കിർമാനിലെ പ്രമുഖനഗരമായ സീർജാനും മുസ്‌ലിംകൾ കയ്യടക്കി. വടക്കു ഖൊറാസ്സാനും, തെക്കു പേർസ്യൻ ഉൾക്കടലും, കിഴക്കു സീസ്ഥാനും, പടിഞ്ഞാറു ഫാർസും ഈ നാട്ടിന്റെ അതിരുകളായി കിടക്കുന്നു.

സീസ്താൻ യുദ്ധം

വടക്ക ഹിറാത്തും, തെക്ക് മക്‌റാനും, കിഴക്ക സിന്ധും, പടിഞ്ഞാർ ഖൊസിസ്താനും അതിരുകളായി കിടക്കുന്ന സീസ്താൻ സംസ്ഥാനം ഹിജ്‌റാബ്ദം ഇരുപത്തിമൂന്നിൽ ആസിംബിൻ ഉമർ (റ) കീഴടക്കി. ആ നാട്ടുകാർ മുസ്‌ലിംകളെ എതിർത്തെങ്കിലും, തോറ്റ ഓടുകയുണ്ടായി. പിന്നീട്, ആസിം (റ) സറഞ്ച് പട്ടണം വളഞ്ഞു. തങ്ങളുടെ കൃഷിനിലങ്ങൾ നശിപ്പിക്കരുതെന്നുള്ള നിബന്ധനയിൽ ആ നാട്ടുകാർ കീഴടങ്ങി. ആ നിബന്ധന മുസ്‌ലിംകൾ വളരെ സൂക്ഷ്മതയോടെ പാലിക്കുകയും ചെയ്തു. സീസ്താൻ കീഴടക്കിയതോടുകൂടി സിന്ധിനും ബൽഖ് നദിക്കും ഇടയിലുള്ള പ്രദേശങ്ങൾ ആക്രമിക്കുവാൻ മുസ്‌ലിംകൾക്ക സൗകര്യം ലഭിച്ചു.

മക്രാൻ യുദ്ധം

ഹിജ്‌റാബ്ദം ഇരുപത്തിമൂന്നിൽ ഹകമി ബ്‌നുഅംറത്തലഗ്‌ലബീ (റ) വിന്റെ കീഴിൽ ഒരു സൈന്യത്തെ മക്രാനിലേക്ക ഖലീഫ നിയോഗിച്ചു. ഇന്ന മക്രാന്റെ പകുതിഭാഗം ബലൂചിസ്താൻ എന്ന പേരിൽ അറിയപ്പെടുന്നു. ഹകം (റ) മക്‌റാൻ നദിയുടെ കരയിൽ താവളമടിച്ചു. മക്രാനിലെ രാജാവായ റാസൽ മുസ്‌ലിംകളുമായി യുദ്ധം ചെയ്തു. യുദ്ധത്തിൽ റാസൽ ബന്ധനസ്ഥനാക്കപ്പെട്ടു. മുസ്‌ലിംകൾ വിജയിച്ചു. ആ നാട്ടിൽനിന്നു പിടിച്ചെടുത്ത യുദ്ധമുതലുകളിൽ ഏതാനും ആനകളും ഉൾപ്പെട്ടു.

സൈന്യങ്ങളെ തിരിച്ചുവിളിച്ചു

ഈ വിജയത്തോടുകൂടി, ജൈത്രയാത്ര നിറുത്തി തിരിച്ചുവരുവാൻ എല്ലാ സൈന്യമേധാവികൾക്കും ഖലീഫ നിർദ്ദേശമയച്ചുവെന്നു ചരിത്രകാരനായ തബരി പ്രസ്താവിച്ചിരിക്കുന്നു. മുസ്‌ലിംസേന മക്രാനിൽനിന്നു മുമ്പോട്ടുനീങ്ങി, ദൈബൽ, സന എന്നിവയുടെ താഴ്‌വാരത്തോളം എത്തിയെന്നാണ് ചരിത്രകാരനായ ബലാദുരി പ്രസ്താവിച്ചിട്ടുള്ളത്. ബലാദുരിയുടെ അഭിപ്രായം ശരിയാണെങ്കിൽ, ഉമർഫാറൂഖ് (റ) വിന്റെ ഭരണകാലത്തു ഇസ്‌ലാം സിന്ധിലും ഇന്ത്യയിലും എത്തിക്കഴിഞ്ഞിട്ടുണ്ടെന്നു തീരുമാനിക്കാവുന്നതാണ്.

ഖുറാസാൻ യുദ്ധം

മവാറഉന്നഹർ, ഫർഗാനാ, ഖവാറസം, തബരിസ്താൻ, സീസ്താൻ എന്നീ നാടുകളെയെല്ലാം ഖുറാസാൻ ഉൾക്കൊണ്ടിട്ടുണ്ടെന്നാണ് ബലാദുരിയുടെ പക്ഷം. നൈശാപൂർ, മർവ്, ഹിറാത്, ബൽഖ്, തൂസ്, ഫസാ, അബീർദ് എന്നിവ ഖുറാസാനിലെ പ്രധാന നഗരങ്ങളായിരുന്നു.

അഹ്‌നഫ് (റ) വിനെയാണ് ഖുറാസാന്റെ നേരെ ഖലീഫ നിയോഗിച്ചതെന്നു മുമ്പു പറഞ്ഞുവല്ലൊ. ഹിജ്‌റാബ്ദം ഇരുപത്തിരണ്ടിൽ അദ്ദേഹത്തിന്റെ സൈന്യം ഖുറാസാനിലേക്ക പുറപ്പെട്ടു. തിബ്‌സിനിലൂടെ അദ്ദേഹം ഹിറാതിലെത്തി; ആ നഗരം കീഴടക്കി. അവിടെനിന്നു, പേർസ്യൻ ചക്രവർത്തിയായ യസ്ദ്ഗീർദിന്റെ ആസ്ഥാനമായ മർവ്‌ശാജഹാനിലേക്ക അദ്ദേഹം പുറപ്പെട്ടു. മുസ്‌ലിംസൈന്യം വരുന്നുണ്ടെന്നറിഞ്ഞപ്പോൾ ചക്രവർത്തി മർവ് റോദിലേക്ക താമസം മാറ്റുകയും ചീനാചക്രവർത്തിയോടും മറ്റു രാജാക്കന്മാരോടും സഹായമഭ്യർത്ഥിക്കുകയും ചെയ്തു. മർവ്‌ശാജഹാൻ നഗരത്തിന്റെ മേൽനോട്ടം ഹാരിസാബിൻനുഅ്മാൻ (റ) വിനെ ഭരമേല്പിച്ചുകൊണ്ട അഹ്‌നഫ് (റ) മുമ്പോട്ടുനീങ്ങി. ഈ മുന്നേറ്റത്തെപ്പറ്റി കേൾക്കുന്ന

പ്പോൾ ചക്രവർത്തി ബൽഖിലേക്കു താമസം മാറ്റി. അപ്പോഴേക്കും കൂഫയിൽനിന്നു സഹായസൈന്യം എത്തിച്ചേർന്നു. അഹ്നഫ് (റ) ബൽഖ് ആക്രമിച്ചു. യുദ്ധത്തിൽ പരാജിതനായ യസ്ദ്ഗീർ ഒരു ഉപനദിയിലൂടെ ചൈനയുടെ അതിർത്തിയിൽ കടന്നു, രക്ഷപ്പെട്ടു. നൈശാപൂരിനും തഖാരിസ്ഥാനിനും ഇടയിലുള്ള എല്ലാ പ്രദേശങ്ങളും അഹ്നഫ് (റ) കയ്യടക്കി. അദ്ദേഹം മർവറൂദിൽ താവളമടിക്കുകയും, ഖുറാസാൻ ജയിച്ചടക്കിയ വാർത്ത ഖലീഫയെ അറിയിക്കുകയും ചെയ്തു.

മർവ്റൂദ് യുദ്ധം

ജൈത്രയാത്ര തുടരാതെ അവിടെ താവളമടിച്ചു നിൽക്കുവാൻ അഹ്നഫ് (റ) വിനു ഖലീഫ നിർദ്ദേശം നൽകി. അതിലിടക്കു ചൈനാചക്രവർത്തി യസ്ദ്ഗീറിനെ സഹായിപ്പാൻ തീരുമാനിച്ചു, ഒരു സൈന്യത്തെയും കൊണ്ടു ഖുറാസാനിലേക്കു പുറപ്പെട്ടു. ഇരുപത്തിനാലായിരം പട്ടാളക്കാരോടുകൂടി ബൽഖിൽ നില്ക്കുകയായിരുന്ന അഹ്നഫ് (റ) ഈ വിവരമറിഞ്ഞപ്പോൾ, മർവ്റൂദിലേക്കു മാറി, അവിടെ താവളമടിച്ചു. ഖാഖാനും സൈന്യവും യസ്ദ്ഗീറോടൊപ്പം ബൽഖിൽകൂടി മർവ്റൂദിൽ എത്തി. മുസ്‌ലിംസേന പുറകിൽ കുന്നിൻനിരകളോടു കൂടിയ ഒരു സ്ഥാനത്തു അണിനിരന്നു. എതിരാളികൾ മറുവശത്തും അണിനിരന്നു. എതിരാളികളുടെ പ്രകോപനങ്ങൾക്കു വഴങ്ങി പെട്ടെന്നു യുദ്ധരംഗത്തിറങ്ങാതെ മുസ്‌ലിംകൾ അവസരം കാത്തുനിന്നു. ഒരു ദിവസം അഹ്നഫ് (റ) രംഗത്തിറങ്ങി. അദ്ദേഹത്തെ എതിർക്കുവാൻ ഓരോരുത്തരായി മുമ്പോട്ടു വന്നു. മൂന്നു താർത്താരി യോദ്ധാക്കളെ അദ്ദേഹം വെട്ടിവീഴ്ത്തി. ഇതു ഒരു ദുശ്ശകുനമാണെന്നു തീരുമാനിച്ച ഖാഖാൻ തന്റെ സൈന്യത്തെ രംഗത്തുനിന്നു പിൻവലിച്ചു.

മർവ്ശാജഹാനിൽ നിൽക്കുകയായിരുന്ന യസ്ദ്ഗീർ ഈ വാർത്തയറിഞ്ഞപ്പോൾ രാജകീയ ഖജാനകളെല്ലാം എടുത്തുകൊണ്ടു തുർക്കിയിലേക്കു രക്ഷപ്പെടുവാൻ ശ്രമിച്ചു. പക്ഷെ അദ്ദേഹത്തിന്റെ അനുയായികൾ അതിനു സമ്മതിച്ചില്ല. ആകയാൽ യസ്ദ്ഗീർ ഖാഖാന്റെ അടുക്കലേക്കു ഓടിപ്പോവുകയും, ഫർഗാനയിൽ താമസമാക്കുകയും ചെയ്തു. ഉമർ (റ) വിന്റെ ഭരണകാലം കഴിയുന്നതുവരെ അയാൾ ഫർഗാനയിൽ തന്നെ താമസിച്ചു.

വിജയവാർത്തയുമായി അഹ്നഫ് (റ) വിന്റെ ദൂതൻ മദീനയിലെത്തി. ഖലീഫ മദീനക്കാരെ വിളിച്ചുവരുത്തി, അവരോടു ഇപ്രകാരം പറഞ്ഞു:— 'അഗ്ന്യാരാധകരുടെ സാമ്രാജ്യം ഇന്നു കെട്ടടങ്ങിക്കഴിഞ്ഞു. ഇനി ഒരു വിധത്തിലും അവർക്കു ഇസ്‌ലാമിനെ ഉപദ്രവിക്കുവാൻ കഴിയുകയില്ല. ഓർമ്മിക്കുക: സത്യമാർഗ്ഗത്തെ നിങ്ങൾ കാത്തുരക്ഷിച്ചില്ലെങ്കിൽ, അല്ലാഹു നിങ്ങളിൽനിന്നും രാജ്യം പിടിച്ചെടുത്തു മറ്റുള്ളവർക്കു നൽകും.'

ഈജിപ്ത് വിജയം

ഈജിപ്ത് വിജയത്തിന്റെ എല്ലാം പ്രശംസകും അർഹൻ അംറുബ്നുൽ ആസ് (റ) വാകുന്നു. അദ്ദേഹം കുറെക്കാലം ഈജിപ്തുമായി വ്യാപാരബന്ധം പുലർത്തിയിരുന്നതുകൊണ്ടു ആ നാട്ടിലെ വിഭവങ്ങളെസ്സംബന്ധിച്ചു അദ്ദേഹത്തിനു നല്ലപോലെ അറിയാമായിരുന്നു. ഖലീഫ ഉമർ (റ) അവസാനത്തെ സിറിയാ യാത്ര കഴിഞ്ഞു തിരിച്ചു വരുമ്പോൾ അംറ് (റ) ഈജിപ്തിനെക്കുറിച്ചു ഖലീഫയോടു സംസാരിച്ചു. ഖലീഫ ആദ്യം വിസമ്മതിച്ചെങ്കിലും അംറ് (റ) വീണ്ടും വീണ്ടും ഈ വിഷയം സംസാരിച്ചപ്പോൾ നാലായിരം പട്ടാളക്കാരോടുകൂടി അംറ് (റ) വിനെ ഈജി

പ്പിലേക്ക് നിയോഗിച്ചു. ആ സൈന്യത്തെ യാത്രയയക്കുമ്പോൾ ഖലീഫ ഇപ്രകാരം നിർദ്ദേശിച്ചു:—'പോയിക്കൊള്ളുക. വിജയം നിങ്ങളെ കടാക്ഷിക്കുമാറാകട്ടെ പക്ഷെ നിങ്ങൾ ഈജിപ്തിൽ എത്തുന്നതിനു മുമ്പ് എന്റെ എഴുത്ത് കിട്ടുകയാണെങ്കിൽ ഉടനെ ഇങ്ങോട്ടു തിരിച്ചു വരണം.' അംറ് (റ) ഈജിപ്തിന്റെ അതിർത്തിയായ അരീശിൽ എത്തിയപ്പോൾ അദ്ദേഹത്തിനു ഖലീഫയുടെ കത്തു കിട്ടി. 'ഈജിപ്തിൽ എത്തീട്ടില്ലെങ്കിൽ എന്ന നിബന്ധന വെച്ചുകൊണ്ടാണു', ഖലീഫ കത്തെഴുതിയിരുന്നതു്. മുസ്‌ലിംസേന അപ്പോഴേക്കും ഈജിപ്തിന്റെ അതിർത്തിയിലെത്തിക്കഴിഞ്ഞതുകൊണ്ടു്, പിന്മടങ്ങേണ്ടി വന്നില്ല. അംറ് (റ) ഫർമായിലേക്കു മുന്നേറി. അന്നു മദ്ധ്യധരണ്യാഴിയുടെ തീരത്തുള്ള സ്ഥിതി ചെയ്യുന്ന ആ പ്രബലനഗരം ഇന്നു നാമാവശേഷമായിക്കഴിഞ്ഞിരിക്കുന്നു. ആ നഗരത്തിൽ വെച്ചു റോമൻസേന മുസ്‌ലിംസേനയെ തടഞ്ഞു. അവർ തമ്മിൽ ഒരു മാസക്കാലം നീണ്ടുനിന്ന ഘോരയുദ്ധം നടന്നു. റോമക്കാർ അവസാനം പരാജയപ്പെട്ടു. ഫർമായിൽ നിന്നു മുമ്പോട്ടു നീങ്ങിയ മുസ്‌ലിംസേന ബൽബീസും, ഉമ്മുദുനീനും കീഴടക്കിയ ശേഷം ഫുസ്താത്തിലെത്തി. നൈൽനദിക്കും മഖ്താം കുന്നിനുമിടയിൽ പരന്നു കിടന്ന, പച്ച പിടിച്ച, കൃഷിനിലങ്ങളായിരുന്ന അന്നത്തെ ഫുസ്താത്. നദീതീരത്തായി റോമാചക്രവർത്തിയുടെ ഒരു പ്രബലമായ കോട്ട സ്ഥിതി ചെയ്തിരുന്നു. അംറ് (റ) ആദ്യം ആ കോട്ട വളഞ്ഞു. ഇവിടെനിന്നു അംറ് (റ) ഖലീഫക്കയച്ച കത്തിൽ ഒരു സഹായക സൈന്യത്തെ അയപ്പാൻ അഭ്യർത്ഥിച്ചു. സുബൈർ ബിൻ അവ്വാം (റ), ഉബൈദ ബിൻ സാമിത് (റ), മിഖ്ദാദ് ബിൻ ഉമർ (റ), മസ്‌ലമാ ബിൻ മുഖല്ലദ് (റ) എന്നീ നാലു പ്രശസ്ത സേനാനികളുടെ കീഴിൽ പതിനായിരം പട്ടാളക്കാരെ ഖലീഫ ഉടനെ ഫുസ്താതിലേക്കു നിയോഗിച്ചു. ആ സൈന്യം അവിടെ എത്തിയപ്പോൾ, അംറ് (റ) മുഴുവൻ സൈന്യത്തിന്റെയും ആധിപത്യവും ഉപരോധന നടപടികളുടെ നായകത്വവും സുബൈർ (റ) വിനു ഒഴിഞ്ഞുകൊടുത്തു. ഏഴുമാസക്കാലം ഈജിപ്തിലെ ഭരണാധിപനായ മഖൂസ് ആ ഉപരോധത്തെ ശക്തിപൂർവ്വം ചെറുത്തു നിന്നു. അവസാനം, ഒരു ദിവസം, സുബൈർ (റ) ഇസ്‌ലാമിനുവേണ്ടി താൻ ആത്മാപ്പണത്തിനൊരുങ്ങിയതായി പ്രഖ്യാപിച്ചുകൊണ്ടു, ഉറയിൽ നിന്നു വാളൂരിപ്പിടിക്കുകയും, ഒരു കയറിന്റെ കോവണിയിലൂടെ കോട്ടയുടെ മുകളിലേക്കു കയറിത്തുടങ്ങുകയും ചെയ്തു. അതു കണ്ടപ്പോൾ മറ്റു ചില മുസ്‌ലിം യോദ്ധാക്കളും അദ്ദേഹത്തെ പിന്തുടർന്നു. കോട്ടയുടെ മുകളിലെത്തിയപ്പോൾ സുബൈർ (റ) തക്ബീർ ധ്വനി മുഴക്കി. കോട്ടക്കു പുറത്തു് നിന്നു മുസ്‌ലിംസേന തക്ബീർ ധ്വനിയാൽ അന്തരീക്ഷം മുഖരിതമാക്കി. മുസ്‌ലിംകളും കോട്ട കീഴടക്കി എന്നു ധരിച്ചുകൊണ്ടു റോമൻസേന കോട്ടവാതിൽ തുറന്നു ഓടിക്കളഞ്ഞു. ഇതറിയുമ്പോൾ മഖൂഖസ് മുസ്‌ലിംകളുമായി സന്ധി ചെയ്തു കീഴടങ്ങി. അംറ് (റ) വും മഖൂഖസും തമ്മിൽ നടത്തിയ സന്ധി ഈജിപ്തിലെ മുഴുവൻ ജനങ്ങളും അംഗീകരിച്ചു.

അലക്സാണ്ട്രിയ വിജയം

ഈജിപ്തിന്റെ പതനം ഹിറാക്ലസ് ചക്രവർത്തിയെ അരിശം കൊള്ളിച്ചു. മുസ്‌ലിംകളെ എതിർക്കുവാൻ അലക്സാണ്ട്രിയായിൽ അദ്ദേഹം ഒരു സൈന്യത്തെ ശേഖരിച്ചു. ഖലീഫയോടു അനുമതി വാങ്ങിക്കൊണ്ടു്, ഹിജ്രാബ്ദം ഇരുപത്തൊന്നിൽ അംറ് (റ) അ

ലക്‌സാണ്ട്‌റിയായിലേക്ക പുറപ്പെട്ടു. റോമൻ സൈന്യം മുസ്‌ലിംകളുടെ യാത്രയെ തടസ്സം ചെയ്യുവാൻ പരിപാടിയിട്ടു. കർബൂനിൽ വെച്ചു റോമൻസേന മുസ്‌ലിംകളെ തടഞ്ഞു. മുസ്‌ലിംകളും അവരുമായി ഘോരയുദ്ധം നടത്തി. എണ്ണമറ ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു. പിന്നീട്, മാഗ്ഗ്രതടസ്സം കൂടാതെ മുസ്‌ലിം സേന അലസ്താണ്ട്‌റിയായിൽ എത്തി. അലസ്താണ്ട്‌റിയാ കോട്ട മുസ്‌ലിംകൾ വളഞ്ഞു. മഖൂഖസ് എതിർപക്ഷത്തായിരുന്നെങ്കിലും, രഹസ്യമായി മുസ്‌ലിംകളെ സഹായിച്ചു. ഇടക്കിടെ ചെറുയുദ്ധങ്ങളുടക്കും ജയാപജയങ്ങളും തീരുമാനിക്കപ്പെടാത്ത ചില യുദ്ധങ്ങളും നടന്നു. അവസാനം, ഖലീഫയുടെ ആജ്ഞയനുസരിച്ച് ഒരു ദിവസം മുസ്‌ലിംസേന കോട്ടക്കുള്ളിലേക്ക ഇരമ്പിക്കയറി. അലസ്താണ്ട്‌റിയാനഗരം മുസ്‌ലിംകളുടെ ആ മുന്നേറ്റത്തിന്റെ മുമ്പിൽ മുട്ടുകുത്തി.

അലസ്താണ്ട്‌റിയാ കീഴടങ്ങിയതോടുകൂടി, അയൽപ്രദേശങ്ങളായ ഫയും, അശ്മുനീൻ, അഖമീം, ബശ്‌റൂദാത്, മഈദ് എന്നിവയും കീഴടക്കി. ആ നാടുകളെല്ലാം, ജിസ്‌യ നല്കാമെന്നു സമ്മതിച്ചു. ഖാരിജാബിൻ ഹുദൈഫതുൽ ആദീ (റ) വാണ് പ്രസ്തുത നാടുകളും കീഴടക്കിയതു്. അതെ സമയത്തു്, തനീസ്, ദിമിയാത്, തൂനാ, ദമീറാ, ശതാ, വഖ്‌ഹല, ബന്നാ, ബഹീർ എന്നീ നാടുകളും ഉമർ ബിൻ വഹാബുൽ ഹംജി (റ) വും, ഈജിപ്തിലെ താസ്സാരപ്രദേശങ്ങളും ഉഖ്‌ബാബിൻ ആമിറുജുഹ്നി (റ) വും കീഴടക്കി. ഈ യുദ്ധത്തിൽ ധാരാളം ക്രിസ്ത്യാനികളും തടവുകാരാക്കപ്പെട്ടു. അവരിൽ പലരും സ്വമനസ്സാലെ ഇസ്‌ലാംമതം സ്വീകരിച്ചു. മറ്റുള്ളവർ ക്രിസ്തുമതത്തിൽ തന്നെ ഉറച്ചു നിന്നു.

ഖലീഫയുടെ അന്ത്യം

ഫിറോസ് എന്ന പേരായ ഒരു പേർസ്യക്കാരൻ മദീനയിൽ താമസമാക്കിയിരുന്നു. അബൂലുഅ്‌ലുഅ എന്നായിരുന്നു അയാളുടെ പൈതൃകനാമം. ഒരു ദിവസം അയാൾ ഉമർ (റ) വിനെ സമീപിക്കുകയും, അയാളുടെ എജമാനനായ മുഗീറാബിൻ ശുഅ്‌ബാ (റ) തന്റെ മേൽ താങ്ങാനാവാത്ത നികുതി ചുമത്തിയിരിക്കുകയാൽ അതു ഇളവു ചെയ്തു തരുവാൻ അദ്ദേഹത്തോടു നിർദ്ദേശിക്കേണമെന്നു പറയുകയും ചെയ്തു. എത്രയാണ് നികുതി ചുമത്തിയിട്ടുള്ളതെന്നു ഖലീഫ ചോദിച്ചപ്പോൾ പ്രതിദിനം രണ്ടു ദിർഹമാണെന്നു അയാൾ പറഞ്ഞു. 'നിങ്ങളുടെ ജോലി എന്താണെന്നു ഖലീഫ ആരാഞ്ഞപ്പോൾ, ആശാരിപ്പണിയും കൊല്ലപ്പണിയും ചായം തേക്കലുമാണ് എന്റെ ജോലി'യെന്നു ഫിറോസ് ഉത്തരം പറഞ്ഞു. 'അങ്ങിനെയാണെങ്കിൽ നികുതി കുറയ്ക്കുക'യെന്നു ഖലീഫ വിധിച്ചു. ഈ വിധിയിൽ അതൃപ്തനായ ആ പേർസ്യക്കാരൻ, കുപിതനായി തിരിച്ചു പോയി.

പിറ്റെ ദിവസം പ്രഭാതത്തിൽ ഖലീഫ സുബ്ഹി നിസ്കരിക്കുവാൻ പള്ളിയിലേക്കു പോയപ്പോൾ, ഒരു കഠാരിയുമായി ഫിറോസും പള്ളിയിലെത്തി. നിസ്കാരത്തിനുമുമ്പു് അണികൾ ക്രമീകരിക്കുകയും അനന്തരം നിസ്കാരത്തിനു ഇമാമത്തു് നില്ക്കുകയുമായിരുന്ന ഉമർ (റ) വിന്റെ പതിവു്. സംഭവദിവസവും, പതിവുപോലെ അണികൾ ക്രമീകരിച്ചതിനു ശേഷം ഉമർ (റ) നിസ്കാരത്തിനു ഇമാമായി നിന്നു. മഹാനായ ഖലീഫ നിസ്കാരത്തിൽ പ്രവേശിച്ച ഉടനെ, നീചനായ ഫിറോസ് പിന്നിൽനിന്നു് ചാടിവീണു, തന്റെ കയ്യിലുള്ള കഠാരികൊണ്ടു ഖലീഫയെ ആറു

കുത്തുകുത്തി. ഒരു കുത്തു് അദ്ദേഹത്തിന്റെ നാഭിക്കാണു് കൊണ്ടതു്. പരീക്ഷീണനായ ഖലീഫ ഉടനെ അബ്ദുർറഹ്മാനിബ്നു ഔഫ് (റ) വിന്റെ കൈപിടിച്ചു, ഇമാമിന്റെ സ്ഥാനത്തു നില്പാൻ സൂചന നല്കി. നില്ക്കുവാൻ കഴിയാത്ത വിധം ക്ഷീണിച്ചു കഴിഞ്ഞ ഖലീഫ നിലത്തു വീണു പോയി.

ഉമർ (റ) നിലംപതിച്ചു കിടക്കെ, അബ്ദുർറഹ്മാനിബ്നു ഔഫ് (റ) നിസ്കാരം നിർവ്വഹിച്ചു. ഫിറോസിന്റെ ആക്രമണത്തിനു മറ്റു ചില മുസ്‌ലിംകളും വിധേയരായി. ഘാതകനായ ആ ക്രിസ്ത്യാനിയെ പിടിക്കുവാൻ നടത്തിയ ശ്രമത്തിൽ ഏഴു മുസ്‌ലിംകൾ കൊല്ലപ്പെട്ടു. പലർക്കും പരിക്കേറ്റു. അവസാനം താൻ ബന്ധനസ്ഥനാക്കപ്പെടുമെന്നു കണ്ടപ്പോൾ, ആ ഘാതകൻ സ്വയം കഴുത്തറുത്തുകൊണ്ടു ആത്മഹത്യ ചെയ്തു.

ഖലീഫയെ അദ്ദേഹത്തിന്റെ വീട്ടിലേക്കു കൊണ്ടു പോയി. ബോധം വന്നപ്പോൾ ആരാണു് തന്നെ കുത്തിയതു് എന്നു് ഖലീഫ അന്വേഷിച്ചു. ഫിറോസാണു് തന്നെ കുത്തിയതെന്നറിഞ്ഞപ്പോൾ അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചു. ഒരു മുസ്‌ലിമിന്റെ കയ്യാലല്ലല്ലോ ഇതു സംഭവിച്ചതെന്നു പറഞ്ഞുകൊണ്ടാണു് മഹാനായ ഖലീഫ അല്ലാഹുവിനെ സ്തുതിച്ചതു്. അപകടനിലയിൽ കിടക്കുന്ന ഉമർ (റ) വോടു, അദ്ദേഹത്തിനു ശേഷം ഖലീഫാപദം ഏറ്റെടുക്കുന്നതിനു ഒരാളെ നാമനിർദ്ദേശം ചെയ്യുവാൻ ജനങ്ങൾ ആവശ്യപ്പെട്ടു. അദ്ദേഹം അതു ചെയ്തില്ല. ഉസ്മാൻ (റ), അലീ (ക. വ.), ഇബ്നു ഔഫ് (റ), സഅ്ദ് (റ), തൽഹത് (റ), സുബൈർ (റ) എന്നീ ആറു പേരിൽ ഒരാളെ ഖലീഫയായി തിരഞ്ഞെടുത്തുകൊള്ളുവാൻ അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു.

താൻ കൊടുത്തുവീട്ടുവാനുള്ള കടത്തിന്റെ കണക്കുനോക്കുവാൻ ഉമർ (റ) തന്റെ പുത്രനായ അബ്ദുല്ലാ (റ) വിനു നിർദ്ദേശം നല്കി. 'എൺപത്താറായിരം ദിർഹം' എന്നു അബ്ദുല്ലാ (റ) പിതാവിനെ അറിയിച്ചു. 'എന്റെയും എന്റെ കുടുംബത്തിന്റെയും സ്വത്തു കടംവീട്ടുവാൻ പോരാതെ വന്നെങ്കിൽ, ഉദയ്യിബ്നുകഅ്ബിന്റെ മകളോടു ചോദിച്ചു വാങ്ങണം. അതുംപോരാതെ വന്നെങ്കിൽ ഖുറൈശികളോടു മുഴുവൻ ചോദിച്ചുവാങ്ങണം; എന്നിട്ടും മതിയായില്ലെങ്കിൽ മറ്റാരെയും ബുദ്ധിമുട്ടിക്കരുതെന്നു ഖലീഫ, നിർദ്ദേശിച്ചു. ബാബുസ്സലാമിനും ബാബുർറഹ്മതിനും ഇടയിൽ സ്ഥിതിചെയ്യുന്ന സ്വഭവനം വിറ്റപണം കൊണ്ടു ഖലീഫയുടെ കടം വീട്ടുകയുണ്ടായി.

അനന്തരം ഉമർ (റ) പുത്രനോടു ഇപ്രകാരം പറഞ്ഞു:— 'മകനെ, ആഇശാബീയുടെ അടുത്തുപോയി ഉമറിന്റെ സലാം പറയുക. അമീറുൽമുഅ്മിനീൻ എന്നു പറയരുതു്. അവരുടെ ഭർത്താവിന്റെ സമീപത്തു ഉമറിനെ മറമാടുവാൻ ഉമർ താങ്കളുടെ അനുവാദം ചോദിക്കുന്നു എന്നു പറയുക.' അബ്ദുല്ലാ (റ) ഈ വിവരം ആഇശാ (റ) യോടു പറഞ്ഞപ്പോൾ ആഇശാ (റ) ഇപ്രകാരം പറഞ്ഞുകൊണ്ടു സമ്മതം നൽകി:— 'ആ സ്ഥാനം എനിക്കുവേണ്ടി ഞാൻ കരുതിവെച്ചതായിരുന്നു. ഇന്നു ഞാൻ എന്നെക്കാൾ ഉപരിയായി അദ്ദേഹത്തെ ഞാൻ പരിഗണിക്കുന്നു.' ഈ വിവരം ഉമർ (റ) വിനെ സന്തോഷിപ്പിച്ചു. കുത്തേറ്റതിനുശേഷം ഒരു രാപ്പകൽ ഖലീഫ ജീവിച്ചുവെന്നു 'മുഖ്തസർജാമിഅ്' എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ടിരിക്കുന്നു. സ്വപുത്രനായ അബ്ദുല്ലാ (റ) വിന്റെ മടിയിൽ തല ചായ്ച്ചുകൊണ്ടു്, ഹിജ്റാബ്ദം ഇരുപത്തിമൂന്നാംവർഷം ദുൽഹിജ്ജാമാസം ഇരുപത്തിമൂന്നാംതിയ്യതി മഹാ

നായ ഉമർഫാറൂഖ് (റ) ഇഹലോകവാസം വെടിഞ്ഞുവെന്ന ചില ചരിത്രകാരന്മാർ പ്രസ്താവിച്ചിരിക്കുന്നു. ഉമർ (റ) ഇഹലോകവാസം വെടിഞ്ഞതു ദുൽഹജ്ജ് മാസം ഇരുപത്താറിന്നാണെന്നും, ഹിജ്‌റാബ്ദം ഇരുപത്തിനാലാംവർഷത്തിലെ മുഹർറം ഒന്നാംതിയ്യതിയാണെന്നും പക്ഷാന്തരങ്ങളുണ്ട്. അപ്രകാരംതന്നെ മുറിവേറ്റതിന്നുശേഷം അദ്ദേഹം ഒരു ദിവസം ജീവിച്ചുവെന്നും മൂന്നുദിവസം ജീവിച്ചുവെന്നും പറയപ്പെട്ടിട്ടുണ്ട്.

ഹിജ്‌റാബ്ദം ഇരുപത്തിനാലിലെ മുഹർറം ഒന്നാംതിയ്യതി ശനിയാഴ്ച ഉമർ (റ) വിന്റെ ഭൗതികശരീരം ഖബ്‌റടക്കപ്പെട്ടുവെന്നതാണ് പ്രബലമായ പക്ഷം.

വാക്കിലും അർത്ഥത്തിലും ചരിത്രത്തിലെ മഹാനായ ഉമർ (റ) ഇഹലോകവാസം വെടിയുമ്പോൾ അദ്ദേഹത്തിന്നു അറുപത്തിമൂന്നുവയസ്സ് പ്രായമായിരുന്നു. ഉമർ (റ) വിന്നു ഒമ്പതു പുത്രന്മാരും നാലു പുത്രിമാരുമാണുണ്ടായിരുന്നതു്. പുത്രന്മാരിൽ പ്രഥമനായ അബ്ദുല്ലാഹിബ്‌നുഉമർ (റ) മഹാപണ്ഡിതനും ഭക്തനുമായിരുന്നു. അബ്ദുൽമാലികുബ്‌നുമർവാന്റെ കാലത്തു്, എൺപത്തെട്ടാമത്തെ വയസ്സിൽ, മക്കയിൽ വെച്ചു വഫാതായ അദ്ദേഹത്തിൽനിന്നു ആയിരത്തറുന്നൂറിലുപ്പതു ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അബ്ദുർറഹ്മാനുൽഅക്ബർ (റ), സൈദുൽഅക്ബർ (റ), ആസിം (റ), ഇയാള് (റ), സൈദുൽഅസ്ഗർ (റ), ഉബൈദുല്ല (റ), അബ്ദുർറഹ്മാനുൽഔസത് (റ), അബ്ദുർറഹ്മാനുൽ അസ്ഗർ (റ), ഇവരാണു് മറ്റു പുത്രന്മാർ. അവസാനമായി പറഞ്ഞ മൂന്നുപേരിൽ ശഹ്മത എന്നുകൂടി വിളിക്കാറുള്ള ആളെയാണു് ഉമർ (റ) എറിഞ്ഞുകൊല്ലുവാൻ വിധിക്കുകയുണ്ടായതു്. റസൂൽ (സ) യുടെ പത്നിയായ ഹഫ്സ (റ), റുഖിയ്യ (റ), ഫാതിമ (റ), സൈനബ (റ) എന്നിവരാണു് ഉമർ (റ) വിന്റെ പുത്രിമാർ.

റസൂൽ (സ) അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്തു് അബൂബക്കർ സിദ്ദീഖ് (റ) വിന്റെ ഖബറിന്നടുത്തായി തയ്യാറാക്കപ്പെട്ട ഖബ്‌റിൽ ഉസ്മാൻ (റ), അലീ (ക. വ.), അബ്ദുർറഹ്മാനിബ്നു ഔഫ് (റ), സുബൈർ (റ), സഅ്ദിബ്നു അബീ വഖാസ് (റ) എന്നിവർ ഇറങ്ങി നിന്നു, മഹാനായ ഉമർ (റ) വിന്റെ മയ്യിത്തു് ഖബ്‌റിൽ ഇറക്കിവെച്ചു.

മൂന്നാംഖലീഫയെപ്പറ്റി ഹ: ഉമർ (റ)

ഹ: ഉമർ (റ) വിന്നു് ശേഷം ആർ ഖലീഫയാകണം എന്നുള്ളതിനെപ്പറ്റി പല വാദപ്രതിവാദങ്ങളും നടന്നു. ചിലരുടെ അഭിപ്രായത്തിൽ ഉമർ (റ) തന്നെ അടുത്ത ഖലീഫയെ തിരഞ്ഞെടുക്കണമെന്നുള്ളതായിരുന്നു. അതിനു് ഉമർ (റ) പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. 'അബൂഉബൈദത്തു് (റ) ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെ ഖലീഫയായി പ്രഖ്യാപിക്കുമായിരുന്നു. എന്തുകൊണ്ടാണു് അബൂഉബൈദത്തു് (റ) വിനെ ഖലീഫയായി പ്രഖ്യാപിച്ചതെന്നു് രക്ഷിതാവു് എന്നോടു് ചോദിക്കുകയാണെങ്കിൽ അവർ മുസ്‌ലിംസമുദായത്തിന്റെ വിശ്വസ്തനാണെന്നു് നബി (സ) പറയുന്നതു കേട്ടിട്ടുണ്ടെന്നു് ഞാൻ സമാധാനം പറയും. അതല്ലെങ്കിൽ 'അല്ലാഹുവിൽ വളരെ ഭക്തിയുള്ളവരെ'ന്നു് നബിയാൽ വിശേഷിപ്പിക്കപ്പെട്ട അബൂഹുദൈഫ (റ) യുടെ ദാസനായ സാലിമിന്നു് ഞാൻ ഈ സ്ഥാനം നല്കുമായിരുന്നു.'

ഉമർ (റ) വിന്റെ പുത്രനായ അബ്ദുല്ല (റ) യുടെ പേർ ഒരാൾ ഉണർത്തിയപ്പോൾ അദ്ദേഹം ശക്തിയായി നിരസിച്ചു. തന്റെ ഭാര്യയുടെ വിവാഹബന്ധം പോലും ഒഴിവാ

ക്കാൻ കഴിവില്ലാത്ത ഒരാൾ ഈ സ്ഥാനത്തിനർഹനല്ലെന്നും, തന്റെ കുടുംബത്തിൽനിന്ന് ഈ സ്ഥാനത്തേക്ക് താൻ ആരേയും ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം അറിയിച്ചു.

'ഞാൻ ഈ കാര്യം ഒരു കക്ഷികളിൽ ഏല്പിക്കുകയാണ്. അവരെ അല്ലാഹു തൃപ്തിപ്പെട്ടിട്ടുണ്ട്. അവരിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരേയും അവരുടെ മന്ത്രിമാരേയും സഹായിക്കുക' ഇതായിരുന്നു ഹ: ഉമർ(റ) വിന്റെ ഉപദേശം.

കക്ഷികൾ ആറുപേരുണ്ടായിരുന്നു. അവർ ഉമർ (റ) വിന്റെ അടുക്കൽനിന്നു പുറപ്പെട്ടപ്പോൾ ഹ: അലി (റ) യോട് ഹ: അബ്ബാസ് (റ) പറഞ്ഞു. 'അലി നിങ്ങൾ അവരോടുകൂടി പങ്കെടുക്കുകയാണെങ്കിൽ നിങ്ങൾക്ക് സ്വീകാര്യമല്ലാത്ത കാര്യമായിരിക്കും അവിടെ നിങ്ങൾക്ക് കാണേണ്ടിവരിക.' ഒരു ദിവസം ഹ: ഉമർ (റ) കക്ഷികളിൽ അഞ്ചുപേരെ തന്റെ അരികിൽ വരുത്തി. തൽഹത്ത് (റ) സ്ഥലത്തില്ലായിരുന്നു. അദ്ദേഹം അവരോട് ഇപ്രകാരം പറഞ്ഞു. 'നിങ്ങളെയാണ് മനുഷ്യലോകത്തിന്റെ നേതാക്കളായി ഞാൻ കണക്കാക്കുന്നത്. നിങ്ങൾക്കല്ലാതെ മറ്റാർക്കും ഈ സ്ഥാനം ലഭിക്കില്ല. നിങ്ങൾ പരസ്പരം ഭിന്നിക്കാത്തകാലംവരെ ജനങ്ങളും ഭിന്നിക്കുകയില്ല. നിങ്ങൾ അയിഷ (റ) യുടെ വീട്ടിൽ പെരുന്നാൾ കൂടിയാലോചന നടത്തുക.'ഉമർ (റ) വിന്റെ നിർദ്ദേശമനുസരിച്ച് കൂടിയാലോചന നടന്നു. പക്ഷെ ഒരു തീരുമാനത്തിലെത്തുന്നതിനു പകരം ബഹളത്തിലാണ് കലാശിച്ചത്. സംഭവം ഉമർ (റ) അറിഞ്ഞു. മൂന്നാംദിവസം ആലോചന നടത്തുവാനും, നാലാംദിവസം ഒരാൾ ഖലീഫയായി തിരഞ്ഞെടുക്കുവാൻ സാധിക്കുമെന്നും അതുവരെ സുഹൈബ് ഇമാം (റ) ആകട്ടെയെന്നും അദ്ദേഹം നിർദ്ദേശിച്ചു.

പിന്നീട് മിഖ്ദാദ്ബ്നുൽ അസ്വദിനെ വിളിച്ച് ഖലീഫ ഇപ്രകാരം പറഞ്ഞു. 'നിങ്ങൾ കൂടിയാലോചനസ്ഥലത്ത് ഹാജരായി അവരുടെ പുറകിൽ വാളുമായി നില്ക്കണം. ഒരാൾമാത്രം എതിരാണെങ്കിൽ അവനെ വധിക്കണം. രണ്ടുപേർ മാത്രം ഭിന്നിച്ചുനിൽക്കുകയാണെങ്കിൽ ആ രണ്ടുപേരേയും നിങ്ങൾ വാളിന്നിരയാക്കണം. മൂന്നാൾ ഒരാളേയും, മറ്റു മൂന്നുപേർ വേറൊരാളേയും സ്വീകരിക്കുകയാണെങ്കിൽ അബ്ദുല്ലാഹിബ്നുഉമർ (റ) വിന്റെ അഭിപ്രായം സ്വീകരിക്കണം. അദ്ദേഹത്തിന്റെ നിർദ്ദേശവും അംഗീകരിക്കുന്നില്ലെങ്കിൽ അബ്ദുറഹ്മാനുബ്നുഔഫ് (റ) വിന്റെ നിർദ്ദേശം സ്വീകരിക്കണം. കൂടിയാലോചനക്കായി വീണ്ടും പുറപ്പെട്ട അവസരത്തിൽ ഹ: അബ്ബാസ് (റ) ഹ: അലി (റ) യോട് ഇപ്രകാരം പറഞ്ഞു. 'നബിയുടെ മരണസമയം ആരാണ് ഈ സ്ഥാനത്തിനർഹനെന്ന് ആരായാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെട്ടിരുന്നു. ഉമർ (റ) ആറുപേരിൽ നിങ്ങളെ പെടുത്തിയപ്പോഴും അതിൽ പങ്കെടുക്കേണ്ടെന്ന് ഞാൻ നിങ്ങളെ അറിയിച്ചിരുന്നു. ഇവരണ്ടും നിങ്ങൾ നിരസിച്ചു. അതുകൊണ്ടാണ് നാം ഇതിനർഹരാകാത്തത്.'

കൂടിയാലോചനക്കായി അയിഷ (റ) യുടെ വീട്ടിൽ അവർ സമ്മേളിച്ചു. തൽഹത്ത് (റ) മാത്രം ഹാജരായിരുന്നില്ല. ആരാണ് ഈ പദവി വേണ്ടെന്നുവെച്ച് മറ്റൊരാളെ നിയോഗിക്കാനുള്ള അധികാരം തന്നെ ഏല്പിക്കുന്നതെന്ന അബ്ദുറഹ്മാൻ (റ) വിന്റെ ചോദ്യത്തിനും ആരും മറുപടി പറഞ്ഞില്ല. അപ്പോൾ അബ്ദുറഹ്മാൻ (റ) പറഞ്ഞു; 'ഞാൻ ഈ സ്ഥാനം അഭിലഷിക്കുന്നില്ല. ഞാൻ ഒഴിവായിരിക്കുന്നു.'

ഹസ്രത്ത്: അലി (റ) ഒഴിച്ച് ബാക്കി എല്ലാവരും ആ അഭിപ്രായക്കാരായിരുന്നു.

ഹ: അലി (റ) പറഞ്ഞു. 'സ്വാർത്ഥവും കുടും ബബന്ധവും ചിന്തിക്കാതിരിക്കുക' എല്ലാവ രോടുമായി അബ്ദുറഹ്‌മാൻ (റ) പറഞ്ഞു: 'ഞാൻ അല്ലാഹുവിനെ സാക്ഷിപ്പെടുത്തി പറ യുന്നു, ഈ കാര്യത്തിൽ ഞാൻ കുടുംബത്തെപ്പ റ്റി ചിന്തിച്ച് പ്രവർത്തിക്കുകയില്ലെന്നു്. എ ന്നെ ഭാരമേല്പിക്കുക. ഞാൻ നിർദ്ദേശിക്കുന്ന ആളെ നിങ്ങൾ സ്വീകരിക്കുക' ഖലീഫയെ തിരഞ്ഞെടുക്കാനുള്ള ഭാരം അദ്ദേഹത്തെ ഏ ല്പിച്ചു. അമ്മാറ്‌ബ്‌നുയാസീർ (റ) തന്റെ അഭിപ്രായം രേഖപ്പെടുത്തി: മുസ്‌ലിംകൾ ഒ റക്കെട്ടായി നില്ക്കണമെങ്കിൽ ഹ: അലി (റ) യെ നിങ്ങൾ തിരഞ്ഞെടുക്കണം' പ്രസ്തുത അ ഭിപ്രായത്തെ മിഖ്‌ദാദുബ്‌നുൽ അസ്‌വദ്(റ) പിന്താങ്ങി. ഇബ്‌നു അബീസറഹ് (റ) ഹ: ഉ സ്മാൻവി(റ)ന്റെ പേർ നിർദ്ദേശിക്കുകയും അ ബ്ദുള്ളാഹിബ്‌നു അബൂറബീഅത്ത് (റ) പി ന്താങ്ങുകയും ചെയ്തു. തുടർന്നു പല വാഗ്വാദങ്ങളും നടന്നു. രംഗം ശാന്തമാക്കാനായി സഅദു ബ്‌നു അബീഖാസ് (റ), ഹ. അബ്ദുറഹി മാൻ (റ) വോട്ട് ഇപ്രകാരം പറഞ്ഞു, ജന ങ്ങൾ പരസ്പരം കലഹിച്ചു ഭിന്നിക്കുന്നതിനു മുമ്പായി കാര്യം വ്യക്തിയാക്കാൻ ശ്രമിക്കുക' അനന്തരം അബ്ദുറഹ്‌മാൻ (റ) ഹ: അലി (റ) യെ വിളിച്ച് കുറെ വിസ്തരിച്ച് പറഞ്ഞുകൊ ടുത്തു. പിന്നീടദ്ദേഹം ഹ: ഉസ്മാൻ (റ) യെ തന്റെ സമീപത്തേക്കു് വിളിച്ച് തന്റെ കൈകൾ മുകളിലേക്കുയർത്തുകയും ഹ: ഉസ്മാൻ (റ) വിന്റെ കൈ പിടിച്ച് ഖലീഫയായി ബൈഅത്ത് (പ്രതിജ്ഞ) ചെയ്യുകയും ചെയ്തു. രംഗം വീക്ഷിച്ചുകൊണ്ടിരുന്ന ഹ: അലി (റ) ഇപ്രകാരം കരുതാക്കീത് നല്കി 'നമ്മൾ ത മ്മിൽ ഭിന്നിക്കുന്ന ഒരു പ്രഥമദിവസം ഇന്നാ കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. അതു കൊണ്ട് ഞാൻ ക്ഷമിക്കുന്നു. അന്നു തന്നെ ത്വൽഹത്ത് (റ) സ്ഥലത്തെത്തി. ത്വൽഹ ത്തു് (റ) വിന്നുവേണ്ടി സ്ഥാനത്തുനിന്നു് ഒഴി വാകാൻ താൻ തയ്യാറാണെന്നു് ഹ: ഉസ്മാൻ(റ) അദ്ദേഹത്തെ അറിയിച്ചു. എല്ലാവരും ഉ സ്മാൻ (റ) യെ അംഗീകരിച്ചെന്നറിഞ്ഞ പ്പോൾ ത്വൽഹത്തു് (റ) വും അദ്ദേഹത്തിന്റെ കരങ്ങൾ പിടിച്ച് ബൈഅത്ത് ചെയ്തു. ഹി ജ്റാ 24-ാംവർഷം മുഹർറം 4-ാംതിയതി തിങ്ക ളാഴ്ചയായിരുന്നു അന്നു്.

മൂന്നാം ഖലീഫ

പേരും, ഗോത്രവും:—

അബൂഅബ്ദുല്ലാ (റ) അബൂഅംറ് (റ) എ ന്നീ ഓമന പേരുകളുള്ള മൂന്നാം ഖലീഫയുടെ യഥാർത്ഥനാമം ഉസ്മാൻ (റ) എന്നാണു്. ഖു ശൈയ്യൽകാർശി, അബ്ദുമനാഫ്, അ ബ്ദുശംസ്, ഉമയ്യത്ത്അബുൽആസ്, അ ഫാൻ, ഉസ്മാൻ എന്നിങ്ങനെ യാണു് അദ്ദേഹത്തിന്റെ പിതാവായ അഫാ ന്റെ വംശപരമ്പര. മാതാവായ അർവായു ടെ വംശപരമ്പര അബ്ദുമനാഫി ന്റെ മകൻ അബ്ദുശംസ്, ഹബീബ്, റബീഅത്ത്, കുരീസ് മകൾ അർവാ എ ന്നിങ്ങനെയാണു്. മൂന്നാം ഖലീഫയുടെ വം ശപരമ്പര നബി (സ) യുടെ വംശപരമ്പരയു മായി അടുത്ത ബന്ധമുണ്ടു്. അബ്ദുൽമുത്ത ലിബിന്റെ പുത്രനായ അബ്ദുല്ലാ (റ) യുടെ സഹോദരിയും, നബി (സ) യുടെ പിതൃസ ഹോദരിയുമായ ബൈസാഅ്ഉമ്മുൽഹകീം ആണു് ഹ:ഉസ്മാ (റ) വിന്റെ മാതാമഹി. നബി (സ) യുടെ രണ്ടുപെൺമക്കളെ ഒന്നിനു പുറകെ ഒന്നായി വിവാഹം ചെയ്തതിനാൽ ദു ന്നൂറൈനി എന്ന സ്ഥാനപ്പേരും അദ്ദേഹത്തി നു് ലഭിച്ചിട്ടുണ്ടു്.

അനിസ്ലാമികമായ കാലത്തും അനിതര സാധാരണമായ കഴിവും, സ്വാധീനശക്തി യും യുദ്ധം, ഭരണം എന്നിവകളെ ആസ്പദമാക്കി വ

ളരെ കീർത്തി ആർജ്ജിച്ചതുമായ ഒരു കുടുംബമായിരുന്ന അദ്ദേഹത്തിന്റേതു്. ബനൂഹാശിം എന്ന ഒരൊരു കുടുംബമാണു് ഇതിനു് തുല്യമായി അന്നുണ്ടായിരുന്നതു്. ഹ:ഉസ്മാ (റ) വിന്റെ പിതൃപിതാമഹനായ അബ്ദുശംസ് ഒരുന്നത ഖുറൈശിനേതാവായിരുന്നു. ബനൂഉമയ്യാ എന്ന കുടുംബത്തിലെ ഖലീഫമാർ അബ്ദുശംസിന്റെ പുത്രനായ ഉമയ്യത്തുമായി ബന്ധമുണ്ടായിരുന്നതുകൊണ്ടാണു് ബനൂഉമയ്യാ എന്നപേർ ലഭിച്ചതു്. ഖുറൈശികളുടെ പതാകയായ 'ഉകാബ്' ഈ കുടുംബത്തിന്റെ അധീനത്തിലായിരുന്നു. ഉമയ്യത്തിന്റെ പുത്രനായ ഹർബ്ആയിരുന്ന ഹിജാർ സമരത്തിൽ നായകത്വം വഹിച്ചതു്. ഇസ്‌ലാമിന്റെ ഒരു കടുത്ത എതിരാളിയായിരുന്ന ഉത്ത്ബത്തു ബ്നുമുഹീത്തും, ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പു് ബദർ യുദ്ധത്തിനുശേഷമുണ്ടായ എല്ലാ യുദ്ധങ്ങളിലും നബി (സ)യ്ക്കെതിരെ യുദ്ധംചെയ്ത ഖുറൈശിനേതാവായ ഹർബിന്റെ മകൻ അബൂസുഫിയാനും ഉമവിക്കുടുംബത്തിലെ അംഗങ്ങളാണു്.

ഹിജ്‌റയ്ക്കു് 47 വർഷം മുമ്പാണു് ഹ:ഉസ്മാൻ (റ)വിന്റെ ജനനം. അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളൊന്നും ചരിത്രം രേഖപ്പെടുത്തുന്നില്ല. ബാല്യകാലത്തുതന്നെ അറബ്ഭാഷയിൽ എഴുത്തും വായനയും അദ്ദേഹം അഭ്യസിച്ചിരുന്നുവെന്നു് പറയപ്പെടുന്നു. സത്യസന്ധത, ആത്മാർത്ഥത, വിശ്വസ്തത എന്നീ ഗുണങ്ങൾ അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു.

ഇസ്‌ലാമിലേക്കു്

ഹസ്രത്ത് ഉസ്മാൻ (റ) വിന്റെ 34-ാം വയസ്സിൽ "തൌഹീദിന്റെ" മുദ്രാവാക്യം മക്കാനഗരത്തിൽ മാറ്റൊലികൊണ്ടു. ഹ: ഉസ്മാൻ (റ) വിനു് തൌഹീദിനോടു് അനിഷ്ടമാണെങ്കിലും സത്യമാർഗ്ഗം സ്വീകരിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഹസ്രത്ത് അബൂബക്കർ (റ) ഇസ്‌ലാമതപ്രചരണത്തിനുവേണ്ടി തന്റെ മുഴുവൻ സമയവും ചിലവഴിച്ചു് പ്രവർത്തിക്കുകയായിരുന്നു. ഹ: അബൂബക്കർ (റ)വും, ഉസ്മാൻ (റ)വും ഉറ്റ ചങ്ങാതിമാരായിരുന്നു. അങ്ങനെയിരിക്കെ ഹത്തിന്റെ പ്രോണമൂലം ഒരു ദിവസം ഹ: ഉസ്മാൻ (റ) നബി (സ) യുടെ അടുക്കൽ പോയി ഇസ്‌ലാംമതം സ്വീകരിക്കാൻ തയ്യാറായി. അവർ രണ്ടു പേരും നബി (സ) യുടെ അടുക്കലേക്കു് പുറപ്പെടാൻ ഒരുങ്ങി നിൽക്കേ, അപ്രതീക്ഷിതമായി നബി (സ) അവിടെ എത്തി. നബി (സ) ഹസ്രത്ത് ഉസ്മാൻ (റ) നോടു് ഇപ്രകാരം ഉപദേശിച്ചു: 'ഉസ്മാൻ അല്ലാഹുവിന്റെ സന്ദേശത്തെ നീ സ്വീകരിക്കുക. ജനങ്ങളെ സന്മാർഗ്ഗത്തിലേക്കു് നയിക്കാൻ നിയോഗിക്കപ്പെട്ടവനാണു് ഞാൻ.' നബി (സ) യുടെ ഈ വാക്കുകളെ സംബന്ധിച്ചു് ഹ: ഉസ്മാൻ (റ) പറഞ്ഞതു്, 'നബിയുടെ വാക്കുകൾ എത്രയും ഫലവത്തായിരുന്നു. ഞാൻ സ്വയം ശരീരത്തു് കുത്തി ചൊല്ലുകയും, അവിടത്തെ കരങ്ങളെ പിടിച്ചുകൊണ്ടു് ഇസ്‌ലാമിലേക്കു് പ്രവേശിക്കുകയും ചെയ്തു.' അന്നു് ഉസ്മാൻ (റ) വിനു് മുപ്പത്തിനാലോ, മുപ്പത്തിഞ്ചോ വയസ്സു് പ്രായമായിരുന്നു, അപ്പോൾ. ഹസ്രത്ത് ഉസ്മാൻ (റ) വിന്റെ ബന്ധുജനവിഭാഗങ്ങൾ ഇസ്‌ലാമതത്തോടായിരുന്നുവെന്നും, അന്നാകട്ടെ റസൂലിന്റെ വിഷയത്തെ ഭയവിഭ്രാന്തിയോടുകൂടി വീക്ഷിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അതെന്നും നാം ഇവിടെ സൂചിപ്പിക്കേണ്ടതുണ്ടു്. എന്നാൽ ഹസ്രത്ത് ഉസ്മാൻ (റ) സധൈര്യം സത്യത്തിനു് വിധേയനായിത്തീരാൻ ബദ്ധപ്പെടുകയായിരുന്നു.

വിവാഹം

നബി (സ) യുടെ പുത്രിയായ ഹ: റുക്കിയ (റ) യെ വിവാഹം കഴിച്ചിരുന്നതു് അബൂലഹബിന്റെ പുത്രനായ ഉത്ബത്ത് ആയിരുന്നു. എന്നാൽ നബി (സ) യുടെ ഇസ്‌ലാംമതപ്രചരണം അബൂലഹബിനെ രോഷാകുലനാക്കുകയും, ഹ: റുക്കിയ (റ) യുമായുള്ള പുത്രന്റെ വിവാഹബന്ധം വേർപ്പെടുത്തുകയും ചെയ്തു. പിന്നീടു് ഹ: റുക്കിയ (റ) യെ വിവാഹം കഴിക്കാനുള്ള ഭാഗ്യം സിദ്ധിച്ചതു് ഹ: ഉസ്മാൻ (റ) വിനായിരുന്നു.

അബ്‌സീനിയായിലേക്കു്

ഇസ്‌ലാമിന്റെ വളച്ചു് ഖുറൈശികളെ ഭ്രാന്തു പിടിപ്പിച്ചു. ഹ: ഉസ്മാൻ (റ) വിന്റെ പ്രതാപത്തേയും, കുടുംബമഹിമയേയും അവഗണിച്ചുകൊണ്ടു് സാധാരണ മുസ്‌ലിംകളെ പോലെ അദ്ദേഹം ഖുറൈശികളുടെ കടുത്ത അക്രമങ്ങൾക്കു് വിധേയനായി, അദ്ദേഹത്തിന്റെ പിതൃവ്യൻ പോലും അദ്ദേഹത്തെ വീട്ടിൽ ബന്ധനസ്ഥനാക്കി മർദ്ദനങ്ങൾക്കു് വിധേയനാക്കി. ഖുറൈശികളുടെ ഉപദ്രവങ്ങൾ സഹിക്കവയ്യാതായപ്പോൾ റസൂലിന്റെ ആജ്ഞ അനുസരിച്ചു് അദ്ദേഹം ഭാര്യാസമേതം അബ്‌സീനിയായിലേക്കു് യാത്രപുറപ്പെട്ടു. മക്കയിൽനിന്നു്, നാടിനേയും, നാട്ടുകാരേയും ഉപേക്ഷിച്ചു് മറുനാട്ടിലേക്കു് പോയ ആദ്യസംഘം ഇവരായിരുന്നു. കുറെ നാളത്തേക്കു് ഇവരെപ്പറ്റി യാതൊരു വിവരവും ലഭിക്കാതിരുന്നതിനാൽ നബി (സ) വളരെ വിഷമിച്ചു. ഒരു ദിവസം ഒരു സ്ത്രീ നബി (സ) യുടെ അടുക്കൽ വന്നു്, താൻ ഹ: ഉസ്മാൻ(റ) യേയും, ഹ റുഖിയ (റ) യേയും കണ്ടതായ സന്തോഷവാർത്ത അറിയിച്ചപ്പോൾ നബി (സ) പറഞ്ഞതു് ഇപ്രകാരമായിരുന്നു. 'എന്റെ സമുദായത്തിൽനിന്നു് ഭാര്യാസമേതം പ്രയാണം ചെയ്തവരിൽ ആദ്യത്തെ ആൾ ഉസ്മാൻ ആകുന്നു.' ഹ: ഉസ്മാൻ (റ) അബ്‌സീനിയായിൽ കുറെ കാലം താമസിച്ചു. ആയിടക്കു് ഖുറൈശികളിൽ വളരെ പേർ ഇസ്‌ലാംമതം സ്വീകരിച്ചു എന്ന ഒരു വാർത്ത പ്രചരിച്ചതിനാൽ അദ്ദേഹം കുറെ സഹാബികളോടുകൂടി മക്കയിലേക്കു് തിരിച്ചു. നാട്ടിലെത്തിയപ്പോൾ വാർത്ത തെറ്റായിരുന്നെന്നു് മനസ്സിലായതിന്റെ പേരിൽ സഹാബികളിൽ ചിലർ അബ്‌സീനിയായിലേക്കു് തന്നെ മടങ്ങി. പക്ഷെ ഹ: ഉസ്മാൻ (റ) മക്കയിൽ തന്നെ താമസിച്ചു.

മദീനയിലേക്കു്

മദീനയിലേക്കു് ഹിജ്‌റചെയ്വാനുള്ള ഒരുക്കങ്ങൾ എടുക്കുന്ന അവസരം. നബി (സ) യുടെ കല്പന അനുസരിച്ചു് ഹ: ഉസ്മാൻ (റ) വും കുടുംബവും മദീനയിലേക്കു് പോവുകയും, അവിടെ സാബിത്ത് (റ) വിന്റെ പുത്രനായ ഔസ് (റ) വിന്റെ കൂടെ താമസിക്കുകയും ചെയ്തു. ഹ: ഉസ്മാൻ (റ) ന്റെയും ഹ: ഔസി (റ) ന്റെയും ബന്ധം വളരെ ദൃഢമായിരുന്നു. ആത്മാർത്ഥമായ, നിഷ്കളങ്കമായ ഒരു ബന്ധമായിരുന്നു അവരുടേതു്. ഹ: ഉസ്മാൻ (റ) വിന്റെ രക്തസാക്ഷിത്വം മൂലം സാബിത്ത് (റ) വിന്റെ പുത്രനായ ഹസ്സാൻ ജീവിതം മുഴുവൻ ദു:ഖിതനായി കഴിച്ചുകൂട്ടുകയും, വിലാപകാവ്യങ്ങളെഴുതി തന്റെ ദു:ഖം പ്രകടിപ്പിക്കുകയും ചെയ്തു സംഭവം അവരിരുവരുടേയും കുടുംബമൈത്രി എത്ര ദൃഢതരമായിരുന്നുവെന്നു് തെളിയിക്കുന്നു.

ആദ്യത്തെ ഔദാര്യം

മദീനാപട്ടണത്തിൽ ശുദ്ധജലം കിട്ടുന്ന ഒരേ ഒരു കിണറേ ഉണ്ടായിരുന്നുള്ളു. റൂമത്ത്കിണർ. അതിന്റെ ഉടമയായ യഹൂദൻ

അതൊരു വരുമാനമാർഗ്ഗമായി ഉപയോഗിക്കാൻ തീരുമാനിച്ചു. ഇതുമൂലം മദീനയിൽ താമസമാക്കിയ സഹാബികൾക്കു വളരെ വിഷമിച്ചു. ഹ: ഉസ്മാൻ (റ) വളരെ പണിപ്പെട്ട് അതിന്റെ പകുതി അവകാശം 12000 വെള്ളിനാണയത്തിനു് യഹൂദനിൽനിന്നു് വിലക്കു് വാങ്ങി. ഒരു ദിവസത്തെ വെള്ളം ഹ: ഉസ്മാൻ (റ) വിനും അടുത്തദിവസത്തെ യഹൂദനും—ഇതായിരുന്നു കരാർ. എന്നാൽ ഹ: ഉസ്മാൻ (റ) വിനു് അവകാശപ്പെട്ട ദിവസം, മുസ്‌ലിംകൾ രണ്ടു ദിവസത്തേക്കു് കൂടിയുള്ള വെള്ളം ശേഖരിച്ചു തുടങ്ങിയപ്പോൾ യഹൂദനു് തന്റെ അവകാശം ഫലശൂന്യമാണെന്നു് മനസ്സിലാവുകയും, തന്റെ അദ്ധ്വകാശം ഹ: ഉസ്മാൻ (റ) വിനു് കൊടുക്കാൻ തീച്ചുപ്പെടുത്തുകയും ചെയ്തു. ഹ: ഉസ്മാൻ (റ) 8000 വെള്ളി നാണയത്തിനു് ഭൂമിയെ വിലക്കു വാങ്ങി പൊതുസ്വത്താക്കി. ഇതായിരുന്നു ഇസ്‌ലാമിനു വേണ്ടിയുള്ള ഹസ്രത്തു് ഉസ്മാൻ (റ) വിന്റെ ആദ്യത്തെ ഔദാര്യം.

യുദ്ധങ്ങൾ

മദീനയിലേക്കു പോയിട്ടും മക്കായിലെ ശത്രുക്കൾ മുസ്‌ലിംകളെ പല വിധത്തിലും ഉപദ്രവിച്ചുകൊണ്ടിരുന്നു. ഇസ്‌ലാമിന്റെ ശക്തിയായ വളർച്ചയെ ആയുധങ്ങൾകൊണ്ടു് ഖുറൈശികൾ എതിർത്തു. ഹിജ്രാബ്ദം 4-ാംവർഷം മുതൽ മക്കാവിജയം വരെ രക്തപ്പുഴ തന്നെ സൃഷ്ടിച്ച പല യുദ്ധങ്ങളും നടന്നു. ഹ: ഉസ്മാൻ (റ) വിനു് സമരപരിചയമില്ലായിരുന്നെങ്കിലും നബി (സ) യുടെ സത്യമാർഗ്ഗം പ്രചരിപ്പിക്കാൻ ജീവൻ ബലിയർപ്പിക്കാൻ പോലും അദ്ദേഹം സന്നദ്ധനായിരുന്നു.

ബദർ യുദ്ധവും രണ്ടാം വിവാഹവും

മുസ്‌ലിംകളും, അമുസ്‌ലിംകളും തമ്മിലുണ്ടായ പ്രഥമവും, സംഭവബഹുലവുമായ ബദർ യുദ്ധത്തിൽ ഹ: ഉസ്മാൻ (റ) വിനു് പങ്കെടുക്കാൻ കഴിഞ്ഞില്ല. ഹ: റുക്കിയ (റ) രോഗബാധിതയായതിനാൽ മദീനയിൽ തന്നെ താമസിച്ചു് അവരെ പരിചരിക്കാൻ നബി (സ) അനുവാദം നല്കിയതായിരുന്നു അതിനു കാരണമെന്നു് മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. യുദ്ധത്തിൽ പങ്കെടുത്തില്ലെങ്കിലും അതിന്റെ പ്രതിഫലവും ഗനീമത്തു് മുതലിന്റെ പങ്കും അദ്ദേഹത്തിനും ലഭിക്കുമെന്നു് നബി (സ) വാഗ്ദാനം ചെയ്തിരുന്നു. നബി (സ) തന്റെ 317 സഹാബികളോടുകൂടി ബദറിലേക്കു പുറപ്പെട്ടു. ഹ: റുക്കിയ (റ) യുടെ രോഗം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ കല്പനക്കുണ്ടോ മാറ്റം? അപ്രതീക്ഷിതമായി ഹ: ഉസ്മാൻ (റ) വീട്ടിൽനിന്നു് പുറത്തേക്കു് പോയ അവസരത്തിൽ ഹ: റുക്കിയ (റ) യുടെ ശ്വാസം എന്നന്നേക്കുമായി നിലച്ചു. (ഇന്നാലില്ലാഹി....)

ഹ: റുക്കിയ (റ) യുടെ മരണം വെറുമൊരു സാധാരണസംഭവമായിരുന്നില്ല. ഹ: ഉസ്മാൻ (റ), ഉസാമത്തുബ്നുസൈദ് (റ) വിന്റെ സഹായത്താൽ മയ്യത്തു് മറവു ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, ഹാരിസത്തു് (റ) വിന്റെ പുത്രനായ സയിദ (റ) ബദർ വിജയത്തിൽ ആഹ്ലാദഭരിതനായി തക്ബീർ ചൊല്ലിക്കൊണ്ടു് ഒട്ടകത്തിൽ കയറി വരുന്ന കാഴ്ചയാണു് അവർ കണ്ടതു്. തന്റെ പ്രാണപ്രേയസിയുടെ മരണവും, ബദർയുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലല്ലൊ എന്നുള്ള ചിന്തയും അദ്ദേഹത്തെ വല്ലാതെ ദുഃഖിതനാക്കി. ഹ: ഉമർ (റ) പല വിധത്തിലും അദ്ദേഹത്തെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. നബി (സ) യുടെ ആജ്ഞ അനുസരിച്ചാണു് അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുക്കാതിരുന്നതു്. ഹ: റുക്കിയ (റ) യെ പരിചരിക്കാൻവേണ്ടി നബി (സ) അദ്ദേഹത്തെ ഒഴിവാക്കിയ

തായിരുന്നല്ലോ. അതുകൊണ്ട്, ഹ: ഉസ്മാൻ (റ) വിനേയും ബദറിലെ യോദ്ധാവായി പ്രഖ്യാപിക്കുകയും, യുദ്ധത്തിൽ പങ്കെടുത്ത പടയാളിക്ക് ലഭിക്കേണ്ട സംഖ്യ നല്കുകയും ചെയ്തു. ഹ: ഉസ്മാൻ (റ) വിന്റെ മറ്റൊരു വ്യസനം തന്റെ ഭാര്യയുടെ മരണത്തോടുകൂടി തനിക്ക് റസൂലിന്റെ കുടുംബവുമായുള്ള ബന്ധം നശിക്കുമല്ലോ, എന്നുള്ളതായിരുന്നു. എന്നാൽ നബി (സ) തന്റെ രണ്ടാമത്തെ മകളായ ഹ: ഉമ്മുക്കുൽസും (റ) വിനെ ഹ: ഉസ്മാൻ (റ) വിനു് വിവാഹം ചെയ്തു കൊടുത്തു് കുടുംബബന്ധം പുനഃസ്ഥാപിച്ചു. പിന്നീടുണ്ടായ എല്ലാ യുദ്ധങ്ങളിലും ഹ: ഉസ്മാൻ (റ) തന്റേടത്തോടും, ആത്മധൈര്യത്തോടുംകൂടി റസൂലിനോടൊത്തു് യുദ്ധം ചെയ്തിട്ടുണ്ടു്.

ഉഹ്ദു് യുദ്ധം

ഹിജ്റാ മൂന്നാംവർഷത്തിലെ ശവ്വാൽ മാസത്തിൽ ഉണ്ടായ ഉഹ്ദുയുദ്ധത്തിൽ മുസ്‌ലിംകൾ ശത്രുക്കളെ പരാജയപ്പെടുത്തി. എന്നാൽ പുറകിലുണ്ടായിരുന്ന മുസ്‌ലിം പടയാളികൾ ഗനീമത്തു് ശേഖരിക്കുന്നതിനായി സ്ഥലം വിട്ട തക്കം നോക്കി ശത്രുക്കൾ പിന്നിൽക്കൂടി മുസ്‌ലിംകളെ ആക്രമിച്ചു. പെട്ടെന്നുണ്ടായ ഈ ആക്രമണത്തിൽ മുസ്‌ലിംഭടന്മാർ അവിടവിടെയായി ചിന്നിച്ചിതറി. നബി (സ) മരണപ്പെട്ട എന്നൊരു കിംവദന്തിയും ശത്രുക്കൾ പറഞ്ഞുണ്ടാക്കി. എല്ലാം കൂടി സഹാബികൾ വല്ലാതെ നിരാശരായി. ഹ: ഉസ്മാൻ (റ) വും വളരെ ദുഃഖിതനായി. പരിഭ്രമത്തോടെയാണെങ്കിലും അദ്ദേഹവും, വേറെ ഏതാനും അനുയായികളും ഉറച്ചു തന്നെ നിന്നു. ആ അവസരത്തിൽ ഏതാനും ചിലരുടെ അശ്രദ്ധനിമിത്തം സംഭവിച്ച തെറ്റിനു് അല്ലാഹു അവർക്കു് മാപ്പു നല്കിക്കൊണ്ടുള്ള സന്തോഷവാർത്തയും ഉണ്ടായി.

ദാത്തുർ റിക്കാഅ്—ഖന്തക്കു് യുദ്ധങ്ങൾ

ഹിജ്റാ 4-ാംവർഷത്തിലാണു് ദാത്തുർ റിക്കാഅ് യുദ്ധം ഉണ്ടായതു്. നബി (സ) ഹ: ഉസ്മാൻ (റ) വിനെ മദീനയിൽ തന്നെ താമസിപ്പിച്ചു. നബി (സ) ഈ യുദ്ധത്തിൽ സജീവമായി പങ്കെടുത്തു. ഖന്തക്കു് യുദ്ധം ഉണ്ടായതു് ഹിജ്റാ 5-ാംവർഷത്തിലാണു്. ഹ: ഉസ്മാൻ (റ) നബി (സ) യോടൊത്തു് ഈ യുദ്ധത്തിൽ പങ്കെടുത്തു. ഹിജ്റാ 6-ാംവർഷത്തിലാണു് നബി (സ) കഅ്ബാ സന്ദർശിക്കുവാനായിട്ടു് പുറപ്പെട്ടതു്. ഹുദൈബിയായിൽ എത്തിയപ്പോൾ മുശ്രിക്കുകൾ റസൂലിനെ തടയാൻ പരിപാടിയിട്ടിട്ടുള്ളതായി വിശ്വസ്തനബിക്കു് വിവരം കിട്ടി. എന്നാൽ അവരുമായി യുദ്ധം ചെയ്യുന്നതിനു പകരം, സന്ധിയുണ്ടാക്കാനായി നബി (സ) ഹ: ഉസ്മാൻ (റ) വിനെ എല്പിക്കുകയാണുണ്ടായതു്.

പ്രതിജ്ഞ

നബി (സ) യുടെ കല്പന അനുസരിച്ചു് മക്കായിൽ എത്തിയ ഹ: ഉസ്മാൻ (റ) വിനെ ഖുറൈശികൾ ബന്ധനസ്ഥനാക്കി. കുറെ ദിവസത്തേക്കു് അദ്ദേഹത്തെപ്പറ്റിയുള്ള യാതൊരു വിവരവും ലഭിച്ചില്ല. മാത്രമല്ല, ഹ: ഉസ്മാൻ (റ) മരണപ്പെട്ടു എന്ന ഒരു വാർത്തയും പരന്നു. ഹ: ഉസ്മാൻ (റ) വിനെ വധിച്ചവരോടു് പ്രതികാരം ചെയ്വാൻ തയ്യാറുള്ള 1400 പേരിൽനിന്നും ഒരു വൃക്ഷത്തണലിൽ വെച്ചു നബി (സ) ഒരു കരാർ വാങ്ങി. നബി (സ) തന്റെ ഒരു കയ്യിൽ മറേറ കൈ വെച്ചു് കരാർ ചെയ്ത സംഭവം ഹ: ഉസ്മാൻ (റ) വിന്റെ ശ്രേഷ്ഠതയെ വർദ്ധിപ്പിച്ചു. ഈ സംഭവത്തെപ്പറ്റി അബ്ദുല്ലാഹിബ്നു ഉമർ (റ) തന്നെ സമീപിച്ചു് സംശയം പ്രകടിപ്പിച്ച ഒരു ഖാരിജിയോടു് പറഞ്ഞ വാചകം ശ്രദ്ധേയമാണു്. 'ഹസ്തുതു് ഉസ്മാൻ (റ)

വിന്റെ അഭാവത്താൽ ഏതൊരു കരമാണോ അദ്ദേഹത്തിനു പകരമായിരുന്നതു് അതിനേക്കാൾ പുണ്യമായ ഒരു കരവുമില്ല.' നബി (സ) യുടെ ഈ പ്രതിജ്ഞ ഹ: ഉസ്മാൻ (റ) വിനു് ലഭിച്ച ഏറ്റവും വലിയ ബഹുമതിയായിരുന്നു.

ഹ: ഉസ്മാൻ (റ) വിനു വേണ്ടിയുള്ള മുസ്‌ലിംകളുടെ പ്രതിജ്ഞ ഖുറൈശികളെ ഭയപ്പെടുത്തി. അവർ സന്ധിക്കു സമ്മതിച്ചു് ഹ: ഉസ്മാൻ (റ) വിനെ വിമോചിതനാക്കി. നബി (സ) യാകട്ടെ കഅ്ബ സന്ദർശിക്കാതെ സഖാക്കളോടൊത്തു് മദീനയിലേക്കുതന്നെ മടങ്ങി. ഹിജ്റ 7-ാം വർഷത്തിൽ ഖൈബറിൽ വെച്ചുണ്ടായ യുദ്ധത്തിലും, 8-ാം വർഷത്തിലെ മക്കാവിജയത്തിലും ഉഹ്ദിനെക്കാൾ യുദ്ധത്തിലും ഹ: ഉസ്മാൻ (റ) ധീരമായി പങ്കെടുത്തു.

തബൂക്കുയുദ്ധത്തിൽ ഹ: ഉസ്മാൻ (റ) വഹിച്ച പങ്കു്

റോമിലെ കൈസർ രാജാവു് അറബികളോടു് യുദ്ധത്തിനൊരുങ്ങി. ഹിജ്റ 9-ാം വർഷത്തിലാണതു്. നാട്ടിൽ വളരെ ക്ഷാമം അനുഭവപ്പെട്ടിരുന്ന കാലവും. കൈസറോടു് യുദ്ധം ചെയ്യാതിരിക്കാനൊക്കുമോ? നബി (സ) വളരെ വിഷമത്തിലായി സഹാബികളിൽ പലരും വൻതുകകളും നല്കി സഹായിച്ചു. ഈ അവസരത്തിലാണു് ഹ: ഉസ്മാൻ (റ) വിന്റെ വ്യാപാരസംഘം ശാം ദേശത്തുനിന്നു് മടങ്ങിവന്നതു്. കച്ചവടത്തിൽനിന്നു് കിട്ടിയ ലാഭത്തിൽനിന്നു് സൈന്യത്തിന്റെ മൂന്നിലൊരു ഭാഗത്തിന്റെ ചിലവു് വഹിക്കാൻ അദ്ദേഹം തയ്യാറായി. മുപ്പതിനായിരം കാലാൾ ഭടന്മാരും പതിനായിരം കുതിരപ്പടയാളികളും പങ്കെടുത്ത തബൂക്കു് യുദ്ധത്തിലെ പതിനായിരം ഭടന്മാർക്കു് വേണ്ട സകല യുദ്ധോപകരണങ്ങളും നല്കിയതു മുഴുവനും കൂടാതെ ഓരോ പടയാളിക്കും ഓരോ തോൽവാറും ഏർപ്പാടു ചെയ്തു. ആയിരം ഒട്ടകം, എഴുപതു കുതിര, ആയിരം തങ്കനാണയം മുതലായവ അദ്ദേഹത്തിന്റെ മറ്റു സഹായങ്ങളായിരുന്ന സന്തോഷത്താൽ റസൂൽ (സ) ഹ: ഉസ്മാൻ (റ) നല്കിയ തങ്കനാണയങ്ങളെ തന്റെ പരിശുദ്ധമായ കരംകൊണ്ടു വാരി മുകളിലോട്ടു് എറിഞ്ഞുകൊണ്ടു് ഇപ്രകാരം ആശീർവദിച്ചു: 'ഭാവിയിൽ ഉസ്മാന്റെ ഒരു കാര്യത്തിനും യാതൊരു ദോഷവും സംഭവിക്കുകയില്ല.'

ഹജ്ജത്തുൽ വിദാഅ്

റസൂലിന്റെ അവസാനത്തെ ഹജ്ജുകർമ്മത്തെയാണു് 'ഹജ്ജത്തുൽവിദാഅ്' എന്നു് അറിയപ്പെടുന്നതു്. ഹിജ്റ 10-ാം വർഷത്തിലായിരുന്ന അതു്. ഹ: ഉസ്മാൻ (റ) വും നബി (സ) യോടൊത്തു് ഈ ഹജ്ജിൽ പങ്കുകൊണ്ടിരുന്നു. ഹജ്ജു് കഴിഞ്ഞു് തിരിച്ചുവന്ന നബി (സ) ഹിജ്റ പതിനൊന്നാം വർഷത്തിലെ റബീഉൽഅവ്വൽമാസം ആദ്യത്തിൽ രോഗബാധിതനാവുകയും പന്ത്രണ്ടാംതിയ്യതി ഒരു തിങ്കളാഴ്ച ദിവസം പരലോകം പ്രാപിക്കുകയും ചെയ്തു. (ഇന്നാലില്ലാഹി.....)

നബി (സ) യുടെ മരണശേഷം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട അബൂബക്കർ (റ) വിന്റെ നിയമസമിതിയിലെ ഒരു അംഗം കൂടിയായിരുന്ന ഹ: ഉസ്മാൻ (റ). ഹ: ഉമർ (റ) വാണു് പിന്നീടു് ഖലീഫയായി സ്ഥാനാരോഹണം ചെയ്തതു്. ഹ: ഉസ്മാൻ (റ) വിന്റെ ബുദ്ധിശക്തി പ്രശംസനീയമാണു്. മരണത്തോടു് മല്ലടിച്ചുകൊണ്ടിരുന്ന ഹ: അബൂബക്കർ (റ) പറഞ്ഞുകൊടുത്ത വാക്കുകളും ഹ: ഉസ്മാൻ (റ) തന്റെ സഹസ്രങ്ങളാൽതന്നെ രേഖപ്പെടുത്തിക്കൊണ്ടിരുന്നു. ഖലീഫയുടെ പേരുമാത്രമേ എഴുതാനുണ്ടായിരുന്നുള്ളൂ. അപ്പോഴേക്കും ഹ: അബൂബക്കർ (റ) അബോധാവസ്ഥയി

ലായി. പക്ഷെ ഉസ്‌മാൻ (റ) തന്നെ ഖലീഫയുടെ പേർ രേഖപ്പെടുത്തി. ഹ: ഉമർ (റ) വിന്റെ പേരായിരുന്നു അദ്ദേഹം എഴുതിയതു്. ഹ: അബൂബക്കർ (റ) അബോധാവസ്ഥയിൽ നിന്നു് വിമുക്തനായപ്പോൾ എഴുതിയതു് വായിക്കാനായി ഹ: ഉസ്‌മാൻ (റ) വോടു് ആവശ്യപ്പെട്ടു. ഹ: ഉസ്‌മാൻ (റ) ഉമർ (റ) വിന്റെ പേർ വായിച്ചുകേട്ടപ്പോൾ ഹ: അബൂബക്കർ താനറിയാതെ തന്നെ 'അല്ലാഹു അക്‌ബർ' എന്നു പറഞ്ഞുപോയി. ഹ: ഉമർ (റ) വിന്റെ മരണശേഷമാണു് ഹ: ഉസ്‌മാൻ (റ) ഖലീഫയായി അവരോധിക്കപ്പെട്ടതു്.

യുദ്ധവിജയങ്ങൾ

ഫാറൂഖെഅഅ്‌സത്തിന്റെ ഭരണനീതി ഹ:ഉസ്മാൻ (റ) വിനു് ഭരിക്കാനുള്ള മാർഗ്ഗം സുഗമമാക്കിതീർത്തു. ഫാറൂഖെഅഅ്‌സം സിറിയ, ഈജിപ്തു്, ഇറാൻ എന്നീ രാജ്യങ്ങളെ തന്റെ സാമ്രാജ്യത്തോടു് ചേർത്തിരുന്നു. അദ്ദേഹത്തിന്റെ ഭരണതന്ത്രമായിരുന്ന ഹ:ഉസ്മാൻ(റ) അനുകരിച്ചിരുന്നതു്. ഹ:സഅ്‌ദിനെ കൂഫയിലെ ഗവണ്ണരായിരുന്ന മുഗീറത്തിനുപകരം നിയമിച്ചതായിരുന്ന ഹ:ഉസ്മാന്റെ ആദ്യത്തെ നടപടി. ഹ:ഉസ്‌മാൻ (റ) വിന്റെ അഭിപ്രായത്തെ മാനിച്ചുകൊണ്ടാണു് അദ്ദേഹം അതു് ചെയ്തതു്. ആയിടക്കു് ഹ:ഉമർ(റ) മരണപ്പെട്ടു. അദ്ദേഹത്തിന്റെ മരണത്തിൽ നിന്നു് മുതലെടുക്കാൻ ആസർബയിജാൻ, അർമേനിയ എന്നിവിടങ്ങളിലെ ജനങ്ങൾ തീരുമാനിച്ചു. അവർ നികുതി നിഷേധം ആരംഭിച്ചു. ഗത്യന്തരമില്ലാതെ വന്നപ്പോൾ ഹ:ഉസ്‌മാൻ (റ) അവിടങ്ങളിലേക്കു് സൈന്യത്തെ അയച്ചു. റോമക്കാരും യുദ്ധസന്നാഹം ആരംഭിച്ചപ്പോൾ അവിടേക്കും അദ്ദേഹം സൈന്യത്തെ നിയോഗിച്ചു. കൂടാതെ സിറിയായിലെ അമീർമുആവിയയെ സഹായിക്കാനായി 6000 ഭടന്മാരടങ്ങിയ ഒരു സൈന്യത്തെ അദ്ദേഹം സിറിയയിലേക്കയച്ചു. സൽമാൻ (റ) വായിരുന്നു അതിനു് നേതൃത്വം നല്കിയതു്. ഈജിപ്തിലെ ഗവണ്ണരായിരുന്നതു് അംറുബ്‌നു ആസി (റ) വായിരുന്നു. അബ്ദുല്ലഇബ്‌നുഅബീസർഹിം (റ) വിന്റെ അധീനത്തിൽ ഈജിപ്തിൽ കുറച്ചു് സ്ഥലം ഉണ്ടായിരുന്നു. സുബൈർ (റ) വിന്റെ പേരിലായിരുന്ന പ്രസ്തുത സ്ഥലം. ഈജിപ്തിൽനിന്നു് കിട്ടുന്ന നികുതിയിൽനിന്നു് ഒരു ഭാഗം ഖിലാഫത്തു് ഡർബാറിലേക്കു് അവർ അയച്ചുകൊണ്ടിരുന്നു. നികുതിക്കുറവിനെ സംബന്ധിച്ച പരാതികൾ വളരെ മുമ്പേതന്നെ ഉണ്ടായിരുന്നു. നികുതി വർദ്ധിപ്പിക്കണമെന്നു് ഉസ്‌മാൻ (റ) ഈജിപ്തിലെ ഗവണ്ണരായ അംറുബ്‌നുആസ് (റ) വിനു എഴുതി. വളരെ പരിഹാസ്യമായ ഒരു മറുപടിയാണു് ഗവണ്ണർ അതിനു് നല്കിയതു്. 'ഒട്ടകത്തിനു് ഇതിൽ കൂടുതൽ പാൽ തരാൻ കഴിയുന്നില്ല' എന്നായിരുന്നു മറുപടി. ഇക്കാരണത്താൽ ഹ: ഉസ്‌മാൻ (റ) ഗവണ്ണരെ പിരിച്ചുവിട്ടു. അബീസർഹിം (റ) വിന്റെ പുത്രനായ അബ്ദുള്ള (റ) യെ ആണു് അദ്ദേഹം തൽസ്ഥാനം ഏല്പിച്ചതു്. അംറുബ്‌നുആസി (റ) യെ പിരിച്ചുവിട്ടതു് ജനങ്ങളിൽ ഒരുവിധത്തിൽ ഇഷ്ടപ്പെട്ടെങ്കിലും അതിൽനിന്നു് മുതലെടുത്തു് വിപ്ലവമുണ്ടാക്കാൻ ശത്രുക്കൾ ശ്രമിച്ചു

അലക്‌സാണ്ഡ്രിയ സൈന്യം ഈജിപ്തിനെ ആക്രമിച്ചു. ഹിജ്‌റാ 25_ാം വർഷത്തിലായിരുന്നു അതു്. ഭരണതന്ത്രജ്ഞൻ നല്ലതുപോലെ അറിയാമായിരുന്ന അംറുബ്‌നുആസി (റ) വിനെ തന്നെ വീണ്ടും ഈജിപ്തിലെ ഗവണ്ണരായി ഹ: ഉസ്‌മാൻ (റ) നിയോഗിച്ചു. അദ്ദേഹത്തിന്റെ ഭരണനയം രാജ്യത്തിലെ ക-

ലഹങ്കർക്ക് അയതിവരുത്തി. ക്രമേണ സൈന്യത്തിന്റെ പൂമതല അംറുബ്നുആസി (റ) വിനും, സമ്പത്തിന്റെ പൂമതല അബ്ദുല്ലാഹി ബ്നുസറഹി (റ) വിനും നല്കാൻ ഹ: ഉസ്മാൻ (റ) തീരുമാനിച്ചെങ്കിലും അംറുബ്നുആസ് (റ) പ്രസ്തുത ഉദ്യോഗം സ്വീകരിക്കാൻ വിസമ്മതിച്ചു. യഅക്കൂബി എഴുതിയിരിക്കുന്നതിങ്ങനെയാണ്. അംറുബ്നുആസ് (റ) ശത്രുക്കളുടെ ഭാര്യമാരേയും അടിമകളാക്കിയിരുന്നതിനെ ഹ: ഉസ്മാൻ (റ) എതിർക്കുകയും അവരെ മോചിപ്പിക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. രണ്ടുകൊല്ലംകൂടി അദ്ദേഹം ഈജിപ്തിലെ ഗവണ്ണറായി തുടർന്നു.

ഹിജറാ 25-ാം വർഷത്തിൽതന്നെ അബ്ദുല്ലാഹിബ്നുസറഹി (റ) വിനെ ടിപ്പോളിയായിലെ ഗവണ്ണറായി നിയമിച്ചു. സിറിയ അതുത്തിയിലുള്ള രണ്ടു റോമൻ കോട്ടകളും അമീർമുആവിയ (റ) പിടിച്ചെടുത്തതും ഈ വർഷത്തിലായിരുന്നു.

കൂഫയിലെ ഗവണ്ണറായ സഅദുബ്നുഅബീവക്കാസി (റ) വിനെ തൽസ്ഥാനത്തുനിന്നു മാറ്റിയതാണ് ഹി: 26-ാം വർഷത്തിലെ പ്രധാന സംഭവം. ഹ: സഅദ് (റ) ഖജനാവിൽനിന്നും ഒരു വലിയ സംഖ്യ കടം വാങ്ങിയിരുന്നു. തുക തല്ക്കാലം മടക്കിഅടക്കാൻ നിവൃത്തിയില്ലെന്നു അദ്ദേഹം ഖജനാ ഉദ്യോഗസ്ഥനായ അബ്ദുല്ലാഇബ്നുമസ്ഊദി (റ) വിനെ അറിയിച്ചു. ഈ സംഭവത്തെപ്പറ്റി അവർ തമ്മിൽ വാക്കേറ്റമുണ്ടായി. ഈ വിവരം ഹ: ഉസ്മാൻ (റ) അറിഞ്ഞപ്പോൾ ബൈത്തുൽമാലിൽനിന്നും ഇപ്രകാരം ദുർവ്യയം ചെയ്യുന്നതു നിർത്തലാക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഹ: ഉസ്മാൻ (റ) സഅദുബ്നുഅബീവക്കാസി (റ) വിനെ ഉദ്യോഗത്തിൽനിന്നും മാറ്റി. പകരം ഉക്ബത്തു (റ)വിന്റെ പുത്രനും ഹ: ഉസ്മാൻ (റ) വിന്റെ ഉമ്മവഴിക്കുള്ള ഒരു സഹോദരനുമായ വലീദ് ബ്നുഉഖ്ബാ (റ) യെ കൂഫയിലെ ഗവണ്ണറാക്കി നിയമിച്ചു. ഖജനാ ഉദ്യോഗസ്ഥനായ അബ്ദുല്ലാഹിബ്നുമസ്ഊദി (റ) വിന്റെ നേരെയും ഈ സംഭവത്തെപ്പറ്റി ഹ: ഉസ്മാൻ (റ) വിനു അതൃപ്തി ഉണ്ടായിരുന്നു. പക്ഷെ മനഃപൂർവ്വം ചെയ്യാത്ത ഒരു തെറ്റായതുകൊണ്ട് അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നും മാറ്റിയില്ല. ഈജിപ്തിലെ രണ്ടു ഉദ്യോഗസ്ഥന്മാരായ അബ്ദുല്ലാഹിബ്നഅബീസറഹും, അംറുബ്നുആസി(റ)യും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. സൈന്യത്തിന്റെയും, സമ്പത്തിന്റേയും അധികാരങ്ങളാണ് അവർ തർക്കിച്ചതു്. പ്രശ്നം ഖലീഫയുടെ അടുക്കലെത്തി. അന്വേഷണത്തിന്റെ ഫലമായി അംറുബ്നുആസി (റ) കുറക്കാരനാണെന്നു കാണുകയും, അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിടുകയും ചെയ്തു. അബ്ദുല്ലായെ സർവ്വാധികാരങ്ങളും നല്കി ഈജിപ്തിലെ ഗവണ്ണറാക്കി. അംറുബ്നുആസ് (റ) നിരാശനായി മദീനയിലേക്ക് തിരിച്ചുപോന്നു. അബ്ദുല്ലാഹിബ്നുസറഹ് (റ) പുതിയ ഉദ്യോഗം ഏറ്റതിനുശേഷം രണ്ടുലക്ഷംമാത്രമുണ്ടായിരുന്ന നികുതി വരവ് നാലുലക്ഷമായി വർദ്ധിച്ചു. ഈ നികുതി വർദ്ധനവിനെപ്പറ്റി ഹ: ഉസ്മാൻ(റ) അഭിമാനത്തോടുകൂടി അംറുബ്നുആസി (റ) വിനോടു് പറഞ്ഞു 'നോക്കൂ ഇപ്പോൾ ഒട്ടകത്തിനു് പാലുണ്ടു്.' ഇതുകേട്ട അംറ് (റ) വിന്റെ മറുപടി 'പാലു ലഭിക്കുന്നതു ശരിതന്നെ. കുട്ടികളെല്ലാം പട്ടിണിയായിരിക്കും' എന്നായിരുന്നു.

ത്രിപ്പോളിയുദ്ധം

ത്രിപ്പോളിയിൽ യുദ്ധം ആരംഭിക്കുന്ന സമയത്തു് ഈജിപ്തിലെ ഗവണ്ണർ അബ്ദുല്ലാഹി

ബ്‌നു അബീസറഹ് (റ) വായിരുന്നു. ഹിജ്‌റ 25-ാം വർഷത്തിൽതന്നെ യുദ്ധത്തിന്റെ ആരംഭം കുറിച്ചെങ്കിലും 27-ാം വർഷത്തിലാണ് ഖലീഫ അങ്ങോട്ട് സൈന്യത്തെ അയച്ചതു്. മുസ്‌ലിം ഭടന്മാരുടെ ആത്മധൈര്യത്തിന്റേയും ത്യാഗത്തിന്റേയും മുമ്പിൽ ശത്രുക്കളുടെ വീര്യവും ധൈര്യവും കെട്ട് നിശ്ചലരായി നില്ക്കേണ്ടിവന്നു. അബ്ദുല്ലാഹിബ്‌നു അബീസറഹ് (റ) സൈന്യത്തെ വിഭജിച്ച് പല ഭാഗങ്ങളിലേക്കും നിയോഗിച്ചു. പരാജയം ബോദ്ധ്യം വന്ന ശത്രുക്കൾ ഗവർണ്ണരുമായി സന്ധിചെയ്യാൻ സമ്മതിച്ചു. ഇരുപത്തിഅഞ്ച് ലക്ഷം തങ്കനാണയം നഷ്ടപരിഹാരം നല്കാമെന്നുള്ളതായിരുന്നു ഉടമ്പടി.

ആഫ്രിക്കായുദ്ധം

ഹിജ്‌റ 26-ാം വർഷത്തിലാണ് ആഫ്രിക്കായുദ്ധം. അബ്ദുല്ലാഹിബ്‌നുസുബൈർ (റ) വിന്റെ യുദ്ധതന്ത്രവും, ധൈര്യവും ശത്രുക്കളെ കീഴടക്കി. പല ഉഗ്രസംഘട്ടനങ്ങളും ഈ വർഷത്തിൽ നടന്നു. ഇസ്‌ലാമിന്നു് വമ്പിച്ച വിജയം കൈവരികയും, യുദ്ധം ചെയ്തു് നേടിയെടുത്ത സ്ഥലങ്ങൾ ഇസ്‌ലാം സാമ്രാജ്യത്തോടു് ചേർക്കുകയും ചെയ്തു.

സ്പെയിനിലേക്കു്

ആഫ്രിക്കയിൽ ഇസ്‌ലാം നേടിയ വിജയം സ്പെയിനിലേക്കുള്ള വഴി സുഗമമാക്കിത്തീർത്തു. അബ്ദുല്ലാഹിബ്‌നുനാഫിഅ് (റ), ഹസ്സീനിന്റെ പൗത്രനായ അബ്ദുല്ലാ (റ) എന്നിവരുടെ നേതൃത്വത്തിൽ ഖലീഫ അങ്ങോട്ട് സൈന്യത്തെ അയച്ചു. പക്ഷെ, പരിപൂർണ്ണമായ വിജയം കൈവരിക്കാൻ കഴിഞ്ഞില്ല. നാഫിഇന്റെ പുത്രനായ അബ്ദുല്ലാ (റ) യെ ആഫ്രിക്കയിൽ ഭരണാധികാരിയാക്കുകയും, സറഫ് (റ) വിനെ ഈജിപ്തിലേക്കു് മടക്കുകയും ചെയ്തു.

ഗവർണ്ണർക്കു് സമ്മാനം

ഹ: ഉസ്മാൻ (റ) അബ്ദുല്ലാഹിബ്‌നു സറഫ് (റ) യുമായി ഒരു കരാറുണ്ടായിരുന്നു. ആഫ്രിക്കയിൽനിന്നു് നേടുന്ന സ്വത്തിന്റെ അഞ്ചിൽ ഒരു ഭാഗം അബ്ദുല്ലാഹിബ്‌നുസറഫ് (റ) വിനു് കൊടുത്തുകൊള്ളാമെന്നായിരുന്നു ഖലീഫയുടെ വാഗ്ദത്തം. കരാർ അനുസരിച്ച് ഹ: ഉസ്മാൻ (റ) ക്കു കിട്ടിയ ധനത്തിന്റെ അഞ്ചിലൊരുഭാഗം അബ്ദുല്ലാ (റ) ക്കു് നൽകി. പക്ഷെ അബ്ദുല്ലാ (റ) ക്കു് കൊടുത്ത ഈ പാരിതോഷികത്തെ സംബന്ധിച്ച് ജനങ്ങളിൽ അതൃപ്തിയുണ്ടെന്നറിഞ്ഞപ്പോൾ ഖലീഫ കൊടുത്ത ധനം തിരികെ ആവശ്യപ്പെടുകയും അബ്ദുല്ലാ (റ) മടക്കികൊടുക്കുകയും ചെയ്തു. തന്റെ നിരപരാധിത്വം ഖലീഫ അബ്ദുള്ളാ (റ) യോടു് തുറന്നുപറഞ്ഞു.

ഈ സംഭവത്തെ കുറിച്ച് വേറെയും പല അഭിപ്രായങ്ങളും പണ്ഡിതന്മാർക്കിടയിലുണ്ടു്. ഒരഭിപ്രായം: ആഫ്രിക്കയിൽനിന്നു് ലഭിച്ച ധനത്തിന്റെ അഞ്ചിലൊരു ഭാഗം ഗവർണ്ണർ മദീനത്തേക്കു് അയച്ചെന്നും, ഹ: ഉസ്മാൻ (റ) ആ ധനത്തെ മറുവാൻ മുഖേന അഞ്ചുലക്ഷം തങ്കനാണയത്തിനു് വിറ്റുവെന്നുമാണു്. ഹ: ഉസ്മാൻ (റ) ഗവർണ്ണർക്കു് നല്കിയതു് തുർപ്പാളിയിൽനിന്നും ലഭിച്ച തുകയുടെ അഞ്ചിലൊന്നാണെന്നും, മറുവാൻ മുഖാന്തിരം അയച്ചതു് ആഫ്രിക്കയിൽനിന്നു് സമ്പാദിച്ച ഗനീമത്തിന്റെ അഞ്ചിലൊന്നാണെന്നുമാണു് മറ്റൊരഭിപ്രായം.

കബ്രുസുവിജയം

ഇപ്പോഴത്തെ സൈപ്രസ്സു് എന്ന രാജ്യമാണു് പണ്ടു് കബ്രുസ്സു എന്ന പേരിൽ അറിയപ്പെട്ടിരുന്നതു്. റോമാ സമുദ്രത്തിൽ സിറിയയോടടുത്ത ഫലസമൃദ്ധമായ ഒരു ദ്വീപാണു് കബ്രുസ്സു. റോമിൽക്കൂടി ഈജിപ്തു്, സി

റിയ എന്നീ രാജ്യങ്ങളെ കീഴടക്കാൻ സൗകര്യപ്രദമായ ഒരു കവാടം കൂടിയായിരുന്ന അതു്. സൈപ്രസ്സ് ആക്രമിച്ച് കീഴടക്കാത്തിടത്തോളം കാലം ഈജിപ്തിന്റെയും സിറിയയുടെയും ഭാവി സുരക്ഷിതമല്ലെന്നുള്ളതു് ഒരു യാഥാർത്ഥ്യമായിരുന്നു. ഫാറൂക്കിന്റെ ഭരണകാലത്തു് അമീർമുആവിയ (റ) സൈപ്രസ്സ് ആക്രമിക്കാൻ അനുവാദം ആവശ്യപ്പെട്ടെങ്കിലും ഹ: ഉസ്മാൻ (റ) അതിനു് അനുവാദം നല്കിയിരുന്നില്ല. എന്നാൽ അമീർമുആവിയ (റ), ഹ: ഉസ്മാൻ (റ) വിനോടു് ഒസൈപ്രസ്സ് ആക്രമിച്ച കീഴടക്കാൻ അനുവാദം തരണമെന്നു് ശക്തിയായി ആവശ്യപ്പെട്ടു. നാവികയുദ്ധത്തിൽ ഭീതിക്കു് യാതൊരവകാശവുമില്ലെന്നു് മുആവിയ (റ) ഹ: ഉസ്മാൻ (റ) വിനു് ധൈര്യം കൊടുത്തിരുന്നു. 'സന്തോഷത്തോടുകൂടി സൈന്യത്തിൽ ചേരാൻ തയ്യാറുള്ളവരെ മാത്രം പങ്കെടുപ്പിച്ചുകൊണ്ടു് ആക്രമിക്കാൻ വിരോധമില്ല' എന്നു് ഹ: ഉസ്മാൻ (റ) മറുപടിയും നല്കി. തുടർന്നു് ഒരു വമ്പിച്ച കപ്പൽ സൈന്യം സൈപ്രസ്സിനെ ലാക്കാക്കി കുതിച്ചു. അബ്ദുല്ലാഹിബ്നു കൈസ്ഹാരിസി (റ) ആയിരുന്ന പ്രസ്തുത നാവികപ്പടക്കു് നായകത്വം വഹിച്ചതു്. സുരക്ഷിതമായി അവർ സൈപ്രസ്സിൽ എത്തിച്ചേർന്നു. സൈപ്രസ്സുകാരും, മുസ്‌ലിം ഭടന്മാരും തമ്മിലുണ്ടായ യുദ്ധത്തിൽ അബ്ദുല്ല (റ) വധിക്കപ്പെട്ടു. സുഫ്യാനുബ്നു ഔഫ് (റ) നേതൃത്വം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ കീഴിൽ മുസ്‌ലിം ഭടന്മാർ ധീരമായി സൈപ്രസ്സുകാരൊടെതിർത്തു. എന്നാൽ യുദ്ധത്തിന്റെ അവസാനത്തിൽ ഇരുകൂട്ടരും ഒരു ഉടമ്പടിക്കു് തയ്യാറാവുകയാണുണ്ടായതു്. പ്രധാനമായി മൂന്നു കരാറുകളാണു് ഉണ്ടായതു്. (1) 70000 തങ്കനാണയം കാരോ കൊല്ലവും സൈപ്രസ്സുകാർ കപ്പം കൊടുക്കണം. (2) സൈപ്രസ്സിന്റെ രക്ഷാകർതൃത്വം സൈപ്രസ്സുകാർക്കു തന്നെ. (3) ശത്രുക്കളുടെ നീക്കങ്ങളെക്കുറിച്ചു് സൈപ്രസ്സുകാർ മുസ്‌ലിംകളെ അറിയിച്ചുകൊണ്ടിരിക്കുക. ഈ കരാറുകൾ അധികം കാലം കഴിയുന്നതിനു മുമ്പുതന്നെ സൈപ്രസ്സുകാർ തള്ളിക്കളഞ്ഞു. ഹിജ്റാ 33-ാം വർഷത്തിൽ അവർ റോമൻനാവികസൈന്യത്തിനു് പരസ്യമായി സഹായങ്ങൾ നല്കി. സൈപ്രസ്സുകാരുടെ വാഗ്ദാനലംഘനം മുആവിയ (റ) യെ അരിശം കൊള്ളിച്ചു. അദ്ദേഹം വീണ്ടും സൈപ്രസ്സിനെ ആക്രമിച്ച ഇത്തവണ ഒരു ഉടമ്പടിയും ഉണ്ടായില്ല. മുആവിയ (റ) സൈപ്രസ്സിനെ കീഴടക്കി മുസ്‌ലിം സാമ്രാജ്യത്തോടു് ചേർക്കുകയും, സൈപ്രസ്സുകാർ റോമക്കാരുമായി യാതൊരു വിധ ബന്ധവും പാടില്ലെന്നു വിളംബരം ചെയ്യുകയും ചെയ്തു.

വാക്കു പാലിക്കാഞ്ഞാൽ

ഹ: അബൂമൂസാ (റ) അശ്അരിയായിരുന്ന ബസറായിലെ ഗവർണ്ണർ. ഫാറൂക്ക് (റ) വിന്റെ ഭരണകാലം മുതൽ അദ്ദേഹം അവിടത്തെ ഗവർണ്ണരായിരുന്നു. അന്നാട്ടുകാരിൽ വളരെ പേർ അദ്ദേഹത്തിനെതിരായിരുന്നു. പല വിധത്തിലുള്ള പരാതികളും ജനങ്ങൾ അദ്ദേഹത്തിന്റെ മേൽ പുറപ്പെടുവിക്കാൻ തുനിഞ്ഞെങ്കിലും ഹ: ഉമർ (റ) വിനോടുള്ള ഭയം നിമിത്തം അവ നിഷ്ഫലമായതേ ഉള്ളു. ഹ: ഉസ്മാൻ (റ)' വിന്റെ കാലത്തും ആട്ടഞ്ഞെ ആറു കൊല്ലക്കാലം അബൂമൂസാഅശ്അരി (റ) തന്നെ ഗവർണ്ണറായി തുടർന്നു. എന്നാൽ അദ്ദേഹത്തിനെതിരായി സ്വതന്ത്രമായി പ്രക്ഷോഭണം നടത്താൻ ജനങ്ങൾക്കു് കഴിഞ്ഞു. നല്ല ഒരു അവസരവും അവർക്കു് കൈവന്നു. കുതിർന്നഥാൻകാർ വിപ്ലവമുണ്ടാക്കി. യുദ്ധത്തെപ്പറ്റി ഗവർണ്ണർ പള്ളിയിൽ പ്രസംഗിച്ചു.

ഭടന്മാർ കാൽനടയായി യാത്രചെയ്ത് യുദ്ധം ചെയ്താലുള്ള പ്രതിഫലത്തെപ്പറ്റി അദ്ദേഹം ജനങ്ങളെ മനസ്സിലാക്കുകയും, അപ്രകാരം ചെയ്യണമെന്ന് ഉപദേശിക്കുകയും ചെയ്തു. ജനങ്ങളാകമാനം ഈ പ്രഖ്യാപനത്തിൽ അസന്തുഷ്ടരായെങ്കിലും, ഗവണ്ണറുടെ യാത്ര എങ്ങിനെയാണെന്നറിയാൻ അവർ ക്ഷമയോടെ കാത്തിരുന്നു. അടുത്ത പ്രഭാതത്തിൽ സൈന്യങ്ങളാകമാനം അദ്ദേഹത്തിന്റെ വസതിക്കുമുമ്പിൽ തയ്യാറായിനിന്നു. ഗവണ്ണറുടെ സാധനസാമഗ്രികളാകമാനം 40 കഴുതകളുടെ പുറത്തായി കയറ്റി. ഗവണ്ണർ ഒരു തുർക്കിതൊപ്പിയുമണിഞ്ഞുകയറി യാത്രക്ക് തയ്യാറായി. ജനങ്ങൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. അവർ മുന്നോട്ടു കടന്നുചെന്ന് കുതിരയുടെ കടിഞ്ഞാൺ പിടിച്ചു. വാക്കുപാലിക്കാതിരുന്നതു് എന്തുകൊണ്ടാണെന്ന് അവർ അദ്ദേഹത്തോടു ചോദിച്ചു. തുടച്ചയായുള്ള ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഗവണ്ണർക്ക് കഴിഞ്ഞില്ല. ജനങ്ങളുടെ ഒരു പ്രതിനിധിസംഘം മദീനയിലെത്തി ഖലീഫയെ വിവരമറിയിച്ചു. ഗവണ്ണറെ സ്ഥാനത്തുനിന്ന് മാറ്റണമെന്ന് അവർ ആവശ്യപ്പെട്ടു. ഹി: 29-ാം വർഷം ഉസ്മാൻ (റ) അബൂമൂസാഅശ്അരി (റ) യെ അധികാരത്തിൽനിന്നിറക്കിവിട്ടു. അബൂമൂസാ (റ) ക്ക് പകരം ബസ്വറയിലെ ഗവണ്ണറായതു് ആമിർ (റ) വിന്റെ പുത്രനായ അബ്ദുള്ള (റ) യാണു്.

തിബിരിസ്ഥാൻവിജയം

ഹി: 30-ാം വർഷത്തിലാണിതു്. ബസറായിലെ ഗവണ്ണർ അബ്ദുല്ലാ (റ) യും ആസീ (റ) വിന്റെ പുത്രനായ സഈദ് (റ) വും 'ഖുറാസാൻ, തിബിരിസ്ഥാൻ' എന്നീ രാജ്യങ്ങളെ ലക്ഷ്യമാക്കി കുതിച്ചു. രണ്ടുമാർഗ്ഗമായിട്ടാണു് അവർ അവരുടെ സൈന്യങ്ങളെ തിരിച്ചുവിട്ടതു്. ഇമാംഹുസൈൻ (റ), അബ്ദുല്ലാഹിബ്നുഅബ്ബാസ് (റ) അബ്ദുല്ലാഹിബ്നുഉമർ (റ) അബ്ദുല്ലാഹിബ്നുഉമറുബ്നുആസ് (റ) അബ്ദുല്ലാഹിബ്നുസുബൈർ (റ) എന്നീ മഹാന്മാരും സഈദ് (റ) വിനെ അനുഗമിച്ചിരുന്നു. സഈദ് (റ) വിന്റെ സൈന്യം വളരെ വേഗത്തിൽ ശത്രുക്കൾ നേരിടുന്നതിനു മുമ്പുതന്നെ ജർജാൻ, ഖുറാസാൻ തിബിരിസ്ഥാൻ എന്നീ സ്ഥലങ്ങൾ കൈക്കലാക്കി. ഈ അവസരത്തിലാണു് കൂഫയിലെ ഗവണ്ണറായ വലീദ് (റ) വിനെ ഉദ്യോഗത്തിൽനിന്നും മാറ്റി പകരം ആസീ (റ) വിന്റെ പുത്രനായ സഈദ് (റ) വിനെ ഗവണ്ണറായി അവരോധിച്ചതു്. മദ്യപിച്ചു എന്നുള്ളതായിരുന്നു വലീദ് (റ) വിന്റെ മേലുള്ള കുറ്റം. ബസറ ഗവണ്ണർ അബ്ദുല്ല (റ) ഫാർസ്, കാബൂൽ, സിജിസ്ഥാൻ, ബസ്ത്, അശ്ബന്തോഖ്, ഖവാഫ്, അസ്ബറായിൽ, അർഗിയാൻ എന്നീ സ്ഥലങ്ങൾ കീഴടക്കിയതിനുശേഷം നൈശാപൂരിലേക്ക് സൈന്യത്തെ തിരിച്ചുവിട്ടു. നൈശാപൂർ ഭടന്മാർ കുറച്ചുദിവസം അബ്ദുല്ലാ (റ) യുമായി എതിർത്തുനിന്നെങ്കിലും അവസാനം സന്ധിക്ക് സമ്മതിച്ചു. കൊല്ലം തോറും ഏഴുലക്ഷം വെള്ളിനാണയം കൊടുത്തുകൊള്ളാമെന്നായിരുന്നു കരാർ. ഖാസിമിന്റെ പുത്രനായ അബ്ദുല്ലാ (റ) സൈന്യത്തോടുകൂടി 'സഹർസി' ലേക്ക് യാത്രയായി. 'മാഖറാവുന്നഹിറിൽ' ചെന്നവർ താവളമടിച്ചു. യുദ്ധത്തിനു് തയ്യാറായപ്പോൾ അവിടത്തെ ജനങ്ങൾ ഗവണ്ണരുടെ അടുത്തുവന്ന് സന്ധിക്ക് സമ്മതിച്ചു. പട്ടുവസ്ത്രങ്ങളും, കുതിരകളും മറ്റു വളരെ വിലപിടിപ്പുള്ള സാധനങ്ങളും അവർ ഗവണ്ണർക്ക് നല്കി. കൈസുബ്നുൽഹൈസമി (റ) വിനെ അവിടത്തെ പ്രതിനിധിയാ

യി നിയമിച്ചു. ഗവണ്ണർ ഖിലാഫത്ത്‌ഡർ ബാറിലേക്ക് മടങ്ങി.

രക്തപങ്കിലമായ നാവികസമരം

റോമിലെ കൈസർ രാജാവ് ഒരു വമ്പിച്ച നാവികപ്പടയെ സിറിയയുടെ അതൃത്തിയിലേക്കയച്ചു. അഞ്ഞൂറ് കപ്പലുകളിലായിട്ടാണ് സൈന്യത്തെ അയച്ചത്. ഇത്രയുംവലിയ ഒരു സൈന്യത്തെ മുസ്‌ലിംകളോടെതിർക്കുവാനായി റോമക്കാർ അതിനു മുമ്പെങ്ങും അയച്ചിട്ടില്ലെന്നാണ് ഇതിനെപ്പറ്റി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. റോമക്കാരോട് മല്പിടാനുള്ള മുസ്‌ലിംസൈന്യത്തെ നയിച്ചത് നാവികസൈന്യാധിപനായ അബ്ദുല്ലാഹിബ്നുസാഹ് (റ) ആയിരുന്നു. കടലിൽവെച്ച് ഇരുകൂട്ടരും ഏറ്റുമുട്ടി. കപ്പലുകളെല്ലാം ഒന്നിനൊടൊന്ന് ചേർത്ത്കെട്ടി മുസ്‌ലിംകൾ ശത്രുക്കളെ നേരിട്ടു. എണ്ണിയാലൊടുങ്ങാത്തത്ര റോമക്കാർ കൊല്ലപ്പെട്ടു. രക്തക്കടൽ സൃഷ്ടിച്ച ഈ ഉഗ്രസമരത്തിൽ വളരെ മുസ്‌ലിംകൾ മരണമടഞ്ഞു. യുദ്ധം അവസാനിക്കുമ്പോൾ ശത്രുസൈന്യത്തിൽ ചെറുസംഘമൊഴികെ ബാക്കിയെല്ലാം ജീവൻ ബലിയർപ്പിച്ചിരുന്നു. മുസ്‌ലിംസൈന്യം ജയഭേരി മുഴക്കിക്കൊണ്ട് തിരുമുമ്പത്തേക്ക് മടങ്ങിവന്നു.

മറെറാ വിജയങ്ങൾ

ഹ: ഉസ്മാൻ (റ) വിന്റെ കാലത്തു് മറെറനേകം രാജ്യങ്ങളും പിടിച്ചടക്കി മുസ്‌ലിം സാമ്രാജ്യത്തോടു് ചേർത്തു. റബീഅബ്നുഅമിറുബ്നു മസ്‌ലമഹ്റി (റ), ഹിജ്റാ 31-ാംകൊല്ലത്തിൽ അർമീനിയ പിടിച്ചെടുത്തു ഹിജ്റാ 32-ാവർഷത്തിലാണ് അമീർ മുആവിയ (റ) ഇസ്‌ലാം സാമ്രാജ്യത്തെ കോൺസ്റ്റാൻറിനോപ്പിൾ വരെ വികസിപ്പിച്ചതും, മർട്ടറഡതാലികാൻ, ഫാരിയാബ് എന്നീ സ്ഥലങ്ങളെ അബ്ദുല്ലാഹിബ്നു ആമീർ (റ) പിടിച്ചടക്കിയതും. ഹി: 33-ാം വർഷത്തിൽ അമീർ മുആവിയാ (റ) റോമിലെ 'ഹിസ്നുൽ മിർഅത്ത്' എന്ന സ്ഥലം പിടിച്ചെടുത്തു. ബസറായിലെ ഗവണ്ണറായി അബ്ദുല്ലാഹിബ്നു അമീർ, (റ), അഹ്നഫുബ്നുകൈസ് (റ) വിനെ കൂഫാനിലേക്കയച്ചു് അവിടത്തെ ആഭ്യന്തരലഹളയെ അടിച്ചമർത്തിയതും ഈ വർഷത്തിലാണ്. ത്രിപ്പോളിയർ സന്ധി ലംഘിച്ചതിന്റെ ഫലമായി ഗവണ്ണർ അബ്ദുല്ല (റ) സൈന്യത്തോടുകൂടി ത്രിപ്പോളിയയെ ആക്രമിച്ചു് കീഴടക്കി. ഇത് ഹി: 34-ാം കൊല്ലത്തിലായിരുന്നു.

ആഭ്യന്തരലഹളകളും ഖലീഫയുടെ രക്തസാക്ഷിത്വവും

ഹ: ഉസ്മാൻ (റ) വിന്റെ ഭരണകാലത്തെ ആദ്യത്തെ ആറു വർഷം സുരക്ഷിതത്തോടും സമാധാനത്തോടും കൂടി കഴിഞ്ഞു. സാമ്രാജ്യത്തിന്റെ വിസ്തൃതി വർദ്ധിക്കുകയും സമ്പത്തു് കുന്നുകൂടുകയും ചെയ്തു. വകുപ്പുകൾ വികസിപ്പിച്ചു് ഭരണം കാര്യക്ഷമമാക്കി. കൃഷിയിലും, കച്ചവടത്തിലും വളരെയേറെ അഭിവൃദ്ധിയുണ്ടായി. പണ്ടത്തെ അനാഡംബരജീവിതത്തിനു് പകരം ഐശ്വര്യപൂർണ്ണവും ആഡംബരപൂർണ്ണവുമായ ഒരു ജീവിതം അദ്ദേഹത്തിന്റെ ഭരണം മൂലം കൈവന്നു. ധനം കുന്നുകൂട്ടുന്നതിനേയും ആഡംബരജീവിതത്തേയും എതിർക്കുന്ന ചിലരുണ്ടായിരുന്നു നാട്ടിൽ. അതിലൊരാളായിരുന്നു 'മസീഹുൽഇസ്‌ലാം' എന്ന സ്ഥാനപ്പേരു് നബിയിൽ നിന്നും ലഭിച്ചിട്ടുള്ള ഹ: അബൂദർറ്ഗിഫാരി (റ). ആവശ്യത്തിൽ കഴിഞ്ഞു് ധനം ശേഖരിക്കുന്നതു് ഒരു മുസ്‌ലിമിനു് യോജിച്ചതല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. റോമക്കാരുടെ അധീനതയിൽ കഴിഞ്ഞിരുന്ന സിറിയയിലെ ജനങ്ങളിലും

റോമക്കാരുടെ ആഡംബരജീവിതം പകൻ. നബി (സ) യുടെ ഒരു വാചകം ഇവിടെ ശ്രദ്ധേയമാണ്.' നിങ്ങൾക്ക് ദാരിദ്ര്യം ഉണ്ടാകുന്നതിൽ എനിക്ക് ഭയമില്ല. എന്നാൽ നിങ്ങളുടെ ലൗകിക സുഖാനുഭവങ്ങളിലുള്ള അപകടത്തെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു.'

നബിയുടെ ആശങ്ക അവിടെ ഒരു യാഥാർത്ഥ്യമായിരുന്നു നാട്ടിൽ സ്വർദ്ധയും, അസൂയയും നിറഞ്ഞു; അഴിമതിയും സ്വാർത്ഥവും വർദ്ധിച്ചു. ഉദ്യോഗസ്ഥന്മാരുടെ ധിക്കാരങ്ങളേയും, അഴിമതികളേയും അബൂദർറ് (റ) തുറന്നു കാട്ടിയത് നാട്ടിൽ കുഴപ്പങ്ങൾ വർദ്ധിപ്പിച്ചു. സിറിയായിലെ ന്യായാധിപനായിരുന്ന മുആവിയാ (റ) യുടെ അപേക്ഷയനുസരിച്ച് ഖ: ഉസ്മാൻ (റ) അബൂദർറ് (റ) വിനെ മദീനത്തേക്ക് വിളിപ്പിച്ചു. മദീനയിലെ പരിഷ്കാരത്തിന്റെ മത്ത് പിടിച്ച ജീവിതത്തെ ഇഷ്ടപ്പെടാതിരുന്ന അദ്ദേഹം 'റബ്ദത്തു' എന്ന ഗ്രാമത്തിൽ ചെന്ന് താമസമാക്കി. ഖലീഫയുടെ ഭരണത്തിന്റെ അവസാനത്തിലാണ് നാട്ടിൽ അരാജകത്വവും നാശവും ഉണ്ടായത്. അമിതമായ സമ്പത്തിൽ മതിമറന്ന് അവരുടെ ജീവിതത്തിലുണ്ടായ പുതിയ പരിവർത്തനങ്ങൾ അവരുടെ തന്നെ നാശത്തിനു കാരണമാവുകയാണുണ്ടായത്. ഓരോരുത്തരും അവരവരുടെ സ്വാർത്ഥതാല്പര്യങ്ങൾക്ക് മുൻതൂക്കം നല്കിയതിന്റെ ഫലമായി സ്വർധയും മത്സരവും വർദ്ധിക്കുകയും, ഐക്യം ശിഥിലമാവുകയും ചെയ്തു. വേറെയും പല കാരണങ്ങൾ കുഴപ്പങ്ങൾക്ക് കാരണമായി തീർന്നു.

1] നബി (സ) യുടെ സഹാബികളുടെ സന്തതികൾ വളരെ മരണമടയുകയും, ശേഷിച്ചവർ ജീവിതത്തിന്റെ അവസാനകാലത്തിൽ അവരുടെ വീടുകളിൽ കർമ്മരഹിതരായി ഒതുങ്ങി കഴിയുകയും ആയിരുന്നു. പിൻഗാമികളായ സന്തതികൾ അവരുടെ കാരണവന്മാരുടെ പ്രവർത്തനപഥത്തിൽനിന്നും, സദ്ഭാവശ്രേഷ്ഠതകളിൽനിന്നും വളരെ അകലെയായിരുന്നു. ചരിത്രത്തിൽ ജനങ്ങൾക്ക് വേണ്ടി ത്യാഗം അനുഷ്ഠിക്കാൻ തയ്യാറുള്ള ഭക്തന്മാർ ഉണ്ടായിരുന്നില്ല.

2] ഖ: അബൂബക്കറിന്റെ നിർദ്ദേശപ്രകാരം ഖിലാഫത്തവകാശവും പ്രധാന ഉദ്യോഗങ്ങളും ഖുറൈശികൾക്കായിരുന്നു നല്കിയിരുന്നത്. ഇതെല്ലാം പാരമ്പരാഗതമായി തങ്ങൾക്ക് സിദ്ധിച്ച അവകാശങ്ങളാണെന്നുള്ള ഒരു നാട്യമായിരുന്നു ഖുറൈശി ചെറുപ്പക്കാർക്ക്. വിജയങ്ങൾക്കെല്ലാം കാരണം തങ്ങളുടെ നീരും ചോരയുമാണെന്നും ഖുറൈശികളെപോലെയുള്ള അവകാശങ്ങൾക്ക് തങ്ങളും ഭാഗഭാക്കുകളാണെന്നും അറേബ്യയിലെ ജനങ്ങൾ വാദിച്ചു.

3] ആദ്യമേതന്നെ അമുസ്‌ലിംകൾക്ക് മുസ്‌ലിംകളോട് വിരോധമുണ്ടായിരുന്നു. മുസ്‌ലിംകളോടുള്ള അവരുടെ പ്രതികാരമനോഭാവം മുസ്‌ലിംകളുടെ ശക്തിയുടേയും സ്ഥൈര്യത്തിന്റേയും മുന്നിൽ നിഷ്പ്രഭമായി. പരസ്യമായ എതിർപ്പിനു നിവൃത്തിയില്ലെന്നും വന്നപ്പോൾ അവർ ഗൂഢാലോചനക്കുള്ള കളമൊരുക്കി. മജൂസികളും യഹൂദന്മാരും ഗൂഢാലോചനയുടെ തലപ്പത്തു നിന്നു പ്രവർത്തിച്ചു

4 ഖ: ഉസ്മാൻ ഒരു കഠിനഹൃദയനായിരുന്നില്ല. ഒരു ഔദ്യമനസ്കനും, ക്ഷമാശീലനുമായിരുന്ന അദ്ദേഹം ജനങ്ങളുടെ തെറ്റുകുറ്റങ്ങൾക്ക് സമാധാനപൂർവ്വം മാപ്പു നല്കിയിരുന്നു. ഇതു ശത്രുക്കളുടെ അക്രമപ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്തേജനം നല്കി. കുറ്റം ചെയ്യുന്നവനു കായ്മായ ശിക്ഷയൊന്നുമില്ലെങ്കിൽ എന്തക്രമം പ്രവർത്തിക്കാനും ഭയപ്പെടേണ്ടതില്ലല്ലോ!

5] ഉമവിയ്യ കുടുംബത്തിലെ അംഗമായ ഖലീഫ തന്റെ സ്വന്തം യത്നം കൊണ്ടു തന്നെയാണു് കുടുംബത്തെ സഹായിച്ചിരുന്നതു്. പക്ഷെ ഖജനാവു് കുടുംബത്തിനുവേണ്ടി ഖലീഫ ധൂർത്തടിക്കുന്നുവെന്നു് എതിരാളികൾ പറഞ്ഞു പരത്തി

6] കായ്ക്ഷമവും സന്തുഷ്ടവുമായ ഒരു ഭരണത്തിനു് ഉദ്യോഗസ്ഥന്മാർ ഭരണാധികാരികളുടെ ആജ്ഞക്കു് കീഴടങ്ങി പ്രവർത്തിക്കേണ്ടതാണു്. ഇക്കാര്യത്തിൽ ഹ: ഉസ്മാൻ (റ) വിന്റെ ഉദ്യോഗസ്ഥന്മാക്കു് വലിയ നിഷ്ഠയും താല്പര്യവും ഉണ്ടായിരുന്നില്ല. തന്മൂലം ഭരണത്തിന്റെ നിലനില്പിനുവേണ്ടി, കുടുംബത്തിൽ പെട്ട പലരേയും അദ്ദേഹം തന്റെ ഉദ്യോഗസ്ഥന്മാരായി നിയമിച്ചു.

7] രാജ്യത്തിൽ പൊതുവായ ഒരു പരിവർത്തനം ഉണ്ടാകണമെന്നു് വിപ്ലവാശയക്കാരായ പലരും ആഗ്രഹിച്ചു.

8] അന്യമതങ്ങളിൽനിന്നു് ഇസ്‌ലാമിലേക്കു് വന്നവരും, മുസ്‌ലിംകളുടെ വിവാഹത്തിൽ ഉൾപ്പെട്ട അന്യമതവിശ്വാസികളായ സ്ത്രീകളും അവരുടെ സന്തതികളും നാട്ടിലെ കഴപ്പങ്ങൾക്കു് കാരണക്കാരായിരുന്നു.

9] ബനൂഉമയ്യാ കുടുംബക്കാരുടെ വളച്ചു് ബനൂഹാശിം കുടുംബക്കാർ ഇഷ്ടപ്പെട്ടില്ല. ഉദ്യോഗക്കയ്യുകളിലും, ഖിലാഫത്തിലും തങ്ങൾക്കാണു് കൂടുതൽ അവകാശങ്ങളെന്നു് ബനൂഹാശിം കുടുംബക്കാർ ധരിച്ചിരുന്നു.

10] ഖുറൈശികളെപോലെ ഉദ്യോഗവും, നികുതിഒഴിവും, ഭൂമിയും തങ്ങൾക്കും അവകാശപ്പെട്ടതാണെന്നു് മറ്റു പല കുടുംബക്കാരും വിശ്വസിച്ചിരുന്നു. സമത്വം സ്ഥാപിക്കണമെന്നു് അവർ മോഹിച്ചു.

11] തങ്ങൾക്കു് കൂടുതൽ അവകാശാധികാരങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും ഉമവിയ്യ കുടുംബത്തിൽനിന്നും മറ്റു് ഏതെങ്കിലും കുടുംബത്തിലേക്കും ഭരണം ഒകെമാറ്റണമെന്നും, അറബികൾക്കു് ഭരണത്തിൽ സമത്വാവകാശം ലഭിക്കണമെന്നും മജൂസികൾ ആഗ്രഹിച്ചു. ഒരു വിപ്ലവം കൊണ്ടേ ഇതു സാധിക്കൂ എന്നും അവർക്കറിയാം.

12] യഹൂദന്മാരും മുസ്‌ലിംകളുടെ തകർച്ചയെ സ്വാഗതം ചെയ്യാൻ തയ്യാറായിരുന്നു.

ഇങ്ങനെ രാജ്യത്തുള്ള പല വിഭാഗക്കാരും അവരുടെ ആവശ്യങ്ങൾക്കു് വേണ്ടി പരസ്യമായും രഹസ്യമായും പ്രവർത്തനം തുടങ്ങി. ഹ: ഉസ്മാൻ (റ) വിന്റെ പേരിൽ പല ആരോപണങ്ങളും അവർ ഉന്നയിച്ചു. ഉദ്യോഗസ്ഥന്മാക്കെതിരായ ഗൂഢാലോചനകൾ തുടർന്നുകൊണ്ടിരുന്നു. നാട്ടിൽ അരാജകത്വവും, അസമാധാനവും സൃഷ്ടിക്കുന്ന സ്വന്തം നാട്ടിൽ തന്നെ പടർന്നു് പിടിച്ചിട്ടുള്ള ഈ ഉൾസമരത്തെ അടിച്ചമർത്താൻ ഖലീഫ തീരുമാനിച്ചു. പക്ഷെ, വിപ്ലവത്തിന്റെ തീജ്വാല പടർന്നു് പിടിച്ചു. രാജ്യത്തു് കഴപ്പും സൃഷ്ടിക്കുന്ന ഒരു രഹസ്യമായ വിഭാഗം തന്നെ രൂപമെടുക്കുകയും അവരുടെ പ്രവർത്തനരംഗം കൂടുതൽ വിപുലമാക്കുകയും ചെയ്തു. അശ്‌തർനക്കഈ, ഇബ്നുസ്സിൽഹൽക്ക, ജൻദബ്, അസ്അ ഇബ്നുൽ കവാർ കമീൽ, ഉമൈറബ്നു സംബി എന്നിവർ കൂഫയിലെ വിപ്ലവനേതാക്കളായിരുന്നു. ഖുറൈശികൾക്കു മാത്രമായി യാതൊരവകാശവുമില്ലെന്നും, രാജ്യത്തിനു വേണ്ടി അടരാടിയ സാമാന്യജനങ്ങളാണു് ഖിലാഫത്തിനും, അധികാരത്തിനും അവകാശികളെന്നുമായിരുന്നു അവരുടെ വാദം. കൂഫയിലെ ഗവർണ്ണരായ സഅദ് ബ്നുആസിദ് (റ)വിനോടു് ഇവർക്കു് തീരാത്ത പകയുണ്ടായിരുന്നതുകൊണ്ടു്, അദ്ദേഹത്തെ ഒരു ആഭാസപാത്രമാക്കി ആക്ഷേപിക്കാൻ അ

വർ പല വഴികളും ചിന്തിച്ചുകൊണ്ടിരുന്നു. കൂഫയിലെ ജനങ്ങളെ സന്നിപ്പിച്ച് ഖുറൈശികൾക്കെതിരെ സന്നദ്ധമാക്കി നിർത്താനുള്ള പല പദ്ധതികളും വിപ്ലവനേതാക്കൾ ആസൂത്രണം ചെയ്തു. രാജ്യത്ത് സമാധാനത്തോടുകൂടി ജീവിക്കാൻ നിവൃത്തിയില്ലെന്നു വന്നപ്പോൾ കൂഫയിലെ ചില പ്രമാണികൾ രാജ്യത്തെ വിപ്ലവകാരികളിൽ നിന്നും രക്ഷിക്കണമെന്നു ഖലീഫയോടു അപേക്ഷിച്ചു. ഖലീഫ പക്ഷേ വിപ്ലവനേതാക്കളെ സിറിയയിലേക്കു നാടു കടത്തി. ഇതുപോലെ ബസ്രായിലെ വിപ്ലവനേതാക്കളേയും അദ്ദേഹം നാടു കടത്തി. വിപ്ലവനേതാക്കളെ നാടു കടത്തിയ നടപടി വിപ്ലവത്തിന്റെ ശക്തി വർധിപ്പിക്കാനേ സഹായിച്ചുള്ളൂ. രാജ്യം മുഴുവൻ വിപ്ലവം ആളിക്കത്തി.

യഹൂദന്മാരായിരുന്ന മുസ്‌ലിംകളുടെ പ്രധാന എതിരാളികൾ. ഗൂഢാലോചനകളുടെ കേന്ദ്രസ്ഥാനം ഈജിപ്തായിരുന്നു. അബ്ദുല്ലാഇബ്നുസബാ എന്ന പേരുള്ള ഒരു യഹൂദ കുടുംബത്തിലെ ഒരു നവമുസ്‌ലിമിന്നു വിവിധാശയക്കാരായ വിപ്ലവകാരികളെ ഏകോപിപ്പിക്കാൻ സാധിച്ചു. ആകയും പരിചയം ഇല്ലാത്ത ചില വിശ്വാസാനുഷ്ഠാനങ്ങളും ഇയാൾ പ്രചരിപ്പിച്ചു. ഈ വിശ്വാസാചാരങ്ങളെ അവലംബിച്ചാണു ശിയാവിഭാഗം ഉണ്ടായതു്.

വിപ്ലവസംഘങ്ങളും രാജ്യം മുഴുവനും വ്യാപിച്ചെങ്കിലും അവരുടെ ഉദ്ദേശങ്ങളും ആഗ്രഹങ്ങളും വിഭിന്നങ്ങളായിരുന്നു. അടുത്ത ഖലീഫയെപ്പറ്റി ഓരോരുത്തരും ഓരോ പ്രത്യേക അഭിപ്രായക്കാരായിരുന്നു. ഈജിപ്തുകാർ ഹ: അലി (റ) യേയും, ബസ്രാക്കാർ തൽഹത്ത് (റ) വിനേയുമാണു ഇഷ്ടപ്പെട്ടതു്. കൂഫയിലെ ജനങ്ങളാകട്ടെ ഹ: സുബൈർ (റ) വിനെയാണു നിർദ്ദേശിച്ചതു്. ഇറാക്കുകാർ ഹ: ഉസ്മാൻ (റ) വിനെ അധികാരത്തിൽനിന്നും വലിച്ചെറിയാനും ഉമയ്യ കുടുംബത്തെ നശിപ്പിക്കാനും ബദ്ധശ്രദ്ധരായിരുന്നു. എന്നാൽ അബ്ദുല്ലാഇബ്നുസബാഹിനു് വിവിധാശയക്കാരായ വിപ്ലവകാരികളെ ഖലീഫക്കെതിരെ അണിനിരത്താൻ കഴിഞ്ഞു. അദ്ദേഹം എല്ലാ സ്ഥലത്തേക്കും പ്രത്യേക നിർദ്ദേശങ്ങളോടുകൂടി പ്രതിനിധികളെ അയച്ചു. ഈശ്വരഭക്തിയുള്ളവനാണെന്നു നടിച്ചു് പ്രസംഗങ്ങൾകൊണ്ടു് ജനതയെ വശീകരിക്കുക, ഉദ്യോഗസ്ഥന്മാരെ ശല്യപ്പെടുത്തുകയും, അവരെപ്പറ്റി അപവാദങ്ങൾ പറഞ്ഞുപരത്തുക, ഖലീഫയുടെ സ്വാർത്ഥതാല്പര്യത്തെപ്പറ്റിയും അനീതിയെപ്പറ്റിയും, കുടുംബപക്ഷപാതിത്വത്തെപ്പറ്റിയും കഥകൾ പ്രചരിപ്പിക്കുക, ഇവയൊക്കെയായിരുന്നു അദ്ദേഹം പ്രതിനിധികൾക്കു് നല്കിയ നിർദ്ദേശങ്ങൾ.

പ്രവർത്തനം ആരംഭിച്ചു. കൂഫായിലെ ഗവണ്ണറായ വലീദുബ്നുഉക്ബാ (റ) യെപ്പറ്റി അവർ ഒരു ആരോപണം ഉന്നയിച്ചു. ഗവണ്ണർ മദ്യപിക്കുന്നു എന്നായിരുന്നു ആരോപണം. ഖലീഫ ഗവണ്ണരെ പിരിച്ചുവിട്ടു. ഇതുപോലെതന്നെ ബസ്രാ ഗവണ്ണറായിരുന്ന അബൂമൂസയെപ്പറ്റിയും ഒരു ആരോപണം ഉന്നയിക്കുകയും. ഖലീഫക്കു് അദ്ദേഹത്തേയും പിരിച്ചുവിടേണ്ടി വരികയും ചെയ്തു. താഴെ വിവരിക്കുന്നതായിരുന്നു അതിനു കാരണം.

റോമിലെ കൈസർ രാജാവു് ഒരു വമ്പിച്ച സൈന്യവുമായി മുസ്‌ലിം സാമ്രാജ്യത്തിന്റെ അതിർത്തികളിൽ ആക്രമണം നടത്തി. 500 കപ്പൽനിറയെ സൈന്യങ്ങൾ ഉണ്ടായിരുന്നു കൈസറിനു്. മുസ്‌ലിംകൾ വളരെ ഭയപ്പെട്ടു വിപ്ലവകാരികൾ മുതലെടുപ്പു നടത്താനും ശ്രമിച്ചു. അബൂഹുദൈഫ (റ) വിന്റെ മകനായ മുഹമ്മദും, ഹ: അബൂബക്കർ (റ) വിന്റെ പുത്രനായ മുഹമ്മദ് (റ)

വിപ്ലവസംഘക്കാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. നാവികത്തലവനായ അബ്ദുല്ലാഹി ബ്നുഅബീസറഹ് (റ) വിനു് വിപ്ലവകാരികളിൽനിന്നു് പല ഉപദ്രവങ്ങളേയും നേരിടേണ്ടി വന്നു. നമസ്കാരസമയത്തുപോലും അദ്ദേഹത്തെ അവർ ശല്യപ്പെടുത്തി. അബ്ദുല്ലാഹിബ്നുസഅദ് (റ) വിനെ പരസ്യമായി ആക്ഷേപിച്ചു. 'മദീനായിൽതന്നെ സൈന്യത്തിന്റെ ആവശ്യമുള്ളപ്പോൾ റോമക്കാരോടു് സമരം ചെയ്യാൻ പോകയാണോ' എന്നവർ മുസ്‌ലിം ഭടന്മാരോടായി ചോദിച്ചു. 'മദീനയിൽ സൈന്യത്തിന്റെ ആവശ്യമെന്താണെന്നു്' ജനങ്ങൾ തിരിച്ചു ചോദിച്ചു.

ഹ: ഉസ്മാൻ (റ) വിനെ 'ദുഷ്ടനെ'ന്നു് വിശേഷിപ്പിച്ചുകൊണ്ടു്, അദ്ദേഹത്തെ അധികാരത്തിൽനിന്നു് താഴെ ഇറക്കേണ്ടതു് ഇസ്‌ലാമിന്റെ നന്മക്കാവശ്യമാണെന്നും, അദ്ദേഹം കുടുംബക്കാരെ ഉദ്യോഗത്തിൽ നിയമിക്കുന്നുവെന്നും, മുൻഗാമികളുടെ കാലടികളെ പിന്തുടർന്നുകൊണ്ടല്ല ഭരണം നടത്തുന്നതെന്നും അവർ പറഞ്ഞുണ്ടാക്കി.

ഇസ്‌ലാംസേന റോമക്കാരുമായി യുദ്ധം ചെയ്യുന്നതിനു് യാത്ര തിരിച്ചപ്പോൾ മുഹമ്മദ് ബ്നുഅബീഹുദൈഫയും മുഹമ്മദുബ്നു അബ്ദുസക്കറും സൈന്യത്തിന്റെ പിറകിലായി പുറപ്പെട്ടു. മുസ്‌ലിം ഭടന്മാർ നങ്കൂരമുറപ്പിച്ചിരുന്ന സ്ഥലത്തുതന്നെ ഇരുവരും കപ്പൽ നങ്കൂരമിട്ടുനിർത്തി. സൈന്യങ്ങളുടെ ഇടയിൽ അവരുടെ ആദർശങ്ങൾ കുത്തിവെക്കാൻ അവർ ശ്രമിച്ചു. യുദ്ധത്തിൽ റോമാക്കാർ പരാജയപ്പെട്ടു. യുദ്ധത്തിൽ പങ്കെടുക്കാതിരുന്നതിനെപ്പറ്റി ആരാഞ്ഞപ്പോൾ അവരുടെ മറുപടി ഇപ്രകാരമായിരുന്നു 'ഞങ്ങളെങ്ങിനെ യുദ്ധത്തിൽ പങ്കെടുക്കും. ഉസ്മാൻ (റ) വിന്റെ അഭിപ്രായത്തെ ആദരിച്ചുണ്ടായ യുദ്ധമല്ലെ? പോരെങ്കിൽ നായകത്വം വഹിച്ചതു് സഅ്ദ് (റ) വിന്റെ പുത്രനായ അബ്ദുല്ലാ (റ) യുമാണല്ലോ.' ഹ: ഉസ്മാൻ (റ) വിനെ പറ്റിയുള്ള ഇവരുടെ അപവാദങ്ങൾ തുടരുകയും, അവർ കുത്തിവെച്ച വിപ്ലവത്തിന്റെ വിഷം ജനങ്ങളിൽ അവർക്കനുകൂലമായ പ്രതികരണമാണു് ഉണ്ടാക്കുന്നതെന്നും കണ്ടപ്പോൾ അബ്ദുല്ലാഹിബ്നുസഅ്ദ് (റ) അവർക്കു് ഇപ്രകാരം മുന്നറിയിപ്പു് നല്കി. 'അല്ലാഹുവിനാണെ സത്യം, അമീറുൽമുഅ്മിനേ കുറിച്ചു് ഞാൻ കാത്തിരുന്നില്ലാ എങ്കിൽ നിങ്ങൾ പറഞ്ഞുപരത്തുന്ന അപവാദങ്ങളുടെ ഫലം ഞാൻ നിങ്ങളെ അനുഭവിപ്പിക്കുമായിരുന്നു.'

മദീനയിൽ, ഉദ്ദേശിച്ചത്ര ഫലം വിപ്ലവകാരികൾക്കു് സിദ്ധിച്ചില്ല. മഹാന്മാരായ പല സഹാബികളും ഹ: ഉസ്മാനെ അനുകൂലിച്ചു പ്രവർത്തിച്ചതായിരുന്നു അതിനു കാരണം. പക്ഷെ ഹ: ഉസ്മാൻ (റ) വിന്റെ മാന്യതയെ നശിപ്പിക്കാനും അദ്ദേഹത്തെ അപമാനപ്പെടുത്താനും അവർ കഴിയുന്നത്ര പരിശ്രമിച്ചുകൊണ്ടിരുന്നു. ഒരു വെള്ളിയാഴ്ച ദിവസമായിരുന്നു. ഖലീഫ ഖുത്തുബക്കായി പ്രസംഗപീഠത്തിൽ (മിംബറിൽ) കയറി നിന്നു. അല്ലാഹുവിന്റെ നാമത്തിൽ അദ്ദേഹം പ്രസംഗം ആരംഭിച്ചപ്പോൾ ഒരാൾ എഴുന്നേറ്റു നിന്നു് വിളിച്ചു പറഞ്ഞു 'അല്ലാഹുവിന്റെ ഖുർആൻ അനുസരിച്ചു് പ്രവർത്തിക്കുക' എന്നു് ഖലീഫ അയാളോടു് സ്വസ്ഥാനത്തു് ഇരിക്കാൻ ആവശ്യപ്പെട്ടെങ്കിലും അതനുസരിക്കാതെ അയാൾ അദ്ദേഹത്തെ ശല്യപ്പെടുത്തികൊണ്ടിരുന്നു. പ്രസംഗം അവസാനിക്കുന്നതിനു് മുമ്പു് ഇപ്രകാരം മൂന്നു തവണ അയാൾ ഖലീഫയെ ശല്യപ്പെടുത്തി. എന്നിട്ടും അദ്ദേഹം ക്ഷമിച്ചതേ ഉള്ളൂ. ഇതുകൊണ്ടും അവർ അവസാനിപ്പിച്ചില്ല. അവർ അദ്ദേഹത്തിനു നേ

രെ കല്ലേറ് തുടങ്ങി. കനമുള്ള ചരൽക്കല്ലുകളേറ് അദ്ദേഹത്തിന്റെ ദേഹത്തിൽ നിന്നും രക്തമൊഴുകി. കല്ലേറേറിട്ടും, രക്തമൊഴുകിയിട്ടും അദ്ദേഹത്തിന്റെ ക്ഷമാശക്തി നശിച്ചില്ല.

വിവിധാശയക്കാരായ വിപ്ലവകാരികളും ഒത്തുചേർന്ന് അദ്ദേഹത്തിനെതിരെ ശബ്ദമുയർത്തി. നാട്ടിലെ വിദ്യാസമ്പന്നരായ ആളുകൾ പോലും വിപ്ലവകാരികളുടെ പ്രചരണങ്ങളിൽ കുടുങ്ങി ഉസ്മാൻ (റ) വിനെതിരായി പ്രവർത്തിച്ചു. അദ്ദേഹത്തിനെതിരായ ആരോപണങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ അവർ തയ്യാറാക്കി.

1 സഹാബികളായ ഹ: അബൂമൂസാ അശ്അരി (റ), മുഗൈറത്തുബ്നുശുഅ്ബ (റ), അംറുബ്നുആസ് (റ), അമ്മാറുബ്നുയാസീർ (റ), അബ്ദുറഹ്മാനുബ്നു മസ്ഊദ് (റ), അബ്ദുറഹ്മാനുബ്നുഅർകം (റ) എന്നിവരെ പിരിച്ചുവിട്ട് കുടുംബക്കാരെ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിച്ചു.

2 സ്വന്തക്കാർക്കും കുടുംബത്തിനുംവേണ്ടി ഖജനാവ് ദുരുപയോഗപ്പെടുത്തി. നാട്ടിലെ പൊതുസമ്പത്തുകൊണ്ട് മനോഹരമായ ഒരു സൗധം നിർമ്മിക്കുകയും, പുത്രിമാർക്ക് അനവധി രത്നങ്ങളും ഭണ്ഡാരത്തിൽനിന്ന് നല്കുകയും ചെയ്തു. നികുതിയിൽ പത്തിലൊന്ന് തനിയ്ക്കുവേണ്ടി പിരിച്ചെടുക്കാൻ ഏർപ്പാടു ചെയ്തു. ഖാലിദ് (റ) വിന്റെ പുത്രനായ അബ്ദുല്ലാ (റ) ക്ക് മൂന്നു ലക്ഷം വെള്ളിനാണയങ്ങളും, മറവാൻ (റ) വിന് ആഫ്രിക്കയിൽനിന്നുള്ള ഗനീമത്തിന്റെ അഞ്ചിലൊന്നും നല്കി. നബി (സ) തായിഫിലേക്ക് നാടുകടത്തിയ ഹക്കമിനെ നാട്ടിലേക്കു തിരിച്ചുവരാൻ അനുവദിക്കുകയും ഒരു ലക്ഷം വെള്ളിനാണയങ്ങളും അയാൾക്ക് നല്കുകയും ചെയ്തു. മാത്രമല്ല ഹക്കമിന്റെ പുത്രനായ ഹാരിസിനെ കമ്പോളത്തിൽ കച്ചവടത്തിന്നനുവദിച്ചു. ധനദുർവ്യയത്തെ ഖജനാ ഉദ്യോഗസ്ഥന്മാരായ അബ്ദുല്ലാഹിബ്നു അർകമും മുആക്കിബും എതിർത്തപ്പോൾ അവരെ ഉദ്യോഗത്തിൽനിന്നും പുറത്താക്കുകയും സാബിത്തു (റ) വിന്റെ പുത്രനായ സഅ്ദ് (റ) വിനെ തൽസ്ഥാനത്തു നിയമിക്കുകയും ചെയ്തു. ഒരവസരത്തിൽ ശേഷിച്ച ഒരു ലക്ഷം വെള്ളിനാണയം ഹ: ഉസ്മാൻ സഅ്ദ് (റ) വിനു വെറുതെ നല്കി.

3 സേവകന്മാർക്കും കുടുംബാംഗങ്ങൾക്കും അനവധി ഭോഗങ്ങളും പതിച്ചുകൊടുത്തു.

4 മസ്ഊദ് (റ) വിന്റെ പുത്രൻ അബ്ദുല്ലാ (റ) ക്കും, ഉബയ്യുത്ത് (റ) വിനും ഖജനാവിൽനിന്നും നല്കിയിരുന്ന സഹായത്തെ എടുത്തുകളഞ്ഞു.

5 'ബക്കിഅ്' എന്ന മേച്ചിൽസ്ഥലം ജനങ്ങൾ ഉപയോഗിക്കുന്നതിനെ നിരോധിച്ചു.

9 മദീനാകമ്പോളത്തിൽ ചില സാധനങ്ങളുടെ വില്പന സ്വന്തം അധികാരത്തിൽ മാത്രമാക്കി.

7 മഹാന്മാരായ സഹാബികളോടുള്ള പെരുമാറ്റം ക്രൂരവും നിന്ദ്യവുമായിരുന്നു. അബൂദർറ് ഗിഫാരി (റ) അമ്മാറുബ്നുയാസീർ (റ) ജുൻദുബുബ്നുജനാദാ (റ) അബ്ദുല്ലാഹിബു മസ്ഊദ് (റ) ഉബാദത്തുബ്നുസാബിത്ത് (റ) ന്നീ സഹാബികളെ നാടുകടത്തി.

8 സാബിത്തിന്റെ പുത്രനായ സൈദ് (റ) വിന്റെ മുസഹ്ഫ് മാത്രം അംഗീകരിക്കുകയും ബാക്കിയുള്ളവയെല്ലാം തൂട്ടു ചാമ്പലാക്കുകയും ചെയ്തു.

9 കുറ്റം ചെയ്തവനെ ശിക്ഷിക്കുന്നതിൽ ഉദാസീനതയും, പക്ഷപാതവും കാണിച്ചു.

10 മതാചാരങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയതു് മിക്ക സഹാബികളും ഇഷ്ടപ്പെട്ടില്ല. ഹജ്ജ് കർമ്മത്തോടനുബന്ധിച്ചു് 'മിനാ'യിൽ വെച്ചുള്ള രണ്ടു് റക്അത്തു നമസ്കാരത്തെ നാലു റക്അത്തായി വർദ്ധിപ്പിച്ചു.

11 ഈജിപ്തിലെ ഒരു നിവേദകസംഘത്തോടു് ചെയ്ത വാക്കു പാലിച്ചില്ല. അവസാനത്തിൽ അതു് ഖലീഫയുടെ രക്തസാക്ഷിത്വത്തിന്റെ രൂപത്തിൽ ദൃശ്യമായി.

ഇപ്രകാരമുള്ള ആരോപണങ്ങൾക്കു് പൊടിപ്പും തൊങ്ങലും ചേർത്തു് അവർ ജനങ്ങളുടെ മുമ്പിൽ വെച്ചു. പക്ഷെ ഇവരുന്നയിച്ച ആരോപണങ്ങളിൽ എത്രത്തോളംയാഥാർത്ഥ്യമുണ്ടെന്നു് നമുക്കൊന്നു പരിശോധിക്കാം.

ഒന്നാമത്തെ ആരോപണം മൂന്നു് കാര്യങ്ങളുടെ ഒരു ആകത്തുകയാണു്.

1 ഉന്നത ഉദ്യോഗങ്ങളിൽ നിന്നു് മഹാന്മാരായ സഹാബികളെ പിരിച്ചുവിട്ടു.

2 അർഹതയില്ലാത്തവരെ ഭരണാധികാരികളാക്കി.

3 സ്വകുടുംബത്തിനുവേണ്ടി ഖജനാവു് ധൂർത്തടിച്ചു.

ഹ: ഉസ്മാൻ (റ) ഉദ്യോഗങ്ങളിൽനിന്നു് ചില സഹാബികളെ മാറ്റിയെന്നുള്ളതു് വാസ്തവമാണു്. ഈജിപ്തിലെ ഗവർണ്ണറായ അംറുബ്നുആസ്വി (റ) വിനെ പിരിച്ചുവിടുവാൻ ചില കാരണങ്ങളുണ്ടായിരുന്നു. അലക്സാണ്ട്രിയായിൽ ഉണ്ടായ ആഭ്യന്തരലഹളയെ അമർത്തുന്ന അവസരത്തിൽ അവിടത്തെ അമുസ്‌ലിംകളോടു് അന്യായമായി പെരുമാറി. അമുസ്‌ലിംകൾ കപ്പം കൊടുത്തു് കഴിയുകയുമായിരുന്നു. അംറു് (റ) അവരെ അടിമകളാക്കി. അദ്ദേഹത്തിന്റെ കാലത്തു് നികുതി വർദ്ധനവൊന്നും ഉണ്ടായില്ല. ഈ കുറ്റങ്ങളെ കൊണ്ടാണു് അദ്ദേഹത്തെ സ്ഥാനത്തുനിന്നു് മാറ്റിയതു്. തുടർന്നു് ഗവർണ്ണറായ അബ്ദുല്ലാ (റ) യുടെ കാലത്തു് നികുതി ഗണ്യമായി വർദ്ധിച്ചു.

ഭണ്ഡാരത്തിൽനിന്നും കടമെടുത്ത തുക തിരിച്ചടക്കുന്നതിൽ ഉദാസീനത കാണിച്ചു എന്നുള്ളതായിരുന്നു കൂഫയിലെ ഗവർണ്ണറായ സഅദുബ്നുഅബീവഖാസ് (റ) വിനെ പുറത്താക്കാൻ കാരണം.

ബസ്വറായിലെ ഗവർണ്ണറായിരുന്ന അബൂമൂസാഅശ്അരി (റ) യെ ജനങ്ങളുടെ അപേക്ഷയെ മാനിച്ചാണു് ഖലീഫസ്ഥാനത്തുനിന്നു് നീക്കിയതു്. ജനങ്ങൾക്കു് ഗവർണ്ണരെ വളരെ വെറുപ്പായിരുന്നു.

കൈക്കൂലി വാങ്ങുന്നു എന്ന ആരോപണം മുഗൈറത്തുബ്നുശുഅ്ബാ (റ) ക്കെതിരെ ഉണ്ടായി. സത്യത്തിനു് വിരുദ്ധമായ ഒരു പ്രസ്താവനയായിരുന്നു അതു്. എങ്കിലും ഹ: ഉസ്മാൻ (റ) അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും, ഹ: ഉമർ (റ) വിന്റെ ഒസിയ്യത്തനുസരിച്ചു് സഅ്ദുബ്നുഅബീവക്കാസിനെ നിയമിക്കുകയും ചെയ്തു.

ഹ: അമ്മാർ (റ) ഖാഫിന്റെ ഭരണകാലത്തുതന്നെ പിരിച്ചുവിടപ്പെട്ടിരുന്നു.

ജനങ്ങൾ ഉന്നയിച്ച കുറ്റാരോപണങ്ങളാണു് മസ്ഊദ് (റ) വിന്റെ പുത്രനായ അബ്ദുല്ലാ (റ) യെ പിരിച്ചുവിടാൻ ഇടയാക്കിയതു്. അർക്കമിന്റെ പുത്രനായ അബ്ദുല്ലയും മുഅയിക്വീബും സാമ്പത്തിക കാര്യങ്ങളിൽ അശ്രദ്ധരായിരുന്നു. അതുകൊണ്ടു് ഒരു പൊതുസമ്മേളനത്തിൽവെച്ചു് അവരേയും സ്ഥാനത്തു് നിന്നു മാറ്റി. അവർ ഇരുവരും വൃദ്ധരും അശക്തരുമായി കഴിഞ്ഞിരുന്നു. അതുകൊണ്ടാണു് അദ്ദേഹത്തെ പിരിച്ചുവിട്ടതെന്നു് ഖലീഫ പ്രസ്താവിച്ചു. പകരം സൈദുബ്നുസാബിത്ത് (റ) വിന്നു് അധികാരം നല്കി.

ഈ ആരോപണങ്ങളും ഹ: ഉസ്മാൻ (റ) വിനെ സംബന്ധിച്ച് മാത്രമാണോ ഉണ്ടായിട്ടുള്ളത്. നീതിജ്ഞനും മുസ്‌ലിംകളുടെ കണ്ണിലുണ്ണിയുമായ ഖലീഫാ ഉമറിന്റെ അടുത്തും ഇതേ ആരോപണങ്ങളും ഉന്നയിച്ചിട്ടില്ലേ? ഖാലിദ് (റ) സൈഫുല്ലാ (റ) മുഗൈറത്തുബ്നു ശുഅ്ബ (റ) സഅ്ദ് വഖാസ് (റ) എന്നിവരെ അദ്ദേഹവും പിരിച്ചുവിട്ടിരുന്നു. ഹ: അലിമുർതാസ (റ) യും തന്റെ സ്ഥാനാരോഹണത്തോടുകൂടി ഹ: ഉമർ (റ) വിന്റെ കാലത്തുണ്ടായിരുന്ന എല്ലാ ഉദ്യോഗസ്ഥന്മാരേയും പിരിച്ചുവിട്ടു.

അപ്പോൾ, ഒരേ സംഭവം തന്നെ വ്യത്യസ്ത സന്ദർഭങ്ങളിൽ ചിലപ്പോൾ സ്തുത്യർഹമായും മറ്റു ചിലപ്പോൾ നിന്ദ്യമായും തീരുന്നുവെന്നേ ഉള്ളൂ.

2. അഹ്തയും, പരിചയവും ഇല്ലാത്തവരെ ഉന്നത ഉദ്യോഗങ്ങളിൽ കയറ്റുന്നു എന്നാണല്ലോ മറ്റൊരാരോപണം. എന്നാൽ ഹ: ഉസ്മാൻ (റ) ഉന്നതഉദ്യോഗസ്ഥന്മാരായ വലീദുബ്നുഉക്ബാ (റ) സഈദുബ്നുആസ് (റ) അബ്ദില്ലാഹിബ്നുസാഹ് (റ) അബ്ദുല്ലാഹിബ്നുഅമീർ (റ) തുടങ്ങിയവർ അനഹ്രോ ഭരണപാടവമില്ലാത്ത സാധാരണക്കാരന്റെ പട്ടികയിൽ പെടുത്താവുന്നവരോ ആയിരുന്നില്ല. വലീദുബ്നുഉക്ബ (റ) ആദ്യം ഹ: ഉമർ (റ) വിന്റെ കാലത്തു ജസീറായിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. സഈദുബ്നുൽആസി (റ) വിന്റെ നേതൃത്വത്തിലാണ് തിബിരിസ്ഥാനും, അർമീനിയും പിടിച്ചെടുത്തത്. അതുപോലെതന്നെ തൃപ്പോളി, കബറസ് എന്നിവ പിടിച്ചെടുത്തതു അബ്ദുല്ലാഹ് (റ) വായിരുന്നു. അവർ നേടിയ വിജയങ്ങളും അവർ പരിചയമില്ലാത്തവരാണെന്നു തെളിയിക്കുകയില്ല. ഖുസ്തായിലെ ഗവണ്മെന്റായ അബ്ദുല്ലാ (റ) യും സമർത്ഥനായ ഒരു ഭരണാധികാരിയായിരുന്നു. കാബൂൾ, ഹറാത്ത്, സിജിസ്ഥാൻ, നൈശാപ്പൂർ എന്നീ സ്ഥലങ്ങളെ കീഴടക്കി ഇസ്‌ലാം സാമ്രാജ്യത്തോട് ചേർത്തതു അബ്ദില്ലാ (റ) യായിരുന്നു.

3. കുടുംബാംഗങ്ങൾക്ക് ഉന്നത ഉദ്യോഗങ്ങൾ നല്കുന്നു എന്നുള്ള ആരോപണം ഒരു പരിധിവരെ ശരിയാണ്. ഹ: ഉസ്മാൻ (റ) വിന്റെ മുൻഗാമികളായ രണ്ടു ഖലീഫമാരും ഭരണത്തിൽ സ്വന്തക്കാർക്ക് സ്ഥാനം നൽകിയിരുന്നില്ല. ഹ: ഉസ്മാൻ (റ) ഒരു കുടുംബസ്നേഹിയും, ദീനാനുകമ്പയുമുള്ള ഒരാളായിരുന്നതുകൊണ്ട് സ്വന്തം അഭിപ്രായത്തെ മാത്രം കണക്കിലെടുത്തു ബന്ധുക്കളെ സഹായിച്ചു. ജനങ്ങൾ ഇതിനെപ്പറ്റി ആവലാതി ബോധിപ്പിച്ചപ്പോൾ, റസൂൽ (സ) ഖുറൈശികൾക്ക് കൂടുതൽ ശ്രേഷ്ഠത കല്പിച്ചിരുന്നില്ലേ? അവിടുന്ന് ബനൂഹാശിം കുടുംബത്തെ കൂടുതൽ സ്നേഹിച്ചിരുന്നില്ലേ?' എന്നുള്ള മറുചോദ്യങ്ങളായിരുന്നു അദ്ദേഹത്തിൽനിന്നു അവർക്കു ലഭിച്ചതു. തുടർന്ന് ഖലീഫ അവരോടു പറഞ്ഞു: സ്വർഗ്ഗത്തിന്റെ താക്കോൽ എന്റെ കൈവശമായിരുന്നെങ്കിൽ ഖുറൈശികുടുംബക്കാരെ ഞാൻ സ്വർഗ്ഗത്തിൽ നിറക്കുമായിരുന്നു.'

ഖജനാവു ദുരുപയോഗപ്പെടുത്തി എന്നുള്ള ആരോപണം വെറും പൊള്ളയായ ഒന്നാണ്. നബി (സ) യുടെ അനുയായികളിൽ ഏറ്റവും വലിയ ധനവാനാണ് ഹ: ഉസ്മാൻ(റ). ഹ: ഉസ്മാൻ (റ) വിന്റെ ധനസ്ഥിതിയെപ്പറ്റി ചരിത്രത്തിൽ തന്നെ നിഷേധിക്കാൻ വയ്യാത്ത രേഖകളുണ്ട്. തന്റെ സ്വന്തം ധനത്തിൽനിന്നാണ് അദ്ദേഹം മുഅത്തു കിണറിനെ അതിന്റെ ഉടമയായ യഹൂദനിൽനിന്നു വിലക്കു വാങ്ങി ജനങ്ങൾക്കു ദാനം ചെയ്തതു. മസ്ജിദ്നബവിയെ വികസിപ്പിച്ചു. കണ

ക്കറെ തങ്കനാണയങ്ങളും നല്കി താബൂക്ക് യുദ്ധത്തെ വിജയിപ്പിച്ചു. തന്റെ സ്വന്തം തുകയാണ് ഇവക്കെല്ലാം വേണ്ടി അദ്ദേഹം ചിലവഴിച്ചത്. അതോടൊപ്പം അദ്ദേഹം തന്റെ കുടുംബത്തേയും സഹായിച്ചിട്ടുണ്ട്. അതിനു ഖലീഫയുടെ വാക്കുകളും തന്നെ തെളിവാണ്. 'ഞാൻ എന്റെ കുടുംബത്തെ സ്നേഹിക്കുന്നു. സഹായിക്കുന്നു. കുടുംബത്തിനു് ഞാൻ ചെയ്തിട്ടുള്ള ദാനം എന്റെ ധനസ്ഥിതിക്കനുസരിച്ചാണ്. പൊതുമുതൽ സ്വന്തമായി ഉപയോഗിക്കണമെന്നു് ഞാൻ വിചാരിച്ചിട്ടില്ല.' നബി (സ) യുടെ കാലത്തും, അബൂബകർ (റ), ഉമർ (റ) എന്നിവരുടെ കാലത്തും ഇസ്‌ലാമിനുവേണ്ടി വൻതുകകളും സംഭാവന ചെയ്തവനാണ് ഞാൻ. അല്ലാഹുവാണെ സത്യം, എനിക്കു വേണ്ടി ഞാൻ നികുതി ഈടാക്കിയിട്ടില്ല. പൊതുജനങ്ങൾക്ക് വേണ്ടി മാത്രമെ ഞാൻ ധനം ചിലവഴിച്ചിട്ടുള്ളൂ. ഖജനാവിൽ എത്തുന്ന ഒരു പൈപോലും സ്വന്തം ആവശ്യത്തിനുവേണ്ടി ഞാൻ ചിലവഴിച്ചിട്ടില്ല. എന്റെ അനുവാദം കൂടാതെ തന്നെ ആവശ്യമനുസരിച്ച് ചിലവഴിച്ച് കൊള്ളുവാൻ ഞാൻ ഉദ്യോഗസ്ഥന്മാർക്കു് നിർദ്ദേശം നല്കിയിരുന്നു. ഞാൻ ഭക്ഷിക്കുന്നതുപോലും എന്റെ പണം ഉപയോഗിച്ചാണ്.'

റസൂൽ (സ) നാട്ടു കടത്തിയ ഹക്കമിനെ തിരികെ വരാൻ ഖലീഫ അനുവദിച്ചു എന്നതു ശരിയാണ്. റസൂൽ (സ) എടുത്ത തീരുമാനങ്ങൾക്കു് മാറ്റം വരുത്താൻ മുമ്പത്തെ രണ്ടു ഖലീഫമാരാരും ശ്രമിച്ചിട്ടില്ല. മാപ്പപേക്ഷിച്ചുകൊണ്ട് ഹക്കീം തന്റെ അന്ത്യകാലത്തു് ചെയ്ത അപേക്ഷയെ മാനിച്ചാണ് ഉസ്മാൻ (റ) അയാളെ തിരികെ വരാൻ അനുവദിച്ചതു്. ഹ: ഉസ്മാൻ (റ) തന്റെ മകളെ ഹക്കമിന്റെ മകനായ മറവാൻ (റ) വിനു് വിവാഹം ചെയ്തു കൊടുക്കുകയും വിവാഹസമ്മാനമായി ഒരു ലക്ഷം വെള്ളിനാണയം മറവാൻ (റ) വിനു് നല്കുകയും ചെയ്തു. ഹക്കമിനും ഒരു ലക്ഷം വെള്ളിനാണയം സംഭാവന നല്കി. ഈ ചിലവുകളെല്ലാം സ്വന്തം ധനത്തിൽനിന്നെടുത്തു് ചെയ്തവയാണ്. ഖജനാവു് മുടിപ്പിച്ചാണ് ഈ ചിലവുകളെല്ലാം ചെയ്യുന്നതു് എന്നു് ശത്രുക്കൾ പ്രചരണം നടത്തി.

തൃപ്പോളിയിൽ നിന്നും ശേഖരിച്ച ഗനീമത്തു സ്വത്തിന്റെ അഞ്ചിലൊന്നു് ഹ: ഉസ്മാൻ (റ) മറവാൻ (റ) വിനു് കൊടുത്തുവെന്ന ആരോപണവും സത്യത്തിനു് നിരക്കാത്തതാണ്. മറവാൻ (റ) ആ സാധനങ്ങൾ വിലക്കു വാങ്ങുകയാണുണ്ടായതു്. പ്രമുഖചരിത്രകാരനായ ഇബ്നുഖൽദൂൻ (റ) ഇതിനെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തുന്നു. 'തൃപ്പോളിയിൽനിന്നും ലഭിച്ച ഗനീമത്തു മുതലിന്റെ അഞ്ചിലൊരു ഭാഗം ഇബ്നുസുബൈർ (റ) മദീനത്തേക്കയച്ചു. ആ സാധനങ്ങൾ അഞ്ചു ലക്ഷം തങ്കനാണയങ്ങൾക്കു് മറവാൻ (റ) വിലക്കു വാങ്ങി. ഗനീമത്തു് മുതലിന്റെ അഞ്ചിലൊന്നു് ഹ: ഉസ്മാൻ (റ) മറവാൻ (റ) വിനു് സംഭാവന ചെയ്യുകയാണുണ്ടായതെന്നു് ജനങ്ങൾ തെറ്റിദ്ധരിച്ചു. എന്നാൽ തൃപ്പോളിയായിലെ ആദ്യവിജയത്തിൽനിന്നും ലഭിച്ച ഗനീമത്തു് സ്വത്തിന്റെ അഞ്ചിലൊന്നിന്റെ അഞ്ചിലൊരു ഭാഗം ഹ: ഉസ്മാൻ (റ) അബ്ദീസർഹിനു് കൊടുത്തു എന്നതു് ശരിയാകുന്നു.' പക്ഷെ അബ്ദീസർഹിനു് ഗനീമത്തു് സ്വത്തിന്റെ ഒരു വീതം നൽകിയതു് ഒരു കരാറനുസരിച്ചായിരുന്നു. യുദ്ധത്തിൽ വിജയം നേടുകയാണെങ്കിൽ ഗനീമത്തു് മുതലിന്റെ അഞ്ചിലൊരു ഭാഗത്തിന്റെ അഞ്ചിലൊന്നു് അബ്ദീസർഹ് (റ) വിനു് കൊടുത്തു് കൊള്ളാമെന്നു് ഖലീഫ അദ്ദേഹത്തിനു് വാക്കു കൊടുത്തി

രുന്നു. യുദ്ധത്തിൽ വിജയം നേടിയ അബൂ സർഹ് (റ) വിനോടുള്ള വാക്ക പാലിക്കുക മാത്രമാണ് ഖലീഫ ചെയ്തത്. അബൂസർഹ് (റ) വിനു് ഇരുപതു തുക നല്കിയതിനെ നാട്ടുകാർ എതിർത്തു. ജനങ്ങളുടെ എതിർപ്പ് മനസ്സിലാക്കിയ ഹ: ഉസ്മാൻ (റ) അവരോടിങ്ങനെ പറഞ്ഞു: 'ഞാൻ ചെയ്ത പ്രവർത്തി നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ ആ തുക അബൂ സർഹ് (റ) തന്നെ എടുത്തുകൊള്ളട്ടെ. നിങ്ങൾക്കത് ഇഷ്ടമല്ലെങ്കിൽ ഞാൻ അത് തിരികെ വാങ്ങാം.' തിരികെ വാങ്ങണമെന്നായിരുന്നു ജനങ്ങളുടെ വിധി. ഖലീഫ ജനങ്ങളുടെ അഭിപ്രായത്തെ മാനിച്ചു. അബൂസർഹ് (റ) വിനോടു് തന്റെ നിരപരാധിത്വം ഏറ്റു പറഞ്ഞുകൊണ്ടു് പ്രസ്തുത തുക അദ്ദേഹം തിരികെ വാങ്ങിച്ചു.

ഖാലീദ് (റ) വിന്റെ പുത്രനായ അബ്ദുല്ലാ (റ) ക്കു് മൂന്നു ലക്ഷം വെള്ളിനാണയം കൊടുത്തത് ഖജനാവിൽ നിന്നു് കടമെടുത്തിട്ടാണു്. ഹക്കമ് (റ) വിന്റെ പുത്രനായ ഹാരീസ് (റ) വിനു് മദീനകമ്പോളത്തിലെ പത്തിലൊന്നു് നികുതി പിരിപ്പാനുള്ള അനുവാദം നൽകിയെന്നതും, പുത്രികൾക്കു് കണക്കറ്റ രത്നങ്ങളും ഖജനാവിൽനിന്നു് നല്കിയെന്നതും യാതൊരു കഴമ്പുമില്ലാത്ത അത്ഥ്യശൂന്യങ്ങളായ കുറാരോപണങ്ങളായിരുന്നു. അനവധി ധനം മുടക്കി ഒരു മണിമന്ദിരം ഹ: ഉസ്മാൻ-(റ) നിർമ്മിച്ചുവെന്നുള്ള വാർത്തയും ഒരു കെട്ടുകഥയായിരുന്നു.

തന്റെ ദാഹം ശമിപ്പിക്കുന്നതിനേക്കാളും മറ്റുള്ളവരുടെ വിശപ്പും ദാഹവും മാറ്റുന്നതിനു് ശ്രമിച്ച മഹാനായ ഈ ഉദാരമനസ്കൻ ഒരു ചെറിയ തുക പോലും തന്റെ ആവശ്യത്തിനുവേണ്ടി പൊതുമുതലിൽനിന്നും എടുത്തിരുന്നില്ല. പിന്നെ ഖജനാവിന്റെ തലവനായിരുന്ന സൈദുബ്നുസാബിത്ത് (റ) വിനു് ഒരു ലക്ഷം വെള്ളിനാണയം കൊടുത്തതിന്റെ യാഥാർത്ഥ്യം ഇതാണു്: ഒരിക്കൽ ശമ്പളം മുഴുവൻ തീർത്തതിനുശേഷം ഒരു വലിയ സംഖ്യ ബാക്കിയായി. ഈ സംഖ്യ പൊതുജനനന്മക്കായി ഉപയോഗിക്കണമെന്നു് അദ്ദേഹം സൈദ് (റ) വിനോടു് നിർദ്ദേശിച്ചു. ഖലീഫയുടെ ഉപദേശമനുസരിച്ചു് മസ്ജിദിന്റെ വികസനത്തിന്നായി പ്രസ്തുത തുക ഉപയോഗിക്കുകയാണുണ്ടായതു്.

3) ഹ: അബ്ദുല്ലാഹിബ്നുമസ്ഊദ് (റ), ഹ: ഉബയ്യ് (റ) എന്നീ ഉദ്യോഗസ്ഥന്മാരിൽ ഹ: ഉസ്മാനു് തെറ്റിദ്ധാരണയുണ്ടായിരുന്നു. ഇക്കാരണത്താൽ കുറേ നാളത്തേക്കു് അവരുടെ ശമ്പളം നല്കിയില്ല എന്നതു് ശരിയാണു്. എന്നാൽ അബ്ദുല്ലാഹിബ്നുമസ്ഊദി (റ) വിന്റെ മരണശേഷം അദ്ദേഹത്തിന്റെ അവകാശികൾക്കു് ഖലീഫ തുക നല്കി. 25000 വെള്ളിനാണയമായിരുന്നു ശമ്പളമായി കൊടുക്കാനുണ്ടായിരുന്നതു്

4) സൈന്യത്തിലെ കുതിരകളേയും ഒട്ടകങ്ങളേയും തീറ്റുന്നതിനു് മേച്ചിൽസ്ഥലം ഉണ്ടാകേണ്ടതു് ആവശ്യമായിരുന്നു. നബി (സ) 'ബക്കീഅ്' എന്ന സ്ഥലത്തെ ആ ഉപയോഗത്തിലേക്കുവേണ്ടി തിരഞ്ഞെടുത്തു. ഹ: ഉമർ(റ) യും ഇപ്രകാരം മേച്ചിൽസ്ഥലങ്ങൾ ഉണ്ടാക്കിയിരുന്നു. ഹ: ഉസ്മാൻ (റ) വിന്റെ കാലത്താകട്ടെ ഒട്ടകങ്ങളും കുതിരകളും ഗണ്യമായി വർദ്ധിച്ചു. ഒരു മേച്ചിൽ സ്ഥലത്തു് 40000 ഒട്ടകങ്ങളാണത്രെ മേഞ്ഞുനടന്നിരുന്നതു്. മേച്ചിൽ സ്ഥലങ്ങളുടെ ആവശ്യകത വർദ്ധിച്ചപ്പോൾ 'ബക്കീഅ്'ൽ മൃഗങ്ങളെ മേയ്ക്കാൻ ജനങ്ങളെ ഹ: ഉസ്മാൻ(റ) അനുവദിച്ചില്ല. ഇതിനെ സംബന്ധിച്ചാണു് സ്വന്തം ഒട്ടകങ്ങളേയും കുതിരകളേയും തീറ്റാനായി 'ബക്കീഅ്' ഖലീഫ ഉപയോ

ഗിക്കുന്നുവെന്ന് ജനങ്ങൾ ആരോപണം പറഞ്ഞുണ്ടാക്കിയതു്. ഇതിനെസംബന്ധിച്ച് ഖലീഫയുടെ പ്രഖ്യാപനം ഇപ്രകാരമായിരുന്നു. 'ഞാൻ എന്റെ സ്വന്തം മൃഗങ്ങളെ തീറ്റാനായി ഗവർണ്മെൻറ് മേച്ചിൽസ്ഥലങ്ങൾ ദുരുപയോഗപ്പെടുത്തുന്നുവെന്നു് ജനങ്ങൾ പറയുന്നു. സത്യത്തിൽ ഗവർണ്മെൻറ് മേച്ചിൽസ്ഥലങ്ങളാണു് ഇപ്പോഴും സൈന്യത്തിലെ മൃഗങ്ങളെ തീറ്റാൻ ഉപയോഗിക്കുന്നതു്. ഞാൻ പ്രത്യേകമായി ഏല്പിച്ചുകൊടുത്ത സ്ഥലങ്ങളിലാണു് മദീനത്തുകാർ ഇപ്പോഴും അവരുടെ മൃഗങ്ങളെ മേക്കുന്നതു്. അവരെ അതിൽനിന്നാരും തന്നെ തടഞ്ഞിട്ടില്ല. അതു് അവിടത്തെ മുസ്‌ലിംകൾക്കുള്ള ദാനമായിട്ടാണു് നല്കിയിരിക്കുന്നതു്. അവിടെ പ്രവേശിക്കുന്നതിൽനിന്നു് ആരേയും തടയുകയോ, ഒറ്റ ജോലിക്കാരനെയെങ്കിലും പിരിച്ചുവിടുകയോ ഉണ്ടായിട്ടില്ല. ഞാൻ അധികാരം ഏല്ക്കുന്നകാലത്തും അനവധി ഒട്ടകങ്ങളുടെയും ആടുകളുടേയും ഉടമയായിരുന്നു ഞാൻ. ഇപ്പോൾ രണ്ടു് ഒട്ടകങ്ങൾ മാത്രമാണുള്ളതു്. അവ രണ്ടും ഹജ്ജിന്റെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാനാണു്.'

5) ചില സാധനങ്ങളുടെ വില്പനാവകാശം ഖലീഫ ഏറ്റെടുത്തുവെന്നുള്ള ആരോപണവും അസത്യമാണു്. സൈന്യത്തിലെ ഒട്ടകങ്ങൾക്കുള്ള ആഹാരമായി ഈത്തപ്പഴത്തിന്റെ അരി ശേഖരിക്കാൻ ഏർപ്പാടുചെയ്യുകമാത്രമാണു് ഹ: ഉസ്മാൻ (റ)ചെയ്തതു്.

6) കുടുംബക്കാർക്കും ആശ്രിതന്മാർക്കും വേണ്ടി ഭൂമി പതിച്ചുകൊടുത്തുവെന്ന ശത്രുക്കളുടെ ആരോപണവും വസ്തുതകൾക്കു് നിരക്കാത്തതാണു്. അവ പരിശോധിച്ചാൽ മനസ്സിലാകും. 'യമനി'ൽ നിന്നു് ഭൂമിയും മറ്റു സ്വത്തുക്കളും വേണ്ടെന്നുവെച്ചു് വളരെപേർ ഹ: ഉസ്മാൻ (റ) വിന്റെ കാലത്തു് മദീനയിൽ എത്തിയിട്ടുണ്ടായിരുന്നു. ഖലീഫ അവർക്കു് മദീനയിൽ താമസസ്ഥലങ്ങൾ നൽകി. പകരം യമനിലുള്ള അവരുടെ വസ്തുക്കളെ ഗവർണ്മെണ്ടുടമയിലാക്കി. 'കിന്തത്തിലുള്ള ഹ: തൽഹത്തു് (റ) വിന്റെ ഭൂമി ഗവർണ്മെണ്ടിലേയ്ക്കെടുത്തുകൊണ്ടാണു് ഖലീഫ മദീനയിൽ അദ്ദേഹത്തിനു് സ്ഥലം നല്കിയതു്. ഇതൊരഴിമതിയായി സംശയിക്കാനേ നിവൃത്തിയില്ലാത്തതാണു്; തരിശായി കിടന്നിരുന്ന ഇറാക്കിലെ അനവധി ഭൂഭാഗങ്ങൾ ജനങ്ങൾ കൃഷിക്കുപയുക്തമാക്കി. 'തരിശുഭൂമിയെ ഫലവത്താക്കി തീർത്തവനാണു് അതിന്റെ അവകാശവും' എന്ന സിദ്ധാന്തപ്രകാരം ഹ: ഉസ്മാൻ (റ) ആ ഭൂവിഭാഗങ്ങളെ അവിടെ കൃഷിചെയ്തവരുടെ അധീനതയിലാക്കി. നാടിനെ അഭിവൃദ്ധിയിലേക്കും പുരോഗതിയിലേക്കും നയിക്കുന്നതിനുതകുന്ന പല നല്ല കാര്യങ്ങൾക്കും ഹ: ഉസ്മാൻ (റ) പ്രോത്സാഹനം നല്കിയതാണോ തെറ്റു്.

7) മഹാന്മാരായ സഹാബികളോടു് നിന്ദ്യമായി പെരുമാറുകയും അവരെ നിസ്സാരരാക്കുകയും ചെയ്തുവെന്ന വാർത്തയും തെറ്റാണു്. അമ്മാറുബ്നുയാസീർ (റ), ജുൻദുബുബ്നുജുനാദ (റ), അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) എന്നിവരോടുള്ള ഖലീഫയുടെ പെരുമാറ്റം അവരെ അപമാനപ്പെടുത്തണമെന്നു ഉദ്ദേശിച്ചുള്ളായിരുന്നു. ഹ: അബൂസർറ് (റ) വിനെ ഹ: ഉസ്മാൻ (റ) നാടുകടത്തിയെന്നതു് ശരിയല്ല. അബൂസർറ് (റ) വിനു് ജീവിതത്തിലുള്ള ആഗ്രഹം നശിച്ചിരുന്നു. അതുകൊണ്ടു് അദ്ദേഹം നാടുവിട്ടു. ഹ: ഉസ്മാൻ (റ) വാകട്ടെ അദ്ദേഹത്തിന്റെ ആഗ്രഹം അറിയാനായി തിരികെ വിളിപ്പിച്ചു. ഖലീഫ, അബൂസർറ് (റ) വിനോടു് പറഞ്ഞു. 'നിങ്ങളുടെ സകല ചിലവുകളും ഞാൻ ഏറ്റുകൊള്ളാം. നിങ്ങൾ ഇവിടെ താമസിക്കണം.' 'നിങ്ങളു

ടെ ഐഹികസുഖത്തെ ഞാൻ മോഹിക്കുന്നില്ല' എന്നു് മറുപടി നല്കി, അബൂസർറു് (റ) ഖലീഫയുടെ ആജ്ഞയെ നിഷേധിക്കുകയാണുണ്ടായതു്. ഖലീഫയുടെ ഭരണത്തിൻറെ അന്ത്യഘട്ടംവരെ ശാമിൽ ഗനീമത്തു ധനം ഭാഗിക്കുന്ന ജോലിയുമായി കഴിഞ്ഞിരുന്ന ഉബാദത്തുബ്നുസാബിത്ത് (റ) വിനേയും ഹ: ഉസ്മാൻ (റ) നാടുകടത്തിയിട്ടില്ല.

ഹ: ഉസ്മാൻ (റ) നിർദ്ദയനാണെന്നു പറയുമ്പോൾ ഹ: ഉമർ (റ) അതിനേക്കാളെറെ നിർദ്ദയനായിരുന്നുവെന്നു് ഇവിടെ സ്മരിക്കേണ്ടതാണു്. ഹ: ഉമർ (റ) ഉബൈയ്യുബ്നുകഅ്ബ് (റ) വിനെ ചാട്ടകൊണ്ടടിച്ചിട്ടുണ്ടു്. ഈയാസുബ്നുഗനമിനെ നഗ്നനാക്കി ആട്ടമേക്കാനയച്ചിട്ടുണ്ടു്. സഅ്ദുവക്കാസ് (റ) വിനെ കയ്യിലിരുന്ന വടികൊണ്ടു് ഹ: ഉമർ (റ) അടിച്ചിട്ടുണ്ടു്. എന്നിട്ടും ഹ: ഉമർ (റ) അവരെ അപമാനിക്കയാണെന്നു് ആരും പരാതിപ്പെട്ടിട്ടില്ല. ഭരണത്തിൻറെ കാര്യക്ഷമതക്കുവേണ്ടി ചിലപ്പോൾ ഉദ്യോഗസ്ഥന്മാരുടെ നേരെ കശ്നമായി പെരുമാറേണ്ടിവരാം.

ഒരു മുസഹഫ് ഒഴികെ മറ്റുള്ളവയെല്ലാം ഹ:ഉസ്മാൻ (റ) നശിപ്പിച്ചു കളഞ്ഞുവെന്ന ആരോപണം ഒരിക്കലും വിശ്വസിക്കാൻ. സാധിക്കില്ല. ഹ: ഉസ്മാൻ (റ) സ്വന്തമായി മുസഹഫ് തയ്യാർ ചെയ്തിട്ടില്ലായിരുന്നു. റസൂൽ (സ) വിൻറെ വിയോഗത്തിനുശേഷം ഹ: അബൂബക്കർ (റ) തയ്യാറാക്കിച്ച മുസഹഫിൻറെ പകർപ്പുകൾ നാടിൻറെ നാനാഭാഗങ്ങളിലേക്കും അയക്കുക മാത്രമാണു് ഖലീഫ ചെയ്തതു്. ഇതെല്ലാവരും അംഗീകരിക്കുകയും ചെയ്തു.

8) ഹ: ഉസ്മാൻ (റ) ഒരു ക്രൂരനായിരുന്നില്ല. വളരെ ദയാലുവായിരുന്നു ഖലീഫ. കുറ്റം ചെയ്തവനു് ശിക്ഷ നൽകുന്നതിൽ ഖലീഫ അലസത കാണിച്ചു എന്ന ആരോപണത്തെ ഹർമുസാ (റ) വിൻറെ വധക്കേസ് നിരാകരിക്കുന്നു.

അബൂലുലു എന്ന ഒരു മജൂസി അബൂ ലുഅ്ലുഅഹിബ്നു ഉമർ (റ) വിനെ കൊലപ്പെടുത്തി. അബൂലുലുവിൻറെ പുത്രിയേയും, ഇറാൻകാരനും ഒരു നവമുസ്‌ലിമും ആയ ഹർമസാനെയും വധപ്പെടുത്തി ഉബൈദുല്ല (റ) പ്രതികാരം വീട്ടി. അബൂലുലുവിൻറെ പുത്രിക്കും, ഹർമസാൻ (റ) വിനും അബ്ദുല്ലാഹിബ്നുഉമർ (റ)വിൻറെ വധത്തിൽ കയ്യുണ്ടെന്നായിരുന്നു ഉബൈദുല്ലാ(റ)ധരിച്ചതു്. ഹ:ഉസ്മാൻ(റ)വിൻറെ ഖിലാഫത്തു് ആരംഭിച്ച കാലത്തു് വന്ന പ്രഥമ കേസ്സായിരുന്നു അതു്. ഹ: ഉസ്മാൻ (റ) സഹാബികളുമായി ഇക്കാര്യത്തെ കുറിച്ചു് കൂടിയാലോചന നടത്തി. ഉബൈദുല്ലാ (റ) യെ വധിക്കണമെന്നായിരുന്നു ഹ: അലി (റ) യുടെ വാദം. ചില മുഹാജിറുകളും ഈ വാദത്തെ എതിർത്തപ്പോൾ അംറുബ്നുൽ ആസ് (റ) തൻറെ അഭിപ്രായം രേഖപ്പെടുത്തി. 'സത്യവിശ്വാസികളുടെ അമീറെ! ഉബൈദ (റ) ക്കു് അങ്ങു് മാപ്പു നല്കുന്നതായാൽ അല്ലാഹു അതിനെപ്പറ്റി താങ്കളോടു് ചോദിക്കില്ലെന്നു് ഞങ്ങൾ വിശ്വസിക്കുന്നു' ഭൂരിപക്ഷവും ഉബൈദുല്ലാ (റ) യെ രക്ഷിക്കേണമെന്നുള്ളവരായിരുന്നതിനാൽ ഹ: ഉസ്മാൻ (റ) പറഞ്ഞു: 'ഹുർമുസാനു് അവകാശികളാരും ഇല്ല. അതുകൊണ്ടു് ഞാനാണു് അയാളുടെ അവകാശി. ഞാൻ ഉബൈദുല്ലാ(റ)യെ വധിക്കാൻ കല്പിക്കുന്നില്ല. പിഴ ഈടാക്കാൻ തീരുമാനിക്കുന്നു' ഉബൈദുല്ല (റ) ക്കു് പിഴ അടക്കാനുള്ള സംഖ്യയും ഖലീഫതന്നെ നല്കി. അബ്ദുല്ലാഹിബ്നുഉമർ (റ) വിനെ കൊലപ്പെടുത്തുന്നതിനെ സംബന്ധിച്ചു് 'അദ്വീ' ഗോത്രക്കാർ എതിരായിരുന്നു. ഉബൈദുല്ലാ (റ) യെ വധിക്കാൻ കല്പിച്ചിരുന്നുവെങ്കിൽ ഒരു വലിയ കലഹംതന്നെ നാട്ടിലുണ്ടാകുമായിരുന്നു.

കൂഫയിലെ ഗവർണ്ണറായ വലീദ് (റ) മദ്യപിക്കുന്നുവെന്ന വാർത്തകേട്ട ഉടനെതന്നെ ഹ: ഉസ്മാൻ (റ) അയാളെ സ്ഥാനത്തുനിന്നും നീക്കംചെയ്തു. ശരിയായ തെളിവുകൾ ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് അയാൾക്ക് ശിക്ഷനല്കാൻ വൈകിയത്. ശക്തമായ വളരെ നിവേദനങ്ങളുടെ നേരെ കണ്ണടച്ച് ഉർവ്വുലങ്ങളായ പലതിനേയും പക്ഷപാതത്തോടുകൂടി ഖലീഫ സ്വീകരിച്ചുവെന്നുള്ള ആരോപണവും അടിസ്ഥാനരഹിതമാണ്. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്ന വിഷയങ്ങളിൽ സ്വന്തം അഭിപ്രായപ്രകാരം തീരുമാനങ്ങളെടുക്കുക മാത്രമാണ് ഹ: ഉസ്മാൻ (റ) ചെയ്തത്.

9) നബി (സ) യുടെ കാല്പാടുകളെ പിൻപറ്റി ജീവിച്ചിരുന്ന ഒരു മഹാനായിരുന്നു ഹ: ഉസ്മാൻ (റ). മിനായിൽവെച്ചുള്ള നമസ്കാരം രണ്ടുറക്അത്തിൽനിന്നും നാലുറക്അത്തായി അദ്ദേഹം വർദ്ധിപ്പിച്ചത് ശറഇന്റെ നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. പ്രസ്തുനമസ്കാരം 'ബിദ്അത്ത്' ആണെന്നാരോപിച്ച് സഹാബികൾ എതിർപ്പ് പ്രകടിപ്പിച്ചപ്പോൾ അവരോട് ഖലീഫ ഇപ്രകാരം വിശദീകരിച്ചു. 'സഹാബികളെ ഞാൻ മക്കയിൽ എത്തിയപ്പോൾ അവിടെ താമസിക്കാൻ ഞാൻ തീരുമാനിച്ചു. ഒരാൾ ഏതെങ്കിലും നാട്ടിൽ താമസിക്കുമ്പോൾ അയാൾ ആ നാട്ടിലുള്ളവരെപോലെ നമസ്കരിക്കണമെന്ന റസൂൽപറഞ്ഞു കേട്ടിട്ടുണ്ട്.''

10) ഈജിപ്തിലെ നിവേദക സംഘത്തോട് ചെയ്ത വാക്കു പാലിക്കാൻ ഖലീഫ തയാറായില്ല എന്നുള്ള ആരോപണവും യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്. ഈ സംഭവം ഉസ്മാൻ (റ) വിന്റെ രക്തസാക്ഷിത്വവുമായി ബന്ധപ്പെട്ടതായതുകൊണ്ട് ആ ഭാഗത്തു വിവരിക്കുന്നതാണ്.

വിപ്ലവത്തെ അടിച്ചമർത്താനും പുതിയ പരിഷ്കാരങ്ങൾക്കും വേണ്ടിയുള്ള ശ്രമങ്ങൾ

ഹ: ഉസ്മാൻ (റ) വിനെ സംബന്ധിച്ച കുറ്റാരോപണങ്ങളുടെ പട്ടിക തയ്യാറാക്കി ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച് രാജ്യത്തു കലഹവും നാശവും സൃഷ്ടിക്കാൻ വിപ്ലവകാരികൾ ശ്രമിച്ചുകൊണ്ടിരുന്നു. അവരുടെ വിപ്ലവപദ്ധതികളെ പരാജയപ്പെടുത്തുകയെന്നതു അസാദ്ധ്യമായ ഒരു കാര്യമായിരുന്നു. ശത്രുക്കളുടെ കലഹങ്ങളെ അടിച്ചമർത്താനും പുതിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്താനും ഖലീഫ തീരുമാനിച്ചു. പ്രമുഖരായ തന്റെ ഉദ്യോഗസ്ഥന്മാരെകൂടിയാലോചനക്കായി വരുത്തി. അമീർമുആവിയാ (റ), അബ്ദുല്ലാഹിബ്നുഅബീസറഹ്(റ), സഅദ്ബ്നുആസ് (റ), അംറുബ്നുൽആസ് (റ) തുടങ്ങിയ മഹാന്മാർ ഖിലാഫത്തു ഡർബാറിൽ സംബന്ധിച്ചവരിൽ ഉൾപ്പെടുന്നു. രാജ്യത്തു നടക്കുന്ന കുഴപ്പങ്ങളെപറ്റി അദ്ദേഹം അവരോട് സംസാരിക്കുകയും പരിഹാരനിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്തു. ഓരോരുത്തരും അവരുടെ അഭിപ്രായങ്ങൾ തുറന്നു പറഞ്ഞു. ആമിറിന്റെ പുത്രനായ അബ്ദുല്ലായുടെ അഭിപ്രായത്തിൽ, ഓരോനാട്ടിലേക്കും സൈന്യത്തെ അയക്കുകയാണെങ്കിൽ ജനങ്ങൾ അവരോട് സഹകരിക്കുമെന്നും അപ്രകാരം വിപ്ലവത്തെ തകർക്കാൻ കഴിയുമെന്നായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ഇപ്രകാരമായിരുന്നു.

സഅ്ദ്:- 'വിപ്ലവത്തിനു പിന്നിൽ വലിയ ഗ്രൂപ്പുസംഘം പ്രവർത്തിക്കുന്നുണ്ട്. അവരുടെ നേതാവിനെ വധിക്കുകയാണെങ്കിൽ വിപ്ലവസംഘം തകരുകയും നാട്ടിൽ സമാധാനം കൈവരികയും ചെയ്യും.'

അമീർമുആവിയാ:- വിപ്ലവത്തെ അടിച്ചമർത്താനുള്ള ഉത്തരവാദിത്വം ഓരോ ഉദ്യോഗസ്ഥനും ഏറ്റെടുക്കണം. ഞാൻ സിറിയായുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു.

സഅദി (റ) വിന്റെ പുത്രൻ അബ്ദുല്ല (റ):- ദുരാഗ്രഹികളായ വിപ്ലവകാരികളെ പണം നല്കി തൃപ്തിപ്പെടുത്താം.

അംറുബ്‌നുൽആസ് (റ):- സത്യവിശ്വാസികളുടെ അമീറെ! അങ്ങയുടെ ചെയ്തികളാണ് ജനങ്ങളെ വിപ്ലവത്തിലേക്ക് വലിച്ചിഴച്ചത്. കലഹങ്ങളെ അവസാനിപ്പിക്കാൻ രണ്ട മാർഗ്ഗമേ എനിക്ക് നിർദ്ദേശിക്കാനുള്ള. ഒന്നുകിൽ നീതിന്യായങ്ങളെ മാനിച്ച് ഭരണം നടത്തുക; അതല്ലെങ്കിൽ ഖിലാഫത്തുസ്ഥാനം ഒഴിയുക. ഇവ രണ്ടും അങ്ങേക്ക് സ്വീകാര്യമല്ലെങ്കിൽ ഇഷ്ടംപോലെ താങ്കൾക്ക് പ്രവർത്തിക്കാം.' തന്നെസംബന്ധിച്ച് ഇപ്രകാരം ഒരഭിപ്രായം പറഞ്ഞത് കഷ്ടമായിപോയെന്ന് ഖലീഫ അംറ് (റ) വിനെ നോക്കിപറഞ്ഞു. അംറു (റ) നിശ്ശബ്ദനായി നിന്നതേ ഉള്ള. സഭ പിരിഞ്ഞു. ഏകനായി ചിന്തയിൽ മുഴുകിയിരുന്ന ഖലീഫയോട് അംറുബ്‌നുൽആസ് (റ) പറഞ്ഞു:- 'അമീറുൽമുഅ്മിനീനെ! ഞാൻ അങ്ങയെ ബഹുമാനിക്കുന്നു. ഞാൻ മുമ്പ് പറഞ്ഞ അഭിപ്രായം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു മാത്രമായിരുന്നു. ഞാൻ വിപ്ലവത്തിനനുകൂലമാണെന്നു അവർ അറിയണമെന്നു എനിക്കാഗ്രഹമുണ്ടായിരുന്നു. തന്മൂലം അവരിൽനിന്നു അങ്ങേക്കുണ്ടാകുന്ന ഗുണദോഷങ്ങൾ അറിയാനും അങ്ങയെ അതറിയിക്കാനും എനിക്കു സാധിക്കും.' ഖലീഫയാതൊരു മറുപടിയും നല്കിയില്ല. ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ രാജ്യത്തെ ആഭ്യന്തരകലഹങ്ങൾക്ക് പ്രതിവിധിയുണ്ടാക്കാൻ സഹായകമായിരുന്നില്ലെന്നു അദ്ദേഹത്തിനു മനസ്സിലായി. വിപ്ലവത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള മറെറാരു പോംവഴി കണ്ടുപിടിക്കാനായിരുന്നു പിന്നീടദ്ദേഹത്തിന്റെ യത്നം.

ജനങ്ങളുടെ അഭിപ്രായത്തിനു വഴങ്ങുന്നു.

സഈദുബ്‌നുൽആസ് (റ) ആയിരുന്നു കൂഫയിലെ ഗവണ്ണർ അദ്ദേഹത്തോടു വിപ്ലവകാരികൾക്ക് വളരെ എതിർപ്പായിരുന്നു. അദ്ദേഹം ഖലീഫയുടെ ക്ഷണനമനുസരിച്ചു മദീനത്തുപോയ തക്കംനോക്കി അദ്ദേഹം തിരിച്ചുവരാതിരിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി വിപ്ലവകാരികൾ ചിന്തിച്ചുകൊണ്ടിരുന്നു. സഈദ്ബ്‌നുൽആസ് (റ) മദീനത്തുനിന്നു മടങ്ങിവരുമ്പോൾ 'ജർആ' എന്ന സ്ഥലത്തുവെച്ചു വിപ്ലവകാരികൾ അദ്ദേഹത്തെ തടഞ്ഞുനിർത്തി. അദ്ദേഹം മദീനയ്ക്കുതന്നെ തിരിച്ചുപോകാൻ നിർബ്ബന്ധിതനായി. ജനങ്ങളുടെ അഭിപ്രായത്തെ മാനിച്ചുകൊണ്ടു സഈദ് (റ) വിനെ ഖലീഫ പിരിച്ചുവിടുകയും അബൂമൂസാ അശ്അരിയെ തൽസ്ഥാനത്തു നിയമിക്കുകയും ചെയ്തു. അദ്ദേഹം ജനങ്ങളെ അറിയിച്ചു: 'നിങ്ങളുടെ അഭിപ്രായമനുസരിച്ചു ഞാൻ പ്രവർത്തിച്ചുകൊള്ളാം. ഒരിക്കലും ഞാൻ ക്ഷമകൈവെടിയുകയില്ല.'

നാട്ടിനെ പുരോഗതിയിലേക്കു നയിക്കാനുതകുന്ന മാർഗ്ഗങ്ങളെ കുറിച്ചു ഖലീഫ ചിന്തിച്ചുകൊണ്ടിരുന്നു. സ്വീകരിക്കത്തക്കതായ ഒരു മാർഗ്ഗവും അദ്ദേഹത്തിനു കണ്ടെത്താൻ കഴിഞ്ഞില്ല. ആ അവസരത്തിലാണ് ഹ: തൽഹത്ത് (റ) ഒരു മാർഗ്ഗം നിർദ്ദേശിച്ചതു. ശത്രുക്കളുടെ പരിപാടികളെപ്പറ്റി യഥാർത്ഥ വിവരങ്ങൾ ലഭിക്കുന്നതിനു നാട്ടിന്റെ നാനാഭാഗങ്ങളിലും ഒറ്റുപ്രവർത്തകസംഘത്തെ നിയമിക്കണമെന്നായിരുന്നു ഹ: തൽഹത്ത് (റ) നിർദ്ദേശിച്ച മാർഗ്ഗം. ഹ: ഉസ്മാൻ (റ) ഹ: തൽഹത്ത് (റ) വിന്റെ അഭിപ്രായം സ്വീകരിച്ചു.

ഹിജ്‌റ 35-ാം വർഷത്തിലാണ് അദ്ദേഹം അതു് നടപ്പാക്കിയതു്. ഹ: മുഹമ്മദുബ്‌നു മസ്‌ലമ (റ), ഹ: ഉസാമത്ത്ബ്‌നുസൈദ് (റ), അമ്മാറുബ്‌നുയാസിർ (റ) എന്നിവരെ യഥാക്രമം കൂഫ, ബസറ, ഈജിപ്ത് എന്നിവിടങ്ങളിൽ അന്വേഷണത്തിന്നായി നിയമിച്ചു. കൂടാതെ ഇപ്രകാരം ഒരു വിളംബരവും ഖലീഫ പ്രസിദ്ധപ്പെടുത്തി. 'ഹജ്ജുകാലത്തു് ഉദ്യോഗസ്ഥന്മാരെ ഞാൻ മക്കയിൽ വിളിച്ചുകൂട്ടും. എന്നെ കുറിച്ചോ എന്റെ ഉദ്യോഗസ്ഥന്മാരെ കുറിച്ചോ എന്തെങ്കിലും പരാതി ജനങ്ങൾക്കു് ബോധിപ്പിക്കാനുണ്ടെങ്കിൽ അതിനെ ഹജ്ജ് കാലത്ത് അറിയിക്കുന്നതായാൽ ഞാൻ അന്വേഷിച്ചു് അക്രമിയിൽ നിന്നും അക്രമിക്കപ്പെട്ടവന്റെ അവകാശത്തെ വാങ്ങുന്നതാണു്.'

ചില ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ പറ്റിയും പാവങ്ങളോടു് അവരുടെ ക്രൂരമായ പെരുമാറ്റത്തെപ്പറ്റിയും ഖലീഫക്കു് അറിവുണ്ടായിരുന്നു. അതുകൊണ്ടാണു് ഹ: ഉസ്മാൻ (റ) ഇപ്രകാരം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയതു്.

വിപ്ലവ സംരംഭം

ഹ: ഉസ്മാൻ (റ) ജനങ്ങളുടെ നന്മക്കായി അക്ഷീണനിതനായി പ്രയത്നിച്ചുകൊണ്ടിരിക്കുമ്പോൾ ശത്രുക്കൾ നാട്ടിലൊരു വിപ്ലവത്തിനുള്ള കരുക്കളെല്ലാം പൂർത്തിയാക്കിയിരുന്നു. ഹാജിമാരുടെ വേഷംധരിച്ചു് ബസ്രാ, കൂഫാ, ഈജിപ്ത് എന്നിവിടങ്ങളിലെ ജനങ്ങൾ മദീനയിലേക്കു് പുറപ്പെട്ടു. അവരുടെ അവകാശവാദങ്ങളെ അംഗീകരിപ്പിക്കാനായി ഖലീഫയ്ക്കെതിരെ ബലപ്രയോഗം നടത്താൻപോലും അവർ തയ്യാറായിരുന്നു. മദീനത്തിന്നടുത്ത ഒരു സ്ഥലത്തു് അവർ പാളയമടിച്ചു. ഹ: തൽഹത്ത് (റ), ഹ: സുബൈർ (റ), ഹ: സഅദുബ്നുഅബീവക്കാസ് (റ), ഹ: അലി (റ) എന്നീ സഹാബികളുമായി വിപ്ലവനേതാക്കൾ സംഭാഷണം നടത്തി. ഈ മഹാന്മാരുടെ മദ്ധ്യസ്ഥതയിൽ കാര്യങ്ങൾ നേടിയെടുക്കാമെന്നായിരുന്നു വിപ്ലവനേതാക്കളുടെ പരിപാടി. ജനങ്ങളുടെ അഭിലാഷങ്ങളനുസരിച്ചു് ഖലീഫ പ്രവർത്തിക്കുന്നുണ്ടെന്നു് സഹാബികൾക്കു് ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടു് വിപ്ലവസംഘാംഗങ്ങളുടെ മദ്ധ്യസ്ഥതക്കു് സഹാബികൾ തയ്യാറായില്ല. വിപ്ലവക്കാരുടെ പരിപാടികളെപ്പറ്റി ഖലീഫക്കു് അറിവുകിട്ടി. അദ്ദേഹം ഹ: അലി (റ) യെ വിളിച്ചുപറഞ്ഞു:- 'അലീ, നിങ്ങൾ അവരെ സന്തോഷിപ്പിച്ചു് മടക്കി അയക്കുക. അവരുടെ ന്യായമായ ഏതൊരാവശ്യവും അനുവദിച്ചുകൊടുക്കാൻ ഖലീഫ തയ്യാറാണെന്നു് അവരെ അറിയിക്കുകയും ചെയ്യുക.' ഹ: അലി (റ) യുടെ നിർദ്ദേശമനുസരിച്ചു് വിപ്ലവസംഘക്കാർ തിരിച്ചുപോയി. താൻ ജനനന്മക്കായി രൂപീകരിച്ചിട്ടുള്ള ചില പദ്ധതികളെപ്പറ്റി ഒരു വെള്ളിയാഴ്ചദിവസം ഖലീഫ ജനങ്ങളോടു് സംസാരിച്ചു. തന്റെ പരിപാടികൾ നടപ്പിൽ വന്നുകഴിഞ്ഞാൽ ബനൂഉമയ്യാക്കളുടെ ശക്തി നശിക്കുകയും, കുഴപ്പങ്ങളുടെയും, അനൈക്യത്തിന്റെയും വിളനിലമായിതീർന്ന ഇസ്‌ലാമിയാ പൂങ്കാവനം വീണ്ടും തളിർക്കുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ മുട്ടുകളും കലഹങ്ങളും അവസാനിപ്പിക്കാൻ അദ്ദേഹം ജനങ്ങളോടു് ഉപദേശിച്ചു. പക്ഷെ വസന്തം വന്നില്ല, പൂങ്കാവനം തളിർത്തില്ല; പൂക്കൾ വിരിഞ്ഞതുമില്ല. അപ്രതീക്ഷിതമായ ഒരു ദിവസം തന്നെ ബീറിന്റെ മന്ദ്രധ്വനി മദീനായുടെ തെരുവീഥികളിൽ മുഴങ്ങി, കുതിരകളുടെ കുളമ്പടികളുടെ ശബ്ദവും. സഹാബികൾ അന്തംവിട്ടു നിശ്ചലരായിനിന്നു. വിപ്ലവസംഘം വീണ്ടും വന്നിരിക്കുന്നു. 'പ്രതികാരം! പ്രതികാരം!' ശബ്ദം അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടു. മടങ്ങിവരാനുള്ള കാരണത്തെപ്പറ്റി ഹ: അലി

(റ) അന്വേഷിച്ചു. അവർ ഇപ്രകാരം മറുപടി നല്കി: 'ഞങ്ങൾ തിരിച്ചുപോകുമ്പോൾ ഈജിപ്തിലെക്കു പോകുന്ന ഹ: ഉസ്മാൻ (റ) വിന്റെ ഒരു ദൂതനെ ഞങ്ങൾ കണ്ടുമുട്ടി. അയാളെപ്പറ്റി ഞങ്ങൾക്ക് സംശയമുണ്ടായി. അയാളെ പരിശോധിച്ചപ്പോൾ അയാളുടെ കയ്യിൽ ഈജിപ്തിലെ ഗവണ്ണർക്കുള്ള ഒരു എഴുത്തുണ്ടായിരുന്നു.' അതിൽ 'ഞങ്ങളുടെ ഗളഛേദം ചെയ്യണമെന്നു' എഴുതിയിരുന്നു. ഞങ്ങൾക്ക് നല്കിയ വാക്കിനെ ലംഘിച്ചതിനാലാണ് ഞങ്ങൾ പ്രതികാരത്തിന് തയ്യാറായതു്.'

അധികാരത്തിൽനിന്നും ഒഴിയണമെന്നു്

ഹ: ഉസ്മാൻ (റ) വിവരങ്ങൾ അറിഞ്ഞു. കത്തിനെക്കുറിച്ചു് തനിക്കു് യാതൊരറിവും ഇല്ലെന്നു് അദ്ദേഹം സത്യം ചെയ്തുപറഞ്ഞു. അതുകൊണ്ടു് മറുവാന്റെ പ്രവർത്തിയായിരിക്കാമിതെന്നു് ജനങ്ങൾ ഊഹിച്ചു. 'കത്തിനെപ്പറ്റി അറിവില്ലെന്നു് പറഞ്ഞു് നില്ക്കുന്നതു് ഒരു ഭരണാധിപനു് ശരിയല്ലെന്നും, ഖലീഫ സ്ഥാനം ഒഴിയുകയാണു് വേണ്ടതെന്നും' ഈജിപ്തുകാർ ഹ: ഉസ്മാൻ (റ) വിനോടു് പറഞ്ഞു. അതിനു് ഖലീഫ നല്കിയ മറുപടി ഇപ്രകാരമായിരുന്നു. 'എനിക്ക് അല്ലാഹു നല്കിയ പദവിയെ എന്റെ ശരീരത്തിൽ ഒരു തുള്ളി രക്തമെങ്കിലും ശേഷിക്കുന്നതുവരെ കാത്തുസൂക്ഷിക്കും. നബി (സ) യുടെ ഉപദേശമനുസരിച്ചു് ജീവിതത്തിന്റെ അന്ത്യനിമിഷംവരെ ഞാൻ ക്ഷമിച്ചിരിക്കും.'

വിപ്ലവസംഘം ഖലീഫയുടെ വസതി വളയുന്നു

തങ്ങളുടെ അപേക്ഷ ഖലീഫ നിരസിച്ചതു് വിപ്ലവക്കാരെ കോപാന്ധരാക്കി. അവർ ഹ: ഉസ്മാൻ (റ) വിന്റെ വീടു് വളഞ്ഞു. 40 ദിവസത്തോളം അവർ അദ്ദേഹത്തിന്റെ ഭവനത്തിനു് കാവൽനിന്നു. ഒരുതുള്ളി വെള്ളംപോലും അകത്തേക്കു് കൊണ്ടുപോകുവാൻ അവർ അനുവദിച്ചില്ല. നബി (സ) യുടെ പ്രിയപത്നിയായ ഉമ്മുൽമുഅ്മിനീൻ ഹ:ഉമ്മുഹബീബ (റ) യെപോലും അവർ അനാദരിച്ചു. കുറേ ആഹാരസാധനങ്ങളുമായി ഹ: ഉസ്മാൻ (റ) വിന്റെ അടുക്കൽ പോകാൻ ശ്രമിക്കുകയായിരുന്നു അവർ. മര്യാദകേടായി പെരുമാറി അവരെ തിരിച്ചയച്ചു. പക്ഷെ ആഹാരസാധനങ്ങളും, വെള്ളവും അടുത്ത വീടുകളിൽനിന്നു് ഖലീഫക്കു് ലഭിച്ചിരുന്നു. മഹാന്മാരായ പല് സഹാബികളേയും ശത്രുക്കൾ അപമാനിച്ചു. അബ്ദുല്ലാഹിബ്നു സലാം (റ), അബൂഹുറൈറ (റ), സഅദുബ്നു വകാസ് (റ) തുടങ്ങിയ മഹാന്മാർ അവരുടെ ആക്ഷേപങ്ങൾക്ക് ഇരയായി. ഒരിക്കൽ ഖലീഫയുടെ വീട്ടിലേക്കു് പ്രവേശിക്കാൻ ശ്രമിച്ച ഹ: അലീ (റ) യെയും അവർ തടഞ്ഞുനിർത്തി. ഹ: ഉസ്മാൻ (റ) വിന്റെ ക്ഷണമനുസരിച്ചു് വന്നതായിരുന്നു ഹ: അലി (റ). അലി (റ) യാകട്ടെ തന്റെ കറുത്ത തലപ്പാവെടുത്തു് ഒരു ദൂതനു് എറിഞ്ഞുകൊടുത്തുകൊണ്ടു് പറഞ്ഞു. 'നീ സ്ഥിതിഗതികൾ മനസ്സിലാക്കുകയും വിവരങ്ങൾ ഖലീഫയെ അറിയിക്കുകയും ചെയ്യുക.' ഹ: അലി (റ), ഹ: സുബൈർ (റ), ഹ: തൽഹത്തു് (റ) തുടങ്ങിയ അല്പം ചില സഹാബികളൊഴികെ മറ്റു സഹാബിമാരെല്ലാം മദീനയിൽനിന്നു് സ്ഥലം വിട്ടു. ഹ: ആയിഷ (റ) ഹജ്ജുകർമ്മത്തിന്നായി പുറപ്പെട്ടു. സഹാബിമാരുടെ വാക്കുകൾക്കു് വിപ്ലവകാരികൾ യാതൊരു വിലയും കല്പിച്ചിരുന്നില്ല. അതുകൊണ്ടു് ഹ: അലി (റ), ഹ: തൽഹത്തു് (റ), ഹ: സുബൈർ (റ) എന്നിവർ അവരുടെ പുത്രന്മാരെ ഖലീഫയുടെ സഹായത്തിനും, സംരക്ഷണത്തിനും വേണ്ടി നിയോ

ഹിച്ചു. ഖലീഫയുടെ വീട്ടുപടിക്കൽ കാവൽനിന്നതു് ഇമാംഹസ്സൻ (റ) ആയിരുന്നെങ്കിൽ ഖലീഫയുടെ ഗൃഹത്തിലെ ഭടന്മാരുടെ ഉത്തരവാദിത്വം ഏറ്റെടുത്തതു് ഹ: സുബൈർ (റ) വിന്റെ പുത്രനായ അബ്ദുല്ലാ (റ) വായിരുന്നു.

വിപ്ലവകാരികളുടെ മന:പരിവർത്തനത്തിനുവേണ്ടി ഖലീഫയുടെ ശ്രമം

വിപ്ലവകാരികളോടു് കാര്യങ്ങൾ തുറന്നു പറയാൻ ഖലീഫ പലവട്ടം ശ്രമിച്ചെങ്കിലും അപ്പോഴൊന്നും അവർ അദ്ദേഹത്തിനു് പ്രസംഗിക്കാനായി സൗകര്യം നല്കിയില്ല. ഹ: ഉബയ്‌ബ്‌നുകഅ്‌ബ് (റ) വിപ്ലവകാരികളെ സമാധാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലിച്ചില്ല. ഒടുവിൽ ഖലീഫക്കു് പ്രസംഗിക്കാൻ സൗകര്യം ലഭിച്ചു. ഖലീഫ അവരോടു് ഇപ്രകാരം കാര്യങ്ങൾ പറയാൻ തുടങ്ങി. 'നബി (സ) യുടെ കല്പന അനുസരിച്ചു് പ്രവർത്തിക്കുന്നതാണോ എന്റെ പേരിലുള്ള തെറ്റ്? സൗകര്യങ്ങൾ വളരെ പരിമിതമായിരുന്ന മദീനായിലെ മസ്‌ജിദ് വിപുലീകരിക്കാൻ ഭൂമി ദാനം ചെയ്യുന്ന ആളിനു് അതിനു് പ്രതിഫലമായി സ്വർഗ്ഗത്തിൽ മികച്ച ഉത്തമമായ സ്ഥാനം ലഭിക്കുന്നതാണു്' എന്നു് നബി (സ) പറഞ്ഞിട്ടുണ്ടു്. ആ കല്പനക്കു് കീഴ്‌വഴങ്ങി മദീനാമസ്‌ജിദിനെ കൂടുതൽ സൗകര്യപ്രദമാക്കിതീർത്തുകൊണ്ടാണോ അവിടെ നമസ്കരിക്കാൻ എന്നെ നിങ്ങൾ അനുവദിക്കാത്തതു്? ശുദ്ധജലം ലഭിച്ചിരുന്ന ഒരൊരു കിണറായിരുന്ന ഭൂമത്തു കിണറിനെ യഹൂദനിൽനിന്നും വിലകൊടുത്തു വാങ്ങി മദീനയിലെ ജനങ്ങൾക്കു് ദാനം ചെയ്തതാണോ ഞാൻ ചെയ്ത തെറ്റ്? 'ഭൂമത്തു' കിണറിനെ വിലകൊടുത്തു വാങ്ങി മുസ്‌ലിംകൾക്കു് ദാനം ചെയ്യുന്നതു് ആരാണോ അയാൾക്കു് അതിനേക്കാൾ ഉത്തമമായതു് സ്വർഗ്ഗത്തിൽ ലഭിക്കുന്നതാണു്" എന്നു നബി(സ) യുടെ കല്പനയനുസരിച്ചായിരുന്നു അതും ഞാൻ ചെയ്തതു്. എന്നിട്ടു്, ആ കിണറിലെ വെള്ളം കുടിയ്ക്കുന്നതെന്നാണോ എന്നോടു് നിങ്ങൾ പറയുന്നതു്.' ഖലീഫയുടെ ഈ ചോദ്യങ്ങൾക്കു് 'അതെല്ലാം സത്യമാണന്നു്' അവരിൽ ചിലർ വിളിച്ചുപറഞ്ഞു. എന്നാൽ കഠിനഹൃദയരായ ചിലരുടെ മുഖങ്ങളിൽ യാതൊരു ഭാവവ്യത്യാസവും ഉണ്ടായില്ല. ഹ: ഉസ്‌മാൻ (റ) തുടർന്നു: 'നബി (സ) ഹിറാപർവ്വതത്തിൽ കയറിയപ്പോൾ പർവ്വതം ചലിക്കാൻ തുടങ്ങിയതു് നിങ്ങളിൽ ചിലരെങ്കിലും ഓർക്കുന്നില്ലെ? നബി (സ) തന്റെ പവിത്രമായ കാലുകളെ ഹിറാപർവ്വതത്തിൽ ഉറപ്പിച്ചു്നിന്നുകൊണ്ടു് 'ഹിറാപർവ്വതമെ! സമാധാനിക്കുക. നിന്റെ മുകളിൽ ഇപ്പോൾ ഒരു നബിയും, ഒരു സിദ്ദീഖും, ഒരു ശഹീദും (രക്തസാക്ഷി) നില്ക്കുന്നുണ്ടെന്നു' പറഞ്ഞതും നിങ്ങൾക്കറിവുള്ളതല്ലെ?' തങ്ങൾ ശ്രോതാക്കളോടായി ജനക്കൂട്ടം വിളിച്ചുപറഞ്ഞു. ഹ: ഉസ്‌മാൻ (റ) പിന്നേയും തുടർന്നു: 'ബഹുമാനപ്പെട്ട റസൂലി(സ) മിന്റെ പരിശുദ്ധമായ കൈകൾ എന്റെ കൈയ്യുവേണ്ടി കരാർ ചെയ്ത സംഭവവും നിങ്ങൾക്കറിവുള്ളതാണല്ലോ! എനിക്കുവേണ്ടി വിശുദ്ധനബി (സ) പ്രാർത്ഥന ചെയ്തില്ലെ? സംഭവങ്ങളെല്ലാം നിങ്ങൾക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ തെറ്റിദ്ധരിക്കുകയാണോ?' ഖലീഫ പറഞ്ഞതെല്ലാം സത്യമാണെന്നു് ജനങ്ങൾ സമ്മതിച്ചു.

അടുത്ത പരിപാടികളെപ്പറ്റി അവർ ആലോചന തുടങ്ങി. ഹജ്ജ് കാലം കഴിയാറായി. ഹജ്ജ് കഴിഞ്ഞാൽ ജനങ്ങളെല്ലാം മദീനയിലെത്തുകയും ഇപ്പോഴത്തെ സൗകര്യങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. ഹ: ഉസ്‌മാൻ (റ) വിനെ വധിക്കണമെന്നായിരുന്നു അവരുടെ തീരുമാനം. തന്നെ വധിക്കാൻ വിപ്ലവകാരികൾ തീ

രുമാനിച്ച വിവരം ഹ: ഉസ്മാൻ (റ) അറിഞ്ഞു. ഖലീഫ അവരോടിങ്ങനെ പറഞ്ഞു. 'ജനങ്ങളെ' എന്തു് കുറ്റംമൂലമാണു് നിങ്ങൾ എന്നെ വധിക്കാൻ ശ്രമിക്കുന്നതു്. ഞാൻ വ്യഭിചരിച്ചിട്ടില്ല. ആരെയെങ്കിലും കൊലപ്പെടുത്തുകയോ മതം മാറുകയോ ചെയ്തിട്ടില്ല. അല്ലാഹു ഏകനാണെന്നും, റസൂൽ (സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ വിശ്വസിക്കുന്നു. പിന്നെ എന്തിനാണു് നിങ്ങൾ എന്നെ വധിക്കുന്നതു്? മൂന്നുകുറ്റങ്ങൾക്കാണു് ഇസ്‌ലാമിൽ വധം അനുവദിച്ചിട്ടുള്ളതു്.

1) വിവാഹിതൻ വ്യഭിചരിക്കുക.

2) മറ്റൊരുത്തനെ മന:പൂർവ്വം വധിക്കുക.

3) മതത്തിൽനിന്നും പുറത്തുപോവുക.

ഈ കുറ്റങ്ങളൊന്നും ഞാൻ ചെയ്തിട്ടില്ല. പിന്നെ എന്തിനു് എന്നെ വധിക്കണം?'

ഖലീഫയുടെ ഈ വിവരണങ്ങളൊന്നും ശത്രുക്കളിൽ യാതൊരു മാറ്റവും വരുത്തിയില്ല.

സഹാബികളുടെ നിർദ്ദേശങ്ങൾ

ഹ: ഉസ്മാൻ (റ) വിനുവേണ്ടി എന്തു് ത്യാഗവും സഹിക്കാൻ തയ്യാറുള്ള സഹാബികളുണ്ടായിരുന്നു. അവർ പല നിർദ്ദേശങ്ങളും ഖലീഫക്കു് സമർപ്പിച്ചു. മുഗീറത്തിബ്നുശഅ്ബ (റ) യുടെ അഭിപ്രായം ഇതായിരുന്നു. 'മൂന്നു കാര്യങ്ങളാണു് എനിക്കങ്ങയെ അറിയിക്കാനുള്ളതു്. അങ്ങക്കുവേണ്ടി എന്തും സഹിക്കാൻ തയ്യാറുള്ള അനേകം പേർ ഇവിടെ ഉണ്ടു്. അവരുടെ സഹായത്തോടെ ശത്രുക്കളെ ആട്ടിപ്പായിക്കുക. സത്യത്തിലൂടെ ചലിക്കുന്ന അങ്ങയുടെ ഭാഗത്തായിരിക്കും ജനങ്ങൾ അണിനിരക്കുക. അങ്ങു്, എങ്ങിനെയെങ്കിലും ശത്രുക്കളിൽനിന്നു രക്ഷപ്പെട്ടു മക്കായിലേക്കു് പോകണമെന്നുള്ളതാണു് മറ്റൊരഭിപ്രായം. അതല്ലെങ്കിൽ അങ്ങു് സിറിയായിലേക്കു് പോകണം. അവിടത്തെ ജനങ്ങൾ താങ്കളെ അനുസരിച്ചുകൊള്ളും. കൂടാതെ അവിടെ മുആവിയ (റ) യുമുണ്ടല്ലോ. ഈ മൂന്നു് നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്നു് അങ്ങു് സ്വീകരിച്ചാലും.'

മുഗീറത്തുബ്നുശഅ്ബ (റ) യുടെ അഭിപ്രായത്തോടു് ഖലീഫക്കു് യോജിക്കാൻ കഴിഞ്ഞില്ല. അതിന്നദ്ദേഹം ഉന്നയിച്ച ന്യായങ്ങൾ ഇതായിരുന്നു. 'പുറത്തുപോയി യുദ്ധം ചെയ്തു് രക്തച്ചൊരിച്ചിലുണ്ടാക്കണമെന്നു എനിക്കാഗ്രഹമില്ല. സമുദായത്തിൽ രക്തക്കളം സൃഷ്ടിച്ച പ്രഥമ ഖലീഫ താനാണെന്നു് പറയിപ്പിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. മക്കായിലേക്കു് ശത്രുക്കൾ വരികയില്ലെന്നും അല്ലാഹുവിന്റെ ഹറമിനെ അഗണ്യമാക്കുകയില്ലെന്നും വിശ്വസിക്കാൻ ന്യായം കാണുന്നില്ല. അവിടേക്കു് ശത്രുക്കളെ വരുത്തി മക്കയോടു് അനാദരവു് കാണിക്കാൻ വയ്യ. നാം രക്ഷ പ്രാപിച്ച ഈ മദീനാനഗരത്തേയും റസൂൽ (സ) വിന്റെ അയൽബന്ധത്തേയും ഉപേക്ഷിച്ചു് സിറിയായിലേക്കു് പോകാനും എന്റെ മനസ്സനുവദിക്കുന്നില്ല.'

സഹാബികൾ ഉൾപ്പെടെ എഴുന്നൂറു് മുസ്‌ലിംകൾ ഹ: ഉസ്മാൻ (റ) വിന്റെ വിശാലമായ ഗൃഹത്തിനു് കാവൽനിന്നിരുന്നു. അവരുടെ നേതാവായ അബ്ദുല്ലാഹിബ്നുസുബൈർ (റ) ഒരിക്കൽ ഹ: ഉസ്മാൻ (റ) വിന്റെ അടുക്കൽ ചെന്നു് പറഞ്ഞു. 'അമീറെ അങ്ങു് അനുവാദം നല്കുകയാണെങ്കിൽ ശത്രുക്കളായ വിപ്ലവകാരികളോടു് യുദ്ധം ചെയ്യാൻ ഞങ്ങൾ തയ്യാറാണു്.' തനിക്കുവേണ്ടി ഒരാളുടേയും രക്തം നഷ്ടപ്പെടരുതെന്നായിരുന്നു ഖലീഫയുടെ മറുപടി. ഈ സന്ദർഭത്തിൽ, ത

ന്റെ ഗൃഹത്തിൽ അടിമകളാക്കിവെച്ചിരുന്ന ഇരുപതുപേരെയും ഖലീഫ മോചിതനാക്കി. ഈ അവസരത്തിൽ, ഹ: സഅ്ദുബ്നുസാബിത്ത് (റ) ഖലീഫയുടെ അടുക്കൽ ചെന്നു, അൻസാരികൾ അങ്ങേക്കുവേണ്ടി എന്തും സഹിക്കാൻ തയ്യാറായി വീണ്ടും വന്നിരിക്കുന്നുവെന്ന വാർത്ത അറിയിച്ചു. യുദ്ധത്തിനു തയ്യാറായിട്ടാണു് അവർ വന്നിട്ടുള്ളതെന്നറിഞ്ഞപ്പോൾ അദ്ദേഹം അതിനു് അനുമതി നല്കിയില്ല. ഖലീഫ സഅ്ദുബ്നുസാബിത്ത് (റ) വിനോടു് പറഞ്ഞു: 'ഇപ്പോൾ എന്നെ ഏറ്റവും സഹായിക്കുന്നവർ എനിക്കുവേണ്ടി വാളെടുത്താത്തവരാകുന്നു.' ഹ: അബൂഹുറൈറ (റ) യും അനുമതി ആവശ്യപ്പെട്ടു് ഖലീഫയെ സമീപിച്ചു. 'ഞാനുൾപ്പെടെ ലോകത്തു് എല്ലാവരേയും കൊലപ്പെടുത്തുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നോ?' ഖലീഫ അദ്ദേഹത്തോടു ചോദിച്ചു. എല്ലാവരേയും വധിക്കുന്നതിനല്ല ഞങ്ങൾ ഉദ്ദേശിക്കുന്നതെന്നു് അബൂഹുറൈറ (റ) മറുപടി പറഞ്ഞപ്പോൾ, ഒരാളെ കൊല്ലുന്നതു് എല്ലാവരേയും കൊല്ലുന്നതുപോലെതന്നെയെന്നു് ഖലീഫ പറഞ്ഞു തിരിച്ചയച്ചു. (ഇതു് സൂറത്തുൽ മായിദയിലെ 32-ാം ആയത്തിനെ സൂചിപ്പിക്കുന്നു.) അബൂഹുറൈറ (റ) നിരാശനായി മടങ്ങി.

മരണത്തെ പ്രതീക്ഷിച്ചു്

ഞാൻ വധിക്കപ്പെടുമെന്നും, ക്ഷമയും, ധൈര്യവും കൈവെടിയരുതെന്നുമുള്ള നബി (സ) യുടെ വാചകങ്ങളെ ഹ: ഉസ്മാൻ (റ) ഓർത്തു. ഇസ്‌ലാമിനുവേണ്ടിയുള്ള രക്തസാക്ഷിത്വം ഏതു സമയവും അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. ഒരു വെള്ളിയാഴ്ച ദിവസം രക്തസാക്ഷിത്വം വഹിക്കേണ്ട ആ ദിവസം അദ്ദേഹം നോമ്പുകാരനുമായിരുന്നു. അന്നദ്ദേഹം ഒരു സ്വപ്നം കണ്ടു. നബി (സ) യും ഹ: അബൂബക്കർ (റ) വും ഹ: ഉമർ (റ) വും തന്റെ അരികിൽ വരികയും നോമ്പു മുറിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നായിരുന്നു സ്വപ്നത്തിൽ അദ്ദേഹം കണ്ടതു്. ഉണർന്നപ്പോൾ സഹാബികളോടു വിവരം പറഞ്ഞു.

തന്റെ രക്തസാക്ഷിത്വത്തിന്റെ സമയം അടുത്തിരിക്കുന്നു. വിപ്ലവകാരികൾതന്നെ കൊലപ്പെടുത്തുമെന്നും ഖലീഫ അദ്ദേഹത്തിന്റെ ഭാര്യയെ ഓർമ്മപ്പെടുത്തി. അങ്ങിനെ സംഭവിക്കുക സാദ്ധ്യമല്ലെന്നു് അവർ പറഞ്ഞപ്പോൾ താൻ സ്വപ്നത്തിൽ കണ്ടതായി ഖലീഫ അവരെ അറിയിച്ചു. മറ്റൊരു നിർദ്ദേശം മനസ്സിലാക്കിച്ചു്, റസൂൽ (സ) പറഞ്ഞു: 'ഉസ്മാനെ! ഇന്നത്തെ ജുംആ എന്നോടൊത്തു് നമസ്കരിക്കണം.' പിന്നീടു് അദ്ദേഹം താൻ ധരിക്കലും ധരിച്ചിട്ടില്ലാത്ത പൈജാമ ധരിക്കുകയും ഖുർആൻ പാരായണത്തിൽ മുഴുകുകയും ചെയ്തു.

ഖലീഫ വധിക്കപ്പെടുന്നു

വിപ്ലവകാരികൾ ഖലീഫയുടെ വസതി ആക്രമിച്ചു. പടിവാതിലിൽ കാവൽനിന്നിരുന്ന ഇമാംഹസ്സൻ (റ) അവരോടെതിർത്തു് മുറിവേറ്റു് നിലംപതിച്ചു. ബഹളത്തിനിടക്കു് വിപ്ലവകാരികളിൽ നാലുപേർ വീടിനുള്ളിൽകടന്നു ഖലീഫയുടെ മുറിയിൽ പ്രവേശിച്ചു. ഏറ്റവും ആദ്യം ഖലീഫയുടെ മുറിയിൽ കയറിവന്നതു് ഹ: അബൂബക്കർ (റ) വിന്റെ ഇളയ പുത്രനായ മുഹമ്മദുബ്നു അബീബക്കറായിരുന്നു. ഹ: അലി (റ) യുടെ സംരക്ഷണയിൽ വളരുകയും താൻ ആവശ്യപ്പെട്ട ഉദ്യോഗം ലഭിക്കാഞ്ഞതിനാൽ ഹ: ഉസ്മാൻ (റ) വിന്റെ ശത്രുവായി തീരുകയുംചെയ്ത ആളാണു് അബീബക്കർ. അയാൾ ഹ: ഉസ്മാൻ (റ) വിന്റെ തലമുടിയിൽ പിടിച്ചു് ശക്തിയായി വലിച്ചു. ശാന്തനായി ഖലീഫ അയാളോടു് പറഞ്ഞു. 'നിന്റെ പിതാവു് ജീവിച്ചിരുന്നെങ്കിൽ നി

ന്റെ ഈ പ്രവർത്തിയെ അദ്ദേഹം ഇഷ്ടപ്പെട്ടമായിരുന്നില്ല.' ഇതു് കേട്ടയാൾ തിരിഞ്ഞുനടന്നു. രണ്ടാമതു് കയറിവന്ന കിനാനത്തുബ്നുബശർ ഒരു ഇരുമ്പുകമ്പികൊണ്ടു് ഖലീഫയെ അടിച്ചു. നെറ്റിയിൽ മുറിവേറ്റു് ഖലീഫ നിലത്തുവീണു. 'ബിസ്മില്ലാഹിതവക്കൽതു' എന്ന വാചകം അദ്ദേഹത്തിന്റെ നാവിൽനിന്നും പുറപ്പെട്ടു. സൗദാനുബ്നുഹമ്രാൻമുറാദി ഹ: ഉസ്മാൻ (റ) വിനെ വീണ്ടും വീണ്ടും മർദ്ദിച്ചു. അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നൊഴുകിവീണ രക്തം മുറിയിൽ തളം കെട്ടിനിന്നു. അംറുബ്നുഅഹ്മക്കു എന്ന ഒരു കഠിനഹൃദയൻ അദ്ദേഹത്തിന്റെ ദേഹത്തിൽ കുന്തംകൊണ്ടു് കുത്തി. ഒമ്പതു കുത്തുകളേറ്റിരുന്നു. എന്നിട്ടും ക്രൂരത നിലച്ചില്ല. മറ്റൊരു വിപ്ലവകാരി അവസാന ശ്വാസം വലിച്ചിരുന്ന ഖലീഫയെ വാളെടുത്തു വെട്ടി. സമീപത്തു് നിസ്സഹായയായി നോക്കിനിന്ന ഖലീഫയുടെ പ്രിയപത്നി വെട്ടിനെ തടയാൻ ശ്രമിച്ചു. ഹ: നായില (റ) യുടെ മുന്നുവിരലുകൾ മുറിഞ്ഞു നിലത്തുവീണു. നിരപരാധിയായ ഇമാം! ആ ദീപം പൊലിഞ്ഞു. ലോകത്തുള്ള സർവ്വജീവജാലങ്ങളും ആ മഹാന്റെ മരണവാർത്തയറിഞ്ഞു് പൊട്ടിക്കരഞ്ഞു. വിധി ഇപ്രകാരം അരുളിചെയ്തു. 'ഇന്നുമുതൽ നിന്നും ഊരപ്പെട്ട രക്തപങ്കിലമായ ഖഡ്ഗം ലോകാവസാനംവരെ ഊരപ്പെട്ടതായിതന്നെ സ്ഥിതിചെയ്യും.' അന്നു തുറന്ന ആ വിപ്ലവകവാടം ഇന്നും അടഞ്ഞിട്ടില്ല; ലോകാവസാനംവരെ അതു് തുറന്നതന്നെയിരിക്കുകയും ചെയ്യും. ഇന്നാലില്ലാഹി.....ഖുർആനിലെ മഹത്തായ വചനങ്ങൾ മരണസമയത്തുപോലും അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു. പരിശുദ്ധമായ 'ഖുർആൻ' അദ്ദേഹത്തിന്റെ അടുക്കൽ തുറന്നുവെയ്ക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ രക്തത്തിൽ മുങ്ങിയ ആയത്തു ഇതാണു്. 'അല്ലാഹു നിനക്കു് മതിയായവനാകുന്നു. അവൻ കേൾക്കുന്നവനും അറിയുന്നവനും ആകുന്നു.'

വെള്ളിയാഴ്ച അസറിന്റെ സമയത്തായിരുന്നു അദ്ദേഹത്തിന്റെ ശ്വാസം നിലച്ചതു്. മദീനനഗരം ഒരു പടക്കളമായി മാറിയിരുന്നു. വിപ്ലവകാരികളുടെ ക്രൂരകൃത്യങ്ങൾ മദീനയിൽ കനത്ത ഭീകരത സൃഷ്ടിച്ചു. ഹ: ഉസ്മാൻ (റ) വിന്റെ മയ്യത്തു് സംസ്കരിക്കാൻ പോലും ആരും ധൈര്യപ്പെട്ടില്ല. ശനിയാഴ്ച രാത്രിയിലാണു് ഒരു പതിനേഴുപേർമാത്രം അതിനു് തയ്യാറായി മുന്നോട്ടുവന്നതു്. രക്തത്തിൽ മുങ്ങിയ ആ മയ്യത്തു് അങ്ങിനെതന്നെ അവർ എടുത്തുകൊണ്ടുപോയി. ക്ഷമയുടേയും സഹിഷ്ണുതയുടെയും പ്രതീകമായ ഇസ്ലാമിലെ ആ ചരിത്രപുരുഷന്റെ മൃതദേഹം ജന്നത്തുൽബക്കീഇന്റെ പുറത്തു് കബറടക്കി. പക്ഷെ കാബൂൾമുതൽ മൊറാക്കോവരെയുള്ള ജനങ്ങൾ മയ്യത്തു് നമസ്കാരത്തിൽ പങ്കെടുത്തു. 'മുസ്നദ്ഇബ്നുഹമ്പലിൽ' ഹ: സുഐബ (റ) വും, 'ഇബ്നുസഅദിൽ' ഹ: ജുബൈറുബ്നുമുത്ഇമും (റ) മയ്യത്തു് നമസ്കരിച്ചു. ജന്നത്തുൽബക്കീഇന്റെ പുറത്തു സംസ്കരിച്ച ഖലീഫയുടെ കബറിനു പിന്നീടു് ജന്നത്തുൽബക്കീഇനോടു് ചേർക്കപ്പെട്ടു. ഇന്നും അതുവിടെ സ്ഥിതിചെയ്യുന്നു.

അനുശോചനം

ഹ: ഉസ്മാൻ (റ) വിന്റെ മരണവാർത്ത വളരെ ഞെട്ടലോടെയാണു് അദ്ദേഹത്തിന്റെ എതിരാളികൾ പോലും ശ്രവിച്ചതു്. ഇത്രയും ക്രൂരമായ ഒരു വധം നടക്കുമെന്നു് അവരാരുംതന്നെ വിചാരിച്ചിരുന്നില്ല. മദീനയെ ഇത്രമാത്രം കളങ്കപ്പെടുത്തിയ ആ പൈശാചികപ്രവൃത്തിയിൽ ജനങ്ങൾ അത്ഭുതസ്തബ്ധരായി. എങ്ങും മൂകത വ്യാപിച്ചു. ഇസ്

ലാമിനെതിരെ വിപ്ലവത്തിന്റെ വിഷക്കാറ്റ് വിതച്ച ശത്രുക്കൾ! അതിൽനിന്നും വിളവെടുക്കുകയും ചെയ്തു. സുന്നി, ശീയ, ഖാരിജി, ഉസ്മാനി തുടങ്ങിയ പല സംഘങ്ങളായി ഇസ്‌ലാം വിഭജിക്കപ്പെട്ടു. ആ വിഭാഗങ്ങൾ ഇന്നും നിലനിൽക്കുന്നു; എന്നും നിലനിൽക്കുകയും ചെയ്യും.

മസ്ജിദിൽ നിന്നും മടങ്ങിവരുന്ന വേളയിലാണ് ഹ: അലി (റ) വധവാർത്ത ശ്രവിച്ചത്. പെട്ടെന്ന് കൈകൾ രണ്ടും ഉയർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

'അല്ലാഹുവെ! ഞാൻ ഉസ്മാന്റെ വധത്തെസംബന്ധിച്ച് നിരപരാധിയാണ്.' നബി (സ) യുടെ ഉറ്റ സഹചാരിയും, നാശത്തേയും കുഴപ്പത്തേയും പറ്റി മുന്നറിയിപ്പു നൽകുവാൻ കഴിവുമുള്ള ഹ: ഹുദൈഫ (റ) യുടെ അഭിപ്രായം ഇതായിരുന്നു: 'ഖിയാമം വരെ നികത്താനാത്ത ഒരു വിടവാണ് ഹ: ഉസ്മാൻ (റ) വിന്റെ വധം മൂലം ഇസ്‌ലാമിന് നേരിട്ടത്.' ഹ: ഉമർ (റ) വിന്റെ സഹോദരീഭർത്താവായ സഅദുബ്നുസൈദുബ്നുഅംറുബ്നുനഫീൽ പറഞ്ഞു: 'ജനങ്ങളെ! നിങ്ങളുടെ ഈ ക്രൂരകൃത്യത്തിനും ഉഹദ് പർവ്വതം പൊട്ടി നിങ്ങളുടെ മേൽ പതിച്ചാലും അതൊരു ശിക്ഷയാവുകയില്ല. അതുകൊണ്ട് നിരുദ്യമാണ് ഈ കൃത്യം.' ഹ: അബ്ബാസ് (റ) വിന്റെ അഭിപ്രായം ഇപ്രകാരമായിരുന്നു. 'സകല സൃഷ്ടികളും ഹ: ഉസ്മാൻ (റ) വിന്റെ വധത്തിൽ പങ്കുചേർന്നിരുന്നു എങ്കിൽ ലൂത്ത്നബി (അ) യുടെ ജനങ്ങളെ പോലെ ആകാശത്തുനിന്നും അവരുടെ മേൽ കല്ലുകൾ വർഷിക്കുമായിരുന്നു.' അബൂഹമീദുസാഅദി എന്ന സഹാബി പറഞ്ഞത്, ജീവിച്ചിരിക്കുന്ന കാലംവരെ പുഞ്ചിരിക്കുന്ന മുഖങ്ങളെ താൻ ദർശിക്കുകയില്ലെന്നാണ്. 'ഇന്നും അറബികളുടെ ശക്തി നശിച്ചിരിക്കുന്നു' എന്നാണ് അബ്ദുല്ലാഹിബ്നുസലാം പറഞ്ഞത്. യമനിലെ ഗവർണർ സമാത്തുബ്നുഅദീ ഖലീഫയുടെ മരണവാർത്തകേട്ട് പൊട്ടിക്കരഞ്ഞു. ഹ: ആയിഷ (റ) പറഞ്ഞതും ഇപ്രകാരമായിരുന്നു. 'ഉസ്മാൻ (റ) വധിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനാണെ സത്യം, അദ്ദേഹത്തിന്റെ പ്രവർത്തികൾ അലക്കിയ വസ്ത്രംപോലെ പരിശുദ്ധമായിരിക്കുന്നു.' ഹ: സൈദുബ്നുസാബിത്തും (റ), ഉം ഹ: അബൂഹുറൈറയും ഖലീഫയുടെ വധത്തിൽ അത്യന്തം ദുഃഖിതരായി.

രക്തത്തിൽ മുങ്ങിയ ഖലീഫയുടെ ഉടുപ്പുകളും ഹ: നായില (റ) യുടെ മുറിഞ്ഞുവീണ മൂന്നുവിരലുകളും ശാമിൽ അമീർമുആവിയ (റ) യുടെ അടുക്കലെത്തിച്ചു. ഒരു വമ്പിച്ച ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ മുആവിയാ (റ) രക്തപങ്കിലമായ ആ ഉടുപ്പ് നിവർത്തികാണിച്ചു. ഹ: നായില (റ) യുടെ മുറിഞ്ഞുവീണ വിരലുകൾ ഒരു പൊതുസ്ഥലത്തു കെട്ടിത്തൂക്കി. "പ്രതികാരം! പ്രതികാരം!" ഒരേ ശബ്ദത്തിൽ ജനക്കൂട്ടം വിളിച്ചുപറഞ്ഞു. അവരുടെ കണ്ണുകളിൽനിന്നും പുറപ്പെട്ട പ്രതികാരത്തിന്റെ അട്ടഹാസം അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടു.

ഹ: ഉസ്മാൻ (റ) വിന്റെ വിജയങ്ങൾ—ഒരു പൊതു വീക്ഷണം

തന്റെ അനിതരസാധാരണമായ ഭരണവൈദഗ്ദ്ധ്യംകൊണ്ട് ഇറാനിലേയും, റോമിലേയും ഭരണകൂടങ്ങളെ തകിടം മറിച്ച് അവിടങ്ങളിലെ സമ്പത്തും അധികാരങ്ങളും ഇസ്‌ലാമിലേക്ക് മുതൽ കൂട്ടുവാനും, ഖിയാനിഭരണകൂടത്തെ എന്നന്നേക്കുമായി ഉന്മൂലനം ചെയ്യാനും ഹ: ഉസ്മാൻ (റ) വിനു കഴിഞ്ഞുഎന്നതു ഒരു യാഥാർത്ഥ്യമാണ്. സിറിയ, ഈജിപ്ത്, ജസീറ എന്നീ പ്രദേശങ്ങൾ മുസ്‌ലിംഭര

ണത്തിൻകീഴിൽ കൊണ്ടുവന്നെങ്കിലും അവിടത്തെ പ്രബുദ്ധരായ ജനങ്ങളുടെ അഭിമാനബോധം നശിപ്പിക്കാൻ സാദ്ധ്യമാണോ? പരാജിതരുടെ സ്വാതന്ത്ര്യവാഞ്ഛയെ എത്രനാൾ തടുത്തുനിത്താൻ കഴിയും ലോകം മുഴുവൻ കീഴടക്കിയ മഹാനായ അലക്‌സാണ്ടറുടെ പ്രതിനിധികൾക്ക് എത്രനാൾ അവ നിലനിത്താൻ കഴിഞ്ഞു? പെങ്കീസും, തൈമൂറും നേടിയ വിജയങ്ങൾ തൊടിയിടകൊണ്ട് നശിച്ചില്ലെ? പ്രഗത്ഭരായ വിജയികളുടെ അനന്തരഗാമികൾ സമർത്ഥരല്ലെങ്കിൽ അവർ നേടിയെടുത്ത വിജയങ്ങൾ ക്ഷണംനേരംകൊണ്ട് നശിക്കുന്നു എന്നതാണ് പരമാർത്ഥം. ഭരണാധികാരികളുടെ സൽപെരുമാറ്റവും സൽപ്രവർത്തിയുംകൊണ്ട് ഹ: ഉമർ (റ) വിൻറെ പ്രതിനിധികൾക്ക് അവർ പിടിച്ചടക്കിയ രാജ്യത്തിലെ ജനങ്ങളെ തങ്ങൾക്കനുകൂലമായി നിത്തുവാൻ കഴിഞ്ഞിരുന്നു.

ഹ: ഉസ്മാൻ (റ) വിനു് ഒട്ടനവധി വിപ്ലവങ്ങളെ അടിച്ചമർത്തേണ്ടിവന്നിട്ടുണ്ട്. അനവധി പ്രതിബന്ധങ്ങളെ വിജയപൂർവ്വം അദ്ദേഹം തരണം ചെയ്തിട്ടുണ്ട്. ഈജിപ്തിലുണ്ടായ ആഭ്യന്തരകലഹവും, അർമേനിയാ, ആസർബയിജാൻ എന്നിവിടങ്ങളിലെ നികുതി നിഷേധവും, ഖുറാസാൻകാരുടെ ഭരണത്തോടുള്ള എതിർപ്പുമെല്ലാം അവിടങ്ങളിലെ ജനങ്ങളുടെ സ്വാതന്ത്ര്യാഭിമാനത്തിനുവേണ്ടിയുള്ള ശക്തിയായ പോരാട്ടങ്ങളായിരുന്നു. എന്നാൽ ഹ: ഉസ്മാൻ (റ) അവരെ ധൈര്യപൂർവ്വം ബലം പ്രയോഗിച്ചും തന്ത്രപൂർവ്വവും അടിച്ചമർത്തി.

സാമ്രാജ്യവികസനം

ഇസ്‌ലാംസാമ്രാജ്യത്തിൻറെ വികസനത്തിൽ ഹ: ഉസ്മാൻ (റ) മഹത്തായ പങ്കുവഹിച്ചിട്ടുണ്ട്. ആഫ്രിക്കയിൽ ത്രിപ്പോളി, ബർക്ക്, മൊറോക്കോ എന്നീ സ്ഥലങ്ങൾ അദ്ദേഹം ഇസ്‌ലാംസാമ്രാജ്യത്തോടു കൂട്ടിചേർത്തു. ഇറാൻ, ഇറാനോടുചേർന്നുകിടക്കുന്ന അഫ്ഗാനിസ്ഥാൻ, കറാസാൻ എന്നിവയും തുർക്കിസ്ഥാൻറെ ഒരു ഭാഗവും അദ്ദേഹം കീഴടക്കി. അർമേനിയാ, ആസർബയിജാൻ എന്നിവ പിടിച്ചടക്കി കാഫ്പർവ്വതംവരെ ഇസ്‌ലാം സാമ്രാജ്യം വികസിപ്പിച്ചു. ഏഷ്യമൈനറിനെ പിടിച്ചടക്കി സിറിയയോടു് ചേർത്തു വമ്പിച്ച ഒരു നാവികസേനയെ സൈപ്രസ്സിലേക്കയക്കുകയും ഇസ്‌ലാമിൻറെ പതാക സൈപ്രസ്സിൽ നാട്ടുകയും ചെയ്തു. 500 കപ്പൽ നിറയെ പടയാളികളുമായിവന്ന റോമിലെ കൈസറിൻറെ ഒരു വമ്പിച്ച നാവികസേനയെ ഹ: ഉസ്മാൻ (റ) പിന്നീടൊരിക്കലും എതിർക്കാൻ വരാത്തവിധം തോല്പിച്ചയച്ചു.

പ്രജായത്തഭരണം

ഇസ്‌ലാമിൽ നിലവിലുണ്ടായിരുന്നതു പ്രജായത്തഭരണമായിരുന്നു. ഫാറൂഖൈഅംസം ആ രീതിയെ കൂടുതൽ സമുഷ്ടമാക്കി. ഹ: ഉസ്മാൻ (റ) വിൻറെ ഭരണകാലത്തും പ്രജായത്ത ഭരണരീതി നിലവിലുണ്ടായിരുന്നു. എന്നാൽ ഭരണത്തിൻറെ അന്ത്യഘട്ടത്തിൽ ബന്ധുമമ്മാക്കളുടെ പ്രാബല്യം ഭരണത്തിൽ ചില കറുത്ത പാടുകളുണ്ടാക്കി. മർവാനുബ്‌നുഹക്കം (റ) ഹ: ഉസ്മാൻ (റ) വിൻറെ സൽസ്വഭാവത്തിൽനിന്നും, ഔദാര്യത്തിൽനിന്നും നല്ലവണ്ണം മുതലെടുപ്പ് നടത്തി ഭരണകാര്യങ്ങളിൽ തൻറെ സ്വാധീനം ഉപയോഗിക്കാൻ ശ്രമിച്ചു. എങ്കിലും ജനങ്ങളുടെ അഭിപ്രായങ്ങളെ ഖലീഫ വിലമതിച്ചിരുന്നു. മദ്യപിച്ചു എന്ന ആരോപണം വലീദുബ്‌നുഉക്ബ (റ) യ്ക്കുതിരെ ഉണ്ടായ ഉടനെതന്നെ ഖലീഫ അയാളെ ഉദ്യോഗത്തിൽനിന്നും പിരിച്ചയക്കുകയും, അന്വേഷണം നടത്തി കാരണസ്ഥിരീകരിച്ചതിനുശേഷം തക്കതായ ശിക്ഷ നല്കുകയും

ചെയ്തു. പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ അറിയുന്നതിനുവേണ്ടി ഓരോ നാട്ടിലേക്കും അദ്ദേഹം പ്രതിനിധികളെ അയച്ചു. തൽഫത്ത് (റ) വായിരുന്നു ഈ പദ്ധതി നിർദ്ദേശിച്ചത്.

തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നതോടൊപ്പം ഭരണകർത്താക്കളുടെ തെറ്റുകുറ്റങ്ങളെ എടുത്തുകാണിക്കേണ്ടതും പ്രജായത്തഭരണത്തിൽ ജനങ്ങളുടെ ചുമതലയാണ്. ജനങ്ങളുടെ ഈ അവകാശം ഹ: ഉസ്മാൻ (റ) അനുവദിച്ചിരുന്നു. ഒരിക്കൽ ഒരു വമ്പിച്ച സദസ്സിൽവെച്ച് ഒരാൾ ഖലീഫക്കെതിരെ ഒരു ആരോപണം ഉന്നയിച്ചു. 'ഖലീഫ സ്വകുടുംബത്തിലെ അംഗങ്ങൾക്കുമാത്രം ഉദ്യോഗം നല്കുന്നു' എന്നായിരുന്നു ആരോപണം. ഇപ്രകാരംതന്നെ, തന്റെ കരാർ പാലിക്കാൻവേണ്ടി അബ്ദുല്ലാഹിബ്നുസറഹിനു ത്രിപ്പോളിയിൽനിന്നും ലഭിച്ച ഗനീമത്തു് മുതലിന്റെ അഞ്ചിലൊരംശം നല്കേണ്ടിവന്നു. പക്ഷെ ജനങ്ങളുടെ അഭിപ്രായത്തെ മാനിച്ച് ഖലീഫ ആ ധനം തിരികെ വാങ്ങിക്കുകയാണുണ്ടായതു്.

ആലോചനാസഭ

രാഷ്ട്രത്തലവന്മാർ ഉദ്യോഗസ്ഥന്മാരുമായും, ജനപ്രതിനിധികളുമായും കൂടിയാലോചനകൾ നടത്തേണ്ടതു് ഗവർണ്മെണ്ടിന്റെ സുഗമമായ പ്രവർത്തനത്തിനും, ഭരണത്തിന്റെ കാര്യക്ഷമതക്കും അത്യാവശ്യമാണ്. ഹ: ഉസ്മാൻ (റ) ഒരു ഏകാധിപതിയായിരുന്നില്ല. ഹ: ഉസ്മാൻ (റ) 1300 കൊല്ലങ്ങൾക്കുമുമ്പ്, ഉദ്യോഗസ്ഥന്മാരുടെ ഒരു സഭ രൂപീകരിക്കുകയും അവരുടെ അഭിപ്രായങ്ങളെ കണക്കിലെടുത്തു് പ്രവർത്തിക്കുകയും ചെയ്തിരുന്നു. കൂഫായിൽ വിപ്ലവം നാമ്പെടുത്ത കാലഘട്ടത്തിൽ അതിനെ മുളയിലെ നശിപ്പിക്കുവാൻ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങൾതന്നെ ആരായുക്കാൻ ഖലീഫ ആവശ്യപ്പെട്ടു. ചില അവസരങ്ങളിൽ തന്റെ ഡർബാറിലും ഖലീഫ ആലോചനായോഗങ്ങൾ വിളിച്ചുകൂട്ടിയിരുന്നു. ഹിജ്റാ 34-ാം കൊല്ലത്തിൽ നാട്ടിൻപുറങ്ങളിൽ പകർച്ചവ്യാധി പടർന്നുപിടിച്ചപ്പോൾ അതിനുള്ള മാർഗ്ഗങ്ങൾ ആരായുവാൻ ഹ: ഉസ്മാൻ (റ) ഒരു ആലോചനായോഗം വിളിച്ചുകൂട്ടി. അതിൽ ഭൂരിഭാഗം ഉദ്യോഗസ്ഥന്മാരും പൊതുനേതാക്കന്മാരും സംബന്ധിച്ചിരുന്നു.

ഭരണസൗകര്യത്തിനുവേണ്ടി സാമ്രാജ്യ വിഭജനം

സാമ്രാജ്യത്തെ പല സംസ്ഥാനങ്ങളായും, സംസ്ഥാനങ്ങളെ ചെറിയ ചെറിയ ജില്ലകളായും ഖലീഫ വിഭജിച്ചു. ഹ: ഉമർ (റ) സിറിയായെ മൂന്നു സംസ്ഥാനങ്ങളായി വിഭജിച്ചിരുന്നു:—ഹിമിശിഖ്, അർദൻ, ഫലസ്തീൻ. ഹ: ഉസ്മാൻ (റ) ഈ മൂന്നു സംസ്ഥാനങ്ങളേയും ഏകോപിപ്പിച്ച് ഒറ്റസംസ്ഥാനമാക്കി ഒരു ഗവർണ്ണരുടെ ഭരണത്തിലാക്കി. ഗവർണ്ണർ ഭരണതന്ത്രജ്ഞനായിരുന്നതിനാൽ അവിടത്തെ വരുമാനം വർദ്ധിക്കുകയും സംസ്ഥാനം അഭിവൃദ്ധിപ്പെടുകയും ചെയ്തു. ഇസ്‌ലാമിനു ധീനമായ മറ്റു സംസ്ഥാനങ്ങളായ ത്രിപ്പോളി, സൈപ്രസ്സ്, അർമേനിയ, തിബിരിസ്ഥാൻ എന്നിവ വെവ്വേറെ സംസ്ഥാനങ്ങളായി നിലനിന്നു.

അധികാര വികേന്ദ്രീകരണം

ഹ: ഉസ്മാൻ (റ) വിനു മുമ്പ് അതാതു സ്ഥലങ്ങളിലെ ഗവർണ്ണർമാരായിരുന്ന സൈന്യാധിപൻമാർ ചുമതല വഹിച്ചിരുന്നു. ഖലീഫ ഉദ്യോഗമണ്ഡലത്തിൽ സർവ്വസൈന്യാധിപൻ എന്ന ഒരു പ്രത്യേക തസ്തിക സൃഷ്ടിച്ച 'സൻആ'യിലെ ഗവർണ്ണറായിരുന്ന അബ്ദുല്ലാഹിബ്നുഅബീറബീഅത്ത് (റ) വിനെ അവിട

ത്തെ സൈന്യാധിപനായി നിയമിച്ചു. അതുപോലെതന്നെ അംറുബ്‌നുൽആസി (റ) യെ ഈജിപ്തിലെ ഗവണ്ണറാക്കി സൈന്യാധിപത്യം അബ്‌ദുല്ലാഹിബ്‌നുസഅദ് (റ) വിനു് നല്കി.

കുറവും ശിക്ഷയും

ഉദ്യോഗസ്ഥന്മാരുടെ ചെയ്തികളെ ഖലീഫ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരുന്നു. വളരെ ഔദാര്യമനസ്കനായ ഒരു മഹാനായിരുന്നതിനാൽ എല്ലാ കാര്യങ്ങളിലും അമിതമായ അനുകമ്പ കാണിച്ചിരുന്ന ഖലീഫ. ക്ഷമ, സഹിഷ്ണുത, വിട്ടുവീഴ്ച മനസ്ഥിതി എന്നിവ അദ്ദേഹത്തിന്റെ മറ്റു ഗുണവിശേഷങ്ങളായിരുന്നു. എന്നാൽ ഭരണകാര്യങ്ങളിൽ ഒരു ഉറച്ച നിലപാടു സ്വീകരിക്കുകയും, ഉദ്യോഗസ്ഥന്മാരെ കുറിച്ചു് ഉന്നയിക്കുന്ന ആക്ഷേപങ്ങളെ അതിന്നുമായ വിധത്തിൽ കണക്കിലെടുക്കുകയും ചെയ്യുക എന്നതു് അദ്ദേഹത്തിന്റെ പതിവായിരുന്നു. നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടും ഖജനാവിൽ നിന്നെടുത്ത തുക തിരിച്ചടക്കാൻ സഅ്‌ദിബ്‌നുഅബീവക്കാസ് (റ) വിസമ്മതിച്ചപ്പോൾ അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിടുവാനും, മദ്യപിച്ചു എന്ന ആരോപണത്തിനു് വിധേയനായ വലീദുബ്‌നുഉക്ബാ (റ) യെ സ്ഥാനത്തുനിന്നു് നീക്കി തക്കശിക്ഷ നല്കാനും ഹ: ഉസ്മാൻ (റ) മടിച്ചില്ല. രാജതുല്യമായ ആഡംബരജീവിതം നയിച്ച അബൂമൂസാഅശ്അരി (റ) യെ ഉത്തരവാദിത്വമുള്ള ഉദ്യോഗത്തിൽനിന്നു് പിരിച്ചയക്കുകയും, നികുതി വർദ്ധിപ്പിക്കാൻ തയ്യാറാവാതിരുന്ന ഈജിപ്തിലെ ഗവണ്ണറായ അംറി (റ)വിനെ തൽസ്ഥാനത്തുനിന്നു് നീക്കുകയും ചെയ്തു. ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളേയും പൊതുജനങ്ങളുടെ സ്ഥിതിഗതികളേയുംകുറിച്ചു് വിവരങ്ങൾ ശേഖരിച്ചു് റിപ്പോർട്ടു സമർപ്പിക്കാൻ നാടിന്റെ നാനാഭാഗങ്ങളിലേക്കും ഖലീഫ അന്വേഷണസംഘത്തെ നിയമിച്ചിരുന്നു. മുഹമ്മദ് ബ്‌നുമസ്‌ലമ(റ), അബ്ദുല്ലാഹിബ്‌നുഉമർ(റ), ഉസാമത്തുബ്‌നുസൈദ് (റ) എന്നിവരെയാണു് ഖലീഫ തന്റെ പ്രതിനിധികളായി അന്വേഷണത്തിനു നിയോഗിച്ചതു്. ഇവർതന്നെയായിരുന്നു ഹിജ്‌റാ 35-ാം വർഷത്തിൽ സംഘടിപ്പിച്ച സംഘത്തിലെ അംഗങ്ങൾ. വെള്ളിയാഴ്ചദിവസം ഖുത്തുബക്കുമുമ്പു് ജനങ്ങളുടെ പരാതികളെപറ്റി കേൾക്കാൻ അദ്ദേഹം സമയം ചിലവഴിച്ചിരുന്നു. ഭരണാധികാരിയെക്കുറിച്ചോ, ഉദ്യോഗസ്ഥന്മാരെ കുറിച്ചോ എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അവ ഹജ്ജു് കാലത്തുതന്നെ അറിയിക്കണമെന്നും അവയെപ്പറ്റി നിഷ്പക്ഷമായി അന്വേഷണം നടത്തി പരിഹാരം ഉണ്ടാക്കുന്നതാണെന്നും ഖലീഫ വിളംബരം ചെയ്തിരുന്നു. അതുപോലെതന്നെ ഗവർണ്മെണ്ടിന്റെ വിവിധ വകുപ്പുകളെ കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിച്ചു. ഹ: ഉമർ (റ) വിന്റെ കാലത്തു് ഈജിപ്തിലെ വരുമാനം ഇരുപതു് ലക്ഷമായിരുന്നു. ഹ: ഉസ്മാൻ (റ) വിന്റെ കാലത്തു് ഈ തുക 40 ലക്ഷമായി വർദ്ധിച്ചു.

ഭണ്ഡാരം

ഹ: ഉസ്മാൻ (റ) നേടിയെടുത്ത യുദ്ധവിജയങ്ങളും നാട്ടിലെ സമ്പത്തു് അമിതമായി വർദ്ധിക്കാൻ കാരണമായി. ഇതുമൂലം ഖജനാവിൽനിന്നു് സഹായധനം നല്കിയിരുന്നവർക്കു് നാണയവെള്ളിനാണയംകൂടി വർദ്ധനവു് വരുത്തി. റംസാൻ മാസത്തിൽ ദിനംതോറും നബി (സ) യുടെ ഭാര്യമാർക്കു് രണ്ടു വെള്ളിവീതവും മറ്റുള്ളവർക്കു് ഓരോ വെള്ളിവീതവും ഹ: ഉമർ (റ) വിന്റെ കാലം മുതല്ക്കേ നല്കിവന്നിരുന്നു. ഹ: ഉസ്മാൻ (റ) വിന്റെ കാലത്തും ഇതു തുടരുകയും, അതിനു പുറമെ ജനങ്ങൾക്കു് ആഹാരം നല്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കുകയും

ചെയ്തു.

ഓഫീസുകളും, അതിഥിമന്ദിരങ്ങളും

സാമ്രാജ്യവികസനത്തോടുകൂടി കെട്ടിട നിർമ്മാണം വർദ്ധിച്ചു. വിവിധ വകുപ്പുകൾക്കാവശ്യമായ ഓഫീസുമന്ദിരങ്ങളും ഓരോ സംസ്ഥാനങ്ങളിലും പണിയിക്കേണ്ടതായിവന്നു. റോഡുകൾ, മസ്ജിദുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമാക്കിത്തീർത്തു. പല സ്ഥലത്തും യാത്രക്കാരുടെ സൗകര്യാർത്ഥം സത്രങ്ങളും പണികഴിപ്പിച്ചു. ഉക്കയിൽ, ഇബ്നുഹബ്ബാർ എന്നിവരുടെ പക്കൽനിന്നും ഭൂമി വിലക്കുവാങ്ങി കൂഫയിൽ മനോഹരമായ ഒരു അതിഥിമന്ദിരവും, മദീനായിൽനിന്നും 24 നാഴിക അകലെയുള്ള നജ്ദിലെ ഒരു റോഡരികിൽ ഒരു വലിയ സത്രവും അദ്ദേഹം പണികഴിപ്പിച്ചു. കൂടാതെ മദീനായിൽ പല സ്ഥലങ്ങളിലും കാവൽസങ്കേതങ്ങളും, കിണറുകളും, സത്രങ്ങളും കമ്പോളങ്ങളും നിർമ്മിച്ചു. നജ്ദിലെ സത്രത്തോടനുബന്ധിച്ച് അദ്ദേഹം കുഴിപ്പിച്ച കിണർ 'ബീറുസായിബു' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

മഹ്സൂർ അണക്കെട്ട്

'മദിരിയ'യുടെ സമീപത്തു് മഹ്സൂർ അണക്കെട്ട് നിർമ്മിച്ചതാണ് പൊതുജനനന്മയെ ലാക്കാക്കി ഖലീഫ ചെയ്ത ഏറ്റവും വലിയ സേവനം. യൈബാറിന്റെ ഭാഗത്തുനിന്നും മദീനയിലേയ്ക്കൊഴുകിയിരുന്ന ശക്തിയായ ജലപ്രവാഹം ജനങ്ങൾക്കൊരു ഭീഷണിയായിരുന്നു. മദീനയിലെ മസ്ജിദിനു് നാശം സംഭവിക്കുമോ എന്നു് ജനങ്ങൾ ഭയപ്പെട്ടു. മഹ്സൂർ അണക്കെട്ട് നിർമ്മിച്ച് ജലപ്രവാഹത്തെ പല വഴിക്കായി തിരിച്ചുവിട്ട് ഖലീഫ ജനങ്ങളുടെ ഭീതിയെ അകറ്റി. ജനങ്ങൾ ക്കുവേണ്ടി അദ്ദേഹംചെയ്ത മഹത്തായ ഒരു സേവനമായിരുന്നു അതു്.

മസ്ജിദ്നബവിയെ വികസിപ്പിച്ചു

നബി (സ) യുടെ കാലത്തു് മുസ്ലിംകളുടെ ജനസംഖ്യ വർദ്ധിച്ചു. മസ്ജിദിൽ വേണ്ടത്ര സ്ഥലസൗകര്യങ്ങളില്ലാതായി. മസ്ജിദിനോടു് തൊട്ടടുത്തു കിടന്നിരുന്ന കുറച്ചുഭൂമി ഹ: ഉസ്മാൻ (റ) വിലക്കുവാങ്ങി നബി (സ) യെ ഏല്പിച്ചിരുന്നു. തന്റെ ഖിലാഫത്തുകാലത്തു് അദ്ദേഹം അവിടെ വിശാലവും മനോഹരവുമായ ഒരു കെട്ടിടം നിർമ്മിച്ചു.

എന്നാൽ മസ്ജിദിന്റെ സാമീപ്യം ചുറ്റുമുള്ള വീട്ടുടമസ്ഥർ ഇഷ്ടപെടാതിരുന്നതിനാൽ കുറേകാലത്തേക്ക് പണി ആരംഭിക്കാൻ ഖലീഫക്കു് കഴിഞ്ഞില്ല. അതിനിടക്കു് അവരെ പാട്ടിലാക്കാൻ അദ്ദേഹം വളരെ ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങിനെ അഞ്ചു് നീണ്ട വർഷങ്ങൾ കടന്നുപോയി. ഹിജ്റാ 29-ാം വർഷത്തിൽ സഹാബികളുമായി ആലോചിച്ച് ഒരു വെള്ളിയാഴ്ച പള്ളിയിൽ ഇതിനെപ്പറ്റി ഖലീഫ പ്രസംഗിച്ചു. ജനങ്ങളുടെ വർദ്ധനവും, മസ്ജിദിലെ അസൗകര്യങ്ങളും അദ്ദേഹം അവരുടെ ശ്രദ്ധയിൽ പെടുത്തി. ജനങ്ങൾക്കു് കാര്യങ്ങൾ മനസ്സിലായി. മസ്ജിദിനടുത്തുള്ള വീട്ടുടമസ്ഥർ വീടുകൾ വിട്ടുകൊടുക്കാൻ തയ്യാറായി. താമസിയാതെതന്നെ മസ്ജിദിന്റെ പണി ആരംഭിക്കുകയും മേൽനോട്ടത്തിനു് ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തു. പത്തുമാസത്തെ നിരന്തരപരിശ്രമഫലമായി മസ്ജിദ് രൂപാന്തരപ്പെട്ടു.

സൈനിക ഏപ്പാടുകൾ

ഹ: ഉമർ (റ) വിന്റെ കാലത്തുണ്ടായിരുന്ന സൈനികഏപ്പാടുകളെ ഹ: ഉസ്മാൻ (റ) അഭിവൃദ്ധിപ്പെടുത്തി. സൈനികർക്കു് നല്ലി

യിരുന്ന സഹായധനം 100 വെള്ളിനാണയം വീതം വർധിപ്പിച്ചു. സൈന്യത്തെ ഒരു പ്രത്യേക വകുപ്പാക്കി, പല വിഭാഗങ്ങളായി തിരിക്കുകയും, ഓരോ വിഭാഗത്തേയും സമർഥരായ സൈനിക ഉദ്യോഗസ്ഥന്മാരുടെ കീഴിലാക്കുകയുംചെയ്തു. സൈന്യത്തെ നാടിന്റെ പല ഭാഗങ്ങളിലായി താമസിപ്പിച്ചു. അതിനാൽ ഏതുഭാഗത്തേക്കും പെട്ടെന്ന് സൈന്യത്തെ അയക്കാൻ സാധിച്ചിരുന്നു. ഈ നയം യുദ്ധവിജയത്തിൽ ഒരു വലിയ പങ്കുവഹിച്ചിട്ടുണ്ട്. അമീർമുആവിയാ (റ) പ്ലേ റോമക്കാരുടെ ആക്രമണത്തെ നേരിടേണ്ടിവന്നപ്പോൾ സഹായത്തിനായി ഇറാൻ, അർമീനിയാ എന്നീ സ്ഥലങ്ങളിൽനിന്നും പെട്ടെന്ന് സൈന്യത്തെ അങ്ങോട്ടയക്കാൻ സാധിച്ചു. തുർക്കോളിയിലെ ആഭ്യന്തരകലഹത്തെ അടിച്ചമർത്താൻവേണ്ടി അബ്ദുല്ലാഹിബ്നുസഹറിനെ സിറിയ, ഇറാക്ക് എന്നിവിടങ്ങളിൽനിന്ന് സൈന്യത്തെ അയച്ച് സഹായിച്ചു. ആഫ്രിക്കയിലേക്ക് മദീനയിൽനിന്ന് കൂടുതൽ സൈന്യത്തെ അയച്ചുകൊടുത്തു. ആ യുദ്ധത്തിൽ സൈന്യാധിപനായ സുബൈദ് വിജയം നേടുകയുംചെയ്തു.

ഹ: ഉമർ (റ) വിന്റെ കാലത്തുണ്ടായിരുന്ന സൈനിക സങ്കേതങ്ങളെ നിലനിർത്തുകയും, അതിനു പുറമെ തുർക്കോളി, സൈപ്രസ്സ്, തിബ്രിസ്ഥാൻ എന്നീ സ്ഥലങ്ങളെ സൈനികതാവളങ്ങളായി മാറ്റുകയുംചെയ്തു.

ഓരോ ആവശ്യത്തിലും ഓരോ സൈനികവിഭാഗത്തെ നിയോഗിച്ചു. ഹ: ഉസ്മാൻ (റ) വിന്റെ കാലത്തു് ഒട്ടകങ്ങളും കുതിരകളും ധാരാളമായി വർധിച്ചു. അവയെ വളർത്തുന്നതിന് കൂടുതൽ മേച്ചിൽ സ്ഥലങ്ങളും ആവശ്യമായിവന്നു. ഈ പ്രശ്നത്തിന് ഖലീഫ പരിഹാരമുണ്ടാക്കി. നാട്ടിൽ പല സ്ഥലത്തും വിശാലമായ മേച്ചിൽസ്ഥലങ്ങളും ഏർപ്പെടുത്തി. തലസ്ഥാനനഗരിയുടെ ഭാഗങ്ങളിലും ഇപ്രകാരമുള്ള മേച്ചിൽ സ്ഥലങ്ങളും നിർമ്മിച്ചു. 'റബ്ദ' ത്തി'ലുള്ള മേച്ചിൽസ്ഥലമാണ് ഇവയിൽ ഏറ്റവും വിശാലമായതു്. മദീനയിൽനിന്നും നാലു മൻസിൽ അകലെയാണ് 'റബ്ദത്ത്.' റബ്ദത്തിലുള്ള ഈ മേച്ചിൽ സ്ഥലത്തിന് 10 മൈൽ നീളവും പത്തു മൈൽ വീതിയുമുണ്ടായിരുന്നു. മദീനയിൽനിന്നും 20 മൈൽ അകലെ കിടക്കുന്ന 'നക്കീഅ്' ആണ് രണ്ടാമത്തെ മേച്ചിൽസ്ഥലം. മറ്റൊന്ന് ആറു മൈൽ വീതിയുണ്ടായിരുന്ന 'സർബത്ത്' എന്ന മേച്ചിൽസ്ഥലമാണ്. ഇവിടെ 40000 കുട്ടകങ്ങളും ഉണ്ടായിരുന്നുപോലും. ഓരോ മേച്ചിൽ സ്ഥലത്തോടനുബന്ധിച്ചും അദ്ദേഹം കിണറുകളും കുഴിപ്പിച്ചിരുന്നു.

മതപരമായ പ്രവർത്തനങ്ങൾ

ഇസ്‌ലാംമതത്തിന്റെ അഭിവൃദ്ധിക്കും പ്രചാരത്തിനുമായി മഹത്തായ പല പദ്ധതികളും ഖലീഫ നടപ്പിൽ വരുത്തി. അന്യമതസ്ഥരുടെ ഇടയിൽ ഇസ്‌ലാമിന്റെ മേന്മയെ വർണ്ണിച്ച് മതപ്രചരണം നടത്തുകയും, തടവുകാരായി പിടിക്കപ്പെട്ട ഇതരമതസ്ഥരോട് ഇസ്‌ലാമിനെ കുറിച്ച് സംസാരിക്കുകയും ചെയ്തിരുന്നു. അവരെ ഇസ്‌ലാമിലേക്കാകർഷിക്കാൻ അദ്ദേഹം വളരെ ശ്രമിച്ചു. റോമിൽനിന്നു ബന്ധനസ്ഥരാക്കിയ അടിമസ്ത്രീകൾ ഖലീഫയുടെ പ്രസംഗത്താൽ വശീകരിക്കപ്പെട്ട് സന്തോഷപൂർവ്വം ഇസ്‌ലാംമതം സ്വീകരിച്ചു. മുസ്‌ലിംകളുടെ ഇടയിൽ മതഭേദം ഉണ്ടാക്കുകയും അവരെ കുഴപ്പമാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം അതീവ ജാഗ്രതനായിരുന്നു. വൃദ്ധചെയ്ത് കാണിച്ചുകൊടുത്തും മറ്റും പ്രായോഗികമായി പലതും അദ്ദേഹം അവരെ പഠിപ്പിച്ചു. ഏതെങ്കിലും

കാര്യങ്ങളിൽ സംശയങ്ങളുണ്ടാകുമ്പോൾ തന്റെ സംശയം ദൂരീകരിക്കാൻ വേണ്ടി മറ്റുള്ള സഹാബികളോട് ചോദിച്ച് മനസ്സിലാക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഒരിക്കൽ, റജ്ജ് യാത്രചെയ്യുന്ന അവസരമായിരുന്നു. വേട്ടയാടിയ ഒരു പക്ഷിയുടെ മാംസം ഒരാൾ അദ്ദേഹത്തിനു നല്കി. അതു ഭക്ഷിക്കേണ്ട കാര്യത്തിൽ അദ്ദേഹത്തിനും സംശയമുണ്ടായി. അദ്ദേഹം ഹ: അലി (റ) യോട് ചോദിച്ചു: 'ഹജ്ജിനു ഇഹ്റാം കെട്ടികഴിഞ്ഞാൽ വേട്ടയാടിക്കിട്ടിയ മാംസം ഭക്ഷിക്കുന്നതു അനുവദനീയമാണോ?' അനുവദനീയമല്ലെന്നു സഹയാത്രികനായ അലി (റ) മറുപടി നൽകി. ഹ: ഉസ്മാൻ (റ) ആ മാംസം ഭക്ഷിച്ചില്ല.

ഖുർആൻ ഗ്രന്ഥമാക്കി സൂക്ഷിക്കുന്നു

ഹ: ഉസ്മാൻ (റ), മസ്ജിദുനബവിയെ പുനരുദ്ധരിച്ചു. ഖുർആൻമജീദിനെ മാററിമറിക്കലിൽ നിന്നും സുരക്ഷിതമാക്കുകയും അതിനെ പ്രചരിപ്പിക്കുകയും ചെയ്തു. ഇഷ്ടാനുസരണം എഴുതപ്പെട്ട എല്ലാ മുസഹഫുകളേയും അദ്ദേഹം നശിപ്പിച്ചു. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ പരിശുദ്ധ ഖുർആനും 'തൗറാത്തു', ഇഞ്ചീൽ' എന്നിവപോലെ കെട്ടുറപ്പില്ലാതായി തീരുമായിരുന്നു. സിറിയ, ഇറാഖ്, അർമേനിയ എന്നിവിടങ്ങളിൽ നിന്നും വളരെപേർ സൈന്യത്തിലുണ്ടായിരുന്നു. നവമുസ്‌ലിംകളായിരുന്ന അവർക്ക് അറബി വശമില്ലായിരുന്നു. സൈനികരോടൊത്തുണ്ടായിരുന്ന ഹുദൈഫത്തുബ്നുയമാൻ (റ) പലരും ഖുർആൻ അവർക്കിഷ്ടപ്പെട്ട രൂപത്തിൽ പാരായണം ചെയ്യുന്നതിനെ ഇഷ്ടപ്പെട്ടില്ല. ബസറക്കാരുടേയും, കൂഫക്കാരുടേയും ഖുർആൻ പാരായണം വ്യത്യസ്തമായിരുന്നു. സിറിയക്കാരും ഇറാക്കുകാരും അതുപോലെതന്നെ വ്യത്യസ്തമായിട്ടാണു ഖുർആൻ പാരായണം ചെയ്തിരുന്നതു്. ഓരോരുത്തരും തങ്ങളുടെ പാരായണമാണു ശരിയെന്നും മറ്റുള്ളവരുടേതു് തെറ്റാണെന്നും ധരിച്ചു. ഈ വൈരുദ്ധ്യം ഇഷ്ടപ്പെടാതിരുന്ന ഹുദൈഫത്തുബ്നുയമാൻ(റ) യുദ്ധരംഗത്തുനിന്നും മടങ്ങി ഖലീഫയുടെ അടുക്കൽവന്നു അറിയിച്ചു: 'അമീറുൽമുഅ്മിനീനെ! ക്രസ്ത്യാനികളെയും, യഹൂദന്മാരേയും, റോമക്കാരേയുംപോലെ മുസ്‌ലിംകളും അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥത്തിൽ അഭിപ്രായവ്യത്യാസമുള്ളതായി തീരുന്നുക്കാം. അതിനാൽ വളരെ വേഗം ഈ വിഷയത്തിൽ അങ്ങു ശ്രദ്ധപതിപ്പിക്കണം.' ഖലീഫ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി പ്രവർത്തിച്ചു. സിദ്ദീഖ് (റ) വിന്റെ കാലത്തു് എഴുതിവെച്ചിരുന്ന ഒരു മുസഹഫ് ഹ: ഹഫ്സ (റ) യുടെ പക്കൽനിന്നും ഖലീഫ വാങ്ങി. ഹ: സൈദുബ്നു സാബിത്തു്, (റ) അബ്ദുല്ലാഹിബ്നുസുബൈർ (റ), സഅദുബ്നുൽആസ് (റ) എന്നിവരെകൊണ്ടു് അതിന്റെ കോപ്പികൾ എഴുതിപ്പിക്കുകയും എല്ലാ സ്ഥലങ്ങളിലേക്കും അയക്കുകയും ചെയ്തു. ഇഷ്ടാനുസരണം എഴുതിയിരുന്ന മറ്റുള്ളവയെ എല്ലാം നശിപ്പിച്ചു.

മദീനയിൽ മുസ്‌ലിംകൾ വർദ്ധിക്കുകയും, ജൂതർ ആ ദിവസം ഒരു ബാങ്ക് മതിയാകുന്നില്ലെന്നു് മനസ്സിലാക്കുകയും ചെയ്തപ്പോൾ മറ്റൊരു മുഅദ്ദിനെകൂടി ഏർപ്പെടുത്തുകയും, 'സൗറാഅ്' എന്ന സ്ഥലത്തു് ബാങ്കു കൊടുത്തു് ജനങ്ങളെ നമസ്കാരസമയങ്ങൾ അറിയിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

ഇതെല്ലാം ഹ: ഉസ്മാൻ (റ) ഇസ്‌ലാമിനുവേണ്ടി ചെയ്ത നിസ്വാർത്ഥമായ സേവനമായിരുന്നു. എന്നിട്ടും അദ്ദേഹം വധിക്കപ്പെട്ടു. അയ്യാം ചരിത്രം കേട്ടിട്ടില്ലാത്ത പൈശാചികമാ

യ ഒരു കൊലപാതകത്തിനു് സാക്ഷ്യം വഹിച്ചുകൊണ്ടു്.

യോഗ്യതകർമം

ഇസ്‌ലാം പ്രചരിക്കുന്നതിനു് മുമ്പു് തന്നെ ഹ: ഉസ്മാൻ (റ) വിനു് എഴുത്തും വായനയും അറിയാമായിരുന്നു. അക്കാലത്തു് എഴുത്തും വായനയും അറിയാമായിരുന്ന അപൂർവ്വം പേരിൽ ഒരാളുമായിരുന്നു അദ്ദേഹം. പിന്നീടു് വിദ്യാഭ്യാസകാര്യത്തിൽ ഖലീഫമാരുടെ ഭാഗത്തുനിന്നു് താല്പര്യം കാണിച്ചു. ഭംഗിയായി അദ്ദേഹം എഴുതുമായിരുന്നു. വൃത്തിയായും, ഭംഗിയായും എഴുതുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവു് നിമിത്തം, തനിക്കു് ലഭിച്ചുകൊണ്ടിരുന്ന ദിവ്യബോധങ്ങൾ എഴുതാൻ റസൂൽ (സ) ഏല്പിച്ചതു് ഹ: ഉസ്മാൻ (റ) വിനെയായിരുന്നു. ദിവ്യവചനങ്ങളവതരിച്ചപ്പോഴും അതെഴുതാൻ ഏല്പിച്ചതു് ഖലീഫയെ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഈ കഴിവിനെപ്പറ്റി ഹ: ആയിഷ (റ) പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണു്. 'ഒരിക്കൽ രാത്രി സമയത്തു് ഒരു ദിവ്യസന്ദേശം അവതരിച്ചു. ഹ: ഉസ്മാൻ (റ) അപ്പോഴവിടെ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ ദൂതൻ അദ്ദേഹത്തോടു് എഴുതാൻ കല്പിച്ചു. അദ്ദേഹം ആ കല്പന പാലിച്ചു.'

അദ്ദേഹമെഴുതിയ ലേഖനങ്ങളിൽനിന്നും സന്ദേശങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ലേഖനരീതിയും, അതിലെ പദമാധുര്യവും അർത്ഥഗാംഭീര്യവും മനസ്സിലാക്കാൻ കഴിയും. ഉദാഹരണത്തിനുവേണ്ടി അവയിൽ ഒന്നുരണ്ടെണ്ണം ഇവിടെ സൂചിപ്പിക്കുന്നു. 'അനുകരണംകൊണ്ടും, അനുസരണംകൊണ്ടും മാത്രമാണു് ഇപ്പോഴും നിങ്ങൾക്കു് ഈ പദവി ലഭിച്ചിട്ടുള്ളതു്. എന്നാൽ ധനമോഹം നിങ്ങളെ നിങ്ങളുടെ ഉദ്ദേശത്തിൽനിന്നും വഴി തെറ്റിക്കാതിരിക്കട്ടെ. ധനപ്പെരുപ്പം, അടിമസ്ത്രീകളിൽ നിന്നുള്ള സന്താനബാഹുല്യത, കാടന്മാരുടേയും അറബികളല്ലാത്തവരുടേയും ഖുർആൻ പാരായണം എന്നീ സംഗതികൾകൊണ്ടു് ഈ സമുദായം കൃത്രിമനടപടികളിലകപ്പെടും. കാരണം, അറബികളല്ലാത്തവരിൽ അവിശ്വാസം നിലനില്ക്കുമെന്നും, അവർ കായ്ക്കളം മനസ്സിലാക്കാൻ കഴിയാതെ വലഞ്ഞു് പുതിയ പുതിയ മാർഗ്ഗങ്ങൾ നിർമ്മിക്കുന്നതാണെന്നും പ്രവാചകൻ പ്രസ്താവിച്ചിരിക്കുന്നു.' ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടശേഷം സംസ്ഥാനങ്ങളിലേക്കയച്ച ഒരു സന്ദേശത്തിൽനിന്നുള്ള ഭാഗമാണിതു്.

തന്റെ ഉദ്യോഗസ്ഥന്മാർക്കെഴുതിയ മറ്റൊരു കല്പനയിൽ ഇങ്ങിനെ പറയുന്നു. 'നിങ്ങളുടെ നായകന്മാർ ഉണർവ്വുള്ളവരായിരിക്കാതെ കേവലം ധനശേഖരം ചെയ്യുന്നവരായിത്തീർന്നേക്കാം. അങ്ങിനെയായാൽനീതി, വിശ്വസ്തത, ഉത്തരവാദിത്വബോധം എന്നിവ നശിക്കും. അതുകൊണ്ടു് മുസ്‌ലിംകൾക്കു് ലഭിക്കേണ്ടതായ അവകാശബാധ്യതകളെ പരിഗണിക്കയാണു് നിങ്ങൾ വേണ്ടതു്. അവർക്കു് കൊടുക്കേണ്ടതു് കൊടുക്കുകയും, വാങ്ങേണ്ടതു് വാങ്ങുകയും ചെയ്യണം.'

പ്രസംഗം

നീണ്ടനീണ്ട പ്രസംഗങ്ങളൊന്നും ഹ: ഉസ്മാൻ (റ) നടത്താറില്ല. പക്ഷെ, ഹ്രസ്വമായ പ്രസംഗങ്ങൾകൊണ്ടു് ജനങ്ങളെ തന്റെ വഴിയിലേക്കു് നയിക്കാനും, അവരെ കാര്യബോധമുള്ളവരാക്കി തീർക്കാനും ഖലീഫക്കു് കഴിഞ്ഞിരുന്നു. ഖലീഫ സ്ഥാനം ഏറ്റെടുത്ത ശേഷം ആദ്യമായി പ്രസംഗമണ്ഡപത്തിൽ കയറിയ അദ്ദേഹം അല്പം ചില വാക്കുകൾ മാത്രം പറഞ്ഞവസാനിപ്പിക്കുകയാണുണ്ടായതു്. 'അബൂബക്കർ (റ) വും, ഉമർ (റ) വും നീണ്ട പ്രസംഗത്തിനു് തയ്യാറായിട്ടാണു്

വരാവ് പതിവ്. മേലിൽ ഞാൻ അതിന്നും തയ്യാറാകാം പക്ഷെ പ്രസംഗിക്കുന്ന ഇമാമല്ല ആവശ്യം പ്രവത്തിക്കുന്ന ഇമാമാണ് നിങ്ങൾക്കു വേണ്ടത്.'

മറെറാരു പ്രസംഗത്തിലെ ചില പ്രാരംഭ വാക്കുകളാണിത്. 'ജനങ്ങളെ! അത്യാഗ്രഹത്താൽ ചിലത് കേവലം പരാശ്രയമായിരിക്കും. നിങ്ങൾ ആശിക്കാതിരിക്കുന്ന ചിലത് നിങ്ങൾക്ക് ഐശ്വര്യവുമായിരിക്കും. നിങ്ങൾക്ക് നേടാൻ കഴിയാതിരുന്നവയെ നിങ്ങൾ നേടിയെടുക്കുന്നു. അനഹ്മായ പലതും നിങ്ങൾ മോഹിക്കുന്നു. ഈ മായ പ്രപഞ്ചത്തിൽ ക്ഷണികനേരത്തേക്ക് മാത്രമുള്ളവരാണ് നിങ്ങൾ.'

പരിശുദ്ധ ഖുർആൻ

മറെറ പ്രധാന സഹാബിമാരെപോലെതന്നെ ഹ: ഉസ്മാൻ (റ) വും ഖുർആൻ മനഃപാഠമാക്കിയിരുന്നു. ഖുർആൻ വചനങ്ങൾ തെളിവായി ഉദ്ധരിക്കാനും, വിവിധപ്രശ്നങ്ങളെ വകതിരിക്കാനും അദ്ദേഹത്തിന്നു കഴിഞ്ഞിരുന്നു. ഖുർആനിലെ ഏതു ഭാഗവും അദ്ദേഹത്തിന്നു ഹൃദിസ്ഥമായിരുന്നു ഏതു കാര്യത്തിനും ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചു സമർത്ഥിക്കാൻ അദ്ദേഹം സമർത്ഥനായിരുന്നു. ഖുർആൻ പഠിക്കുന്നതും, പ്രചരിപ്പിക്കുന്നതും ഏറ്റവും ശ്രേഷ്ഠമായതാണെന്ന നബിവചനം ഹ: ഉസ്മാൻ (റ) പലപ്പോഴും പ്രസ്താവിക്കാറുണ്ടായിരുന്നു. പരിശുദ്ധ ഖുർആനിനെ പുതുമുസ്‌ലിംകളുടെ ഇഷ്ടംപോലെയുള്ള മാററിമറിക്കലുകളിൽ നിന്നും, പാരായണത്തിൽനിന്നുള്ള വൈരുദ്ധ്യങ്ങളിൽനിന്നും, രക്ഷിച്ചതു ഖലീഫ ചെയ്ത മഹത്തായ സേവനമാണ്. ഖുർആനിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹം മരണം വരെ നിലനിന്നു. ശത്രുക്കളുടെ ക്രൂരമായ മർദ്ദനങ്ങൾക്കിടയിലായിരുന്നപ്പോഴും അവസാന ശ്വാസം വലിച്ചുകൊണ്ടിരുന്നപ്പോഴും ഖുർആൻ വചനങ്ങൾ അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു.

നബി (സ) യുടെ കാലത്ത് ഹ: ഉസ്മാൻ (റ) വും ഒരു മുസഹഫ് തയ്യാറാക്കിയിരുന്നതായി ഒരു നിവേദനത്തിൽ പറയുന്നു.

ഹദീസുകൾ

മറെറല്ലാ സഹാബികളെ അപേക്ഷിച്ച് വളരെ കുറച്ച് മർഫൂഅ്ആയ (ബലം കുറഞ്ഞ) ഹദീസുകളെ ഹ: ഉസ്മാൻ (റ) നിവേദനം ചെയ്തിട്ടുള്ളൂ. അദ്ദേഹം നിവേദനം ചെയ്ത ഹദീസുകളുടെ എണ്ണം 146 ആണ്. ഹദീസുകൾ നിവേദനം ചെയ്യുന്ന കാര്യത്തിൽ ഖലീഫ വളരെ സൂക്ഷ്മതയും ശ്രദ്ധയുമാണ് പാലിച്ചിരുന്നത്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ ഹദീസുകൾ കുറയാനും കാരണം. നബി (സ) യുടെ ഈ വചനം അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. 'റസൂൽ (സ) പറഞ്ഞിട്ടില്ലാത്തത് അവിടത്തോട് ബന്ധിപ്പിക്കുന്നവന്റെ വാസസ്ഥലം നരകമല്ലാതെ മറെറാന്നുമല്ല' അബ്ദുറഹ്മാനിബ്നുഖത്താബ് (റ) ഇങ്ങിനെ പറയുന്നു: 'ഹ: ഉസ്മാൻ (റ) വിനേക്കാൾ വാക്കുകൾ പാലിക്കുന്ന ഒരു സഹാബിയേയും ഞാൻ കണ്ടിട്ടില്ല. എന്നാൽ ഹദീസ് നിവേദനം ചെയ്യുമ്പോൾ അദ്ദേഹം ഭയപ്പെട്ടു വിറച്ചുപോകുന്നു.' ഹ: ഉസ്മാൻ (റ) വിന്റെ നിവേദനങ്ങളിൽ മൂന്നെണ്ണമാണ് സർവ്വസമ്മതമായിട്ടുള്ളവ. അതായത് ആ മൂന്നെണ്ണം ബുഖാരിയിലും മുസ്‌ലിമിലുമുണ്ട്. ബുഖാരിയിൽ മാത്രം 8 എണ്ണവും, മുസ്‌ലിമിൽ 5 എണ്ണവും ഉൾപ്പെടെ പതിനഞ്ച് ഹദീസുകളാണ് സഹീഹൈനിൽ അദ്ദേഹത്തിൽനിന്നായിട്ടുള്ളത്.

ഇജ്തിഹാദ്

ഹ: അബൂബക്കർ (റ), ഹ: ഉമർ (റ),

ഹ: അലി (റ) എന്നിവരെപോലെ പ്രധാന മുജ്തഹിദുകളിൽ ഹ: ഉസ്മാൻ (റ) ഉൾപ്പെട്ടിരുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ വചനങ്ങളെ ജനങ്ങൾ അക്ഷരംപ്രതി സ്വീകരിക്കുകയും, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അനുകരിക്കുകയും ചെയ്തിരുന്നു. ഹജ്ജിന്റെ ഫർളുകളേയും വിധിയേയും സംബന്ധിച്ച് അദ്ദേഹത്തിന്റെ സ്ഥാനം ഉന്നതമായിരുന്നു. അബൂബക്കർ (റ) വിന്റേയും ഉമർ (റ) വിന്റേയും കാലത്ത് ഹ: ഉസ്മാൻ (റ) വോട് അഭിപ്രായങ്ങൾ ആരായുകയും മതവിധികൾ ആവശ്യപ്പെടാറും പതിവായിരുന്നു.

ഒരിക്കൽ ഒരു സംഭവമുണ്ടായി. ഹ: ഉമർ (റ) മക്കയിൽ ചെന്ന അവസരം. കൂട്ടത്തിൽ നിന്നിരുന്ന ഒരാളുടെ ദേഹത്തിൽ അദ്ദേഹം തന്റെ പുതപ്പ് ഇട്ടുകൊടുത്തിരുന്നു. അപ്രതീക്ഷിതമായി ഒരു പ്രാവ് പറന്നുവന്ന് ആ പുതപ്പിന്മേലിരുന്നു. അയാൾ പ്രാവിനെ ആട്ടിയോടിച്ചു. പ്രാവു കാഷ്ടിച്ച് പുതപ്പ് മലിനമാകുമെന്നായിരുന്നു അയാളുടെ ഭയം. അയാൾ ആട്ടിയോടിച്ച പ്രാവ് മറെറാരു സ്ഥലത്തു ചെന്നിരുന്നു. വിധിയെന്നു പറയട്ടെ, ഒരു പാമ്പിന്റെ കടിയേറ്റ് പ്രാവു ചത്തു. സംഭവം ഹ: ഉസ്മാന്റെ അടുക്കൽ വിചാരണയ്ക്കെത്തി. പുതപ്പിൽ വന്നിരുന്ന പ്രാവിനെ സുരക്ഷിതമല്ലാത്ത ഒരു സ്ഥലത്തേക്ക് ആട്ടിയോടിച്ച് അതിന്റെ ജീവഹാനിക്കു ഇടവരുത്തിയ ആ മനുഷ്യൻ പ്രായശ്ചിത്തം ചെയ്യണമെന്നായിരുന്നു ഖലീഫയുടെ വിധി.

ഫർമസാനെ കൊലപ്പെടുത്തിയെന്നതിനു് പ്രതിയായ ഉബൈദുല്ല (റ) ക്ക് ഖലീഫ നൽകിയ ശിക്ഷ അദ്ദേഹത്തിന്റെ ഇജ്തിഹാദിനെ വെളിപ്പെടുത്തുന്നതാണ്. വധിക്കപ്പെട്ട ആൾക്ക് അനന്തരാവകാശികളില്ലാതിരുന്നതിനാൽ അന്നത്തെ ഭരണാധികാരിയായിരുന്ന ഖലീഫയുടെ അവകാശിയായി തീരുന്നു എന്നായിരുന്നു വിധി. ആ നിലക്ക് ഫർമസാന്റെ അവകാശി താനാണെന്നും, ഉബൈദുല്ലാ (റ) യെ വധിക്കുന്നതിനു പകരം അയാളുടെ പക്കൽനിന്നും നഷ്ടം ഈടാക്കിയാൽ മതിയെന്നും ഖലീഫ തീരുമാനിച്ചു. പിഴ അടക്കാനുള്ള തുക തന്റെ സ്വകാര്യസ്വത്തിൽ നിന്നെടുത്ത് ഖലീഫ ഉബൈദുല്ലാ(റ)ക്കു നല്കുകയും ചെയ്തു. വധശിക്ഷക്കു് നഷ്ടപരിഹാരമായി മുമ്പ് ഒട്ടകത്തിനെ നല്കിയിരുന്ന പതിവ് നിർത്തി അതിനു് പകരം അതിന്റെ വില കൊടുത്താലും മതിയാകുമെന്നു് ഖലീഫ വിധിച്ചിരുന്നു. ഇതുപോലെ പല കാര്യങ്ങളും തന്റെ ഇജ്തിഹാദുകൊണ്ടു് അദ്ദേഹം എളുപ്പമുള്ളവയാക്കി തീർത്തു.

ഹ: ഉസ്മാൻ (റ) വിന്റെ ചില തീരുമാനങ്ങളോടു് മുജ്തഹിദുകളായ മറെറ സഹാബികൾ യോജിച്ചിരുന്നില്ല. പക്ഷെ തന്റെ തീരുമാനം ശരിയാണെന്നു് ഖലീഫ വിശ്വസിച്ചു. ഹജ്ജിനും, ഉംറയ്ക്കും ഒന്നിച്ചു് നിയ്യത്ത് ചെയ്യുന്ന 'ഹജ്ജ്തമത്തുഅ്' നെ അദ്ദേഹം നിർത്തലാക്കി. ശത്രുഭയമാണു് അതിനു് കാരണമായിരുന്നതെന്നും, ആ ഭയം ഇപ്പോൾ ഇല്ലാത്തതിനാൽ അങ്ങിനെ ചെയ്യേണ്ടതില്ലെന്നുമായിരുന്നു ഖലീഫയുടെ ഇജ്തിഹാദു്. ഹ: അലി (റ) ഈ തീരുമാനത്തിനെതിരായിരുന്നു. ഹജ്ജിന്റെ കാലത്തു് ആരെങ്കിലും സ്ഥിരവാസത്തിനു് തീരുമാനിച്ചാൽ അയാൾ മിനായിൽവെച്ചു് നലു് റക്അത്തു് നമസ്കരിക്കണമെന്ന ഖലീഫയുടെ തീരുമാനത്തോടും ഹ: അലി(റ) എതിരായിരുന്നു. മിനായിൽവെച്ചുള്ള നമസ്കാരം 'ഖസ്റു' ആക്കണമെന്നായിരുന്നു അലി (റ) യുടെ അഭിപ്രായം. ഹജ്ജിൽ പ്രവേശിച്ചാൽ വിവാഹം പാടില്ലെന്ന റസൂലിന്റെ തീരുമാനത്തെ ഹ: ഉസ്മാൻ (റ) നിർബ്ബ

ന്ധമാക്കി. അത്തരം വിവാഹത്തിന്നു് വിരോധമില്ലെന്നായിരുന്നു ഹ: അലി (റ) യുടെയും മറ്റു സഹാബികളുടേയും അഭിപ്രായം. മടക്കിയെടുക്കാൻ നിവൃത്തിയില്ലാത്ത വിധം വിവാഹമോചനം നടത്തിയ സ്ത്രീ ഇദ്ദ: കാലത്തു് മരിച്ച . ഭർത്താവിന്റെ സ്വത്തിന്നവകാശിയാണെന്നു് ഖലീഫ വിധിച്ചു. ഇദ്ദ: പരിപൂർണ്ണമാകുന്നതുവരെ ഒരു തരത്തിലുള്ള ബന്ധം നിലവിലുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായം. ഇദ്ദ: കാലത്തു് വിവാഹം കഴിക്കുന്നതു് നിരോധിച്ചിട്ടുള്ളതുകൊണ്ടു്, അങ്ങിനെ ചെയ്യുന്നവൻ ശിക്ഷിക്കപ്പെടേണ്ടവനാണെന്നു് ഖലീഫ അഭിപ്രായപ്പെട്ടു. തന്റെ ഈ തീരുമാനത്തിന്നു് എതിരായി പ്രവർത്തിച്ച ഒരുത്തനെ അദ്ദേഹം നാടുകടത്തുകയും ചെയ്തു. ഹ: അലി (റ) യാകട്ടെ, ഇതിനെ മതപരമായ ഒരു ശിക്ഷക്കു് വിധേയമാക്കേണ്ടെന്ന അഭിപ്രായക്കാരനായിരുന്നു. എന്നാൽ ഹ: ഉസ്മാൻ (റ) വിന്റെ ചില തീരുമാനങ്ങളോടു് ഹ: അലി (റ) യും മറ്റു സഹാബിമാരും എതിരായിരുന്നെങ്കിലും, അവർ പരസ്പരം ആത്മാർത്ഥതയോടും, സഹിഷ്ണുതയോടും കൂടിയാണു് പ്രവർത്തിച്ചിരുന്നതു്.

മിനായിൽവെച്ചു് നാലു് റക്അത്തു് നമസ്കരിക്കണമെന്നുള്ള തീരുമാനത്തോടു് ഹ: അബ്ദുല്ലാഹിബ്നുമസ്ഊദ് (റ) എതിരായിരുന്നു. എന്നിട്ടും, ഖലീഫയോടു് താൻ ഭിന്നിക്കുന്നില്ലെന്നു് പറഞ്ഞുകൊണ്ടു് നാലു് റക്അത്തു് തന്നെ നമസ്കരിക്കുകയാണു് അദ്ദേഹം ചെയ്തതു്. സഹാബികൾക്കു് തന്റെ ചില അഭിപ്രായങ്ങളോടു് യോജിക്കാൻ പ്രയാസമുണ്ടെന്നു് കണ്ടപ്പോൾ, ഓരോരുത്തർക്കും സത്യമായി തോന്നുന്നതനുസരിച്ചു് പ്രവർത്തിക്കാൻ അവകാശമുണ്ടെന്നും തന്റെ അഭിപ്രായങ്ങൾ ആരിലും അടിച്ചേല്പിക്കാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ഖലീഫ പ്രസ്താവിച്ചു. ഒരിക്കൽ അങ്ങനെയായ ഏതാനും ചിലർ ഖലീഫയുടെ അഭിപ്രായങ്ങളെ ആക്ഷേപിച്ചു. അപ്പോൾ അദ്ദേഹം അവരോടു് പറഞ്ഞതു് ഇപ്രകാരമായിരുന്നു. 'അല്ലാഹുവാണെ സത്യം! യാത്രാവേളയിൽ ഞങ്ങൾ റസൂലി (സ) യെ അനുഗമിച്ചിരുന്നു. രോഗം പിടിപ്പെട്ടു് കിടപ്പിലായ ഞങ്ങളെ അവിടുന്നു് സന്ദർശിച്ചിരുന്നു. മയ്യിത്തുകൾ കൊണ്ടുപോകുമ്പോൾ അവിടുന്നു് കൂടെ പോകുമായിരുന്നു. ഞങ്ങളെ ഒരുമിച്ചു കൂട്ടികൊണ്ടു് അവിടുന്നു് യുദ്ധങ്ങളിലേപ്പെട്ടു. ഞങ്ങളുടെ വേദനകളിൽ അവിടുന്നു് സഹതപിച്ചിരുന്നു. റസൂൽ (സ) ന്റെ രൂപം കണ്ടിട്ടില്ലാത്ത ചിലർ അവിടുത്തെ ചര്യയെ ഞങ്ങൾക്കു് കാണിച്ചു തരുവാനൊരുങ്ങുകയാണിപ്പോൾ.'

അനന്തരാവകാശത്തെക്കുറിച്ചുള്ള അറിവു്

കണക്കു്ശാസ്ത്രത്തിൽ ഉസ്മാൻ (റ) സമർത്ഥനായിരുന്നു. അനന്തരാവകാശപരമായ സ്വത്തു് വിഭജനത്തിൽ കണക്കിന്നു് വലിയ സ്ഥാനമുണ്ടല്ലോ. അനന്തരാവകാശക്രമത്തെ രൂപവല്ക്കരിക്കുന്നതിൽ ഖലീഫക്കു് ഒരു വലിയ പങ്കുണ്ടു്. അനന്തരാവകാശങ്ങളെപ്പറ്റി പരിശുദ്ധ ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതിലെ തത്വങ്ങൾ അടിസ്ഥാനപ്പെടുത്തി തങ്ങളുടെ ഇജ്തിഹാദുകളുപയോഗിച്ചു് ഇന്നത്തെ അനന്തരാവകാശശാസ്ത്രത്തെ കെട്ടിപ്പടുത്തതു് ഹ: ഉസ്മാൻ (റ) വും ഹ: സൈദുബ്നു സാബിത്തു് (റ) വുമാണു് ഈ ശാസ്ത്രത്തിൽ തങ്ങളുടെ കാലഘട്ടത്തിൽ അവർ ഇമാമുകളായി പരിഗണിക്കപ്പെട്ടിരുന്നു. സിദ്ദീഖ് (റ), ഫാറൂക്കു് (റ) എന്നിവരുടെ കാലത്തു് ഇത്തരം കേസുകളിൽ വിധി കല്പിച്ചിരുന്നതും ഇവർ തന്നെയായിരുന്നു.

വിശേഷഗുണങ്ങൾ

ഹ: ഉസ്മാൻ (റ) അല്ലാഹുവിനോട് വളരെ ഭക്തിയുള്ളവരും വിശ്വസ്തരുമായിരുന്നു. സത്യം പറയുന്നതിലും, പാലിക്കുന്നതിലും അദ്ദേഹം നിഷ്കർഷത പാലിച്ചിരുന്നു. മദ്യപാനം സർവ്വത്ര വ്യാപിച്ചിരുന്ന അറബികളുടെ ഇടയിൽ. എന്നാൽ ഈ വമ്പിച്ച ദുർഗുണത്തിൽ നിന്നും അദ്ദേഹം പരിപൂർണ്ണമായി മോചിതനായിരുന്നു. യാതൊരു ലഹരിപദാർത്ഥവും അദ്ദേഹം ആസ്വദിച്ചിട്ടില്ല. കള്ളം പറയുക, അത് പ്രവർത്തിക്കുക, അസൂയ, സ്വാർത്ഥം മുതലായ യാതൊരു ദുർഗുണങ്ങളും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. റസൂൽ (സ) യുമായുള്ള സമ്പർക്കം അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളെ കൂടുതൽ ശോഭിപ്പിക്കുകയും ചെയ്തു.

അല്ലാഹുവിനോടുള്ള ഭയം

എപ്പോഴും അല്ലാഹുവിനെ കുറിച്ചുള്ള ചിന്ത അദ്ദേഹത്തിലുണ്ടായിരുന്നു. രക്ഷിതാവിനെക്കുറിച്ചുള്ള ഭയവും, പരലോകജീവിതത്തെക്കുറിച്ചുള്ള ചിന്തയും അദ്ദേഹത്തെ കരയിപ്പിക്കാറുണ്ടായിരുന്നു. എല്ലാ ഗുണങ്ങളുടേയും അടിസ്ഥാനം അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തയും ഭയവുമാണ്. അവന്റെ മഹത്വത്തെയും, ശക്തിയേയും ധിക്കരിക്കുന്ന ഹൃദയം അസമാധാനവും തിന്മയും നിറഞ്ഞതായിരിക്കും. മരണത്തെക്കുറിച്ചും, ഖബറിനെ കുറിച്ചും അദ്ദേഹം ചിന്തിക്കാറുണ്ടായിരുന്നു മയ്യത്തു കൊണ്ടുപോകുന്നതുകണ്ടാൽ ഭക്തിയോടെ എഴുന്നേറ്റുനില്ക്കുകയും, കണ്ണുനീർ വാർക്കുകയും ചെയ്തിരുന്നു. മയ്യത്ത് മറവുചെയ്ത ഖബർ സ്ഥാനങ്ങൾക്കരികിൽ കൂടി കടന്നുപോകുമ്പോൾ അദ്ദേഹം വിലപിക്കാറുണ്ടായിരുന്നു. ഒരിക്കൽ ജനങ്ങൾ ഖലീഫയോട് തിരക്കി: 'സ്വർഗ്ഗനരകങ്ങളെ കുറിച്ച് അങ്ങേക്ക് അത്രവളരെ ദുഃഖമുണ്ടാകുന്നില്ലല്ലോ. ഖബർസ്ഥാനങ്ങളെ കാണുമ്പോൾ അങ്ങു കരയുകയും, അക്ഷമനായിതീരുകയും ചെയ്യുന്നതെന്തിനാണ്.' അവരുടെ ചോദ്യങ്ങൾക്ക് ഖലീഫ നല്കിയ മറുപടി ഇപ്രകാരമായിരുന്നു. 'ഖബർ പരലോകജീവിതത്തിലെ പ്രഥമഘട്ടമാണ്. പ്രയാസമേറിയ ആ ഘട്ടത്തെ തരണം ചെയ്താൽ മറ്റെല്ലാ ഘട്ടങ്ങളും എളുപ്പമുള്ളവയാണ്. അവിടെ വിഷമത നേരിടുന്നതായാൽ മറ്റുള്ള എല്ലാ ഘട്ടങ്ങളും വളരെ ബുദ്ധിമുട്ടുള്ളവയായിരിക്കുമെന്നാണ് നബി (സ) പറഞ്ഞിട്ടുണ്ട്.

റസൂലിനോടുള്ള അതിരറ്റ സ്നേഹം

മിക്കവാറും എല്ലാ യുദ്ധങ്ങളിലും ഖലീഫ റസൂൽ (സ) വിനെ അനുഗമിച്ചിരുന്നു. ത്യാഗസന്നദ്ധനായി, നബിക്കുവേണ്ടി തന്റെ ജീവിതം ബലിയർപ്പിക്കാൻ പോലും അദ്ദേഹം തയ്യാറായിരുന്നു. നബി (സ) യുടെ ദാരിദ്ര്യത്തിലും, അവിടത്തെ വേദനകളിലും ഹ: ഉസ്മാൻ (റ) കണക്കറ്റു സഹതപിച്ചിരുന്നു. അവസരം വരുമ്പോഴെല്ലാം അദ്ദേഹം റസൂൽ (സ) വിന്റെ സന്നിധിയിൽ പാരിതോഷികങ്ങൾ സമർപ്പിച്ചിരുന്നു. ഒരിക്കൽ റസൂൽ(സ) വിന്റെ കുടുംബം നാലു ദിവസം തുടർച്ചയായി പട്ടിണിയിലായിരുന്നു. നബി (സ) യും കുടുംബവും പട്ടിണി കിടക്കുന്നുവെന്ന വാർത്ത അറിഞ്ഞു മനംനൊന്ത ഹ: ഉസ്മാൻ (റ) ഭക്ഷണങ്ങളും മുന്നൂറ് ദിർഹവും റസൂൽ (സ) വിനു് സമർപ്പിച്ചു. റസൂൽ (സ) വിന്റെ കുടുംബത്തിന്റേയും അവിടുത്തെ പത്നിമാരുടേയും കാര്യത്തിൽ ഹ: ഉസ്മാൻ (റ) വളരെ ശ്രദ്ധപതിപ്പിച്ചിരുന്നു. തന്റെ ഖിലാഫത്തു കാലത്തു് എല്ലാവർഷവും റംസാനിൽ സഹായധനം നല്കിയിരുന്നു. എന്നാൽ നബി (സ) യുടെ ഭാര്യമാർക്കു് മറ്റുള്ളവർക്കു് നല്കുന്നതിനേക്കാൾ ഇരട്ടി സഹായധനം ഖലീഫ അനുവദിച്ചു.

റസൂൽ (സ) വിന്റെ ചര്യകളോടുള്ള അനുകരണം

വാക്കിലും, പ്രവർത്തിയിലും റസൂൽ (സ)

വിനെ അനുകരിക്കാൻ ഹ: ഉസ്മാൻ (റ) വള രെതാല്പര്യം കാണിച്ചിരുന്നു. വളരെയേറെ സം ഭവങ്ങളും ഈ കാര്യത്തിനു് തെളിവായി ഉദ ഘരിക്കാൻ കഴിയും. വുളു ചെയ്തുകൊണ്ടിരുന്ന ഒരവസരത്തിൽ ഖലീഫ പെട്ടെന്നു് പുഞ്ചിരി ച്ചു. ചിരിക്കാനുണ്ടായ കാരണത്തെപ്പറ്റി ആരാഞ്ഞപ്പോൾ, ഒരിക്കൽ നബി (സ) യും വുളു ചെയ്തുകൊണ്ടിരിക്കുമ്പോൾ ചിരിക്കുന്നതു് താൻ കണ്ടുവെന്നാണു് അതിനദ്ദേഹം മറുപടി നല്കിയതു്. ഒരിക്കൽ ഒരു മയ്യത്തു് കൊണ്ടു പോകുന്നതു കണ്ടപ്പോൾ അദ്ദേഹം എഴുന്നേറ്റു നിന്നു. റസൂൽ (സ)വും അങ്ങിനെ ചെയ്തിരുന്നു വെന്നാണു് അതിനെപ്പറ്റി അദ്ദേഹം പറഞ്ഞതു്. മറ്റൊരവസരത്തിൽ, മസ്ജിദിലെ വാതിലിന്നരികെ ഇരുന്നുകൊണ്ടു് ഒരു കഷ്ണം ആട്ടിൻമാംസം വാങ്ങിതിന്നു് വുളു പുതുക്കാതെ നമസ്കാരത്തിന്നുനിന്ന നബി (സ) യുടെ മറ്റൊരു പ്രവൃത്തിയെയുംഅദ്ദേഹം അനുകരിച്ചു. വേറൊന്നു്, ഹജ്ജവസരത്തിൽ അദ്ദേഹം കഅ്ബായിൽ പ്രദക്ഷിണം നടത്തുകയായിരുന്നു. മറ്റൊരു സഹാബിയും കൂടെ ഉണ്ടായിരുന്നു. സഹാബി റുക്നുയമാനിൽ തൊട്ടു് ചുംബിച്ചു. ഖലീഫ അങ്ങിനെ ചെയ്തില്ല. ഇതു് ശ്രദ്ധിച്ച സഹാബി അദ്ദേഹം മറന്നു പോയതായിരിക്കുമെന്നു് ധരിച്ചു് അദ്ദേഹത്തിന്റെ കൈപിടിച്ചു് അങ്ങിനെ ചെയ്യിക്കാൻ ശ്രമിച്ചു. ഖലീഫ സഹാബിയോടു് ചോദിച്ചു. 'നിങ്ങൾ റസൂൽ (സ) വിനോടൊപ്പം ഇവിടെ പ്രദക്ഷിണം ചെയ്തിട്ടില്ലേ? നബി (സ) റുക്നുയമാനിൽ തൊട്ടു ചുംബിക്കുന്നതു് നിങ്ങൾ കണ്ടിട്ടുണ്ടോ?' നബി (സ) അങ്ങിനെ ചെയ്യുന്നതു് താൻ കണ്ടിട്ടില്ലെന്നു് സഹാബി സമ്മതിച്ചു. 'അപ്പോൾ റസൂൽ (സ) വിനെ അനുകരിക്കുകയാണു് അനുയോജ്യമെന്നു്' ഖലീഫ പറഞ്ഞതിനോടു് സഹാബിയും യോജിച്ചു.

ലജ്ജ

ലജ്ജ ഹ: ഉസ്മാൻ (റ) വിന്റെ മറ്റൊരു സ്വഭാവവിശേഷമായിരുന്നു. ഏകാകിയായിരിക്കുമ്പോൾ പോലും നഗ്നത മറക്കുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധ പാലിച്ചിരുന്നു. ചരിത്രകാരന്മാർ പോലും അദ്ദേഹത്തിന്റെ 'ലജ്ജ' എന്ന ഗുണവിശേഷത്തിനു് പ്രത്യേക സ്ഥാനമാണു് നല്കിയിട്ടുള്ളതു്. ഒരിക്കൽ, സഹാബികളും കൂടിയിരുന്ന ഒരു വമ്പിച്ച സദസ്സു്. റസൂൽ (സ) യും ആ സദസ്സിൽ സന്നിഹിതരായിരുന്നു. ഹ: ഉസ്മാൻ (റ) ആ സദസ്സിലേക്കു് കയറി വരുന്നതു കണ്ടു് നബി (സ) തന്റെ വസ്ത്രധാരണം ശരിയായോ എന്നു് പരിശോധിച്ചു. റസൂൽ (സ) വിന്റെ തുടയുടെ ഒരു ഭാഗം മറഞ്ഞിരുന്നില്ല. അവിടുന്നു് ഉടനെ തന്നെ അതു് ശരിപ്പെടുത്തി. ഹ: ഉസ്മാൻ (റ) കടന്നു വന്നപ്പോൾ നബി (സ) ഇക്കാര്യത്തിൽ ഇത്രയും ശ്രദ്ധപതിപ്പിച്ചതിന്റെ കാരണമെന്താണെന്നു് സഹാബികൾ നബി (സ) യോടു് ആരാഞ്ഞു. റസൂൽ (സ) യുടെ മറുപടി ഇപ്രകാരമായിരുന്നു. 'ഉസ്മാൻ (റ) വിന്റെ ലജ്ജ നിമിത്തം മലക്കുകൾകൂടി ലജ്ജിക്കുന്നുണ്ടാകും.'

വസ്ത്രവും ഭക്ഷണവും

ഒരു ധനികനായിരുന്നു അദ്ദേഹമെങ്കിലും, ആഢംബരജീവിതം ഖലീഫ ഇഷ്ടപ്പെട്ടില്ല. വളരെ നൈമല്യമുള്ള വസ്ത്രങ്ങളാണു് അദ്ദേഹം ധരിച്ചിരുന്നതു്. മയമില്ലാത്തതും, ഉണങ്ങിയതുമായ ഭക്ഷണസാധനങ്ങൾക്കുപകരം, ഗുണമേന്മ കുറഞ്ഞ ആഹാരം കഴിക്കുന്നതിൽ അദ്ദേഹത്തിനു് നിർബ്ബന്ധം ഉണ്ടായിരുന്നു. പക്ഷെ ഒരു പണക്കാരന്റെ ജീവിതമല്ല അദ്ദേഹം നയിച്ചിരുന്നതു്. ഭംഗിയും മോടിയുമുള്ള സാധനങ്ങൾ അദ്ദേഹം ഉപയോഗിച്ചിരുന്നില്ല. അക്കാലത്തു് ധനവാന്മാർ ധരിച്ചിരുന്ന 'ഖസ്സു' എന്ന റോമൻവസ്ത്രം ഉ

പയോഗിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. തന്റെ ഭാര്യക്ക പോലും അദ്ദേഹം അത്തരം വസ്ത്രങ്ങൾ വാങ്ങി കൊടുത്തിരുന്നില്ല. ചുരുക്കത്തിൽ ലളിതമായ, അനാഡംബരമായ ഒരു ജീവിതമാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്.

വിനയം

തന്റെ കായ്യങ്ങൾക്കുവേണ്ടി മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാൻ ഹ: ഉസ്മാൻ (റ) ആഗ്രഹിച്ചിരുന്നില്ല. വീട്ടിൽ സ്ത്രീകളും പുരുഷന്മാരുമായി വളരെയധികം അടിമകളുണ്ടായിരുന്നു. എന്നിട്ടും തനിക്കവേണ്ടതായ കായ്യങ്ങൾ സ്വയം നിർവ്വഹിക്കുകയാണ് അദ്ദേഹം ചെയ്തിരുന്നത്. രാത്രി തഹജ്ജുദ്നമസ്കാരത്തിനുവേണ്ടി അദ്ദേഹം എഴുന്നേല്ക്കുമ്പോൾ വീട്ടിൽ മറ്റാരും ഉണർന്നിട്ടില്ലെങ്കിൽ വുളുവിനു വേണ്ടത് അദ്ദേഹം തന്നെ തയ്യാറാക്കിയിരുന്നു. മറ്റുള്ളവർ ശ്രേഷ്ഠപ്പെട്ട് ഖലീഫയോട് സംസാരിച്ചാലും, വിനയത്തോടും ക്ഷമയോടുംകൂടി മറുപടി നല്കുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. അംറുബ്നു ആസ്സ് (റ) തുടങ്ങിയ ഖലീഫയുടെ പിതാവിനെ എന്തോ അനിഷ്ടവുമായി സംസാരിച്ചതിനു്, 'അനിസ്‌ലാമികകാലത്തെ സംബന്ധിച്ച് എന്താണ് പറയാനുള്ളത് എന്നു് സൗമ്യമായി മറുപടി നല്കുകയാണ് അദ്ദേഹം ചെയ്തത്. ഒരു വെള്ളിയാഴ്ച മസ്ജിദിൽവെച്ച് ഖലീഫ ജനങ്ങളോട് പ്രസംഗിക്കുകയായിരുന്നു. 'ഉസ്മാനെ പശ്ചാത്തപിക്കുക. അതിരുകവിഞ്ഞ പ്രവർത്തനങ്ങളിൽനിന്നു് പിന്മാറുക.' ശ്രോതാക്കളിൽനിന്നൊരാൾ വിളിച്ചുപറഞ്ഞു. അതു കേട്ടയുടനെ ഖിബ്‌ലയുടെ ഭാഗത്തേക്കു് തിരിഞ്ഞുനിന്നുകൊണ്ട് ഖലീഫ പ്രാർത്ഥിച്ചു: 'അല്ലാഹുവേ! നിന്നിലേക്കു് പശ്ചാത്തപിച്ചു് മടങ്ങുന്ന ഒന്നാമത്തെ മനുഷ്യൻ ഞാൻ തന്നെ.' അദ്ദേഹത്തിന്റെ ക്ഷമാശക്തിക്കു് ഇതിൽപരം തെളിവെന്തു്?

ആത്മാർത്ഥത

സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഖജനാവു് മുടിപ്പിച്ചുവെന്ന അദ്ദേഹത്തെപറ്റിയുള്ള ആരോപണം പച്ചക്കള്ളമാണ്. ഖിലാഫത്തുകാലത്തു് സ്വന്തം ആവശ്യത്തിനുവേണ്ടി ഒരു മണി ധാന്യം പോലും പൊതുമുതലിൽനിന്നദ്ദേഹം എടുത്തിട്ടില്ല.

പ്രതിവർഷം, അയ്യായിരം ദിർഹമായിരുന്ന അദ്ദേഹത്തിനു് ലഭിച്ചിരുന്ന വേതനം. ഈ തുക മുഴുവനും പൊതുജനനന്മക്കായി വിനിയോഗിക്കയാണ് ഖലീഫ ചെയ്തത്. തന്റെ സ്വന്തം ധനത്തെ പോലും ഇസ്‌ലാമിനുവേണ്ടി വിനിയോഗിച്ച അദ്ദേഹം സ്വാർത്ഥമോഹിയാണെന്നു് എങ്ങിനെ മുദ്രകുത്തും?

നിസ്വാർത്ഥസേവനം

ഇസ്‌ലാമിനുവേണ്ടി നിസ്വാർത്ഥമായ സേവനങ്ങളാണ് അദ്ദേഹം ചെയ്തിരുന്നത്. അക്കാലത്തു് അറബികളുടെ ഇടയിൽ ഏറ്റവും വലിയ ധനവാനായിരുന്ന അദ്ദേഹത്തിൽ ഒരോഔൺസ്വർണ്ണത്തെ സ്വപ്നശക്തൻ നിക്ഷിപ്തമാക്കിയിരുന്നു. മദീനയിൽ "രൂമത്ത്" എന്ന കിണർ മാത്രമെ ശുദ്ധജലം ലഭിക്കുന്നതായി ഉണ്ടായിരുന്നുള്ളു. ഈ കിണറാകട്ടെ ഒരു യഹൂദന്റെ കൈവശത്തിലുമായിരുന്നു. ഇരുപതിനായിരം ദിർഹം യഹൂദനു് നല്കി ഖലീഫ ആ കിണറിനെ വിലക്കു വാങ്ങി മുസ്‌ലിംകൾക്കായി ദാനം ചെയ്തു. മസ്ജിദുന്നബവിയിൽ നമസ്കാരത്തിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി. തബൂക്കു യുദ്ധത്തിനുവേണ്ടി എണ്ണമറ്റ ഒട്ടകങ്ങളും കുതിരകളും മുസ്‌ലിംസൈന്യത്തെ ശക്തിപ്പെടുത്തിയ മഹാമനസ്കനും ഇദ്ദേഹം തന്നെയാണ്. ക്ഷാമവും ദാരിദ്ര്യവും പടർന്നുപിടിച്ച കാലം, റോമാചക്രവർത്തിയുടെ ഇസ്‌ലാംമിനെതിരായ വമ്പിച്ച യുദ്ധസന്നാഹം, എന്തുചെയ്യണമെന്നു് നിശ്ചയമില്ലാതെ റസൂൽ (സ) വിഷമിച്ചിരി

ക്കുന്ന അവസരം ഈ വിഷമഘട്ടങ്ങളിലാണ്‌ വില മതിക്കാനാവാത്ത ഈ സഹായം ഖലീഫ ചെയ്തത്‌ അഗതികളേയും, നിർധനരേയും അഭയം ആശ്വസിപ്പിക്കുകയും, സഹായിക്കുകയും ചെയ്തിരുന്നു. വിധവകളുടേയും, അനാഥരുടേയും കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ അദ്ദേഹത്തിനുണ്ടായിരുന്നു എല്ലാ വെള്ളിയാഴ്ചയും കാരോ അടിമയെ അദ്ദേഹം സ്വതന്ത്രനാക്കിയിരുന്നു.

ഒരിക്കൽ ഒരു യുദ്ധത്തിൽ മുസ്‌ലിംകൾക്ക്‌ നേരിട്ട ദാരിദ്ര്യവും, നിസ്സഹായതയും ശത്രുക്കളെ ആഹ്ലാദഭരിതരാക്കി. വിശപ്പു കൊണ്ട്‌ തളർന്ന മുസ്‌ലിംകളുടെ മുമ്പിൽനിന്നു അത്തുവിളിച്ച്‌ നൃത്തം ചെയ്തു, പ്രതിരോധിക്കാൻ കഴിഞ്ഞില്ല. വളരെയധികം ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ച്‌ പതിനാലു ഒട്ടകങ്ങളുടെ പുറത്ത്‌ കയറ്റി അദ്ദേഹം ഉടനെതന്നെ റസൂൽ (സ) വിന്റെ സന്നിധിയിലെത്തിച്ചു.

ബന്ധുക്കളോടും, സ്നേഹിതരോടുമുള്ള പെരുമാറ്റം

ബന്ധുക്കളോടും, സ്നേഹിതരോടും സ്നേഹത്തോടെ പെരുമാറുകയും, അവരുടെ നിസ്സഹായാവസ്ഥയിൽ അവരെ സഹായിക്കുകയും ചെയ്തിരുന്നു അദ്ദേഹം. ഖലീഫയുടെ പിതൃവ്യനായ ഹക്കമുബ്‌ന ആസ്സിനെ റസൂൽ (സ) നാടു കടത്തിയിരുന്നു. ഹ: ഉസ്മാൻ (റ) പ്രവാചകനോട്‌ സമാധാനവചങ്ങൾ പറഞ്ഞു പിതൃവ്യൻ ചെയ്ത കുറ്റത്തിന്‌ മാപ്പു കൊടുപ്പിച്ചു മാത്രമല്ല ഖലീഫയുടെ ഭരണകാലത്തു പിതൃവ്യനെ മദീനത്തേക്കു വരുത്തുകയും അദ്ദേഹത്തിന്റെ സന്താനങ്ങൾക്കു ധനം നല്കി സഹായിക്കുകയും ചെയ്തു. ഇതിനു പുറമെ ഹക്കമിന്റെ പുത്രനായ മറ്വാൻ (റ) വിനു ഒരു ലക്ഷം ദീനാർ സ്ത്രീധനത്തോടുകൂടി തന്റെ മകളെ വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു.

ഖലീഫയുടെ ഭരണകാലത്തു ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്ന അബ്ദുല്ലാഹിബ്‌ന ആമീർ (റ), അബ്ദുല്ലാഹിബ്‌ന അബീസറഹ്‌, (റ), ഉസ്മാനിബ്‌ന ആസ്‌ (റ), അമീർ മുആവിയ (റ) എന്നിവർ ഖലീഫയുടെ അടുത്ത ബന്ധുക്കളായിരുന്നു.

സ്നേഹിതരോടും അദ്ദേഹത്തിന്റെ പെരുമാറ്റം വളരെ ഔദാര്യം നിറഞ്ഞതായിരുന്നു. പലപ്പോഴും അവർക്ക്‌ ധനം നല്കി സഹായിച്ചിരുന്നു. ഒരിക്കൽ തൽഹത്തു (റ) ഹ: ഉസ്മാൻ (റ) വിന്റെ പക്കൽനിന്നും കുറെ ധനം കടം വാങ്ങിയിരുന്നു. കൊടുക്കാമെന്നേറ്റ ദിവസം തൽഹത്തു (റ) പണവുമായി ഖലീഫയുടെ അടുക്കൽ ചെന്നു ഖലീഫ ആ തുക തിരിച്ചു വാങ്ങിയില്ല. അദ്ദേഹം തൽഹത്ത്‌ (റ) വിനോട്‌ പറഞ്ഞു: 'ഇതു നിങ്ങളുടെ പരുഷത്തിനുള്ള പ്രതിഫലമായി ഞാൻ നല്കുന്നു.'

ക്ഷമയും സഹനശക്തിയും

ഏതൊരു പ്രതിബന്ധങ്ങളേയും ക്ഷമയോടും സഹനശക്തിയോടും തരണം ചെയ്യാൻ ഖലീഫ ശ്രമിച്ചിരുന്നു. മരണത്തിനു തൊട്ടു മുമ്പുള്ള നാല്പതു ദിവസം, സ്വഭവനം വീട്ടിൽ ശത്രുക്കളാൽ ബന്ധനസ്ഥനാക്കപ്പെട്ട അദ്ദേഹം കാണിച്ച ക്ഷമയും സഹനശക്തിയും അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നു. ശത്രുക്കളോട്‌ യുദ്ധം ചെയ്യണമെന്നു പലരും അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഒരു രക്തച്ചൊരിച്ചിൽ സൃഷ്ടിക്കരുതെന്നു നിർബ്ബന്ധമുണ്ടായിരുന്ന ഖലീഫ അതിനു സമ്മതിച്ചില്ല. തനിക്കുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധരായ സഹാബികൾ അദ്ദേഹത്തിൻറെ പിന്നിലുണ്ടായിട്ടും ബന്ധനത്തിലാക്കപ്പെട്ട

നാല്പതു ദിവസം അദ്ദേഹം കാണിച്ച ക്ഷമ അതുല്യമായിരുന്നു. അവസാനം ക്രൂരമായി വധിക്കപ്പെട്ട അദ്ദേഹം.

മതകർമ്മങ്ങൾ

രാത്രിയുടെ അന്ത്യയാമങ്ങളിൽപ്പോലും പ്രാർത്ഥനകളിലും ആരാധനയിലുമായി അദ്ദേഹം ചിലവഴിച്ചു. ചില ദിവസങ്ങളിൽ പ്രഭാതം വരെ അദ്ദേഹം ഖുർആൻ പാരായണം ചെയ്തിരുന്നു. ഒന്നിടവിട്ട ദിവസങ്ങളിലോ, മൂന്നുദിവസം ഇടവിട്ടോ അദ്ദേഹം വ്രതം അനുഷ്ഠിക്കാറുണ്ടായിരുന്നു. വളരെ ലഘുവായ ആഹാരം മാത്രമെ അത്താഴമായി കഴിക്കാറുണ്ടായിരുന്നുള്ളൂ. ഹ: ഉസ്മാൻ (റ) എല്ലാ കൊല്ലവും മുടങ്ങാതെ ഹജ്ജ് കർമ്മം നിർവ്വഹിച്ചിരുന്നു. എന്നാൽ ജീവിതത്തിന്റെ അവസാനവർഷം മാത്രം അദ്ദേഹത്തിനു് അതിനു് സാധിച്ചില്ല—അദ്ദേഹം ശത്രുക്കളുടെ ബന്ധനത്തിലായിരുന്നു ആയിടെ.

കുടുംബസ്ഥിതി

മക്കയിൽനിന്നും ഹിജ്റയായി മദീനത്തുചെന്ന ഹ: ഉസ്മാൻ (റ), ഹ: ഔസുബ്നു സാബിത്തു് (റ) വിന്റെ അതിഥിയായിട്ടാണു് താമസിച്ചിരുന്നതു്. ഖലീഫയായതിനുശേഷമാണു് ഔസുബ്നുസാബിത്തു് (റ) വിന്റെ വീട്ടിൽനിന്നും അദ്ദേഹം മാറിതാമസിച്ചതു്. ഖലീഫയായി അവരോധിതനായതിനുശേഷം മനോഹരമായ ഒരു മന്ദിരം നിർമ്മിക്കുകയും, അങ്ങോട്ടു് മാറിത്താമസിക്കുകയും ചെയ്തു. മസ്ജിദുന്നബവിക്കു് സമീപമായിരുന്നു അദ്ദേഹത്തിന്റെ വസതി. 'സയ്യിദുനാ ഉസ്മാൻ' എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന ആ സ്ഥലത്തിന്റെ ഏതാനും ഭാഗം പടിഞ്ഞാറുനിന്നുള്ള ഹജ്ജു് തീർത്ഥാടകരുടെ വാസസ്ഥലമാണിപ്പോൾ. സയ്യിദുനഉസ്മാൻ എന്ന പേരിൽ ഒരു ഗ്രന്ഥശാലയും അവിടെ ഉണ്ടു്. മസ്ജിദുനബവിയുടെ പിൻഭാഗത്തു വീഥിയുടെ എതിർവശത്തുള്ള ഒരു വീടിന്റെ വാതിലിന്മേൽ അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെ കുറിക്കുന്ന 'മശ്ഹദുസയ്യിദിനാ ഉസ്മാൻ' എന്ന വാചകം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

ജീവിതമാർഗ്ഗങ്ങൾ

ചെറുപ്പം മുതലേ കച്ചവടമായിരുന്നു തൊഴിലായി അദ്ദേഹം സ്വീകരിച്ചതു്. അക്കാലത്തെ ഏറ്റവും വലിയ വ്യാപാരിയും ധനവാനും അദ്ദേഹമായിരുന്നു. ധനാഢ്യതയെ അടിസ്ഥാനപ്പെടുത്തിയാണു് ഹ: ഉസ്മാൻ (റ) വിനു് 'ഗനി' (ധനവാൻ) എന്ന പേർ നല്കിയതു്.

സ്വത്തു്

വിലകൂടിയ പല സ്വത്തുക്കളും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. ഖൈബർ വിജയത്തെ തുടർന്നു് നബി(സ)യുദ്ധത്തിൽ പങ്കെടുത്ത എല്ലാ സഹാബികൾക്കും ഭൂസ്വത്തു് ഭാഗിച്ചു് കൊടുത്തിരുന്നു. അതിലൊരോഹരി ഹ: ഉസ്മാൻ (റ) വിനും ലഭിച്ചു. മദീനക്കടുത്തായി ബഖീഅു് എന്ന സ്ഥലത്തു് ഹ: ഉസ്മാൻ (റ) വിന്റെ കൈവശമുണ്ടായിരുന്ന വിശാലമായ ഒരു ഭൂമി ഒരു കബർസ്ഥാനുവേണ്ടി അദ്ദേഹം ദാനം ചെയ്തു.

കൃഷി

തന്റെ കൃഷിസ്ഥലങ്ങൾ കൃഷി ചെയ്യുന്നതിനായി പലർക്കുമായി അദ്ദേഹം വിഭജിച്ചുകൊടുത്തു. കിട്ടുന്ന വിളവിൽനിന്നു് മൂന്നിൽ രണ്ടു ഭാഗം കർഷകനും ഒരു ഭാഗം ഉടമസ്ഥനുമെന്നായിരുന്നു വ്യവസ്ഥ.

ഭക്ഷണം

അനാരോഗ്യവും, വാർദ്ധക്യവും മൂലം കട്ടികുറഞ്ഞതും എളുപ്പത്തിൽ ദഹിക്കുന്നതുമായ ഭക്ഷണവസ്തുക്കൾ മാത്രമെ അദ്ദേഹം കഴിച്ചി

രുന്നുള്ള. ഭക്ഷണത്തിനും ബന്ധുക്കളേയും, ഉപ്പുജനങ്ങളേയും ഒരുമിച്ച് കൂട്ടിയിരുന്നു.

വൃത്തി

ഖലീഫയുടെ മറെറാരു പ്രത്യേക ഗുണം ശുചിത്വം പാലിക്കുക എന്നതായിരുന്നു. ദിവസേന കുളിക്കുകയും സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്നു. പുറത്തിറങ്ങി നടക്കുമ്പോൾ ശുദ്ധവസ്ത്രങ്ങൾ മാത്രമെ ധരിച്ചിരുന്നുള്ളു.

വസ്ത്രധാരണം

വസ്ത്രധാരണത്തിൽ ആഢംബരഭ്രമം അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. വില കൂടിയ വസ്ത്രങ്ങളൊന്നുംതന്നെ അദ്ദേഹം വാങ്ങിച്ച് ധരിക്കാറില്ലായിരുന്നു. തൻറെ ഭരണകാലം അത്തരം വസ്ത്രങ്ങൾ അദ്ദേഹം വാങ്ങിച്ചുകൊടുത്തിരുന്നില്ല. ധോത്തിയാണ് അദ്ദേഹം സാധാരണ ഉപയോഗിച്ചിരുന്നതെന്നും എന്നാൽ ജീവിതത്തിൻറെ അവസാനദിവസം താനൊരിക്കലും ധരിക്കാതെ സൂക്ഷിച്ചിരുന്ന കാലുറയാണ് ധരിച്ചിരുന്നതെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഒരു വെള്ളിയാഴ്ച ദിവസം അദ്ദേഹത്തെ മുമ്പാരിൽ കണ്ടപ്പോൾ അഞ്ച് ദിർഹമിൽ അധികം (ഒരു രൂപ) വിലവരാത്ത ഒരു ധോത്തിയാണ് അദ്ദേഹം ധരിച്ചിരുന്നതെന്നും ഒരു താബിഈ നിവേദനം ചെയ്തിരിക്കുന്നു.

ആകൃതി

കാഴ്ചയിൽ സുമുഖനായിരുന്നു ഖലീഫ. തവിട്ടു നിറം, ഒത്ത ഉയരം, ഭംഗിയുള്ള നാസിക, തുടുത്ത കവിളുകൾ, ലഘുവായ വസൂരിക്കലകളുള്ള മുഖം എന്നിവ അദ്ദേഹത്തിൻറെ പ്രത്യേകതകളായിരുന്നു. ഇടതിങ്ങി നീളം കൂടിയ താടിയായിരുന്നു അദ്ദേഹത്തിൻറെ മുഖം. തലമുടി ചെവിവരെ തൂങ്ങിക്കിടന്നിരുന്നു. ശോഭയുള്ള ഞെരുങ്ങിച്ചേർന്ന പല്ലുകളുണ്ടായിരുന്നു അദ്ദേഹത്തിന്. അവയിൽ ചിലതു സ്വർണ്ണകവചികൊണ്ടു ബന്ധിച്ചു ശക്തിപ്പെടുത്തിയിരുന്നു. തലമുടിയിൽ അദ്ദേഹം ചായം പിടിപ്പിച്ചിരുന്നതായി ഒരു ഒരു നിവേദനത്തിൽ പറയുന്നു.

ഭാര്യമാരും കുട്ടികളും

നബി (സ) യുടെ പ്രിയപുത്രിയായ ഹഫ്സയെ (റ) ആയിരുന്നു ഖലീഫയുടെ ആദ്യ ഭാര്യ. അബ്സീനിയായിലേക്കുള്ള യാത്രയിലും അവിടന്നു മടങ്ങി വരുമ്പോഴും അവർ അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു. അതിനുശേഷം മദീനാ ഹിജ്റയിലും അവർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. മദീനയിൽ എത്തി കുറെ കൊല്ലം കഴിഞ്ഞപ്പോൾ (ഹി: രണ്ടാം വർഷത്തിൽ) ഹഫ്സ (റ) മരണപ്പെട്ടു. ഹഫ്സയുമായുണ്ടായ ദാമ്പത്യജീവിതത്തിൽ അവർക്ക് അബ്ദുല്ലാ എന്നപേരായ ഒരു കുട്ടി ജനിച്ചെങ്കിലും അധികം താമസിയാതെ ആ കുട്ടി മരണമടഞ്ഞു.

ഹി: 3-ാംവർഷത്തിൽ അദ്ദേഹത്തിൻറെ രണ്ടാമത്തെ വിവാഹം നടന്നു. റസൂൽ (സ) യുടെ ഇളയ പുത്രിയായ ഉമ്മുകുൽസും (റ) വിനെയാണ് അദ്ദേഹം രണ്ടാമതായി വിവാഹം കഴിച്ചതു്. ആറ് കൊല്ലത്തെ ദാമ്പത്യജീവിതത്തിനുശേഷം അവരും കാലഗതി പ്രാപിച്ചു. ആ ബന്ധത്തിൽ കുട്ടികളൊന്നും ഉണ്ടായില്ല.

പിന്നീടു് പല അവസരങ്ങളിലായി പല സ്ത്രീരത്നങ്ങളേയും ഹ: ഉസ്മാൻ (റ) വിവാഹം ചെയ്യുകയുണ്ടായിട്ടുണ്ട്. താഴെ പറയുന്ന സ്ത്രീരത്നങ്ങളേയായിരുന്നു പിന്നീടുണ്ടായ കാലഘട്ടങ്ങളിൽ അദ്ദേഹം വിവാഹം കഴിച്ചതു്. ഗസ്വാൻ (റ) വിൻറെ മകൾ ഫാഖിത്ത (റ) ഇവരിൽ ഒരു കുട്ടി ജനിച്ചെങ്കിലും

ശൈശവത്തിൽ തന്നെ കുട്ടി മരണപ്പെട്ടു.

2 ജൂനബുമകൾ ഉമ്മുഅംറ് (റ) ഇവരുമായുള്ള ജീവിതത്തിൽ അംറ്, ഖാലിദ്, ഇബ്രാൻ, ഉമർ, മർയം എന്നീ സന്താനങ്ങൾ ഉണ്ടായി.

3 വലീദ് മകൾ ഫാത്തിമ-വലീദ്, സഈദ് എന്നീ കുട്ടികളുണ്ടായി.

4 ഉയൈന മകൾ ഉമ്മുൽബനീ-ഈ സ്ത്രീയിൽ അബ്ദുൽഉലിക്ക എന്ന കുട്ടി ജനിച്ചെങ്കിലും ബാല്യത്തിൽ തന്നെ മരണമടഞ്ഞു.

5 ശൈബമകൾ റംല-ഇവരുമായുള്ള ദാമ്പത്യബന്ധത്തിൽ മൂന്ന് സന്താനങ്ങളുണ്ടായി ആയിശ, ഉമ്മുഇബ്രാൻ, ഉമ്മുഅംറ്.

6 ഫാഫിസയുടെ മകൾ നാഇല റ: ഉസ്മാൻ (റ) യുടെ അവിഭാജ്യഭാര്യയായിരുന്ന ഇവർ. ഇവരിൽ മർയം എന്ന ഒരു പുത്രി ജനിച്ചു.

പുത്രന്മാരിൽ പ്രമുഖനായിതീർന്നത് റ: ഇബ്രാൻ (റ) ആയിരുന്നു. ബനൂഉമയ്യാക്കളുടെ ഭരണകാലത്ത് ഇദ്ദേഹം പ്രസിദ്ധി നേടിയിരുന്നു.

ഹസ്രത്ത് അലി(ക.വ.)വംശവും ഗോത്രവും

നാലാം ഖലീഫയായ റ: അലി(ക.വ.)യുടെ സ്ഥാനപ്പേരാണ് ഹൈദർ (സിംഹം) എന്നത്. അബുൽഹസൻ, അബൂതുറാബ് എന്നീ രാമനപ്പേരുകളാലും അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാവ് അബൂത്താലിബും, മാതാവ് ഫാത്തിമയുമാണ്. റ: അലി(ക.വ.)യുടെ വംശപരമ്പര ഇപ്രകാരമാണ്. ലുഅയ്, കഅബ്, മുർറത്ത്, ഗാലിബ്, ഖുസയ്, അബ്ദുമനാഫ്, റാശിം, അബ്ദുൽമുത്തലിബ്, അബൂത്വാലിബ് അദ്ദേഹത്തിന്റെ പിതൃവ്യപുത്രിയെയാണ് വിവാഹം ചെയ്തിരുന്നത്. നബി (സ) യുടെ പിതൃവ്യന്റെ പുത്രനെന്ന നിലയിൽ റസൂൽ (സ) വിന്റെ സഹോദരനുമായിരുന്ന അദ്ദേഹം.

റാശിം വംശത്തിന് അറബികളിലും, ഖുറൈശിഗോത്രങ്ങളിലും മാന്യസ്ഥാനമാണുണ്ടായിരുന്നത്. കഅ്ബ പരിപാലനമാണ് അവരുടെ പ്രത്യേക പദവിക്ക് നിദാനം. ഇക്കാരണത്താൽ അറബികളുടെ നേതൃത്വം അവർക്ക് കൈവന്നു. അബൂത്താലിബിന് വളരെ സ്വാധീനമായിരുന്ന മക്കാ നിവാസികളുടെ ഇടയിൽ. റസൂൽ (സ) വിന്റെ സംരക്ഷകനായിരുന്ന അദ്ദേഹം ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് നബി(സ)യെ പലപ്പോഴും രക്ഷിച്ചിട്ടുണ്ട്. നബി(സ)യോട് ഇതര്യം അമിതമായ വാത്സല്യം കാണിച്ചിരുന്നതിനാൽ ഖുറൈശികളായ ശത്രുക്കൾ അബൂത്താലിബിനും കുടുംബക്കാർക്കും പല ബുദ്ധിമുട്ടുകളും വരുത്തിയിരുന്നു. ഒരിക്കൽ ശത്രുക്കൾ അവരെ ഒരു മലയിടുക്കിൽ തടഞ്ഞുവെച്ച് അവരുമായുണ്ടായിരുന്ന വ്യാപാരയിടപാടുകളും വിവാഹബന്ധങ്ങളും വേർപെടുത്തുകപോലും ചെയ്തു. കൂടാതെ ഭക്ഷണമോ, വെള്ളമോ ലഭിക്കാത്തവിധം പല ക്രൂരനടപടികളും ശത്രുക്കൾ കൈകൊണ്ടു. പക്ഷെ അബൂതാലിബ് ശത്രുക്കളുടെ ഉപദ്രവങ്ങൾകൊണ്ടൊന്നും പിൻമാറിയില്ല. മഹാനായ ആ നേതാവ് തന്റെ അന്ത്യനിമിഷംവരെ റസൂൽ (സ) വിനെ സഹായിച്ചുകൊണ്ടിരുന്നു. അബൂതാലിബ് തനിക്കുവേണ്ടി ചെയ്ത സഹായസംരക്ഷണങ്ങൾക്ക് പ്രതിഫലമായി സ്വീയമായ അനശ്വരസുഖങ്ങൾ അദ്ദേഹത്തിനു ലഭ്യമാകാൻ റസൂൽ (സ) ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. അബൂതാലിബിന് മരണം സമീപിച്ച അവസരത്തിൽ, ഏകദൈവവിശ്വാസം സ്വീകരിച്ച് 'ശഹാദത്തുകലിമ, ചൊല്ലുവാൻ നബി (സ) ഉപദേശിച്ചു. അബൂത്താലിബ് റസൂൽ (സ) വിനു നല്കിയ മറുപടി ഇപ്രകാരമായിരുന്നു. 'പ്രിയപുത്ര! ഖുറൈശികളുടെ അധിക്ഷേപ

ത്തെക്കുറിച്ച് എനിക്ക് ഭയമുണ്ടായിരുന്നില്ലെങ്കിൽ ഞാൻ നിന്റെ ഉപദേശം സസന്തോഷം സ്വീകരിക്കുമായിരുന്നു.' അബൂത്താലിബ് പരസ്യമായി ഇസ്‌ലാമതം സ്വീകരിച്ചിരുന്നില്ലെങ്കിലും റസൂൽ (സ) വിനെ ഓമനിച്ച് വളർത്തിയതിലും ശത്രുക്കളിൽനിന്ന് അവിടുത്തെ സംരക്ഷിക്കുന്നതിലും അബൂത്താലീബ് അനുഷ്ഠിച്ച ത്യാഗങ്ങളും നിമിത്തം ഇസ്‌ലാംചരിത്രത്തിൽ ആ മഹാന്റെ പേർ മായാതെ നിലനില്ക്കും. അബൂത്താലിബിന്റെ പ്രിയപത്നി ഹ: ഫാത്തിമാ (റ) യും റസൂൽ (സ) വിനെ വളരെ ഓമനിച്ചാണ് വളർത്തിയത്. ഹ: ഫാത്തിമ (റ) ഇസ്‌ലാമതം സ്വീകരിച്ചുവെന്നാണ് സ്വീകാര്യമായ നിവേദനം. മദീനത്തേക്കുള്ള ഹിജ്‌റയിൽ അവരും പങ്കുകൊണ്ടിരുന്നു. ഹ: ഫാത്തിമ (റ) മരിക്കുമ്പോൾ ആ മയ്യത്തിന്മേൽ അനുഗ്രഹീതമായ തന്റെ ഒരു കുപ്പായം റസൂൽ (സ) ഇട്ടുകൊടുക്കുകയും മയ്യത്തിനെ ഖബ്‌റിലിറക്കിയപ്പോൾ അനുഗ്രഹിക്കുകയും ചെയ്തു. അതിനുള്ള കാരണത്തെപ്പറ്റി റസൂൽ (സ) പറയുന്നത് ഇപ്രകാരമാണ് 'അബൂത്താലിബ് കഴിഞ്ഞാൽ എനിക്കേറെവും കടപ്പാടുള്ളതും അവരോടാണ്.'

റസൂൽ (സ) വിന്റെ ഔത്യത്തിനും പത്തുകൊല്ലം മുമ്പാണ് ഹ: അലി (റ) ജനിച്ചത്. അബൂത്താലിബിന്റെ കുടുംബത്തിൽ വരുമാനം വളരെ കുറവായിരുന്നു. അടിക്കടി അനുഭവപ്പെട്ടുകൊണ്ടിരുന്ന ക്ഷാമവും വരൾച്ചയും അവരെ വല്ലാതെ വേദനിപ്പിച്ചു. അംഗങ്ങളും കൂടുതലുമായിരുന്ന കുടുംബത്തിൽ തന്റെ പിതൃവ്യന്റെ ദയനീയസ്ഥിതിയിൽ. ദുഃഖിതനായ നബി (സ) തങ്ങൾ ഇരുവരും അവരെ സഹായിക്കണമെന്ന് ഹ: അബ്ബാസ് (റ) വിനോട് പറഞ്ഞു. അപ്രകാരം ഹ: അലി(ക.വ.)യുടെസംരക്ഷണം റസൂൽ(സ)യും ജഅ്ഫറിന്റെസംരക്ഷണം ഹ: അബ്ബാസ്(റ)യും ഏറ്റെടുത്തു. പിന്നീട് നബി(സ)യോടൊന്നിച്ചായിരുന്നു ഹ: അലി(ക.വ.)യുടെ താമസം.

ഇസ്‌ലാമിലേക്ക്

ഹ: അലി (ക.വ.) ക്ക് പത്തു വയസ്സുള്ളപ്പോഴാണ് നബി (സ) ക്ക് പ്രവാചകത്വം കരസ്ഥമായത്. അപ്പോൾ ഹ: അലി(ക.വ.)റസൂൽ (സ) വിനോടൊത്തു താമസവുമായിരുന്നു. ഒരു ദിവസം നബി (സ) യും ഉമ്മുൽ മുസ്‌മിനീൻ ഹ: ഖദീജ(റ)യും ആരാധനയിൽ ഏർപ്പെട്ടിരുന്നതു അലി(ക.വ.)കണ്ടു. ജിജ്ഞാസയോടെ അദ്ദേഹം തിരക്കി. 'നിങ്ങൾ രണ്ടുപേരും എന്താണ് ചെയ്തുകൊണ്ടിരുന്നത്.' തനിക്ക് ലഭിച്ച പ്രവാചകത്വത്തെപ്പറ്റി റസൂൽ (സ) അലി(ക.വ.)യോട് പറഞ്ഞു. മാത്രമല്ല അലി(ക.വ.)യെ ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. പിതാവിനോടാലോചിച്ച് മറുപടി നല്കാമെന്ന് ഹ: അലി(ക.വ.)പറഞ്ഞു. കാര്യം പുറത്തുവിടരുതെന്ന് നബി (സ) പ്രത്യേകം ഓർമ്മിപ്പിച്ചു. പക്ഷെ നബി (സ) യുടെ സംരക്ഷണയിൽ സ്വഭാവപരിശുദ്ധിയോടെ വളർന്ന അദ്ദേഹത്തിനു വളരെയൊന്നും ആലോചിക്കേണ്ടിവന്നില്ല. അടുത്ത ദിവസം തന്നെ അലി(ക.വ.) നബി(സ)യുടെ സന്നിധിയിലെത്തി ഇസ്‌ലാംമതം സ്വീകരിച്ചു.

ഹ: ഖദീജത്തുൽകുബ്‌റാ (റ) ക്കു ശേഷം ആരാണ് ആദ്യംഇസ്‌ലാംമതം സ്വീകരിച്ചതെന്നതിനെപ്പറ്റി വിഭിന്നാഭിപ്രായങ്ങളാണുള്ളത്. ഹ: അബൂബക്കർ(റ), ഹ: അലി(ക.വ.), സൈദ്ബ്‌നുഹാരിസ്(റ) എന്നിവരുടെ പേരുകളാണ് പലരിലായി മുഴങ്ങികേട്ടതു. പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ചില സത്യാന്വേഷികളായ മതപണ്ഡിതന്മാർ ഇക്കാര്യത്തിൽയോജിപ്പിലെത്തിയിട്ടുണ്ട്. സ്ത്രീകളിൽ ഹ: ഖദീജത്തുൽ കുബ്‌റാ (റ) യും, പുരുഷന്മാരിൽ ഹ: അബൂബക്കർ (റ)വും അടി

മകളിൽ ഹ: സൈദുബ്‌നു ഹാരീസു് (റ) യും കൂട്ടികളിൽ ഹ: അലി (റ) യുമാണു് ഇസ്‌ലാമതം സ്വീകരിച്ചതെന്നാണു് അവർ നിവേദനം ചെയ്തിട്ടുള്ളതു്.

മക്കാജീവിതം

ഇസ്‌ലാമതം സ്വീകരിച്ചതിനുശേഷവും നീണ്ട പതിമൂന്നുകൊല്ലക്കാലം ഹ.അലി(ക.വ.) റസൂൽ (സ) യിനോടൊത്തു് താമസിച്ചു. തന്മൂലം ആലോചനാസഭകളിലും, മതോപദേശക്ലാസുകളിലും, പങ്കുകൊള്ളാത്ത ജനങ്ങളോടു് ദൈവവിശ്വാസത്തെപ്പറ്റി സംസാരിക്കുന്നതിനും അദ്ദേഹത്തിനു് അവസരം ലഭിച്ചു.

ഹ: ഉമർ (റ) വിന്റെ ഇസ്‌ലാമതസ്വീകരണത്തിനു മുമ്പു് മുസ്‌ലിംകൾക്കു് രക്ഷിതാവായ അല്ലാഹുവിന്റെ നാമം ഉച്ചരിക്കാൻപോലും സാധിച്ചിരുന്നില്ല. നബി (സ) യുടെ എല്ലാ ചയ്തികളിലും ഹ: അലി (റ) യും അവിടത്തോടൊന്നിച്ചുണ്ടായിരുന്നു. ഒരിക്കൽ അവർ നഖ്‌ലാ ചരിവിൽ അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്രതീക്ഷിതമായി അബൂതാലിബു് ആ വഴിക്കു് വരികയും, അതു് കാണുകയും ചെയ്തു. 'നിങ്ങൾ ഇവിടെ എന്താണു് ചെയ്യുന്നതു്?' അബൂത്താലിബു് ചോദിച്ചു: റസൂൽ (സ) വിവരങ്ങൾ മുഴുവൻ അദ്ദേഹത്തെ മനസ്സിലാക്കുകയും ഇസ്‌ലാമിലേക്കു് ക്ഷണിക്കുകയും ചെയ്തു. 'എനിക്കു് ഇപ്പോൾ അങ്ങിനെ ചെയ്യാൻ സാദ്ധ്യമല്ല' എന്നായിരുന്നു അബൂത്താലിബിന്റെ മറുപടി.

ഹജ്ജു് ദിനങ്ങളിൽ മക്കാ പുണ്യഭൂമി തീർത്ഥാടകരെകൊണ്ടു് നിറഞ്ഞിരിക്കും. റസൂൽ (സ), ഹ: അബൂബക്കറുമൊന്നിച്ചു് അവരുടെ ഇടയിൽ മതപ്രബോധനം നടത്തിയിരുന്നു. ഹ: അലി (ക.വ) യും അവരെ അനുഗമിക്കാറുണ്ടായിരുന്നു. കുറുംബായിലെ വിഗ്രഹങ്ങളെ പലതിനേയും അദ്ദേഹം തല്ലിയുടച്ചിട്ടുണ്ടു്.

മതപ്രചരണത്തിന്റെ ആരംഭം

പ്രവാചകത്വം ലഭിച്ചു് നാലാം കൊല്ലത്തിലാണു് റസൂൽ (സ) മതപ്രചരണം പരസ്യമായി ആരംഭിച്ചതു്. അതുവരെ രഹസ്യമായി വ്യക്തികളെ പ്രേരിപ്പിക്കുക മാത്രമാണു് അവിടുന്നു് ചെയ്തിരുന്നതു്. നാലാം കൊല്ലത്തിൽ മാത്രമാണു് ജനങ്ങളുടെ ഇടയിൽ മതം പ്രചരിപ്പിക്കണമെന്നും ആദ്യമായി തന്റെ ബന്ധുക്കളിൽ പ്രബോധനം നടത്തണമെന്നും അറിയിക്കുന്ന ആയത്തു് അവതരിച്ചതു്. 'നിങ്ങളുടെ അടുത്ത ബന്ധുക്കൾക്കു് (അല്ലാഹുവിന്റെ ശിക്ഷയെപ്പറ്റി) മുന്നറിയിപ്പു നല്കുക.' എന്നതായിരുന്നു അവതരിക്കപ്പെട്ട ആയത്തു്.

വളരെയധികം പ്രതിബന്ധങ്ങളെ ഇക്കാര്യത്തിൽ റസൂൽ (സ) യിനു് നേരിടേണ്ടിവന്നു. അവിടത്തെ വാക്കുകളെ വിശ്വസിക്കാൻ സ്വകുടുംബക്കാർപോലും തയ്യാറായില്ല.

അവതരിക്കപ്പെട്ട ആയത്തിനെ മാനിച്ചു് ഒരു ദിവസം പ്രവാചകൻ 'സഫാ' കുന്നിന്മേൽ കയറിനിന്നുകൊണ്ടു് ഇസ്‌ലാംമതപ്രബോധന ശബ്ദം അത്യുച്ചത്തിൽ മുഴക്കി. പക്ഷെ കാലപ്പഴക്കംമൂലം തുരുമ്പുകയറിയ അവരുടെ വിശ്വാസങ്ങളെ മാറ്റുക അത്രഎളുപ്പമായിരുന്നില്ല. അവർ അവിടത്തെ ശാസിച്ചു, ശപിച്ചു. റസൂൽ (സ) നിരാശനായില്ല. അവരെ വീണ്ടും വിളിച്ചുകൂട്ടുവാൻ അവിടുന്നു് ഹ: അലി (ക) യെ ഏല്പിച്ചു. ഹ: അലി (ക) ക്കു് പതിനാലോ, പതിനഞ്ചോ വയസ്സു് പ്രായമേ ഉണ്ടായിരുന്നുള്ളു അപ്പോൾ. ഹ: അലി (ക) കുടുംബാംഗങ്ങളെ ഒരു വിരുന്നിനു ക്ഷണിച്ചുവരുത്തി. ഹ: ഹംസ (റ), അബ്ബാസു് (റ), അബൂലഹബു്, അബൂത്താലിബു് തുടങ്ങി നാല്പതോളം കുടുംബാംഗങ്ങൾ വിരു

ന്നിൽ സംബന്ധിച്ചു. ഭക്ഷണത്തിനുശേഷം അവരെ അഭിമുഖീകരിച്ചുകൊണ്ട് റസൂൽ (സ) പറഞ്ഞു: 'അബ്ദുൽമുത്തലിബു സന്തതികളെ! അല്ലാഹുവാണെ സത്യം; ഞാൻ നിങ്ങളുടെ മുമ്പിൽ ഇഹത്തിലും പരത്തിലും ലഭിക്കാവുന്ന മഹത്തായ സൗഭാഗ്യമാർഗ്ഗം സമർപ്പിക്കാം. എന്നെ സഹകാരിയും, സഹായിയുമായി പ്രവർത്തിച്ച് എന്നെ അനുഗമിക്കാൻ നിങ്ങളിലാരൊക്കെ തയ്യാറുണ്ടെന്നു പറയണം.' ആരും ഒരക്ഷരം മിണ്ടിയില്ല; അലി (ക) മാത്രം എഴുന്നേറ്റുനിന്നു. അദ്ദേഹം റസൂൽ (സ) വിനോട് പറഞ്ഞു: 'ഞാൻ പെരുപ്പമാണെങ്കിലും, അശക്തനാണെങ്കിലും ഞാൻ അങ്ങയെ സഹായിക്കാം. അങ്ങയോടൊത്തു് എത്രയുദ്ധം സഹിക്കാനും ഞാൻ സന്നദ്ധനാണു്.' റസൂൽ (സ) അദ്ദേഹത്തെ ഇരുത്തി. തന്റെ സഹാബിയായിരിക്കാൻ തയ്യാറുള്ളവർ ആരൊക്കെയാണെന്നു് നബി(സ) വീണ്ടും ചോദിച്ചു. ഹ: അലി (ക) മാത്രമേ അപ്പോഴും എഴുന്നേല്ക്കാൻ തയ്യാറായുള്ളൂ. നബി (സ) ചോദ്യം ആവർത്തിച്ചു. അപ്പോഴും അല്ലാഹുവിന്റെ സിംഹമായ ഹ: അലി (ക) മാത്രം എഴുന്നേറ്റു. തന്റെ വാക്കുകൾ നബി (സ) യോടാവർത്തിച്ചു പറഞ്ഞു. മറ്റാരുംതന്നെ സഹായിക്കാൻ തയ്യാറില്ലെന്നു് കണ്ടപ്പോൾ നബി (സ) ഹ: അലി (ക) യോട് പറഞ്ഞു: 'നിങ്ങൾ ഇരിക്കൂ. നിങ്ങൾ മാത്രമാണു് എന്റെ സഹോദരനും അനന്തരഗാമിയും.'

ഹിജ്റാ

പ്രവാചകത്വം ലഭിച്ചതിനുശേഷം ഏതാണ്ടു് 13 കൊല്ലത്തോളം മക്കയുടെ മലഞ്ചെരിവുകളിൽ ഇസ്‌ലാമിന്റെ ശബ്ദം അവിടന്നു് മുഴക്കി. വിഗ്രഹാരാധനക്കാരും, ബഹുദൈവവിശ്വാസികളുമായ ഖുറൈശികളുടെ എതിർപ്പും, പീഡനങ്ങളും ഇക്കാലത്തു് പലപ്പോഴും അവിടുന്നിന്നേല്ക്കേണ്ടിവന്നിട്ടുണ്ടു്. ത്യാഗസന്നദ്ധരായ അവിടുത്തെ സഹാബിമാരേയും അവർ ഉപദ്രവിച്ചുകൊണ്ടിരുന്നു. തനിക്കുവേണ്ടി ജീവൻ ബലിയർപ്പിക്കാൻപോലും തയ്യാറുള്ള സഹാബിമാർ ശത്രുക്കളുടെ പീഡനങ്ങൾക്കിരയാകുന്നതുകണ്ടു് സഹിച്ചിരിക്കാൻ ഔദാര്യനിധിയായ പ്രവാചകനു് കഴിഞ്ഞില്ല. സ്ഥലം വിട്ടുപോകുന്നതാണു് നല്ലതെന്നു് അവിടുന്നു് അവരോടു് ഉപദേശിച്ചു. റസൂലിന്റെ ഉപദേശമനുസരിച്ച് ഏതാനും സഹാബിമാരൊഴിച്ചു് ബാക്കിയുള്ളവരെല്ലാം മദീനയ്ക്കു് താമസംമാറി. മക്കാനഗരത്തിൽ മുസ്‌ലിംകളുടെ സംഖ്യ വളരെ കുറഞ്ഞു.

മുസ്‌ലിംകളെ മദീനത്തേക്കു് പറഞ്ഞയച്ചതു് ഒരു തന്ത്രമാണെന്നു് ശത്രുക്കൾ കരുതി. ശക്തിസംഭരിച്ചു് തങ്ങളോടു് പകരം വീട്ടാനായി അവർ മടങ്ങിവരുമെന്നു് ശത്രുക്കൾ ഭയപ്പെട്ടു. ശത്രുക്കൾക്കു് റസൂൽ (സ) വിനോടുള്ള കോപം വർദ്ധിച്ചു. മക്കവിട്ടു് പോകുന്നതിനുമുമ്പു് നബി (സ) യെ കൊല്ലണമെന്നു് അവർ തീരുമാനിച്ചു. മുൻകൂട്ടിയെടുത്ത തീരുമാനമനുസരിച്ചു് ഒരു ദിവസം ശത്രുക്കൾ നബി (സ) യുടെ വസതി വളഞ്ഞു.

എന്നാൽ അല്ലാഹുവിന്റെ ഹിതത്തെ മാറ്റിമറിക്കാൻ ശത്രുക്കൾക്കു് കഴിയുമോ? ശത്രുക്കളുടെ ഗൂഢാലോചനകൾ ഒരു സന്ദേശം മുഖേന അല്ലാഹു നബി (സ) യെ അറിയിച്ചു മദീനത്തേക്കു് ഹിജ്റാ പോകാനുള്ള കല്പനയും റസൂൽ (സ) വിനു് ലഭിച്ചു. ശത്രുക്കൾ സംശയിക്കരുതെന്നു് കരുതി അവിടുന്നു് ഹ: അലി (ക) യെ തന്റെ കിടക്കയിൽ കിടത്തി ഹ: അബൂബക്കർ (റ) വുമൊന്നിച്ചു് മദീനത്തേക്കു് പുറപ്പെട്ടു.

ത്യാഗത്തിന്റെ മാതൃക

ഹ: അലി (റ) രക്തത്തിളപ്പുള്ള ഒരു യുവാ

വായിരുന്നു. അപ്പോൾ–ഇരുപത്തിരണ്ടോ ഇരുപത്തിമൂന്നോ വയസ്സ്‌പ്രായം. രാത്രിമുഴുവൻ ശത്രുക്കൾ നബി (സ) യുടെ വസതിക്കു ചുറും കഴിച്ചുകൂട്ടി. ജീവൻ ബലിയപ്പീക്കാൻ സന്നദ്ധനായി,നിർഭയനായി ഹ: അലി (ക) റസൂൽ (സ) വിന്റെ കിടക്കയിൽകിടന്നു. പ്രഭാതത്തിൽ ഖുറൈശികൾ റസൂൽ (സ) വിന്റെ വീട്ടിനുള്ളിലേക്ക് കുട്ടത്തോടെ കടന്നുവന്നു. നബി (സ) യെ വധിക്കുകയായിരുന്നു അവരുടെ ഉദ്ദേശം. റസൂൽ (സ) വിന്റെ ശയ്യയ്ക്കരികെ ശത്രുക്കൾ വാളുമായെത്തി. ശത്രുക്കൾ അത്ഭുതസ്തബ്ധരായി നിന്നുപോയി. നബി (സ) ക്കുപകരം ഹ: അലി (ക) യെയാണ് അവിടെ കണ്ടത്. തന്മൂലം ശത്രുക്കൾ ലജ്ജിച്ച് തലതാഴ്ത്തി മടങ്ങിപോയി.

അതിനുശേഷം മൂന്നുനാലു ദിവസംകൂടി അദ്ദേഹം മക്കയിൽതന്നെ കഴിച്ചുകൂട്ടി. പിന്നീട് അദ്ദേഹവും മദീനത്തേക്ക് പോയി. കുൽസുമ്പുനു ഹദ്മിന്റെ അതിഥിയായിട്ടാണ് നബി (സ) മദീനയിൽ താമസിച്ചിരുന്നത്. ഹ: അലി (ക) യും അവിടെതന്നെ താമസമാക്കി. റസൂൽ (സ) അൻസാർ–മുഹാജിറുകളെ പരസ്പരം സഹോദരന്മാരായി ഘടിപ്പിച്ചപ്പോൾ ഹ: അലി (ക) യെ അവിടുന്ന് സ്വന്തം സഹോദരനാക്കിതീർത്തു.

മസ്‌ജിദ് നിർമ്മാണം

മദീനയിൽ എല്ലാവർക്കും അല്ലാഹുവിനെ ആരാധിക്കാനും മതകർമ്മങ്ങൾ നിർവ്വഹിക്കാനും സാധിച്ചിരുന്നു. മുസ്‌ലിംകളുടെ സംഖ്യ ദിവസേന വർദ്ധിച്ചുകൊണ്ടിരുന്നു. അവിടെ ഒരു മസ്‌ജിദ് പണിയണമെന്ന് നബി (സ) ആഗ്രഹിച്ചു റസൂൽ(സ) വിന്റെ ആഗ്രഹത്തെ എല്ലാവരും മാനിച്ചു. മസ്‌ജിദിനു തറക്കല്ലിട്ടു. നബി(സ) തന്നെയാണ് ആ കർമ്മം നിർവ്വഹിച്ചത്. ഹിജ്‌റായുടെ ആറാമത്തേയോ ഏഴാമത്തേയോ മാസത്തിലാണിതു. മറ്റുള്ളവരോടൊന്നിച്ച് റസൂൽ (സ) വും അതിന്റെ പണിയിൽ പങ്കെടുത്തു. ഹ: അലി (ക) കല്ലും ചാന്തും കൊണ്ടുകൊടുത്തു അതിൽ ഭാഗഭാക്കായി. അദ്ദേഹം ആയിടെ ഒരു കവിത പാടിയിരുന്നു. 'മസ്‌ജിദ് നിർമ്മിക്കുവാൻ നിന്നും ഇരുന്നും അദ്ധ്വാനിക്കുന്നവരും പൊടി പുരളുമെന്ന ഭയത്താൽ ജോലിചെയ്യാതെ മനംമടുക്കുന്നവരും പരസ്പരം സമന്മാരല്ല.'

യുദ്ധങ്ങൾ

ബദർയുദ്ധം:—

ഹ: അലി (റ) ക്ക് പങ്കെടുക്കേണ്ടി വന്ന ആദ്യത്തെ യുദ്ധമാണ് ബദർയുദ്ധം. അതിൽ അദ്ദേഹം ധീരമായി പോരാടുകയും, റസൂൽ (സ) വിന്റെ സേന വിജയിക്കുകയും ചെയ്തു. മുന്നൂറിപതിമൂന്ന് സഹാബികളോടുകൂടി നബി (സ) മദീന മുനവ്വറയിൽനിന്ന് യുദ്ധത്തിന്നായി പുറപ്പെട്ടു. ഹ: അലി (ക) യും അതിൽ ഉൾപ്പെട്ടിരുന്നു കറുപ്പു വണ്ണമായ രണ്ടു പതാകകൾ മുന്നണിയിലുണ്ടായിരുന്നു. ഹ: അലി (ക) യാണ് അവയിലൊന്ന് പിടിച്ചത്. അവർ ബദർ എന്ന സ്ഥലത്തെത്തിച്ചേർന്നു. ഏതിരാളികളുടെ നിലപാട് മനസ്സിലാക്കുന്നതിനായി റസൂൽ (സ) ഹ: അലി (ക) യേയും മറേറതാനും ധീരന്മാരോടൊന്നിച്ചയച്ചു. അവർ സ്ഥിതിഗതികൾ തൽക്ഷണം മനസ്സിലാക്കി. മുഖ്യപ്രധാനമായ സ്ഥാനങ്ങളിൽ നബി (സ) യും അനുചരന്മാരും നിലയുറപ്പിച്ചു. റംസാൻ പതിനേഴാം തീയതിയായിരുന്നു യുദ്ധത്തിന്റെ ആരംഭം. ആദ്യം ഒരോരുത്തരെക്കൊരുത്തർക്ക് പോർ നടന്നു. ശത്രുക്കളുടെ അണിയിൽനിന്നും ധീരന്മാരായ മൂന്നു പേർ മുസ്‌ലിംകളെ പോരിനു വിളിച്ചു. മുസ്‌ലിംകളിൽനിന്നും മൂന്നു പേർ ധൈര്യസമേതം ശത്രുക്കളുടെ വെല്ലുവിളി സ്വീകരിച്ചു അവർ അൻസാരികളായിരുന്നു. അവരുടെ പേരും

വംശവും പറയാൻ ശത്രുക്കൾ ആവശ്യപ്പെട്ടു. അവർ മദീനക്കാരാണെന്നു് അറിഞ്ഞപ്പോൾ അവരോടു് തങ്ങൾ എതിർക്കുകയില്ലെന്നും സ്വന്തം വംശക്കാരെ തന്നെ പോരിന്നയക്കാനും റസൂൽ (സ) വിനോടു് ഖുറൈശികൾ ആവശ്യപ്പെട്ടു. ആ വെല്ലുവിളിയും നബി (സ) സ്വീകരിച്ചു. ഹംസ (റ), അലി (ക), ഉബൈദ (റ) എന്നിവരോടു് അടക്കളത്തിലിറങ്ങാൻ റസൂൽ (സ) കല്പിച്ചു. ഹ: അലി (ക) ക്കു് ആദ്യമായി എതിരിടേണ്ടി വന്നതു് ഒരു ഖുറൈശിയായ വലീദിനെയായിരുന്നു. ഹ: അലി (ക) നിഷ്പ്രയാസം അവനെ വെട്ടിവീഴ്ത്തി. പിന്നീടു് അലി (ക) ഉബൈദത്തു് (റ) വിന്റെ സഹായത്തിനെത്തി. അദ്ദേഹത്തോടു് എതിർത്തിരുന്ന ശൈബത്തിനേയും വധിച്ചു ശത്രുക്കൾക്കു് സഹിച്ചില്ല. അവർ പാഞ്ഞുവന്ന മുസ്‌ലിം യോദ്ധാക്കളെ നോക്കി നിന്നില്ല. ഒറ്റ ശ്വാസത്തിനു് അവർ ശത്രുക്കളുടെ അടുത്തെത്തി. തക്ബീർ ധ്വനി അന്തരീക്ഷത്തിൽ മുഴങ്ങി കേട്ടു. വമ്പിച്ച ഒരു ആക്രമണം തന്നെ നടന്നു. ഹ: അലി (ക) യുടെ 'ദുൽഫഖാർ' എന്ന ഖഡ്ഗം അനേകം ഖുറൈശികളെ വെട്ടി വീഴ്ത്തി. ശത്രുക്കൾക്കു് തടുത്തുനില്ക്കാൻ കഴിയാതെ വന്ന പ്രാണരക്ഷാർത്ഥം അവർ നാലുപാടും ഓടി. അങ്ങിനെ, മുസ്‌ലിംകൾ ബദ്ർ യുദ്ധത്തിൽ വിജയിച്ചു. ബദ്റിൽനിന്നും ലഭിച്ച മുതലിൽനിന്നു് ഒരു കുതിരയും, ഒരു വാളും, ഒരു ഒട്ടകവും ഹ: അലി (ക) ക്കു് വീതമായി ലഭിച്ചു.

ഹ: അലി (ക) യുടെ വിവാഹം

റസൂൽ (സ) വിന്റെ പുത്രിയായ ഹ: ഫാത്തിമത്തുസ്സുഹ്റാ (റ) യെ തങ്ങൾക്കു് വിവാഹം ചെയ്തു തരേണമെന്നു് ഹ: അബൂബക്കർ (റ) വും, ഹ: ഉമർ (റ) വും, നബി (സ) യോടാവശ്യപ്പെട്ടിരുന്നു. അതിനെ സംബന്ധിച്ചു് ഒരു മറുപടിയും അവിടുന്നു് അവർക്കു് നല്കിയിരുന്നില്ല. ഹ: അലി (ക) ക്കാണു് റസൂൽ (സ) ഫാത്തിമ (റ) യെ വിവാഹം ചെയ്തുകൊടുത്തതു്. വിവാഹാഭ്യർത്ഥനയുമായി തന്നെ സമീപിച്ച ഹ: അലി (ക) യോടു്, മഹർ കൊടുക്കാൻ വല്ലതുമുണ്ടോ എന്നു് റസൂൽ (സ) അന്വേഷിച്ചു. 'ഒരു കുതിരയും ഒരങ്കിയും മാത്രമെ എന്റെ കൈവശമുള്ളൂ.' അലി (ക) മറുപടി പറഞ്ഞു. 'കുതിര യുദ്ധത്തിന്നു വേണ്ടതാണല്ലോ. അങ്കിയെ വിറ്റുകൊള്ളൂ' നബി (സ) ഹ: അലി (ക) യോടാജ്ഞാപിച്ചു. ഹ: അലി (ക) തന്റെ അങ്കി 480 ദിർഹമിനു് ഹ: ഉസ്മാൻ (റ) വിനു് വിലക്കു് കൊടുക്കുകയും സംഖ്യ നബി (സ) യെ ഏല്പിക്കുകയും ചെയ്തു. അത്തറും മറ്റു സുഗന്ധദ്രവ്യങ്ങളും വരുത്തി. വിവാഹചടങ്ങു് നബി (സ) തന്നെ നിർവ്വഹിച്ചു. വെള്ളപ്പൊടിയുള്ള വെള്ളം വധൂവരന്മാരുടെ മേൽ തെളിച്ചു, അവർക്കുവേണ്ടി റസൂൽ (സ) പ്രാർത്ഥിച്ചു അങ്ങിനെ ഹ: അലി (ക) റസൂൽ (സ) വിന്റെ ജാമാതാവായി.

സ്ത്രീധനം

ഹ:ഫാത്തിമ (റ) ക്കു് സ്ത്രീധനമായി ലഭിച്ചതു് പണമോ സ്വർണ്ണമോ ആയിരുന്നില്ല. പിന്നെയോ? ഒരു കട്ടിൽ, ഒരു വിരിപ്പു്, ഒരു പുതപ്പു്, വെള്ളമെടുക്കാനുള്ള ഒരു പാത്രം, ധാന്യം പൊടിക്കുന്നതിനുള്ള രണ്ടു് കല്ലു്. ഈ വസ്തുക്കൾ അവരുടെ മരണംവരെ അധീനത്തിലുണ്ടായിരുന്നു.

വിരുന്നു്

ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞ ഒരു ജീവിതമായിരുന്നു ഹ: അലി (ക) യുടേതു്. തന്റേതെന്നു പറയാൻ ഒരൊട്ടകം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിന്റെ പുറത്തു് അദ്ഖർ (ഒരു പ്രത്യേക തരം പുല്ലു്) കയറ്റികൊണ്ടുപോയി വിറ്റു് വലീമത്തു് സദ്യ ഒരുക്കാ

നായിരുന്നു അദ്ദേഹത്തിന്റെ ചരിപാടി. എന്നാൽ അപ്രതീക്ഷിതമായി ഹ: ഹംസ വന്നു ആ ഒട്ടകത്തെ അറുത്ത് 'കബാബു'' ഉണ്ടാക്കി. ഹ: അലി (ക) തന്റെ ഉദ്ദേശത്തിൽനിന്നും പിന്തിരിഞ്ഞില്ല. മഹർ കൊടുത്തതിൽ ഒരു ചെറിയ സംഖ്യ ബാക്കി ഉണ്ടായിരുന്നു. ആ സംഖ്യകൊണ്ട് വിഭവസമൃദ്ധമായ ഒരു സദ്യയൊരുക്കി അദ്ദേഹം. ഈത്തപ്പഴം, ഗോതമ്പുറൊട്ടി, പാൽക്കട്ടി, മധുരപാനീയം ഇതുയുമായിരുന്നു വിഭവങ്ങൾ. ഇതുയുമായാൽ അതൊരു കേമമായ സദ്യയാകും. അക്കാലത്തു് ഇതിനേക്കാൾ കേമമായ ഒരു സദ്യ ഉണ്ടായിട്ടില്ലെന്നാണു് ഹ: അസ്മാ (റ) പ്രസ്താവിച്ചിട്ടുള്ളതു്.

ഉഹ്ദ് യുദ്ധം

ഹിജ്റ മൂന്നാംവർഷത്തിലെ ശവ്വാൽമാസം പതിനേഴാം തിയതി ശനിയാഴ്ചയാണു് ഉഹ്ദുയുദ്ധം ഉൽഘാടനം ചെയ്യപ്പെട്ടതു്. മുസ്‌ലിംകൾ എണ്ണത്തിൽ കുറവായിരുന്നു. എങ്കിലും ആദ്യത്തെ ആക്രമണത്തിൽ അവർ ശത്രുക്കളെ തോല്പിച്ചോടിച്ചു. പിൻഭാഗത്തു് കാവൽ നിന്നിരുന്ന മുസ്‌ലിം യോദ്ധാക്കൾ സ്ഥലം വിട്ട തക്കംനോക്കി ശത്രുക്കൾ വീണ്ടും ആക്രമണമാരംഭിച്ചു. പെട്ടെന്നുണ്ടായ ഈ ആക്രമണത്തിൽ മുസ്‌ലിം യോദ്ധാക്കൾ അല്പം പരിഭ്രാന്തരാകാതിരുന്നില്ല. പക്ഷെ കീഴടങ്ങാൻ അവർ തയ്യാറായില്ല. ഉഗ്രമായ ഒരു പോരാട്ടം തന്നെ നടന്നു. ഈ ആക്രമണത്തിൽ ബഹുമാനപ്പെട്ട റസൂൽ (സ) ഒരു കിടങ്ങിൽ വീണുപോയി. അവിടുത്തെ പല്ലുകൾ നഷ്ടപ്പെട്ടു. ഹ: അലി (ക) മുന്നോട്ടു കുതിച്ചുകയറി ശത്രുക്കളെ എതിരിട്ടു. ശത്രുഭാഗത്തു് പതാക വഹിച്ചിരുന്ന അബൂസഅദുബ്നുഅബീതൽഹാ മുന്നോട്ടുവന്നപ്പോൾ ഹ: അലി (ക) പാഞ്ഞുകയറി. അദ്ദേഹത്തിനു് നല്ലൊരു പ്രഹരമേല്പിച്ചു. അബീതൽഹാ നിലത്തുവീണു പിടഞ്ഞു. അയാളുടെ വസ്ത്രം അഴിഞ്ഞുപോയിരുന്നു. അയാളുടെ ദയനീയസ്ഥിതിയിൽ ഹ: അലി (ക) ക്കു് അലിവുതോന്നി. അയാളെ കൊലപ്പെടുത്താതെ അദ്ദേഹം പിൻവാങ്ങി.

ശത്രുക്കളുടെ ആക്രമണം അല്പം ശാന്തമായി. ഹ: അലി (ക) ഏതാനും സഹാബികളുടെ സഹായത്തോടെ റസൂൽ (സ) വിനെ മലമുകളിലേയ്ക്കെടുത്തുകൊണ്ടു പോയി. ഹ: ഫാത്തിമ (റ) യും, ഹ: അലി (ക) യും കൂടി നബി (സ) ക്കു വേണ്ട ശുശ്രൂഷകൾ നല്കി. ഹ: ഫാത്തിമ (റ) ഒരു പായ് കരിച്ചു് അതിന്റെ ചാരം മുറിവിൽ നിറയ്ക്കുകയുണ്ടായി.

ബനൂനസീർ

ഹി: നാലാംവർഷത്തിൽ ഉഹ്ദുയുദ്ധം കഴിഞ്ഞു മടങ്ങിവന്ന ഉടനെ ബനൂനസീർ ഗോത്രക്കാരായ ജൂതന്മാരെ നബി (സ) നാടുകടത്തി. ജൂതന്മാർ കരാറുലംഘിച്ചതാണു് അതിനു് കാരണമായതു്. ഈ സംഭവത്തിലും ഹ: അലി (ക) പങ്കെടുത്തിരുന്നു. പതാക വഹിച്ചിരുന്നതു ഹ: അലി (ക) തന്നെയായിരുന്നു.

ഖന്ദഖ് യുദ്ധം

ഹിജ്റാ അഞ്ചാം കൊല്ലത്തിലാണു് ഈ യുദ്ധം നടന്നതു്. ശത്രുക്കൾ കിടങ്ങുകടന്നു് മുസ്‌ലിംകളെ ആക്രമിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അംറുബ്നുഅബ്ദുവുദ്ദിന്റെ നേതൃത്വത്തിൽ ഒരു വമ്പിച്ച അശ്വസൈന്യം മുസ്‌ലിംകളെ ആക്രമിച്ചു. പ്രത്യാക്രമണത്തിനു് തയ്യാറാകാൻ മുസ്‌ലിംകളെ അയാൾ വെല്ലുവിളിച്ചു.

ഹ: അലി (ക) തയ്യാറായി മുന്നോട്ടുവന്നു. 'നിന്നെ വധിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല.' അയാൾ അലി (ക) യെ പരിഹസിച്ചു. 'എന്നാൽ നിന്നെ വധിക്കാനാണു് ഞാനിപ്പോൾ ഉദ്ദേശിക്കുന്നതു്" ഹ: അലി (ക) തിരിച്ചടിച്ചു. അംറ് കുതിരപ്പുറത്തുനിന്നും ചാടിയിറങ്ങി ഹ: അലി (ക) യുമായി പോരാടി. പക്ഷെ അധികസമയം വേണ്ടിവന്നില്ല, ആ അഹങ്കാരി ഹ: അലി (ക) യുടെ ദുൽഫഖാറെന്ന വാളിന്നിരയായി. നേതാവിന്റെ മരണത്തോടുകൂടി ശത്രുസൈന്യം പിൻവാങ്ങി. എങ്കിലും വളരെ നാളുകളോളം അവർ കിടങ്ങിനെ വലയംചെയ്തു കഴിച്ചുകൂട്ടി. അവസാനം മുസ്‌ലിംകളുടെ ധൈര്യത്തിന്റെയും വീര്യത്തിന്റെയും മുമ്പിൽ ശത്രുക്കളുടെ കാലിളകി. ഈ യുദ്ധത്തിലും മുസ്‌ലിംകൾതന്നെ വിജയം നേടി.

ബനൂഖുറൈള

മുസ്‌ലിംകളുമായി ഉടമ്പടി ചെയ്തുകഴിഞ്ഞിരുന്ന ബനൂഖുറൈള ഗോത്രക്കാർ ഖുറൈശികളുമായി സഖ്യത്തിലേർപ്പെട്ടു. മറ്റു അറബിഗോത്രങ്ങളെയെല്ലാം മുസ്‌ലിംകൾക്കെതിരായി അണിനിരത്താൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. ഖന്തക്ക് യുദ്ധത്തിനുശേഷം ജൂതന്മാരെ അമർച്ചവരുത്തുന്നതിലായിരുന്നു നബി (സ) യുടെ ശ്രദ്ധ. അവരുമായുണ്ടായ യുദ്ധത്തിലും നായകത്വം വഹിച്ചിരുന്നതു് ഹ: അലി (ക) തന്നെയായിരുന്നു. ഹ: അലി (ക) സൈന്യത്തോടുകൂടി ജൂതന്മാരോടെതിർത്തു. ജൂതന്മാരുടെ കോട്ട മുസ്‌ലിംകൾ കൈവശപ്പെടുത്തി. ആ കോട്ടയ്ക്കുള്ളിൽ വെച്ചു് ഹ: അലി (ക) അന്നത്തെ അസർനമസ്കാരം നിർവ്വഹിച്ചു.

ബനൂസഅദ്

ബനൂസഅദ് ഗോത്രക്കാരുമായുണ്ടായ യുദ്ധത്തിലും മുസ്‌ലിംസൈന്യത്തിന്റെ നേതൃത്വം വഹിച്ചിരുന്നതു് ഹ: അലി (ക) തന്നെയായിരുന്നു. ഹി: 6_ാം വർഷത്തിലാണു് ഈ യുദ്ധം നടന്നതു്. ബനൂസഅ്ദ ഗോത്രക്കാർ ഖൈബറിലെ യഹൂദികളെ സഹായിക്കാൻ തീരുമാനിച്ചു. അതുകൊണ്ടു് അവരെ കീഴടക്കേണ്ടതു് ആവശ്യമായിവന്നു. റസൂൽ (സ) ഹ: അലി (ക) യുടെ നേതൃത്വത്തിൽ 100 ഭടന്മാരെ അങ്ങോട്ടയച്ചു. അക്കൊല്ലം ശഅ്ബാൻ മാസത്തിൽ മുസ്‌ലിംസൈന്യം ശത്രുക്കളുടെ സങ്കേതത്തെ ആക്രമിക്കുകയും അവരെ അവിടെനിന്നു് ഓടിക്കുകയും ചെയ്തു. ബനൂസഅ്ദ ഗോത്രക്കാർ ഉപേക്ഷിച്ചിട്ടുപോയ അഞ്ഞൂറ് ഒട്ടകങ്ങളേയും രണ്ടായിരത്തോളം ആടുകളേയും മുസ്‌ലിംകൾ കൈവശത്തിലാക്കി. വിജയഭേരി മുഴക്കിക്കൊണ്ടു് അവർ മദീനത്തേക്കു് മടങ്ങി.

ഹുദൈബിയാ സന്ധി

ഹിജ്റാ ആറാംകൊല്ലത്തിൽ റസൂൽ (സ) കഅ്ബ സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. പതിനായിരത്തോളം അനുയായികളുമുണ്ടായിരുന്നുകൂടെ. അവർ ഹുദൈബിയാ എന്ന സ്ഥലത്തെത്തിച്ചേർന്നപ്പോൾ ഖുറൈശികൾ തങ്ങളെ തടയുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടെന്നു് നബി (സ) ക്കു് വിവരം കിട്ടി. അവിടുന്നു് ഉടനെതന്നെ ഹ: ഉസ്മാൻ (റ) വിനെ സന്ധിസംഭാഷണത്തിന്നായി മക്കയിലേക്കയച്ചു. മക്കയിലെത്തിയ ഹ: ഉസ്മാൻ (റ) വിനെ ഖുറൈശികൾ തടഞ്ഞുവെച്ചു. ഈ അവസരത്തിൽ ഹ: ഉസ്മാൻ(റ) വധിക്കപ്പെട്ടു എന്നൊരു വാർത്തയും മുസ്‌ലിംകളുടെ ഇടയിൽ പ്രചരിച്ചു. ഹ: ഉസ്മാൻ (റ) വിന്റെ വധത്തിനു് പ്രതികാരം ചെയ്യാൻ തയ്യാറുള്ള ഓരോരുത്തരേകൊണ്ടും റസൂൽ(സ) പ്രതിജ്ഞ ചെയ്യിച്ചു. ഹ: അലി (ക) യും ആ പ്രതിജ്ഞാകർമ്മത്തിൽ പങ്കു് കൊണ്ടിരുന്നു.

ഹ:ഉസ്മാൻ(റ) വധിക്കപ്പെട്ടിട്ടില്ലെന്ന പിന്നീട് ബോദ്ധ്യമായതിനാൽ ഇരുകൂട്ടരും സന്ധിക്കുതീരുമാനിച്ചു. ഹ: അലി (ക) കരാറെഴുതി തയ്യാറാക്കാൻ നിയുക്തനായി. 'ഇതു് അല്ലാഹുവിന്റെ പുതൻ ചെയ്തിട്ടുള്ള കരാറ്' എന്ന പ്രാരംഭത്തോടുകൂടി ഹ: അലി (ക) എഴുതാനാരംഭിച്ചപ്പോൾ 'അല്ലാഹുവിന്റെ പുതൻ' എന്ന പദം മാറ്റണമെന്നു് ശത്രുക്കൾ ശഠിച്ചു. ഇക്കാര്യത്തിൽ നബി (സ) യുടെ കല്പനപോലും അദ്ദേഹം സ്വീകരിച്ചില്ല. 'അല്ലാഹുവാണെ എനിയ്ക്കതു വെട്ടിക്കളയാൻ കഴിയുകയില്ല.' അദ്ദേഹം നബി (സ) യോടു് തുറന്നുപറഞ്ഞു. അവസാനം നബി (സ) തന്നെ 'റസൂലുല്ലാഹ്' എന്ന ആ പദം സ്വന്തം കൈകൊണ്ടു് വെട്ടിക്കളയുകയാണു് ചെയ്തതു്. സന്ധി വ്യവസ്ഥ അനുസരിച്ചു് അവർ മദീനത്തേക്കുതന്നെ തിരിച്ചുപോന്നു.

ഖൈബർ വിജയം

യഹൂദികളെ കീഴടക്കുക എന്നതു് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. ഖൈബറിൽ അവരുടെ കൈവശത്തിലായി വമ്പിച്ച കോട്ടകളുണ്ടായിരുന്നു. ആദ്യം ഹ: അബൂബക്കർ (റ) വിന്റെ നേതൃത്വത്തിൽ ഒരു മുസ്‌ലിംസേനയെ റസൂൽ അങ്ങോട്ടയച്ചു. എന്നാൽ രണ്ടുതവണയും മുസ്‌ലിംകൾക്കു് പരാജയമാണു് സംഭവിച്ചതു്. റസൂൽ (സ) നിരാശനായില്ല. അവിടുന്നു് പറഞ്ഞു: നാളെ അല്ലാഹുവിനും അവന്റെ റസൂലിനും ഇഷ്ടപ്പെട്ട ഒരു ധീരന്റെ പക്കൽ ഇസ്‌ലാമിന്റെ പതാക ഏല്പിച്ചുകൊടുക്കുന്നതാണു്.' ഓരോരുത്തരും മഹത്തായ ആ പദവി മോഹിച്ചു. പക്ഷെ പ്രതീക്ഷിക്കാത്ത ഒരാളുടെ ശിരസ്സിലാണു് അഭിമാനത്തിന്റെ കിരീടം അണിയിക്കപ്പെട്ടതു്. അതു് മറ്റാരുമായിരുന്നില്ല. ഹ: അലി (ക) യായിരുന്നു ആ ഭാഗ്യവാൻ. ഒരു നേത്രരോഗിയായ ഹ: അലി (ക) ക്കു് ആ കിരീടം അണിയിക്കപ്പെടുമെന്നു് ആരുംതന്നെ വിചാരിച്ചിരുന്നില്ല; ഹ: അലി (ക) പോലും. മറ്റൊരത്ഭുതംകൂടി അവിടെ സംഭവിച്ചു. നബി (സ) ഹ: അലി (ക) യെ സമീപത്തേക്കുവരുത്തി അദ്ദേഹത്തിന്റെ കണ്ണുകളിൽ തന്റെ ഉമിനീർ കൊണ്ടു് തടവുകയും, ഹ: അലിയുടെ അസുഖം നിമിഷംകൊണ്ടു് മാറുകയും ചെയ്തു. തുടർന്നു്, ഇസ്‌ലാമിന്റെ പതാക മഹാനായ ആ സേനാനിയെ ഏല്പിക്കുന്ന ചടങ്ങു് നടന്നു. 'ഞാൻ യുദ്ധംചെയ്തു് അവരെ മുസ്‌ലിംകളാക്കുകയാണോ വേണ്ടതു്?' ഹ: അലി (ക) നബി (സ) യോടു് ചോദിച്ചു.

നബി (സ) ഇപ്രകാരം ഉപദേശിച്ചു: 'വേണ്ട, ആദ്യമായി ഇസ്‌ലാമിനെ കുറിച്ചു് അവരെ മനസ്സിലാക്കണം ഇസ്‌ലാമികതത്ത്വങ്ങൾ അവരെ ധരിപ്പിക്കണം. നിങ്ങളുടെ ശ്രമംകൊണ്ടു് അവരിൽ ഒരാളെങ്കിലും ഇസ്‌ലാമിലേക്കു് വരുന്നപക്ഷം അതു് നിങ്ങൾക്കു ലഭിക്കാവുന്ന ഏറ്റവും വലിയ സൗഭാഗ്യമായിരിക്കും.'

ഉപദേശങ്ങളെ കൊണ്ടൊന്നും യഹൂദന്മാരിൽ യാതൊരു മാറ്റവും വരുത്താൻ കഴിഞ്ഞില്ല. രണ്ടുകൂട്ടരും പരസ്പരം വെല്ലുവിളികളോടെ അടക്കളത്തിലിറങ്ങി. മുഹ്‌റബ് ആയിരുന്നു യഹൂദന്മാരുടെ നേതാവു്. അഹങ്കാരിയായ അയാൾ കവിത പൊഴിച്ചുകൊണ്ടാണു് അടക്കളത്തിലിറങ്ങിയതു് 'യുദ്ധമാകുന്ന അഗ്നി ആളി കത്തുമ്പോൾ, ആയുധധാരിയും യുദ്ധപരിചിതനുമായ മുഹ്‌റബ് ഞാനാണെന്നു് ഖൈബർ അറിയുന്നുണ്ടു്." ഇസ്‌ലാമിന്റെ വീരസേനാനി അതു് കേട്ടുനിന്നില്ല. അദ്ദേഹവും പാടി. 'എന്റെ മാതാവു് ഹൈദർ എന്നു് നാമകരണം ചെയ്തിട്ടുള്ളവനാണു്

ഞാൻ ഭയാനകമായ വനത്തിലെ സിംഹത്തെ പോലെയുള്ളവനാണ്‌ ഞാൻ ശത്രുക്കളെ എളുപ്പത്തിൽ വെട്ടിവീഴ്ത്തുന്നവനാണ്‌ ഞാൻ.' പിന്നീടധികം താമസിച്ചില്ല ഹ: അലി (ക) ഒറ കുതിപ്പാണ്‌ വലതുകൈ പലിച്ചു. ദുൽഫഖാർ എന്ന ഖഡ്ഗം ഉയർന്നു. ഒരു ദീനാരോദനത്തോടെ മുറഹബ്‌ നിലത്തു വീണു പിടഞ്ഞു. ആ കണ്ണുകൾ പിന്നീട്‌ തുറന്നിട്ടില്ല യഹൂദന്മാരുടെ കോട്ടയെ കീഴടക്കാൻ പിന്നീട്‌ പ്രയാസം നേരിട്ടില്ല. ഹ: അലി (ക) മുന്നോട്ട്‌ കടന്നാക്രമിക്കുകയും കോട്ടയെ കീഴ്പ്പെടുത്തുകയും ചെയ്തു

മക്കാ വിജയം

മക്കായുദ്ധത്തിനുള്ള ഒരുക്കങ്ങൾ ഹി: എട്ടാംവർഷത്തിൽ ആരംഭിച്ചു. മദീനയിലെ സന്നാഹങ്ങൾ ഖുറൈശികളെ അറിയിക്കാനായി ഒരു സ്ത്രീ മക്കായിലേക്ക്‌ പുറപ്പെട്ടിട്ടുണ്ടെന്ന് റസൂൽ (സ) വിന്നറിവു കിട്ടി. ആ സ്ത്രീയെ പിടിച്ചുകൊണ്ടു വരുവാൻ നബി (സ) കല്പിച്ചു. ഹ: അലി (ക), ഹ: സുബൈർ (റ), ഹ: മിഖ്ദാദ്‌ (റ) എന്നിവരാണ്‌ ആ ചുമതല ഏറ്റെടുത്തത്‌ അവർ മൂന്നുപേരും കുതിരപ്പുറത്തു കയറി പുറപ്പെട്ട 'ഖാഖ്‌' എന്ന ഒരു തോട്ടത്തിൽവെച്ച്‌ ആ സ്ത്രീയെ അവർ കണ്ടുമുട്ടി. അവർ ആ സ്ത്രീയെ ചോദ്യം ചെയ്തു കത്തിനെ കുറിച്ച്‌ തനിക്ക്‌ യാതൊരറിവുമില്ലെന്ന് ആ സ്ത്രീ പറഞ്ഞപ്പോൾ അവർ ആ സ്ത്രീയുടെ വസ്ത്രങ്ങൾ പരിശോധിക്കാനൊരുങ്ങി. ഉടനെതന്നെ സ്ത്രീ ഒരു കത്തെടുത്ത്‌ അവരെ ഏല്പിച്ചു. അവർ നബി (സ) യുടെ സന്നിധിയിലേക്ക്‌ തിരിച്ചു. റസൂൽ (സ) കത്തു വായിച്ചുനോക്കി ഹത്താബുബ്‌നു അബീബൽതഅ ആ എന്ന സഹാബിയായിരുന്നു ആ കത്തെഴുതിയിരുന്നത്‌ റസൂൽ (സ) ഉടനെത്തന്നെ അയാളെ വരുത്തി ചോദ്യംചെയ്തു. അയാൾ നബി (സ) യോട്‌ പറഞ്ഞു: 'നബിയേ! അങ്ങു പരമാർത്ഥം മനസ്സിലാക്കണം. അതിനു മുമ്പ്‌ എന്നെ തെറ്റിദ്ധരിക്കരുത്‌. എനിക്ക്‌ ഖുറൈശികളുമായി യാതൊരു ബന്ധവുമില്ല സഖ്യബന്ധമാണുള്ളത്‌. മുഹാജിറുകളായ മറ്റുള്ളവർക്ക്‌ മക്കായിൽ കുടുംബങ്ങളുണ്ട്‌ അവരുടെ സന്തതികളെ അവരുടെ കുടുംബക്കാർ സംരക്ഷിക്കും. എന്റെ കുട്ടികൾക്ക്‌ ഈ ആപൽഘട്ടത്തിൽ സഹായത്തിന്നാരുമില്ലല്ലോ എന്നു ചിന്തിച്ചാണ്‌ ഞാൻ ഈ കത്തെഴുതിയത്‌ അതല്ലാതെ നമ്മുടെ രഹസ്യങ്ങൾ അവരെ അറിയിക്കുന്നതിനോ, ഇസ്‌ലാമിനെ വഞ്ചിക്കാനോ ഉദ്ദേശിച്ച്‌ എഴുതിയതല്ല.' അദ്ദേഹത്തിന്റെ വാക്കുകളെ റസൂൽ (സ) വിശ്വസിച്ചു. എന്നാൽ ഹ ഉമർ (റ) വിന്റെ കോപം കെട്ടടങ്ങിയില്ല. അദ്ദേഹം റസൂൽ (സ) വിനോടപേക്ഷിച്ചു; 'അല്ലാഹുവിന്റെ റസൂലെ! ഇവനെ വധിക്കാൻ എന്നെ അനുവദിക്കണം' നബി (സ) ഹ: ഉമർ (റ) വിനെ ഇപ്രകാരം സമാധാനിപ്പിച്ചു. 'ഇയാൾ ബദർ യുദ്ധത്തിൽ നമ്മോടൊന്നിച്ച്‌ ത്യാഗം സഹിച്ചവനാണ്‌. ബദറിൽ പങ്കുകൊണ്ടിട്ടുള്ളവരുടെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തിരിക്കുന്നു എന്നതു നിങ്ങൾക്കറിഞ്ഞുകൂടെ?'

ഹിജ്‌റ 8-ാം വർഷത്തിലെ റംസാൻമാസം പത്താം തിയതി പതിനായിരം സഹാബികളോടുകൂടി നബി (സ) മദീനത്തു നിന്ന് മക്കായിലേക്ക്‌ പുറപ്പെട്ടു. തങ്ങളുടെ പ്രിയപ്പെട്ട ജന്മഭൂമിയിൽ പ്രതാപത്തോടും സന്തോഷത്തോടും കൂടി അവർ കാലെടുത്തു വെച്ചു; നീണ്ട എട്ടു വർഷങ്ങൾക്കുശേഷം പതാക വഹിച്ചുകൊണ്ട്‌ മുന്നിൽ യാത്രചെയ്തിരുന്നതു ഹ: സുഫ്‌യാനുബ്‌നുഹർബായിരുന്നു. സന്തോഷഭരിതനായി അദ്ദേഹം 'ഇന്നു യുദ്ധദിന

മാണ്. ഇന്ന് കഅ്ബയിൽ രക്തം ചിന്തുന്നതിൽ തെറ്റില്ല-' എന്ന അർത്ഥം സൂചിപ്പിക്കുന്ന ഒരു കവിത പാടിയപ്പോൾ നബി (സ) അതിനെ തടഞ്ഞുകൊണ്ട് പറഞ്ഞു: 'ഇന്ന് കഅ്ബക്ക് എത്രയും മാഹാത്മ്യം സിദ്ധിക്കുന്ന ഒരു പുണ്യദിനമാണ്.' തുടർന്ന് ഹ: അലി (ക) യെ പതാക ഏല്പിച്ചിട്ട് നഗരത്തിലേക്ക് പ്രവേശിക്കാൻ നബി (സ) കല്പന നൽകി. ആരും എതിർത്തില്ല ആരുടേയും രക്തം ചിന്തിയില്ല മക്കാനഗരം മുസ്‌ലിംകൾക്ക് കീഴടങ്ങി.

കഅ്ബായുടെ ചുറ്റും മുന്നൂറ്റി അറുപത് ബിംബങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. 'സത്യം വന്നു അസത്യം നശിച്ചു അസത്യം നശിക്കുക തന്നെ ചെയ്യും' എന്ന ഖുർആൻവചനം ചൊല്ലിക്കൊണ്ട് റസൂൽ (സ) വിഗ്രഹങ്ങളെയെല്ലാം ഓരോന്നോരോന്നായി തന്റെ കയ്യിലുണ്ടായിരുന്ന വടികൊണ്ട് നശിപ്പിച്ചു. കഅ്ബാലയത്തിനുള്ളിലായി ഹ: ഇബ്രാഹിം (അ)മിന്റേയും, ഇസ്മായീൽ (അ)വിന്റേയും രൂപങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ടായിരുന്നു. അവയേയും റസൂൽ (സ) നീക്കം ചെയ്തു. അവസാനം കയ്യെത്താത്ത ഉയരത്തിൽ ഒരെണ്ണം അവശേഷിച്ചിരുന്നു നബി (സ) ഹ: അലി (ക) യുടെ തോളിൽ കയറിനിന്നുകൊണ്ട് അതിനെ മറിച്ചിടാൻ ശ്രമിച്ചു. പക്ഷെ നബി (സ) യുടെ ഭാരം അധികനേരം താങ്ങിനില്ക്കാൻ ആ സഹാബിക്ക് കഴിഞ്ഞില്ല. റസൂൽ (സ) താഴെ ഇറങ്ങി. പിന്നീട് നബി (സ) യുടെ ചുമലിൽ ഹ: അലി (ക) കയറി നിന്നുകൊണ്ട് ആ വിഗ്രഹത്തേയും മറിച്ചിട്ടു. അങ്ങിനെ റസൂൽ (സ) കഅ്ബാലയം പരിശുദ്ധമാക്കി.

ഒരു തെറ്റിന്റെ പരിഹാരം

മക്കാനഗരം കീഴടക്കിയതിനു ശേഷം ഹ: ഖാലിദുബ്നു വലീദ് (റ) വിനെ റസൂൽ (സ) ബനൂഖുസൈമ ഗോത്രക്കാരുടെയിടയിൽ ഇസ്‌ലാംമതപ്രചരണത്തിനുവേണ്ടി നിയോഗിച്ചു. കാടന്മാരും അജ്ഞരുമായ അവിടത്തെ ജനങ്ങളിൽ ഹ: ഖാലിദുബ്നു വലീദ് (റ) വിന്റെ ഉപദേശങ്ങൾക്ക് വലിയ സ്ഥാനം ലഭിച്ചില്ല അസ്‌ലാന (ഞങ്ങൾ ഇസ്‌ലാമതം സ്വീകരിച്ചു.) എന്നതിനു പകരം സബഅ്നാ (ഞങ്ങൾ നിന്ദിതരായിരിക്കുന്നു) എന്നാണ് അവർ പറഞ്ഞിരുന്നതു് ഇവരുടെ പ്രവർത്തനങ്ങളിൽ സംശയാലുവായ ഹ: ഖാലിദ് (റ) അവരിൽ പലരേയും കൊലപ്പെടുത്തുകയും തടവുകാരാക്കുകയും ചെയ്തു. തന്റെ പ്രതിനിധിയുടെ പെരുമാറ്റത്തിൽ റസൂൽ (സ) വളരെ ദുഃഖിതനായി. നബി (സ) ഉടനെ തന്നെ ഹ: അലി (ക) യെ അങ്ങോട്ടയക്കുകയും, അദ്ദേഹം അവിടെ പെന്നു് ജനങ്ങളെ സമാധാനിപ്പിക്കുകയും തടവുകാരെ മോചിപ്പിക്കുകയും ചെയ്തു. കൂടാതെ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നല്കാനും ഹ: അലി (റ) ഏർപ്പാടു ചെയ്തു.

ഹുനൈൻ യുദ്ധം

ഹി. എട്ടാംവർഷത്തിൽ തന്നെയാണ് ഈ യുദ്ധവും നടന്നതു്. യുദ്ധത്തിന്റെ ആരംഭത്തിൽ മുസ്‌ലിംകൾ വിജയിച്ചു. ശത്രുക്കളുടെ കൈവശമുണ്ടായിരുന്ന സമ്പത്തു കരസ്ഥമാക്കുന്നതിൽ മുസ്‌ലികളുടെ ശ്രദ്ധ തിരിഞ്ഞു. ഈ തക്കം നോക്കി ശത്രുക്കൾ വീണ്ടും മടങ്ങിവന്നു് മുസ്‌ലിംകളെ ആക്രമിച്ചു. പ്രതീക്ഷിക്കാത്ത ഈ ആക്രമണത്തിൽ മുസ്‌ലിംകൾ പരിഭ്രാന്തരായി. പന്തീരായിരത്തോളം മുസ്‌ലിംഭടന്മാരാണുണ്ടായിരുന്നതു്. പക്ഷെ തന്റേടത്തോടുകൂടി ഉറച്ചുനിന്നതു് വളരെ കുറച്ചുപേർ മാത്രമായിരുന്നു. അവരിൽ ഒരാൾ മഹാനായ ഹ: അലി (ക) യായിരുന്നു. അദ്ദേഹം അപ്പോഴും ധൈര്യവാനായിരുന്ന ആ കാ

ലുകൾ വിറച്ചില്ല. അസാധാരണമായ ധൈര്യത്തോടെ ഹ: അലി (ക) ശത്രുക്കളോടെതിരിട്ടു. ശത്രുസൈന്യാധിപൻ ഹ: അലി (ക) യാൽ വധിക്കപ്പെട്ടു. ഹ: അലി (ക) യുടെ സൈന്യം മറ്റുള്ള മുസ്‌ലിംഭടന്മാർക്ക് പ്രോത്സാഹനം നല്കി. യുദ്ധത്തിന്റെ അവസാനത്തിൽ മുസ്‌ലിംകൾ വിജയകാഹളം മുഴക്കി.

നബി (സ) തബൂക്കിലേക്ക്

ഹിജ്‌റാ ഒമ്പതാംവർഷത്തിൽ റസൂൽ(സ) തബൂക്കിലേക്ക് പോകാൻ തീരുമാനിച്ചു. അഹ്‌ലുബൈത്തിന്റെ സംരക്ഷണം ഹ: അലി (ക) യെയാണ് നബി (സ) ഏല്പിച്ചതു്. തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയുകയില്ലല്ലോ എന്നോർത്തു് അലി (ക) വളരെ വ്യസനിച്ചു. ഈ അവസരത്തിൽ നബി (സ) ഹ: അലി (റ) യെ സമാധാനിപ്പിച്ചതു് ഇപ്രകാരമായിരുന്നു: 'അലി! ഹാറൂൻ നബി (അ) ക്ക് മൂസാനബി (അ) യുടെ അടുക്കലുണ്ടായിരുന്ന പദവി നിങ്ങൾക്ക് എന്റെയടുക്കൽ ഉണ്ടായിരിക്കുന്നതിൽ നിങ്ങൾ തൃപ്തനാകുന്നില്ലയോ?'

ദൗത്യവാഹകൻ

തബൂക്ക് യുദ്ധം കഴിഞ്ഞു് മടങ്ങിവന്നതിനുശേഷം ഹ: അബൂബക്കർ സിദ്ദീഖ് (റ) വിനെ ഹജ്ജുയാത്രക്കാരുടെ അമീറാക്കി റസൂൽ (സ) മക്കയിലേക്കയച്ചു. അവർ മക്കായിലേക്ക് പോയതിനു ശേഷമാണ് 'ബറാഅത്ത് സൂ;' എന്ന സൂത്തു് അവതരിച്ചതു്. ഹജ്ജ് കാലത്തു തന്നെ അതു് മക്കായിലെ ജനങ്ങളെ അറിയിക്കുന്നതു് നന്നായിരിക്കുമെന്നു് നബി (സ) ക്കു തോന്നി. സ്വകുടുംബത്തിൽപ്പെട്ട ഒരാളായിരിക്കണം തന്റെ ദൗത്യവുമായി മക്കയിലേക്ക് പോകേണ്ടതെന്നു് റസൂൽ (സ) തീരുമാനിച്ചു. അതനുസരിച്ചു്, നബി (സ) ആ ചുമതല ഹ: അലി (ക) യെ ഏല്പിച്ചു. മക്കായിലെ ജനങ്ങൾക്കു് പ്രസ്തുത സൂത്തു് ഓതി കേൾപ്പിക്കാൻ റസൂൽ (സ) ഹ: അലി (ക) യോടു കല്പിച്ചു. കൂടാതെ അവിശ്വാസികൾ സ്വർഗ്ഗത്തിൽ കടക്കുകയില്ലെന്നും, ബഹുദൈവാരാധകർ ഹജ്ജു ചെയ്യാൻ പാടില്ലെന്നും, പ്രവാചകനുമായി ആർക്കെങ്കിലും എന്തെങ്കിലും തരത്തിലുള്ള കരാറുണ്ടെങ്കിൽ അതു് നിശ്ചിതകാലം വരെ നിലനില്ക്കുന്നതാണെന്നും മക്കായിലെ ജനങ്ങളുടെയിടയിൽ വിളംബരം ചെയ്യണമെന്നും റസൂൽ (സ) കല്പിച്ചു.

ജനങ്ങൾ ഇസ്‌ലാമിലേക്ക്

റസൂൽ (സ) ഇസ്‌ലാംമതപ്രചരണത്തിനുവേണ്ടി പലസ്ഥലങ്ങളിലേക്കും തന്റെ പ്രതിനിധികളെ അയച്ചിരുന്നു. യമനിലേക്ക് ഹ: ഖാലീദുബ്നുവലീദ് (റ) വിനെയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും അവിടത്തെ ജനങ്ങളുടെ ഇടയിൽ നിഷ്ഫലമായിതീർന്നു. ജനങ്ങളെ ഇസ്‌ലാമിലേയ്ക്കാകർഷിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. ഇക്കാരണത്താൽ ഹ: അലി (ക) യെ തന്റെ പ്രതിനിധിയായി അങ്ങോട്ടയക്കാൻ നബി (സ) തീരുമാനിച്ചു. വിവരമറിഞ്ഞപ്പോൾ ഹ: അലി (ക) ക്ക് ആശങ്കയുണ്ടായി. അദ്ദേഹം റസൂൽ (സ) വിനോടു് പറഞ്ഞു: 'പ്രവാചകാ! എന്നെക്കാൾ പ്രായമുള്ളവരും പ്രാഗ്വാന്മാരുമാണ് യമനിലെ ജനങ്ങൾ. അങ്ങിനെയുള്ളവരുടെ അടുത്തേക്കാണു് ഇസ്‌ലാമതപ്രചാരണത്തിനുവേണ്ടി അങ്ങു് എന്നെ അയക്കുന്നതു്. അവർ തമ്മിലുള്ള കുഴപ്പങ്ങൾ തീർക്കാൻ എനിക്ക് വളരെ പ്രയാസമായിരിക്കും.' ഹ: അലി (ക) യുടെ ഈ വാക്കുകൾ കേട്ടപ്പോൾ റസൂൽ (സ) അദ്ദേഹത്തെ തന്റെ അടുക്കലേക്ക് വിളിച്ചു. ഹ: അലി (ക) യുടെ നെഞ്ചിൽ കൈവെച്ചുകൊണ്ടു് റസൂൽ (സ) അല്ലാ

ഹവിനോട്‌ പ്രാർത്ഥിച്ചു. 'അല്ലാഹുവേ! ഇയാളുടെ നാവിനു നീ ശക്തി നൽകേണമേ? ഇയാളുടെ ഹൃദയത്തെ സന്മാർഗ്ഗപ്രഭകൊണ്ടു നീ പ്രകാശിപ്പിക്കുകയും ചെയ്യേണമേ!' തുടർന്നു റസൂൽ (സ) തന്നെ ഹ: അലി (ക)ക്കു തലപ്പാവു കെട്ടികൊടുക്കുകയും, ഇസ്‌ലാമിന്റെ കറുത്ത പതാക അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. ഹി: പത്താംവർഷത്തിലായിരുന്നു ഈ സംഭവം. ഹ: അലി (ക) യുടെ ആഗമനത്തോടുകൂടി യമനിലെ ജനങ്ങളുടെ ഇടയിൽ സാരമായ മനപ്പരിവർത്തനം ഉണ്ടായി. തന്റെ മുൻഗാമിക്കു ആറുമാസംകൊണ്ടു നേടാൻ കഴിയാതിരുന്നതു്, ഹ: അലി (ക) ക്കു് ഏതാനും ദിവസങ്ങൾകൊണ്ടു നേടാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ജനങ്ങളെ ഇസ്‌ലാമിലേയ്ക്കാകർഷിച്ചു. ഹമദാൻ ഗോത്രക്കാർപോലും ഇസ്‌ലാംമതം സ്വീകരിച്ചു.

നബി (സ) യുടെ അവസാനഹജ്ജു്

ഹിജ്‌റാ പത്താംവർഷത്തിൽതന്നെ ഹ: അലി (ക) യമനിൽനിന്നു മടങ്ങിയെത്തി. റസൂൽ (സ) വിന്റെ അവസാനത്തെ ഹജ്ജു് യാത്രയും അക്കൊല്ലത്തിൽതന്നെയായിരുന്നു. നബി (സ) യുടെ ആ അവസാനത്തെ ഹജ്ജു യാത്രയിലും ഹ: അലി (ക) പ്രവാചകനെ അനുഗമിച്ചിരുന്നു.

ഹജ്ജു കഴിഞ്ഞു നബി (സ) യും സഹാബാക്കളും മടങ്ങിയെത്തി. ഹിജ്‌റാ പതിനൊന്നാം വർഷത്തിൽ റബീഉൽഅവ്വൽമാസത്തിന്റെ ആരംഭത്തിൽ നബി (സ) രോഗബാധിതനായി കിടപ്പിലായി. ഹ: അലി (ക) വളരെ ശ്രദ്ധാപൂർവ്വം നബി (സ) യെ പരിചരിച്ചുകൊണ്ടിരുന്നു. ഒരിക്കൽ നബി (സ) യുടെ അടുത്തുനിന്നു പുറത്തുവന്നപ്പോൾ റസൂൽ (സ) വിന്റെ സ്ഥിതി എങ്ങിനെയിരിക്കുന്നുവെന്നു ജനങ്ങൾ അദ്ദേഹത്തോടു ചോദിച്ചു. അല്പം ആശ്വാസമുണ്ടെന്നു ഹ: അലി (ക) അവരെ അറിയിച്ചു. ഹ: അബ്ബാസ് (റ) വും അവിടെ ഉണ്ടായിരുന്നു. അദ്ദേഹം ഹ: അലി (ക) യുടെ കരങ്ങൾ പിടിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അബ്ദുൽമുത്തലിബു് കുടുംബക്കാരുടെ അന്ത്യഘട്ടങ്ങളിൽ അവരുടെ ലക്ഷണം ഞാൻ കാത്തുസൂക്ഷിച്ചിട്ടുണ്ടു് അതിനാൽ നമുക്കു് റസൂൽ (സ) വിന്റെ അടുക്കൽപോയി ഖിലാഫത്തു നമുക്കായി ഒസ്യത്തു് ചെയ്യാൻ അപേക്ഷിക്കാം.' പക്ഷെ ഹ: അലി (ക) ഹ: അബ്ബാസ് (റ) വിന്റെ അഭിപ്രായത്തോടു യോജിച്ചില്ല. ഹ: അലി (ക) പറഞ്ഞ മറുപടി ഇതായിരുന്നു. 'ഞാൻ അങ്ങിനെ നബി (സ) യോടപേക്ഷിക്കുകയില്ല. അല്ലാഹുവാണെസത്യം, അവിടുന്നു് നിഷേധിക്കുകയാണെങ്കിൽപിന്നെ നമുക്കു് ഒരാശയും അവശേഷിക്കുന്നില്ല.'

റസൂൽ (സ) വിനു് അധികംനാൾ രോഗശയ്യയിൽ കിടക്കേണ്ടിവന്നില്ല. രോഗബാധിതനായി പത്താംദിവസം റബീഉൽഅവ്വൽ പന്ത്രണ്ടാം തിയ്യതി തിങ്കളാഴ്ച ഉച്ചയോടുകൂടി പ്രവാചകൻ അന്ത്യശ്വാസം വലിച്ചു. മയ്യിത്തു് കുളിപ്പിക്കലും മറ്റുപടങ്ങുകളും ഹ: അലി (ക) യാണു് നിർവ്വഹിച്ചതു്. അൻസാരികളും മുഹാജിർകളും വാതിലിനു് പുറത്തു് നിന്നതേ ഉള്ളൂ. അൻസാരികളിൽ ഒരുവനു് അതിൽ പങ്കുകൊള്ളാൻ അവസരം നല്കിയിരുന്നുവെന്നു് ഒരു നിവേദനത്തിൽ പറയുന്നു.

ഹ: അലി (ക) ക്കു് മുൻഗാമികളുമായുള്ള ബന്ധം

ബനൂസാഇദായുടെ അങ്കണത്തിൽ വെച്ചാണു് ഹ: അബൂബക്കർ (റ) ഒന്നാം ഖലീഫയായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തതു്. മദീനാനിവാസികളിൽ ബഹുഭൂരിപക്ഷവും അദ്ദേഹത്തിന്റെ പ്രൈഭത്തിൽ പങ്കുകൊണ്ടു.

എന്നാൽ ഹ: അലി (ക) ആറുമാസം കഴിഞ്ഞ തിനുശേഷമാണ് ബൈഅത്ത് ചെയ്തത്. ബൈഅത്തു താമസിപ്പിച്ചതിനു പല കാരണങ്ങളും ജനങ്ങൾ പറഞ്ഞിരുന്നു. ഹ: ഫാത്തിമാ (റ) യുടെ രോഗം അദ്ദേഹത്തെ വല്ലാതെ ദുഃഖിപ്പിച്ചു. അവരെ ശുശ്രൂഷിക്കാൻ അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ മാത്രമല്ല പരിശുദ്ധഖുർആൻ ക്രോഡീകരിക്കുന്ന പ്രവർത്തിയിലും അദ്ദേഹം ശ്രദ്ധപതിപ്പിച്ചിരുന്നു. യഥാർത്ഥത്തിൽ ഈ രണ്ട കാരണങ്ങളാണ് ബൈഅത്ത് താമസിപ്പിക്കാൻ ഇടവരുത്തിയതു. ഹ: ഫാത്തിമ (റ) യുടെ മരണശേഷം ഹ: അലി (ക) ഹ: അബൂബക്കർ (റ) വിനെ സന്ദർശിച്ച് ബൈഅത്ത് ചെയ്തിട്ടുണ്ട്.

ഹ: അബൂബക്കർ (റ) വിന്നുശേഷം ഹ: ഉമർ (റ) ഖലീഫയായി അവരോധിതനായി, എല്ലാ കാര്യങ്ങളിലും ഹ: അലി (ക) യുടെ ഉപദേശം രണ്ടാമത്തെ ഖലീഫയായ ഹ: ഉമർ (റ) സ്വീകരിച്ചിരുന്നു. നഹാവന്ത് യുദ്ധത്തിൽ നായകത്വം വഹിക്കാൻ ഹ: ഉമർ (റ) ഹ: അലി (ക) യോടാവശ്യപ്പെട്ടിരുന്നു. പക്ഷെ ഹ: അലി (ക) ആ സ്ഥാനം സ്വീകരിക്കാൻ വിസമ്മതിക്കുകയാണുണ്ടായതു. ഹ: ഉമർ (റ) ബൈത്തുൽമുഖദ്ദിസിലേക്ക് പോയപ്പോൾ അദ്ദേഹം തന്റെ മുമതല ഹ: അലി (ക) യെയാണ് ഏല്പിച്ചിരുന്നതു. വളരെ ഐക്യത്തോടും, സ്നേഹത്തോടും കൂടിയാണ് അവർ വർത്തിച്ചിരുന്നതു. ഹ: അലി (ക) യുടെ പുത്രി ഉമ്മുകുൽസുമിനെ ഹ: ഉമർ (റ) വിവാഹം ചെയ്തിരുന്നു

മൂന്നാം ഖലീഫയായി സ്ഥാനം ഏറ്റതു ഹ: ഉസ്മാൻ (റ) ആയിരുന്ന അദ്ദേഹത്തിന്റെ കാലത്തു നാട്ടിൽ കലാപവും, അരാജകത്വവും ആരംഭിച്ചു. നാട്ടിലെ കുഴപ്പങ്ങൾ അവസാനിപ്പിക്കാൻ എല്ലാവിധ ഉപദേശങ്ങളും ഹ: അലി (ക) ഖലീഫക്ക് നല്കിയിരുന്നു. നാട്ടിലുള്ള കുഴപ്പങ്ങൾക്കും, അസ്വസ്ഥതക്കും കാരണമെന്താണെന്നും, അവയെ എങ്ങിനെ പരിഹരിക്കാമെന്നും, ഒരിക്കൽ ഖലീഫ ഹ: അലി (ക) യോട് ചോദിച്ചു. ഖലീഫയുടെ അനുയോജ്യമല്ലാത്ത പ്രവൃത്തികളാണ് നാട്ടിലെ കുഴപ്പങ്ങൾക്ക് കാരണമെന്നു ഹ: അലി (ക) ഖലീഫയോട് വെട്ടിത്തുറന്നു പറഞ്ഞു. ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ ഖലീഫ അബൂബക്കർ സിദ്ദീഖിന്റെ രീതി താനും അനുകരിക്കുമ്പോൾ നാട്ടിൽ അസ്വസ്ഥത നടമാടുന്നതിന്റെ കാരണം വ്യക്തമാകുന്നില്ലെന്നുള്ള ഹ: ഉസ്മാൻ (റ) വിന്റെ ഒരു ചോദ്യത്തിനു ഹ: അലി (ക) ഇങ്ങിനെ മറുപടി നൽകി:- 'അതു ശരിയാണു. അറേബ്യയിലെ തീരെ അനുസരണയില്ലാത്ത ശബ്ദിക്കുന്ന ഒട്ടകംപോലും അദ്ദേഹത്തിന്റെ പിടിയിൽനിന്നു പോകാതിരിക്കത്തക്കവണ്ണം അതുക്കു കശ്നമായിരുന്ന അദ്ദേഹത്തിന്റെ നടപടികൾ. അങ്ങാകട്ടെ ആവശ്യത്തിലധികം ഔദാര്യം കാണിക്കുന്നു. അങ്ങയുടെ ഉദ്യോഗസ്ഥന്മാർ സ്വേച്ഛാനുസരണം പ്രവർത്തിക്കുന്നു. അവരുടെ നേരെ യാതൊരു നടപടിയും അങ്ങു കൈകൊള്ളുന്നില്ല. അങ്ങയുടെ ഉപദേശമനുസരിച്ചാണ് ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതെന്നു ജനങ്ങൾ തെറ്റിദ്ധരിക്കുന്നു. ഇങ്ങിനെ എല്ലാ നിലക്കും അങ്ങു കുറക്കാരനായിരിക്കുകയാണ്.

മിസ്റിൽനിന്നും ഒരു നിവേദകസംഘം ഹ: ഉസ്മാൻ (റ) വിനെ സന്ദർശിക്കാൻ വന്നു. ഹ: ഉസ്മാൻ (റ) അവരോടു സംസാരിക്കാനും കുഴപ്പങ്ങൾ അവസാനിപ്പിക്കാനും ഹ: അലി (ക)യെ അധികാരപ്പെടുത്തി ഹ: അലി (ക) ആ ഭാരം ഏറ്റെടുക്കാൻ വിസമ്മതിച്ചു. ഖലീഫ വീണ്ടും നിർബ്ബന്ധപൂർവ്വം ഹ: അലി (ക) യോടാവശ്യപ്പെട്ടു. ഖലീഫയുടെ നിർബ്ബന്ധത്തി

ന്നു് വഴങ്ങാതിരിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. നിവേദകസംഘക്കാരുടെ ആവശ്യങ്ങൾ അനുവദിക്കാമെന്നു് ഹ: ഉസ്മാൻ (റ) വിനെകൊണ്ടു് വാഗ്ദത്തം ചെയ്യിച്ചതിനു ശേഷം ഹ: അലി (റ) അവരെ സമാധാനപൂർവ്വം മടക്കി അയച്ചു. നിവേദകസംഘം മിസ്റിലേക്കു് മടങ്ങി പോകുമ്പോൾ വഴിമദ്ധ്യേ ഒരു സക്കാർ ദൂതനെ അവർ കണ്ടുമുട്ടി. ഖലീഫ മിസ്റിലെ ഗവണ്മെന്റിക്കു് കൊടുക്കാനേൽപിച്ച ഒരു കത്തും അയാളിൽനിന്നു് അവർ പിടിച്ചെടുത്തു. മിസ്റിൽനിന്നു് വരുന്ന നിവേദകസംഘത്തെ മുഴുവൻ വധിക്കണമെന്നായിരുന്നു എഴുത്തിലെ സാരം. അവർ ഉടനെതന്നെ മദീനത്തേക്കു് മടങ്ങി, അലി (ക) യെ കണ്ടു് വിവരങ്ങൾ ധരിപ്പിച്ചു. ഹ: അലി (ക) ക്കു് അവരോടു് യാതൊരു മറുപടിയും പറയാൻ കഴിഞ്ഞില്ല. അദ്ദേഹം ഉടനെതന്നെ ഖലീഫയെ ചെന്നുകണ്ടു് വസ്തുതകൾ അന്വേഷിച്ചു തനിക്കു് അതിനെപ്പറ്റി യാതൊരറിവുമില്ലെന്നു് ഖലീഫ പ്രസ്താവിച്ചപ്പോൾ ഹ: അലി (ക) പറഞ്ഞു: 'അങ്ങയുടെ പക്കൽനിന്നു് ഇത്തരത്തിൽ സംഭവിക്കുമെന്നു് ഞാൻ വിശ്വസിച്ചിരുന്നില്ല. എന്തായാലും ഞാനിനി യാതൊന്നിലും പ്രവേശിക്കാൻ ആഗ്രഹിക്കുന്നില്ല.' എന്നുപറഞ്ഞു് അദ്ദേഹം അവിടെനിന്നും സ്ഥലംവിട്ടു. പിന്നീടു് ഒരു ഏകാന്തജീവിതമാണു് ഹ: അലി (ക) നയിച്ചതു്.

തങ്ങളെ വഞ്ചിച്ചതിനു് പ്രതികാരം ചെയ്യാൻ തന്നെ മിസ്റുകാർ തീരുമാനിച്ചു. അവർ ഖലീഫയുടെ വസതി വളഞ്ഞു ഒരു ഈച്ചയുള്ളി വെള്ളംപോലും വീട്ടിനുള്ളിലേക്കു് കടത്തിക്കൊണ്ടുപോകുവാൻ അവർ അനുവദിച്ചില്ല. ഹ: ഉസ്മാൻ (റ) വിന്റെ പ്രവർത്തനങ്ങളോടെതിരുണ്ടായിട്ടും, അദ്ദേഹത്തിനെതിരായുള്ള ശത്രുക്കളുടെ ആക്രമണം കയ്യും കെട്ടി കണ്ടുകൊണ്ടിരിക്കുവാൻ ഹ: അലി (റ) യുടെ മനസ്സനുവദിച്ചില്ല. ഖലീഫയുടെ വസതി വളഞ്ഞവരോടു് അദ്ദേഹം പറഞ്ഞു: 'മനുഷ്യത്വമില്ലാത്ത ഒരു പ്രവർത്തിയായിപ്പോയി നിങ്ങൾ ചെയ്തതു് അമുസ്‌ലിംകൾ പോലും ചെയ്യാൻ മടിക്കുന്ന വിധത്തിലുള്ള ക്രൂരമായ പ്രവർത്തികളാണു് നിങ്ങൾ ചെയ്യുന്നതു്. ഈ തുക്കു് കഠിനമായി പെരുമാറത്തക്കവണ്ണം എന്തു് നഷ്ടമാണു് ഖലീഫ നിങ്ങൾക്കു് വരുത്തിയതു്?' ഹ: അലി (ക) യുടെ സമാധാനവചനങ്ങളൊന്നും വിപ്ലവകാരികൾ ചെവികൊണ്ടില്ല. കോപിഷ്ഠനായ ഹ: അലി (ക) തന്റെ തലപ്പാവു് ഒരു ദൂതനു് എറിഞ്ഞുകൊടുത്തിട്ടു് അവിടെനിന്നും മടങ്ങിപ്പോയി. തന്റെ രണ്ടു പുത്രന്മാരെ ഖലീഫയുടെ സഹായത്തിനായി ഹ: അലി (ക) അയച്ചു. അവർ അവരുടെ കൃത്യങ്ങൾ വിജയപൂർവ്വം നിർവ്വഹിക്കുകയും ചെയ്തിരുന്നു. അക്രമികൾ പ്രതിബന്ധങ്ങളെയെല്ലാം തട്ടിത്തകർത്തു് ഖലീഫയുടെ ഗൃഹത്തിനുള്ളിലേക്കു് പാഞ്ഞുകയറി. മൃഗീയമായ വിധത്തിൽ ഖലീഫ വധിക്കപ്പെട്ട ഖലീഫയുടെ മരണവാർത്തയറിഞ്ഞു ഹ: അലി (ക) വളരെ ദുഃഖിക്കുകയും, ഹ: ഇമാം ഹസ്സൻ (റ) യേയും, ഹ: ഇമാം ഹുസൈൻ (റ) യേയും പ്രഹരിക്കുകയും ചെയ്തു. അബ്ദുല്ലാഹിബ്നു സുബൈർ, മുഹമ്മദുബ്നു തൽഹത്തു് എന്നിവരെ ഹ: അലി (ക) കണക്കറ്റു ശകാരിക്കുകയും ചെയ്തു.

ഖിലാഫത്തു്

ഹ: ഉസ്മാൻ (റ) വിന്റെ വധത്തിനു ശേഷം മൂന്നുദിവസത്തോളം ഖിലാഫത്തുസ്ഥാനം ഒഴിഞ്ഞുകിടന്നു. ഖിലാഫത്തുസ്ഥാനം ഏറ്റെടുക്കാൻ പലരും ഹ: അലി (ക) യോടാവശ്യപ്പെട്ടു. എന്നാൽ അപ്പോഴെല്ലാം തനി

ക്കയ്യ് സാദ്ധ്യമല്ലെന്നും പറഞ്ഞു് അദ്ദേഹം കഴിഞ്ഞുനിന്നു. അവസാനം മുഹാജിറുകളുടെയും അൻസാരികളുടേയും നിർബ്ബന്ധത്തിന്നു് അദ്ദേഹം വഴങ്ങേണ്ടിവന്നു. അങ്ങിനെ ഹ: അലി (ക) ഖലീഫയായി. ദുൽഹജ്ജ് മാസം ഇരുപത്തൊന്നാം തിയ്യതി തിങ്കളാഴ്ച മസ്ജിദുന്നബവിയിൽവെച്ചു് ഹ: അലി (റ) യുടെ ഹസ്തത്തിൽ ജനങ്ങൾ ബൈഅത്തു് ചെയ്തു.

ഹ: ഉസ്മാൻ (റ) വിന്റെ ഘാതകരെ തിരഞ്ഞുപിടിച്ചു് അവരെ ശിക്ഷിക്കുക എന്നതു് തന്റെ പ്രഥമകൃത്യമായി ഖലീഫ കരുതി. എന്നാൽ എത്ര ശ്രമിച്ചിട്ടും ഘാതകരെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. വധം നടന്ന സമയത്തു് ഹ: ഉസ്മാൻ (റ) വിന്റെ പ്രിയപത്നിയായ ഹ: നായിലാ (റ) മാത്രമെ ദൃക്സാക്ഷിയായി ഉണ്ടായിരുന്നുള്ളൂ. മുഹമ്മദുബ്നുഅബീബക്കറും തനിക്കു് കണ്ടുപരിചയമില്ലാത്ത വേറെ രണ്ടുപേരുമാണു് അകത്തു കടന്നതെന്നു് മാത്രമേ അവർക്കു് പറയാൻ കഴിഞ്ഞുള്ളൂ. മുഹമ്മദുബ്നുഅബീബക്കർ ബന്ധനസ്ഥനാക്കപ്പെട്ടിരുന്ന അയാൾ ഖലീഫയോടു് സത്യംചെയ്തു പറഞ്ഞു: 'ഞാൻ ഖലീഫയെ വധിച്ചിട്ടില്ല. ഖലീഫയെ വധിക്കണമെന്ന ഉദ്ദേശത്തോടെയാണു് ഞാൻ അങ്ങോട്ടു് കടന്നതു്. എന്നാൽ ഹ: ഉസ്മാൻ (റ) വിന്റെ വാക്കു കേട്ടു് ഞാൻ പിന്മാറി. ഇതു് സത്യമാണു്. ഈ കൊലപാതകം നടത്തിയതു് വേറെ രണ്ടു പേരാണു്. അവർ ആരെന്നു് എനിക്കറിയില്ല.' പിന്നീടു് അന്വേഷണങ്ങൾ തുടർന്നുകൊണ്ടിരുന്നു പക്ഷെ മുമ്പു് കിട്ടിയിരുന്നതിനേക്കാൾ കൂടുതലായി യാതൊരു തെളിവും ലഭിച്ചില്ല. തന്മൂലം ഹ: അലി (ക.വ.)ക്കു് ഇക്കാര്യത്തിൽ യാതൊന്നുംതന്നെ ചെയ്യാൻ കഴിഞ്ഞില്ല.

ഭരണകൂടത്തെ പരിശുദ്ധമാക്കുക എന്ന കൃത്യത്തിലാണു് ഹ: അലി (ക.വ) പിന്നീടു് ശ്രദ്ധപതിപ്പിച്ചതു്. ഹ: ഉസ്മാൻ (റ) വിന്റെ എല്ലാ ഉദ്യോഗസ്ഥന്മാരേയും അദ്ദേഹം പിരിച്ചുവിട്ടു. ഉസ്മാനുബ്നുഹനീഫ (റ), ഇമ്രാനുബ്നുഹിസാൻ (റ), ഹ: അബ്ദുല്ലാഹിബ്നുഅബ്ബാസ് (റ) എന്നിവരെ യഥാക്രമം ബസറ, കൂഫ, യമൻ എന്നിവിടങ്ങളിലെ ഭരണാധികാരികളായി നിയമിച്ചു. അമീർമുആവിയാ (റ) സ്സ്വപകരം ശാമിലെ ഭരണാധികാരിയായി നിയമിച്ചതു് സഹ്‌ലിനെ ആയിരുന്നു. പക്ഷെ ശാമിലേക്കു് പുറപ്പെട്ട സഹ്‌ലിനെ തബൂക്കു് എന്ന സ്ഥലത്തുവെച്ചു് മുആവിയായുടെ അശ്വഭടന്മാർ തടഞ്ഞുനിർത്തുകയും, അദ്ദേഹത്തെ മദീനായിലേക്കുതന്നെ മടക്കിഅയക്കുകയുംചെയ്തു.

ഹ: അലി (ക.വ.) അമീർ മുആവിയ (റ)ക്കു് ഒരു കല്പന അയച്ചു. ഒന്നുകിൽ തന്റെ കല്പന അനുസരിക്കുകയോ അല്ലാത്തപക്ഷം യുദ്ധത്തിനു് തയ്യാറാവുകയോ ചെയ്യണമെന്നായിരുന്നു അതിൽ ആവശ്യപ്പെട്ടിരുന്നതു്. മുആവിയ ഇപ്രകാരം മറുപടി നല്കി. ഒരു കത്തുമായി അദ്ദേഹം ഒരു ദൂതനെ മദീനയ്ക്കയച്ച കത്തിൽ അധികമൊന്നും എഴുതിയിരുന്നില്ല. 'ബിസ്മില്ലാഹിർ റഹ്മാനിർറഹീം' എന്നതിനു പുറമെ അയക്കപ്പെട്ട ആളിന്റേയും അയച്ച ആളിന്റേയും പേരുകൾ മാത്രമെ അതിൽ എഴുതിയിരുന്നുള്ളൂ. പക്ഷെ ബുദ്ധിമാനായ ദൂതൻ സഭയിൽ എഴുന്നേറ്റുനിന്നു് പറഞ്ഞു:' 'സ്നേഹിതരെ! ശാമിൽ ഉസ്മാൻ (റ) വിന്റെ രക്തത്തിൽ മുങ്ങിയ കുപ്പായം കണ്ടതോടുകൂടി തങ്ങളുടെ താടിരോമങ്ങൾ കണ്ണുനീരിൽ മുഴുകിയിരിക്കുന്ന അമ്പതിനായിരം മനുഷ്യന്മാരെ കണ്ടിട്ടാണു് ഞാൻ വന്നിരിക്കുന്നതു് മുഗീയമായ ആ കൊലപാതകത്തിനു് പ്രതികാരം

ചെയ്തില്ലാതെ തങ്ങളുടെ വാളുകൾ ഉറയിലിടുകയില്ലെന്നും അവർ പ്രതിജ്ഞ ചെയ്തിരിക്കുകയാണെന്നും.' ഉടനെ ഇടക്കുവെച്ചും നിറുത്തേണ്ടിവന്നു. ഹ: അലി (ക.വ) യുടെ സംഘത്തിൽനിന്നും ഖാലിദ്ബ്നു സഫർ എണീറ്റു അയാളെ തടഞ്ഞുകൊണ്ടു പറഞ്ഞു: 'എന്തൊക്കെയാണു നിങ്ങൾ പറയുന്നതു് നിങ്ങൾ ഞങ്ങളെ ഭയപ്പെടുത്തുകയാണോ? അല്ലാഹുവാണെ സത്യം, ഉസ്മാൻ (റ) വിന്റെ കൂപ്പായം യൂസഫ് നബി (അ) യുടെ കൂപ്പായമൊന്നുമല്ലല്ലോ. മുആവിയാക്കു യഅ്ക്ലുബ് നബിക്കുണ്ടായിരുന്ന ഖേദമുണ്ടാകാനും ഇടയില്ല ശാമിൽ അദ്ദേഹത്തിനു് അത്രയൊക്കെ വില കൽപിച്ചിട്ടുണ്ടെങ്കിൽ ഇറാക്കുകാക്കു് അതിനെ സംബന്ധിച്ചു് യാതൊരു വിലയുമില്ലെന്നു് നിങ്ങൾ മനസ്സിലാക്കണം.'

ഹ: ആയിഷ (റ) യുടെ പ്രതികാർസന്നാഹം

അങ്ങിനെ അമീർ മുആവിയാ, ഹ: അലി (ക) യുടെ ഒരെതിരാളിയായിതീർന്ന എതിപ്പിന്റെ ആരംഭം മാത്രമായിരുന്ന അതു് പ്രതീക്ഷിക്കാത്ത മറ്റൊരു സംഭവംകൂടിയുണ്ടായി. ഹ: ആയിശാ (റ) മക്കയിൽനിന്നു് മദീനത്തേക്കു് മടങ്ങിവരികയായിരുന്ന മാർഗ്ഗമധ്യേ അവർ ഒരു ബന്ധുവിനെ കണ്ടുമുട്ടി. ഹ: ഉസ്മാൻ (റ) വധിക്കപ്പെട്ടുവെന്നും, ഹ: അലി (ക. വ.) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടിട്ടും നാട്ടിൽ കലാപങ്ങൾ വർദ്ധിക്കുകയാണെന്നും ബന്ധു അവരെ മനസ്സിലാക്കി ഇതു കേട്ടതോടുകൂടി അവർ മക്കയിലേക്കു തന്നെ തിരിച്ചുപോന്നു. തിരിച്ചുപോകാനുള്ള കാരണമെന്തെന്നു് ചോദിച്ചപ്പോൾ ഹ: ആയിഷ (റ) പറഞ്ഞു: 'ഹ: ഉസ്മാൻ (റ) വധിക്കപ്പെട്ടിരിക്കുന്ന നാട്ടിൽ കുഴപ്പങ്ങൾ വർദ്ധിക്കുകയാണു്, അന്യായമായി വധിക്കപ്പെട്ട ഖലീഫയുടെ ചോരക്കു് പകരം ചോദിക്കണം. ഘാതകരെ കണ്ടുപിടിച്ചു് ശിക്ഷിച്ചു് ഇസ്‌ലാമിന്റെ കീർത്തിയെ നമുക്കു് നിലനിറുത്തിയേ കഴിയൂ.'

മദീനയിൽ കുഴപ്പങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഹ: അലി (ക. വ.) യുടെ അനുവാദത്തോടെ ഹ: തൽഹത്തു് (റ), ഹ: സുബൈർ (റ) മക്കായിലേക്കു് മാറി താമസിച്ചു അവരിൽനിന്നും ഹ: ആയിഷാ (റ) മദീനത്തെ വിവരങ്ങൾ ഗ്രഹിച്ചു. ഹ: ഉസ്മാൻ (റ) വിന്റെഘാതകന്മാരോടു് പ്രതികാരം ചോദിക്കാൻ അവർ ജനങ്ങളെ ആഹ്വാനം ചെയ്തു

ചുരുക്കത്തിൽ ഹ: അലി (ക) യെപ്പറ്റി ജനങ്ങളുടെയിടയിൽ തെറ്റിദ്ധാരണ പരന്നു. രാഷ്ട്രീയകുറുക്കന്മാരോടു് കൂടിച്ചു വിട്ടുവീഴ്ചമനസ്ഥിതി, ഉസ്മാൻ (റ) വിന്റെ ഘാതകരെ കണ്ടുപിടിക്കുന്നതിൽ നേരിട്ട പരാജയം, ഹ: ഉസ്മാൻ (റ) വിന്റെ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടൽ ഇവയൊക്കെ തെറ്റിദ്ധരിക്കപ്പെട്ട പ്രവർത്തനങ്ങളായിരുന്നു. ഹ: അലി (ക) യുടെ ഈ പ്രവർത്തനങ്ങൾ തന്നെയാണു് ഹ: ആയിശാ (റ) യിലും പ്രതികാരമനോഭാവം വളർത്തിയതു് അവർ അവരുടെ പ്രവർത്തനങ്ങൾക്കു് ശക്തി വർദ്ധിപ്പിച്ചു. മക്കയിലെ ഭരണാധികാരിയായിരുന്ന അബ്ദുല്ലാഹിബ്നുആമിർ (റ), മർവാനുബ്നുഹകം (റ), സഈദുബ്നുൽ ആസ്സി (റ) എന്നീ നേതാക്കന്മാരുൾപ്പെടെ മക്കായിലെ മുഴുവൻ ജനങ്ങളും ഹ: ആയിശാ (റ) യുടെ പ്രവർത്തനങ്ങൾക്കു് പിന്തുണ നൽകി. സാമ്പത്തിക ഭദ്രത കൈവരുത്തുന്നതിനായി ആദ്യമായി ബൈത്തുൽമാൽ പിടിച്ചെടുക്കണമെന്നും പിന്നീടു് ബസറായിലും, കൂഫയിലും, ഈജിപ്തിലും വിപ്ലവം സൃഷ്ടിച്ചു് അവിടങ്ങളിലെ ജനങ്ങളെ തങ്ങളുടെ പക്ഷത്തു് ചേ

ക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടി അവർ മക്കായിൽനിന്നും സൈന്യസമേതം പുറപ്പെട്ടു.

ഇറാഖ് യാത്ര

മക്കായിലെ സന്നാഹങ്ങളെക്കുറിച്ച് ഹ: അലി (ക. വ.) ക്ക് വിവരം ലഭിച്ചു. ഉടൻതന്നെ ഇറാഖിലെത്തി ബൈത്തുൽമാലിനെ സംരക്ഷിക്കണമെന്നും അദ്ദേഹം തീരുമാനിച്ചു. എന്നാൽ അൻസാരി നേതാക്കന്മാർ അദ്ദേഹത്തോട് പോകരുതെന്നാവശ്യപ്പെട്ടു. ഖലീഫ തലസ്ഥാനനഗരി വിട്ടുപോകരുതെന്നും സൈന്യാധിപന്മാരെ അയച്ച് ശത്രുക്കളെ എതിർത്താൽ മതിയെന്നുമാണ് അൻസാരികളുടെ നേതാവുമായ ഹ: അബ്ബത്തുബ്നുആമിർ (റ) ഖലീഫയോട് ആവശ്യപ്പെട്ടതു. എത്ര വലിയ യുദ്ധങ്ങൾ നടന്നിട്ടും ഹ: ഉമർ (റ) തലസ്ഥാനം വിട്ടുപോയിട്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അവരുടെ നിർദ്ദേശങ്ങൾക്ക് ഹ: അലി (ക. വ.) നൽകിയ മറുപടി ഇപ്രകാരമായിരുന്നു. 'നിങ്ങൾ പറഞ്ഞതു ശരിയാണു. എന്നാൽ ശത്രുക്കൾ ഇറാഖ് കൈവശമാക്കുന്നപക്ഷം വലിയ വിഷമങ്ങൾ നമുക്ക് അനുഭവിക്കേണ്ടിവരും. ബൈത്തുൽമാലിന്റെ സംരക്ഷണത്തിനു ഞാൻ അവിടെ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണു.'

വമ്പിച്ച ഒരു സൈന്യത്തിന്റെ അകമ്പടിയോടുകൂടി ഹ: അലി (ക. വ.) ഇറാഖിലേക്ക് പുറപ്പെട്ടു ഖലീഫയുടെ സൈന്യം 'ദീഖാർ' എന്ന സ്ഥലത്തെത്തിയപ്പോൾ ഹ: തൽഹത്തു(റ)വും ഹ: സുബൈർ(റ)വും ബസറയിൽ എത്തിച്ചേർന്നിട്ടുള്ളതായും അവിടത്തെ ജനങ്ങളെ അവരുമായി ബൈഅത്തു ചെയ്യിച്ചതായും ഹ: അലി (ക) ക്ക് അറിവു കിട്ടി.

പുതുനെ കൂഫയിലേക്കയക്കുന്നു

ഹ: അലി (ക) യുടെ സൈന്യം 'ദീഖാറിൽ' തന്നെ പാളയമടിച്ചു. കൂഫയിലെ ജനങ്ങളെ തങ്ങളുടെ അണിയിലേക്ക് കൊണ്ടുവരുന്നതിനായി ഹ: അലി (ക) സ്വപുത്രനായ ഇമാംഹസ്സൻ (റ) വിനെ അങ്ങോട്ടയച്ചു. ഭരണാധികാരിയായ ഹ: അബൂമൂസാഅശ്അരി (റ) വമ്പിച്ച ഒരു സൈന്യത്തിനെ അഭിമുഖീകരിച്ചു പ്രസംഗിക്കുന്ന ഒരു കാഴ്ചയാണ് ഹ: ഇമാംഹസ്സൻ (റ) വിന് കൂഫയിൽ എത്തിക്കഴിഞ്ഞപ്പോൾ കാണാൻ കഴിഞ്ഞതു. ഹ: അമ്മാർ ബ്നുയാസീറും ഇമാംഹസ്സൻ (റ) വും അനുഗമിച്ചിരുന്ന 'റസൂൽ (സ) മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്ന ആ കുഴപ്പം ഇപ്പോൾ ഇതാ നമ്മുടെ തലക്കുമുകളിൽ എത്തിയിരിക്കുന്നു. അതുകൊണ്ട് നാമിപ്പോൾ ആയുധങ്ങളെ വലിച്ചെറിഞ്ഞിട്ട് ഏകാന്തവാസം അനുഷ്ഠിക്കുകയാണ് വേണ്ടതു. 'കലാപാവസരങ്ങളിൽ ഉറങ്ങുന്നവൻ ഇരിക്കുന്നവനേക്കാളും, ഇരിക്കുന്നവൻ നടക്കുന്നവനേക്കാളും നല്ലവനായിരിക്കും എന്നു റസൂൽ (സ) പറഞ്ഞിട്ടുണ്ട്.' ഹ: അബൂമൂസാഅശ്അരി (റ) പ്രസംഗിക്കുകയായിരുന്ന ഹ: ഇമാംഹസ്സൻ (റ) മസ്ജിദിലേക്ക് കയറിച്ചെന്നിട്ട് അബൂമൂസാഅശ്അരീ (റ) യോട് പറഞ്ഞു: 'നിങ്ങളും നിങ്ങളുടെ മസ്ജിദിൽനിന്നും പുറത്തിറങ്ങി ഇഷ്ടമുള്ള സ്ഥലത്തേക്ക് പൊയ്ക്കൊള്ളുക. തുടനും ഖലീഫ നൽകേണ്ട സഹായങ്ങളെപ്പറ്റിയും അതിന്റെ ആവശ്യകതയെപ്പറ്റിയും ഹ ഇമാംഹസ്സൻ (റ) ജനങ്ങളോട് സംസാരിച്ചു ഹജ്ബ'നുഅദീകന്തി ഹ: ഇമാംഹസ്സൻ (റ) വിനെ പിന്താങ്ങി കൂഫയിലെ ഏറ്റവും സ്വാധീനശക്തിയുള്ള ഒരു മനുഷ്യനായിരുന്ന ഹജ്റബ്നുഅദീകന്തി അയാൾ ജനങ്ങളോട് വിളിച്ചുപറഞ്ഞു 'ജനങ്ങളെ! അമീറുൽമുഅ്മിനീൻ സ്വപുത്രനെ അയച്ച് നിങ്ങളെ ക്ഷണിക്കുന്നതു നിങ്ങൾ സ്വീകരിക്കണം. ഹൈദരി പതാകയിൻ കീഴിൽ അണിനിര

ന്നു നിങ്ങളും ഈ കലാപത്തെ എതിർക്കണം. ഞാനിതാ പുറപ്പെടുന്നതിനു സന്നദ്ധനായിരിക്കുന്നു.' ഇമാം ഹസ്സന്റേയും, ഹുജ്‌റിന്റേയും പ്രസംഗങ്ങളും ജനങ്ങളെ വല്ലാതെ ആകർഷിച്ചു. ഖലീഫക്കുവേണ്ടി എന്തും ത്യാഗം സഹിക്കുന്നതിനും ജനങ്ങളും തയ്യാറായി മുന്നോട്ടു വന്നു. അടുത്ത ദിവസം പ്രഭാതത്തിൽ പതിനായിരത്തോളം ആളുകളെ സംഘടിപ്പിച്ചുകൊണ്ടു ഇമാം ഹസ്സൻ (റ) ദീഖാറിലേക്കു പുറപ്പെട്ടു. ദീഖാറിലെത്തി ഹ: അലി (ക) യുടെ സൈന്യവുമായി ചേർന്നു ബസറായിലേക്കു മാർച്ചു ചെയ്തു. മുന്നു മേരികളിലായിട്ടാണു ബസറായിലെ ജനങ്ങളും നിലകൊണ്ടിരുന്നതു. ഒരു വിഭാഗം ജനങ്ങളും ഹ: അലി (ക. വ.) യെ അനുകൂലിച്ചപ്പോൾ മറൊരു വിഭാഗം ഹ: ആയിഷ (റ) യുടേയും ഹ: തൽഹത്തു (റ) വിന്റേയും പ്രവർത്തനങ്ങളോടാണു കൂറു പുലർത്തിയിരുന്നതു. നിഷ്പക്ഷത പാലിച്ച ഒരു പെരിയ വിഭാഗം വേറെയുമുണ്ടായിരുന്നു. പക്ഷെ ഒരു യുദ്ധം കൂടിയേ കഴിയൂ എന്ന നിർബ്ബന്ധം ഇരുകൂട്ടരിലുമില്ലായിരുന്നു. ഒരു യുദ്ധത്തിനു ഇടവരുത്താതെ ഭിന്നിപ്പുകളും പറഞ്ഞവസാനിപ്പിക്കണമെന്നുതന്നെയായിരുന്നു ഹ: ആയിഷാ (റ) യുടേയും, ഹ: അലി (ക. വ.) യുടേയും ആഗ്രഹം. തന്മൂലം സന്ധിസംഭാഷണത്തിനുള്ള കളമൊരുക്കപ്പെട്ടു. പക്ഷെ യുദ്ധം തന്നെ, വേണമെന്നു നിർബ്ബന്ധമുള്ള ചില തല്പരകക്ഷികളും ഇരുഭാഗത്തുമുണ്ടായിരുന്നുവെന്നതാണു പരമാർത്ഥം. ഹ: ഉസ്മാൻ (റ) വിന്റെ ഘാതകന്മാരായ സബായിസംഘത്തിലെ വിപ്ലവകാരികളും ഹ: അലി (ക. വ.) യുടെ സൈന്യത്തിലും നുഴഞ്ഞുകയറി സ്ഥാനം പിടിച്ചിരുന്നു. എന്നാൽ ബാഹുല്യമുള്ളതുകൊണ്ടു ഹ: ആയിഷാ (റ) യുടെ ഭാഗത്തും ഉണ്ടായിരുന്നു.

ഒരു അർദ്ധരാത്രി സബായിസംഘം ഹ: ആയിശാ (റ) യുടെ സൈന്യസങ്കേതത്തെ ആക്രമിച്ചു. ശത്രുക്കൾ തങ്ങളെ വഞ്ചിക്കയാണു ചെയ്തതെന്നു ഇരുകൂട്ടരും പരസ്പരം തെറ്റിദ്ധരിച്ചു. ഹ: ആയിശാ (റ) ഒരു ഒട്ടകപ്പുറത്തു കയറി തന്റെ സൈന്യസങ്കേതത്തിലേക്കു തിരിച്ചു. സപക്ഷക്കാരെ സമാധാനിപ്പിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. ഹ: അലി (ക.വ.) യും തന്റെ ഭാഗത്തുള്ളവരെ തടഞ്ഞു. പക്ഷെ ഒന്നും ഫലിച്ചില്ല. അപ്പോഴേക്കും വിപ്ലവം പടർന്നുകഴിഞ്ഞിരുന്നു. ഹ: ആയിശാ (റ) യുടെ സാന്നിദ്ധ്യം സൈനികർക്കു വീര്യം പകർന്നുകൊടുത്തു. കാലാൾ സേനയെ നയിച്ചിരുന്നതു അബ്ദുല്ലാഹിബ്നുസുബൈറും അശ്വസൈന്യത്തിന്റെ മുന്നണിയിൽ നിന്നിരുന്നതു ഹ: തൽഹത്തു (റ) യും ആയിരുന്നു.

ജമൽയുദ്ധം

യുദ്ധം തുടർന്നു കൊണ്ടിരിക്കുകയാണു. ഹ: അലി (ക.വ.) ഒരു കുതിരപ്പുറത്തുകയറി സൈന്യമദ്ധ്യത്തിലേക്കു പാഞ്ഞുചെന്നു. ഹ: സുബൈർ (റ) വിനോടു അദ്ദേഹം ഉച്ചത്തിൽ വിളിച്ചു ചോദിച്ചു: 'അബൂഅബ്ദില്ല! ഒരിക്കൽ നബി (സ) നിങ്ങളോടു, അലി (ക.വ) യെ നിശ്ചയം സഖാവാക്കുമോന്നു ചോദിച്ചതും 'അതെ' എന്നു നിങ്ങൾ മറുപടി നല്കിയതും നിങ്ങൾ മറന്നിട്ടില്ലല്ലോ. അന്യായമായി നിശ്ചയം അലി (ക.വ.) യോടു യുദ്ധം ചെയ്യുമെന്നു പ്രവാചകൻ നിങ്ങളോടു പറഞ്ഞതും നിങ്ങൾ കാണുന്നില്ലേ?' ഇതുകേട്ടതോടുകൂടി ഹ: സുബൈർ (റ) വിന്റെ ചിന്തകൾ ഭൂതകാലത്തിലേക്കു പാഞ്ഞുചെന്നു. നബി (സ) യുടെ വചനങ്ങൾ അദ്ദേഹത്തിനോർമ്മിക്കാൻ പ്രയാസമുണ്ടായില്ല. സപത്നിയായ അബ്ദുല്ലാ (റ)യെ വിളിച്ചു അദ്ദേഹം പറഞ്ഞു. 'അലി (ക.വ.) ഓർമ്മിപ്പിച്ച നബി (സ) യുടെ വചനങ്ങൾ

എന്നെ ദുർബ്ബലനാക്കരുത്. അവ എന്നിൽ ബോധമുളവാക്കുന്നത് നിശ്ചയമായിട്ടും നാം സത്യത്തിലല്ല നിലകൊള്ളുന്നത്. നീ എന്നോടൊത്തു വരണം. നമുക്ക് ഈ യുദ്ധത്തിൽ നിന്നും മോചനം നേടണം.' അബ്ദുല്ല വിസമ്മതിച്ചു. ഹ: സുബൈർ (റ) യുദ്ധരംഗത്തു നിന്നും പിന്മാറി. ഏകനായി അദ്ദേഹം ബസറായിലേക്കുപോയി. യാത്രക്കുവേണ്ട സാധനങ്ങളും ഒരുക്കി എങ്ങോട്ടെങ്കിലും സ്ഥലം വിടണമെന്നായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.

ഹ: സുബൈർ (റ) വിന്റെ തീരുമാനം ഹ: തൽഹത്തു് (റ) വിന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഈ സന്ദർഭത്തിൽ മർവാനുബ്നുഹക്കം തൽഹത്തു് (റ) വിന്റെ നേർക്ക് ഒരമ്പയച്ചു. ഉന്നം പിഴച്ചില്ല. വിഷലിപ്തമായ ആ അസ്ത്രം ഹ: തൽഹത്ത് (റ) വിന്റെ കാൽമുട്ടിൽ തറച്ചു. അധികസമയം കഴിയുന്നതിനുമുമ്പുതന്നെ തൽഹത്തു് മരണമടഞ്ഞു. യുദ്ധം ഉഗ്രമായിതീർന്നു. ഹ: ആയിശാ (റ) യും ഏതാനും അനുയായികളും മാത്രം ശേഷിച്ചു. അനുകൂലം വച്ചിട്ടുള്ള ഒരു കൂടാരത്തിലാണ് ഹ: ആയിശാ (റ) ഇരുന്നിരുന്നത്. സബായിക്കാർ അവരുടെ അടുത്തെത്തി. അവർ ഹ: ആയിശ (റ) യെ അപഹരിക്കുകയും ബന്ധനത്തിലാക്കാൻ ശ്രമിക്കയും ചെയ്തു. ഹ: ആയിശാ (റ) യെ സംരക്ഷിക്കാൻ അവരുടെ ഭടന്മാർ ശത്രുക്കളോടു് ധീരതയോടെ പൊരുതിനിന്നിരുന്ന കാഴ്ച ഹ: അലി (ക.വ) യെ പോലും അത്ഭുതപ്പെടുത്തി. ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചിരുന്ന ഹ: അബ്ദുല്ലാഹിബ്നുസുബൈർ (റ) മുറിവേറ്റു നിലത്തുവീണു. അദ്ദേഹത്തിനുപകരം വേറെ ഒരാൾ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചു. അയാളും മരണപ്പെട്ടു. പക്ഷെ ആരും ഭയന്നു നിന്നില്ല. ഒരാൾക്കുശേഷം മറ്റൊരാൾ മുന്നോട്ടുവന്നു് ഹ: ആയിശ (റ) യെ സംരക്ഷിക്കാൻ തയ്യാറായി. വളരെ പേർ ജീവൻ ബലിയർപ്പിച്ചു. വീര പരാക്രമിയായ അംബ്നുബഹ്റ ശത്രുസൈന്യത്തിൽനിന്നു് തന്നെ സമീപിച്ച കാരാഗൃഹത്തരേയും വകവരുത്തികൊണ്ടിരുന്നു. ഹ: അലി (ക.വ.) യുടെ അനുയായികളിൽ അധികം പേർ അയാളുടെ വാളിന്നിരയായി.

തികഞ്ഞ ആത്മധൈര്യത്തോടെ അടിപതറാതെ ബനൂസഖ്യ ഗോത്രക്കാർ ശത്രുക്കളെ ചെറുത്തുനിന്നു. അവസാനത്തെ അടവ് പ്രയോഗിച്ചു. ഒട്ടകത്തെ ഇരുത്താൻ ഹ: അലി (ക. വ.) നിർദ്ദേശം നല്കി. ഭടന്മാരിലൊരുവൻ തന്റെ വാൾകൊണ്ടു് ഒട്ടകത്തിന്റെ കാലിൽ വെട്ടി ശക്തിയായ ഒരലച്ചയോടെ ഒട്ടകം മുട്ടുകുത്തി. അതോടുകൂടി ഹ: ആയിഷാ (റ) ക്കു് പരാജയം സമ്മതിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഹ: അലി (ക. വ.) യുദ്ധത്തിൽ വിജയം നേടി. ആയിഷാ (റ) യുടെ സഹോദരനായ മുഹമ്മദുബ്നുഅബീബക്കർ ഹ: അലി (ക) യുടെ പക്ഷത്തായിരുന്നു. സഹോദരിയുടെ രക്ഷക്കുവേണ്ട സഹായങ്ങളും ചെയ്തുകൊടുക്കാൻ ഖലീഫ അദ്ദേഹത്തോടു പറഞ്ഞു. യുദ്ധരംഗത്തുനിന്നു് അഭയംതേടി ഓടിപോകുന്നവരെ പിൻതുടരുതെന്നും, മുറിവേറ്റുകിടക്കുന്നവർക്കു് വേണ്ട സഹായങ്ങളും നല്കാനും ഖലീഫ കല്പനനല്കി. പരാജിതരുടെ സ്വത്തുക്കളും കൈവശപ്പെടുത്തരുതെന്നും് അദ്ദേഹം അനുയായികളെ അറിയിച്ചു. മാത്രമല്ല ഹ: ആയിഷാ (റ) ക്കു് സംരക്ഷണം നല്കി ബസറായിൽ ഏതാനും ദിവസം താമസിപ്പിക്കുകയും, അതിനുശേഷം രാജോചിതമായ രീതിയിൽതന്നെ അവരെ മദീനത്തേക്കയക്കുകയും ചെയ്തു. മുഹമ്മദുബ്നുഅബീബക്കറും അവരെ അനുഗമിച്ചിരുന്നു. മദീനത്തേ

ക്ക് പുറപ്പെടുന്ന അവസരത്തിൽ ഹ: ആയിഷ (റ) ബസ്വറയിലെ ജനങ്ങളോടായി പറഞ്ഞു: 'എന്റെ സന്താനങ്ങളെ! പരസ്പരമുള്ള തെറ്റിദ്ധാരണകളാണ് ഈ കുഴപ്പങ്ങളൊക്കെ വരുത്തിയത്. ഞങ്ങൾ തമ്മിൽ യാതൊരു വഴക്കും ഉണ്ടായിരുന്നില്ല.' 'അപ്പോൾ ഹ: അലി (ക.വ.) പറഞ്ഞു: 'ഇവർ പറഞ്ഞതെല്ലാം ശരിയാണ്. ഇവർ നമ്മുടെ പ്രവാചകന്റെ പത്നിയും നമ്മുടെ മാതാവുമാണ്. ഇവരെ നാം ആദരിക്കണം.' ഹി: 35_ാം കൊല്ലം റജബ് മാസം ആദ്യത്തെ ശനിയാഴ്ചയായിരുന്നു അന്ന്. ഏതാനും ദിവസങ്ങൾക്കുശേഷം ഹ: അലി (ക.വ.) കൂഫയിലേക്കുമടങ്ങി. ഒരു വമ്പിച്ച സ്വീകരണത്തിനുള്ള ഏർപ്പാടുകൾ ജനങ്ങൾ ചെയ്തിരുന്നു. അവരുടെ സ്വീകരണങ്ങളിൽ പങ്കെടുക്കാൻ അദ്ദേഹം സമ്മതിച്ചില്ല. അദ്ദേഹം പറഞ്ഞു: 'ഉമറുബ്നുൽഖത്താബ് (റ) മണിമന്ദിരങ്ങളെ ഇഷ്ടപ്പെട്ടിരുന്നില്ല. ഞാനും അവ ആഗ്രഹിക്കുന്നില്ല. എനിയ്ക്കീമൈതാനം ധാരാളമാണ്.'

ജമൽ യുദ്ധത്തിനുശേഷം ഹ:അലി (ക.വ.) ഭരണസംവിധാനത്തിൽ പല മാറ്റങ്ങളും വരുത്തി. ഖിലാഫത്തിന്റെ തലസ്ഥാനം ഹിജാസിൽനിന്ന് ഇറാഖിലേക്ക് മാറ്റി. ബസ്വറയിലെ ഗവണ്ണറായി ഹ: അബ്ദുല്ലാഹിബ്നു സലിമ് (റ) വിനെ നിയമിച്ചു. യസീദുബ്ന കൈസിയെ മദീനയിലും, മുഹമ്മദുബ്ന സലിമിനെ ഈസ്വഹാനിലും, മുഅ്ത്തമുബ്ന ഇജ്‌ലാൻസ്വിയെ കിസ്കറിലും, റബീഉബ്ന കാസിനെ സിജിസ്ഥാനിലും, ഖലീദുബ്ന കാസിനെ ഖുറാസാനിലും ഭരണാധികാരികളാക്കി നിയമിച്ചു. ഖുറാസാനിലേക്ക് നിയമിതനായ ഖലീദ് അവിടെ എത്തിയപ്പോൾ കിസ്രാരാജകുടുംബത്തിൽപ്പെട്ട ഒരു സ്ത്രീ നിശാപൂരിൽ ഖലീഫക്കെതിരായി പ്രവർത്തിക്കുന്നുണ്ടെന്ന വിവരം അറിഞ്ഞു. ഉടനെ തന്നെ അദ്ദേഹം അതിനെതിരായി സൈനികനടപടി സ്വീകരിക്കുകയും മുളയിലെ തന്നെ വിപ്ലവത്തിന്റെ കുമ്പ് നശിപ്പിക്കുകയും ചെയ്തു. സ്ത്രീയെ ഖലീഫയുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. ഖലീഫ ആ സ്ത്രീയെ യഥോചിതം സ്വീകരിച്ചു ബഹുമാനിച്ചു. ഇമാം ഹസ്സൻ (റ) വിനെകൊണ്ട് അവരുടെ മകളെ വിവാഹം ചെയ്യിക്കാൻ താൻ സന്നദ്ധനാണെന്ന് അദ്ദേഹം അവരോട് പറഞ്ഞു. പ്രതീക്ഷിക്കാത്ത ഒരു മറുപടിയാണ് ഹ: അലി (ക. വ.) ക്ക് അതിന് നേരിടേണ്ടി വന്നത്. ഖലീഫക്ക് തന്നെ വിവാഹം കഴിക്കാൻ ഇഷ്ടമാണെങ്കിൽ തനിക്കും അതിനു സമ്മതമാണെന്നായിരുന്നു അവരുടെ മറുപടി ഹ: അലി (ക. വ.) ക്ക് അതു സ്വീകാര്യമായില്ല. അദ്ദേഹം അവരെ സ്വതന്ത്രയാക്കി വിട്ടു.

ജസീറ, മൂസൽ, ശാം എന്നിവിടങ്ങളിലെ ഭരണാധികാരം ഏൽപിച്ചിരുന്നത് അശ്അർ നഖ്ഇനെയായിരുന്നു. ശാമിൽചെന്നശേഷം അദ്ദേഹം ചില സ്ഥലങ്ങൾ കൈവശപ്പെടുത്തിയെങ്കിലും സഹാക്കുബ്നുഖൈസുമായി ഏതിരിടേണ്ടി വന്നതിനാൽ ശാമിൽ നിന്നും തിരിച്ചുപോരാൻ നിർബ്ബന്ധിതനായി.

സമാധാനത്തിന്റെ ശബ്ദം

ഹ: അലി (ക. വ.) സമാധാനമാണ് കാംക്ഷിച്ചിരുന്നത്. പക്ഷെ ഭീഷണികൾക്ക് വഴങ്ങിക്കൊടുക്കാൻ അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. ഖലീഫ ഒരിക്കൽകൂടി മുആവിയ (റ) യുടെ അടുക്കലേക്ക് ഒരു ദൂതനെ അയച്ചു. മുആവിയ (റ) ക്ക നല്ലാനായി ഒരു കത്തും അദ്ദേഹം ദൂതനെ ഏൽപിച്ചിരുന്നു. ജൂരയിറുബ്ന അബ്ദുല്ലാ (റ) യായിരുന്നു അയക്കപ്പെട്ട ദൂതൻ. ജൂരയിറ്, മുആവിയ (റ) യുടെ വസതിയിലെത്തി, മുആവിയ (റ) തന്റെ

ഉപദേശികളുമായി കാര്യാലോചന മുറിയിൽ ഇരിക്കുകയായിരുന്നു. ജൂറയിവ് അങ്ങോട്ട് കയറിച്ചെന്നു. കത്ത് മുആവിയ (റ) യെ ഏല്പിച്ചു. അദ്ദേഹം കത്ത് തന്റെ സ്നേഹിതക്ക് കേൾക്കത്തക്കവിധം ഉറക്കെ വായിച്ചു. കത്തിലെ സാരാംശം ഇതായിരുന്നു. 'എന്നെ ഐകകണ്ഠ്യേനയാണ് ഖലീഫയായി തിരഞ്ഞെടുത്തത്. എന്നെ അനുസരിക്കേണ്ടത് നിങ്ങളുടെ ധർമ്മമാണ്. കലഹങ്ങളെ അടിച്ചമർത്തേണ്ടതും അക്രമികളെ നിലക്കു നിർത്തേണ്ടതും എന്റെ കടമയായി ഞാൻ കരുതുന്നു. അതുകൊണ്ട് മഹാജിറുകളുടേയും അൻസാരികളുടേയും മാതൃക സ്വീകരിച്ച് എനിക്ക് ബൈഅത്ത് ചെയ്യുകയായിരിക്കും നിങ്ങൾക്കു നല്ലത്. എന്നെ അനുസരിക്കാൻ നിങ്ങൾ തയ്യാറായില്ലെങ്കിൽ ഒരു യുദ്ധത്തിനു നിങ്ങൾ തയ്യാറായിക്കൊള്ളുക. ഉസ്മാൻ (റ) വിന്റെ മരണത്തിൽനിന്ന് മുതലെടുപ്പു നടത്തുകയാണ് നിങ്ങൾ ചെയ്യുന്നത്. ഉസ്മാൻ (റ) വിന്റെ ഘാതകരെ കണ്ടുപിടിച്ച് ശിക്ഷിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹമാണ് നിങ്ങൾക്കുള്ളതെങ്കിൽ നിങ്ങൾ എനിക്കു കീഴടങ്ങുകയാണ് വേണ്ടത്. വഞ്ചനയുടെ മാർഗ്ഗമാണ് നിങ്ങൾ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം.'

വിപ്ലവത്തിലൂടെ ഒരു സ്വതന്ത്രഭരണാധികാരിയാകാൻ മോഹിച്ച മുആവിയ ഈ കത്തുകൊണ്ടൊന്നും ഭയപ്പെട്ടില്ല. പോരെങ്കിൽ പലരും അദ്ദേഹത്തെ സഹായിക്കാൻ തയ്യാറാവുകയും ചെയ്തിരുന്നു. ഖലീഫയാൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാരെല്ലാം മുആവിയയുടെ കാൽക്കൽ ശരണം പ്രാപിച്ചിരുന്നു. മുആവിയയുടെ വ്യക്തിപരമായ കഴിവിനെ മാനിച്ച് പല അറബിഗോത്രക്കാരും അദ്ദേഹത്തിന്റെ പിന്നിലുണ്ടായിരുന്നു. മിസ്‌റിലെ ഭരണാധികാരിയായിരുന്ന അംറബ്‌നു ആസി (റ) തന്റെ അധികാരസ്ഥിരതക്കുവേണ്ടി മുആവിയയുമായി ഒരു കരാറിലേർപ്പെട്ടിരുന്നു. പ്രശസ്ത ഭരണതന്ത്രജ്ഞനെന്നറിയപ്പെട്ടിരുന്ന ഹ: മുഗീറത്തുബ്‌നു ശഅ്ബ (റ) യും മുആവിയയെ അനുകൂലിച്ചിരുന്നു. ഹ: ഉമർ (റ) വിന്റെ പുത്രനായ ഉബൈദുല്ലയും മറ്റൊരു പ്രസിദ്ധ ഭരണകാര്യവിദഗ്ധനായ സിയാദുബ്‌നു ഉമയ്യായും അമീർ മുആവിയായുടെ ഭാഗത്തായിരുന്നു. പൊതുവെ ശാമിലെ ജനപ്രതിനിധികളുടെ പിൻതുണ മുആവിയ (റ) ക്കായിരുന്നു. ജനങ്ങളെ തന്റെ പക്ഷത്തേക്ക് പരിപൂർണ്ണമായി കൊണ്ടു വരുന്നതിനുള്ള പല പദ്ധതികളും അദ്ദേഹം ആസൂത്രണം ചെയ്യുകയും, പ്രവർത്തനം തുടങ്ങുകയും ചെയ്തു. ഹ: ഉസ്മാൻ (റ) വിന്റെ രക്തപങ്കിലമായ വസ്ത്രങ്ങളും ഹ: നാഇല (റ) യുടെ മുറിഞ്ഞുവീണ മൂന്നു കൈവിരലുകളും പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ച് ജനങ്ങളുടെ മനസ്സിൽ വേദനയുളവാക്കി അവരെ ഹ: അലി (ക) ക്കെതിരായി അണി നിരത്തുകയായിരുന്നു മുആവിയാ ആവിഷ്കരിച്ച ഒരു പരിപാടി.

ഖലീഫയുടെ കത്തിനു മറുപടി അയക്കാൻ മുആവിയാ തീരുമാനിച്ചു. അബൂമൂസ്‌ലിം (റ) കത്ത് ഖലീഫയെ ഏല്പിച്ചതിനുശേഷം ഇങ്ങിനെ പറഞ്ഞു: 'ഉസ്മാൻ (റ) വിന്റെ ഘാതകന്മാരെ ഞങ്ങളെ ഏല്പിക്കുന്ന പക്ഷം ശാമിലെ ജനങ്ങളും മുഴുവനും അങ്ങയുടെ ഹസ്തങ്ങളിൽ ബൈഅത്ത് ചെയ്യാൻ തയ്യാറാണ്. ഖിലാഫത്തിന്റെ യഥാർത്ഥ അവകാശി അങ്ങുതന്നെയാണെന്നും ഞങ്ങൾക്കറിയാം.'

ഇതുതന്നെയായിരുന്നു മുആവിയ എഴുതിയ കത്തിലേയും സാരാംശം. അടുത്തദിവസം രാവിലെ മറുപടി നല്കാമെന്ന് ഖലീഫ അബൂമൂസ്‌ലിം (റ) വിനോട് പറഞ്ഞു. എ

ന്നാൽ ഭീകരമായ ഒരു കാഴ്ചയാണു് അടുത്ത പ്രഭാതത്തിൽ അബൂമൂസ്‌ലിം (റ) വിന്നു് ദർശിക്കാൻ കഴിഞ്ഞതു്. പതിനായിരത്തോളം ഭടന്മാർ ആയുധധാരികളായി തയ്യാറായി നില്ക്കുന്നു. 'തങ്ങളാണു് ഹ: ഉസ്മാൻ (റ) വിന്റെ ഘാതകന്മാർ' അന്തരീക്ഷം ഭേദിക്കുമാറു് അവർ വിളിച്ചുപറഞ്ഞു. അബൂമൂസ്‌ലിം (റ) നിശ്ചലനായി നിന്നുപോയി. 'ഇവർ എന്തോ ഗൂഢാലോചനയിൽ ഏർപ്പെട്ടിരിക്കുകയാണെന്നു് അബൂമൂസ്‌ലിം (റ) ഖലീഫയോടു് പറഞ്ഞു. ഹ: അലി (ക) അതിനു് ഇപ്രകാരം മറുപടി നൽകി. 'ഉസ്മാൻ (റ) വിനെ വധിച്ചവരുടെ കാര്യത്തിൽ എനിക്കു് എത്രത്തോളം പങ്കുണ്ടെന്നു് ഇക്കാര്യത്തിൽനിന്നു് നിങ്ങൾക്കു് മനസ്സിലാക്കാമല്ലോ.'

മത്സരത്തിൽനിന്നു് പിന്മാറി നാട്ടിൽ സമാധാനം സ്ഥാപിക്കാൻ തന്നോടൊത്തു പ്രവർത്തിക്കാൻ ഹ: അലി (ക) വീണ്ടും മുആവിയയോടാവശ്യപ്പെട്ടു. സന്ധിസംഭാഷണങ്ങൾക്കു് പലവട്ടം അദ്ദേഹം ശ്രമിച്ചു. യാതൊന്നും ഫലിച്ചില്ല. മനുഷ്യരക്തത്തിന്റെ സ്വാദു് ആസ്വദിച്ചതു് ഭ്രമിക്കു് മതിയായിരുന്നില്ല. ഒരു യുദ്ധത്തിനുള്ള ഒരുക്കങ്ങൾക്കു് അലി (ക) നിർബ്ബന്ധിതനായിത്തീർന്നു. വമ്പിച്ച ഒരു സൈന്യത്തെ ഹ: അലി (ക) തയ്യാറാക്കി. എൺപതിനായിരത്തിൽ പരം രണവീരന്മാരോടുകൂടി അദ്ദേഹം ശാമിലേക്കു് പുറപ്പെട്ടു.

സിഫ്ഫീൻ യുദ്ധം

ഹ: അലി (ക) യുടെ സൈന്യം ശാമിന്റെ അതിർത്തിയിൽ എത്തിയപ്പോൾ മുആവിയായുടെ സൈന്യം അവരെ തടഞ്ഞു. അബൂൽഅഅ്‌വർസൽമിയായിരുന്നു മുആവിയായുടെ സൈന്യത്തെ നയിച്ചിരുന്നതു്. സിയാദുബ്നുനള്റും, ശുറൈഹുബ്നുഹാനിയും ആയിരുന്നു ഖലീഫയുടെ ഭടന്മാരുടെ നേതാക്കൾ. രണ്ടു സൈന്യങ്ങളും ഏറെനാളുകൾ അശ്അർനുബ്നുഖൈസിന്റെ നേതൃത്വത്തിൽ ഖലീഫയുടെ വേറൊരു സൈന്യസംഘവും അവിടെ എത്തി. യുദ്ധത്തിൽ പരാജയപ്പെടുമെന്നു് ഉറപ്പായപ്പോൾ അബൂൽഅഅ്‌വർ കുരിശുപള്ളിൽ ഓടിമറഞ്ഞു. മുആവിയാ മടിച്ചുനിന്നില്ല. അദ്ദേഹം ഉടനെതന്നെ സൈന്യത്തോടുകൂടി പുറപ്പെട്ടു് സിഫ്ഫീനിൽ താവളമടിക്കുകയും യുദ്ധമുഖപ്രധാനങ്ങളായ സ്ഥലങ്ങളിൽ ഭടന്മാരെ കാവൽ നിറുത്തുകയും ചെയ്തു. അടുത്തുള്ള നദീതീരത്തിൽ അബൂൽഅഅ്‌വർ സൽമിയെ ഒരു വലിയ സൈന്യത്തോടെ കാവലുറപ്പിച്ചു. ഖലീഫയുടെ ഭടന്മാർക്കു് ഒരു തുള്ളി വെള്ളം പോലും ലഭിക്കരുതെന്നായിരുന്നു അവരുടെ ഉദ്ദേശം.

വെള്ളത്തിനുവേണ്ടിയുള്ള സമരം

ഖലീഫയുടെ സൈന്യവും സിഫ്ഫീനിൽ എത്തി. മുആവിയായുടെ ആഗ്രഹംതന്നെ വിജയിച്ചു. വെള്ളം ലഭിക്കാതെ ഖലീഫയുടെ സൈന്യം വളരെ വിഷമിച്ചു യുദ്ധം ചെയ്തു് നദീതീരം കൈവശമാക്കാൻ ഹ: അലി (ക.വ.) കല്പനനല്കി. ഖലീഫയുടെ സൈന്യത്തിൽനിന്നു് കുറച്ചുപേർ നദീതീരത്തേക്കു് നടന്നു. അമീർമുആവിയായുടെ സൈന്യം അവരുടെ നേർക്കു് അമ്പുകൾ വർഷിക്കാൻ തുടങ്ങി. ഹ: അലി (ക.വ.) യുടെ സൈന്യം സംഘടിച്ചു് മുആവിയായുടെ സൈന്യത്തെ നേരിട്ടു. ഈ അവസരത്തിൽ അബൂൽഅഅ്‌റിനെ സഹായിക്കാനായി അംറുബ്നുആസി (റ) എത്തി. പക്ഷെ ഖലീഫയുടെ സൈന്യത്തെ അധികനേരം തടുത്തുനില്ക്കാൻ അബൂൽഅഅ്‌റിനു് കഴിഞ്ഞില്ല. മുആവിയായുടെ ഭടന്മാർ ക്ഷീണിതരായി, അവരുടെ കാലുകൾ ഇടറി. ഖലീഫയുടെ ഭടന്മാർ നദീതീ

രം പിടിച്ചെടുത്തു. 'താൻ കഴിച്ചകഴിയിൽ താൻ തന്നെ ചാടും' എന്നപൊല്ല് അമീർമുആവിയായെ സംബന്ധിച്ച് ഒരു സത്യമായിതീർന്നു. പിന്നീട് അമീർമുആവിയായുടെ ഭടന്മാർക്കാണ് വെള്ളം ലഭിക്കാൻ സാദ്ധ്യമാകാതെവന്നത്. പക്ഷെ ഹ: അലി (ക.വ.) അമീർമുആവിയായെപോലെ അത്രനിർദ്ദയനല്ലായിരുന്നു. അദ്ദേഹം, പുഴയിൽനിന്നു വെള്ളം എടുക്കാൻ എല്ലാവരെയും അനുവദിച്ചു. രണ്ടുവിഭാഗത്തിലേയും ഭടന്മാർ സഹകരിച്ചുകൊണ്ട് പുഴയിൽ പോവുകയും വരികയും പതിവായിതീർന്നു. അവരുടെ സഹകരണം ഒരു ഒത്തുതീപ്പിനു വഴി തെളിയിക്കുമെന്നു പലരും പ്രതീക്ഷിച്ചു.

തകർന്ന പ്രതീക്ഷ

യുദ്ധം നടത്തണമെന്നോ, രക്തച്ചൊരിച്ചിൽ സൃഷ്ടിക്കണമെന്നോ ഹ: അലി (ക.വ.)ക്ക് ആഗ്രഹമുണ്ടായിരുന്നില്ല. ഒത്തുതീപ്പിനു വേണ്ടി പലവട്ടം അദ്ദേഹം ശ്രമിച്ചുനോക്കി. ബിശ്റുബ്നുഅംറിബ്നുമുഹ്സിൻഅൻസാരി, സഈദുബ്നുഖൈസ്ഹമദാനി, ശബത്തുബ്നുറബ്ഈ എന്നിവരെ ഖലീഫ മുആവിയായുടെ അടുക്കലേയ്ക്കയച്ചു സമാധാനപ്രേമികളായ പണ്ഡിതന്മാർ ഇരുകക്ഷികളിലുമുണ്ടായിരുന്നു. അവരും ഒരൊത്തുതീപ്പുണ്ടാകാനായി അനവരതം പരിശ്രമിച്ചു. അങ്ങിനെ മൂന്നുമാസകാലം കടന്നുപോയി. അവസാനം എല്ലാപ്രതീക്ഷകളും നശിച്ചു. യുദ്ധം തുടങ്ങാതെ നിവൃത്തിയില്ലെന്നുവന്നു.

യുദ്ധവും സന്ധിയും

ആദ്യമാദ്യം വളരെ മന്ദഗതിയിലായിരുന്ന യുദ്ധം നടന്നതു്. പ്രഭാതത്തിലും, സായാഹ്നത്തിലുമായി ദിവസത്തിൽ രണ്ടു തവണ ഭടന്മാർ ഏറ്റുമുട്ടിക്കൊണ്ടിരുന്നു. വളരെ പേരെ കൊന്നിട്ട്, വളരെ പേരെ 'കൊല്ലാതെ കൊന്നിട്ട്' അവർ താവളങ്ങളിലേക്ക് മടങ്ങുന്ന ഇങ്ങിനെയായിരുന്നു യുദ്ധത്തിന്റെ ആരംഭം. കുറേ നാൾ ഈ നില തുടർന്നു. റജബ്മാസത്തോടുകൂടി ഇരു കൂട്ടരും ആക്രമണം നിറുത്തി വെച്ചു. പിന്നീടുള്ള മംസങ്ങളുടെ പരിശുദ്ധിയെ കണക്കാക്കിയാണ് അവർ അങ്ങിനെ ഒരു തീരുമാനമെടുത്തതു്. ഇതോടുകൂടി സന്ധിസംഭാഷണത്തിനുള്ള മറെറാരവസരം കൂടി കൈവന്നു. ഹ: അബ്ദുല്ലാഹ് (റ) വും, ഹ: അബൂഉമാമത്തുൽബാഹിലി (റ) യും സന്ധിസംഭാഷണത്തിന്നായി മുആവിയായെ ചെന്നു കണ്ടു. ഉസ്മാൻ (റ) അക്രമമായി വധിക്കപ്പെട്ടിരിക്കുകയാണെന്നും, അദ്ദേഹത്തിന്റെ ഘാതകരെ തന്നെ ഏല്പിക്കുകയാണെങ്കിൽ ബൈഅത്ത് ചെയ്യാൻ താൻ ഒരുക്കമാണെന്നുമുള്ള പഴയ പല്ലവി തന്നെ മുആവിയാ ആവർത്തിച്ചു. ഹ: അബൂദർദാഅ് (റ), ഹ: അബൂഉമാമ (റ) എന്നിവർ മുആവിയായുടെ അടുക്കൽനിന്നും മടങ്ങി ഹ: അലി (ക) യെ സന്ദർശിച്ച് ചർച്ച ചെയ്തു. ഭടന്മാർ ഈ വിവരങ്ങൾ അറിഞ്ഞു. അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: 'ഞങ്ങളെല്ലാം ഉസ്മാന്റെ ഘാതകരാണ്.' സന്ധിസംഭാഷണത്തിന്നുവന്ന രണ്ടുപേരും പിന്നീടവിടെ അല്പംപോലും നിന്നില്ല. അവർ സൈനികത്താവളം വിട്ടുപോയി.

നീണ്ട കുറെ മാസങ്ങൾ കടന്നുപോയി. സഫർമാസം ആദ്യത്തിൽ യുദ്ധം വീണ്ടും തുടങ്ങി. ഉഗ്രമായ ഒരു യുദ്ധമായിരുന്നു അതു്. എണ്ണമറെറ മനുഷ്യാത്മാക്കൾ ജീവൻ വെടിഞ്ഞു. ആയിരക്കണക്കിനു് സ്ത്രീരത്നങ്ങൾ വിധവകളായി. പിഞ്ചുകുഞ്ഞുങ്ങൾ അനാഥരായി വിലപിച്ചു. എന്നിട്ടും ഒരു തീരുമാനവും ഉണ്ടായില്ല. അവസാനത്തെ ശക്തി പരീക്ഷണത്തിനു് തയ്യാറെടുക്കാൻ ഹ: അലി (ക.വ.) ഭടന്മാർക്ക് ആഹ്വാനം നല്കി. 'ഒന്നുകിൽ വി

ജയം അല്ലെങ്കിൽ മരണം' എന്ന മുദ്രാവാക്യത്തോടെ അവർ മുന്നേറി. തടുക്കാനാവാത്ത മുന്നേറ്റത്തിന്നെതിരെ മുആവിയായുടെ ഭടന്മാക്ക് കാര്യമായി യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അവരുടെ അണികളെല്ലാം താറുമാറായി. ഭടന്മാർ ചിന്നിച്ചിതറി. ഹ: അലി (ക.വ.) നിർഭയമായി പൊരുതിക്കൊണ്ട് മുആവിയായുടെ കൂടാരം വരെ എത്തി. അദ്ദേഹം വിളിച്ചു പറഞ്ഞു. 'മുആവിയാ! ഇനിയും മനുഷ്യരെ കൊന്നൊടുക്കുന്നതെന്തിനാണ്? നമുക്ക് തമ്മിൽ നേരിട്ട് നാം തമ്മിലുള്ള തർക്കം തീർക്കാം. അപ്പോൾ മുആവിയായും അംറുബ്‌ന ആസിയും തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്തുതന്നെയായാലും ഖലീഫയോട് നേരിടണമെന്നും അംറുബ്‌ന ആസി പറഞ്ഞു. മുആവിയ വല്ലാതെ ഭയപ്പെട്ടു. അലിയുമായി നേരിട്ടാൽ തിരിച്ചുവരാൻ കഴിയുകയില്ലെന്നും മുആവിയാക്ക് നല്ല ബോധ്യമുണ്ടായിരുന്നു ഖലീഫയോട് എതിരിടാൻ അദ്ദേഹം ഒട്ടും സമ്മതിച്ചില്ല.

നിവൃത്തിയില്ലെന്നു വന്നപ്പോൾ അംറുബ്‌ന ആസി തന്നെ ഖലീഫയോടെതിരിട്ടു. വളരെ നേരം അവർ ഏറ്റുമുട്ടി. അവസാനം ഹ: അലി (ക.വ) തന്റെ വാൾകൊണ്ട് അംറുബ്‌ന ആസിയെ വെട്ടി. അദ്ദേഹം കുതിരപ്പുറത്തുനിന്നും നഗ്നനായി നിലത്തു വീണു. ശത്രുവിന്റെ നഗ്നാവസ്ഥ കണ്ട് ഖലീഫ മുഖം തിരിച്ചു അയാളെ ജീവഹാനി വരുത്താതെ അദ്ദേഹം മടങ്ങി പോന്നു.

അത്യുഗ്രമായ ഒരു യുദ്ധമാണ് പിന്നീടുണ്ടായത്. സൈന്യങ്ങൾ കുന്നടക്കെ ആത്മവീര്യത്തോടെ രണാങ്കണത്തിലിറങ്ങി. ഒരു രക്തപ്രളയം തന്നെ സൃഷ്ടിക്കപ്പെട്ടു. തകബീർ വിളികളും, മുറിവേറ്റവരുടെ ദീനരോദനങ്ങളും അന്തരീക്ഷത്തെ വീർപ്പുമുട്ടിച്ചു. ഇസ്‌ലാംചരിത്രത്തിലെ ഒരു ഭീകരരാത്രിയായിരുന്നു അത്. തന്നിമിത്തം ആ രാത്രിക്ക് 'ലൈലത്തുഹരീർ' എന്നും പറയപ്പെടുന്നു.

ആ ഭീകരരാത്രി അവസാനിച്ചു. പ്രഭാതം കണികണ്ടത് ആയിരക്കണക്കിനു നിജ്ജീവങ്ങളായ മനുഷ്യശരീരങ്ങളേയും, അംഗഭംഗം സംഭവിച്ച അനവധി 'പകുതി മരിച്ച' മനുഷ്യരേയുമാണ്? യുദ്ധത്തിൽ മരണപ്പെട്ടവരേയും, മുറിവുപറ്റിയവരേയും എടുത്തു മാറ്റുന്നതിനായി അന്നേക്ക് യുദ്ധം നിറുത്തിവെച്ചു. ഹ: അലി (ക.വ.) യും, മുആവിയായും തങ്ങളുടെ ഭടന്മാർക്ക് പ്രോത്സാഹനം നല്കികൊണ്ടിരുന്നു. എന്നാൽ ഇനിയും ഹ: അലി (ക.വ.) യോട് യുദ്ധംചെയ്ത് ജയിക്കുക അസാദ്ധ്യമാണെന്നു മുആവിയായുടെ സൈന്യത്തിലെ പലർക്കും ഉറപ്പുണ്ടായിരുന്നു. അശ്അത്തുബ്‌നുഖൈസ്, അമീർമുആവിയായുടെ മുഖത്തുനോക്കി പറഞ്ഞു: മുസ്‌ലിംകൾ ഈ രീതിയിൽ യുദ്ധംചെയ്ത് നില്ക്കുകയാണെങ്കിൽ അറബിരാജ്യത്തിനു യാതൊരു നിലനിൽപും ഉണ്ടാവുകയില്ല. റോമക്കാർ ശാമിൽപ്രവേശിച്ച് നമ്മുടെ പുത്രിമാരേയും, ഭാര്യമാരേയും തട്ടികൊണ്ടുപോകും. അതുകൊണ്ട് യുദ്ധം അവസാനിപ്പിക്കണം.' സദസ്സിലുണ്ടായിരുന്ന പലരും ശക്തിപൂർവ്വം ഈ പ്രസ്താവനയെ പിന്താങ്ങി. മുആവിയാ ചിന്താകുഴപ്പത്തിലായി. സന്ധിക്ക് തയ്യാറാണെന്നു കാണിച്ച് മുആവിയാ, ഹ. അലി (ക.വ.) ക്ക് ഒരു കത്തെഴുതി. മുആവിയായുടെ സന്ദേശം ഖലീഫ നിരാകരിച്ചു. തന്റെ ഇരുമ്പുകവചവും ധരിച്ച് ഭടന്മാരോടൊപ്പം അദ്ദേഹം അടക്കളത്തിലിറങ്ങി. മുആവിയ യുദ്ധസന്നാഹങ്ങളൊന്നും ചെയ്തിരുന്നില്ല. അംറുബ്‌നുആസിയുടെ ഒരു നിർദ്ദേശപ്രകാരം അവർ ഒരു തന്ത്രം പ്രയോഗിച്ചുകൊണ്ടാണ് ശത്രുക്കളെ നേരിട്ടത്. ഒരു

ശിബിലെ ഏറ്റവും വലിയ മുസഹഫ് അഞ്ച് കഴുതപ്പുറത്തേൽ അഞ്ചാളുകൾകൂടി ഉയർത്തി പിടിച്ച് മുന്നിൽനടന്നു. അശ്‌തർനഖഈ അവരെ ആക്രമിച്ചു. ഈ അവസരത്തിൽ അമീർമുആവിയായുടെ സൈന്യത്തിൽനിന്ന് ഫസ്‌ലുബ്‌നുഔഹറ, ശുറൈഹുൽഖൂസാമി, സർഖാഇബ്‌നുഅമ്മർ എന്നിവർ മുമ്പോട്ടുവന്നു വിളിച്ചുപറഞ്ഞു. 'അറബി സഹോദരന്മാരെ! റോമക്കാരുടെയും ഇറാൻകാരുടേയും കൈകളിൻനിന്ന് നിങ്ങളുടെ ഭാര്യമാരെയും കുട്ടികളേയും അല്ലാഹു രക്ഷിക്കട്ടെ. നിങ്ങൾ നശിച്ചുകഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ഈ പരിശുദ്ധഗ്രന്ഥം ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തീർപ്പു കല്പിക്കുന്നതാണ്.' കഴിഞ്ഞില്ല. അബുൽഅഅ്‌വർസൽമി പരിശുദ്ധഖുർആൻ തലയിൽവെച്ചുകൊണ്ട് എതിരാളികളുടെ അടുത്തേക്ക് നടന്നുചെന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. 'ഇറാക്കുകാരെ! അല്ലാഹുവിന്റെ ഈ ഗ്രന്ഥം ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ മദ്ധ്യസ്ഥത വഹിക്കട്ടെ.' അംറുബ്‌നുൽ ആസിയുടെ തന്ത്രം ശരിക്കും ഫലിച്ചു. ശത്രുക്കളുടെ കുതന്ത്രങ്ങളിൽ കുടുങ്ങി മനസ്സിനെ ബലഹീനമാക്കരുതെന്നും, ആത്മവിശ്വാസത്തോടെ യുദ്ധം തുടങ്ങണമെന്നും അശ്‌തർനഖഈ സഭടന്മാരെ ഉപദേശിച്ചെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായില്ല. ഹ: അലി (ക.വ.) യും പലവട്ടം ജനങ്ങളെ ഉപദേശിച്ചുനോക്കി. എല്ലാം നിഷ്ഫലമായതേ ഉള്ളൂ. മാത്രമല്ല ഖുർആനിലേക്കുള്ള വിളിയെ നിരാകരിക്കരുതെന്നും അങ്ങിനെയാണെങ്കിൽ തങ്ങൾ യുദ്ധത്തിൽ പങ്കെടുക്കുകയില്ലെന്നും ഒരു വിഭാഗം ആളുകൾ ഹ: അലി (ക.വ.) യെ ഭീഷണിപ്പെടുത്തി. അവരുടെ അഭിപ്രായങ്ങളെ പിന്താങ്ങികൊണ്ട് അശ്അത്തുബ്‌നുഖൈസ് പറഞ്ഞു: 'അമീറേ! ഞാൻ അങ്ങേക്കുവേണ്ടി എന്തു ത്യാഗം സഹിക്കാനും സന്നദ്ധനാണ്. എന്നാൽ എന്റെ അഭിപ്രായം ഖുർആൻമജീദിന്റെ മദ്ധ്യസ്ഥം അങ്ങു സ്വീകരിയ്ക്കണമെന്നുള്ളതാണ്.'

ഖലീഫക്ക് ഗത്യന്തരമില്ലാതെ വന്നു. യുദ്ധത്തിൽനിന്നു പിൻവാങ്ങാൻ അദ്ദേഹം കല്പന നൽകി. അശ്‌തർനഖഈയും യുദ്ധത്തിൽനിന്ന് പിൻവാങ്ങുമെന്ന് ഭീഷണി മുഴക്കിയവരും തമ്മിൽ ഭയങ്കര വാക്കേറ്റം നടന്നു. ഹ: അലി (ക) തക്കസമയത്തു് ഇടപെട്ട് സമാധാനം സ്ഥാപിച്ചു.

യുദ്ധം നിറുത്തിയതിനു ശേഷം കൂടിയാലോചനകളാരംഭിച്ചു. കൂടിയാലോചനയുടെ ഫലമായി ഖിലാഫത്തധികാരം രണ്ടു മദ്ധ്യസ്ഥരെ ഭാരമേല്പിക്കാൻ തീരുമാനിച്ചു. അവരുടെ കല്പനകൾ ഇരുകൂട്ടരും സ്വീകരിക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. അംറുബ്‌നുആസി (റ) യെയാണ് ശാമുകാർ നിർദ്ദേശിച്ചതു്. ഇറാക്കുകാർ അശ്അസുബ്‌നുഖൈസ് (റ), അബൂമൂസഅശ്അരി (റ) എന്നിവരുടെ പേരുകൾ നിർദ്ദേശിച്ചു. പക്ഷെ ഹ: അലി (ക) അബൂമൂസഅശ്അരി (റ) ക്കു പകരം അബ്ദുല്ലാഹിബ്‌നുഅബ്ബാസ് (റ) വിനെ അഭിപ്രായപ്പെട്ടു. അലി (ക) യുടെ ഈ അഭിപ്രായത്തെ പലരും എതിർത്തു. അപ്പോൾ അദ്ദേഹം അശ്‌തർനഖഈയുടെ പേർ നിർദ്ദേശിച്ചു. അതു ജനങ്ങൾ സ്വീകരിച്ചില്ല. അവസാനം തന്റെ നിർദ്ദേശങ്ങളെ ഹ: അലി (ക) ക്കു പിൻവലിക്കേണ്ടിവന്നു. അബൂമൂസാഅശ്അരി (റ) യെയാണ് ജനങ്ങൾ ഇഷ്ടപ്പെട്ടതു്.

ഹ: അബൂമൂസാഅശ്അരി (റ) യാകട്ടെ ശാമിൽ ഒരിടത്തു് സ്ഥാനായി കഴിയുകയായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ വരുത്തി. കരാർ എഴുതേണ്ടതിനു് ഇരുവിഭാഗത്തിലേയും നേതാക്കൾ ഒരുമിച്ചുകൂടി. 'ഇതു് അമീറുൽ

മുഅമ്മീൻ ചെയ്ത കരാറ്'' എന്നു'' എഴുതിയപ്പോൾ അതിനെപ്പറ്റി ഒരു തർക്കം നടന്നു. അങ്ങിനെ എഴുതാൻ പാടില്ലെന്നു് അമീർമുആവിയാ ശഠിച്ചു. 'പേർ മാത്രമേ എഴുതാവൂ' എന്നു് അംറുബ്നുആസി (റ) യും നിർബ്ബന്ധം പിടിച്ചു. 'അമീറുൽമുഅ്മിനീൻ' എന്ന ബഹുമതി വെട്ടിക്കളയാൻ ഹ: അലി (ക) യുടെ പ്രിയപ്പെട്ട സഹാബികളും സമ്മതിച്ചില്ല. അവസാനം ഹ: അലി (ക) പറഞ്ഞു 'അല്ലാഹുവാണെ സത്യം! ഹുദൈബിയാ സന്ധിയിൽ 'റസൂലില്ലാഹി' എന്ന വാക്കിനെപ്പറ്റി ആ ഉടമ്പടി സമയത്തു് ഒരു തർക്കം നടന്നു. അന്നു് റസൂൽ(സ)തന്നെ ആ വാക്കിനെ സ്വഹസ്തത്താൽ മാച്ചുകളഞ്ഞു. എന്റെ കൈകൊണ്ടു് ഞാനും ഈ പദത്തെവെട്ടിക്കളയുന്നു'. ഖലീഫ ആ വാക്കിനെ തന്റെ സ്വന്തം കൈകൊണ്ടു് മാച്ചുകളഞ്ഞു. അങ്ങിനെ ഒരു ഉടമ്പടിയിൽ ഒപ്പുവെക്കപ്പെട്ടു. ഒപ്പുവെക്കപ്പെട്ട കരാർ ഇപ്രകാരമായിരുന്നു: 'ഹ: അലി (ക) യും, മുആവിയായും അവർ രണ്ടുപേരുടെ പക്ഷക്കാരും കരാർ ചെയ്തിരിക്കുന്നതെന്തെന്നാൽ, അബൂമൂസാഅശ്അരി (റ) യും, അംറുബ്നുആസി (റ) യും നബി (സ) സുന്നത്തു് അനുസരിച്ചു് എടുക്കുന്ന തീരുമാനങ്ങളെ രണ്ടു വിഭാഗവും സ്വീകരിക്കുന്നതാണു് എന്നാൽ ഖുർആനിനെ മാനിക്കേണ്ടതും, റസൂൽ (സ) വിന്റെ സുന്നത്തിനെ അനുകരിക്കേണ്ടതും രണ്ടു് മദ്ധ്യസ്ഥന്മാർക്കും നിർബ്ബന്ധമാണു്. അവർ ചെയ്ത തീരുമാനങ്ങളെ ജനങ്ങളും ഐകകണ്ഠ്യേന അംഗീകരിക്കുന്നതാണു്. എന്നാൽ തീരുമാനം ഖുർആനും, റസൂൽ (സ) വിന്റെ സുന്നത്തിനും എതിരായിരുന്നാൽ യുദ്ധത്തെതന്നെ മദ്ധ്യസ്ഥന്മാരുന്നതിനു് ഇരുകൂട്ടർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും.' ഹിജ്റാ 37-ാം കൊല്ലം സഫർമാസം 18-ാം തിയ്യതിയാണു് ഈ ഉടമ്പടി ഒപ്പുവെച്ചതു്.

എതിപ്പു്

കരാർപത്രത്തിലെ വ്യവസ്ഥകളും എല്ലാ അറബികളേയും അറിയിക്കുന്നതിനു് ഹശ്ഹസുബ്നു ഖൈസിനെ നിയമിച്ചു. തന്റെ ചുമതല നിർവ്വഹിച്ചു് അദ്ദേഹം പാളയത്തിൽ മടങ്ങിയെത്തിയപ്പോൾ രണ്ടു പേർ അദ്ദേഹത്തിന്റെ മുന്നിൽനിന്നു് 'വിധി കല്പിക്കാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും അധികാരമില്ല' എന്നു പറഞ്ഞു. ഉടനെ തന്നെ അവർ ശാമിഭടന്മാരുടെ വാളിന്നിരയായി. പക്ഷെ ഇവർക്കു മാത്രമല്ല അനേകം പേർക്കു് കരാർ വ്യവസ്ഥകളിൽ എതിപ്പുണ്ടായിരുന്നു. മുറാദുഗോത്രക്കാരും ബനൂറസൂഖുകാരും, ബനൂതമീമികളും എതിപ്പുള്ള കൂട്ടരായിരുന്നു. ബനൂതമീംഗോത്രത്തിലെ ഉർവ്വത്തുബ്നു ഉമയ്യ ഇക്കാര്യത്തിൽ അശ്അസുബ്നുഖൈസുമായി വാക്കേറ്റമുണ്ടായി. കോപാന്ധനായ ഉർവ്വത്തുബ്നു ഉമയ്യ, ഖൈസിന്റെ നേരെ, വാൾ വീശി. ഉന്നം പിഴച്ചില്ലായിരുന്നെങ്കിൽ ഖൈസിന്റെ കഥ കഴിയുമായിരുന്നു. പലരും ഖലീഫയെ സമീപിച്ചു് കരാർവ്യവസ്ഥകളെ സംബന്ധിച്ചു് തങ്ങൾക്കുള്ള എതിർപ്പു് പ്രകടിപ്പിച്ചു. അസംതൃപ്തരായ ജനവിഭാഗം ഉടലെടുത്തു. 'ഖാരിജി'കൾ എന്നാണു് അവർ അറിയപ്പെട്ടിരുന്നതു്

വഞ്ചന

ദൗമത്തുൽ ജന്തലിൽ വെച്ചാണു് മദ്ധ്യസ്ഥന്മാരുടെ ആലോചനായോഗം നടത്താൻ നിശ്ചയിക്കപ്പെട്ടിരുന്നതു്. മദ്ധ്യസ്ഥന്മാരുടെ രക്ഷയ്ക്കായി 400 ഭടന്മാർവീതം നിയോഗിയ്ക്കപ്പെട്ടിരുന്നു. ഉന്നതരായ മറ്റു പല നേതാക്കന്മാരും തീരുമാനമറിയുന്നതിനായി ദൗമത്തുൽ ജന്തലിൽ എത്തിച്ചേർന്നിരുന്നു. ഹ: മുഗീറത്തുബ്നുശഅ്ബ: (റ) യും നിരീക്ഷകനായി എത്തിയിരുന്നു. മദ്ധ്യസ്ഥന്മാർക്കു്

ഏകോപിച്ച ഒരഭിപ്രായമെടുക്കാൻ അസാധ്യമാണെന്ന് അദ്ദേഹത്തിന് മുൻകൂട്ടിതന്നെ അറിയാമായിരുന്നു. മദ്ധ്യസ്ഥന്മാർ കൂടിയാലോചന മുറിയിയിൽ ഒരുമിച്ചുകൂടി. അബൂമൂസാ അശ്അരിയെ തന്റെ പക്ഷത്തേക്ക് കൊണ്ടുവരുന്നതിലായിരുന്നു അംറുബ്നുആസ്സിയുടെ ശ്രദ്ധ. സ്ഥാനത്തും അസ്ഥാനത്തും അബൂമൂസാഅശ്അരിയെ അദ്ദേഹം വന്ദിച്ചുകൊണ്ടിരുന്നു.

വളരെ നേരത്തേക്ക് ഒരു തീരുമാനത്തിലെത്താൻ ഇരുകൂട്ടർക്കും കഴിഞ്ഞില്ല. അബ്ദുല്ലാഹിബ്നുഉമറിനെ ഖലീഫയാക്കണമെന്നായിരുന്നു അബൂമൂസാഅശ്അരി സമർപ്പിച്ച നിർദ്ദേശം. മുആവിയായെ ഖലീഫയാക്കണമെന്നായിരുന്നു അംറുബ്നുആസിയുടെ അഭിപ്രായം. അതൊരിക്കലും സാധ്യമല്ലെന്ന് അബൂമൂസാഅശ്അരി പറഞ്ഞപ്പോൾ തന്റെ മകനായ അബ്ദുല്ലയെ ഖലീഫയാക്കണമെന്നായി അംറുബ്നുആസി. അവസാനം രണ്ടുപേരും യോജിപ്പിലെത്തി. ഹ: അലി (ക.വ.) യേയും മുആവിയായേയും അവരുടെ സ്ഥാനങ്ങളിൽനിന്നും നീക്കണമെന്നും, മുസ്‌ലിംകൾക്ക് എല്ലാവർക്കും പൊതുവെ സ്വീകാര്യനായ ഒരാളെ ഖലീഫയാക്കണമെന്നുമായിരുന്നു തീരുമാനം. അബൂമൂസാഅശ്അരി തന്നെയാണ് ഈ നിർദ്ദേശം ഉന്നയിച്ചത്. പക്ഷെ അംറുബ്നുആസി അതിൽനിന്ന് മുതലെടുക്കുമെന്ന് അദ്ദേഹം കരുതിയില്ല.

അടുത്ത ദിവസം മസ്ജിദിൽ എല്ലാവരും ഒരുമിച്ചുകൂടി. തീരുമാനം ജനങ്ങളുടെ മുമ്പിൽ പ്രഖ്യാപിക്കാൻ അബൂമൂസാ അശ്അരി അംറുബ്നു ആസിയോടാവശ്യപ്പെട്ടു. അംറുബ്നു ആസി പറഞ്ഞു: 'എന്നെക്കാളും അതിന്നർഹത അങ്ങേക്കാണ്. അങ്ങ് ഞങ്ങളുടെ നേതാവുമാണ്. അങ്ങു തന്നെ ഇക്കാര്യം നിർവ്വഹിക്കണം.' അബൂമൂസാ പ്രസംഗപീഠത്തിൽ കയറി നിന്ന് പറഞ്ഞു: 'സ്നേഹിതരെ അലിയേയും, മുആവിയയേയും അധികാരസ്ഥാനങ്ങളിൽ നിന്ന് നീക്കി ഒരു പുതിയ ഖലീഫയെ തിരഞ്ഞെടുക്കാൻ സമുദായനേതാക്കൾക്ക് ഞങ്ങൾ അധികാരം നല്കിയിരിക്കുന്നു.' അപ്പോൾ അംറുബ്നു ആസി എഴുന്നേറ്റു പറഞ്ഞു: 'സ്നേഹിതരെ, അബൂമൂസാ അലിയെ നീക്കം ചെയ്തതുപോലെ ഞാനും അദ്ദേഹത്തെ നീക്കം ചെയ്യുന്നു. പക്ഷെ മുആവിയായെ ഞാൻ അദ്ദേഹത്തിന്റെ സ്ഥാനത്തുതന്നെ സ്ഥിരപ്പെടുത്തുന്നു. കാരണം അദ്ദേഹം ഹ: ഉസ്മാന്റെ അവകാശിയാണ്.' അംറുബ്നു ആസ്സിന്റെ പ്രഖ്യാപനം കേട്ടപ്പോൾ അബൂമൂസാ അമ്പരന്നു നിശ്ചലനായി അല്പനേരം നിന്നുപോയി. അത്യുച്ചത്തിൽ അദ്ദേഹം വിളിച്ചു പറഞ്ഞു; 'എന്തൊരു വിശ്വാസവഞ്ചനയാണ് നിങ്ങൾ കാണിച്ചത്. ഭാരം ചുമക്കുന്ന ഒരു കഴുതയാണ് നിങ്ങൾ. അഴിച്ചുവിട്ടാലും കുരക്കുന്നനായപോലെയാണ് നിങ്ങൾ.'

ജനങ്ങൾ ക്ഷുഭിതരായി അംറുബ്നു ആസ്സിയുടെ നേരെ അടുത്തു. ശുറൈഹുബ്നു ഹാസി അദ്ദേഹത്തെ കണക്കറ്റു പ്രഹരിച്ചു. അംറിന്റെ പുത്രൻ പിതാവിന്റെ സഹായത്തിനെത്തി. പക്ഷെ ജനങ്ങൾ അവരെ സമാധാനിപ്പിച്ചു. ദുഃഖിതനായ അബൂമൂസാ അശ്അരി മക്കായിലേക്കു പുറപ്പെട്ടു.

ഖാരിജികൾ

മദ്ധ്യസ്ഥന്മാരെ നിയമിച്ചതിനോട് അലി (ക.വ.) യുടെ പക്ഷത്തുള്ള വളരെ പേർക്ക് എതിർപ്പുണ്ടായിരുന്നു. പന്തീരായിരത്തോളം ഭടന്മാർ അദ്ദേഹത്തിന്റെ സൈന്യത്തിൽനിന്നും പിരിഞ്ഞുപോരുകയും 'ഹറൂറാ' എന്ന സ്ഥലത്തു താവളമുറപ്പിക്കുകയും ചെയ്തു. അവരെ വീണ്ടും തന്റെ അണിയിലേക്ക് കൊണ്ടുവരുവാനായി അദ്ദേഹം അബ്ദുല്ലാഹിബ്നു

അബ്ബാസിനെ അങ്ങോട്ടയച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾകൊണ്ടും യാതൊരു ഫലവും സിദ്ധിച്ചില്ല. ഒടുവിൽ ഹ: അലി (ക.വ.) നേരിട്ട് അവരുടെ അടുക്കൽ ചെല്ലുകയും അവരെ സംതൃപ്തരാക്കി കൂട്ടിക്കൊണ്ടു പോരുകയും ചെയ്തു. മദ്ധ്യസ്ഥന്മാരെ നിയമിച്ചതു് തെറ്റായിരുന്നുവെന്നു് ഖലീഫ സമ്മതിച്ചതായും, അദ്ദേഹം അവരോടു് മാപ്പു് ചോദിച്ചതായും ഒരു വാർത്ത പരന്നിരുന്നു. ഇതു് ശ്രദ്ധയിൽ പെട്ടപ്പോൾ അലി (ക.വ.) പറഞ്ഞു: 'യുദ്ധം നിവർത്തണമെന്നു് ആഗ്രഹമായി ആവശ്യപ്പെട്ടതു് ഇവരായിരുന്നു. മദ്ധ്യസ്ഥരെ നിയമിച്ചതിൽ എതിർപ്പു് പ്രകടിപ്പിച്ചതും ഇവർ തന്നെ. ഇനി യുദ്ധം വേണ്ടെന്നാണു് ഇവർ പറയുന്നതു്. അതു് സാദ്ധ്യമല്ലതന്നെ.' അവിടെയുണ്ടായിരുന്ന ഖാരിജികളിൽ ചിലർ വിളിച്ചു പറഞ്ഞു: 'അല്ലാഹുവിനു് മാത്രമെ വിധി കല്പിക്കാൻ അധികാരമുള്ളൂ.' ഹ: അലി (ക.വ) അവർക്കു് മറുപടി നല്കി: 'അല്ലാഹുവിന്റെ വാഗ്ദത്തം സത്യമാണു്. ഉറച്ച വിശ്വാസമില്ലാത്ത ജനങ്ങൾക്കു് മനസ്സിനു് ചാഞ്ചല്യം വരുത്താതിരിക്കട്ടെ'

ഖാരിജികൾ സംഘടിച്ചു് അബ്ദുല്ലാഹിബ്നുവഹബു് എന്ന ആളെ അവരുടെ നേതാവായി തിരഞ്ഞെടുത്തു. അവർ കൊള്ളയും, കൊലയും, കൊള്ളിവെപ്പും നടത്തിക്കൊണ്ടിരുന്നു. തങ്ങളുടെ അഭിപ്രായങ്ങളെ എതിർക്കുന്നവരെ അവർ അവരുടെ വാളിന്നിരയാക്കി. അബ്ദുല്ലാഹിബിനുബാബും, അദ്ദേഹത്തിന്റെ ഭാര്യയും ക്രൂരമായി വധിക്കപ്പെട്ടു. ഉമ്മുസനാൻ, സൈദാവൊറി എന്നിവരെ കഠിനമായി മർദ്ദിച്ചു. ഹ: അലി (ക.വ.) യുടെ പ്രതിനിധിയായ ഹാരിസുബ്നു മൂർറത്തിനേയും ഇക്കൂട്ടർ വധിച്ചു കളഞ്ഞു. ഹ: അലി (ക.വ.) തന്റെ ശ്രാമിലേക്കുള്ള യാത്ര റദ്ദാക്കിയിട്ടു് ഖാരിജികളെ അക്രമങ്ങളിൽനിന്നു് പിൻതിരിപ്പിക്കാനായി നഹ്റവാനിലേക്കു് തിരിച്ചു.

നഹ്റവാൻ യുദ്ധം

നഹ്റവാനിലെത്തിയതിനു ശേഷം ഖലീഫ, ഖാരിജികളുടെ ഇടയിലേക്കു് പ്രതിനിധികളെ അയച്ചു. പ്രതിനിധികളുടെ ഉപദേശങ്ങൾ നിഷ്ഫലമായപ്പോൾ ഖാരിജികളുടെ നേതാവായ ഇബ്നുൽ കവായെ ഖലീഫ തന്റെ സമീപത്തേക്കു് ക്ഷണിച്ചുവരുത്തി ഉപദേശിച്ചു നോക്കി. ഫലമില്ലെന്നു കണ്ടപ്പോൾ അദ്ദേഹം യുദ്ധത്തിനു് തയ്യാറെടുത്തുവന്നിച്ച ഒരു സൈന്യത്തെ ഖലീഫ അണിനിരത്തി. എന്നാൽ ഖലീഫയോടു് യുദ്ധം ചെയ്യാൻ ഇഷ്ടപ്പെടാതിരുന്ന ഖാരിജികളും ധാരാളമുണ്ടായിരുന്നു. ആ സംഘത്തിൽപ്പെട്ട അഞ്ഞൂറു പേർ യുദ്ധത്തിൽ പങ്കെടുക്കാതെ ബന്തുബഖീനിലേക്കു് പോയി. തുടർന്നു് കുറെ പേർ കൂഫയിലേക്കു പോവുകയും, കുറേപേർ മാപ്പു ചോദിച്ചു് ഖലീഫയുടെ കൊടിക്കീഴിൽ അണിനിരക്കുകയും ചെയ്തു. അവസാനം ഏകദേശം നാലായിരത്തോളം ഖാരിജികൾ അവശേഷിച്ചു അവർ ധൈര്യസമേതം ഖലീഫയുടെ സൈന്യത്തെ ആക്രമിച്ചു. ഖലീഫയുടെ ഭടന്മാരും ജീവൻ ബലിയർപ്പിക്കാൻ തയ്യാറായി പൊരുതി. അവസാനത്തുള്ളി രക്തം ശേഷിക്കുന്നതുവരെ ഖാരിജികൾ പൊരുതി. പക്ഷെ അവർ ഓരോരുത്തരായി ശത്രുഭടന്മാരുടെ വാളുകൾക്കിരയായി. വധിക്കപ്പെട്ട ഖാരിജികളുടെ കൂട്ടത്തിൽ നിന്നു് പ്രവാചകനാൽ ലക്ഷണസമന്വിതം ദീർഘദർശനം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്ന ആളെ ഖലീഫ കണ്ടുപിടിച്ചു. ആ മൃതശരീരത്തെ നോക്കിനിന്നുകൊണ്ടു് ഹ: അലി (ക.വ.) പറഞ്ഞു: 'അല്ലാഹു അക്ബർ റസൂൽ (സ) പറഞ്ഞതു് എത്ര പരമാർത്ഥമാണു്.'

യുദ്ധം അവസാനിച്ചപ്പോൾ ശാമിലേക്ക് പുറപ്പെടാൻ ഹ: അലി(ക.വ.)കല്പന നല്കി. എന്നാൽ ആയുധങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനു കുറച്ചുദിവസംകൂടി അവിടെതന്നെ താമസിക്കണമെന്നുള്ള ഭടന്മാരുടെ അഭ്യർത്ഥന അദ്ദേഹം സ്വീകരിച്ചു. അവർ നഖ്‌ലയിൽ കൂടാരമുറപ്പിച്ചു. പക്ഷെ പിന്നീടാണു്, ഭടന്മാർതന്നെ വഞ്ചിക്കുകയാണുണ്ടായതെന്നു് അദ്ദേഹത്തിനു് മനസ്സിലായതു്. ഭടന്മാർ ചെറുസംഘങ്ങളായി തിരിഞ്ഞു് കൂഫയിൽ ചെന്നു് സ്വസ്ഥമായിരുന്നു. ബാക്കി എകദേശം ആയിരം പേരായിരുന്ന താവളത്തിലുണ്ടായിരുന്നതു്. ഖലീഫ ശാമിലേക്കുള്ള യാത്ര ഉപേക്ഷിച്ചു് കൂഫയിൽചെന്നു് താമസമാക്കി.

മിസ്‌റിനുവേണ്ടിയുള്ള വടംവലി

ഹ: അലി(ക.വ)മിസ്‌റിലെ ഭരണാധികാരിയായി നിയമിച്ചിരുന്നതു് ഹ: ഖൈസുബ്‌നുസഅദ്അൻസാരിയെയായിരുന്നു. ജനങ്ങളുടെ അഭിപ്രായങ്ങളെ മാനിച്ചു് അവരെ സംതൃപ്തരാക്കികൊണ്ടുള്ള ഒരു സൽഭരണമായിരുന്ന അദ്ദേഹത്തിന്റേതു്. ഖുത്ബാനിവാസികൾ മാത്രമേ അദ്ദേഹത്തിന്റെ ചില നിർദ്ദേശങ്ങളെ സ്വീകരിക്കാൻ വിസമ്മതിച്ചിരുന്നുള്ളൂ. എന്നിട്ടും, ബുദ്ധിശാലിയായ അദ്ദേഹം തന്റെ നിയമങ്ങളെ അവരുടെമേൽ അടിച്ചേല്പിക്കാൻ ശ്രമിച്ചില്ല. കടന്നൽക്കൂടിനു്നേരെ കല്ലുവാരിയെറിയുന്നതു് ബുദ്ധിപൂർവ്വമായിരിക്കുകയില്ലെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു. തന്റെ നയോപായങ്ങൾ മുഖേന ജനങ്ങളെ ഖലീഫയുടെ കൊടിക്കീഴിൽ അണിനിരത്താൻ ഖൈസിനു് നിഷ്പ്രയാസം സാധിച്ചു.

സിഫ്ഫീൻ യുദ്ധത്തിന്റെ ഒരുക്കങ്ങൾ നടക്കുന്ന കാലത്തു് ഖൈസു് തങ്ങളെ ആക്രമിക്കുമോ എന്നു് അമീർമുആവിയായ്ക്കൊരു ഭയം. ഖൈസിനെ തന്റെ വലയിൽ വീഴ്ത്താൻ മുആവിയാ പലവട്ടം ശ്രമിച്ചു. അതു് നിഷ്ഫലമാണെന്നു് കണ്ടപ്പോൾ ഖൈസിനെ മിസ്‌റിൽ നിന്നു് പുറത്താക്കാനായി പിന്നത്തെ ശ്രമം. ഖൈസു് തന്റെ പക്ഷത്തുചേർന്നു എന്നൊരു കിംവദന്തി അദ്ദേഹവും അനുയായികളും പറഞ്ഞുണ്ടാക്കി. ഈ വാർത്ത ഖലീഫയുടെ ചെവിയിലും ചെന്നെത്തി. ഖുത്ബാനിവാസികളെകൊണ്ടു് ഖൈസിനെ പുറത്താക്കാതിരുന്നതു് അദ്ദേഹത്തിനെതിരായ ആരോപണത്തിനു് മാറ്റുകൂട്ടി.

ഖർബത്തുകാരുമായി യുദ്ധത്തിലേർപ്പെടുവാൻ ഖലീഫ ഖൈസിനോടാവശ്യപ്പെട്ടു. മനഃപൂർവ്വം അവരുടെയിടയിൽ യുദ്ധം അടിച്ചേല്പിക്കുന്നതു് വിഡ്ഢിത്തമായിരിക്കുമെന്നു് അദ്ദേഹം ഖലീഫയെ അറിയിച്ചു. ഖലീഫ അതു് വകവെച്ചില്ല. യുദ്ധത്തിലേർപ്പെടാൻതന്നെ വീണ്ടും നിർദ്ദേശം നല്കി. ഖലീഫയുടെ നിർദ്ദേശത്തെ സ്വീകരിക്കാൻ അപ്പോഴും ഖൈസിനു് സാധിച്ചില്ല. അദ്ദേഹം ഉദ്യോഗം രാജിവെച്ചു. ഖൈസിന്റെ സ്ഥാനത്തു് നിയമിതനായതു് മുഹമ്മദിബ്‌നുഅബീബക്കറായിരുന്ന യുവാവായ അദ്ദേഹത്തിനു് ഭരണരംഗത്തു് വലിയ പരിചയമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം ഖർബത്തുകാരെ ആകൃമിച്ചു. നാട്ടിൽ വിപ്ലവം ആളിക്കത്തി. തന്മൂലം ഖലീഫ അദ്ദേഹത്തെയും സ്ഥാനത്തുനിന്നു് നീക്കി പകരം അശ്‌ത്തർനഖഇയെ നിയമിച്ചു. മിസ്‌റിലേക്കു് പുറപ്പെട്ട അശ്‌ത്തർനഖഇയെ അമീർമുആവിയാ വിഷം കൊടുപ്പിച്ചുകൊന്നു. തുടർന്നു് അംറുബ്നുആസിയുടെ നേതൃത്വത്തിലുള്ള ഒരു സൈന്യം മുഹമ്മദിബ്‌നുഅബീബക്കറിന്റെ സൈന്യത്തെ എതിരിട്ടു. അപ്പോഴേക്കും മുആവിയായുടെ സൈന്യം മിസ്‌റിനെ വലയംചെയ്തുകഴിഞ്ഞിട്ടുണ്ടായിരുന്നു. തുടർന്നു നടന്ന ഏറ്റുമുട്ടലിൽ അനവധി ജീവിതങ്ങൾ നശിച്ചു; മറ്റുള്ളവർ പ്രാണരക്ഷാർത്ഥം ഓടി രക്ഷപ്പെട്ടു. മുഹമ്മദി

ബ്‌നുഅബീബക്കർ ഒരു ശ്മശാനത്തിൽ അഭയം തേടിയിരുന്നെങ്കിലും ശത്രുക്കൾ അദ്ദേഹത്തെ തിരഞ്ഞുപിടിച്ചു വധിച്ചു. അബീബക്കറിന്റെ മൃതദേഹം ഒരു ചത്ത കഴുതയുടെ പുറത്തേറ്റി എതിരാളികൾ ദഹിപ്പിച്ചുകളഞ്ഞു.

ബസറക്കാരെ സ്വപക്ഷത്തു പേക്കാനായിരുന്ന മുആവിയായുടെ പിന്നത്തെ ശ്രമം. ഇക്കാര്യത്തിനുവേണ്ടി അബ്ദുല്ലാഹിബ്‌നു ഹള്‌റമിയെ ബസറായിലേയ്ക്കയച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അവിടെ വൃഥാവിലായില്ല. അവിടത്തെ ഭരണാധികാരിയായിരുന്ന സിയാദിന് അവിടം വിട്ടുപോകേണ്ടിവന്നു. ഇബ്‌നുഹള്‌റമിയുടെ പ്രചാരവേലയെ അറിയാനായി അവിടേയ്ക്കയച്ചു. എന്നാൽ നിർഭാഗ്യവാനായ അദ്ദേഹം അവിടെവെച്ച് വധിക്കപ്പെട്ടു. പിന്നീട് ഖലീഫയുടെ പ്രതിനിധിയായി അവിടെ എത്തിയതു് ജാരിയത്തിബ്‌നുഖുദാമത്തിനെയായിരുന്നു. തന്ത്രശാലിയായ അദ്ദേഹം ഇബ്‌നുഹള്‌റമിയുടെ രക്ഷാസങ്കേതത്തെ ചുട്ടുകരിച്ചു. അങ്ങിനെ ബസറക്കാർ വീണ്ടും ഖലീഫക്കുവഴങ്ങി. ഖലീഫ അവർക്കെല്ലാം പൊതുമാപ്പു നല്കിയതായി പ്രഖ്യാപിച്ചു.

ഖാരിജികൾ വീണ്ടും

നഹ്‌റുവാൻ യുദ്ധത്തിനുശേഷവും ഖാരിജികൾ അവിടവിടെ അഭയം തേടിയിട്ടുണ്ടായിരുന്നു. അവർ പലവിധ കുഴപ്പങ്ങളും ഉണ്ടാക്കിക്കൊണ്ടിരുന്നു. ഹർറിയത്തിബ്‌നുറാശിദിന്റെ നേതൃത്വത്തിൽ അവർ നാട്ടിൽ അരാജകത്വം അഴിച്ചുവിട്ട് കൊള്ളയും കൊലയും തുടർന്നുകൊണ്ടിരുന്നു. ഖാരിജികളോട് നേരിട്ട് അവരെ ആട്ടിപ്പായിക്കുന്നതിനായി ഖലീഫ സിയാദിബ്‌നുഹഫ്‌സയെ നിയമിച്ചു. തന്റെ മുമ്പത്തെ അദ്ദേഹം ശരിക്കും നിർവ്വഹിച്ചു. അദ്ദേഹം ഖാരിജികളെ പിന്തുടർന്ന് ആട്ടിയോടിക്കുകയും, നാട്ടിൽ ശാന്തിയും സമാധാനവും നിലനിർത്തുകയുംചെയ്തു. മാത്രമല്ല അക്രമികളായ സിമ്മികളെകൊണ്ട് തങ്ങൾ ഖലീഫക്ക് കീഴടങ്ങികൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യിക്കുകയും ചെയ്തു. ജനങ്ങളോട് അദ്ദേഹം വളരെ സൗമ്യത്തോടും സ്നേഹത്തോടുംകൂടിയാണ് പെരുമാറിയിരുന്നതു്. തന്മൂലം, അദ്ദേഹം നാട്ടിലേക്ക് തിരിച്ചുപോകുമ്പോൾ അദ്ദേഹത്തിന്റെ വേർപാടിൽ അവർ വളരെ വേദനപ്പെട്ടു.

ബൈത്തുൽമാലിനെ കൊള്ള ചെയ്യുന്നു

തന്റെ പടയാളികളുടെ ധൈര്യവും, വീര്യവും, മനക്കരുത്തും നഷ്ടപ്പെട്ടതിൽ ഹ: അലി (ക) വല്ലാതെ വേദനിച്ചു. യുദ്ധം ചെയ്യാൻ ഭടന്മാർ തയ്യാറായില്ല. ശാമിനെ ആക്രമിക്കാനായി ഹ: അലി (ക) പലവട്ടം ഒരുങ്ങി. പക്ഷെ ആരുണ്ട് യുദ്ധം ചെയ്യാൻ? അദ്ദേഹം ഭടന്മാരെ ഉപദേശിച്ചു; അവർക്ക് താക്കീതു നൽകി. പക്ഷെ ഭടന്മാരുടെ മുരടിച്ച ഹൃദയത്തിൽ അതൊന്നും ആണ്ടിറച്ചില്ല. അമീർ മുആവിയാ ഈ അവസരത്തെ വേണ്ടപോലെ ഉപയോഗിച്ചു ഹിജ്‌റ 39 ൽ പല സ്ഥലങ്ങളിലേക്കും അദ്ദേഹം ചെറിയ സംഘങ്ങളെ അയച്ച് നാട്ടിൽ അസ്വസ്ഥത വളർത്തിവിട്ടു വമ്പിച്ച സൈന്യവിഭാഗങ്ങളോടു കൂടി വന്ന് അവർ ബൈത്തുൽമാലിനെ കൊള്ള ചെയ്തു. ഖലീഫയുടെ സംഘക്കാരിൽ പലരേയും അവർ തങ്ങളുടെ വാളിന്നിരയാക്കി. ജനങ്ങളും അവർക്ക് കീഴടങ്ങാൻ നിർബ്ബന്ധിതരായി.

സമാധാന നടപടി

പക്ഷെ ഹ: അലി (ക) യുടെ പൗരുഷത്തോടുകൂടിയുള്ള എതിർപ്പ് അമീർ മുആവിയായെ അവിടെ നില്ക്കാൻ അനുവദിച്ചില്ല. നാട്ടിൽ അരാജകത്വം സൃഷ്ടിച്ചുവിടാനും ജന

ങ്ങളെ വളരെ പേരെ ഖലീഫക്കെതിരെ നിർത്തുവാനും മുആവിയാക്ക് കഴിഞ്ഞിരുന്നു. സമാധാന പുനഃസ്ഥാപനത്തിനുവേണ്ടി ഖലീഫ സിയാദിബ്‌നു ഉബയ്യിനെ അധികാരപ്പെടുത്തി. അദ്ദേഹം കഴപ്പങ്ങളെല്ലാം പരിപൂർണ്ണമായി അവസാനിപ്പിച്ചു. മാത്രമല്ല ഔദാര്യത്തോടും സഹിഷ്ണുതയോടും കൂടിയുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം ജനങ്ങളെ അദ്ദേഹത്തിലേക്കടുപ്പിച്ചു.

ഇന്ത്യയെ ആക്രമിക്കാൻ

പ്രദേശകാര്യങ്ങളെ സംബന്ധിച്ച് ഖലീഫ അശ്രദ്ധനല്ലായിരുന്നു. ഹി: 38 ൽ ഇന്ത്യയെ ആക്രമിക്കാൻ ചില മുസ്‌ലിംകൾക്ക് അദ്ദേഹം അനുവാദം നൽകിയിട്ടുണ്ടായിരുന്നു. ഇപ്പോൾ ബോംബെയോട് ചേർന്ന് കിടക്കുന്ന 'കോക്കൺ' പ്രദേശത്തെ മുസ്‌ലിം ഭടന്മാർ അക്കാലത്ത് ആക്രമിച്ചിരുന്നു. അക്കാലത്ത് പ്രസ്തുത പ്രദേശം സിന്ധിൽ ഉൾപ്പെട്ടതായിരുന്നു. സിന്ധിൽ ഉണ്ടായ ആദ്യത്തെ ഇസ്‌ലാമികാക്രമണമായിരുന്നു അത്.

ഹിജാസും അറബിരാജ്യങ്ങളും

ഹി: 40_ ൽ ബുസ്‌റബ്‌നഅർത്താത്തിന്റെ നേതൃത്വത്തിൽ അമീർ മുആവിയായുടെ സൈന്യം ഹിജാസിനെ ആക്രമിച്ചു. മക്കയും മദീനയും നിഷ്പ്രയാസം അവർ അധീനപ്പെടുത്തി. അവരുടെ നിർദ്ദേശങ്ങൾക്ക് വഴങ്ങാൻ ജനങ്ങളെ നിർബ്ബന്ധിച്ചു. സൈന്യം യമനിലേക്ക് വരുന്നുണ്ടെന്ന വിവരം യമനിലെ ഭരണാധികാരിയായ ഉബൈദുല്ലാഹിബ്‌നുഅബ്ബാസ് അറിഞ്ഞു. അബ്ദുൽമാദാനിനെ യമനിലേക്കയച്ച് അദ്ദേഹം ഖലീഫയുമായി കൂടിയാലോചനക്കായി കൂഫയിലേക്ക് പോയി. അബീഅർത്താത്ത് യമനിലെത്തി ഉബൈദുല്ലാഹിബ്‌നുഅബ്ബാസിന്റെ രണ്ട് പിഞ്ചു കുഞ്ഞുങ്ങളെയും, ഖലീഫയുടെ വിഭാഗത്തിലെ മറ്റനേകം പേരേയും ക്രൂരമായി കൊലപ്പെടുത്തി.

ഇതിനിടക്ക് ശാമിലെ അശ്വഭടന്മാർ ഇറാഖ് അതിർത്തിയിലെത്തിയിരുന്നു. അവർ അതിർത്തിയിലെ സൈന്യങ്ങളെ പരാജയപ്പെടുത്തി അംബാർ കീഴടക്കി. ഹ: അലി (ക) ജാരിയത്തിബ്‌നുഖസാമത്തിനെയും, വഹബിബ്‌നുമസ്ഊദിനേയും സൈന്യസമേതം യമനിലേക്കും ഹിജാസിലേക്കും അയച്ചു. ശത്രുക്കളെ ഇറാക്കിന്റെ അതിർത്തികളിൽനിന്നും കാടിക്കാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ആവേശകരമായ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ജനങ്ങൾക്ക് ഒരു പുതുജീവൻ ലഭിച്ചു. അനുകൂലശബ്ദങ്ങൾ എങ്ങും മുഴങ്ങിക്കേട്ടു. സൈന്യം പുറപ്പെടേണ്ട സമയത്തു് വെറും മൂന്നൂറ് പേരാണ് തയ്യാറായതു്. ഇതിൽ നിരാശനായ ഖലീഫയോട് അദ്ദേഹത്തിന്റെ ഉറ്റ സഹാബികളിൽ പറഞ്ഞു: 'അമീറേ! എല്ലാവരും യുദ്ധത്തിൽ പങ്കെടുക്കണമെന്നു് നിർബ്ബന്ധമായി അങ്ങു് പ്രഖ്യാപിക്കണം. പിന്മാറുന്നവരെ കഠിനമായി ശിക്ഷിക്കുമെന്നും അങ്ങു് അവരെ വിളിച്ചറിയിക്കണം.' അവരുടെ നിർദ്ദേശം ഖലീഫ സ്വീകരിച്ചു. അവരുടെ അഭിപ്രായാനുസരണം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. മിസ്‌കലിബ്‌നുഹുബൈസിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ ശത്രുക്കളെ നേരിടാനായി ഖലീഫ അയച്ചു. പക്ഷെ തന്റെ ഉദ്യമം പൂർത്തിയാകുന്നതിനു് മുമ്പു് ആ മഹാൻ ഇബ്‌നുമുൽജമിന്റെ വെട്ടേറ്റു് മരണപ്പെട്ടു.

ഹ: അലി (ക) ദാരുണമായി വധിക്കപ്പെടുന്നു

ഹ: അലി (ക), മുആവിയാ, അംറുബ്‌നുആസ് എന്നിവർ ജീവനോടെ ഭൂമിയുള്ള കാലത്തോളം മുസ്‌ലിംകൾക്ക് യുദ്ധത്തിൽനിന്നും രക്ഷപ്പെടാൻ സാധ്യമല്ലെന്നും, അതുകൊണ്ടു് അവരെ വധിക്കണമെന്നും ഖാരിജികൾ തീരുമാനിച്ചു. രണ്ടുപേർ അതിനു് സന്നദ്ധരാ

യി മുന്നോട്ട വന്നു. അവർ ബർക്കബ്‌നഅബ്ബുല്ലായും ഉമറുബ്‌നഅബ്ദുല്ലായും ആയിരുന്നു പക്ഷെ മൂന്നാമതൊരാളുടെ വെട്ടേറാണു് ഹ: അലി (ക) നിലംപതിച്ചതു്.

അബ്ദുറഹിമാനുബ്‌നുമുൽജം ഹ: അലി (ക.വ.) യോടു് കൂറും അനുകമ്പയുമുള്ള ഒരു മനുഷ്യനായിരുന്നു. വളരെ കാലം അയാൾ ഖലീഫയോടൊത്തു കൂഫയിൽ താമസിച്ചിട്ടുണ്ടു്. നഹ്‌റുവാൻ യുദ്ധത്തിൽ ഖലീഫ നേടിയ വിജയം ഈജിപ്തുകാരെ അറിയിക്കാനായി ആഹ്ലാദഭരിതനായി ഖലീഫയുടെ അനുമതിയോടെ അയാൾ യാത്രയായി. സന്തോഷഭരിതനായി അയാൾ നടക്കുകയായിരുന്നു. സുന്ദരിയായ ഒരു സ്ത്രീരത്നത്തെ കണ്ടു് അയാൾ അറിയാതെ നിന്നു പോയി. നാലു കണ്ണുകളും പരസ്പരം കൂട്ടിമുട്ടി. അവൾ അയാളെ തന്റെ ഗൃഹത്തിലേക്കു് ക്ഷണിച്ചു. അയാൾ അവളുടെ പിറകെ നടന്നു. അവൾ പറഞ്ഞു. 'അങ്ങയെ മനസ്സിലായതുകൊണ്ടാണു് ഞാൻ ക്ഷണിച്ചതു്. യുദ്ധത്തിൽ എന്റെ പിതാവും, സഹോദരനും, ഭർത്താവും ഉണ്ടു്; അവരുടെ സ്ഥിതി അറിയിച്ചാൽ ഞാൻ വളരെ നന്ദിയുള്ളവളായിരിക്കും. തന്റെ പിതാവും, ഭർത്താവും, സഹോദരനും ഹ: അലി (ക) യുടെ വെട്ടേറു് മരണമടഞ്ഞുവെന്നു് കേട്ടപ്പോൾ അവൾ ബോധം കെട്ടു നിലത്തു വീണു. അല്പം കഴിഞ്ഞപ്പോൾ അവൾ എഴുന്നേറ്റിരുന്നു. അവളുടെ നിസ്സഹായതയിൽ അവൾ പലതും പറഞ്ഞുകൊണ്ടിരുന്നു. അയാൾ അവളെ സമാധാനപ്പെടുത്തി. അയാൾ പറഞ്ഞു: 'ഭവതിക്കുവേണ്ടി എന്തു ചെയ്യാനും ഞാൻ തയ്യാറാണു് കല്പിച്ചാലും' അയാളുടെ മാവ്വിടത്തിൽ തലചായ്ച്ചുകൊണ്ടു് അവൾ പറഞ്ഞു: 'എനിക്കു് മറ്റൊന്നും വേണ്ട ഈ ഇരിക്കുന്ന വാൾകൊണ്ടു് ഖലീഫയെ വധിക്കണം.'

മുൽജം ഞെട്ടി എഴുന്നേറ്റു.

'ഖത്താമി, നിനക്കുവേണ്ടി ഈ ലോകത്തിൽ ആരെ വേണമെങ്കിലും വധിക്കാൻ ഞാൻ തയ്യാറാണു്. പക്ഷെ ഖലീഫയെ വധിക്കാൻ മനുഷ്യർക്കാൽ സാധ്യമല്ല.' തന്റെ നിസ്സഹായാവസ്ഥ അയാൾ തുറന്നു പറഞ്ഞു.

ഖത്താമി അയാളെ അകത്തേക്കു് കൂട്ടി കൊണ്ടുപോയി. പെട്ടികളിൽ അടുക്കിവെച്ചിരുന്ന രത്നങ്ങൾ അവൾ എടുത്തു കാട്ടി. അരികിലിരുന്ന ഖഡ്ഗം അയാളുടെ കൈയിലേല്പിച്ചിട്ടു് അവൾ പറഞ്ഞു: 'ഈ വാൾകൊണ്ടല്ലാതെ അദ്ദേഹത്തെ വധിക്കാൻ സാധിക്കയില്ല. അദ്ദേഹത്തെ കൊല്ലാനുള്ള വഴി ഞാൻ പറഞ്ഞു തരാം. അദ്ദേഹത്തിന്റെ മിത്രമാണല്ലോ അങ്ങു്. അദ്ദേഹം നമസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ ഈ വാൾകൊണ്ടദ്ദേഹത്തെ വെട്ടുക. ഉടൻ മടങ്ങി ഇവിടെ എത്തണം. ഈ മധു അങ്ങേക്കുള്ളതാണു്—അങ്ങേക്കു മാത്രം.

അവളുടെ തന്ത്രങ്ങളിൽ അയാൾ വശീകരിക്കപ്പെട്ടു. അയാൾ അവിടെനിന്നിറങ്ങിനടന്നു. നടന്നു് ക്ഷീണിച്ച അയാൾ ഒരു വീട്ടിൽ കയറി ചെന്നു. അവിടെ അയാൾക്കു് ഭക്ഷണം കിട്ടി. രണ്ടു പേരാണു് അവിടെ ഉണ്ടായിരുന്നതു്. ഹ: അലി (ക) യുടെ പാർട്ടിയാണെന്നു് ധരിച്ചു് അവർ അയാളെ വധിക്കാൻ തീച്ചപ്പെടുത്തി. പക്ഷെ മുൽജമിന്റെ പെരുമാറ്റം അവരുടെ തീരുമാനത്തെ മാറ്റി. അയാൾ സംഭവം മുഴുവൻ തുറന്നു പറഞ്ഞു. അവർ സന്തുഷ്ടരായി. അവർ മറ്റാരുമായിരുന്നില്ല. ബർക്കബ്‌ന അബ്ദുള്ളയും, ഉമറുബ്‌ന അബ്ദുള്ളയുമായിരുന്നു. അവർ ഹ: അലി(ക.വ.)യെ വധിക്കേണ്ടതിനെപ്പറ്റി ചിന്തിച്ചിരിക്കുകയായിരുന്നു. ഹ: അലി (ക.വ.) യെ വധിക്കേണ്ട കാര്യം ഇബ്‌നുമുൽജം ഏറ്റെടുത്തപ്പോൾ അവർക്കു സന്തോ

ഷമായി. അവർ പരിപാടികൾ ആസൂത്രണം ചെയ്തു. അതനുസരിച്ച് ബർക്ക അംറുബ്നു ആസിയുടെ അടുത്തേക്കും, ഉമറുബ്നു അബ്ദുല്ല മുആവിയായുടെ അടുത്തേക്കും യാത്രയായി. ബക്കർ ഈജിപ്തിലെ മസ്ജിദിൽ പ്രവേശിച്ചു. അയാൾ അംറിനെ പ്രതീക്ഷിച്ചിരുന്നു. അംറിന്റെ വേഷത്തിൽ ഒരാൾ നമസ്കാരത്തിനു നിന്നു. ബക്കർ തന്റെ വാൾകൊണ്ട് അയാളെ വെട്ടി. പക്ഷെ അയാൾക്ക് തെറ്റി പോയിരുന്നു. വെട്ടേറ്റ ആൾ അംറുബ്നു ആസി ആയിരുന്നില്ല—അദ്ദേഹത്തിന്റെ പ്രതിനിധിയായിരുന്നു. പ്രതിനിധി വധിക്കപ്പെട്ടു.

മുആവിയായെ വധിക്കാനായി ഉമർ നേരത്തെ എത്തിയിരുന്നു. അയാൾ ഉമറിന്റെ നേരെ വാളോങ്ങി. വേട്ടറെങ്കിലും ശ്രമിച്ചശേഷം മുആവിയാ രക്ഷപ്പെട്ടു. ഉമർ കൊലശിക്ഷക്ക് വിധേയനായി. സംഭവദിവസം, വെള്ളിയാഴ്ച, സുബഹിനിസ്കാരത്തിന്നു ബാങ്ക് വിളിച്ചു. പതിവുപോലെ ഖലീഫ പള്ളിയിലേക്ക് പുറപ്പെട്ടു. ഇബ്നുൽറിയാഹ് എന്ന മുഅസ്സിൻ മുമ്പിലും, ഹസ്സൻ(റ) പിന്നിലും ഖലീഫ അവരുടെ മദ്ധ്യത്തിലുമായി നടന്നു. ജനങ്ങളെ നിസ്കാരത്തിന്നു പ്രേരിപ്പിച്ചുകൊണ്ട് ഖലീഫ പള്ളിയുടെ വാതിൽ കടക്കുമ്പോൾ ശത്രു അദ്ദേഹത്തിന്റെ നേരെ ഖഡ്ഗം പ്രയോഗിച്ചു. ഇബ്നുമുൽജമിന്റെ വാൾ ഖലീഫയുടെ നെറുക പിളർന്നുകളഞ്ഞു. കുറെ പ്രയാസപ്പെട്ടിട്ടാണെങ്കിലും ഇബ്നുമുൽജമിനെ പിടിക്കുകതന്നെ ചെയ്തു. അലി (ക.വ.) പറഞ്ഞു:- 'ആ അക്രമിയെ ബന്ധനത്തിൽ വെക്കുക. ഞാൻ മരിച്ചു പോയെങ്കിൽ അവനു വധശിക്ഷ നൽകിക്കൊള്ളുക.' അനന്തരം ഹസൻ (റ), ഹുസൈൻ (റ) എന്നിവരെ അരികിൽ വിളിച്ച് ഇപ്രകാരം വസിയ്യത് ചെയ്തു:- 'അബ്ദുൽമുത്തലിബിന്റെ സന്തതികളെ, നിങ്ങൾ മുസ്‌ലിംകളുടെ രക്തം കൊതിക്കരുത്. ഉസ്മാൻ (റ) വിന്റെ വധത്തെത്തുടർന്നു അസംഖ്യം കൊലകൾ നടന്നു. എന്നെ കൊന്നവനെ മാത്രമല്ലാതെ നിങ്ങൾ കൊല്ലരുത്. അവനെ വാൾകൊണ്ടു വെട്ടിക്കൊണ്ടുതന്നെ കൊല്ലുക. കടുംകൊല ചെയ്യുകയോ ശരീരത്തെ വികൃതമാക്കുകയോ ചെയ്യരുത്.'

ചരമം

സംഭവം നടന്ന മൂന്നാം ദിവസം, ഹിജ്റാബ്ദം നാല്പതാംവർഷം റമളാൻമാസം ഇരുപതാം രാത്രി, ഞായറാഴ്ച മഹാനായ അലി (ക.വ.) ഇഹലോകവാസം വെടിഞ്ഞു. ഹസൻ (റ), ഹുസൈൻ (റ) അബ്ദുല്ലാഹിബ്നുജഅ്ഫർ (റ) എന്നിവർ അദ്ദേഹത്തിന്റെ ജനാസ കുളിപ്പിച്ചു, മൂന്നു തുണിയിൽ കഫൻ ചെയ്തു. തലപ്പാവുണ്ടായിരുന്നില്ല. ഹസൻ (റ) മയ്യിത്ത് നിസ്കാരത്തിന്റെ നേതൃത്വം വഹിച്ചു. ഖവാരിജുകളുടെ ഉപദ്രവത്തെ ഭയന്നു, രാത്രി വളരെ ഗൂഢമായി മയ്യിത്ത് ഖബ്റടക്കപ്പെട്ടു. ഖബ്റിന്റെ അടയാളം മായിച്ചുകളയുകയും ചെയ്തു. ഇന്നു അലി (ക.വ.) യുടെ സിയാറത്തിന്നായി ആളുകൾ ചെല്ലാറുള്ള പള്ളിയുടെ പിൻഭാഗത്തുള്ള ഖസ്റുൽഅമാറത് എന്ന മാളികയിലാണ് ഖബ്റടക്കിയതെന്നും, ഹസൻ (റ) ജനാസ പിന്നീട് മദീനയിലേക്ക് നീക്കിയെന്നും, പക്ഷാന്തരമുണ്ട്. അദ്ദേഹത്തിന്റെ ഖബ്ർ എവിടെയാണ് സ്ഥിതിചെയ്യുന്നതെന്ന വസ്തുത അജ്ഞാതമത്രെ.

അലി (ക.വ.) യുടെ വധത്തെക്കുറിച്ചറിഞ്ഞപ്പോൾ ഉമ്മഹാതുൽമുഅ്മിനീൻ ആഇശാ (റ) പറഞ്ഞു:- 'അറബികൾ തോന്നിയതൊക്കെ ചെയ്തുതുടങ്ങി. അവരെ തടയുവാൻ ആരുമില്ലാതായി.'

അലി (ക.വ.) യുടെ ജനാസ ഖബ്‌റടക്കിക്കഴിഞ്ഞശേഷം, അദ്ദേഹത്തിന്റെ ഘാതകനായ ഇബ്‌നുമുൽജമിനെ ഹുസൈൻ (റ), മുഹമ്മദ് (റ) എന്നിവർ വെട്ടിക്കൊന്നു, ജനങ്ങളും ആ ഹീനജഡം ചുട്ടകരിച്ചു.

വീരമൃത്യുവടയുമ്പോൾ അലി (ക.വ.) യുടെ പ്രായം അറുപത്തിമൂന്നായിരുന്നുവെന്നാണ് പ്രബലരായ ചരിത്രകാരന്മാരുടെ പക്ഷം. അഞ്ഞൂറെൺപത്താറു ഹദീസുകൾ അദ്ദേഹത്തിൽനിന്നു ലഭിച്ചിട്ടുണ്ട്.

പന്ത്രണ്ടു ഇമാമുകൾ

1. അമീറുൽമുഅ്മിനീൻ, അൽഇമാമുൽ മശാരിഖ്വുൽമഗാരിബ്, അലിയ്യിബ്നിഅബീതാലിബ് (ക. വ.),

2. അൽഹസനുബ്നുഅലിയ്യിബ്നിഅബീതാലിബ് (റ),

3. അൽഹുസൈനുബ്നുഅലിയ്യിബ്നി അബീതാലിബ് (റ),

4. അലിയുബ്നുൽ ഹുസൈനുബ്നു അലിയിബ്നി അബീതാലീബ് (റ),

5. മുഹമ്മദുൽബാഖിറുബ്നു അലിയ്യുബ്നിൽഹുസൈനുബ്നി അലിയ്യിബ്നിഅബീതാലീബ് (റ),

6. ജഅ്ഫറുബ്നു മുഹമ്മദുബ്നു അലിയ്യുബ്നുൽ ഹുസൈനിബ്നി അലിയ്യിബ്നി അബീതാലിബ് (റ),

7. മൂസബ്നു ജഅ്ഫറുബ്നു മുഹമ്മദുബ്നു അലിയുബ്നുൽ ഹുസൈനുബ്നു അലിയ്യിബ്നു അബീതാലിബ് (റ),

8 അലിയ്യുബ്നു മൂസബ്നു ജഅ്ഫറുബ്നു മുഹമ്മദുബ്നുൽ ഹുസൈനിബ്നി അലിയ്യിബ്നി അബീതാലിബ് (റ),

9. മുഹമ്മദുബ്നിഅലിയ്യിബ്നി മൂസബ്നി ജഅ്ഫറിബ്നി മുഹമ്മദുബ്നു അലിയ്യുബ്നുൽ ഹുസൈനിബ്നി അലിയ്യിബ്നി അബീതാലിബ് (റ),

10. അലിയ്യുബ്നു മുഹമ്മദുബ്നു അലിയ്യുബ്നി മൂസബ്നി ജഅ്ഫറിബ്നി മുഹമ്മദിബ്നു അലിയ്യിബ്നു അബീതാലിബ് (റ),

11. അൽഹസനുബ്നു അലിയ്യിബ്നു മുഹമ്മദുബ്നു അലിയ്യിബ്നി മൂസബ്നി ജഅ്ഫറിബ്നി മുഹമ്മദിബ്നി അലിയ്യിബ്നി അലിയ്യിബ്നിൽ ഹുസൈനിബ്നി അലിയ്യിബ്നി അബീതാലിബ് (റ),

12. മുഹമ്മദുബ്നുൽ ഹസനിബ്നി അലിയ്യിബ്നി മുഹമ്മദിബ്നി അലിയ്യിബ്നി മൂസബ്നി ജഅ്ഫറിബ്നി മുഹമ്മദുബ്നി അലിയ്യുബ്നുൽ ഹുസൈനുബ്നി അലിയ്യിബ്നി അബീതാലിബ് (റ).

ഇമാമുകളെ പരിചയപ്പെടുക

1. അലിയ്യിബ്നി അബീതാലിബ് (ക.വ.) ശ്രേഷ്ഠനും, ധീരനും, തത്ത്വചിന്തകനും, പണ്ഡിതവരേണ്യനും സദ്ഗുണസമ്പന്നനുമായ ഈ മഹാപുരുഷന്റെ ചരിത്രം ഈ ഗ്രന്ഥത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.

2. അദ്ദേഹത്തിന്റെ പുത്രനായ ഹസൻ (റ) ഇഴുദ്ദഹം നബി (സ) തിരുമേനിയുടെ പുത്രിയായ ഫാതിമാ (റ) യുടെ പുത്രനാണ്. ഹിജ്റാബ്ദം മൂന്നാം വർഷത്തിലെ റമളാൻ മാസാരംഭത്തിൽ മദീനയിൽ ജനിച്ചു. ആറു മാസം ഖിലാഫത്തു നടത്തിയ ശേഷം മുസ്‌ലിംകൾ തമ്മിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഖലീഫാപദം സ്വയം ഒഴിഞ്ഞുകൊടുത്ത ത്യാഗവര്യനായ ഈ മഹാപുരുഷൻ ഹിജ്റാബ്ദം നാല്പത്തൊമ്പതിലോ അമ്പതിലോ മദീനയിൽ വെച്ചു തന്നെ വഫാതായി. ഈ ഐഹികവാസം വെടിയുമ്പോൾ അദ്ദേഹത്തിന്നു നല്ലതിയേഴു വയസ്സു പ്രായമായിരുന്നു.

ബഖീഇൽ അദ്ദേഹം ഖബ്‌റടക്കപ്പെട്ടു. ഇദ്ദേഹത്തിനു പതിനഞ്ചു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായിരുന്നുവെന്നു പറയപ്പെട്ടിട്ടുണ്ടെങ്കിലും പതിനാലു പുത്രന്മാരുടെ പേരുകൾ മാത്രമെ രേഖപ്പെടുത്തിക്കാണുന്നുള്ളൂ. ആ പേരുകൾ ചുവടെ ഉദ്ധരിക്കുന്നു:- അബ്ദുല്ലാ, ഖാസിം, ഹസ്സൻ, സൈദ്, അംറ്, ഉബൈദുല്ലാ, അബ്ദുർറഹ്മാൻ, അഹ്മദ്, ഇസ്മാഈൽ, ഹുസൈൻ, ഉബൈൽ, ഇബ്രാഹിം, തൽഹത്തു, അബൂബക്കർ. അദ്ദേഹത്തിന്റെ പുത്രിയുടെ പേർ ഉമ്മുൽ ഹസൻ ഫാത്തിമ എന്നായിരുന്നു. അദ്ദേഹത്തിന്റെ പുത്രന്മാരിൽ ഹസൻ (റ), സൈദ് (റ) എന്നീ രണ്ടു പേർക്കു മാത്രമെ സന്താനപരമ്പര ഉണ്ടായിട്ടുള്ളൂ. അബൂമുഹമ്മദ് എന്ന അപരനാമത്തിലും നഖിയ്യ്, സയ്യിദ് എന്നീ ബഹുമതിപ്പേരുകളിലും ഹസൻ (റ) അറിയപ്പെട്ടിരുന്നു.

3. ഹസൻ(റ) വിന്റെ അനുജനായ ഹുസൈൻ (റ): ഇദ്ദേഹത്തിനു അബൂ അബ്ദുല്ലാ എന്ന അപരനാമവും (കുൻയത്), സയ്യിദ്, ശഹീദ് എന്നീ ബഹുമതിപ്പേരുകളും (ലഖബ്) ഉണ്ടു്. ഹിജ്‌റാബ്ദം നാലാം വർഷത്തിലെ ശഅ്ബാൻ മാസം നാലാം തിയ്യതി ഹുസൈൻ (റ) മദീനയിൽ ജനിച്ചു. ഹിജ്‌റാബ്ദം അറുപത്തൊന്നാം വർഷത്തിലെ മുഹർറം മാസത്തിൽ, ആശൂറാ ദിവസം, വെള്ളിയാഴ്ച, ഇദ്ദേഹം ശഹീദായി. ശഹീദാകുമ്പോൾ ഇദ്ദേഹത്തിനു അമ്പത്തൊമ്പതു വയസ്സും അഞ്ചു മാസവും പ്രായമായിരുന്നു. ഇദ്ദേഹത്തിനു അലിയ്യുൽ അക്ബർ, സൈനുൽ ആബിദീൻ എന്ന അലിയ്യ്, അലിയ്യുൽ അസ്ഗർ, മുഹമ്മദ്, അബ്ദുല്ലാ, ജഅ്ഫർ എന്നീ ആറു പുത്രന്മാരും, സൈനബ, സകീന, ഫാതിമാ എന്നീ മൂന്നു പുത്രിമാരും ഉണ്ടായിരുന്നു. പുത്രന്മാരിൽ അലിയ്യുൽ അക്ബർ, അബ്ദുല്ലാ എന്നീ രണ്ടു പേർ ബാപ്പയോടൊപ്പം ശഹീദായി.

4. ഹുസൈൻ (റ) വിന്റെ മകൻ അലീ (റ). ഇദ്ദേഹത്തിനു അബുൽ ഹസൻ എന്ന അപരനാമവും, സൈനുൽ ആബിദീൻ എന്ന ബഹുമതിപ്പേരും ഉണ്ടു്. ഇദ്ദേഹം മുപ്പത്തിമൂന്നാം വർഷത്തിൽ മദീനയിൽ ജനിച്ചു. ഹിജ്‌റാബ്ദം തൊണ്ണൂറിനാലാം വർഷത്തിലെ മുഹർറം മാസം പതിനെട്ടാം തിയ്യതി, അദ്ദേഹം വഫാത്തായി. ബഖീഇൽ ഖബ്‌റടക്കപ്പെട്ടു. വിശ്രുതമായ ഖുബ്ബതുൽ അബ്ബാസിലാണു് ആ ഖബ്‌ർ സ്ഥിതി ചെയ്യുന്നതു്. അദ്ദേഹത്തിന്റെ പിതാവായ ഹുസൈൻ (റ), മുത്താപ്പയായ ഹസൻ (റ), ജാബിറിബ്നു അബ്ബാസ് (റ), അബൂഹുറൈറ (റ), ഉമ്മഹാതുൽ മുഅ്മിനീൻ സഫിയ്യ (റ), ആഇശ (റ), ഉമ്മുസൽമ (റ) എന്നിവരിൽ നിന്നു കേട്ട ഹദീസുകൾ അദ്ദേഹം നിവേദനം ചെയ്തിട്ടുണ്ടു്.

5. സൈനുൽആബിദീൻ എന്ന അലി (റ) യുടെ പുത്രനായ മുഹമ്മദുൽബാഖിർ (റ). ഹസൻ (റ) വിന്റെ പുത്രിയായ ഫാതിമാ (റ) യാണു് ഇദ്ദേഹത്തിന്റെ മാതാവു്. ഇദ്ദേഹത്തിനു അബൂജഅ്ഫർ എന്ന അപരനാമവും ബാഖിർ എന്ന ബഹുമതിപ്പേരുമുണ്ടു്. അപാരപണ്ഡിതൻ എന്നാണു് ബാഖിർ എന്ന പദത്തിന്റെ ഗദ്യരൂപം. ഇദ്ദേഹം ഹിജ്‌റാബ്ദം എൺപത്തേഴാം കൊല്ലത്തിലെ റജബ് മാസത്തിൽ, ഒരു വെള്ളിയാഴ്ച മദീനയിൽ ജനിച്ചു. ഹിജ്‌റാബ്ദം നൂറിപ്പതിനേഴാം വർഷത്തിൽ മദീനയിൽവെച്ചു വഫാതായി. ബഖീഇൽ, പിതാവിന്റെ ഖബ്‌റിനടുത്തു ഖുബ്ബതുൽഅബ്ബാസിൽ ഖബ്‌റടക്കപ്പെട്ടു. ജഅ്ഫർ, അബ്ദുല്ലാ, ഇബ്രാഹിം എന്നീ നാലു പുത്ര

ന്മാരും, സൈനബ, ഉമ്മുസൽമ എന്നീ രണ്ടു പുത്രിമാരും അദ്ദേഹത്തിനുണ്ടായിരുന്നു.

6. മുഹമ്മദുൽബാഖിർ (റ) വിന്റെ പുത്രനായ ജഅ്ഫർ (റ). ഇദ്ദേഹത്തിന്നു അബ്ദുല്ലാ എന്ന അപരനാമവും, സാദിഖ് തുടങ്ങിയ ബഹുമതിപ്പേരുകളുമുണ്ട്. ഹിജ്രാബ്ദം എണ്പതാം വർഷത്തിലെ റബീഉൽഅവ്വൽ മാസത്തിൽ ഒരു തിങ്കളാഴ്ച മദീനയിൽ ജനിച്ചു. ഹിജ്രാബ്ദം നൂറിനാല്പത്തെട്ടാം വർഷത്തിലെ റജബ് മാസാരംഭത്തിലെ തിങ്കളാഴ്ച മദീനയിൽവെച്ചുതന്നെ വഫാതായി. ഇദ്ദേഹവും ഖുബ്ബതുൽഅബ്ബാസിൽതന്നെ ഖബ്റടക്കപ്പെട്ടു. മുഹമ്മദ്, ഇസ്മാഈൽ, അബ്ദുല്ലാ, മൂസാ, അലീ എന്നീ അഞ്ചുപുത്രന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു.

7. ജഅ്ഫർ (റ) വിന്റെ പുത്രനായ മൂസാ (റ). ഇദ്ദേഹത്തിന്നു അബുൽഹസൻ, അബുഇബ്രാഹീം എന്നീ അപരനാമങ്ങളും, ശാകിരൻ എന്നർത്ഥമുള്ള അൽകാളിം എന്ന ബഹുമതിപ്പേരുമുണ്ട്. ഹിജ്രാബ്ദം നൂറിരുപത്തെട്ടാം വർഷത്തിൽ മക്കക്കും മദീനക്കുമിടയിലുള്ള അബ്വാഅ് എന്ന സ്ഥലത്തു ജനിക്കുകയും, നൂറെഴുപത്തിമൂന്നാം വർഷത്തിൽ ബഗ്ദാദിൽവെച്ചു വഫാതാവുകയും ചെയ്തു.

8. മൂസൽകാളിം (റ) വിന്റെ പുത്രനായ അലി (റ). ഇദ്ദേഹത്തിന്നു അബുൽഹസൻ എന്ന അപരനാമവും അർരിള്വാ എന്ന ബഹുമതിപ്പേരുമുണ്ട്. ഹിജ്രാബ്ദം നൂറമ്പത്തിമൂന്നാം വർഷത്തിലെ റബീഉൽആഖിർ പതിനൊന്നാം തിയ്യതി വ്യാഴാഴ്ച മദീനയിൽ ജനിക്കുകയും, ഇരുനൂറെട്ടാം കൊല്ലം, റമളാൻമാസം ഇരുപത്തൊന്നാം തിയ്യതി വെള്ളിയാഴ്ച വഫാതാവുകയും ചെയ്തു.

9. അലിയ്യുർരിള്വാ (റ) വിന്റെ പുത്രൻ മുഹമ്മദ് (റ). ഇദ്ദേഹത്തിന്നു അബൂജഅ്ഫർ എന്ന അപരനാമവും, അതഖിയ്യ്, ജവാദ് എന്നീ ബഹുമതിപ്പേരുകളുമുണ്ട്. ഹിജ്രാബ്ദം നൂറിരുപത്തൊന്നാറഞ്ചാം കൊല്ലത്തിലെ റജബ് മാസം പത്താം തിയ്യതി വെള്ളിയാഴ്ച മദീനയിൽ ജനിക്കുകയും, ഇരുനൂറിരുപതാം കൊല്ലം, ദുൽഹജ്ജ് മാസം ആറാം തിയ്യതി ചൊവ്വാഴ്ച ബഗ്ദാദിൽവെച്ചു വഫാതാവുകയും, വലിയ ബാപ്പയുടെ അടുത്തു ഖബ്റടക്കപ്പെടുകയും ചെയ്തു.

10. മുഹമ്മദ് (റ) വിന്റെ മകൻ അലീ (റ). ഇദ്ദേഹത്തിന്നു അബുൽഹസൻ എന്ന അപരനാമവും, അൽഹാദീ എന്ന ബഹുമതിപ്പേരുമുണ്ട്. ഹിജ്രാബ്ദം ഇരുനൂറിരുപത്തിനാലാം കൊല്ലം, റജബ് മാസത്തിൽ ജനിക്കുകയും, ഇരുനൂറമ്പത്തിനാലാം കൊല്ലം ജമാദുൽആഖിർ മാസത്തിലെ അവസാനത്തെ തിങ്കളാഴ്ച ബഗ്ദാദിൽവെച്ചു വഫാതാവുകയും ചെയ്തു.

11. അലി (ക.വ) യുടെ പുത്രൻ അൽഹസൻ (റ). ഇദ്ദേഹത്തിന്നു അബൂമുഹമ്മദ് എന്ന അപരനാമവും, സകിയ്യ്, ഖാസ്, സിറാജ് എന്നീ ബഹുമതിപ്പേരുകളുമുണ്ട്. ഇദ്ദേഹം ഹിജ്രാബ്ദം നൂറിരുനൂറത്തിമൂന്നാം കൊല്ലം മദീനയിൽ ജനിക്കുകയും, ഇരുനൂറാറുപത്താറാം കൊല്ലം ബഗ്ദാദിൽവെച്ചു വഫാതാവുകയും ചെയ്തു.

12. അൽഹസൻ (റ) വിന്റെ പുത്രൻ മുഹമ്മദ് (റ). ഇദ്ദേഹത്തിന്നു അബുൽഖാസിം എന്ന അപരനാമവും, അൽഖാഇം, അൽമഹ്ദീ, അൽമുൻതളിർ, സാഹിബുസ്സമാൻ എന്നീ ബഹുമതിപ്പേരുകളുമുണ്ട്. ഇദ്ദേഹം ഹിജ്രാബ്ദം നൂറിരുനൂറെഴുപത്തഞ്ചാം കൊല്ലം റമളാൻ മാസം ഇരുപത്തിമൂന്നാം തിയ്യതി ബഗ്ദാദിനടുത്തു സ്സുർമസ്റഅ എന്ന സ്ഥലത്തു ജനിച്ചു. ഹിജ്രാബ്ദം ഇരുനൂറാറുപത്തഞ്ചിലൊ ആറിലൊ അദ്ദേഹം, തന്റെ മാതാവു നോക്കി നിൽക്കെ, സർമസ്റഅ എന്ന നാ

ട്ടിലെ സീർഖാബ് എന്ന ഒരു ഗ്രഹയിൽ പ്രവേശിച്ചുവെന്നും, പിന്നീട് ആ ഗ്രഹയിൽനിന്നും പുറത്തുവന്നില്ലെന്നുമാണ് പറയപ്പെട്ടിട്ടുള്ളത്. ഇദ്ദേഹം മഹ്ദിയായി രംഗപ്രവേശം ചെയ്യുമെന്നു ചിലർ പ്രസ്താവിച്ചുകാണുന്നുണ്ട്. (അല്ലാഹു അറിയുന്ന കാര്യമാണത്.)

ഹസ്രത്ത് അലീ (ക. വ.) യുടെ നേട്ടങ്ങൾ

ഹ: അലി (ക. വ.) യുടെ ഭരണകാലം വളരെ അന്തഃഛിദ്രത്തിനും ആഭ്യന്തരകലഹത്തിനും വഴിതെളിയിക്കുവാനാണ് സഹായിച്ചിട്ടുള്ളത്. അഞ്ചു വർഷക്കാലം അദ്ദേഹം ഭരണം നടത്തുകയുണ്ടായി, ഈ അഞ്ചു വർഷത്തിനിടയിൽ ഒരു നിമിഷം പോലും അദ്ദേഹത്തിനു സമാധാനമായി കഴിഞ്ഞുകൂടുവാൻ സാധിച്ചിരുന്നില്ല. തൽമൂലം ഹ: അലി (ക. വ.) യുടെ ഭരണകാലത്ത് അതിനുമുമ്പുണ്ടായിരുന്ന മുസ്‌ലിം രാഷ്ട്രത്തിന്റെ വളർച്ച് നിശ്ശേഷം അധഃപതിച്ചു. സ്വന്തം അധീനതയിലുണ്ടായിരുന്ന രാജ്യങ്ങളുടെ ചുമതല ശരിയ്ക്കും വഹിക്കുവാൻ അദ്ദേഹത്തിനു കഴിയാതെ വന്നു. വിവിധതരത്തിലുള്ള വിഷമതകൾ അദ്ദേഹത്തെ അലട്ടിയിരുന്നിട്ടും അദ്ദേഹം അതൊന്നും വകവെക്കാതെ സ്വജീവിതം സുഖസമൃദ്ധമാക്കിത്തീർക്കുവാൻ വേണ്ടിയേറെ ശ്രമിച്ചിരുന്നു. മഹത്തായ സേവനങ്ങൾ മാത്രമായിരുന്ന അദ്ദേഹത്തിന്റെ നേട്ടങ്ങൾ ഹ: അലീ (ക. വ) യുടെ ഖിലാഫത്തു് കാലത്തു് രാജ്യത്തു് പല ഭിന്നിപ്പുകളും കലഹങ്ങളും ഉണ്ടായികൊണ്ടിരുന്നപ്പോൾ, എത്രമാത്രം ക്ഷമിച്ചും സഹിച്ചും ആണ് അദ്ദേഹം അവയെല്ലാം നേരിട്ടത് എന്നു വിവരിക്കാൻ സാദ്ധ്യമല്ല.

ഖിലാഫത്തു്

ഹസ്രത്ത് അലി (ക. വ.) ഹ: ഉസ്മാൻ (റ) വിന്റെ രക്തസാക്ഷിത്വത്തെത്തുടർന്നു ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ആ കാലഘട്ടത്തിൽ തലസ്ഥാന നഗരി മാത്രമല്ല മുസ്‌ലിം രാഷ്ട്രം ഒന്നടക്കം ഒരു പരീക്ഷണഘട്ടത്തെ തരണം ചെയ്യുകയായിരുന്നു. ഹ: ഉസ്മാൻ (റ) യുടെ വധത്തെത്തുടർന്നു മുസ്‌ലിംകളുടെ ഇടയിൽ വെറുപ്പും വിദ്വേഷവും ആളിപ്പടരാൻ തുടങ്ങി. തീരെ നിസ്സാരമാക്കി തള്ളുവാൻ മുസ്‌ലിംകൾക്കു കഴിയാതെയായി. അത്ര ഗൗരവമേറിയതായിരുന്നു ഹ: ഉസ്മാൻ (റ) യുടെ വധം. ഹസ്രത്ത് ഉസ്മാൻ (റ) യുടെ ഭരണത്തെക്കുറിച്ചു് തീരെ വിശ്വാസമില്ലാത്തവരായിരുന്ന ഹ: സുബൈർ (റ) വും ഹ: തൽഹത്ത് (റ) വും. ഉമ്മുൽമുഅ്മിനീൻ, ഹ: ആയിശ (റ) എന്നിവർ. എന്നാൽ അദ്ദേഹത്തിന്റെ വധത്തിൽ പങ്കുള്ളവരെ കഠിനമായി ശിക്ഷിക്കുവാൻ ഇവർ മുറവിളി കൂട്ടുകയാണുണ്ടായതു്. മറെറാരു വശത്തു് ബനൂഉമയ്യാക്കൾക്കും, അമീർ മുആവിയാക്കും ശാമിലുണ്ടായിരുന്ന ആധിപത്യം-ഖുലഫാഉർറാശിദുകളുടെ സത്ഭരണത്തെ സ്വേച്ഛാധിപത്യമാക്കി മാറ്റുന്നതിനുതയ്യാറെടുത്തുകൊണ്ടിരിക്കുകയായിരുന്നു. ഇതിനേക്കാൾ നല്ലൊരവസരം അവർക്കു് ഇതിനു മുൻപു് ഉണ്ടായിരുന്നില്ല. ശാമിലുടനീളം ഖലീഫയുടെ കൊലക്കു പകരം വീട്ടുവാനുള്ള സന്നാഹങ്ങൾ യാതൊരു കുസൃതിയും കൂടാതെ അമീർ മുആവിയ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇങ്ങിനെയൊക്കെയിരിക്കുമ്പോൾ ഹ: അലി (ക) യുടെ ഖിലാഫത്തിനെതിരായി ഒരു വൻശക്തി ഉടലെടുത്തു. ഇവരായിരുന്ന അദ്ദേഹത്തിന്റെ പേരിലുള്ള ആരോപണായുധങ്ങൾ.

1] ഹ: അലി (ക. വ.) ഖലീഫയാകുന്നതിനു കുലമായി ഉസ്മാൻ (റ) വിനെ സഹായിക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചില്ല.

2] ഖലീഫയായതിനു ശേഷം ഹ: അ

സ്മാൻ (റ) യുടെ ഘാതകന്മാർ ആരാണെന്നു് അറിവുണ്ടായിട്ട പോലും അവരെ ശിക്ഷിക്കുന്നതിൽ അതൃപ്തി പ്രകടിപ്പിച്ചു.

3] ഹ: ഉസ്മാൻ (റ) യ്ക്കെതിരായി പ്രവത്തിച്ചിരുന്നവക്കു് പ്രോത്സാഹനം കൊടുക്കുകയും ഉദ്യോഗമില്ലാതിരുന്നവക്കു് ഉദ്യോഗം കൊടുക്കുകയും ചെയ്തു.

മേൽ പ്രസ്താവിച്ചവയാണു് കുഴപ്പങ്ങൾക്കെല്ലാം കാരണമായി ഭവിച്ചതു്. ഇവയിൽ ഹസ്രത്തു് അലി (ക. വ.) എത്രത്തോളം നിരപരാധിയാണെന്നു് നമുക്കു് ചിന്തിക്കാവുന്നതേയുള്ളു. ലഹളക്കാക്കെതിരെ സഹായിക്കാതിരുന്ന കുറ്റം ഹ: അലി (ക. വ.) ക്കു് അത്രമാത്രം ബാധകമായിരുന്ന ഒന്നായിരുന്നില്ല. സഅ്ദു് (റ), സുബൈർ (റ), ഹ: തൽഹാ (റ) എന്നീ മദീനക്കാക്കാകമാനം അതു് ബാധകമായിരുന്നിട്ടുള്ളവയാണു്.

വാസ്തവത്തിൽ ലഹളക്കാരെ എതിർക്കുന്നതിനു് പ്രതിബന്ധമായിരുന്നതു് ഹ: ഉസ്മാൻ (റ) സ്വഭരണകാലത്തു് സമുദായത്തിൽ അന്തഃഛിദ്രം ആരംഭിക്കുന്നതിനു് സമ്മതിക്കാതിരുന്നതാണു്. അദ്ദേഹത്തെ സഹായിച്ചുകൊണ്ടു് ജീവത്യാഗം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ച ബനൂഉമയ്യക്കാരും ഹസ്രത്തു് ഉസ്മാൻ (റ) യുമായി ബന്ധപ്പെട്ടിരുന്ന മറ്റുള്ളവരെയും അക്രമണമുണ്ടാക്കുന്നതിനെ നിർബന്ധപൂർവ്വം തടയുകയാണു് ഹ: ഉസ്മാൻ (റ) ചെയ്തതു്. അക്രമികളെ തുരത്തിപ്പിടിക്കുവാനും അവരെ പിരിച്ചുവിടുവാനും ഹ: അലി (ക. വ) വളരെയേറെ ശ്രമിച്ചിരുന്നു. ഉമ്മുൽമുഅ്മിനീൻ, ഉമ്മുഹബീബ (റ), ഹ: ഉസ്മാൻ (റ) യെ ലഹളക്കാർ ബന്ധനസ്ഥനാക്കിയ അവസരത്തിൽ കുറച്ചു് ഭക്ഷണം കൊണ്ടുകൊടുക്കുവാൻ സൂത്രത്തിൽ ശ്രമിച്ചപ്പോൾ അവരെ ശത്രുക്കൾ ഉപദ്രവിക്കുകയും ഭക്ഷണങ്ങൾ തട്ടിക്കളയുകയും ചെയ്തു. ഹ: അലി (ക. വ) ഈ കാര്യത്തിൽ ശ്രമപാശ്ചെയ്യുകയുണ്ടായി. എന്നാൽ അവയൊന്നുംതന്നെ അവിടെ ഫലപ്പെടുകയുണ്ടായില്ല. ഇതിൽ വളരെ നിരാശയും കോപവും അദ്ദേഹത്തിൽ ആളിക്കത്തി. ഹ: ഉസ്മാൻ (റ) ബന്ധനത്തിലായിരുന്നപ്പോൾ ഹ: അലി (ക. വ) യും മറ്റു ഭടന്മാരും സ്വതന്ത്രരായിരുന്നില്ല. അവരുടെ പോക്കുവരവുകളെ ശത്രുക്കൾ നിയന്ത്രിച്ചുകൊണ്ടിരുന്നു. കുറക്കാരെ ശിക്ഷിക്കാതിരുന്നതിനെപ്പറ്റിയുള്ള ആരോപണം ഹ: അലി (ക. വ) മദീനയിൽനിന്നും പോകുമായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ മുൻപറഞ്ഞ ആരോപണം ചുമത്തുകയില്ലായിരുന്നുവെന്നു് സ്വഹീഹായി രേഖപ്പെടുത്തീട്ടുണ്ടു്. ഈ അവസരത്തിൽ നിങ്ങൾക്കെന്തറിയാം. ഞാൻ ആ അവസരത്തിൽ ബന്ധനത്തിലായിരുന്നുവൊ സ്വതന്ത്രനായിരുന്നുവോ എന്നു് ഹ: അലി (ക. വ) ചോദിക്കുകയുണ്ടായി. ശത്രുക്കൾക്കു് ശിക്ഷ നൽകാതിരുന്നതുകൊണ്ടു് ആ ആരോപണം ഇപ്പോഴും വിമർശിക്കപ്പെട്ടുവരികയാണു്. ഘാതകന്മാരെ കണ്ടുപിടിച്ചു് അവരെ ശിക്ഷിക്കേണ്ടതു് ഹ: അലി (ക. വ) യുടെ ചുമതലയിൽപ്പെട്ടതായിരുന്നു. മുമ്പു പ്രസ്താവിച്ച പ്രകാരം അന്വേഷണമുണ്ടായിരുന്നിട്ടും ഘാതകന്മാരാരെല്ലാമാണെന്നു് അറിവുകിട്ടുകയുണ്ടായില്ല. അമീർ മുആവിയായും അനുയായികളും വെച്ചുപ്പെടുത്തുന്ന പ്രകാരം നോക്കുകയാണെങ്കിൽ ഘാതകന്മാരാരാണെന്നു് ഹ: ഉസ്മാൻ (റ) യെ വലയം ചെയ്തിരുന്ന ആയിരക്കണക്കിനാളുകളെ, ഒരാളെ വധിച്ചതിനു് വധിക്കുവാൻ ഹ: അലി (ക. വ) ക്കു് സാധിച്ചിരുന്നില്ല.

ഹ: ഉസ്മാൻ (റ) യോടു വിരോധമുണ്ടായിരുന്നവരുടെ കൂട്ടത്തിൽ ചില മഹാന്മാരായ

സഹാബികളും ഉൾപ്പെട്ടിരുന്നു. അവരുടെ ലക്ഷ്യം ഭരണം നന്നാക്കണമെന്നുള്ളതായിരുന്നു. അമീർ മുആവിയായുടെ പ്രതികാരാഗ്നിക്ക് കീഴ്പ്പെട്ടുകയും കൊലപ്പെടുത്തുകയും ചെയ്യുന്നത് അനീതിയാണെന്നും വ്യക്തമാണ്. പിന്നത്തെ ആരോപണം ഹ: ഉസ്മാൻ (റ) യെ വധിക്കുവാൻ ശ്രമിക്കുകയും മറ്റും ചെയ്യുന്നവരെ തന്റെ സഹായികളാക്കുകയും അവർക്ക് ഉദ്യോഗം കൊടുക്കുകയും ചെയ്തുവെന്നുള്ളതാണ്. മിക്കവാറും ശരിയാണ്. മേല്പറഞ്ഞ പ്രകാരം അദ്ദേഹം പ്രവർത്തിച്ചിരുന്നത് ചില ശക്തികളുടെ പ്രേരണയാലാണ്. ഈ കാലഘട്ടത്തിൽ മുസ്‌ലിംകളുടെ ഇടയിൽ മൂന്നു സംഘങ്ങൾ ഉടലെടുക്കുകയുണ്ടായി. ഒന്നാമത്തെ സംഘക്കാർ ഹ: അലീ (ക. വ) യുമായി മത്സരിച്ച് തങ്ങളുടേതായ ഒരു ഭരണഘടന സ്ഥാപിച്ചുകാണുന്നതിന് ആശിച്ചുകൊണ്ടിരുന്നു. ഇവർ ഹ: ഉസ്മാൻ (റ) യുടെ ഭാഗത്തായിരുന്ന നിലയുറപ്പിച്ചത്. ഇനി രണ്ടാമത്തെ സംഘക്കാരെപ്പറ്റി അവർ ഹ: അലീ (ക. വ) യുടെ പക്ഷത്താണ്. ന്യായവും സത്യവും ഉള്ളതുണ്ടെന്ന് കരുതി അങ്ങോട്ടടുത്തു. ഇവരിൽ അധികവും മതഭക്തർ ആയിരുന്നു. തെറ്റിദ്ധാരണയിൽ വിശ്വസിക്കുവാൻ ഇവർ കൂട്ടാക്കിയിരുന്നില്ല. ഒരു പ്രത്യേക സാഹചര്യത്തിൽ ഹ: അലീ (ക. വ) കൂഫായിലേക്ക് പോകുവാൻ തയ്യാറായിക്കൊണ്ട് തന്റെ കൂടെ കൂഫയിലേക്ക് പുറപ്പെടുവാൻ സഹാബികളോട് ആവശ്യപ്പെട്ടു. ഈ ക്ഷണനം ചില സഹാബികളും നിരസിക്കുകയുണ്ടായത്. ഒരു സന്ദർഭത്തിൽ ഹ: സഅ്ദുബ്നുവഖാസ് (റ) പറയുകയുണ്ടായി 'ഞാൻ യുദ്ധത്തിന് തയ്യാറാകണമെങ്കിൽ മുസ്‌ലിമിനേറയും അമുസ്‌ലിമിനേറയും ഇടയിൽ വ്യത്യസ്തഭാവഭേദങ്ങളോടുകൂടി പ്രയോഗിക്കാവുന്ന വാളാണ് എനിക്ക് തരേണ്ടത്' എന്നും എന്നാൽ മാത്രമേ ഞാൻ യുദ്ധത്തിന് തയ്യാറാകുകയുള്ളൂ എന്നും അല്ലാഹുവിനെയോർത്ത് എനിക്കിഷ്ടമില്ലാത്ത ഒരു കാര്യം ചെയ്യുവാൻ എന്നോട് പറയരുത് എന്നും ഹ: അബ്ദുല്ലാ ഹിബ്നു ഉമർ (റ) പറഞ്ഞു. മുഹമ്മദിബ്നു മുസ്‌ലമ (റ) പറഞ്ഞതിപ്രകാരമായിരുന്നു. എന്റെ വാൾ പ്രയോഗിച്ചു ഒരു മുസൽമാന്റെ രക്തം ചിന്താനിടയായാൽ ഞാനത് പൊറുക്കുകയില്ല. അതിനിടവരുത്തുന്നതിനു മുൻപ് ഞാൻ എന്റെ വാൾ ഉഹ്ദുമലയുടെ മീതെ വെട്ടി നാമാവശേഷമാക്കിക്കളയും. ഇതുകേട്ട ഹ: മുആമത്തുബ്നു സൈദ് ഇങ്ങനെ അപേക്ഷിച്ചു അമീറുൽ മുഅ്മിനീനെ! മാപ്പുതന്നാലും ഞാൻ എന്റെ വാൾ കലിമാ ഉച്ചരിച്ചിട്ടുള്ള ഒരൊറ്റ ജീവിയുടേയും രക്തം ചിന്തുവാൻ ഞാൻ അനുവദിക്കുന്നതല്ല. കലിമ ഉച്ചരിച്ചിട്ടുള്ള ഒരു ജീവിയുടേയും രക്തം എന്റെ വാളിൽ സ്പർശിക്കുവാൻ ഇടയാക്കുകയില്ല. എന്നു ഞാൻ സത്യപ്രതിജ്ഞ ചെയ്യുന്നു. മൂന്നാമത്തെ സംഘത്തിൽ ഒരു വിഭാഗം ഹ: അലി (ക.വ.) യിലും അടുത്ത വിഭാഗം ഹ: ഉസ്മാൻ (റ) വിലും വിശ്വസിക്കുന്നവരും ആയിരുന്നു. നബി (സ) യുടെ സന്നിധിയിൽ ഹ: അമ്മാറുബ്നുയാസിർ (റ) ഒരു പ്രത്യേക സ്ഥാനം പിടിച്ചിരുന്നു. ഒന്നാംഖലീഫയുടെ പുത്രനായ അബൂബക്കർ (റ), ഹ: അലിയുടെ സംരക്ഷണയിലാണ് വളർന്നിരുന്നത്.

മുസ്‌ലിം രാഷ്ട്രങ്ങളിൽ പരക്കെ പ്രക്ഷോഭങ്ങളും ലഹളകളും പടർന്നു പിടിക്കാൻ കാരണമാക്കിയ സംഭവം ഹ: അലി (ക വ.) ഖിലാഫത്തു പീഠത്തിൽ ആസനസ്ഥനായതോടുകൂടിയാണ്. ജനങ്ങളുടെ ഈ വിപ്ലവംമൂലം സമുദായത്തിന്റെ അടിത്തറ അധഃപതിക്കുമെന്നതിൽ സംശയിക്കാനില്ല. ഇവ

യെല്ലാം തരണം ചെയ്യുവാൻ ഒട്ടുവളരെ പ്രയത്നിച്ചിട്ടുപോലും ഹ: അലി (ക.വ.) യ്ക്കു കഴിയാതെയാണു് വന്നതു് രാജ്യത്തു് കാരോനാളകം കഴിയുംതോറും വിഷമതകൾ വർദ്ധിച്ചുവരികയാണു്. പലേ സ്ഥലത്തും പല തരത്തിലുള്ള അഭിപ്രായങ്ങളും തമ്മിൽത്തല്ലും കക്ഷിമത്സരങ്ങളും എതൊരു ശക്തിക്കും പിടിച്ചുനിറുത്താനാവാത്ത തരത്തിലുള്ള അഭ്യന്തരകലഹങ്ങളും വിപ്ലവങ്ങളും പൊട്ടിപുറപ്പെട്ടു. ഹ: അബൂബക്കർ സിദ്ധീഖ് (റ) വിന്റെ ഖിലാഫത്തുകാലത്തു് പോലും മുസ്‌ലിംകൾ ഒരു ശക്തിക്കുമുന്നിൽ ബലപ്രയോഗം നടത്തുകയായിരുന്നു.

ഹ: അബൂബക്കർസിദ്ദീഖ് (റ) വിന്റെയും, ഹ: അലി (ക.വ.) യുടേയും ഭരണകാലത്തു് നടമാടിയിരുന്ന സ്ഥിതിഗതികൾക്കു് വലിയ ഒരു അകൽച്ചയുണ്ടായിരുന്നു. മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുണ്ടായ പോരാട്ടത്തിന്റെ ഫലമായി ഹ: സിദ്ദീഖുൽഅകബറിന്റെ സൈരജീവിതം തകച്ചയിലേക്കു് നീങ്ങികൊണ്ടേയിരുന്നു. അബൂബക്കറിന്റെ പക്ഷത്തായിരുന്ന സഹാബികളെല്ലാവരുംതന്നെ. മുസ്‌ലിംകൾ ഒറുകെട്ടായിനിന്നു് പോരാടി. അനാവശ്യമായ ചില കാരണങ്ങൾകൊണ്ടുണ്ടാക്കിപ്പെടുത്തുകൊണ്ടാണു് ഇവരുടെ മുന്നോട്ടുള്ള ഗതി. തൽഫലമായി മുസ്‌ലിംകൾക്കു് അവരെ കീഴടക്കുവാൻ തീരെ പ്രയാസമുണ്ടായിരുന്നില്ല. മുസ്‌ലിംകൾ മാത്രമായിരുന്നില്ല ഹ: അലി (ക.വ.) യുടെ എതിരാളികൾ കൂട്ടത്തിൽ റസൂൽ (സ.അ.) യുടെ പത്നി ഹ: ആയിഷാ സിദ്ദീഖയും ഉൾപ്പെട്ടിരുന്നു റസൂൽ (സ.അ.) സ്വർഗ്ഗം പ്രാപിക്കുമെന്നു് ആശീർവദിച്ച ഒരു വ്യക്തിയായിരുന്നു് ഹ: സുബൈറുബ്നുൽഅവാം (റ).

ഉഹ്ദ് യുദ്ധത്തിൽ നബി (സ) യുടെ അംഗരക്ഷകനായിരുന്ന ഹ: സുബൈറുബ്നുൽഅവാം (റ) ശത്രുക്കളിൽനിന്നും ശരവർഷം പോലെ വന്നുകൊണ്ടിരുന്ന അസ്ത്രങ്ങൾ ഏറെ ഞെരിച്ചിരികൊള്ളുകയായിരുന്നു. ശരീരം മുഴുവനും ഭാരങ്ങൾ വീണിട്ടുപോലും പിൻമടങ്ങാതെ നബി (സ) യുടെകൂടെ ധൈര്യസമേതം മുമ്പോട്ടുനീങ്ങി. ഈ ധൈര്യവും സ്നേഹപൂർണ്ണവുമായ പെരുമാറ്റവും കണ്ടു് നബി (സ) അദ്ദേഹത്തിനു് "ഖൈർ" എന്ന ഒരു സ്ഥാനം നൽകുകയുണ്ടായി. ശാമിലെ ഭരണാധികാരിയായിരുന്ന അമീർമുആവിയായും ഹ: അലി (ക.വ.) യുടെ എതിരാളികളിൽപ്പെട്ട ഒരു വ്യക്തിയായിരുന്നു. റസൂൽ (സ) യുടെ ഒരു ചച്ചക്കാരനെന്ന നിലക്കുള്ള ഒരു ബഹുമതി അമീർമുആവിയ കരസ്ഥമാക്കിയിരുന്നു. ഹ: അലി (ക.വ.) യുടെ വേറൊരു എതിരാളിയായിരുന്ന അംറുബ്നുൽആസ് (റ). ഹ: അലി (ക.വ.) യുടെ എതിരാളികളായ ഇവർക്കു് ജീവൻ ബലി അർപ്പിക്കുന്നതിനുപോലും തയ്യാറുള്ള വളരെയധികം അനുയായികൾ ഉണ്ടായിരുന്നു. ആയതിനാൽ അമീർമുആവിയ (റ), അംറുബ്നുൽആസ് (റ) മുതലായ എതിരാളികളോട് പൊരുതുവാൻ, അഥവാ പൊരുതിയാൽതന്നെ വിജയം വരിക്കുവാൻ പ്രയാസമുള്ളതായി ഹ: അലി (ക.വ) ക്കു് തോന്നി. ഇങ്ങിനെയുള്ള പരാജയങ്ങൾക്കു കാരണം നിസ്വാർത്ഥത, മതനിഷ്ഠ, സത്യം, നീതി തുടങ്ങിയ സദ്ഗുണങ്ങളാണു്. ഇതിനിടക്കു് അമീർമുആവിയ (റ) കുവേണ്ടിയായിരുന്നെങ്കിലും മറുഭാഗത്തു് കവച്ചുവെയ്ക്കപ്പെടാനുള്ള കണക്കു് പോരിക്കലായിരുന്നു ഹ: അലി (ക.വ.) ചെയ്തിരുന്നതു്. ഈ ഒരു കാരണത്താൽ ഹ: അലി (ക.വ.) യുടെ പക്ഷക്കാരും ബന്ധുക്കാരിൽ ചിലരും പിൻമാറുകയാണുണ്ടാ

യത്തു്. ഉദ്യോഗസ്ഥന്മാർ ചിലരിൽ വേണ്ടത്ര ഉദ്ദേശശുദ്ധിയും സഹ്‌ഗ്രണങ്ങളും ഉണ്ടാകാതിരുന്നതുകൊണ്ടാണു് ഹ: അലി (ക.വ.) യുടെ ഏറെറാരു പരാജയത്തിനു് കാരണം.

ഹ: അലി (ക.വ.), റസൂൽ (സ) വിനാൽ ഖിലാഫത്തിനു് വസിയ്യത്തു ചെയ്യപ്പെട്ട 'വസിയ്യു" ആണെന്നു് ജനങ്ങളിൽ പരക്കെ ഒരു വിശ്വാസമുണ്ടായിരുന്നു. കാലക്രമത്തിൽ ഈ വിശ്വാസം അതിരുകവിയുകയും, ഹ: അലി (ക.വ) മനുഷ്യനിൽനിന്നും ഒരു വ്യത്യസ്ത മനുഷ്യനാണെന്നും ചിലർ വിശ്വസിച്ചു്. ചിലർ അദ്ദേഹം ദൈവമാണെന്നും കല്പിച്ചു്. ഇങ്ങനെയുള്ള തെറ്റിദ്ധാരണ മാറ്റാൻ ഹ: അലി (ക.വ) വളരെ ശ്രമിച്ചുകൊണ്ടിരുന്നു. ഈ തെറ്റിദ്ധാരണ പരക്കെ വ്യാപിച്ചതിനാൽ വളരെ എളുപ്പത്തിൽ മാറ്റാൻ ഹ: അലി (ക.വ) യ്ക്കു കഴിഞ്ഞില്ല. ഈ വിഭാഗക്കാർ മുസ്‌ലിംകൾക്കു് മതപരമായും മറ്റും പലേ വിനാശങ്ങളും വരുത്തിക്കൂട്ടി. വളരെ പ്രയാസപ്പെട്ടു ആരംഭിച്ച ജമൽ യുദ്ധത്തിനു് ഈ വിഭാഗക്കാരാണു് ഉണർവു് ഉണ്ടാക്കിയതു്. ഇതിനിടയിൽ ഖാരിജികൾ എന്നൊരു കക്ഷി രൂപം പ്രാപിച്ചു്. വി: ഖുർആനിലെ പദങ്ങളെ കണക്കിലെടുത്തുവെങ്കിലും അവയുടെ അർത്ഥം മനസ്സിലാക്കുവാൻ അവർ ഒരുങ്ങിയിരുന്നില്ല.

ഹ: അലി (ക.വ.) വളരെ വീറോടുകൂടി സിഫ്ഫീൻ യുദ്ധത്തിൽ പൊരുതുകയുണ്ടായി. ഉദ്ദേശിച്ച സ്ഥാനത്തെത്തിയപ്പോൾ ശത്രുക്കളുടെ കുതന്ത്രങ്ങൾക്കു് അടിമപ്പെട്ടു് പിന്മടങ്ങേണ്ടിവന്നതിനാൽ വളരെ മനഃപ്രയാസമുണ്ടായിരുന്നു. ഹ: അലി (ക.വ.) യുടെ സേനാനികൾ വളരെ ഉത്സാഹത്തോടും ആത്മധൈര്യത്തോടും കൂടിയാണു് അടരാടിയിരുന്നതു്. മുൻപോട്ടുള്ള ഗതിക്കു തടസ്സം നേരിട്ടപ്പോൾ ധീരന്മാരായിരുന്ന ആ സേനാനികളുടെ ആത്മധൈര്യവും ഉത്സാഹവും എങ്ങോ നഷ്ടപ്പെട്ടതുപോലെ തോന്നി. ശത്രുക്കളുടെ ഈ കുതന്ത്രങ്ങൾക്കൊക്കെ പുല്ലുപോലെ വിലകല്പിച്ചുകൊണ്ടു് ഹ: അലി (ക.വ.) ജീവിതാവസാനംവരെ സ്ഥിരം പോരാടി. അദ്ദേഹത്തിന്റെ ഈ പരാജയങ്ങൾക്കെല്ലാം കാരണം ശരിക്കു് അറിയാമായിരുന്നിട്ടുപോലും അവയെല്ലാം ശരീഅത്തിന്റെ വിധികളിൽനിന്നും അതിരുകവിച്ചിലാണെന്നു് തോന്നിയതിനാൽ അദ്ദേഹം അതിൽനിന്നൊന്നും പിൻതിരിഞ്ഞില്ല. സ്വയം ഇഷ്ടത്തിനെ ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്നെങ്കിൽ അദ്ദേഹത്തിനു് വിജയം നിശ്ചിതമായി തീർന്നേനേ. എന്നാൽ മതത്തെമാത്രം മുറുകെപ്പിടിച്ചതിനാലാണു് അദ്ദേഹത്തിനു് പരാജയം സംഭവിച്ചതു്. സന്മാർഗ്ഗികളായ ഖലീഫയുടെയും റസൂൽ (സ) യുടെയും പിൻഗാമിയായ അദ്ദേഹം കടമ നിർവ്വഹിച്ചു്.

ഹ: അലി (ക.വ.) യുടെ മരണം

ഹ: ഉമർ (റ) വിന്റെ കാലത്തു നടമാടിയിരുന്ന രീതികൾ അതേ രീതിയിൽ തന്നെ തുടരണമെന്നതന്നെയാണു് ഹ: അലി (ക.വ.) ഉദ്ദേശിച്ചതു". പൂവ്വികകല്പടവുകൾ മാറിവെയ്ക്കുവാൻ അദ്ദേഹം സന്നദ്ധനായില്ല. ഫാറൂഖ് (റ) ഒരു കൂട്ടം യഹൂദികളെ ഹിജാസിൽനിന്നും നാട്ടു കടത്തിയിരുന്നു. ഹ: അലി (ക.വ) യുടെ ഭരണകാലത്തു് അവർ സ്വരാജ്യത്തേക്കു് മടങ്ങി വരുവാൻ അനുവദിക്കണമെന്നു് അദ്ദേഹത്തോടു് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ തന്റെ പൂവ്വികന്റെ മുന്നോട്ടുള്ള പ്രയാണത്തെ ബഹുമാനിച്ചു് യഹൂദികളുടെ അപേക്ഷ നിരസിക്കുകയാണുണ്ടായതു്. ഉദ്യോഗസ്ഥമേലനേഷണം നോക്കുന്ന കാര്യത്തിൽ ഹ: അലി (ക.വ.) കൂടുതൽ ശ്രദ്ധപതിപ്പിച്ചു് ഉദ്യോഗസ്ഥന്മാരുടെ നടപടികൾ ഇട

ക്കിടെ അനേഷിക്കുക എന്ന പതിവു് ഒഴി വാക്കിയിരുന്നില്ല. ഈ പ്രവൃത്തി അദ്ദേഹത്തിനു് സമയം കിട്ടാതെയായപ്പോൾ പ്രത്യേകം ഇതിനു ഒരാളെ നിയമിക്കുകയുണ്ടായി; ഹ: കഅ്ബ്ഇബ്നു മാലിക് (റ) ആയിരുന്നു അതു്. ഇറാഖിലെ ഓരോ സ്ഥലത്തും ചുറ്റിനടന്നു് ഉദ്യോഗസ്ഥന്മാരെപ്പറ്റി അനേഷിക്കുവാൻ ഇദ്ദേഹത്തിനു് പ്രത്യേകം ആജ്ഞ കൊടുത്തു. ഹ: കഅ്ബ്ഇബ്നു മാലിക് ഇവയെല്ലാം തന്നെ കൃത്യമായി നിവൃഹിച്ചു പോന്നു. ഒരിക്കൽ ഒരു സംഭവമുണ്ടായി, അർശീറിലെ അമീറായ മസ്ഖല: ബൈത്തുൽ മാലിൽനിന്നും കുറെ പണം കടം വാങ്ങി അടിമകളായി കഴിഞ്ഞുകൂടിയിരുന്ന സ്ത്രീകളും പുരുഷന്മാരുമടക്കം എകദേശം നാനൂറു് അടിമകളെ സ്വതന്ത്രരാക്കുകയുണ്ടായി. കുറെ ദിവസങ്ങൾക്കു ശേഷം കടം വാങ്ങിയ അത്രയും സംഖ്യ ഉടൻ തിരിച്ചടക്കുവാൻ പറയുകയും ഉസ്മാനെ സംബന്ധിച്ചിടത്തോളം ഇത്രയും വലിയ ഒരു സംഖ്യ കായ്മല്ലെന്നും, അലി (ക.വ.) യാണെങ്കിൽ വലിയ പിശുക്കത്തരം കാണിക്കുമായിരുന്നുവെന്നും, യാതൊരു നിവൃത്തിയുമില്ലാ എന്നും പറഞ്ഞു് അമീർ മുആവിയാ (റ) യുടെ സന്നിധിയിൽ മസ്ഖല (റ) ആവലാതി ബോധിപ്പിച്ചു. ഇനി ദൈവകാരുണ്യം അദ്ദേഹത്തിൽ വർഷിക്കുമാറാകാതിരിക്കട്ടെ എന്നാണു് ഹ: അലി (ക.വ) ഇതു കേട്ടു് പ്രസ്താവിച്ചതു്. അയാൾ എന്തൊരു നീചകൃത്യമാണു് ചെയ്തതു്. അയാളെ കണ്ടുമുട്ടിയിരുന്നെങ്കിൽ ഞാൻ അയാളെ തുറുങ്കിൽ അടക്കുമായിരുന്നു. അദ്ദേഹത്തിന്റെ കൈവശം ഉള്ളവ പിടിച്ചെടുക്കുകയും ചെയ്യുമായിരുന്നു. ബസ്റാ ഭരണാധികാരിയായിരുന്ന അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) (ഇദ്ദേഹം ഹ: അലി (ക. വ) യുടെ പിതൃവ്യനായിരുന്നു.) ബൈത്തുൽ മാലിൽനിന്നും കുറെ പണം വായ്പ വാങ്ങിയിരുന്നു. ഇതു് അറിയാനിടയായ ഹ. അലി (ക.വ.) അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിനെ വിളിച്ചു് ചോദിക്കുകയും, അപ്പോൾ എനിക്കു് അവകാശപ്പെട്ട തുകയുടെ വളരെ കുറച്ചു ഭാഗമെ എടുത്തുള്ളുവെന്നുമാണു് അദ്ദേഹം മറുപടി പറഞ്ഞതു്. ഈ സംഭവത്തിനുശേഷം ബസ്റായിൽനിന്നും അദ്ദേഹം മക്കായിലേക്കു് പോവുകയാണു് ചെയ്തതു്.

കുതിരകളെ സക്കാത്തിൽനിന്നും ഒഴിവാക്കിയിരുന്നതു് നബി (സ) യുടെ ഭരണകാലത്തെ ഒരു പ്രത്യേകതയായിരുന്നു. എന്നാൽ നേരെമറിച്ചു് കുതിരകൾക്കു് സക്കാത്തു കൊടുക്കണമെന്നു് ഹ: ഫാറൂഖ് (റ) അദ്ദേഹത്തിന്റെ കാലത്തു നടപ്പിലാക്കി. ഹ:അലി (ക.വ.) യുടെ ഭരണകാലത്തു്, ഹ: ഫാറൂഖ് (റ) വിന്റെ കാലത്തെ പരിഷ്കാരം നിശ്ശേഷം നിർത്തലാക്കി യുദ്ധാവശ്യങ്ങൾക്കു് കൂടുതൽ കുതിരകളെ സജ്ജീകരിച്ചു് വെക്കുകയും ചെയ്തു. നികുതിയുടെ കായ്ത്തിലാണെങ്കിൽ അവശരോടു് പ്രത്യേകം നന്ദി കാണിച്ചു അവരിൽനിന്നും നികുതി പിരിക്കൽ ഹ. അലി (ക.വ) നിർത്തലാക്കി. ഇതുമൂലം ജനങ്ങളുടെ പ്രീതിക്കു് അദ്ദേഹം പാത്രീഭവിക്കുകയുണ്ടായി. അവശർക്കു് വേണ്ടിയുള്ള എന്തു സഹായവും ചെയ്തുകൊടുക്കുവാൻ എല്ലായ്പ്പോഴും അദ്ദേഹം പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു ബൈത്തുൽ മാലിൽനിന്നും ധാരാളം പണം സാധുക്കൾക്കു് സക്കാത്തു് കൊടുത്തുപോന്നിരുന്നു. അദ്ദേഹത്തിന്റെ സ്നേഹപൂർവ്വമായ പെരുമാറ്റം ഒരു പ്രത്യേകതയായിരുന്നു. ഇറാക്കുകാർ ഭരണകൂടത്തിനെതിരെ ശക്തിയായി വിപ്ലവകാഹളം മുഴക്കികൊണ്ടിരുന്നു. ആ സമയത്തുപോലും ഹ: അലി (ക. വ.) വളരെ സൗമ്യതയോടുകൂടിയാണു് അവരോടു് പെരുമാറിയതു്:

സൈന്യങ്ങൾ

ഹ: അലി (ക:വ.) ഒരു യുദ്ധപ്രിയനായിരുന്നു. അദ്ദേഹത്തിന്നു് യുദ്ധം ചെയ്യുന്ന കായ്ത്തിൽ വളരെ ഉത്സാഹവും ഉണവ്വും സ്വതവെ ഉണ്ടാവുക പതിവായിരുന്നു. അദ്ദേഹത്തിന്റെ കീഴിലുള്ള സൈന്യങ്ങൾ ക്യാമ്പടിച്ചിരുന്നതു് ശാം രാജ്യത്തിന്റെ അതിർത്തിയിലായിരുന്നു. ഇറാഖിൽ ഹിജ്‌റാബ്ദം നാല്പതാം നൂറാണ്ടിൽ പെട്ടെന്നു് ഒരു ആക്രമണം നടക്കുകയുണ്ടായി. നേതൃത്വം വഹിച്ചതു് അമീർ ആവിയ (റ) ആണു്. ഇറാഖിൽ കാവൽ നിന്നിരുന്ന സൈന്യഭടന്മാരാണു് ഈ ആക്രമികളെ വിരട്ടിയോടിച്ചതു്. ഇറാഖിൽ പലേടത്തും ഗ്രൂഢാലോചനകൾ നടക്കുന്നതായി ഹ: അലി (ക. വ.) ക്കു് അറിവു കിട്ടി. ഉടൻതന്നെ അദ്ദേഹം ആക്രമണം പെട്ടെന്നുണ്ടായേക്കാവുന്ന ബൈത്തുൽ മാലിനു് ചുറ്റും സൈന്യങ്ങളെ കാവൽ നിർത്തി. ആ നാട്ടിലെ ജനങ്ങളുടെ സംരക്ഷണക്കു് കാവൽ ഏർപ്പെടുത്തിയിരുന്നു. പുറത്തു് നടിക്കു് ഒരു പാലം ആവശ്യമാണെന്ന സൈന്യങ്ങളുടെ ആവശ്യമനുസരിച്ചു് പാലം പണി അതിശീഘ്രം കഴിക്കുവാൻ പ്രേരണ നല്കിയതു് ഹ: അലി (ക.വ.) യാണു്. സിഫീൻ യുദ്ധത്തിൽ വിജയിക്കുവാൻ അല്പമെങ്കിലും ഈ പാലത്തിന്റെ സഹായം ആവശ്യമായി വന്നിട്ടുണ്ടു്.

മതപരമായ കടമകളും ശിക്ഷകളും

ഖലീഫമാരുടെ പ്രത്യേക മുതലകളും വിവിധമതസ്ഥരുടെ ഇടയിൽ ഇസ്‌ലാംമതം പ്രചരിപ്പിക്കുകയാണു്. പ്രചരിപ്പിക്കുവാൻ സഹായകമാകുന്ന ഏതെങ്കിലും വഴികൾ ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്നപക്ഷം അതിനെ പ്രോത്സാഹിപ്പിക്കുവാൻ ഖലീഫമാർ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതു് ഒഴിച്ചുകൂടുവാൻ പാടില്ലാത്തതായിരുന്നു. ഹ: അലി (ക.വ.) ഇക്കാര്യത്തിൽ വളരെ താല്പര്യം കാണിച്ചിരുന്നു. യമനിൽ ഇസ്‌ലാംമതം പ്രചരിപ്പിച്ചതു് ഇദ്ദേഹമാണു്. ബറാഅത്തു് സൂറ എന്ന ആയത്തു് അവതരിച്ചപ്പോൾ അതു് ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു് വിശദമാക്കിക്കൊടുക്കുവാൻ നബി (സ) ഹ: അലി (ക. വ.) യെയാണു് ഭാരമേല്പിച്ചതു്. അന്തഃച്ഛിദ്രങ്ങളിൽ നിന്നു്, ഖിലാഫത്തു പീഠത്തിലേക്കു് പ്രവേശിച്ച അന്നു് മുതൽ ഇന്നു് വരെ വിജയിക്കാൻ സാധിക്കാതിരുന്ന ഹ: അലി (ക.വ.) ജനങ്ങളുടെ ഇടയിൽ മതം പ്രചരണം നടത്തുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാതിരിക്കുകയല്ല ചെയ്തതു്. നേരെമറിച്ചു് മതഭ്രഷ്ടരായിപ്പോയിരുന്ന അമ്മേനിയായിലേയും ഇറാനിലേയും നവമുസ്‌ലിംകളെ കൾനമായി നടപടികളെടുത്തു് ഇസ്‌ലാമികത്വത്തിലേക്കു് ആനയിക്കുകയാണുണ്ടായതു്. അലി (ക.വ.) യുടെ ഈ ആഹ്വാനത്തിന്റെ ഫലമായി ഭൂരിഭാഗം ആളുകളും ഇസ്‌ലാമിലേക്കു് സ്വയം കടന്നു് വരികയാണുണ്ടായതു്. അദ്ദേഹം ദൈവമാണു് എന്നു് പറഞ്ഞു് ആരാധിച്ചിരുന്ന സബായിസംഘക്കാർക്കു് മതപരമായി അദ്ദേഹം ശിക്ഷ നല്കുകയുണ്ടായി. ജനങ്ങളുടെ പ്രത്യേകിച്ചും മുസ്‌ലിംകളുടെ ജീവിതരീതിയെ പ്രത്യേക ശ്രദ്ധയോടുകൂടി അദ്ദേഹം അനുവർത്തിച്ചിരുന്നു. കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കുന്നതിനു് പകരം അവരെ നല്ലവണ്ണം ഉപദേശിക്കുക മാത്രമാണു് അദ്ദേഹം ചെയ്തിട്ടുള്ളതു്. ഹ: അലി (ക.വ.)യുടെ ഭരണകാലത്തു് അതിനു്മുമ്പു് നടപ്പിലായിരുന്ന ചില പുതിയ ശിക്ഷണനടപടികളും അദ്ദേഹം നടപ്പിൽ വരുത്തുകയുണ്ടായി. അക്കാലത്തു് ജീവനോടെ ദഹിപ്പിക്കുക എന്നൊരു ക്രമമുണ്ടായിരുന്നു. ഈ ശിക്ഷ ഒരു തരത്തിലും സഹിക്കവയ്യാത്ത കുറ്റം ചെയ്യുന്നവർക്കു മാത്രമെ കൊടുത്തിരുന്നുള്ളു. ഈ

ശിക്ഷ ഒരു സിന്തീഖിനു് അദ്ദേഹത്തിന്റെ കാലത്തു് ചെയ്യേണ്ടതായി വന്ന ഒരിക്കൽ ഹ: ഇബ്നു അബ്ബാസ് (റ) ഈ ശിക്ഷ നബി കരീം (സ) വിരോധിച്ചിരിക്കുന്നു എന്നു് ഹ: അലി (ക.വ.) യോടു് പറയുകയുണ്ടായി. അറിയാതെ ചെയ്തു പോയതിനെ കുറിച്ചു് ഖേദിക്കുന്നു എന്നു് മറുപടിയും കൊടുത്തു. മദ്യപാനികൾക്കുള്ള ശിക്ഷ അടിയായിരുന്നു. ഹ: അലി (ക.വ.) യുടെ ഭരണകാലത്തു് എണ്ണത്തു് അടിയാണു് കണക്കാക്കിട്ടുള്ളതു്. മുഖവും ഗുഹ്യസ്ഥാനവും ഒഴിച്ചു് ബാക്കിയുള്ളിടത്തു് മാത്രമെ പ്രഹരിക്കാവൂ എന്നു് ഹ: അലി (ക.വ.) യുടെ നിർദ്ദേശമുണ്ടായിരുന്നു. സ്ത്രീകൾക്കു് എറിയൽ ശിക്ഷ നൽകിയിരുന്നതു് നാഭി മറയത്തക്കവണ്ണം കുഴിയിൽ താഴ്ത്തിയായിരുന്നു.

ഒരിക്കൽ ഒരു കൊള്ള നടത്തിയ ഒരാൾ അദ്ദേഹത്തിന്റെ സന്നിധിയിൽ സ്വയം ഹാജരായി അമീറുൽ മുഅ്മിനീനെ! ഞാൻ ഒരു വീട്ടു കൊള്ളയടിച്ചിരിയ്ക്കുന്നു എന്നെ രക്ഷിക്കണം. ഇതു കേട്ട ഹ: അലി (ക.വ.) വളരെ ഗൗരവത്തോടുകൂടി അദ്ദേഹത്തെ നോക്കുകയുണ്ടായി. ആ നോട്ടം കണ്ടുപേടിച്ചുവിറച്ച ആ മനുഷ്യൻ വളരെ ഉച്ചത്തിൽ നിലവിളിച്ചു ഹ: അലി (ക. വ) അദ്ദേഹത്തെ യാതൊന്നും ചെയ്യാതെ മടക്കിയയച്ചു. വീണ്ടും ഒരു ദിവസം അയാൾ ഹ: അലി (ക.വ.) യുടെ സന്നിധിയിൽ ഹാജരായി വീണ്ടും ഞാൻ ഒരു വീട്ടു കൂടി കൊള്ളയടിച്ചിരിക്കുന്നു, ഇപ്പോൾ നീ ചെയ്ത കുറ്റം എന്റെ മുൻപിൽ സ്ഥാപിച്ചിരിക്കുന്നു എന്നു പറയുകയും, ആ മോഷ്ടാവിന്റെ രണ്ടു കയ്യും എന്റെ മുന്നിൽ വെച്ചു് മുറിക്കുക! എന്നു് ആജ്ഞാപിക്കുകയും ചെയ്തു. ഒരു കുറ്റം ചെയ്തവൻ അവൻ ചെയ്ത തെറ്റു് ഒരു തവണ പറഞ്ഞാൽ മാത്രം പോരാ എന്നു് ഹ: അലി (ക. വ.) ക്കു് നിർബ്ബന്ധമുണ്ടായിരുന്നു. കുറ്റകരമായ വഴികളിൽ പ്രവേശിക്കാതെ കുറ്റം ചെയ്യാനുദ്ദേശിക്കുക, എന്നു് പറഞ്ഞുകൊണ്ടും അദ്ദേഹം കുറ്റക്കാരനാണെന്നു് പറയുവാൻ പാടില്ല. ഇക്കാര്യത്തിൽ വളരെ നിർബ്ബന്ധവുമായിരുന്നു അലി (ക.വ.) യ്ക്കു്. പത്തു് ദിഹ്മിൽ കൂടുതൽ ഒരു ആഭരണം മോഷണം നടത്തിയാൽ അയാളുടെ കൈ മുറിച്ചു കളയുക എന്നതു് പതിവായിരുന്നു. പത്തു ദിഹമിൽ കുറഞ്ഞാൽ ഈ ശിക്ഷയിൽനിന്നും ഒഴിവാക്കിയിരുന്നു. ഗർഭവതികളായ സ്ത്രീകളെ ശിക്ഷിക്കുക എന്നതു് നിഷ്ഫലാക്കിയിരുന്നു. ഗർഭവതിയായ ഒരു സ്ത്രീ കുറ്റം ചെയ്യുകയാണെങ്കിൽ ആ സ്ത്രീ പ്രസവിക്കുന്നതു വരെ ശിക്ഷയിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ഇങ്ങിനെ ചെയ്തു വന്നിരുന്നതു് നിരപരാധിയായ ആ കുട്ടിയെ ഉദ്ദേശിച്ചാണു്. തടവുകാരായി പിടിക്കപ്പെട്ടിരുന്നവർക്കു് ഭക്ഷണച്ചിലവിനുള്ള തുക ബൈത്തുൽ മാലിൽനിന്നുമാണു് എടുത്തിരുന്നതു്. കൊള്ളയും കൊലയും നടത്തി ദുഷ്പ്രവൃത്തികൾ ചെയ്തു നടക്കുന്ന ധനവാന്മാർക്കു് അവരുടെ ചിലവിനുള്ള തുക അവരുടെ ധനത്തിൽനിന്നും ഈടാക്കുകയായിരുന്നു ചെയ്തു വന്നിരുന്നതു്. ഹ: അലി (ക.വ.) നടപ്പിലാക്കിയ സാധാരണ നടപ്പില്ലാത്ത ശിക്ഷകൾക്കു് 'തഅ്സീർ" എന്നാണു് പറഞ്ഞുവന്നിരുന്നതു്. റംസാനിൽ മദ്യപിച്ച ഒരാൾക്കു് ഹ: അലി (ക.വ.) യാൽ നൂറടി ശിക്ഷ വിധിക്കപ്പെട്ടു. റംസാൻ മാസത്തിൽ മദ്യപിക്കുക മാത്രമല്ല; റംസാൻ മാസത്തെ പ്രാധാന്യം കണക്കിലെടുക്കുകകൂടി ഉണ്ടായില്ല. ഹ: ഉമർ (റ) വിന്റെ കാലത്തു് ഈ ശിക്ഷാകർമം നടപ്പിലുണ്ടായിരുന്നുവെന്നു് ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ടു്.

ഹ: അലി (ക. വ) യുടെ പദവി

ഹ: അലി (ക. വ) ക്ക് ചെറുപ്രായത്തിൽതന്നെ മഹാപണ്ഡിതന്മാരുടെ സാമീപ്യത്തിൽ വളരുവാനും അവരുമായി ബന്ധം പുലർത്തുന്നതിനും സൗകര്യം ലഭിച്ചിരുന്നു. അക്കാലത്തെ ഏറ്റവും വലിയ ഒരു പാഠശാലയിലാണ് വിദ്യ അഭ്യസിച്ചത്. വിദ്യയിലും അഭ്യാസത്തിലും നല്ലപോലെ സാമർത്ഥ്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന് വളരെ വേഗം വിദ്യ അഭ്യസിക്കാൻ കഴിഞ്ഞു. ദിവസവും രാവിലെ റസൂൽ (സ) യുടെ സന്നിധിയിൽ ഹാജരാവുക ഹ: അലി (ക. വ) പതിവായി ചെയ്തുവന്നിരുന്നു. ഈ സംഭവം 'മുസ്‌നദിൽ' ഹ: അലി (ക. വ) തന്നെ നിവേദനം ചെയ്തതായി പ്രസ്താവിച്ചിരിക്കുന്നു.

ഹ: അലി (ക. വ) ക്ക് നബി (സ) യുമായുള്ള ഈ അടുപ്പം മൂലം നല്ലൊരു പദവിയാണ് നേടിയെടുക്കാൻ സാധിച്ചത്. ഹ: അലി (ക. വ) യുടെ ഈ പദവി വേറെ ആർക്കും ലഭിച്ചിട്ടില്ല.

ദിവസത്തിൽ രണ്ടുപ്രാവശ്യം വീതം ഹ: അലി (ക. വ) നബി (സ) യെ സന്ദർശിച്ചിരുന്നുവെന്ന് ചരിത്രത്തിൽനിന്നും വ്യക്തമാണ്. നബി (സ) യുടെ യാത്രകളിൽ ഹ: അലി (ക. വ) യെ കൂടെ കൊണ്ടുപോവുക പതിവായിരുന്നു. ഈവിധം കൂടെ പോവുക മൂലം പലവിധ നല്ല കാര്യങ്ങളും നബി (സ) യിൽ നിന്ന് അദ്ദേഹത്തിന് പഠിക്കുവാൻ സാധിച്ചു. ഹ: അലി (ക. വ) ക്ക് ഉണ്ടായിരുന്ന പ്രത്യേകതയുടെ പരമാർത്ഥം അദ്ദേഹത്തിന് നബി (സ) യുമായുണ്ടായിരുന്ന സമ്പർക്കവും റസൂൽ (സ) യുടെ പക്കൽനിന്നു ലഭിച്ചിട്ടുള്ള അനുഗ്രഹവുമാണ് എന്നും 'രിസാലത്തുൽ ഖഫായിൽ' ശാഹ്‌വലിയുല്ലാസാഹിബ് പ്രസ്താവിച്ചിരിക്കുന്നു.

ഇമാംഅഹ്‌മദുബ്‌നുഹമ്പലിന്റെ നിവേദനങ്ങളിൽ ഒന്നിൽ, ഹ: അലി (ക. വ)ക്ക് ഉണ്ടായിട്ടുള്ള പദവികളും മറ്റൊരു സഹാബികൾക്കും ലഭിച്ചിട്ടില്ലെന്നും അത്രയും വരുന്ന ഒരു നിവേദനം ഒരു വിശ്വപണ്ഡിതൻ വേറൊരു സന്ദർഭത്തിൽ ചൂണ്ടികാണിക്കുകയുണ്ടായി. ചില പ്രത്യേക സന്ദർഭങ്ങളിൽ നബി (സ) വിശുദ്ധ ഖുർആനും പ്രധാനപ്പെട്ട ചില വചനങ്ങളും ഹ: അലി (ക. വ) ക്കു പൊല്ലി കൊടുക്കുകയുണ്ടായിട്ടുണ്ട്. നബി (സ) ഹ: അലി (ക. വ) യെ പുകഴ്ത്തിയിട്ടുള്ളതു് ഇപ്രകാരമാണ്:— ഞാൻ 'വിജ്ഞാനകേന്ദ്രവും അലി അതിന്റെ തുറക്കപ്പെട്ട പ്രവേശനകവാടവുമാണ്.' നബി (സ) യുടെ എഴുത്തു് പ്രവർത്തനത്തിൽ ഉൾപ്പെട്ടിരുന്ന സഹാബികളുടെ കൂട്ടത്തിൽ ഹ: അലി (ക. വ.) യേയും കാണാം. 'വഹ്‌യ്' എഴുത്തുകാരുടെ നാമങ്ങളുടെ മുൻപിൽ ഹ: അലി (ക. വ) യുടെ നാമവും വ്യക്തമായി കാണാവുന്നതാണ്. നബി (സ) യുടെ കല്പനകളും മറ്റും എഴുതിയവരുടെ കൂട്ടത്തിൽ ഹ: അലി (ക വ) യാണ് ഏറ്റവും കൂടുതൽ എഴുതിയിട്ടുള്ളതു്.

വിശുദ്ധ ഖുർആനെപ്പറ്റി

ഇസ്‌ലാം ഉൽഘോഷിക്കുന്നതു് ഇപ്രകാരമാണ്. മുസ്‌ലിംകളുടെ മതപരമായതും അല്ലാത്തതുമായ ജ്ഞാനങ്ങളുടെ ഇരിപ്പിടം അഥവാ അടിത്തറ പരിശുദ്ധ ഖുർആനിലാണെന്നാണ്.

നബി (സ) യുടെ വഫാതിന് മുൻപുതന്നെ ഹ: അലി (ക. വ) പരിശുദ്ധ ഖുർആൻ മനഃപാഠമാക്കുകയും ആവശ്യമുള്ളിടത്തോളം ജ്ഞാനം സമ്പാദിക്കുകയും ചെയ്തു.

ഒരിക്കൽ ഹ: അലി (ക. വ) ഇപ്രകാരം പറയുകണ്ടായി.— .വിശുദ്ധ ഖുർആനിലെ ഓരോ വചനവും അതിന്റെ അർത്ഥവും, ഓ

രോ ആയത്തിനെ സംബന്ധിച്ചും അത് ആരെ സംബന്ധിച്ചാണെന്ന് ഇറങ്ങിയതെന്നും എന്തിനുവേണ്ടി ഇറങ്ങിയെന്നും തനിക്ക് പറയാൻ കഴിയും എന്ന് പ്രസ്താവിച്ചതായി തബക്കാത്തുൽഖബ്‌നസഅ്ദിൽ വ്യക്തമാക്കിയിരിക്കുന്നു. ഹ: അലി (ക. വ) യും ഹ ഇബ്‌നുഅബ്ബാസ് (റ) യും പരിശുദ്ധ ഖുർആൻ വ്യാഖ്യാതാക്കളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. ഹ: ഇബ്‌നുഅബ്ബാസ് (റ) യൊഴിച്ച് ഹ: അലി (ക. വ) യോട് സമന്മാരായി വേറെ ഒരാളും ഉണ്ടായിരുന്നില്ല. വ്യത്യസ്ഥ കാലങ്ങളിൽ അവതരിച്ച വിശുദ്ധ ഖുറാനിലെ മുഴുവൻ അദ്ധ്യായങ്ങളേയും കാലക്രമമനുസരിച്ച് തരംതിരിച്ചതായി 'തബഖാത്തിൽ'ഇബ്‌നുസഅ്ദ് പ്രതിപാദിച്ചിരിക്കുന്നു. ഈ തരംതിരിക്കലിനെ ഫഹ്‌റസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഏകദേശം പത്തു മാസക്കാലം റസൂൽ (സ) യുടെ വിയോഗാനന്തരം ഹ: അലി (ക. വ) ഏകനായി കഴിഞ്ഞുകൂടിയ അവസരത്തിലാണ് മേൽപറഞ്ഞ പ്രകാരം തരംതിരിച്ചിട്ടുള്ളത്.

മദ്ധ്യസ്ഥ നിയമങ്ങളെ സംബന്ധിച്ചുള്ള വിധി കല്പിക്കൽ അല്ലാഹുവിനല്ലാതെ വേറൊരാൾക്കും അധികാരമില്ല. ഈ വസ്തുത ഖാരിജികളും മുന്നിൽക്കാണിച്ചപ്പോൾ പരിശുദ്ധ ഖുർആൻ മനഃപാഠമാക്കിയിരുന്നവരേയും പണ്ഡിതന്മാരേയും വിളിച്ചുകൂട്ടികൊണ്ട് ഹ: അലി (ക. വ) ഇപ്രകാരം പ്രസ്താവിച്ചു:— അല്ലയോ! സത്യവിശ്വാസികളെ ഒരു ഭർത്താവും സ്വഭാര്യയും തമ്മിൽ കലഹിച്ചാൽ മദ്ധ്യസ്ഥന്മാരെ നിയമിക്കുവാൻ അല്ലാഹു അരുളിചെയ്തിരിക്കുന്നുവല്ലോ! അവർ തമ്മിൽ കലഹിക്കുമെന്ന് നിങ്ങൾക്കഭിപ്രായമുണ്ടെങ്കിൽ അവനേറയും അവളുടേയും കുടുംബത്തിൽനിന്ന് ഓരോ മദ്ധ്യസ്ഥന്മാരെ നിയോഗിക്കുക. മുസ്‌ലിം സമുദായത്തിൽ തന്നെ തമ്മിൽ കലഹിക്കുമ്പോൾ, പരിശുദ്ധ ഖുർആൻ ഇരിക്കെ മദ്ധ്യസ്ഥ നിയമനം പാടില്ലെന്ന് വരുമോ! ഒരു സ്ത്രീയുടേയും ഒരു പുരുഷന്റേയും സ്ഥാനത്തേക്കാൾ, അല്ലാഹുവിന്റെ നോട്ടത്തിൽ തരംതാഴ്ന്നതാണോ മുഴക്കയുള്ള നിലവാരം.

വിശുദ്ധ ഖുർആൻ ഗ്രഹിക്കുക അതിലടങ്ങിയ തത്വങ്ങൾ മനസ്സിലാക്കുക എന്നിവയിൽ ഒരു പ്രത്യേക താല്പര്യം അദ്ദേഹത്തിനുതോന്നിയിരുന്നു. മൻസൂഖ്, നാസിഖ് ഇവകളെ കുറിച്ച് അറിവുണ്ടായിരുന്നു. നാസിഖ്, മൻസൂഖ്, ഇവകളെ കുറിച്ച് അറിയാത്തവർ മറ്റുള്ളവരെ ഉപദേശിക്കുക അദ്ധ്യാപനം നടത്തുക എന്നിവ അദ്ദേഹത്തിനു് ഇഷ്ടമില്ലാത്തവയായിരുന്നു.

വിശുദ്ധ ഖുർആനിലെ ആയത്തുകളുടെ വിവരണങ്ങളും വ്യാഖ്യാനങ്ങളും സംബന്ധിച്ച് വളരെയേറെ നിവേദനങ്ങൾ വെളിപ്പെട്ടിട്ടുണ്ട്. അവ ശേഖരിച്ച് ഇവിടെ വിസ്തരിച്ചാൽ ഇതിലും വലിയ ഒരു പുസ്തകം അതിനുവേണ്ടി തയ്യാറാക്കേണ്ടിവരും. ഹ: അലി (ക.വ.)യ്ക്ക് നബി (സ) യിൽനിന്നും ഇവിടെ രേഖപ്പെടുത്താത്ത വളരെയേറെ ജ്ഞാനങ്ങളും വേറെയും സിദ്ധിക്കുകയുണ്ടായിട്ടുണ്ട്. ഒരിക്കൽ ചിലർ ചോദിക്കുകയുണ്ടായി പരിശുദ്ധഖുർആനിനു് പുറമെ വേറെ വല്ലതും അവിടത്തേയ്ക്ക് ഉണ്ടോ? ജീവനില്ലാത്തവയ്ക്ക് ജീവനെ സൃഷ്ടിക്കുന്നവനും വിത്തു് പിളർന്നു് മരം കിളുപ്പിക്കുന്നവനും ആയ അല്ലാഹുവാണേ സത്യം!.....പരിശുദ്ധ ഖുർആൻ ഒഴിച്ച് വേറൊന്നുംതന്നെയുമെന്റെ കൈവശമില്ല. എന്നാൽകൂടിയും ആ പരിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനുള്ള ഒരു പ്രത്യേക കഴിവു് സർവ്വശക്തനായ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്കു് സാധിപ്പിച്ചു കൊടുക്കുന്നതാണു്.

ഹദീസ് നിവേദനം

നബി (സ) യുടെ വിയോഗാനന്തരം വരെയുള്ള ഏകദേശം മുപ്പത്തിമൂന്ന് വർഷക്കാലം ഹസ്രത്തു് അലി (ക.വ.) അദ്ദേഹമൊന്നിച്ച് കഴിച്ചുകൂട്ടിയിട്ടുണ്ട്. ഇസ്‌ലാമികമായ വിധികളും മറ്റും കടമകളേയും കുറിച്ച് കൂടുതൽ അറിവുള്ള ആൾ ഹ: അലി (ക.വ.) യാണെന്നാണ് ചരിത്രകാരന്മാർ ഇതിന് മുൻപ് പ്രസ്താവിച്ചിട്ടുള്ളതു്. ഇതുകഴിഞ്ഞാൽപിന്നെ ഹ: അബൂബക്കർ (റ) വാണ്.

റസൂൽ (സ) യുടെ വിയോഗാനന്തരം കൂടുതൽ കൊല്ലക്കാലം ജീവിച്ചിരുന്നതു് ഹ:അലി (ക.വ.) യാണ്. ഹ: അലി (ക.വ.) യുടെ നിവേദനങ്ങളാണ് മറ്റുള്ളവരുടേതിലും എണ്ണത്തിൽ കൂടുതലുള്ളതു്. ഹ: അലി (ക.വ.) നിവേദനംചെയ്ത ഹദീസുകളുടെഎണ്ണം അഞ്ഞൂറിഎണ്ണൂത്താറ് ആണ്. 'ബുഖാരി'യും, മുസ്‌ലിമും ഇവയിൽ 20 ഹദീസുകളെ അംഗീകരിച്ചിരിക്കുന്നു. എന്നാൽ ഒമ്പതുഎണ്ണം മാത്രമെ ബുഖാരിയിൽ ഉള്ളൂ. മുസ്‌ലിമിലുള്ളതു് പത്തു് എണ്ണവും ഹ: ഉമർ (റ), ഹ: മിഖ്ദാദുബ്നുൽഅസ്‌വദ് (റ), സഫിയ്യാ ഫാതിമത്തുസ്സുഹ്റാ (റ), ഹ: അബൂബക്കർ (റ) എന്നിവരിൽനിന്നും ഹ: അലി (ക.വ.) ഹദീസുകൾ നിവേദനം ചെയ്തിട്ടുള്ളതായി പറയപ്പെട്ടിട്ടുണ്ട്.

ഹദീസുകൾ അംഗീകരിച്ചിട്ടുള്ള ഹ: അലി (ക.വ) യുടെ കുടുംബാംഗങ്ങളും അവരിൽ ഏതാനും ചിലരുടെ പേർവിവരവും താഴെ ചേർക്കുന്നു.

ഹ: അബൂഹുറൈറ (റ), റബാഉബ്നു് ആസിബ് (റ), ഹ: അബ്ദുല്ലാഹിബ്ൻ മസ്ഊദ് (റ), അബൂസഈദ്ഖുദ്രീ (റ), റബാഉബ്നുആസിബു് (റ) ബിശ്റബ്ൻ ശരീഹ് ഗാഫരി (റ), സൈദിബ്ൻ അർഖം (റ), ഇതുയും ഹ: അലി (ക.വ.) യുടെ സഹാബികളിൽ ചിലരാണ്. ഇബ്ൻഅബ്ബാസ് (റ), ഇബ്ൻഉമർ (റ), ഇബുൻസുബൈർ (റ), അംറുബുൻ ഹുറൈസ് (റ), നസാലുബുൻസുബ്റഹിലാൽ (റ), ജാബിദിബുൻസംറ (റ), അബൂഉമാമ (റ), അബൂതുഫൈൽആമിറിബുൻവാസിലു (റ), ഇവർ ഇതുയും സഫീന: സുഹൈബുറൂമി (റ) എന്നീ സ്ത്രീയടക്കം നബി (സ) യാൽ, അടിമത്വത്തിൽനിന്നും സ്വതന്ത്രരാക്കപ്പെട്ടവരാണ്.

ഹ: അലി (ക.വ)യിൽനിന്നും ഹദീസ് പഠിച്ചിട്ടുള്ള ഏതാനും സഹാബികളിൽ ചിലർ

മുത്തരീഫുബുൻ അബ്ദില്ലാഹിബിനിശഖീർ, ഹാരിസുബുൻസുവൈദുതമീമി, ഉസാമത്തുബുൻസൈദിനാൽ സ്വതന്ത്രനാക്കിയ ഹർമല, റബ്ഇബ്ൻഹറാബിശ്, ശുറൈഹിബുൻ ന്അ്മാൻസ്സാഇദി, അബ്ദില്ലാഹിബുൻ സൽമാ മുറാദി, സർറബ്ൻഹബീശ്, സൈദിബുൻവഹബ്, അബ്ദില്ലാഹിബ്ൻസൽമാ മുറാദി, അബ്ദുർറഹ്മാനിബിനിഅബീലൈലാ, മാലിക്കുബ്ൻഉസുബിനിഹദസാൻ, നാഫിഉബ്ൻജുബൈറുബിനിമുത്ഇം, അബുബക്കർഉബ്നിഅബീമൂസൽഅശ്അരീ, അബുൽഖലീലുൽഖസ്റമി, അബുൽഹിയാജിൽഅസദി, ശീസുബ്ൻറബഇ, അബ്ദില്ലാഹിബ്ൻശദ്ദാദിബ്നിൽഹാദ്, ഇവർ എല്ലാവരും ഹദീസ് പഠിച്ചിട്ടുള്ളവരാണ്.

ഹ: അലി (ക.വ.) ഹദീസുകൾ പ്രത്യേകിച്ച് സൂക്ഷിക്കുന്ന കാര്യത്തിൽ അതീവതാല്പര്യം പ്രകടിപ്പിച്ചിരുന്നു. ചില സഹാബികളും ഈക്കാര്യത്തിൽ ശ്രദ്ധചെലുത്തിയിരുന്നു. ചില പ്രത്യേക ഹദീസുകൾ അദ്ദേഹം നബി (സ) യുടെ പക്കൽനിന്നും പഠിക്കുകയുണ്ടായി. അവ കടലാസുകളിൽ എഴുതി അദ്ദേഹത്തിന്റെ വാളിന്റെ ഉറയുടെ ഒരു വശത്തു് ഭദ്രമായി ചേർത്തു കെട്ടിവെച്ചിരുന്നു. 'സഹീഫ' എന്ന പേരാൽ

അതു അറിയപ്പെടുകയും ചെയ്തു. ഈ സഹീഹ എന്നതിനെ സംബന്ധിച്ച് വ്യക്തമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

ഫിഖ്ഹ്, ഇജ്തിഹാദ്

സൂക്ഷ്മദൃഷ്ടിയും, ബുദ്ധിശക്തിയും, ഏകാന്തമായ ചിന്താശക്തിയും ഉണ്ടെങ്കിൽ മാത്രമെ കിത്താബും, സുന്നത്തും അറിയാവുന്നതോടുകൂടി മതപരമായ (കർമ്മശാസ്ത്രപരമായ) അറിവിനെ നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. ഈ സൗഭാഗ്യങ്ങളെല്ലാം ലഭിച്ച ഒരാളായിരുന്നു ഹ. അലി (ക.വ.) മറ്റൊരാളാൽ എളുപ്പത്തിൽ കഴിയാത്ത ഏതൊരു കാര്യവും നിഷ്പ്രയാസം സാധിക്കുമായിരുന്ന ഒരു പ്രത്യേക കഴിവ് ഹ: അലി (ക.വ) യ്ക്ക് ജന്മസിദ്ധമായിരുന്നു. ഹ: അലി (ക.വ.) യ്ക്ക് ഇപ്രകാരം ഉണ്ടായിരുന്ന ഈ അസാധ്യകഴിവിനെ കുറിച്ച് ശാഹ്‌വലിയുല്ലാഹിബ് റിസാലത്തുൽ ഖഫായിൽ പ്രത്യേകം എടുത്തുകാണിച്ചിട്ടുണ്ട്.

ഒരിക്കൽ ഒരു ഭ്രാന്തിയെ വ്യഭിചാരക്കുറ്റത്തിനു് ഹ: ഉമർ (റ) യുടെ മുന്നിൽ ഹാജരാക്കുകയുണ്ടായി അവളെ ശിക്ഷിക്കുവാൻ കല്പന കൊടുക്കുകയും ചെയ്തു. ഇതുകേട്ട ഹ: അലി (ക.വ.) ഇപ്രകാരം ആണു് പറഞ്ഞതു്. ശരീഅത്തു് ശിക്ഷാനടപടികളിൽനിന്നും ഭ്രാന്തുള്ളവർ ഒഴിവാക്കപ്പെട്ടിരിക്കുകയാണു്. ആയതിനാൽ അവളെയും ശിക്ഷയിൽനിന്നു് ഒഴിവാക്കണം. ഇതുകേട്ട ഹ: ഉമർ (റ) ഹ: അലി (ക.വ.) യുടെ വാക്കുകൾ കേൾക്കാത്ത ഭാവത്തിൽ പിന്തിരിയുകയാണുണ്ടായതു്.

വേറൊരു സംഭവം:— ഹ: ഉസ്മാൻ (റ) വിന്റെ സന്നിധിയിൽ ഹജ്ജ്കാലത്തു് നായാട്ടുമാംസവും വേവിച്ചുകൊണ്ടു് ഒരു സഹാബി കടന്നുവരികയുണ്ടായി. ഹജ്ജിൽ പ്രവേശിച്ചതിനാൽ ആ മാംസം ഭക്ഷിക്കാമെന്നും ഭക്ഷിക്കാൻ പാടില്ലെന്നും ജനങ്ങളുടെ ഇടയിൽ തർക്കത്തിനു് കാരണമായി. എന്നാൽ ഹ: ഉസ്മാൻ പറഞ്ഞതു് ഇപ്രകാരമാണു്; ഹജ്ജിൽ പ്രവേശിക്കാത്ത ഒരാളാണല്ലൊ ഈ മാംസം വേട്ടയാടിക്കൊണ്ടുവന്നതു്. ആയതിനാൽ ഭക്ഷിക്കുന്നതിനു് വിരോധമില്ല. നേരെമറിച്ചു് ഹജ്ജിൽ പ്രവേശിച്ച ഒരാളാണു് വേട്ടയാടിയ മാംസവും കൊണ്ടുവന്നതു് എങ്കിൽ ഭക്ഷിക്കുന്നതു് നിഷിദ്ധമാണുതാനും. എന്നാൽ ജനങ്ങൾ ഈ അഭിപ്രായത്തോടു് തീരെ യോജിച്ചില്ല എന്നു് മാത്രമല്ല ജനങ്ങളുടെ ഇടയിൽ മുഴങ്ങികേട്ടതു് ഹ: അലി (ക.വ) യുടെ പേരാണു്. ഇതിനു് ശരിയായ ഉത്തരം ലഭിക്കുവാൻ ഹ: അലി (ക.വ.) യുടെ അടുക്കൽ പോകുവാൻ ഹ: ഉസ്മാൻ (റ) വിനോടു് ജനങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. ജനങ്ങളുടെ ആവശ്യാർത്ഥം ഹ: ഉസ്മാൻ (റ) ഹ: അലി (ക.വ.) യുടെ സന്നിധിയിൽ ഹാജരായി അന്വേഷിച്ചപ്പോൾ ഹ: അലി (ക.വ.) ഇപ്രകാരമാണു് മറുപടി നല്കിയതു്:— നബി (സ) ഹജ്ജിൽ പ്രവേശിച്ചിരുന്ന ഒരു സമയത്തു് ഒരാൾ വേട്ടയാടിയ മാംസവുമായി അവിടുത്തെ സമീപിച്ചു. തൽസമയം നബി (സ) ഹജ്ജിൽ പ്രവേശിച്ചിരിക്കുകയാണെന്നും, അതു് ഹജ്ജിൽ പ്രവേശിച്ചിട്ടില്ലാത്തവർക്കു് ഭക്ഷിക്കുവാൻ കൊടുക്കുക. ഇപ്രകാരമാണു് നബി (സ) അപ്പോൾ പറഞ്ഞതു്. ഹജ്ജിൽ പ്രവേശിക്കാതിരുന്ന പതിനാലുപേർ ഇതിനു് ആ സമയത്തു് സാക്ഷിത്വം വഹിച്ചു. വേറൊരു സംഭവംകൂടി അദ്ദേഹം അപ്പോൾ വിവരിക്കുകയുണ്ടായി. നബി (സ) ഹജ്ജിൽ പ്രവേശിച്ചിരുന്ന വേറൊരു സമയത്തു് ഒരു ഒട്ടകപ്പക്ഷിയുടെ മുട്ട വേവിച്ചതുമായി ഒരാൾ അവിടുത്തെ മുമ്പിൽ ഹാജരായി. അവിടുന്നു് അതു് ഭക്ഷിക്കുകയുണ്ടായില്ല. പതിനാറുപേർ ഇതിനു് സാ

ക്ഷിതപം വഹിക്കുകയുണ്ടായി. ഇതെല്ലാം ഹ: അലി (ക.വ.) പറഞ്ഞുകഴിഞ്ഞപ്പോൾ ഹ: ഉസ്മാൻ (റ) വും കൂട്ടുകാരും മുൻപറഞ്ഞ മാംസം ഭക്ഷിക്കാതെ പിന്മാറുകയാണുണ്ടായതു്.

ഹ: അലി (ക.വ.) യുടെ സന്നിധിയിൽ ഇപ്രകാരം ചോദിക്കുകയുണ്ടായി:- ഒരുപ്രാവശ്യം വുളുകമ്മത്തിൽ കാലുകഴുകിയാൽ; മേൽ ജോടിമേൽ തടവിക്കൊണ്ടു് എത്ര ദിവസം വുളു് നിർവ്വഹിക്കാമെന്നു് ചോദിക്കുകയുണ്ടായി. ഇതിനു് ഹ: അലി (ക.വ.) ഇപ്രകാരമാണു് മറുപടി പറഞ്ഞതു്:- സ്ഥിരം താമസിക്കുന്ന ഒരാളാണെങ്കിൽ ഒരു പകലും ഒരു രാത്രിയും യാത്രക്കാരനാണെങ്കിൽ മൂന്നു് പകലും മൂന്നു് രാത്രിയും ആവാം.

ഇജ്‌ത്തിഹാദു്

ഹ: അലി (ക.വ.) യോടു് ഒരിക്കൽ അമീർമുആവിയ (റ) ഇപ്രകാരം ചോദിക്കുകയുണ്ടായി:- ആണോ പെണ്ണോ എന്നു് അറിയാൻ പാടില്ലാത്ത ഒരു മനുഷ്യന്റെ അനന്തരാവകാശം എങ്ങിനെയാണെന്നും ആ മനുഷ്യനെ ആണായിട്ടോ, പെണ്ണായിട്ടോ എങ്ങിനെയാണു്, കണക്കിലെടുക്കേണ്ടതു് എന്നും ചോദിക്കുകയുണ്ടായി. ഇതിനു് ആണോ, പെണ്ണോ എന്നറിയാൻ മൂത്രദ്വാരം പരിശോധിച്ചു് തീർപ്പുകല്പിക്കുക എന്നു് ഹ: അലി (ക.വ.) ഉത്തരം പറയുകയുണ്ടായി.

ഇത്തരം വിഷമപ്രശ്നങ്ങൾക്കു് നിവാരണമാർഗ്ഗം ശത്രുക്കൾപോലും ഹ: അലി (ക.വ.) യെ സമീപിച്ചു് ആരാഞ്ഞുവന്നിരുന്നു. ഒരിക്കൽ ഹ: അലി (ക.വ.) സ്വയം ഇപ്രകാരം പറഞ്ഞുപോയി:- 'സ്വന്തം ശത്രുക്കൾപോലും മതകാര്യങ്ങളെക്കുറിച്ചും മറ്റും എന്നെ ആശ്രയിച്ചുവരുന്നു. അല്ലാഹുവെ നിന്റെ കൃപകടാക്ഷങ്ങൾ എന്നിൽ ഉണ്ടായിരിക്കട്ടെ നിനക്കു് നന്ദി!!' ഇപ്രകാരം വെച്ചുനോക്കുമ്പോൾ അദ്ദേഹത്തിന്റെ ഇജ്‌ത്തിഹാദിനുള്ള കഴിവും വിജ്ഞാനവും എത്രത്തോളമുണ്ടെന്നു് നമുക്കൂഹിക്കാവുന്നതാണു് ഈ വിഷയങ്ങളിലെല്ലാം ഇത്രയും ഏറെ അറിവു് ഹ: അലി (ക.വ.) യ്ക്കു് കിട്ടിയതു് നബി (സ) യുമായുള്ള അടുപ്പത്തിലാണു്. എന്നാൽ മടിയ്ക്കൊണ്ടു് വുളു മുറിയുമെന്നു് ഹ: അലി (ക.വ.) യ്ക്കു് അറിഞ്ഞുകൂടായിരുന്നു. ആ വിഷയം അദ്ദേഹം വേറൊരു ആൾ മുഖേനയാണു് നബി (സ) യിൽനിന്നും മനസ്സിലാക്കിയതു്.

ഹ: ഉസ്മാനുമായി ചില വിഷയങ്ങളിൽ ഹ: അലി (ക.വ.) യ്ക്കു് യോജിപ്പുണ്ടായിരുന്നില്ല. ഹജ്ജ്മാസത്തിൽ ഉംറ ചെയ്യൽ പാടില്ലെന്നായിരുന്ന ഹ: ഉസ്മാൻ (റ)വിന്റെ അഭിപ്രായത്തിനു് ഹ: അലി (ക.വ.) ഇപ്രകാരം പറയുകയുണ്ടായിട്ടുണ്ടു്. യുദ്ധവും അസമാധാനവും നബി (സ) യുടെ കാലത്തു് ഉണ്ടായിരുന്നതിനാലാണു് അതു് നടപ്പിലാക്കിയതു്. ഇപ്പോൾ ആ സ്ഥിതി നിലവിലില്ലാത്തതിനാൽ ഇപ്പോൾ അതു് അനുവദിനീയമല്ല. ഹജ്ജ്മാസത്തിൽ ഉംറ ചെയ്യൽ ആവാമെന്നാണു് ഹ: അലി (ക.വ.) യും മറ്റുസഹാബിമാരും വിശ്വസിച്ചിരുന്നതു്. ഇതുപോലെ ഒട്ടേറെ വിഷയങ്ങളെ സംബന്ധിച്ചു ഹ: അലി (ക.വ.) യും ഹ: ഉസ്മാൻ (റ) വിനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു.

ഹ: അലീ (ക.വ) മദീനയിലായിരുന്ന അവസരത്തിൽ കേസുകളെപ്പറ്റി വിധി പറയുവാനും മതപരമായ സംഗതികളെ തീർപ്പു് കല്പിക്കുന്നതിനും സാധിച്ചിരുന്നില്ല. ഈ ഉദ്യോഗത്തിന്റെ ഖിലാഫത്തുകാലം കൂഫയിലാണു് കഴിച്ചുകൂട്ടിയതെങ്കിലും മദീനയിലാണു് ജീവിതത്തിൽ അധികം കാലവും കഴിച്ചുകൂട്ടിയതു്.

ഏറ്റവും പ്രാപ്തനായ വിധികർത്താവ്

ഹ: അലി (ക.വ) യുടെ ഇജ്തിഹാദുകളും അഭിപ്രായ പ്രചരണങ്ങളും കൂടുതൽ പ്രചരിപ്പിച്ചതും ഇറാഖിലായിരുന്നു. സഹാബികളുടെ ഇടയിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കും, മറ്റും നല്ലൊരു സ്വീകരണമാണു് ലഭിക്കാറുള്ളതും ലഭിച്ചിട്ടുള്ളതും. ചില പ്രത്യേക യോഗ്യതകൾ നിമിത്തം ഏതു കഴഞ്ഞ കേസ്സുകളിലും അദ്ദേഹത്തിനു് വിധി പ്രസ്താവിക്കുന്നതിനു് നല്ല പ്രാപ്തിയായിരുന്നു. വിധി പ്രസ്താവനയിൽ ഏറ്റവും പ്രാപ്തൻ ഹ: അലി (ക.വ) യായിരുന്നു.. മദീനക്കാരിൽവെച്ചു് ഏറ്റവും നല്ല വിധികർത്താവു് ഹ: അലി (ക.വ) യാണെന്നു് സഹാബികൾ പൊതുവെ സംസാരിച്ചുവരുന്നുഎന്നു് ഒരിക്കൽ അബ്ദുല്ലാഹിബ്നുമസ്ഊദു് (റ) പ്രത്യേകം എടുത്തുപറയുകയുണ്ടായിട്ടുണ്ടു്.

നബി (സ) ഒരിക്കൽ ഹ: അലി (ക.വ) യെപ്പറ്റി, 'അഖ്സാഹു അലിയ്യൻ' എന്നീ പ്രകാരം പറയുകയുണ്ടായി. ഹ: അലി (ക.വ.) യുടെ യോഗ്യതയും പ്രാപ്തിയും ആദ്യമേ കാണാൻ കഴിഞ്ഞിരുന്ന നബി (സ) അപ്രകാരം പറഞ്ഞതിന്റെ അർത്ഥം മറ്റുള്ളവരുടെ ഇടയിൽ ഏറ്റവും വലിയ ന്യായാധിപൻ അലിയാണു് എന്നാണു്. ആവശ്യമെന്നു തോന്നുന്ന പക്ഷം നബി (സ) യുടെ ചിലവു മുതലുകൾ അദ്ദേഹത്തെ ഏല്പിച്ചിരുന്നു. ഒരു സന്ദർഭത്തിൽ നബി (സ) യോടു് ഇപ്രകാരം ആവലാതി പറഞ്ഞു:-'അല്ലാഹുവിന്റെ റസൂലെ! പരിചയവും പാണ്ഡിത്യവുമില്ലാത്ത എനിക്കു് അങ്ങയുടെ ജോലികളിൽ പ്രവേശനം തന്നാൽ അവിടെ പുതിയ പുതിയ കേസ്സുകൾ ആവിർഭവിക്കും. ഇതു കേട്ട നബി (സ) 'അല്ലാഹു നിങ്ങളെ നേർമാർഗ്ഗത്തിലെത്തിയ്ക്കും സ്വതന്ത്രാഭിപ്രായവും സ്ഥിരതയും അവൻ നിങ്ങളിൽ ഉത്ഭവിപ്പിക്കും' എന്നു് പഠഞ്ഞു് ഹ: അലി (ക.വ.) യെ അനുഗ്രഹിക്കുകയാണുണ്ടായതു്.

നിരർത്ഥകങ്ങൾ

ഒരിക്കൽ കളവുകേസിൽ പിടിക്കപ്പെട്ട ഒരാളേയും രണ്ടു സാക്ഷികളേയും ഹ: അലി (ക.വ) യുടെ സന്നിധിയിൽ ചില ആളുകൾ പിടിച്ചു ഹാജരാക്കുകയുണ്ടായി. എന്നാൽ സാക്ഷികളെയായിരുന്നു ഹ: അലി (ക. വ.) ആദ്യം ചോദ്യം ചെയ്തതു്. നിങ്ങൾ പറയുന്നതു കളവാണെന്നു് തെളിഞ്ഞാൽ നിങ്ങളായിരിക്കും കളവു ചെയ്ത കുറ്റത്തിനുള്ള കഠിന ശിക്ഷക്കു് വിധേയരാവുന്നതു". ഹ: അലി (ക.വ) യുടെ ചില ചോദ്യങ്ങൾ കേട്ടു് ഭയന്നു വിറച്ചു് സാക്ഷികൾ രണ്ടു പേരും എങ്ങിനേയൊ സ്ഥലം വിട്ടു. സാക്ഷികൾ സ്ഥലം വിട്ടു വർത്തമാനം കേട്ട ഹ: അലി(ക.വ.) പ്രതി കുറ്റക്കാരനല്ലെന്നു് കണ്ടു് അയാളെ വെറുതെ വിട്ടയച്ചു.

ഇതുപോലെ എത്രയോ നിരർത്ഥകങ്ങളായ കേസുകൾ അദ്ദേഹത്തിന്റെ സന്നിധിയിൽ വിചാരണക്കു് വരികയുണ്ടായി. ഈ അവസരങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യമാണു് അദ്ദേഹത്തിനു് വിജയം നല്കിയതു്.

എന്റെ 'മാതാവിനെ' ഇവൻ മാനഭംഗപ്പെടുത്തിയിരിക്കുന്നു എന്നു് പറഞ്ഞുകൊണ്ടു് ഒരിക്കൽ രൊം ഒരു മനുഷ്യനെ ഹ: അലി (ക.വ.) യുടെ സന്നിധിയിൽ ഹാജരാക്കി, ആ അവസരത്തിൽ ഹ: അലീ (ക. വ) ഇപ്രകാരം മറുപടി നല്കി. കുറ്റവാളിയെ പിടിച്ചു് വെയിലത്തു് നിർത്തി അയാളുടെ നിഴലിൽ ഇരുപതു് അടി അടിക്കുക.

നിയമസാദ്ധ്യത ലഭിച്ചിരുന്ന ഹ: അലീ (ക. വ) യുടെ വിധികൾ ചില ചരിത്രകാരന്മാർ എഴുതി ഗ്രന്ഥമാക്കി സൂക്ഷിച്ചിരുന്നു.

എന്നാൽ കക്ഷിമത്സരങ്ങളും അഭിപ്രായവ്യത്യാസങ്ങളും അക്കാലത്തു ഉടലെടുത്തു കഴിഞ്ഞിരുന്നതിനാൽ ചിലരെല്ലാം ഈ ഗ്രന്ഥത്തെ സൂക്ഷിക്കാതെയായി. ഈ വിധികളടങ്ങിയ ഒരു ഗ്രന്ഥം ഹ: അബ്ദുല്ലാഹിബ്നുഅബ്ബാസ് (റ) യുടെ അടുക്കൽ ഹാജരാക്കുകയുണ്ടായി. അതിലെ കൃത്രിമവിധികളെ അദ്ദേഹം വേർതിരിച്ച് കാണിച്ചുകൊടുക്കുകയും ഹ: അലി (ക. വ) ക്ക് ബുദ്ധിയും വിവേകവും ഉണ്ടായിരുന്ന ഒരു വസരത്തിലും അദ്ദേഹം അങ്ങിനെ ഒരു വിധി പ്രസ്താവിച്ചിരിക്കാനിടയില്ല എന്നും, ഹ: അബ്ദുല്ലാഹിബ്നുഅബ്ബാസ് (റ) ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ആത്മപരിജ്ഞാനം

ഹ: അലി (ക. വ) എല്ലാ മതവിധികളുടേയും ശാഖാപരമായ ഔചിത്യത്തെ വീക്ഷിക്കുന്നതിനു പകരം ശരീഅത്തു വിധികളെപ്പറ്റി പൊതുവിൽ വീക്ഷിച്ചുകൊണ്ട് പൊതുവായ അടിസ്ഥാനങ്ങൾ മാത്രം രൂപപ്പെടുത്തുകയാണ് ചെയ്തുവന്നിരുന്നതു്. പ്രവർത്തിപരമായ കാര്യങ്ങളിൽ എത്രകണ്ട് ശ്രദ്ധ പതിപ്പിച്ചിരുന്നുവോ അത്രകണ്ട് മതവിധികളുടെ കാര്യങ്ങളിൽ ഹ: അലി (ക. വ) ക്ക് ശ്രദ്ധ പതിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. സഹീഹ്ബുഖാരി എന്ന ഗ്രന്ഥത്തിലെ ഒരു അദ്ധ്യായത്തിൽ 'ജനങ്ങളോട് അവർക്ക് മനസ്സിലാകുന്ന സംഗതികളാണ് നിങ്ങൾ പറയേണ്ടതു". അല്ലാഹുവും അവന്റെ ദൂതനും പറഞ്ഞതു് കളവാണെന്ന് അവർ ധരിച്ചുവശാവുന്നതു് നിങ്ങൾ ഇഷ്ടപ്പെടുന്നുവോ?' എന്നിപ്രകാരം ഹ: അലി (ക. വ) പറഞ്ഞതായി കാണപ്പെട്ടിരിന്നു. ജനങ്ങളുടെ ഗ്രഹണബുദ്ധി നിമിത്തം ബുദ്ധിക്കതീതമായ കാര്യങ്ങൾ അവരോട് പറയുന്ന പക്ഷം അവരുടെ ബുദ്ധിക്കുറവു നിമിത്തം ആ സംഗതി തെറ്റാണെന്നും, അല്ലാഹുവും റസൂലും പറഞ്ഞ സംഗതികൾ കളവാണെന്നും അവർ ധരിച്ചുവശാവുന്നു. അതുകൊണ്ട് അവരുടെ ബുദ്ധിശക്തിക്കൊത്തവിധം ആയിരിക്കണം അവരോട് സംസാരിക്കേണ്ടതെന്നും അല്ലാഹുവിനെ സംബന്ധിക്കുന്ന കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ മനസ്സിലാക്കുവാനുള്ള കഴിവ് കാണുകയില്ലെന്നുമാണ് ഹ: അലി (ക. വ) പറഞ്ഞ ഈ വാചകത്തിന്റെ സാരാംശം.

മുസ്നദ്ബുനിഹമ്പലിൽ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:— റസൂൽ (സ) യുടെ പക്കൽ നിന്നും വല്ല ഹദീസും നിങ്ങളോട് പറയപ്പെടുന്നപക്ഷം സന്മാർഗ്ഗത്തിലേക്ക് കൂടുതൽ അടുപ്പിക്കുന്നതും കൂടുതൽ ഭയഭക്തി ജനിപ്പിക്കുന്നതും കൂടുതൽ ശ്രേഷ്ഠമായതുമായ അർത്ഥം അതിനു് നിങ്ങൾ കൊടുത്തുകൊള്ളണം.

മേൽജോടകളിൽ തടവുന്നതു് സുന്നത്താണെന്നും അതു് കാലടിയുടെ മുകൾഭാഗത്തായിരിക്കണമെന്നും, ഹ: അലി (ക. വ) പറഞ്ഞതിനെ സംബന്ധിച്ച് അബീദാവൂദിൽ ഇപ്രകാരം കാണപ്പെടുന്നു:— കാലുകളുടെ അടിഭാഗം മതപരമായ അഭിപ്രായപ്രകാരം ആയിരുന്നുവെങ്കിൽ കാലുകളുടെ മേൽഭാഗം തടവുന്നതിനേക്കാൾ ഉപരിയായി അടിഭാഗം തടവുന്നതിനെ അവകാശപ്പെടാമായിരുന്നു. എന്നാൽ റസൂൽ (സ) വാക്കുകൊണ്ട മേൽജോടകളുടെ മേൽഭാഗത്തായിരുന്നു തടവിയിരുന്നതു്. ഇപ്രകാരമുള്ള ഈ തടവലിന്റെ ഉദ്ദേശം എന്തെങ്കിലും വിധേന കടന്നുകൂടുന്ന അഴുക്കിനെ ദൂരീകരിക്കുക എന്നുള്ളതായിരുന്നു. എങ്കിൽ പാദങ്ങളുടെ അടിഭാഗത്താകാമായിരുന്നു. എന്നാൽ നബി (സ) കല്പിച്ചത് നേരെ മറിച്ചാണ്. തന്മൂലം അല്ലാഹുതആലയുടെ വിധികളുടെ ഔചിത്യനിർണ്ണയത്തിൽ ബുദ്ധിക്കും അഭിപ്രായത്തിനും തീരെ സ്ഥാനമില്ലെന്നാണ് ഹ: അലി എടുത്തുകാട്ടുന്നതു്.

പ്രസംഗ വൈദഗ്ദ്ധ്യം

മതവിധികളുടെ രഹസ്യങ്ങളെക്കുറിച്ച് വലിയ പാണ്ഡിത്യമൊന്നും ഹ: അലി (ക. വ) ക്ക് ഉണ്ടായിരുന്നില്ലെങ്കിലും ഒട്ടും പിന്നിലല്ലായിരുന്നു. സ്വശക്തനാൽ ദത്തം ചെയ്യപ്പെട്ട ഒന്നായിരുന്ന പ്രസംഗത്തിലും, സംഭാഷണത്തിലും ഹ: അലീ (ക. വ) ക്കുണ്ടായിരുന്ന സാമർത്ഥ്യം. വലിയ സദസ്സുകളിൽ, വളരെ പ്രയാസപ്പെട്ട കാര്യങ്ങൾ യാതൊരുവിധ തയ്യാറെടുപ്പും കൂടാതെ പ്രസംഗിക്കാനുള്ള ഒരു പ്രത്യേക കഴിവ് ഹ: അലി (ക.വ) യ്ക്ക് ഉണ്ടായിരുന്നു. ഹിജ്റ മുപ്പത്തിരണ്ടാം വർഷത്തിൽ അമീർമുആവിയായുടെ പ്രതിരോധനയത്തിനെതിരെ ആക്രമണപരിപാടി രൂപം പ്രാപിച്ചപ്പോൾ സപക്ഷക്കാർക്ക് ആവേശം പകർന്നുകൊടുക്കുവാൻ ഹ: അലി (ക.വ) ചെയ്ത ഒരു പ്രസംഗത്തിന്റെ ഏതാനും ചില വരികൾ:—

"തീച്ചയായും യുദ്ധം സ്വർഗ്ഗത്തിന്റെ വാതിലുകളിൽപ്പെട്ട ഒരു വാതിലാണ്. അപ്രകാരമുള്ള ആ യുദ്ധത്തെ ആർ ഉപേക്ഷിക്കുന്നുവോ! അവരെ അല്ലാഹു എളിമതപ്പാക്കുന്ന വസ്തുത ധരിപ്പിക്കുകയും എളിമത്യത്തിൽ അവനെ ജീവിപ്പിക്കുകയും എളിമതപ്പത്തെ അവനെകൊണ്ട് രുചിപ്പിക്കുന്നതും അവനെ ശത്രുക്കളുടെ ഇരയാക്കുന്നതുമാണ്

രഹസ്യമായും, പരസ്യമായും, രാവും, പകലും അവരോട് യുദ്ധം ചെയ്യുവാൻ നിങ്ങളെ ഞാൻ ക്ഷണിച്ചു. അവരുടെ ആക്രമണത്തിന് മുമ്പായി നാമവർ ആക്രമിക്കുമെന്ന് ഞാൻ നിങ്ങളെ അറിയിച്ചു. ഒരു വിഭാഗം ജനങ്ങളാൽ ശത്രുക്കളുടെ ആക്രമണത്തിന് കീഴടങ്ങുകയാണെങ്കിൽ അവരുടെമേൽ എന്ത് ദുഷ്പ്രവർത്തി വേണമെങ്കിലും ചെയ്യുന്നതിനും ശത്രുക്കൾ മടികാണിക്കുകയില്ല. കേൾക്കുവിൻ! ജനങ്ങളെ, ആമിരി, അമ്പാറിൽ ശത്രുക്കൾ ഇബ്നുഹസ്സാൻബക്രിയെ വധിക്കുകയും നിങ്ങളെ തൽസ്ഥാനത്തുനിന്ന് വിരട്ടിയോടിക്കുകയും നിങ്ങളിൽനിന്നും നല്ല ആളുകളെ കൊലപ്പെടുത്തുകയും ചെയ്തു. ശത്രുക്കൾ മുസ്‌ലിം സ്ത്രീകളുടേയും, ദിമ്മികളായ സ്ത്രീകളുടേയും വീടുകൾ ആക്രമിച്ച് സ്വർണ്ണാഭരണങ്ങളും മറ്റും കൊള്ളയടിച്ചിരിക്കുന്നുഎന്നും എനിക്ക് അറിവു കിട്ടീട്ടുണ്ട്. ഒരു സംഘക്കാർ അസത്യത്തിനുവേണ്ടി പടപൊരുതുവാൻ മുന്നോട്ടുവന്നിരിക്കെ സത്യത്തിൽനിന്നും നിങ്ങൾ അകലുവാൻ തുനിയുന്നതു് വളരെ അത്ഭുതകരമാണ്.

ഇപ്രകാരമാണ് നിങ്ങളുടെ മുമ്പോട്ടുള്ള ഗതിയെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അകൽച്ചയും ആപത്തുമാണ് നിങ്ങൾക്കു ലഭിക്കാൻ പോകുന്നതു്. ശത്രുക്കൾ നിങ്ങളുടെ നേർക്ക് അസ്ത്രം പ്രയോഗിക്കുന്നു നിങ്ങൾ അതിനെ എതിരിടുന്നില്ല. ശത്രുക്കൾ നിങ്ങളുടെ മേൽ കവച്ച് നടത്തുന്നു. നിങ്ങളാകട്ടെ അവരുടെ മേൽ കവച്ച് നടത്തുന്നില്ല. അവർ അല്ലാഹുവിന്റെ കല്പനകളെ നിരസിക്കുന്നു. നിങ്ങൾ അതിനെ തൃപ്തിപ്പെടുന്നു. വേനൽക്കാലത്തു യുദ്ധത്തിന് തയ്യാറാകാൻ ഞാൻ നിങ്ങളോട് പറയുമ്പോൾ മൂട് ഒന്ന് കായട്ടെ എന്നും ശൈത്യകാലത്ത് ആണെങ്കിൽ തണുപ്പു സഹിക്കവെയ്യാത്തപ്പോൾ എങ്ങിനെയാണ് യുദ്ധത്തിനു് തയ്യാറാവുക തണുപ്പ് സ്വല്പം കുറയട്ടെ ഇപ്രകാരമെല്ലാമാണ് നിങ്ങളുടെ മറുപടി. യഥാർത്ഥത്തിൽ ഇവയെല്ലാമാണ് മരണത്തെ ഭയപ്പെടുന്നുവെന്നുള്ളതിനു് തെളിവുകൾ. ഇപ്രകാരമാണ് നിങ്ങളുടെ പ്രവൃത്തികളെങ്കിൽ അല്ലാഹുവാണെ സത്യം! മൂടിൽനിന്നും തണുപ്പിൽനിന്നും നിങ്ങൾ ഓടുന്നുവെങ്കിൽ വാളിൽനിന്നും അതിലധികവും നിങ്ങൾ ഓടിയേ തീരൂ!

എന്റെയും നിങ്ങളുടെയും ജീവൻ ആരുടെ കയ്യിൽ സ്ഥിതിചെയ്യുന്നുവോ? അവനാണെ സത്യം നിങ്ങൾ മരണത്തിൽനിന്നും ഒളിച്ചോടുകയാണു്. ഹേ പുരുഷന്മാരേ! അല്ല പുരുഷശ്രേഷ്ഠരേ, നിങ്ങളുടെയിടയിൽനിന്നും അല്ലാഹു എന്നെ വീണ്ടെടുക്കുകയും അവന്റെ കാരുണ്യം എനിക്കു ലഭിക്കുകയും ചെയ്തിരുന്നുവെങ്കിൽ അല്ലാഹുവിനാണെ സത്യം നിങ്ങൾ എന്നെ രണ്ടു് നഷ്ടപ്പാനീയങ്ങൾ കുടിപ്പിച്ചിരിക്കുന്നു. ഒന്നു് നിങ്ങൾ എനിക്കെതിരായി പ്രവർത്തിക്കുന്നതു്. രണ്ടു് എന്റെ വാക്കുകളെ നിങ്ങൾ അനുസരിക്കുന്നില്ല. അല്ലയോ പുരുഷശ്രേഷ്ഠരേ! ഞാൻ നിങ്ങളെ കാണാതിരുന്നെങ്കിലും നിങ്ങളെപ്പറ്റിയുള്ള വർത്തമാനങ്ങൾ അറിഞ്ഞിരുന്നില്ലെങ്കിലും എത്ര നന്നായിരുന്നുവെന്നു് ആശിച്ചുപോവുകയാണു്."

ഇപ്രകാരം തുടർച്ചയായുള്ള ഹ: അലി (ക.വ) യുടെ ഉദ്ബോധനസംഗം കേട്ടുകൊണ്ടിരുന്ന ഭടന്മാരുടെ ഹൃദയത്തിനു് പെട്ടെന്നു് ഒരുമാറ്റം സംഭവിക്കുകയും ഉത്സാഹഭരിതരായി അവർ വളരെ ഉച്ചത്തിൽ അനുസരണവാക്യങ്ങൾ മുഴക്കുകയും ചെയ്തു.

കവിതയിലൂടെ

ഹ: അലി (ക.വ.) യുടേതായി വളരെയധികം കവിതകൾ ശ്രുപം പ്രാപിച്ചിട്ടുണ്ടു്. ഉത്തമമായ ഹദീസുകളിൽ ഇവയിൽ മൂന്നാലെണ്ണം പറയപ്പെട്ടുന്നുണ്ടു്. അനേകം കവിതകൾ കൃത്രിമമായി മെനഞ്ഞെടുത്തുവെങ്കിലും ഹ: അലി (ക.വ.) യുടേതായി പറയപ്പെട്ടിരിക്കുന്നു. ഹ: ഫാതിമുത്തുസുഹ്റയെപ്പറ്റി രണ്ടു വിലാപ കവിതകൾ പാടിയിരുന്നുവെന്നുള്ളതു് പ്രസ്താവ്യമാണു്.

ഹ: അലി (ക.വ) ഖൈബർ യുദ്ധത്തിൽ പാടിയിരുന്ന ഒരു കവിതയുടെ ഏകദേശരൂപങ്ങളടങ്ങിയ രണ്ടു വരി താഴെ ചേർക്കുന്നു.

"അനല്ലദീ സമ്മത്നീ ഉമ്മിഹൈദറ:
കലൈസീഗ്വാബാത്തിൻ കറിഹിൻ-
മൻളറ:"

അന്ധവിശ്വാസമിടൽ

ഒരിക്കൽ വിശുദ്ധ ഖുർആൻ തെറ്റായി പാരായണം ചെയ്യുന്നതു് കേൾക്കാനിടയായ ഹ: അലി (ക.വ) ക്കു് ഉച്ചാരണത്തിൽ പിഴവു വരാതിരിക്കുവാൻ വേണ്ടി ചില ഏർപ്പാടുകൾ ചെയ്യണമെന്നു് തദവസരത്തിൽ അദ്ദേഹത്തിനു് തോന്നുകയുണ്ടായി. ഇതിനെത്തുടർന്നു് ചില നവീന നിയമങ്ങൾ അബുൽഅസ്‌വദ്ദുഅലിക്കു് അദ്ദേഹം പറഞ്ഞുകൊടുക്കുകയും അറബി വ്യാകരണനിർമ്മാണത്തിന്റെ മുതല ഹ: അലി (ക.വ.) അദ്ദേഹം ഏറ്റെടുത്ത ഭാരമേല്പിക്കുകയും ചെയ്തു. ഇക്കാരണത്താൽ അറബി വ്യാകരണനിർമ്മാണത്തിന്റെ പ്രാരംഭതത്വങ്ങളും, അന്ധവിശ്വാസമിടലും അദ്ദേഹവുമായി ബന്ധപ്പെട്ട കിടക്കുന്നു.

വ്യക്തിപരമായ വിശേഷതകൾ

ചെറുപ്പം മുതല്ക്കു തന്നെ വാത്സല്യപൂർവ്വം നബി(സ) വിനാൽ സംരക്ഷിക്കപ്പെട്ടു വന്നിട്ടുള്ള ആളാണു് ഹ:അലി (ക.വ.). ഈ കാരണത്താൽ തന്നെ സന്മാർഗ്ഗ വളർച്ചക്കും സദ്ഗുണങ്ങൾക്കും സ്വഭാവികമായിത്തന്നെ മാതൃകായോഗ്യനായിത്തീർന്നു. ബഹുദൈവവിശ്വാസപരമായൊ നിരീശ്വരവിശ്വാസപരമായൊ ഉള്ള വാക്കുകൾ ഒരിക്കലും അദ്ദേഹത്തിന്റെ നാവിൽനിന്നും ഉച്ചരിക്കുകയുണ്ടായിട്ടില്ല. അനിസ്‌ലാമികകാലത്തു് നടമാടിയിരുന്ന ദുഷ്പ്രവൃത്തികളിൽനിന്നെല്ലാം പരിശുദ്ധതയും മോചനവും നേടിയെടുത്തുകൊണ്ടാണു് അദ്ദേഹം ജീവിതഗതിയെ മുന്നോട്ടു തള്ളി നീക്കിയതു്.

അറബികളുടെ ജീവിതത്തിൽ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത മദ്യപാനം ഇസ്‌ലാമിനു് മുൻപും പിൻപും അദ്ദേഹം ഉപയോഗിച്ചിരുന്നില്ല. എന്നാൽ തുർമദിയുടെ ഒരു നിവേദനത്തിൽ ഇപ്രകാരം കണക്കാക്കപ്പെടുന്നു.

ഹ: അലി(ക.വ) ഒരിക്കൽ മദ്യപിച്ചു് ഇമാമായിനിന്നു് നമസ്കരിക്കുമ്പോൾ 'ഖുൽയാ അയ്യുഹൽകാഫിറൂന' തെറ്റായി ഓതിയെന്നും ഇതിനെത്തുടർന്നു് ആണു് മദ്യനിരോധന ആയത്തു് അവതരിച്ചതു്എന്നും, എന്നാൽ ഈ ആയത്തു അവതരിക്കുന്നതിനുമുൻപു് മദ്യപിച്ചിരുന്നയു് പാപമല്ലെങ്കിലും പാവന ജീവിതത്തിന്റെ ഭദ്രതക്കു് കോട്ടംതട്ടുമെന്നുള്ളതും തീച്ചയായിരുന്നു.

വിശ്വസ്തത

വിശ്വസ്തനായിരുന്ന നബി (സ) യുടെ ശിക്ഷണത്തിൽ വളർന്നതിനാൽ ഹ: അലി (ക.വ.) ചെറുപ്പം മുതല്ക്കേ വിശ്വസ്തനായിത്തീർന്നു. നബി (സ) ഹിജ്റ ചെയ്തപ്പോൾ കൈവശം സൂക്ഷിച്ചിരുന്ന ഖുറൈശികളുടെ സൂക്ഷിപ്പു മുതലുകൾ മടക്കികൊടുക്കുന്നതിനു് ഹ: അലി (ക.വ.) യെയായിരുന്നു അതിന്റെ ചുമതല ഏല്പിച്ചിരുന്നതു്. ഹ: അലി (ക.വ.) യുടെ ഭരണകാലത്തു് ബൈത്തുൽമാലിനെ സംബന്ധിച്ചേടത്തോളം ജനങ്ങൾക്കു് അദ്ദേഹത്തെ നല്ല വിശ്വാസമായിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തതയെക്കുറിച്ചു് ഹ: ഉമ്മുൽകുൽസും(റ) പലപ്പോഴും ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ടു് ഉദാഹരണമായി ഹ: ഉമ്മുൽകുൽസും (റ) ഇപ്രകാരം പറയുകയുണ്ടായി. ഒരിക്കൽ ഇമാം ഹസൻ (റ) വും, ഇമാം ഹുസൈൻ (റ) വും ഒരു കൂടയിൽനിന്നും രണ്ടു നാരങ്ങാ എടുത്തു് കേളിക്കാൻ ഒരുമ്പെട്ടു. ഇതു് ഹ: അലി (ക.വ.) കാണുകയും നാരങ്ങ രണ്ടും മടക്കിത്തരുവാൻ ആവശ്യപ്പെടുകയും, അവിടെ ഉണ്ടായിരുന്ന ജനങ്ങൾക്കു് മുഴുവനും ഹ: അലി (ക.വ.) ആ നാരങ്ങ പങ്കിട്ടു കൊടുക്കുകയും ചെയ്തു.

യുദ്ധം മൂലം പിടിച്ചെടുക്കപ്പെടുന്ന യുദ്ധമുതലുകൾ ജനങ്ങൾക്കു് കൃത്യമായി ഭാഗിച്ചു് കൊടുക്കേണ്ട ഒരു നിർബ്ബന്ധം ഹ: അലി (ക.വ.) യുടെ പ്രത്യേക സ്വഭാവമായിരുന്നു. ഒരിക്കൽ ഇസ്ഫഹാനിൽനിന്നും യുദ്ധമുതലായി പിടിച്ചെടുത്തവയിൽ ഒരു റൊട്ടിക്ഷണവും ഉണ്ടായിരുന്നു. 'യുദ്ധമുതലിനെ ഒമ്പതു് ഭാഗങ്ങളായി ഭാഗിക്കേണ്ടതായി വന്നു. ഈ അവസരത്തിൽ ആ റൊട്ടിക്ഷണത്തേയും ഒമ്പതു് ഭാഗങ്ങളായി അദ്ദേഹം ഭാഗിക്കുകയുണ്ടായി. പിന്നീടു് അദ്ദേഹം ബൈത്തുൽമാലിലുണ്ടായിരുന്ന മുതൽ മുഴുവനും ജനങ്ങൾക്കു് ഭാഗിച്ചുകൊടുക്കുകയും, താൻ യാതൊന്നും ബാക്കിയാക്കിയിട്ടില്ലെന്നു് ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ വിശ്വസ്തതയുടെ സാക്ഷിത്വത്തിനു് വേണ്ടി രണ്ടു് റക്അത്തു് അലി (ക.വ.) നമസ്കരിക്കുകയുണ്ടായി എന്നു് ചരിത്രകാരന്മാർ പ്രസ്താവിച്ചിരിക്കുന്നു.

ത്യാഗങ്ങൾ നിറഞ്ഞ ജീവിതം

ഹസ്രത്തു് അലി (ക.വ.) യുടെ ജീവിതം ത്യാഗങ്ങൾ നിറഞ്ഞതും മാനവജീവിതത്തിനു മാതൃകയുമായിരുന്നു. അത്തരം ത്യാഗത്തിലുപ്പിതമായ മറ്റൊരു മഹൽജീവിതം ലോകചരിത്രത്തിൽ വളരെ വിരളമായിരിക്കും. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരിക്കലും സുഖതാല്പര്യത്തിനു് സ്ഥാനമുണ്ടായിരുന്നില്ല. ഖലീഫ ഒരവസരത്തിൽ കൂഫായിൽ ചെന്നിരുന്നപ്പോൾ ഗവർണ്ണരുടെ മന്ദിരത്തിൽ താമസിക്കുന്നതിനു പകരം വെറും ഒരു മൈതാനത്തിലാണു് താമസിച്ചതു്. തന്റെ മുൻഗാമിയാ

യ ഉമർ ഫാറൂഖ് (റ) ഒരിക്കലും മണിമന്ദിരങ്ങളെ ഇഷ്ടപ്പെട്ടിരുന്നില്ലെന്നും, തനിക്കും അത്തരം വസതികളും ആവശ്യമില്ലെന്നും അദ്ദേഹം പ്രസ്താവിച്ചിരുന്നു.

ചെറുപ്പം മുതൽ ഇരുപത്തിആറു വയസ്സുവരെ റസൂൽ തിരുമേനി (സ) യുമായി ഒരുമിച്ചാണ് ഹസ്രത്തു് അലി (ക.വ.) ജീവിതം നയിച്ചിരുന്നതു്. വിശുദ്ധ നബി (സ) യുടെ അരുമമകളും ബീവി ഫാതിമ (റ) യെ വിവാഹം ചെയ്തതോടുകൂടി അലി (ക. വ.) മറ്റൊരു വീട്ടിൽ താമസം ആരംഭിച്ചു. ബീവിഫാതിമ (റ) ക്കു് തന്റെ പിതാവിന്റെ ഗൃഹത്തിൽ നിന്നും കൊണ്ടു വന്നിരുന്ന ഗൃഹോപകരണങ്ങളിൽ ഒന്നുപോലും വഴിപ്പിക്കാൻ കഴിഞ്ഞില്ല എന്നതുകൊണ്ടു തന്നെ അവരുടെ വരഗൃഹത്തിലെ വീട്ടുസാമഗ്രികളും എത്രയുണ്ടെന്നു് മനസ്സിലാക്കാവുന്നതാണു്. ജീവിതാവസാനം വരെ അതു വഴിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതുമില്ല. ഇതുകൊണ്ടു തന്നെ മനസ്സിലാക്കാം അദ്ദേഹം എത്രത്തോളം ലളിതജീവിതം നയിച്ചിരുന്നുവെന്നു്. ഫാതിമ ബീവി (റ) യുടെ പാവനമായ കൈകളും തിരികല്ലു് തിരിച്ചുതിരിച്ചു് തഴമ്പിച്ചു പോയി എന്നു കേൾക്കുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും. നീളം കുറഞ്ഞ ഒരു പുതപ്പു മാത്രമേ അവർക്കു പുതക്കുവാൻ ഉണ്ടായിരുന്നുള്ളു. അതു തന്നെ ദേഹം മുഴുവൻ മൂടുവാൻ ഉപയോഗപ്രദവുമായിരുന്നില്ല. അവരുടെ ദാമ്പത്യജീവിതത്തിൽ ചിലപ്പോൾ തുടച്ചയായി വീട്ടിൽനിന്നും പുക പൊങ്ങിയിരുന്നില്ല എന്നതു് ഒരു യാഥാർത്ഥ്യമായിരുന്നു. പലപ്പോഴും കഠിനമായ വിശപ്പിന്റെ മുമ്പിൽ തൂളാതെ, തളരാതെ വയറിൽ കല്ലുവെച്ചു കെട്ടി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയിരുന്നു. ഒരു സമയം ഉസ്സഹമായ പട്ടിണി തുടച്ചയായി നേരിട്ടപ്പോൾ കൂലിപ്പണി ചെയ്തു എന്തെങ്കിലും കൊണ്ടുവരണമെന്നു കരുതി അനുഗ്രഹിക്കപ്പെട്ട തന്റെ ഭവനത്തിൽനിന്നും പുറപ്പെട്ടു. ആ സമയം മദീനയുടെ പ്രാന്തപ്രദേശങ്ങളിൽ ഒരിടത്തു് ഒരു വൃദ്ധസ്ത്രീ കല്ലുകൾ പെറുക്കിക്കൂട്ടിയിരുന്നു. ആ സ്ത്രീ അവരുടെ തോട്ടത്തിലേക്കു വെള്ളം തിരിച്ചുവിടാൻ പരിശ്രമിക്കയാണെന്നു മനസ്സിലാക്കിയതിനു ശേഷം കൂലി നിശ്ചയിച്ചു കൊണ്ടു അവർക്കു വെള്ളം എത്തിച്ചുകൊടുത്തു. അതു് നിമിത്തം അദ്ദേഹത്തിന്റെ കഷ്ടങ്ങൾക്കു് പൊള്ളലേറ്റു. ആ അദ്ധ്വാനത്തിനു് അദ്ദേഹത്തിനു് പ്രതിഫലമായി ലഭിച്ചതു് ഒരു പിടി കാരക്ക മാത്രമാണു്. എന്നാലും ഒറ്റക്കു് ഭക്ഷണം കഴിക്കുന്ന പതിവു് അദ്ദേഹത്തിനു ഇല്ലായിരുന്നു. ആയതിനാൽ കൈയ്യിൽ കിട്ടിയ കാരക്കയും കൊണ്ടു് അദ്ദേഹം റസൂൽ (സ) യുടെ സന്നിധിയിലേക്കു പോയി റസൂൽ (സ) യോടു് ഉണ്ടായ സംഭവങ്ങളും വിവരിച്ചു പറയുകയും അവിടത്തോടു് ഭക്ഷണത്തിൽ പങ്കുകൊള്ളണമെന്നു് വളരെ വിനയത്തോടുകൂടി അപേക്ഷിക്കുകയും ചെയ്തപ്പോൾ അവിടുന്നു് സസന്തോഷം ഭക്ഷണത്തിൽ പങ്കുകൊള്ളുകയുണ്ടായി.

അദ്ദേഹം ഖിലാഫത്തു കാലത്തുപോലും അനാഡംബരജീവിതമാണു് നയിച്ചിരുന്നതു്. സാധാരണയായുള്ള ഭക്ഷണങ്ങളിലും പാനീയങ്ങൾ വസ്ത്രങ്ങളിലുമാണു് അദ്ദേഹം കൂടുതൽ താല്പര്യം കാണിച്ചിരുന്നതു്. ഇതിൽനിന്നും അദ്ദേഹത്തിന്റെ ഖിലാഫത്തു കാലത്തുള്ള ജീവിതരീതി, നാടൻ ജീവിതരീതിയിൽനിന്നും വ്യത്യസ്തമായിരുന്നില്ല എന്നു് നമുക്കു് മനസ്സിലാക്കാവുന്നതാണു്.

അബ്ദില്ലാഹിബ്നുസരീർ ഒരിക്കൽ അദ്ദേഹത്തെ വിരുന്നുസല്ക്കാരത്തിനു് ക്ഷണി

ക്കുകയുണ്ടായി. സാധാരണ രീതിയിൽ കവിഞ്ഞ യാതൊരു ഭക്ഷണവും ആ വിരുന്നിൽ വിഭവങ്ങളായിരുന്നില്ല. അമീറുൽമുഅ്മിനീനെ! അങ്ങയ്ക്ക് പക്ഷിമാംസം ഇഷ്ടമില്ലെ എന്നിങ്ങനെ ചോദിക്കുകയുണ്ടായി.

അദ്ദേഹത്തിന്റെ മറുപടി:— ഇബ്നു സരീറെ!! മുസ്‌ലിംകളുടെ ധനത്തിൽനിന്നും രണ്ട് കപ്പ് ധനം മാത്രമെ അതാതുകാലങ്ങളിലെ ഖലീഫമാർക്ക് അവകാശപ്പെട്ടതായുള്ളൂ. സ്വന്തമായി ഭക്ഷിക്കാനും പുത്രിപുത്രാദികൾക്ക് ഭക്ഷണത്തിനു കൊടുക്കാനുമുള്ളതാണ് ഒന്ന്. അടുത്തത് അല്ലാഹുവിന്റെ സൃഷ്ടികൾക്ക് കൊടുക്കാനുള്ളതുമാണ്.

അദ്ദേഹത്തിനു ധനത്തിനോട് നിശ്ശേഷം ആഗ്രഹമുണ്ടായിരുന്നില്ല. ഉന്നത അധികാരത്തിലിരിക്കുന്നവർക്ക് സാധാരണയായി ഉണ്ടാകാറുള്ള ആഡംബരമൊ ആർഭാടമൊ അലീ (ക.വ) ക്ക് ഉണ്ടായിരുന്നില്ല. കൈസർ, കിസറാ മുതലായ മഹാരാജാക്കന്മാരുടെ വമ്പിച്ച ധനവും രത്നങ്ങളും കൈവന്നിട്ടുള്ള അവസരങ്ങളിലും മുസ്‌ലിംലോകത്തിന്റെ ഭരണാധികാരിയായിരുന്ന ഖലീഫ, സാധാരണക്കാരനെപ്പോലെയാണ് ജീവിതം നയിച്ചിരുന്നത് എന്നു പ്രസ്താവയോഗ്യമാണ്. ഭയവും നീതിപരിപാലനവും കാരണം പലപ്പോഴും കഷ്ടപ്പാടുകളും പട്ടിണിയും നേരിടേണ്ടിവന്നിട്ടുണ്ട്. ഒരവസരത്തിൽ പ്രസംഗപീഠത്തിൽ പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ അദ്ദേഹം ചോദിച്ചു:- എന്റെ ഈ വാൾ വിലയ്ക്കുവാങ്ങുവാൻ ആരെങ്കിലും തയ്യാറുണ്ടോ കരുണാനിധിയായ അല്ലാഹുവിനാണെ സത്യം. എന്റെ പക്കൽ കുറുതുണിവാങ്ങാൻ കാശുണ്ടായിരുന്നുവെങ്കിൽ ഈ വിൽക്കാൻ ഞാൻ ഒരുങ്ങുമായിരുന്നില്ല. സദസ്സിൽനിന്നും ഒരാൾ എഴുന്നേറ്റു നിന്നു പറഞ്ഞു:- 'സത്യവിശ്വാസികളുടെ നേതാവെ! മുന്നൂ വാങ്ങുവാനുള്ള കാശു ഞാൻ കടമായി തരാം.' ഖലീഫയുടെ വീട്ടിൽ ഒരു വേലക്കാരിപോലും ഉണ്ടായിരുന്നില്ല. വിശുദ്ധനബി (സ) യുടെ ഓമനപുത്രി തന്റെ വീട്ടുജോലികളെല്ലാം സ്വയം ചെയ്യുകയാണ് ചെയ്തിരുന്നത്. ഒരിക്കൽ അവർ തന്റെ ഭയനിയതകളെപ്പറ്റി പിതാവിന്റെ മുൻപിൽ സമർപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഭയാനിധിയായ പിതാവിന്റെ സന്നിധാനത്തിൽ സന്നിഹിതയായി. റസൂൽ തിരുമേനി (സ) വീട്ടിലില്ലാതിരുന്നതു കാരണം മടങ്ങിവന്ന് കുറച്ചു കിടന്നുറങ്ങി. കുറച്ചുകഴിഞ്ഞ് നബി തിരുമേനി (സ) വീട്ടിൽ വന്നപ്പോൾ ആയിഷാ (റ) വിവരങ്ങൾ ധരിപ്പിച്ചതിൽ റസൂൽകരീം (സ) തന്നെ മകളുടെ വീട്ടിലേക്കുചെന്നു. തിരുമേനി (സ) പ്രതിവചിച്ചു:— 'മകൾക്കൊരു ജോലിക്കാരിയേക്കാൾ അധികം പ്രയോജനകരമായൊരുകാര്യം ഞാൻ നിങ്ങൾക്ക് ഉപദേശിക്കട്ടെ. അതിനുശേഷം തസ്ബീഹ് ചൊല്ലുന്നതിനു അവിടുന്ന് ഉപദേശിച്ചുകൊടുത്തു.

ഹ: അലി (ക. വ) യുടെ ആരാധനകർമ്മം

ഹ: അലീ (ക. വ) അല്ലാഹുവിനെ അകമഴിഞ്ഞാരാധിക്കുന്നതിൽ സദാ മുഴുകിയിരുന്ന ഒരടിമയായിരുന്നു. 'ഇബാദത്ത്' അലി (ക.വ) യുടെ ജീവിതവ്രതമായിരുന്നു. 'അല്ലാഹുവിന്റെ റസൂലായ മുഹമ്മദും അവിടുത്തെ കൂടെയുള്ളവരും അവിശ്വാസികർമ്മങ്ങൾക്കെതിരിൽ കാഠിന്യം ഉള്ളവരും (വിശ്വാസികർമ്മം) പരസ്പരം ദയാലുക്കളുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള ഔദാര്യവും തൃപ്തിയും നേടിക്കൊണ്ട് അവർ റുകൂഉം, സുജൂദും ചെയ്യുന്നവരായി അവരെ നീ കാണുന്നു' എന്ന പരിശുദ്ധ ഖുർആനിലെ ഈ ആയത്തിൽ 'അവിടുത്തെ കൂടെയുള്ളവരും എന്ന വാക്കുകൊണ്ട് ഹ: അബൂബക്കർ സിദ്ദീഖ് (റ) വിനേയും അവിശ്വാസികർമ്മം

ക്കെതിരിൽ കാഠിന്യം ഉള്ളവരും എന്നതുകൊണ്ട് ഉമർഫാറൂഖിനേയും 'പരസ്പരം ദയാലുക്കളാണ്' എന്ന പദംകൊണ്ട് ഹ: ഉസ്മാൻ (റ) വിനേയും 'റുകൂഉം സുജൂദും ചെയ്യുന്നവരായി എന്ന വാക്യംകൊണ്ട് ഹ: അലീ (ക. വ) യേയും സൂചിപ്പിക്കുന്നതായി വിശ്രുതഖുർആനിന്റെ പ്രമുഖ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തുന്നു ആരാധനാകർമ്മങ്ങളെ സംബന്ധിച്ചേടത്തോളം മറ്റെല്ലാ സഹാബികളേക്കാളും അലി (ക. വ) യ്ക്ക് ഒരു സവിശേഷതയുണ്ടെന്നുള്ള വസ്തുത ഖുർആൻ വാക്യം മുഖേന നമുക്ക് അനുമാനിക്കാവുന്നതാണ്. അലി (ക. വ) യേക്കാൾ അല്ലാഹുവിനെ ആരാധിക്കുന്നവനായി ഒരു ഹാശിം വംശജനേയും താൻ കണ്ടിട്ടില്ലെന്ന് മുസ്തത്ക്ക് ഹാകീം എന്ന ഗ്രന്ഥത്തിൽ സുഖയ്ർഖബ്നുസഈദ്ഖുർശി പ്രസ്താവിച്ചിരിക്കുന്നു. ഹ: ആയിശാ (റ) യുടെ ഒരു പ്രസ്താവനയിൽ 'തന്റെ അറിവിൽപ്പെട്ടിടത്തോളം അദ്ദേഹം (ഹ: അലി (ക. വ) വലിയൊരു നോമ്പുകാരനും നിന്ന് നമസ്കരിക്കുന്നവരുമായിരുന്നു, എന്നു് വ്യക്തമാക്കുന്നു.

ഇബാദത്തുകളിൽ ഹ: അലി (ക. വ) നിത്യമാക്കിയിരുന്ന കാര്യങ്ങളിലെല്ലാം തികവും നിഷ്കർഷയും പാലിച്ചു വന്നിരുന്നതായി സ്പഷ്ടമാകുന്നുണ്ട്. റസൂൽകരീം (സ) ഒരിക്കൽ ഹ: അലി (ക. വ) യോടും ഫാതിമബീവി (റ) യോടുമായി ഇപ്രകാരം ഉപദേശിച്ചിട്ടുണ്ടായിരുന്നു. നിങ്ങൾ എല്ലാം കാരോ നമസ്കാരശേഷവും പത്തു തവണ 'സുബ്ഹാനല്ലാ' 'അല്ലാഹു അക്ബർ' 'അൽഹംദുലില്ലാ' എന്നും ചൊല്ലണം. ഉറങ്ങുന്നതിനു മുൻപു് മുപ്പത്തിമൂന്നു് തവണ 'അൽഹംദുലില്ലാ, അല്ലാഹു അക്ബർ, സുബ്ഹാനല്ലാ' എന്നിങ്ങനെ ഉച്ചരിക്കണം എന്നും ഉപദേശിച്ചിരുന്നു

സമ്പന്നമായ ഹൃദയം

ഹ: അലീ (ക. വ) യുടെ കൈവശം സമ്പത്തു തീരെ ഉണ്ടായിരുന്നില്ലെങ്കിലും സമ്പന്നമായൊരു ഹൃദയമുണ്ടായിരുന്നു. ഒരിക്കലും ഒരൊറ്റ യാചകനും ഒന്നും കിട്ടാതെ അദ്ദേഹത്തിന്റെ അടുത്തുനിന്നും മടങ്ങി പോയിരുന്നില്ല. തന്റെ സ്വന്തവും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ദാനം ചെയ്യാൻ അദ്ദേഹം ഒരുക്കമായിരുന്നു. ഒരുതവണ രാത്രി മുഴുവൻ തോട്ടം നനച്ചുകൊടുത്തതിനു് പ്രതിഫലമായി കിട്ടിയിരുന്ന ധാന്യം രാവിലെ അദ്ദേഹം വീട്ടിൽ കൊണ്ടുവന്നു. കൊണ്ടുവന്ന ധാന്യത്തിന്റെ മൂന്നിലൊരുഭാഗം പൊടിച്ചു് 'അരീറ' എന്ന പലഹാരം ഉണ്ടാക്കുവാൻ അദ്ദേഹം ഏർപ്പാടാക്കം ചെയ്തു. പലഹാരം തയ്യാറായപ്പോൾ ഒരു ഒരു യാചകൻ വന്നു് ശബ്ദമുണ്ടാക്കി. അതു മുഴുവനും അദ്ദേഹം അയാൾക്കു കൊടുത്തു്. ബാക്കിയുണ്ടായിരുന്ന രണ്ടു് ഭാഗത്തിൽനിന്നും ഒരു ഭാഗം പാകം ചെയ്യാൻ ഏർപ്പാടു ചെയ്തു. അതു് തയ്യാറായപ്പോൾ ദരിദ്രനായ ഒരു അനാഥ കുട്ടി വന്നു് യാചിച്ചപ്പോൾ അതു എടുത്തു ആ അനാഥകുട്ടിക്കു് കൊടുത്തു. പിന്നീടു് ബാക്കിയുണ്ടായിരുന്ന ഒരു ഓഹരി തയ്യാറാക്കിയപ്പോൾ, ബഹുദൈവ വിശ്വാസിയായ ഒരു തടവുകാരനു് ദാനം ചെയ്തു. ഇപ്രകാരം അല്ലാഹുവിന്റെ വിനീത ദാസനായ ആ ഔദാര്യനിധി അലി (ക. വ) രാത്രി മുഴുവൻ കഠിനമായി അദ്ധ്വാനിച്ചു് കിട്ടിയ ധാന്യം ദാനം ചെയ്തു പകൽ മുഴുവൻ പട്ടിണിയായി കഴിഞ്ഞു. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു ആ മഹൽത്യാഗത്തിനു് അതഹ്നിക്കുന്ന വില കല്പിക്കാതിരുന്നില്ല. ഈ മഹത്തായ ത്യാഗം മൂലമാണു് അല്ലാഹുവിനോടുള്ള സ്നേഹത്താൽ അഗതികൾക്കും, അനാഥക്കും, ബന്ധനത്തിലകപ്പെട്ടവക്കും അവർ ഭക്ഷണം ഊട്ടുന്നു എന്ന വിശ്രുത ഖുർആൻ വചനം അവത

രിച്ചത്. അനാഡംബരതവും, വിനയവും റ: അലി (ക. വ) യുടെ അനുപമമായ അലങ്കാര വിശേഷങ്ങളായിരുന്നു. സ്വന്തം കൈകൊണ്ട് കൂലിപ്പണികളും നിർവ്വഹിക്കുന്നതിൽ അദ്ദേഹം ഒരിക്കലും ഒരു വിധത്തിലും പോരായ്മ കരുതിയിരുന്നില്ല. ചിലപ്പോൾ ചെരുപ്പുകുത്തിയും മറുചിലപ്പോൾ ഒട്ടകങ്ങളെ മേച്ചും വേറെ ചിലപ്പോൾ നിലങ്ങൾ കിളച്ചു നന്നാക്കുന്നതിലും അദ്ദേഹത്തെ ജനങ്ങൾ കണ്ടിരുന്നു. പലപ്പോഴും അദ്ദേഹം വെറും മണ്ണിൽ കിടന്നു ഉറങ്ങിയിരുന്നു. ഒരവസരത്തിൽ നബി (സ) അദ്ദേഹത്തെ അന്വേഷിച്ചു മസ്ജിദിൽ ചെന്നപ്പോൾ അദ്ദേഹം സാധാരണ നിലയിൽ നിലത്തുകിടന്നുറങ്ങുന്നതാണു കണ്ടതു്.

ഹ: അലി (ക. വ) യുടെ ലളിതജീവിതം തന്റെ ഖിലാഫത്തു കാലത്തും നിലനിന്നിരുന്നു. കൈ നീളം കുറഞ്ഞ ഉടൽ ഇറക്കുമുള്ള ഒരു പ്രാണദ്ദേഹം ധരിച്ചിരുന്നതു്. മുണ്ടുടുത്തുകൊണ്ടു് പലപ്പോഴും തെരുവിൽ ചുറ്റിനടക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ആരെങ്കിലും തന്റെ പിന്നിൽ കൂടി നടക്കാൻ ശ്രമിക്കുകയാണെങ്കിൽ അങ്ങിനെ ചെയ്യുന്നതു് ഭരണാധികാരിക്കു ദോഷകരവും സത്യവിശ്വാസികൾക്കു് എളിമയുമാണെന്നു് പറഞ്ഞു് അദ്ദേഹം അതിനെ നിരോധിച്ചിരുന്നു എന്നു് തിബ്‌രി രേഖപ്പെടുത്തുന്നു.

അനന്യസാധാരണമായ ധീരത

അനന്യസാധാരണമായ പൗരുഷവും ധൈര്യവും ഹ: അലി (ക. വ) യുടെ സവിശേഷ സ്വഭാവമായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ശത്രുക്കൾ പോലും തന്റെ ജീവിതകാലത്തു് സമന്മാരായി ഉണ്ടായിരുന്നില്ല. പ്രധാനപ്പെട്ട എല്ലാ യുദ്ധമുന്നണികളിലും അദ്ദേഹം പങ്കെടുക്കുകയും തന്റെ പുകൾപെറ്റ ധീരവീര പരാക്രമങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു് ശത്രുപക്ഷങ്ങളെ അത്ഭുതസ്തംബ്ധരാക്കുകയും ചെയ്തിരുന്നു. ഇസ്‌ലാമിന്റെ ആദ്യകാലത്തു നടന്ന ചരിത്രപ്രസിദ്ധമായ ബദർ യുദ്ധരംഗത്തു് ഹ: അലി(ക.വ.) പ്രകടിപ്പിച്ച യുദ്ധപാടവം ശത്രുസേനയെ ഭയവിഹ്വലരാക്കിത്തീർത്തു. കേവലം യൗവ്വനദശ പിന്നിട്ടുകൊണ്ടിരുന്ന റ: അലി (ക. വ) ബദ്‌ർ യുദ്ധരംഗത്തു് ഒരു സമർത്ഥനായ പോരാളി എന്ന വിഖ്യാതി നിഷ്പ്രയാസം നേടിയെടുത്തു. ബദർ യുദ്ധാരംഭത്തിൽ വലീദ് (റ) യുമായി നടന്ന ദ്വന്ദയുദ്ധത്തിൽ ഹ: അലി (ക. വ) ഒറ്റ വെട്ടിനു് വലീദിന്റെ കഥ അതോടെ അവസാനിപ്പിച്ചു. ഹ: ഉബൈദത്തുബ്നിഹാരിസ് (റ) ശൈബത്തിനോടു് നേരിടാൻ തയ്യാറായപ്പോൾ ശൈബത്തു് അദ്ദേഹത്തെ മുറിപ്പെടുത്തി. അക്കാരണം കൊണ്ടു് ഹ: ഹംസ (റ) യും ഹ: അലി (ക. വ) യും കൂടി അക്രമിച്ചു് ശൈബത്തിന്റെ കാര്യവും അവസാനിപ്പിച്ചു. ഉഹ്ദ് യുദ്ധത്തിൽ ശത്രുക്കളുടെ പതാക വഹിച്ചിരുന്ന തൽഹത്തിബ്നിഅബീതൽഹത്ത് മുസ്‌ലിംകളെ വെല്ലുവിളിച്ചപ്പോൾ ഹ: അലി (ക. വ) അയാളോടു് നേരിട്ടു് ഒരു വെട്ടു വെട്ടി തല രണ്ടായി പിളർത്തി. റസൂൽ തിരുമേനി (സ) ഈ വാർത്ത ഗ്രഹിച്ചപ്പോൾ സന്തോഷത്താൽ തക്ബീർ മുഴക്കി. അതിനെത്തുടർന്നു് സഹാബികളും തക്ബീർ മുഴക്കി.

പ്രസിദ്ധമായ ഖന്ദഖ് യുദ്ധത്തിലും ഹ: അലി (ക. വ) തന്നെയായിരുന്നു മുൻനിരയിൽ. അറേബ്യായിലെ പ്രസിദ്ധ യുദ്ധയോദ്ധാവായ ഉമറബ്നിഅബ്ദിഉദ്ദ മുസ്‌ലിംകളെ ആക്രമിച്ചപ്പോൾ ഹ: അലി (ക. വ) യോടു് സമരരംഗത്തിറങ്ങാൻ നബി തിരുമേനി (സ) ആവശ്യപ്പെട്ടു. വിശുദ്ധ നബി (സ) അവിടുത്തെ ഖസ്‌ഗം അലി (ക:

വ) ക്ക നൽകുകയും അനുഗ്രഹീതമായ തന്റെ തുക്കരംകൊണ്ട് അലി (ക. വ) യുടെ തല യിൽ തലപ്പാവു കെട്ടിക്കൊടുക്കുകയും ചെയ്തു. തുടർന്ന് അവിടുന്ന് ഇപ്രകാരം പ്രാർത്ഥിച്ചു: 'അല്ലാഹുവെ! ശത്രുവിനോടെതിരിടുന്നതിൽ അലിയെ നീ സേനാനിയാക്കേണമെ' ഇതിനെ തുടർന്ന് അലി (ക. വ) ഇബ്നിഅബ്ദിഉസ്സയുമായി നേരിട്ട് യുദ്ധംചെയ്ത് പരാജയപ്പെടുത്തി അദ്ദേഹം തകബീർ മുഴക്കി. തകബീർ ധ്വനി കേട്ടപ്പോൾ മുസ്‌ലിംകൾ അയാളെ ഹ: അലി (ക. വ) കീഴടക്കിയെന്ന് മനസ്സിലാക്കി സന്തോഷഭരിതരായി.

ഖൈബർ യുദ്ധത്തിന്റെ വിജയത്തിന് പ്രധാന കാരണഭൂതൻ ഹ: അലി (ക. വ) ആയിരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്. ഖൈബറിലെ പ്രസിദ്ധമായ കോട്ട മുസ്‌ലിംകൾക്ക് കീഴടക്കാൻ വളരെ ദിവസങ്ങളോളം സാധ്യമായില്ല. നബി തിരുമേനി (സ) അപ്പോൾ ഇപ്രകാരം അരുളി: 'അല്ലാഹുവിനെയും അല്ലാഹുവിന്റെ റസൂലിനേയും പ്രിയം വെക്കുന്നവനും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സ്നേഹത്തിനു അർഹനുമായ ഒരു വ്യക്തിക്ക് നാളെ ഞാൻ യുദ്ധപതാക ഏല്പിക്കുന്നതാണ്.' പിറ്റെ ദിവസം നബി തിരുമേനി (സ) പതാക റസൂൽ അലി (ക. വ) ക്ക് നൽകി. ഖൈബറിലെ പ്രധാന സൈനിക നായകനായ മർഹബ് മിന്നിതിളങ്ങുന്ന ഖഡ്ഗം ചുഴറ്റിക്കൊണ്ട് ഗാനാലാപത്തോടെ അടക്കളത്തിലേക്ക് ആഗതനായി. മർഹബിനെതിരിൽ ഒരു ഗാനശകലം ആലപിച്ചുകൊണ്ട് ധീരസിംഹമായ അലി (ക. വ) പാഞ്ഞടുക്കുകയും, അതോടെ മർഹബിന്റെ തല പിളർക്കുകയും അതോടെ ഖൈബർ കോട്ട മുസ്‌ലിംകൾക്ക് കീഴടങ്ങുകയും ചെയ്തു. ഹ: അലി (ക വ) യുടെ യുദ്ധസേവന ചരിത്രങ്ങളിൽ ഖൈബറിലെ പോരാട്ടം പ്രത്യേകപ്രാധാന്യം അർഹിക്കുന്നു.

അറബി ഗോത്രങ്ങളുടെയെല്ലാം ഏകീകൃത ശക്തി ഒന്നിച്ചണി നിരത്തിക്കൊണ്ട് മുസ്‌ലിംകൾക്കെതിരെ അഴിച്ചുവിട്ട ശക്തിയേറിയ ഒരാക്രമണമായിരുന്നു 'ഹവാസിൻ' യുദ്ധം. ഈ യുദ്ധത്തിനു നബി (സ) നടത്തിയ യുദ്ധങ്ങളിൽ ഒരു പ്രത്യേകസ്ഥാനം ലഭിച്ചിട്ടുണ്ട്. ഈ യുദ്ധരംഗത്തും ഹ: അലി (ക. വ) സവിശേഷ ശ്രദ്ധ നേടിയിരുന്നു.

നബി തിരുമേനി (സ) യുദ്ധ പതാകകൾ നൽകപ്പെട്ടിരുന്നവരുടെ കൂട്ടത്തിൽ ഹ: അലി (ക. വ) യും ഉൾപ്പെട്ടിരുന്നു. ശത്രുക്കളുടെ അസ്ത്രപ്രയോഗത്തിന്റെ ഫലമായി മുസ്‌ലിംകളുടെ അണികൾ ചിതറിപ്പോയിരുന്നു. പ്രബലരായ ഏതാനും സഹാബികൾ മാത്രമെ നബി തിരുമേനി (സ) യോട് ഒരുമിച്ചു ഉറച്ചു നിന്നുള്ളൂ. ആ സഹാബികളുടെ കൂട്ടത്തിലും ഹ: അലി (ക. വ) ഉണ്ടായിരുന്നു.

ഏടയാവർജകവും അനുകരണയോഗ്യവുമായ പെരുമാറ്റം

ഇസ്‌ലാം ചരിത്രത്തിലെ ധീരപുരുഷനായ അലി (ക. വ) തന്റെ ജീവിതത്തിലെ അധികസമയവും ചിലവഴിച്ചത് സമരം ചെയ്യുന്നതിലായിരുന്നു. ശത്രുക്കളോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം അനുകരണയോഗ്യവും ഏടയാവർജകവുമായിരുന്നു. ഒരു യുദ്ധരംഗത്തു ഒരു എതിരാളി വീണു. അയാളുടെ നഗ്നത വെളിവായപ്പോൾ അദ്ദേഹം അയാളെ ഉപേക്ഷിച്ചു മാറിനില്ക്കുകയാണുണ്ടായത്. അയാൾക്ക് ലജ്ജ തോന്നാതിരിക്കാനാണ് അദ്ദേഹം അപ്രകാരം ചെയ്തത്. ജമൽ യുദ്ധക്കളത്തിൽ ഹ: ആയിശാ (റ) ഹ: അലി (ക. വ) യുടെ എതിരാളി ആയിരുന്നുവല്ലൊ? ഒരു ളബി വംശനായ ഭടൻ ഹ: ആയിശാ (റ) യുടെ

ട്ടെകത്തെ വെട്ടി മുറിവേല്പിച്ചു വീഴ്ത്തിയപ്പോൾ അലി (ക. വ) തന്നെ മുന്നോട്ടു ചെന്നു സുഖ സൗകര്യങ്ങളെപ്പറ്റി അന്വേഷണം നടത്തുകയും ആയിഷ (റ) ക്കു് അവരുടെ പക്ഷക്കാരനായ ഒരു ബസ്രാ നേതാവിന്റെ വീട്ടിൽ അഭയം നൽകുകയും ചെയ്തു. ആയിഷ (റ) യുടെ സൈന്യത്തിലെ മുറിവേറ്റ ഭടന്മാരെല്ലാം പ്രസ്തുത ഭവനത്തിന്റെ മുക്കിലും മൂലയിലും ഉണ്ടായിരുന്നിട്ടും ഹ: ആയിഷ (റ) യുമായി സംഭാഷണം നടത്താൻ അവിടെ പോയ അദ്ദേഹം ശത്രുഭടന്മാരോടു യാതൊരു വിധ എതിർപ്പുകളും പ്രകടിപ്പിച്ചില്ല.

ഓടുന്നവരെ പിന്തുടരരുതു്, മുറിവേറ്റ ഭടന്മാരുടെ മേൽ കുതിരകളെ കയറ്റരുതു്, ശത്രുക്കൾ ഉപേക്ഷിച്ചുപോയ സമ്പത്തു് പിടിച്ചെടുക്കരുതു് എന്നിങ്ങിനെ ഒരു വിളംബരം ജമൽ യുദ്ധത്തിൽ അദ്ദേഹം പുറപ്പെടുവിച്ചു. ജമൽ യുദ്ധത്തിൽ ആയുധംവെച്ചു കീഴടങ്ങുന്നവർക്കു അഭയം നൽകുകയും ചെയ്തിരുന്നു.

ഒരു ശത്രു എന്ന നിലയിൽ അലി (ക. വ) യോടെതിർത്ത ഒരു വ്യക്തിയായിരുന്നു ഹ: സുബൈർ (റ). അദ്ദേഹം ജമൽ യുദ്ധരംഗത്തിലെ പ്രധാന സൈനികനേതാക്കളിൽ ഒരാളായിരുന്നു. എന്നാൽ, സുബൈറിന്റെ ഘാതകനായ ഇബ്നുജർമൂസ് അദ്ദേഹത്തിന്റെ മൃതജഡത്തിൽനിന്നും ശിരസും ഖഡ്ഗവും കൊണ്ടു ഹ: അലി (ക. വ) യുടെ അടുത്തു ചെന്നപ്പോൾ ഖലീഫയുടെ നേതൃങ്ങളിൽനിന്നു് ബാഷ്പകണങ്ങളാണു് അടർന്നുവീണതു്. ഖലീഫ പറഞ്ഞു. 'സഫിയായുടെ പുത്രനെ കൊലപ്പെടുത്തിയവനു് നരകത്തെക്കുറിച്ചു് മുന്നറിയിപ്പു കൊടുക്കുക.' അതിനുശേഷം ഹ: അലി (ക. വ) സുബൈർ (റ) വിന്റെ വാൾ കൈകളിലെടുത്തുകൊണ്ടു് റസൂൽ തിരുമേനി (സ) യുടെ പാവനമുഖത്തുനിന്നു അനേകം തവണ വൈഷമ്യങ്ങളാകുന്ന മേഘശകലങ്ങളെ അകറ്റി നിറുത്തിയിരുന്ന ഖഡ്ഗമാണിതെന്നു പറയുകയും ഉണ്ടായി.

ജമൽ സമരത്തിൽ അദ്ദേഹത്തിന്റെ എതിരാളികളുടെ മൃതശരീരങ്ങളും പരിശോധിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഓരോ മൃതദേഹം കാണുമ്പോഴും അലി (ക. വ) അതിരറ്റ ആത്മാർത്ഥമായി ഖേദിക്കുന്നുണ്ടായിരുന്നു. ഹ: തൽഹത്തു് (റ) വിന്റെ മകനായ മുഹമ്മദിന്റെ മൃതദേഹത്തിന്റെ മേൽ തന്റെ ദൃഷ്ടികളും പതിഞ്ഞപ്പോൾ അദ്ദേഹം ഖേദപാരവശ്യത്തോടെ പറഞ്ഞു, 'ഹേ, ഖുറൈശികളുടെ മഹാനായ നേതാവേ' എന്നു്. ഹ: അലി (ക. വ) യുടെ ഏറ്റവും വലിയ എതിരാളിയും അദ്ദേഹത്തിന്റെ ഘാതകനുമായ ഇബ്നുമുൽജമിനെപ്പറ്റി തന്റെ അന്ത്യവേളയിൽ അദ്ദേഹം നൽകിയ അന്ത്യോപദേശത്തിൽ ഇങ്ങിനെ പറയുന്നു. 'അയാളുടെ കുറ്റകൃത്യത്തിനു് സാധാരണ രീതിയിലുള്ള ശിക്ഷ മാത്രം കൊടുത്താൽ മതി. കൈ, കാൽ, നാസിക എന്നീ അവയവങ്ങളും മുറിച്ചു വികൃതമാക്കരുതു്.'

തന്റെ ഘാതകനായ ഇബ്നുമുൽജമിനു് നല്ല ഭക്ഷണം കൊടുക്കുവാനും, മാർദ്ദവമായ വീരിപ്പിൽ കിടത്തിയുറക്കുവാനും അദ്ദേഹം കല്പിച്ചു. 'ഞാൻ ജീവനോടെ അവശേഷിക്കുന്നതായാൽ ഇബ്നുമുൽജമിനു മാപ്പുകൊടുക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നതിനുള്ള അധികാരം എനിക്കായിരിക്കും. ഞാൻ മരിച്ചുപോകുന്നതായാൽ എന്നോടുകൂടി എന്റെ ഘാതകനെ പിന്തുടപ്പിക്കുക. ഞാൻ തന്നെ എന്റെ അല്ലാഹുവിന്റെ മുമ്പിൽവെച്ചു മല്ലിട്ടുകൊള്ളാം.' സ്വഘാതകനോടു പോലും ഹ: അലി (ക. വ) യുടെ മനസ്സു നിറഞ്ഞ പെരുമാറ്റത്തിനു് ഇതിൽപരം മറ്റൊരു തെളിവു വേ

ണം? ഇത്തരം ഭയാപൂർവ്വമായ പെരുമാറ്റം മറ്റാരിൽ കാണാൻ കഴിയും?

സർവ്വാദരണീയങ്ങളായ അഭിപ്രായങ്ങൾ

അഭിപ്രായദാർഢ്യത ഹ: അലി (ക. വ) യുടെ ഒരു പ്രധാന സവിശേഷതയായിരുന്നു. നബി തിരുമേനി (സ) യുടെ കാലം മുതൽക്കു തന്നെ ഹ: അലി (ക. വ) യുടെ അഭിപ്രായങ്ങൾക്കു സർവ്വാദരണീയത ലഭിച്ചിരുന്നു. എല്ലാ പ്രമുഖ ആലോചനകാര്യങ്ങളിലും അദ്ദേഹം ഭാഗഭാക്കായിരുന്നു. ഹ: ആയിഷാ (റ) യെപ്പറ്റിയുണ്ടായ അപവാദപ്രചരണത്തെപറ്റിയുള്ള റസൂൽകരീം (സ) സ്വഭവനത്തിലെ രഹസ്യവാഹകന്മാരെന്ന നിലക്കു അന്വേഷണം നടത്തിയപ്പോൾ അവരുടെ കൂട്ടത്തിൽ ഹ: അലി (ക. വ.) യും ഉൾപ്പെട്ടിരുന്നു. തായിഫ് യുദ്ധരംഗത്തു വെച്ചു നബി തിരുമേനി (സ) യും ഹ: അലി (ക. വ) യുമായി നടന്ന സുദീർഘനേരത്തെ രഹസ്യസംഭാഷണത്തെക്കുറിച്ചറിഞ്ഞ ആളുകൾക്കു അതിനെപ്പറ്റി അസൂയതന്നെ തോന്നിപ്പോയി. ഒന്നും രണ്ടും ഖലീഫമാരായ ഹ: അബൂബക്കർ (റ), ഹ: ഉമർ (റ) എന്നിവർക്കു അദ്ദേഹം ഉപദേശങ്ങൾ നല്കിവന്നിരുന്നു. ഒന്നാം ഖലീഫ സ്ഥാപിച്ചിരുന്ന അൻസാറുകളുടെയും, മുഹാജിറുകളുടേയും ആലോചനാസഭയിൽ ഹ: അലി (ക. വ) യും ഒരു പ്രധാന അംഗമായിരുന്നു.

ഹ: ഉമർ (റ) അലി (ക. വ) യുടെ അഭിപ്രായങ്ങൾ കലവറ കൂടാതെ സ്വീകരിച്ചിരുന്നു. എപ്പോഴെങ്കിലും എന്തെങ്കിലും വിഷമപ്രശ്നങ്ങൾ തന്നെ നേരിടുന്നതായാൽ ഹ: അലി (ക. വ) യുമായി അദ്ദേഹം ആലോചിക്കാതിരുന്നിട്ടില്ല. പല കാര്യങ്ങളിലും ഹ: ഉമർ (റ) അലി (ക. വ) യുടെ അഭിപ്രായങ്ങൾ നിസ്സംശയം സ്വീകരിച്ചിരുന്നു. 'നഹാവന്തു' യുദ്ധത്തിൽ ഇറാൻകാരുടെ അമിതമായ ആയുധബലവും ആൾബലവും ഹ: ഉമറിനെ പരിഭ്രാന്തനാക്കി. അദ്ദേഹം എല്ലാ പ്രധാന സഹാബികളേയും മസ്ജിദുന്നബവിയിൽ വിളിച്ചുകൂട്ടി അവരോടു അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞറിഞ്ഞു. ഹ: തൽഹത്ത് (റ) ഇപ്രകാരം പറഞ്ഞു. 'അമീറൽ മുഅമിനീനെ, കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നതിനു അങ്ങേക്കു ഞങ്ങളേക്കാൾ കൂടുതൽ കഴിവുണ്ടു്. അവിടുത്തെ കല്പനപ്രകാരം പ്രവർത്തിക്കുന്നതിനു ഞങ്ങൾ സദാ ജാഗരൂകരാണു്.' 'ശാം, യമൻ മുതലായ നമ്മുടെ പ്രവിശ്യകളിൽനിന്നും സൈന്യങ്ങളെ ശേഖരിച്ചു് സർവ്വസൈന്യാധിപനായി അങ്ങുതന്നെ നേതൃത്വം നൽകി പോകയാണു് വേണ്ടതു് എന്നു" ഹ: ഉസ്മാൻ (റ) അഭിപ്രായപ്പെട്ടു. ഹ: അലി (ക. വ.) മൗനമായിരുന്നു. ഹ. ഉസ്മാൻ (റ) അലി (ക. വ) യുടെ അഭിപ്രായമാരാഞ്ഞപ്പോൾ അലി (ക. വ) പ്രതിവചിച്ചു. 'ശാമിൽനിന്നും നമ്മുടെ പട്ടാളത്തെ പിൻവലിച്ചാൽ കൈവശപ്രദേശങ്ങൾ ശത്രുക്കൾ പിടിച്ചെടുക്കും. അങ്ങു മദീന വിട്ടു പോകുന്ന പക്ഷം അറബ് രാജ്യങ്ങൾക്കെല്ലാം കുഴപ്പം നേരിടും. അതുകൊണ്ടു് താങ്കൾ മദീന വിട്ടു പോകരുതു്. ഓരോ സ്ഥലങ്ങളിലുമുള്ള സൈന്യങ്ങളിൽ നിന്നും മൂന്നിൽ ഒരു ഭാഗം സൈന്യത്തെ ഇങ്ങോട്ടയച്ചുതരുന്നതിനു ശാം, യമൻ തുടങ്ങിയ നമ്മുടെ രാജ്യങ്ങളിലേക്കു കല്പന അയക്കേണ്ടതാണു്.' ഹ: ഉമർ (റ) ഈ അഭിപ്രായം തന്നെയാണു് തനിക്കും ഉണ്ടായിരുന്നതെന്നു് പറഞ്ഞു് ഹ: അലി (ക. വ) യുടെ അഭിപ്രായത്തെ സ്വീകരിക്കുകയാണെന്നായറിയിച്ചു".

മൂന്നാം ഖലീഫ ഹ: ഉസ്മാൻ (റ) യും ചില സുപ്രധാന കാര്യങ്ങളിൽ ഹ: അലീ (ക. വ) യുടെ അഭിപ്രായങ്ങളനുസരിച്ചു പ്രവർത്തിച്ചിരുന്നു. അലി (ക. വ) യുടെ അഭിപ്രായമനുസരിച്ചു ഹ: ഉസ്മാൻ (റ) തന്റെ ഭരണകാ

ലുള്ള പ്രവത്തിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ മരണകാലത്തുള്ള കഴപ്പങ്ങളിൽനിന്നു രക്ഷപ്പെടുക മാത്രമല്ല, കലാപങ്ങളും ഉണ്ടാകാതെ അറബിഗോത്രങ്ങളും തമ്മിൽ സുദൃഢമായ ഐക്യബന്ധം വളർന്നുവരികകൂടി ചെയ്യുമായിരുന്നു എന്നു ചില ചരിത്രകാരന്മാർ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിനനുയോജ്യമായ തെളിവുകളും കിട്ടുന്നതു് അദ്ദേഹത്തിന്റെ സുപ്രധാന വിധികളിൽ നിന്നാണു്.

പൌരുഷം, ശക്തി, അന്തസ്സു്, ആത്മാർത്ഥത തുടങ്ങിയ മഹാപുരുഷന്മാരിൽ സർവ്വസാധാരണയായി ഉണ്ടാകാവുള്ള എല്ലാ സദ്ഗുണങ്ങളും ഹ: അലി (ക.വ.) യിൽ ധാരാളമായുണ്ടായിരുന്നു. അത്തരം ഗുണങ്ങളെല്ലാം അല്ലാഹുവിന്റെ പ്രീതിക്കായി അദ്ദേഹം വിനിയോഗിച്ചു. അദ്ദേഹത്തിന്റെ ഓരോ വിധ സ്വഭാവവിശേഷത്തോടും അല്ലാഹുവിന്റെ അനുഗ്രഹം ഒത്തുചേരുകനിമിത്തം ഓരോവിധ നിലപാടുകളും സംജാതമായി. 'തിയാസുന്നറ' യിൽ ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നു. 'അദ്ദേഹം നടന്നുപോകുമ്പോൾ അങ്ങുമിങ്ങും നോക്കാതെ കുനിഞ്ഞുകൊണ്ടാണു് പോയിരുന്നതു്. ഹ: അലി (ക.വ.) എപ്പോഴെങ്കിലും ഒരാളെ കടന്നുപിടിച്ചാൽ അയാൾക്കു് ശ്വാസം വിടാൻ പോലും കഴിഞ്ഞിരുന്നില്ല. അദ്ദേഹം ഏകദേശം തടിച്ച പ്രകൃതിക്കാരനായിരുന്നു. അദ്ദേഹത്തിന്റെ കൈകാലുകളും സുദൃഢവും ബലിഷ്ഠങ്ങളുമായിരുന്നു. യുദ്ധരംഗത്തേക്കു് പോകുകയാണെങ്കിൽ യാതൊരു മടിയും കൂടാതെ ഓടിപ്പോകുവായിരുന്നു പതിവു്. അദ്ദേഹം അതിശക്തനും, ഹൃദയദാർഢ്യമുള്ളവനുമായിരുന്നു. ഏതു് ഭീമകായനുമായും ഗ്രസ്തി പിടിച്ചാലും അവനെ അദ്ദേഹം നിഷ്പ്രയാസം മലത്തിയടിക്കും. യുദ്ധത്തിൽ ആരോടും ഏറ്റു മുട്ടിയാലും അദ്ദേഹം പരാജയപ്പെട്ടിട്ടില്ല. ഹ: അലി (ക.വ.) യുടെ മറ്റു സദ്ഗുണങ്ങളെപോലെ ഉത്തമവാഗ്മിത്വവും അദ്ദേഹത്തിന്റെ ഒരു വിശേഷഗുണമായിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു മഹദ്ഗുണം ശത്രുക്കളെ തടുക്കുന്നതിലും അവരാടു നേരിടുന്നതിലുമുള്ള അദ്ദേഹത്തിന്റെ പ്രത്യേക കഴിവായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടു ഇസ്‌ലാമിന്റെ ആരംഭത്തിൽതന്നെ അതു വിനിയോഗിക്കുവാൻ അലി (ക.വ.)ക്കു കഴിഞ്ഞു. അദ്ദേഹത്തിന്റെ മറ്റൊരു സദ്ഗുണം അനന്യസാധാരണമായ മനോദാർഢ്യമാകുന്നു. ഒരാളേയും അദ്ദേഹം വകവെച്ചിരുന്നില്ല. ജനങ്ങളെ ഭയപ്പെടുത്തുന്നതിനുവേണ്ടി സ്വാഭിപ്രായങ്ങളിൽനിന്നും പിൻതിരിഞ്ഞിരുന്നില്ല. ഈ സദ്ഗുണം നിമിത്തം ദുഷ്പ്രേരണനിരോധനത്തിനും പൊതുജനസംരക്ഷണത്തിനും അല്ലാഹുവിനാൽ നല്കപ്പെട്ട അനുഗ്രഹം അദ്ദേഹത്തിനു് ലഭിച്ചു.

ഹ: അലി (ക.വ.) യുടെ സൽസ്വഭാവങ്ങളിൽ വേറൊന്നു് സ്വജനങ്ങളേയും സ്വപിതൃവ്യപുത്രനേയും നബി (സ) യേയും സംരക്ഷിക്കുന്ന വിഷയത്തിൽ അദ്ദേഹം പ്രകടമാക്കിയിരുന്ന സ്ഥിരതയാകുന്നു. നബി തിരുമേനി (സ) യോടുള്ള ചുമതലകളും പൂർത്തീകരിക്കുന്നതിലും, അവിടുത്തെ സഹായിക്കുന്നതിലും സ്ഥിരചിത്തനായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഉത്കൃഷ്ടവ്യക്തികളിൽ മാത്രം പ്രായേണ കണ്ടു വരാവുള്ള ഒരു പ്രത്യേക ഗുണമാണു് ഈ സ്ഥിരചിത്തത. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വാഭാവികമായിതന്നെ ഹ: അലി (ക.വ.) യിൽ സംജാതമായിരുന്നതിനാൽ ഈ മഹത്ഗുണം അദ്ദേഹത്തിന്റെ മതവിഷയകമായ കൃത്യനിഷ്ഠക്കു്

സഹായകമായിത്തീർന്നു. അല്ലാഹുവിന്റെ അനുഗ്രഹകടാക്ഷത്താൽ അത്ഭുതകരമായ ഒരവസ്ഥ ഹ: അലിയിൽ ഉണ്ടായിക്കഴിഞ്ഞു. നബി തിരുമേനി(സ)യുടെ സഹോദരൻ, ബന്ധു, ഒസിയ്യത്തു് ചെയ്യപ്പെട്ട വ്യക്തി, എന്നീ പദവികളുടെ പ്രാപ്യത ഇവയെല്ലാം ഈ നിലപാടിന്റെ പ്രത്യക്ഷഫലങ്ങളാണു്.

ത്യാഗവും, ശരീരേച്ഛകളുടെ നിയന്ത്രണവും അദ്ദേഹത്തിന്റെ സദ്ഗുണങ്ങളിൽ ഉൾപ്പെട്ടതായിരുന്നു. അമീർ മുആവിയ (റ) ഹ: അലി (ക.വ.) യുടെ ഗുണവിശേഷങ്ങളെ വിശദീകരിച്ചു കൊടുക്കാൻ സിറാർ അസദിനോടു് ആവശ്യപ്പെട്ടു. സിറാർ ഇപ്രകാരം പറഞ്ഞു: 'അദ്ദേഹം ഉൽകൃഷ്ടാദർശശാലിയും, ഏറ്റവും ശക്തനുമായിരുന്നു. കാര്യങ്ങൾ ഖണ്ഡിതമായും വ്യക്തമായും പറഞ്ഞിരുന്നു. നീതിപൂർവ്വകമായ വിധികളാണു് അദ്ദേഹം കല്പിച്ചിരുന്നതു്. എല്ലാ ഭാഗങ്ങളിൽനിന്നും വിജ്ഞാനത്തിന്റെ ഉറവുകൾ പൊട്ടി പുറപ്പെട്ടിരുന്നു. ഐഹിക സുഖങ്ങളെ അദ്ദേഹം നിശ്ശേഷം വെറുത്തിരുന്നു. രാത്രികളോടും രാത്രികളുടെ ഭയങ്കരതകളോടും അദ്ദേഹം അലിഞ്ഞു ചേർന്നിരുന്നു. വളരെയധികം കരയുകയും വളരെയധികം ചിന്തിക്കുകയും ചെയ്തിരുന്ന ആളായിരുന്നു അദ്ദേഹം. പരുക്കൻ ആഹാരങ്ങളും, കീറിയ വസ്ത്രങ്ങളും അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടു. തന്റെ ചുറ്റുപാടുമുള്ള ജനങ്ങളുടെയിടയിൽ അവരെപ്പോലെ തന്നെ കേവലജീവിതമാണു് അദ്ദേഹം നയിച്ചിരുന്നതു്. ജനങ്ങൾ ചോദ്യം ചെയ്തിരുന്നപ്പോൾ അദ്ദേഹം മറുപടി നല്കിയിരുന്നു. 'ഞങ്ങൾ അദ്ദേഹത്തോടു കാത്തിരിക്കാൻ അവശ്യപ്പെട്ടിരുന്നപ്പോൾ അദ്ദേഹം കാത്തിരുന്നു. സൽസ്വഭാവംകൊണ്ടു അദ്ദേഹം ഞങ്ങളെ അടുപ്പിക്കുകയും അദ്ദേഹം നേരിട്ടു ഞങ്ങളെ സമീപിക്കുകയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഗാംഭീര്യഭാവം നിമിത്തം, അല്ലാഹുവിനാണെ സത്യം, അദ്ദേഹത്തിനോടു സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. മതനിഷ്ഠയുള്ളവരെ ബഹുമാനിക്കുകയും, സാധുജനങ്ങളെ അടുപ്പിക്കുകയുമാണു് അദ്ദേഹത്തിന്റെ പതിവു്. ഒരു ബലക്കും അദ്ദേഹത്തിന്റെ രീതിയിൽ നിരാശയുണ്ടായിരുന്നില്ല.

ഒരിക്കൽ, രാത്രിയുടെ നിശബ്ദതയിൽ അദ്ദേഹം ഇപ്രകാരം ഒരു ദുഃഖിതനെപ്പോലെ കരഞ്ഞു പറഞ്ഞുകൊണ്ടിരുന്നു: 'അല്ലയോ, ലോകമേ നീ എന്നെ വഞ്ചിക്കരുതു്. മറാരെ വേണമെങ്കിലും വഞ്ചിച്ചുകൊള്ളു. എന്നോടു് നീ മത്സരിക്കുകയും, നിന്നിലേക്കു് എന്നെ ആഗ്രഹിപ്പിക്കുകയും ചെയ്യുന്നു. കഷ്ടം! ഞാനിതാ നീയുമായുള്ള സകലബന്ധങ്ങളും അവസാനിപ്പിച്ചിരിക്കുന്നു. ആ ബന്ധം ഇനി മടക്കി എടുക്കുക സാദ്ധ്യമല്ല തന്നെ. നിന്റെ ഉദ്ദേശം ജുഗുപ്സാവഹവും, നിന്റെ ആയുസ്സു് ഹ്രസ്വവും ആകുന്നു. യാത്രക്കുള്ള ഒരുക്കങ്ങൾ ചുരുക്കമാണു്. യാത്രയോ വളരെ ദീർഘവുമാണു്; മാർഗ്ഗമോ അതിഭയാനകവും' ഈ വിവരണം കേട്ട അമീർ മുആവിയാ കണ്ണീർകണങ്ങൾ വാർത്തു് പറഞ്ഞു: 'അല്ലാഹു ഹ: അലി (ക.വ.) യെ അനുഗ്രഹിക്കട്ടെ. അല്ലാഹുവാണെ സത്യം അദ്ദേഹം മഹാപുരുഷർ തന്നെയായിരുന്നു.'

അന്യായമായ സമ്പത്തുക്കളിൽനിന്നും അകന്നുമാറി നില്ക്കുക എന്നതും അദ്ദേഹത്തിന്റെ ഉൽകൃഷ്ടഗുണങ്ങളിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പുത്രി ഉമ്മുകുൽസും (റ) ഒരു നിവേദനത്തിൽ ഇങ്ങിനെ പറയുന്നു. 'ഹ: അലി (ക.വ) യുടെ അടുക്കൽ ധാരാളം മധുരനാരങ്ങ വന്നു ചേരുക പതിവായിരുന്നു; അലി (ക.വ.) യുടെ പിഞ്ചുകുഞ്ഞുങ്ങളായ ഹ

സനും, ഹുസൈനും (റ) ആ നാരങ്ങയിൽനിന്നും തിന്നാൻ ഒരുങ്ങുമ്പോൾ അദ്ദേഹം നാരങ്ങ അവരുടെ കയ്യിൽനിന്നും വാങ്ങി ജനങ്ങൾക്ക് വിതരണം ചെയ്യാൻ കല്പിക്കാറുണ്ടായിരുന്നു.'

യുദ്ധത്തിൽനിന്നും ലഭിച്ചിരുന്ന ധനം വീതിച്ചു കൊടുക്കുന്നതിൽ ഹ: അബൂബക്കർ (റ) വിന്റെ നടപടിയെയായിരുന്നു അദ്ദേഹം പിന്തുടർന്നിരുന്നത്. യുദ്ധധനം അദ്ദേഹത്തിന്റെ അടുക്കൽ എത്തിയാൽ ഉടൻതന്നെ അദ്ദേഹം വീതിച്ചുകൊടുക്കാറുണ്ടായിരുന്നു. ഒരു ദിവസം കൊണ്ടുതന്നെ കൊടുത്തു കഴിക്കാൻ കഴിയാതെ വന്നിട്ടുള്ള മുതലുകൾ മാത്രമെ ബൈത്തുൽ മാലിൽ സൂക്ഷിക്കാറുള്ളൂ. കൊടുത്തു കഴിഞ്ഞാൽ 'ധനമേ നീ എന്നെ ഒഴിവാക്കി മാറാതെ വേണമെങ്കിലും ചതിച്ചുകൊള്ളുക' എന്നു പറയുകയും ചെയ്യാറുണ്ടായിരുന്നു. അത്തരം ധനത്തിൽനിന്നും ഒന്നും അദ്ദേഹം തനിക്കുവേണ്ടി എടുത്തിരുന്നില്ല. ഉദ്യോഗങ്ങളിൽ മതഭക്തന്മാരെ മാത്രമെ നിയമിച്ചിരുന്നുള്ളൂ. ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ വഞ്ചന ചെയ്തതായി അറിഞ്ഞാൽ അയാൾക്ക് ഇപ്രകാരം ഖലീഫ എഴുതും. 'നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നും ഉപദേശം വന്നിട്ടുണ്ട്: അതിനാൽ അളവും, തൂക്കവും നീതിയോടെ പൂർത്തീകരിക്കണം. ജനങ്ങൾക്ക് അവരുടെ സാമാനങ്ങളെ കുറച്ചു കളയരുത്. ഭൂലോകത്തു് നിങ്ങൾ നാശം വരുത്താതെയിരിക്കണം. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലമാണ് നിങ്ങൾക്ക് നല്ലതു്. ഞാനാകട്ടെ നിങ്ങളെ സംബന്ധിച്ചു് മേൽവിചാരക്കാരനല്ല' (വി.ഖു.)

ഹസ്രത്തു് അലി (ക.വ) യിലുള്ള മറ്റു ചില സവിശേഷഗുണങ്ങൾ, സ്വജീവിതത്തിൽ നേരിട്ടുന്ന തെരുക്കങ്ങളെ സഹിക്കുകയും, തൃപ്തിപ്പെടുകയും ചെയ്യുക അദ്ദേഹത്തിനു് സാധാരണയായിരുന്നു. ഹ: ഫാത്തിമബീവി (റ) സ്വഭവനത്തിൽ ചെന്നപ്പോൾ ഒരാട്ടിൻ തോൽ മാത്രമെ സ്വഗൃഹത്തിൽ ഉണ്ടായിരുന്നുള്ളുവെന്നു് ഹസ്രത്തു് അലി (ക.വ) തന്നെ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു.

നബി കരീം (സ) ഫാത്തിമബീവി (റ) യെ ഹ: അലി (റ) ക്കു് വിവാഹം കഴിച്ചുകൊടുത്തപ്പോൾ സ്ത്രീധനമായി, ഈത്തപ്പനയോലകൊണ്ടു തുന്നിപിടിപ്പിച്ച ഒരു ചമ്മപരവതാനിയും, ഒരു പുതപ്പും, ഒരു തിരിക്കല്ലും, ഒരു തുകൽപാത്രവും, രണ്ടു മൺപാത്രങ്ങളും മാത്രമെ കൊടുത്തിരുന്നുവെള്ളുവെന്നു ഹ: അലി (ക.വ) പറഞ്ഞതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രവാചക പ്രഭുവും പ്രിയപുത്രിയും

ഒരുദിവസം അലി (ക.വ) തന്റെ പ്രാണപ്രേയസി ഹ: ഫാത്തിമബീവി (റ) യോടു പറഞ്ഞു: 'വെള്ളം കോരിക്കോരി എന്റെ നെഞ്ചു അതിയായി വേദനിക്കുന്നു. റസൂൽ തിരുമേനി (സ) യുടെ അടുക്കൽ ധാരാളം അടിമസ്ത്രീകളും പുരുഷന്മാരും എത്താറുണ്ടല്ലൊ? തിരുമേനി (സ) യോടു് ഒരു വേലക്കാരനെ ആവശ്യപ്പെടണം.' 'ഗോതമ്പു പൊടിച്ചുപൊടിച്ചു്, എന്റെ കൈകൾ പൊള്ളിപ്പോയി' എന്നു് അവർ മറുപടി നല്കി. ഹ: ഫാത്തിമബീവി (റ) തന്റെ വന്ദ്യപിതാവിന്റെ സന്നിധിയിൽ എത്തി. പ്രവാചകപുംഗവൻ ചോദിച്ചു: 'എന്താവശ്യാർത്ഥമാണ് മകളെ ഇവിടെക്കു് വന്നതു്?' 'സലാം അറിയിക്കാൻ' എന്നുത്തരം മകൾ നല്കി. നബി തിരുമേനി (സ) യോടു് ചോദിയ്ക്കാൻ ലജ്ജ തോന്നിയതിനാൽ അവർ മടങ്ങിപ്പോയി. 'നിങ്ങൾ എന്തുചെയ്യുവെന്നു്' ഹ: അലി (ക.വ) ഫാത്തിമ

ബീവി (റ) യോട് ചോദിച്ചു. ആവശ്യപ്പെട്ട കാര്യത്തിൽ ഞാൻ ലജ്ജിതയായിപ്പോയി.

പിന്നീട് അവർ രണ്ടുപേരും ഒരുമിച്ച് റസൂൽകരീം (സ) തിരുമേനിയുടെ തിരുമുമ്പിൽ ഹാജരായി. വെള്ളം കോരിക്കോരി തന്റെ നെഞ്ചിനു വേദനവന്നിരിക്കുന്നുഎന്നു അലി (ക.വ) ആവലാതി ബോധിപ്പിച്ചു. അല്ലാഹു അവിടുത്തെ അടുക്കൽ അടിമസ്ത്രീകളേയും പുരുഷന്മാരേയും എത്തിച്ചിരിക്കുന്നുവല്ലോ.' ഗോതമ്പു പൊടിച്ചുപൊടിച്ചു കൈകാൽ പൊള്ളിപോയിരിക്കുന്നുവെന്നു ഫാത്തിമബീവി (റ) യും തിരുമേനി (സ) മുമ്പാകെ ബോധിപ്പിച്ചു. ഒരു വേലക്കാരനെ ഞങ്ങൾക്കും തരിക എന്നപേക്ഷിച്ചു. 'ഇല്ല, ഇല്ല നിങ്ങൾക്കിരുവർക്കും ഉപകാരം ചെയ്യകൊണ്ടു സുഫ്ഫത്തുകാരെ പട്ടിണിക്കിടുകയോ? ഞാൻ ഈ അടിമസ്ത്രീകളേയും പുരുഷന്മാരേയും വിറ്റുകിട്ടുന്ന പണം അവർക്കുവേണ്ടി വിനിയോഗിക്കുന്നതാണെ" എന്നു നബി തിരുമേനി(സ) മറുപടി നല്കി. ഈ മറുപടികേട്ടു അവർ രണ്ടുപേരും വീട്ടിലേക്കു മടങ്ങി.

ഗാർഹിക ജീവിതം

സ്വർഗ്ഗത്തിലെ പുഷ്പമായ ഹ: ഫാത്തിമബീവി (റ) യെത്തു ഒരു പ്രത്യേക വസതിയിൽ താമസിച്ചതു മുതൽക്കാണു അദ്ദേഹത്തിന്റെ സ്വതന്ത്രജീവിതം ആരംഭിക്കുന്നതു. അതിനുമുൻപു നബി തിരുമേനി (സ) തന്നിച്ചാണു അലി (ക.വ) ജീവിച്ചിരുന്നതു. അതുകാരണം ജീവിതമാർഗ്ഗം പ്രത്യേകമായി അന്വേഷിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

വിവാഹശേഷം ഒരു പ്രത്യേക വസതിയിൽ താമസമാക്കിയപ്പോൾ ഹ: അലി (ക.വ) ക്കു ജീവിതമാർഗ്ഗം അന്വേഷിക്കേണ്ടിവന്നു. ആദ്യംമുതൽ അന്നുവരെ അദ്ദേഹത്തിന്റെ പ്രവർത്തനം സൈനികരംഗത്തായതിനാൽ സാമ്പത്തികമായി അദ്ദേഹത്തിന്റെ പക്കൽ ഒന്നും ശേഷിച്ചിരുന്നില്ല. കൂലിപ്പണിയിൽനിന്നും സൈനികവൃത്തിയിൽനിന്നും കിട്ടുന്ന തുച്ഛമായ പ്രതിഫലംകൊണ്ടാണു കാലംകഴിച്ചിരുന്നതു.

ഖൈബർ കോട്ട കൈവശപ്പെട്ടപ്പോൾ നബി തിരുമേനി (സ) അലി (ക.വ) യ്ക്കു ഒരു കഷ്ണം ഭൂമി കൊടുത്തിരുന്നു. ഹ: ഉമർ (റ) വിന്റെ ഖിലാഫത്തു കാലഘട്ടത്തിൽ ഫിദക്കു എന്ന തോട്ടത്തിന്റെ പരിപാലനകാര്യം അലി (ക.വ) യെ ഭരമേല്പിച്ചു. മറ്റു സഹാബികളെപ്പോലെ അലി (ക.വ) യ്ക്കും വർഷത്തിൽ അയ്യായിരം ദീർഹം (ഏകദേശം ആയിരം രൂപ) പ്രതിവർഷവേതനം നിശ്ചയിച്ചു. മൂന്നാം ഖലീഫയുടെ ചരമത്തിനുശേഷം അലീ (ക.വ) ഖിലാഫത്തുസ്ഥാനം ഏറ്റെടുത്തപ്പോൾ കഷ്ടിച്ചു സ്വന്തം ജീവിതച്ചിലവിനു മതിയാവുന്നതുമായ പണം മാത്രമെ ബൈത്തുൽമാലിൽനിന്നും സ്വീകരിച്ചിരുന്നുള്ളൂ. ആ തുച്ഛമായ സംഖ്യകൊണ്ടു ജീവിതാവസാനംവരെ ജീവിതച്ചെലവു നിർവ്വഹിച്ചുവന്നിരുന്നു.

ഹ: അലി (ക.വ) ഗൃഹഭരണകാര്യങ്ങളെ സംബന്ധിച്ചേടത്തോളം തന്റെ പത്നിയായ ഹ: ഫാതിമാബീവി (റ) യുമായി പലപ്പോഴും കലഹിക്കാറുണ്ടായിരുന്നു.

ആ സന്ദർഭങ്ങളിലെല്ലാം നബി തിരുമേനി (സ) അതിൽ ഇടപ്പെട്ടു അവർ തമ്മിലുള്ള കലഹം തീർക്കാറാണു പതിവു. ഒരിക്കൽ അലി (ക.വ) ഫാതിമാബീവി (റ) യോടു സ്വല്പം കർശനസ്വഭാവത്തോടുകൂടി പെരുമാറി. അവർ റസൂൽ തിരുമേനി (സ) യുടെ സന്നിധിയിൽ പരാതി ബോധിപ്പിക്കാൻ പോയി. അലി (ക.വ) യും അവരെ അനുഗമിച്ചിരുന്നു. പുത്രിയുടെ ആവലാതികേട്ടു നബി തിരുമേനി (സ) ഇപ്രകാരം ഉപദേശിച്ചു:-'പുത്രി എന്തൊ

രു ഭർത്താവാണ്‌ സ്വപത്നിയുമൊരുമിച്ച്‌ ഒന്നും സംസാരിക്കാതെ ഇങ്ങനെ നടന്നുവരിക എന്നു് നീ തന്നെ ഒന്നു സാവകാശം ചിന്തിച്ചുനോക്കുക.' റസൂൽ (സ) തിരുമേനിയുടെ ഈ വാക്കുകൾ ഹ: അലി (ക.വ) യിൽ വളരെ മനഃപരിവർത്തനം സൃഷ്ടിച്ചു, മേലിൽ നിങ്ങളുടെ ഇഷ്ടത്തിനു് വിപരീതമായി ഞാൻ യാതൊന്നും പ്രവർത്തിക്കുന്നതല്ലെന്നു് ഫാതിമ(റ) യോടു് അലി (ക.വ.) പറഞ്ഞു.

റസൂൽ തിരുമേനി (സ) ദിവംഗതനായപ്പോൾ ഹ: ഫാതിമബീവി (റ) യ്ക്കു് അപാരമായ ദുഃഖം ഉളവായി എന്നു് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ആ ദുഃഖത്തിന്റെ ആഘാതം നിമിത്തം തിരുമേനി (സ)യുടെ വിയോഗത്തിനുശേഷം ആറുമാസം മാത്രമെ അവർ ജീവിച്ചിരുന്നുള്ളൂ. ആ കാലങ്ങളിൽ നിമിഷനേരത്തേയ്ക്കുപോലും അവരുടെ ഹൃദയത്തിൽ സന്തോഷം നിഴലിച്ചിരുന്നില്ല. ഫാതിമബീവി (റ) യെ സമാധാനിപ്പിക്കാനും സന്തോഷിപ്പിക്കാനും വേണ്ടി ഹ: അലി (ക.വ) യും സ്വഭവനത്തിൽ കഴിയുകയാണു് ചെയ്തിരുന്നതു്. ഹ: ഫാതിമ (റ) വഫാത് ആകുന്നതുവരെ അലി(ക.വ) പുറത്തിറങ്ങീട്ടില്ലെന്നതന്നെ പറയപ്പെടുന്നു. ഹ: ഫാതിമ (റ) യുടെ മരണത്തിനുശേഷം ഹ: അലി (ക.വ) പല സ്ത്രീകളേയും വിവാഹം ചെയ്തിരുന്നുവെങ്കിലും ആ ഭാര്യമാരോടൊന്നുംതന്നെ അദ്ദേഹത്തിനു് ഫാതിമ(റ)യോടുണ്ടായിരുന്നതുപോലെ സ്നേഹം ഉണ്ടായിരുന്നില്ല. ആ ഭാര്യമാരിൽ ഉണ്ടായിരുന്നവരിൽ മുഹമ്മദുബ്നുഹനഫിയ്യാ എന്ന പുത്രനോടു് പ്രത്യേകമായ വാത്സല്യം ഉണ്ടായിരുന്നു.

ഭക്ഷണരീതിയും വസ്ത്രധാരണവും

അനന്യസാധാരണമായ ത്യാഗവും, അഗാധമായ ഭക്തിയും നിമിത്തം അദ്ദേഹത്തിന്റെ ജീവിതം തികച്ചും ആഭാടരഹിതമായിരുന്നു. പരുപരുത്തതും പോഷകാംശങ്ങൾ കുറഞ്ഞു ഉണങ്ങിയതുമായ ഭക്ഷ്യസാധനങ്ങളാണു് അദ്ദേഹം കഴിച്ചിരുന്നതു്. ഉയർന്നതും മിനുസമുള്ളതും വിലകൂടിയതുമായ വസ്ത്രങ്ങൾ അദ്ദേഹത്തിനു് ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിനു് തലപ്പാവു് വളരെയധികം ഇഷ്ടമായിരുന്നു. ചിലപ്പോൾ വെള്ളതൊപ്പിയും അദ്ദേഹം ധരിക്കാറുണ്ടായിരുന്നു. ധരിച്ചിരുന്ന ഉടുപ്പ് മിക്കപ്പോഴും പകുതികൈ പുറത്തുകാണത്തക്കവിധത്തിലുള്ളതായിരുന്നു. ഉടുത്തിരുന്ന മുണ്ടാണെങ്കിൽ തണ്ടം കാലിന്റെ പകുതിയോളം മാത്രമെ എത്താറുണ്ടായിരുന്നുള്ളൂ.

ചിലപ്പോൾ തോത്തിയും മേൽമുണ്ടും ധരിക്കാറുണ്ടു്—ആ വേഷത്തിൽ ഭരണസംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നായി ഒരു പാട്ടയും കൈയിലേന്തികൊണ്ടു് തിരക്കുപിടിച്ച ബസാറിൽ കൂടിനടക്കുന്നതു് കാണാമായിരുന്നു. വലതു കയ്യിൽ അദ്ദേഹം ഒരു മോതിരം ധരിച്ചിരുന്നു. അതിൽ അല്ലാഹുൽമാലിക്കു് എന്നു് രേഖപ്പെടുത്തിയിരുന്നു. ഹ: അലി (ക.വ) മദ്ധ്യനിലയിലുള്ള ഒരാളായിരുന്നു. ഗോതമ്പിന്റെ നിറം, ഏറ്റവും വലിയ കണ്ണുകൾ, ശോഭയുള്ളതും സുന്ദരവുമായ മുഖം, രോമാവൃതവും അതിവിശാലവുമായ മാറ്റിടം, ബലിഷ്ടമായ ശരീരവും ബാഹുക്കളും, വലുതും ഉന്തിയതുമായ വയറു്, രോമരഹിതമായ ശിരസ്സ് ഇതായിരുന്നു ഹ: അലി (ക.വ) യുടെ ശരീരപ്രകൃതി. അദ്ദേഹത്തിന്റെ താടി വലുതും ഒരു ശീരമുതൽ മറെറ മീശവരെ പരന്നില്ലുന്നതുമായിരുന്നു.

കുടുംബം

ഹ: ഫാതിമബീവി (റ) ക്കുശേഷം അലി (ക. വ) പലപ്പോഴായി പല സ്ത്രീകളേയും വിവാഹം കഴിക്കുകയുണ്ടായി. അവരിൽ വളരെയധികം സന്താനങ്ങളും ഉണ്ടായിരുന്നു. അലി

(ക. വ) യുടെ ഭാര്യമാരുടേയും സന്താനങ്ങളുടേയും വിശദ വിവരങ്ങൾ:— (1) റസൂൽ (സ) തിരുമേനിയുടെ പുത്രിയായ ഹ: ഫാതിമാബീവി (റ). അവരിൽ ഹസ്സൻ, ഹുസൈൻ, മുഹ്സിൻ (റ), എന്നീ പുത്രന്മാരും സൈനബുക്കുബ്റാ (റ) ഉമ്മുകുൽസുംകുബ്റാ (റ) എന്നീ രണ്ടു പുത്രിമാരും ഭൂജാതരായി. അവരിൽ മുഹ്സിൻ (റ) ശൈശവകാലത്തുതന്നെ കാലഗതി പ്രാപിക്കുകയുണ്ടായി.

2. ഹസാമിന്റെ പുത്രി ഉമ്മുൽബനീൻ (റ) ഇവരിൽ അബ്ബാസ്, ജഅ്ഫർ, അബ്ദുല്ല ഉസ്മാൻ (റ) എന്നീ പുത്രന്മാർ ജനിച്ചു. ആ പുത്രന്മാരിൽ അബ്ബാസ് (റ) ഒഴികെയുള്ളവരെല്ലാം കർബ്ബലായിൽ വെച്ചു രക്തസാക്ഷികളായിതീർന്നു.

3. മസ്ഊദിന്റെ മകൾ ലൈല (റ) അവർ അബ്ദുല്ലാ, അബൂബക്കർ എന്നീ പുത്രന്മാരെ പ്രസവിച്ചിരുന്നു. ആ പുത്രന്മാർ രണ്ടുപേരും ഇമാംഹുസൈൻ (റ) യോടുകൂടി ശഹീദായി എന്നു് ഒരു നിവേദനത്തിൽ പറയുന്നു.

4. അമീസിന്റെ മകൾ അസ്മാ (റ) ഇവരിൽ മുഹമ്മദ് അസ്ഗർ (റ) യും, യഹ്യാ (റ) യും ജനിച്ചു.

5. റബീഅത്തിന്റെ മകളായ സഹ്ബാ എന്ന ഉമ്മുഹബീബാ (റ) ഉമർ, റുക്കിയ (റ) എന്നിവർ ഭൂജാതരായി. ഹ: അലി (ക.വ) യുടെ മക്കളിൽ ഈ ഉമർ (റ) വാണു് കൂടുതൽ കാലം ജീവിച്ചതു്. ഏകദേശം 50-ാംമത്തെ വയസ്സിൽ ഇദ്ദേഹം ചരമമടഞ്ഞു.

6. അബ്ബിൽആസിന്റെ മകൾ ഉമാമത്തു (റ) ഇവർ ഹ: സൈനബാ (റ) യുടെ മകളും റസൂൽ തിരുമനി (സ) യുടെ പൗത്രിയുമായിരുന്നു. മുഹമ്മദ് ഔസത്തു എന്ന പുത്രൻ ഈ ഭാര്യയിൽ ജനിച്ചു.

7. ജഅ്ഫറിന്റെ മകൾ ഖൗലാ (റ) മുഹമ്മദിബ്നുഹനഫിയ്യാ എന്ന പേരിൽ വിഖ്യാതനായിതീർന്ന മുഹമ്മദ് എന്ന പുത്രൻ ഈ ഭാര്യയിലാണു് ജാതനായതു്.

8. ഉവൈത്തിന്റെ മകളായ ഉമ്മുസഈദ് (റ). ഉമ്മുൽഹസ്സനും, റംലത്തുകുബ്റ (റ) യും എന്നീ പുത്രിമാരാണു് ഈ ഭാര്യയിൽ ജനിച്ചതു്.

9. ഇംരീഉൽഖൈസിന്റെ പുത്രിയായ മുഹയ്യാത്തു് (റ) ഇവർ ഒരു പുത്രിയെമാത്രം പ്രസവിച്ചു. ആ പുത്രി ശൈശവത്തിൽതന്നെ മരിക്കുകയാണുണ്ടായതു്.

മേല്പറഞ്ഞ ഭാര്യമാർക്കുപുറമെ ഹ: അലി (ക.വ) യ്ക്കു് പല അടിമസ്ത്രീകളും ഉണ്ടായിരുന്നു. ഉമ്മുഹാനി (റ), മൈമൂന (റ), സൈനബുസുഗ്റാ (റ), റംലത്തുസുഹ്റ (റ), ഉമ്മുകുൽസുംസുഗ്റാ (റ) ഫാതിമ (റ), ഉമാമ (റ), ഖദീജാ (റ), ഉമ്മുൽഖിറാം (റ), ഉമ്മുസൽമ(റ), ഉമ്മുൽജഅ്ഫർ (റ), ജമാന (റ), നഫീസ (റ) ഈ പുത്രിമാർ അടിമസ്ത്രീകളിൽനിന്നും ജനിച്ചവരാണു്.

ആകെ 17 പുത്രന്മാരും 14 പുത്രിമാരുമാണു് ഹ: അലി (ക.വ.) ക്കു് ഉണ്ടായിരുന്നതു്. അവരിൽ ഇമാം ഹസ്സൻ (റ), ഇമാം ഹുസൈൻ (റ), മുഹമ്മദുബ്നു ഹനഫിയ്യാ (റ), അബ്ബാസ് (റ), ഉമർ (റ) എന്നീ അഞ്ചു പേരിൽ മാത്രമാണു് ഹ: അലി (ക.വ.) യുടെ സന്താനപരമ്പര നിലനിന്നതു്.

ഇമാം ഹസൻ (റ) വിന്റെ ഖിലാഫത്തു്

നാലാം ഖലീഫ ശഹീദായ ദിവസംതന്നെ, അദ്ദേഹവുമായി ബൈഅത്തു് ചെയ്തിരുന്ന നാല്പത്തിനായിരത്തിൽ പരം ആളുകൾ ഹസൻ (റ) വുമായി ബൈഅത്തു ചെയ്തു. ഹിജ്റാബ്ദം നാല്പതിലാണു് ഹസൻ (റ) ഖലീഫാപദം ഏറ്റെടുത്തതു്. ഹിജാസ്, ഇറാഖ്, യമൻ തുടങ്ങിയ നാടുകളിൽ ആറൊ ഏഴൊ മാസക്കാലം അദ്ദേഹം ഖിലാഫത്തു് നടത്തി.

ഹിജ്രാബ്ദം നാല്പത്തൊന്നാം കൊല്ലം റബീഉൽ അവ്വൽമാസം വരെ അദ്ദേഹം കൂഫയിൽ താമസിച്ചു. അദ്ദേഹം ഏറ്റവും തൃപ്തികരമായ നിലയിൽ കാര്യനിർവ്വഹണം നടത്തിക്കൊണ്ടിരിക്കെ, ശാമിലെ ഗവർണ്ണരായ മുആവിയായെ ഖലീഫയാക്കേണമെന്ന ആ നാട്ടുകാർ തീരുമാനിച്ചു. അതിനുള്ള ശ്രമവും തുടങ്ങി. ഈ വിവരം അറിഞ്ഞപ്പോൾ മുആവിയായെ ഗവർണ്ണർസ്ഥാനത്തുനിന്നും നീക്കുവാനായി ഖലീഫ ഒരു സൈന്യത്തെ ശാമിലേക്കു നിയോഗിച്ചു. മുആവിയായും സൈന്യവും ശാമിൽനിന്നു ഖലീഫയുടെ നേരെയും പുറപ്പെട്ടു. സെയ്ദാ എന്ന നാട്ടിലെ അത്യാർ എന്നിടത്തുവെച്ചു ഇരു സൈന്യങ്ങളും കണ്ടുമുട്ടി. മുസ്‌ലിംകൾ തമ്മിലുള്ള ഒരു യുദ്ധം അനേകായിരം മുസ്‌ലിംകളുടെ മരണത്തിനിടയാക്കുമെന്നു കണ്ട ഖലീഫാ ഹസൻ (റ) യുദ്ധം ഒഴിവാക്കുവാൻ സ്വയം തീരുമാനിക്കുകയും, സന്ധിക്കാവശ്യപ്പെട്ടുകൊണ്ടും ഖലീഫാപദം മുആവിയക്കു വിട്ടുകൊടുപ്പാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടും മുആവിയക്കു ഒരു കത്തയച്ചു. ആ കത്തു് മുആവിയാ സന്തോഷപൂർവ്വം സ്വീകരിക്കുകയും, ചില നിബന്ധനകളോടെ ഹസൻ (റ) ഖലീഫാപദം മുആവിയക്കു ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. 'എന്റെ ഈ മകൻ സയ്യിദാണു്; മുസ്‌ലിംകളായ രണ്ടു വൻകക്ഷികളെ ഈ മകൻ ഒരുമിപ്പിക്കും' എന്നു റസൂൽ (സ) ഒരിക്കൽ ഹസൻ (റ) വിനെ തലോടിക്കൊണ്ടു് അരുളിയിരുന്നു. ആ തിരുവചനം, ഖലീഫാപദം വിട്ടൊഴിഞ്ഞുകൊണ്ടു മുആവിയാ കൂഫയിൽ പ്രവേശിച്ച ആ ദിവസം സാക്ഷാൽകൃതമായി.

ഈ സംഭവം കഴിഞ്ഞു, ഹസൻ (റ) മദീനയിൽ തിരിച്ചെത്തിയപ്പോൾ, താങ്കൾ ചെയ്തതു വലിയ നാണക്കേടായിപ്പോയി എന്നു മദീനക്കാർ നൈരാശ്യത്തോടെ അദ്ദേഹത്തോടു പറയുകയുണ്ടായി. പുഞ്ചിരി തൂകിക്കൊണ്ടു അവരോടു ആ മഹാപുരുഷൻ പറഞ്ഞു:—'നാണക്കേടു നരകത്തേക്കാൾ ഉത്തമംതന്നെ.' സുഫ്‌യാനുബ്നുഅബീലൈലാ എന്ന ഒരാൾ 'മുഅ്മിനുകളെ അപമാനിച്ച മനുഷ്യൻ' എന്നു ഹസൻ (റ) വിനെ സംബോധനം ചെയ്തപ്പോൾ, 'ഞാൻ മുഅ്മിനുകളെ അപമാനിച്ചിട്ടില്ല; അവർ തമ്മിൽ രക്തം ചിന്തുന്നതിനെതടയുക മാത്രമെ ചെയ്തിട്ടുള്ളൂ'വെന്നു ഗ്രഹണശക്തിയായ ആ മഹാനുഭാവൻ മറുപടി നൽകി. ഹസൻ (റ) വിൽനിന്നു പതിമൂന്നു ഹദീസുകൾ ലഭിച്ചിട്ടുണ്ടു്. അദ്ദേഹം നികാഹ് ചെയ്കയും തലാഖ് ചൊല്ലുകയും ചെയ്ത സ്ത്രീകളുടെ എണ്ണത്തെക്കുറിച്ചു പലവിധത്തിൽ പറഞ്ഞുകാണുന്നുണ്ടു്. നിക്കാഹ് ചെയ്ത ഓരോ സ്ത്രീക്കും ധാരാളം പൊന്നു് അദ്ദേഹം കൊടുത്തിരുന്നു. ഒന്നാംതരം കുതിരകളും ഒട്ടകങ്ങളും കൂടെ ഉണ്ടായിരുന്നിട്ടും, വാഹനപ്പുറത്തു കയറാതെ, മക്കയിലേക്കു കാൽനടയായി യാത്ര ചെയ്തുകൊണ്ടു പല ഹജ്ജുകളും അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ടു്.

ഹസൻ (റ) വിന്റെ വഫാത് ഹിജ്രാബ്ദം നാല്പത്തേഴിലാണെന്നും, അമ്പതിലാണെന്നും അമ്പത്തൊന്നിലാണെന്നും പക്ഷാന്തരങ്ങളുണ്ടു്. നാല്പത്തേഴാമതു വയസ്സിൽ, റബീഉൽ അവ്വൽ മാസത്തിലാണു് അദ്ദേഹം വഫാതായതു്. വിഷം കലർന്ന ഭക്ഷണം കഴിച്ചതായിരുന്നു മരണഹേതുകമായ രോഗകാരണം. അദ്ദേഹം പറഞ്ഞു:—'എനിക്കു പല തവണ വിഷം തന്നു. ഇത്തവണ എന്റെ കരൾ മുറിയുന്നു.' ആരാണു് വിഷം തന്നതെന്നു ഹുസൈൻ (റ) അന്വേഷിച്ചപ്പോൾ, ആളുടെ പേർ പറവാൻ അദ്ദേഹം വിസമ്മതിച്ചു. 'ഞാൻ സംശയിക്കുന്ന ആളാണു് വിഷം തന്നതെങ്കിൽ പകരം ചോദിപ്പാൻ അല്ലാഹുവുണ്ടു്.

ആ വ്യക്തിയല്ലെങ്കിൽ, എന്റെ മരണാനന്തരം ആ വ്യക്തി കൊല്ലപ്പെട്ടാൽ അല്ലാഹു എന്നെ ശിക്ഷിക്കും' എന്ന മാത്രമെ അദ്ദേഹം പറഞ്ഞുള്ളൂ. ശത്രുക്കളുടെ പ്രേരണ മൂലം അദ്ദേഹത്തിന്റെ ഭാര്യയായ അശ്‌അത്തിന്റെ മകനാ ജഅ്‌ദത് ആണ് ഈ കാര്യത്തിൽ സംശയിക്കപ്പെട്ടിട്ടുള്ളത്. തന്റെ മരണാനന്തരം ഖിലാഫത്തിനെ ചൊല്ലി വഴക്കിന്നൊരുങ്ങാതിരുപ്പാൻ അദ്ദേഹം ഹുസൈൻ (റ) വിനെ ഉപദേശിച്ചു. അദ്ദേഹം വഫാതായപ്പോൾ റസൂൽ (സ) യുടെ ഖബ്‌റിന്നടുത്തു ഖബ്‌റടക്കുവാൻ ആഇശാ (റ) അനുവദിച്ചെങ്കിലും, മർവാൻ എതിർക്കുകയാൽ, ബഖീഇൽ, അദ്ദേഹത്തിന്റെ മാതാവായ ഫാതിമ (റ) യുടെ ഖബ്‌റിന്നടുത്തായി, ഖുബ്ബ അബ്ബാസിൽ അദ്ദേഹം ഖബ്‌റടക്കപ്പെട്ടു.

ഉമയ്യാ ഭരണാധിപന്മാർ

വിവരണം

ഖുറൈശീവംശനായകന്മാരിൽ ഒരാളായ ഉമയ്യത്തു് ഇസ്‌ലാംമതാവിർഭാവത്തിന്നു മുമ്പു് വലിയ മഹാനായിരുന്നു. അദ്ദേഹം അബ്ദുമനാഫ്മകൻ അബ്ദുശംസിന്റെ പുത്രനാണ്. ഉമയ്യത്തു് തന്റെ പിതൃസഹോദരപുത്രനായ ഹാശിമുബ്‌നു അബ്ദിമനാഫുമായി അബ്ദുമനാഫ്മകൻ (ഹാശിം) പദവിയിലും പ്രതാപത്തിലും കിടപിടിച്ചുപോന്നു. അദ്ദേഹം വാണിജ്യരംഗത്തും ഒരു വലിയ പ്രധാനിയായിരുന്നു. അക്കാലത്തു ഖുറൈശീഗോത്രത്തിൽ അദ്ദേഹത്തെ പോലെ ധനാഢ്യനായി ഒരാളുണ്ടായിരുന്നില്ല. ബന്ധുക്കളും സന്താനങ്ങളും അധികമുണ്ടായിരുന്നതുകൊണ്ടും അദ്ദേഹത്തിനു വളരെ പ്രാബല്യം സിദ്ധിച്ചു. ഹർബ്, അബൂഹർബ്, സുഫ്‌യാൻ, അബൂസുഫ്‌യാൻ, അംറ്, അബൂഅംറ്, ആസ്സി, അബുൽആസ്സി, ഐസ്സ്, അബുൽഐസ്സ് എന്നീ പത്തു പുത്രന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു.

മേൽപ്രസ്താവിച്ച പത്തുപേരും ഖുറൈശിതറവാട്ടിലെ പ്രമുഖ യോഗ്യന്മാരായിത്തീർന്നു. ഹർബ് ഫിജാർയുദ്ധത്തിൽ വിവിധ ശാഖകളിൽ പെട്ട ഖുറൈശീഗോത്രക്കാരുടെ സൈന്യാധിപനായിരുന്നു. ആപല്ക്കരമായിരുന്ന ഈ യുദ്ധം കൂടക്കൂടെ ഗൗരവതരമായിക്കൊണ്ടിരുന്നതു കണ്ടപ്പോൾ അദ്ദേഹം ഇരുകക്ഷികളുടേയും ഇടയിൽ സന്ധിയുണ്ടാക്കി. അദ്ദേഹം യുദ്ധത്തിൽ കൊല്ലപ്പെട്ട സൈന്യങ്ങൾക്കുവേണ്ടിയും സ്വന്തം വകയായി പിഴ അടച്ചുകൊള്ളാമെന്നു തീരുമാനിക്കുകയും പിഴ അടക്കുന്നതുവരേക്കു ഒരു പണയമെന്ന നിലയിൽ തന്റെ മകൻ അബൂസുഫ്‌യാനെ ശത്രുക്കളുടെ പക്കൽ ഏല്പിച്ചു കൊടുക്കുകയും ചെയ്തു. പ്രശംസനീയമായ ഈ കൃത്യം കാരണമായി അദ്ദേഹത്തിന്റെ പേർ നാടെങ്ങും കീർത്തിപ്പെട്ടു.

ഹർബും, ഹാശിംപുത്രൻ അബ്ദുൽമുത്തലിബും പരസ്പരം ഒരുമിച്ചു വളർന്നവരായിരുന്നതുകൊണ്ടു ഉറ്റസ്നേഹിതന്മാരായിത്തീർന്നു. അവരുടെ വിയോഗാനന്തരം ഈ സ്നേഹം മക്കളായിരുന്ന അബൂസുഫ്‌യാനുബ്‌നുഹർബും അബ്ബാസുബ്‌നുഅബ്ദുൽമുത്തലിബും തമ്മിലായി.

ഉമയ്യാവംശക്കാരുടേയും ബനൂഹാശിം തറവാട്ടുകാരുടേയും ഇടയിൽ വലിയ വൈരുപ്പും വിദ്വേഷവും ഉണ്ടായിരുന്നുവെന്നാണ് ചില അല്പജ്ഞന്മാരുടെ വിശ്വാസം. അതു ശരിയല്ല. മിക്ക വലിയ തറവാട്ടുകളിലേയും വിവിധശാഖകൾ തമ്മിൽ ഉണ്ടാവിക്കാറുള്ള കേവലം കുടുംബപരമായ ചില്ലറ വഴക്കുകൾ മാത്രമേ ഇവരുടെ ഇടയിലും ഉണ്ടായിരുന്നുള്ളൂ. അബ്ദുമനാഫിൽനിന്നുണ്ടായിച്ച ഈ രണ്ടു ശാഖകൾക്കും ഖുറൈശി തറവാട്ടിലെ

മറ്റു ശാഖകളെ അപേക്ഷിച്ച് പദവിയും പ്രതാപവുമുണ്ടായിരുന്നുവെന്നുള്ളതിൽ സംശയമില്ല. നബി (സ) ക്ക് ധൈര്യംലഭിച്ച അവസരത്തിൽ ബനൂഹാശിം വംശത്തിൽ ചിലർ ഇസ്‌ലാംമതം സ്വീകരിച്ചതുപോലെ ബനൂഅബ്ദിശംസ് വംശക്കാരിൽ ചിലരും ഇസ്‌ലാംമതത്തെ അവലംബിച്ചിരുന്നു. പക്ഷേ രക്തബന്ധംനിമിത്തം ബനൂഹാശിം വംശക്കാരായിരുന്ന തിരുമേനി (സ) യെ രക്ഷിച്ചതു്. തന്നിമിത്തം ആ ബഹുമതി അവർക്ക് പ്രത്യേകമായി ലഭിച്ചു.

നബി (സ) യെ വധിക്കുന്ന കാര്യത്തിൽ മക്കയിലെ ബഹുദൈവാരാധകന്മാർ ദാറുന്നദ്‌വായിൽ (സഭാഹാൾ) യോഗംകൂടി നടത്തിയ ആലോചനയിൽ ഖുറൈശികൾ പൊതുവായി പങ്കുകൊണ്ടിരുന്നു. എങ്കിലും, ബനൂഹാശിംവംശത്തിൽനിന്നു അബൂലഹബൊഴികെ മറാരും ആ യോഗത്തിൽ പങ്കെടുത്തിരുന്നില്ല. നബി (സ) സ്വദേശം വെടിഞ്ഞു മദീനയിൽ പോയതിനുശേഷം ബദ്‌ർയുദ്ധം, നടന്നപ്പോൾ ഖുറൈശീസൈന്യത്തിലെ നായകൻ അബ്ദുശംസ്മകൻ റബീഅത്തിന്റെ മകനായ ഉത്ത്ബത്തായിരുന്നു. ഈ ബദ്‌ർയുദ്ധത്തിൽ മക്കാനായകന്മാരിൽ അധികപേരും കൊല്ലപ്പെട്ടു. അനന്തരം ഖുറൈശികൾ ഹർബ്മകൻ അബൂസുഫ്‌യാനെ നേതാവായി നിയമിച്ചു. ഉഹ്ദ്‌യുദ്ധത്തിലും ഖന്ദഖ്‌യുദ്ധത്തിലും അവരുടെ സേനാനായകത്വം വഹിച്ചതു് അബൂസുഫ്‌യാൻ തന്നെയായിരുന്നു.

ഹിജ്റഃ 8-ൽ റസൂൽ തിരുമേനി (സ) ഭടന്മാരേയുംകൊണ്ടു, മക്കാപട്ടണം കീഴടക്കുവാനായി അവിടേക്കു പുറപ്പെട്ട അവസരത്തിൽ റസൂലുള്ളാഹ് അബ്ബാസു (റ) അബൂസുഫ്‌യാനെ പ്രവാചകസന്നിധിയിൽ കൊണ്ടുവരികയും അവിടെവെച്ചു അദ്ദേഹം ഇസ്‌ലാംമതം കൈക്കൊള്ളുകയുമുണ്ടായി. അബൂസുഫ്‌യാൻ അഭിമാനതല്പരനായിരുന്നതുകൊണ്ടു, റസൂൽ അബ്ബാസിന്റെ അപേക്ഷയനുസരിച്ചു തിരുമേനി (സ) ഇപ്രകാരം വിളംബരപ്പെടുത്തി: 'കഅ്ബാദേവാലയത്തിലൊ അബൂസുഫ്‌യാന്റെ ഗൃഹത്തിലൊ അഭയം പ്രാപിക്കുന്നവർക്കു രക്ഷ നല്കുന്നതാണു്.' ഇങ്ങിനെ രക്ഷ നല്കുന്ന വിഷയത്തിൽ തിരുമേനി(സ) കഅ്ബായേയും അദ്ദേഹത്തിന്റെ ഭവനത്തെയും തുല്യമായി ഗണിച്ചതു അദ്ദേഹത്തിനു വളരെ അഭിമാനകരമായി തോന്നി. വിവിധ ഖുറൈശീവംശക്കാരും ഉമയ്യാവംശത്തിലെ മിക്കജനങ്ങളും ഇസ്‌ലാംമതം കൈക്കൊണ്ടതു അന്നായിരുന്നു. അവരുടെ മതസ്വീകരണം നിമിത്തം നബി (സ) അത്യധികം സന്തോഷിച്ചു. തിരുമേനി (സ) അവരോടു സൌഹാർദ്ദപൂർവ്വം പെരുമാറുകയും ബനൂഅബ്ദിശംസ്വംശത്തിലെ ഒരു യുവാവായിരുന്ന ഇത്താബുബ്നുഉസൈദിനെ മക്കാനഗരത്തിന്റെ അധിപനായി നിയമിക്കുകയും ചെയ്തു.

റസൂലുള്ളു് അബൂബക്കർ (റ) വിന്റെ ഖിലാഫത്തുകാലത്തു് അറബികളിൽ ചിലർ ഇസ്‌ലാംമതം ഉപേക്ഷിച്ചുകളഞ്ഞു. തദവസരത്തിലായിരുന്ന മേൽപ്രസ്താവിച്ച ഖുറൈശീനായകന്മാർ, ഇസ്‌ലാംമതസ്വീകരണം പിന്നിപ്പോയതുകൊണ്ടു തങ്ങൾക്കു നേരിട്ട നഷ്ടത്തെ പരിഹരിക്കുവാൻ മുന്നോട്ടുവന്നതു്. അവർ സ്വജീവനെ പോലും വിലവെക്കാതെ അത്യദ്ധ്വാനം ചെയ്തു അറബിരാജ്യമൊട്ടുക്കും ഇസ്‌ലാംമതത്തെ പുനഃസ്ഥാപിച്ചു. സിറിയായിൽ നടന്ന യുദ്ധങ്ങളിലും അവർ സന്തോഷസമേതം പങ്കെടുത്തു. ആ സമരങ്ങളിൽ അവർ അനേകം ധീരകൃത്യങ്ങളും നിർവ്വഹിക്കുകയുണ്ടായി. ഈ മഹത്തരമായ കൃത്യങ്ങളും

മുമ്പ് ഇസ്‌ലാംമതപ്രചാരത്തെ തടയുവാനായി അവർ ചെയ്ത അപരാധത്തെ പരിഹരിക്കത്തക്കവയായിരുന്നു.

സിറിയായുദ്ധത്തിൽ മഹത്തായ പല കായ്ങ്ങളും നിവ്വഹിച്ച ഉമയ്യാഗോത്രക്കാരിൽ ഒരാൾ ഹസ്രത്തു അബൂസുഫ്‌യാൻ തന്നെയാകുന്നു. അവിടെയുണ്ടായ എല്ലാ സമരങ്ങളിലും അദ്ദേഹം പങ്കുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ യസീദും പ്രസ്തുത സമരങ്ങളിൽ കായ്മായി പങ്കെടുത്തിട്ടുണ്ട്. ഹസ്രത്തു അബൂബക്കർ (റ) സിറിയായിലേക്കയച്ച നാലു സേനകളിൽ ഒന്നിന്റെ സൈനാധിപൻ അദ്ദേഹമായിരുന്നു. ഭിമിശ്ഖ് (ഡമാസ്കസ്) പട്ടണം മുസ്‌ലിംകൾക്കു കീഴടങ്ങിയതിൽ പിന്നെ അവിടെ ഭരണകർത്താവായി നിയമിതനായതും യസീദായിരുന്നു. ഹസ്രത്തു ഉമർ (റ) വിന്റെ ഭരണകാലത്തും അദ്ദേഹം ഈ ഉദ്യോഗം വഹിച്ചുവന്നു. ഉമർ (റ) യസീദിന്റെ സഹോദരനായ മുആവിയത്തു ബ്നു അബീസുഫ്‌യാനെയും, സിറിയയിലെ മറെറാരു ജില്ലയിൽ ഭരണകർത്താവായി നിശ്ചയിച്ചു.

യസീദ് പരമഭക്തനും സദാചാരതല്പരനും ധൈര്യവാനും വിവേകമനസ്കനുമായ ഒരു മാന്യനേതാവായിരുന്നു. ഇദ്ദേഹം അമവാസികളുണ്ടായ പ്ലേഗിൽപെട്ട കാലഗതിയടഞ്ഞതിൽ പിന്നെ ഹസ്രത്തു ഉമർ (റ) ഭിമിശ്ഖ് ജില്ലയേയും അമീർമുആവിയയുടെ ഭരണത്തിൻകീഴിലാക്കി. രാഷ്ട്രീയപ്രബുദ്ധത, ഭരണപരിചയം, വിശ്വസ്തത, ക്ഷമ മുതലായ സദ്ഗുണങ്ങളും അമീർമുആവിയായിൽ സവിശേഷം സമ്മേളിച്ചിരുന്നതുകൊണ്ടു, ഹസ്രത്ത് ഉമർ (റ) അദ്ദേഹത്തെ കുറിച്ചു സംതൃപ്തനാകുകയും, അദ്ദേഹത്തെ പ്രശംസിക്കുകയും ചെയ്തിരുന്നു. ഹസ്രത്ത് ഉസ്മാന്റെ ഭരണകാലത്തു് സിറിയാ രാജ്യം മുഴുവനും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായി. അവിടേക്കു ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം അദ്ദേഹം തന്നെയായിരുന്നു നിയമിച്ചിരുന്നതു്. ഖുറൈശീഗോത്രക്കാരും പ്രത്യേകിച്ചു, ബനൂഅബ്ദിശംസ്‌വംശജന്മാരുമായ അനേകം നായകന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകയും, അവരെ അദ്ദേഹം സൈന്യത്തിൽ ചേർക്കുകയും ചെയ്തു. അവരുടെ സഹായത്തോടുകൂടി അദ്ദേഹം സൈന്യത്തിൽ അനുസരണവും പരിശ്രമശീലവും ഉളവാക്കി. ഇപ്രകാരംതന്നെ പ്രജകളിലും അനുസരണശീലം വർദ്ധിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം റോമക്കാരെ പലപ്രാവശ്യം യുദ്ധംചെയ്തു തോല്പിക്കുകയും സൈപ്രസ്സ്ദ്വീപ് കീഴടക്കുകയുംചെയ്തു.

ഇങ്ങനെ ഇസ്‌ലാംമതോത്ഭവത്തിനു മുമ്പുതന്നെ മാന്യന്മാരും ശ്രേഷ്ഠന്മാരുമായിരുന്ന ഉമയ്യാവംശക്കാർ, ഇസ്‌ലാംമതസ്ഥാപനത്തിനുശേഷവും തങ്ങളുടെ വിലയേറിയ കൃത്യങ്ങളാൽ കീർത്തിയും യജമാനത്വവും സമ്പാദിച്ചു. ഈ വംശത്തിലെ രണ്ടു ശാഖകളായിരുന്നു ഖിലാഫത്തധികാരത്താൽ പ്രസിദ്ധി നേടിയതു്. ഒരു ശാഖ ഹർബിന്റെയും മറേറതു അബുൽ ആസ്സിയുടേയും സന്തതികളാകുന്നു. ഹർബിന്റെ സന്തതികളിൽ മൂന്നുപേർക്കും അബുൽആസ്സിയുടെ സന്തതികളിൽ പത്തു പേർക്കും ഖിലാഫത്തധികാരം ലഭിച്ചിട്ടുണ്ടായിരുന്നു.

അമീർ മുആവിയ

ഉമയ്യാ ഖിലാഫത്തിന്റെ സ്ഥാപകനായ അമീർ മുആവിയ ഹിജ്‌റക്കു പതിനഞ്ചു വർഷംമുമ്പു മക്കയിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവായ അബൂസുഫ്‌യാനു, സഖ്‌റ്, എന്നും പേരുണ്ടു് സഖ്‌റിന്റെ പിതാവു് ഉമയ്യത്ത് മകൻ ഹർബും, ഉമയ്യത്ത് അ

ഖ്‌ദ്മനാഫ് മകൻ അബ്ദുശംസിന്റെ പുത്രനുമാകുന്നു.

മുസ്‌ലിംകൾ മക്കാനഗരം കീഴടക്കിയ കാലത്തു് മറ്റു ഖുറൈശിപ്രധാനികളോടുകൂടി അമീർമുആവിയയും ഇസ്‌ലാംമതം സ്വീകരിച്ചു. അന്നു അദ്ദേഹത്തിന്നു ഇരുപത്തിമൂന്നു വയസ്സു പ്രായമായിരുന്നു. ഇസ്‌ലാംമതസ്വീകരണത്തിന്നുശേഷം അദ്ദേഹം റസൂൽ തിരുമേനി (സ) യൊരുമിച്ചു മദീനയിലേക്കു പോയി. തിരുമേനി (സ) അദ്ദേഹത്തെ വഹ്‌യ് എഴുത്തുകാരിൽ ഒരാളായി നിയമിച്ചു. ഹസ്രത്ത് അബൂബക്കർ (റ) തന്റെ ഭരണകാലത്തു്, യസീദ്ബ്നു അബീസുഫ്‌യാനെ സഹായിക്കേണ്ടതിന്നു ഒരു സേനയുമായി അമീർ മുആവിയയെ സിറിയായിലേക്കയച്ചു. സീദാ, അർഖഃ, ജൂബൈൽ, ബൈറൂത്ത് എന്നീ രാജ്യങ്ങളും മുസ്‌ലിംസൈന്യം യുദ്ധംചെയ്തു കൈവശപ്പെടുത്തിയപ്പോൾ ആ സൈന്യത്തിലെ, മുൻസേനാധിപൻ അദ്ദേഹമായിരുന്നു. ഹസ്രത്ത് ഉമർ (റ) വിന്റെ ഭരണകാലത്തു് അദ്ദേഹം മുആവിയയെ അർദ്ദൻജില്ലയുടെ ഭരണാധികാരിയായി നിയമിച്ചു. തന്റെ സഹോദരനായിരുന്ന യസീദ് അമവാസ് പ്ലേഗിൽപെട്ടു മരിച്ചതിൽപിന്നെ ഹിമിശ്ഖ് ജില്ലയുടെ ആധിപത്യവും അദ്ദേഹത്തിന്നു ലഭിച്ചു. ഹസ്രത്ത് ഉസ്മാൻ (റ) വിന്റെ ഭരണകാലത്തു് സിറിയാരാജ്യം മുഴുവനും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായി. അദ്ദേഹം കരനാവികസൈന്യങ്ങളെയും തയ്യാറാക്കി സിറിയയെ ഇസ്‌ലാമികസാമ്രാജ്യത്തിലെ ഏറ്റവും ശക്തിമത്തായ സംസ്ഥാനമാക്കി മാറ്റി.

ഹസ്രത്ത് ഉസ്മാൻ (റ) യുടെ വധത്തിന്നുശേഷം ഹസ്രത്തു് അലീ(ക.വ) മദീനയിൽവെച്ചു ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടുടനെതന്നെ അമീർമുആവിയയെ ഉദ്യോഗത്തിൽനിന്നുനീക്കിയതായി ഖലീഫയുടെ ഉത്തരവു പുറപ്പെട്ടു. മുആവിയയാകട്ടെ, അലീ (ക. വ.) യുടെ ഖിലാഫത്തിനെപോലും അംഗീകരിക്കയുണ്ടായില്ല. അക്രമമായി ഖലീഫയെ കൊന്ന ഘാതകന്മാരോടു ആനുകൂല്യം പ്രകടിപ്പിച്ചുവെന്നു, അലീ (ക.വ) യുടെ പേരിൽ അദ്ദേഹം അപരാധം ചുമത്തി. അത്രയുമല്ല, ഹസ്രത്തു് ഉസ്മാനെ വധിച്ച കുറേക്കാക്കു നിർബ്ബന്ധപൂർവ്വം ശിക്ഷ കൊടുപ്പിക്കുവാനും അദ്ദേഹം സന്നദ്ധനായി. ഇക്കാര്യത്തിൽ സിറിയക്കാർ അദ്ദേഹത്തിന്റെ ഭാഗത്തു ചേർന്നു. ഒടുവിൽ ഉഭയകക്ഷികളും തമ്മിൽ സിഫീൻ യുദ്ധത്തിൽവെച്ചു സമരം നടന്നു. അനേകം പേരുടെ വധങ്ങളും രക്തച്ചൊരിച്ചിലും സംഭവിച്ചതിൽപിന്നെ,ഈ സംഘട്ടനം സംബന്ധമായി ഖുർആൻ വിധിയനുസരിച്ചു തീരുമാനം ചെയ്യുന്നതിന്നു ഇരുകക്ഷികളും ഓരോ മദ്ധ്യസ്ഥനെ നിയമിച്ചു. മദ്ധ്യസ്ഥന്മാർ ഹസ്രത്ത് അലീ (ക.വ), അമീർ മുആവിയ എന്നീ രണ്ടു പേരെയും ഖിലാഫത്തധികാരത്തിൽനിന്നു നീക്കം ചെയ്യുകയും പരസ്പരം ആലോചന നടത്തി തങ്ങൾക്കിഷ്ടപ്പെട്ട വ്യക്തിയെ ഖലീഫയായി തിരഞ്ഞെടുത്തുകൊള്ളുവാൻ മുസ്‌ലിംസമുദായത്തിന്നു സ്വാതന്ത്ര്യം നല്കുകയും ചെയ്തു. എന്നാൽ സിറിയരാജ്യക്കാർ ഖലീഫയായി തിരഞ്ഞെടുത്തതു അമീർ മുആവിയയെയായിരുന്നതിനാൽ അദ്ദേഹം സിറിയായിലും ഹസ്രത്ത് അലീ (ക.വ) ഇറാഖിലും ഖിലാഫത്തധികാരസ്ഥന്മാരായി. ഹസ്രത്ത് അലീ (ക.വ) യുടെ ജീവിതകാലം മുഴുവനും ഈ അന്തഃഛിദ്രം നിലനില്ക്കുകയാണു് ഉണ്ടായതു്. ഹസ്രത്തു് അലീ (ക.വ) വധിക്കപ്പെട്ടതിന്നുശേഷം അദ്ദേഹത്തിന്നുപകരം ഇമാംഹസനെ (റ) ഇറാഖുകാർ ഖലീഫയായി തിരഞ്ഞെടുത്തു. അമീർ മുആവിയ അദ്ദേഹത്തിന്റെ നേരെയും യുദ്ധം നടത്തി. ആ

ഒത്തെ സമരത്തിൽതന്നെ ഇറാഖുകാർ കഠിന പരാജയത്തോടുകൂടി തിരിഞ്ഞോടുകയാണ് ചെയ്തത്. വീണ്ടും യുദ്ധംചെയ്ത അനാവശ്യമായ രക്തപ്രവാഹമുണ്ടാക്കുവാൻ ഇടയാക്കാതെ, ഇമാംഹസൻ (റ) അമീർ മുആവിയയുമായി സന്ധിയായി. ഇങ്ങിനെ ഹിജ്‌റഃ 41 റബീഉൽഅവ്വൽ 25-ാംനു- അമീർമുആവിയയെ ഇരുകക്ഷികളും ഖലീഫയായി തിരഞ്ഞെടുത്തു. അന്നു മുതല്ക്ക അദ്ദേഹം മുസ്‌ലിംലോകത്തിന്നൊട്ടുക്കും ഖലീഫയായി ഗണിക്കപ്പെട്ടു. യഥാർത്ഥത്തിൽ ഇക്കാലത്തും അമീർ മുആവിയായുടെ തിരഞ്ഞെടുപ്പു സർവ്വസമ്മതമായിരുന്നില്ല. സിറിയക്കാർ അദ്ദേഹത്തെ ബൈഅത്ത് ചെയ്തിരുന്നതു് മനഃപൂർവ്വവും സന്തോഷസമേതവുമായിരുന്നുവെങ്കിലും ഇറാഖുകാർ നിർബ്ബന്ധിതരായതു കൊണ്ടായിരുന്ന അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചതു്. എന്നാൽ ഇവരും ഒടുവിൽ അദ്ദേഹത്തിന്റെ ഖിലാഫത്തിൽ സന്തുഷ്ടരായി. ഇപ്രകാരം ഖാജിരികളൊഴിച്ച മറ്റുള്ള സർവ്വമുസ്‌ലിംകളാലും അദ്ദേഹം ഖലീഫയായി സ്വീകരിക്കപ്പെട്ടു.

മുസ്‌ലിംസമുദായത്തിലെ രാഷ്ട്രീയകക്ഷികൾ

അമീർമുആവിയക്കു ഖിലാഫത്തധികാരം ലഭിച്ച അവസരത്തിൽ മുസ്‌ലിംകൾ രാഷ്ട്രീയരംഗത്തു് മൂന്നു വിഭാഗങ്ങളായി പിരിഞ്ഞിരുന്നു.

ഒന്നു്. ശീആഅലി (ശീഅത്തുഅലിയ്യ: (ബന്ധുഭക്തന്മാരുടെ സംഘം). ഈ കക്ഷികളിൽ സിറിയക്കാർ മുഴുവനും, ഇതരദേശക്കാരിൽ ചിലരും ഉൾപ്പെട്ടിരുന്നു

രണ്ടു്. ശീആഅലി [അലി (ക.വ.) യുടെ സംഘം] ഇറാഖുകാരും ഈജിപ്തുകാരിൽ ചിലരുമായിരുന്ന ഈ സംഘത്തിൽ അധികമായുണ്ടായിരുന്നതു്. ഹ: അലി (ക.വ.) ക്കും അദ്ദേഹത്തിന്റെ വിയോഗശേഷം മക്കൾക്കും മാത്രമെ ഖിലാഫത്തു് അധികാരം വഹിക്കുവാൻ അവകാശമുള്ളുവെന്നായിരുന്ന ഈ കക്ഷിയുടെ വിശ്വാസം.

മൂന്നു്. ഖാരിജികൾ. മുൻപ്രസ്താവിച്ച രണ്ടു കക്ഷികളും ഇസ്‌ലാംമതത്തിൽനിന്നും ഭ്രഷ്ടരായിട്ടുണ്ടെന്നും, അവരെ വധിക്കുന്നതു് കുറ്റകരമല്ലെന്നുമായിരുന്ന ഇവരുടെ വിശ്വാസം. ഇവർ ഈ വിശ്വാസത്തിൽ അതിർകവിഞ്ഞവരും കൊലയും രക്തപ്രവാഹവും നടത്തുന്നതിന്നു യാതൊരു മടിയുമില്ലാത്ത ക്രൂരസ്വഭാവികളുമായിരുന്നു.

ഖാരിജികളുടെ അക്രമങ്ങൾ

ഖാരിജികളുടെ അക്രമപ്രവർത്തികൾ നിമിത്തം ഹസ്രത്തു് അലി (ക.വ.) യെപ്പോലെ അമീർ മുആവിയാക്കും അനേകം വിഷമതകൾ നേരിട്ടു. തങ്ങളുടെ വിശ്വാസത്തെ നിലനിർത്തുവാനായി ജീവത്യാഗം ചെയ്‌വാൻ പോലും അവർ സദാ സന്നദ്ധരായിരുന്നു. കൂഫക്കാർ അമീർ മുആവിയായെ ഖലീഫയായി തിരഞ്ഞെടുത്ത വാർത്ത അറിഞ്ഞതോടുകൂടി ഇവരിൽപ്പെട്ട ഫർവത്തുബ്‌നുനൌഫൽ അശ്‌ജഈ എന്ന ആൾ അദ്ദേഹത്തോടു മത്സരിക്കുവാൻ തയ്യാറായി. ഇയാൾ അമീർമുആവിയയോടു് പോരാടുവാനായി അഞ്ഞൂറു ഖാരിജികളേയും കൊണ്ടു നഖീലഃ എന്ന സ്ഥലത്തു് പാളയമടിച്ചു. ഇവരോടു നേരിടേണ്ടതിന്നു ഒരു സിറിയൻ സൈന്യവിഭാഗം ചെന്നുവെങ്കിലും അവർ പരാജയപ്പെടുകയാണുണ്ടായതു്. ഈ ഖാരിജികൾ കൂഫക്കാരുടെ ബന്ധുക്കളായിരുന്നതുകൊണ്ടു് അവരുടെ അടുത്തു് ചെന്നു വേണ്ട ഉപദേശംകൊടുത്തു അവരെ മടക്കിക്കൊണ്ടുവരേണമെന്നു അമീർമുആവിയ കൂഫക്കാരോടു കല്പിച്ചു. കൂഫക്കാർ അവരെ മടക്കിക്കൊണ്ടു വരുവാൻ പലവിധ

പരിശ്രമങ്ങളും ചെയ്തുനോക്കിയെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. 'അമീർമുആവിയ ഞങ്ങൾക്കും നിങ്ങൾക്കും കഠിനശത്രുവാണ്. അതുകൊണ്ട് അദ്ദേഹവുമായി പോരാടുവാൻ ഞങ്ങളെ അനുവദിക്കണം. വിജയം ലഭിക്കുകയാണെങ്കിൽ രണ്ടുകൂട്ടർക്കും പൊതുശത്രുവായ അദ്ദേഹം നശിക്കുമല്ലോ. അല്ലെങ്കിൽ ഞങ്ങളെങ്കിലും ഒന്നു നശിച്ചുകൊള്ളട്ടെ' എന്നായിരുന്നു അവരുടെ മറുപടി.

ഒടുവിൽ അശ്അസ് ഗോത്രക്കാർ തങ്ങളുടെ വംശജനായ ഫർവത്തിനെ ബലാൽക്കാരേണ പിടിച്ചുകെട്ടി കൂഫയിലേക്കു കൊണ്ടുവന്നു. തന്നിമിത്തം ഖാരിജികളും ഫർവത്തിന്റെ സ്ഥാനത്തു അബ്ദുല്ലാഹിബ്നു അബിൽ ഹൌസാഅ് എന്ന വ്യക്തിയെ നായകനായി നിയമിച്ചു. കൂഫക്കാർ ഇവരുമായി യുദ്ധംചെയ്തു നായകനായ അബ്ദുല്ലയെ കൊന്നു. തദവസരത്തിൽ 'ഹൌസറാഅസദീ' എന്ന ദ്രോഹം ഖാരിജികളുടെ നായകത്വം വഹിച്ചു. ഹൌസറയുടെ കൂടെ എല്ലാംകൂടി 150-ൽപരം ഖാരിജികളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഹൌസറയെ ഉപദേശിക്കുവാനായി അയാളുടെ പിതാവായ അബൂഹൌസറയെ അമീർ മുആവിയ അയക്കുകയുണ്ടായി. അബൂഹൌസറ ചെന്നു ഉപദേശിച്ചിട്ടും ഫലമൊന്നും ഉണ്ടായില്ല. ഒടുവിൽ അബൂഹൌസറ തന്റെ പുത്രനോടു ഇപ്രകാരം പറഞ്ഞു. 'ഞാൻ നിന്റെ മകനെ നിന്റെ മുമ്പാകെ കൊണ്ടുവരട്ടെ. ആ കുട്ടിയോടുള്ള വാത്സല്യമെങ്കിലും മുആവിയായുമായി യുദ്ധം ചെയ്യുന്നതിൽനിന്നു നിന്നെ വിരമിപ്പിക്കുമോ എന്നറിയട്ടെ.' 'കുരളിൽക്കൂടി പുറപ്പെടുകയും, പിടഞ്ഞുപിടഞ്ഞു ജീവൻ നഷ്ടപ്പെടുവാനിടവരുത്തുകയും ചെയ്യുന്ന പറക്കുന്ന അസ്ത്രമാണ് എന്റെ കുട്ടിയെക്കാൾ എനിക്കു സന്തോഷകരമായിട്ടുള്ളതു" എന്നായിരുന്നു അതിനു് അയാൾ സമാധാനം പറഞ്ഞതു്.

അബൂഹൌസറ തിരിച്ചുവന്നു എല്ലാ വിവരവും അമീർ മുആവിയായെ അറിയിച്ചു. ഇതുകേട്ടപ്പോൾ അയാളുടെ ഭ്രാന്തു വളരെ വർദ്ധിച്ചുപോയിഎന്നായിരുന്ന അമീർ പ്രസ്താവിച്ചതു്. അനന്തരം അയാളോടു പൊരുതുവാൻവേണ്ടി കൂഫയിൽ നിന്നു ഒരു സേനാവിഭാഗത്തെ അയച്ചു. ഈ സേന ചെന്നപ്പോൾ ഹൌസറ ഇങ്ങിനെ പറഞ്ഞു. 'ഹേ അക്രമികളെ, ഇതുവരെ മുആവിയ അക്രമിയാണെന്നു വിശ്വസിച്ചു അദ്ദേഹത്തോടു യുദ്ധംചെയ്യാൻ സന്നദ്ധരായിരുന്ന നിങ്ങൾ ഇന്നു അദ്ദേഹത്തിനു ഖിലാഫത്തധികാരം നിലനിർത്തി കൊടുക്കുവാനായി വാളെടുത്തിരിക്കുന്നുവല്ലോ. അല്ലാഹു നിങ്ങളുടെ പ്രവൃത്തികളും അറിയാതിരിക്കുന്നതല്ല.' ഹൌസറയെ കൊലപ്പെടുത്തുവാനായി അയാളുടെ പിതാവു് തന്നെ പുറപ്പെട്ടു. 'താങ്കൾ മറ്റാരോടെങ്കിലും നേരിട്ടുകൊള്ളുക' എന്നു പറഞ്ഞുകൊണ്ടു് മറ്റു ഭടന്മാരുടെ നേർക്കു തിരിഞ്ഞു. ബനൂതയ്യ് ഗോത്രത്തിൽ പെട്ട ഒരു വ്യക്തി അയാളെ വധിച്ചു. അയാളുടെ നെറ്റിയിൽ സുജൂദിന്റെ അടയാളം വ്യക്തമായി കണ്ടപ്പോൾ ആ യോദ്ധാവിനു അതിയായ ഖേദമുണ്ടായി.

ഇപ്രകാരം തന്നെ ഖാരിജികളിൽ പെട്ടി മറ്റു സംഘങ്ങളും തുടരെത്തുടരെ കലാപത്തിനു പുറപ്പെട്ടു. ഇറാഖുകാർ ഭയവിഹ്വലരായി. ഇറാഖിൽ നല്ല പഴക്കം സിദ്ധിച്ച ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതാണെന്നും അവർ മുഖേന ഈവക പ്രക്ഷോഭങ്ങളും അമർച്ചചെയ്യാമെന്നും അമീർ മുആവിയാ തീർച്ചപ്പെടുത്തി. ഇതിലേക്കു മുഗീറത്തുബ്നു ശുഅ്ബഃ, സിയാദുബ്നുസുമയ്യത്ത് എന്നീ രണ്ടു നേതാക്കളെ അദ്ദേഹം അതിനായി തിരഞ്ഞെടുത്തു.

സിയാദ്

സിയാദ് അലി (ക. വ) യുടെ സംഘത്തിൽ ചേർന്നിരുന്ന ആളും അദ്ദേഹത്തിന്റെ

കീഴിലായിരുന്ന ഫാരിസി (പേർഷ്യ) ന്റെ മേധാവിയും ആയിരുന്നു. സിയാദിന്റെ ഭരണ പാടവത്തെക്കുറിച്ച മുആവിയക്ക് അറിവു കിട്ടി. അദ്ദേഹത്തിന്നു മാപ്പു കൊടുത്തിരിക്കുന്നുവെന്നു കാണിച്ച മുആവിയ ഒരെഴുത്തെഴുതി മുഗീറത്തിന്റെ വശം അദ്ദേഹത്തിന്നയച്ചു. ഉടനെ അദ്ദേഹം മുആവിയായുടെ അടുത്തു വന്നു. മുആവിയ അദ്ദേഹത്തോട് ഫാരിസിലെ വരവുചിലവു കണക്കു ഹാജരാക്കുവാനാവശ്യപ്പെടുകയും അദ്ദേഹം ഹാജരാക്കിയ കണക്ക് ആക്ഷേപമൊന്നും പാസ്സാക്കിക്കൊടുക്കുകയും ചെയ്തു.

ഹിജ്‌റഃ 44-ൽ അമീർ മുആവിയ സിയാദിനെ ബസറാ ഗവണ്ണരായി നിയമിച്ചു. ബസറക്കാർ പൊതുവെ അക്രമികളും തെമ്മാടികളുമാണെന്നും അവരുടെ നേരെ മർദ്ദനനയം പ്രയോഗിക്കേണ്ടതാണെന്നും അവിടെ ചെന്നുനോക്കിയപ്പോൾ സിയാദിന്നു മനസ്സിലായി. അദ്ദേഹം ബസറയിലെ ജാമിഅ്മസ്ജിദിൽ വെച്ചു ഒരു വാചാലമായ പ്രസംഗം ചെയ്തു. ആ പ്രസംഗം ഇപ്രകാരം സംഗ്രഹിക്കാം:

'നിങ്ങൾ അല്ലാഹുവിനെ അനുസരിക്കാത്ത ധിക്കാരികളായിരിക്കുന്നു. പരലോക ശിക്ഷയെക്കുറിച്ചു നിങ്ങൾക്കു അശേഷം ഭയമില്ല. നിങ്ങളുടെ നന്മകൾ മുഴുക്കെയും തിന്മകൾ അധികവുമാണ്. നിങ്ങൾ മോഷണംനടത്തുകയും അന്യോന്യം പിടിച്ചുപറിക്കുന്നതു കുറ്റകരമല്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നു. അവനവന്റെ വീട്ടുകാരും ഗോത്രത്തിൽ പെട്ടവരും തിന്മചെയ്യുന്നതിനെ നിങ്ങളിൽ കാരോരുത്തനും നിരോധിക്കേണ്ടതാണ്. അല്പത്തെ പക്ഷം കൂറാതെ ചെയ്തവന്റെ അപരാധത്തിന്നു നിരപരാധിക്കു ഞാൻ ശിക്ഷ നൽകുന്നതും ഓടിപ്പോകുന്നവന്നു പകരം സ്ഥിരവാസിയെ പിടിച്ചുകെട്ടുന്നതുമാണ്. ഒരുവന്റെ ധനം എത്രത്തോളം മോഷണം പോയാലും ഞാൻ അതിന്നു ഉത്തരവാദിയാകുന്നു. രാത്രിസമയം സ്വന്ത ഭവനത്തിൽ നിന്നു ആരും പുറത്തുപോകരുതെന്നും വല്ലവരും പോകുന്നപക്ഷം അവരെ കൊലപ്പെടുത്തുന്നതാണെന്നും നിങ്ങളെ അറിയിച്ചുകൊള്ളുന്നു. അന്യന്റെ ഭവനം പൂട്ടുന്നവനെ ഞാൻ കരിച്ചുകളയും. പരഗൃഹം തുരക്കുന്നവന്റെ ഹൃദയത്തെ ഞാൻ ചീന്തിക്കളയും. ഖബർ തുരന്നു ശവത്തുണി മോഷ്ടിക്കുന്നവരെ അതേ ഖബറിൽത്തന്നെ ജീവനോടെ കുഴിച്ചുമൂടുന്നതാകുന്നു. ഒരുവന്റെ നാവിൽനിന്നു ഇസ്‌ലാമിന്നു മുമ്പ്, നടപ്പുണ്ടായിരുന്ന വല്ല ഉപ്പാപ്പാവും പുറപ്പെടുന്നതായാൽ അവന്റെ നാവ് ഞാൻ അരിഞ്ഞെറിഞ്ഞുകളയും. എന്റെ കല്പനയെ അനുസരിക്കുന്നവരുമായി ഞാൻ സ്നേഹപൂർവ്വം ഇടപെടുന്നതാണ്. എന്നിങ്ങനെ ഈ വിട്ടത്തെ നുപൂർവ്വം ചില വ്യക്തികളോട് വിരോധമുണ്ടായിരുന്നുവെങ്കിലും, ആ വിരോധത്തെ ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. അതുകൊണ്ടു അവർ ഭയപ്പെടേണ്ടതില്ല. ഗുണകാംക്ഷികൾക്കു ഞാനും ഗുണകാംക്ഷിയാണ് എന്നോടു എതിർക്കുവാൻ വരാത്തവരെ, അവരുടെ ഹൃദയത്തിൽ എന്തു ഉദ്ദേശവും ഉണ്ടായിക്കൊള്ളട്ടെ, ഞാൻ ഉപദ്രവിക്കയില്ല. ശമ്പളവും നിത്യചിലവിന്നായി കൊടുത്തുവരുന്ന സംഖ്യയും ആരുടേതായാലും ഞാൻ നിർത്തൽ ചെയ്കയില്ല. സഹായത്തിന്നർത്ഥിക്കുന്നവർ എപ്പോൾ വന്നാലും, അവർ വരുന്നതു അർദ്ധരാത്രിയിലായും ശരി, സഹായിക്കുവാൻ ഞാൻ തയ്യാറുണ്ട്.'

അബ്ദുല്ലാഹിബ്നുഹിസ്നൻ എന്ന ആളെ സിയാദ് ബസറാ പട്ടണത്തിലെ പോലീസ്മേധാവിയായി നിയമിച്ചു. അദ്ദേഹം ഇശാനമസ്ക്കാരം കഴിഞ്ഞു പിരിയുകയും, നിസ്ക്കരിച്ചതിൽപിന്നെ ജനങ്ങൾ ശാന്തന്മാരായി

'സൗത്തുൽബഖറഃ' ഓതി നഗരത്തിലേക്ക പോകുന്നതുവരെ പള്ളിയിൽതന്നെ ഇരിക്കുക യും ജനങ്ങളം പോയിക്കഴിഞ്ഞാൽ അബ്ദുല്ലാ ഹിബ്‌നുഹിസ്നാനോട്ട നഗരം ചുറവാനാ യി പുറപ്പെട്ട കൊള്ളുവാൻ കല്പിക്കുകയും ചെ യ്യും. അബ്ദുല്ലാ പോലീസുകാരെയുംകൊണ്ട്, പട്ടണത്തിൽ ചുററി നടന്ന കാണുന്നവരെയെ ല്ലാം കൊല്ലുകയായിരുന്ന പതിവു്. ഒരു രാ ത്രി ബദവികളിലൊരാളം തന്റെ ആട്ടുകളെ യുംകൊണ്ട പട്ടണത്തിന്റെ ഒരു കോണിൽ നിന്നിരുന്നതു അബ്ദുല്ലയുടെ ദൃഷ്ടിയിൽപെട്ട. അദ്ദേഹം ആ ബദവിയെ പിടിച്ചു സിയാദിന്റെ അടുക്കൽ ഹാജരാക്കി. "രാത്രി അസ മയത്തു് നഗരത്തിൽ സഞ്ചരിക്കുന്നവരെ കൊ ന്നുകളയുമെന്നു അമീർ കല്പിച്ചിരുന്നതു് നി ങ്ങളം അറിഞ്ഞിരുന്നില്ലേ?" എന്നു സിയാദ് അയാളോട ചോദിച്ചു. താൻ തീരെ അറി ഞ്ഞിട്ടുണ്ടായിരുന്നില്ലെന്നും സമയം വളരെ വൈകിപ്പോയതിനാൽ അവിടെ തന്നെ നില്ക്കേ ണ്ടിവന്നതാണെന്നും അയാൾ സമാധാനം ബോധിപ്പിച്ചു. "നിങ്ങൾ പറഞ്ഞതു സത്യ മാണെന്നു തോന്നുന്നുണ്ടെങ്കിലും, നിങ്ങളെ കൊ ല്ലുന്നതുകൊണ്ടു് ജനങ്ങൾക്കു നന്മയുണ്ടു്." എ ന്നുപറഞ്ഞു സിയാദ് അയാളെ കൊന്നുക ളഞ്ഞു.

സിയാദിന്റെ ഇത്തരം മുറകളാൽ ബ സറ നഗരത്തിന്റെ സ്ഥിതി കേവലം ഭേദ പ്പെട്ടു. ജനങ്ങളുടെ ചുമൽനിന്നു വല്ല സാ ധനവും വഴിയിൽ വീണുപോയാൽ ആരും ആ സാധനത്തിന്റെ നേരെ ദൃഷ്ടിപതിപ്പിച്ചിരു ന്നില്ല. ഉടമസ്ഥൻതന്നെ വന്നു അതു എടുത്തു കൊണ്ടുപോകുകയായിരുന്ന പതിവു്. പീടിക കളുടെയും വീടുകളുടെയും വാതിലുകൾ രാത്രിസ മയങ്ങളിൽപോലും ജനങ്ങൾ അടച്ചിരുന്നില്ല. കളവു, കൊള്ള, കലാപം ആദിയായ കുറങ്ങൾ നിശ്ശേഷം നിലച്ചു. തെരുവീഥികളുടെ സംര ക്ഷണത്തിനുവേണ്ടിയും സിയാദ് പാറാവു ഏ ർപ്പെടുത്തിയിരുന്നതുകൊണ്ടു യാത്രക്കാരും കച്ച വടച്ചരക്കുകളും കൊള്ളക്കാരുടെ അക്രമത്തിൽ നിന്നു നിർഭയം രക്ഷപ്പെട്ടു.

ഖാരിജികളുടെ നേരെ സിയാദ് മുൻപ്ര സംഗത്തിൽ പ്രസ്താവിച്ച നയംതന്നെ അനുവ ർത്തിക്കുകയുണ്ടായി. തന്നോട എതിർക്കുവാൻ ശ്രമിക്കാതിരുന്ന ഒരാളെയും അദ്ദേഹം ദ്രോഹി ച്ചില്ല. 'ബനൂസഅ്ദ' ഗോത്രത്തിൽപെട്ട ഒ രാൾ ഖാരിജികളോട അനുഭാവമുള്ളവനാണെ ന്നു ഒരു ദിവസം അദ്ദേഹത്തിനു വിവരം കി ട്ടി. ഉടനെ അയാളെ ബന്ധനസ്ഥനാക്കിച്ചു. അയാൾ തന്റെ സന്നിധിയിൽ കൊണ്ടുവര പ്പെട്ട അവസരത്തിൽ ഖിലാഫത്തിനെ കുറി ച്ചു അയാളുടെ അഭിപ്രായമെന്താണെന്നു അറി വാനായി അദ്ദേഹം അയാളെ വിചാരണചെ യ്തു അയാൾ ഹസ്രത്ത് അബൂബക്കർ (റ) വിനെയും ഉമർ (റ) വിനെയും പുകഴ്ത്തിയെങ്കി ലും ഹസ്രത്ത് ഉസ്മാൻ (റ) വിനെ കുറിച്ചു ഒ ന്നും പറഞ്ഞില്ല. തന്നിമിത്തം സിയാദ് അ യാളെ ദ്രോഹിക്കുവാനൊരുങ്ങി. 'നിങ്ങളോട എതിർക്കുവാൻ വരാത്തവനെ, അവൻ ഹൃദയ ത്തിൽ എത്രതന്നെ വിരോധം വെച്ചുകൊണ്ടി രുന്നാലും ദ്രോഹിക്കുകയില്ലെന്നു നിങ്ങൾ വാ ഗ്ദാനം ചെയ്തിരിക്കുന്നുവല്ലോ, അതിനു വിരു ദ്ധമായി ഈ അവസരത്തിൽ നിരപരാധിയാ യ എന്നെ എന്തിനു ശിക്ഷിക്കുന്നു' എന്നു അയാൾ പറഞ്ഞതു ശരിയാണെന്നു സിയാദു സമ്മതിക്കുകയും വസ്തുവും മാനം സമ്മാനിച്ചു അയാളെ വെറുതെ വിട്ടയക്കുകയും ചെയ്തു.

സിയാദ് ബസറാവാസികളെ അരികെ വിളിച്ചുവരുത്തി അവരുടെ മുമ്പിൽ ഇരിക്കു കയും അവരുടെ മനോവിചാരങ്ങൾ മനസ്സി ലാക്കുകയും ചെയ്യാറുണ്ടായിരുന്നു. ധീരനും

ബുദ്ധിമാനുമായിരുന്ന അബുൽഖൈർ എന്ന ആൾ ഖാരിജികളുടെ അനുകൂലിയാണെന്ന് ഒരവസരത്തിൽ അദ്ദേഹത്തിനു മനസ്സിലായി. തന്നിമിത്തം അദ്ദേഹം അയാളെ വിളിപ്പിച്ച, 'ചന്തീസാപൂരി'ന്റെ അധിപനായി നിയമിച്ചയക്കുകയും നാലായിരം ദിർഹം മാസവേതനം നിശ്ചയിക്കുകയും ചെയ്തു. ഇതിനുശേഷം അബുൽഖൈറിന്റെ അഭിപ്രായം ഭേദപ്പെടുകയും ഭൂരിപക്ഷക്കാരായ മുസ്‌ലിംകളുടെ കൂട്ടത്തിൽനിന്നു പിരിയുന്നതു വമ്പിച്ച അപരാധമാണെന്നു അയാൾ സ്വയം പറഞ്ഞു തുടങ്ങുകയുംചെയ്തു.

കൂഫാ ഗവണ്മെന്റായിരുന്ന മുഗീറത്തുബ്‌നുശഅ്ബഃ, ഹിജ്‌റഃ 51-ൽ നിര്യാതനായതിനാൽ ഇതിനു മുമ്പു കൂഫാനഗരത്തെയും അമീർമുആവിയാ സിയാദിന്റെ ഭരണത്തിൻ കീഴിലാക്കി. ഇതിനുശേഷം സിയാദ് കൊല്ലത്തിൽ ആറുമാസം ബസറയിലും ആറുമാസം കൂഫായിലും താമസിച്ചുവന്നു ഭരണകർത്താക്കന്മാരെ അവമാനിക്കുകയും ഖിലാഫത്തിനു എതിരായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിൽ കൂഫക്കാർക്കു വളരെ തഴക്കമുണ്ടായിരുന്നു സിയാദ് അവിടെയെത്തി ജാമിഅ് മസ്ജിദിൽ പ്രവേശിച്ച പ്രസംഗം തുടങ്ങിയപ്പോൾ ചിലർ മണ്ണ് വാരി അദ്ദേഹത്തെ എറിഞ്ഞു. ഇതു കണ്ട അദ്ദേഹം പെട്ടെന്നു പ്രസംഗം നിർത്തി. ഉടനെ പള്ളിയുടെ വാതിലുകൾ അടുപ്പിക്കുകയും ഒരു കസേര കൊണ്ടുവരുവാൻ കല്പിക്കുകയും ചെയ്തു. അദ്ദേഹം ആ കസേരമേൽ ഇരുന്നു നാലു ആളുകളെവീതം തന്റെ അരികെ വിളിച്ചുവരുത്തി, തങ്ങൾ എറിഞ്ഞിട്ടില്ലെന്നു കാരോരുത്തരെക്കൊണ്ടും സത്യം ചെയ്യിച്ചു. സത്യം ചെയ്തവരെയെല്ലാം വിട്ടയക്കുകയും അല്ലാത്തവരെ പിടിച്ചുകെട്ടുകയുമാണ് ഉണ്ടായതു. സത്യം ചെയ്യാത്തവരായുണ്ടായിരുന്ന 80 പേരുടേയും കൈകൾ അദ്ദേഹം ഛേദിച്ചുകളഞ്ഞു. ഇതിൽപിന്നെ സിയാദ് കൂഫാ പള്ളിയിൽ തനിക്കു പ്രത്യേകമായി ഒരു മുറി ഉണ്ടാക്കിച്ചു. ഹുജ്‌റുബ്‌നുഅദീ കിന്ദീ, അംറുബ്‌നുൽഹമഖ് മുതലായ നേതാക്കന്മാരുടെ കീഴിൽ കൂഫയിൽ അലി (ക.വ) യുടെ പക്ഷക്കാരായി ഒരു സംഘം ആളുകളുണ്ടായിരുന്നു. ഇവർ ഒരുമിച്ചുകൂടി മുആവിയാനെയും ഉദ്യോഗസ്ഥന്മാരെയും ആക്ഷേപിച്ചു വരുന്നുണ്ടെന്നു സിയാദിനു വിവരം കിട്ടി. തന്നിമിത്തം അദ്ദേഹം വീണ്ടും കൂഫയിൽചെന്നു ജാമിഅ് മസ്ജിദിൽ വെച്ചു പ്രസംഗിക്കുകയും അത്തരം നാശകാരികളിൽനിന്നു കൂഫയെ താൻ ശുദ്ധിയാക്കുന്നതാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അനന്തരം മേൽ പ്രസ്താവിച്ച ഹുജ്‌ർ എന്ന ആളെ പള്ളിയിലോ വിളിച്ചുകൊണ്ടുവരേണ്ടതിനു സൈനികരെ അയച്ചു. ഹുജ്‌ർ വരുവാൻ കൂട്ടാക്കാതെ പട്ടാളക്കാരെ ശകാരിക്കുകയാണ് ഉണ്ടായതു. ഈ വാർത്ത കേട്ടപ്പോൾ സിയാദ് കൂഫക്കാരോടു ഇപ്രകാരം പറഞ്ഞു:- 'നിങ്ങൾ പ്രത്യക്ഷത്തിൽ ഖലീഫയെ അനുസരിക്കുന്നുണ്ടെങ്കിലും നിങ്ങളുടെ ഹൃദയങ്ങൾ ഹുജ്‌റിന്റെ കൂടെയാകുന്നു. ഒന്നുകിൽ അയാളെ നിങ്ങൾ ഉപേക്ഷിക്കണം. അല്ലാത്തപക്ഷം നിങ്ങളെയും കൂഫയിൽനിന്നു പുറത്താക്കുന്നതാണ്.' തദവസരത്തിൽ, തങ്ങൾ അല്ലാഹുവിൽ അഭയം പ്രാപിക്കുന്നുവെന്നും അനുസരിക്കുവാനല്ലാതെ മറ്റൊന്നിനും തങ്ങൾക്കു ആശയില്ലെന്നും കൂഫക്കാർ പറഞ്ഞു. അങ്ങിനെയാണെങ്കിൽ ഓരോരുത്തരും തങ്ങളുടെ ഗോത്രത്തിൽ പെട്ടവരെ താക്കീതു ചെയ്തുകൊള്ളണമെന്നു പറഞ്ഞു തങ്ങൾ തന്നെ പോയി ഹുജ്‌റിന്റെ അടുക്കൽ നിന്നു പിരിച്ചുകൊണ്ടുപോകുകയാണ് എന്നു സിയാദ് കല്പിച്ചു. അവർ കല്പനപ്രകാരം പ്രവർത്തിച്ചതിനുശേഷം, ഹുജ്‌റിനെയും കൂട്ടുകാരെയും

തന്റെ മുമ്പാകെ വിളിച്ചുകൊണ്ടു വരേണമെന്നും വരുവാൻ ഒരുക്കമില്ലെങ്കിൽ ബലമായി പിടിച്ചുകൊണ്ടുവരണമെന്നും അദ്ദേഹം പടയാളികൾക്കു കല്പന കൊടുത്തു. പട്ടാളക്കാർ എത്തിയപ്പോഴേക്കു ഹജറിന്റെ സംഘക്കാരിൽ എല്ലാവരും ചിലർ ഓടിക്കളഞ്ഞു. അവശേഷിച്ചിരുന്ന പതിമൂന്നുപേരും ഹജറും സിയാദിന്റെ സന്നിധിയിൽ ഹാജരാവുകയും സിയാദ് അവരെ ജയിലിലടക്കുകയും ചെയ്തു.

ഹജർ അന്നത്തെ ഖലീഫയെ കുറിച്ചു ദോഷാരോപണം ചെയ്യുന്നുണ്ടെന്നും, യുദ്ധത്തിന്നായി ജനശേഖരം ചെയ്തിരുന്നുവെന്നും, ഹസ്രത്തു് അലി(ക.വ.)യുടെ സന്തതികൾക്കല്ലാതെ ഖിലാഫത്തധികാരത്തിന്നു അവകാശമില്ലാത്തതുകൊണ്ടു് ഹ: മുആവിയയോടും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരോടും നിസ്സഹകരണം അനുഷ്ഠിക്കേണ്ടതാണെന്നു വാദിക്കുന്നുണ്ടെന്നും കൂഫക്കാരിൽ അനേകം പേർ സാക്ഷി പറഞ്ഞു. സിയാദ് ഈ സാക്ഷികളുടെ മൊഴികളെല്ലാം രേഖപ്പെടുത്തി അവയോടുകൂടി കുറക്കാരെ ഖലീഫയുടെ തലസ്ഥാനമായ ഡമാസ്കസിലേക്കയച്ചു. ഇവർ മറജ്അദ്റാഅ് എന്നിടത്തു എത്തിയപ്പോൾ അമീർ മുആവിയയുടെ ആജ്ഞപ്രകാരം ഹജർ ഉൾപ്പെടെ എട്ടു പേർ വധിക്കപ്പെട്ടു. അവശേഷിച്ചിരുന്ന ആറു പേർ ഹസ്രത്തു് അലി (ക.വ.) യുടെ കക്ഷിയിൽ പെട്ടവരല്ലെന്നു മൊഴി കൊടുത്തതിനാൽ വിമോചിതരായി കൂഫയിലേക്കു മടങ്ങിപ്പോന്നു.

ഹജർ ബന്ധനസ്ഥനായ വിവരം ഗ്രഹിച്ച ഉടനെ ഉമ്മുൽമുഅ്മിനീൻ ഹസ്രത്തു് ആയിശ (റ) അദ്ദേഹത്തിനു വേണ്ടി ശുപാർശ ചെയ്യാനായി, അബ്ദുർറഹ്മാനുബ്നുഹാരിസ് എന്ന ദൂതനെ അമീർ മുആവിയായുടെ അടുക്കലേക്കു അയച്ചിട്ടുണ്ടായിരുന്നു എങ്കിലും അബ്ദുർറഹ്മാൻ ഡമാസ്കസിലെത്തിയപ്പോഴേക്കും ഹജർ വധിക്കപ്പെട്ടു പോയിരുന്നു. അദ്ദേഹം മഹാനും ഭക്തനുമായിരുന്നതുകൊണ്ടു ഈ ദുഃഖകരമായ വാർത്ത അറിഞ്ഞപ്പോൾ ഹസ്രത്തു് ആയിശ (റ) ക്കു അതിയായ മനോവേദനയുണ്ടായി.

സിയാദ് ഹിജ്റഃ 53-ൽ മാരകമായ പ്ലേഗ് രോഗത്താൽ നിര്യാതനായി. ഇറാഖിൽ അദ്ദേഹം അംഗീകരിച്ചിരുന്ന മർദ്ദനനയം ഒരിക്കലും അഭിനന്ദനീയമല്ല. ഓടിപ്പോയവനു പകരം സ്ഥിരവാസിയേയും അടിമക്കു പകരം യജമാനനേയും അപരാധിക്കു പകരം നിരപരാധിയേയും അദ്ദേഹം ശിക്ഷിച്ചു. ഇതെല്ലാം ഇസ്‌ലാമികശരീഅത്ത് നിയമത്തിനു കേവലം കടകവിരുദ്ധമായിരുന്നു. കുറ്റകൃത്യങ്ങൾ വർദ്ധിച്ചു ജനങ്ങളുടെ നടപടികൾ തീരെ മോശസ്ഥിതിയിലാകുന്ന അവസരങ്ങളിൽ ചില കഠിനഹൃദയന്മാരായ ഉദ്യോഗസ്ഥന്മാർ ഈ വിധത്തിലുള്ള മർദ്ദനഭരണനയത്തെ കൈക്കൊള്ളാറുണ്ടു്. എന്നാൽ സിയാദിന്റെ ഉദ്യോഗകാലത്തു അല്പം ചില ഖാരിജികൾ മാത്രമേ അക്രമത്തിലേക്കു മുതിർന്നിരുന്നുള്ളൂ. സിയാദ് ശരീയായ നിയമസമാധാനം നിലനിർത്തിയെങ്കിലും അതിനുവേണ്ടി അദ്ദേഹം ഇസ്‌ലാമിക നിയമങ്ങളെ അതിലംഘിക്കുകയും അന്യായമായ രക്തപ്രവാഹങ്ങളുണ്ടാക്കുകയും ചെയ്തിരുന്നു. നീതിന്യായനിയമങ്ങളെ ആദരിച്ചുകൊണ്ടു കുറ്റങ്ങളെ നിർത്തൽ ചെയ്യുന്ന ഭരണസമ്പ്രദായം മാത്രമേ പ്രശംസാർഹമായിരിക്കയുള്ളൂ എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

എന്നാൽ അക്രമവും രക്തപ്രവാഹവും എത്ര തന്നെ സിയാദ് നടത്തിയിട്ടുണ്ടായിരുന്നുവെങ്കിലും ഇറാഖ്ഭരണം കൈയേറ്റ മിക്ക ഉദ്യോഗസ്ഥന്മാരിലും വെച്ചു അദ്ദേഹം നല്ലവനായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലത്തു് ഇറാഖിൽ സമാധാനവും നാഗരികതയും വർദ്ധിച്ചു. ജനങ്ങൾ പൊതുവെ സംതൃപ്തരായി. അദ്ദേഹം കൃത്യസമയത്തു തന്നെ

എല്ലാ ഉദ്യോഗസ്ഥന്മാർക്കും ശമ്പളം കൊടുത്തു. തങ്ങൾക്കിഷ്ടമുള്ള അവസരങ്ങളിലെല്ലാം സാധ്യമാകുമ്പോഴെല്ലാം അദ്ദേഹത്തെ ചെന്നുകാണുകയും അവർക്കുവേണ്ട സഹായം ചെയ്യാൻ അദ്ദേഹം സദാ സന്നദ്ധനാവുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ സത്യസന്ധതയേയും വാശ്വാനനിവൃത്തിയേയും കുറിച്ച് സർവ്വ ജനങ്ങൾക്കും നല്ല മതിപ്പായിരുന്നു.

ഇറാഖ് ദേശവാസികൾ കലഹപ്രിയന്മാരായിരുന്നുവെന്ന പരമാർത്ഥത്തെ ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. മർദ്ദനംകൊണ്ടും രക്തപ്രവാഹംകൊണ്ടുമല്ലാതെ അവർ സത്യമാർഗ്ഗത്തെ അനുഷ്ഠിച്ചിരുന്നില്ല. സൌമ്യശീലന്മാരും ഭയാലുക്കളുമായിരുന്ന ഉദ്യോഗസ്ഥന്മാർ ചെന്നാൽ അവരെ അകാരണമായി ദ്രോഹിക്കുകയായിരുന്നു ഇറാഖുകാർ ചെയ്തിരുന്നത്.

മുഗീറത്തുബ്നുശഅ്ബയുടെ ഭരണം

സിയാദിന്റെ ഭരണത്തെ അപേക്ഷിച്ച് വളരെ ശാന്തതയോടും സമാധാനത്തോടും കൂടിയായിരുന്നു മുഗീറത്തുബ്നുശഅ്ബഃ കൂഫാരാജ്യം ഭരിച്ചിരുന്നത്. ജനങ്ങൾ സിയാദിന്റെ അരികെ ചെന്നു ഓരോരുത്തരെ കുറിച്ച് ശീഈയാണെന്നും ഖാരിജിയാണെന്നും പറഞ്ഞിരുന്നതിനെ അദ്ദേഹം വകവെച്ചില്ല. ജനങ്ങൾ ഏതു കാലത്തും ഭിന്നാഭിപ്രായക്കാരായിരിക്കുന്നതാണെന്നു അല്ലാഹു പറഞ്ഞിട്ടുണ്ടെന്നും അവരുടെ അഭിപ്രായവ്യത്യാസങ്ങളെ അന്ത്യകാലത്തു അവൻ തന്നെ തീർപ്പുകൽപ്പിക്കുന്നതാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ സമാധാനം. ഈ അഭിപ്രായം കേട്ടപ്പോൾ ജനങ്ങൾക്കു അദ്ദേഹത്തെക്കുറിച്ചു ഭയമില്ലാതായി. യഥാർത്ഥ മുസ്‌ലിംകളോടു പോരാടുവാൻ ഖാരിജികൾ രഹസ്യമായി ആലോചന നടത്തി. അങ്ങിനെ ചെയ്യാതിരിക്കുന്നതു കുറകുമാണെന്നായിരുന്നു അവരുടെ തെറ്റായ ധാരണ. അവർ ഹിയാനുബ്നു സുബ്നിയാൻ എന്ന നേതാവിന്റെ വസതിയിൽ ഒരുമിച്ചുകൂടി ഹിജ്റഃ 43 ശവ്വാൽ 1-ാംനു- പെരുന്നാൾ ദിനം പുറത്തിറങ്ങി സർവ്വ മുസ്‌ലിംകളോടും പോർ തുടങ്ങേണമെന്നു തീർച്ചപ്പെടുത്തുകയും മുസ്തൌരിദ് ബ്നു അൽഖമ എന്ന ആളെ നേതാവായി തിരഞ്ഞെടുക്കുകയും ചെയ്തു. ഈ വർത്തമാനം അറിഞ്ഞപ്പോൾ മുഗീറഃ അവരുടെ നേരെ ഭടന്മാരെ അയച്ചു. ഭടന്മാർ പ്രസ്തുത ഭവനം വളഞ്ഞു അവിടെ നിന്നു കണ്ടുകിട്ടിയ കുറക്കാരെ പിടിച്ചു കൊണ്ടു വന്നു. ഈ കുറക്കാർക്ക് ജയിൽ ശിക്ഷ നൽകുകയാണ് ഉണ്ടായതു്. ഈ വിവരം അറിഞ്ഞ ഉടനെ മുസ്തൌരിദ് 300 അനുയായികളേയും കൊണ്ടു കൂഫയിൽ നിന്നു പോയിക്കളഞ്ഞു.

അനന്തരം മുസ്തൌരിദിന്റെ നേരെ ആരെയാണു് അയക്കേണ്ടതെന്നു തന്റെ ആളുകളോടു മുഗീറഃ ആലോചിച്ചു. കൂഫയിലെ സർവ്വ നായകന്മാരും അയാളുടെ ശത്രുക്കളാകയാൽ തനിക്കിഷ്ടമുള്ള ആളെ അയക്കാവുന്നതാണെന്നും ഒരാളും വിസമ്മതം പ്രദർശിപ്പിക്കയില്ലെന്നും അബിയുബ്നുഹാത്തം അഭിപ്രായപ്പെട്ടു. അയാളോടു യുദ്ധം ചെയ്യേണ്ടതിന്നു, തന്നെ അയക്കേണമെന്നും ജനങ്ങൾക്കു നാശകാരിയും പ്രവാചകപരമ്പരയുടെ പരമവൈരിയുമായ അയാളോടു തനിക്കു കഠിന വിരോധമുണ്ടെന്നും മിഅ്ഖലുബ്നുഖൈസ് എന്ന സൈന്യനായകൻ അറിയിച്ചു.

മുഗീറഃ, മിഅ്ഖലിന്റെ നായകത്വത്തിൽ 3000 ശീയാകളെ (അലി (ക.വ.) യുടെ പക്ഷം ചേർന്നിരുന്നവർ) തിരഞ്ഞെടുത്തു ഖാരിജികളുടെ നേർക്കയച്ചു. ഈ സൈന്യവും ഖാരിജികളും തമ്മിൽ പല സമരങ്ങളുണ്ടായി. ഖാരിജികൾ 300 പേർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും, സർവ്വ സമരങ്ങളിലും അവർ

വിജയം കൈവരിച്ചു. അവസാനം മുസ്‌ത്തൗരിദിനോട് നേരിടേണ്ടതിനു മിഅ്‌ഖൽ തന്നെ പോക്കളത്തിലേക്കു ചെന്നു. മുസ്‌ത്തൗരിദിന്റെ വാൾ മിഅ്‌ഖലിന്റെ ശിരസ്സിലും, മിഅ്‌ഖലിന്റെ കുന്തം മുസ്‌ത്തൗരിദിന്റെ നെഞ്ചത്തും ഏറ്റതിനാൽ ഇരുവരും ഒരുമിച്ചു പടക്കളത്തിൽ വീണു പിടഞ്ഞു മരിച്ചു. മുസ്‌ത്തൗരിദിന്റെ മരണത്തോടുകൂടി ഖാരിജികൾക്കു പരാജയം നേരിട്ടു. അഞ്ചു പേരൊഴിച്ചു മറ്റു് എല്ലാവരും വധിക്കപ്പെട്ടു.

ഹസ്രത്തു് മുഗീറഃ ഏഴു വർഷവും ഏതാനും ചില മാസങ്ങളും കാലം കൂഫയിൽ ഭരണം നടത്തി. അദ്ദേഹത്തേക്കാൾ ഉത്തമനായ ഒരു ഭരണാധികാരിയും കൂഫാനഗരത്തിൽ ചെന്നിരുന്നില്ലെന്നു ഇമാംശഅ്‌ബീ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം സമാധാനതല്പരനും സദ്‌വൃത്തനും മുൻഗാമികളായിരുന്ന സജ്ജനങ്ങളിൽ അന്നു ശേഷിച്ചിരുന്ന ഒരു മഹാശയനുമായിരുന്നു. മുഗീറഃ ഹസ്രത്തു് അലി (ക. വ.) യേയും ഹസ്രത്തു് ഉസ്മാൻ (റ) വിന്റെ ഘാതകന്മാരെയും എപ്പോഴും അധിക്ഷേപിച്ചു വന്നിരുന്നുവെന്നാണു് ജനങ്ങൾക്കു അദ്ദേഹത്തെ കുറിച്ചു ഒരാക്ഷേപമുള്ളതു്. അദ്ദേഹം മരണപ്പെട്ടതു് ഹിജ്‌റഃ 51-ൽ ആയിരുന്നു.

ഉബൈദുല്ലാഹിബ്‌നുസിയാദ്

അമീർ മുആവിയ ഹിജ്‌റഃ 55-ൽ ഉബൈദുല്ലാഹിബ്‌നു സിയാദിനെ ബസറയിൽ ഗവർണ്ണരാക്കി. സിയാദിന്റെ പുത്രനാകയാൽ ഇബ്‌നുസിയാദ് എന്ന പേരിലാണു് അദ്ദേഹം അറിയപ്പെട്ടതു്. ഇബ്‌നുസിയാദ് ഖാരിജികളെ കഠിനമായി ദ്രോഹിച്ചു. ഹിജ്‌റഃ 58-ൽ അനേകം ഖാരിജികളെ അദ്ദേഹം വളഞ്ഞുപിടിച്ചു വധിച്ചു കളഞ്ഞു. കൂട്ടക്കൊലയെ ഭയന്നു ഓടിപ്പോയിരുന്നവരുടെ നേരെ ദേശന്മാരെ അയക്കുകയും ചെയ്തു.

ഒരിക്കൽ ഇബ്‌നുസിയാദ് കുതിരപ്പന്തയത്തിൽ ഏർപ്പെട്ടിരുന്ന മദ്ധ്യേ ഉർവത്തു് എന്ന പേരായ ഒരു ഖാരിജി അദ്ദേഹത്തെ വഴക്കു പറഞ്ഞു. ഉവ്വത്തിന്റെ കൂടെ വേറെയും ആളുകളുണ്ടായിരിക്കുമെന്നും അല്ലാത്ത പക്ഷം അയാൾക്കു അങ്ങിനെ പറവാൻ ധൈര്യമുണ്ടാകുമായിരുന്നില്ലെന്നും വിശ്വസിച്ചു അദ്ദേഹം കുതിരപ്പന്തയം നിർത്തി തന്റെ വസതിയിലേക്കു പോയി. ഉവ്വത്തു് ഭയവിഹ്വലനായി മറഞ്ഞുനിന്നുവെങ്കിലും പട്ടാളക്കാർ അയാളെ തിരഞ്ഞുപിടിച്ചു. ഇബ്‌നുസിയാദ് അയാളുടെ കയ്യും കാലും മുറിച്ചുകളഞ്ഞതിൽപിന്നെ "നീ നശിച്ചു പോകട്ടെ" എന്നു അയാളോടു പറഞ്ഞു. "എന്റെ ഐഹിക ജീവിതത്തെ കഷ്ടതരമാക്കുകയും നിങ്ങളുടെ പരലോകസുഖത്തെ നഷ്ടപ്പെടുത്തുകയുമാണു് നിങ്ങൾ ചെയ്തതു്" എന്നു് ഉവ്വത്തു് പറഞ്ഞു. ഇബ്‌നുസിയാദ് അയാളെ കൊലപ്പെടുത്തി. അനന്തരം ഉവ്വത്തിന്റെ സഹോദരിയേയും അദ്ദേഹം കൊല്ലുകയുണ്ടായി. ഉവ്വത്തിന്റെ സഹോദരൻ മുർദ്ദാസ് എന്ന ആളും ഇബ്‌നുസിയാദിന്റെ വിരോധിയായി തീർന്നു. അയാൾ നാല്പതു സഹപരന്മാരോടു കൂടി അഹ്‌വാസിലേക്കു പോയി. ഇബ്‌നുഹിസൻ തമീമി എന്ന പടനായകനോടു കൂടി രണ്ടായിരം ഭടന്മാരെ ഇബ്‌നുസിയാദ് അവരുടെ നേരെ അയച്ചു. ആ ധീരരായ നാൽപതു ഖാരിജികളും ഈ രണ്ടായിരം വരുന്ന സൈന്യത്തെ ഭയങ്കരമായി പരാജയപ്പെടുത്തുകയാണുണ്ടായതു്.

ഈജിപ്തിൽ ഗവർണ്ണരായിരുന്നതു ഹസ്രത്തു് അംറുബ്‌നുൽ ആസ്സായിരുന്നു. അദ്ദേഹം മരിച്ചതിൽ പിന്നെ അദ്ദേഹത്തിന്റെ മകൻ അബ്ദുല്ല ആ ഉദ്യോഗം തുടർന്നു വഹിച്ചു. റിജാസിന്റെ ഭരണാധികാരം എപ്പോഴും ഉമയ്യാഗോത്രനായകന്മാർക്കും വിശേഷിച്ചു അവ

രിൽപ്പെട്ട മർവാനുബ്നുൽഹക്കം, സഈദുബ്നുൽആസ്സി ഇവർക്കുമായിരുന്നു ലഭിച്ചിരുന്നത്. ഇവർ രണ്ടു പേരും മക്കാ, മദീന എന്നീ നഗരങ്ങളെ മാറിമാറി ഭരിച്ചവരാണ്. താൻതന്നെ ഹാജിമാരുടെ നായകത്വം സ്വീകരിച്ചു. ഹജ്ജിനു വരുന്നതിനു പകരം ഈ രണ്ടു ഉദ്യോഗസ്ഥന്മാരിൽ ഒരാളെ പ്രതിനിധിയായി നിയമിച്ചയക്കുകയാണ് മുആവിയ ചെയ്തിരുന്നത്.

മുആവിയ പിടിച്ചടക്കിയ രാജ്യങ്ങൾ

അമീർ മുആവിയായുടെ ഭരണകാലത്ത് സാമ്രാജ്യത്തിന്റെ കിഴക്കെ അതിർത്തിയിൽ കൂടുതൽ രാജ്യങ്ങൾ മുസ്‌ലിംകൾക്കു അധീനമായില്ല. ചിലയിടങ്ങളിൽ ഉടലെടുത്തിരുന്ന ആഭ്യന്തരകലഹങ്ങൾ ഒതുക്കുക മാത്രമാണ് അദ്ദേഹം ചെയ്തിരുന്നത്. സിന്ധിന്റെ അതിർത്തിയിൽ നിയമിക്കപ്പെട്ടിരുന്ന അബ്ദുല്ലാഹിബ്നുസവാർ, ഖീഖാൻ രാജ്യത്തോടു രണ്ടു തവണ യുദ്ധം നടത്തി. രണ്ടാമത്തെ യുദ്ധത്തിൽ ഖീഖാൻകാർ തുർക്കികളെ സഹായത്തിനു കൂട്ടി. അബ്ദുല്ല വധിക്കപ്പെട്ടു. അനന്തരം ഇസ്‌ലാമിലെ ഒരു വിശ്രുതസേനാനായകനായിരുന്ന മിഹ്‌ലബുബ്നുസുഫ്റഃ (റ) ആ രാജ്യത്തോടു യുദ്ധംചെയ്തു. അദ്ദേഹം വിജയം പ്രാപിക്കുകയും ബാബുൽനഗരത്തിനും മുൾത്താനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന 'ബന്നഃ' എന്ന പ്രദേശംവരെ കൈവശപ്പെടുത്തുകയും ചെയ്തു. ഒരിക്കൽ മിഹ്‌ലബ് ഏകനായി വഴിയിൽ നിന്നിരുന്നതു കണ്ട 18 തുർക്കിപ്പടയാളികൾ ഒന്നായി അദ്ദേഹത്തെ വളയുകയും അവരെ മുഴുവനും അദ്ദേഹം കൊന്നുകളയുകയും ചെയ്ത വസ്തുത പ്രത്യേകം സ്മരണീയമാണ്. തുർക്കിപ്പടയാളികളുടെ ഇടയിൽ കുതിരകളുടെ വാലിൽനിന്നും രോമം മുറിച്ചുകളയുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഈ സമ്പ്രദായം നല്ലതാണെന്നു കണ്ട മിഹ്‌ലബ് തന്റെ സൈന്യത്തിലും അതു നടപ്പാക്കി.

അമീർമുആവിയായുടെ ഭരണകാലത്തു റോമക്കാരുടെ നേരെയായിരുന്ന മുസ്‌ലിംകൾ അധികം ദൃഷ്ടി പതിച്ചിരുന്നതു്. റോമക്കാർ അന്നും ശക്തരായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു കോൺസ്റ്റാണ്ടൈൻ, ബൃഗാനാത്തസ് എന്നീ രണ്ടു ചക്രവർത്തിമാർ റോമാസാമ്രാജ്യത്തിന്റെ ആധിപത്യം വഹിക്കുകയുണ്ടായി. ആദ്യത്തെ ആൾ ഹിർഖൽ ചക്രവർത്തിയുടെ പുത്രനായിരുന്നു. അയാൾ ക്രിസ്താബ്ദം 641 മുതൽ 668 വരെ രാജ്യം ഭരിച്ചു. 668-ൽ സിംഹാസനാരോഹണം ചെയ്ത 687 വരെ രാജ്യം ഭരിച്ചതു ബൃഗാനാത്തസായിരുന്നു. ഈ രണ്ടു ചക്രവർത്തിമാരും മുസ്‌ലിം രാജ്യങ്ങളെ ആക്രമിച്ചുകൊണ്ടിരുന്നു. ഇവരുമായി യുദ്ധം ചെയ്യാൻ വേണ്ടിയായിരുന്നു അമീർമുആവിയ കര സൈന്യത്തെയും നാവിക സൈന്യത്തെയും ഒരുക്കി സൈനികശക്തി വർദ്ധിപ്പിച്ചതു്. അദ്ദേഹത്തിന്റെ കാലത്തു ശത്രുക്കളോടു നേരിടത്തക്കവണ്ണം 1700-ൽപരം യുദ്ധക്കപ്പലുകൾ സദാ തയ്യാറാക്കി നിർത്തിയിരുന്നു. നാവിക സൈന്യത്തിന്റെ നായകൻ ജനാദത്തുബ്നു അബീഉമയ്യത്ത് എന്ന മഹാനായിരുന്നു. ഇദ്ദേഹം പല പ്രാവശ്യം കടലിൽവെച്ചു പോരാടി റോമക്കാരെ തോല്പിക്കുകയും സൈപ്രസ്, റോഡസ് മുതലായ വിശാലമായ രാജ്യങ്ങൾ കൈവശപ്പെടുത്തുകയുമുണ്ടായി. നാവികഭടന്മാർക്കു മറ്റുള്ളവരെക്കാൾ ശമ്പളം നിശ്ചയിച്ചിരുന്നതുകൊണ്ടു മുസ്‌ലിംകൾ നാവികസേനയിൽ സന്തോഷസമേതം ചേർന്നിരുന്നു. കരസേനയിൽ ശാത്തിയാ, സായിഫാ എന്നീ രണ്ടു വിഭാഗമുണ്ടായിരുന്നു. ശൈത്യകാലത്തു യുദ്ധത്തിനു പോകുന്ന സൈന്യത്തിനു ശാത്തിയാ എന്നും ഉഷ്ണകാലത്തു പോകുന്ന സൈന്യത്തി

ന്ന സായിഫാ എന്നും പേർ. മുആവിയായുടെ കാലത്തു സമുദ്രത്തിലും കരയിലും തുടച്ചയായി യുദ്ധമുണ്ടായിക്കൊണ്ടിരുന്നു.

ഹിജ്‌റഃ 47-ൽ മുആവിയാ റോമക്കാരുടെ തലസ്ഥാനമായിരുന്ന കോൺസ്റ്റാണ്ടനോപ്പിളിനെ ആക്രമിക്കുവാൻ ഒരുങ്ങി. അതിന്നായി ഒരു വമ്പിച്ച സൈന്യം ശേഖരിച്ചു സുഫ്‌യാനുബ്‌നുഔഫിനെ സേനാനായകനായി നിയമിച്ചു. ഒരു ഉപസേനയുടെ അധിപനായി തന്റെ പുത്രൻ യസീദിനെയും അദ്ദേഹം അയയ്ക്കുകയുണ്ടായി. തന്റെ സമുദായത്തിൽ നിന്നു ഖൈസറിന്റെ നഗരത്തെ ആക്രമിക്കുന്ന പ്രഥമ ഭടന്മാരുടെ പാപങ്ങളെ അല്ലാഹു പൊറുക്കുന്നതാണ് എന്നു റസൂൽ തിരുമേനി (സ) അരുളിയിട്ടുണ്ടായിരുന്നു. തിരുമേനിയുടെ ഈ വചനത്തെ ഇമാം ബുഖാരീ 'സഹീഹി'ൽ ഉദ്ധരിച്ചിരിക്കുന്നു. നബി (സ) ഇങ്ങിനെ പ്രസ്താവിച്ചതുകൊണ്ടു മദീനയിൽനിന്നു അബ്ദുല്ലാഹിബ്‌നുഉമർ (റ), അബ്ദുല്ലാഹിബ്‌നുസുബൈർ (റ), അബ്ദുല്ലാഹിബ്‌നുഅബ്ബാസ് (റ), അബൂഅയ്യൂബ്അൻസാരി (റ) തുടങ്ങി ധാരാളം സഹാബികളും ഈ സൈന്യത്തിൽ ചേർന്നു. ഇമാം ഹസൈനും (റ) ചേർന്നിരുന്നതായി ചില ചരിത്രകാരന്മാർ പറയുന്നുണ്ട്.

പ്രസ്തുത സൈന്യം കരവഴിക്കും കടൽവഴിക്കും യാത്രചെയ്ത് കോൺസ്റ്റാണ്ടനോപ്പിളിനെ വളഞ്ഞു. ഇരു വിഭാഗക്കാരുടെയും ഇടയിൽ പല പ്രാവശ്യം കഠിനമായ സമരം നടന്നു. ഈ യുദ്ധത്തിൽ തന്നെ ശഹീദാവണമെന്ന പ്രത്യാശയോടുകൂടി അബ്ദുൽഅസീസുബ്‌നുസുറാറത്ത് എന്ന യുവമുസ്‌ലിം ഭടൻ സൈന്യത്തിന്റെ മുന്നണിയിൽ കടന്നു പോരാടിക്കൊണ്ടിരുന്നു. എന്നിട്ടും തന്റെ ആഗ്രഹം സാധിക്കാഞ്ഞതിനാൽ അദ്ദേഹം ശത്രുസൈന്യത്തിന്റെ ഇടയിൽ പ്രവേശിച്ചു ധൈര്യസമേതം പോരാടി ശഹീദായി. ഈ വാർത്ത അറിഞ്ഞ അവസരത്തിൽ അമീർ മുആവിയക്കു വളരെ വ്യസനമുണ്ടായി. 'അറബികളുടെ ധീര പുരുഷൻ നഷ്ടപ്പെട്ടു'വെന്നു അദ്ദേഹം അബ്ദുൽ അസീസിന്റെ പിതാവായ സുറാറത്തിനോടു പറഞ്ഞു. 'ഏതു ധീര പുരുഷൻ? എന്റെ മകനോ, അതല്ല, താങ്കളുടെ പുത്രനോ?' എന്നു സുറാറത്ത് ചോദിച്ചു. 'നിങ്ങളുടെ മകൻ തന്നെ. അദ്ദേഹം ചെയ്ത ഉചിത കൃത്യത്തിന്നു അല്ലാഹു നിങ്ങൾക്കു പ്രതിഫലം തരട്ടെ!' എന്നു മുആവിയ മറുപടി പറഞ്ഞപ്പോൾ സുറാറത്ത് തനിക്കുണ്ടായ വ്യസനത്തെ അടക്കുകയും മകനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

കോൺസ്റ്റാണ്ടനോപ്പിൾ ഒരു ശക്തിമത്തായ പട്ടണമായിരുന്നതോടുകൂടി പ്രകൃത്യാ സുരക്ഷിതവുമായിരുന്നതിനാൽ അതിനെ കീഴടക്കുവാൻ മുസ്‌ലിം സൈന്യത്തിനു സാധിച്ചില്ല. മുസ്‌ലിംകളുടെ അനവധി കപ്പലുകൾ റോമാക്കാർ അഗ്നിക്കിരയാക്കി. അവിടത്തെ അതിശൈത്യവും മുസ്‌ലിംകൾക്കു അസഹനീയമായി. ഇങ്ങിനെ വിവിധ പ്രതിബന്ധങ്ങൾ നേരിട്ടതിനാൽ കനത്ത നഷ്ടങ്ങളോടുകൂടി മുസ്‌ലിം സൈന്യം മടങ്ങിപ്പോരേണ്ടിവന്നു. അവർ പട്ടണത്തെ വളഞ്ഞുനിന്നിരുന്നതിനിടയിൽ ഹസ്രത്ത് അബൂഅയ്യൂബ്അൻസാരീ (റ) കാലഗതിയടഞ്ഞു. റസൂൽതിരുമേനി (സ) സ്വദേശം വെടിഞ്ഞു മദീനയിൽചെന്ന കാലത്തു അദ്ദേഹത്തിന്റെ സല്ക്കാരത്തെയായിരുന്നു ആദ്യമായി സ്വീകരിച്ചിരുന്നതു്. മുസ്‌ലിംകൾ അദ്ദേഹത്തിന്റെ ജനാസ പട്ടണത്തിന്നു പുറത്തും പട്ടണമതിലിനോടടുത്തുമുള്ള ഒരു സ്ഥലത്തു ഖബ്‌റടക്കം ചെയ്തു. പിന്നീടു് ഉസ്മാനിയാ വംശജന്മാരായ തുർക്കികൾ ഈ പട്ടണം കൈവശമാക്കിയ കാലത്തു അദ്ദേഹത്തി

ന്റെ ഖബ്‌റിന്നരികെ ഒരു മനോഹരമായ പള്ളി നിർമ്മിക്കുകയും അത്‌ ജാമിഅ്‌ അബ്ബീഅയ്യൂബ്‌ എന്ന നാമധേയത്തിൽ സുപ്രസിദ്ധമായിത്തീരുകയുമുണ്ടായി. ഉസ്‌മാനീയാ ഖലീഫമാരുടെ കിരീടധാരണകർമ്മം നടത്തപ്പെട്ടിരുന്നത്‌ ഈ പള്ളിയിൽ വെച്ചായിരുന്നു.

ആഫ്രിക്കയിൽ 'ബർഖഃ' വരെയുള്ള രാജ്യങ്ങളും ഹസ്രത്ത്‌ അംറുബ്‌നുആസ്സി അവിടെ ഭരണകർത്താവായിരുന്ന കാലത്തു തന്നെ മുസ്‌ലിംകൾക്കു കീഴടങ്ങിയിരുന്നു. അമീർ മുആവിയ, അഖബത്തുബ്‌നുനാഫിഅ്‌ എന്ന ആളെ അവിടെ സൈന്യാധിപനായി നിശ്ചയിക്കുകയും അദ്ദേഹത്തെ സഹായിപ്പാനായി പതിനായിരം പട്ടാളക്കാരെ അയക്കുകയും ചെയ്തു. അഖബത്ത്‌ ബർബരീ വർഗ്ഗക്കാരുമായി യുദ്ധം ചെയ്ത അവരെ കീഴടക്കി. മുസ്‌ലിം സേനാനായകന്മാർ പട്ടാളവുമായി ചെല്ലുമ്പോൾ ഇസ്‌ലാംമതം സ്വീകരിക്കുകയും പിന്നീട്‌ തക്കം കിട്ടുമ്പോൾ ഇസ്‌ലാംമതം പരിത്യജിച്ച കലഹത്തിന്നൊരുങ്ങുകയുമായിരുന്ന അവരുടെ പതിവ്‌ അതുകൊണ്ട്‌ അവിടെ ഒരു സൈനികത്താവളം ഏർപ്പെടുത്തുവാൻ അദ്ദേഹം തീർച്ചയാക്കി. ഇതിന്നായി അദ്ദേഹം ഖൈറവാൻ രാജ്യത്തു ജനവാസം ചെയ്യിച്ചു. അതിനെ ഒരു പട്ടണമാക്കി തീർപ്പാനുള്ള പ്രവൃത്തികൾ ആരംഭിച്ചു. ഹിജ്‌റഃ 55 ൽ ആയിരുന്നു ഈ പ്രവൃത്തി പൂർത്തിയായത്‌ ഇതിന്നിടയിൽ തന്നെ അദ്ദേഹം നാനാ ഭാഗങ്ങളിലേക്കും പട്ടാളക്കാരെ അയച്ചുകൊണ്ടിരുന്നു. മിക്ക ബർബരീ ഗോത്രങ്ങളും ഇസ്‌ലാംമതം കൈക്കൊണ്ടു. മുസ്‌ലിം ഭടന്മാർ ഖൈറവാനിൽ താമസമുറപ്പിച്ചതുകൊണ്ടു നവമുസ്‌ലിംകൾ സ്ഥിരചിത്തന്മാരും നിർഭയന്മാരുമായി ഇസ്‌ലാംമതത്തിൽ ഉറച്ചുനിന്നു

അമീർ മുആവിയായുടെ കീഴിൽ അക്കാലത്തു ഈജിപ്‌തും ആഫ്രിക്കയും ഭരിച്ചിരുന്നതു മസ്‌ലമത്തുബ്‌നുഖല്ലദ്‌ എന്ന ആളായിരുന്നു. അദ്ദേഹം അബിസീനിയക്കാരനായ മേൽപ്രസ്താവിച്ച അഖബത്തിനെ നീക്കം ചെയ്തു പകരം തന്റെ ഒരു അടിമയായിരുന്ന അബുൽമുഹാജിറിനെ നിയമിച്ചു. അബുൽമുഹാജിർ അവിവേകികളായ ചില മനുഷ്യരുടെ പതിവനുസരിച്ചു തന്റെ മുൻഗാമിയെ ആക്ഷേപിക്കുവാൻ തുടങ്ങി. അദ്ദേഹം അഖബത്തിന്റെ സർവ്വ പ്രവൃത്തികളിൽ നിന്നും ദോഷഭാഗങ്ങൾ മാത്രം ഉദ്ധരിച്ചു അദ്ദേഹത്തെ അധിക്ഷേപിച്ചു. ഒടുവിൽ അഖബത്ത്‌ സിറിയായിൽ വന്നു അബുൽമുഹാജിറിന്റെ അഴിമതികളെ കുറിച്ചു അമീർ മുആവിയയോടു സങ്കടം പറഞ്ഞു. മുആവിയ അദ്ദേഹത്തോടു കുറെ ദിവസത്തേക്കു ക്ഷമിച്ചിരിക്കേണമെന്നു ഉപദേശിക്കുകയും അദ്ദേഹത്തെ ആ ഉദ്യോഗത്തിൽ തന്നെ നിയമിക്കാമെന്നു വാഗ്ദാനംചെയ്യുകയും ചെയ്തു.

യസീദിനു ഭരണരംഗത്തു് പിൻതുടച്ചു ലഭിക്കുന്നു

കൂഫാഗവർണ്ണരായിരുന്ന മുഗീറത്തുബ്‌നുശുഅ്‌ബഃ ഒരിക്കൽ ഡമാസ്കസിൽ ചെന്നപ്പോൾ യസീദുമായു് സംഭാഷണം നടത്തി. അവർ തമ്മിൽ നടന്ന സംഭാഷണത്തിന്റെ ചില പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:—

മുഗീറ:നബി(സ) യുടെ പ്രധാന സഖാക്കളും ഖുറൈശീനായകന്മാരുമെല്ലാം മരിച്ചു. ഇനി അവരുടെ മക്കളാണു് ഉള്ളതു്. പദവി, അറിവു്, ഭരണസാമർത്ഥ്യം ആദിയായ കാര്യങ്ങളിലൊന്നുകൊണ്ടും താങ്കൾ അവരേക്കാൾ താഴെയല്ല എന്നിരിക്കെ താങ്കളെ രാജ്യാവകാശിയാക്കുന്നതിനു അമീറുൽ മുഅ്‌മിനീനു (മുആവിയ) എന്താണു് തടസ്സമെന്നു എനിക്കു് മനസ്സിലാകുന്നില്ല.

മുഗീറ:— ഈ ശ്രമം വിജയിക്കുമെന്നു നിങ്ങൾക്കു പ്രതീക്ഷയുണ്ടോ?

യസീദ്:— തീച്ചയായും വിജയിക്കും

യസീദ് ഈ സംഭാഷണ വിവരം അമീർ മുആവിയയെ അറിയിച്ചതിനാൽ അദ്ദേഹം മുഗീറയെ വരുത്തി ആലോചന നടത്തി.

മുഗീറ:— ഹസ്രത്ത് ഉസ്മാൻ (റ) യുടെ വധത്തോടുകൂടി ഉണ്ടായിട്ടുള്ള കക്ഷിമത്സരങ്ങളും രക്തപ്രവാഹങ്ങളുമെല്ലാം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുള്ളതുകൊണ്ടു നമ്മുടെ സമുദായത്തെ ഛിദ്രത്തിൽനിന്നും കലഹത്തിൽനിന്നും രക്ഷിക്കുവാനായി താങ്കൾ യസീദിനെ രാജ്യാവകാശിയായി തിരഞ്ഞെടുപ്പിക്കുന്നതു ഉത്തമമാണെന്നാണ് എന്റെ ബലമായ അഭിപ്രായം. അല്ലാത്തപക്ഷം താങ്കൾക്കു ശേഷവും മുമ്പെന്നപോലെ തന്നെ കുഴപ്പങ്ങൾ തലപൊക്കുന്നതാണ്.

മുആവിയ:— ജനങ്ങൾ യസീദിനെ സ്ഥാനാവകാശിയായി തിരഞ്ഞെടുക്കുമെന്നുള്ളതിനു് എന്താണു് തെളിവു്?

മുഗീറ:— കൂഫക്കാരുടെ കാര്യം ഞാൻ സ്വയം ഏറ്റുകൊള്ളാം. ബസറക്കാരെ സിയാദും തുപ്പിപ്പെടുത്തിക്കൊള്ളുന്നതാണ് ഇങ്ങിനെ ഇറാഖുകാർ മുഴുവനും തിരഞ്ഞെടുത്താൽ പിന്നെ വിരോധം പ്രദർശിപ്പിക്കുവാൻ ആർക്കു കഴിയും?

അവസാനം അമീർ മുആവിയ, കൂഫയിൽ പോയി നേതാക്കളുമായി ആലോചിച്ചു തനിക്കു വിവരം നൽകുവാൻ മുഗീറയോടുപറഞ്ഞു. മുഗീറ: കൂഫയിൽ ചെന്ന ഉടനെ അവിടത്തെ തലവന്മാരെ വിളിച്ചുവരുത്തി വിവരങ്ങൾ അവരെ ധരിപ്പിച്ചു. യസീദിനെ തിരഞ്ഞെടുത്തു കൊള്ളാമെന്നു അവർ സമ്മതിച്ചു. പിന്നീടു മുഗീറ തന്റെ മകൻ മൂസ്സയോടുകൂടി, കൂഫ പ്രതിനിധികളിൽ നിന്നും ഒരു നിവേദക സംഘത്തെ തിരഞ്ഞെടുത്തു ഡമാസ്കസിലേക്കു അയച്ചു. യസീദിനെ തിരഞ്ഞെടുപ്പിക്കുന്നതു തങ്ങൾക്കു സമ്മതമാണെന്നു നിവേദകസംഘം ഔദ്യോഗികമായി അറിയിച്ചു. ഈ അഭിപ്രായത്തിൽനിന്നും ഒരിക്കലും വ്യതിചലിക്കരുതെന്നും അവസരോചിതം തങ്ങൾ ചെന്നു ബൈഅത്ത് വാങ്ങിക്കൊള്ളുന്നതാണെന്നും പറഞ്ഞു, നിവേദകസംഘത്തെ മുആവിയ സന്തോഷപൂർവ്വം മടക്കി അയച്ചു. ഈ നിവേദകസംഘത്തിന്റെ ആഗമനത്താൽ അമീർ മുആവിയായുടെ അഭിലാഷം ദൃഢീഭവിച്ചു. ബസറാപ്രധാനികളുമായി ആലോചന നടത്തേണ്ടതിനു അവിടെ ഗവർണ്ണറായിരുന്ന സിയാദിനും അദ്ദേഹം നിർദ്ദേശം നൽകി സിയാദ് ബസറയിലെ പ്രധാന നേതാക്കന്മാരിലൊരാളായിരുന്നു ഉബൈദുല്ലാഹിബ്നു അബീബക്കറ നമീരിയെ ആളയച്ചുവരുത്തി മുആവിയയുടെ കത്തു കാണിച്ചുകൊണ്ടു അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു. 'ഈ ശ്രമത്തെ തൽക്കാലം നിർത്തിവെക്കേണ്ടതാണെന്നുള്ള മറുപടി എഴുതേണമെന്നാണ് എന്റെ അഭിപ്രായം. യസീദ് കൃത്യബോധമില്ലാത്ത ഒരു യുവാവും രാവും പകലും നായാട്ടിൽ കഴിച്ചുകൂട്ടുന്നവനുമാണെന്നു എല്ലാവർക്കും അറിയാം. അതുകൊണ്ടു യസീദിനെ ബൈഅത്ത് ചെയ്യുന്നതിനു (തിരഞ്ഞെടുക്കുന്നതിനു) ജനങ്ങൾ വിസമ്മതം പ്രകടിപ്പിക്കുമെന്നുള്ള എനിക്കു ഭയമുണ്ട്' ഇതിനു ഉബൈദ് പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു 'അമീറിന്റെ ആലോചന ശരിയാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ തന്നെ നേരിട്ടു ഡമാസ്കസിൽ പോയി യസീദുമായി കാണാം. അദ്ദേഹത്തിനു സ്ഥാനാവകാശിയായി തീരുവാൻ മാഗ്രഹമെന്നും അദ്ദേഹം നായാട്ടിൽ സമയം നഷ്ടപ്പെടുത്തുന്നതിനെ കുറിച്ചു ജനങ്ങൾക്കു പരാതിയുണ്ടെന്നും പറഞ്ഞു താമസമെന്യേ നല്ല ജീവിതം കൈ

ക്കൊള്ളുവാൻ ഉപദേശിക്കുകയും ചെയ്യാം. ഇങ്ങിനെ ചെയ്യുന്നതായാൽ യസീദിന്റെ നടപടികളും നന്നായി തീരുന്നതും അമീറിന്റെ അഭിലാഷം നിഷ്പ്രയാസം നിറവേറുന്നതുമാണ്.' ഇതു കേട്ട സിയാദ് സന്തോഷിക്കുകയും ഉടനെ തന്നെ അദ്ദേഹത്തെ ഡമാസ്കസിലേക്കു യാത്ര അയക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു യസീദ് സദ്വൃത്തനായി ജീവിച്ചതിനാൽ പിന്നീടു ജനങ്ങളും അദ്ദേഹത്തെ ദൂഷിക്കുവാനിടവന്നില്ല.

അമീർ മുആവിയയുടെ കത്തുകൾ

യസീദിനു രാജ്യാവകാശം നൽകുന്നതിനെ കുറിച്ചു അമീർ മുആവിയ, മദീനാ ഗവർണ്ണരായിരുന്ന മർവാനുബ്നുഹക്കമിനു ഇപ്രകാരം ഒരു കത്തയച്ചു: 'എനിക്കു വാർദ്ധക്യം വർദ്ധിക്കുകയും എന്റെ ശരീരത്തിനു് ബലം കുറയുകയും ചെയ്തു. എന്റെ മരണശേഷം നമ്മുടെ സമുദായത്തിൽ കലഹമുണ്ടായേക്കുമെന്നു എനിക്കു അതിയായ ഭീതിയുണ്ടു്. അതുകൊണ്ടു് എന്റെ ജീവിതകാലത്തുതന്നെ എനിക്കു ശേഷം ഖലീഫയാകേണ്ട ആളെ തിരഞ്ഞെടുക്കണമെന്നു് വിചാരിക്കുന്നു. മദീനക്കാരുമായി മുൻകൂട്ടി ആലോചിക്കാതെ അങ്ങിനെ ചെയ്യുന്നതു യുക്തമാണെന്നു തോന്നുന്നില്ല. അതുകൊണ്ടു ഈ വിഷയത്തെ കുറിച്ചു അവിടത്തെ മാന്യന്മാരുമായി ആലോചിച്ചു അവരുടെ പ്രതികരണം എന്താണെന്നു എന്നെ അറിയിക്കണം.'

ഈ കത്തിന്റെ അടിസ്ഥാനത്തിൽ മർവാൻ മദീനയിലെ നേതാക്കന്മാരെ വിളിച്ചു വരുത്തുകയും കത്തു വായിച്ചു അവരെ കേൾപ്പിക്കുകയും ചെയ്തു. അവരെല്ലാവരും അമീറിന്റെ ആലോചന ശരിയാണെന്നു ഏകകണ്ഠമായി അഭിപ്രായപ്പെടുകയും സമുദായ താല്പര്യത്തെ മുൻനിറുത്തി വേണ്ടപോലെ ആലോചന നടത്തിയ ശേഷം ഇഷ്ടമുള്ള ആളെ അദ്ദേഹം രാജ്യാവകാശിയാക്കിക്കൊള്ളട്ടെ എന്നു നിശ്ചയിക്കുകയും ചെയ്തു. മർവാന്റെ മറുപടി കിട്ടിയതിനു ശേഷം അമീർ മുആവിയ മറ്റൊരു കത്തുകൂടി മദീനയിലേക്കു അയച്ചു. സമുദായ ക്ഷേമത്തെ മുൻനിറുത്തി നല്ലപോലെ ആലോചിച്ചതിൽ പിന്നെ യസീദിനെ താൻ രാജ്യാവകാശിയായി തിരഞ്ഞെടുത്തിരിക്കുന്നുവെന്നായിരുന്നു ആ കത്തിൽ പ്രസ്താവിച്ചിരുന്നതു്. മർവാൻ അമീർ മുആവിയായുടെ ഈ കത്തും മദീനക്കാരെ വായിച്ചു കേൾപ്പിച്ചു. തദവസരത്തിൽ അബ്ദുർറഹ്മാനുബ്നു അബൂബക്കർ ഇങ്ങിനെ പറഞ്ഞു. 'നിങ്ങൾ സമുദായഗുണത്തെ യഥാർത്ഥത്തിൽ കാംക്ഷിക്കുന്നവരല്ല. ഇസ്‌ലാമിലെ ഖിലാഫത്തിനെ റോമാചക്രവർത്തിമാരുടെ രാജപദവി പോലെയാക്കുവാൻ നിങ്ങൾ വിചാരിക്കുന്നുവോ? ഒരു കൈസർ മരിക്കുമ്പോൾ അയാളുടെ മകൻതന്നെ കൈസറാകുന്ന പതിവ് അവരുടേതാണ്.' ഇമാംഹുസൈൻ (റ), അബ്ദുല്ലാഹിബ്നുഉമർ (റ), അബ്ദുല്ലാഹിബ്നുസുബൈർ (റ) ഇവരും യസീദിനെ രാജ്യാവകാശിയായി തിരഞ്ഞെടുക്കുന്നതിനെ പ്രതിഷേധിക്കുകയാണു് ചെയ്തതു്.

യസീദിന്റെ ഗുണങ്ങളെ ജനങ്ങൾക്കു വിവരിച്ചു കൊടുക്കേണമെന്നും, ഈ കാര്യത്തെ കുറിച്ചു തനിക്കു നേരിട്ടു സംസാരിക്കുവാൻ കഴിയത്തക്ക വണ്ണം അതതു ദിക്കുകളിലെ നേതാക്കന്മാരടങ്ങിയ നിവേദക സംഘങ്ങളെ തന്റെ അടുക്കലേക്കു അയക്കേണമെന്നും അമീർ മുആവിയ കീഴിലുണ്ടായിരുന്ന ഭരണാധിപന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു

ഇങ്ങിനെ അമീർ മുആവിയയുടെ അടുക്കൽ ചെന്ന നിവേദകസംഘങ്ങളിൽ മദീനയിൽനിന്നു 'മുഹമ്മദുബ്നുഅംറുബ്നുഹസ്'

മും, ബസറയിൽനിന്നു 'അഹ്നഹുബ്നു ഖൈസും' ഉൾപ്പെട്ടിരുന്നു. 'താങ്കൾ യസീദിനെ തിരഞ്ഞെടുക്കുകയാണെങ്കിൽ ഈ വിഷയകമായി അല്ലാഹു മുമ്പാകെ താങ്കൾ സമാധാനം പറയേണ്ടി വരുമെന്നുകൂടി ആലോചിക്കേണ്ടതാണ്" എന്നു മുഹമ്മദുബ്നു അംറ് അദ്ദേഹത്തോടു പറഞ്ഞു. ഇതു കേട്ടപ്പോൾ അമീർ മുആവിയ മൌനം ദീക്ഷിക്കുകയാണ് ഉണ്ടായതു് പിന്നീടു അദ്ദേഹം ഒരു ദർബ്ബാർ വിളിച്ചുകൂട്ടി മേൽപ്രസ്താവിച്ച നിവേദകസംഘാംഗങ്ങളെയും സമുദായ നേതാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും എന്നു വേണ്ട, വിവിധതരക്കാരായ ആളുകളേയും ആ ദർബ്ബാറിലേക്ക് ക്ഷണിച്ചിരുന്നു ഈ സദസ്സിൽ നിന്നുകൊണ്ടു അദ്ദേഹം ഒരു പ്രസംഗം ചെയ്തു. ആദ്യമായി ഇസ്‌ലാംമതത്തിന്റെ മാഹാത്മ്യം, ഖിലാഫത്തധികാരത്തിന്റെ പരിശുദ്ധി ഖലീഫമാരുടെ അവകാശങ്ങൾ, ഖിലാഫത്തിനെ അനുസരിക്കേണ്ട ആവശ്യകത, ആ വിഷയത്തിൽ സമുദായത്തിനുള്ള കടമകൾ എന്നിവയെ സവിസ്തരം പ്രതിപാദിച്ചു. അനന്തരം യസീദിന്റെ ധൈര്യം, ഔദാര്യം, ബുദ്ധി, ഭരണകാര്യവ്യൽപത്തി മുതലായ ഗുണങ്ങൾ വിവരിച്ചു. അവസാനം അവിടെ കൂടിയിരുന്ന ആളുകളോടു യസീദിനെ രാജ്യാവകാശിയായി ബൈഅത്തു് ചെയ്യാൻ അപേക്ഷിച്ചു അദ്ദേഹത്തിന്റെ പ്രസംഗം അവസാനിച്ചതിൽപിന്നെ ളഹാക്കുബ്നുഖൈസ്ഫിഹ്രി എഴുന്നേറ്റു ഇപ്രകാരം പ്രസ്താവിച്ചു.

ഞാൻ, അമീറുൽ മുഅ്മിനീൻ, താങ്കൾക്കു ശേഷം ഖലീഫയാകേണ്ട ആളെ ഇപ്പോൾ തന്നെ നിജപ്പെടുത്തുന്നതു വളരെ ആവശ്യമായിട്ടുള്ളതാണു്. പരസ്പരസ്നേഹത്തേയും ഐക്യമത്യത്തേയും അപേക്ഷിച്ചു രക്തപ്രവാഹത്തെ തടയുന്ന യാതൊരു മാർഗ്ഗവുമില്ലെന്നു നാം നല്ലവണ്ണം പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. ജനങ്ങളുടെ ക്ഷേമവും നാട്ടിന്റെ സമാധാനവും പൊതുവായ അഭിവൃദ്ധിയുമെല്ലാം സമുദായത്തിന്റെ ഏക കേന്ദ്രത്തെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നതു്. ആ കേന്ദ്രമാണ് ഖലീഫ. അമീറൽ മുഅ്മിനീന്റെ പുത്രനായ യസീദ്, സദാചാരം, ബുദ്ധി, വിജ്ഞാനം, ക്ഷമ ആദിയായ സ്തുത്യർഹ ഗുണങ്ങളും സവിശേഷം സമ്മേളിച്ചിട്ടുള്ള ഒരു മഹാനാകുന്നു. അദ്ദേഹത്തിന്റെ വിവേകതയിലും ഭരണപാടവത്തിലും സകല ജനങ്ങൾക്കും ഉത്തമവിശ്വാസമുണ്ട്. ഏതു കാര്യത്തിലും അദ്ദേഹത്തിന്റെ അഭിപ്രായം ശരിയായിരിക്കുന്നതാണ്. ഏതു വിധത്തിൽ നോക്കുന്നതായാലും, ഖിലാഫത്തധികാരത്തിനു അദ്ദേഹത്തിനു അർഹതയുണ്ടു് അതുകൊണ്ടു താങ്കൾ അദ്ദേഹത്തെതന്നെ സ്ഥാനാവകാശിയായി നിയമിക്കേണമെന്നാകുന്നു ഞങ്ങളുടെ അഭിലാഷം. അദ്ദേഹത്തെ ഈ സ്ഥാനത്തു് നിയമിക്കുന്നതായാൽ അദ്ദേഹം താങ്കൾക്കു ശേഷം ഞങ്ങളുടെ അഭയസ്ഥാനമായിരിക്കുന്നതും ദരിദ്രത്തിൽ നിന്നും കലഹത്തിൽനിന്നും സമുദായത്തിനു മോചനം ലഭിക്കുന്നതുമാണ്.

ളഹാക്കിനു ശേഷം അദ്ദേഹത്തെ അനുഗമിച്ചു മറ്റു ചില നേതാക്കളും പ്രസംഗിക്കുകയുണ്ടായി. 'നിങ്ങൾ ഒന്നും പറയാതിരിക്കുന്നതു എന്തുകൊണ്ടാണു്" എന്നു അമീർ മുആവിയ അബ്ദുല്ലാഹിബ്നുഖൈസിനോടു ചോദിച്ചു. അബ്ദുല്ലാഹിന്റെ മറുപടി ഇങ്ങിനെയായിരുന്നു. 'അസത്യം പറയുന്നതിനു അല്ലാഹുവിനേയും സത്യം പറയുന്നതിനു താങ്കളേയും ഭയപ്പെടേണ്ടിയിരിക്കുന്നു. യസീദിനെ കുറിച്ചു ഞങ്ങളേക്കാൾ അറിവുള്ളതു താങ്കൾക്കുതന്നെവല്ലോ. അദ്ദേഹത്തെ ബൈഅത്തു് ചെയ്യിക്കുന്നതു അല്ലാഹുവിനും ജനങ്ങൾക്കും

തൃപ്തികരമായിരിക്കുമെന്ന താങ്കൾക്കഭിപ്രായമുണ്ടെങ്കിൽ അങ്ങിനെ ചെയ്തുകൊള്ളുക. ആലോചിക്കേണ്ട ആവശ്യമെന്ത്? അദ്ദേഹം ഖിലാഫത്തധികാരത്തിന്ന അഹ്തയുള്ളവനാണെങ്കിൽ, അദ്ദേഹത്തിന്റെ ഇഹലോകസുഖത്തിന്ന വേണ്ടി താങ്കളുടെ പരലോകസുഖത്തെ നഷ്ടപ്പെടുത്തുന്നതു് എന്തിനാണു്?'

അമീർ മുആവിയ സമ്മാനിച്ചും ബഹുമാനിച്ചും ജനങ്ങളെ സംതൃപ്തരാക്കിയിരുന്നതിനാൽ അദ്ദേഹത്തിന്റെ അഭിലാഷമനുസരിച്ചു എല്ലാവരും ബൈഅത്ത് ചെയ്തു. ഇതിന്ന ശേഷം അദ്ദേഹം ഇറാഖിൽ പോയി അവിടത്തുകാരോടും ബൈഅത്ത് വാങ്ങിയതിൽ പിന്നെ ആയിരം കുതിരപ്പടയാളികളോടുകൂടി ഹിജാസിലേക്കു പുറപ്പെട്ടു. ആദ്യമായി അദ്ദേഹം മദീനയിലാണ് പ്രവേശിച്ചതു്. ഈ ബൈഅത്തിനെ കുറിച്ചു വിപരീതാഭിപ്രായക്കാരായിരുന്ന അബ്ദുല്ലാഹിബ്‌ന ഉമർ (റ), അബ്ദുല്ലാഹിബ്‌നുസുബൈർ(റ), അബ്ദുല്ലാഹിബ്‌നുഅബ്ബാസ് (റ), ഇമാംഹുസൈൻ (റ) എന്നീ മഹാന്മാർ അദ്ദേഹത്തിന്റെ ആഗമനവാർത്ത അറിഞ്ഞ ഉടനെ മക്കയിലേക്കു പോയി. അമീർ മുആവിയ മദീനക്കാരോടും ഒരു പ്രസംഗം ചെയ്തു ആ പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ പ്രസ്താവിച്ചു. 'യസീദിനേക്കാൾ ഖിലാഫത്തിന്ന അഹനായി ആരുമില്ല അവന്റെ വിരോധികളായ ചിലരെ ഞാൻ കാണുന്നുണ്ടു് അവരെ കഠിനമായി ശിക്ഷിക്കുകയും വേരോടെ പിഴുതെറിഞ്ഞു കളയുകയും ചെയ്യുമ്പോഴല്ലാതെ വിരോധത്തിൽനിന്ന അവർ പിന്മാറുന്നതല്ല. എന്റെ ഈ മുന്നറിയിപ്പു് അവർ മനസ്സിലാക്കിയെങ്കിൽ നന്നായിരുന്നു.' അനന്തരം അദ്ദേഹം മക്കയിൽ ചെന്ന പ്രസ്തുത നാലു മഹാന്മാരേയും വിളിച്ചുവരുത്തി. അദ്ദേഹവുമായി സംസാരിക്കേണ്ട തിന്ന അവർ തങ്ങളിൽനിന്ന അബ്ദുല്ലാഹിബ്‌നുസുബൈർ (റ) വിനെ തിരഞ്ഞെടുത്തിരുന്നു.

അമീർ മുആവിയ:_ എന്റെ നടവടി ഏതു വിധത്തിലാണെന്നു നിങ്ങൾക്കു അറിയാമല്ലോ. ഞാൻ കുടുംബക്കാരോടു സ്നേഹപൂർവ്വം വർത്തിക്കുന്നവനും അവരുടെ മാനത്തെ രക്ഷിക്കുന്നവനുമാണു്. യസീദ് നിങ്ങളുടെ സഹോദരനാകുന്നു. നിങ്ങൾ ഖിലാഫത്തധികാരത്തിന്ന അയാളെ തിരഞ്ഞെടുക്കേണമെന്നും ഉദ്യോഗസ്ഥന്മാരെ സ്ഥലമാറ്റം ചെയ്യുക, വരവുചിലവുകൾ ക്രമപ്പെടുത്തുക തുടങ്ങി ഖിലാഫത്തു് സംബന്ധമായ മറ്റു അധികാരങ്ങളെല്ലാം നിങ്ങൾ തന്നെ വഹിച്ചുകൊള്ളേണമെന്നുമാണു് എന്റെ ആഗ്രഹം. ഈ അധികാരങ്ങളിലൊന്നിലും അവൻ കൈ കടത്തുന്നതല്ല.

അബ്ദുല്ലാഹിബ്‌നുസുബൈർ__ഞങ്ങൾ മൂന്നു മാർഗ്ഗങ്ങൾ താങ്കൾക്കു പറഞ്ഞുതരാം. അവയിൽ ഇഷ്ടമുള്ള ഒന്നിനെ താങ്കൾ സ്വീകരിച്ചാൽ മതി.

അമീർ__പറയുക

ഇബ്‌നുസുബൈർ__നബി തിരുമേനി (സ) യേയും തന്റെ സ്ഥാനാവകാശിയായി തിരഞ്ഞെടുത്തിരുന്നില്ല. അതു പ്രകാരം താങ്കളും തിരഞ്ഞെടുക്കാതിരിക്കുക. ആദ്യത്തെ മാർഗ്ഗം ഇതാകുന്നു.

അമീർ__നബി തിരുമേനി (സ) ക്കു ശേഷം, ജനങ്ങൾ ഐകകണ്ഠ്യേന ഖലീഫയായി തിരഞ്ഞെടുത്ത, അബൂബക്കർ (റ) വിനെപോലെയുള്ള ആളുകളുണ്ടായിരുന്നു. ജനങ്ങൾ ഐകകണ്ഠ്യേന സമ്മതിക്കുന്ന ആരും ഈ അവസരത്തിൽ നമ്മുടെ സമുദായത്തിൽ ഇല്ല. അതുകൊണ്ടു ഞാൻതന്നെ ഒരാളെ സ്ഥാനാവകാശിയായി തിരഞ്ഞെടുക്കാതിരിക്കുന്നതായാൽ

സമുദായത്തിൽ കഠിനമായ ഭിന്നിപ്പുണ്ടാകും.

ഇബ്‌നുസുബൈർ--എന്നാൽ ഹസ്രത്തു് അബൂബക്കർ (റ) അനുവർത്തിച്ച മാർഗ്ഗത്തെ അവലംബിക്കുക. തന്റെ ഗോത്രത്തിൽ പെട്ടവനും ബന്ധുവുമല്ലായിരുന്ന ആളെയായിരുന്ന അദ്ദേഹം തന്റെ പ്രതിനിധിയായി നിയമിച്ചതു്.

അമീർ--അങ്ങിനെ നിയമിക്കത്തക്കവണ്ണം ഹസ്രത്തു് ഉമർ (റ) വിനെപ്പോലെ ആരെയാണു് ലഭിക്കുക?

ഇബ്‌നുസുബൈർ—അതിനും താങ്കൾ ഒരുക്കമില്ലെങ്കിൽ ഹസ്രത്തു് ഉമർ(റ) വിന്റെ മാർഗ്ഗത്തെ പിൻപറ്റുക. തങ്ങളിൽനിന്നും ഒരാളെ ഖലീഫയായി തിരഞ്ഞെടുത്തു കൊള്ളുവാൻ ആറു പേർക്കു് അധികാരം നൽകുകയാണല്ലോ അദ്ദേഹം ചെയ്തതു് ആ ആറു പേരിൽ അദ്ദേഹത്തിന്റെ പുത്രനോ, സഹോദരനോ, വംശജനോ ആയി ആരും തന്നെ ഉണ്ടായിരുന്നില്ല.

അമീർ—ഈ മാർഗ്ഗങ്ങളല്ലാതെ വേറെ വല്ല മാർഗ്ഗത്തെയും അനുഷ്ഠിക്കുവാൻ സാധിക്കുകയില്ലേ?

ഇബ്‌നുസുബൈർ—ഇല്ല.

ഈ കേട്ട അമീർ മുആവിയ എഴുന്നേറ്റു പറഞ്ഞു: 'എനിക്കു നിങ്ങളോടു പറവാനുണ്ടായിരുന്നതു ഞാൻ പറഞ്ഞുകഴിഞ്ഞു. നിങ്ങൾ സമ്മതിച്ചാലും, ഇല്ലെങ്കിലും, സംഭവിക്കാനുള്ളതു സംഭവിക്കുക തന്നെ ചെയ്യും.' അദ്ദേഹം മക്കക്കാരോടു യസീദിനെ ബൈഅത്തു് ചെയ്യിച്ചു. അനന്തരം മദീനയിൽ മടങ്ങിവന്ന അവിടത്തുകാരോടും ബൈഅത്തു് വാങ്ങി മക്കയിൽനിന്നു മടങ്ങിയ അവസരത്തിൽ അബ്ദുല്ലാഹിബ്‌നുഉമർ (റ) അദ്ദേഹത്തോടു പ്രസ്താവിച്ചു.

'താങ്കൾക്കശേഷം ജനങ്ങൾ ഐകകണ്ഠ്യേന ഖലീഫയായി തിരഞ്ഞെടുക്കുന്ന ആളെ ഞാനും ഖലീഫയായി തിരഞ്ഞെടുക്കുന്നതാണെന്നു കരാർ ചെയ്യാൻ ഞാൻ ഒരുക്കമുണ്ടു്. ജനങ്ങൾ ഖലീഫയാക്കുന്ന ആൾ ഒരു ഹബ്‌ശീഅടിമ ആയാൽപോലും ഞാൻ വിരോധം പ്രദർശിപ്പിക്കുകയോ, ഭരണപക്ഷക്കാരുമായി ഭിന്നിക്കുകയോ ചെയ്യുന്നതല്ലെന്നു ഞാൻ സത്യമായി പറഞ്ഞുകൊള്ളുന്നു.'

ഖിലാഫത്തിലെ രാജകീയ ഛായ

അമീർ മുആവിയയുടെ ഭരണത്തെ കുറിച്ചു ഒരു പഠനം നടത്തുന്നതായാൽ, അദ്ദേഹത്തിന്റെ ഭരണകാലത്തു ഖിലാഫത്തധികാരത്തിൽ രാജകീയതയുടെ ഛായ നിഴലിച്ചു കാണ്മാൻ തുടങ്ങിയിരുന്നുവെന്നു നിസ്സംശയം പറയാം. ഖുലഫാഉർറാശിദീങ്ങളുടെ ഭരണകാലത്തു ഖലീഫമാർക്കുണ്ടായിരുന്ന അതേ സ്വാതന്ത്ര്യം തന്നെ പൊതുജനങ്ങളിൽ ഓരോരുത്തനുമുണ്ടായിരുന്നു. അക്കാലത്തു ജനങ്ങൾ തമ്മിൽ ഭിന്നിച്ചിരുന്നുമില്ല. സമുദായത്തിന്റെ സമത്വത്തെയും സാഹോദര്യത്തെയും പഠിപ്പിക്കുന്ന ഖുർആൻ വചനങ്ങളിൽ അവയുടെ യഥാർത്ഥ സാരം വ്യാഖ്യാനങ്ങൾക്കു തീരെ പ്രവേശനം ലഭിച്ചിരുന്നില്ല. അമീർ മുആവിയയുടെ ഭരണ കാലത്താകട്ടെ ഇപ്പറഞ്ഞ സവ്വനാശങ്ങളും ആവിർഭവിച്ചു. മുമ്പു സ്വാതന്ത്ര്യം അനുഭവിച്ചു ജീവിച്ചിരുന്ന ജനസമുദായം അടിമത്വ ശൃംഘലയാൽ ബന്ധിക്കപ്പെട്ടു. ഏറ്റവും നിസ്സാരമായ കാരണങ്ങൾ നിമിത്തം, ചിലപ്പോൾ യാതൊരു കാരണവും ഇല്ലാതെതന്നെ, രക്തച്ചൊരിച്ചിലും, കലഹവും നടത്തപ്പെട്ടു. ബസറാ നഗരത്തിന്റെ ഒരു കോണിൽ നിശാസമയം തന്റെ ആടുകളേയും കൊണ്ടു നിന്നിരുന്ന ഒരു സാധുബദവിയെ, അയാളുടെ മൊഴി ശരിയാണെന്നു സമ്മതിച്ചതോടുകൂടി

ടി തന്നെ അവിടെ ഗവർണ്ണരായിരുന്ന സിയാദ് നിഷ്കരുണം കൊന്നുകളഞ്ഞ കാര്യം മുന്നു പ്രസ്താവിച്ചിരുന്നുവല്ലോ. നീതിവിരുദ്ധമായ ആ കൊലയെ എതിർത്തു ഒരു വാക്കുപോലും സംസാരിക്കുവാൻ ആർക്കും ധൈര്യമുണ്ടായില്ല ജനശ്രേഷ്ഠം ചെയ്ത മദീനയിൽ ചെന്ന പല കാര്യങ്ങളെ കുറിച്ചും ഹസ്രത്ത് ഉസ്മാൻ(റ)വിനെ വിചാരണ ചെയ്യുകയും യാത്ര നമസ്കാരം ഖസ്റാക്കിയതിനും (മുഴുക്കി നമസ്കരിച്ചതിനും) അദ്ദേഹത്തോട് കാരണം ചോദിക്കുകയും ചെയ്തിരുന്ന ആളുകൾ ബസറാ നഗരത്തിൽ തന്നെ അന്നും ധാരാളം ഉണ്ടായിരുന്നു.

മുസ്‌ലിം ജനതക്ക് സന്മാർഗ്ഗോപദേശം നല്കേണ്ടതിനു റസൂൽ കരീം (സ) നിർമ്മിച്ച മസ്ജിദിലെ പ്രസംഗപീഠത്തിൽ നിന്നുകൊണ്ട്, ഇഹലോകവാസം വെടിഞ്ഞു, തന്റെ രക്ഷിതാവിങ്കൽ ചെന്നു കഴിഞ്ഞിരുന്ന ഹസ്രത് അലി (ക.വ) യെ പ്രാസംഗികന്മാർ പരസ്യമായി അധിക്ഷേപിച്ചു. തന്നിമിത്തം മുസ്‌ലിം കാംക്ഷ പൊതുവായും ശീയാകാംക്ഷ പ്രത്യേകമായും വളരെ മനക്ലേശമുണ്ടായിരുന്നുവെന്നതിനു സംശയമില്ല. എത്ര ഉദ്ദേശത്തോട് കൂടിയായിരുന്ന ഈ കൃത്യത്തെ ഒരു നിർബ്ബന്ധ ചടങ്ങായി ഗണിച്ചുതെന്നു മനസ്സിലാകുന്നില്ല.

അവസാനമായി അദ്ദേഹം യസീദിനെ സ്ഥാനാവകാശിയായി തിരഞ്ഞെടുപ്പിക്കുകയും ചെയ്തു ഈ പ്രവൃത്തിമൂലം ഇസ്‌ലാമിക പ്രജാധിപത്യത്തിന്റെ അടിത്തറ തന്നെ തകർത്തു. അദ്ദേഹം ഇങ്ങിനെ ചെയ്തതിനെ കുറിച്ചു പലരും പല ന്യായങ്ങളും പറയുന്നുണ്ട്.

അക്കാലത്തു മുസ്‌ലിം സാമ്രാജ്യം വളരെ വളരെ വിസ്തൃതമായിരുന്നതോടുകൂടി പരസ്പരം ഐകമത്യത്തെ നിലനിർത്തുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഖിലാഫത്തധികാരത്തിനു ആഗ്രഹമുള്ളവർ എതുകണ്ട വർദ്ധിക്കുന്നുവോ, അതുകണ്ട സമുദായത്തിൽ അനൈക്യവും അസ്വസ്ഥതയും ഉണ്ടായിതീരുമെന്നു കഠിനമായ ഭയമുണ്ടായിരുന്നു. ഈ സ്ഥിതിക്കു അമീർമുആവിയ ഖിലാഫത്തധികാരത്തെ ഒരേ ഗോത്രപരിധിയിൽ അടക്കിക്കളഞ്ഞിട്ടുണ്ടെങ്കിൽ അതു അനുചിതമായിരുന്നില്ല. അക്കാലത്തെ സാമുദായിക നിലയേയും, പൊതുജനങ്ങളുടെ മൂഢതയേയും കുറിച്ചു ചിന്തിക്കുന്നതായാൽ, അവരുടെ അനുസരണത്തെ ഒരേ ഭാഗത്തേക്കു നയിക്കേണ്ടതു അവശ്യം ആവശ്യമായിരുന്നുവെന്നു ബോദ്ധ്യപ്പെടുന്നതാണ്. അമീർ മുആവിയ യസീദിനെ ഖിലാഫത്തിന് അവകാശിയാക്കിയതിനെ കൂടുതലായി ആക്ഷേപിക്കുന്നതു ശീയാകളാണല്ലോ. എന്നാൽ ഇമാമത്ത് (ഭരണാധികാരം) ഒരേ വംശപരമ്പരയിൽ സ്ഥിതിചെയ്യേണ്ടതാണെന്നും അതു പിതാവിങ്കൽനിന്നു പുത്രനും പുത്രനിൽനിന്നു പൌത്രനും അനന്തരമായി ലഭിക്കുന്നതാണെന്നും തന്നെയാകുന്നു അവരുടെയും അഭിപ്രായം.

എന്നാൽ ജനാധിപത്യത്തിന്റെ മഹിമയും സേച്ഛാധിപത്യത്താൽ ഉളവാകുന്ന ദോഷങ്ങളും തമ്മിലുള്ള അതിഗൌരവമായ വ്യത്യാസത്തോട് താരതമ്യപ്പെടുത്തുമ്പോൾ ഈ ഒഴികഴിവ് ശ്രദ്ധേയമേ അല്ല. മുസ്‌ലിംകളുടെ സുവ്യ ശ്രേയസ്സിനും നിദാനമായി സ്ഥിതിചെയ്തിരുന്നതു ഇസ്‌ലാംമതം വഴിയായി അവരിൽ വേരുറച്ചിരുന്ന സമത്വവും സാഹോദര്യവുമായിരുന്നു. ഇസ്‌ലാമിക സമഭാവനയും സാഹോദര്യവും സമുദായത്തിലെ ഓരോ അംഗത്തെയും രാജാവിനെപ്പോലെ ആക്കിത്തീർത്തിരുന്നു. അമീർ മുആവിയയുടെ ഈ ദുഷ്പ്രവൃത്തി മൂലം സുവ്യ ജനങ്ങളും അടിമകളായിത്തീർന്നു.

അമീർ മുആവിയയുടെ പരിഷ്കാരങ്ങൾ

അമീർ മുആവിയ സൌമ്യശീലനും സമാ

ധാന തല്പരനുമായിരുന്ന ഒരു ഭരണാധിപനായിരുന്നു. രാജ്യം ഭരിക്കുവാൻ അദ്ദേഹം പ്രാപ്തനായിരുന്നുവെന്നതിനെ പറ്റി ആരും എതിരഭിപ്രായം പുറപ്പെടുവിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തു സർവ്വ സംസ്ഥാനങ്ങളിലും സമാധാനം സുസ്ഥാപിതമായി. ഇസ്‌ലാമിനു പ്രാബല്യവും പ്രശസ്തിയും വർധിച്ചു. നാവിക ഭടന്മാർ മുഖേന റോമക്കാരെ ഒതുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം വളരെ ഉല്ലാസത്തോടും അതീവശ്രദ്ധയോടും കൂടി രാജ്യകാര്യങ്ങൾ നിർവ്വഹിച്ചുപോന്നിരുന്നു.

അദ്ദേഹത്തിന്റെ ഭരണകാലത്തു മുസ്‌ലിം സാമ്രാജ്യം അതിവിശാലമായി തീർന്നിരുന്നതിനാൽ ദൂരസ്ഥലങ്ങളിൽ കത്തുകൾ കിട്ടുവാൻ വളരെ കാലതാമസം നേരിട്ടതിനാൽ അദ്ദേഹം സാമ്രാജ്യമൊട്ടുക്കു തപാൽമാർഗ്ഗം ഏർപ്പെടുത്തി. പന്ത്രണ്ടു നാഴിക അകലെയായി പോസ്റ്റാഫീസുകൾ ഏർപ്പെടുത്തുകയും ഓരോ ആഫീസ്സിൽനിന്നും മറ്റു ആഫീസ്സുകളിലേക്കു തപാൽ ഉരുപ്പടികൾ കൊണ്ടുപോകുവാനായി ഓരോ കുതിരസവാരിക്കാരനെ നിയമിക്കുകയുമാണു് ചെയ്തിരുന്നതു്. ഈ സവാരിക്കാർ മാർഗ്ഗമായി തപാൽസഞ്ചികൾ എത്രയും വേഗത്തിൽ രാജ്യത്തിന്റെ ഒരറ്റംമുതൽ മറ്റെ അറ്റംവരെ എത്തിക്കൊണ്ടിരുന്നു. ഗവണ്മെണ്ടു കാര്യാലയങ്ങളിൽ മുദ്ര ഏർപ്പെടുത്തിയതും അദ്ദേഹമാണു്. ഒരിക്കൽ അദ്ദേഹം 'അംറുബ്നുസുബൈർ' എന്ന ആൾക്കു ഒരു ലക്ഷം ദിർഹമിനു ഒരു ചെക്ക് എഴുതിക്കൊടുത്തു. അംറ് ഒരു ലക്ഷമെന്നെഴുതിയിരുന്നതു മാറ്റി ഖജാനയിൽനിന്നു രണ്ടു ലക്ഷം ദിർഹം വാങ്ങി. ഒടുവിൽ അമീർ മുആവിയയുടെ മുമ്പാകെ കണക്കു ബോധിപ്പിക്കപ്പെട്ട അവസരത്തിൽ താൻ ഒരു ലക്ഷത്തിനു മാത്രമായിരുന്നു ചെക്ക് കൊടുത്തിരുന്നതെന്നു അദ്ദേഹം പ്രസ്താവിച്ചു. ഉടനെ തന്നെ അംറിനെ വരുത്തി തടവിൽ പാർപ്പിക്കുകയും ഒരു ലക്ഷം ദിർഹം അയാളുടെ പക്കൽനിന്നു മടക്കി വാങ്ങുകയും ചെയ്തു. ആഫീസ്സിൽനിന്നു പുറപ്പെടുന്ന സർക്കാർ ഉത്തരവുകളിൽ മുദ്ര അടിക്കേണ്ടതാണെന്നും അവയുടെ ഓരോ പകർപ്പു ആഫീസ്സിൽ സൂക്ഷിക്കേണ്ടതാണെന്നും അന്നു മുതല്ക്കു അദ്ദേഹം നിയമമാക്കി. അദ്ദേഹത്തിന്റെ കാലത്തു സിറിയായിൽ റിക്കാഡുകൾ ശരിപ്പെടുത്തിയിരുന്നതു സുറിയാനി ഭാഷയിലായിരുന്നു. ഈ ഉദ്യോഗത്തിൽ സർജ്ജൂൻ എന്നു പേരായ ഒരു റോമക്കാരനെയായിരുന്നു നിയമിച്ചിരുന്നതു്.

മുആവിയായുടെ മരണം

ഹിജ്റഃ 60 ജമാദുൽആഖിർ മാസത്തിൽ അമീർ മുആവിയാ രോഗബാധിതനായി. അക്കാലത്തു യസീദ് ഡമാസ്കസിൽ ഉണ്ടായിരുന്നില്ല. രോഗം വർധിച്ചു ശേഷിക്കുകയില്ലെന്ന ഘട്ടമായപ്പോൾ അദ്ദേഹം ളഹാക്കുബ്നുഖൈസ്, മുസ്‌ലിമുബ്നുഅഖബഃ ഇവരോടു യസീദിന്നായി ഒരു ഒസ്യത്തു പത്രം എഴുതിച്ചു. അതിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു് അനുചിതമാകയില്ലെന്നു് വിശ്വസിക്കുന്നു:-

'ഞാൻ നിനക്കു എല്ലാ വഴികളേയും വിശാലമാക്കിയിരിക്കുന്നു. അറബികളെ നിന്റെ അനുഗാമികളാക്കുകയും ശത്രുക്കളെ നിനക്കു കീഴടക്കിത്തരികയും ചെയ്തിരിക്കുന്നു. ഹിജാസ് നമ്മുടെ തൊട്ടിലാകയാൽ അവിടത്തുകാരുടെ കാര്യത്തിൽ വേണ്ടപോലെ ദൃഷ്ടി പതിക്കണം. ഇറാഖുകാർ ഭരണകർത്താക്കളെ നീക്കുവാൻ എന്നും ആവശ്യപ്പെട്ടുകൊണ്ടിരുന്നാലും അതു സ്വീകരിച്ചുകൊള്ളണം. ഒരു ലക്ഷം വാളുകൾ ഒരുമിച്ചു ഉറയിൽ നിന്നു പുറപ്പെട്ടു നിന്റെ നേർക്കു വരുന്നതിനേക്കാൾ നല്ലതു ഒരു ഉദ്യോഗസ്ഥനെ നീക്കം ചെയ്യുകയാണു് സിറിയ

ക്കാർ നമ്മെ അനുസരിക്കുന്നവരും നിന്റെ സഹായികളുമാകയാൽ അവരുടെ ആവശ്യങ്ങളും നിവർത്തിക്കണം. ശത്രുക്കളോട് നേരിടുവാൻ അവരെ ഉപയോഗിക്കണം. അവരെ മറ്റു വല്ല പ്രദേശങ്ങളിലേക്കും അയക്കേണ്ടിവന്നാൽ ആവശ്യം കഴിഞ്ഞ ഉടനെ മടക്കി വിളിക്കണം. അല്ലാതിരുന്നാൽ അവരുടെ സ്വഭാവത്തിനു മാറ്റം സംഭവിച്ചേക്കും. അബ്ദുല്ലാഹിബ്‌നുഉമർ, ഹുസൈനുബ്‌നുഅലി, അബ്ദുല്ലാഹിബ്‌നുസുബൈർ, അബ്ദുർറഹ്മാനുബ്‌നുഅബീബക്കർ എന്നീ നാലു നേതാക്കളും ഒഴിച്ചു മറ്റാരും നിന്നോട് മത്സരിക്കുമെന്നു ഭയമില്ല. എന്നാൽ അബ്ദുല്ലാഹിബ്‌നുഉമർ സദാചാരനിഷ്ഠയുള്ളവനും ഐഹിക സുഖത്തിൽ ആകാംക്ഷയില്ലാത്തവനുമാകയാൽ എല്ലാവരും ബൈഅത്ത് ചെയ്താൽ അദ്ദേഹവും ഭരിപക്ഷത്തോട് യോജിക്കാതിരിക്കയില്ല. ഹുസൈനുബ്‌നു അലി ചപല ഹൃദയനാകുന്നു. ഇറാഖുകാർ അദ്ദേഹത്തെ ഇളക്കി പുറപ്പെടുവിച്ചു നിന്റെ നേർക്കു കൊണ്ടുവരാതിരിക്കയില്ല. അങ്ങിനെ സംഭവിക്കുകയും അദ്ദേഹത്തിന്റെ മേൽ നിനക്കു വിജയം സിദ്ധിക്കുകയും ചെയ്താൽ, അദ്ദേഹത്തെ ദ്രോഹിക്കരുത്. അദ്ദേഹം നമ്മുടെ അടുത്ത ചാച്ചക്കാരനും റസൂൽ തിരുമേനി (സ) യുടെ മകളുടെ മകനുമാണല്ലോ. അദ്ദേഹത്തോട് നമുക്കു വലിയ ബാദ്ധ്യതയുണ്ട്. എങ്കിലും അബ്ദുല്ലാഹിബ്‌നു സുബൈർ കുറുനരിയെപ്പോലെ ചതിക്കുകയും സിംഹത്തെപ്പോലെ എതിർക്കുകയും ചെയ്യുന്നവനാണ്. അദ്ദേഹത്തിന്റെ മേൽ വിജയം കൈവന്നാൽ അദ്ദേഹത്തെ കുഞ്ഞും കുഞ്ഞുമായി നുറുക്കിക്കളയണ്ടതാണ്. രക്തപ്രവാഹം കൂടാതെ കഴിയേണ്ടതിനു സാധിക്കുന്നത്ര പരിശ്രമിക്കണം. (അബ്ദുർറഹ്മാനുബ്‌നുഅബീബക്കർ മുആവിയക്കു മുമ്പായിതന്നെ കാലഗതി പ്രാപിച്ചു.)

ഹിജ്‌റഃ 60 റജബ് 1-ാംനു- (ക്രിസ്തുവർഷം 680 ഏപ്രിൽ 17-ാംനു-) മുആവിയ പരലോകം പൂകി. ളഹാക്കുബ്‌നുഖൈസ് അദ്ദേഹത്തിന്റെ ശവത്തുണി കൈയിൽ പിടിച്ചുകൊണ്ടു പള്ളിയിൽ ചെല്ലുകയും പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു ജനങ്ങളോട് ഇപ്രകാരം പറയുകയും ചെയ്തു. 'മുആവിയ അറബികളുടെ മഹാനായ നേതാവും അവരുടെ ശക്തിക്കും സമ്പത്തിനും നിദാനമായിട്ടുള്ള ആളുമായിരുന്നു. പരിശുദ്ധനായ അല്ലാഹു അദ്ദേഹം മുഖേന സമുദായത്തിൽനിന്നു ഭിന്നിപ്പിനെ അകറ്റി അവൻ അദ്ദേഹത്തിനു ഭരണാധികാരവും വിജയങ്ങളും നല്കി. ഇപ്പോൾ അദ്ദേഹം ഈ ലോകവുമായി പിരിഞ്ഞു. അദ്ദേഹത്തിന്റെ ശവത്തുണി ഇതാ എന്റെ കൈയിൽ ഇരിക്കുന്നു. ഇതിൽ പൊതിഞ്ഞു അദ്ദേഹത്തെ മറവു ചെയ്യുന്നതാണ്. ഇനി അദ്ദേഹവും അദ്ദേഹത്തിന്റെ കർമ്മങ്ങളുമെല്ലാം അല്ലാഹുവിങ്കലാണ്.'

അദ്ദേഹത്തിനു വേണ്ടി ഇമാമായി മയ്യത്തു് നമസ്കരിച്ചതും ളഹാക്കായിരുന്നു. ഡമാസ്കസിലാണ് അദ്ദേഹം ഖബറടക്കം ചെയ്യപ്പെട്ടതു്. അദ്ദേഹം മരിച്ചു ഏതാനും ദിവസം കഴിഞ്ഞപ്പോഴേക്കും യസീദ് എത്തിച്ചേരുകയും ഖബറിങ്കൽ പോയി നമസ്കാരം നിർവ്വഹിക്കുകയും ചെയ്തു.

അമീർ മുആവിയായുടെ പ്രഥമ ഭാര്യ ബഹ്ദലിന്റെ മകളായിരുന്ന 'മൈസൂൻ' ആയിരുന്നു. ഈ ഭാര്യയിലാണ് യസീദ് ജാതനായതു്. 'ഖർസഃ നെഅ്ഫലീ' എന്നീ ആളുടെ മകളായിരുന്ന 'ഫാഖിത്ത'യായിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യ. അബ്ദുർറഹ്മാൻ, അബ്ദുല്ല ഇങ്ങിനെ രണ്ടു പുത്രന്മാർ ഈ ഭാര്യയിൽ ജനിച്ചു. അബ്ദുർറഹ്മാൻ ശൈശവത്തിൽ തന്നെ മരിച്ചുപോയി. ഫാഖിത്ത മരണപ്പെട്ടതിനു ശേഷം അവരുടെ

രണ്ടാമത്തെ സോദരിയായിരുന്ന കത്തൂഹിനെ അദ്ദേഹം വിവാഹം ചെയ്തു. സൈപ്രസ്സ് യുദ്ധകാലത്തു് ഇവരും കൂടെയുണ്ടായിരുന്നു. അവിടെ വെച്ചായിരുന്ന ഇവർ പരലോകപ്രാപ്തയായതു്.

യസീദ് ഒന്നാമൻ

യസീദ് ഹിജ്‌റഃ 26ൽ ജ്യേഷ്ഠനായി. അദ്ദേഹത്തിന്റെ ജനനകാലത്തു് അമീർ മുആവിയ ഷാമിന്റെ കീഴിൽ സിറിയായിലെ സൈന്യപ്രദേശങ്ങളുടേയും അധിപനായിരുന്നു. യസീദിന്റെ മാതാവു് ബഹ്ദൽ മകനും മൈസൂൻ ആയിരുന്നുവെന്നു മുൻ അദ്ധ്യായത്തിൽ നിന്നു അറിഞ്ഞിരിക്കുമല്ലോ. അമീർ മുആവിയ തന്നെയായിരുന്നു അദ്ദേഹത്തെ പോററി വളർത്തിയതു്. മുആവിയ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിനു ഭരണകാര്യങ്ങളും പഠിപ്പിക്കുകയുണ്ടായി. രണ്ടു പ്രാവശ്യം അദ്ദേഹത്തെ റോമാജിതരുടെ അമീറായി നിയമിച്ചു. ഒരിക്കൽ അദ്ദേഹത്തെ സായിഫാ സൈന്യത്തിന്റെ നായകനാക്കി റോമക്കാരുടെ നേർക്കു യുദ്ധത്തിനയച്ചു. കോൺസ്റ്റാണ്ടനോപ്പിളിലേക്കു മുആവിയ അയച്ചിരുന്ന സൈന്യത്തിലും യസീദ് ഉൾപ്പെട്ടിരുന്നു. കവിതാവിഷയത്തിൽ യസീദിനു നല്ല പാണ്ഡിത്യം സിദ്ധിച്ചു. നായാട്ടിലും നായാട്ടുനായ്ക്കളെ വളർത്തുന്നതിലും അദ്ദേഹത്തിനു വലിയ താൽപര്യമുണ്ടായിരുന്നു. ഈ കാരണം കൊണ്ടാണു് ജനങ്ങൾ അദ്ദേഹത്തെ അധിക്ഷേപിച്ചിരുന്നതു്.

യസീദിന്റെ ഖിലാഫത്തു്

അമീർ മുആവിയ സംസ്ഥാന ഗവർണ്ണർമാരോടും, പ്രതിനിധിസംഘങ്ങളോടും ആലോചിച്ചു അവരുടെ ആനുകൂല്യത്തോടുകൂടി യസീദിനെ സ്ഥാനാവകാശിയായി ബൈഅത്തു് ചെയ്യിച്ചുവെന്നും മദീനയിലെ പ്രധാനപ്പെട്ട പ്രധാനികളായിരുന്ന അബ്ദുല്ലാഹിബ്നു ഉമർ (റ), അബ്ദുല്ലാഹിബ്നുസുബൈർ (റ), ഇമാംഹുസൈൻ (റ), അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) എന്നിവർ ആ ബൈഅത്തിനു വിരോധികളായിരുന്നുവെന്നും മുമ്പു പ്രസ്താവിച്ചിരിക്കുന്നതു ഓർക്കുമല്ലോ. അമീർ മുആവിയയുടെ വിയോഗത്തിനുശേഷം ഖലീഫയുടെ സ്ഥാനത്തു് ആഗതനായപ്പോൾ പ്രസ്തുത മാന്യന്മാരോടു ബൈഅത്തു് ചെയ്യിക്കുന്നതിലാണു് ആദ്യമായി തന്നെ യസീദ് ഏർപ്പെട്ടകയുണ്ടായതു്. അവരെ വിളിച്ചുവരുത്തി താമസമെന്യേ ബൈഅത്തു് വാങ്ങേണമെന്നും അബൂസുഫ്യാന്റെ പൌത്രനും മദീനാ ഭരണകർത്താവുമായിരുന്ന വലീദിബ്നു ഉത്ബത്തിനു അദ്ദേഹം ഉത്തരവു കൊടുത്തു.

ബൈഅത്തിനുവേണ്ടി

വലീദ് ഒന്നാമതായി ഇമാംഹുസൈനെ (റ) വിളിച്ചു വരുത്തി യസീദിന്റെ കത്തു കാണിച്ചുകൊണ്ടു അദ്ദേഹത്തോടു ബൈഅത്തു് ചെയ്യാൻ അപേക്ഷിച്ചു. ഹുസൈൻ (റ) അമീർ മുആവിയയുടെ മരണ വൃത്താന്തം അറിഞ്ഞ അവസരത്തിൽ വ്യസനിക്കുകയും അദ്ദേഹത്തെ പ്രശംസിക്കുകയും, അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ബൈഅത്തു് ചെയ്യുന്നതിനു അദ്ദേഹം വിസമ്മതിക്കുകയാണു് ഉണ്ടായതു്. 'എന്നെ പോലെയുള്ളവർ രഹസ്യമായി ബൈഅത്തു് ചെയ്യുന്നതല്ല. നിങ്ങളും എല്ലാവരേയും ബൈഅത്തിനു വേണ്ടി വിളിച്ചു വരുത്തുകയും എന്നോടും വരുവാൻ ആവശ്യപ്പെടുകയും ചെയ്യുന്ന അവസരത്തിൽ വേണ്ടതു പ്രവർത്തിക്കാം' എന്നു അദ്ദേഹം മറുപടി പറഞ്ഞു. വലീദ് സമാധാനതല്പരനായിരുന്നതിനാൽ അങ്ങിനെ ചെയ്താൽ മതിയെന്നു സമ്മതിച്ചു.

അബ്ദുല്ലാഹിബ്‌നുസുബൈർ ഈ വാർത്ത അറിഞ്ഞ ഉടനെ മദീനയെ വിട്ട മക്കയിലേക്ക പോയി. അനന്തരം ഇമാംഹുസൈൻ (റ) വും കുടുംബവും മക്കയിലേക്ക പുറപ്പെട്ടു. മുഹമ്മദുബ്‌നുഹനഫിയ്യഃ അദ്ദേഹത്തെ ഈ ഉദ്യമത്തിൽ നിന്നു പിൻതിരിക്കുവാൻ പരിശ്രമിക്കുകയും അദ്ദേഹത്തോട് വളരെ ഉപദേശിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം പിൻമാറുകയുണ്ടായില്ല. യസീദിന്റെ ഖിലാഫത്ത് പൊതുവെ സമ്മതിക്കപ്പെട്ടിരിക്കുന്നുവെന്നു കണ്ടപ്പോൾ അബ്ദുല്ലാഹിബ്‌നുഉമറും, അബ്ദുല്ലാഹിബ്‌നുഅബ്ബാസും ബൈഅത്ത് ചെയ്തു.

രക്തപങ്കിലമായ കർബലാ യുദ്ധം

ഇമാംഹുസൈൻ (റ) മക്കയിൽ എത്തിയപ്പോൾ ജനലക്ഷങ്ങൾ തിക്കിത്തിരക്കി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നുകൂടി. അബ്ദുല്ലാഹിബ്‌നുസുബൈർ (റ) കഅ്ബയിൽ ചെന്നു പകൽ മുഴുവനും തവാഫിലും നമസ്കാരത്തിലുമായി കഴിച്ചുകൂട്ടി. ചിലപ്പോൾ ഇമാംഹുസൈൻ (റ) യുടെ അടുക്കൽ ചെന്നു അവിടെ നടന്നിരുന്ന ആലോചനയിൽ ഭാഗഭാക്കാകുകയും ചെയ്തിരുന്നു.

അമീർ മുആവിയ കാലഗതി പ്രാപിക്കുകയും യസീദ് ഖലീഫയാകുകയും ചെയ്ത വർത്തമാനം അറിഞ്ഞപ്പോൾ കൂഫക്കാർ ശീയാനേതാവായിരുന്ന സുലൈമാനുബ്‌നു സർദിന്റെ വസതിയിൽ യോഗം കൂടി, യസീദിനെ ഖലീഫയായി സ്വീകരിക്കുകയില്ലെന്നും ഇമാംഹുസൈൻ (റ) വിനെ ക്ഷണിച്ചുവരുത്തി ഇമാമാക്കേണ്ടതാണെന്നും തീർച്ചപ്പെടുത്തി. അനന്തരം അവർ ഇമാംഹുസൈൻ (റ) വിനു തുടച്ചയായി കത്തയച്ചുകൊണ്ടിരുന്നു. അവരുടെ 150 അപേക്ഷാ കത്തുകൾ കിട്ടിയതിനു ശേഷം ഇമാം അവർക്ക് ഇപ്രകാരം മറുപടി അയച്ചു. 'നിങ്ങളുടെ അഭിലാഷം ഗ്രഹിച്ചതായി എനിക്ക മനസ്സിലായി. എന്റെ വിശ്വസ്തസഹോദരനായ മുസ്‌ലിമുബ്‌നുഅഖീലിനെ ഞാൻ നിങ്ങളുടെ അടുക്കലേക്ക അയക്കുന്നു. അദ്ദേഹം നിങ്ങളുമായി സംസാരിക്കുകയും അവിടത്തെ സ്ഥിതികൾ കണ്ടറിയുകയും ചെയ്തു എനിക്ക വിവരം തരുന്നതാണ്. ഞാൻ ഇമാമായിരിക്കേണമെന്നു കൂഫയിലെ നേതാക്കന്മാരും കാര്യബോധമുള്ളവരും ആഗ്രഹിക്കുന്നുണ്ടെന്നു അദ്ദേഹം എഴുതി അറിയിക്കുന്ന പക്ഷം ഞാൻ വന്നുകൊള്ളാം. അല്ലാഹുവിന്റെ വേദമനുസരിച്ചു പ്രവർത്തിക്കുകയും, സുന്നത്തിനെ മുറുകെ പിടിക്കുകയും ചെയ്യുന്നവർ മാത്രമേ യഥാർത്ഥ ഇമാമായിരിക്കയുള്ളൂ.'

ഇതിൽ പിന്നെ ഇമാംഹുസൈൻ (റ) മുസ്‌ലിമുബ്‌നുഅഖീലിനെ കൂഫയിലേക്കയച്ചു. ആർക്കും അറിവാൻ കഴിയാത്ത വഴിയിൽ കൂടി പോകേണമെന്നും അവർ അറിയിച്ചതു പ്രകാരം, തന്നെ ഇമാമാക്കുന്ന കാര്യത്തിൽ ജനങ്ങൾ ഏകോപിച്ചിരിക്കുന്നുവെന്നു കാണുന്ന പക്ഷം വേഗം വിവരം അറിയിക്കേണമെന്നും അദ്ദേഹത്തോട് ഉപദേശിച്ചു. മുസ്‌ലിം കൂഫയിലെത്തിയതോട് കൂടി അദ്ദേഹം മുഖേന ഇമാംഹുസൈൻ (റ) വിനെ ബൈഅത്ത് ചെയ്യാനായി ശീയാഈകം അദ്ദേഹത്തിന്റെ അടുക്കൽ വന്നു വീണു. ഇതു കണ്ടു അദ്ദേഹം ഇമാംഹുസൈൻ (റ) വിനു ഇപ്രകാരം എഴുതി. 'ഇവിടത്തെ സജ്ജനങ്ങളും താങ്കളും ഇമാമാകേണമെന്നു ആഗ്രഹിക്കുന്നവരാണ്. താങ്കൾ പുറപ്പെട്ടുകൊള്ളുക.'

അക്കാലത്ത് കൂഫയിൽ ഭരണം നടത്തിയിരുന്നതു നുഅ്മാനുബ്‌നുബശീർ എന്ന ആളായിരുന്നു. കൂഫക്കാർ മുസ്‌ലിമിന്റെ കൈക്കു ബൈഅത്ത് ചെയ്യുന്നുണ്ടെന്നു അദ്ദേഹത്തിനു വിവരം കിട്ടി. ഉടൻ തന്നെ അദ്ദേഹം ജുമുഅത്ത് മസ്ജിദിൽ കയറി അവിടെ കൂടി

യിട്ടുണ്ടായിരുന്ന സൗരെയും അഭിമുഖീകരിച്ചു കൊണ്ടു ഇങ്ങിനെ പറഞ്ഞു. 'സമുദായത്തിൽ ഭിന്നിപ്പും കലഹവും ഉണ്ടാക്കുവാൻ നിങ്ങൾ ശ്രമിക്കരുതു്. അങ്ങിനെ ചെയ്താൽ ഉണ്ടാകുന്ന ആപത്തു് ഇന്നതാണെന്നു നിങ്ങൾ പരീക്ഷിച്ചറിഞ്ഞിരിക്കുമല്ലോ.'

നുഅ്മാൻ സദാചാരതല്പരനും ത്യാഗശീലനും ജനക്ഷേമകാംക്ഷിയുമായിരുന്നു. അദ്ദേഹം ഒരു വിധത്തിലും കൂഫക്കാരെ ദ്രോഹിച്ചിട്ടില്ല. തന്നോടു എതിർക്കുവാൻ ചെല്ലുന്ന അവസരത്തിലല്ലാതെ മുൻകൂട്ടി താൻ യാതൊന്നും പ്രവർത്തിക്കുന്നതല്ലെന്നു അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ആ നയം ശരിയല്ലെന്നും അതുനിമിത്തം അദ്ദേഹത്തിനു ബലം കുറഞ്ഞിരിക്കുമെന്നുവെന്നു ജനങ്ങൾ ധരിക്കാനിടവരുമെന്നും ഉമയ്യാസംഘത്തിൽ പെട്ട ഒരാൾ അദ്ദേഹത്തോടു പറഞ്ഞപ്പോൾ അല്ലാഹുവിന്റെ കല്പനക്കു വിപരീതം പ്രവർത്തിക്കുന്നതിൽ ബലംകുറഞ്ഞവനായിപ്പോകുന്നതുകൊണ്ടു് യാതൊരു ദോഷവുമില്ലെന്നും അവനെ അനുസരിക്കുന്നതിലാണു് ബലവാനായിരിക്കേണ്ടതെന്നും അദ്ദേഹം സമാധാനം പറഞ്ഞു. ഉടനെതന്നെ ആ ബന്ധുഉമയ്യാ സംഘക്കാരൻ യസീദിനു ഒരു കത്തയച്ചു. അതു ഇപ്രകാരമായിരുന്നു. 'കൂഫയുടെ സ്ഥിതി ആപല്ക്കരമായിരിക്കുന്നു. ഇമാംഹുസൈൻ (റ) യുടെ സഹോദരനായ മുസ്‌ലിമുബ്നുഅഖീൽ ഇവിടെ വന്നിരിക്കുന്നു. ഇവിടത്തുകാർ ഇമാം ഹുസൈനുവേണ്ടി അദ്ദേഹത്തിന്റെ കൈക്കു ബൈഅത്തു് ചെയ്യുവരുന്നു. കൂഫ നിങ്ങളുടെ കൈവശത്തിൽതന്നെ ആയിരിക്കേണമെന്നു വിചാരമുണ്ടെങ്കിൽ ഈ കുഴപ്പത്തെ പരിഹരിക്കുവാൻ കഴിയുന്ന മറ്റൊരാളെ ഭരണകർത്താവാക്കി അയക്കുക. നുഅ്മാനു ഒന്നും ചെയ്യുവാൻ കഴികയില്ല.' ഈ കത്തു് കിട്ടിയപ്പോൾ യസീദ് നുഅ്മാനിനെ ഉദ്യോഗത്തിൽനിന്നു നീക്കം ചെയ്കയും കൂഫാ നഗരവുംകൂടി ബസറാ ഗവണ്മെന്റായിരുന്ന ഇബ്നുസിയാദിനെ ഭാരമേല്പിക്കുകയും വേഗം കൂഫയിൽ ചെന്നു മുസ്‌ലിമിനെ പുറത്താക്കുകയോ, കൊല്ലുകയോ, ചെയ്യേണമെന്നു അദ്ദേഹത്തിനു ഉത്തരവുകൊടുക്കുകയും ചെയ്തു. ഇബ്നുസിയാദ് കൂഫയിൽ എത്തിയ ഉടനെ താഴെ പറയുന്ന വിളംബരം പരസ്യപ്പെടുത്തി:—

ഇബ്നുസിയാദിന്റെ വിളംബരം

'ഞാൻ നിയമത്തെ അനുസരിക്കുന്നവർക്കു ഭയാലുവും വിപ്ലവകാരികൾക്കു ശത്രുവുമാണു്. ഓരോ ഗ്രാമനായകനും തന്റെ ഗ്രാമനിവാസികളുടെ പേരെഴുതി എന്റെ അടുക്കൽ സമർപ്പിക്കേണ്ടതും, അന്യനോ, ബാഹ്യനോ, സംശയിക്കപ്പെടുന്നവനോ ആയി വല്ലവനെയും കണ്ടുകിട്ടിയാൽ അവനെ പിടിച്ചു എന്റെ അടുക്കൽ കൊണ്ടുവരേണ്ടതുമാണു്. എല്ലാ ഓരോരുത്തനും അവനവന്റെ കീഴിലുള്ളവരെ കുറിച്ചു ഉത്തരവാദപ്പെട്ടവനാണു്. ഏതെങ്കിലും ഒരു ഗ്രാമത്തിൽനിന്നു വല്ല വിപ്ലവകാരിയെയും കണ്ടുകിട്ടിയാൽ ആ ഗ്രാമനായകനെ ഗ്രാമവാതിലിന്നരികെ വെച്ചുതന്നെ കൊന്നുകളയും.'

ഈ വിളംബരത്തെ കുറിച്ചു വർത്തമാനം കിട്ടിയപ്പോൾ മുസ്‌ലിം, ഹാനിബ്നുഉർവത്തിന്റെ ഭവനത്തിൽ രക്ഷ പ്രാപിച്ചു. തന്മൂലം നേരിടുന്ന ആപത്തു സഹിക്കുവാൻ ഹാനി സന്നദ്ധനായി. ഇബ്നുസിയാദ് വിവരം അറിഞ്ഞു ഹാനിയെ വിളിച്ചുവരുത്തി പറഞ്ഞു. 'നിങ്ങളുടെ വീട്ടിൽ ആയുധങ്ങൾ ശേഖരിച്ചുവരുന്നുണ്ടെന്നും വിപ്ലവത്തിനു വട്ടം കൂട്ടുന്നുണ്ടെന്നും ഞാൻ കേട്ടിരിക്കുന്നു. നിങ്ങൾ ഖലീഫയുടെ ശത്രുവാണു്. മുസ്‌ലിമിനു നിങ്ങൾ അഭയം നല്കിയിരിക്കുന്നു. അദ്ദേഹത്തെ

എന്റെ അടുക്കൽ ഹാജരാക്കണം' എന്നീ അപകീർത്തി ഭയന്ന മുസ്‌ലിമിനെ വിട്ടു കൊടുത്തില്ല. ഇബ്‌നുസിയാദ് അദ്ദേഹത്തെ പ്രഹരിക്കുകയും തടവിലാക്കുകയും ചെയ്തു.

ഒരു ജനതയുടെ കടുത്ത വഞ്ചന

മുസ്‌ലിം വർത്തമാനം അറിഞ്ഞപ്പോൾ കൂഫക്കാരെ സഹായത്തിനു വിളിച്ചു. അദ്ദേഹത്തിന്റെ കൈകൂലി വൈരുത്തു ചെയ്തിരുന്ന 18000 ആളുകളിൽ 4000 പേർ മാത്രമായിരുന്ന തടവുസമയത്തിൽ വന്നുകൂടിയതു്. ഈ നാലായിരം ആളുകൾ അമീറിന്റെ കോട്ട വളഞ്ഞു. തടവുസമയത്തിൽ ഇബ്‌നുസിയാദിന്റെ അടുക്കൽ കേവലം 30 ഭടന്മാരും കൂഫയിലെ ചില പൌരപ്രധാനികളും ബനൂഉമയ്യാ ഗോത്രത്തിലെ ഏതാനും പ്രമാണികളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇവരെല്ലാംകൂടി ആകെ അമ്പതിലധികം ആളുകൾ മാത്രമാണുണ്ടായിരുന്നതു്. ഇവരിൽ പെട്ട കൂഫാ പൌരപ്രധാനികളോടു, തങ്ങളുടെ ഗോത്രങ്ങളിൽനിന്നു മുസ്‌ലിമിന്റെ ഭാഗത്തു ചേർന്നിട്ടുള്ള ആളുകളെ അവരുടെ അടുക്കൽ ചെന്നു ഉപദേശിച്ചു മടക്കി അയയ്ക്കേണമെന്നു ഇബ്‌നുസിയാദ് കല്പിച്ചു. കല്പന പ്രകാരം പ്രധാനികൾ ചെന്നു അവരെ ഭയപ്പെടുത്തുകയും ഉപദേശിക്കുകയും ചെയ്തതിൽ പിന്നെ അവർക്കു മാപ്പു കൊടുത്തിരിക്കുന്നുവെന്നതിനു ലക്ഷണമായി കൊടി നാട്ടി. ഇങ്ങിനെ ജനങ്ങൾ മുസ്‌ലിമിന്റെ അടുക്കൽ നിന്നു പിൻമാറിത്തുടങ്ങി. അവസാനം 30 പേർ മാത്രം ബാക്കിയായി. അവർ ഭയവിഹ്വലരായി ഒരു വീട്ടിൽ ചെന്നു കൂടി. ഇബ്‌നുസിയാദ് വിവരം അറിഞ്ഞപ്പോൾ മുഹമ്മദുബ്‌നുഅശ്അത് എന്ന ആളെ അവരെ ബന്ധനസ്ഥരാക്കുവാനായി അവരുടെ നേരെ അയച്ചു. മുഹമ്മദ് വന്നപ്പോൾ മുസ്‌ലിം അദ്ദേഹത്തോടു പറഞ്ഞു. 'എനിക്കു അഭയം തരുവാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നുണ്ടോ. എന്നാൽ എനിക്കുവേണ്ടി ഒരു പ്രവൃത്തി മാത്രം ചെയ്യുവെങ്കിൽ വലിയ ഉപകാരമായിരിക്കുന്നതാണു്. ഇമാംഹുസൈൻ (റ) വിനു എന്റെ വർത്തമാനം അറിയിക്കണം. 'ഒരിക്കലും ഇങ്ങോട്ടു വരരുതു്. പുറപ്പെട്ടുപോയിട്ടുണ്ടെങ്കിൽ, വഴിയിൽ നിന്നു മടങ്ങിക്കളയണം. കൂഫാക്കാർ വിശ്വാസയോഗ്യന്മാരല്ല. അവരുടെ വഞ്ചനക്കു വശംവദനായി തന്നത്താൻ ആപത്തിൽ പെടുത്തരുതു്'' എന്നു അദ്ദേഹത്തെ എഴുതി അറിയിക്കണം. ഈ അപേക്ഷയനുസരിച്ചു തീർച്ചയായും താൻ പ്രവർത്തിച്ചു കൊള്ളുന്നതാണു് എന്നു മുഹമ്മദ് സമ്മതിച്ചു. ഇബ്‌നുസിയാദ് മുസ്‌ലിമിനെയും അദ്ദേഹത്തിനു രക്ഷ നല്കിയ ഹാനിയെയും കൊന്നുകളഞ്ഞു.

ഇമാംഹുസൈൻ (റ) യുടെ കൂഫായാത്ര

മുസ്‌ലിമിന്റെ കത്തു മക്കയിൽ കിട്ടിയതോടുകൂടി ഇമാംഹുസൈൻ (റ) കൂഫയിലേക്കു പോകുവാൻ തയ്യാറായി. അദ്ദേഹത്തിന്റെ ഗുണകാംക്ഷികൾ ചെന്നു അദ്ദേഹത്തോടു വിരോധം പറഞ്ഞുനോക്കി. ഒന്നാമതായി അബ്ദുർറഹ്മാനുബ്‌നുഹാരിത് എന്ന ആൾ അദ്ദേഹത്തിന്റെ അരികെചെന്നു പറഞ്ഞു. 'താങ്കൾ ഇറാഖിലേക്കു പോകുന്നു എന്നു വർത്തമാനം ശ്രുതിപ്പെട്ടിരിക്കുന്നു. താങ്കളുടെ യാത്ര ആപല്ക്കരമാണെന്നാകുന്നു എന്റെ അഭിപ്രായം. അവിടെ ഇറാഖ് ഭരണാധിപനും അദ്ദേഹത്തിന്റെ വശം ഭടന്മാരും ദ്രവ്യഭണ്ഡാരവുമുണ്ടു്. ജനങ്ങൾ പണത്തിന്റെ അടിമകളായിരിക്കുമെന്നു താങ്കൾക്കു അറിയാമല്ലോ. താങ്കളെ ക്ഷണിച്ചിട്ടുള്ള അതേ ജനങ്ങൾ തന്നെ താങ്കളോടു പോരാടുവാൻ വരുമെന്നുള്ള വസ്തുത ഒരിക്കലും അതിശയകരമല്ല. ഇമാംഹുസൈൻ (റ) അദ്ദേഹത്തിന്റെ ഗുണകാംക്ഷയ്ക്കു നന്ദിപറഞ്ഞു അദ്ദേഹത്തെ വിട്ടയച്ചു. അദ്ദേഹത്തെ അബ്ദുല്ലാഹിബ്‌നുഅബ്ബാസും വിരോധിക്കുകയു

ണ്ടായി. ഇദ്ദേഹവും ഹുസൈൻ (റ) വും തമ്മിൽ നടന്ന സംഭാഷണം താഴെ ചേർക്കുന്നു:-

അബ്ദുല്ല—താങ്കൾ കൂഫയിൽ പോകുവാൻ ഉദ്ദേശിക്കുന്നുവെന്നു ഞാൻ കേട്ടു.

ഇമാംഹുസൈൻ (റ)—അതെ, ഇന്നോ നാളെയോ പോകുന്നതാണു്.

അബ്ദുല്ല—കൂഫക്കാർ അവിടത്തെ അമീറിനെ പുറത്താക്കി രാജ്യം കൈവശപ്പെടുത്തിയിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. അങ്ങിനെ ചെയ്തിട്ടില്ലെങ്കിൽ അവർ താങ്കളെ വിളിക്കുന്നതു വാസ്തവത്തിൽ യുദ്ധത്തിനുവേണ്ടിയാകുന്നു. അധികാരസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും അവിടെ ഉണ്ടായിരിക്കുമ്പോൾ അവരിൽ ഒരാൾക്കും താങ്കളുടെ ഭാഗത്തുചേരുവാൻ കഴികയില്ല. എന്നു മാത്രമല്ല, താങ്കളുടെ പക്ഷക്കാരായ അക്കൂട്ടർ തന്നെ വാഗ്ദാനലംഘനം ചെയ്തു താങ്കളോടു പോരാടുവാൻ വരുമെന്നു എനിക്കു ഭയമുണ്ടു്.'

ഇമാംഹുസൈൻ (റ)—ഞാൻ അല്ലാഹുവിനോടു പ്രാർത്ഥിച്ചുകൊള്ളാം.

പിറെ ദിവസവും അബ്ദുല്ലാഹിബ്നുഅബ്ബാസ് ചെന്നു ഇപ്രകാരം പ്രസ്താവിച്ചു.

'എന്റെ മനസ്സിനെ ഞാൻ എത്രതന്നെ അടക്കി നോക്കിയിട്ടും എനിക്കു ക്ഷമ വരുന്നില്ല. താങ്കൾ ഉദ്ദേശിക്കുന്ന ഈ കാര്യത്തിൽനിന്നു ഒരു പ്രകാരത്തിലും ജീവരക്ഷ നേടുവാൻ താങ്കൾക്കു സാധിക്കുന്നതല്ല. ഇറാഖുകാർ, വാഗ്ദാനലംഘകന്മാരാണു്. അവരുടെ വഞ്ചനയിൽ പെടാതിരിക്കുവിൻ. പോയേ കഴിയൂ എന്നുണ്ടെങ്കിൽ ആദ്യമായി കൂഫയിലെ അമീറിനെ പുറത്താക്കി അവിടത്തെ ഭടന്മാരെ സ്വാധീനത്തിൽ വെക്കുവാൻ താങ്കളെ ക്ഷണിച്ചിട്ടുള്ളവരെ കൂടെഴുതുവിൻ. അവർ അങ്ങിനെ ചെയ്തതിനു ശേഷം പോയ്ക്കൊൾവിൻ. ഇറാഖിൽ പോകുന്നതിനെ അപേക്ഷിച്ചു യമനിലേക്കു പോകുകയാണു് താങ്കൾക്കു നല്ലതു്. താങ്കളുടെ പിതൃകക്ഷിയിൽപെട്ട അനേകം ആളുകൾ അവിടെ താമസിക്കുന്നുണ്ടു്. കോട്ടകളും മലകളും അവിടെ ധാരാളം ഉണ്ടു്. അതു വിശാലമായ ഒരു രാജ്യമാകുന്നു. എല്ലാ ഭാഗങ്ങളിലേക്കും പ്രചാരകന്മാരെ അയക്കുകയും തലവന്മാരുമായി കത്തെടപാടു നടത്തുകയും ചെയ്യുക. അവിടെനിന്നു താങ്കളുടെ അഭിലാഷം സാധിക്കുമെന്നു കൂടുതൽ ആശിക്കാവുന്നതാണു്. എങ്കിലും ഇവിടെ തന്നെ നില്ക്കുകയാണു് ഏറ്റവും ഉത്തമമായിട്ടുള്ളതു്. ഇവിടത്തുകാർ താങ്കളെ നായകനായി കരുതിവരുന്നു.'

എങ്കിലും ഹുസൈൻ (റ) അദ്ദേഹത്തിന്റെ ഒരു ഉപദേശവും സ്വീകരിക്കാതെ, ഇറാഖിലേക്കു പോകുവാൻ തന്നെ തീർച്ചപ്പെടുത്തി. ഒടുവിൽ അബ്ദുല്ലാഹിബ്നുഅബ്ബാസ് ഇങ്ങിനെ പറഞ്ഞു. 'ഈ യാത്രയെ തടയുവാനായി ഞാൻ താങ്കളുടെ ഒട്ടകത്തിനു മുമ്പിൽ കിടക്കുന്നതായാലും താങ്കൾ വിലവെക്കുന്നതല്ലെന്നു എനിക്കറിയാം. ഏതായാലും കുടുംബങ്ങളെ കരുതിക്കൂട്ടുന്നു ഹസ്രത്ത് ഉസ്മാൻ (റ) തന്റെ കുട്ടികളുടെ മുന്നിൽ വെച്ചു വധിക്കപ്പെട്ടതു പോലെയുള്ള ദുരവസ്ഥ താങ്കൾക്കും നേരിടുമെന്നു എനിക്കു ഭയമുണ്ടു്" ഈ ഉപദേശത്തെയും ഇമാംഹുസൈൻ (റ) സ്വീകരിച്ചില്ല. അദ്ദേഹം കുടുംബസമേതം കൂഫയിലേക്കു പോയി.

വഴിയിൽ വെച്ചു അദ്ദേഹം ശ്രുതിപ്പെട്ട അറബി കവിയായിരുന്ന ഫറസ്ദഖിനെ കണ്ടു. അദ്ദേഹം കൂഫയിൽ നിന്നു വരികയായിരുന്നു. ഹുസൈൻ (റ) കൂഫയിലെ വർത്തമാനം ചോദിച്ചപ്പോൾ 'കൂഫക്കാരുടെ ഹൃദയം താങ്കളുടെ നേരെയാണെങ്കിലും വാളുകൾ ബനൂഉമയ്യാ സംഘക്കാരുടെ കൂടെയാണു്" എന്നു

അദ്ദേഹം പറഞ്ഞു. കുറെ മുന്നോട്ട് ചെന്നപ്പോഴേക്കും മദീനയിൽനിന്നും അബ്ദുല്ലാഹിബ്‌നു അ്ഫറിന്റെ ഒരു ദൂതൻ ഓടിയെത്തി അദ്ദേഹത്തിനും ഒരു കത്തുകൊടുത്തു. ആ കത്തിൽ അബ്ദുല്ല, അദ്ദേഹത്തോട് മടങ്ങേണമെന്നും സത്യം ചെയ്തുകൊണ്ട് അപേക്ഷിച്ചിരുന്നു. 'താങ്കൾ മടങ്ങിവന്നു മദീനയിൽ താമസിച്ചു കൊള്ളണം. താങ്കളെ ശിക്ഷിക്കുന്നതല്ല' എന്നും കാണിച്ച് മദീനാ ഭരണകർത്താവ് എഴുതിയിരുന്ന ഒരു കത്തും അബ്ദുല്ലയുടെ കത്തോടുകൂടി ഉണ്ടായിരുന്നു. എങ്കിലും ഹുസൈൻ (റ) മടങ്ങിയില്ല. കുറെ ദൂരവും കൂടി മുന്നോട്ട് കടന്നപ്പോൾ അബ്ദുല്ലാഹിബ്‌നുമുത്തീഅ് എന്ന ആളെ കണ്ടു. അദ്ദേഹവും ഇറാഖിൽ നിന്നും മക്കയിലേക്ക് വരികയായിരുന്നു. അദ്ദേഹവും ഇങ്ങിനെ ഉപദേശിച്ചു. 'അല്ലാഹുവാണെ, താങ്കൾ മടങ്ങണം. വഞ്ചകരായ ഇറാഖുകാരുടെ ചതിയിൽ അകപ്പെടരുത്. ബനൂഉമയ്യാ ഗോത്രക്കാരിൽ നിന്നും ഖിലാഫത്തധികാരം കൈവശപ്പെടുത്തുവാൻ ശ്രമിക്കുന്നതായാൽ അവർ തീച്ചയായും താങ്കളെ കൊല്ലും. പിന്നീട് അവർക്ക് ഹാശിംവംശജനോ, അറബിയോ മുസ്‌ലിമോ ആയ ഏതൊരാളെയും കൊല്ലുന്നതിനും ഭയമുണ്ടാകുന്നതല്ല. താങ്കൾ തന്നത്താൻ അപകടത്തിൽ പെടുത്തി ഖുറൈശീ ഗോത്രത്തിന്റെയും അറബികളുടെയും ഇസ്‌ലാമിന്റെയും പദവിയെ നശിപ്പിക്കരുത്.' ഇദ്ദേഹത്തിന്റെ ഉപദേശത്തെയും ഇമാംഹുസൈൻ (റ) ശ്രവിക്കുകയുണ്ടായില്ല.

തൻഈമിയ്യ എന്ന സ്ഥലത്തെത്തിയ അവസരത്തിൽ, മുസ്‌ലിം അപേക്ഷിച്ചതനുസരിച്ച് മുഹമ്മദുബ്‌നുഅശ്അത് അയച്ച കത്തും, മുസ്‌ലിം വധിക്കപ്പെട്ട വർത്തമാനവും, അദ്ദേഹത്തിനും കിട്ടി. അപ്പോൾ കൂടെയുണ്ടായിരുന്നവരിൽ ചിലർ അദ്ദേഹത്തോട് പറഞ്ഞു. 'ഇനി പോകുന്നതുകൊണ്ട് ഫലമില്ല. ഈ അവസരത്തിൽ കൂഫയിൽനിന്നും യാതൊരു സഹായിയേയും നമുക്ക് കിട്ടുന്നതല്ല. എന്നുമാത്രമല്ല, മുസ്‌ലിമിനും നേരിട്ട ഭയങ്കര ഘട്ടം നമുക്കും നേരിടുമെന്നും ഭയപ്പെടേണ്ടിയിരിക്കുന്നു' ഈ വാക്ക് ബനീഅഖീൽ വംശക്കാക്കും (മുസ്‌ലിമിന്റെ സഹോദരങ്ങൾ) രുചികരമായില്ല. ഒരിക്കലും മടങ്ങുവാൻ സാധിക്കുകയില്ലെന്നും തങ്ങൾ മുസ്‌ലിമിനെ കൊന്ന ശത്രുക്കളോട് പകരം വീട്ടുകയോ, അദ്ദേഹത്തെപോലെ സ്വജീവനെ പരിത്യജിക്കുകയോ ചെയ്യുന്നതാണെന്നും അവർ പറഞ്ഞു. തന്നിമിത്തം യാത്രാസംഘം വീണ്ടും മുന്നോട്ട് തന്നെ ഗമിച്ചു. ഇതരഗോത്രക്കാരായ ആളുകൾ കൂടെ വിട്ടുപോയി. ആത്മപരിത്യാഗത്തിനും സന്നദ്ധരായ സ്വന്തം കുടുംബക്കാർ മാത്രം ഒടുവിൽ ബാക്കിയായി.

ഇമാം ഹുസൈൻ (റ) വളയപ്പെടുന്നു

ശറാഫ് എന്ന, സ്ഥലം വിട്ടു മുന്നോട്ട് കടന്നപ്പോൾ ആയിരം അശ്വഭടന്മാർ ഇവരുടെ മുമ്പിൽ ആഗതരായി. തമീം വംശജനായ ഹുർബ്‌നുയസീദ് എന്ന ആളായിരുന്നു അവരുടെ നായകൻ. ഇമാംഹുസൈൻ (റ) ആ ഭടന്മാരോട് പറഞ്ഞു. 'നിങ്ങൾ ക്ഷണിക്കയും നിങ്ങൾക്കു ഒരു ഇമാമുമില്ലെന്നു നിങ്ങൾ കത്തെഴുതുകയും ചെയ്തതനുസരിച്ചാണ് ഞാൻ വന്നിട്ടുള്ളത്. നിങ്ങൾ എനിക്കു കത്തെഴുതിയ കാര്യത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നുണ്ടെങ്കിൽ ഞാൻ നിങ്ങളുടെ പട്ടണത്തിൽ പ്രവേശിക്കുകയും ഇല്ലെങ്കിൽ പോന്ന സ്ഥലത്തേക്കു തന്നെ മടങ്ങിപ്പോവുകയും ചെയ്യാം.' ഇതിനും ആ ഭടന്മാർ യാതൊരു മറുപടിയും പറഞ്ഞില്ല. അദ്ദേഹത്തിന്റെ കൂടെ തന്നെ നില്ക്കുവാനും അദ്ദേഹത്തെയും കൊണ്ട് തന്റെ അടുക്കലേക്കു ചെല്ലുവാനും തങ്ങൾക്ക് ഇബ്

നസിയാദിന്റെ ഉത്തരവു കിട്ടിയിരിക്കുന്നുവെന്നു ആ ഭടന്മാരുടെ നായകനായ ഹുർറ് പ്രസ്താവിച്ചു. അതിനേക്കാൾ നല്ലതു മരിക്കുകയാണ് എന്നു ഹുസൈൻ (റ) മറുപടി പറഞ്ഞു. ഹുസൈൻ (റ) കൂടെയുണ്ടായിരുന്നവരോടു വാഹനം കയറി മടങ്ങിക്കൊള്ളുവാൻ കല്പിച്ചു. അവർ മടങ്ങുവാൻ ശ്രമിച്ചപ്പോൾ ഹുർറ് തടസ്സം ചെയ്തു. തന്നിമിത്തം ഇമാം ഹുസൈൻ (റ) വടക്കു ഭാഗത്തേക്കു നടന്നു. ഇങ്ങിനെ നീനവ എന്നിടത്തു് എത്തിയപ്പോൾ മറെറാരു കൂട്ടം ഭടന്മാരെ കൂടി കണ്ടുമുട്ടി. ആ ഭടന്മാർ അംറുബ്നുസഅ്ദിന്റെ നായകത്വത്തിൻ കീഴിൽ ഇമാംഹുസൈൻ (റ) യോടു യുദ്ധം ചെയ്യേണ്ടതിനു ഇബ്നുസിയാദിനാൽ അയക്കപ്പെട്ടവരായിരുന്നു.

ഇബ്നുസഅ്ദ്, ഹുസൈൻ (റ) യിനോടു എന്തു ഉദ്ദേശത്തോടുകൂടിയാണ് അദ്ദേഹം ചെന്നിട്ടുള്ളതു് എന്നു ഒരു ദൂതൻ മുഖേന അന്വേഷിച്ചു. കൂഫക്കാർ അനേകം പ്രാവശ്യം കത്തു് എഴുതി ക്ഷണിച്ചതുകൊണ്ടാണ് താൻ ചെന്നിട്ടുള്ളതെന്നും താൻ ചെല്ലുന്നതിൽ ജനങ്ങൾക്കു തൃപ്തിയില്ലെങ്കിൽ മടങ്ങിക്കൊള്ളാമെന്നും അദ്ദേഹം മറുപടി പറഞ്ഞു. ഇബ്നുസഅ്ദ് ഈ വിവരത്തിനു ഇബ്നുസിയാദിന്റെ അടുക്കലേക്കു കത്തെഴുതി. 'നമ്മുടെ പിടിയിൽ അകപ്പെട്ടിട്ടുള്ള സ്ഥിതിക്കു ഇനി വിട്ടുകൂടാ' എന്നായിരുന്നു ഇബ്നുസിയാദിന്റെ മറുപടി.

അനന്തരം ഇബ്നുസിയാദ്, ഇമാംഹുസൈൻ (റ) യിനോടു യസീദിനെ ബൈഅത്തു് ചെയ്യാൻ ആവശ്യപ്പെടണമെന്നും, ബൈഅത്തു് ചെയ്യുന്ന പക്ഷം എന്താണ് പ്രവർത്തിക്കേണ്ടതു് എന്നു പിന്നീടു് അറിയിക്കാമെന്നും അല്ലാത്തപക്ഷം അദ്ദേഹത്തിനും കൂടെയുള്ളവർക്കും വെള്ളം കിട്ടുവാനുള്ള മാർഗ്ഗത്തെ തടസ്സപ്പെടുത്തണമെന്നും ഇബ്നുസഅ്ദിനു ഉത്തരവു കൊടുത്തു. ഇതിൽ പിന്നെ അദ്ദേഹം ശമ്മർഇബ്നുൽജൗശൻ എന്ന ആളെയും ഒരു സൈന്യത്തോടുകൂടി അയച്ചു. പുറപ്പെട്ട സ്ഥലത്തേക്കു തന്നെ മടങ്ങിപ്പോകുവാനോ വല്ല അതിർത്തിരാജ്യത്തേക്കും കടന്നുപോകുവാനോ തങ്ങളെ അനുവദിക്കേണമെന്നു ഇമാംഹുസൈൻ (റ) പറഞ്ഞതിനു യാതൊരു ഫലവുമുണ്ടായില്ല. തന്റെ കല്പന അനുസരിക്കയല്ലാതെ മറെറാരു മാർഗ്ഗവുമില്ലെന്നായിരുന്നു ഇബ്നുസിയാദ് എഴുതി അറിയിച്ചതു്. അദ്ദേഹത്തിന്റെ കല്പന സ്വീകരിക്കുകയെന്നതു ഇമാമിനു ക്ഷന്തവ്യമായതുമില്ല.

ഒടുവിൽ ഹിജ്റഃ 61 മുഹർറം10-ാംനു കർബലാ മൈതാനത്തു വെച്ചു് ഒരു ഭാഗത്തു ഇമാംഹുസൈൻ(റ) 80 അനുയായികളടങ്ങിയ ഒരു ചെറുസംഘവും, മറുഭാഗത്തു് വമ്പിച്ച ഇറാഖ് സൈന്യവും അണി നിരന്നു പരസ്പരം യുദ്ധം ചെയ്തു. ഇറാഖ് സൈന്യത്തിൻ ഒരൊറ സിറിയക്കാരൻ പോലും ഉണ്ടായിരുന്നില്ല. കുറഞ്ഞ സമയം കൊണ്ടു യുദ്ധം അവസാനിച്ചു. 71 അനുചരന്മാരോടുകൂടി ഇമാംഹുസൈനും ഇബ്നുസഅ്ദിന്റെ സൈന്യത്തിൽ 88 പേരും വധിക്കപ്പെട്ടു.

ഇറാഖുകാർ ഹുസൈൻ(റ)യുടെ തലയോടുകൂടി അദ്ദേഹത്തിന്റെ ഭാര്യയേയും രോഗിയായിരുന്ന മകൻ അലിയ്യുബ്നു ഹുസൈനേയുംഇബ്നുസിയാദിന്റെ അടുക്കൽ ഹാജരാക്കി. അദ്ദേഹം അവരെ ശമ്മർ മുതലായ ചില ഇറാഖ് നേതാക്കന്മാരോടുകൂടി ദിമിശ്ഖിലേക്കു അയച്ചു.

അവർ ദിമിശ്ഖിൽ ചെന്ന അവസരത്തിൽ യസീദിനു അപാരമായ ദുഃഖമുണ്ടായി. അദ്ദേഹത്തിന്റെ ഇരു നേത്രങ്ങളിലും ബാഷ്പം നിറഞ്ഞു. 'നിങ്ങൾ ചെയ്തതു എന്തൊരു ക

ഠിനകൃത്യം. ഹുസൈനെ കൊല്ലാതെ നിങ്ങൾ കീഴടങ്ങിയിരുന്നുവെങ്കിൽ തന്നെ ഞാൻ തൃപ്തിപ്പെടുമായിരുന്നു. ഇബ്‌നു സിയാദിന്റെ സ്ഥാനത്തു് ഞാനായിരുന്നുവെങ്കിൽ ഞാൻ കലഹം ഉണ്ടാക്കാതെ കഴിക്കുമായിരുന്നു' എന്നായിരുന്നു ഇറാഖുകാരോടു് അദ്ദേഹം പറഞ്ഞതു്. അനന്തരം തന്റെ ദർബ്ബാറിൽ കൂടിയിരുന്നവരോടു അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു.

'ഹുസൈൻ (റ) ഈ സ്ഥിതിയിൽ ആയിത്തീർന്നതു് എന്തുകൊണ്ടാണെന്നു നിങ്ങൾക്കു് അറിയാമോ? 'എന്റെ പിതാവിനു യസീദിന്റെ പിതാവിനേക്കാളും മാതാവിനു യസീദിന്റെ അമ്മയേക്കാളും പിതാമഹനു യസീദിന്റെ പിതാമഹനെക്കാളും പദവിയുണ്ടു്' 'ഞാൻ യസീദിനേക്കാളും ശ്രേഷ്ഠനും ഖിലാഫത്തധികാരത്തിനു അവനേക്കാളും അർഹതയുള്ളവനുമാണു്" എന്നു അദ്ദേഹം പറഞ്ഞിരുന്നു. എന്റേയും അദ്ദേഹത്തിന്റേയും പിതാക്കളും തമ്മിലുള്ള തർക്കം എങ്ങിനെ തീർന്നുവെന്നു മാനവലോകം അറിഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിന്റെ മാതാവു് റസൂൽ തിരുമേനി (സ) യുടെ പുത്രിയായ ഫാത്തിമാബീവി ആകുന്നുവല്ലോ മനുഷ്യവംശത്തിലുള്ള ഒരു സ്ത്രീക്കും അവരുടെ അത്യുന്നതമായ പദവിയെ പ്രാപിക്കുവാൻ കഴിയുന്നതല്ല. അദ്ദേഹത്തിന്റെ പിതാമഹൻ റസൂൽ തിരുമേനി (സ) യാണല്ലോ. തിരുമേനി (സ) സർവ്വ പ്രവാചകന്മാരിലും വെച്ചു ഏറ്റവും ശ്രേഷ്ഠനാകുന്നുവെന്നു ഓരോ മുസ്‌ലിമും വിശ്വസിക്കുന്നുണ്ടു്. എന്നാൽ ഈ നാശങ്ങളെല്ലാം സംഭവിച്ചതു, ആരുടെ പിതാവും പിതാമഹനും സർവ്വശ്രേഷ്ഠന്മാരാണോ അവൻ തന്നെയാണു് ഖലീഫയാകേണ്ടതു് എന്നു അദ്ദേഹം കണ്ടുപിടിച്ചതുകൊണ്ടാണു്. 'ദൈവമേ, നീ ഉദ്ദേശിക്കുന്നവർക്കു നീ രാജത്വം കൊടുക്കുന്നു' എന്ന ഖുർആൻ വാക്യത്തെ അദ്ദേഹം കാര്യമാക്കിയില്ല.'

ഇതിനു ശേഷം യസീദ് കർബലയിൽ നിന്നു രക്ഷ പ്രാപിച്ചു തന്റെ അടുക്കൽ എത്തിയിട്ടുള്ളവരും വളരെ കഷ്ടതയനുഭവിച്ചവരുമായിരുന്ന അലിയ്യുബ്‌നുൽഹുസൈൻ (റ) ആദിയായവരെ തന്റെ അധീനതയിൽ താമസിപ്പിച്ചു. കൊട്ടാരത്തിൽ തന്റെ അധീനതയിലുണ്ടായിരുന്ന സ്ത്രീകൾ അവരുടെ അടുക്കൽ ചെന്നു വളരെ വിലപിക്കുകയും മൂന്നു ദിവസം കഴിയുന്നതുവരെ ദുഃഖം ആചരിക്കുകയും ചെയ്തു. വളരെ ദിവസങ്ങൾ കഴിഞ്ഞതിനുശേഷം അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും അതിനുശേഷം അവരെ മദീനയിലേക്കു അയക്കുകയും ചെയ്തു. അദ്ദേഹം അവർക്കു നഷ്ടം വന്ന ധനത്തിന്റെ ഇരട്ടി സംഖ്യ കൊടുക്കുകയും വല്ല ആവശ്യവും നേരിട്ടപ്പോൾ കത്തെഴുതുന്നതായാൽ താൻ നിവർത്തിച്ചു കൊടുക്കുന്നതാണെന്നു അലിയ്യുബ്‌നുൽഹുസൈൻ (റ) വിനോടു പറയുകയും ചെയ്തു. ഇങ്ങിനെ എത്രയും വ്യസനകരമായ രൂപത്തിലാണു് കർബലാ യുദ്ധം പര്യവസാനിച്ചതു്.

കൂഫക്കാർ വിശ്വാസയോഗ്യന്മാരായിരുന്നില്ല. ഹസ്രത്തു് അലി (ക.വ.) തന്നെ മദീനയെ ഉപേക്ഷിച്ചു കൂഫയെ ഖിലാഫത്തു് തലസ്ഥാനമാക്കിയതോടുകൂടി അവർ നിമിത്തം വളരെ നഷ്ടകഷ്ടങ്ങൾ നേരിട്ടിരുന്നു. ആ അനുസരണമില്ലാത്ത ജനങ്ങളെക്കൊണ്ടു ബുദ്ധിമുട്ടി അദ്ദേഹം ഇങ്ങിനെ പ്രാർത്ഥിച്ചിരുന്നു. 'ദൈവമേ, മരണത്തിലോ വധത്തിലോ അകപ്പെടുത്തിയിട്ടെങ്കിലും ഇവരിൽനിന്നും എനിക്കു മോചനം നൽകേണമേ' ഇമാംഹസൻ (റ) വിനേയും അവർ ഖലീഫയായി തിരഞ്ഞെടുത്തു. സിറിയൻസൈന്യവുമായി നേരിട്ടപ്പോൾ പ്രഥമയുദ്ധത്തിൽ തന്നെ അവർ അദ്ദേഹത്തെ ഉപേക്ഷിച്ചു കളഞ്ഞതിനാൽ ഒടുവിൽ അദ്ദേഹത്തിനു അമീർ മുആവിയയോ

ട്ട സന്ധി ചെയ്യേണ്ടി വന്നു. അവരെ മാത്രം വിശ്വസിച്ച കൊണ്ടായിരുന്നുവല്ലോ ഇമാംഹുസൈൻ (റ) മക്കയിൽനിന്നും കൂഫയിലേക്ക വന്നത്. അവരുടെ സ്വഭാവാനുഷ്ഠാനങ്ങളും അടിസ്ഥാനരഹിതങ്ങളായിരുന്നുവെന്ന കൂഫയെ സമീപിച്ച അവസരത്തിൽ അദ്ദേഹത്തിന്നു മനസ്സിലായി. തദവസരത്തിൽ അദ്ദേഹം മടങ്ങുവാൻ വിചാരിച്ചു. എന്നാൽ അക്രമിയായ ഇബ്നുസിയാദ് അതിന്നു സമ്മതിച്ചില്ല. ഇബ്നുസിയാദിന്റെ നിർബ്ബന്ധമനുസരിച്ചു യസീദിനെ ബൈഅത്ത് ചെയ്യുന്നതു അദ്ദേഹത്തിന്നു സമ്മതവുമായില്ല. ഇങ്ങിനെ അദ്ദേഹം ധൈര്യസമേതം പോരാടി ആത്മത്യാഗം ചെയ്തു. കൂഫക്കാരുടെ സ്വഭാവം മനസ്സിലാക്കിയിരുന്ന അബ്ദുല്ലാഹിബ്നു അബ്ബാസും മറ്റും ഇങ്ങിനെ സംഭവിക്കുമെന്നു മുമ്പു തന്നെ അറിഞ്ഞിരുന്നു. അതുകൊണ്ടായിരുന്നു അവർ ഇമാമിനെ ഈ ഉദ്യമത്തിൽനിന്നു പിന്തിരിക്കുവാൻ പരമാവധി പരിശ്രമിച്ചുനോക്കിയതു്.

കിരാതമായ ഹർറത്ത് യുദ്ധം

ഖലീഫയായതോടുകൂടി യസീദ് മദീനക്കാരെ കൂടുതൽ ആദരിക്കുന്നതിൽ ബദ്ധശ്രദ്ധനായി. അവക്കു വലിയവലിയ സമ്മാനങ്ങളും പ്രത്യേക പദവികളും നൽകി. എങ്കിലും അബ്ദുല്ലാഹിബ്നുസുബൈർ (റ) ഖിലാഫത്തധികാരം കരസ്ഥമാക്കുവാൻ തീവ്രപ്രയത്നം ചെയ്തു മക്കയിൽ വെച്ചു ജനങ്ങളോടു ബൈഅത്ത് ചെയ്യിക്കുവാൻ ആരംഭിച്ചപ്പോൾ മദീനക്കാർ അദ്ദേഹത്തിന്റെ പക്ഷക്കാരായിത്തീർന്നു അവർ അബ്ദുല്ലാഹിബ്നുഹൻസലത്തിനെ തങ്ങളുടെ നേതാവായി നിയമിക്കുകയും യസീദിന്റെ ബൈഅത്ത് ദുർബ്ബലപ്പെടുത്തുകയും ചെയ്തു പരസ്യമായി മത്സരത്തിന്നു പുറപ്പെട്ടു. ഈ വിവരം അറിഞ്ഞപ്പോൾ യസീദ് അവരെ ഉപദേശിക്കേണ്ടതിന്നായി നുഅ്മാനുബ്നുബശീറിനെ അയച്ചു. അദ്ദേഹം ചെന്നു ഒരു സഹൃദയന്റെ നിലയിൽ മദീനക്കാരോടു പല വിധത്തിലും ഉപദേശിച്ചു. 'നിങ്ങൾ ഛിദ്രവും കലഹവും ഉണ്ടാക്കുവാൻ ശ്രമിക്കരുതു്. സമുദായത്തിൽനിന്നു വേർപെട്ടു നിങ്ങളുടെ മതത്തെയും ഐഹികക്ഷേമത്തെയും നഷ്ടപ്പെടുത്തരുതു്. സിറിയക്കാരോടു നേരിടുവാൻ നിങ്ങൾക്കു ശക്തിയില്ലല്ലോ. എന്നിരിക്കെ എന്തു കണ്ടിട്ടാണു് നിങ്ങൾ കലഹത്തിന്നു പുറപ്പെടുന്നതു്?' എന്നു പറഞ്ഞു അവരെ പിന്തിരിക്കുവാനായി നുഅ്മാൻ കഴിയുന്നത്ര ഉത്സാഹിച്ചു. എങ്കിലും അദ്ദേഹത്തിന്റെ ഉപദേശം തീരെ ഫലപ്പെട്ടില്ല. അവസാനം അദ്ദേഹം നിരാശയോടെ മടങ്ങിപ്പോയി.

മദീനക്കാർ അവിടെ ഉണ്ടായിരുന്ന ബനൂഉമയ്യാ ഗോത്രക്കാരോടു എതിർത്തു. ബനൂഉമയ്യാ ഗോത്രക്കാർ മർവാന്റെ ഭവനത്തിൽ ഒരുമിച്ചു കൂടി. ഈ സന്ദർഭത്തിൽ മദീനക്കാർ ആ വീടു വളഞ്ഞു. ബനൂഉമയ്യാ ഗോത്രക്കാർ ഉടനെ ഒരു ദൂതനെ യസീദിന്റെ അടുക്കലേക്കു അയച്ചു അദ്ദേഹത്തോടു അടിയന്തിര സഹായത്തിന്നു ആവശ്യപ്പെട്ടു. അദ്ദേഹം മുസ്‌ലിമുബ്നുഅഖബത്തിന്റെ നേതൃത്വത്തിൻ കീഴിൽ 120000 ത്തിൽപരം ഭടന്മാരെ അയച്ചു. മുസ്‌ലിമിനോടു അദ്ദേഹം ഇപ്രകാരം കല്പിച്ചിട്ടുണ്ടായിരുന്നു 'മദീനക്കാരോടു മത്സരത്തിൽനിന്നു പിന്മാറുവാൻ മൂന്നുതവണ ഉപദേശിക്കണം. എന്നിട്ടും അനുസരിക്കാത്തവരോടു യുദ്ധം ചെയ്യണം മൂന്നു ദിവസംവരെ കൊല നടത്തണം. പക്ഷെ അലിയ്യുബ്നുഹുസൈൻ (റ) വിനോ യാതൊരു ദ്രോഹവും നേരിടരുതു്. അദ്ദേഹം ഈ കലാപത്തിൽ മദീനക്കാരുടെ ഭാഗത്തു പോലും നിന്നിട്ടില്ലെന്നു എനിക്കു കത്തയച്ചിട്ടുള്ളതി

നാൽ അദ്ദേഹത്തോട് വളരെ ഔദ്ധത്യപൂർവ്വം വത്തിക്കേണ്ടതാണെ.'

ബനൂഉമയ്യാ ഗോത്രക്കാരെ വളഞ്ഞുനിന്നിരുന്ന മദീനക്കാർ മുസ്‌ലിം വരുന്നുണ്ടെന്നറിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ ഭാഗത്ത് ചേരുന്നതല്ലെന്നും നാട്ടിലെ ആഭ്യന്തര സ്ഥിതിയെ കുറിച്ച് അദ്ദേഹത്തിന്ന വിവരം കൊടുക്കുന്നതല്ലെന്നും കരാർ ചെയ്തിച്ച അവരെ വിട്ടയച്ചു. അവർ മോചിതരായി വാദിൽഖുറാ എന്നിടത്തു് എത്തിയപ്പോൾ മുസ്‌ലിമുമായി കണ്ടു. അദ്ദേഹം ഹസ്സത്തു് ഉസ്മാൻ (റ) യുടെ മകൻ അംറിനോട് മദീനയിലെ വർത്തമാനം ചോദിച്ചു. തനിക്ക കരാർ ലംഘിക്കുവാൻ തരമില്ലാത്തതുകൊണ്ടു് യാതൊരു വർത്തമാനവും പറവാൻ കഴിയുന്നതല്ലെന്ന അദ്ദേഹം ഉത്തരം കൊടുത്തു. അപ്പോൾ മുസ്‌ലിം വളരെ കോപത്തോടുകൂടി 'നിങ്ങളുടെ പിതാവിനെ ഓർത്തിരുന്നില്ലെങ്കിൽ കഴുത്തു ഞാൻ വെട്ടിക്കളയുമായിരുന്നു' എന്ന അദ്ദേഹത്തോട് പറഞ്ഞു. അനന്തരം അബ്ദുൽമലിക്കുബ്നു മർവാനോട് അനേഷിച്ച അവസരത്തിൽ അദ്ദേഹം എല്ലാ വിവരവും സവിസ്തരം പ്രസ്താവിച്ചു. കൂടാതെ മുസ്‌ലിമിനോട് അദ്ദേഹം ഇങ്ങിനെ ഉപദേശിക്കുകയും ചെയ്തു. 'ഇന്നു മദീനഖ്‌ലയിൽ ചെന്നു താമസിക്കുക. രാവിലെ വലത്തു ഭാഗത്തു നിന്നു തിരിഞ്ഞു (കിഴക്കോട്ട്) മദീനയുടെ അപ്പുറം കടക്കണം. പിന്നീട് ഹർറത്ത് എന്നടത്തു് നിന്നു പടിഞ്ഞാറു ഭാഗത്തേക്ക തിരിഞ്ഞു മദീനയിലേക്ക മടങ്ങണം. ഇങ്ങിനെ സൂര്യൻ മദീനക്കാരുടെ മുൻഭാഗത്തും നിങ്ങളുടെ പിൻഭാഗത്തും ആയിത്തീരുന്നതും നിങ്ങളുടെ ഖഡ്ഗപ്രകാശത്താൽ അവരുടെ നേത്രങ്ങൾ മങ്ങുകയും ഹൃദയങ്ങൾ ഭീതിയുണ്ടാകയും ചെയ്യുന്നതുമാണു്" മുസ്‌ലിം ഈ ഉപദേശമനുസരിച്ചു പ്രവർത്തിച്ചു. അദ്ദേഹം മദീനയോടടുത്തു ചെന്ന അവിടത്തെ നേതാക്കന്മാരെ വിളിച്ചു അവരോട് ഇപ്രകാരം പറഞ്ഞു. 'മദീനക്കാർ സമുദായത്തിന്റെ മൂലധനയാണെന്നും അവരുടെ പാവനമായ രക്തം ചിന്തിപ്പിക്കുന്നതു് തനിക്ക തീരെ അസഹനീയമാണെന്നും അമീർമുഅ്മിനീൻ പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു നിങ്ങൾക്ക മൂന്നു ദിവസത്തെ അവധി തരുന്നുണ്ടു്. അതിലിടക്ക അക്രമത്തിൽ നിന്നു പിന്മാറുന്നവരുമായി യാതൊരു ദ്രോഹവും ഏല്പിക്കുന്നതല്ല. പിന്മാറാതിരിക്കുന്നവർ എന്നെ നിർദ്രോഷിയായി ഗണിക്കേണ്ടതാണെ.'

മദീനക്കാർ ഈ ഉപദേശത്തെ അശേഷം വില വെച്ചില്ല. തന്നിമിത്തം മൂന്നു ദിവസം കഴിഞ്ഞതിൽ പിന്നെ ഘോര യുദ്ധം നടന്നു. യുദ്ധത്തിൽ അവർക്ക പരാജയം നേരിട്ടു. മദീനയിലെ നേതാക്കന്മാരും മാന്യന്മാരുമായിരുന്ന അനേകം പേർ വധിക്കപ്പെട്ടു. മൂന്നു ദിവസം വരെ അവിടം മുഴുവനും കൊലനിലമാക്കി പരിണമിച്ചു. അനന്തരം എല്ലാവരും ചെന്നു ബൈഅത്ത് ചെയ്യേണ്ടതാണെന്നും ബൈഅത്ത് ചെയ്യാതിരിക്കുന്നവരെ കൊന്നുകളയുമെന്നും മുസ്‌ലിം പരസ്യപ്പെടുത്തി. ഇങ്ങിനെ സർവ്വ ജനങ്ങളും ചെന്നു ബൈഅത്ത് ചെയ്തു. യസീദ് ഉപദേശിച്ചതനുസരിച്ചു, അലിയ്യുബ്നു ഹുസൈൻ (റ) വോട്ട് മുസ്‌ലിം വളരെ ഔദ്ധത്യപൂർവ്വം ഇടപെട്ടു. ബൈഅത്തിനെ കുറിച്ചും അദ്ദേഹത്തോട് യാതൊന്നും പറഞ്ഞിരുന്നില്ല. ഹിജ്റാ 63 ദുൽഹജ്ജ് മാസാവസാനത്തിലാണ് ഈ കിരാതവും പൈശാചികവുമായ യുദ്ധം നടന്നതു്.

യുദ്ധം ചെയ്യാൻ ശേഷിയില്ലാത്തവരും ഇതര രാജ്യക്കാരുടെ സഹകരണം ലഭിക്കാത്തവരുമായിരുന്ന മദീനക്കാർ യസീദിന്റെ തിരഞ്ഞെടുപ്പു ദുർബ്ബലപ്പെടുത്തുന്നതിൽ അനന്യസാധാരണമായ ധൈര്യം പ്രദർശിപ്പിച്ചതു എ

ങ്ങിനെയെന്ന ചിന്തിക്കുമ്പോൾ അത്ഭുതമാണ് ഉളവാകുന്നത്. മദീനയുടെ പരിശുദ്ധിയെ ധ്വംസനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം പൂർണ്ണമായും മദീനക്കാരിൽ ചുമത്താൻ നിർവ്വാഹമില്ല. എന്നാൽ മുസ്‌ലിം അനുവർത്തിച്ച പിഴച്ച നയവും അവിവേകമായിപ്പോയി. അദ്ദേഹം മദീനയെ വളയുകയും പുറമെ നിന്നു മദീനയിലേക്കു ചെല്ലുന്ന വെള്ളത്തെ രണ്ടു ദിവസത്തേക്കു തടയുകയും ചെയ്തിരുന്നുവെങ്കിൽ തന്നെ മദീനക്കാർ അദ്ദേഹത്തിന്റെ കല്പന സ്വീകരിക്കുവാൻ നിർബ്ബന്ധിതരാകുകയും റസൂൽ തിരുമേനി (സ) യുടെ ഹറമിനും (മദീന) രക്തപ്രവാഹത്തിൽ നിന്നു മോചനം ലഭിക്കുകയും ചെയ്യുമായിരുന്നു.

മദീനക്കാർ യുദ്ധത്തിനു ധൃതി കൂട്ടിയെന്നും അവർ തങ്ങളുടെ രക്ഷക്കായി കഴിച്ചിരുന്ന കിടങ്ങുപോലും ഉപേക്ഷിച്ചു മുന്നോട്ടു ചെന്നു പോർ തുടങ്ങിയെന്നും ചിലർ പറയുന്നതു നമുക്ക് ഏകപക്ഷീയമായി സ്വീകരിച്ചു കൂടാ. മുസ്‌ലിമിന്റെ മേൽ അപരാധമുണ്ട്. രാജ്യം കീഴടങ്ങിയതിൽ പിന്നെയും കൂട്ടക്കൊല നടത്തിയതിന്റെ ഉദ്ദേശമെന്ത്? യാതൊരു ആവശ്യവും കൂടാതെ മദീനയിൽ ഇപ്രകാരം രക്തപ്രവാഹവും അക്രമവും നടത്തുന്നതിനു സിറിയൻമുസ്‌ലിംകളുടെ സ്വാഭിമാനം അവരെ അനുവദിച്ചതു എങ്ങിനെ? പ്രക്ഷോഭത്തെ തലയിൽ കയറുകയും കലഹത്തിൽ രസം വർദ്ധിക്കുകയും ചെയ്യുമ്പോൾ ഭവിഷ്യാവസ്ഥയെ മനുഷ്യർ ആലോചിക്കാറില്ല

മക്കാനഗരത്തെ ഉപരോധിക്കുന്നു

മുസ്‌ലിം മദീനയിലെ ക്രൂരമായ കൊല നടത്തിയതിനുശേഷം ഹിജാസുകാരോടു ബൈഅത്ത് വാങ്ങി ഖിലാഫത്തു കൊടി നാട്ടിയിരുന്ന അബ്ദുല്ലാഹിബ്നുസുബൈർ (റ) വിനോടു നേരിടുവാനായി വിഖ്യാതമായ മക്കാനഗരത്തിലേക്കു പുറപ്പെട്ടു. എങ്കിലും അദ്ദേഹം വഴിയിൽവെച്ചു നിര്യാതനായി. അനന്തരം യസീദിന്റെ കല്പന അനുസരിച്ചു ഹുസൈനുബ്നുനുമീർ സേനാനായകത്വം വഹിച്ചു. മുഹർറം 26-ാംനു പ്രസ്തുത സൈന്യം മക്കയിലെത്തി. ഇബ്നുസുബൈർ (റ) യുദ്ധം ചെയ്യാനായി നഗരത്തിന്റെ പുറത്തേക്കു ചെന്നുവെങ്കിലും യുദ്ധത്തിൽ പരാജയം നേരിട്ടതിനാൽ മക്കയിലേക്കു തന്നെ മടങ്ങി. സിറിയക്കാർ മക്കാനഗരം നാലു ഭാഗത്തു നിന്നും വളഞ്ഞുകവണ കൊണ്ടു നഗരത്തിലേക്കു കല്ലെറിഞ്ഞു. ഇതിന്നിടയിൽ യസീദ് നിര്യാതനായിരിക്കുന്നുവെന്നു വർത്തമാനം കിട്ടിയതിനാൽ സിറിയക്കാർ മടങ്ങിപ്പോയി. ഇങ്ങിനെ യുദ്ധം അവസാനിച്ചു.

ഈ മൂന്നു സംഭവങ്ങളും നിമിത്തം യസീദിനു മുസ്‌ലിംകളുടെ ഇടയിൽ ചീത്തപ്പേർ പരന്നു അദ്ദേഹത്തെ ശപിക്കുന്നതിനു വിരോധമില്ലെന്നുകൂടി ഈ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ചിലർ പറഞ്ഞിട്ടുണ്ട്. എന്നാൽ ഖിലാഫത്തധികാരം തന്റെ വിരോധികൾക്കു വേണ്ടി ഉപേക്ഷിക്കുക, അവരോടു യുദ്ധം ചെയ്യുക എന്നീ രണ്ടു മാർഗ്ഗങ്ങളിൽ ഒന്നിനെ അനുഷ്ഠിക്കാതിരിക്കുവാൻ അദ്ദേഹത്തിനു നിവൃത്തിയുണ്ടായിരുന്നില്ല. മുസ്‌ലിംകൾ പൊതുവെ അദ്ദേഹത്തെ ഖലീഫയായി സമ്മതിച്ചു കഴിഞ്ഞിരുന്ന സ്ഥിതിക്കു ഇമാംഹുസൈനെപ്പോലെ (റ) സ്വാർത്ഥപരിത്യാഗത്തെ കൈക്കൊണ്ടു ഖിലാഫത്ത് സിംഹാസനത്തിൽ നിന്നു എഴുന്നേറ്റുപോകുകയെന്നതു അദ്ദേഹത്തിനു അത്ര എളുപ്പമായിരുന്നില്ല. അതുകൊണ്ടു രണ്ടാമത്തെ മാർഗ്ഗത്തെയാണ് അദ്ദേഹം അംഗീകരിച്ചതു. അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിനു നേരിട്ട വിഷമങ്ങളെ വിവേകത്തോടും സഹതാപത്തോടും കൂടി

പരിഹരിച്ചില്ലെന്നും നേരെ മറിച്ച്, അനാവശ്യവും അന്യായവുമായ മർദ്ദനനയത്തെ അംഗീകരിച്ചുവെന്ന മുള്ളതിൽ സംശയമില്ല. മുൻപ്രസ്താവിച്ച അതിദയനീയ സംഭവങ്ങളെ കുറിച്ച് സൂക്ഷ്മവീക്ഷണം നടത്തുമ്പോൾ അവർ യസീദിനെ മാത്രം കുറക്കാരനാക്കുന്നത് ന്യായവിരുദ്ധമാണെന്നു പറഞ്ഞുകൂടാ.

യസീദ് പിടിച്ചടക്കിയ പ്രദേശങ്ങൾ

യസീദിന്റെ ഖിലാഫത്തുകാലത്തു അബ്ദുൽമലിക്ക് രണ്ടാമനും ആഫ്രിക്കാ സേനാനായകനായി നിയമിക്കപ്പെട്ടു. ഈ നിയമനം മൂലം തന്റെ പിതാവായ അമീർ മുആവിയ അബ്ദുൽമലിക്കിനോട് ചെയ്തിട്ടുണ്ടായിരുന്ന വാശാനത്തെ യസീദ് പൂർത്തീകരിച്ചു. അബ്ദുൽമലിക്ക് ദമാസ്കസിൽ ചെന്നു തന്റെ വിരോധിയായിരുന്ന അബ്ദുൽമഹാജിറിനെ ചങ്ങല കൊണ്ടു ബന്ധിച്ചു തടവിലിട്ടു. അനന്തരം അദ്ദേഹം ഒരു വലിയ സേനയുമായി ബാഗായ എന്ന പട്ടണത്തിനു നേരെ ചെന്നു. അവിടെ റോമാക്കാർ സംഘം കൂടി നിന്നിരുന്നു. ഇരു കൂട്ടരും തമ്മിൽ ഘോരമായ സമരം നടന്നു. റോമക്കാർ തോറ്റു പിൻമാറുകയും കോട്ടയിൽ അഭയം പ്രാപിക്കുകയും ചെയ്തു. അവരെ വളയേണ്ട ആവശ്യമില്ലെന്നു കണ്ടതിനാൽ അനന്തരം അബ്ദുൽമലിക്ക് പ്രദേശങ്ങളെ ആക്രമിച്ചു. അവിടത്തെ ഏറ്റവും വലിയ നഗരമായിരുന്ന 'അറബ'യെ റോമക്കാരുടെ പക്കൽനിന്നു അദ്ദേഹം പിടിച്ചടക്കി. അബ്ദുൽമലിക്ക് വീണ്ടും മുന്നോട്ടു ചെന്നു താഹ്‌റത്ത് എന്നിടത്തു വെച്ചു റോമൻ സൈന്യത്തോടു നേരിട്ടു. റോമക്കാരുടെ ഭാഗത്ത് ബർബരികളും ചേർന്നിട്ടുണ്ടായിരുന്നു. ശത്രുക്കൾ എണ്ണത്തിൽ അധികമുണ്ടായിരുന്നതിനാൽ മുസ്‌ലിംകൾക്കു വളരെ ബുദ്ധിമുട്ടുകൾ സംഭവിച്ചു എങ്കിലും അവർ ക്ഷമയോടുകൂടി പരിശ്രമിച്ചതുകൊണ്ടു അല്ലാഹു അവർക്കു വിജയം നൽകി. റോമൻ സൈന്യവും ബർബരികളും തോറ്റു പോയതിനാൽ അവരുടെ പക്കൽനിന്നു കണക്കില്ലാത്ത ആയുധങ്ങളും ദ്രവ്യങ്ങളും മുസ്‌ലിംകൾ പിടിച്ചെടുത്തു. അനന്തരം മുസ്‌ലിം സൈന്യം തഞ്ചയുടെ നേരെ ചെന്നു. അവിടത്തെ റോമൻ നായകനായിരുന്ന യലിയാർ അവർക്കു വളരെ സമ്മാനങ്ങൾ നൽകി അവരുമായി സന്ധിച്ചു. ഇതിൽ പിന്നെ മുസ്‌ലിം സൈന്യം തഞ്ചയുടെ പടിഞ്ഞാറു ഭാഗത്തുള്ള 'സൂസ് അദ്നാ' കീഴടക്കിക്കൊണ്ടു സൂസ് അഖ്സയിലേക്കു ചെന്നു. അവിടെ അവരുമായി യുദ്ധം ചെയ്യേണ്ടതിനു റോമക്കാരുടെയും ബർബരികളുടെയും ഒരു സംഘടിത സേന നിന്നിരുന്നു. മുസ്‌ലിംകൾ അവരെയും തോല്പിച്ച് അത്‌ലാന്തിക്കു സമുദ്രം വരെയുള്ള സ്ഥലങ്ങൾ മുഴുവനും കീഴടക്കി. സമുദ്രതീരത്തു എത്തിയ അവസരത്തിൽ അബ്ദുൽ തന്റെ കുതിരയെ വെള്ളത്തിൽ ഇറക്കുകയും ഇങ്ങിനെ പ്രാർത്ഥിക്കുകയും ചെയ്തു. 'അല്ലാഹുവേ, ഈ സമുദ്രം പ്രതിബന്ധമായിരുന്നില്ലെങ്കിൽ, ഭൂമി എവിടം വരെ കാണുന്നുവോ, അവിടം വരെയും നിന്റെ മാർഗ്ഗത്തിൽ ഞാൻ പോരാടുമായിരുന്നു.'

പിന്നീട് മുസ്‌ലിം സൈന്യം തൈറൂക്കാനിലേക്കു മടങ്ങി. രാജ്യം മുഴുവനും കീഴടങ്ങിയിരുന്നതു കൊണ്ടു ശത്രുബാധയെ അധികം ഭയപ്പെടേണ്ടതുണ്ടായിരുന്നില്ല. തന്നിമിത്തം അവർ ചെറുഭാഗങ്ങളായി പിരിഞ്ഞു വേറെ വേറെ യാത്ര ചെയ്തു. അബ്ദുൽമലിക്കിന്റെ കൂടെ നന്നു ചെറിയ ഒരു സൈന്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വഴിമദ്ധ്യേ തഹ്ഡ എന്ന സ്ഥലത്തു വെച്ചു റോമക്കാർ ഈ ചെറുസേനയെ കണ്ടു ആക്രമിക്കുവാൻ ഒരുങ്ങി. അബ്ദുൽമഹാജിറിൻ മുഖേന ഇസ്‌ലാംമതം സ്വീകരിച്ച 'കസീല' എന്നു പേരായ ഒരു ബർബരിനാ

യകൻ അഖബത്തിന്റെ ഒരുമിച്ചുണ്ടായിരുന്നു. അഖബത്ത് അബുൽമുഹാജിറിന്റെ നേരെ അനുവർത്തിച്ച കഠിനകൃത്യങ്ങളാൽ കസീലക്ക അദ്ദേഹത്തോട് വലിയ വിരോധമുണ്ടായി. തനിക്ക കസീലയെ കുറിച്ച വലിയ ഭയമുണ്ടെന്നും അയാളെ സൂക്ഷിക്കേണമെന്നും അബുൽമുഹാജിർ തന്നെ അഖബത്തിനോട പല പ്രാവശ്യം താക്കീത് ചെയ്തിട്ടുണ്ടായിരുന്നു. പക്ഷെ അഖബത്ത് അതു വിലവെച്ചിരുന്നില്ല.

ഈ സന്ദർഭത്തിൽ കസീലയും റോമക്കാരുടെ ഭാഗത്തു ചെന്നു ചേർന്നു. അയാൾ സ്വജനങ്ങളിൽ നിന്നു ഒരു വമ്പിച്ച സൈന്യം ശേഖരിച്ചു. മുസ്‌ലിംകളോട് എതിർത്തു. അഖബത്തിന്റെ കൂടെയുണ്ടായിരുന്ന സൈന്യത്തിലുണ്ടായിരുന്ന ഒരാൾ പോലും അവശേഷിച്ചില്ല. അനന്തരം കസീല തന്റെ കൂട്ടുകാരേയും കൊണ്ടു ഖൈറവാന്റെ നേരെ ചെന്നു. അഖബത്ത് അവിടെ ഖൈസുബ്‌നു ഖൈർ എന്ന ആളെ തന്റെ പ്രതിനിധിയായി നിറുത്തിയിട്ടുണ്ടായിരുന്നു. അദ്ദേഹം ശത്രുക്കളോട നേരിടുവാൻ ഭാവിച്ചുവെങ്കിലും ഭടന്മാർക്ക ശക്തിയില്ലാതിരുന്നതുകൊണ്ട അവർ യുദ്ധം ചെയ്യാൻ ഇഷ്ടപ്പെട്ടില്ല. ഇങ്ങിനെ മുസ്‌ലിംകൾ ബർഖയിലേക്ക ഓടിപ്പോകുവാൻ നിർബ്ബന്ധിതരായി. കസീല ഖൈറവാൻ പട്ടണം കരസ്ഥമാക്കി. അവിടെയുണ്ടായിരുന്ന മുസ്‌ലിംകൾക്കും കൃസ്ത്യാനികൾക്കും അയാൾ അഭയം നല്കി.

യസീദിന്റെ ദേഹവിയോഗം

യസീദ് ഹിജ്‌റഃ 64 റബീഉൽഅവ്വൽ 14-നു- (ക്രിസ്തുവർഷം 683 നവമ്പർ 10-നു-) സിറിയായിൽ പെട്ട ഹുവാർ പട്ടണത്തിൽ വെച്ച 39-ാം വയസ്സിൽ മരണം പ്രാപിച്ചു. അദ്ദേഹം ഖിലാഫത്തു് ഭരണം നിർവ്വഹിച്ചതു മൂന്നു കൊല്ലവും എട്ടു മാസവും പതിനാലു ദിവസവുമായിരുന്നു.

മുആവിയ രണ്ടാമൻ

യസീദിന്റെ വിയോഗാനന്തരം രണ്ടു പേർ ഖിലാഫത്തധികാരസ്ഥന്മാരായി. സിറിയയിൽ മുആവിയത്തുബ്‌നുയസീദും ഹിജാസിൽ അബ്ദുല്ലാഹിബ്‌നുസുബൈറും ഖലീഫമാരായി. മുആവിയ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട കാലത്തു് അദ്ദേഹത്തിനു 21 വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. തിരഞ്ഞെടുപ്പു കഴിഞ്ഞതിൽ പിന്നെ അദ്ദേഹം ജനങ്ങളെ അഭിമുഖീകരിച്ചു പ്രസംഗിച്ചു:

'നിങ്ങൾ എന്നെ ഖലീഫയായി തിരഞ്ഞെടുത്തു. എങ്കിലും ഖിലാഫത്തധികാരത്തിന്റെ കടമകൾ പൂർത്തീകരിക്കുവാൻ വേണ്ട ശക്തി എന്നിൽ ഞാൻ കാണുന്നില്ല. ഈ അധികാരത്തെ ഭാരമേല്പിക്കേണ്ടതിനു ഹസ്രത്ത് ഉമർ (റ) വിനെപോലെയുള്ള ഒരാളെ സമുദായത്തിൽ നിന്നു കിട്ടുമോ എന്നു ഞാൻ നോക്കുകയുണ്ടായി. പക്ഷെ ആരെയും കിട്ടിയില്ല. പിന്നീടു, ഹസ്രത്ത് ഉമർ (റ) ചെയ്തപോലെ സമുദായത്തിൽനിന്നു ഏതാനും യോഗ്യന്മാരെ തിരഞ്ഞെടുക്കാമെന്നും അവർ തങ്ങളിൽനിന്നു ഒരാളെ ഖലീഫയാക്കിക്കൊള്ളട്ടെ എന്നും ഞാൻ ആലോചിച്ചു. എന്നാൽ അങ്ങിനെയുള്ള യോഗ്യന്മാരെയും എനിക്കു കണ്ടെത്താൻ കഴിഞ്ഞില്ല. അതുകൊണ്ടു നിങ്ങൾക്കു ഇഷ്ടമുള്ള ഒരാളെ നിങ്ങൾ തന്നെ ഖലീഫയായി തിരഞ്ഞെടുത്തുകൊള്ളുക. എനിക്കു ഈ അധികാരം ആവശ്യമില്ല.'

ഇങ്ങിനെ പ്രസ്താവിച്ചതിനു ശേഷം അദ്ദേഹം തന്റെ വീട്ടിലേക്കു പോയി. ഇതിൽപിന്നെ അദ്ദേഹം പുറത്തേക്കു വന്നതേയില്ല. മൂന്നുമാസം കഴിഞ്ഞതിനുശേഷം അദ്ദേഹം നിര്യാതനായി. ഈ യുവാവിന്റെ സദുദ്ദേശത്തിനും ത്യാഗത്തിനും ജനങ്ങൾ അത്യധികം വില കല്പിച്ചു.

ഹസ്രത്തു് അബ്ദുല്ലാഹിബ്‌നുസുബൈർ(റ)

അബ്ദുല്ലാഹിബ്‌നുസുബൈർ (റ) വിന്റെ സ്ഥിതിയെപ്പറ്റി നമുക്കൊന്നു് നോക്കാം. മക്കാനഗരം വളഞ്ഞിരുന്ന ഹസീനബ്‌നുനമീർ യസീദിന്റെ മരണവൃത്താന്തം അറിഞ്ഞപ്പോൾ യുദ്ധം നിറുത്തിയ വിവരം മുമ്പു വിവരിച്ചിരുന്നുവല്ലോ. തദവസരത്തിൽ അദ്ദേഹം അബ്ദുല്ലയുടെ അടുക്കൽ ചെന്നു അദ്ദേഹത്തോടു പറഞ്ഞു:—

'ഇനി ഖിലാഫത്തധികാരത്തിന്നു താങ്കളേക്കാൾ അർഹനായി ആരുമില്ലെന്നാണു് എന്റെ അഭിപ്രായം. ഞാൻ താങ്കളെ ബൈഅത്തു് ചെയ്യാൻ സന്നദ്ധനാണു്. താങ്കൾ സിറിയായിലേക്കു് വരുവിൻ. എന്റെ കൂടെയുള്ള സൈന്യത്തിൽ സിറിയായിലെ മിക്ക തലവന്മാരുമുണ്ടു്. അതിനാൽ സിറിയാക്കാരെല്ലാവരും താങ്കളെ ബൈഅത്തു് ചെയ്യുമെന്നു എനിക്കു പൂർണ്ണവിശ്വാസമുണ്ടു് എങ്കിലും താങ്കളോടു യുദ്ധം ചെയ്തിരുന്ന ആളുകൾക്കു താങ്കൾ മാപ്പു കൊടുക്കണം. എന്നാൽ മാത്രമെ അവർക്കു താങ്കളെ കുറിച്ചു മനഃസ്സമാധാനമുണ്ടാകയുള്ളു.

ഹസീൻ അദ്ദേഹത്തോടു പറഞ്ഞതു വളരെ പഴുക്കെയായിരുന്നു. എങ്കിലും അദ്ദേഹം വളരെ കോപത്തോടും ഉച്ചത്തിലും കൂടി ഇപ്രകാരം പറഞ്ഞു.. 'ഒരിക്കലും ഞാൻ മാപ്പു കൊടുക്കയില്ല. എന്റെ ഭഗിനിനിന്നു കൊല്ലപ്പെട്ട മാതിരുത്തനാ പകരം പകുപ്പുള്ള സിറിയക്കാരെ ഞാൻ നിശ്ശേഷമായും കൊലപ്പെടുത്താതിരിക്കയില്ല.' ഇതു കേട്ട ഹസീൻ ഉടനെ പ്രസ്താവിച്ചു. 'താങ്കൾക്കു ബുദ്ധിയും ആലോചനയുമൊന്നുമില്ലായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. ഇപ്പോൾ എന്റെ വിചാരം തെറ്റായിരുന്നുവെന്നു മനസ്സിലായതിൽ ഞാൻ അതിയായി ഖേദിക്കുന്നു. ഞാൻ താങ്കൾക്കു ഖിലാഫത്തധികാരം നല്കുന്നു. താങ്കളോ, കൊലയും രക്തച്ചൊരിച്ചിലും നടത്തേണമെന്നു നിർബ്ബന്ധിക്കുന്നു. ഞാൻ പതുക്കെ സംസാരിക്കുമ്പോൾ താങ്കൾ ഉച്ചത്തിൽ മറുപടി പറയുന്നു.' അനന്തരം ഹസീൻ സൈന്യവുമായി സിറിയായിലേക്കു് മടങ്ങി.

ബസറയിൽ യസീദിന്റെ മരണവൃത്താന്തം എത്തിയപ്പോൾ ഇബ്‌നുസിയാദ് അവിടത്തുകാരെ വിളിച്ചുകൂട്ടി ഇങ്ങിനെ പ്രസംഗിച്ചു:—

'ബസറക്കാരെ ഞാൻ ജനിച്ചുവളർന്നതു ഇതേ പട്ടണത്തിലാണു്. ഇവിടത്തെ ഭരണാധികാരി എന്റെ പിതാവായിരുന്നു. അദ്ദേഹത്തിന്നു ശേഷം ഭരണകർത്തൃത്വം എനിക്കു സിദ്ധിച്ചു. ഞാൻ ഈ സംസ്ഥാനത്തിന്റെ ഭരണഭാരം കയ്യേറപ്പോൾ സൈന്യത്തിൽ 70000 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അവരുടെ സംഖ്യ ഒരു ലക്ഷമായിട്ടുണ്ടു്. 90000 ആളുകൾക്കു മാത്രമെ ധനസഹായം ലഭിച്ചിരുന്നുള്ളു. ഇപ്പോൾ ഒരു ലക്ഷം പേർക്കു് ധനസഹായം ചെയ്തുവരുന്നുണ്ടു്. ലഹളക്കാരും സമാധാനത്തിന്നു ഭംഗം വരുത്തിയവരുമെല്ലാം ജയിലുകളിലായി. സകലവിധ കുഴപ്പങ്ങളേയും ഞാൻ പരിഹരിച്ചതുകൊണ്ടു് സർവ്വത്ര സമാധാനം പരന്നു. നാഗരികതയും ക്ഷേമവും വളരെ അഭിവൃദ്ധി പ്രാപിച്ചു. നിങ്ങൾക്കു ഏതെങ്കിലും വിധത്തിൽ സംശയിക്കത്തക്ക ഒരു ശത്രുവും ഇപ്പോൾ ബാക്കിയില്ല.

യസീദ് ഈ ലോകവുമായി പിരിഞ്ഞു പോയി. സിറിയക്കാർ ഇതുവരെ ആരെയും ഖലീഫയായി തിരഞ്ഞെടുത്തിട്ടില്ല. ഇറാഖ് മുസ്‌ലിം രാജ്യങ്ങളുടെ കൂട്ടത്തിൽ ബലംകൊണ്ടും ജനസംഖ്യകൊണ്ടും സർവ്വപ്രധാനമായിട്ടുള്ളതാണു്. നിങ്ങൾ ഖലീഫയാക്കുന്ന ആളെ

ആദ്യമായി ബൈഅത്ത് ചെയ്യാൻ ഞാൻ തയ്യാറണ്ട്. സിറിയക്കാർ ആരെയെങ്കിലും ഖലീഫയായി തിരഞ്ഞെടുത്താൽ തന്നെ അവരുമായി യോജിക്കുകയോ, നിങ്ങൾക്കു പ്രത്യേകമായി ഒരു ഖിലാഫത്തു് സ്ഥാപിക്കുകയോ ചെയ്യാൻ നിങ്ങൾക്കു് അവകാശമുണ്ടു്. നിങ്ങൾക്കു ഇതരസംസ്ഥാനങ്ങളുടെ ആശ്രയമില്ല. നേരെ മറിച്ചു് അവ നിങ്ങളെ ആശ്രയിക്കുകയാണു് ചെയ്യുന്നതു്.'

ഇറാഖുകാർ അദ്ദേഹത്തോടു മറുപടി പറഞ്ഞു. 'ഖിലാഫത്തധികാരത്തിനു താങ്കളേക്കാൾ അർഹനായി ഒരാളേയും ഞങ്ങൾ കാണുന്നില്ല. താങ്കൾ തന്നെ ഖലീഫയായി ഞങ്ങളോടു ബൈഅത്ത് വാങ്ങുക' ജനങ്ങൾ ഇങ്ങിനെ ആവശ്യപ്പെട്ടപ്പോൾ ഇബ്നുസിയാദ് നിഷേധിച്ചുവെങ്കിലും അവർ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. മൂന്നു പ്രാവശ്യം വിസമ്മതിച്ചതിൽ പിന്നേയും അവർ നിർബ്ബന്ധിച്ചതിനാൽ ഒടുവിൽ അദ്ദേഹം ബൈഅത്തിനു വേണ്ടി കൈ നീട്ടിക്കൊടുത്തു. ഇറാഖുകാർ പ്രത്യക്ഷത്തിൽ ബൈഅത്തു ചെയ്തുവെങ്കിലും ആ സ്ഥലത്തുനിന്നു പുറത്തുപോയ ഉടനെ തന്നെ അവരുടെ കൈ ചുമരിന്മേൽ തുടച്ചു വൃത്തിയാക്കുകയും യോജിപ്പുകാലത്തും ഭിന്നിപ്പുകാലത്തും ഒരുപോലെ തങ്ങൾ ഇബ്നുസിയാദിനെ അനുസരിക്കുമെന്നു അദ്ദേഹം വിചാരിക്കുന്നുവോ എന്നു തന്നത്താൻ പറയുകയാണു് ചെയ്തിരുന്നതു്.

ബസറ നഗരവാസികളുടെ ബൈഅത്ത് കഴിഞ്ഞതിൽപിന്നെ ഇബ്നുസിയാദ് കൂഫക്കാരോടു ബൈഅത്ത് ചെയ്യാൻ ആവശ്യപ്പെട്ടു. എങ്കിലും അവർ തിരസ്കരിക്കുകയാണു് ഉണ്ടായതു്. ഈ വർത്തമാനം കേട്ടപ്പോൾ ബസറക്കാർ അവരുടെ ബൈഅത്ത് പിൻവലിച്ചുകളഞ്ഞു. തന്നിമിത്തം ഇബ്നുസിയാദ് ഭയവിഹ്വലനായി. അദ്ദേഹം ഒന്നാമതായി അസ്ദ് വംശജനായിരുന്ന ഹാരിതുബ്നുബൈസിന്റെയും പിന്നീടു പ്രസ്തുത വംശത്തിലെ നായകനായിരുന്ന മസ്ഊദുബ്നു അംറിന്റെയും അടുക്കൽ അഭയം പ്രാപിക്കുകയും, അതിൽപിന്നെ സിറിയായിലേക്കു പലായനം ചെയ്കയും ചെയ്തു. ബസറക്കാർ പരസ്പരം ആലോചിച്ചു അബ്ദുല്ലാഹിബ്നുഹാരിതിനെ ഭരണകർത്താവാക്കി. ഇപ്രകാരം തന്നെ കൂഫക്കാരും ഒരാളെ ഭരണകർത്താവായി തിരഞ്ഞെടുത്തു. അനന്തരം രണ്ടു രാജ്യങ്ങളിലേയും ജനങ്ങൾ പ്രതിനിധിസംഘങ്ങളെ അയച്ചു അവർ വഴിയായി അബ്ദുല്ലാഹിബ്നു സുബൈറിനെ ബൈഅത്ത് ചെയ്തു അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചു. ഈജിപ്തുകാരും അദ്ദേഹത്തെ തന്നെ ബൈഅത്ത് ചെയ്തു. ഇങ്ങിനെ സിറിയക്കാരൊഴിച്ചു സർവ്വ മുസ്‌ലിം രാഷ്ട്രങ്ങളും അബ്ദുല്ലാഹിബ്നുസുബൈറിനെ ഖലീഫയായി സ്വീകരിച്ചു.

മർവാനുബ്നുഹക്കം

ദിമിശ്ഖ് ഭരണകർത്താവായിരുന്ന ളഹാക്കബ്നുഖൈസ്, ഹിംസ്ഭരണകർത്താവായിരുന്ന നുഅ്മാനുബ്നുബശീർ, ഖിൻസരീൻ ഭരിച്ചിരുന്ന സഫറുബ്നുഹാരിത് ഇവർ മൂന്നുപേരും അബ്ദുല്ലാഹിബ്നുസുബൈറിന്റെ മറ്റനുകൂലികളും അദ്ദേഹത്തിനുവേണ്ടി ജനങ്ങളോടു ബൈഅത്ത് ചെയ്യിച്ചിരുന്നവരുമായിരുന്നു. ഫലസ്തീൻ ഭരണകർത്താവായിരുന്ന ഹസ്സാനുബ്നുമാലിക് മാത്രമേ സിറിയായിലും ബനൂഉമയ്യാപക്ഷക്കാരനായി ഉണ്ടായിരുന്നുള്ളൂ. തന്നിമിത്തം ബനൂഉമയ്യാ ഗോത്രത്തിലെ അംഗങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നുകൂടി. അവരിൽ സർവ്വ പ്രധാനി മർവാനുബ്നുഹക്കം ആയിരുന്നതുകൊണ്ടു ഹിജ്റഃ 65 ദുൽഖഅദ് മാസത്തിൽ അവർ അദ്ദേഹത്തെ ഖലീഫയാ

യി തിരഞ്ഞെടുത്തു. ഗസ്സാൻ, കൽബ്, സക്കാസിക്ക് മുതലായി അവിടെ ഉണ്ടായിരുന്ന സപ്ത ഗോത്രക്കാരും ഈ തിരഞ്ഞെടുപ്പിൽ പങ്കു കൊണ്ടു. ളഹാക്കുബ്നുഖൈസ് ഈ വർത്തമാനം അറിഞ്ഞ അവസരത്തിൽ ദിമിശ്ഖിൽ നിന്നു സൈന്യവുമായി ഫലസ്തീൻ പട്ടണത്തിനു നേരെ പെന്നു. ഹിജ്റഃ 65 മുഹർറമാസത്തിൽ മറജ്റാഹിത്ത് എന്ന സ്ഥലത്തുവെച്ചു ഇരുകൂട്ടരും തമ്മിൽ പോർ നടന്നു. ഇരുപതു ദിവസത്തോളം യുദ്ധം ഘോരമായി നടന്നു. കഠിനമായ രക്തപ്രവാഹം നടന്നതിൽ പിന്നെ ബനൂഉമയ്യാ ഗോത്രക്കാർക്കു ജയം സിദ്ധിച്ചു. ളഹാക്കു വധിക്കപ്പെട്ടു. നുഅ്മാനുബ്നുബശീർ ഈ വർത്തമാനം കേട്ടു ഹിംസ് വിട്ടു ഓടിപ്പെങ്കിലും അവിടത്തുകാർ പിന്നാലെ ചെന്നു അദ്ദേഹത്തെ കൊന്നുകളഞ്ഞു. സഫ്വാനുബ്നുഹാരിത് ഖിൻസാരീനിൽനിന്നു പുറപ്പെട്ടു ഖർഖീസായിലെ കോട്ടയിൽചെന്നു പ്രവേശിച്ചു. ബനൂഉമയ്യാ ഗോത്രക്കാർ അദ്ദേഹത്തെ വളഞ്ഞുവെങ്കിലും അദ്ദേഹം കോട്ടയിൽനിന്നു പുറത്തുചാടി രക്ഷപ്പെട്ടു. ഇങ്ങിനെ സിറിയാ രാജ്യം മുഴുവനും മർവാനു കരസ്ഥമായതോടുകൂടി ഈജിപ്തുകാരും അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചു മർവാൻ ഹിജ്റഃ 65 റമസാൻ മാസത്തിൽ പരേതനായി. അദ്ദേഹത്തിനു അല്പകാലം മാത്രമേ ഖിലാഫത്തധികാരം വഹിക്കുവാൻ അവസരം ലഭിച്ചുള്ളൂ.

മർവാൻ ജീവനോടെയുള്ള ഹിജ്റഃ 62-ാം വർഷത്തിലായിരുന്നു ഉമയ്യത്ത് മകൻ അബുൽആസ്സിയുടെ പുത്രനായ ഹകമാണ് അദ്ദേഹത്തിന്റെ പിതാവു. ഉമയ്യത്ത് അബുൽഹകമിന്റെ മകൻ അബ്ദുശംസിന്റെ പുത്രനാകുന്നു മുസ്പ്രസ്താവിച്ചിട്ടുണ്ടു. മർവാന്റെ മാതാവു സഫ്വാൻ മകൾ അൽഹബത്തിന്റെ പുത്രിയായ ആമിനയാകുന്നു

ഹസ്രത്ത് ഉസ്മാൻ(റ)യുടെ ഖിലാഫത്ത് കാലത്തു് മർവാനു അദ്ദേഹത്തിന്റെ എഴുത്തുകാരനും മന്ത്രിയുമായിരുന്നു. അമീർമുആവിയയുടെ കാലത്തു അദ്ദേഹം പല പ്രാവശ്യം മദീനാ ഭരണകർത്താവായി നിയമിക്കപ്പെട്ടു. യസീദിന്റെ ചരമത്തോടുകൂടി ഖിലാഫത്തധികാരം ബനൂഉമയ്യാ ഗോത്രക്കാരിൽനിന്നു നിശ്ശേഷം നീങ്ങിക്കഴിഞ്ഞിരുന്നു. ആ അവസരത്തിൽ അബ്ദുല്ലാഹിബ്നുസിയാദ് ഉപദേശിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തതനുസരിച്ചു അദ്ദേഹം ഖിലാഫത്തിനു ശ്രമിക്കുവാൻ തെയ്യാറായി. മറജ്റാഹിത്തിൽവെച്ചു അദ്ദേഹത്തിനു ലഭിച്ച വിജയത്തോടുകൂടി സിറിയ, ഈജിപ്ത് എന്നീ രണ്ടു പ്രവിശ്യകളിൽ അദ്ദേഹത്തിനു ഖിലാഫത്തധികാരം ലഭിച്ചു.

അബ്ദുൽമലിക്കുബ്നുമർവാൻ

മർവാൻ അദ്ദേഹത്തിന്റെ പുത്രനായ അബ്ദുൽമലിക്കുബ്നുമർവാനെ സ്ഥാനാവകാശിയായി നിയമിച്ചിരുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ മരണാനന്തരം അബ്ദുൽമലിക്കിനു ഖിലാഫത്തധികാരം ലഭിച്ചു. അബ്ദുൽമലിക്ക് ഹിജ്റഃ 26-ൽ മദീനാപട്ടണത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ മാതാവു മുഗീറത്ത് മകൻ വലീദിന്റെ പുത്രനായ മുആവിയ മകനു ആയിശയായിരുന്നു. മുഗീറത്ത് ഉമയ്യത്ത് മകൻ അബുൽആസ്സിയുടെ പുത്രനാകുന്നു.

അബ്ദുൽമലിക്ക് ബുദ്ധിമാനും ദീർഘാലോചനക്കാരനുമായിരുന്നതോടുകൂടി ധാരാളം ദ്രവ്യാധികനായ ഒരു മഹാനുമായിരുന്നു. മദീനയിൽ ഗ്രന്ഥവ്യുൽപന്നരായിരുന്ന സയ്യിദ്ബ്നുൽമുസയ്യബ്, ഉർവത്തുബ്നുസുബൈർ മുതലായ വലിയ പാണ്ഡിത്യം കൊണ്ടു സിദ്ധിച്ചിരുന്ന സ്ഥാനം അദ്ദേഹത്തിനും കല്പിക്കപ്പെട്ടിരുന്നു. ഇമാംശഅ്ബീ അദ്ദേഹത്തെ കുറിച്ചു ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്. 'അബ്ദുൽമാലിക്കിനെ

കഴിച്ചാൽ, എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടുള്ള സകലരിലും വെച്ച അധികം അറിവുള്ളവൻ ഞാനാകുന്നു അബ്ദുൽമലിക്കിന്റെ മുമ്പാകെ പ്രസ്താവിക്കപ്പെട്ട കായ്കങ്ങളിലും പദ്യങ്ങളിലും, എനിക്കു അവയെ കുറിച്ചുണ്ടായിരുന്ന ജ്ഞാനത്തിനു എന്തെങ്കിലും ഒരു വർദ്ധനവു തീർച്ചയായും അദ്ദേഹം നല്കിയിരിക്കുന്നു.'

അബ്ദുൽമലിക്ക് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട കാലത്തു് മുസ്‌ലിം ലോകത്തു് വലിയ അസ്വസ്ഥത വ്യാപിച്ചിരുന്നു. ഹിജാസുകാർ അബ്ദുല്ലാഹിബ്നുസുബൈറിനെയായിരുന്നു ഖലീഫയായി സ്വീകരിച്ചിരുന്നതു് ഇറാഖിൽ ഇബ്നുസുബൈറിന്റെ പക്ഷക്കാർ, ശീയികളും, ഖാരിജികളും ഇങ്ങിനെ മൂന്നു കക്ഷികളും ആവിർഭവിച്ചു. ഇവരെല്ലാവരും ബനൂഉമയ്യാഗോത്രത്തിന്റെ വിരോധികളായിരുന്നു. എങ്കിലും അബ്ദുൽമലിക്ക് സമർത്ഥനും സ്ഥിരചിത്തനുമായിരുന്നതുകൊണ്ടു സർവ്വ വൈഷമ്യങ്ങളെയും അദ്ദേഹം വിജയപൂർവ്വം പരിഹരിച്ചു. മുസ്‌ലിം രാജ്യങ്ങളൊട്ടുക്കും അദ്ദേഹത്തെ ഖലീഫയായി സമ്മതിച്ചു.

മർവാൻ ഇബ്നുസിയാദിനെ ഒരു സേനയുമായി ജസീറയിലേക്കു അയച്ചിട്ടുണ്ടായിരുന്നു അദ്ദേഹം കീഴടക്കുന്ന രാജ്യങ്ങളിൽ അദ്ദേഹത്തെ തന്നെ ഭരണകർത്താവായി നിയമിക്കുന്നതാണെന്നു മർവാൻ വാഗ്ദാനം ചെയ്തിരുന്ന ഇബ്നുസിയാദ് ജസീറയെ കീഴടക്കിയപ്പോഴേക്കു മർവാൻ കാലഗതി പ്രാപിച്ചു. അബ്ദുൽമലിക്ക് മർവാന്റെ വാഗ്ദാനമനുസരിച്ചു അദ്ദേഹത്തെ ഭരണാധികാരിയായി സ്ഥിരപ്പെടുത്തുകയും ഇറാഖിന്റെ നേരെ പോകേണമെന്നു അദ്ദേഹത്തിനു ഉത്തരവു കൊടുക്കുകയും ചെയ്തു.

പാപപരിഹാര കാംക്ഷികൾ

ഇബ്നുസിയാദ് ഐനുൽവർദഃ എന്നിടത്തു് എത്തിയപ്പോൾ ഒരു കൂട്ടം ഇറാഖുകാർ അദ്ദേഹത്തിന്റെ മുമ്പിൽ ആഗതരായി. അവർ ഏതെങ്കിലും ഒരു ഖിലാഫത്ത് പക്ഷക്കാരനാലൊ ഉദ്യോഗസ്ഥനാലോ അയക്കപ്പെട്ടവരായിരുന്നില്ല പ്രസ്തുത ഇറാഖുകാർ ശീയികളിൽ പെട്ടവരും ഇമാംഹുസൈനെ കൊലപ്പെടുത്തിയതിനു്, പകരം വീട്ടുവാൻ തീർച്ചപ്പെടുത്തി ഘാതകന്മാരെ ശിക്ഷിക്കുവാൻ വേണ്ടി പുറപ്പെട്ടവരുമായിരുന്നു. ആറായിരത്തോളമാളുകൾ ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ക്വഫാനേതാവായിരുന്ന സുലൈമാനുബ്നുസർദിനെയായിരുന്നു അവർ സേനാനായകനായി തിരഞ്ഞെടുത്തിരുന്നതു്. അവർ ഇമാംഹുസൈനെ രക്ഷിക്കാതിരുന്നതിനെക്കുറിച്ചു ഖേദിക്കുകയും അദ്ദേഹത്തിന്റെ കൊലക്കു പകരം വീട്ടുന്നതുകൊണ്ടല്ലാതെ തങ്ങളുടെ കുറ്റത്തിനു പരിഹാരം സിദ്ധിക്കുകയില്ലെന്നു വിശ്വസിക്കുകയും ചെയ്തിരുന്നവരാകയാൽ അവർ തവ്വാബീൻ-പാപപരിഹാരകാംക്ഷികൾ എന്ന-നാമധേയം സ്വയം സ്വീകരിച്ചു. ഇമാംഹുസൈൻ (റ) കൊല്ലപ്പെട്ട കാലം മുതല്ക്കുതന്നെ അവർ ഗൂഢമായി യുദ്ധസാമഗ്രികളും ആയുധങ്ങളും ശേഖരിക്കുകയും തങ്ങളുടെ ഭാഗത്തു ചേരേണ്ടതിനു ജനങ്ങളെ ഉത്സാഹിപ്പിക്കുകയും ചെയ്തുവന്നു ഹിജ്റഃ 65-ൽ മുസ്‌ലിംലോകത്തുണ്ടായ അസ്വാസ്ഥ്യം നിമിത്തം അവർക്കു രംഗത്തു് പ്രത്യക്ഷപ്പെടുവാൻ അവസരം ലഭിച്ചു.

അവർ ഐനുൽവർദയിൽ ചെന്നു പ്രസ്തുത കൊലപാതകത്തിന്റെ സാക്ഷാൽ ഹേതുഭൂതനായിരുന്ന ഇബ്നുസിയാദുമായി നേരിട്ടു. അവിടെവെച്ചു നടന്ന ഘോരസമരത്തിൽ സുലൈമാനുബ്നുസർദും അദ്ദേഹത്തിന്റെ കൂട്ടാളികളിൽ മിക്കപേരും വധിക്കപ്പെട്ടു. അല്പം ചിലർ മാത്രമേ അവശേഷിക്കുകയുണ്ടായുള്ളു.

ചരിത്രം ആവർത്തിക്കപ്പെടുന്നു

തവ്വാബീൻ കക്ഷിയുടെ തിരോധാനത്തിനു ശേഷം കൂഫയിൽ മുഖ്താറുബ്നു അബീ ഉബൈദ്തഖ്ഫീ എന്ന ആൾ ഹുസൈന്റെ കൊലക്കു പകരം വീട്ടുവാൻ തയ്യാറായി. മുഹമ്മദുബ്നു ഹനഫിയ്യഃ ഇമാംമഹ്ദിയാണെന്നും ഈ കൃത്യം നിർവ്വഹിക്കുവാൻ അദ്ദേഹം തന്നോടു ആജ്ഞാപിച്ചിരിക്കുന്നുവെന്നും മുഖ്താർ പരസ്യപ്പെടുത്തി. ഇമാംമഹ്ദി എന്ന പേർ ഒന്നാമതായി ലോകത്തിൽ പ്രത്യക്ഷപ്പെട്ടതു് അന്നായിരുന്നു. ധൈര്യവാനും ശൂരതിപ്പെട്ട ഒരു നായകനുമായിരുന്ന ഇബ്രാഹീമുബ്നുഅശ്തർ എന്ന ആളെ വശത്താക്കേണമെന്നു മുഖ്താർ തീച്ചപ്പെടുത്തി. അദ്ദേഹത്തെ ക്ഷണിച്ചു കൊണ്ടു മുഖ്താർ അയച്ച കത്തിന്നു, നേതൃത്വം കൊടുക്കുന്ന പക്ഷം ചേരാം കൊള്ളാമെന്നും അല്ലാത്തപക്ഷം സാധിക്കയില്ലെന്നും അദ്ദേഹം മറുപടി കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞതിൽ പിന്നെ മുഖ്താർ തന്നെ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകയും ഇമാംമഹ്ദിയുടെ (മുഹമ്മദുബ്നുഹനഫിയ്യയുടെ) പേരിൽ ഒരു കള്ളക്കത്തു നിർമ്മിച്ചു അദ്ദേഹത്തിനു കാണിച്ചു കൊടുക്കുകയും ചെയ്തു. 'ഹുസൈന്റെ വധത്തിനു, പകരം വീട്ടുവാൻ മുഖ്താറിനെ ഞാൻ നിയമിച്ചിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ അനുചരിച്ചു കൊള്ളണം' എന്നായിരുന്നു കത്തിൽ എഴുതിയിരുന്നതു്. തന്റെ അടുക്കൽ മുഹമ്മദുബ്നുഹനഫിയ്യയുടെ കത്തു സാധാരണ വാഹകരെന്നും ഈ കത്തിൽ എഴുതിയതു പ്രകാരം ഇമാംമഹ്ദി എന്ന സ്ഥാനപ്പേർ അറയിൽ ഒന്നിലും അദ്ദേഹം എഴുതിയിട്ടില്ലെന്നും ഇബ്രാഹീം പ്രസ്താവിച്ചു. തദവസരത്തിൽ, ഇമാം ആ കത്തു് തങ്ങളുടെ മുമ്പാകെ വെച്ചെഴുതിയതാണെന്നും അതിനെ കുറിച്ചു സംശയിക്കുവാൻ യാതൊരു ന്യായവുമില്ലെന്നും ചിലർ സാക്ഷി പറഞ്ഞു.

സാക്ഷികളും പറഞ്ഞതു സത്യമാണെന്നു ഇബ്രാഹീമിനു വിശ്വാസം ജനിച്ചു. ഉടനെ അദ്ദേഹം സ്വസ്ഥാനത്തുനിന്നു് മാറി അവിടെ മുഖ്താറിനെ ഇരുത്തുകയും അദ്ദേഹം അതിന്റെ അരുകിൽ ഇരിക്കുകയും ചെയ്തു. അനന്തരം പരസ്പരം ആലോചിച്ചു എന്നാണു് പകരം വീട്ടുവാൻ പുറപ്പെടേണ്ടതു് എന്നു തീച്ചപ്പെടുത്തി. ഇങ്ങിനെ ഹിജ്റഃ 66 റബീഉൽ അവ്വൽ മാസത്തിൽ അവർ പുറത്തിറങ്ങി. അബ്ദുല്ലാഹിബ്നുസുബൈറിന്റെ കീഴിൽ കൂഫയിൽ ഭരണം നടത്തിയിരുന്ന അബ്ദുല്ലാഹിബ്നുമുത്തീയീനെ പുറത്താക്കി പട്ടണം അവർ കൈവശപ്പെടുത്തി. അനന്തരം, വിശുദ്ധഗ്രന്ഥത്തിനും റസൂൽ തിരുമേനി (സ) യുടെ ചര്യയുമനുസരിച്ചു് പ്രവർത്തിക്കുന്നതാണെന്നും ഇമാമിന്റെ ഘാതകന്മാരോടു പകരം വീട്ടുന്നതാണെന്നുമുള്ള നിശ്ചയത്തിന്മേൽ പട്ടണവാസികളോടു കരാർ ചെയ്തിച്ചു. ഈ കരാറിൽ ബസറക്കാരും പങ്കുകൊണ്ടു. മുഖ്താർ, ഇമാം ഹുസൈനോടു യുദ്ധം ചെയ്ത സൈന്യത്തിൽ ചേർന്നിരുന്ന ഉമറുബ്നുസഅ്ദു് മുതലായ കൂഫക്കാരെയെല്ലാം കൊല്ലുകയും അവരുടെ വംശങ്ങൾ നിശ്ശേഷം നാമാവശേഷമാക്കുകയും ചെയ്തു അബ്ദുല്ലാഹിബ്നുസുബൈർ ഈ വർത്തമാനം അറിഞ്ഞ ഉടനെ മുഹമ്മദുബ്നുഹനഫിയ്യയെ ശുഅ്ബഃ എന്ന സ്ഥലത്തു് ബന്ധനസ്ഥനാക്കി. എങ്കിലും മുഖ്താർ ആളുകളെ അയച്ചു അദ്ദേഹത്തെ മോചിപ്പിച്ചു കളഞ്ഞു.

പിന്നീടു് മുഖ്താർ കൂഫയിൽ നിന്നു ഇബ്രാഹീംഅശ്തറിന്റെ നായകത്വത്തിൽ ഇബ്നുസിയാദിന്റെ നേരെ ഒരു സൈന്യത്തെ അയച്ചു. ഇബ്നുസിയാദു് ഭടന്മാരേ

യുംകൊണ്ട് ഇറാഖിലേക്ക് വരികയായിരുന്ന ഖാസർ ജലാശയത്തിങ്കൽ വെച്ച് ഇരുകൂട്ടരും തമ്മിൽ അതിക്രിനമായ സമരമുണ്ടായി. സമരത്തിൽ ഇബ്രാഹിം ജയിക്കുകയും ഇബ്നു സിയാദ് കൊല്ലപ്പെടുകയുമാണ് ഉണ്ടായത്.

മുഖ്താറിന്റെ നേതൃത്വത്തിൽ ഉൽഭൂതമായ ഈ കലഹത്തെ ഒതുക്കുവാനായി ഹിജാസിൽ നിന്നു അബ്ദുല്ലാഹിബ്നുസുബൈർ തന്റെ സഹോദരൻ മിസ്അബിനെ സൈന്യവുമായി അയച്ചു. അദ്ദേഹം ഒന്നാമതായി ബസറയിൽ വന്നു ആ പട്ടണം കീഴടക്കി തദവസരത്തിൽ മുഖ്താറിന്റെ വിരോധികളായിരുന്ന അനേകം കൂഫക്കാർ അദ്ദേഹത്തിന്റെ ഭാഗത്തു വന്നുചേന്നു. അനന്തരം അദ്ദേഹം ഭടന്മാരോടുകൂടി കൂഫയിലേക്കു ചെന്നു. മുഖ്താർ നഗരം എന്നിടത്തു ചെന്നു അദ്ദേഹത്തോടു നേരിട്ടുവെങ്കിലും ഒടുവിൽ തോറ്റു പിന്മാറുകയാണ് ഉണ്ടായത്. മിസ്അബ് അദ്ദേഹത്തെ പിന്തുടന്നു കൂഫയിൽ പ്രവേശിക്കുകയും അദ്ദേഹത്തെയും കൂട്ടുകാരേയും കൊല്ലുകയും ചെയ്തു. സ്ത്രീകളെ വധിക്കുന്നതു് സൈനികമര്യാദക്കു് വിരുദ്ധമായിരിക്കെ നഅ്മാനുബ്നുബശീറിന്റെ പുത്രിയായിരുന്ന മുഖ്താറിന്റെ ഭാര്യയെയും മിസ്അബ് കൊന്നുകളഞ്ഞു. ആ സ്ത്രീ മുഖ്താറിന്റെ പ്രവൃത്തിയെ പ്രതിഷേധിക്കാതിരുന്നതാണ് ഈ വൈരാഗ്യത്തിനു കാരണം. ഇങ്ങിനെ മുഖ്താറും കൂട്ടാളികളും വധിക്കപ്പെട്ടതോടുകൂടി ഇറാഖ് മുഴുവനും രണ്ടാമതും അബ്ദുല്ലാഹിബ്നുസുബൈറിനു കരഗതമായി.

ഇറാഖ് നായകന്മാർ വിശ്രമിക്കുവാൻ വളരെ കാലമായിരുന്നു. മേൽ പ്രസ്താവിച്ച പ്രകാരം മിസ്അബിനു കീഴടങ്ങിയതിൽ പിന്നെ അവർ നിഗ്രഹമാർഗ്ഗത്തിൽകൂടി അബ്ദുൽമലിക്കുമായി കുത്തിടപാടു തുടങ്ങി. അവരുടെ ആനുകൂല്യം ലഭിക്കുമെന്നു കണ്ടതിനാൽ അബ്ദുൽമലിക്ക് തന്നെ സൈന്യവുമായി ഇറാഖിന്റെ നേരെ വന്നു. ഇരുകൂട്ടരും തമ്മിൽ നേരിട്ട അവസരത്തിൽ ഇറാഖുകാർ മിസ്അബിനെ യുദ്ധക്കളത്തിൽ ഉപേക്ഷിച്ചു പിന്മാറിയതിനാൽ മിസ്അബ് കൊല്ലപ്പെട്ടു. അബ്ദുൽമലിക്ക് കൂഫയിൽ പ്രവേശിച്ചു അവിടത്തുകാരോടു് ബൈഅത്ത് ചെയ്യിക്കുകയും ഇറാഖിലേക്കു വേണ്ട ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തു.

ചരിത്രം ആവർത്തിച്ചു കൊണ്ടിരിക്കുമെന്നുള്ള പ്രഖ്യാതമായ പഴമൊഴി ഇവിടെ സ്മരണീയമാണ്. ഇമാംഹുസൈൻ(റ)വിന്റെ ശിരസ്സ് ഇബ്നുസിയാദിന്റെ മുമ്പാകെ കൊണ്ടുവരപ്പെട്ടിരുന്ന അതേ കൊട്ടാരത്തിൽ തന്നെ ഇബ്നുസിയാദിന്റെ ശിരസ്സു മുഖ്താറിന്റെ മുമ്പാകെയും, മുഖ്താറിന്റെ ശിരസ്സു മിസ്അബിന്റെ മുമ്പാകെയും, മിസ്അബിന്റേതു അബ്ദുൽമലക്കിന്റെ മുമ്പാകെയും കൊണ്ടുവരപ്പെട്ടു. ഹിജ്റ 61-നും 71-നും മദ്ധ്യേ പത്തു കൊല്ലങ്ങൾക്കിടയിലാണ് ഈ പരിവർത്തനങ്ങളെല്ലാം സംഭവിച്ചതു്. ഈ കൊട്ടാരത്തെ ദൃശ്യകനം പിടിപെട്ടതാണെന്നു കരുതി അബ്ദുൽമാലിക്ക് നശിപ്പിച്ചു കളഞ്ഞു.

ഹസ്രത്ത് അസ്മാ (റ)

ഇറാഖ് കൈവശമായതിൽ പിന്നെ അബ്ദുൽമാലിക്കിനു കീഴടങ്ങാതിരുന്നതു ഹിജാസ് സംസ്ഥാനം മാത്രമായിരുന്നു. ആ സംസ്ഥാനവും കൂടി കീഴടക്കുവാനായി അദ്ദേഹം ഹിജ്റ 72 ജമാദുൽ അവ്വലിൽ കൂഫയിൽ നിന്നു ഹജ്ജാജുബ്നുയൂസുഫ്ബ്നുഹിയുടെ നായകത്വത്തിൻ കീഴിൽ ഒരു സൈന്യത്തെ അയച്ചു. ഈ സൈന്യം ചെന്നു മക്കയെ വളയുകയും നഗരത്തിലേക്കു കവണ കൊണ്ടു കല്ലെറിഞ്ഞു തുടങ്ങുകയും ചെയ്തു. സൈന്യം വ

ളരെ കാലം നഗരത്തെ വളഞ്ഞു നിന്നതിനാൽ അബ്ദുല്ലാഹിബ്‌നുസുബൈറിന്റെ ഭാഗത്തുണ്ടായിരുന്ന ആളുകൾ ബുദ്ധിമുട്ടി ഹജ്ജാജിന്റെ അടുക്കൽ ചെന്ന അഭയം പ്രാപിച്ചു തുടങ്ങി. അവസാനം ഇബ്‌നുസുബൈറിന്റെ ഹംസ, ഖുബൈബ് എന്നീ രണ്ട് പുത്രന്മാർ പോലും ഹജ്ജാജിന്റെ അടുക്കൽ ചെന്നു ചേർന്നു.

ഒടുവിൽ അബ്ദുല്ലാഹിബ്‌നുസുബൈർ അദ്ദേഹത്തിന്റെ മാതാവായ ഹസ്രത്ത് അസ്മായുടെ അടുക്കൽ ചെന്നു. തദവസരത്തിൽ അവർ തമ്മിൽ നടന്ന സംഭാഷണം ശ്രദ്ധേയമാണ്.

അബ്ദുല്ല— എന്റെ അനുചരന്മാർ എന്നുവേണ്ട, എന്റെ പുത്രന്മാർ പോലും എന്നെ ഉപേക്ഷിച്ചിരിക്കുന്നു. ഞാൻ കീഴടങ്ങുന്നതായാൽ ശത്രുക്കൾ എനിക്കു ധനം തരുവാൻ തയ്യാറാണ്. അവിടത്തെ അഭിപ്രായമെന്താണ്?

മാതാവ്— നീ സത്യത്തെയാണ് അവലംബിച്ചതെന്നു നിനക്കു ദൃഢവിശ്വാസമുണ്ടെങ്കിൽ നിന്റെ അനുചരന്മാർ ഏതു മാർഗ്ഗത്തിൽ തങ്ങളുടെ കഴുത്തുകൾ ഛേദിക്കപ്പെടുവാൻ സന്നദ്ധരായോ ആ മാർഗ്ഗത്തിൽ തന്നെ നീയും ജീവപരിത്യാഗം ചെയ്യണം. ബനൂഉമയ്യാ ഗോത്രക്കാരുടെ കീഴിൽ അടിമത്വം സ്വീകരിക്കരുത്. നീ ഐഹികസുഖത്തിനു വേണ്ടിയായിരുന്നു യുദ്ധം ചെയ്തിരുന്നതെങ്കിൽ നീ ചെയ്തതു വളരെ ചീത്തയായിപ്പോയി. അങ്ങിനെയായിരുന്നുവെങ്കിൽ നീ നിനക്കു തന്നെ നാശം നേരിടീക്കുകയും നിന്റെ അനുചരന്മാരുടെ ജീവനെ നഷ്ടപ്പെടുത്തുകയും ചെയ്തു. സത്യത്തിനു വേണ്ടി തന്നെയായിരുന്നു പോരാടിയിരുന്നതെങ്കിലും, ഇപ്പോൾ സഹായിക്കുവാൻ ആളില്ലാത്തതുകൊണ്ടു ശത്രുക്കൾക്കു കീഴടങ്ങുകയാണു നല്ലതു എന്നു നീ വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം യോഗ്യന്മാർക്കും മതനിഷ്ഠന്മാർക്കും അനുയോജ്യമല്ല. മരണത്തെ അഭിമുഖീകരിക്കുകയാണ് അതിനേക്കാൾ ഉത്തമമായിട്ടുള്ളതു. ജീവിതം അല്പ കാലത്തേക്കു മാത്രമുള്ളതാണ്. എന്നാൽ പിന്നെയാണു നീ ഈ ലോകത്തു ജീവിച്ചിരിക്കുക?

അബ്ദുല്ല— എന്നെ കൊന്നതിനു ശേഷം സിറിയക്കാർ എന്റെ ദേഹത്തെ കഷണം കഷണമായി മുറിച്ചു കളയുമെന്നു എനിക്കു ഭയമുണ്ട്.

മാതാവ്— ആടിനെ അറുത്തതിൽ പിന്നെ അതിന്റെ തോൽ പൊളിക്കുന്നതുകൊണ്ടു അതിനു വല്ല കഷ്ടതയുമുണ്ടോ? അല്ലാഹുവിൽ വിശ്വസിച്ചു പുറപ്പെട്ടുകൊള്ളുക.

ഇതു കേട്ടു അബ്ദുല്ല അദ്ദേഹത്തിന്റെ അന്ധയായ മാതാവിന്റെ ശിരസ്സു ചുംബിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു. 'എന്റെ അഭിപ്രായവും ഇതു തന്നെയാണ്. ഇതേ ഉദ്ദേശത്തോടു കൂടിയാണു ഇന്നു ഞാൻ പുറപ്പെട്ടതും. എന്നാൽ എന്റെ അഭിപ്രായം പ്രത്യക്ഷപ്പെടുത്തുന്നതിനു മുമ്പായി അവിടത്തെ അഭിപ്രായം അറിയേണമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു. അവിടുന്നു എന്റെ വിവേകതയെ വർദ്ധിപ്പിക്കുകയും സ്ഥിരനിശ്ചയത്തെ ബലപ്പെടുത്തുകയും ചെയ്തതിനു ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. ഇന്നു ഞാൻ തീച്ചയായും വധിക്കപ്പെടും. അവിടുന്നു എന്നെക്കുറിച്ചു അധികം ദുഃഖിക്കരുതു. എന്റെ കാര്യത്തെ അല്ലാഹുവിങ്കൽ ഭരമേല്പിച്ചു കൊള്ളണം. ഞാൻ ഒരിക്കലും തിന്മയെ ഇഷ്ടപ്പെട്ടിട്ടില്ല. ഒരു മുസ്‌ലിമിനേയും ഞാൻ ദ്രോഹിച്ചിട്ടില്ല. വ്യഭിചാരം ചെയ്കയോ, വിശ്വസ്തതക്കു വിള്ളൽ വരുത്തുകയോ ചെയ്തിട്ടില്ല. എന്റെ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും അ

നീതി ചെയ്തിരുന്നതായി എനിക്ക വിവരം കിട്ടിയപ്പോൾ ആ അനീതിയെ ഞാൻ ഒരിക്കലും തൃപ്തിപ്പെട്ടിരുന്നില്ല നേരെ മറിച്ച്, അനീതി ചെയ്ത ഉദ്യോഗസ്ഥനെ ഞാൻ താക്കീതു ചെയ്യുകയാണ് ഉണ്ടായത്. ഇലാഹിന്റെ തൃപ്തിയെയല്ലാതെ ഞാൻ യാതൊന്നും ആഗ്രഹിച്ചിട്ടില്ല. അല്ലാഹുവേ, ഇതെല്ലാം ഞാൻ പറയുന്നതു എന്നെ പ്രശംസിച്ചുകൊണ്ടല്ല, നേരെമറിച്ച് എന്റെ മാതാവിനെ സമാധാനിപ്പിക്കുവാൻ വേണ്ടിയാണ്'' ദൈവസഹായത്തോട് കൂടി താൻ പൂർണ്ണ ക്ഷമയെ അവലംബിച്ച് കൊള്ളുന്നതാണെന്ന ഹസ്രത്ത് അസ്മാ സമ്മതിച്ചു.

അനന്തരം അബ്ദുല്ലാഹിബ്നുസുബൈർ (റ) ശത്രുക്കളുടെ നേരെ ചെന്ന യുദ്ധം ചെയ്ത് മരിച്ചു. അദ്ദേഹത്തിന്റെ മൃതശരീരം ഹജ്ജാജ് മൂന്ന ദിവസം വരെ കഴുമരത്തിൽ നാട്ടകയും അനന്തരം ഹസ്രത്ത് അസ്മായുടെ അടുക്കലേക്ക അയക്കുകയും ചെയ്തു. അവർ അദ്ദേഹത്തെ മറവു ചെയ്തിച്ചു. മകന്റെ വധം മുതൽ 20 ദിവസം കഴിഞ്ഞതിൽ പിന്നെ അവരും പരലോകം പ്രാപിച്ചു!

ഹസ്രത്ത് അബ്ദുല്ലാഹിബ്നു സുബൈർ (റ)

അബ്ദുല്ലാഹിബ്നുസുബൈർ (റ) യുടെ പിതാവ് റസൂൽ തിരുമേനി (സ) യുടെ ഒരു പ്രത്യേക സഖാവായിരുന്ന സുബൈറുബ്നുൽ അവ്വാ(റ)യും മാതാവ് ഹസ്രത്ത് അബൂബക്കറിന്റെ പുത്രിയായ അസ്മായുമായിരുന്നു. ഹസ്രത്ത് അസ്മാവിന്റെ ഭാത്തുന്നിത്താ ഖൈനി എന്നും പേരുണ്ടായിരുന്നു. മുസ്‌ലിംകൾ സ്വദേശം വെടിഞ്ഞു മദീനയിൽ ചെന്നതിൽ പിന്നെ ഇസ്‌ലാമിൽ ഒന്നാമതായി ജനിച്ച സന്താനം അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ജനനം മുസ്‌ലിംകൾക്ക ശുഭകരവും സന്തോഷജനകവുമായിത്തീർന്നു. മക്കാ നഗരം വിട്ട മദീനയിൽ പോയതിന്റെ ശേഷം മുസ്‌ലിംകളിൽ ഒരാൾക്കും കുറെ കാലത്തേക്ക് സന്താനം ജനിച്ചിരുന്നില്ല. തന്നിമിത്തം തങ്ങളുടെ ആരാധ്യവസ്തുക്കൾക്ക വിരോധികളായ മുസ്‌ലിംകൾക്ക സന്താനമുണ്ടാകുന്നതല്ലെന്ന മക്കയിലെ ബഹുദൈവാരാധകന്മാർ പറഞ്ഞു പരത്തി. എന്നാൽ അബ്ദുല്ല ജാതനായതിന്റെ ശേഷം അവർക്ക അങ്ങിനെ പറവാൻ സാധിച്ചില്ല.

അദ്ദേഹം സഹാബികളുടെ-നബിയുടെ സഖാക്കൾ-മക്കളിൽ വെച്ച ധൈര്യം, ത്യാഗം, മതസ്നേഹം എന്നീ സദ്ഗുണങ്ങൾ സവിശേഷം സമ്മേളിച്ചിരുന്ന ഒരു മഹാനായിരുന്നു. ഖുലഫാഉർറാശിദുകളുടെ കാലത്തുണ്ടായ പല യുദ്ധങ്ങളിലും അദ്ദേഹം പങ്കുകൊണ്ടിട്ടുണ്ട്. അമീർ മുആവിയയുടെ കാലത്ത് കോൺസ്റ്റാണ്ടനോപ്പിളിനെ ആക്രമിച്ചപ്പോൾ അതിലും അദ്ദേഹം പേരുകയുണ്ടായി കാസ്പ്യൻ കടൽത്തീരങ്ങളും ആഫ്രിക്കയും കൈവശപ്പെടുത്തിയ കാലത്തും അദ്ദേഹം മഹത്തായ ധീരകൃത്യങ്ങൾ നിർവ്വഹിച്ചിരുന്നു

യസീദ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ അദ്ദേഹവും ഇമാംഹുസൈൻ (റ) യും ബൈഅത്ത് ചെയ്തില്ല അവർ രണ്ടുപേരും മക്കയിലേക്ക പോന്നു ഇമാംഹുസൈൻ (റ) കൂഫയിലേക്ക പുറപ്പെടുകയും കർബലായിൽ വെച്ച നടന്ന ഭയങ്കര സമരത്തിൽ വധിക്കപ്പെടുകയുമാണല്ലോ ഉണ്ടായത്" ഈ സംഭവത്തിന്റെശേഷം അബ്ദുല്ല ഹിജാസിൽ വെച്ച ഖിലാഫത്തധികാരത്തിന്റെ ബൈഅത്ത് വാങ്ങുവാൻ തുടങ്ങി. യസീദ് അദ്ദേഹത്തിന്റെ നേരെ ഭടന്മാരെ അയച്ചു. ആ ഭടന്മാർ അദ്ദേഹത്തെ വളഞ്ഞുനിന്നിരുന്ന മദ്ധ്യേ യസീദ് മരണപ്പെട്ട വർത്ത

കിട്ടിയതിനാൽ മടങ്ങിപ്പോയി. ഹിജ്‌റ 64 ൽ സിറിയയൊഴിച്ചു എല്ലാ മുസ്‌ലിംരാജ്യങ്ങളും അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചു. ഒമ്പതുവർഷം ഖിലാഫത്തധികാരം വാഴിച്ചതിൽ പിന്നെ ഹിജ്‌റ: 72-ൽ അദ്ദേഹം വധിക്കപ്പെട്ടു.

അബ്ദുൽ മലിക്ക് ഹജ്ജാജ്

അബ്ദുല്ലാഹിബ്നുസുബൈറിന്റെ വധത്തിനു ശേഷം അബ്ദുൽമലിക്ക് ഹജ്ജാജിനെയായിരുന്നു ഹിജാസും ഗവർണ്ണറായി നിയമിച്ചതു്. ഇറാഖ്കാരുടെ അക്രമപ്രവൃത്തി വർദ്ധിച്ച അബ്ദുൽമലിക്ക് പരവശനായതിനാൽ അവയെ നിഷ്കൃതി ചെയ്യാനായി അദ്ദേഹം ഹജ്ജാജിനെ ഹിജാസിൽ നിന്നു മടക്കി വിളിച്ചു അദ്ദേഹത്തെ ബസറയും കൂഫയും ഉൾപ്പെടെയുള്ള ഇറാഖിന്റെ ഭരണാധികാരിയായി നിയമിച്ചു. ഹജ്ജാജ് പന്ത്രണ്ടു അനുചരന്മാരെ മാത്രം കരുമിച്ചുകൂട്ടി കൂഫയിൽ പ്രവേശിച്ച തദവസരത്തിൽ അദ്ദേഹം ചുവന്ന പട്ടവസ്ത്രം തലയിൽ കെട്ടുകയും അതേ മാതിരി വസ്ത്രംകൊണ്ടു തന്നെ മുഖം മൂടിക്കെട്ടുകയും ചെയ്തിരുന്നു. അദ്ദേഹം ജുമിഅ്മസ്ജിദിൽ ചെന്നു പ്രസംഗപീഠത്തിൽ കയറി നിന്നപ്പോഴേക്കും കൂഫക്കാർ ഒരു വലിയ സംഘമായി വന്നു കൂടി. അവിടെ ചെല്ലുന്ന ഭരണാധികാരികളെ പുച്ഛിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതു അവരുടെ പതിവായിരുന്നതിനാൽ അവരിൽ ചിലർ വടിയും വില്ലുമായും ഒട്ടധികം ആളുകൾ ഹജ്ജാജിനെ എറിയുവാനായി ചരൽ വാരി കയ്യിൽ പിടിച്ചുകൊണ്ടുമായിരുന്ന പള്ളിയിൽ ഹാജരായിരുന്നതു് ഹജ്ജാജ് മുഖം തുറന്നു ഭയാനകമായ ഒരു പ്രസംഗം ചെയ്തു. തന്നിമിത്തം ജനങ്ങൾ ഭയന്നെഴുന്നേല്ക്കുകയും അവരുടെ കയ്യിലുണ്ടായിരുന്ന വടിയും വില്ലും ചരലുമെല്ലാം താഴെ വീണു പോകുകയുമുണ്ടായി. പ്രസംഗത്തിന്റെ മുഖം താഴെ ചേർക്കുന്നു:—

ഇവിടെ സന്നിഹിതരായ ജനങ്ങളെ, ഞാൻ ഇവിടെ അനേകം തലകൾ കാണുന്നുണ്ടു്. അവയെ ചേരിച്ച കഴുത്തിന്മേൽ അവ സമീപിച്ചിരിക്കുന്നു. വളരെ തലക്കെട്ടുകളും താടികളും ഞാൻ കാണുന്നുണ്ടു്. അവ രക്തത്തിൽ പിരണ്ടു പോകുന്നതാണു് അഭീഷ്ടം. മുഅ്മിനീൻ തന്റെ അസ്ത്രപേടകത്തിലുള്ള സർവ്വ അസ്ത്രങ്ങളേയും പരിശോധിച്ചതിനു ശേഷം അവയിൽ സർവ്വോപരി കഠോരവും ലക്ഷ്യത്തു ചെല്ലുന്നതുമായ അസ്ത്രത്തെ നിങ്ങളുടെ നേരെ വിട്ടിരിക്കുന്നു. സൂക്ഷിച്ചു കൊള്ളുക. ആ അസ്ത്രമാണു് ഞാൻ. നിങ്ങളുടെ സർവ്വ അക്രമപ്രവർത്തികളേയും ഞാൻ പരിഹരിക്കുന്നതും ശക്തിയെല്ലാം നശിപ്പിക്കുന്നതുമാണു്. നിങ്ങൾ കലഹവിരുപ്പിൽ കിടന്നുരുളുവാനും ദുർമ്മാർഗ്ഗത്തേയും കക്ഷിത്വത്തേയും സ്വപ്നം കാണുന്നമുറയിൽ ഉറങ്ങുവാനും തുടങ്ങിയിട്ടു കാലം കുറെയായി. ഞാൻ നിങ്ങളുടെ നേർക്കുള്ള തുറക്കുകയും ശരിയായ മാർഗ്ഗത്തെ നിങ്ങൾക്കു കാണിച്ചുതരുകയും ചെയ്യുന്ന സമയം ഇതാ ആഗതമായിരിക്കുന്നു. 'അവർ മനസ്സമാധാനത്തോടുകൂടി കഴിഞ്ഞുകൂടുകയും എല്ലാ ഭാഗങ്ങളിൽനിന്നും അവർക്കു ആഹാരം ലഭിക്കുകയും ചെയ്തിരുന്നു. പക്ഷെ അവർ അല്ലാഹുവിനോടു കൃതഘ്നത കാണിച്ചതിനാൽ അവർക്കു ശിക്ഷയായി വിശപ്പും ഭയവും അവരുടെ നേരെ നടത്തപ്പെട്ടു.' എന്നു ഖുർആനിൽ ഏതു രാജ്യക്കാരെ കുറിച്ചു പറഞ്ഞിരിക്കുന്നുവോ ആ രാജ്യക്കാരെ പോലെയാണു് നിങ്ങൾ.

നിങ്ങളുടെ ശമ്പളം തരുവാൻ അമീറുൽ മുഅ്മിനീൻ കല്പിച്ചിരിക്കുന്നു. ഓരിജികളോടു യുദ്ധം ചെയ്യേണ്ടതിനായി നിങ്ങൾ മുറവിളി

ബുബ്‌നു അബീസഫ്‌റയുടെ അടുക്കലേക്ക പോകേണ്ടതാണ്. ശമ്പളം കൊടുക്കുന്നതിന്റെ നാലാം ദിവസം വല്ലവനും മുഹല്ലബിന്റെ അടുക്കൽ പോകാതിരിക്കുകയും അവനെ കൂഫയിൽ കാണുകയും ചെയ്യുന്നതായാൽ അവന്റെ കഴുത്തു വെട്ടിക്കളയുന്നതാണെന്നു ഞാൻ പരസ്യമായി പ്രഖ്യാപിച്ചു കൊള്ളുന്നു. ഞാൻ എന്തു പറയുന്നുവോ അതു പൂർത്തീകരിക്കുതിരിക്കുന്നതല്ലെന്നും നിങ്ങളെ ഉൽബോധിപ്പിച്ചു കൊള്ളട്ടെ.''

പ്രസംഗത്തിൽ നിന്നു വിരമിച്ചതിൽ പിന്നെ ഹജ്ജാജ് 'അമീറൽഅ്മിനീന്റെ കല്പന ജനങ്ങൾക്കു വായിച്ചുകേൾപ്പിക്കുക' എന്നു തന്റെ കാര്യദർശിയോടു കല്പിച്ചു കാര്യദർശി കല്പന ഇങ്ങിനെ വായിച്ചു തുടങ്ങി 'അബ്ദുൽമലിക്ക് കൂഫക്കാരെ അറിയിക്കുന്നതു് അസ്സലാമു അലൈക്കും' അവിടെ സന്നിഹിതരായിരുന്ന കൂഫക്കാരിൽ ഒരാളും ഖലീഫയുടെ ഈ സലാമിനു പകരമായി സലാം പറഞ്ഞില്ല. തന്നിമിത്തം ഹജ്ജാജ് കാര്യദർശിയോടു വായന നിർത്തിക്കുകയും ഭയങ്കരസ്വരത്തോടു കൂടി പറയുകയും ചെയ്തു. 'അമീറൽമുഅ്മിനീൻ നിങ്ങൾക്കു സലാം പറയുന്നു നിങ്ങളിൽനിന്നു അതിനു് മറുപടി ലഭിക്കുന്നില്ല. ഇവിടെ ഭരണകർത്താവായിരുന്നവർ ഇങ്ങിനെയാണോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതു്? ഞാൻ നിങ്ങളെ നന്നാക്കുക തന്നെ ചെയ്യും.' ഇതുകേട്ടു ജനങ്ങൾ മുഴുവനും ഏകകണ്ഠമായി സലാം മടക്കി.

അനന്തരം ഹജ്ജാജ് ശമ്പളം കൊടുക്കുവാനാരംഭിച്ചു. വയോവൃദ്ധനും അവശനുമായിരുന്ന ഒരാൾ ശമ്പളം വാങ്ങിയതിനു ശേഷം അദ്ദേഹത്തോടു അപേക്ഷിച്ചു 'എനിക്കു ഇപ്പോൾ യുദ്ധം ചെയ്യാൻ ശക്തിയില്ല. എനിക്കു പകരം എന്റെ മകനെ അയച്ചു കൊള്ളാം. ഹജ്ജാജ് ആ വൃദ്ധന്റെ അപേക്ഷ സ്വീകരിച്ചുവെങ്കിലും, ആരോ ഒരാൾ അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു. 'ആ വൃദ്ധൻ ആരാണെന്നു താങ്കൾക്കു അറിയാമോ?' അയാൾ ഹസ്രത്ത് ഉസ്മാൻ (റ) വധിക്കപ്പെട്ടതിനു ശേഷം അദ്ദേഹത്തിന്റെ വസതിയിൽ ചെല്ലുകയും അദ്ദേഹത്തിന്റെ നെഞ്ചത്ത് കയറി രണ്ടുവാരിയെല്ലു് മുറിച്ചു കളയുകയും ആ കൃത്യത്തെ കുറിച്ചു അഭിമാന പുരസ്സരം കവിത ചൊല്ലുകയും ചെയ്തിരുന്നു.' ഹജ്ജാജ് ആ വൃദ്ധനെ അടക്കി വിളിപ്പിച്ചു അയാളോടു ചോദിച്ചു. 'ഹേ, വൃദ്ധാ, വധിക്കപ്പെട്ട ഖലീഫയുടെ വാരിയെല്ലു മുറിക്കുവാൻ പകരമായി മറ്റാരെയെങ്കിലും നിങ്ങൾ എന്തുകൊണ്ടു അയച്ചില്ല?' അനന്തരം തന്റെ മുന്നിൽവെച്ചു തന്നെ അയാളെ വധിക്കുകയും ചെയ്തു. ജനങ്ങൾ അദ്ദേഹത്തിനു പൂർണ്ണമായി കീഴടങ്ങി. അവർ ശമ്പളം വാങ്ങി താന്താങ്ങളുടെ ബന്ധുക്കൾ വശം കൊടുക്കുകയും തങ്ങളുടെ ആയുധങ്ങൾ നന്നാക്കിച്ചു മുഹല്ലബിന്റെ അടുക്കലേക്കു അയക്കുവാൻ അവരെ ഏല്പിച്ചു യാത്ര പറയുകയുമാണു് ചെയ്തിരുന്നതു്.

ഹജ്ജാജ് മർദ്ദനത്തെയും ദ്രോഹത്തെയുമാണു് അംഗീകരിച്ചിരുന്നതെന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും പ്രവൃത്തികളിൽനിന്നും മനസ്സിലാകുന്നുണ്ടു്. ഈ കിരാതമായ സമ്പ്രദായം മൂലം യഥാർത്ഥ സമാധാനം ഒരിക്കലും ഉണ്ടാകുന്നതല്ല. ജ്വലിക്കുന്ന അഗ്നിയിൽ മണ്ണു് പകരാമെങ്കിലും കാറ്റടിക്കുമ്പോൾ ആ അഗ്നി വീണ്ടും ആളിക്കത്തുന്നതാണു്.

ഇറാഖുകാർ എത്രമേൽ നീചന്മാരായിരുന്നുവെന്നുള്ളതിനു മേൽ പ്രസ്താവിച്ച സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഹജ്ജാജും

പന്ത്രണ്ട് കുതിരപ്പടയാളികളോടുകൂടി മാത്രമായിരുന്നുവല്ലോ അവരുടെ പട്ടണത്തിൽ പ്രവേശിച്ചത്. ഈ സ്ഥിതിയിൽ അവിടത്തെ വലിയ വലിയ നേതാക്കന്മാരുടെയും യോഗ്യന്മാരുടെയും സദസ്സിൽ വെച്ച് അദ്ദേഹം അവരെ അപമാനിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ന്യായവിരുദ്ധമായ നിലയിൽ പല പ്രകാരത്തിലും അവരെ മർദ്ദിക്കുകയും ശകാരിക്കുകയുമുണ്ടായി. അവർ ഒന്നും മിണ്ടാതെ കേവലം പോത്തുകളെ പോലെ തലതാഴ്ത്തിക്കൊടുക്കുകയും ദ്രോഹങ്ങളെല്ലാം സഹിക്കുകയുമാണ് ഉണ്ടായത്. കലാഹവും കുഴപ്പവും നേരിട്ടിരുന്ന ഘട്ടങ്ങളിൽ പുലികളെപ്പോലെ ശൂരന്മാരായി കാണപ്പെട്ടിരുന്നവരും അവർ തന്നെയായിരുന്നു. എന്നാൽ അവരുടെ ഈ അടക്കം താല്കാലികമായിരുന്നുവെന്നും കക്ഷിത്വത്തിന്നു തക്കം കിട്ടിയപ്പോൾ അവർ മുമ്പത്തെപോലെ തന്നെ അതിൽ പങ്കെടുത്തിരുന്നുവെന്നും പിന്നീട് തെളിയുന്നതാണ്.

ഹജ്ജാജ് ബസറയിൽ പോയി കൂഫയിൽ വെച്ച് നടത്തിയ പോലെയുള്ള ഒരു പ്രസംഗം നടത്തി. അവിടെനിന്നു ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നു, തനിക്കു കിട്ടിയ ശമ്പളം മടക്കിക്കൊടുത്തു ഇങ്ങിനെ പറഞ്ഞു. 'എനിക്കു ആത്മവീര്യം പിടിപെട്ടിരുന്നതു കൊണ്ടു മുമ്പു ഭരണാധിപനായിരുന്ന ബിശ്‌റുബ്‌നുമർവാൻ എന്നെ സൈനിക പ്രവൃത്തിയിൽനിന്നു ഒഴിവാക്കിയിരുന്നു. താങ്കളും എന്നെ ഒഴിവാക്കിത്തരണം.' ഹജ്ജാജ് അയാളെ കൊന്നുകളയുകയാണ് ഉണ്ടായത്. തന്നിമിത്തം ബസറക്കാർ ഭയവിഹ്വലരായി. അവർ എത്രയും വേഗത്തിൽ റാംഹുർമുസിൽ ചെന്നു മുഹല്ലബിന്റെ സൈന്യത്തിൽ ചേർന്നു

സീസ്താൻ ഭരണകർത്താവായിരുന്ന റത്ത്ബീൽ എന്ന ആൾ ഖലീഫയുടെ വിരോധിയായിത്തീർന്നു അനേകം മുസ്‌ലിംകളെ കൊന്നിട്ടുണ്ടായിരുന്ന ഹജ്ജാജ് ഹി.ജ്.72-ൽ അബ്ദുല്ലാഹിബ്‌നുഅബീബക്രയെ സൈന്യവുമായി അവിടേക്കയച്ചു. അബ്ദുല്ലയും ഭടന്മാരും ചെന്നു യുദ്ധം ആരംഭിച്ചു അവർ രാജ്യത്തിന്റെ അകത്തു് കടന്നു സഞ്ചരിച്ചതിനാൽ ശത്രുക്കൾ അവരെ വളഞ്ഞു. തന്നിമിത്തം സൈന്യത്തിനു വളരെ നഷ്ടം നേരിട്ടു.

ഹജ്ജാജ് 20000 ഭടന്മാരെ ബസറയിൽനിന്നും, അത്രതന്നെ ഭടന്മാരെ കൂഫയിൽനിന്നുമായി ധാരാളം യുദ്ധസാമഗ്രികളോടുകൂടി അബ്ദുർറഹ്മാനുബ്‌നുഅശ്അതിന്റെ സൈന്യാധിപത്യത്തിൻ കീഴിൽ വീണ്ടും അവിടേക്കയച്ചു. അബ്ദുർറഹ്മാൻ രാജ്യങ്ങൾ ഓരോന്നോരോന്നായി കൈവശപ്പെടുത്തിത്തുടങ്ങി. കീഴടങ്ങിയ രാജ്യങ്ങളുടെ ഭരണത്തിനു പൂർണ്ണ വ്യവസ്ഥകൾ ചെയ്തതിനു ശേഷമായിരുന്ന അദ്ദേഹം മുന്നോട്ടു പോയിരുന്നതു് ഇങ്ങിനെ ഒട്ടധികം രാജ്യങ്ങൾ കൈവശമായപ്പോൾ ഇനി അവരെ സുരക്ഷിതമാക്കുകയാണ് വേണ്ടതെന്നും അടുത്ത വർഷത്തിൽ മുന്നോട്ടു കടക്കാമെന്നും അദ്ദേഹം തീർച്ചപ്പെടുത്തി. തന്നിമിത്തം ഹജ്ജാജ് അദ്ദേഹത്തിനു ഇപ്രകാരം ഒരു ഉത്തരവു അയച്ചു.

'നിങ്ങൾക്കു ഈ അഭിപ്രായം ഉണ്ടായതു് ബലഹീനതകൊണ്ടും അലസതകൊണ്ടുമാണ്. നിങ്ങളുടെ ശത്രുക്കൾ കരാർ ലംഘിക്കുകയും അതിർത്തി പ്രദേശങ്ങളെ മുടിച്ചു കളയുകയും മുസ്‌ലിംകളെ കൊന്നു അവരുടെ ഭാര്യമാരെയും മക്കളെയും കൊണ്ടുപോകുകയും ചെയ്തിരിക്കുന്നു. നിങ്ങൾ അവരുടെ കോട്ടകൾ തകർത്തുകളയേണ്ടതും അവരുടെ രാജ്യം കൈവശപ്പെടുത്തി അവരെ ശിക്ഷിക്കേണ്ടതുമാണ് ഇങ്ങിനെ ചെയ്യാൻ നിങ്ങൾക്കു സാധിക്കുകയില്ലെങ്കിൽ നിങ്ങളുടെ സഹോദരപുത്രനായ ഇസ്

ഹാഖുബ്നുമുഹമ്മദുബ്നുഅശ്അതിനെ സേനാനായകത്വം ഏല്പിച്ച നിങ്ങൾ എന്റെ അടുക്കലേക്ക് മടങ്ങി വരേണ്ടതാണ്.'

ഇബ്നുഅശ്അരിന്റെ വിപ്ലവം

അബ്ദുർറഹ്മാനുബ്നുഅശ്അതിന്റെ കീഴിലുണ്ടായിരുന്ന ഭടന്മാർ മുഴുവനും ഇറാഖുകാരായിരുന്നു. മേൽ പ്രസ്താവിച്ച കല്പന അദ്ദേഹത്തിന്നു കിട്ടിയപ്പോൾ ഭടന്മാർ അതു ഐകൃകണ്ഠ്യേന നിരാകരിച്ചു കളഞ്ഞു. തങ്ങൾ ഹജ്ജാജിനെ ഗവണ്ണരായി സ്വീകരിക്കുന്നില്ലെന്നു പറഞ്ഞു് അവർ ഇബ്നുഅശ്അതിനെ തെരഞ്ഞെടുത്തു. അനന്തരം ഈ സൈന്യം റത്ബീലുമായി സന്ധിയായി ഹജ്ജാജിനെ പുറത്താക്കുവാനായി ഇറാഖിലേക്കു മടങ്ങിച്ചെന്നു. കവി തകൾ ചൊല്ലി ഹജ്ജാജിനെ അധിക്ഷേപിക്കുകയും അബ്ദുർറഹ്മാനുബ്നുഅശ്അതിനെ പ്രശംസിക്കുകയും ചെയ്തുകൊണ്ടു, അൽശാ എന്ന പേരായ കവി സൈന്യത്തിന്റെ മുന്നിൽ ഉണ്ടായിരുന്നു. ഫാരിസിൽ എത്തിയതിന്റെ ശേഷം, 'ഹജ്ജാജിനെ നാം ഗവണ്ണരായി സ്വീകരിക്കാത്ത സ്ഥിതിക്ക് അബ്ദുൽമലിക്കു നമ്മുടെ ഖലീഫയുമല്ല. അതുകൊണ്ടു അബ്ദുർറഹ്മാനെ ഖലീഫയാക്കേണ്ടതാണു്" എന്നു ചിലർ പറഞ്ഞതനുസരിച്ചു സൈന്യം ഏകോപിച്ചു അദ്ദേഹത്തെ ഖലീഫയായും ബൈഅത്തു് ചെയ്തു.

ഈ വാർത്തകളെല്ലാം റജ്ജാജു്, അബ്ദുൽമലിക്കിനെ അറിയിച്ചു. അദ്ദേഹം സഹായത്തിന്നായി ഭടന്മാരെ അയക്കുകയും റജ്ജാജു് അവരെയും കൊണ്ടു തസ്ത്തറിലേക്കു പുറപ്പെടുകയും ചെയ്തു. തസ്ത്തറിൽ വെച്ചു യുദ്ധം ഉണ്ടായപ്പോൾ ഇറാഖുകാർ റജ്ജാജിന്റെ മുൻസൈന്യത്തെ തോല്പിച്ചു. തന്നിമിത്തം അദ്ദേഹം അവിടെ നിന്നു പിൻവാങ്ങി സാബിയ എന്നിടത്തു വന്നു പാളയമടിച്ചു. അബ്ദുർറഹ്മാൻ ബസ്വാ നഗരം കീഴടക്കിയതിന്നു ശേഷം അവിടെ നിന്നു ഭടന്മാരെയും കൊണ്ടു സാബിയയിലേക്കു പുറപ്പെട്ടു. ഇങ്ങിനെ സാബിയായിൽ വെച്ചു നടന്ന സമരത്തിൽ അപാരമായ രക്തം പ്രവഹിച്ചു. ആരംഭത്തിൽ സിറിയാ സൈന്യം തോറ്റു പിന്മാറിയിരുന്നുവെങ്കിലും ഹജ്ജാജു് പോക്കളത്തിൽ നിന്നു തെറ്റാതിരുന്നതുകൊണ്ടു അവർ വീണ്ടും എതിർത്തു ഇറാഖുകാരുടെ വലതുസൈന്യത്തെ തോല്പിച്ചു. അബ്ദുർറഹ്മാൻ പോക്കളം ഉപേക്ഷിച്ചു കൂഫയിലേക്കു പോകുകയും ഗവണ്ണരുടെ കൊട്ടാരം കൈവശപ്പെടുത്തുകയും ചെയ്തു. ഹജ്ജാജു് അദ്ദേഹത്തെ പിന്തുടർന്നു തൈർഖൂറ എന്നിടത്തു തമ്പടിച്ചു.

ഇറാഖുകാരെ സന്തോഷിപ്പിച്ച സമാധാനമുണ്ടാക്കാമെന്നു വെച്ചു അബ്ദുൽമലിക്കു് മുഹമ്മദുബ്നുമർവാനെ ഇറാഖിലേക്കു അയക്കുകയും 'ഹജ്ജാജിനോടു നിങ്ങൾക്കു വിരോധമുണ്ടെങ്കിൽ അദ്ദേഹത്തെ നീക്കി പകരം എന്റെ സഹോദരനെ ഇറാഖ് ഗവണ്ണരായി അയക്കുന്നു' എന്ന ഇറാഖു നായകന്മാരുടെ കത്തെഴുതുകയും ചെയ്തു. തങ്ങൾ റജ്ജാജിനെ ഗവണ്ണരായും അദ്ദേഹത്തെ ഖലീഫയായും സ്വീകരിക്കുന്നില്ലെന്നായിരുന്ന ഇറാഖുകാർ ഈ കത്തിന്നു മറുപടി കൊടുത്തതു് ഈ കലാപപ്രിയന്മാർ സമ്മതിക്കുന്നതല്ലെന്നും അതുകൊണ്ടു അദ്ദേഹം തന്നെ ഉദ്യോഗം സ്വീകരിച്ചു കഴിയുന്ന പ്രകാരത്തിൽ കൂഫത്തെ പരിപാലിക്കുകയാണെന്നും മുഹമ്മദുബ്നുമർവാൻ റജ്ജാജിനോടു പറഞ്ഞു.

അബ്ദുർറഹ്മാന്റെയും റജ്ജാജിന്റെയും സൈന്യങ്ങൾ തമ്മിൽ തൈർമാജിമിൽ വെച്ചു രണ്ടാമതായി യുദ്ധം നടന്നുകൊണ്ടിരുന്നു. ഏറെ ദിവസം കഴിഞ്ഞതിൽ പിന്നെ അബ്ദുർറഹ്മാൻ പരാജിതനായി. അതു എ.ഡി. 83 ജമാദുൽആഖിർ 14-നു-യായിരുന്നു ഓടിപ്പോയവരെ പിന്തുടരുന്നതല്ലെന്നും,

മടങ്ങി വരികയോ റയ്യിൽ ചെന്ന ഖത്തീബത്തിന്റെ സൈന്യത്തിൽ ചേരുകയോ ചെയ്യുന്നവക്ക് മാപ്പ കൊടുക്കുന്നതാണെന്നും ഹജ്ജാജ് പ്രഖ്യാപിച്ചു. ഈ വിജയത്തിനുശേഷം അദ്ദേഹം കൂഫയിൽ പ്രവേശിച്ച അബ്ദുൽമലിക്കിനെ ഖലീഫയായി വീണ്ടും ബൈഅത്തു ചെയ്യേണ്ടതിനു ജനങ്ങളെ വിളിച്ചുവരുത്തി. ജനങ്ങൾ വന്ന പേന്ന അവസരത്തിൽ, തങ്ങൾ മതഭ്രഷ്ടരായിപ്പോയിരിക്കുന്നുവെന്ന ഓരോരുത്തരോടും ഒന്നാമതായി സമ്മതിപ്പിച്ചതിനു ശേഷമായിരുന്ന അദ്ദേഹം ബൈഅത്തു് ചെയ്യിപ്പിച്ചിരുന്നതു് ഇങ്ങിനെ മതഭ്രഷ്ട് സമ്മതിക്കാതിരുന്നവരെ അദ്ദേഹം നിർദ്ദയം കൊന്നുകളഞ്ഞു.

ബന്ധിതരാക്കപ്പെട്ട കൂട്ടത്തിൽ മുൻ പ്രസ്താവിച്ച അഅ്ശാ കവിയും ഉൾപ്പെട്ടിരുന്നു ലഹളക്കാരെ ക്ഷോഭിപ്പിച്ചിരുന്ന, കവിതകൾ ചൊല്ലുവാൻ ഹജ്ജാജ് അയാളോട് കല്പിച്ചു അയാൾ ഹജ്ജാജിനെ സ്തുതിച്ചുകൊണ്ട് സരസവും ചാതുര്യസമ്പൂർണ്ണവുമായ ഒരു കവിത ചൊല്ലി. ഹജ്ജാജ് ഒരു പക്ഷെ അയാൾക്കു മാപ്പു കൊടുക്കുമെന്നു ജനങ്ങൾ വിചാരിച്ചിരുന്നു. എങ്കിലും അദ്ദേഹം ആ കവിയെ തന്റെ മുന്നിൽ വെച്ചു തന്നെ വധിപ്പിക്കുകയാണു് ചെയ്തതു്.

അബ്ദുർറഹ്മാന്റെ നേതൃത്വത്തിൽ നടന്ന ഈ കലാപം ഇറാഖുകാർ നടത്തിയ കലാപങ്ങളിൽ അവസാനത്തേതായിരുന്നു. ഇതിൽ അവർക്ക് അപാരമായ കഷ്ടനഷ്ടങ്ങൾ നേരിട്ടു. യോഗ്യന്മാരായിരുന്ന നായകന്മാർ മിക്കവാറും കൊല്ലപ്പെട്ടു. ഇതിനുശേഷം അവർക്ക് കലഹം നടത്തുവാൻ സാധിച്ചിരുന്നില്ല

അബ്ദുർറഹ്മാൻ ഓടി രത്ത്ബീലിന്റെ അടുക്കൽ ചെന്നഭയം പ്രാപിച്ചു. കുറെക്കാലം തങ്ങളുടെ അടുക്കലോളം അയച്ചു കൊടുക്കണമെന്നും അല്ലാത്ത പക്ഷം തങ്ങൾ അങ്ങോട്ട് ചെല്ലുന്നതാണെന്നും ഹജ്ജാജ് രത്ത്ബീലിനെ എഴുത്തു മൂലം അറിയിച്ചു. മോചനത്തിനു യാതൊരു മാർഗ്ഗവുമില്ലെന്നു കണ്ടപ്പോൾ അബ്ദുർറഹ്മാൻ കൊട്ടാരത്തിന്റെ മുകളിൽനിന്നും ചാടി ആത്മഹത്യ ചെയ്തു. രത്ത്ബീൽ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരുടെ തലകൾ ചേർത്തിച്ചു ഹജ്ജാജിന്റെ അടുക്കലേക്കു് അയച്ചു.

ഹിജ്റഃ 64 മുതൽ 68 വരെ 22 വർഷക്കാലം മുസ്‌ലിംസമുദായത്തിനു വഴക്കിലും കലഹത്തിലുമായി നിരവധി നികത്താനാവാത്ത നഷ്ടങ്ങൾ നേരിട്ടു. നേതാക്കന്മാരായിരുന്ന ആളുകൾ ഖിലാഫത്തു് വാദവുമായി പുറപ്പെട്ടുകൊണ്ടിരുന്നതിനാൽ മുസ്‌ലിംകൾ ഭിന്നിക്കുകയും പരസ്പരം രക്തപ്രവാഹം നടത്തിക്കൊണ്ടിരിക്കയും ചെയ്തു

സ്വാർത്ഥതല്പരതയേയും, സമുദായത്തിൽ ഭിന്നിപ്പും കലഹവും ഉണ്ടാക്കിത്തീർക്കുന്നതിനേയും കഠിനമായി ആക്ഷേപിച്ചിട്ടുള്ള വിശുദ്ധഖുർആൻ ആഹ്വാനത്തെ ഇക്കൂട്ടർ വായിച്ചിരുന്നില്ലേ? പരസ്പരം കലഹിച്ചു സമുദായശക്തിയെ നശിപ്പിക്കുന്നതിന്റെ ഭവിഷ്യത്തു് എന്താണെന്നു മനസ്സിലാക്കുവാൻ പോലും സാധിക്കാതിരിക്കത്തക്കവണ്ണം ആലോചനാശൂന്യന്മാരായിരുന്നുവോ ഇവർ? സ്വന്തം കാര്യത്തിനായി മുസ്‌ലിംകളുടെ രക്തം പ്രവഹിപ്പിക്കുവാൻ യാതൊരു മടിയും ഉണ്ടാകാതിരുന്ന ഇക്കൂട്ടർക്ക് പരലോകശിക്ഷയെക്കുറിച്ചു ഭയമുണ്ടായിരുന്നില്ലേ? ആകയാൽ ഇവരുടെ സ്ഥിതി അത്ഭുതകരമാണെന്നേ പറയേണ്ടതുള്ളൂ.

മേൽപ്രസ്താവിച്ച അപരാധത്തിൽനിന്നു അന്നത്തെ [illegible] മോചിതരാവാൻ കഴിയുന്നതല്ല. നമ്മുടെ കീഴടക്കുവാനായി എന്നുവേണ്ട, അടിമകളാക്കിത്തീർക്കുവാനായി

അവർ മർദ്ദനത്തോടുകൂടിയ ഭരണനയത്തെ കൈക്കൊണ്ട ജനങ്ങൾക്ക തങ്ങളുടെ നേരെ സ്നേഹവും സഹതാപവും ജനിക്കത്തക്ക യാതൊരു മാർഗ്ഗത്തെയും അവർ അംഗീകരിച്ചില്ല. തന്നിമിത്തം ഖലീഫയോട മത്സരിക്കുന്ന ആരെയെങ്കിലും കിട്ടുമ്പോൾ അവന്റെ ഭാഗത്തു ചേരുവാൻ അവർ സന്നദ്ധരായിക്കൊണ്ടിരുന്നു.

ഖാരിജികൾ ഒരു വിലയിരുത്തൽ

യസീദിന്റെ ഭരണകാലത്തു് സിറിയാ സൈന്യം മക്കാനഗരം വളഞ്ഞപ്പോൾ അബ്ദുല്ലാഹിബ്നുസുബൈർ (റ) തങ്ങളുടെ അഭിപ്രായത്തോട യോജിക്കുകയാണെങ്കിൽ അദ്ദേഹത്തെ സഹായിക്കാമെന്നു കരുതി ഒരു സംഘം ഖാരിജികൾ അവിടെ ചെല്ലുകയുണ്ടായി. നജ്ദത്തുബ്നു ആമീർ, നാഫിഉബ്നുഅസ്റഖ് ഇവർ പ്രസ്തുത സംഘത്തിലെ നേതാക്കന്മാരായിരുന്നു. ഇവരും അബ്ദുല്ലാഹിബ്നുസുബൈറും തമ്മിലുണ്ടായ സംഭാഷണം ശ്രദ്ധേയമാണു്:—

ഖാരിജികൾ: അബൂബക്കർ, ഉമർ ഇവരെപ്പറ്റി താങ്കളുടെ വിശ്വാസമെന്താണു്?

അബ്ദുല്ലാഹിബ്നുസുബൈർ: ഏറ്റവും നല്ല ഖലീഫമാരായിരുന്നു.

ഖാരിജികൾ: റസൂൽ ഉസ്മാനെ കുറിച്ചു താങ്കൾ എന്തു് വിശ്വസിക്കുന്നു? ഇസ്‌ലാംമതത്തിനും നീതിക്കും അനുയോജ്യമല്ലാത്ത പ്രവൃത്തികൾ അദ്ദേഹം ചെയ്തിട്ടുള്ളതുകൊണ്ടു അദ്ദേഹത്തിന്റെ തിരുശേഷിപ്പു് ഉർബുലപ്പെടുകയും ഭരണാധികാരം നിയമവിരുദ്ധമായിത്തീരുകയും ചെയ്തിരിക്കുന്നു. അദ്ദേഹം ഖിലാഫത്തധികാരം വഹിച്ച ആറുവർഷത്തെ ആറു കൊല്ലത്തിലെന്തു് അദ്ദേഹത്തിനു കൊലശിക്ഷ നടപ്പിലാക്കുന്നതു് ഒഴിച്ചുകൂടാത്ത കൃത്യമായിരുന്നു.

കൂടാതെ അദ്ദേഹത്തിനുശേഷം ബൈഅത്തു് വാങ്ങുകയും അല്ലാഹുവിന്റെ വിധിയിൽ മനുഷ്യർക്കു മദ്ധ്യസ്ഥം നിൽക്കുകയും ചെയ്ത ആളെ കുറിച്ചു താങ്കളുടെ അഭിപ്രായം എന്താണു്? ഇതിനുപുറമെ താങ്കളുടെ പിതാവിനേയും ഹസ്രത്തു് തൽഹത്തിനെയും സംബന്ധിച്ചു താങ്കളുടെ അഭിപ്രായമെന്താണു്? അവർ ആരെങ്കിലും ഒരാളെ ഖലീഫയായി സ്വീകരിച്ചതിനുശേഷം ഐഹികേച്ഛകളെ മാത്രം മുൻനിറുത്തി അയാളോടു പോരിനു പുറപ്പെട്ടിരുന്നവല്ലോ. റസൂൽ തിരുമേനി (സ) യുടെ ഭാര്യമാരോടു സ്വഭവനങ്ങളിൽതന്നെ ഇരിക്കേണമെന്നു അല്ലാഹു വ്യക്തമായി ആജ്ഞാപിച്ചിരിക്കെ, ഹസ്രത്തു് ആയിശയേയും അവർ കൂടെകൊണ്ടുപോയി പോക്കളത്തിൽ നിറുത്തി. താങ്കൾ ഈ കാര്യങ്ങളിലെല്ലാം ഞങ്ങളുടെ അഭിപ്രായത്തോടു യോജിക്കുകയാണെങ്കിൽ അതിനു അല്ലാഹു താങ്കൾക്കു പ്രതിഫലം തരുന്നതും ഞങ്ങൾ താങ്കളെ സഹായിക്കുവാൻ തയ്യാറുള്ളവരുമാണു് അല്ലാത്തപക്ഷം താങ്കൾ ഇഹത്തിലും പരത്തിലും നീചനായിത്തീരും.

അബ്ദുല്ല: ഫിർഔനിനോടു പോലും സൗമ്യമായി സംസാരിക്കേണമെന്നു മൂസാ, ഹാറൂൻ (അ) എന്നിവരോടു അല്ലാഹു കല്പിച്ചിരുന്നു. 'മറ്റുള്ളവരെ ദുഷിച്ചു ജീവിച്ചിരിക്കുന്നവരെ ദ്രോഹിക്കരുതു്' എന്നു നബി (സ) അരുളിയിട്ടുണ്ടു്. അബൂമൂസാഅശ്അരിയെ അധിക്ഷേപിക്കുന്നതായാൽ അയാളുടെ മകൻ ഇക്കാര്യത്തിനു ദുഃഖം നേരിടുമെന്നു കരുതി ആ അധിക്ഷേപത്തെ തിരുമേനി (സ) നിരോധിച്ചിരുന്നു. ഫിർഔൻ, അബൂമൂസാ ഇവരെപോലെയുള്ളവരെ കൂടി അധിക്ഷേപിക്കുവാൻ അവകാശമില്ലാത്ത സ്ഥിതിക്കു, ആ മഹാന്മാരേയും വിശ്വാസിച്ചു, എന്റെ പിതാവിനെയും നിന്ദയോടുകൂടി സ്മരിക്കുവാൻ എനിക്കു എങ്ങ

നെയാണ് കഴിയുക? പിതാവിന്റെ മക്കളുടെ മേലുള്ള അവകാശങ്ങൾ നിങ്ങൾക്കു തന്നെ അറിയാവുന്നതാണല്ലോ. എങ്കിലും അക്രമികളോട് എനിക്ക് യാതൊരു ബന്ധവുമില്ലെന്നു പറവാൻ ഞാൻ തയ്യാറുണ്ട്. അവർ ആരെല്ലാമാണെന്നു ഞാൻ വ്യക്തമാക്കുന്നതല്ല. അക്രമി ആരായിരുന്നാലും ഈ വാക്കിൽ ഉൾപ്പെടുന്നതാണ്.'

ഖാരിജികൾ രണ്ടാംദിവസവും അദ്ദേഹത്തിന്റെ അടുക്കൽചെന്നു അഭിപ്രായം വ്യക്തമാക്കണമെന്നു അദ്ദേഹത്തോട് ആവശ്യപ്പെട്ടു. തദവസരത്തിൽ അദ്ദേഹം എഴുന്നേറ്റു നീതിയുക്തമായ ഒരു പ്രസംഗം ചെയ്തു അദ്ദേഹം ഹസ്രത്ത് ഉസ്മാൻ (റ), സുബൈർ (റ), തൽഹത്ത് (റ) ഇവരെ പ്രശംസിക്കുകയും ഖാരിജികളുടെ സകല ആക്ഷേപങ്ങൾക്കും സമുചിതമായ മറുപടി കൊടുക്കുകയുമുണ്ടായി. ഈ പ്രസംഗം നിമിത്തം ഖാരിജികൾ നിരാശപ്പെട്ടു. അവർ രണ്ടു സംഘമായി പിരിഞ്ഞു ഒരു സംഘം യമാമയിലേക്കു പോയി. മറ്റേ സംഘം നാഫിഉബ്നുഅസ്‌റഖിന്റെ കൂടെ അഹ്‌വാസിൽ ചെന്നു ഖലീഫയുടെ കീഴിൽ അവിടെ ഭരണം നടത്തിയിരുന്ന ഉദ്യോഗസ്ഥനെ പുറത്താക്കി നികുതി പിരിക്കുവാൻ തുടങ്ങി.

നാഫിഇന്റെ പ്രബോധനം

ഇതിനുമുമ്പ് ഖാരിജികളുടെ ഇടയിൽ ഭിന്നിപ്പുണ്ടായിരുന്നില്ല. മേൽപ്രസ്താവിച്ച നാഫിഅ് നിമിത്തമായിരുന്നു അവരുടെ ഇടയിൽ കക്ഷിത്വം ആവിർഭവിച്ചത് എല്ലാ മുസ്‌ലിം രാജ്യങ്ങളേയും അയാൾ യുദ്ധരാജ്യങ്ങളായി ഗണിച്ചു. അയാളുടെ പ്രബോധനം ഇങ്ങിനെയായിരുന്നു. മുസ്‌ലിംകളുടെ കുട്ടികളെ കൊല്ലുവാനും അനാമത്ത് മുതലുകൾ പിടിച്ചെടുക്കാവുന്നതുമാണ് അവരുമായി വിവാഹബന്ധം ചെയ്യുകയോ, അവർ അറുത്ത വസ്തുക്കളെ ഭക്ഷിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. മതരക്ഷക്കായി വാളെടുക്കുന്നവർ മാത്രമാണ് മുസ്‌ലിംകൾ അല്ലാത്തവരെല്ലാം അമുസ്‌ലിംകളാകുന്നു ഭയപ്പെടുന്നതു കുറകരമാണ് യുദ്ധത്തിൽ പങ്കുകൊള്ളാതെ വേർപിരിഞ്ഞു നില്ക്കുകയും വാളെടുത്തു ഇസ്‌ലാമിനു ശുശ്രൂഷ ചെയ്യാൻ സന്നദ്ധരാകാതിരിക്കുകയും ചെയ്യുന്നവർ അമുസ്‌ലിംകളോട് തുല്യരാണ്.'

നബ്ഭത്തുബ്നുആമീർ അയാളുടെ ഈ അഭിപ്രായത്തെ പ്രതിഷേധിച്ചു. അവർ തമ്മിൽ എഴുത്തുകൾ മൂലം തർക്കം നടന്നുകൊണ്ടിരുന്നു. ഖാരിജികളുടെ മറ്റു തലവന്മാരായിരുന്ന ഹൈസമുബ്നുജാബിർ, അബ്ദുല്ലാഹിബ്നു ഇബാസ് എന്നിവർ നാഫിഇന്റെ അഭിപ്രായത്തോട് യോജിച്ചില്ല. 'റസൂൽ തിരുമേനി (സ) യുടെ ശത്രുക്കളെ പോലെ തന്നെ നമ്മുടെ ശത്രുക്കളും സത്യത്തിനു ശത്രുക്കളാകുന്നു എന്നിരുന്നാലും ഒരു വ്യത്യാസമുണ്ട് ഇക്കൂട്ടർ അല്ലാഹുവിന്റെ ഏകത്വത്തിലും വേദത്തിലും വിശ്വസിക്കുന്നു. അതുകൊണ്ടു ഇവരുമായി വിവാഹകർമ്മവും മറ്റും നടത്തുന്നതു തെറ്റല്ല' എന്നായിരുന്നു പ്രസ്തുത നായകന്മാരുടെ അഭിപ്രായം. മറ്റൊരു ഖാരിജി തലവനായിരുന്ന അബ്ദുല്ലാഹിബ്നുസഫാറിന്റെ അനുഗാമികളും 'സഫാരിയ്യാ' എന്നു നാമധേയം ധരിച്ചവരുമായിരുന്ന ഖാരിജികൾ, കലഹത്തിൽ സംബന്ധിക്കാതെ പിന്മാറി നില്ക്കുന്നവർ തെറ്റുകാരാണെന്നു പറഞ്ഞിരുന്നില്ല. മേൽപറഞ്ഞ ഓരോ അഭിപ്രായക്കാരും വെവ്വേറെ പുതുസംഘങ്ങളായി പിരിഞ്ഞു.

ഖാരിജികളിൽ വെച്ചു ഏറ്റവും വലിയ അക്രമി നാഫിഉബ്നുഅസ്‌റഖായിരുന്നു. അ

യാംക്ക അഹ്വാസ് മുതൽ ബസറയുടെ സമീപപ്രദേശം വരെയുള്ള രാജ്യങ്ങളും കീഴടങ്ങിയിരുന്നു. സലീമുബ്നുഅബീസിന്റെ നേതൃത്വത്തിൽ പതിനായിരം ബസറക്കാർ അയാളുടെ നേരെ യുദ്ധത്തിന്നു ചെന്നു. ദുലാബ് എന്നിടത്തു വെച്ചുണ്ടായ സമരത്തിൽ നാഫിഉം സലീമും കൊല്ലപ്പെട്ടു. അനന്തരം ഖാരിജികളും ഉബൈദുല്ലാഹിബ്നുഖശീറിനേയും ബസറക്കാർ റബീഉബ്നുഅംറിനേയും സേനാനായകന്മാരാക്കി. ഒരു മാസത്തോളം യുദ്ധം നടന്നു. ഒടുവിൽ ബസറക്കാർ തോറ്റോടുകയാണു് ഉണ്ടായതു്

ഈ പരാജയ വാർത്ത അറിഞ്ഞപ്പോൾ ബസറാ നിവാസികൾക്കു വലിയ പരിഭ്രമമുണ്ടായി അവിടത്തെ നായകന്മാർ ഏകോപിച്ചു മുഹല്ലബിന്റെ അടുക്കൽ ചെന്നു, അദ്ദേഹവും കൂടി തങ്ങളുടെ കൂട്ടത്തിൽ ചേർന്നില്ലാതെ ഖാരിജികളെ ഒതുക്കുവാൻ കഴിയുന്നതല്ലെന്നു അദ്ദേഹത്തെ അറിയിച്ചു. ഈ മൂന്നു നിബന്ധനകൾ സ്വീകരിക്കുന്ന പക്ഷം അവരുടെ ഭാഗത്തു ചേർന്നുകൊള്ളാമെന്നു അദ്ദേഹം സമ്മതിച്ചു.

1. ഖാരിജികളുടെ പക്കൽനിന്നു ഞാൻ കീഴടക്കുന്ന രാജ്യങ്ങളുടെ ഭരണാധികാരം എനിക്കു നല്കണം.

2. യുദ്ധത്തിനു വേണ്ട ആയുധങ്ങളും സാമഗ്രികളും വാങ്ങുവാനുള്ള തുക ഗവർമ്മെന്റു ഖജനാവിൽ നിന്നു തരേണ്ടതാണു".

3. നേരാംവണ്ണം ധീരന്മാരുമായ ബസറക്കാരിൽനിന്നു ഞാൻ തിരഞ്ഞെടുക്കുന്ന ആളുകളും എന്റെ കൂടെ വരണം.

ഈ മൂന്നു നിബന്ധനകളും ബസറക്കാർ സ്വീകരിച്ചതുകൊണ്ടു മുഹല്ലബ് ഖാരിജികളുടെ നേരെ യുദ്ധത്തിനു പുറപ്പെട്ടു. അദ്ദേഹം അവരെ ഓരോ സ്ഥലത്തു നിന്നും പിന്നോട്ടോടിച്ചുകൊണ്ടു അഹ്വാസ് വരെ ചെന്നു. അഹ്വാസിൽ അവർ ഉറച്ചുനിന്നു സധീരം പോരാടുകയുമാണു് ചെയ്തതു്. ബസറക്കാർ അവരോടു എതിർത്തു നിൽക്കുവാൻ സാധിക്കാതെ പോക്കളത്തിൽ നിന്നു സൂത്രത്തിൽ രക്ഷപ്പെട്ടു. എങ്കിലും മുഹല്ലബ് പിന്മടങ്ങാതെ വീറോടെ പൊരുതുന്നതു കണ്ടപ്പോൾ അവർ വീണ്ടും മടങ്ങിച്ചെന്നു. അനന്തരമുണ്ടായ യുദ്ധത്തിൽ ഖാരിജികളുടെ സേനാനായകൻ കൊല്ലപ്പെട്ടു. അതോടുകൂടി മറ്റുള്ളവർ തോറ്റോടുകയാണു് ഉണ്ടായതു് മുഹല്ലബിന്റെ ഭടന്മാർ അവരെ പിൻതുടർന്നു അനേകം ഭടന്മാരെ വധിക്കുകയുണ്ടായി. ശേഷിച്ചവർ കർമാൻ എന്നിടത്തു് വന്നുനിന്നു. മുഹല്ലബ് സൈന്യവുമായി അവരെ പിൻതുടർന്നുകൊണ്ടിരുന്നു.

അബ്ദുല്ലാഹിബ്നുസുബൈറിന്റെ സഹോദരൻ മിസ്അബ് ഖുറാഖ് ഗവണ്മെന്റായി വന്നപ്പോൾ അദ്ദേഹം മുഹല്ലബിനെ മൂസൽ ഭരണകർത്താവാക്കി അയക്കുകയും അദ്ദേഹത്തിനു പകരം ഖാരിജികളോടു നേരിടേണ്ടതിനു ഉബൈദുല്ലാഹിബ്നുമിഅ്മാറിന്റെ പുത്രനായ ഉമറിനെ നിയമിക്കുകയും ചെയ്തു. തദവസരത്തിൽ ഖാരിജികൾ അസ്റാൻ എന്നിടത്തു സംഘം കൂടി നില്ക്കുകയായിരുന്നു. സുബൈറബ്നുഅലീ എന്ന ആളായിരുന്നു അവരുടെ നായകൻ. ഉമർ അവിടെ എത്തി അവരെ തോല്പിച്ചതിനാൽ അവർ ഇസ്ഫഹാനിലേക്കു പോന്നു.

ഉമർ ഭടന്മാരോടു കൂടി സാബൂറിൽ താവസിച്ചു. ശത്രുക്കൾ പിന്നിൽ കൂടി വന്നാക്രമിക്കുവാനായി മുഹല്ലബ് രാത്രി സമയം കാവലിനു ഭടന്മാരെ നിയുക്തരാക പതിവായിരുന്നുവെന്നു മാലിക്കുബ്നുഹസ്സാൻ അദ്ദേഹത്തോടു പറഞ്ഞു. 'മരണം നിശ്ചിത സമയത്തല്ലാതെ നേരിടുകയില്ലെന്നു നിങ്ങൾ ഗ്രഹിക്കുന്നില്ല'

എന്നായിരുന്നു അദ്ദേഹം അതിന്നു സമാധാനം പറഞ്ഞതു് യദ്ദുച്ഛയാ അന്നു രാത്രി തന്നെ ഇരുപതു മാറിയ സമയത്തു് ശത്രുക്കൾ വന്നു എതിർത്തു എങ്കിലും അവർ പരാജയത്തോടെ മടങ്ങുകയാണു് ഉണ്ടായതു്. തദവസരത്തിൽ ഉമർ 'ഇപ്പോൾ കണ്ടോ?' എന്നു മലിക്കിനോടു ചോദിച്ചു. 'അതെ, എങ്കിലും മുഹല്ലബിനോടു ഇങ്ങിനെ എതിർക്കുവാൻ അങ്ങയ്ക്കു ധൈര്യമുണ്ടായിരുന്നില്ല' എന്നു മാലിക്കു് സമാധാനം പറഞ്ഞു.

ഖാരിജികൾ ഇസ്ഫഹാൻ മുതൽ അഹ്വാസു് വരെയും അവിടം മുതൽ ഇസ്ത്തഖർ വരെയും മാറി നടന്നു കൊലയും കൊള്ളയും നടത്തിക്കൊണ്ടിരുന്നു. തന്നിമിത്തം മിസ്അബ്മുഹല്ലബിനെ മൂസലിൽ നിന്നു മടക്കി വിളിച്ചു ഖാരിജികളോടു നേരിടേണ്ടതിന്നു അദ്ദേഹത്തെതന്നെ നിയമിച്ചു. അന്നു ഖാരിജികളുടെ നായകത്വം വഹിച്ചിരുന്നതു മുത്തഹ്രിബ്നൽഫുജാത്ത് എന്ന ആളായിരുന്നു. ഖാരിജികൾ അയാളെ അമീറൽമുഅ്മിനീൻ എന്നായിരുന്നു വിളിച്ചുവന്നതു്.

മുഹല്ലബും ഭടന്മാരും അഹ്വാസിൽ എത്തിയപ്പോഴേക്കു ഖാരിജികൾ അവിടെ നിന്നു റാംഹുർമുസിലേക്കു പോയി. ഇതിന്നിടയിലായിരുന്നു മുൻ പ്രസ്താവിച്ച പ്രകാരം മിസ്അബ് കൊല്ലപ്പെടുകയും ഇറാഖ്സംസ്ഥാനം അബ്ദുൽമലിക്കിന്നു കീഴടങ്ങുകയും ചെയ്തതു്. മുഹല്ലബും സൈന്യവും അറിയുന്നതിന്നു മുമ്പായി ഖാരിജികൾ ഈ വർത്തമാനം അറിഞ്ഞതിനാൽ അവർ മുഹല്ലബിന്റെ സൈന്യത്തോടു 'മിസ്അബിനെ കുറിച്ചു നിങ്ങൾ എന്തു വിശ്വസിക്കുന്നു' എന്നു വിളിച്ചു ചോദിച്ചു. 'അദ്ദേഹം സന്മാർഗ്ഗശീലനായ നേതാവാണു്' എന്നു അവർ സമാധാനം പറഞ്ഞു. പിന്നീടു, 'അബ്ദുൽമലിക്കിനെ സംബന്ധിച്ചോ' എന്നു ചോദിച്ചതിന്നു ദുർമ്മാർഗ്ഗിയും ദുർമ്മാർഗ്ഗപ്രേരകനുമാണു് എന്നും അവർ മറുപടി കൊടുത്തു.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ മുഹല്ലബിന്റെ അടുക്കലും വർത്തമാനം എത്തി. 'മിസ്അബിനെ സംബന്ധിച്ചു എന്തു വിശ്വസിക്കുന്നു' എന്നു ഖാരിജികൾ അപ്പോഴും വിളിച്ചു ചോദിച്ചു. ഈ ചോദ്യത്തിന്നു മുഹല്ലബിന്റെ ഭാഗത്തു് നിന്നു ഒരു സമാധാനവും കൊടുക്കുകയുണ്ടായില്ല. അനന്തരം ഖാരിജികൾ അബ്ദുൽമലിക്കിനെ പറ്റി ചോദ്യം ചെയ്തപ്പോൾ 'സന്മാർഗ്ഗശീലനായ ഇമാമാണു്' എന്നു മുഹല്ലബിന്റെ ഭടന്മാർ മറുപടി കൊടുത്തു. തദവസരത്തിൽ ഖാരിജികൾ ഇങ്ങിനെ വിളിച്ചുപറഞ്ഞു. 'ഇന്നലെ ദുർമ്മാർഗ്ഗിയും ദുർമ്മാർഗ്ഗപ്രേരകനുമായിരുന്ന ആൾ ഇന്നു സന്മാർഗ്ഗശീലനായ ഇമാമായി. ഹേ, ഭൗതികലോകത്തിന്റെ അടിമകളെ, അല്ലാഹു നിങ്ങളെ ശപിക്കട്ടെ;'

അബ്ദുൽമലിക്കു് ബസറാ ഭരണാധികാരിയായി നിയമിച്ചതു് ഖാലിദുബ്നുഅബ്ദുല്ല എന്ന ആളെയായിരുന്നു. ഖാലിദു്, മുഹല്ലബിനെ സേനാനായകത്വത്തിൽനിന്നു നീക്കി നികൃതി പിരിക്കുന്ന ഉദ്യോഗസ്ഥനായി നിയമിക്കുകയും തന്റെ സഹോദരൻ അബ്ദുൽഅസീസിനെ അദ്ദേഹത്തിന്നു പകരം സേനാനായകനായി നിശ്ചയിക്കുകയും ചെയ്തു മുഹല്ലബു് അഹ്വാസിൽ ഉള്ളതുകൊണ്ടാണു് ബസറയിൽ സമാധാനം നിലനില്ക്കുന്നതെന്നും അദ്ദേഹത്തെ നീക്കിയാൽ ഖാരിജികൾ ആക്രമിക്കുന്നതാണെന്നും ബസറക്കാർ ഖാലിദിനോടു പറഞ്ഞുവെങ്കിലും അദ്ദേഹം അതു വില വെച്ചില്ല ദറാബ്ജർദിൽ വെച്ചു, ഖാരിജികളുമായി നേരിട്ടപ്പോൾ അബ്ദുൽഅസീസിന്നു കഠിനമായ പരാജയം നേരിട്ടു. തന്നിമിത്തം

അബ്‌ദുൽമലിക്ക് ഖാലിദിനു ഇപ്രകാരം കത്തെഴുതി.

'നിങ്ങളുടെ പക്കൽ നിന്നുണ്ടായ പിഴവു മൂലമാണ് ഈ നഷ്ടം നേരിട്ടതു്. ധൈര്യവാനും ഖഡ്ഗപ്രയോഗത്തിൽ തഴക്കമുള്ള സേനാനായകനുമായ മുഹല്ലബിനെ മാറ്റി അബ്ദുൽഅദീസിനെ സൈന്യാധിപകനാക്കിയതു ഒരിക്കലും നന്നായില്ല. ഇനി നിങ്ങൾ തന്നെ സൈന്യവുമായി പുറപ്പെടേണ്ടതും മുഹല്ലബുമായി ആലോചിച്ചു ഖാരിജികളോടു നേരിടേണ്ടതുമാണ് കൂഫാ ഭരണകർത്താവായ എന്റെ സഹോദരൻ ബിശ്‌റുബ്നുമർവാനു ഞാൻ ഉത്തരവു കൊടുത്തിട്ടുള്ളതുകൊണ്ടു അദ്ദേഹവും നിങ്ങളെ സഹായിക്കുവാൻ ഭടന്മാരെ അയക്കുന്നതാണു്.'

ഈ കല്പന പ്രകാരം ഖാലിദ് മുഹല്ലബു നോടുകൂടി അഹ്‌വാസിലേക്കു പോയി. 4000 അശ്വഭടന്മാർ സഹായത്തിന്നായി കൂഫയിൽ നിന്നും എത്തുകയുണ്ടായി. ഖാരിജികൾ എതിർക്കുവാൻ ശക്തിയില്ലാതിരുന്നതുകൊണ്ടു അവിടെനിന്നു പിന്മാറിയപ്പോൾ ഖാലിദിന്റെ സൈന്യം അവരെ പിന്തുടർന്നു എങ്കിലും വഴി വളരെ ദീർഘമായിരുന്നതിനാൽ ഭടന്മാരുടെ കുതിരകൾ മിക്കവാറും ചത്തുപോയി ഇങ്ങിനെ അശ്വഭടന്മാരിൽ അധികംപേരും കാൽനടയായി മടങ്ങേണ്ടിവന്നു.

ഏതാണ്ടു ഇക്കാലത്തുതന്നെ ബഹ്‌റൈനിയിൽ അബൂഫുദൈക്ക് എന്നുപേരായ ഒരു ഖാരിജിയും ഖലീഫയുടെ വിരോധിയായി മാറി. അയാളുടെ നേരെയും ഖാലിദ് ഭടന്മാരെ അയച്ചു എങ്കിലും ആ ഭടന്മാർ തോല്ക്കുകയാണു് ഉണ്ടായതു് തന്നിമിത്തം അബ്ദുൽമലിക്ക് ഖാലിദിനെ ഗവർണ്ണർ സ്ഥാനത്തു നിന്നു നീക്കിക്കളഞ്ഞു. അദ്ദേഹത്തിന്നു പകരം കൂഫാ ഗവർണ്ണറായിരുന്ന ബിശ്‌റിനെയായിരുന്നു അദ്ദേഹം നിയമിച്ചതു്. ഖാരിജികളോടു നേരിടുന്നതിനെ സംബന്ധിച്ച സൂത്രമെല്ലാം മുഹല്ലബിനെ ഭരമേല്പിക്കണമെന്നും അദ്ദേഹത്തിന്റെ ധൈര്യത്തെയും യുദ്ധസാമർത്ഥ്യത്തെയും ഗുണകാംക്ഷയേയും സംബന്ധിച്ചു തനിക്കു വിശ്വാസമുണ്ടെന്നും നല്ല ഭടന്മാരെ തിരഞ്ഞെടുത്തു അദ്ദേഹത്തിന്റെ കൂടെ നിർത്തണമെന്നും കാണിച്ചു, അബ്ദുൽമാലിക്ക് ബിശ്‌റിനു കത്തെഴുതി.

ഇങ്ങിനെ ഖലീഫ തന്നെ മുഹല്ലബിനെ സേനാനായകനായി നിയമിച്ചതു ബിശ്‌റിനു രസിച്ചില്ല. അസൂയാലുവും സമുദായ ദോഷകാംക്ഷിയുമായിരുന്ന ആ ഭരണാധികാരി മുഹല്ലബിന്റെ അടുക്കലേക്കു ഭടന്മാരെ അയച്ച അവസരത്തിൽ അവരുടെ നായകനായിരുന്ന അബ്ദുർറഹ്മാനുബ്നുമിഹ്നഫിനോടു ഇങ്ങിനെ ഉപദേശിച്ചു. 'നിങ്ങൾ സ്വാഭിപ്രായമനുസരിച്ചു പ്രവർത്തിച്ചു കൊള്ളണം. മുഹല്ലബിന്റെ കല്പന അനുസരിക്കേണ്ട യാതൊരു ആവശ്യവും നിങ്ങൾക്കില്ല. നിങ്ങൾ യോഗ്യനും ധീരനുമായതുകൊണ്ടു നായകത്വം നിങ്ങൾക്കു തരേണമെന്നു ഞാൻ വിചാരിച്ചിരുന്നു. പക്ഷെ ഖലീഫ യാതൊന്നും ആലോചിക്കാതെ ആ ഉദ്യോഗം മുഹല്ലബിനു കൊടുത്തുകളഞ്ഞു.' ഈ ഭടന്മാർ റംസാനിൽ എത്തിയപ്പോൾ ഖാരിജികൾ എതിർക്കുവാൻ വന്നു. യുദ്ധം നടന്നുകൊണ്ടിരുന്ന മദ്ധ്യേ ബിശ്‌റിന്റെ ദൂതനായിരിക്കുന്നുവെന്നു വർത്തമാനം കിട്ടി. തദവസരത്തിൽ കൂഫക്കാരും ബസറക്കാരുമായിരുന്ന അനേകം ആളുകൾ പോക്കത്തിൽ നിന്നു മടങ്ങിക്കളഞ്ഞു. ബിശ്‌റിന്റെ മരണം നിമിത്തം ഖാലിദുബ്നുഅബ്ദുല്ല തന്നെ വീണ്ടും ഗവർണ്ണറായി നിയമിക്കപ്പെട്ടിരുന്നു. വീണ്ടും പെരുന്നാൾ യുദ്ധത്തിൽ പങ്കുകൊള്ളേണമെന്നും ഖലീഫയുടെ കല്പന നിരാകരി

ക്കരുതെന്നും പറഞ്ഞുകൊണ്ട്, അദ്ദേഹം, മടങ്ങിക്കളഞ്ഞ ആ ഭടന്മാരോട് കഴിയുന്നത്ര ഉപദേശിച്ചു നോക്കി. പക്ഷെ ഒരാളും യുദ്ധത്തിനു പോകുകയുണ്ടായില്ല അവർ ഇങ്ങിനെ കല്പന നിരാകരിച്ചതുകൊണ്ടായിരുന്നു അബ്ദുൽ മലിക്ക് ഹജ്ജാജുബ്നുയൂസുഫിനെ ഇറാഖ് ഗവണ്മെന്റായി നിയമിച്ചത്. ഹിജ്റാ 75-ൽ അദ്ദേഹം ഹജ്ജാജിനെ ഇറാഖിലേക്കയക്കുകയും തന്നിമിത്തം കൂഫക്കാരും ബസറക്കാരും ഭയപ്പെട്ട വീണ്ടും മുഹല്ലബിന്റെ അടുക്കൽ ചെന്നുചേരുകയും ചെയ്ത വിവരം മുമ്പു വായിച്ചിരുന്നുവല്ലോ.

മുഹല്ലബ് സാബൂരിലായിരുന്നു താമസിച്ചിരുന്നത് അവിടെ വെച്ചു ഒരു കൊല്ലത്തോളം അദ്ദേഹം ഖാരിജികളോട് പോരാടികൊണ്ടിരുന്നു ഖാരിജികൾ കർമ്മാൻ രാജ്യം കീഴടക്കിയിരുന്നതുകൊണ്ട് അദ്ദേഹം ആ ഭാഗത്തേക്കുതന്നെ എതിർത്തുകയറി ഫാരിസ് രാജ്യത്തും ഏകദേശം ഒരു കൊല്ലക്കാലം തുടച്ച് യായി യുദ്ധം നടന്നു കൊണ്ടിരുന്നു. ഹജ്ജാജ് അദ്ദേഹത്തെ സഹായിക്കുവാനായി ബർറാഉബ്നുഖബീസയുടെ നായകത്വത്തിൽ ഒരു സൈന്യത്തെ അയക്കുകയും ഈ യുദ്ധം വളരെ ദീർഘിച്ചു പോയതുകൊണ്ട് ഇനി വേഗം അവസാനിപ്പിക്കേണ്ടതാണെന്നും കാണിച്ചു അദ്ദേഹത്തിനു കത്തെഴുതുകയും ചെയ്തു.

മുഹല്ലബ ഈ എഴുത്തു കിട്ടിയപ്പോൾ ഖാരിജികളോട് പോരാടുവാൻ വേണ്ടി എല്ലാ ഭടന്മാരെയും അണിനിരത്തി. അദ്ദേഹത്തിന്റെ ഏഴു പുത്രന്മാരെയും ഓരോ സൈന്യവകുപ്പിനു നായകന്മാരായി നിയമിച്ചതിൽ പിന്നെ അദ്ദേഹം ഒരു കുന്നിന്മേൽ കയറിനിന്നു ഭടന്മാരെ നയിച്ചുകൊണ്ടിരുന്ന ആ ദിവസം കഠിന യുദ്ധം നടന്നു. രാത്രിയായപ്പോൾ സൈന്യം പോക്കളത്തിൽ നിന്നു മടങ്ങിപ്പോന്നതിൽ പിന്നെ ബർറാഅ് എന്ന ആൾ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു. 'താങ്കളുടെ പുത്രന്മാരെ പോലെയുള്ള ധൈര്യശാലികളെയും കുതിരപ്പടയാളികളെപ്പോലെയുള്ള പടയാളികളെയും ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഇതു വമ്പിച്ച ഒരു യുദ്ധം ഇതിനു മുമ്പ് എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. എന്നാൽ വിജയം ആകാശത്തിൽ നിന്നു ഇറങ്ങുകയാണ് ചെയ്യുന്നത് അതു മനുഷ്യന്റെ അദ്ധ്വാനത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നതല്ല.'

അനന്തരം ബർറാഅ് അവിടെ നിന്നു മടങ്ങി യഥാർത്ഥ വിവരം ഹജ്ജാജിനെ അറിയിച്ചു. മുഹല്ലബിന്റെയും സൈന്യത്തിന്റെയും കുറവു കൊണ്ടല്ല ജയം സിദ്ധിക്കുന്നതെന്നും നേരെ മറിച്ചു ഖാരിജികൾ ജീവപരിത്യാഗം ചെയ്യാൻ ഒരുക്കമുള്ളവരാകയാൽ അവരോടു നേരിട്ടു നല്ല പേർ സമ്പാദിക്കുകയെന്നതു എളുപ്പമായിട്ടുള്ളതല്ലെന്നും ബർറാഅ് അദ്ദേഹത്തോട് പ്രസ്താവിച്ചു.

മുഹല്ലബ് യുദ്ധം ചെയ്തുകൊണ്ടു പതിനെട്ടു മാസക്കാലം അവിടെ കഴിച്ചു കൂട്ടി. ഖാരിജികളെ തോല്പിക്കുവാൻ എന്നിട്ടും അദ്ദേഹത്തിനു സാധിച്ചില്ല ഒടുവിൽ ഖാരിജികളുടെ ഇടയിൽ, അവർ ഒരിക്കലും ഓർത്തിട്ടുണ്ടാകുവാൻ തരമില്ലാത്ത ഒരു സംഭവം നടന്നു അവരുടെ കൂട്ടത്തിൽ ഒരു ശ്രുതിപ്പെട്ട യോദ്ധാവായിരുന്ന മുഖന്നഫർ എന്ന ആൾ ഒരു കലഹം കാരണമായി സ്വസമുദായത്തിൽ പെട്ട ഒരാളെ കൊന്നു കളഞ്ഞു. കൊല്ലപ്പെട്ട ആളുടെ അനന്തരക്കാർ ഖാരിജീ നേതാവായിരുന്ന ഖുത്തരിയുടെ അടുക്കൽ ചെന്നു കൊലപാതകിയെ തങ്ങളുടെ വശം ഏല്പിച്ചുകൊടുക്കേണമെന്നു അപേക്ഷിച്ചു. അയാൾ ആ അപേക്ഷയെ തിരസ്കരിക്കുകയാണ് ഉണ്ടായത്. മുഖന്നഫർ മഹാനും മതനിഷ്ഠയുള്ള

വനാമാണെന്നും അദ്ദേഹം മതത്തെ മുൻനിർത്തി ക്കൊണ്ടാണ് അയാളെ കൊന്നതെന്നും അദ്ദേഹത്തിന്റെ പക്കൽനിന്നു തെറ്റുണ്ടായിട്ടുണ്ടെന്നു വെക്കുന്നതായാൽ തന്നെ, മതനിയമത്തെ വ്യാഖ്യാനിച്ചതിൽ പിഴവു വന്നുപോയി എന്ന കുറ്റം മാത്രമേ എത്ര കവിഞ്ഞാലും അദ്ദേഹത്തിന്റെ മേൽ സ്ഥാപിതമാകുകയുള്ളുവെന്നും, അതുകൊണ്ട് അദ്ദേഹത്തെ ശിക്ഷിക്കേണ്ടതാണെന്നു താൻ വിചാരിക്കുന്നില്ലെന്നും അയാൾ വിധി പറഞ്ഞു. ഈ വിധി നിമിത്തം ഖാരിജികൾ ഭിന്നിച്ചു. ഒരു കൂട്ടർ ഖുത്തുരിയുടെ തിരഞ്ഞെടുപ്പു റദ്ദാക്കി അബ്ദുറഹ്മാൻബ്നുൽകബീർ എന്ന ആളെ നേതാവാക്കി. ഇങ്ങിനെ രണ്ടു സംഘമായി പിരിഞ്ഞു ഖാരിജികൾ തമ്മിൽ തന്നെ സമരം തുടങ്ങി. ഈ സമരം ഒരു മാസത്തോളം നീണ്ടു നിന്നു.

മേൽ പ്രസ്താവിച്ചതു പ്രകാരം അവർ തമ്മിൽ കലഹിച്ചിരുന്ന അവസരത്തിൽ അവരോടു യുദ്ധം ചെയ്യേണ്ടതാണെന്നായിരുന്നു ഹജ്ജാജിന്റെ അഭിപ്രായം പക്ഷെ അങ്ങിനെ ചെയ്യാൻ മുഹല്ലബിനു ഇഷ്ടമുണ്ടായില്ല അദ്ദേഹം അടങ്ങിക്കളയുകയാണ് ഉണ്ടായതു്. രണ്ടു കൂട്ടരും ശരിക്കു പോരാടിയതിന്റെ ഫലമായി ഖുത്തരീ തോറ്റു അനുചരന്മാരേയും കൊണ്ടു തബാസ്താനിലേക്കു പോയി. ഇതിനുശേഷം മുഹല്ലബ് അബ്ദുറഹ്മാന്റെ നേരെ പട്ടാളത്തെ നയിച്ചു അയാളുടെ സംഘക്കാരെ കൊന്നൊടുക്കി.

ഈ യുദ്ധത്തിനു ശേഷം മുഹല്ലബ് ക്രമത്തിലേക്കു പോന്നു. രാജ്യഭരണത്തിൽ ഹജ്ജാജ് ഒരു വലിയ രാഷ്ട്രീയ മർമ്മജ്ഞൻ നടന്നുകയും തന്റെ ഇരിപ്പിടത്തോടു തുല്യമായ ഒരു ഇരിപ്പിടത്തിൽ അദ്ദേഹത്തെ ഇരുത്തുകയും ചെയ്തു. കൊട്ടാരകവികൾ അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ടു കവിതകൾ ചൊല്ലി. ഖാരിജികളുമായി നേരിട്ട അവസരത്തിൽ അധികം ധൈര്യം പ്രദർശിപ്പിച്ച ആളുകൾക്കു ഹജ്ജാജ് സമ്മാനം കൊടുത്തു. അവരുടെ കൂട്ടത്തിൽ പ്രധാനികൾ മുഹല്ലബിന്റെ പുത്രന്മാർ തന്നെയായിരുന്നു. അവർക്കു കൊല്ലത്തിൽ 2000 ദിർഹം കൂടുതൽ ശമ്പളം കൊടുക്കുവാൻ ഹജ്ജാജ് തീർച്ചപ്പെടുത്തി. റുഖാദ് എന്ന പേരായ ഒരു പൊക്കമേറിയ ആളും ഈ യുദ്ധത്തിൽ കീർത്തി പ്രാപിച്ചിരുന്നു. ഹജ്ജാജ് അദ്ദേഹത്തെ വിളിച്ചു സംസാരിച്ച അവസരത്തിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു. 'ഞാൻ മുമ്പ് അനേകം യുദ്ധങ്ങളിൽ പങ്കുകൊണ്ടിട്ടുണ്ട്. അവയിൽ ഒരു സാധാരണ കുതിരപ്പടയാളിയുടെ നിലയിൽ മാത്രമേ ഞാൻ അറിയപ്പെട്ടിരുന്നുള്ളൂ. ഖാരിജികളുമായി നേരിട്ടപ്പോൾ മുഹല്ലബിന്റെയും പുത്രന്മാരുടെയും ധീരത കണ്ടു എനിക്കു ധൈര്യം കൂടുകയും മറ്റു യുദ്ധങ്ങളിൽ സാധിക്കാതിരുന്ന കൃത്യനിർവ്വഹണത്തിനു എനിക്കു സാധിക്കുകയും ചെയ്തു.'

ഖുത്തരിയുടെ നേരേയും ഹജ്ജാജ് ഒരു സൈന്യത്തെ അയക്കുകയുണ്ടായി. തബാസ്താനിൽവെച്ചു ഇരുകൂട്ടരും പരസ്പരം നേരിട്ടു. ഒരു കുന്നിന്മേൽ കയറിയ അവസരത്തിൽ ഖുത്തരി കുതിരപ്പുറത്തുനിന്നു വീണു മരിച്ചുപോയി. അയാളുടെ കൂട്ടാളികൾ തോറ്റോടി. ഹജ്ജാജിന്റെ സൈന്യം അവരുടെ പിന്നാലെ ഖുസ്‌വരെ ചെല്ലുകയും അവിടെവെച്ചു അവരെ കൊന്നൊടുക്കുകയും ചെയ്തു.

കുറെ കാലം മുതല്ലു സമുദായത്തിൽ യുദ്ധവും കൊലപാതകങ്ങളും സംഭവിക്കുവാൻ ഇടവരുത്തുകയും, സമുദായത്തിന്റെ സാമ്പത്തിക ക്ഷേമത്തെ നഷ്ടപ്പെടുത്തുകയും ചെയ്തവരും നാഫിഉബ്നു അസ്‌റഖിനെ അനുഗമിച്ചതിനാൽ അസ്‌രിഖ എന്ന നാമധേയം സിദ്ധി

ച്ചവരുമായിരുന്ന ഈ ഖാരിജീസംഘവും യാതൊരു പ്രയോജനവും കൂടാതെ ഹിജ്‌റഃ 77ൽ നിശ്ശേഷം നശിച്ചു.

മറവ കക്ഷികളായിരുന്ന ഖാരിജികളിൽ സാലിഹുബ്‌നുമുസർറഹും അയാളുടെ സ്നേഹിതനായിരുന്ന ശബീബുബ്‌നുയസീദും ഹിജ്‌റഃ 76_ൽ മൂസലിൽ തല പൊക്കി. ജസീറാ ഭരണകത്താവായിരുന്ന മുഹമ്മദുബ്‌നുമർവാൻ അവരുടെ നേരെ ആയിരം അശ്വഭടന്മാരെ അയച്ചു. ഈ ഭടന്മാരെ അവർ എതിർത്തു ഓടിച്ചുകളഞ്ഞതിനാൽ മുഹമ്മദുബ്‌നുമർവാൻ 3000 പട്ടാളക്കാരെ വീണ്ടും അയച്ചു. ഈ പ്രാവശ്യം നടന്ന യുദ്ധത്തിൽ ഖാരിജികളുടെ തലവനായിരുന്ന സാലിഹ് കൊല്ലപ്പെട്ടു. അനന്തരം അവർ ഏകോപിച്ചു വളരെ ഭക്തനും ത്യാഗിയുമായിരുന്ന ശബീബിനെ നായകനാക്കി. അയാളും അവരേയുംകൊണ്ടു മടായിനിലേക്കു പോയി.

ഹജ്ജാജ് അവരുടെ പിന്നാലെ മുറക്കു പട്ടാളക്കാരെ അയച്ചുകൊണ്ടിരുന്നു ആയിരത്തിൽ പരം സൈനികരുണ്ടായിരുന്ന ആ ഖാരിജിസംഘം ഒരു രാജ്യത്തുനിന്നു മറെറാരു രാജ്യത്തേക്കായി മാറിക്കൊണ്ടിരുന്നു; അവസാനം ശബീബ് അവരെയുംകൊണ്ടു ധൈര്യത്തോടെ കൂഫയിൽ പ്രവേശിക്കുകയും ഏതാനും ദിവസങ്ങളോളം അവിടെ താമസിക്കുകയും നഗരവാസികളെ കാിനമായി മർദ്ദിക്കുകയും അനേകം പേരെ കൊല്ലുകയും ചെയ്തു. ഹജ്ജാജ് ഉദ്യോഗസ്ഥന്മാരേയും ഗോത്രനായകന്മാരേയും ഒരുമിച്ചുകൂട്ടി അവരോടു നേരിടുവാൻ ഒരുങ്ങിയപ്പോൾ അവർ അവിടെനിന്നു പോയിക്കളഞ്ഞു. ആക്രമം അവരെ അനുഗമിക്കുവാൻ കഴിഞ്ഞില്ല.

ഖാരിജികളുടെ നാശം

പിന്നീടു അവരെ നശിപ്പിച്ചു കളയുവാനായി ഹജ്ജാജ് 50000 ഇറാഖുകാരെ അയച്ചു. എങ്കിലും 1000 പേർ മാത്രം അടങ്ങിയിരുന്ന ആ ഖാരിജിസംഘം ഈ അമ്പതിനായിരം ഇറാഖുകാരേയും തോല്പിച്ചു വീണ്ടും കൂഫയിൽ പ്രവേശിച്ചു. തദവസരത്തിൽ അവിടെ 4000 സിറിയൻ പട്ടാളക്കാരുണ്ടായിരുന്നു അവർ കന്തവുമായി നാനാഭാഗങ്ങളിൽ നിന്നും ഖാരിജികളെ വളഞ്ഞു. ശബീബിന്റെ സഹോദരൻ മസാദും മറനേകം ഖാരിജികളും കൊല്ലപ്പെട്ടു. ശേഷമുണ്ടായിരുന്നവർ ഓടിപ്പോയപ്പോൾ സിറിയക്കാർ പിന്തുടർന്നു അമ്പാർ എന്നിടത്തു വെച്ചു അവരെ വളഞ്ഞു. ശബീബ് അവിടത്തെ ഒരു തോട്ടിൽ മുങ്ങിമരിക്കുകയാണ് ഉണ്ടായതു്. അയാളുടെ കൂടെയുണ്ടായിരുന്നവരെ സിറിയൻ ഭടന്മാർ കൊന്നുകളഞ്ഞതിനാൽ ഖാരിജികളുടെ ഈ സംഘവും നിശ്ശേഷം നശിച്ചു.

അബ്ദുൽമലിക്കിന്റെ വിജയങ്ങൾ

അബ്ദുൽമലിക്കിന്റെ ഖിലാഫത്തു് കാലത്തു് ആഭ്യന്തരകലഹങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നതിനാൽ വിദേശങ്ങളുടെ നേരെ തിരിയുവാൻ അദ്ദേഹത്തിനു അവസരം ലഭിച്ചിരുന്നില്ല. എങ്കിലും അക്കാലത്തു് യുദ്ധത്തിലും രാജ്യങ്ങൾ കീഴടക്കുന്നതിലും സമുദായത്തിനു അതിയായ ഉല്ലുണ്ടായിരുന്നതുകൊണ്ടു ചുരുക്കം ചില രാജ്യങ്ങൾ അനും കീഴ്പ്പെടുകയുണ്ടായി.

ഖാരിജികളുമായി നടന്ന യുദ്ധം അവസാനിച്ചതിൽ പിന്നെ മുഹല്ലബ് കിഴക്കൻ ദേശങ്ങളിലേക്കു് തിരിഞ്ഞു. ഹിജ്‌റഃ 80_ൽ അദ്ദേഹം ജൈഹുൻ നദിയിൽ കൂടി പെന്നു് കിസ്സ് എന്ന പട്ടണത്തിൽ പാളയമടിച്ചു. തുർക്കിസ്ഥാനിലെ ഒരു സേനാനായകനായിരുന്ന സബൽ എന്ന ആൾ അദ്ദേഹത്തിനെറ നേരെ വന്നപ്പോൾ, അദ്ദേഹത്തിന്റെ മകൻ യസീദ് യുദ്ധം ചെയ്തു അയാളെ തോല്പിച്ചു. തോററ അവസരത്തിൽ അയാൾ കോട്ടയിൽ പ്ര

പ്രവേശിക്കുകയും പിന്നീട് മുഹല്ലബിനു ചില സമ്മാനങ്ങൾ കാഴ്ച വെച്ചു കരാറു നടത്തുകയും ചെയ്തു.

ബുഖാറയിലെ രാജാവും 40000 ഭടന്മാരോടുകൂടി മുഹല്ലബിന്റെ നേർക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രനായ ഹബീബായിരുന്നു അവരുടെ നേരെ ചെന്നതു്. ഇരു കൂട്ടരും തമ്മിൽ പല പ്രാവശ്യം യുദ്ധം നടന്നുവെങ്കിലും ജയം ഇരുകൂട്ടർക്കുമുണ്ടായില്ല. മുഹല്ലബ് രണ്ടുകൊല്ലം അവിടെ താമസിച്ചു. ഇതിനിടയിൽ അദ്ദേഹത്തിന്റെ പുത്രന്മാരിൽ ഒരാളായിരുന്ന മുഗീരഃ മരണപ്പെട്ടു. അദ്ദേഹത്തിന്റെ കീഴിൽ മുകരാജ്യം ഭരിച്ചിരുന്നതു ഈ പുത്രനായിരുന്നു. മുഗീറയുടെ മരണം നിമിത്തം അദ്ദേഹം ദുഃഖിതനായി മുവിലേക്കു വന്നു. റജബ് 84 ദുൽഹജ്ജ് മാസത്തിൽ അദ്ദേഹവും അവിടെ വെച്ചു കാലഗതി പ്രാപിച്ചു.

മുഹല്ലബിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ മകൻ യസീദിനെ അബ്ദുൽമലിക്ക് ഖുറാസാൻ ഗവണ്ണരായി നിയമിച്ചു. കുറെ ദിവസങ്ങൾക്കു ശേഷം റജബ് യസീദിനെ നീക്കി ആ സ്ഥാനത്ത് അദ്ദേഹത്തിന്റെ സഹോദരനായിരുന്ന മുഫസ്സലിനെ നിശ്ചയിച്ചു. മുഫസ്സൽ ബാദ്ഗീസ് എന്ന രാജ്യം കൈവശപ്പെടുത്തി. ഇതിൽ പിന്നെ റജബ് മുഫസ്സലിനെയും നീക്കി ഖത്തീബത്തുബ്നു മുസ്‌ലിം ബാഹിലിയെ നിയമിച്ചു.

ആഭ്യന്തര കലഹം ഉണ്ടായിക്കൊണ്ടിരുന്നതിനാൽ ഖലീഫയുടെ വടക്കെ അതിർത്തിയിൽ റോമക്കാരുടെ ശല്യങ്ങൾ വർദ്ധിച്ചിരുന്നു. മിസ്‌ലമുബ്നു അബ്ദുൽമലിക്ക് സിറിയയിൽ നിന്നു ഇറാഖിലേക്കു പോന്നിരുന്ന തക്കം നോക്കി റോമക്കാർ സിറിയയെ ആക്രമിച്ചു. തന്നിമിത്തം ദിനം പ്രതി 1000 ദീനാർ കപ്പം കൊടുക്കാമെന്ന നിബന്ധനയിന്മേൽ അവരുമായി ഉടമ്പടി ചെയ്യാൻ അബ്ദുൽമലിക്ക് നിർബ്ബന്ധിതനായി. പരസ്പര കലഹം അവസാനിച്ചതിൽ പിന്നെ സിറിയായിൽ ശാത്തിയാ, സായിഫാ എന്നീ രണ്ടു വിഭാഗം സൈന്യങ്ങളും രൂപീകരിക്കപ്പെട്ടു. അനന്തരം ഖൈസാരിയാ എന്നിടത്തു വെച്ചു റോമക്കാരും മുസ്‌ലിംകളും തമ്മിൽ ഒരു വമ്പിച്ച സമരമുണ്ടായതിൽ റോമക്കാർ പരാജിതരായി. അബ്ദുൽമലിക്കിന്റെ പുത്രനായ അബ്ദുല്ല ഹിജ്റ 81-ൽ ഖാലീഖലാനും 84-ൽ മസീസയും അവരുടെ പക്കൽനിന്നു പിടിച്ചെടുത്തു.

കഅ്ബാ നിർമ്മാണം

നബി (സ) യുടെ ജനനത്തിനു മുമ്പു ഖുറൈശികൾ കഅ്ബാ ദേവാലയം നന്നാക്കിയ അവസരത്തിൽ ഫണ്ട് മതിയാകാതെ വന്നതിനാൽ വടക്കു ഭാഗത്തെ ഭിത്തിയുടെ ഉയരം ആറു വാര മുരുക്കിയിട്ടുണ്ടായിരുന്നു. യസീദിന്റെ ഭരണകാലത്തു് ഹസീൻ എന്ന സേനാനായകൻ മക്കയെ വലയം ചെയ്തു കവണകൊണ്ടു കല്ലെറിഞ്ഞതിനാൽ കഅ്ബയുടെ ഭിത്തിക്കു അവിടവിടെ കേടു പറ്റി. തന്നിമിത്തം അബ്ദുല്ലാഹിബ്നുസുബൈർ ഹിജ്റ 65-ൽ അതു പൊളിച്ചു പുതുക്കുകയുണ്ടായി. മക്കക്കാർ നവമുസ്‌ലിംകളായിരുന്നില്ലെങ്കിൽ കഅ്ബയെ താൻ പൊളിപ്പിച്ചു ഇബ്രാഹീം നബി പണിതിരുന്ന സമ്പ്രദായത്തിൽ വീണ്ടും പണിയിക്കുമായിരുന്നുവെന്നു നബി (സ) പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഈ തിരുവചനം കേട്ടിട്ടുണ്ടായിരുന്നതു കൊണ്ടു അദ്ദേഹം അതു പഴയ സമ്പ്രദായത്തിൽ പണിയുകയും വടക്കെ ഭിത്തിക്കു ആറു വാര ഉയരം കൂട്ടുകയും ചെയ്തു.

അബ്ദുല്ല വധിക്കപ്പെട്ടതിൽ പിന്നെ ഹജ്ജാജ് മക്കാഭരണകർത്താവായ കാലത്ത് അദ്ദേഹം കഅ്ബയെ, പുരൈശികൾ പണിതിരുന്ന ആകൃതിയിൽ വീണ്ടും രൂപാന്തരപ്പെടുത്തി. അതിന്റെ ഇപ്പോഴത്തെ എടുപ്പ് ഏതാനും ഭാഗം ഇബ്നുസുബൈർ (റ) നിർമ്മിച്ചതും ബാക്കി ഹജ്ജാജ് പണിയിച്ചതുമാകുന്നു.

അനന്തരം അബ്ദുൽമലിക്ക് തന്റെ അഭിപ്രായമനുസരിച്ച വലീദ്, സുലൈമാൻ എന്നീ രണ്ടു പുത്രന്മാർക്കും, വഴിക്കു വഴിയായി ഖിലാഫത്ത് വഹിച്ചു കൊള്ളുവാൻ അവകാശം നൽകി. മദീനയിലെ സുപ്രസിദ്ധ പണ്ഡിതനായിരുന്ന സഈദുബ്നുമുസയ്യബൊഴിച്ചു സർവ്വ ജനങ്ങളും ഈ ബൈഅത്തിൽ പങ്കുകൊണ്ടു. അദ്ദേഹം ബൈഅത്ത് ചെയ്യാതിരുന്നതിനാൽ അവിടെ ഭരണകർത്താവായിരുന്ന ഹിശാമുബ്നുഇസ്മാഈൽ അദ്ദേഹത്തെ അടിക്കുകയും ജയിലിൽ പാർപ്പിച്ച വിവരം ജനങ്ങളുടെ ഇടയിൽ പരസ്യപ്പെടുത്തുകയും ചെയ്തു. അബ്ദുൽമലിക്ക് ഈ വർത്തമാനം അറിഞ്ഞപ്പോൾ ഹിശാമിനെ ആക്ഷേപിക്കുകയാണുണ്ടായതു്. അദ്ദേഹം ചെയ്തതു വളരെ ക്രീത്തയായിപ്പോയെന്നും ബൈഅത്ത് ചെയ്തിട്ടില്ലെങ്കിലും സയീദിന്റെ പക്കൽനിന്നു യാതൊരു പ്രതിഷേധവുമുണ്ടാകുകയില്ലായിരുന്നുവെന്നും കാണിച്ച അബ്ദുൽമലിക്ക് ഹിശാമിനു കത്തെഴുതി.

അബ്ദുൽമലിക്കിന്റെ മരണം

ഹിജ്‌റഃ 86 ശവ്വാൽ 15-ാംനു- (ക്രിസ്താബ്ദം 705 ഒക്ടോബർ 19-ാംനു-) വ്യാഴാഴ്ച അബ്ദുൽമലിക്ക് തന്റെ 60-ാം വയസ്സിൽ ദിമിശ്ഖിൽ വെച്ചു കാലഗതി പ്രാപിച്ചു അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലം 21 കൊല്ലവും ഒരു മാസവും 15 ദിവസവുമാണു്.

അദ്ദേഹം അറിവിലും സൈദ്ധാന്തികതയിലും ഗുണങ്ങളിലും അസാധാരണനായിരുന്നു. സ്ഥിരോത്സാഹത്തോടുകൂടി സമുദായത്തിലെ സർവ്വ ഭിന്നതകളെയും അകറ്റി ഹിജ്‌റ 71-ൽ അവരെ രണ്ടാമതും ഏകകൊടിയിൻ കീഴിൽ അദ്ദേഹം യോജിപ്പിച്ചു. ഖിലാഫത്തധികാരം കയ്യേൽക്കുവാനുള്ള ശക്തി തനിക്കൊഴിച്ചു ഒരാൾക്കും താൻ കാണുന്നില്ലെന്നു അദ്ദേഹം പറഞ്ഞിരുന്നു. അബ്ദുല്ലാഹിബ്നുസുബൈർ വലിയ നമസ്കാരക്കാരനും ഭക്തനും ത്യാഗിയുമാണെങ്കിലും പ്രകൃത്യാ ലുബ്ധനാകയാൽ അദ്ദേഹം ഖിലാഫത്തധികാരത്തിനു അർഹനല്ലെന്നായിരുന്നു അബ്ദുൽമലിക്കിന്റെ അഭിപ്രായം. തന്റെ അഭിലാഷങ്ങൾ പൂർത്തീകരിക്കുവാനായി അദ്ദേഹം അനുഷ്ഠിച്ച മർദ്ദനങ്ങളെ ന്യായീകരിച്ചു കൊണ്ടു അദ്ദേഹം ഇങ്ങിനെ പറഞ്ഞിരുന്നു. 'നമുക്കു നേരിടേണ്ടി വന്ന ജനങ്ങളെ പോലെ അജ്ഞാനികളും അക്രമികളുമായ ഒരു കൂട്ടരുമായി നേരിടേണ്ടിവന്നതു ഹസ്രത്ത് അബൂബക്കർ (റ) വിനും ഉമർ (റ) വിനും (റ) ആയിരുന്നുവെങ്കിൽ അവരും നാം പ്രവർത്തിച്ചതു തന്നെ പ്രവർത്തിക്കുമായിരുന്നു.'

അഭയം നല്കിയതിൽ പിന്നെ വാഗ്ദാനലംഘനം ചെയ്തു് അംറുബ്നുസഈദിനെ കൊന്നുകളഞ്ഞുവെന്നതാണു് അദ്ദേഹത്തിൻറെ മേലുള്ള ഏറ്റവും വലിയ അപരാധം. ഒരു ഖലീഫയുടെ പക്കൽനിന്നു ഇസ്‌ലാമിനുണ്ടായ ഒന്നാമത്തെ ചതി ഇതായിരുന്നു. ഒരിക്കൽ അദ്ദേഹം മിമ്പാരിൽനിന്നു പ്രസംഗിച്ചിരുന്ന മദ്ധ്യേ ഇപ്രകാരം പറയുകയുണ്ടായി. 'ഇന്നു മുതല്ക്കു ഈ സ്ഥലത്തു വെച്ചു ആർ എന്നോടു അല്ലാഹുവിനെ ഭയപ്പെടുക എന്നു പറയുന്നുവോ അവനെ ഞാൻ കൊന്നുകളയും.' ഇതും അദ്ദേഹത്തിന്റെ മേൽ സ്ഥാപിതമായ ഒരു കുറ്റമാകുന്നു. ഇതിനെക്കുറിച്ചു ജനങ്ങൾ

അദ്ദേഹത്തോട് ചോദ്യം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങിനെയായിരുന്നു: 'മിക്ക ജനങ്ങളും തങ്ങൾക്കു പേരെടുക്കുവാനായി എന്റെ പ്രസംഗത്തെ തടയുന്നുണ്ട്. അതുകൊണ്ട് അത്തരക്കാരെ വിരോധിക്കുകയാണ് ഞാൻ ചെയ്തിട്ടുള്ളത്'' ഇതു ന്യായപൂർവ്വമായ ഒരു സമാധാനമല്ല.

അബ്ദുൽമലിക്ക്ബ്നു വലീദ്

അബ്ദുൽമലിക്കിന്റെ പുത്രനായ വലീദ് ഹിജ്റഃ 50-ൽ ഭൂജാതനായി. അബ്ബാസ്ഇബ്നായുടെ പുത്രി വലാദത്താകുന്നു അദ്ദേഹത്തിന്റെ മാതാവ്. അബ്ദുൽമലിക്ക് അദ്ദേഹത്തെ സ്ഥാനാവകാശിയായി നിയമിച്ചിരുന്നുവെന്നു മുമ്പ് പ്രസ്താവിച്ചിരുന്നുവല്ലോ. അദ്ദേഹം പിതാവിന്റെ ശവസംസ്ക്കാരം കഴിഞ്ഞു മടങ്ങി വന്നതിനു ശേഷം ദിമിശ്ഖിലെ ജാമിഅ്മസ്ജിദിൽവെച്ചു ഒരു പ്രസംഗം നടത്തുകയും ജനങ്ങളും അദ്ദേഹത്തെ ഖലീഫയായി തിരഞ്ഞെടുക്കുകയും ചെയ്തു വലീദിന്റെ ഭരണകാലം മുഴുവനും വളരെ സമാധാനത്തോടുകൂടി കഴിഞ്ഞുകൂടി. ഖാരിജികളുടെ പ്രാബല്യം നശിക്കുകയും ശീഈകളും കേവലം കീഴടങ്ങുകയും ചെയ്തിരുന്നതിനാൽ ആരുംതന്നെ മത്സരത്തിനു പുറപ്പെട്ടിരുന്നില്ല. പ്രക്ഷോഭങ്ങളും എങ്ങും നടന്നിരുന്നുമില്ല. അദ്ദേഹം സാമ്രാജ്യത്തിന്റെ ആഭ്യന്തരസ്ഥിതികളും പരിഷ്കരിച്ചു അദ്ദേഹത്തിന്റെ കാലത്തു് പല സേനാനായകന്മാർ പ്രസിദ്ധി സമ്പാദിക്കുകയും വിദേശങ്ങളുമായി യുദ്ധം നടത്തി മഹത്തായ വിജയങ്ങളും നേടുകയും ചെയ്തു.

ആഭ്യന്തരപരിഷ്കരണങ്ങൾ

വലീദിനു ജനങ്ങളുടെ ക്ഷേമത്തിൽ വളരെ താല്പര്യമുണ്ടായിരുന്നു. അദ്ദേഹം സാമ്രാജ്യത്തിൻ കീഴിലുണ്ടായിരുന്ന എല്ലാ സംസ്ഥാനങ്ങളിലും വീഥികളും നിർമ്മിക്കുകയും പുഴകളുടെയും തോടുകളുടേയും മീതെ പാലങ്ങളും കെട്ടിക്കുകയും തെരുവീഥികളും നന്നാക്കിക്കുകയും അവയിൽ ആവശ്യമെന്നു കണ്ട സ്ഥലങ്ങളിൽ കിണറുകളും കുഴിപ്പിക്കുകയും ചെയ്തു. വഴികളെ അദ്ദേഹം സർവ്വ ഭീഷണികളിൽനിന്നും സുരക്ഷിതങ്ങളാക്കിത്തീർത്തു. നിരത്തുകളുടെ സംരക്ഷണത്തിനും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ട ഏർപ്പാടുകളും ചെയ്യേണമെന്നു എല്ലാ കീഴ്ഉദ്യോഗസ്ഥന്മാർക്കും അദ്ദേഹം ഉത്തരവുകളും അയച്ചു.

രോഗികൾക്കും അംഗഭംഗം സംഭവിച്ച ആളുകൾക്കും വേണ്ടി ആതുരാലയങ്ങളും ധർമ്മന്ദിരങ്ങളും കുഷ്ഠരോഗികൾക്കു താമസിക്കുവാൻ പ്രത്യേക ഭവനങ്ങളും പണിയിച്ചു. അവിടങ്ങളിൽവെച്ചു അവരെ ചികിത്സിക്കുകയും ഓരോരുത്തർക്കും ഭക്ഷണവും വസ്തുവും സൌജന്യമായി കൊടുത്തു വരികയും ചെയ്തിരുന്നു. അശക്തന്മാരെ ശുശ്രൂഷിക്കുവാനും അന്ധന്മാർക്കു വഴി തിരിച്ചുകൊടുക്കുവാനായി ഓരോരുത്തനും ഓരോ ദാസനെ നിയമിച്ചുകൊടുത്തിരുന്നു. മദീനയിൽ ജലക്ഷാമം നേരിട്ടിരുന്നതിനാൽ ഉറവിടത്തിൽ നിന്നു വെള്ളം കൊണ്ടുപോകുവാനായി അദ്ദേഹം കനാൽ പണിയിച്ചു. ഇതുനിമിത്തം അവിടെ വെള്ളത്തിനു ക്ഷാമമില്ലാതായി.

കെട്ടിടനിർമ്മാണത്തിൽ വലീദിനു വലിയ താല്പര്യമുണ്ടായിരുന്നു. ദിമിശ്ഖ് മസ്ജിദ് അതിരമണീയമായി പണിയിച്ചതു അദ്ദേഹമായിരുന്നു. ഈ പള്ളിയുടെ പണി തീർന്ന ഉടനെ അദ്ദേഹം ഒരു വലിയ ആഘോഷം നടത്തുകയുണ്ടായി. മദീനയിലെ മസ്ജിദുന്നബവി വലുതാക്കുവാനും നബി(സ) യുടെ ഭാര്യമാർ താമസിച്ചിരുന്ന വസതികളും പള്ളിയോടു ചേർക്കുവാനും ഹിജ്റഃ 85-ൽ അദ്ദേ

ഹം മദീനഭരണാധികാരിക്ക് ഉത്തരവു കൊടുത്തു.

മദീന മനോഹരമാക്കുന്നു

പല ഭാഗങ്ങളിൽനിന്നും ജനങ്ങൾ അവിടെ സന്ദർശനത്തിനു ചെല്ലുമ്പോൾ, തങ്ങളുടെ പ്രവാചകൻ എത്ര ആഡംബരരഹിതമായ ജീവിതത്തെയായിരുന്നു നയിച്ചിരുന്നതെന്നു അവർക്കു മനസ്സിലാകത്തക്കവണ്ണം, റസൂൽ തിരുമേനി (സ) യുടെ ആ വീടുകൾ പൂർവ്വസ്ഥിതിയിൽത്തന്നെ ശേഷിച്ചിരിക്കേണമെന്നായിരുന്നു മദീനക്കാരുടെ ആഗ്രഹം. എങ്കിലും അവരുടെ ആഗ്രഹത്തെയും അപേക്ഷയേയും ആരും ശ്രദ്ധിച്ചില്ല. ആയിശാ (റ) താമസിച്ചിരുന്നതും ഖബറുകൾ സ്ഥിതിചെയ്തിരുന്നതുമായ ഒരു മുറിയൊഴിച്ചു മറ്റു മുറികളെല്ലാം പള്ളിയോടു ചേർക്കുകയാണു് ഉണ്ടായതു്

മസ്ജിദുന്നബവി പണിയിക്കുവാനായി വലീദ്, റോമാചക്രവർത്തിയോടും സഹായം ആവശ്യപ്പെട്ടു. ചക്രവർത്തി ഒരു ലക്ഷം സ്വർണ്ണനാണയവും 40 ഒട്ടകങ്ങൾ വഹിക്കുന്നത്ര വിവിധ വർണ്ണങ്ങളിലുള്ള ഇഷ്ടികകളും, അലങ്കരിക്കുവാനായി മറ്റു വില പിടിച്ച സാമാനങ്ങളും അയച്ചുകൊടുത്തു.

റസൂൽ തിരുമേനി (സ) യുടെയും അബൂബക്കർ (റ), ഉമർ (റ), എന്നീ മഹാന്മാരുടേയും ഖബറുകൾ ഹസ്രത്തു് ആയിശാ (റ) താമസിച്ചിരുന്ന മുറിയിലാണു് സ്ഥിതിചെയ്യുന്നതു്. ആ മുറിയും കൂടി പള്ളിയിൽ ഉൾപ്പെടുത്തുന്നതായാൽ പ്രസ്തുത ഖബറുകൾ നമസ്കരിക്കുന്നവരുടെ മുന്നിലായിത്തീരുന്നതു കൊണ്ടു് അതു പള്ളിയുമായി വേർപെടുത്തേണ്ടതാണെന്നു ജനങ്ങൾ അപേക്ഷിച്ചിരുന്നു. ഈ ദോഷത്തെ പരിഹരിക്കേണ്ടതിനു് അക്കാലത്തു് മദീനഭരണകർത്താവായിരുന്ന ഹസ്രത്തു് ഉമറുബ്നു അബ്ദുൽ അസീസ് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. അദ്ദേഹം പള്ളിയുടെ വടക്കെ ഭാഗം മുക്കോണാകൃതിയിൽ പണിയിച്ചതു നിമിത്തം ആ മുറി നമസ്കരിക്കുന്നവരുടെ മുൻഭാഗത്തു് പെടുവാനിടയായില്ല. അതു പള്ളിയുടെ അടുത്തു ഒരു കോണിലാണു് സ്ഥിതിചെയ്യുന്നതു്.

ശൈഖ് സയ്യിദ്

പള്ളിയുടെ പണി പൂർത്തിയായതിനു ശേഷം അതു സന്ദർശിക്കുവാനായി ഹിജ്റാ 91-ൽ വലീദ് തന്നെ വരികയുണ്ടായി. ഉമറുബ്നു അബ്ദുൽ അസീസ് അദ്ദേഹത്തിന്റെ കൂടെ തന്നെ ഉണ്ടായിരുന്നു. വലീദ് പള്ളിയിൽ പ്രവേശിച്ച അവസരത്തിൽ ഉദ്യോഗസ്ഥന്മാർ പള്ളിയിലുണ്ടായിരുന്ന സ്ത്രീ ജനങ്ങളോടും പുറത്തു പോകുവാൻ കല്പിച്ചു. എങ്കിലും മദീനയിലെ പണ്ഡിതനേതാവായിരുന്ന സയ്യിദുബ്നുൽമുസയ്യബ് പതിവുപ്രകാരം സ്വസ്ഥാനത്തു് ഇരിക്കുകയാണു് ഉണ്ടായതു്. ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു 'താങ്കൾ ഈ അവസരത്തിൽ പുറത്തു പോകേണം' എന്നു അദ്ദേഹത്തോടു ആവശ്യപ്പെട്ടപ്പോൾ താൻ ദിനംപ്രതി എഴുന്നേറ്റു പോകുന്ന സമയത്തിനു മുമ്പായി പോകുന്നതല്ലെന്നു അദ്ദേഹം മറുപടി പറഞ്ഞു. അനന്തരം അയാൾ അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു. 'ഖലീഫ പള്ളിയിൽ വന്നിട്ടുണ്ടു്. എഴുന്നേറ്റു അദ്ദേഹത്തിനു സലാം ചൊല്ലുവിൻ' ഇതും അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹം സ്വസ്ഥാനത്തു് അടങ്ങിയിരുന്നു പതിവുപ്രകാരമുള്ള സ്തോത്രങ്ങളിൽ ഏർപ്പെട്ടു.

വലീദ് അദ്ദേഹത്തെ കണ്ടെത്തിയാൽ അദ്ദേഹത്തിന്റെ മേൽ കഠിനമായ വല്ല വിധിയും കല്പിച്ചേക്കുമെന്നു കരുതി ഉമറുബ്നു അബ്ദുൽ അസീസ് വലീദിനേയും കൊണ്ടു അദ്ദേഹവുമായി വിട്ട സ്ഥലങ്ങളിൽകൂടി പള്ളിയിൽ ചുറ്റിക്കൊണ്ടിരുന്നു. അവസാനം ഖ

ലീഫ മിമ്പറിന്നരികെ ചെന്നപ്പോൾ .അദ്ദേഹത്തെ കണ്ടെത്തി. 'ഇദ്ദേഹമാണോ ശൈഖ്‌യസീദ്?' എന്നു ഖലീഫ ചോദിച്ചു. ഉമറബ്‌നുഅബ്ദുൽഅസീസ് അതെ എന്നു സമ്മതിക്കുകയും അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ടു, 'പ്രായാധിക്യം നിമിത്തം അദ്ദേഹത്തിന്നു കാഴ്ച കുറഞ്ഞു പോയിരിക്കുന്നു. അല്ലാത്തപക്ഷം അദ്ദേഹം താങ്കൾക്കു സലാം ചൊല്ലുകയും താങ്കളുമായി കാണുകയും ചെയ്യുമായിരുന്നു' എന്നു പ്രസ്താവിക്കുകയും ചെയ്തു. തദവസരത്തിൽ, താൻ തന്നെ അദ്ദേഹത്തിന്നു സലാം ചൊല്ലി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിക്കൊള്ളാം എന്നു പറഞ്ഞുകൊണ്ടു വലീദ് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു സലാം ചൊല്ലി. ശൈഖ് സലാം മടക്കുകയും അദ്ദേഹത്തോടു വർത്തമാനം ചോദിക്കുകയും ചെയ്തുവെങ്കിലും ഇരുന്ന സ്ഥലത്തുനിന്നു അനങ്ങിയില്ല. വലീദ് അദ്ദേഹത്തോടു സുഖവർത്തമാനം ചോദിച്ചു മടങ്ങിപ്പോകയും, 'അദ്ദേഹം മുൻഗാമികളായ മഹാന്മാരുടെ ഒരു സ്മാരകപുരുഷനാണ്' എന്നു ഉമറിനോടു പറയുകയുമാണ് ഉണ്ടായതു്.

നാലു് പ്രസിദ്ധ സേനാനായകന്മാർ

വലീദിന്റെ ഭരണകാലത്തു് മുഹമ്മദ്‌ബ്‌നുഖാസിം, ഖത്തീബുബ്‌നുമുസ്‌ലിം, ബാഹിലീ, മൂസബ്‌നുനസീർ, വലീദിന്റെ സഹോദരനായ മസ്‌ലമത്തുബ്‌നുഅബ്ദിൽമലിക്ക് എന്നീ നാലു പ്രസിദ്ധസേനാനായകന്മാർ വളരെ പദവി പ്രാപിച്ചവരും കീർത്തി നേടിയവരുമായിരുന്നു. ഇവരുടെ മഹാകൃത്യങ്ങൾ പ്രത്യേകം സ്മരണീയമാണ്.

മുഹമ്മദുബ്‌നുഖാസിം

ഒന്നു്. സിലോണിലെ (സറാൻദീപ്) രാജാവു് അവിടെ നിന്നു മരിച്ച മുസ്‌ലിംകളുടെ അവകാശികളായിരുന്ന അനാഥ കുട്ടികളേയും വിധവകളെയും കപ്പലുകളിൽ കയറ്റി ചില വില പിടിച്ച സമ്മാനങ്ങളോടുകൂടി ഹജ്ജാജിന്റെ അടുക്കലേക്കു അയച്ചിട്ടുണ്ടായിരുന്നു. ഇവർ ദേബൽ എന്ന തുറമുഖത്തിന്നു നേരെ എത്തിയപ്പോൾ സിന്ധു രാജാവായിരുന്ന ദാഹിറിന്റെ പട്ടാളക്കാർ കപ്പലുകൾ പിടിച്ചടക്കുകയും സ്ത്രീകളെയും കുട്ടികളേയും ബന്ധനസ്ഥരാക്കുകയും ചെയ്തു. ഹജ്ജാജ് ഈ വിവരം അറിഞ്ഞപ്പോൾ ദാഹിർരാജാവിന്നു, അയാളുടെ ഭടന്മാർ പിടിച്ചു നിറുത്തിയിട്ടുള്ള ആ ആളുകളെ തന്റെ അടുക്കലേക്കു അയച്ചു കൊടുക്കേണമെന്നു കാണിച്ചു കത്തെഴുതി. അദ്ദേഹം തന്നെ വന്നു മോചിപ്പിച്ചു കൊള്ളേണ്ടതാണെന്നായിരുന്നു രാജാവിന്റെ മറുപടി.

തന്നിമിത്തം ഹജ്ജാജ് ഖലീഫയുടെ അനുവാദത്തോടുകൂടി അബ്ദുല്ല അസ്‌ലമീ എന്ന ആളുടെ നായകത്വത്തിൽ 6000 പട്ടാളക്കാരെ അയച്ചു. ഈ പട്ടാളക്കാരെ ദാഹിരിന്റെ ഭടന്മാർ എതിർത്തു തോല്പിച്ചു. മുസ്‌ലിംസേനാനായകനായിരുന്ന അബ്ദുല്ല വധിക്കപ്പെട്ടു. ഹജ്ജാജ് വിവരം അറിഞ്ഞപ്പോൾ 4000 ഭടന്മാരെ വീണ്ടും അയച്ചു. അവരും പരാജിതരാകുകയാണ് ഉണ്ടായതു്. ഇതിനു ശേഷം ഹജ്ജാജ് തന്റെ സഹോദരപുത്രനായ മുഹമ്മദുബ്‌നുഖാസിമിനെ 6000 സിറിയൻ ഭടന്മാരോടുകൂടി അയച്ചു. അദ്ദേഹം അന്നു പതിനേഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ഒരു യുവാവായിരുന്നു. മുഹമ്മദുബ്‌നുഖാസിം, മുസ്‌ലിംകളുടെ പക്കൽനിന്നു ദാഹിർരാജാവിന്റെ സൈന്യം കരസ്ഥമാക്കിയിരുന്ന മക്രാൻ രാജ്യം അനായാസമായി കീഴടക്കി. അനന്തരം അദ്ദേഹം സിന്ധു അതിർത്തിയിലേക്കു വന്നു. തനിക്കും അദ്ദേഹത്തിന്നും മുമ്മൂന്നു ദിവസം കൂടുമ്പോൾ പരസ്പരം കത്തുകൾ കിട്ടു

ത്തക്കവണ്ണം ഹജ്ജാജ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു.

മുഹമ്മദ് ദേബൽ പട്ടണം വളയുകയും ഒരു ദിവസം ശത്രുക്കൾ എതിർക്കുവാനായി അണി നിരന്നപ്പോൾ അവരെ പരാജിതരാക്കുകയും ചെയ്തു. അദ്ദേഹം കോട്ട കൈവശപ്പെടുത്തി അവിടെ ഒരു പള്ളി പണിയിച്ചു അനന്തരം 4000 പട്ടാളക്കാരെ എഴുതി വരുത്തി അവിടെ നിയമിച്ചതിൽ പിന്നെ മുന്നോട്ടു കടന്നു. ബോനിലെ നിവാസികൾ അദ്ദേഹവുമായി ഉടമ്പടി ചെയ്തു. അദ്ദേഹം സിന്ധു നദിയെ സമീപിച്ചപ്പോൾ സറെബ്ദസിലെ തലവന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു കപ്പം കൊടുക്കാമെന്ന തീരുമാനപ്രകാരം അദ്ദേഹവുമായി ഒരു കരാർ നടത്തി. അനന്തരം അദ്ദേഹം സഹ്‌വാനിൽ ചെന്നു ആ രാജ്യം കൈവശപ്പെടുത്തി. തദവസരത്തിൽ ദാഹിർ രാജാവ് തന്നെ ഭടന്മാരെ ശേഖരിച്ചു എതിർക്കുവാൻ ചെന്നു. അതിഘോരമായ യുദ്ധം നടന്നു. രാജാവിന്റെ സൈന്യത്തിലുണ്ടായിരുന്ന ആനകളെ കണ്ടു ഭയപ്പെട്ട അറബികളുടെ കുതിരകളെ ചുറ്റുപാടുകളിൽ അടക്കി നിർത്തുവാൻ മുസ്‌ലിംകൾക്കു സാധിച്ചു. അവസാനം മുസ്‌ലിംകൾ വിജയതേരിലേറി യുദ്ധം ചെയ്യുകയാണു ഉണ്ടായതു്. സന്ധ്യാസമയമായപ്പോൾ ദാഹിർ രാജാവ് കൊല്ലപ്പെടുകയും അയാളുടെ സൈന്യം തോറ്റോടുകയുമുണ്ടായി. ഓടിപ്പോയ സൈന്യം ബ്രഹ്മനാബാദിൽ ചെന്നു സംഘം കൂടി നിന്നതിനാൽ മുഹമ്മദും അങ്ങോട്ടു ചെന്നു. ആയും റാവർ എന്നിടത്തുവെച്ചാണു യുദ്ധം നടന്നതു് അദ്ദേഹം ആ രാജ്യം കീഴടക്കിയതിൽ പിന്നെ ബ്രഹ്മനാബാദിൽ ചെന്നു ശത്രുക്കളെ തോല്പിച്ചു അവിടെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതിനുശേഷം അദ്ദേഹം സാമന്തരി എന്ന രാജ്യം വളഞ്ഞു. അവിടത്തെ നിവാസികൾ അദ്ദേഹത്തോടു അഭയം തേടുകയാണു് ഉണ്ടായതു്. പിന്നീടു ബസ്മദിലെയും റോറിലേയും തലവന്മാർ അദ്ദേഹവുമായി കരാറെഴുതി. മുഹമ്മദ് റോറിലും ഒരു മസ്ജിദ് പണിയിക്കുകയുണ്ടായി. അനന്തരം അദ്ദേഹം നദി കടന്നു മുൽത്താൻ രാജ്യം വളഞ്ഞു അതും കൈവശപ്പെടുത്തി. അവിടെ നടന്ന സമരത്തിൽ അദ്ദേഹത്തിനു ശത്രുക്കളുടെ പക്കൽനിന്നു ഒട്ടധികം ധനം കരസ്ഥമായി. പിന്നീടു് അദ്ദേഹം മുൽത്താനിൽ നിന്നു പല ഭാഗങ്ങളിലേക്കു ഭടന്മാരെ അയച്ചു. കുറഞ്ഞ കാലത്തിനുള്ളിൽ സിന്ധു രാജ്യം മുഴുവനും അദ്ദേഹം പിടിച്ചടക്കി.

ഖത്തീബത്തുബ്നുമുസ്‌ലിം

രണ്ടു്: ഖത്തീബത്തിനെ ഹിജ്റഃ വർഷം 86 ൽ ഹജ്ജാജ് ഖുറാസാൻ ഭരണാധിപനായി നിയമിച്ചു. അദ്ദേഹം അവിടെ ചെന്ന ഉടനെ യുദ്ധത്തിന്റെ ശ്രേഷ്ഠതയെ കുറിച്ചു ഭടന്മാരോടു ഹൃദയാവർജ്ജകമായ ഒരു പ്രസംഗം ചെയ്തു. അനന്തരം മുറുവിൽ ഒരു പ്രതിനിധിയെ നിയമിച്ചു. ഭടന്മാരേയും കൊണ്ടു താലിഖാൻ എന്ന സ്ഥലത്തേക്കു് പുറപ്പെട്ടു. അദ്ദേഹം ജൈഹൂൻ നദി കടന്ന അവസരത്തിൽ സഗാനിയായിലെ രാജാവ് അദ്ദേഹത്തിന്റെ അടുക്കൽ എത്തി പല വിലപിടിച്ച സാധനങ്ങൾ കാഴ്ച വെച്ചു. അവിടെ നിന്നു മുന്നോട്ടു നീങ്ങിയപ്പോൾ കഫ്ത്താൻ, തഖാരാസ്ഥാൻ ഇവിടങ്ങളിലെ രാജാക്കന്മാരും വന്നു സഖ്യം ഉടമ്പടി ചെയ്തു. അനന്തരം ഖത്തീബത്ത് സേനാനായകനായി ഒരു പ്രതിനിധിയെ നിയമിച്ചു മുറുവിലേക്കു മടങ്ങിപ്പോന്നു.

ഇങ്ങിനെ ചെയ്തതിനെ കുറിച്ചു ഹജ്ജാജ് അദ്ദേഹത്തെ ആക്ഷേപിക്കുകയുണ്ടായി സൈന്യത്തെ ഉപേക്ഷിച്ചു പോന്നതുകൊണ്ടു

സൈന്യാധിപന്റെ മുറക്ക യോജിച്ചതല്ലെന്നും അവരെ വല്ലേടത്തേക്കും അയക്കുന്നതായാൽ അവരുടെ മുന്നിലും മടങ്ങിവരുമ്പോൾ പിന്നിലും അദ്ദേഹം ഉണ്ടായിരിക്കേണ്ടതാണെന്നും ഹജ്ജാജ് അദ്ദേഹത്തിനു കല്പനകൊടുത്തു.

ഹിജ്‌റ 87-ൽ തൂറാനിലെ രാജാവായിരുന്ന നീസക്ക് അദ്ദേഹത്തിന്റെ അടുക്കൽ വന്നു ഉടമ്പടി ചെയ്തു. നീസക്കിന്റെ അടുക്കൽ ഒട്ടധികം മുസ്‌ലിം തടവുകാർ ഉണ്ടായിരുന്നു. അവരെ മുഴുവനും അയാൾ വെറുതെ വിട്ടയച്ചു. ജൈഹൂൻ നദിയുടെ സമീപത്തു സ്ഥിതിചെയ്യുന്ന ബേക്കന്ത് പട്ടണത്തിലെ നായകൻ സഹ്ദികാരുടെ സഹായത്തോടുകൂടി അനേകം ആളുകളെ ശേഖരിച്ചു നിന്തി യിരുന്നതിനാൽ ഖത്തീബത്ത് അങ്ങോട്ടു ചെന്നു. അദ്ദേഹം പട്ടണത്തിലേക്കു ഗതാഗതം ചെയ്യാനുണ്ടായിരുന്ന എല്ലാ വഴികളേയും തടസ്സപ്പെടുത്തി രണ്ടു മാസം കഴിയുന്നതു വരെ മുറക്കു യുദ്ധം നടത്തിക്കൊണ്ടിരുന്നു. ഇക്കാലത്തു ഖത്തീബത്തിന്റെ യാതൊരു വത്തമാനവും ഹജ്ജാജിനു കിട്ടിയിരുന്നില്ല. തന്നിമിത്തം അദ്ദേഹത്തിനു വലിയ പരിഭ്രമമുണ്ടായി.

ഒരു ദിവസം മുസ്‌ലിംകൾ മൈയ്യ്മേതം ശത്രുക്കളോടു പോരാടി. അന്നത്തെ സമരം കൊണ്ടു ജയമോ പരാജയമോ രണ്ടിലൊന്നു സംഭവിക്കേണമെന്നു അവർ തീർച്ചപ്പെടുത്തിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അന്നുതന്നെ അവർക്കു വിജയം സിദ്ധിച്ചു. പട്ടണത്തിൽ ഓടിയെത്തി രക്ഷ പ്രാപിക്കേണമെന്നായിരുന്നു ശത്രുക്കളുടെ വിചാരം. എങ്കിലും ഖത്തീബത്ത് അവരുടെ മാർഗ്ഗത്തെ തടസ്ഥപ്പെടുത്തിയതിനാൽ അവർ ചുരുങ്ങഗണ്ടിലേക്കുമായി ഓടുവാൻ നിർബ്ബന്ധിതരായി. പട്ടണവാസികൾ ഖത്തീബത്തുമായി ഉടമ്പടി ചെയ്തു. അദ്ദേഹം അവിടെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു മുറവിലേക്കു മടങ്ങിയ അവസരത്തിൽ അവിടത്തുകാർ ഉടമ്പടി ലംഘിച്ചിരിക്കുന്നുവെന്നും അവിടത്തെ ഉദ്യോഗസ്ഥനെയും മുസ്‌ലിംകളെയും കൊന്നിരിക്കുന്നുവെന്നും വഴിമദ്ധ്യേ അദ്ദേഹത്തിനു വിവരം കിട്ടി. തന്നിമിത്തം അദ്ദേഹം വീണ്ടും ചെന്നു പട്ടണം കൈവശപ്പെടുത്തുകയും കുറക്കാരെ ശിക്ഷിക്കുകയും ചെയ്തു പിന്നീടു അദ്ദേഹം മുറവിലേക്കു മടങ്ങിപ്പോന്നു.

ഖത്തീബത്തു് തന്റെ സൈന്യത്തിനു വസന്തകാലത്തേക്കു വേണ്ടസാമഗ്രികളും തയ്യാറാക്കിയതിനുശേഷം, ബുഖാറയോടു ചേർന്നു കിടക്കുന്ന നൗമഷ്കത്തിനെ ആക്രമിച്ചു കീഴടക്കിക്കൊണ്ടു മുന്നോട്ടു ചെന്നു. വഴിയിൽ വെച്ചു സഗ്ദികരും, ഫർഗാനികരും, തുർക്കികളും എന്നീ മൂന്നു വർഗ്ഗക്കാർ ഏകോപിച്ചു അദ്ദേഹത്തോടു പോരാടിയെങ്കിലും പരാജിതരാക്കുകയാണു് ഉണ്ടായതു്. നീസക്ക് നായകൻ ഇസ്‌ലാംമതം സ്വീകരിച്ചിരുന്നില്ലെങ്കിലും ഈ യുദ്ധത്തിൽ മുസ്‌ലിംകളുടെ ഭാഗത്തു ചേർന്നു സൈനികസാമർത്ഥ്യം പ്രത്യക്ഷപ്പെടുത്തി. ഈ വിജയാനന്തരം ഖത്തീബത്ത് തിർമദീവഴിക്കു നദികടന്നു മുറവിൽ എത്തിച്ചേർന്നു.

ബുഖാറാ കീഴടക്കുന്നു

ഏതാനും ചില മാസങ്ങൾ കഴിഞ്ഞതിൽപിന്നെ അദ്ദേഹം ബുഖാറയെ വളഞ്ഞു. എങ്കിലും ഉദ്ദേശം സാധിക്കാതെ മടങ്ങേണ്ടിവരികയാണു് ഉണ്ടായതു്. ഈ വർത്തമാനം കേട്ടപ്പോൾ ഹജ്ജാജ് ബുഖാറയുടെ ഭൂപടം തയ്യാറാക്കി അയക്കുവാൻ ഖത്തീബത്തിനു കത്തെഴുതി. അദ്ദേഹം ഭൂപടം അയച്ചുകൊടുത്തതിൽപിന്നെ ഏതു് ഭാഗത്തുകൂടി ഭടന്മാരെ നയിക്കേണമെന്നു ഹജ്ജാജ് എഴുതി അറിയിച്ചു

ഇങ്ങിനെ ഹിജ്‌റഃ 90-ൽ, ഹജ്ജാജിന്റെ നിർദ്ദേശമനുസരിച്ച ഖത്തീബത്ത് വീണ്ടും ബുഖാറയെ ആക്രമിച്ച. ബുഖാറയിലെ ഭരണ കർത്താവ് തുക്കിക്കളോടും സഗ്ദികളോടും സഹായത്തിനുപേക്ഷിച്ചിരുന്നു. അവർ പുറമെനിന്നു വന്നടുത്തതോടുകൂടി ബുഖാറക്കാർ പട്ടണത്തിൽനിന്നു പുറപ്പെട്ട. ഇങ്ങിനെ പട്ടണം വളഞ്ഞുനിന്നിരുന്ന മുസ്‌ലിംകളും ഇരുകൂട്ടരുടേയും മദ്ധ്യത്തിൽപെടപ്പെട്ടുപോയതിനാൽ അവക്ക് അധികമായി എതിർക്കുവാൻ സാധിച്ചില്ല. അധികം പേർക്കും അണിയിൽ ഉറച്ച നില്ക്കുവാൻ കഴിഞ്ഞില്ല. ഈ സന്ദർഭത്തിൽ ശത്രുക്കൾ മുസ്‌ലിംകളുടെ മദ്ധ്യൈന്യത്തിലേക്ക് പാഞ്ഞുകയറി. അവർ വീണ്ടും മുന്നോട്ടു കുതിച്ച പിൻസൈന്യത്തെ മറിച്ച കടന്നു മുസ്‌ലിം സ്ത്രീകൾ നിന്നിരുന്ന സ്ഥലത്തെത്തി. തദവസരത്തിൽ ആ അറബിസ്ത്രീകൾ ഓടിക്കൊണ്ടിരുന്ന മുസ്‌ലിം ഭടന്മാരെ തടസ്സപ്പെടുത്തുകയും നിലവിളിക്കുകയും ചെയ്തതിനാൽ ഭടന്മാർ വീണ്ടും മടങ്ങിവന്നു. ഇന്നു ഈ ശത്രുക്കളോടു പൊരുതി അവരെ പിന്നോട്ട മടക്കുന്ന ഗോത്രക്കാർ ആരാണ്? എന്നു ഖത്തീബത്ത് വിളിച്ചുചോദിച്ച. ഇതിനു ആരും മറുപടി പറഞ്ഞില്ല. ഒടുവിൽ ബനൂതമീം ഗോത്രനായകനായിരുന്ന വക്കീഅ് സന്നദ്ധനായി. അദ്ദേഹം തന്റെ ഗോത്രത്തിലെ ആളുകളെയും കൊണ്ടു മറ്റൊരു ഭാഗത്തുകൂടി വന്നു കടന്നു ബനൂതമീം ഗോത്രത്തിൽ മറ്റൊരു നേതാവായിരുന്ന നഹീം എന്ന ആളും കുറെ അശ്വഭടന്മാരോടുകൂടി അദ്ദേഹത്തെ അനുഗമിച്ച മരിക്കുവാൻ ആഗ്രഹമുള്ളവർ മാത്രം തന്റെ കൂടെ ചെന്നാൽ മതിയെന്നും അല്ലാത്തവർ ചെല്ലരുതെന്നും, നടികടന്ന അവസരത്തിൽ വക്കീഅ് പറഞ്ഞതുണ്ടായിരുന്നു. 800 ഭടന്മാരായിരുന്ന അദ്ദേഹത്തെ അനുഗമിച്ചതു്. അദ്ദേഹം പിൻഭാഗത്തുകൂടി ചെന്ന പ്രാണഭയം കൂടാതെ ശത്രുക്കളോടു പൊരുതിയതുകൊണ്ടു ശത്രുക്കൾക്കു സ്വസ്ഥാനത്തു ഉറച്ചുനിൽക്കുവാൻ കഴിഞ്ഞില്ല. ശത്രുരാജാവിനും അയാളുടെ മകനും മുറിവുപറ്റി. അനന്തരം ഖത്തീബത്തു് യുദ്ധം ചെയ്തു പട്ടണത്തിൽ പ്രവേശിച്ച ഇങ്ങിനെ ബുഖാറാപട്ടണം മുസ്‌ലിംകൾക്കു കരസ്ഥമായി. മുസ്‌ലിംകൾക്കു സിദ്ധിച്ച ഈ മഹത്തായ വിജയം നിമിത്തം സമീപസ്ഥന്മാരായിരുന്ന രാജാക്കന്മാർ ഭയവിഹ്വലരായി. അവരെല്ലാവരും ഖത്തീബത്തിന്റെ അരികെ വന്നു, ജിസ്‌യഃ കൊടുക്കാമെന്ന നിശ്ചയപ്രകാരം ഉടമ്പടിചെയ്തു.

ഹിജ്‌റഃ 83-ൽ ഖത്തീബത്ത് ഖവാരസം കൈവശപ്പെടുത്തി. അനന്തരം അദ്ദേഹം സമർഖന്തിനെ ആക്രമിച്ചു. തദവസരത്തിൽ ബുഖാറയിലും ഖവാറസമിലുമുണ്ടായിരുന്ന അമുസ്‌ലിംകൾ മുസ്‌ലിംകളുടെ ഭാഗത്തുചേർന്ന് സമർഖന്ത് കരസ്ഥമായപ്പോൾ ഖത്തീബത്ത് അവിടെ ഒരു മനോഹരമായ പള്ളി പണിയിക്കുകയും അതിൽവെച്ച നമസ്കാരം നടത്തുകയും ചെയ്തതിനുശേഷം തന്റെ സഹോദരൻ അബ്ദുല്ലയെ ഭരണാധിപനായി നിയമിച്ച മറ്റു വിലേക്കു പോന്നു.

ഹിജ്‌റഃ 94-ൽ അദ്ദേഹം ശാസ്, ഫർഗാന എന്നീ രാജ്യങ്ങളും കൈവശപ്പെടുത്തി. അനന്തരം ഷാഷ്, കാശ്ഗർ എന്നീ പ്രദേശങ്ങളും വശമാക്കി. ഹിജ്‌റഃ 96-ൽ അദ്ദേഹം കാശ്ഗറും കൊറഥമലയും അവിടെനിന്നു അദ്ദേഹം മുസ്‌മിജ്‌കിയ്യ എന്ന പ്രദേശത്തെ രാജാവിനെയും ആളുകളെയും കൂടി ചീനചക്രവർത്തിയുടെ അടുക്കലേക്കു പ്രതിനിധിയായി അയച്ചു.

ഖുതൈബയും ചീനാചക്രവർത്തിയും തമ്മിൽ നടന്ന സംഭാഷണമധ്യേ ചക്രവർത്തി ഇങ്ങിനെ പറഞ്ഞു. 'ഖുതൈബയ്ക്കിന്നു, സൈന്യം ദുർബ്ബലവും മോറം മരുഭൂമിയുമാണ്'. തിരിച്ചു പോകണമെന്നു, അല്ലാത്തപക്ഷം അദ്ദേഹത്തെയും കൂടെയുള്ളവരെയും നിശ്ശേഷം

സംഹരിച്ച കളയുന്നവരുമായ എന്റെ ഭടന്മാരെ ഞാൻ അയക്കുമെന്നും എനിക്കുവേണ്ടി അദ്ദേഹം പറയണം.'

ഇതിനു ഫ്രൈറത്ത് ഇപ്രകാരം മറുപടി കൊടുത്തു. 'ഒരു തല നിങ്ങളുടെ രാജ്യത്തോടും മറെറ തല സിറിയായുടെ അതിർത്തിയോടും തൊട്ടുകിടക്കുന്ന ആ സൈന്യത്തിന്റെ എണ്ണം എത്രയാണെന്നു നിങ്ങൾക്കു അറിവാൻ കഴിയുന്നതു എങ്ങിനെ? ലോകം തനിക്കു കീഴടങ്ങിയിട്ടും അതു ഉപേക്ഷിച്ചു കളഞ്ഞിട്ടുള്ള ആ മനുഷ്യൻ മോഹിയാണെന്നു നിങ്ങൾക്കു എങ്ങിനെയാണു് പറവാൻ സാധിക്കുക? ഒടുവിൽ ചീനാപക്രവത്തി അദ്ദേഹത്തെ സന്തോഷിപ്പിക്കുകയും പല വിലയേറിയ സമ്മാനങ്ങൾ കാഴ്ചവെച്ചു മടക്കി അയക്കുകയും ചെയ്തു.

മൂസബ്നുനസീർ

മൂന്നു: മൂസബ്നുനസീർ ഖൈറവാൻ ഭരണകർത്താവായിരുന്നു. സ്പെയിൻ രാജ്യം ആക്രമിക്കുവാൻ ഒരുവാദം കൊടുക്കേണമെന്നു വലീദിനോടു അദ്ദേഹം അപേക്ഷിച്ചു. ആ ഉദ്ദേശത്തോടുകൂടി പരീക്ഷാർത്ഥം ഒരു ചെറുസൈന്യത്തെ അയച്ചു അവിടത്തെ സ്ഥിതിഗതികളും മനസ്സിലാക്കേണമെന്നു വലീദ് മറുപടി കൊടുത്തു. ഈ മറുപടിയനുസരിച്ചു മൂസ 400 ഭടന്മാരെ നാലു കപ്പലുകളിലായി തന്റെ അടിമയായിരുന്ന തരീഫിന്റെ നായകത്വത്തിൽ സ്പെയിനിലേക്കയച്ചു. തരീഫ് സ്പെയിൻ രാജ്യത്തിന്റെ തെക്കേ അർദ്ധദ്വീപിന്റെ പടിഞ്ഞാറെ കരയിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തു ചെന്നിറങ്ങി. അദ്ദേഹത്തിന്റെ പേരായ തരീഫ് എന്ന നാമധേയത്തിലാണു് ആ സ്ഥലം ഇന്നും അറിയപ്പെടുന്നതു്. അദ്ദേഹം അവിടെ മുന്നാട്ടു ചെന്നു ഒൻഹസ്രാ എന്ന രാജ്യത്തോടു യുദ്ധം ചെയ്യുകയും യുദ്ധത്തിൽ കിട്ടിയ ധനത്തോടുകൂടി തിരിച്ചുപോരുകയും ചെയ്തു.

ഹിജ്റാ 91-ൽ മൂസ തന്റെ മറെറാരു അടിമയായിരുന്ന താരിഖുബ്നുസിയാദിനെ 7000 ഭടന്മാരോടുകൂടി സ്പെയിനിലേക്കു അയച്ചു. ഈ ഭടന്മാരിൽ അധികംപേരും ബർബരികളായിരുന്നു. ഇവർ കടലിടുക്കു് കടന്നു മേൽ പ്രസ്താവിച്ച ദ്വീപിന്റെ കിഴക്കുഭാഗത്തു കടൽക്കരയിൽ സ്ഥിതിചെയ്യുന്ന ഒരു പാറക്കുന്നു് കൈവശപ്പെടുത്തി. ഈ കുന്നു് അദ്ദേഹത്തിന്റെ പേരോടുകൂടി ജബലുത്താരിഖ് (ജിബ്രാൾട്ടർ) എന്ന നാമധേയത്തിൽ ലോകപ്രസിദ്ധമായിരിക്കുന്നു. സൈന്യം കുന്നിന്മേൽ നിന്നു താഴെ ഇറങ്ങി മുൻപ്രസ്താവിച്ച ഒൻഹറസ്രായെ കീഴടക്കി. സ്പെയിൻരാജാവായിരുന്ന റഡ്റിക്കു് വിവരം അറിഞ്ഞപ്പോൾ ഒരു ലക്ഷം ഭടന്മാരോടുകൂടി എതിർക്കുവാൻ പുറപ്പെട്ടു. താരിഖ് ഈ വിവരത്തിനു മൂസക്കു കത്തെഴുതുകയും സഹായസൈന്യം അയക്കുവാൻ അദ്ദേഹത്തോടു അപേക്ഷിക്കുകയുംചെയ്തു മൂസ 5000 ഭടന്മാരെ വീണ്ടും അയച്ചു, ഭടന്മാരുടെ സംഖ്യ 12000 പൂർത്തിയാക്കി. ഏറവും വലിയ യുദ്ധത്തിലും 12000 ഭടന്മാരുണ്ടായാൽ ജയംപ്രാപിക്കാമെന്നായിരുന്നു മുസ്‌ലിംകൾ എല്ലായ്പോഴും വിചാരിച്ചുവന്നിരുന്നതു്.

റഡ്റിക്കു് രാജാവുമായി നേരിട്ടപ്പോൾ കഠിന സമരം നടന്നു. മുസ്‌ലിംകൾ മടങ്ങിപ്പോകേണമെന്ന വിചാരം ഉപേക്ഷിച്ചു ആദ്യമായി തന്നെ തങ്ങളുടെ കപ്പലുകൾ തീവെച്ചു കളഞ്ഞതിരുന്നതു കൊണ്ടു മരണമോ വിജയമോ രണ്ടിലൊന്നു തങ്ങൾക്കു സംഭവിക്കുമെന്നു അവർ തീർച്ചപ്പെടുത്തിയിരുന്നു. അവർ ജീവനിൽ കൊതി കൂടാതെ പൊരുതിയതിനാൽ

ഒടുവിൽ പോക്കളം അവർക്ക് കരസ്ഥമായി. റാഡ്രിക്ക് രാജാവ്, ശത്രുനക്ക് സമീപം സ്ഥിതിചെയ്യുന്ന ലക്കാ നദിയിൽ ചാടി ആത്മഹത്യ ചെയ്യുകയാണ് ഉണ്ടായത്.

ഈ വിജയവാർത്ത അറിഞ്ഞതിൽ പിന്നെ ഹിജ്‌റഃ 92-ൽ മൂസ തന്നെ ഭടന്മാരെ കൊണ്ടുപോയി സ്പെയിൻ രാജ്യം മുഴുവനും കീഴടക്കി. അദ്ദേഹം ഖുർത്തുബഃ (കർഡോവ) പട്ടണത്തെ തലസ്ഥാനമാക്കി തന്റെ മകൻ അബ്ദുൽ അസീസിനെ അവിടെ ഭരണകർത്താവായി നിയമിച്ചു. കിഴക്കെ സ്പെയിനിൽ സ്ഥിതിചെയ്യുന്ന ബർശലൂന കൈവശപ്പെടുത്തിയതിനു ശേഷം, മദ്ധ്യയൂറോപ്പിൽ കൂടി ഗമിച്ച കോൺസ്റ്റാണ്ടനോപ്പിൾ പട്ടണം കീഴടക്കുകയും ആ വഴിക്ക് ഖലീഫയുടെ തലസ്ഥാനത്തേക്ക് മടങ്ങുകയും ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അദ്ദേഹം ഈ അഭിലാഷം വലീദിനെ അറിയിച്ചപ്പോൾ വഴിമദ്ധ്യേ നേരിട്ടേക്കാവുന്ന പ്രയാസങ്ങളെ ഓർത്തു വലീദ് അനുവാദം നല്കിയില്ല. ആഫ്രിക്കാ മാഗ്രിബായിരുന്നു തന്റെ അടുക്കലേക്ക് ചെല്ലേണമെന്നു വലീദ് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. തന്നിമിത്തം അദ്ദേഹം വലീദിനു സമ്മാനിക്കുവാനായി അനേകം സാമാനങ്ങളോടുകൂടി ദിമിശ്ഖിലേക്ക് പുറപ്പെട്ടു. എങ്കിലും അദ്ദേഹം ദിമിശ്ഖിൽ എത്തിയപ്പോഴേക്കും വലീദ് മരിച്ചു പോയിരുന്നു.

മസ്‌ലമത്തുബ്നുഅബ്ദിൽമലിക്ക്

നാലു: മസ്‌ലമത്തു് സഹോദരന്മാരോടായിരുന്നു എതിരിട്ടിരുന്നതു്. അദ്ദേഹം വർഷംതോറും അവരോട് യുദ്ധം ചെയ്തു. അവരുടെ പക്കൽനിന്നും വലിയ വലിയ കോട്ടകളും കൈവശപ്പെടുത്തി വന്നു. തവാന, അംവാന, മർഖല, ഖൂനിയാ, സത്തുയ, തർസൂസ് മുതലായവ അദ്ദേഹം കൈവശപ്പെടുത്തിയ പ്രസിദ്ധ കോട്ടകളായിരുന്നു.

ഹജ്ജാജ് ഹിജ്‌റഃ 95-ൽ തന്റെ 54-ാം വയസ്സിൽ നിര്യാതനായി അദ്ദേഹം മൂന്നു വർഷം മക്കയുടെ അധിപനായും അതിനു ശേഷം 20 കൊല്ലം തികച്ചും, കൂഫയും ബസ്വറയും ഉൾപ്പെടെയുണ്ടായിരുന്ന കിഴക്കൻ രാജ്യങ്ങളിൽ ഖലീഫയുടെ പ്രതിനിധിയായും ഭരണം നടത്തി. അദ്ദേഹം ലൌകിക സുഖലോലുപനും സ്ഥാനമാനത്യാഗിയും രക്തം പ്രവഹിപ്പിക്കുവാൻ മടിയില്ലാത്തവനുമായ ഒരു ഭരണകർത്താവായിരുന്നു. രക്തം പ്രവഹിപ്പിക്കുന്നതിൽ അതിർ കവിയുന്നു എന്നുള്ളതിനെ കുറിച്ചു 'ഹജ്ജാജ്' എന്നും ജനങ്ങൾ പറയാറുണ്ട്. വലിയ അസൂയാലുവാണെന്നും ഹജ്ജാജ് തന്നെ പറയാറുണ്ടായിരുന്നു. എന്നാൽ ഈ ദുർഗ്ഗുണങ്ങളോടുകൂടി ചില സദ്ഗുണങ്ങളും അദ്ദേഹത്തിനുണ്ടാകാതിരുന്നില്ല. അദ്ദേഹം നല്ല വാചാലനായ വാഗ്മിയായിരുന്നു. ഖുർആൻ മനഃപാഠം അറിഞ്ഞിരുന്ന അപൂർവ്വം ഇമാംഹസൻ ബസരി (റ) കഴിച്ചു് മറ്റൊരാളും അദ്ദേഹത്തോടു കിടപിടിച്ചിരുന്നില്ല. ധൈര്യം: സ്ഥൈര്യം, സത്യം, പരിശ്രമശീലം എന്നീ ഗുണങ്ങളിലും അദ്ദേഹം അസാധാരണനായിരുന്നു. അദ്ദേഹം തന്റെ സ്വന്തം ശക്തിയാൽ ഇറാഖിലെങ്ങും നിയമസമാധാനം നിലനിർത്തി എന്നാൽ അതിനായി അദ്ദേഹം അപാരമായ രക്തം പ്രവഹിപ്പിച്ചതും കൊണ്ടുമാത്രം അദ്ദേഹം സ്തുത്യർഹനായ പ്രുഷോത്തമനായിരുന്നുവെന്നു നിഷ്പക്ഷമതികൾക്കു സമ്മതിക്കാൻ നിവൃത്തിയില്ല.

അബ്ദുൽമലിക്കു് അദ്ദേഹത്തിന്റെ വലീദ്, സുലൈമാൻ എന്നീ രണ്ടു പുത്രന്മാരേയും വഴിക്കു വഴിയായി ചില അവസരത്തിലും വരിക്കുതോറും സ്ഥാനാവകാശികളായി നിയ

ചിച്ചിരുന്നുവെന്നു മുമ്പു സൂചിപ്പിച്ചിരുന്നുവല്ലോ. വലീദ് ഖലീഫയായപ്പോൾ സുലൈമാനെ പകരം തന്റെ മകൻ അബ്ദുൽ അസീസിനെ സ്ഥാനാവകാശിയാക്കേണമെന്നു അദ്ദേഹം വിചാരിച്ചു. ഇതിനെ കുറിച്ചു അദ്ദേഹം തന്റെ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ചപ്പോൾ ഖത്തീബുമ്മും ഹജ്ജാജുമൊഴിച്ചു ബാക്കിയുള്ളവരെല്ലാം അദ്ദേഹത്തോടു യോജിക്കുകയുണ്ടായില്ല. തന്റെ ഉദ്ദേശം സാദ്ധ്യത്തിനു വല്ല മാർഗ്ഗവും ഉണ്ടാക്കേണമെന്നു പിന്നെയും അദ്ദേഹം ആലോചിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ അദ്ദേഹം നിശ്ചേതനായതിനാൽ സുലൈമാൻ തന്നെ ഖിലാഫത്തും സ്ഥാനത്തും ആഗതനായി.

വലീദിന്റെ മരണം

ഹിജ്‌റാ 96 ജമാദുൽആഖിർ 15-ാംനു (ക്രിസ്തുവർഷം 715 ഫിബ്രുവരി 25-ാംനു) സിറിയായിൽ പെട്ട ദൈറമറാൻ എന്നിടത്തുവെച്ചു വലീദ് മരണം പ്രാപിച്ചു. തദവസരത്തിൽ അദ്ദേഹത്തിനു 64 വയസ്സു പ്രായമുണ്ടായിരുന്നു. അദ്ദേഹം ഖിലാഫത്തധികാരം വഹിച്ചതു 9 കൊല്ലവും 8 മാസവുമാണു. 19 പേരാണു് അദ്ദേഹത്തിനു സന്താനങ്ങളായി ഉണ്ടായിരുന്നതു്.

സുലൈമാനുബ്നു അബ്ദിൽമലിക്കു്

സുലൈമാൻ ഉമയ്യത്തുവംശജരുടെ 54-ാം രാജാവിലായിരുന്നു. വലീദു് മരണപ്പെട്ടപ്പോൾ അദ്ദേഹം റംലഃ എന്നിടത്താണു് ഉണ്ടായിരുന്നതു്. ഹിജ്‌റഃ 96 ജമാദുൽ ആഖിറിൽ അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു സുലൈമാനെ സ്ഥാനാവകാശത്തിൽ നിന്നു നീക്കുന്നതിനെ സംബന്ധിച്ചു, ഹജ്ജാജു് വലീദിന്റെ അഭിപ്രായത്തോടു യോജിച്ചിരുന്നതുകൊണ്ടു അദ്ദേഹം ഹജ്ജാജിനും അദ്ദേഹത്തിന്റെ സംഘത്തിനും കഠിന വിരോധിയായിരുന്നു. ഹജ്ജാജിന്റെ ശത്രുവായിരുന്ന വലീദുബ്നുമുഹല്ലബിനെ അദ്ദേഹം ആപത്തമിത്രമായി സ്വീകരിച്ചിരുന്നു. വലീദിന്റെ മരണാനന്തരം സുലൈമാന്റെ അധികാരത്തിനു താൻ കീഴ്പ്പെട്ടു പോകുന്നതായാൽ അദ്ദേഹം തന്നോടു നീചമായ വിധത്തിൽ ഇടപെടുമെന്നു വിചാരിച്ച ഹജ്ജാജു് വളരെ ഭയപ്പെട്ടിരുന്നു. പക്ഷെ വലീദിന്റെ വിയോഗത്തിനു ഒരു വർഷംമുമ്പു അദ്ദേഹം മരിച്ചുപോയതുകൊണ്ടു അങ്ങിനെ സംഭവിക്കുവാൻ ഇടയായില്ല.

സുലൈമാൻ ഖലീഫയായതിനു ശേഷം ആദ്യമായി തന്നെ ചെയ്ത കൃത്യം എത്രയും നീചമായിരുന്നു. അദ്ദേഹം യസീദുബ്നുഅബീകബ്ശയെ സിന്ധു ഭരണാധികാരിയായി നിയമിക്കുകയും മുഹമ്മദുബ്നുഖാസിമിനെ ബന്ധനസ്ഥനാക്കി തന്റെ അടുക്കലേക്കു അയക്കേണമെന്നു അദ്ദേഹത്തോടു കല്പിക്കുകയും ചെയ്തു. അസൂയാലുവായ ഈ ഖലീഫ ആയുസ്സേനാനായകന്റെ മഹത്തരങ്ങളായ കൃത്യങ്ങൾക്കു ലേശവും വില കല്പിച്ചില്ല. മുഹമ്മദുബ്നുഖാസിം ഹജ്ജാജിനാൽ സ്നേഹിക്കപ്പെട്ടിരുന്നുവെന്നുള്ള ഒരു കാരണത്താൽ തനിക്കുണ്ടായ പ്രതികാരേച്ഛയെ തൃപ്തിപ്പെടുവാനായി സുലൈമാൻ അദ്ദേഹത്തെ കൊന്നു, സമുദായത്തിനും ഖിലാഫത്തിന്റെ പ്രതാപത്തിനും നഷ്ടം വരുത്തിവെച്ചു. ഉമ്മയ്യാസിദിന്റെ പേരെടുത്ത ധീരയോദ്ധാക്കളുടെ ധീരകൃത്യങ്ങൾക്കു ചുരുക്കം പ്രതിഫലം നൽകുന്ന ഒരു ഭരണത്തിൻകീഴിൽ നിന്നുകൊണ്ടു, വല്ല മഹാകൃത്യവും നിർവ്വഹിക്കുവാൻ ആർക്കെങ്കിലും ഉത്സാഹമുണ്ടാകുമോ?

പുറമെ ഭരണകർത്താവും, ബുദ്ധിയും തന്ത്രജ്ഞതയും കീടമായിരുന്ന ഖതീബുബ്നുമുസ്‌ലിംബാഹിലി മുഹമ്മദുബ്നുഖാസിമിനു നേരിട്ടു ആപത്തു തനിക്കു നേരിടുമെന്നു വിചാരിച്ച ഭയവിഹ്വലനായി. തന്നിമിത്തം അദ്ദേഹം കീഴിലുണ്ടായിരുന്ന ഭട

ന്മാരെയെല്ലാം ഒരുമിച്ചുകൂട്ടി സുലൈമാന്റെ ഖിലാഫത്തിനെ പ്രതിഷേധിക്കണമെന്ന അവരോട് ആവശ്യപ്പെട്ടു. എങ്കിലും ബനൂതമീം ഗോത്രനേതാവായിരുന്ന വക്കീഅ് അദ്ദേഹത്തോട് അനുകൂലിച്ചില്ല. ഒടുവിൽ ഇവർ തമ്മിൽ ഭിന്നിപ്പു വർദ്ധിച്ചതിന്റെ ഫലമായി വക്കീഅ് ഖത്തീബത്തിനെ കൊന്നു കളഞ്ഞു.

സ്പെയിൻ പിടിച്ചടക്കിയ മൂസബ്നുനുസീറിനോടും ഇപ്രകാരം തന്നെയായിരുന്നു സുലൈമാൻ പ്രവർത്തിച്ചത്. വലീദിന്റെ ഭരണകാലത്തു അദ്ദേഹം തലസ്ഥാനത്തേക്കു ക്ഷണിക്കപ്പെടുകയും അദ്ദേഹം ദിമിശ്ഖിലെത്തിയപ്പോഴേക്കു വലീദ് കാലഗതിപ്രാപിക്കുകയും ചെയ്ത വിവരം മുമ്പ് പ്രസ്താവിച്ചിരുന്നുവല്ലോ. സുലൈമാൻ തനിക്കു അദ്ദേഹത്തിന്റെ മേലുണ്ടായ സംശയത്തെ ആസ്പദമാക്കി അദ്ദേഹത്തെ ജയിലിൽ പാർപ്പിക്കുകയും ഒരു വലിയ സംഖ്യ അദ്ദേഹത്തിന്റെ മേൽ പിഴ ചുമത്തുകയും ചെയ്തു. അദ്ദേഹം അറബി പ്രമാണികളോട് ഇരന്നു വാങ്ങിയിട്ടായിരുന്നു ആ സംഖ്യ കൊടുത്തു വീട്ടിയതു. ഇസ്‌ലാമിന്റെ സംരക്ഷകന്മാരും പല രാജ്യങ്ങളും കീഴടക്കിയവരുമായിരുന്ന മേൽ പ്രസ്താവിച്ച പ്രസിദ്ധ നായകന്മാരോട് സുലൈമാൻ തന്റെ ഭരണാരംഭത്തിൽ തന്നെ, അനുവർത്തിച്ച അന്യായമായ പെരുമാറ്റം സമുദായത്തിനു ഒരു അവലക്ഷണമായി പരിണമിച്ചുവെന്നു പറയാതെ നിവൃത്തിയില്ല.

ഖത്തീബത്തിന്റെ സ്ഥാനത്തു ഖുറാസാൻ ഗവർണ്ണരായി നിയമിച്ചതു യസീദുബ്നുമുഹല്ലബിനെയായിരുന്നു അദ്ദേഹം ഖറസ്താൻ രാജ്യം വളഞ്ഞു കീഴടക്കിയതിൽ പിന്നെ ജൂർജ്ജാനിലേക്കു പോയി. അവിടത്തെ നിവാസികളും അദ്ദേഹവുമായി ഉടമ്പടി ചെയ്തു. അനന്തരം അദ്ദേഹം തബറസ്താന്റെ നേരെ ചെന്നു. അവിടെയുണ്ടായിരുന്ന ശത്രുസേനാനായകൻ കോട്ടയിൽ പ്രവേശിച്ചതിനാൽ അദ്ദേഹം കോട്ട വളഞ്ഞു. ഇങ്ങിനെ ഉപരോധം ഏർപ്പെടുത്തിയിരുന്ന ജൂർജ്ജാൻകാർ കാർ ലംഘിക്കുകയും അവിടെ ഉണ്ടായിരുന്ന മുസ്‌ലിംകളെ കൊല്ലുകയും ചെയ്തിരിക്കുന്നുവെന്ന ദുഃഖകരമായ വാർത്ത കിട്ടിയതിനാൽ അദ്ദേഹം വീണ്ടും അവിടെ പോയി ആ രാജ്യം കീഴടക്കി. അവിടത്തെ ലഹളക്കാരെ ശിക്ഷിച്ചതിനു ശേഷം തബറസ്താനിനെയും അദ്ദേഹം പിടിച്ചടക്കി. തബറസ്താനിൽ നിന്നു ശത്രുക്കളുടെ പക്കൽനിന്നു അദ്ദേഹത്തിനു ലഭിച്ച ധനത്തിന്റെ അഞ്ചിലൊരംശം അറബുലക്ഷം ദിർഹമുണ്ടായിരുന്നു.

സുലൈമാൻ ഹിജ്‌റഃ 98-ൽ തന്റെ സഹോദരനും റോമക്കാരുടെ നേരെ നിയോഗിതനുമായിരുന്ന മസ്‌ലമത്തിനെ ഒരു വമ്പിച്ച സൈന്യവുമായി കോൺസ്റ്റാണ്ടിനോപ്പിളിലേക്കു അയച്ചു. മസ്‌ലമത്ത് ഒരു കൊല്ലംവരെ പട്ടണം വളഞ്ഞു നിന്നു. ഇതിനിടയിലാണു സുലൈമാൻ മരണപ്പെട്ടിരുന്നുവിവരം അദ്ദേഹത്തിനു കിട്ടിയതു.

സുലൈമാൻ തന്റെ മരണത്തിനു മുമ്പായി അദ്ദേഹത്തിന്റെ പുത്രൻ അയ്യൂബിനെ സ്ഥാനാവകാശിയായി നിയമിച്ചു. എങ്കിലും അയ്യൂബ് തന്റെ ജീവിതകാലത്തു തന്നെ മരിച്ചതിനാൽ ഉമറുബ്നുഅബ്ദിൽ അസീസിനെ സ്ഥാനാവകാശിയായി നിയമിക്കുന്നതിനെ കുറിച്ചു രാജാ ഉബാനുഹയാത്ത് എന്ന ആളുമായി അദ്ദേഹം ആലോചിച്ചു. രാജാഅ് അനുകൂലിച്ചതനുസരിച്ചു അദ്ദേഹത്തെ തന്നെ സ്ഥാനാവകാശിയാക്കി. എങ്കിലും തിരഞ്ഞെടുപ്പു നടത്തിയ അവസരത്തിൽ ആരാണു സ്ഥാനാവകാശിയെന്നു അദ്ദേഹം വ്യക്തമാക്കിയില്ല.. അദ്ദേഹം ഉമറുബ്നുഅബ്ദിൽ അസീസിനെ സ്ഥാനാവ

കാശിയായി നിയമിച്ചിരിക്കുന്നുവെന്നവിവരം രഹസ്യമായി എഴുതി ഒരു പേടകത്തിലാക്കി മുദ്രവെക്കുകയും കുടുംബക്കാരെയെല്ലാം വിളിച്ചു കൂട്ടി, അതിൽ പ്രസ്താവിക്കപ്പെട്ട ആളെ ഖലീഫയാക്കിക്കൊള്ളാമെന്നും, അവരോട് സമ്മതിപ്പിക്കുകയാണ് ഉണ്ടായത്.

ഹിജ്‌റഃ 99 സഫർ 21-ാംനു- വെള്ളിയാഴ്ച ദിവസം ദിൻസഖീനടുത്തുള്ള ദാബിഖ് എന്നിടത്തുവെച്ച തന്റെ 45-ാംവയസ്സിൽ സുലൈമാൻ നിര്യാതനായി. അദ്ദേഹത്തിന്റെ ഭരണകാലം രണ്ടു വർഷവും എട്ടു മാസവും അഞ്ചു ദിവസവുമായിരുന്നു.

ഹസ്രത്തു് ഉമറുബ്നുഅബ്ദിൽ അസീസ്

ഹസ്രത്തു് ഉമറുബ്നുഅബ്ദിൽ അസീസ് ഹിജ്‌റഃ 62-ൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായിരുന്ന അബ്ദുൽ അസീസുബ്നുമർവാനായിരുന്ന അബ്ദുൽമലിക്കിന്റെ ശേഷം ഖിലാഫത്തവകാശി. എങ്കിലും അബ്ദുൽമലിക്കിന്റെ ജീവിതകാലത്തു് തന്നെ നിര്യാതനായതിനാൽ അദ്ദേഹം ഖലീഫയാകുവാനിടയായില്ല. അദ്ദേഹത്തിന്റെ മാതാവ് ഹസ്രത്ത് ഉമർ ഫാറൂഖ് (റ) യുടെ പുത്രനായ ആസിമിന്റെ മകളായിരുന്നു. ശൈശവകാലത്തു് പിതാവ് അദ്ദേഹത്തെ മദീനയിലേക്കു അയച്ചതിനാൽ അവിടെ നിന്നായിരുന്നു അദ്ദേഹം വളർന്നതു്. അവിടത്തെ കർമ്മശാസ്ത്രപണ്ഡിതന്മാരുടെയും മറ്റു വിദ്വാന്മാരുടെയും അടുക്കൽ നിന്നു അദ്ദേഹം വിദ്യാഭ്യാസം ചെയ്തു. ഉദ്യോഗത്തിലും ഖിലാഫത്തിലും ഏർപ്പെട്ടിരുന്നില്ലെങ്കിൽ അദ്ദേഹം അനുകരണീയന്മാരായ മഹാപണ്ഡിതന്മാരിൽ ഒരാളായി ഗണിക്കപ്പെടുമായിരുന്നു. അതിനുള്ള തക്ക മതപാണ്ഡിത്യം അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടായിരുന്നു. ഉമറുബ്നുഅബ്ദിൽ അസീസിന്റെ മുമ്പിൽ, അദ്ദേഹത്തിന്റെ ശിഷ്യന്മാരായിട്ടാണ് സകലവിദ്വാന്മാരും കാണപ്പെട്ടിരുന്നതെന്നു മൈമൂനുബ്നു മഹ്റാനും, ഉമറുബ്നുഅബ്ദിൽഅസീസ് തങ്ങളുടെ പക്കൽ നിന്നു വല്ലതും പഠിക്കുമെന്നു കരുതിക്കൊണ്ടാണ് തങ്ങളും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നതെങ്കിലും തങ്ങളും അദ്ദേഹത്തിന്റെ പക്കൽനിന്നു പഠിക്കേണ്ടി വരികയാണ് ഉണ്ടായതു എന്നു മുജാഹിദും, അദ്ദേഹത്തെ കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു.

ഉമറുബ്നു അബ്ദിൽഅസീസിന്റെ സദ്ഗുണങ്ങളും മഹത്ത്വങ്ങളുമാണ്. വ്യാജം മനുഷ്യനു നാശകരമാണെന്നു അറിഞ്ഞതുമുതൽ ഒരിക്കലും താൻ വ്യാജം പറഞ്ഞിട്ടില്ലെന്നു അദ്ദേഹം തന്നെ പറഞ്ഞിരിക്കുന്നു. വലീദിന്റെ കാലത്തു് അദ്ദേഹം ഒരു ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു. അക്കാലത്തു് വിദ്വാന്മാരും സദാചാരനിഷ്ഠന്മാരുമായി മദീനയിലുണ്ടായിരുന്ന ആളുകളും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരിക്കുക പതിവായിരുന്നു. മദീനാഭരണകർത്താവായിരുന്ന കാലത്തു് പല പ്രാവശ്യം ഹാജിമാരുടെ നേതാവായി അദ്ദേഹം നിശ്ചയിക്കപ്പെട്ടു.

ഹിജ്‌റഃ 99-ൽ സുലൈമാൻ പരേതനായ അവസരത്തിൽ രാജാധികാരത്തിനർഹതയുള്ളവരെക്കുറിച്ചു ദാബിഖ് പള്ളിയിൽ ഒരുമിച്ചുകൂട്ടി വലീദിന്റെ നിയമനപത്രത്തിൽ പറയപ്പെട്ട ആളെ സ്ഥാനാവകാശിയായി സ്വീകരിച്ചു കൊള്ളാമെന്നു കൂടിക്കൂടി അവരോട് കരാർ ചെയ്യിച്ചതിനുശേഷം വലീദിന്റെ മരണവൃത്താന്തം അവരെ അറിയിച്ചു. ഇതിൽ പിന്നെ അദ്ദേഹം മുദ്രവെച്ചു സൂക്ഷിക്കപ്പെട്ടിരുന്ന ആ നിയമനപത്രം പുറത്തു വായിച്ചു അതിൽ ഉമറുബ്നുഅബ്ദിൽ അസീസിന്റെ പേർ എഴുതപ്പെട്ടിരുന്നതുകൊണ്ടും അദ്ദേഹത്തെ എഴുന്നേല്പിച്ചു പ്രസംഗമണ്ഡപത്തിൽ ഇരുത്തി. ഈ ഭാരം തന്റെ തലയിൽ വന്നു വീണല്ലോ എന്നാത്മ 'ഇന്നാലില്ലാഹ്' (ആപൽഘട്ടങ്ങളിൽ ഉച്ചരിക്കുന്ന ഖുർആൻ

വചനം) ഉച്ചരിക്കുകയാണ് അദ്ദേഹം ചെയ്തിരുന്നത്. എന്നാൽ അതേ അവസരത്തിൽ തന്നെ, ഖിലാഫത്തധികാരം കിട്ടാതിരുന്നതുകൊണ്ട് ഹിശാമുബ്നു അബ്ദിൽമലിക്കും ഇന്നാലില്ലാഹ് ഉച്ചരിച്ചിരുന്നു. തിരുത്തൊട്ടപ്പു കഴിഞ്ഞപ്പോഴേക്കു ഖലീഫയുടെ പ്രത്യേക വാഹനം എത്തിക്കഴിഞ്ഞു. എന്നാൽ അത്ര പദവിയും ബഹുമതിയും അനുഭവിക്കുവാൻ അദ്ദേഹത്തിനു ഇഷ്ടമുണ്ടായില്ല. തന്റെ കുതിരപ്പുറത്തുതന്നെയായിരുന്ന അദ്ദേഹം കയറിയത്. ജനങ്ങളും അദ്ദേഹത്തെ ഖിലാഫത്ത് കൊട്ടാരത്തിലേക്ക് കൊണ്ടു പോകുവാൻ ഒരുങ്ങിയപ്പോൾ, അവിടെ അയ്യൂബിന്റെ ഭാര്യയും മക്കളും ഉള്ളതുകൊണ്ട് അവരുടെ ജീവിതകാലത്ത് സ്വന്ത വസതിയിൽ തന്നെയാണ് താൻ താമസിക്കുന്നതെന്നു അദ്ദേഹം പ്രസ്താവിച്ചു.

പ്രജാധിപത്യം വീണ്ടും

ഹസ്രത്തു് ഉമറുബ്നുഅബ്ദിൽഅസീസ് മുസ്‌ലിം സമുദായത്തിൽ പ്രജാധിപത്യഭരണത്തിനു വീണ്ടും ഉത്തേജനം നൽകി. അദ്ദേഹം ഭരണഘടനയെ നവീകരിച്ചു യഥാർത്ഥ ഇസ്‌ലാംമത ശാസനക്രമമാക്കി. തന്നിമിത്തം ഇസ്‌ലാംമത പണ്ഡിതന്മാർ അദ്ദേഹത്തെ ഖുലഫാഉർറാശിദുകളിൽ ഉൾപ്പെടുത്തുകയും രണ്ടാംനൂറ്റാണ്ടിലെ മുജദ്ദിദായി (പരിഷ്കർത്താവായി) അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

സ്വാർത്ഥതല്പരന്മാരായ ഭരണകർത്താക്കന്മാരും ഉദ്യോഗസ്ഥന്മാരും മുസ്‌ലിം രാജ്യങ്ങളിൽ നിന്നു കാഴ്ചദ്രവ്യത്തിലും മറ്റു മാർഗ്ഗമായ വിധത്തിലും ധനം കരസ്ഥമാക്കി വന്നിരുന്ന സമ്പ്രദായത്തെ അദ്ദേഹം പെട്ടന്നു നിർത്തൽചെയ്തു. ജനദ്രോഹികളായിരുന്ന മൂഴുവൻ ഉദ്യോഗസ്ഥന്മാരെയും അദ്ദേഹം പിരിച്ചുവിട്ടു. പ്രത്യേകിച്ചും മർദ്ദനാധികാരമുണ്ടായിരുന്ന ഹജ്ജാജു് വംശജന്മാരെ എല്ലാ ഉദ്യോഗങ്ങളിൽ നിന്നും നീക്കി യമനിലേക്കയക്കുകയും അവരെ പലയിടങ്ങളിലായി പരസ്പരം അകറ്റി താമസിപ്പിക്കുകയും ചെയ്തു.

താൻ രണ്ടുകോടി ദിർഹം പിരിച്ചെടുത്തിരുന്നുവെന്നു ഖുറാസാൻ ഭരണകർത്താവായിരുന്ന യസീദുബ്നുമുഹല്ലബ്, മുമ്പ് ഖലീഫയായിരുന്ന സുലൈമാനെ എഴുത്തുമൂലം അറിയിച്ചിട്ടുണ്ടായിരുന്നു. തന്നിമിത്തം ഉമറുബ്നു അബ്ദിൽഅസീസ് അദ്ദേഹത്തെ വിളിച്ചു വരുത്തി അദ്ദേഹത്തോടു കണക്കു ചോദിച്ചു. കീർത്തിക്കുവേണ്ടിയായിരുന്നു താൻ അങ്ങിനെ എഴുതിയിരുന്നതെന്നും സുലൈമാൻ തന്നോടു സംഖ്യ ചോദിക്കുന്നതല്ലെന്നു തനിക്കു ഉറപ്പുണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ആ സംഖ്യ മുസ്‌ലിംകളുടെ ധനമാകയാൽ കിട്ടാതെ കഴികയില്ലെന്നു ഖലീഫ പ്രസ്താവിച്ചു. എന്നിട്ടും സംഖ്യ കൊടുക്കാതിരുന്നതുകൊണ്ടു അദ്ദേഹം യസീദിനെ തടവിലാക്കുകയാണ് ഉണ്ടായതു്.

സമർഖന്ത് നിവാസികളായിരുന്ന ദിമ്മികളിൽനിന്നു (മുസ്‌ലിംഭരണത്തിൻ കീഴിലുള്ള ഇതരമതക്കാർ) ഒരു നിവേദകസംഘം അദ്ദേഹത്തിന്റെ അടുക്കൽ വരികയും, ഖുതൈബത്തുബ്നുമുസ്‌ലിം തങ്ങളുടെ ചില ഭൂസ്വത്തുക്കളും അന്യായമായി കരസ്ഥമാക്കി മുസ്‌ലിംകൾക്കു കൊടുത്തിട്ടുള്ളതുകൊണ്ടു, അവയെകുറിച്ചു ന്യായമായ ഒരു തീരുമാനമുണ്ടാക്കിക്കൊടുക്കണമെന്നു അദ്ദേഹത്തോടു അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ചു അദ്ദേഹം അവിടത്തെ ഭരണകർത്താവായിരുന്ന സുലൈമാനുബ്നുഅബിസ്സുരീനു് ഇങ്ങിനെ ഉത്തരവു കൊടുത്തു. "ഖുതൈബത്ത് അന്യായമായി പ്രവർത്തിച്ചുവെന്നു സമർഖന്തുകാർ എന്റെ അടുക്കൽ പരാതി ബോധിപ്പിച്ചിരിക്കുന്നു. ഇതിന്റെ യഥാർത്ഥവിവരം നല്ലപോലെ അന്വേ

ഷിച്ചറിഞ്ഞു വിധി പറയുവാനായി ഒരു ന്യായാധിപനെ നിയമിക്കുക. അവരുടെ സ്വത്ത് അന്യായമായി വല്ല പട്ടാളക്കാരും കൊടുത്തുപോയിട്ടുണ്ടെങ്കിൽ ആ പട്ടാളക്കാരെ പട്ടണത്തിൽ നിന്നു സൈന്യത്തിലേക്കു വിളിച്ചുവരുത്തുകയും സ്വത്തു ഉടമസ്ഥന്മാർക്കു വിട്ടുകൊടുക്കുകയും ചെയ്യുക".

ഇതിനെ കുറിച്ചു വിധി പ്രസ്താവിക്കുവാൻ ജമീഉബ്നുഹാസിർ എന്ന ന്യായാധിപനെ സുലൈമാൻ അധികാരപ്പെടുത്തി. ഖത്തീബത്ത് പ്രവർത്തിച്ചതു ന്യായവിരുദ്ധമായിരുന്നുവെന്നും അതുകൊണ്ടു ഉടമ്പടി ദുർബ്ബലപ്പെടുത്തേണ്ടതും അവിടെയുള്ള സൈന്യം പട്ടണം ഉപേക്ഷിച്ചു മറ്റു ഭടന്മാരുടെ അടുക്കലേക്കു പോകേണ്ടതും പിന്നീട് രാജ്യം കൈവശപ്പെടുത്തുകയോ പുതുതായി ഉടമ്പടി നടത്തുകയോ ചെയ്യേണ്ടതുമാണെന്നും ന്യായാധിപൻ വിധി പ്രസ്താവിച്ചു. എന്നാൽ രണ്ടാമതും യുദ്ധമൊരുക്കാറോ, നടത്തുന്നതു അനുചിതമാണെന്നു കരുതി സമർഖന്തുകാർ അവരുടെ അന്യായം പിൻവലിക്കുകയാണുണ്ടായതു.

കൊല്ലുക, കൈമുറിക്കുക എന്നിവ ഇസ്‌ലാമിക ശിക്ഷാസമ്പ്രദായമാണെങ്കിലും ചില പ്രത്യേക കുറ്റങ്ങളിൽ മാത്രമെ ഇവയെ ഉപയോഗപ്പെടുത്തുവാൻ പാടുള്ളൂ. എന്നാൽ അക്രമികളായ ഉദ്യോഗസ്ഥന്മാർ സർവ്വ കുറ്റക്കാർക്കും ഈ ശിക്ഷകൾ തന്നെ നല്കിവന്നു. തന്നിമിത്തം, തന്നെ അറിയിച്ചില്ലാതെ ഇത്തരം ശിക്ഷകൾ ആർക്കും നല്കുവാൻ പാടില്ലെന്നു എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഉമറുബ്നുഅബ്ദിൽ അസീസ് ഉത്തരവു നല്കി.

ഖലീഫയായതിന്നു ശേഷം അദ്ദേഹം ക്രൈശികളേയും മറ്റു ഗോത്രക്കാരേയും വിളിച്ചുകൂട്ടി അവരോടു പ്രഖ്യാപിച്ചു. 'ഫിദക്കു' (ഒരു തോട്ടം) റസൂൽ തിരുമേനി (സ) യുടെ അധീനത്തിലാണു സ്ഥിതിചെയ്തിരുന്നതു. തിരുമേനി (സ) ക്കു ശേഷം അബൂബക്കറും അദ്ദേഹത്തിന്നുശേഷം ഉമറും അതിനെ ശരിയായ മാർഗ്ഗത്തിൽ ഉപയോഗപ്പെടുത്തി. ഒടുവിൽ മർവാൻ അതു തന്റെ സ്വന്തം സ്വത്താക്കി എടുത്തു. ഇപ്പോൾ അതു എന്റെ വശം കിട്ടിയിരിക്കുന്നു. ഞാൻ ആ സ്വത്തിനെ നബി (സ) യുടെ കാലത്തു വിനിയോഗിച്ചിരുന്ന മാർഗ്ഗത്തിലേക്കു മടക്കിയിരിക്കുന്നുവെന്നു നിങ്ങളെ സാക്ഷ്യപ്പെടുത്തി പറഞ്ഞുകൊള്ളുന്നു.' ഇതിൽപിന്നെ അദ്ദേഹം മുസാഹിം എന്നതന്റെ അടിമയോടു് ഇങ്ങിനെ പറഞ്ഞു. 'എനിക്കു കരസ്ഥമായിട്ടുള്ള സ്വത്തുക്കളും, എനിക്കു തന്നിട്ടുള്ളവരാരോ അവക്കു് അതുകളും തരുവാനും എനിക്കു വാങ്ങുവാനും അവകാശമുണ്ടായിരുന്നില്ല. അതുകൊണ്ടു അവയെ കൈവിട്ടകളയുവാൻ ഞാൻ തീച്ചപ്പെടുത്തിയിരിക്കുന്നു.' 'കുടുംബങ്ങൾക്കു പിന്നെ എന്താണു് ഉണ്ടാകുക?' എന്നു മുസാഹിം ചോദിച്ചു. അദ്ദേഹം കണ്ണുനീർ പൊഴിച്ചുകൊണ്ടു, 'അവരെ താൻ അല്ലാഹുവിങ്കൽ ഭരമേല്പിച്ചിരിക്കുന്നു'വെന്നും സമാധാനം പറഞ്ഞു. മുസാഹിം അവിടെനിന്നും പുറപ്പെട്ടു. ഖലീഫയുടെ പെരുപ്രായക്കാരനായിരുന്ന അബ്ദുൽമലിക്കു് എന്ന പുത്രനോടു പറഞ്ഞു. "അമീറുൽമുഅ്മിനീൻ തന്റെ സ്വത്തുക്കൾ മടക്കിക്കൊടുക്കുകയായിരുന്നു. ഞാൻ നിങ്ങളെ വിചാരിച്ച അദ്ദേഹത്തെ അതിന്നു സമ്മതിച്ചില്ല". അബ്ദുൽമലിക്കു പിതാവിന്റെ ഗുണങ്ങളോടു കൂടിയ ഒരു ബാലനായിരുന്നു. "നിങ്ങൾ ഖലീഫയുടെ ദുരുപദേഷ്ടാവാണു്" എന്നായിരുന്ന ആ ബാലൻ മുസാഹിമിനോടു മറുപടി പറഞ്ഞതു്. ബാലൻതന്നെ ഉമറുബ്നുഅബ്ദിൽ അസീസിന്റെ അടുക്കൽപ്പെന്നു താൻ മുസാഹിമിന്റെ പക്കൽനിന്നു കേട്ട വർത്തമാനം അദ്ദേഹത്തെ അറിയിച്ചതിൽ പിന്നെ അദ്ദേഹം എന്താണു"

ചെയ്യാൻ വിചാരിക്കുന്നതെന്നു ചോദിച്ചു. അന്നു വൈകുന്നേരത്തിനു മുമ്പായി ആ കൃത്യം താൻ നിർവ്വഹിക്കുന്നതാണെന്നു അദ്ദേഹം പറഞ്ഞപ്പോൾ ബാലൻ ഇപ്രകാരം അപേക്ഷിച്ചു. "വേഗം ചെയ്യേണ്ടതാണു് രാത്രി എന്താണു് സംഭവിക്കുകയെന്നു് അറിഞ്ഞുകൂടല്ലോ. താങ്കളുടെ മനസ്സിൽ മറെറ വല്ല വിചാരവും ഉണ്ടായിത്തീരുവാൻ ഇടയുണ്ടു്" ഉമർ പുത്രന്റെ സദുദ്ദേശം അറിഞ്ഞു ഇങ്ങിനെ പ്രസ്താവിച്ചു. "മതകാര്യത്തിൽ എന്നെ സഹായിക്കുന്ന സന്താനങ്ങളെ എനിക്കു പ്രദാനം ചെയ്ത അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു" അദ്ദേഹം അതേ അവസരത്തിൽതന്നെ സ്വന്ത കൈവശത്തിലും പുത്രകളത്രാദികളുടെ പക്കലുമുണ്ടായിരുന്ന സർവ്വ സ്വത്തുകളും അവയുടെ അവകാശികൾക്കു മടക്കിക്കൊടുത്തു തന്റെ കുടുംബക്കാരുടെ (ബനൂഉമയ്യാ ഗോത്രക്കാരുടെ) പക്കലുണ്ടായിരുന്നതും അവർ അക്രമമായി കൈവശം വെച്ചിരുന്നതുമായ സ്വത്തുകളും അവരുടെ പക്കൽനിന്നു വാങ്ങി അവയുടെ യഥാർത്ഥ അവകാശികൾക്കു അദ്ദേഹം കൊടുക്കുകയുണ്ടായി.

ബനൂഉമയ്യാ ഗോത്രക്കാർക്കു ഖലീഫയുടെ ഈ കൃത്യം അസഹനീയമായി ഭവിച്ചു. അവർ അദ്ദേഹത്തെ ഉപദേശിക്കുവാനായി അദ്ദേഹത്തിന്റെ പിതൃസഹോദരിയും മർവാന്റെ മകളുമായിരുന്ന ഫാത്തിമത്തിനെ അദ്ദേഹത്തിന്റെ അടുക്കലേക്കു കൊണ്ടുവന്നു. ഫാത്തിമത്തിനോടു അദ്ദേഹത്തിനു വലിയ ഭക്തിയുണ്ടായിരുന്നു ആ സ്ത്രീ വന്ന അവസരത്തിൽ ഉമറുബ്നുഅബ്ദിൽ അസീസ് പ്രസ്താവിച്ചു: 'പരിശുദ്ധനായ അല്ലാഹു ലോകത്തിനു അനുഗ്രഹമായി അയച്ചിരുന്ന പ്രവാചകന്മാർ ലോകത്തിനു ഒരു ജലാശയത്തെ പ്രദാനം ചെയ്തിരിക്കുന്നു തിരുമേനി (സ) യുടെ കാലത്തു അതിൽനിന്നു വെള്ളം കുടിക്കുവാൻ എല്ലാവർക്കും ഒരുപോലെ അവകാശമുണ്ടായിരുന്നു. അനന്തരം ഖലീഫയായ അബൂബക്കറും ആ ജലാശയത്തെ മുൻസ്ഥിതിയിൽ നിലനിറുത്തി. ഉമറും അദ്ദേഹത്തെ പിൻതുടരുകയാണു് ഉണ്ടായതു്. ഇതിൽ പിന്നെ യസീദ്, മർവാൻ, അബ്ദുൽമലിക്കു്, വലീദ്, സുലൈമാൻ ഇവർക്കു ആ ജലാശയം കരസ്ഥമായപ്പോൾ ഇവർ അതിൽ നിന്നു വിവിധ തോടുകൾ വെട്ടിച്ചതിനാൽ അതു വരണ്ടു പോയിരിക്കുന്നു. അതിനെ പൂർവ്വസ്ഥിതിയിൽ തന്നെ ആക്കിത്തീർക്കുന്ന കാലത്തല്ലാതെ ജനങ്ങൾക്കു അതിൽനിന്നു ദാഹം തീർക്കുവാൻ കഴിയുന്നതല്ല.'

ഇതു കേട്ടപ്പോൾ ഫാത്തിമഃ 'നിങ്ങളുടെ സഹോദരന്മാർ നിർബ്ബന്ധിച്ചതുകൊണ്ടു നിങ്ങളോടുപദേശിക്കുവാൻ വേണ്ടിയായിരുന്നു ഞാൻ വന്നതു്. എന്നാൽ നിങ്ങളുടെ അഭിപ്രായം ഇങ്ങിനെയാണെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല' എന്നു പറഞ്ഞു മടങ്ങിപ്പോന്നു. അനന്തരം ഫാത്തിമഃ ബനൂഉമയ്യാ ഗോത്രക്കാരെ വിവരം അറിയിച്ചു. 'എല്ലാം ചെയ്തതു നിങ്ങൾതന്നെയാണു്. ഉമറുബ്നുൽഖത്താബിന്റെ പൌത്രിയുമായി നിങ്ങൾ വിവാഹബന്ധം നടത്തിയിരിക്കുന്നുവല്ലോ. ആ മാതൃവഴിക്കനുസരിച്ച മക്കളാണു് ഇപ്പോൾ ഉണ്ടായിട്ടുള്ളതു്" എന്നു ആ സ്ത്രീ പ്രസ്താവിച്ചു.

ഉദ്യോഗസ്ഥനായിരുന്ന കാലത്തു വളരെ പദവിയിലായിരുന്ന ഉമറുബ്നുഅബ്ദിൽ അസീസ് ജീവിതം നയിച്ചിരുന്നതു്. എങ്കിലും ഖലീഫയായതിൽ പിന്നെ ദിനംപ്രതി രണ്ടു ദിർഹം (50 പൈസ) മാത്രമേ അദ്ദേഹം സ്വന്തം വിലവിനു വിനിയോഗിച്ചിരുന്നുള്ളൂ. ഉമറുത്തു് ഉമർ (റ) വിനെ പോലെ, രുചി കുറഞ്ഞ ആഹാരം കൊണ്ടും വില കുറഞ്ഞ വസ്ത്രം കൊണ്ടും അദ്ദേഹം തൃപ്തിപ്പെട്ടു.

ഉമറുത്തു് ഉമറുബ്നുഅബ്ദിൽഅസീസിന്റെ ഭരണകാലത്തു രത്നക്കല്ലും ആദർബീജാൻ

രാജ്യത്തെ ആക്രമിക്കുകയും അവിടത്തെ മുസ്‌ലിംകളെ കൊല്ലുകയും അവരുടെ ധനം കൊള്ളയിടുകയും ചെയ്തതിനാൽ അദ്ദേഹം ഇബ്‌നുഹുബൈറയെയും അയാളുടെ സൈന്യവുമായി അവിടേക്കയച്ചു. ഇബ്‌നുഹുബൈറ ചെന്നു ശത്രുക്കളെ ശിക്ഷിച്ചു അവിടെ നിന്നു പുറത്താക്കി അദ്ദേഹം സ്പെയിനിലേക്കും യുദ്ധസാമഗ്രികളോടുകൂടി സഹായസൈന്യത്തെ അയച്ചു. സുലൈമാന്റെ ഭരണകാലം മുതൽക്കു കോൺസ്റ്റാണ്ടനോപ്പിളിൽ പട്ടണം വളഞ്ഞു നിന്നിരുന്ന മുസ്‌ലിം ഭടന്മാരുടെ സ്ഥിതി തൃപ്തികരമായിരുന്നില്ല. അവർക്കു അവിടെ പല ബുദ്ധിമുട്ടുകളും നേരിട്ടതിനാൽ അദ്ദേഹം സേനാനായകനായിരുന്ന മസ്‌ലമത്തിനോടു അവരേയുംകൊണ്ടു മടങ്ങിപ്പോരുവാൻ കല്പിച്ചു. റോമക്കാർ തരന്ത എന്ന രാജ്യത്തെ ആക്രമിച്ചുകൊണ്ടിരുന്നതിനാൽ അവിടെയുണ്ടായിരുന്ന ഭടന്മാരെ അദ്ദേഹം മടക്കിവിളിക്കുകയും സൈന്യപാളയം പൊളിപ്പിക്കുകയും ചെയ്തു.

ഉമറുബ്‌നുഅബ്ദിൽഅസീസ് നീതിതല്പരനായ ഖലീഫയാണെന്നു കണ്ടു, ഖാരിജികളും അദ്ദേഹത്തോടു മത്സരിച്ചില്ല. ഇത്തരം ഖലീഫമാരോടു നേരിടുന്നതു നിഷ്ഫലമാണെന്നു അവർ പറയാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഈരാധിൽമാത്രം ഒരു ഖാരിജീസംഘം തലപൊക്കി. ഉമറുബ്‌നുഅബ്ദിൽഅസീസ് അവിടത്തെ ഉദ്യോഗസ്ഥനു ഇപ്രകാരം ഉത്തരവു കൊടുത്തു. 'അവർ (ഖാരിജികൾ) വല്ല കലാപവും ഉണ്ടാക്കിയെന്നുവരാം. അവരെ പിടിച്ചു ബന്ധനസ്ഥരാക്കിക്കൊണ്ടിരിക്കേണ്ടതിനു ഒരു വല്ല നേതാവിന്റെ കീഴിൽ ഒരു സേനയെ നിയമിക്കണം. അവർ ആരെയെങ്കിലും കൊലപ്പെടുത്തിയാലല്ലാതെ അവരെ ദ്രോഹിക്കരുതെന്നു ആ നേതാവിനോടു പറയണം'. ഈ ഉത്തരവനുസരിച്ചു അബൂദുല്ലാബജലിയുടെ പുത്രനായ മുഹമ്മദുബ്‌നുജുറൈമും രണ്ടായിരം ഭടന്മാരും നിയമിതരായി. ഖാരിജികളുടെ നേതാവായിരുന്ന ബസ്ത്താം യശ്കരീ എന്ന ആൾക്കു ഉമറുബ്‌നുഅബ്ദിൽഅസീസ് തന്നെ ഒരു കത്തെഴുതി. 'നിങ്ങൾ അല്ലാഹുവിന്റെയും റസൂൽ തിരുമേനി (സ) യുടെയും ദീനിനെ രക്ഷിക്കുവാനായി പുറപ്പെട്ടവരാണെന്നു ഞങ്ങൾ അറിഞ്ഞിട്ടുണ്ടു്. ആ കൃത്യത്തിനു നിങ്ങളേക്കാൾ അവകാശമുള്ളവർ ഞങ്ങളാകുന്നു. നാം തമ്മിൽ ഒരു വാദപ്രതിവാദം നടത്തുവാനായി നിങ്ങൾ ഞങ്ങളുടെ അടുക്കലേക്കു വരുവിൻ. ഞങ്ങളാണു് സത്യമാർഗ്ഗത്തിലെങ്കിൽ, നിങ്ങൾ ഞങ്ങളുടെ കൂട്ടത്തിൽ ചേരണം. നിങ്ങളുടെ മാർഗ്ഗമാണു് സത്യമായിട്ടുള്ളതെന്നു തെളിയുന്നപക്ഷം, നിങ്ങൾ പറയുംപ്രകാരം ഞങ്ങൾ സമ്മതിച്ചുകൊള്ളാം.' ബസ്ത്താം അങ്ങിനെ ചെയ്യാമെന്നു സമ്മതിച്ചുകൊണ്ടു തന്റെ ഭാഗത്തു് വാദം നടത്തുവാനായി രണ്ടു പേരെ അയക്കുകയുണ്ടായി.

ഒരു വാദപ്രതിവാദം

ഉമറുബ്‌നുഅബ്ദിൽഅസീസ്—നിങ്ങൾ എന്തിനാണു് സമുദായത്തിൽനിന്നു് പിരിഞ്ഞുകളഞ്ഞതു്? ഞങ്ങളുടെ പ്രവൃത്തികളിൽ ഏതാണു് നിങ്ങൾക്കു തൃപ്തികരമല്ലെന്നു തോന്നുന്നതു്?

ഖാരിജി—താങ്കൾ നീതിമാനും സമ്മാന്യനുമാണു്. താങ്കളെ സംബന്ധിച്ചു വ്യക്തിപരമായ യാതൊരു ആക്ഷേപവും ഞങ്ങൾക്കില്ല. എങ്കിലും താങ്കൾ ഖലീഫയായതു സമുദായത്തിന്റെ ആനുകൂല്യത്തോടുകൂടിയൊ, അതല്ല ബലപ്രയോഗത്താലൊ എന്നു പറഞ്ഞാൽ കൊള്ളാം.

ഉമർ—ഞാൻ ഖിലാഫത്തധികാരം ആഗ്രഹിക്കുകയാകട്ടെ, ബലപ്രയോഗത്താൽ അതു

കരസ്ഥമാക്കുകയാകട്ടെ, ചെയ്തിട്ടില്ല. എനിക്ക മുമ്പുണ്ടായിരുന്ന ഖലീഫ എന്നെ സ്ഥാനാവകാശിയായി നിശ്ചയിക്കുകയും അതു ഞാൻ സ്വീകരിക്കുകയുമാണു് ഉണ്ടായിട്ടുള്ളതു്. നിങ്ങളൊഴിച്ചു ആരുംതന്നെ എന്നോടു മത്സരത്തിനു പുറപ്പെട്ടിട്ടില്ല. നീതിമാനും നിഷ്പക്ഷപാതിയുമായ ഒരു മുസ്‌ലിം, ഖലീഫയാകുന്നതിൽ നിങ്ങൾക്കു വിരോധമില്ലല്ലൊ. അതുകൊണ്ടു എന്നോടു നിങ്ങൾ മത്സരിക്കരുതു് ഞാൻ നീതിയേയും നിഷ്പക്ഷപാതിത്വത്തെയും കൈക്കൊള്ളുന്നതായാൽ, ദോഷമില്ലല്ലൊ: അല്ലാത്തപക്ഷം നിങ്ങൾ എന്നെ അനുസരിക്കേണ്ടതില്ല.

ഖാരിജീ—ഞങ്ങൾക്കു ഒരു അപേക്ഷമാത്രമേയുള്ളൂ. താങ്കളുടെ മുൻഗാമികളായിരുന്ന ബനൂഉമയ്യാ ഗോത്രക്കാർ അന്യായമായും അക്രമമായും ധനം കൈക്കലാക്കിയതിനു 'മസാലിം' (അക്രമപ്രവൃത്തികൾ) എന്നു നാമകരണം ചെയ്ത ആ വസ്തുവകകൾ താങ്കൾ അതിന്റെ അവകാശികൾക്കു മടക്കിക്കൊടുത്തുവല്ലൊ. അതിനു അല്ലാഹു താങ്കൾക്കു പ്രതിഫലം നല്കട്ടെ! എന്നാൽ താങ്കൾ സമ്മാഗ്ദ്ധത്തിലും അവർ ദുർമ്മാഗ്ദ്ധത്തിലും ആയിത്തീർന്ന സ്ഥിതിക്കു അവരെ താങ്കൾ ശപിക്കേണ്ടതാണു്.

ഉമർ—ഇഹലോകത്തിനു വേണ്ടിയല്ല, പരലോകത്തിനു വേണ്ടിയാണു്, നിങ്ങൾ സുഹൃത്തുക്കളുമായി അകന്നുകൊണ്ടിരിക്കുന്നതെന്നു എനിക്കറിയാം. എങ്കിലും നിങ്ങൾ അംഗീകരിച്ചിട്ടുള്ളതു പിഴച്ചു മാർഗ്ഗമാണു് അതിനെ കുറിച്ചു ഞാൻ വിസ്തരിക്കാം. ഞാൻ ശപിക്കുവാൻ വേണ്ടി നിയോഗിതനായിട്ടുള്ളവനല്ല' എന്നു റസൂൽ തിരുമേനി (സ) അരുളിയിട്ടുണ്ടെന്നു നിങ്ങൾക്കു അറിയാമല്ലൊ. പരന്തു് ഇബ്രാഹിം നബി (അ) പറഞ്ഞിരുന്നതായി, അദ്ദേഹത്തിന്റെ കഥയിൽ അല്ലാഹു ഉദ്ധരിച്ചിട്ടുള്ളതു ശ്രദ്ധിക്കുക: 'വല്ലവനും എന്നെ അനുഗമിക്കുന്നതായാൽ അവൻ എന്റെ സംഘത്തിൽ പെട്ടവനും ആരെങ്കിലും അനുസരിക്കാതിരിക്കുന്നപക്ഷം, (ദൈവമേ) നീ മാപ്പുകൊടുക്കുന്നവനും ദയാലുവുമാണു്'. ഈ പ്രവാചകന്മാരെ അനുകരിക്കേണ്ടതു മുസ്‌ലിംകളുടെ കടമയല്ലേ? എന്റെ മുൻഗാമികളുടെ പ്രവൃത്തികളെ ഞാൻ അക്രമങ്ങളായി ഗണിച്ചതു തന്നെ അവരെ വേണ്ടതു അപമാനകരമായിട്ടുണ്ടു്. കുറെക്കാരെ ശപിച്ചേ കഴിയൂ എന്നു വല്ല വിധിയുമുണ്ടോ? നിങ്ങൾ യസീദിനെ ശപിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചു കൊള്ളുന്നു.

ഖാരിജീ—അവനെ വല്ലപ്പോഴും ശപിച്ചിട്ടുണ്ടോ എന്നു ഞാൻ ഓർക്കുന്നില്ല

ഉമർ—ജനങ്ങളിൽ വെച്ചു ദുർമ്മാഗ്ദ്ധിയും അല്ലാഹുവിന്റെ മതത്തിനു കഠിന ശത്രുവുമായിരുന്ന യസീദിനെ നിങ്ങൾ ശപിക്കാത്ത സ്ഥിതിക്കു മുസ്‌ലിംകളും മതാനുസാരികളുമായിരുന്ന എന്റെ മുൻഗാമികളെ ഞാൻ ശപിക്കേണമെന്നു നിർബ്ബന്ധിക്കുന്നുവല്ലൊ.

ഖാരിജീ—അക്രമപ്രവൃത്തികൾ ചെയ്തതുകൊണ്ടു അവർ അമുസ്‌ലിംകളായിപ്പോയിരിക്കുന്നു.

ഉമർ—ഒരിക്കലുമില്ല. ഇസ്‌ലാംമതം പ്രബോധനം ചെയ്തതു റസൂൽ തിരുമേനി (സ) യാണു്. അവിടുത്തെ പ്രബോധനം സത്യമാണെന്നു ധരിച്ച ഏതൊരാളും മുസ്‌ലിമാണു്. അവന്റെ പ്രവർത്തനം വല്ല വീഴ്ചയോ പിഴവോ വന്നുപോയാലും അവൻ ഇസ്‌ലാമിൽനിന്നു ദൂരീകൃതനല്ല. കുറ്റത്തിനനുസരിച്ച ശിക്ഷകൾ അവൻ പാത്രമായിരിക്കുമെന്നേയുള്ളൂ.

ഖാരിജീ—അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയെന്നതു ഇസ്‌ലാം മത

ത്തിൽ പെട്ടതാകുന്നു. അതുകൊണ്ടു അവരുടെ കല്പനകളനുസരിച്ചു പ്രവർത്തിക്കാത്തവർ അമുസ്‌ലിംകളാണു്

ഉമർ—അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകൾ പ്രകാരം പ്രവർത്തിക്കുകയില്ലെന്നു എന്റെ മുൻഗാമികളിൽ ആരും പറഞ്ഞിരുന്നില്ല. നിർഭാഗ്യവശാൽ ആ കല്പനകളെ പൂർണ്ണമായി അനുഷ്ഠിക്കുവാൻ അവർക്കു കഴിഞ്ഞില്ലെന്നേയുള്ളൂ.

ഖാരിജീ—അവർ മതത്തിനു വിപരീതം പ്രവർത്തിച്ചവരാകയാൽ താങ്കൾ അവരെ വെറുക്കേണ്ടതാണു്.

ഉമർ—ഹസ്രത്തു് അബൂബക്കർ (റ) മതപരിത്യാഗികളുമായി യുദ്ധം ചെയ്ത അവസരത്തിൽ അവരുടെ ഭാര്യമാരേയും മക്കളേയും ബന്ധനസ്ഥരാക്കിയിരുന്നുവെന്നു നിങ്ങൾക്കു അറിയാമല്ലോ.

ഖാരിജീ—അറിയാം.

ഉമർ—ഹസ്രത്തു് ഉമർ (റ) തന്റെ ഭരണകാലത്തു്, മതപരിത്യാഗികളുടെ ഭാര്യമാരെയും മക്കളെയും അടിമകളാക്കി നിർത്തുന്നതു ശരിയല്ലെന്നു കണ്ടു അവരെ പിഴ വാങ്ങി മോചിതരാക്കിയതും നിങ്ങൾ അറിയുന്നുണ്ടല്ലോ.

ഖാരിജീ—അറിയുന്നുണ്ടു്.

ഉമർ—എന്നാൽ ഹസ്രത്തു് ഉമർ (റ), ഹസ്രത്തു് അബൂബക്കർ (റ) യുടെ ആ പ്രവൃത്തി നിമിത്തം അദ്ദേഹത്തെ വെറുത്തിരുന്നുവോ?

ഖാരിജീ—ഇല്ല.

ഉമർ—ഈ പരസ്പര വിരുദ്ധങ്ങളായ പ്രവൃത്തികളാൽ ആ രണ്ടുമഹാന്മാരെ നിങ്ങൾ വെറുത്തിട്ടുണ്ടോ?

ഖാരിജീ—ഇല്ല.

ഉമർ—കവർച്ചയും, കൊലയും ന്യായാനുസാരമാണെന്നു നിങ്ങളുടെ മുൻഗാമികളായിരുന്ന നഹ്‌റുവാൻകാരിൽപെട്ട ക്വഫക്കാർ വിശ്വസിച്ചിരുന്നില്ല. നേരെ മറിച്ചു, അവരിൽ പെട്ട ബസറക്കാർ അബ്ദുല്ലാഹിബ്‌നുജന്നാബിനെയും അയാളുടെ ഗർഭിണിയായിരുന്ന ഭാര്യയെയും കൊല്ലുകയുണ്ടായി. എന്നാൽ ക്വഫക്കാർ ഇതു നിമിത്തം അവരെ വെറുത്തിട്ടുണ്ടോ?

ഖാരിജീ—ഇല്ല.

ഉമർ—ഇതു ഭിന്നാഭിപ്രായക്കാരായ ഈ രണ്ടു സംഘക്കാരെ നിങ്ങൾ വെറുക്കുന്നുണ്ടോ?

ഖാരിജീ—ഇല്ല.

ഉമർ—നിങ്ങൾ അബൂബക്കർ (റ), ഉമർ (റ), ഇവരെയും ബസറ, ക്വഫ, ഇവിടത്തുകാരെയും സ്നേഹിക്കുകയും, എന്റെ കുടുംബത്തിലെ മാന്യന്മാരെ വെറുക്കേണമെന്നു എന്നോടു നിർബ്ബന്ധിക്കുകയും ചെയ്യുന്നുവല്ലോ. നിങ്ങൾ വിഡ്ഢികളാകുന്നു. നബി (സ) യുടെ മുമ്പാകെ സാക്ഷ്യവചനം (ശഹാദത്തു് കലിമ) ഉച്ചരിക്കുന്ന ഏതു മനുഷ്യന്റെയും, ജീവനും ധനവും പദവിയും രക്ഷപ്പെട്ടിരുന്നു. നേരെമറിച്ചു നിങ്ങൾ മുസ്‌ലിംകളെ കൊല്ലുകയും അമുസ്‌ലിംകളെയും ബഹുദൈവവിശ്വാസികളെയും കൊല്ലുകയോ, അവരുടെ സ്വത്തുക്കൾ കരഗതമാക്കുകയോ ചെയ്യുന്നതാണു് തെറ്റെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ഖാരിജീ—ശരി. എന്നാൽ ഒന്നുകൂടി ചോദിക്കുവാനുണ്ടു്. ഒരുവൻ സമുദായത്തിന്റെ ഭരണകർത്തവ്യം വഹിച്ചു നീതിയായും നിഷ്പക്ഷമായും ഭരണം നടത്തുന്നുണ്ടെങ്കിലും നീതിയെയും പക്ഷപാതരാഹിത്യത്തെയും അനുഷ്ഠിക്കുവാനിടയില്ലാത്ത ഒരാൾക്കു ആ ഭരണം ഭരമേല്പിക്കുന്നതായാൽ, അവന്റെ ബാദ്ധ്യതയെ അവൻ നിർവ്വഹിയെന്നു താങ്കൾക്കു അഭിപ്രായമുണ്ടോ?

ഉമർ—ഇല്ല.

ഖാരിജീ—എന്നാൽ ഖിലാഫത്തധികാരം താങ്കൾക്കുശേഷം അബ്ദുൽമാലിക്ക് മകൻ യസീദിന്നു കൊടുത്തു. താങ്കളുടെ ഉത്തരവാദിത്വത്തിൽനിന്നു മോചിതനാകുവാൻ താങ്കൾക്കു സാധിക്കുമോ? അദ്ദേഹം നീതിയെ കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല.

ഉമർ—അങ്ങിനെ ചെയ്തതു ഞാനല്ല. എനിക്കു മുമ്പു ഖലീഫയായിരുന്ന സുലൈമാൻ എന്നെയും എനിക്കു ശേഷം യസീദിനെയും ഖിലാഫത്തവകാശികളായി നിയമിച്ചു.

ഖാരിജീ—സുലൈമാൻ അങ്ങിനെ ചെയ്തതു ന്യായാനുസൃതമാണെന്നു താങ്കൾ വിചാരിക്കുന്നുണ്ടോ?

ഈ ചോദ്യത്തിന്നു ഉമറുബ്നുഅബ്ദിൽ അസീസ് മറുപടി പറയാതെ മൌനം ദീക്ഷിക്കുകയും മറുപടിക്കു രണ്ടു ദിവസത്തെ അവധി ചോദിക്കുകയുമാണ് ഉണ്ടായതു്. ഈ വാദപ്രതിവാദത്തിന്റെ ഫലമായി ഖാരിജികളുടെ ഭാഗത്തു് വാദം നടത്തിയിരുന്ന രണ്ടു പേരിൽ ഒരാൾ അവരുടെ കൂട്ടത്തിൽനിന്നു പിരിഞ്ഞു സന്മാർഗ്ഗത്തെ അവലംബിച്ചു. കലാപത്തിന്നൊരുങ്ങിയിരുന്ന ഖാരിജികൾ അവസാനം അതിൽനിന്നു പിന്മാറുകയാണ് ഉണ്ടായതു്.

ഉമറിന്റെ വേർപാടു്

രണ്ടു കൊല്ലവും അഞ്ചു മാസവും നാലു ദിവസവും മാത്രം ഖിലാഫത്തധികാരം വഹിച്ചു, ഹിജ്റഃ 101 റജബ് 25-ാംനാ- തന്റെ 39-ാം വയസ്സിൽ ഉമറുബ്നുഅബ്ദിൽഅസീസ് ദൈർസംആൻ എന്നിടത്തു വെച്ചു മരണം പ്രാപിച്ചു.

മരണസമയത്തു് 21 ദീനാർ മാത്രമേ അദ്ദേഹത്തിന്റെ ഉടമയിൽ ഉണ്ടായിരുന്നുള്ളൂ. ഇതിൽനിന്നു ഏതാനും സംഖ്യ അദ്ദേഹത്തിന്റെ ശവസംസ്കാരത്തിന്നു ചെലവായി. ബാക്കിയുണ്ടായിരുന്നതു അവകാശികൾ പകുത്തെടുത്തു.

ഒരു നിവേദനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നു: 'ഉമറുബ്നുഅബ്ദിൽഅസീസിന്നു പതിനൊന്നു പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഓരോരുത്തക്കും ലഭിച്ച പിതൃസ്വത്തു് ഓരോ ദീനാറായിരുന്നു. ഹിശാമുബ്നുഅബ്ദിൽമലിക്കിന്നും പതിനൊന്നു പുത്രന്മാരാണ് ഉണ്ടായിരുന്നതു്. അവർക്കു പതുപ്പത്തു ലക്ഷം ദിർഹം പിതൃസ്വത്തു് സിദ്ധിച്ചു. എന്നാൽ ഉമറിന്റെ പുത്രന്മാരിലൊരാൾ യുദ്ധാവശ്യത്തിലേക്കു 100 കുതിര കൊടുത്തയച്ചു. ഹിശാമിന്റെ ഒരു പുത്രൻ ജനങ്ങളുടെ പക്കൽ നിന്നു ഇരന്നുകൊണ്ടിരുന്നതും ഒരു ദിവസം ഞാൻ കാണുകയുണ്ടായി.'

ഹസ്രത്തു് ഉമറുബ്നുഅബ്ദിൽഅസീസ് രാജാക്കന്മാരെപ്പോലെ പദവിയും പ്രതാപവും ഇഷ്ടപ്പെട്ടിരുന്നില്ല. നേരെ മറിച്ചു അവയെ വെറുക്കുകയാണ് അദ്ദേഹം ചെയ്തിരുന്നതു്. അദ്ദേഹം തന്റെ ഭരണകാലത്തു് ഖുലഫാഉർറാശിദീൻ ഭരണകാലത്തെ മാതൃകായോഗ്യമായ നീതിയെയും സമത്വത്തെയും ഒരു തവണകൂടി സമുദായത്തിൽ വേരുറപ്പിച്ചു. ജനതയുടെ ധനത്തെയും അവകാശത്തെയും അദ്ദേഹം പരിരക്ഷിച്ചു. അദ്ദേഹത്തിന്നു ജനങ്ങളോടു പുത്രനിർവ്വിശേഷമായ വാത്സല്യമുണ്ടായിരുന്നു. അവരുടെ ക്ഷേമത്തെ ഉദ്ദേശിച്ചു അദ്ദേഹം അവിടവിടെ സത്രങ്ങളും ആതിഥ്യമന്ദിരങ്ങളും പണിയിച്ചു. മുൻഗാമികളായ ഭരണകർത്താക്കളുടെ ദ്രോഹങ്ങളാൽ ഉണ്ടായിത്തീർന്നവ്യവഹാരങ്ങളെയും അദ്ദേഹം പരിഹരിച്ചു.

അദ്ദേഹത്തിന്റെ നീതിപൂർവ്വമായ ഭരണം നിമിത്തം നാട്ടുകാർ വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ജനങ്ങൾ ധർമ്മസാധനങ്ങളായി ദരിദ്രന്മാരെ അന്വേഷിച്ചു നടന്നിട്ടും, വാങ്ങു

വാൻ ആളുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കാലത്തു് അനേകം ദിമ്മികളും ഇസ്‌ലാംമതത്തിൽ ചേർന്നു. മാവറാഅന്നഹ്‌റിലെ ഭരണാധിപന്മാരും സിന്ധു രാജാക്കന്മാരും ഇസ്‌ലാംമതം സ്വീകരിക്കുകയുണ്ടായി.

ഹസ്രത്തു് ഉമറിനെപ്പോലെ, തന്റെ ഉത്തരവാദിത്വത്തെ കുറിച്ചു അദ്ദേഹത്തിനു നല്ല ബോധമുണ്ടായിരുന്നു. ഖിലാഫത്തിന്റെ ഭാരം കൈയേറ്റതോടുകൂടി അദ്ദേഹം മെലിഞ്ഞു ക്ഷീണിച്ചുകൊണ്ടിരിക്കുകയും രണ്ടര വർഷം പൂർത്തിയാകുന്നതിനു മുമ്പുതന്നെ നിയ്യാതനാകുകയും ചെയ്തതു ഖിലാഫത്തധികാരത്തിന്റെ കടമ നിർവ്വഹിക്കുന്നതിൽ ചിന്താനിമഗ്നനായതുകൊണ്ടായിരിക്കുമെന്നു ഊഹിക്കുന്നതിൽ തെറ്റില്ല.

സമ്പന്നരെപോലെ സുഖത്തോടും സന്തോഷത്തോടും കൂടിയായിരുന്നു ആദ്യകാലത്തു് അദ്ദേഹം ജീവിതം നയിച്ചിരുന്നതു് എങ്കിലും ഖലീഫയായതോടുകൂടി അദ്ദേഹം ഒരു സൂഫിയുടെ ജീവിതരീതി കൈക്കൊണ്ടു. അദ്ദേഹം എത്രകണ്ടു ദൈവഭക്തനായിരുന്നുവെന്നു ഇതിൽനിന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. അബ്ദുൽമലിക്കിന്റെ മകളും തന്റെ ഭാര്യയുമായിരുന്ന ഫാത്തിമത്തിനോടു അദ്ദേഹം പല പ്പോഴും ഉപദേശിക്കാറുണ്ടായിരുന്നു. 'പരലോകത്തിൽ വെച്ചു നാം ശിക്ഷയിൽ അകപ്പെടുന്നതിനെ അപേക്ഷിച്ചു, ഇഹത്തിൽ വെച്ചു ഏതാനും ദിവസത്തെ കഷ്ടപ്പാടുകളും സഹിക്കുകയാണു് നമുക്കു എളുപ്പമായിട്ടുള്ളതു്' ക്ഷമയോടും ധൈര്യത്തോടും കൂടി ആ സ്ത്രീ ഭാരിദ്ര്യജീവിതത്തെ തൃപ്തിപ്പെട്ടു.

അദ്ദേഹത്തെ സർവ്വോപരി സഹായിച്ചുകൊണ്ടിരുന്നതു അദ്ദേഹത്തിന്റെ പതിനേഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന മകൻ അബ്ദുൽമലിക്കായിരുന്നു. അദ്ദേഹത്തിനു മാരണകാരണമായ രോഗം പിടിപെട്ടപ്പോൾ ആ ബാലനോടു അന്ത്യവാചകമായി അദ്ദേഹം ഇപ്രകാരം പറഞ്ഞു. 'മകനെ, നിന്റെ സല്പ്പേരു മൂലം എനിക്കു രക്ഷ കിട്ടുന്നതിനേക്കാൾ നല്ലതു എന്റെ സല്പ്പേരു മൂലം നിനക്കു രക്ഷ കിട്ടുകയാണു്.' പിതാവിനു സൗഭാഗ്യകാംക്ഷിയായിരുന്ന ആ പുത്രൻ, താൻ തന്റെ ആഗ്രഹത്തെ അപേക്ഷിച്ചു അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണു് വില വെക്കുന്നതു എന്നു മറുപടി പറഞ്ഞു.

ഉമറുബ്നുഅബ്ദിൽഅസീസ് വളരെ ചുരുങ്ങിയ കാലം മാത്രമേ ഖിലാഫത്തു് വഹിച്ചിരുന്നുള്ളുവെങ്കിലും, അദ്ദേഹം പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി. മുൻഗാമികളുടെ കാലത്തു ഖിലാഫത്തധികാരം ഏതു പടിയിൽ സ്ഥിതി ചെയ്തിരുന്നുവോ, ആ പടിയിലേക്കു അതിനെ അദ്ദേഹം വീണ്ടെടുത്തു.

ഹസ്രത്ത് അലി (ക. വ) ബന്ധുഉമയ്യാഗോത്രക്കാർക്കുണ്ടായിരുന്ന ശത്രുത നിമിത്തം അമീർ മുആവിയയുടെ ഭരണകാലം മുതല്ക്കു ജുംആ പ്രാസംഗികന്മാർ ഖുത്ത്ബാ പ്രസംഗപീഠങ്ങളിൽ വെച്ചു അദ്ദേഹത്തെ ശപിക്കുകയും ആക്ഷേപിക്കുകയും ചെയ്യുക പതിവായിരുന്നു ഹസ്രത്ത് ഉമറുബ്നുഅബ്ദിൽഅസീസ് ഈ ദുരാചാരത്തെ നിർത്തൽ ചെയ്തു. അതിനു പകരമായി ജുംആ പ്രസംഗങ്ങളിൽ ഈ ഖുർആൻ വാക്യത്തെ അദ്ദേഹം നടപ്പാക്കി.

'അല്ലാഹു നീതിയെ അനുഷ്ഠിക്കുവാനും ഗുണം ചെയ്യുവാനും അടുത്ത ബന്ധുക്കൾക്കു ധനം നൽകുവാനും ആജ്ഞാപിക്കുകയും ചീത്ത സംസാരത്തെയും ദുഷ്കൃത്യത്തെയും അക്രമപ്രവൃത്തിയെയും വിരോധിക്കുകയും ചെയ്യുന്നു. നിങ്ങൾ ഓർമ്മിക്കുവാൻ വേണ്ടിയാണു് അവൻ നിങ്ങളോടു ഉപദേശിക്കുന്നതു്.'

രണ്ടാം യസീദ്

അബ്ദുൽമലിക്കിന്റെ പുത്രനായ യസീദ് ഭ്രാതനായത് ഹിജ്‌റഃ 65-ലാണ് ഉമവബ്‌നഅബ്ദിൽഅസീസിന്റെ ശേഷം ഖലീഫയാകേണ്ടതിന്ന് സുലൈമാനബ്‌നഅബ്ദിൽമലിക്ക് അദ്ദേഹത്തെ അവകാശിയാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഉമവബ്‌നഅബ്ദിൽഅസീസിന്റെ മരണാനന്തരം അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ഖലീഫയായതോട് കൂടി തന്നെ, ഉമവബ്‌നഅബ്ദിൽഅസീസിന്റെ കാലത്തുണ്ടായ സമ്പത്തിഷ്ടാരങ്ങളെയും അദ്ദേഹം ഭേദപ്പെടുത്തി. അദ്ദേഹം ഇസ്‌ലാമിക ഭരണത്തെ വീണ്ടും ബനൂഉമയ്യാഗോത്രക്കാർ അനുവർത്തിച്ചിരുന്ന പഴയ സമ്പ്രദായത്തിൽ ആക്കിത്തീർത്തു. മദ്യപിക്കുവാനും സ്ത്രീകളുടെ രാഗം കേൾക്കുന്നതിൽ സമയം കളയുവാനും ഒന്നാമതായി കരുതപ്പെട്ട ഖലീഫ അദ്ദേഹമാണെന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

ഇബ്‌നമുഹല്ലബിന്റെ വിപ്ലവം

ഖുറാസാൻ ഗവണ്മെന്റായിരുന്ന യസീദ് ബ്‌നമുഹല്ലബ് നികുതി പിരിച്ചയച്ചു, കൊടുക്കാതിരുന്നതു കൊണ്ട് ഉമവബ്‌നഅബ്ദിൽഅസീസ് അദ്ദേഹത്തെ തടവിലാക്കിയിരുന്നുവല്ലോ. ഉമവബ്‌നഅബ്ദിൽഅസീസിന്റെ അന്ത്യരോഗത്തെ കുറിച്ച് ജയിലിൽ വിവരം കിട്ടിയപ്പോൾ, യസീദ്ബ്‌നഅബ്ദിൽമലിക്കിന്റെ കൈയിൽ അകപ്പെടുന്നതായാൽ, തന്നെ അദ്ദേഹം കൊന്നു കളയുമെന്നു ഭയപ്പെട്ട് അദ്ദേഹം ജയിലിൽ നിന്നു രക്ഷപ്പെട്ട് ബസറയിൽ വന്നെത്തി. അദ്ദേഹം ബസറാ ഭരണകർത്താവായിരുന്ന അലിയ്യുബ്‌നഅത്തിയെ പുറത്താക്കി ആ പട്ടണം കീഴടക്കുകയും ഫാരിസും അഹ്‌വാസും വരെ ഭരണം സ്ഥാപിക്കുകയും ചെയ്തതിൽ പിന്നെ സിറിയക്കാരോട് പോരാടുവാനായി ഒരു വമ്പിച്ച സൈന്യം തയ്യാറാക്കി. തുർക്കികളോടും ദൈലമികളോടും യുദ്ധം ചെയ്യുന്നതിനേക്കാൾ മഹത്തരമായിട്ടുള്ളതു സിറിയക്കാരോട് പോരാടുന്നതാണെന്നു അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. ഇമാംഹസൻബസരി അദ്ദേഹത്തിന്നു പ്രതികൂലിയായിരുന്നു. എങ്കിലും അദ്ദേഹം വിവരമറിഞ്ഞാൽ ഹസൻബസരിയെ കൊന്നുകളയുമെന്നു ജനങ്ങൾ ഭയപ്പെട്ടു. അവർ അദ്ദേഹത്തെ അടക്കിക്കളഞ്ഞു.

ഇബ്‌നമുഹല്ലബ് മേൽ പ്രസ്താവിച്ച സൈന്യവുമായി വാസിത്തിന്റെ നേരെ പെന്നു. അദ്ദേഹത്തോട് നേരിടുവാനായി സിറിയയിൽനിന്നു യസീദ്ബ്‌നഅബ്ദിൽമലിക്ക് തന്റെ സഹോദരൻ മസ്‌ലമത്തിന്റെ നായകത്വത്തിൽ ഭടന്മാരെ അയച്ചു. ഇങ്ങിനെ ഇരു കക്ഷികളും തമ്മിൽ നേരിട്ടതിനാൽ അനല്പമായ രക്തം പ്രവഹിച്ചു. യസീദും അദ്ദേഹത്തിന്റെ സഹോദരനായിരുന്ന ഹബീബും പോക്കത്തിൽ വെച്ചു കൊല്ലപ്പെടുകയും മസ്‌ലമത്ത് വിജയിക്കുകയുമാണ് ഉണ്ടായത്.

ശേഷമുണ്ടായിരുന്ന മുഹല്ലബ് വംശക്കാർ ബസറയിൽ നിന്നു കപ്പൽമാർഗ്ഗമായി കിഴക്കുഭാഗത്തേക്കു പലായനം ചെയ്തു. അവരുടെ പിന്നാലെ മസ്‌ലമത്ത് ഒരു കൂട്ടം പട്ടാളക്കാരെ അയച്ചിട്ടുണ്ടായിരുന്നു. അവർ കർമാനിന്നടുത്ത ഒരു സ്ഥലത്തു ഇറങ്ങി കരവഴിക്കു ഖന്താർബീൽ എന്നിടത്ത് എത്തിയപ്പോൾ പട്ടാളക്കാർ അവരുമായി നേരിട്ടു. ഇബ്‌നമുഹല്ലബിന്റെ പുത്രനായിരുന്ന അബൂഉത്ത്‌ബത്തും പൌത്രൻ ഇസ്‌മാഈബ്‌നമുഖല്ലദുമൊഴിച്ചു ബാക്കിയുള്ളവരൊക്കെ കൊലയിൽനിന്നു രക്ഷ പ്രാപിച്ചില്ല. ഉൽകൃഷ്ട സേനാനായകനും സമുദായത്തിന്നു അഭിമാനകരമായ കൃത്യങ്ങൾ നിർവ്വഹിച്ച ആളുമായിരുന്ന മുഹല്ലബിന്റെ

വംശക്കാർ ഇങ്ങിനെ നാശഗർത്തത്തിൽ നിപതിച്ചു.

മസ്ലമത്ത് കുറെ ദിവസങ്ങളോളം ഉറാഖ് ഗവണ്ണരായി ഭരണം നടത്തി. അനന്തരം അവിടെ ഗവണ്ണരായി നിയമിതനായതു് അംറുബ്നുഹുബൈറഃഫസാരി എന്ന ആളായിരുന്നു.

രണ്ടാം യസീദിന്റെ വിജയങ്ങൾ

സമർഖന്ദിലെ തുർക്കികളും സഗ്ദുകാരും മത്സരത്തിനു പുറപ്പെട്ടതിനാൽ അംറുബ്നുഹുബൈറഃ, സഈദ്ഹശീ എന്ന ആളെ ഖുറാസാൻ ഭരണകർത്താവായി നിയമിച്ചു, സൈന്യവുമായി അയച്ചു അദ്ദേഹം യുദ്ധം ചെയ്തു വീണ്ടും അവരെ കീഴടക്കി.

കാസ്പ്യൻ തീരപ്രദേശങ്ങളിലും അർമേനിയയിലും അതിർത്തിസംരക്ഷണത്തിനായി നിയമിതനായിരുന്നതു തബീത്ത്നഹ്റാനീ എന്ന ആളായിരുന്നു. കാസിപ്യൻ തീരപ്രദേശങ്ങളിലെ നിവാസികളും ഖബ്ചാഖ് മുതലായ രാജ്യക്കാരുടെ സഹായത്തോടു കൂടി മറ ജ്ഹറിജുമാരിൽ വെച്ചു ആക്രമിച്ചു മുസ്ലിം ഭടന്മാരിൽ അധികപേരെ കൊല്ലുകയും കൊള്ള നടത്തുകയും ചെയ്തു. ഈ ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു രക്ഷ പ്രാപിച്ച ഭടന്മാർ സിറിയയിൽ ഓടിയെത്തിയതിൽ പിന്നെ, യസീദുബ്നുഅബ്ദിൽമലിക്ക് ഒരു വലിയ സൈന്യത്തെ ജർറാഹുബ്നുഅബ്ദില്ലാഹുൽഹകമിയുടെ നായകത്വത്തിൽ അറബേക്കയച്ചു. ജർറാഹ് ബാകറഃ എന്നിടത്തു് എത്തിയതിൽ പിന്നെ കാസ്പ്യൻ രാജ്യങ്ങളിലേക്കു പോയി.

അദ്ദേഹം 'ബർ' വരെ കടന്നു അവിടുത്തെ പല സ്ഥലങ്ങളും കീഴടക്കി. ശത്രുക്കൾ രാജാക്കന്മാരുടെ കീഴിൽ പോരിനു വന്നുവെങ്കിലും പരാജിതരായി കൂടുകയാണുണ്ടായതു്. മുസ്ലിംകൾക്കു അവരുടെ മേൽ വിജയം സിദ്ധിച്ചു. അനന്തരം അവർ മുന്നോട്ടു ചെന്നു അവരുടെ ഒരു ശക്തിമത്തായ കോട്ട കൈവശപ്പെടുത്തിക്കൊണ്ടു ബലഞ്ചർ എന്ന പ്രദേശത്തെ ആക്രമിച്ചു. കഠിനസമരം നടന്നുവെങ്കിലും ദൈവകടാക്ഷത്താൽ മുസ്ലിംകൾക്കു ജയം സിദ്ധിച്ചു. കൊടിപ്പോയിരുന്ന രാവിടത്തെ രാജാവിന്റെ ഭാര്യയേയും മക്കളേയും ജർറാഹ് അടുക്കലേക്കയച്ചുകൊടുക്കുകയുണ്ടായി. ഈ കൃത്യപൂർത്തീകരണം നിമിത്തം രാജാവു അദ്ദേഹത്തിന്റെ അടുക്കൽ ദൂതരായി. മുസ്ലിംകളോടു വിശ്വസ്തതയോടെ ഇടപെടുന്നതും ശത്രുക്കളുടെ വർത്തമാനങ്ങൾ അവരെ അപ്പപ്പോൾ അറിയിച്ചുകൊണ്ടിരിക്കുന്നതുമാണെന്നു രാജാവു് കരാർ ചെയ്തുകൊണ്ടു് മസ്ലമത്തു് അയാളുടെ മുതലുകളും മുഴുവനും തിരികെ കൊടുക്കുകയും രാജ്യം അയാളെ തന്നെ ഭരമേല്പിക്കുകയും ചെയ്തു.

യസീദിനു രണ്ടു പേർക്കു സ്ഥാനാവകാശം നല്കുകയുണ്ടായി. ഒന്നാമത്തെ അവകാശിയായി തന്റെ സഹോദരൻ ഹിശാമിനെയും രണ്ടാമത്തെ അവകാശിയായി മകൻ വലീദിനെയുമാണു് തിരഞ്ഞെടുത്തതു്.

വേർപാടു്

യസീദുബ്നുഅബ്ദിൽമലിക്കു് ബൽഖാഅ് എന്നിടത്തുവെച്ചു് ഹിജ്റ 105 ശഅ്ബാൻ 25-നു- 38-ാം വയസ്സിൽ പരേതനായി നാലുകൊല്ലവും ഒരു മാസവുമാണു് അദ്ദേഹം ഖിലാഫത്തധികാരത്തിൽ ഇരുന്നതു്.

ഹിശാമുബ്നുഅബ്ദിൽമലിക്കിന്റെ ഭരണം

ഹിശാമുബ്നുഅബ്ദിൽമലിക്കു് ഹിജ്റ 72-ൽ ജനിതനായി. അദ്ദേഹത്തിന്റെ പിതാവായ അബ്ദുൽമലിക്കു് ഖാഖിൽവെച്ചു് മിസ്അബുബ്നുസുബൈറുമായി യുദ്ധം ചെയ്തിരു

ന്നത്‌ അക്കാലത്തായിരുന്നു മഖ്‌സൂമീവംശജനായ ഹിശാമുബ്‌നുഇസ്മായീലിന്റെ പുത്രി ആയിഷയായിരുന്നു അദ്ദേഹത്തിന്റെ മാതാവ്‌ തന്റെ സഹോദരൻ യസീദ്‌ മരണമടഞ്ഞ കാലഘട്ടത്തിൽ അദ്ദേഹം റിംസിലാണ്‌ താമസിച്ചിരുന്നത്‌. ഖിലാഫത്തു വടിയും മുദ്രയും അദ്ദേഹത്തിനു തപാൽവഴി അവിടേക്കു അയച്ചുകൊടുക്കുകയാണ്‌ ചെയ്തിരുന്നത്‌ ഇതേ തുടർന്ന്‌ അദ്ദേഹം ദിമിശ്ഖിൽ വന്നു തിരഞ്ഞെടുപ്പു പരിപാടികൾക്കു രൂപം കൊടുത്തു. സഹനശീലനും സമർത്ഥനും ബുദ്ധിമാനുമായ ഒരു ഖലീഫയായിരുന്നു അദ്ദേഹം. ഒരിക്കൽ അദ്ദേഹം മാന്യന്മാരിലൊരാളെ ശകാരിച്ച അവസരത്തിൽ അയാൾ ഇപ്രകാരം പറഞ്ഞു. 'ഖലീഫയായിരുന്നിട്ടും ചീത്ത പറയുന്നതിൽ അങ്ങേക്കു നാണമില്ലല്ലൊ.' ഇതു കേട്ട അദ്ദേഹം സങ്കടത്താൽ തലകുനിക്കുകയും അയാളോടു മാപ്പ്‌ അപേക്ഷിക്കുകയും ചെയ്തു എന്നു ചരിത്രകാരന്മാർ പ്രസ്താവിച്ചിരിക്കുന്നു.

ബനൂഉമയ്യാഗോത്രക്കാരുടെ ഭരണകാലത്തു ഇസ്‌ലാംമതോത്ഭവത്തിനു മുമ്പുണ്ടായിരുന്ന വർഗ്ഗീയ കലാപവും പരസ്പരനിന്ദയും ജനങ്ങളുടെ ഇടയിൽ രൂപം പൂണ്ടു. ഹിശാമിനു അധികം സ്നേഹമുണ്ടായിരുന്നതു ഖറ്ത്താൻ വർഗ്ഗക്കാരോടായിരുന്നതിനാൽ അദ്ദേഹം ഇറാഖിൽനിന്നു ഇബ്നുഹുബൈറത്തിനെ പുറം തള്ളി തൽസ്ഥാനത്തു ഖറ്ത്താനീ നേതാവായിരുന്ന ഖലിദുബ്നുഅബ്ദില്ലാ ഖിസ്രിയെ ഗവണ്ണറായി നിയമിച്ചു ഖാലിദ്‌ തന്റെ സഹോദരനായിരുന്ന അസദുബ്നുഅബ്ദില്ലയെ ഖുറാസാനിലേക്കും യൂസുഫുബ്നുഅബ്ദിർറഹ്മാനെ സിന്ധിലേക്കും കീഴ്ദ്യോഗസ്ഥന്മാരായി നിയമിച്ചയക്കുകയും ചെയ്തു.

അസദുബ്നുഅബ്ദില്ല സമർത്ഥനും ധൈര്യവാനും സിംഹമനസ്ക്കനുമായ ഒരു നായകനായിരുന്നു അദ്ദേഹം ഹറാത്തിലേയും ഗൌറിലേയും മലംപ്രദേശങ്ങളിൽവെച്ചു നടന്ന യുദ്ധങ്ങളിൽ സധീരം പോർ നടത്തി വിജയിക്കുകയുണ്ടായി ഹിജ്റ 107-ൽ അദ്ദേഹം ബൽഖിൽ ജനവാസം ചെയ്യിച്ചു അതിനെ ഒരു പട്ടണമാക്കിത്തീർത്തു. പട്ടണത്തിനു അതിരു നിർണ്ണയിക്കുകയും എടുപ്പുകൾ പണിയിക്കുകയും ചെയ്തതു പ്രസിദ്ധ ബർമക്കീ വംശത്തിന്റെ പൂർവ്വപിതാവായ ബർമക്ക്‌ എന്ന ആളായിരുന്നു. എടുപ്പുകൾ നിർമ്മിച്ചതിനുശേഷം ബൽഖാനിലുണ്ടായിരുന്ന സൈന്യസങ്കേതം അവിടേക്കുമാറ്റി നിലയുറപ്പിക്കാൻ ആജ്ഞാകൊടുത്തു.

അസദുബ്നുഅബ്ദില്ല ഒരു വലിയ വർഗ്ഗീയപക്ഷപാതിയായിരുന്നു അദ്ദേഹം ബഹ്ത്താൻ വർഗ്ഗക്കാരുടെ ക്ഷേമകാംക്ഷിയും മുസർ ഗോത്രക്കാരുടെ വിരോധിയുമായി കാലം കഴിച്ചുകൂട്ടി. മുസർ ഗോത്രക്കാരിൽ സുപ്രസിദ്ധരായ നേതാക്കന്മാരായിരുന്ന നസ്റുബ്നുസയ്യാർ, അബ്ദുർറഹ്മാനുബ്നുനഈം, സൂത്തുബ്നുഹുർറ്, ബുഖ്ത്തരിബ്നുൽഅബീദിർറം എന്നിവരെ ചമ്മട്ടികൊണ്ടു അടിപ്പിക്കുകയും തലമുടി കളയിച്ചു, അപമാനിക്കുകയും ചെയ്തതിനു ശേഷം അദ്ദേഹം ഇറാഖ്ഗവണ്ണറായിരുന്ന തന്റെ സഹോദരൻ ഖാലിദിന്റെ അടുക്കലേക്കു അയച്ചു. ഒരിക്കൽ അദ്ദേഹം ജനമദ്ധ്യത്തിൽവെച്ചു പ്രസംഗിച്ചുകൊണ്ടിരുന്നതിനിടയിൽ 'കപടഹൃദയന്മാരും കലഹപ്രിയന്മാരും തെമ്മാടികളുമായ മുസർ ഗോത്രക്കാരുടെ മുഖം ദർശിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല' എന്നു പറയുകയുണ്ടായി.

ഹിശാം ഈ വർത്തമാനം അറിഞ്ഞപ്പോൾ ഇപ്രകാരം പറഞ്ഞു. 'നിങ്ങളുടെ സഹോദ

രൻ അസദിനെ ഉദ്യോഗത്തിൽനിന്നു നീക്കിക്കളയണം' എന്നു ഖാലിദിനു മറുപടി കൊടുത്തു. അനന്തരം തൽസ്ഥാനത്തു് അസ്രസു ബ്നു അബ്ദില്ലാസൽമിയെ ഹിശാം തന്നെ ഖുറാസാൻഗവണ്ണരായി നിയമിച്ചയച്ചു. എങ്കിലും തനിക്കു് എഴുതി അറിയിക്കുന്ന വർത്തമാനങ്ങൾ ഖാലിദിന്റെ മുഖേനയായിരിക്കണമെന്നു അദ്ദേഹത്തോടു ഹിശാം കല്പിച്ചിട്ടുണ്ടായിരുന്നു.

അസ്രസ് ശ്രേഷ്ഠനും സദാചാരനിഷ്ഠനുമായിരുന്നു. അദ്ദേഹത്തിന്റെ സദ്ഗുണങ്ങളാൽ 'കാമിൽ' (പരിപൂർണ്ണൻ) എന്നു ഖുറാസാൻകാർ അദ്ദേഹത്തിനു നാമകരണം ചെയ്തുവന്നു. മാവറാഅന്നഹ്റിൽ ഇസ്‌ലാംമത പ്രചരണത്തിനിന്നായി, അബൂസൈദാഅ്സാലിഹുബ്നുതരീഫ് എന്ന ആളെ അദ്ദേഹം അയച്ചിട്ടുണ്ടായിരുന്നു അബൂസൈദായുടെ പരിശ്രമത്താൽ അനേകം ദിമ്മികൾ ഇസ്‌ലാംമതം സ്വീകരിച്ചു മതം സ്വീകരിച്ചവരുടെ ബാഹുല്യതയാൽ, ജിസ്‌യയായി ലഭിച്ചിരുന്ന ധനത്തിനു കുറവു നേരിട്ടു. ബൈത്തുൽമാലിൽനിന്നു (ധനകാര്യാലയം) സമർഖന്തു ഭരണാധിപനു അസ്രസ് മുഖേന ഇപ്രകാരം ഒരുത്തരവു കിട്ടി.

'ഈ വർഷത്തിൽ നിങ്ങളുടെ പക്കൽനിന്നു ജിസ്‌യാ വളരെ കുറഞ്ഞുപോയിരിക്കുന്നു. സഗ്ദുകാർ ഇസ്‌ലാംമതം സ്വീകരിച്ചതു മനഃപൂർവ്വമല്ലെന്നും നേരെ മറിച്ചു, ജിസ്‌യയിൽനിന്നു മോചിതരാവാൻ വേണ്ടി മാത്രമാണെന്നുമാണ് അറിയുന്നതു്. അതുകൊണ്ടു അവരുടെ ഇടയിൽ സുന്നത്ത് ചെയ്യപ്പെട്ടവരും ഖുർആൻ പഠിച്ചവരും മതചടങ്ങുകൾ വീഴ്ചകൂടാതെ അനുഷ്ഠിച്ചുവരുന്നവരുമായി ആരെല്ലാമാണ് ഉള്ളതെന്നു പരിശോധിച്ചു അവരുടെ ജിസ്‌യ മാത്രം ഉപേക്ഷിച്ചു മറവുള്ളവരോടു ജിസ്‌യ പിരിക്കേണ്ടതാണ്.'

എന്നാൽ ഈ കല്പന ഇസ്‌ലാമിനു വിരുദ്ധവും അധികാരസ്ഥന്മാരുടെ ധനമോഹത്തെ ആസ്പദിച്ചതുമായിരുന്നു അവർ ഇസ്‌ലാംമത പ്രചരണത്തെ തടയുവാനാഗ്രഹിച്ചതു തുച്ഛമായ കാര്യങ്ങൾക്കു് വേണ്ടിയായിരുന്നതു കൊണ്ടു ഒന്നാമതായി അബൂസൈദാഅ് തന്നെ ഈ കല്പനയെ പ്രതിഷേധിച്ചു. ഒരിക്കലും ജിസ്‌യ കൊടുക്കരുതെന്നു നവമുസ്‌ലിംകളോടു അദ്ദേഹം ഉപദേശിച്ചു. മറ്റു ചില ഉദ്യോഗസ്ഥന്മാരും അദ്ദേഹത്തോടു അനുകൂലിക്കുകയുണ്ടായി.

അസ്രസിന്റെ സൈന്യനായകൻ അവരെ ബന്ധനസ്ഥരാക്കി തടവിൽ വെക്കുകയും ജിസ്‌യ കൊടുക്കുവാനായി സഗ്ദുകാരെ മർദ്ദിച്ചു തുടങ്ങുകയും ചെയ്തു. തന്നിമിത്തം സഗ്ദുകാർ ഇസ്‌ലാംമതം വെടിയുകയും മുസ്‌ലിംകളോടു യുദ്ധം ചെയ്യാനായി തുർക്കികളുടെ ഭാഗത്തു ചേരുകയുമുണ്ടായി. അവരോടു നേരിടേണ്ടതിനു അസ്രസ് തന്നെ ഭടന്മാരെയും കൊണ്ടു പുറപ്പെട്ടു. അദ്ദേഹം ആമൽ എന്ന രാജ്യത്തിനടുത്തെത്തി പുഴ കടന്ന ഉടനെ ഇരുസൈന്യങ്ങളും പരസ്പരം നേരിട്ടു. അതിഘോരമായ യുദ്ധമുണ്ടായതിൽ അനേകം മുസ്‌ലിംകൾ വധിക്കപ്പെട്ടു. അവർ തോൽക്കാറായിരുന്നുവെങ്കിലും അസ്രസ് നിശ്ചയദാർഢ്യത്തോടുകൂടി പോർക്കളത്തിൽനിന്നു മാറാതെ പോരാടിയതിനാൽ അവസാനം ശത്രുക്കൾ തോറ്റു പ്രത്യക്ഷത്തിലേക്കു് കൂടി. അസ്രസ് അവരെ പിന്തുടർന്നുവെങ്കിലും തുർക്കികൾ മുസ്‌ലിംകൾക്കു് വെള്ളം കിട്ടാതെയാക്കിവെച്ച ജലാശയം കൈവശപ്പെടുത്തിക്കളഞ്ഞതുകൊണ്ടു മുസ്‌ലിംകൾക്കു ദാഹത്താൽ ജീവാപായം നേരിടുമെന്ന ഘട്ടമായി. അവസാനം ഒരു സംഘം മുസ്‌ലിം

കം ധൈര്യത്തോടുകൂടി ശത്രുക്കളെ വെള്ളമുള്ളിടത്തുനിന്നും മാറ്റി വെള്ളം കൊണ്ടുവന്ന അനന്തരമുണ്ടായ സമരത്തിൽ മുസ്ലിംകൾ വിജയികളായി.

തങ്ങൾക്കു നേരിട്ട പരാജയവൃത്തമാനം അറിഞ്ഞ ഖാഖാൻ (തുർക്കിരാജാവു്) അക്കാലത്തു് ഖുറാസാനിൽ ഏറ്റവും വലിയ പട്ടണമായിരുന്ന കംറജയെ ആക്രമിച്ചു. അവിടെ എതാനും മുസ്ലിംകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ബാക്കിയുണ്ടായിരുന്നവർ സഗ്ദീ, നസഫീ, ഫർഗാനീ, അഫ്ശീനീ എന്നീ വർഗ്ഗങ്ങളിൽപെട്ട ദിമ്മികളായിരുന്നു. മുസ്ലിംകളുടെ സംഖ്യ ചുരുക്കമായിരുന്നുവെങ്കിലും അവർ പട്ടണത്തിലേക്കുണ്ടായിരുന്ന വഴികളെല്ലാം അടച്ചു ശത്രുക്കളോടു നേരിടുവാൻ തയ്യാറായി സ്ത്രീകളും കുട്ടികളുമൊഴിച്ചുള്ള അവിടെയുണ്ടായിരുന്ന സകല മുസ്ലിംകളും മുസ്ലിംദേശന്മാരുടെ കൂട്ടത്തിൽ യുദ്ധത്തിനു സന്നദ്ധരായി. ഖാഖാൻ പലപ്രകാരത്തിലും അവരെ ഭീഷണിപ്പെടുത്തിനോക്കി. എങ്കിലും തങ്ങളുടെ കൂട്ടത്തിൽ ഒരു കുട്ടിയെങ്കിലും ജീവനോടുകൂടി ഉണ്ടായിരിക്കുമ്പോൾ തങ്ങൾ എതിർക്കാതിരിക്കുന്നതല്ലെന്നു അവർ ഖാഖാനെ അറിയിച്ചു.

അവരെ കീഴടക്കുവാൻ യാതൊരു മാർഗ്ഗവുമില്ലെന്നു കണ്ടപ്പോൾ, തങ്ങൾ പട്ടണം ഉപേക്ഷിച്ചു പോയിക്കൊള്ളാമെന്നും പക്ഷെ മുസ്ലിംകളും ആ പട്ടണം കൈവിട്ടു അവരുടെ ധനവും സാമാനങ്ങളുമെടുത്തു ബുസിയാ എന്നിടത്തേക്കു പോകേണ്ടതാണെന്നുമുള്ള നിശ്ചയപ്രകാരം അവരുമായി ഉടമ്പടി ചെയ്വാൻ ഖാഖാൻ സന്നദ്ധനായി. ഈ വ്യവസ്ഥയനുസരിച്ചു് ശത്രുക്കൾ മുസ്ലിംകളുടെ അടുക്കലും, മുസ്ലിംകൾ ശത്രുക്കളുടെ അധീനത്തിലും എതാനും ആളുകളെ പണയമായി നിർത്തിയിരുന്നു. ഖാഖാൻ മടങ്ങിപ്പോകയും, മുസ്ലിംകൾ അവിടെനിന്നു ബുസിയായിലേക്കു പോകുകയും ചെയ്തതിൽപ്പിന്നെ പണയമായി ഏല്പിക്കപ്പെട്ടിരുന്ന ആളുകളെ ഇരുകൂട്ടരും വിട്ടയച്ചു.

ഹിജ്റ 111-ൽ ഹിശാം അശ്രൂസിനെ നീക്കി തൽസ്ഥാനത്തു് ജുനൈദ്ബ്നുഅബ്ദുർ റഹ്മാനെ ഖുറാസാൻ ഭരണാധികാരിയായി നിയമിച്ചു. ജുനൈദ്, ഖഹ്ത്വാനികളെ മുഴുവനും ഉദ്യോഗത്തിൽനിന്നു നീക്കി മുസർ ഗോത്രക്കാരെ തിരഞ്ഞെടുത്തു ഉദ്യോഗസ്ഥന്മാരായി നിശ്ചയിച്ചു.

അദ്ദേഹം ഹിജ്റ 112-ൽ 18000 പട്ടാളക്കാരെ തഖാറസ്താൻ ഭാഗത്തേക്കും 12000 ഭടന്മാരെ മറ്റു ഭാഗങ്ങളിലേക്കും അയക്കുകയുണ്ടായി. ഇതിനിടയിൽ സമർഖന്തു ഭരണാധികാരിയായിരുന്ന സെയ്ത്തുബ്നുഹുർറ്, ഖാഖാൻ യുദ്ധത്തിനു പുറപ്പെട്ടിരിക്കുന്നുവെന്നും തന്റെ അടുക്കൽ അയാളെ തടുക്കുവാൻ വേണ്ടുവോളം ഭടന്മാരില്ലാത്തതുകൊണ്ടു വേഗം സഹായസൈന്യം അയക്കേണമെന്നും അദ്ദേഹത്തെ അറിയിച്ചു.

ജുനൈദിന്റെ അടുക്കൽ തദവസരത്തിൽ കുറച്ചു ഭടന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. 50000 ഭടന്മാരില്ലാതെ അദ്ദേഹം പുഴകടക്കുവാൻ പാടുള്ളതല്ലെന്നു ജനങ്ങൾ അദ്ദേഹത്തോടു പറഞ്ഞു. 'അല്ലാഹു പരിശുദ്ധനാണു്. സെയ്ത് അവിടെ ആപത്തിൽ അകപ്പെട്ടിട്ടുള്ള സ്ഥിതിക്കു നാം അമ്പതിനായിരത്തെയും പ്രതീക്ഷിച്ചു ഇവിടെ നിൽക്കുകയോ?' എന്നു പറഞ്ഞു അദ്ദേഹം യാതൊരു ആലോചനയും കൂടാതെ ജൈഹൂൻനദി കടന്നു മുന്നോട്ടുചെന്നു. സമർഖന്തുമായി നാലു നാഴിക അടുത്ത അവസരത്തിൽ ഖാഖാൻ ഒരു വമ്പിച്ച സൈന്യവുമായിവന്നു വഴി തടസ്സപ്പെടുത്തി. ജുനൈദ് ഒരു മലയെ പിന്നിലാക്കിക്കൊണ്ടു, അവരോടു നേരിട്ടു. ഏതാനും ദിവസങ്ങൾ

കഴിയുന്നതുവരെ ഘോരമായ സമരം നടന്നു. എണ്ണത്തിൽ ചുരുങ്ങിയവരായിരുന്നിട്ടും, മുസ്‌ലിംകൾ അനന്യസാധാരണമായ ധൈര്യം പ്രദർശിപ്പിച്ചു. യുദ്ധം അതിഭയങ്കരമായി പരിണമിച്ചതു കണ്ട ജൂനൈദ്, 'സമർഖന്തിൽനിന്നു നിങ്ങളും പുറപ്പെട്ട യുദ്ധം ചെയ്യണം' എന്ന സൈന്യത്തിനു ഉത്തരവു കൊടുത്തു. തന്റെ അധീനത്തിൽ ആകെയുണ്ടായിരുന്ന 12000 ഭടന്മാരെയുംകൊണ്ടു സൈന്യവും വരികയുണ്ടായി. ഇങ്ങിനെ രണ്ടു മുസ്‌ലിംസൈന്യങ്ങളും തമ്മിൽ കേവലം ഒരു നാഴിക മാത്രം ദൂരമായപ്പോൾ തുക്കികൾ മദ്ധ്യത്തിലകപ്പെട്ടു. സൈന്യവും അതിയായ ധൈര്യത്തോടുകൂടി സമരം നടത്തുകയുണ്ടായി. അവസാനം തുർക്കികൾ പരാജിതരായി പോക്കളത്തിൽനിന്നു മാറിക്കളഞ്ഞു. എങ്കിലും യുദ്ധക്കളത്തിൽനിന്നു ഉടനെക്കോടെ പൊടി പാറിക്കൊണ്ടിരുന്നതിനാൽ മുസ്‌ലിം ഭടന്മാർക്കു കണ്ണു തുറക്കുവാൻപോലും സാധിച്ചില്ല. ഇരുസൈന്യങ്ങളിൽനിന്നും അനേകം ആളുകൾ മലയിലുണ്ടായിരുന്ന അഗാധമായ ഒരു കിടങ്ങിൽ വീണു മരിച്ചു. സൈന്യവും കിടങ്ങിൽ വീണുപോയതിനാൽ അദ്ദേഹത്തിന്റെ സൈന്യമെല്ലാം മറിഞ്ഞു. ചിതറിപ്പോയിരുന്ന മുസ്‌ലിം സൈന്യത്തിൽ അധികപേരും തുർക്കികളാൽ വധിക്കപ്പെട്ടു. വളരെ കുറച്ചു ഭടന്മാർ മാത്രമേ ശേഷിച്ചുള്ളൂ. ജൂനൈദ് മറെറാരു ഭാഗത്തുകൂടി പോരാടി ശത്രുക്കളെ ഓടിച്ചു സമർഖന്തിൽ പ്രവേശിക്കുകയും അവിടെയുണ്ടായിരുന്ന മുസ്‌ലിം സ്ത്രീകളെയും കുട്ടികളെയും വീണ്ടെടുത്തു മറവിലേക്കു മടങ്ങിപ്പോരുകയും ചെയ്തു.

നാലുമാസം കഴിഞ്ഞതിൽപിന്നെ ഖാഖാൻ വീണ്ടും ബുഖാറയെ ആക്രമിച്ചു. ജൂനൈദ് വഴിമദ്ധ്യെ അവരെ തടഞ്ഞു കൊടിച്ചുകളയുകയാണുണ്ടായതു്.

ഹിശാം ഹിജ്‌റ 116-ൽ ജൂനൈദിനെ ഖുറാസാൻ ഭരണാധികാരത്തിൽനിന്നു നീക്കിക്കളഞ്ഞു. ഇതിനുണ്ടായ ഏകകാരണം, അദ്ദേഹം യസീദുബ്നുമുഹല്ലബിന്റെ മകളായ ഫാസിലത്തിനെ വിവാഹം ചെയ്തതായിരുന്നു. ഈ വിവാഹത്താൽ ഹിശാമിനു അദ്ദേഹത്തോടു അതികഠിനമായ കോപമുണ്ടായി. ഹിശാം, ആസിമുബ്നുഅബ്ദില്ലാഹിലാലിയെ ഖുറാസാൻ ഭരണകർത്താവായി നിയമിച്ചയക്കുകയും, മരണവേളയിലെങ്കിലും ജൂനൈദിനെ കണ്ടു കിട്ടിയാൽ അദ്ദേഹത്തിന്റെ കഴുത്തു് അറുത്തുകൊലപ്പെടുത്തേണമെന്നു് ആസിമിനോടു ആജ്ഞാപിക്കുകയും ചെയ്തു. ദൈവഗത്യാ, ജൂനൈദ്, അസൂയാലുവായ ആ ഖലീഫയുടെ പ്രതികാരത്തിനു പാത്രവാനാകാതെ പരലോകം പ്രാപിക്കുകയാണുണ്ടായതു്. ആസിം ഖുറാസാനിലെത്തിയ അവസരത്തിൽ അദ്ദേഹത്തെ കാണാതിരുന്നതിനാൽ അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന സൈന്യ ഉദ്യോഗസ്ഥന്മാരെയും തടവിലാക്കി.

ഖിലാഫത്തു ആസ്ഥാനം ഖുറാസാനിൽനിന്നു വളരെ അകലെയാകയാൽ അതിനെ ഇറാഖിനോടു് ചേർക്കുകയാണു് നല്ലതെന്നും ഇറാഖ് അടുത്താകയാൽ അവിടെനിന്നു വേണ്ടതു സഹായസൈന്യം യഥാവസരം എത്തിച്ചേരുന്നതാണെന്നും കണ്ടിച്ച ആസിം, ഹിശാമിനു കത്തെഴുതി. ഹിശാം അദ്ദേഹത്തിന്റെ അഭിപ്രായത്തെ സസന്തോഷം സ്വീകരിക്കുകയാണു് ഉണ്ടായതു് ഇതിൽ പിന്നെ ഹിശാം ആസിമിനെയും നീക്കി അസദുബ്നു അബ്ദില്ലയെ തന്നെ ഖുറാസാനിലേക്കയക്കുകയും അദ്ദേഹത്തെ, ഇറാഖ് ഗവർണ്ണരും അദ്ദേഹത്തിന്റെ സഹോദരനുമായിരുന്ന ഖാലിദിന്റെ കീഴിലാക്കുകയും ചെയ്തു തദവസരത്തിൽ ആസിം ഖലീഫയോടു മത്സരിക്കുവാനൊരുങ്ങി

യെങ്കിലും ഭടന്മാർ അദ്ദേഹത്തോട് യോജിച്ചില്ല. അസദ് ചെന്ന അദ്ദേഹത്തെ, തടവിലാക്കുകയും തടവിൽ താമസിച്ചുവന്നിരുന്ന ജൂനൈദിന്റെ ഉദ്യോഗസ്ഥന്മാരെ വിട്ടയക്കുകയും ചെയ്തു. ഖാഖാൻ വീണ്ടും യുദ്ധത്തിനു പുറപ്പെട്ടു. അസദ്, ജുസ്ജാൻ എന്നിടത്തുവെച്ചുണ്ടായ ഏറ്റുമുട്ടലിൽ തോല്പിച്ച അയാളുടെ മുതലുകളും സാമഗ്രികളുമെല്ലാം കൈവശപ്പെടുത്തി. അദ്ദേഹം തന്നെ ജനവാസയോഗ്യമാക്കി ചെയ്തിരുന്ന ബൽഖ് പട്ടണത്തെ അദ്ദേഹം തലസ്ഥാനമാക്കി അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തു് പൂർവ്വരാജ്യങ്ങളിൽ ഇസ്‌ലാമിന്റെ പ്രാബല്യം സുസ്ഥിരമാക്കുകയും ജനങ്ങൾ സമാധാനത്തോടുകൂടി കാലം കഴിക്കുകയും ചെയ്തു.

ഹിജ്‌റഃ 119-ൽ അസദ്, ഖത്തൽ എന്ന രാജ്യത്തിലേക്കു ഭടന്മാരെ നയിച്ചു അവിടത്തെ കോട്ട കൈവശപ്പെടുത്തി. ഇതിൽ പിന്നെ അദ്ദേഹം അയൽപ്രദേശങ്ങളിലേക്കും ഭടന്മാരെ അയച്ചു അവിടങ്ങളിലെ ഭരണകർത്താക്കളെയും നേതാക്കളെയുമെല്ലാം കീഴടക്കി. ഹിജ്‌റഃ 120-ൽ അസദ്, ബൽഖിൽവെച്ചു നിര്യാതനായി. അനന്തരം ഖുറാസാൻ ഭരണകർത്താവായതു നസ്‌റുബ്നുസയ്യാറായിരുന്നു.

നസ്‌റു കിഴക്കൻരാജ്യങ്ങളിൽ അനേകം യുദ്ധങ്ങൾനടത്തി ഓരോന്നിലും വിജയം പ്രാപിച്ചു. പുതുമുസ്‌ലിംകളുടെ മേൽ ജിസ്‌യ ചുമത്തിയതിനാൽ നേരിട്ട കുഴപ്പങ്ങളെക്കുറിച്ചു മുമ്പു സൂചിപ്പിച്ചിരുന്നുവല്ലൊ. അദ്ദേഹം നവമുസ്‌ലിംകളെ ജിസ്‌യയിൽ നിന്നു ഒഴിവാക്കി. തന്നിമിത്തം അവിടെ ഇസ്‌ലാംമതം താരിതഗതിയിൽ പ്രചാരപ്പെട്ടു.

ഹിശാം, ഹിജ്‌റഃ 120-ൽ ഖാലിദുബ്നു അബ്ദില്ലാഖിസ്‌രിയെ ഇറാഖിൽ നിന്നു നീക്കി അദ്ദേഹത്തിന്റെ സ്ഥാനത്തു് യൂസുഫുബ്നുഉമർതഖ്‌ഫി എന്ന ആളെ ഗവണ്ണരാക്കി. യൂസുഫിനു പരസ്പര വിരുദ്ധങ്ങളായ ചില ഗുണങ്ങളുണ്ടായിരുന്നു. അദ്ദേഹം ഭക്തനും വിനീതനും മധുരമായി സംസാരിക്കുന്നവനുമായിരുന്നു. പ്രാർത്ഥനാ സമയങ്ങളിൽ അദ്ദേഹം അധികമായി കരയുക പതിവായിരുന്നു. പ്രഭാത നമസ്‌ക്കാരാനന്തരം ദൈവസ്തോത്രങ്ങളിൽ ഏർപ്പെട്ടാൽ പിന്നെ ഇശാ നമസ്‌കാരം കഴിഞ്ഞിട്ടായിരുന്നു നമസ്‌ക്കാര വിരിപ്പിൽനിന്നു എഴുന്നേറ്റിരുന്നതു്.

ഹസ്രത്ത് ഇമാംസൈദ്ബ്നുഅലീ

യൂസുഫുബ്നുഉമർ തഖ്‌ഫീ, ഇറാഖ് ഗവണ്ണരായിരുന്ന കാലത്തു് ഹിജ്‌റഃ 122-ൽ, ഇമാംഹുസൈന്റെ പൌത്രനായിരുന്ന ഇമാം സൈദുബ്നുഅലീ ഖലീഫയുടെ നേർക്കു മത്സരത്തിന്നൊരുങ്ങി കൂഫയിൽനിന്നു 15000 ആളുകൾ ശുദ്ധമായി അദ്ദേഹത്തെ ഇമാമായി ബൈഅത്ത് ചെയ്തു ഇമാംഅബൂഹനീഫയും അദ്ദേഹത്തിന്റെ അനുകൂലികളിൽ പെട്ടിരുന്നു. ഇമാംസൈദിനെ ഈ ഉദ്യമത്തിൽ നിന്നു പിന്മാറുവാൻവേണ്ടി ചിലർ വളരെ പരിശ്രമിച്ചുനോക്കി. കൂഫക്കാർ വിശ്വാസയോഗ്യന്മാരല്ലെന്നു അവർ അദ്ദേഹത്തോടു ഉപദേശിച്ചു. എങ്കിലും അദ്ദേഹം സ്വീകരിക്കുകയുണ്ടായില്ല.

എന്നാൽ യൂസുഫ് സൈന്യവുമായി ചെല്ലുകയും എതിർക്കേണ്ട സന്ദർഭം നേരിടുകയും ചെയ്തപ്പോൾ കൂഫക്കാർ ഇമാംസൈദിനെ പരീക്ഷിക്കുവാൻ തുനിയുകയാണു് ഉണ്ടായതു്. അവരും ഇമാംസൈദുമായി നടന്ന സംഭാഷണം പ്രത്യേകം പ്രസ്താവ്യമാണു്.

കൂഫക്കാർ—ശൈഖൈനിയെ (അബൂബക്കറിനെയും ഉമറിനേയും) സംബന്ധിച്ചു താങ്കൾ എന്തു പറയുന്നു?

ഇമാംസൈദ്—അല്ലാഹു അവരെ കടാക്ഷിക്കുകയും അവർക്ക പൊറുത്തു കൊടുക്കുകയും ചെയ്യട്ടെ. എന്റെ കുടുംബക്കാരിൽ ഒരാളും അവരെപ്പറ്റി ദുരഭിപ്രായം പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. ഖിലാഫത്തിന്റെ അവകാശികൾ ഞങ്ങളായിരുന്നു. അവർ ഞങ്ങളെ കുറിച്ചു ഗൌനിക്കാതെ, ആ അധികാരം എടുത്തു കളഞ്ഞു. ഇത്രമാത്രമേ ഞങ്ങളുടെ സംഘക്കാർ അവരെ കുറിച്ചു ആക്ഷേപം പറയുന്നുള്ളൂ. എന്നാൽ, ഞങ്ങളുടെ അവകാശം കരസ്ഥമാക്കിയതുകൊണ്ടു അവർ ഇസ്‌ലാമിൽ നിന്നു അകന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ, അവർ നീതിയെയും ന്യായത്തെയും കൈക്കൊള്ളുകയും കിത്താബിനും സുന്നത്തിനും (വിശുദ്ധ ഖുർആനും റസൂൽ കരീമിന്റെ മാർഗ്ഗത്തിനും) അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

കൂഫക്കാർ—ഖിലാഫത്ത് നിങ്ങളിൽനിന്നു കരസ്ഥമാക്കിയതുകൊണ്ടു അവർ അക്രമികളായിട്ടില്ലെങ്കിൽ, ബന്ധുമയ്യാ ഗോത്രക്കാരോടു യുദ്ധം ചെയ്യാൻ എന്തിന്നാണു് താങ്കൾ ക്ഷണിക്കുന്നതു്?

ഇമാംസൈദ്—ഇവർ അവരെപ്പോലെയല്ല. ഇവർ ഞങ്ങൾക്കും നിങ്ങൾക്കും എന്നു വേണ്ട, തങ്ങൾക്ക തന്നെയും ദ്രോഹമാണു് ചെയ്തുകൊണ്ടിരിക്കുന്നതു്. അല്ലാഹുവിന്റെ ദീനിനും റസൂൽ തിരുമേനി (സ) യുടെ മാർഗ്ഗത്തിനുമനുസരിച്ചു പ്രവർത്തിക്കുവാനാണു് ഞാൻ നിങ്ങളെ ക്ഷണിക്കുന്നതു്. നിങ്ങൾ എന്റെ ഭാഗത്തു് വരുന്നതുവരെയും, മതായിരിക്കും നിങ്ങൾക്ക ഉചിതമായിട്ടുള്ളതു്. അപ്പോൾ നിങ്ങൾക്കു ഞാനുമായി വിചാരണക്ക ഉത്തരവാദികൾ നിങ്ങൾ തന്നെയായിരിക്കും.

മുഹമ്മദ് ഖുറൈശി മദീനത്തു് പിൻവലിച്ച അദ്ദേഹത്തെ ഉപേക്ഷിച്ചുകളഞ്ഞു. തന്നിമിത്തം ഇമാംസൈദ് അവരെ കുറിച്ചു റാഫിളീ (ഉപേക്ഷിച്ചവർ) എന്നു പറയുകയും അന്നുമുതല്ക്കു അതു് അവരുടെ പേരായിത്തീരുകയും ചെയ്തു.

ഒടുവിൽ ഇമാംസൈദിന്റെ അടുക്കൽ 200 ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം വധിക്കപ്പെടുകയാണുണ്ടായതു്. യൂസുഫ് അദ്ദേഹത്തിന്റെ മൃതദേഹം മറവു ചെയ്യപ്പെട്ട തിന്നുശേഷം ഖബറിൽനിന്നു പുറത്തെടുത്തു കഴുമരത്തിൽ നാട്ടുകയും ശിരസ്സു് ഛേദിച്ചു ഹിശാമിന്റെ അടുക്കലേക്ക അയക്കുകയും ചെയ്തു. ഹിശാം അതു ദിമിശ്ഖ് പട്ടണവാതിലിന്നരികെകെട്ടിത്തൂക്കിച്ചു. യമനിൽ ഒരു സംഘം ആളുകൾ ഇമാംസൈദിന്റെ അനുഗാമികളാകുന്നു. സൈദികൾ എന്നാണു് അവർക്ക പേർ പറയപ്പെടുന്നതു്.

അർമേനിയയിലും ആദർബീജാനിലും സേനാനായകത്വം വഹിച്ചിരുന്നതു ജർറാഹുബ്നു അബ്ദുല്ലയായിരുന്നു. അദ്ദേഹം ബലഞ്ചർ വരെയുള്ള രാജ്യങ്ങൾ കീഴടക്കി. ഹിജ്റഃ 107-ൽ ഹിശാം അദ്ദേഹത്തെ നീക്കി തന്റെ സഹോദരൻ മസ്‌ലമത്തിനെ അവിടേക്കയച്ചു. മസ്‌ലമത് ഹാരിസുബ്നുസ്സുറൈയിയെന്ന ആളെ തന്റെ പ്രതിനിധിയാക്കി അർമീനിയയിൽ നിർത്തി. ഹാരിസ് പല രാജ്യങ്ങൾ കീഴടക്കുകയുണ്ടായി. ഹിജ്റഃ 110-ൽ മസ്‌ലമത് തന്നെ സൈന്യവുമായി ചെന്നു ലാൻ എന്ന പ്രദേശത്തിന്നടുത്തു വെച്ചു തുർക്കികളോടു നേരിട്ടു അവരെ തോല്പിച്ചു. ഹിജ്റഃ 111-ൽ ഹിശാം മസ്‌ലമത്തിനെ മടക്കി വിളിച്ചു ജർറാഹിനെ തന്നെ വീണ്ടും അവിടേക്കയച്ചു. ജർറാഹ് തഫ്‌ലീസിൽക്കൂടി ചെന്നു കാസ്പ്യൻ രാജ്യങ്ങൾ ആക്രമിച്ചു.

കാസ്പ്യൻ രാജ്യക്കാർ ഏകോപിച്ചു കൊണ്ടു അദ്ദേഹത്തോടു എതിർത്തു. അവരെ സഹ

ഹായിക്കുവാനായി തുർക്കികളും വന്നിട്ടുണ്ടായിരുന്നു. അതിഘോരമായ സമരം നടന്നു അവസാനം ജർറാഹ് അർമ്മബീൽ എന്നിടത്തുവെച്ചു വധിക്കപ്പെടുകയും അദ്ദേഹത്തിന്റെ ഭടന്മാർ തോറ്റോടുകയുമാണ് ഉണ്ടായത്. ഈ ജയം നിമിത്തം കാസ്പ്യൻ പ്രദേശക്കാക്കു ധൈര്യം വർദ്ധിച്ചു. അവർ മുസ്‌ലിംകൾ കൈവശപ്പെടുത്തിയിരുന്ന രാജ്യങ്ങൾ ഓരോന്നോരോന്നായി കീഴടക്കിക്കൊണ്ടു മൂസലിന്റെ നേർക്കു വന്നു. തന്നിമിത്തം ഇസ്‌ലാം ലോകത്ത് വലിയ അസ്വസ്ഥതയുണ്ടായി.

ഹിശാം, മുമ്പു ഖുറാസാൻ ഭരണകർത്താവായിരുന്ന സയീദ് ഹറശിയെ ഒരു വലിയ സേനയുമായി അവരുടെ നേർക്കു അയച്ചു. പിന്നീടു പേഷ്യൻ സൈന്യത്തെ അയച്ചു കൊണ്ടിരിക്കയും ചെയ്തു. സയീദ് ജർറാഹിന്റെ കീഴിലുണ്ടായിരുന്നവരും തോറ്റോടിയവരുമായ ഭടന്മാരെ അർസൻ എന്നിടത്തുവെച്ചു കണ്ടുമുട്ടിയതിനാൽ അവരെയും ഒരുമിച്ചു കൂട്ടി. അദ്ദേഹം ഓരോ പട്ടണത്തിൽ നിന്നും കോട്ടയിൽ നിന്നും ശത്രുക്കളെ പുറത്താക്കിക്കൊണ്ടു അർമ്മബീൽ വരെ എത്തി. ശത്രുക്കളുടെ ഒരു സേന ഏതാനും നാഴിക അകലെ നില്പുണ്ടെന്നും അവരുടെ അധീനത്തിൽ 5000 മുസ്‌ലിം തടവുകാരുണ്ടെന്നും അവിടെ നിന്നു അദ്ദേഹത്തിനു വിവരം കിട്ടി. അദ്ദേഹം രാത്രി സമയം യാദൃശ്ചികമായി എതിർത്തതിനാൽ ശത്രുക്കൾ ഒരാൾ പോലും കൊലയിൽ നിന്നു രക്ഷപ്പെട്ടില്ല മുസ്‌ലിം തടവുകാർ മുഴുവനും മോചിതരായി സയീദ് അവരെയും കൊണ്ടു ബാജർവാൻ എന്നിടത്തു ചെന്നു താമസിച്ചു. കാസ്പ്യൻ രാജ്യക്കാർ വീണ്ടും സംഘം ശേഖരിച്ചു പോരിനു വന്നുവെങ്കിലും സയീദ് അവരോടു ശക്തമായി എതിർത്തതു കൊണ്ടു അവർ മുസ്‌ലിംകളിൽ നിന്നു കരഗതമാക്കിയ സർവ്വ പ്രദേശങ്ങളെയും ഉപേക്ഷിച്ചു ഓടിപ്പോയി.

ഹിശാം വീണ്ടും സയീദിന്റെ സ്ഥാനത്തേക്കു മസ്‌ലമത്തിനെ തന്നെ ഭരണകർത്താവാക്കി അയച്ചു. മസ്‌ലമത്തിനോടു പോരാടുവാനായി കാസ്പ്യൻ പ്രദേശക്കാർ സംഘം കൂടി വരികയുണ്ടായി. മുസ്‌ലിം സൈന്യത്തിൽ വളരെ ചുരുക്കം ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. തന്നിമിത്തം മസ്‌ലമത്ത് ധനവും സാമഗ്രികളും കുതിരകളുമെല്ലാം ഉപേക്ഷിച്ചു, സ്ത്രീകളെയും കുട്ടികളെയും മുന്നിലും ഭടന്മാരെ പിന്നിലുമാക്കിക്കൊണ്ടു ദിവസേന രണ്ടു ദിവസത്തെ വഴി നടന്നു ദർബന്തിൽ എത്തിച്ചേർന്നു. അവിടെ എത്തിയതോടു കൂടിത്തന്നെ അദ്ദേഹം നിര്യാതനായി.

ഹിജ്‌റഃ 114-ൽ മർവാനുബ്‌നുമുഹമ്മദിനെ 120000 ഭടന്മാരോടു കൂടി ഹിശാം ബലഞ്ചറിലേക്കയച്ചു. അദ്ദേഹത്തിന്റെ സൈന്യബലം കണ്ടു, കാസ്പ്യൻ പ്രദേശങ്ങളിലെ ഭരണാധികാരികളും നേതാക്കളും യുദ്ധം ചെയ്യാതെ അദ്ദേഹത്തിന്റെ അടുക്കൽ വന്നു സഖ്യ പ്രവർത്തി ചെയ്തു. ഇങ്ങിനെ കുഴപ്പങ്ങളെല്ലാം പരിഹരിക്കപ്പെട്ടു.

വടക്കു ഭാഗത്തു റോമക്കാരുമായും തുടർച്ചയായി യുദ്ധം നടന്നുകൊണ്ടിരുന്നു. ഉഷ്ണകാലത്തു സായിഫാ സൈന്യവും ശൈത്യകാലത്തു ശാത്തിയാ സൈന്യവും അവരുടെ നേർക്കു അയക്കപ്പെട്ടിരുന്നു. ഈ യുദ്ധങ്ങളിൽ മിക്കപ്പോഴും സേനാനായകത്വം വഹിച്ചിരുന്നതു, മസ്‌ലമത്തു ബ്‌നുഅബ്ദുൽമലിക്ക്, മർവാനുബ്‌നുമുഹമ്മദ്, അബ്ബാസുബ്‌നുവലീദ്, മുആവിയത്തുബ്‌നുഹിശാം, സയീദുബ്‌നുഹിശാം, സുലൈമാനുബ്‌നുഹിശാം ആദിയായ ഖിലാഫത്ത് വംശജന്മാർ തന്നെയായിരുന്നു. ഇവർ റോമക്കാരോടു പല സമരങ്ങളും നടത്തി വിജയം നേടി. അബ്ദുല്ലാഹിബ്‌നുഖത്താൽ എന്ന ആളും ഈ യുദ്ധങ്ങളിൽ സർവ്വോപരി കീർത്തി സമ്പാദിച്ചു.

ടിച്ചു. അദ്ദേഹത്തെ അബ്ദുൽമലിക്ക്, ജസീറ, സിറിയാ എന്നിവിടങ്ങളിലെ 10000 ഭടന്മാരുടെ നേതാവാക്കി തന്റെ പുത്രൻ മസ്‌ലമത്തിന്റെ മുൻസൈന്യത്തിൽ നിയമിച്ചിട്ടുണ്ടായിരുന്നു അബ്ദുൽവഹാബുബ്‌നുഖുത്ത് എന്ന ധീരപരാക്രമിയായ ഒരു സേനായകനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു ഈ രണ്ടു നായകന്മാരുടെ വീരകൃത്യങ്ങളാൽ റോമക്കാരുടെ ധൈര്യം ക്ഷയിച്ചു പോയി ഇവരുടെ പേർ കേട്ടാൽ അവർ നടുങ്ങിപ്പോകുകയായിരുന്നു പതിവ് ഇവരെ കുറിച്ചു അവരുടെ ഇടയിൽ ആശ്ചര്യകരങ്ങളായ പല വൃത്തമാനങ്ങളും ശ്രുതിപ്പെട്ടു. അബ്ദുൽവഹാബ് ഹിജ്‌റ 113-ലും ഖത്താൽ 122-ലും വധിക്കപ്പെട്ടു. അമീർ ഹംസഃ എന്ന കഥാഗ്രന്ഥത്തെപ്പോലെ ഈ രണ്ടു ധീരന്മാരുടെ കഥകളും 'ദുൽഹമഃ' എന്ന പേരിൽ അറബി ഭാഷയിൽഎഴുതപ്പെട്ടിരിക്കുന്നു.

നാവികസൈന്യവും ശരിക്കു യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു മുആവിയത്തുബ്‌നു ഖുദൈജ് മകൻ അബ്ദുർറഹ്മാനായിരുന്നു അവരുടെ നായകൻ.

ആഫ്രിക്കയിൽ ഖലീഫമാരുടെ ഏറ്റവും വലിയ സേനാനായകൻ അബ്ദുല്ലാഹിബ്‌നു അഖ്‌നത്തായിരുന്നു സ്പെയിൻ പ്രശ്നങ്ങളും അദ്ദേഹമായിരുന്നു നിർവ്വഹിച്ചുവന്നതു്. ഹിജാസ് ഗവണ്മെന്റായിരുന്നതു മഖ്‌സൂമീ വംശജനായ മുഹമ്മദുബ്‌നുഹിശാം ആയിരുന്നു. ഹാജിമാരുടെ നേതൃത്വം മിക്ക വർഷങ്ങളിലും അദ്ദേഹം വഹിച്ചു വന്നു

ഹിശാമിന്റെ ഖിലാഫത്തുകാലത്തു് ഇസ്‌ലാം സാമ്രാജ്യത്തിന്റെ സ്ഥിതി വളരെ തൃപ്തികരമായിരുന്നു ഇസ്‌ലാമിന്റെ പ്രതാപത്തെ കുറിച്ചു അതിർത്തി പ്രദേശക്കാർക്കു വലിയ ഭയമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഇസ്‌ലാമിക ഭണ്ഡാരം നിബിഡമായിത്തീരുകയും പ്രജകൾ സന്തുഷ്ടരായി കാലം കഴിക്കുകയും ചെയ്തു ഹിശാം അറബി ഗോത്രങ്ങളിൽ ഇസ്‌ലാമിനു മുമ്പുണ്ടായിരുന്ന വർഗ്ഗീയപക്ഷപാതത്തെ വളരെ വർദ്ധിപ്പിച്ചു. ഇതു ഹിശാമിന്റെ ഭരണകാലത്തു് ആവിർഭവിച്ച ഒരു മഹാ ദോഷമായിരുന്നു ഈ വർഗ്ഗീയ പക്ഷപാതമായിരുന്നു അല്പകാലം കഴിഞ്ഞപ്പോഴേക്കു ബനൂഉമയ്യാ ഖിലാഫത്തിനു നാശഹേതുകമായി ഭവിച്ചതു്

യസീദുബ്‌നുഅബ്ദിൽമലിക്കിന്റെ മരണപത്രമനുസരിച്ചു, ഹിശാമിനു ശേഷം ഖിലാഫത്തവകാശി വലീദുബ്‌നുയസീദായിരുന്നു. അദ്ദേഹത്തെ നീക്കി തന്റെ പുത്രനെ സ്ഥാനാവകാശിയാക്കണമെന്നായിരുന്നു ഹിശാമിന്റെ അഭിലാഷം. ഇക്കാര്യത്തിൽ പല ഉദ്യോഗസ്ഥന്മാരെയും അദ്ദേഹം പാട്ടിലാക്കിയിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ അഭിലാഷം സാധിച്ചില്ല. തന്നിമിത്തം അദ്ദേഹം കോപാന്ധനായി വലീദിനോടു അന്യായമായ വിധത്തിൽ വർത്തിച്ചു തുടങ്ങി. ഇങ്ങിനെ വലീദും ദുസ്വഭാവിയും കോപാവേശനുമായിത്തീർന്നു.

ഹിജ്‌റഃ 125 റബീഉൽആഖിർ 6-ാംനു ഹിശാം മരണമടഞ്ഞു അദ്ദേഹം ഖിലാഫത്തധികാരം വഹിച്ചതു 19 വർഷവും 6 മാസവും 11 ദിവസവുമായിരുന്നു.

രണ്ടാം വലീദ്

വലീദ് രണ്ടാമന്റെ പിതാവ് അബ്ദുൽമലിക്കുബ്‌നുമർവാന്റെ പുത്രനായ യസീദും, അമ്മ മുഹമ്മദുബ്‌നുയൂസുഫ്തഖ്ഫിയുടെ പുത്രിയായ ഉമ്മുൽഹജ്ജാജുമാകുന്നു. അദ്ദേഹം ഹിശാമിന്റെ മരണാനന്തരം ഖലീഫയായതോടെ കൂടി, തന്റെ പൂർവ്വികരുടെ പതിവനുസ

രിച്ച വിരോധികളോട് പകരം വീട്ടുവാനാരംഭിച്ചു. ഒന്നാമതായി ഹിശാമിന്റെ ഭാര്യയുടേയും മക്കളുടേയും സ്വത്തുക്കൾ പിടിച്ചടക്കുകയാണ് ഉണ്ടായത്. അതിനു ശേഷം തന്റെ സ്ഥാനാവകാശത്തെ ദുർബ്ബലപ്പെടുത്തുന്ന കാര്യത്തിൽ ഹിശാമിന്റെ അഭിപ്രായത്തോട് യോജിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ നേരെ തിരിഞ്ഞു. അദ്ദേഹം മദീനാ ഭരണകർത്താവായിരുന്ന ഹിശാമുബ്നുഇസ്മായീൽ മഖ്സൂമിയുടെ പുത്രന്മാരായ മുഹമ്മദ്, ഇബ്രാഹീം എന്നീ രണ്ടു പേരെയും ബന്ധനസ്ഥരാക്കി ചമ്മട്ടി കൊണ്ട് അടിപ്പിക്കുകയും ഇറാഖ് ഗവർണ്ണരായിരുന്ന യൂസുഫ്നുഉമർതഖ്ഫിയെ ഭാരമേല്പിക്കുകയും ചെയ്തു. യൂസുഫിന്റെ വിദ്വേഷം നിമിത്തം അവർ രണ്ടു പേരും മരിച്ചു പോയി. വലീദ്, സുലൈമാനുബ്നുഹിശാമിനെ ചമ്മട്ടി കൊണ്ട് നൂറു അടി അടിച്ചതിനു ശേഷം അദ്ദേഹത്തിന്റെ തലയും താടിയും ക്ഷൗരം ചെയ്തിപ്പിച്ച് സിറിയയിൽ നിന്നും ഉമ്മാനിലേക്ക് (ഒമാൻ) നാടുകടത്തി. യസീദുബ്നുഹിശാമിനേയും അബ്ദുൽമലിക്കിന്റെ ചില പുത്രന്മാരെയും തടവിലാക്കുകയും റൗഹുബ്നു വലീദിനെ അദ്ദേഹത്തിന്റെ ഭാര്യയുമായി അകറ്റി താമസിപ്പിക്കുകയും ചെയ്തു ഖാലിദുബ്നുഖിസ്രിയെയും ബന്ധനസ്ഥനാക്കി ഇറാഖ് ഗവർണ്ണരായിരുന്ന യൂസുഫ്ബ്നുഉമറിന്റെ അടുക്കലേക്ക് അയച്ചു. യൂസുഫ് ദ്രോഹിച്ച ദ്രോഹിച്ച അദ്ദേഹത്തെയും കൊന്നുകളഞ്ഞു.

വലീദിന്റെ ഇത്തരം ദ്രോഹങ്ങളാൽ ഖുറൈശ് ഗോത്രക്കാരും യമൻകാരും അദ്ദേഹത്തോട് ഇഷ്ടമില്ലാതായി. അവരായിരുന്നു സൈന്യത്തിൽ അധികമായി ഉണ്ടായിരുന്നതു് കൂടാതെ, ബനൂഉമയ്യാ ഗോത്രക്കാർ തന്നെയും അദ്ദേഹത്തിന്റെ വിരോധികളായി ചമഞ്ഞു. അവർ അദ്ദേഹത്തെ കുറിച്ച് പല വിധ വർത്തമാനങ്ങളും പറയുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ സഹോദരനും വലീദുബ്നു അബ്ദുൽമലിക്കിന്റെ പുത്രനുമായ യസീദായിരുന്ന അദ്ദേഹത്തെ സർവ്വോപരി ദുഷിച്ചിരുന്നതു് യസീദ് സദാചാരനിഷ്ഠനും ത്യാഗിവര്യനുമായിരുന്നതു കൊണ്ട് അദ്ദേഹത്തിന്റെ വാക്കുകളും ജനങ്ങളെ ആകർഷിച്ചു. ഇങ്ങിനെ പ്രധാനികളും പാമരന്മാരുമായ സകല ജനങ്ങളും വലീദിന്റെ ശത്രുക്കളായിത്തീർന്നു. അവർ രഹസ്യമായി പ്രസ്തുത യസീദിനെ ഖലീഫയായി തിരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ ഭാഗത്ത് ചേരുകയും ചെയ്തതിനാൽ യസീദ് ഖിലാഫത്ത് തലസ്ഥാനം കീഴടക്കി. വലീദ് തന്റെ വസതിയിൽ വെച്ചു, തടങ്കലിലാക്കപ്പെട്ടു. തദവസരത്തിൽ അദ്ദേഹം വിശുദ്ധ ഖുർആൻ തുറന്നു പാരായണം ചെയ്തു തുടങ്ങുകയും ദ്രോഹിതനായ ഖലീഫ ഹസ്രത്ത് ഈസാ മാന്നു സംഭവിച്ച ദുരവസ്ഥയാണ് തനിക്കും നേരിട്ടിട്ടുള്ളതെന്നു പറഞ്ഞു സമാധാനിക്കുകയുമാണ് ഉണ്ടായതു് ജനങ്ങളും അകത്ത് പ്രവേശിച്ച അദ്ദേഹത്തിന്റെ ശിരസ്സു ഛേദിക്കുകയും അതു കുന്തത്തിന്മേൽ നാട്ടി പട്ടണം ചുറ്റിക്കുകയും ചെയ്തു. ഈ വധം നടന്നതു ഹിജ്റാ 126 ജമാദുൽ ആഖിർ 28-ാംനു- യായിരുന്നു. വലീദിന്റെ ഖിലാഫത്തു കാലം ഒരു കൊല്ലവും മൂന്നു മാസവുമാണ് അദ്ദേഹത്തിന്റെ കൊലയോട് കൂടി ബനൂഉമയ്യാ ഗോത്രത്തിനു നാശവാതിൽ തുറക്കപ്പെട്ടു.

യസീദ് നാഖിസ്

യസീദ്, അബ്ദുൽമലിക്കുബ്നുമർവാന്റെ പൌത്രനാകുന്നു. പാർസി രാജാവായിരുന്ന യസ്ദഗർദ് മകൻ ഫൈറൂസിന്റെ പുത്രിയായിരുന്ന അദ്ദേഹത്തിന്റെ മാതാവു്. അവരുടെ പേർ ശാഹ്ആഫരീദ് എന്നായിരുന്നു. വലീദിന്റെ വധത്തിനു ശേഷം

യസീദ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. വലീദ് പട്ടാളക്കാർക്ക് വർദ്ധിപ്പിച്ചിരുന്ന ശമ്പളം അദ്ദേഹം ചുരുക്കിയതിനാൽ അദ്ദേഹത്തിനു യസീദ്നാഖിസ് (ശമ്പളം ചുരുക്കിയ യസീദ്) എന്നു പേർ ലഭിച്ചു.

യസീദ് ഉത്തമ വിചാരക്കാരനായിരുന്നുവെങ്കിലും, ബനൂഉമയ്യാ ഗോത്രക്കാർ വലീദിന്റെ കൊലപാതകത്തെ അദ്ദേഹത്തിന്റെ മേൽ ചുമത്തി. അബ്ദുല്ലാഹിബ്നുഅബ്ദിൽ മലിക്കിന്റെ പുത്രനും ഹിംസ് ഭരണകർത്താവുമായിരുന്ന മർവാൻ വലീദിനെ കൊന്നതിനു പകരം വീട്ടുവാൻ പ്രോത്സാഹിപ്പിച്ചു കൊണ്ടു യസീദുബ്നുഹസീൻ മകൻ മുആവിയത്തിന്റെ നായകത്വത്തിൽ ഹിംസുവരെ ഖിലാഫത്തു തലസ്ഥാനത്തേക്കയച്ചു. 'യസീദ്, യങ്കുംബുബ്നുഹാനി, എന്നീ രണ്ടുപേരുടെ മുഖേന ഹിംസുകാർക്കു ഇപ്രകാരം അറിവു കൊടുത്തു 'ഖിലാഫത്തധികാരം എനിക്കു തന്നെ വേണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. പൊതുജന സമ്മതത്തോടു കൂടി ആർ തിരഞ്ഞെടുക്കപ്പെടുന്നുവോ അയാളെ ഖലീഫയായി സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനാണു്. നിങ്ങൾ പരസ്പരം കലഹത്തിൽ നിന്നു പിൻമാറേണ്ടതാണു്.' എങ്കിലും ഹിംസുകാർ അദ്ദേഹത്തിന്റെ വാക്കു സ്വീകരിച്ചില്ല അവർ വലീദിന്റെ കൊലക്കു പകരം വീട്ടുവാൻ തുനിയുകയാണു് ഉണ്ടായതു് അവസാനം യസീദ്, അവരുടെ നേരെ സുലൈമാനുബ്നുഹിശാമിനെ സൈന്യവുമായി അയക്കുവാൻ നിർബ്ബന്ധിതനായി. തന്നിമിത്തം ഹിംസുകാരിൽ അധികം പേർ കൊല്ലപ്പെടുകയും ശേഷിച്ചവർ യസീദിനെ ഖലീഫയായി സ്വീകരിക്കുകയും ചെയ്തു. ഫലസ്തീൻകാരും, ഹിംസുകാരെ അനുകരിക്കുകയുണ്ടായി. അവർ അവിടത്തെ ഭരണാധികാരിയെ പുറത്താക്കി, സുലൈമാനുബ്നുഅബ്ദിൽമലിക്കിന്റെ മകൻ യസീദിനെ ഭരണകർത്താവായി നിയമിച്ചു. അർദ്ദൻകാരും അവരുടെ ഭാഗത്തു് ചേർന്നിട്ടുണ്ടായിരുന്നു ഇങ്ങിനെ മുഹമ്മദുബ്നുഅബ്ദിൽമലിക്കിന്റെ നായകത്വത്തിൽ, രണ്ടു സംഘത്തിലും കൂടി 84000 ഭടന്മാരുണ്ടായിരുന്നു. അവരുടെ ഇടയിൽ അന്തഃഛിദ്രം ആവിർഭവിച്ചതിനാൽ അവർക്കും പരാജയം നേരിട്ടു. ഇങ്ങിനെ അവരും യസീദിനെ തന്നെ ഖലീഫയായി സ്വീകരിക്കുവാൻ നിർബ്ബന്ധിതരായി. സിറിയായിലെ അന്തഃഛിദ്രത്തെയാകുന്നു മീതെ വിവരിച്ചിട്ടുള്ളതു്. കിഴക്കൻ രാജ്യങ്ങളിലെ സ്ഥിതി ഇതിനേക്കാൾ ആപല്ക്കരമായിരുന്നു. യസീദ് കൂഫാ ഭരണാധികാരിയായിരുന്ന യൂസുഫുബ്നുഉമറിനെ നീക്കി തൽസ്ഥാനത്തു് മൻസൂറുബ്നുജുംഹൂറിനെ നിയമിച്ചിട്ടുണ്ടായിരുന്നു. ഇറാഖുകാരോടു യസീദിനെ ഖലീഫയായി തിരഞ്ഞെടുപ്പിച്ചതിനു ശേഷം മൻസൂർ തന്നെ കിഴക്കൻ പ്രദേശങ്ങളിലേക്കു വേണ്ട ഉദ്യോഗസ്ഥന്മാരെ നിയമിച്ചയച്ചു. തദവസരത്തിൽ ഖുറാസാൻ ഭരണകർത്താവായിരുന്ന നസ്റുബ്നുസയ്യാർ സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്തു മൻസൂറിന്റെ ഉദ്യോഗസ്ഥന്മാരെ മടക്കി അയച്ചു. ഒരു യമൻ നേതാവും കമ്മാനിൽ ജനിച്ചതു കൊണ്ടു കമ്മാനീ എന്ന നാമധേയത്തിൽ കീർത്തി പ്രാപിച്ചിരുന്നവനുമായിരുന്ന ജുദൈഉബ്നുഅലീ, നസ്റുബ്നുസയ്യാറിനോടു മത്സരിക്കുവാൻ സന്നദ്ധനായി. ഗഹ്ത്താൻ ഗോത്രക്കാർ അദ്ദേഹത്തിന്റെ ഭാഗത്തു് ചേർന്നു. മുസർ ഗോത്രക്കാർ വർഗ്ഗീയ പക്ഷപാതത്താൽ നസ്റിന്റെ പക്ഷത്തും ചേരുകയുണ്ടായി. നസ്റ്, കമ്മാനിയെ പിടിച്ചു തടവിലാക്കിയെങ്കിലും ഗഹ്ത്താൻ ഗോത്രക്കാർ അദ്ദേഹത്തെ വിടുവിച്ചു കൊണ്ടുപോയി. ഈ കക്ഷികളും തമ്മിൽ യുദ്ധമുണ്ടാക

വാൻ സന്നദ്ധമുണ്ടായെങ്കിലും ഒടുവിൽ ചിലരുടെ പരിശ്രമത്താൽ പരസ്പരം സന്ധി നടന്നു. പക്ഷെ ഈ സന്ധി മൂലം അവർ തമ്മിൽ വിശ്വാസവും രഞ്ജിപ്പുമുണ്ടായില്ല.

യസീദ് ഒന്നാമതായി തന്റെ സഹോദരൻ ഇബ്‌റാഹീമിനെയും രണ്ടാമതായി ഫജ്ജാജുബ്നു അബ്ദിൽമലിക്ക് മകൻ അബ്ദുൽ അസീസിനെയും സ്ഥാനാവകാശികളാക്കി.

യസീദ് 5 മാസവും 22 ദിവസവും മാത്രം ഖിലാഫത്ത് വഹിച്ചതിനുശേഷം ഹിജ്റഃ 126 ദുൽഹജ്ജ് 21-ാംനു- ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ വസിയത്തനുസരിച്ചു ഇബ്‌റാഹീം ഖലീഫയായി. എങ്കിലും ജസീറാ ഭരണകർത്താവായിരുന്ന മർവാനുബ്നുമുഹമ്മദ് അദ്ദേഹത്തിന്റെ ഖിലാഫത്തിനു അനുകൂലിയായില്ല. മർവാൻ ഭടന്മാരെയുംകൊണ്ടു സിറിയായുടെ നേക്കു ചെന്നു. ഹിംസും ഖിൻസരീനും കീഴടക്കിയതിനുശേഷം ദിമിശ്ഖിലേക്കു ഗമിച്ചു. ഒരു ചെറുയുദ്ധം നടത്തി ദിമിശ്ഖും കൈവശപ്പെടുത്തിയതിൽ പിന്നെ തന്നത്താൻ ഖലീഫയായി ഘോഷണത്ത് ചെയ്യിച്ചു. ഇബ്രാഹീം ഭയവിഹ്വലനായി ഓടിക്കളഞ്ഞു. മർവാൻ അദ്ദേഹത്തിനു അഭയം നല്കുകയാണു് ഉണ്ടായതു്. മർവാന്റെ പ്രതിഷേധത്താൽ ഇബ്‌റാഹീമിന്റെ ഖിലാഫത്തു് സ്ഥാപിതമാകാതിരുന്നതു കൊണ്ടു അധികം ചരിത്രകാരന്മാരും അദ്ദേഹത്തെ ഖലീഫമാരുടെ കൂട്ടത്തിൽ എണ്ണിയിട്ടില്ല

മർവാൻ രണ്ടാമൻ

ഇദ്ദേഹം മർവാനുബ്നുഹകമിന്റെ മകനായ മുഹമ്മദിന്റെ പുത്രനാകുന്നു. കർഷിസ്ഥാൻകാരിയായിരുന്ന ഒരടിമയാണു് മർവാന്റെ മാതാവു്. ആ അടിമ ആദ്യം ഇബ്‌റാഹീം അശ്തറിന്റെ അധീനത്തിലായിരുന്നു ഇബ്രാഹീം വധിക്കപ്പെട്ടതിനുശേഷം മുഹമ്മദ് അവരെ വാങ്ങി. മർവാൻ ഭ്രജാതനായതു ഹിജ്റ 70-ലാണു്. അദ്ദേഹം വളരെ ശക്തനും കായബലമുള്ളവനുമായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമശീലം നിമിത്തം ജനങ്ങൾ അദ്ദേഹത്തിനു ഹിമാർ എന്നു നാമകരണം ചെയ്തു. അദ്ദേഹം ധൈര്യത്തിലും സൈനികസാമർത്ഥ്യത്തിലും ബനൂഉമയ്യാ ഗോത്രക്കാരിൽ അസാധാരണനായിരുന്നു. പല യുദ്ധങ്ങളിലും അദ്ദേഹം വിജയിയായിട്ടുണ്ടു്. അദ്ദേഹത്തിന്റെ പരിശ്രമത്താൽ കാസ്പ്യൻ രാജ്യങ്ങളിൽ മുഴുവനും ഇസ്‌ലാമിന്റെ ആധിപത്യം സ്ഥാപിതമായി.

ഹിജ്റ 127-ൽ ഇബ്‌റാഹീമിനെ ജയിച്ചു ദിമിശ്ഖിൽ പ്രവേശിച്ചപ്പോഴായിരുന്നു അദ്ദേഹം ഖലീഫയായി സ്വീകരിക്കപ്പെട്ടതു്. അദ്ദേഹത്തിന്റെ ഭരണം ആരംഭിച്ചതുമുതൽ അവസാനം വരെയും കലഹവും പ്രക്ഷോഭവും നടന്നുകൊണ്ടിരുന്നു. തന്നിമിത്തം ബനൂഉമയ്യാ ഗോത്രക്കാക്കുതന്നെ ഖിലാഫത്തധികാരം നഷ്ടപ്പെട്ടു.

ജഅ്ഫറുബ്നുഅബീതാലിബ് മകൻ അബ്ദുല്ലയുടെ പുത്രനായ മുആവിയത്ത് മകൻ അബ്ദുല്ല കൂഫയിൽ, ഇമാമാണെന്നു വാദിച്ചു. മർവാന്റെ നേരെ ഒന്നാമതായി ഉണ്ടായ മത്സരം ഇതായിരുന്നു. അബ്ദുല്ലയുടെ ഭാഗത്തുശീയികളിൽ ഒരു വമ്പിച്ച ജനസംഘമുണ്ടായിരുന്നു. അന്നു ഖുറാഖ് ഗവർണ്ണരും, ഉമറുബ്നു അബ്ദിൽഅസീസിന്റെ മകനുമായിരുന്ന അബ്ദുല്ലയോടു ജനങ്ങൾക്കു വളരെ സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. അദ്ദേഹം മേൽപ്പറഞ്ഞ അബ്ദുല്ലാഹിബ്നു മുആവിയത്തിനെ തോല്പിച്ചു ബന്ധനസ്ഥനാക്കുകയും ഖുറാഖിൽനിന്നു പുറത്താക്കുകയും ചെയ്തു.

സിറിയായിൽ ബനൂഉമയ്യാ നായകന്മാരുടെ പ്രക്ഷോഭത്താൽതന്നെ മർവാന്റെ നേ

രെ അടിക്കടി ലഹളകളുണ്ടാക്കിക്കൊണ്ടിരുന്നു. ഒന്നാമതായി ഹിംസുകാർ അദ്ദേഹത്തിന്റെ നേരെ യുദ്ധത്തിന്നുചെന്നു. വളരെ രക്തച്ചൊരിച്ചൽ നടന്നതിൽപിന്നെ മർവാന്നു അവരുടെ മേൽ ജയം സിദ്ധിച്ചു. അനന്തരം ഗ്രന്ഥാനിവാസികൾ മത്സരത്തിന്നു പുറപ്പെട്ടു. അവർക്കും അനേകം കഷ്ടനഷ്ടങ്ങൾ നേരിട്ടുകയാണ് ഉണ്ടായതു് ഇതിൽപിന്നെ ഫലസ്തീൻകാർ കലഹം നടത്തിയതിനാൽ അവർക്കും നഷ്ടം നേരിട്ടു. അവസാനം ഹിശാമുബ്നുഅബ്ദിൽമലിക്കിന്റെ പുത്രൻ സുലൈമാൻ ഖിലാഫത്ത് വാഴുമായി പുറപ്പെട്ടു. സിറിയക്കാരിൽ അധികപേരും അദ്ദേഹത്തിന്റെ ഭാഗത്തു ചേർന്നു. തദവസരത്തിൽ മർവാൻ ഖർഖിസായിലായിരുന്നു. അദ്ദേഹം അവിടെനിന്നു സുലൈമാന്റെ നേർക്കു വന്നപ്പോൾ സുലൈമാൻ പരാജിതനായി 30,000 മൃതദേഹങ്ങളും പോക്കളത്തിൽ ഉപേക്ഷിച്ചുകൊണ്ടു ഹിംസിലേക്കു ഓടി. മർവാൻ അദ്ദേഹത്തിന്റെ പിന്നാലെ ചെന്നുവെങ്കിലും അദ്ദേഹം തടംറിലേക്കു പോയിക്കളഞ്ഞതിനാൽ അദ്ദേഹത്തെ പിടികിട്ടിയില്ല.

സിറിയയിൽ ഈ കലഹങ്ങളും നടന്നുകൊണ്ടിരുന്ന തക്കംനോക്കി ഇറാഖിൽ ഖാരിജികളും തലയുയർത്തി. അവരുടെ നേതാവു് ളഹാക്കുബ്നുഖൈസ്ശൈബാനീ എന്ന ആളായിരുന്നു. ളഹാക്കു ഒന്നാമതായി കൂഫ കൂസ്ഥമാക്കി. തദവസരത്തിൽ അവിടെ ഗവണ്ണരായിരുന്ന അബ്ദുല്ലാഹിബ്നുഉമറുബ്നുഅബ്ദിൽഅസീസ് അവിടെനിന്നു ഓടി വാസിത്തിൽ അഭയം പ്രാപിച്ചു. എങ്കിലും ളഹാക്കു അവിടെ വന്നു അദ്ദേഹത്തെ പിടിക്കുകയും അദ്ദേഹത്തോടു നിർബ്ബന്ധപൂർവ്വം ബൈഅത്ത് വാങ്ങുകയും ചെയ്തു. മർവാനാൽ തോല്പിക്കപ്പെട്ട സുലൈമാനുബ്നുഹിശാമും ളഹാക്കിന്റെ ഭാഗത്തു ചേർന്നതിനാൽ അദ്ദേഹത്തിന്നു പ്രാബല്യം വർദ്ധിച്ചു. അനന്തരം ളഹാക്ക് മൂസലിനെ ആക്രമിച്ചു. മർവാൻ ജസീറാ ഭരണകർത്താവായിരുന്ന തന്റെ മകൻ അബ്ദുല്ലക്കു ളഹാക്കിന്റെ ആഗമനത്തെ തടയുവാൻ ഉത്തരവുകൊടുത്തു. അബ്ദുല്ല 7000 ഭടന്മാരെയുംകൊണ്ടു നസീബീനിലേക്കു വന്നു. ളഹാക്കിന്റെ കൂടെ ഒരു ലക്ഷം ഭടന്മാരുണ്ടായിരുന്നു. അദ്ദേഹം നസീബീൻ രാജ്യം വളഞ്ഞിരിക്കുന്നുവെന്നു വർത്തമാനം കിട്ടിയപ്പോൾ തന്റെ അടുക്കലുണ്ടായിരുന്ന സർവ്വ ഭടന്മാരെയുംകൊണ്ടു മർവാനും വന്നെത്തി. കഠിനസമരം നടന്നതിൽ ളഹാക്ക് കൊല്ലപ്പെട്ടു; അനന്തരം ഖാരിജികൾ സയീദുബ്നുബഹ്ദൽ എന്ന ആളെ സേനാനായകനാക്കി. സയീദ്, മർവാന്റെ ഭടന്മാരെ ആക്രമിച്ചു മദ്ധ്യസൈന്യത്തെ തോല്പിച്ചുകൊണ്ടു അദ്ദേഹത്തിന്റെ തമ്പിന്നടുത്തെത്തിയെങ്കിലും അവിടെവെച്ചു വധിക്കപ്പെടുകയാണ് ഉണ്ടായതു്.

ഇതിന്നുശേഷം ശൈബാനുബ്നുഅബ്ദിൽഅസീസ് എന്ന ആൾ ഖാരിജീസൈന്യത്തിന്റെ നേതൃത്വം വഹിച്ചു എങ്കിലും ജനങ്ങൾ കൂട്ടുള്ളതെ അദ്ദേഹത്തിന്റെ സംഘത്തിൽനിന്നു പിരിയുന്നതു കണ്ടു അദ്ദേഹം മൂസലിലേക്കു പോന്നു. മർവാനും അദ്ദേഹത്തെ പിന്തുടർന്നതിനാൽ മൂസലിൽ വെച്ചു ആറുമാസംവരെ യുദ്ധം നടന്നു.

ഇതിന്നിടയിൽ മർവാൻ ഉമറുബ്നുഹുബൈറത്തിന്റെ മകൻ യസീദിനെ ഇറാഖ് ഗവണ്ണരായി നിയമിച്ചയച്ചു. യസീദ് ഖാരിജികളെ അവിടെനിന്നു പുറത്താക്കി അവരുടെ വസ്തുവകകളും പിടിച്ചടക്കുകയും ശൈബാനോടു നേരിടേണ്ടതിന്നു ഒരു സൈന്യത്തെ അയക്കുകയുംചെയ്തു. ഈ വർത്തമാനം കേട്ടപ്പോൾ ഇറാഖ് സൈന്യത്തിന്റെയും സിറി

യാ സൈന്യത്തിന്റെയും മദ്ധ്യത്തിൽ അകപ്പെട്ടുപോകുമെന്നു ഭയപ്പെട്ട ശൈബാൻ, മുസൽ ഉപേക്ഷിച്ച് ഫാരിസിലേക്കു പോന്നുവെങ്കിലും, വഴിമദ്ധ്യേ ജൈറഫത്ത് എന്നിടത്തുവെച്ച് ഇറാഖ്സൈന്യം അദ്ദേഹവുമായി നേരിട്ടതിനാൽ അദ്ദേഹം പരാജിതനായി സീസ്ഥാനിലേക്കു ഓടുകയും ഹിജ്റഃ 130-ൽ അവിടെ വെച്ചുതന്നെ മരിക്കുകയുമാണ് ഉണ്ടായത്.

ഈ കാലത്തുതന്നെ, ഒരഫ് അസ്ദിയുടെ മകനായിരുന്ന അബൂഹംസാമുഖ്താർ എന്ന ആളും മർവാന്റെ വിരോധിയായി ചമഞ്ഞു. ഹസർമൌത്ത് നേതാവായിരുന്ന അബ്ദുല്ലാഹിബ്നുയഹ്യാ എന്ന ആളും അദ്ദേഹത്തിന്റെ ഭാഗത്തുചേർന്നു. അബൂഹംസഃ ഒന്നാമതായി മദീനാപട്ടണം കൈവശപ്പെടുത്തി. അനന്തരം സിറിയയുടെ നേരെ ചെന്നപ്പോൾ മർവാൻ, ഇബ്നുഅത്തിയ്യസഅ്ദീ എന്ന ആളെ നാലായിരം അശ്വഭടന്മാരോടുകൂടി അദ്ദേഹത്തിന്റെ നേരെ അയച്ചു. വാദീഖുറാ എന്നിടത്തുവെച്ച് ഇരുസൈന്യങ്ങളും പോരാടിയ അവസരത്തിൽ അബൂഹംസഃ കൊല്ലപ്പെട്ടു. അനന്തരം ഇബ്നുഅത്തിയ്യഃ, അബ്ദുല്ലാഹിബ്നുയഹ്യയെ ശിക്ഷിക്കുവാനായി യമനിലേക്കു വന്നു അദ്ദേഹം അബ്ദുല്ലയെ കൊല്ലുകയും തല മർവാന്റെ അടുക്കലേക്കു അയക്കുകയുമാണ് ഉണ്ടായത്.

ബനൂഅബ്ബാസ് ഗോത്രപക്ഷക്കാർ കുറെ കാലമായി, അബ്ബാസിയാ ഖിലാഫത്തിനുവേണ്ടി പ്രചാരണം നടത്തിവരികയായിരുന്നു. ബനൂഉമയ്യാ ഗോത്രത്തിൽ ഉൽഭൂതമായ അന്തഃഛിദ്രവും ഖാരിജികളുടെ വിപ്ലവങ്ങളും അവർക്കു സഹായകരങ്ങളായി ഭവിച്ചു. ബനൂഅബ്ബാസ് പക്ഷക്കാരിൽ പ്രഥമഗണനീയനായിരുന്ന അബൂമുസ്‌ലിംഖുറാസാനീ ഖുറാസാൻ രാജ്യത്തെ പൂർണ്ണമായി കീഴടക്കിയതിൽപിന്നെ ഖഹ്ത്തബത്തുബ്നുശബീബിനെ കൂഫയിലേക്കയച്ചു. അവിടെവെച്ചു ഹിജ്റഃ 132 റബീഉൽഅവ്വൽ മാസത്തിൽ ബനൂഅബ്ബാസ് ഗോത്രത്തിൽ പ്രഥമ ഖലീഫയായ അബുൽഅബ്ബാസുബ്നു സഫ്ഫാഹിന്റെ തിരഞ്ഞെടുപ്പും ഖിലാഫത്തിന്റെ പ്രഖ്യാപനവും നടത്തപ്പെട്ടു. അബുൽഅബ്ബാസ്, അബ്ദുല്ലാഹിബ്നുഅലിയ്യിന്റെ നായകത്വത്തിൽ ഒരു വമ്പിച്ച സേനയെ മർവാന്റെ നേക്കയച്ചു. സാബ്നദിയുടെ കരയിൽവെച്ചു ഈ സൈന്യം മർവാന്റെ സേനയുമായി നേരിട്ടപ്പോൾ മർവാൻ പരാജിതനായി ഈജിപ്തിലേക്കു പോയി. സാലിഹുബ്നുഅലീ എന്ന ഗ്രാമത്തിലെ കനീസയിലായിരുന്ന മർവാൻ ചെന്നുകണ്ടിയത് സാലിഹ് അവിടെ ചെന്നു അദ്ദേഹത്തെ പിടിക്കുകയും ഹിജ്റഃ 132 ദുൽഹജ്ജ് 28-ാംനു- അദ്ദേഹത്തെ കൊല്ലുകയുംചെയ്തു. ബനൂഉമയ്യാ ഖിലാഫത്ത് അവസാനിക്കുകയും ബനൂഅബ്ബാസ് ഖിലാഫത്ത് ആരംഭിക്കുകയും ചെയ്ത ദിവസം അതായിരുന്നു.

'ദൈവമെ, നീ ഉദ്ദേശിക്കുന്നവർക്കു നീ രാജത്വം നൽകുകയും നീ വിചാരിക്കുന്നവരിൽനിന്നു നീ രാജത്വം എടുത്തുകളയുകയും നീ ഉദ്ദേശിക്കുന്നവരെ നീ ശ്രേഷ്ഠരാക്കുകയും നീ വിചാരിക്കുന്നവരെ നീ താഴ്ത്തിക്കളയുകയും ചെയ്യുന്നു. ഗുണം നിന്റെ പക്കലാണ്. നിശ്ചയമായും നീ സർവ്വശക്തനാകുന്നു എന്നു പറയുക' (ഖുർആൻ ശരീഫ്)

തകച്ച്യിലേക്ക്

1. ബനൂഉമയ്യാ ഗോത്രക്കാർ ഖിലാഫത്തധികാരസ്ഥന്മാരായതു സമുദായത്തിന്റെ തൃപ്തിയോടും ആനുകൂല്യത്തോടും കൂടിയായിരുന്നില്ല. നേരെ മറിച്ചു, ശക്തിയും സ്വാധീനവും പ്രയോഗിച്ചു സമുദായത്തെ അവർ

ക്കുകയാണു് ചെയ്തിരുന്നതു്. അമീർമുആവിയ സിറിയാ സൈന്യങ്ങളുടെ സഹായത്തോടുകൂടി ഇറാഖുകാരോടും തന്നത്താൻ ഖലീഫയായി തിരഞ്ഞെടുപ്പിച്ച അവസരത്തിൽ, പ്രത്യക്ഷത്തിൽ എല്ലാവരും അദ്ദേഹത്തെ ഖലീഫയായി സമ്മതിച്ചിരുന്നുവെങ്കിലും, പരോക്ഷമായി പല ഹൃദയങ്ങളിലും വിരോധാഗ്നി നാമ്പിട്ടിരുന്നു. സമുദായത്തിൽപെട്ട ഖാരിജീ, ശീയീ, എന്നീ രണ്ടു സംഘങ്ങളും അദ്ദേഹത്തിന്റെ വിരോധികളായിരുന്നു.

ഒന്നാമതു പ്രസ്താവിച്ച കൂട്ടർ മഹായുദ്ധശാലികളും നിർഭയന്മാരും തങ്ങളുടെ വാദങ്ങൾക്കായി ജീവപരിത്യാഗം ചെയ്യാൻ സന്നദ്ധരുമായിരുന്നു. രണ്ടാമത്തെ സംഘക്കാർ ഇറാഖിലായിരുന്നു അധികമുണ്ടായിരുന്നതു്. അഹ്‌ലുബൈത്തിന്നാണു് ഖിലാഫത്തധികാരം വേണ്ടതെന്നും തങ്ങൾ അവരുടെ സഹായികളാണെന്നുമായിരുന്നു ഇവരുടെ വാദം. അഹ്‌ലുബൈത്ത്, നബിയുമായുള്ള അടുത്ത ബന്ധുത്വത്താൽ ശ്രേഷ്ഠരായതു കൊണ്ടു, ഇക്കൂട്ടർക്കു സമുദായത്തിൽ നിന്നു അനേകം ആളുകളെ പ്രയാസമെന്യേ വശീകരിക്കുവാൻ സാധിച്ചു.

ഈ സ്ഥിതിക്കു തങ്ങളുടെ ഖിലാഫത്തിനെ നിലനിത്തേണ്ടതിന്നായി ബന്ധുമയ്യാഗോത്രക്കാർ വളരെ സൂക്ഷ്മതയേയും ദീർഘാലോചനയേയും അനുഷ്ഠിക്കേണ്ടതായിരുന്നു. തങ്ങളെ കുറിച്ചു ജനഹൃദയങ്ങളിൽ മതിപ്പും സ്നേഹവും ഉളവാക്കുവാനും വല്ല കൂട്ടരുടെയും വിരോധത്താലോ പ്രക്ഷോഭത്താലോ തങ്ങളുടെ ഖിലാഫത്തിന്റെ, അടിത്തറക്കു ഇളക്കം സംഭവിക്കാതിരിക്കുവാനായി അവർ സർവ്വോപരി നീതിയേയും നിഷ്പക്ഷപാതിത്വത്തെയും പ്രജാവാത്സല്യത്തേയും കൈക്കൊള്ളേണ്ടതായിരുന്നു. എന്നാൽ അമീർ മുആവിയക്കു ഈ പരമാർത്ഥത്തെ കുറിച്ചു ബോധമുണ്ടായിരുന്നു അദ്ദേഹം ബനൂഹാശിം നേതാക്കന്മാരോടും ശീയീ നായകന്മാരോടും ഔദ്യോഗ്യപൂർവ്വം വർത്തിക്കുകയും അവരുടെ അഭീഷ്ടങ്ങൾ നിവർത്തിച്ചു അവരെ ആകർഷിക്കുകയും ചെയ്തിരുന്നതു കൊണ്ടു അവരുടെ മത്സരം ശാന്തമാകുകയും വൈരുദ്ധ്യം കുറയുകയുമുണ്ടായി.

പക്ഷെ തനിക്കു സഹനശീലവും ദീർഘാലോചനയും ഉണ്ടായിരുന്നിട്ടു കൂടി ജുമുആ പ്രസംഗപീഠങ്ങളിൽ വെച്ചു ഹസ്രത്ത് അലിയെ ശപിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന സമ്പ്രദായം അദ്ദേഹം നടപ്പാക്കി. ആ സമ്പ്രദായം രാഷ്ട്രീയ സാമർത്ഥ്യത്തിനു വിപരീതമായ ഒരു വമ്പിച്ച അപരാധമായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. അതുമൂലം യാതൊരു പ്രയോജനവും ഉണ്ടാകാതിരുന്നതു കൊണ്ടു്, ജനങ്ങളുടെ പ്രത്യേകിച്ചു ശീയികളുടെ ഹൃദയങ്ങളിൽ കോപവും താപവും ജ്വലിച്ചുകൊണ്ടിരുന്നു. ഈ അധിക്ഷേപം കേട്ടു സഹിപ്പാൻ സാധിക്കാതിരുന്നതു കൊണ്ടായിരുന്നു ചിലർ ഖലീഫമാരോടും ഉദ്യോഗസ്ഥന്മാരോടും മത്സരിച്ചു കൊണ്ടിരുന്നതു്. മത്സരികൾക്കു ശിക്ഷ ലഭിക്കുന്തോറും ജനങ്ങളുടെ വിദ്വേഷം വർദ്ധിച്ചു കൊണ്ടിരുന്നു.

ഇനി ഭരണ മയ്യാദയെ വിട്ടുകളഞ്ഞു, മതപരമായി നോക്കുന്നതായാലും, ഈ ആചാരം ന്യായരഹിതമായിരുന്നുവെന്നു തെളിയുന്നതാണു് മരിച്ചു പോയ ഒരാളെയും അധിക്ഷേപിക്കുവാൻ മതം അനുവദിക്കുന്നില്ല. എന്നിരിക്കെ ഇസ്‌ലാം മതത്തിന്റെ ആവിർഭാവം മുതൽക്കു അതിനെ സഹായിച്ചുകൊണ്ടിരുന്ന ഹസ്രത്ത് അലിയെ പോലെയുള്ള ഒരു സമുദായനേതാവിനെ അധിക്ഷേപിക്കുന്നതു ഇസ്‌ലാം മതം എങ്ങിനെയാണു് നീതീകരിക്കുക?

അമീർ മുആവിയയുടെ വിയോഗാനന്തരം അദ്ദേഹത്തിന്റെ പിൻഗാമികൾ പദവി

യും പ്രതാപവും മൂലം വഞ്ചിതരായതിനാൽ വിരോധികളെ വശത്താക്കുവാൻ ഉത്സാഹിച്ചില്ല. നേരെ മറിച്ച്, അവർ എല്ലായ്പോഴും ബലവും കയ്യൂക്കും ഉപയോഗിച്ച വിരോധികളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ് ഉണ്ടായത്. ഒന്നാമതായി ഇമാംഹുസൈനും പിന്നീട് ഇമാം സൈദ്, അബ്ദുല്ലാഹിബ്നുമുആവിയ ഇവരും കൊല്ലപ്പെട്ടു. ഈ കൊലപാതകങ്ങളാൽ ശീയികളിൽ പ്രതികാരേച്ഛ കത്തിജ്വലിച്ചു.

2. ഇസ്ലാമിനു മുമ്പു അറബി ഗോത്രത്തിലുണ്ടായിരുന്ന വഗ്ഗീയ പക്ഷപാതത്തെ ആ മതം നശിപ്പിച്ചിരുന്നു ബനൂഉമയ്യാ ഗോത്രക്കാർ പ്രത്യേകിച്ച്, ഹിശാം എന്ന ഖലീഫ ഈ വഗ്ഗീയ പക്ഷപാതത്തെ പുനർജ്ജീവിപ്പിച്ചു. ഒന്നാമതായി അതു പ്രത്യക്ഷപ്പെട്ടതു മർവാൻ ഒന്നാമന്റെ ഭരണകാലത്തായിരുന്നു. മറ്റൂറാഹിത്തിൽ ഒരു ഭാഗത്തു ളഹാക്കിന്റെ കൂടെ ഖൈസ്ഐലാൻ ഗോത്രക്കാരും മറുഭാഗത്തു് മർവാന്റെ ഒരുമിച്ച ബനൂകൽബ് ഗോത്രക്കാരും നിന്നു പരസ്പരം നേരിട്ടപ്പോൾ മർവാനായിരുന്നു ജയിച്ചതു്. എന്നാൽ അദ്ദേഹം ഖലീഫയായതിൽ പിന്നെ മുഖ്താറബ്നുഅബീഉബൈദിന്റെ നേക്കു ഇബ്ൻ സിയാദിന്റെ കൂടെ ഇറാഖിലേക്കു ഭടന്മാരെ അയച്ച അവസരത്തിൽ ആ സൈന്യത്തിലെ ഇടസൈന്യനായകനായിരുന്നതു ഖൈസ് ഐലാൻ ഗോത്രത്തിൽ പെട്ട ഉമറബ്നുഹബ്ബാബ്സൽമിയായിരുന്നതിനാൽ, ഇബ്ൻ സിയാദ് ജയിക്കാറായ സന്ദർഭത്തിൽ ഉമറബ്നുഹബ്ബാബ് വഗ്ഗീയ മത്സരത്തിൽ പോക്കളം വിട്ടു കളഞ്ഞു. മറ്റൂറാഹിത്തിൽ വെച്ചു തന്റെ ഗോത്രക്കാരെ കൊന്ന ഘാതകന്മാരുടെ ഭാഗത്തു് താൻ യുദ്ധം ചെയ്യുന്നതല്ലെന്നാണ് അദ്ദേഹം പ്രസ്താവിച്ചതു് അവസാനം ഇബ്ൻസിയാദിന്റെ ജയത്തിന്റെ പകരം പരാജയം നേരിട്ടുകയും അദ്ദേഹവും മിക്ക സിറിയക്കാരും വധിക്കപ്പെടുകയുമാണ് ഉണ്ടായതു്.

അക്കാലത്തെ കവികളായിരുന്ന ജൂറൈർ ഫറസ്ദ്ഖ്, അഖ്ത്തൽ മുതലായവർ ഈ അനിസ്ലാമിക പക്ഷപാതത്തെ ജ്വലിപ്പിക്കേണ്ടതിന്നു അവരുടെ കവിതകളും വഴിയായി സഹായിച്ചിരുന്നുവെന്നും ഭിന്നത്തപ്പിശാചായിരുന്ന അവരുടെ നാവുകളും കൊണ്ടു സംസാരിച്ചിരുന്നതെന്നും അവരുടെ കാവ്യങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ടു്.

വഗ്ഗീയസ്ഥർ അധികമുണ്ടായിരുന്നതു ഖുറാസാനിലായിരുന്നു. അവിടെ വെച്ചു ഖഹ്ത്താനി, നിസാരീ, എന്നീ അറബി ഗോത്രങ്ങളും പരസ്പരം മത്സരിച്ചു കൊണ്ടിരുന്നു. പിന്നീടു നിസാരിയൽനിന്നുത്ഭവിച്ച റബീഅത്ത് മുസർ എന്നീ ശാഖകളും തമ്മിലും അതിൽപിന്നെ ഖൈസ്ഐലാൻ, തമീം എന്നീ മുസർ ശാഖകളും തമ്മിലും ശത്രുത ഉത്ഭവിച്ചു. ഖലീഫമാരും ഉദ്യോഗസ്ഥന്മാരും അവരുടെ രാഷ്ട്രീയ കാര്യസാദ്ധ്യത്തിന്നായി ഈ മഹാമാരിയെ പുതുക്കുവാനാണ് പരിശ്രമിച്ചു കൊണ്ടിരുന്നതു്. ഒരു യമൻകാരൻ ഭരണകർത്താവായി നിയമിക്കപ്പെട്ടാൽ അയാളും നിസാർ ഗോത്രക്കാരെ പുറത്താക്കും. പിന്നീടു് അയാളെ കുറിച്ചു വല്ല സംശയവുമുണ്ടാകുമ്പോൾ അയാൾക്കു പകരം ഒരു നിസാർ ഗോത്രക്കാരനെയോ, മുസർ ഗോത്രക്കാരനെയോ, ഭരണാധികാരിയായി അയക്കുമ്പോൾ അവൻ തന്റെ വിരോധികളായ ഗോത്രക്കാരെ സംഹരിച്ചു കളയും. ഈ അനിസ്ലാമിക വഗ്ഗീയ മത്സരത്തെ ഉണ്ടാക്കിത്തീർക്കുന്നതു കൊണ്ടു ഖിലാഫത്തിന്റെ പ്രതാപത്തെയും അറബികളുടെ പ്രാബല്യത്തെയുമാണ് നശിപ്പിക്കുന്നതെന്നു അവൻ ഓർത്തിരുന്നില്ല.

3. ബനൂഉമയ്യാ ഗോത്രക്കാർ സ്ഥാനാവകാശികളെ നിയമിക്കുന്നതിനു അംഗീകരിച്ച രീതിയും അവരുടെ നാശത്തിനു ഒരു വലിയ കാരണമായിത്തീർന്നു. മിക്ക ഖലീഫമാരും ഒരാൾക്കു പകരം രണ്ടാളെ തുടച്ചയായി സ്ഥാനാവകാശികളാക്കി. തൽഫലമായി ഒന്നാമത്തെ അവകാശി ഖലീഫയായാൽ, രണ്ടാമത്തെ അവകാശിയെ നീക്കി തൽസ്ഥാനത്ത് സ്വപുത്രനെയോ, തന്റെ വാത്സല്യഭാജനമായ മറ്റാരെയെങ്കിലുമോ അവകാശിയാക്കുവാനായിരിക്കും അയാളുടെ മോഹം. ഇങ്ങിനെ ബനൂഉമയ്യാ ഗോത്രത്തിൽ തന്നെ അന്തഃഛിദ്രം ആവിർഭവിച്ചു.

രണ്ടു സ്ഥാനാവകാശികളെ നിയമിച്ച പ്രഥമ ഖലീഫ മർവാൻ ഒന്നാമനാകുന്നു. അദ്ദേഹം അബ്ദുൽമലിക്ക്, അബ്ദുൽഅസീസ് എന്നീ രണ്ടു പേരെ അവകാശികളാക്കി. അബ്ദുൽമലിക്ക് ഖിലാഫത്ത് സിംഹാസനത്തിൽ ആഗതനായപ്പോൾ അബ്ദുൽഅസീസിനെ നീക്കി ആ സ്ഥാനത്ത് തന്റെ മകൻ വലീദിനെ അവകാശിയാക്കുവാൻ ആഗ്രഹിച്ചു. ഈ ആഗ്രഹം പൂർത്തീകരിപ്പാൻ ആലോചിച്ചുകൊണ്ടിരുന്നപ്പോഴാണ് അബ്ദുൽഅസീസ് ദിവംഗതനായതു്. രണ്ടു പേരെ അവകാശികളാക്കിയതുകൊണ്ടുണ്ടായ ദോഷം കണ്ടറിഞ്ഞ അബ്ദുൽമലിക്കിനും അതൊരു പാഠമായിത്തീർന്നില്ല. വലീദ്, സുലൈമാൻ ഇങ്ങിനെ രണ്ടു പേരെ അദ്ദേഹവും അവകാശികളായി നിയമിച്ചു. വലീദ് ഖലീഫയായപ്പോൾ അദ്ദേഹം സുലൈമാനു പകരം തന്റെ മകനെ അവകാശിയാക്കുവാൻ വിചാരിച്ചു. പക്ഷെ ഈ ആഗ്രഹം നിവർത്തിക്കുവാൻ കഴിയാതെ അദ്ദേഹം മരിച്ചു പോയതിനാൽ സുലൈമാൻ തന്നെ ഖലീഫയായി. സുലൈമാനും, മുൻഗാമികളുടെ വഴക്കം തെറ്റിക്കാതെ തനിക്കു ശേഷം ഖിലാഫത്ത് വഹിക്കേണ്ടതിനു ഉമറുബ്നുഅബ്ദുൽഅസീസിനും, യസീദുബ്നുഅബ്ദിൽമലിക്കിനും അവകാശം നൽകി.

ഉമറുബ്നുഅബ്ദുൽഅസീസ് ഖലീഫയായപ്പോൾ യസീദിന്റെ പക്കൽനിന്നു് എന്നുവേണ്ട, ബനൂഉമയ്യാഗോത്രത്തിൽനിന്നു തന്നെ, ഖിലാഫത്തധികാരത്തെ മോചിപ്പിക്കേണമെന്നു അദ്ദേഹം വിചാരിച്ചു അദ്ദേഹം അങ്ങിനെ ചെയ്യുകയുമെന്നു ഭയപ്പെട്ടതിനാൽ ബനൂഉമയ്യാഗോത്രക്കാർ ബദ്ധപ്പെട്ടു അദ്ദേഹത്തിന്റെ ഭക്ഷണത്തിൽ വിഷം കലർത്തിയതുകൊണ്ടായിരുന്നു അദ്ദേഹം മരണപ്പെട്ടതെന്നു ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല

യസീദും ഇതേ പിഴവിനെതന്നെ ആവർത്തിക്കയാണുണ്ടായതു്. അദ്ദേഹം ഹിശാമിനെയും ഹിശാമിനു ശേഷം ഖലീഫയാകേണ്ടതിനു തന്റെ മകൻ വലീദിനെയും അവകാശികളാക്കി. ഹിശാം ഖലീഫയായപ്പോൾ വലീദിനു പകരം സ്വപുത്രനെ സ്ഥാനാരോഹണം ചെയ്യുവാൻ ആഗ്രഹിക്കുകയും തന്നിമിത്തം ഇരുവരും തമ്മിൽ മത്സരം ഉത്ഭവിക്കുകയും ചെയ്തു. വലീദ് ദേഷ്യസ്വഭാവിയായിത്തീർന്നതിനാൽ ഖലീഫയായപ്പോൾ ആ ദേഷ്യത്തിന്റെ ദുഷിച്ച ഭാഗങ്ങൾ അദ്ദേഹത്തിൽ നിന്നു പ്രത്യക്ഷപ്പെടുകയുണ്ടായി.

4. ബനൂഉമയ്യാഗോത്രക്കാർ തങ്ങളുടെ പ്രതികാരേച്ഛയാൽ ഉദ്യോഗസ്ഥന്മാരും സമുദായനേതാക്കന്മാരുമായിരുന്ന പലരോടും അന്യായമായ വിധത്തിൽ വർത്തിക്കുകയും സമുദായത്തിൽ കീർത്തിപ്രാപിച്ച സേനാനായകന്മാരും അസാധാരണ ധൈര്യവാന്മാരുമായിരുന്ന പല ആളുകളേയും തങ്ങളുടെ സ്വാർത്ഥതക്കു് ബലികഴിക്കുകയും ചെയ്തു. സുലൈമാനുബ്നുഅബ്ദുൽമലിക്കിന്റെ സ്ഥാനാവകാശത്തെ ഒർ

ബ്ലപ്പെടുത്തുന്നതിനെ സംബന്ധിച്ച ഹജ്ജാജ് വലീദിനോട് യോജിച്ചതിനാൽ, സുലൈമാനുണ്ടായ കോപം നിമിത്തം, അദ്ദേഹം ഖലീഫയായപ്പോൾ ഹജ്ജാജിന്റെ ബന്ധുക്കളും കീഴുദ്യോഗസ്ഥന്മാരുമായിരുന്ന സകലരെയും ശിക്ഷിക്കുകയുണ്ടായി. സിന്ധുരാജ്യം കീഴടക്കിയ മുഹമ്മദുബ്‌നു ഖാസിമിനെ അദ്ദേഹം വധിച്ചു. ഇപ്രകാരം തന്നെ യൂറോപ്പിൽ പോയി ഇസ്‌ലാമിന്റെ കൊടി നാട്ടിയ ആ ഖിലാഫത്ത് ശ്രുശ്രൂഷകൻ മൂസബ്‌നുനസീറിനോടും അദ്ദേഹം, നിർദ്ദയമായി ഇടപെട്ടു. അദ്ദേഹത്തിനു സഹിക്കുവാൻ കഴിയാത്ത സംഖ്യ സുലൈമാൻ അദ്ദേഹത്തിന്റെ മേൽ പിഴചുമത്തുകയും അദ്ദേഹത്തെ ശിക്ഷിക്കുകയും ചെയ്തു ഇതുകൊണ്ടും തൃപ്തിപ്പെടാതെ സ്പെയിൻ ഗവണ്മെന്റായിരുന്ന അദ്ദേഹത്തിന്റെ മകൻ അബ്ദുൽഅസീസിന്റെ ശിരസ്സു വെട്ടിച്ചു തന്റെ മുമ്പിൽ വരുത്തിയതിനുശേഷം അതു ഒരു തളികയിലാക്കി ദ്രോഹിതനായ ആ സേനാനായകന്റെ മുമ്പിൽ സമർപ്പിച്ചു.

യസീദുബ്‌നുഅബ്ദിൽമലിക്കിനു ഖിലാഫത്ത് കിട്ടിഞ്ഞാൺ കരസ്ഥമായപ്പോൾ അദ്ദേഹം ഹജ്ജാജിന്റെ കുടുംബക്കാരെ സഹായിക്കുകയും, ഒരു പേരെടുത്ത സേനാനായകനായിരുന്ന മുഹല്ലബുബ്‌നു അബീസഫ്രത്തിന്റെ കുടുംബത്തെ നിശ്ശേഷം നശിപ്പിക്കുകയും ചെയ്തു. വലീദുബ്‌നുയസീദ് ഖലീഫയായിരുന്ന കാലത്ത് തന്റെ മകനെ സ്ഥാനാവകാശിയാക്കേണ്ടതിനു സഹായിക്കുവാൻ ഖാലിദുബ്‌നുഅബ്ദില്ലാഖിസ്രിയോട് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഇതു സ്വീകരിക്കാതിരുന്ന ഏകകാരണത്താൽ ഖാലിദുബ്‌നുഅബ്ദില്ലാഖിസ്രിയെ അദ്ദേഹത്തിന്റെ പ്രാണവിരോധിയായിരുന്ന യൂസുഫുബ്‌നുഉമർത്ഥഖ്ഫീക്ക അഞ്ചുകോടി ദിഹമീനു വലീദ് വിറവു കളഞ്ഞു. യൂസുഫ് അദ്ദേഹത്തെ ഒരു പീഡനയന്ത്രത്തിലാക്കുകയും അദ്ദേഹത്തിന്റെ നെഞ്ചത്തു് അരംകൊണ്ടു രാകി അദ്ദേഹത്തെ ദ്രോഹിക്കുകയും ചെയ്തു നിസ്സഹായകനായിരുന്ന ആ മഹാൻ ഒരു വാക്കു പോലും പുറപ്പെടുവിക്കാതെ ഈ കഠിനദ്രോഹം അനുഭവിച്ചുകൊണ്ടു കാലഗതി പ്രാപിച്ചു. അദ്ദേഹം ഖഹ്ത്താൻ വർഗ്ഗത്തിലെ ഏറ്റവും വലിയ നേതാവും യമനിലെ വിവിധഗോത്രനായകന്മാരുമായിരുന്നു. പതിനഞ്ചു കൊല്ലത്തോളം ഇറാഖ്,ഗവണ്മെന്റായി ഖിലാഫത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പരിശ്രമിച്ചിരുന്നു. ഇത്തരം അപമാനവും ദ്രോഹവും നിമിത്തം ജനങ്ങൾ ബനൂഉമയ്യാഖലീഫമാരെ വെറുത്തിരുന്നു.

ഖലീഫമാരുടെ പുറമെ സിയാദ്, ഇബ്‌നുസിയാദ്, ഹജ്ജാജ്, യൂസുഫുബ്‌നു ഉമർ തുടങ്ങിയ അവരുടെ കാലത്തുണ്ടായിരുന്ന ചില ഉദ്യോഗസ്ഥന്മാരും ജനദ്രോഹവും രക്തപ്രവാഹവും നടത്തിക്കൊണ്ടിരുന്നതിനാൽ ഈ ഖിലാഫത്തുതന്നെ ജനങ്ങൾക്കു അസഹനീയമായിത്തീർന്നു.

5. ബനൂഉമയ്യാഗോത്രക്കാർ പരസ്പരം മത്സരിച്ചു പോരാടിക്കൊണ്ടിരുന്നു. യസീദ് മൂന്നാമന്റെ നേരെ, സിറിയായിലെ സകല ജില്ലകളിൽനിന്നും സൈനികനടപടി നടത്തിയ സർവ്വ ഉദ്യോഗസ്ഥന്മാരും ബനൂഉമയ്യാഗോത്രക്കാരായിരുന്നു. അനന്തരം നാലു ഭാഗങ്ങളിൽനിന്നുമായി വന്ന മർവാൻ രണ്ടാമനോടു പോരാടിയതും ഇക്കൂട്ടർ തന്നെയായിരുന്നു. ഇങ്ങിനെ അന്തഃഛിദ്രങ്ങളാൽ ഈ ഗോത്രത്തിന്റെ ശക്തി നശിച്ചുപോയി.

6. മേൽ വിവരിച്ചപ്രകാരം ബനൂഉമയ്യാ ഗോത്രത്തിൽ ഉത്ഭവിച്ച അന്തഃഛിദ്രംമൂലം ആദ്യം മുതല്ക്കേ അവരുടെ വിരോധികളും അവരുടെ ഖിലാഫത്തിനെ ഉൻമൂലനം ചെയ്യാൻ

സന്ദർഭം നോക്കിക്കൊണ്ടിരുന്നവരുമായ ശീയികൾക്ക തങ്ങളുടെ ആഗ്രഹ സാദ്ധ്യത്തിന്ന പൂർണ്ണ സന്ദർഭം ലഭിച്ചു. അലിയ്യുബ്നുഅബീതാലിബിന്റെ മകൻ മുഹമ്മദിന്റെ പുത്രനായ അബൂഹാശിം നിര്യാതനായപ്പോൾ അദ്ദേഹത്തിന്ന പിന്തുടച്ചവകാശി ഇല്ലാതിരുന്നതിനാൽ, അബ്ദുല്ലാഹിബ്നുഅബ്ബാസ് മകൻ അലിയ്യിന്റെ പുത്രനായ മുഹമ്മദിനെ തന്റെ സ്ഥാനത്ത് ഇമാമാക്കുവാൻ അദ്ദേഹം വസ്യത്ത് ചെയ്തിട്ടുണ്ടെന്ന ബന്ധുഅബ്ബാസ് ഗോത്രക്കാർ പറഞ്ഞു പരത്തി. തന്നിമിത്തം ശീയികളിൽ കൈസാനിയ്യാ എന്ന വർഗ്ഗക്കാർ അവരുടെ പക്ഷക്കാരായിത്തീർന്നു.

മേൽ പ്രസ്താവിച്ച മുഹമ്മദുബ്നുഅലി തന്റെ ഇമാമത്തിനെ പ്രബോധനം ചെയ്യാനായി ഒരു രഹസ്യസംഘം സ്ഥാപിക്കുകയും ചെയ്തു.

സുലൈമാനുബ്നുകതീർഖുസായീ, മാലിഹുബ്നുഹൈതം, തൽഹത്തുബ്നുസുറൈഖ്, അംറുബ്നുആയുൻ, ഈസബ്നുആയുൻ, ഖഹ്ത്തബത്തുബ്നുശബീബ്തായീ, ലാഹിസുബ്നുഖുറൈസ്തമീമീ, മൂസബ്നുകഅ്ബ്, ഖാസിമുബ്നുമുജാശിഅ്, അബൂഖാലിദുബ്നുഇബ്റാഹീംശൈബാനീ, അബൂഅലീഹർഷിബ്ലീ, ഉംറാനുബ്നുഇസ്മായീൽ, എന്നീ പന്ത്രണ്ടുപേരെ പ്രബോധകന്മാരായി നിയമിക്കുകയും ചെയ്തു.

ഇവരുടെ ഉപദേശമനുസരിച്ച പ്രവൃത്തി നടത്തുവാനായി 70 പേരെ വേറെയും തിരഞ്ഞെടുത്തു. കൂഫാ, ഖുറാസാൻ എന്നീ രണ്ടു രാജ്യങ്ങളെ പ്രചാരവേലയുടെ കേന്ദ്രസ്ഥാനങ്ങളായി നിശ്ചയിച്ചു. കൂഫാ പട്ടണം ശീയികളുടെ ഉത്ഭവസ്ഥാനമാണ്. ഖുറാസാൻ രാജ്യത്തെ കേന്ദ്രമായി സ്വീകരിച്ചതു മൂന്നു കാരണങ്ങളാലായിരുന്നു.

ഒന്നു. ഖുറാസാൻ രാജ്യം ഖിലാഫത്ത് തലസ്ഥാനവുമായി വളരെ അകലെ സ്ഥിതി ചെയ്തിരുന്നതുകൊണ്ടു ബന്ധുഉമയ്യാ ഗോത്രക്കാർക്ക അവിടെ നടക്കുന്ന വർത്തമാനങ്ങൾ കിട്ടുവാൻ എളുപ്പമുണ്ടായിരുന്നില്ല.

രണ്ടു. അവിടത്തെ നിവാസികൾക്ക രാഷ്ട്രീയ കാര്യങ്ങളിൽ യാതൊരു അവകാശവും നൽകപ്പെടാതിരുന്നതിനാൽ, അന്നത്തെ ഭരണത്തിന്ന ഒരു പരിവർത്തനം സംഭവിക്കേണമെന്ന അവർക്ക ആഗ്രഹമുണ്ടായിരുന്നു.

മൂന്നു. അവിടത്തെ ജനങ്ങൾ നവമുസ്ലിംകളായിരുന്നതുകൊണ്ടു ഇസ്ലാമിക സ്വാതന്ത്ര്യത്തെയും പ്രജാധിപത്യത്തെയും കുറിച്ച അവർക്ക ബോധമുണ്ടായിരുന്നില്ല. അവിടത്തെ പൂർവ്വരാജാക്കന്മാരുടെ ചരിത്രങ്ങൾ നാട്ടുകാരുടെ പക്കലുണ്ടായിരുന്നതുകൊണ്ടു അവയെ മുൻനിർത്തിക്കൊണ്ടും പ്രചാരകവ്യൂഹത്തിന്റെ വിയോഗാനന്തരം അദ്ദേഹത്തിന്റെ അടുത്തബന്ധുക്കൾ പിന്തുടച്ചക്കാരായിരിക്കേണ്ടതാണെന്ന അവരെ ധരിപ്പിക്കുവാൻ വളരെ എളുപ്പമുണ്ടായിരുന്നു.

ഈ ഉപദേഷ്ടാക്കളെ യാത്ര അയച്ച അവസരത്തിൽ മുഹമ്മദുബ്നുഅലി നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു. 'കൂഫയിലെയും കൂഫാ പരിസരങ്ങളിലെയും നിവാസികൾ ഹസ്സത്തു' അലീ (ക.വ.) യുടെയും അദ്ദേഹത്തിന്റെ സന്തതികളുടെയും സംഘക്കാരാകുന്നു. ബസറക്കാർ മുഴുവനും ഉസ്മാൻ (റ) യുടെ പക്ഷക്കാരാകുന്നു. ജസീറക്കാർ ഖാരിജികളായ തോട്ടുകൂടി നാമമാത്ര മുസ്ലിംകളും ആചാരങ്ങളിൽ ക്രസ്ത്യാനികളുമാകുന്നു. സിറിയക്കാർ ബന്ധുഉമയ്യാ ഗോത്രക്കാരെയല്ലാതെ അറിയുകപോലും ചെയ്യുന്നില്ല. മക്കക്കാരിലും മദീനക്കാരിലും അബൂബക്കർ(റ)വിനെയും ഉമർ (റ) വിനെയും കുറിച്ചുള്ള വിശ്വാസം ബലപ്പെട്ടി

രിക്കുന്നു. നിങ്ങൾ ഖുറാസാനിലേക്കു പോകുക. അവിടത്തെ ആളുകൾ സഹായികളായും കായബലമുള്ളവരും സംഖ്യാധിക്യമുള്ളവരുമാണു്.'

പ്രബോധനം ചെയ്യുമ്പോൾ ആരുടേയും പേർ നിർദ്ദേശിക്കരുതെന്നും അഹ്‌ലുബൈത്തിന്റെ ഇമാമത്തിനുവേണ്ടിമാത്രം ബൈഅത്തു് ചെയ്യിച്ചാൽ മതിയെന്നും അദ്ദേഹം അവരോടു് ആജ്ഞാപിച്ചു. ഈ പ്രചാരകന്മാർ പ്രത്യക്ഷത്തിൽ വ്യാപാരികളുടെ വേഷം കൈക്കൊണ്ടു ഖുറാസാനിൽ ചുറ്റിനടക്കുകയും രഹസ്യമായി ബനൂഹാശിം ഖിലാഫത്തിനെ പ്രബോധനം ചെയ്തുകൊണ്ടിരിക്കുകയുമാണു് ഉണ്ടായതു്.

ഹിജ്‌റ 126-ൽ മുഹമ്മദുബ്‌നുഅലീ മരിച്ചതിൽപിന്നെ, അദ്ദേഹത്തിന്റെ മകൻ ഇബ്‌റാഹീം അദ്ദേഹത്താൽ ഇമാമത്തിനു വസ്യത്തു് ചെയ്യപ്പെട്ടവനായി ഗണിക്കപ്പെട്ടു. സ്വൈയ്യിദുകളായ ഗുണങ്ങളെക്കൊണ്ടു ഖുറാസാനിൽ അതിമഹാനായിരുന്ന അബൂമുസ്‌ലിം എന്ന യുവാവിനെ ഇബ്രാഹിമിനു സഹായിയായി ലഭിച്ചു. ഇബ്രാഹിം അദ്ദേഹത്തെ ഖുറാസാനിലെ ശീയാകാര്യങ്ങൾക്കു നേതാവായി നിയമിച്ചു. പ്രചാരകന്മാർ ദീർഘകാലത്തെ പരിശ്രമംകൊണ്ടു ഖുറാസാൻ രാജ്യത്തിന്റെ കാരോ കോണിലും ഇമാമത്തു് പ്രബോധനം ചെയ്തതിന്റെ ഫലമായി അവിടത്തെ മിക്കജനങ്ങളും, അനേകം നേതാക്കന്മാരും അവരുടെ വശംവദരായി. പ്രബോധകന്മാരുടെ രഹസ്യം ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടാതിരുന്നില്ല. അവർക്കു ശിക്ഷയും കിട്ടിക്കൊണ്ടിരുന്നു. അസദുബ്‌നുഅബ്ദില്ലാ ഖിസ്‌രിയുടെ ഉദ്യോഗകാലത്തു പ്രത്യേകിച്ചും അവർ ശിക്ഷിക്കപ്പെടുകയുണ്ടായി. അസദിനു അവരോടു വലിയ ദ്വേഷ്യമുണ്ടായിരുന്നതിനാൽ അദ്ദേഹം തനിക്കു പിടികിട്ടുന്നവരെ കൊല്ലുകയോ, അവരുടെ കൈമുറിച്ചു കളയുകയോ ചെയ്തിരുന്നു. എന്നാൽ ശിക്ഷകൾ മൂലം അവരുടെ പ്രവൃത്തിക്കു ഭംഗം നേരിടുകയോ യഥാർത്ഥവിവരം ഉദ്യോഗസ്ഥന്മാർക്കു മനസ്സിലാകാതെയോ ചെയ്തിരുന്നില്ല.

ഇവിടെ ഖുറാസാൻ ഉദ്യോഗസ്ഥന്മാരിൽ പരസ്പരമത്സരവും വർഗ്ഗീയ പക്ഷപാതവും പിടിപെട്ടിരിക്കുന്നുവെന്നും, അവിടെ ബനൂഉമയ്യാ ഗോത്രക്കാർ അന്യോന്യം കലഹത്തിലേർപ്പെട്ടിരിക്കുന്നുവെന്നും അബൂമുസ്‌ലിം അറിഞ്ഞതിനാൽ അദ്ദേഹം രഹസ്യമായും ഉത്സാഹപൂർവ്വമായും പ്രചാരവേല ആരംഭിച്ചു. അദ്ദേഹം ഒന്നാമതായി മുറവിന്നടുത്തുണ്ടായിരുന്ന സഫീദങ്കു് കോട്ട കൈവശപ്പെടുത്തി. വിവിധ പ്രദേശങ്ങളിൽനിന്നുമായി ഇമാമത്തു് പ്രബോധനം സ്വീകരിച്ചിരുന്ന സമ്പന്നജനങ്ങളെയും അവിടെ ക്ഷണിച്ചുവരുത്തി. അവർ രണ്ടുലക്ഷം ആളുകളുണ്ടായിരുന്നു. അബ്ബാസിയാ ഗോത്രക്കാരുടെ ആചാരമനുസരിച്ചു എല്ലാവരും കറുപ്പു വസ്ത്രമായിരുന്നു ധരിച്ചിരുന്നതു്. അന്നത്തെ ഇമാമിന്റെ അടുക്കൽനിന്നു അബൂമുസ്‌ലിമിനു അയച്ചുകിട്ടിയിരുന്നതും സില്ലു് എന്നും സഹാബു് എന്നും നാമകരണം ചെയ്യപ്പെട്ടിരുന്നതുമായ രണ്ടു കൊടികൾ ഇമാമത്തിന്റെ രക്ഷക്കായി നാട്ടപ്പെട്ടു.

ഖുറാസാൻ ഭരണകർത്താവായിരുന്ന നസ്‌റുബ്‌നുസയ്യാറും കമ്മാനിയും തമ്മിൽ വിരോധമുണ്ടായിരുന്നതിനാൽ, അബൂമുസ്‌ലിം കമ്മാനിയെ തന്റെ ഭാഗത്തു് ചേർത്തു. നസ്‌റു് സംഖ്യത്തിനായെന്നും പറഞ്ഞുകൊണ്ടു കമ്മാനിയെ വിളിച്ചുവരുത്തി കൊന്നുകളഞ്ഞു. തദവസരത്തിൽ അബൂമുസ്‌ലിം കമ്മാനിയുടെ മകൻ അലിയെ, നസ്‌റിനോടു പിതാവിന്റെ കൊലക്കു പകരം വീട്ടുവാൻ പ്രേരിപ്പിക്കുകയും അദ്ദേഹത്തെ സഹായിക്കേണ്ടതിനു ഭടന്മാരെ

അയക്കുകയും ചെയ്തു. നസ്റ് പരാജിതനായി സാവാ എന്നിടത്തേക്കോടുകയും വഴിയിൽവെച്ച് മരിക്കുകയുമാണ് ഉണ്ടായത്. ഇങ്ങിനെ ഖുറാസാൻ മുഴുവനും അബൂമുസ്ലിമിന്റെ ഭരണത്തിൻ കീഴിലായി.

ഇമാംഇബ്രാഹിം അപ്പോഴേക്കും മരിച്ചുപോയതിനാൽ അദ്ദേഹത്തിന്റെ സ്ഥാനത്തു് അബുല്ലാ അബുൽഅബ്ബാസ് സഫാഹ് എന്ന ആൾ പിൻഗാമിയായി നിയമിക്കപ്പെട്ടിരുന്നു. അദ്ദേഹം കൂഫയിൽ വന്നു താമസിച്ചു വരികയായിരുന്നു. അബൂമുസ്ലിം തനിക്കു ബലവും സ്വാധീനവും വർദ്ധിച്ചപ്പോൾ കൂഫയിലേക്കു ഒരു പ്രതിനിധിയെ അയച്ചു. ഇങ്ങിനെ ഹിജ്റഃ 122-ൽ അവിടെവെച്ചു മേൽ പ്രസ്താവിച്ച അബുൽഅബ്ബാസിന്റെ ഖിലാഫത്ത് പ്രഖ്യാപനം നടന്നു.

7. ആദ്യകാലത്തു് ബനൂഉമയ്യാ ഖലീഫമാർ നാട്ടിലെ ആഭ്യന്തരകായ്യങ്ങൾ അന്വേഷിച്ചറിയേണ്ടതിനു ചാരന്മാരെ നിയമിക്കുക പതിവായിരുന്നു. എങ്കിലും അവരുടെ ഭരണാന്ത്യകാലത്തു് ഈ ഉദ്യോഗം നിർത്തൽ ചെയ്തിരുന്നതു നിമിത്തം അവരുടെ ഖിലാഫത്തധികാരത്തെ സംഹരിപ്പാനായി കാൽനൂറ്റാണ്ടു കാലം നടന്നുകൊണ്ടിരുന്ന ബനൂഅബ്ബാസ് ഗോത്രക്കാരുടേയും അവരുടെ പക്ഷക്കാരുടേയും ആഭ്യന്തരപ്രക്ഷോഭണങ്ങളും പ്രവൃത്തികളും അവർ അറിഞ്ഞില്ല. ഖുറാസാനിലെ അറബികളെയെല്ലാം കൊന്നുകളയേണമെന്നു കാണിച്ച ഇമാംഇബ്രാഹിം അബൂമുസ്ലിമിന്നയച്ചിരുന്ന ഒരു കത്തു് മർവാൻ രണ്ടാമന്റെ കയ്യിൽ കിട്ടിയ അവസരത്തിലാണ് അദ്ദേഹം വിവരം അറിഞ്ഞതു്. തദവസരത്തിൽ അദ്ദേഹം ഇബ്രാഹിമിനെ തടവിലാക്കിയതിനാൽ അദ്ദേഹം തടവിൽ നിന്നുതന്നെ മരിച്ചു. എങ്കിലും അപ്പോഴേക്കും കിഴക്കൻപ്രദേശങ്ങളിൽ അബൂമുസ്ലിമിന്റെ പ്രാബല്യം മികച്ചുപോയിരുന്നതിനാൽ കായ്യം മർവാന്റെ അധീനത്തിൽനിന്നു വിട്ടുകഴിഞ്ഞിരുന്നു.

ഉമയ്യാഭരണവും ഇസ്ലാമിക പരിഷ്കാരങ്ങളും

ബനൂഅബ്ബാസ് ഗോത്രക്കാർ ബനൂഉമയ്യാ ഗോത്രക്കാരുടെ കഠിന വിരോധികളും അവരുടെ ഭരണത്തെ നശിപ്പിച്ചു കരസ്ഥമാക്കിയവരുമായതിനാൽ അബ്ബാസിയാ ഭർബ്ബാറുകളിൽവെച്ചു അവരുടെ സഹചരന്മാർ, ബനൂഉമയ്യാ ഗോത്രക്കാരുടെ കുറവുകൾ വർണ്ണിച്ചു പറയുക പതിവായിരുന്നു. ഇക്കൂട്ടർ ബനൂഉമയ്യാഗോത്രക്കാരുടെ മഹത്തായ നേട്ടങ്ങൾ മറച്ചുവെക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ബനൂഉമയ്യാഗോത്രക്കാരോടു മതപരമായി വൈരമുണ്ടായിരുന്ന ചില കക്ഷികളും അവരെ അതിർകവിഞ്ഞു അധിക്ഷേപിച്ചു വന്നു. അക്കാലത്തെ ചരിത്രഗ്രന്ഥങ്ങൾ അബ്ബാസിയാ ഗോത്രക്കാരുടെ ഭരണകാലത്താണ് എഴുതപ്പെട്ടതു്. തന്നിമിത്തം ബനൂഉമയ്യാ ഗോത്രക്കാരുടെ വിരോധികൾ രചിച്ചു, അബ്ബാസിയാ ഖലീഫമാരുടെ സാമീപ്യം സിദ്ധിക്കേണ്ടതിനു അവരുടെ കൂട്ടാളികൾ കെട്ടിച്ചമച്ചതുമായ വർത്തമാനങ്ങൾ ചരിത്ര ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചു. അതുകൊണ്ടു ബനൂഉമയ്യാ ഗോത്രക്കാരെ കുറിച്ചു ഒരു പക്ഷക്കാർ വിവരിച്ച ചരിത്രം മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ.

ബനൂഉമയ്യാ ഖിലാഫത്ത് ആരംഭിച്ചതു അമീർമുആവിയ ഐകകണ്ഠ്യേന ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ദിവസവും, അഥവാ, ഹിജ്റഃ 41 റബീഉൽഅവ്വൽ 25-ാംനു-യും അവസാനിച്ചതു മർവാൻ രണ്ടാമൻ കൊല്ലപ്പെട്ട ദിവസവും (ഹിജ്റഃ 132 ദുൽഹജ്ജ് 27-ാംനു-) മാകയാൽ, ഈ വംശത്തിൽ ചില

ഫത്തധികാരം സ്ഥിതി ചെയ്തത് 91 കൊല്ലവും ഒമ്പത് മാസവുമാണെന്ന തീർച്ചപ്പെട്ടു.

ബനൂഉമയ്യാ ഭരണകാലത്ത് ഇസ്‌ലാമിക ഖിലാഫത്ത് രാജത്വ പദവിയെയും പ്രതാപത്തെയും കൈക്കൊണ്ടു. ഖുലഫാഉർറാശിദുകൾ അംഗരക്ഷാ ഭടന്മാരെയും വീട്ടു കാവൽ സൈന്യത്തെയും നിർത്തിയിരുന്നില്ല. നേരെ മറിച്ച്, ബനൂഉമയ്യാ ഖലീഫമാർ ജാമിഅ് മസ്ജിദുകളിൽ പോലും തങ്ങൾക്കുവേണ്ടി മുറികൾ പണിയിച്ചു. അവർ നമസ്കരിച്ചിരുന്നപ്പോൾ ഇടത്തും വലത്തും ആയുധപാണികളായ ഭടന്മാർ നിൽക്കുക പതിവായിരുന്നു.

തന്റെ പക്കൽ ആരെങ്കിലും വല്ല പിഴവും കണ്ടാൽ അതു ശരിപ്പെടുത്തിക്കൊടുക്കേണമെന്നായിരുന്ന ഹസ്രത്ത് ഉമർ (റ) തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നതു്. എന്നാൽ അമവിയ്യാ ഖലീഫയായിരുന്ന അബ്ദുൽമലിക്ക് പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു പറഞ്ഞ വാക്ക് ഇതിനു, നേരെ വിപരീതമായിരുന്നു. 'ഇന്നു മുതൽ ഇവിടെ വെച്ചു അല്ലാഹുവിനെ ഭയപ്പെടുക എന്നു് എന്നോടു് പറയുന്നവനെ ഞാൻ കൊന്നുകളയും' എന്നായിരുന്ന അദ്ദേഹം പ്രസ്താവിച്ചതു്.

ഖുലഫാ ഉർറാശിദുകൾ സാധാരണ ജനങ്ങളെ പോലെ തെരുവീഥികളിൽ ചുറ്റി നടക്കുകയും അവരുടെ കൂടെ ചെല്ലുന്ന പള്ളികളിൽ പോയി നമസ്കരിക്കയും അവരുടെ കൂട്ടത്തിൽ ഇരിക്കുകയും ചെയ്തിരുന്നു. എന്നാൽ വലീദുബ്നുഅബ്ദിൽമലിക്ക് മസ്ജിദുന്നബവി കാണുമാൻ ചെന്ന അവസരത്തിൽ ആ പള്ളിയിലുണ്ടായിരുന്ന സകല ജനങ്ങളെയും പുറത്താക്കുകയാണുണ്ടായതു്. പണ്ഡിതനായിരുന്ന സഈദുബ്നുൽമുസയ്യിബിന്റെ പ്രഭാഷണത്തെയും ഉപന്യാസത്തെയും കേൾക്കുന്നതിനുവേണ്ടി അവിടെ ചുറ്റിലും ആരാധകന്മാരായിരുന്നു.

ഖുലഫാഉർറാശിദുകൾക്കു യാതൊരു പ്രത്യേക അടയാളവുമുണ്ടായിരുന്നില്ല. ബനൂഉമയ്യാ ഭരണചരിത്രം തുടങ്ങിയപ്പോൾ ഖിലാഫത്ത് വടിയെ കുറിച്ചും ഖിലാഫത്ത് മുദ്രയെ പറ്റിയും നാം കേട്ടു തുടങ്ങി.

ഖലീഫാഉർറാശിദുകൾ സാധാരണക്കാരായ പ്രജകളെപോലെയായിരുന്ന ജീവിതം നയിച്ചതു്. ബൈത്തുൽമാലിനെ സ്വന്തധനത്തേക്കാൾ അവർ സൂക്ഷിച്ചു വന്നു. ഖിലാഫത്ത് വഹിച്ചതു കൊണ്ടു പരലോക ശിക്ഷയും പ്രതിഫലവും രണ്ടും ഉണ്ടാകാതെ കഴിഞ്ഞുകൂടിയാൽതന്നെ, വലിയ വിജയമാണെന്നു എന്നിട്ടും അവർ പറഞ്ഞിരുന്നു. അമവിയ്യാ ഖലീഫമാർ രാജാക്കന്മാരുടെ പദവിയോടുകൂടി കാലം കഴിക്കുകയും ബൈത്തുൽമാലിനെ സ്വന്തം സ്വത്തായി ഗണിക്കുകയും ചെയ്തു. ഇതിനു പുറമെ, അവരിൽപെട്ട യസീദുബ്നു അബ്ദിൽമലിക്ക്, വലീദുബ്നുയസീദ് മുതലായ ചില ഖലീഫമാർ മദ്യപിക്കുകയും, സ്ത്രീകളുടെ സ്വരമാധുരി ആസ്വദിച്ചുവന്ന പരമാർത്ഥവും നമുക്ക് കേൾക്കേണ്ടിവന്നു.

ഖുലഫാഉർറാശിദുകളുടെ ഭരണം കിത്താബിനും സുന്നത്തിനും അനുസൃതമായിരുന്നു. ബനൂഉമയ്യാ ഗോത്രക്കാരുടെ കാലത്തു് ബലവും കയ്യൂക്കും പ്രയോഗിച്ചുകൊണ്ടുള്ള ഭരണം നടപ്പായി. അബ്ദുൽമലിക്കുബ്നുമർവാൻ യാതൊരു സങ്കോചവും കൂടാതെ ജനങ്ങളോടു ഇപ്രകാരം പറഞ്ഞിരുന്നു. 'ഞങ്ങളെ നിങ്ങളെ ശൈഖൈനിയുടെ മാർഗ്ഗമനുസരിച്ചു ഭരിക്കേണമെന്നു ആഗ്രഹിക്കുവാൻ നിങ്ങൾക്കു എന്തു ന്യായമാണു് ഉള്ളതു്? എന്നാലതായി നിങ്ങൾ, അവരുടെ കാലത്തുണ്ടായിരുന്ന ജനങ്ങളെ പോലെ ആയിത്തീരുക.'

എന്നാൽ മറ്റുപല ദോഷങ്ങളുമുണ്ടായിരുന്നുവെങ്കിലും, ബനൂഉമയ്യാ ഗോത്ര

ക്കാർഅറബികളുടെ സാമൂഹ്യമായ പ്രത്യേകതയെ നിലനിറുത്തിപ്പോന്നു. അറബികളുടെ അനാഡംബരത്വത്തെയും അവർ ഒരു വിധം പരിരക്ഷിക്കുകയുണ്ടായി. ഇതര രാജ്യക്കാരുടെ ആചാരങ്ങളും ദോഷങ്ങളും അവരിൽ കടന്നുകൂടിയിരുന്നില്ല. എന്നാൽ അവരുടെ ഭരണത്തിന്നു അടിസ്ഥാനമായിരുന്നതു കൌശലവും തന്ത്രവുമായിരുന്നില്ല നേരെ മറിച്ചു ഭക്തിയും പ്രതാപവുമായിരുന്നു എങ്കിലും, ഒരു ശതവർഷത്തോളമുണ്ടായ അവരുടെ ഭരണകാലത്തു് ഇസ്‌ലാം രാജ്യങ്ങളെയെല്ലാം ഏക കൊടിക്കൂറക്കു കീഴിപ്പെടുത്തുവാൻ അവക്കു് സാധിച്ചു. ഈ സ്ഥിതിയെ ഒരു ദിവസമെങ്കിലും പരിരക്ഷിക്കുവാൻ ബനൂഅബ്ബാസ് ഖലീഫമാക്കു കഴിഞ്ഞിട്ടില്ല.

ഖലീഫ തിരഞ്ഞെടുപ്പു് ഖുലാഫാഉർറാശിദുകളുടെ തിരഞ്ഞെടുപ്പു രീതികളും പരസ്പര ഭിന്നങ്ങളായിരുന്നുവെങ്കിലും, പ്രജാധിപത്യത്തിന്റെ സാക്ഷാൽ ജീവനായ ആലോചനയും പൊതുജനാനുകൂല്യവും അവ ഓരോന്നിലും ഉണ്ടായിരുന്നു. എന്നാൽ ബനൂഉമയ്യാ ഖലീഫമാർ സ്വകുടുംബത്തിൽനിന്നു ഇഷ്ടമുള്ള ആളെ ഖിലാഫത്തിന്നു അവകാശിയാക്കുകയായിരുന്നു പതിവു് ഈ ഗോത്രത്തിൽനിന്നു ഖിലാഫത്തു് വഹിച്ച പതിമൂന്നാളുകളിൽ ഒമ്പതു പേരും ഇങ്ങിനെ ഖിലാഫത്തധികാരം സിദ്ധിച്ചവരായിരുന്നു. ശേഷമുണ്ടായിരുന്ന അമീർ മുആവിയ, മർവാനുബ്നുഹക്കം, യസീദുബ്നുഅബ്ദുൽമലീക്, മർവാനുബ്നുമുഹമ്മദ് എന്നീ നാലു പേർ ശക്തിയും കയ്യൂക്കും ഉപയോഗിച്ചു ഖിലാഫത്തു് കരസ്ഥമാക്കിയവരാണു് തിരഞ്ഞെടുപ്പു സമ്പ്രദായം അലങ്കോലപ്പെടുത്തുകൊണ്ടു ബനൂഉമയ്യാ ഭരണത്തിൽ സ്വേച്ഛാധികാരത്തിന്റെ കരയ തെളിഞ്ഞുകാണ്മാനിടയായി.

സൈന്യങ്ങൾ: അമവിയ്യാക്കളുടെ ഭരണകാലത്തു് ആദ്യം മുതൽ അവസാനം വരെയും ഇസ്‌ലാമിന്നു ജയവും പ്രാബല്യവും സിദ്ധിച്ചുകൊണ്ടിരുന്നുവെന്നുള്ളതു ആ ഭരണത്തിന്റെ ഒരു പ്രത്യേകതയാകുന്നു. അവരുടെ ഭരണ കാലത്തു് ആഭ്യന്തരകലഹങ്ങൾ ധാരാളം ഉണ്ടായിക്കൊണ്ടിരുന്നു. ശിയികളും ഖാരിജികളും പലപ്പോഴും മത്സരത്തിന്നു പുറപ്പെട്ടു എങ്കിലും സൈനികശക്തി വേണ്ടപോലെ ഉണ്ടായിരുന്നതുകൊണ്ടു, ഈ കുഴപ്പങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും, അന്യരുടെ മേൽ അവക്കു തുടച്ചയായി ജയം സിദ്ധിച്ചുകൊണ്ടിരുന്നു.

വലീദുബ്നുഅബ്ദിൽമലിക്കിന്റെ ഭരണ കാലത്തു് ആഭ്യന്തര കലാപങ്ങളിൽനിന്നു അല്പം മോചനം ലഭിച്ചതിനാൽ ഇസ്‌ലാം സാമ്രാജ്യം പെട്ടന്നു വിസ്തൃതമായി. കിഴക്കു സിന്ധ്, ചൈനാ, തുർക്കിസ്ഥാൻ ഇവയും വടക്കു,കാസ്പ്യൻരാജ്യങ്ങളും, ആദർബീജാൻ, അർമേന്യ, റോം പ്രദേശങ്ങളും ഇവയും പടിഞ്ഞാറു സ്പെയിനും ഇസ്‌ലാമികഭരണത്തിന്നു കീഴ്പ്പെട്ടു. അവർ യുദ്ധം ചെയ്തുകൊണ്ടു ഭരണം നടത്തിയിരുന്നവരാകയാൽ അവരുടെ കാലത്തു യോഗ്യതയും കീർത്തിയും സമ്പാദിച്ചവരും, എന്നുമാത്രമല്ല സുത്തവ്യങ്ങളായ കൃത്യങ്ങളും നിർവ്വഹിച്ചവരുമായ അനേകം വീരസേനാനായകന്മാർ ഉണ്ടായിത്തീർന്നു.

പ്രസിദ്ധ സേനാ നായകർ

മുഹല്ലബ്നുഅബീസഫ്റ— ഇദ്ദേഹം ഹറാഖിലും ഫാരിസിലും വെച്ചു ഖാരിജികളുമായുണ്ടായ യുദ്ധത്തിൽ, വലിയ പടവായും കീർത്തിയും സമ്പാദിക്കുകയും അസാധാരണ ധൈര്യവാനാണെന്നു തെളിയിക്കുകയും ചെയ്തിട്ടുണ്ടു്.

ഖുതൈബതുബ്നുമുസ്‌ലിംബാഹിലി— മാവറാഅന്നഹ്റ കൈവശപ്പെടുത്തിയ അറ

സരത്തിൽ ഇദ്ദേഹം മഹത്തായ കൃത്യങ്ങൾ നിർവ്വഹിക്കുകയുണ്ടായി.

യസീദുബ്നുമുഹല്ലബ്—ഇദ്ദേഹം ജോർജ്ജാനിലും തബറസ്താനിലും വെച്ച പല യുദ്ധങ്ങളും നടത്തി വിജയിയായി. ഇദ്ദേഹം തന്റെ പിതാവായ ശ്രുതിപ്പെട്ട മുഹല്ലബിനേക്കാളും ധൈര്യവാനായിരുന്നു. ഒരു യുദ്ധത്തിലും ഇദ്ദേഹം പിന്തിരിയുകയുണ്ടായിട്ടില്ല.

അസദുബ്നുഅബ്ദില്ലാഖിസ്രീ— മാവറാഅന്നഹ്റിൽ ഇദ്ദേഹത്തിനു സിദ്ധിച്ച പ്രാഭവംമൂലം അവിടത്തെ തലവന്മാർ മലിക്കുൽ അറബ് (അറബിരാജാവ്) എന്ന ഇദ്ദേഹത്തിനു നാമകരണം ചെയ്തിരുന്നു.

മുഹമ്മദുബ്നുഖാസിംഥഖ്ഫീ— ഇദ്ദേഹം പതിനേഴാം വയസ്സിൽ സിന്ധുരാജ്യം കീഴടക്കിയ, സേനാ നായകനാകുന്നു. ചരിത്രത്തിൽ ഇദ്ദേഹം അദ്വിതീയനാണ്

മുഹമ്മദുബ്നുമർവാൻ — അർമേന്യയിലും ആദർബീജാനിലും നടന്ന സമരങ്ങളിൽ ശത്രുക്കളുടെ മേൽ പല വിജയങ്ങളും സമ്പാദിച്ചയാളാണ് ഇദ്ദേഹമായിരുന്നു

ജർറാഹുബ്നുഅബ്ദില്ലാഹക്കമീ— ഇദ്ദേഹം കാസ്പ്യൻ പ്രദേശങ്ങളിൽ യുദ്ധം നടത്തി പല രാജ്യങ്ങളും കീഴടക്കുകയും അവിടെ വെച്ച് തന്നെ കൊല്ലപ്പെടുകയും ചെയ്തു.

മസ്‌ലമത്തുബ്നുഅബ്ദിൽമലിക്ക്— ഇദ്ദേഹം ബനൂഉമയ്യാ ഗോത്രത്തിൽ സർവ്വോപരി ധൈര്യവാനായിരുന്നു. മസ്‌ലമത്ത് കോൺസ്റ്റാണ്ടനോപ്പിളും പട്ടണത്തോട് യുദ്ധം നടത്തുകയും റോംരാജ്യങ്ങളിലും കാസ്പ്യൻ പ്രദേശങ്ങളിലും യുദ്ധം നടത്തി ജയം നേടുകയും ചെയ്തു. ഇദ്ദേഹത്തിന്റെ മാതാവ് അടിമസ്ത്രീയായിരുന്നു ബനൂഉമയ്യാ ഭരണത്തിന്റെ ആരംഭകാലത്ത്, അടിമസ്ത്രീകളുടെ സന്താനങ്ങൾക്ക് ഖിലാഫത്ത് വാഴിക്കുവാൻ അർഹതയില്ലെന്നു ഗണിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഇദ്ദേഹം തീച്ചയായും ഖലീഫ ആകുമായിരുന്നു.

മർവാനുബ്നു മുഹമ്മദ്— ബനൂഉമയ്യാ ഗോത്രത്തിലെ അവസാനഖലീഫയായിരുന്ന ഇദ്ദേഹം അർമേന്യയും കാസ്പ്യൻ തീരങ്ങളും കീഴടക്കി.

അബ്ദുല്ലാഹത്താൽ—ഇദ്ദേഹത്തിന്റെ പേർ കേട്ടാൽ, റോമക്കാർ ഭയപ്പെട്ടിരുന്നു. അമീർഹംസഃ എന്ന കഥാപുസ്തകംപോലെ ഇദ്ദേഹത്തെ കുറിച്ചുള്ള വൃത്താന്തങ്ങൾ "ദുൽഹമഃ"എന്ന പേരിൽ ശ്രുതിപ്പെട്ടിരിക്കുന്നു.

അബ്ബാസുബ്നുവലീദ്—ഇദ്ദേഹം മസ്‌ലമത്തുബ്നുഅബ്ദിൽമലിക്കിനെപോലെ തന്നെ യോഗ്യനായ ഒരു സേനാനായകനായിരുന്നു. റോമക്കാരെ ഇദ്ദേഹം പല പ്രാവശ്യം തോല്പിച്ചിട്ടുണ്ട്.

അബൂൽഅബ്ബാസുബ്നുമുഹമ്മദ്— ഇദ്ദേഹം മൊറോക്കോ കൈവശപ്പെടുത്തിയ ആളും ഐവറിയിലെ സേനാനായകനുമായിരുന്നു. (ഇദ്ദേഹം തന്റെ കുതിരയെ അത്‌ലാന്തിക്ക് സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞ വിവരം മുമ്പു പറഞ്ഞിരിക്കുന്നുവല്ലോ) ഇദ്ദേഹം ബർബ്ബർ രാജ്യക്കാരുമായി നടത്തിയ സമരങ്ങൾ സുപ്രസിദ്ധങ്ങളാകുന്നു. അവിടെവെച്ച തന്നെയായിരുന്നു ഇദ്ദേഹം വധിക്കപ്പെട്ടതും

സ്പെയിൻ കൈവശപ്പെടുത്തിയ മൂസബ്നുനുസീർ—

മൂസ്ബ്നുനുസീറിന്റെ അടിമയായിരുന്ന താരിഖുബ്നുസിയാദ്—ഒന്നാമതായി തന്നെ സ്പെയിനിൽ പോയി 12000 ഭടന്മാരെക്കൊണ്ടു രാഡ്രിക്കിന്റെ ഒരു ലക്ഷം പട്ടാളക്കാരെ തോല്പിച്ചയുടൻ ഇദ്ദേഹമായിരുന്നു.

ഇവർക്കു പുറമെ ധൈര്യപരാക്രമങ്ങൾ പ്രദർശിപ്പിച്ചവരായി വേറെ ചില സേനാനാ

യകന്മാരും ഉണ്ടായിരുന്നു. എങ്കിലും അവർ ഇവരെപ്പോലെ കീർത്തിപ്പെട്ടവരായിരുന്നില്ല.

പട്ടാളക്കാരുടെ സംഖ്യ എല്ലാ സംസ്ഥാനങ്ങളിലും പ്രത്യേകിച്ചു, ആഫ്രിക്കയിലും വർദ്ധിപ്പിച്ചിരുന്നു ഈഖും സിറിയയും നൈസർഗിക കേന്ദ്രങ്ങളായിട്ടാണ് സ്ഥിതിചെയ്തിരുന്നത്. കരസൈന്യത്തിനു പുറമെ നാവികസൈന്യവും വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. അമീർമുആവിയയുടെ കാലത്തു തന്നെ 1700 യുദ്ധക്കപ്പലുകളും അവയിലേക്കു വേണ്ട ആയുധങ്ങളും തയ്യാറായിരുന്നു. അദ്ദേഹത്തിനു ശേഷവും നാവികശക്തി വർദ്ധിച്ചുകൊണ്ടിരുന്നു. അബ്ദുല്ലാഹിബ്നു ഖൈസ്‌ഹാരിദീ, ജുനാദത്തുബ്നുഅബീഉമയ്യഃ, ഇവർ നാവിക യുദ്ധങ്ങളിൽ വളരെ കീർത്തി പ്രാപിക്കുകയും സമുദ്രത്തിൽ വെച്ചു റോമക്കാരെ പല പ്രാവശ്യം തോല്പിക്കുകയും, സൈപ്രസ്സ്, റോഡസ്, ക്രേട്ട് എന്നീ ദ്വീപുകൾ കൈവശപ്പെടുത്തുകയും കോൺസ്റ്റാണ്ടനോപ്പിളിനു നേരെ പല പ്രാവശ്യം യുദ്ധം നടത്തുകയും ചെയ്ത സമുദ്രതീരപ്രദേശങ്ങളുടെ രക്ഷക്കായി ആഫ്രിക്കയിലും ഒരു നാവികസൈന്യത്തെ നിർത്തിയിട്ടുണ്ടായിരുന്നു.

ഭരണാധികാരങ്ങളും, കരസൈന്യത്തിന്റെയും നാവികസൈന്യത്തിന്റെയും നായകത്വവുമെല്ലാം അറബികളുടെ കൈവശമായിരുന്ന സ്ഥിതിചെയ്തിരുന്നു" ഈ പ്രസ്താവനയുമായി ഭരണം അവസാനിക്കുന്നതുവരെയും നിലനില്ക്കുകയുണ്ടായി.

ഔദ്യോഗിക രംഗം

അമവിയ്യാ ഉദ്യോഗസ്ഥന്മാർ പൊതുവെ, മുസ്‌ലിമെന്നും അമുസ്‌ലിമെന്നുമുള്ള വ്യത്യാസം കൂടാതെ ജനങ്ങളെ സ്നേഹിക്കുകയും അവരോടു ഔദാര്യപൂർവ്വം ഇടപെടുകയും ചെയ്തു. മുഹമ്മദുബ്നുഖാസിം സിന്ധിൽനിന്നു കീഴടങ്ങിയ ദാഹിർരാജാക്കന്മാരെ തന്റെ ഇരിപ്പിടത്തോടു തുല്യമായ സ്ഥലത്തു ഇരുത്തി ആദരിക്കുകയുണ്ടായി. തൽഫലമായി അവർ അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹം മുൽത്താൻ രാജ്യത്തോടു യുദ്ധംചെയ്ത അവസരത്തിൽ അദ്ദേഹത്തിന്റെ സൈന്യാധിപൻ ദാഹിർ രാജാവിന്റെ പിതൃസഹോദരനായിരുന്ന കാകുസ രാജാവായിരുന്നു.

ഖുറാസാൻ ഭരണകർത്താവായിരുന്ന ഖുത്തീബത്തിന്റെ പ്രജാവാത്സല്യത്താൽ സഗ്ദിലെയും തുറാനിലെയും ഇതര സമുദായ നേതാക്കന്മാർപോലും അദ്ദേഹത്തിന്റെ സൈന്യത്തിൽ ചേരുകയുണ്ടായി. നീസക്കിലെ നേതാവ് മുസ്‌ലിംകൾക്കു മഹത്തായ സഹായം ചെയ്ത വിവരം മുമ്പു എഴുതിയിട്ടുണ്ടല്ലൊ. പരസ്പര ഭിന്നിപ്പുമൂലം വക്കീഅ്, ഖുത്തീബത്തിനെ കൊന്ന അവസരത്തിൽ ഒരു ഖുറാസാൻ നേതാവ് ഇങ്ങിനെ പറയുകയുണ്ടായി. "മുസ്‌ലിംകളെ, നിങ്ങളുടെ കൂട്ടത്തിലുള്ള മഹാന്മാരെ നിങ്ങൾ വിലവെക്കുന്നില്ല. ഇന്നു വരെ ഒരാൾക്കും ചെയ്യാൻ കഴിയാത്ത മഹത്തായ പ്രവൃത്തികൾ ഖുത്തീബത്ത് ചെയ്തിട്ടുണ്ട്. അദ്ദേഹം ഞങ്ങളുടെ കൂട്ടത്തിൽപെട്ട ആളായിരുന്നുവെങ്കിൽ ഞങ്ങൾ അദ്ദേഹത്തിന്റെ വിയോഗാനന്തരം മൃതശരീരം പെട്ടിയിലാക്കി സൂക്ഷിക്കുകയും വല്ല യുദ്ധത്തിനും പോകുമ്പോൾ മുമ്പിൽ കൊണ്ടുപോയി അതിന്റെ അനുഗ്രഹം കൊണ്ടു വിജയമുണ്ടാകുമെന്നു കാംക്ഷിക്കുകയും ചെയ്യുമായിരുന്നു"

കാസ്പ്യൻ രാജ്യങ്ങളിൽ നിയമിതനായിരുന്ന ജർറാഹ്റുൽഅക്വമീ, ബലഞ്ചർ കൈവശപ്പെടുത്തിയ അവസരത്തിൽ അവിടെ നിന്നു ഓടിപ്പോയിരുന്ന രാജാവിന്റെ ഭാര്യയേയും മക്കളേയും സുഖത്തോടും ബഹുമാനത്തോടും കൂടി അയാളുടെ അടുക്കലേക്ക് എത്തിച്ചു കൊടു

ത്തു. ജർറാഹിന്റെ ഈ ഔദാര്യം നിമിത്തം രാജാവു തന്നെ അദ്ദേഹത്തിന്റെ അടുക്കൽ ഹാജരായി. ശത്രുക്കൾ ആ വഴിക്കു മുസ്‌ലിംകളുടെ നേരെ യുദ്ധത്തിനു സന്നാഹം കൂട്ടുമ്പോൾ അറിവുകൊടുക്കേണമെന്ന ഏക നിബന്ധനയോടു കൂടി ജർറാഹ് അയാളുടെ പട്ടണവും രാജ്യവും അയാൾക്കു മടക്കിക്കൊടുത്തു.

മൂസബ്നുനസീറിന്റെ ഔദാര്യപൂർവ്വമായ പെരുമാറ്റം നിമിത്തം ആഫ്രിക്കയിലെ ബർബരികൾ അദ്ദേഹത്തിന്റെ അനുഗാമികളായിത്തീർന്നു. എന്നു മാത്രമല്ല, അവർ മതത്തിൽ അദ്ദേഹത്തിന്റെ സഹോദരങ്ങളായിത്തീരുകയും ചെയ്തു. അദ്ദേഹം സമുദ്രത്തിന്റെ മറുകരയിലുള്ള രാജ്യങ്ങൾ അവരുടെ സഹായത്തോടു കൂടിയായിരുന്നു കീഴടക്കിയതു്.

ഭരണ മേഖലകൾ

ബനൂഉമയ്യാഖലീഫമാർ, രാഷ്ട്രഭരണസംബന്ധമായ പൂർണ്ണ അധികാരവും സ്വാതന്ത്ര്യവുമുണ്ടായിരുന്ന സംസ്ഥാന ഭരണകർത്താക്കന്മാരെ നിയമിച്ചു് ഓരോ സംസ്ഥാനത്തിലേക്കും പ്രതിനിധികളായി അയക്കുകയായിരുന്നു പതിവു്. അതതു സംസ്ഥാനങ്ങളെ സംബന്ധിച്ചു സർവ്വ അധികാരവും ഈ ഉദ്യോഗസ്ഥന്മാർക്കു ലഭ്യമായിരുന്നു. അതതു സംസ്ഥാനങ്ങളിലേക്കു വേണ്ട കീഴുദ്യോഗസ്ഥന്മാരെ ഈ ഉദ്യോഗസ്ഥന്മാർ തന്നെയായിരുന്നു നിയമിച്ചിരുന്നതു്. അമവിയ്യാഖലീഫമാരുടെ കാലത്തു് ഇസ്‌ലാം സാമ്രാജ്യം താഴെ പറയും പ്രകാരം ആറു പ്രവിശ്യകളായി വിഭജിക്കപ്പെട്ടിരുന്നു.

ഒന്നു്. ഹിജാസ് അഥവാ മക്ക, മദീന, തായിഫ് മുതലായ പ്രദേശങ്ങൾ. യമൻ രാജ്യത്തെ ചിലപ്പോൾ ഹിജാസിനോടു ചേർക്കുകയും ചില കാലങ്ങളിൽ അവിടേക്കു പ്രത്യേകമായിത്തന്നെ ഭരണകർത്താവിനെ നിയമിച്ചയക്കുകയുമായിരുന്നു ചെയ്തിരുന്നതു്.

രണ്ടു്. ഇറാഖ്—കൂഫാ പട്ടണം മുതലുള്ള സർവ്വ കിഴക്കൻ പ്രദേശങ്ങളും ഈ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്നു. ഖുറാസാനും ചില കാലങ്ങളിൽ ഈ സംസ്ഥാനത്തിന്റെ കീഴിലായിരുന്നു. ചിലപ്പോൾ ഖലീഫതന്നെ അവിടേക്കു ഒരാളെ ഭരണകർത്താവായി നിയമിച്ചു വന്നു. യമാമാ പ്രദേശങ്ങളും ചില കാലങ്ങളിൽ ഹിജാസിനോടും മറു ചില കാലങ്ങളിൽ ഇറാഖിനോടുമായിരുന്നു ചേർക്കപ്പെട്ടിരുന്നതു്.

മൂന്നു്. ജസീറയും അർമേന്യയും— മൂസൽ മുതൽ ആദർബീജാൻ, അർമേന്യ ഈ രാജ്യങ്ങളും വരെയുള്ള പ്രദേശങ്ങളും മുഴുവനും ഈ സംസ്ഥാനത്തിൽ ഉൾപ്പെട്ടവയായിരുന്നു.

നാലു്. സിറിയാ— അർദൻ, ഹിംസ്, ദിമിശ്ഖ് ഖിൻസരീൻ ഈ നാലു ജില്ലകളുൾപ്പെടെയുള്ള സിറിയാ സംസ്ഥാനം.

അഞ്ചു്. ഈജിപ്തു്—വടക്കെ ആഫ്രിക്കയും ഈ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്നു. ചിലപ്പോൾ ഇതിനെ രണ്ടു ഭാഗമാക്കി മിസ്രിലും ഇഫ്രീഖ്യാനിലും ഓരോ ഉദ്യോഗസ്ഥനെ നിയമിച്ചു വന്നു.

ആറു്. സ്പെയിൻ—ചില കാലങ്ങളിൽ പൂർണ്ണ സ്വാതന്ത്ര്യത്തോടു കൂടിയ ഉദ്യോഗസ്ഥനും മറു കാലങ്ങളിൽ ഇഫ്രീഖ്യാൻ ഭരണാധികാരി തന്റെ കീഴിൽ നിയമിച്ചയക്കുന്ന ആളും ഈ സംസ്ഥാനം ഭരിച്ചു വന്നു.

എല്ലാ സംസ്ഥാന ഭരണകർത്താക്കളും തങ്ങളുടെ സംസ്ഥാന കാര്യങ്ങളിൽ സ്വതന്ത്രന്മാരായിരുന്നു. അവർ വിദേശനയത്തെ സംബന്ധിച്ച രാഷ്ട്രീയകാര്യങ്ങളിൽ മാത്രമേ ഖലീഫമാരുടെ സമ്മതം വാങ്ങേണ്ടതുണ്ടായിരുന്നുള്ളൂ. ഈ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ കൂടുതൽ അധികാരം സിദ്ധിച്ചിരുന്നതു ഹജ്ജാജ്ബ്നുയൂസുഫിനായിരുന്നു. അദ്ദേഹം ഇ

റാഖ് ഗവണ്മെന്റും പൂർവ്വ പ്രദേശങ്ങളിലെ മന്ത്രിയുമായിരുന്നു. ഖലീഫമാക്കു അദ്ദേഹത്തിന്റെ മേൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്നു.

1. പട്ടാള കാര്യാലയം—ഹസ്രത്ത് ഉമറിന്റെ ഭരണകാലത്തു് അദ്ദേഹത്തിന്റെ കല്പന പ്രകാരം ഹസ്രത്ത് ഉബൈബ്നുഅബീ താലിബ്, മഖ്റമത്തുബ്നുനൌഫൽ, ജുബൈറുബ്നുമുത്തഇം (റ) എന്നീ മഹാന്മാർ പട്ടാളക്കാരുടെ റജിസ്റ്റർ തയ്യാറാക്കി. തന്നിമിത്തം സൈനിക രിക്കാട്ടകൾ ആരംഭം മുതല്ക്കു അറബി ഭാഷയിലായിത്തീർന്നു.

2. ഭരണാധിപന്മാക്കും ഉദ്യോഗസ്ഥന്മാക്കും, ഉത്തരവുകളും കത്തുകളും അയച്ചിരുന്ന കാര്യാലയം. ഉത്തരവുകളും കത്തുകളുമെല്ലാം അറബി ഭാഷയിൽ തന്നെയായിരുന്നു നടന്നിരുന്നതു്.

3. സാമ്പത്തിക കാര്യാലയം—ധനസംബന്ധമായ കണക്കുകൾ സൂക്ഷിച്ചു വന്നിരുന്നു ഇവിടെയായിരുന്നു.

പേഷ്യയിലെ പിരിവു സംബന്ധമായ രിക്കാഡുകൾ പേഷ്യൻ ഭാഷയിലും സിറിയായിലെ രിക്കാഡുകൾ സുർയാനീ ഭാഷയിലും ഈജിപ്തിലെ രിക്കാഡുകൾ ഖിബ്ത്തി ഭാഷയിലുമായിരുന്നു. ആദ്യകാലത്തു് മുസ്‌ലിംകൾ ഈ ഭാഷകൾ അറിഞ്ഞിരുന്നില്ല തന്നിമിത്തം ഇവിടങ്ങളിലെ രിക്കാഡുകൾ മുൻഗാമിയിൽ നിന്നുകയും അതതു പ്രദേശങ്ങളിൽ നിന്നു തന്നെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു ജോലി നടത്തിക്കുകയും ചെയ്തു. ഈജിപ്തു ഗവണ്മെന്റായിരുന്ന ഹജ്ജാജുബ്നുയൂസുഫിന്റെ ആപ്പീസ്സിൽ സാലിഹ് എന്നു പേരായ ഒരു യുവാവായിരുന്നു ജോലി നടത്തി വന്നതു്. സാലിഹിന്റെ പിതാവായിരുന്ന അബ്ദുർറഹ്മാൻ സീസ്താൻ യുദ്ധത്തിൽ മുസ്‌ലിംകളാൽ ബന്ധനസ്ഥരായ തടവുകാരിൽ ഉൾപ്പെട്ട ഒരാളായിരുന്നു. അറബി, ഫാരിസി എന്നീ രണ്ടു ഭാഷകളും സാലിഹ് അറിഞ്ഞിരുന്നതിനാൽ അദ്ദേഹം ഹജ്ജാജിന്റെ ആജ്ഞയനുസരിച്ചു രിക്കാഡുകൾ ഫാരിസി ഭാഷയിൽ നിന്നു അറബി ഭാഷയിലേക്കു വിവർത്തനം ചെയ്തു. തദവസരത്തിൽ പേഷ്യക്കാരായ ഉദ്യോഗസ്ഥന്മാർ ഒരു ലക്ഷം ദിർഹം കൊണ്ടു വന്നു അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചുകൊണ്ടു, 'ഈ പ്രവൃത്തിക്കു ഇതിലധികം സമ്മാനം അമീർ നിങ്ങൾക്കു തരുന്നതല്ല. അതുകൊണ്ടു ഈ സംഖ്യ എടുത്തു കൊള്ളുകയും അറബിയിൽ ഭാഷാന്തരം ചെയ്യാൻ സാധിക്കുകയില്ലെന്നു അദ്ദേഹത്തോടു പറയുകയും ചെയ്യുവിൻ' എന്നു ഉപദേശിച്ചു എങ്കിലും സാലിഹ് അവരുടെ ഉപദേശം സ്വീകരിക്കുകയുണ്ടായില്ല. അദ്ദേഹം ഇങ്ങിനെ ഭാഷാന്തരം ചെയ്ത കാലം മുതൽ പേഷ്യയിലെ രിക്കാഡു് അറബി ഭാഷയിലായിത്തീർന്നു. 'അല്ലാഹു സാലിഹിനു ഗുണം ചെയ്യട്ടെ! അദ്ദേഹം ഇസ്‌ലാം ഭരണകൂടത്തിനു വലിയ ഉപകാരമാണു് ചെയ്തിട്ടുള്ളതു്' എന്നു മന്ത്രി അബ്ദുൽഹമീദുബ്നുയഹ്യാ പറയാറുണ്ടായിരുന്നു.

വലീദിന്റെ കാലത്തു് സുലൈമാനുബ്നുസയീദ് എന്ന എഴുത്തുകാരൻ സിറിയായിലെ രിക്കാഡും അറബിയിലേക്കു വിവർത്തനം ചെയ്തു. ആപ്പീസ്സിലെ പ്രധാന ഉദ്യോഗസ്ഥനും റോമാക്കാരനുമായിരുന്ന സർജ്ജൂൻ എന്ന ആളുടെ സുലൈമാന്റെ പരിഭാഷ മുഴുവനും ശരിയായിട്ടുണ്ടെന്നു മനസ്സിലായ അവസരത്തിൽ ആപ്പീസിലുണ്ടായിരുന്ന റോമക്കാരായ ഉദ്യോഗസ്ഥന്മാരോടു അയാൾ ഇപ്രകാരം വിളിച്ചു പറഞ്ഞു. 'ഇനി മുതല്ക്കു രിക്കാഡും നിങ്ങളുടെ കൈയിൽ നിന്നു വിട്ടു പോയിരിക്കുന്നു. ഇനി നിങ്ങളുടെ ജീവിതത്തിനു വേറെ വല്ല മാർഗ്ഗവും അന്വേഷിച്ചു കൊള്ളുക.'

വലീദിന്റെ കാലത്ത് ഈജിപ്ത് ഗവർണ്ണരായിരുന്ന അബ്ദുല്ലാഹിബ്നുഅബ്ദിൽമലിക്ക് ഹിജ്റഃ 83-ൽ ഹിംസ്കാരനായിരുന്ന ഇബ്നയർബൂഅ്ഫസാരി എന്ന ഉദ്യോഗസ്ഥനെക്കൊണ്ട്, അവിടത്തെ റിക്കാഡുകളും ഖിബ്ത്തി ഭാഷയിൽ നിന്ന അറബിയിലേക്ക ഭാഷാന്തരം ചെയ്യിച്ചു. ഇങ്ങിനെ ഇസ്ലാം ഭരണത്തിന്റെ സർവ്വ റിക്കാഡുകളും അറബിഭാഷയിലായിത്തീർന്നു.

ഖുലഫാഉർറാശിദീൻ കാലത്തെ പോലെ ബനൂഉമയ്യാ ഭരണകാലത്തും നീതിന്യായ വകുപ്പ് വളരെ ആഡംബര രഹിതമായിട്ടാണ് സ്ഥിതിചെയ്തിരുന്നത്. ന്യായാധിപന്മാരുടെ നിയമനാധികാരം മിക്കവാറും സംസ്ഥാന ഗവർണ്ണർമാക്കായിരുന്നു. എന്നാൽ ഖലീഫമാർ തന്നെ ന്യായാധിപന്മാരെ നിയമിച്ചയക്കുന്ന പതിവും ഉണ്ടാകാതിരുന്നില്ല. ഖിലാഫത്ത് തലസ്ഥാനത്ത് ന്യായാധിപനെ നിയമിച്ചിരുന്നതു ഏതു കാലത്തും ഖലീഫമാർ തന്നെയായിരുന്നു. പക്ഷെ ഇതര ന്യായാധിപന്മാരെ അപേക്ഷിച്ചു യാതൊരു പ്രത്യേകതയും ഈ ന്യായാധിപന്മാക്കുണ്ടായിരുന്നില്ല.

അക്കാലത്ത് കർമ്മശാസ്ത്ര നിയമങ്ങളും ഗ്രന്ഥങ്ങളായി രൂപീകരിക്കപ്പെട്ടുകയോ, ഗവർമ്മെണ്ടു തന്നെ, പൊതുവായ നിയമങ്ങളും നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. തന്നിമിത്തം ന്യായാധിപന്മാർ മുഫ്തിമാരുടെ (മതവിധികർത്താക്കളുടെ) സഹായത്തോടുകൂടി മതകല്പനകളും ആരാഞ്ഞറിഞ്ഞു കേസ്സുകളിൽ വിധികല്പിച്ചുവന്നു. ഈ വിഷയത്തിൽ അവർക്കു പൂർണ്ണസ്വാതന്ത്ര്യവുമുണ്ടായിരുന്നു. ന്യായാധിപന്മാർക്കു കൊല്ലത്തിൽ 120 മുതൽ 200 വരെ ദീനാർ ശമ്പളം കിട്ടിവന്നു. മതസ്ഥാപനങ്ങളും, അനാഥക്കുട്ടികളുടെ സ്വത്ത് ഇവയുടെ മേൽനോട്ടവും ന്യായാധിപന്മാക്കായിരുന്നു. കൊല, കൈമുറിക്കുക തുടങ്ങിയുള്ള ശിക്ഷകളും നടപ്പിൽ വരുത്തുവാനുള്ള അധികാരം ഖലീഫമാർക്കും ഗവർണ്ണർമാർക്കുമായിരുന്നു.

ഖുലഫാഉർറാശിദുകളുടെ കാലത്ത് പേഷ്യ, സിറിയാ, ഈജിപ്ത് ഇവിടങ്ങളിലെ ജനസമുദായങ്ങളിൽ പൊതുവെ ഇസ്ലാംമതം പ്രചരിച്ചിരുന്നു. ബനൂഉമയ്യാ ഭരണ കാലത്ത് ഇസ്ലാമിനു കീഴ്പ്പെട്ട രാജ്യങ്ങളിലും ഇങ്ങിനെ തന്നെ ഇസ്ലാംമതം പ്രചാരപ്പെട്ടു. ഖുറാസാൻ, മാവറാഅന്നഹ്ർ, കാസ്പ്യൻതീരങ്ങൾ, ഇവിടങ്ങളിലെയും പടിഞ്ഞാറെ പ്രദേശങ്ങളിൽ തിരുപ്പാളി, തൂനിസ്, മൊറോക്കോ മുതലായ ദിക്കുകളിലെയും നിവാസികൾ ധാരാളമായി ഇസ്ലാംമതം സ്വീകരിച്ചു. പ്രത്യേകിച്ചു ഉമറുബ്നു അബ്ദിൽഅസീസിന്റെ ഭരണകാലത്ത് സഗ്തിനേതാക്കന്മാരും സിന്ധുരാജാക്കന്മാരും ഇസ്ലാംമതം കൈക്കൊണ്ടു. തന്നിമിത്തം ജിസ്യയായി ഗവർമ്മേണ്ടിലേക്കുണ്ടായിരുന്ന ആദായം കുറഞ്ഞുപോയതിനാൽ, ജിസ്യയിൽ നിന്നു മോചിതരാവാൻ വേണ്ടിയാണ് ജനങ്ങൾ ഇസ്ലാംമതം സ്വീകരിക്കുന്നതെന്നും അതുകൊണ്ടു പേലാകമ്മം ചെയ്യിച്ചിട്ടുള്ളവരും ഖുർആൻ പഠിച്ചിട്ടുള്ളവരും മുതകടമകളും ശരിയായി നിർവ്വഹിച്ചു വരുന്നവരുമായ ആളുകൾക്കു മാത്രം വിട്ടു കൊടുത്തു, മറ്റുള്ളവരിൽ നിന്നു ജിസ്യ പിരിക്കേണ്ടതാണെന്നും സമർപ്പിച്ചു ഭരണാധികാരിക്കു കല്പന കിട്ടി. പ്രസ്തുത കല്പന ഇസ്ലാംമത നിഷ്പക്ഷതക്കു വിപരീതമായിരുന്നതിനാൽ, അവിടെ മതപ്രബോധകനായിരുന്ന നസ്റ് ബ്നുസയ്യാർ, ഉന്നമതായി തന്നെ അതിനെ പ്രതിഷേധിച്ചു. ഇങ്ങിനെ കുഴപ്പം വർദ്ധിച്ചതിനാൽ ഒടുവിൽ ഖുറാസാൻ ഭരണാധികാരി നവമുസ്ലിംകൾക്കു മുഴുവനും ജിസ്യ വിട്ടുകൊടുക്കേണ്ടി വന്നു. പിന്നീടു ഫർഗാനീ, അ-

ഫ്‌ശീനീ ത്വാനീ, എന്നീ വഗ്ഗക്കാരിൽ അധികമാളുകളും ഇസ്‌ലാംമതം സ്വീകരിച്ചു.

പടിഞ്ഞാറെ പ്രദേശങ്ങളിൽ ബർബരികൾ മുഴുവനും ഇസ്‌ലാംമതം കൈക്കൊള്ളുകയുണ്ടായി. എങ്കിലും അവർ കൂടെക്കൂടെ മതപരിത്യാഗം ചെയ്തതിൽപിന്നെ പന്ത്രണ്ടാം പ്രാവശ്യം അവർ മുഅ്മിനുബ്നു അലിയുടെ ഉദ്യോഗകാലത്ത് ഇസ്‌ലാംമതം സ്വീകരിച്ചു. അതോടുകൂടി അവർ ഇസ്‌ലാമിൽ സ്ഥിരചിത്തന്മാരായിത്തീർന്നു. മൂസ അവരുടെ സഹകരണത്തോടുകൂടിയായിരുന്നു സ്പെയിനും പോർത്തുഗൽ രാജ്യവും കൈവശപ്പെടുത്തിയതു്.

ആഭ്യന്തരസമാധാനം: നാട്ടിൽ ആഭ്യന്തരകലഹങ്ങളും ഉത്ഭവിക്കുകയും വിദേശങ്ങളുമായി യുദ്ധം നടക്കുകയും ചെയ്തുകൊണ്ടിരുന്നുവെങ്കിലും, ഉദ്യോഗസ്ഥന്മാരുടെ ഭരണനൈപുണ്യത്താൽ ക്ഷേമവും സമാധാനവും സർവ്വത്ര നിലനിന്നു മോഷണവും കവർച്ചയും വളരെ ദുർല്ലഭമായിരുന്നു വഴികളും സുരക്ഷിതങ്ങളായിരുന്നതുകൊണ്ടു യാത്രക്കാക്കും വ്യാപാരസഞ്ചാരികൾക്കും യാതൊരു ആപത്തും ഏറ്റിരുന്നില്ല.

പ്രജാക്ഷേമവും സുഖവും വർദ്ധിച്ചു ഏറ്റവും ഉയർന്ന നിലയെ പ്രാപിച്ചിരുന്നു. ഉമറുബ്നുഹുബ്ബിൽഅസീസിന്റെ കാലത്തു ജനങ്ങൾ ധർമ്മം ചെയ്യാനായി സ്വർണ്ണനാണയങ്ങൾ സഞ്ചികളിലാക്കി ആവശ്യക്കാരെ തെരഞ്ഞു നടന്നിട്ടും വാങ്ങുവാൻ ആളുണ്ടായിരുന്നില്ല.

സിയാദ് മുതലായ ഖലീഫമാർ വളരെ രക്തം പ്രവഹിപ്പിച്ചിട്ടുള്ളവരാണല്ലൊ എന്നാൽ അവർ അധികമായി ദ്രോഹിച്ചിരുന്നതു അവരുടെ വിരോധികളെയായിരുന്നു. രാജ്യസംരക്ഷണത്തിൽ അവശ്യമുണ്ടായിരുന്ന ശിക്ഷയെ ആരും നിഷേധിക്കുവാൻ കഴിയുന്നതല്ല ഒരുവനു എത്രതന്നെ ധനം മോഷ്ടിക്കപ്പെട്ടാലും, ആ ധനം അവൻ തന്റെ അടുക്കൽ ചെന്നു വാങ്ങിക്കൊള്ളട്ടെ എന്നു സിയാദ് കൂഫയിൽ പരസ്യപ്പെടുത്തിയിരുന്നു അദ്ദേഹം ഗവർണ്ണരായിരുന്ന കാലത്തു പ്രക്ഷോഭകേന്ദ്രമായിരുന്ന കൂഫയിൽ ഭവനങ്ങളുടേയും പീടികകളുടേയും വാതിലുകൾ രാത്രിസമയങ്ങളിൽപോലും ജനങ്ങൾ അടച്ചിരുന്നില്ല

രാജ്യദ്രോഹത്തിനു കേൾവിപ്പെട്ട ഉദ്യോഗസ്ഥനാണല്ലൊ. എന്നാൽ ഇബ്നു അശ്അതിന്റെ കലാപകാലത്തു കൂഫാഭരണം അദ്ദേഹത്തിന്റെ കൈയിൽനിന്നു വിട്ടുപോയിരുന്നു അനന്തരം കുറെ ദിവസങ്ങൾക്കുശേഷം അദ്ദേഹം കൂഫയെ കൈവശപ്പെടുത്തിയ അവസരത്തിൽ, തനിക്കുശേഷം കൂഫയിൽ നടന്ന ഭരണത്തെകുറിച്ചു അദ്ദേഹം ഇമാംശഅ്ബിയോടു അന്വേഷിച്ച അവസരത്തിൽ 'നിങ്ങൾക്കുശേഷം ഞങ്ങൾ ഭയമാകുന്ന വിരുപ്പിൽ കിടന്നുറങ്ങുകയും ഉറക്കമില്ലായ്മ എന്ന സുഖം കണ്ണിലിടുകയുമാണു് ചെയ്തിരുന്നതു്' എന്നായിരുന്നു ശഅ്ബീ മറുപടി പറഞ്ഞതു്.

അമീർമുആവിയുടെ ചരിത്രത്തിൽ വളരെ പ്രതിപത്തിയുണ്ടായിരുന്നു. അദ്ദേഹം പ്രത്യേകം ആളുകളെ നിയമിച്ചു അവരോടു പൂർവ്വസംഭവങ്ങൾ പറയിക്കുക പതിവായിരുന്നു. ഉബൈദുബ്നുശർബത്ത എന്ന യമൻകാരൻ അദ്ദേഹത്തിന്റെ കല്പനപ്രകാരം, പ്രാചീനകാലത്തു് നടന്ന സംഭവങ്ങൾ ഒരു ഗ്രന്ഥമായി രൂപീകരിച്ചു. ബനൂഉമയ്യാഗോത്രത്തിൽ യസീദ് ഒന്നാമന്റെ മകനായിരുന്ന ഖാലിദ് വലിയ വിദ്വാനും വിദ്യാതല്പരനുമായിരുന്നു. അദ്ദേഹം ഗ്രീക്ക ശാസ്ത്രങ്ങൾ അഭ്യസിച്ചു രസതന്ത്രത്തിലും വൈദ്യവിഷയത്തിലും ചില ചെറു ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി.

അല്ലാമാ ഇബ്‌നുജൂബൈർ, അബ്ദുൽമലിക്കിന്റെ അപേക്ഷയനുസരിച്ച് ഖുർആൻ വ്യാഖ്യാനം എഴുതിതീർത്തു. ഒന്നാമത്തെ ഖുർആൻ വ്യാഖ്യാനഗ്രന്ഥം അതാകുന്നു. മൂസബ്നു അഖ്നബ്, വഹബുബ്നു മുനബ്ബിഹ് മുതലായ മറ്റു മഹാഗ്രന്ഥങ്ങളും നിർമ്മിക്കുകയുണ്ടായി. ഹസ്രത്തു് ഉമറുബ്നുഅബ്ദിൽഅസീസിന്റെ കാലത്തു് അദ്ദേഹത്തിന്റെ കല്പനപ്രകാരം പണ്ഡിതന്മാർ, പ്രവാചകവചനങ്ങളും ശേഖരിച്ച് ഗ്രന്ഥങ്ങളാക്കി. ഹജ്ജാജ് ബ്നുയൂസുഫ്, അറബികളല്ലാത്തവരുടെ പാരായണത്തിൽ വന്നിരുന്ന പിഴവുകൾ പരിഹരിക്കുവാനായി ഖുർആൻഗ്രന്ഥങ്ങളിൽ പുള്ളികളും സ്വരചിഹ്നങ്ങളും എഴുതിച്ചു. ഹിശാമുബ്നുഅബ്ദിൽമലിക്ക് പേർഷ്യൻ ചരിത്രം ഫാരിസിഭാഷയിൽനിന്നു അറബിലേക്കു ഭാഷാന്തരംചെയ്യിച്ചു.

രാജ്യങ്ങൾ കീഴടക്കുന്നതിലും യുദ്ധകാര്യങ്ങളിലും ഏർപ്പെട്ടതിനാൽ അമവിയ്യാഖലീഫമാർക്കു വിദ്യാഭ്യാസകാര്യത്തിൽ അധികം ശ്രദ്ധപതിപ്പിക്കുവാൻ സാധിച്ചില്ല. എങ്കിലും അവരുടെ കാലത്തു പണ്ഡിതന്മാരും മതനായകന്മാരുമായിരുന്ന അനേകം ആളുകൾ സാമ്രാജ്യത്തിന്റെ പലഭാഗങ്ങളിലും ഈ വിഷയകമായ കടമയെ ഉത്സാഹപൂർവ്വം നിർവ്വഹിക്കുകയുണ്ടായി. മക്കയിൽ അത്വാഉബ്നുഅബീറബാഹ്, മദീനയിൽ സയീദുബ്നുമുസയ്യബ്, സിറിയയിൽ ഇമാംമക്ഹൂല്, ബസ്വായിൽ ഇമാംഹസൻബസരിയും, കൂഫയിൽ ഇമാംശഅ്ബി, ഇബ്രാഹിംനഖഈ ഇവരെല്ലാം പ്രത്യേകം കീർത്തിപ്രാപിച്ചവരായിരുന്നു.

മഹാന്മാരായ ഇമാം അബൂഹനീഫ മതകർമ്മശാസ്ത്രവും രചിച്ചു. ഇമാംഖലീലുബ്നുഅഹ്മദ് കാവ്യശാസ്ത്രവും അബുൽഅസ്വദ് അറബിവ്യാകരണവും നിർമ്മിച്ചു. അബ്ബാസിയാഖലീഫമാരുടെ കാലത്തു അഭിവൃദ്ധി പ്രാപിച്ച ഇസ്‌ലാമിക വിജ്ഞാനം, ബനൂഉമയ്യാ ഖലീഫമാരുടെ കാലത്തുതന്നെ ആരംഭിച്ചു കഴിഞ്ഞിരുന്നുവെന്നു ഇതുകൊണ്ടൊക്കെ തെളിയുന്നുണ്ടു്. ജൂറൈർ, ഫറസ്ദഖ്, അഖ്ത്തൽ മുതലായ ഇസ്‌ലാം ചരിത്രത്തിലെ പ്രസിദ്ധ കവികൾ ബനൂഉമയ്യാ ഖലീഫമാരുടെ ദർബ്ബാറുകളിലാണു് വളർന്നിരുന്നതു്.

അമീർ മുആവിയയുടെ കാലത്ത് അദ്ദേഹത്തിന്റെ കല്പന പ്രകാരം തോട്ടകൾ വെട്ടിച്ചു മദീനയിലേക്കു വെള്ളം കൊണ്ടു വരികയും മലകളുടെ താഴ്വരകളിൽ വെള്ളം വന്നുകൂടിയിരുന്ന ഇടങ്ങളിൽ ചിറകൾ നിർമ്മിക്കുകയും ചെയ്തു. ഈ ചിറകളിൽ നിന്നു കൃഷിസ്ഥങ്ങളിലേക്കും ഈത്തപ്പനത്തോട്ടങ്ങളിലേക്കും വെള്ളം എടുത്തുവന്നു.

വലീദ്, ദിമിശ്ഖ് പള്ളി പണിയിക്കുകയും മസ്ജിദുൽഅഖ്സായും (ജൈത്തുൽമുഖദ്ദസ് പള്ളി) മദീനാ പള്ളിയും വലുതാക്കി നിർമ്മിക്കുകയും ചെയ്തു. അക്കാലത്ത് ഇസ്‌ലാം രാജ്യങ്ങളിലൊന്നും എടുപ്പുണ്ടാക്കുന്നതിൽ ജനങ്ങൾക്കു വലിയ പ്രതിപത്തിയുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരും ധനവാന്മാരും, പട്ടണങ്ങളിൽ വലിയ വലിയ ഭവനങ്ങൾ പണിയിച്ചു. വലീദ് പട്ടണങ്ങളിലെ വഴികൾ നന്നാക്കിച്ചു അപകടസ്ഥലങ്ങളെ രക്ഷിക്കേണ്ടതിനു വേണ്ടി കൈപ്പിടികൾ ചെയ്തു. അദ്ദേഹം യാത്രക്കാർക്കു വേണ്ടി സത്രങ്ങൾ പണിയിക്കുകയും കിണറുകൾ കുഴിപ്പിക്കുകയുമുണ്ടായി. പട്ടണങ്ങളിൽ അദ്ദേഹം അതിഥിമന്ദിരങ്ങളും ചികിത്സാലയങ്ങളും സാധുക്കൾക്കായി ധർമ്മമന്ദിരങ്ങളും ഏർപ്പെടുത്തി. അദ്ദേഹം കുരുടന്മാർക്കു വഴികാട്ടികളെയും അംഗഭംഗം വന്നവർക്കും കുഷ്ഠരോഗികൾക്കുമായി ശുശ്രൂഷകന്മാരെയും നിയമിക്കുകയും അവർക്കു സഹായധനം കൊടുത്തു വരികയും ചെയ്തു.

ഹിശാമിന്റെ ഭരണകാലത്തു് ഹിജാസ് സന്ദർശകന്മാർക്കു വെള്ളം കുടിപ്പാനായി വഴിക

ളിൽ അവിടവിടെ തടാകങ്ങളും വെട്ടിക്കുകയും കിണറുകളും കുഴിപ്പിക്കുകയും ചെയ്തു.

ബനൂഉമയ്യാ ഭരണകാലത്ത് പല പുതിയ പട്ടണങ്ങളും ഉണ്ടായിത്തീർന്നു. അബ്ദുത്തുഖ്നാഫിഅ്, ഖൈറവാനിലും ഹജ്ജാജ്, വാസിത്തിലും അസദുബ്നുഅബ്ദില്ല, ബൽഖിലും സുലൈമാനുബ്നുഅബ്ദിൽമലിക്ക് റംലയിലും ജനവാസം ചെയ്യിച്ചു.

ഖലീഫാഉർറാശിദുകളിൽ പെട്ട ഹസ്രത്ത് ഉമറും പിന്നീട് ഹസ്രത്ത് ഉസ്മാനും അവരുടെ ഭരണകാലത്ത് പേഷ്യാ നാണയങ്ങളുടെ ആകൃതിയിൽ ഇസ്‌ലാമിന്റെ ചിത്രങ്ങളോടുകൂടി നാണയങ്ങളും അടിപ്പിച്ചു. അമീർ മുആവിയ തന്റെ ഭരണകാലത്തു് ദിഹ്മിന്റെ ഘനം കുറക്കുകയും അതിന്റെ ആകൃതി ഭേദപ്പെടുത്തുകയും ചെയ്തു. അദ്ദേഹം സ്വർണ്ണനാണയമായ ദിനാറിന്റെ ഒരു പുറത്തു്, കഴുത്തിൽ വാൾ തൂക്കിയിട്ടുള്ള മനുഷ്യന്റെ രൂപമുണ്ടാക്കി. അബ്ദില്ലാഹിബ്നുസുബൈർ മക്കയിൽ വെച്ചും അദ്ദേഹത്തിന്റെ സഹോദരൻ മിസ്അബ്, ഇറാഖിൽ വെച്ചും വ്യത്യാകാരത്തിലുള്ള നാണയങ്ങളും അടിപ്പിച്ചു.

ഹിജ്റഃ 76-ൽ അബ്ദുൽമലിക്ക് വളരെ സൂക്ഷ്മതയോടുകൂടി ദിഹ്മിന്റെയും ദീനാറിന്റെയും തൂക്കം ശരിക്കു ക്രമമാക്കി പുതിയ നാണയങ്ങളും അടിപ്പിക്കുകയുണ്ടായി. ദീനാറിന്മേൽ രൂപമുണ്ടായിരുന്നതിനാൽ അതു മദീനയിൽ എത്തിയപ്പോൾ, അവിടെ അന്നു ജീവിച്ചിരുന്ന സഹാബികൾക്കു തൃപ്തികരമായില്ല. എന്നാൽ മദീനയിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന സയീദുബ്നുമുസയ്യബ് അതിനെ കുറിച്ചു യാതൊരു ആക്ഷേപവും പറഞ്ഞില്ല. അദ്ദേഹം ആ നാണയങ്ങളും തന്നെ ഇടപാടുകളിൽ ഉപയോഗിച്ചിരുന്നു.

പിന്നീടു് ഇറാഖ്, വാസിത്ത്, ജസീറഃ ഇവിടങ്ങളിൽ നാണയയന്ത്രങ്ങളും ഏർപ്പെടുത്തുകയുണ്ടായി. അവയിലായിരുന്നു ഇസ്‌ലാമിക നാണയങ്ങളും അടിക്കപ്പെട്ടിരുന്നതു്.

മറവാനുൽഹിമാറിന്റെ ഭരണം

മറവാനുബ്നുൽഹകമിന്റെ മകൻ, മുഹമ്മദ് മകൻ, മറവാൻ ഹിജ്റ: 127ൽ സ്ഥാനാരോഹണം ചെയ്തു. ഹിജ്റ: 132ൽ വധിക്കപ്പെട്ടു. ഇദ്ദേഹത്തിനു് അൽഹാമുബിഹഖില്ല: എന്നു പേരുണ്ടു് കഴുതയെപ്പോലെ വളരെ സഹനമുണ്ടായിരുന്നതിനാൽ മർവാനുൽഹിമാർ എന്നു് പേരുവീണു. ഇദ്ദേഹം യുദ്ധത്തിൽ അതീവ തല്പരനും ധീരപരാക്രമിയുമായിരുന്നു. മറവാൻ പല രാജ്യങ്ങളും കൈവശപ്പെടുത്തിയെങ്കിലും അബ്ബാസിയ വംശക്കാരുമായി നടന്ന യുദ്ധങ്ങളിലെല്ലാം പരാജയപ്പെട്ടിരുന്നു.

ഹിജ്റ 131-ാം വർഷത്തിൽ അബ്ബാസിയ വംശക്കാർ അധികാരത്തിലേറി. അതിനെ തുടർന്നു മർവാനുൽ ഹിമാർ ഒരുലക്ഷത്തിഅമ്പതിനായിരം സൈന്യത്തോടെ യുദ്ധത്തിനു വന്നു. അബ്ദില്ലാഹിബ്നുഅലിയ്യിൽ അബ്ബാസും സൈന്യവും അവരെ നേരിട്ടു. ഹിജ്റ 132 ജമാദുൽആഖിറിൽ മൂസലിൽ വെച്ചുണ്ടായ യുദ്ധത്തിൽ മർവാൻ പരാജയപ്പെട്ടു പിന്മാറി ജസീറയിൽ കേന്ദ്രീകരിച്ചു. ജസീറയിലും അബ്ദില്ലാഹിബ്നുഅലിയ്യി മർവാനെ തോല്പിച്ചു. മർവാനും സൈന്യവും തെൻ നദി കടന്നു ഈജിപ്തിലെ സൈദാനിൽ പോകാനൊരുങ്ങി. അബ്ദില്ലാഹിബ്നുഅലിയ്യിന്റെ സഹോദരൻ സാലിഹ് സൈന്യസമേതം അവരെ പിന്തുടർന്നു ബൂസീർ എന്നിടത്തു വെച്ചു മർവാനെ വധിച്ചു. ഇരുഭാഗത്തും നിരവധി നാശങ്ങളുണ്ടായി.

അസ്സഫ്ഫാഹ് അബ്ദുല്ലാഹിൽ അബ്ബാസിന്റെ ഖിലാഫത്ത്

അബ്ബാസിയാ ഖലീഫമാരിൽ ആദ്യഖലീഫയാണിദ്ദേഹം. അബ്ദുൽമുത്തലിബ് മകൻ അബ്ബാസ് (റ) മകൻ അബ്ദുല്ലാ (റ) എന്ന പേർ മകൻ അലിയ്യി മകൻ മുഹമ്മദ് അബ്ദുല്ലാ എന്നാണ് മുഴുവൻ പേര്. ഹി: 108ൽ ബൽഖാഇൽ റജമതു് എന്നിടത്താണ് ജനനം. ഹ: 132 റബീഉൽ അവ്വലിൽ ഖിലാഫത്തു് തുടങ്ങി. 136 ദുൽഹജ്ജ് മാസത്തിൽ ഖിലാഫത്തു് സഹോദരൻ മൻസൂറിനു് വസിയ്യത്തു് ചെയ്തുകൊണ്ടു് അന്തരിച്ചു.

അബൂജഅ്ഫറൽമൻസൂർഅബ്ദുല്ലായുടെ ഖിലാഫത്തു്

ഇദ്ദേഹം പണ്ഡിതനും സൌമ്യശീലനും നല്ല മതഭക്തനുമായിരുന്നു. ഹി: 136ൽ അധികാരത്തിലേറി. ഇരുപത്തി രണ്ടു് വർഷക്കാലം ഖിലാഫത്തു് നടത്തി 158ൽ അന്തരിച്ചു. വളരെ യുദ്ധങ്ങൾ നടന്നു. ഖുറാസാൻ പിടിച്ചെടുത്തു. 141ൽ മദീനായിൽ മഗാനിയുടെ കത്തിവു് മൂസബ്നുഅബ്ദുല്ലാ അന്തരിച്ചു. 14ൽ ശൈഖുൽകൂഫഖാലിദുബ്നുമഹ്റാൻ കാലഗതിയടഞ്ഞു. 143ൽ അബൂസ്ബ്നുമാക് (റ) വിന്റെ സ്നേഹിതൻ സുലൈമാനു തൈമി മരിച്ചു. ഈ മഹാൻ നാല്പതു വർഷം കണ്ണിചിമ്മിട്ടു് നോമ്പുകാരനായിരുന്നു. അതുപോലും കാലം ഇശാഅു് എടുത്തുപുല്ലുകൊണ്ടു് സുബ്ഹി നിസ്കരിച്ചുവന്നു.

ഹി: 145ൽ ഖലീഫാമൻസൂർ ബഗ്ദാദു് പട്ടണം പണിയിച്ചു. ഇന്നോളം മനോഹരമായും ചരിത്രപ്രസിദ്ധമായും നിലനില്ക്കുന്ന ബാഗ്ദാദു് ഖലീഫാമൻസൂറിന്റെ വംശാവനയത്രെ നാലു് വർഷംകൊണ്ടാണു് നഗരം പൂർത്തിയായതു്. നഗരമധ്യത്തിൽ 'ഭരണമന്ദിരം' എന്ന ഗംഭീരകൊട്ടാരവും ഖലീഫ പണിയിക്കുകയുണ്ടായി. 145ൽ സയ്യിദ് ബറീനാശീ ജഅ്ഫറുബ്നു മുഹമ്മദുസ്സാദിഖ് അബൂഅബ്ദില്ലാഹിൽ അലവിയ്യി (റ) 68-ാം വയസ്സിൽ വഫാതായി. 150ൽ ബസറയിൽ ഹസ്രത്ത് അബൂഹനീഫ (റ) വഫാതായി. ഇമാം കൂഫയിൽ ഹിജ്റ 80ൽ ജനിച്ചവരാണു്. ബഹ്ദാദിൽ ഖാളിയായി ഇമാം അബൂഹനീഫ (റ) യെ മൻസൂർ നിശ്ചയിച്ചു. ഇമാം സ്വീകരിക്കാത്തതിനെ തുടർന്നു് തടവിലാക്കി. തടവിൽ വെച്ചാണു് ഇമാം അന്തരിച്ചതു്.

ഒരു റക്അത്തിൽഖുർആൻ തീർത്തവർ

നിസ്ക്കാരത്തിന്റെ ഒരു റക്അത്തിൽ വിശുദ്ധ ഖുർആൻ മുഴുവനും ഓതിതീർത്തവർ നാലു പേരാണു്. ഹ: ഉസ്മാനുബ്നു അഫ്ഫാൻ (റ), ഹ: തമീമുദ്ദാരീ (റ), ഹ: സഈദുബ്നു ജുബൈർ (റ), ഹ: അബൂഹനീഫ (റ).

ഹ: അബൂഹനീഫ (റ) അന്തരിച്ച ദിവസമാണു് ഇമാം ശാഫിഈ (റ) ജനിച്ചതു്.

അൽമഹ്ദീമുഹമ്മദ് ഖിലാഫത്തു്

അബ്ദില്ലാഹിൽ ഹാശിമിയ്യിൽ അബ്ബാസി മകൻ അലിയ്യി മകൻ അബൂജഅ്ഫറൽമൻസൂർ മകൻ മുഹമ്മദുൽമഹ്ദീ എന്നാണു് മുഴുവൻ പേര്. മൂന്നാമത്തെ അബ്ബാസിയ ഖലീഫ ഹി: 158ൽ ഖലീഫയായി. 159ൽ വഫാതായി. വളരെ യോഗ്യനും ഉദാരനും പ്രജാക്ഷേമതല്പരനും ആയിരുന്നു. സന്മാർഗ്ഗത്തിൽ വളരെയേറെ ചിലവഴിച്ചിട്ടുണ്ടു്.

മൂസൽഹാദി നാലാംഅബ്ബാസിയാ ഖലീഫ

ഹി: 159ൽ അൽമഹ്ദീ മുഹമ്മദ് എന്നവരുടെ പുത്രൻ മൂസൽഹാദീ ഖലീഫയായി സ്ഥാനാരോഹണം ചെയ്തു. ഖലീഫയുടെ മാതാവു് ഖാസിയായിരുന്ന ഖൈസറാൻ ആയിരുന്നു. 169ൽ അന്തരിച്ചു. അദ്ദേഹം നിർദ്ദാക്ഷിണ്യം പ്രജകളോടു് പെരുമാറി. ഖിലാഫത്തു് സ്വന്തം വഴിക്കു് കൊണ്ടുപോകാൻ ഉദ്യമിച്ചിരുന്നു.

ഹാറൂനുൽറശീദ് ഖിലാഫത്തു്

അബ്ബാസിയാ ഖലീഫമാരിൽ അഞ്ചാമനായ ഹാറൂനുൽറശീദ്, അബ്ദുല്ലജഅ്ഫറുൽസ്വർ മകൻ മുഹമ്മദ് മകൻ അൽമഹ്ദിയുടെ മകനാണ്. ഉമ്മ അടിമയായിരുന്ന ഖസൈറാൻ തന്നെയായിരുന്നു. ഇദ്ദേഹം ഹി: 170ൽ ഖലീഫയാക്കപ്പെട്ടു. സുന്ദരനും നല്ല വലിപ്പവുമുള്ള ആളുമായിരുന്നു. ധാരാളം അറിവും ആരാധനയും ഉണ്ടായിരുന്നു; കണക്കില്ലാതെ ധർമ്മം ചെയ്തിരുന്നു. മതപണ്ഡിതന്മാരെ ഖലീഫ സ്നേഹിക്കുകയും ബഹുമാനിക്കുകയും മതപരമായ അറിവുകൾ വർധിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്നു. അബ്ബാസിയ ഖലീഫമാരിൽ ഇദ്ദേഹം മഹാധീരനും ശൂരപരാക്രമിയും നായതന്ത്രജ്ഞനുമായിരുന്നു. ഒന്നിടവിട്ട് വർഷങ്ങളിൽ അദ്ദേഹം ഹജ്ജ് ചെയ്തിരുന്നു. രാജ്യത്തിന്റെ സുരക്ഷിതത്തിനായി പല യുദ്ധങ്ങളും അദ്ദേഹത്തിനു നടത്തേണ്ടി വന്നു. വളരെ രാജ്യങ്ങൾ ഖലീഫക്കു കൈവശമായിത്തീർന്നു.

ഹി: 179ൽ ഹ: ഇമാംമാലിക് (റ) അന്തരിച്ചു. "ഹദീസിന്റെ ആദ്യകിതാബായ മുവാത്ത മാലിക്" ഇമാം (റ) രേഖപ്പെടുത്തിയതാണ്. 180ൽ വലുതായ ഭൂമികുലുക്കം ഉണ്ടാകുകയും തൽഫലമായി ഉണ്ടായ നാശങ്ങളിൽ പ്രത്യേകം എടുത്തു പറയത്തക്കതായി ഇസ്ക്കന്തരിയായിലെ മിനാരം മുറിഞ്ഞുവീഴുകയും ചെയ്തു. 193ൽ അദ്ദേഹം പരമഗതി പ്രാപിച്ചു.

അൽഅമീൻ മുഹമ്മദുബ്നു റശീദ് ഖിലാഫത്തു്

ഹി: 193ൽ ഹാറൂൻ യസീദ് മുഹമ്മദ് ഖലീഫയായി. ഇദ്ദേഹം അബ്ബാസിയാ 6-ാം ഖലീഫയാണ്. ധീരനും പരാക്രമിയുമായിരുന്നു. ഖലീഫയുടെ വിധികൾ ജനങ്ങൾക്കു തൃപ്തിയായിരുന്നില്ല. ഖലീഫയുടെ സഹോദരൻ യഅ്മൂൻ ഖുറാസാനിൽ ഗവർണ്ണറായിരുന്നു. ഖലീഫയുടെ കാലശേഷം യഅ്മൂനു് ഖിലാഫത്തു് ലഭിക്കാതെ തന്റെ പുത്രനു് ലഭിക്കുന്നതിനായി ഖലീഫ അമീൻമുഹമ്മദ് സ്വാധീനത്തിനായി ധനം ചിലവാക്കിത്തുടങ്ങി. പലരും വിരോധിച്ചിട്ടും വഴങ്ങിയില്ലെന്നു മാത്രമല്ല ഖുറാസാനിൽനിന്നും അനുജനെ ഗവർണ്ണർസ്ഥാനം നീക്കി മറ്റൊരാൾക്കു നൽകാനും ശ്രമിച്ചുവന്നു. ഇവരുടെ മാതാക്കൾ വേറെവേറെയാണ്. അമീനിന്റെ മാതാവു് അടിമയായിരുന്ന സബീദയായിരുന്നു. മഅ്മൂന്റെ മാതാവു് അടിമയായിരുന്ന മറാജിൽ ആയിരുന്നു. ഖലീഫയും സഹോദരനും തമ്മിൽ യുദ്ധമായി. ഇസ്‌ലാമിൽ സഹോദരന്മാർ തമ്മിൽ യുദ്ധം നടന്നതു് ആദ്യമായി ഇവരായിരുന്നു. യുദ്ധം ശക്തിയായപ്പോൾ മഅ്മൂന്റെ ആൾക്കാർ അമീനിനെ വധിച്ചുകളഞ്ഞു. 198 ബഗ്ദാദിലാണ് ഈ ഘോരയുദ്ധം നടന്നതു്.

അൽമഅ്മൂനുബ്നുല്ലാഹിബ്നു റശീദ് ഖിലാഫത്തു്

ഇദ്ദേഹം ഹി: 198ൽ ഭരണത്തിലേറി. ഈ ഖലീഫ പണ്ഡിതനും വാചാലനുമായിരുന്നു. ഭാഷ, വ്യാകരണം, മതപരമായ വിവരങ്ങൾ, ഖുർആൻ എന്നിവക്കു പുറമെ ഫിലോസഫിയിലും ഇദ്ദേഹം വിദഗ്ദ്ധനായിരുന്നു. വിശുദ്ധ ഖുർആൻ സൃഷ്ടി (മഖ്ലൂഖ്) ആണെന്നു് മഅ്മൂൻ വാദിക്കുകയും ആ വാദത്തെ എതിർത്തവരെ ദ്രോഹിക്കുകയും ഉണ്ടായി. ഹമ്പലുത്തു് ഇമാം അഹ്മദ്ബ്നുഹമ്പൽ (റ) അതിനെ എതിർത്തതിനാൽ ഇമാമിനെ തടവിലിൽ പാർപ്പിച്ചു.

ഇമാം ശാഫിഈ (റ)

ഹി: 204ാം വർഷം റജബിൽ റമ്സത്തു് ഇമാം അബ്ദുല്ലാ മുഹമ്മദ്ബ്നുഇദ്രീസുശാഫിഈ (റ) വഫാതായി. ശാഫിഈ എന്നതു് ഇമാമിന്റെ നാലാം ഉപ്പാപ്പയുടെ പേരാ

പത്തൊമ്പതു് വയസ്സ്പ്രായമായിരുന്നു. ഖലീഫമാരിൽ ഏറ്റവും പ്രായംകുറഞ്ഞ ആദ്യത്തെ വ്യക്തി ഇദ്ദേഹമായിരുന്നു. ഖലീഫ സുന്ദരനും സുശീലനുമായിരുന്നു. ശത്രുക്കൾ ഖലീഫയെ അലട്ടിക്കൊണ്ടിരുന്നു. ഖലീഫ യോഗിയായി 255ൽ ഇരുപത്തിനാലാം വയസ്സിൽ അന്തരിച്ചു.

മുഹമ്മദുബ്നുൽവാസിക്കു് ഖിലാഫതു്

255-ാം വർഷം അവസാനത്തിൽ മുഹമ്മദുബ്നുൽ വാസിക്കു് ഖലീഫയാക്കപ്പെട്ടു. ജനങ്ങൾ ആവശ്യപ്പെട്ട പ്രകാരമാണു് ഖലീഫയായതു്. പല ഒഴിവുകഴിവു പറഞ്ഞു ഖലീഫസ്ഥാനം നിരസിക്കാൻ ശ്രമിച്ചെങ്കിലും ജനങ്ങൾ സമ്മതിച്ചില്ല. വളരെ നല്ല വിധത്തിലാണു് ഇദ്ദേഹം ഭരണം നടത്തിയിരുന്നതു്. 256ൽ പ്രസിദ്ധ ഹദീസു് കിതാബിന്റെ സമ്പാദകനായ മുഹമ്മദുബ്നുഇസ്മാഈലുൽബുഖാരി അന്തരിച്ചു. സമർഖന്ദിലാണു് ബുഖാറ എന്നസ്ഥലം. ഖലീഫക്കെതിരായി വലിയ യുദ്ധങ്ങൾ നടന്നു. യുദ്ധത്തിൽ 256ൽ ഖലീഫ ശഹീദായി.

അഹമ്മദുബ്നുമുതവക്കിൽ ഖിലാഫതു്

ഖലീഫാ മുഹമ്മദു് ശഹീദായ 256-ൽ അഹമ്മദു് ഖലീഫയായി. ഇരുപത്തിമൂന്നു വർഷം ഭരണം നടത്തി 279-ൽ അന്തരിച്ചു. ഖലീഫക്കു് നഷ്ടവും പ്രയാസങ്ങളും നേരിട്ടപ്പോൾ സഹോദരൻ അൽമുവഫ്ഫിഖിനെ ഭരണച്ചുമതല ഏല്പിച്ചു. മുവഫ്ഫിഖു് യോഗ്യനും ധീരനും പരാക്രമിയുമായിരുന്നു. കുറെകാലം ഭരണചക്രം നന്നായി നടന്നപ്പോൾ അഹമ്മദു് സുഖിയനും കള്ളുവിനോദക്കാരനുമായി മാറുകയും സ്നേഹിതന്മാരുമായി ഭോഗജീവിതത്തിലേർപ്പെടുകയും ചെയ്തു. ഖലീഫക്കു പേരു മാത്രവും കാര്യനിർവ്വഹണക്കാർ വേറെ ആളുകളും ആയിത്തീർന്നു.

അൽമുഅ്തളിദ്ബില്ലാഹി ഇബ്നുൽമുവഫ്ഫിഖു് ഖിലാഫതു്

ഹിജ്റ 729-ൽ തൽഹതു് ഭരണം തുടങ്ങി. 288 ൽ അദ്ദേഹം മരിച്ചു. ഇദ്ദേഹം പുലികളുമായി കായിക മത്സരം നടത്തി ജയിക്കുക പതിവായിരുന്നു. യുദ്ധനിപുണനും ധീരപരാക്രമിയുമായിരുന്നു. ശത്രുക്കൾ ഭയന്നു കീഴ്പ്പെടുകയും ഒഴിഞ്ഞു മാറി രക്ഷപ്പെടുകയും ചെയ്തു. തികച്ചും മതപരമായ വലയത്തിൽ ഈ ഖലീഫ ഒതുങ്ങി നിന്നിരുന്നു. പല രാജ്യങ്ങളും ഖലീഫ കീഴടക്കി.

അൽമുഖ്തഫീബില്ലാഹിഅലിയ്യിബ്നുൽമുഅ്തളിദ് ഖിലാഫതു്

289-ൽ ഭരണത്തിലേറി 295-ൽ അന്തരിച്ചു. ഇദ്ദേഹം അതീവ സുന്ദരനായിരുന്നു. സൌന്ദര്യത്തിന്റെ വിഷയത്തിൽ ഇദ്ദേഹത്തെ പുണ്ടിപ്പറയുക അക്കാലത്തു് പതിവായിരുന്നു. ഖലീഫ ഖാമിതയു് എന്ന ദുഷ്ട ജനവിഭാഗത്തെ യുദ്ധത്തിൽ തോല്പിച്ചു അന്താക്കിയ വിജയിച്ചു.

290-ൽ മിസ്റിൽ ശക്തിയായ ക്ഷാമമുണ്ടായി. ജനങ്ങൾമനുഷ്യരെ തന്നെ പുട്ടുതിന്നുന്ന സ്ഥിതിവിശേഷമുണ്ടായി. നിരവധി ജനങ്ങൾ മൃത്യുവിന്നിരയായി.

ഖലീഫ 293, 294-ൽ ദിംശിഖു്, ഹിമ്മസു്, ഹിമായു്, ഖഫ്ലബക്കു് എന്നിവിടങ്ങളിൽ യുദ്ധം ചെയ്തു വിജയിച്ചു. ഹി: മുപ്പത്തൊന്നാം വയസ്സിൽ ഖലീഫ 295 ദുൽഖഅദു് 14-ാംനു- ഞായറാഴ്ച രാവു് അന്തരിച്ചു.

അൽമുഖ്തദിറബില്ലാഹി അബുൽഫള്ൽ ജഅ്ഫർ ഖിലാഫതു്

ഇദ്ദേഹം അന്തരിച്ച ഖലീഫയുടെ സഹോദരനാണു്. സഹോദരനാൽ വസിയ്യത്തു് ചെയ്യപ്പെട്ട പ്രകാരം ഹിജ്റ 295-ൽ ഭരണമേറ്റു. ഖലീഫമാരിൽ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി ഇദ്ദേഹമാണു്. പതിനാലു് വയസ്സിലാണു് അധികാരം ഏറ്റെടുത്തതു്. വളരെ ചെറുപ്പമാകയാൽ ഭരണവൈകല്യങ്ങൾ നേരിടുമെന്നു് പലരും ഉപദേശിച്ച ആളും ഒഴിഞ്ഞു മാറിയെങ്കിലും പിന്നീടു് വഴിപ്പെടേണ്ടി വന്നു. 296-ൽ അധികാരമൊഴിഞ്ഞു.

അബ്ദുല്ലാഹിബ്നുൽമുഅ്തസ്സ് ഖിലാഫതു്

ഇദ്ദേഹം ഹി: 296-ൽ ഖലീഫയായി. അന്നുതന്നെ കൊല്ലപ്പെട്ടു. യുദ്ധം ഒഴിവാക്കാനായി മുഖ്തദിർ അധികാരമൊഴിഞ്ഞതു് 296 റബീഉൽഅവ്വൽ 20-ാംനു-യാണു് അന്നുതന്നെ അൽമുഅ്തസ്സ് ഖിലാഫതിനായി കരാർ ചെയ്തു. അൽഗാലിബുബില്ലാഹി എന്ന സ്ഥാനപ്പേരും സ്വീകരിച്ച അധികാരത്തിലേറി. മുഹമ്മദുബ്നുദാവൂദുബ്നുൽജറാഹിനെ മന്ത്രിയാക്കി. യമനുൽഖാദിം എന്ന ആളെ അംഗരക്ഷകനായും നിയമിച്ചു. മുമ്പേ അംഗരക്ഷകനായി സ്ഥിരസേവനം ചെയ്തുപോന്ന സൈഫുൽ ഖാദിം വിരോധിയായി. മറ്റു വിരോധികളും ചേർന്നാണു് ഖലീഫയെ വധിച്ചതു്. അധികാരത്തിലേറിയെങ്കിലും ഭരണസംബന്ധമായി ഒന്നും ചെയ്യാൻ കഴിയാത്തതിനാൽ ചില ചരിത്രകാരന്മാർ ഇദ്ദേഹത്തെ ഖലീഫയായി കണക്കാക്കിയിട്ടില്ല.

അൽമുഖ്തദിറബില്ലാഹി രണ്ടാം ഖലീഫ

ഹിജ്റ 296 റബീഉൽഅവ്വൽ 20-ാംനു-ഇദ്ദേഹം ഭരണമൊഴിയുകയും അന്നുതന്നെ അബ്ദുല്ലാഹിൽഗാലിബ് അധികാരമേൽക്കുകയും ചെയ്ത ദിവസം തന്നെ ഗാലിബ് തടവിലാക്കപ്പെടുകയും തുടർന്നു വധിക്കപ്പെടുകയും ചെയ്തതിനെ തുടർന്നു അടുത്ത ദിവസം തന്നെ അൽമുഖ്തദിറബില്ലാഹി അബുൽഫള്ൽ ജഅ്ഫർ രണ്ടാമതും അധികാരത്തിലേറി. മുഹമ്മദ്ബ്നുഫുറാതിനെ പ്രധാനമന്ത്രിയായി നിയമിച്ചു ഭരണകാര്യങ്ങളും പ്രധാനമായും മന്ത്രിതന്നെ നടത്തിവന്നു.

تاریخ الاسلام

امنہ بک سٹاپ
ٹرشور-۱

താരീഖുൽ ഇസ്‌ലാം

സമ്പൂർണ്ണ ഇസ്‌ലാംചരിത്രം

ഇസ്‌ലാമിക ചരിത്രനിർമ്മാണസമിതി